പുരാണകഥാമാലിക

മാലി

പുരാണകഥാമാലിക



Noncommercial-No Derivative Works 3.0.

കഥകൾ

മഹിഷാസുരൻ	15
ശുംഭനിശുംഭന്മാർ	19
ദുർഗമൻ	23
ദാരുകൻ	24
വിഷ്ണു - ശിവന്മാർക്കു ശക്തിക്ഷയം	29
മധുകൈടഭന്മാർ	31
ഹയഗ്രീവൻ	35
സുദർശനൻ	37
സുരഥനും സമാധിയും	42
ലളിതാദേവി	45
സതിയും ഗംഗയും	56
ദക്ഷയാഗം	67
അന്ധകൻ	74
ത്രിപുരന്മാർ	77
ജലന്ധരൻ	80
ശംഖചൂഡൻ	83
ശിവന്റെ ചില അവതാരങ്ങൾ	86
തടാതക	89
ഉഗ്രൻ - 1	94
ഉഗ്രൻ - 2	96
അഭിഷേകപാണ്ഡ്യൻ	99
വിക്രമപാണ്ഡ്യൻ	105
ഗൗരി	106
കുലോത്തുംഗപാണ്ഡ്യൻ	108
അസ്ത്രാചാര്യൻ	111
ഭദ്രഗായകൻ	112
സംഘകവികൾ	119
പ്രബന്ധമത്സരം	123
വാതപുമേശൻ	126
വീരഭദ്രൻ	134
അഗ്നിമുഖൻ	137
ഇന്ദ്രദ്യുമ്നൻ	139
മാർക്കണ്ഡേയ ബാലൻ	152
ധർമഗുപ്തൻ	156

ശ്രീകരൻ 161
സീമന്തിനി 163
ശാരദ 170
സിംഹധ്വജൻ 173
പുളിന്ദിയും പാണ്ഡ്യകനും 176
വാമദേവൻ 178
കരുണൻ 180
ഭദ്രസേനൻ 181
മഹാനന്ദ 181
ഭദ്രായു 183
വിധൃതൻ 189
ശോണൻ 190
ശ്വേതൻ 193
ചണ്ഡൻ 195
സൗമിനി 197
കുമാരിയും മഹാകാളനും 199
വൈശ്വാനരൻ 202
പിംഗാക്ഷൻ 205
ശുചിഷ്മാൻ 206
ശിവഭക്തൻ 207
ഗുണനിധി 207
ലോഹിതാംഗൻ 209
അംഗിരസ് 210
നന്ദിയും ശുക്രനും 210
ഹരികേശൻ 211
ഗോപബാലൻ 213
വിമർദനൻ 216
പാർവ്വതീപരിണയം 218
വീരകൻ 227
താരകൻ 230
ഗണപതിപ്രാതൽ 236
ബാണാസുരനും പ്രലംബാസുരനും 239
ഗണപതിയും സുബ്രഹ്മണ്യനും 240
ദേവസേന 242
മത്സ്യാവതാരം 244
പാലാഴിമഥനം 247
ഹിരണ്യാക്ഷൻ 255
ഹിരണ്യകശിപു 257
മഹാബലി 265
പരശുരാമൻ 270
പൃഥു 274

കർദമൻ 278
കാലനേമി 282
ശ്രീരാമന്റെ അശ്വമേധം 285
സീതയുടെ പൂർവ്വജന്മവും ശാപവും 304
വസുദേവൻ, ദേവകി: പൂർവ്വജന്മം 307
ഷഡ്ഗർഭന്മാർ 307
ഗോപസ്ത്രീകളുടെ രഹസ്യം 308
നികുംഭൻ 310
വജ്രനാഭൻ 315
ഹംസഡിംഭകന്മാർ 321
ശ്രീകൃഷ്ണനും വരുണനും 327
നരകാസുരൻ 329
പാരിജാതഹരണം 332
കുചേലവൃത്തം 338
അക്രൂരനും ശതധന്വാവും 343
ഗരുഡഗർവഭംഗം 346
ദേവശർമ, ചന്ദ്രൻ, ഗുണവതി 349
കൃഷ്ണാർജുനവിജയം 350
വൃത്രാസുരൻ 355
അജാമിളൻ 363
ഗജേന്ദ്രമോക്ഷം 366
ഇന്ദ്രദ്യുമ്നൻ II 368
അംബരീഷൻ 369
ധ്രുവൻ 373
സോമശർമ 380
വിഷ്ണുക്ഷേത്രം 383
ഛിന്നകർണൻ 386
പുരുയശസ്സ് 387
ഹേമകാന്തൻ 389
കീർത്തിമാൻ 391
ധർമദത്തൻ 393
ധനശർമ 396
ശിവശർമ 397
പുണ്ഡരീകനും അംബരീഷനും 398
വെങ്കടേശ്വരൻ 399
രംഗദാസന്റെ പുനർജന്മം 407
വസു 414
പന്ത്രണ്ട് ആദിത്യന്മാർ 417
പഞ്ചേന്ദ്രന്മാർ 423
ഘ്രാണൻ 425
മൃത്യു 427

സൂര്യന്റെ കുടുംബം 429
ചന്ദ്രൻ 432
ശ്വേതകി 435
ജയവിജയന്മാർ 440
ധന്വന്തരി 441
ബാലി, സുഗ്രീവൻ, ഹനുമാൻ 441
രാവണന്റെ തോൽവി 446
ശിവശർമയും പുത്രന്മാരും 452
മാതലിയുടെ ജാമാതാവ് 457
കർക്കടി 460
അഗസ്ത്യൻ 463
ആരുണി, ഉപമന്യു, വേദൻ 471
വസിഷ്ഠന്റെ ശത്രുക്കൾ 474
ച്യവനൻ 476
കഞ്ജലൻ എന്ന തത്ത 483
വ്യാസൻ 496
ശുകൻ 500
ഭരതന്റെ ജന്മങ്ങൾ 502
നരനാരായണന്മാർ 508
മരുത്തനും സംവർത്തനും 513
ഋശ്യശൃംഗൻ 518
ശുക്രന്റെ ജന്മങ്ങൾ 520
ഭൃഗുപത്നിയും ജയന്തിയും 521
നാരദന് അമളി 526
ശുനശ്ശേഫൻ 531
അഷ്ടാവക്രൻ 533
യവക്രീതൻ 536
ത്രിതൻ 542
ഗാലവൻ 543
മുൽഗലൻ 549
ഗൗതമൻ 551
സർപ്പപത്മൻ 556
വീതഹവ്യൻ 559
വിഭാവസുവും സുപ്രതീകനും 562
ഉതങ്കൻ 563
പിപ്പലൻ 570
കപിലൻ, മേധാവി, സുമതി 572
സത്യതപസ്സ് 574
രാമായണരചന 576
നാരദഗർവഭംഗം 578
നാരദനു ശാപങ്ങൾ 582

സാരസ്വതൻ	583
മുനിമാരും പക്ഷികളും	588
ദേവീപുരാണരചന	594
ശ്രുവാവതി	596
ശംഖനും ലിഖിതനും	598
കണ്ഡുവിന്റെ പുത്രി	600
ശമദാന്റെ മക്കൾ	602
സുകല	603
സാവിത്രി	613
ശീലാവതി	622
ബ്രാഹ്മണസ്ത്രീ, ധർമവ്യാധൻ	625
ദമയന്തി	627
സുകന്യ	634
വിദുള	636
ഹരിണി	637
അംബ	641
സ്വാരോചിഷമനു	648
ഔത്തമമനു	655
താമസമനു	660
രൈവതമനു	663
ചാക്ഷുഷമനു	665
വൈവസ്വതമനു	667
രൗച്യമനു	668
ഭൗത്യമനു	669
ലവണൻ	671
ബ്രഹ്മദത്തൻ	675
രാജ്യവർദ്ധനൻ	678
പൃഷദ്ധ്രൻ	682
ഭലന്ദനൻ	683
വത്സപ്രീതി	687
ഖനിത്രൻ	689
ഖനീനേത്രൻ	691
കരന്ധമനും അവിക്ഷിത്തും	692
മരുത്തന്റെ പ്രതികാരം	699
നരിഷ്യന്തൻ	702
ദമൻ	703
ദിലീപൻ	705
ഭഗീരഥൻ	708
ശ്രുഗ്മാംഗദൻ	714
മിത്രസഹൻ	733
ദിവോദാസൻ	735

കാർത്തവീര്യാർജുനൻ 746
ഋതുധ്വജനും അളർക്കനും 749
വിപശ്ചിത്ത് 759
ദംഭോത്ഭവൻ 761
സ്വർണഷ്ഠീവി 762
തപതിയും സംവരണനും 764
സുദ്യുമ്നൻ 67
ഇക്ഷ്വാകു, ശശാദൻ, കകുൽസ്ഥൻ 769
ത്രിശങ്കു 769
ഹരിശ്ചന്ദ്രനും വരുണനും 773
ഹരിശ്ചന്ദ്രന്റെ സത്യം 779
കുവലാശ്വൻ 786
യുവനാശ്വൻ, മാന്ധാതാവ് 789
സൗഭരി 790
സഗരനും പിൻഗാമികളും 791
കവി 798
നഹുഷൻ 800
യയാതി 808
സോമകൻ 812
ശിബി 815
സുശോഭനയും പുത്രന്മാരും 820
പുരൂരവസ്സ് 827
രജി 828
ഹര്യശ്വനും യദുവും 829
രന്തിദേവൻ 832
ഹേഹയവംശം 833
കുശനാഭൻ 838
അംഗനും വേനനും 840
ധൃതരാഷ്ട്രർ, പാണ്ഡു, വിവാഹം 844
ഭീമൻ നാഗലോകത്തിൽ 848
പാത്രചരിതം 852
കർണൻ 856
അർജുനന്റെ സ്വർഗയാത്ര 866
ഉലൂപിയും ചിത്രാംഗദയും 872
പാണ്ഡവന്മാരുടെ പുത്രന്മാർ 875
ഗദയും ശംഖും 876
ദുര്യോധനനു ശാപം 877
ജടാസുരൻ 880
മണിമാൻ 882
ഘോഷയാത്ര 883
മുഗ്മിയും അർജുനനും 886

	889
സഞ്ജയന്റെ ദിവ്യദൃഷ്ടി	890
രൈവതൻ	891
അശ്വത്ഥാമാവും ശ്രീകൃഷ്ണനും	892
ശ്രീകൃഷ്ണന്റെ കൈലാസയാത്ര	897
ദാമാന്തം	900
അർജ്ജുനന്റെ രഥം	901
യുധിഷ്ഠിരന്റെ അശ്വമേധം	945
ഘടോൽക്കചന്റെ വിവാഹം	948
ജനമേജയൻ	952
കുറുക്കന്റെ കൗശലം	956
കാക്കയുടെ ഗർവം	959
മന്ത്രിയായ കുറുക്കൻ	962
ഒട്ടകത്തിന്റെ കഴുത്ത്	964
നന്ദികെട്ട നായ്	966
പൂച്ചയും എലിയും	970
പ്രാവിന്റെ ത്യാഗം	974
മരവും കാറ്റും	976
സുശർമ്മ	978
ദേവശർമ്മ	980
ഭരതയോഗി	982
പിംഗളൻ	983
ജാനശ്രുതി	984
ശംകകർണ്ണൻ	986
ഭാവശർമ്മ	988
മാധവദ്വിജൻ	989
ധീരധി	991
സുനന്ദനൻ	993
സിദ്ധസമാധി	996
ഹരിദീക്ഷിതന്റെ പത്നി	997
വിക്രമവേതാളൻ	998
കൃപാണനരസിംഹൻ	1000
ലഡ്ഗബാഹു	1001
ദുശ്ശാസനൻ	1002
മറ്റൊരു ദേവേന്ദ്രൻ	1003
വിഷ്ണുശർമ്മ	1004
ദേവദാസൻ	1009
പുണ്ഡരീകൻ	1010
കശ്യപന്റെ ദുർദശ	1012
ധർമ്മഗുപ്തൻ	1013
സുമതി	1015

നദിയുടെ ഉത്ഭവം 1018
വിഷ്ണുചക്രം 1018
വിധുമൻ 1019
ഗന്ധർവന്മാരുടെ ശാപമോക്ഷം 1021
മനോജവൻ 1026
കക്ഷിവാൻ 1028
രംഭയുടെ ശാപമോക്ഷം 1030
കലാവതി 1031
ധൃതപാപ 1033
ഭൈരവൻ 1036
ഗന്ധർവകന്യകമാർ 1038
വിഷ്ണുമായയുടെ അവതാരം 1040
ചന്ദ്രകാന്ത 1043
സുശീല 1045
സത്യജിത്തും സത്യകേതുവും 1050
ഏകാംഗി 1052
ശ്രീകുണ്ഡലനും വികുണ്ഡലനും 1053
സർവാന്തകൻ 1056
ധനാധിപൻ 1057
വിനതൻ 1058
ഗുണപതി 1060
ശംഖൻ 1061
ധർമദത്തൻ 1062
ശ്രുതദേവൻ 1064
വ്യാഘ്രമുഖൻ 1066
മൃഗശൃംഗൻ 1067
ശ്രീരാമനും ഹനുമാനും 1070
ബ്രഹ്മരാക്ഷസന്മാർ 1072
മൂന്നു പിശാചുക്കൾ 1073
ചഞ്ചുല 1074
ദേവശർമ്മയും ധർമ്മവർമ്മയും 1077
ശ്യാമബാല 1080
ശ്രീരാമനും കൗസല്യയും 1085
ധർമത്തിനു ശാപം 1087
പുഷ്കരം 1089
നന്ദ 1091
ആകഥൻ 1095

പദസൂചിക 1099

മഹിഷാസുരൻ

മഹാശക്തനാണ്, മഹാവീരനാണ്, മഹിഷാസുരൻ. ഭയങ്കരമായ പോത്തിന്റെ രൂപമാണ് അവന്. ആരു കണ്ടാലും പേടിച്ചുപോകും. അഹങ്കാരത്തിനോ, അതിരില്ലതാനും.

ബ്രഹ്മാവിനെ തപസ്സുചെയ്തു മഹിഷാസുരൻ. ഉഗ്രമായ, ഏകാഗ്രമായ, തപസ്സായിരുന്നു. ആ തപസ്സ് പതിനായിരം വർഷം നീണ്ടുനിന്നു. അപ്പോഴേക്കും ബ്രഹ്മാവ് പ്രത്യക്ഷനായി.

'മഹിഷാ, വരം ചോദിക്കൂ.' ബ്രഹ്മാവ് അരുളിച്ചെയ്തു.

'ബ്രഹ്മദേവാ, അസുരന്മാർ, ദേവന്മാർ, നരന്മാർ അക്കൂട്ടരിൽനിന്ന് എനിക്കു മരണം ഉണ്ടായിക്കൂടാ. അതായത്, ആ വർഗങ്ങളിലെ പുരുഷന്മാരിൽനിന്ന്. വേണമെങ്കിൽ സ്ത്രീകളുടെ കൈയാൽ ഞാൻ മരിച്ചോട്ടെ.' മഹിഷൻ പറഞ്ഞു.

അവൻ അപ്രകാരം പറയാൻ പ്രത്യേകിച്ചു കാരണമുണ്ട്. സ്ത്രീകളുടെ ശക്തിയെക്കുറിച്ച് അവന് ഒട്ടും മതിപ്പില്ല. മഹാശക്തനായ തന്നെ വെറുമൊരു സ്ത്രീ വധിക്കുകയോ? ഒരിക്കലും നടക്കാത്ത കാര്യം! അതായിരുന്നു അവന്റെ ധാരണ.

വാസ്തവത്തിൽ അതു തെറ്റിദ്ധാരണയായിരുന്നു. ആ തെറ്റിദ്ധാരണ ആപത്തിനു കാരണമായി. ഒരു സ്ത്രീയിൽനിന്ന് അവനു മരണമുണ്ടാകും — അതായിരുന്നു അവന്റെ വിധി.

ആവശ്യപ്പെട്ട വരം കിട്ടിയില്ലേ? അതോടുകൂടി അവന്റെ ഡംഭ് ഇരട്ടിയായി. ആദ്യം അവൻ ഭൂമിയെ കീഴടക്കി. അതിനുശേഷം ദൂതന് ഒരു നിർദ്ദേശം നല്കി.

'എടോ, നീ ദേവേന്ദ്രനെ കണ്ടു ചിലതു പറയണം—ഒന്നുകിൽ അവൻ എനിക്കുവേണ്ടി സ്വർഗം ഒഴിഞ്ഞു തരണമെന്ന്; അല്ലെങ്കിൽ എന്റെ ദാസനായി ജീവിക്കണമെന്ന്; അതുമല്ലെങ്കിൽ യുദ്ധത്തിന് ഇറങ്ങണമെന്ന്. മൂന്നിൽ ഒന്ന് ദേവേന്ദ്രനു തിരഞ്ഞെടുക്കാം.'

ദൂതൻ സ്വർഗത്തുചെന്ന് ദേവേന്ദ്രനു സന്ദേശം നല്കി.

ദേവേന്ദ്രന്റെ മറുപടി ഇതായിരുന്നു: 'ഹേ ദൂതാ, എന്റെ മറുപടി മഹിഷനെ അറിയിക്കൂ. എടാ, പോത്തേ, നിന്നെക്കൊണ്ടു പുല്ലുതിന്നാനല്ലാതെ എന്തിനു കൊള്ളാം? ആദ്യം ഞാൻ നിന്റെ കൊമ്പുകൾ തല്ലിപ്പൊട്ടിക്കും; പിന്നീടു നിന്നെ കൊല്ലുകയും ചെയ്യും!'

ദേവേന്ദ്രന്റെ മറുപടി കിട്ടിയപ്പോഴോ? മഹിഷാസുരന് അടക്കവയ്യാത്ത കോപമുണ്ടായി, അവന്റെ കണ്ണുകൾ ചുവന്നുകലങ്ങി. അവൻ വാൽ ചുഴറ്റി. ഹുങ്കാരമായി മൂക്കറയിട്ടു. അതുകേട്ട് അനുചരന്മാർ വന്നെത്തി.

'നമുക്ക് ദേവേന്ദ്രനെ നല്ല പാഠം പഠിപ്പിക്കണം. ആദ്യം ദേവലോകം പിടിച്ചടക്കാം. അവിടത്തെ സമ്പത്തെല്ലാം സ്വന്തമാക്കാം. വരുവിൻ, നമുക്കു പടനീക്കാം.' മഹിഷൻ പറഞ്ഞു.

അസുരന്മാരുടെ സംരംഭം അറിവായി ദേവേന്ദ്രന്. തെല്ലൊരു ചാഞ്ചല്യവും ഉണ്ടാകാതിരുന്നില്ല. താൻ മഹിഷനെ വെല്ലുവിളിച്ചു, ശരിതന്നെ. പക്ഷേ, സാമാന്യക്കാരനല്ല മഹിഷൻ. അക്കാര്യം എല്ലാവർക്കും അറിവുള്ളതാണ്. ജന്മനാ സിദ്ധിച്ചിട്ടുള്ള ശക്തിയോ, അത്യധികം. പൊരെങ്കിൽ വരബലവും നേടിയിട്ടുണ്ട്. ഏതിനും കരുതിയിരിക്കണം. അതായി ദേവേന്ദ്രന്റെ നിശ്ചയം. ബൃഹസ്പതിയാണല്ലോ ദേവഗുരു. ദേവേന്ദ്രൻ ഗുരുവിന്റെ അഭിപ്രായം ആരാഞ്ഞു.

'ദേവേന്ദ്രാ, ആവുന്നത്ര പ്രയത്നമെല്ലാം ചെയ്തോളൂ. പ്രയത്നമാണു പ്രധാനം. ഫലം ദൈവേച്ഛപോലെ.' അത്രമാത്രമേ ബൃഹസ്പതി പറഞ്ഞുള്ളൂ.

ശത്രുബലം കണക്കിലെടുത്തു ദേവേന്ദ്രൻ. അപ്പോൾ ഒന്നു തോന്നി. തനിച്ചു മഹിഷനെ നേരിടുന്നതു മൗഢ്യമാണ്. ശക്തരായ സഹായികളെ കണ്ടുപിടിക്കണം. ദേവേന്ദ്രൻ ബ്രഹ്മാവിനെ ചെന്നുകണ്ടു. പിന്നീട് വിഷ്ണുവിനെയും ശിവനെയും. മൂന്നുപേരും സഹായം വാഗ്ദാനം ചെയ്തു. മാത്രമല്ല, യമൻ, വരുണൻ, കുബേരൻ, സൂര്യൻ, ചന്ദ്രൻ മുതലായവരും. അവരോടുകൂടി ദേവേന്ദ്രൻ യുദ്ധത്തിനിറങ്ങി. വമ്പിച്ച ദേവസൈന്യത്തെയും കൊണ്ടുപോയി.

ഏറ്റവും ഭയങ്കരമായിരുന്നു അപ്പോഴത്തെ യുദ്ധം. ഇരുവശത്തുമുള്ള യോദ്ധാക്കന്മാരെല്ലാം വീറോടെ പൊരുതി. എങ്കിലും ഏറ്റവും കൂടുതൽ പരാക്രമം പ്രദർശിപ്പിച്ചത് മഹിഷാസുരൻതന്നെ. മദം പൂണ്ടു, വാൽ ചുഴറ്റി, കൊമ്പുകുലുക്കി, മുക്കുറയിട്ട്, അവൻ പടക്കളത്തിൽ പാഞ്ഞുനടന്നു. പോത്തിന്റെ രൂപമാണെങ്കിലും അവന് ഒരു സിദ്ധികൂടിയുണ്ട് — ഒരേ സമയം ഇഷ്ടമുള്ള മറ്റുരൂപങ്ങൾ ധരിക്കാം. യുദ്ധസമയത്ത് ആ സിദ്ധി പ്രകടമായി. അവൻ ചിലപ്പോൾ മനുഷ്യരൂപത്തിൽ ശത്രുക്കളെ ഗദകൊണ്ട് അടിച്ചുകൊന്നു. മറ്റു ചിലപ്പോൾ സിംഹരൂപത്തിൽ എതിരാളികളെ കടിച്ചുകീറി. അങ്ങനെ പലരൂപങ്ങളിൽ ശത്രുക്കളെ നശിപ്പിച്ചുകൊണ്ടിരുന്നു. വരുണൻ മുതലായവർക്കൊന്നും അവനെ ചെറുത്തുനിർത്താൻ കഴിഞ്ഞില്ല. അതെന്തിന്, ബ്രഹ്മാവിനും ശിവനും വിഷ്ണുവിനുപോലും അതു സാധ്യമായില്ല. പടക്കളത്തിൽനിന്നു പിൻവാങ്ങുക—അതൊരു വഴിയേ അവർക്കുണ്ടായിരുന്നുള്ളൂ. ആ സ്ഥിതിക്ക് ദേവേന്ദ്രനു തനിച്ച് എന്തു ചെയ്യാനൊക്കും? ഇനി നിന്നാൽ ജീവഹാനി സംഭവിക്കും — അക്കാര്യം ദേവേന്ദ്രനു തീർച്ചയായി. അദ്ദേഹം പടക്കളം വിട്ടു പാഞ്ഞുപോയി.

പിന്നീട് മഹിഷാസുരന് എല്ലാം എളുപ്പമായി. അവൻ സൈന്യങ്ങളോടുകൂടി സ്വർഗത്തു കടന്നു. ദേവേന്ദ്രന്റെ സിംഹാസനത്തിൽ കയറിയിരുന്നു. ദേവരാജ്യം അടക്കി ഭരിച്ചു. സ്വത്തുക്കളെല്ലാം കൈയടക്കി. സകല സുഖങ്ങളും അനുഭവിച്ചു. ഇനി ആരെ പേടിക്കണം?

ദേവേന്ദ്രനും ദേവന്മാരും സ്വർഗരാജ്യം ഉപേക്ഷിച്ചു. കാട്ടിലും മലയിലും ഒളിവിൽ കഴിഞ്ഞു. കായും കനിയും തിന്നു ജീവിച്ചു. എന്തൊരു വ്യത്യാസം!

കഷ്ടമായില്ലേ ദേവന്മാരുടെ കാര്യം? അതിനു പരിഹാരം കണ്ടുപിടിക്കണം. ബ്രഹ്മാവും വിഷ്ണുവും ശിവനും കൂടിയാലോചിച്ചു. ബ്രഹ്മാവ് മഹിഷാസുരനു വരം കൊടുത്തിരുന്നില്ലേ? അതാണു തകരാറെല്ലാം വരുത്തിവെച്ചത്. ഇനി ഒരേയൊരു പഴുതേയുള്ളു. മഹിഷാസുരൻ മേടിച്ചിരുന്നില്ലേ വരം? ആ വരത്തിൽത്തന്നെയാണു പഴുത്. പുരുഷന്മാരിൽനിന്ന് അവനു മരണം ഉണ്ടാവില്ല. തീർച്ച. പക്ഷേ, ഒരു സ്ത്രീയ്ക്ക് അവനെ കൊല്ലാൻ സാധിച്ചേക്കും.

'നമ്മൾ മൂന്നുപേർ, മറ്റു പ്രധാന ദേവന്മാർ — എല്ലാവരുടെയും തേജസ്സുകൾ കൂടിച്ചേർന്നാലോ? അതിൽനിന്ന് ഒരു സ്ത്രീ ഉണ്ടാവും. ആ സ്ത്രീ മഹിഷാസുരനെ വധിക്കും.' വിഷ്ണു പറഞ്ഞു.

അങ്ങനെ ത്രിമൂർത്തികളിൽനിന്ന്, മറ്റു ദേവന്മാരിൽനിന്ന്, തേജസ്സുകൾ ഉണ്ടായി. ആ തേജസ്സുകൾ ഒന്നിച്ചുകൂടി. അതിന്റെ നടുവിൽ ഒരു സ്ത്രീരൂപം! ആ രൂപത്തെ നോക്കിയ കണ്ണുകളെല്ലാം മഞ്ചിപ്പോയി. അത്രത്തോളമായിരുന്നു ആ സൗന്ദര്യത്തിന്റെ പ്രഭ! കൈകൾ രണ്ടല്ല, പതിനെട്ടാണു താനും!

'ദേവിക്ക് ആഭരണങ്ങളും ആയുധങ്ങളും നല്കുവിൻ.' വിഷ്ണു ആവശ്യപ്പെട്ടു.

ശിവൻ ത്രിശൂലം നല്കി. വിഷ്ണു ചക്രം നല്കി. അഗ്നി വേൽ നല്കി. വായു വില്ലും അമ്പും നല്കി. വരുണൻ ദിവ്യമാലകൾ നല്കി. വിശ്വകർമാവ് രത്നാഭരണങ്ങൾ നല്കി. പാലാഴി ചുവന്ന പട്ടുകൾ നല്കി. ഹിമവാൻ സിംഹത്തെ നല്കി. ദേവി ആഭരണങ്ങൾ അണിഞ്ഞു. ആയുധങ്ങൾ ധരിച്ചു, സിംഹത്തിന്റെ പുറത്തു കയറി. എന്നിട്ടു യാത്രയായി, മഹിഷനെ നേരിടാൻ.

അവന്റെ ആസ്ഥാനത്തിന്റെ അടുത്ത് എത്തിയപ്പോഴോ? ദേവി ഒരു അട്ടഹാസം പുറപ്പെടുവിച്ചു. ആ ഘോരനാദം ആകാശത്തെ ഞെട്ടിച്ചു. പർവതങ്ങളെ വിറപ്പിച്ചു. ആഴികളെ കലക്കി മറിച്ചു.

അട്ടഹാസം കേട്ടു മഹിഷാസുരനും കൂട്ടുകാരും.

'എന്താണ് അതെന്ന് അന്വേഷിച്ചുവരുവിൻ.' മഹിഷാസുരൻ ദൂതന്മാരോടു കല്പിച്ചു.

ദൂതന്മാർ അട്ടഹാസം കേട്ട ദിക്കിലെത്തി. അവിടെ കണ്ടതോ, ദിവ്യയായ ഒരു സ്ത്രീയെയും. പതിനെട്ടു കൈകളുള്ളവൾ. വർണ്ണിക്കാനാവാത്ത സൗന്ദര്യമുള്ളവൾ. രത്നാഭരണങ്ങളും ആയുധങ്ങളും ധരിച്ചിരിക്കുന്നവൾ. അവർ മടങ്ങിച്ചെന്ന് മഹിഷാസുരനെ വിവരം ധരിപ്പിച്ചു.

മഹിഷാസുരൻ മന്ത്രിയെ വിളിച്ചു:

'മന്ത്രീ, ചതുരംഗപ്പടയുമായി ആ സുന്ദരിയെ ചെന്നു കാണൂ. ഏതു വിധേനയും അവളെ ഇങ്ങോട്ടു കൊണ്ടുപോരണം. ഞാൻ അവളെ എന്റെ പട്ടമഹിഷിയാക്കും.' അവൻ പറഞ്ഞു.

മന്ത്രി ദേവിയുടെ അടുക്കലെത്തി.

'ഹേ, സുന്ദരീ, മഹിഷാസുരന്റെ മന്ത്രിയാണു ഞാൻ. അദ്ദേഹം നിന്നെ കാണാൻ ആഗ്രഹിക്കുന്നു..മഹാശക്തനും പ്രതാപശാലിയുമാണ് അദ്ദേഹം. പോരെങ്കിൽ അദ്ദേഹത്തിന് ഏതു രൂപവും ധരിക്കാൻ സാധിക്കും. മനുഷ്യരൂപത്തിൽ അദ്ദേഹം നിന്നെ കാണും. വരൂ.' മന്ത്രി ക്ഷണിച്ചു.

ദേവി ഒന്നു ചിരിച്ചു:

'ഹേ മന്ത്രീ, മഹിഷാസുരനോട് എന്റെ സന്ദേശം പറയൂ—ജീവൻ വേണമെങ്കിൽ പാതാളത്തേക്കു പൊയ്ക്കൊള്ളണം എന്ന്. ദയവുകൊണ്ടുമാത്രമാണ് ഞാനിതു പറയുന്നത്. അനുസരിച്ചില്ല എങ്കിലോ? യുദ്ധത്തിൽ ഞാൻ അവനെ കൊല്ലും.' ദേവി പറഞ്ഞു.

'മഹിഷാസുരനോടു യുദ്ധമോ? നന്നായി! നീ ഒരുവൾ മാത്രം. എന്റെ സ്വാമി മഹാബലനും മഹാവീരനും. എണ്ണിയാൽ ഒടുങ്ങാത്ത ഭടന്മാരുമുണ്ട്. നീ അദ്ദേഹത്തിന്റെ രാജ്ഞിയാവണം. അതൊരു വഴിയേ നിനക്കുള്ളൂ.' മന്ത്രി ഉപദേശിച്ചു.

ദേവിയുണ്ടോ ആ ഉപദേശത്തിനു വഴങ്ങുന്നു? മന്ത്രി മടങ്ങിച്ചെന്ന് മഹിഷനെ വിവരം ഗ്രഹിപ്പിച്ചു. മഹിഷന്റെ മനസ്സിൽ സംശയങ്ങൾ കിളർന്നു. സാമാന്യക്കാരിയല്ല ഈ സ്ത്രീ. എന്തൊക്കെയോ ദിവ്യശക്തികൾ വഹിക്കുന്നവളാണ്. മാത്രമല്ല, നല്ല പിൻബലവുമുണ്ട്. ഏതിനും സൂക്ഷിച്ചു പെരുമാറണം.

മഹിഷൻ മറ്റു മന്ത്രിമാരെയും സേനാധിപന്മാരെയും വരുത്തി.

'ഞാൻ എന്താണു ചെയ്യേണ്ടത്?' അവൻ അഭിപ്രായം ചോദിച്ചു.

'ഈ സ്ത്രീ നീചയാണ്. അങ്ങയെ പേടിപ്പെടുത്തുകയാണ് അവളുടെ ലക്ഷ്യം. ഒരു പെണ്ണു ചിലച്ചാൽ എന്തിനു പേടിക്കണം? ഞാൻ പോയി അവളെ പിടിച്ചുകെട്ടിക്കൊണ്ടു വരാം.' വിരൂപാക്ഷൻ എന്നവൻ പറഞ്ഞു.

'വിരൂപാക്ഷന്റെ അഭിപ്രായമല്ല എനിക്ക്. ഇവൾ അങ്ങയെ വശപ്പെടുത്താൻ നോക്കുന്നു. അങ്ങയുടെ ഭാര്യയാകാനാണു ശ്രമം. യുദ്ധമെന്നൊക്കെ പറയുന്നതു വെറും മിരട്ടുവിദ്യ!' ദുർദ്ധരൻ എന്നവൻ പറഞ്ഞു.

'എനിക്കു തോന്നുന്നതു മറ്റൊന്നാണ്. ഇവൾക്കു പതിനെട്ടു കൈകളുണ്ട്; കൈകളിൽ ആയുധങ്ങളും വെച്ചിരിക്കുന്നു. ഇവളെ സൂക്ഷിക്കണം.' താമ്രൻ എന്നവൻ പറഞ്ഞു.

അഭിപ്രായം പറയുക മാത്രമാണ് അവരുടെ കർത്തവ്യം. തീരുമാനിക്കേണ്ടത് മഹിഷൻതന്നെ. അവൻ ചിലതെല്ലാം തീരുമാനിക്കുകയും ചെയ്തു. അതിൻപ്രകാരം രണ്ടുവീരന്മാർ യാത്രയായി — ബാഷ്കളൻ, ദുർമുഖൻ എന്നിവർ. അവർ സൈന്യങ്ങളെയും കൊണ്ടുപോയി. എല്ലാവരുംകൂടി ദേവിയെ ആക്രമിച്ചു. ഘോരമായ പോരും ഉണ്ടായി. ഒടുവിൽ ദേവി എന്തു ചെയ്തു? ശൂലം ചാട്ടി ബാഷ്കളനെ കൊലപ്പെടുത്തി. പിന്നീടു വാളുകൊണ്ട് ദുർമുഖന്റെ തലയും കൊയ്തെടുത്തു. അപ്പോഴേക്കും ചിക്ഷുരൻ, താമ്രൻ എന്നിവർ ദേവിയോടു ചെന്നിടഞ്ഞു. ഇരുവർക്കും മരണമായിരുന്നു അനുഭവം. തുടർന്ന് വിഡാലൻ, അസിലോമാവ് എന്നിവർക്കും.

ഇനി താൻ നേരിട്ടു പോവുകതന്നെ—അതായി മഹിഷന്റെ നിശ്ചയം. ഇഷ്ടമുള്ള രൂപം ധരിക്കാൻ അവനു കഴിയുമല്ലോ. സുന്ദരിയെ പാട്ടിലാക്കണം എന്നാണു മോഹം. പോത്തിൻവടിവിൽ പോയാൽ അവൾക്കു പിടിച്ചില്ലെങ്കിലോ? അതുകൊണ്ടു മനുഷ്യന്റെ വടിവിൽ യാത്രയായി — സുന്ദരനും യുവാവുമായ ഒരു മനുഷ്യൻ!

'ഹേ, സുന്ദരീ, നീ എന്റെ പത്നി ആയാലോ? നിനക്കു സർവസുഖങ്ങളും അനുഭവിക്കാം. നീ എന്നോട് ആവശ്യപ്പെട്ടാൽ മതി. ഞാൻ ദേവന്മാ

രോടുള്ള വൈരം ഉപേക്ഷിക്കാം. നിനക്ക് എന്ത് ഇഷ്ടമോ അതു ഞാൻ സന്തോഷത്തോടെ ചെയ്യാം.' മഹിഷൻ പറഞ്ഞു.

'മൂഢാ, പാതാളത്തേക്കു പൊയ്ക്കൊള്ളൂ. അതാണു നിനക്കു നല്ലത്. പോകാത്തപക്ഷം ഞാൻ നിന്നെ കൊല്ലും— ഒന്നിച്ചു നിന്റെ കൂട്ടുകാരെയും.' ദേവി തീർത്തു പറഞ്ഞു.

ഇനി യുദ്ധംചെയ്യാതെ നിവൃത്തിയില്ല. അക്കാര്യം മഹിഷനു മനസ്സിലായി. അസുരസൈന്യം മുമ്പോട്ട് ആർത്തിരമ്പി. അടുക്കുന്നവരെയെല്ലാം ദേവി കാലനൂർക്കയച്ചു. അതേസമയം ദേവിയുടെ വാഹനമായ സിംഹം എന്തു ചെയ്തു? കൈയിൽ കിട്ടിയവരെ മാന്തിപ്പൊളിച്ചു. ഒടുവിൽ ദേവിയും മഹിഷനും തമ്മിൽ ഇടഞ്ഞു. ചിലപ്പോൾ സിംഹത്തിന്റെ രൂപത്തിൽ; ചിലപ്പോൾ കൊലയാനയുടെ രൂപത്തിൽ; ചിലപ്പോൾ ശരഭത്തിന്റെ രൂപത്തിൽ; ചിലപ്പോൾ സ്വന്തമായ പോത്തിൻ രൂപത്തിൽ—അങ്ങനെ മഹിഷൻ തുടർന്നു പോരടിച്ചു. തുല്യനിലയിൽ തുടരുകയായി പോര്. കാരണം, മഹിഷൻ ചിലാനക്കാരനല്ല. ദേവി കടശ്ശിക്കൈയായി എന്തുചെയ്തു എന്നോ? ചക്രമെടുത്ത് ഒരേറ്! ആ ആയുധം മഹിഷന്റെ കഴുത്തറുത്തു ഭൂമിയിൽ തള്ളി. ശേഷിച്ച അസുരന്മാർ പിന്തിരിഞ്ഞു പാഞ്ഞുപോയി.

ദേവൻമാർ വിവരം അറിഞ്ഞു. എന്തായിരുന്നു അവരുടെ സന്തോഷം! തങ്ങൾക്കു മഹിഷാസുരനിൽനിന്നു രക്ഷ കിട്ടി. അവർ ദേവിയെ വാഴ്ത്തി സ്തുതിച്ചു. എല്ലാം ദേവിയുടെ കാരുണ്യം!

(ദേവീഭാഗവതം - സ്കന്ധം 5)

ശുംഭനിശുംഭന്മാർ

സഹോദരന്മാരായ അസുരന്മാരാണ് ശുംഭനും നിശുംഭനും. സുന്ദരന്മാരും യുവാക്കന്മാരുമാണ് അവർ. ഇരുവരും പാതാളത്തിൽനിന്നു പവിത്രമായ പുഷ്കരത്തിലെത്തി. അവിടെയിരുന്നു തപസ്സും ആരംഭിച്ചു. ആ തപസ്സ് പതിനായിരമാണ്ടുകൾ നീണ്ടുനിന്നു. അപ്പോഴേക്കും ബ്രഹ്മാവ് തൃഷ്ടനായി, പ്രത്യക്ഷനായി.

'ഞാൻ നിങ്ങളിൽ പ്രസാദിച്ചിരിക്കുന്നു. വരം ചോദിച്ചുകൊള്ളുവിൻ.' ബ്രഹ്മാവ് അരുളിച്ചെയ്തു.

'ഭഗവൻ, ഞങ്ങൾക്കു മൃത്യു ഭവിച്ചുകൂടാ.' അസുരന്മാർ പറഞ്ഞു.

'അതിനു കുറച്ചു ബുദ്ധിമുട്ടുണ്ട്. ആരായാലും ശരി, ജനിച്ചാൽ മൃത്യു ഉണ്ടായേ കഴിയൂ. പണ്ടേയുള്ള പതിവാണ് അത്. ആ പതിവു മാറ്റാൻ നിർവാഹമില്ല. വേറെ വരം ചോദിക്കുവിൻ.' ബ്രഹ്മാവ് ആവശ്യപ്പെട്ടു.

'എന്നാൽ, അങ്ങനെയാവട്ടെ. വിണ്ണവർ, മനുഷ്യർ മറ്റു ജന്തുക്കൾ— അവരിൽ ആണായി ജനിച്ചവർ ഞങ്ങളെ കൊന്നുകൂടാ. ഞങ്ങൾക്കു പെണ്ണിനെ ഒരു പേടിയുമില്ല. വേണമെങ്കിൽ ഒരു പെണ്ണ് ഞങ്ങളെ കൊന്നോട്ടെ.' സഹോദരന്മാർ പറഞ്ഞു:

ആ വരം നല്കിയിട്ട് ബ്രഹ്മാവു മറഞ്ഞു.

(മഹിഷാസുരനു ലഭിച്ചതുപോലെയുള്ള ഒന്നായിരുന്നു ഈ വരവും)

ശുംഭനും നിശുംഭനും അവരുടെ ആസ്ഥാനത്തിലേക്കു പോയി. അവർ ശുക്രമഹർഷിയെ ഗുരുവാക്കി. ശുക്രമഹർഷി ജ്യേഷ്ഠനായ ശുംഭനെ രാജാവായി അഭിഷേകം ചെയ്തു. വരബലത്തിന്റെ കഥ എല്ലായിടങ്ങളിലും പരന്നു. പലേ ദിക്കിൽനിന്നും അസുരന്മാർ വന്നുചേർന്നു. അവർ ശുംഭനെ നായകനായി അംഗീകരിച്ചു. പലേ ഭയങ്കരന്മാരും ഉണ്ടായിരുന്നു അവരുടെ കൂട്ടത്തിൽ. ചണ്ഡൻ, മുണ്ഡൻ എന്നിവർ രണ്ടുപേരാണ്. ധൂമ്രലോചനൻ എന്നു വേറൊരുത്തൻ. രക്തബീജൻ എന്നവൻ ഇനിയൊരുത്തൻ. ഒരു പ്രത്യേകതയുണ്ട്, രക്തബീജന്. അവന്റെ ദേഹത്ത് അമ്പു തറച്ചു ചോര വന്നാലോ? നിലത്തു വീഴുന്ന ഓരോ ചോരത്തുള്ളിയും ഓരോ യോദ്ധാവായിത്തീരും. ഇവർ മാത്രമല്ല, മറ്റനേകംപേരും വന്നു. ശുംഭന്റെയും നിശുംഭന്റെയും ശക്തി എത്രമാത്രം വർദ്ധിച്ചെന്നോ? ആദ്യമായി അവർ ദേവലോകത്തെത്തി. ദേവേന്ദ്രനെ കീഴടക്കണം—അതായിരുന്നു അവരുടെ ലക്ഷ്യം. ദേവേന്ദ്രനും ദേവന്മാരും അവരെ ചെറുത്തു. പക്ഷേ, അവർ തോറ്റു തുന്നംപാടി. അസുരന്മാർ സ്വർഗ്ഗലോകം കൈയടക്കി. ആരെയെല്ലാമാണു പിന്നീട് അവർ തോല്പിച്ചതെന്നോ: സൂര്യനെ, ചന്ദ്രനെ, കുബേരനെ, വരുണനെ, അഗ്നിയെ, മറ്റനേകം ദേവന്മാരെ!

അങ്ങനെ കഴിഞ്ഞു, ആയിരം വർഷങ്ങൾ. ദേവന്മാർ അതിയായി ദുഃഖിക്കുകയാണ്. അവർ ബൃഹസ്പതിയോടു സങ്കടം ഉണർത്തിച്ചു:

'ഗുരോ, അങ്ങു സർവജ്ഞനാണ്. അങ്ങയുടെ പക്കൽ പലേ സിദ്ധികളുമുണ്ട്. ഏതുവിധവും അസുരന്മാരെ ഇല്ലായ്മചെയ്തേ കഴിയൂ. അങ്ങ് എന്തെങ്കിലും ഉപായം കണ്ടുപിടിക്കണം.' ദേവന്മാർ അപേക്ഷിച്ചു.

'എന്റെ ബുദ്ധിയിൽ തോന്നുന്നത് ഒന്നാണ്. ദേവി ഒരിക്കൽ അരുളിച്ചെയ്തിട്ടുണ്ട് —നമുക്ക് ആപത്തു വരുമ്പോൾ ദേവിയെ സ്മരിക്കണമെന്ന്. ദേവി നമ്മെ സഹായിക്കുമെന്ന്. നിങ്ങൾ ഹിമാലയത്തിൽ ചെന്നു ദേവിയെ ഭജിക്കണം. എന്നാൽ, ഗുണമുണ്ടാകും.' ബൃഹസ്പതി പറഞ്ഞു.

ദേവന്മാർ ഹിമാലയത്തിലെത്തി ദേവിയെ ഭജിച്ചു. ദേവി അവരുടെ മുമ്പിൽ പ്രത്യക്ഷയായി. അവർ ദേവിയെ വീണു വണങ്ങി:

'ദേവീ, ശുംഭനും നിശുംഭനും കാരണം ഞങ്ങൾക്കു പൊറുതിമുട്ടി. അവരെ പുരുഷന്മാർക്കു വധിച്ചുകൂടാ. അതാണ് ബ്രഹ്മാവു നല്കിയിട്ടുള്ള വരം. അവിടുന്നല്ലാതെ ഞങ്ങൾക്കു മറ്റു ഗതിയില്ല. അവിടുന്ന് ഞങ്ങളെ രക്ഷിക്കണം.' അവർ ദീനരായി അപേക്ഷിച്ചു.

'നിങ്ങൾ പേടിക്കണ്ട. ഞാൻ വഴിയുണ്ടാക്കാം.' ദേവി വാഗ്ദാനം ചെയ്തു.

എന്താണ് ദേവി ആ സമയത്തു ചെയ്തത്? സ്വന്തം ശരീരത്തിൽനിന്ന് മറ്റൊരു സ്ത്രീരൂപത്തെ സൃഷ്ടിച്ചു. ആ രൂപമാണ് കാളി. ദേവി സിംഹവാഹനത്തിൽ കയറി, കാളിയെയുംകൂട്ടി യാത്രയായി. ശത്രുപുരിയുടെ അടുക്കലെത്തി. ഒരു ഉദ്യാനത്തിലിരുന്നു പാടിത്തുടങ്ങി. എത്ര മധുരമായിരുന്നു ദേവിയുടെ സംഗീതം! അതുകേട്ടു പക്ഷികളും മൃഗങ്ങളും സ്തംഭിച്ചുനിന്നു.

യദൃച്ഛയാ ചണ്ഡനും മുണ്ഡനും ആ ഉദ്യാനത്തിൽ വന്നെത്തി. അവർ മധുരമായ ആ ഗാനം കേട്ടു. ഗായികയെ തിരഞ്ഞു ചെന്നപ്പോഴോ? കണ്ടെത്തിയതു ദേവിയെയും കാളിയെയും. ദേവിയുടെ സൗന്ദര്യം അവരെ അദ്ഭുതപ്പെടുത്തി. അവർ ഉടനെ മടങ്ങിച്ചെന്ന് ശുംഭനെ കണ്ടു.

'തിരുമേനീ, ഉദ്യാനത്തിൽ ഒരു സ്ത്രീ ഇരുന്നു പാടുന്നു: പാതാളത്തിൽ, ഭൂമിയിൽ, സ്വർഗത്തിൽ—അതെന്തിന്, ഒരിടത്തും ഇത്ര സുന്ദരിയെ കണ്ടിട്ടില്ല. ഇത്ര മധുരമായ ഗാനം കേട്ടിട്ടുമില്ല. അവളുടെ ഭർത്താവാകാൻ അങ്ങേക്കു മാത്രമേ അർഹതയുള്ളു. എല്ലാ ലോകങ്ങളിലെയും എല്ലാ സമ്പത്തുകളും അങ്ങേക്ക് അധീനമാണ്. അങ്ങയുടെ സൗഖ്യം പൂർണമാകണം. എങ്കിലോ? ഈ സുന്ദരിയുടെ ഭർത്തൃപദവുംകൂടി ലഭിക്കണം.' അവർ പറഞ്ഞു.

ഓഹോ, അങ്ങനെയാണോ കാര്യം? അനുചരന്മാർ പറഞ്ഞതു ശരിയാണ്. ഈ സുന്ദരിയെ ഭാര്യയാക്കുകതന്നെ. അതായി ശുംഭന്റെ നിശ്ചയം.

അവൻ ദൂതനെ അയച്ച് ദേവിയെ ആഗ്രഹം അറിയിച്ചു.

(അതും മഹിഷാസുരൻ ചെയ്തതുപോലെതന്നെ)

ദേവിക്കു ചിരിവന്നു. മനസ്സിൽ തോന്നിയതു മറച്ചുവെച്ചിട്ടു പറഞ്ഞു: 'ഹേ ദൂതാ, ഞാൻ ശുംഭന്റെ മഹത്ത്വത്തെക്കുറിച്ചു ധാരാളം കേട്ടിട്ടുണ്ട്. അദ്ദേഹത്തെ ഭർത്താവായി കിട്ടണം—അതിനാണു ഞാൻ ഇങ്ങോട്ടു വന്നിരിക്കുന്നത്. പക്ഷേ, വിവാഹത്തിന് അല്പമൊരു ബുദ്ധിമുട്ടുണ്ട്. ബാല്യത്തിൽ ഞാൻ ഒരു ശപഥം ചെയ്തു—എന്നെ പോരിൽ ജയിക്കുന്ന പുരുഷനെ മാത്രമേ വിവാഹം കഴിക്കൂ എന്ന്. ആ ശപഥം പാലിക്കാതെ വയ്യ. ശുംഭൻ എന്നെ പോരിൽ തോല്പിച്ചു വേട്ടുകൊള്ളട്ടെ. ഈ വിവരം ഉടൻചെന്നു ശുംഭനോടു പറയൂ.'

ദൂതൻ മടങ്ങിപ്പോയി ശുംഭനെ വിവരം അറിയിച്ചു.

ശുംഭൻ അനുജന്റെ നേർക്കു തിരിഞ്ഞു:

'നിശുംഭാ, ആ പെണ്ണ് ഇതാ യുദ്ധത്തിനു വിളിക്കുന്നു. ഞാനോ നീയോ പേകേണ്ടത്? എന്താണു നിന്റെ അഭിപ്രായം? അതുപോലെ ചെയ്യാം.' ശുംഭൻ പറഞ്ഞു.

'ജ്യേഷ്ഠനും പോകണ്ട, ഞാനും പോകണ്ട. ധൂമ്രലോചനൻ പോയാൽ മതിയാകും. അവൻ അവളെ തോല്പിച്ചു പിടിച്ചുകൊണ്ടുവരും. ജ്യേഷ്ഠൻ വിവാഹത്തിനു തയ്യാറായിക്കൊള്ളൂ.' നിശുംഭൻ പറഞ്ഞു.

ധൂമ്രലോചനൻ സൈന്യവുമായി ദേവിയുടെ മുമ്പിലെത്തി.

'മര്യാദയ്ക്ക് എന്റെ സ്വാമിയെ വരിച്ചുകൊള്ളണം.' അവൻ ആവശ്യപ്പെട്ടു.

ഉത്തരം പറഞ്ഞതു കാളിയാണ്.

'എടോ, നീ വെറുതെ പാഴ്കിനാവു കാണുകയാണ്. ഈ ദേവിയെവിടെ, മൃഷനായ ശുംഭനെവിടെ? നിങ്ങളെയെല്ലാം ഞാൻ കൊന്നൊടുക്കും!' കാളി ഗർജിച്ചു.

അതുകേട്ടപ്പോൾ ധൂമ്രലോചനന്റെ ദേഷ്യം ചിറപൊട്ടി:

'എടീ, ഞാൻ നിന്നെയും കൊല്ലും, നിന്റെ സിംഹത്തെയും കൊല്ലും. എന്നിട്ട് ഈ സുന്ദരിയെ പിടിച്ചുകൊണ്ടുപോകും,' അവൻ ആക്രോശിച്ചു.

കാളിയുടെ നേർക്കു ശരങ്ങൾ തൂകി ധൂമ്രലോചനൻ. കാളി ആ ശരങ്ങളെ നിഷ്പ്രയാസം തടുത്തു. എന്നിട്ട് അസുരന്റെ തേരു തകർത്തു. അസുരൻ മറ്റൊരു തേരിൽ കയറി പോരുതുടർന്നു. കാളി അവന്റെ വില്ലു മുറിച്ചു. അവൻ ഇരുമ്പുലക്ക ഓങ്ങി പാഞ്ഞടുത്തു. കാളി ഒരു ഹുങ്കാരം പുറപ്പെടുവിച്ചു. അവൻ ചാമ്പലായി.

ശേഷിച്ച അസുരന്മാർ ജീവനുംകൊണ്ട് ഓടിപ്പോയി. അവർ ശുംഭനെക്കണ്ടു നടന്നതെല്ലാം അറിയിച്ചു. സ്ത്രീ സാമാന്യയല്ല— അക്കാര്യം ശുംഭനും മനസ്സിലായി. അവന്റെ മനസ്സ് ചഞ്ചലമായി.

'അനുജാ, നാം ഇനി എന്താണു വേണ്ടത്?' അവൻ നിശുംഭനോടു ചോദിച്ചു.

'ജ്യേഷ്ഠാ, ഞാൻ പടയുമായി പോകാം. ഒരുപക്ഷേ, ഞാൻ ചത്തുപോയാലോ? വേണ്ടതെല്ലാം ജ്യേഷ്ഠൻ ആലോചിച്ചു ചെയ്യണം.' നിശുംഭൻ പറഞ്ഞു.

'തത്കാലം ചണ്ഡനും മുണ്ഡനും പോകട്ടെ.' ശുംഭൻ തീരുമാനിച്ചു.

ചണ്ഡമുണ്ഡന്മാർ സൈന്യവുമായി ദേവിയെ ചെന്നെതിർത്തു. അപ്പോഴുണ്ടായ യുദ്ധം ഭയങ്കരമായിരുന്നു. അസുരന്മാരുടെ ഗർജനങ്ങൾ, പടയാളികളുടെ ഞാണൊലികൾ, പടഹങ്ങളുടെ കഠിനധ്വനികൾ—എല്ലാം കൂടി ചെവി പൊട്ടിക്കുമാറു കേൾക്കപ്പെട്ടു. ശരങ്ങൾ വാനിടം മൂടി ഇരുൾ പരത്തി. കാളി കൈയിൽ കിട്ടിയ അസുരന്മാരെ പിടിച്ചു വായിലിട്ടു. ദംഷ്ട്രങ്ങൾകൊണ്ട് അവരെ കറുമുറാ ചവച്ചുതിന്നുകയും ചെയ്തു. അതുകണ്ട് ചണ്ഡൻ ഒരു ചക്രായുധത്തെ വിട്ടു. കാളി അമ്പെയ്തു ചക്രായുധത്തെ മുറിച്ചു. പോര് പൂർവാധികം ഘോരമായി. ഒടുവിൽ കാളി എന്തു ചെയ്തു? അമ്പുകയർകെട്ടി ചണ്ഡനെ ബന്ധിച്ചു. മാത്രമല്ല, മുണ്ഡനെയും. ഇരുവരെയും തൂക്കിയെടുത്ത് ദേവിയുടെ കാല്ക്കൽ കൊണ്ടുവെച്ചു. വാളെടുത്ത് ഇരുവരുടെയും തലകൾ മുറിച്ചു. നൂരഞ്ഞുപൊങ്ങിയ ചോര മോന്തിക്കുടിച്ചു.

ശുംഭൻ ആ വിവരം അറിഞ്ഞു. അവൻ രക്തബീജനെ നിയോഗിച്ചു. അപ്പോഴും ഭീകരമായ യുദ്ധമുണ്ടായി. രക്തബീജനു ചില മുറിവുകൾ പറ്റി. മുറിവുകളിൽനിന്നു ചോരത്തുള്ളികൾ ഒലിച്ചുവീണു. ചോരത്തുള്ളികൾ യോദ്ധാക്കളായി പോരുതുടങ്ങി!

ദേവി കാളിയെ വിളിച്ചു:

'കാളി, ഇപ്പോഴുണ്ടായ ഭടന്മാരെ നീ തിന്നുകൊള്ളണം. അതേസമയം മറ്റൊന്നും ചെയ്തേ കഴിയൂ. രക്തബീജന്റെ ചോരത്തുള്ളികൾ മണ്ണിൽ വീണുകൂടാ. അതിനുമുമ്പു നീ അവയെ നക്കിക്കുടിച്ചുകൊള്ളണം.' ദേവി ആവശ്യപ്പെട്ടു.

അപ്രകാരം പ്രവർത്തിച്ചു കാളി. അതിനിടയ്ക്കു ദേവി എന്തുചെയ്തു. വാളുകൊണ്ട് രക്തബീജനെ അരിഞ്ഞു കഷണമാക്കി.

രക്തബീജന്റെ വധം ശുംഭനെ ചഞ്ചലനാക്കി. നിശുംഭൻ ദേവിയോട് ചെന്നിടഞ്ഞു. അസുരന്മാർ വീരോടെ പൊരുതി. ദേവീവാഹനമായ സിംഹം എന്തു ചെയ്തു? അടുത്തുള്ള അസുരന്മാരെ മാന്തിക്കീറി കൊന്നുതിന്നു. നിശുംഭൻ ഗദകൊണ്ടു സിംഹത്തിന്റെ തലയിൽ പ്രഹരിച്ചു. മാത്രമല്ല, ദേവിയെയും. ദേവി കോപിച്ച് നിശുംഭന്റെ തല മുറിച്ചു. തല പോയിട്ടും അവന്റെ ദേഹം ചെയ്തതോ? കൈയിൽ ഗദയുമായി ദേവിയുടെ നേർക്കു ചാടി. ദേവി അവന്റെ കൈകാലുകൾ അരിഞ്ഞു തള്ളി.

'തമ്പുരാനേ, അവിടുത്തെ അനുജൻ മരിച്ചു. അങ്ങു പാതാളത്തിലേക്ക് ഓടിപ്പോകണം. അങ്ങനെ ജീവൻ രക്ഷിക്കണം.' ചില മന്ത്രിമാർ ശുംഭനെ ഉപദേശിച്ചു.

'എന്റെ സേനാധിപന്മാരും അനുജനും മരിച്ചു. ഞാൻ മാത്രം ലജ്ജയില്ലാതെ ജീവിക്കണം, അല്ലേ? ഞാനിതാ യുദ്ധത്തിനു പോകുന്നു.' ശുംഭൻ അറിയിച്ചു.

അവൻ നേരെ പോർക്കളത്തിലെത്തി. കാളി അവനെ ചെന്നെതിർത്തു. വളരെ നേരം തുടർന്നുപോയി ആ ദ്വന്ദയുദ്ധം. അപ്പോഴേക്കും കാളി മൂന്നോട്ടുചാടി. എതിരാളിയുടെ തേര് തകർത്തു തരിപ്പണമാക്കി. അത്രയുംകൊണ്ട് കാളി തൃപ്തിപ്പെട്ടില്ല. തേരാളിയെ കൊന്നുതള്ളി. മാത്രമല്ല, തേരാളി തെളിക്കുന്ന കുതിരകളെയും ഇല്ലായ്മചെയ്തു. തേരു തകർന്നപ്പോൾ ശുംഭന് ഒന്നേ വഴിയുണ്ടായിരുള്ളു—നിലത്തേക്കു ചാടുക. അവൻ പുറം തിരിഞ്ഞ് ഓടിപ്പോയോ? ഇല്ലേയില്ല. നേരേമേറിച്ച്, കാളിയുടെ നേർക്കു കുതിച്ചു. അടുത്ത് എത്തിയപ്പോൾ കാളിയെ ആഞ്ഞടിച്ചു. അടിച്ച കൈ കാളി എന്താണു ചെയ്തതെന്നോ? വാളുരി മുറിച്ചുകളഞ്ഞു. ഒരു കൈ ശേഷിച്ചിട്ടുണ്ട് ശുംഭന്. പക്ഷേ, അതുകൊണ്ടു വിശേഷിച്ചൊന്നും ചെയ്യാനാവില്ല. എന്നാൽ കാലുകൾ പോയിട്ടില്ല. അവൻ കാളിയെ ചവിട്ടാനായി കുതിച്ചുചാടി. കാളി അവന്റെ കാലുരണ്ടും മുറിച്ചു. പിന്നീട് അവന്റെ തല തെറിപ്പിക്കുകയും ചെയ്തു.

ആ സമയം എന്തുണ്ടായി? ദിക്കുകൾ തെളിഞ്ഞുവിളങ്ങി. ദേവന്മാർ ദേവിയെ സ്തുതിച്ചു. കാളിയെ വാഴ്ത്തി. പേടി തീർന്നല്ലോ!

(ദേവീഭാഗവതം – സ്കന്ധം 5)

ദുർഗമൻ

ശക്തനും ദുഷ്ടനുമാണ് ദുർഗമാസുരൻ. അവൻ ദേവന്മാരെ നശിപ്പിക്കാൻ ഒരു ഉപായം ആലോചിച്ചു. വേദങ്ങളാണ് ദേവന്മാരുടെ പ്രധാനശക്തി. വേദങ്ങൾ പോയാൽ അവർ നിസ്സാരന്മാരായിത്തീരും. അതിനാൽ വേദങ്ങൾ തനിക്കു കൈയടക്കണം—അതിനായി ദുർഗമൻ ഹിമാലയത്തിൽചെന്നു തപസ്സ് ആരംഭിച്ചു. ബ്രഹ്മാവിനെ ഉദ്ദേശിച്ചാണു തപസ്സ്. ആയിരം വർഷങ്ങൾ കഴിഞ്ഞുപോയി. അപ്പോഴേക്കും ആ തപസ്സ് ലോകത്തെ തപിപ്പിച്ചു തുടങ്ങി. ഉടനെ ബ്രഹ്മാവു വന്നണഞ്ഞു. ദുർഗമൻ വേദങ്ങൾ ആവശ്യപ്പെട്ടു. അവ നല്കാതെ തരമില്ല എന്നായി ബ്രഹ്മാവിന്.

അന്നുമുതൽ ആകെ കുഴപ്പമായി. വേദങ്ങൾ അനുസരിച്ചാണല്ലോ യജ്ഞവും ഹോമവും ജപവും മറ്റും. എന്നാൽ, വേദങ്ങൾ ഇപ്പോൾ ദുർഗമന്റെ പക്കലാണ്. ദേവന്മാർക്കും മനുഷ്യർക്കും യജ്ഞങ്ങൾ ഇല്ലാതായി. അതോടൊന്നിച്ച് ഹോമങ്ങളും ജപങ്ങളും. എന്തായിരുന്നു ആ അവസ്ഥയുടെ ദുഷ്ഫലങ്ങൾ? മഴ പെയ്യാതായി. നദികളും കുളങ്ങളും വറ്റി വരണ്ടു. മനുഷ്യർ ധാരാളമായി മരിച്ചു തുടങ്ങി. ലോകം നശിക്കാൻ തുടങ്ങുകയാണ്. ആ സമയം ദുർഗമൻ സ്വർഗത്തെ ആക്രമിച്ചു. എതിർത്തുനില്ക്കാൻ കഴിയാതെ ദേവന്മാർ ഓടിപ്പോയി. ചില ബ്രാഹ്മണർ ഹിമാലയത്തിൽചെന്നു തപസ്സു തുടങ്ങി. എന്തായിരുന്നു തപസ്സിന്റെ ഉദ്ദേശ്യം? ലോകത്തു വെള്ളം ഇല്ലാതായിരിക്കുന്നു, ആ സ്ഥിതിക്കു ലോകം നശിക്കാൻ പോവുകയാണ്; അതിനാൽ ദേവി ലോകത്തെ രക്ഷിക്കണം.

ദേവി പ്രത്യക്ഷയായി — പ്രത്യേകമായ ഒരു രൂപത്തിൽ. ശരീരത്തിൽ അനേകം കണ്ണുകൾ! ആ കണ്ണുകളിൽകൂടി ജലം ഒഴുകിയിറങ്ങി. ആ ജലം ഭൂമിയിൽ പരന്നു. നദികളും കുളങ്ങളും നിറഞ്ഞു. അങ്ങനെ ലോകം രക്ഷപ്പെട്ടു!

ജലം നല്കാനായി അനേകം കണ്ണുകൾ ഉണ്ടാക്കിയില്ലേ? അതിനാൽ ദേവിക്ക് ശതാക്ഷി എന്നു പേരുണ്ടായി. ജലത്തോടുകൂടി പലമാതിരി ഭക്ഷണപദാർത്ഥങ്ങളും നല്കി. അതിനാൽ ദേവിക്ക് ശാകംഭരി എന്ന പേരുമുണ്ടായി.

ദേവന്മാർ ദേവിയുടെ ചുറ്റും വന്നുനിറഞ്ഞു. അപ്പോഴേക്കും അതാ, പാഞ്ഞുവരുന്നു ദുർഗമാസുരൻ! ദേവന്മാർക്ക് അവന്റെ ആക്രമണം ചെറുക്കാൻ കഴിഞ്ഞില്ല. 'ദേവീ, രക്ഷിക്കണേ' എന്ന് അവർ മുറവിളികൂട്ടി. എന്താണത്? ഒരു തീക്കോട്ടയോ? അതെ. ദേവി ദേവന്മാരെ രക്ഷിക്കാൻ നിർമിച്ച തീക്കോട്ട! അതിനു പുറത്തായി ദേവി നിലയുറപ്പിച്ചു. ദുർഗമാസുരൻ ദേവിയോട് ഇടഞ്ഞു. അവന്റെ അമ്പുകൾ ആകാശം മൂടി. ദേവി സ്വശരീരത്തിൽനിന്നു കുറെ രൂപങ്ങളെ സൃഷ്ടിച്ചു. ആ രൂപങ്ങളും ദുർഗമാസുരനും തമ്മിൽ യുദ്ധം തുടങ്ങി. പത്തുനാൾ നീണ്ടുനിന്നു ആ യുദ്ധം. അപ്പോൾ ദുർഗമാസുരൻ ആ രൂപങ്ങളെ കീഴടക്കി. അത്ര ബലശാലിയാണ് അവൻ. പിന്നീട് അവനും ദേവിയും തമ്മിലായി രണം. കുറെനേരം ആ രണം തുടർന്നു. ദേവിയുടെ ശരങ്ങൾ ദുർഗമാസുരന്റെ തേരാളിയെ കൊന്നുവീഴ്ത്തി. മാത്രമല്ല, അവന്റെ കുതിരകളെയും. ഒടുവിൽ ദുർഗമാസുരന്റെ കഥയും കഴിയുകയായി.

ദുർഗമനെ വധിച്ചില്ലേ? അക്കാരണത്താൽ ദേവിക്ക് ഇനിയൊരു പേരുകിട്ടി- ദുർഗ എന്ന്!

(ദേവീഭാഗവതം - സ്കന്ധം 7)

ദാരുകൻ

ഭദ്രകാളിയെക്കുറിച്ച് ഒരു കഥയുണ്ട്. ആ കഥ ദാരുകന്റെ കഥയുംകൂടിയാണ്. അത് ഇപ്രകാരമാണ്:

മഹാവിഷ്ണുവിൽനിന്നു വമ്പിച്ച പരാജയമുണ്ടായി അസുരന്മാർക്ക്. അവർ പാതാളത്തിൽ പോയി ഒളിച്ചിരുന്നു. അസുരസ്ത്രീകളുമുണ്ട് അവരുടെ കൂട്ടത്തിൽ. മാത്രമല്ല, അവരുടെ സന്താനങ്ങളും. എല്ലാവർക്കും പാതാളത്തിൽ അടങ്ങിയിരിക്കുകയേ നിർവാഹമുള്ളൂ. അവിടംവിട്ടു പുറത്തിറങ്ങിയാൽ അപകടം ഉണ്ടായേക്കും.

ദാരുമതി എന്നൊരു അസുരസ്ത്രീയുമുണ്ട് അവരുടെകൂടെ. ബ്രഹ്മാവിന്റെ അനുഗ്രഹത്താൽ ദാരുമതിക്ക് ഒരു പുത്രനുണ്ടായി. ദാരുകൻ എന്നായിരുന്നു പുത്രന്റെ പേര്.

ബാല്യത്തിൽത്തന്നെ ദാരുകനു പൂർവകഥകൾ അറിവായി — അതായത്, അസുരന്മാർക്കുണ്ടായ പരാജയവും മറ്റും. അറിഞ്ഞതോ, അമ്മയിൽനിന്നും.

'മകനേ നമ്മുടെ വംശക്കാർ കഷ്ടപ്പെടുന്നു. അവരെ സഹായിക്കാൻ നീ വേണ്ടതൊക്കെ ചെയ്യണം.' ഒരിക്കൽ ദാരുമതി അവനോടു പറഞ്ഞു.

'അമ്മേ, നമ്മുടെ ഇപ്പോഴത്തെ സ്ഥിതി ശോചനീയംതന്നെ. അതിൽ എനിക്കു നാണവും കോപവും ദുഃഖവുമുണ്ട്. ഞാനെല്ലാം ശരിപ്പെടുത്തിക്കൊള്ളാം.' ദാരുകൻ പറഞ്ഞു.

അവൻ നേരെ ഗോകർണത്തിലേക്കു പോയി. ബ്രഹ്മാവിനെ ഉദ്ദേശിച്ചു തപസ്സും തുടങ്ങി. പഞ്ചാഗ്നി മദ്ധ്യത്തിലുള്ള തപസ്സ്, ശൂലത്തിൽനിന്നുകൊണ്ടുള്ള തപസ്സ് — അങ്ങനെ എത്രമാതിരിയിലുള്ള തപസ്സുകൾ! എന്നിട്ടും ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ടില്ല. എന്നാലിനി ഭഗവാനെ പ്രത്യക്ഷപ്പെടുത്തുകതന്നെ! ദാരുകൻ ആത്മഹത്യയ്ക്കായി വാളുയർത്തി. ബ്രഹ്മാവു വന്ന് അവന്റെ കരംപിടിച്ചു. ഭഗവാൻ അവന് അനുഗ്രഹം നല്കി — മാത്രമല്ല, രണ്ടു മന്ത്രങ്ങളും. മായാവതി എന്ന മന്ത്രമാണ് ഒന്ന്; താമസി എന്ന മന്ത്രം മറ്റേതും. മറ്റൊരാൾ ആ മന്ത്രങ്ങൾ ഗ്രഹിച്ചെന്നുവെക്കൂ. ആ ആൾക്കു മാത്രമേ ദാരുകനെ ജയിക്കാനൊക്കൂ. അതായിരുന്നു ആ മന്ത്രങ്ങളുടെ പ്രത്യേകത. ഒരു ബ്രഹ്മദണ്ഡുംകൂടി ദാരുകനു ലഭിക്കാതിരുന്നില്ല. അതുകൊണ്ടടിച്ചാൽ പ്രതിവിധി ഇല്ലതാനും. സ്ത്രീയൊഴിച്ചു മറ്റാരും അവനെ കൊലപ്പെടുത്തുകയില്ല. അവന്റെ പുതിയ ശക്തി ഊഹിച്ചുകൂടേ?

ദാരുകൻ തപസ്സു മതിയാക്കി പാതാളത്തിൽ മടങ്ങിയെത്തി. എന്തുമാത്രം സന്തോഷമായെന്നോ ദാരുമതിക്കും മറ്റെല്ലാവർക്കും? ഇനി സുശക്തമായ ഒരു കോട്ട നിർമിക്കണം. ഏറ്റവും ബലമുള്ള കോട്ട നിർമിച്ചു നല്കി അസുരശില്പിയായ മയൻ. ശത്രുക്കൾ കടന്നുവരികയില്ല എന്നു തീർച്ച!

സ്വർഗലോകത്തെ ആക്രമിക്കണം; ദേവന്മാരെ അമർത്തണം; അവരുടെ സമ്പത്തുകൾ കൈയടക്കണം — അതെല്ലാമായിരുന്നു ദാരുകന്റെ അടുത്ത ലക്ഷ്യങ്ങൾ. ആ ലക്ഷ്യങ്ങൾ പ്രാപിക്കാൻ യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ലതാനും. പിന്നീടായിരുന്നു അവന്റെ വിവാഹം. മയന്റെ പുത്രി മനോദരി ആയിരുന്നു വധു. വധൂവരന്മാരുടെ വിടുപണികൾ ചെയ്തത് ആരെന്നോ? സ്വർഗത്തിലെ സുന്ദരികൾ!

വല്ലവിധവും സ്വർഗലോകം വീണ്ടെടുക്കണം— അതാണ് ദേവേന്ദ്രന്റെ ആഗ്രഹം. പക്ഷേ, എങ്ങനെ വീണ്ടെടുക്കും? ദേവേന്ദ്രൻ ബ്രഹ്മാവിന്റെ സഹായം അഭ്യർത്ഥിച്ചു. ബ്രഹ്മാവ് ദേവേന്ദ്രനെയുംകൂട്ടി മഹാവിഷ്ണുവിനെ ചെന്നുകണ്ടു. പിന്നീട് മഹാവിഷ്ണുവിനെയും ദേവേന്ദ്രനെയുംകൂട്ടി ശിവനെ ചെന്നുകണ്ടു. ശിവൻ വിചാരിച്ചാലേ കാര്യസാദ്ധ്യം ഉണ്ടാവൂ.

ആറു ദിവ്യസ്ത്രീകളെ സൃഷ്ടിച്ചു ശിവൻ. അവർ ആയുധങ്ങൾ കരസ്ഥമാക്കി, ദേവസൈന്യത്തോടുകൂടി ദാരുകന്റെ ആസ്ഥാനത്തിൽ ചെന്നു. അവനെ പോരിനു വിളിക്കയും ചെയ്തു.

മഹാകപാലൻ എന്ന മഹാസുരനെ പറഞ്ഞയച്ചു ദാരുകൻ. മഹാപരാക്രമിയും മഹാബലനുമാണ് മഹാകപാലൻ. പക്ഷേ, അവൻ ദിവ്യസ്ത്രീകളുടെ വീര്യാഗ്നിയിൽ വെന്തു ചാമ്പലായി.

അപ്പോൾ ദാരുകൻ നേരിട്ടുതന്നെ പോരിനിറങ്ങി. അവനെ തടുത്തു നിർത്താൻ ദിവ്യസ്ത്രീകൾക്കും സാദ്ധ്യമായില്ല. പോർക്കളത്തിൽനിന്ന് ഒഴിഞ്ഞുമാറാതെ വയ്യെന്നായി അവർക്ക്.

അങ്ങനെയിരിക്കെ, നാരദമഹർഷി ദാരുകനെ ചെന്നു കണ്ടു. പലതും സംസാരിച്ച കൂട്ടത്തിൽ മഹർഷി എന്തു ചെയ്തു? ബ്രഹ്മാവിനെയും മഹാവിഷ്ണുവിനെയും ശിവനെയും പുകഴ്ത്തിപ്പറഞ്ഞു. അതൊട്ടും പിടിച്ചില്ല ദാരുകന്. തന്റെ മുമ്പിൽ തുച്ഛന്മാരല്ലേ ത്രിമൂർത്തികൾ? എന്നിരിക്കെ അവരെ നാരദൻ പ്രശംസിക്കുന്നോ? ദാരുകൻ കോപംകൊണ്ടു വിറച്ചു. നാരദനെ കേറിപ്പിടിക്കാൻ മുന്നോട്ടു ചാടി. മഹർഷി ഒരുവിധം തടിതപ്പി. നേരെ കൈലാസത്തിൽ ചെന്നു ശിവനെ കണ്ടു. ആവലാതിയും ബോധിപ്പിച്ചു.

'ആങ്ഹാ? ഇത്രയ്ക്കായോ ദാരുകൻ?' ശിവന്റെ ക്രോധം നിയന്ത്രണത്തിന് അതീതമായി. ഭഗവാന്റെ മൂന്നാം തൃക്കണ്ണു തുറക്കുകയായി. തൃക്കണ്ണിൽനിന്ന് അഗ്നി ചാടി. അഗ്നിയിൽനിന്ന് ഒരു സ്ത്രീരൂപം ഉണ്ടായി—ഭദ്രകാളി!

(ഭദ്രകാളിയുടെ ഉത്ഭവത്തെപ്പറ്റി വേറെമാതിരിയും കഥയുണ്ട്)

ഭഗവാൻ ഭദ്രകാളിക്കു ധരിക്കാൻ ആയുധങ്ങൾ നല്കി. ഭദ്രകാളിക്ക് അകമ്പടി സേവിക്കാൻ മഹാകാളൻ എന്ന മഹാഭൂതത്തെ നല്കി—മാത്രമല്ല, വമ്പിച്ച ഒരു ഭൂതസൈന്യത്തെയും.

'ഭദ്രകാളീ, കാട്ടിൽ വേതാളി എന്നൊരു പിശാചിയുണ്ട്. മഹാകാളൻ നിന്നെ വേതാളിയുടെ അടുക്കലേക്കു കൊണ്ടുപോകും. നീ അവളെ നിന്റെ വാഹനമാക്കണം.' ശിവൻ നിർദ്ദേശിച്ചു.

ഘോരമായ ഒരു വനത്തിലാണ് വേതാളി. മഹാകാളൻ ഭദ്രകാളിയെ അവിടേക്കു നയിച്ചു. കാർമേഘത്തിനൊത്ത നിറമാണ് ആ പിശാചിക്ക്. ശരീരം നീലമലയ്ക്കു സമാനവും. അവളൊന്നു ഗർജിച്ചാലോ? മൂന്നു ലോകങ്ങളും കിടുങ്ങിപ്പോകും. കിണറുകൾപോലെയുള്ള കണ്ണുകൾ. ആനക്കൊമ്പിനു തുല്യമായ ദംഷ്ട്രകൾ. അഗ്നിജ്വാലയ്ക്കൊത്ത നാവ്. കരിമ്പനയ്ക്കു സമാനമായ കാലുകൾ. അങ്ങനെ ഒരു ഭയങ്കരി; പോരെങ്കിലോ? എത്ര തിന്നാലും മതിവരികയില്ല. സദാ വിശപ്പുതന്നെ, വിശപ്പ്!

'വേതാളി, എന്നെ ചുമലിലെടുത്തു നടക്കൂ.' ഭദ്രകാളി ആവശ്യപ്പെട്ടു.

'ദേവീ, എനിക്കു വിശപ്പുകാരണം ദേഹബലം പോരാ. അതിനാൽ ദേവിയെ എടുത്തുനടക്കാൻ കഴിവില്ല. വയറുനിറയെ ആഹാരം തരാമോ? എന്നാൽ, ഞാൻ ദേവിയുടെ വാഹനമാകാം. എല്ലാ അനുചരന്മാരെയും ഒന്നിച്ചുവഹിക്കാനും എനിക്കു സാധിക്കും.' വേതാളി പറഞ്ഞു.

'അല്പം ക്ഷമിച്ചിരിക്കൂ വേതാളി. അസുരന്മാരോടുള്ള പോരിനു താമസമില്ല. നിനക്കു വയറുനിറയെ അസുരന്മാരെ തിന്നാം.' ഭദ്രകാളി പറഞ്ഞു.

വേതാളി പിന്നെ മടിച്ചുനിന്നില്ല. അവൾ ഭദ്രകാളിയെ കഴുത്തിലിരുത്തി നടന്നുതുടങ്ങി. പുറകെ പോയി മഹാകാളനും മറ്റു ഭൂതങ്ങളും.

ഒരു ദൂതൻ മുഖേന ദാരുകൻ ആ വിവരം അറിഞ്ഞു—തന്നോട് അടരാടാൻ വരികയാണ് ഭദ്രകാളിയും ഭൂതസൈന്യവും. അവൻ രണ്ടു മന്ത്രിമാരെ പടക്കളത്തിലേക്കു പറഞ്ഞയച്ചു—മന്ത്രിമാരുടെ കീഴിൽ ഒരു അസുരസൈന്യത്തെയും. പക്ഷേ, അവൻ പ്രതീക്ഷിച്ച ഫലമല്ല ഉണ്ടായത്. അസുരസൈന്യം തോറ്റുമടങ്ങി. അതേസമയം വളരെയേറെ ഭടന്മാർ മരിക്കുകയും ചെയ്തു.

ഇനി അടങ്ങിയിരിക്കുന്നതു ശരിയല്ല. അക്കാര്യം ദാരുകനു ബോദ്ധ്യമായി. അവൻ നേരിട്ടു സമരഭൂമിയിൽ പ്രവേശിച്ചു—അവനോടുകൂടി

അസംഖ്യം അസുരവീരന്മാരും. വരബലം ഒന്നു പ്രത്യേകമായിരുന്നല്ലോ ദാരുകന്. ആ വരബലം അവനെ സുരക്ഷിതനാക്കി. ഭദ്രകാളിയുടെ യുദ്ധതന്ത്രമോ പരാക്രമമോ അവനോടു പ്രയോജനപ്പെട്ടില്ല. ദേവി വിഷമിച്ചു നിന്നു പോയി.

അപ്പോഴാണ് ഒരു സൂത്രം പ്രയോഗിക്കപ്പെട്ടത്. പ്രയോഗിച്ചതോ, ശിവപത്നിയായ ഗൗരിയും. മായാവതി, താമസി എന്ന രണ്ടു മന്ത്രങ്ങൾ ലഭിച്ചിട്ടുണ്ടല്ലോ ദാരുകന്. ആ മന്ത്രം നേടുന്നയാൾക്ക് അവനെ വധിക്കാൻ സാധിച്ചേക്കും. അതിനായി ഗൗരിയുടെ ഒരുക്കം. ദേവി ഒരു ബ്രാഹ്മണസ്ത്രീയുടെ വേഷം ധരിച്ചു. എന്നിട്ട് ദാരുകന്റെ അന്തഃപുരത്തിൽ കയറിച്ചെന്നു. അവിടെ ദാരുകന്റെ ഭാര്യയായ മനോദരിയുണ്ട്. അസുരമാജ്ഞിയാണല്ലോ മനോദരി. അവളെ ചെന്നുകണ്ടു, വേഷം മാറിയ ഗൗരി.

'രാജ്ഞീ, എനിക്കു ഭിക്ഷ തരണം. ദേവി യാചിച്ചു.

യാചിക്കുന്നവർക്കു ഭിക്ഷ കൊടുക്കാതിരുന്നുകൂടാ. അതൊരു പാപമായിട്ടാണു കരുതപ്പെടുന്നത്. പോരെങ്കിലോ? ഇപ്പോൾ ഭിക്ഷയ്ക്കു വന്നിരിക്കുന്നത് ഒരു ബ്രാഹ്മണസ്ത്രീയുമാണ്. മനോദരിക്കു ഭർത്താവിൽനിന്നും മന്ത്രങ്ങൾ രണ്ടും ലഭിച്ചിരുന്നു. അവയ്ക്കായിട്ടാണ് ബ്രാഹ്മണസ്ത്രീ വന്നിട്ടുള്ളത്. അക്കാര്യം സ്വപ്നത്തിൽപ്പോലും മനോദരി ഊഹിച്ചിട്ടുമില്ല.

"ഹേ, ബ്രാഹ്മണസ്ത്രീ, നിങ്ങൾക്ക് എന്താണു വേണ്ടത്? എന്തായാലും ഞാൻ തരാം. ചോദിച്ചുകൊള്ളൂ" അസുരരാജ്ഞി പറഞ്ഞു.

'എനിക്ക് മായാവതി, താമസി എന്ന മന്ത്രങ്ങൾ വേണം.' ദേവി ആവശ്യപ്പെട്ടു.

മന്ത്രങ്ങൾ നല്കാൻ മനസ്സുണ്ടായിരുന്നില്ല മനോദരിക്ക്. പക്ഷേ, വാഗ്ദാനം പാലിച്ചില്ലെങ്കിൽ പാപമല്ലേ? അസുരരാജ്ഞി മന്ത്രങ്ങൾ ഉപദേശിച്ചുകൊടുക്കുകതന്നെ ചെയ്തു.

ഗൗരി നേരെ ഭദ്രകാളിയെ കണ്ടു മന്ത്രങ്ങൾ നല്കി. 'യുദ്ധം വീണ്ടും ആളിക്കത്തി. താമസിയാതെ ദാരുകന് ഒരു അനുഭവം ഉണ്ടായി. തന്റെ ആയുധങ്ങൾ ഫലിക്കുന്നില്ല! എന്താണാവോ ഇപ്രകാരം സംഭവിക്കാൻ? ഏതിനും ആലോചിച്ചുനില്ക്കാൻ സമയമില്ല. മറുപടിയില്ലാത്ത ഒരു ആയുധം അവശേഷിച്ചിട്ടുണ്ട്—ബ്രഹ്മദണ്ഡം. അവൻ ബ്രഹ്മദണ്ഡം പ്രയോഗിച്ചു. അത്ഭുതം തന്നെ, ബ്രഹ്മദണ്ഡത്തിനുമില്ല ഫലം! ആലോചിച്ചപ്പോൾ ഒരു സംശയം തോന്നി. തന്റെ മന്ത്രങ്ങളെ ശത്രുക്കൾ കൈവശപ്പെടുത്തിയോ? പരിശോധിച്ച് അറിഞ്ഞേ കഴിയൂ. അവൻ യുദ്ധം മതിയാക്കി, ധൃതിയിൽ അരമനയിലേക്കു കയറിച്ചെന്നു. മനോദരിയെ അരികിൽ വിളിച്ചു.

'ഞാനില്ലാത്തപ്പോൾ ഇവിടെ വല്ലവരും വന്നോ?'

'വന്നു.'

'ആരാണത്?'

'ഒരു ബ്രാഹ്മണസ്ത്രീ.'

'എന്തിനു വന്നു?'

'ഭിക്ഷയ്ക്കായിട്ട്.'

'നീ ഭിക്ഷ കൊടുത്തോ?'

'കൊടുത്തു.'

'എന്തായിരുന്നു ഭിക്ഷ?'

'ആ രണ്ടു മന്ത്രങ്ങൾ.'

തലയിൽ പ്രഹരമേറ്റതുപോലെയായി ദാരുകന്.

'മനോദരീ, വന്നതു ബ്രാഹ്മണസ്ത്രീയല്ല. ഗൗരി ആ വേഷത്തിൽ വന്നതാണ്. അവൾ നിന്നെയും എന്നെയും ചതിച്ചു. ഇനി എനിക്കു രക്ഷയില്ല.' ദാരുകൻ പറഞ്ഞു നെടുവീർപ്പിട്ടു.

എന്നിരുന്നാലും ആ മഹാപരാക്രമി അധൈര്യപ്പെട്ടില്ല. അവൻ നേരെ പടക്കളത്തിൽ തിരിച്ചെത്തി. ഭദ്രകാളിയോടു വീണ്ടും യുദ്ധം ആരംഭിച്ചു. അസാധാരണമായിരുന്നു അവൻ പ്രദർശിപ്പിച്ച കൈക്കരുത്ത്. പക്ഷേ, അതുകൊണ്ടു പ്രയോജനമുണ്ടായില്ല. അവന്റെ ബ്രഹ്മദണ്ഡം നിലത്തു കിടന്നിരുന്നു. ഭദ്രകാളി അതെടുത്ത് അടിക്കാനടുത്തു. ബ്രഹ്മദണ്ഡം തടുക്കാൻ തനിക്കും ശക്തിയില്ല. അതറിഞ്ഞിരുന്ന ദാരുകൻ പാതാളത്തിൽ ഓടിയൊളിച്ചു. ഭദ്രകാളി പുറകെ ചെന്നു പാതാളദ്വാരത്തിൽ കാത്തുനിന്നു. എപ്പോഴെങ്കിലും ദാരുകൻ പുറത്തുവരും. അപ്പോൾ അവനെ വധിക്കണം. അതായിരുന്നു ഭദ്രകാളിയുടെ നിശ്ചയം. പക്ഷേ, നേരം വളരെ കഴിഞ്ഞിട്ടും ദാരുകനെ കാണുന്നില്ല. കാത്തുനിന്നു മുഷിവു തോന്നി ഭദ്രകാളിക്ക്. കൂരിരുട്ടു പരന്നാൽ അവൻ പുറത്തിറങ്ങാൻ ഇടയുണ്ട്. ഇപ്പോഴാകട്ടെ, സൂര്യൻ പ്രകാശിച്ചുനില്ക്കുകയുമാണ്. ഭദ്രകാളി എന്തു ചെയ്തെന്നോ? സൂര്യനെ എടുത്തു തലമൂടിക്കിടയിൽ ഒളിച്ചുവച്ചു. അപ്പോൾ പകൽ മാറി കൂരിരുൾ പരന്നു. ദാരുകൻ പുറത്തേക്കു നോക്കിയപ്പോഴോ? ഇരുട്ടു വ്യാപിച്ചിരിക്കുന്നു. രാത്രിയായി എന്ന് അവൻ തീർച്ചയാക്കി. അവൻ പുറത്തേക്കു കടന്നു. അതാണ് ഭദ്രകാളി കാത്തിരിക്കുന്ന സന്ദർഭം. അവനെ കുത്തിക്കൊല്ലാൻ ഭദ്രകാളി ശൂലം ഉയർത്തി.

'എനിക്ക് അവിടുന്നല്ലാതെ ആശ്രയമില്ല. ദയവുചെയ്ത് എന്നെ രക്ഷിക്കണം.' ദാരുകൻ ദീനതയോടെ യാചിച്ചു.

അപ്പോൾ ഭദ്രകാളിക്ക് അനുകമ്പ തോന്നി. ജീവനു വേണ്ടി യാചിക്കുന്നവനെ കൊന്നുകൂടാ. അതായിരുന്നു ഭദ്രകാളിയുടെ മനോഭാവം.

മഹർഷിമാരിൽ ചിലർക്ക് അതു മനസ്സിലായി. വളരെയധികം അക്രമം കാണിച്ചവനാണ് ദാരുകൻ. അവനെ ഭദ്രകാളി ജയിക്കുകയും ചെയ്തിരിക്കുന്നു. എന്നിട്ട് അവനെ വെറുതെ വിടണമത്രെ!

'ദേവീ, ദാരുകൻ ദേവിയുടെ പരമശത്രുവാണ്. ദേവന്മാരുടെയും പരമശത്രുവാണ്. പോരെങ്കിൽ ലോകത്തിനു നാശകാരിയും. ഈ ദയവു തെറ്റാണ്!' മഹർഷിമാർ ചൂണ്ടിക്കാട്ടി.

ശരിയാണ് എന്നു ഭദ്രകാളിക്കു തോന്നി. ഇവനു വധശിക്ഷ നല്കിയേ തീരൂ. അല്ലാത്തപക്ഷം അതൊരു തെറ്റാവും. ഭദ്രകാളി പിന്നെ സംശയിച്ചു നിന്നില്ല. മറിച്ച്; ശൂലമെടുത്ത് ദാരുകന്റെ മാറത്തു കുത്തി. അവൻ ഊർദ്ധശ്വാസം വലിച്ചു. ഭദ്രകാളി കൈലാസത്തിലേക്കു മടങ്ങി ശിവനെ നമിച്ചു. അങ്ങനെ, ദേവന്മാർക്കു ദാരുകനിൽനിന്നു രക്ഷകിട്ടി.

(ഭദ്രകാളിമാഹാത്മ്യം ആട്ടക്കഥ)

വിഷ്ണു-ശിവന്മാർക്കു ശക്തിക്ഷയം

ഹിരണ്യാക്ഷന്മാർ എന്നൊരു കൂട്ടം അസുരന്മാരുണ്ട്. വിക്രമികളും ഭീകരന്മാരുമാണ് അവർ. ഭുജബലംകൊണ്ട് അവർ മുപ്പാരും കീഴടക്കി. അതുകൊണ്ടും അവർ തൃപ്തിപ്പെട്ടില്ല. വൈകുണ്ഠത്തെ ആക്രമിച്ചു; മാത്രമല്ല, കൈലാസത്തെയും. മഹാവിഷ്ണുവും ശിവനും അവരോടു പോരിനിറങ്ങി. ഏറ്റവും ഘോരമായിരുന്നു പോര്. അത് അറുപതിനായിരം സംവത്സരം നീണ്ടുനിന്നു. അപ്പോഴേക്കും അതിന് ഒരവസാനമുണ്ടായി. ഹിരണ്യാക്ഷന്മാർക്കു ജീവഹാനി സംഭവിച്ചു.

മഹാവിഷ്ണു വൈകുണ്ഠത്തിലേക്കു മടങ്ങി. ശിവൻ കൈലാസത്തിലേക്കും. ഇരുവർക്കും ഇപ്പോൾ അല്പം ഗർവുണ്ടായിരിക്കുന്നു. ശൂരന്മാരായ ഹിരണ്യാക്ഷന്മാരെ തോല്പിച്ചു കൊന്നില്ലേ? അതുകൊണ്ടുള്ള ഗർവ്വാണ്. മഹാവിഷ്ണു ലക്ഷ്മീദേവിയോടു വമ്പു പറഞ്ഞു. അതുപോലെ ശിവൻ പാർവതീദേവിയോടും. ദേവിമാർക്കു ഭർത്താക്കന്മാരോടു പരിഹാസം തോന്നി. അവരുടെ പരിഹാസം പ്രകടമായതു വാക്കുകളിലൂടെയല്ല. പിന്നെയോ, കള്ളച്ചിരിയിലൂടെ. കള്ളച്ചിരി കണ്ടല്ലോ മഹാവിഷ്ണുവും ശിവനും! അതിന്റെ അർത്ഥം അവർക്കു മനസ്സിലാവുകയും ചെയ്തു. അവർക്കു കോപമുണ്ടായി. കോപം കൊള്ളിവാക്കുകൾക്കു കാരണമായി. കൊള്ളിവാക്കുകൾ ദേവിമാർക്കു രസിച്ചില്ല; മാത്രമല്ല, അവർക്ക് അരിശവും തോന്നി. ദേവിമാർ തത്ക്ഷണം മറഞ്ഞു കളഞ്ഞു!

പത്നിമാർ തങ്ങളുടെകൂടെ ഇല്ലാതായപ്പോഴോ? മഹാവിഷ്ണുവിന്റെയും ശിവന്റെയും ശക്തിക്ക് ഒരു ക്ഷയം! ശക്തിയോടൊന്നിച്ചു ബുദ്ധിയും ക്ഷയിക്കുകയായി. അവർക്ക് അതിയായ പാരവശ്യം ഉളവായി. ആ അവസ്ഥ മനസ്സിലാക്കി ബ്രഹ്മാവ്. വലിയ തകരാറായില്ലേ? ബ്രഹ്മാവ് ആലോചിച്ചു. എന്താണിത്? മഹാവിഷ്ണുവും ശിവനുംപോലും വശംകെട്ടു എന്നോ? ഇതെങ്ങനെ സംഭവിച്ചു. ഇങ്ങനെ തുടർന്നാൽ ലോകനാശം സംഭവിക്കും. എന്തെങ്കിലും ഉടനെ ചെയ്തേ കഴിയൂ. പക്ഷേ, അതിനുമുമ്പു കാരണം അറിയേണ്ടതുണ്ട്. ധ്യാനിച്ചാൽ കാരണം അറിയാറാകും.

അങ്ങനെ ബ്രഹ്മാവ് ധ്യാനത്തിൽ മുഴുകുകയായി. താമസിയാതെ പരമാർത്ഥം മനസ്സിൽ തെളിഞ്ഞുയർന്നു. ദേവിയുടെ കോപമാണു കാരണം!

ആട്ടെ, പരിഹാരം കണ്ടുപിടിക്കണം — അതിനു നിശ്ചയിച്ചു ബ്രഹ്മാവ്. അപ്പോഴതാ മറ്റൊരു ബുദ്ധിമുട്ട്. മഹാവിഷ്ണുവിനും ശിവനും ഒന്നിനും കഴിവില്ലാതായിത്തീർന്നിരിക്കുന്നു. തങ്ങളുടെ ജോലി നിർവഹിക്കാനുള്ള കഴിവാണത്. പാലിക്കുകയാണ് മഹാവിഷ്ണുവിന്റെ ജോലി, സംഹരിക്കുക ശിവന്റെ ജോലിയും. ആ രണ്ടു ജോലികളും ഏറ്റവും പ്രധാനമാണ്. അവ മുടങ്ങാൻ പാടുള്ളതല്ല. രണ്ടു ജോലികളും ബ്രഹ്മാവിനുതന്നെ ചെയ്യേണ്ടതായി വന്നു. അതോടൊന്നിച്ചു തന്റെ ജോലിയായ സൃഷ്ടിയും. ദേവിയെ പ്രീതിപ്പെടുത്തുക എന്നത് ഏറ്റവും അത്യാവശ്യമാണ്. തപസ്സുകൊണ്ടേ ദേവിയെ തൃപ്തിപ്പെടുത്താനൊക്കൂ. ജോലിത്തിരക്കു കഴിഞ്ഞിട്ടുവേണം തപ

സ്സുചെയ്യാൻ. ജോലിത്തിരക്ക് ഒഴിയുന്നുമില്ല. പിന്നെ എന്തുചെയ്യും? ബ്രഹ്മാവു കഷ്ടത്തിലായി.

അനേകം പുത്രന്മാരുണ്ട് ബ്രഹ്മാവിന്. സനകാദി മുനിമാർ, ദക്ഷൻ മുതലായവർ ചിലർമാത്രം. ബ്രഹ്മാവ് അവരെ വരുത്തി കാര്യം പറഞ്ഞു:

'മഹാവിഷ്ണുവിനും ശിവനും പൂർവശക്തി കിട്ടിയേ തീരൂ. പൂർവശക്തി കിട്ടണമെങ്കിൽ ദേവിയെ തപസ്സുചെയ്തു തൃപ്തിപ്പെടുത്തണം. എനിക്കാണെങ്കിൽ തപസ്സിന് ഒട്ടും നേരമില്ലതാനും. നിങ്ങൾ എനിക്കുവേണ്ടി തപസ്സു ചെയ്യണം.' ബ്രഹ്മാവ് ആവശ്യപ്പെട്ടു.

പിതാവിന്റെ ആജ്ഞ അക്ഷരംപ്രതി അനുസരിച്ചു പുത്രന്മാർ. അവർ നേരെ വനത്തിൽച്ചെന്നു തപസ്സു തുടങ്ങി. ലക്ഷം വർഷം തുടർന്നുപോയി തപസ്സ്. അപ്പോഴേക്കും ദേവി അവർക്കു ദർശനമരുളി.

തപസികൾ ദേവിയെ ഭക്തിപൂർവം നമസ്കരിച്ചു.

'എന്താണു നിങ്ങൾക്കു വേണ്ടത്?' ദേവി കനിഞ്ഞു ചോദിച്ചു.

അവർ വിവരം പറഞ്ഞു.

'ദേവീ, അവിടുന്ന് എന്റെ കുലത്തിൽ ജനിക്കുകകൂടി ചെയ്യണം.' ദക്ഷൻ അഭ്യർത്ഥിച്ചു.

'ദക്ഷാ, മഹാവിഷ്ണുവിനും ശിവനും ശക്തി പോയില്ലേ? എന്നെ വേണ്ടതുപോലെ കൂട്ടാക്കാത്തതാണു കാരണം. ഈ തെറ്റ് ഇനിമേൽ അവർ ആവർത്തിക്കരുത്. ആട്ടെ എന്റെ കൃപകൊണ്ട് ലക്ഷ്മി പാലാഴിയിൽ അവതരിക്കും. ഗൗരി നിന്റെ ഗൃഹത്തിലും.' ദേവി കനിഞ്ഞരുളി.

അതിനുശേഷം ദേവി അപ്രത്യക്ഷയായി.

സനകാദിമുനികളും ദക്ഷനും വനം വിട്ടു. അവർ ബ്രഹ്മാവിന്റെ അടുക്കലേക്ക് ഉഴറിച്ചെന്നു. പിതാവിനെ നടന്നതെല്ലാം അറിയിക്കുകയുംചെയ്തു.

കാലം കുറെ കടന്നുപോയി. ദേവിയുടെ പ്രവചനം യാഥാർത്ഥ്യമായി. ലക്ഷ്മീദേവി പാലാഴിയിൽ അവതരിച്ചു. പാലാഴി കടഞ്ഞപ്പോൾ ഭർത്താവായ മഹാവിഷ്ണുവിനോടു ചേരുകയും ചെയ്തു. ഗൗരി ദക്ഷന്റെ ഗൃഹത്തിലും അവതാരമെടുത്തു. ഒരു മഹോത്സവമായി ആ ജനനത്തെ കൊണ്ടാടി മൂന്നു ലോകങ്ങളും. വിണ്ണവരുടെ സന്തോഷം ഒന്നു പ്രത്യേകമായിരുന്നു. അവർ പെരുമ്പറകൾ കൊട്ടി. ദിവ്യപുഷ്പങ്ങൾ പേമാരിപോലെ ചൊരിഞ്ഞു. ധർമ്മിഷ്ഠരുടെ ചിത്തം പ്രസന്നമായി. സൂര്യൻ പൂർവാധികം ശോഭയോടെ വിളങ്ങി. പുഴകളിൽ തെളിഞ്ഞ വെള്ളം നിറഞ്ഞൊഴുകി. എങ്ങും പരമാനന്ദം!

സതി എന്നായിരുന്നു ദക്ഷപുത്രിയുടെ പേര്. പില്ക്കാലത്തു സതി ശിവന്റെ പത്നിയായി. (പിന്നീട് സതി അഗ്നിയിൽ ചാടി ദേഹം ത്യജിച്ചതും മറ്റും അന്യത്ര പറഞ്ഞിട്ടുണ്ട്).

(ദേവീഭാഗവതം)

മധുകൈടഭന്മാർ

വളരെ വളരെ പഴയ കാലം. അന്നു സ്ഥലമില്ല ജലമേയുള്ളു. ജലത്തിലാണ് മധുവും കൈടഭനും ജനിച്ചത്. അസുരന്മാരാണ് അവർ. ഉണ്ടായിവന്നതോ? മഹാവിഷ്ണുവിന്റെ ചെവികളിൽനിന്നും. ഏറ്റവും ബലവാന്മാരാണ് ഇരുവരും. അവർ കടൽത്തിരകളിൽ നീന്തിക്കളിച്ചു കാലംകഴിച്ചു.

ഒരിക്കൽ അവർക്കു ചില സംശയങ്ങൾ തോന്നി. പരപ്പേറിയ ഈ ജലം ആരു സൃഷ്ടിച്ചു? സൃഷ്ടിച്ചത് എപ്പോൾ, എങ്ങനെ? തങ്ങൾ മുങ്ങിപ്പോകാതിരിക്കാൻ കാരണമെന്ത്? ഇരുവരും അവയെക്കുറിച്ചു ചിന്തിച്ചു. ഗാഢമായി, ദീർഘമായി, ചിന്തിച്ചു. അപ്പോൾ ആ സത്യം അവരുടെ മനസ്സിൽ അങ്കുരിച്ചു. എല്ലാറ്റിനും കാരണം ദേവിതന്നെ!

എന്താണ് അതാ, ആകാശത്തു കാണപ്പെടുന്നത്? കണ്ണഞ്ചിക്കുമാറുള്ള ഒരു മിന്നൽപ്പിണർ! ഒരു മന്ത്രം കേൾക്കപ്പെടുകയും ചെയ്യുന്നു- വാഗ്ബീജം എന്ന ദിവ്യമന്ത്രം!

ഏറ്റവും ശക്തിയുള്ള മന്ത്രമാണ് വാഗ്ബീജം. അസുരന്മാർ ആ മന്ത്രത്തെ മനസ്സിൽ ഉറപ്പിച്ചു. എന്നിട്ടു തപസ്സിൽ മുഴുകുകയും ചെയ്തു. ഏറ്റവും ഉഗ്രമായ തപസ്സായിരുന്നു. ആയിരം വർഷങ്ങൾ തുടർന്നുപോയി തപസ്സ്.

ആകാശത്ത് അശരീരി കേൾക്കുമാറായി.

'മധുകൈടഭന്മാരേ, വരം ചോദിച്ചുകൊള്ളുവിൻ.' അശരീരി ആവശ്യപ്പെട്ടു.

ആ വാക്കുകൾ ദേവിയാണ് ഉച്ചരിച്ചത്. അക്കാര്യം അസുരന്മാർക്കു തീർച്ചയായി.

'ദേവീ, ഞങ്ങളുടെ മരണം ഞങ്ങളുടെ ഇച്ഛപോലെ സംഭവിക്കണം.' അവർ പറഞ്ഞു.

ആ വരം ദേവി നല്കുകതന്നെ ചെയ്തു.

അസുരന്മാരുടെ ബലം അതോടെ പല മടങ്ങു വർദ്ധിച്ചു. ബലത്തോടുകൂടി അവരുടെ ദുർമദവും. അവർ ജലജന്തുക്കളുമായി സമുദ്രത്തിൽ വിഹരിച്ചു. അങ്ങുമിങ്ങും നീന്തിക്കളിക്കുകയാവും മിക്കപ്പോഴും.

അങ്ങനെയിരിക്കെ, ഒരു ദിവസം അവർ ഒരു കാഴ്ച കണ്ടു. ഏറ്റവും വലിയ ഒരു താമരപ്പൂവ്. താമരപ്പൂവിൽ നാന്മുഖനായ ബ്രഹ്മാവും!

അസുരന്മാർക്ക് ബ്രഹ്മാവിനെ കണ്ടിട്ടു പിടിച്ചില്ല.

'ഹേ ബ്രഹ്മാവേ, ഒന്നുകിൽ താമരപ്പൂവിൽനിന്ന് എഴുന്നേറ്റു പോകണം. അല്ലാത്തപക്ഷം ഞങ്ങളോടു യുദ്ധം ചെയ്യണം. ഇഷ്ടമുള്ളതു സ്വീകരിക്കാം.' അവർ വെല്ലുവിളി നടത്തി.

ബ്രഹ്മാവ് ആലോചിച്ചു. ഇവർക്കുള്ള ശക്തിയുടെ അളവ് എനിക്ക് അറിഞ്ഞുകൂടാ. അതറിയാതെ ഇവരോടു യുദ്ധംചെയ്താലോ? എനിക്കു തകരാറുപറ്റാൻ ഇടയുണ്ട്. അതേസമയം ഇവർക്കു വഴങ്ങിക്കൊടുക്കുന്നതും യുക്തമല്ല. ആട്ടെ, മഹാവിഷ്ണുവിന്റെ സഹായം അപേക്ഷിക്കുകതന്നെ. മഹാവിഷ്ണു ആദിശേഷന്റെ പുറത്തുകിടന്ന് ഉറങ്ങുകയാണ്. ഏതിനും മഹാവിഷ്ണുവിനെ ഉണർത്തുന്നതാണ് നന്ന്.

ബ്രഹ്മാവ് ഭക്തിയോടെ മഹാവിഷ്ണുവിനെ സ്തോത്രം ചെയ്തു. മഹാവിഷ്ണു ഉണർന്നതേയില്ല. സ്തോത്രം കേട്ടില്ലായിരിക്കും — അതായി ബ്രഹ്മാവിന്റെ സംശയം. ഏറ്റവും ഉച്ചത്തിലായിരുന്നു പിന്നത്തെ സ്തോത്രം ചൊല്ലൽ. മഹാവിഷ്ണു കിടന്നകിടപ്പിൽ കിടന്നതേയുള്ളു. മധുകൈടഭന്മാർ ബഹളംകൂട്ടുകയുമാണ്. ബ്രഹ്മാവിന്റെ പരിഭ്രമം കലശലായി. മഹാവിഷ്ണു അല്ലാതെ മറ്റാരുണ്ട് തന്നെ സഹായിക്കാൻ? ബ്രഹ്മാവ് ഗാഢമായി ആലോചിച്ചു. അപ്പോൾ ഒരു സംഗതി തെളിഞ്ഞുവന്നു. യോഗനിദ്രചെയ്യുകയാണല്ലോ മഹാവിഷ്ണു. യോഗനിദ്ര മഹാവിഷ്ണുവിന്റെ അധീനതയിലല്ല. മറിച്ച്, മഹാവിഷ്ണു, യോഗനിദ്രയുടെ അധീനതയിലാണ്! ഒന്നു തീർച്ചയാണ് — യോഗനിദ്ര മഹാവിഷ്ണുവിനും മേലെയാണ്. ദേവിയുടെ ശക്തിയുമാണു യോഗനിദ്ര. സ്തുതിക്കേണ്ടത് മഹാവിഷ്ണുവിനെയല്ല, ദേവിയെയാണ്. ബ്രഹ്മാവ് ഏറ്റവും ഭക്തിപൂർവം ദേവിയെ സ്തുതിചെയ്തു.

അതാ, ഒരു അത്ഭുതം! ഉറങ്ങുന്ന മഹാവിഷ്ണുവിന്റെ ശരീരത്തിൽ ഒരു ചലനം. ഭഗവാൻ ഉണരുകയാണ് എന്നതിന്റെ തെളിവ്!

ഒരു കാര്യംകൂടി ബ്രഹ്മാവ് ഓർമിച്ചു. സൃഷ്ടിക്കാൻ തനിക്കുള്ള ശക്തി, രക്ഷിക്കാൻ മഹാവിഷ്ണുവിനുള്ള ശക്തി, സംഹരിക്കാൻ ശിവനുള്ള ശക്തി—ആ ശക്തികൾ അവർക്കു ലഭിക്കുന്നത് ദേവിയിൽനിന്നുതന്നെ!

ദേവി അതാ ആ ഭാഗത്തു നില്ക്കുകയാണ്!

മഹാവിഷ്ണു ഉറക്കമുണർന്നു കണ്ണുമിഴിച്ചു. മുമ്പിൽ കണ്ടതോ, പരിഭ്രമിച്ചുനില്ക്കുന്ന ബ്രഹ്മാവിനെയും.

'ബ്രഹ്മാവേ, എന്താ ഇങ്ങോട്ടു പോന്നത്? കണ്ടിട്ട് അല്പം വല്ലാതെയിരിക്കുന്നല്ലോ. എന്തുണ്ടായി? മഹാവിഷ്ണു ചോദിച്ചു.

'മധുകൈടഭന്മാർ എന്നെ വെല്ലുവിളിച്ചിരിക്കുന്നു. ഞാൻ താമരപ്പൂവിൽനിന്നുപോകണമത്രെ. അല്ലാത്തപക്ഷം അവരോടു യുദ്ധംചെയ്യണമെന്നും. രണ്ടും ബുദ്ധിമുട്ടുള്ള കാര്യമാണ്. എനിക്ക് അങ്ങയുടെ സഹായംകൂടിയേ കഴിയൂ.' ബ്രഹ്മാവ് പറഞ്ഞു.

'അത്രയുള്ളോ? സാരമില്ല. ഞാൻ അവരോടു യുദ്ധം ചെയ്തുകൊള്ളാം. അങ്ങേക്കു പരിഭ്രമം വേണ്ട.' മഹാവിഷ്ണു സമാധാനപ്പെടുത്തി.

അത്രയും പറഞ്ഞുതീർന്നതേയുള്ളു—അതാ വരുന്നു മധുകൈടഭന്മാർ! അവരുടെ മുഖം വല്ലാതെ തുടുത്തിരിക്കുന്നു. കാരണം മറ്റൊന്നുമല്ല, കോപംതന്നെ.

'ഹേ, ബ്രഹ്മാവേ, നീ ഈ മഹാവിഷ്ണുവിന്റെ അടുക്കൽ ഓടിയെത്തി, അല്ലേ? ശരി, ഞങ്ങൾ മഹാവിഷ്ണുവിന്റെ കൺമുമ്പിൽവെച്ചുതന്നെ നിന്നെ കൊല്ലും. അതിനുശേഷംവേണം മഹാവിഷ്ണുവിനെയും കൊല്ലാൻ. വാ, നമുക്കു യുദ്ധം ചെയ്യാം.' മദശാലികളായ അസുരന്മാർ ആവശ്യപ്പെട്ടു.

മഹാവിഷ്ണു മധുകൈടഭന്മാരെ നേരിട്ടു.

'ബ്രഹ്മാവിനു പകരം ഞാൻ നിങ്ങളോടു യുദ്ധം ചെയ്യാം. അതോടെ തീരും നിങ്ങളുടെ അഹങ്കാരം. വരിൻ.' മഹാവിഷ്ണു പറഞ്ഞു.

അസുരന്മാരാണ് അവർ. എങ്കിലും ധർമ്മയുദ്ധത്തിൽ വിശ്വസിക്കുന്നവരാണ്. രണ്ടുപേർ ഒരാളോട് ഒരേ സമയം പൊരുതിക്കൂടാ—ധർമയുദ്ധത്തിന്റെ അനുശാസനങ്ങളിൽ ഒന്നാണത്. മധു മാത്രമായി മഹാവിഷ്ണുവിനോടു യുദ്ധത്തിനു തയ്യാറായി. കൈടഭൻ അരികത്തായി നോക്കിനിന്നു. സമനില

യിൽ തുടർന്നു ദ്വന്ദ്വയുദ്ധം. വളരെനേരം അങ്ങനെ കഴിഞ്ഞു. അപ്പോഴേക്കും മധുവിനു ക്ഷീണമായി. അവൻ യുദ്ധത്തിൽനിന്നു പിൻവാങ്ങി. പകരം കൈടഭൻ മഹാവിഷ്ണുവിനോടേറ്റു. പിന്നീട് മധുവിന്റെ മുറയായി, ഇരുവരും അങ്ങനെ മാറിമാറി യുദ്ധംചെയ്തു. മഹാവിഷ്ണുവിനുമാത്രം ഇടവേള കിട്ടിയില്ല. അയ്യായിരം സംവത്സരം യുദ്ധം നടന്നു. അപ്പോഴേക്കും മഹാവിഷ്ണു യുദ്ധം മതിയാക്കി.

മധുകൈടഭന്മാർക്കു പുച്ഛം തോന്നി.

'ഹേ, മഹാവിഷ്ണു, നിന്റെ ശക്തിയൊക്കെ ചോർന്നുപോയി, അല്ലേ? ശരി, നീ ഞങ്ങളുടെ ദാസനാണെന്നു കൈകൂപ്പി പറയൂ. അല്ലാത്തപക്ഷം വീണ്ടും യുദ്ധത്തിനിറങ്ങു. ഞങ്ങൾ ആദ്യം നിശ്ചയിച്ചത് എന്താണെന്നോ? ബ്രഹ്മാവിനെ കൊന്നിട്ടു നിന്നെ കൊല്ലാമെന്ന്. ഇനിയിപ്പോൾ ആദ്യം നിന്നെത്തന്നെ കൊല്ലണം. അതു കഴിഞ്ഞിട്ടാവാം ബ്രഹ്മാവിനെ കൊല്ലുന്നത്.' അസുരന്മാർ അപഹസിച്ചു പറഞ്ഞു.

മഹാവിഷ്ണു ഒരു വാദം ഉന്നയിച്ചു.

'മധുകൈടഭന്മാരേ, ഞാൻ ഒറ്റയ്ക്ക് അയ്യായിരം വർഷം യുദ്ധം ചെയ്തു. നിങ്ങൾ യുദ്ധം ചെയ്തത് മാറിമാറിയാണ്. അതുകൊണ്ടു നിങ്ങൾ രണ്ടു പേർക്കും വിശ്രമം കിട്ടി. ഞാനും അതുപോലെ ഒന്നു വിശ്രമിച്ചുകൊള്ളട്ടെ, അതു ധർമം മാത്രമാണല്ലോ.' മഹാവിഷ്ണു ചൂണ്ടിക്കാട്ടി.

അപ്പറഞ്ഞതു ശത്രുവാണ്; എങ്കിലും അതു ശരിതന്നെ. അക്കാര്യം അസുരന്മാർക്കു ബോധ്യമായി. അവർ തെല്ലകലെ മാറിനിന്നു. ശത്രുവിന്റെ തളർച്ച മാറിയിട്ടു വീണ്ടും യുദ്ധം തുടങ്ങാം—അതായിരുന്നു അവരുടെ നിശ്ചയം. മഹാവിഷ്ണുവിന് അല്പം വിശ്രമം ലഭിക്കുകയായി.

ഭഗവാൻ ആലോചിച്ചു: ഇവർക്കു ദേവിയുടെ വരമുണ്ട്. അതുകൊണ്ടു ഞാൻ ഇതുവരെ ചെയ്ത യുദ്ധം വിഫലമായി. ഇനിയുള്ള യുദ്ധവും വെറുതെയാകും. മറ്റൊരു പ്രധാന കാര്യമുണ്ട്. ഇവരെ തനിക്കു വധിക്കാൻ ഒക്കുകയില്ല, എന്നിരുന്നാലും ഇവർ വധിക്കപ്പെട്ടേ കഴിയൂ. അതിന് എന്താണ് ഉപായം? അവർതന്നെ അവരുടെ മരണം നിശ്ചയിക്കണം. തീരാവ്യാധിയുള്ളവനായാലും ശരി, തീവ്രദുഃഖമുള്ളവനായാലും ശരി, മരിക്കാൻ ആരാണ് ഇഷ്ടപ്പെടുക? അമിതശക്തരായ ഈ അസുരന്മാരുടെ കാര്യം പിന്നെ പറയാനുണ്ടോ? ദേവിയെ ശരണം പ്രാപിക്കുക—അതുതന്നെയാണ് ഉത്തമമായ മാർഗം.

മഹാവിഷ്ണു ആകാശത്തേക്കു ദൃഷ്ടികൾ ഉയർത്തി. അപ്പോഴും ദേവി അവിടെ നില്ക്കുന്നുണ്ടായിരുന്നു. ഭഗവാൻ ദേവിയെ വാഴ്ത്തി സ്തുതിച്ചു.

'ദേവീ, ഞാൻ ദീർഘകാലം യുദ്ധം ചെയ്തു. അതുകൊണ്ട് ഒരു ഫലവും ഉണ്ടായില്ല. അവിടുന്നു നല്കിയ വരം ഈ ദുഷ്ടന്മാരെ രക്ഷിക്കുന്നു. ഞാൻ ഇനി എന്താണു ചെയ്യേണ്ടത്?' ഭഗവാൻ ചോദിച്ചു.

'ഹേ, മഹാവിഷ്ണു, തുടർന്നു യുദ്ധം ചെയ്തുകൊള്ളൂ. ഞാൻ അസുരന്മാരെ മായ പ്രയോഗിച്ചു മോഹിപ്പിക്കാം. പിന്നീട് അവരെ കൊല്ലാൻ പ്രയാസം ഉണ്ടാവുകയില്ല.' ദേവി അറിയിച്ചു.

ദൂരെ മാറി നില്ക്കുകയാണല്ലോ അസുരന്മാർ. അവരുടെ അടുക്കലേക്കു ചെന്ന് മഹാവിഷ്ണു വീണ്ടും ആരംഭിക്കുകയായി യുദ്ധം. ആ സമയം ദേവി

എന്തുചെയ്തെന്നോ? അസുരന്മാരെ നോക്കി ഒന്നു ചിരിച്ചു. അപ്പോൾ അസുരന്മാർ മായയിൽ കുടുങ്ങിപ്പോയി. അവർ അശക്തരായി നിലകൊണ്ടു.

മഹാവിഷ്ണു ഒരു സൂത്രം പ്രയോഗിച്ചു:

'മധുകൈടഭന്മാരെ, നിങ്ങൾ മഹാശക്തന്മാരാണ്; സമ്മതിച്ചു. ഞാൻ മുമ്പു പലേ അസുരന്മാരെയും നേരിട്ടിട്ടുണ്ട്. അവരാരും നിങ്ങളോടു കിടനില്ക്കുകയില്ല. നിങ്ങളുടെ ബലത്തിൽ ഞാൻ സന്തോഷിച്ചിരിക്കുന്നു. ഇഷ്ടമുള്ള വരം ചോദിച്ചുകൊള്ളുവിൻ.' ഭഗവാൻ പറഞ്ഞു.

'ഹേ, മഹാവിഷ്ണു, ഒന്ന് അറിയുന്നതു നന്ന്. ഞങ്ങൾ യാചകന്മാരല്ല, നേരെമറിച്ചു ദാനം ചെയ്യുന്നവരാണ്. വരം ചോദിക്കേണ്ടതു നീയാണ്. തരേണ്ടതു ഞങ്ങളും. നീ ചോദിക്ക്, എന്തായാലും ഞങ്ങൾ തരാം.' അസുരന്മാർ വാഗ്ദാനം ചെയ്തു.

അതിനുതന്നെയാണ് മഹാവിഷ്ണു കാത്തിരിക്കുന്നത്. അസുരന്മാർ വാഗ്ദാനം ലംഘിക്കുന്നവരല്ല, അക്കാര്യം ഭഗവാന് അറിയാമായിരുന്നു.

'ശരി, നിങ്ങൾ എന്റെ കൈകൊണ്ടു മരിക്കണം. അതാണ് ഞാൻ ആവശ്യപ്പെടുന്ന വരം.' മഹാവിഷ്ണു പറഞ്ഞു.

അസുരന്മാർക്ക് അപ്പോൾ ഒന്ന് അറിവായി—തങ്ങൾ വഞ്ചിതരായിരിക്കുന്നു! വേണമെങ്കിൽ അവർക്കു വാഗ്ദാനം ലംഘിക്കാം. പക്ഷേ, അത് അപകീർത്തി വരുത്തിവയ്ക്കും. അപകീർത്തിയെ ഭയപ്പെട്ടിരുന്നു അവർ. വരംകൊടുക്കാതെ യാതൊരു നിവൃത്തിയുമില്ല. എങ്കിലും രക്ഷപ്പെടാൻ വല്ല വഴിയുമുണ്ടോ എന്ന് ആലോചിക്കണം. അവർ നാലുചുറ്റിനും കണ്ണോടിച്ചു. എവിടെയും വെള്ളം. വെള്ളമല്ലാതെ മറ്റൊന്നുമില്ല. അവിടെ ഒരു പഴുതു കണ്ടു മധുകൈടഭന്മാർ.

'ഹേ, മഹാവിഷ്ണു, ഞങ്ങളെ കൊന്നുകൊള്ളൂ. പക്ഷേ, കൊല്ലുന്നതു വെള്ളമല്ലാത്ത മറ്റൊന്നിൽവച്ചായിരിക്കണം.' അവർ പറഞ്ഞു.

മഹാവിഷ്ണു ഒന്നു ചിരിച്ചു. എന്നിട്ടു കാൽമുട്ടു മടക്കി ഒന്നുയർത്തി. തുട വെള്ളത്തിനുമേൽ കാണപ്പെട്ടു.

'ഇതാ വെള്ളമല്ലാത്ത ഒന്ന് —അതായത് എന്റെ തുട. ഞാൻ നിങ്ങളുടെ ഇഷ്ടപ്രകാരം പ്രവർത്തിച്ചു. നിങ്ങൾ ഇനി നിങ്ങളുടെ വാക്കു പാലിക്കുവിൻ. അങ്ങനെ എന്റെ തുടയിൽവെച്ച് മരണം വരിക്കുവിൻ.' ഭഗവാൻ ആവശ്യപ്പെട്ടു.

രക്ഷപ്പെടാൻ അപ്പോഴും ഒരു ഉപായം പ്രയോഗിച്ചു അസുരന്മാർ. അവർ തങ്ങളുടെ ദേഹങ്ങളെ ആയിരം യോജന വലുതാക്കി. പിന്നെ എങ്ങനെ തങ്ങളെ മഹാവിഷ്ണു തുടയിൽവച്ചു കൊല്ലും? അതായിരുന്നു അവരുടെ വിചാരം. പക്ഷേ, മഹാവിഷ്ണുവിന്റെ മാഹാത്മ്യമുണ്ടോ അവർ അറിയുന്നു? ഭഗവാൻ തന്റെ തുടയെ മണ്ടായിരം യോജന വലുതാക്കി. അസുരന്മാർക്ക് അതുപോലെ വളരാൻ കഴിഞ്ഞിരുന്നില്ല. അവർക്കു കിടക്കാൻ ധാരാളം സ്ഥലമുണ്ട്, മഹാവിഷ്ണുവിന്റെ തുടയിൽ! അവർ അതിൽ കിടക്കുകതന്നെ ചെയ്തു. മഹാവിഷ്ണു തൃച്ചക്രം കൈയിലെടുത്തു. ആ ദിവ്യായുധം പ്രയോഗിച്ച് അവരുടെ ശിരസ്സുകൾ ഛേദിച്ചു. അങ്ങനെ അവസാനിച്ചു ആ ദുരഹങ്കാരികളുടെ ജീവിതം.

വിചാരിച്ചിരിക്കാത്ത ഒരു സംഭവംകൂടി അപ്പോഴുണ്ടായി. അസുരന്മാരുടെ മേദസ്സ് സമുദ്രത്തിലാകെ പരന്നു. ആ മേദസ്സ് ജലത്തിനു മുകളിലായി ഉറച്ചുകിടന്നു. അതാണു പിന്നീടു ഭൂമിയായത്. മേദിനി എന്നൊരു പേരുണ്ട് ഭൂമിക്ക്. എന്താണ് ആ പേരു കിട്ടാൻ കാരണം? മേദസ്സിൽനിന്ന് ഉണ്ടായതു കൊണ്ട്!

(ദേവീഭാഗവതം—സ്കന്ധം 1)

ഹയഗ്രീവൻ

ഹയം എന്നാൽ കുതിര. ഗ്രീവം എന്നാൽ കഴുത്ത്. ഹയഗ്രീവൻ എന്നാൽ കുതിരക്കഴുത്തുള്ളവൻ. ഒരിക്കൽ മഹാവിഷ്ണുവിന് ഹയഗ്രീവൻ എന്നു പേരുണ്ടായി. കുറെ അസുരന്മാരുമായി നടന്ന യുദ്ധമായിരുന്നു പ്രാരംഭം.

ഇടതടവില്ലാതെ ഭയങ്കര യുദ്ധമായിരുന്നു അത്. പതിനായിരം വർഷം അതു നീണ്ടുനില്ക്കുകയും ചെയ്തു. അപ്പോഴേ അതിന് അവസാനം ഉണ്ടായുള്ളു. തളർച്ച സ്വാഭാവികം മാത്രമായിരുന്നു. ഭഗവാൻ തളർച്ച കാരണം അല്പം ഉറങ്ങിപ്പോയി. തല വെച്ചിരുന്നതു വില്ലിന്മേലാണ്. രണ്ട് അറ്റങ്ങളിലും ഞാൺ മുറുക്കിക്കെട്ടിയിരുന്നു.

അല്പകാലത്തിനു മുമ്പ് ദേവന്മാർ ഒരു യാഗം ആരംഭിച്ചിരുന്നു. ത്രിമൂർത്തികളുടെ സാന്നിദ്ധ്യം ഒഴിച്ചുകൂടാൻ പാടില്ലാത്ത യാഗമാണ്. ബ്രഹ്മാവും ശിവനും യാഗത്തിനു വന്നിട്ടുണ്ട്. മഹാവിഷ്ണുവിനെ മാത്രം കാണാനില്ല. ഭഗവാൻ എവിടെപ്പോയി? ദേവന്മാർ ദിവ്യദൃഷ്ടികൊണ്ടു നോക്കി. അപ്പോൾ കണ്ടു, ദൂരെയൊരിടത്ത് ഉറങ്ങിക്കിടക്കുന്ന മഹാവിഷ്ണുവിനെ. ദേവന്മാർക്കു കാര്യമെല്ലാം അറിവായി. അവർ മഹാവിഷ്ണുവിന്റെ അടുക്കലേക്കു ചെന്നു. എന്നിട്ടു ഭഗവാന്റെ ചുറ്റിനുമായി കാത്തിരിപ്പു തുടങ്ങി. ഭഗവാൻ ഉണർന്നിട്ടു വേണം കൂട്ടിക്കൊണ്ടുപോകാൻ. വളരെനേരം കാത്തിരുന്നിട്ടും ഭഗവാൻ ഉണരുന്നില്ല. എന്താണ് ഇനി ചെയ്യുക?

'ഭഗവാനെ ഉണർത്താതെ തരമില്ല. പക്ഷേ, ഏതു വിധത്തിലാണ് ഉണർത്തുക? നാം ആലോചിച്ചു തീർച്ചപ്പെടുത്തണം.' ദേവേന്ദ്രൻ മറ്റുള്ളവരോടു പറഞ്ഞു.

'ഉറങ്ങുന്ന ആളെ ഉണർത്തുന്നതു ദോഷമാണ്. അതേ സമയം യാഗത്തിനു മുടക്കം ഉണ്ടായിക്കൂടതാനും. രണ്ടുംകൂടി എങ്ങനെ സാധിക്കാം? അതാണ് ആലോചിക്കേണ്ടത്.' ശിവൻ അഭിപ്രായപ്പെട്ടു.

പരിഹാരം കണ്ടുപിടിച്ചത് ബ്രഹ്മാവാണ്. മഹാവിഷ്ണു വില്ലിൽ തല വെച്ചാണല്ലോ കിടക്കുന്നത്. ഞാൺ കെട്ടിയ വില്ലു വളഞ്ഞിരിക്കുന്നു. ഞാൺ മുറിഞ്ഞാൽ വില്ലു പെട്ടെന്നു നിവരും. അപ്പോൾ മഹാവിഷ്ണു ഉണരുകയും ചെയ്യും. അതായിരുന്നു ബ്രഹ്മാവിന്റെ യുക്തി. ഞാൺ മുറിക്കുന്നതിനോ? കരണ്ടുതിന്നുന്ന ഒരു ജന്തുവിനെ സൃഷ്ടിക്കണം. ബ്രഹ്മാവ് പുതിയൊരു ജന്തുവിന്റെ സൃഷ്ടി നിർവഹിച്ചു. ആ ജന്തുവാണ് ചിതൽ!

'ചിതലേ, ഈ വില്ലിലെ ഞാൺ മുറിക്കൂ.' ബ്രഹ്മാവ് ആവശ്യപ്പെട്ടു.

ചിതലിന് അതത്ര സമ്മതമായില്ല.

'ദേവാ, ആരുടെ നിദ്രയും ഭംഗപ്പെടുത്തിക്കൂടാ. മഹാവിഷ്ണുവിന്റെ കാര്യം പിന്നെ പറയാനുമില്ല. ഞാൻ വില്ലുമുറിച്ചാൽ അതൊരു പാപമാ വില്ലേ?' ചിതൽ ചോദിച്ചു.

'അതിനു വഴിയുണ്ടാക്കാം, ചിതലേ. ഹോമത്തിനു ഹവിസ്സുണ്ടാവുമല്ലോ. ചിലപ്പോഴൊക്കെ ഹോമിക്കുന്നവരുടെ കൈയിൽനിന്ന് ഹവിസ്സ് ഉതിർന്നു വീഴും. അതു നിനക്കു ഹോമഭാഗമായി കല്പിക്കാം. അപ്പോൾ നിനക്കു പാപം ഉണ്ടാവുകയില്ല.' ബ്രഹ്മാവ് പറഞ്ഞു.

ചിതൽ പിന്നെ സംശയിച്ചുനില്ക്കാതെ ഞാൺ കരണ്ടു തുടങ്ങി. കുറെ നേരം കഴിഞ്ഞപ്പോൾ ഞാൺ മുറിയുകയും ചെയ്തു. ആ നിമിഷം എന്താണ് ഉണ്ടായത്? വളഞ്ഞുകിടന്ന വില്ല് നിവർന്നു നീണ്ടു. ഇടിവെട്ടിനെക്കാൾ എത്രയോ ഉച്ചത്തിലുള്ള ശബ്ദം! ഭൂമിയാകെ ഒന്നു കുലുങ്ങി. സമുദ്രങ്ങൾ ഏഴും കലങ്ങി. സൂര്യൻ ആകാശത്തുനിന്നു മറഞ്ഞു. സർവദിക്കിലും അന്ധകാരം വ്യാപിച്ചു. കുറെനേരം കഴിഞ്ഞു വെളിച്ചം മടങ്ങിവന്നു. ദേവന്മാർ മഹാവിഷ്ണുവിനെ നോക്കി. മഹാവിഷ്ണുവിന്റെ ശിരസ്സു കാണാനില്ല!

എന്താണു വാസ്തവത്തിൽ സംഭവിച്ചത്? ഏറ്റവും ശക്തിയോടെയാണ് വില്ല് നിവർന്നത്. നിവരുമ്പോൾ വില്ല് മഹാവിഷ്ണുവിന്റെ ശിരസ്സിലേറ്റു. ശിരസ്സു ഛേദിക്കപ്പെടുകയും ചെയ്തു!

ദേവന്മാരുടെ ദുഃഖമാണ് ദുഃഖം! ഇതാ കിടക്കുന്നു മഹാവിഷ്ണുവിന്റെ ശരീരം. അതോ ശിരസ്സില്ലാത്ത ശരീരം. ഇതോ മഹാവിഷ്ണുവിനും അനുഭവം? അപ്പോൾ താഴേക്കിടയിലുള്ള തങ്ങളുടെ സ്ഥിതി എന്തായിരിക്കും? തങ്ങൾതന്നെയാണ് ഈ ദുരന്തത്തിനു കാരണക്കാർ. ഇനി ഞങ്ങൾക്ക് എന്തു ഗതി? എല്ലാവരുംകൂടി മുറവിളി കൂട്ടി.

ദേവഗുരുവായ ബൃഹസ്പതി സംസാരിച്ചു:

'കരഞ്ഞിട്ടും പിഴിഞ്ഞിട്ടും കാര്യമില്ല. ഇനി ചെയ്യേണ്ടത് എന്തെന്നു ചിന്തിക്കണം. ചിന്തിച്ചാൽ പ്രയോജനമുണ്ടാകും' അദ്ദേഹം പറഞ്ഞു.

'സർവശക്തയാണു ദേവി. നമുക്കു ദേവിയെ ധ്യാനിക്കാം. ദേവി നമുക്കു വഴികാട്ടും.' ആ വിശ്വാസം പ്രകടിപ്പിച്ചത് ബ്രഹ്മാവാണ്.

വേദങ്ങളുണ്ടല്ലോ ബ്രഹ്മാവിന്റെ അധീനതയിൽ. ബ്രഹ്മാവ് വേദങ്ങൾക്കു വ്യക്തമായ ഒരു നിർദ്ദേശം നല്കി. വേദങ്ങൾ നിർദ്ദേശം അനുസരിച്ച് ദേവിയെ വാഴ്ത്തി സ്തുതിച്ചു.

'ദേവന്മാരേ, നിങ്ങൾ അത്രയൊന്നും ദുഃഖിക്കണ്ട. എല്ലാ കാര്യങ്ങൾക്കും കാരണങ്ങളുണ്ട്. മഹാവിഷ്ണുവിന്റെ ശിരസ്സ് അറ്റതിനുമുണ്ട് ഒരു കാരണം. അതു നിങ്ങൾ അറിഞ്ഞിരിക്കണം.' ദേവി പറഞ്ഞു.

ഒരു കഥയുടെ രൂപത്തിൽ ദേവി കാരണം അറിയിച്ചു:

ഹയഗ്രീവൻ എന്നൊരു അസുരൻ ഉണ്ടായിരുന്നു. അളവില്ലാത്ത വീര്യവും ശക്തിയും ഹയഗ്രീവന്റെ പ്രത്യേകതകളായിരുന്നു. ഒരിക്കൽ അവൻ സരസ്വതീനദിയുടെ തീരത്തിലേക്കു ചെന്നു. അവിടെയിരുന്നു തപസ്സ് ആരംഭിച്ചു. ദേവിയെ ഉദ്ദേശിച്ചായിരുന്നു തപസ്സ് — ഏറ്റവും ഉഗ്രമായതും. അതു പതിനായിരം വർഷം നീണ്ടുനിന്നു. അപ്പോഴേക്കും ദേവി അവന്റെ മുമ്പിൽ ആവിർഭവിച്ചു. ദേവന്മാരെ ജയിക്കാൻ സാധിക്കണം; അതേസമയം മരണവും സംഭവിച്ചുകൂടാ —അതാണ് അവൻ ചോദിച്ച വരം. അതു നല്കാൻ നിർവാഹമില്ല എന്നായി ദേവി.

ഏറ്റവും വിചിത്രമായ ഒരു വരമാണ് അപ്പോൾ ഹയഗ്രീവാസുരൻ ആവശ്യപ്പെട്ടത്. പല മാതിരിക്കാരെ അവൻ കണ്ടിട്ടുണ്ട്. ഇല്ലാത്ത ഒരു ജീവിയെ അവൻ വിഭാവനം ചെയ്തു. ആ ജീവിയിൽനിന്നു മരണം സംഭവിച്ചോട്ടെ എന്നു പറഞ്ഞാലോ? ദേവി ആ വരം തരാൻ ഇടയുണ്ട്. ഇല്ലാത്ത ജീവിയിൽനിന്നു മരിക്കാനൊക്കുമോ? ഇല്ലേയില്ല!

'ദേവി, കുതിരത്തലയുള്ള ഒരുവനൊഴിച്ചു മറ്റാരിൽനിന്നും എനിക്കു മരണം ഉണ്ടായിക്കൂടാ.' ഹയഗ്രീവൻ വരം ചോദിച്ചു.

'അങ്ങനെയാവട്ടെ.' ദേവി പറഞ്ഞിട്ടു മറഞ്ഞു.

ഈ കഥയാണ് ദേവി ദേവന്മാരെ കേൾപ്പിച്ചത്.

'ദേവന്മാരേ, അതുകൊണ്ടു മഹാവിഷ്ണുവിന്റെ ഉടലിൽ ഒരു കുതിരയുടെ തല ചേർക്കുവിൻ. ദേവി നിർദ്ദേശിച്ചിട്ടു മറഞ്ഞു.

വിശ്വകർമാവാണല്ലോ ദേവശില്പി. അത്ഭുതകരമായ പല സിദ്ധികളുമുണ്ട് വിശ്വകർമാവിന്. അദ്ദേഹം ഒരു കുതിരത്തല കൊണ്ടുവന്നു. അതിനെ മഹാവിഷ്ണുവിന്റെ ശരീരത്തോടു ചേർത്തുവച്ചു. ഉടൻതന്നെ മഹാവിഷ്ണു എഴുന്നേറ്റു—ഹയഗ്രീവനായിട്ട്.

പിന്നീട് അവർ തമ്മിൽ പോരിലേറ്റു. അവർ എന്നുവെച്ചാൽ ഹയഗ്രീവനായ അസുരനും ഹയഗ്രീവനായ മഹാവിഷ്ണുവും. ഹയഗ്രീവനായ അസുരനു ജീവഹാനി സംഭവിച്ചു. അക്കാര്യം പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ!

(ദേവീഭാഗവതം—സ്കന്ധം 1)

സുദർശനൻ

കോസലത്തിലെ രാജാവാണ് ധ്രുവസന്ധി. അദ്ദേഹത്തിനു രണ്ടു പത്നിമാരുണ്ട് — മനോരമയും ലീലാവതിയും. മനോരമയ്ക്ക് സുദർശനൻ എന്നൊരു പുത്രനുണ്ടായി. ലീലാവതിക്ക് ശത്രുജിത്ത് എന്നൊരു പുത്രനും. രാജാവിനു രണ്ടു കുട്ടികളെയും ഒന്നുപോലെ സ്നേഹമായിരുന്നു. പക്ഷേ, അത് ആദ്യകാലത്തു മാത്രം. പിന്നീട് അതിനൊരു വ്യത്യാസം വന്നുചേർന്നു. അദ്ദേഹത്തിന് ശത്രുജിത്തിനോടു കൂടുതൽ സ്നേഹം തോന്നി. അതോടെ സുദർശനന്റെ കഷ്ടകാലവും തുടങ്ങി.

ഒരു ദിവസം ധ്രുവസന്ധി വേട്ടയ്ക്കായി കാട്ടിലേക്കു പോയി. അപകടം പതിയിരിക്കുന്നു എന്ന് അദ്ദേഹം അറിഞ്ഞില്ല. മൃഗങ്ങളെ കൊന്ന് അങ്ങനെ സഞ്ചരിക്കയാണ്. പെട്ടെന്ന്, ഒരു വള്ളിക്കുടിലിൽനിന്ന് ഒരു സിംഹം പുറത്തിറങ്ങി. ആ ഘോരമൃഗം ധ്രുവസന്ധിയുടെ നേർക്കു കുതിച്ചു ചാടി. രാജാവ് സിംഹത്തെ കൊല്ലാനായി ഒരു അമ്പയച്ചു. അമ്പ് സിംഹത്തെ മുറിവേല്പിച്ചതേയുള്ളു. കൊല്ലാൻ പര്യാപ്തമായില്ല. വേദനയെടുത്ത സിംഹം രാജാവിന്റെമേൽ ചാടിവീണു. രാജാവ് വാൾ ഉറയിൽനിന്നു വലിച്ചൂരി സിംഹത്തെ വെട്ടി. വെട്ടേറ്റ് സിംഹം ചത്തുവീണു. പക്ഷേ, ചാകുംമുമ്പ് ആ മൃഗം രാജാവിന്റെ ദേഹം മാന്തിപ്പൊളിച്ചു. അദ്ദേഹത്തിന് ദാരുണമായ മുറിവുകൾ പറ്റി. എന്തിനു പറയുന്നു. അദ്ദേഹവും ജീവനറ്റു വീണു!

ഇനി കോസലരാജ്യത്തെ ആരു ഭരിക്കും? രാജപുത്രന്മാർ രണ്ടുണ്ട്. സുദർശനനും ശത്രുജിത്തും. പക്ഷേ, അവർ രണ്ടും കൂട്ടികളാണ്. രാജ്യം ഭരിക്കാൻ പ്രാപ്തിപോരാ. എങ്കിലും രാജാവില്ലാത്തതിനേക്കാൾ ഭേദമല്ലേ ബാലനായ രാജാവ് ഭരിക്കുക? മന്ത്രിമാർ, സേനാനായകന്മാർ, പ്രജകൾ— അവർക്കെല്ലാം ആഗ്രഹം ഒന്നാണ്. സുദർശനനെ രാജാവായി അഭിഷേകം ചെയ്യണം. പക്ഷേ, അതിനൊരു ബുദ്ധിമുട്ട് ഉണ്ടായിരുന്നു. എതിർപ്പുള്ള ഒരാളുണ്ട്. മറ്റാരുമല്ല. ലീലാവതിയുടെ പിതാവായ യുധാജിത്ത്. ഉജ്ജയിനിയിലെ രാജാവാണ് അദ്ദേഹം. എന്താണ് യുധാജിത്തിന്റെ ലക്ഷ്യം? മകളുടെ മകനായ ശത്രുജിത്ത് കോസലരാജാവാകണം. താൻ സഹായിച്ചാലേ അതു പറ്റൂ. വേണ്ടിവന്നാൽ ബലം പ്രയോഗിക്കുകതന്നെ. യുധാജിത്ത് സൈന്യവുമായി കോസലത്തിലെത്തി. ആ വിവരം കലിംഗരാജാവായ വീരസേനന് അറിവായി. മനോരമാരാജ്ഞിയുടെ പിതാവാണ് വീരസേനൻ. തന്റെ മകളുടെ മകനല്ലേ സുദർശനൻ? രാജാവായി വാഴേണ്ടത് സുദർശനൻ തന്നെ. അത് വീരസേനനു തീർച്ചയുമാണ്. അദ്ദേഹവും സൈന്യത്തോടുകൂടി കോസലത്തിൽ ചെന്നു.

യുധാജിത്തും വീരസേനനും തമ്മിൽക്കണ്ടു സംസാരിച്ചു. സംസാരം തർക്കമായി. തർക്കം മൂത്തു വഴക്കായി. വഴക്കു സമരത്തിൽ കലാശിച്ചു. ആ സമരം ചിലർക്കൊക്കെ നല്ല തക്കമായി. ആർക്കാണെന്നോ? കാട്ടുജാതിക്കാർക്കും കൊള്ളക്കാർക്കും. അക്കൂട്ടർ പല ദിക്കിൽനിന്നും വന്നു നാടു നശിപ്പിച്ചുതുടങ്ങി. അതിനിടയിലാണ് ഉജ്ജയിനിസൈന്യവും കലിംഗസൈന്യവും തമ്മിലുള്ള സമരം. ഒടുവിൽ ആ സമരം അവസാനിച്ചു. എപ്പോൾ? വീരസേനനു മരണം സംഭവിച്ചപ്പോൾ!

കഷ്ടത്തിലായി മനോരമയുടെ സ്ഥിതി. ആദ്യം ഭർത്താവ് സിംഹത്താൽ ഹതനായി. ഇപ്പോഴിതാ പിതാവ് യുദ്ധത്തിൽ മൃതനായി. മകൻ മാത്രമേ ജീവനോടെ ശേഷിച്ചിട്ടുള്ളു. മകൻ കുട്ടിയാണുതാനും. അവനെ യുധാജിത്ത് വകവരുത്തും—ആ ഭയവുമുണ്ട് മനോരമയ്ക്ക്. എന്താണ് ഇനി ചെയ്യുക? ഏറ്റവും വിശ്വസ്തനായ ആളുടെ അഭിപ്രായം ആരായുക. ആ ആൾ വിദല്ലൻ എന്ന മന്ത്രിയുമാണ്.

'വിദല്ലാ, എന്തായിരിക്കണം എന്റെ അടുത്ത നടപടി?' മനോരമ ചോദിച്ചു.

'തമ്പുരാട്ടീ, ഇനി നാം കോസലത്തിൽ പാർത്തുകൂടാ. വലിയ ആപത്തു വന്നുചേരാൻ ഇടയുണ്ട്. നമുക്ക് ഒളിച്ചോടി ഗംഗാതീരത്തിലേക്കു പോകാം.' വിദല്ലൻ പറഞ്ഞു.

അതാണ് നന്നെന്ന് മനോരമയ്ക്കു തോന്നി. രാജ്ഞി സുദർശനനോടുകൂടി തേരിൽ കയറി. അവരോടൊന്നിച്ച് വിദല്ലനും. ആരുമറിയാതെ അവർ രാജ്യം വിട്ടുപോയി.

വഴിയിൽവെച്ച് അവർക്കൊരു തകരാറു പറ്റി. കൊള്ളക്കാരായ കാട്ടുജാതിക്കാരുണ്ട് ഒരിടത്ത്. അവർ തേരിനെ കേറി വളഞ്ഞു. രാജ്ഞിയുടെ പക്കലുള്ള പണമെല്ലാം പിടിച്ചെടുത്തു; മാത്രമല്ല, തേരും. മൂന്നുപേരുടെയും ജീവൻ വല്ലവിധവും രക്ഷപ്പെട്ടു. അത്രേയുള്ളു. മൂന്നുപേർക്കും ഉടുതുണിക്ക് മറുതുണി ഇല്ലാതെയായി. ഏറ്റവും വിഷമിച്ച്, അവർ ഗംഗാനദിയുടെ തീരത്ത് എത്തിച്ചേർന്നു. ഭാഗ്യവശാൽ അവിടെ ഒരു ആശ്രമം കണ്ടുകിട്ടി. ഭരദ്വാജമഹർഷിയുടെ ആശ്രമമായിരുന്നു അത്. അവർ അവിടെ കയറിച്ചെന്നു.

'ആരാണു നിങ്ങൾ?' മഹർഷി ആരാഞ്ഞു.

വിദല്ലൻ വിവരമെല്ലാം വിസ്തരിച്ച് അറിയിച്ചു.

'ശരി മനോരമേ, മകനോടുകൂടി എന്റെ ആശ്രമത്തിൽ പാർത്തുകൊള്ളു. ഇവിടെ ദുഃഖത്തിനോ ഭയത്തിനോ സ്ഥാനമില്ല. യാതൊന്നുകൊണ്ടും മനോവിഷമം വേണ്ട.' ഭരദ്വാജൻ സമാധാനപ്പെടുത്തി.

അങ്ങനെ അവർ ആ ആശ്രമത്തിൽ താമസം തുടങ്ങി.

ഇതിനിടയ്ക്ക് കോസലത്തിൽ എന്തൊക്കെയാണ് സംഭവിച്ചിരുന്നത്? വീരസേനന്റെ ചരമത്തോടെ യുധാജിത്തിനു വിജയം സിദ്ധിച്ചു. അദ്ദേഹം ഒട്ടും സംശയിക്കാതെ ശത്രുജിത്തിനെ രാജാവായി അഭിഷേകം ചെയ്തു. അതിനുശേഷം അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞതോ? മനോരമയുടെയും സുദർശനന്റെയും നേർക്കും. അദ്ദേഹം അവരെ അന്വേഷിച്ചു. അപ്പോൾ അറിവായി, അവർ കോസലം വിട്ടുപോയിരിക്കുന്നു എന്ന്. ഒളിച്ചോടിയതായിരിക്കണം. കണ്ടുപിടിച്ചേ മതിയാവൂ. യുധാജിത്ത് നാലുദിക്കിലും ചാരന്മാരെ നിയോഗിച്ചു. ഒടുവിൽ അവർ മുഖേന അറിവുകിട്ടി—മനോരമയും സുദർശനനും ഭരദ്വാജമഹർഷിയുടെ ആശ്രമത്തിലുണ്ട്! ഉടൻതന്നെ യുധാജിത്ത് ഭടന്മാരോടുകൂടി പുറപ്പെട്ടു. ഗംഗാതീരത്തിലുള്ള ആശ്രമത്തിൽ ചെന്നുകയറി. ഭരദ്വാജനെ കണ്ട് വന്ന കാര്യവും അറിയിച്ചു.

'യുധാജിത്തേ, മനോരമയും സുദർശനനും എന്റെ ആശ്രമത്തിൽത്തന്നെ താമസിക്കും. അവർ കോസലത്തിലേക്കു വരുന്നില്ല. അങ്ങു മടങ്ങിപ്പോയ്ക്കൊള്ളൂ.' മറുപടി പറഞ്ഞു.

അതത്ര രസിച്ചില്ല, യുധാജിത്തിന്.

'മഹർഷേ, അങ്ങനെയൊന്നും പറഞ്ഞാൽ പറ്റില്ല. അങ്ങ് ഇവരെ എനിക്കു വിട്ടുതരണം. അല്ലാത്തപക്ഷം ഞാൻ ബലംപ്രയോഗിച്ച് അവരെ പിടിച്ചുകൊണ്ടുപോകും.' യുധാജിത്ത് ഭീഷണിപ്പെടുത്തി.

ഉടനെതന്നെ യുധാജിത്തിന് ഒന്നുതോന്നി. പേടിക്കുന്നവനല്ല തപശ്ശക്തിയുള്ള മഹർഷി. അദ്ദേഹം കോപിച്ചാലോ, തകരാറുപറ്റുന്നതു തനിക്കായിരിക്കും. യുധാജിത്ത് മന്ത്രിയെ പ്രത്യേകംവിളിച്ച് ആലോചന നടത്തി. മടങ്ങിപ്പോകുന്നതാണു നല്ലത്; അല്ലെങ്കിൽ അപകടം ഉണ്ടാവും—അക്കാര്യത്തിൽ മന്ത്രിക്കു യാതൊരു സംശയവും ഉണ്ടായിരുന്നില്ല. ഗത്യന്തരമില്ലാതെ യുധാജിത്ത് യാത്രയായി.

സുദർശനൻ മുനികുമാരന്മാരുടെ കൂട്ടത്തിൽ വളർന്നുവന്നു. ദേവീഭക്തനായിരുന്നു രാജകുമാരൻ. കഴിയുന്നത്ര സമയം ദേവീജപത്തിനായി വിനിയോഗിച്ചു. വേദം, ധനുർവേദം, ശാസ്ത്രം എന്നിവയും അഭ്യസിച്ചു. അതോ, ഭരദ്വാജന്റെ കീഴിലും. അവന്റെ ഭാഗ്യം—അല്ലാതെ എന്തു പറയട്ടെ? ഒരിക്കൽ ദേവിയുടെ ദർശനവും ഉണ്ടായി!

സുദർശനനു വിവാഹപ്രായമായി. ആരായിരിക്കും തന്റെ വധു? എവിടത്തുകാരിയാണ് അവൾ? അതൊന്നും സുദർശനനു നിശ്ചയമില്ല. വാസ്തവത്തിൽ വധു ശശികല ആയിരുന്നു.

അങ്കകലെയാണ് കാശിരാജ്യം. അവിടത്തെ രാജാവിന്റെ പുത്രിയാണ് ശശികല. അടിയുറച്ച ദേവീഭക്തി ഉണ്ടായിരുന്നു അവൾക്ക് —വരനാവാൻ പോകുന്ന സുദർശനന് ഉള്ളതുപോലെ!

സുബാഹു എന്നാണ് കാശിരാജാവിന്റെ പേര്. തന്റെ ജാമാതാവ് രാജകുമാരൻ ആയിരിക്കണം—അതായിരുന്നു സുബാഹുവിന്റെ ആഗ്രഹം. അദ്ദേഹം പുത്രിയുടെ സ്വയംവരത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. അനേകം രാജകുമാരന്മാർ സ്വയംവരത്തിനു വന്നുചേരും. അവരിൽ ഒരുവനെ ശശികല വരിക്കും. അക്കാര്യം അദ്ദേഹത്തിനു തീർച്ചയായിരുന്നു.

ശശികല തോഴി മുഖാന്തരം അമ്മയെ ഒന്നറിയിച്ചു— അവൾ സുദർശനനെ മാത്രമേ വിവാഹം കഴിക്കൂ എന്ന്.

രാജ്ഞി രാജാവിനോട് ആ വിവരം പറഞ്ഞു.

സുബാഹുവിന് അതൊട്ടും ഇഷ്ടമായില്ല:

'നന്നായി! ശശികലയ്ക്ക് സുദർശനന്റെ ഭാര്യയാവണമെന്നോ? കാട്ടിൽ കഴിയുന്നവനാണ് സുദർശനൻ. വീടും കൂടിയുമില്ലാത്ത പരമദരിദ്രൻ! എന്റെ മകൾ കെങ്കേമനായ ഒരു രാജകുമാരനെ കല്യാണം കഴിക്കണം.' രാജാവു പറഞ്ഞു.

രാജ്ഞി ശശികലയെ ചെന്നു കണ്ടു.

'മകളേ, സുദർശനനു രാജ്യമില്ല, സൈന്യമില്ല, ധനമില്ല, ബന്ധുവില്ല. ഭാഗ്യംകെട്ടവൻ! നിനക്ക് അവൻ ചേരുകയില്ല. സുന്ദരന്മാരും ശക്തന്മാരുമായ എത്രയോ രാജകുമാരന്മാരുണ്ട്. അവരിൽ ഒരാളെ നീ വരിക്കണം. അതാണ് നിന്റെ അച്ഛന്റെ നിർദ്ദേശം' രാജ്ഞി പറഞ്ഞു.

'അമ്മേ, സുദർശനനാണ് എന്റെ ഭർത്താവ്. അതറിയിച്ചതു മറ്റാരുമല്ല, ദേവിയാണ്. മറ്റൊരുവനെ ഞാൻ സ്വീകരിക്കില്ല. അക്കാര്യം തീർച്ചയാണ്.' ശശികല അറിയിച്ചു.

രാജകുമാരി രഹസ്യമായി മറ്റൊന്നുകൂടി ചെയ്തു. അവൾ ഒരു ദൂതനെ സുദർശനന്റെ അടുക്കലേക്കു പറഞ്ഞയച്ചു. ഒരു സന്ദേശവും കൊടുത്തയച്ചിരുന്നു ദൂതന്റെ കൈയിൽ. അവൻ സുദർശനനെ കണ്ടു സന്ദേശം നല്കി. ശശികലയുടെ സ്വയംവരം നിശ്ചയിച്ചിരിക്കുന്നു; സുദർശനനെ മാത്രമേ അവൾ വരിക്കുകയുള്ളു: സുദർശനൻ വന്നെത്തിയില്ലെങ്കിൽ അവൾ മരിച്ചുകളയും— അതായിരുന്നു സന്ദേശത്തിലെ ഉള്ളടക്കം.

സുദർശനൻ യാത്രയ്ക്ക് ഒരുക്കമായി.

'മകനേ, നിനക്കു തുണയായി ആരുമില്ല. നീ തനിച്ചുപോകയുമരുത്. എന്റെ അച്ഛനെ വധിച്ചവനാണ് യുധാജിത്ത്. ആ ദുഷ്ടൻ നിന്നെയും കൊല്ലാൻ അവസരം പാർത്തിരിക്കുന്നു.' മനോരമ പറഞ്ഞു.

'അമ്മേ, എനിക്കു ദേവിയുടെ അനുഗ്രഹമുണ്ട്. ആ സ്ഥിതിക്ക് എനിക്ക് ഒരു തരക്കേടും ഉണ്ടാവുകയില്ല.' സുദർശനൻ ധൈര്യമായി പറഞ്ഞു.

'ശരി, ഞാനും നിന്നോടൊന്നിച്ചു വരുന്നുണ്ട്.' മനോരമ നിശ്ചയം അറിയിച്ചു.

അങ്ങനെ മാതാവും പുത്രനും യാത്രയായി. ദീർഘമായ യാത്രയ്ക്കുശേഷം അവർ കാശിരാജ്യത്തിൽ എത്തിച്ചേർന്നു. കാശിയിലാണല്ലൊ ശശികലയുടെ സ്വയംവരം നിശ്ചയിച്ചിരിക്കുന്നത്. അതിനായി അവിടെ അനേകം രാജാക്കന്മാർ വന്നിട്ടുണ്ട്. അവരുടെ കൂട്ടത്തിൽ യുധാജിത്തും.

ശശികല സുദർശനനെ മനസാ വരിച്ചിരിക്കുന്നു. എങ്ങനെയോ ആ രഹസ്യം പുറത്തായി. അതറിഞ്ഞ രാജാക്കന്മാർക്കോ? സുദർശനനോട് അതിയായ ദ്വേഷ്യം. മര്യാദയ്ക്കു വന്ന വഴിയേ പൊയ്ക്കൊള്ളണം. അല്ലെങ്കിൽ

ജീവനാശം സംഭവിക്കും. അവർ സുദർശനനു ഭീഷണി നല്കി. സുദർശനൻ ധൈര്യത്തോടെ അവരെ നേരിട്ടു.

'ഹേ രാജാക്കന്മാരെ, ഞാൻ ദേവിയുടെ ഹിതം അനുസരിക്കുന്നു. എന്തു വന്നാലും ശരി, ഇനിയും അപ്രകാരം ചെയ്യും.' സുദർശനൻ തീർത്തുപറഞ്ഞു.

സ്വയംവരത്തിനുള്ള സമയമായി. വധു വരണമാലയുമായി വരണം —ആ ചടങ്ങാണ് ഇനി. പക്ഷേ, ശശികല പുറത്തേക്കു വന്നതേയില്ല. സുബാഹു വല്ലാതെ വിഷമിച്ചു. രാജാക്കന്മാർക്കു കലികയറി.

'ഞാൻ സുദർശനനെ ഇപ്പോൾ കൊല്ലും!' യുധാജിത്ത് ഭീഷണമായി ഗർജിച്ചു.

സുബാഹു അന്തഃപുരത്തിലേക്കു ചെന്നു. മകളുടെ മനസ്സുമാറ്റാൻ ഒരു ശ്രമംകൂടി നടത്തണം—അതിനായിരുന്നു അദ്ദേഹത്തിന്റെ ഒരുക്കം. പക്ഷേ, ആ ശ്രമം വിഫലമായതേയുള്ളു.

'അച്ഛാ, രാജാക്കന്മാരോട് അച്ഛൻ ഒന്നു പറയണം—എന്റെ സ്വയംവരം നാളെ നടത്താം എന്ന്. ഇന്നു രാത്രിയിൽ രഹസ്യമായി ഒരു വിവാഹവും നടത്തണം—എന്റെയും സുദർശനന്റെയും വിവാഹം!' ശശികല ആവശ്യപ്പെട്ടു.

വിപരീതമായി പ്രവർത്തിക്കുവാൻ സുബാഹുവിനു തരപ്പെട്ടില്ല. അന്നു രാത്രി ആ വിവാഹം രഹസ്യമായി നടക്കുകതന്നെ ചെയ്തു. പക്ഷേ, രാത്രിയിലെ രഹസ്യം രാവിലെ പരസ്യമായി. സുദർശനനും ശശികലയും രാജ്യം വിട്ടിറങ്ങി. അപ്പോൾ അവർ തങ്ങളുടെ മുമ്പിൽ എന്തു കണ്ടു എന്നോ? രാജാക്കന്മാരുടെ സൈന്യങ്ങൾ അണിനിരന്നു നില്ക്കുന്നു. തന്നെ എതിരിടാനാണ് അവരുടെ ഉദ്യമം—അക്കാര്യം മനസ്സിലാക്കാൻ സുദർശനന് ഒട്ടും പ്രയാസമുണ്ടായില്ല. ഒന്നാമത്, സുദർശനനു യാതൊരു ഭയവുമില്ല; രണ്ടാമത് തുണയ്ക്കാൻ സുബാഹുവും കാശി സൈന്യവുമുണ്ട്; മൂന്നാമത്, കാമരാജമന്ത്രം ജപിക്കുകയും ചെയ്തു. ഇരുസൈന്യങ്ങളും സംഘട്ടനം ചെയ്തിട്ട് അധിക സമയം കഴിഞ്ഞില്ല—അപ്പോൾ സുദർശനന്റെ എതിരാളികൾ ഒന്നു കണ്ടു. കാശിസൈന്യത്തിന്റെ മദ്ധ്യത്തിൽ ഒരു ദിവ്യസ്ത്രീ സിംഹവാഹനത്തിൽ ഇരിക്കുന്നു! എങ്കിലും അവർ അതത്ര കൂട്ടാക്കിയില്ല.

എന്തായിരുന്നു യുദ്ധത്തിന്റെ അവസാനം? എതിർത്ത രാജാക്കന്മാരുടെ പരാജയം. അതോടൊന്നിച്ചു യുധാജിത്തിന്റെയും ശത്രുജിത്തിന്റെയും ജീവനാശവും!

സുബാഹു ദേവിയെ വാഴ്ത്തി സ്തുതിച്ചു.

'വരം ചോദിച്ചുകൊള്ളൂ?' ദേവി ആവശ്യപ്പെട്ടു.

'ദേവീ, അവിടുത്തെ ദർശനം അടിയനു കിട്ടി. അതിൽപ്പരം എന്താണൊരു വരം? എങ്കിലും അടിയൻ ഒന്ന് അഭ്യർത്ഥിക്കുന്നു. അവിടുന്ന് ഈ കാശിയിൽ വസിക്കണം— എന്നെന്നേക്കുമായി!' സുബാഹു പറഞ്ഞു.

'ശരി, ഞാൻ പുണ്യപുരിയായ കാശിയിൽ വാണുകൊള്ളാം—ഈ ലോകത്തിന്റെ നന്മയ്ക്കായിട്ട്. ഈ ലോകം നിലനില്ക്കുന്നിടത്തോളം കാലം!' ദേവി സമ്മതിച്ചു.

തുടർന്ന് ദേവി സുദർശനന്റെ നേർക്കു തിരിഞ്ഞു:

'സുദർശനാ, കോസലത്തിലേക്കു മടങ്ങിപ്പോകൂ. ചിരകാലം രാജാവായി അയോദ്ധ്യയിൽ വിരാജിക്കൂ. നീ അയോദ്ധ്യയിൽ എന്റെ പുണ്യക്ഷേത്രം പണിയിക്കണം. അവിടെ വിധിപോലെ പൂജകൾ നടത്തിക്കണം. നവരാത്രി മഹോത്സവം ആഘോഷിക്കുകയും വേണം. നിനക്കു മംഗളം ഭവിക്കട്ടെ!'

അത്രയും അരുളിച്ചെയ്തിട്ട് ദേവി അപ്രത്യക്ഷയായി.

സുദർശനൻ വധുവിനോടുകൂടി അയോദ്ധ്യയിലേക്കു യാത്രചെയ്തു. അവർ വരുന്നുണ്ടെന്ന് അവിടത്തെ പ്രജകൾക്ക് അറിവു കിട്ടി. പ്രജകൾ കൂട്ടംകൂടി ഇരുവരെയും ആഘോഷപൂർവം എതിരേറ്റു.

ആദ്യമായി സുദർശനൻ ചെന്നു കണ്ടത് ലീലാവതി രാജ്ഞിയെ ആയിരുന്നു.

'അമ്മേ, ഞാൻ അമ്മയുടെ കാലുപിടിച്ച് ആണയിട്ട് ഒന്നു പറയട്ടെ— അമ്മയുടെ അച്ഛനെയും മകനെയും കൊന്നതു ഞാനല്ല, ദേവിയാണ്. എനിക്ക് അവിടുന്നും എന്റെ പെറ്റമ്മയും തമ്മിൽ വ്യത്യാസമില്ല.' സുദർശനൻ വികാരത്തോടെ അറിയിച്ചു.

എത്ര നന്മയുള്ളവനാണ് സുദർശനൻ! അക്കാര്യം പകൽപോലെ തെളിഞ്ഞിരിക്കയല്ലേ? ലീലാവതിയുടെ ഹൃദയം വിവശമായി.

'മകനേ, നീ പറയുന്നതു സത്യമാണ്. അത് എനിക്കറിയാം. എനിക്ക് നിന്നോടു യാതൊരു വിരോധവുമില്ല. നീ രാജ്യം വാണ് സുഖമായിരിക്കൂ.' ആ രാജ്ഞി പറഞ്ഞു കണ്ണുനീർ തുകി.

ദേവിയുടെ ആജ്ഞകൾ നടപ്പിൽവരുത്തി സുദർശനൻ. അദ്ദേഹം മനോഹരമായ ദേവീക്ഷേത്രം പണിയിച്ചു. അതിൽ ദേവീവിഗ്രഹം പ്രതിഷ്ഠിച്ചു. ഹോമങ്ങളും പൂജകളും യഥാവിധി നിർവഹിച്ചു. നവരാത്രി മഹോത്സവം ആർഭാടത്തോടെ ആഘോഷിച്ചു.

വളരെക്കാലം സുഖമായി ജീവിച്ചിരുന്നു ആ പരമഭക്തൻ.

(ദേവീഭാഗവതം – സ്കന്ധം 3)

സുരഥനും സമാധിയും

ധർമിഷ്ഠനായിരുന്നു സുരഥൻ എന്ന രാജാവ്. മാത്രമല്ല, പരമഭക്തനും. നന്മയോടുകൂടി രാജ്യം ഭരിക്കുകയാണ് അദ്ദേഹം. അപ്പോഴാണ് അവിചാരിതമായി ആപത്തുണ്ടായത്.

ശത്രുക്കളായ മ്ലേച്ഛന്മാർ സുരഥന്റെ രാജ്യത്തെ ആക്രമിച്ചു. വളരെയധികം സൈന്യബലം ഉണ്ടായിരുന്നു മ്ലേച്ഛന്മാർക്ക്. അവരെ ചെറുത്തുനില്ക്കാൻ ഉദ്യമിച്ചു സുരഥൻ. അദ്ദേഹം സ്വഭടന്മാരെ നയിച്ചുകൊണ്ട് ദുർഗം വിട്ടിറങ്ങി. താമസിയാതെ ഇരുസൈന്യങ്ങളും തമ്മിൽ സംഘട്ടനം ചെയ്തു. അപ്പോഴാണ് ഒരു വഞ്ചന പ്രകടമായത്. ചതിയന്മാരായിരുന്നു സുരഥന്റെ മന്ത്രിമാർ. അവർ ശത്രുക്കളുമായി ഒത്തുചേർന്നു. അക്കാരണത്താൽ സുരഥനു തോൽവിയും പറ്റി.

വഞ്ചന മനസ്സിലായ ആ അവസരത്തിൽ സുരഥന്റെ മനസ്സിൽ വിഷാദം നിറഞ്ഞു. ശത്രുക്കളോടു കൂറുള്ളവരാണ് തന്റെ മന്ത്രിമാർ. താൻ അവരെ

വിശ്വസിച്ചതു തെറ്റായിപ്പോയി. അവർ തന്നെ പിടിച്ചു ശത്രുക്കളെ ഏല്പിച്ചാലോ? തന്റെ കഥ അതോടെ തീരും. ഇനി രാജ്യത്തു പ്രവേശിക്കുന്നതു പോലും അപകടമാണ്. അദ്ദേഹം ആരുമറിയാതെ കുതിരപ്പുറത്തു കയറി, പോർക്കളത്തിൽനിന്ന് അതിവേഗം ഓടിച്ചുപോവുകയും ചെയ്തു.

വളരെ ദൂരം പിന്നിട്ടുകഴിഞ്ഞപ്പോഴോ? ഒരു വനത്തിൽ എത്തിച്ചേർന്നു. ഒരിടത്ത് ഒരു ആശ്രമം കാണുമാറായി. മനോഹരമാണു പരിസരം. ശാന്തിയുടെയും ഭംഗിയുടെയും രംഗം! സുരഥൻ കുതിരപ്പുറത്തുനിന്നു നിലത്തിറങ്ങി. കുതിരയെ അടുത്തുള്ള ഒരു മരത്തിൽ കെട്ടി. എന്നിട്ട് ആശ്രമത്തിൽ ചെന്ന് മഹർഷിയുടെ പാദങ്ങളിൽ നമസ്കരിച്ചു. അതിനുശേഷം എഴുന്നേറ്റ് ആദരപൂർവം നിലകൊണ്ടു.

സുമേധസ് എന്നായിരുന്നു മഹർഷിയുടെ പേര്.

'ആരാണു നിങ്ങൾ? എവിടുന്നു വരുന്നു? എന്താണു വരവിന്റെ ഉദ്ദേശ്യം? രഹസ്യമാണെങ്കിലും എന്നോടു പറയാം. ഞാൻ നിങ്ങളെ കഴിവുപോലെ സഹായിക്കാം.' മഹർഷി പറഞ്ഞു.

'മഹർഷേ, സുരഥൻ എന്ന രാജാവാണ് ഞാൻ. ശത്രുക്കളോടു തോറ്റിട്ടു വരികയാണ്. നാടും വീടും സുഖവും എല്ലാം നഷ്ടമായി. ഇനി അങ്ങേയുള്ളു എനിക്കു ശരണം. അങ്ങ് എന്നെ രക്ഷിക്കണം.' രാജാവ് യാചിച്ചു.

'സാരമില്ല സുരഥാ, ഇവിടെ നിർഭയനായി കഴിഞ്ഞുകൊള്ളു. അങ്ങയുടെ ശത്രുക്കൾ ഇവിടെ വരികയില്ല. പക്ഷേ, ഒരു കാര്യം ഈ ആശ്രമത്തിൽ യാതൊരു ഹിംസയും പാടില്ല. കായും കനിയും തിന്നു ജീവിക്കുകയും വേണം.' മഹർഷി പറഞ്ഞു.

സുരഥൻ പരിപൂർണമായ സമ്മതം രേഖപ്പെടുത്തി. അങ്ങനെ സുമേധസ്സിന്റെ ആശ്രമത്തിൽ പാർപ്പു തുടങ്ങി. ദിവസങ്ങൾ ഒന്നൊന്നായി കഴിഞ്ഞുപോയി. പഴയ ജീവിതത്തെക്കുറിച്ചു മറക്കാനാണ് പരിശ്രമം. അതിലൊട്ടു വിജയിക്കാറുമുണ്ട്. എങ്കിലും ഇടയ്ക്കിടയ്ക്ക് ഓർമകൾ പാഞ്ഞെത്തും. വേദനിപ്പിക്കുന്ന ഓർമകളാണ് അവ.

ഒരുനാൾ അദ്ദേഹം മരത്തണലിൽ ഇരുന്നു വിശ്രമിക്കുകയാണ്. നൊമ്പരപ്പെടുത്തുന്ന സ്മരണകൾ വീണ്ടും വന്നെത്തി. അവ ദുഃഖങ്കകളെ ജനിപ്പിച്ചു. ശത്രുക്കൾ രാജ്യവാസികളെ പീഡിപ്പിക്കുകയില്ലേ? അവർ സ്വത്തുക്കളെല്ലാം കവർന്നെടുത്തുകാണും. രാജ്യമാകെ മുടിഞ്ഞുപോയി എന്നുവരുമോ? ആ ദുഃഖങ്കകൾ കടുത്ത വിഷാദത്തെ ഉളവാക്കി.

പെട്ടെന്ന് ഒരു മനുഷ്യൻ സുരഥന്റെ അടുക്കൽ നടന്നെത്തി. മഹർഷിയുടെ അന്തേവാസികളിൽ ആരുമല്ല. വേഷം കണ്ടാൽത്തന്നെ അതറിയാം. പുറമേനിന്നു വരുന്ന ആളാണ്. വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. മുഖം വാടിയിട്ടുമുണ്ട്. സുരഥൻ സംഭാഷണം തുടങ്ങി:

'ആരാണു നിങ്ങൾ?'

'ഞാൻ ഒരു വൈശ്യനാണ്. സമാധി എന്നാണ് എന്റെ പേര്. ഞാൻ വളരെയധികം ധനം സമ്പാദിച്ചു. സത്യത്തോടും ധർമത്തോടും ജീവിച്ചു. പക്ഷേ, അതുകൊണ്ടൊന്നും പ്രയോജനം ഉണ്ടായില്ല. ഭാര്യയും മക്കളും ബന്ധുക്കളും ദുർമോഹികളായിരുന്നു. അവർ എന്നെ കൈവെടിഞ്ഞു. ഞാൻ സകലതും ത്യജിച്ചു കാട്ടിലേക്കു പോന്നു. ഇനി അങ്ങ് ആരെന്നു പറയണം.'

'സുരഥൻ എന്ന രാജാവാണ് ഞാൻ. മന്ത്രിമാരാൽ ഞാൻ വഞ്ചിതനായി. അക്കാരണത്താൽ ശത്രുക്കളോടു പരാജയപ്പെട്ടു. രാജ്യം ഉപേക്ഷിച്ച് ഇങ്ങോട്ടു പോരികയും ചെയ്തു. ഭാഗ്യംകൊണ്ട് എനിക്കു നിങ്ങളുടെ സഹവാസം ലഭിച്ചിരിക്കുന്നു. നമുക്ക് ഇവിടെ ഒന്നിച്ചു കഴിഞ്ഞുകൂടാം.'

'രാജൻ, ഞാൻ കുടുംബക്കാരെ ഉപേക്ഷിച്ചതു ശരിതന്നെ. എന്നിരുന്നാലും അവരെക്കുറിച്ചുള്ള ചിന്ത എന്നെ വല്ലാതെ അലട്ടുന്നുണ്ട്.'

'സമാധീ, നിങ്ങളെ കൈവെടിഞ്ഞവരാണ് കുടുംബക്കാർ. ദ്രോഹിക്കുന്ന ബന്ധുക്കളെക്കാൾ ദേമാണ് ഹിതം ചെയ്യുന്ന ശത്രുക്കൾ. അതാലോചിച്ചു ധൈര്യം അവലംബിക്കൂ.'

'അങ്ങു പറയുന്നതു ശരിയാണ്, തിരുമേനി. എങ്കിലും എന്റെ മനസ്സിലെ വിഷമം തീരുന്നില്ല.'.

'സമാധീ, അതെനിക്കു മനസ്സിലാക്കാൻ പ്രയാസമില്ല. എനിക്കുമുണ്ട് വളരെയേറെ മനോവിഷമങ്ങൾ. നമുക്കു മഹർഷിയെച്ചെന്നു കാണാം. അദ്ദേഹം മനശ്ശാന്തിക്കുള്ള വഴി കാണിക്കും.'

വൈശ്യനും രാജാവും ഒന്നിച്ച് ആശ്രമത്തിലേക്കു ചെന്നു. അവർ മഹർഷിയുടെ മുമ്പിൽ ഹൃദയഭാരം ഇറക്കിവെച്ചു. അദ്ദേഹത്തിന്റെ സഹായവും അഭ്യർത്ഥിച്ചു.

'ഞാൻ നിങ്ങളോട് ഒരു കാര്യം പറയാം. നിങ്ങൾ മോഹത്തിൽ അകപ്പെട്ടിരിക്കയാണ്. മോഹത്തിനു കാരണം മായയാണ്. ദേവീഭക്തി മോഹത്തെയും മായയെയും നശിപ്പിക്കും. അതുകൊണ്ട് നിങ്ങൾ ദേവിയെ ഭജിക്കുവിൻ.' മഹർഷി ഉപദേശിച്ചു.

ഇരുവരും മഹർഷിയിൽനിന്നും മന്ത്രം ഗ്രഹിച്ചു. വിടവാങ്ങി, ഒന്നിച്ചു പുറപ്പെട്ടു. ഏകാന്തമായ ഒരിടത്തുചെന്ന് ഇരിപ്പായി. ദേവീമന്ത്രം തുടർച്ചയായി ജപിക്കാനും തുടങ്ങി. മുപ്പതുനാൾ മുടങ്ങാതെ നീണ്ടുനിന്നു അവരുടെ മന്ത്രജപം. അപ്പോഴേക്കും അവരുടെ ദേവീഭക്തി സുദൃഢമായി. പിന്നെയും അവർ മന്ത്രജപം തുടർന്നു. അങ്ങനെ കഴിഞ്ഞു ഒരു സംവത്സരം. അപ്പോഴേക്കും അവരുടെ ഭക്ഷണം ഇലകൾ മാത്രമായി. വെയിലും മഴയും മഞ്ഞും അവർ കൂട്ടാക്കിയില്ല. അപ്രകാരം ഒരു സംവത്സരംകൂടി കഴിഞ്ഞു. അപ്പോഴേക്കും അവർക്കൊരു ദർശനമുണ്ടായി — ദേവിയുടെ ദിവ്യരൂപം. ആ ദർശനം സ്വപ്നത്തിലായിരുന്നു; ഒരു ഞൊടിയിടയ്ക്കു മാത്രമായിരുന്നു. എങ്കിലും അത് അവരുടെ മനസ്സിനു തെളിവുണ്ടാക്കി. അതിനുശേഷം അവർ ഇലകൾപോലും ഭക്ഷിക്കാതെയായി. ജലാഹാരം മാത്രവുമായി. ഒരു സംവത്സരംകൂടി കഴിഞ്ഞപ്പോഴോ? അവർക്ക് ഒരു തോന്നലുണ്ടായി. ദേവി സ്വപ്നത്തിലാണു വന്നത്, ശരിക്കു വന്നതല്ല. ശരിക്കുവരാതെ എന്തു പ്രയോജനം? ഇനി മരിക്കുന്നതുതന്നെ നന്ന്. അവർ അഗ്നികുണ്ഡത്തിൽ തീ ജ്വലിപ്പിച്ചു. സ്വശരീരങ്ങളിൽനിന്നു മാംസം അറുത്തെടുത്തു. ആ മാംസത്തെ അഗ്നിയിൽ ഹോമിച്ചു.

തൽക്ഷണം പ്രത്യക്ഷയായി കരുണാമയിയായ ദേവി.

'സുരഥാ, എന്താണ് നിന്റെ അഭീഷ്ടം?' ദേവി ആരാഞ്ഞു.

'ദേവീ, എനിക്ക് എന്റെ രാജ്യം വീണ്ടുകിട്ടണം.' സുരഥൻ ആഗ്രഹം അറിയിച്ചു.

നിന്റെ അഭിലാഷം നടക്കും. പതിനായിരം വർഷം നീ രാജ്യഭാരം ചെയ്യും. അതിനുശേഷം നീ മരിക്കും. പിന്നീടു സൂര്യപുത്രനായ മനുവായി ജനിക്കും.' ദേവി അരുളിച്ചെയ്തു.

അതിനുശേഷം ദേവി സമാധിയുടെ നേർക്കു തിരിഞ്ഞു.

'സമാധീ, നിനക്ക് എന്താണു വേണ്ടത്?' ദേവി ചോദിച്ചു.

'എനിക്കു ധനത്തിലും ഗൃഹത്തിലും മറ്റും ആഗ്രഹമില്ല. അവിടുന്ന് എനിക്കു ജ്ഞാനം തരണം.' സമാധി അപേക്ഷിച്ചു.

'അങ്ങനെയാവട്ടെ.' ദേവി പറഞ്ഞു.

സുരഥനും സമാധിയും സുമേധസ്സുമഹർഷിയെ ചെന്നുകണ്ടു. വിവരങ്ങൾ അറിയിച്ചു കഴിഞ്ഞപ്പോഴോ? അതാ, ആശ്രമത്തിലേക്കു വരികയാണു ചിലരൊക്കെ. വാസ്തവത്തിൽ ആരായിരുന്നു അവരെന്നോ? സുരഥന്റെ പ്രജകളുടെ പ്രമാണികൾ.

'തമ്പുരാനെ, ഞങ്ങൾ ശത്രുവിനെ തോല്പിച്ച് ഓടിച്ചിരിക്കുന്നു. അവിടുന്നു തിരിച്ചെഴുന്നള്ളി വീണ്ടും നാടുവാഴണം.' അവർ സുരഥനെ ക്ഷണിച്ചു.

എന്തിനു പറയുന്നു, സുരഥനു രാജ്യം തിരിച്ചുകിട്ടി, സമാധിക്കു മഹത്തായ ജ്ഞാനവും കിട്ടി. എന്താണ് അവരുടെ ലാഭങ്ങൾക്കു കാരണം? ദേവീഭക്തിതന്നെ!

(ദേവീഭാഗവതം—സ്കന്ധം 5)

ലളിതാദേവി

ശിവൻ കാമദേവനെ ചുട്ടെരിച്ചു. കാമദേവന്റെ ശരീരം ഭസ്മമായി. ഗണപതി ആ ഭസ്മമെടുത്ത് ഒരു പുരുഷരൂപം ഉണ്ടാക്കി. എത്ര സുന്ദരമായി മൂന്നു ആ രൂപം! ശിവൻ അതിനെ ഒന്നു നോക്കി. അപ്പോൾ അതിന് ജീവനുണ്ടായി. തേജസ്വിയായ ഒരു അസാമാന്യപുരുഷൻ!

ഗണപതി ആ പുരുഷന് ശതരുദ്രമന്ത്രം ഉപദേശിച്ചു. ശിവനെ സ്തുതിക്കാനും നിർദ്ദേശിച്ചു. അയാൾ ആ നിർദ്ദേശം അനുസരിച്ചു. ശിവൻ പ്രസന്നനായി.

'ഭഗവാനേ, എന്നോട് ആരു യുദ്ധം ചെയ്യുന്നുവോ, അവന്റെ പാതി ബലം എനിക്കു കിട്ടണം. എനിക്ക് ശത്രുക്കളുടെ ആയുധം ഏല്ക്കാനും പാടില്ല' അതാണ് അയാൾ ചോദിച്ച വരം.

ശിവൻ ആ വരം നല്കി.

ഭണ്ഡാസുരൻ എന്നായി ആ പുരുഷന്റെ പേര്.

ശുക്രമഹർഷിയുണ്ടല്ലോ, അസുരന്മാരുടെ ഗുരു. അദ്ദേഹം ഭണ്ഡാസുരന് എല്ലാ സഹായങ്ങളും നല്കി. ശക്തന്മാരായ ഒട്ടനേകം അസുരന്മാർ ഭണ്ഡാസുരന്റെ അനുയായികളായി. മയൻ അവനു വിശേഷപ്പെട്ട പുരം നിർമ്മിച്ചു നല്കി. ശൂന്യകം എന്നാണ് പുരത്തിന്റെ പേര്. അവിടെവെച്ച് അവന്റെ അഭിഷേകവും നടന്നു— അസുരചക്രവർത്തിയായിട്ടുള്ള അഭിഷേകം!

ശുക്രമഹർഷി പുതിയ ശിഷ്യന് ദിവ്യങ്ങളായ ചില സമ്മാനങ്ങൾ കൊടുത്തു. പണ്ട് ഹിരണ്യകശിപു അണിഞ്ഞിരുന്ന ഒരു കിരീടമാണ് ഒന്ന്. ആ കിരീടം ആർക്കും ഒരിക്കലും നശിപ്പിക്കാൻ കഴിയുകയില്ല. ഉദയസൂര്യന്റെ തേജസ്സുണ്ട് അതിന്. സമ്മാനങ്ങളിൽ രണ്ടു വെഞ്ചാമരങ്ങളും ഉണ്ടായിരുന്നു. അവയുള്ളപ്പോൾ ഉടമസ്ഥന് ഒരിക്കലും രോഗങ്ങൾ ബാധിക്കയില്ല—മാത്രമല്ല, ഒരു തരത്തിലുള്ള ദുഃഖങ്ങളും. പിന്നൊന്ന്, മുമ്പ് ബ്രഹ്മാവിന്റെ വകയായിരുന്ന വെൺകൊറ്റക്കുട. ആ കുടയുടെ കീഴിൽ ഇരുന്നാലോ? ഒരു അസ്ത്രവും അവിടെ എത്തുകയില്ല. വില്ലും വാളും മറ്റ് ആയുധങ്ങളും കൂടി ഉൾപ്പെട്ടിരുന്നു സമ്മാനങ്ങളിൽ. അവയെല്ലാം സ്വീകരിച്ച് ഭണ്ഡാസുരൻ സിംഹാസനത്തിൽ വിരാജിച്ചു.

എട്ടു മന്ത്രിമാർ ഭണ്ഡാസുരനെ സേവിച്ചു— ഇന്ദ്രശത്രു, അമിത്രഘ്നൻ, വിദ്യുന്മാലി, വിഭീഷണൻ, ഉഗ്രകർമാവ്, ഉഗ്രധന്വാവ്, വിജയൻ, ശ്രുതിപാരഗൻ എന്നിവർ.

അസുരചക്രവർത്തിയുടെ പത്നിമാർ നാലാണ് — സമ്മോഹിനി, കുമുദിനി, ചിത്രാംഗി, സുന്ദരി എന്ന മോഹനാംഗിമാർ.

സ്വയമേ മഹാശക്തനാണ് ഭണ്ഡാസുരൻ. അതൊന്നിച്ചു വരബലവുമുണ്ട്. മാത്രമല്ല, ശുക്രമഹർഷിയുടെയും അസുരപ്രമാണികളുടെയും സഹായവും. അവനെ എതിർക്കുന്ന കാര്യം ആരുമാരും ആലോചിച്ചില്ല. ദേവേന്ദ്രൻപോലും അവനെ ഭയന്ന് നാളുകൾ കഴിച്ചു. അവന്റെ ഇഷ്ടം അനുസരിച്ച് എല്ലാ ലോകങ്ങളിൽ ഉള്ളവരും.

അങ്ങനെ അറുപതിനായിരം സംവത്സരങ്ങൾ കഴിഞ്ഞു.

ഇക്കണക്കിനു പോയാൽ പന്തിയല്ല. അതായി മഹാവിഷ്ണുവിന്റെ തോന്നൽ. ഭഗവാൻ ഒരു മായാദേവിയെ സൃഷ്ടിച്ചു. ആ മായാദേവിക്ക് ഒരു നിർദ്ദേശവും നല്കി—ഭണ്ഡാസുരനു സുഖങ്ങളിൽ ആസക്തി വളർത്തണം. എന്നാൽ, അവന്റെ ശക്തി ചോർന്നുപോകും.

ചില അപ്സരസ്സുകളോടുകൂടി മായാദേവി മാനസസരസ്സിന്റെ തീരത്തിലെത്തി. അവിടെ ഒരു ചമ്പകമരം നില്പുണ്ട്. ഭണ്ഡാസുരൻ ചിലപ്പോഴൊക്കെ ചമ്പകമരത്തിന്റെ ചുവട്ടിൽ വിശ്രമിക്കും. താമസിയാതെ അവൻ വരികയും ചെയ്തു. അപ്പോൾ അവൻ എന്താണ് കണ്ടത്? മരച്ചുവട്ടിൽ ഒരു സുന്ദരി ഇരുന്നു പാടുന്നു. അവൾക്ക് എന്തൊരു ശരീരകാന്തി! അവളുടെ പാട്ടിന് എന്തൊരു മാധുരി! ഒരു ആഗ്രഹം ഭണ്ഡാസുരന്റെ മനസ്സിൽ നാമ്പിട്ടു—തനിക്ക് അവളുടെ ഭർത്താവാകണം! അവൻ അവളോട് ആഗ്രഹം പറഞ്ഞു. മായാദേവി അതിനു വഴങ്ങുകയും ചെയ്തു.

അന്നുമുതൽ ഭണ്ഡാസുരന്റെ മട്ടിനാകെ മാറ്റമായി. സുഖങ്ങളിൽ മാത്രമായി അവന്റെ താത്പര്യം. അവൻ വേദങ്ങളെ മറന്നു, യജ്ഞങ്ങളെ മറന്നു. അതെന്തിന്, ശിവനെപ്പോലും മറന്നു. അതിനിടയിൽ അവൻ ഒന്ന് അറിഞ്ഞില്ല — തന്റെ ശക്തി കുറയുകയാണ് എന്ന്, ദേവേന്ദ്രന്റെ ശക്തി കൂടുകയാണ് എന്ന്.

ഒരുനാൾ നാരദമഹർഷി ദേവേന്ദ്രനെ ചെന്നു കണ്ടു.

'ദേവേന്ദ്രാ, ഭണ്ഡാസുരൻ വിഷ്ണുമായയുടെ അധീനതയിലാണ്, ശരിതന്നെ. പക്ഷേ, അവൻ അതിൽനിന്ന് മുക്തനായെന്നു വരാം. അങ്ങനെയായാൽ കാര്യം കുഴപ്പമാകും. അങ്ങ് അവനെ നിശ്ശേഷം നശിപ്പിക്കണം. അതി

നായി അങ്ങ് പരാശക്തിയായ ദേവിയെ പ്രസാദിപ്പിക്കണം.' മഹർഷി ഉപദേശിച്ചു.

ദേവേന്ദ്രൻ ആ ഉപദേശം അനുസരിച്ചു. അദ്ദേഹം ദേവന്മാരുമായി ഹിമാലയത്തിൽ ചെന്നു. അവിടെയിരുന്നു ദേവിയെ തപസ്സു തുടങ്ങി.

ആ വിവരം ശുക്രമഹർഷിക്ക് അറിവായി.

'ഭണ്ഡാ, ദേവേന്ദ്രനും കൂട്ടരും തപസ്സുചെയ്യുകയാണ്. നിന്നെ നശിപ്പിക്കാനാണ് തപസ്സ്. നീയും അനുചരന്മാരും ഉടൻതന്നെ ഹിമാലയത്തിലേക്കു പോകണം. ദേവേന്ദ്രന്റെ തപസ്സ് വിഘ്നപ്പെടുത്തിയേ തീരൂ.' മഹർഷി പറഞ്ഞു.

കാലം കളയാതെ ഭണ്ഡാസുരൻ അനുചരന്മാരുമായി ഹിമാലയത്തിലെത്തി. അവന്റെ സംരംഭം ദേവിക്കു മനസ്സിലായി. ദേവി മായകൊണ്ടു ബലമേറിയ ഒരു കോട്ടയുണ്ടാക്കി. ദേവേന്ദ്രനെ രക്ഷിക്കാനുള്ള കോട്ടയാണ്. അക്കാര്യം ഭണ്ഡാസുരനു മനസ്സിലായി. അവൻ അത്യദ്ധ്വാനംചെയ്തു കോട്ടയെ നശിപ്പിച്ചു. അപ്പോഴതാ, അതുപോലെ മറ്റൊരു കോട്ട! അവൻ വിഷണ്ണനായി നിലകൊണ്ടു.

അതൊന്നും ദേവേന്ദ്രൻ അറിഞ്ഞിട്ടില്ല. അദ്ദേഹം തപസ്സിനെ ഒന്നുകൂടി ഉഗ്രമാക്കി—അദ്ദേഹത്തോടൊന്നിച്ച് ദേവന്മാരും. അവർ എന്താണു ചെയ്തതെന്നോ? സ്വശരീരങ്ങളിൽനിന്നും കുറെ മാംസക്ഷണങ്ങൾ മുറിച്ചെടുത്തു. ആ മാംസക്ഷണങ്ങളെ അഗ്നിയിൽ ഹോമിച്ചു. അതുകൊണ്ടു ഫലമില്ല എന്നു കണ്ടപ്പോഴോ? മാംസം മുഴുവനും മുറിച്ച് ഹോമിച്ചു. തുടർന്നു മാംസമില്ലാത്ത ശരീരങ്ങളെയും ഹോമിക്കണം. അതിനു മുതിർന്നപ്പോൾ അതാ ഒരു അത്ഭുതം! അഗ്നികുണ്ഡത്തിൽനിന്ന് ഒരു തേജസ്സ് ഉയരുന്നു. തേജസ്സിന്റെ മദ്ധ്യത്തിൽ ദേവീരൂപം—ലളിതാദേവി!

ദേവേന്ദ്രനും ദേവന്മാരും ദേവിയെ വാഴ്ത്തിസ്തുതിച്ചു.

ദേവി അവരെ ഒന്നു കടാക്ഷിച്ചു. അത്രേയുള്ളു. അതിനിടയ്ക്ക് എന്തുണ്ടായി? അവരുടെ ശരീരങ്ങൾ മുമ്പെത്തെപ്പോലെയായി!

'ദേവന്മാരേ, ഞാൻതന്നെ ഭണ്ഡാസുരനെ ഇല്ലായ്മചെയ്യുന്നുണ്ട്. നിങ്ങൾ സമാധാനമായിരിക്കുവിൻ.' ദേവി കനിഞ്ഞരുളി.

ബ്രഹ്മാവ്, മഹാവിഷ്ണു, മഹർഷിമാർ, മറ്റു ദിവ്യവർഗക്കാർ—എല്ലാവരും അവിടെ വന്നെത്തി.

വിശ്വകർമാവിന് ബ്രഹ്മാവ് ഒരു നിർദ്ദേശം നല്കി. അതനുസരിച്ച് വിശ്വകർമ്മാവ് ദേവിക്കായി ഒരു ആസ്ഥാനം നിർമിച്ചു—ദേവന്മാരുടെ അമരാവതിയെക്കാൾ മനോഹരമായ ഒരു പുരം! മണിമാളികകൾ, ഗോപുരങ്ങൾ, സഭാതലങ്ങൾ എത്രയെണ്ണമാണ്! പോരെങ്കിൽ, ദിവ്യരത്നങ്ങളാൽ നിർമിതമായ ഒരു സിംഹാസനവും!

ദേവി ഏകാകിനിയായി ഇവിടെ കഴിഞ്ഞുകൂടാ. അർഹതയുള്ള ഒരു ഭർത്താവുകൂടി വേണം. ശിവനു മാത്രമാണ് അതിനുള്ള യോഗ്യത. പക്ഷേ, ശിവന്റെ ശിരസ്സിൽ ജടയുണ്ട്. കൈയിൽ കപാലമുണ്ട്. താമസം ചുടുകാട്ടിലും. ആ സ്ഥിതിക്ക് ദേവിക്കു സമ്മതമാകുമോ? അതായി ബ്രഹ്മാവിന്റെ സംശയം.

തത്സമയം ശിവൻ മറ്റൊരു രൂപത്തിൽ പ്രത്യക്ഷനായി. കാമദേവനെക്കാൾ അനേകമടങ്ങു സൗന്ദര്യം! ദിവ്യവസ്ത്രങ്ങളും ദിവ്യാഭരണങ്ങളും ധരി

ച്ചിരിക്കുന്നു. സുഗന്ധദ്രവ്യങ്ങളുടെ വാസന ഒന്നു പ്രത്യേകവും. ബ്രഹ്മാവ് ആ ശിവരൂപത്തിന് കാമേശ്വരൻ എന്ന പേരു നല്കി.

'ദേവീ, സർവേശ്വരിയായ അവിടുത്തെ ഭർത്താവിനോടൊന്നിച്ചു കാണണം—അതാണു ഞങ്ങൾ എല്ലാവരുടെയും ആഗ്രഹം. അവിടുന്ന് കാമേശ്വരനെ വരിക്കണം. ഞങ്ങൾ താഴ്മയായി അപേക്ഷിക്കുന്നു.' ബ്രഹ്മാവ് പറഞ്ഞു.

അപ്പോൾ ദേവി എന്താണ് ചെയ്തത് —വരണമാല്യം ആകാശത്ത് ചുഴറ്റിയെറിഞ്ഞു. അതു ചെന്ന് വീണതോ, കാമേശ്വരന്റെ കമനീയമായ കണ്ഠത്തിൽ!

മംഗളമുഹൂർത്തത്തിൽ വിവാഹകർമം നടന്നു. കന്യാദാനം നടത്തിയത് മഹാവിഷ്ണുവും. ഓരോ ദേവനും വിവാഹസമ്മാനങ്ങൾ നല്കി. ബ്രഹ്മാവ് വജ്രംപോലെ കടുപ്പമുള്ള കരിമ്പുവില്ലു നല്കി. മഹാവിഷ്ണു വാടാമലരമ്പു നല്കി. വരുണൻ നാഗപാശം നല്കി. അഗ്നി കിരീടം നല്കി. സൂര്യചന്ദ്രന്മാർ കുണ്ഡലങ്ങൾ നല്കി. അങ്ങനെ പലതും.

അത്ഭുതകരമായ ഒരു വിമാനംകൂടി ബ്രഹ്മാവ് സമ്മാനിച്ചു—കുസുമാകരം എന്നു പേരായ ഒരു വിമാനം. നിമേഷവധി പൂക്കൾ വിമാനത്തെ അലങ്കരിക്കുന്നു. ഒരിക്കലും വാടാത്ത പൂക്കളാണ് അവ. കുസുമാകരത്തെ പിളർക്കാൻ കഴിവുള്ള ആയുധമില്ല. അതിൽനിന്നു സുഗന്ധം പുറപ്പെടുന്നു. ആ സുഗന്ധം ഒരാൾക്ക് അനുഭവിക്കാൻ ഭാഗ്യമുണ്ടായാലോ? രോഗം, വിശപ്പ്, വേദന — പിന്നീട് അവയൊന്നും ഉണ്ടാവുകയില്ല!

ലളിതാദേവി കാമേശ്വരനോടുകൂടി സിംഹാസനത്തിൽ ഇരുന്നരുളി. എന്നിട്ടു സന്നിഹിതരുടെ നേരെ കാരുണ്യം കലർന്ന നോട്ടം അയച്ചു. ആ നിമിഷം എല്ലാവരുടെയും എല്ലാ അഭീഷ്ടങ്ങളും നിറവേറി.

ബ്രഹ്മാവ് ദേവിക്ക് രണ്ടു പുതിയ നാമങ്ങൾ നൽകി — കാമാക്ഷി എന്നും കാമേശ്വരി എന്നും.

ദേവി ഭണ്ഡാസുരവധത്തിനു തയ്യാറായി.

അങ്കുശമുണ്ട് ദേവിയുടെ പക്കൽ. അതിൽനിന്നു മറ്റൊരു ദേവി ആവിർഭവിച്ചു. സമ്പൽക്കരി എന്നാണ് പുതിയ ദേവിയുടെ പേര്. കരാളമായ ആയുധങ്ങൾ ധരിച്ചു സമ്പൽക്കരീദേവി. എന്നിട്ടു മലപോലത്തെ മദയാനയുടെ പുറത്തുകയറി. രണകോലാഹലൻ എന്നാണു മദയാനയുടെ പേര്.

അശ്വാരൂഢ എന്ന മറ്റൊരു ദേവിയും ഉണ്ടായി. അതോ, സാക്ഷാൽ ദേവിയുടെ പാശത്തിൽനിന്നും. വമ്പിച്ച അശ്വസൈന്യമുണ്ട് അശ്വാരൂഢദേവിക്ക്. സർവ ലക്ഷണങ്ങളും തികഞ്ഞവയാണ് അശ്വങ്ങൾ; വായുവേഗത്തിൽ പായുന്നവയും. അശ്വാരൂഢയെ വഹിച്ച കുതിരയ്ക്കോ? അപരാജിതൻ എന്നാണു പേര്. ഉയരം, ബലം, വേഗം—ഇവയെല്ലാം മറ്റെല്ലാ കുതിരകളെക്കാൾ കൂടുതലുണ്ട് അപരാജിതന്.

സിദ്ധിദേവിമാർ, ശക്തിദേവിമാർ, മുദ്രാദേവിമാർ, കുലോത്തീർണദേവിമാർ—അങ്ങനെ പല മാതിരി ദേവിമാർ. അവരുടെ നടുവിൽ ലളിതാദേവി. അങ്ങനെ ആ വൻപട മുമ്പോട്ടു നീങ്ങി.

ആ സമയം ശൂന്യകത്തിൽ അനേകം ദുർന്നിമിത്തങ്ങൾ കാണുമാറായി. പൊടുന്നനെ ചുവരുകളിൽ വിള്ളലുകൾ ഉണ്ടായി. കൊള്ളിമീൻ ആകാശത്തു തുടരെത്തുടരെ മിന്നി. കാക്കകളും കഴുകന്മാരും കൊടിമരത്തിലിരുന്നു

കരഞ്ഞു. വാൽനക്ഷത്രങ്ങൾ ഉയർന്നുവന്നു. അസുരസ്ത്രീകളുടെ ആഭരണങ്ങൾ തനിയെ ഊർന്നുവീണു.

പക്ഷേ, അതൊന്നും ഭണ്ഡാസുരനെ അധൈര്യപ്പെടുത്തിയില്ല. അയാൾ സാമന്തന്മാരെയും മന്ത്രിമാരെയും വിളിച്ചുകൂട്ടി. മാത്രമല്ല, അനുജന്മാരായ വിശുക്രനെയും വിഷംഗനെയും. എന്നിട്ട് എല്ലാവരുടെയും അഭിപ്രായങ്ങൾ ആരാഞ്ഞു.

വിശുക്രൻ പറഞ്ഞു:

'ജ്യേഷ്ഠാ, ഒരു പുതിയ സ്ത്രീ ആവിർഭവിച്ചിരിക്കുന്നു എന്നു കേട്ടു. അവൾ ദേവേന്ദ്രനെ സഹായിക്കാൻ ഉദ്ദേശിക്കുന്നുപോലും. ഒരു പെൺപടയോടുകൂടി അവൾ ഇങ്ങോട്ടു വരികയാണ്. നമ്മെ തോല്പിക്കുകയാണ് പെൺപടയുടെ ലക്ഷ്യം. അതു പറയാൻപോലും ലജ്ജ തോന്നുന്നു. എങ്കിലും ഒന്നുണ്ട്. ഏതു ശത്രുവും ആയിക്കൊള്ളട്ടെ, അവഗണിക്കാൻ പാടുള്ളതല്ല. നാം യുദ്ധം ചെയ്യുകതന്നെ വേണം. പെൺപടയെ തോല്പിച്ചാലും പോരാ. അവരുടെ നായികയെ പിടിച്ചുകെട്ടി ഇങ്ങോട്ടു കൊണ്ടുവരണം. എന്നിട്ട് അവളെ അന്തഃപുരത്തിലെ ദാസിയാക്കിവെക്കണം.'

വിഷംഗൻ പറഞ്ഞു:

'നല്ലവണ്ണം ആലോചിച്ചുവേണം പ്രവർത്തിക്കാൻ. നമുക്ക് ആദ്യമായി ചെയ്യാനുള്ളത് ഒന്നാണ്— ശത്രുവിന്റെ ബലവും ബലക്ഷയവും മനസ്സിലാക്കുക. എതിരാളി സ്ത്രീയാണ്, സാരമില്ല— അങ്ങനെ പുച്ഛിച്ചുതള്ളുന്നതു ശരിയല്ല. അവൾ വാസ്തവത്തിൽ ആരാണ്? എന്താണ് അവളുടെ ബലത്തിന് ആധാരം? ആരൊക്കെയാണ് അവളുടെ സഹായികൾ? അതെല്ലാം ചാരന്മാർ മുഖേന മനസ്സിലാക്കണം.'

ഭണ്ഡാസുരനു ചിരിവന്നു.

'അനുജാ, തുല്യശക്തിയുള്ള ശത്രുക്കളുണ്ട് എന്നുവെക്കു. അവരുടെ കാര്യത്തിൽ അതൊക്കെ ശരിയായിരിക്കാം. പക്ഷേ, ഈ സ്ത്രീയെക്കുറിച്ചു ഭയന്നിട്ടു യാതൊരു ആവശ്യവുമില്ല. ഞാൻ ചാരന്മാർമുഖേന വിവരങ്ങൾ അറിഞ്ഞിട്ടുണ്ട്. ലളിത എന്നാണ് അവളുടെ പേര്. അവൾക്കു ധൈര്യമില്ല. ശൗര്യമില്ല, യുദ്ധസാമർത്ഥ്യമില്ല. എങ്കിലും മായാവിദ്യകൾ വശമുണ്ട്. ഇനി അവൾ മഹാശക്തയാണ് എന്നുതന്നെയിരിക്കട്ടെ. ലോകനാഥനായ എന്നോട് അവൾക്ക് എന്തുചെയ്യാനൊക്കും?'

ഭണ്ഡാസുരൻ കൂടിലാക്ഷനെ വിളിച്ചു.

സേനാപതിയാണ് കൂടിലാക്ഷൻ.

ഭണ്ഡാസുരൻ അയാൾക്കു പ്രത്യേകമായ ചില ചുമതലകൾ നല്കി.

'കൂടിലാക്ഷാ, നീ പടയൊരുക്കം പൂർത്തിയാക്കണം. അതേസമയം കരുത്തനായ ഒരുവനെ പറഞ്ഞയയ്ക്കണം. അവൻ ലളിതയെ ചെന്നു കാണട്ടെ. അവളെ തലമുടിക്കു പിടിച്ചു വലിച്ചിഴച്ചുകൊണ്ടുവരട്ടെ?'

തമ്പുരാന്റെ ആജ്ഞ അക്ഷരംപ്രതി പാലിക്കാൻ സേനാപതി നിശ്ചയിച്ചു. അയാൾ ആദ്യം സൈന്യത്തെ ഒരുക്കിനിർത്തി. അതിനുശേഷം ദുർമദൻ എന്ന യോദ്ധാവിനെ നിയോഗിച്ചു. ലളിതയെ പിടിച്ചുകൊണ്ടുവരണം— അതാണ് ദുർമദനു നല്കിയ ആജ്ഞ. അവന്റെ തുണയ്ക്കായി ഒരു സൈന്യവിഭാഗത്തെയും അയച്ചു.

ദുർമദനും കൂട്ടരും എതിരാളികളെ സമീപിച്ചു. സമ്പല്ക്കരീദേവി അവരെ ചെന്നെതിർത്തു. സമമം ഉഗ്രമായി തുടർന്നു. ഒടുവിൽ സമ്പല്ക്കരിയും ദുർമദനും കുറെനേരം ദന്ദയുദ്ധത്തിലേറ്റു. സമ്പല്ക്കരി രണകോലാഹലനാനയുടെ പുറത്ത്; ദുർമദൻ തന്റെ വാഹനമായ ഒട്ടകത്തിന്റെ പുറത്തും. അവസാനം ദുർമദൻ സമ്പല്ക്കരിയുടെ ആയുധമേറ്റു മരിച്ചുവീണു.

ഭണ്ഡാസുരൻ അല്പമൊന്നു ചഞ്ചലനായി. ദുർമദന്റെ ശക്തിയും വീര്യവും അപാരമാണ്. എന്നിട്ടു കേവലം ഒരു സ്ത്രീ അവനെ എങ്ങനെ വധിച്ചു?

'അവളെ തോല്പിക്കാനായി കരുണ്ഡനെ അയയ്ക്കട്ടെ!' അതാണ് ഭണ്ഡാസുരൻ കുടിലാക്ഷനു നല്കിയ നിർദ്ദേശം.

അങ്ങനെ കരുണ്ഡൻ സമരരംഗത്ത് എത്തിച്ചേർന്നു. വലിയൊരു സേനയെയും കൊണ്ടുപോയി ആ ഭീകരൻ. ദേവിയോടു പ്രത്യേകിച്ചു പകയുണ്ട് കരുണ്ഡന്. കാരണം, ദുർമദന്റെ ജ്യേഷ്ഠനാണ് അവൻ. അനുജനെ കൊന്നവളോടു പകവീട്ടണം!.

അവൻ സമ്പല്ക്കരിയോടു ചെന്നിടഞ്ഞു.

അശ്വാരൂഢ സമ്പല്ക്കരിയോടു പറഞ്ഞു:

'അവിടുന്ന് അല്പമൊന്നു വിശ്രമിക്കണം. ഞാൻ കരുണ്ഡനോടു യുദ്ധം ചെയ്യാം.'

സമ്പല്ക്കരിക്കു സമ്മതമായി.

അങ്ങനെ, അശ്വാരൂഢയും കരുണ്ഡനും തമ്മിലായി പോരാട്ടം.

അപരാജിതൻ എന്ന പടക്കുതിരയാണല്ലോ അശ്വാരൂഢയുടെ വാഹനം. ആ പടക്കുതിര അനേകം അസുരന്മാരെ ചവിട്ടിവീഴ്ത്തി. അതിനിടയ്ക്ക് അശ്വാരൂഢയുടെ ആയുധമേറ്റ് കരുണ്ഡൻ ചത്തുമലച്ചു. അവന്റെ അനുചരന്മാർ പടക്കളം വിട്ടു പാഞ്ഞുപോയി.

ഭണ്ഡാസുരൻ അല്പംകൂടി ചഞ്ചലനായി. ഇങ്ങനെ ഒരു അനുഭവം ആദ്യമായിട്ട് ഉണ്ടായതാണ്. ദുർദമൻ മാത്രമല്ല; അവന്റെ ജ്യേഷ്ഠനായ കരുണ്ഡനും മരിച്ചു. അവരെ കൊന്നതോ വെറും പെണ്ണുങ്ങളും. മായാവിദ്യക്കാരിയാണ് ലളിത, സംശയമില്ല അവളെ ഇനി ഇല്ലായ്മചെയ്യുകതന്നെ വേണം!!

കരങ്കൻ എന്ന മായാവി—അവനാണ് ആ ചുമതല നല്കപ്പെട്ടത്. അവൻ അഞ്ചു സേനാപതികളെ കൂട്ടി; അവരോടുകൂടി പടക്കളത്തിൽ ചെന്നു; സർപ്പിണി എന്ന മായാവിദ്യയെയും പ്രയോഗിച്ചു.

സർപ്പിണി എന്താണു ചെയ്തതെന്നോ? പല മാതിരി സർപ്പങ്ങളെ സൃഷ്ടിച്ചുവിട്ടു. സർപ്പങ്ങൾ ശത്രുക്കളുടെ ഇടയിൽ ഇഴഞ്ഞുചെന്നു. അവയെ ശക്തിദേവതകൾ ഖണ്ഡിച്ചുവീഴ്ത്തി, ശരിയാണ്. എന്നാൽ, ചാവുന്ന സർപ്പങ്ങൾക്കുപകരം ജീവനുള്ള പുതിയ സർപ്പങ്ങൾ! എന്തു ചെയ്യും?

ഒരു അത്ഭുതം ഉണ്ടായി.

നകുലി എന്നൊരു ദേവിയുണ്ട്. ഗരുഡന്റെ പുറത്തു കയറി നകുലി രണാങ്കണത്തിൽ എത്തിച്ചേർന്നു. എന്നിട്ടു സ്വശരീരത്തിൽനിന്ന് എണ്ണമറ്റ കീരികളെ സൃഷ്ടിച്ചുവിട്ടു. ആ കീരികൾ സർപ്പങ്ങളെ കൂട്ടത്തോടെ കൊന്നൊടുക്കി.

നകുലിയും സർപ്പിണിയും തമ്മിലിടഞ്ഞു.

സർപ്പിണി നശിച്ചു.

കരങ്കനും കൂട്ടരും ഹതാശരായില്ല. അവർ അനേകം കീരികളെ ഇല്ലായ്മചെയ്തു. അപ്പോഴേക്കും എണ്ണമറ്റ കീരികൾ അസുരന്മാരുടെ നേർക്കു ചാടി. അവരുടെ ശരീരങ്ങൾ കടിച്ചുമുറിച്ചു തുടങ്ങി. കരങ്കൻ ഒരു ശരമാരി തന്നെ ചൊരിഞ്ഞു. കീരികൾക്കു നില്ക്കക്കള്ളിയില്ലാതെയായി. അവ നകുലിയുടെ ചുറ്റുംകൂടി. നകുലി കരങ്കന്റെ ശിരസ്സു വെട്ടി. തുടർന്ന് അഞ്ചു സേനാപതികളുടെ ശിരസ്സുകളും.

ഭണ്ഡാസുരൻ കൂടുതൽ ചഞ്ചലനായി. അവൻ ഏഴു ശക്തന്മാരെ പറഞ്ഞയച്ചു. ആരായിരുന്നു ഏഴുപേർ? കഴുകനെ വാഹനമാക്കിയ വലാഹകൻ, കാക്കയെ വാഹനമാക്കിയ സൂചീമുഖൻ, പരുന്തിനെ വാഹനമാക്കിയ ഫാലമുഖൻ, ഭേരുണ്ഡപ്പക്ഷിയെ വാഹനമാക്കിയ വികർണൻ, കോഴിയെ വാഹനമാക്കിയ വികടാനനൻ, പ്രേതത്തെ വാഹനമാക്കിയ കരാളാക്ഷൻ, വേതാളത്തെ വാഹനമാക്കിയ കരടകൻ.

പ്രത്യേകമായ വരബലം ഉണ്ടായിരുന്നു ഏഴു പേർക്കും. പണ്ട് അവർ സൂര്യദേവനെ തപസ്സുചെയ്തിരുന്നു. സൂര്യദേവൻ പ്രസാദിച്ചു വരം ചോദിക്കാൻ ആവശ്യപ്പെട്ടു. എന്താണ് അവർ ചോദിച്ച വരം? അവർ ഏതു ശത്രുവിനെയും നോക്കി എന്നിരിക്കട്ടെ— ആ ശത്രുവിന് ആയുധപ്രയോഗം സാദ്ധ്യമാവരുത്. അങ്ങനെ ആയാലോ? എല്ലാം എത്ര എളുപ്പമാകും! സൂര്യദേവൻ വരം നല്കി.

ഏഴുപേരും ഇപ്പോൾ ആ സിദ്ധി പ്രയോഗിച്ചു.

ശക്തിദേവതകൾക്ക് ആയുധങ്ങൾ പ്രയോഗിക്കാൻ വയ്യാതായി. അവർ ലളിതാദേവിയെ ശരണം പ്രാപിച്ചു. അല്ലാതെ എന്തുചെയ്യാനൊക്കും?

ലളിതാദേവിയുടെ മാഹാത്മ്യം — അല്ലാതെ മറ്റൊന്നും പറയാനില്ല. തിരസ്കരിണി എന്ന ദേവി അവിടെ ആവിർഭവിച്ചു. കറുത്ത ശരീരം, കറുത്ത കുപ്പായം, കറുത്ത കുതിരകൾ പൂട്ടിയ കറുത്ത രഥം. തമോലിപ്തം എന്നാണു രഥത്തിന്റെ പേര്. മോഹനം എന്ന വില്ലുണ്ട്; അന്ധം എന്ന അസ്ത്രവും. തിരസ്കരിണി മോഹനവില്ലിൽ അന്ധാസ്ത്രം തൊടുത്തയച്ചു. എന്തായിരുന്നു അതിന്റെ ഫലം? ഏഴ് അസുരന്മാരുടെയും കണ്ണുകൾ അടഞ്ഞുപോയി. അടഞ്ഞ കണ്ണുകൾ തുറക്കാൻ കഴിഞ്ഞുമില്ല!

അതോടുകൂടി ശക്തിദേവതമാരുടെ ശക്തിക്ഷയം ഇല്ലാതായി.

തിരസ്കരിണി ഒന്നൊന്നായി ഏഴ് അസുരന്മാരെയും ഹനിച്ചു.

ശേഷിച്ച അസുരന്മാർ നിലവിളിച്ചുകൊണ്ടു പിൻതിരിഞ്ഞോടി.

ഭണ്ഡാസുരൻ ഏറ്റവും ചഞ്ചലനായി.

അവൻ വിശുക്രനെയും വിഷംഗനെയും വിളിച്ചു:

'അനുജന്മാരേ, മഹാ കഷ്ടമായിപ്പോയി. മൂലോകങ്ങളെയും വിറപ്പിച്ച വനാണു ഞാൻ. എന്നിട്ടാണ് പെണ്ണുങ്ങളോടു തോറ്റിരിക്കുന്നത്! അതു പറയാൻ എന്റെ നാവിനുപോലും ലജ്ജയുണ്ട്. വിധി എന്നല്ലാതെ എന്തു പറയാനാണ്! ആട്ടെ, എന്തായാലും ശരി, ലളിതയെ ഇല്ലായ്മചെയ്തേ കഴിയൂ. അതിനൊരു വഴിയുണ്ട്. വിഷംഗാ, നീ വേഷം മാറിച്ചെല്ലണം. ശത്രുക്കളുടെ പിന്നണിയിലൂടെ കയറണം. എന്നിട്ട് ലളിതയെ വധിക്കണം. ലളിത ഇല്ലാതായാൽ ശക്തിദേവതകളും ഇല്ലാതാകും. അവരുടെ ശക്തിക്കു നിദാനം ലളിതയാണ്. ശത്രുസൈന്യത്തിന്റെ ബലം അധികവും മുന്നണിയിലാണ്. പിന്നണിക്കു ബലം പോരാ. പോയി ജയിച്ചു വരുവിൻ!'

രാത്രിയായി. ഇരുൾ പരന്നു. വിഷംഗനും കൂട്ടരും സന്നദ്ധരായി. എല്ലാവരും കറുത്ത കഞ്ചുകങ്ങൾ ധരിച്ചിരിക്കുന്നു. അങ്ങനെയായാൽ അവരെ രാത്രിയിൽ ശത്രുക്കൾ കാണുകയില്ലല്ലോ. അവർ ശത്രുസൈന്യത്തിന്റെ പിറകിലെത്തി. എന്നിട്ടു നിശ്ശബ്ദരായി അണികളിലേക്കു കയറി. വാളുകൾ ഊരിപ്പിടിച്ചിട്ടുണ്ട്. ശ്വാസം അടക്കിപ്പിടിച്ചിരിക്കുന്നു. കാലടിയൊച്ച കേൾക്കാതിരിക്കാൻ ശ്രദ്ധിക്കുന്നുമുണ്ട്. കുറെദൂരം പോയി. മിന്നൽവേഗത്തിൽ ഒരു ആക്രമണവും നടത്തി.

ശക്തിദേവതകൾ അവശരായി. മാത്രമല്ല, അവരുടെ പോരാളികളും. ശത്രുക്കൾ പിന്നണി പിളർന്നു കയറിയിരിക്കുന്നു. അവരെ കാണാനും കിട്ടുന്നില്ല. പിന്നെ എന്തു ചെയ്യാൻ കഴിയും?

ഭണ്ഡാസുരൻ ഒരു കരുതൽകൂടി എടുത്തിരുന്നു. പിന്നണി തകരുമ്പോൾ മുന്നണി സഹായത്തിനെത്തും. അതു തടയാൻ ഒരു സൂത്രമുണ്ട്. കൂടിലാക്ഷന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ നിർത്തിയിരുന്നു. ആ സൈന്യം മുന്നണിയെയും ആക്രമിച്ചു. അപ്പോൾ മുന്നണിക്കു പൊരുതേണ്ടിവന്നു. പിന്നണിയെ സഹായിക്കാൻ കഴിഞ്ഞുമില്ല. എന്തിനു പറയുന്നു, ദേവിമാരുടെ സൈന്യം ചിന്നിച്ചിതറി.

വിഷംഗൻ പിന്നിൽനിന്ന് ഒരു ശരം അയച്ചു. ആ ശരം ലളിതാദേവിയുടെ ആലവട്ടത്തിൽച്ചെന്നു കൊണ്ടു. ആലവട്ടം തത്ക്ഷണം ഭസ്മമായി.

അതിനിടയ്ക്കു മറ്റൊന്നും ഉണ്ടായി. വഹ്നിവാസിനി, ജ്വാലമാലിനി എന്ന രണ്ടു ദേവിമാരുണ്ട്. അവർ യുദ്ധരംഗത്തിലാകെ വെളിച്ചം പരത്തി. അതോടെ രാത്രിയുദ്ധത്തിനു വന്ന കശ്മലന്മാരെ കണ്ടുകിട്ടി. പിന്നീട് അധികം താമസം ഉണ്ടായില്ല. അസുരസേനാപതികൾ മിക്കതും കൊല്ലപ്പെട്ടു. വിഷംഗൻ മാത്രം ഓടിപ്പോയി രക്ഷപ്പെട്ടു.

മന്ത്രിണി എന്നൊരു ദേവി. ദണ്ഡിനി എന്ന മറ്റൊരു ദേവി. രണ്ടുപേരും ലളിതാദേവിയോട് ഒന്നു പറഞ്ഞു:

'സ്വാമിനീ, ഞങ്ങൾ വേണ്ടതായ കരുതലുകൾ എടുത്തില്ല. അതുകൊണ്ടാണ് അസുരന്മാർ പിന്നണി ഭേദിച്ചത്. ഇനി നമുക്കു വിസ്താരമുള്ള ഒരു ശിബിരം വേണം. ശിബിരത്തിനു ചുറ്റും തീമതിലും വേണം. എന്നാൽ, അസുരന്മാർ ഇനി രാത്രി യുദ്ധത്തിനു മുതിരുകയില്ല.'

ലളിതാദേവിക്കു സമ്മതമായി. ദേവി ജ്വാലാമാലിനിയെ വിളിച്ചു. വിശദമായ നിർദ്ദേശങ്ങളും നല്കി. ജ്വാലാമാലിനി ഉയർന്നൊരു തീമതിൽ സൃഷ്ടിച്ചു. ആ തീമതിൽ ശിബിരത്തിനുചുറ്റും കത്തിനിന്നു.

ഭണ്ഡാസുരനു മുപ്പതു പുത്രന്മാരുണ്ട്. അവൻ അവരെ പടയ്ക്കയച്ചു. ശക്തന്മാരും വീരന്മാരുമാണ് മുപ്പതുപേരും. അവർ ആക്രോശിച്ചുകൊണ്ട് ആക്രമണം നടത്തി. അവരെ ചെറുക്കുന്നതു ദുഷ്കരമായി.

ബാലാദേവി എന്നൊരു പുത്രിയുണ്ട് ലളിതാദേവിക്ക്. ഒമ്പതു വയസ്സേ പ്രായമുള്ളൂ. പുത്രി മാതാവിന് അപേക്ഷ സമർപ്പിച്ചു. ഭണ്ഡപുത്രന്മാരോടു യുദ്ധം ചെയ്യാൻ തന്നെ അനുവദിക്കണം. ആദ്യമൊക്കെ ലളിതാദേവിക്ക് അത്ര സമ്മതമുണ്ടായിരുന്നില്ല. എങ്കിലും മകളുടെ നിർബന്ധം കാരണം അനുവാദം നല്കേണ്ടതായി വന്നു.

സൈന്യത്തെ നയിച്ചുകൊണ്ട് ബാലാദേവി അടർക്കളത്തിൽ എത്തി. ആദ്യം ഭണ്ഡപുത്രന്മാരുടെ അനുചരന്മാരെ കൊന്നൊടുക്കി. പിന്നീട് ഒരേ

സമയത്തു മുപ്പതു ശരങ്ങൾ തൊടുത്തയച്ചു. മുപ്പതു ശരങ്ങൾ മുപ്പതു ശിരസ്സുകളെ ഖണ്ഡിച്ചു വീഴ്ത്തി—ഭണ്ഡപുത്രന്മാരുടെ ശിരസ്സുകൾ!

ലളിതാദേവി അതിയായി സന്തോഷിച്ചു: മകളെ പിടിച്ചു മടിയിലിരുത്തി; നെറുകയിൽ പലവുരു ചുംബിച്ചു.

ഭണ്ഡാസുരൻ പുത്രന്മാരെ അത്യധികം സ്നേഹിച്ചിരുന്നു. അവരുടെ ജീവനാശം അവനെ ക്രമത്തിലധികം ദുഃഖിപ്പിച്ചു. അവരില്ലാതെ തന്റെ ജീവിതം ശൂന്യമായിപ്പോയി—അതായിരുന്നു അവന്റെ തോന്നൽ. തന്റെ ഐശ്വര്യവും പ്രതാപവും ശക്തിയും അർത്ഥമില്ലാത്തവയായി. പുത്രന്മാർ നശിച്ചതോടെ താനും നശിച്ചിരിക്കുന്നു! ഭണ്ഡാസുരൻ കണ്ണുനീർ വാർത്തു. ഒട്ടുനേരം ഉറക്കെ വിലപിച്ചു. തുടർന്നു മോഹാലസ്യപ്പെട്ടു വീണു. ബോധം വീണപ്പോൾ വീണ്ടും കരയാൻ തുടങ്ങി.

വേണ്ടപ്പെട്ടവർ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു.

വിശുക്രൻ പറഞ്ഞു: 'ജ്യേഷ്ഠാ, ജ്യേഷ്ഠന്റെ പുത്രന്മാർ യുദ്ധം ചെയ്തു കൊണ്ടാണു മരിച്ചത്. വീരന്മാർക്കു ഭൂഷണമാണു യുദ്ധത്തിലുള്ള മരണം. അതിൽ ദുഃഖിക്കുന്നതു ശരിയല്ല. നമുക്കിനി നമ്മുടെ ശത്രുവായ സ്ത്രീയെ ഇല്ലായ്മ ചെയ്യണം. അതാണ് ഉടനെ വേണ്ടത്.'

ശരിയെന്ന് ഭണ്ഡാസുരനു തോന്നി. അതോടെ അവന്റെ വ്യസനം തീരുകയായി. പകരം ജ്വലിച്ചുയരുന്ന കോപവുമായി.

'ഈ നിമിഷം ഞാനവളെ വെട്ടിനുറുക്കും' അവൻ ആക്രോശിച്ചു.

അവൻ വാളുമെടുത്തു പുറപ്പെടാൻ ഒരുങ്ങി.

ചില അസുരന്മാർ അവനെ തടുത്തുനിർത്തി. അവർ പറഞ്ഞു:

'തമ്പുരാനേ, ഞങ്ങൾ ജീവിച്ചിരിക്കുമ്പോൾ അവിടുന്നു പോകണ്ട. ഞങ്ങൾ അവിടുത്തേക്കുവേണ്ടി ഏഴു സമുദ്രങ്ങളും വറ്റിക്കും! പർവതങ്ങളെ പിഴുതെറിയും! ലോകങ്ങളെ കീഴ്മേൽ മറിക്കും! ദേവന്മാരുടെ ഗൃഹങ്ങളെ തകർത്തു തരിപ്പണമാക്കും! അവരെ കൂട്ടത്തോടെ വധിക്കും!

ഭണ്ഡാസുരന് അല്പം സമാധാനമായി.

'വിശുക്രാ, നീ സ്വയം മറച്ചിട്ടു ശത്രുപാളയത്തിൽ ചെല്ലണം. എന്നിട്ടു ജയവിഘ്നം എന്ന മന്ത്രവിദ്യ പ്രയോഗിക്കണം. അങ്ങനെ ശത്രുക്കളെ ഇല്ലായ്മചെയ്യണം.' അവൻ അനുജനോടു പറഞ്ഞു.

വീരൻ മാത്രമല്ല വിശുക്രൻ, മായാവിയുംകൂടിയാണ്. അവൻ മറഞ്ഞു നില്ക്കുന്ന വിദ്യ പ്രയോഗിച്ചു. എന്നിട്ട് ലളിതാദേവിയുടെ പാളയത്തിലെത്തി. അപ്പോഴേക്കും രാത്രിയുടെ കൂരിരുട്ടു പരന്നുകഴിഞ്ഞിരുന്നു. നാലുചുറ്റിനും കത്തുന്ന തീമതിലിൽ ഉയർന്നുനില്ക്കുകയാണ്. അതിനാൽ അവന് അകത്തുകടക്കാൻ കഴിഞ്ഞില്ല. അപ്പോൾ, അവൻ എന്താണു ചെയ്തത്? ജയവിഘ്നം എന്ന മന്ത്രത്തെ ഒരു വലിയ പാറയിൽ എഴുതിവെച്ചു. തുടർന്ന് ആ മന്ത്രത്തെ ഒരു ചെമ്പുതകിടിൽ അടക്കി. ചില ബലികർമങ്ങൾ നടത്തി. അതിനുശേഷം ചെമ്പുതകിട് അകത്തെറിഞ്ഞു. അതു പാളയത്തിന്റെ നടുവിൽ ചെന്ന് വീണു.

മന്ത്രശക്തി തത്ക്ഷണം പ്രകടമായി. ശക്തിദേവതകളുടെ ശക്തിയാകെ ചോർന്നുപോയി. അവരുടെ മനസ്സിനു മാറ്റവും സംഭവിച്ചു. യുദ്ധം ചെയ്തിട്ടും ജയിച്ചിട്ടും എന്തു ഫലം? ദേവകാര്യം സാധിപ്പിച്ചിട്ടു തങ്ങൾക്ക് എന്തു പ്രയോജനം? വെറുതെ എന്തിന് ആയുധമേറ്റു മുറിവു പറ്റണം? പോരെങ്കിൽ ശത്രു

ക്കളെ കൊല്ലുന്നതും ശരിയല്ല. തങ്ങൾക്ക് ഒന്നുമാത്രമാണ് ഇപ്പോൾ വേണ്ടത്. ഉറക്കം. ദീർഘമായ, സുഖമായ ഉറക്കം. അതുമാത്രം.

അവർ നിന്നിടത്തു കിടന്നു, കിടന്നിടത്ത് ഉറങ്ങി.

മൂന്നു ദേവിമാർ മാത്രം വിശുക്രന്റെ മന്ത്രവിദ്യയ്ക്കു വഴങ്ങിയില്ല — ലളിതാദേവിയും മന്ത്രിണീദേവിയും ദണ്ഡിനീദേവിയും. മറ്റു രണ്ടുപേരും ലളിതാദേവിയുടെ അരികിലേക്ക് ഓടിച്ചെന്നു. ലളിതാദേവി അപ്പോൾ എന്തു ചെയ്തു? കാമേശ്വരന്റെ മുഖത്തൊന്നു നോക്കി പുഞ്ചിരി തൂകി. അടുത്ത നിമിഷം മുമ്പിൽ ആവിർഭവിച്ചു ഗണപതി!

ഉടൻതന്നെ ഗണപതി അന്വേഷണം ആരംഭിച്ചു. മന്ത്രമാക്കിയ തകിട് എവിടെ കിടക്കുന്നു എന്ന്. വളരെ താമസിയാതെ അതു കണ്ടെത്തി. തുടർന്നു മന്ത്രമെഴുതിയ വലിയ പാറയെ കൊമ്പുകൊണ്ടു കുത്തി ആ പാറ യെ തവിടുപൊടിയാക്കി. അതോടെ മന്ത്രവിദ്യയുടെ ശക്തി നിശ്ശേഷം നശി പ്പിക്കുകയും ചെയ്തു.

ശക്തിദേവതകളുടെ ആലസ്യം നീങ്ങി. അവർ ഉറക്കത്തിൽനിന്ന് ഉണർ ന്നെണീറ്റു. മുമ്പത്തെ ഉത്സാഹം വീണ്ടെടുത്തു; യുദ്ധത്തിന് സന്നദ്ധകളു മായി.

മറ്റൊന്നുകൂടി ഗണപതി ചെയ്യുകയായി. ഭഗവാൻ കുറെയേറെ ഗജമു ഖന്മാരെ സൃഷ്ടിച്ചു. അവരെ അസുരന്മാരുടെ മുമ്പിലേക്കു നയിച്ചു. ഗജമു ഖസൈന്യവും അസുരസൈന്യവും തമ്മിൽ സംഘട്ടനം ചെയ്തു. തുമ്പി ക്കൈകൾകൊണ്ട് എതിരാളികളെ അടിച്ചുകൊല്ലുക; കൊമ്പുകൾകൊണ്ടു വേറെ എതിരാളികളെ കുത്തിക്കൊല്ലുക; കാലുകൾകൊണ്ട് ഇനിയും എതി രാളികളെ ചവിട്ടിക്കൊല്ലുക — ആ പരിപാടി ഗജമുഖന്മാർ കുറെനേരം നട ത്തി. വിശുക്രനു ജീവരക്ഷയ്ക്കുവേണ്ടി ഓടിപ്പോകേണ്ടതായി വന്നു.

എങ്കിലും അവൻ വീണ്ടും വരികയായി— ഇപ്രാവശ്യം അനുജനായ വിഷംഗനോടും വമ്പിച്ച സൈന്യത്തോടുംകൂടി. അവരിൽ ഉലൂകജിത്ത് മുത ലായ പത്തു വീരന്മാരും ഉൾപ്പെട്ടിരുന്നു. ഭണ്ഡാസുരന്റെ ഭാഗിനേയരാണു പത്തു പേരും.

മുമ്പത്തെക്കാൾ എത്രയോ ഭീകരമായി യുദ്ധം!

ഒടുവിൽ അശ്വാരൂഢ ഉലൂകജിത്തിനെ കൊന്നു. സമ്പല്ക്കരി അവന്റെ അനുജന്മാരെയും. മന്ത്രിണീദേവി വിശുക്രനെയും ദണ്ഡിനീദേവി വിഷംഗ നെയും കൊലപ്പെടുത്തി.

ഭണ്ഡാസുരൻ മോഷാകുലനായി. അവന്റെ കൺമിഴികൾ കനൽക്കട്ട പോലെ ചുവന്നു. അവൻ കൃഷ്ണസർപ്പത്തെപ്പോലെ ചീറ്റി. അവൻ മേഘ ത്തെപ്പോലെ ഗർജിച്ചു.

'കൂടിലാക്ഷാ, ആ ലളിത എനിക്കു വമ്പിച്ച നാശം വരുത്തി. എന്റെ കോപാഗ്നി കത്തിക്കാളുകയാണ്. അവളുടെ രക്തംകൊണ്ടു ഞാൻ ആ അഗ്നിയെ കെടുത്തും! ഞാനിതാ യുദ്ധത്തിനു പോകുന്നു. സൈന്യത്തെ ഉടൻ സജ്ജമാക്കൂ!' അവൻ ആജ്ഞാപിച്ചു.

ആ ആജ്ഞ കൂടിലാക്ഷൻ അനുസരിച്ചു.

സൈന്യത്തെ നയിച്ചുകൊണ്ട് ഭണ്ഡാസുരൻ പടക്കളത്തിലേക്കു പാഞ്ഞു. അവൻ ഇരുന്നതു തേരിലായിരുന്നു. ആയിരം സിംഹങ്ങളെ പൂട്ടിയ

തേരാണത്. ആടിലം എന്നാണു തേരിന്റെ പേര്. പ്രളയാഗ്നിപോലെ ജ്വലിക്കുന്നതാണ് അവന്റെ വാൾ. വാളിന്റെ പേരോ, യാതന എന്നും.

പടക്കളത്തിൽ എത്തിയപ്പോഴോ? ഭണ്ഡാസുരൻ ഒന്ന് അട്ടഹസിച്ചു. ആ അട്ടഹാസം സമുദ്രങ്ങൾക്കു വരൾച്ചയുണ്ടാക്കി. സൂര്യചന്ദ്രന്മാരെ ഭയപ്പെടുത്തി വിറപ്പിച്ചു. ഭൂമിക്ക് അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാട്ടം വരുത്തിവച്ചു. എതിരാളികളായ പടയാളികളുടെ സ്ഥിതിയോ? അവരുടെ ആയുധങ്ങൾ പിടിവിട്ടു നിലത്തുവീണു. അവ എടുക്കാൻ അവർക്കു വളരെ വിഷമിക്കേണ്ടിവന്നു.

മറ്റു ദേവിമാർക്ക് ഭണ്ഡാസുരനെ ചെറുത്തുനില്ക്കാൻ ഒക്കുകയില്ല. അക്കാര്യം ലളിതാദേവിക്കു തീർച്ചയായി. ഇനി താൻ അവനോടു നേരിട്ടു യുദ്ധം ചെയ്കതന്നെ.

അതായി ലളിതാദേവിയുടെ നിശ്ചയം.

ദേവിയുടെ സേനയും ഭണ്ഡാസുരന്റെ സേനയും തമ്മിൽ ഏറ്റുമുട്ടി. ശരങ്ങളുടെ സമൂഹങ്ങളാൽ ആകാശം മൂടി. യുദ്ധഭൂമിയിൽനിന്നു പൊടിപടലം ഉയർന്നുപരന്നു. ആർക്കും ഒന്നും കാണാൻ വയ്യാത്തവിധം അന്തരീക്ഷം ഇരുണ്ടു. നിലത്താണെങ്കിൽ ചോരപ്പുഴകൾ ഒഴുകുകയും ചെയ്തു.

ഒടുവിൽ ലളിതാദേവിയും ഭണ്ഡാസുരനും ദ്വന്ദയുദ്ധത്തിലേറ്റു.

കുറെനേരം തുല്യനിലയിൽ തുടർന്നുപോയി ആ ദ്വന്ദയുദ്ധം.

എന്തെന്തു ദിവ്യാസ്ത്രങ്ങളുടെ പ്രയോഗമാണ് അപ്പോൾ നടന്നതെന്നോ? ഭണ്ഡാസുരൻ അന്ധതാമിസ്രം എന്ന അസ്ത്രമയച്ചു. ലളിതാദേവി സൂര്യാസ്ത്രംകൊണ്ടു തടുത്തു. ഭണ്ഡാസുരൻ അന്തകാസ്ത്രം അയച്ചു. ദേവി മൃത്യുഞ്ജയാസ്ത്രംകൊണ്ടു തടുത്തു. ഭണ്ഡാസുരൻ ഭയാസ്ത്രം അയച്ചു. ലളിതാദേവി ഐന്ദ്രാസ്ത്രംകൊണ്ടു തടുത്തു. തുടരെത്തുടരെ അമ്മാതിരിയുള്ള അസ്ത്രപ്രയോഗങ്ങൾ!

യുദ്ധം അങ്ങനെ തുടർന്നുപോയി. ഒടുവിൽ പകൽ അവസാനിക്കാറുമായി. അപ്പോൾ ലളിതാദേവി നാരായണാസ്ത്രം തൊടുത്തയച്ചു. അസുരഭടന്മാരിൽ വളരെപ്പേരെ കാലനൂർക്കയച്ചു. അതിനുശേഷം പാശുപതാസ്ത്രവും. അതുകൊണ്ട് അവരുടെ നായകന്മാരെ ഹനിച്ചു. അവസാനം ഒരു ദിവ്യാസ്ത്രംകൂടി പ്രയോഗിച്ചു. അനേകം സൂര്യന്മാർ ഒന്നിച്ചപോലെ പ്രകാശിക്കുന്ന മഹാകാമേശ്വരാസ്ത്രം!

അതിനു പ്രത്യസ്ത്രം ഭണ്ഡാസുരന്റെ പക്കലില്ല.

അവൻ തത്ക്ഷണം മരിച്ചുവീണു!

മഹാകാമേശ്വരാസ്ത്രം മറ്റൊന്നുകൂടി ചെയ്തു. ശൂന്യകനഗരമാകെ ചുട്ടു ചാമ്പലാക്കി. ഒന്നിച്ചു നഗരത്തിലുള്ള സകലതും! ശേഷിച്ചത് എന്തായിരുന്നു? നഗരം സ്ഥിതിചെയ്തിരുന്ന സ്ഥലം മാത്രം!

ദേവന്മാരുടെ ആഹ്ലാദം ചിറപൊട്ടി. അവർ പെരുമ്പറകളും കാഹളങ്ങളും മുഴക്കി. കനത്ത പുഷ്പവൃഷ്ടി നടത്തി. ആടുകയും പാടുകയും ചെയ്തു. ഭണ്ഡാസുരന്റെ ശല്യം തീർന്നിരിക്കയല്ലേ?

ബ്രഹ്മാവ്, മഹാവിഷ്ണു, മറ്റു ദേവന്മാർ—എല്ലാവരും ലളിതാദേവിയെ വാഴ്ത്തി സ്തുതിച്ചു.

അവർക്ക് ഒരു ആഗ്രഹമുണ്ടായിരുന്നു. ലളിതാദേവിക്കു മാത്രമേ കഴിയൂ ആ ആഗ്രഹം സാധിപ്പിക്കാൻ. അത് എല്ലാവർക്കും അറിയാമായിരുന്നു.

മുമ്പൊരിക്കൽ കാമദേവൻ ശിവന്റെ മനസ്സിളക്കാൻ ശ്രമിച്ചു. ശിവൻ കോപിച്ച് കാമദേവനെ ചുട്ടെരിച്ചു. കാമദേവന്റെ ഭസ്മത്തിൽനിന്നാണല്ലോ ഭണ്ഡാസുരൻ ജനിച്ചത്. ഭണ്ഡാസുരൻ മരിച്ചു കഴിഞ്ഞു. ഇനി ലളിതാദേവി കാമദേവനെ വീണ്ടും ജീവിപ്പിക്കണം. കാമദേവന്റെ പത്നി രതി വൈധവ്യം അനുഭവിക്കയാണ്. രതിയുടെ ദുഃഖത്തിന് അറുതി വരുത്തണം. മറ്റൊരു കാരണവുമുണ്ട്. കാമദേവനെ ജീവിപ്പിക്കുന്നതിന് ശിവൻ ഇപ്പോൾ തപസ്സു ചെയ്കയാണ്. സതീദേവി ദേഹത്യാഗം ചെയ്തിരുന്നു. അതാണ് ശിവന്റെ തപസ്സിനു കാരണം. എന്നാൽ, സതീദേവി പാർവതീദേവിയായി ജനിക്കാൻ പോവുകയാണ്. പാർവതിയെ തനിക്കു വിവാഹം കഴിക്കണം. ആ തോന്നൽ ശിവന് ഉണ്ടാക്കണം. അതിനുള്ള കഴിവ് കാമദേവനേയുള്ളു. എല്ലാം കണക്കിലെടുത്ത് കാമദേവൻ ജീവിക്കണം.

ദേവന്മാർ രതീദേവിയെ കൊണ്ടുവന്നു.

എത്ര ദയനീയമാണ് രതിയുടെ അവസ്ഥ! തലമുടി ചിതറിക്കിടക്കുന്നു. കണ്ണുകളിൽനിന്നു ചുടുജലം പ്രവഹിക്കുന്നു. വസ്ത്രങ്ങൾ പൊടിയണിഞ്ഞിരിക്കുന്നു. ശരീരത്തിൽ ആഭരണങ്ങൾ കാണാനുമില്ല. ദുഃഖം സ്ത്രീരൂപം പൂണ്ടപോലെ!

രതി ലളിതാദേവിയെ നമസ്കരിച്ചു.

ലളിതാദേവിക്കു കാരുണ്യമുണ്ടായി. കാരുണ്യം കടാക്ഷത്തിൽ പ്രകടമായി. കടാക്ഷത്തിൽനിന്ന് അതാ ആവിർഭവിക്കുന്നു കാമദേവൻ!

അതിരില്ലാത്ത ഒന്നായിരുന്നു രതിയുടെ ആനന്ദം!

ബ്രഹ്മാവും മഹാവിഷ്ണുവും ശിവനുംകൂടി രണ്ടു പേരെ വരുത്തി—ദേവശില്പിയായ വിശ്വകർമാവിനെയും അസുരശില്പിയായ മയനെയും. എന്നിട്ട് ഇരുവർക്കും ഒരു നിർദ്ദേശം നല്കി:

'നിങ്ങൾ പതിനാറു ക്ഷേത്രങ്ങൾ നിർമിക്കണം. ദേവി പതിനാറു രൂപങ്ങളിൽ ആ ക്ഷേത്രങ്ങളിൽ കുടികൊള്ളട്ടെ!'

വിശ്വകർമാവും മയനും ക്ഷേത്രങ്ങൾ നിർമിച്ചു. ആ ക്ഷേത്രങ്ങളിൽ ലളിതാദേവി വിരാജിച്ചു— അന്നത്തേക്കു മാത്രമല്ല, എല്ലാക്കാലത്തേക്കും!

(ലളിതോപാഖ്യാനം)

സതിയും ഗംഗയും

ബ്രഹ്മാവിന്റെ പുത്രന്മാരിൽ ഒരാളാണ് ദക്ഷപ്രജാപതി. ചുരുക്കി ദക്ഷൻ എന്നും പറയും. പ്രസൂതി എന്നാണ് ദക്ഷന്റെ പത്നിയുടെ പേര്. ആ ദമ്പതികൾക്കു കുറെയേറെ പുത്രിമാരുണ്ടായി. അവരിൽ ഒരുവളായ സ്വാഹയെ അഗ്നിദേവൻ വിവാഹം കഴിച്ചു. പതിമൂന്നുപേർ കശ്യപമഹർഷിയുടെ ഭാര്യമാരായി.

ഏറ്റവും ഇളയ മകളാണ് സതി.

ചില സംഭവങ്ങൾ സതിയുടെ ജനനത്തിനു വഴി തെളിച്ചിരുന്നു.

ശിവൻ പരബ്രഹ്മമായ ദേവിയെ തപസ്സു ചെയ്തു.

ദേവി പ്രത്യക്ഷയായി.

'അവിടുന്ന് എന്റെ പത്നിയായിത്തീരണം.' ശിവൻ അഭ്യർത്ഥിച്ചു.

ദേവി അരുളിച്ചെയ്തു:

'അങ്ങനെയാവട്ടെ. ഞാൻ ദക്ഷന്റെ പുത്രിയായി ജനിക്കാം. ഗർവിതനാണ് ദക്ഷൻ. അവൻ ഒരിക്കൽ എന്നെ ധിക്കരിക്കും. അപ്പോൾ ഞാൻ വീണ്ടും സ്വസ്ഥാനം പ്രാപിക്കും. ഞാനും അങ്ങും തമ്മിൽ പിരിയേണ്ടതായി വരും. എങ്കിലും ഒന്നുണ്ട്; ഞാൻ ഹിമവാന്റെ പുത്രിയായി ജന്മമെടുക്കും. അപ്പോഴും അങ്ങയുടെ പത്നിയാവും. പിന്നീട് എന്നെന്നേക്കും നാം ഒന്നിച്ചായിരിക്കും.'

ഒരുദിവസം ബ്രഹ്മാവ് ദക്ഷനോടു പറഞ്ഞു:

'മകനേ, ദേവി നിന്റെ മകളായി ജനിക്കാൻ നിശ്ചയിച്ചിരിക്കുന്നു. എങ്കിലും നീ ആദ്യം ദേവിയെ പ്രസാദിപ്പിക്കേണ്ടതുണ്ട്. അതിനായി നീ തപസ്സുചെയ്യണം.'

ദക്ഷൻ പിതാവിന്റെ നിർദ്ദേശം അനുസരിച്ചു.

അദ്ദേഹം പാലാഴിക്കരയിൽച്ചെന്ന് ദേവിയെ തപസ്സുചെയ്തു.

ദേവി പ്രസാദിച്ച് പ്രത്യക്ഷയായി.

'ദക്ഷാ, ഞാൻ നിന്റെ പുത്രിയായി ജനിക്കുന്നുണ്ട്. പക്ഷേ, നീ എപ്പോഴും ഒന്ന് ഓർമിച്ചിരിക്കണം. നിന്റെ പുണ്യം നിലനില്ക്കുവോളം ഞാൻ ഒന്നിച്ചുണ്ടാവും. ഒരിക്കൽ നിന്റെ പുണ്യം ക്ഷയിക്കും. അപ്പോൾ നിനക്ക് എന്നോടു വിമോധം ഉണ്ടാവും. ഞാൻ എന്റെ സ്ഥാനത്തേക്കു മടങ്ങുകയും ചെയ്യും.' ദേവി അരുളിച്ചെയ്തു.

യഥാകാലം പ്രസൂതി ഒരു പെൺകുട്ടിക്കു ജന്മമേകി.

സതി എന്ന് ആ കുട്ടിക്കു പേരിട്ടു.

വർഷങ്ങൾ പലതും കഴിഞ്ഞു.

സതിക്ക് വിവാഹപ്രായമായി.

മകൾക്കു യോഗ്യനായ വരനെ കണ്ടുപിടിക്കണം. അതിനായി ദക്ഷന്റെ പ്രയത്നം. ഒരിക്കൽ ബ്രഹ്മാവിൽനിന്ന് ഒരു അറിവുകിട്ടിയിരുന്നു—സതി ശിവന്റെ പത്നിയാവുമെന്ന്. അതത്ര തൃപ്തിയായിട്ടില്ല ദക്ഷന്. കാരണം, അദ്ദേഹത്തിന് ശിവനെ ഒട്ടും മതിപ്പില്ല. ആ സ്ഥിതിക്ക് സതിയെ ശിവന് എങ്ങനെ കൊടുക്കും? പാടില്ല. മറ്റൊരു പുരുഷന് കൊടുക്കണം. അതിന് എന്താണൊരു വഴി? ഒരു ഉപായം ദക്ഷന്റെ ബുദ്ധിയിൽ അങ്കുരിച്ചു. സതിയുടെ സ്വയംവരം നടത്തുകതന്നെ. ഒട്ടുവളരെ പുരുഷന്മാർ സ്വയംവരത്തിനു വരും. അവൾ ഇഷ്ടമുള്ള പുരുഷനെ വരിച്ചുകൊള്ളട്ടെ. ശിവൻ വന്നിട്ടുണ്ടെങ്കിൽ തകരാറാവുമോ? അതുണ്ടാവാതിരിക്കാൻ ഒരു കരുതലെടുക്കാം. ശിവനെ ക്ഷണിക്കാതിരിക്കണം. മറ്റെല്ലാവരെയും ക്ഷണിക്കുകയും വേണം. ക്ഷണമില്ലാതെ ശിവൻ വരികയില്ല. ഇനി ക്ഷണമില്ലാതെ വന്നെന്നിരിക്കട്ടെ. അപ്പോൾ അപമാനിച്ചയയ്ക്കാം.

അങ്ങനെ സ്വയംവരം നിശ്ചയിക്കപ്പെട്ടു. പ്രധാനപ്പെട്ട ദേവന്മാർക്കെല്ലാം ക്ഷണം കിട്ടി. അവരെല്ലാം കാലേകൂട്ടി വന്നെത്തി. തങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഇരിപ്പിടങ്ങളിൽ ഇരിപ്പുമായി.

ദക്ഷൻ സതിയെ സദസ്സിലേക്ക് ആനയിച്ചു.

സതി സദസ്സിലാകെ ഒന്നു കണ്ണോടിച്ചു. എവിടെയാണ് ശിവൻ ഇരിക്കുന്നത്? ഇല്ല. ശിവൻ വന്നിട്ടില്ല. അപ്പോൾ—അപ്പോൾ മാത്രം—സതിക്കു കാരണം മനസ്സിലായി. ഇതു മറ്റൊന്നുമല്ല, അച്ഛന്റെ കുതന്ത്രം!

പക്ഷേ, അതുകൊണ്ടൊന്നും സതിക്കു കൂസലുണ്ടായില്ല. ആ ശിവഭക്ത 'ഓം നമഃശിവായ' എന്നു തുടർന്നു ജപിച്ചു. വരണമാല്യത്തെ നിലത്തിടാനും ഒരുങ്ങി.

അപ്പോഴേക്കും ഒരു മഹാത്ഭുതം നടന്നു. ആ സ്ഥലത്ത് ശിവൻ പ്രത്യക്ഷനായി. വരണമാല്യത്തെ തന്റെ കഴുത്തിൽ സ്വീകരിച്ചു. ഉടൻതന്നെ മറയുകയും ചെയ്തു.

സന്നിഹിതർ ശിവഭക്തികൊണ്ടു പരവശരായി.

എല്ലാവരും ശിവനെ സ്തോത്രം ചെയ്തു.

ഒരാൾ മാത്രം അപ്രകാരം ചെയ്തില്ല. ആ ആൾ ദക്ഷനായിരുന്നു. പണ്ടേ ശിവനെ പുച്ഛമാണ്. ആ സ്ഥിതിക്കു സ്തുതിക്കുമോ? പോരെങ്കിൽ ഇപ്പോൾ കടുത്ത വിരോധവും തോന്നിയിട്ടുണ്ട്. തന്റെ ഓമനപ്പുത്രി ശിവനെ വരിക്കുകയോ? തീരെ പ്രതീക്ഷിച്ചതല്ല ഈ സംഭവം. ദക്ഷനു മകളോടു നീരസം തോന്നി. മാത്രമല്ല, വിരോധവും.

ആ വിവരം ബ്രഹ്മാവിന് അറിവായി. ബ്രഹ്മാവ് ദക്ഷനെ ഉപദേശിച്ചു:

'മകനേ, നിന്റെ മനോഭാവം ഒട്ടും ശരിയല്ല. സതി ശിവന്റെ പത്നിയാവുകതന്നെ ചെയ്യും. മുമ്പുതന്നെ നിനക്കു അക്കാര്യം അറിവുള്ളതുമാണ്. നീ അവളെ ശിവനു വിവാഹം ചെയ്തുകൊടുക്കണം. എത്രയുംവേഗം വേണംതാനും. അല്ലാത്തപക്ഷം നിനക്കു തകരാറു വരും.'

പിതാവിന്റെ ഉപദേശമാണ്. പുത്രന്റെ നന്മയെ ഉദ്ദേശിച്ചുള്ളതുമാണ്. എന്നിരുന്നിട്ടും ദക്ഷന് അതു സ്വീകാര്യമായില്ല. അതു പുറമേ കാണിച്ചില്ലെന്നു മാത്രം. ദക്ഷൻ ദേവിയുടെ അരുളപ്പാട് മറന്നിട്ടില്ല. പിതാവിനെ ധിക്കരിക്കാൻ നിവൃത്തിയുമില്ല. പിന്നെ എന്തുചെയ്യും?

അദ്ദേഹം ശിവനെ വരുത്തി. സതിയെ ശിവനു നല്കി. അതൊട്ടും ഇഷ്ടമല്ലെങ്കിലും.

ദേവന്മാർ അതിയായി സന്തോഷിച്ചു.

ശിവൻ വധുവിനെയുംകൊണ്ട് കൈലാസത്തിലേക്കു പോയി.

ദിവസം കഴിയുന്തോറും ദക്ഷന്റെ അസ്വസ്ഥത വർദ്ധിച്ചതേയുള്ളൂ. ജാമാതാവിനോടു പുച്ഛം മാത്രമല്ല, വിദ്വേഷവുമുണ്ട്. തോലുടുത്തു തെണ്ടുന്ന ജാമാതാവ്! മേലൊക്കെ ചാമ്പൽ പൂശുന്ന ജാമാതാവ്! കാളപ്പുറത്തു സഞ്ചരിക്കുന്ന ജാമാതാവ്! എത്ര ലജ്ജാകരം!

ദക്ഷനു ദുഃഖവുമുണ്ടായി. താനൊരു ഭാഗ്യദോഷിയാണ്. അല്ലെങ്കിൽ ഇങ്ങനെയൊരു ജാമാതാവ് ഉണ്ടാകുമോ?

ദധീചിമഹർഷി ഒന്നു നിശ്വസിച്ചു. ദക്ഷനെ വേണ്ടതുപോലെ ഉപദേശിക്കണം. മഹർഷി അദ്ദേഹത്തെ ചെന്നുകണ്ടു.

'മഹർഷേ, അങ്ങേക്കു നമസ്കാരം.'

'ദക്ഷാ, എനിക്കു ഗൗരവമേറിയ ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്.'

'സംസാരിക്കാമല്ലോ. ഞാൻ കേൾക്കാം.'

'മഹാദേവി അങ്ങയുടെ പുത്രിയായി ജനിച്ചു. അത് അങ്ങയുടെ മഹാഭാഗ്യമാണ്. ശിവൻ അങ്ങയുടെ ജാമാതാവായി. അതും അങ്ങയുടെ മഹാഭാഗ്യമാണ്. അങ്ങ് ഇരുവരെയും ഭക്തിപൂർവം സേവിക്കേണ്ടതാണ്. അതിനുപകരം അങ്ങ് അവരെ അവഹേളിക്കുന്നു, പുച്ഛിക്കുന്നു. അതൊട്ടും നന്നല്ല.'

'മഹർഷേ, അങ്ങയെപ്പോലുള്ളവർ സാധുക്കളെ പറഞ്ഞുതെറ്റിക്കുകയാണ്. ശിവൻ ജഗദീശ്വരനാണ് എന്നു നിങ്ങൾ കൊട്ടിഘോഷിക്കുന്നു. പാർക്കുന്നത് ചുടുകാട്ടിൽ. ദേഹത്തിടുന്നതു ചാമ്പൽ, അരയിൽ തോൽ. തലയിൽ ജട. ഒന്നാംതരം വേഷം! ജീവിക്കുന്നത് ഭിക്ഷയെടുത്തും. ഇനിയൊന്നും തികയേണ്ടതായിട്ടില്ല. കൊള്ളാം!'

'ദക്ഷാ, അങ്ങ് ശിവനെ അധിക്ഷേപിക്കുന്നു. അതിനു കാരണം അങ്ങയുടെ ദുർബുദ്ധിതന്നെ. പക്ഷേ, ഇനിയെങ്കിലും അധിക്ഷേപിക്കരുത്. അധിക്ഷേപിച്ചാൽ അങ്ങു തീർച്ചയായും നശിക്കും!'

'അങ്ങ് എന്റെ മകളെക്കുറിച്ച് ഒന്ന് ആലോചിച്ചു നോക്കണം. എന്തൊരു കഷ്ടപ്പാടാണ് അവൾക്ക്! ഉണ്ണാനില്ല, ഉടുക്കാനില്ല, തേക്കാനില്ല. എന്റെ സംരക്ഷണയിൽ കഴിഞ്ഞിരുന്നപ്പോഴോ? അവൾ കിടന്നുറങ്ങുന്നത് സ്വർണക്കട്ടിലിലായിരുന്നു. ഇപ്പോൾ അവൾ കിടക്കുന്നത് വെറും നിലത്ത്. അതും ചുടലക്കളത്തിൽ!'

'അങ്ങ് വെറുമൊരു പാമരനെപ്പോലെ സംസാരിക്കുന്നു. ഒന്നുകൂടി ഞാൻ പറയട്ടെ. ശിവൻ സാക്ഷാൽ ജഗദീശ്വരനാണ്. ഭാഗ്യത്തെ ദുർഭാഗ്യമെന്ന് അങ്ങ് തെറ്റിദ്ധരിക്കുന്നു.'

'മഹർഷേ, അങ്ങ് എന്തു പറഞ്ഞാലും ശരി, എനിക്കു ബോധ്യമാകുന്നില്ല. ഒരു വിധത്തിലും ശിവന് എന്റെ ജാമാതാവാകാൻ അർഹതയില്ല. അത് അറിഞ്ഞുകൊണ്ടുതന്നെയാണു ഞാൻ ശിവനെ സ്വയംവരത്തിനു ക്ഷണിക്കാഞ്ഞത്. എങ്കിലും ഇങ്ങനെയൊക്കെ വന്നുകൂടി. ശിവന് നല്ല കുലമില്ല, നല്ല ശീലമില്ല. നല്ല സംസർഗമില്ല. ഞാൻ ശിവനെ ദേഷിക്കുകതന്നെ ചെയ്യും. കഴിയുമെങ്കിൽ ശിവൻ എന്നെ തടുത്തുകൊള്ളട്ടെ. അങ്ങ് ഇനി മേൽ ഇക്കാര്യം എന്നോടു പറയണ്ട.'

അങ്ങനെ അവസാനിച്ചു ദക്ഷന്റെയും ദധീചിയുടെയും സംഭാഷണം. മഹർഷി പിന്നെ നിന്നില്ല. അദ്ദേഹം ഇറങ്ങിപ്പോയി. ഒന്നു തീർച്ചയായിരുന്നു—ഇതിന്റെ ദുഷ്ഫലം ദക്ഷൻ അനുഭവിക്കും. അതിനു യാതൊരു സംശയവുമില്ല!

കൈലാസത്തിലെ സ്ഥിതി എന്തായിരുന്നു? ശിവൻ നവവധുവിനെ കൊണ്ടുവന്നിരിക്കുകയാണല്ലോ. ദേവന്മാർ, യക്ഷന്മാർ സിദ്ധന്മാർ, ഗന്ധർവന്മാർ—അങ്ങനെയുള്ള വർഗക്കാരെല്ലാം വന്നുചേർന്നു. എല്ലാവരും ഭക്തികൊണ്ടു പരവശരായി. ശിവനെയും സതിയെയും വീണ്ടും വീണ്ടും വീണു വണങ്ങി. കണ്ണുകൾ തളരുംവരെ ഇരുവരെയും നോക്കിക്കൊണ്ടിരുന്നു. നാവുകൾ തളരുംവരെ ഇരുവരെയും സ്തുതിച്ചുകൊണ്ടിരുന്നു.

എല്ലാവർക്കും സ്വസ്ഥാനങ്ങളിലേക്കു മടങ്ങിപ്പോകാനുള്ള കാലമായി. ഓരോരുത്തരായി ഭഗവാനെ നമസ്കരിച്ചിട്ടു യാത്ര പറഞ്ഞു. ആർക്കും കൈലാസം വിടാൻ ഇഷ്ടമില്ല. പക്ഷേ, പോകാതെ നിവൃത്തിയുണ്ടോ?

ഏറ്റവും കടുത്ത മനോവിഷമം മേനയ്ക്കായിരുന്നു.

ഹിമവാന്റെ പത്നിയാണ് മേന.

സതിയുടെ പരിശുദ്ധിയും സൗന്ദര്യവും — അവ മേനയെ അടിപ്പെടുത്തി. മേനയുടെ ആലോചന ഒരു വഴിക്കു പോയി. മഹാഭാഗ്യവതിയാണ് സതിയുടെ മാതാവ്. ഇങ്ങനെ ഒരു മകളെ കിട്ടിയല്ലോ! തനിക്ക് ആ മഹാഭാഗ്യം കിട്ടിയില്ല. സതി തന്റെ പുത്രിയായിരുന്നുവെങ്കിലോ? തന്റെ ജന്മം സഫലമാകുമായിരുന്നു. ഏതിനും കുറെക്കാലം കൈലാസത്തിൽ കഴിയുക തന്നെ.

സതിയെ കാണുക, പൂജിക്കുക, ഭജിക്കുക, സ്തുതിക്കുക — അതായി മേനയുടെ മുടങ്ങാത്ത ദിനചര്യ. അവൾ അഷ്ടമിവ്രതവും എടുത്തിട്ടുണ്ട്. മേനയുടെ ഭക്തി സതിയെ സന്തുഷ്ടയാക്കി.

ഒരു വർഷംകൊണ്ട് മേനയുടെ വ്രതം സമാപിച്ചു.

സതി പറഞ്ഞു:

'മേനേ, ഞാൻ ഭവതിയിൽ സംപ്രീതയായിരിക്കുന്നു. ഞാൻ ഭവതിയുടെ ആഗ്രഹം സാധിപ്പിക്കും. ഭവതിയുടെ പുത്രിയായി ജന്മമെടുക്കും.'

മേന ആനന്ദത്തിലാറാടി. ആ ഭക്ത സതിയെ ഭക്തിപൂർവം വണങ്ങി. എന്നിട്ട് കൈലാസത്തിൽനിന്നു യാത്രയായി. ഭർത്താവായ ഹിമവാന്റെ അരികിലെത്തി. അവർ അക്ഷമയായി നാളുകൾ കഴിച്ചു—തന്റെ പുത്രിയായി സതി ജനിക്കുന്ന പുണ്യദിനം പ്രതീക്ഷിച്ചുകൊണ്ട്.

ഒരുദിവസം ഏഷണിക്കാരനായ നാരദൻ ദക്ഷനെ ചെന്നുകണ്ടു.

ദക്ഷന് ശിവനോടുള്ള കോപം വർദ്ധിപ്പിക്കണം; അദ്ദേഹത്തെ കുഴപ്പത്തിൽ ചാടിക്കണം; അതു കണ്ടു രസിക്കണം — അതായിരുന്നു നാരദന്റെ ഗൂഢമായ ഉദ്ദേശ്യം.

മഹർഷി പറഞ്ഞു:

'ദക്ഷാ, അങ്ങ് ശിവനെ ആക്ഷേപിക്കയും അവഹേളിക്കയും ചെയ്യുന്നു. അതെല്ലാം ശിവൻ അറിഞ്ഞിട്ടുണ്ട്. ചിലതെല്ലാം ശിവൻ നിശ്ചയിച്ചിരിക്കയാണ്. ആരോടും പറഞ്ഞിട്ടില്ലെന്നു മാത്രം. ഞാൻ മാത്രമേ രഹസ്യം അറിഞ്ഞിട്ടുള്ളൂ. ഭഗവാൻ ഭൂതങ്ങളോടുകൂടി ഇങ്ങോട്ടുവരും. എന്നിട്ട് അങ്ങയെ ഇല്ലായ്മചെയ്യും. ബ്രഹ്മദേവന്റെ പുത്രന്മാരാണല്ലോ ഞാനും അങ്ങും. അക്കാരണത്താൽ നാം സഹോദരന്മാരാണ്. സ്നേഹംകൊണ്ടു ഞാനിത്രയും പറഞ്ഞതാണ്. അങ്ങു നല്ലവണ്ണം ആലോചിക്കണം. എന്നിട്ടുവേണ്ടതുപോലെ പ്രവർത്തിക്കണം.'

അത്രയും പറഞ്ഞ് നാരദൻ യാത്രയായി.

ഉടൻതന്നെ ദക്ഷൻ തന്റെ മന്ത്രിമാരെ വരുത്തി. അവരുമായി ദീർഘനേരം കൂടിയാലോചന നടത്തി. എന്നിട്ട് ഒരു തീരുമാനവും എടുത്തു. ശിവനോടു യുദ്ധം ചെയ്യണമെന്നില്ല. അതേസമയം ശിവനെ ഒരു വിധത്തിൽ തോല്പിക്കുകയും വേണം. ഗംഭീരമായ ഒരു യാഗം നടത്തുകതന്നെ. പ്രധാനപ്പെട്ട എല്ലാവരെയും യാഗത്തിനു ക്ഷണിച്ചുവരുത്തണം. ശിവനെ മാത്രം ക്ഷണിക്കുകയില്ല. പിന്നൊന്നുകൂടി. യാഗരക്ഷയ്ക്കുള്ള ചുമതല മഹാവിഷ്ണുവിനെ ഏല്പിക്കണം. എന്നാൽ, ശിവന് അരുതാത്തതൊന്നും ചെയ്യാൻ സാദ്ധ്യമാവുകയില്ല.

അങ്ങനെ യാഗം ആരംഭിക്കയായി.

തിങ്ങിനിറഞ്ഞ സദസ്സിൽവച്ച് ദക്ഷൻ ശിവനെ ദൂഷിച്ചു സംസാരിച്ചു.

സന്നിഹിതരിൽ മിക്കവരും അതിയായി ദുഃഖം പൂണ്ടു.

സതി ശിവനോട് അനുവാദം ചോദിച്ചു—അച്ഛന്റെ യാഗത്തിനു പോകാനായിട്ട്. ശിവന് വാസ്തവത്തിൽ സമ്മതമായിരുന്നില്ല. എന്നിട്ടും സതി പിതൃഗൃഹത്തിലേക്കു പോയി. ദക്ഷൻ സതിയെ അവമാനിച്ചു. സതി സ്വശരീരം ത്യജിച്ചു.

വിവരമറിഞ്ഞ ശിവൻ രോഷാകുലനായി. ഭഗവാന്റെ രോഷത്തിൽനിന്നും വീരഭദ്രൻ ജാതനായി. വീരഭദ്രൻ ദക്ഷന്റെ യാഗം മുടക്കി. മാത്രമല്ല, ദക്ഷന്റെ ശിരസ്സു പറിച്ചെടുത്തു. ബ്രഹ്മാവ് മുതലായവർ ശിവന്റെ രോഷം ശമിപ്പിച്ചു. ശിവന്റെ നിർദ്ദേശമനുസരിച്ച് ദക്ഷന് ആട്ടിൻതല വച്ചു. അതോടെ മരിച്ച ദക്ഷൻ ജീവിച്ചെണീറ്റു. അദ്ദേഹം ശിവഭക്തനായി മാറി.

ശിവന് രോഷമില്ല, ശരിയാണ്. എങ്കിലും കടുത്ത ദുഃഖമുണ്ട്. പ്രിയപ്പെട്ട സതി ദേഹത്യാഗം ചെയ്തിരിക്കുന്നു. ബ്രഹ്മാവും മഹാവിഷ്ണുവും പ്രയത്നിച്ചു, ശിവന്റെ ദുഃഖം ശമിപ്പിക്കാനായിട്ട്. വാസ്തവത്തിൽ പരാശക്തിയല്ലേ സതീദേവി? പരാശക്തിക്ക് ഉണ്ടോ ജനനവും മരണവും മറ്റും? അതായിരുന്നു അവരുടെ വാദഗതി. പക്ഷേ, അതൊന്നും ശിവന്റെ ദുഃഖത്തിനു ശമനമുണ്ടാക്കിയില്ല.

ബ്രഹ്മാവും മഹാവിഷ്ണുവും ശിവനും ഒന്നിച്ച് പരാശക്തിയെ സ്തുതി ചെയ്തു.

പരാശക്തി അവരുടെ മുമ്പിൽ ആവിർഭവിച്ചു.

ദേവി ശിവനോടു പറഞ്ഞു:

'അങ്ങ് ദുഃഖം മതിയാക്കണം. ഞാൻ ഇനിയും അങ്ങയുടെ കുടുംബിനിയാകും. ഹിമവാന്റെ പത്നിയുണ്ടല്ലോ മേന. ഞാൻ അവൾക്കൊരു വരം കൊടുത്തിട്ടുണ്ട് — അവളുടെ മകളായി ഞാൻ ജനിക്കാമെന്ന്. അപ്പോൾ ഞാൻ അങ്ങയുടെ ഭാര്യാപദം സ്വീകരിക്കും. പിന്നെ ഒരിക്കലും അങ്ങയെ വിട്ടുപിരിയുകയുമില്ല.'

ഒന്നുകൂടി ദേവി അറിയിച്ചു. സതീദേവി ത്യാഗം ചെയ്തു എന്നാണല്ലോ പൊതുവെയുള്ള വിശ്വാസം. ആ വിശ്വാസം ശരിയല്ല. സതി സ്വശരീരത്തിൽനിന്ന് ഛായാസതിയെ സൃഷ്ടിച്ചിട്ടു മറഞ്ഞിരുന്നു. വാസ്തവത്തിൽ ഛായാസതിയാണ് ദേഹം ത്യജിച്ചത്.

തുടർന്ന് ദേവി ശിവന് ഒരു നിർദ്ദേശം നല്കി.

'ഛായാസതിയുടെ ദേഹം നശിച്ചിട്ടില്ല. അതിപ്പോഴും യാഗശാലയിൽ കിടപ്പുണ്ട്. അങ്ങ് ആ ശരീരത്തെ ശിരസ്സിൽ വഹിക്കണം.; അങ്ങനെ ഭൂമിയിൽ ചുറ്റിസ്സഞ്ചരിക്കണം. ആ ശരീരത്തിലെ അംഗങ്ങൾ ഓരോന്നായി ഓരോ സ്ഥലത്ത് അടർന്നുവീഴും. അതാതു സ്ഥലങ്ങൾ എന്റെ പീഠങ്ങളായിത്തീരും. അവിടങ്ങളിൽ എന്റെ സന്നിധാനവും ഉണ്ടാകും.'

അത്രയും അരുളിച്ചെയ്തിട്ട് ദേവി അന്തർദ്ധാനം ചെയ്തു.

ശിവൻ നേരെ ദക്ഷന്റെ യാഗശാലയിൽ ചെന്നെത്തി. അതേ, ദേവി പറഞ്ഞതു ശരിയായിരുന്നു. ഛായാസതിയുടെ ശരീരം അവിടെ കേടുകൂടാതെ കിടപ്പുണ്ട്. ശിവൻ അതെടുത്ത് തന്റെ ശിരസ്സിൽവച്ചു. എന്നിട്ടു നർത്തനം ചെയ്തു. ആനന്ദതാണ്ഡവം ആയിരുന്നു ആ നർത്തനം. ഹൃത ഔക്കോടെ

യായിരുന്നു ശിവന്റെ കാൽവെപ്പുകൾ! അതു കാരണം കുലഗിരികൾപോലും കുലുങ്ങിപ്പോയി.

താണ്ഡവം ചെയ്തുകൊണ്ട് ശിവൻ സഞ്ചാരം ആരംഭിച്ചു.

പക്ഷേ, എത്രകാലമെന്നുവെച്ചു ഭൂമിക്ക് പാദപാതം സഹിക്കാൻ കഴിയും? ഇനിയും തുടർന്നുപോയാൽ ഭൂമി നശിക്കും. മാത്രമല്ല, സകല ചരാചരങ്ങളും. ദേവന്മാരും മഹർഷിമാരും മറ്റും ചകിതരായി. വല്ലവിധവും ശിവന്റെ താണ്ഡവം അവസാനിപ്പിക്കണം. അതിന് എന്താണൊരു വഴി?

വഴി കണ്ടെത്തിയത് മഹാവിഷ്ണുവാണ്. സതിയുടെ ശരീരത്തിലെ അംഗങ്ങൾ ഓരോ ദിക്കിൽ വീഴും. അക്കാര്യം ദേവി പറഞ്ഞിരുന്നല്ലോ. സ്വയമേവ വീഴാൻ കാലതാമസം നേരിടും. അതൊഴിവാക്കാൻ മഹാവിഷ്ണു എന്താണു ചെയ്തത്? ശിവൻ അറിയാതെ ഒരു കാര്യം പറ്റിച്ചു. സതിയുടെ ശരീരം ഭാഗങ്ങളായി ഖണ്ഡിച്ചു വീഴ്ത്തി. താണ്ഡവത്തിൽ മതിമറന്നിരിക്കയല്ലേ ശിവൻ? അക്കാരണത്താൽ മഹാവിഷ്ണു ചെയ്തത് അറിഞ്ഞതേയില്ല. അറിഞ്ഞാൽ ശിവന് ദേഷ്യംവരും. ദേഷ്യംവന്നാൽ വലിയ കുഴപ്പമാകും. അത് മഹാവിഷ്ണു മനസ്സിലാക്കിയിരുന്നു.

ശരീരഖണ്ഡങ്ങൾ വീണത് എവിടെയാണ്? ഭൂമിയിൽ പലയിടങ്ങളിലും. അവയെല്ലാം ദേവിയുടെ പീഠങ്ങളായി. പീഠങ്ങളിൽ ദേവിയുടെ സാന്നിദ്ധ്യമുണ്ടായി. ദേവി പറഞ്ഞിരുന്നതുപോലെ.

മഹാവിഷ്ണു നാരദനെ വിളിച്ചു.

'കാര്യങ്ങൾ പറഞ്ഞു ഫലിപ്പിക്കാൻ ഏറ്റവും വലിയ വിരുതൻ നീയാണ്. നീ നയോപായങ്ങൾ പ്രയോഗിച്ച് ശിവനെ സമാധാനപ്പെടുത്തണം.' ഭഗവാൻ നിർദ്ദേശിച്ചു.

നാരദൻ ശിവന്റെ അരികിലെത്തി. നയോക്തികൾ മുഖേന ശിവന്റെ മനസ്സു സ്വസ്ഥമാക്കി—അതിനായി വളരെയധികം പരിശ്രമിക്കേണ്ടിവന്നുവെങ്കിലും.

അപ്പോഴാണ് ശിവന് ഒന്ന് അറിവായത്. സതിയുടെ ശരീരം തന്റെ ശിരസ്സിൽ കാണാനില്ല. അത് എവിടെപ്പോയി? ഭഗവാൻ നാരദനോടു ചോദിച്ചു.

നാരദൻ നടന്ന കാര്യം അറിയിച്ചു. അതോ ഏറ്റവും നയത്തോടുകൂടിയും.

ശിവനു മനോവിഷമം ഉണ്ടായി.

ഭഗവാൻ പറഞ്ഞു:

'നാരദാ, ഒരുതരം മോഷണമാണ് മഹാവിഷ്ണു ചെയ്തിരിക്കുന്നത്. അതിനൊരു ശിക്ഷ കൊടുത്തേ കഴിയൂ. ഞാനിതാ ശാപമേകുന്നു. ത്രേതായുഗത്തിൽ മഹാവിഷ്ണു മനുഷ്യനായി അവതരിക്കട്ടെ! അദ്ദേഹത്തിന്റെ പത്നിയെ ഒരു രാക്ഷസൻ പിടിച്ചുകൊണ്ടു പോകട്ടെ! മനുഷ്യനായ മഹാവിഷ്ണു ഭാര്യയെച്ചൊല്ലി ദുഃഖിക്കട്ടെ! ഞാൻ ഇപ്പോൾ ദുഃഖിക്കുന്നതുപോലെ'

ദേവിയുടെ പീഠങ്ങൾ ഉണ്ടായല്ലോ പലതും. അവയിൽ ഏറ്റവും പാവനമായ ഒന്നുണ്ട്, കാമരൂപ പീഠം. ശിവൻ കാമരൂപപീഠത്തിൽ സ്ഥിതിചെയ്തു. ദേവിയെ തപസ്സുചെയ്യാനും ആരംഭിച്ചു.

ദേവി പ്രത്യക്ഷയായി പറഞ്ഞു:

'അങ്ങ് എന്റെ ശരീരം ശിരസ്സിൽ വഹിച്ചു നടന്നുവല്ലോ. അതിനാൽ ഞാൻ അങ്ങേക്കായി ഒന്നു ചെയ്യുന്നുണ്ട്. ഞാൻ അംശത്താൽ ഹിമവാന്റെ ഒരു പുത്രിയായി ജനിക്കും. ഗംഗ എന്നായിരിക്കും ആ പുത്രിയുടെ പേര്. ഞാൻ അങ്ങയുടെ ശിരസ്സിൽ ഗംഗയായി വസിക്കും. പിന്നീട് ഞാൻ ഹിമവാന്റെ രണ്ടാം പുത്രിയായി പിറക്കും. പേര് പാർവതി എന്നായിരിക്കും. പാർവതി അങ്ങയുടെ പത്നിയുമാകും.'

നാളുകൾ പലതും കഴിഞ്ഞു. മേനയ്ക്ക് ഒരു പെൺകുട്ടി ഉണ്ടായി. കുട്ടിയുടെ അഴക് ഒന്നു പ്രത്യേകംതന്നെ. നിറമാണെങ്കിലോ, മനം കവരുന്ന വെളുപ്പും.

മേനയുടെ സന്തോഷത്തിന് അതിരില്ല. മാത്രമല്ല, ഹിമവാന്റെ സന്തോഷത്തിനും.

ദമ്പതികൾ മകളെ ലാളിച്ചുവളർത്തി.

ഹിമവാൻ മകളുടെ രഹസ്യം അറിഞ്ഞിരുന്നില്ല.

ഒരു നാൾ ആ പർവതശ്രേഷ്ഠൻ കൊച്ചുമകളെ ലാളിക്കയായിരുന്നു. എന്തുരസമാണ് അവളുടെ കളികൾ കാണാൻ! അപ്പോൾ നാരദൻ വന്നുകയറി.

ഹിമവാൻ നാരദനെ പൂജിച്ചിരുത്തി.

അദ്ദേഹം പറഞ്ഞു:

'മഹർഷേ, അങ്ങയുടെ സന്ദർശനം കാരണം ഞാൻ ധന്യനായി. എന്താണ് അതിനു ഹേതു? അറിയിക്കാൻ ദയവുണ്ടാകണം.'

നാരദൻ പറഞ്ഞു:

'ഞാൻ അങ്ങയുടെ മകളെ കാണാൻ വന്നതാണ്.'

മഹർഷി കുഞ്ഞിനെ കൈയിലെടുത്തു. ആ കോമളമുഖത്തു കണ്ണെടുക്കാതെ നോക്കിനിന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ ആനന്ദക്കണ്ണീർ നിറഞ്ഞു. ശരീരത്തിൽനിറയെ രോമാഞ്ചമുണ്ടായി.

'ഹിമവാൻ, അങ്ങേക്ക് അറിയാമോ ഈ കുഞ്ഞ് ആരെന്ന്?' മഹർഷി ആരാഞ്ഞു.

'എന്റെ ഓമന മകൾ.' ഹിമവാൻ മറുപടി നല്കി.

'അല്ല, അത്രയല്ല. അങ്ങേക്ക് അറിയാമല്ലോ ദക്ഷപുത്രി സതിയുടെ കഥ. സതി ദേവിയാണെന്നും അറിയാം. ദേവി അംശംകൊണ്ട് അവതരിച്ചതാണ് ഈ കുഞ്ഞ്. അങ്ങ് ഇവൾക്ക് ഗംഗ എന്നു പേരിടണം. ശിവനായിരിക്കും ഇവളുടെ ഭർത്താവ്. ബ്രഹ്മാവും ദേവേന്ദ്രനും മറ്റു അങ്ങയെ കാണാൻ വരും. ബ്രഹ്മാവ് അപേക്ഷിക്കും — ഈ കുഞ്ഞിനെ ഒന്നു കൊടുക്കണമെന്ന്. അങ്ങ് ആ അപേക്ഷ നിരസിക്കരുത്. ദുഃഖിക്കാനും പാടില്ല. ഒട്ടും സംശയിക്കാതെ കുഞ്ഞിനെ കൊടുക്കണം. ബ്രഹ്മാവ് കുഞ്ഞിനെ സ്വർഗത്തേക്കു കൊണ്ടുപോകും. യഥാകാലം അവളെ ശിവന് കല്യാണം കഴിച്ചുകൊടുക്കുകയും ചെയ്യും.' നാരദൻ പറഞ്ഞു.

ഹിമവാൻ ആദ്യം അത്ഭുതപ്പെട്ടു. പിന്നെ സന്തോഷിച്ചു. എല്ലാം ഈശ്വരേച്ഛപോലെ നടക്കും— അതായിരുന്നു സമാധാനം.

നാരദൻ ഹിമവാനോട് യാത്ര പറഞ്ഞിറങ്ങി. സത്യലോകത്തുചെന്ന് ബ്രഹ്മാവിനെ വന്ദിച്ചു. എന്നിട്ട് ഗംഗയുടെ ജനനം അറിയിച്ചു. അതോടൊന്നിച്ചു മറ്റു വിവരങ്ങളും.

ബ്രഹ്മാവിന് ഒരു ആഗ്രഹമുണ്ട്. ശിവനെ പ്രീതിപ്പെടുത്തണം. തന്നോട് ശിവന് അപ്രീതിയുണ്ട്. മുമ്പ് മഹാവിഷ്ണു സതിയുടെ ശരീരത്തെ ഖണ്ഡിച്ചില്ലേ? അതിന് ബ്രഹ്മാവും കൂട്ടുനിന്നു—അതാണ് ശിവന്റെ ധാരണ. ശിവന്റെ അപ്രീതി വല്ലവിധവും ഇല്ലാതാക്കിയേ കഴിയൂ. അതിന് എന്താണൊരു വഴി?

നാരദൻ വഴി പറഞ്ഞു:

അവിടുന്ന് ഉടനെ ഹിമവാനെ ചെന്നു കാണണം. അദ്ദേഹത്തോട് ഒന്ന് ആവശ്യപ്പെടണം—ഗംഗയെ അവിടുത്തേക്ക് തരണമെന്ന്. ഹിമവാൻ തരുമെന്ന് എനിക്കുറപ്പുണ്ട്. അവിടുന്ന് അവളെ സ്വർഗലോകത്തു കൊണ്ടുപോകണം. കാലമാവുമ്പോൾ അവളെ ശിവനു വിവാഹംകഴിച്ചുകൊടുക്കണം. അപ്പോൾ ശിവൻ അവിടുത്തോടു പ്രസാദിക്കും.'

ബ്രഹ്മാവിനു സമ്മതമായി. ഭഗവാൻ ദേവേന്ദ്രനെ കൂട്ടി— വരുണൻ, അഗ്നി, സൂര്യൻ മുതലായ ദേവന്മാരേയും. എന്നിട്ട് ഹിമവാനെ ചെന്നു കണ്ടു.

അതിനുമുമ്പു മറ്റൊന്നു നടന്നിരുന്നു.

ഹിമവാൻ ഗംഗാദേവിയെ സ്വപ്നം കണ്ടു. താൻ വാസ്തവത്തിൽ ആരാണ്? അക്കാര്യം ഗംഗാദേവി അറിയിച്ചു. അതേസമയം ഒരു നിർദേശവും നല്കി. ബ്രഹ്മാവും മറ്റും വന്നുചേരും. അവർ ഒരു അപേക്ഷ ചെയ്യും. ആ അപേക്ഷ സ്വീകരിക്കുകതന്നെ വേണം. അത്രയുമായിരുന്നു ഹിമവാൻ കണ്ട സ്വപ്നം.

ബ്രഹ്മാവും മറ്റുള്ളവരും വരികതന്നെ ചെയ്തു.

ഭഗവാൻ വന്നകാര്യം അറിയിച്ചു. അപേക്ഷയും സമർപ്പിച്ചു — കുഞ്ഞിനെ കൊടുക്കണമെന്ന്.

എത്ര ശരിയായി നാരദൻ പറഞ്ഞിരുന്നത്! മാത്രമല്ല, സ്വപ്നത്തിൽ കണ്ടതും!

'ഹിമവാൻ, യാതൊന്നുകൊണ്ടും വ്യസനം വേണ്ട. ദേവിയുടെ അംശമാണല്ലോ ഈ ഗംഗ. പോരെങ്കിൽ ദേവി അങ്ങയുടെ മകളായി ഇനിയും ജനിക്കും. അങ്ങേക്കു സർവമംഗളങ്ങളും ഉണ്ടാകട്ടെ!' ബ്രഹ്മാവ് ആശീർവദിച്ചു.

പരമാർത്ഥങ്ങൾ ഹിമവാന് അറിവുള്ളതാണ്. ദുഃഖിക്കുന്നതു ശരിയല്ല എന്നു മനസ്സിലാക്കിയിട്ടുമുണ്ട്. എങ്കിലും പുത്രിയെ പിരിഞ്ഞിരിക്കുക—അത് അത്യന്തം വേദന ഉളവാക്കുന്നു. ആ വേദന പെട്ടെന്നു കണ്ണുനീരിനെ ജനിപ്പിച്ചു. അദ്ദേഹം മകളെ പിടിച്ചു മടിയിലിരുത്തി. എന്നിട്ടു പലവുരു ചുംബിച്ചു. വികാരംകൊണ്ട് അദ്ദേഹം പരവശനായി. കണ്ടുനിന്നവർക്കുപോലും വിഷമം തോന്നി.

ദേവി കുഞ്ഞിന്റെ രൂപം ധരിച്ചിരിക്കുന്നു, ശരിയാണ്. എങ്കിലും അതേ സമയം ദേവിതന്നെയാണല്ലോ. ഹിമവാൻ വല്ലാതെ ദുഃഖിക്കുകയാണ്. ആ ദുഃഖം അകറ്റുകതന്നെ വേണം. അതിനായി ദേവി സംസാരിച്ചു:

'അച്ഛാ, ഞാൻ ബ്രഹ്മാവിനോടുകൂടി പോകുന്നു, ശരിയാണ്. എങ്കിലും ഞാൻ ഒരിക്കലും അച്ഛനെ പിരിഞ്ഞിരിക്കയില്ല. സത്യലോകത്തായാലും ശരി, സ്വർഗലോകത്തായാലും ശരി, കൈലാസത്തിലായാലും ശരി, ഞാൻ സദാ അച്ഛനോടു കൂടി ഉണ്ടാവും. അച്ഛൻ ദുഃഖിച്ചിട്ട് ആവശ്യമില്ല.'

തുടർന്ന് ഗംഗ ഹിമവാനെ വന്ദിച്ചു. എന്നിട്ടു ബ്രഹ്മാവിന്റെ അരികത്തു ചെന്നുനിന്നു. കൂടെപ്പോകാൻ തയ്യാറായി എന്നു സ്പഷ്ടം.

ബ്രഹ്മാവ് ഗംഗയെ എടുത്തുവെച്ചു. എവിടെയെന്നോ? തന്റെ കമണ്ഡലുവിൽ. അദ്ദേഹം കമണ്ഡലു കൈയിൽ പിടിച്ചു. അങ്ങനെ യാത്രയായി. ഒന്നിച്ചു മറ്റുള്ളവരും.

തത്സമയം മേന അവിടെ ഉണ്ടായിരുന്നില്ല.

തെല്ലു കഴിഞ്ഞ് മേന ഭർത്താവിന്റെ സമീപത്തു ചെന്നു. എന്താണിത്? ഗംഗയെ കാണാനില്ല! അവൾ എവിടെപ്പോയി? മേന വല്ലാതെ പരിഭ്രമിച്ചു.

അവർ ഭർത്താവിനെ നേരിട്ടു:

'അങ്ങ് ഗംഗയെ മടിയിൽവെച്ചു ലാളിക്കുകയായിരുന്നല്ലോ. അതു കണ്ടിട്ടാണു ഞാൻ ഇവിടുന്നു പോയത്. അവൾ എവിടെ? എന്തുണ്ടായി?'

അപ്പോഴും ഹിമവാൻ കണ്ണുനീർ വാർക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഗദ്ഗദത്തോടെ നടന്നതെല്ലാം അറിയിച്ചു. അപ്പോഴാണ് മേനയ്ക്കു കാര്യം മനസ്സിലായത്. ഓമനമകളെ കൊണ്ടുപോയത് ബ്രഹ്മാവാണ്. ആ നിലയ്ക്കു പരിഭ്രമിക്കേണ്ടതില്ല. എങ്കിലും മകളുടെ വേർപാട് എങ്ങനെ സഹിക്കും? മേന പൊട്ടിക്കരഞ്ഞു. ഹിമവാൻ പത്നിയെ സമാധാനപ്പെടുത്താൻ ശ്രമിച്ചു. ആ ശ്രമം പരാജയപ്പെട്ടതേയുള്ളു.

കുറെനേരം അങ്ങനെ കഴിഞ്ഞു. ക്രമേണ മേനയുടെ കരച്ചിൽ തീരുകയായി. അപ്പോഴേക്കും ഒരു ആലോചനയുണ്ടായി. ആ ആലോചന കോപത്തെ ഉളവാക്കി. ആരോടുള്ള കോപമെന്നോ? ഗംഗയോടുള്ള കോപം തന്നെ. ദേവിയാണ് ഗംഗ എന്നതു ശരി. എങ്കിലും അവൾ പൊയ്ക്കളഞ്ഞല്ലോ. അതും തന്നോട് ഒരു വാക്കു പറയാതെ! പെറ്റമ്മയല്ലേ താൻ? ഒന്നു പറഞ്ഞിട്ടു പൊയ്ക്കൂടായിരുന്നോ?

മേന കോപിച്ച് ശാപമേകി:

'ഗംഗേ, നീ സ്വർഗത്തു പൊയ്ക്കൊള്ളൂ. പക്ഷേ, നീ ജലരൂപം ധരിക്കും. അങ്ങനെ സ്വർഗത്തുനിന്നു ഭൂമിയിൽ വീഴും!'

ശപിച്ചെന്നുവെച്ച് ദുഃഖം തീർന്നോ? ഇല്ല. മേന വിഷാദം നിറഞ്ഞ നാളുകൾ തള്ളിനീക്കി. പത്നിയോടൊന്നിച്ച് ഹിമവാനും.

സ്വർഗലോകത്തിൽ, ബ്രഹ്മാവിന്റെ സംരക്ഷണയിൽ, ഗംഗ വളർന്നു വന്നു.

ഒരുദിവസം ബ്രഹ്മാവ് നാരദനെ വരുത്തി.

അദ്ദേഹം പറഞ്ഞു:

'നാരദാ, ഗംഗയ്ക്കു വിവാഹപ്രായം ആയിരിക്കുന്നു. അവളെ ശിവനു വിവാഹം കഴിച്ചുകൊടുക്കണം. അതിന് വലിയ താമസംപാടില്ല. ശിവൻ ഇപ്പോൾ കാമരൂപ പീഠത്തിലാണ്. ഭഗവാൻ അവിടെ തപസ്സുചെയ്യുന്നു. നീ ചെന്ന് ഭഗവാനെ കാണണം. കാര്യം പറഞ്ഞു മനസ്സിലാക്കണം. ഇങ്ങോട്ടു കൂട്ടിക്കൊണ്ടുപോരികയും വേണം.'

കാലം കളയാതെ നാരദൻ കാമരൂപപീഠത്തിൽ എത്തിച്ചേർന്നു. ശിവൻ തപസ്സുചെയ്യുന്നതു കാണുകയും ചെയ്തു. നാരദന് ഭയം തോന്നാതിരുന്നില്ല. താൻ തപസ്സിനു ഭംഗംവരുത്തി എന്നിരിക്കട്ടെ. ഭഗവാൻ കോപിച്ചാലോ? വലിയ തകരാറാവും. ആലോചിച്ചപ്പോൾ ഒന്നു തോന്നി. സതിയെക്കുറിച്ച് [illegible] പറയാം. ഭഗവാൻ കേട്ടാൽ തീർച്ചയായും സന്തോഷിക്കും.

'ഭഗവാനേ, നാരദനായ ഞാനിതാ അവിടുത്തെ നമസ്കരിക്കുന്നു. സതീ ദേവി വീണ്ടും ജന്മമെടുത്തിരിക്കയാണ്. അവിടുത്തെ പത്നിയാവണം എന്നതാണ് ഉദ്ദേശ്യം. അവിടുന്ന് ഉടനെ പുറപ്പെടണം.' നാരദൻ പറഞ്ഞു.

ആ വാക്കുകൾ ശിവന്റെ കർണങ്ങളിൽ പ്രവേശിച്ചു. അതോടെ ഭഗവാന്റെ സമാധി തീരുകയായി. അടഞ്ഞിരുന്ന നേത്രങ്ങൾ തനിയെ തുറന്നു. ആരാണു മുമ്പിൽ നില്ക്കുന്നത്? നാരദൻ. സംസാരിച്ചതും നാരദൻതന്നെ.

'നാരദാ, സതി എവിടെയാണ്?' ശിവൻ അന്വേഷിച്ചു.

മഹർഷി പറഞ്ഞു:

'ഭഗവാനേ, സതി അംശംകൊണ്ട് അവതരിച്ചിരിക്കുന്നു. അതായത് ഹിമവാന്റെ പുത്രി ഗംഗയായിട്ട്. ബ്രഹ്മദേവൻ ഗംഗയെ സ്വർഗത്തു പാർപ്പിച്ചിരിക്കുകയാണ്. അവിടുത്തേക്ക് ഗംഗയെ കല്യാണംകഴിച്ചുതരണം—അതാണ് ബ്രഹ്മദേവന്റെ ഉദ്ദേശ്യം. അവിടുന്ന് ഉടനെ സ്വർഗത്തു ചെല്ലണം, ഗംഗയെ സ്വീകരിക്കണം. അതു പറയാൻ വന്നതാണു ഞാൻ. അതോ. എന്റെ പിതാവായ ബ്രഹ്മദേവന്റെ നിർദേശപ്രകാരവും.'

ശിവൻ തപസ്സു മതിയാക്കി. ഉടൻതന്നെ പുറപ്പെടുകയും ചെയ്തു. ഒന്നിച്ച് നാരദമഹർഷിയെയും കൊണ്ടുപോയി. കാലതാമസം കൂടാതെ സ്വർഗത്ത് എത്തിച്ചേർന്നു. ശിവനുവേണ്ടി കാത്തിരിക്കയാണ് ബ്രഹ്മാവ്. ഏറ്റവും ഭക്തിയോടെ ബ്രഹ്മാവ് ശിവനെ വന്ദിച്ചു ശിവൻ അതീവ സന്തുഷ്ടനായി.

അങ്ങനെ ആ വിവാഹവും നടന്നു—ശിവനും ഗംഗയും തമ്മിലുള്ള വിവാഹം.

ഏറ്റവും ഗംഭീരമായിരുന്നു വിവാഹകർമം.

നവദമ്പതികൾ സ്വർഗത്തുനിന്ന് കൈലാസത്തിലേക്കു പുറപ്പെടാൻ ഒരുക്കമായി.

അപ്പോൾ ബ്രഹ്മാവിന് വല്ലായ്മയുണ്ടായി. വല്ലായ്മയ്ക്കു കാരണം ഉണ്ടായിരുന്നു. അദ്ദേഹം ശിവനെ കാരണം അറിയിച്ചു:

'ഭഗവാനേ, അവിടുന്നും ഗംഗയും കൈലാസത്തേക്കു പോകുന്നത് യുക്തം തന്നെ. എങ്കിലും എന്നെ സംബന്ധിച്ച് അത് അല്പം വിഷമമായിരിക്കുന്നു. ഞാൻ ഗംഗയെ എന്റെ പുത്രിയെപ്പോലെ വളർത്തി. എനിക്ക് അവളോടു നിസ്സീമമായ സ്നേഹവും വാത്സല്യവുമുണ്ട്. അവളെ വിട്ടുപിരിയുന്നതിൽ എനിക്ക് അതിയായ സങ്കടം തോന്നുന്നു. ആ സങ്കടം അല്പം ലഘൂകരിക്കാൻ ഒരു വഴിയുണ്ട്. അവിടുന്നും ഗംഗയും കുറച്ചുനാൾ ഇവിടെ താമസിക്കണം. പിന്നീട് കൈലാസത്തിലേക്കു പോകുകയും ചെയ്യാം. എന്റെ അപേക്ഷ സ്വീകരിക്കാൻ ദയവുണ്ടാകണം.'

ശിവൻ ആ അപേക്ഷ സ്വീകരിക്കുകതന്നെ ചെയ്തു.

നവദമ്പതികൾ സ്വർഗത്തെ വാസം തുടർന്നു.

അവർ വീണ്ടും പുറപ്പെടാൻ തയ്യാറായി. അപ്പോഴും ബ്രഹ്മാവിനു സങ്കടമായി. ഗംഗ അദ്ദേഹത്തെ സമാധാനപ്പെടുത്തി:

'ബ്രഹ്മദേവാ, അവിടുന്ന് എന്നെച്ചൊല്ലി വ്യസനിക്കരുത്. അവിടുന്ന് ആദ്യം എന്നെ കമണ്ഡലുവിൽ ആക്കുകയുണ്ടായല്ലോ. ഞാൻ കമണ്ഡലുവിലും ഉണ്ടാവും — എവിടെയായാലും ശരി, എപ്പോഴായാലും ശരി!'

ഗംഗയുടെ വാഗ്ദാനം ബ്രഹ്മാവിനെ സന്തോഷപ്പെടുത്തി, സമാധാനപ്പെടുത്തി.

അങ്ങനെ ശിവനും ഗംഗയും സ്വർഗലോകം വിട്ടു. എങ്കിലെന്ത്? ഗംഗ തന്റെ വാഗ്ദാനം പാലിച്ചു. ബ്രഹ്മാവ് എപ്പോൾ കമണ്ഡലുവിൽ നോക്കിയാലും ശരി, ഗംഗ അവിടെത്തന്നെ ഉണ്ടാവും. പേരെ?

പിന്നീട് സതി പാർവതിയായും ജന്മമെടുത്തു—ഹിമവാന്റെയും മേനയുടെയും രണ്ടാം പുത്രി!

പാർവതി ശിവന്റെ പത്നിയായി!

ഗംഗ ബ്രഹ്മാവിന്റെ കമണ്ഡലുവിൽ കുടികൊള്ളുകയാണല്ലോ. കുറെക്കാലം കഴിഞ്ഞ് ദേവി അവിടുന്ന് താമസം മാറ്റി. എവിടുത്തേക്കെന്നോ? മഹാവിഷ്ണുവിന്റെ പാദത്തിലേക്ക്.

ചില സംഭവങ്ങൾ അതിനു വഴിതെളിച്ചു.

മഹാവിഷ്ണു വാമനനായി അവതരിച്ചു. വാമനൻ മഹാബലിയിൽനിന്ന് ലോകങ്ങൾ കൈക്കൊണ്ടു. അപ്പോൾ വാമനൻ വളർന്നു. അതു സാധാരണ വളർച്ചയൊന്നുമായിരുന്നില്ല. ഉയർത്തിയ ഒരു പാദം എവിടെയെത്തിയെന്നോ? സത്യലോകംവരെ. ബ്രഹ്മാവിന്റെ ആസ്ഥാനമാണ് സത്യലോകം. വിഷ്ണുപാദം കണ്ട ബ്രഹ്മാവിന് ഒന്നു തോന്നി. ഭഗവാന്റെ തൃപ്പാദം കഴുകണം. അതിനായി ഏതു ജലമാണ് ഉപയോഗിച്ചതെന്നോ? തന്റെ കമണ്ഡലുവിൽ വാസംചെയ്യുന്ന ഗംഗയുടെ പുണ്യജലം!

അതോടുകൂടി എന്തുണ്ടായി? ഗംഗയുടെ വാസം മഹാവിഷ്ണുവിന്റെ പാദത്തിലായി. പിന്നീട് കമണ്ഡലുവിലേക്കു മടങ്ങിയുമില്ല.

വളരെക്കാലംകഴിഞ്ഞു. ബ്രഹ്മാവിന് ഒരു ആലോചനയുണ്ടായി. ഗംഗയെക്കൊണ്ട് ഭൂലോകത്തിന് ഉപകാരം ഉണ്ടായിട്ടില്ല. ഇനിയും ആ സ്ഥിതി തുടരുന്നതു ശരിയല്ല. ഗംഗ ഒരു നദിയായി ഭൂലോകത്ത് ഒഴുകിയാലോ? മനുഷ്യർക്കു പരിശുദ്ധിയുണ്ടാവാൻ സന്ദർഭം ലഭിക്കും.

ബ്രഹ്മാവ് വൈകുണ്ഠത്തു ചെന്നു. ഗംഗയെക്കണ്ട് വന്ന കാര്യം പറഞ്ഞു. ഗംഗയ്ക്ക് സന്തോഷമായി.

ദേവി പറഞ്ഞു:

'ബ്രഹ്മദേവാ, ഭഗീരഥൻ എന്നൊരു രാജാവ് ഭൂമിയിൽ ജനിക്കും. ഭഗീരഥന് എന്റെ ആവശ്യം വന്നുചേരും. അപ്പോൾ ഞാൻ ഭൂമിയിലേക്കു പൊയ്ക്കൊള്ളാം.'.

പില്ക്കാലത്ത് അപ്രകാരം സംഭവിക്കുകയും ചെയ്തു.

(ദേവീപുരാണം)

ദക്ഷയാഗം

മരീചി മുതലായ മഹർഷിമാർ മഹായാഗം നടത്തുന്നു. ദേവന്മാർ, മഹർഷിമാർ, സന്ദർശകർ—തിങ്ങിനിറഞ്ഞിരിക്കുന്നു. ഏറ്റവും ഗംഭീരമായ ഒരു സദസ്സായിരുന്നു അത്.

ഏറ്റവും ശക്തിയും മാഹാത്മ്യവുമുള്ള ഒരാളുണ്ട് — ദക്ഷൻ. സകലരും ദക്ഷനെ ബഹുമാനിക്കും. മിക്കവർക്കും അദ്ദേഹത്തെ ഭയവുമാണ്. അപ്രകാരമുള്ള ദക്ഷൻ യാഗശാലയിൽ കയറിച്ചെന്നു. സദസ്യർ ദക്ഷനെ കണ്ടപ്പോൾ ബഹുമാനാർത്ഥം എഴുന്നേറ്റുനിന്നു—തന്നേ രണ്ടുപേർ ഒഴിച്ച്.

രണ്ടുപേരിൽ ഒന്നാണ് ബ്രഹ്മാവ്. ദക്ഷൻ ബ്രഹ്മാവിന്റെ പുത്രനാണ്. പിതാവ് പുത്രൻ വരുമ്പോൾ എഴുന്നേൽക്കാറില്ല. അക്കാരണത്താൽ ബ്രഹ്മാവ് ഇരുന്നതേയുള്ളു.

എഴുന്നേല്ക്കാത്ത അപരൻ ശിവനായിരുന്നു.

ദക്ഷന് പതിനാറു പുത്രിമാരുണ്ട്. ഏറ്റവും ഇളയപുത്രിയാണ് സതി. ശിവൻ സതിയുടെ ഭർത്താവുമാണ്.

തന്നെക്കണ്ടാൽ ജാമാതാവ് എഴുന്നേല്ക്കേണ്ടതാണ്. അതാണു മര്യാദ. ശിവൻ മര്യാദ ലംഘിച്ചിരിക്കുന്നു. അതായിരുന്നു ദക്ഷന്റെ തോന്നൽ. തന്നെ മനഃപൂർവ്വം ശിവൻ അവമാനിക്കയാണ്, അല്ലേ? അഭിമാനിയായ ദക്ഷന് അതു സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ കോപം പൊട്ടിപ്പുറപ്പെട്ടു. അതും സാരമില്ല എന്നു വയ്ക്കാം. ശിവനെ അധിക്ഷേപിക്കാനും മുതിർന്നു. അതോ, സദസ്സിലെ സകലരും കേൾക്കുമാറുച്ചത്തിലും:

'നോക്കണേ ഈ ശിവന്റെ ധിക്കാരം! അവൻ എന്റെ മകളുടെ ഭർത്താവാണത്രെ. എന്നിട്ട് എന്നെ ബഹുമാനിക്കാനുള്ള മര്യാദപോലുമില്ല. ഞാൻ എന്റെ മകളെ ഇവന് എന്തിനു നല്കി? എനിക്ക് ഇഷ്ടമുണ്ടായിട്ടല്ല. എന്റെ പിതാവ് ബ്രഹ്മദേവൻ ആവശ്യപ്പെട്ടതുകൊണ്ടുമാത്രം! ഇവൻ എന്തുമാതിരിയുള്ളവനാണ് എന്നു നിങ്ങൾക്ക് അറിയാം. ഭൂതങ്ങളും പ്രേതങ്ങളുമാണ് ഇവന്റെ അകമ്പടിക്കാർ. ഇവന്റെ കഴുത്തിലെ മാല അസ്ഥികൾ കോർത്തതാണ്. ഇവൻ ദേഹത്തു പുശുന്നതു ചുടലക്കളത്തിലെ ഭസ്മമാണ്. ശിവൻ എന്നാൽ മംഗളമുള്ളവൻ എന്നാണർത്ഥം. വാസ്തവത്തിൽ ഇവൻ അശിവനാണ്; അശ്രീകരം പിടിച്ചവൻ!'

കോപമാണ് ഈ അധിക്ഷേപത്തിനു കാരണം. എങ്കിലും ദക്ഷനെപ്പോലെ ഒരാൾ ഇപ്രകാരം പറയേണ്ടതായിരുന്നില്ല. പറഞ്ഞുതീർന്നിട്ടുമുണ്ടോ കോപം അടങ്ങുന്നു? ശിവനെ ശിക്ഷിക്കണം എന്നായി ദക്ഷന്റെ നിശ്ചയം.

'ശിവനു യാഗങ്ങളിൽ ഭാഗം ഇല്ലാതിരിക്കട്ടെ!' അദ്ദേഹം ശാപമേകി.

സദസ്യരാകെ പരിഭ്രമിച്ചുവശായി. ശിവനു ദേഷ്യം വന്നാൽ എന്തായിരിക്കും സ്ഥിതി? ഊഹിക്കാൻ ഒരു പ്രയാസവുമില്ല. ചിലർ അതിവേഗം സ്ഥലം വിട്ടു. മിക്കവരും യാഗശാലയിൽതന്നെയിരുന്നു. ദക്ഷന്റെ പെരുമാറ്റം അവർക്ക് ഇഷ്ടമായില്ല. ഏറ്റവും ഇഷ്ടമാവാത്തത് നന്ദികേശ്വരനാണ്. ശിവന്റെ അനുചരന്മാരിൽ മുഖ്യനാണ് നന്ദികേശ്വരൻ. ശാപശക്തി വേണ്ടുവോളം ഉണ്ടുതാനും.

'ഹേ ദക്ഷാ, അങ്ങയ്ക്കു പരമാർത്ഥജ്ഞാനം ഉണ്ടാവാതിരിക്കട്ടെ! പോരെങ്കിൽ അങ്ങ് ആട്ടിൻതലയനും ആയിത്തീരട്ടെ!' നന്ദികേശ്വരൻ ശാപം നല്കി.

ഇനി അവിടെ ഇരിക്കുന്നതു നന്നല്ല — അതായി ശിവന്റെ തോന്നൽ. ഭഗവാൻ എഴുന്നേറ്റു നടന്നു യാഗശാലയ്ക്കു പുറത്തുപോയി. നേരെ കൈലാസത്തിൽ എത്തുകയും ചെയ്തു.

വളരെക്കാലം കഴിഞ്ഞു. ബ്രഹ്മാവ് ദക്ഷന് ഒരു പദവി നല്കി — പ്രജാപതി എന്ന പദവി. ഏറ്റവും ഉയർന്ന പദവിയായിരുന്നു അത്. പണ്ടുതന്നെ ദക്ഷന് അഹങ്കാരമുണ്ട്. സ്ഥാനമാഹാത്മ്യം ലഭിച്ചപ്പോൾ അഹങ്കാരം ഇരട്ടിയായി.

ഏറ്റവും മഹത്തായ ഒരു യാഗം ആരംഭിച്ചു അദ്ദേഹം. ഇന്ദ്രൻ മുതലായ ദേവന്മാരെയും സനൽകുമാരൻ തുടങ്ങിയ ദേവർഷികളെയും അതെന്തിന്, മൂലോകങ്ങളിലെ എല്ലാ പ്രധാനപ്പെട്ടവരെയും ദക്ഷൻ യാഗത്തിനു ക്ഷണിച്ചു. വിവാഹിതരായിരുന്നു അതിഥികളിൽ ബഹുഭൂരിപക്ഷവും. അവരുടെ പത്നിമാരെയും ക്ഷണിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു ദക്ഷൻ.

രണ്ടുപേരെ മാത്രം ക്ഷണിച്ചിരുന്നില്ല. ദക്ഷന് ഏറ്റവും അടുത്ത രണ്ടു പേരാണ് അവർ. ചുരുക്കത്തിൽ ശിവനും സതിയും!

ഭർതൃഗൃഹത്തിൽ ഭർത്താവൊന്നിച്ചു ജീവിക്കുകയാണ് സതി. ഒരു ദിവസം സതി ഒരു കാഴ്ച കണ്ടു. ദിവ്യരായ ദമ്പതികൾ പലരും ഒരേ ദിക്കിലേക്കു പോവുകയാണ്. എവിടേക്കെന്നോ? ദക്ഷന്റെ യാഗത്തിൽ സംബന്ധിക്കുവാൻ. അപ്പോൾ ഒരാഗ്രഹം സതിയുടെ മനസ്സിൽ മൊട്ടിട്ടു. തനിക്കും അച്ഛന്റെ യാഗത്തിനു പോകണം! തന്നെയും ഭർത്താവിനെയും അച്ഛൻ ക്ഷണിച്ചിട്ടില്ല, ശരിതന്നെ. വാസ്തവത്തിൽ ഒരു അച്ഛൻ മകളെ ക്ഷണിക്കേണ്ടതുണ്ടോ? ഇല്ല. ക്ഷണിക്കാതെതന്നെ ഒരു മകൾക്ക് അച്ഛനെ കാണാൻ പോകാം. സ്വന്തം ഗൃഹമാണ് അച്ഛന്റെ ഗൃഹം. മകൾക്ക് ഏതു സമയവും അവിടെ കയറിച്ചെല്ലാം. സതിക്കു മറ്റൊന്നും അറിവായിട്ടുണ്ട്. തന്റെ സഹോദരികളെല്ലാം യാഗത്തിനു പോകുന്നുണ്ട്. അവരെയൊക്കെ കണ്ടിട്ടു വളരെക്കാലമായി. എല്ലാവരും പിതൃഗൃഹത്തിൽ ഒന്നിച്ചുകൂടുക—എന്തുരസമായിരിക്കും! അസുലഭമായ ഒരു സന്ദർഭമാണു വന്നിരിക്കുന്നത്. ഒരു കാരണവശാലും ആ സന്ദർഭം പാഴാക്കിക്കൂടാ.

യാഗത്തിനു പോകാൻ തന്നെ അനുവദിക്കണം—ആ അപേക്ഷ ശിവന് സമർപ്പിച്ചു സതി. ശിവൻ അപേക്ഷ നല്ലതുപോലെ കേട്ടു. പക്ഷേ, കേട്ടില്ലെന്ന ഭാവത്തിൽ മൗനം ഭജിച്ചതേയുള്ളു. സതി അപേക്ഷ വീണ്ടും വീണ്ടും ആവർത്തിച്ചു. അപ്പോൾ ശിവനു മിണ്ടാതിരിക്കാൻ കഴിയാതെയായി. പോകരുത് എന്ന് ഭഗവാൻ പറഞ്ഞു—പോയാൽ ദുരനുഭവം ഉണ്ടാകുമെന്നും. പക്ഷേ, സതിക്ക് അതത്ര ഇഷ്ടമായില്ല. തന്റെ ആഗ്രഹം ഭർത്താവു സാധിപ്പിച്ചുതരില്ലെന്നോ? അതോർമിച്ചപ്പോൾ സതിക്കു കരച്ചിൽവന്നു. ശിവനോടു ദേഷ്യവും തോന്നി. ഭർത്താവു വിലക്കിയത് എന്തിനു വകവെക്കണം? അച്ഛന്റെ അടുക്കലേക്കു പോവുകതന്നെ—എന്തുവന്നാലും ശരി!

നന്ദികേശ്വരൻ, മണിമാൻ, മദൻ, മറ്റു ശിവകിങ്കരന്മാർ—അവർക്കൊക്കെ സതി പോകുന്നതിൽ എന്തു വ്യസനമുണ്ടായി എന്നോ? സ്വാമിപത്നിയെ തനിച്ചയയ്ക്കുന്നതും ശരിയല്ല. ചിലർ സതിക്ക് അകമ്പടി സേവിച്ചു.

അങ്ങനെ സതി പിതൃഗൃഹത്തിൽ എത്തിച്ചേർന്നു. വമ്പിച്ച സദസ്സു കൂടിയിരിക്കുന്നു അവിടെ. പ്രതാപത്തോടെ ഇരുന്നരുളുകയാണ് ദക്ഷൻ. മകൾ വരുന്നത് ദക്ഷൻ കാണാതിരുന്നോ? ഇല്ലേയില്ല. പക്ഷേ, കണ്ടില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ ഭാവം. സദസ്യരും സതിയെ മാനിച്ചില്ല. ദക്ഷന് മകളോടു വിരോധമാണെന്ന് അവർക്കറിയാം. മാതാവും സഹോദരിമാരും സതിയെ സ്വീകരിച്ചു, ശരിതന്നെ. പക്ഷേ, അതുകൊണ്ടു മാത്രമായോ? ആരുടെയും മുഖങ്ങളിൽ സന്തോഷം കാണപ്പെടുന്നില്ല. എന്താണ് അസാധാരണമായ ഈ പെരുമാറ്റത്തിന്റെ പിന്നിൽ? സതി ശ്രദ്ധിച്ചു ചുറ്റിനും നോക്കി. അപ്പോൾ ഒന്നു ശ്രദ്ധയിൽ പെട്ടു. യാഗങ്ങളിൽ നിയമേന ശിവനു യാഗഭാഗം സമർപ്പിക്കാറുണ്ട്. ഇപ്പോൾ മാത്രം അതിനു വ്യത്യാസമുണ്ട്. ഭർത്താ

വിനെ ക്ഷണിച്ചില്ല എന്നതു പോട്ടെ എന്നുവയ്ക്കാം. യാഗഭാഗം സമർപ്പിക്കാത്തത് വലിയ തെറ്റുതന്നെ. അതേസമയം താൻ അപമാനിതയുമായിരിക്കുന്നു! സതിയുടെ ദേഷ്യം കത്തിജ്ജ്വലിച്ചു:

'അച്ഛാ, ഈ പ്രവൃത്തി ഒട്ടും നന്നല്ല; ശത്രുക്കൾക്കു ഗുണമുണ്ടാവാമെങ്കിലും അവ അച്ഛനു ദോഷമാണ്. എന്റെ ഭർത്താവിന്റെ മാഹാത്മ്യം അച്ഛൻ അറിയുന്നില്ല. ശിവൻ എന്ന പേര് ഒരിക്കൽ ഉച്ചരിച്ചാലോ? ഉച്ചരിക്കുന്നവന്റെ പാപം അപ്പാടെ നശിച്ചുപോകും. മംഗളസ്വരൂപനായ ശിവനെ അച്ഛൻ ദ്വേഷിക്കുന്നു. കഷ്ടാൽ കഷ്ടതമം എന്നേ പറയാനുള്ളു. ശിവൻ മഹത്ത്വമുള്ളവരെ അനുഗ്രഹിക്കുന്നു. ശിവൻ ലോകർക്ക് ആഗ്രഹപൂർത്തി വരുത്തുന്നു. ശിവൻ ലോകബന്ധുവായി വർത്തിക്കുന്നു. എന്നിട്ട് അച്ഛൻ ശിവനെ ദ്രോഹിക്കുന്നു, അല്ലേ? ശിവനെ നിന്ദിച്ച അങ്ങയുടെ ഈ മകൾ എന്തുചെയ്യുമെന്നോ? ഈ ശരീരം നശിപ്പിക്കും! അച്ഛന്റെ മകളായി ജനിച്ചതിൽ ഞാൻ ലജ്ജിക്കുന്നു. ദക്ഷന്റെ മകളായതുകൊണ്ട് എനിക്ക് ദാക്ഷായണി എന്ന പേരുണ്ടായി. ആ പേര് എനിക്ക് ഇനിമേൽ നിന്ദ്യമാണ്. ഞാനിതാ എന്റെ ശരീരം ഉപേക്ഷിക്കുന്നു!'

അത്രയും പറഞ്ഞ് സതി നിലത്തിരുന്നു. വടക്കോട്ടുനോക്കിയാണ് ഇരുന്നത്. കണ്ണുകൾ അടച്ചു പ്രാണായാമവും ചെയ്തു. ശരീരത്തിലെ അഗ്നിയെ ഉജ്ജ്വലിപ്പിച്ചു. ആ അഗ്നിയിൽ സ്വശരീരത്തെ ഭസ്മവുമാക്കി.

'കഷ്ടം! കഷ്ടം!' എന്നു കണ്ടുനിന്നവർ മുറവിളികൂട്ടി.

സ്വാമിയുടെ പത്നി പ്രാണൻ ത്യജിച്ചുവെന്നോ? നന്ദികേശ്വരൻ മുതലായ ശിവകിങ്കരന്മാർ ചാടിയെഴുന്നേറ്റു. ദക്ഷനെ വകവരുത്തണം—അതിനായി അവരുടെ ഒരുക്കം; അതു മനസ്സിലാക്കി ഭൃഗുമഹർഷി. അവരെ തടഞ്ഞുനിർത്തിയേ മതിയാവൂ. അതിനായി ഭൃഗുമഹർഷി എന്തുചെയ്തുവെന്നോ? ഒരു മന്ത്രം ചൊല്ലി അഗ്നിയിൽ ഹോമിച്ചു. അതാ യാഗാഗ്നിയിൽ നിന്ന് ഉയർന്നുവരുന്നു കുറെ രൂപങ്ങൾ! ചന്ദ്രലോകത്തിൽ നിവസിക്കുന്ന ചില ദേവന്മാരാണ് അവർ. അവരുടെ പേരോ ഋഭുക്കൾ എന്നും. തീക്കൊള്ളികൾ ആയിരുന്നു ഋഭുക്കളുടെ ആയുധങ്ങൾ. അവയുമായി അക്കൂട്ടർ ശിവകിങ്കരന്മാരുടെ നേർക്കുചാടി. ശിവകിങ്കരന്മാർ വീറോടുകൂടെ പോരാടി. എങ്കിലും അവർ തോല്ക്കുകയാണുണ്ടായത്. നന്ദികേശ്വരനും കൂട്ടുകാർക്കും ഓടിപ്പോകേണ്ടതായിവന്നു.

താമസിയാതെ ശിവന് ആ വർത്തമാനങ്ങൾ ലഭിക്കുകയായി — ദക്ഷൻ സതിയെ തിരസ്കരിച്ചു എന്ന്; സതി ശരീരം ത്യജിച്ചുവെന്ന്; ശിവകിങ്കരന്മാർ ഋഭുക്കളോടു തോറ്റുപോയി എന്ന്. നാരദമഹർഷിയാണ് ആ വർത്തമാനങ്ങൾ നല്കിയത്. അപ്പോൾ ശിവൻ ഒന്നു നിശ്വസിച്ചു—ദക്ഷനോടു പ്രതികാരം ചെയ്യണം! ആ സമയം ഭഗവാന് അപാരമായ കോപമുണ്ടായി. ഭസ്മം പുശിയ ആ ശരീരം വിറകൊള്ളുകയായി. പിന്നീട് എന്തൊക്കെയാണു സംഭവിച്ചതെന്നോ? ഭഗവാൻ കെട്ടിവെച്ച ജട അഴിച്ചിട്ടു; ചാടി എഴുന്നേറ്റു; ഘോരമായി അട്ടഹസിച്ചു; ജട പിടിച്ചു നിലത്തടിച്ചു. തൽക്ഷണം ഒരു മഹാഭൂതം ഉണ്ടായിവന്നു—മറ്റെല്ലാ ഭൂതങ്ങളെക്കാളും പലമടങ്ങു ഭയങ്കരൻ! ശിരസ്സ് ആകാശത്തു മുട്ടുന്നു. അത്രമാത്രമാണു വലുപ്പം. അനേകം കൈകളുണ്ട്. നിറം കാർമേഘംപോലെ. മണ്ടിനു പകരം മൂന്നു കണ്ണുകൾ. അവ മൂന്നു സൂര്യന്മാരെപ്പോലെ ജ്വലിക്കുന്നു. കഴുത്തിൽ ഒരു മാല കിടക്കുന്നു — മനു

ഷ്യരുടെ തലയോടുകൾ കോർത്തുകെട്ടിയ മാല! കൈകളിൽ ഉള്ളം നടുക്കുന്ന ആയുധങ്ങളും!

വീരഭദ്രനാണ് ആ പുതിയ മഹാഭൂതം.

ശിവനെ ഭക്തിപൂർവം തൊഴുതുനിന്നു വീരഭദ്രൻ.

'ഭഗവാനേ, എന്താണ് അവിടുത്തെ കല്പന?' വീരഭദ്രൻ ആരാഞ്ഞു.

'നീ പോയി ദക്ഷനെ നശിപ്പിക്കണം. അവന്റെ യാഗത്തെ മുടക്കണം.' ശിവൻ ആജ്ഞാപിച്ചു.

വീരഭദ്രൻ സ്വാമിയെ ഭക്തിപൂർവം വലംവെച്ചു. അപ്പോൾ ആ മഹാഭൂതത്തിന് ഒരു തോന്നലുണ്ടായി. എത്ര ബലവാന്മാരും ഒന്നിച്ചു തന്നെ എതിർത്തോട്ടെ. അവരെയൊക്കെ അമർത്താനുള്ള കൈക്കരുത്തുണ്ട് തനിക്ക്! പിന്നീട് വീരഭദ്രൻ ഒരു നിമിഷംപോലും അവിടെ തങ്ങിയില്ല—കൊടുങ്കാറ്റുപോലെ ഒരൊറ്റ പോക്ക്, സ്വാമിയുടെ ആജ്ഞ നടപ്പിലാക്കാൻ.

വീരഭദ്രനെ അനുഗമിച്ചു ഒട്ടനേകം ഭൂതങ്ങൾ. ശ്രീഘ്രമായിരുന്നു അവരുടെ ഗതി. അവരുടെ പാദങ്ങൾ ഭൂമിയിൽ പതിച്ചപ്പോഴോ? പൊടിപടലം ഉയർന്ന് ആകാശത്തിൽ പരന്നു. അവർ യാഗശാലയെ സമീപിക്കുന്തോറും പൊടിപടലവും അടുത്തായിക്കൊണ്ടിരുന്നു. അത് സൂര്യനെ മറച്ച് ഇരുട്ടു വ്യാപിപ്പിച്ചു. യാഗശാലയിൽ കൂടിയിരിക്കുന്നവർ ആലോചിച്ചു: ഇരുട്ടുണ്ടാക്കുന്ന ഈ പൊടിപടലം ഉണ്ടാവാൻ കാരണമെന്ത്? കൊടുങ്കാറ്റ് ആഞ്ഞുവീശുമ്പോഴാണു സാധാരണ പൊടി ഉയരുന്നത്. എന്നാൽ, ഇപ്പോൾ കൊടുങ്കാറ്റു വീശുന്നതേയില്ല. എന്തോ അത്യാഹിതത്തിനുള്ള മുൻസൂചനയാവുമോ? അതായി അവരുടെ ഭയം. മറ്റു ചിലർക്ക് ഒന്നു തോന്നി. ശിവന്റെ കോപമായിരിക്കണം ഇതിനു കാരണം. അത് എന്തൊക്കെ വിനകൾ വരുത്തിവെക്കുമോ, എന്തോ? ചകിതരായി കാത്തിരുന്നു എല്ലാവരും. അധികം താമസിച്ചില്ല, ഘോരമായ ആരവം കേൾക്കുമാറായി. തുടർന്ന് അനേകംപേർ ഓടിവരുന്ന ശബ്ദവും. താമസിയാതെ വീരഭദ്രനും ഭൂതങ്ങളും എത്തിക്കഴിഞ്ഞു. അവർ യാഗശാലയിൽ പാഞ്ഞുകയറി. പിന്നങ്ങോട്ട് എന്തൊരു ബഹളമായിരുന്നുവെന്നോ? ഭൂതങ്ങൾ കൈയിൽ കിട്ടിയതെല്ലാം നശിപ്പിക്കാൻ തുടങ്ങി. യാഗശാലയിലെ തൂണുകൾ മറിച്ചിട്ടു. എടുപ്പുകളെ ഇടിച്ചുതകർത്തു. യാഗപാത്രങ്ങൾ എറിഞ്ഞുടച്ചു. യാഗാഗ്നിയെ കെടുത്തി. മുനിമാരെ കടന്നുപിടിച്ച് അടിയും തുടങ്ങി. സദസ്യരെല്ലാം പരക്കംപാഞ്ഞു. ഭൂതങ്ങളുടെ കൈയിൽ അകപ്പെട്ടാൽ തീർന്നില്ലേ കാര്യം? വീരഭദ്രൻ ദക്ഷനെ പിടിച്ചുകെട്ടി. മണിമാൻ എന്ന ഭൂതം ഭൃഗുവിനെ ബന്ധനസ്ഥനാക്കി. ചണ്ഡീശൻ എന്ന ഭൂതം പൂഷാവിനെ; നന്ദികേശ്വരൻ ഭഗനെയും.

നാലുപേരേയും പിടികൂടാൻ പ്രത്യേകിച്ച് ഒരു കാരണം ഉണ്ടായിരുന്നു. ദക്ഷൻ അപരാധികളിൽ പ്രധാനിയാണ്. ആ അപരാധത്തിൽ പങ്കുണ്ടായിരുന്നു മറ്റു മൂന്നുപേർക്കും. ഇപ്പോഴല്ല, മുമ്പാണ് അവർ അപരാധം പ്രവർത്തിച്ചത്. അതായത്, ദക്ഷൻ ശിവനെ പരസ്യമായി അവഹേളിച്ചപ്പോൾ ഭൃഗുവും പൂഷാവും ഭഗനും അപ്പോൾ സ്ഥലത്തുണ്ടായിരുന്നു. ശിവനെ അവമാനിക്കുന്നത് അവർക്കൊരു തമാശയായി തോന്നി. ഭൃഗു താടിരോമം തടവിക്കൊണ്ടു വളരെനേരം ചിരിച്ചു. പൂഷാവ് പല്ലുകളെല്ലാം പുറത്തുകാട്ടിയാണു ചിരിച്ചത്. ഭഗനോ, കണ്ണടുക്കാതെ നോക്കിനിന്നു രസിക്കുകയും ചെയ്തു. അതിനുള്ള ശിക്ഷകളാണ് ഇപ്പോൾ നാലുപേർക്കും കിട്ടിയത്. ശിക്ഷ

നല്കിയതു മറ്റാരുമല്ല, വീരഭദ്രൻതന്നെ. ആ മഹാഭൂതം ആദ്യം ഭൃഗുവിന്റെ താടിരോമങ്ങൾ ഒന്നൊന്നായി പറിച്ചെടുത്തു. ഭഗന്റെ കണ്ണുകൾ രണ്ടും കൂത്തിപ്പൊട്ടിച്ചു. പൂഷാവിന്റെ പല്ലുകൾ തല്ലിക്കൊഴിച്ചു. അപരാധികളിൽ ഒരാൾ ശേഷിച്ചിട്ടുള്ളത് ദക്ഷനാണ്. ഏറ്റവും കടുത്ത ശിക്ഷയാണ് ദക്ഷനിപ്പോൾ ലഭിച്ചത്. വീരഭദ്രൻ ദക്ഷനെ നിലത്തു വീഴ്ത്തി എന്നിട്ട് ദക്ഷന്റെ മാറത്തു കയറി ഇരുന്ന് ദക്ഷന്റെ കഴുത്തു പിരിച്ചു തല വേറെയാക്കി. ആ തല അഗ്നിയിൽ ഹോമിക്കുകയും ചെയ്തു!

വന്നകാര്യം ചെയ്തുതീർത്തില്ലേ? വീരഭദ്രനും ഭൂതങ്ങളും പിന്നീട് അവിടെ താമസിച്ചില്ല. അവർ അതിശീഘ്രം കൈലാസത്തിലേക്കു മടങ്ങിപ്പോയി.

ഭൂതങ്ങൾ അക്രമം പ്രവർത്തിച്ചുതുടങ്ങിയില്ലേ? ആ സമയത്തുതന്നെ ദേവന്മാർ കടന്നുകളഞ്ഞു. പലർക്കും പലമാതിരി പരുക്കുകൾ പറ്റുകയും ചെയ്തിരുന്നു. പിന്നീടാണ് ദക്ഷനും മറ്റുപേർക്കും ശിക്ഷ ലഭിച്ചത്. ദേവന്മാർ ഓടിച്ചെന്ന് ബ്രഹ്മാവിനെക്കണ്ടു; നടന്നതെല്ലാം അറിയിക്കുകയും ചെയ്തു.

ബ്രഹ്മാവ് ദക്ഷന്റെ യാഗത്തിനു വന്നിരുന്നില്ല. അതിനു കാരണം ഇല്ലാതെയല്ല. ശിവന് യാഗഭാഗം നല്കാത്ത യാഗം—അതാണ് ദക്ഷൻ അനുഷ്ഠിച്ചത്. ഏറ്റവും വലിയ തെറ്റായിരുന്നു അത്. ആ തെറ്റിൽ താൻ പങ്കുകൊള്ളുകയില്ല — അതായിരുന്നു ബ്രഹ്മാവിന്റെ നിശ്ചയം. മഹാവിഷ്ണുവിന്റെ നിശ്ചയവും മറ്റൊന്നായിരുന്നില്ല. ഇരുവരും അവരവരുടെ ലോകങ്ങളിൽ ഇരുന്നതേയുള്ളു.

'ദേവന്മാരേ, നിങ്ങൾ ദക്ഷന്റെ യാഗത്തിനുപോയി. ആ നിലയ്ക്കു നിങ്ങളും അപരാധികൾതന്നെ. അപരാധം അവശേഷിക്കാതിരിക്കാൻ ഒരു വഴി പറഞ്ഞുതരാം. ആത്മാർത്ഥമായി പശ്ചാത്തപിക്കുക എന്നതാണ് അത്. പിന്നീടു നിങ്ങൾ ശിവനെ ചെന്നു കാണണം; ഭഗവാന്റെ കാല്ക്കൽ വീണു നമസ്കരിക്കണം; മാപ്പു ചോദിക്കുകയും വേണം. ശിവന് ഒരു പ്രത്യേകതയുണ്ട്—എളുപ്പം പ്രസാദിക്കും. നിങ്ങൾ ശിവനെ പ്രസാദിപ്പിക്കുവിൻ. ഭഗവാൻ ക്ഷമിക്കാതിരിക്കില്ല.' ബ്രഹ്മാവു പറഞ്ഞു.

പക്ഷേ, ദേവന്മാർക്കു പോകാൻ പേടിയാണ്. ഇപ്പോൾ ശിവൻ കോപിച്ചിരിക്കുന്ന സമയമാണ്. എന്തെന്ത് അനർത്ഥങ്ങൾതന്നെ ഉണ്ടാവുകയില്ല! ബ്രഹ്മാവ് തങ്ങളുടെകൂടെ ഉണ്ടായാലോ? തങ്ങൾക്ക് ഒരു പിൻബലം ഉണ്ടാവും. അവർ ബ്രഹ്മാവിനോട് അപേക്ഷിച്ചു, കൂടെ ചെല്ലുണമെന്ന്. ആ അപേക്ഷ സ്വീകരിക്കാതിരിക്കാൻ ബ്രഹ്മാവിനു മനസ്സു വന്നില്ല. അങ്ങനെ ബ്രഹ്മാവ് ദേവന്മാരും ഒന്നിച്ചു കൈലാസത്തിൽ എത്തിച്ചേർന്നു.

ഭാഗ്യവശാൽ ശിവൻ ഇതിനിടയ്ക്കു കോപം ത്യജിച്ചിട്ടുണ്ടായിരുന്നു. മുമ്പത്തെപ്പോലെ ശാന്തനായി സ്ഥിതിചെയ്യുകയാണ്. വന്നവരെല്ലാം ഭഗവാനെ സാഷ്ടാംഗം പ്രണമിച്ചു എന്നിട്ടു ഭക്തിയോടെ സ്തുതിച്ചുകൊണ്ടു നിന്നു.

'ഭഗവാനേ, അവിടുന്നു ദക്ഷനെ ജീവിപ്പിക്കണം. ഭൃഗുവിന്റെ താടിരോമങ്ങൾ, ഭഗന്റെ കണ്ണുകൾ, പൂഷാവിന്റെ പല്ലുകൾ— അവയെല്ലാം പഴയപോലെ ആക്കുകയും, വേണം. അതിന് അവിടുന്ന് അനുഗ്രഹിച്ചേ മതിയാവൂ' ബ്രഹ്മാവ് താഴ്മയായി അപേക്ഷിച്ചു.

ആശ്രിതന്മാരെ ഉപേക്ഷിക്കുന്ന പ്രകൃതമല്ല ശിവന്. അപരാധികളെ ശിക്ഷിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി അവരെ രക്ഷിക്കുകതന്നെ. അതായി ഭഗവാന്റെ നിശ്ചയം.

'ബ്രഹ്മാവേ, ദക്ഷന്റെ ദേഹത്ത് ആട്ടിൻതലവെച്ചു ചേർക്കണം. അപ്പോൾ അവൻ ജീവിച്ചെഴുന്നേല്ക്കും. ഭൃഗുവിന്റെ താടിമീശ വീണ്ടും വളരും; രോമങ്ങൾ ആട്ടിൻരോമങ്ങളായിരിക്കുമെങ്കിലും. ഭഗൻ സൂര്യനിലൂടെ വീണ്ടും കാഴ്ച സമ്പാദിക്കും. പൂഷാവ് അരച്ച ഭക്ഷണം കഴിക്കട്ടെ.' ശിവൻ അരുളിച്ചെയ്തു.

ദേവേന്ദ്രനും ദേവന്മാരും കാലം കളഞ്ഞില്ല. അവർ ദക്ഷന്റെ യാഗശാലയിലേക്കു ചെന്നു. ഒരു ആട്ടിൻതല ദക്ഷന്റെ ശരീരത്തിൽ യഥാസ്ഥാനത്തുവെച്ചു. തൽക്ഷണം ദക്ഷൻ ജീവിച്ചെഴുന്നേറ്റു. ഒന്നൊഴിച്ചു മറ്റെല്ലാം പണ്ടത്തെപ്പോലെതന്നെ. സ്വന്തം തലയ്ക്കു പകരം ആട്ടിൻ തല എന്നൊരു വ്യത്യാസം!

ഭൃഗു, ഭഗൻ, പൂഷാവ് — അവർക്കും മാറ്റമുണ്ടായി, ശിവൻ സൂചിപ്പിച്ചതുപോലെ.

ശരീരത്തിൽ ദക്ഷനു മാറ്റമുണ്ടായല്ലോ. അതേസമയം മനസ്സിനും മാറ്റമുണ്ടായി. വളരെക്കാലമായി ശിവനോടു കടുത്ത വിരോധം ഉണ്ടായിരുന്നു. ആ വിരോധമായിരുന്നു വിനകൾക്കെല്ലാം കാരണവും. എന്നാൽ, ആ വിരോധം അപ്പാടെ മാറിയിരിക്കയാണ് ഈ അവസരത്തിൽ. പകരം എന്താണ് സ്ഥലംപിടിച്ചിരിക്കുന്നത് എന്നോ? കറകളഞ്ഞ, അപാരമായ, ശിവഭക്തി! ദക്ഷൻ ശിവനെ മുമ്പിൽ കാണുകയായി. ഭഗവാനെ സ്തോത്രം ചെയ്യണം — അതിനായി ദക്ഷന്റെ ഒരുക്കം. പക്ഷേ, തത്കാലത്തേക്ക് അതു സാധിക്കാതെവന്നുപോയി. വികാരം അടക്കാൻ വയ്യാതായി. വാക്കുകൾ തൊണ്ടയിൽ അമർന്നിരുന്നതേയുള്ളു. അവ പുറത്തേക്കു വരുന്നില്ല! കണ്ണുകളിൽ നിന്നു കണ്ണുനീർ അരുവിപോലെ ഒഴുകിയിറങ്ങുകയും ചെയ്യുന്നു. ഏറ്റവും പണിപ്പെട്ട് ദക്ഷൻ ധൈര്യം അവലംബിച്ചു:

'ഭഗവാനേ, ഞാൻ അവിടുത്തെ നിന്ദിച്ചു. അതിന് അവിടുന്ന് എനിക്കു തക്കതായശിക്ഷയും നല്കി. എങ്കിലും ഒടുവിൽ എന്നെ അവിടുന്നു രക്ഷിച്ചു. അതു ചെയ്തിരുന്നില്ലെങ്കിലോ? ഞാൻ നരകത്തിലെ ദുരിതം അനുഭവിക്കുമായിരുന്നു.' ദക്ഷൻ ഗദ്ഗദത്തോടെ പറഞ്ഞു.

'ദക്ഷാ, മുടങ്ങിയ യാഗം ഇനി പൂർത്തിയാക്കൂ.' ബ്രഹ്മാവ് ആവശ്യപ്പെട്ടു.

ഉടൻതന്നെ ദക്ഷൻ യാഗം വീണ്ടും ആരംഭിച്ചു. ഇപ്രാവശ്യം യാഗത്തിനു യാതൊരു വിഘ്നവും സംഭവിച്ചില്ല. കർമങ്ങൾ മുറപോലെ സമാപിച്ചപ്പോഴോ? മഹാവിഷ്ണു അവിടെ പ്രത്യക്ഷനായി.

സന്നിഹിതർ ഭഗവാനെ ദണ്ഡനമസ്കാരം ചെയ്തു. അതിനുശേഷം ഭക്തിപൂർവം വാഴ്ത്തി സ്തുതിച്ചു. മഹാവിഷ്ണു ദക്ഷനോടു സംസാരിച്ചു:

'ദക്ഷാ, ബ്രഹ്മാവും ഞാനും ശിവനും തമ്മിൽ അല്പംപോലും ഭേദമില്ല. മൂന്നുപേരും ഒന്നുതന്നെയാകുന്നു. സൃഷ്ടി, സ്ഥിതി, സംഹാരം—ആ മൂന്നു ക്രിയകൾ നടത്താനായിട്ടു മൂന്നു രൂപങ്ങൾ ധരിക്കുന്നു. അത്രേയുള്ളു വ്യത്യാസം. എന്നാൽ, ചിലർ വിചാരിക്കുന്നു ഞങ്ങൾ വിഭിന്നരാണ് എന്ന്. അക്കൂട്ടർ വാസ്തവത്തിൽ അജ്ഞാനികളാണ്.'

അങ്ങനെ എല്ലാം മിക്കവാറും പഴയപോലെയായി. അപ്പോൾ ദക്ഷപുത്രിയായ സതിയുടെ കാര്യമോ? യാഗസമയത്ത് സതി പ്രാണത്യാഗംചെയ്തിരുന്നുവല്ലോ. പിൽക്കാലത്ത് സതി വീണ്ടും ജന്മമെടുത്തു — അതായത് പാർവതിയായിട്ട്!

(പാർവതിയുടെ കഥ അന്യത്ര പറഞ്ഞിട്ടുണ്ട്)

(ഭാഗവതം - സ്കന്ധം 4)

അന്ധകൻ

ഒരിക്കൽ അസുരമാതാവായ ദിതിക്ക് അതിയായ ദുഃഖമുണ്ടായി.

പലേ അവസരങ്ങളിലായി അസുരന്മാർ മഹാവിഷ്ണുവിനെ എതിരിട്ടിരുന്നു. അപ്പോഴൊക്കെ അവരിൽ പലരെയും മഹാവിഷ്ണു വധിക്കുകയും ചെയ്തിരുന്നു. പുത്രനാശമായിരുന്നു ദിതിയുടെ ദുഃഖത്തിനു കാരണം.

ദേവമാതാവായ അദിതി, അസുരമാതാവായ ദിതി— രണ്ടുസ്ത്രീകളുടെയും ഭർത്താവ് ഒന്നുതന്നെ. അളവില്ലാത്ത തപശ്ശക്തിയുള്ള കശ്യപനായിരുന്നു അദ്ദേഹം. ഭർത്താവു പ്രസാദിച്ചാൽ തന്റെ ദുഃഖം തീരും—ആ വിശ്വാസം ദിതിക്ക് ഉണ്ടായിരുന്നു. അവർ മഹർഷിയെ പണ്ടേക്കാൾ ശ്രദ്ധയോടെ ശുശ്രൂഷിച്ചു. വളരെക്കാലം കഴിഞ്ഞിട്ടും ആ ശ്രദ്ധയ്ക്ക് ഒരു ഇളക്കവുമുണ്ടായില്ല. അതുകണ്ട മഹർഷിയുടെ മനം തെളിഞ്ഞു.

'ദിതീ, ഞാൻ നിന്നിൽ ഏറ്റവും സംപ്രീതനാണ്. നീ എന്നിൽനിന്നു വരം വാങ്ങിക്കൊള്ളൂ.' അദ്ദേഹം പറഞ്ഞു.

'ദേവന്മാർക്കു വധിക്കാനാവാത്ത ഒരു പുത്രൻ എനിക്കുണ്ടാവാൻ അനുഗ്രഹിക്കണം.' ദിതി അഭ്യർത്ഥിച്ചു.

'തീർച്ചയായും അപ്രകാരമൊരു പുത്രൻ നിനക്കുണ്ടാവും. ശിവനൊഴികെ ആരിൽനിന്നും അവനു മരണം സംഭവിക്കയില്ല. പക്ഷേ, ഒന്നുണ്ട്. അവൻ ശിവനെ വിരോധപ്പെടുത്താതെ സൂക്ഷിക്കണം.' കശ്യപൻ പറഞ്ഞു.

കാലതാമസം കൂടാതെ ദിതി ഗർഭിണിയായി. പിന്നീട് ഒരു പുത്രനു ജന്മമേകുകയും ചെയ്തു. കണ്ടാൽ ആരും ഭയപ്പെട്ടുപോകും— അങ്ങനെയൊരു രൂപമായിരുന്നു ശിശുവിന്. ആയിരം തലകൾ, രണ്ടായിരം കൈകൾ, രണ്ടായിരം കാലുകൾ!

അന്ധകൻ എന്നു പേരിട്ടു ശിശുവിന്.

വളർന്നു വലുതായപ്പോൾ അന്ധകൻ എന്തുചെയ്തു? ലോകോപദ്രവത്തിനു കച്ചകെട്ടിയിറങ്ങി. വരബലത്തെക്കുറിച്ച് അവനു ബോധമുണ്ടായിരുന്നു. ശിവനെ മാത്രമല്ലേ ഭയപ്പെടേണ്ടതുള്ളൂ? മറ്റുള്ളവരെ ഹിംസിക്കുകതന്നെ! അവൻ കണ്ണിൽക്കണ്ട വസ്തുവകകൾ തട്ടിപ്പറിച്ചു. സുന്ദരികളായ സ്ത്രീകളെ പിടിച്ചുകൊണ്ടുപോയി. ധർമിഷ്ഠരായ തപസ്വികളെ ദ്രോഹിച്ചു. മറ്റനേകം ഹീനകൃത്യങ്ങൾ ചെയ്തു. ഈ നിലയ്ക്കു പോയാലോ? മൂന്നു ലോകങ്ങളും നശിക്കും.

അതിനെക്കുറിച്ച് ദേവേന്ദ്രനു യാതൊരു സംശയവും ഉണ്ടായിരുന്നില്ല. വല്ലവിധവും ലോകനാശം തടഞ്ഞേ കഴിയൂ. കശ്യപന്റെ സഹായംകൊണ്ടേ അതു സാധിക്കുകയുള്ളു. ദേവേന്ദ്രന്റെ പിതാവും കൂടിയാണ് കശ്യപൻ. അച്ഛനെ ചെന്നുകണ്ടു ദേവേന്ദ്രൻ.

'അച്ഛാ, അന്ധകന്റെ ചെയ്തികൾ അച്ഛൻ അറിഞ്ഞിരിക്കുമല്ലോ. വാസ്തവത്തിൽ മരണശിക്ഷയ്ക്ക് അർഹനാണ് അവൻ. എനിക്കാണു ലോകരക്ഷയ്ക്കുള്ള ചുമതല. ഞാൻ അന്ധകനോടു മല്ലടിച്ചു എന്നിരിക്കട്ടെ. ദിതിയമ്മ എന്നോടു കോപിക്കാതിരിക്കില്ല. ഞാനെന്താണു ചെയ്യേണ്ടത്?' ദേവേന്ദ്രൻ ചോദിച്ചു.

'മകനേ, നീ പരിഭ്രമിച്ചിട്ട് ആവശ്യമില്ല. ഞാൻ അന്ധകനെ ഉപദേശിച്ചു ശമിപ്പെടുത്തിക്കൊള്ളാം.' കശ്യപൻ സമാധാനപ്പെടുത്തി.

ദിതിയുമൊന്നിച്ച് കശ്യപൻ ഒരു ശ്രമം നടത്തി — അവരുടെ പുത്രനെ നേർവഴിക്കു നയിക്കുവാൻ. പക്ഷേ, അവരുടെ ശ്രമം പരാജയപ്പെടുകയാണുണ്ടായത്. അന്ധകൻ ദുർമാർഗത്തിന്റെ പന്ഥാവിലൂടെ സഞ്ചാരം തുടർന്നു. ആവശ്യമില്ലെങ്കിലും നശിപ്പിക്കുക എന്നത് അവനൊരു വിനോദമാണ്. വിശിഷ്ടങ്ങളായ പലമാതിരി വൃക്ഷങ്ങളുണ്ടല്ലോ സ്വർഗത്തിലെ ഉദ്യാനങ്ങളിൽ. അവൻ ആ വൃക്ഷങ്ങളെ വെറുതെ വെട്ടിവീഴ്ത്തി. മാത്രമല്ല, ആ ഉദ്യാനങ്ങളെയും ഇല്ലായ്മചെയ്തു. ദിവ്യങ്ങളായ മൃഗങ്ങളിലും അവന്റെ ശ്രദ്ധ പതിയാതിരുന്നില്ല. ഉച്ചൈശ്രവസ് എന്ന പറക്കുംകുതിരയുണ്ടല്ലോ, ദേവേന്ദ്രന്റെ വാഹനമായിട്ട്. വിശേഷപ്പെട്ട കുറെ പുത്രന്മാർ ഉച്ചൈശ്രവസ്സിനുണ്ട്. ദിഗ്ഗജങ്ങൾക്കുമുണ്ട് ഒന്നാംതരത്തിൽപ്പെട്ട പുത്രന്മാർ. അന്ധകൻ കുതിരക്കുട്ടികളെ പിടിച്ചുകൊണ്ടുപോയി; മാത്രമല്ല, ആനക്കുട്ടികളേയും. യജ്ഞങ്ങളെ താറുമാറാക്കുകയായിരുന്നു അവന്റെ മറ്റൊരു നടപടി. ദേവന്മാരും മഹർഷിമാരും അനേകം യജ്ഞങ്ങൾ നടത്താറുണ്ട്. അന്ധകൻ കടന്നുവന്ന് യജ്ഞങ്ങളെ കുട്ടിച്ചോറാക്കും. അന്ധകൻ എന്ന പേരു കേട്ടാൽ മതി, എല്ലാവരും പേടിച്ചു വിറയ്ക്കുകയായി. അന്ധകൻ അനുജ്ഞ നല്കിയില്ലെങ്കിൽ വായു വീശുകയില്ല സൂര്യൻ ജ്വലിക്കണോ? നക്ഷത്രങ്ങൾ തെളിയണോ? അന്ധകൻ കല്പിച്ചാലേ പറ്റൂ. അതിനപ്പുറം എന്തുവേണം.

ഏതുവിധവും അന്ധകന്റെ ദുഷ്കൃത്യങ്ങൾക്ക് അറുതിവരുത്തണം —അതിനായി ദേവന്മാരുടെ ആലോചന.

അവർ ഗുരുവായ ബൃഹസ്പതിയുടെ അഭിപ്രായം ആരാഞ്ഞു.

ദേവഗുരു അവരെ സഹായിക്കാനൊരുങ്ങി.

'അന്ധകന് കശ്യപമഹർഷി ഒരു വരം കൊടുത്തിട്ടുണ്ട് — 'ശിവനല്ലാതെ മറ്റാരാലും അവന്റെ മരണം സംഭവിക്കില്ല' എന്ന്. അതിനാൽ ശിവനെക്കൊണ്ട് അന്ധകനെ വധിപ്പിക്കണം. അതിനുള്ള വഴിയാണ് നാം ആലോചിക്കേണ്ടത്. ആദ്യം നമുക്ക് നാരദമഹർഷിയെ ചെന്നുകാണാം. അദ്ദേഹം നല്ല വഴി കാണിക്കും.' ബൃഹസ്പതി പറഞ്ഞു.

എല്ലാവരുംകൂടി നാരദനെ ചെന്നുകണ്ടു വിവരം പറഞ്ഞു.

'മഹർഷേ, അവിടുന്നുതന്നെ ശിവനെ കാണണം. അന്ധകനെ വധിക്കണമെന്ന് ഭഗവാനോട് അപേക്ഷിക്കുകയും വേണം.' അവർ കൂട്ടിച്ചേർത്തു.

ലോകരക്ഷയാണല്ലാ ദേവന്മാരുടെ ലക്ഷ്യം. ആവുന്ന സഹായം നല്കാൻ ഒരുക്കമായി നാരദൻ, മഹർഷി നേരെ ശിവന്റെ സന്നിധിയിൽ ചെന്നു

ചേർന്നു. ഭഗവാനോട് അന്ധകനെക്കുറിച്ചു പറയുകയും ചെയ്തു. ഇനി വേണം അന്ധകന്റെ അടുക്കലേക്കു പോകാൻ. അതിനുമുമ്പു മറ്റൊന്നു ചെയ്യാനുണ്ട്. അന്ധകനെ കെണിയിൽപെടുത്താനുള്ള വഴി മഹർഷി ആലോചിച്ചുറച്ചിട്ടുണ്ട്. ആദ്യത്തെ പടിയായി കുറെ പുഷ്പങ്ങൾ ശേഖരിക്കണം. ആ പുഷ്പങ്ങൾക്കു പ്രധാനമായ ഒരു പങ്കു വഹിക്കുവാനുണ്ട്. പ്രത്യേകമായ ഒരുതരം ദിവ്യപുഷ്പങ്ങളാണ് അവ. ശിവന്റെ ഉദ്യാനത്തിൽ മാത്രമേ അവയുള്ളൂ. നാരദൻ ആ പുഷ്പങ്ങളിൽ ചിലത് ഇറുത്ത് ഒരു മാലകെട്ടി. ആ മാല കഴുത്തിൽ അണിഞ്ഞുകൊണ്ട് അന്ധകന്റെ അടുക്കലെത്തി.

അന്ധകന്റെ കണ്ണുകൾ പുഷ്പമാലയിൽ ചെന്നുപറ്റി. ഇത്ര മനോഹരമായ പുഷ്പങ്ങൾ മുമ്പ് ഒരിടത്തും കണ്ടിട്ടില്ല. അവയിൽനിന്ന്, നാലുപാടും പരക്കുന്ന സുഗന്ധമോ? അതുപോലൊന്ന് അന്നോളം അനുഭവിച്ചിട്ടുമില്ല. രണ്ടുംകൂടി അവനെ അത്യധികം ആകർഷിച്ചു. തനിക്കും ആ പുഷ്പങ്ങൾ കോർത്ത മാല ധരിക്കണം— അതായി അവന്റെ ഉത്കടമായ ആഗ്രഹം.

'മഹർഷേ, അങ്ങേക്ക് ഈ പുഷ്പങ്ങൾ എവിടുന്നു കിട്ടി? സ്വർഗത്തിലെ പാരിജാതപ്പൂക്കളേക്കാൾ വിശേഷപ്പെട്ടവയാണല്ലോ ഇവ. ഏതുദ്യാനത്തിലാണ് ഇവ ഉണ്ടാകുന്നത്? ആരുടെ ഉദ്യാനമാണ് അത്?' അറിയാൻ അന്ധകന് ആകാംക്ഷയുണ്ടായി.

'അന്ധകാ, ഈ പുഷ്പങ്ങൾ ശിവന്റെ ഉദ്യാനത്തിൽ ഉള്ളവയാണ്, അവിടെ മാത്രമേ ഉള്ളൂതാനും. പക്ഷേ, ഒരു ബുദ്ധിമുട്ടുണ്ട്. ശിവന്റെ അനുവാദം കൂടാതെ ആ ഉദ്യാനത്തിൽ ആർക്കും പ്രവേശിച്ചുകൂടാ. അവിടെ ശിവന്റെ ഭൂതങ്ങൾ കാവൽനില്പുണ്ട്. അവർ എത്ര ഭയങ്കരന്മാരെന്നു ഞാൻ പറയേണ്ടതില്ലല്ലോ. പോരെങ്കിൽ അവർ ഉള്ളം നടുക്കുന്ന ആയുധങ്ങൾ വഹിക്കുന്നുമുണ്ട്. ആട്ടെ, പുഷ്പങ്ങൾ വിടരുന്ന വൃക്ഷങ്ങളില്ലേ? അവയ്ക്ക് ഒരു വിശേഷമുണ്ട്. ആര് എന്ത് ആഗ്രഹിച്ചാലും ശരി, അവ വൃക്ഷങ്ങൾ നല്കും. ഉദ്യാനമാണെങ്കിലോ? സ്വർഗത്തിലെ ഉദ്യാനത്തെക്കാൾ എത്രയോ ഭംഗിയുള്ളതും. ഒരുവന് ഒരുനാളെങ്കിലും അവിടെ തങ്ങാൻ കഴിഞ്ഞു എന്നുവയ്ക്കു. അവനായിരിക്കും ഭാഗ്യവാന്മാരിൽ ഭാഗ്യവാൻ?' നാരദൻ തട്ടിവിട്ടു.

അപ്പോൾ മഹർഷി പ്രതീക്ഷിച്ചിരുന്നതുതന്നെ സംഭവിക്കുകയായി. അന്ധകന്റെ ഹൃദയത്തിൽ ഒരാഗ്രഹം ഉളവായി. ആ ഉദ്യാനത്തിൽ കടന്നു കയറി പുഷ്പങ്ങൾ പറിക്കണമെന്ന്. ഒട്ടും താമസിക്കാതെ ആ സാഹസികൻ അനുചരന്മാരെ വരുത്തി, അവരോടുകൂടി യാത്രയായി. ശിവന്റെ ഉദ്യാനത്തിന്റെ അടുക്കലും എത്തിച്ചേർന്നു. ഒരു പർവതത്തിന്റെ താഴ്വരയിലാണ് ഉദ്യാനം. വമ്പിച്ചതും ഉന്നതവുമായ പർവതമാണ്. ചന്ദനമരങ്ങളും ഔഷധികളും മറ്റും അതിൽ തിങ്ങിനിറഞ്ഞു വളരുന്നു. ആദ്യം ആ പർവതത്തെ കീഴ്പ്പെടുത്തുകതന്നെ. അതായി അന്ധകന്റെ ആഗ്രഹം. അവൻ അതിനെ നേരിട്ടു.

'എടോ പർവതമേ, നീ എന്നെ അറിയില്ല എന്നുണ്ടോ? ഉണ്ടെങ്കിൽ ഞാൻ അറിയിക്കാം. മൂന്നു ലോകങ്ങൾക്കും നാഥനായ അന്ധകനാണു ഞാൻ, മനസ്സിലായോ? എന്നെ ഭയപ്പെടാത്ത ഒരൊറ്റ ജീവി ഒരിടത്തുമില്ല. നിന്റെ താഴ്വരയിലാണല്ലേ ദിവ്യപുഷ്പങ്ങളുള്ള ഉദ്യാനം? ശരി, ഞാനിതാ ഉദ്യാനത്തിൽ കടന്നുകയറാൻ പോകുന്നു. നിനക്കു തടയാൻ കഴിയുമെങ്കിൽ തടഞ്ഞോ!' അവൻ ഉച്ചത്തിൽ വെല്ലുവിളിച്ചു.

വെല്ലുവിളികൊണ്ടുമാത്രം അന്ധകൻ തൃപ്തിപ്പെട്ടില്ല. പർവതത്തിലെ ചില കൊടുമുടികളെ അടർത്തിയെടുത്തു കൊടുമുടികൾ ഇല്ലാതായാൽ പർവതത്തിന്റെ മഹിമ പോയില്ലേ? പക്ഷേ, ആ നഷ്ടം തത്കാലത്തേക്കു മാത്രമായിരുന്നു. സദാസമയവും സർവവും അറിയുമല്ലോ ശിവൻ. പർവതത്തിന് ശിവന്റെ അനുഗ്രഹം ഉണ്ടായി. അതു പഴയപോലെ പൂർണതയോടെ വിളങ്ങി. മാത്രവുമല്ല, മറ്റൊരു സംഭവവും ഉണ്ടായി. അന്ധകൻ അടർത്തിയിരുന്നില്ലേ കൊടുമുടികൾ? അവ അവന്റെ അനുചരന്മാരുടെമേൽ പതിച്ചു. അവരിൽ പലരും അരഞ്ഞു ചത്തുപോവുകയും ചെയ്തു.

ശിവന്റെ ചെയ്തിയാണിത്—അക്കാര്യം ഊഹിക്കുവാൻ അന്ധകനു വിഷമമുണ്ടായില്ല. അവന്റെ ക്രോധം ആളിക്കത്തി. ആ ക്രോധം പർവതത്തോടല്ല. പിന്നെയോ? ശിവനോട്!

'ഹേ,ശിവാ, ഞാനിതാ നിന്നെ യുദ്ധത്തിനു വെല്ലുവിളിക്കുന്നു. ചൂണയുണ്ടെങ്കിൽ വെല്ലുവിളി സ്വീകരിക്കൂ!' അവൻ ആക്രോശിച്ചു.

തത്സമയം പലേ അനിഷ്ടസംഭവങ്ങളും ഉണ്ടായി. മൂന്നു ലോകങ്ങളും കിടുകിടെ വിറയ്ക്കുകയായി. നദികൾ മേല്പോട്ടൊഴുകി. ജലത്തിൽ അഗ്നികത്തി. ചന്ദ്രൻ തിളച്ചു മറിഞ്ഞു. സൂര്യൻ തണുത്തുറഞ്ഞു. എല്ലാം ശിവകോപത്തിന്റെ ചിഹ്നങ്ങൾ!

അതാ, അന്ധകന്റെ മുന്നിൽ ശിവൻ ആവിർഭവിക്കുന്നു. കാളവാഹനത്തിൽ കയറിയിരിക്കയും ചെയ്യുന്നു. ഭയാനകമായ ത്രിശൂലം തൃക്കൈയിൽ പിടിച്ചിട്ടുമുണ്ട്. ഭഗവാൻ ത്രിശൂലമൊന്നു ചാട്ടുന്നു. ത്രിശൂലം അന്ധകന്റെ മാറത്ത് ഊക്കോടെ തറയ്ക്കുന്നു. ആ ദുർമദൻ ചത്തു മലയ്ക്കുന്നു!

ദേവലോകത്തു ദിവ്യവാദ്യങ്ങൾ മുഴങ്ങി. ദേവന്മാർ ശിവമൗലിയിൽ ദിവ്യപുഷ്പങ്ങൾ ചൊരിഞ്ഞു. അവർ ഭഗവാനെ ഭക്തിയോടെ വാഴ്ത്തി സ്തുതിച്ചു!

(മഹാഭാരതം - വിഷ്ണുപർവം)

ത്രിപുരന്മാർ

ഒരിക്കൽ ദേവന്മാരും അസുരന്മാരും തമ്മിൽ കടുത്ത പോരുണ്ടായി. അസുരന്മാരെ നയിച്ചത് താരകാസുരൻ എന്നൊരു മഹാപരാക്രമിയാണ്. പോരിൽ താരകാസുരനു ജീവനാശം സംഭവിച്ചു. വിജയം ദേവന്മാർക്കു ലഭിക്കുകയും ചെയ്തു.

മൂന്നു പുത്രന്മാരുണ്ട് താരകാസുരന് — കമലാക്ഷൻ, താരകാക്ഷൻ, വിദ്യുന്മാലി. അവയായിരുന്നു അവരുടെ പേരുകൾ. മൂന്നു സഹോദരന്മാരും ഒന്നിച്ചു തപസ്സുതുടങ്ങി. ബ്രഹ്മാവിനെ ഉദ്ദേശിച്ചുള്ള തപസ്സായിരുന്നു. അസാധാരണമായ ഉഗ്രത ഉണ്ടായിരുന്നു തപസ്സിന്. അവരുടെ ശരീരം ക്രമേണ ഏറ്റവും ദുർബലമായി. എന്നിട്ടും തപസ്സിനു ഭംഗം ഉണ്ടായില്ല. ഒടുവിൽ ബ്രഹ്മാവിനു പ്രത്യക്ഷപ്പെടാതെ നിവൃത്തിയില്ലെന്നായി.

'ദേവാ, ഞങ്ങൾ ആരാലും ഒരിക്കലും കൊല്ലപ്പെടാതിരിക്കണം.' അസുരന്മാർ ആവശ്യപ്പെട്ടു.

'ആ വരം തരാനിപ്പോൾ നിർവാഹമില്ല. മറ്റൊരു വരം ചോദിക്കുവിൻ.' ബ്രഹ്മാവ് ആവശ്യപ്പെട്ടു.

മൂന്നുപേരും കൂടിയാലോചന നടത്തി. അതിന്റെ ഫലമായി ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു. ആ തീരുമാനം ബ്രഹ്മാവിനെ അറിയിക്കുകയും ചെയ്തു.

'ദേവാ, ഞങ്ങളിൽ ഓരോരുത്തർക്കും ഓരോ പുരം ഉണ്ടായിരിക്കണം. ആകാശത്തു ചുറ്റിസഞ്ചരിക്കുന്ന പുരങ്ങളായിരിക്കണം ഓരോന്നും. ആയിരം വർഷങ്ങൾ കഴിയുമ്പോൾ മൂന്നു പുരങ്ങളും ഒരിടത്ത് ഒന്നിച്ചുകൂടണം. അങ്ങനെ ഒന്നിച്ചുകൂടി നില്ക്കുമ്പോൾ ഒരുവനു മൂന്നു പുരങ്ങളും നശിപ്പിക്കാം. എന്നാൽ, നശിപ്പിക്കുന്നത് ഒരൊറ്റ ശരംകൊണ്ടായിരിക്കണം. അതിനു കഴിവുള്ളയാൾ ഞങ്ങളെ കൊന്നുകൊള്ളട്ടെ. മറ്റാർക്കും അതു സാധിക്കരുതു താനും.'

ആ വരം നല്കിയിട്ട് ബ്രഹ്മാവു യാത്രയായി.

ഏറ്റവും മഹത്തായ നേട്ടങ്ങളല്ലേ കൈവന്നിരിക്കുന്നത്? അതിൽ അസുരന്മാർ അതിയായി സന്തോഷിച്ചു. അതേസമയം ആവശ്യത്തിലേറെ അഹങ്കരിക്കുകയും ചെയ്തു.

അത്ഭുതകരമായ സിദ്ധികളുള്ള ഒരു ശില്പിയുണ്ട് അസുരന്മാർക്ക്. മയൻ എന്നാണ് അസാമാന്യനായ ആ ശില്പിയുടെ പേര്. മയൻ മൂന്നു പുരങ്ങൾ നിർമിക്കുകയും ചെയ്തു. ഒരു പുരം നിർമിച്ചതു സ്വർണംകൊണ്ട്. ഇനിയൊരു പുരം വെള്ളികൊണ്ട്. ഒടുവിലത്തേത് ഇരുമ്പുകൊണ്ടും. ഓരോന്നിനും നൂറു യോജന നീളം, നൂറു യോജന വീതി, കോട്ടകൾ, ഗോപുരങ്ങൾ, കൊട്ടകൾ, കിടങ്ങുകൾ, ഗൃഹങ്ങൾ—അതെന്തിന്, ഒരു പുരത്തിനു വേണ്ടുന്നതെല്ലാം അവയിലുണ്ട്. വേണ്ടുന്നതിൽ എത്രയോ കൂടുതലും. സ്വർണപുരം താരകാക്ഷന്; വെള്ളിപുരം കമലാക്ഷന്; ഇരുമ്പുപുരം വിദ്യുന്മാലിക്ക്. അതായിരുന്നു മൂന്നുപേരും സമ്മതിച്ച വിഭജനം. മയൻ മൂന്നു പുരങ്ങളും കാത്തു നില്ക്കുകയായി. എന്ത്, എപ്പോൾ ആവശ്യമായി വന്നാലും ശരി, എല്ലാം മയൻ നേടിക്കൊടുക്കും.

ഹരി എന്നൊരു പുത്രനുണ്ട് താരകാക്ഷന്. ആ അസുരൻ ബ്രഹ്മാവിനെ തപസ്സുചെയ്തു പ്രീതിപ്പെടുത്തി. ബ്രഹ്മാവ് ഹരിക്കു പ്രത്യേകമായ ഒരു വരം നല്കി. വരബലത്താൽ അവനു എന്തു ലഭിച്ചുവെന്നോ? മൃതസഞ്ജീവനിക്കുളം എന്നു പേരുള്ള വലിയൊരു കുളം. മരിച്ചുപോയ അസുരന്മാരെ ആ കുളത്തിൽ കൊണ്ടുപോയി ഇട്ടാലോ? അവർ പണ്ടേപോലെ ജീവിച്ചെഴുന്നേറ്റുവരും. ത്രിപുരന്മാരുടെ ശക്തി വളരെയധികം വർദ്ധിച്ചതിൽ അതിശയിക്കാനുണ്ടോ.

ശക്തിയോടൊന്നിച്ചു മറ്റു ചിലതു വർദ്ധിച്ചു — ലോഭം, മോഹം മുതലായവ. ഏറ്റവും ദുഷിച്ചതായിരുന്നു അവർ കൈക്കൊണ്ട നടപടികൾ. ദേവന്മാരെ ഹിംസിച്ചതിനു കൈയും കണക്കുമില്ല. പല തരത്തിലായിരുന്നു ഉപദ്രവങ്ങൾ. ദേവേന്ദ്രനു സഹികെട്ടു. അദ്ദേഹം വൻപടയുമായി ത്രിപുരങ്ങളെ ആക്രമിച്ചു. പക്ഷേ, ത്രിപുരങ്ങളെ തകർക്കാൻ ദേവേന്ദ്രനും സാദ്ധ്യമായില്ല. വരബലം അത്ര അധികമായിരുന്നു. ദേവേന്ദ്രനും കൂട്ടരും ബ്രഹ്മാവിനെക്കണ്ടു സങ്കടം ഉണർത്തിച്ചു.

'ഒരേ ഒരു ശരം കൊണ്ടേ ത്രിപുരന്മാരെ നശിപ്പിക്കാനൊക്കൂ. അതാണു ഞാൻ അവർക്കു നല്കിയിട്ടുള്ള വരം. അത്രയ്ക്കു ശക്തിയുള്ള ഒരൊറ്റയാൾ ശിവനാണ്. നിങ്ങൾ ശിവനോടു സഹായം അഭ്യർത്ഥിക്കുവിൻ. ശിവൻ നിങ്ങളുടെ അഭ്യർത്ഥന തിരസ്കരിക്കുകയില്ല.' ബ്രഹ്മാവ് പറഞ്ഞു.

താനുംകൂടി വരാമെന്നു പറഞ്ഞു ബ്രഹ്മാവ്. അതു ദേവേന്ദ്രനു വലിയ സന്തോഷവുമായി. കാലവിളംബം കൂടാതെ അവർ ശിവന്റെ സന്നിധിയിലെത്തി. എന്നിട്ട് ഭഗവാനെ കൈകൂപ്പി വന്ദിച്ചുനിന്നു.

'എന്താണു നിങ്ങളുടെ വരവിനു കാരണം?' ശിവൻ അന്വേഷിച്ചു.

അവർ വിസ്തരിച്ച് അറിയിച്ചു.

'ഒറ്റയ്ക്ക് ത്രിപുരന്മാരെ കൊല്ലാനുള്ള ശക്തി എനിക്കുമില്ല. നിങ്ങളുടെ ശക്തികൂടി എനിക്കു തരണം. എന്നാൽ ഞാൻ കാര്യം സാധിക്കാം.' ശിവൻ അരുളിച്ചെയ്തു.

എല്ലാവർക്കും ഏറ്റവും സന്തോഷമുള്ള കാര്യമല്ലേ? ഓരോ ദേവനും തന്റെ ശക്തിയിൽ പകുതി ശിവനു നല്കി. പണ്ടുതന്നെ ശിവനു വളരെയേറെ ശക്തിയുണ്ടായിരുന്നു. ഇപ്പോൾ ആ ശക്തി വർദ്ധിച്ചു എന്നു പറയേണ്ടതില്ലല്ലോ. എങ്കിലും ചിലതിന്റെ കുറവുണ്ടായിരുന്നു. ത്രിപുരന്മാരോടാണ് ഇടയുവാൻ പോകുന്നത്. പുതിയതും ബലമേറിയതുമായ ഒരു രഥം വേണം. അതേസമയം അതുപോലുള്ള വില്ലും അമ്പും ഒഴിച്ചുകൂടാൻ പാടില്ല. അവയൊക്കെ നിർമിക്കുകതന്നെ—അതായി അപ്പോഴത്തെ തീരുമാനം. നിർമാണത്തിനുള്ള ചുമതല ഒരാൾക്കാണ് — ദേവശില്പിയായ വിശ്വകർമാവിന്. അസാധാരണമായ സിദ്ധികൾ വിശ്വകർമാവിനുണ്ട് —മയനുള്ളതുപോലെ. ഏറ്റവും വലിപ്പമുള്ള രഥമാണു വിശ്വകർമാവു നിർമിച്ചു നല്കിയത്. എന്തായിരുന്നു തേർത്തട്ട്? മറ്റൊന്നുമല്ല ഭൂമിതന്നെ! അച്ചുതണ്ട്, മന്ദരപർവതം. ചക്രങ്ങളോ, സൂര്യനും ചന്ദ്രനും. അത്രയും പറഞ്ഞതുകൊണ്ടായില്ല. വേദങ്ങൾ അശ്വങ്ങളായി, മേരു പർവതം കൊടിമരമായി. മിന്നലുകൾ ഓടിക്കളിക്കുന്ന മേഘങ്ങൾ കൊടിക്കൂറകളായി.

കണ്ടവരെല്ലാം സ്തബ്ധരായി നിന്നു.

ശിവൻ രഥത്തിൽ കയറിയിരുന്നു. അപ്പോഴും ഒന്നിന്റെ കുറവു കണ്ടു. രഥം തെളിക്കാൻ തേരാളിയില്ല!

'ആരു രഥം തെളിക്കും?' ശിവൻ ചോദിച്ചു.

എല്ലാ ദേവന്മാരും കൂടിയാലോചന തുടങ്ങി. ഏറ്റവും മഹത്തായ രഥമാണിത്. അതു തെളിക്കാൻ ഏറ്റവും മാഹാത്മ്യമുള്ള ഒരു തേരാളി വേണം. അത് ആരായിരിക്കണം? ഉത്തമം കണ്ടുപിടിക്കാൻ അധികം നേരം വേണ്ടിവന്നില്ല. ബ്രഹ്മാവുതന്നെ—പ്രത്യേകിച്ചു കുതിരകൾ വേദങ്ങളായിരിക്കുന്ന സ്ഥിതിക്ക്!

'ബ്രഹ്മദേവാ, അവിടുന്ന് തേരാളിയാവണം.' ദേവേന്ദ്രനും കൂട്ടരും അഭ്യർത്ഥിച്ചു.

'അങ്ങനെയാവാം.' ബ്രഹ്മാവ് സന്തോഷപൂർവ്വം സമ്മതമേകി.

അപ്രകാരം ബ്രഹ്മാവ് രഥത്തിൽ കയറി. ചമ്മട്ടിയും കടിഞ്ഞാണും കൈയിൽ പിടിച്ചു. രഥം മുമ്പോട്ട് ഉരുണ്ടുതുടങ്ങി. ചെന്നെത്തിയത് ത്രിപുരങ്ങളുടെ സമീപത്തും.

സമയവും അനുയോജ്യമായിരുന്നു. ആയിരം വർഷം കഴിഞ്ഞ് മൂന്നു പുരങ്ങളും ഒത്തുകൂടിയിരിക്കുന്നു. അപ്പോൾ മാത്രമല്ലേ അവയ്ക്കു നാശമുണ്ടാവുകയുള്ളു?

ശിവൻ അമ്പയച്ചു. അമ്പ് മുപ്പുരങ്ങളെ തകർത്തു. ത്രിപുരന്മാരെ വധിക്കുകയും ചെയ്തു.

(മഹാഭാരതം - കർണപർവം)

ജലന്ധരൻ

ദേവേന്ദ്രൻ ശിവനെ കാണാനായി കൈലാസത്തു ചെന്നു. ദേവഗുരുവായ ബൃഹസ്പതിയും ഒന്നിച്ചുണ്ട്. മാത്രമല്ല, പരിവാരങ്ങളും.

വഴിയിൽ ഒരു ഭയങ്കര സത്വം ഇരിക്കുന്നു.

'ആരാണ് നീ?' ദേവേന്ദ്രൻ ചോദിച്ചു.

സത്വം ഉത്തരം നല്കിയില്ല.

ദേവേന്ദ്രനു ദേഷ്യം വന്നുതുടങ്ങി. പണിപ്പെട്ടു ദേഷ്യം അടക്കി. ഒന്നുകൂടി അറിയണമെന്നുണ്ട്.

'ഭഗവാൻ ശിവൻ ഇപ്പോൾ എവിടെയുണ്ട്?'ദേവേന്ദ്രൻ അന്വേഷിച്ചു.

അതിനു സത്വം മറുപടി കൊടുത്തില്ല.

ദേവേന്ദ്രന്റെ ദേഷ്യം പൊട്ടിപ്പുറപ്പെട്ടു. ചോദിച്ചാൽ മിണ്ടാതിരിക്കുന്നത് ഏതു മര്യാദ? തന്നെ ഇവൻ മനഃപൂർവം അപമാനിക്കുകയാണ്, അല്ലേ? ശരി, ഇവനു തക്ക ശിക്ഷ കൊടുക്കണം! ദേവേന്ദ്രൻ വജ്രായുധം എടുത്ത് സത്വത്തിന്റെ കഴുത്തിൽ ഒന്നുവെട്ടി. ആ കഴുത്തു തെറിക്കുമെന്നു കരുതി. തെറിച്ചില്ല. മുറിവുപോലും ഉണ്ടായില്ല. നീലനിറത്തിൽ ചെറിയൊരു പാടു മാത്രം!

അപ്പോൾ ദേവേന്ദ്രന് ആ പരമാർത്ഥം ബോദ്ധ്യപ്പെട്ടു. വാസ്തവത്തിൽ സത്വമായിരുന്നില്ല അത്. പിന്നെയോ? ആ രൂപം ധരിച്ചിരുന്ന ശിവൻ!

എന്താണ് ശിവന്റെ നെറ്റിക്കണ്ണിൽനിന്ന് അതാ പുറപ്പെടുന്നത്? സർവത്തിനെയും ചുട്ടെരിക്കാൻപോരുന്ന അഗ്നി! ദേവേന്ദ്രനും ദേവഗുരുവും പരിഭ്രമിച്ചു വശായി. അവർ ശിവപാദങ്ങളിൽ നമസ്കരിച്ചു മാപ്പു ചോദിച്ചു.

'ഭഗവാനേ, അഗ്നി ശമിപ്പിക്കണേ!' അവർ തൊഴുകൈയോടെ യാചിച്ചു.

യാചന ശിവൻ കൈക്കൊള്ളാതെയിരുന്നില്ല. ഭഗവാൻ ആദ്യമായി അഗ്നിയെ ശാന്തമാക്കി. പിന്നീട് അതിനെ എടുത്ത് ഒരേറ്! അതുചെന്നു വീണതോ, സമുദ്രത്തിലും.

വീണയുടൻ അഗ്നിക്കു രൂപഭേദം ഉളവായി. അതൊരു അസുരബാലനായി. ബാലൻ വെള്ളത്തിൽക്കിടന്നു കളിക്കാനും തുടങ്ങി — അതായത്, സമുദ്രത്തിന്റെ മടിത്തട്ടിൽ. സമുദ്രത്തിനു ബാലനോട് അതിയായ വാത്സല്യം തോന്നി. അവനെ പുത്രനുമാക്കി.

ജലന്ധരൻ എന്നായി ബാലന്റെ പേര്. സമുദ്രത്തിന്റെ ലാളനയിൽ അവൻ വളർന്നുവന്നു. യുവത്വം വന്നപ്പോഴോ? വിവാഹം വേണമെന്നായി.

പുത്രന് ഒരു വധുവിനെ കണ്ടുപിടിച്ചു സമുദ്രം. കാലനേമിയുടെ പുത്രിയായ വൃന്ദ ആയിരുന്നു അവൾ.

സാധാരണ അസുരനായിരുന്നില്ല ജലന്ധരൻ. മറ്റെല്ലാവരേക്കാൾ എത്രയോ അധികമാണു ബലവും വീര്യവും. കാലേക്കൂട്ടിത്തന്നെ അവനു ദേവന്മാരെക്കുറിച്ച് അറിവുകിട്ടി. അസുരന്മാരുടെ ജന്മശത്രുക്കളാണല്ലോ ദേവന്മാർ. പലേ അക്രമങ്ങളും അവർ മുമ്പു ചെയ്തിട്ടുണ്ട്. അവരോടു പകരം ചോദിക്കാൻ അവസരമുണ്ടാക്കണം — അതിനായിരുന്നു ജലന്ധരന്റെ പ്രയത്നം. മുമ്പൊരിക്കൽ ദേവന്മാർ സമുദ്രത്തെ മഥിക്കുകയുണ്ടായി. പാലാഴിമഥനമായിരുന്നു ആ സംഭവം. ചില ദിവ്യരത്നങ്ങൾ കൈയ്ക്കലാക്കുകയും ചെയ്തിരുന്നു ദേവന്മാർ. ആ ദിവ്യരത്നങ്ങൾ സമുദ്രത്തിന്റെ വകയായിരുന്നുതാനും.

വിശ്വസ്തനായ ഒരു ദൂതനുണ്ട് ജലന്ധരന്. ഘസ്മരൻ എന്നാണ് ദൂതന്റെ പേര്. ജലന്ധരൻ ഘസ്മരനു വിശദമായ ചില നിർദ്ദേശങ്ങൾ നല്കി. അതിൻപ്രകാരം ഘസ്മരൻ സ്വർഗത്തു ചെന്ന് ദേവേന്ദ്രനെ കണ്ടു.

'ജലന്ധരന്റെ ദൂതനാണു ഞാൻ. എന്റെ സ്വാമിയുടെ സന്ദേശം അറിയിക്കട്ടെ. അങ്ങയ്ക്കു ജീവനിൽ കൊതിയുണ്ടോ? ഉണ്ടെങ്കിൽ ദിവ്യരത്നങ്ങൾ തരിച്ചുനല്കണം. അല്ലാത്തപക്ഷം എന്തുണ്ടാവുമെന്നോ? എന്റെ സ്വാമി നിങ്ങളെയൊക്കെ കൊന്നൊടുക്കും!' അവൻ പറഞ്ഞു.

ദേവേന്ദ്രന് അടക്കവയ്യാത്ത ദേഷ്യമുണ്ടായി.

'രത്നങ്ങൾ തരാൻ മനസ്സില്ല!' അദ്ദേഹം രൂഷ്ടനായി പറഞ്ഞു.

ഘസ്മരൻ മടങ്ങിച്ചെന്ന് ജലന്ധരനെ വിവരം അറിയിച്ചു. ജലന്ധരൻ ക്രോധംകൊണ്ടു വിറയലാർന്നു. അവൻ ദേവലോകത്തേക്കു പട നീക്കി. ദേവന്മാർ വീറോടുകൂടി ചെറുത്തുനിന്നു. ഭീകരമായ രണവും ഉണ്ടായി. പക്ഷേ, ഒരു പ്രത്യേകത കാണുമാറായി. അസുരഭടന്മാരും ദേവഭടന്മാരും കൂട്ടംകൂട്ടമായി മരിച്ചുവീഴുന്നുണ്ട്. പക്ഷേ, അവരെല്ലാം ഉടൻതന്നെ ജീവിച്ച് എഴുന്നേറ്റുവരുന്നു!

ശുക്രൻ മരിച്ച അസുരന്മാരെ മൃതസഞ്ജീവിനി എന്ന വിദ്യകൊണ്ടു ജീവിപ്പിക്കുന്നു. ബൃഹസ്പതി മരിച്ച ദേവന്മാരെ പ്രത്യേകമായ ചില ദിവ്യൗഷധങ്ങൾകൊണ്ടും. ആ നിലയ്ക്കു സമരം തുല്യനിലയിൽ തുടരുകയായി.

അസുരഗുരുവായ ശുക്രൻ ജലന്ധരനെ അരികിൽ വിളിച്ചു.

'ജലന്ധരാ, ബൃഹസ്പതി ദിവ്യൗഷധങ്ങൾ എടുക്കുന്നത് ദ്രോണപർവതത്തിൽനിന്നാണ്. നീ ആ പർവതത്തെ സമുദ്രത്തിലിട്ടുകളയണം.' ശുക്രൻ ഉപദേശിച്ചു.

ശക്തന്മാരിൽ ശക്തനാണല്ലോ ജലന്ധരൻ. അവൻ നേരെ ദ്രോണപർവതത്തിന്റെ അടുക്കലെത്തി. എന്നിട്ടു പർവതത്തെ അടിയോടെ അടർത്തിയെടുത്തു. അതിനെ നിഷ്പ്രയാസം വഹിച്ചു സമുദ്രത്തിൽ താഴ്ത്തി.

ബൃഹസ്പതി ദിവ്യൗഷധങ്ങൾക്കായി ദ്രോണപർവതത്തിലേക്കു ചെന്നു. അവ എങ്ങനെ കിട്ടാനാണ്? പർവതത്തിന്റെ പൊടിപോലും കാണാനില്ല!

അദ്ദേഹം മടങ്ങിച്ചെന്ന് ദേവന്മാരോടു വിവരം പറഞ്ഞു:

ഇനി അസുരന്മാരെ ജയിക്കാൻ നമുക്കു സാദ്ധ്യമല്ല. പടക്കളം വിട്ട് ഓടിപ്പോകുന്നതാണു നന്ന്.' ദേവഗുരു ശിഷ്യന്മാരെ ഉപദേശിച്ചു.

ആ ഉപദേശം അനുസരിക്കയേ അവർക്കു നിർവാഹമുണ്ടായിരുന്നുള്ളൂ. ശത്രുക്കൾ ഓടിപ്പോയപ്പോൾ ജലന്ധരന്റെ പ്രതിബന്ധങ്ങൾ അവസാനിച്ചു. അവൻ സ്വർഗത്തുചെന്ന് ഇന്ദ്രത്വം കൈയടക്കി.

ദേവന്മാർ മഹാവിഷ്ണുവിന്റെ സഹായം അഭ്യർത്ഥിച്ചു.

പണ്ടു സമുദ്രത്തിൽ (പാലാഴിയിൽ) നിന്നാണല്ലോ ലക്ഷ്മീദേവി വന്നത്. ജലന്ധരൻ സമുദ്രത്തിന്റെ പുത്രനാണു താനും. ആ നിലയ്ക്ക് ലക്ഷ്മീ ദേവി ജലന്ധരന്റെ സഹോദരിയാണ്.

'ലക്ഷ്മീ, എനിക്ക് ജലന്ധരനുമായി യുദ്ധം ചെയ്യേണ്ടതായി വന്നിരിക്കുന്നു.' മഹാവിഷ്ണു അറിയിച്ചു.

'അയ്യോ, അതു വലിയ കഷ്ടമായിപ്പോയി. ഏതിനും അങ്ങ് എന്റെ സഹോദരനെ വധിക്കരുതേ!' ലക്ഷ്മീദേവി അപേക്ഷിച്ചു.

'വേണമെന്നുവെച്ചാൽപോലും എനിക്ക് അവനെ കൊല്ലാൻ സാധിക്കില്ല. അതേസമയം, അവനോടു യുദ്ധംചെയ്യാതെ നിവൃത്തിയുമില്ല.' മഹാവിഷ്ണു പറഞ്ഞു.

അങ്ങനെ, അവർ തമ്മിലിടഞ്ഞു—മഹാവിഷ്ണുവും ജലന്ധരനും. പക്ഷേ, ആരുമാരും ജയിച്ചുമില്ല, തോറ്റുമില്ല. അപ്പോൾ ഒന്നുമാത്രമേ നടക്കാനാവൂ—സമരത്തിനു വിരാമം ഉണ്ടാവുക!

'ജലന്ധരാ, എനിക്കു നിന്നിൽ അതീവസന്തോഷം ഉണ്ടായിരിക്കുന്നു. നിനക്ക് എന്തെങ്കിലും ആഗ്രഹമുണ്ടോ? ഉണ്ടെങ്കിൽ ഞാനതു സാധിപ്പിക്കാം.' മഹാവിഷ്ണു പറഞ്ഞു.

'അങ്ങ് എന്റെ സഹോദരിയുടെ ഭർത്താവല്ലേ? ആ നിലയ്ക്ക് നിങ്ങൾ രണ്ടുപേരും എന്റെ ഗൃഹത്തിൽ വരണം, എന്നോടുകൂടി താമസിക്കണം. അതാണ് എന്റെ ആഗ്രഹം.' ജലന്ധരൻ അറിയിച്ചു.

മഹാവിഷ്ണു ലക്ഷ്മീദേവിയെ വരുത്തി. ഇരുവരുംകൂടി ജലന്ധരന്റെ ഗൃഹത്തിലേക്കു പോയി. കുറെനാൾ അവിടെ സന്തോഷത്തോടെ പാർക്കുകയും ചെയ്തു.

ജലന്ധരൻ വീണ്ടും അവന്റെ ജൈത്രയാത്ര ചെയ്ത് മുമ്പുതന്നെ സ്വർഗത്തെ സ്വന്തമാക്കിയിരുന്നു. ഇപ്പോൾ മറ്റു ലോകങ്ങളെയും കീഴടക്കി. എന്തൊരു പ്രൗഢിയും പ്രതാപവുമാണ് ഇപ്പോൾ! അവനെ നിലയ്ക്കു നിർത്താൻ ആരുമില്ല. അവന്റെ ആജ്ഞതന്നെയാണ് നിയമം. ആ അവസ്ഥ അങ്ങനെ തുടർന്നുപോയി.

ഒരുനാൾ ഒരു ഏഷണിക്കാരൻ ജലന്ധരനെ കാണാൻ ചെന്നു — മറ്റാരുമല്ല, നാരദമഹർഷി. ജലന്ധരൻ മഹർഷിയെ സത്കരിച്ചിരുത്തി. എല്ലാവർക്കും ചൂടുള്ള വാർത്തകൾ നല്കുക—അതിൽ പ്രത്യേകമായ താത്പര്യമുണ്ട് നാരദന്. ഇല്ലാത്ത ചിലതൊക്കെ കെട്ടിച്ചമയ്ക്കും എന്നേയുള്ളൂ.

'ജലന്ധരാ, അങ്ങു മഹാ കേമൻതന്നെ. സകലരും അങ്ങയുടെ മഹിമ വാഴ്ത്തുകയാണ്. പക്ഷേ, അങ്ങേക്ക് ഒരു കുറവുണ്ട്. അക്കാര്യം ചൂണ്ടിക്കാണിക്കാതിരിക്കാൻ വയ്യ. ഞാൻ ഈയിടെ ശിവനെ കാണാൻ കൈലാസത്തിൽ പോയിരുന്നു. അപ്പോഴാണ് ആ കുറവു തോന്നിയത്. ശ്രീപാർവതിക്ക് ഒപ്പമുള്ള ഒരു സുന്ദരി ലോകത്ത് ഒരിടത്തുമില്ല. ശ്രീപാർവതി നിന്റെ പട്ടമഹിഷി ആയാലോ? നിന്റെ ആ ഒറ്റ പോരായ്മ തീരും, തീർച്ച.' നാരദൻ പറഞ്ഞു.

എന്നാൽ, ആ പോരായ്മ തീർക്കുകതന്നെ—അതായി ജലന്ധരന്റെ നിശ്ചയം. അവൻ രാഹുവിനു ചില ആജ്ഞകൾ നല്കി. രാഹു കൈലാസത്തിലേക്കു യാത്രയായി.

അവൻ ശിവനെക്കണ്ട് ജലന്ധരന്റെ സന്ദേശം നല്കി.

'ശിവാ, നീയും നിന്റെ ഭാര്യയും തമ്മിൽ ഒട്ടും പേർച്ചയില്ല. നീയോ, ഒരു പിച്ചക്കാരൻ. നിനക്കു പാർക്കാൻ ചുടുകാടേയുള്ളു. എന്നാൽ, അതി സുന്ദരിയാണ് നിന്റെ ഭാര്യ. നീ അവളെ എനിക്കു വിട്ടുതരണം'—അതായിരുന്നു സന്ദേശം.

ശിവന്റെ കോപം ഉജ്ജ്വലിച്ചു. ഭഗവാന്റെ നെറ്റിക്കണ്ണിൽനിന്ന് ഒരു സത്ത്വമുണ്ടായി. ഏറ്റവും ഭീകരമായ സത്ത്വമായിരുന്നു അത്. കണ്ടാൽ ഭൂതങ്ങൾപോലും പേടിച്ചുപോകും. അത് രാഹുവിനെ കേറിപ്പിടിച്ചു.

'ഭഗവാനേ, എന്നെ രക്ഷിക്കണേ!' രാഹു ശിവനോടു കേണിരുന്നു.

'രാഹുവിനെ വിടൂ!' ശിവൻ കല്പിച്ചു.

സത്ത്വം രാഹുവിനെ മേല്പോട്ട് എറിഞ്ഞു.

'ഭഗവാനേ, എനിക്കു വിശപ്പു സഹിക്കുന്നില്ല.' സത്ത്വം സങ്കടം ഉണർത്തിച്ചു.

'നീ നിന്റെ കൈകാലുകൾ ഭക്ഷിച്ചുകൊള്ളൂ' ശിവൻ നിർദ്ദേശിച്ചു.

സത്ത്വം അതിന്റെ കൈകാലുകൾ കടിച്ചുതിന്നു. തുടർന്ന് അതിന്റെ ദേഹവും. ശിരസ്സുമാത്രം ശേഷിച്ചു.

'നീ ഇനിമേൽ എന്റെ ദ്വാരപാലകനാണ്. കീർത്തിമുഖൻ എന്നായിരിക്കും നിന്റെ പേര്. എന്റെ ഭക്തന്മാർ നിന്നെയും പൂജിക്കും.' ശിവൻ അനുഗ്രഹിച്ചു.

രാഹു വായുസഞ്ചാരം ചെയ്ത് ജലന്ധരന്റെ സവിധത്തിലെത്തി. സംഭവിച്ചതെല്ലാം അവനിൽനിന്ന് അറിഞ്ഞപ്പോഴോ? ജലന്ധരൻ ഒരു സംരംഭത്തിനിറങ്ങി — ശിവനെ ഒരു പാഠം പഠിപ്പിക്കണം! അവൻ വൻപടയുമായി കൈലാസത്തെ ആക്രമിച്ചു.

എന്തായിരുന്നു അതിന്റെ ഫലം? ശിവന്റെ കൈയാൽ ജലന്ധരനു ജീവനാശം ഉണ്ടായി.!

(സ്കന്ദപുരാണം - വൈഷ്ണവഖണ്ഡം)

ശംഖചൂഡൻ

ഒരു വടവൃക്ഷത്തിന്റെ ചുവട്ടിൽ സമാധിപൂണ്ടിരിക്കുകയാണ് ശിവൻ. ഇടതുവശത്ത് ഭദ്രകാളി നില്പുണ്ട്. വലതുവശത്ത് സുബ്രഹ്മണ്യനും.

ഒരു അസുരൻ അവിടെ വന്നെത്തി. അസുരനാഥന്റെ ദൂതനാണ് അവൻ. അസുരനാഥൻ ശംഖചൂഡനുമാണ്.

ശിവൻ സമാധിയിൽനിന്ന് ഉണർന്നു.

ദൂതൻ ഭഗവാനെ ആദരപൂർവം വന്ദിച്ചു. എന്നിട്ടു പറഞ്ഞു, താൻ ആരാണെന്ന്. വാസ്തവത്തിൽ പറയേണ്ടതായ ആവശ്യം തന്നെയില്ല. ഭഗവാന് അവനെക്കുറിച്ചു നല്ലവണ്ണം അറിയാം—അവന്റെ പൂർവജന്മത്തെക്കുറിച്ചും. അക്കാര്യം അവനോടു പറയുകയും ചെയ്തു.

'നീ കഴിഞ്ഞ ജന്മം ഒരു ഗോപനായിരുന്നു. ശ്രീകൃഷ്ണന്റെ കൂട്ടുകാരിൽ മുമ്പനും. അന്ന് നിനക്കു രാധയുടെ ശാപമേല്ക്കുകയുണ്ടായി. അക്കാരണത്താൽ നീ അസുരനായി ജനിച്ചു. അത്രേയുള്ളു. നീ ശരിക്കും അസുരനല്ല. അതുകൊണ്ട് നിനക്കു ദേവന്മാരോടു വിരോധം പാടില്ല. ഒരു കാരണവശാലും നീ ദേവന്മാരെ ദ്രോഹിക്കരുത്.'

അതു പറയാൻ പ്രത്യേകിച്ചു കാരണമുണ്ടായിരുന്നു. ദേവന്മാരും അസുരന്മാരും തമ്മിൽ യുദ്ധം നടക്കാൻപോകുന്നു. ശിവൻ ദേവന്മാരെ സഹായിക്കാൻ നിശ്ചയിച്ചിരിക്കുകയുമാണ്.

ദൂതൻ വിദ്വാനെങ്കിലും സ്വാമിഭക്തനാണ്. സ്വാമിയുടെ സന്ദേശം നല്കണം—അതാണ് അവനു നല്കപ്പെട്ടിരിക്കുന്ന ചുമതല. അവൻ ആ സന്ദേശം ശിവനു നല്കി.

'ദേവാ, ഒന്നു പറയാനുണ്ട്. അങ്ങ് ശ്രദ്ധിച്ചുകേൾക്കണം. എല്ലായ്പോഴും അങ്ങ് ദേവപക്ഷത്തിലാണു നില്ക്കുന്നത്. പോരെങ്കിൽ അങ്ങ് അനേകം അസുരന്മാരെ വധിച്ചിട്ടുമുണ്ട്. അസുരന്മാർക്കു ദേവന്മാരോടു ശത്രുതയുണ്ട്, ശരിതന്നെ. പക്ഷേ, അതിനു തക്കതായ കാരണങ്ങളുമുണ്ട്. അങ്ങ് അസുരന്മാരോടു മാത്രം വൈരഭാവം പുലർത്തുന്നു. അത് അങ്ങയെപ്പോലുള്ള ഒരു മഹാത്മാവിനു ഭൂഷണമല്ല.'

ശിവൻ പറഞ്ഞു:

'ഹേ ദൂതാ, എനിക്കു പക്ഷപാതമില്ല. ദേവന്മാർ എന്റെ ഭക്തന്മാരാണ്. ഞാൻ ഭക്തന്മാരുടെ അധീനതയിലുമാണ്. അസുരന്മാരെ ഞാൻ കൊന്നിട്ടുണ്ട്, സമ്മതിക്കുന്നു. പക്ഷേ, അതിനൊക്കെ നീതീകരണങ്ങളുമുണ്ട്. ഞാനിപ്പോൾ ദേവപക്ഷത്തെ സഹായിക്കാൻ വന്നിരിക്കയാണ്. യുദ്ധത്തിനു തയ്യാറായിരിക്കുകയും ചെയ്യുന്നു.'

ദൂതൻ ശംഖചൂഡന്റെ അടുക്കൽ ഓടിയെത്തി. ശിവന്റെ നിലപാട് അറിയിച്ചു. ഇനി ഒരേ ഒരു സംരംഭമേയുള്ളു. അക്കാര്യം ശംഖചൂഡനു തീർച്ചയായി. മറ്റൊന്നുമല്ല, യുദ്ധം!

അവൻ സൈന്യം സജ്ജീകരിച്ചു.

ദേവസൈന്യവും അസുരസൈന്യവും തമ്മിൽ ഏറ്റുമുട്ടി.

ഏറ്റവും ഘോരമായ സമരമുണ്ടായി.

മഹാവിഷ്ണു, യമൻ, അഗ്നി, കുബേരൻ, വരുണൻ, വായു— അവരെല്ലാം അണിനിരന്നിരിക്കുന്നു ദേവപക്ഷത്തിൽ. കാലകേയൻ, ചഞ്ചലൻ, ഘടപൃഷ്ടൻ, രക്താക്ഷൻ, ധൂമൻ മുതലായവർ അസുരപക്ഷത്തിലും.

അസുരന്മാരുടെ സർവസൈന്യാധിപൻ ശംഖചൂഡൻ തന്നെ.

വളരെനേരം നീണ്ടുനിന്നു സമരം. ഒടുവിൽ ദേവഭടന്മാർക്ക് ബലക്ഷയം വന്നുചേർന്നു. അവർ ആയുധങ്ങൾ ഉപേക്ഷിച്ചു പുറം തിരിഞ്ഞോടി.

എവിടെയാണ് അവരുടെ ഓട്ടം നിലച്ചത്? ശിവന്റെ ദിവ്യസന്നിധിയിൽത്തന്നെ.

'ഭഗവാനേ, രക്ഷിക്കണേ!' അവർ മുറവിളികൂട്ടി.

ശരണംപ്രാപിച്ചവരെ ശിവൻ ഒന്നു നോക്കി. ആ നോട്ടത്തിൽ കാരുണ്യം കലർന്നിരുന്നു. നിമിഷത്തിനുള്ളിൽ അവരുടെ ഭയം മാറി.

ശിവൻ സുബ്രഹ്മണ്യനു ചില നിർദ്ദേശങ്ങൾ നല്കി. സുബ്രഹ്മണ്യൻ ഉടൻതന്നെ പടക്കളത്തിലെത്തി. ഏറ്റവും ഉഗ്രമായി ഗർജനം ചെയ്തു.

തുടർന്ന് അസുരന്മാരുടെ മദ്ധ്യത്തിലേക്കു ചാടി. അവരെ കൂട്ടത്തോടെ നശിപ്പിച്ചു തുടങ്ങി.

ശക്തി വീണ്ടുകിട്ടിയ ദേവന്മാർ വീണ്ടും യുദ്ധത്തിനുചെന്നു. അവർ സുബ്രഹ്മണ്യന്റെ പിന്നിൽനിന്നു പൊരുതി. യുദ്ധം പൂർവാധികം ഭീഷണമായി. ഇപ്രാവശ്യം തോൽവിയുണ്ടായതോ? അസുരന്മാർക്കും. തോൽവിമാത്രമല്ല, അത്യധികമായ നാശവും നഷ്ടവും. അവർ പടക്കളം വിട്ടു പാഞ്ഞുപോയി.

എന്നിട്ടും മഹാവീരനായ ശംഖചൂഡൻ കൂട്ടാക്കിയില്ല. അവന്റെ വീര്യവും ശക്തിയും പ്രസിദ്ധമാണ്. ഓടുന്നവരിൽ പലരേയും അവൻ വീണ്ടും സംഘടിപ്പിച്ചു. ശൂരന്മാരായ ചില സേനാനായകന്മാർ സഹായത്തിനെത്തി. എല്ലാവരുംകൂടി ഉറച്ചുനിന്നു വീറോടെ യുദ്ധം ചെയ്തു. ദേവന്മാരുടെ വിജയം സന്ദിഗ്ദ്ധവുമായി.

ഒടുവിൽ അവർ തമ്മിൽ ദ്വന്ദ്വയുദ്ധം ഉണ്ടായി — അതായത്, ശംഖചൂഡനും സുബ്രഹ്മണ്യനും തമ്മിൽ. ഏറ്റവും വാശിയും വീറുമുള്ള യുദ്ധമായിരുന്നു. അതങ്ങനെ സമനിലയിൽ തുടർന്നുപോയി. ശംഖചൂഡൻ തീക്ഷ്ണമായ ഒരു അമ്പയച്ചു. ആ അമ്പ് സുബ്രഹ്മണ്യന്റെ വില്ലുമുറിച്ചു. രഥത്തെ താറുമാറാക്കി. വാഹനമായ മയിലിനെ മുറിവേല്പിച്ചു. തുടർന്ന് ശംഖചൂഡൻ എന്താണു ചെയ്തത്? എതിരാളിയുടെ വക്ഷസ്സിൽ ഊക്കോടെ താടിച്ചു. സുബ്രഹ്മണ്യൻ മൂർച്ഛിച്ചു പോയി — ക്ഷണനേരത്തേക്കു മാത്രമാണെങ്കിലും. സ്വബോധം വീണ്ടെടുത്തപ്പോഴോ? പിതാവായ ശിവനെ സ്മരിച്ചു — മാതാവായ പാർവതിയേയും. എന്നിട്ട് പൂർവാധികം ശൗര്യത്തോടെ ശംഖചൂഡനെ എതിരിട്ടു. എത്രയെത്ര ശരങ്ങളാണ് ശംഖചൂഡൻ ചൊരിഞ്ഞത്! അവയെല്ലാം സുബ്രഹ്മണ്യൻ നിഷ്പ്രയാസം ഖണ്ഡിച്ചു തള്ളി. എന്നിട്ട് അവന്റെ തേരും വില്ലും തകർത്തു. തുടർന്ന് അവന്റെ കവചവും കിരീടവും കുണ്ഡലങ്ങളും. അതിനുശേഷം വേലെടുത്തു പ്രയോഗിച്ചു; ശംഖചൂഡൻ മോഹാലസ്യപ്പെട്ടു നിലംപതിച്ചു. പക്ഷേ, അവന്റെ അവശത താത്കാലികം മാത്രമായിരുന്നു. അവന്റെ ബലവും ശൗര്യവും നിസ്തുലമാണ്. നിമിഷത്തിനുള്ളിൽ അവൻ ഉണർന്നെഴുന്നേറ്റു. എന്നിട്ടു സിംഹനാദം ചെയ്ത് യുദ്ധം തുടങ്ങി. അവൻ എത്ര ഊക്കോടെയാണ് പ്രഹരിച്ചത്! സുബ്രഹ്മണ്യൻ പ്രഹരമേറ്റു വീണുപോയി. കാളിദേവി അദ്ദേഹത്തെ വാരിയെടുത്തു കൊണ്ടുപോയി. എവിടേക്കെന്നോ? ശിവന്റെ അടുക്കലേക്ക്. ശിവൻ പുത്രനു വീണ്ടും ബലം പകർന്നു.

അത്രയുംസമയം ശംഖചൂഡനോട് ആരും യുദ്ധം ചെയ്തില്ലേ? ചെയ്തു. ഗണപതിയും വീരഭദ്രനും. അവരെ സഹായിക്കാൻ കാളിദേവിയും വന്നെത്തി. യുദ്ധം പൂർവാധികം ഭയങ്കരമായി.

ശംഖചൂഡനും കാളിദേവിയും തമ്മിലായി ദ്വന്ദ്വയുദ്ധം. ഇരുവരും ദിവ്യങ്ങളായ അസ്ത്രങ്ങൾ പ്രയോഗിച്ചു—മാത്രമല്ല, പ്രത്യസ്ത്രങ്ങളും. എന്നുവന്നാലും എതിരാളിയെ വധിക്കണം— അതായി കാളിദേവിയുടെ നിശ്ചയം. ദേവി പാശുപതാസ്ത്രം കൈയിലെടുത്തു. മന്ത്രം ചൊല്ലി ആ അസ്ത്രം പ്രയോഗിക്കാനും ഒരുക്കമായി.

അശരീരി കേൾക്കുമാറായി:

'പാശുപതാസ്ത്രം ശംഖചൂഡനെതിരെ പ്രയോഗിക്കരുത്. ആ അസ്ത്രം കൊണ്ട് അവന്റെ മൃത്യു സംഭവിക്കുകയില്ല!'

കാളിദേവി പാശുപതാസ്ത്രം ഉപസംഹരിച്ചു. അല്ലാതെ എന്തുചെയ്യാൻ കഴിയും?

വീണ്ടും അശരീരി:

'കാളിദേവീ, ശംഖചൂഡൻ അവിടുത്തെ കൈയാൽ മരിക്കുകയില്ല!'

അവനെ വധിക്കാൻ ശിവനു മാത്രമേ സാദ്ധ്യമാവുകയുള്ളു.

ശിവൻ സമരഭൂമിയിൽ എത്തിച്ചേർന്നു ഒന്നിച്ച് ഒട്ടേറെ ശിവകിങ്കരന്മാരും.

ശംഖചൂഡനുണ്ടോ കൂട്ടാക്കുന്നു? അവൻ നേരെചെന്നു ശിവനോട് ഇടഞ്ഞു. ഇങ്ങനെ ഒരു ദ്വന്ദയുദ്ധം ആരും കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല!

നൂറു സംവത്സരം നീണ്ടുനിന്നു ആ ദ്വന്ദയുദ്ധം.

അപ്പോഴേക്കും ശിവൻ തന്റെ ത്രിശൂലം എടുത്തു പ്രയോഗിച്ചു. ആ മഹായുധം ശംഖചൂഡന്റെ ശരീരത്തിൽ ചെന്നു തറച്ചു. ആ ശരീരത്തെ ഭസ്മമാക്കി. എന്നിട്ട് ശിവന്റെ കൈയിൽ തിരിച്ചെത്തി.

സുബ്രഹ്മണ്യൻ, ഗണപതി, കാളിദേവി—അവരോടുകൂടി ശിവൻ കൈലാസത്തിലേക്കു മടങ്ങി.

(ശിവപുരാണം)

ശിവന്റെ ചില അവതാരങ്ങൾ

പതിനൊന്നു രുദ്രന്മാർ

ഒരിക്കൽ ദേവാസുരയുദ്ധം ഉണ്ടായി. അതിൽ ദേവന്മാർക്കു തോൽവിപറ്റി. അവർ കശ്യപമഹർഷിയോടു സങ്കടം ഉണർത്തിച്ചു. കശ്യപൻ അവരെ സമാധാനപ്പെടുത്തി. അവരെ സഹായിക്കാൻ സന്നദ്ധനുമായി. അദ്ദേഹം നേരെ കാശിയിലേക്കു പോയി. അവിടെയിരുന്ന് ശിവനെ തപസ്സുചെയ്തു.

ഏറ്റവും കഠിനമായ തപസ്സായിരുന്നു അത്.

ശിവൻ കശ്യപനു ദർശനമരുളി.

കശ്യപൻ പറഞ്ഞു:

'ഭഗവാനേ, അവിടുത്തെ യഥാർത്ഥഭക്തന്മാരാണ് ദേവന്മാർ. അവർ അസുരന്മാരോടുള്ള യുദ്ധത്തിൽ തോറ്റുപോയിരിക്കുന്നു. എന്റെ സഹായം അവർ അപേക്ഷിക്കുകയുണ്ടായി. അവർക്കുവേണ്ടിയാണ് ഞാൻ ഇപ്പോൾ അവിടുത്തെ തപസ്സുചെയ്യുന്നത്. കൃപാലുവായ അവിടുന്ന് അവരെ രക്ഷിക്കണം.'

ശിവൻ അരുളിച്ചെയ്തു:

'കശ്യപാ, നിന്റെ ആഗ്രഹം സാധിക്കും.'

ഭഗവാൻ അന്തർദ്ധാനം ചെയ്തു.

യഥാകാലം ശിവൻ അവതാരമെടുത്തു. അതോ, സുരഭിയുടെ പുത്രന്മാരായിട്ടും. പതിനൊന്നായിരുന്നു അവരുടെ സംഖ്യ. പേരുകൾ ഇവയായി

രുന്നു— കപാലി, പിംഗളൻ, ഭീമൻ, വിരൂപാക്ഷൻ, വിലോഹിതൻ, ശാസ്താവ്, ജപാദൻ, അഹിർബുദ്ധ്യൻ, ശംഭു, ചണ്ഡൻ, ഭവൻ. അവർ ഏകാദശരുദ്രന്മാർ എന്നറിയപ്പെട്ടു.

ദേവകാര്യത്തിനുവേണ്ടിയായിരുന്നല്ലൊ ആ അവതാരങ്ങൾ. എല്ലാരും അത്യന്തം ബലവാന്മാരും പരാക്രമികളും ആയിരുന്നു. അവർ അസുരന്മാരെ തോല്പിച്ചോടിച്ചു. അങ്ങനെ ദേവന്മാർക്കു വിജയം നല്കി. ശിവരൂപമായിരുന്നു പതിന്നൊന്നുപേർക്കും.

ദുർവാസാവ്

ബ്രഹ്മാവിന്റെ പുത്രനാണ് അത്രിമഹർഷി. പുത്രനുണ്ടാവണമെന്ന് അത്രിക്ക് അതിയായ ആഗ്രഹമുണ്ടായി. തപസ്സുചെയ്യാൻ പുത്രന് ബ്രഹ്മാവ് നിർദ്ദേശം നല്കി. അതനുസരിച്ച് അത്രി വനത്തിലേക്കു പോയി. ഒന്നിച്ച് പത്നിയായ അനസൂയയും ഉണ്ടായിരുന്നു.

എവിടെയാണു ദമ്പതികൾ ചെന്ന വനം? വിന്ധ്യപർവതത്തിൽ. അവർ അവിടെ തപസ്സും തുടങ്ങി. ഏറ്റവുംകഠിനമായിരുന്നു തപസ്സ്. നൂറു വർഷം അങ്ങനെ തുടർന്നു. അപ്പോഴേക്കും എന്തായി അത്രിയുടെ അവസ്ഥ? ശിരസ്സിൽനിന്നു തീജ്വാലകൾ പുറപ്പെടുകയായി. തീക്ഷ്ണമായ തപസ്സിന്റെ ഫലം!

ദേവേന്ദ്രൻ അത്യന്തം അസ്വസ്ഥനായി. ഈ നിലയ്ക്കു തുടർന്നാലോ? വലിയ തകരാറു വരും. താൻ മാത്രമല്ല, മറ്റു പലരും അതിന്റെ ദുഷ്ഫലം അനുഭവിക്കേണ്ടതായും വരും. ദേവേന്ദ്രൻ. ബ്രഹ്മാവിന്റെ അടുക്കലേക്ക് ഉഴറി. സഹായാർത്ഥം ചെന്നതാണ്. ബ്രഹ്മാവ് സഹായിക്കാൻ ഒരുങ്ങി. ഭഗവാൻ ഇന്ദ്രനോടുകൂടി വൈകുണ്ഡത്തിലെത്തി. മഹാവിഷ്ണുവിന്റെ സഹായം അഭ്യർത്ഥിച്ചു. പക്ഷേ, സഹായിക്കാൻ കഴിവുള്ളത് ശിവനാണ്. മഹാവിഷ്ണു ശിവന്റെ സന്നിധിയിൽ ചെന്നു. ഒന്നിച്ച് ബ്രഹ്മാവും ദേവേന്ദ്രനും.

അവർ ശിവനോടു വിവരങ്ങൾ പറഞ്ഞു.

ശിവൻ എന്താണു ചെയ്തത്? അവരെയുംകൊണ്ട് അത്രിയുടെ ആശ്രമത്തിൽ ആവിർഭവിച്ചു.

അപ്പോൾ അത്രി തപസ്സു മതിയാക്കി.

മഹർഷി ഒരു സംശയം ചോദിച്ചു:

'ഞാൻ ഭഗവാൻ ശിവനെയാണു തപസ്സുചെയ്തത്. എന്നാൽ, ഇപ്പോൾ ത്രിമൂർത്തികൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അതിന് എന്താണു കാരണം? ആദ്യം ആ സംശയം തീർത്തുതരണം. അതിനുശേഷം വരവും നല്കണം.

ത്രിമൂർത്തികൾ മറുപടി നല്കി:

'ഞങ്ങൾ മൂന്നുപേർക്കും ഒരാഗ്രഹമുണ്ട് — വെവ്വേറെ വരങ്ങൾ നല്കണമെന്ന്.അംശങ്ങൾകൊണ്ടു ഞങ്ങൾ മൂന്നുപേരും നിന്റെ പുത്രന്മാരായി അവതരിക്കും. മൂന്നു പുത്രന്മാരും നിന്റെ കീർത്തി വർദ്ധിപ്പിക്കും — നിന്റെ പത്നിയായ അനസൂയയുടെ കീർത്തിയും.'

അത്രിയും പറഞ്ഞു ത്രിമൂർത്തികൾ മറഞ്ഞു.

ആനന്ദസമുദ്രത്തിൽ ആറാടി അത്രിയും അനസൂയയും. തങ്ങൾക്കു മൂന്നു പുത്രന്മാർ ജനിക്കാൻ പോവുകയാണ്. അവരോ, ത്രിമൂർത്തികളുടെ അവതാരങ്ങളും. അതിൽപ്പരം ഒരു ഭാഗ്യമെന്തുള്ളു?

യഥാകാലം അവതാരങ്ങൾ ഉണ്ടായി. ബ്രഹ്മാവിന്റെ അംശം ചന്ദ്രനായിട്ട്; മഹാവിഷ്ണുവിന്റെ അംശം ദത്താത്രേയനായിട്ട്. ശിവന്റെ അംശം ദുർവാസാവായിട്ടും!

പിപ്പലാദൻ

ശനി നവഗ്രഹങ്ങളിൽ ഒന്നാണല്ലൊ. എല്ലാ മനുഷ്യരെയും ഓരോരോ കാലത്തു ശനി പീഡിപ്പിക്കും. ശനിപീഡയിൽനിന്നു രക്ഷപ്പെടാൻ വഴിയുമില്ല.

അക്കാര്യം പിപ്പലാദൻ മനസ്സിലാക്കി. ദയാലുവായിരുന്നു അദ്ദേഹം. മനുഷ്യർക്ക് ഉപകാരം ചെയ്യാൻ അദ്ദേഹം ഉദ്യുക്തനായി. മനുഷ്യർക്ക് ഒരു വരം, ശനിക്ക് ഒരു ഭീഷണി —രണ്ടുംകൂടി അദ്ദേഹം ഒരുമിച്ചു നല്കി.

'ശിവഭക്തനായ ഒരുവന് ശനിപീഡ ഉണ്ടാവുകയില്ല. ജനനംമുതൽ പതിനാറുവയസ്സുവരെയുള്ള ജീവിതത്തിനിടയിൽ. ഞാൻ ഇപ്പറയുന്നതു സത്യമാണ്. ഇനി ശനി എന്റെ വാക്ക് മാനിച്ചില്ല എന്നിരിക്കട്ടെ. പതിനാറുവയസ്സുതികയാത്ത ശിവഭക്തനെ ഉപദ്രവിക്കാൻ തുനിഞ്ഞെന്നും ഇരിക്കട്ടെ. ആ നിമിഷം ശനി ഭസ്മമായിത്തീരും! അതിനു യാതൊരു സന്ദേഹവുമില്ല!

പിപ്പലാദന്റെ ശക്തി ശനിക്കു ബോദ്ധ്യമായി. താൻ അദ്ദേഹത്തെ ധിക്കരിച്ചാലോ? താൻ തത്സമയം ഇല്ലാതാകും. അയ്യോ, അതു വയ്യ. പിപ്പലാദന്റെ ഇച്ഛ അനുസരിച്ചുകൊള്ളാം. അതായി ശനിയുടെ തീരുമാനം. ഒരിക്കലും ആ തീരുമാനം മാറ്റിയിട്ടുമില്ല.

ശിവന്റെ ഒരു അവതാരമായിരുന്നു പിപ്പലാദൻ.

അശ്വത്ഥാമാവ്

പാണ്ഡവന്മാരുടെയും കൗരവന്മാരുടെയും ഗുരുവാണ് ദ്രോണർ.

അദ്ദേഹം ദേവഗുരുവായ ബൃഹസ്പതിയുടെ അംശാവതാരം ആയിരുന്നു.

ആദ്യകാലത്ത് ദ്രോണർക്കു പുത്രൻ ഉണ്ടായിരുന്നില്ല. പുത്രലാഭത്തിനായി അദ്ദേഹം ശിവനെ തപസ്സുചെയ്തു. സാധാരണയുള്ള പുത്രൻ ഉണ്ടായാൽ പോരാ. അവൻ വീരന്മാരിൽ വീരനായിരിക്കണം. അതായിരുന്നു ദ്രോണരുടെ ആഗ്രഹം. ആ ആഗ്രഹം സാധിക്കാനുംകൂടിയായിരുന്നു അദ്ദേഹത്തിന്റെ തപസ്സ്.

ശിവൻ ദ്രോണർക്കു ദർശനമരുളി.

ദ്രോണർ ഭക്തിയോടെ ഭഗവാനെ പ്രണാമം ചെയ്തു.

'വരം ചോദിച്ചുകൊള്ളൂ.' ഭഗവാൻ കനിഞ്ഞ് അരുളിച്ചെയ്തു.

'അടിയന് ഒരു പുത്രനെ തരുമാറാകണം. അവൻ അതുല്യനായ ബലവാൻ ആയിരിക്കണം. ആരാലും ജയിക്കപ്പെടാൻ സാധിക്കാത്തവൻ ആയിരിക്കണം. അവിടുത്തെ അംശവുമായിരിക്കണം. അതാണ് അടിയനു വേണ്ടുന്ന വരം.' ദ്രോണർ പറഞ്ഞു.

'അങ്ങനെയാവട്ടെ' ശിവൻ വരമേകി.

അതിനുശേഷം ഭഗവാൻ അന്തർദ്ധാനം ചെയ്തു.

തന്റെ തപസ്സു സഫലമായില്ലേ? അതിൽ ദ്രോണർ അതിയായി സന്തോഷിച്ചു. അദ്ദേഹം കഴിയുന്നത്ര വേഗത്തിൽ സ്വഗൃഹത്തിൽ തിരിച്ചെത്തി. ശിവന്റെ അരുളപ്പാടു പത്നിയെ കേൾപ്പിച്ചു. പത്നിയുടെ സന്തോഷവും അത്യധികം ആയിരുന്നു. ഇതിൽ കൂടുതൽ ഒരു ഭാഗ്യം എന്തുള്ളു?

കുറേക്കാലം കഴിഞ്ഞു. ദ്രോണപത്നി ഗർഭം ധരിച്ചു. യഥാകാലം ഒരു പുത്രനു ജന്മവുമേകി.

ആ പുത്രനാണ് അശ്വത്ഥാമാവ്.

ജ്യോതിർലിംഗങ്ങൾ

ചില ജ്യോതിർലിംഗങ്ങളായി ശിവൻ അവതരിക്കുകയുണ്ടായി—ശ്രീശൈലത്തിൽ മല്ലികാർജ്ജുനൻ, ഉജ്ജയിനിയിൽ മഹാകാളേശ്വരൻ, ഓങ്കാരത്തിൽ അമരനാഥൻ, ഹിമാചലത്തിൽ കേദാരനാഥൻ, ഡായിനിയിൽ ഭീമശങ്കരൻ, കാശിയിൽ വിശ്വനാഥൻ, ഗൗതമീതീരത്തിൽ ത്ര്യംബകൻ, ചിതാഭൂമിയിൽ വൈദ്യനാഥൻ, ദാരുകാവനത്തിൽ നാഗേശ്വരൻ, സേതുബന്ധനത്തിൽ രാമേശ്വരൻ, ശിവാലയത്തിൽ ഘൃശ്മേശ്വരൻ.

(ശിവപുരാണം)

തടാതക

വിദ്യാവസു എന്നൊരു ഗന്ധർവൻ. വിദ്യാവസുവിന് വിദ്യാവതി എന്നൊരു മകളും. മീനാക്ഷീദേവിയുടെ ഭക്തയായിരുന്നു വിദ്യാവതി. അവൾ ഇടവിടാതെ സ്തുതിയും ജപവും പൂജയുമൊക്കെ ചെയ്തുപോന്നു.

'അച്ഛാ, ലോകത്തിൽ ഏറ്റവും ദിവ്യതാമുള്ള പാർവതീക്ഷേത്രം ഏതാണ്?' അവൾ വിദ്യാവസുവിനോടു ചോദിച്ചു.

'മധുരയിലെ മീനാക്ഷിക്ഷേത്രം തന്നെ.' വിദ്യാവസു ഉത്തരം നല്കി.

'എന്നാൽ, മധുരയിൽ ചെന്നു ദേവിയെ ഭജിക്കണം. അതായി വിദ്യാവതിയുടെ അഭിലാഷം. കാലതാമസം കൂടാതെ അവൾ മധുരയിൽ എത്തിച്ചേർന്നു. ഏറ്റവും ഭക്തിയോടെ ദേവിയെ ഭജിക്കുകയും ചെയ്തു.

ദയാമയിയായ ദേവി ദർശനമരുളി.

'വിദ്യാവതീ, എന്തു വരമാണു നിനക്കു വേണ്ടത്?' ദേവി ചോദിച്ചു.

'അവിടുത്തോടുള്ള ഭക്തി എന്നുമെന്നും ഉണ്ടായിരിക്കണം. അതാണ് അടിയനു വേണ്ടത്.' വിദ്യാവതി അറിയിച്ചു.

'അതങ്ങനെതന്നെ സംഭവിക്കും. വേറൊരു വരംകൂടി ചോദിച്ചുകൊള്ളു.' ദേവി കനിഞ്ഞു പറഞ്ഞു.

ഒരു ആഗ്രഹം വിദ്യാവതിയുടെ മനസ്സിൽ അങ്കുരിച്ചിട്ടുണ്ട്. അതിരുകടന്ന ആഗ്രഹം ആയിമിക്കുമോ അത്? എന്തായാലും അത് അറിയിക്കുകതന്നെ.

'ദേവീ, അവിടുന്ന് എന്റെ മകളായി ജനിക്കണം.' അവൾ അപേക്ഷിച്ചു.

ഒട്ടും നീരസം ഉണ്ടായില്ല ദേവിക്ക്. മറിച്ചു സന്തോഷം തോന്നി. ഭക്തിയുള്ളവരുടെ എന്താഗ്രഹവും സാധിപ്പിക്കും. അതിന് ദേവി സദാ ഒരുക്കമാണ്.

'നിന്റെ അടുത്ത ജന്മത്തിൽ ഞാൻ നിന്റെ മകളാവും.' ദേവി പറഞ്ഞിട്ടു മറഞ്ഞു.

കാലം കുറെയേറെ കഴിഞ്ഞുപോയി. ഭക്തയായ വിദ്യാവതിക്ക് ഒരു മനുഷ്യജന്മം ഉണ്ടായി. കാഞ്ചനമാല എന്നായിരുന്നു അപ്പോൾ അവളുടെ പേര്.

കാഞ്ചനമാല വളർന്നു യുവതിയായി. അതിയായ സൗന്ദര്യം ഉണ്ടായിരുന്നു അവൾക്ക്. ആരാണ് അവളെ വിവാഹം കഴിച്ചതെന്നോ? പാണ്ഡ്യരാജാവായ മലയധ്വജൻ.

ശൗര്യത്തിൽ, ശക്തിയിൽ, ഭക്തിയിൽ, മലയധ്വജനു തുല്യരില്ല. സകല സൗഭാഗ്യങ്ങളും ഉണ്ടുതാനും. പ്രത്യേകിച്ച്, സുന്ദരിയും ഗുണവതിയുമായ പത്നി. ഇതൊക്കെയാണെങ്കിലും മനസ്സിനു സ്വൈരക്കേടുണ്ട്. ആ സ്വൈരക്കേടു കാഞ്ചനമാലയ്ക്കുമുണ്ട്. കാലം കഴിയുംതോറും സ്വൈരക്കേടു കൂടിയതേയുള്ളു.

ആ ദമ്പതികൾക്കു മക്കളില്ല!

എന്താണിനി ഒരു വഴി? സന്താനലാഭത്തിനായി ഒരു യാഗം ചെയ്യുകതന്നെ. അഗ്നികുണ്ഡത്തിൽ യാഗാഗ്നി കത്തിജ്വലിച്ചു. അതിൽനിന്ന് ഉയർന്നുവന്നു..... ദിവ്യതേജസ്സുള്ള ഒരു പെൺകുട്ടി!

മീനാക്ഷിദേവിയുടെ അവതാരമാണ് ആ പെൺകുട്ടി. അക്കാര്യം പ്രത്യേകിച്ചു പറയേണ്ടതില്ല.

പെൺകുട്ടി നേരെ ചെന്ന് ഇരിപ്പായി—കാഞ്ചനമാലയുടെ മടിയിൽ!

തടാതക—അതാണ് മലയധ്വജൻ പുത്രിക്കിട്ട പേര്.

വളർന്നു വലുതായപ്പോഴോ? കണ്ണഞ്ചിക്കുന്നതായി അവളുടെ അഴക്. അതുപോലൊരു യുവതി ലോകത്തില്ല—അതായിരുന്നു ജനസംസാരം. സൗന്ദര്യം മാത്രമായിരുന്നില്ല തടാതകയുടെ പ്രത്യേകത. ബുദ്ധിശക്തിയിലും അവളോടൊപ്പം മറ്റൊരു യുവതിയുമില്ല. സകല ശാസ്ത്രങ്ങളും സകല കലകളും അവൾ വശമാക്കി. അവയോടൊന്നിച്ച് ആയുധവിദ്യയും.

ഒടുവിൽ മലയധ്വജന്റെ മരണകാലം വരികയായി. അദ്ദേഹത്തിനു പുത്രന്മാർ ജനിച്ചിരുന്നില്ല. ആകെക്കൂടി ഒരു പുത്രി മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ തടാതക രാജ്ഞിയായി രാജ്യഭരണം നടത്തി.

ഇനിവേണം പ്രാപ്തനായ ഒരു വരനെ കണ്ടുപിടിക്കാൻ. സ്വന്തം രാജ്യത്തിൽ തക്ക യോഗ്യതയുള്ള പുരുഷനില്ല. രാജ്യത്തിൽത്തന്നെ കഴിഞ്ഞുകൂടിയാൽ പ്രയോജനമില്ല. ദിഗ്വിജയത്തിനും ഇറങ്ങുകതന്നെ. ലോകമെല്ലാം

ജയിക്കാം. എന്നത് ഒന്ന്; അനുരൂപനായ വരനെ കണ്ടെത്താം എന്നതു മറ്റൊന്ന്. സുശക്തമായ സൈന്യത്തെ നയിച്ചുകൊണ്ട് തടാതക സ്വരാജ്യം വിട്ടിറങ്ങി. ലോകസഞ്ചാരം ചെയ്യുന്നതിനിടയിൽ അനേകം രാജാക്കന്മാരെ പരാജയപ്പെടുത്തി. അതിനുശേഷം തടാതക ഒരു ദിവ്യമന്ത്രം ജപിച്ചു. അതിന്റെ ഫലമായി ഭടന്മാർക്ക് അമിതശക്തി കിട്ടി — അതേസമയം ആകാശസഞ്ചാരം എന്ന വിദ്യയും. ദേവേന്ദ്രൻ, അഗ്നി, യമൻ, വരുണൻ—അവർക്കുപോലും എതിർത്തുനില്ക്കാൻ കഴിഞ്ഞില്ല. അവസാനം തടാതക കൈലാസത്തിലും ചെന്നെത്തി.

ശിവന്റെ കിങ്കരന്മാരുണ്ടല്ലോ, ഭൂതഗണങ്ങൾ. അവർ ഓടിവന്ന് തടാതകയുടെ സൈന്യത്തെ ചെറുത്തു. പക്ഷേ, അവരുടെ പരിശ്രമം വിഫലമായതേയുള്ളു.

തടാതകയുടെ മുമ്പിൽ നില്ക്കുന്നു ഒരു യുവാവ്. അതിസുന്ദരൻ. മാത്രമല്ല, ദിവ്യാഭരണങ്ങൾ അണിഞ്ഞിട്ടുള്ളവനും. വാസ്തവത്തിൽ ശിവനായിരുന്നു ആ വേഷം ധരിച്ചു വന്നെത്തിയത്.

മുമ്പിൽ നില്ക്കുന്നയാളെ ശ്രദ്ധിച്ചു നോക്കിനിന്നു തടാതക. അപ്പോൾ..... അപ്പോൾ.... അവൾക്ക് ഒരു ബോധോദയം ഉണ്ടായി —ഈ യുവാവുതന്നെയാണ് തന്റെ വരൻ!

അവൾ യുദ്ധം മതിയാക്കി അനങ്ങാതെ നിലകൊണ്ടു—ചിത്രത്തിൽ എഴുതിവെച്ച രൂപംപോലെ!

യുവാവ് അവളെ നേരിട്ടു.

'ഞാൻ നിന്നെ വിവാഹംകഴിക്കാൻ ആഗ്രഹിക്കുന്നു. നിനക്ക് അതിനു സമ്മതമുണ്ടോ?' ശിവൻ ചോദിച്ചു.

'എനിക്കു സമ്മതംതന്നെ. പക്ഷേ, അതിനുമുമ്പ് അങ്ങ് എന്റെ അമ്മയുടെ അനുവാദം വാങ്ങണം.' തടാതക പറഞ്ഞു.

'ശരി, ഞാൻ താമസിയാതെ മധുരയിൽ വന്നുകൊള്ളാം. നീ ഇപ്പോൾ മടങ്ങിപ്പൊയ്ക്കൊള്ളൂ.' ശിവൻ നിർദ്ദേശിച്ചു.

ആ നിർദ്ദേശം അനുസരിച്ചു തടാതക. അവൾ സൈന്യത്തോടുകൂടി സ്വരാജ്യത്തിൽ മടങ്ങിയെത്തി. നടന്നതെല്ലാം അമ്മയെ അറിയിക്കുകയും ചെയ്തു. കാഞ്ചനമാല കാലംകളയാതെ വിവാഹത്തിനു വട്ടംകൂട്ടി. രാജ്ഞി മന്ത്രിമാർക്കു വേണ്ടതായ ആജ്ഞകൾ നല്കി; അവയുടെ ഫലം ഉടൻതന്നെ കാണുമാറായി. ഗോപുരങ്ങളിലും മാളികകളിലും കൊടിക്കൂറകൾ പാറിക്കളിച്ചു. എല്ലായിടങ്ങളും കുലവാഴകളാലും പൂമാലകളാലും അലംകൃതമായി. മംഗളവാദ്യങ്ങൾ എല്ലാ ദിക്കിലും കേൾക്കുമാറായി. മറ്റെല്ലാ നടപടികളും ധൃതഗതിയിൽ നടന്നു.

വിവാഹത്തിനുള്ള ദിവസവും വന്നുചേർന്നു.

അങ്ങകലെ കൈലാസത്തിൽ, ശിവൻ തയ്യാറായി. ദേവന്മാർ, മഹർഷിമാർ, ഭൂതങ്ങൾ — അവരെല്ലാം ഒത്തുകൂടി. അവരുടെ അകമ്പടിയോടുകൂടി ശിവൻ മധുരയിൽ എത്തിച്ചേർന്നു. കാഞ്ചനമാല ഭക്തിയോടെ ശിവനെ സ്വീകരിച്ചു സത്കരിച്ചു. വധുവിനെ അണിയിച്ചവർ ആരെന്നോ? ലക്ഷ്മീ

ദേവിയും സരസ്വതീദേവിയും! പുരോഹിതൻ മറ്റാരുമല്ല, ബ്രഹ്മാവുതന്നെ! കന്യാദാനം ചെയ്തത് മഹാവിഷ്ണുവും!

മംഗളമായി നടന്നു ആ ദിവ്യവിവാഹം!

സദ്യയ്ക്ക് ഇനി അല്പസമയമുണ്ട്.

മഹർഷിമാരിൽ ഒരു പ്രധാനിയാണ് പതഞ്ജലി. ശിവഭക്തനാണ് അദ്ദേഹം. ഒരാഗ്രഹമുണ്ട് പതഞ്ജലിക്ക് — ശിവന്റെ താണ്ഡവം ഒന്നു കാണണം.

'ഭഗവാനേ, അതൊന്നു കാണിച്ചുതരണേ!' പതഞ്ജലി അഭ്യർത്ഥിച്ചു.

ആ അഭ്യർത്ഥന സ്വീകരിച്ചു, ഭക്തവത്സലനായ ഭഗവാൻ. എത്ര അത്ഭുതകരമായിരുന്നു അപ്പോഴത്തെ താണ്ഡവം! അതുകണ്ട കണ്ണുകളെല്ലാം കുളിർത്തുപോയി!

അപ്പോഴേക്കും സദ്യയ്ക്കുള്ള സമയമായി. കെങ്കേമമായിരുന്നു സദ്യവട്ടം. അതിഥികൾക്ക് അത്യധികമായ സംതൃപ്തിയുണ്ടായി. ഭക്ഷണത്തിനുശേഷം അവർ യാത്രയുമായി.

കാഞ്ചനമാലയും തടാതകയും ഒന്നിച്ചായി.

കാര്യക്കാർ അവരുടെ അടുക്കലേക്കു ചെന്നു. അയാളുടെ മുഖം വാടിയിരിക്കുന്നു. എന്തോ തകരാറുണ്ട് എന്നു സ്പഷ്ടം!

'തമ്പുരാട്ടിമാരെ, അവിടുത്തെ ആജ്ഞപ്രകാരം വളരെയധികം ഭക്ഷണപദാർത്ഥങ്ങൾ തയ്യാറാക്കി. അതിഥികൾക്ക് ഒട്ടും കുറവുണ്ടായിരുന്നില്ല, ശരിതന്നെ. എങ്കിലും ഭക്ഷണപദാർത്ഥങ്ങളിൽ അധികവും ബാക്കി വന്നിരിക്കുന്നു. അടിയങ്ങൾ എന്താണ് ചെയ്യേണ്ടത്.' അയാൾ ചോദിച്ചു.

'സാരമില്ല, ഞങ്ങൾ വേണ്ടതു ചെയ്തുകൊള്ളാം' കാഞ്ചനമാല പറഞ്ഞു കാര്യക്കാരെ യാത്രയാക്കി.

വാസ്തവത്തിൽ എന്താണ് സംഭവിച്ചതെന്നോ? കാഞ്ചനമാലയ്ക്കും തടാതകയ്ക്കും അല്പം ഗർവ് ഇല്ലാതിരുന്നില്ല, തങ്ങളുടെ കേമത്തം അതിഥികൾക്കു മനസ്സിലാക്കിക്കൊടുക്കണം. അതായിരുന്നു അവരുടെ ഉദ്ദേശ്യം. വരനോടൊന്നിച്ചു വളരെപ്പേർ വരുന്നുണ്ടാവും. വധുവിന്റെ പക്ഷത്തിലും അതിഥികൾക്ക് ഒട്ടും കുറവുണ്ടാവുകയില്ല. എല്ലാവരും എത്ര ഭക്ഷിച്ചാലും ശരി, തികയാതെ വന്നുകൂടാ, അതുംപോരാ, തങ്ങളുടെ ധാരാളിത്തം അതിഥികൾ കണ്ടറിയണം. അതുകൊണ്ടു സദ്യവട്ടം വേണ്ടതിൽ വളരെയധികം ഒരുക്കിയിരുന്നു. അതിഥികളുടെ ഭക്ഷണംകൊണ്ടു ചെറിയൊരു അംശമേ തീർന്നിട്ടുള്ളൂ. വലിയ അംശം ബാക്കി കിടക്കുന്നതേയുള്ളൂ!

തടാതക വരനെ ചെന്നു കണ്ടു.

'അവിടുത്തെ അനുചരന്മാർ വേണ്ടതുപോലെ ഭക്ഷിച്ചില്ല, അല്ലേ? വളരെയധികം ഭക്ഷണപദാർത്ഥങ്ങൾ ശേഷിച്ചിരിക്കയാണ്. അതൊക്കെ ഇനി ആരു തിന്നുതീർക്കാനാണ്? അവിടുന്നു വല്ല വഴിയും കണ്ടുപിടിച്ചാൽകൊള്ളാം.' വധു പറഞ്ഞു.

ശിവൻ പുഞ്ചിരി തൂകി. ഒരു കുസൃതി കാട്ടാനാണ് ഗൂഢമായ നിശ്ചയം. ഭഗവാൻ കുണ്ഡോദരനെ ഒന്നു നോക്കി.

ഭൂതഗണത്തിൽ ഗണനീയനാണ് കുണ്ഡോദരൻ. ഏറ്റവും വലിയൊരു കുടവയർഷിയുണ്ട് ആ ഭൂതത്തിന്; തീറ്റിമിടുക്കാണെങ്കിൽ പ്രസിദ്ധവും.

ഭഗവാന്റെ നോട്ടത്തിൽ ഒളിച്ചിരുന്നു ഒരു അർത്ഥം. കുണ്ഡോദരന് ആ അർത്ഥം മനസ്സിലായി. ഒരു തോന്നലും ഉണ്ടായി—തന്റെ വിശപ്പു പലമടങ്ങു വർദ്ധിച്ചിരിക്കുന്നു! ആ ഭൂതം പിന്നെ ഒരൊറ്റ നിമിഷം അവിടെ നിന്നില്ല. നേരെ ചെന്നുകയറി പാചകശാലയിൽ. അധികസമയം കഴിഞ്ഞില്ല, പാചകശാലയിൽ ഒരൊറ്റ ഭക്ഷണപദാർത്ഥം ബാക്കിയില്ല!

സുന്ദരേശ്വരൻ വധുവിനെ ഒന്നു നോക്കി.

'എന്താ തടാതകേ, നിനക്കൊരു വല്ലായ്മ? നിന്റെ താമരമുഖം വാടിക്കാണുന്നല്ലോ. ശേഷിച്ച ഭക്ഷണം തീർക്കാൻ ആളില്ലാഞ്ഞിട്ടാണോ? ഇതറിഞ്ഞെങ്കിൽ ഞാൻ എന്റെ എല്ലാ ഭൂതങ്ങളെയും കൊണ്ടുവരുമായിരുന്നല്ലോ.'

ആ വാക്കുകൾ തടാതകയെ ലജ്ജയിൽ ആഴ്ത്തി. അവളുടെ ഗർവു നിശ്ശേഷം തീർന്നു. അവൾ ഭർത്താവിനെ നമസ്കരിച്ചു.

ആ സമയം കുണ്ഡോദരൻ ഓടിവന്നെത്തി.

'ഭഗവാനേ, എന്റെ വിശപ്പ് ഒട്ടും ശമിച്ചിട്ടില്ല. അതു വയറ്റിനുള്ളിൽ തീപോലെ കത്തുന്നു. അവിടുന്നു ഭക്ഷണം തന്ന് എന്നെ രക്ഷിക്കണം.' ആ ഭൂതപ്രവരൻ അപേക്ഷിച്ചു.

അപ്പോൾ കുണ്ഡോദരൻ തന്റെ മുമ്പിലായി എന്താണു കണ്ടത്? വളരെയധികം ചോറും കറികളും. അതൊക്കെ തിന്നപ്പോൾ വിശപ്പും തീർന്നു.

അപ്പോഴതാ മറ്റൊരു കുഴപ്പം! കുണ്ഡോദരനു ദാഹമായി. ദാഹമെന്നുവെച്ചാൽ അതികഠിനമായ ദാഹം. 'വെള്ളം! വെള്ളം!' എന്നു നിലവിളിച്ചുകൊണ്ട് അവൻ ഇറങ്ങിയോടി. മധുരയിൽ അനേകം കിണറുകളുണ്ട്, കുളങ്ങളുണ്ട്. അവയെല്ലാം കുണ്ഡോദരൻ ക്ഷണത്തിൽ കുടിച്ചുതീർത്തു. എന്നിട്ടും ആ ഭൂതത്തിന്റെ ദാഹം അടങ്ങിയില്ല. അപ്പോൾ എന്താണു ചെയ്തത്? ശിവന്റെ അടുക്കൽ ഓടിയെത്തി യാചിച്ചു, 'വെള്ളം തരണേ!' എന്ന്.

ശിവൻ ഗംഗാദേവിയെ സ്മരിച്ചു. ഗംഗാദേവിക്ക് ഭഗവാന്റെ ഇംഗിതം മനസ്സിലായി. തന്റെ ജലം മധുരയിൽ പ്രവഹിക്കുകയും ചെയ്തു. അതു കുടിച്ചതോടെ കുണ്ഡോദരന്റെ ദാഹത്തിനു ശമനമുണ്ടായി.

ഗംഗാദേവി കൊണ്ടുവന്നില്ലേ ജലം! അതു പില്ക്കാലത്തു പ്രസിദ്ധി നേടി—വേഗവതി എന്ന പേരിൽ!

സുന്ദരേശ്വരൻ രാജാവ്, തടാതക രാജ്ഞി—എന്തായിരുന്നു രാജ്യത്തിന്റെ അവസ്ഥ! മഴക്കുടുതലുമില്ല, മഴക്കുറവുമില്ല. ആധിയും വ്യാധിയുമില്ല. അധർമവും ദുഷ്ടതയുമില്ല. എങ്ങും സൗഖ്യവും സമൃദ്ധിയും കളിയാടി.

ഒരിക്കൽ ഗൗതമമഹർഷിയുടെ വരവുണ്ടായി.

കാഞ്ചനമാല മഹർഷിയോടു വളരെനേരം സംസാരിച്ചു. വിജ്ഞാനികളിൽ മുമ്പനാണ് ഗൗതമൻ. അദ്ദേഹത്തിൽനിന്നു പലതും അറിയാനുണ്ട്, കാഞ്ചനമാലയ്ക്ക്. പ്രത്യേകിച്ചു പുണ്യകർമങ്ങളെക്കുറിച്ച്.

'സമുദ്രസ്നാനത്തിനു വിശേഷിച്ചും ഫലമുണ്ട്.' സംഭാഷണത്തിനിടയിൽ ഗൗതമൻ പറഞ്ഞു.

മഹർഷി പോയതിനുശേഷം കാഞ്ചനമാല മകളെ കണ്ടു.

'തടാതകേ, എനിക്കു സമുദ്രസ്നാനം ചെയ്യാനാഗ്രഹമുണ്ട്, അതിനു നീയൊരു വഴിയുണ്ടാക്കിത്തരണം.' കാഞ്ചനമാല പറഞ്ഞു.

ഭർത്താവിനോട് തടാതക വിവരം പറഞ്ഞു.

'ഒരു സമുദ്രത്തിൽ കുളിക്കണം എന്നല്ലേ നിന്റെ അമ്മയുടെ ആഗ്രഹം? ഞാൻ ഏഴു സമുദ്രങ്ങളെയും ഇങ്ങോട്ടുവരുത്തിക്കളയാം. അമ്മ ഏഴിലും കുളിച്ചുകൊള്ളട്ടെ.' സുന്ദരേശ്വരൻ പറഞ്ഞു.

പുരത്തിനു പുറത്തായി ഒരു തടാകമുണ്ട്. ആ തടാകത്തിൽ വന്നെത്തി സമുദ്രങ്ങൾ ഏഴും.

'തടാതകേ, നിന്റെ അമ്മയ്ക്കിനി സമുദ്രസ്നാനം നിർവഹിക്കാം.' സുന്ദരേശ്വരൻ അറിയിച്ചു.

തടാതക കാഞ്ചനമാലയുടെ അന്തഃപുരത്തിലേക്കു ചെന്നു.

'അമ്മയ്ക്ക് ഒരു സമുദ്രത്തിലല്ലേ കുളിക്കേണ്ടതുള്ളൂ? ഇതാ എന്റെ ഭർത്താവ് ഏഴു സമുദ്രങ്ങളെയും വരുത്തിയിരിക്കുന്നു. കണ്ടില്ലേ അദ്ദേഹത്തിന്റെ കാരുണ്യം?' തടാതക ചോദിച്ചു.

സമുദ്രസ്നാനത്തിനു പ്രത്യേകിച്ചു ചില വിധികളുണ്ട്, അവയെക്കുറിച്ചു പുരോഹിതന്മാരോട് അന്വേഷിച്ചു കാഞ്ചനമാല. അവർ ശരിക്കുള്ള വിധി ചൂണ്ടിക്കാട്ടി. പ്രായമായ സ്ത്രീ ഒരിക്കൽ ഭർത്താവുമൊന്നിച്ചു സമുദ്രസ്നാനം ചെയ്യണം. അല്ലാത്തപക്ഷം അതു പുത്രനോടുകൂടി ആയിരിക്കണം.

കാഞ്ചനമാല വല്ലാതെ ദുഃഖിച്ചു.

'മകളേ, എന്റെ ഭർത്താവു പരലോകത്താണ്. എനിക്കു പുത്രനുമില്ല. പുത്രിയായ നീ മാത്രമേയുള്ളൂ. ഞാൻ എന്തു ചെയ്യട്ടെ?' അവർ പറഞ്ഞു കണ്ണീർ തൂകി.

തടാതക ഭർത്താവിന്റെ മുമ്പിൽ മടങ്ങിയെത്തി വിവരം പറഞ്ഞു.

'അമ്മയുടെ സങ്കടം കാണാൻ എനിക്കു കരുത്തില്ല. അവിടുന്ന് ഇതിനൊരു വഴിയുണ്ടാക്കണം.' തടാതക അപേക്ഷിച്ചു. മലയധ്വജനെ സ്മരിച്ചതേയുള്ളൂ— അതാ വന്നിറങ്ങുന്നു സ്വർഗത്തുനിന്ന് ഒരു വിമാനം. വിമാനത്തിൽനിന്നു പുറത്തുവരുന്നു മലയധ്വജൻ. രാജാവു സുന്ദരേശ്വരനെ വീണു വണങ്ങി. പത്നിയുടെ കൈപിടിച്ച് ഏഴു സമുദ്രങ്ങളിലും സ്നാനംചെയ്തു. അപ്പോൾ കാഞ്ചനമാലയ്ക്ക് ഒരു മാറ്റം വന്നുചേർന്നു. ആ രാജ്ഞിക്കു ദിവ്യരൂപം ലഭിക്കുകയായി. പത്നിയേയുംകൊണ്ട് മലയധ്വജൻ വിമാനത്തിൽ കയറി. ഇരുവരും ആകാശത്തിലൂടെ ഉയർന്നുയർന്നുപോയി. അതോ, നിത്യവാസത്തിനായിട്ട് ശിവലോകത്തേക്കും!

ഉഗ്രൻ – 1

യഥാകാലം തടാതക ഒരു പുത്രനു ജന്മമേകി.
ഉഗ്രൻ എന്നായിരുന്നു രാജകുമാരന്റെ പേര്.

ഏഴു വയസ്സ് പൂർത്തിയായപ്പോഴോ? ഉഗ്രൻ പഠിക്കേണ്ടതെല്ലാം പഠിച്ചു കഴിഞ്ഞു. അതോ പിതാവിൽനിന്നും. പഠിത്തത്തോടുകൂടി മറ്റു പല ഗുണങ്ങളും ഉഗ്രന് ഉണ്ടായിരുന്നു—സൗന്ദര്യം, സൽഗുണം, ബലം, വീര്യം മുതലായ പലതും.

മുപ്പത്തിരണ്ടെണ്ണമുണ്ട് പുരുഷലക്ഷണങ്ങൾ. എല്ലാം തികഞ്ഞ പുരുഷന്മാർ ഏറ്റവും ചുരുക്കമായിരിക്കും. ഏതെല്ലാമാണ് ഉഗ്രനുള്ളത്? സുന്ദരേശ്വരൻ നിഷ്കർഷയോടെ പരിശോധന നടത്തി. അപ്പോൾ ഒരു വസ്തുത തെളിഞ്ഞുവന്നു. മുപ്പത്തിരണ്ടു ലക്ഷണങ്ങളും വിളങ്ങിനില്ക്കുന്നു ഉഗ്രനിൽ! ഉഗ്രനല്ലാതെ മറ്റാർക്കും അപ്രകാരം ഇല്ലതാനും.

ഉഗ്രനു വിവാഹപ്രായമായി.

മറ്റൊരു രാജ്യത്ത് സോമശേഖരൻ എന്നൊരു രാജാവുണ്ട്. അദ്ദേഹത്തോടൊന്നിച്ച് രാജ്ഞിയുണ്ട്, പുത്രിയുമുണ്ട്. കാന്തിമതി എന്നാണു രാജപുത്രിയുടെ പേര്. യുവതിയാണ്. കാന്തിമതി സുന്ദരിയുമാണ്. എന്നു പറഞ്ഞാലും പോരാ, സുന്ദരികളിൽ സുന്ദരി! ഒരിക്കൽ സോമശേഖരന് ഒരു സ്വപ്നമുണ്ടായി. സ്വപ്നത്തിൽ ശിവൻ രാജാവിനു ദർശനമരുളി. എന്നിട്ട് ഒരു നിർദ്ദേശം നല്കി. സോമശേഖരൻ മധുരയിലേക്കു ചെല്ലണം; രാജ്ഞിയെയും പുത്രിയെയും കൊണ്ടുപോകണം; കാന്തിമതിയെ ഉഗ്രനു വിവാഹംചെയ്തുകൊടുക്കണം — അതായിരുന്നു ഭഗവാന്റെ നിർദ്ദേശം.

ഒട്ടും കാലവിളംബം വരുത്തിയില്ല സോമശേഖരൻ. അദ്ദേഹം സ്വരാജ്യത്തുനിന്നു പുറപ്പാടായി. ഭാര്യയും മകളും രാജാവിനെ അനുഗമിച്ചു. മാത്രമല്ല, പരിവാരങ്ങളും. എല്ലാവരും മധുരയിൽ ചെന്നുചേർന്നു. അവർക്കായി കാത്തിരിക്കുകയാണ് സുന്ദരേശ്വരൻ. അദ്ദേഹം അതിഥികളെ സാദരം എതിരേറ്റു. അവർക്കു പാർക്കാനായി പ്രത്യേകം മാളികകളും നല്കി.

അനേകമനേകം ആളുകളുടെ വരവുണ്ടായി മധുരയിൽ. പലേ രാജ്യങ്ങളിലെ രാജാക്കന്മാർ, അവരുടെ പരിജനങ്ങൾ, ആഘോഷം കാണാനെത്തിയ സന്ദർശകന്മാർ— ആകെ വമ്പിച്ചൊരു ജനക്കൂട്ടം!

അതിഥികളുടെ കൂട്ടത്തിൽ മഹർഷിമാരും ഉണ്ടായിരുന്നു. അവരിൽ ഒന്നാണ് ദേവഗുരുവായ ബൃഹസ്പതി. സുന്ദരേശ്വരൻ ബൃഹസ്പതിയെ അരികിലേക്കു വിളിച്ചു.

'അങ്ങ് എനിക്കുവേണ്ടി ഒരു കാര്യം ചെയ്യണം. എന്റെ മകൻ ഉഗ്രനെ സംബന്ധിക്കുന്ന കാര്യമാണ്. മാത്രമല്ല, അവന്റെ വധുവായ കാന്തിമതിയേയും. ഉഗ്രന് എല്ലാ പുരുഷലക്ഷണങ്ങളുടെയും തികവുണ്ട്. കാന്തിമതിക്ക് സ്ത്രീലക്ഷണങ്ങൾ സർവവുമുണ്ടോ? അങ്ങ് അതൊന്ന് അറിഞ്ഞു വരണം.' സുന്ദരേശ്വരൻ ആവശ്യപ്പെട്ടു.

സകല വിജ്ഞാനവുമുള്ള ആളാണ് ബൃഹസ്പതി. പുരുഷലക്ഷണങ്ങൾ മുപ്പത്തിരണ്ടാണല്ലോ. അതുതന്നെയാണ് സ്ത്രീലക്ഷണങ്ങളുടെയും സംഖ്യ. അത് ബൃഹസ്പതിക്കു നല്ലവണ്ണം അറിവുള്ളതാണ്. അദ്ദേഹം കാന്തിമതിയെ സൂക്ഷ്മമായി നോക്കി. അതെ, മുപ്പത്തിരണ്ടു സ്ത്രീലക്ഷണങ്ങളും കാന്തിമതിയിൽ ഒത്തുചേർന്നിരിക്കുന്നു! അദ്ദേഹം സന്തോഷത്തോടെ സുന്ദരേശ്വരനെ കണ്ടു വിവരം പറഞ്ഞു.

അതിനുശേഷം ഒന്നിനും ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. ഒടുവിൽ കല്യാണത്തിനുള്ള ശുഭമുഹൂർത്തം വന്നെത്തി. ഉഗ്രനും കാന്തിമതിയും വിവാഹിതരായി. ഏറ്റവും മംഗളകരമായിരുന്നു ആ കർമം.

പുത്രനു മൂന്നു സമ്മാനങ്ങൾ കൊടുക്കണം. അതായി സുന്ദരേശ്വരന്റെ നിശ്ചയം. സമ്മാനങ്ങൾ മൂന്നും ആയുധങ്ങളാണ്. ആ ആയുധങ്ങൾക്കു പ്രത്യേകമായ ചില ഉദ്ദേശ്യങ്ങളുണ്ട്. ദേവേന്ദ്രൻ, വരുണൻ, മഹാമേരു—മൂന്നു

പേർക്കും എതിരേ പ്രയോഗിക്കാനുള്ള ആയുധങ്ങളാണ്. ഗുഢമായ ചില ഉദ്ദേശ്യങ്ങളുണ്ട് സുന്ദരേശ്വരന്.

ഒരു വളയം, ഒരു വേൽ, ചണ്ഡായുധം — അവ മൂന്നുമാണ് ആയുധങ്ങൾ.

പിതാവ് അവയെ പുത്രനു സമ്മാനിച്ചു.

'മകനേ, ഭാവിയിൽ ഒരു സന്ദർഭം വന്നുചേരും. അപ്പോൾ നീ വളയമെടുത്ത് ദേവേന്ദ്രന്റെ തലയിൽ അടിക്കണം. വേൽ സമുദ്രത്തിന്റെ നേർക്ക് എറിയണം. ചണ്ഡായുധംകൊണ്ട് മഹാമേരുവിനെ മർദ്ദിക്കണം.' സുന്ദരേശ്വരൻ ആവശ്യപ്പെട്ടു.

ഉഗ്രൻ മൂന്ന് ആയുധങ്ങളും ആദരവോടെ വാങ്ങി.

അതിനുശേഷം രാജകുമാരൻ പിതാവിനെ ഭക്തിപൂർവം ദണ്ഡനമസ്കാരം ചെയ്തു.

തുടർന്ന് സുന്ദരേശ്വരൻ രാജ്യഭാരം നടത്തി. വളരെക്കാലം നീണ്ടുനിന്നു രാജ്യഭാരം. അതിനുശേഷം രാജ്യത്തെ പുത്രനു നല്കി. പിന്നീട് തടാതകയെ അരികിൽനിർത്തി. ഇരുവരുംകൂടി അന്തർദ്ധാനവും ചെയ്തു — മറ്റൊരിടത്തുമല്ല, ശിവലിംഗത്തിൽ.

ഉഗ്രൻ – 2

ധർമബോധം, സത്കീർത്തി, സമ്പത്ത് — അവയിലെല്ലാം ഉഗ്രനു സമനായി മറ്റൊരു രാജാവില്ല. അദ്ദേഹം ശത്രുക്കളെ ഒന്നൊന്നായി അമർച്ചചെയ്തു; അങ്ങനെ ചക്രവർത്തിപദവും കരസ്ഥമാക്കി. അതിനുശേഷം അശ്വമേധം എന്ന യാഗവും അനുഷ്ഠിച്ചു. ഒന്നല്ല, അനേകം അശ്വമേധങ്ങൾ!

അസൂയയായി, വിരോധമായി, ദേവേന്ദ്രന്. അശ്വമേധം ചെയ്യുന്നയാൾക്കു മഹിമയുണ്ടാവും. എത്ര യാഗങ്ങൾ ചെയ്യുന്നുവോ, അത്രയും ഇരട്ടിയാവും ചെയ്യുന്നയാളുടെ മഹിമ. ആരും തന്നെക്കാൾ കേമനായിക്കൂടാ—അത് ദേവേന്ദ്രനു നിർബന്ധമാണ്. ഉഗ്രനോട് അസൂയയും വിരോധവും ഉണ്ടായതിൽ അതിശയിക്കാനുണ്ടോ?

മധുരയെ നശിപ്പിക്കുകതന്നെ വേണം—അതായി ദേവേന്ദ്രന്റെ നിശ്ചയം. അദ്ദേഹം വരുണന്റെ സഹായം സമ്പാദിച്ചു. ഉറ്റ ചങ്ങാതിയാണ് വരുണൻ. സ്നേഹിതന്റെ ഇച്ഛപ്രകാരം പ്രവർത്തിക്കുകതന്നെ—ആ വിചാരത്തോടെ വരുണൻ ഒരുമ്പെട്ടിറങ്ങി.

ഒരു പരമാർത്ഥം വരുണൻ കണക്കിലെടുത്തില്ല — മധുരയ്ക്ക് ശിവന്റെ അനുഗ്രഹമുണ്ട് എന്ന്.

പെട്ടെന്നു മധുരയിലെ നിവാസികളിൽ ചിലർ ഒന്നു കണ്ടു—അതാ സമുദ്രം ഇരമ്പിക്കയറി വരുന്നു! അവർ പരിഭ്രാന്തരായി പരക്കം പാഞ്ഞു. എന്നാൽ, പലരും അതു കണ്ടില്ല. കാരണം, രാത്രി ഏറെ കഴിഞ്ഞിരിക്കുന്നു. മിക്കവരും നിദ്രയിൽ ലയിച്ചിരിക്കുന്ന സമയം!

ഉഗ്രനും ഉറങ്ങുകയായിരുന്നു.

ശിവൻ സിദ്ധരൂപത്തിൽ സ്വപ്നദർശനം നല്കി.

'ഉഗ്രാ, സമുദ്രം ഇതാ മധുരയെ ആക്രമിച്ചിരിക്കുകയാണ്. നിനക്കു ഞാൻ മുമ്പു വേൽ തന്നിട്ടുണ്ടല്ലോ. ആ വേലെടുത്തു സമുദ്രത്തിന്റെ നേർക്ക് എറിയൂ!' ഭഗവാൻ ആവശ്യപ്പെട്ടു.

ഉഗ്രൻ ഉരുണ്ടുപിരണ്ട് എഴുന്നേറ്റു. അതിവേഗം വേൽ കൈക്കലാക്കി. അതും പിടിച്ചു മധുരയുടെ അതിർത്തിയിലേക്കോടി. ഉരുണ്ടുവന്നു മുന്നോട്ടു കുതിക്കുകയാണ് സമുദ്രത്തിലെ തിരമാലകൾ. ഉഗ്രൻ വേലെടുത്ത് ഒരേറ്! അതിന്റെ ഫലം തത്ക്ഷണം പ്രകടമായി. സമുദ്രത്തിന് മുന്നോട്ട് ഒരടി നീങ്ങാൻ സാധിച്ചില്ല. മാത്രമല്ല, നിന്നിടത്തു നില്ക്കാനും വയ്യെന്നായി. പുറം തിരിഞ്ഞോടുക—അതൊരുവഴിയേ ഉണ്ടായിരുന്നുള്ളൂ.

മധുരയ്ക്കു രക്ഷ കിട്ടി.

പിന്നീടൊരിക്കൽ മറ്റൊരു സംഭവം ഉണ്ടായി.

തൊട്ടടുത്ത മൂന്നു രാജ്യങ്ങളിൽ മഴ ഇല്ലാതെയായി. മഴയുടെ അഭാവത്താൽ ധാന്യങ്ങളും സസ്യങ്ങളും വളരാതെയായി. ധാന്യസസ്യാദികൾ ഇല്ലാത്തതിനാൽ കടുത്ത ക്ഷാമമായി. ക്ഷാമം കാരണമായി ജനങ്ങൾക്കു പട്ടിണിയായി. എന്തൊരു ദുരവസ്ഥ!

ചേരം, ചോളം, പാണ്ഡ്യം—ഈ മൂന്നു രാജ്യങ്ങളിലായിരുന്നു ഇപ്രകാരമുള്ള ദുരവസ്ഥ!

അവിടങ്ങളിലെ മൂന്നു രാജാക്കന്മാരും ഒന്നിച്ചു. അഗസ്ത്യമഹർഷിയെക്കണ്ടു സങ്കടം പറഞ്ഞു.

ഉഗ്രനായിരുന്നു പാണ്ഡ്യരാജാവ്. അക്കാര്യം പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

'നിങ്ങൾ ശിവനെ ഭജിക്കുവിൻ.' അഗസ്ത്യമഹർഷി ഉപദേശിച്ചു.

മൂന്നു രാജാക്കന്മാരും അപ്രകാരം ചെയ്തു.

ഒരു അശരീരി കേൾക്കുമാറായി.

'ദേവേന്ദ്രനാണല്ലോ മഴയുടെ അധിപൻ. നിങ്ങൾ ദേവേന്ദ്രനെ ചെന്നു കണ്ടു കാര്യം പറയുവിൻ. സ്വർഗലോകത്തു പോകാനുള്ള ശക്തി നിങ്ങൾക്കുണ്ടാവും!'

ആ ശക്തി മൂന്നു രാജാക്കന്മാർക്കും ഉണ്ടാവുകയും ചെയ്തു. അവരൊന്നിച്ചു സ്വർഗലോകത്ത് എത്തുകയും ചെയ്തു. അവർ വരുന്നുണ്ടെന്ന് ദേവേന്ദ്രനു കാലേകൂട്ടി അറിവുകിട്ടി. അവരെ അല്പമൊന്നു തരം താഴ്ത്താനായി ദേവേന്ദ്രന്റെ ഒരുക്കം. ഉയർന്ന സിംഹാസനമാണ് ദേവേന്ദ്രന്റെ ഇരിപ്പിടം. രാജാക്കന്മാർക്ക് ഇരിക്കാൻ ചെറിയ പീഠങ്ങൾ വയ്പിച്ചു. തന്നെക്കാൾ എളിയവരല്ലെ രാജാക്കന്മാർ? അവർക്ക് ഇരിക്കാൻ ചെറിയ പീഠങ്ങൾ മതി—അതായിരുന്നു ദേവേന്ദ്രന്റെ മനോഭാവം. രാജാക്കന്മാർ മൂന്നും ദേവേന്ദ്രന്റെ സന്നിധിയിൽ പ്രവേശിച്ചു. തങ്ങൾക്കിരിക്കാൻവെച്ചിട്ടുള്ളതു ചെറിയ പീഠങ്ങളാണ്—ആ വസ്തുത അവർ അത്ര കൂട്ടാക്കിയില്ല. ഓരോ പീഠത്തിൽ ഇരിപ്പായി ചേരരാജാവും ചോളരാജാവും. പാണ്ഡ്യരാജാവ് എന്താണ് ചെയ്തത്? ചെറിയ പീഠത്തിൽ ഇരിക്കാൻ കൂട്ടാക്കിയില്ല. തനിക്കു ദേവേന്ദ്രനെ അപേക്ഷിച്ച് യാതൊരു കുറവുമില്ല. ആ സ്ഥിതിക്ക് ദേവേന്ദ്രനോട് ഒപ്പം ഇരിക്കുകതന്നെ വേണം. മറ്റൊരു സിംഹാസനം ഒഴിഞ്ഞുകിടന്നിരുന്നു. ഉഗ്രൻ ആ സിംഹാസനത്തിൽ കയറി ഇരുന്നു.

'ദേവേന്ദ്രാ, ഞങ്ങൾ അങ്ങയെ ശരണം പ്രാപിക്കുന്നു. ഞങ്ങളുടെ രാജ്യങ്ങളിൽ മഴ പെയ്യുന്നില്ല. മഴ പെയ്യിച്ച് അങ്ങു ഞങ്ങളെ രക്ഷിക്കണം.' ചേര രാജാവും ചോളരാജാവും താഴ്മയോടുകൂടി അപേക്ഷിച്ചു.

അഭിമാനിയായ ഉഗ്രൻ അപേക്ഷ സമർപ്പിച്ചില്ല. വേണ്ടതിൽ കൂടുതൽ താഴ്മയും കാണിച്ചില്ല. അതുണ്ടോ ദേവേന്ദ്രൻ മനസ്സിലാക്കാതിരിക്കുന്നു? അദ്ദേഹം ചേരരാജാവിനും ചോളരാജാവിനും സഹായം വാഗ്ദാനം ചെയ്തു. പാണ്ഡ്യരാജാവിനോടാകട്ടെ ഒരക്ഷരം ഉരിയാടിയില്ല. അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ അതൃപ്തി തോന്നിയിരുന്നു എന്നു സ്പഷ്ടം!

രാജാക്കന്മാർ മൂവരും ഭൂലോകത്തു മടങ്ങിയെത്തി. താമസിയാതെ രാരാളം മഴയും പെയ്തു — ചേരരാജ്യത്തിലും ചോളരാജ്യത്തിലുംമാത്രം! അവിടങ്ങളിൽ സസ്യങ്ങളും ധാന്യങ്ങളും ധാരാളമായി ഉണ്ടായി. പാണ്ഡ്യരാജ്യം മാത്രം ഉണങ്ങി വരണ്ടിരിക്കുന്നു. അവിടെ മഴപെയ്യാതിരിക്കാൻ ദേവേന്ദ്രൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

എന്നിട്ടുണ്ടോ ഉഗ്രൻ വകവെക്കുന്നു? മാത്രവുമല്ല ദേവേന്ദ്രനോടു മത്സരിക്കാൻ ഒരുക്കവുമായി. അദ്ദേഹം ഒരുനാൾ മലയപർവതത്തിലേക്കു ചെന്നു. അവിടെ പ്രത്യേകതരത്തിലുള്ള നാലുപേരെ കണ്ടെത്തി—മനുഷ്യരല്ല; പ്രമാണികളായ മേഘങ്ങൾ! ഉഗ്രൻ നാലുപേരെയും തോല്പിച്ചു പിടിച്ചുകെട്ടി. ഭൃത്യരെക്കൊണ്ട് എടുപ്പിച്ചു നാട്ടിലേക്കുപോയി. അവിടെ അവരെ തടവിൽ പാർപ്പിക്കുകയും ചെയ്തു.

വിവരമറിഞ്ഞപ്പോൾ ദേവേന്ദ്രനുണ്ടായ ദേഷ്യം — അതൊന്നു കാണേണ്ടതുതന്നെയായിരുന്നു! അദ്ദേഹം സൈന്യങ്ങളോടുകൂടി പാണ്ഡ്യരാജ്യത്തെ ആക്രമിച്ചു. പാണ്ഡ്യരാജാവായ ഉഗ്രൻ ദേവസൈന്യത്തെ തടഞ്ഞുനിർത്തി. അതിനിടയിൽ ദേവേന്ദ്രനും ഉഗ്രനും തമ്മിൽ ദ്വന്ദ്വയുദ്ധം നടന്നു. സുന്ദരേശ്വരൻ സമ്മാനിച്ചിരുന്നില്ലേ വളയം? ഉഗ്രൻ അതെടുത്ത് ദേവേന്ദ്രന്റെ ശിരസ്സിൽ ഒരടി! ദേവേന്ദ്രന്റെ കിരീടം തകർന്നു തരിപ്പണമായി. ഇനി നിന്നാൽ രക്ഷയില്ല എന്ന് ദേവേന്ദ്രനു ബോദ്ധ്യമായി. അദ്ദേഹം പടക്കളത്തിൽനിന്നു പിൻവാങ്ങി.

താമസിയാതെ ഉഗ്രനു സ്വർഗത്തുനിന്ന് ഒരു സന്ദേശം കിട്ടി:

ദേവേന്ദ്രൻ അയച്ച സന്ദേശമാണത്.

'ഉഗ്രരാജാവേ, അങ്ങയ്ക്കു തുല്യനായ ഒരു യോദ്ധാവ് ഒരിടത്തുമില്ല. അക്കാര്യം എനിക്കു ബോദ്ധ്യമായിരിക്കുന്നു. ഞാൻ അങ്ങയോടു യുദ്ധം ചെയ്തതു തെറ്റായിപ്പോയി. എന്റെ നാലു മേഘവീരന്മാരെ അങ്ങ് തടവിലിട്ടിരിക്കയാണല്ലോ. അങ്ങ് അവരെ മോചിപ്പിക്കണം. പകരമായി ഞാൻ പാണ്ഡ്യരാജ്യത്തു മഴ പെയ്യിച്ചുകൊള്ളാം.' അതായിരുന്നു സന്ദേശം.

ഉഗ്രൻ തടവിലിട്ട മേഘങ്ങൾക്കു സ്വാതന്ത്ര്യം നല്കി. അതോടെ പാണ്ഡ്യരാജ്യത്തിന്റെ ദുരിതം അവസാനിച്ചു. അവിടെ മഴ ധാരാളമായി പെയ്തുതുടങ്ങി. ഉഗ്രൻ ജയിച്ചു എന്നർത്ഥം.

ഒരു പുത്രനുണ്ടായി, ഉഗ്രനും കാന്തിമതിക്കും. വീരപാണ്ഡ്യൻ എന്നായിരുന്നു കുട്ടിയുടെ പേര്. കലകളിൽ, ശാസ്ത്രങ്ങളിൽ സമർത്ഥനായിരുന്നു വീരപാണ്ഡ്യൻ. കാലം അക്കാര്യങ്ങൾക്കു തെളിവുകൾ നല്കി.

പാണ്ഡ്യരാജ്യത്തിൽ വീണ്ടും മഴയില്ലാതെയായി. ഇപ്രാവശ്യം ദേവേന്ദ്രന്റെ കുറ്റമല്ല എന്നു തീർച്ചയാണ്. പക്ഷേ, യഥാർത്ഥമായ കാരണമെന്ത്?

അത് ഉഗ്രനു പിടികിട്ടിയില്ല. അദ്ദേഹം ജ്യോത്സ്യന്മാരെ വരുത്തി അവരുടെ അഭിപ്രായം ആരാഞ്ഞു. ജ്യോത്സ്യന്മാർ ഗണിച്ചുനോക്കിയപ്പോൾ കാരണം മനസ്സിലായി—ഗ്രഹങ്ങൾ വക്രമായി സഞ്ചരിക്കുന്നു!

ജനങ്ങൾ ഭക്ഷണമില്ലാതെ വലയുകയാണ്. ഭക്ഷണത്തിന്റെ കാര്യം പോകട്ടെ കുടിക്കാൻപോലും വെള്ളം ഒരിടത്തും ലഭിക്കുന്നില്ല. ഈ നില യ്ക്കു പോയാൽ സകലരും മരിച്ചുപോവുകയില്ലേ? ശിവൻ മാത്രമേ ഇനി ശരണമുള്ളു—ആ പരമാർത്ഥം ഉഗ്രനു ബോദ്ധ്യമായി. അദ്ദേഹം ഹൃദയം നൊന്തു ശിവനെ പ്രാർത്ഥിച്ചു. പിന്നീടു ഭഗവാനെ വിളിച്ചുകേണു. അപ്പോ ഴേക്കും ദുഃഖം അടക്കവയ്യാതായി. ഉഗ്രൻ മൂർച്ഛിച്ചു വീഴുകയുംചെയ്തു.

അങ്ങനെ അബോധാവസ്ഥയിൽ കിടക്കുമ്പോഴോ? ശിവൻ ഉഗ്രന്റെ മുമ്പിൽ പ്രത്യക്ഷനായി. ഒരു വഴിയും നിർദ്ദേശിച്ചു.

'ഉഗ്രാ, നീ മേരുപർവതത്തിലേക്കു പോകണം. ഞാൻ സമ്മാനിച്ചിരു ന്നില്ലേ ചണ്ഡായുധം? അതെടുത്ത് മേരുപർവതത്തെ ഒന്നു പ്രഹരിക്കണം. അപ്പോൾ ഒരു ഗുഹ തുറന്നുവരും. ഗുഹയ്ക്കുള്ളിൽ അഞ്ചുപറ്റ സ്വർണം ഉണ്ടായിരിക്കും. സ്വർണമെല്ലാം എടുത്തുകൊണ്ടുപോരു. അതത്രയും പ്രജ കൾക്കു കൊടുക്കൂ. എന്നിട്ട് എന്നെ ഭജിക്കൂ ഫലം വഴിയെ കാണാറാകും.'

ഭഗവാൻ നിർദ്ദേശിച്ചതുപോലെ പ്രവർത്തിച്ചു ഉഗ്രൻ. അതേസമയം സ്വർണം മറ്റൊന്നിനും വിനിയോഗിച്ചു— ശിവക്ഷേത്രത്തിനു ഗോപുരവും വിമാനവും പണിയിക്കുന്നതിനായിട്ട്!

താമസിയാതെ ഗ്രഹങ്ങളുടെ വക്രഗതി തീർന്നു. പഴയപോലെ മഴയും പെയ്തു. രാജ്യത്തിൽ വീണ്ടും സമൃദ്ധി കളിയാടി.

ആ നല്ല കാലം നീണ്ടുനീണ്ടു പോയി. ഒടുവിൽ ഉഗ്രൻ പുത്രനായ വീരപാണ്ഡ്യനെ രാജാവാക്കി അതിനു ശേഷം ഇഹലോകത്തുനിന്നു യാത്ര യായി. ചെന്നെത്തിയതു ശിവലോകത്തും!

അഭിഷേകപാണ്ഡ്യൻ

വീരപാണ്ഡ്യന് പട്ടമഹിഷിയിൽ ഒരു പുത്രനുണ്ടായി. ആ കുട്ടിക്ക് അഞ്ചു വയസ്സായി. അപ്പോൾ ഒരു അത്യാഹിതം സംഭവിച്ചു. വീരപാണ്ഡ്യൻ വേട്ട യ്ക്കായി കാട്ടിലേക്കു പോയി.

പെട്ടെന്ന് ഒരു സിംഹം രാജാവിന്റെ നേർക്കു ചാടി അദ്ദേഹത്തെ വധി ക്കുകയും ചെയ്തു.

പട്ടമഹിഷിയല്ലാതെ മറ്റു പത്നിമാരും ഉണ്ടായിരുന്നു വീരപാണ്ഡ്യന്. അവരിൽ പുത്രന്മാരും ജനിച്ചിട്ടുണ്ടായിരുന്നു. ദുഷ്ടരായിരുന്നു അക്കൂട്ടരെ ല്ലാം. പട്ടമഹിഷിയുടെ കുട്ടിയോട് അവർക്കു കടുത്ത വിരോധമുണ്ടായിരു ന്നു. അതു വിശ്വസ്തരായ ചില മന്ത്രിമാർക്ക് അറിയാം. അവർ കുട്ടിയെ ഒളിവിൽവച്ചു വളർത്തി.

കാലം കുറെ ചെന്നപ്പോഴോ? ദുഷ്ടരായ രാജപുത്രന്മാർ രാജ്യത്തിലെ സമ്പത്തുകൾ കൈയടക്കി. അവയൊക്കെ ധൂർത്തടിക്കുകയും ചെയ്തു. രാജ്യത്താകെ കലാപങ്ങൾ പടർന്നുപിടിച്ചു. ആ ദുഃസ്ഥിതിക്ക് ഒരു പരിഹാ

രമേയുള്ളൂ. ഒളിവിൽ വളർത്തുന്ന രാജകുമാരനെ രാജാവാക്കുക. അതിനായി മന്ത്രിമാരുടെ ഒരുക്കം.

രാജാവാകണമെങ്കിൽ അഭിഷേകം വേണം. അഭിഷേകത്തിനു പുതിയ കിരീടം ഉണ്ടായിരിക്കണം. കിരീടത്തിൽ നവരത്നങ്ങൾ അമൂഴ്ത്തിവയ്ക്കണം. അതാണു കീഴ്വഴക്കം. എന്താണൊരു വഴി? സുന്ദരേശ്വരനെ പ്രാർത്ഥിക്കുകതന്നെ.

ഒരു ദിവസം ഭാണ്ഡവുമേന്തി ഒരു വൈശ്യൻ വന്നു കയറി.

സുന്ദരേശ്വരൻ വൈശ്യന്റെ വേഷത്തിൽ വന്നതാണ് — ആ രഹസ്യം അപ്പോൾ മന്ത്രിമാർ അറിഞ്ഞില്ല.

'മന്ത്രിമാരേ, എന്താണു നിങ്ങൾക്ക് ഒരു വല്ലായ്മ?' വൈശ്യൻ ചോദിച്ചു. കിരീടത്തിന്റെ കാര്യം മന്ത്രിമാർ അറിയിച്ചു.

'ഇത്രേയുള്ളോ? സാരമില്ല. ആട്ടെ, നിങ്ങൾക്ക് എന്തുമാതിരി രത്നങ്ങൾ വേണം? പലമാതിരി രത്നങ്ങളും എന്റെ പക്കലുണ്ട്.' വൈശ്യൻ പറഞ്ഞു.

അയാൾ നിലത്തിരിപ്പായി. മുമ്പിലൊരു നീലപ്പട്ടു വിരിച്ചു. ഭാണ്ഡംതുറന്ന് അനേകം രത്നങ്ങൾ എടുത്തു. രത്നങ്ങളെ നീലപ്പട്ടിൽ നിരത്തി. ഇത്ര വിശേഷപ്പെട്ട രത്നങ്ങളുമുണ്ടോ? മന്ത്രിമാർ അത്ഭുതംകൊണ്ടു പരവശരായി.

'രത്നങ്ങൾക്കു പിന്നിൽ ഒരു കഥയുണ്ട്.' വൈശ്യൻ അറിയിച്ചു.

അയാൾ ആ കഥ കേൾപ്പിച്ചു.

വലാസുരൻ വിക്രമി മാത്രമല്ല, മഹിമയുള്ളവനും ആയിരുന്നു. ബാല്യം മുതല്ക്കേ ശിവഭക്തനും. അവൻ കൈലാസത്തിൽ ചെന്നു ശിവനെ തപസ്സുചെയ്തു.

ശിവൻ പ്രത്യക്ഷനായി.

'ഭഗവാനെ, എന്റെ സമ്മതം കൂടാതെ എന്നെ ആരും വധിച്ചുകൂടാ. എന്റെ ദേഹത്തിൽനിന്നു നവരത്നങ്ങൾ ഉണ്ടാവുകയും വേണം.' അതാണ് വലാസുരൻ ചോദിച്ച വരം.

ശിവൻ ആ വരങ്ങൾ നല്കുകയും ചെയ്തു. അതോടുകൂടി വലാസുരന്റെ ബലം പലമടങ്ങു വലുതായി. അവൻ ഭൂലോകം മാത്രമല്ല, മൂന്നു ലോകങ്ങളും കീഴടക്കി. ദേവേന്ദ്രനും അവനോടു തോറ്റെന്നു പറയേണ്ടതില്ല.

പക്ഷേ, ദേവേന്ദ്രൻ കരുതിയിരുന്നു. സൂത്രം പ്രയോഗിച്ച് വലനെ ഇല്ലായ്മചെയ്യണം. അതിനു പഴുതു നോക്കുകയാണ് അദ്ദേഹം. ആലോചിച്ച് ഒരു പരിപാടിയും ഉണ്ടാക്കി. അതിനുശേഷം വലനെ ചെന്നു കണ്ടു.

'വലാസുരാ, അങ്ങാണ് ഏറ്റവും ബലവാൻ. എനിക്ക് അതിൽ യാതൊരു സംശയവുമില്ല. ഒരു വരം തരാൻ ഞാൻ ആഗ്രഹിക്കുന്നു. ഇഷ്ടമുള്ള വരം ചോദിച്ചുകൊള്ളൂ,' ദേവേന്ദ്രൻ ആവശ്യപ്പെട്ടു.

ശുദ്ധഗതിക്കാരനായ വലാസുരൻ കെണിയിൽ പെട്ടുപോയി.

'നന്നായി! ദേവേന്ദ്രാ, എന്നോടു തോറ്റ നീയാണോ എനിക്കു വരം തരേണ്ടത്? സാക്ഷാൽ ശിവനാണ് എനിക്കു വരം തന്നിട്ടുള്ളത്. പിന്നെയാണു നീ! നീയല്ല എനിക്കു വരം തരാനുള്ളത്. നിനക്കു ഞാൻ വേണം വരം തരാൻ! എന്താണു വേണ്ടത്? ചോദിക്കൂ!' വലൻ പറഞ്ഞു.

അതുതന്നെയാണ് ദേവേന്ദ്രൻ കാത്തിരിക്കുന്ന സന്ദർഭം!

'വലാസുരാ, ഞങ്ങൾ ഒരു യാഗം നടത്തുന്നുണ്ട്. യാഗത്തിൽ ബലികർമം അനുഷ്ഠിക്കണം. നീ എനിക്കു ബലിമൃഗമാവണം. അതാണ് എനിക്കു വേണ്ടുന്ന വരം.' ദേവേന്ദ്രൻ പറഞ്ഞു.

ജീവനോ ധർമ്മമോ? അതായിരുന്നു പ്രശ്നം. രണ്ടിലൊന്നു വേണ്ടെന്നുവയ്ക്കണം. മഹാത്മാവായിരുന്നല്ലോ വലാസുരൻ. യാതൊരു സംശയവും ഉണ്ടായില്ല.

'ദേവേന്ദ്രാ, ആ വരം ഞാനിതാ തരികയാണ്. നീ പോയി യാഗം ഒരുക്കൂ. കൃത്യസമയത്തു ഞാൻ എത്തിക്കൊള്ളാം.' വലൻ ഒട്ടും ക്ഷോഭമില്ലാതെ പറഞ്ഞു.

ആ വാഗ്ദാനം അവൻ പാലിക്കുകതന്നെ ചെയ്തു. ദേവേന്ദ്രൻ അവനെ ബലിമൃഗമാക്കി. അസുരന്റെ ആത്മാവ് ബ്രഹ്മലോകത്തുപോയി. അവന്റെ ദേഹത്തുനിന്നു ഉണ്ടായിവന്നതോ? അതിവിശിഷ്ടങ്ങളായ നവരത്നങ്ങളും!

ഇക്കഥ വൈശ്യനിൽനിന്നു കേട്ടറിഞ്ഞു മന്ത്രിമാർ.

'ഈ നവരത്നങ്ങൾ ഉപയോഗിച്ചു പുതിയ കിരീടം ഉണ്ടാക്കണം. ആ കിരീടം രാജകുമാരനെ അണിയിക്കണം. പുതിയ രാജാവു ചിരകാലം വാഴട്ടെ!' വൈശ്യൻ ആശീർവദിച്ചു.

മന്ത്രിമാർ യഥാവിധി അഭിഷേകം നടത്തി. അഭിഷേകപാണ്ഡ്യൻ എന്നായി പുതിയ രാജാവിന്റെ പേര്. പിന്നീട് മന്ത്രിമാർ എന്താണു കണ്ടത്? വൈശ്യന്റെ ശരീരത്തിൽനിന്ന് ഒരു ദിവ്യപ്രഭ! അതോടെ വൈശ്യൻ അപ്രത്യക്ഷനുമായി.

അപ്പോൾ എല്ലാവർക്കും ആ പരമാർത്ഥം ബോധ്യമായി — വൈശ്യനായി വന്നത് ശിവനായിരുന്നു!

പിൽക്കാലത്ത് അഭിഷേകപാണ്ഡ്യൻ എന്തെല്ലാമാണു ചെയ്തത്? ദുഷ്ടരായ ബന്ധുക്കളെ അമർച്ചചെയ്തു. മറ്റു രാജാക്കന്മാരെ കീഴടക്കി. ചക്രവർത്തിയായി വാഴുകയും ചെയ്തു.

എങ്കിലും അദ്ദേഹത്തിന്റെ ശിവഭക്തി—അതൊന്നു പ്രത്യേകമായിരുന്നു. പൂജയും വ്രതവും അർച്ചനയുമെല്ലാം അദ്ദേഹം മുടങ്ങാതെ നടത്തി. രാജാവിന്റെ ശിവഭക്തി ദേവേന്ദ്രനെപ്പോലും വിസ്മയിപ്പിച്ചു. ദേവേന്ദ്രൻ അദൃശ്യനായി വരാറുണ്ട്. സുന്ദരേശ്വരനെ പൂജിക്കുകയാണ് ഉദ്ദേശ്യം.

ഒരിക്കൽ വരുണന് ഒരു മഹാവ്യാധി പിടിപെട്ടു. ജലോദരം എന്നാണു മഹാവ്യാധിയുടെ പേര്. അതിന്റെ പീഡ വരുണനെ വല്ലാതെ കഷ്ടപ്പെടുത്തി. ദേവവൈദ്യന്മാരാണല്ലോ അശ്വിനീദേവന്മാർ. അവർ വന്ന് വരുണനെ ചികിത്സിച്ചു. അറിയാവുന്ന മരുന്നെല്ലാം അവർ പ്രയോഗിച്ചു. അവയ്ക്കൊന്നും ഒരു ഫലവും ഉണ്ടായില്ല. അവസാനം വരുണൻ ദേവേന്ദ്രന്റെ സഹായം അഭ്യർത്ഥിച്ചു.

'സ്നേഹിതാ, എന്റെ മഹാവ്യാധി മാറാൻ ഒരു മാർഗം പറഞ്ഞുതരൂ' വരുണൻ അപേക്ഷിച്ചു.

'വരുണാ, ഹാലാസ്യനാഥൻ മാത്രമേയുള്ളു ഒരു ഗതി. അങ്ങ് മധുരയിൽച്ചെന്ന് സുന്ദരേശ്വരനെ ആരാധിക്കൂ. അങ്ങയുടെ മഹാവ്യാധി തീർച്ച

യായും തീരും. അഭിഷേകപാണ്ഡ്യന്റെ ഭക്തി നേരിട്ടു കാണുകയും ചെയ്യാം.' ദേവേന്ദ്രൻ പറഞ്ഞു.

അപ്പോൾ വരുണന് ഒരു ആഗ്രഹമുണ്ടായി. സുന്ദരേശ്വരന്റെ ശക്തി, അഭിഷേകപാണ്ഡ്യന്റെ ഭക്തി—രണ്ടും പരീക്ഷിച്ച് അറിയണം! ആ ആഗ്രഹം ഏതു രൂപത്തിൽ പ്രകടമായിയെന്നോ? അതാ മധുരയെ സമീപിക്കുന്നു..... ഘോരമായ ആരവമുള്ള സമുദ്രം! മധുരയിലെ നിവാസികൾ വല്ലാതെ ഭയപ്പെട്ടുപോയി. അഭിഷേകപാണ്ഡ്യന് ഒന്നുതോന്നി. എത്രയോ മനുഷ്യശത്രുക്കളെ തോല്പിച്ചിട്ടുണ്ട്, ശരിയാണ്. പക്ഷേ, പാഞ്ഞുവരുന്ന സമുദ്രത്തോട് എന്തു ചെയ്യാനൊക്കും? ഇനി സുന്ദരേശ്വരനെ ശരണം പ്രാപിക്കുകതന്നെ. അദ്ദേഹം ഭഗവാനെ ഭക്തിപൂർവം ഭജിച്ചുതുടങ്ങി.

സുന്ദരേശ്വരൻ ഭക്തനെ രക്ഷിച്ചത് എപ്രകാരമാണ്? ഭഗവാൻ ജടയുടെ ഇടയിൽനിന്നു നാലു മേഘങ്ങളെ പുറത്തുവിട്ടു. ആ നാലു മേഘങ്ങളും ഒന്നിച്ചു സമുദ്രജലം കുടിക്കാൻ ആരംഭിച്ചു. വരുണന്റെ അധീനതയിലുമുണ്ട് കുറെ ബലമേറിയ മേഘങ്ങൾ. അദ്ദേഹം അവയെ നിയോഗിച്ചപ്പോഴോ? അവ മധുരയുടെ മുകളിലായി ആകാശത്തു നിലകൊണ്ടു. എന്നിട്ടു വർഷിച്ചും തുടങ്ങി. ഇടയില്ലാതെ, തടവില്ലാതെ, പേമാരി ചൊരിഞ്ഞുകൊണ്ടിരുന്നു. സമയം കുറച്ചേ കഴിഞ്ഞുള്ളൂ. അതിനിടയിൽ മധുരയിലാകെ വെള്ളം നിറഞ്ഞു. ആ വെള്ളം അനുനിമിഷം പൊങ്ങുകയുമാണ്. ജനങ്ങൾ പരിഭ്രാന്തരായി. മധുര വെള്ളത്തിൽ മുങ്ങിയാൽ എന്തായിരിക്കും സ്ഥിതി?

പക്ഷേ, വരുണനായാലും ശരി, സുന്ദരേശ്വരനോട് എതിർത്തു നിൽക്കാൻ പറ്റുമോ? ജടയിൽനിന്നു പുറത്തു വിട്ടിരുന്നല്ലോ മേഘങ്ങൾ. അവ മധുരയുടെ തൊട്ടുമുകളിൽ നില്പായി. അങ്ങനെ ഇടതുർന്ന ഒരു മേല്പുര കെട്ടിയതുപോലെയായി. പേമാരി തുടർന്നുചൊരിഞ്ഞു, ശരിതന്നെ. പക്ഷേ, അതൊക്കെ വീണതു മേല്പുരയുടെ പുറത്ത്. ഒരൊറ്റ തുള്ളി മധുരയിൽ വീണില്ല!

ആ സമയം വരുണന് ഒന്നു ബോദ്ധ്യമായി. ശിവനു മുമ്പിൽ താൻ എത്ര തുച്ഛനാണ്! അദ്ദേഹം മഴ പെയ്യിക്കുന്ന മേഘങ്ങളെ തിരിച്ചുവിളിച്ചു. അതിനുശേഷം ഭഗവാനെ പൂജിച്ചു. സ്തോത്രങ്ങൾ ചൊല്ലി സ്തുതിക്കുകയും ചെയ്തു.

ശിവൻ പ്രത്യക്ഷനായി.

'ഭഗവാനേ, അടിയന്റെ തെറ്റു പൊറുക്കണം. അവിടുത്തോടുള്ള ഭക്തി എനിക്ക് എന്നും ഉണ്ടായിരിക്കും. ഒരിക്കലും അതിനു കുറവു വരികയില്ല.' വരുണൻ തൊഴുകൈയോടെ പറഞ്ഞു.

ശിവൻ സംപ്രീതനായെന്നു താമസിയാതെ തെളിഞ്ഞു. വരുണന്റെ സ്ഥിതിയിൽ വലിയ വ്യത്യാസമുണ്ടായി. ജലോദരം എന്ന മഹാവ്യാധി ഇല്ലാതായി!

കാലം പിന്നെയും കഴിഞ്ഞു.

ഒരിക്കൽ മധുരയിൽ ഒരു സിദ്ധനെ കാണുമാറായി. തലയിൽ ജടയുണ്ട്. ശരീരത്തിൽ ഭസ്മമുണ്ട്. പുലിത്തോൽ ഉടുത്തിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും സിദ്ധൻ യുവാവാണ്. അതിയായ സൗന്ദര്യവുമുണ്ട്. കണ്ടവർ ഒന്നറിഞ്ഞില്ല. ശിവൻ സിദ്ധരൂപത്തിൽ വന്നതാണ് എന്ന്!

എന്തെല്ലാം അത്ഭുതങ്ങളാണ് സിദ്ധൻ പ്രവർത്തിച്ചത്! വൃദ്ധന്മാരെ യുവാക്കന്മാരാക്കി. അന്ധന്മാർക്കു കാഴ്ച നല്കി. മൂകന്മാരെ വാചാലരാക്കി. മഹാരോഗങ്ങൾക്കു ശാന്തി വരുത്തി. ദരിദ്രന്മാരെ ധനികന്മാരാക്കി. അവ മാത്രമാണോ? കഴുതകളെ കുതിരകളാക്കുക, പുലികളെ പൂച്ചകളാക്കുക. കുഴികളെ കുന്നുകളാക്കുക, സ്ഥലങ്ങളെ ജലാശയങ്ങളാക്കുക— അങ്ങനെ നീണ്ടുനീണ്ടുപോയി, അത്ഭുതങ്ങളുടെ പട്ടിക. അവയെക്കാൾ പൊതുജന ശ്രദ്ധയെ ആകർഷിച്ചു മറ്റൊരു കൃത്യം. സിദ്ധൻ യോഗദണ്ഡത്തെ തറയിൽ നാട്ടി. മുകളറ്റത്തു രണ്ടു സൂചികൾ ഇറക്കി. അവയിൽ കയറിനിന്നു വട്ടം കറങ്ങി. അതു മാത്രമാണെങ്കിലും സാരമില്ലെന്നുവെക്കാം. സിദ്ധൻ സൂചിമുനകളിൽ തലകുത്തിനിന്നു. ആ നിലയിൽ അതിവേഗം കറങ്ങി. ആളുകളുടെ ആശ്ചര്യത്തിന് അളവുണ്ടായിരുന്നില്ല.

അഭിഷേകപാണ്ഡ്യന്റെ ചെവിയിലുമെത്തി സിദ്ധനെക്കുറിച്ചുള്ള വിവരം.

'അയാളെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരുവിൻ!' അദ്ദേഹം ഭൃത്യന്മാർക്ക് ആജ്ഞ നൽകി.

ഭൃത്യന്മാർ സിദ്ധനെ ചെന്നു കണ്ടപ്പോഴോ? വന്ന കാര്യം അപ്പാടെ മറന്നുപോയി. മാത്രമല്ല, അദ്ദേഹത്തെ വിട്ടുപിരിയാനും സാധിക്കാതെ വന്നു.

വളരെനേരം അഭിഷേകപാണ്ഡ്യൻ കാത്തിരുന്നു. പോയവരുടെ വിവരമൊന്നും ഇല്ലതാനും. അപ്പോൾ അദ്ദേഹം മന്ത്രിമാരെ പറഞ്ഞയച്ചു.

മന്ത്രിമാർ സിദ്ധന്റെ മുമ്പിലെത്തി.

'മഹാത്മൻ, രാജാജ്ഞ അനുസരിച്ചു ഞങ്ങൾ വന്നതാണ്. അങ്ങു ഞങ്ങളോടുകൂടി കൊട്ടാരത്തിലേക്കു വരണം.' അവർ ക്ഷണിച്ചു.

സിദ്ധന് അതൊട്ടും സ്വീകാര്യമായില്ല.

'ഹേ, മന്ത്രിമാരെ, എനിക്കും രാജാവിനും തമ്മിൽ യാതൊരു ബന്ധവുമില്ല. ഞാൻ കൊട്ടാരത്തിലേക്കു വരുന്നുമില്ല. ഈ വിവരം രാജാവിനോടു ചെന്നു പറയുവിൻ.' സിദ്ധൻ കൂസലില്ലാതെ പറഞ്ഞു.

മന്ത്രിമാർ മടങ്ങിച്ചെന്ന് അഭിഷേകപാണ്ഡ്യനെ വിവരം അറിയിച്ചു. സിദ്ധൻ വന്നില്ലെങ്കിൽ വേണ്ട—അത്ര മാത്രമേ രാജാവു വിചാരിച്ചുള്ളു. പിറ്റേ ദിവസം അദ്ദേഹം ക്ഷേത്രത്തിലേക്കു പോകാൻ ഒരുങ്ങി.

ക്ഷേത്രത്തിന്റെ ഒരു മൂലയിൽ കല്ലിൽ കൊത്തിയുണ്ടാക്കിയ ഒരു ആനയുണ്ട്. കല്ലാനയുടെ അരികത്തു നില്ക്കുകയായിരുന്നു സിദ്ധൻ. അതുകണ്ടു ക്ഷേത്രത്തിലെ ജീവനക്കാർ.

ഹേ, ഇവിടെ നില്ക്കാൻ പാടില്ല. തമ്പുരാൻ ഇപ്പോൾ ഇങ്ങെത്തും. അപ്പുറത്തേക്കു മാറിനില്ക്കൂ.' അവർ ആവശ്യപ്പെട്ടു.

സിദ്ധൻ കേട്ടതായി ഭാവിച്ചില്ല.

അപ്പോഴേക്കും അഭിഷേകപാണ്ഡ്യൻ ക്ഷേത്രത്തിൽ എത്തിക്കഴിഞ്ഞു. കല്ലാനയുടെ അരികത്തുനില്ക്കുന്ന ആളെ കണ്ടപ്പോഴോ? സിദ്ധൻതന്നെയാണ് എന്നു തീർച്ചയായി.

'ഹേ, സിദ്ധാ, എന്താണു നിങ്ങളുടെ പേര്? നിങ്ങൾക്ക് എന്തൊക്കെ വിദ്യകൾ അറിയാം?' രാജാവ് അന്വേഷിച്ചു.

'എന്റെ പേര് ആജ്ഞാസിദ്ധൻ എന്നാണ്. എനിക്ക് അറിഞ്ഞുകൂടാത്ത വിദ്യയില്ല' സിദ്ധൻ മറുപടി നൽകി.

മഹാരാജാവിന് അതത്ര വിശ്വാസമായില്ല. ഒന്നു പരീക്ഷിച്ചുനോക്കിയാലെന്ത്? എങ്ങനെ പരീക്ഷിക്കണം എന്നായി ആലോചന. അപ്പോൾ ഒരു കൃഷിക്കാരൻ കുറെ കരിമ്പു തിരുമുൽക്കാഴ്ചവെച്ചു. മഹാരാജാവിന്റെ മനസ്സിൽ ഒരു യുക്തി ഉദയം ചെയ്തു.

'ഹേ, ആജ്ഞാസിദ്ധാ, കല്ലാനയെക്കൊണ്ട് ഈ കരിമ്പു തീറ്റിക്കൂ. കാണട്ടെ നിങ്ങളുടെ സാമർത്ഥ്യം!' അദ്ദേഹം പറഞ്ഞു.

സിദ്ധൻ ഒന്നു പുഞ്ചിരിതൂകി. എന്നിട്ടു കല്ലാനയെ നോക്കി. 'ആ കരിമ്പു വാങ്ങി തിന്നൂ' എന്നു പറഞ്ഞു. അപ്പോഴാണു ശരിക്കും അത്ഭുതം ഉണ്ടായത്. കല്ലാന ഉറക്കെ ചിന്നംവിളിച്ചു. തുമ്പിക്കൈ നീട്ടി കരിമ്പുവാങ്ങി. അതു കടിച്ചു ചവച്ചു തിന്നു. രണ്ടാമതും തുമ്പിക്കൈ നീട്ടി. ഇപ്രാവശ്യവും തുമ്പിക്കൈ വായിലേക്കു മടങ്ങി. പക്ഷേ, അതിൽ കരിമ്പായിരുന്നില്ല. പകരം, അഭിഷേകപാണ്ഡ്യന്റെ വിലമതിക്കാനാവാത്ത രത്നമാല! ആ ആഭരണം ആനയുടെ വായിൽനിന്നു വയറ്റിലുമായി!

രാജാവിനു തോന്നിയത് അഭിനന്ദനമല്ല, നീരസമാണ്. അതു മനസ്സിലായി അകമ്പടിക്കാർക്ക്. അവർ സിദ്ധനെ അടിക്കാനായി അദ്ദേഹത്തെ സമീപിച്ചു. പക്ഷേ, അടിക്കാനായി ഉയർന്ന കൈകൾ ഉയർന്നുതന്നെ നിന്നതേയുള്ളൂ. ആ കൈകൾ സ്തംഭിച്ചുപോയിരുന്നു. സിദ്ധൻ സ്തംഭിപ്പിച്ചതാണ് എന്നു സ്പഷ്ടം!

സിദ്ധൻ വാസ്തവത്തിൽ ദിവ്യൻതന്നെ. അക്കാര്യം അഭിഷേകപാണ്ഡ്യനു ബോദ്ധ്യമായി. അദ്ദേഹം സിദ്ധനെ വീണു വണങ്ങി.

'രാജാവേ, അങ്ങയ്ക്കു വല്ല ആഗ്രഹവുമുണ്ടോ? ഉണ്ടെങ്കിൽ പറഞ്ഞുകൊള്ളൂ. ഞാൻ സാധിപ്പിക്കാം.' സിദ്ധൻ പറഞ്ഞു.

'എനിക്കു സർവഗുണങ്ങളും തികഞ്ഞ ഒരു പുത്രനുണ്ടാവണം.' അഭിഷേകപാണ്ഡ്യൻ പറഞ്ഞു.

'അങ്ങയുടെ ആഗ്രഹം സാധിക്കും.' സിദ്ധൻ അനുഗ്രഹിച്ചു.

ആ മഹാത്മാവ് എന്താണു പിന്നീടു ചെയ്തത്? രാജാവിന്റെ രത്നമാല കല്ലാനയുടെ വയറ്റിലായിരുന്നല്ലോ. അതിനെ പുറത്തേക്കു വരുത്തി രാജാവിനു നല്കി. എന്നിട്ടു നിന്ന നിലയ്ക്കു മറയുകയും ചെയ്തു.

അപ്പോൾ ആ പരമാർത്ഥം അഭിഷേകപാണ്ഡ്യന്റെ മനസ്സിൽ അങ്കുരിച്ചു—സിദ്ധൻ മറ്റാരുമല്ല, സാക്ഷാൽ സുന്ദരേശ്വരൻതന്നെയാണ്!

രാജാവ് ഭഗവാനെ ഭക്തിയോടെ വാഴ്ത്തി സ്തുതിച്ചു.

കാലതാമസംകൂടാതെ സിദ്ധന്റെ അനുഗ്രഹം തികച്ചും സഫലമായി. അഭിഷേകപാണ്ഡ്യന് ഒരു പുത്രൻ ജനിച്ചു. ഭഗവാനോട് അളവില്ലാത്ത കൃതജ്ഞതയുണ്ടായി രാജാവിന്.

വിക്രമപാണ്ഡ്യൻ എന്നായിരുന്നു രാജകുമാരന്റെ പേര്.

വളരെക്കാലം അഭിഷേകപാണ്ഡ്യൻ രാജ്യഭാരം തുടർന്നു നടത്തി. അതിനുശേഷം പുത്രനു രാജസ്ഥാനം നല്കി. അവസാനം മോക്ഷം നേടുകയും ചെയ്തു.

വിക്രമപാണ്ഡ്യൻ

വിക്രമപാണ്ഡ്യൻ പ്രതാപത്തോടും ധർമ്മത്തോടും നാടുവാണു. പിതാവിനെപ്പോലെ അദ്ദേഹവും ശിവഭക്തനായിരുന്നു. വിക്രമികളിൽ മുമ്പനുമായിരുന്നു വിക്രമപാണ്ഡ്യൻ. മറ്റുള്ള രാജാക്കന്മാരെല്ലാം അദ്ദേഹത്തിന്റെ ആജ്ഞകൾ അനുസരിച്ചു—ഒരേയൊരു രാജാവൊഴിച്ച്. ആ രാജാവ് ചോള രാജാവായിരുന്നു. പാണ്ഡ്യരാജാവിനോട് അതിയായ അസൂയയുണ്ട് അയാൾക്ക്. അസൂയ മാത്രമല്ല, മത്സരവും വിരോധവും.

ഏതുവിധേനയും വിക്രമപാണ്ഡ്യനെ തോല്പിക്കണം — അതിനു സദാ വഴിനോക്കുകയാണ് ചോളരാജാവ്. നേരിട്ടു യുദ്ധം ചെയ്തു ജയിക്കുവാൻ ഒക്കുകയില്ല. അത്രയ്ക്കു കൈക്കരുത്തു തനിക്കെന്നല്ല, ലോകത്തു മറ്റാർക്കുമില്ല. ഉപായംകൊണ്ടു മാത്രമേ വിക്രമപാണ്ഡ്യനെ തോല്പിക്കാൻ സാധ്യമാവുകയുള്ളു.

ക്ഷപണകന്മാർ എന്ന് അറിയപ്പെടുന്ന ചില ആളുകളുണ്ട്. അവർ മന്ത്രവാദത്തിൽ സമർത്ഥന്മാരുമാണ്. ചോളരാജാവു ക്ഷപണകന്മാരെ വരുത്തി.

'നിങ്ങൾ ആഭിചാരം പ്രയോഗിച്ച് വിക്രമപാണ്ഡ്യനെ വധിക്കണം. എന്നാൽ, ഞാൻ നിങ്ങൾക്കു പാതിരാജ്യം തരാം.' ചോളരാജാവു പറഞ്ഞു.

ക്ഷപണകന്മാർ ഉടൻതന്നെ തങ്ങളുടെ ജോലി തുടങ്ങി. അവർ ഒരു ഹോമശാല കെട്ടിയുണ്ടാക്കി. ഹോമകുണ്ഡത്തിൽ അഗ്നി ജ്വലിപ്പിച്ചു. ദുർമന്ത്രങ്ങൾ ഉരുക്കഴിച്ചു. തത്ക്ഷണം ദുർമന്ത്രങ്ങളുടെ ദുഷ്ഫലം കാണുമാറായി. അതാ, അഗ്നികുണ്ഡത്തിൽനിന്ന് ഉയർന്നുവരുന്നു ഒരു മദയാന! സാധാരണ മദയാനയൊന്നുമല്ല. എത്രയോ കൂടുതലാണ് വലുപ്പം. പോരെങ്കിലോ? തുമ്പിക്കൈയിൽ ഒരു ഇരുമ്പുലക്കയും പിടിച്ചിട്ടുണ്ട്. മദയാന പാഞ്ഞ് ഒരൊറ്റ പോക്ക്. എങ്ങോട്ടെന്നോ? മധുരയിലേക്ക്!

വഴിക്കുവെച്ച് എന്തൊക്കെയാണു മദയാന ചെയ്തത്! കുന്നുകൾ കുത്തിത്തകർത്തു. വൻമരങ്ങൾ മുറിച്ചു തള്ളി. കെട്ടിടങ്ങൾ തട്ടിത്തകർത്തു. കണ്ടവർ കണ്ടവർ വിരണ്ടു മണ്ടി.

താമസിയാതെ വിക്രമപാണ്ഡ്യന് ചാരന്മാർ മുഖേന ഒരു അറിവു കിട്ടി, ഒരു മദയാന മധുരയിലേക്കു വരികയാണ്; ചോളരാജാവും ചോളസൈന്യവും മദയാനയ്ക്കു പുറകിലുണ്ട്. ഒരു കാര്യത്തിൽ വിക്രമപാണ്ഡ്യനു സംശയമേ ഉണ്ടായിരുന്നില്ല— മദയാന മന്ത്രവാദത്തിന്റെ സന്താനമാണ്. അതിനെ എങ്ങനെ അടക്കാനൊക്കും? സുന്ദരേശ്വരന്റെ കാരുണ്യംകൊണ്ട്. വിക്രമപാണ്ഡ്യൻ ഭഗവദ്ഭജനയിൽ മുഴുകി.

അതിന്റെ ഫലം ഉടൻതന്നെ ഉളവായി. സുന്ദരേശ്വരൻ ഒരു കിരാതന്റെ വേഷത്തിൽ പ്രത്യക്ഷനായി. തലമുടിയിൽ മയിൽപ്പീലികൾ വച്ചുകെട്ടിയിട്ടുണ്ട്. മാറിൽ മുത്തുമാലകൾ അണിഞ്ഞിട്ടുണ്ട്. കാതുകളിൽ ശംഖുകൊണ്ടുള്ള കുണ്ഡലങ്ങൾ കാണാം. കടുംചുവപ്പുനിറത്തിലുള്ള വസ്ത്രം ധരിച്ചിരിക്കുന്നു. കൈയിൽ ഏറ്റവും വലിയൊരു വില്ലു പിടിച്ചിട്ടുണ്ട്. എന്നിട്ട് ഒരിടത്തു കാത്തുനില്പായി.

അതാ പാഞ്ഞുവരികയാണ് മദയാന. ആ ഘോരമൃഗം അഞ്ചു വിളിപ്പാടകലെയായി. കിരാതൻ ഒരു ദിവ്യാസ്ത്രമയച്ചു. ദിവ്യാസ്ത്രം മദയാനയുടെ മസ്തകത്തിൽ തറച്ചു. മദയാന ഉരുണ്ടുവീണു ചത്തുപോയി.

നോക്കണേ അത്ഭുതം! ചത്ത മദയാന മലയായിത്തീർന്നു. അതിനു പിൽക്കാലത്ത് ഗജശൈലം എന്നു പേരായി.

തെല്ലുകഴിഞ്ഞ് അവർ വന്നെത്തി—അതായത്, ചോളരാജാവ്, ചോളസൈന്യം, ക്ഷപണകന്മാർ എന്നിവർ. വിക്രമപാണ്ഡ്യനും പാണ്ഡ്യസേനയും അവരെ ആക്രമിച്ചു. ചോളരാജാവും ചോളസൈന്യവും ഓട്ടം തുടങ്ങി. അവരോടൊന്നിച്ച് ക്ഷപണകന്മാരും. പാണ്ഡ്യഭടന്മാരിൽ ചിലർ ക്ഷപണകന്മാരെ പിടികൂടി. ചിലരുടെ പല്ലുകൾ തല്ലിക്കൊഴിച്ചു. മറ്റു ചിലരുടെ എല്ലുകൾ അടിച്ചൊടിച്ചു. ദുർമന്ത്രവാദത്തിനുള്ള ശിക്ഷ!

ഗൗരി

വിക്രമപാണ്ഡ്യന്റെ പ്രജകളിൽ ഒരാളാണ് വിരൂപാക്ഷൻ. ബ്രാഹ്മണനായ വിരൂപാക്ഷനു ഭാര്യയുമുണ്ട്, സുവ്രത. കറകളഞ്ഞ ശിവഭക്തിയുണ്ട് ദമ്പതികൾക്ക്. എന്നാലും, സന്താനമില്ല എന്ന മഹാദുഃഖമുണ്ട്. എത്ര മോഹിച്ചെന്നോ ഒരു പുത്രനുണ്ടാവാൻ?

വളരെക്കാലം അവർ സുന്ദരേശ്വരനെ ഭജിച്ചു. ഒടുവിൽ അവർക്ക് ഭഗവാന്റെ അനുഗ്രഹം ലഭിക്കുകയും ചെയ്തു. അവർക്കൊരു പുത്രി ജാതയായി.

ഗൗരി എന്നു പേരിട്ടു പെൺകുട്ടിക്ക്.

അവൾക്ക് അഞ്ചുവയസ്സു പ്രായമായി.

'അച്ഛാ, എനിക്കു ഗൗരീമന്ത്രം ഉപദേശിച്ചു തരണം.' അവൾ ആവശ്യപ്പെട്ടു.

ഭക്തൻ മാത്രമല്ല, പണ്ഡിതനുമാണ് വിരൂപാക്ഷൻ. അദ്ദേഹം മകൾക്ക് ഗൗരീമന്ത്രം ഉപദേശിച്ചു. അവൾ ആ മന്ത്രം ഉരുവിട്ടു കാലം കഴിച്ചു.

ഗൗരിക്കു യൗവനം വന്നുദിച്ചു.

പിതാവു പുത്രിക്കു വരനെ അന്വേഷിച്ചു തുടങ്ങി.

തേജസ്വിയായ ഒരു യുവാവു വന്നെത്തി. വേദങ്ങൾ നല്ലവണ്ണം പഠിച്ചിരുന്നു ആ യുവാവ്. എത്ര മധുരമായിട്ടാണു വേദങ്ങൾ ചൊല്ലുന്നത്! അതേ സമയം ഒരൊറ്റ സ്വരപ്പിഴയുമില്ല. വിരൂപാക്ഷനു യുവാവിനെ അങ്ങേയറ്റം ഇഷ്ടപ്പെട്ടു. അദ്ദേഹം അയാൾക്ക് ഗൗരിയെ നല്കി.

വരനും വധുവും വരന്റെ വീട്ടിലെത്തി. അവിടെ പാർപ്പും തുടങ്ങി. വരന്റെ പിതാവിന് ഗൗരിയോടു വളരെ സന്തോഷം തോന്നി. മറിച്ചായിരുന്നു വരന്റെ മാതാവിനുണ്ടായ മനോഭാവം. ആ സ്ത്രീക്ക് ഗൗരിയോടു വിരോധം തോന്നി. നാൾ കഴിയുംതോറും വിരോധം കൂടിവരികയും ചെയ്തു. ഗൗരി എന്തുചെയ്താലും കുറ്റമായി. ആ സ്ത്രീ അവളെ കണക്കറ്റു ശകാരിക്കുകയും ചെയ്തു.

ഒരു ദിവസം വീട്ടിൽ ഗൗരി മാത്രമായി. മറ്റു മൂന്നുപേരും പുറത്തു പോയിരുന്നു. ആ സമയം ഒരു വൃദ്ധഭിക്ഷു വന്നു കയറി. എൺപതിൽ കൂടുതൽ

വയസ്സു തോന്നിക്കും. ദേഹംനിറയെ ഭസ്മം പൂശിയിട്ടുണ്ട്. കഴുത്തിൽ രുദ്രാക്ഷമാല ധരിച്ചിരിക്കുന്നു. സുന്ദരേശ്വരൻ വൃദ്ധഭിക്ഷുവിന്റെ വടിവിൽ വന്നതാണ്. അക്കാര്യം ഗൗരി അറിഞ്ഞില്ല എന്നു മാത്രം.

'എനിക്കു ഭിക്ഷ തരണേ!' വൃദ്ധഭിക്ഷു യാചിച്ചു.

യാചന കേട്ട് ഗൗരി വല്ലാതായി. ഭിക്ഷ നല്കാൻ അവൾക്കു സാധ്യമായിരുന്നില്ല. അവൾ കാരണം അറിയിച്ചു.

'ഇവിടെ മറ്റാരുമില്ല. എല്ലാ മുറികളും പൂട്ടിവെച്ചു പോയിരിക്കുകയാണ്. അരിയും നെല്ലുമൊന്നും വെളിയിലില്ല.' അവൾ പറഞ്ഞു.

'അതൊന്നും പറഞ്ഞാൽ പറ്റില്ല. എനിക്കു വല്ലാതെ വിശക്കുന്നു. വിശക്കുന്നവനു ഭക്ഷണം കൊടുത്തേ കഴിയൂ. വെറുംവയറോടെ പറഞ്ഞയച്ചുകൂടാ. അതു വലിയൊരു പാപമാണ്. ആട്ടെ, കലവറയിൽ ചെന്നുനോക്കൂ. എന്നിട്ടു വേണ്ടതു നിശ്ചയിക്കൂ.' ഭിക്ഷു പറഞ്ഞു.

ഗൗരി കലവറയിലേക്കു ചെന്നു. എന്തൊരു അത്ഭുതമാണ്! പൂട്ടിയിരുന്ന കലവറ തുറന്നു കിടക്കുന്നു! ഇത് എങ്ങനെ സംഭവിച്ചു? ഗൗരിക്ക് ഒരു എത്തും പിടിയും കിട്ടിയില്ല. ഏതിനും അവൾ അരിയും വ്യഞ്ജനങ്ങളും എടുത്തു. അടുക്കളയിൽ കയറി. ചോറും കറികളും ഉണ്ടാക്കി. അതൊക്കെ വൃദ്ധഭിക്ഷുവിനു നല്കി. വൃദ്ധഭിക്ഷു മൃഷ്ടാന്നം ഭക്ഷിച്ചു.

പെട്ടെന്നു വൃദ്ധഭിക്ഷുവിനെ കാണാനില്ല. പകരം നില്ക്കുന്നു കോമളനായ ഒരു യുവാവ്! അപ്പോഴേക്കും ഗൗരിയുടെ ഭർത്താവിന്റെ അമ്മ വന്നു കയറി. വലിയ കുഴപ്പമായോ? ഇല്ലില്ല. യുവാവ് അപ്രത്യക്ഷനായിക്കഴിഞ്ഞു. അവിടെ കാണപ്പെട്ടതോ കൈകാലുകൾ കുടഞ്ഞുകളിക്കുന്ന ഒരു കുഞ്ഞും!

'എടീ, ഇതേതു കുട്ടി?' ഭർത്താവിന്റെ അമ്മ ദേഷ്യത്തോടെ ചോദിച്ചു.

ഗൗരിക്കു വല്ലാത്ത പരുങ്ങലായി. പെട്ടെന്ന് ഒന്നു തോന്നി.

'ഇവിടെ ഒരു ബ്രാഹ്മണസ്ത്രീ വന്നിരുന്നു. എന്നിട്ട് എന്നോടൊന്ന് അപേക്ഷിച്ചു. അല്പനേരത്തേക്ക് ഈ കുഞ്ഞിനെ നോക്കിക്കൊള്ളാൻ.' അവൾ പറഞ്ഞു.

ഭർത്താവിന്റെ അമ്മ അരിശംകൊണ്ടു തുള്ളി.

'എടീ, ഗൗരീ, നീ എന്തിന് അതു സമ്മതിച്ചു? വല്ലവരുടേയും കുഞ്ഞിനെ നോക്കുകയാണോ നിന്റെ ജോലി? നീ കുട്ടിയേയും എടുത്തുകൊണ്ട് ഈ വീടുവിട്ടു പൊയ്ക്കോ. ഇവിടെ നിന്നാൽ ഞാൻ നിന്നെ കൊന്നുകളയും!' ആ സ്ത്രീ ഭീഷണിപ്പെടുത്തി.

എന്തുംചെയ്യാൻ ധൈര്യമുള്ളവളാണു ഭർത്താവിന്റെ അമ്മ. കൊല്ലാനും മടിക്കുന്നവളല്ല ആ സ്ത്രീ. അത് ഗൗരിക്ക് അറിയാമായിരുന്നു. അവൾ പുറത്തിറങ്ങി നടന്നുപോയി.

ഗൗരി കുഞ്ഞിനെയുംകൊണ്ടു പോകുകയാണ്. അതു നിരത്തിൽ പലരും നോക്കിനിന്നു. അവളെ പരിചയമുള്ള ചിലർ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. എവിടേക്കാണ് ഗൗരി പതിവില്ലാതെ പോകുന്നത്? അവൾ കൈയിൽ എടുത്തിരിക്കുന്നത് ആരുടെ കുഞ്ഞാണ്? അതൊന്നും അവരിൽ ആർക്കും മനസ്സിലായില്ല.

അവർ നോക്കിനില്ക്കേ ഒരു അത്ഭുതമുണ്ടായി. കുഞ്ഞ് ശിവനായി രൂപം മാറി. ഗൗരി പാർവതീദേവിയുമായി. ഇരുവരും വായുവിൽ ഉയർന്നു മറഞ്ഞുപോയി!

കുലോത്തുംഗപാണ്ഡ്യൻ

വിക്രമപാണ്ഡ്യന്റെ പുത്രനാണ് കുലോത്തുംഗപാണ്ഡ്യൻ. പിതാവിനെപ്പോലെതന്നെ കുലോത്തുംഗപാണ്ഡ്യനും ശിവഭക്തനായിരുന്നു.

ഒരു ബ്രാഹ്മണൻ മധുരയിലേക്കു പോവുകയാണ്. ഒന്നിച്ചു ഭാര്യയും കൊച്ചുകുട്ടിയുമുണ്ട്. യാത്രാമദ്ധ്യേ അവർക്കു ദാഹവും ക്ഷീണവുമുണ്ടായി.

അടുത്തൊരിടത്ത് ഒരു അരയാൽ നില്പുണ്ട്.

'നോക്ക്, ഞാൻ വെള്ളം അന്വേഷിച്ചുകൊണ്ടുവരാം. അതുവരെ നീ കുട്ടിയെയുംവച്ച് ആ അരയാലിന്റെ തണലിലിരിക്കൂ.' ബ്രാഹ്മണൻ ഭാര്യയോടു പറഞ്ഞു.

ഏറ്റവും അപൂർവമായ ഒരു സംഭവം ഉണ്ടായി.

തെല്ലുമുമ്പ് ഒരു കിളി അരയാലിന്റെ ഒരു കൊമ്പത്തു ചെന്നിരുന്നു. ആ കിളിയെ ഒരു കാട്ടാളൻ കാണാനിടയായി. അവൻ കിളിയുടെനേർക്ക് ഒരു അമ്പയച്ചു. അമ്പിന്റെ ലാക്കു പിഴച്ചുപോയി. അതു ചെന്നു കൊണ്ടത് ഒരു ആലിലയിലാണ്. അമ്പ് ആലിലയിൽ കൊരുത്തു കിടന്നു. ബ്രാഹ്മണസ്ത്രീ കുഞ്ഞിനെയുംകൊണ്ടു ചെന്നിരുന്നില്ലേ? അത് അമ്പിന്റെ നേരെ താഴെയായിരുന്നു. പെട്ടെന്ന് ഒരു കാറ്റുവീശി. അമ്പ് ആലിലയിൽനിന്ന് ഊരി താഴെ വീണു. അതിന്റെ മുന ചെന്നു കൊണ്ടതോ, ബ്രാഹ്മണസ്ത്രീയുടെ കഴുത്തിലും. ആ സ്ത്രീ തത്ക്ഷണം മരിച്ചുവീണു!

അല്പസമയം കഴിഞ്ഞ് ബ്രാഹ്മണൻ വെള്ളവുമായി ആലിൻചുവട്ടിലെത്തി. അപ്പോൾ കണ്ട കാഴ്ച അയാളെ ഞെട്ടിച്ചു. ഭാര്യ അമ്പുതറച്ചു മരിച്ചുകിടക്കുന്നു. കുട്ടി നിലത്തുകിടന്നു കരയുകയും ചെയ്യുന്നു. ബ്രാഹ്മണൻ ദുഃഖം സഹിക്കാനാവാതെ മോഹാലസ്യപ്പെട്ടു വീണു.

ബോധം വന്നപ്പോൾ അയാൾക്ക് ഒന്നു തോന്നി. ഏതോ മനുഷ്യൻ ഇവളെ കൊന്നതായിരിക്കണം. മരങ്ങളുടെ മറവിൽക്കൂടി നോക്കിയപ്പോഴോ? ദൂരെയായി ഒരു കാട്ടാളൻ പോകുന്നതു കണ്ടു. തന്റെ ഭാര്യയെ കൊന്നവൻ ആ കാട്ടാളൻ തന്നെയാണ് — അക്കാര്യം ബ്രാഹ്മണനു തീർച്ചയായി. അയാൾ ഓടിച്ചെന്ന് കാട്ടാളന്റെ അടുക്കലെത്തി.

'എന്തിനാണു നീ എന്റെ പാവപ്പെട്ട ഭാര്യയെ കൊന്നത്?' അയാൾ ചോദിച്ചു.

കാട്ടാളൻ അന്ധാളിച്ചു.

'ഞാൻ അങ്ങയുടെ ഭാര്യയെ കണ്ടിട്ടുപോലുമില്ല. അങ്ങു വെറുതെ എന്നെ തെറ്റിദ്ധരിക്കുകയാണ്. ആ സ്ത്രീ മരിച്ചതു ശരിയായിരിക്കാം. പക്ഷേ, അങ്ങു മരണത്തിന്റെ കാരണം കണ്ടുപിടിച്ചിട്ടില്ല. അതു കണ്ടുപിടിക്കുകയാണ് വേണ്ടത്. വെറുതെ എന്റെമേൽ കുറ്റം ചുമത്തരുത്.' കാട്ടാളൻ പറഞ്ഞു.

ബ്രാഹ്മണന് അതൊട്ടും സ്വീകാര്യമായില്ല.

'ഞാൻ രാജാവിനോട് അന്യായം ബോധിപ്പിക്കാൻ പോകുന്നു. നീ എന്നോടുകൂടി വരണം.' ബ്രാഹ്മണൻ ആവശ്യപ്പെട്ടു.

ബ്രാഹ്മണനെ അനുഗമിക്കാതെ കാട്ടാളനു ഗത്യന്തരമുണ്ടായില്ല. ഇരുവരുംകൂടി കൊട്ടാരത്തിൽചെന്ന് രാജാവിനെ മുഖം കാണിച്ചു.

'തമ്പുരാനേ, ഇവൻ എന്റെ ഭാര്യയെ അമ്പെയ്തു കൊന്നിരിക്കുന്നു.' ബ്രാഹ്മണൻ പരാതിപ്പെട്ടു.

രാജാവ് കാട്ടാളന്റെ നേർക്കു തിരിഞ്ഞു.

'എടോ, പൊളി പറഞ്ഞാൽ നിന്നെ കഠിനമായി ശിക്ഷിക്കും. എന്താണുണ്ടായത്? സത്യം പറയണം.' രാജാവ് ആജ്ഞാപിച്ചു.

'പൊന്നുടയതേ, അടിയൻ ഇദ്ദേഹത്തിന്റെ ഭാര്യയെ കൊന്നിട്ടില്ല. ഇദ്ദേഹം പറയുന്നതു വിശ്വസിക്കരുതേ. അടിയനെ രക്ഷിക്കണേ.' കാട്ടാളൻ കേണപേക്ഷിച്ചു.

രാജാവിന് ഒരു സംശയം തോന്നി. കാട്ടാളൻ പറയുന്നതു ശരിയല്ലേ? ഏതിനും തെളിവു കണ്ടുപിടിക്കണം. അതിനുശേഷമാകാം അടുത്ത നടപടി.

'ഹേ, ബ്രാഹ്മണാ, ഞാൻ ആദ്യം അന്വേഷണം നടത്തട്ടെ. പിന്നീടു ശിക്ഷയെപ്പറ്റി ആലോചിക്കാം. അങ്ങു ഭാര്യയുടെ മൃതദേഹം സംസ്കരിക്കുക. തത്കാലം കാട്ടാളൻ തടവിൽ കിടക്കട്ടെ.' കുലോത്തുംഗപാണ്ഡ്യൻ കല്പിച്ചു.

ബ്രാഹ്മണൻ രാജസമക്ഷത്തിൽനിന്ന് ഇറങ്ങിപ്പോയി. കാട്ടാളൻ കാരാഗൃഹത്തിലുമായി. രാജാവ് മന്ത്രിമാർക്കു വിശദമായ നിർദ്ദേശങ്ങൾ നല്കി. അവ അനുസരിച്ച് മന്ത്രിമാർ കുറ്റാന്വേഷണം നടത്തി. പക്ഷേ, അവർക്കൊരു തുമ്പും കിട്ടിയില്ല.

നീതിന്യായത്തിനു തടസ്സമുണ്ടാവുക—അതു വലിയൊരു പോരായ്മയല്ലേ? രാജാവിനു ദുഷ്കീർത്തി ഉണ്ടാവാനും അതു കാരണമാകും. കുലോത്തുംഗപാണ്ഡ്യൻ വ്യാകുലനായി. ഇനി സുന്ദരേശ്വരൻ മാത്രമേയുള്ളൂ ഗതി. രാജാവ് ഹാലാസ്യക്ഷേത്രത്തിലേക്കു ചെന്ന് ഭഗവാനെ അത്യന്തം ഭക്തിയോടെ പ്രാർത്ഥിച്ചു. അതിനുശേഷം ഒരു അപേക്ഷയും സമർപ്പിച്ചു. 'ബ്രാഹ്മണസ്ത്രീ മരിച്ചതെങ്ങനെയെന്നു വെളിപ്പെടുത്തണേ.'

ആ സമയം ഒരു അശരീരി കേൾക്കപ്പെട്ടു.

'കുലോത്തുംഗപാണ്ഡ്യാ, നീ ഇന്ന് അർദ്ധരാത്രിസമയത്തു നഗരത്തിൽ ഇറങ്ങി സഞ്ചരിക്കണം. അപ്പോൾ നിനക്കു വേണ്ടതായ വിവരങ്ങൾ ലഭിക്കും.'

അശരീരിയുടെ ആജ്ഞ ശിരസാവഹിച്ചു രാജാവ്. വേഷം മാറിയിട്ട് അദ്ദേഹം അർദ്ധരാത്രിക്കു കൊട്ടാരത്തിൽനിന്നിറങ്ങി. എന്നിട്ടു തെരുവിൽക്കൂടി നടന്നുപോയി. രാജാവാണത് എന്ന് ആരും അറിയുകയില്ല. അത്രമെച്ചപ്പെട്ടതായിരുന്നു അദ്ദേഹത്തിന്റെ വേഷം മാറൽ. ഒരു വീട്ടിൽ ആൾക്കൂട്ടം കണ്ടു. എന്താണ് ഈ സമയത്ത് ഇങ്ങനെ? അറിയാനുള്ള ഔത്സുക്യത്തോടെ കുലോത്തുംഗപാണ്ഡ്യൻ ആ വീട്ടിൽ കയറി. എന്നിട്ട് ഒരു മൂലയ്ക്കു നിഴലിൽ പതുങ്ങിയിരുന്നു. തെല്ലുമാറി ഒരിടത്തു കുറെപ്പേർ ഇരുട്ടത്ത് ഇരിക്കുകയാണ്. വാസ്തവത്തിൽ അവർ യമന്റെ കിങ്കരന്മാരാണ്. അവർ അടക്കിയ സ്വരത്തിൽ സംഭാഷണമാരംഭിച്ചു. രാജാവു ശ്രദ്ധിച്ചു കേട്ടു.

'എടോ, വരനെ നമുക്കു കൊണ്ടുപോകാനുള്ളതല്ലേ? നീയെന്താ മിണ്ടാതിരിക്കുന്നത്? ഒരു യമകിങ്കരൻ ചോദിക്കുന്നു.

'വരട്ടെ, കല്യാണമൊന്നു കഴിഞ്ഞോട്ടെ. അതാ, നീ കാണുന്നില്ലേ മൂർച്ചയേറിയ കൊമ്പുള്ള പശു? ഞാൻ ചെന്നു പശുവിന്റെ കയർ അറുക്കും. പശു വിരണ്ടോടി വരനെ കുത്തും. അപ്പോൾ ഞാൻ അവന്റെ ജീവൻ കൈക്കലാക്കും.' രണ്ടാമത്തെ യമകിങ്കരൻ പറഞ്ഞു.

'എന്റെ ഇന്നത്തെ ജോലി നിങ്ങൾക്കു കേൾക്കണോ? ഒരു സിംഹം, ഒരു ആന, ഒരു രാജാവ് — ഇത്രയും പേരുടെ ജീവൻ എടുത്തു. ഇത്രയധികം ജോലി നിങ്ങളിൽ ആരെങ്കിലും ഒരു ദിവസം ചെയ്തിട്ടുണ്ടോ?' വേറൊരു യമകിങ്കരൻ ചോദിച്ചു ഗർവംപൂണ്ടു.

'ശരി, ഞാൻ ഇന്നലെ ചെയ്തതു കേൾക്കണ്ടേ? ഒരു ബ്രാഹ്മണൻ ഭാര്യയെ പുമാലയെടുത്ത് എറിഞ്ഞു. കളിയായിട്ട്. പക്ഷേ, എനിക്ക് അത്രയും മതിയായിരുന്നു. ഞാൻ ബ്രാഹ്മണസ്ത്രീയുടെ ജീവനെടുത്തു. എനിക്കു കൊല്ലാൻ ആയുധമേ വേണ്ട.' പിന്നൊരു യമകിങ്കരൻ പറഞ്ഞു.

'ഇന്നലെ ഞാൻ ചെയ്തതാണു മസം! ഒരു ബ്രാഹ്മണസ്ത്രീയും കുട്ടിയും ആൽത്തണലിൽ ഇരിക്കുന്നതു കാണാൻ ഇടയായി. അവളുടെ ഭർത്താവ് വെള്ളത്തിനു പോയിരിക്കയാണ്. ഒരു ആലിലയിൽ ഒരമ്പു കൊരുത്തിരിക്കയാണ്. ഞാൻ ആ അമ്പുവീഴ്ത്തി അവളെ കൊന്നു. ജീവികൾക്കു മരണകാലം അടുത്താൽ പിന്നെ കൊല്ലാൻ എത്ര എളുപ്പമാണ്?' ഇനിയൊരു യമകിങ്കരൻ പറഞ്ഞു.

ഇതെല്ലാം കേട്ടുകൊണ്ടിരിക്കയാണു വേഷം മാറിയ കുലോത്തുംഗപാണ്ഡ്യൻ. അക്കാര്യം യമകിങ്കരന്മാർ അറിഞ്ഞില്ലെന്നുമാത്രം. അവർ സൂചിപ്പിച്ചല്ലോ കല്യാണം കഴിയുമ്പോൾ ചെയ്യുന്ന പ്രവൃത്തി. അതു ശരിക്കും സംഭവിക്കുന്നതാണോ? രാജാവിനു സംശയം തോന്നി. ശരിയാവാം, തെറ്റാവാം. ഏതിനും കല്യാണം കഴിയട്ടെ. അതിനായി രാജാവു കാത്തിരുന്നു. ഒടുവിൽ കല്യാണം കഴിയുകയും ചെയ്തു. അപ്പോഴതാ ഒരു പശുവിന്റെ കയറുപൊട്ടുന്നു. പശു വെപ്രാളത്തോടെ പാഞ്ഞുപോകുന്നു. എത്രയോ ആളുകൾ അവിടെ കൂടിയിരിക്കുകയാണ്. എന്നിട്ട് അവരിൽ ആരെയും പശു നേമിടുന്നില്ല. നേരെ മറിച്ച്, വരന്റെ നേർക്കു പായുന്നു. മൂർച്ചയേറിയ കൊമ്പുകൊണ്ട് അയാളെ ഊക്കോടെ കുത്തുന്നു. അയാൾ അടുത്ത നിമിഷം മരിച്ചുവീഴുന്നു. കല്യാണവും മരണവും ഒരേ മുഹൂർത്തത്തിൽ. എത്ര ദാരുണമായ സംഭവം! കൂടിയിരുന്നവർ വാവിട്ടു കരഞ്ഞുപോയി. ആരുതന്നെ കരയുകയില്ല!

കുലോത്തുംഗപാണ്ഡ്യൻ പിന്നീട് അവിടെ നിന്നില്ല. നേരെ കൊട്ടാരത്തിലേക്കു മടങ്ങിപ്പോയി. അപ്പോഴേക്കും രാത്രി വളരെ കഴിഞ്ഞിരുന്നു. രാവിലെ മന്ത്രിമാരെ വിളിച്ചുവരുത്തി. തലേരാത്രിയിൽ പലതും കാണുകയും കേൾക്കുകയും ചെയ്തില്ലേ? അതെല്ലാം അവരെ അറിയിച്ചു. കാട്ടാളനല്ല, ബ്രാഹ്മണസ്ത്രീയെ കൊന്നത്. അക്കാര്യം തെളിഞ്ഞിട്ടുണ്ടായിരുന്നുവല്ലോ. രാജാവ് കാട്ടാളനെ കാരാഗൃഹത്തിൽനിന്നു മോചിപ്പിച്ചു. മാത്രമല്ല, അവനു വിലപിടിച്ച സമ്മാനങ്ങളും നല്കി. ബ്രാഹ്മണനു നല്കിയതോ അളവില്ലാത്ത ധനവും!

അസ്ത്രാചാര്യൻ

അസ്ത്രാചാര്യൻ എന്നൊരാൾ മധുരയിൽ ജീവിച്ചിരുന്നു. ഭടന്മാരെ ആയുധവിദ്യ അഭ്യസിപ്പിക്കുക—അതായിരുന്നു അസ്ത്രാചാര്യന്റെ ജോലി. അതിൽ ഏറ്റവും വിദഗ്ദ്ധനുമായിരുന്നു അദ്ദേഹം. എത്ര മേലേക്കിടയിലുള്ളതായിരുന്നു ഭടന്മാർക്കു ലഭിച്ച പരിശീലനം! ആ പരിശീലനം അവരെ അതിസമർത്ഥരായ പടയാളികളാക്കിത്തീർത്തു. രാജാവിന്റെ സൈന്യശക്തി വളരെ വർദ്ധിച്ചു എന്നു പറയണോ?

ദുഷ്ടനായ ഒരു സിദ്ധനുമുണ്ട് നഗരത്തിൽ. അയാൾക്കു ചില സ്വാർത്ഥങ്ങൾ നേടാനുണ്ട്. അതിന് അസ്ത്രാചാര്യന്റെ സഹായം വേണ്ടതായി വന്നു. അക്കാര്യം തുറന്നു പറഞ്ഞാൽ അസ്ത്രാചാര്യൻ ആട്ടിപ്പുറത്താക്കും. അതിനാൽ അതു പുറത്തുകാണിക്കാതെ അയാൾ അസ്ത്രാചാര്യനെ ചെന്നു കണ്ടു.

'ഞാൻ അങ്ങയെ ഗുരുവായി സങ്കല്പിക്കുന്നു. അങ്ങ് എന്നെ ആയുധവിദ്യ അഭ്യസിപ്പിക്കണം.' ദുഷ്ടസിദ്ധൻ താഴ്മയോടെ അഭ്യർത്ഥിച്ചു.

അയാളുടെ കൗടില്യം അസ്ത്രാചാര്യനു മനസ്സിലായില്ല. അദ്ദേഹം അയാളെ ശിഷ്യനായി അംഗീകരിച്ചു. അറിയാവുന്ന വിദ്യകളെല്ലാം പരിശീലിപ്പിക്കുകയും ചെയ്തു. അവയെല്ലാം അഭ്യസിച്ചുകഴിഞ്ഞപ്പോഴോ? ദുഷ്ടസിദ്ധൻ ദക്ഷിണ കൊടുത്തില്ല. അതെന്തിന്, യാത്രപോലും ചോദിച്ചില്ല. അയാൾ ഒരിടത്തു സ്വന്തമായ ഒരു കളരി സ്ഥാപിച്ചു. ശിഷ്യന്മാരെ സമ്പാദിച്ചു. ആയുധവിദ്യ അഭ്യസിപ്പിച്ചു. അതുമാത്രമാണെങ്കിൽ സാരമില്ലെന്നുവയ്ക്കാം. അയാൾ അസ്ത്രാചാര്യനോടു മത്സരവും തുടങ്ങി. അസ്ത്രാചാര്യന്റെ യഥാർത്ഥ ശിഷ്യന്മാർക്ക് അതിനെക്കുറിച്ച് അറിവായി.

'ഗുരോ, അങ്ങു ദുഷ്ടസിദ്ധനെ ശിഷ്യനാക്കിയത് ഒട്ടും നന്നായില്ല. അവൻ അങ്ങയെക്കുറിച്ചു ദുഷ്യം പറഞ്ഞു നടക്കുന്നു. അങ്ങ് അവനെ പഠിപ്പിക്കരുതായിരുന്നു. ഒരു ശിഷ്യൻ അഭിപ്രായപ്പെട്ടു.

ക്ഷമാശീലനും ഗുണവാനുമായിരുന്നു അസ്ത്രാചാര്യൻ. അദ്ദേഹം ശിഷ്യന്റെ അഭിപ്രായം കേട്ടു. ശരിതന്നെ. പക്ഷേ, ഒരു ഭാവഭേദവും കാണിച്ചില്ല.

ദുഷ്ടസിദ്ധനോ? തോന്ന്യാസങ്ങൾ പലതും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ മൂതിർന്നതോ, ഏറ്റവും ഹീനമായ ഒരു പ്രവൃത്തിക്കും —അസ്ത്രാചാര്യന്റെ പത്നിയെ പിടിച്ചുകൊണ്ടുപോകണം!

ഒരു ദിവസം അസ്ത്രാചാര്യൻ ഗൃഹത്തിൽനിന്നു പുറത്തുപോയി. ആ തക്കംനോക്കി ദുഷ്ടസിദ്ധൻ അവിടെ വന്നെത്തി. പതിവ്രതയായ ഗൃഹനാഥയെ അപഹരിക്കണം — അതിനായി അയാളുടെ ഒരുക്കം. അപ്പോൾ പിറകിലായി എന്തോ ശബ്ദം കേട്ടു തിരിഞ്ഞു നോക്കിയപ്പോഴോ? അസ്ത്രാചാര്യൻ അവിടെ നില്ക്കുന്നു!

വാസ്തവത്തിൽ ആ ആൾ അസ്ത്രാചാര്യൻ ആയിരുന്നില്ല. പിന്നെ ആരായിരുന്നു? ആ വേഷത്തിൽ വന്ന സുന്ദരേശ്വരൻ!

'എടാ ദുഷ്ടസിദ്ധാ, നീ ചെറുപ്പക്കാരൻ. ഞാനോ പ്രായം ചെന്നവനും. അതു സാരമില്ല. നീ എന്നോടു ദ്വന്ദ്വയുദ്ധം ചെയ്യ്.' സുന്ദരേശ്വരൻ വെല്ലുവിളിച്ചു.

ആ വെല്ലുവിളി ദുഷ്ടസിദ്ധൻ സ്വീകരിക്കുകതന്നെ ചെയ്തു. അയാൾ ആയുധംധരിച്ച് എതിരാളിയോടേറ്റു മുട്ടി. ബഹളം കേട്ട് അനേകംപേർ അവിടെ വന്നെത്തി. ഉദ്വേഗത്തോടെ അവർ ദ്വന്ദ്വയുദ്ധം നോക്കിനിന്നു. സുന്ദരേശ്വരനു വേണമെങ്കിൽ ഒറ്റവെട്ടിന് ദുഷ്ടസിദ്ധന്റെ കഥകഴിക്കാം. പക്ഷേ, അങ്ങനെയായാൽ ദ്വന്ദ്വയുദ്ധം അതിവേഗത്തിൽ അവസാനിച്ചുപോകും. കുറെ നേരം കാണികളെ രസിപ്പിക്കാൻതന്നെ സുന്ദരേശ്വരൻ തീർച്ചയാക്കി. അതിനായി യുദ്ധം മനഃപൂർവം നീട്ടിക്കൊണ്ടുപോയി. ചാടുക, ഒഴിയുക, മറിയുക, ചുറ്റുക—അങ്ങനെ പലേ അടവുകളും കാണിച്ചു അസ്ത്രാചാര്യന്റെ രൂപത്തിലുള്ള ഭഗവാൻ. അതേസമയം ദുഷ്ടസിദ്ധന്റെ വെട്ടുകൾ തടുത്തുകൊണ്ടുമിരുന്നു. കാണികൾക്കു ബഹുരസം തോന്നി. ഇനി മതിയാക്കുകതന്നെ—അപ്രകാരം നിശ്ചയിച്ചിട്ട് ഭഗവാൻ മിന്നൽപോലെ ഒന്നു വെട്ടി. അതാ നിലത്തു കിടന്നുരുളുന്നു ദുഷ്ടസിദ്ധന്റെ തല!

കാണികൾ വിജയിയെ ഒന്നുനോക്കി. വിജയിയെ കാണാനില്ല. അസ്ത്രാചാര്യന് അന്തർദ്ധാനവിദ്യ അറിയാമോ?

അതാ, മറുവശത്തുകൂടി വരികയാണ് അസ്ത്രാചാര്യൻ.

അദ്ദേഹം വിവരമറിഞ്ഞിട്ടു വന്നതൊന്നുമല്ല. കൂടിനിന്നവർ പറഞ്ഞപ്പോഴാണു കാര്യം മനസ്സിലായത്. അദ്ദേഹത്തിനും മറ്റുള്ളവർക്കും ഒന്നു തീർച്ചയായി—ദുഷ്ടസിദ്ധനെ വധിച്ചതു മറ്റാരുമല്ല, സുന്ദരേശ്വരൻതന്നെ!

ഭഗവാന്റെ അനുഗ്രഹം അസ്ത്രാചാര്യനുണ്ട്. അതിൽ കുലോത്തുംഗപാണ്ഡ്യന് യാതൊരു സന്ദേഹവും അവശേഷിച്ചില്ല. രാജാവ് അസ്ത്രാചാര്യനെ അത്യന്തം ബഹുമാനിക്കുകയും ചെയ്തു.

ഭദ്രഗായകൻ

വരഗുണൻ എന്ന പാണ്ഡ്യരാജാവിന്റെ കാലമായി.

പാണ്ഡ്യരാജാക്കന്മാരും ചോളരാജാക്കന്മാരും പണ്ടേ മത്സരമാണ്. പാണ്ഡ്യരാജാവിനെ ഒന്നു തരംതാഴ്ത്തണം — അതായി ഹേമനാഥൻ എന്ന ചോളദേശക്കാരന്റെ ആഗ്രഹം. ഹേമനാഥൻ ഗായകനാണ്. എന്നു പറഞ്ഞാലും പോര, ഗായകന്മാരിൽ മുമ്പൻ. അസാധാരണമായ സാമർത്ഥ്യമുണ്ട് ഹേമനാഥന്. ലോകം മുഴുവൻ അയാളുടെ പാട്ടിനെ വാഴ്ത്തിവരുന്നു. ഗാനമത്സരത്തിൽ പാണ്ഡ്യരാജ്യത്തിലെ ഗായകരെ തോല്പിക്കണം. അതിനായി ഹേമനാഥൻ മധുരയിൽ എത്തിച്ചേർന്നു.

വരഗുണപാണ്ഡ്യന്റെ മുമ്പിലിരുന്ന് ഹേമനാഥൻ പാട്ടുകൾ പാടി. രാജാവ് പാട്ടുകേട്ട് അത്ഭുതപ്പെട്ടു. അത്ഭുതത്തോടുകൂടി കുണ്ഠിതവും ഉണ്ടായി. ഹേമനാഥനെ തോല്പിക്കാൻ തന്റെ രാജ്യത്ത് ആളില്ല.

ഹേമനാഥനു പാർക്കാൻ നല്ലൊരു ഗൃഹം; അയാൾക്കും ശിഷ്യർക്കും വേണ്ടതായ സൗകര്യങ്ങൾ — സകലതും ഏർപ്പാടു ചെയ്തു വരഗുണരാജാവ്. അതിനുശേഷം അദ്ദേഹം ഭദ്രനെ ആളയച്ചു വരുത്തി.

പാണ്ഡ്യരാജ്യത്തിലെ ഗായകന്മാരിൽ പ്രധാനിയാണ് ഭദ്രൻ. രാജഭക്തനാണ് ആ ഗായകൻ. മാത്രമല്ല, ശിവഭക്തനും.

'ഭദ്രാ, നിങ്ങൾ ഹേമനാഥനോടു മത്സരിക്കണം. മത്സരിച്ചാലും പോര, അയാളെ തോല്പിക്കുകതന്നെ വേണം. നിങ്ങൾക്ക് അതു സാധിക്കുകയില്ല എന്നു തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ അതു പറയാൻ മടി വേണ്ട. നമുക്കു തോൽവി സമ്മതിച്ചുകൊടുക്കാം.' വരഗുണപാണ്ഡ്യൻ പറഞ്ഞു.

'തമ്പുരാനേ, ഹേമനാഥന്റെ അഹങ്കാരം ഞാൻ തീർത്തുതരാം—എന്റെ മിടുക്കുകൊണ്ടല്ല, സുന്ദരേശ്വരന്റെ അനുഗ്രഹംകൊണ്ട്. അവിടുന്ന് ഒട്ടും വ്യാകുലപ്പെടേണ്ട.' ഭദ്രൻ രാജാവിനെ ധൈര്യപ്പെടുത്തി.

ഭദ്രൻ ഹേമനാഥന്റെ സാമർത്ഥ്യത്തെക്കുറിച്ചു കേട്ടിട്ടുണ്ട്. പക്ഷേ, അയാളുടെ പാട്ട് അന്നോളം കേട്ടിട്ടില്ല. ഏതിനും ഒന്നു കേട്ടിരിക്കുന്നതു കൊള്ളാം. ആ ഉദ്ദേശ്യത്തോടെ ഭദ്രൻ തെരുവിലിറങ്ങി നടന്നു.

ഹേമനാഥന്റെ ശിഷ്യന്മാർ എന്താണ് ചെയ്തത്? തെരുവുകളിലൂടെ പാടിക്കൊണ്ടു നടക്കുകയായി. അതു കേൾക്കാൻ ഇടയായി ഭദ്രൻ. അപ്പോൾ ഒന്നു തോന്നി. കെങ്കേമമാണ് ഇവരുടെ പാട്ട്. ഇവർ ഹേമനാഥന്റെ ശിഷ്യന്മാരാണ്. ആ സ്ഥിതിക്ക് എന്തായിരിക്കും ഹേമനാഥന്റെ പാട്ട്. അതാലോചിച്ചപ്പോൾ ഭദ്രന് അത്യധികമായ അധൈര്യം ഉണ്ടായി. വേണ്ടതുപോലെ ആലോചിക്കാതെയാണ് രാജാവിനോട് ഒന്നു പറഞ്ഞത് — താൻ ഹേമനാഥനെ തോല്പിക്കാമെന്ന്. അതിനുള്ള സാദ്ധ്യത യാതൊന്നും കാണുന്നില്ല. എന്താണിനി ചെയ്യുക? ഒരൊറ്റ വഴിയേ ശേഷിക്കുന്നുള്ളൂ — സുന്ദരേശ്വരനെ അഭയം പ്രാപിക്കുക. ഭദ്രൻ നേരേ പോയത് ഹാലാസ്യക്ഷേത്രത്തിലേക്കാണ്. ആ ഗായകൻ ഭജനയിൽ മുഴുകി. അല്ലാതെ എന്തുചെയ്യാനൊക്കും?

ഭഗവാൻ കനിയുകതന്നെ ചെയ്തു.

ഹേമനാഥന്റെ പാർപ്പിടത്തിൽ ഒരു വൃദ്ധൻ ചെന്നു കയറി. ശരീരം ചുക്കിച്ചുളിഞ്ഞിരിക്കുന്നു. കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചിരിക്കുന്നു. അതേസമയം കൈയിലൊരു വീണയുമുണ്ട്.

വൃദ്ധഗായകനായത് ഭഗവാൻതന്നെ — അത് അപ്പോൾ ആരും അറിഞ്ഞില്ലെങ്കിലും.

പുറത്തിരുന്ന് വൃദ്ധഗായകൻ പാടിത്തുടങ്ങി. ആ സമയം അടുത്തൊരു മുറിയിൽ വിശ്രമിക്കുകയായിരുന്നു ഹേമനാഥൻ. അയാളുടെ ചെവികളിൽ വൃദ്ധഗായകന്റെ പാട്ടു വന്നലച്ചു. അയാൾ എഴുന്നേറ്റിരുന്നു ശ്രദ്ധിച്ചു. എന്താണിത്? ഇത്ര മധുരമായ ഗാനമുണ്ടെന്നോ ഈ ലോകത്തിൽ? ഇതുപോലൊരു ഗാനം ഇതിനുമുമ്പു കേട്ടിട്ടില്ല; സ്വപ്നത്തിൽപോലും! ആരാണ് ഗായകൻ? അറിയാൻ ഹേമനാഥനു തിടുക്കമായി. അയാൾ ധൃതിയിൽ എഴുന്നേറ്റു പുറത്തേക്കു വന്നു. കണ്ടത്, പാടിക്കൊണ്ടിരിക്കുന്ന ഒരു വൃദ്ധനെയും.

'ആരാണ് നിങ്ങൾ?' ഹേമനാഥൻ അന്വേഷിച്ചു.

'ഞാനോ? ഭദ്രന്റെ ദാസന്മാരിൽ ഒരുവൻ —' അത്രയും പറഞ്ഞിട്ട് വൃദ്ധൻ എഴുന്നേറ്റ് ഒരൊറ്റ നടത്തം!

ഹേമനാഥൻ ചിന്തയിൽ മുഴുകി. ഈ പാട്ടുകാരൻ കേവലം ഒരു വൃദ്ധൻ; ഭദ്രന്റെ ദാസനും. എന്നിട്ടും ഇത്ര മഹത്തരമായ സംഗീതമുണ്ട്. അപ്പോൾ എന്തായിരിക്കും ഭദ്രന്റെ മാഹാത്മ്യം! ഭദ്രനെ ജയിക്കാൻ തനിക്കു സാധ്യമല്ല. സംഗീതമത്സരത്തിൽ പങ്കെടുക്കാതെ കഴിച്ചുകൂട്ടിയാലോ? നേരിട്ടു പരാജയം അനുഭവിക്കാതിരിക്കാം. മധുരയിൽ വന്നു വീമ്പിളക്കിയതു ശരിയാ

യില്ല. മര്യാദയ്ക്ക് ചോളരാജ്യത്ത് അടങ്ങിയിരുന്നാൽ മതിയായിരുന്നു. ഏതിനും ഇവിടെ വന്നുപോയില്ലേ? രായ്ക്കു രാമാനം ആരുമറിയാതെ ഒളിച്ചോടിപ്പോവുകതന്നെ!

അടുത്ത പ്രഭാതത്തിലാണു ഗാനമത്സരം നിശ്ചയിച്ചിരുന്നത്! വമ്പിച്ചൊരു സദസ്സു കൂടിയിട്ടുണ്ട്. ഭദ്രൻ യഥാസമയം ഹാജരുമായി. എന്നാൽ, ഹേമനാഥനെ കാണുന്നില്ല. താമസിയാതെ ആ അറിവു ലഭിക്കുകയായി — ഹേമനാഥനും ശിഷ്യരും കടന്നുകളഞ്ഞിരിക്കുന്നു!

വിജയം പാണ്ഡ്യരാജ്യത്തിനു ലഭിച്ചില്ലേ? അതിന് വരഗുണപാണ്ഡ്യന് അതിയായ സന്തോഷം തോന്നി. അദ്ദേഹം ഭദ്രന് അളവറ്റ ധനം സമ്മാനിച്ചു.

ആ ധനത്തെ ഭദ്രൻ എപ്രകാരമാണ് ഉപയോഗിച്ചത്? അതിന്റെ വലിയ ഭാഗം സുന്ദരേശ്വരനുവേണ്ടി ക്ഷേത്രത്തിനു നൽകി. ശേഷിച്ച ഭാഗം ശിവഭക്തന്മാർക്കായി ദാനവും ചെയ്തു! തനിക്കായി ഒരു ചെറിയ തുകപോലും എടുത്തില്ല എന്നർത്ഥം. അയാൾ സുന്ദരേശ്വരനെ പൂർവാധികം ഭക്തിയോടുകൂടി സേവിച്ചു. ഒരു പ്രത്യേകരീതിയിൽ ഉള്ളതായിരുന്നു അയാളുടെ സേവ—ശിവകീർത്തനങ്ങളുടെ ആലാപനം! അവയുടെ ലഹരിയിൽ ലയിച്ചിരിക്കും അയാൾ മിക്കപ്പോഴും. ആ ഗാനസേവയിൽ ഏറ്റവും പ്രസാദിച്ചു സുന്ദരേശ്വരൻ.

ഒരു ദിവസം ഭദ്രൻ പതിവുപോലെ ശിവകീർത്തനങ്ങൾ പാടിക്കൊണ്ടിരുന്നു. പാട്ടു തീർന്നപ്പോൾ ഒന്നു കണ്ടു — തന്റെ മുമ്പിൽ എന്തോ കിടക്കുന്നു. വലിയൊരു പണക്കിഴി! അത് ഭഗവാൻ നല്കിയതു തന്നെ. അതിൽ ഭദ്രനു യാതൊരു സംശയവും ഉണ്ടായില്ല. ആ ഭക്തൻ പണക്കിഴി കൈയിലെടുത്തു. എന്നിട്ടു പുറത്തേക്കു പോയി. കണ്ട പാവങ്ങൾക്കായി വിതരണം ചെയ്തു. തനിക്കായി ഒരൊറ്റ ചില്ലിക്കാശ് എടുത്തുമില്ല!

തുടർന്നുള്ള ദിവസങ്ങളിൽ ഭദ്രനു ലഭിച്ചത് എന്തൊക്കെയാണ്; വെള്ളിയും സ്വർണവും രത്നങ്ങളും. എല്ലാം സുന്ദരേശ്വരൻ സമ്മാനിച്ചതുതന്നെ. അവയും ഭദ്രൻ പാവപ്പെട്ടവർക്കും ഭക്തന്മാർക്കുമായി ദാനം ചെയ്തു. അയാൾ പഴയപോലെ നിർദ്ധനനായി കഴിഞ്ഞുകൂടി.

ഒരു രാത്രിയിൽ ഭദ്രന് ഒരു സ്വപ്നമുണ്ടായി.

സ്വപ്നത്തിൽ സുന്ദരേശ്വരൻ ദർശനമരുളി:

'ഭദ്രാ, ഞാൻ നിനക്കു പലേ സമ്പത്തുകൾ നല്കുകയുണ്ടായല്ലോ. അതെല്ലാം വാസ്തവത്തിൽ രാജാവിന്റെ ഖജനാവിൽനിന്ന് എടുത്തവയാണ്. ഇനിയും ഖജനാവിൽനിന്ന് എടുക്കുന്നതു ശരിയല്ല. നീ നേരെ പോയി ചേരരാജാവിനെ കാണണം. അവനും എന്റെ ഭക്തനാണ്. ഞാൻ ഒരു എഴുത്തു തരാം. ആ എഴുത്ത് ചേരരാജാവിനു കൊടുക്കണം. അവൻ നിനക്കു ധാരാളം ദ്രവ്യം തരും.' ഭഗവാൻ അരുളിച്ചെയ്തു.

രാവിലെ ഭദ്രൻ ഉറക്കമുണർന്നപ്പോഴോ? അവിടെ കിടക്കുന്നു സുന്ദരേശ്വരന്റെ എഴുത്ത്. അതും എടുത്തുകൊണ്ട് ഭദ്രൻ പാണ്ഡ്യരാജ്യം വിട്ടിറങ്ങി. പലനാൾ സഞ്ചരിച്ച് ചേരരാജ്യത്തിന്റെ അതിർത്തിയിൽ എത്തി. അവിടെ ഒരിടത്തിരുന്ന് ശിവനെ ഭജിക്കുകയും ചെയ്തു.

ചേരരാജാവിനും ഉണ്ടായിരുന്നു ഒരു സ്വപ്നം. സ്വപ്നത്തിൽ ഒരു വിവരം ലഭിക്കുകയും ചെയ്തു — തന്നെ കാണാനായി ഭദ്രൻ വരുന്നുണ്ടെന്നും മറ്റും. ചേരരാജാവ് മന്ത്രിമാരെ നിയോഗിച്ചു. ഭദ്രനെ കണ്ടുപിടിച്ചുകൊണ്ടുവരണം

—അതായിരുന്നു മന്ത്രിമാർക്കു നല്കിയ നിർദ്ദേശം. മന്ത്രിമാർ അതിർത്തിയിൽ ചെന്നെത്തി. അവിടെ ഭദ്രനെ കണ്ടെത്തി. ശിവകീർത്തനങ്ങൾ പാടിക്കൊണ്ടിരിക്കയാണ്. ഭദ്രൻ ഭക്തിയുടെയും ഗാനത്തിന്റെയും ലഹരിയിൽ മതിമറന്നിരിക്കയും ചെയ്യുന്നു.

ആ വിവരം മന്ത്രിമാർ ദൂതന്മാർ മുഖേന ചേരരാജാവിനെ അറിയിച്ചു. ഒട്ടും കാലതാമസംകൂടാതെ ചേരരാജാവ് അതിർത്തിദേശത്തു വന്നെത്തി. മന്ത്രിമാരും ഭദ്രനും അവിടെത്തന്നെ ഉണ്ടായിരുന്നു.

'മഹാത്മൻ, എന്താണ് അങ്ങയുടെ യാത്രയ്ക്കുള്ള ഉദ്ദേശ്യം?' ചേരരാജാവ് ആദരവോടെ ചോദിച്ചു.

ഭദ്രൻ എഴുത്തെടുത്തു നീട്ടി. ചേരരാജാവ് വാങ്ങി വായിച്ചു. അദ്ദേഹം രോമാഞ്ചം കൊണ്ടുപോയി. സുന്ദരേശ്വരന്റെ എഴുത്താണ്. അത് അയച്ചിരിക്കുന്നതു തനിക്കും. അതിൽപ്പരം ഭാഗ്യമെന്തുള്ളു? അദ്ദേഹം ഭദ്രനെ ആദരപൂർവം രാജധാനിയിലേക്കു നയിച്ച് യഥായോഗ്യം ഉപചരിച്ചു എന്നു പറയാനുണ്ടോ? മാത്രമല്ല, അനേകം ഭൃത്യന്മാരെ വരുത്തി. അവരെക്കൊണ്ടു പണച്ചുമടുകൾ എടുപ്പിച്ചു. അവരുടെ അകമ്പടിയോടെ ഭദ്രനെ യാത്രയുമാക്കി.

അങ്ങനെ ഭദ്രൻ വിപുലമായ സമ്പത്തിന്റെ ഉടമയായി. ആ നിലയിൽ സ്വരാജ്യത്ത് എത്തിച്ചേരുകയും ചെയ്തു. എന്നിട്ടും പഴയ പെരുമാറ്റം അതേപടി തുടർന്നുപോയി. അതായത് കൈയിലുള്ളതെല്ലാം വാരിക്കോരി ദാനം ചെയ്യുക, ഗാനത്തിലൂടെ സുന്ദരേശ്വരനെ സേവിക്കുക. ഭദ്രന്റെ ശിവഭക്തി വർദ്ധിച്ചു. അതിനു വർദ്ധിക്കാൻ സാധിക്കുമെങ്കിൽ!

ആ ഭക്തി ഒന്നു പരീക്ഷിക്കുകതന്നെ — അതിനു മുതിരുകയായി സുന്ദരേശ്വരൻ.

രാത്രിയിലും ഭദ്രൻ ക്ഷേത്രത്തിലേക്കു പോകാറുണ്ട്. എന്തുവന്നാലും ആ പതിവു മുടക്കുകയുമില്ല. ഒരു രാത്രിയിൽ ഭഗവാൻ പേമാരി പെയ്യിച്ചു തുടങ്ങി. പേമാരിയോടുകൂടി ഭയങ്കരമായ ഇടിയും മിന്നലും ഉണ്ടായി. ആളുകളെല്ലാം തങ്ങളുടെ വീടുകളിൽ അടച്ചിരുന്നു. ഒരൊറ്റ മനുഷ്യൻ പുറത്തിറങ്ങാൻ ധൈര്യപ്പെട്ടില്ല. പക്ഷേ, ഭദ്രനു യാതൊരു ചാഞ്ചല്യവും ഉണ്ടായില്ല. അയാൾ വീടു വിട്ടിറങ്ങി ക്ഷേത്രത്തിലേക്കു നടന്നുതുടങ്ങി. കോരിച്ചൊരിയുന്ന മഴ കൂസലില്ലാതെ നനയുകയാണ്. മഴയുടെ ശക്തി വർദ്ധിച്ചുവരികയും ചെയ്യുന്നു. ദേഹത്തു ചരലുകൾ വാരിയെറിയുംപോലെ അത്ര ശക്തിയുണ്ട് മഴത്തുള്ളികൾക്ക്. തണുപ്പാണെങ്കിൽ അസഹ്യവും. തപ്പിത്തടഞ്ഞ്, തണുത്തുവിറച്ച്, ഭദ്രൻ മുമ്പോട്ടുപോയി. മരിച്ചാലും ശരി, ക്ഷേത്രത്തിലിരുന്നു ചെയ്യാറുള്ള ഗാനസേവയ്ക്കു മുടക്കം വന്നുകൂടാ. ഒടുവിൽ വല്ലവിധവും ക്ഷേത്രത്തിന്റെ വളപ്പിൽ എത്തിച്ചേർന്നു. അപ്പോഴേക്കും ദേഹബലം മിക്കവാറും ചോർന്നുപോയിരുന്നു. എന്നിട്ടും ആ പരമഭക്തൻ കൂട്ടാക്കിയില്ല. അയാൾ ചമ്രം പടിഞ്ഞിരുന്ന് ശിവകീർത്തനങ്ങൾ ആലപിച്ചുതുടങ്ങി. മഴയുടെ ശക്തി വർദ്ധിച്ചതേയുള്ളു. ഭദ്രന്റെ ശരീരം മരവിക്കുകയാണ്. ഒടുവിൽ ശ്രുതിമീട്ടുന്ന വിരലുകൾ ഇളകാതെയായി. ഇരുന്നിടത്തു വെള്ളം പെരുകിവരുന്നു. വെള്ളത്തോടുകൂടി ചേറും പരക്കുകയാണ്. ചേറ് മാറോളം ഉയരത്തിലെത്തി. എന്നിട്ടും ഭക്തൻ കീർത്തനങ്ങൾ പാടിക്കൊണ്ടിരുന്നു. ചുറ്റിനും

നടക്കുന്നതൊന്നും അയാൾ അറിയുന്നതേയില്ല. അത്ര അധികമായിരുന്നു ഭക്തിയുടെ ലഹരി. ആ ലഹരിയിൽ അയാൾ മതിമറന്നുപോയിട്ടുണ്ട്.

അത്രയും ആയപ്പോൾ ഭഗവാന് അലിവുതോന്നി.

ചെളിയിലാണ് ഭദ്രൻ ഇപ്പോൾ ഇരിക്കുന്നത്. ഭഗവാൻ സഹായിച്ചത് എങ്ങനെയെന്നോ, ഭദ്രന് ഇരിക്കാനായി ഒരു പലക നീക്കിവച്ചുകൊടുത്തു.

കുറെനേരം അങ്ങനെ കഴിഞ്ഞു. അപ്പോഴേക്കും ഭദ്രൻ ഗാനാലാപം മതിയാക്കി, കണ്ണുകൾ തുറന്നു. ഒന്ന് അറിവായി — താനിരിക്കുന്നതു പലകയിലാണ്. അയാൾ പലക എടുത്തുനോക്കി. വെറും മരപ്പലകയല്ല. രത്നങ്ങൾ പതിച്ച സ്വർണ്ണപ്പലക!

സ്വർണപ്പലകയും പിടിച്ചുകൊണ്ട് ഭദ്രൻ ക്ഷേത്രത്തിനു പുറത്തിറങ്ങി. അപ്പോഴേക്കും പ്രകൃതിക്കു മാറ്റം സംഭവിച്ചിരിക്കുന്നു. മഴ നിശ്ശേഷം തീർന്നിട്ടുണ്ട്. ആകാശത്തു മേഘങ്ങളുടെ ലാഞ്ഛനപോലുമില്ല. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുകയാണ്. നറുംപാലുപോലുള്ള പൂനിലാവും പരന്നിരിക്കുന്നു. ആ കാഴ്ചകൾ കണ്ടുകൊണ്ട് ഭദ്രൻ വീട്ടിലെത്തി.

അടുത്ത ദിവസംതന്നെ ആ വാർത്ത മധുരയിലാകെ പടർന്നുപിടിച്ചു — സുന്ദരേശ്വരൻ ഭദ്രനു രത്നങ്ങളുള്ള സ്വർണ്ണപ്പലക സമ്മാനിച്ചിരിക്കുന്നു!

ആ വർത്തമാനം വരഗുണപാണ്ഡ്യനും ലഭിക്കുകയായി.

രാജാവ് ഭദ്രനെ വരുത്തി.

'ഭദ്രാ, ഭക്തികൊണ്ട് എന്തും സാധിക്കാം — അതു നിങ്ങളിപ്പോൾ തെളിയിച്ചിരിക്കുന്നു. ഉത്തമന്മാരായ ഭക്തന്മാരിൽ ഉത്തമനായ ഭക്തനാണു നിങ്ങൾ. ഭഗവാനെ പൂജിച്ചാലുള്ള ഫലം ഭക്തനെ പൂജിച്ചാലും ഉണ്ടാകും. ഞാനിതാ നിങ്ങളെ പൂജിക്കുന്നു.' വരഗുണപാണ്ഡ്യൻ പറഞ്ഞു.

ഭദ്രൻ കൊട്ടാരത്തിൽനിന്നു സ്വഗൃഹത്തിലേക്കു പോയി — രാജാവു നിയോഗിച്ച പരിവാരങ്ങളുടെ അകമ്പടിയോടുകൂടി, അളവറ്റ ധനത്തോടും വിലപിടിച്ച മറ്റു സമ്മാനങ്ങളോടുംകൂടി!

എങ്കിലും ഭദ്രൻ പഴയ പതിവുതന്നെ തുടർന്നു പോയി — കൈയിലുള്ളതെല്ലാം ദാനം ചെയ്യുക എന്ന ആ പതിവ്!

പില്ക്കാലത്ത് ഭദ്രന്റെ ഭാര്യയ്ക്കും ഒരു പരീക്ഷയുണ്ടായി. അപ്പോഴേക്കും വരഗുണപാണ്ഡ്യൻ അന്തരിച്ചിരുന്നു. അദ്ദേഹത്തിന്റെ പുത്രനാണ് ഇപ്പോഴത്തെ രാജാവ്. രാജരാജപാണ്ഡ്യൻ എന്നാണ് ആ രാജാവിന്റെ പേര്.

പട്ടമഹിഷിയെക്കൂടാതെ വേറെയും ഭാര്യമാരുണ്ട് രാജരാജപാണ്ഡ്യന്. ഒരുനാൾ മറ്റൊരു രാജപത്നി പട്ടമഹിഷിയെ കാണാൻ ചെന്നു. രാജവിമോഹിനി എന്ന പേരുള്ള സ്ത്രീയായിരുന്നു ആ രാജപത്നി. നല്ലൊരു ഗായികയാണ് രാജവിമോഹിനി.

ഭദ്രന്റെ ഭാര്യയും അപ്പോൾ അവിടെ വന്നിട്ടുണ്ടായിരുന്നു. പതിവ്രതയാണ് ഭദ്രന്റെ ഭാര്യ. അതേസമയം അസാമാന്യയായ പാട്ടുകാരിയും.

രാജവിമോഹിനിക്ക് ഒരു അഹങ്കാരമുണ്ട് — തന്നെക്കാൾ സമർത്ഥയായ ഒരു ഗായിക ലോകത്തില്ല എന്ന്. അതേസമയം ഭദ്രന്റെ ഭാര്യയോട് അതിയായ അസൂയയുണ്ട്. ആ രാജപത്നി ഭദ്രപത്നിയോടു കാരണമില്ലാതെ വഴക്കു തുടങ്ങി.

'നീ അത്രയൊന്നും ഗർവ്വിക്കണ്ട കേട്ടോ? നിന്നെക്കാൾ മേലേക്കിടയിലാണു ഞാൻ. അക്കാര്യം ലോകർക്കെല്ലാം അറിവുള്ളതുമാണ്.' രാജവിമോഹിനി പറഞ്ഞു.

പട്ടമഹിഷി ഇടപെട്ട് അവരുടെ വഴക്കു തടഞ്ഞു. എന്നാലും ഭദ്രന്റെ ഭാര്യയ്ക്ക് അതിയായ കുണ്ഠിതമുണ്ടായി. ആത്മാഭിമാനത്തിനു ക്ഷതം തട്ടിയതുപോലെ. ആ പതിവ്രത പഴയപോലെ ജീവിതം തുടർന്നു — ഭർത്താവിനെ ശുശ്രൂഷിച്ചുകൊണ്ട്, ഗാനകല പരിപോഷിപ്പിച്ചുകൊണ്ട്. അതേസമയം മനോവിഷമം തുടർന്നുപോവുകയും ചെയ്തു. രാജവിമോഹിനി പറഞ്ഞില്ലേ വാക്കുകൾ? അവ മനസ്സിനെ നൊമ്പരപ്പെടുത്തിക്കൊണ്ടിരുന്നു.

വാസ്തവത്തിൽ രാജവിമോഹിനിയുടെ ചൊല്പടിയിലായിരുന്നു രാജ രാജപാണ്ഡ്യൻ. അവൾ ഭദ്രപത്നിയെക്കുറിച്ചു പലേ ഏഷണികളും പറഞ്ഞു. ഇല്ലാത്ത കഥകൾ പലതും കെട്ടിച്ചമച്ചു. അവയൊക്കെ രാജാവു വിശ്വസിക്കുകയും ചെയ്തു.

ഭദ്രപത്നിയെ പരസ്യമായി അപമാനിക്കണം —അതായി രാജവിമോഹിനിയുടെ ശാഠ്യം. രാജരാജ പാണ്ഡ്യൻ ആ ശാഠ്യത്തിനു വഴങ്ങുകയായി.

ഒരു അന്യദേശത്തു സുപ്രസിദ്ധയായ ഒരു ഗായികയുണ്ട്. അവളെക്കൊണ്ടു ഭദ്രപത്നിയെ ഗാനമത്സരത്തിൽ തോല്പിക്കണം — അതായി രാജരാജപാണ്ഡ്യന്റെ നിശ്ചയം. അദ്ദേഹം വിദേശഗായികയെ ഒരിടത്തു വരുത്തി പാർപ്പിച്ചു. അതിനുശേഷം ഭദ്രഭാര്യയെ കൊട്ടാരത്തിൽ വരാൻ കല്പിച്ചു.

'പരദേശത്തുനിന്ന് ഒരു പ്രസിദ്ധ ഗായിക വന്നിട്ടുണ്ട്. നീ അവളെ മത്സരത്തിൽ തോല്പിക്കണം — അതാണ് എന്റെ ആഗ്രഹം. എന്താ, നിനക്കതു സാധിക്കുമോ?' അദ്ദേഹം ചോദിച്ചു.

ഭദ്രപത്നിയുടെ അഭിമാനം ഉണർന്നു.

'ഞാൻ അവളെ തോല്പിക്കാം, തിരുമേനീ' അവൾ ധൈര്യത്തോടെ പറഞ്ഞു.

'നീ നല്ലവണ്ണം ആലോചിച്ചിട്ടുവേണം തീർച്ചപ്പെടുത്താൻ. വിദേശഗായിക സാമാന്യക്കാരിയല്ല. അവൾ ഇന്നോളം ആരോടും തോറ്റിട്ടില്ല. നീ ജയിക്കുമെങ്കിൽ മാത്രം മത്സരിച്ചാൽ മതിയാകും. അല്പമെങ്കിലും സംശയം തോന്നുന്നുവെങ്കിൽ മത്സരം വേണ്ടെന്നുവെക്കാം.' രാജാവു പറഞ്ഞു.

'തിരുമേനീ, അടിയൻ പതിവ്രതയാണ്. സുന്ദരേശ്വരന്റെ ഭക്തയുമാണ്. പാതിവ്രത്യവും ഭക്തിയും വലിയ ശക്തികളാണ്. രണ്ടുംകൂടി എന്നെ സഹായിക്കും. തീർച്ചയായും ഞാൻ തോല്ക്കുകയില്ല.' ഭദ്രപത്നി തീർത്തു പറഞ്ഞു.

അവളെ പറഞ്ഞയച്ചശേഷം രാജരാജപാണ്ഡ്യൻ വിദേശഗായികയെ വരുത്തി.

'നീ ഭദ്രപത്നിയെ തോല്പിച്ചേ കഴിയൂ. അതുമാത്രം പോരാ, അവളെ കഠിനമായി അപമാനിക്കുകയും വേണം. ഞാൻ ന്യായം നടത്തുകയാണ് എന്നു സദസ്യരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. നിറഞ്ഞ സദസായിരിക്കും താനും. ഇടയ്ക്കിടയ്ക്കു ഞാൻ നിന്നെ വിലക്കും. അതൊന്നും നീ കൂട്ടാക്കരുത്, കേട്ടോ?' അദ്ദേഹം പറഞ്ഞു.

വിദേശഗായിക അതുപോലെയൊക്കെ ചെയ്യാമെന്നേറ്റു.

അടുത്ത രാവിലെ സംഗീതമത്സരം ആരംഭിക്കാറായി. മന്ത്രിമാരും സേനാധിപന്മാരും പൗരപ്രമാണികളും തിങ്ങിനിറഞ്ഞിരുന്നു. ഗായികമാർ എതിരെ ഇരിപ്പായി.

വിദേശഗായിക ഭദ്രപത്നിയെ ആക്ഷേപിച്ചു.

'ഓഹോ, നീയാണോ എന്നോടു മത്സരിക്കാൻ വന്നിരിക്കുന്നത്? നന്നായി! കാക്കയ്ക്കു കുയിലിനെ ജയിക്കാൻ മോഹം! നിന്റെ ദുർമോഹം കൊള്ളാം! നീ എന്റെ കാല്ക്കൽ വീണു നമസ്കരിക്ക്. എന്നിട്ടു വായ് തുറക്കാതെ കടന്നുപൊയ്ക്കോ. അതാണു നല്ലത്!'

രാജാവാണു മദ്ധ്യസ്ഥൻ. വിദേശഗായികയുടെ ഭാഗത്താണു താൻ— ആ വിചാരം സദസ്യർക്ക് ഉണ്ടാവാതെ നോക്കണം. അതിനായി അദ്ദേഹം ഒരു വിദ്യയെടുത്തു.

'നിങ്ങൾ രണ്ടുപേരും തമ്മിൽ വഴക്കൊന്നും വേണ്ട, കേട്ടോ? ആരാണു ജയിക്കുന്നതെന്നു സദസ്സു നിശ്ചയിച്ചുകൊള്ളും. ഒരു പന്തയവും വേണം— തോല്ക്കുന്നവൾ ജയിക്കുന്നവളുടെ ദാസിയാകാം എന്ന്. ശരി, ഇനി മത്സരം തുടങ്ങുവിൻ.' അദ്ദേഹം കല്പിച്ചു.

ആദ്യത്തെ മുറ വിദേശഗായികയ്ക്കായിരുന്നു. അവൾ അത്യന്തം മധുരമായി പാടി. അതുമാത്രമോ? എന്തെല്ലാം അഭ്യാസമുറകൾ പ്രദർശിപ്പിച്ചുവെന്നോ? സദസ്യർക്ക് അത്ഭുതംതോന്നി. ഇങ്ങനെയുമുണ്ടോ ഗാനപാടവം?

അടുത്തമുറ ഭദ്രപത്നിയുടേതാണ്. അവൾ പാടിത്തീർന്നപ്പോഴോ? സദസ്യർക്ക് ഒരു തോന്നലുണ്ടായി — അവൾതന്നെയാണു വിദേശഗായികയെക്കാൾ സമർത്ഥയെന്ന്.

അത് രാജരാജപാണ്ഡ്യൻ മനസ്സിലാക്കി.

'വിദേശഗായിക മത്സരത്തിൽ ജയിച്ചിരിക്കുന്നു!' അദ്ദേഹം ഉറക്കെ വിളിച്ചുപറഞ്ഞു.

മറിച്ചാണു സദസ്യരുടെ അഭിപ്രായം. പക്ഷേ, രാജാവിനെ എതിർക്കാൻ അവർക്കു ധൈര്യമുണ്ടായില്ല. രാജാവിനെ അനുകൂലിക്കുകയേ അവർക്കു നിർവ്വാഹമുണ്ടായുള്ളൂ.

രാജാവ് ഭദ്രഭാര്യയെ ഒന്നുകൂടി ശല്യപ്പെടുത്തി. 'നീ അത്രയൊന്നും വ്യസനിക്കണ്ട. മത്സരത്തിൽ ജയവും തോൽവിയും ഉണ്ടാകും. അതു സാധാരണയാണ്. നാളെ ഒരു മത്സരംകൂടി നടത്താം. അതിലും നീ തോറ്റാലോ? പിന്നെ ജയിച്ചവളുടെ ദാസിയാകാതെ നിവൃത്തിയില്ല. അക്കാര്യം കാലേകൂട്ടി പറഞ്ഞേക്കാം!'

'തിരുമനേനീ, നാളത്തെ മത്സരംകൂടി ഒന്നു കഴിഞ്ഞോട്ടെ.' ഭദ്രപത്നി പറഞ്ഞിട്ട് ഇറങ്ങിപ്പോയി.

അവളുടെ മനസ്സു വല്ലാതെ വ്യാകുലമായി. എതിരാളിയുടെ പക്ഷത്താണ് രാജാവ് — അതിൽ അവൾക്കു യാതൊരു സംശയവും ഉണ്ടായിരുന്നില്ല. ഇനി സുന്ദരേശ്വരൻ മാത്രമേയുള്ളൂ തനിക്ക് ആശ്രയം! ആ പരമഭക്ത ഹാലാസ്യക്ഷേത്രത്തിലേക്കു പോയി. ഹൃദയംനൊന്തു ഭഗവാനെ പ്രാർത്ഥിച്ചു. രക്ഷിക്കണേ എന്നു കേണിരന്നു. വീട്ടിൽ തിരിച്ചെത്തിയതിനു ശേഷമോ? അപ്പോഴും നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രാത്രിയിൽ ഉറക്കമേ വന്നില്ല. പ്രാർത്ഥന, പ്രാർത്ഥന മാത്രം!

രാവിലെ രണ്ടാം മത്സരം നടക്കുകയായി. അപ്പോഴും സദസ്യർക്കു തോന്നിയത് ഭദ്രപത്നിയാണു മേലേക്കിടയിൽ എന്നായിരുന്നു.പക്ഷേ, മറിച്ചായിരുന്നു രാജാവിന്റെ അഭിപ്രായം. അതിന് എതിരു പറയാൻ അവരിലാരും ധൈര്യപ്പെട്ടില്ല.

ഭദ്രപത്നി കുപിതയായി:

'തിരുമേനീ, അവിടുത്തേക്കു വിദേശഗായികയോടു പക്ഷപാതമുണ്ട്. അടിയൻ ഒരു അപേക്ഷ സമർപ്പിച്ചുകൊള്ളട്ടെ. നാളെക്കൂടി ഒരു മത്സരം നടത്തണം. സുന്ദരേശ്വരക്ഷേത്രത്തിലെ മണ്ഡപത്തിൽവെച്ചായിരിക്കണം മത്സരം. അതിലും ഞാൻ തോറ്റെന്ന് അവിടുന്നു വിധിച്ചാലോ? ആ നിമിഷം ഞാൻ ഇവളുടെ ദാസിയായിക്കൊള്ളാം.' ഭദ്രപത്നി പറഞ്ഞു.

അതിൽ വേണ്ടാത്തതായി യാതൊന്നും രാജാവു കണ്ടില്ല. അങ്ങനെ മൂന്നാംപ്രാവശ്യവും ഗാനമത്സരം നടക്കുകയായി. അതിന്റെ രംഗമൊന്നു മാറിയിരിക്കുകയാണ്. അതായിരുന്നു ഇപ്പോഴത്തെ വ്യത്യാസം. രാജാവുണ്ട്, മന്ത്രിമാരുണ്ട്, സദസ്യരുണ്ട്. അവരാരും ഒരാളെ ശ്രദ്ധിച്ചില്ല—ഒഴിഞ്ഞുമാറി ഇരിക്കുന്ന ഒരു കാവിവസ്ത്രക്കാരൻ. അത് ഭഗവാനാണ് എന്ന് അവരാരും ഊഹിച്ചതുമില്ല. ഭഗവാന്റെ ദിവ്യസാന്നിദ്ധ്യം കാരണം ഒന്നുണ്ടായി. രാജരാജ പാണ്ഡ്യന്റെ മനസ്സിനു വലുതായ ഒരു മാറ്റം!

മത്സരം അവസാനിച്ചു.

'ഭ്രേപത്നി ജയിച്ചിരിക്കുന്നു!' രാജാവ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

ആ വാചകം സദസ്യർ ഏറ്റു പറഞ്ഞു.

സകലർക്കും സന്തോഷമായി. അവർ ഭദ്രപത്നിയുടെ പാടവത്തെ വാനോളം വാഴ്ത്തി. വിദേശഗായികയുടെ മുഖം വാടി. അവൾക്കുണ്ടോ തോൽവി ഇഷ്ടമാകുന്നു? പക്ഷേ, ഇഷ്ടമായില്ല എന്നുവെച്ച് എന്തു ചെയ്യാനാണ്? അവർ തോറ്റതാണ് എന്നുള്ളതിനു യാതൊരു സംശയവും ഉണ്ടായിരുന്നില്ല.

രാജാവിനും ഒന്നു ബോദ്ധ്യമായി. താൻ മുമ്പുചെയ്തതു തെറ്റായിരുന്നു. ഇപ്പോഴത്തെ തീരുമാനമാണു ശരി. തന്റെ മനസ്സിന് ഒരു മാറ്റമുണ്ടായിട്ടുണ്ട്. ഭഗവാനാണ് അതിനു കാരണക്കാരൻ.

രാജരാജപാണ്ഡ്യൻ ശിവഭക്തനായി മാറി!

സംഘകവികൾ

നാല്പത്തെട്ടു കവികൾ. ഒറ്റക്കെട്ടായി ജീവിച്ചു. നാല്പത്തെട്ടുപേരും പാണ്ഡിത്യം, കവിത്വം, വാഗ്ശക്തി — അവയിൽ അവർക്കു തുല്യരായി ലോകത്ത് ആരുമില്ല. എല്ലാവരും ആ കവിസംഘത്തെ ബഹുമാനിച്ചു. കളങ്കം ഇല്ലാത്തതായിരുന്നു അവർ സമ്പാദിച്ച യശസ്സ്.

സരസ്വതീദേവിയുടെ ശരീരത്തിന്റെ ഭാഗങ്ങളാണ് അക്ഷരങ്ങൾ —ആ വിശ്വാസമുള്ളവരുണ്ട്. നാല്പത്തെട്ട് അക്ഷരങ്ങൾ മനുഷ്യരായി അവതാരമെടുത്തു. അവരാണ് സംഘക്കാർ എന്നു പലരും കരുതിയിരുന്നു.

സംഘക്കാർ പലയിടങ്ങളിലായി ചുറ്റിസ്സഞ്ചരിച്ചുകൊണ്ടിരുന്നു. ഹാലാസ്യക്ഷേത്രത്തിൽചെന്നു ദർശനം നടത്തണം—അതായി അവരുടെ ആഗ്രഹം. അവർ മധുരയിൽ എത്തിച്ചേരുകയും ചെയ്തു.

അതാ, ദൂരെയായി കാണപ്പെടുന്നു ക്ഷേത്രത്തിന്റെ താഴികക്കുടങ്ങൾ! ആ നിമിഷത്തിൽ സംഘക്കാർ ഭക്തികൊണ്ടു പരവശരായി. അവർ ആ ദിക്കുനോക്കി നിലത്തുകിടന്നു നമിച്ചു. അതിനുശേഷം എഴുന്നേറ്റുനിന്നു.

ഒരു യോഗി അവരുടെ മുമ്പിൽ വന്നെത്തി.

'നിങ്ങൾ എവിടത്തുകാരാണ്? എന്താണ് നിങ്ങളുടെ യാത്രയ്ക്കുള്ള ഉദ്ദേശ്യം!' യോഗി ചോദിച്ചു.

'ഞങ്ങൾ സംഘികളായ കവികളാണ്. വളരെ വേഗം വളരെയേറെ കവിതകൾ രചിക്കുക — അതു ഞങ്ങളിൽ ഓരോരുത്തർക്കും എളുപ്പത്തിൽ സാധിക്കും. ഞങ്ങൾ മധുരയിൽ വന്നതിനു പ്രത്യേകമായ ഒരു ഉദ്ദേശ്യമുണ്ട്. ഹാലാസ്യക്ഷേത്രത്തിൽ ദർശനം നടത്തുക എന്നതാണ് അത്. അങ്ങ് ഇവിടത്തുകാരനാണ് എന്നു ഞങ്ങൾക്കു മനസ്സിലായി. ആ സ്ഥിതിക്ക് അങ്ങു കൂടി വരണം. കാണേണ്ടതൊക്കെ കാണിച്ചുതരണം.' സംഘികൾ അപേക്ഷിച്ചു.

ആ അപേക്ഷ യോഗി കൈക്കൊള്ളുകതന്നെ ചെയ്തു. അദ്ദേഹം അവരെ ക്ഷേത്രത്തിലേക്കു കൊണ്ടുപോയി. എന്തൊക്കെയാണു കാണാനുള്ളത് അവയൊക്കെ അവർക്കു കാണിച്ചുകൊടുത്തു. ഓരോന്നിന്റെയും പ്രാധാന്യം വിവരിക്കുകയും ചെയ്തു.

അപ്പോഴേക്കും യോഗി നിന്നനിലയ്ക്കു മറഞ്ഞു.

സംഘികൾ ആദ്യം അത്ഭുതപ്പെട്ടുനിന്നു. പിന്നീട് അവർക്ക് ഒന്നു തീർച്ചയായി — സുന്ദരേശ്വരൻ യോഗിയായി വന്നതാണ്.

അവർ അതോടെ തങ്ങളുടെ പരിപാടിയാകെ മാറ്റി. ചുറ്റിസഞ്ചരിക്കുക യെന്ന പതിവു മതിയാക്കി. മധുരയിൽ സ്ഥിരമായി പാർക്കുകയും ചെയ്തു.

അക്കാലത്തെ പാണ്ഡ്യരാജാവ് വംശശേഖരനാണ്. അദ്ദേഹം സംഘ കവികളുമായി പരിചയപ്പെട്ടപ്പോഴോ? അവരുടെ പാണ്ഡിത്യവും കവിത്വവും വാഗ്ശക്തിയും അദ്ദേഹത്തെ ഏറ്റവും ആകർഷിച്ചു. അദ്ദേഹം അവരെ അങ്ങേയറ്റം ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഉയർന്ന സ്ഥാനമാനങ്ങളും അളവില്ലാത്ത സമ്പത്തുകളും സമ്മാനിച്ചു. പോരെങ്കിൽ, അവർക്കായി പ്രത്യേകമൊരു മണ്ഡപവും പണിയിച്ചു നല്കി.

വിശേഷപ്പെട്ട മണ്ഡപമായിരുന്നു അത്. കവിതകൾ രചിക്കുക, ചർച്ചകൾ നടത്തുക, സുഖമായി വിശ്രമിക്കുക—അതിനൊക്കെ പറ്റിയ സ്ഥലം.

ഒന്നു പ്രത്യേകമായിരുന്നു സംഘക്കാരുടെ ശിവഭക്തി. അവർക്ക് ശിവന്റെ അനുഗ്രഹം ലഭിക്കാതെയുമിരുന്നില്ല. ഒരു വിലപ്പെട്ട സമ്മാനം അവർക്കു നല്കി ഭഗവാൻ. ഒരു പലക ആയിരുന്നു അത്. ഒരു മുഴം നീളം ഒരു മുഴം വീതി—അത്രയേ പലകയ്ക്ക് ഉണ്ടായിരുന്നുള്ളു. അതിന്റെ വിശേഷം പ്രകടമായത് എപ്പോഴെന്നോ? ഓരോ കവിയായി പലകയിൽ ഇരുന്നപ്പോൾ.

ആദ്യമായി അവർ പലകയെ ഭക്തിയോടെ വന്ദിച്ചു. അതിനുശേഷം നല്ക്കീരൻ എന്ന കവി പലകയിൽ ഇരുന്നു. അത്ഭുതം എന്നല്ലേ പറയാനൊക്കൂ. പലക ഒരു മുഴം സമചതുരത്തിൽ വലുതായി! കപിലൻ എന്ന കവി ഇരിപ്പായി. പലക ഒരു മുഴം സമചതുരത്തിൽ പിന്നെയും വലുതായി. ഭരണൻ എന്ന കവി ഇരിപ്പായി; പലക അപ്പോഴും ഒരു സമചതുരത്തിൽ

വലുതായി. അങ്ങനെ ഓരോ കവിയായി ഇരിപ്പായി; അതനുസരിച്ചു പലക മുമ്പത്തെ ക്രമത്തിൽ വലുതായിക്കൊണ്ടിരുന്നു. ഒടുവിൽ എന്തായി? കവിത ചമയ്ക്കുക, വാഗ്വാദം നടത്തുക—അതെല്ലാം നാല്പത്തെട്ടു പേർക്കും ഒന്നിച്ച് ഒരേ പലകയിലാവാം.

സംഘപ്പലക എന്നായി ആ അത്ഭുതപലകയ്ക്കു പേർ.

മണ്ഡപത്തിലാണു സംഘപ്പലക വെച്ചിരിക്കുന്നത്. സംഘപ്പലകയിൽ ഇരുന്നാണ് സംഘക്കാർ കവിതകൾ രചിക്കുന്നതും. തളരാതെ തുടർച്ചയായി ഓരോ കവിയും കവിതകൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. പനയോലകളിലാണ് കവിതകൾ എഴുതിവയ്ക്കുന്നതും. കാലം കുറെ കഴിഞ്ഞതോടെ എന്തായി? മണ്ഡപം പനയോലകളെക്കൊണ്ടു നിറഞ്ഞു! അടുക്കോടും ചിട്ടയോടും വെച്ചിരിക്കയാണോ ആ പനയോലകൾ? അല്ലേയല്ല. ഇഷ്ടംപോലെ അങ്ങുമിങ്ങുമായി വാരിവിതറി ഇട്ടിരിക്കയാണ്. ദിവസം പ്രതി നാല്പത്തെട്ടുപേർ എഴുതുന്ന പനയോലകളല്ലേ? എല്ലാം തമ്മിൽ കൂടിക്കുഴഞ്ഞുപോയി. ഇന്നാരുടെ കവിത ഇന്നതാണ് —അതു തിരിച്ചറിയാൻ യാതൊരു നിവൃത്തിയുമില്ല.

ക്രമേണ മറ്റൊരു കുഴപ്പവും ഉണ്ടായി. ഓരോ കവിക്കും ഗൂഢമായ ഒരു വിചാരമുണ്ട് — തന്റെ കവിതകളാണ് ഏറ്റവും മെച്ചപ്പെട്ടവ എന്ന്. ആദ്യ മാദ്യം ആ വിചാരം അവർ മനസ്സിൽ ഒതുക്കിവെച്ചതേയുള്ളു. ഒടുവിൽ പുറത്തു പറയാൻ മടിയില്ലാതെയുമായി.

മത്സരമുണ്ടായതിൽ എന്തിന് അത്ഭുതപ്പെടണം?

എന്നാൽ, ഇനി ഒന്നു തീർച്ചപ്പെടുത്തണം — ആരുടെ കവിതകളാണ് ഏറ്റവും നല്ലതെന്ന്. പക്ഷേ, അതിനുമുമ്പ് എല്ലാ കവിതകളും നിഷ്കർഷയോടെ പരിശോധിക്കണമല്ലോ. പരിശോധിക്കാനൊട്ടു വഴിയുമില്ല. എല്ലാം അങ്ങനെ കൂടിക്കുഴഞ്ഞു കുന്നുപോലെ കിടക്കുകയല്ലേ? എന്തു ചെയ്യും?

നാല്പത്തെട്ടുപേരും വിഷണ്ണമായി നിലകൊണ്ടു.

പരിചയമില്ലാത്ത ഒരാൾ അവിടെ വന്നെത്തി. കവിയായിരുന്നു ആ ആൾ. അദ്ദേഹം സ്വന്തം കവിതകൾ ചൊല്ലിക്കേൾപ്പിക്കാൻ തുടങ്ങി. കേട്ട നാല്പത്തെട്ടുപേരും സർവവും മറന്നുപോയി. ഇത്ര വിശിഷ്ടങ്ങളായ കവിതകൾ അവർ അന്നോളം കേട്ടിരുന്നില്ല. അളവറ്റതായിരുന്നു അവർക്ക് ആ കവിയോടു തോന്നിയ ബഹുമാനം.

വാസ്തവം അവരപ്പോൾ അറിഞ്ഞതേയില്ല. വന്ന ആൾ സുന്ദരേശ്വരൻ ആയിരുന്നു. കവിയുടെ വേഷത്തിൽ എന്നുമാത്രം!

'ആട്ടെ, ഞാൻ നിങ്ങളുടെ മുഖങ്ങളിൽ വല്ലായ്മ കാണുന്നു. എന്താണ് അതിനു കാരണം? എന്തായാലും എന്നോടു പറയാൻ മടിക്കേണ്ടതില്ല. ഞാൻ പരിഹാരം ഉണ്ടാക്കാം.' ആഗതനായ കവി പറഞ്ഞു.

കവിതകൾ വേർതിരിച്ചെടുക്കാൻ വയ്യാതെ വിഷമിക്കയാണ് —ആ പരമാർത്ഥം അവർ തുറന്നു പറഞ്ഞു.

സാരമില്ല എന്ന മട്ടിൽ പുതിയ കവി ജോലി തുടങ്ങി. വളരെ കുറച്ചുസമയമേ വേണ്ടിവന്നുള്ളൂ. അതിനുമുമ്പ് അദ്ദേഹം ഓലകളെല്ലാം വേർതിരിച്ചെടുത്തു. എല്ലാം വെവ്വേറെയാക്കി കെട്ടിവെച്ചു. എന്നിട്ട് ഓരോ ഗ്രന്ഥവും അതെഴുതിയ കവിക്കു നല്കി.

മാത്രമോ? ഓരോ കവിതയിലെയും ഗുണം എന്താണ്, ദോഷം എന്താണ്? —അതെല്ലാം അദ്ദേഹം ചൂണ്ടിക്കാട്ടി. അദ്ദേഹം പറഞ്ഞതെല്ലാം ശരിയാണ് — അതു സമ്മതിക്കാതെ സംഘക്കാർക്കു തരമുണ്ടായില്ല.

അദ്ദേഹം അവരോടൊന്നിച്ചു പാർപ്പുതുടങ്ങി.

നാല്പത്തെട്ടുപേരിൽ ഓരോരുത്തർക്കും അഹങ്കാരമുണ്ട്. അക്കാര്യം മുമ്പ് സൂചിപ്പിച്ചുവല്ലോ. ഏറ്റവും അഹങ്കാരം നല്ക്കീരനുതന്നെ ആയിരുന്നു. തന്നെക്കാൾ കേമൻ ലോകത്തില്ല എന്നാണു വിചാരം. ക്രമേണ പുതിയ കവിയോടും മത്സരം തോന്നി.

'എന്റെ ഗ്രന്ഥത്തിലെ അഞ്ചാമത്തെ കവിതയില്ലേ? അത്ര വിശിഷ്ടമായ ഒരു കവിത നിങ്ങളുടെ ഗ്രന്ഥത്തിലില്ല.' ഒരിക്കൽ നല്ക്കീരൻ വമ്പു പറഞ്ഞു.

നല്ലൊരു മറുപടി കൊടുക്കണം എന്നായി സുന്ദരേശ്വരന്റെ നിശ്ചയം.

ഭഗവാൻ ഉടൻതന്നെ ഒരു പുതിയ കവിത എഴുതി.

'ഹേ നല്ക്കീരൻ, ഇതു നിങ്ങളുടെ കവിതയെക്കാൾ എത്രയോ മേലേക്കിടയിലുള്ളതാണ്. അർത്ഥംകൊണ്ടു നോക്കിയാലും ശരി, ശബ്ദംകൊണ്ടു നോക്കിയാലും ശരി, നിങ്ങളുടെ കവിത എന്റെ കവിതയുടെ അടുത്തു നില്ക്കയില്ല. എന്താ, സമ്മതിച്ചുതരാൻ ഭാവമില്ല അല്ലേ? ശരി, രണ്ടു കവിതകളെയും മറ്റുള്ളവർ പരിശോധിക്കട്ടെ. അതിനുശേഷം അവർ വിധി കല്പിക്കുകയും ചെയ്യട്ടെ.' സുന്ദരേശ്വരൻ വെല്ലുവിളിച്ചു.

മറ്റു കവികൾക്ക് ഒന്ന് ഊഹിക്കുവാൻ യാതൊരു വിഷമവും ഉണ്ടായില്ല —നല്ക്കീരന്റെ കവിതയാണു മോശപ്പെട്ടത് എന്ന്. പക്ഷേ, അവർക്ക് നല്ക്കീരനെ ഭയമാണ്. അക്കാരണത്താൽ ഉള്ളിൽ തോന്നിയതു പുറത്തറിയിക്കാതെ കഴിച്ചു.

നല്ക്കീരനാണെങ്കിലോ? എതിരാളിയുടെ കവിതയിൽ പല ദൃഷ്യങ്ങളും കണ്ടതായി ഭാവിച്ചു. അവയെല്ലാം ശക്തിയേറിയ ഭാഷയിൽ ചൂണ്ടിക്കാട്ടുകയും ചെയ്തു.

'ഹേ, നല്ക്കീരൻ, നിങ്ങൾ വെറുതെ മത്സരിക്കുകയാണ്. അക്കാര്യം എല്ലാവർക്കും അറിവുള്ളതുമാണ്. നിങ്ങളല്ലാതെ മറ്റാരും എന്റെ കവിതയിൽ കുറ്റം കാണില്ല.' സുന്ദരേശ്വരൻ പറഞ്ഞു.

ഒരു സംഘക്കാരന് ഒന്നു തോന്നി. നല്ക്കീരന്റെ പ്രീതി നേടാൻ ഇതാണ് അവസരം! അയാൾ പറഞ്ഞു. പുതിയ കവിയുടെ കവിത നികൃഷ്ടമാണ് എന്ന്.

തത്സമയം അശരീരി കേൾക്കുമാറായി: 'ഹേ, സംഘകവികളേ, പുതിയ കവി മറ്റാരുമല്ല, സുന്ദരേശ്വരൻ തന്നെയാണ്!'

സംഘകവികൾ ഭയപ്പെട്ടുപോയി.

അവർ സുന്ദരേശ്വരനെ നമസ്കരിച്ചു.

വളരെക്കാലം കഴിഞ്ഞുപോയി. വംശശേഖരപാണ്ഡ്യൻ പരലോകം പൂകി. ചമ്പകപാണ്ഡ്യൻ രാജ്യഭാരം കൈയേറ്റു.

ചമ്പകപാണ്ഡ്യന്റെ രാജ്ഞിക്ക് ഒരു പ്രത്യേകതയുണ്ട്. സുന്ദരിയാണ് രാജ്ഞി എന്നതോ പോകട്ടെ, തലമുടിക്കു വിശേഷപ്പെട്ട ഒരു സുഗന്ധമുണ്ട്. രാജ്ഞി, നിയമേന തലമുടിയിൽ പൂക്കൾ ചൂടാറുണ്ടായിരുന്നു. പൂക്കളിലെ സുഗന്ധമാണോ തലമുടിയിലേക്കു പകരുന്നത്? അതോ തലമുടിക്കു സ്വതവേ സുഗന്ധമുണ്ടോ? പലർക്കും അതായിരുന്നു സംശയം.

ഒരു ദിവസം ചമ്പകപാണ്ഡ്യൻ കവിമണ്ഡപത്തിൽ ചെന്നു കയറി.

'എനിക്കിപ്പോൾ പ്രത്യേകമായ ഒരു ചിന്തയുണ്ട്. ആ ചിന്ത എന്താണെന്നു നിങ്ങളിൽ ആരെങ്കിലും ഊഹിച്ചെടുക്കണം. എന്നിട്ട് അതിനെക്കുറിച്ച് ഒരു കവിതയും ചമയ്ക്കണം. ശരിയാണെങ്കിൽ ഒരു സമ്മാനം തരാം.' രാജാവു പറഞ്ഞു.

അദ്ദേഹം മണ്ഡപത്തിൽ ഒരു സഞ്ചി കെട്ടിത്തൂക്കി. സഞ്ചിയിൽ ആയിരം കഴഞ്ചു സ്വർണം വെച്ചിട്ടുണ്ടായിരുന്നു—വിജയിയാവുന്ന കവിക്കുള്ള സമ്മാനം!

നാല്പത്തെട്ടു കവികളിൽ ഓരോരുത്തർക്കുമുണ്ട് ധനമോഹം. എല്ലാവരും കവിതകൾ എഴുതി രാജാവിനെ ചൊല്ലിക്കേൾപ്പിച്ചു. അവയൊന്നും ശരിയായിരുന്നില്ല.

സ്വർണസഞ്ചി ഉടമസ്ഥനില്ലാതെ തൂങ്ങിക്കിടന്നു.

സുന്ദരനാഥൻ എന്നൊരു യുവാവുണ്ട്. ധാരാളം പഠിപ്പുണ്ട്, കവിത്വശക്തിയുമുണ്ട്; അയാളുടെ ബാല്യകാലത്തുതന്നെ അച്ഛനമ്മമാർ മരിച്ചുപോയിരുന്നു. മറ്റു ബന്ധുക്കൾ ആരുമില്ലതാനും. പോരെങ്കിൽ സുന്ദരനാഥന് ദാരിദ്ര്യദുഃഖവുമുണ്ട്. എന്നാൽ, ശിവഭക്തനാണ് അയാൾ. മിക്ക സമയവും ശിവപൂജ നടത്തും. വിവാഹം ചെയ്യാനുള്ള കാലമായിരിക്കുന്നു. പക്ഷേ, വിവാഹത്തിനു പണം വേണം. പണം ഒട്ടും ഇല്ലതാനും. ഇനി എന്താണ് നിവൃത്തി? സുന്ദരേശ്വരനിൽ ശരണം പ്രാപിക്കുകതന്നെ.

യുവാവ് ക്ഷേത്രത്തിലെത്തി പ്രാർത്ഥിച്ചു.

ഭഗവാൻ പ്രത്യക്ഷനായി.

'സുന്ദരനാഥാ, കവിമണ്ഡപത്തിൽ സ്വർണസഞ്ചി തൂക്കിയിട്ടുണ്ട്. അതിനെക്കുറിച്ചുള്ള നിബന്ധനകൾ നിനക്കും അറിയാമല്ലോ. ഇതാ, ഈ ഓല വാങ്ങിക്കോള്ളൂ. അതിൽ ഞാനൊരു ശ്ലോകം എഴുതിയിട്ടുണ്ട്. ആ ശ്ലോകത്തിനു സമ്മാനമായി കിട്ടുന്ന സ്വർണസഞ്ചി നീ എടുത്തുകൊള്ളൂ' ഭഗവാൻ അരുളിച്ചെയ്തിട്ട് അപ്രത്യക്ഷനായി.

ഓലയിലെ ശ്ലോകത്തിന്റെ അർത്ഥം ഇതായിരുന്നു:

'ഹേ, വണ്ടേ എല്ലാ പൂക്കളുടെയും മണം അറിയുന്നവനാണല്ലോ നീ. രാജ്ഞിയുടെ തലമുടിയിലെ സുഗന്ധം ഏതൊന്നിനു തുല്യമാണ്?'

സുന്ദരനാഥൻ സംഘക്കാരെക്കണ്ടു ശ്ലോകം കേൾപ്പിച്ചു.

അവർ അവനെയുംകൊണ്ട് ചമ്പകപാണ്ഡ്യനെ ചെന്നുകണ്ടു.

ശ്ലോകം വായിച്ചപ്പോൾ ചമ്പകപാണ്ഡ്യനു സന്തോഷമായി. തന്റെ ചിന്ത തന്നെയാണ് ഈ ശ്ലോകത്തിൽ. അദ്ദേഹം സുന്ദരനാഥനു സ്വർണസഞ്ചി നല്കി.

കവികളോടൊത്തു യുവാവ് കവിമണ്ഡപത്തിൽ ചെന്നു. അയാൾ സ്വർണസഞ്ചി എടുക്കാനായി കൈ ഉയർത്തി. അപ്പോഴതാ ഒരു തടസ്സം!

'നിന്റെ കവിതയ്ക്കു ദോഷമുണ്ട്!' മത്സരബുദ്ധിയുള്ള നല്ക്കീരൻ വിളിച്ചുപറഞ്ഞു.

സുന്ദരനാഥന് ഒന്നും പറയാൻ കഴിഞ്ഞില്ല.

അയാൾ തലയും താഴ്ത്തി മിണ്ടാതെ നില്പായി.

സുന്ദരേശ്വരൻ വീണ്ടും കവിവേഷത്തിൽ ആവിർഭവിച്ചു.

'ആരാണ്, ഈ യുവാവിന്റെ കവിതയ്ക്കു കുറ്റം പറഞ്ഞത്?' അദ്ദേഹം എല്ലാവരോടുമായി ചോദിച്ചു.

'നല്ക്കീരനായ ഈ ഞാൻതന്നെ!'

'ഹേ, നല്ക്കീരാ, എന്താണ് കവിതയിലെ ന്യൂനത? ഞാൻ കവിത ഗുണമേറിയതെന്നു വാദിക്കാം. മറ്റു കവികൾ ഇരുപക്ഷങ്ങളിലേയും വാദങ്ങൾ കേൾക്കട്ടെ. എന്നിട്ടു നിശ്ചയിക്കട്ടെ ഏതാണു ശരിയെന്ന്.'

'തലമുടിക്കു സ്വതവേ ഗന്ധമില്ല. ഉണ്ടെന്നു കവിതയിൽ സൂചിപ്പിച്ചിട്ടുണ്ട്. അതു വലിയൊരു തെറ്റാണ്.'

'നല്ക്കീരാ, നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത ഒന്നു ഞാൻ പറഞ്ഞുതരാം. സ്ത്രീകളിൽ പത്മിനി എന്ന് ഉത്തമമായ ഒരു വർഗമുണ്ട്. ആ വർഗത്തിലുള്ള സ്ത്രീകളുടെ തലമുടിക്കു സ്വതവേ ഗന്ധമുണ്ട്. അതു നിങ്ങൾ അറിഞ്ഞിട്ടില്ലാത്തതു കഷ്ടമായിപ്പോയി!'

'ഹേ പുതിയ കവീ, പൂക്കളിൽനിന്നേ തലമുടിക്കു സുഗന്ധം കിട്ടുകയുള്ളൂ—നിങ്ങൾ എന്തൊക്കെ പറഞ്ഞാലും ശരി!'

'ഇതു വെറും മർക്കടമുഷ്ടിയാണ്, നല്ക്കീരാ!'

'ബുദ്ധിമാന്മാർ നിങ്ങളുടെ അഭിപ്രായത്തോടു യോജിക്കുകയില്ല!'

'അപ്പോൾ ശ്രീപാർവതിയുടെ തലമുടിക്കും സുഗന്ധമില്ല എന്നു നിങ്ങൾ പറയുമല്ലോ!'

'തീർച്ചയായും പറയും!'

അതു കേട്ടപ്പോൾ സുന്ദരേശ്വരനു ദേഷ്യമായി. ഭഗവാൻ മൂന്നാംകണ്ണ് ലേശമൊന്നു തുറന്നു. അതിൽനിന്നും ചുടുയർന്ന് നല്ക്കീരനെ പൊതിഞ്ഞു. നല്ക്കീരൻ ചുടുപൊറാഞ്ഞ് ഓടിപ്പോയി. എന്നിട്ടു ക്ഷേത്രത്തിലെ തീർത്ഥക്കുളത്തിൽച്ചെന്നു കിടപ്പായി. അയാളുടെ കാര്യം കുഴപ്പത്തിലാവും എന്നു മറ്റു കവികൾക്കു തോന്നി. നല്ക്കീരൻ തെറ്റായ വാദം പുറപ്പെടുവിച്ചു, ശരിതന്നെ. എങ്കിലും അദ്ദേഹം തങ്ങളിൽ ഒരുവനല്ലേ? എല്ലാവരുംകൂടി സുന്ദരേശ്വരനെ ഭജിച്ചു. അതേസമയം നല്ക്കീരനും ഭഗവാനെ പ്രാർത്ഥിച്ചു. അപ്പോഴേക്കും സുന്ദരേശ്വരന്റെ ദേഷ്യം മാറുകയായി. നല്ക്കീരൻ രക്ഷപ്പെട്ടു എന്നർത്ഥം!

യുവാവായ സുന്ദരനാഥൻ സമ്മാനത്തിന് അർഹനാണ് — അതായിരുന്നു സംഘകവികളുടെ വിധി.

സുന്ദരനാഥൻ സ്വർണ്ണസഞ്ചിയുമായി മടങ്ങിപ്പോയി.

അയാളുടെ വിവാഹം മംഗളമായി നടന്നു.

അപ്പോൾമുതൽ നല്ക്കീരൻ ഭഗവാനെ നിത്യസേവ ചെയ്തുതുടങ്ങി.

ഭഗവാൻ പ്രസന്നനായി.

നല്ക്കീരന് അല്പം അജ്ഞാനം അവശേഷിച്ചിട്ടുണ്ട്. ആ അജ്ഞാനം ഇല്ലായ്മചെയ്യണം — അതിനായി ഭഗവാന്റെ ഉദ്യമം.

'ദ്രാവിഡസൂത്രം' എന്നൊരു ഗ്രന്ഥം ചമച്ചിരുന്നു ഭഗവാൻ. ആ ഗ്രന്ഥത്തെ നല്ക്കീരന് ഉപദേശിച്ചുകൊടുക്കണം. പക്ഷേ, അത് ഉപദേശിക്കുന്നതു സംബന്ധിച്ചു ചില നിയമങ്ങളുണ്ട്. ആ നിയമങ്ങൾ പാലിക്കുകതന്നെ വേണം. മാത്സര്യമില്ലാത്തവനോടേ ഉപദേശിക്കാവൂ—അതു നിയമങ്ങളിൽ ഒന്നാണ്. നല്ക്കീരൻ ഭഗവാനോടു മത്സരിച്ചിരുന്നുവല്ലോ. ആ സ്ഥിതിക്കു നേരിട്ട് ഉപദേശിച്ചുകൂടാ. മറ്റൊരാളെക്കൊണ്ട് ഉപദേശിപ്പിക്കണം.

ഭഗവാൻ മീനാക്ഷീദേവിയുടെ അഭിപ്രായം ചോദിച്ചു.

'അങ്ങ് അഗസ്ത്യമഹർഷിക്ക് ദ്രാവിഡസൂത്രം ഉപദേശിച്ചിട്ടുണ്ടല്ലോ. ആ മഹർഷിയെക്കൊണ്ട് നല്ക്കീരനെ ഉപദേശിപ്പിക്കണം.' മീനാക്ഷീദേവി അഭിപ്രായപ്പെട്ടു.

അതു നല്ലതാണെന്ന് ഭഗവാനു തോന്നി. ഭഗവാൻ അഗസ്ത്യനെ സ്മരിച്ചു വരുത്തി കാര്യം പറഞ്ഞു. ആ മഹർഷി നല്ക്കീരനോടു ഗ്രന്ഥം ഉപദേശിച്ചു. അതോടെ നല്ക്കീരന്റെ അജ്ഞാനം ഇല്ലാതെയായി.

പിന്നൊരിക്കലും ഒരു മത്സരം ഉണ്ടായി. ഇപ്രാവശ്യമോ, സംഘക്കാർ തമ്മിലും. ഓരോ സംഘക്കാരനും ഓരോ പ്രബന്ധം ചമച്ചു. തന്റെ പ്രബന്ധമാണ് ഏറ്റവും ഉത്കൃഷ്ടം — അതായിരുന്നു ഓരോ സംഘക്കാരന്റെയും വിശ്വാസം. ആ നിലയ്ക്കു മത്സരം ഉണ്ടാകാതിരുന്നാലാണ് അത്ഭുതം. വാദങ്ങളായി, പ്രതിവാദങ്ങളായി, തർക്കങ്ങളായി, വഴക്കുകളായി അവയെല്ലാം അങ്ങനെ നീണ്ടുനീണ്ടുപോയി. എന്നിട്ടും ഒരു അവസാനം കണ്ടുകിട്ടിയില്ല. ഇനി സുന്ദരേശ്വരന്റെ തീരുമാനത്തിനായി വിട്ടുകൊടുക്കുകതന്നെ—അതായി എല്ലാവരുടെയും നിശ്ചയം.

സംഘക്കാർ പ്രബന്ധങ്ങളുമായി ക്ഷേത്രത്തിൽ ചെന്നു. എന്നിട്ട് ഭഗവാനെ ഭക്തിയോടെ പ്രാർത്ഥിച്ചു. ഭഗവാൻ അവരുടെ മുമ്പിൽ പ്രത്യക്ഷനായി.

'ഇവിടെ, ഈ മധുരയിൽ ഒരു വൈശ്യനും ഭാര്യയുമുണ്ട്. അവർക്ക് ആദ്യകാലത്തു പുത്രനുണ്ടായിരുന്നില്ല. ഇരുവരും വളരെക്കാലം എന്നെ സേവിക്കുകയുണ്ടായി. എന്റെ പുത്രൻ സുബ്രഹ്മണ്യനുണ്ടല്ലോ. ദമ്പതികൾക്ക് ഒരു പുത്രൻ സുബ്രഹ്മണ്യന്റെ അംശമായി അവതരിച്ചിട്ടുണ്ട്. ആ പുത്രൻ ഇപ്പോൾ യുവാവായിരിക്കുന്നു. പക്ഷേ, അവൻ മൂകനാണ്. നിങ്ങൾ അവനെ ചെന്നുകണ്ടു പ്രബന്ധങ്ങൾ വായിച്ചുകേൾപ്പിക്കുവിൻ. അവൻ ശരിയായ തീരുമാനം അറിയിക്കും.' ഭഗവാൻ അരുളിച്ചെയ്തു.

'ഭഗവാനേ, ഏതുപ്രകാരത്തിലാണ് മൂകൻ തീരുമാനം അറിയിക്കുക?' അറിയാൻ കവികൾക്ക് ആകാംക്ഷയുണ്ടായി.

'അവൻ തലയാട്ടുന്ന രീതിയിൽനിന്നു നിങ്ങൾക്കു മനസ്സിലാക്കാൻ വിഷമമുണ്ടാവുകയില്ല.' ഭഗവാൻ പറഞ്ഞിട്ടു മറഞ്ഞു.

സംഘക്കാർ മൂകനെ കണ്ടെത്തി. ഓരോരുത്തരായി പ്രബന്ധങ്ങൾ വായിച്ചുകേൾപ്പിക്കയും ചെയ്തു. ആകെ മൂന്നുതവണ മൂകൻ തലയാട്ടി.

നല്ക്കീരൻ, കപിലൻ, ഭരണൻ—ആ മൂന്നുപേരുടെയും പ്രബന്ധങ്ങളാണ് ഏറ്റവും ഉത്കൃഷ്ടം. അതായിരുന്നു മൂകന്റെ മൂകമായ വിധി.

മൂന്നു പ്രബന്ധങ്ങൾക്കും ജനതയുടെയിടയിൽ വളരെയേറെ പ്രചാരമുണ്ടായി.

ജനതയ്ക്ക് അവ മുഖേന വമ്പിച്ച നേട്ടങ്ങളുണ്ടായി!

വാതപുരേശൻ

അരിമർദനപാണ്ഡ്യന്റെ കാലമായി.

വാതപുരേശൻ എന്ന ആളാണ് പ്രധാനമന്ത്രി. വിദ്യയിൽ, നീതിശാസ്ത്രത്തിൽ, രാജ്യതന്ത്രത്തിൽ, ഒന്നാമനാണ് വാതപുരേശൻ. രാജാവിന്റെ വലംകൈയായിരുന്നു അദ്ദേഹം. രാജ്യത്ത് ഐശ്വര്യം വർദ്ധിച്ചുകൊണ്ടിരുന്നു. പ്രജകൾ പ്രധാനമന്ത്രിയുടെ ഗുണഗണങ്ങളെ വാഴ്ത്തി. പക്ഷേ, വാതപുരേശന് അല്പംപോലും ഗർവം ഉണ്ടായില്ല. മഹാഭക്തൻകൂടിയായിരുന്നു അദ്ദേഹം. എന്നു പറഞ്ഞാലും പോരാ, ഭക്തന്മാരിൽ മുമ്പൻ എന്നുകൂടി പറയണം.

വിപുലവും പ്രബലവുമായ സൈന്യമുണ്ട് അരിമർദനപാണ്ഡ്യന്. ആ സൈന്യത്തിന്റെ പ്രധാനമായ വിഭാഗമാണ് അശ്വവിഭാഗം. ഒരിക്കൽ അശ്വവിഭാഗത്തിന്റെ സ്ഥിതി മോശമായി. അതിനു പല കാരണങ്ങളും ഉണ്ടായിരുന്നു. കുറെയേറെ കുതിരകൾ ചത്തുപോവുകയുണ്ടായി. അനേകം കുതിരകൾ വാർദ്ധക്യംവന്ന് അവശരായി. വേറെ പല കുതിരകൾക്കും രോഗങ്ങളുണ്ടായി. ഈ നില തുടർന്നുപോയാലോ? അശ്വവിഭാഗം നിഷ്പ്രയോജനമാകും.

എന്താണ് ഇതിന് ഒരു പരിഹാരം? അന്യദേശങ്ങളിൽനിന്നു കുതിരകളെ കൊണ്ടുവരണം. അല്ലാതെ മറ്റൊരു വഴിയുമില്ല.

രാജാവ് പ്രധാനമന്ത്രിയുമായി പ്രശ്നം ചർച്ചചെയ്തു. വാതപുരേശാ, ഏറ്റവും പ്രധാനമായ ഈ ചുമതല ഞാൻ നിങ്ങൾക്കു തരുന്നു. ഭണ്ഡാരത്തിൽ ദ്രവ്യം ധാരാളമുണ്ടല്ലോ. ആവശ്യമുള്ള ദ്രവ്യം എടുത്തുകൊള്ളൂ. എന്നിട്ട് ഇഷ്ടമുള്ള സ്ഥലങ്ങളിൽചെന്നു കുതിരകളെ വാങ്ങിവരൂ. പുറപ്പെടാൻ ഒട്ടും താമസം വേണ്ട.' അദ്ദേഹം പറഞ്ഞു.

ഏതു കാര്യത്തിനിറങ്ങുമ്പോഴും വാതപുരേശൻ സുന്ദരേശ്വരക്ഷേത്രത്തിൽചെന്നു പ്രാർത്ഥിക്കും. ഇപ്രാവശ്യവും ആ പതിവിനു വ്യത്യാസം ഉണ്ടായിരുന്നില്ല പ്രാർത്ഥനയ്ക്കുശേഷം ഖജനാവിലേക്കു ചെന്നു. ആവശ്യമുള്ള പണം എടുത്തു. അനുയായികളെ ഒന്നിച്ചുകൂട്ടി. എന്നിട്ടു വിദേശങ്ങളിലേക്കു യാത്രയായി.

യാത്രാമദ്ധ്യേ അദ്ദേഹം ഒരു ശിവസ്ഥാനത്തിൽ എത്തിച്ചേർന്നു. മഹാതീർത്ഥം എന്നാണ് ആ ശിവസ്ഥാനം അറിയപ്പെട്ടിരുന്നത്. അവിടെ ചെന്ന നിമിഷം വാതപുരേശന്റെ മനസ്സിനു ശാന്തിയുണ്ടായി—ഇന്നോളം അനുഭവിച്ചിട്ടില്ലാത്ത ദിവ്യമായ ഒരുതരം ശാന്തി!

എത്രയോ പുണ്യസ്ഥലങ്ങൾ ഇതിനുമുമ്പ് വാതപുരേശൻ സന്ദർശിച്ചിട്ടുണ്ട്. അപ്പോഴൊക്കെ അനുഭൂതികളും ഉണ്ടായിട്ടുണ്ട്. പക്ഷേ, ഇപ്പോഴത്തെ

അനുഭൂതി ഒന്നുവേറെ. ഹൃദയം ദ്രവിക്കുന്നതുപോലെ! ഇവിടെനിന്നു പോകാൻ മനസ്സു വരുന്നില്ല!

പ്രധാനമന്ത്രി അനുയായികളെ വിളിച്ചുകൂട്ടി.

'നിങ്ങൾ ചുമടെല്ലാം ഇവിടെ ഇറക്കിവെച്ചുകൊള്ളുവിൻ. അതിനുശേഷം നിങ്ങൾക്കു രാജധാനിയിലേക്കു മടങ്ങിപ്പോകാം. ഞാൻ കുറെനാൾ ഇവിടെ താമസിക്കാൻ പോകുന്നു. അതിനുശേഷം കുതിരകളെ വാങ്ങിയിട്ടു വന്നു കൊള്ളാം. ഈ വിവരം തമ്പുരാനെ അറിയിക്കണം.' അദ്ദേഹം അവരോട് ആവശ്യപ്പെട്ടു.

അതിൻപ്രകാരം അവരെല്ലാം യാത്രയായി.

വാതപുരേശൻ ഏകനായിത്തീർന്നു. അദ്ദേഹം പുണ്യതീർത്ഥത്തിൽ ഇറങ്ങിക്കുളിച്ചു. അതിനുശേഷം ക്ഷേത്രത്തിലേക്കു കയറിച്ചെല്ലാൻ ഭാവിച്ചു. അപ്പോൾ അവിടെ ഒരു കാഴ്ച കണ്ടു. ഒരു ഗുരുവും കുറെ ശിഷ്യന്മാരും ഇരിക്കുന്നു. ഗുരു ശിഷ്യന്മാരെ വേദങ്ങളുടെ അർത്ഥം പഠിപ്പിക്കുകയാണ്. ആരായിരുന്നു ആ ഗുരു വാസ്തവത്തിൽ? ഗുരുമൂർത്തിയായ ശിവൻ!

ഭഗവാൻ വാതപുരേശനിൽ പ്രസാദിച്ചു. അദ്ദേഹത്തിനു പഞ്ചാക്ഷര മന്ത്രം ഉപദേശിച്ചു. അതിനുശേഷം അപ്രത്യക്ഷനാവുകയും ചെയ്തു.

വീണ്ടും ഭഗവാന്റെ ദർശനം ലഭിക്കണം — അതായിരുന്നു വാതപുരേശന്റെ ആഗ്രഹം. പക്ഷേ, ആ ആഗ്രഹം തല്ക്കാലത്തേക്കു സഫലമായില്ല. എങ്കിലും അദ്ദേഹം മറ്റൊരു നല്ല കൃത്യം ചെയ്യാൻ ഒരുക്കമായി. അവിടെ അനേകം ശിവഭക്തന്മാർ വന്നുകൂടി. അദ്ദേഹം അവർക്കു ധാരാളമായി ദാനങ്ങൾ നല്കി. കൈയിൽ ദ്രവ്യം വേണ്ടതുപോലെ ഉണ്ടുതാനും. രാജാവിന്റെ ഭണ്ഡാരത്തിൽനിന്ന് എടുത്തതാണ് ആ ദ്രവ്യം. എങ്കിലും അദ്ദേഹം അതു ദാനത്തിനായി ചെലവാക്കി. ശേഷിച്ച തുകയും അധികം കൈയിൽ ഇരുന്നില്ല കാരണം, അദ്ദേഹം പൂജയ്ക്കും മറ്റു ക്ഷേത്രകാര്യങ്ങൾക്കും ഒരു ലോഭവും വരുത്തിയില്ല.

അരിമർദനരാജാവ് പ്രധാനമന്ത്രിയുടെ തിരിച്ചുവരവിനായി കാത്തിരുന്നു. പക്ഷേ, അതിന്റെ യാതൊരു ലക്ഷണവും കാണാനുമില്ല. രാജാവു ദൂതന്മാരെ അയച്ച് അന്വേഷണം നടത്തി. അപ്പോൾ സകലതും അറിവായി. അദ്ദേഹം പ്രധാനമന്ത്രിക്കു രാജദൂതൻവഴി ഒരു കുറിപ്പയച്ചു. തനിക്ക് ഇനിയും കാത്തിരിക്കാൻ കഴിയുകയില്ല; ഉടൻതന്നെ കുതിരകളെയുംകൊണ്ടു രാജധാനിയിൽ എത്തണം; അല്ലാത്തപക്ഷം മന്ത്രി രാജകോപത്തിനു പാത്രമാകും—അത്രയും ആയിരുന്നു കുറിപ്പിന്റെ ഉള്ളടക്കം.

വാതപുരേശൻ വല്ലാത്ത വിഷമത്തിലായി. കുതിരകളെ വാങ്ങാനാണു ദ്രവ്യം കൊണ്ടുപോന്നത്. കുതിരകളെ വാങ്ങിയില്ല എന്നുമാത്രമല്ല, അവയെ അന്വേഷിച്ചു പോയതുപോലുമില്ല. ദ്രവ്യമെല്ലാം ദാനത്തിനായും ശിവപൂജയ്ക്കായും ചെലവഴിക്കുകയും ചെയ്തു. ഇതിനാൽ തമ്പുരാനെ എങ്ങനെ നേരിടും? തന്നെ ശിവൻതന്നെ രക്ഷിക്കട്ടെ! അദ്ദേഹം ശിവനെ ഹൃദയപൂർവം പ്രാർത്ഥിച്ചു.

'വാതപുരേശാ, ഒന്നുകൊണ്ടും ഭയം വേണ്ട, കുതിരകളെ കൊണ്ടുചെല്ലാമെന്നു മറുപടി അയയ്ക്ക്!'

അപ്പറഞ്ഞത് അശരീരിയാണ്.

ഉടൻതന്നെ വാതപുരേശൻ രാജദൂതൻവശം ഒരു മറുപടിക്കുറിപ്പു കൊടുത്തയച്ചു. അഞ്ചാറു ദിവസത്തിനകം കുതിരകളോടുകൂടി എത്തിക്കൊള്ളാം — അതായിരുന്നു മറുപടി. അശരീരിയുടെ ആജ്ഞ അനുസരിച്ചുവെന്നേയുള്ളു. എന്തുചെയ്യണമെന്ന് അറിവുണ്ടായിട്ടല്ല. ആറു ദിവസത്തിനകം രാജധാനിയിൽ കുതിരകളുമായി എത്തിയില്ലെങ്കിലോ? തന്നെ രാജാവു ശിക്ഷിക്കും. അതിൽ വാതപുരേശനു യാതൊരു സംശയവുമില്ല. എവിടുന്നാണു കുതിരകളെ വാങ്ങുക? അവയെ കൊണ്ടുപോകുന്നത് ആരാണ്? യാതൊരു എത്തും പിടിയും കിട്ടുന്നില്ല. ഗാഢമായി ആലോചിച്ചു രാത്രിയിൽ ഉറക്കവും കുറവായി. കണ്ണടയ്ക്കാൻ വളരെ വൈകി.

അപ്പോൾ അദ്ദേഹം ഒരു സ്വപ്നം കണ്ടു: ഭഗവാൻ കാണിച്ച സ്വപ്നമായിരുന്നു. അതിൽ ഒരു നിർദ്ദേശവും ഉണ്ടായിരുന്നു— രാവിലെ എഴുന്നേറ്റു നേരെ രാജധാനിയിലേക്കു പൊയ്ക്കൊള്ളണം; കുതിരകൾ അവിടെ എത്തിക്കൊള്ളും!

അദ്ദേഹം രാവിലെ എഴുന്നേറ്റു. ഉടൻതന്നെ പുറപ്പാടായി. മധുരയിൽ എത്തിച്ചേർന്നു. രാജാവിനെ ചെന്നു കണ്ടു.

രാജാവ് ഒന്നൊന്നായി അനേകം ചോദ്യങ്ങൾ എറിഞ്ഞു:

'എത്ര കുതിരകളെ വാങ്ങി? വാങ്ങിയത് എവിടുന്നൊക്കെയാണ്? ആകെ എത്ര പണം ചെലവായി? എല്ലാം ലക്ഷണമൊത്ത കുതിരകൾതന്നെയല്ലേ? അവ എപ്പോൾ ഇങ്ങെത്തും?'

വാതപുരേശന് ഒട്ടും അധൈര്യം തോന്നിയില്ല.

'തമ്പുരാനേ, ഒട്ടനവധി കുതിരകളുണ്ട്. ലക്ഷണമൊക്കാത്ത ഒരൊറ്റ കുതിരയില്ല. ഇത്ര നല്ല കുതിരകൾ മറ്റാർക്കും കിട്ടിയിട്ടില്ല. അടിയന് ഇത്രയേ ഇപ്പോൾ പറയാനൊക്കൂ. അവിടുന്ന് നേരിൽക്കണ്ടു നിശ്ചയിച്ചുകൊള്ളണം.'

പ്രധാനമന്ത്രി വീട്ടിൽചെന്നു ശിവഭജനയിൽ മുഴുകി.

അരിമർദനൻ കുതിരകൾക്കായി മൂന്നു ദിവസം കാത്തിരുന്നു. പക്ഷേ, കാത്തിരുന്നതു മിച്ചം! കുതിരകൾ വന്നിട്ടില്ല; വരുന്ന മട്ടുമില്ല. നാലാം ദിവസം പുലർന്നപ്പോഴോ? രാജാവിന്റെ അക്ഷമ കോപമായി രൂപംമാറി. പ്രധാനമന്ത്രി ഖജനാവിൽനിന്നു ധാരാളം പണം എടുത്തുകൊണ്ടുപോയി. കുതിര വാങ്ങാനെന്ന നാട്യത്തിൽ എടുത്തതാവണം. അപ്പോൾ ഇവൻ മോഷ്ടാവാണ്. ഏറ്റവും അധമനായ മന്ത്രി! അയാളെ ശിക്ഷിച്ചല്ലാതെ കഴിയുകയില്ല!

രാജാവ് ചില ഭൃത്യൻമാർക്കു കുറെ ആജ്ഞകൾ നല്കി. അവർ ചെന്നു മന്ത്രിയെ പിടികൂടി. എന്നിട്ട് ഏകാന്തമായ ഒരിടത്തേക്കു കൊണ്ടുപോയി. നല്ലവണ്ണം അടിക്കുകയും ഇടിക്കുകയും ചെയ്തു. അതെല്ലാം ക്ഷമയോടെ സഹിക്കയായിരുന്നു വാതപുരേശൻ. ഒരു വിശ്വാസം ഹൃദയത്തിൽ വേരുന്നിയിട്ടുണ്ട് — എന്തൊക്കെ സംഭവിച്ചാലും തന്നെ ഭഗവാൻ കൈവെടിയുകയില്ല!

രാജഭൃത്യന്മാർ അദ്ദേഹത്തെ തുറുങ്കിലടച്ചു.

അദ്ദേഹം പ്രാർത്ഥനയിൽ രാത്രി കഴിച്ചു.

ഭഗവാൻ ഭക്തനെ ഉപേക്ഷിച്ചുവോ? ഇല്ലേയില്ല. മരിച്ചു ഭൂതങ്ങളെ വിളിച്ചുവരുത്തി. എന്നിട്ടു ചില നിർദ്ദേശങ്ങളും നല്കി. അവർ കുറെ കുറുക്കന്മാരെ കുതിരകളായി മാറ്റണം; എന്നിട്ട് അശ്വഭടന്മാരുടെ വേഷം ധരിക്കണം: കുതിരകളായിത്തീർന്ന കുറുക്കന്മാരുടെ പുറത്തിരുന്ന് മധുരയിൽ എത്തണം!

അരിമർദനരാജാവും അന്തേവാസികളും ഒന്നു കണ്ടു— ദൂരെയായി പൊടിപടലം പൊങ്ങുകയാണ്! ഒന്നു കേൾക്കുകയും ചെയ്തു — കുടിവരുന്ന ഒരു ആരവം! അല്പംകൂടി കഴിഞ്ഞപ്പോൾ അവ എന്താണെന്നു മനസ്സിലായി. അനേകമനേകം കുതിരകൾ പാഞ്ഞുവരികയാണ്! അവ അടുത്തുവന്നപ്പോൾ ഒന്നു കണ്ടു — ലക്ഷണമൊത്ത കുതിരകളാണു സകലതും! കുതിരപ്പുറത്ത് ഇരിക്കുകയാണ് ആയുധം ധരിച്ച പടയാളികൾ. എണ്ണമറ്റ കുതിരകളും കുതിരക്കാരും!

രാജാവ് അത്ഭുതംകൊണ്ടു പരവശനായി. രാജാവു മാത്രമല്ല, എല്ലാ അന്തേവാസികളും. പെട്ടെന്നു രാജാവിന് ഒന്നു തോന്നി. വാതപുരേശൻ പറഞ്ഞിരുന്നതാണു ശരി. പറഞ്ഞപ്പോൾ താൻ വിശ്വസിക്കയുണ്ടായില്ല. അയാൾ കള്ളം പറയുകയാണെന്നു തെറ്റിദ്ധരിച്ചു. നിരപരാധിയെ താൻ തടവിലിട്ടു. ഏറ്റവും വലിയൊരു തെറ്റായിപ്പോയി. രാജാവിന് അഗാധമായ പശ്ചാത്താപമുണ്ടായി. അദ്ദേഹം ഉടൻതന്നെ വാതപുരേശനെ മോചിപ്പിച്ചു. മാത്രവുമല്ല, അദ്ദേഹത്തോടു ക്ഷമായാചനവും ചെയ്തു.

കുതിരപ്പടയാളികളുടെ നേതാവ് ആരാണു വാസ്തവത്തിൽ? ആ വേഷമെടുത്ത സുന്ദരേശ്വരൻതന്നെ. അക്കാര്യം അരിമർദനൻ എങ്ങനെ അറിയാനാണ്?

കുതിരയെ എപ്രകാരമെല്ലാം ഓടിക്കാം? അതു കാണിച്ചുകൊടുക്കാനായി സുന്ദരേശ്വരൻ ഒരു പ്രദർശനം നടത്തി. കണ്ടവരെല്ലാം മൂക്കത്തു വിരൽവെച്ചുപോയി. ഇത്ര സാമർത്ഥ്യമുള്ള കുതിരപ്പടയാളി ഉണ്ടോ? രാജാവ് ആ നേതാവിനു വിലപ്പെട്ട സമ്മാനങ്ങൾ നല്കി — മാത്രമല്ല, നേതാവിന്റെ അനുയായികളായ കുതിരപ്പടയാളികൾക്കും.

മധുരയിലെ കുതിരപ്പട്ടാളക്കാർ പുതിയ കുതിരകളെ ഏറ്റുവാങ്ങി.

കുതിരയെ കൊണ്ടുവന്നവർ യാത്രയുമായി.

ആ കുതിരകൾ കുതിരപ്പന്തികളിൽ അണിനിരന്നു നില്ക്കുകയായി. രാത്രിയായപ്പോഴാണു നേരമ്പോക്കുണ്ടായത്. വാസ്തവത്തിൽ അവ കുതിരകളാക്കപ്പെട്ട കുറുനരികൾ ആയിരുന്നല്ലോ. അവയെ കുതിരകളാക്കിയ ഭൂതങ്ങൾ പൊയ്ക്കഴിഞ്ഞുമിരുന്നു. രാത്രിസമയത്ത് അവ പഴയപോലെ കുറുനരികളായി; ഉറക്കെ ഓരിയിടുകയും ചെയ്തു.

ആ ഓരിയിടലുകൾ അശ്വഭടന്മാരുടെ ഉറക്കത്തെ ഭഞ്ജിച്ചു. എന്താണിത്? കുതിരപ്പന്തികൾ നിറയെ കുറുനരികളോ? അവർ ഓടിവന്നു നോക്കി. അതെ. അവരെ കണ്ടപ്പോഴോ? കുറെ പഴയ കുതിരകൾ മാത്രവും!

അശ്വഭടന്മാർ രാവിലെ രാജാവിനെ വിവരം അറിയിച്ചു. രാജാവിന് ഒരു തോന്നലുണ്ടായി—ഇതെല്ലാം പ്രധാനമന്ത്രിയുടെ മായാവിലാസമാണ്! രാജാവിന്റെ കോപം ആളിക്കത്തി.

'വാതപുരേശാ, നിങ്ങൾ ഇന്ദ്രജാലം പ്രയോഗിച്ച് എന്നെ വഞ്ചിക്കുകയും ചെയ്തു, അല്ലേ?' അദ്ദേഹം ചോദിച്ചു.

'തമ്പുരാനേ, അടിയൻ ഒരു ഇന്ദ്രജാലവും പ്രവർത്തിച്ചില്ല.' പ്രധാനമന്ത്രി പരമാർത്ഥം അറിയിച്ചു.

'ആട്ടെ, കുതിരകളെ വാങ്ങാനായി നിങ്ങൾ ഭണ്ഡാരത്തിൽനിന്നു പണമെടുത്തു. അത് ഏറ്റവും വലിയൊരു തൂകയായിരുന്നു. അതത്രയും തിരിയെ

കെട്ടിവയ്ക്കണം. അതുവരെ തടവുശിക്ഷ അനുഭവിക്കയും വേണം.' രാജാവു തീരുമാനം അറിയിച്ചു.

ഭടന്മാർ പ്രധാനമന്ത്രിയെ പിടിച്ചുകെട്ടി തടവിലിട്ടു. എന്നിട്ടു കണക്കറ്റു പ്രഹരിക്കയും ചെയ്തു. വാതപുരേശന്റെ ശരീരം മുഴുവൻ വല്ലാതെ വേദനിച്ചു. അതേസമയം അത്യധികം മനോവേദനയും ഉണ്ടായി. ഭഗവാനല്ലാതെ മറ്റൊരു തുണ ഇല്ലെന്നു ബോദ്ധ്യമാവുകയും ചെയ്തു. ആ പരമഭക്തൻ ഭഗവാനെ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു.

'ഭഗവാനേ, എനിക്ക് അവിടുന്നുമാത്രമേ ആശ്രയമുള്ളു. ഈ കഷ്ടപ്പാടു സഹിക്കാൻ എനിക്കു കരുത്തില്ല. അവിടുന്ന് എന്നെ രക്ഷിക്കണം.' അദ്ദേഹം ദീനനായി യാചിച്ചു.

ആശ്രിതന്മാരെ ഭഗവാൻ ഉപേക്ഷിക്കാറില്ല. വാതപുരേശനെ സംബന്ധിച്ചും വ്യത്യാസം ഉണ്ടായിരുന്നില്ല. ഒരു പ്രത്യേകരീതിയിൽ പ്രവർത്തിച്ചു ഭഗവാൻ.

മധുരയുടെ അടുത്തുകൂടി ഒഴുകുകയാണല്ലോ വേഗവതീ നദി. ഭഗവാൻ നദീജലത്തെ വളരെയേറെ വർദ്ധിപ്പിച്ചു. നദീജലം വേഗത്തിൽ ഉയർന്നു തുടങ്ങി. തീരം കവിഞ്ഞു പട്ടണത്തിൽ കടക്കുകയും ചെയ്തു. ജനങ്ങൾ പരിഭ്രാന്തരായി അങ്ങുമിങ്ങും ഓടിപ്പോയി.

അരിമർദനപാണ്ഡ്യൻ ധൃതിയിൽ മന്ത്രിമാരെ വരുത്തി.

'ഇനി നദീജലം തടഞ്ഞു നിർത്തിയേ കഴിയൂ. നദീതീരത്തെ മണ്ണിട്ട് ഉയർത്തണം. വേണ്ടതെല്ലാം ഉടനെ തന്നെ ചെയ്യുവിൻ!' അദ്ദേഹം ആജ്ഞാപിച്ചു.

മന്ത്രിമാർ ഒരു പദ്ധതി ആലോചിച്ചു.

ഓരോ ധനികനും മൂന്നു കൂലിക്കാരെ അയയ്ക്കണം; ധനികനല്ലാത്ത ഓരോ ആളും ഒരു കൂലിക്കാരനെ തരണം! എല്ലാ കൂലിക്കാരും ഒത്തുചേർന്നു നദീതീരം മണ്ണിട്ട് ഉയർത്തണം — അതായിരുന്നു ആ പദ്ധതി.

അനേകം ജനങ്ങൾ നദിക്കരയിൽ പാർത്തിരുന്നു. അവരുടെ കൂട്ടത്തിൽ പരമഭക്തയായ ഒരു സ്ത്രീയും ഉണ്ടായിരുന്നു. ദാരിദ്ര്യദുഃഖം അനുഭവിക്കുന്ന ഒരു സ്ത്രീയുമാണ് അവർ. പിട്ടുണ്ടാക്കി വില്ക്കുക എന്നതാണ് ഉപജീവനമാർഗം. ആളുകൾ അവരെ 'പിട്ടമ്മ' എന്നാണു വിളിക്കാറ്. പിട്ടമ്മയ്ക്കു ഭർത്താവില്ല, മക്കളില്ല, മറ്റു ബന്ധുക്കളില്ല. എങ്കിലും ഒരു കൂലിക്കാരനെ അയയ്ക്കാനുള്ള കടമ ആ സ്ത്രീയ്ക്കുമുണ്ട്. അവർ ഒരു കൂലിക്കാരനെ കണ്ടുപിടിക്കാനായി അലഞ്ഞുനടന്നു. അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടായില്ല. പിട്ടമ്മ ഭഗ്നാശയായി കുടിലിൽ മടങ്ങിയെത്തി.

ചില രാജഭടന്മാർ കുടിലിൽ വന്നുകയറി.

'എടീ, നീ ഒരു കൂലിക്കാരനെ അയച്ചില്ല. രാജശാസന അനുസരിക്കില്ല. അല്ലേ? നിന്റെ ചെറ്റപ്പുര തല്ലിപ്പൊളിക്കും, കേട്ടോ?' അവർ ഭീഷണിപ്പെടുത്തി.

'നിങ്ങൾ തത്കാലം അതു ചെയ്യരുത്. ഞാൻ കൂലിക്കാരനെ താമസിയാതെ പറഞ്ഞയയ്ക്കാം.' പിട്ടമ്മ പറഞ്ഞു.

രാജഭടന്മാർ യാത്രയായി.

പിട്ടമ്മ നേരെ ഹാലാസ്യക്ഷേത്രത്തിലേക്കു പോയി. വളരെനേരം പ്രാർത്ഥന നടത്തി. അതിനുശേഷം പുറത്തിറങ്ങി.

ഒരു കൂലിവേലക്കാരൻ എതിരേ വരുന്നതു കാണായി.

'അമ്മേ, കൂലിവേലക്കാരൻ വേണം, അല്ലേ? ശരി. ഞാൻ അമ്മയ്ക്കു വേണ്ടി കൂലിപ്പണി ചെയ്യാം.' അയാൾ പറഞ്ഞു.

പിട്ടമ്മയ്ക്ക് അതിയായ സന്തോഷമുണ്ടായി.

'എന്റെ വേലക്കാരനായി നീ നദീതീരത്തേക്കു ചെല്ലണം. മണ്ണിട്ടു നദീതീരം ഉയർത്തുന്നതിൽ സഹായിക്കണം.' അവർ ആവശ്യപ്പെട്ടു.

'എനിക്ക് എന്തു കൂലി തരും?' അയാൾ ചോദിച്ചു.

'എന്റെ കൈയിൽ ഒരൊറ്റ കാശില്ല. ഞാൻ നിനക്കു പിട്ടുണ്ടാക്കിത്തരാം.' പിട്ടമ്മ ഉത്തരം നല്കി.

ആ കൂലിവേലക്കാരൻ ശരിക്കും കൂലിവേലക്കാരനല്ല. സുന്ദരേശ്വരൻ ആ രൂപത്തിൽ വന്നതാണ്. പിട്ടമ്മ അപ്പോൾ അത് അറിഞ്ഞില്ല എന്നു മാത്രം.

പിട്ടമ്മയുടെ കൂലിവേലക്കാരൻ നദീതീരത്തിലെത്തി. മറ്റുള്ളവരുടെ കൂട്ടത്തിൽ ചെന്നു നില്ക്കുകയും ചെയ്തു. മറ്റെല്ലാവരും എല്ലുമുറിയെ പണിയെടുക്കുന്നുണ്ട്. ഇയാൾ പണിയെടുക്കുന്നില്ല എന്നു മാത്രമോ? കൈയും വീശി നടക്കുക, നേരമ്പോക്കുകൾ തട്ടിവിടുക—അതൊക്കെ ചെയ്യുന്നുമുണ്ട്.

കൂലിക്കാരുടെ മേലാവി അയാളെ കാണാനിടയായി.

അയാൾ ഒരു മന്ത്രിക്കു കൂലിവേലക്കാരനെ ചൂണ്ടിക്കാട്ടി:

'അതാ, അവൻ ഒരു ജോലിയും ചെയ്യുന്നില്ല.' മേലാവി പരാതിപ്പെട്ടു.

മന്ത്രി കൂലിവേലക്കാരന്റെ അടുക്കലേക്കു ചെന്നു.

'എടോ, നീ ആരാണ്?' മന്ത്രി ചോദിച്ചു.

'ഞാൻ പിട്ടമ്മയ്ക്കുവേണ്ടി പണിയെടുക്കുവാൻ വന്നവൻ. തത്കാലം അതുമാത്രം അറിഞ്ഞിരുന്നാൽ മതി. ഒന്നു മനസ്സിലാക്കിയിരിക്കുന്നതു നന്ന്, കേട്ടോ? എനിക്കു നിങ്ങളുടെ രാജാവിനെ തരിമ്പുപോലും ഭയമില്ല. രാജാവിന് എന്നെ ഒരു ചുക്കും ചെയ്യാൻ കഴിയുകയുമില്ല!' കൂലിവേലക്കാരൻ ധിക്കാരത്തോടെ പറഞ്ഞു.

മന്ത്രി കൂലിവേലക്കാരനെ രാജാവിന്റെ അടുക്കലേക്കു കൊണ്ടുപോയി. അവന്റെ ധിക്കാരത്തെക്കുറിച്ചു രാജാവിനെ ധരിപ്പിക്കുകയും ചെയ്തു. രാജാവിനു വന്ന കോപമാണു കോപം! അദ്ദേഹം ധിക്കാരിയെ വടികൊണ്ട് ഒന്നടിച്ചു.

തത്ക്ഷണം രാജാവിന് ഒന്നു തോന്നി—തന്നെ പുറകിൽനിന്ന് ആരോ അടിച്ചിരിക്കുന്നു! ആ തോന്നൽ രാജാവിനു മാത്രമല്ല, അധികാരികളായ എല്ലാവർക്കുമുണ്ടായി. ഓരോരുത്തരും പിറകിലേക്കു തിരിഞ്ഞുനോക്കി—അടിച്ചത് ആരെന്ന് അറിയാനായിട്ട്. അവിടെ ആരെയും കണ്ടതുമില്ല. രാജാവ് കൂലിപ്പണിക്കാരനെ നോക്കി. കൂലിപ്പണിക്കാരനെ അവിടെങ്ങും കാണാനില്ല!

സുന്ദരേശ്വരൻ ഭക്തയായ പിട്ടമ്മയ്ക്കു ദർശനം നല്കി. അവരെ ശിവലോകത്തേക്ക് അയയ്ക്കുകയും ചെയ്തു. അതിനുശേഷം മറഞ്ഞുനിന്ന് ഒരു അശരീരി പുറപ്പെടുവിച്ചു.

'അരിമർദനാ, ഞാൻ പിട്ടമ്മയ്ക്കുവേണ്ടി കൂലിപ്പണിക്കാരനായി വന്നതാണ്. എനിക്ക് ആ ഭക്തയുടെമേൽ അതിയായ കാരുണ്യമുണ്ട്. അതാണ് അവളെ സഹായിക്കാൻ കാരണം. വാതപുരേശ്വരനാണെങ്കിലോ? അവനും എന്റെ പരമഭക്തനാകുന്നു. അവൻ നിന്റെ ഖജനാവിലെ പണം ചെലവാ

ക്കിയതു ശരിതന്നെ. പക്ഷേ, ആ ചെലവ് എനിക്കും എന്റെ ഭക്തന്മാർക്കും വേണ്ടിയായിരുന്നു. അവന്റെ പുണ്യം കാരണമായി നിനക്കും അല്പം പുണ്യം കിട്ടിയിരിക്കുന്നു.'

അരിമർദനൻ സുന്ദരേശ്വരനെ കണ്ടില്ല. എങ്കിലും കേട്ടതു ഭഗവാന്റെ അരുളപ്പാടുതന്നെ. അതിൽ യാതൊരു സംശയവും അവശേഷിച്ചില്ല. രാജാവിനു കടുത്ത പശ്ചാത്താപം ഉണ്ടായി. കഷ്ടം! താൻ അന്യായം പ്രവർത്തിച്ചു. അതോ, ഭഗവാനോടും!

ശരിയായ പ്രായശ്ചിത്തം ചെയ്തല്ലേ കഴിയൂ? അരിമർദനൻ വാതപുരേശനെ ചെന്നുകണ്ടു. ആ ഭക്തോത്തമന്റെ പാദങ്ങളിൽ നമസ്കരിച്ചു. സാധാരണയായി ഒരു രാജാവും ചെയ്യാത്ത ഒരു പ്രവൃത്തി! എന്നിട്ടു ചെയ്തുപോയ അപരാധത്തിനു മാപ്പു ചോദിച്ചു.

അപ്പോഴേക്കും എല്ലാവരും ഒന്നുകണ്ടു, കണ്ട് ആശ്വാസപ്പെട്ടു. വേഗവതീനദിയുടെ ജലം അതിവേഗം ഇറങ്ങിക്കൊണ്ടിരിക്കുന്നു. നഗരത്തിന് ഇനി മേൽ യാതൊരു അപായവും ഉണ്ടാവുകയില്ല!

വാതപുരേശനോ? അതിനുശേഷം മധുരയിൽ തങ്ങിയില്ല. അദ്ദേഹം തീർത്ഥാടനത്തിനായി ഇറങ്ങിപ്പോയി. ആദ്യം കാവേരിനദിയുടെ തീരത്തു ചെന്ന് അവിടെയുള്ള എല്ലാ ക്ഷേത്രങ്ങളിലും ദർശനം നടത്തി. പിന്നീട് ചിദംബരത്തിലേക്കു പോയി. ശിവഗംഗയിലിറങ്ങി കുളിച്ചു. നടരാജമൂർത്തിയെ ഭജിച്ചു. ഒടുവിൽ തില്വവനത്തിലെത്തി. അപ്പോൾ മുതൽ എന്തായി ഭക്ഷണം? ഉണങ്ങിയ ഇലകൾ മാത്രം. ആരായിരുന്നു സഹചാരികൾ? മൃഗങ്ങളും പക്ഷികളും മറ്റും. ശിവഭജനം പരമാനന്ദത്തെ പ്രദാനം ചെയ്തു. അദ്ദേഹം ആ പരമാനന്ദത്തിൽ ലയിച്ചു.

ആയിടയ്ക്കു കുറെ ബൗദ്ധന്മാർ വന്നെത്തി. ശിവമതത്തെ നശിപ്പിക്കണം; തങ്ങളുടെ മതത്തെ സ്ഥാപിക്കണം—അതായിരുന്നു അക്കൂട്ടരുടെ ലക്ഷ്യം. ഒന്നു പ്രത്യേകമായിരുന്നു അവരുടെ പരിപാടി. അവർ എതിരാളികളുമായി വാദത്തിൽ ഏർപ്പെടും; അവരെ കീഴടക്കും; എന്നിട്ടു തങ്ങളുടെ മതത്തിൽ ചേർക്കും. ചിദംബരത്തിൽ ചെയ്തതും അതുപോലെതന്നെ. അവർ ശൈവരായ ബ്രാഹ്മണരെ നേരിടുകയായി. പലവാദങ്ങളും പുറപ്പെടുവിച്ചു. എന്നതും പോട്ടെ—ശിവനെ അധിക്ഷേപിച്ചു, അവഹേളിച്ചു! വെറുതെ അധിക്ഷേപിക്കയും അവഹേളിക്കയും ചെയ്തതുമല്ല, വാദങ്ങൾകൊണ്ട് ഒന്നു തെളിയിച്ചു— അധിക്ഷേപവും അവഹേളനവും വളരെ ശരിയാണെന്ന്!

അവരെ എതിർത്തുനില്ക്കാൻ ശൈവരായ ബ്രാഹ്മണർക്കു സാദ്ധ്യമായില്ല. അക്കാരണത്താൽ അവർക്ക് അതിയായ പരിതാപവുമുണ്ടായി. ഏതു വിധവും ബൗദ്ധന്മാരെ തോല്പിച്ചേ കഴിയൂ. പക്ഷേ, അതെങ്ങനെ? ഒരു വഴിയും കണ്ടുകിട്ടിയില്ല.

വിഷമിച്ചിരിക്കവെയാണ് അവർക്ക് ഒരു വർത്തമാനം വന്നുചേർന്നത് — തില്വവനത്തിൽ ഒരു ശിവയോഗി വന്നിരിക്കുന്നു!

വാസ്തവത്തിൽ വാതപുരേശനാണ് ആ ശിവയോഗി.

എല്ലാവരുംകൂടി വാതപുരേശനെ കണ്ടു. അദ്ദേഹത്തിന്റെ സഹായവും അപേക്ഷിച്ചു. എന്നാൽ, എന്തായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം? അവരെ കണ്ടതായോ അവരുടെ വാക്കുകൾ കേട്ടതായോ ഭാവിച്ചില്ല. അദ്ദേഹം തിരിഞ്ഞു നടന്നു കാട്ടിൽ കയറി മറഞ്ഞു.

അവർ നടരാജക്ഷേത്രത്തിൽ ചെന്നു ഹൃദയം തുറന്നു പ്രാർത്ഥിച്ചു. അശരീരി കേൾക്കുമാറായി:

'ആ യോഗിക്കു ഞാൻ മാണിക്യവാചകൻ എന്ന പേരു നല്കിയിരിക്കുന്നു. നിങ്ങൾ അവനെ ആ പേരു ചൊല്ലി വിളിക്കണം. എന്നാൽ, അവൻ നിങ്ങളെ സഹായിക്കും.'

എല്ലാവരുംകൂടി കാട്ടിൽ കയറി യോഗിയെ കണ്ടെത്തി. മാണിക്യവാചകൻ എന്നു സംബോധനചെയ്തപ്പോഴോ? യോഗിയുടെ മട്ടാകെ മാറുകയായി. അദ്ദേഹം അവരെ സഹായിക്കാൻ ഒരുമ്പെട്ടിറങ്ങി. നേരെ ബൗദ്ധന്മാരുടെ മുമ്പിലെത്തി, അവരുമായി വാദപ്രതിവാദങ്ങളും ആരംഭിച്ചു. ഇടയ്ക്കിടയ്ക്ക് അദ്ദേഹം വേദഭാഗങ്ങളും മന്ത്രങ്ങളും മറ്റും ഉച്ചരിച്ചു.

അവയ്ക്കൊക്കെ ശരിയായ സമാധാനം പറയണമല്ലോ. അതിനുള്ള കഴിവ് ബൗദ്ധന്മാർക്ക് ഉണ്ടായിരുന്നില്ല. എന്നിട്ടുണ്ടോ അവർ തോൽവി സമ്മതിച്ചുകൊടുക്കുന്നു? ശൈവന്മാർക്കു വാശി കയറി. എന്തിനു പറയുന്നു. വാഗ്വാദം അവസാനിച്ചു. പകരം വഴക്കും വക്കാണവുമായി!

പക്ഷേ, അതിങ്ങനെ നീണ്ടുപോകാനൊക്കുകയില്ലല്ലോ. എന്തായാലും ഒരു തീരുമാനം ഉണ്ടാകാതെ കഴിയില്ല. തീരുമാനിക്കാൻ ഒരു മദ്ധ്യസ്ഥൻ കൂടിയേ കഴിയൂ. ഇരുകക്ഷികളും ഒരു നിശ്ചയത്തിൽ എത്തിച്ചേർന്നു — ചോളരാജാവ് ആയിരിക്കണം മദ്ധ്യസ്ഥൻ.

എല്ലാവരുംകൂടി ചോളരാജാവിനെ കണ്ടു കാര്യം പറഞ്ഞു.

'ഞാൻ മദ്ധ്യസ്ഥനാവാം. പക്ഷേ, ഒരു കരാറിന്മേൽ, രണ്ടു കക്ഷികളും എന്റെ വിധിയെ ചോദ്യംചെയ്തുകൂടാ. എന്താ, സമ്മതമാണോ?' ചോളരാജാവു ചോദിച്ചു.

ഇരുകൂട്ടരും സമ്മതം മൂളി.

ചോളരാജാവ് തന്റെ പുത്രിയെ വരുത്തി.

സുന്ദരിയാണ് രാജകുമാരി. പക്ഷേ, അവൾക്ക് ഒരു ന്യൂനതയുണ്ട്. ജന്മനാ മൂകയാണ് അവൾ.

'നിങ്ങളിൽ ഏതെങ്കിലും ഒരു കക്ഷിക്കാരൻ എന്റെ മകളുടെ അവശത മാറ്റണം. അതായത്, അവളെക്കൊണ്ടു നല്ലപോലെ സംസാരിപ്പിക്കണം. ഏതു കക്ഷിക്കാർക്ക് അതു സാധിക്കുമോ, ആ കക്ഷിക്കാരെ ഞാൻ വിജയികളായി പ്രഖ്യാപിക്കും. തോറ്റ കക്ഷിക്കാർക്കു നല്കുന്നതു വധശിക്ഷയും ആയിരിക്കും. അതു സമ്മതിക്കാമെങ്കിൽ ഞാൻ മദ്ധ്യസ്ഥനാകാം.' ചോളരാജാവു പറഞ്ഞു.

ഇരുകക്ഷികൾക്കും സമ്മതമായി.

നാക്കെടുക്കാൻ കഴിയാത്തവളെക്കൊണ്ടു സംസാരിപ്പിക്കുക —എളുപ്പമുള്ള കാര്യമാണോ? എങ്കിലും ഇരുകക്ഷികൾക്കും ജയിക്കാമെന്ന ആശയുണ്ടായിരുന്നു. ബൗദ്ധന്മാർക്കാണ് ആദ്യത്തെ മുറ. അറിയാവുന്ന മന്ത്രങ്ങളും തന്ത്രങ്ങളും അവർ പ്രയോഗിച്ചു. അവയ്ക്കൊന്നും ഒരു പ്രയോജനവും കണ്ടില്ല. മൂകയായ രാജകുമാരി മൂകയായിത്തന്നെ തുടർന്നു.

ബൗദ്ധന്മാർ വശംകെട്ടു പിൻവാങ്ങി.

ശൈവന്മാരുടെ മുറയാണ് ഇനി.

മാണിക്യവാചകനാണ് ശൈവന്മാരുടെ നേതാവ്. അദ്ദേഹം ശിവനെ ഭക്തിപൂർവ്വം സ്മരിച്ചു. എന്നിട്ടു രാജകുമാരിയെ കണ്ണെടുക്കാതെ നോക്കി.

'രാജകുമാരീ, ഒന്നു പാടൂ!' അദ്ദേഹം ആജ്ഞാപിച്ചു.

ആ നിമിഷത്തിൽ അത്ഭുതം സംഭവിച്ചു. മൂകയായ രാജകുമാരി പാടിത്തുടങ്ങി. അതോ, ഏറ്റവും മധുരമായ സ്വരത്തിലും!

തോറ്റ പക്ഷക്കാരേത്, ജയിച്ച പക്ഷക്കാരേത് — നിശ്ചയിക്കാൻ യാതൊരു ബുദ്ധിമുട്ടും നേരിട്ടില്ല. ശൈവന്മാരുടെ ജയത്തിനു കാരണക്കാരൻ മാണിക്യവാചകൻ തന്നെ. കാരണമോ, അദ്ദേഹത്തിന്റെ ശിവഭക്തിയും!

പിൽക്കാലത്ത് മാണിക്യവാചകൻ ചെയ്തതോ? ശിവനെക്കുറിച്ച് അനേകമനേകം ഗാനങ്ങൾ രചിച്ചു. അവയെല്ലാം ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുകയും ചെയ്തു.

ഒടുവിൽ അദ്ദേഹത്തിനു ലഭിച്ചതോ ശിവലോകവും!

വീരഭദ്രൻ

ശൗകരം എന്നൊരു പർവതമുണ്ട്. അവിടെ രമണീയമായ വാസുദേവാശ്രമവും. കുറെ മുനിമാർ ഒന്നിച്ചു വാസുദേവാശ്രമത്തിൽ ചെന്നു. അവിടത്തെ ദേവനായ വാസുദേവനെ വന്ദിച്ചു. അതിനുശേഷം ശൗകരത്തിന്റെ മുകളിലേക്കു കയറി. അപ്പോഴാണ് ഒരു അത്യാഹിതം ഉണ്ടായത്.

അത്യുഗ്രമായ ഒരു അഗ്നി ആളിക്കത്തുന്നു. ആ അഗ്നി നാലുദിക്കിലും പടർന്നുപിടിച്ചു. മുനിമാർ അഗ്നിയിൽപെട്ടു ചാമ്പലായി.

തത്സമയം വീരഭദ്രൻ അവിടെ ചെല്ലാൻ ഇടയായി.

ശിവകിങ്കരന്മാരിൽ ഒരു പ്രധാനിയാണ് വീരഭദ്രൻ. അളവില്ലാത്ത ശക്തിയും വീര്യവും വീരഭദ്രന്റെയും പ്രത്യേകതകളാണ്. ജന്മമെടുത്തതോ ശിവന്റെ ജടയിൽനിന്നും.

(ആ കഥ മറ്റൊരിടത്തു പറഞ്ഞിട്ടുണ്ട്).

ഭയങ്കരമായ ആ അഗ്നിക്കരികിൽ ചെന്നു, വീരഭദ്രൻ. അതിൽ ഉറ്റുനോക്കിയപ്പോൾ യാഥാർത്ഥ്യം ഗ്രഹിക്കയും ചെയ്തു — മഹർഷിമാർ വെന്തു മരിച്ചിരിക്കുന്നു!

അതാ, വീരഭദ്രനെ ഭക്ഷിക്കാൻ അഗ്നി പാഞ്ഞുവരുന്നു!

വീരഭദ്രനു ദേഹശക്തി മാത്രമല്ല, മന്ത്രശക്തിയുമുണ്ട്. ആ മഹാഭൂതം ജലം ജപിച്ചു തളിച്ചു. ആ നിമിഷം അഗ്നി കെട്ടടങ്ങി!

പക്ഷേ, അപ്പോഴതാ വേറൊരു ആപത്ത്! മറ്റൊരു മഹാഗ്നി ജ്വലിച്ചുയരുന്നു. മുമ്പത്തേതിനെക്കാൾ എത്രയോ വലതും ഉഗ്രവുമായ അഗ്നി! അതങ്ങനെ ആകാശത്തിൽ ഉയരുകയുമാണ്. ഈ അഗ്നി ലോകത്തെ ചുടുചാമ്പലാക്കുകയില്ലേ? അതായി വീരഭദ്രന്റെ ഭയം. ഈ അഗ്നിയെ വെള്ളത്തെ എന്നപോലെ പാനംചെയ്യുക തന്നെ!

അതാ കേൾക്കുമാറാകുന്നു ഒരു അശരീരി:

'ഈ അഗ്നിയെ കുടിക്കാൻ ശ്രമിക്കുന്നതു വെറുതെയാണ്!'

പക്ഷേ, വീരഭദ്രന്റെ ദിവ്യത്വം ഒന്നു വേറെയാണ്. അശരീരിയെ എന്തിനു കൂട്ടാക്കണം? അദ്ദേഹം അഗ്നിയെ എടുത്തൊരു കുടി!

അങ്ങനെ രണ്ട് അഗ്നികളും അണയുകയായി. അപ്പോൾ വീരഭദ്രനു മറ്റൊരു പ്രവൃത്തി ചെയ്യേണ്ടതുണ്ട് എന്നു തോന്നി. വെന്തുമരിച്ച മുനിമാരെ ജീവിപ്പിക്കണം!

വീരഭദ്രൻ മൃത്യുഞ്ജയമന്ത്രം ജപിച്ചു. അതിനുശേഷം ഭസ്മം കൈയിലെടുത്തു. ആ ഭസ്മത്തെ മരിച്ചവരുടെ നേർക്കെറിഞ്ഞു. അപ്പോൾ എല്ലാവരും ജീവിച്ചെഴുന്നേറ്റു!

പക്ഷേ, തത്കാലത്തേക്കുമാത്രമായിരുന്നു അവരുടെ രണ്ടാംജീവിതം. വമ്പരിൽ വമ്പനായൊരു പെരുമ്പാമ്പ് അവരെ പിടിച്ചു വിഴുങ്ങി. ക്രുദ്ധനായിത്തീർന്ന വീരഭദ്രൻ പെരുമ്പാമ്പിന്റെ നേർക്കു ചാടി. അപ്പോഴാണു പെരുമ്പാമ്പിന്റെ അമാനുഷശക്തി തെളിഞ്ഞത്. ആ ജന്തു പല രൂപങ്ങൾ ധരിച്ച് വീരഭദ്രനോടു പോരാടി. ഒരു ദിവസമോ ഒരു മാസമോ അല്ല, ഒരു വർഷം നീണ്ടുനിന്നു ആ ദ്വന്ദ്വയുദ്ധം. അപ്പോഴേക്കും വീരഭദ്രൻ എന്തുചെയ്തെന്നോ? പെരുമ്പാമ്പിന്റെ വായ് വലിച്ചുകീറി പിളർന്നുതള്ളി. അതിന്റെ വയറ്റിൽ മരിച്ചുകിടക്കുകയാണ് മുനിമാർ. അപ്പോഴും അവരെ മന്ത്രപ്രയോഗത്താൽ ജീവിപ്പിച്ചു വീരഭദ്രൻ.

അതാ, പാഞ്ഞുവരുന്നു ഒരു രാക്ഷസൻ! അവന് അഞ്ചുകാലുകളുണ്ട്. പത്തു കൈകളുണ്ട്. എട്ടു തലകളുണ്ട്. ഭയപ്പെടുത്തുകയും അറപ്പിക്കുകയും ചെയ്യുന്ന ഒരു വിരൂപൻ!

എന്തൊക്കെ ചെയ്തിട്ടാണ് ആ രാക്ഷസൻ വരുന്നതെന്നോ! ആദ്യം കുറെ മഹർഷിമാരെ പിടിച്ചു വിഴുങ്ങി. അപ്പോഴാണു രണ്ടു വാനരന്മാരെ കണ്ടെത്തിയത്. ആ വാനരന്മാർ ജ്യേഷ്ഠനും അനുജനും ആയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ബാലിയും, സുഗ്രീവനും! രാക്ഷസൻ അവരെയും വായിലിട്ടു വിഴുങ്ങി. അതിൽനിന്നുമാത്രം തെളിയും ആ ഭീകരന്റെ വലിപ്പവും ബലവും!

വീരഭദ്രൻ വലുതായ ഒരു പാറയെടുത്തു. രാക്ഷസന്റെ തലയെ ലാക്കാക്കി ഒരേറ്! പാറ ലക്ഷ്യത്തിൽ കൊണ്ടെന്നു മാത്രമല്ല, അതിനെ അടർത്തി നിലത്തിട്ടു. പക്ഷേ, അതുകൊണ്ടൊന്നും രാക്ഷസനു ബലക്ഷയം ഉണ്ടായില്ല. ഇനിയും ബാക്കിയില്ലേ ഏഴു തലകൾ? അവൻ രണ്ടു വാളുകൾ എതിരാളിയുടെ നേർക്കു നീട്ടി.

'എടോ, വീരഭദ്രാ, ഒരു വാൾ നീ എടുക്ക്. മറ്റേവാൾ ഞാൻ വെച്ചുകൊള്ളാം. എന്നിട്ടു നമുക്കു യുദ്ധവും ചെയ്യാം.' അവൻ പറഞ്ഞു.

വീരഭദ്രനും രാക്ഷസനും ഓരോ വാൾ കൈക്കലാക്കി. അതിനുശേഷം ദ്വന്ദ്വയുദ്ധവും ആരംഭിച്ചു. ആ ദ്വന്ദ്വയുദ്ധവും ഒരു വർഷം തുടർന്നു നടന്നു. അതോടെ അവസാനിച്ചുമില്ല. ഗദായുദ്ധമായി. അതും ഒരു വർഷം. അതിനുശേഷം പിന്നീട് ചുരികകൊണ്ടുള്ള യുദ്ധം. അതും ഒരു വർഷം. അതിനുശേഷം വീണ്ടും വാൾയുദ്ധം. എത്ര വീറും വാശിയുമാണ് ഇരുവർക്കും.

വിജയം വീരഭദ്രനെ അനുഗ്രഹിച്ചു. അദ്ദേഹം രാക്ഷസന്റെ തലകളെല്ലാം വെട്ടിയിട്ടു. മാത്രമോ, അവയെ കറുമുറാ കടിച്ചു തിന്നു. അതിനുശേഷം മറ്റൊന്നുകൂടി ചെയ്കയുണ്ടായി. രാക്ഷസന്റെ ശരീരത്തെ നഖങ്ങൾ കൊണ്ടു കീറിപ്പിളർന്നു, വയറ്റിൽ മൃതരായി കിടക്കുന്നത് ആരൊക്കെയാണ്? മഹർഷിമാരും ബാലീസുഗ്രീവന്മാരും. വീരഭദ്രൻ അവരെ പുറത്തെടുത്തു എന്നിട്ട് അവരെ ജീവിപ്പിച്ചു — മുമ്പു മറ്റു ചിലരെ ജീവിപ്പിച്ചതു പോലെ!

വീരഭദ്രനും രാക്ഷസനും തമ്മിലുള്ള ഘോരസമരം കണ്ടുനിന്നിരുന്നു നാരദൻ. ആ മഹർഷി ചെന്ന് ബ്രഹ്മാവിനെ കണ്ടു. തുടർന്ന് മഹാവിഷ്ണുവിനെയും ശിവനെയും. എന്നിട്ടു കണ്ടതെല്ലാം അവരെ അറിയിച്ചു. മൂന്നു പേരും വീരഭദ്രന്റെ മുമ്പിൽ ആവിർഭവിച്ചു. അവർ വീരഭദ്രനെ അനുഗ്രഹിച്ചു.

രാക്ഷസന്റെ പൂർവകഥ ഒന്നു പ്രത്യേകമായിരുന്നു.

പണ്ടൊരിക്കൽ ഒരു ദേവാസുരയുദ്ധം ഉണ്ടായി. അസുരപക്ഷത്ത് ഈ രാക്ഷസനും ചേർന്നിരുന്നു. അസുരന്മാരിൽ പലരും മൃതരായി. എന്നിട്ടും രാക്ഷസന് ഒരു കുലുക്കവും ഉണ്ടായില്ല. മാത്രവുമല്ല, അവൻ അത്ഭുതകരമായ ഒരു പ്രവൃത്തിയും ചെയ്തു. ദേവപക്ഷത്തിൽനിന്നു പൊരുതുകയാണ് യമൻ. രാക്ഷസൻ ഓടിച്ചെന്ന് യമനെ പിടിച്ചുവായിലിട്ട് ഒരു മിഴുങ്ങൽ. പക്ഷേ, യമനുണ്ടോ അങ്ങനെയൊരു മരണം? രാക്ഷസന്റെ വയറു പിളർന്ന് യമൻ പുറത്തു ചാടി. അതോടെ രാക്ഷസൻ മരണമടയുകയാണുണ്ടായത്. എന്നിട്ടും അവൻ വീണ്ടും ജീവിക്കുകയായി. അസുരഗുരുവായ ശുക്രമഹർഷിയുടെ ദിവ്യശക്തി—അതെ, അതാണ് രാക്ഷസൻ ജീവിച്ചതിനു കാരണം.

ആ സമയം രാക്ഷസന് ഒരു ആഗ്രഹം തോന്നി. തന്റെ വയറ്റിനുള്ളിൽ ആരെങ്കിലും അകപ്പെട്ടുപോയാലോ? അവർ മരിക്കുകതന്നെ വേണം! തപസ്സുചെയ്താലേ അതു നടപ്പിൽ വരുത്താനൊക്കൂ. അവൻ ശുക്രന്റെ അഭിപ്രായം ആരാഞ്ഞു. ശുക്രൻ അവന് ഒരു ഉപദേശം നല്കി—അവൻ സമന്തപഞ്ചകം എന്ന തീർത്ഥത്തിൽ ചെല്ലണം; അവിടെയിരുന്നു പ്രത്യേകമായ രീതിയിലുള്ള ഒരു തപസ്സും അനുഷ്ഠിക്കണം. തപസ്സിന്റെ വിധികളെല്ലാം ശുക്രൻ അറിയിക്കുകയും ചെയ്തു.

രാക്ഷസൻ നേരെ സമന്തപഞ്ചകത്തിൽ എത്തിച്ചേർന്നു. അവൻ രണ്ടു തൂണുകൾ നാട്ടി. തൂണുകളിൽ ഇരുമ്പുവടി വെച്ചുചേർത്തു. ഇരുമ്പുവടിയിൽ കാലുകൾ വരിഞ്ഞു കെട്ടി. തല കീഴ്പോട്ടാക്കി, കാലുകൾ മേല്പോട്ടാക്കി കിടപ്പുമായി. താഴത്തു തീയ് കത്തിച്ചു വെച്ചിട്ടുമുണ്ട്. ആ നിലയിൽ കിടന്നു തപസ്സും ആരംഭിച്ചു. അവൻ ഒരു തലയറുത്തു തീയിൽ ഹോമിച്ചു. രണ്ടാംതല, മൂന്നാംതല, നാലാംതല—ആ ക്രമത്തിൽ തലകൾ ഹോമിക്കപ്പെട്ടു. ഒടുവിൽ ഒരൊറ്റ തലയേ ബാക്കിയുള്ളൂ എന്നായി. ആ തലയും അറുക്കാൻ അവൻ ഒരുക്കമായി.

ശിവൻ പ്രത്യക്ഷനായി.

'വരം ചോദിച്ചുകൊള്ളൂ.' ഭഗവാൻ ആവശ്യപ്പെട്ടു.

'ഭഗവാനേ, എനിക്ക് എല്ലാ തലകളും വീണ്ടും ഉണ്ടായിവരണം. ഞാൻ വിഴുങ്ങുന്നവരെല്ലാം മരിക്കണം. എനിക്ക് വിഷ്ണുവിനെക്കാൾ ബലം ഉണ്ടാവണം. ഒരുവനിൽനിന്നു മാത്രമേ എനിക്കു മരണം സംഭവിക്കാവൂ—അവിടത്തെ ജടയിൽനിന്നു ജനിക്കുന്ന ഒരുവനിൽനിന്ന്!' അതായിരുന്നു രാക്ഷസൻ ചോദിച്ച വരം.

ആ വരം നല്കിയിട്ട് ശിവൻ അപ്രത്യക്ഷനായി.

ഒടുവിൽ വീരഭദ്രനുമായി ഏറ്റുമുട്ടിയപ്പോഴോ? രാക്ഷസനു കിട്ടിയിരുന്ന വരത്തിലെ പഴുത് അവനു ഹാനി വരുത്തി. ഭഗവാന്റെ ജടയിൽനിന്നായിരുന്നല്ലോ വീരഭദ്രന്റെ ഉത്ഭവം. വീരഭദ്രന്റെ കൈകൊണ്ടു രാക്ഷസന്റെ മരണവും സംഭവിച്ചു!

(പദ്മപുരാണം അദ്ധ്യായം 103)

അഗ്നിമുഖൻ

ഒരു രാജാവിനു ദുഷ്കാലം വന്നുചേർന്നു. അദ്ദേഹത്തിന്റെ രാജത്വം നഷ്ടമായി. രാജത്വം പോയ ആളെ രാജാവ് എന്നു വിളിച്ചാലോ? അതത്ര യുക്തമാവില്ല. അതിനാൽ അദ്ദേഹത്തെ ക്ഷത്രിയൻ എന്നു വിളിക്കാം. അദ്ദേഹത്തിന്റെ ഭാര്യയും പരഗതി പൂകി. ദാരിദ്ര്യമാണെങ്കിലോ ഏറ്റവും കഠിനവും. കൂറെ സന്താനങ്ങളുമുണ്ട്. അവരെ പുലർത്തുന്ന ഭാരവും ചുമക്കേണ്ടിവന്നു. ഏതു വിധേനയെങ്കിലും തനിക്കും അവർക്കും ജീവിക്കണമല്ലോ. അദ്ദേഹം എങ്ങനെയോ രണ്ടു പോത്തുകളെ വാങ്ങി. അവയെക്കൊണ്ടു നിലമുഴുതു കൃഷി തുടങ്ങി. എന്നാൽ, കൃഷിയും നഷ്ടത്തിൽ കലാശിച്ചു. അപ്പോഴതാ, മറ്റൊരു ആപത്ത്. ഒരു പുത്രൻ സർപ്പവിഷമേറ്റു മരണമടഞ്ഞു. ക്ഷത്രിയനു ദുഃഖം സഹിക്കാൻ വയ്യാതായി. സഹായിക്കാൻ ആരുമില്ലതാനും. വസിഷ്ഠ മഹർഷി മാത്രമേ ഒരു ശരണമുള്ളൂ. അദ്ദേഹം ആ മഹർഷിയെ ചെന്നു കണ്ടു.

'മഹർഷേ, ഞാൻ സംസാരദുഃഖത്തിൽപ്പെട്ടു വലയുകയാണ്. അങ്ങ് എന്നെ സഹായിക്കണം.' അദ്ദേഹം തൊഴുകൈയോടെ അപേക്ഷിച്ചു.

വസിഷ്ഠൻ ഒന്നും പറഞ്ഞില്ല. ഒരു ദിക്കിലേക്കു ചൂണ്ടിക്കാട്ടി. ക്ഷത്രിയൻ ആ ദിക്കിൽ ഒരു കാഴ്ച കണ്ടു.

ഒരു കാട്ടാളൻ നിലത്തിരിക്കുകയാണ്. വന്നിമരത്തിന്റെ ഇല, കവുങ്ങിൻപൂവ്, എരിക്കിൻപൂവ്, കടമ്പിൻപൂവ്, മുല്ലപ്പൂവ് — അവയെല്ലാം കൂടിക്കിടക്കുന്നു. കാട്ടാളൻ അവയെടുത്തു ശിവലിംഗത്തെ പൂജിക്കുന്നു.

'ആ കാട്ടാളൻ അരയാമത്തിനകം മരിക്കും.' വസിഷ്ഠൻ ദീർഘദർശനം ചെയ്തു.

താമസിയാതെ സംഭവങ്ങൾ ഒന്നൊന്നായി നടക്കുകയായി. കാട്ടാളൻ ശിവനുള്ള നൈവേദ്യം ഒരുക്കിവെച്ചിട്ടുണ്ട്. ഒരു പാത്രം നിറയെ മാമ്പഴങ്ങൾ —അതാണു നൈവേദ്യം. യദൃച്ഛയാ ഒരു പട്ടി ഓടിവന്നു നൈവേദ്യത്തെ തൊട്ടു. അക്കാരണത്താൽ നൈവേദ്യം അശുദ്ധമായിത്തീർന്നു. എന്തൊരു ദുഃഖമായെന്നോ കാട്ടാളന്!

'എനിക്ക് ഇതിനു പരിഹാരം ചെയ്യണം. അല്ലാത്തപക്ഷം എനിക്കു ദോഷം സംഭവിക്കും.' അവൻ തന്നോടായി പറഞ്ഞു.

തത്സമയം ഒരു മനുഷ്യൻ അവിടെ വന്നെത്തി. ആ മനുഷ്യൻ ഒരു ഭ്രാന്തനായിരുന്നു. എന്തെല്ലാം വികൃതികളാണ് ആ ഭ്രാന്തൻ ചെയ്തത്! അയാൾ പൂജാദ്രവ്യങ്ങൾ എടുത്തെറിഞ്ഞു. അതു മാത്രമാണെങ്കിലും സാരമില്ലെന്നു വയ്ക്കാം. ഏറ്റവും ഹീനമായി കരുതപ്പെടേണ്ടതായ ഒരു കൃത്യം ചെയ്തു. അവൻ പാവനമായ ആ ശിവലിംഗത്തിന്റെ മേൽ ഛർദിച്ചു!

ഇതിൽ കൂടുതൽ ഒരു പാപമുണ്ടോ? പാപം ചെയ്തവനെ കഠിനമായി ശിക്ഷിക്കേണ്ടതുമുണ്ട്. ഭ്രാന്തനെ കൊല്ലുകതന്നെയാണു യുക്തമായിട്ടുള്ളത്. ആ കൃത്യം ചെയ്യാൻ കാട്ടാളൻ ആലോചിച്ചു. പിന്നീട് അതു വേണ്ടെന്നു വെച്ചു. ഒടുവിൽ ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു. താൻ ആത്മഹത്യ ചെയ്യുകതന്നെ!

ആദ്യത്തെ പടിയായി എന്താണ് കാട്ടാളൻ ചെയ്തത്? സ്വന്തം ദേഹത്തിലെ പല ഭാഗങ്ങളും തെരഞ്ഞെടുത്തു. ആ ഭാഗങ്ങളിൽനിന്നു തൊലി ഉരിച്ചെടുത്ത് ആ തൊലിയെ ശിവനായി അർപ്പിക്കുകയും ചെയ്തു!

അപ്പോൾ ഒരത്ഭുതം ഉണ്ടായി. കാട്ടാളനു ദിവ്യരൂപം സിദ്ധിക്കുകയായി—മൂന്നു കണ്ണുകളും നാലു കൈകളുമുള്ള ഒരു ദിവ്യരൂപം!

അതാ, ആകാശത്ത് ആരാണു വന്നുനില്ക്കുന്നത്? കുറെയേറെ ശിവകിങ്കരന്മാർ! അവർ കാട്ടാളന്റെമേൽ ദിവ്യപുഷ്പങ്ങൾ വർഷിച്ചു.

'ഞങ്ങളോടുകൂടി പോരൂ' ശിവകിങ്കരന്മാർ കാട്ടാളനെ ക്ഷണിച്ചു.

'എന്റെ ഭാര്യയോടും ബന്ധുക്കളോടുംകൂടി മാത്രമേ ഞാൻ വരികയുള്ളൂ.' കാട്ടാളനായിരുന്ന ദിവ്യൻ നിശ്ചയം അറിയിച്ചു.

വീരഭദ്രൻ വിമാനത്തിൽ വന്നെത്തി.

'ഇവരോടുകൂടി വിമാനത്തിൽ കയറിക്കൊള്ളൂ. നമുക്ക് ശിവഭഗവാന്റെ സന്നിധിയിലേക്കു പോകാം.' വീരഭദ്രൻ പറഞ്ഞു.

ഭാര്യയേയും ബന്ധുക്കളേയും കൂട്ടിക്കൊണ്ടുപോകാം. അതിനുള്ള അനുവാദം കാട്ടാളനു കിട്ടാതിരുന്നില്ല. അങ്ങനെ ആ ശിവഭക്തനു ശിവലോകം കിട്ടി—മാത്രമല്ല, വേണ്ടപ്പെട്ടവർക്കും!

ഇതൊക്കെ കണ്ടു നില്ക്കുകയായിരുന്നു ക്ഷത്രിയൻ. അദ്ദേഹത്തോടൊന്നിച്ച് വസിഷ്ഠമഹർഷിയും.

'കണ്ടോ, ശിവപൂജയുടെ മാഹാത്മ്യം? നിങ്ങളും ശിവപൂജ ചെയ്തുകൊള്ളൂ. അതിനു തീർച്ചയായും പ്രയോജനം ഉണ്ടാവും. പക്ഷേ, ഒന്നുണ്ട്. ഈ ജന്മത്തിൽ നിങ്ങൾക്ക് രാജത്വം വീണ്ടുകിട്ടുകയില്ല. എന്നാൽ, അടുത്ത ജന്മത്തിൽ അതുണ്ടാവും.' വസിഷ്ഠൻ അറിയിച്ചു.

ക്ഷത്രിയൻ മഹർഷിയോടു വിടവാങ്ങി. അദ്ദേഹം പിന്നീടു ശിവപൂജ ചെയ്തു സമയം പോക്കി. ഒടുവിൽ പരഗതി നേടി. അടുത്ത ജന്മത്തിലോ? രാജത്വം ലഭിക്കുകയും ചെയ്തു.

ഇനി നമുക്ക് അദ്ദേഹത്തെ രാജാവ് എന്നു വീണ്ടും വിളിക്കാം.

ഒരിക്കൽ രാജാവ് ഒരു ശിവക്ഷേത്രത്തിൽ തൊഴാനായി ചെന്നു.

ക്ഷേത്രത്തിൽ അനേകം വിളക്കുകൾ കത്തുന്നുണ്ടായിരുന്നു. തീനാളങ്ങൾ ഒന്നിച്ചു മനോഹരമായ പ്രഭ ചൊരിയുകയാണ്. കണ്ണിന് ആനന്ദം നല്കുന്ന ഒരു കാഴ്ച! തൊഴാനായി വളരെപ്പേർ വന്നിട്ടുണ്ടായിരുന്നു. തിക്കും തിരക്കും തള്ളലും ഉന്തലും ഏറ്റവും അധികമായി. അതിനിടയിൽ എന്തുണ്ടായി എന്നോ? കത്തിക്കൊണ്ടിരുന്ന ഒരു വിളക്കു നിലത്തു വീണുപോയി.

ആ വിളക്കെടുത്തു വീണ്ടും പഴയ സ്ഥാനത്തുവെച്ചാൽ മതിയായിരുന്നു. അപ്രകാരം ചെയ്തിരുന്നെങ്കിൽ അനിഷ്ടസംഭവം യാതൊന്നും ഉണ്ടാകുമായിരുന്നില്ല. പക്ഷേ, സംഭവിച്ചതു മറ്റൊന്നാണ്. വിളക്കു വീഴുന്നതു രാജാവ് കാണാനിടയായി. അദ്ദേഹത്തിന് അതിയായ ദേഷ്യവും ഉണ്ടായി. ദേഷ്യം അദ്ദേഹത്തിന്റെ മനസ്സിന് ഇളക്കം വരുത്തി. വീണ വിളക്കിനെ എടുത്ത് ഊക്കോടെ ഒരേറ്!

എവിടെയാണു വിളക്കുചെന്നു വീണത്? ക്ഷേത്രത്തിന്റെ മേൽക്കൂരയിൽ വിളക്കിലെ തീ മേൽക്കൂരയിൽ പിടിച്ചു. ആ തീ അതിവേഗം പടർന്നുകത്തി. എന്തിനു പറയുന്നു, ചുരുങ്ങിയ സമയമേ കഴിഞ്ഞുള്ളൂ—അതിനുള്ളിൽ ക്ഷേത്രം മുഴുവൻ അഗ്നിക്ക് ഇരയായി.

അപ്പോഴാണ് രാജാവിന്റെ ദേഷ്യത്തിനു ശമനം ഉണ്ടായത്. താൻ വീണ്ടു വിചാരമില്ലാതെ പ്രവർത്തിക്കുകയുണ്ടായി. അക്കാരണത്താൽ ക്ഷേത്രം കത്തിനശിച്ചു. വല്ലാത്ത അത്യാഹിതമല്ലേ സംഭവിച്ചിരിക്കുന്നത്? പശ്ചാത്താപത്തിന് അതിന്റേതായ പ്രയോജനമുണ്ട്, ശരിതന്നെ. പക്ഷേ, പശ്ചാത്താപംകൊണ്ടു മാത്രമായില്ല. പ്രായശ്ചിത്തവുംകൂടി അനുഷ്ഠിക്കേണ്ടതായിട്ടുണ്ട്. രാജാവ് വെന്തെരിഞ്ഞ ക്ഷേത്രത്തെ പുതുതായി പണിയിച്ചു. ശിവപൂജയും വഴിപോലെ ചെയ്യിച്ചുകൊണ്ടിരുന്നു.

ഒടുവിൽ അദ്ദേഹത്തിനു മരിക്കാൻ കാലമായി. അദ്ദേഹം ശിവനെ ഭക്തിപൂർവം ആരാധിച്ചു. ദേഹമാകെ ഭസ്മം വാരിപ്പൂശി. ശിവമന്ത്രം ജപിച്ചുകൊണ്ടു കിടന്നു. ആ നിലയിൽ ജീവനും പോയി. ചെന്നതോ, ശിവലോകത്തിലും.

അവിടെ അദ്ദേഹത്തിനു പുതിയൊരു സ്ഥാനലബ്ധി ഉണ്ടായി—ഭൂതഗണങ്ങളുടെ തലവന്മാരിൽ ഒന്ന് എന്ന സ്ഥാനം! ഒന്നു പ്രത്യേകമായിരുന്നു പുതിയ തലവന്റെ രൂപം. തലയ്ക്കു പകരം അഗ്നി! പേര് അഗ്നിമുഖൻ എന്നുമായി.

(പദ്മപുരാണം പാതാളഖണ്ഡം)

ഇന്ദ്രദ്യുമ്നൻ

പുണ്യശാലിയായ രാജാവായിരുന്നു ഇന്ദ്രദ്യുമ്നൻ. അദ്ദേഹം സ്ഥിരമായി വ്രതങ്ങൾ നോറ്റിരുന്നു. അതേസമയം പ്രജകളെക്കൊണ്ടും അപ്രകാരം ചെയ്യിക്കുകയുണ്ടായി. യാഗങ്ങൾ, ദാനങ്ങൾ, പൂജകൾ — അവയ്ക്കോ, കൈയും കണക്കുമില്ലതാനും. തക്കതായ പ്രതിഫലവും ലഭിച്ചു. അദ്ദേഹം ഉടലോടെ ബ്രഹ്മലോകത്തു ചെന്നെത്തി.

എത്രകാലമാണ് ഇന്ദ്രദ്യുമ്നൻ ബ്രഹ്മലോകത്തു കഴിഞ്ഞുകൂടിയതെന്നോ? നൂറു കല്പം!

കല്പം എന്നത് ഒരു കാലയളവാണ്.

കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം അങ്ങനെ നാലു യുഗങ്ങളുണ്ട്. നാലു യുഗങ്ങളും ചേർന്നാൽ മഹായുഗം. രണ്ടായിരം മഹായുഗങ്ങൾ ചേർന്നാൽ ഒരു കല്പം. നൂറു കല്പമാവുമ്പോൾ എത്ര ദീർഘമാണു കാലം!

നൂറു കല്പവും കഴിഞ്ഞപ്പോൾ ബ്രഹ്മാവ് രാജാവിനെ അരികിൽ വിളിച്ചു.

'ഇന്ദ്രദ്യുമ്നാ, നീ ഇവിടെ താമസിച്ചതുമതി. ഇനി ഭൂമിയിലേക്കു മടങ്ങിപ്പൊയ്ക്കൊള്ളൂ.' ബ്രഹ്മാവ് ആജ്ഞാപിച്ചു.

അത് ഇന്ദ്രദ്യുമ്നൻ തീരെ പ്രതീക്ഷിച്ചിരുന്നതല്ല.

'ഭഗവാൻ, ഞാൻ ധാരാളം പുണ്യം നേടിയിട്ടുണ്ട്. എന്നിട്ടും എന്തിനാണ് എന്നെ ഇവിടന്നു പറഞ്ഞയയ്ക്കുന്നത്?' രാജാവു ചോദിച്ചു.

'നിനക്കു പുണ്യം ഉള്ളതുകൊണ്ടു മാത്രമായില്ല. നിന്റെ കീർത്തി മൂന്നു ലോകങ്ങളിൽ വ്യാപിക്കയും വേണം. ഇന്നത്തെ സ്ഥിതി എന്താണ്? ഭൂമി

യിൽ ഒരാൾക്കും നിന്റെ പേരുപോലും അറിഞ്ഞുകൂടാ. നീ അവിടെച്ചെന്നു പുതിയതായ കീർത്തി വ്യാപിപ്പിക്കു. അതിനുശേഷം നിനക്ക് ഇങ്ങോട്ടു വരാം.' ബ്രഹ്മാവ് അരുളിച്ചെയ്തു.

'എന്റെ പഴയ കീർത്തി അവശേഷിക്കാതിരിക്കാൻ എന്താണു കാരണം?' ഇന്ദ്രദ്യുമ്നൻ സംശയം ചോദിച്ചു.

'മറ്റൊന്നുമല്ല, കാലംതന്നെ. ലോകങ്ങളെ നശിപ്പിക്കുന്ന ശക്തി കാലത്തിനുണ്ട്. എനിക്കുപോലും കാലത്തിനു മുമ്പിൽ തല കുനിക്കേണ്ടതായി വരുന്നു. നിന്റെ കീർത്തിക്ഷയം വരുത്തിവെച്ചതും കാലമാണ്. ബ്രഹ്മാവ് പറഞ്ഞുനിർത്തി.

ബ്രഹ്മലോകം ഉപേക്ഷിക്കാതെ ഗത്യന്തരമുണ്ടായില്ല ഇന്ദ്രദ്യുമ്നന്. അദ്ദേഹം അവിടെനിന്നു ഭൂമിയിൽ എത്തിച്ചേർന്നു. തന്റെ കീർത്തി ഇപ്പോഴും ഭൂമിയിലുണ്ടോ ഇല്ലയോ? ആദ്യം അതൊന്നു നേരിട്ടു പരീക്ഷിക്കണം. രാജാവ് പല മനുഷ്യരെയും കണ്ട് അന്വേഷണം നടത്തി, ഇന്ദ്രദ്യുമ്നൻ എന്ന രാജാവിനെക്കുറിച്ച് എന്തറിയാം എന്ന്.

'ഇന്ദ്രദ്യുമ്നനോ? ആരാണ് ആ ആൾ? അങ്ങനെ ഒരാളെക്കുറിച്ചു ഞങ്ങൾ കേട്ടിട്ടേയില്ല!' ആ മറുപടിയാണ് അദ്ദേഹത്തിന് എല്ലാവരിൽനിന്നും ലഭിച്ചത്. രാജാവിന്റെ മനസ്സിൽ വിഷാദം നിറഞ്ഞു. തന്നെക്കുറിച്ചു കേട്ടിട്ടുള്ളവർ ആരും ഇപ്പോൾ ഇല്ലെന്നോ? വളരെക്കാലമായി ജീവിച്ചുപോരുന്നവർ ചിലരൊക്കെ ഉണ്ടാവാതിരിക്കില്ല. മാർക്കണ്ഡേയൻ എന്ന മഹർഷിയാണ് ഒരാൾ. മാർക്കണ്ഡേയനോട് അന്വേഷിക്കുന്നതു കൊള്ളാം. ആ അഭിപ്രായം പറഞ്ഞു ചിലരൊക്കെ. എന്നാലിനി ആ മഹർഷിയെ കാണുകതന്നെ. അതിനായി ഇന്ദ്രദ്യുമ്നന്റെ ഒരുക്കം.

നൈമിശത്തിൽ പാർക്കുകയാണ് മാർക്കണ്ഡേയൻ. രാജാവ് അവിടേക്കു ചെന്ന് മഹർഷിയെക്കണ്ടു. അദ്ദേഹത്തെ ആദരപൂർവം വന്ദിക്കുകയും ചെയ്തു.

'മഹർഷേ, എനിക്ക് അങ്ങയിൽനിന്നും ഒരു വസ്തുത അറിയാൻ ആഗ്രഹമുണ്ട്. എത്രയോ കാലമായി അങ്ങ് ജീവിച്ചുവരികയാണല്ലോ. അങ്ങ് പണ്ടെങ്ങാനും ഇന്ദ്രദ്യുമ്നനെക്കുറിച്ചു കേട്ടിട്ടുണ്ടോ?' രാജാവ് ആരാഞ്ഞു.

'ഞാൻ ഏഴു കല്പങ്ങളായി ജീവിച്ചുപോരുന്നു. ഏഴു കല്പങ്ങൾക്കിടയിൽ ഇന്ദ്രദ്യുമ്നനെക്കുറിച്ചു കേട്ടിട്ടില്ല.' മാർക്കണ്ഡേയൻ അറിയിച്ചു.

ഇന്ദ്രദ്യുമ്നന്റെ ആശ അതോടെ കെട്ടടങ്ങി. തന്റെ കീർത്തി ലവലേശം അവശേഷിച്ചിട്ടില്ല. ഇനി ജീവിതം നയിച്ചിട്ടു കാര്യമൊന്നുമില്ല. അഗ്നിയിൽ ചാടി മരിക്കുകതന്നെ. അതിനായി രാജാവിന്റെ സംരംഭം.

മാർക്കണ്ഡേയനു ദയവുതോന്നി

'നിങ്ങൾ ഈ സാഹസത്തിൽനിന്നു പിന്മാറുക. എന്നെക്കാൾ വയസ്സായ ഒരു ബകമുണ്ട്. ഹിമാലയത്തിലാണ് ആ ബകം പാർക്കുന്നത്. പേര് നാഡീജംഘൻ എന്നാണ്. വരൂ, നമുക്ക് നാഡീജംഘനെ ചെന്നു കാണാം.' മഹർഷി പറഞ്ഞു.

ബകം എന്നാൽ, കൊറ്റിപ്പക്ഷി എന്നർത്ഥം. അദ്ദേഹത്തിന്റെ അടുക്കലെത്തി മാർക്കണ്ഡേയനും ഇന്ദ്രദ്യുമ്നനും. നാഡീജംഘൻ ഇരുവരെയും സാദരം സത്കരിച്ചിരുത്തി.

'മഹർഷേ, എത്രയോ കാലമായി അങ്ങയെ ഒന്നു കണ്ടിട്ട്! എനിക്ക് അളവില്ലാത്ത സന്തോഷം തോന്നുന്നു.' വൃദ്ധനായ ആ ബകം പറഞ്ഞു.

അവർ കുറെനേരം കുശലപ്രശ്നം ചെയ്തു.

അതിനുശേഷം മാർക്കണ്ഡേയൻ വന്ന കാര്യം എടുത്തിട്ടു.

'നാഡീജംഘാ, ഒരു പക്ഷേ അങ്ങ് ഇന്ദ്രദ്യുമ്നനെക്കുറിച്ചു കേട്ടിട്ടുണ്ടാവും, ഇല്ലേ?' മഹർഷി ചോദിച്ചു.

ബകം തെല്ലുനേരം ആലോചിച്ചിരുന്നു.

'മഹർഷേ, ഞാൻ പതിന്നാലു കല്പമായി ജീവിക്കുന്നവനാണ്. ഇത്രയും കാലമായി ഞാൻ അങ്ങനെ ഒരാളെക്കുറിച്ചു കേട്ടിട്ടില്ല.' നാഡീജംഘൻ അറിയിച്ചു.

അതുകേട്ടപ്പോൾ ഇന്ദ്രദ്യുമ്നന്റെ വിഷാദം വർദ്ധിച്ചതേയുള്ളു. അതേസമയം ഒരു ജിജ്ഞാസയും ഉണ്ടാവാതിരുന്നില്ല — നാഡീജംഘന്റെ പൂർവവൃത്താന്തം അറിഞ്ഞാൽ നന്നായിരുന്നു!

നാഡീജംഘൻ ആത്മകഥ പറഞ്ഞു.

കഴിഞ്ഞ ജന്മത്തിൽ ഒരു മുനിയുടെ പുത്രനായിരുന്നു നാഡീജംഘൻ. അച്ഛനായ മുനി കുട്ടിയെ ലാളിച്ചു വളർത്തി. അദ്ദേഹം നേരമ്പോക്കിനായി മകനെ 'ബകാ!' എന്നാണു വിളിക്കാറ്. ബാലൻ മഹാ കുസൃതിയായിരുന്നു. അവൻ കാണിച്ച കുസൃതികൾക്കു കണക്കില്ല. എങ്കിലും മുനി അവനെ ശാസിക്കാറില്ല.

ഒരു ദിവസം ബാലൻ എന്തു കുസൃതിയാണ് കാട്ടിയതെന്നോ? അച്ഛൻ ദിവസേന പൂജിക്കാറുള്ള ശിവലിംഗത്തെ എടുത്തു. ആരും അറിയാതിരിക്കാൻ അവൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇനി ശിവലിംഗത്തെ ഒളിച്ചുവെക്കണം. എവിടെയാണ് അവൻ ഒളിച്ചുവെക്കാനുള്ള സ്ഥലം കണ്ടത്? നെയ്യ് നിറച്ച ഒരു കുടത്തിൽ!

മുനി പതിവുപോലെ ശിവലിംഗത്തെ പൂജിക്കാൻ ചെന്നു. ശിവലിംഗം വെച്ചിരുന്ന സ്ഥലത്തു ശിവലംഗമില്ല! അത് എവിടെപ്പോയി?

അദ്ദേഹം മകനെ വിളിച്ചു.

'ബകാ, നീ ശിവലിംഗം ഒളിച്ചുവെച്ചതാണ് ഇല്ലേ? ആട്ടെ, എന്റെ പൂജയ്ക്കുള്ള സമയം തെറ്റുകയാണ്. ഞാൻ നിനക്ക് ഇഷ്ടംപോലെ പലഹാരം തരാം. പോയി ശിവലിംഗം എടുത്തുകൊണ്ടുവരൂ.' അദ്ദേഹം ധൃതികൂട്ടി.

ബാലൻ നെയ്ക്കുടത്തിൽനിന്ന് ശിവലിംഗം എടുത്ത് അച്ഛനു കൊടുത്തു.

മകരമാസത്തിലെ സംക്രമം ആയിരുന്നു അന്നേദിവസം. അതൊരു പുണ്യദിവസമാണ്. പോരെങ്കിലോ? ശിവലിംഗം ഇട്ടിരുന്നത് നെയ്ക്കുടത്തിലുമാണ്. ബകൻ അറിയാതെ ചെയ്തുപോയതായിരിക്കാം. എങ്കിലും നടന്നതു നെയ്യഭിഷേകമായിരുന്നു. പുണ്യകർമ്മമാണ് ശിവലിംഗത്തിനു നെയ്യഭിഷേകം. തത്കാലം അതിനുള്ള പ്രതിഫലം ലഭിച്ചില്ല, ശരിയാണ്. എങ്കിലും അടുത്ത ജന്മത്തിൽ പ്രയോജനം ഉണ്ടാവുകതന്നെ ചെയ്തു. രാജാവായിരുന്നു ബകന്റെ അടുത്ത ജന്മം!

രാജാവിനു പൂർവജന്മത്തിലെ വാസന ഉണ്ടായിരുന്നു. അക്കാരണത്താൽ അദ്ദേഹം ബാല്യത്തിലേ ശിവഭക്തനായി. മകരസംക്രമത്തിൽ ശിവലിംഗത്തിനു നെയ്യഭിഷേകവും ചെയ്തുവന്നു. ആ പതിവ് ഒരു പ്രാവശ്യം

പോലും മുടക്കിയുമില്ല. ശിവപൂജയിൽ മുഴുകിയതായിരുന്നു രാജാവിന്റെ ജീവിതം.

ഒരു നാൾ ശിവൻ ദർശനമരുളി. വരം ചോദിക്കാൻ ഭഗവാൻ ആവശ്യപ്പെട്ടു. രാജാവു ചോദിച്ച വരം ഇതായിരുന്നു—തനിക്ക് ശിവന്റെ ഗണാധിപരിൽ ഒന്നാവണം.

അങ്ങനെ രാജാവു ഗണാധിപനായി. അതോടുകൂടി ചില ദിവ്യശക്തികളും ഉണ്ടായി. എവിടെ വേണമെങ്കിലും സഞ്ചരിക്കാം. ആരെയും ഭയപ്പെടേണ്ടതായിട്ടില്ല. ബലത്തിനാണെങ്കിൽ അളവില്ലതാനും.

കാലം കഴിഞ്ഞതോടെ ഗണാധിപന് അഹന്തയുണ്ടായി. നാൾതോറും അഹന്ത വർദ്ധിച്ചുവന്നു. അതോടുകൂടി ഈശ്വരസ്മരണയ്ക്ക് അയവും ഉണ്ടായി.

ഒരിക്കൽ ഗണാധിപൻ ഹിമാലയത്തിലേക്കു ചെന്നു. അവിടെ ഒരിടത്തു തപസ്സു ചെയ്യുകയാണ് ഗാലവൻ എന്ന മഹർഷി. ഗാലവനോടൊന്നിച്ചു പത്നിയുമുണ്ട്. ഭർത്താവിനെ പരിചരിച്ചു കഴിയുകയാണ് ആ പതിവ്രത. ഗണാധിപൻ അവരെ കാണാനിടയായി. മഹർഷി പത്നിയുടെ സൗന്ദര്യം ഗണാധിപനെ ആകർഷിച്ചു. അപ്പോൾ ഒരു ദുഷ്ടവിചാരവും ഉണ്ടായി—ആ സ്ത്രീയെ തന്റെ ഭാര്യയാക്കണം! ബലം പ്രയോഗിച്ചു മഹർഷിപത്നിയെ പിടിച്ചുകൊണ്ടു പോയാലോ? മഹർഷി കോപിച്ചു ശാപമേകും എന്നു തീർച്ചയാണ്. ചതി പ്രയോഗിച്ചാലേ കാര്യം സാധിക്കുകയുള്ളു. ഗണാധിപൻ ഒരു വൻചതിക്കുതന്നെ മുതിർന്നു. ഒരു വിദ്യാർത്ഥിയുടെ വേഷത്തിൽ ഗാലവന്റെ മുമ്പിലെത്തി.

'മഹർഷേ, ഞാൻ അജ്ഞനായ ഒരു വിദ്യാർത്ഥിയാണ്. അവിടുന്ന് എന്നെ ശിഷ്യനായി സ്വീകരിക്കണം. എനിക്കു ജ്ഞാനം നല്കുകയും വേണം.' ആ ദുർബുദ്ധി അപേക്ഷിച്ചു.

ശുദ്ധഗതിക്കാരനായ ഗാലവൻ വഞ്ചിതനായി, അദ്ദേഹം ഗണാധിപനെ ശിഷ്യനായി അംഗീകരിച്ചു. മഹർഷിക്കും മഹർഷിപത്നിക്കും തന്നിൽ വിശ്വാസം വളർത്തണം —അതിനായി തീവ്രമായ ശ്രമം നടത്തിയിരുന്നു ഗണാധിപൻ. ആ കുടിലൻ ആശ്രമത്തിൽത്തന്നെയാണ് താമസിക്കുന്നത്.

ഒരു രാത്രിയിൽ ഗണാധിപൻ ആ ഹീനകൃത്യം ചെയ്തു. മഹർഷിപത്നിയെ പിടിച്ചു വലിച്ചിഴച്ച് ഓടിത്തുടങ്ങി. മഹർഷിപത്നി പേടിച്ച് ഉച്ചത്തിൽ നിലവിളിച്ചു. മഹർഷി നിലവിളികേട്ട് ഉണർന്നെഴുന്നേറ്റു. അദ്ദേഹം അപരാധിയുടെ നേർക്കു തീക്ഷ്ണമായി ഒന്നു നോക്കി. ഗണാധിപന്റെ ഗതി തത്ക്ഷണം നിലയ്ക്കുകയായി. അവൻ സ്തംഭിച്ചു നിന്നുപോയി.

'എടാ, ദ്രോഹീ, നിന്റെ പാപത്തിന്റെ ഫലം നീ അനുഭവിച്ചേ മതിയാവൂ. നീ ഒരു ബകമായിപ്പോകട്ടെ!' മഹർഷി ശാപമേകി.

ശാപമേറ്റ അവൻ ശാപമോക്ഷം യാചിച്ചു.

'ശരി. ഇനിയൊരിക്കൽ ഒരു കാലം വന്നുചേരും. ഇന്ദ്രദ്യുമ്നന്റെ കീർത്തി തീരെ ഇല്ലാതെയാവുന്ന കാലം. അന്ന് ഇന്ദ്രദ്യുമ്നന് വീണ്ടും കീർത്തിയുണ്ടാവാൻ നീ സഹായിക്കും. അതിനുശേഷം നിന്റെ ശാപം തീരുകയും ചെയ്യും.' ഗാലവൻ പറഞ്ഞു.

ശാപം ഉടൻതന്നെ ഫലിക്കുമാറായി. ഗണാധിപൻ ബകമായി. ഹിമാലയത്തിൽ പാർപ്പുമായി.

ഇതാണ് നാഡീജംഘൻ പറഞ്ഞ ആത്മകഥ.

കഥകേട്ടു കഴിഞ്ഞപ്പോഴോ? ഇന്ദ്രദ്യുമ്നന്റെ ജിജ്ഞാസയ്ക്കു ശമനമുണ്ടായി. അതേസമയം വിഷാദം പൂർവാധികം വർദ്ധിക്കുകയും ചെയ്തു. രാജാവ് അപ്പോഴും അഗ്നിയിൽ ദേഹം ത്യജിക്കാൻ ഒരുക്കമായി.

ദയാലുവായ മാർക്കണ്ഡേയന് അതിയായ കുണ്ഠിതമുണ്ടായി.

'നാഡീജംഘാ, ഇന്ദ്രദ്യുമ്നനെ സഹായിക്കാൻ എനിക്കു സാധിച്ചില്ല. ആ നിലയ്ക്ക് എന്റെ ജീവിതത്തിന് എന്തു പ്രയോജനം? രാജാവിനോടു കൂടി ഞാനും ജീവത്യാഗം ചെയ്യും.' മഹർഷി നിശ്ചയം അറിയിച്ചു.

എന്തൊരു ദുസ്ഥിതിയാണിത്? മഹർഷി ഒരുവിധത്തിലും മരിച്ചുകൂടാ. നാഡീജംഘന് അതു നിർബന്ധമാണ്.

'മഹർഷേ, നമുക്കു മറ്റൊരു വഴി നോക്കാം. കൈലാസത്തിൽ ഒരു ഉലൂകം പാർക്കുന്നുണ്ട്. പ്രാകാരകർണൻ എന്നാണ് ആ ഉലൂകത്തിന്റെ പേര്. എന്നെക്കാൾ എത്രയോ കൂടുതൽ പ്രായക്കൂടുതലുണ്ട് പ്രാകാരകർണന്. അദ്ദേഹം ഇന്ദ്രദ്യുമ്നനെക്കുറിച്ചു കേട്ടുകാണുമോ? നമുക്കൊന്നു പരീക്ഷിച്ചുനോക്കാം.' നാഡീജംഘൻ പറഞ്ഞു.

മാർക്കണ്ഡേയൻ, ഇന്ദ്രദ്യുമ്നൻ, നാഡീജംഘൻ—മൂന്നുപേരും ഒന്നിച്ചു കൈലാസത്തിലേക്കു പോയി.

പ്രാകാരകർണനെ കണ്ടെത്താൻ അവർക്കു വളരെയൊന്നും ബുദ്ധിമുട്ടേണ്ടതായിവന്നില്ല. ഉലൂകം എന്നാൽ, കൂമൻ, അല്ലെങ്കിൽ മൂങ്ങ എന്നർത്ഥം. വൃദ്ധനെങ്കിലും ആരോഗ്യവാനാണ് അദ്ദേഹം.

'അങ്ങ് ഇന്ദ്രദ്യുമ്നൻ എന്നൊരു രാജാവിനെക്കുറിച്ചു കേട്ടിട്ടുണ്ടോ?' നാഡീജംഘൻ അന്വേഷിച്ചു.

'സ്നേഹിതാ, ഞാൻ ഇരുപത്തെട്ടു കല്പമായി ജീവിച്ചു വരികയാണ്. അങ്ങനെ ഒരാളെക്കുറിച്ചു ഞാൻ ഇത്രയും കാലത്തിനിടയിൽ കേട്ടിട്ടില്ല.' പ്രാകാരകർണൻ പറഞ്ഞു.

ഇന്ദ്രദ്യുമ്നന്റെ ദുഃഖം ഇരട്ടിയായി.

അദ്ദേഹം വളരെ പണിപ്പെട്ടു ദുഃഖത്തെ അമർത്തിവെച്ചു.

'പ്രാകാരകർണാ, എനിക്ക് അങ്ങയുടെ പൂർവവൃത്താന്തം അറിയുവാൻ ആഗ്രഹമുണ്ട്.' രാജാവു പറഞ്ഞു.

കൂമൻ തന്റെ വൃത്താന്തം അറിയിച്ചു.

കഴിഞ്ഞ ജന്മത്തിൽ ഖണ്ഡൻ എന്ന ബ്രാഹ്മണനായിരുന്നു അദ്ദേഹം. ആദ്യംമുതല്ക്കേ ശിവഭക്തിയാൽ അനുഗൃഹീതൻ ആയിരുന്നു ഖണ്ഡൻ. അയാൾ കാശിയിൽ ചെന്നു ശിവപൂജ ചെയ്തു. അതിനുശേഷം അർച്ചനകൾ നടത്തി. വില്വപുഷ്പം കൊണ്ടായിരുന്നു അർച്ചന. ശിവപൂജയ്ക്ക് ഏറ്റവും വിശിഷ്ടമാണ് വില്വപുഷ്പം. ഖണ്ഡൻ ഒരിക്കലും ശിവപൂജ മുടക്കിയില്ല.

കുറെക്കാലം അങ്ങനെ കഴിഞ്ഞു. അപ്പോഴേക്കും ശിവൻ പ്രത്യക്ഷനായി. വരം ചോദിക്കാൻ ആവശ്യപ്പെട്ടു ഭഗവാൻ. തനിക്കു മരണം വരാതിരിക്കണം— അതാണ് ഖണ്ഡൻ ചോദിച്ച വരം. ശിവൻ ആ വരം നൽകുകതന്നെ ചെയ്തു. അങ്ങനെ ഖണ്ഡൻ അമരനായി.

കാലക്രമത്തിൽ ഖണ്ഡന് അമരത്വത്തിൽ ഗർവമുണ്ടായി. ഗർവത്തോടുകൂടി ഒരു ആഗ്രഹവും പ്രബലമായി — തനിക്കിനി വിവാഹം കഴിക്കണം!

ഒരു സുന്ദരിയിൽ കണ്ണുവെച്ചിരുന്നു ഖണ്ഡൻ. സുദർശനൻ എന്ന ബ്രാഹ്മണന്റെ പുത്രിയാണ് അവൾ. സൗന്ദര്യം മാത്രമല്ല, സൗശീല്യവും ഉണ്ടായിരുന്നു അവൾക്ക്. ഖണ്ഡൻ സുദർശനനെ കണ്ട് തന്റെ ആഗ്രഹം അറിയിച്ചു. സുദർശനനു വിരോധമൊന്നും ഉണ്ടായിരുന്നില്ല. മാത്രമല്ല, അയാൾക്കു വാക്കു കൊടുക്കുകയും ചെയ്തു. പക്ഷേ, അയാളുടെ മകൾക്ക് ഖണ്ഡനെ ഒട്ടും ഇഷ്ടപ്പെട്ടില്ല. അവൾ അമ്മയുടെ സഹായം അഭ്യർത്ഥിച്ചു.

'അമ്മേ, ഈ ഖണ്ഡനെ എനിക്കു വേണ്ട. അയാളുമായി വിവാഹംനടത്തിയാലോ? ഞാൻ തീർച്ചയായും പ്രാണൻ കളയും.' അവൾ പറഞ്ഞു.

സുദർശനൻ വല്ലാത്ത വിഷമത്തിലായി. വാഗ്ദാനം പാലിക്കാതിരുന്നാൽ ദുഷ്കീർത്തി വന്നുചേരും. ആലോചിച്ചപ്പോൾ ഒരു മറുവശം ഉണ്ടെന്നു തോന്നി. ഒരു കന്യക ഇഷ്ടമില്ലാത്തവനെ വേളികഴിച്ചാലോ? അവളുടെ അവസ്ഥ ഏറ്റവും ദയനീയമാകും.

ഒടുവിൽ ഒരു വഴി കിട്ടി.

'ഖണ്ഡനെക്കാൾ യോഗ്യനായ ഒരുവൻ വന്നെന്നിരിക്കട്ടെ. നമ്മുടെ മകളെ അയാൾക്കു കൊടുക്കാം. അതിൽ പാപമൊന്നുമില്ല.' സുദർശനൻ ഭാര്യയോടു പറഞ്ഞു.

താമസിയാതെ ഒരു വർത്തമാനം ഖണ്ഡന്റെ ചെവിയിലെത്തി — സുദർശനൻ മകളെ മറ്റൊരു വരനു നല്കാൻ നിശ്ചയിച്ചിരിക്കുന്നു! അക്കാര്യം ഖണ്ഡന്റെ കൂട്ടുകാർക്കും അറിവായി. അവരെല്ലാംകൂടി ഖണ്ഡനെ കളിയാക്കി. ഖണ്ഡനു നിരാശ മാത്രമല്ല അപമാനബോധവും ഉണ്ടായി. അയാൾ രാത്രിയിൽ ഒളിച്ചുചെന്നു കന്യകയുടെ മുറിയിൽ കയറി. അവളെ അപഹരിച്ചുകൊണ്ടു പോവുകയും ചെയ്തു.

ആത്മശക്തി ഉള്ളയാളാണ് സുദർശനൻ. അദ്ദേഹം രാവിലെ ഒരു കാര്യം അറിഞ്ഞു — തന്റെ മകളെ ഖണ്ഡൻ കട്ടുകൊണ്ടുപോയിരിക്കുന്നു. കോപാകുലനായി അദ്ദേഹം ഖണ്ഡന്റെ മുമ്പിലെത്തി.

'എടാ മഹാപാപീ, 'ഞാനിതാ നിന്നെ ശപിക്കുന്നു. നീ നിശാചരനാവട്ടെ!' അദ്ദേഹം പറഞ്ഞു.

ഖണ്ഡൻ ശാപമോക്ഷം യാചിച്ചു.

സുദർശനൻ ഒരു മാർഗം കണ്ടെത്തി. നിശാചരനാവട്ടെ എന്നായിരുന്നല്ലോ ശാപം. രാക്ഷസൻ എന്നാണ് നിശാചരൻ എന്ന വാക്കിന്റെ സാധാരണ അർത്ഥം. എങ്കിലും നിശയിൽ, അതായത്, രാത്രിയിൽ ചരിക്കുന്നവൻ എന്നും അർത്ഥം കല്പിക്കാം. കുമനും നിശാചരനാണത്രേ.

'വേണ്ട, നീ രാക്ഷസനാവില്ല. പകരം കുമനായിത്തീരും. ഒരിക്കൽ നീ ഇന്ദ്രദ്യുമ്നന്റെ സഹായത്തിനെത്തും. അപ്പോൾ നിനക്കു ശാപമോക്ഷം സംഭവിക്കും.' സുദർശനൻ പറഞ്ഞു.

ഇതായിരുന്നു പ്രാകാരകർണന്റെ പൂർവവൃത്താന്തം. പ്രാകാരകർണൻ തന്നെ ഇന്ദ്രദ്യുമ്നനെ കേൾപ്പിച്ചതുമാണ്. കഥ തീർന്നപ്പോൾ രാജാവിന്റെ വിഷാദം പൂർവസ്ഥിതിയിൽ തിരിച്ചെത്തി. നാഡീജംഘന്റെ ദുഃഖവും അത്യധികമായിരുന്നു. രാജാവിനോടും മാർക്കണ്ഡേയനോടും കൂടി താനും അഗ്നിപ്രവേശം ചെയ്യും - ആ നിശ്ചയം എടുത്തിരുന്നു നാഡീജംഘൻ.

ബകം കുമന്റെ നേർക്കു തിരിഞ്ഞു.

'സ്നേഹിതാ, സഹായം അപേക്ഷിച്ചയാളെ സഹായിക്കാൻ ശക്തിയില്ലാത്തവനാകുക— എത്ര കഷ്ടമാണിത്. ഇനി ഞാൻ മരിക്കുന്നതാണു നന്ന്. അങ്ങ് ഇനിയും ദീർഘകാലം ജീവിച്ചിരിക്കാൻ ഇടവരട്ടെ!' 'ഞാനിതാ അങ്ങയോട് അവസാനമായി യാത്രചോദിക്കുന്നു.' നാഡീജംഘൻ ഗദ്ഗദത്തോടെ പറഞ്ഞു.

പ്രാകാരകർണന് അതു സമ്മതമായില്ല.

'നാഡീജംഘാ, ഞാൻ ജീവിച്ചിരിക്കെ അങ്ങ് മരിച്ചുകൂടാ. എനിക്ക് ഒരു വഴിതോന്നുന്നു. ഗന്ധമാദനത്തിൽ ഒരു കഴുകൻ പാർത്തുവരുന്നു. എന്റെ സ്നേഹിതനാണ് അദ്ദേഹം. എന്നെക്കാൾ വളരെ പ്രായക്കൂടുതലുണ്ട്. നമുക്ക് അദ്ദേഹത്തെ ചെന്നുകാണാം, വരൂ.' പ്രാകാരകർണൻ പറഞ്ഞു.

ഇന്ദ്രദ്യുമ്നൻ, മാർക്കണ്ഡേയൻ, നാഡീജംഘൻ, പ്രാകാരകർണൻ— നാലുപേരും ഒരുമിച്ച് ഗന്ധമാദനത്തിൽ ചെന്നു കഴുകനെ കണ്ടു.

'പ്രിയ സുഹൃത്തേ, അങ്ങ് ഇന്ദ്രദ്യുമ്നൻ എന്നൊരു രാജാവിനെക്കുറിച്ചു കേട്ടിട്ടുണ്ടോ?' പ്രാകാരകർണൻ അന്വേഷിച്ചു.

പ്രാകാരകർണാ, ഞാൻ അമ്പത്താറു കല്പങ്ങളായി ജീവിക്കുകയാണ്. അതിനിടയ്ക്ക് അങ്ങനെയൊരാളിനെക്കുറിച്ചു കേട്ടിട്ടില്ല.' കഴുകൻ സത്യം അറിയിച്ചു,

ആ വിവരം വന്നവരെ അത്യധികമായി നിരാശപ്പെടുത്തി. ഏറ്റവും കൂടുതൽ നിരാശപ്പെട്ടത് ഇന്ദ്രദ്യുമ്നൻ ആയിരുന്നു. എങ്കിലും ഒരാഗ്രഹം ഉണ്ടായി — കഴുകന്റെ പൂർവജന്മത്തിന്റെ കഥ കേൾക്കണം.

കഴുകൻ അക്കഥ കേൾപ്പിച്ചു.

മുജ്ജന്മത്തിൽ അദ്ദേഹം ഒരു കുരങ്ങനായിരുന്നു. ഒരു കാട്ടിലാണ് ആ കുരങ്ങൻ പാർത്തിരുന്നത്. അതിനടുത്ത് ഒരു ശിവക്ഷേത്രമുണ്ട്. വസന്തകാലത്ത് അനേകം ആളുകൾ ക്ഷേത്രത്തിൽ തൊഴാൻ വരും. ചൈത്രമാസത്തിൽ ദമനകം എന്നൊരു ഉത്സവം ആഘോഷിക്കാറുണ്ട്. ശിവന് ഏറ്റവും പ്രിയമുള്ള ഉത്സവമാണു ദമനകം. ഉത്സവത്തോട് അനുബന്ധിച്ചു പ്രധാനമായ ഒരു ചടങ്ങുണ്ട്. ശിവന്റെയും ശ്രീപാർവതിയുടെയും വിഗ്രഹങ്ങൾ സ്വർണപ്പല്ലക്കിൽ എഴുന്നള്ളിക്കുക — അതാണ് ആ ചടങ്ങ്. അതേസമയം വാദ്യഘോഷങ്ങളും ഉണ്ടായിരിക്കും. ഒരു രാത്രിയിൽ കുരങ്ങൻ ക്ഷേത്രത്തിൽ കടന്നുചെന്നു. ആ സമയത്തു മനുഷ്യരാരും അവിടെ ഉണ്ടായിരുന്നില്ല. സ്വർണ്ണപ്പല്ലക്ക് ഒരിടത്തു വയ്ക്കുകയും ചെയ്തിരുന്നു. കൂസൃതിക്കാരനായ കുരങ്ങൻ സ്വർണപ്പല്ലക്കിൽ കയറി. അതിനകത്ത് ഇരിക്കുകയും ചാടുകയും മറിയുകയും ചെയ്തുതുടങ്ങി. കളിയോടു കളിതന്നെ! സമയം പോകുന്നതൊന്നും കുരങ്ങൻ അറിയുന്നില്ല. നേരം വെളുത്തിട്ടും അവൻ കൂട്ടാക്കിയുമില്ല. ആളുകൾ സ്വർണപ്പല്ലക്കു വന്നുനോക്കിയപ്പോഴോ? അതിനകത്ത് ഒരു കുരങ്ങൻ! ചിലർ കല്ലെടുത്ത് കുരങ്ങനെ എറിഞ്ഞു. മറ്റുചിലർ വടിയെടുത്ത് അവനെ തല്ലി. ഏറുകളും അടികളും ഏറ്റ് കുരങ്ങൻ അവശനായി. അനങ്ങാൻ വയ്യാതെ അവൻ സ്വർണപ്പല്ലക്കിൽ കിടപ്പായി. താമസിയാതെ അവന്റെ ജീവനും പോയി.

ഭഗവാന്റെ വാഹനത്തിലല്ലേ മരണം സംഭവിച്ചത്? അതിനാൽ കുരങ്ങന് അടുത്ത ജന്മത്തിൽ ഒരു നേട്ടമുണ്ടായി. അവൻ ജനിച്ചത് കുശധ്വജൻ എന്ന രാജാവായിട്ടായിരുന്നു. പൂർവജന്മത്തെക്കുറിച്ചുള്ള ഓർമകൾ ഒട്ടും മാഞ്ഞിട്ടുമില്ല. അളവില്ലാത്ത ശിവഭക്തി ഉണ്ടായിരുന്നു കുശധ്വജന്. രാജാവ് ചൈത്ര

മാസത്തിൽ ദമനകം എന്ന ഉത്സവം ആഘോഷിച്ചു. ശിവധ്യാനത്തിൽ വളരെ സമയം ചെലവാക്കുകയും ചെയ്തു. തത്ഫലമായി ശിവൻ പ്രത്യക്ഷപ്പെട്ട് ഒരു വരം നല്കി. വരം അനുസരിച്ച് കുശധ്വജൻ ശിവകിങ്കരനും ആയിത്തീർന്നു.

ക്രമേണ, ആ ശിവകിങ്കരനും അഹങ്കാരമുണ്ടായി. അഹങ്കാരം വിപത്തിൽ കലാശിക്കുകയും ചെയ്തു. ഒരിക്കൽ ആ ജീവി സൈരമായി സഞ്ചരിക്കുകയായിരുന്നു. വിമാനത്തിൽ കയറി ആകാശത്തുടെയാണ് സഞ്ചാരം. താഴോട്ടു നോക്കിയപ്പോൾ ഒരു സരസ്സു കണ്ടു. കുറെ യുവതികൾ സരസ്സിൽ കളിക്കുകയാണ്. ഒരു മുനിപുത്രിയും തോഴിമാരുമാണ് ആ യുവതികൾ. ശിവകിങ്കരൻ അവരെ ശ്രദ്ധിച്ചു നോക്കി. ഏറ്റവും സൗന്ദര്യമുള്ളവൾ മുനിപുത്രിതന്നെ. അവളെ സ്വന്തമാക്കണം എന്നായി ശിവകിങ്കരന്റെ ആഗ്രഹം. പെട്ടെന്നു നിലത്തിറങ്ങി മുനിപുത്രിയെ പിടികൂടി; അവളെ വിമാനത്തിൽ കയറ്റി വിമാനം പറപ്പിച്ചുപോയി. മുനിപുത്രിയുടെ തോഴിമാർ എന്തു ചെയ്തു? ഓടിച്ചെന്നു മുനിയെ വിവരം ധരിപ്പിച്ചു. ദിവ്യശക്തിയുള്ള മുനി ആകാശത്തിൽ ഉയർന്നുപോയി. പറന്നുപോകുന്ന വിമാനത്തിന്റെ മുമ്പിലെത്തി, ശിവകിങ്കരനെ നേരിട്ടു.

'എടാ, നീ എന്റെ മകളെ കൊണ്ടുപോകുന്നു — കഴുകൻ മാംസത്തെ എന്നപോലെ! ശരി. നീ ഒരു കഴുകനായിപ്പോകട്ടെ!' മുനി ക്രുദ്ധനായി ശാപമേകി.

ശാപത്തിനുശേഷം ശാപമോക്ഷം ഉണ്ടായി.

'ഇന്ദ്രദ്യുമ്നനെ സഹായിക്കുമ്പോൾ നിന്റെ ശാപം തീരും!' അതായിരുന്നു ശാപമോക്ഷം.

ഇത്രയും ആയിരുന്നു കഴുകന്റെ പൂർവവൃത്താന്തം.

കഥകേട്ടിരുന്നവർ വീണ്ടും ദുഃഖം കലർന്നു. ഇന്ദ്രദ്യുമ്നൻ തീയിൽ ചാടി ജീവൻ കളയാൻ ഒരുങ്ങി —മാത്രമല്ല, മാർക്കണ്ഡേയൻ, നാഡീജംഘൻ, പ്രാകാരകർണൻ എന്നിവരും.

'നിങ്ങൾ മരിക്കുകയൊന്നും വേണ്ട. എന്റെ സ്നേഹിതനായി ഒരു കൂർമമുണ്ട്. മാനസസരസ്സിലാണ് ആ കൂർമം താമസിക്കുന്നത്. അദ്ദേഹത്തിന് എന്നെക്കാൾ എത്രയോ കൂടുതൽ പ്രായമുണ്ട്. നമുക്ക് അദ്ദേഹത്തെ ചെന്നു കാണാം.' കഴുകൻ പറഞ്ഞു.

ഇന്ദ്രദ്യുമ്നൻ, മാർക്കണ്ഡേയൻ, നാഡീജംഘൻ, പ്രാകാരകർണൻ, കഴുകൻ — അഞ്ചുപേരും ഒന്നിച്ചു മാനസസരസ്സിൽ ചെന്നെത്തി.

കൂർമം എന്നാൽ, ആമ എന്നാണ് അർത്ഥം. ആ സമയം ആ ആമ വെള്ളത്തിൽ പൊങ്ങിക്കിടക്കുകയായിരുന്നു. കുറെപ്പേർ അങ്ങോട്ടേക്കു വരുന്നതു കണ്ടപ്പോഴോ? ആമ പെട്ടെന്നു വെള്ളത്തിനടിയിൽ താഴ്ന്നുകളഞ്ഞു. വരുന്നവരെ അദ്ദേഹം തിരിച്ചറിഞ്ഞില്ല.

കഴുകൻ ആമയെ സംബോധന ചെയ്തു.

'സ്നേഹിതാ, വളരെ വിഷമിച്ചാണ് ഞാൻ അങ്ങയെ കാണാൻ വന്നിരിക്കുന്നത്. എന്നിട്ടാണോ അങ്ങു കേറി ഒളിച്ചിരിക്കുന്നത്? അങ്ങ് അതിഥി മര്യാദ മറന്നുകളഞ്ഞോ?' കഴുകൻ ചോദിച്ചു.

അപ്പോഴാണ് ആമ സ്നേഹിതനെ തിരിച്ചറിഞ്ഞത്. അദ്ദേഹം മുകളിലേക്കു പൊങ്ങി കഴുകനെ സ്വാഗതം ചെയ്തു. മാത്രമല്ല, കഴുകനോടൊന്നിച്ചു വന്നവരേയും.

'അതിഥിമര്യാദയൊന്നും എനിക്കു പറഞ്ഞുതരണ്ട, കേട്ടോ? ഞാൻ മണ്ടിക്കളഞ്ഞതു പേടികൊണ്ടാണ്. ഏതോ ശത്രുക്കൾ വരുന്നു എന്നു കരുതി. ഇപ്പോഴല്ലേ നിങ്ങളെ മനസ്സിലായത്!' ആമ പ്രസന്നനായി പറഞ്ഞു.

കഴുകൻ ഇന്ദ്രദ്യുമ്നനെയും മറ്റുള്ളവരെയും ആമയ്ക്കു പരിചയപ്പെടുത്തി. എന്നിട്ടു വന്നകാര്യം അറിയിച്ചു.

'സുഹൃത്തേ, നിങ്ങളെക്കാൾ എത്രയോ കൂടുതൽ കല്പം ഞാൻ ജീവിച്ചുതീർത്തിരിക്കുന്നു. ഈ ഇന്ദ്രദ്യുമ്നരാജാവില്ലേ? അദ്ദേഹം ഒരിക്കൽ ഒരു യാഗംചെയ്തു. യാഗാഗ്നി തട്ടി എന്റെ ദേഹം പൊള്ളിപ്പോയി. പൊള്ളലിന്റെ പാട് ഇതാ, ഇപ്പോഴും മാറിയിട്ടില്ല. എന്നെ തീയിലിട്ടു ചുടാനാണോ ഇപ്പോൾ ഇദ്ദേഹം വന്നത്? ആ ഭയവും എനിക്കില്ലാതില്ല.' ആമ പറഞ്ഞു.

ഹാവു, ആശ്വാസമായി! ഇന്ദ്രദ്യുമ്നനെ നേരിട്ടറിഞ്ഞ ഒരു വ്യക്തിയെ ഇതാ കണ്ടുകിട്ടി! അതിൽനിന്ന് ഒന്നു തെളിയുകയും ചെയ്തിരിക്കുന്നു. ആ രാജാവിന്റെ കീർത്തി ഇപ്പോഴും ശേഷിക്കുന്നു — അല്പമായിട്ടെങ്കിലും! ഇന്ദ്രദ്യുമ്നന് അതിരറ്റ സന്തോഷമുണ്ടായി. മാത്രമല്ല, അദ്ദേഹത്തെ അനുഗമിച്ച മറ്റെല്ലാവർക്കും.

പൊന്മയമായ വിമാനം ഭൂമിയിൽ വന്നിറങ്ങി.

വിമാനത്തിൽനിന്ന് ഒരു ദേവദൂതൻ പുറത്തുവന്നു.

'രാജാവേ, ബ്രഹ്മാവ് എന്നെ പറഞ്ഞയച്ചതാണ്. അങ്ങേക്ക് ഇനി ബ്രഹ്മലോകത്തുചെന്നു ജീവിക്കാം. വരൂ, വിമാനത്തിൽ കയറൂ.' ദേവദൂതൻ ക്ഷണിച്ചു.

ഇന്ദ്രദ്യുമ്നന്റെ നിസ്വാർത്ഥത അപ്പോൾ തെളിഞ്ഞുവന്നു.

'ഈ നിൽക്കുന്നവർ എന്റെ സുഹൃത്തുക്കളാണ്. അങ്ങ് അവരേയും കൂടി കൊണ്ടുപോകണം. അതു സാധിക്കാത്തപക്ഷം ഞാനും വരുന്നില്ല.' രാജാവ് നിശ്ചയം അറിയിച്ചു.

'ഇവരെ കൊണ്ടുപോകാൻ എനിക്കു നിവൃത്തിയില്ല.' ദേവദൂതൻ പറഞ്ഞു.

'ഉപകാരം ചെയ്യുന്നവരെ മറക്കുന്നവനല്ല ഞാൻ. അവരെക്കൂടാതെ ഞാൻ വരികയില്ല.' ഇന്ദ്രദ്യുമ്നൻ ശാഠ്യം തുടർന്നു.

'രാജാവേ, ഇവരിൽ നാലുപേരും ശിവകിങ്കരന്മാരാണ്. വാസ്തവത്തിൽ ശാപങ്ങളേറ്റ് രൂപങ്ങൾ മാറി എന്നേയുള്ളു. ഇവർക്കു ബ്രഹ്മലോകത്തു പോകാൻ താത്പര്യം ഉണ്ടാവില്ല. ശിവലോകത്തു ചെല്ലാനായിരിക്കും ആഗ്രഹം.' ദേവദൂതൻ പറഞ്ഞു.

'അതു ശരിയാണ്.' നാലുപേരും കൂടി ഒന്നിച്ചു പറഞ്ഞു.

'എന്നാൽ, ഞാനും നിങ്ങളുടെകൂടെ ശിവലോകത്തേക്കു വരുന്നുണ്ട്.' ഇന്ദ്രദ്യുമ്നൻ നിശ്ചയം അറിയിച്ചു.

എല്ലാവർക്കും അതു സമ്മതമായി; സന്തോഷവുമായി.

പോകുംമുമ്പ് രാജാവിന് ഒരാഗ്രഹം ഉണ്ടായി: ആമശ്രേഷ്ഠന്റെ പൂർവകഥ അറിയണം.

ആ ശ്രേഷ്ഠൻ അക്കഥ പറഞ്ഞു.

മുജ്ജന്മത്തിൽ ശാണ്ഡില്യൻ എന്ന ബ്രാഹ്മണൻ ആയിരുന്നു അദ്ദേഹം. ബാല്യത്തിലേ ശാണ്ഡില്യൻ ശിവഭക്തനായിരുന്നു. ബാലൻ മണ്ണുകൊണ്ടു ശിവക്ഷേത്രം നിർമിക്കും. മാത്രമല്ല, ശിവലിംഗവും. അതായിരുന്നു വാസ്തവത്തിൽ അവന്റെ കളി! ശിവലിംഗത്തെ ഭക്തിയോടെ പൂജിക്കുക — അത് അവനു മുടങ്ങാത്ത പതിവായിരുന്നു. അടുത്ത ജന്മത്തിലും ജനിച്ചതു ബ്രാഹ്മണനായിട്ടുതന്നെ. വൈദിശ എന്ന നഗരത്തിലാണ് ജീവിതം നയിച്ചത്. പൂർവസ്മൃതി കൈവെടിഞ്ഞിട്ടില്ല. അങ്ങനെയൊരു സവിശേഷതകൂടിയുണ്ട്. അപ്പോഴും ശിവഭക്തനായിത്തന്നെ കഴിഞ്ഞുകൂടി. ശിവപൂജ, ശിവസ്തോത്രം, ശിവധ്യാനം — അവ നിരന്തരമായി അനുഷ്ഠിച്ചുപോന്നു. അതിനടുത്ത ജന്മത്തിൽ ജയദത്തൻ എന്ന രാജാവായി. രാജാവ് രമണീയമായ ശിവക്ഷേത്രം കെട്ടിയുണ്ടാക്കി. ശിവഭക്തനായി ജീവിതവും തുടർന്നു. ശിവൻ പ്രസാദിച്ചു പ്രത്യക്ഷനായി.

'നീ മരണമില്ലാതെ ഈ ശരീരത്തോടുകൂടി ജീവിക്കുമാറാകട്ടെ!' ഭഗവാൻ അനുഗ്രഹമേകി.

രാജാവ് പഴയപോലെ ജീവിച്ചുകൊണ്ടിരുന്നു. പക്ഷേ, കാലം ചെന്നപ്പോൾ മനസ്സിനു മാറ്റമുണ്ടായി. പലേ ദുർഗുണങ്ങളും അദ്ദേഹത്തെ ബാധിച്ചു. അവയോടൊന്നിച്ചു ഗർവവും. തത്ഫലമായി അനേകം അധർമങ്ങൾ ചെയ്തു. അധർമങ്ങളുടെ ഫലം രാജാവിനെ അനുഭവിപ്പിക്കണം. അതിനു മുതിരുകയായി ധർമരാജാവായ യമൻ. പക്ഷേ, രാജാവിന് ശിവൻ നല്കിയ വരത്തിന്റെ ബലമുണ്ട്. അക്കാരണത്താൽ യമന് ഇച്ഛപോലെ പ്രവർത്തിക്കാൻ കഴിവുണ്ടായില്ല. യമൻ ശിവനെക്കണ്ടു സങ്കടം ഉണർത്തിച്ചു.

ശിവൻ രാജാവിന്റെ മുമ്പിൽ ആവിർഭവിച്ചു.

'നീ ആമയായിത്തീരട്ടെ!' ഭഗവാൻ കുപിതനായി പറഞ്ഞു.

അറുപതുകല്പം കഴിഞ്ഞാൽ ശാപം തീരും.' ശിവൻ അരുളിച്ചെയ്തു.

രാജാവ് ആമയായി രൂപം മാറി. ഏറ്റവും വമ്പിച്ച ഒരു ആമ! ചെന്നുകിടന്നതു സമുദ്രത്തിലാണ്. ഇടയ്ക്കിടയ്ക്കു കരയിൽ കയറിച്ചെല്ലും. ഒരിക്കൽ ഇന്ദ്രദ്യുമ്നന്റെ യാഗാഗ്നിയാൽ പൊള്ളലേറ്റു. ഒടുവിൽ സമുദ്രത്തിൽ നിന്നു മാനസസരസ്സിലേക്കു താമസം മാറ്റി.

ഇത്രയുമാണ് ആമശ്രേഷ്ഠൻ പറഞ്ഞ സ്വന്തം കഥ.

'ഇന്ദ്രദ്യുമ്നാ, ഇനി ദേവദൂതനോടുകൂടി, ബ്രഹ്മലോകത്തു പോകൂ.' ആമശ്രേഷ്ഠൻ ഉപദേശിച്ചു.

പക്ഷേ, രാജാവിന് അതു സമ്മതമായില്ല. ശിവലോകത്തു പോകണം എന്നാണ് ആഗ്രഹം. പാപവും ശോകവും നാശവും ഇല്ലാത്ത ഒരിടം വേണം. ശിവലോകം അപ്രകാരം ഉള്ളതാണ്. ഏതിനും ഒരു കാര്യം കൂടി ചോദിക്കുകതന്നെ.

'ഹേ, ആമശ്രേഷ്ഠാ, ഞാൻ എന്താണ് വേണ്ടത്? ജ്ഞാനിയായ അങ്ങ് പറഞ്ഞുതരണം.' രാജാവ് അഭ്യർത്ഥിച്ചു.

'എന്നെക്കാൾ എത്രയോ ജ്ഞാനിയായ ഒരാളുണ്ട്. രോമേശൻ എന്ന മഹർഷിയാണ് ആ ആൾ. അദ്ദേഹത്തെ കണ്ട് അപേക്ഷിക്കൂ.' ആമശ്രേഷ്ഠൻ ആവശ്യപ്പെട്ടു.

മാർക്കണ്ഡേയൻ, നാഡീജംഘൻ, പ്രാകാരകർണൻ, കഴുകൻ, ആമ — ആ അഞ്ചുപേരോടുകൂടി ഇന്ദ്രദ്യുമ്നൻ രോമേശമഹർഷിയുടെ സവിധത്തിലെത്തി.

ആമശ്രേഷ്ഠൻ മഹർഷിയോട് വന്ന കാര്യം അറിയിച്ചു.

ആദ്യമായി രോമേശന്റെ പൂർവകഥ അറിയണം — ആ ആഗ്രഹം ഉണ്ടായിരുന്നു എല്ലാവർക്കും.

മഹർഷി ആ കഥ കേൾപ്പിച്ചു.

ആദ്യജന്മത്തിൽ ദരിദ്രനായ ശൂദ്രനായിരുന്നു അദ്ദേഹം. ഒരിക്കൽ ആഹാരത്തിന് ഒരു വഴിയും കണ്ടില്ല. വിശന്നുവലഞ്ഞ് അങ്ങുമിങ്ങും നടക്കുകയാണ്. എരിപൊരിയുന്ന വെയിലത്താണ് അലഞ്ഞുതിരിയുന്നതും. ഒരിടത്തു കുറെ വെള്ളം കണ്ടു. വെള്ളത്തിൽ ഒരു ശിവലിംഗം കിടക്കുന്നു! ഭക്തനായിരുന്നു ശൂദ്രൻ. വിശപ്പു സഹിക്കവയ്യെങ്കിലും പൂജ നടത്താൻ മുതിർന്നു. അയാൾ വെള്ളത്തിലിറങ്ങി കുളിച്ചു ദേഹശുദ്ധി വരുത്തി. എന്നിട്ട് ശിവലിംഗം എടുത്തു പൂജിച്ചു. വെള്ളംകൊണ്ട് അഭിഷേകംചെയ്തു. താമരപ്പൂകൊണ്ട് അർച്ചനയും നടത്തി. അതിനുശേഷം അവിടംവിട്ടു യാത്രയായി. കാൽനടയായിട്ടാണല്ലോ പോകുന്നത്. വിശപ്പിന്റെ കാഠിന്യം ഒന്നു വേറെ. വെയിലിന്റെ ചൂട് അത്യധികവും. ക്ഷീണമാണെങ്കിൽ പറയാനുമില്ല. എന്തിനു പറയുന്നു. ആ പാവം പെട്ടെന്നു വീണു മരിച്ചു.

അടുത്ത ജന്മത്തിലോ? ജനിച്ചതു ബ്രാഹ്മണനായിട്ട്. കൂട്ടിക്കാലത്തുതന്നെ ശിവഭക്തി പ്രകടമായിരുന്നു. അതേസമയം ഒരു പ്രത്യേകതയുള്ളതായി കാണപ്പെട്ടു. ഒരക്ഷരം ഉരിയാടുകയില്ല. ആര് എന്തു ചോദിച്ചാലും ശരി, മിണ്ടുകയില്ല. ഇവനൊരു മൂകനാണ് — അതായി എല്ലാവരുടെയും ധാരണ. വാസ്തവം മറിച്ചായിരുന്നു. ബാലൻ മൂകനായി അഭിനയിക്കുകയാണ്. അക്കാര്യം പിതാവുപോലും അറിഞ്ഞില്ല എന്നു മാത്രം! പിതാവിനു ദുഃഖവുമായി. മകൻ മൂകനായാൽ ഏതു പിതാവുതന്നെ ദുഃഖിക്കുകയില്ല! അദ്ദേഹം ഒന്നൊന്നായി അനേകം ഔഷധങ്ങൾ പ്രയോഗിച്ചു. ഔഷധങ്ങളോടുകൂടി മന്ത്രങ്ങളും. ഔഷധങ്ങൾക്കോ മന്ത്രങ്ങൾക്കോ ഒരു ഫലവും ഉണ്ടായില്ല.

കാലം കഴിഞ്ഞതോടെ പിതാവ് മൃതനായി. ബന്ധുക്കളെല്ലാം മൂകനെ കൈയൊഴിഞ്ഞു. അവൻ വീടുവിട്ട് ഇറങ്ങിപ്പോയി. പിന്നീട് ഒന്നു മാത്രമേയുള്ളൂ ജീവിതത്തിൽ —ശിവപൂജ! ശിവൻ പ്രസന്നനായി, പ്രത്യക്ഷനായി.

'ഭഗവാനേ, എനിക്ക് മരണമില്ലാതിരിക്കണം.' ആ ഭക്തൻ വരം ചോദിച്ചു.

'അതിനു നിവൃത്തിയില്ല. ക്ലിപ്തമായ കാലയളവുവെച്ച് ദീർഘായുസ്സു തരാം.' ഭഗവാൻ അരുളിച്ചെയ്തു.

'ശരി. എന്റെ ദേഹത്തിലെ രോമങ്ങളില്ലേ? ഒരു കല്പം തീരുമ്പോൾ ഒരു രോമം കൊഴിഞ്ഞോട്ടെ. എല്ലാ രോമങ്ങളും കൊഴിഞ്ഞിട്ടേ ഞാൻ മരിക്കാവൂ. മരണത്തിനുശേഷം ഞാൻ അവിടത്തെ കിങ്കരനുമാവണം.' — അതാണ് അയാൾ അഭ്യർത്ഥിച്ചത്.

ശിവൻ ആ വരം നല്കി.

ഇത്രയുമാണ് രോമേശമഹർഷിയുടെ ആത്മകഥ.

'ഇന്ദ്രദ്യുമ്നാ, ഇതാ എന്റെ കാൽമുട്ടിൽ നോക്കൂ. രണ്ടു വിരല്പാടു വട്ടത്തിൽ രോമം കൊഴിഞ്ഞിരിക്കുന്നു.' മഹർഷി ചൂണ്ടിക്കാട്ടി.

കണ്ടവരെല്ലാം വിസ്മയിച്ചുനിന്നു.

'ശിവപ്രസാദമാണ് ഏറ്റവും വലിയ സമ്പാദ്യം. ഇന്ദ്രദ്യുമ്നാ, അതിനു മേലെയായി മറ്റൊന്നും ഇല്ലതന്നെ. ശിവനെ പൂജിക്കൂ, ശിവനെ അർച്ചിക്കൂ. അങ്ങനെ ജീവിക്കൂ.' മഹർഷി ഉപദേശിച്ചു.

ഇന്ദ്രദ്യുമ്നൻ മഹർഷിയെ വന്ദിച്ചു യാത്രയായി. അദ്ദേഹത്തോടൊന്നിച്ച് അഞ്ചു സുഹൃത്തുക്കളും. എല്ലാവരും കൂടി ഒരിടത്തു ചെന്ന് ഒന്നിച്ചു താമസിച്ചു. ഒന്നിച്ച് ശിവപൂജചെയ്തു. നാളുകളും കഴിച്ചു.

ഒരിക്കൽ അവരുടെ മുമ്പിൽ നാരദമഹർഷി ആവിർഭവിച്ചു.

നാഡീജംഘനും കൂട്ടുകാരും നടന്നതെല്ലാം നാരദനെ അറിയിച്ചു. ഒരു സംശയം അവർക്കെല്ലാം അവശേഷിക്കുന്നുണ്ട്. തങ്ങളുടെ ശാപമോക്ഷത്തിനുള്ള സമയമായി. ഇനി എന്തോ ഒന്നുകൂടി ചെയ്യേണ്ടതായിട്ടുണ്ട്. അതു ചെയ്താലേ പൂർവ്വരൂപങ്ങൾ ലഭിക്കുകയുള്ളൂ. എന്താണത്? ആർക്കും ഒരെത്തും പിടിയുമില്ല. അവർ ദിവ്യശക്തിയുള്ള നാരദനോടു ചോദിച്ചു.

'സംവർത്തമഹർഷിയെക്കണ്ടു ചോദിക്കുവിൻ. അദ്ദേഹത്തിന് അറിയാമായിരിക്കണം.' നാരദൻ പറഞ്ഞു.

പ്രത്യേകമായ തരത്തിൽപ്പെട്ട മഹർഷിയാണ് സംവർത്തൻ. അദ്ദേഹത്തിനു യാതൊന്നിലും ഒരാഗ്രഹവുമില്ല. കൈയിൽ ഭിക്ഷാപാത്രംപോലുമില്ല. വാരാണസിയിലാണ് താമസിക്കുന്നത്. സന്ധ്യയ്ക്കുമുമ്പു കാട്ടിൽ കയറും. പിന്നീടു നേരം വെളുത്തിട്ടേ അദ്ദേഹത്തെ ആർക്കും കാണാൻ കിട്ടുകയുള്ളൂ. ആരെക്കാണുന്നതിലും അദ്ദേഹം വിമുഖനാണ്. വാരാണസിയിൽതന്നെ ഒളിച്ചാണ് താമസിക്കുന്നത്. പാർപ്പിടം നാരദനുമാത്രമേ അറിഞ്ഞുകൂടൂ. അതിനാൽ സംവർത്തന് നാരദനോടു കടുത്ത വിരോധവുമുണ്ട്.

(സംവർത്തനെക്കുറിച്ചുള്ള വേറൊരു കഥ അന്യത്ര ചേർത്തിട്ടുണ്ട്)

'നാഡീജംഘാ, സംവർത്തൻ തീർച്ചയായും നിങ്ങളോട് ഒന്നു ചോദിക്കും — ആരാണ് അദ്ദേഹത്തെക്കുറിച്ച് നിങ്ങൾക്കു പറഞ്ഞുതന്നത് എന്ന്. നാരദൻ എന്നുതന്നെ മറുപടി നല്കിയേക്കണം. നാരദൻ തീയിൽ ചാടിയെന്നും പറയണം. അല്ലാത്തപക്ഷം അദ്ദേഹം എന്നെ ശപിച്ചുകളയും!' നാരദൻ താക്കീതു നല്കി.

നാഡീജംഘനും കൂട്ടരും വാരാണസിയിൽ ചെന്ന് സംവർത്തനെ കണ്ടുപിടിച്ചു.

അതൊട്ടും ഇഷ്ടമായില്ല മഹർഷിക്ക്.

'എന്നെക്കുറിച്ച് ആരോ നിങ്ങൾക്ക് അറിവുതന്നു. അവനെ ഞാനിപ്പോൾ ശപിച്ചു ഭസ്മമാക്കും. ആരാണ് അവൻ?'സംവർത്തൻ ക്രുദ്ധനായി ചോദിച്ചു.

'നാരദമഹർഷിയാണ്. അദ്ദേഹം തീയിൽ ചാടി.'

നാഡീജംഘനും കൂട്ടരും പറഞ്ഞു.

'അതു നന്നായി. അല്ലെങ്കിൽ ഞാൻ അദ്ദേഹത്തെ ശപിക്കുമായിരുന്നു. സംവർത്തൻ പറഞ്ഞു ശാന്തത അവലംബിച്ചു.

വാസ്തവത്തിൽ എന്താണു സംഭവിച്ചിരുന്നത്? നാരദൻ ഒരു പണിപറ്റിക്കുകയുണ്ടായി. ആ മഹർഷിക്ക് പ്രത്യേകമൊരു സിദ്ധിയുണ്ട് — തീയേറ്റു മരിക്കുകയില്ലെന്ന്. മഹർഷി തീയിൽ ചാടിയിട്ട് എഴുന്നേറ്റു പോന്നു — മൃദുവായ മെത്തയിൽനിന്ന് എഴുന്നേല്ക്കുംപോലെ. അത് സംവർത്തൻ ഒട്ടും ഊഹിച്ചിരുന്നില്ല എന്നുമാത്രം!

'മഹർഷേ, ശാപമോക്ഷങ്ങൾ പൂർണമാവാൻ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?' നാഡീജംഘനും കൂട്ടരും ആരാഞ്ഞു.

'മഹാനദിതീരത്ത് ഭർത്തൃയജ്ഞൻ താമസിക്കുന്നുണ്ട്. അദ്ദേഹം നിങ്ങൾക്കു പറഞ്ഞുതരും. വാസ്തവത്തിൽ യാജ്ഞവല്ക്യന്റെ പുനർജന്മമാണ് ഭർത്തൃയജ്ഞൻ. ആ പുനർജന്മത്തിന് ഒരു ശാപമായിരുന്നു കാരണം.' സംവർത്തൻ അറിയിച്ചു.

അദ്ദേഹം ശാപകഥ കേൾപ്പിച്ചു.

മിഥി എന്ന രാജാവിന്റെ രാജ്യത്തിൽ ജീവിച്ചിരുന്ന യാജ്ഞവല്ക്യൻ ഒരു പർണശാലകെട്ടി താമസിക്കയാണ്. അദ്ദേഹമൊന്നിച്ച് അദ്ദേഹത്തിന്റെ പത്നിയുമുണ്ട്.

ഒരിക്കൽ ഒരു കീരി ഓടിപ്പോകുന്നതു കണ്ടു.

യാജ്ഞവല്ക്യൻ പത്നിയെ വിളിച്ചു.

'പാൽ നല്ലപോലെ അടച്ചു സൂക്ഷിച്ചുകൊള്ളണം. അല്ലെങ്കിൽ കീരി കട്ടു കഴിച്ചുകളയും. ഇതിനെ ആട്ടിയോടിക്കുകയും വേണം.' അദ്ദേഹം ആവശ്യപ്പെട്ടു.

സാധാരണയുള്ള കീരിയായിരുന്നില്ല ആ കീരി. മറിച്ച്, വലിയൊരു വിജ്ഞാനിയും ധർമജ്ഞനും ആയിരുന്നു. യാജ്ഞവല്ക്യന്റെ വാക്കുകൾ അതിനെ ചൊടിപ്പിച്ചു.

'ഹേ മഹർഷേ, അങ്ങ് പണ്ഡിതനാണെന്ന് ലോകർ വിചാരിക്കുന്നു. വാസ്തവത്തിൽ പണ്ഡിതനാണ് എങ്കിലോ? നിർദ്ദോഷിയായ എന്നെ അധിക്ഷേപിക്കുമായിരുന്നില്ല. അങ്ങ് കുലാധമനായി ജനിക്കുമാറാകട്ടെ!' കീരി ക്ഷോഭിച്ച് ശാപമേകി.

ശാപം ഫലിക്കുമാറായി. യാജ്ഞവല്ക്യൻ ദൂരെ ഒരിടത്തു ജന്മമെടുത്തു. ഭർത്തൃയജ്ഞൻ എന്ന പേരായിരുന്നു രണ്ടാംജന്മത്തിൽ. ദുഷ്ടനും ദുരാചാരനുമായി ഭർത്തൃയജ്ഞൻ ജീവിച്ചു. എങ്കിലും പൂർവസ്മൃതി അപ്പോഴും ഉണ്ടായിരുന്നു. ശിവഭക്തി മുറുകെപ്പിടിച്ചുകൊണ്ട് നാളുകൾ കഴിച്ചു ഭർത്തൃയജ്ഞൻ. മഹീനദിയുടെ തീരത്തു ചെന്ന് ശിവലിംഗത്തെ അർപ്പിച്ച്, ഇപ്പോഴും അവിടെ അങ്ങനെ കഴിഞ്ഞുപോരുന്നു.

ഇതാണ് സംവർത്തൻ കേൾപ്പിച്ച ശാപകഥ.

ഇന്ദ്രദ്യുമ്നനും സഹചരന്മാരും ഭർത്തൃയജ്ഞനെ ചെന്നു കണ്ടു. അവരോടൊന്നിച്ച് രോമേശനും. അവർ വന്നകാര്യം അറിഞ്ഞപ്പോൾ അദ്ദേഹം എന്താണ് ചെയ്തത്? ശിവലിംഗം പൂജിക്കുന്നതിനുള്ള വിധികളെല്ലാം വിസ്തരിച്ച് ഉപദേശിച്ചു കൊടുത്തു. വിധികളൊന്നും തെറ്റിക്കാതെ അവർ പൂജ ചെയ്തു. അധികം താമസിക്കാതെ ശിവൻ അവരുടെ മുമ്പിലെത്തി.

'നിങ്ങൾ എല്ലാവർക്കും ഞാൻ എന്റെ ലോകം തന്നിരിക്കുന്നു!' ശിവൻ അറിയിച്ചു.

അടുത്തതായി ഭഗവാൻ മാർക്കണ്ഡേയന്റെയും രോമേശന്റെയും നേർക്കു തിരിഞ്ഞു.

'നിങ്ങൾ രണ്ടുപേരും ഈ ലോകത്തു ജീവന്മുക്തരായി ജീവിക്കുവിൻ!' ഭഗവാൻ കല്പിച്ചിട്ടു മറഞ്ഞു.

ഇന്ദ്രദ്യുമ്നൻ ഭക്തികൊണ്ടു പരവശനായി.

രാജാവ് ഒരു ശിവലിംഗം പ്രതിഷ്ഠിച്ചു. ആ ശിവലിംഗം പിന്നീട് പ്രസിദ്ധമായി —ഇന്ദ്രദ്യുമ്നേശ്വരം എന്ന പേരിൽ.

ഒടുവിൽ ഇന്ദ്രദ്യുമ്നനും ശിവലോകം പ്രാപിച്ചു —ബകം, ഉലൂകം, ആമ എന്നിവരെപ്പോലെ!

(പത്മപുരാണം - അദ്ധ്യായം 7)

മാർക്കണ്ഡേയ ബാലൻ

മാർക്കണ്ഡേയന്റെ ചെറുപ്പകാലത്തിലെ ഒരു സംഭവമാണ് ഇനി. മൃകണ്ഡു എന്നൊരു താപസൻ. അദ്ദേഹം ആശ്രമത്തിൽ താമസിക്കുന്നു. ഒന്നിച്ചു പത്നിയുമുണ്ട്. ദമ്പതികൾക്ക് ഒരു സന്താപം ഇല്ലായ്കയില്ല — സന്താനമില്ല എന്ന സന്താപം!

'പുത്രനുണ്ടായാലേ നമുക്കു സദ്ഗതി വരൂ. അതിനായി നമുക്ക് മഹാവിഷ്ണുവിനെ തപസ്സു ചെയ്യാം.' മൃകണ്ഡു പത്നിയോടു പറഞ്ഞു.

ഇരുവരും ഒന്നിച്ചു തപസ്സു തുടങ്ങി.

മഹാവിഷ്ണു ദർശനമരുളി.

'എന്താണു നിങ്ങൾക്ക് വേണ്ടത്?' മഹാവിഷ്ണു ചോദിച്ചു.

'ഭഗവാനേ, ഞങ്ങൾക്കു പുത്രനില്ല. ഒരു പുത്രനുണ്ടാവാൻ അവിടുന്ന് അനുഗ്രഹിക്കണം!' മൃകണ്ഡു അഭ്യർത്ഥിച്ചു.

ഏറ്റവും ബുദ്ധിമുട്ടുള്ള ഒന്നാണിത്. അക്കാര്യം മഹാവിഷ്ണുവിന് അറിവുണ്ട്. അത് ഇവരോടു പറയുകതന്നെ.

'മൃകണ്ഡൂ, നിനക്കു മക്കളുണ്ടാവുകയില്ല. ബ്രഹ്മാവ് പണ്ടേ നിശ്ചയിച്ചിട്ടുള്ളതാണത്. ആ നിശ്ചയം എനിക്കു മാറ്റാവുന്നതല്ല. വേറെന്തെങ്കിലും വരം ചോദിക്കൂ.'

'ഭഗവാനേ! അവിടുന്ന് ഭക്തന്മാരുടെ ഇഷ്ടപൂർത്തി വരുത്താറുണ്ട്. അവിടുന്ന് ഞങ്ങളുടെ മോഹം സാധിപ്പിച്ചേ കഴിയൂ. അപ്രകാരം ചെയ്തില്ലെങ്കിലോ? ഞങ്ങൾക്കു മരണം തരണം.' മൃകണ്ഡു അപാരമായ വ്യഥയോടെ പറഞ്ഞു.

മഹാവിഷ്ണുവിന്റെ ഹൃദയത്തിൽ അനുകമ്പ നിറഞ്ഞു. എന്നുവന്നാലും ശരി, ബ്രഹ്മാവിന്റെ നിശ്ചയം അല്പമൊന്നു മാറ്റുകതന്നെ. അതായി അപ്പോഴത്തെ തീരുമാനം.

'ശരി മൃകണ്ഡൂ, ഒന്നുകിൽ ദുഷ്ടരെങ്കിലും ദീർഘായുസ്സുള്ള നൂറു പുത്രന്മാർ അല്ലെങ്കിൽ പതിനാറു വയസ്സ് തികയുന്ന ദിവസം മരിക്കുന്ന ഒരു ശിഷ്ടനായ പുത്രൻ. രണ്ടിലൊന്നു സ്വീകരിച്ചുകൊള്ളൂ.' ഭഗവാൻ ആവശ്യപ്പെട്ടു.

എത്ര വിഷമംപിടിച്ച പ്രശ്നമാണിത്! എങ്കിലും മൃകണ്ഡുവിന് ഒന്നു തീർച്ചയായിരുന്നു. അനേകം മക്കളുണ്ടായി എന്നുവെക്കുക, അവർ നീചന്മാരാണ് എന്നും. ദീർഘായുസ്സ് അവർക്ക് ഉണ്ടായിരിക്കാം. അതുകൊണ്ട് എന്തു പ്രയോജനം? ഒന്നുമില്ല എന്നു മാത്രമല്ല; ലോകത്തിനാകെ തകരാറും

ഉണ്ടാവും. മറുവശത്ത് ഒരേ ഒരു പുത്രനുണ്ടായി എന്നുവയ്ക്കുക. അവൻ ചുരുങ്ങിയ കാലത്തേക്കു മാത്രമേ ജീവിക്കുന്നുള്ളൂ എന്നും എങ്കിലും നന്മയോടുകൂടി ജീവിക്കുമല്ലോ. രണ്ടാമത്തേതാണ് ആദ്യത്തേതിനെക്കാൾ നല്ലത്!

'ഭഗവാനേ, ഞങ്ങൾക്ക് അല്പായുസ്സായ ഒരു വിശിഷ്ടപുത്രൻ മതി.' മൃകണ്ഡു പറഞ്ഞു.

ആ വരം നല്കിയിട്ട് മഹാവിഷ്ണു മറഞ്ഞു.

യഥാകാലം താപസപത്നി ഒരു ആൺകുട്ടിക്കു ജന്മമേകി. തേജസ്വിയായിരുന്നു ആ ആൺകുട്ടി. മൃകണ്ഡുവിന്റെ പുത്രനല്ലേ? അതിനാൽ മാർക്കണ്ഡേയൻ എന്നു പേരായി.

മാർക്കണ്ഡേയൻ ബാല്യത്തിലേ ഭക്തനായിരുന്നു. സാധാരണ ഭക്തി അല്ലതാനും. ഒരൊറ്റ ചിന്ത മാത്രമേയുള്ളൂ — ഈശ്വരനെക്കുറിച്ചുള്ള ചിന്ത! ബുദ്ധിയോ, ഒന്നു പ്രത്യേകവുംതന്നെ. ബാലൻ ഗ്രഹിക്കാത്ത ഒരൊറ്റ വിദ്യയും ലോകത്തിലില്ല. പക്ഷേ, ഒരു അറിവുമാത്രം ഒഴിഞ്ഞുമാറിനിന്നു— പതിനാറു വയസ്സു തികയുന്ന ദിവസം തന്റെ മരണം സംഭവിക്കും എന്ന്!

ആ അറിവ് മൃകണ്ഡുവിനുണ്ട്, പത്നിക്കുണ്ട്. അതിൽനിന്നും അസഹ്യമായ ദുഃഖമുണ്ടായി. ആ ദുഃഖം അവരെ ഒരു നിമിഷത്തേക്കുപോലും വേർപിരിഞ്ഞുമില്ല. എങ്കിലും അവർ അതിനെ മനസ്സിനുള്ളിൽ ഒതുക്കി നിർത്തി. മകൻ അറിഞ്ഞാൽ എന്തായിരിക്കും സ്ഥിതി!

പക്ഷേ, ഒരു ദിവസം മൃകണ്ഡുവിന്റെ സങ്കടം അതിരുകടന്നു. മാർക്കണ്ഡേയൻ അരികത്തില്ലാത്ത സമയമാണ്. താപസൻ പത്നിയെ അരികിലേക്കു വിളിച്ചു.

'നമ്മുടെ ഓമനമകന്റെ മരണം കാണുക — അതിന് എനിക്കു ശക്തിയില്ല. ഞാനിതാ തീർത്ഥാടനത്തിനു പോകുന്നു.' അദ്ദേഹം പറഞ്ഞു.

ഉടൻതന്നെ അദ്ദേഹം ആശ്രമം ഉപേക്ഷിച്ചു യാത്രയായി.

അച്ഛൻ പോയതൊന്നും മാർക്കണ്ഡേയൻ അറിഞ്ഞില്ല. മുനികുമാരൻ കുളികഴിഞ്ഞ് ഭക്ഷണത്തിനായി ചെന്നിരുന്നു. അമ്മ മകനു വിളമ്പാനും തുടങ്ങി.

'അമ്മേ, എന്നും അച്ഛനും ഞാനും ഒന്നിച്ചാണല്ലോ ഊണുകഴിക്കാറ്. ഇന്നു ഞാൻ മാത്രമായി. അച്ഛൻ എവിടെപ്പോയി?' ഒന്നും അറിയാത്ത മാർക്കണ്ഡേയൻ ചോദിച്ചു.

അമ്മയുടെ ദുഃഖം വിങ്ങിപ്പൊട്ടുകയായിരുന്നു. അതു മകൻ കണ്ടാൽ വലിയ കുഴപ്പമാകും. അതിനാൽ ആ സ്ത്രീ ദുഃഖത്തെ അടക്കിനിർത്തി; വളരെ പണിപ്പെട്ടിട്ടാണെങ്കിലും.

'മകനേ, അച്ഛൻ തപസ്സിനുപോയി.' അവർ പൊളിപറഞ്ഞു.

'എന്നോടു പറയാതെ അച്ഛൻ എന്തിനുപോയി?' മാർക്കണ്ഡേയൻ ചോദിച്ചു.

'പിരിയുമ്പോൾ നീ കരയും എന്നു കരുതിയിട്ടാണ്.' അമ്മ ഉത്തരം നല്കി.

കന്മഷമില്ലാത്ത മുനികുമാരന് വിശ്വാസമായി.

ഒടുവിൽ ആ രാത്രിയും വന്നെത്തി — മുനികുമാരന്റെ ജീവിതത്തിലെ അവസാനത്തെ രാത്രി. രാവിലെ അവന് പതിനാറു വയസ്സു തികയും. അതിനുശേഷം എന്താണ് സംഭവിക്കാൻ പോകുന്നത്! വാത്സല്യനിധിയായ മാതാ

വിനു നല്ലവണ്ണം അറിയാം. അവർ ആ രാത്രിയിൽ ഒരുപോള കണ്ണടച്ചില്ല. കരഞ്ഞുകരഞ്ഞ് അവരുടെ കണ്ണുകൾ കലങ്ങി. അവരുടെ ഹൃദയം ഇടവിടാതെ നീറിക്കൊണ്ടിരുന്നു. അങ്ങനെ ഒന്നൊന്നായി യാമങ്ങൾ തള്ളിനീക്കി താപസപത്നി.

നേരം പുലർന്നു — മാർക്കണ്ഡേയന്റെ പതിനാറാം പിറന്നാൾ!

നിശ്ചയിച്ചിരുന്ന സമയത്തിനു മുമ്പേ യമൻ ഹാജരായി. ആ ദേവൻ ഒരിടത്ത് ഒഴിഞ്ഞുമാറി നില്പായി —കൈകളിൽ കയറും ദണ്ഡും വഹിച്ചുകൊണ്ട്.

ഉച്ചക്ഷേണത്തിനു സമയമായി. മാർക്കണ്ഡേയൻ ഇലയ്ക്കുമുമ്പിൽ ചെന്നിരിപ്പായി. അമ്മ വിളമ്പിയും തുടങ്ങി. പെട്ടെന്ന് മാർക്കണ്ഡേയന് ഒന്ന് അനുഭവപ്പെട്ടു. തന്റെ തോളിൽ ചൂടുള്ള വെള്ളത്തുള്ളികൾ വന്നു വീഴുന്നു! ബാലൻ മുഖമുയർത്തി നോക്കി. അപ്പോൾ കാരണം മനസ്സിലായി. തന്റെ അമ്മ നിശ്ശബ്ദമായി കരയുകയാണ്. അമ്മയുടെ കണ്ണുകളിൽനിന്നു വീഴുന്നവയാണ് ചൂടുള്ള വെള്ളത്തുള്ളികൾ!

'അമ്മേ, സന്തോഷിക്കേണ്ടതായ ദിവസമാണല്ലോ ഇന്ന്. പിന്നെ എന്തിനാണ് അമ്മ കരയുന്നത്?' പരവശനായിത്തീർന്ന മകൻ ചോദിച്ചു.

'മകനേ, നിന്റെ പിറന്നാളിനു നിന്റെ അച്ഛൻ ഇവിടെയില്ല. അതുകൊണ്ടുള്ള സങ്കടമാണ്.' അമ്മ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

വാസ്തവം അതല്ല എന്ന് അനുമാനിക്കാൻ മാർക്കണ്ഡേയനു പ്രയാസമുണ്ടായില്ല.

'അമ്മ വെറുതെ പറയുകയാണ്, എനിക്ക് അറിയാം. ഒരു കാര്യം, അമ്മയ്ക്ക് എന്നോടു സ്നേഹമുണ്ടോ? ഉണ്ടെങ്കിൽ സത്യം പറയണം.' മാർക്കണ്ഡേയൻ ശാഠ്യം പിടിച്ചു.

പരമാർത്ഥം ഇനിയും മറച്ചുവെക്കാൻ താപസപത്നിക്കു സാദ്ധ്യമായില്ല.

'പൊന്നുമകനേ, നിന്റെ മരണസമയം അടുത്തിരിക്കുന്നു! അതാ പിറകിലേക്കു നോക്കൂ. യമൻ നിന്റെ അരികത്തു വന്നുകഴിഞ്ഞു!' അമ്മ പറഞ്ഞിട്ട് പൊട്ടിക്കരഞ്ഞു.

ആത്മശക്തി വേണ്ടതുപോലെയുള്ള സ്ത്രീയാണ് താപസപത്നി. അക്കാരണത്താൽ അവർക്ക് യമനെ കാണാൻ കഴിഞ്ഞു — ഏറ്റവും ഭയാനകമായ കാഴ്ചയാണെങ്കിലും!

ചെറുപ്പമെങ്കിലും മാർക്കണ്ഡേയനുമുണ്ട് ആത്മശക്തി. ആ കുമാരൻ പിറകിലേക്കു തിരിഞ്ഞുനോക്കി. അതെ, അവിടെ യമൻ തയ്യാറായി നില്ക്കുന്നു!

ഇനി അല്പസമയം ബാക്കിയുണ്ട്.

'അമ്മേ, ഇക്കാര്യം എന്നോട് മുമ്പേ പറയാത്തതെന്ത്? ഞാൻ വല്ല വിധവും രക്ഷപ്പെടുമായിരുന്നല്ലോ. ആട്ടെ, ഞാൻ അവസാനത്തെ കൈ നോക്കാം. ഫലിച്ചില്ലെങ്കിൽ അമ്മ ദുഃഖിക്കരുതേ!' മാർക്കണ്ഡേയൻ പറഞ്ഞു.

പൊടുന്നനവെ മുനികുമാരൻ ചാടിയെണീറ്റ് ഓടിത്തുടങ്ങി. അവൻ ഓടുന്നതുകണ്ട് യമൻ പുറകേ കൂടി. മാർക്കണ്ഡേയൻ വേഗം വർദ്ധിപ്പിച്ച് അടു

ത്തുള്ള വിഷ്ണുക്ഷേത്രത്തിലെത്തി. അകത്തുകയറി വിഗ്രഹത്തിന്റെ മുമ്പിൽ വീണു.

'ഭഗവാനേ, എന്നെ പിടിക്കാനായി യമൻ വന്നിരിക്കുന്നു. അവിടുന്ന് എന്നെ രക്ഷിക്കണം!' മാർക്കണ്ഡേയൻ ദീനനായി യാചിച്ചു.

കാരുണ്യമൂർത്തിയായ മഹാവിഷ്ണു ബാലകേതന് ദർശനമേകി.

'മാർക്കണ്ഡേയാ, എനിക്ക് ഇതിൽ ഇടപെടാൻ നിർവാഹമില്ല. നീ ശിവക്ഷേത്രത്തിലേക്ക് ഓടിച്ചെല്ലൂ. ശിവൻ നിന്നെ രക്ഷിക്കും.' മഹാവിഷ്ണു അരുളിച്ചെയ്തു.

'ഭഗവാനേ, ഞാൻ അങ്ങോട്ടു പൊയ്ക്കൊള്ളാം. എങ്കിലും എനിക്ക് യമനെ ഭയമുണ്ട്. ഒരു നോക്കു കാണാൻപോലും പേടിയാവുന്നു.' മാർക്കണ്ഡേയൻ പറഞ്ഞു.

മഹാവിഷ്ണു ഒരു പിടി മണൽ നല്കി.

'ഇതുള്ളപ്പോൾ യമൻ നിന്നെ തൊടുകയില്ല.' ഭഗവാൻ അറിയിച്ചു.

മഹാവിഷ്ണു മറ്റൊരുവിധത്തിലും മാർക്കണ്ഡേയനു സഹായമേകി.

ഭഗവാൻ ശ്രീകോവിലിന്റെ പടിഞ്ഞാറുവശത്ത് ഒന്നു ചവുട്ടിയ തത്ക്ഷണം അവിടെ ഒരു വിലം ഉണ്ടായിത്തീർന്നു — മാർക്കണ്ഡേയനുവേണ്ടിയുള്ള ഒരു രക്ഷാമാർഗം! മാർക്കണ്ഡേയൻ വിലത്തിലൂടെ ഓടിപ്പോയി. നേരെ ശിവക്ഷേത്രത്തിൽ ചെന്നു കയറി. ഇനി ശിവൻ തന്നെ രക്ഷിച്ചുകൊള്ളും — അതായിരുന്നു മുനികുമാരന്റെ ആശ.

പക്ഷേ, മാർക്കണ്ഡേയൻ പോയതൊക്കെ യമൻ അറിയാതിരിക്കുമോ? വിഷ്ണുക്ഷേത്രത്തിലൂടെ പിൻതുടരാൻ യമനു നിവൃത്തിയില്ല അതിനാൽ മറ്റൊരു വഴിയിലൂടെ ശിവക്ഷേത്രത്തിന്റെ പടിക്കലെത്തി. അവിടെ കാത്തു നില്ക്കുകയും ചെയ്തു.

മാർക്കണ്ഡേയൻ ശിവലിംഗത്തിനു മുമ്പിൽ നമനസ്കരിച്ചുകൊണ്ടു കിടപ്പായി.

'ഭഗവാനേ, രക്ഷിക്കണേ!' അവൻ ആർത്തനായി വീണ്ടും വീണ്ടും വിളിച്ചുകേണു.

ഉടനെ ശിവൻ പ്രത്യക്ഷനായി പുറത്തേക്കു കടന്നു.

ശിവനെക്കണ്ടു ഭയന്ന യമൻ പിന്നിലേക്കു മാറി.

ഭഗവാൻ കോപിച്ച് യമന്റെ കഴുത്തറുത്തു!

തനിക്ക് ജീവരക്ഷ കിട്ടിയിരിക്കുന്നു— ആ ബോധമുണ്ടായി മാർക്കണ്ഡേയന്. മുനികുമാരൻ ശിവനെ സ്തുതി ചെയ്തു.

'വത്സാ, ആശ്രമത്തിലേക്കു മടങ്ങിപ്പൊയ്ക്കൊള്ളൂ. നിനക്ക് ഒരു കാലത്തും മരണം സംഭവിക്കുകയില്ല. നിനക്കു മംഗളം ഭവിക്കട്ടെ!' ശിവൻ കനിഞ്ഞ് അനുഗ്രഹിച്ചു.

ഭഗവാൻ വീണ്ടും ശിവലിംഗത്തിൽ പ്രവേശിച്ചു.

അങ്ങനെ, ഭക്തനായ മാർക്കണ്ഡേയന് രക്ഷകിട്ടി.

പ്രായമായപ്പോൾ മാർക്കണ്ഡേയൻ മഹർഷിമാരിൽ മുമ്പനായി. അദ്ദേഹം ഇന്നും ജീവിക്കുന്നു. എന്നും ജീവിക്കുകയും ചെയ്യും.

അപ്പോൾ യമന്റെ ജീവിതം എന്നെന്നേക്കുമായി അവസാനിച്ചുവോ? ആ ചോദ്യത്തിനുള്ള ഉത്തരം അറിയണമെങ്കിലോ? നമുക്കു കാലത്തിലൂടെ കുറെയേറെ മുമ്പോട്ടു പോകണം.

യമനെ ശിവൻ കഴുത്തറുത്തു കൊന്നില്ലേ? അതിനു ശേഷം മരണം എന്നൊന്ന് ഇല്ലാതെയായി. മനുഷ്യർക്കു മാത്രമല്ല, സകല പ്രാണികൾക്കും. അവയെല്ലാം കണക്കില്ലാതെ പെറ്റുപെരുകി. എല്ലാവർക്കുമായി ജീവിക്കാൻ ഭൂമിയിൽ സ്ഥലം ഇല്ലാതെയായി. ഭൂമിദേവിക്ക് അവരുടെ ഭാരം താങ്ങാൻ വയ്യാതെയായി. ആ ദേവി മഹാവിഷ്ണുവിനോടു സങ്കടം ഉണർത്തിച്ചു. മഹാവിഷ്ണു ബ്രഹ്മാവിനെയും ദേവേന്ദ്രനെയും കൂട്ടി. മൂന്നുപേരുംകൂടി ശിവനെക്കണ്ട് ഒന്ന് അഭ്യർത്ഥിച്ചു: യമനെ ജീവിപ്പിക്കണം! ആ അഭ്യർത്ഥന ശിവൻ തിരസ്കരിച്ചില്ല. അങ്ങനെ യമൻ ജീവിച്ചെണീറ്റു. മൂമ്പിലത്തെ ജോലിയിലും മുഴുകി — പ്രാണികളെ വധിക്കുകയെന്ന ജോലി!

(അന്തകവധം ശീതങ്കൻതുള്ളൽ)

ധർമഗുപ്തൻ

വിദർഭയിലെ രാജാവിന് കുറെ പത്നിമാരുണ്ട്. അവരിൽ ആർക്കും ഒരു സന്താനവും ഉളവായിട്ടില്ല. ഒടുവിൽ ഒരു രാജ്ഞി ഗർഭിണിയായി. ഒമ്പതു മാസം തികഞ്ഞു. അപ്പോഴാണ് ഒരു കുഴപ്പമുണ്ടായത്.

ഒരു പരമശത്രുവുണ്ട് വിദർഭരാജാവിന്. സാലരാജാവാണ് ആ ശത്രു. പെട്ടെന്നൊരു ദിവസം സാലരാജാവ് വിദർഭയെ ആക്രമിച്ചു. വിദർഭരാജാവ് ആക്രമണത്തെ ചെറുത്തു. അപ്പോൾ വാശിയേറിയ ഒരു യുദ്ധമുണ്ടായി. ആ യുദ്ധത്തിൽ വിദർഭരാജാവിന്റെ ജീവത്യാഗം സംഭവിച്ചു. സാലരാജാവു ശത്രുരാജ്യത്തെ പിടിച്ചടക്കി. അവിടെ താമസവും ഉറപ്പിച്ചു.

അതിനിടയ്ക്കു മറ്റു ചില സംഭവങ്ങളും നടന്നു. വിദർഭരാജാവിന്റെ പത്നിമാരുണ്ടല്ലോ പലരും. ഭർത്താവിന്റെ രാജ്യവും ജീവനും നഷ്ടമായില്ലേ? അപ്പോൾ പത്നിമാർക്ക് നിൽക്കക്കള്ളി ഇല്ലാതെയായി. അവർ നാട്ടിൽനിന്നു കാടുകയറി.

ഏകാകിനി ആയിത്തീർന്നു ഗർഭിണിയായ രാജ്ഞി. വൈധവ്യം എന്ന മഹാദുഃഖം ഒന്ന്. ഗർഭഭാരം മറ്റൊന്ന്; സഹായികൾ ഇല്ലെന്നതു വേറൊന്ന്. ശരണമില്ലാത്ത ആ രാജ്ഞി കാട്ടിൽ അലഞ്ഞുതിരിഞ്ഞു. പത്തുമാസം തികഞ്ഞപ്പോൾ പ്രസവിക്കുകയും ചെയ്തു. കോമളനായ ഒരു ആൺകുട്ടി!

ദാഹവും ക്ഷീണവും കലശലായി രാജ്ഞിക്ക്. ഇത്തിരി വെള്ളം കുടിക്കാതെ കഴിയുകയില്ല. അമ്മ കുട്ടിയെ വെറും നിലത്തു കിടത്തി. ഏറ്റവും ശ്രമപ്പെട്ട് അടുത്തുള്ള നദിയിലേക്കു നടന്നു. അതിൽ ഇറങ്ങിനിന്നു വെള്ളം കോരിക്കുടിച്ചുതുടങ്ങി. വെള്ളത്തിനടിയിൽ കൂറ്റനായ ഒരു മുതല പതുങ്ങിക്കിടക്കുന്നു. പാവപ്പെട്ട രാജ്ഞി അക്കാര്യം അറിഞ്ഞില്ല. പെട്ടെന്നു മുതല രാജ്ഞിയെ കേറിപ്പിടിച്ചു. കൊന്നു കടിച്ചുതിന്നുകയും ചെയ്തു!

എന്തായിരുന്നു കുട്ടിയുടെ സ്ഥിതി? അവനുണ്ടോ അറിയുന്നു അമ്മയുടെ ദുരന്തവും മറ്റും! അവനു പാലു കുടിക്കണം, അത്രതന്നെ. പക്ഷേ, പാല് എവിടെ കിട്ടാനാണ്? അവൻ കൈയും കാലുമിട്ടടിച്ചു കരഞ്ഞു. അവിടെക്കിടന്നു ചാവുകയും ചെയ്യുമായിരുന്നു— ഒരു ബ്രാഹ്മണസ്ത്രീ യദൃച്ഛയാ അവിടെ വന്നുചേർന്നില്ലെങ്കിൽ!

ഉഷ എന്നായിരുന്നു ആ ബ്രാഹ്മണസ്ത്രീയുടെ പേര്. ഒരു വയസ്സുള്ള മകനുണ്ട് അവർക്ക്. ആ കുഞ്ഞിനെയുംകൊണ്ടാണ് അവർ വന്നെത്തിയത്.

കുട്ടി ജനിച്ചയുടനെ അവന്റെ അച്ഛൻ മരിച്ചു. പാവപ്പെട്ട ബ്രാഹ്മണസ്ത്രീ എന്തു ചെയ്യാനാണ്? ഭിക്ഷ തെണ്ടുക എന്ന ഒരൊറ്റ വഴിയേ ശേഷിച്ചുള്ളൂ. മകനെയുംകൊണ്ട് അവരങ്ങനെ തെണ്ടി നടന്നു. ഈ വനംവഴി പോകേണ്ടതായും വന്നു. എന്താണ് ദൂരത്തുനിന്ന് ഒരു ശബ്ദം കേൾക്കുന്നത്? ബ്രാഹ്മണസ്ത്രീ ശ്രദ്ധിച്ചു. ഒരു കൊച്ചുകുഞ്ഞിന്റെ കരച്ചിൽ! ഈ വനത്തിൽ ഏതു കൊച്ചുകുഞ്ഞ്? ബ്രാഹ്മണസ്ത്രീ കരച്ചിൽ പുറപ്പെടുന്ന സ്ഥലത്തേക്ക് ഉഴറിച്ചെന്നു. ഒരു ശിശു വെറും നിലത്തു കിടന്നു കരയുന്നു. ജനിച്ചിട്ടു സമയം അധികമായിട്ടില്ല എന്നു തീർച്ച. കുട്ടിയുടെ അമ്മയെ കാണാനുമില്ല. അമ്മ കുട്ടിയെ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞതാണോ? അതോ ആ സ്ത്രീയെ വല്ല കാട്ടുമൃഗവും പിടിച്ചുതിന്നോ? അറിഞ്ഞു കൂടാ. ബ്രാഹ്മണസ്ത്രീ കുട്ടിയുടെ അടുത്തു ചെന്നു. അവരുടെ ഹൃദയം ആർദ്രമായി. അവർ കുട്ടിയെ എടുത്തു നടന്നുപോയി. ഒരു കൈയിൽ ആ കുട്ടി. മറ്റേ കൈയിൽ അവരുടെ കൊച്ചു മകൻ!

ഒരു സന്ന്യാസി വന്നെത്തി.

'ഇപ്പോൾ എടുത്തില്ലെ കുട്ടി? അവൻ കാട്ടിൽ ജനിച്ചു. എങ്കിലും വാസ്തവത്തിൽ രാജപുത്രനാണ്. അവന്റെ അമ്മയെ മുതല പിടിച്ചു. അവനെ വളർത്തിക്കൊള്ളൂ.' ദിവ്യശക്തിയുള്ള സന്ന്യാസി നിർദ്ദേശിച്ചു.

തുല്യമായ സ്നേഹത്തോടെ ബ്രാഹ്മണസ്ത്രീ രണ്ടു കുട്ടികളെയും വളർത്തി.

ഇരന്നാണല്ലോ അവർ നിത്യവൃത്തി കഴിക്കുക — ഓരോ സ്ഥലങ്ങളിലായി ചെന്ന് ഇരക്കും. അതായിരുന്നു ആ ദരിദ്രയുടെ പതിവ്. അങ്ങനെ ഒരിക്കൽ ഒരു ഗ്രാമത്തിൽ എത്തിച്ചേർന്നു. അവിടെ ഒരു ബ്രാഹ്മണഗൃഹത്തിൽ തങ്ങുകയും ചെയ്തു.

മൂത്തകുട്ടിക്ക് മൂന്നു വയസ്സായി. ഇളയകുട്ടിക്ക് രണ്ടു വയസ്സും. അപ്പോൾ അവരുടെ ഭാവിയെക്കുറിച്ച് അറിവും കിട്ടി.

ബ്രാഹ്മണസ്ത്രീ ദിവസേന ശിവക്ഷേത്രത്തിൽ പോകാറുണ്ട്. അവിടെവച്ചു ചിലപ്പോഴൊക്കെ ശാണ്ഡില്യൻ എന്ന ജ്യോത്സ്യനെ കാണും. ഒരു ദിവസം ശാണ്ഡില്യൻ കുട്ടികളുടെ ജാതകം പരിശോധിച്ചു. അതിനുശേഷം ചില നിർദ്ദേശങ്ങൾ നല്കി.

'നിങ്ങളുടെ സ്ഥിതി എനിക്കു നല്ലവണ്ണം അറിയാം. ദാരിദ്ര്യം തീരാനായി ഞാനൊരു വഴി പറയാം. നിങ്ങളുടെ മകന് ആറു വയസ്സും രാജപുത്രന് അഞ്ചു വയസ്സും തികയും. അപ്പോൾ അവരെക്കൊണ്ട് പ്രദോഷവ്രതം നോല്പിക്കണം. ഏറ്റവും ഫലമുള്ള വ്രതമാണ് പ്രദോഷവ്രതം. നിങ്ങളുടെ മകന് ശുചിവ്രതൻ എന്നു പേരിടണം. രാജപുത്രന് ധർമഗുപ്തൻ എന്നും. നിങ്ങൾക്കു തീർച്ചയായും ഗുണമുണ്ടാവും.' ശാണ്ഡില്യൻ പറഞ്ഞു.

എന്തൊക്കെയാണു പ്രദോഷത്തിന്റെ പ്രത്യേകതകൾ? എന്തൊക്കെയാണ് ആ വ്രതത്തിനുള്ള നിയമങ്ങൾ? സകലതും ശാണ്ഡില്യൻ വിവരിച്ചുകൊടുത്തു. അവയെല്ലാം ബ്രാഹ്മണസ്ത്രീ മനസ്സിൽ മറക്കാതെ സൂക്ഷിച്ചുവന്നു.

ശാണ്ഡില്യൻ സൂചിപ്പിച്ച സമയം വന്നപ്പോഴോ? ബ്രാഹ്മണസ്ത്രീ പ്രദോഷവ്രതം ആരംഭിച്ചു. കുട്ടികളെക്കൊണ്ടു വേണ്ടതായ ക്രിയകളും ചെയ്യിച്ചു. അതേസമയം ശിവഭജന തുടർന്നുംപോയി.

അങ്ങനെ കഴിഞ്ഞു ഒരു വർഷവും ഒരു മാസവും.

ഒരുനാൾ ശുചിവ്രതൻ കുളിക്കാനായി തനിയെ പുഴയിലേക്കു ചെന്നു. പെട്ടെന്നു കാറും കോളുമുണ്ടായി. ഇടിയും മിന്നലുമുണ്ടായി. കുറെ വെള്ളം തീരത്ത് അടിച്ചുകയറി. ആ വെള്ളം ഇറങ്ങിയപ്പോഴോ? തീരത്തു കിടക്കുന്നു വലിയൊരു പാത്രം. എന്തായിരുന്നു പാത്രത്തിന്റെ ഉള്ളിൽ? നിറയെ കനകക്കട്ടകൾ!

പാത്രമെടുക്കാൻ യത്നിച്ചു ശുചിവ്രതൻ. പക്ഷേ, പാത്രത്തിനു വളരെ ഘനം ഉണ്ടായിരുന്നു. വീട്ടിലേക്ക് എടുത്തു നടക്കാനുള്ള ശക്തി അവനില്ല. അതുകൊണ്ട് അവൻ അതിനെ വല്ലവിധവും തള്ളിനീക്കി. അങ്ങനെ ഒരിടത്ത് ഒളിച്ചുവെക്കുകയും ചെയ്തു. എന്നിട്ടു വീട്ടിൽവന്ന് അമ്മയെ വിളിച്ചുകൊണ്ടുവന്നു കാണിച്ചു. അവർക്ക് എന്തു സന്തോഷമായെന്നോ നിധി കിട്ടിയപ്പോൾ.

ഉഷ രണ്ടു പുത്രന്മാരെയും അരികിലേക്കു വിളിച്ചു.

'മക്കളേ, പണത്തിനു പല ദുഷ്യങ്ങളുമുണ്ട്. പണത്തിൽ കൂടുതൽ താത്പര്യം വന്നാൽ മറ്റു ഗുണങ്ങൾ മറയും. മാത്രമല്ല, പണം കലഹത്തിനു വഴിയും തെളിയിക്കും. നിങ്ങൾ തമ്മിൽ ഒരിക്കലും കലഹം ഉണ്ടായിക്കൂടാ. അതുകൊണ്ടു ഞാൻ നിങ്ങൾക്കു നിധി വീതിച്ചുതരാം.' അവർ പറഞ്ഞു.

ധർമഗുപ്തന് ഭാഗം സമ്മതമായില്ല.

'അമ്മേ, ഞാനും ജ്യേഷ്ഠനും രണ്ടു ദേഹങ്ങൾ തന്നെ. എങ്കിലും ഞങ്ങളുടെ ആത്മാവ് ഒന്നാണ്. ഞങ്ങൾ തമ്മിൽ ഭാഗമേ വേണ്ട. ഒരാളുടെ വകയാണ് മറ്റെ ആളുടെയും വക.' ധർമിഷ്ഠനായ ധർമഗുപ്തൻ ചൂണ്ടിക്കാട്ടി.

അത്ര ഉറച്ചതായിരുന്നു അവരുടെ സ്നേഹബന്ധം.

പ്രദോഷവ്രതം ഇടതടവില്ലാതെ തുടർന്നുപോയി.

ഒരു കർമത്തിലും ഒരു പിഴയും ഉണ്ടായിരുന്നില്ല. അവരുടെ ശിവഭക്തിക്ക് ഒരു മുടക്കം സംഭവിച്ചുമില്ല.

പന്ത്രണ്ടു വർഷങ്ങൾ അങ്ങനെ കടന്നുപോയി.

അതിനിടയ്ക്ക് കുട്ടികൾ ബാല്യത്തിൽനിന്നു കൗമാരത്തിലേക്കു കടന്നുകഴിഞ്ഞു.

കുമാരൻമാർക്കു വിവാഹപ്രായമായി.

ഒരു ദിവസം ഇരുവരും ചേർന്ന് ഉല്ലാസയാത്രയ്ക്ക് ഇറങ്ങിപ്പോയി. കുറെ ദൂരം നടന്നപ്പോൾ ഒരു വനത്തിൽ എത്തിച്ചേർന്നു. വൃക്ഷങ്ങളും വല്ലികളും പലനിറം കലർന്ന പുഷ്പങ്ങൾ വഹിച്ചു നില്ക്കുന്നു. പുഷ്പങ്ങളുടെ സൗരഭ്യം നാലുപാടും പരക്കുകയാണ്. മയിലുകൾ ആടുകയും കുയിലുകൾ പാടുകയും ചെയ്യുന്നു. മാനുകളും മുയലുകളും ചാടി ഓടിക്കളിക്കുന്നു. കണ്ണിനെയും കരളിനെയും ആകർഷിക്കുന്ന ഭംഗിയേറിയ രംഗം!

സ്വൈരമായി നടക്കുകയാണ് ധർമഗുപ്തനും ശുചിവ്രതനും. പെട്ടെന്നു തെല്ലു ദൂരെയായി അവർ ഒരു കാഴ്ച കണ്ടു. തീരെ പ്രതീക്ഷിക്കാത്ത കാഴ്ചയായിരുന്നു അത്. അതിസുന്ദരികളായ കുറെ യുവതികളുണ്ട്. അവർ കോലാ

ഹലമായി വിഹരിക്കുകയാണ്. ചിലർ പാട്ടുപാടുന്നു. വേറെ ചിലർ നൃത്തങ്ങൾ ചെയ്യുന്നു. ഇനിയും ചിലർ പൂക്കൾ ഇറുക്കുന്നു. നർമാലാപങ്ങൾ, പൊട്ടിച്ചിരികൾ, ആർത്തുവിളികൾ— ആകെ ഒരു ബഹളംതന്നെ.

ദ്രമിളൻ എന്നൊരു ഗന്ധർവ പ്രമാണിയുണ്ട്. അംശുമതി എന്നൊരു മകളുണ്ട് ദ്രമിളന്. അവളും സഖിമാരും വനത്തിൽ വന്നിരിക്കയാണ്. ധർമഗുപ്തനും ശുചിവ്രതനും കണ്ടത് അവരെയാണുതാനും.

കുമാരന്മാർ രണ്ടും നന്മയുള്ളവർതന്നെ. എങ്കിലും അവർ തമ്മിൽ ചില വ്യത്യാസങ്ങൾ ഇല്ലാതില്ല. ശുചിവ്രതൻ ലൗകികമായ കാര്യങ്ങളിൽ വിമുഖനാണ്. ശ്രദ്ധയെല്ലാം ആദ്ധ്യാത്മികമായ വിഷയങ്ങളിൽതന്നെ. ധർമഗുപ്തൻ ഭക്തൻതന്നെയാണ്. എങ്കിലും അതേസമയം ലൗകികമായ മനഃസ്ഥിതി ഇല്ലാതെയുമില്ല. അംശുമതിയെ കണ്ടില്ലേ? ആ നിമിഷത്തിൽ ധർമഗുപ്തന്റെ മനസ്സിൽ ഒരാഗ്രഹം മൊട്ടിട്ടു —അവളെ കല്യാണം കഴിക്കണം എന്ന ആഗ്രഹം!

ധർമഗുപ്തൻ ശുചിവ്രതനെ വിട്ടു മുമ്പോട്ടു നടന്നു. തനിയെ യുവതികളുടെ മുമ്പിലെത്തി. യുവതികൾ അവനെ ശ്രദ്ധിച്ചുനോക്കി. ഏറ്റവും ശ്രദ്ധിച്ചത് അംശുമതിയാണ്. അവൾക്ക് ഒരു മോഹം ഉണ്ടായിക്കഴിഞ്ഞു — ഈ യുവാവിനെ ഭർത്താവായി കിട്ടണം എന്ന്.

'ആരാണ് അങ്ങ്?' അവൾ ചോദിച്ചു.

'ഞാൻ വിദർഭരാജാവിന്റെ പുത്രനാണ്. പേര് ധർമഗുപ്തൻ.' അയാൾ ഉത്തരം നല്കി.

തുടർന്ന് ധർമഗുപ്തൻ തന്റെ ജീവചരിത്രം ചുരുക്കി പറഞ്ഞു.

'ആട്ടെ, ഇനി നിന്നെക്കുറിച്ചു പറയൂ.' ധർമഗുപ്തൻ ആവശ്യപ്പെട്ടു.

തന്നെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അംശുമതി അറിയിച്ചു.

തന്റെ ആഗ്രഹം തുറന്നുപറയാൻ ധർമഗുപ്തൻ മടിച്ചില്ല.

'അംശുമതീ, ഞാൻ നിന്നെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു.' ധർമഗുപ്തൻ അറിയിച്ചു.

അംശുമതി പുഞ്ചിരിതൂകി. സന്തോഷത്തിന്റെ ചിഹ്നമാണ് ആ പുഞ്ചിരി. അതിൽ യാതൊരു സംശയവും ധർമഗുപ്തന് ഉണ്ടായില്ല.

'വിവാഹം എനിക്കും സമ്മതംതന്നെ. ഞാൻ എന്റെ അച്ഛനോടു സമ്മതം വാങ്ങാം. അങ്ങു മറ്റന്നാൾ ഈ സ്ഥലത്തു വന്നുചേരണം. എന്നാൽ, നമുക്കു വിവാഹം നടത്താം.' അവൾ പറഞ്ഞു.

പിന്നീട് അവൾ ഒട്ടും സംശയിച്ചില്ല. അവൾ തന്റെ കഴുത്തിൽനിന്നു ദിവ്യമായ ഒരു മുത്തുമാല ഊരിയെടുത്തു ധർമഗുപ്തന്റെ കഴുത്തിൽ ആ മാല അണിയിച്ചു. അതിനുശേഷം വരനോടു യാത്രപറഞ്ഞ് സഖികളുമായി വനത്തിൽനിന്നു പോകുകയും ചെയ്തു.

ധർമഗുപ്തൻ നേരെ ഗൃഹത്തിലേക്കു മടങ്ങിപ്പോയി. ശുചിവ്രതൻ നേരത്തെതന്നെ അവിടെ എത്തിയിരുന്നു. നടന്നതെല്ലാം ധർമഗുപ്തൻ അമ്മയായ ഉഷയോടു പറഞ്ഞു. മാത്രമല്ല, ജ്യേഷ്ഠനായ ശുചിവ്രതനോടും. ഇരുവർക്കും എത്രമാത്രം സന്തോഷമായെന്നോ?

ആ സമയം അംശുമതി അച്ഛനെക്കണ്ടു നടന്നതെല്ലാം അറിയിച്ചു. ദ്രമിളനുണ്ടായ സന്തോഷത്തിന് അതിരില്ല. അതിനു പ്രത്യേകിച്ചു കാരണമുണ്ടായിരുന്നു.

തലേദിവസം ഗന്ധർവപ്രമാണി ശിവനെ വന്ദിക്കാൻ ചെന്നിരുന്നു. അദ്ദേഹത്തിന് ശിവനിൽനിന്ന് ചിലതെല്ലാം അറിവായി — ശുചിവ്രതനു നിധി നല്കിയത് ഭഗവാനാണ് എന്ന്; അംശുമതിയും ധർമഗുപ്തനുമായുള്ള വിവാഹം നടക്കുമെന്ന്; ആ വിവാഹം ഭഗവാന്റെ ഇച്ഛപ്രകാരമാണ് എന്ന്; ഇതാ പ്രിയപ്പെട്ട മകൾ ധർമഗുപ്തനെ കണ്ട വിവരം അറിയിക്കുകയും ചെയ്തിരിക്കുന്നു.

അംശുമതി ധർമഗുപ്തനോടു സൂചിപ്പിച്ചിരുന്നല്ലോ വിവാഹസമയം. ദ്രമിളൻ അംശുമതിയോടുകൂടി കാലേകൂട്ടിത്തന്നെ വന്നെത്തി. കൃത്യസമയത്തിന് ധർമഗുപ്തനും വരികയായി. മംഗളമായി നടന്നു ആ വിവാഹം.

ധർമഗുപ്തൻ വധൂവിനേയുംകൊണ്ടു ഗൃഹത്തിലെത്തി. അമ്മയുടെ പാദങ്ങളിൽ നമസ്കരിച്ചു. ജ്യേഷ്ഠനെ സാദരം വണങ്ങുകയും ചെയ്തു.

തനിക്ക് എന്തൊക്കെയാണ് ചെയ്യാനുള്ളത്? അതൊക്കെ ധർമഗുപ്തൻ നിശ്ചയിച്ചു വെച്ചിട്ടുണ്ട്. ആ നിശ്ചയം ഉഷയെ അറിയിച്ചു.

'അമ്മേ, ഞാൻ വിദർഭയിലേക്കു പോവുകയാണ്. ശത്രുവിനെ ജയിച്ചിട്ടു മടങ്ങിവരും. അതുവരെ അമ്മയും ജ്യേഷ്ഠനും എനിക്കുവേണ്ടി കാത്തിരിക്കണം.' ധർമഗുപ്തൻ പറഞ്ഞു.

മഹാബലനാണ് സാലരാജാവ്. വമ്പിച്ച സൈന്യങ്ങളുമുണ്ട് അയാൾക്ക്. ധർമഗുപ്തൻ അയാളോട് എതിരിടുന്നുവെങ്കിലോ? ആനകൾ, കുതിരകൾ, തേരുകൾ, കാലാളുകൾ — അവയെല്ലാം ധാരാളം വേണം. ധർമഗുപ്തന്റെ പക്കൽ അവയൊന്നും ഇല്ലതാനും. പക്ഷേ, അതുകൊണ്ട് ഒരു കുഴപ്പവുമുണ്ടായില്ല. ദ്രമിളൻ ജാമാതാവിനു പ്രബലമായ സൈന്യത്തെ നല്കി. ആ സൈന്യത്തെ നയിച്ചുകൊണ്ട് ധർമഗുപ്തൻ വിദർഭയിൽ എത്തിച്ചേർന്നു.

എന്താണ് ഇനി താൻ ചെയ്യേണ്ടത്? അതായി സാലരാജാവിന്റെ ആലോചന. താൻ ധർമഗുപ്തന്റെ രാജ്യം കൈയടക്കുകയുണ്ടായി. ആ രാജ്യം വീണ്ടെടുക്കാൻ വന്നിരിക്കുകയാണ് ധർമഗുപ്തൻ. വലിയൊരു സൈന്യവുമുണ്ട് ധർമഗുപ്തന്റെ കീഴിൽ. ഗന്ധർവന്മാർ ഉൾപ്പെട്ട സൈന്യവുമാണ് അത്. ആ സൈന്യത്തെ തനിക്കു തോല്പിക്കാൻ ഒക്കുമോ? തീർച്ചയായും സാധിക്കുകയില്ല. മാത്രമല്ല, തനിക്കു ജീവാപായം സംഭവിക്കാനും ഇടയുണ്ട്. രാജ്യം പോയാൽ പോട്ടെ. ജീവൻ രക്ഷിച്ചാൽ മതി — അതായി സാലരാജാവിന്റെ ആഗ്രഹം. യുദ്ധം ചെയ്യാനൊന്നും ആ രാജാവു മിനക്കെട്ടില്ല. നേരെ ചെന്ന് ധർമഗുപ്തനു കീഴടങ്ങി. മാത്രമല്ല, രാജ്യത്തെ ധർമഗുപ്തനു സമ്മാനിച്ചു. അതേസമയം കണക്കറ്റ സമ്പത്തുകളും.

മഹാമനസ്കനാണല്ലോ ധർമഗുപ്തൻ. കീഴടങ്ങിയ എതിരാളിയെ വധിക്കുന്നതു തെറ്റല്ലേ? സാലരാജാവ് ജീവനുംകൊണ്ടു നാടുവിട്ടു.

അങ്ങനെ ധർമഗുപ്തൻ വിദർഭയിലെ രാജാവായി. എന്നിട്ട് ആ സിംഹാസനത്തിൽ ഇരിക്കുകയും ചെയ്തു. തന്റെ പൂർവികന്മാരും പിതാവും ഇരുന്നിരുന്ന സിംഹാസനത്തിൽ. അതിനുശേഷം ആദ്യം ചെയ്തത് എന്തായിരുന്നു? അമ്മയായി കരുതുന്ന ഉഷയെ ചെന്നുകണ്ടു. അവരെ രാജധാനിയി

ലേക്കു കൊണ്ടുവന്നു. കൂടെ കൊട്ടാരത്തിൽ പാർപ്പിച്ചു ശുശ്രൂഷിച്ചു. ജ്യേഷ്ഠനായ ശുചിവ്രതനെ മറുന്നുവോ, ഇല്ലേയില്ല. ആ ധർമിഷ്ഠനു മനോഹരമായ മണിമന്ദിരം പണിയിച്ചു നല്കി. മാത്രമല്ല, ധനവും ധാന്യവുമെല്ലാം അളവില്ലാതെ സമ്മാനിച്ചു. കണ്ടില്ലേ നന്മയും സന്മാർഗവും!

ധർമഗുപ്തന്റെ ശിവഭക്തി വർദ്ധിച്ചതേയുള്ളു —അതിന് ഇനിയും വർദ്ധിക്കാൻ സാധിക്കുമെങ്കിൽ!

(പ്രദോഷമാഹാത്മ്യം ഓട്ടൻതുള്ളൽ)

ശ്രീകരൻ

ഉജ്ജയിനിയിലെ രാജാവാണ് ചന്ദ്രസേനൻ.
ലോകത്തു മറ്റൊരു രാജാവിനും ഇല്ലാത്ത ഒരു സമ്മാനം ലഭിച്ചു ചന്ദ്രസേനന്. ഒരു ദേവനാണ് ആ സമ്മാനം നല്കിയത് — ഏറ്റവും അനർഘമായ ഒരു രത്നം! ഒന്നു വേറെതന്നെയാണ് രത്നംകൊണ്ടുള്ള പ്രയോജനം. അതു കൈയിലുള്ളവർക്ക് ഏതെല്ലാം ആഗ്രഹമുണ്ടോ അതെല്ലാം ആ രത്നം സാധിപ്പിക്കും. പോരെങ്കിലോ? രത്നത്തിന്റെ വെളിച്ചംതട്ടിയാൽ മതി, വെറും കല്ലുകൾ സ്വർണക്കട്ടികളായി മാറും!

'ചിന്താമണി' എന്നായിരുന്നു ആ ദിവ്യരത്നത്തിന്റെ പേര്.

'ചന്ദ്രസേനന് ചിന്താമണി കിട്ടിയിരിക്കുന്നു— ആ വർത്തമാനം അന്യ രാജ്യങ്ങളിൽ പരന്നു. അവിടങ്ങളിലെ രാജാക്കന്മാർക്ക് ചന്ദ്രസേനനോട് അസൂയ തോന്നി. അതേസമയം അടക്കവയ്യാത്ത ഒരു ആഗ്രഹവുമുണ്ടായി — ചിന്താമണി തങ്ങൾക്കു വേണം! ചില രാജാക്കന്മാർ ചന്ദ്രസേനനെ ഭീഷണിപ്പെടുത്തി — രത്നം കൊടുത്തില്ലെങ്കിൽ തോല്പിച്ചുവധിക്കുമെന്ന്. മറ്റു ചിലർ രത്നം മോഷ്ടിച്ചെടുക്കാൻ ആവുംപോലെ പരിശ്രമിച്ചു. ഇനിയും ചിലർ രത്നം തത്കാലത്തേക്കായി കടം ചോദിച്ചു. പക്ഷേ, അതിനൊന്നും ചന്ദ്രസേനൻ വഴങ്ങിയില്ല.

കറകളഞ്ഞ ശിവഭക്തിയുണ്ട് ചന്ദ്രസേനന്. അദ്ദേഹം ഭഗവാനെ ഭജിച്ചുകൊണ്ടു കാലംകഴിച്ചു.

ഭീഷണിപ്പെടുത്തിയില്ലേ രാജാക്കന്മാർ? അവരിൽ ചിലർ ഒന്നിച്ചുകൂടി ഒരു നിശ്ചയമെടുത്തു — ചന്ദ്രസേനനെ യുദ്ധത്തിൽ തോല്പിച്ച് ചിന്താമണി കൈക്കലാക്കണം, അവർ ഉജ്ജയിനിയിലേക്കു പടനീക്കി.

ആയിടയ്ക്ക് ഉജ്ജയിനിയിൽ ഒരു സംഭവമുണ്ടായി.

ശിവഭക്തനായ ഒരു ഇടയബാലനുണ്ട്. അവൻ ഒരു കല്ലിനെ ശിവലിംഗമായി സങ്കല്പിച്ചു. കല്ലിനെ പ്രതിഷ്ഠിക്കുകയും ചെയ്തു. പിന്നീടു ദിവസവും അതിനെ പൂജിച്ചുപോന്നു. ഒരു ദിവസം പൂജിക്കുമ്പോഴാണ് ആ സംഭവം നടന്നത്.

'മകനേ, ഭക്ഷണം കഴിക്കാൻ വരൂ' അവന്റെ അമ്മ വിളിച്ചു പറഞ്ഞു.

ബാലൻ ശിവധ്യാനത്തിൽ മുഴുകിയിരിക്കുകയാണ്. അക്കാരണത്താൽ വിശപ്പ് അറിഞ്ഞതേയില്ല. അമ്മയുടെ വിളി കേൾക്കപോലും ചെയ്തുമില്ല.

ഇടയസ്ത്രീ വീണ്ടും വീണ്ടും മകനെ വിളിച്ചു. എന്നിട്ടും മകൻ മിണ്ടാതെ ഇരിക്കുന്നതേയുള്ളൂ. ആ സ്ത്രീക്ക് കലശലായ ദേഷ്യം വന്നു. ഓടിച്ചെന്നു കല്ലിനെ വലിച്ചെടുത്ത് ഒരേറ്! മാത്രമോ? മകനെ നല്ലപോലെ അടിച്ചു. എന്നിട്ട് അവളുടെ പാട്ടിനു പോയി.

അത്രയുമായപ്പോൾ ബാലൻ ധ്യാനത്തിൽനിന്ന് ഉണരുകയായി. നടന്നതെല്ലാം ഊഹിച്ചെടുക്കാൻ പ്രയാസമുണ്ടായില്ല. അടി കിട്ടിയതൊന്നും അവൻ കാര്യമാക്കിയില്ല. അമ്മ ശിവലിംഗം എടുത്തെറിഞ്ഞില്ലേ? അതു മാത്രം അവനു സഹിക്കാൻ സാധിച്ചില്ല. അവൻ കരഞ്ഞുകൊണ്ടു നിലത്തു കിടന്നുരുണ്ടു.

പൊടുന്നനേ അവനൊരു കാഴ്ച കണ്ടു. അപ്പോൾ അവന്റെ കണ്ണുകൾ ആശ്ചര്യംകൊണ്ടു വിടർന്നു. തെല്ലകലെ മനോഹരമായ ഒരു മണിമന്ദിരം ഉയർന്നുവന്നിരിക്കുന്നു. മണിമന്ദിരത്തിൽ ശിവന്റെ സ്വർണവിഗ്രഹവും!

ബാലൻ ഭക്തികൊണ്ടു പരവശനായി. അവൻ നിലത്തുവീണ് ശിവവിഗ്രഹത്തെ വണങ്ങി. അവന്റെ നാവുകൾ തളരാതെ ശിവനാമം ഉച്ചരിച്ചുകൊണ്ടിരുന്നു.

കുറെനേരം കഴിഞ്ഞ് അവൻ സ്വന്തം വീട്ടിൽ കയറിച്ചെന്നു. അവന്റെ അമ്മ കിടന്നുറങ്ങുകയാണ്. പട്ടുവസ്ത്രങ്ങൾ, രത്നാഭരണങ്ങൾ, മറ്റലങ്കാരങ്ങൾ—അവയെല്ലാം ധാരാളമായി അണിഞ്ഞിരിക്കുകയാണ് ആ സ്ത്രീ. കിടക്കുന്നതോ, സ്വർണംകൊണ്ടു നിർമിച്ച കട്ടിലിലും. കേവലം ദരിദ്രയായ ഒരുവൾ എങ്ങനെ ഇത്ര പെട്ടെന്നു ധനികയായി?

ബാലൻ അമ്മയെ വിളിച്ചുണർത്തി. അവൾ മകനെ മാറോടണച്ചു. ഒന്ന് അവൾക്കു മനസ്സിലായിരുന്നു — മകന്റെ ഭക്തിയാണ് ഈ ഐശ്വര്യത്തിനു കാരണം!

ഈ സംഭവം നാട്ടുകാരെ അത്ഭുതപ്പെടുത്തി. മാത്രമല്ല, ആക്രമിക്കാൻ വന്നിരിക്കുന്ന രാജാക്കന്മാരെയും. അപ്പോൾ അവരുടെ മനസ്സിന് ഒരു മാറ്റം ഉണ്ടായി. ചന്ദ്രസേനന്റെ രാജ്യത്തിലാണ് അത്ഭുതം നടന്നിരിക്കുന്നത്. ശിവന്റെ അനുഗ്രഹമുണ്ട് ചന്ദ്രസേനനെന്നു തീർച്ചയാണ്. ആ നിലയ്ക്ക് ചന്ദ്രസേനന്റെ രാജ്യത്തെ ആക്രമിച്ചുകൂടാ. ആക്രമിച്ചാൽ തങ്ങളൊക്കെ ശിവകോപത്തിന് ഇരയായേക്കും. അതായി രാജാക്കന്മാരുടെ ഭയം. അവർ ആക്രമണചിന്ത ഉപേക്ഷിച്ചു എന്നതോ പോകട്ടെ, ചന്ദ്രസേനനെ ചെന്നുകണ്ടു മാപ്പു ചോദിച്ചു. ശിവവിഗ്രഹത്തെ വന്ദിച്ചു. മാത്രമല്ല, ധാരാളം ധനവും സമ്മാനിച്ചു.

അവരുടെ മുമ്പിൽ ഹനുമാൻ പ്രത്യക്ഷനായി. ശിവതേജസ്സിൽനിന്നായിരുന്നല്ലോ ഹനുമാന്റെ ജനനം. ആ വാനരശ്രേഷ്ഠൻ രാജാക്കന്മാരോടിങ്ങനെ പറഞ്ഞു:

'ഇടയബാലന്റെ ഭക്തിയുടെ ഫലമാണ് ഇക്കണ്ടതെല്ലാം. ഞാൻ നിങ്ങളെ ഒരു ഭാവിഫലം അറിയിക്കാം. ഇവന്റെ വംശത്തിൽ എട്ടാം തലമുറയാവും. അപ്പോൾ നന്ദഗോപൻ എന്നൊരാൾ ഉണ്ടാവും. നന്ദഗോപന്റെ പുത്രനായി, ശ്രീകൃഷ്ണനായി, മഹാവിഷ്ണു അവതരിക്കും. ഈ ഇടയബാലൻ ഇന്നു

മുതൽ ശ്രീകരൻ എന്ന പേരിൽ അറിയപ്പെടും.' അത്രയും പറഞ്ഞിട്ട് ഹനുമാൻ അപ്രത്യക്ഷനായി.

അങ്ങനെ ഇടയബാലന് ശ്രീകരൻ എന്നു പേരായി.

ശ്രീകരൻ ശ്രീമാനായി ജീവിതം തുടർന്നുപോയി. ശ്രീമാനായപ്പോൾ ശ്രീമത്വം നല്കിയ ശിവനെ മറന്നുവോ? ഇല്ലേയില്ല. മറിച്ച്, ഒന്നിനെ ഏറ്റവും വലിയ നേട്ടമായി കരുതി — മറ്റൊന്നുമല്ല, ശിവഭക്തി!

(ശിവപുരാണം കിളിപ്പാട്ട്)

സീമന്തിനി

ചിത്രവർമാവ് എന്ന രാജാവിന് ഒരു പുത്രി ജാതയായി.

പുത്രിയുടെ ജാതകം പരിശോധിക്കണം — അതായി രാജാവിന്റെ നിശ്ചയം. അദ്ദേഹം പ്രഗല്ഭനായ ഒരു ജ്യോത്സ്യനെ വരുത്തി.

ജ്യോത്സ്യൻ കുട്ടിയുടെ ജാതകം പരിശോധിച്ചു.

'തമ്പുരാനേ, രാജകുമാരിക്കു ദീർഘായുസ്സുണ്ട്. തുടർച്ചയായുള്ള ഭർത്തൃസുഖമുണ്ട്. മാത്രമല്ല, സകല സൗഭാഗ്യങ്ങളുമുണ്ട്.' ജ്യോത്സ്യൻ പ്രവചനം ചെയ്തു.

ഏറ്റവും നല്ല കാര്യങ്ങളല്ലേ ജ്യോത്സ്യൻ പറഞ്ഞത്? ചിത്രവർമാവിന് അത്യധികമായ സന്തോഷമുണ്ടായി. അദ്ദേഹം ജ്യോത്സ്യനു നിരവധി സമ്മാനങ്ങൾ നൽകി.

എങ്കിലും രാജാവിന് ഒന്നറിയാം. ജ്യോത്സ്യന്മാർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകാം. മറ്റൊരു വിദഗ്ദ്ധന്റെ അഭിപ്രായവും അറിയുന്നതു നന്ന്. രാജാവ് രണ്ടാമത് ഒരു ജ്യോത്സ്യനെ വരുത്തി.

ആ ജ്യോത്സ്യൻ ഏറ്റവും നിഷ്കർഷിച്ചു ജാതകം പരിശോധിച്ചു.

'തിരുമേനീ, അടിയൻ പറയുന്നതു ക്ഷമിക്കണം. ആവശ്യക്കാർക്ക് ഇഷ്ടമുള്ളതു മാത്രം കേൾപ്പിക്കാൻ ഞാൻ ആളല്ല. ശാസ്ത്രം കാണിക്കുന്നതേ എനിക്കു പറയാനൊക്കൂ. രാജകുമാരിയുടെ ജാതകത്തിനു ഞാൻ ഒരു ദോഷം കാണുന്നു. പതിന്നാലു വയസ്സിൽ രാജകുമാരി വിധവയാകും!' ജ്യോത്സ്യൻ പറഞ്ഞ് അവസാനിപ്പിച്ചു.

അത്രയും കേട്ടപ്പോൾ എന്തായിരുന്നു ചിത്രവർമാവിന്റെ സന്താപം! എങ്കിലും കാലം ആ സന്താപത്തെ മയപ്പെടുത്തി. അദ്ദേഹം പുറമേ സന്തോഷം ഭാവിച്ചു നാളുകൾ നയിച്ചു.

സീമന്തിനി എന്നായിരുന്നു കുമാരിയുടെ പേര്.

ഒന്നു പ്രത്യേകമായിരുന്നു, ആ ബാലികയുടെ അഴക്. അതു കണ്ടവരെ ഏറ്റവും വിസ്മയിപ്പിച്ചു. ചില രാജകുമാരിമാർക്ക് ബാല്യകാലത്തിൽത്തന്നെ വിവാഹം നടക്കും. അക്കാലത്തു ബാല്യവിവാഹം അസാധാരണമൊന്നും ആയിരുന്നില്ല. സീമന്തിനി തോഴിമാരോടുകൂടി ഉല്ലാസമായി കഴിഞ്ഞുകൂടി.

ഒരിക്കൽ തോഴിമാർ പറഞ്ഞ് രാജകുമാരിക്ക് ഒന്നറിവായി — തനിക്കു പതിന്നാലു വയസ്സിൽ വൈധവ്യം സംഭവിക്കും!

സങ്കടം സഹിക്കാൻ ശക്തിയില്ലാതെയായി സീമന്തിനിക്ക്. ആരാണ് തനിക്ക് അല്പം ആശ്വാസം അരുളുക? രാജകുമാരിയുടെ സ്മരണ മൈത്രേയിയിൽ പറ്റിക്കൂടി.

യാജ്ഞവല്ക്യൻ എന്നൊരു പ്രസിദ്ധനായ മഹർഷിയുണ്ട്. ആ മഹർഷിയുടെ പത്നിയാണ് മൈത്രേയി. സീമന്തിനി മൈത്രേയിയെ ചെന്നുകണ്ടു വിവരം പറഞ്ഞു.

മൈത്രേയി സീമന്തിനിയെ സഹായിക്കാൻ ഒരുക്കമായി.

'സന്തതി, യശസ്സ്, ധനം, നെടുമംഗല്യം — ഇവയെല്ലാം നേടുന്നതിന് ഒരു വ്രതമുണ്ട്. സോമവാരവ്രതം എന്നാണ് അതിന്റെ പേര്. വിധിപോലെ സോമവാരവ്രതം നോറ്റാലോ? തീർച്ചയായും ശിവൻ പ്രസാദിക്കും' മഹർഷി പത്നി അറിയിച്ചു.

എന്തെല്ലാമാണ് വ്രതത്തിന്റെ വിധികളും അനുഷ്ഠാനങ്ങളും? എല്ലാം മൈത്രേയി സീമന്തിനിയെ ധരിപ്പിച്ചു. പുതിയ അറിവുമായി സീമന്തിനി കൊട്ടാരത്തിലേക്കു മടങ്ങിച്ചെന്നു. സോമവാരവ്രതം ആരംഭിക്കുകയും ചെയ്തു.

ആ സമയമൊക്കെ ചിത്രവർമാവ് എന്താണാലോചിക്കുന്നത്? മറ്റൊന്നുമല്ല, മകളുടെ വിവാഹക്കാര്യംതന്നെ. ഏതു രാജകുമാരനാണ് സീമന്തിനിക്ക് യോഗ്യനായ വരൻ? രാജാവ് അനേകം രാജ്യങ്ങളിൽ അന്വേഷണം നടത്തി. ഒരൊറ്റ രാജകുമാരനിൽ മാത്രമെ അദ്ദേഹം യോഗ്യത ദർശിച്ചുള്ളു — ചന്ദ്രാംഗദൻ എന്ന രാജകുമാരനിൽ!

ഗംഭീരമായി നടന്നു ചന്ദ്രാംഗദന്റെയും സീമന്തിനിയുടെയും കല്യാണം.

കല്യാണം കഴിഞ്ഞയുടനെതന്നെ ചന്ദ്രാംഗദന് ഒന്നു മനസ്സിലായി — തന്റെ നവവധു സോമവാരവ്രതം അനുഷ്ഠിച്ചുവരുന്നു. അതിയായ ശിവഭക്തി ഉണ്ടായിരുന്നു ചന്ദ്രാംഗദനും. അദ്ദേഹം ഏറ്റവും സന്തോഷത്തോടെ ആ വ്രതത്തിൽ പങ്കുകൊണ്ടു.

ഒരുനാൾ ചന്ദ്രാംഗദന് ഒരാഗ്രഹം തോന്നി — കാളിന്ദിനദിയിൽ ഉല്ലാസയാത്ര ചെയ്യണം. അദ്ദേഹം സീമന്തിനിയെയും പരിജനങ്ങളെയും കൂട്ടി. എല്ലാവരേയും കൊണ്ടു കാളിന്ദിയുടെ തീരത്തിൽ എത്തി. ചന്ദ്രാംഗദനും സീമന്തിനിയും പ്രത്യേകമായുള്ള പള്ളിയോടത്തിൽ കയറി. പരിജനങ്ങൾ അവർക്കായി തയ്യാറാക്കിയിരുന്ന വഞ്ചികളിലും. അതിനുശേഷം ആ ജലയാത്ര ആരംഭിച്ചു. ചിലർ പാട്ടുകൾ പാടുന്നു. മറ്റു ചിലർ താളമൊപ്പിച്ചു കൈകൊട്ടുന്നു. വേറെ ചിലർ പ്രോത്സാഹനം നല്കുന്നു. അതേസമയം വഞ്ചികൾ തുഴഞ്ഞു പോവുകയുമാണ്. ആകെ ഒരു കോലാഹലം തന്നെ.

അവരുടെ ഉല്ലാസം തത്കാലത്തേക്കു മാത്രമായിരുന്നു.

പെട്ടെന്നു കാർമേഘങ്ങൾ ആകാശത്തു പരന്നു. കനത്ത മഴ പെയ്തു തുടങ്ങി. നദിയിൽ ഓളങ്ങൾ പൊങ്ങി. ഓളങ്ങൾ തിരമാലകളായി വളർന്നു. തിരമാലകൾ വഞ്ചികളെ രൂക്ഷമായി ആഞ്ഞടിച്ചു. വഞ്ചികൾ മാത്രമല്ല, പള്ളിയോടവും മറിഞ്ഞു. എല്ലാവരും വെള്ളത്തിൽ വീണു. വല്ലവിധവും ജീവൻ രക്ഷിക്കണമല്ലോ. അവർ മുങ്ങിയും പൊങ്ങിയും കൈകാലുകളിട്ടടിച്ചും മുമ്പോട്ടു നീങ്ങി. എങ്ങനെയോ കരപറ്റി എന്നു പറഞ്ഞാൽ കഴിഞ്ഞു — ഏറ്റവും അവശരായിപ്പോയി എങ്കിലും.

ഒരൊറ്റ ആൾ മാത്രം രക്ഷപ്പെട്ടവരുടെ കൂട്ടത്തിൽ കാണപ്പെട്ടില്ല. ആ ആൾ ചന്ദ്രാംഗദൻ ആയിരുന്നു. അദ്ദേഹം മുങ്ങി മരിച്ചു എന്നായി എല്ലാവരുടെയും വിശ്വാസം. മൃതശരീരം ഒരിടത്തും കാണുന്നുമില്ല. അത് എവിടെപ്പോയോ എന്തോ? സകലരും ദുഃഖംകൊണ്ട് ഇളകിപ്പോയി. അങ്ങനെ രാജധാനിയിൽ തിരിച്ചെത്തി.

രാജ്യത്താകെ ശോകത്തിന്റെ നിഴൽ പരന്നു. ഒന്നു പ്രത്യേകമായിരുന്നു ചിത്രവർമാവിന്റെയും സീമന്തിനിയുടെയും അവസ്ഥ. സീമന്തിനിക്ക് പതിനാലു വയസ്സു തികയുന്ന ദിവസമാണ് അന്ന്. സുദിനമായി കരുതപ്പെടേണ്ട പിറന്നാൾ ദുർദിവസമായി. അന്നേ ദിവസം അവളുടെ പ്രിയപ്പെട്ട ഭർത്താവു മുങ്ങിമരിച്ചിരിക്കുന്നു. രാജകുമാരിയുടെ ജാതകം പരിശോധിച്ചിരുന്നില്ലേ രണ്ടു ജ്യോത്സ്യന്മാർ? അവരിൽ ഒന്നാമൻ കള്ളം പറയുകയായിരുന്നു. രണ്ടാമന്റെ പ്രവചനം എത്ര ശരിയായിരുന്നു?

ചന്ദ്രാംഗദന്റെ മൃതദേഹമെങ്കിലും കിട്ടുമോ? അതിനായിരുന്നു ചില രാജഭൃത്യന്മാരുടെ പരിശ്രമം. പക്ഷേ, അവരുടെ പരിശ്രമം നിഷ്ഫലമായതേയുള്ളു.

അവിടെയും അവസാനിച്ചില്ല സംഭവങ്ങളുടെ ഗതി. അതാ ചന്ദ്രാംഗദന്റെ രാജ്യത്തിൽ വലിയൊരു കുഴപ്പം! ഇന്ദ്രസേനനാണ് ചന്ദ്രാംഗദന്റെ പിതാവ്. മകന്റെ നിര്യാണം പിതാവിനെ ദുഃഖസമുദ്രത്തിൽ ആഴ്ത്തി. അപ്പോഴാണ് ശത്രുക്കളുടെ ആക്രമണം. ശത്രുക്കൾ നിഷധത്തെ പിടിച്ചടക്കിയതും പോട്ടെ; ഇന്ദ്രസേനനെ പിടിച്ചു ബന്ധനസ്ഥനുമാക്കി.

ചന്ദ്രാംഗദനു വാസ്തവത്തിൽ എന്തു സംഭവിച്ചിരുന്നു?

പള്ളിയോടം മറിഞ്ഞപ്പോൾ രാജകുമാരൻ വെള്ളത്തിൽ വീണുപോയി. നീന്തിപ്പോകാനായിരുന്നു പ്രയത്നം. പക്ഷേ, അപ്പോൾ ഒരു തോന്നൽ ഉണ്ടായി. താൻ മുമ്പോട്ടു നീങ്ങുകയല്ല, താഴോട്ടുപോവുകയാണ്!

ചില നാഗസ്ത്രീകൾ ജലത്തിനടിയിൽ വിഹരിക്കുകയായിരുന്നു. അവർ എന്താണു കണ്ടത്? ഒരു മനുഷ്യൻ വെള്ളത്തിലൂടെ താഴ്ന്നു താഴ്ന്നു വരികയാണ്. അവർ അവശനായ ആ മനുഷ്യനെ താങ്ങിയെടുത്തുകൊണ്ടുപോയി. എവിടേക്കെന്നോ? നാഗരാജാവിന്റെ സമക്ഷത്തിങ്കലേക്ക്!

ആ രാജ്യത്തിലെ അപ്പോഴത്തെ നാഗരാജാവ് തക്ഷകൻ ആയിരുന്നു.

'കുമാരാ, അങ്ങ് ആരാണ്? വെള്ളത്തിൽ എങ്ങനെ താഴ്ന്നു?' തക്ഷകൻ മര്യാദയോടുകൂടി ചോദിച്ചു.

ചന്ദ്രാംഗദൻ നടന്നതൊക്കെ വിസ്തരിച്ചു.

'ചന്ദ്രാംഗദാ, ആരാണ് അങ്ങയുടെ ഇഷ്ടദേവത?' തക്ഷകൻ അന്വേഷിച്ചു.

'എന്റെ ഇഷ്ടദേവത ശിവൻതന്നെയാണ്.' ചന്ദ്രാംഗദൻ സത്യം അറിയിച്ചു.

അതു കേട്ടപ്പോൾ തക്ഷകന്റെ സന്തോഷം അളവറ്റതായിരുന്നു. ശിവന് ഏറ്റവും പ്രിയംകരങ്ങളാണല്ലോ സർപ്പങ്ങൾ. സർപ്പങ്ങളുടെ മുഖ്യന്മാരിൽ ഒരുവനാണ് തക്ഷകനും.

'കുമാരാ, എനിക്ക് അങ്ങയോട് അതിയായ സ്നേഹം തോന്നുന്നു. ഇനി അങ്ങു മറ്റൊരിടത്തും പോകരുത്. ഇവിടെത്തന്നെ സ്ഥിരമായി താമസിക്കണം.

എന്റെ രാജ്യത്തിന് ഒരു പ്രത്യേകതയുണ്ട്. ഇവിടെ ആധിയില്ല, വ്യാധിയില്ല, താപമില്ല.' തക്ഷകൻ പറഞ്ഞു.

ചന്ദ്രാംഗദനും തക്ഷകനോട് അതിയായ ആദരവുതോന്നി. എങ്കിലും നാഗ രാജാവിന്റെ ക്ഷണം നിരാകരിക്കാതെ തരമില്ല. രാജകുമാരൻ അതിനുള്ള കാരണം അറിയിച്ചു.

'നാഗരാജാവേ, ഇവിടെ താമസിക്കുന്നതു സന്തോഷം തന്നെ. പക്ഷേ, ഒരു ബുദ്ധിമുട്ടുണ്ട്. എന്റെ അച്ഛനും പത്നിയും എന്നെച്ചൊല്ലി ദുഃഖിക്കുന്നു. അവിടുന്നു ദയവായി എന്നെ അവരുടെ പക്കൽ എത്തിക്കണം.' ചന്ദ്രാംഗ ദൻ അഭ്യർത്ഥിച്ചു.

ആ അഭ്യർത്ഥന തിരസ്കരിക്കാൻ തക്ഷകനു മനസ്സുവന്നില്ല. എങ്കിലും നാഗരാജാവ് അതിഥിക്കു ഭക്ഷണം നല്കി. സാധാരണ ഭക്ഷണമൊന്നുമല്ല; പിന്നെയോ സർവവിഭവങ്ങളും നിറഞ്ഞ സദ്യ. അതിനുശേഷം ചന്ദ്രാംഗ ദനു സമ്മാനങ്ങൾ നല്കി — അനർഘങ്ങളായ പവിഴങ്ങളും രത്നങ്ങളും! അവയ്ക്കോ എണ്ണമില്ലതാനും. അത്രയും കൊടുത്തിട്ടും തക്ഷകനു മതിയാ യില്ല. സർവലക്ഷണങ്ങളും തികഞ്ഞ വെള്ളക്കുതിരയെക്കൂടി നല്കി.

ചന്ദ്രാംഗദൻ നാഗരാജാവിനോട് വിടവാങ്ങി. രണ്ടുപേർ രാജകുമാരനെ അനുഗമിച്ചു; ചുമട് എടുക്കാൻ ഒരു രാക്ഷസൻ; കൂട്ടിന് ഒരു ബാലസർ പ്പവും.

ഇതിനിടയ്ക്കു മറ്റൊന്നുകൂടി നടന്നിരിക്കുന്നു. നാഗരാജ്യത്തു വന്ന പ്പോൾ ചന്ദ്രാംഗദൻ കാന്തിമാൻ ആയിരുന്നു. ശരിതന്നെ. പക്ഷേ, അവിടന്ന് യാത്രയായപ്പോഴോ? കാന്തി ഇരട്ടിച്ചുകഴിഞ്ഞിരുന്നു. വേണ്ടപ്പെട്ടവർപോലും തിരിച്ചറിയുകയില്ല — ആ വിധത്തിൽ ഒരു മാറ്റം.

ചന്ദ്രാംഗദൻ, രാക്ഷസൻ, ബാലസർപ്പം — മൂവരും ഒന്നിച്ചു കാളിന്ദിനദി യിലെ ജലത്തിൽകൂടി ഉയർന്നുപോയി. ജലപ്പരപ്പിന്റെ മുകളിലായപ്പോൾ നദീ തീരത്തിൽ നീന്തിക്കയറി. രാക്ഷസനും ബലസർപ്പവും മനുഷ്യരൂപം കൈക്കൊണ്ടു. മൂന്നുപേരും ഒരുമിച്ച് ഒരിടത്ത് ഇരിപ്പായി.

കേവലം അവിചാരിതം എന്നു പറയട്ടെ — സീമന്തിനിയും സഖികളും അതിനടുത്തു വരികയായി. നദിയിൽ സ്നാനം ചെയ്യാൻ വന്നതാണ് അവ രെല്ലാം. തെല്ലപ്പുറത്തായി മൂന്നു പുരുഷന്മാർ ഇരിക്കുന്നതു കാണായി. അവ രിൽ ഒരാൾ നാലുപാടും തേജസ്സു ചിന്തുന്നു. ചന്ദ്രാംഗദനാണ് അതെന്ന് സീമന്തിനി അറിഞ്ഞിരുന്നില്ല.

സഖിമാരെയും സ്വാമിനിയെയും ചന്ദ്രാംഗദനും കാണാതിരുന്നില്ല. സ്വാമിനി വാസ്തവത്തിൽ സീമന്തിനിയാണ് — അക്കാര്യം അപ്പോൾ ചന്ദ്രാം ഗദനു മനസ്സിലായില്ല. തിരിച്ചറിയാൻ പാടില്ലാത്തവിധം സീമന്തിനി മാറിയി രുന്നു. തീവ്രമായ ദുഃഖമായിരുന്നു ആ മാറ്റത്തിനു കാരണം.

രാജകുമാരൻ അവളുടെ അടുക്കലേക്കു ചെന്നു.

'ആരാണു നിങ്ങൾ?' അദ്ദേഹം ചോദിച്ചു.

ചോദ്യത്തിന് ഉത്തരം നല്കിയതു തോഴിമാരാണ്. നടന്നതെല്ലാം അവർ വിസ്തരിച്ചു. അപ്പോഴാണ് ചന്ദ്രാംഗദനു പരമാർത്ഥം അറിവായത് — പ്രിയ പ്പെട്ട സീമന്തിനിയാണ് അവരുടെ സ്വാമിനി!

'ഞാനൊരു വിദ്യാധരനാണ്. ഒരു വർത്തമാനം അറിയിക്കാൻ വന്നതാണ്. ചന്ദ്രാംഗദൻ ജീവിച്ചിരിക്കുന്നു. താമസിയാതെ ഇങ്ങ് എത്തുകയും ചെയ്യും.' ചന്ദ്രാംഗദൻ അർദ്ധസത്യം പറഞ്ഞു.

സീമന്തിനി തേജസ്വിയായ ആ യുവാവിനെ കണ്ണെടുക്കാതെ നോക്കി നിന്നു. നോട്ടം, ഭാവം, വയസ്സ്, വാക്ക്, സ്വരം — എല്ലാം ചന്ദ്രാംഗദന്റെപോലെതന്നെ. ദോഹകാന്തി കൂടുതൽ എന്നൊരു വ്യത്യാസം മാത്രം. ഇതെങ്ങനെ വന്നുകൂടി? സീമന്തിനി ആലോചനയിൽ മുഴുകി. ക്രമേണ ഒരു ബോധം മനസ്സിൽ അങ്കുരിച്ചു. ഈ പുരുഷൻ മറ്റാരുമല്ല, ഭർത്താവുതന്നെ. എന്താണിത്? മരിച്ചയാൾ ജീവിച്ചുവരികയാണോ? താൻ അത്രമാത്രം ഭാഗ്യവതിയാണോ? ഇതെല്ലാം സോമവാരവ്രതത്തിന്റെ സദ്ഫലമോ? മൈത്രേയിയുടെ ദീർഘദർശനം ശരിയായെന്നോ?

അങ്ങനെ ഭർത്താവും ഭാര്യയും വീണ്ടും സമ്മേളിച്ചു. വികാരങ്ങൾ വിങ്ങിപ്പൊട്ടുന്ന ഒരവസരം!

വീണ്ടും അവർ പിരിയുകയായി — ആ വേർപാട് തത്കാലത്തേക്കു മാത്രമാണെങ്കിലും. ചന്ദ്രാംഗദൻ സ്വരാജ്യമായ നിഷധത്തിലേക്കു യാത്രയായി. നാഗലോകത്തുനിന്നു വന്നിരുന്ന കുതിരയുടെ പുറത്തു കയറിയാണു സഞ്ചാരം. അദ്ദേഹത്തെ അനുഗമിച്ചു മനുഷ്യവേഷം ധരിച്ച രാക്ഷസനും ബാലസർപ്പവും.

നിഷധത്തെ കൈയടക്കി വെച്ചിരിക്കയാണല്ലോ ശത്രുക്കൾ. അവർക്കൊരു സന്ദേശം അയച്ചു ചന്ദ്രാംഗദൻ. സന്ദേശം നല്കിയതോ, ബാലസർപ്പവും.

'ചന്ദ്രാംഗദൻ ജീവിച്ചുവന്നിരിക്കുന്നു. നാഗരാജാവിൽനിന്നു പുതിയ ശക്തികൾ നേടിയിട്ടുമുണ്ട്. നിങ്ങൾ മര്യാദയ്ക്കു നിഷധരാജ്യം വിട്ടുപൊയ്ക്കൊള്ളണം. അല്ലാത്തപക്ഷം നിങ്ങളെയൊക്കെ കൊന്നൊടുക്കും' — അതായിരുന്നു സന്ദേശത്തിന്റെ ഉള്ളടക്കം.

ശത്രുക്കൾ പരിഭ്രമം കലർന്നു. ചന്ദ്രാംഗദനെ എതിർത്തുനില്ക്കാൻ സാദ്ധ്യമല്ല. ദിവ്യശക്തികൾ നേടിയിരിക്കയല്ലേ ചന്ദ്രാംഗദൻ? ശത്രുക്കൾ അപ്പോൾത്തന്നെ ഇന്ദ്രസേനനെ തടവിൽനിന്നു മോചിപ്പിച്ചു. അതിനുശേഷം അവർ ചന്ദ്രാംഗദന്റെ കാൽക്കൽവീണു മാപ്പു ചോദിച്ചു. മഹാമനസ്കനായ ചന്ദ്രാംഗദൻ അവരെ വിട്ടയയ്ക്കുകയാണു ചെയ്തത്. അദ്ദേഹം പിന്നിടു പിതാവിനു രാജ്യം നല്കി.

കാലവിളംബം കൂടാതെ ചന്ദ്രാംഗദൻ സീമന്തിനിയുടെ കൊട്ടാരത്തിൽ എത്തി.

ഭർത്താവും ഭാര്യയും സുഖജീവിതം ആരംഭിച്ചു.

രാക്ഷസനും ബാലസർപ്പവും നാഗരാജ്യത്തിലേക്കു മടങ്ങിപ്പോയി.

അക്കാലത്തു വിദർഭയിൽ രണ്ടു ബ്രാഹ്മണകുമാരന്മാർ ജീവിച്ചിരുന്നു. സുമേധാവ് എന്നാണ് ഒരുവന്റെ പേര്; സാമവാൻ എന്നു മറ്റവന്റെ പേരും. ഒരേ പ്രായക്കാരാണ് ഇരുവരും. മാത്രമല്ല, ചങ്ങാതിമാരും.

വിവാഹപ്രായം വന്നെത്തുകയായി, സുമേധാവിനും സാമവാനും. പക്ഷേ, വിവാഹത്തിന് ഒരു ബുദ്ധിമുട്ടുണ്ടായിരുന്നു. സ്ത്രീധനം കൊടുക്കേണ്ടതായിവരും. യുവാക്കന്മാരുടെ പിതാക്കന്മാർക്കു വിദ്യയുണ്ട്, ധനമില്ല. സ്ത്രീധനത്തിനു വിദ്യ പോരാ, ധനം വേണം. എന്തുചെയ്യും?

'മക്കളേ, രാജാവിനെ ചെന്നുകണ്ടു ധനം അഭ്യർത്ഥിക്കണം. രാജാവ് സഹായിക്കാൻ സാദ്ധ്യതയുണ്ട്.' പിതാക്കന്മാർ പറഞ്ഞു.

പണ്ഡിതന്മാർകൂടിയാണ് സുമേധാവും സാമവാനും. ഇരുവരും ഒന്നിച്ച് വിദർഭരാജാവിന്റെ മുമ്പിൽ പാണ്ഡിത്യം പ്രകടിപ്പിച്ചു. വിദർഭരാജാവിന് അവരോടു സന്തോഷം തോന്നി. അപ്പോൾ അവർ വന്ന കാര്യം അറിയിച്ചു.

വിദർഭരാജാവ് കൈമലർത്തി.

'ധനം തരാൻ സാധിക്കാത്തതിൽ എനിക്കു കുണ്ഠിതമുണ്ട്. വരവിന്റെ ഇരട്ടിയാണു ചെലവ്. ഞാൻ എന്തു ചെയ്യട്ടെ? എന്നാലും ഒരു വഴി പറഞ്ഞുതരാം. നിങ്ങൾ നിഷധയിൽ ഒന്നു പോയിട്ടുവരണം. ഒരുവൻ സ്ത്രീവേഷം ധരിച്ചിരിക്കണം. ഭാര്യയും ഭർത്താവും എന്ന നാട്യത്തിൽവേണം പോകാൻ. സീമന്തിനിക്കു സന്തോഷം തോന്നി. ധാരാളം ധനം നല്കും' രാജാവ് പറഞ്ഞു.

സുമേധാവിനും സാമവാനും അതു സ്വീകാര്യമായില്ല.

'അയ്യോ, അതു വഞ്ചനയാണ്, പാപമാണ്.' അവർ ഒഴിഞ്ഞുമാറി.

രാജാവിനു ദേഷ്യമായി.

'എന്ത്? നിങ്ങൾ എന്നെ ധിക്കരിക്കുന്നോ? ഞാൻ രാജാവാണ് എന്നു മറക്കരുത്. ഞാൻ എന്താജ്ഞാപിച്ചാലും നിങ്ങൾ അനുസരിക്കണം. അല്ലാത്തപക്ഷം നിങ്ങൾക്ക് ഈ നാട്ടിൽ ജീവിക്കാൻ കഴിഞ്ഞില്ലെന്നുവരും.' രാജാവ് ഭീഷണിപ്പെടുത്തി.

രാജാവ് ഉദ്ദേശിച്ച ഫലംതന്നെ ഭീഷണിക്കുണ്ടായി. യുവാക്കന്മാർ അദ്ദേഹത്തിന്റെ ഹിതത്തിനു വഴങ്ങി. അദ്ദേഹം സാമവാനെ പെൺവേഷം ചമയിച്ചു. ഒന്നാന്തരം ആയിരുന്നു ചമയം. കണ്ടാൽ സ്ത്രീ എന്നേ തോന്നൂ!

അവർ നിഷധത്തിൽ എത്തിച്ചേർന്നു. സുമേധാവ് ഭർത്താവ്, സാമവാൻ ഭാര്യ—അതായിരുന്നു അവരുടെ നാട്യം.

സോമവാരവ്രതം മുടങ്ങാതെ ചെയ്യുക എന്നതാണ് സീമന്തിനിയുടെ പതിവ്. അക്കാരണത്താൽ പ്രത്യേകമായ ചില സിദ്ധികൾ നേടുകയും ചെയ്തിരുന്നു. ആ സിദ്ധികൾ തങ്ങൾക്കു കുഴപ്പമുണ്ടാക്കും — അക്കാര്യം സുമേധാവും സാമവാനും അറിഞ്ഞിരുന്നില്ല.

അവർ ചന്ദ്രാംഗദനെയും സീമന്തിനിയെയും ചെന്നു കണ്ടു. സീമന്തിനി അവർക്കു മൃഷ്ടാന്നം നല്കി. തുടർന്നു ധാരാളം പൊന്നും പണവും. സ്നേഹിതന്മാർ പൊന്നും പണവും ഭാണ്ഡമാക്കി. ഭാണ്ഡം തോളത്തുവെച്ചു യാത്ര പറഞ്ഞിറങ്ങി. അവർ ദൃഢമായി ഒരു കാര്യം വിശ്വസിച്ചു — തങ്ങളുടെ വേഷം സീമന്തിനിയെ കബളിപ്പിച്ചിരിക്കുന്നു!

കുറെദൂരം ചെന്നപ്പോഴോ? ആകെ കുഴപ്പമായി എന്നേ പറയേണ്ടൂ. സ്ത്രീവേഷം ധരിച്ചിരുന്ന സാമവാൻ വാസ്തവത്തിൽ സ്ത്രീയായിരിക്കുന്നു! അതോടെ മനോഭാവവും അപ്പാടെ മാറുകയായി. സുമേധാവ് ഭർത്താവാകണം എന്നൊരു ആഗ്രഹം! ആ ആഗ്രഹം പ്രകടിപ്പിക്കാൻ മടിച്ചുമില്ല. ചങ്ങാതി വെറുതെ അഭിനയിക്കുകയാണ് — അതായിരുന്നു സുമേധാവിന്റെ ആദ്യത്തെ ധാരണ. പക്ഷേ, താമസിയാതെ ആ ധാരണ തെറ്റാണെന്നു തീർച്ചയായി. സാമവാൻ വാസ്തവത്തിൽ സ്ത്രീയായി മാറിയിരിക്കുന്നു!

എന്തൊരബദ്ധമാണു പിണഞ്ഞിരിക്കുന്നത്! കർമദോഷം എന്നല്ലാതെ എന്താണു പറയുക? ദുഃഖാർത്തരായി അവർ സ്വഗൃഹങ്ങളിൽ എത്തിച്ചേർന്നു. അവരുടെ അച്ഛനമ്മമാർ, ബന്ധുക്കൾ, സ്നേഹിതന്മാർ എല്ലാവരും വ്യാകുലരായി. രാജാവു കാരണം സംഭവിച്ചതാണ് ഈ വിനയൊക്കെ — അതായി അവരുടെ വിശ്വാസം. ധനം നല്കിയില്ലെന്നതോ പോകട്ടെ; രാജാവ് മാനക്ഷയംകൂടി വരുത്തിവെച്ചിരിക്കുന്നു. വാസ്തവത്തിൽ അദ്ദേഹം തങ്ങളെ ചതിക്കുകയായിരുന്നില്ലേ? എല്ലാവരുംകൂടി രാജസമക്ഷത്തിൽ ചെന്നുകയറി. സാമവാന്റെ പിതാവ് രാജാവിനെ നേരിട്ടു.

'തമ്പുരാനേ, എനിക്ക് ഒരൊറ്റ മകനേയുള്ളു. അവനിതാ പെണ്ണുമായിരിക്കുന്നു. അങ്ങ് അവനെ സ്ത്രീവേഷം കെട്ടിച്ചു നിഷധത്തിലേക്കയച്ചു. സീമന്തിനിയുടെ ദിവ്യശക്തി രഹസ്യം കണ്ടുപിടിച്ചു. അങ്ങ് എന്നെ ദ്രോഹിക്കുകയാണു ചെയ്യുന്നത്. പണം തരില്ലെന്നു നേരെയങ്ങു പറഞ്ഞാൽ പോരായിരുന്നോ? ഈ കടുംകൈ ചെയ്യണമായിരുന്നില്ല.' അദ്ദേഹം പരുഷം പറഞ്ഞു.

അപ്പോൾ വിദർഭരാജാവിന് രണ്ടു കാര്യങ്ങൾ മനസ്സിലായി — സോമവാരവ്രതത്തിന്റെ ശക്തിയും സീമന്തിനിയുടെ സിദ്ധിയും. തനിക്കും ഇനി ആ വ്രതം അനുഷ്ഠിക്കണം. അതായി അദ്ദേഹത്തിന്റെ ആഗ്രഹം. ഏതിനും, സ്ത്രീയായവന് പുരുഷനാകാൻ വല്ല വഴിയുമുണ്ടോ? അതായി രാജാവിന്റെ അന്വേഷണം. അദ്ദേഹം, അനേകം ദൈവജ്ഞന്മാരെ വരുത്തി ചോദിച്ചു. പക്ഷേ, അവരിൽനിന്ന് അനുകൂലമായ മറുപടി കിട്ടിയില്ല. ഭരദ്വാജമഹർഷി വിചാരിച്ചാൽ കാര്യം സാധിച്ചേക്കും. അതായി വിദർഭരാജാവിന്റെ ആശ. അദ്ദേഹം ആ മഹർഷിയെ കണ്ടു സഹായം അപേക്ഷിച്ചു. മഹർഷി ശക്തിയേറിയ ചില മന്ത്രങ്ങൾ ഉപദേശിച്ചു. രാജാവ് ആ മന്ത്രങ്ങൾ ഉരുക്കഴിച്ചുകൊണ്ട് ശ്രീപാർവതിയെ ഭജിച്ചു. മൂന്നുദിവസം കഴിഞ്ഞ് ശ്രീപാർവതി പ്രത്യക്ഷയായി.

'സീമന്തിനി സ്വശക്തികൊണ്ട് സാമവാനെ സ്ത്രീയാക്കി. ഞാൻ അവളുടെ നിശ്ചയത്തിനു മാറ്റം വരുത്തുകയില്ല. എന്റെ ഉത്തമഭക്തയാണ് അവൾ. എന്നാൽ, എനിക്കു മറ്റൊന്നു ചെയ്യാൻ കഴിയും. സാമവാന് ഇനിമേൽ സാമവതി എന്നു പേരായിരിക്കട്ടെ. ഞാനിതാ അവൾക്ക് ഒരനുഗ്രഹം നല്കുന്നു. അവൾക്കു മഹാനായ ഒരു പുത്രൻ ഉണ്ടാവും!' ദേവി അരുളിച്ചെയ്തിട്ട് അപ്രത്യക്ഷയായി.

ഇനി മറ്റൊന്നും ചെയ്യാനില്ല. ആ കാര്യം രാജാവിനു തീർച്ചയായി. മാത്രമല്ല, മറ്റെല്ലാവർക്കും. സ്ത്രീയായ സാമവാൻ സാമവതി എന്ന നാമം ധരിച്ചു. സുമേധാവ് സാമവതിയെ വിവാഹം കഴിച്ചു. യഥാകാലം അവർക്ക് ഒരു പുത്രൻ ജാതനായി. ആ പുത്രൻ മഹാൻ എന്ന ഖ്യാതി നേടി. ദേവിയുടെ അനുഗ്രഹം സഫലമായി എന്നു സ്പഷ്ടം!

ചന്ദ്രാംഗദനും സീമന്തിനിയുമോ? ഐശ്വര്യം, ആയുസ്സ്, സന്താനം — ആ സുഖങ്ങൾ എല്ലാം അനുഭവിച്ചു. അതോ, വളരെക്കാലത്തേക്ക് തുടർച്ചയായിട്ടും!

(ശിവപുരാണം കിളിപ്പാട്ട്)

ശാരദ

ആനർത്തരാജാവിന്റെ പ്രജകളിൽ ഒരാളാണ് വേദരഥൻ. ശാരദ എന്നൊരു മകളുണ്ട് വേദരഥന്. അവളെ കല്യാണംകഴിക്കാൻ വന്നതോ, ഒരു മുതുമുതുക്കനും. പത്മനാഭൻ എന്നാണു മുതുമുതുക്കന്റെ പേര്. അയാളുടെ ആദ്യ ഭാര്യ മരിച്ചുപോയിരുന്നു. രണ്ടാംവിവാഹം വേണമെന്നായി പത്മനാഭന്റെ ആഗ്രഹം. രാജാവിന്റെ സേവകനാണ് അയാൾ. ആ നിലയ്ക്കു പല അധികാരങ്ങളും നേടിയെടുത്തിട്ടുണ്ട്. മിക്കവർക്കും പത്മനാഭനെ അല്പം ഭയവുമുണ്ട്. അക്കാര്യം വേദരഥന് അറിയുകയും ചെയ്യാം. തന്റെ മകളെ കല്യാണം കഴിക്കാൻ പത്മനാഭൻ ഇച്ഛിക്കുന്നു. അയാളുടെ ഇച്ഛ നിറവേറ്റിയില്ലെങ്കിലോ? അയാൾ കൗശലം പ്രയോഗിച്ചു രാജകോപത്തെ തന്റെ നേർക്കു തിരിച്ചുവിടും. അതിന് ഇടവരുത്താതെ കഴിച്ചു വേദരഥൻ. അദ്ദേഹം ശാരദയെ മുതുമുതുക്കനു നല്കി — അവൾക്കു വളരെ ചെറുപ്പമാണ് എങ്കിലും.

വിവാഹദിവസംതന്നെ വരനു മൃത്യു സംഭവിക്കുക —ഏറ്റവും അപൂർവമാണല്ലോ അങ്ങനെ ഒന്ന്. എങ്കിലും അതുതന്നെ പത്മനാഭനും ഉണ്ടായി. അയാൾ സന്ധ്യയ്ക്കു പുഴയിൽ ചെന്നു കുളി കഴിഞ്ഞു. അതിനുശേഷം വീട്ടിലേക്കു പോകുകയായിരുന്നു. വഴിക്കുവെച്ച് അയാളെ ഒരു സർപ്പം കടിച്ചു. തത്ക്ഷണം അയാൾ നിലംപതിച്ചു മൃതനായി.

ശാരദ വിവാഹദിവസത്തിൽ വിധവയായി!

കാലം കുറെ കഴിഞ്ഞുപോയി. ഒരുനാൾ ശാരദയുടെ ഗൃഹത്തിൽ ഒരാൾ ചെന്നു കയറി. ധ്രുവയോഗി എന്ന ആളാണ് അത്. കണ്ണു രണ്ടും ഒട്ടുംതന്നെ കണ്ടുകൂടാ. എങ്കിലും മഹാജ്ഞാനിയാണ് അദ്ദേഹം. ആത്മശക്തിയാൽ സകലതും ഗ്രഹിച്ചുകൊള്ളും.

ശാരദയുടെ അച്ഛനമ്മമാർ ഗൃഹത്തിൽ ഇല്ലായിരുന്നു. അപ്പോഴാണ് ധ്രുവയോഗി അവിടെ ചെന്നുകയറിയത്. അതിഥിയെ സത്കരിക്കുന്ന ചുമതല ശാരദയ്ക്കായി. അവൾ ധ്രുവയോഗിയെ ഉപചാരത്തോടെ സ്വാഗതം ചെയ്തു. അദ്ദേഹത്തിനു തൃപ്തിയാവോളം ഭക്ഷണവും നല്കി.

ധ്രുവയോഗിയുടെ മനം തെളിഞ്ഞു.

'ശാരദേ, നിനക്കു ഭർത്തൃസുഖം ഉണ്ടാവട്ടെ. വിശിഷ്ടനായ പുത്രനും ജനിക്കുമാറാകട്ടെ!' അദ്ദേഹം ആശീർവദിച്ചു.

ധ്രുവയോഗിയുടെ സന്മനസ്സ് ശാരദയുടെ ഹൃദയത്തെ സ്പർശിച്ചു. എങ്കിലും കേവലം വിഫലമാണ് അദ്ദേഹത്തിന്റെ ആശീർവാദം. അതിൽ അവൾക്കു യാതൊരു സന്ദേഹവും ഉണ്ടായിരുന്നില്ല.

'മഹാത്മൻ, ഞാനൊരു വിധവയാണ്. എന്റെ ഭർത്താവു മരിച്ചിട്ടു കുറെക്കാലമായി. അങ്ങയുടെ അനുഗ്രഹംകൊണ്ടു ഫലമില്ല.' അവൾ വിനയത്തോടെ ഓർമപ്പെടുത്തി.

ധ്രുവയോഗിക്ക് ഒട്ടുംതന്നെ ചാഞ്ചല്യം ഉണ്ടായില്ല.

'എനിക്കു കണ്ണില്ല എന്നതു ശരിതന്നെ. എങ്കിലും എന്റെ വാക്കുകൾ പാഴാവുകയില്ല. നീ ഉമേശാനവ്രതം അനുഷ്ഠിക്കൂ. ഫലം ഉടനെ കാണാറാകും.' അദ്ദേഹം പറഞ്ഞു.

എന്തൊക്കെയാണ് ഉമേശാനവ്രതത്തിന്റെ പ്രത്യേകതകൾ? എന്തൊക്കെയായിരിക്കും അതുകൊണ്ടുണ്ടാവുന്ന നേട്ടങ്ങൾ? ഏതേതു ക്രിയകളാണു ചെയ്യേണ്ടത്? സകലതും ധ്രുവയോഗി വ്യക്തമാക്കി.

'ശാരദേ, നീ ഒരു വർഷക്കാലത്തേക്കു തുടർച്ചയായി വ്രതമനുഷ്ഠിക്കണം. നിനക്ക് ഏതെല്ലാമാഗ്രഹങ്ങളുണ്ടോ, അവയൊക്കെ അപ്പോൾ സാധിക്കും.' അദ്ദേഹം കൂട്ടിച്ചേർത്തു.

താമസിയാതെ ശാരദയുടെ അച്ഛനമ്മമാർ ഗൃഹത്തിൽ മടങ്ങിവന്നു. നടന്നതൊക്കെ ശാരദ പറഞ്ഞ് അവർ അറിഞ്ഞു. അവർക്കു വളരെ സന്തോഷമുണ്ടായി.

'മഹാത്മൻ, അങ്ങ് ഒരു വർഷം എന്റെ ഗൃഹത്തിൽ പാർക്കണം. ശാരദയുടെ വ്രതത്തിന്റെ മേൽനോട്ടവും വഹിക്കണം. അതാണ് എന്റെ ആഗ്രഹം. അങ്ങ് ആ ആഗ്രഹം സാധിപ്പിക്കണം. ' വേദരഥൻ ധ്രുവയോഗിയോട് അപേക്ഷിച്ചു.

ആ അപേക്ഷ ധ്രുവയോഗി സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ശാരദ വ്രതംനോറ്റു. ധ്യാനം, ജപം, ഹോമം, പൂജ — അവയെല്ലാം മുറയ്ക്കു നടന്നുകൊണ്ടിരുന്നു.

അപ്രകാരം ഒരു വർഷം കടന്നുപോയി.

ശ്രീപാർവതി പ്രസാദിച്ചു പ്രത്യക്ഷയായി.

ആ നിമിഷത്തിൽ ധ്രുവയോഗിക്കു കാഴ്ചകിട്ടി.

'എന്താണ് നിങ്ങളുടെ ആഗ്രഹം?' ദേവി ധ്രുവയോഗിയോടും ശാരദയോടും ചോദിച്ചു.

മറുപടി പറഞ്ഞത് ധ്രുവയോഗിയാണ്:

'ദേവീ, അടിയന്റെ അന്ധത മാറിയിരിക്കുന്നു. എന്താണ് എനിക്ക് അതിൽ പരം ഒരു നേട്ടം? ശാരദയ്ക്കാണെങ്കിൽ അവിടുന്ന് ഒന്നു ചെയ്തുകൊടുക്കണം. അവൾക്കു പുത്രനുണ്ടാകും എന്നു ഞാൻ ആശീർവദിച്ചിട്ടുണ്ട്. മാത്രമല്ല, ഭർത്തൃസുഖം ഉണ്ടാവുമെന്നും. അവിടുന്ന് എന്റെ വാക്കുകൾ സത്യമാക്കണം.' അദ്ദേഹം അഭ്യർത്ഥിച്ചു.

അപ്പോൾ ധ്രുവയോഗി ശാരദയുടെ പൂർവകഥ ദേവി പറഞ്ഞ് അറിഞ്ഞു. കഴിഞ്ഞ ജന്മത്തിൽ ഭാമിനിയെന്നൊരു സ്ത്രീയായിരുന്നു ശാരദ. ദാഹിഷൻ എന്ന ബ്രാഹ്മണന്റെ ഭാര്യയായിരുന്നു ഭാമിനി. മറ്റൊരു ഭാര്യയും ഉണ്ടായിരുന്നു ദാഹിഷന്. പക്ഷേ, അയാൾക്ക് ഭാമിനിയെ ആയിരുന്നു കൂടുതൽ ഇഷ്ടം. അക്കാരണത്താൽ മറ്റേ ഭാര്യയ്ക്കു വളരെ ദുഃഖമുണ്ടായി. കുറെക്കാലം കഴിഞ്ഞ് ദാഹിഷൻ മൃതനായി. വീണ്ടും ജനിച്ചതോ, പാണ്ഡ്യരാജ്യത്തിലും. അവിടെ അയാൾ ഇപ്പോൾ ജീവിക്കുന്നുണ്ട്.

ശാരദേ, ആ മനുഷ്യനിൽനിന്നു നിനക്കൊരു പുത്രൻ ജനിക്കും. നിന്റെ വ്രതത്തിന്റെ പാതിഫലം അയാൾക്കു കൊടുക്കണം. അതോടൊന്നിച്ചു പുത്രനേയും അയാളെ ഏൽപ്പിക്കണം. പക്ഷേ, നീ ഒരു കാരണവശാലും അയാളെ തൊട്ടുപോകരുത്.' ശ്രീപാർവതി നിർദ്ദേശിച്ചിട്ട് അപ്രത്യക്ഷയായി.

ധ്രുവയോഗി ചരിതാർത്ഥനായി. താൻ ഏറ്റ കാര്യം ചെയ്തിരിക്കുന്നു. ഇനിയും ഇവിടെ താമസിക്കേണ്ടതില്ല. അദ്ദേഹം യാത്രപറഞ്ഞിറങ്ങി.

ശാരദ സ്വഗൃഹത്തിൽത്തന്നെ കഴിഞ്ഞുകൂടി. ദേവിയുടെ അരുളപ്പാട് അവളുടെ ചെവികളിൽ സദാ മുഴങ്ങിക്കൊണ്ടിരുന്നു. പാണ്ഡ്യരാജ്യത്തിലെ

ഭർത്താവിനെക്കുറിച്ച് ദേവിയിൽനിന്നും അറിവു കിട്ടിയിരുന്നല്ലോ. അവൾ എല്ലാ രാത്രിയിലും ആ ഭർത്താവിനെ സ്വപ്നം കാണും. നാലുമാസം അപ്രകാരം കഴിഞ്ഞുപോയി. അപ്പോൾ അവൾ ഗർഭിണിയായി.

ബന്ധുക്കളും അയൽക്കാരും അരിശംപൂണ്ടു. ഇവളുടെ ഭർത്താവു മരിച്ചിട്ടു കുറെക്കാലമായി. ഇപ്പോഴിതാ, ഇവൾക്കു സന്താനം ഉണ്ടാവാനും പോകുന്നു. ദുഷിച്ച സ്ത്രീയാണ് ശാരദ. അതായി അവരുടെ വിശ്വാസം. അവളെ അടിക്കുകയും ഇടിക്കുകയും വേണം. പല്ലുകളെല്ലാം തല്ലിക്കൊഴിക്കണം. മൂക്കു മുറിച്ചു വികൃതമാക്കണം. തലമുടി വെട്ടിക്കളയണം. ആ ശിക്ഷകൾ നല്കിയേ കഴിയൂ. അതിനുശേഷം അവളെ നാട്ടിൽനിന്നും അടിച്ചിറക്കണം. അതിനൊക്കെ ഒരുങ്ങുകയാണ് ആ കൂട്ടർ.

പെട്ടെന്ന് അശരീരി കേൾക്കുമാറായി:

'ശാരദയ്ക്കു യാതൊരു ദോഷവുമില്ല. നടന്നിരിക്കുന്നതെല്ലാം ദേവിയുടെ ഇച്ഛപ്രകാരമാണ്.' അശരീരി പ്രഖ്യാപിച്ചു. അതു കേട്ടപ്പോൾ അവരെല്ലാം ഭീതരായി. ശാരദയെ ശിക്ഷിച്ചാൽ ദേവീകോപം ഉണ്ടാവും. ആ ബോധം അവർക്കുണ്ടായി. പിന്നീട് അവർ അവളെ ശല്യപ്പെടുത്തിയില്ല.

എങ്കിലും തെമ്മാടിയായ ഒരുവൻ അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അവൻ അശരീരിയെ അവഗണിച്ചു.

'ശാരദ കൂറ്റക്കാരിയാണ്!' അയാൾ ഉറക്കെ വിളിച്ചു പറഞ്ഞു.

പറഞ്ഞു നാക്കെടുത്തില്ല, അതിനുമുമ്പ് അയാളുടെ വായിൽ എന്താണ് കാണപ്പെട്ടത്? അസംഖ്യം കൃമികളും വളരെയേറെ ചോരയും!

കണ്ടുനിന്നവർ അറച്ചുപോയി.

യഥാകാലം ശാരദ ഒരാൺകുട്ടിക്കു ജന്മമേകി. ശാരദീയൻ എന്നാണ് കുട്ടിക്കു പേരിട്ടത്.

ബാല്യത്തിൽത്തന്നെ ശാരദീയൻ വിദ്വാനായി. വേദങ്ങളും ശാസ്ത്രങ്ങളും ഹൃദിസ്ഥമാക്കിയിരുന്നു.

ശിവരാത്രി അടുത്തടുത്തു വരികയായിരുന്നു.

ഗോകർണത്തിൽ ശിവരാത്രിമഹോത്സവം ആഘോഷിക്കാറുണ്ട്. അവിടെച്ചെന്ന് ആഘോഷത്തിൽ സംബന്ധിക്കണം. അതിനായി ഒട്ടനേകം പേർ നാടുവിട്ടു യാത്രയായി. ശാരദ, അവളുടെ അച്ഛനും അമ്മയും ശാരദീയൻ — നാലുപേരും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. എല്ലാവരും ദീർഘയാത്ര ചെയ്ത് ഗോകർണത്തിലെത്തിച്ചേർന്നു. ക്ഷേത്രത്തിൽ ചെന്നു ഭഗവാനെ വന്ദിച്ചു. വലിയൊരു ജനക്കൂട്ടമുണ്ട് ക്ഷേത്രത്തിൽ. ശാരദയുടെ കണ്ണുകൾ ഒരു പുരുഷനിൽ പറ്റിക്കൂടി — സ്വപ്നത്തിൽ ദിവസംതോറും കണ്ടിരുന്ന ഭർത്താവ്! അതേ, അദ്ദേഹംതന്നെയാണ് ഈ ആൾ!

ഭർത്താവ് ഭാര്യയെയും സ്വപ്നത്തിൽ കണ്ടിട്ടുണ്ടായിരുന്നു. ആ ഭാര്യയെ അയാൾ ശാരദയിൽ തിരിച്ചറിഞ്ഞു. അങ്ങനെ അവർ തമ്മിൽ കണ്ടുമുട്ടി. ഹൃദയം തുറന്നു സംസാരിക്കുകയും ചെയ്തു. ധ്രുവയോഗിയുടെ വരവ്, ഉമേശാനവ്രതത്തിന്റെ അനുഷ്ഠാനം, പുത്രന്റെ ജന്മം — സകലതും ശാരദ ഭർത്താവിനെ കേൾപ്പിച്ചു. അതിനുശേഷം അച്ഛനമ്മമാരോടു വിടവാങ്ങി. ഭർത്താവിനോടുകൂടി അയാളുടെ ഗൃഹത്തിലേക്കു യാത്രയായി. ഒന്നിച്ച് ശാരദീയനെയും കൊണ്ടുപോയി.

ഭർത്തൃഗൃഹത്തിൽ ചെന്നെത്തിയതിനുശേഷം ശാരദ എന്താണു ചെയ്തത്? ദേവിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കി. വ്രതത്തിന്റെ ഫലത്തിൽ പകുതി ഭർത്താവിനു നല്കി. അതേസമയം പുത്രനെ അവന്റെ അച്ഛനെ ഏല്പിച്ചു. ഭർത്താവിനെ തൊടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു.

വളരെക്കാലത്തിനുശേഷം ഭാര്യയും ഭർത്താവും ചരമം പ്രാപിച്ചു. ഇരുവരും ദിവ്യശരീരങ്ങൾ ധരിച്ച് ശിവലോകം പ്രാപിച്ചു.

(ശിവപുരാണം കിളിപ്പാട്ട്)

സിംഹധ്വജൻ

സിംഹളദ്വീപിൽ സിംഹധ്വജൻ എന്നൊരു രാജാവുണ്ടായിരുന്നു. മന്ദാരവല്ലി എന്നായിരുന്നു രാജ്ഞിയുടെ പേര്. ആ ദമ്പതികൾക്കു പുത്രഭാഗ്യം ലഭിച്ചിരുന്നില്ല. അവരുടെ വ്യസനം ദിനംപ്രതി വളർന്നുവന്നു.

ഒരിക്കൽ നാരദമഹർഷിയുടെ വരവുണ്ടായി. രാജാവും രാജ്ഞിയും ആദരണീയനായ മഹർഷിയെ സത്കരിച്ചിരുത്തി. കുശലപ്രശ്നം ചെയ്യുന്നതിനിടയ്ക്ക് അവർ ഒന്നറിയിച്ചു —തങ്ങളുടെ അഗാധമായ പുത്രദുഃഖത്തെക്കുറിച്ച്. ഒരു അപേക്ഷയും മഹർഷിക്കു സമർപ്പിച്ചു. മഹർഷി തങ്ങളെ ആ ദുഃഖത്തിൽനിന്നു കരകയറ്റണം!

നാരദൻ തന്റെ ദിവ്യദൃഷ്ടികളെ ഭൂതകാലത്തിലേക്ക് അയച്ചു. അപ്പോൾ രാജാവിന്റെ പൂർവവൃത്താന്തം ആ ദിവ്യദൃഷ്ടികൾക്കു ഗോചരമായി. എന്തായിരുന്നു അതെന്ന് മഹർഷി രാജാവിനെ അറിയിച്ചു.

കുന്തളരാജ്യത്തിലെ ഒരു ചണ്ഡാളനായിരുന്നു രാജാവ്. താടങ്കൻ എന്നായിരുന്നു ചണ്ഡാളന്റെ പേര്.

വഴിപോക്കരുടെ വസ്തുവകകൾ തട്ടിപ്പറിക്കുക, കൈയിൽ കിട്ടിയതൊക്കെ മോഷ്ടിക്കുക, നാടും നഗരവും കൊള്ളയടിക്കുക — അതൊക്കെ ആയിരുന്നു താടങ്കന്റെ തൊഴിൽ.

ഏറ്റവും ഹീനമായ കൃത്യമാണ് ഒരിക്കൽ താടങ്കൻ ചെയ്തത്. അയാൾ രായ്ക്കുരാമാനം ഗോവിന്ദശർമ എന്നൊരാളുടെ വീട്ടിൽ കടന്നുകയറി. ഗോവിന്ദശർമ, അയാളുടെ ഭാര്യ, കൊച്ചുമകൻ — മൂന്നുപേരും ഗാഢനിദ്രയിൽ ലയിച്ചിരുന്നു. കൊച്ചുകുട്ടിയുടെ ദേഹത്തു ചില ആഭരണങ്ങളുണ്ട്. അവ കൈയ്ക്കലാക്കുക എന്നതായിരുന്നു താടങ്കന്റെ ലക്ഷ്യം. അവൻ പതുക്കെ കുട്ടിയെ എടുത്തുകൊണ്ടു പുറത്തിറങ്ങി. അടുത്തുള്ള കാട്ടിൽ കയറി. ആഭരണങ്ങൾ ഊരിയെടുത്തു. അതും പോട്ടെന്നുവയ്ക്കാം. കുട്ടിയെ കഴുത്തു മുറിച്ചുകൊന്ന് ഒരു കിണറ്റിലിട്ടു. എന്നിട്ട് അവന്റെ വഴിക്കുപോയി.

രാവിലെ ഗോവിന്ദശർമയും ഭാര്യയും ഉണർന്നപ്പോഴോ? അതികത്തു കിടത്തിയിരുന്ന കൊച്ചുമകനെ കാണാനില്ല. അവർ പരിഭ്രമിച്ച് എല്ലായിടത്തും കുട്ടിയെ തിരിഞ്ഞു. ഒരിടത്തും കുട്ടിയെ കണ്ടില്ല. അവർ വാവിട്ടു നിലവിളിച്ചു. നിലവിളികേട്ട് അയൽക്കാർ ഓടിവന്നു. കാര്യമറിഞ്ഞ് അവരും കുട്ടിയെ അന്വേഷിച്ചു നടന്നു. ഒരു ഫലവും ഉണ്ടായില്ല. ആ വിവരം രാജഭടന്മാരുടെ

ചെവിയിലെത്തി. അവർക്ക് താടങ്കനെ സംശയം തോന്നി. അവർ അവനെ പിടികൂടി അടിയും ഇടിയും തുടങ്ങി. ആദ്യമൊക്കെ താടങ്കൻ കുറ്റസമ്മതം ചെയ്തില്ല. പക്ഷേ, വേദന സഹിക്കാൻ വയ്യാതെയായപ്പോൾ അവൻ എല്ലാം ഏറ്റുപറഞ്ഞു. ശൂലത്തിൽ കയറ്റുക— ആ ശിക്ഷയാണ് താടങ്കനു നല്കപ്പെട്ടത്. വേദന പൊറാഞ്ഞ് അവൻ ശൂലത്തിൽ കിടന്നു പിടച്ചു. നാലഞ്ചുദിവസം കഴിഞ്ഞിട്ടും മരിക്കുന്നില്ല. ഒരു കാശിയാത്രക്കാരൻ ആ വഴിക്കു വരാൻ ഇടയായി.

കുറ്റവാളിയുടെ ദയനീയമായ സ്ഥിതി കാശിയാത്രക്കാരന്റെ ഹൃദയത്തെ സ്പർശിച്ചു.

താടങ്കൻ ആ മനുഷ്യന്റെ സഹായം അഭ്യർത്ഥിച്ചു.

'അങ്ങ് ഗയാശ്രാദ്ധം ചെയ്തിട്ടുണ്ടാവണം. അതിന്റെ പുണ്യവും നേടിയിരിക്കണം. ആ പുണ്യത്തിന്റെ നൂറിലൊരു ഭാഗം എനിക്കു തരണം. അതിനു പ്രതിഫലം നല്കാൻ ഈ ജന്മത്തിൽ എനിക്കു സാധിക്കില്ല. ഇനിയൊരു ജന്മത്തിൽ പ്രതിഫലം തന്നുകൊള്ളാം.' അവൻ ദീനനായി പറഞ്ഞു.

ദയാലുവായ കാശിയാത്രക്കാരൻ സഹായിക്കുകതന്നെ ചെയ്തു. താൻ നേടിയ പുണ്യത്തിന്റെ നൂറിലൊരുഭാഗം താടങ്കനു നല്കി. എന്നിട്ടു കാശിയാത്ര തുടരുകയായി.

ശൂലത്തിൽ കിടന്ന താടങ്കൻ വീണ്ടും തനിച്ചായി. രാത്രിയിൽ ചില പിശാചികൾ അവിടെ വന്നെത്തി. പിശാചികൾ തമ്മിൽ സംസാരിച്ചു.

'എനിക്കൊരു ശാപം ഏറ്റിട്ടുണ്ട്. എന്നെ രക്ഷിക്കാൻ ഒരു മനുഷ്യനേ കഴിയൂ. ആ മനുഷ്യനെ ഇന്നോളം ഞാൻ കണ്ടിട്ടില്ല. കഷ്ടം!' ഒരു പിശാചി പറഞ്ഞു.

'എന്തു ശാപമാണ് നിനക്കു പറ്റിയത്?' മറ്റൊരു പിശാചി ആരാഞ്ഞു.

'ആദ്യം ഞാൻ ഒരു മനുഷ്യസ്ത്രീയായിരുന്നു. എനിക്കു സൗന്ദര്യവും ധനവും ധാരാളം ഉണ്ടായിരുന്നു. അതിൽ ഞാൻ ധാരാളം അഹങ്കരിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ഞാൻ മാളികമുകളിൽ ഇരിക്കുകയാണ്. സുഖമായി വെറ്റില മുറുക്കുകയാണ്. കീഴോട്ട് ഒന്നു നീട്ടിത്തുപ്പി. ആ സമയം ഒരു യോഗി കടന്നുപോകുകയായിരുന്നു. മുറുക്കിത്തുപ്പിയത് യോഗിയുടെ തലയിൽ ചെന്നുവീണു. അദ്ദേഹം ക്രുദ്ധനായി മേല്പോട്ടു നോക്കി. അപ്പോൾ എന്നെ കാണുവാൻ ഇടയായി. തുപ്പിയതു ഞാനാണ് എന്നു തീർച്ചയായി. അദ്ദേഹം എനിക്കു ശാപമേകി – 'നീ പിശാചി ആയിപ്പോട്ടെ!' എന്ന്. ഞാൻ പരിഭ്രമിച്ചു താഴത്തിറങ്ങി യോഗിയോടു മാപ്പു ചോദിച്ചു. അദ്ദേഹം കനിഞ്ഞു ശാപമോക്ഷം നല്കി. ഒരു മനുഷ്യൻ നിന്നെ വിവാഹം കഴിക്കും. അപ്പോൾ പിശാചിയായ നീ വീണ്ടും മനുഷ്യസ്ത്രീയാകും — .അതായിരുന്നു ശാപമോക്ഷം. പക്ഷേ, ഏതൊരു മനുഷ്യനാണ് എന്നെ വിവാഹം കഴിക്കാൻ തയ്യാറാവുക? എന്നെ കാണുന്ന മനുഷ്യരെല്ലാം പേടിച്ചോടുന്നു. ഞാൻ എന്തു ചെയ്യട്ടെ?' അവൾ ഹൃദയവേദനയോടെ പറഞ്ഞു.

ഈ സംഭാഷണം താടങ്കൻ കേൾക്കാൻ ഇടയായി. അവനാണെങ്കിൽ സഹിക്കവയ്യാത്ത വേദനയുണ്ട്. എങ്കിലും അവനു ദയവുതോന്നി.

'ഹേ പിശാചീ, ഞാനിതാ മരിക്കാറായിരിക്കുന്നു. എങ്കിലും ഞാൻ നിന്നെ വിവാഹംകഴിക്കാം. നിനക്കെങ്കിലും ഗുണമുണ്ടാകട്ടെ.' അവൻ പറഞ്ഞു.

അങ്ങനെ ആ വിവാഹകർമം നടക്കുകയായി.

താമസിയാതെ താടകന്റെ ജീവനും പോയി. അവൻ സിംഹളമാജാവായി വീണ്ടും ജന്മമെടുത്തു. പിശാചി ശാപമോക്ഷത്തിനുശേഷം ജനിച്ചതോ, മന്ദാരലക്ഷ്മിയായിട്ടും. ഗയാശ്രാദ്ധത്തിന്റെ പുണ്യംകൊടുത്ത പാന്ഥനോ? അദ്ദേഹം ശിവന്റെ കിങ്കരനുമായി!

ഇതായിരുന്നു സിംഹധ്വജരാജാവിന്റെ പൂർവകഥ. നാരദൻ പറഞ്ഞു രാജാവ് അറിഞ്ഞതുമാണ്. അദ്ദേഹത്തിന് അതിയായ അത്ഭുതം തോന്നി.

'രാജാവേ, ശിവഭക്തിയോടുകൂടി കാശിയിൽ ചെന്നു ഗംഗാസ്നാനം കഴിക്കൂ. തീർച്ചയായും അങ്ങയ്ക്കു പുത്രലാഭം ഉണ്ടാവും.' മഹർഷി ഉറപ്പു നല്കി.

കാലംകളയാതെ സിംഹധ്വജൻ കാശിയിലേക്കു യാത്രയായി. അദ്ദേഹം മന്ദാരലക്ഷ്മി രാജ്ഞിയെയും കൊണ്ടുപോയി. മാത്രമല്ല, പരിവാരങ്ങളെയും. മാർഗമദ്ധ്യേ വിന്ധ്യപർവതത്തിന്റെ സമീപത്തിലുള്ള ഒരു വനത്തിലെത്തി. ആ വനത്തിൽ താവളമടിച്ചു രാത്രി കഴിക്കാനും ഒരുക്കമായി.

ആ വനത്തിൽ തുംബീരൻ എന്ന കാട്ടാളപ്രമാണി പാർത്തുവരുന്നു. അതിശക്തനും അതിദുഷ്ടനുമാണ് തുംബീരൻ. സിംഹധ്വജനും കൂട്ടരും വനത്തിൽ വന്നിരിക്കുന്നു. ആ വിവരം കിട്ടിയപ്പോൾ തുംബീരൻ ഒന്നു നിശ്ചയിച്ചു. രാജാവിന്റെ വസ്തുവകകൾ കൊള്ളയടിക്കണം; രാജ്ഞിയെ പിടിച്ചുകൊണ്ടു പോവുകയും വേണം. ആ ഭയങ്കരൻ അനുചരന്മാരുമായി പാഞ്ഞടുത്തു. സിംഹധ്വജനും കൂട്ടരും അക്രമികളെ ചെറുത്തു. പക്ഷേ, വിജയം സിദ്ധിച്ചത് തുംബീരനുതന്നെയാണ്. അവൻ രാജാവിന്റെ വസ്തുവകകൾ കൈക്കലാക്കി. മന്ദാരലക്ഷ്മിയെ പിടിച്ചുകൊണ്ടുപോകയും ചെയ്തു.

രാജാവിന്റെ സ്ഥിതി കഷ്ടത്തിലായി. പൊന്നും പണവുമെല്ലാം നഷ്ടപ്പെട്ടതു സഹിക്കാമെന്നുവെക്കാം. പ്രിയപ്പെട്ട രാജ്ഞിയെ കാട്ടാളൻ കൊണ്ടുപോയി. അതു സഹിക്കാൻ രാജാവിനു സാധിച്ചില്ല. ഇനി ജീവിക്കുന്നത് എന്തിന്? മരിച്ചുകളയുകയല്ലേ നന്ന്? ആ വഴിക്കുപോയി അദ്ദേഹത്തിന്റെ ചിന്തകൾ. അപ്പോൾ ഒരു കാര്യം ഓർമവന്നു. കാശി സന്ദർശിക്കുക എന്നതാണ് തന്റെ ഉദ്ദേശ്യം. ആ ഉദ്ദേശ്യം നിറവേറ്റുകതന്നെ വേണം. തന്റെ ശിവഭക്തിക്ക് ഒരിക്കലും ഇളക്കം തട്ടിക്കൂടാ. തന്നെ ശിവൻ തീർച്ചയായും രക്ഷിക്കും. ആ വിശ്വാസത്തോടെ രാജാവ് യാത്ര തുടർന്നു. ഒന്നിച്ചു പരിവാരങ്ങളിൽ ചിലരും. ഉടുവസ്ത്രം മാത്രമേയുള്ളു രാജാവിന്. ഭിക്ഷ യാചിച്ചു ഭക്ഷണം കഴിക്കുകയും വേണം. എന്നിട്ടും അദ്ദേഹം പതറിയില്ല.

സുദീർഘം ആയിരുന്നു കാശിയാത്ര; അത്യന്തം ദുഷ്കരവും. പ്രതിബന്ധങ്ങൾ വകവെക്കാതെ അദ്ദേഹം ലക്ഷ്യത്തിൽ എത്തിച്ചേർന്നു. അദ്ദേഹം ശിവനെ വാഴ്ത്തി സ്തുതിച്ചു. പിന്നീട്, പുണ്യനദിയായ ഗംഗയെയും. അതിനുശേഷം അദ്ദേഹം ക്ഷേത്രത്തിന്റെ പരിസരത്തിലെത്തി.

ആരാണ് അവിടെ നില്ക്കുന്നത്? മറ്റാരുമല്ല, മന്ദാരലക്ഷ്മി തന്നെ. അത്ഭുതമെന്നല്ലാതെ മറ്റെന്തുപറയാൻ?

തുംബീരൻ അപഹരിച്ചവളാണ് രാജ്ഞി. ഇവിടെ എങ്ങനെ വന്നെത്തി? ശിവന്റെ കാരുണ്യം എന്നേ പറഞ്ഞുകൂടൂ.

ശിവൻ പ്രത്യക്ഷനായി. മാത്രമല്ല, പാർവതീദേവിയും ഗംഗാദേവിയും.

'സിംഹാധ്വജാ, മുമ്പോട്ടു വരൂ!' ഗംഗാദേവി കല്പിച്ചു.

രാജാവ് കല്പന അനുസരിച്ചു. ഗംഗാദേവി മന്ദാരലക്ഷ്മിയുടെ കൈ പിടിച്ചു. അവളെ ഭർത്താവിനു നല്കുകയും ചെയ്തു.

ശിവൻ രാജാവിനെ നേരിട്ടു.

'സിംഹധ്വജാ, ഞാൻ നിന്നെ പരീക്ഷിക്കുകയായിരുന്നു. നിനക്ക് ആപത്തുണ്ടായാൽ നീ കാശിയാത്ര ഉപേക്ഷിക്കുമോ? അതോ, ആപത്തിനെ വകവെക്കാതെ ഇവിടെ വന്നെത്തുമോ? അക്കാര്യം അറിയുക എന്നതായിരുന്നു എന്റെ പരീക്ഷയുടെ ഉദ്ദേശ്യം. തുംബീരൻ വാസ്തവത്തിൽ കാട്ടാളനല്ല. നന്ദികേശ്വരൻ കാട്ടാളന്റെ രൂപം ധരിച്ചു വന്നതാണ്. അതോ, എന്റെ ആജ്ഞ പ്രകാരവും. ആട്ടെ, നീ യഥാവിധി ഗംഗാസ്നാനം നിർവഹിക്കൂ. ഒന്നിച്ച് മന്ദാരലക്ഷ്മിയും. നിങ്ങൾ മുങ്ങിയാൽ പൊങ്ങുന്നത് എവിടെയായിരിക്കും? നിങ്ങളുടെ കൊട്ടാരത്തിലെ പൊയ്കയിൽതന്നെ.' ശിവൻ അരുളിച്ചെയ്തിട്ടു മറഞ്ഞു.

സിംഹധ്വജനും മന്ദാരലക്ഷ്മിയും ഗംഗയിൽ മുങ്ങി. തൂരെയുള്ള കൊട്ടാരത്തിലെ പൊയ്കയിൽ പൊങ്ങി. എല്ലാം ഭഗവാന്റെ വൈഭവം! അല്ലാതെ എന്തു പറയാനാണ്?

രാജദമ്പതികൾക്ക് യഥാകാലം ഒരു പുത്രനുണ്ടായി — മുമ്പ് നാരദൻ ഉറപ്പു നല്കിയതുപോലെ.

പിൽക്കാലത്ത് രാജകുമാരൻ താലധ്വജൻ എന്ന പേരിൽ പ്രസിദ്ധനായി.

വളരെക്കാലം സുഖമായി ജീവിച്ചിരുന്നു സിംഹധ്വജനും മന്ദാരലക്ഷ്മിയും. സകല സൗഭാഗ്യങ്ങളും സൗഖ്യങ്ങളും നിറഞ്ഞതായിരുന്നു അവരുടെ ജീവിതങ്ങൾ. അവർ ഒരു നിമിഷത്തേക്കുപോലും ശിവനെക്കുറിച്ചുള്ള സ്മരണ കൈവെടിഞ്ഞില്ല. അതിനുള്ള പ്രതിഫലം ഒടുവിൽ അവർക്കു ലഭിക്കുകയും ചെയ്തു — അതായത്, ശിവലോകം!

(ശിവപുരാണം കിളിപ്പാട്ട്)

പുളിന്ദിയും പാണ്ഡ്യകനും

പാണ്ഡ്യകൻ എന്നു പേരുള്ള ഒരു വേടനുണ്ട്. വനത്തിലാണ് അവൻ പാർക്കുന്നത്. വേട്ടയാണ് അവന്റെ ഉപജീവനമാർഗ്ഗം.

ശിവഭക്തനായിരുന്നു പാണ്ഡ്യകൻ.

ഒരു ദിവസം അവൻ അമ്പും വില്ലുമേന്തി അങ്ങനെ ചുറ്റി നടക്കുകയാണ്. മാർഗമദ്ധ്യേ അവനൊരു ശിവക്ഷേത്രം കണ്ടെത്തി. നല്ലനിലയിൽ വർത്തിക്കുന്ന ക്ഷേത്രമല്ല അത്. തകർന്നു പൊളിഞ്ഞു കിടക്കുകയാണ്. അവിടെ പൂജ നടന്നിട്ട് ഏറെക്കാലമായിരിക്കുന്നു. ഒരു കോണിൽ കിടക്കുകയാണ് ശിവലിംഗം. അതു കണ്ടപ്പോൾ വേടന് അതിയായ വ്യഥയുണ്ടായി. ഭക്തിയോടെ പൂജിക്കേണ്ടതാണ് ശിവലിംഗം. എന്നിട്ടാണ് അതിങ്ങനെ ആർക്കും വേണ്ടാതെ കിടക്കുന്നത്! പാണ്ഡ്യകൻ ആദരവോടെ ശിവലിംഗത്തെ സമീപിച്ചു. ഭക്തിയോടെ അതു കൈയിലെടുത്തു. എന്നിട്ട് അവിടന്നു നടന്നുപോയി. ആ സമയം ഒരു രാജാവ് ആ കാട്ടിൽ വന്നെത്തി. സിംഹകേതു എന്നായിരുന്നു രാജാവിന്റെ പേര്. രാജാവിനോടൊന്നിച്ച് അകമ്പടിക്കാരുമുണ്ട്. പാണ്ഡ്യകൻ രാജാവിനെ ചെന്നു വന്ദിച്ചു.

'തമ്പുരാനേ, അടിയന് ഒരു ശിവലിംഗം കിട്ടിയിരിക്കുന്നു. അടിയനു മന്ത്രവും തന്ത്രവും ജപവും തപവും അറിഞ്ഞുകൂടാ. അടിയനെപ്പോലുള്ള അജ്ഞാനികൾക്ക് ശിവപൂജ ചെയ്യാമോ? ചെയ്യാമെങ്കിൽ പൂജ ഏതുവിധം ആയിരിക്കണം? അടിയന് അതൊന്നു പറഞ്ഞുതരണം.' അവൻ അഭ്യർത്ഥിച്ചു.

സിംഹകേതു വേടന് ഉപദേശം നല്കി. പൂജയ്ക്കുള്ള വിധികൾ പ്രത്യേകം വ്യക്തമാക്കി. പൂജയ്ക്കു ചുടലയിലെ ഭസ്മം ധരിക്കണം — അക്കാര്യം രാജാവുന്നിപ്പറഞ്ഞു.

പാണ്ഡ്യകൻ രാജാവിനോടു വിടവാങ്ങി കുടിലിൽ തിരിച്ചെത്തി. നടന്നതെല്ലാം അവന്റെ ഭാര്യയെ അറിയിച്ചു. പുളിന്ദി എന്നാണ് വേടത്തിയുടെ പേര്. ഭർത്താവിനൊപ്പം ശിവഭക്തിയുണ്ട് ഭാര്യയ്ക്കും.

സിംഹകേതു ഉപദേശം നല്കിയില്ലേ? അതനുസരിച്ച് പാണ്ഡ്യകൻ ശിവപൂജ തുടങ്ങി. ഒരൊറ്റ ദിവസംപോലും പൂജ മുടങ്ങിയില്ല. നിത്യവും പുളിന്ദിയും പൂജയിൽ പങ്കുകൊള്ളും.

ചുടലഭസ്മം സമ്പാദിച്ചുവെച്ചിരുന്നു. പാണ്ഡ്യകൻ പൂജിക്കുമ്പോഴൊക്കെ ചുടലഭസ്മവും വേണ്ടിവരും. ഉപയോഗിക്കുന്നതോടുകൂടി ആ ഭസ്മം കുറഞ്ഞുവന്നു.

ഒരു ദിവസം പതിവുപോലെ പാണ്ഡ്യകൻ ചുടലഭസ്മം എടുക്കാൻ പോയി. അപ്പോഴാണ് കണ്ടത് ഭസ്മം ഒട്ടും ശേഷിച്ചിട്ടില്ലെന്ന്. അതില്ലാതെ പൂജയൊട്ടു ചെയ്യാനും പാടില്ല. എവിടെനെങ്കിലും ചുടലഭസ്മം സമ്പാദിക്കണം. അതിനായി പാണ്ഡ്യകൻ കുടിലിൽനിന്നിറങ്ങി അന്വേഷണം നടത്തി. പലയിടങ്ങളിലും ചെന്നെങ്കിലും ഒരിടത്തുനിന്നും ഭസ്മം കിട്ടിയില്ല. അവൻ മനസ്സുമുട്ടി കുടിലിൽ തിരിച്ചെത്തി.

'പുളിന്ദീ, ഭസ്മം കിട്ടിയില്ല. ഭസ്മമില്ലാതെ ശിവപൂജ ചെയ്തുകൂടാ. ശിവപൂജ ചെയ്യാഞ്ഞാൽ വലിയ ദോഷവുമാണ്. ഞാൻ എന്തു ചെയ്യട്ടെ?' വേടൻ വിഷാദത്തോടെ ചോദിച്ചു.

പുളിന്ദിക്കു യാതൊരു ചാഞ്ചല്യവും ഉണ്ടായില്ല. അത്രകണ്ട് അടിയുറച്ചതായിരുന്നു അവളുടെ ശിവഭക്തി. പൂജ മുടങ്ങാതിരിക്കാൻ അവൾ ഒരു വഴി കണ്ടെത്തി.

'അങ്ങ് ഒന്നുകൊണ്ടും വിഷമിക്കേണ്ട. ഞാൻ സന്തോഷത്തോടുകൂടി മരിച്ചുകൊള്ളാം. എന്റെ മൃതദേഹം അങ്ങ് ചുടണം. അപ്പോൾ ചുടലഭസ്മം കിട്ടും. ആ ഭസ്മം ധരിച്ച് അങ്ങയ്ക്ക് ശിവപൂജ നടത്തുകയും ചെയ്യാം.' അവൾ പറഞ്ഞു.

പാണ്ഡ്യകൻ ആദ്യം അന്ധാളിച്ചു. പിന്നീട് അത്ഭുതപ്പെട്ടു. ഒടുവിൽ വ്യസനിച്ചു.

'അയ്യോ, നീ മരിച്ചുകൂടാ!' അവൻ പറഞ്ഞു.

പക്ഷേ, പുളിന്ദി അതു കൂട്ടാക്കിയില്ല. ജീവൻ ബലികഴിച്ചു പൂജ നിർവഹിക്കാൻ നിശ്ചയിച്ചു ആ ശിവഭക്ത. അവൾ ചിതകൂട്ടി തീ കൊളുത്തി. അതിനുശേഷം അഗ്നിയെയും ഭർത്താവിനെയും മൂന്നുവട്ടം വലംവച്ചു. മനസ്സിനെ ശിവനിൽ ലയിപ്പിച്ചു. അങ്ങനെ അഗ്നിയിൽ പ്രവേശിച്ചു.

പാണ്ഡ്യകന്റെ അവസ്ഥ ഊഹിക്കാൻ വിഷമമില്ല. തന്റെ പ്രിയപ്പെട്ട പത്നിയുടെ ശരീരം അതാ ദഹിച്ചു ചാമ്പലാകുന്നു. ആ ദൃശ്യം തുടിക്കുന്ന

കരളോടെ അവൻ നോക്കിനിന്നു. തീ കെട്ടടങ്ങി ആറിയപ്പോൾ അവൻ ഭസ്മമെടുത്തു. അതു ദേഹത്തു നല്ലപോലെ പൂശി. ദേഹത്തു മാത്രമല്ല, ശിവലിംഗത്തിലും. അതിനുശേഷം ശിവപൂജയും നടത്തി.

എന്താണിത്? മായയോ സ്വപ്നമോ? ഭ്രമമോ? അതാ മുമ്പിൽ നില്ക്കുന്നു, തീയിൽ ചാടി മരിച്ച ഭാര്യ — ജീവനോടെ, പുഞ്ചിരി തൂകിക്കൊണ്ട്!

ശിവപൂജയ്ക്ക് മുടക്കം വന്നില്ല. പ്രിയപത്നിയെ തിരിച്ചുകിട്ടി. പാണ്ഡ്യകൻ ആനന്ദത്തിൽ ആറാടി.

പുളിന്ദി സ്വാനുഭവം വിവരിച്ചു.

അവൾ അഗ്നിയിൽ പ്രവേശിച്ചില്ലേ? ആ സമയം അസഹ്യമായ ചൂടു തോന്നേണ്ടതായിരുന്നു. പക്ഷേ, ചൂട് ഒട്ടുംതന്നെ ഉണ്ടായില്ല. മറ്റൊന്നാണ് അവൾക്കു തോന്നിയത് — താൻ ഉറങ്ങുകയാണ് എന്ന്, പിന്നീട് ഉറക്കം ഉണരുന്നു എന്നും!

'ഇത് ശിവഭക്തിയുടെ ഫലംതന്നെ.' അവൾ പറഞ്ഞു.

താമസിയാതെ മറ്റൊരു അത്ഭുതവും ഉണ്ടായി.

സ്വർഗത്തുനിന്ന് ഒരു വിമാനം ഭൂമിയിൽ വന്നിറങ്ങി. ശിവകിങ്കരന്മാർ ഉണ്ടായിരുന്നു വിമാനത്തിൽ. അവർ പാണ്ഡ്യകനെയും പുളിന്ദിയെയും വിമാനത്തിൽ കയറ്റി. എന്നിട്ട് ആകാശത്ത് ഉയർന്നു മറയുകയും ചെയ്തു. ചെന്നെത്തിയത് ശിവലോകത്തിലും.

(പുളിന്ദീമോക്ഷം പറയൻതുള്ളൽ)

വാമദേവൻ

ഉത്തമനായ ശിവഭക്തനാണ് വാമദേവൻ എന്ന യോഗി. അദ്ദേഹം സദാ തീർത്ഥമാടി സഞ്ചരിക്കും. ഒരിക്കൽ ക്രൗഞ്ചം എന്ന പർവതത്തിൽ എത്തിച്ചേർന്നു. അതാ, പാഞ്ഞുവരികയാണ് ഒരു ബ്രഹ്മരക്ഷസ്സ്! വായുംപിളർന്നു വരികയാണ് ആ ഭീകരസത്വം. വാമദേവനെ പിടിച്ചു തിന്നാനാണ് ഒരുക്കം. വിശന്നു വലഞ്ഞിരിക്കയാണ് ബ്രഹ്മരക്ഷസ്സ്. പക്ഷേ, വാമദേവനു തെല്ലുപോലും കുലുക്കമുണ്ടായില്ല. അദ്ദേഹം മിണ്ടാതെ അവിടെ നിന്നതേയുള്ളു. ബ്രഹ്മരക്ഷസ്സ് ആ യോഗിവര്യനെ ചെന്നു പിടികൂടി. ആ സമയം ഒരു ആശ്ചര്യസംഭവം നടന്നു.

പരിശുദ്ധമായ ഭസ്മം സദാ ധരിക്കുന്ന ആളാണ് വാമദേവൻ. അദ്ദേഹത്തിന്റെ ദേഹത്തിലെ ഭസ്മം ബ്രഹ്മരക്ഷസ്സിന്റെമേൽ പൂരണ്ടു. അതോടെ ബ്രഹ്മരക്ഷസ്സിനു പൂർവജന്മങ്ങളുടെ ഓർമവന്നു.

ആദ്യത്തെ ജന്മം രാജാവായിട്ടായിരുന്നു. ദുർജയൻ എന്നായിരുന്നു ആ രാജാവിന്റെ പേര്. ദുഷ്ടനും ദുർമദനും ആയിരുന്നു ദുർജയൻ. ചെയ്ത നികൃഷ്ടകർമങ്ങൾക്ക് കൈയും കണക്കുമില്ല. കൊള്ള, കൊല — അങ്ങനെ എന്തെല്ലാം! അതും അനേകം തവണയും. ഒടുവിൽ ദുർജയന് ഒരു ഘോര രോഗം പിടിപെട്ടു. മാരകമായ രാജയക്ഷ്മാവ് എന്ന രോഗമായിരുന്നു. ദുർജയന്റെ ജീവനെ ആ രോഗം അപഹരിച്ചു. അതിനുശേഷം എന്തായിരുന്നു

അനുഭവം? നരകത്തിലെ ദുരിതങ്ങൾതന്നെ. പിന്നീടു ജന്തുവായിട്ടു ജന്മമെടുത്തു. അടുത്ത ജന്മവും ജന്തുവായിട്ടുതന്നെ. തുടർന്നുള്ള ജന്മങ്ങൾക്കും വ്യത്യാസമില്ല. അങ്ങനെ ആകെ ഇരുപത്തിനാലു ജന്മങ്ങളായി. ഇരുപത്തഞ്ചാം ജന്മമാണ് ഇപ്പോഴത്തെ ബ്രഹ്മരക്ഷസ്സായിട്ട്!

ആ ജന്മങ്ങളുടെ ഓർമകൾ ലഭിച്ചില്ലേ? അവയെല്ലാം ബ്രഹ്മരക്ഷസ്സ് വാമദേവനെ അറിയിച്ചു.

'മഹാത്മൻ, ഞാൻ അങ്ങയെ കൊന്നുതിന്നാൻ ഒരുക്കമായി. അങ്ങയുടെ ദേഹത്തിൽ തട്ടിയതോടെ എന്റെ ദുഷ്കൃതം നീങ്ങി. അങ്ങേക്ക് ആയിരം നമസ്കാരം! എന്റെ മാറ്റത്തിന് എന്താണു കാരണം? അറിയിക്കാൻ ദയവുണ്ടാകണം.' സത്യം യാചിച്ചു.

'ഹേ, ബ്രഹ്മരക്ഷസ്സേ, നീ എന്റെ ശരീരത്തിലെ ഭസ്മമേറ്റു. അതാണു കാരണം. അത്രമാത്രം മഹത്ത്വമുള്ളതാണ് ഭസ്മം. അതിനെക്കുറിച്ചു ഞാനൊരു കഥ കേൾപ്പിക്കാം.' വാമദേവൻ പറഞ്ഞു.

ഇതാണ് അദ്ദേഹം പറഞ്ഞ കഥ:

ദ്രമിളരാജ്യത്തിൽ ഒരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. ദുർന്നയനും ദുർന്നടപ്പുകാരനും ആയിരുന്നു അയാൾ. കൂടെയേറെ ഭാര്യമാരുമുണ്ട്. അവരെ പുലർത്തുന്നതോ? പാപകർമങ്ങൾ ചെയ്തിട്ടും. അയാൾ പലരെയും കൊന്നു. പലരുടെയും സ്വത്തുക്കൾ മോഷ്ടിച്ചു. പണം പിടിച്ചുപറിച്ചു. അയാൾക്ക്, ശത്രുക്കൾ ഉണ്ടായതു സ്വാഭാവികം മാത്രമായിരുന്നു. അവരിൽ ഒരുവൻ അയാളെ വെട്ടിക്കൊന്നു. മറ്റുചിലർ മൃതശരീരത്തെ കാട്ടിൽകൊണ്ടു ചെന്നു തള്ളി. യദൃച്ഛയാ ഒരു പട്ടി ആ വഴിക്കു വരാനിടയായി. പട്ടിയുടെ ദേഹത്ത് എങ്ങനെയോ കുറെ ഭസ്മം പുരണ്ടിരുന്നു. പട്ടിയും മൃതദേഹവും തമ്മിൽ സമ്പർക്കം ഉണ്ടായി. കുറെ ഭസ്മം മൃതദേഹത്തിൽ പുരണ്ടു. അതുമതിയായിരുന്നു മരിച്ചവനു സുകൃതം നല്കാൻ. ബ്രാഹ്മണൻ ആ സമയം നരകത്തിൽ കിടക്കുകയായിരുന്നു. കാലകിങ്കരന്മാർ അയാളെ അവിടേക്കു കൊണ്ടുപോയതാണ്. ഭസ്മംപുരണ്ട നിമിഷത്തിൽ അവർ എന്തു ചെയ്തു? അയാളെ വിമാനത്തിൽ കയറ്റി ശിവലോകത്തിൽ എത്തിച്ചു.

'ഇതാണ് ഭസ്മത്തിന്റെ മാഹാത്മ്യം.' വാമദേവൻ ബ്രഹ്മരക്ഷസ്സിനോടു പറഞ്ഞവസാനിപ്പിച്ചു.

ബ്രഹ്മരക്ഷസ്സിനു പൂർവജന്മങ്ങളുടെ സ്മരണകൾ ഉണ്ടായല്ലോ. ഏറ്റവും മിഴിവും തെളിവും ഉള്ളതായിരുന്നു ഒരു കൃത്യം. ദുർജയൻ എന്ന രാജാവായിരുന്നല്ലോ, ആദ്യത്തെ ജന്മത്തിൽ. അപ്പോൾ ഒരു ദാനം ചെയ്തിട്ടുണ്ടായിരുന്നു.

ഒരിക്കൽ കാലൻ അയാളോട് ഒന്നു പറഞ്ഞു: 'ഇനിയൊരു കാലത്തു നീ ഒരു യോഗിയെ കണ്ടുമുട്ടും. ആ യോഗി നിനക്കു തത്ത്വോപദേശം ചെയ്യും. അപ്പോൾ നിനക്കു സദ്ഗതിയും ഉണ്ടാകും.'

ആ സന്ദർഭമാണ് ഇപ്പോൾ കൈവന്നിരിക്കുന്നത്. അതിൽ ബ്രഹ്മരക്ഷസ്സിനു സംശയം ഉണ്ടായിരുന്നില്ല. ധർമരാജാവായ കാലന്റെ വാക്കുകൾ തെറ്റുകയില്ലല്ലോ.

വാമദേവൻ ബ്രഹ്മരക്ഷസ്സിനു തത്ത്വോപദേശം നല്കി. അതിനുശേഷം അല്പം ഭസ്മം ജപിച്ചുകൊടുത്തു. ബ്രഹ്മരക്ഷസ്സ് ആ ഭസ്മം വാങ്ങി ശിര

സ്സിൽ ധരിച്ചു. തത്ക്ഷണം ബ്രഹ്മരക്ഷസ്സിന്റെ കരാളമായ രൂപം പോയിമറഞ്ഞു. മനോഹരമായ ദിവ്യരൂപം പകരം ലഭിക്കുകയും ചെയ്തു. അപ്പോഴേക്കും ശിവലോകത്തുനിന്നും വിമാനം വന്നിറങ്ങി. അയാളെ അങ്ങോട്ടേക്കു നയിക്കുകയുമുണ്ടായി!

(ശിവപുരാണം കിളിപ്പാട്ട്)

കരുണൻ

ധനഞ്ജയൻ എന്നൊരു താപസൻ ജീവിച്ചിരുന്നു. നൂറു ഭാര്യമാരും നൂറു പുത്രന്മാരും ഉണ്ടായിരുന്നു ധനഞ്ജയന്. പിതാവു കൈയിലുള്ള വകയെല്ലാം പുത്രന്മാർക്കു വീതിച്ചു നല്കി. ആ സ്ഥിതിക്ക് അവർ തമ്മിൽ രമ്യമായി കഴിയേണ്ടതായിരുന്നു. പക്ഷേ, അവരിൽ ഓരോരുത്തനും മറ്റുള്ളവരിൽനിന്ന് അകന്നുനിന്നതേയുള്ളൂ.

നൂറുപേരിൽ ഒരുവനാണ് കരുണൻ. ഒരിക്കൽ കരുണൻ ഒരു ക്ഷേത്രത്തിലേക്കു പോയി. അവിടെ അതിവിശേഷമായ ഒരു ചെറുനാരങ്ങ കണ്ടു. ഒരു ബ്രാഹ്മണൻ പൂജയ്ക്കായി കൊണ്ടുവന്നിരുന്ന ചെറുനാരങ്ങയാണ്. കാണാനുള്ള ഭംഗിയോ ഒന്നു വേറെ. അതേസമയം അതിൽനിന്നു ഹൃദ്യമായ സുഗന്ധവും പ്രസരിക്കുന്നു. കരുണൻ ആ നാരങ്ങ കൈയിലെടുത്തു മണപ്പിച്ചുനോക്കി.

പൂജാദ്രവ്യത്തിന് അശുദ്ധി വന്നുചേർന്നില്ലേ? കണ്ടു നിന്നിരുന്ന ബ്രാഹ്മണർക്കു കലശലായ ദേഷ്യമുണ്ടായി. അവർ കരുണന് ശാപമേകി — അവൻ നൂറു വർഷത്തേക്ക് ഈച്ചയായി ജീവിക്കട്ടെ എന്ന്. പിന്നീടു ശാപമോക്ഷവും നല്കി — ദധീചൻ എന്ന മഹാത്മാവിനാൽ രക്ഷ കിട്ടും!

ഉടൻതന്നെ ശാപം ഫലിക്കുമാറായി. കരുണന്റെ മനുഷ്യരൂപം ഒഴിഞ്ഞുമാറി. അവന് ഈച്ചരൂപം വന്നുചേർന്നു. ഈച്ച അങ്ങിങ്ങു പറന്നുനടന്നു.

പതിവ്രത ആയിരുന്നു കരുണന്റെ ഭാര്യ. ഈച്ചയായിപ്പോയ ഭർത്താവിനെ അവൾ പണ്ടേപ്പോലെ പരിചരിച്ചു. അവളുടെ ഭക്തിക്കോ ശ്രദ്ധയ്ക്കോ യാതൊരു കുറവും ഉണ്ടായില്ല.

പക്ഷേ, മറ്റൊരു തരത്തിൽ പെട്ടവരായിരുന്നു കരുണന്റെ ചാർച്ചക്കാരിൽ ചിലർ. അവർ ഒരിക്കൽ ഈച്ചയെ പിടിച്ച് എണ്ണയിലിട്ടു കൊന്നു.

കരുണന്റെ ഭാര്യ ഹൃദയംപൊട്ടുമാറു വിലപിച്ചു.

വസിഷ്ഠമഹർഷിയുടെ പത്നിയാണ് അരുന്ധതി. പതിവ്രതകളിൽ അഗ്രഗണ്യയും. അരുന്ധതി കരുണന്റെ ഭാര്യയെ സഹായിക്കാൻ ഒരുക്കമായി. അവർ കുറെ ഭസ്മമെടുത്തു മൃത്യുഞ്ജയമന്ത്രം ജപിച്ചു. എന്നിട്ട് ആ ഭസ്മത്തെ ചത്ത ഈച്ചയുടെ പുറത്തു തൂകി. ആ നിമിഷം ചത്ത ഈച്ചയ്ക്കു ജീവൻ വീണു!

നൂറു കൊല്ലംകൂടി കരുണൻ ഈച്ചയായി ജീവിതം നയിച്ചു. അതിനു ശേഷം മറ്റൊരു ചാർച്ചക്കാരൻ ഈച്ചയെ കൊലപ്പെടുത്തി. ഇപ്രാവശ്യം കരുണന്റെ ഭാര്യ ദധീചനെ സമീപിച്ചു. ദധീചനും മന്ത്രം ജപിച്ച് ഭസ്മമിട്ടു. ചത്ത ഈച്ചയെ തൊടുകയും ചെയ്തു. അതിനു ജീവനുണ്ടായി എന്നു മാത്രമോ? ഈച്ച വീണ്ടും കരുണനായിത്തീർന്നു!

(ശിവപുരാണം കിളിപ്പാട്ട്)

ഭദ്രസേനൻ

കാശ്മീരത്തിലെ ഭദ്രസേനരാജാവിന്റെ പുത്രനാണ് സുധർമൻ. രാജമന്ത്രിയുടെ പുത്രനോ, താരകനും. സുധർമനും താരകനും വയസ്യന്മാരാണ്; അതേസമയം ആത്മസ്നേഹിതന്മാരും. വേദവും വേദാന്തവുമൊക്കെ അവർക്ക് ഹൃദിസ്ഥമാണ്. അതോടൊന്നിച്ച് അപാരമായ ശിവഭക്തിയുമുണ്ട്. അധികസമയവും അവർ കഴിച്ചുകൂട്ടുന്നത് ശിവക്ഷേത്രത്തിലാണ്. സ്തോത്രങ്ങൾ ചൊല്ലുക, ഭജനം നടത്തുക — അതൊക്കെയാണ് അവരുടെ പരിപാടികൾ.

ഭദ്രസേനരാജാവ് ഇതൊക്കെ അറിയുന്നുണ്ട്. അദ്ദേഹത്തിനു കുമാരന്മാരുടെ ജീവിതരീതി ഇഷ്ടപ്പെട്ടില്ല. വൃദ്ധന്മാർക്കു യോജിച്ച രീതികൾ യുവാക്കന്മാർക്ക് എന്തിന്?

ഒരിക്കൽ ഒരു മുനി കാശ്മീരത്തിൽ വന്നെത്തി. രാജാവിനെ ചെന്നു കാണുകയും ചെയ്തു. ഭദ്രസേനൻ ബഹുമാന്യനായ അതിഥിയെ പൂജിച്ചിരുത്തി.

കുറെനേരം അവർ സംസാരിച്ചു.

'മുനേ, എന്റെ പുത്രൻ ഒന്നു പ്രത്യേകം തന്നെ; രാപ്പകൽ ശിവക്ഷേത്രത്തിലായിരിക്കും; എപ്പോഴും മന്ത്രിപുത്രനും ഒന്നിച്ചുണ്ടാവും; ഭക്ഷണത്തിനു വിളിച്ചാൽ പോലും അവർ വരികയില്ല. ഇത്ര ചെറുപ്പത്തിലേ ഇങ്ങനെയൊരു ഭക്തിയുടെ ആവശ്യമെന്ത്? ഇതു വല്ലാത്ത ദുശ്ശീലം തന്നെ. എന്തായിരിക്കും ഇതിന്റെയൊക്കെ കാരണം?' രാജാവു ചോദിച്ചു.

മുനി ദിവ്യദൃഷ്ടികൾകൊണ്ടു നോക്കി. അപ്പോൾ കുമാരന്മാരുടെ പൂർവജന്മങ്ങൾ അറിവായി. അതെല്ലാം രാജാവിനോടു പറയുകയും ചെയ്തു. അടുത്ത കഥയാണ് അത്.

(ശിവപുരാണം കിളിപ്പാട്ട്)

മഹാനന്ദ

മഹാനന്ദ എന്നു പേരുള്ള ഒരു ദേവദാസി; നന്ദിക എന്ന ഗ്രാമത്തിലാണ് അവൾ ജീവിച്ചിരുന്നത്. മഹാസുന്ദരിയായിരുന്നു മഹാനന്ദ; അതേസമയം മഹാധനികയും. അവളെപ്പോലെ സൗന്ദര്യവും ധനവും മറ്റൊരു സ്ത്രീക്കുമില്ല. എങ്കിലും പല സ്ത്രീകളിൽനിന്നും ഭിന്നയാണ് അവൾ. ഭക്തിയുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം നിഷ്കളങ്കവും അളവില്ലാത്തതുമായ ഭക്തി ഉണ്ടായിരുന്നു ശിവനോട്. ശിവൻ എന്നു കേട്ടാൽ മാത്രം മതി, അവൾ പിന്നെ മറ്റെല്ലാം മറന്നുപോകും.

രണ്ടു ജന്തുക്കളെ അവൾ സ്നേഹിച്ചുവളർത്തിയിരുന്നു; ഒരു തത്തയെയും ഒരു കുരങ്ങിനെയും. അവയെ കളിപ്പിക്കുക അവൾക്കു ബഹുരസമാണ്. അവൾ അവയെ രുദ്രാക്ഷമാലകൾ ധരിപ്പിച്ചിരുന്നു.

ഒരു നാൾ അവിടെ ഒരു വൈശ്യൻ വന്നുചേർന്നു. ശിവഭക്തനാണ് ആ വൈശ്യനും. അയാളും രുദ്രാക്ഷമാല ധരിച്ചിട്ടുണ്ട്. മാത്രമല്ല, വലംകൈയിൽ ഒരു വളയും. പലമാതിരി രത്നങ്ങളും അമൂഴത്തിയിട്ടുള്ള വളയാണ്.

മഹാനന്ദയും വൈശ്യനും തമ്മിൽ കാണാനിടയായി.

വിലമതിക്കാനാവാത്ത അനേകം വളകൾ മഹാനന്ദയ്ക്കുണ്ട്. എങ്കിലും വൈശ്യന്റെ വളപോലൊന്ന് അവൾ കണ്ടിട്ടില്ല. ആ വള വേണം എന്നായി അവളുടെ ആഗ്രഹം.

'ദയവുചെയ്ത് എനിക്ക് ആ വള തരണം.' അവൾ വൈശ്യനോട് അപേക്ഷിച്ചു.

വൈശ്യന് അതു സ്വീകാര്യമായില്ല.

'മഹാനന്ദ, ഒട്ടും കുറഞ്ഞതല്ലല്ലൊ നിന്റെ മോഹം! പതിന്നാലു ലക്ഷം വരാഹൻ വിലയുള്ളതാണ് എന്റെ വള. അത്രയും തുക തരാമെങ്കിൽ വള കൈമാറാം.' വൈശ്യൻ പറഞ്ഞു.

'വിലയൊന്നും തരികയില്ല. എനിക്കു വള വെറുതെ കിട്ടണം. പകരം ഞാനൊന്നു ചെയ്യാം. മൂന്നുദിവസം അങ്ങയുടെ ഭാര്യയായി കഴിയാം' മഹാനന്ദ പറഞ്ഞു.

ആ കരാർ വൈശ്യനു സ്വീകാര്യമായി.

അങ്ങനെ വള മഹാനന്ദയുടെ കൈയിലായി.

വൈശ്യൻ ശരീരത്തിൽ മറ്റൊന്നു ധരിക്കുന്നുണ്ട്. രത്നംകൊണ്ടു നിർമിച്ച ഒരു ശിവലിംഗം. അയാൾ രാത്രിയിൽ ശിവലിംഗമെടുത്ത് മഹാനന്ദയ്ക്കു നല്കി. സൂക്ഷിച്ചുവെച്ചുകൊള്ളാൻവേണ്ടിയാണു കൊടുത്തതും. അതിനുശേഷം ഇരുവരും കിടന്നുറങ്ങി.

അർദ്ധരാത്രിയിൽ അത്യാഹിതം സംഭവിച്ചു.

പെട്ടെന്നു കെട്ടിടത്തിനു തീപിടിച്ചു. വൈശ്യനും മഹാനന്ദയും ഉണർന്നു. അവർ പരിഭ്രമിച്ചു പരക്കം പാഞ്ഞു. അതിനിടയ്ക്കു രത്നത്തിലുള്ള ശിവലിംഗം പൊട്ടിപ്പോയി. മഹാനന്ദ ഓടിച്ചെന്ന് തത്തയെയും കുരങ്ങിനെയും അഴിച്ചുവിട്ടു. ആ രണ്ടു ജന്തുക്കളും സ്ഥലംവിട്ടു ജീവൻ രക്ഷിച്ചു. വൈശ്യനും മഹാനന്ദയും ഒരുവിധം രക്ഷപ്പെട്ടു എന്നു പറഞ്ഞാൽ മതിയല്ലൊ.

ശിവലിംഗം പൊട്ടിപ്പോയില്ലേ. വൈശ്യൻ ദുഃഖാർത്തനായി. ജീവിതത്തിൽ ഏറ്റവും പ്രധാനമായി കരുതിയത് എന്തായിരുന്നു? മറ്റൊന്നുമല്ല, ആ ശിവലിംഗം തന്നെ. പ്രാണനെക്കാൾ വിലപ്പെട്ടതായി അതിനെ കരുതിപ്പോന്നു വൈശ്യൻ. അതില്ലാത്ത സ്ഥിതിക്ക് ഇനി എന്തിനു ജീവിച്ചിരിക്കണം? അയാൾ എരിതീയിൽചാടി പ്രാണൻ കളഞ്ഞു.

മൂന്നു ദിവസമേ വൈശ്യൻ മഹാനന്ദയുടെ ഭർത്താവായിരുന്നുള്ളൂ. എങ്കിലും താൻ അയാളുടെ ഭാര്യയാണ്. അതിൽ അവൾക്കു യാതൊരു സന്ദേഹവുമുണ്ടായിരുന്നില്ല. ഭർത്താവ് ഭൂമിയിൽനിന്നു തിരോധാനം ചെയ്തിരിക്കാം. ഇനി തനിക്ക് അദ്ദേഹത്തെ അനുഗമിക്കണം. അവൾ സകലസമ്പത്തുക്കളെയും ഒന്നിച്ചുവച്ചു. അവയെല്ലാം ദാനം നല്കി. എന്നിട്ടു ചിതയൊരുക്കി തീ കൊളുത്തി. തീ പടർന്നു കത്തിയപ്പോൾ അതിൽ ചാടാനും തയ്യാറായി.

ശിവൻ പ്രത്യക്ഷനായി അവളുടെ കൈപിടിച്ചു.

'മഹാനന്ദേ, വൈശ്യൻ വാസ്തവത്തിൽ വൈശ്യനായിരുന്നില്ല. ആ വേഷം ധരിച്ച് ഞാൻ വന്നതാണ്. നിന്റെ ഭക്തി പരീക്ഷിച്ചതാണ് ഞാൻ. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. വരം ചോദിച്ചുകൊള്ളൂ' ഭഗവാൻ ആവശ്യപ്പെട്ടു.

'ഭഗവാനെ, എനിക്ക് ആഗ്രഹങ്ങൾ അവശേഷിക്കുന്നില്ല — ഒന്നിലൊഴിച്ച്. ഇനിമേൽ എനിക്കു ജന്മം ഉണ്ടാവരുതെന്നു മാത്രം. എനിക്ക് എന്നുമെന്നും അവിടത്തോടുകൂടി കഴിയണം. ആ വരം നല്കാൻ ദയവുണ്ടാകണം.' അവൾ അഭ്യർത്ഥിച്ചു.

ശിവൻ ആ അനുഗ്രഹം നല്കുകതന്നെ ചെയ്തു.

ഭഗവാൻ വൈശ്യനിലും പ്രസാദിക്കയുണ്ടായി.

കൂരങ്ങന്റെ അടുത്ത ജന്മം എന്തായിരുന്നു? ഭദ്രസേനരാജാവിന്റെ പുത്രനായ സുധർമനായിട്ട്. തത്തയുടെ അടുത്ത ജന്മമോ, മന്ത്രിപുത്രനായ താരകനായിട്ടും. കൂരങ്ങനും തത്തയും പാവനമായ രുദ്രാക്ഷം ധരിച്ചില്ലേ? അതാണ് അടുത്ത ജന്മത്തിലെ ശിവഭക്തിയുടെ കാരണം!

മുനി ഭദ്രസേനനോടു പറഞ്ഞതാണല്ലോ ഈ കഥ.

പരമാർത്ഥം അറിഞ്ഞപ്പോൾ രാജാവിന് അത്ഭുതം തോന്നി.

'രാജൻ, സുധർമനും താരകനും ശിവഭക്തരായിത്തന്നെ തുടർന്നു പോകും. അവരുടെ ശിവഭക്തിക്ക് ഒരിക്കലും ഇളക്കം തട്ടുകയില്ല. അവർക്കിനി ജന്മവും ഉണ്ടാവുകയില്ല. മുനി പറഞ്ഞു നിർത്തി.

കണ്ടില്ലേ രുദ്രാക്ഷത്തിന്റെ മാഹാത്മ്യം?

(ശിവപുരാണം കിളിപ്പാട്ട്)

ഭദ്രായു

വജ്രബാഹു മഹാരാജാവിന്റെ പത്നിമാരായി ചില രാജസ്ത്രീകളുണ്ട്. അവരിൽ ആർക്കും പുത്രൻ ജനിച്ചിരുന്നില്ല. ഒടുവിൽ സുമതി എന്നവൾ ഗർഭിണിയായി. സപത്നിമാർക്ക് സുമതിയോട് അസൂയതോന്നി. തങ്ങൾക്കു പുത്രനില്ലാതിരിക്കുക, അവൾക്കുമാത്രം ആ ഭാഗ്യമുണ്ടാവുക — സഹിക്കാനൊക്കുന്ന കാര്യമാണോ? അസൂയ ഒരു ദുഷ്കർമത്തിനു കാരണമായി. ആരുമറിയാതെ അവർ ചേർന്ന് സുമതിക്കു വിഷം നല്കി. പ്രത്യേകമായ തരത്തിലുള്ള വിഷമായിരുന്നു അത്. ആ വിഷം സുമതിക്കു പല അവശതകളും വരുത്തിവെച്ചു. കാരണം ആരും മനസ്സിലാക്കിയില്ല എന്നുമാത്രം!

ഒടുവിൽ സുമതി ഒരു ആൺകുട്ടിക്കു ജന്മമേകി. അമ്മയുടെ ദേഹത്തിലും മകന്റെ ദേഹത്തിലും വ്രണങ്ങൾ. വേദനിപ്പിക്കുന്ന വ്യത്തികെട്ട, വ്രണങ്ങളാണ്. വജ്രബാഹുരാജാവു വൈദ്യന്മാരെ വരുത്തി ചികിത്സിപ്പിച്ചു. വ്രണങ്ങൾ ഭേദമായില്ല എന്നതോ പോകട്ടെ — അവയുടെ പീഡനം വർദ്ധിച്ചതേയുള്ളു.

വാസ്തവത്തിൽ വജ്രബാഹുവിന് സുമതിയോട് ഇഷ്ടക്കുറവുണ്ട്. മറ്റു പത്നികളോടാണു കൂടുതൽ സ്നേഹം. രാജാവിന്റെ മനസ്സിൽ അല്പം ദുഷ്ടതയും ഇല്ലാതില്ല. സുമതിയുടെയും പുത്രന്റെയും വ്രണങ്ങൾ കൂടുകയാണ്. ഇനി അവരെ നാട്ടിൽ വെച്ചുകൊണ്ടിരുന്നുകൂടാ. കാട്ടിൽകൊണ്ടു കളയുകതന്നെ വേണം. രാജാവു തേരാളിയെ വരുത്തി ചില നിർദ്ദേശങ്ങൾ നല്കി. തേരാളി നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിച്ചു. അയാൾ സുമ

തിയെയും പുത്രനെയും തേരിൽ കയറ്റി. ഉല്ലാസയാത്രയ്ക്കു പോവുകയാണ് — അതാണ് അയാൾ അവരെ ധരിപ്പിച്ചത്. നേരെ പോയത് ഒരു വനത്തിലാണ്. അയാൾ രാജ്ഞിയെയും പുത്രനെയും നിലത്തിറക്കി. എന്നിട്ട് അതിവേഗത്തിൽ തേരോടിച്ച് രാജധാനിയിലേക്കു മടങ്ങി.

എത്രമാത്രം ദുഃഖിച്ചെന്നോ സുമതി! താൻ രാജാവിനാൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. തനിക്ക് ആലംബമായി ആരുമില്ല. ഘോരമായ ഈ വനത്തിൽ അകപ്പെട്ടു പോയിരിക്കയാണു താനും കൊച്ചുമകനും. വനത്തിൽ ദുഷ്ടമൃഗങ്ങൾ അനേകമുണ്ട്. കല്ലും മണ്ണും നിറഞ്ഞതാണു നിലം. ആഹാരത്തിനു വകയില്ല. വഴിയൊട്ടു നിശ്ചയവുമില്ല. എന്തുചെയ്യണമെന്നു രാജ്ഞിക്ക് അറിഞ്ഞുകൂടാ. ആ പാവം മകനെ എടുത്ത് അങ്ങുമിങ്ങും ഉഴന്നു നടന്നു. ഇടയ്ക്കിടയ്ക്കു വിങ്ങിക്കരയുകയാണ് അവർ.

യദൃച്ഛയാ ചില കച്ചവടക്കാർ ആ വഴിക്കു കടന്നുപോയി. ചുമട്ടുമൃഗങ്ങളെ നയിക്കുകയാണ് അക്കൂട്ടർ. മൃഗങ്ങളുടെ പുറത്തു ഘനമേറിയ ചുമടുകൾ കെട്ടിവെച്ചിരിക്കുന്നു. സുമതി അവരുടെ കൂട്ടത്തിൽ കൂടി. അവർക്ക് വിസമ്മതവും ഉണ്ടായില്ല. തത്കാലം തുണയ്ക്ക് ആളുകളെ കിട്ടിയല്ലോ. രാജ്ഞിക്ക് അല്പം ആശ്വാസമുണ്ടായി.

യാത്രാമദ്ധ്യേ മനോഹരമായ ഒരു മണിമാളിക കാണുമാറായി. പത്മാകരൻ എന്നൊരു വൈശ്യരാജാവുണ്ട്. അദ്ദേഹത്തിന്റെ മണിമാളികയാണ് ഇത്. സുമതി കൂട്ടിയെയുംകൊണ്ടു മണിമാളികയിൽ കയറിച്ചെന്നു. ഒരു ദാസി വന്ന് അഭയാർത്ഥിനിയെ ചോദ്യംചെയ്തു. അപ്പോൾ സുമതിയുടെ കഥ അറിവായി. ദാസി ചെന്നു രാജാവിനോടും രാജ്ഞിയോടും വിവരം പറഞ്ഞു. പത്മാകരനും പത്നിക്കും സുമതിയോട് അനുകമ്പ തോന്നി. അവർ സുമതിയെയും പുത്രനെയും അവിടെ പാർപ്പിച്ചു. മാത്രമല്ല, ഏറ്റവും ദയവോടെ പെരുമാറുകയും ചെയ്തു.

അപ്പോൾ സുമതിയുടെയും കൂട്ടിയുടെയും വ്രണങ്ങൾ മാറിയോ? അതു മാത്രം ഉണ്ടായില്ല. കൂട്ടിയുടെ വ്രണങ്ങൾ വളരെ കൂടുകയും ചെയ്തു. പത്മാകരൻ വേണ്ടുന്ന സഹായങ്ങളെല്ലാം എത്തിക്കാതിരുന്നില്ല. അദ്ദേഹം പ്രഗല്ഭരായ വൈദ്യന്മാരെക്കൊണ്ടു ചികിത്സിപ്പിക്കുകകൂടി ചെയ്തു. പക്ഷേ, അവരുടെ ചികിത്സയ്ക്കു യാതൊരു ഫലവും ഉണ്ടായില്ല. മാത്രമല്ല, കൂട്ടി മരിച്ചുപോവുകയും ചെയ്തു.

സുമതി ഹൃദയം പൊട്ടുമാറു വിലപിച്ചു.

ഒന്നൊന്നായി എന്തെല്ലാം ദുഃഖങ്ങളാണ് ആ രാജ്ഞി അനുഭവിച്ചത്! തനിക്കും കൂട്ടിക്കും രോഗമായി. തങ്ങളെ രാജാവ് കാട്ടിൽ കളഞ്ഞു. ഇപ്പോഴിതാ, കൂട്ടിയും ഇല്ലാതായി. എന്തുചെയ്യും?

പെട്ടെന്ന് ഋഷഭയോഗി വന്നെത്തി.

ശിവന്റെ പരമഭക്തനാണ് ഋഷഭയോഗി — ചില പ്രത്യേക സിദ്ധികൾ ഉള്ള ആളും.

ഋഷഭയോഗി സുമതിയെ സാന്ത്വനപ്പെടുത്താൻ പരിശ്രമിച്ചു. സകല ദുഃഖങ്ങളും പോക്കാനുള്ള ഒരു വഴിയും ചൂണ്ടിക്കാട്ടി. ശിവനെ ഭക്തിയോടെ ഭജിക്കുക — അതായിരുന്നു ആ വഴി. പക്ഷേ, അതൊന്നും സുമതിയുടെ വ്യസനത്തിനു ശമനമുണ്ടാക്കിയില്ല.

'അങ്ങു പറയുന്നതൊക്കെ ശരിയാണ്, സമ്മതിക്കുന്നു. എങ്കിലും എന്റെ ഉള്ളിലെ ദുഃഖം കൂറയുന്നില്ല. ഈ ദുഃഖവും പേറിക്കൊണ്ട് എനിക്കു ജീവിക്കാൻ വയ്യ. ഞാൻ ആത്മഹത്യചെയ്യും. അതൊരു വഴിയേ എനിക്കുള്ളു.' സുമതി കരഞ്ഞുകൊണ്ടു പറഞ്ഞു.

ഋഷഭയോഗിയുടെ ചിത്തം ആർദ്രമായി. സുമതിയെ സഹായിക്കുതന്നെ — അതായി യോഗിയുടെ നിശ്ചയം. അദ്ദേഹം കുറെ ഭസ്മം കൈയിലെടുത്തു ജപിച്ചു. പിന്നീട് ഭസ്മത്തെ മരിച്ച കുട്ടിയുടെ നേർക്കെറിഞ്ഞു. മരിച്ച കുട്ടി കൈകാലുകൾ ഇളക്കി: കണ്ണുകൾ മിഴിച്ചു; എഴുന്നേറ്റിരുന്നു!

മറ്റൊരു അത്ഭുതംകൂടി അതേസമയം നടക്കുകയുണ്ടായി. കുട്ടിയുടെ ദേഹം നിറയെ പഴുത്തളിഞ്ഞ വ്രണങ്ങളായിരുന്നല്ലോ. ഇപ്പോൾ ഒരൊറ്റ വ്രണമില്ല; വ്രണത്തിന്റെ ഒരൊറ്റ പാടുപോലുമില്ല!

ഋഷഭയോഗി സുമതിയുടെ നേർക്കും ഭസ്മം ജപിച്ചെറിഞ്ഞു. സുമതിയുടെ വ്രണങ്ങളും അപ്പാടെ മറഞ്ഞുപോയി. രാജ്ഞി യോഗിയുടെ കാല്ക്കൽ വീണു നമസ്കരിച്ചു. അവരുടെ കൃതജ്ഞതയ്ക്ക് അളവുണ്ടായിരുന്നില്ല!

'സുമതീ, നീയും നിന്റെ മകനും ചിരകാലം സുഖമായി ജീവിക്കുമാറാകട്ടെ! നിന്റെ മകൻ ഭദ്രായു എന്ന പേരിൽ പ്രസിദ്ധി നേടും. തത്കാലം നീ വൈശ്യരാജാവിന്റെ രക്ഷയിൽത്തന്നെ കഴിഞ്ഞുകൊള്ളു.' ഋഷഭയോഗി പറഞ്ഞു.

അതിനുശേഷം അദ്ദേഹം യാത്രയായി.

സുനയൻ എന്നൊരു മകനുണ്ട് പത്മാകരന്. ഭദ്രായുവിന്റെ വയസ്യനാണ് ആ വൈശ്യപുത്രൻ. പത്മാകരനു മുമ്പുതന്നെ ഭദ്രായുവിനോടു സ്നേഹമാണല്ലോ. അദ്ദേഹം അവനെ സ്വപുത്രനെപ്പോലെ കരുതി. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ ബാലന്മാർ ഒന്നിച്ചു വളർന്നു. അവർ ആത്മസ്നേഹിതന്മാരും ആയിത്തീർന്നു. ഒരേ ഗുരുക്കന്മാരുടെ കീഴിലായിരുന്നു ബാലന്മാരുടെ വിദ്യാഭ്യാസം. അവർ സകല ശാസ്ത്രങ്ങളും അഭ്യസിച്ചു. അതോടൊപ്പം ധനുർവേദവും.

പിന്നീടൊരിക്കലും ഋഷഭയോഗിയുടെ വരവുണ്ടായി.

അദ്ദേഹം ഭദ്രായുവിന്റെ മുമ്പിൽ ചെന്നു നില്പായി.

'നീ എന്നെ അറിയുമോ?' യോഗി കുമാരനോടു ചോദിച്ചു.

ഭദ്രായു അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല. അവനു ജീവിതം നല്കിയ ആളാണ് ഋഷഭയോഗി. പക്ഷേ, അന്ന് അവൻ കൊച്ചുകുട്ടിയായിരുന്നു. ആ സ്ഥിതിക്ക് ആളറിയാത്തതിൽ കുറ്റപ്പെടുത്തുന്നതെങ്ങനെ?ഋഷഭയോഗി സകലതും അറിയിച്ചു.

ഭദ്രായു അദ്ദേഹത്തിന്റെ കാല്ക്കൽ വീണു.

അദ്ദേഹം കുമാരനു വിലപ്പെട്ട ഉപദേശങ്ങൾ നല്കി. ഭദ്രായു ഒരിക്കലും മറക്കാത്ത ഉപദേശങ്ങൾ! മാത്രമല്ല, ഒരു ദിവ്യഖഡ്ഗവും സമ്മാനിച്ചു. അതേസമയം അവനെ കൂടുതൽ ബലവാനും വീരനുമാക്കി. അതിനുശേഷം അദ്ദേഹം സ്ഥലംവിട്ടു.

വജ്രബാഹുവിന്റെ രാജ്യത്തിലോ? ഇതിനിടയ്ക്കു ചിലതൊക്കെ സംഭവിച്ചിരിക്കുന്നു. മുമ്പുതന്നെ ആ രാജാവിനു പലേ ശത്രുക്കളുമുണ്ടായിരുന്നു.

ആ ശത്രുക്കൾ ഒരിക്കൽ ഒന്നിച്ചു ചേർന്ന് ആക്രമണം നടത്തി. ആക്രമണത്തിൽ നേതൃത്വം വഹിച്ചത് മഗധരാജാവാണ്. സുശക്തമായിരുന്നു ആ ആക്രമണം. ചെറുത്തുനില്ക്കാൻ അങ്ങേയറ്റം യത്നിച്ചു, വജ്രബാഹു. പക്ഷേ, ആ യത്നത്തിനു ഫലമുണ്ടായില്ല, അദ്ദേഹം പരാജിതനായി. മാത്രമല്ല, മഗധരാജാവിന്റെ ബന്ധനത്തിലുമായി. മഹാരാജാവ് ശത്രുരാജ്യത്തിലെ സമ്പത്തുകൾ കൈയടക്കി. ശത്രുരാജാവിനെ മഗധയിലേക്കു കൊണ്ടുപോയി അദ്ദേഹത്തെ അവിടെ തടവിലും വെച്ചു.

ആ വിവരം ഭദ്രായുവിനു ലഭിക്കാതിരുന്നില്ല. ഭദ്രായുവിനു തന്റെ വംശചരിത്രത്തെക്കുറിച്ച് അറിവു കിട്ടിയിരുന്നു. തന്റെ പിതാവു മഗധയിൽ ബന്ധനസ്ഥനായിരിക്കുന്നു. പിതാവിനെ മോചിപ്പിക്കുക എന്നത് തന്റെ കർത്തവ്യമാണ്. ആ ബോധത്തോടെ ഭദ്രായു സുനയനെ കൂട്ടി വൈശ്യരാജാവിന്റെ ആത്മാർത്ഥമായ സഹകരണം സമ്പാദിച്ചു. സുശക്തമായ ഒരു സൈന്യവും ശേഖരിച്ചു. എന്നിട്ട് മഗധയിലേക്കു പട നീക്കി.

മഗധരാജാവ് ഭദ്രായുവിന്റെ ആക്രമണം തടഞ്ഞു. വാശിയേറിയ സമരം അപ്പോഴുണ്ടായി. ഒന്നു പ്രത്യേകമായിരുന്നു ഭദ്രായുവിന്റെ ശൗര്യം. പോരെങ്കിൽ ദിവ്യശക്തിയുള്ള ഖഡ്ഗവും കൈയിലുണ്ടല്ലോ. ആ ദിവ്യഖഡ്ഗം അനേകമനേകം എതിരാളികളെ കൊന്നൊടുക്കി.

ഒടുവിൽ സമരം അവസാനിച്ചു. എപ്പോൾ? ഭദ്രായുവിനു പരിപൂർണമായ വിജയം സിദ്ധിച്ചപ്പോൾ. ഭദ്രായു മഗധരാജാവിനെ തടവിൽ പിടിച്ചു. പിന്നെ, പിതാവിനെ തടവിൽനിന്നു മോചിപ്പിച്ചു. പിതാവിനെയും മാതാവിനെയും സ്വരാജ്യത്തിലേക്കു കൊണ്ടുപോയി. പിതാവിനു പഴയപോലെ രാജ്യം നല്കുകയും ചെയ്തു.

ഇതൊക്കെയാണെങ്കിലും ഭദ്രായു വജ്രബാഹുവിനെ താനാരെന്ന് അറിയിച്ചില്ല. തന്നെ രക്ഷിച്ചത് അജ്ഞാതനായ ഏതോ വീരയുവാവാണ് — അതായിരുന്നു വജ്രബാഹുവിന്റെ ധാരണ. ആരാണ് ഈ തേജസ്വിയായ കുമാരൻ? ആ കുമാരനോട് അതിരറ്റ കൃതജ്ഞത തോന്നി. വല്ല അവതാരപുരുഷനും ആയിരിക്കുമോ?

'കുമാരാ, പ്രത്യുപകാരം ചെയ്യാൻ ഞാൻ ശക്തനല്ല. അങ്ങ് എന്നെ രക്ഷിച്ചു. എനിക്ക് അങ്ങയോടുള്ള കടപ്പാട് നിസ്സീമമാണ്.' വജ്രബാഹു വികാരത്തോടെ പറഞ്ഞു.

'ഞാൻ താമസിയാതെ വീണ്ടും വന്നുകണ്ടുകൊള്ളാം.' ഭദ്രായു പറഞ്ഞിട്ടു യാത്രയായി. ഒന്നിച്ച് സുനയനും.

ആ കാലഘട്ടത്തിൽ ആരായിരുന്നു നിഷധയിലെ രാജ്ഞിയും രാജാവും? മറ്റാരുമല്ല, ചന്ദ്രാംഗദനും സീമന്തിനിയും തന്നെ.

(ചന്ദ്രാംഗദന്റെയും സീമന്തിനിയുടെയും കഥ മറ്റൊരിടത്തു വിസ്തരിച്ചിട്ടുണ്ട്)

അവർക്കൊരു പുത്രിയുണ്ട്, കീർത്തിമാലിനി.

രാജകുമാരിക്ക് ഒരു വിവാഹാലോചനയുമായി ഒരാൾ വന്നെത്തി. ദിവ്യശക്തികളുള്ള ഋഷഭയോഗിയായിരുന്നു ആ ആൾ. അദ്ദേഹം നിഷധയിൽ

ചെന്ന് ചന്ദ്രാംഗദനെ കണ്ടു. ഭദ്രായുവിനെക്കുറിച്ചുള്ള വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു. കീർത്തിമാലിനിക്കു യോജിച്ച വരൻ ഭദ്രായു തന്നെ — അതായിരുന്നു ഋഷഭയോഗിയുടെ ദൃഢമായ അഭിപ്രായം. ചന്ദ്രാംഗദൻ ആ അഭിപ്രായം മാനിക്കാതിരിക്കുമോ? അദ്ദേഹം രഥത്തോടുകൂടി ഒരു ദൂതനെ പറഞ്ഞയച്ചു. പത്മാകരൻ, അദ്ദേഹത്തിന്റെ പത്നി, ഭദ്രായു, ഭദ്രായുവിന്റെ അമ്മ — ആ നാലുപേരെയും കൂട്ടിക്കൊണ്ടു വരണം — അതാണ് ദൂതന് നല്കപ്പെട്ടിരുന്ന ജോലി. ദൂതൻ പത്മാകരനെ കണ്ടു സന്ദേശം അറിയിച്ചു. ഒന്നു പ്രത്യേകമായിരുന്നു പത്മാകരന്റെ സന്തോഷം. അദ്ദേഹം മറ്റുള്ളവരോടുകൂടി നിഷധയിൽ എത്തിച്ചേർന്നു. ചന്ദ്രാംഗദനും സീമന്തിനിയും അതിഥികളെ യഥാവിധി സ്വീകരിച്ചു സത്കരിച്ചു. എന്നിട്ട് ആ വിവാഹവും മംഗളമായി നടത്തി — കീർത്തിമാലിനിയുടേയും ഭദ്രായുവിന്റെയും വിവാഹം!

പിന്നീടാണു ചന്ദ്രാംഗദൻ മറ്റൊരാളെ ക്ഷണിച്ചു വരുത്തിയത് — വജ്രബാഹുരാജാവിനെ!

വജ്രബാഹു ഭദ്രായുവിനെ കണ്ടപ്പോഴോ? സ്മരണ ആ സംഭവത്തിലേക്കു പാഞ്ഞെത്തി — തന്നെ ഭദ്രായു രക്ഷിച്ച സംഭവം!

അദ്ദേഹം ചന്ദ്രാംഗദന്റെ നേർക്കു തിരിഞ്ഞു.

'പ്രിയ സ്നേഹിതാ, ഇതാ ഈ കുമാരന്റെ കാരുണ്യം — അതെ, അതു തന്നെയാണ് ഞാൻ വീണ്ടും നാടുവാഴാൻ കാരണം. എങ്കിലും എനിക്കു ചിലതൊന്നും അറിഞ്ഞു കൂടാ— ഏതാണ് കുമാരന്റെ വംശം. ആരാണ് കുമാരന്റെ മാതാപിതാക്കന്മാർ? എനിക്കു യാതൊരു നിശ്ചയവുമില്ല.' വജ്രബാഹു പറഞ്ഞു.

'ശരി, എന്നാൽ ഞാൻ പറഞ്ഞുതരാം. മുമ്പ് അങ്ങയുടെ ഒരു ഭാര്യയ്ക്കും പുത്രനും കടുത്ത വ്രണങ്ങളുണ്ടായി. അങ്ങ് അവരെ നിഷ്കരുണമായി വനത്തിൽകൊണ്ടു കളഞ്ഞു. അങ്ങ് അത് ഓർമിക്കുന്നുണ്ടാവുമോ? ഈ നില്ക്കുന്ന ഭദ്രായു മറ്റാരുമല്ല —അങ്ങ് ഉപേക്ഷിച്ച പുത്രൻ! അതാ അപ്പുറത്തു നില്ക്കുന്ന സ്ത്രീയോ? ഭദ്രായുവിന്റെ അമ്മ, അങ്ങ് പരിത്യജിച്ച അങ്ങയുടെ രാജ്ഞി!' ചന്ദ്രാംഗദൻ അറിയിച്ചു.

അത്ഭുതം, ആനന്ദം, ലജ്ജ — അവയെല്ലാം ആ നിമിഷം സമ്മേളിച്ചു വജ്രബാഹുവിന്റെ ഹൃദയത്തിൽ!

അങ്ങനെ, പിതാവും മാതാവും ഒന്നിച്ചായി.

അവിചാരിതമായ ഒരു സംഭവം ഉണ്ടായി.

ഒരു ദിവസം ഭദ്രായു ഉല്ലാസയാത്രയ്ക്കിറങ്ങി. ഒന്നിച്ചു കീർത്തിമാലിനിയെയും കൊണ്ടുപോയി. മനോഹരമായ ഒരു വനത്തിലേക്കാണ് യുവദമ്പതികൾ പോയത്. കളിച്ചും ചിരിച്ചും വിഹരിക്കുകയായിരുന്നു ഇരുവരും. പെട്ടെന്ന് ഒരു കാഴ്ച കണ്ടു. രണ്ടുപേർ തങ്ങളുടെ നേർക്ക് ഓടിവരുന്നു. ഒരു ബ്രാഹ്മണനും ബ്രാഹ്മണപത്നിയുമാണ്. അത് അറിയാൻ ബുദ്ധിമുട്ടുണ്ടായില്ല. പ്രാണഭീതിയെടുത്തു പാഞ്ഞുവരികയാണ് അവർ. എന്തായിരുന്നു അതിനു കാരണം? പുറകെ ഒരു പുലി വരുന്നുണ്ടായിരുന്നു!

ബ്രാഹ്മണദമ്പതികൾ രാജദമ്പതികളുടെ അടുക്കലെത്തി.

'രക്ഷിക്കണേ! രക്ഷിക്കണേ!' അവർ ദീനരായി യാചിച്ചു.

ഭദ്രായു ധൃതിയിൽ അമ്പും വില്ലും കൈയിലെടുത്തു. പുലിയെ ലാക്കാക്കി തുടരെത്തുടരെ അമ്പുകൾ എയ്തു. പുലി ചത്തുവീഴുമെന്ന് രാജാവ് കരുതി. തെറ്റ്! ഒരൊറ്റ അമ്പ് പുലിയുടെ ദേഹത്തു തുളച്ചുകയറുന്നില്ല. അമ്പുകൾ പാറയിൽ ഏറ്റാൽ എങ്ങനെയോ, അങ്ങനെ! അതിനിടയ്ക്ക് പുലി എന്തു ചെയ്തു? ബ്രാഹ്മണസ്ത്രീയെ പിടിച്ചുകൊണ്ട് ഓടിപ്പോയി.

ബ്രാഹ്മണൻ അത്യധികമായ ദുഃഖം പ്രദർശിപ്പിച്ചു. അതിനുശേഷം ഉത്കടമായ കോപവും. ഭദ്രായുവിന് ബ്രാഹ്മണപത്നിയെ രക്ഷിക്കാൻ കഴിഞ്ഞില്ല. അതായിരുന്നു ബ്രാഹ്മണന്റെ കോപത്തിനു കാരണം.

'അങ്ങ് ഒരു രാജാവാണത്രെ! എന്നിട്ടാണ് എന്റെ ഭാര്യയെ രക്ഷിക്കാൻ കരുത്തില്ലാത്തത്. അസ്ത്രപ്രയോഗം അറിഞ്ഞുകൂടാത്ത ഭീരു!' അദ്ദേഹം ഭദ്രായുവിനെ ഭർത്സിച്ചു.

ഭദ്രായുവിന്റെ ശിരസ്സ് ലജ്ജാഭാരത്താൽ നമ്രമായി.

'ഹേ, ബ്രാഹ്മണോത്തമ, അങ്ങ് എന്റെ കഴിവില്ലായ്മ പൊറുക്കണം. ഞാൻ കാരണം അങ്ങേക്ക് ഭാര്യ നഷ്ടപ്പെട്ടു. പകരമായി ഞാൻ അങ്ങ് ആവശ്യപ്പെടുന്ന ധനം തരാം. അതോടൊന്നിച്ച് എന്റെ രാജ്യവും. അദ്ദേഹം പറഞ്ഞു.

'എനിക്കു ധനവും വേണ്ട രാജ്യവും വേണ്ട. അങ്ങയുടെ പത്നിയെത്തരണം' ബ്രാഹ്മണൻ ആവശ്യപ്പെട്ടു.

ഇതെന്തൊരു അവകാശവാദം! ഇതിനുമുമ്പ് ഇങ്ങനെയൊന്ന് കേട്ടിട്ടില്ല. ഭദ്രായുവിന്റെ ഹൃദയത്തിൽ കോപം നുരഞ്ഞുപൊങ്ങി. എങ്കിലും അദ്ദേഹം അതു പുറത്തുകാണിച്ചില്ല.

ബ്രാഹ്മണൻ അവകാശവാദം ആവർത്തിച്ചു.

'എനിക്കു കുറച്ചൊക്കെ തപോബലമുണ്ട്. അങ്ങയുടെ ഭാര്യയെ എനിക്കു വിട്ടുതന്നില്ലെങ്കിലോ? ഞാൻ അങ്ങയെ ശപിച്ചു ഭസ്മമാക്കും!' ബ്രാഹ്മണൻ കലിതുള്ളിക്കൊണ്ടു പറഞ്ഞു.

അർത്ഥിക്കുന്നതു കൊടുക്കാതിരിക്കുന്നത് പാപമാണ്. പ്രിയപ്പെട്ട സഹധർമിണിയെ മറ്റൊരു പുരുഷനു നല്കാനും പാടില്ല. ഭദ്രായു ധർമസങ്കടത്തിൽപ്പെട്ടു നിലകൊണ്ടു. ഇനി ജീവിച്ചിരുന്നിട്ട് എന്തു ഫലം! തീയിൽ ചാടി മരിക്കുകയാണ് യുക്തമായിട്ടുള്ളത്. അദ്ദേഹം അതിവേഗം വിറകുവെട്ടി ചിതയൊരുക്കി. തീ പടർന്നു കത്താനായി കാത്തിരുന്നു. താമസിയാതെ അതങ്ങനെ കത്തിയുയർന്നു. ഭദ്രായു അതിൽ കുതിച്ചുചാടാൻ തയ്യാറായി.

ആരോ കൈപിടിച്ചു നിർത്തിയോ? അതെ, നോക്കിയപ്പോഴോ? ശിവൻ!

ഭദ്രായു ഭഗവാനെ വാഴ്ത്തി സ്തുതിച്ചു.

ബ്രാഹ്മണൻ മറഞ്ഞുകഴിഞ്ഞിരുന്നു.

'ഭദ്രായു, ഞാൻ ബ്രാഹ്മണവേഷത്തിൽ വന്നതാണ്. നിന്നെ പരീക്ഷിക്കുകയായിരുന്നു എന്റെ ഉദ്ദേശ്യം. ബ്രാഹ്മണപത്നി വാസ്തവത്തിൽ ശ്രീപാർവതി ആയിരുന്നു. പുലിയോ, എന്റെ ഒരു കിങ്കരനും. നീ എന്റെ പരീക്ഷയിൽ ജയിച്ചിരിക്കുന്നു.' ഭഗവാൻ കനിഞ്ഞരുളി.

ഭദ്രായുവും കീർത്തിമാലിനിയും സുഖമായി ജീവിതം നയിച്ചു. സംവത്സരങ്ങൾ അനേകം കഴിഞ്ഞപ്പോഴോ? ഇരുവർക്കും ശിവലോകവാസമായിരുന്നു അനുഭവം!

(ശിവപുരാണം കിളിപ്പാട്ട്)

വിധൃതൻ

രാജകുമാരനായിരുന്നു വിധൃതൻ. പെട്ടെന്നാണ് രാജകുമാരൻ രാജാവായത്. പിതാവിന്റെ ചരമമായിരുന്നു അതിനു കാരണം.

പിതാവിനോടു കൂറുള്ളവർ ഉണ്ടായിരുന്നു പലരും. അവരോടു ബഹുമാനമാണ് വിധൃതനു വാസ്തവത്തിൽ ഉണ്ടാകേണ്ടിയിരുന്നത്. ശരിക്കും ഉണ്ടായത് വിരോധവും വെറുപ്പുമാണ്. അവരിൽ വൃദ്ധന്മാരും വിദ്വാന്മാരും ഉൾപ്പെട്ടിരുന്നു. വിധൃതൻ അവരെയെല്ലാം പുറംതള്ളി. കൊള്ളരുതാത്തവരും ദുർന്നടപടിക്കാരുമായിരുന്നവരുടെ സഹായത്തോടെ വിധൃതൻ രാജ്യഭാരം ചെയ്തു. രാജ്യത്ത് അധർമം വ്യാപിച്ചതിൽ എന്തിന് അതിശയിക്കണം?

നീതിന്യായം എന്നൊന്ന് ഇല്ലാതെയായി. കൊലപാതകങ്ങളും മോഷണങ്ങളും നിത്യസംഭവങ്ങളായി. ശിഷ്ടന്മാർക്കു പൊറുതിയില്ല എന്നുമായി.

അപ്പോഴാണ് ഒരു ശത്രുവിന്റെ ആക്രമണം ഉണ്ടായത്. വിധൃതനും കൂട്ടുകാരും ആക്രമണത്തെ ചെറുക്കാൻ പരിശ്രമിച്ചു. അവർ പരാജിതരായി എന്നു മാത്രമോ? നില്ക്കക്കള്ളിയും ഇല്ലാതെയായി. എല്ലാവരുംകൂടി നാട്ടിൽനിന്നു കാട്ടിൽ കയറി ഒളിച്ചിരുന്നു.

വിധൃതൻ രാജാവായിരുന്നപ്പോൾ എന്തു സുഖമായിരുന്നു ജീവിതം! എന്ത് ആഗ്രഹിച്ചാലും അതു കിട്ടാതിരിക്കില്ല. ഇപ്പോഴോ, ഭക്ഷണംപോലും കഷ്ടിയാണ്. ഉപജീവനത്തിന് ഒരു മാർഗം കണ്ടുപിടിക്കണം. എന്താണ് വിധൃതൻ കണ്ടുപിടിച്ച മാർഗം? കൊള്ളയും കവർച്ചയും!

പുതിയൊരു ചങ്ങാതിയെയും കിട്ടുകയായി — സുരാപൻ എന്ന രാക്ഷസൻ. പഴയ കൂട്ടുകാരും പുതിയ കൂട്ടുകാരനും — എല്ലാവരും കൂടിയായപ്പോഴോ? പ്രബലമായ ഒരു തസ്കരസംഘമായി. വിധൃതൻ അവരെ ഓരോ തിടങ്ങളിൽ പറഞ്ഞയയ്ക്കും. അവർ അതാതിടങ്ങളിൽ ചെന്നു കൊള്ളയടിക്കും.

'പ്രഹര' 'ആഹര' രണ്ടു വാക്കുകൾ, വിധൃതൻ ധാരാളമായി ഉപയോഗിക്കാറുള്ള വാക്കുകളാണ്. പ്രഹര എന്നാൽ അടിക്കുക എന്നർത്ഥം. ആഹര എന്നാൽ ഭക്ഷിക്കുക എന്നും. പ്രഹരിക്കുന്നത് അപരാധമൊന്നും ചെയ്യാത്ത സാധുജനങ്ങളെ. ആഹരിക്കുന്നത് പശുക്കൾ, എരുമകൾ, കുതിരകൾ എന്നീ മൃഗങ്ങളുടെ മാംസം; മനുഷ്യമാംസംപോലും അവനു വർജ്യമായിരുന്നില്ല. നോക്കണേ അവന്റെ അധഃപതനം!

ഒടുവിൽ ആ അധമന് വാർദ്ധക്യം വന്നെത്തി. ജരയുമായി, നരയുമായി, കൂരയുമായി. ശരീരം ചുക്കിച്ചുളിഞ്ഞു. അവസാനം ആ ദിവസവും വന്നെത്തി — അവന്റെ മരണദിവസം!

വിധൃതൻ നിലത്തു മലർന്നങ്ങനെ ശയിക്കുകയാണ്. അവന്റെ നാലുചുറ്റിനും ചങ്ങാതിമാർ കാത്തിരിക്കുന്നു. ചില നിമിഷങ്ങൾ മാത്രമേയുള്ളു അവന്റെ ജീവൻ പോകാൻ.

സുരാപൻ എന്ന രാക്ഷസനുമുണ്ട് അവരുടെയിടയിൽ. വിധൃതന് എന്തെങ്കിലും ഒരു ഉപകാരം ചെയ്യണം — ആ ആഗ്രഹം സുരാപനുണ്ടായി.

'ഞാൻ എന്താണു ചെയ്യേണ്ടത്?' അവൻ ആർദ്രതയോടെ അന്വേഷിച്ചു.

'പ്രഹര! ആഹര!' വിധൃതൻ കിതച്ചുകൊണ്ടു പറഞ്ഞു.

പറഞ്ഞു നാക്കെടുത്തില്ല. അവന്റെ ജീവനുംപോയി.

അതോടെ അവർ വന്നടുത്തു. അവർ എന്നുവെച്ചാലോ? യമകിങ്കരന്മാർ എല്ലാവരുടെയും പക്കൽ ആയുധങ്ങളുണ്ട്, കയറുകളുമുണ്ട്.

പൊടുന്നനേ അവരുടെ ആയുധങ്ങൾ തകർന്നു തരിപ്പണമായി.

തൽക്ഷണം മൃത്യു പാശവുമായി വന്നെത്തി.

മൃത്യുവിന്റെ പാശവും അറ്റുവീഴുകയായി!

അത്ഭുതംകൊണ്ട് മൃത്യുവിന് സ്തബ്ധതയുണ്ടായി.

'എത്രയോ, മനുഷ്യരെ ഞാൻ സമീപിച്ചിട്ടുണ്ട്. ഇങ്ങനെയൊരു അനുഭവം എനിക്ക് ഇന്നോളം ഉണ്ടായിട്ടില്ല!' മൃത്യു തന്നോടായി പറഞ്ഞു.

അഗ്നിമുഖൻ എന്ന ഭൂതത്തലവന്റെ വരവായി.

വീരഭദ്രൻ നിയോഗിച്ചിട്ടു വന്നതാണ് അഗ്നിമുഖൻ. കൈയിൽ ഉള്ളം നടുക്കുന്ന ശൂലം പിടിച്ചിരിക്കുന്നു. എന്തായിരുന്നു അഗ്നിമുഖന്റെ ആഗമനത്തിനു കാരണം? വിധൃതനെ നശിപ്പിക്കാനല്ല. മറിച്ച് മൃത്യുവിനെ ശിക്ഷിക്കാനായിട്ട്!

അഗ്നിമുഖൻ ശൂലവും പിടിച്ച് മൃത്യുവിന്റെ നേർക്കു ചാടി. മൃത്യു ഭയന്ന് നെട്ടോട്ടമോടി. അഗ്നിമുഖൻ മൃത്യുവിന്റെ പിറകെ കൂടി. ഒടുവിൽ മൃത്യുവിനെ പിടിക്കയും ചെയ്തു. എന്നിട്ട് മൃത്യുവിനെ ശൂലത്തിൽ കൊരുത്തു. ബാക്കിയുള്ള യമകിങ്കരന്മാരെ ചങ്ങലയിട്ടു കെട്ടി. അതിനുശേഷം വിധൃതനെ ദിവ്യവിമാനത്തിൽ കയറ്റി. നേരെ വീരഭദ്രന്റെ അടുക്കൽ എത്തിക്കുകയും ചെയ്തു.

വീരഭദ്രൻ ശിവനെ വിവരം അറിയിച്ചു.

ശിവൻ മൃത്യുവിന് ശൂലത്തിൽനിന്നു മോചനം നല്കി.

ഭഗവാൻ ഒരു കാര്യം പറഞ്ഞു:

'മൃത്യു, നീ ഒന്നു മനസ്സിലാക്കണം. എന്ത് ഉദ്ദേശ്യത്തോടുകൂടിയായാലും ശരി; ഒരുവൻ മരണസമയത്ത് എന്റെ പേർ ഉച്ചരിച്ചു എന്നിരിക്കട്ടെ — ഞാൻ അവന് എന്റെ ലോകം നല്കും. വിധൃതൻ 'പ്രഹര' എന്നും 'ആഹര' എന്നും പറഞ്ഞു. ഹരൻ എന്നത് എന്റെ പേരാണല്ലോ. ആ പേര് 'പ്രഹര' എന്നതിലും 'ആഹര' എന്നതിലും ഉൾക്കൊണ്ടിരിക്കുന്നു. ഇതു നീ യമനെക്കൂടി അറിയിച്ചേക്കണം.

മൃത്യുവിന് ശിവനാമത്തിന്റെ മാഹാത്മ്യം മനസ്സിലായി — മൃത്യു പറഞ്ഞപ്പോൾ യമനും.

(ശിവപുരാണം കിളിപ്പാട്ട്)

ശോണൻ

ശോണൻ എന്നൊരു മുനിയുണ്ട്. അദ്ദേഹത്തിന് കല എന്ന സുന്ദരിയായ ഭാര്യയും. ഒരിക്കൽ ഭർത്താവും ഭാര്യയും ഒന്നിച്ചു ഗംഗാസ്നാനത്തിനു പോയി. നിലത്ത് പലേ മൺകട്ടകളും കിടന്നിരുന്നു. ശോണൻ കുനിഞ്ഞ് വെറുതെ ഒരു മൺകട്ട കൈയിലെടുത്തു. അതാ, അടിയിൽ ഒരു വെള്ളിക്കുടം!

നിധിയായിരുന്നു വെള്ളിക്കുടത്തിൽ.

ആ നിധി തന്റെ സ്വന്തമാക്കണം-അതായി ശോണമുനിയുടെ നിശ്ചയം. പക്ഷേ, അത് ഉപേക്ഷിക്കണം എന്നായി കല. ധർമിഷ്ഠയായിരുന്നു മുനിപത്നി. നിധി കാരണം പല അനർത്ഥങ്ങളും ഉണ്ടാവും-കല ചൂണ്ടിക്കാട്ടി.

പക്ഷേ, ശോണന് അത് ഒട്ടും സമ്മതമായില്ല. അദ്ദേഹം അക്കാര്യം വെട്ടിത്തുറന്നു പറഞ്ഞൊന്നുമില്ല. ആദ്യം ഭാര്യയോട് ആവശ്യപ്പെട്ടു. വീട്ടിലേക്കു പൊയ്ക്കൊള്ളാൻ. ആ സ്ത്രീ യാത്രയായതിനുശേഷമോ? ശോണൻ നിധിയെടുത്തു പലഭാഗങ്ങളാക്കി. ഓരോ ഭാഗവും ഓരോ സ്ഥലത്തു കുഴിച്ചു വെച്ചു. സൗകര്യം പോലെ മടങ്ങിവന്ന് എടുത്തുകൊള്ളാം-ആ നിശ്ചയത്തോടെ അദ്ദേഹം വീട്ടിലേക്കു പോയി.

യാത്രാമദ്ധ്യേ, അതാ ഒരു ആപത്തു സംഭവിക്കുന്നു!

വളരെ മുമ്പിലായി കല തനിച്ചുപോവുകയായിരുന്നല്ലോ. ഒരു ദുഷ്ടരാക്ഷസൻ മുനിപത്നിയെ കാണാനിടയായി. ആ സ്ത്രീയുടെ സൗന്ദര്യം രാക്ഷസനെ അടിമപ്പെടുത്തി. ഇവളെ തന്റെ ഭാര്യയാക്കണം-അതായി അവന്റെ മോഹം.

ബലം പ്രയോഗിച്ച് പിടിച്ചുകൊണ്ടുപോയോ ആ കശ്മലൻ? ഇല്ല. മറിച്ച്, ഒരു സൂത്രം പ്രയോഗിച്ചു കലയെ വശപ്പെടുത്താൻ തുനിഞ്ഞു. അവൻ ശോണന്റെ വേഷം ധരിച്ച് കലയുടെ മുമ്പിൽ ആവിർഭവിച്ചു. ഭർത്താവുതന്നെയാണ് അതെന്ന് ആ സാധ്വി തെറ്റിദ്ധരിച്ചു.

'കലേ, സപ്തഗോദാവരിയുടെ തീരത്ത് ദ്രാക്ഷാരാമം എന്നൊരു പുണ്യസ്ഥലമുണ്ട്. നമുക്ക് ഇപ്പോൾത്തന്നെ അങ്ങോട്ടു പോകാം.' രാക്ഷസൻ ശോണന്റെ സ്വരത്തിൽ പറഞ്ഞു.

'എന്താണ് ഇക്കാര്യം അങ്ങ് എന്നോടു മുമ്പേ പറയാത്തത്'? കല ചോദിച്ചു.

രാക്ഷസൻ ദേഷ്യം അഭിനയിച്ചു:

'ചോദ്യമൊന്നും ചോദിക്കണ്ട ഭർത്താവിനെ അനുസരിക്കുകയാണ് സ്ത്രീകളുടെ ധർമം.' അവൻ ഓർമപ്പെടുത്തി.

കല പിന്നീടൊന്നും പറഞ്ഞില്ല. മുനിപത്നി അവന്റെ പിറകെ നടന്നു തുടങ്ങി. നേരം ഉച്ചയായപ്പോൾ അവർ ഒരു കാട്ടിലെത്തി. കാട്ടിലൂടെ നടന്നു പോകവേ ഒരു ഗുഹയും ഒരു സരസ്സും കണ്ടു. അപ്പോഴേക്കും കലയുടെ മനസ്സിൽ ഒരു സംശയം ഉയർന്നുവന്നു. ഈ ആൾ വാസ്തവത്തിൽ തന്റെ ഭർത്താവു തന്നെയോ അതോ ഭർത്താവിന്റെ രൂപം ധരിച്ച മറ്റു വല്ല പുരുഷനോ? ആ പതിവ്രത സരസ്സിലിറങ്ങി സ്നാനംചെയ്തു. അതിനുശേഷം ഏകാഗ്രതയോടെ ധ്യാനിച്ചു. അപ്പോൾ പരമാർത്ഥം മനസ്സിലായി. പരമ ദുഷ്ടനായ രാക്ഷസനാണിവൻ!

പാവം കല. വല്ലാതെ ഭയന്നുപോയി. രാക്ഷസൻ അവളെ കടന്നുപിടിച്ചു. അവളുടെ പാതിവ്രത്യത്തിന്റെ ശക്തി തത്ക്ഷണം പ്രകടമായി-അവളുടെ ശരീരത്തിന്റെ കീഴ്ഭാഗം കല്ലായിപ്പോയിരിക്കുന്നു!

രാക്ഷസനുണ്ടായ അരിശമാണ് അരിശം! എന്നാൽ, ഇനി ഇവളെ വധിക്കുകതന്നെ! അവൻ വാളെടുത്ത് മുന്നോട്ടു കുതിച്ചു. കല 'മാ ഹര' എന്നു വിളിച്ചുപറഞ്ഞു. രാക്ഷസൻ കൂട്ടാക്കാതെ അവളെ വാളിന് ഇരയാക്കി.

'മാ ഹര!' എന്നാൽ, 'കൊല്ലരുത്!' എന്ന് അർത്ഥമുണ്ട്. അതേസമയം ശിവാനാമത്തിന്റെ പര്യായമായ 'ഹരൻ' എന്നതും അതിൽ അടങ്ങിയിട്ടുണ്ട്.

ശിവകിങ്കരന്മാർ ഉടൻതന്നെ അവിടെ വന്നെത്തി. അവർ കലയെ വിമാനത്തിൽ കയറ്റി ശിവലോകത്തിലേക്കു നയിച്ചു.

കല ശ്രീപാർവതിയുടെ പാദങ്ങളിൽ പ്രണമിച്ചു.

'കലേ, നിന്റെ പാതിവ്രത്യം എന്നെ സന്തോഷിപ്പിച്ചിരിക്കുന്നു. വരം ചോദിച്ചുകൊള്ളു.' ശ്രീപാർവതി അരുളിച്ചെയ്തു.

'ദേവീ, എനിക്ക് അവിടുത്തെ ദാസ്യം മാത്രം മതി.'കല പറഞ്ഞു.

സന്തുഷ്ടയായ ശ്രീപാർവതി അവളെ ദാസിയാക്കി.

എന്തായിരുന്നു ശോണമുനിയുടെ അനുഭവം?

നിധി ഒളിച്ചുവെച്ചിട്ട് അദ്ദേഹം ഗൃഹത്തിലേക്കു പോയി.

കലയെ അവിടെയെങ്ങും കാണാനില്ല!

ശോണൻ ജ്ഞാനദൃഷ്ടികൊണ്ടു നോക്കി. അപ്പോൾ ചിലതെല്ലാം മനസ്സിലായി. അവളെ രാക്ഷസൻ വധിച്ചു. അവൾക്കു ശിവലോകം ലഭിച്ചു; പോരെങ്കിൽ ശ്രീപാർവതിയുടെ ദാസിയുമായി.

ദേവരാതൻ, വിശ്വാമിത്രൻ—ഇരുവരോടും ശോണൻ ചർച്ചകൾ നടത്തി. അപ്പോൾ ഒരു കാര്യം തെളിഞ്ഞുയർന്നു. അകാലത്തിലാണ് കലയുടെ മരണം സംഭവിച്ചിരിക്കുന്നത്. അവൾക്കു കുറേ വർഷത്തെ ജീവിതം ഇനിയും ബാക്കികിടക്കുന്നു. ഏതുവിധേനയും അവളെ ഭൂമിയിലേക്കു തിരിച്ചുകൊണ്ടുവരണം. മൂവരും ഒന്നിച്ചു കൈലാസത്തിലെത്തി ശിവനെ നമസ്കരിച്ചു.

'നിങ്ങളുടെ മനസ്സിലുള്ളത് എനിക്കറിയാം. പക്ഷേ, അതൊക്കെ യമലോകത്തിലെ നിയമങ്ങൾ മാത്രമാണ്. എന്റെ ലോകത്തിൽ വരുന്നവർ മറ്റൊരിടത്തേക്കും പോകാറില്ല. കല മരണസമയത്ത് എന്റെ നാമം ഉച്ചരിച്ചു. അക്കാരണത്താൽ യമലോകത്തിന്റെ നിയമത്തിനു മാറ്റംവന്നിരിക്കുന്നു. ഏതിനും നിങ്ങൾ പാർവതിയെ ചെന്നു കാണുവിൻ.' ശിവൻ നിർദ്ദേശിച്ചു.

മൂന്നുപേരും കൂടി ശ്രീപാർവതിയെ കണ്ടു വന്ദിച്ചു.

ആദ്യം സംസാരിച്ചത് വിശ്വാമിത്രനാണ്:

'ദേവീ, കലയെ വിട്ടുതരണം' അദ്ദേഹം അപേക്ഷിച്ചു.

'വിശ്വാമിത്രാ, ഞാൻ കലയെ തരികയില്ല. എങ്കിലും അവളെപ്പോലുള്ള ഒരുവളെ തരാം.' ദേവി പറഞ്ഞു.

ശോണമുനി ഇടയ്ക്കു കയറി:

'ദേവീ, എനിക്ക് എന്റെ ഭാര്യയെത്തന്നെ കിട്ടണം.' അദ്ദേഹം നിർബന്ധം പിടിച്ചു.

'അതിനു നിവൃത്തിയില്ല, ശോണാ. നീ മറ്റൊരു പത്നിയെക്കൊണ്ടു തൃപ്തിപ്പെട്ടേ കഴിയൂ. ആട്ടെ, ഇന്നു നിങ്ങൾ ഇവിടെ ഭക്ഷണം കഴിക്കണം.' ദേവി ആവശ്യപ്പെട്ടു.

ദേവിയെ അനുസരിക്കാതെ പറ്റുമോ? അന്നേദിവസം സോമവാരവ്രതവുമാണ്. മറ്റു ചില മഹർഷിമാരും ഭക്ഷണത്തിനു വന്നെത്തിയിട്ടുണ്ട്. എല്ലാവരും ഭക്ഷണത്തിനിരുന്നതേയുള്ളൂ—അതാ വന്നുകയറുന്നു, ഒരു കിഴവൻ! ദേഹം മെലിഞ്ഞ് ചുക്കിചുളിഞ്ഞിരിക്കുന്നു. ഏക്കമുണ്ട്, ചുമയുണ്ട്, എക്കിട്ടമുണ്ട്. വായിൽനിന്നു തുപ്പൽ ഒഴുകിയിറങ്ങുകയാണ്. കിഴവന്റെകൂടെ അയാളുടെ ഭാര്യയുമുണ്ട്. അവളോ, പരമസുന്ദരിയായ യുവതിയും! ഭാര്യ ഭർത്താവിനെ കണക്കറ്റു ശകാരിക്കയും ചെയ്യുന്നു.

വസിഷ്ഠപത്നിയായ അരുന്ധതി, അത്രിപത്നിയായ അനസൂയ, അവരോടുകൂടി കല—മുന്നുപേരും അതിഥികൾക്കു വിളമ്പിത്തുടങ്ങി. മറ്റ് അതിഥികൾ ആദ്യത്തെ ഉരുള ഭക്ഷിച്ചതേയുള്ളൂ. അതിനിടയ്ക്ക് വികൃതനായ കിഴവൻ വിളമ്പിയതെല്ലാം ഒറ്റയടിക്ക് അകത്താക്കി. വിളമ്പുന്ന സ്ത്രീകൾ വീണ്ടും വീണ്ടും വിളമ്പുകയായി. അതെല്ലാം കിഴവൻ അപ്പാടെ തിന്നുതീർക്കുന്നു. അതുകണ്ട് ശ്രീപാർവതി നേരിട്ടു വിളമ്പിത്തുടങ്ങി. അപ്പോഴും സ്ഥിതി മുമ്പത്തെപ്പോലെതന്നെ! ശ്രീപാർവ്വതി മനസ്സിൽ ഒന്നു സങ്കല്പിച്ചു—കിഴവന്റെ വലത്തെക്കൈയിലെ അന്നം അക്ഷയമാകട്ടെ എന്ന്. ഉടനെ കിഴവൻ ഇടത്തെ കൈ നീട്ടിക്കാട്ടി. അതിലെ അന്നവും ശ്രീപാർവതി അക്ഷയമാക്കിയപ്പോഴോ? കിഴവനു മൂന്നാമതൊരു കൈ മുളച്ചുവന്നു. ആ കൈയിലെ അന്നവും അക്ഷയമായി. എന്തിനു പറയുന്നു, ഒടുവിൽ കിഴവന് ആയിരം കൈകൾ ഉണ്ടായി. ശ്രീപാർവതി വീണ്ടും വീണ്ടും വിളമ്പുകയായിരുന്നു. എന്നിട്ടും ഒട്ടുംതന്നെ നീരസമുണ്ടായില്ല; ദേവിക്കു സന്തോഷം മാത്രമേ തോന്നിയിരുന്നുള്ളൂ.

'പാർവതീ, ഞാൻ സംതൃപ്തനായിരിക്കുന്നു. വരം ചോദിച്ചുകൊള്ളൂ' കിഴവൻ ആവശ്യപ്പെട്ടു.

'എനിക്കു വരം തരാൻ എന്റെ ഭർത്താവുണ്ട്.' ദേവി ഏറ്റവും വിനയത്തോടെ ചൂണ്ടിക്കാട്ടി.

പെട്ടെന്നു വികൃതനായ കിഴവൻ ശിവനായി രൂപം മാറി. കിഴവന്റെ ഭാര്യയായ യുവതി മഹാവിഷ്ണുവായിട്ടും!

'എന്തിനാണു രണ്ടുപേരും കൂടി ഈ വേഷത്തിൽ വന്നത്?' അറിയാൻ ശ്രീപാർവതിക്കു ജിജ്ഞാസയുണ്ടായി.

അപ്പോൾ ശിവൻ കാര്യം പറഞ്ഞു. സോമവാരവ്രതത്തിൽ മുഖ്യമാണ് അതിഥിഭോജനം. വ്രതം നോല്ക്കുന്ന ആൾക്ക് അതിൽ മുഷിച്ചിൽ ഉണ്ടായാലോ? വ്രതം നിഷ്ഫലമാകും. ശ്രീപാർവതിയെ പരീക്ഷിക്കാൻ നിശ്ചയിച്ചിരുന്നു ശിവൻ. അതിനായി വിഷ്ണുവിനെയും കൂട്ടി വന്നതായിരുന്നു!

ശോണൻ, ദേവരാതൻ, വിശ്വാമിത്രൻ—മൂന്നു മഹർഷിമാരും സ്വഗൃഹങ്ങളിൽ തിരിച്ചെത്തി. അതിനു ശേഷം ശോണൻ ദിവസേന ശിവപൂജചെയ്തു. അതിൻഫലമായി ശിവലോകം പ്രാപിക്കയുമുണ്ടായി.

(ശിവപുരാണം കിളിപ്പാട്ട്).

ശ്വേതൻ

ശക്തനും ശിവഭക്തനും സത്യശീലനുമായിരുന്നു ശ്വേതരാജാവ്. രാജാവിന്റെ സദ്ഗുണങ്ങൾ രാജ്യത്തിന്റെ അഭിവൃദ്ധിക്കും കാരണമായി. ആധി, വ്യാധി, ദുഃഖം, ക്ലേശം. ദാരിദ്ര്യം, ദുഷ്കൃതം—അവയൊന്നും ഒരിടത്തുമുണ്ടായിരുന്നില്ല.

ദീർഘമായിരുന്നു ശ്വേതന്റെ രാജ്യഭാരം. അവസാനം അദ്ദേഹത്തിന്റെ മരണകാലവും ആസന്നമായി. യമനും ചിത്രഗുപ്തനുംകൂടി രാജാവിന്റെ ആയുസ്സിനെ സംബന്ധിക്കുന്ന കണക്കുകൾ പരിശോധിച്ചു. അപ്പോൾ മര

ണത്തിന്റെ കൃത്യസമയം അറിവായി. യമൻ ഭൃത്യന്മാർക്ക് ഒരു ആജ്ഞ നല്കി—ഉടനെ പുറപ്പെട്ടുപോയി ശ്വേതരാജാവിനെ കൊണ്ടുവരണം!

യമകിങ്കരന്മാർ താമസംവിനാ ശ്വേതന്റെ അരികിലെത്തി. രാജാവിനും മരണസമയം അറിയാമായിരുന്നു. എങ്കിലും അദ്ദേഹത്തിന് ഒട്ടെങ്കിലും ദുഃഖമോ കുലുക്കമോ ഉണ്ടായിരുന്നില്ല. പോരെങ്കിൽ ധ്യാനത്തിൽ മുഴുകിയിരിക്കയുമാണ് അദ്ദേഹം. ആ നിലയ്ക്ക് യമകിങ്കരന്മാർക്കു ഭയം തോന്നി-അദ്ദേഹത്തെ പിടിക്കാനുള്ള ഭയം!

കിങ്കരന്മാരുടെ തിരിച്ചുവരവിനായി കാത്തിരിക്കുകയാണ് യമൻ. കാത്തിരുന്നു ക്ഷമകെട്ടതു മിച്ചം! ശ്വേതനെ നേരിട്ടു പിടിച്ചുകൊണ്ടുപോരുകതന്നെ—അതിനായി യമൻ രാജാവിന്റെ അരികിലെത്തി.

യമൻ ഒരു കാര്യം പ്രതീക്ഷിച്ചിരുന്നില്ല. രാജാവിന്റെ അടുക്കൽ ശിവനുണ്ടായിരുന്നു! ഭഗവാന് യമനോട് അതിയായ ദ്വേഷ്യം തോന്നി. തന്റെ പ്രിയഭക്തനെ കൊല്ലാൻ വരികയാണ്, അല്ലേ? ഭഗവാൻ നെറ്റിക്കണ്ണു തുറന്ന് ഒന്നു നോക്കി. നെറ്റിക്കണ്ണിൽനിന്ന് അത്യുഗ്രമായ അഗ്നി ആവിർഭവിച്ചു. ആ അഗ്നി യമനെ ചുട്ടു ചാമ്പലാക്കി.

അതൊന്നും ശ്വേതരാജാവ് അറിഞ്ഞതേയില്ല. മനസ്സ് ശിവധ്യാനത്തിൽ പൂർണമായും ലയിച്ചിരിക്കയല്ലേ? കുറെ കഴിഞ്ഞ് അദ്ദേഹം ധ്യാനം അവസാനിപ്പിച്ച്, ദൃഷ്ടികൾ തുറന്നു. മുമ്പിലായി ആരോ വെന്തുചാമ്പലായി കിടക്കുന്നു. അരികത്ത് ശിവനും നില്ക്കുന്നതു കാണായി.

'ഭഗവാനേ, ആരാണ് ഇതാ തീയിൽ ദഹിച്ചു മരിച്ചു കിടക്കുന്നത്?' അദ്ദേഹം ചോദിച്ചു.

'ശ്വേതാ, ഇത് യമൻതന്നെയാണ്. അവൻ നിന്നെ കൊല്ലാൻ വന്നണഞ്ഞു. ഞാൻ അവനെ ചുട്ടു ചാമ്പലാക്കി.' ശിവൻ അറിയിച്ചു.

ആ സന്ദർഭത്തിൽ ശ്വേതന്റെ മാഹാത്മ്യം ഒന്നുകൂടി പ്രകടമായി.

'ഭഗവാനേ, കാലനില്ലെങ്കിൽ പിന്നെ പ്രാണികൾക്കൊന്നിനും മരണം ഉണ്ടാവുകയില്ല. മരണമില്ലെങ്കിൽ ലോകത്തിന്റെ ഘടനതന്നെ മാറിപ്പോകും. അവിടുന്ന് യമനെ ജീവിപ്പിക്കണം.' രാജാവ് അപേക്ഷിച്ചു.

ആ അപേക്ഷ തിരസ്കരിക്കുവാൻ ശിവനു മനസ്സു വന്നില്ല. ഭഗവാൻ യമനെ ജീവിപ്പിച്ചു. യമൻ ഭഗവാന്റെ കാൽക്കൽ നമസ്കരിച്ചു. അതിനു ശേഷം ശ്വേതന്റെ നേർക്കു തിരിഞ്ഞു.

'ശ്വേതരാജാവേ, അങ്ങയോളം ഉത്തമനായി ലോകത്തു മറ്റാരുമില്ല. ഭഗവാൻ ശിവൻപോലും അങ്ങേക്ക് അധീനനായിരിക്കുന്നു. അതിനാൽ ഞാനും അങ്ങയുടെ ദാസനായിക്കഴിഞ്ഞു. ഞാൻ വീണ്ടും ജീവിക്കാൻ അങ്ങാണു കാരണക്കാരൻ. അങ്ങയോട് എനിക്ക് അളവറ്റ നന്ദിയുണ്ട്.' യമൻ പറഞ്ഞുനിർത്തി.

സ്വപുരത്തിൽ മടങ്ങിയെത്തിയ ഉടനെ യമൻ ഭൃത്യന്മാരെ വിളിച്ചുകൂട്ടി.

'ശിവഭക്തന്മാരെ നിങ്ങൾ ഒരിക്കലും ഉപദ്രവിക്കരുത്. അവർ സർവഥാ സംപൂജ്യരാകുന്നു. നിങ്ങളും അവരെ പൂജിക്കണം.' യമൻ നിർദ്ദേശിച്ചു.

ശിവലോകം—അതുതന്നെയാണ് ശ്വേതരാജാവിനു ലഭിച്ച പ്രതിഫലം!

(സ്കാന്ദപുരാണം—പാതാളഖണ്ഡം)

ദുഷ്ടനായിരുന്നു ചണ്ഡൻ എന്ന വേടൻ. അവൻ അമ്പെയ്തു മൃഗങ്ങളെയും പക്ഷികളെയും കൊലചെയ്യും. വലവീശി മത്സ്യങ്ങളെ പിടിച്ചു കൊല്ലും. വഴിപോക്കരായ മനുഷ്യരെയും വെറുതെ വിടുകയില്ല. ചണ്ഡനു യോജിച്ചവൾ തന്നെയാണ് അവന്റെ ഭാര്യ ഘനോദരി. അത്യന്തം ക്രൂരയും നീചയുമായിരുന്നു ആ വേടത്തി. ഇരുവരുംകൂടി ചെയ്ത പാപപ്രവൃത്തികൾക്കു കൈയും കണക്കുമില്ല.

ഒരുനാൾ പതിവുപോലെ ചണ്ഡൻ വേട്ടയ്ക്കിറങ്ങി. പക്ഷേ, അന്നുമാത്രം ഒരൊറ്റ മൃഗത്തെയോ പക്ഷിയെയോ കിട്ടിയില്ല. ഭക്ഷണം ഇല്ലെന്നുവന്നാൽ വലിയ കുഴപ്പമല്ലേ? അവൻ വിവശനായി ഇര തേടി അങ്ങുമിങ്ങും അലഞ്ഞുനടന്നു. ഒടുവിൽ ചില സൂചനകൾ കിട്ടുകയായി. ഒരു കാട്ടുപന്നിയുടെ വരവുണ്ട്! അവിടെ ഒരു വില്വവൃക്ഷം നില്പുണ്ടായിരുന്നു. അവൻ വിലവൃക്ഷത്തിന്റെ കൊമ്പിൽ കയറിയിരിപ്പായി. അമ്പും വില്ലും പിടിച്ചു തയ്യാറായി.

എന്തുകൊണ്ടാണെന്നറിഞ്ഞില്ല. കാട്ടുപന്നി ആ വഴിക്കു വന്നതേയില്ല. ചണ്ഡനു വല്ലാത്തൊരു ക്ഷമകേടുണ്ടായി. അതിനിടയിൽ അവൻ വിലവൃക്ഷത്തിന്റെ ചില ഇലകൾ പറിച്ചു ചീന്തിയിട്ടു. ആവനാഴിയിൽ കുറേ വെള്ളം വെച്ചിട്ടുണ്ടായിരുന്നു. അവൻ കുറെ വെള്ളമെടുത്തു കുലുക്കുകഴിഞ്ഞ് താഴേക്കു തൂപ്പി.

വേണമെന്നുവെച്ചു ചെയ്തതല്ല അവ രണ്ടും. എങ്കിലും അവ പുണ്യകൃതങ്ങളായി പരിണമിച്ചു. വിലവൃക്ഷത്തിന്റെ ചുവട്ടിൽ ഒരു ശിവലിംഗം വെച്ചിട്ടുണ്ടായിരുന്നു—അക്കാര്യം അവൻ അറിഞ്ഞിരുന്നില്ലെങ്കിലും. ഇലകളും വെള്ളവും വീണത് ശിവലിംഗത്തിന്റെ പുറത്തായിരുന്നു. അവൻ അറിയാതെ ചെയ്യുകയുണ്ടായി അർച്ചനയും അഭിഷേകവും!

കുറെനേരം കഴിഞ്ഞു ചണ്ഡൻ വിലവൃക്ഷത്തിൽനിന്നു നിലത്തിറങ്ങി. എന്നിട്ട് ഒരു ജലാശയത്തിലേക്കു നടന്നു. ജലാശയത്തിൽനിന്ന് മത്സ്യങ്ങളെ കിട്ടുമോ എന്നു നോക്കണം—അതായിരുന്നു അവന്റെ ലക്ഷ്യം.

ഇത്രയുമൊക്കെ ആയപ്പോഴേക്കും സമയം വളരെ കഴിഞ്ഞിരുന്നു. സൂര്യൻ അസ്തമിക്കുകയും ഇരുൾ വ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഘനോദരി ഭർത്താവിനായി കാത്തിരിക്കുകയാണ്. രാത്രി ഏറെയായിട്ടും ചണ്ഡനെ കാണാനില്ല. ഭർത്താവ് സിംഹത്തിനു ഭക്ഷണമായോ? അതോ പാമ്പു കടിയേറ്റു മരിച്ചോ? അതുമല്ലെങ്കിൽ കാട്ടുപന്നിയുടെ കുത്തേറ്റു മരണമടഞ്ഞോ? ഘനോദരി അത്യന്തം പരവശയായി. എന്തു സംഭവിച്ചുവെന്നാരോടു ചോദിക്കാനാണ്? എവിടെച്ചെന്ന് അന്വേഷിക്കാനാണ്? കുറ്റാക്കുറ്റിരുട്ടു വനത്തെ മുക്കിക്കെട്ടിയിരിക്കുന്നു. തൊട്ടുമുമ്പിലുള്ളതുപോലും എന്താണെന്ന് അറിവുകയ്യ. എന്തു ചെയ്യും?

ഘനോദരി ഉറക്കമിളച്ചു രാത്രി കഴിച്ചു. നേരം പുലർന്നയുടനെ ഇറങ്ങിത്തിരിക്കയും ചെയ്തു; ഭർത്താവിനെ അന്വേഷിച്ചു കണ്ടുപിടിക്കാനായിട്ട്. ഒരുപക്ഷേ, ഭർത്താവു ജീവിച്ചിരിപ്പുണ്ട് എന്നുവരാം. വിശന്നുവലഞ്ഞിട്ടുമുണ്ടാവും. ഭക്ഷണം കൊടുത്തേ കഴിയൂ. ഒരു പൊതി പഴഞ്ചോറും കൈയിൽ എടുത്തിട്ടുണ്ട് ഘനോദരി. അവളങ്ങനെ എല്ലായിടത്തും ചുറ്റിനടന്ന് അന്വേ

ഷിച്ചു. ഒടുവിൽ ജലാശയത്തിന്റെ കരയിലും എത്തിച്ചേർന്നു. അതാ, അവിടെ ഭർത്താവുണ്ട് ജീവനോടെയിരിക്കുന്നു. ഒരു തരക്കേടുമില്ല. ക്ഷീണിച്ചിട്ടുണ്ട് എന്നുമാത്രം!

ഭാര്യ ഭർത്താവിന്റെ അടുക്കലേക്ക് ഓടിച്ചെന്നു.

'ഇന്നലെ രാത്രി എന്തു ചെയ്യുകയായിരുന്നു? നല്ലപോലെ വിശക്കുന്നുണ്ട്, അല്ലേ? ഞാനിതാ പഴഞ്ചോറു കൊണ്ടുവന്നിട്ടുണ്ട്.' അവൾ പറഞ്ഞു.

അവൾ അടുത്തൊരിടത്തു പഴഞ്ചോറുപൊതി നിലത്തുവച്ചു. എന്നിട്ടു ഭർത്താവിന്റെ സമീപത്തു ചെന്നിരുന്നു. ഇരുവരും തമ്മിൽ സംഭാഷണവും ആരംഭിച്ചു.

പെട്ടെന്ന് അവർ പഴഞ്ചോറിരുന്ന സ്ഥലത്തേക്കു നോക്കി. അതാ ഒരു പട്ടി പഴഞ്ചോറു തിന്നുകയാണ്! ഇനി വളരെ കുറച്ചേ ബാക്കിയുള്ളുതാനും!

എന്തുമാത്രം ദേഷ്യമാണ് ഘനോദരിക്കു പട്ടിയോടു തോന്നിയത്!

'ഞാനിപ്പോൾ നിന്നെ തല്ലിക്കൊല്ലും!' അവൾ ഗർജിച്ചുകൊണ്ടു പട്ടിയുടെ നേർക്കു ചാടി.

ചണ്ഡൻ ഭാര്യയെ തടഞ്ഞുനിർത്തി.

'ഘനോദരീ, പട്ടി ചോറു തിന്നതിനാൽ എനിക്കു സംതൃപ്തിയുണ്ടായിരിക്കുന്നു. നീ ആ പാവപ്പെട്ട ജന്തുവിനോടു കോപിക്കരുത്. കോപം ദുഃഖത്തിനു കാരണമാകും!' അവൻ പറഞ്ഞു.

എന്തൊരു മാറ്റമാണ് ചണ്ഡനു സംഭവിച്ചിരിക്കുന്നത്! മുമ്പ് അവൻ മഹാദുഷ്ടനായിരുന്നു. എണ്ണമറ്റ ജന്തുക്കളെ കൊന്നിരുന്നു, തിന്നിരുന്നു. അനേകം മനുഷ്യരെ പീഡിപ്പിച്ചിരുന്നു. ഇപ്പോഴിതാ മഹാധർമിഷ്ഠനായി രൂപാന്തരപ്പെട്ടിരിക്കുന്നു. പട്ടി തിന്നതു കാരണം തനിക്കു സംതൃപ്തി ഉണ്ടായത്രെ! ജന്തുക്കളോടു ദയവുവേണമത്രെ! വിശ്വസിക്കാൻ പ്രയാസമേറിയ ഒരു മാറ്റം! എങ്കിലും അതു പരമാർത്ഥമായിരുന്നു.

ആ മാറ്റം വരുത്തിവെച്ചത് എന്തൊക്കെയാണ്?

ശിവലിംഗത്തിന് അർച്ചനയും അഭിഷേകവുമാണു ചെയ്തിരുന്നത്—ആ ക്രിയകളുടെ മാഹാത്മ്യം അറിഞ്ഞിരുന്നില്ലെങ്കിലും. പോരെങ്കിൽ തലേന്നാൾ ശിവരാത്രിയുമായിരുന്നു. ചണ്ഡനും ഘനോദരിയും ആ രാത്രിയിൽ ഒരു നിമിഷംപോലും ഉറങ്ങിയില്ല. അതേസമയം പൂർണമായും ഉപവസിക്കുകയുംചെയ്യുകയുണ്ടായി. മനഃപൂർവം ചെയ്തതല്ല അതൊന്നും, ശരിയാണ് എങ്കിലും അവ പുണ്യകർമങ്ങളാണ്. പുണ്യകർമങ്ങളിൽനിന്നു സൽഫലങ്ങൾ ഉളവാകും. അതാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്!

വേടദമ്പതിമാരുടെ മുമ്പിൽ വീരഭദ്രൻ ആവിർഭവിച്ചു.

വിമാനവും കൊണ്ടുവന്നിട്ടുണ്ട് ആ മഹാഭൂതം.

'അവിടുന്ന് എന്തിനു വന്നു?' ഒന്നുമറിയാത്ത ചണ്ഡൻ ചോദിച്ചു.

'ഭഗവാൻ ശിവൻ കല്പിച്ചു വന്നതാണു ഞാൻ. നിങ്ങളെ ശിവലോകത്തേക്കു കൊണ്ടുപോകണം—അതാണ് ഭഗവാൻ എന്നോടു ആജ്ഞാപിച്ചിരിക്കുന്നത്. രണ്ടുപേരും വിമാനത്തിൽ കയറുവിൻ.' വീരഭദ്രൻ ആവശ്യപ്പെട്ടു.

ചണ്ഡന് ഒന്നും മനസ്സിലായില്ല.

'മഹാത്മൻ, ഞാനും ഘനോദരിയും പാപങ്ങളല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല. പിന്നെങ്ങനെ എനിക്ക് ഈ മഹാഭാഗ്യം കൈവന്നു?' അവൻ ചോദിച്ചു.

അവനും ഭാര്യയും അറിയാതെ ചെയ്തിരുന്നില്ലേ പുണ്യകർമങ്ങൾ? അവയെല്ലാം വീരഭദ്രൻ വിവരിച്ചു. അപ്പോഴാണ് അവൻ അവയെക്കുറിച്ച് അറിഞ്ഞതുതന്നെ!

ദമ്പതിമാർ വീരഭദ്രനോടുകൂടി ശിവലോകത്തേക്കു യാത്രയായി.

(പദ്മപുരാണം, അദ്ധ്യായം 32)

സൗമിനി

കല്മാഷപാദനെ ബ്രഹ്മഹത്യ എന്ന പാപം ബാധിച്ചു. (മറ്റൊരിടത്ത് കല്മാഷപാദന്റെ കഥ പറഞ്ഞിട്ടുണ്ട്.)

രാജാവായിരുന്നു കല്പമാഷപാദൻ. ബ്രഹ്മഹത്യാപാപം ഒരു പിശാചിയുടെ രൂപം പൂണ്ടു. കരാളമായ ആകാരമായിരുന്നു പിശാചിക്ക്. ആ സത്വം എപ്പോഴും രാജാവിന്റെ പാർശ്വത്തിൽ വർത്തിച്ചു. ഏതു സമയവും അവൾ അദ്ദേഹത്തെ പിടികൂടിയേക്കാം. മറ്റുള്ളവർക്ക് അദൃശ്യയായിരുന്നു പിശാചി. രാജാവിനു നല്ലപോലെ കാണുകയും ചെയ്യാം. ഭയമൊഴിഞ്ഞ ഒരു നിമിഷം പോലും ഉണ്ടായിരുന്നില്ല രാജാവിന്.

പാപംപോക്കാൻ എന്താണു വഴി? യാഗങ്ങൾ, ദാനങ്ങൾ, തീർത്ഥസ്നാനങ്ങൾ—അങ്ങനെ പല പുണ്യകർമങ്ങളും അദ്ദേഹം അനുഷ്ഠിച്ചു. എന്നിട്ടും പിശാചി അദ്ദേഹത്തെ വിട്ടുമാറിയില്ല. അദ്ദേഹം ആർത്തനായി നാലുദിക്കിലും അലഞ്ഞു നടന്നു.

ഒരിക്കൽ വഴിയിൽവെച്ചു ഗൗതമഹർഷിയെ കണ്ടെത്തി.

കല്മാഷപാദൻ മഹർഷിയുടെ സഹായം അഭ്യർത്ഥിച്ചു.

'രാജൻ, ഞാനൊരു വഴി കാണിച്ചുതരാം. അങ്ങ് ഗോകർണത്തിൽ ചെന്ന് ശിവനെ ഭജിക്കണം. എന്നാൽ, പരിഹാരം ലഭിക്കും.' ഗൗതമൻ തീർത്തുപറഞ്ഞു.

മഹർഷി ഗോകർണത്തിന്റെ മാഹാത്മ്യം വിസ്തരിച്ചുകേൾപ്പിച്ചു. അതിനുശേഷം ഒരു സംഭവത്തെ വർണിച്ചു, അദ്ദേഹം നേരിട്ടു കണ്ട സംഭവമായിരുന്നു. അതോ, ശിവരാത്രിദിവസം ഗോകർണത്തിൽ ഉണ്ടായതും.

മരിക്കാൻ കിടക്കുകയാണ് ഒരു ചണ്ഡാലി. വാർദ്ധക്യം ബാധിച്ചിരിക്കുന്നു എന്നതുംപോകട്ടെ, കുഷ്ഠരോഗം അങ്ങേയറ്റം ആയിട്ടുമുണ്ട്. ദേഹം നിറയെ വ്രണവും ചോരയും ചലവും! വേദനയാണെങ്കിൽ സഹിക്കാനും വയ്യ. വാവിട്ടു കരയുകയാണ് ചണ്ഡാലി.

പെട്ടെന്ന് അതാ ഒരു സ്വർണവിമാനം താഴ്ന്നുവരുന്നു. ആ വിമാനം നിലംതൊടുന്നു. നാലു ശിവകിങ്കരന്മാർ അതിൽനിന്നു പുറത്തിറങ്ങുന്നു.

കണ്ടുനില്ക്കയായിരുന്നു ഗൗതമൻ.

'നിങ്ങൾ എന്തിനാണ് ഇപ്പോൾ ഇവിടെ വന്നത്?' മഹർഷി അവരോടു ചോദിച്ചു.

'ഈ ചണ്ഡാലിയെ ശിവസന്നിധിയിൽ എത്തിക്കുവാൻതന്നെ.' അവർ മറുപടി നല്കി.

ഗൗതമന് ആശ്ചര്യം തോന്നി.

ശിവകിങ്കരന്മാർ ചണ്ഡാലിയുടെ കഥ പറഞ്ഞു:

സൗമിനി എന്നൊരു ബ്രാഹ്മണയുവതി. അവളെ സുന്ദരനായ ഒരു ബ്രാഹ്മണൻ കല്യാണം കഴിച്ചു. കഷ്ടമെന്നല്ലാതെ എന്താണു പറയുക? അയാൾ കഠിനമായ രോഗം പിടിപെട്ടു മൃതനായി.

അങ്ങനെ സൗമിനി വിധവയായി. അവൾ അടങ്ങിയൊതുങ്ങി കഴിയേണ്ടതായിരുന്നു. നേരെമറിച്ച്, അവൾ ദുർമാർഗങ്ങളിൽ മുഴുകി. അവൾ ആദ്യം മറ്റൊരു ഭർത്താവിനെ സ്വീകരിച്ചു. അതിനുശേഷം വേറൊരു ഭർത്താവിനെ. അങ്ങനെ അനേകം ഭർത്താക്കന്മാരെ.... ബന്ധുക്കൾക്ക് ആ പെരുമാറ്റം സഹിക്കാനൊക്കുമോ? അവർ അവളെ ഗൃഹത്തിൽനിന്ന് ആട്ടിയോടിച്ചു. അവൾ അന്യദേശങ്ങളിൽ തെണ്ടിനടന്നു ദിവസംകഴിച്ചു. ഒരിടത്തു ചെന്ന് ഇനിയുമൊരു ഭർത്താവിനെ സ്വീകരിച്ചു. നാലഞ്ചു സന്താനങ്ങളും അവൾക്കുണ്ടായി.

എന്നിട്ടും വേണ്ടേ ദുർമാർഗത്തിന് ഒരവസാനം? അവൾ മാംസം ഭക്ഷിക്കും. മദ്യപാനവുംചെയ്യും. രണ്ടിലും വളരെ ആസക്തിയുണ്ടുതാനും.

ഒരുനാൾ അവളുടെ പുതിയ ഭർത്താവ് എങ്ങോ പോയിരുന്നു. നേരം അർദ്ധരാത്രി കഴിഞ്ഞിരിക്കുന്നു. സൗമിനിക്കു പെട്ടെന്ന് ഒരാഗ്രഹം, ഉടനെ ആട്ടിൻമാംസം ഭക്ഷിക്കണം! തൊഴുത്തിൽ കുറേ ആടുകളുണ്ട്. ഒരു ആടിനെ കൊല്ലുകതന്നെ. അവൾ വാളുമായി തൊഴുത്തിൽ ചെന്നുകയറി. ആടെന്നു കരുതി ഒരു മൃഗത്തെ വെട്ടിക്കൊന്നു. അതിന്റെ മാംസം അറുത്തെടുത്ത് അടുക്കളയിൽ ചെന്നു. മാംസത്തെ വെളിച്ചത്തിൽ നോക്കിയപ്പോഴോ! പശുക്കുട്ടിയുടെ മാംസം! അവളൊന്നു ഞെട്ടി. 'ശിവ!ശിവ' എന്നു പറഞ്ഞുപോയി. പക്ഷേ, അപരാധബോധം തത്കാലത്തേക്കുമാത്രമായിരുന്നു. മാംസം ഭക്ഷിക്കണം എന്ന മോഹം കൂടുതൽ പ്രബലമായി. അവൾ പശുക്കുട്ടിയുടെ മാംസം വേവിച്ചുതിന്നു.

ഒരാൾക്ക് എത്രതന്നെ തിന്നാനൊക്കും? ധാരാളം മാംസം ശേഷിച്ചിരിക്കുന്നു. പശുമാംസം തിന്നെന്നു വല്ലവരും കണ്ടുപിടിച്ചാലോ? ആകെ തകരാറാവും. അവൾ മാംസമത്രയും തൊഴുത്തിൽ കൊണ്ടിട്ടു. എന്നിട്ട് ഉറക്കെ നിലവിളികൂട്ടി: 'അയൽക്കാരേ ഓടിവരണേ! ഒരു പുലി പശുക്കുട്ടിയെ പിടിച്ചിരിക്കുന്നു!' വിളികേട്ട് അയൽക്കാരിൽ ചിലർ ഉണർന്നെഴുന്നേറ്റ് ഓടിവന്നു. അവർ കണ്ടത് എന്തായിരുന്നു? കുറേ പശുമാംസം അവിടെ കിടക്കുന്നു. പശുക്കുട്ടിയെ കൊന്നിട്ടു പുലി ഓടിപ്പോയി-അതായിരുന്നു അവരുടെ ധാരണ.

അതിനുശേഷം സൗമിനി മുപ്പതു വർഷംകൂടി ജീവിതം തുടർന്നു. അപ്പോഴേക്കും അവളുടെ മരണസമയവും വന്നെത്തി. യമൻ അവർക്കു കൂറേക്കാലത്തേക്കു നരകശിക്ഷ നല്കി.

വീണ്ടും സൗമിനി മനുഷ്യജന്മം കൈക്കൊണ്ടു—ഇപ്രാവശ്യം ഒരു ചണ്ഡാലപ്രമാണിയുടെ മകളായിട്ട്, കുരുടിയായിരുന്നു പെൺകുട്ടി. അപ്പോൾതന്നെ അച്ഛന് അവളോടു വിരോധം തോന്നി. അവൾ വളർന്നു വലുതായപ്പോഴോ? കുഷ്ഠരോഗവും ബാധിച്ചു. അച്ഛൻ മകളെ പരിത്യജിക്കയാണു

ചെയ്തത്. അവൾ ചട്ടിയും പിടിച്ച് പട്ടണത്തിൽ ഭിക്ഷ തെണ്ടി. കുറേക്കാലം അതായിരുന്നു ജീവിതം. ഒരിക്കൽ അവൾ ഒരു കൂട്ടം യാത്രക്കാരെ കണ്ടെത്തി. ഗോകർണത്തിലേക്കു പോവുകയായിരുന്നു അവർ. ശിവരാത്രിവ്രതം അവിടെവെച്ച് അനുഷ്ഠിക്കണം—അതായിരുന്നു അവരുടെ ഉദ്ദേശ്യം. ശിവരാത്രിക്കു ഗോകർണത്തിൽ ധാരാളം ജനങ്ങൾ വന്നുകൂടും; വേണ്ടതുപോലെ ഭക്ഷണവും വസ്ത്രവും ഇരന്നു മേടിക്കാം—അതായിരുന്നു അവളുടെ ആശ. ആ ആശയോടുകൂടി ചണ്ഡാലി ഗോകർണ്ണത്തിൽ എത്തിച്ചേർന്നു. വടിയും കുത്തി വിറച്ചുകൊണ്ട് അവൾ ഭിക്ഷ തെണ്ടി. ചിലരൊക്കെ വല്ലതും കൊടുക്കാതിരുന്നില്ല. മറ്റു ചിലരോ, ഭിക്ഷക്കാരിയെ ആട്ടിയോടിക്കയും ചെയ്തു.

ഒരുവൻ അവൾക്കൊരു കുവളത്തില നല്കി. ശിവനെ പൂജിക്കാനുള്ള താണല്ലോ കുവളത്തില. അവൾക്കാണെങ്കിൽ കണ്ണു കണ്ടുകൂടാ. എന്തോ ഭക്ഷണപദാർത്ഥമെന്നു കരുതി വാങ്ങിയതാണ്. തപ്പിനോക്കിയപ്പോൾ അതല്ല എന്നു മനസ്സിലായി. അവൾ കുവളത്തില വലിച്ചെറിഞ്ഞു. അടുത്തൊരു ശിവലിംഗം കിടന്നിരുന്നു. കുവളത്തിലെ ചെന്നു പറ്റിയതോ, ശിവലിംഗത്തിന്റെ പുറത്തും!

ശിവരാത്രി കഴിഞ്ഞു. നേരം പുലർന്നു. ആൾത്തിരക്കൊഴിഞ്ഞു. ചണ്ഡാലിക്കു മരണസമയമായി. അവൾ നിസ്സഹായയായി നിലത്തു കിടന്നു. മർമങ്ങൾതോറും വേദനയുണ്ട്. അവൾ കിടന്നു കരഞ്ഞു.

കഴിഞ്ഞ ജന്മത്തിൽ ശിവനെ വിളിച്ചു. ഈ ജന്മത്തിൽ കുവളത്തില ശിവലിംഗത്തിലിട്ടു. മനഃപൂർവം ചെയ്തതൊന്നുമായിരുന്നില്ല. എങ്കിലും അതു മതിയായിരുന്നു. പുണ്യം പുണ്യം തന്നെ—അറിഞ്ഞുകൊണ്ട് ചെയ്തതല്ല എങ്കിൽപ്പോലും. അതിനുള്ള ഫലമാണ് ഇപ്പോൾ കൈവന്നിരിക്കുന്നത്.

ഇത്രയും ശിവകിങ്കരന്മാർ പറഞ്ഞ് ഗൗതമന് അറിവായി.

അവർ അവൾക്കു ദിവ്യരൂപം നല്കി ശിവലോകത്തിലേക്കു കൊണ്ടുപോയി.

ഇതാണ് ഗൗതമൻ നേരിട്ടുകണ്ട സംഭവം. കല്മാഷപാദനെ കേൾപ്പിച്ചത്.

കല്മാഷപാദൻ നേരേ ഗോകർണത്തു പോയി യഥാവിധി ശിവപൂജകൾ ചെയ്തു ഭഗവാന്റെ പ്രീതി സമ്പാദിച്ചു. ഒടുവിൽ സദ്ഗതിയും നേടി.

(ശിവപുരാണം കിളിപ്പാട്ട്)

കുമാരിയും മഹാകാളനും

ശതശൃംഗൻ എന്ന രാജാവിന് എട്ടു പുത്രന്മാരുണ്ട്. അതേസമയം ഒരേയൊരു പുത്രിയും. കുമാരി എന്നായിരുന്നു അവളുടെ പേര്. എങ്കിലും ബർബരി എന്നാണ് അറിയപ്പെട്ടിരുന്നത്. ഏറ്റവും വികൃതമായിരുന്നു അവളുടെ മുഖം.

ഒന്നു പ്രത്യേകമാണ് അവളുടെ പൂർവജന്മത്തിന്റെ കഥ.

അപ്പോഴും അവൾക്കു വലുതായ വൈരൂപ്യമുണ്ടായിരുന്നു. വിശന്നുവലഞ്ഞുനടക്കുകയായിരുന്നു അവൾ ഒരിക്കൽ. അങ്ങനെ സ്തംഭതീർത്ഥ

ത്തിന്റെ അടുക്കലെത്തി. വള്ളിപ്പടർപ്പുകൾ, ധാരാളമുണ്ടായിരുന്നു ആ സ്ഥലത്ത്. അവൾക്കു തിന്നാൻ യാതൊന്നും ലഭിച്ചില്ല. ഒടുവിൽ അവൾ തലതല്ലി മരിക്കയാണുണ്ടായത്. ആ സമയം തല ഉടലിൽനിന്നു വേറായിപ്പോയി. ഉടൽ പുണ്യതീർത്ഥത്തിൽ വീണു. തല വള്ളികൾക്കിടയിൽ കിടക്കുകയും ചെയ്തു. അടുത്ത ജന്മത്തിൽ അവൾ ശതശൃംഗന്റെ പുത്രിയായി ജനിച്ചു. അതോ, കുമാരി എന്ന പേരിലും.

കഴിഞ്ഞ ജന്മത്തിൽ പുണ്യതീർത്ഥത്തിലാണല്ലോ ദേഹം പതിച്ചത്. അതിനാൽ ഈ ജന്മത്തിൽ ദേഹം ഏറ്റവും അഴകുറ്റതായി. കഴിഞ്ഞ ജന്മത്തിൽ തല വള്ളികൾക്കിടയിൽ കിടന്നില്ലേ? അക്കാരണത്താൽ ഈ ജന്മത്തിൽ മുഖം മുമ്പത്തെപ്പോലെ വികൃതമായിരുന്നു. മുഖം വികൃതമായ സ്ഥിതിക്ക് ദേഹത്തിന്റെ അഴകുകൊണ്ട് എന്തു ഫലം? ആ മുഖം കണ്ടവരെല്ലാം രാജകുമാരിയെ വെറുത്തു. അവളുടെ പിതാവിനും മാതാവിനും വല്ലാത്ത ദുഃഖമായി.

കുമാരിക്കു പൂർവജന്മത്തിന്റെ ഓർമയുണ്ട്.

അപ്പോഴത്തെ സംവേഗങ്ങളെല്ലാം അവൾ അച്ഛനെ ധരിപ്പിച്ചു.

'അച്ഛാ, എന്റെ ദേഹം വീണിടത്ത് എനിക്കൊന്നു പോകണമെന്നുണ്ട്.' കുമാരി ആഗ്രഹം അറിയിച്ചു.

ശതശൃംഗൻ അനുമതി നല്കി. കുമാരി ആ സ്ഥലത്ത് എത്തിച്ചേർന്നു. തന്റെ പഴയ തല എവിടെയെങ്കിലും കിടപ്പുണ്ടോ? അവൾ വള്ളിപ്പടർപ്പുകളിലെല്ലാം പരിശോധന നടത്തി. ഭാഗ്യവശാൽ ഒരിടത്തുനിന്ന് തല കണ്ടു കിട്ടി. അവൾ അതെടുത്തു പുണ്യതീർത്ഥത്തിലിട്ടു. ആ നിമിഷം എന്തുണ്ടായിയെന്നോ? അവളുടെ വികൃതമുഖം അത്യന്തം സുന്ദരമായി!

അതിനുശേഷം അവളുടെ മട്ടാകെ മാറി. മുമ്പ് അവളെ കണ്ട പുരുഷന്മാർ അവളെ വെറുത്തിരുന്നു. ഇപ്പോൾ അവളെ കണ്ട പുരുഷന്മാർക്ക് ഒരാഗ്രഹമുണ്ടായി—ഏതു വിധവും അവളെ കല്യാണം കഴിക്കണം!

പക്ഷേ, കുമാരിയുടെ മനഃസ്ഥിതി എന്തായിരുന്നു? അവൾക്കു കല്യാണത്തിൽ ഒട്ടുംതന്നെ താത്പര്യമില്ല. അവളുടെ മനസ്സുമുഴുവനും ശിവനിലായിരുന്നു. അവൾ തപസ്സു ചെയ്ത് ശിവനെ പ്രീതിപ്പെടുത്തി.

'ഭഗവാനേ, ഈ സ്ഥലത്ത് അവിടുത്തെ സാന്നിദ്ധ്യം എന്നുമുണ്ടായിരിക്കണം—' അതാണ് അവൾ ചോദിച്ച വരം.

അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു ശിവൻ.

അവൾ അവിടെ ശിവനെ പ്രതിഷ്ഠിച്ചു.

ബർക്കലേശ്വരൻ എന്ന് ആ പ്രതിഷ്ഠ അറിയപ്പെട്ടു.

സുന്ദരിയായി മടങ്ങിയെത്തിയ കുമാരിയെ കണ്ടപ്പോഴോ? ആളുകൾക്കുണ്ടായ അത്ഭുതം അളവറ്റതായിരുന്നു. അച്ഛനമ്മമാരുടെ സന്തോഷം ഒന്നു പ്രത്യേകവും.

അതിനുശേഷം ശതശൃംഗൻ രാജ്യത്തെ ഒമ്പതായി ഭാഗിച്ചു. എട്ടു ഭാഗങ്ങൾ എട്ടു പുത്രന്മാർക്കായി നല്കി. ഒമ്പതാമത്തെ ഭാഗം കുമാരിക്കായും. രാജാവ് ബദര്യാശ്രമത്തിൽ ചെന്നു തപസ്സുചെയ്തു. അവിടെവെച്ച് പരഗതി നേടുകയുമുണ്ടായി.

കുമാരി സ്തംഭതീർത്ഥത്തിന്റെ കരയിൽത്തന്നെ താമസമുറപ്പിച്ചു. വളരെക്കാലത്തിനുശേഷം സഹോദരന്മാർ കുമാരിയെച്ചെന്നു കണ്ടു. ഒരു അപേക്ഷയുംകൊണ്ടാണ് അവർ ചെന്നത്.

സഹോദരന്മാർ എട്ടുപേരാണല്ലോ. ഓരോ സഹോദരനും എട്ടു പുത്രന്മാർ വീതമുണ്ട്. ആകെ എഴുപത്തിരണ്ടു പേർ. എട്ടുപേർക്കുകൂടിയുള്ള ഭൂപ്രദേശങ്ങൾ എഴുപത്തിരണ്ടായി വീതിക്കണം. കുമാരിയുടെ സഹോദരന്മാർ എട്ടുഭാഗങ്ങൾ എടുക്കും. ബാക്കിയുള്ള അറുപത്തിനാലു ഭാഗങ്ങൾ അറുപത്തിനാലു രാജകുമാരന്മാർക്കു കൊടുക്കണം. വീതിച്ചു നല്കുന്നത് കുമാരിയായാൽ എല്ലാവർക്കും സന്തോഷമാകും. ഒരു അനീതിയും ഉണ്ടാവുകയില്ലെന്ന് അവർക്കറിയാം.

കുമാരി സഹോദരന്മാരുടെ ഭൂവിഭാഗങ്ങൾ വീതിച്ചു നല്കി. മാത്രമല്ല, തനിക്കവകാശപ്പെട്ട ഭൂവിഭാഗവും അവർക്കു കൊടുത്തു. ആരും ആവശ്യപ്പെട്ടതല്ല. അവൾ സ്വമേധയാ നല്കിയതാണ്. യഥാർത്ഥമായി ശിവഭക്തിയുള്ളവൾക്ക് എന്തിനാണ് ഭൂസ്വത്തും മറ്റും?

മറ്റൊരു പുണ്യകൃത്യംകൂടി കുമാരി ചെയ്യുകയുണ്ടായി.

സുബ്രഹ്മണ്യനായുള്ള ഒരു ക്ഷേത്രമുണ്ട്. കുമാരേശ്വരക്ഷേത്രം എന്നതാണ് അത്. കുമാരി ആ ക്ഷേത്രം പുതുക്കി സ്വർണം പൂശി.

അവൾക്കു സുബ്രഹ്മണ്യന്റെ ദർശനമുണ്ടായി.

'കുമാരീ, നിനക്കു മോക്ഷം കിട്ടും എന്നതിനു സംശയമില്ല. എന്നാൽ, നീ ആദ്യം ഒന്നു ചെയ്യേണ്ടതായിട്ടുണ്ട്. മഹാകാളൻ എന്നൊരു സിദ്ധൻ ജീവിച്ചിരിക്കുന്നു. നീ അദ്ദേഹത്തിന്റെ പത്നിയാവണം.' സുബ്രഹ്മണ്യൻ ആവശ്യപ്പെട്ടു.

അതനുസരിച്ച് കുമാരി മഹാകാളനെ വിവാഹം കഴിച്ചു.

യഥാകാലം കുമാരിയും മഹാകാളനും ശിവലോകത്തിലേക്കു യാത്രയായി. ശ്രീപാർവതിക്ക് കുമാരിയോട് എന്തെന്നില്ലാത്ത സ്നേഹമുണ്ടായി.

'കുമാരീ, നീ എന്റെ തോഴിയായി ഇവിടെ കഴിഞ്ഞുകൊള്ളൂ.' ശ്രീപാർവതി അരുളിച്ചെയ്തു.

എന്തായിരുന്നു മഹാകാളന്റെ പൂർവവൃത്താന്തം?

വാരണാസിയിൽ മാണ്ഡി എന്നൊരു പണ്ഡിതൻ ഉണ്ടായിരുന്നു. മാണ്ഡിക്കു പുത്രലാഭം ഉണ്ടായില്ല. അതിനുവേണ്ടി അദ്ദേഹം നൂറുവർഷം ശിവനെ തപസ്സുചെയ്തു. ശിവൻ പ്രസാദിച്ച് മാണ്ഡിക്കു വരം നലകി: ഏറ്റവും മാഹാത്മ്യമുള്ള മകനുണ്ടാവും!

മാണ്ഡിയുടെ പത്നി ഗർഭവതിയായി. നാലു വർഷം നീണ്ടുനിന്നു ഗർഭകാലം. അതിനുശേഷം ഒരു ആൺകുട്ടി ഭൂജാതനായി. ജനനംമുതൽക്കേ ശിവഭക്തനായിരുന്നു ആ കുട്ടി. വളർന്നു വലുതായപ്പോഴും അങ്ങനെതന്നെ. കാലഭീതി എന്ന പേരിൽ അറിയപ്പെട്ടു ആ ഭക്തൻ. ശിവമന്ത്രം ജപിക്കുക, ശിവക്ഷേത്രം സന്ദർശിക്കുക, പുണ്യതീർത്ഥങ്ങളിൽ സ്നാനം ചെയ്യുക— അവയെല്ലാം നിയമേന ചെയ്തുപോന്നു. പിന്നൊരിക്കൽ ലക്ഷം പ്രാവശ്യം ശിവമന്ത്രം ജപിച്ചു. അതിനുശേഷം നൂറു വർഷം തപസ്സുചെയ്തു. അത്രയും കാലം ഒരു തുള്ളി വെള്ളം കുടിച്ചുമില്ല.

ഒരാൾ കാലഭീതിയുടെ മുമ്പിലെത്തി.

ഒരുകുടം വെള്ളവുമുണ്ട് വന്നയാളുടെ പക്കൽ.

'ഇതാ ഈ വെള്ളം കുടിച്ചുകൊള്ളൂ.' ആ ആൾ പറഞ്ഞു.

'നിങ്ങൾ ആരാണെന്നു പറയണം.' തപസ്വി ആവശ്യപ്പെട്ടു.

'അതു ഞാൻ പറയില്ല.' വന്നയാൾ വിസമ്മതിച്ചു.

'എന്നാൽ, ഞാൻ വെള്ളം കുടിക്കയുമില്ല.' കാലഭീതി തീർത്തു പറഞ്ഞു.

പെട്ടെന്നു വന്നയാളെ കാണാതായി. അവിടെയില്ലാതിരുന്ന ഒന്നു കാണപ്പെടുകയും ചെയ്തു—തനിയെ ഉയർന്നു വന്ന ഒരു ശിവലിംഗം!

കാലഭീതി ശിവലിംഗത്തെ വീണുവണങ്ങി.

ശിവൻ ദർശനമരുളി.

'ഭഗവാനേ, ഈ ശിവലിംഗം മഹാകാളലിംഗം എന്ന് അറിയപ്പെടണം. ഇവിടെ വന്നു ഭജിക്കുന്നവർക്കു സദ്ഗതിയും ലഭിക്കണം.' കാലഭീതി പ്രാർത്ഥിച്ചു.

ശിവൻ ആ അനുഗ്രഹങ്ങൾ നല്കി.

'കാലഭീതി, ഇന്നു മുതൽ നിനക്കു മഹാകാളൻ എന്നായിരിക്കും പേര്. താമസിയാതെ കരന്ധമൻ എന്ന രാജാവ് ഇവിടെ വന്നുചേരും. നീ കരന്ധമനു ധർമോപദേശം ചെയ്യണം. അതിനുശേഷം നീ എന്റെ ലോകത്തു വന്നെത്തും. നന്ദിയോടൊത്ത് എന്റെ ദ്വാരപാലകനായി കഴിയുകയും ചെയ്യും.' ഭഗവാൻ അരുളിച്ചെയ്തിട്ടു മറഞ്ഞു.

കരന്ധമൻ വരികതന്നെയുണ്ടായി. മഹാകാളൻ രാജാവിനു ധർമോപദേശം ചെയ്തു. സുദീർഘവും സാരവത്തുമായിരുന്നു ആ ധർമോപദേശം. അതു തീർന്നപ്പോൾ ദേവന്മാരും മുനിമാരും അവിടെ വന്നെത്തി; അവരോടൊന്നിച്ച് ശിവനും ശ്രീപാർവതിയും.

എന്തിനു പറയുന്നു, മഹാകാളന് ശിവൻ വാഗ്ദത്തം ചെയ്തിരുന്ന സ്ഥാനലബ്ധിയുമുണ്ടായി.

(സ്കാന്ദപുരാണം, മാഹേശ്വരഖണ്ഡം)

വൈശ്വാനരൻ

നർമദാനദിയുടെ തീരത്തു ധർമപുരി എന്നൊരു നഗരം. വിശ്വാനരൻ എന്നൊരാൾ ധർമപുരിയിൽ ജീവിച്ചിരുന്നു. പണ്ഡിതനും ധർമിഷ്ഠനുമായിരുന്നു വിശ്വാനരൻ. അദ്ദേഹം ശുചിസ്മിത എന്ന യുവതിയെ വിവാഹം കഴിച്ചു. യജ്ഞങ്ങൾ, പൂജകൾ, ദാനങ്ങൾ. ആ പുണ്യകർമങ്ങൾ പലതും ദമ്പതിമാർ ചെയ്തുപോന്നു.

എങ്കിലും അവർക്കൊരു ദുഃഖമുണ്ട്—സന്താനമില്ല.

ഒരു ദിവസം ശുചിസ്മിതയുടെ ദുഃഖം ഉത്കടമായി. അതോടുകൂടി അടക്കാനാവാത്ത ഒരാഗ്രഹവുമുണ്ടായി.

'എന്റെ ആഗ്രഹം നിറവേറ്റാൻ അങ്ങേക്കു കഴിയും.' അവർ ഭർത്താവിനോടു പറഞ്ഞു.

'എനിക്കു കഴിയുന്നതൊക്കെ ഞാൻ ചെയ്തുതരാം. അതിൽ എനിക്ക് സന്തോഷമേയുള്ളു.' വിശ്വാനരൻ അകംതെളിഞ്ഞു പറഞ്ഞു.

'നമുക്ക് ശിവനു സമനായ ഒരു പുത്രനുണ്ടാവണം!'

അതാണ് ശുചിസ്മിത അറിയിച്ച ആഗ്രഹം.

വിശ്വാനരൻ ചിന്തയിൽ മുഴുകി. ശിവനു സമനായ പുത്രൻ വേണമത്രെ! എളുപ്പമുള്ളതാണോ ആ കാര്യം? നടക്കണമെങ്കിൽ തപസ്സുചെയ്തേ മതിയാവൂ. അദ്ദേഹം കാശിയിലേക്കു പോയി. അവിടെയിരുന്നു തപസ്സും ആരംഭിച്ചു.

പതിമ്മൂന്നു മാസം അപ്രകാരം കഴിഞ്ഞു. ഒരുനാൾ വിശ്വാനരൻ വെളുപ്പാൻകാലത്ത് ഗംഗാസ്നാനം ചെയ്തു. അതിനുശേഷം ശിവലിംഗത്തെ പൂജിക്കാനും ആരംഭിച്ചു. അതാ മുമ്പിൽ നില്ക്കുന്നു, എട്ടു വയസ്സുള്ള ഒരു ബാലൻ! എന്തൊരു കാന്തിയാണ് ആ ബാലന്റെ ശരീരത്തിൽനിന്നു ചിതറുന്നത്. ബാലൻ മറ്റാരുമല്ല, ശിവൻ ആ രൂപത്തിൽ വന്നതുതന്നെ. ആ ബോധമുണ്ടായി വിശ്വാനരന്. അദ്ദേഹം വീണു വണങ്ങി ശിവനെ സ്തുതി ചെയ്തു.

വരം ചോദിക്കാൻ ശിവൻ ആവശ്യപ്പെട്ടു.

സന്താനലാഭം ഉണ്ടാവണമെന്ന് വിശ്വാനരൻ അപേക്ഷിച്ചു.

'വിശ്വാനരാ, എന്റെ അംശം നിന്റെ പുത്രനായി ജനിക്കും. അവൻ ദേവന്മാർക്കും പൂജ്യനായിത്തീരും. മാത്രമല്ല, സർവത്തിനേയും പവിത്രവുമാക്കും.' ശിവൻ അരുളിച്ചെയ്തിട്ട് അന്തർദ്ധാനം ചെയ്തു.

തപസ്സ് അവസാനിപ്പിച്ചിട്ട് വിശ്വാനരൻ ഗൃഹത്തിലേക്കു പോയി. വിവരമറിഞ്ഞ് ശുചിസ്മിത ആഹ്ലാദിച്ചു. ദമ്പതിമാർ പുത്രജനനത്തിനായി കാത്തിരുന്നു.

യഥാകാലം ശുചിസ്മിത തേജോമയനായ ഒരു ആൺകുട്ടിക്കു ജന്മമേകി. കുട്ടിയുടെ തേജസ്സുകൊണ്ട് ഗൃഹമാകെ വിളങ്ങി. മാരുതൻ സുഗന്ധം വഹിച്ചു മന്ദമായി വീശി. വികസിച്ച പുഷ്പങ്ങൾ നാലുപാടും നറുമണം പരത്തി. നദികളിലെ ജലം തെളിവാർന്നു. ആകാശത്ത് സ്വർഗവാദ്യങ്ങൾ മുഴങ്ങി.

കുട്ടിക്കു പേരിട്ടത് ആരായിരുന്നു? മറ്റാരുമല്ല, ബ്രഹ്മാവുതന്നെ, അതോ ഗൃഹപതിയെന്നും.

ബാലന് എട്ടു വയസ്സായപ്പോഴോ? പഠിക്കാനുള്ളതെല്ലാം പഠിച്ചുകഴിഞ്ഞു. ഗുരുവുണ്ട്, ശരിതന്നെ. പക്ഷേ, ഗുരു പേരിനുമാത്രം. സ്വയം പഠിച്ചതാണ് അധികവും. ശിവന്റെ അംശമല്ലേ? അത്ഭുതത്തിന് അവകാശമേയില്ല.

വിശ്വാനരന്റെ പുത്രനാണല്ലോ ഗൃഹപതി. അതിനാൽ വൈശ്വാനരൻ എന്നറിയപ്പെട്ടു. വൈശ്വാനരൻ ഒരു കൃത്യത്തെ ഏറ്റവും പ്രധാനമായി കരുതി. പിതാവിനെയും മാതാവിനെയും ശുശ്രൂഷിക്കുക—അതായിരുന്നു ആ കൃത്യം. അതിൽ ഒരു പിഴയും ഒരു നേരവും വരുത്തിയുമില്ല.

നാരദന്റെ വരവുണ്ടായി ഒരിക്കൽ.

മഹർഷി ഗൃഹപതിയുടെ ലക്ഷണങ്ങൾ പരിശോധിച്ചു; അതോടുകൂടി ഭാവിഫലങ്ങളും. മെച്ചപ്പെട്ടവയായിരുന്നു അവ—ഒന്നൊഴിച്ച്.

'വിശ്വാനരാ, അങ്ങയുടെ മകന് പന്ത്രണ്ടാം വയസ്സിൽ ഒരാപത്തുണ്ടാകും.' നാരദൻ പറഞ്ഞു.

എത്രമാത്രം ദുഃഖിച്ചെന്നോ വിശ്വാനരനും ശുചിസ്മിതയും? ഇരുവരും പൊട്ടിക്കരഞ്ഞു. മാറത്തടിച്ചു മുറവിളികൂട്ടി. ഈശ്വരനെ വിളിച്ചുകേണു. ആരുടെയും ഹൃദയത്തെ ദ്രവിപ്പിക്കാൻ പര്യാപ്തമായിരുന്നു ആ കാഴ്ച. ദമ്പതികളോടൊന്നിച്ചു മൃഗങ്ങളും പക്ഷികളും ദുഃഖിച്ചു. മാത്രമല്ല, വൃക്ഷങ്ങളും വള്ളികളും!

വൈശ്വാനരനാണ് ദുഃഖിക്കാത്ത ഒരേയൊരാൾ.

'അച്ഛനും അമ്മയും ഒട്ടും വ്യസനിക്കരുത്. ദോഷശാന്തിക്കായി ഞാൻ പോയി ശിവനെ ആരാധിക്കും. ഭഗവാൻ എന്നെ കാലപാശത്തിൽനിന്നു രക്ഷിക്കും. നിങ്ങൾ എനിക്കു തപസ്സിനു സമ്മതം നല്കിയാൽമാത്രം മതിയാകും.' ബാലൻ പറഞ്ഞു.

മനസ്സില്ലാമനസ്സോടെ മാതാപിതാക്കന്മാർ സമ്മതമേകി. വൈശ്വാനരൻ നേരെ കാശിയിലേക്കു ചെന്നു. ഒരു ശിവലിംഗത്തെ സ്ഥാപിച്ച് അതിനെ ആരാധിക്കുവാനും ആരംഭിച്ചു. ആരാധന തപസ്സായി മാറി. മാസങ്ങൾ കഴിഞ്ഞുപോയി. ഒടുവിൽ ആ ദിവസവും വന്നുചേർന്നു— വൈശ്വാനരന് പന്ത്രണ്ടുവയസ്സു തികയുന്ന ദിവസം!

ആരോ മുമ്പിൽ വന്നുനില്ക്കുകയാണ്—അക്കാര്യം ബാലനും മനസ്സിലായി. കണ്ണു തുറന്നു നോക്കിയപ്പോഴോ? വജ്രപാണിയായ ദേവേന്ദ്രൻ!

'ഞാൻ നിന്നിൽ അതീവ പ്രസാദിച്ചിരിക്കുന്നു. എന്തു വരമാണു നിനക്കു വേണ്ടത്?' ദേവേന്ദ്രൻ കാരുണ്യത്തോടെ അന്വേഷിച്ചു.

'അങ്ങ് ദേവേന്ദ്രനാണ്. എനിക്ക് അങ്ങയെക്കൊണ്ട് ഒരു കാര്യവുമില്ല. ഞാൻ തപസ്സുചെയ്യുന്നത് ശിവനെയാണ്. ഞാൻ ശിവനോടു വരം ചോദിച്ചുകൊള്ളാം അതായിരുന്നു ബാലന്റെ മറുപടി.

'ശിവനാണു കേമൻ എന്നതു നിന്റെ തെറ്റിദ്ധാരണയാണ്. ദേവേന്ദ്രനായ ഞാൻ ദേവന്മാരുടെയും ദേവനത്രെ. നീ എന്നോടു വരം വാങ്ങിക്കൊള്ളൂ.' ദേവേന്ദ്രൻ ആവശ്യപ്പെട്ടു.

'അങ്ങ് ആരായാലും ശരി, എനിക്ക് ശിവൻ മാത്രമേ വേണ്ടൂ.' ബാലൻ ശാഠ്യം തുടർന്നു.

ദേവേന്ദ്രനു കോപം വന്നതുപോലെ കാണപ്പെട്ടു. വജ്രായുധമെടുത്ത് ഓങ്ങുന്നതുപോലെയും. വൈശ്വാനരന് നാരദന്റെ പ്രവചനം ഓർമവന്നു. അതോടെ ബോധംകെട്ടുവീഴുകയും ചെയ്തു.

ബോധം വീണപ്പോഴോ? മുമ്പിൽ കണ്ടത് ദേവേന്ദ്രനെയല്ല. പിന്നെയോ, ശിവനെ!

'വൈശ്വാനരാ, എന്റെ പരമഭക്തനാണ് നീ. വജ്രായുധം എന്നല്ല, കാലൻപോലും നിന്നെ തൊടുകയില്ല. ഞാൻ ദേവേന്ദ്രന്റെ വേഷത്തിൽ നിന്നെ പരീക്ഷിച്ചതായിരുന്നു. നിനക്കു യാതൊന്നുകൊണ്ടും വ്യസനം വേണ്ട. നീ ദേവകളിൽ ഒരു മുഖ്യനായി ഭവിക്കും. നീ സ്ഥാപിച്ച ശിവിലിംഗം അഗ്നീശ്വരം എന്ന പേരിൽ കേൾവിപ്പെടുകയും ചെയ്യും.' ശിവൻ ഒരുളിച്ചെയ്തു.

പിന്നീട് ഭഗവാൻ ചെയ്തതോ? വിശ്വാനരനെയും ശുചിസ്മിതയെയും അവിടേക്കു വരുത്തി. ദിവ്യമായ വിമാനവും എത്തിച്ചേർന്നു. ഭഗവാൻ അവരെ വിമാനത്തിൽ കയറ്റി. എന്നിട്ട് അർച്ചിഷ്മതി എന്ന പുരത്തിലേക്ക് അയച്ചു.

അവിടമായിരുന്നു പിന്നീട് വൈശ്വാനരന്റെ ആസ്ഥാനം ("അഗ്നിയുടെ പര്യായമാണ് 'വൈശ്വാനരൻ').

(സ്കാന്ദപുരാണം—കാശീഖണ്ഡം, അദ്ധ്യായം 10)

പിംഗാക്ഷൻ

നിർവിന്ധ്യ എന്നൊരു നദി, നദിക്കരയിൽ ഒരു വനം, വനത്തിൽ ഒരു വേടൻ. പേര് പിംഗാക്ഷൻ എന്നും. അവൻ ദുഷ്ടജന്തുക്കളെ വധിക്കാറുണ്ട്. അതേസമയം ഒരു ഗുണവും ഇല്ലാതില്ല. സാധുജന്തുക്കളെ ഒരിക്കലും ഹിംസിക്കുകയില്ല. അവയോട് ദയവുണ്ട് എന്നു സാരം. പിംഗാക്ഷൻ ദുഷ്ട മനുഷ്യരെ ഉപദ്രവിക്കും. എങ്കിലും ശിഷ്ടന്മാരെ ശല്യപ്പെടുത്തുകയില്ല. മാത്ര മല്ല, അവരെ പല വിധത്തിലും സഹായിക്കുകകൂടിചെയ്യും. സാധുക്കളിൽ ചിലർ വിശന്നു വരുന്നു എന്നുവരാം, കീറിയ വസ്ത്രങ്ങൾ ധരിച്ചവരാണ്, എന്നു വരാം, ചെരുപ്പില്ലാത്തവരാണ് എന്നുവരാം—പിംഗാക്ഷൻ ഭക്ഷണം നല്കും, വസ്ത്രങ്ങൾ നല്കും, ചെരുപ്പുകൾ നല്കും. സ്ത്രീകൾക്കു വന ത്തിലൂടെ തനിച്ചു നിർഭയമായി പോകാം. അത്ര സുരക്ഷിതമായിരുന്നു അവിടം.

മറ്റൊരു വനത്തിൽ ദുഷ്ടനായ ഒരു വേടൻ പാർത്തു വരുന്നു. താരാ ക്ഷൻ എന്നാണ് പേര്; പിംഗാക്ഷന്റെ പിതൃസഹോദരനും. പിംഗാക്ഷന്റെ പ്രകൃതമേയല്ല താരാക്ഷന്. ക്രൂരനും പാപിയുമാണ് അവൻ. കാട്ടിൽ കട ന്നുവന്ന മനുഷ്യർ നല്ലവരായാലും ശരി, അവൻ പിടിച്ചുകെട്ടും. നല്ലപോലെ മർദ്ദിക്കും. ചിലരെയൊക്കെ കൊല്ലുകയും ചെയ്യും. ഭയങ്കരന്മാരായ കിങ്കര ന്മാരുമുണ്ട് അവന്.

ഒരിക്കൽ ചില പാന്ഥന്മാർ താരാക്ഷന്റെ വനത്തിൽ വരികയുണ്ടായി. ആ വേടന്റെ കിങ്കരന്മാർ പാന്ഥന്മാരെ കാണാൻ ഇടയായി. അവർ നിർദ്ദോ ഷികളായ പാന്ഥന്മാരെ പിടിക്കാനടുത്തു. പാന്ഥന്മാർ പ്രാണനുംകൊണ്ട് ഓടിപ്പോയി. ചെന്നെത്തിയത് പിംഗാക്ഷന്റെ വനത്തിലും.

പിംഗാക്ഷൻ അവിടെ നില്പുണ്ടായിരുന്നു.

'രക്ഷിക്കണേ! രക്ഷിക്കണേ!' ആ സാധുക്കൾ പിംഗാക്ഷനോടു കേണി രന്നു.

അവരെ സഹായിക്കാൻ നിശ്ചയിച്ചു പിംഗാക്ഷൻ. താരാക്ഷന്റെ കിങ്കര ന്മാർ അവരെ പിടിക്കാനായി വന്നെത്തി. അവരോടൊന്നിച്ചു താരാക്ഷനും. പിംഗാക്ഷനും അനുചരന്മാരും അവരോടിടഞ്ഞു. അതിനിടയിൽ താരാക്ഷൻ എന്താണു ചെയ്തതെന്നോ? സഹോദരപുത്രനെ കൊലപ്പെടുത്തി!

അന്യർക്കുവേണ്ടിയാണല്ലോ പിംഗാക്ഷൻ ജീവൻ ത്യജിച്ചത്. അതി നുള്ള സദ്ഫലം ആ വേടനു മരണശേഷം ലഭിച്ചു. അവൻ നിരൃതിയായി.

(അഷ്ടദിക് പാലകന്മാരിൽ ഒന്നാണ് നിരൃതി)

(സ്കാന്ദപുരാണം—കാശീഖണ്ഡം, അദ്ധ്യായം 12)

ശുചിക്ഷ്മാൻ

മഹാത്മാവാണ് കർദമപ്രജാപതി. അദ്ദേഹത്തിന്റെ പുത്രനാണ് ശുചിക്ഷ്മാൻ. ബാലനായ ശുചിക്ഷ്മാന് കുറേ കൂട്ടുകാരുണ്ട്. സമപ്രായക്കാരായ ബാലന്മാരാണ് അവർ. ഒരു ദിവസം എല്ലാവരുംകൂടി അച്ഛോദ എന്ന നദിയിൽ കുളിക്കാൻ പോയി. മുങ്ങിയും പൊങ്ങിയും നീന്തിയും തുടിച്ചും വിഹരിക്കുകയാണ് അവർ. പെട്ടെന്ന്, വമ്പിച്ചൊരു ജലജന്തു ശുചിക്ഷ്മാനെ പിടികൂടി. അതു കണ്ടു കൂട്ടുകാർ ഭയന്നുപോയി. ജലജന്തു ശുചിക്ഷ്മാനെ കൊല്ലുകയില്ലേ? അവർ വെപ്രാളപ്പെട്ട് നദിയിൽനിന്നു കരയ്ക്കു കയറി. എന്നിട്ട് ആശ്രമത്തിൽ ഓടിച്ചെന്നു. കർദമപ്രജാപതിയോടു വിവരവും പറഞ്ഞു.

ശിവനെ അർച്ചിക്കുകയായിരുന്നു ആ മഹാത്മാവ്. അദ്ദേഹം സമാധിപൂണ്ട് ദിവ്യദൃഷ്ടികൊണ്ടു നോക്കി. സംഭവങ്ങൾ ഒന്നൊന്നായി അദ്ദേഹം കണ്ടുതുടങ്ങി. ശുചിക്ഷ്മാൻ ജലജന്തുവിന്റെ പിടിയിൽ നിസ്സഹായനായി കിടക്കുന്നു; പൊടുന്നനവെ ഒരു സ്ത്രീരൂപം അവിടെ എത്തുന്നു; ജലജന്തുവിനെ ബന്ധിച്ചു ബാലനെ എടുക്കുന്നു; അവനെയുംകൊണ്ടു സമുദ്രത്തിലേക്കു ചെല്ലുന്നു; ബാലനെ സമുദ്രത്തെ ഏല്പിക്കുന്നു. ഒരു ശിവകിങ്കരൻ സമുദ്രത്തെ സമീപിക്കുന്നു. എന്നിട്ടു പറയുന്നു.: 'സമുദ്രമേ, ഇവൻ ശിവഭക്തനായ കർദമപ്രജാപതിയുടെ പുത്രനാണ്. ഇവനെ ഇവിടെ വെക്കരുത്. ഉടനെ ശിവലോകത്ത് എത്തിക്കണം.' സമുദ്രം ആദ്യം ബാലനെ രത്നങ്ങളാലും പവിഴങ്ങളാലും അലങ്കരിക്കുന്നു. പിന്നീട് അവനെയും ബന്ധിച്ച ജലജന്തുവിനെയുംകൊണ്ട് ശിവലോകത്തു ചെല്ലുന്നു. എന്നിട്ട് ശിവനെക്കണ്ട് ഭഗവത്പാദങ്ങളിൽ വീഴുന്നു. 'ഭഗവാനേ, ഞാൻ അപരാധിയല്ല എന്നെ രക്ഷിക്കണം' എന്നു യാചിക്കുന്നു. ശിവൻ ഒരു കിങ്കരനോട് എന്തോ ആംഗ്യം കാണിക്കുന്നു, ആംഗ്യത്തിന്റെ അർത്ഥം ആ കിങ്കരനു മനസ്സിലാവുന്നു. കിങ്കരൻ ബന്ധിച്ച ജലജന്തുവിനെ ശുചിക്ഷ്മാനു നല്കുന്നു. എന്നിട്ട് ബാലനെ തന്റെ അടുക്കൽ എത്തിക്കുന്നു.

ഇതെല്ലാം കർദമപ്രജാപതി ദിവ്യദൃഷ്ടികൊണ്ടു കാണുകയായിരുന്നല്ലോ. അദ്ദേഹം സമാധിയിൽനിന്നുണർന്നു. കൺമിഴിച്ചു നോക്കിയപ്പോൾ മുമ്പിൽ കണ്ടതോ? തന്റെ പ്രിയപുത്രനെയും. അദ്ദേഹം ശുചിക്ഷ്മാനെ ഗാഢഗാഢം ആലിംഗനം ചെയ്തു.

പിതാവും പുത്രനും വീണ്ടും ഒന്നിച്ചായി. അവർ ഒന്നിച്ചുതന്നെ പിന്നെയും ജീവിതം തുടർന്നു. അഞ്ഞൂറു വർഷങ്ങൾ കഴിഞ്ഞപ്പോഴോ? ശുചിക്ഷ്മാൻ ആശ്രമം വിട്ടിറങ്ങി. കാശിയിൽ ചെന്നു തപസ്സുചെയ്തു. ശിവൻ പ്രസാദിച്ചു പ്രത്യക്ഷനായി.

'ഭഗവാനേ, ഞാൻ ജലത്തിനു നാഥനാവണം.' ശുചിക്ഷ്മാൻ വരം ചോദിച്ചു.

'ശുചിക്ഷ്മാൻ, ഞാനിതാ നിനക്ക് സമുദ്രത്തിന്റെ ആധിപത്യം നല്കുന്നു. നിനക്ക് ഇനിമേൽ വരുണൻ എന്ന പേരായിരിക്കും.' ശിവൻ കല്പിച്ചു.

ഭഗവാൻ ശുചിക്ഷ്മാന് സമുദ്രാധിപനായി. അഭിഷേകവും നടത്തി.

(ഇപ്രകാരമാണ് വരുണനു സ്ഥാനലബ്ധി ഉണ്ടായത്.)

(സ്കാന്ദപുരാണം—കാശീഖണ്ഡം)

ശിവഭക്തൻ

കശ്യപമഹർഷിയുടെ ചാർച്ചക്കാരനായ ഒരു ധർമിഷ്ഠൻ ജീവിച്ചിരുന്നു. അദ്ദേഹം കാശിയിൽ ചെന്നു തപസ്സുചെയ്തു. കറയറ്റതായിരുന്നു അദ്ദേഹത്തിന്റെ ശിവഭക്തി. ഏറ്റവും ഏകാഗ്രതയോടെ നിർവഹിച്ചു ആ തപസ്സ്. അതേസമയം അത് അത്യന്തം ഉഗ്രവുമായിരുന്നു. ദീർഘകാലത്തേക്ക് തപസ്സ് നീണ്ടുപോയി.

ശിവൻ പ്രസന്നനായി.

'നീ ദിക്പാലകനാവട്ടെ. സർവത്ര സഞ്ചരിച്ചുകൊണ്ടുമിരിക്കട്ടെ!' ശിവൻ അനുഗ്രഹിച്ചു.

ആ ശിവഭക്തൻ അങ്ങനെ ദിക്പാലകനായി. ഗന്ധവതി എന്ന പുരം ആസ്ഥാനവുമായി.

(ഇതാണ് വായുവിന്റെ പൂർവചരിത്രം)

(സ്കാന്ദപുരാണം—കാശീഖണ്ഡം, അദ്ധ്യായം 13)

ഗുണനിധി

കാമ്പില്യനഗരത്തിൽ യജ്ഞദത്തൻ എന്നൊരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. മഹാപണ്ഡിതനും മഹാത്മാവും ആയിരുന്നു യജ്ഞദത്തൻ. അദ്ദേഹത്തിന് ഒരു പുത്രൻ ജനിച്ചു. ഗുണനിധി എന്നു പേരിട്ടു കുട്ടിക്ക്.

ഗുണനിധി വളർന്നു പ്രായമായി. അപ്പോഴാണ് അവന്റെ തനിനിറം വെളിവായത്. അവൻ ചൂതുകളിയിൽ കമ്പമുള്ളവനായി. ആദ്യമാദ്യം ചൂതുകളിക്കുന്നുണ്ട് എന്ന് അച്ഛനെ അറിയിച്ചില്ല. ചൂതുകളിക്കു പണയം വെക്കണം. പണയമായി പണം വേണം. പണം അവന്റെ കൈയിലില്ലതാനും. അവൻ അച്ഛനറിയാതെ അമ്മയുടെ പക്കൽനിന്നു പണം വാങ്ങും. അതുകൊണ്ടു പോയി ചൂതുകളിക്കും. പണമെല്ലാം നഷ്ടപ്പെടുത്തും.

നീചന്മാരായിരുന്നു ഗുണനിധിയുടെ ചങ്ങാതികൾ. അവരുടെ സംസർഗമല്ലേ സദാസമയവും? അതിനാൽ അവനും നീചനായിത്തീർന്നു.

ആ കഥയൊന്നും യജ്ഞദത്തൻ അറിഞ്ഞിട്ടില്ല. ആദ്ധ്യാത്മികമാർഗങ്ങളിലാണ് അദ്ദേഹത്തിന്റെ മനസ്സു മുഴുവനും.

ഒരിക്കൽ പെട്ടെന്ന് ഒന്ന് ഓർമ്മവന്നു. കുറേ ദിവസമായി പുത്രനെ ഒന്നു കണ്ടിട്ട്. എവിടെയാണ് അവൻ?

അദ്ദേഹം പത്നിയോടു കാര്യം ചോദിച്ചു.

ആ സ്ത്രീ യാഥാർത്ഥ്യം ഒളിച്ചുവെച്ചു.

'ഗുണനിധി ഇപ്പോൾ ബ്രഹ്മചാരികളോടുകൂടി പുറത്തു പോയതേയുള്ളു. അവൻ വേദപാഠങ്ങൾ ശ്രദ്ധയോടെ പഠിക്കുന്നുണ്ട്. സദാ പഠിത്തം തന്നെ പഠിത്തം! അതുകൊണ്ടാണ് മുമ്പത്തെപ്പോലെ അങ്ങയെ കാണാത്തത്.' അവർ കള്ളം പറഞ്ഞു.

മകന്റെ ദുർന്നടപടികൾ അമ്മയ്ക്കു നല്ലവണ്ണം അറിവുള്ളതാണ്. എങ്കിലും അവർ ഒന്ന് ആശിച്ചിരുന്നു—അവൻ വിവാഹംചെയ്തശേഷം നല്ലവനായിത്തീരും! പക്ഷേ, നേരെമറിച്ചാണു സംഭവിച്ചത്. വിവാഹം കഴിഞ്ഞിട്ടും ഗുണനിധി നീചജീവിതം തുടർന്നുപോയി.

'മകനേ, നിന്റെ സ്വഭാവദൂഷ്യങ്ങൾ ഞാൻ ഇതേവരെ അച്ഛനെ അറിയിച്ചിട്ടില്ല. നിന്റെ ദുർവൃത്തികൾ അച്ഛന്റെ യശസ്സിൽ കളങ്കംചേർക്കും. ഇനിമേലെങ്കിലും നീ നല്ലവനായി ജീവിക്കണം. ചൂതുകളിയും ദുഷ്ടസംസർഗവും മതിയാക്കിയേ പറ്റൂ.' അമ്മ ഉപദേശിച്ചു.

പക്ഷേ, ഗുണനിധി അതൊന്നും ചെവിക്കൊണ്ടില്ല. അവൻ മുമ്പത്തെക്കാൾ നീചനായി ജീവിച്ചു. ചൂതുകളി മാത്രമല്ല ഇപ്പോൾ. മോഷണം, മദ്യപാനം മുതലായ ദുർഗുണങ്ങളും!

ഒരിക്കൽ അവൻ ഏറ്റവും ഹീനമായ ഒരു മോഷണം ചെയ്തു.

മുമ്പൊരു കാലത്ത് യജ്ഞദത്തന് രാജാവ് ഒരുമോതിരം സമ്മാനിച്ചിരുന്നു. യജ്ഞദത്തൻ ആ മോതിരം തന്റെ പത്നിക്കും നല്കിയിരുന്നു. ഒരുനാൾ ഗുണനിധി ആ മോതിരം മോഷ്ടിച്ചെടുത്തു. അതുമായി ചൂതുകളിക്കാൻപോയി. ചൂതിൽ തോറ്റപ്പോഴോ? രത്നമോതിരം പണയവും വെച്ചു.

അങ്ങനെ ആ ആഭരണം മറ്റൊരു ചൂതാട്ടക്കാരന്റെ വിരലിലായി.

യദൃച്ഛയാ, യജ്ഞദത്തൻ ആ ചൂതാട്ടക്കാരനെ കാണാനിടയായി. മോതിരം തിരിച്ചറിയാൻ ഒട്ടും സമയം വേണ്ടിവന്നില്ല.

'എടോ നീ എന്റെ മോതിരം മോഷ്ടിച്ചെടുത്തു അല്ലേ?' അദ്ദേഹം ദേഷ്യത്തോടെ ചോദിച്ചു.

ചൂതാട്ടക്കാരന് അതൊട്ടും രസിച്ചില്ല.

'ഞാൻ മോഷ്ടിച്ചതൊന്നുമല്ല. ഗുണനിധി എനിക്കു പണയംവെച്ചതാണ്. എത്രയോ പ്രാവശ്യം അവൻ പലതും എനിക്കു മോഷ്ടിച്ചുതന്നിരിക്കുന്നു?' അവൻ ചുട്ട മറുപടി നല്കി.

ലജ്ജാഭാരത്താൽ യജ്ഞദത്തന്റെ ശിരസ്സു കുനിഞ്ഞുപോയി. തുടർന്നു കടുത്ത വ്യസനമുണ്ടായി. തന്റെ ഓമനമകൻ മോഷ്ടാവെന്നോ? അദ്ദേഹം ഗൃഹത്തിൽ മടങ്ങിയെത്തി. ജീവിതത്തിൽ ആദ്യമായി. ഒരു പരിശോധന നടത്തി. പല പല വകകൾ കാണാനില്ല! അവ എവിടെപ്പോയി? അതു നല്ലവണ്ണം മനസ്സിലായി. പുത്രനോ, നീചൻ. അവന്റെ അമ്മ അവനെ സഹായിക്കയും ചെയ്തു. അദ്ദേഹം ഭാര്യയെയും പുത്രനെയും ഉപേക്ഷിച്ചു. അതിനുശേഷം മറ്റൊരു സ്ത്രീയെ പത്നിയുമാക്കി.

ഗുണനിധി മറ്റൊരിടത്തേക്കു താമസം മാറ്റി.

അവന്റെ സ്ഥിതി വളരെ കഷ്ടത്തിലായി. കൈയിൽ ഒരൊറ്റ ചില്ലിക്കാശില്ല. ഒരൊറ്റ തൊഴിലും ശീലിച്ചിട്ടില്ല. അന്നോളം തെണ്ടിയിട്ടുമില്ല. ഇപ്പോൾ വിശപ്പ് അതികഠിനമായിട്ടുണ്ട്. എന്തെങ്കിലും തിന്നേ കഴിയുകയുള്ളു. ഭക്ഷണം എവിടെകിട്ടും? അതായി അവന്റെ ആലോചന.

തത്സമയം മഹേശ്വരൻ എന്നൊരാൾ ആ വഴിയിലൂടെ നടന്നുപോയി. കൈയിൽ ചിലതൊക്കെ വെച്ചിരിക്കുന്നു. ശിവപൂജയ്ക്കുള്ള സാമഗ്രികളാണ് അവ. മാത്രമല്ല, നൈവേദ്യത്തിനുള്ള പലഹാരങ്ങളും.

പലഹാരങ്ങൾ മോഷ്ടിച്ചു തിന്നണം—അതായി ഗുണനിധിയുടെ നിശ്ചയം. അവൻ മഹേശ്വരൻ അറിയാതെ അദ്ദേഹത്തെ പിൻതുടർന്നു. അങ്ങനെ ശിവപൂജയ്ക്കുള്ള സ്ഥലത്ത് എത്തിച്ചേർന്നു. അവിടെ മറ്റു ചിലരും ഉണ്ടായിരുന്നു. ഒടുവിൽ ശിവപൂജ അവസാനിച്ചു. എല്ലാവരും കിടന്നുറങ്ങുകയും ചെയ്തു. ആ തക്കംനോക്കി ഗുണനിധി എന്താണു ചെയ്തതെന്നോ? നിവേദിച്ച പലഹാരങ്ങൾ എടുത്തുകൊണ്ടോടിപ്പോയി. ചിലർ ഉണരാനിടയായി. ആരോ ഓടുന്നതും കണ്ടു. കള്ളനായിരിക്കണം. എല്ലാവരും ചാടിയെഴുന്നേറ്റു കള്ളനെ പിടിക്കാനോടി. ഗുണനിധി അന്തംവിട്ടു പാഞ്ഞുതുടങ്ങി. എങ്ങനെയെന്നറിഞ്ഞില്ല. അവൻ കാലുതെറ്റി ഒരൊറ്റ വീഴ്ച! വീഴ്ചയോടുകൂടി അവൻ മരിക്കയും ചെയ്തു!

ദുർമാർഗിയും ചോരനുമായിരുന്നു ഗുണനിധി. എങ്കിലും അവൻ ശിവപൂജയിൽ പങ്കെടുത്തു—മനഃപൂർവമായിരുന്നില്ലെങ്കിലും. അതൊരു പുണ്യകൃത്യമല്ലേ? അതിന്റെ ഫലം ലഭിക്കാതിരുന്നുമില്ല. അടുത്ത ജന്മത്തിൽ കലിംഗരാജാവായി. ദമൻ എന്നായിരുന്നു അപ്പോഴത്തെ നാമധേയം. സന്മാർഗ്ഗിയും ധർമിഷ്ഠനുമായിരുന്നു ദമരാജാവ്. അതേസമയം അഗാധമായ ഭക്തിയുള്ളവനും. എന്തെല്ലാം പുണ്യകർമ്മങ്ങൾ ചെയ്തു! ഏറ്റവും പ്രധാനം ഒന്നായിരുന്നു—ശിവക്ഷേത്രങ്ങളിൽ ദീപങ്ങൾ ജ്വലിപ്പിക്കുക എന്നത്. അതിൽ പ്രത്യേകമായ താത്പര്യം പ്രദർശിപ്പിച്ചു ദമരാജാവ്.

എന്തായിരുന്നു അതിന്റെ ഫലം?

അനേകം ശിവക്ഷേത്രങ്ങളുണ്ട് കലിംഗരാജ്യത്തിൽ. ഓരോ ശിവക്ഷേത്രത്തിലും അനേകം ദീപങ്ങളുണ്ട്. ഓരോ ദീപവും തെളിഞ്ഞു ജ്വലിച്ചുകൊണ്ടിരുന്നു.

ഒടുവിൽ ദമരാജാവ് ചരമം പ്രാപിച്ചു.

അദ്ദേഹം കുബേരനായി!

(ധനപതിയായ കുബേരന്റെ പൂർവകഥ ഇപ്രകാരമാണ്.)

(സ്കാന്ദപുരാണം—കാശീഖണ്ഡം)

ലോഹിതാംഗൻ

ഒരിക്കൽ ശിവൻ തപസ്സുചെയ്കയായിരുന്നു. ഭഗവാന്റെ നെറ്റിയിൽ വിയർപ്പുണ്ടായി. ഒരു വിയർപ്പുതുള്ളി നെറ്റിയിൽനിന്നു വീണു. വീണത് ഭൂമിയിലായിരുന്നു. ഉടനെതന്നെ വിയർപ്പുതുള്ളി ഒരു പൈതലായി. കോമളനായ പൈതലായിരുന്നു. പൈതലിന്റെ ദേഹം ഒരുതരം ചുവപ്പുനിറമാണ്. മുനികൾ അവന് ലോഹിതാംഗൻ എന്നു പേരിട്ടു. ഭൂമിദേവി ലോഹിതാംഗനെ ലാളിച്ചുവളർത്തി. അവൻ ശിവഭക്തനായിരുന്നു. ശിവനെ തപസ്സുചെയ്തു. ശിവൻ അവനെ അംഗാരകം എന്ന ഗ്രഹമാക്കി.

(അംഗാരകം ചൊവ്വ എന്ന ഗ്രഹമാണ്)

(സ്കാന്ദപുരാണം—കാശീഖണ്ഡം, അദ്ധ്യായം 17)

അംഗിരസ്

പണ്ഡിതനും പരമഭക്തനുമായിരുന്നു അംഗിരസ്സ്.
അദ്ദേഹം ശിവനെ തപസ്സുചെയ്തു പ്രത്യക്ഷപ്പെടുത്തി.

'അംഗിരസ്സേ, നീ ഗ്രഹങ്ങൾക്കിടയിൽ ഏറ്റവും മാന്യനാകും. നിന്റെ പേര് ബൃഹസ്പതി എന്നുമാകും.' ശിവൻ അരുളിച്ചെയ്തു.

ഭഗവാൻ ബ്രഹ്മാവിനെ വിളിച്ചു.

'ബ്രഹ്മാവേ, ഇവൻ എന്റെ പ്രീതിക്ക് പാത്രമായിരിക്കുന്നു. ദേവന്മാരുടെ ആചാര്യനാവാൻ യോഗ്യനാണ് ഇവൻ. ആ സ്ഥാനത്ത് ഇവനെ അഭിഷേകം ചെയ്യിക്കൂ.' ഭഗവാൻ കല്പിച്ചു.

ആ അഭിഷേകം നടത്തി ബ്രഹ്മാവ്.

അങ്ങനെ ബൃഹസ്പതി ദേവഗുരുവായി.

(വ്യാഴൻ എന്ന ഗ്രഹമാണ് ബൃഹസ്പതി.)

(സ്കാന്ദപുരാണം—കാശീഖണ്ഡം, അദ്ധ്യായം 17)

നന്ദിയും ശുക്രനും

ശിവന്റെ ഭൃത്യരായ ഭൂതഗണങ്ങൾ ഒരു വശത്ത്; അന്ധകൻ എന്ന അസുരന്റെ ഭടന്മാർ മറുവശത്ത്– രണ്ടു സൈന്യങ്ങളും തമ്മിൽ ഘോരമായ സമരം നടക്കുകയാണ്.

(അന്ധകന്റെ കഥ അന്യത്ര പറഞ്ഞിട്ടുണ്ട്.)

അനേകം അസുരന്മാർക്ക് ജീവഹാനി സംഭവിച്ചു. അന്ധകൻ അത്യന്തം വ്യാകുലനായി. ആ അസുരവീരൻ ശുക്രമഹർഷിയെ ചെന്നു കണ്ടു.

'ഗുരോ, എന്റെ ഭടന്മാരിൽ വളരെപ്പേർ മൃതരായി. അങ്ങ് അവരെ ജീവിപ്പിക്കണം.' അന്ധകൻ തൊഴുകൈയോടെ അഭ്യർത്ഥിച്ചു.

മരിച്ചവരെ ജീവിപ്പിക്കുന്ന ഒരു വിദ്യയുണ്ട്. മൃതസഞ്ജീവിനി എന്നാണ് ആ വിദ്യയുടെ പേര്. ശുക്രൻ മൃതസഞ്ജീവിനി വശമാക്കിയിരുന്നു. മഹർഷി ആ വിദ്യ പ്രയോഗിച്ചു. ഫലമായി, മരിച്ചിരുന്ന അസുരഭടന്മാർ ജീവിച്ചെണീറ്റു പോരാടി!

ശിവഭൃത്യനായ നന്ദി ഭഗവാനെ ചെന്നുകണ്ടു.

'ചത്തുപോയ അസുരന്മാരെ ശുക്രൻ ജീവിപ്പിച്ചിരിക്കുന്നു. അവരതാ വീണ്ടും യുദ്ധംചെയ്യുകയാണ്. നന്ദി അറിയിച്ചു.

ശിവൻ ചൊടിച്ചു.

'നന്ദീ, നീ ചെന്ന് ശുക്രനെ പിടിച്ചുകൊണ്ടുവരൂ.' ഭഗവാൻ ആജ്ഞാപിച്ചു.

അതിശക്തനായ നന്ദി അസുരസൈന്യത്തിന്റെ മദ്ധ്യത്തിൽ കയറിച്ചെന്നു. എന്നിട്ട് ശുക്രമഹർഷിയെ പിടികൂടി. അദ്ദേഹത്തെ എടുത്തുകൊണ്ട് മണ്ടിയും തുടങ്ങി.

അത് അസുരന്മാരിൽ ചിലർ കാണാനിടയായി. അവർ നന്ദിയെ ചെന്നു തടഞ്ഞുനിർത്തി. നന്ദി എതിരാളികളെ തോല്പിച്ചിട്ട് ശിവസന്നിധിയിലെത്തി. എന്നിട്ട് ശുക്രനെ ഭഗവാന്റെ തൃക്കാൽക്കൽ വെച്ചു.

ശിവൻ ശുക്രനെ വായിലിട്ടു വിഴുങ്ങി!

വിവരമറിഞ്ഞ് അന്ധകനും സൈന്യങ്ങളും വന്നണഞ്ഞു. ഭൂതഗണങ്ങൾ ശത്രുക്കളോടിടഞ്ഞു. അപ്പോഴും അതിഘോരമായ രണമുണ്ടായി. ആ സമയമെല്ലാം ശിവന്റെ ഉദരത്തിനുള്ളിൽ കിടക്കുകയാണ് ശുക്രൻ. എങ്ങനെയാണു പുറത്തു കടക്കുക? ഒരു വഴിയും കണ്ടുകിട്ടിയില്ല. മഹർഷി ബഹുകാലം അവിടെ കിടന്നു. അപ്പോഴേക്കും ശിവനു കാരുണ്യം തോന്നി. ഭഗവാൻ ശുക്രനെ പുറത്തേക്കു വിട്ടു.

എന്തായിരുന്നു ശുക്രന്റെ പൂർവകഥ?

ഭാർഗവഗോത്രത്തിൽ ജനിച്ച ഒരു ബ്രാഹ്മണൻ. അദ്ദേഹം ശിവനെ ഭക്തിയോടെ ദീർഘകാലം തപസ്സു ചെയ്തു. ശിവൻ പ്രസാദിച്ചു പ്രത്യക്ഷനായി.

'നിനക്ക് എന്റെ വയറ്റിൽ കിടക്കാൻ സംഗതിയാവും. നീ ശുക്രനായി ഭവിക്കും. അസുരവർഗ്ഗത്തിന്റെ ഗുരുവുമാകും.' ഭഗവാൻ അനുഗ്രഹിച്ചു.

ആ അനുഗ്രഹം സഫലമായി!

(സ്കാന്ദപുരാണം)

ഹരികേശൻ

ഗന്ധമാദനത്തിൽ ഒരു യക്ഷൻ വാണിരുന്നു. രത്നഭദ്രൻ എന്നായിരുന്നു ആ യക്ഷന്റെ പേര്. പൂർണഭദ്രൻ എന്നൊരു പുത്രൻ രത്നഭദ്രനുണ്ടായി.

കുറേക്കാലം കഴിഞ്ഞ് രത്നഭദ്രൻ ശിവഭജനയിൽ മുഴുകി. എന്തായിരുന്നു അതിന്റെ സദ്ഫലം? ശിവലോകത്തിൽ പ്രവേശനം!

പൂർണഭദ്രൻ യശസ്വിയായി. യശസ്സിനൊത്ത ഗുണവുമുണ്ടായിരുന്നു അദ്ദേഹത്തിന്. സമ്പത്തിനാണെങ്കിൽ ഒരു പരിധിയുമില്ല. ഐശ്വര്യത്തിനും അപ്രകാരംതന്നെ.

ഇതൊക്കെയാണെങ്കിലും അദ്ദേഹത്തിന് ഒരു കുറവുണ്ടായിരുന്നു. സ്നേഹിക്കാനും ലാളിക്കാനും ഒരു പുത്രനില്ല. ആ സ്ഥിതിക്കു സമ്പത്തിനും ഐശ്വര്യത്തിനും എന്തു വില?

കാഞ്ചനകുണ്ഡല എന്നാണ് പൂർണഭദ്രന്റെ പത്നിയുടെ പേര്.

പൂർണഭദ്രന്റെ വ്യസനം നാൾതോറും കൂടിക്കൊണ്ടിരുന്നു.

ഒരു ദിവസം അദ്ദേഹം പൊട്ടിക്കരഞ്ഞു.

അദ്ദേഹത്തെ കാഞ്ചനകുണ്ഡല സമാധാനപ്പെടുത്തി:

'അങ്ങു ദുഃഖിക്കരുത്. നമുക്ക് പുത്രനുണ്ടാവാൻ ഒരു ഉപായമുണ്ട്. നാം ശിവനെ ശരണം പ്രാപിക്കണം. തീർച്ചയായും ഭഗവാൻ കനിയും. എത്രയെത്ര ഭക്തന്മാർക്ക് ഭഗവാൻ അഭീഷ്ടം നല്കിയിരിക്കുന്നു! ഭഗവാനെ സേവിക്കുകതന്നെ. നമുക്ക് ഉണ്ണിയുണ്ടാവും. യാതൊരു സംശയവുമില്ല.'

പത്നിയുടെ ഉപദേശം പൂർണഭദ്രനും സ്വീകാര്യമായിത്തോന്നി. അന്നുമുതൽ അദ്ദേഹം ശിവനെ ഭക്തിപൂർവം ഭജിച്ചുതുടങ്ങി. ക്രമേണ ഭക്തിക്കു ഫലവുമുണ്ടായി. ദമ്പതികൾക്ക് ഒരു പുത്രൻ ജാതനായി.

ഹരികേശൻ എന്നു കുട്ടിക്കു പേരിട്ടു.

ശൈശവത്തിൽത്തന്നെ ഹരികേശൻ ഒന്നു തെളിയിച്ചു—ശിവഭക്ത

നാണു താനെന്ന്. സാധാരണ ഭക്തിയല്ലതാനും. മറ്റു കുട്ടികൾ മണ്ണെടുത്തു കളിക്കും. പക്ഷേ, ഹരികേശൻ മണ്ണെടുത്തു കളിക്കയല്ല ചെയ്തത്; മറിച്ച് മണ്ണെടുത്ത് ശിവരൂപം ഉണ്ടാക്കി. ശിവരൂപമല്ലാതെ മറ്റൊന്നുമുണ്ടാക്കിയുമില്ല. പുല്ല്, പൂവ്, ഇലകൾ, പഴങ്ങൾ—അവയെല്ലാം എടുത്തു ശിവനായി നീക്കിവയ്ക്കയും ചെയ്യും. അപ്രകാരമാണ് അവന്റെ ബാലലീലകൾ.

ചില വർഷങ്ങൾകൂടി കഴിഞ്ഞു. ഹരികേശൻ കുറേക്കൂടി വളർന്നു. അവനു ചില കൂട്ടുകാരെയും കിട്ടി. ഓരോ കൂട്ടുകാരനും അവൻ ഓരോ പേരു നല്കി. സകലതും ശിവന്റെ പേരുകൾ!

എന്തായിരുന്നു അവന്റെ സ്ഥിതി? എല്ലാ വസ്തുക്കളിലും ശിവനെ കണ്ടു. എല്ലാ ശബ്ദങ്ങളിലും ശിവന്റെ ശബ്ദം കേട്ടു. ശിവനല്ലാതെ മറ്റു യാതൊന്നുമില്ല, അവനെ സംബന്ധിച്ചിടത്തോളം. ഇരിക്കുമ്പോൾ, നടക്കുമ്പോൾ, കിടക്കുമ്പോൾ, ഉണ്ണുമ്പോൾ, എല്ലാ സമയത്തും മനസ്സ് ശിവനിൽ ലയിച്ചിരുന്നു, ശിവനിൽമാത്രം!

ഇതെല്ലാം പൂർണഭദ്രൻ അറിയാതിരിക്കുമോ? ആദ്യമൊക്കെ അദ്ദേഹം അതത്ര സാരമാക്കിയില്ല. പിന്നെപ്പിന്നെ ആ നിലപാട് ഒന്നു മാറി. ശിവഭക്തി വേണ്ടതുതന്നെ. പക്ഷേ, ഇവന്റെ ഭക്തി കൂടിപ്പോയി. കുട്ടിയിലേ ഇങ്ങനെയായാലോ? വേണ്ട. അവൻ മറ്റു കുട്ടികളെപ്പോലെ കളിക്കട്ടെ, ചിരിക്കട്ടെ, ശരിക്കും ഉപദേശിക്കുകതന്നെ.

അദ്ദേഹം ഹരികേശനോടു പറഞ്ഞു:

"മകനേ, ഇക്കണ്ട സ്വത്തുക്കളെല്ലാം നിന്റെ വകയാണ്. എന്നിട്ടും നീ അതൊന്നും അനുഭവിക്കുന്നില്ല. നിനക്കു വിദ്യാഭ്യാസത്തിനുള്ള കാലമാണിത്. നീ വിദ്യാഭ്യാസത്തിൽ താത്പര്യം കാണിക്കുന്നില്ല. നിന്റെ താത്പര്യം മുഴുവൻ ഈശ്വരസേവയിലാണ്. ഈശ്വരസേവ നല്ലതുതന്നെ. പക്ഷേ, അതു വേണ്ടതു വാർദ്ധക്യത്തിലാണ്, ബാല്യത്തിലല്ല.'

ആ ഉപദേശത്തിനു ഫലമൊന്നുമുണ്ടായില്ല. ഹരികേശൻ മുമ്പത്തെപ്പോലെ ജീവിച്ചു. പൂർണഭദ്രൻ മകനെ ശാസിച്ചുനോക്കി. അതൊന്നും ഒരു പ്രയോജനവും ഉളവാക്കിയില്ല. ഇനി ശിക്ഷിക്കുകതന്നെ വേണം—അതായി അദ്ദേഹത്തിന്റെ നിശ്ചയം. അദ്ദേഹം വടിയെടുത്തു മകനെ അടിക്കാൻ ചെന്നു.

അച്ഛന്റെ വരവു കണ്ട് ഹരികേശൻ പേടിച്ചരണ്ടു. ഗൃഹത്തിൽനിന്നു പുറത്തിറങ്ങി ഓടി. കുറേ അകലെ ഒരിടത്തുചെന്ന് ഓടിയ ക്ഷീണം തീർക്കാനായി ഇരിപ്പായി.

അവന്റെ ആലോചന ഒരു വഴിക്കു പോയി:

'ഞാൻ ഇന്നേവരെ ഗൃഹം വിട്ടിട്ടില്ല. ഇനി ഞാൻ എങ്ങോട്ടാണു പോവുക? എനിക്ക് ഒരിടവും പരിചയമില്ല. ഞാൻ ശിവനെ സേവിച്ചുകൂടത്രെ! കണ്ടില്ലേ, അച്ഛന്റെ നിർബന്ധം? എന്റെ മനസ്സ് എല്ലായ്പോഴും ശിവനിൽ പറ്റി നില്ക്കുന്നു. മറ്റൊരു വസ്തുവിലും എനിക്കു താത്പര്യമില്ല. ആ നിലയ്ക്കു വീട്ടിൽ കഴിഞ്ഞാലോ? എനിക്കു ദുഃഖം മാത്രമേ ഉണ്ടാവുകയുള്ളു. ഞാനൊന്നു കേട്ടിട്ടുണ്ട്, ശിവഭജനത്തിനു വാരാണസിയാണ് ഏറ്റവും നല്ലതെന്ന്. നേരെ വാരാണസിയിലേക്കു പോവുകതന്നെ.'

എന്തിനു പറയുന്നു, ഹരികേശൻ യാത്രയാരംഭിച്ചു. ദീർഘമായിരുന്നു, ക്ലേശകരമായിരുന്നു, അവന്റെ യാത്ര. വല്ലവിധവും അവൻ വാരാണസിയിൽ

എത്തിച്ചേർന്നു. അവിടെ ആനന്ദകാനനം എന്നൊരു സ്ഥലമുണ്ട്. അവൻ ആനന്ദകാനനത്തിൽ ഇരുന്നു തപസ്സുചെയ്തു.

ഏറ്റവും മനോഹരമായിരുന്നു ആനന്ദകാനനം; ശാന്തി കളിയാടുന്ന സ്ഥലവും.

ഒരിക്കൽ ശിവൻ അവിടെ പോകാൻ സംഗതിയായി; ഒന്നിച്ച് പാർവതീ ദേവിയും. അവർ തപസ്സുചെയ്യുന്ന ഹരികേശനെ കാണാനിടയായി.

അപ്പോഴേക്കും എന്തായിരുന്നു ഹരികേശന്റെ അവസ്ഥ?

ദേഹം എല്ലും തൊലിയുമായിരിക്കുന്നു. ശ്വാസോച്ഛ്വാസംമാത്രമേയുള്ളു, ജീവനുണ്ടെന്നു തെളിയിക്കുന്നതായിട്ട്. അവൻ യാതൊന്നും കാണുന്നില്ല, കേൾക്കുന്നില്ല. മനസ്സ് ശിവനിൽ ലയിച്ചിരിക്കുന്നു!

ശ്രീപാർവതിക്കു ദയവു തോന്നി. ദേവി ഭഗവാനോട് ഒരു അഭ്യർത്ഥന ചെയ്തു:

'അങ്ങ് ഈ ബാലനെ അനുഗ്രഹിക്കണം. അവനു വേണ്ടുന്ന വരവും നല്കണം.'

പത്നിയുടെ ആഗ്രഹം സാധിപ്പിക്കതന്നെ—അതായി ശിവന്റെ നിശ്ചയം. ഭഗവാൻ ഹരികേശന്റെ അടുക്കലേക്കു ചെന്നു. അവന്റെ ഇളംമേനിയിൽ തൃക്കൈകൊണ്ടു തലോടി.

ഹരികേശൻ അടച്ചിരുന്ന കണ്ണുകൾ തുറന്നു. ആരാണു തന്റെ മുമ്പിൽ നില്ക്കുന്നത്? ശിവനും ശ്രീപാർവതിയും!

അവൻ അവരെ വീണുവണങ്ങി. എന്തൊക്കെയോ പറയാനും ഭാവിച്ചു. പക്ഷേ, വാക്കുകൾ പുറത്തുവന്നില്ല.

ശിവൻ അരുളിച്ചെയ്തു:

'ഹരികേശാ ഞാൻ നിന്നിൽ സന്തോഷിച്ചിരിക്കുന്നു. എനിക്ക് ഏറ്റവും പ്രിയങ്കരമാണ് കാശിയിലെ ക്ഷേത്രം. നീ ഇന്നു മുതൽ അവിടത്തെ ക്ഷേത്രപാലകനാണ്. അതാണ് എന്റെ നിശ്ചയം. ആ ജോലിക്കു പ്രത്യേകം ചില ശക്തികൾ ആവശ്യമുണ്ട്. ഞാനിതാ നിനക്ക് ആ ശക്തികൾ തരുന്നു. ക്ഷേത്രത്തിൽ വരുന്നവർ നിന്നെയും ആരാധിക്കും!'

അത്രയും അറിയിച്ചിട്ട് ശിവൻ അപ്രത്യക്ഷനായി; ഭർത്താവിനോടൊന്നിച്ച് ശ്രീപാർവ്വതിയും.

ഹരികേശൻ ജീവിതം തുടർന്നു—പുണ്യം നിറഞ്ഞ പുതിയ ജീവിതം!

(സ്കാന്ദപുരാണം)

ഗോപബാലൻ

ചന്ദ്രസേനരാജാവ് ഉജ്ജയിനിയിൽ വാഴുന്ന കാലമാണ്. ശിവഭക്തരിൽ മുമ്പനായിരുന്നു രാജാവ്.

ഭഗവാൻ ഭക്തനു സമ്മാനവും നല്കി-ദിവ്യമായ ഒരു മണി!

ഒരിക്കൽ വലിയൊരു സദസ്സുകൂടിയിരുന്നു. അനേകം രാജാക്കന്മാർ ഒത്തുചേർന്ന സദസ്സാണ്. അവിടെയും കയറിച്ചെന്നു ചന്ദ്രസേനൻ. ദിവ്യമണി കഴുത്തിൽ അണിഞ്ഞുകൊണ്ടാണ് അദ്ദേഹം വന്നത്. അങ്ങനെ ഒരു മണി സദസ്യർ അന്നോളം കണ്ടിരുന്നില്ല. എല്ലാവരും അത്ഭുതത്തോടെ കണ്ണിമ

യ്ക്കാതെ നോക്കി. അവർക്കു മറ്റൊന്നും ബോദ്ധ്യമായി. മണി കാരണം ചന്ദ്രസേനൻ അതീവ തേജസ്വിയായിരിക്കുന്നു!

രാജാക്കന്മാർ അസൂയകൊണ്ടു കലുഷിതരായി; അതേസമയം അതിയായ സ്പർദ്ധകൊണ്ടും. സദസ്സ് പിരിഞ്ഞതിനുശേഷം അവർ ഗൂഢമായി കൂടിയാലോചന നടത്തി. ചന്ദ്രസേനനെ തോല്പിച്ച് രാജ്യം പിടിച്ചടക്കണം—അതായിരുന്നു കൂടിയാലോചനയിൽനിന്നു രൂപമെടുത്ത തീരുമാനം.

അവർ ഒന്നിച്ച് സൈന്യങ്ങൾ ശേഖരിച്ചു. സൈന്യങ്ങളെ ഉജ്ജയിനിയിലേക്കു നയിച്ചു. നഗരത്തെ വളഞ്ഞ് താവളവുമടിച്ചു.

ഒരുനാൾ ചന്ദ്രസേനൻ ശിവക്ഷേത്രത്തിലേക്കു ചെന്നു. അദ്ദേഹം നിയമേന അവിടെ ചെന്ന് പ്രാർത്ഥിക്കാറുണ്ട്. ഇപ്പോൾ രണ്ടുപേർ ക്ഷേത്രത്തിൽ എത്തിയിരിക്കുന്നു—ഒരു വിധവയും അവളുടെ കൊച്ചുമകനും. ഗോപസ്ത്രീ ആയിരുന്നു വിധവ.

രാജാവിന്റെ പ്രാർത്ഥനയും പൂജയും നോക്കിനിന്നു വിധവയും കൊച്ചുമകനും. പിന്നീട് അവരും പ്രാർത്ഥന നടത്തി. എന്നിട്ട് തങ്ങളുടെ വീട്ടിൽ തിരിച്ചെത്തി.

ഗോപബാലൻ രാജാവ് പൂജ ചെയ്തത് കണ്ടിരുന്നുവല്ലോ. അതുപോലെയൊക്കെ അവനും വീട്ടിൽ പൂജിക്കാൻ തുടങ്ങി. അവൻ മണ്ണുകൊണ്ട് തോന്നിയപോലെ ഒരു രൂപം നിർമിച്ചുവെച്ചു. ആ രൂപം ശിവനാണെന്ന് സങ്കല്പിച്ചു. രാജാവിനെപ്പോലെ പൂക്കളും അർപ്പിച്ചു.

എന്തിനു പറയുന്നു, അടുത്ത ദിവസം അവന് വലുതായ മാറ്റം സംഭവിച്ചു. അവന്റെ ശ്രദ്ധ ശിവപൂജയിലായി—ശിവപൂജയിൽ മാത്രം! മറ്റൊന്നും അവൻ അറിയുന്നില്ല. നേരം ഉച്ചയായതും അവൻ അറിയുന്നില്ല. അമ്മ ഉണ്ണാൻ വിളമ്പുന്നതും അവൻ അറിയുന്നില്ല. അവന്റെ മനസ്സ് ശിവനിൽ കൊളുത്തിപ്പിടിച്ചപോലെ പറ്റിക്കൂടി.

അമ്മ മകനെ പലപ്രാവശ്യവും ഉണ്ണാൻ വിളിച്ചു. മകൻ വരുന്നില്ല എന്നു മാത്രമല്ല, വിളികേൾക്കുന്നുപോലുമില്ല. ആ സ്ത്രീ പുറത്തേക്കു ചെന്നു നോക്കി. അപ്പോൾ കണ്ടു, മകൻ ശിവപൂജ നടത്തുന്നു. അവൻ പൂജചെയ്തു കളിക്കുകയാണ്. അതായിരുന്നു അവളുടെ വിചാരം. അല്പസമയം കഴിഞ്ഞു തീർച്ചയായി, കളിയല്ല കാര്യമാണ് എന്ന്. അതിയായ അരിശമുണ്ടായി അമ്മയ്ക്ക്. അപ്പോൾ അമ്മ അവനെ നല്ലപോലെ അടിച്ചു. ശിവന്റെ മൺരൂപം എടുത്തു ദൂരത്തെറിഞ്ഞു. പൂക്കൾ വാരി കാറ്റിൽ പറത്തി. എന്നിട്ട് വീട്ടിലേക്കു കയറിപ്പോയി. വേണ്ട മകൻ ഊണു കഴിക്കണ്ട!

ഗോപബാലൻ നിലവിട്ടു കരഞ്ഞു. അവന് അടിയുടെ വേദന സഹിക്കാം. വിശപ്പു സഹിക്കാം. ഭഗവാന്റെ രൂപം എടുത്തെറിഞ്ഞത് സഹിച്ചുകൂടാ. അവൻ വാവിട്ടുകരഞ്ഞു. വീട്ടിൽനിന്ന് ഇറങ്ങി നടന്നു. സങ്കടം കൂടിവന്നതേയുള്ളു. അല്പം അകലെ ഒരിടത്ത് എത്തി. അവൻ മൂർച്ഛിച്ചു വീണുപോയി.

കുറെക്കഴിഞ്ഞ് അവന് ബോധം വീണു. കണ്ണു തുറന്നപ്പോഴോ? ഒരു കാഴ്ച കണ്ടു സാക്ഷാൽ ശിവൻ ഒരു പീഠത്തിൽ ഇരുന്നരുളുന്നു!

അവൻ ശിവനെ സാഷ്ടാംഗം നമസ്കരിച്ചു.

'ഭഗവാനേ, എന്റെ അമ്മ അറിയാതെ തെറ്റുചെയ്തു പോയി. അവിടുന്ന് അമ്മയുടെ തെറ്റ് പൊറുക്കണം. ഞാൻ അല്പമെങ്കിലും പുണ്യം ചെയ്തി

ട്ടുണ്ട് എന്നുവരികിലോ? ആ പുണ്യമത്രയും ഞാനിതാ അവിടുത്തേക്കായി സമർപ്പിക്കുന്നു. അതു സ്വീകരിച്ച് അവിടുന്ന് അമ്മയുടെ ദോഷം ഇല്ലാതാക്കണം!'

അത്രയും പറഞ്ഞ് അവൻ ശിവപൂജയിൽ മുഴുകി.

ഭഗവാൻ മറഞ്ഞിട്ടും അവൻ പൂജ തുടർന്നു. ഒടുവിൽ സൂര്യൻ അസ്തമിക്കാറായി. അപ്പോൾ അവൻ വീട്ടിലേക്കു മടങ്ങി. എന്താണിത്? തന്റെ ജീർണിച്ച കൊച്ചുവീട് കാണാനില്ല! അതിന്റെ സ്ഥാനത്ത് വലിയൊരു മണിമാളിക നില്ക്കുന്നു. എത്ര ഭംഗിയുള്ള, മോടിയാർന്ന മണിമാളിക!

അവൻ ധൃതിയിൽ മണിമാളികയ്ക്കുള്ളിൽ കയറി. അങ്ങുമിങ്ങും നടന്ന് അമ്മയെ അന്വേഷിച്ചു. അപ്പോഴേക്കും അമ്മയെ കണ്ടുകിട്ടി. അതാ ഒരു സ്വർണക്കട്ടിലിൽ അമ്മ കിടക്കുകയാണ്. അമ്മ പട്ടുവസ്ത്രങ്ങളും രത്നാഭരണങ്ങളും ധരിച്ചിരിക്കുന്നു. അവൻ അടുക്കലേക്ക് ഓടിച്ചെന്നു.

അപ്പോഴാണ് ഒന്നു മനസ്സിലായത്—അമ്മ ചേതനയറ്റ് കിടക്കുകയാണ്! അവൻ പരവശനായി അമ്മയെ പലവുരു വിളിച്ചു. സ്നേഹത്തോടെ അമ്മയുടെ കൈയിൽ പിടിച്ചു. അപ്പോൾ അമ്മ ഉണർന്നെഴുന്നേറ്റു—ഗാഢനിദ്രയിൽനിന്ന് എന്നപോലെ. ആ സ്ത്രീ കണ്ണുമിഴിച്ചു ചുറ്റിനും നോക്കി. താനിപ്പോൾ ഒരു മണിമാളികയിലാണ്. ആ മണിമാളിക തന്റെ വകയുമാണ്. സമ്പത്തും ഐശ്വര്യവും കളിയാടുന്ന മണിമാളിക!

എന്താണ് തന്റെ സ്ഥിതിയുടെ വ്യത്യാസത്തിനു കാരണം? മറ്റൊന്നുമല്ല, ശിവന്റെ കാരുണ്യംതന്നെ—അക്കാര്യം ഗോപസ്ത്രീക്കു ബോദ്ധ്യമായി.

നടന്നതെല്ലാം രാജാവിനെ അറിയിക്കണം. അതായി ഗോപബാലന്റെ നിശ്ചയം. അവൻ നേരെ കൊട്ടാരത്തിൽ ചെന്നു. നടന്നതെല്ലാം ചന്ദ്രസേനനെ അറിയിച്ചു. രാജാവ് അവനെ ഗാഢമായി ആശ്ലേഷിച്ചു. എന്നിട്ട് അവനോടുകൂടി മണിമാളികയിലെത്തി. അതെ, അവൻ പറഞ്ഞതെല്ലാം അക്ഷരംപ്രതി ശരിതന്നെ!

അത്ഭുതമല്ലേ സംഭവിച്ചിരിക്കുന്നത്? ആ വർത്തമാനം ഉജ്ജയിനിലാകെ വ്യാപിച്ചു. കേട്ടവർ കേട്ടവർ മണിമാളിക കാണാൻ ഓടിച്ചെന്നു. എന്തൊരു തിക്കും തിരക്കും!

നഗരത്തിനു ചുറ്റും പാളയമടിച്ചിരിക്കുന്നില്ലേ ശത്രുരാജാക്കന്മാർ? അവർക്കും അത്ഭുതത്തെക്കുറിച്ച് അറിവു കിട്ടി. അതോടെ അവരുടെ മനോഭാവം മാറുകയായി. അന്നോളം അവർക്ക് ചന്ദ്രസേനനോട് കടുത്ത ശത്രുത ആയിരുന്നു. ചന്ദ്രസേനന് ശിവന്റെ അനുഗ്രഹമുണ്ട്. അതിന്റെ ദൃഷ്ടാന്തമാണ് പുതിയ മണിമാളിക. ശത്രുക്കളുടെ അസൂയയും വിരോധവും മാറി. അവയുടെ സ്ഥാനത്തു സ്നേഹവും ബഹുമാനവും! അവർ യുദ്ധം മതിയാക്കി എന്നു മാത്രമോ? ചന്ദ്രസേനന്റെ മിത്രങ്ങളുമായി.

രാജാക്കന്മാർ ഗോപബാലനെയും ചെന്നുകണ്ടു. എത്ര കറയറ്റ ശിവഭക്തിയാണ് അവന്! ആ ഭക്തിയാണല്ലൊ പുതിയ സംഭവത്തിനു കാരണം. എല്ലാവരുംചേർന്ന് അവനെ ബഹുമാനിച്ചു. എന്നു മാത്രമോ? ഏറ്റവും ആദരവോടുകൂടി വണങ്ങി.

ഗോപബാലൻ ഗോപന്മാരുടെ നാഥനായി വാഴിക്കപ്പെട്ടു.

രാജാക്കന്മാർ വീണ്ടും സദസ്സുകൂടി.

ഹനുമാൻ സദസ്സിൽ ആവിർഭവിച്ചു. എല്ലാവരും എഴുന്നേറ്റ് ഹനുമാനെ നമസ്കരിച്ചു. ഹനുമാൻ ഗോപബാലനെ പിടിച്ചു മാറോടണച്ചു എന്നിട്ട് എല്ലാവരോടുമായി പറഞ്ഞു:

'മന്ദവാരം, കൃഷ്ണപക്ഷം, പ്രദോഷം. മൂന്നും ഒന്നിച്ചു വരുന്നതു ദുർലഭമാണ്. അതാണ് ഇന്നലെ സംഭവിച്ചത്. ഈ ബാലൻ മന്ത്രം ചൊല്ലിക്കൊണ്ടൊന്നുമല്ല ശിവനെ പൂജിച്ചത്. എങ്കിലും അവന്റെ ഭക്തി ഒന്നു പ്രത്യേകമായിരുന്നു. അതിൽ കൈതവം തീണ്ടിയിരുന്നില്ല. അതിനാൽ ഭഗവാൻ അവനിൽ പ്രസാദിച്ചു.'

രാജാക്കന്മാർ ആശ്ചര്യത്തോടെ കേട്ടുനിന്നു.

ഒന്നുകൂടി അറിയിച്ചിട്ട് ഹനുമാൻ അന്തർദ്ധാനം ചെയ്തു:

'ഈ ഗോപബാലന് ഇനി എട്ടു ജന്മം ഉണ്ടാകും. എട്ടാം ജന്മത്തിൽ ഇവന് ഒരു മഹാഭാഗ്യം ഉണ്ടാകും. വിഷ്ണുഭഗവാൻ കൃഷ്ണനായി അവതരിക്കും. ഇവനോട്, ഇവന്റെ പുത്രഭാവത്തിൽ വർത്തിക്കും. അതായത്, ഇവനായിരിക്കും നന്ദഗോപൻ!'

(സ്കാന്ദപുരാണം)

വിമർദനൻ

വേടരാജാവ് ആയിരുന്നു വിമർദനൻ. വിക്രമനാണ്, ശരിതന്നെ. എങ്കിലും ഒരുവിധത്തിൽ ദുഷ്ടനാണ്. അയാൾ ദിവസംപ്രതി മൃഗങ്ങളെ വേട്ടയാടും. അവയുടെ മാംസം ഭക്ഷിക്കും. അതേസമയം പലേ ദുർനടപടികളും ചെയ്യും. എന്നിരുന്നാലും ഒരു പുണ്യകൃത്യം പതിവായി അനുഷ്ഠിച്ചുവരുന്നു. ചതുർദശിദിവസം മുടങ്ങാതെ ശിവപൂജ നിർവഹിക്കുക—അതാണ് ആ പുണ്യകൃത്യം.

വിമർദനന് ഒരു ഭാര്യയുണ്ട്, കുമുദ്വതി. ഭാര്യയ്ക്കു ഭർത്താവിന്റെ നടപടികൾ ഇഷ്ടമല്ല. ആദ്യമൊക്കെ അവൾ അവയെക്കുറിച്ച് ഒന്നും മിണ്ടിയില്ല. എങ്കിലും ഒരു ദിവസം തുറന്നുപറയുകതന്നെ ചെയ്തു:

'അങ്ങു പല ദുഷ്പ്രവൃത്തികളും ചെയ്യാറുണ്ട്. അതേ സമയം ചതുർദശിയിൽ മുടങ്ങാതെ ശിവപൂജയും നടത്തുന്നു. രണ്ടും തമ്മിൽ യാതൊരു പൊരുത്തവുമില്ല. എനിക്കു മനസ്സിലാകുന്നില്ല.'

അന്നോളം വിമർദനൻ ഒരു രഹസ്യം പുലർത്തിപ്പോന്നു. ആ രഹസ്യം ആരോടും പറഞ്ഞിട്ടില്ല. അതിപ്പോൾ പുറത്താക്കുകതന്നെ. അതായി അയാളുടെ നിശ്ചയം:

'കുമുദ്വതീ, വാസ്തവത്തിൽ ഞാൻ ത്രികാലജ്ഞനാണ്. നീ എന്റെ പൂർവകഥ കേൾക്കണം. അപ്പോൾ നിനക്ക് എല്ലാം മനസ്സിലാകും.'

അയാൾ ഭാര്യയെ ആ കഥ കേൾപ്പിച്ചു.

ഇതാണു കഥ:

കഴിഞ്ഞ ജന്മത്തിൽ വിമർദനൻ എന്തായിരുന്നു? ഒരു നായ്. പമ്പാപുരത്തിലാണ് ആ നായ് കഴിഞ്ഞുകൂടിയത്. അവിടെ ഒരു ശിവക്ഷേത്രം ഉണ്ടായിരുന്നു. ദൈവഗത്യാ നായ് ഒരിക്കൽ ക്ഷേത്രത്തിൽ കടക്കാൻ ഇടയായി.

അന്നേദിവസം ചതുർദശിയും ആയിരുന്നു. അനേകം ശിവഭക്തന്മാർ അമ്പലത്തിൽ വന്നിട്ടുണ്ട്. നൈവേദ്യത്തിനായി പലേ പദാർത്ഥങ്ങളും ധാരാളം ഒരുക്കിയിട്ടുമുണ്ട്. വല്ലതും തിന്നാൻ കിട്ടണം എന്നായിരുന്നു നായുടെ ആഗ്രഹം. പക്ഷേ, നൈവേദ്യം തിന്നാൻ മാർഗവുമില്ല. കുറേനേരം നായ് പൂജ നോക്കിനിന്നു. അതിനിടയ്ക്ക് ക്ഷേത്രത്തിലെ കാവൽക്കാർ നായെ കാണാനിടയായി. അവർ വടിയെടുത്ത് നായ്ക്ക് അടികൊടുത്തു. നായ് വേദനയെടുത്ത് ഓടി. കാവല്ക്കാർ വടിയുമായി പുറകെകൂടി. നായ് ഒരു പ്രാവശ്യം ക്ഷേത്രത്തെ വലത്തുവെച്ചു. തൊട്ടു പുറകിലായി കാവല്ക്കാരും. നായ് ഇടയ്ക്കിടയ്ക്ക് അടി കൊള്ളുന്നുണ്ട്. ഓടുന്നുമുണ്ട്. അങ്ങനെ പലവുരു ക്ഷേത്രത്തെ വലത്തുവെച്ചു. ഒടുവിൽ നായ്ക്ക് തുടരെത്തുടരെ അടികിട്ടി. അതു ചത്തുവീഴുകയും ചെയ്തു.

നായ് ഒരു മൃഗമാണ്. നൈവേദ്യം തിന്നാൻ ആഗ്രഹിച്ചതാണ്—അതൊക്കെ ശരിതന്നെ. എങ്കിലും ശിവപൂജ കണ്ടില്ലേ? ക്ഷേത്രത്തെ പ്രദക്ഷിണം ചെയ്തില്ലേ? അവിടെത്തന്നെ പ്രാണൻ പോയില്ലേ? എല്ലാറ്റിന്റെയും ഫലം ഒന്നിച്ചുകൂടി ഒന്നിച്ചുകിട്ടി. എന്തായിരുന്നു ഫലം? നായ്ക്ക് മനുഷ്യജന്മം സിദ്ധിച്ചു. അതോ വേടരാജാവായിട്ടും!

കഴിഞ്ഞ കാലം, നടപ്പുകാലം, വരുംകാലം—ആ മൂന്നു കാലങ്ങളെക്കുറിച്ചു പൂർണമായ ജ്ഞാനമുണ്ട് വേടരാജാവിന്. അയാൾ ത്രികാലജ്ഞനാണ് എന്നർത്ഥം.

അത്രയും കേൾപ്പിച്ചിട്ട് വിമർദനൻ ഭാര്യയോടു പറഞ്ഞു:

'കുമുദ്വതീ, ഞാൻ ദുഷ്ടകൃത്യങ്ങൾ ചെയ്യാറുണ്ട്. സമ്മതിക്കുന്നു. എങ്കിലും ചതുർദശിയിൽ മുടങ്ങാതെ ശിവപൂജയും ചെയ്യുന്നുണ്ട്. ഇപ്പോൾ മനസ്സിലായോ?'

അതിയായ അത്ഭുതമുണ്ടായി കുമുദ്വതിക്ക്. അവൾ അപേക്ഷിച്ചു:

'ത്രികാലജ്ഞനായ അങ്ങ് എനിക്ക് ഒന്നുപറഞ്ഞു തരണം—അതായത് എന്റെ പൂർവജന്മം.'

വിമർദനൻ ആ കഥയും കേൾപ്പിച്ചു:

കഴിഞ്ഞ ജന്മത്തിൽ കുമുദ്വതി ഒരു ചെറുപക്ഷിയായിരുന്നു.

ഒരിക്കൽ ചെറുപക്ഷി പറന്നുപോവുകയാണ്. കൊക്കിൽ ഒരു മാംസക്ഷണം വെച്ചിട്ടുമുണ്ട്. ഭീകരനായ ഒരു കഴുകൻ അതു കാണാനിടയായി. കഴുകൻ ചെറുപക്ഷിയുടെ അടുക്കലെത്തി. ചെറുപക്ഷി പേടിച്ച് രക്ഷയ്ക്കായി അങ്ങുമിങ്ങും പറന്നു. അങ്ങനെ അതൊരു ശിവക്ഷേത്രത്തിന്റെ മുകളിലായി. അപ്പോഴേക്കും അതു വളരെ ക്ഷീണിച്ചിരുന്നു. അത് ക്ഷേത്രത്തെ വലത്തുവെച്ചു. എന്നിട്ട് കൊടിമരത്തിൽ ചെന്നിരുന്നു. കഴുകൻ വന്ന് ചെറുപക്ഷിയെ കൊത്തിക്കൊന്നു. മാംസക്കഷണം അപഹരിച്ച് പറന്നുപോവുകയും ചെയ്തു.

ചെറുപക്ഷി അടുത്ത ജന്മം കുമുദ്വതിയായി.

'ശരി. ഇനി നമ്മൾ രണ്ടുപേരുടെയും ജന്മങ്ങൾ എന്തായിരിക്കും?' അറിയാൻ കുമുദ്വതിക്ക് അതിയായ ആകാംക്ഷയുണ്ടായി.

ത്രികാലജ്ഞനായ വിമർദനൻ വരുംകാലത്തെ ജന്മങ്ങൾ അറിയിച്ചു.

വിമർദനൻ ആറു ജന്മങ്ങളിലും രാജാവായിരിക്കും. ഓരോരോ രാജ്യങ്ങളിലായിരിക്കും നാടുവാഴുക. കുമുദ്വതി ഒന്നൊന്നായി ആറു രാജ്യങ്ങളിൽ

രാജകുമാരിയായി ജനിക്കും. ആറു ജന്മങ്ങളിലും അവർ ഭാര്യാഭർത്താക്കന്മാരാവും. വിമർദനന്റെ ഏഴാം ജന്മമോ? പത്മവർണൻ എന്ന പാണ്ഡ്യരാജാവായിട്ട്; കുമുദ്വതി വിദർഭയിലെ വസുമതി എന്ന രാജകുമാരിയായിട്ടും. പത്മവർണൻ വീരന്മാരിൽ വീരനായിരിക്കും; വസുമതി സുന്ദരിമാരിൽ സുന്ദരിയും.

എല്ലാ രാജാക്കന്മാർക്കും ഒന്നായിരിക്കും ആഗ്രഹം—വസുമതിയെ കല്യാണം കഴിക്കണം എന്ന്. അവർ അതിനായി അങ്ങേയറ്റം പ്രയത്നിക്കുകയും ചെയ്യും. പക്ഷേ, അവരുടെ പ്രയത്നം വിഫലമാവുകയേയുള്ളു. വസുമതിയുടെ ഭർത്താവാകുന്നതു മറ്റാരുമല്ല, പത്മവർണൻ തന്നെ. മറ്റു രാജാക്കന്മാർക്ക് അതിയായ ഇച്ഛാഭംഗം ഉണ്ടാകും. ഇച്ഛാഭംഗത്തോടുകൂടി പത്മവർണനോട് അതിരുകടന്ന കോപവും. തങ്ങൾക്കു സാധിക്കാത്തത് പത്മവർണനു സാധിച്ചില്ലെ? അയാളെ തോല്പിക്കണം എന്നായിരിക്കും അവരുടെ ആഗ്രഹം. അവർ യുദ്ധത്തിനു പുറപ്പെടുകയും ചെയ്യും. പത്മവർണനുണ്ടോ ഒരു കൂസൽ? ആ രാജാവ് എതിരാളികളെ തടുത്തുനിർത്തും, അവരെ തോല്പിച്ചോടിക്കും, പാണ്ഡ്യരാജാവായി തുടർന്നു വിരാജിക്കും. വസുമതി പാണ്ഡ്യരാജ്ഞിയായി പരിലസിക്കും. രാജദമ്പതികൾക്കു പുത്രനുണ്ടാവും. അവർക്കു വാർദ്ധക്യം വന്നുചേരുമ്പോഴോ? രാജ്യം പുത്രനെ ഏല്പിച്ചിട്ട് വനംപൂകും. തപസ്സുചെയ്തു പരഗതിനേടുകയും ചെയ്യും.

അത്രയുമാണ് വിമർദനൻ പത്നിയെ അറിയിച്ച ഭാവിഫലങ്ങൾ.

അന്നുമുതൽ കുമുദ്വതിയും ശിവഭക്തയായി.

പിൽക്കാലങ്ങളിൽ എല്ലാം സംഭവിച്ചു—വിമർദനൻ ദീർഘദർശനംചെയ്തതുപോലെ!

(സ്കാന്ദപുരാണം)

പാർവതീപരിണയം

ത്രൈലോക്യരനായ അസുരനായിരുന്നു താരകൻ. ദേവന്മാർക്ക് താരകൻ തീരാബാധയായി. ശിവന്റെ പുത്രനു മാത്രമേ താരകനെ വധിക്കാനാവൂ. ശിവനു പുത്രനില്ലതാനും!

(താരകാസുരന്റെ കഥ അന്യത്ര പറഞ്ഞിട്ടുണ്ട്.)

പുത്രൻ ഇല്ലാത്തതും പോട്ടെ, ഭഗവാനു ഭാര്യപോലുമില്ല. ഭാര്യ ഉണ്ടായിരുന്നു, സതി. പക്ഷേ, സതി ദേഹത്യാഗം ചെയ്തിട്ടു കാലം വളരെയായി. ഇനിയിപ്പോൾ ശിവൻ വീണ്ടും വിവാഹംകഴിക്കണം. അതിനൊരു വഴി കണ്ടുപിടിച്ചു ദേവന്മാർ. അവർ ഹിമവാനെ സന്ദർശിച്ചു. പർവതങ്ങളുടെ നാഥനാണ് ഹിമവാൻ. അതിഥികളെ സത്കരിച്ചിരുത്തി ആ മാഹാനുഭാവൻ. അതിനുശേഷം അവർ വന്ന കാര്യം അന്വേഷിച്ചു.

'ഹിമവാനേ, താരകാസുരനെക്കുറിച്ച് അങ്ങു കേട്ടിട്ടുണ്ടായിരിക്കണം. അവൻ കാരണം ഞങ്ങൾ വലഞ്ഞിരിക്കുന്നു. അങ്ങ് ആ ദുഷ്ടന്റെ വധത്തിനു സഹായിക്കണം.' ദേവന്മാർ അപേക്ഷിച്ചു.

'എനിക്ക് എന്തു സഹായിക്കാൻ കഴിയും? പണ്ടായിരുന്നെങ്കിൽ വല്ലതും ചെയ്യാമായിരുന്നു. പർവതങ്ങളായ ഞങ്ങൾക്ക് അന്നൊക്കെ ചിറകുകൾ ഉണ്ടായിരുന്നു. പക്ഷേ, ഞങ്ങളുടെ ചിറകുകളെ ദേവേന്ദ്രൻ വെട്ടിക്കളയുകയാണു ചെയ്തത്. അതിനു മുമ്പാണെങ്കിലോ? പറന്നു ചെന്ന് അസുരന്മാരോടു പൊരുതാമായിരുന്നു. ഇന്നു ഞങ്ങൾക്ക് ഇരുന്നിടത്തുനിന്ന് ഇളകാൻപോലും വയ്യ. ഞാനെന്തു ചെയ്യട്ടെ?' ഹിമവാൻ പറഞ്ഞു.

ദേവന്മാർ ജനിക്കാനിരിക്കുന്ന ശിവപുത്രനെക്കുറിച്ച് അറിയിച്ചു.

'ഓഹോ, അങ്ങനെയോ? എന്നാൽ, നിങ്ങൾ ശിവന് അനുരൂപയായ വധുവിനെ അന്വേഷിക്കുവിൻ.' ഹിമവാൻ നിർദ്ദേശം നല്കി.

'മഹാത്മൻ, ഇന്നുള്ള കന്യകമാരിൽ ആരും ഭഗവാനു പോരാ. ഇനിയൊരു കന്യക ജനിച്ചാലേ പറ്റൂ. അവൾ അങ്ങയുടെ മകളായി ജനിക്കുകയും വേണം.' ദേവന്മാർ പറഞ്ഞു.

അവർ യാത്ര പറഞ്ഞിറങ്ങി. അപ്പോൾ ഹിമവാൻ മേനയോടു വിവരം പറഞ്ഞു. ഹിമവാന്റെ പത്നിയാണ് മേന. തങ്ങളുടെ മകൾ ശിവന്റെ പത്നിയാവുക—അതിൽപ്പരം ഒരു മഹാഭാഗ്യമുണ്ടോ? ദമ്പതികൾ അവളുടെ ജനനത്തിനായി കാത്തിരുന്നു.

ഒടുവിൽ അവൾ ജനിക്കുകതന്നെ ചെയ്തു. ആ സമയം ദേവന്മാർ പൂമഴ പെയ്യിച്ചു. സതിയുടെ അടുത്ത ജന്മമാണല്ലോ. മംഗളകരമായ ഒരു അവസരം!

പർവതത്തിന്റെ പുത്രിയായി പിറന്നില്ലേ? അക്കാരണത്താൽ ദേവിക്ക് പാർവതി എന്നായി നാമധേയം. കണ്ണഞ്ചിക്കുന്ന സൗന്ദര്യമുണ്ടായിരുന്നു ബാല്യത്തിൽത്തന്നെ!

കറുപ്പായിരുന്നു പാർവതിയുടെ നിറം. അതോ, ഏറ്റവും മനോഹരമായ കറുപ്പും. ആ പെൺകുട്ടി തോഴികളോടൊത്ത് ഉല്ലാസമായി കളിച്ചുനടന്നു. ആരായിരുന്നു തോഴിമാർ യഥാർത്ഥത്തിൽ? ദേവകന്യകമാരും യക്ഷകന്യകമാരും മറ്റും! മാത്രമല്ല, മറ്റു പർവതങ്ങളുടെ പുത്രിമാരും!

ലോകം ചുറ്റിസ്സഞ്ചരിക്കയാണല്ലോ നാരദന്റെ പതിവ്. ഒരിക്കൽ സഞ്ചാരത്തിനിടയിൽ അദ്ദേഹം ഹിമവാന്റെ മന്ദിരത്തിൽ ചെന്നു. ഹിമവാനും മേനയും അതിഥിയെ ഉപചാരത്തോടെ അഭിവാദ്യം ചെയ്തു. അപ്പോൾ ബാലികയായ പാർവതിയും ഉണ്ടായിരുന്നു അവരോടൊപ്പം.

'മകളേ, മഹർഷിയെ ചെന്നു വന്ദിക്കൂ.' ഹിമവാൻ പാർവതിയോട് ആവശ്യപ്പെട്ടു.

പക്ഷേ, പാർവ്വതി നിന്നിടത്തു നിന്നതേയുള്ളൂ. തീരെ പരിചയമില്ലാത്ത ആളല്ലേ വന്നിരിക്കുന്നത്? അതേ സമയം അവൾ ചെറിയ കുഞ്ഞുമല്ലേ? അവൾ അടുത്തു വരാനായി നാരദൻ ഒരു വിദ്യ പ്രയോഗിച്ചു. മഹർഷി രത്നം കൊണ്ടു നിർമിച്ച ഒരു കളിപ്പാട്ടം എടുത്തു. എന്നിട്ട് അത് പാർവതിയുടെ നേർക്കു നീട്ടി. അതാ ആർത്തിയോടെ ഓടിവരികയാണ് അവൾ! നാരദൻ കുഞ്ഞിനെ പൊക്കിയെടുത്തു മടിയിൽ ഇരുത്തി.

മകളുടെ ഭാവിജീവിതം എങ്ങനെയിരിക്കും? അതറിയാൻ ഔത്സുക്യമുണ്ടായി മേനയ്ക്ക്. പ്രത്യേകിച്ച് ഒന്നറിയാനുണ്ട്—അവളുടെ ഭർത്താവ് ഏതു തരത്തിൽപെട്ട ആളായിരിക്കും?

'മഹർഷേ, ഭൂതകാലം, വർത്തമാനകാലം, ഭാവികാലം—അവയെല്ലാം കാണുന്നവനാണല്ലോ അങ്ങ്. പാർവതിയുടെ ഭർത്താവിനെക്കുറിച്ച് അറിയാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്. അങ്ങ് അതു പറഞ്ഞു തരണം.' മേന അഭ്യർത്ഥിച്ചു.

'ശരി. ഞാൻ പറഞ്ഞുതരാം. ഇവളുടെ ഭർത്താവ് കുലമില്ലാത്തവൻ ആയിരിക്കും. അതേസമയം പരമദരിദ്രനും കോപിഷ്ഠനും.' നാരദൻ എടുത്തടിച്ചപോലെ പറഞ്ഞു.

അതു കേട്ടപ്പോൾ ഹിമവാന്റെയും മേനയുടെയും മനസ്സിടിഞ്ഞു. ഏതു മാതാപിതാക്കന്മാരുടെ മനസ്സുതന്നെ ഇടിയുകയില്ല?

'മഹർഷേ, എന്തൊരു ദോഷമാണ് പാർവതിക്കുള്ളത്?'- ആ ചോദ്യം ചോദിച്ചത് ഹിമവാനാണ്.

ഒരു കുസൃതി കാട്ടുകയായിരുന്നു നാരദൻ. സ്വതവേ ആ ശീലമുള്ള മഹർഷിയാണല്ലോ. അദ്ദേഹം ഒന്നു ചിരിച്ചു.

'നിങ്ങൾക്കു പരിഭ്രമമൊന്നും വേണ്ട, കേട്ടൊ? ഞാൻ സൂചിപ്പിച്ച ആൾ മറ്റാരുമല്ല-സാക്ഷാൽ ശിവൻതന്നെ. അതെ, ശിവനായിരിക്കും പാർവതിയുടെ ഭർത്താവ്.' അദ്ദേഹം പറഞ്ഞു.

എന്തു സന്തോഷമായെന്നോ ഹിമവാനും മേനയ്ക്കും!

ആ സമയത്തൊക്കെ ശിവൻ തപസ്സിൽ മുഴുകിയിരിക്കുകയാണ്. ഹിമവാന്റെ വകയായ ഒരു താഴ്വരയാണ് തപസ്സിനുള്ള സ്ഥലവും. ഒരുനാൾ ഹിമവാൻ ഭഗവാനെ വന്ദിക്കാനായി അങ്ങോട്ടു ചെന്നു. ഒന്നിച്ച് പാർവതിയെയും കൊണ്ടുപോയി.

'ഭഗവാനേ, ദിവസേന അവിടുത്തെ വന്ദിക്കാൻ വരണമെന്നു ഞങ്ങൾക്ക് ആഗ്രഹമുണ്ട്.' ഹിമവാൻ പറഞ്ഞു.

'അങ്ങുമാത്രം വന്നാൽ മതിയാവും.' ശിവൻ പറഞ്ഞു.

പാർവതി എതിർവാദം പുറപ്പെടുവിച്ചു. അതിനു കാരണം ഇല്ലാതില്ല, പൂർവസ്മരണ മങ്ങാതെ കിടപ്പുണ്ട് മനസ്സിൽ.

'അങ്ങ് ആരാണ്? ഞാൻ ആരാണ്? അത് ആലോചിച്ചുവേണം പ്രവർത്തിക്കാൻ.' അവൾ സധൈര്യം ചൂണ്ടിക്കാട്ടി.

'ശരി, നിങ്ങൾ രണ്ടുപേരും വന്നുകൊള്ളുവിൻ.' ശിവൻ സമ്മതമേകിയിട്ടു പുഞ്ചിരി തൂകി.

അടുത്ത ദിവസംമുതൽ അവർ വരികയും ചെയ്തു. പക്ഷേ, ശിവന്റെ മനസ്സ് ഇളകുന്നതേയില്ല. മനസ്സ് ഇളകിയാലേ പാർവതിയെ കല്യാണം കഴിക്കൂ. പാർവതിയെ കല്യാണംകഴിച്ചാലേ പുത്രനുണ്ടാവൂ. ആ പുത്രനു മാത്രമേ താരകാസുരനെ വധിക്കാനൊക്കൂ. അതിൽ ദേവന്മാർക്കു യാതൊരു സംശയവുമില്ല. അടിയന്തിരമായി വേണ്ടത് ഒന്നാണ്—ശിവന്റെ മനസ്സിന് ഇളക്കം വരുത്തണം. അത് എപ്രകാരം സാധിക്കും? ദേവന്മാർ ഗാഢമായും തുടർച്ചയായും ആലോചിച്ചു. അപ്പോൾ അവർക്ക് ഒരു യുക്തിയുണ്ടായി. ശിവന്റെ മനസ്സിളക്കാൻ കാമദേവനു സാധിക്കും—കാമദേവനു മാത്രമേ സാധിക്കൂതാനും!

കാമദേവൻ ദേവേന്ദ്രന്റെ ചങ്ങാതിയാണ്. ദേവേന്ദ്രനെ സഹായിക്കാൻ സദാ ഒരുക്കവുമാണ് കാമദേവൻ. ദേവേന്ദ്രൻ ഉറ്റചങ്ങാതിയെ വിളിച്ചുവരുത്തി.

'പ്രിയസ്നേഹിതാ, എനിക്കു നിങ്ങളുടെ സഹായം അത്യാവശ്യമായി വേണ്ടിവന്നിരിക്കുന്നു.' അദ്ദേഹം പറഞ്ഞു.

'എത്ര മഹർഷിമാരുടെ തപസ്സു ഞാൻ വിഘ്നപ്പെടുത്തിയിരിക്കുന്നു! അതൊക്കെ നിങ്ങൾക്ക് അറിയാവുന്നതല്ലേ? പിന്നെന്തിന് ഈ അധൈര്യം? എന്നെ ധിക്കരിക്കാൻ ആർക്കും കഴിയുകയില്ല. ഞാൻ എന്താണ് വേണ്ടത്?' കാമദേവൻ ചോദിച്ചു.

ദേവേന്ദ്രൻ വിസ്തരിച്ച് അറിയിച്ചു:

'കാമദേവാ, ശിവന്റെ മനസ്സിൽ ആ ആഗ്രഹം പ്രബലമാവുകതന്നെ വേണം—അതായത്, പാർവ്വതിയെ വിവാഹം കഴിക്കണം എന്ന ആഗ്രഹം. അതിനായി ഭഗവാന്റെ മനസ്സിനെ ഇളക്കുകതന്നെ വേണം.' ദേവേന്ദ്രൻ ആവശ്യപ്പെട്ടു.

സ്വശക്തിയിൽ അമിതമായ വിശ്വാസമുണ്ട് കാമദേവന്. തന്റെ വിജയത്തിൽ യാതൊരു സന്ദേഹവും ഇല്ലതാനും. കാമദേവന് ഒരു ഉറ്റ തോഴനുണ്ട്, വസന്തം. സാധാരണയായി ഇരുവരും ഒന്നിച്ചാണു പ്രവർത്തിക്കാറുള്ളത്. ഇപ്പോഴും ആ പതിവിനു വ്യത്യാസം ഉണ്ടായിരുന്നില്ല. അവരൊന്നിച്ചു യാത്രയായി. സ്വർഗസുന്ദരികളിൽ ചിലരെയും കൊണ്ടുപോയി. എല്ലാവരുംകൂടി ആ സ്ഥലത്ത് എത്തിച്ചേരുകയും ചെയ്തു—ശിവൻ തപസ്സിരിക്കുന്ന സ്ഥലത്ത്. ഒരു വനത്തിന്റെ മദ്ധ്യത്തിലാണ് അവിടം. കാമദേവന്റെയും അകമ്പടിക്കാരുടെയും സാന്നിദ്ധ്യം ഉണ്ടായപ്പോഴോ? വനത്തിന്റെ മട്ടാകെ പെട്ടെന്നു മാറിപ്പോയി. കുയിലുകളുടെ കൂജനങ്ങൾ എങ്ങും കേൾക്കുമാറായി. പല വർണങ്ങൾ കലർന്ന പൂക്കൾ വിടർന്നു വിലസി. വണ്ടുകൾ മുരണ്ടുകൊണ്ടു മണ്ടി നടന്നു. മണം വഹിച്ചു കുളുർതെന്നൽ മന്ദമായി വീശി. എന്തു ഭംഗി! എന്തു സുഖം!

ശിവന്റെ കിങ്കരന്മാരിൽ ഒരു മുഖ്യനാണ് നന്ദി. ഇതൊക്കെക്കൂടി നന്ദിയുടെ ശ്രദ്ധയെ ആകർഷിച്ചു. പ്രകൃതി പെട്ടെന്നു വ്യത്യാസപ്പെട്ടിരിക്കുന്നു. എന്താണ് ഇതിനു കാരണം? നന്ദിക്ക് അതു പിടികിട്ടിയില്ല.

ഇതിനിടയ്ക്ക് എന്തൊക്കെയാണ് കാമദേവൻ ചെയ്തതെന്നോ? വലിയൊരു മരത്തിന്റെ പിന്നിൽ മറഞ്ഞു നില്പായി. കരിമ്പുവില്ലും പൂവമ്പുകളും കൈയിലെടുത്തു. ആ അമ്പുകൾ എയ്തിട്ടാണ് ആളുകളുടെ മനസ്സ് ഇളക്കുക. ഇപ്പോൾ എയ്യുന്നതോ, ശിവനെ ലാക്കാക്കിക്കൊണ്ടും. അതേസമയം പാർവതി അവിടെ വന്നെത്തുകയും ചെയ്തു. കാമദേവൻ ശിവന്റെ നേർക്കു തെരുതെരെ പൂവമ്പുകളയച്ചു. വിചിത്രംതന്നെ എന്നു പറയട്ടെ—ആ അമ്പുകൾ ശിവന്റെ ഉറച്ച മനസ്സിന് ഇളക്കംവരുത്തി. ഭഗവാൻ അടച്ചിരുന്ന തിരുമിഴികൾ തനിയെ തുറക്കുകയായി. അപ്പോൾ കണ്ടത് ആരെയെന്നോ? മുന്നിൽ നില്ക്കുന്ന പാർവതിയെത്തന്നെ. ആ നിമിഷത്തിൽ ഭഗവാന്റെ ഹൃദയത്തിൽ ഒരു ആഗ്രഹമുണ്ടായി—പാർവതിയെ വിവാഹംകഴിക്കണം!

അതിനുശേഷമാണ് മറ്റൊന്നു തോന്നിയത്. എന്താണ് ഇപ്രകാരമൊരു ആഗ്രഹം ഉണ്ടാവാൻ കാരണം. തപസ്സിനു വിഘ്നം നേരിട്ടിരിക്കുന്നുവെന്നു തെളിഞ്ഞിട്ടുണ്ട്. ആരാണ് ഈ വിഘ്നം വരുത്തിവെച്ചത്? ഭഗവാൻ നാലു

ചുറ്റിനും കണ്ണുകളെ പായിച്ചു. അതാ, ആരാണ് മരത്തിന്റെ പിറകിൽ മറഞ്ഞുനില്ക്കുന്നത്? ശ്രദ്ധിച്ചു നോക്കിയപ്പോൾ മനസ്സിലായി—കാമദേവൻ! അപ്പോൾ അവന്റെ പണിയാണിത്, അല്ലേ? ശിവന്റെ കോപം ചിറപൊട്ടി. തൃക്കണ്ണിൽനിന്നു ഭീകരമായ അഗ്നി പുറത്തേക്കു ചാടി. ആ അഗ്നി പാഞ്ഞുചെന്ന് കാമദേവനെ പൊതിഞ്ഞു. കാമദേവന്റെ ശരീരം ദഹിച്ചു ചാമ്പലായി!

കണ്ടുനിന്ന ദേവന്മാർ ആകുലരായി. കാമദേവനാണ് വിവാഹങ്ങൾക്കു കാരണം. വിവാഹങ്ങൾ ഇല്ലാതെ പോയാലോ? മനുഷ്യജാതിയാകെ നശിച്ചുപോകും. ഒരിക്കലും അതിനിടവരുത്തിക്കൂടാ. വല്ലവിധവും കാമദേവനെ വീണ്ടും ജീവിപ്പിക്കണം. ജീവിപ്പിക്കുവാൻ ശിവനു മാത്രമേ സാധിക്കുകയുള്ളു.

ദേവന്മാർ ശിവന്റെ കാല്ക്കൽ വീണു.

'ഭഗവാനേ, കാമദേവൻ അവിടുത്തെ തപസ്സിനു ഭംഗം വരുത്തി, ശരിതന്നെ. പക്ഷേ, അദ്ദേഹം സ്വയമേവ ചെയ്തതല്ല. ഞങ്ങളുടെ ആഗ്രഹപ്രകാരമാണ് ചെയ്തത്. അവിടുന്ന് അദ്ദേഹത്തെ ജീവിപ്പിക്കണം. പാർവതിയെ കല്യാണം കഴിക്കുകയും വേണം. എത്രയോ പ്രാവശ്യം അവിടുന്നു ഞങ്ങളെ സഹായിച്ചിരിക്കുന്നു. ഇനിയും ഞങ്ങളിൽ കാരുണ്യം ഉണ്ടാവണം.' അവർ താഴ്മയായി അഭ്യർത്ഥിച്ചു.

'ദേവന്മാരേ, ഈ കാമദേവനാണ് സകല കുഴപ്പങ്ങളും വരുത്തിവെക്കുന്നത്. അവനില്ലെങ്കിൽ സംഗതികൾ ശരിക്കും നടക്കും.' ശിവൻ പറഞ്ഞു.

പക്ഷേ, അത് ദേവന്മാർക്കു സമ്മതമായില്ല. കാമദേവൻ ജീവിച്ചാലേ പറ്റൂ. അവർ ശിവനോടു ശാഠ്യം പിടിച്ചു. ശിവന് അല്പം നീരസം തോന്നാതിരുന്നില്ല. ഭഗവാൻ നിന്നിടത്തുനിന്നു മറഞ്ഞുകളഞ്ഞു.

കാമദേവന്റെ പത്നിയാണ് രതി. പുരുഷസൗന്ദര്യത്തിൽ ഒന്നാമൻ കാമദേവൻ തന്നെ. സ്ത്രീസൗന്ദര്യത്തിൽ ഏറ്റവും മുമ്പിൽ രതിയുമാണ്. ഭർത്താവിന്റെ ദേഹനാശം രതിയെ അതിയായി ദുഃഖിപ്പിച്ചു. ഏതു ഭാര്യതന്നെ ദുഃഖിക്കുകയില്ല? രതി ദയനീയമായി വിലപിക്കുവാൻ തുടങ്ങി.

അതുകണ്ട് പാർവതിയുടെ മനസ്സലിഞ്ഞു. രതിയെ സാന്ത്വനപ്പെടുത്താനായി ശ്രമം. അത് ഒട്ടൊക്കെ ഫലിക്കുകയും ചെയ്തു.

'രതീ, നീ കൂട്ടാക്കണ്ട, ഞാൻ നിന്റെ ഭർത്താവിനെ ജീവിപ്പിക്കാൻ യത്നിക്കാം.' പാർവ്വതി പറഞ്ഞു.

ഏതിനും തപസ്സുചെയ്യുകതന്നെ—അതായി രതിയുടെ നിശ്ചയം. ആ പതിവ്രത അവിടെയിരുന്നു തപസ്സും ആരംഭിച്ചു.

ദിവസങ്ങൾ കുറെ കഴിഞ്ഞു. നാരദൻ ആ വഴിക്കു വരാനിടയായി. മഹർഷി രതിയെ കണ്ടെത്തി.

'രതീ, എന്തിനാണു തപസ്സു ചെയ്യുന്നത്?' അദ്ദേഹം ചോദിച്ചു.

നാരദനോട് അത്രകണ്ടു മതിപ്പു തോന്നിയില്ല രതിക്ക്. ഏഷണിയാണല്ലോ മഹർഷിയുടെ വിനോദം. ഇപ്പോഴും ഏഷണികൂട്ടാൻ വന്നതാവണം,

'അങ്ങ് കലഹപ്രിയനാണ്. ഇവിടെ നിൽക്കണ്ട, പൊയ്ക്കൊള്ളണം.' രതി ദേഷ്യത്തോടെ പറഞ്ഞു.

തന്നോട് ആരും ഇപ്രകാരം പറയാറില്ല. നാരദന് അതിയായ അമർഷമുണ്ടായി. എന്നാൽ, ഇവളെ ഒരു പാഠം പഠിപ്പിക്കണം! അതായി മഹർഷി

യുടെ നിശ്ചയം. അദ്ദേഹം നേരെ ചെന്ന് ശംബരനെ കണ്ടു. ദുഷ്ടനും വിക്രമിയുമായ അസുരനാണ് ശംബരൻ.

'ശംബരാ, നീ അറിഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഞാൻ പറഞ്ഞുതരാം. കാമദേവനെ ശിവൻ ചുട്ടുകളഞ്ഞു. രതി ഇപ്പോൾ തപസ്സുചെയ്യുകയാണ്. നിനക്ക് എല്ലാവിധത്തിലും യോജിച്ച ഭാര്യയായിരിക്കും അവൾ. ആരും ഇപ്പോൾ അവളുടെ സഹായത്തിനില്ല. നീ അവളെ പിടിച്ചുകൊണ്ടുപൊയ്ക്കൊള്ളൂ.' നാരദൻ പറഞ്ഞു.

കാലം കളയാതെ ശംബരൻ രതിയുടെ സവിധത്തിലെത്തി:

'രതി, അസുരശ്രേഷ്ഠനായ ശംബരനാണ് ഞാൻ. ഈ തപസ്സു മതിയാക്കൂ. എന്നിട്ട് എന്റെ ഭാര്യയായി സകല സുഖങ്ങളും അനുഭവിക്കൂ. വരൂ, നമുക്കു പോകാം.' അവൻ ക്ഷണിച്ചു.

'വേണ്ടാത്തതു പറയരുത്!' രതി താക്കീതു നല്കി.

പക്ഷേ, ശംബരനുണ്ടോ അനുസരിക്കുന്നു? അവൻ രതിയെ പിടിച്ചെടുത്തു കൊണ്ടുപോയി, തന്റെ പുരത്തിൽ പാർപ്പിക്കുകയും ചെയ്തു.

പാർവതിയോ? അവിടെ തപസ്സു തുടങ്ങി—അതായത്, ശിവൻ കാമദേവനെ ദഹിപ്പിച്ച സ്ഥലത്ത്. ശിവൻ ഭർത്താവാകണം—അതായിരുന്നു തപസ്സിന്റെ ഉദ്ദേശ്യം.

ആ വിവരം അറിവായി ഹിമവാനും മേനയ്ക്കും. അവർക്കാകെ സംഭ്രമമായി. വല്ലവിധവും മകളെ ഈ കൃത്യത്തിൽനിന്നു പിൻതിരിപ്പിക്കണം. ഇരുവരും വനത്തിൽ ചെന്നു പാർവതിയെ കണ്ടു.

'മകളെ, തപസ്സു മതിയാക്കി ഗൃഹത്തിലേക്കു വരൂ' ഹിമവാൻ ആവശ്യപ്പെട്ടു.

മേന ഭർത്താവിനെ ശക്തിയായി പിൻതാങ്ങി.

'അച്ഛനും അമ്മയും മടങ്ങിപ്പൊയ്ക്കൊള്ളണം. ശിവൻ വരുംവരെ ഞാൻ തപസ്സു തുടരും. എന്റെ നിശ്ചയം ഇളകുകയില്ല.' പാർവതി പറഞ്ഞു.

ഗത്യന്തരമില്ലാതെ ഹിമവാനും മേനയും മടങ്ങിപ്പോയി.

പാർവതിയുടെ തോഴിമാരിൽ രണ്ടുപേരാണ് ജയയും വിജയയും. അവരും വനത്തിൽത്തന്നെ കഴിഞ്ഞുകൂടി—സ്വാമിനിയെ പരിചരിക്കാൻ വേണ്ടി മാത്രം.

കാലം ചെല്ലുന്തോറും പാർവതിയുടെ തപസ്സ് കൂടുതൽ ഉഗ്രമായി. തപസ്വിനിയുടെ ആഹാരം ഇലകൾ മാത്രമായി. കുറെനാൾ കഴിഞ്ഞപ്പോഴോ? ഇലകളും ഇല്ലാതായി. അപ്പോൾ പാർവതിക്ക് അപർണ എന്നൊരു നാമമുണ്ടായി. പർണം എന്നാൽ ഇല. പർണമില്ലാതെ ജീവിക്കുന്നവൾ, അപർണ! പിന്നീടു ഭക്ഷണം ഒന്നുമാത്രമായി—വായുഭക്ഷണം!

തപസ്സിന്റെ ഉഗ്രത ഉഷ്ണമുളവാക്കി. ആ ഉഷ്ണം നാലുദിക്കിലും വ്യാപിച്ചുതുടങ്ങി. എന്തിനു പറയുന്നു. മൂന്നു ലോകങ്ങളും തപിക്കുകയായി. ഈ നിലയ്ക്കുപോയാൽ അവയൊക്കെ ദഹിച്ചുപോവുകയില്ലെ? ദേവന്മാർക്കു പരിഭ്രമം കലശലായി. അവർ ബ്രഹ്മാവിനെക്കൂട്ടി മഹാവിഷ്ണുവിന്റെ മുമ്പിലെത്തി. മഹാവിഷ്ണുവിന്റെ സഹായവും അഭ്യർത്ഥിച്ചു.

'നിങ്ങൾ ശിവനെക്കണ്ടു സങ്കടം ഉണർത്തുവിൻ.' മഹാവിഷ്ണു നിർദ്ദേശിച്ചു.

'അയ്യോ, ഞങ്ങൾക്കു ഭയമാകുന്നു.' ദേവന്മാർ പറഞ്ഞു.

കാര്യം ശരിയായിരുന്നു. ശിവന്റെ കണ്ണിലെ അഗ്നിയില്ലെ? ആ അഗ്നി കാമദേവനെ ചുട്ടെരിച്ചതാണ്. അതു തങ്ങളെയും ചാമ്പലാക്കുമോ? അതായിരുന്നു ദേവന്മാരുടെ പേടി.

എന്നാൽ, താനുംകൂടി പോവുകതന്നെ—അതായി മഹാവിഷ്ണുവിന്റെ നിശ്ചയം. എല്ലാവരുംകൂടി ശിവന്റെ സന്നിധിയിൽ എത്തിച്ചേർന്നു. എന്നിട്ട് അപേക്ഷയും സമർപ്പിച്ചു—പാർവതിയെ പത്നിയാക്കണമെന്ന്. ശിവനും പാർവതിക്കും ഒരു പുത്രനുണ്ടാവണം. ആ പുത്രനു മാത്രമേ താരകാസുരനെ വധിക്കാനൊക്കൂ. താരകാസുരൻ ജീവിച്ചിരുന്നാൽ ലോകനാശം സംഭവിക്കുകയും ചെയ്യും. അതൊക്കെ അവർ പറഞ്ഞിട്ടും ശിവൻ ഇളകിയില്ല.

വന്നവർ നിരാശരായി മടങ്ങിപ്പോയി.

പക്ഷേ, പാർവതിയുടെ തപസ്സിന്റെ ചൂടു വർദ്ധിച്ചുവരികയാണ്. ഒടുവിൽ ആ ചൂടു ശിവനെപ്പോലും ബാധിച്ചു. അതിനുശേഷം അടങ്ങിയിരിക്കാൻ ശിവനു കഴിഞ്ഞില്ല. ഇനി പാർവതിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകതന്നെ—അതിനു ശിവൻ ഒരുക്കമായി.

പാർവതിയെ ഒന്നു പരീക്ഷിക്കണം—ആ ഉദ്ദേശ്യവും ഉണ്ടായിരുന്നു ശിവന്. ഭഗവാൻ പാർവതിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു, ശരിതന്നെ. പക്ഷേ, സാധാരണയുള്ള രീതിയിലല്ല.പിന്നയോ, ഒരു സന്ന്യാസിയുടെ രൂപത്തിൽ!

പാർവതി ധ്യാനത്തിൽ ലയിച്ചിരിക്കുന്നു. അപ്പോഴാണ് ഒരു സന്ന്യാസി വന്നെത്തിയത്. ശിവനാണ് അതെന്നു തോഴിമാരുണ്ടോ അറിയുന്നു? സന്ന്യാസി സ്വാമിനിയോടു സംസാരിക്കാൻ ഭാവിക്കുന്നു—അതുകണ്ട് അവർ അദ്ദേഹത്തെ തടഞ്ഞു.

'മഹാത്മൻ, ഞങ്ങളുടെ സ്വാമിനി ധ്യാനിക്കുന്നതു കണ്ടില്ലേ? ധ്യാനം മതിയാക്കാൻ അല്പം താമസിക്കും. അപ്പോൾ അങ്ങേക്ക് സംസാരിക്കാം.' അവർ പറഞ്ഞു.

ഒന്നു ചുറ്റിനടന്നിട്ടു വരികതന്നെ—ആ ഭാവത്തിൽ സന്ന്യാസി അടുത്തുള്ള തടാകത്തിലേക്കു പോയി. ഏറ്റവും താഴ്ചയുള്ള സരസ്സായിരുന്നു അത്. ശിവൻ ഒരു നേരമ്പോക്കിനുതന്നെ മുതിർന്നു. ഭഗവാൻ സരസ്സിൽ വീണിട്ടു 'രക്ഷിക്കണേ! രക്ഷിക്കണേ!' എന്നു മുറവിളികൂട്ടി. അതു കേട്ടു തോഴിമാർ പരിഭ്രമിച്ചു വന്നെത്തി. സരസ്സിന്റെ കരയിൽനിന്ന് അവർ കൈനീട്ടി. കൈയിൽ പിടിച്ച് സന്ന്യാസി കരയ്ക്കു കേറണം—അതായിരുന്നു അവരുടെ ഉദ്ദേശ്യം. പക്ഷേ സന്ന്യാസി അപ്രകാരം ചെയ്തില്ല, അതിനിടയ്ക്ക് പാർവതി ധ്യാനത്തിൽനിന്ന് ഉണർന്നുകഴിഞ്ഞു. പാർവതിയും അവിടേക്ക് ഓടിയെത്തി. സന്ന്യാസിയെ കേറ്റാനായി ഇടതുകൈ നീട്ടിനില്ക്കയും ചെയ്തു.

ഒരു കുസൃതിയാണ് ശിവൻ ആലോചിച്ചുറച്ചിട്ടുള്ളത്. വലതുകൈ പിടിച്ചാണ് പാണിഗ്രഹണം—അതായത്, വിവാഹം. പാർവതിയെ വലതുകൈകൊണ്ടു പിടിപ്പക്കണം—അപ്പോൾ വിവാഹകർമം നടക്കുകയാവും!

'ഛെ, ഇടതുകൈ പിടിക്കുകയോ? അത് ഏറ്റവും നിന്ദ്യമാണ്. അതൊട്ടും ഭംഗിയല്ല. വേണ്ട, ഞാൻ മരിച്ചുകൊള്ളാം.' സന്ന്യാസി പറഞ്ഞു.

'ഞാൻ ശിവനല്ലാതെ മറ്റൊരു പുരുഷനും വലതുകൈ കൊടുക്കുകയില്ല.' പാർവതി അറിയിച്ചു.

"കൊള്ളാം! മുങ്ങിച്ചാവുന്നവനെ രക്ഷിക്കാൻ വയ്യത്രെ. വേണ്ട, എന്നെ രക്ഷിക്കണ്ടാ.' സന്ന്യാസി പറഞ്ഞു.

സന്ന്യാസി മുങ്ങിച്ചത്താൽ വലിയ കഷ്ടമാവുകയില്ലേ! അദ്ദേഹത്തിന്റെ ജീവരക്ഷ പുണ്യമാണ്. പാർവതി വലംകൈ നീട്ടിക്കൊടുത്തു. സന്ന്യാസി വലംകൈകൊണ്ടു പിടിച്ചു കരയ്ക്കുകയറി!

സന്ന്യാസി ജയയെയും വിജയയെയും നേരിട്ടു.

'ആരാണ് ഈ സുന്ദരി ? എന്തിനു തപസ്സു ചെയ്യുന്നു.' അദ്ദേഹം ചോദിച്ചു.

ജയ സത്യം അറിയിച്ചു.

സന്ന്യാസി ശിവനെ നിന്ദിച്ചു സംസാരിച്ചു.

കൊള്ളാം! ഇവൾ മൂഢയാണ് എന്നു തോന്നുന്നു.

നിന്ദ്യനായ ശിവനെ തപസ്സുചെയ്യുന്നുപോലും! ഏറ്റവും അശുദ്ധനല്ലെ ശിവൻ? കൈയിലാണെങ്കിൽ തലയോട്. വീടാണെങ്കിൽ ചുടുകാട്. ദേഹത്താണെങ്കിൽ ചുടല ഭസ്മം. ഉടുക്കുന്നത് തോൽ. ദേഹത്തു പാമ്പുകൾ. കൂട്ടുകാരോ, ഭൂതങ്ങളും. ഇവളാണെങ്കിലോ, പരമസുന്ദരി. ദേവേന്ദ്രൻ, വരുണൻ, വായു, യമൻ, അഗ്നി, കുബേരൻ—അങ്ങനെ എത്രയെ മഹാന്മാരുണ്ട് ഇവൾക്ക് അനുരൂപരായിട്ട്. എന്നിട്ട് ഇവൾക്ക് വൃത്തികെട്ട ശിവന്റെ ഭാര്യയാവണംപോലും! അത്ഭുതംതന്നെ!'

അതു കേട്ടപ്പോൾ പാർവതി കോപിച്ചു.

'ഹേ, സന്ന്യാസി, പുലമ്പാതെ ഇവിടുന്നു പൊയ്ക്കൊള്ളണം. അങ്ങ് കള്ളസന്ന്യാസിയാണ്. കള്ളത്തരമൊന്നും ഇവിടെ പറ്റുകയില്ല, കേട്ടോ?' ദേവി പറഞ്ഞു.

സന്ന്യാസി തോഴിമാരുടെ നേർക്കു തിരിഞ്ഞു.

'എന്തിനാണ് നിങ്ങളുടെ സ്വാമിനി എന്നോടു കോപിക്കുന്നത്? ഞാൻ സ്വന്തമായ അഭിപ്രായമൊന്നും പറഞ്ഞില്ല. ലോകർ അഭിപ്രായപ്പെടുന്നതു കേട്ടു പറഞ്ഞതാണ്. എന്നിട്ടാണ് എന്നോട് ഈ കോപം! ' അദ്ദേഹം പറഞ്ഞു.

'മര്യാദയ്ക്കു പൊയ്ക്കൊള്ളു. ഒരു ക്ഷണം ഇവിടെ നില്ക്കണ്ടാ!' വിജയ ആവശ്യപ്പെട്ടു.

പൊടുന്നനവെ ശിവൻ സന്ന്യാസിവേഷം ത്യജിച്ചു സ്വന്തം രൂപം കൈക്കൊണ്ടു.

ദേവിയും ജയയും വിജയയും ആശ്ചര്യത്താൽ സ്തബ്ധകളായി.

'പാർവതീ, വരം ചോദിച്ചുകൊള്ളൂ.' ശിവൻ സംപ്രീതനായി നിർദ്ദേശിച്ചു.

'ഭഗവാനേ, ഞാൻ കഴിഞ്ഞ ജന്മത്തിൽ സതിയായിരുന്നല്ലോ. അന്ന് അച്ഛനായ ദക്ഷൻ എന്റെ വിവാഹം വേണ്ടതുപോലെ നടത്തിയില്ല. ഇനി ഇപ്പോൾ അതുപോലെ പോരാ. വിവാഹം ഗംഭീരമായി നടത്തുകതന്നെവേണം. ആദ്യമായി അവിടുന്ന് അച്ഛനെക്കണ്ട് എന്നെ വധുവായി ആവശ്യപ്പെടണം.' പാർവതി അപേക്ഷിച്ചു.

ശിവൻ സമ്മതമേകിയിട്ട് അപ്രത്യക്ഷനായി.

ഹിമവാനും മേനയും താമസിയാതെ വന്നെത്തി, മകളെ കാണാനായിട്ട്.

പാർവതി നടന്നതെല്ലാം വിസ്തരിച്ച് അറിയിച്ചു. എത്ര സന്തോഷമാണ് ഉണ്ടായതെന്നോ അച്ഛനും അമ്മയ്ക്കും? അവർ പുത്രിയെയുംകൊണ്ടു മന്ദിരത്തിലേക്കു മടങ്ങിപ്പോയി.

ശിവനുവേണ്ടി സപ്തർഷികൾ ഹിമവാനെ ചെന്നു കണ്ടു.

'മഹാത്മൻ, അങ്ങു പാർവതിയെ ശിവനു നല്കണം.' അവർ അഭ്യർത്ഥിച്ചു.

ഹിമവാൻ സന്തോഷത്തോടെ സമ്മതം നല്കി. അതിനുശേഷം അവർ യാത്രയായി. നേരെ ശിവന്റെ സമക്ഷത്തിലുമെത്തി.

'വേണ്ടപ്പെട്ടവരെയെല്ലാം ക്ഷണിച്ചു വരുത്തേണ്ടതുണ്ട്. ആ ചുമതല നാരദനു നൽകിയാൽ മതിയാവും. അദ്ദേഹം വേണ്ടതെല്ലാം ചെയ്തുകൊള്ളും.' അവർ പറഞ്ഞു.

നാരദൻ സകലരെയും ക്ഷണിച്ചു. എല്ലാവരും വന്നു ചേരുകയും ചെയ്തു. എല്ലാവരും എന്നുവച്ചാലോ? മഹാവിഷ്ണു, ബ്രഹ്മാവ്, ദേവന്മാർ, മഹർഷിമാർ, മുതലായവരെല്ലാം. അങ്ങനെ വിവാഹത്തിനുള്ള ഘോഷയാത്രയും ആരംഭിച്ചു—കൈലാസത്തിൽനിന്നു ഹിമാലയത്തിലേക്ക്! ശിവഭൂതങ്ങൾ, വിഷ്ണുപാർഷദന്മാർ, മറ്റു ദിവ്യന്മാർ—അവരൊക്കെ അകമ്പടിയും സേവിച്ചു. എത്ര ഗംഭീരമായ വിവാഹഘോഷയാത്ര!

അതിനിടയ്ക്കു വധൂഗൃഹത്തിലും ചിലതൊക്കെ സംഭവിച്ചിട്ടുണ്ടായിരുന്നു. ദേവശില്പിയായ വിശ്വകർമാവിന്റെ കരവിരുതുകൾ എല്ലായിടത്തും കാണപ്പെടുന്നു. എത്ര വിചിത്രമാണു കല്യാണമണ്ഡപം! അതിന്റെ ഭംഗിയൊന്നു വേറെതന്നെ. ഒട്ടനേകം അതിഥികൾ അവിടെയും വന്നു നിറഞ്ഞിട്ടുണ്ട്. ഹിമവന്റെ ക്ഷണമനുസരിച്ചു വന്നെത്തിയ അതിഥികളാണ് അവർ. ഹിമവാന്റെയും മേനയുടെയും ബന്ധുക്കളുമുണ്ട് അവരുടെ കൂട്ടത്തിൽ—കുലീനതയുള്ള പുരുഷപർവതങ്ങളും സ്ത്രീപർവതങ്ങളും! ഒടുവിൽ ശിവനും സംഘവും വന്നെത്തി. കൂടിനിന്നവർ അവരെ ഉപചാരത്തോടെ എതിരേറ്റു. മംഗളവാദ്യങ്ങൾ എങ്ങും മുഴങ്ങി. വിവാഹകർമ്മത്തിനുള്ള മുഹൂർത്തം വന്നെത്തി. വധൂവരന്മാർ കല്യാണമണ്ഡപത്തിൽ സ്ഥിതിചെയ്തു. ഗർഗമുനി പൗരോഹിത്യം വഹിച്ചു. യഥാവിധി പാണിഗ്രഹണം എന്ന കർമവും നടന്നു.

മഹർഷിമാർ ശിവനെയും പാർവതിയെയും ദീപാരാധനചെയ്തു. ഹിമവാൻ അനർഘമായ രത്നങ്ങൾ വാരിക്കോരി ദാനം നൽകി. ഏറ്റവും വിഭവസമൃദ്ധമായ സദ്യയും ഉണ്ടായി. അതിനുശേഷം ദേവസ്ത്രീകളുടെ നൃത്തവും ഗാനവും നടന്നു. മാത്രമല്ല, നാരദന്റെ വീണവായനയും.

അങ്ങനെ ഉല്ലാസം നിറഞ്ഞ നാലു ദിവസങ്ങൾ. അപ്പോഴേക്കും എല്ലാവരും പിരിയുകയായി. ശിവൻ വധുവുമായി കൈലാസത്തിലെത്തി.

വാക്കും അർത്ഥവുംപോലെ; പുഷ്പവും ഗന്ധവുംപോലെ—ശിവനും പാർവതിയും തമ്മിലുള്ള യോജിപ്പ് അത്തരത്തിൽ ഉള്ളതായിരുന്നു.

(സ്കാന്ദപുരാണം-മാഹേശ്വരഖണ്ഡം)

വീരകൻ

ശിവനും പാർവതിക്കും ഒരു പുത്രനുണ്ടായി. ശരീരം പുരുഷന്റേതു തന്നെ. ശിരസ്സ് ഗജത്തിന്റെയും.

'പാർവതി, ഇവൻ വിഘ്നങ്ങൾക്കെല്ലാം അധിപനാവും. വിഘ്നങ്ങൾ തീർക്കാനുള്ള ശക്തിയും ഇവനുണ്ടാകും.' ശിവൻ അറിയിച്ചു.

ഭഗവാൻ പുത്രനെ ഭൂതഗണങ്ങളുടെ നായകനാക്കി—അതായത്, ഗണേശൻ അല്ലെങ്കിൽ ഗണപതി!

എണ്ണമറ്റ ഭൂതങ്ങളുണ്ട് ശിവന്റെ കിങ്കരന്മാരായിട്ട്. അവരിൽ ഒന്നാണ് വീരകൻ. പാർവതി വീരകനെ സ്വന്തം മകനെപ്പോലെ സ്നേഹിച്ചു.

'വീരകനു തുല്യനായ ഒരു പുത്രൻ എനിക്കു ജനിച്ചുവെങ്കിൽ എത്ര നന്നായിരുന്നു!' ദേവി ശിവനെ ആ ആഗ്രഹം അറിയിച്ചു.

'നീ തത്കാലം വീരകനെ മകനായിത്തന്നെ കരുതിക്കൊള്ളൂ' ശിവൻ നിർദ്ദേശിച്ചു.

പാർവതി വീരകനെ വരുത്തി.

'വീരകാ, ഭഗവാൻ നിന്നെ എനിക്കു പുത്രനായി തന്നിരിക്കുകയാണ്.' ദേവി ഹർഷത്തോടെ പറഞ്ഞു.

പുതിയ മാതാവിനെ വീരകൻ സാദരം നമസ്കരിച്ചു. പാർവതി അവനെ ആശ്ലേഷിച്ചു. ശിരസ്സിൽ മുകർന്നു. അളവില്ലാത്ത ഒന്നായിരുന്നു ദേവിയുടെ പുത്രസ്നേഹം.

ഒരിക്കൽ പാർവതി ശിവനോട് ഒന്നു പിണങ്ങി.

കറുപ്പുനിറമാണല്ലോ പാർവതിക്ക്. കാണുന്നവരുടെ കണ്ണുകളെ കുളുർപ്പിക്കുന്ന അഴകുറ്റ കറുപ്പായിരുന്നു. എങ്കിലും ശിവൻ അതിനെച്ചൊല്ലി ഭാര്യയെ കളിയാക്കി. ഒരു ദുരുദ്ദേശ്യവും ഭഗവാന് ഉണ്ടായിരുന്നില്ല. വെറും തമാശയ്ക്കുവേണ്ടി കളിയാക്കിയതാണ്. പക്ഷേ, പാർവതി അതു കാര്യമാക്കി.

"ഓ, അല്ലെങ്കിലും എനിക്കറിയാം—എന്റെ നിറം അങ്ങേയ്ക്കു പണ്ടേ ഇഷ്ടമല്ലെന്ന്! എങ്കിലും അതിന് ഇത്രയൊക്കെ ആക്ഷേപിക്കണ്ട; ആക്ഷേപവും കേട്ടുകൊണ്ടു കഴിയേണ്ടതായ ആവശ്യമൊന്നും എനിക്കില്ല. എനിക്കിനി മരിച്ചാൽ മതി! പാർവതി പറഞ്ഞു.

അത്രയും ആയപ്പോഴേക്കും പാർവതിയുടെ പ്രകൃതം മാറിക്കഴിഞ്ഞിരുന്നു. കോപംകൊണ്ടു നില മറന്നിരിക്കയാണ് ദേവി. അതു മനസ്സിലാക്കാൻ ശിവന് ഒട്ടും പ്രയാസം ഉണ്ടായിരുന്നില്ല. ഭാര്യയെ സമാധാനപ്പെടുത്താൻ ഭർത്താവു യത്നിച്ചു.

'അയ്യേ, ഞാൻ വെറുതെ കളി പറഞ്ഞതല്ലേ? അതൊക്കെ അത്ര കാര്യമാക്കാനുണ്ടോ? പോട്ടെ, ഞാൻ ചെയ്തതു തെറ്റാണ്; നീ അതങ്ങു ക്ഷമിച്ചുകളയൂ.' ശിവൻ അപേക്ഷിച്ചു.

പക്ഷേ, അതൊന്നും പാർവതി ചെവിക്കൊണ്ടില്ല. കോപം മറ്റെല്ലാ നല്ല വികാരങ്ങളെയും അമർത്തിയിരുന്നു.

ദേവി ശിവന്റെ അടുക്കൽനിന്ന് ഇറങ്ങി ഒരൊറ്റ പോക്ക്!

ആ പോക്ക് വീരകൻ കാണാനിടയായി. അപ്പോൾ അവന്റെ മനസ്സ് അത്യന്തം ചഞ്ചലമായി.

'അമ്മേ, എങ്ങോട്ടാണു പോകുന്നത്? എവിടെയായാലും ശരി, ഞാൻ അമ്മയോടൊന്നിച്ച് വരുന്നുണ്ട്. അമ്മയെക്കൂടാതെ ഞാനിവിടെ ഒരു നിമിഷം താമസിക്കുകയില്ല.' വീരകൻ ദൃഢതയോടെ പറഞ്ഞു.

പക്ഷേ, തനിച്ചു പോകാനായിരുന്നു പാർവതിയുടെ നിശ്ചയം. പോകുന്നതു തപസ്സുചെയ്യാനാണ്. തപസ്സ് കറുപ്പുനിറം മാറ്റാനുമാണ്. മടങ്ങി വരുന്നതുവരെ വീരകൻ മറ്റൊരിടത്തും പോയിക്കൂടാ. ഭഗവാന്റെ അടുക്കൽ തന്നെ ഇരിക്കണം—ആ നിർദ്ദേശം പാർവതി പുത്രനു നല്കി. അമ്മയെ ആരാധിക്കുന്നവനാണ് വീരകൻ. ആ സ്ഥിതിക്ക് അമ്മയെ ധിക്കരിക്കുന്നത് എങ്ങനെ? അവിടെത്തന്നെ കഴിഞ്ഞുകൂടാൻ വീരകൻ നിർബന്ധിതനായി.

പാർവതിക്കു വാസ്തവത്തിൽ ഒരു ഭയം ഇല്ലാതില്ല. താനില്ലാത്ത സ്ഥിതിക്ക് ശിവൻ മറ്റൊരു ഭാര്യയെ പരിഗ്രഹിക്കുമോ? അതായിരുന്നു ഭയം. എന്തുവന്നാലും ശരി, അതു സമ്മതിച്ചുകൂടാ!

'വീരകാ, സ്ത്രീകളാരും ഭഗവാന്റെ അടുക്കൽ വരാതെ നോക്കണം, കേട്ടോ? ഇനി ഒരുപക്ഷേ, വല്ല സ്ത്രീയും നിന്നെ കബളിപ്പിച്ചു വന്നു എന്നിരിക്കട്ടെ.' നീ ഉടനെ വന്ന് എന്നെ വിവരം ധരിപ്പിക്കണം. പാർവതി ആവശ്യപ്പെട്ടു.

ഗണപതിയും ശാഠ്യംപിടിച്ചു. തന്നെക്കൂടി കൊണ്ടുപോകണമെന്ന്. അതിനു വഴങ്ങാതിരിക്കാൻ പാർവതിക്കു മനസ്സുവന്നില്ല. ഇരുവരുംകൂടി വനത്തിലേക്കു യാത്രയായി.

വഴിക്കുവെച്ച് അവർ കുസുമാമോദിനിയെ കണ്ടുമുട്ടി. ഒരു ശൈലദേവത ആയിരുന്നു കുസുമാമോദിനി. അതേ സമയം മേനയുടെ സ്നേഹിതയും. നടന്നതെല്ലാം കുസുമാമോദിനിയെ അറിയിച്ചു പാർവതി.

'ദയവുചെയ്ത് എനിക്കൊരു സഹായം ചെയ്തുതരണം. ഭഗവാന്റെ അടുക്കൽ വല്ല സ്ത്രീയും ചെന്നെന്നുവരും. അങ്ങനെയായാൽ ഉടനെ എന്നെ അറിയിക്കണം.' പാർവതി അമ്മയുടെ സഖിയോട് അപേക്ഷിച്ചു.

'അങ്ങനെയാവട്ടെ.' കുസുമാമോദിനി സമ്മതിച്ചു.

പാർവതി വനത്തിൽ ചെന്നു തപസ്സും ആരംഭിച്ചു. അമ്മയെ കാത്തുകൊണ്ട് അടുത്തുതന്നെ നില്പുണ്ട് ഗണപതി. അധികം നാളുകൾ കഴിഞ്ഞില്ല. അതിനുമുമ്പ് ഒരു ആപത്തുണ്ടായി. അതോ, ഒരു അസുരനിൽ നിന്നും. ആഡി എന്നു പേരുള്ള അസുരനാണ് അവൻ. അന്ധകന്റെ പുത്രനും. പണ്ട് ശിവൻ അന്ധകനെ വധിക്കയുണ്ടായി. അതിനു പകരംവീട്ടാൻ വഴിനോക്കുകയാണ് ആഡി. തപശ്ശക്തികൊണ്ട് വരബലം നേടണം—അതിനായി അവന്റെ സംരംഭം. തപസ്സുചെയ്തു. ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു. മരണമില്ലാതാവണം എന്നതാണ് അവൻ ചോദിച്ച വരം. പക്ഷേ, ആ വരം നൽകാൻ ബ്രഹ്മാവിനുസമ്മതം ഉണ്ടായിരുന്നില്ല. അപ്പോൾ ആഡി മറ്റൊരു വരം ആവശ്യപ്പെട്ടു. തന്റെ രൂപം മാറി തനിക്കു മറ്റൊരു രൂപം ഉണ്ടാകുക—ആ സമയത്തു മരണം സംഭവിച്ചോട്ടേ! ആ വരം നൽകാൻ ബ്രഹ്മാവിനു തടസ്സം ഉണ്ടായില്ല.

ശിവനെ വകവരുത്തണം. അതിനു തക്കംപാർത്തിരിക്കുകയാണ് ആഡി. പാർവതി ശിവനെ വിട്ടു തപസ്സിനുപോയില്ലെ? ആ സന്ദർഭം ഉപയോഗിക്കു

വാൻ നിശ്ചയിച്ചു ആ കശ്മലൻ. സ്തീരൂപത്തിൽ ശിവനെ സമീപിക്കുക യാണ് അവന്റെ ആദ്യത്തെ ലക്ഷ്യം. വീരകൻ കണ്ണും മിഴിച്ച് ഇരിപ്പുണ്ടെന്ന് അവന് അറിയുകയും ചെയ്യാം. ആ സൂത്രശാലി എന്താണു ചെയ്തതെന്നോ? ഒരു സർപ്പത്തിന്റെ രൂപത്തിൽ ഇഴഞ്ഞു ചെല്ലുകയായി. എത്രയോ സർപ്പ ങ്ങളുണ്ടല്ലോ ശിവന്റെ സമീപം. വീരകനു യാതൊരു സംശയവും തോന്നി യില്ല. തെല്ലുദൂരെ നില്ക്കുകയായിരുന്നു വീരകൻ. ആഡി ശിവന്റെ അടുക്ക ലെത്തി പാർവതിയുടെ രൂപത്തിൽ! ആരു കണ്ടാലും സംശയിക്കുകയില്ല— അത്രമാത്രം ഒത്തിരുന്നു അവന്റെ വേഷമാറ്റം!

'ഭഗവാനേ, ഞാൻ അങ്ങയോടു പിണങ്ങിയതു തെറ്റായിപ്പോയി. ഞാന തിൽ വല്ലാതെ പരിതപിക്കുന്നു.' അവൻ പാർവതിയുടെ സ്വരത്തിൽ പറഞ്ഞു.

ആദ്യം ശിവനു സംശയം തോന്നിയില്ല. പാർവതി ദേഷ്യം മാറി തിരിച്ചു വന്നിരിക്കയല്ലെ? അതിൽ അതിയായ സന്തോഷമുണ്ടായി. പക്ഷേ, അല്പം കഴിഞ്ഞ് ഒന്നു തോന്നി—പറയുന്നതുപോലെ ചെയ്യുന്നവളാണു പാർവതി. തപസ്സുചെയ്യും എന്നു പറഞ്ഞാൽ തപസ്സുചെയ്യും. എന്നിട്ടെന്തേ തപസ്സു പൂർത്തിയാക്കാതെ വന്നിരിക്കുന്നത്.? ഭഗവാൻ സൂക്ഷ്മമായി ആലോചിച്ചു. അപ്പോൾ ആഡിയുടെ ചതിപ്പണി മനസ്സിലായി. അടുത്ത ക്ഷണത്തിൽ ഭഗ വാൻ അവനെ കൊലപ്പെടുത്തി!

ഇതൊന്നും വീരകൻ അറിഞ്ഞതേയില്ല. പക്ഷേ, കുസുമാമോദിനി വെറു തെയിരിക്കുന്നവളല്ല. ആ ശൈലദേവത ഒന്നു കാണാനിടയായി. അതാ, ഒരു സ്ത്രീ ശിവന്റെ അടുക്കലേക്കു പോകുന്നു! കുസുമാമോദിനി ഉഴറിച്ചെന്ന് പാർവതിയെ വിവരം ധരിപ്പിച്ചു.

ദേവിക്കുണ്ടായ വികാരം കോപമായിരുന്നു. അതും വീരകനോടുള്ള കോപം. ഒരു സ്ത്രീയേയും കടത്തിവിടരുതെന്ന് ആവശ്യപ്പെട്ടിരുന്നതാണ്. എന്നിട്ടും ഒരു ഫലവും ഉണ്ടായില്ല. വീരകന്റെ കൊള്ളരുതായ്മ കണ്ടില്ലെ?

'വീരകന് ശില മാതാവാകട്ടെ!' പാർവതി ശാപമേകി.

എന്നിട്ടുമുണ്ടോ കോപം അടങ്ങുന്നു? പകരം അതു വർദ്ധിക്കുകയാണു ചെയ്തത്. അതറിഞ്ഞ് ബ്രഹ്മാവ് സംഭ്രമത്തോടെ വന്നുചേർന്നു. ബ്രഹ്മാ വിന്റെ അനുഗ്രഹത്താൽ പാർവതിയുടെ കറുപ്പുനിറം മാറി. പകരം തനി ത്തങ്കത്തിന്റെ നിറവുമായി.

അതായിരുന്നില്ലോ തപസ്സിന്റെ ലക്ഷ്യം. ഇനി ഭർത്താവിന്റെ അടുക്ക ലേക്കു പോവുകതന്നെ. പാർവതി ഗണപതിയേയുംകൂട്ടി ശിവന്റെ അടുക്ക ലേക്കു പോയി.

അപ്പോഴും ആജ്ഞ പാലിച്ചു നിൽക്കുകയാണ് വീരകൻ. ഒരു സ്ത്രീ വരികയായിരുന്നു. വീരകൻ ശ്രദ്ധിച്ചുനോക്കി. നല്ല സ്വർണ്ണനിറമുള്ള സ്ത്രീ യാണ്. ഭഗവാനെ കാണാനാണു വരുന്നതും. നിറം മാറിയ അമ്മയെന്നു വീരകൻ എങ്ങനെ അറിയാനാണ്? അവൻ പാർവതിയെ തടഞ്ഞു നിർത്തി.

'ഹേ സ്ത്രീ, ഒരു അസുരൻ സ്ത്രീരൂപം ചമഞ്ഞുവന്നിരുന്നു. ഭഗവാന്റെ തൃക്കൈകൊണ്ട് അവൻ ചത്തിട്ടു നേരം അധികമായില്ല. ഒരൊറ്റ സ്ത്രീ യെയും ഞാൻ അകത്തേക്കു വിടുകയില്ല.' വീരകൻ പറഞ്ഞു.

അപ്പോഴാണ് പാർവതിക്ക് യാഥാർത്ഥ്യം അറിവായത്. ഭഗവാനെ കാണാൻ വന്നതു സ്ത്രീയല്ല. സത്രീവേഷം ചമഞ്ഞ അസുരനായിരുന്നു

എന്ന്. വീരകനെ ശപിച്ചതു തെറ്റായിപ്പോയി! പാർവതിക്ക് അതിയായ പശ്ചാത്താപം ഉണ്ടായി.

തനിക്കു നിറംമാറിയ കഥ ദേവി വീരകനെ അറിയിച്ചു.

'വീരകാ, ശില നിന്റെ മാതാവാകട്ടെ എന്നു ഞാൻ നിന്നെ ശപിക്കുകയുണ്ടായി. അതു വലിയൊരു തെറ്റായിപ്പോയി. ആട്ടെ, ഞാനിതാ പരിഹാരം ചെയ്യുകയാണ്. ശിലാഭൻ എന്നൊരു മനുഷ്യനുണ്ട്. ശില എന്ന ഭാര്യയും. നീ അവളുടെ മകനായി ജനിക്കും. അർബുദാരണ്യം എന്നൊരു സ്ഥലമുണ്ട്. ഏറ്റവും പുണ്യം കലർന്ന സ്ഥലമാണ് അർബുദാരണ്യം. അവിടെവെച്ചായിരിക്കും നിന്റെ ജനനം. നീ അവിടെ തപസ്സിൽ മുഴുകി ജീവിതം നയിക്കും. ഒടുവിൽ നീ ഞങ്ങളുടെ അടുക്കലേക്കു മടങ്ങി വരും. പിന്നീട് നീ നന്ദികേശ്വരൻ ആയിത്തീരും! പാർവതി അനുഗ്രഹമേകി.

യഥാകാലം ആ അനുഗ്രഹം സഫലമായി. വീരകൻ നന്ദികേശ്വരനായി ജന്മമെടുത്തു. ശിവന്റെ കിങ്കരന്മാരിൽ പ്രധാനിയാണല്ലോ നന്ദികേശ്വരൻ.

(സ്കാന്ദപുരാണം-മാഹേശ്വരഖണ്ഡം)

താരകൻ

അസുരമാതാവായ ദിതിക്ക് ഒരു ആഗ്രഹമുണ്ട്. ആ ആഗ്രഹം സാധിപ്പിക്കാൻ കശ്യപനേ കഴിയൂ. അദിതിയുടെ എന്നപോലെ ദിതിയുടെയും ഭർത്താവാണല്ലോ ആ മഹർഷി.

'ദേവന്മാരുടെ ആയുധങ്ങൾക്കു മുറിപ്പെടുത്താൻ വയ്യ—അങ്ങനെ ദേഹമുള്ള ഒരു പുത്രനെ എനിക്കു കിട്ടണം. അല്ലാത്തപക്ഷം ഞാനിപ്പോൾ ജീവൻ കളയും!' ദിതി ഭർത്താവിനോടു പറഞ്ഞു.

കശ്യപൻ ഭാര്യയെ സഹായിക്കാൻ ഒരുക്കമായി.

'ദിതീ, നീ പതിനായിരം വർഷം തപസ്സ് ചെയ്യണം. അപ്പോൾ നിനക്ക് ഒരു പുത്രൻ പിറക്കും. അവന്റെ ദേഹത്ത് ദേവേന്ദ്രന്റെ വജ്രായുധംപോലും ഏല്ക്കുകയില്ല.' മഹർഷി ദീർഘദർശനംചെയ്തു.

ആ തപസ്സ് ദിതി അനുഷ്ഠിച്ചു. അവൾക്ക് ഒരു ആൺകുട്ടി ജാതനായി. വജ്രത്തെപ്പോലെ കഠിനമായിരുന്നു അവന്റെ ശരീരം. അക്കാരണത്താൽ അവന് വജ്രാംഗൻ എന്നു പേരായി. ജനിച്ചയുടൻതന്നെ അവൻ തത്ത്വജ്ഞനുമായി.

'അമ്മേ, ഞാൻ എന്താണു ചെയ്യേണ്ടത്?' വജ്രാംഗൻ ചോദിച്ചു.

'മകനേ, നിന്റെ അനേകം ജ്യേഷ്ഠന്മാരെ ദേവേന്ദ്രൻ ഇല്ലായ്മചെയ്തിരിക്കുന്നു. നീ ദേവേന്ദ്രനോടു പ്രതികാരം ചെയ്യണം.' അസുരമാതാവ് ആവശ്യപ്പെട്ടു.

'അമ്മ ഒട്ടും സങ്കടപ്പെടേണ്ട. ഞാൻ ദേവേന്ദ്രനെ പിടിച്ചുകെട്ടി കൊണ്ടുവരാം.' വജ്രാംഗൻ പറഞ്ഞു.

അവൻ നേരെ സ്വർഗത്തിലേക്കു പോയി. ദേവേന്ദ്രനോടു യുദ്ധവും ചെയ്തു. ജയിച്ചത് വജ്രാംഗൻതന്നെയാണ്. അവൻ ദേവേന്ദ്രനെ തടവുകാരനാക്കി. അമ്മയുടെ കാല്ക്കൽ കൊണ്ടുചെന്ന് ഇടുകയും ചെയ്തു.

വല്ലാതെ വശംകെട്ടിരിക്കുകയാണ് ദേവേന്ദ്രൻ. ചത്തു, ചത്തില്ല. എന്ന മട്ടുണ്ട്. ഇടയ്ക്കിടയ്ക്ക് കരച്ചിലും വരുന്നു.

വിവരമറിഞ്ഞു ബ്രഹ്മാവു മാത്രമല്ല, കശ്യപനും. ഇരുവരും വന്നെത്തി.

'വജ്രാംഗാ, നീ ദേവേന്ദ്രനെ വധിക്കരുത്. അദ്ദേഹത്തെ ഉടൻതന്നെ അഴിച്ചുവിടൂ!' ബ്രഹ്മാവ് ആജ്ഞാപിച്ചു.

തത്ത്വജ്ഞാനിയാണല്ലോ വജ്രാംഗൻ. നന്മയും തിന്മയും തിരിച്ചറിയാം. മാത്രമല്ല, ചെയ്യേണ്ടതും ചെയ്യരുതാത്തതും.

'ഭഗവൻ, ഞാൻ ദേവേന്ദ്രനെ പിടിച്ചുകെട്ടി, ശരി തന്നെ. പക്ഷേ, അത് അമ്മയ്ക്കുവേണ്ടി ചെയ്തതാണ്. എനിക്ക് അതുകൊണ്ട് യാതൊന്നും നേടാനില്ല. ഞാൻ അവിടുത്തെ ആജ്ഞ ഇതാ അനുസരിക്കുന്നു.' വജ്രാംഗൻ പറഞ്ഞു.

അസുരൻ ദേവേന്ദ്രനെ വിമുക്തനാക്കി.

ഒരു രഹസ്യം അറിയാൻ വജ്രാംഗന് ആഗ്രഹമുണ്ട്. അറിയിക്കാൻ പ്രാപ്തിയുള്ളതോ? ബ്രഹ്മാവിന് തന്നെ.

'ലോകത്തിൽ ഏറ്റവും സാരമായുള്ളത് എന്താണ്? അവിടുന്ന് പറഞ്ഞു തരണം.' അവൻ അഭ്യർത്ഥിച്ചു.

'അതു മറ്റൊന്നുമല്ല, തപസ്സുതന്നെ. സർവവും തപസ്സുകൊണ്ട് സാദ്ധ്യമാകും. നീ തപസ്സുചെയ്യുന്നതു കൊള്ളാം.' ബ്രഹ്മാവു പറഞ്ഞു.

'ഞാൻ അപ്രകാരം ചെയ്യാം. വജ്രാംഗൻ സമ്മതിച്ചു.

എത്ര സന്തോഷമായെന്നോ ബ്രഹ്മാവിന്! വജ്രാംഗന് ഉത്തമമായ ഒരു പാരിതോഷികം കൊടുക്കണം. അതായി ബ്രഹ്മാവിന്റെ ആഗ്രഹം. ഭഗവാൻ വരാംഗി എന്നൊരു സുന്ദരിയെ സൃഷ്ടിച്ചു നല്കി. അതിനുശേഷം കശ്യപനോടുകൂടി സ്ഥലം വിട്ടു.

വരാംഗിയോടുകൂടി വജ്രാംഗൻ വനത്തിലേക്കുപോയി. ഒന്നു പ്രത്യേകമായിരുന്നു അവന്റെ തപസ്സ്. ആയിരം സംവത്സരം സൂര്യനിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട്; ആയിരം സംവത്സരം തലകുത്തി നിന്നുകൊണ്ട്; ആയിരം സംവത്സരം പഞ്ചാഗ്നിമദ്ധ്യത്തിൽ സ്ഥിതിചെയ്തുകൊണ്ട്; ആയിരം സംവത്സരം വെള്ളത്തിൽ കിടന്നുകൊണ്ട്—അത്രമാത്രം കഠിനമായിരുന്നു തപസ്സ്; അക്കാലത്രയും അടുത്തുതന്നെ തപസ്സുചെയ്യുന്നുണ്ട് വരാംഗിയും.

തപസ്സുകൾ മുടക്കുക എന്നത് ദേവേന്ദ്രന്റെ പതിവാണ്. ഇപ്രാവശ്യവും അതിന് ഒരു മാറ്റമുണ്ടായില്ല. സ്ത്രീയുടെ ദൗർബല്യമില്ലേ വരാംഗിക്ക്? അതിനാൽ ആദ്യം അവളുടെ തപസ്സു മുടക്കുകതന്നെ. അതായിരുന്നു ദേവേന്ദ്രന്റെ നിശ്ചയം. അദ്ദേഹം ഒരു വാനരനായി അവളെ നഖംകൊണ്ടു കീറി; അവളുടെ തലയിൽ കേറിയിരുന്നു. പിന്നീട് ഒന്നൊന്നായി പലേ രൂപങ്ങളും ധരിച്ചു. ആടായി, സർപ്പമായി, അഗ്നിയായി, കുറുനരിയായി, പുലിയായി. ആ രൂപങ്ങളിൽ അവളെ ശല്യപ്പെടുത്തി. പക്ഷേ, അതുകൊണ്ടൊന്നും വരാംഗിക്ക് ഇളക്കമുണ്ടായില്ല. ഭർത്താവിന്റെ ദൃഢതയുണ്ടായിരുന്നു ഭാര്യയ്ക്കും.

ഒടുവിൽ ബ്രഹ്മാവ് വജ്രാംഗനു ദർശനമേകി. തനിക്കു തപസ്സ് എന്നുമെന്നും തുടർന്നുപോകണം—ആ വരമേ വജ്രാംഗൻ ചോദിച്ചുള്ളൂ. അതു നല്കാൻ ബ്രഹ്മാവിനു സന്തോഷമായിരുന്നുതാനും.

അതിൽപിന്നീടാണ് വജ്രാംഗന് ഒന്ന് അറിവായത്—ദേവേന്ദ്രൻ വരാംഗിക്കു ചെയ്ത ഉപദ്രവം. അവൾ പറഞ്ഞാണ് അറിഞ്ഞതും.

'ദേവേന്ദ്രനെ ജയിക്കുന്ന പുത്രൻ എനിക്ക് ഉണ്ടാവണം.' വരാംഗി ആഗ്രഹം പ്രകടിപ്പിച്ചു.

തപസ്സുകൊണ്ടേ അതു സാധിക്കൂ—അക്കാര്യം വജ്രാംഗന് അറിയാമായിരുന്നു. ഒരു തപസ്സ് ഇപ്പോൾ അനുഷ്ഠിച്ചു തീർത്തിട്ടേ ഉള്ളൂ. അതു സാരമില്ല. ഉടൻതന്നെ മറ്റൊരു തപസ്സ് തുടങ്ങണം. ഭാര്യയുടെ ആഗ്രഹം സാധിച്ചുകൊടുക്കണമല്ലോ.

ബ്രഹ്മാവ് ആ സാഹസമറിഞ്ഞു വന്നെത്തി.

'വജ്രാംഗാ, നീ ഇനിയൊരു തപസ്സ് ചെയ്യേണ്ടതില്ല. അല്ലാതെതന്നെ ഞാനിതാ ഒരു വരം തരുന്നു. വരാംഗിയുടെ ഇച്ഛയ്ക്കൊത്ത പുത്രൻ നിങ്ങൾക്കു ജനിക്കും.' ബ്രഹ്മാവ് അനുഗ്രഹിച്ചിട്ടു യാത്രയായി.

യഥാകാലം അവർക്കൊരു ആൺകുട്ടിയുണ്ടായി.

ആ ആൺകുട്ടിയാണ് താരകാസുരൻ. ജനനസമയത്തുതന്നെ ഭീഷണിയായിരുന്നു. വളർന്നു വലുതായപ്പോൾ പിന്നെ പറയാനുമില്ല. ഒടുവിൽ അവൻ എന്തായി? അസുരന്മാരുടെ ചക്രവർത്തിയായി.

അവൻ കൂട്ടുകാരെ വിളിച്ചുകൂട്ടി.

'നമുക്കു ദേവന്മാരെ അടിച്ചമർത്തിയേ കഴിയൂ.

എന്നാൽ, ആദ്യമായി എനിക്ക് അതിനുള്ള ശക്തി നേടണം. അതിനുള്ള ഒറ്റ മാർഗ്ഗം തപസ്സാണ്. ഞാനിതാ തപസ്സിനായി വനത്തിലേക്കു പോവുകയാണ്. മടങ്ങി വരുന്നതുവരെ നിങ്ങൾ ഇവിടെയിരിക്കണം. അവൻ പറഞ്ഞു.

വനത്തിൽ ചെന്നിട്ട് താരകൻ അനുഷ്ഠിച്ച തപസ്സോ? സാധാരണരീതിയിലുള്ള ഒന്നായിരുന്നില്ല. ഇടയ്ക്കിടയ്ക്കു സ്വശരീരത്തിലെ മാംസം അറുത്തെടുക്കും. ആ മാംസത്തെ അഗ്നിയിൽ ഹോമിക്കും. അതോടുകൂടി മന്ത്രം ചൊല്ലുകയും ചെയ്യും. കാലക്രമേണ അവന്റെ ശരീരം ഏതുമാതിരിയിലായി? മാംസമില്ലാത്ത ഒരു അസ്ഥികൂടംപോലെ! എന്നിരുന്നാലും ആ അസ്ഥികൂടം അഗ്നിപോലെ ജ്വലിച്ചുകൊണ്ടിരുന്നു. തപസ്സ് നേടിക്കൊടുത്ത തേജസ്സായിരുന്നു കാരണം.

പ്രത്യക്ഷപ്പെടാതിരിക്കാൻ നിർവാഹമില്ല എന്ന അവസ്ഥ വന്നുചേർന്നു ബ്രഹ്മാവിന്.

ആരാലും കൊല്ലപ്പെടാതിരിക്കണം എന്ന വരമാണ് താരകനു വേണ്ടത്. അതു കിട്ടുകയില്ലെന്നു തീർച്ചയായപ്പോൾ മറ്റൊന്നു മേടിച്ചു. ജനിച്ചിട്ട് ഏഴു നാൾ കഴിയാത്ത ശിശുവിൽനിന്നും മരണം വരിച്ചുകൊള്ളാം എന്ന്.

ബ്രഹ്മാവിന്റെ അനുഗ്രഹത്താൽ താരകനു മറ്റൊന്നും കിട്ടി—തപസ്സിന് മുമ്പേ ഉണ്ടായിരുന്ന ദേഹപുഷ്ടി. ആ നിലയിൽ അവൻ സ്വജനങ്ങളുടെ മദ്ധ്യത്തിൽ തിരിച്ചെത്തി.

എന്തായിരുന്നു അടുത്ത നടപടി? ദേവലോകത്തിലേക്കു പട നീക്കണം—ആ ആജ്ഞ നൽകി പടനായകനായ ഗ്രസനന്. അസുരസൈന്യം അതിവേഗം സജ്ജമായി. അതുമായി താരകൻ തേരിൽ കയറി. അറുപത്തിനാലു ചക്രങ്ങളുള്ള തേരാണ്. എന്തൊരു വൈപുല്യമാണ്! കെങ്കേമമായി അലങ്കരിച്ചതും!

എങ്ങും സഞ്ചരിക്കുന്ന ദേവനാണല്ലോ വായു. അസുരന്മാരുടെ സന്നാഹം വായു കാണാനിടയായി. രഹസ്യമായിട്ടാണ് അതു കണ്ടതും. ഓഹോ, ദേവേന്ദ്രന് എതിരായിട്ടുള്ള പുറപ്പാടാണ്. അല്ലേ? എന്നാൽ, കാലേകൂട്ടി ദേവേന്ദ്രനെ ഗ്രഹിപ്പിക്കുകതന്നെ. വായു ഉഴറിച്ചെന്ന് ദേവേന്ദ്രനെ കണ്ടു വിവരം

പറഞ്ഞു. ദേവേന്ദ്രൻ ധൃതിയിൽ സന്നാഹങ്ങൾ ചെയ്തു. ത്രിമൂർത്തികളുടെ സഹായവും സമ്പാദിച്ചു. പക്ഷേ, അതൊന്നും താരകനോടു വിലപ്പോയില്ല. ആ പരാക്രമിയോട് ദേവേന്ദ്രൻ തോല്ക്കുകതന്നെയുണ്ടായി.

വിജയിയായ താരകൻ സ്വപുരിയിലേക്ക് യാത്രയായി. സന്തോഷത്താൽ മദിച്ച അസുരന്മാർ ശംഖനാദങ്ങൾ മുഴക്കി. തടവിൽ പിടിച്ച ദേവന്മാരെയും അവർ കൊണ്ടുപോകുന്നുണ്ട്. മാത്രമല്ല, അനേകം സ്വർഗസുന്ദരികളെയും. അങ്ങനെ ആ ജൈത്രയാത്ര താരകന്റെ ആസ്ഥാനത്തിൽ മടങ്ങിയെത്തി.

ഒരിക്കൽ താരകൻ പ്രൗഢിയോടെ സിംഹാസനത്തിൽ ഇരിക്കുകയാണ്. വന്ദികൾ യജമാനനെക്കുറിച്ചുള്ള സ്തുതിഗീതങ്ങൾ ആലപിക്കുന്നു. അടിമപ്പെണ്ണുങ്ങളായ സ്വർഗസുന്ദരികൾ നൃത്തംചെയ്യുന്നു. ആഹ്ലാദത്തിമർപ്പിന്റെ രംഗമായി മാറിയിരിക്കുന്നു സഭാഗൃഹം, അത്ഭുതകരമായ തേജസ്സുള്ള ഒരു സ്ത്രീ അവിടെ കയറിച്ചെന്നു.

അവളുടെ തേജസ്സ് താരകനെ വിസ്മയിപ്പിച്ചു.

'ആരാണ് നീ?' അവൻ ചോദിച്ചു.

വന്നവൾ സ്വയം പരിചയപ്പെടുത്തി:

'ഞാൻ ഐശ്വര്യദേവതയാണ്. വിജയികളെ സേവിക്കുക എന്നതാണ് എന്റെ പതിവ്. ഇതുവരെ ഞാൻ ദേവേന്ദ്രനെ സേവിച്ചിരുന്നു. അങ്ങിപ്പോൾ ദേവേന്ദ്രനെ ജയിച്ചിരിക്കുകയല്ലേ? ആ നിലയ്ക്കു ഞാനിനി അങ്ങയെ സേവിക്കും.

എന്തായിരുന്നു ദേവന്മാരുടെ അവസ്ഥ? അവശന്മാരും ആർത്തന്മാരും ആയിരിക്കയാണ് അവർ. എങ്കിലും സഹായം ഇല്ലെന്നു പറഞ്ഞുകൂടാ. മഹാവിഷ്ണു ഒരു സംരംഭത്തിനു മുതിർന്നു. ഭഗവാൻ സ്വയം ഒരു വാനരന്റെ രൂപം ധരിച്ചു. കുറെ ദേവന്മാരെയും ആ രൂപത്തിലാക്കി. നൃത്തംചെയ്യുന്ന വാനരന്മാരുടെ രൂപമായിരുന്നു എല്ലാവർക്കും. ഒന്നിച്ച് താരകന്റെ സഭാഗൃഹത്തിൽ ചെന്നുകയറി. എന്നിട്ടു രാജസന്നിധിയിൽ വാനരക്കളി കളിച്ചു. സഭാവാസികൾക്ക് ഏറ്റവും രസമായിത്തോന്നി. അവരുടെ കൂട്ടത്തിൽ താരകനും.

കളി കഴിഞ്ഞു സംഭാഷണമായി.

'അസുരരാജാവേ, അങ്ങയുടെ ഗൃഹം എത്രകണ്ടു വലുതാണ്? അതറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്.' വാനരരൂപത്തിലുള്ള മഹാവിഷ്ണു ശരിയായ ഉദ്ദേശ്യം മറച്ചുവെച്ചുകൊണ്ടു പറഞ്ഞു.

'എടോ വാനരാ, എന്റെ ഗൃഹം ത്രിലോകംതന്നെയാണ്.' താരകൻ ഗർവത്തോടെ മറുപടി നൽകി.

അപ്പറഞ്ഞത് ഏറെക്കുറെ വാസ്തവവുമാണ്. അവൻ ലോകങ്ങളെയെല്ലാം ജയിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ ത്രിലോകങ്ങളും അവന്റെ ഗൃഹമെന്നു പറഞ്ഞുകൂടേ?

'ഞങ്ങൾ അങ്ങയുടെ ഗൃഹത്തിൽ ഇഷ്ടമുള്ളിടത്തു പാർത്തുകൊള്ളട്ടെയോ?' മഹാവിഷ്ണു അന്വേഷിച്ചു.

'അങ്ങനെയാവാം.' താരകൻ സമ്മതിച്ചു.

അപ്പോൾ മഹാവിഷ്ണു സ്വന്തരൂപം കൈക്കൊണ്ടു.

'താരകാ, ഇക്കൂട്ടർ സ്വർഗത്തു താമസിച്ചുകൊള്ളട്ടെ. ചെയ്ത വാഗ്ദാനം മറക്കരുത്, കേട്ടോ,' മഹാവിഷ്ണു പറഞ്ഞു.

താൻ ഒട്ടൊന്നു വഞ്ചിതനായി—അക്കാര്യം താരകനു മനസ്സിലായി. പോട്ടെ, സാരമില്ല. നഷ്ടം അത്ര അധികമൊന്നുമില്ലല്ലോ.

പിൽക്കാലത്തായിരുന്നു സുബ്രഹ്മണ്യന്റെ ജനനം.

ജനിച്ചു നാലു ദിവസമേ കഴിഞ്ഞുള്ളൂ. അതിനുള്ളിൽ സുബ്രഹ്മണ്യൻ പൂർണനായിത്തീർന്നു. ഏഴു ദിവസത്തിനകം വളർച്ചയുള്ളവന്റെ കൈയിൽ നിന്നു മരണം വരിക്കും. അതായിരുന്നല്ലോ താരകനു കിട്ടിയിരുന്ന വരം. ആ സംഭവം ഉണ്ടാകാൻ ഇനി വളരെ താമസമില്ല.

ദേവേന്ദ്രൻ സുബ്രഹ്മണ്യനെ കണ്ടു വന്ദിച്ചു.

'ഞാനിതാ അങ്ങേക്കായി എന്റെ സ്ഥാനം ഒഴിഞ്ഞു തരുന്നു. മേലിൽ അങ്ങ് ഇന്ദ്രനായി ലോകങ്ങളെ രക്ഷിക്കണം.' ദേവേന്ദ്രൻ അഭ്യർത്ഥിച്ചു.

'എനിക്ക് ആ സ്ഥാനമൊന്നും ആവശ്യമില്ല. അങ്ങു പഴയതുപോലെ തുടർന്നുകൊള്ളൂ.' സുബ്രഹ്മണ്യൻ ആവശ്യപ്പെട്ടു.

'എന്നാൽ, അങ്ങ് എന്റെ സേനാപതിയാവണം.' ദേവേന്ദ്രനു നിർബന്ധമായി.

സുബ്രഹ്മണ്യനു അതു സമ്മതമായിരുന്നു. അങ്ങനെ നടക്കുകയായി സേനാപതിയായിട്ടുള്ള അഭിഷേകം. ഏറ്റവും പ്രധാനമായ അവസരമല്ലേ? അഭിഷേകത്തിൽ പങ്കുകൊള്ളാൻ വേണ്ടപ്പെട്ടവരെല്ലാം വന്നുചേർന്നു. ഓരോരുത്തരായി സുബ്രഹ്മണ്യനു ദിവ്യമായ സമ്മാനങ്ങൾ കാഴ്ചവെച്ചു. മഹാവിഷ്ണു വിജയമാല്യം നല്കി. ബ്രഹ്മാവ് ശൂരന്മാരായ നാലു കിങ്കരന്മാരെ നല്കി. വരുണൻ, യമൻ, സൂര്യൻ, ചന്ദ്രൻ—അവരെല്ലാം തക്കതായ പാരിതോഷികങ്ങളും. പക്ഷിപ്രവരനായ ഗരുഡൻ നല്കിയ സമ്മാനം ഒന്നു പ്രത്യേകമായിരുന്നു—തന്റെ പുത്രനായ മയൂരം!

ദേവസൈന്യത്തെ നയിച്ചുകൊണ്ട് സുബ്രഹ്മണ്യൻ യാത്രയായി—താരകന്റെ ആസ്ഥാനത്തിലേക്ക്, താരകനെ വധിക്കാനായിട്ട്.

നാരദൻ താരകനെ ചെന്നു കണ്ടു.

'താരകാ, ദേവന്മാർ സുബ്രഹ്മണ്യനെ സേനാപതിയാക്കി. ദേവസേനയോടുകൂടി സുബ്രഹ്മണ്യൻ ഇങ്ങോട്ടു വരുന്നുണ്ട്.' മഹർഷി അറിയിച്ചു.

ഒരു കുലുക്കവും താരകനുണ്ടായില്ല.

'മഹർഷേ ദേവന്മാർക്ക് എന്നെക്കുറിച്ചു നല്ലവണ്ണം അറിയാം. അവർ എന്റെ കരബലം കണ്ടറിഞ്ഞിട്ടുള്ളവരാണ്. എന്നിട്ടിപ്പോൾ ഒരു കുമാരനെ നേതാവാക്കി എന്നോടു യുദ്ധത്തിനു വരികയാണ്, അല്ലേ? ശരി. ഞാൻ ദേവേന്ദ്രനെയും കൊല്ലും, കുമാരനെയും കൊല്ലും!' താരകൻ വീമ്പിളക്കി.

നാരദൻ മടങ്ങിച്ചെന്ന് ദേവേന്ദ്രനോടു വിവരം പറഞ്ഞു. ദേവേന്ദ്രൻ ഒട്ടും കൂട്ടാക്കാതെ സുബ്രഹ്മണ്യനോടുകൂടി യുദ്ധയാത്ര തുടർന്നു. സുബ്രഹ്മണ്യന്റെ പക്ഷത്തിലുള്ളത് ദേവേന്ദ്രൻ മാത്രമല്ല, എട്ടു ദിക്പാലകരുമുണ്ട്. അവരോടൊന്നിച്ച് അവരുടെ പ്രബലങ്ങളായ സൈന്യങ്ങളും. താരകനും തനിച്ചൊന്നുമല്ല. അനേകം അസുരവീരന്മാരുണ്ട് അവന്റെ സഹായത്തിന്. അതേസമയം അവരുടെ കീഴിൽ എണ്ണമറ്റ ഭടന്മാരും.

രണ്ടു സൈന്യങ്ങളും അഭിമുഖമായി നില്പായി. കണ്ടവർക്കൊരു ഉപമതോന്നി—കരകാണാത്ത രണ്ടു മഹാസമുദ്രങ്ങളെപ്പോലെ!

ഒടുവിൽ ആ രണ്ടു സൈന്യങ്ങളും ഉഗ്രമായി സംഘട്ടനം ചെയ്തു. ദ്വന്ദ്വയുദ്ധങ്ങൾ, പൊതുവിലുള്ള യുദ്ധങ്ങൾ; മറ്റു പരാക്രമപ്രകടനങ്ങൾ—അവയൊക്കെ ധാരാളമായി നടന്നുകൊണ്ടിരുന്നു. മുചുകുന്ദൻ എന്നൊരു

മനുഷ്യരാജാവുണ്ട് ദേവപക്ഷത്തിൽ. മഹാപരാക്രമിയാണ് മുചുകുന്ദനെന്ന് എല്ലാവർക്കുമറിവുള്ളതാണ്. അദ്ദേഹം താരകനോട് ഏറ്റുമുട്ടി. എതിരാളിയെ വധിക്കാനായി മുചുകുന്ദന്റെ പരിശ്രമം. പക്ഷേ, ആ പരിശ്രമം ഫലിക്കുന്ന ലക്ഷണമൊന്നും കണ്ടില്ല. അവസാനത്തെ അടവായി മുചുകുന്ദൻ ബ്രഹ്മാസ്ത്രമെടുത്തു. നാരദൻ തടഞ്ഞു.

'മുചുകുന്ദാ, നിനക്ക് താരകനെ കൊല്ലാനാവില്ല. ബ്രഹ്മാസ്ത്രത്തെ പിൻവലിക്കൂ!' മഹർഷി ആവശ്യപ്പെട്ടു.

അനുസരിക്കാതെ മുചുകുന്ദനു നിവൃത്തിയുണ്ടായില്ല.

പിന്നീട് വീരഭദ്രൻ താരകനോടിടഞ്ഞു. ശിവകിങ്കരന്മാരിൽ ഒരു പ്രധാനിയാണല്ലോ വീരഭദ്രൻ. ആരോടും ഇന്നോളം തോറ്റിട്ടില്ലാത്തവനും. പക്ഷേ, ഇപ്രാവശ്യം വീരഭദ്രനും വിജയം ലഭിച്ചില്ല. അത്ര അധികമായിരുന്നു താരകന്റെ ശക്തിയും ശൗര്യവും.

ഈ നിലയ്ക്കു പോയാൽ സ്ഥിതി വഷളാവും—ആ ഭയം ബ്രഹ്മാവിനുണ്ടായി. ബ്രഹ്മാവ് സുബ്രഹ്മണ്യന്റെ അടുക്കലേക്കുഴറി.

'ദേവാ, താരകന്റെ വധമാണ് അവിടുത്തെ ജന്മോദ്ദേശ്യം തന്നെ. ദേവസൈന്യം വല്ലാതെ വലഞ്ഞിരിക്കയാണ്. അവിടുന്ന് ഒട്ടും താമസിയാതെ ജന്മോദ്ദേശ്യം നടപ്പിലാക്കണം.' ബ്രഹ്മാവ് അഭ്യർത്ഥിച്ചു.

അങ്ങനെ അവർ തമ്മിലേറ്റു—സുബ്രഹ്മണ്യനും താരകനും തമ്മിൽ. അത് എത്രമാത്രം ഘോരമായിരുന്നു! വർണിക്കാൻ വാക്കുകൾക്കു സാദ്ധ്യമാവുകയില്ല. ചില അവസരങ്ങളിൽ ഒന്നു തോന്നും—സുബ്രഹ്മണ്യൻ ജയിക്കുമെന്ന് മറ്റ് അവസരങ്ങളിൽ തോന്നുന്നതോ? താരകൻ ജയിക്കുമെന്നും. അത്ര സമനിലയിൽ തുടർന്നുപോയി ഭീഷണമായ ആ രണം.

ഒടുവിൽ സുബ്രഹ്മണ്യൻ എന്തു ചെയ്തെന്നോ? പിതാവായ ശിവനെ ഭക്തിപൂർവ്വം ഭജിച്ചു—മാതാവായ പാർവതീദേവിയേയും. അതിനുശേഷം വേലെടുത്തു പ്രയോഗിച്ചു. താരകന്റെ ശിരസ്സു വേറെയായി!

അതോടുകൂടി അവസാനിക്കയായി ലോകദുരിതം. ശിവനും പാർവതിയും വന്നെത്തി പുത്രനെ ആശ്ലേഷിച്ചു മുകർന്നു. ദേവന്മാർ സുബ്രഹ്മണ്യനെ കർപ്പൂരദീപങ്ങൾകൊണ്ട് ആരാധിച്ചു. കണ്ടുനിന്നവരെല്ലാം വിജയിയെ വാഴ്ത്തി സ്തുതിച്ചു; ദേവവാദ്യങ്ങൾ ദിഗന്തങ്ങളിൽ മുഴങ്ങി. സ്വർഗപുഷ്പങ്ങൾ മഴപോലെ ചൊരിഞ്ഞു. ആഹ്ലാദത്തിന്റെയും കൃതജ്ഞതയുടെയും പ്രകടനങ്ങൾ!

കാലം കുറെയേറെ കടന്നുപോയി. അപ്പോഴേക്കും സംഗതി പ്രകടമായി. സുബ്രഹ്മണ്യന് ഒരു പ്രത്യേകതയുണ്ട്—മറ്റു ദേവന്മാർക്കില്ലാത്ത ഒന്ന്. മറ്റു ദേവന്മാർ പ്രസാദിക്കണമെങ്കിലോ? തപസ്സ്, യജ്ഞം, പൂജ—അങ്ങനെ പലേ കർമങ്ങളും ചെയ്യേണ്ടതായി വരും. അവയുടെ ഫലമായിട്ടാണു മനുഷ്യർക്കു സ്വർഗ്ഗവും മറ്റും ലഭിക്കുക. എന്നാൽ സുബ്രഹ്മണ്യനെ സംബന്ധിച്ചാണെങ്കിലോ? മുമ്പു പറഞ്ഞ കർമ്മങ്ങളൊന്നും ആവശ്യമില്ല. ഒരുവനു സ്വർഗ്ഗം ലഭിക്കണമെങ്കിലോ? സുബ്രഹ്മണ്യന്റെ ദർശനം ലഭിച്ചാൽമാത്രം മതിയാകും!

എന്തായി അതിന്റെ പരിണാമമെന്നോ? അനേകമനേകം ആളുകൾക്ക് ആ ഭാഗ്യം കൈവരുന്നു—സുബ്രഹ്മണ്യന്റെ ദർശനം. അവരെല്ലാം സ്വർഗ്ഗംപൂകുകയും ചെയ്യുന്നു. നരകത്തിലേക്കു പോകുന്നവരുടെ എണ്ണം വളരെ കുറയുകയുണ്ടായി.

യമനെ സംബന്ധിച്ച് ഇതൊരു വല്ലാത്ത അവസ്ഥയല്ലേ?

ശിവനെക്കണ്ട് യമൻ സങ്കടം ഉണർത്തിച്ചു.

'ഭഗവാനേ, എനിക്കു ജോലി വളരെ കുറഞ്ഞു വരുന്നു! ഞാനിനി എന്താണു ചെയ്യേണ്ടത്?' യമൻ ചോദിച്ചു.

അതു കേട്ട് ശിവൻ പുഞ്ചിരി തൂകി.

'യമാ, നിനക്ക് അത്ഭുതമോ ദുഃഖമോ ഉണ്ടായിട്ട് ഫലമൊന്നുമില്ല. അതാണ് എന്റെ പുത്രന്റെ വിശേഷം!' ഭഗവാൻ പറഞ്ഞു.

ഒരിക്കൽ സുബ്രഹ്മണ്യനെ വന്ദിക്കാൻ പർവതങ്ങൾ വന്നു. അവരുടെ കൂട്ടത്തിൽ ഹിമവാനും.

'പർവതങ്ങളേ, നിങ്ങൾക്കു ശ്രേഷ്ഠത കൈവരും. ഉത്തമങ്ങളായ ക്ഷേത്രങ്ങൾ, പാവനങ്ങളായ തീർത്ഥങ്ങൾ, അവയുടെ കേന്ദ്രങ്ങളാവും നിങ്ങൾ. വിശേഷിച്ചും, എന്റെ അമ്മയുടെ അച്ഛനായ ഹിമവാനില്ലേ? അദ്ദേഹത്തിന്റെ മാഹാത്മ്യം ഒന്നു പ്രത്യേകമായിരിക്കും!' സുബ്രഹ്മണ്യൻ കനിഞ്ഞരുളി.

അപ്രകാരംതന്നെ സംഭവിച്ചു പിൽക്കാലങ്ങളിൽ!

(സ്കാന്ദപുരാണം)

ഗണപതിപ്രാതൽ

ധനത്തിന്റെ അധിപനാണ് കുബേരൻ. അതേസമയം ശിവന്റെ ഭക്തനും. എന്നാലും അല്പം ഗർവില്ലാതില്ല. എന്താണ് ഗർവിന്റെ കാരണം? തന്നേക്കാൾ ധനശക്തിയുള്ള ആരുമില്ല—അങ്ങനെയൊരു വിശ്വാസം! തന്നേക്കാൾ ശിവഭക്തിയുള്ളവരുമില്ലെന്നും.

ഒരിക്കൽ കുബേരന് ഒരാഗ്രഹമുണ്ടായി. ശിവനെ സ്വഭവനത്തിലേക്കു ക്ഷണിച്ചുവരുത്തണം. ഭഗവാനെ കെങ്കേമമായി വിരുന്നൂട്ടുകയും വേണം.

കുബേരൻ കൈലാസത്തിൽച്ചെന്ന് ശിവനെ പ്രണമിച്ചു.

'ഭഗവാനേ, അവിടുന്ന് അടിയന്റെ ഗൃഹത്തിലേക്ക് എഴുന്നള്ളണം, ഭക്ഷണം കഴിക്കുകയും വേണം. ശ്രീപാർവതിയും പുത്രന്മാരും കൂടി വന്നേ കഴിയൂ. അവിടുത്തെ വിരുന്നൂട്ടാൻ അടിയന് അതിയായ ആഗ്രഹമുണ്ട്. ആ ആഗ്രഹം സാധിപ്പിച്ചു തരണം.' കുബേരൻ തൊഴുകൈയോടെ അഭ്യർത്ഥിച്ചു.

കുബേരഗൃഹത്തിൽച്ചെന്നു ഭക്ഷണം കഴിക്കുക. അതിൽ ശിവന് അത്ര യധികം താത്പര്യം തോന്നിയില്ല.

'കുബേരാ, നിനക്ക് എന്നോടുള്ള ഭക്തി എനിക്കു നല്ലപോലെ അറിവുള്ളതാണ്. നിന്നോടു ഞാൻ വളരെ സംപ്രീതനുമാണ്. അതുകൊണ്ടു നിനക്കു തൃപ്തിപ്പെട്ടുകൂടെ?' ശിവൻ ചോദിച്ചു.

'തൃപ്തിപ്പെട്ടുകൂടാഞ്ഞിട്ടല്ല, ഭഗവാനേ. എങ്കിലും അവിടുന്ന് അടിയന്റെ അതിഥിയായി വരണം. അടിയന്റെ ഗൃഹത്തിൽനിന്ന് അമൃതേത്തു കഴിക്കുകയും വേണം. അത് അടിയന്റെ ചിരകാലമായുള്ള ആഗ്രഹമാണ്.' കുബേരൻ പറഞ്ഞു.

'ശരി. എന്നാൽ, ഞാൻ വരാം.' ശിവൻ സമ്മതിച്ചു. ഇതിനിടയ്ക്കു മറ്റൊന്നു സംഭവിക്കയുണ്ടായി.

ഭഗവാനെ കാണുമ്പോൾ തിരുമുൽക്കാഴ്ചവെക്കണമല്ലോ. അതിനായി കുബേരൻ കൊണ്ടുവന്നത് എന്തായിരുന്നു? ഏറ്റവും വലുതായ ഒരു പഴക്കുല. അകത്തുനിന്നിരുന്ന ഗണപതി പഴക്കുല കാണാനിടയായി. എത്ര മധുരമുള്ള പഴങ്ങളാണ്! സ്വതവേ ഭക്ഷണപ്രിയനാണ് ഗണപതി. പഴക്കുല കണ്ടപ്പോൾ എന്താണു ചെയ്തതെന്നോ? ഓടിവന്നു പഴം തിന്നുതുടങ്ങി. തൊലിപോലും കളയാതെയാണു തിന്നുന്നത്, അത്ര ആർത്തിയോടെയാണ് തീറ്റി. അതു കണ്ടുനിന്ന കുബേരന് ഒരുതരം രസക്കേടു തോന്നി. കണ്ടില്ലേ, ഗണപതിയുടെ കൊതി! ആട്ടെ, തന്റെ ഗൃഹത്തിലേക്കു വരട്ടെ. ഗണപതിക്കു തിന്നുതിന്നു മതിവരും. അത്രയധികം വിഭവങ്ങൾ താൻ കരുതിവെക്കുന്നുണ്ട്! ആ വിചാരത്തോടെ കുബേരൻ വിടവാങ്ങി.

വിരുന്നിനുള്ള ദിവസം വന്നുചേർന്നു. കുബേരൻ കാലേക്കൂട്ടി സകലതും തയ്യാറാക്കി. ഭവനമാകെ അലങ്കരിച്ചിട്ടുണ്ട്. ഗംഭീരമായ സദ്യയും ഒരുക്കിക്കഴിഞ്ഞു. ഒന്നിനും ഒരു ലോഭവും കാണിച്ചിട്ടില്ല. മാത്രമല്ല, എല്ലാം ആവശ്യത്തിലധികമുണ്ട്. ഒരുതരം ധാരാളിത്തം എന്നു വേണമെങ്കിൽ പറയാം. ശിവനും കുടുംബവുമല്ലേ വിരുന്നിനു വരുന്നത്?

കൃത്യസമയത്ത് അതിഥികൾ വന്നെത്തി.

കാളയാണല്ലോ ശിവന്റെ വാഹനം. അതിന്റെ പുറത്തിരുന്നാണ് ഭഗവാന്റെ വരവ്. മാത്രമല്ല, പാർവതിയുടെ വരവും.

നടപ്പാതയിൽ പട്ടു വിരിച്ചിരിക്കുന്നു. ആദരവിന്റെ തെളിവാണത്. ഗണപതി ഒരു കൂസൃതികാട്ടി. പട്ടിലൂടെ പതുക്കെ നടന്നുവരാമായിരുന്നു. അതല്ല ചെയ്തത്. മനഃപൂർവം പട്ടിനെ ചവിട്ടി കശക്കി നടന്നു. അതു കാണാതിരിക്കുമോ കുബേരൻ? അദ്ദേഹത്തിന് ഗണപതിയുടെ നടപടിയൊട്ടും രസിച്ചില്ല. പക്ഷേ, രസിച്ചില്ലെന്നു ഭാവിക്കാനൊക്കുമോ? അതിരുകടന്ന മര്യാദകേടാവും. അതുകൊണ്ടുമാത്രം മിണ്ടാതിരുന്നു. എങ്കിലും മുഖത്ത് അല്പം നീരസം കാണപ്പെടാതെയുമിരുന്നില്ല. അദ്ദേഹം അതിഥികളെ അകത്തേക്കു കൊണ്ടുപോയി മാന്യസ്ഥാനങ്ങളിൽ ഇരുത്തി.

ഭക്ഷണത്തിനുള്ള സമയമായി.

'കുബേരാ, ആദ്യം എന്റെ പുത്രന്മാർക്കു ഭക്ഷണം കൊടുക്കൂ. എനിക്കും പാർവതിക്കും അതു കഴിഞ്ഞിട്ടുമതി.' ശിവൻ പറഞ്ഞു.

കുബേരൻ ഗണപതിയെയും സുബ്രഹ്മണ്യനെയും ഇലയ്ക്കു മുമ്പിലിരുത്തി. പാചകന്മാർ ഇരുവർക്കും വിളമ്പാനും തുടങ്ങി. സ്വർണപ്പാത്രങ്ങളിലാണു വിളമ്പുന്നത്. ധനപതിക്കുണ്ടോ സ്വർണത്തിനു പഞ്ഞം? അതു മാത്രമാണെങ്കിലും പോട്ടെന്നുവയ്ക്കാം. എത്ര മാതിരിയുള്ള വിഭവങ്ങളാണ്! വിളമ്പിയതോ, വളരെ കൂടുതലും. ലോഭം കാണിച്ചെന്നുവന്നാൽ അതു പോരായ്മയല്ലേ?

ഗണപതി ചോറും വിഭവങ്ങളും ഒറ്റയടിക്കു തിന്നുതീർത്തു. അതോടൊന്നിച്ച് അവ വെച്ചിരുന്ന സ്വർണപ്പാത്രങ്ങളും! എന്നിട്ടു വിളിച്ചുപറഞ്ഞു: 'കുബേരാ, ഇനിയും ഇലവെച്ചു വിളമ്പൂ!'

പരിപാടി വീണ്ടും ആവർത്തിച്ചു.

'കുബേരാ, ഞാൻ അല്പമൊന്നു വിശപ്പടക്കിക്കൊള്ളട്ടെ. അതിനുശേഷം അച്ഛനോടും അമ്മയോടും ഒന്നിച്ചിരുന്നു ഭക്ഷിക്കാം.' ഗണപതി പറഞ്ഞു.

വീണ്ടും ഇലവെച്ചു വിളമ്പുകയായി. വീണ്ടും ഭക്ഷണവും പാത്രങ്ങളും ഗണപതിയുടെ വയറ്റിലായി. വീണ്ടും വീണ്ടും അതങ്ങനെ തുടർന്നുപോയി. എത്രയെന്നു വെച്ചു പാചകന്മാർ വിളമ്പും? എത്ര നേരമെന്നുവെച്ചു വിളമ്പും? വിളമ്പുകാർ ക്ഷീണിച്ചുവശായി. പലരും വിയർക്കുകയും കിതയ്ക്കുകയും ചെയ്തു. ചിലരൊക്കെ യജമാനൻ കാണാതെ ഓടിയൊളിച്ചു.

എന്നിട്ടുമുണ്ടോ ഗണപതി മതിയാക്കുന്നു?

'കുബേരാ, വയറുനിറയെ ഭക്ഷണം തരികയില്ല, അല്ലേ? ശരി. ഞാൻ പാചകശാലയിൽ കയറി വേണ്ടതെല്ലാം എടുത്തു തിന്നുകൊള്ളാം.' ഗണപതി നിശ്ചയം അറിയിച്ചു.

നിശ്ചയം നടപ്പിലാക്കാൻ ഗണപതി ഒട്ടും താമസിച്ചുമില്ല. നേരെ അടുക്കളയിലേക്ക് ഒരു പോക്ക്. ചോറ്, കറികൾ. പലഹാരങ്ങൾ, മറ്റു വിഭവങ്ങൾ—അവയെല്ലാം ഗണപതിയുടെ വയറ്റിലായി. അതോ, കണ്ണടച്ചു തുറക്കുന്നതിനുമുമ്പും. എന്നിട്ടെങ്കിലും വയറു വീർത്തോ? അതുമില്ല. കണ്ണിൽപ്പെട്ടതെല്ലാം എടുത്തു വിഴുങ്ങിയും തുടങ്ങി. വാർപ്പുകൾ, അമ്മികൾ, കുഴവികൾ, പലകകൾ, വട്ടികൾ, കുട്ടകൾ—അതെന്തിന്, പാചകശാലയിൽ ഉണ്ടായിരുന്ന വസ്തുക്കളെല്ലാം!

കുബേരനും, പാചകന്മാരും അമ്പരപ്പോടെ കണ്ടു നില്ക്കുകയാണ്. ഗണപതിയെ പിടിച്ചുമാറ്റാനും മറ്റും പറ്റുമോ? ഇതെന്തൊരു തീറ്റിയാണ്? ഇങ്ങനെ കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല!

ഗണപതി കുബേരനെ നേരിട്ടു.

'എനിക്കു വിശപ്പൊട്ടും മാറിയിട്ടില്ല. നിങ്ങൾ എന്നെ അതിഥിയായി ക്ഷണിച്ചുവരുത്തി. അതേസമയം വയറുനിറയെ ഭക്ഷണം തരുന്നുമില്ല. ഇത് എവിടുത്തെ മര്യാദയാണ്? നിങ്ങൾ ധനത്തിന്റെ സർവാധിപനാണ്. എന്നിട്ടാണ് ഈ ലുബ്ധു കാണിക്കുന്നത്! എന്നാലിനി ഞാൻ നിങ്ങളെ പിടിച്ചു തിന്നും!'

അത്രയും പറഞ്ഞ് ഗണപതി വലിയ വായ് പിളർന്നുവെച്ചു കുബേരന്റെ നേർക്കു ചാടുകയും ചെയ്തു. കാര്യം കുഴപ്പത്തിലായി എന്നു കുബേരനു തീർച്ചയായി. വസ്തുവകകളാണെങ്കിൽ പോട്ടെന്നുവയ്ക്കാം. അവ രണ്ടാമതും ഉണ്ടാക്കാവുന്നതേയുള്ളു. അതുപോലെയാണോ ജീവൻ? അതൊരിക്കൽ പോയാൽ എന്നെന്നേക്കുമായി പോയതു തന്നെ. കുബേരൻ പുറംതിരിഞ്ഞു കൊടുത്തു ഒരു നെട്ടോട്ടം! പക്ഷേ, അങ്ങനെയങ്ങു പോകാനൊക്കുമോ? കളിക്കുന്നത് ഗണപതിയോടാണ്! ഗണപതി കുബേരന്റെ പുറകെ കൂടി. അതു മനസ്സിലാക്കിയ കുബേരൻ ഓട്ടത്തിന്റെ വേഗം കൂട്ടി. അപ്പോഴുമുണ്ട് ഗണപതി തൊട്ടുപുറകെ, വായും പിളർന്നുകൊണ്ട്! കുബേരൻ നീളെയും കുറുകെയും വളഞ്ഞും തിരിഞ്ഞുമോടി. അതുപോലൊക്കെ ഗണപതിയും ചെയ്തു. കുബേരൻ, പ്രാണഭീതിയെടുത്തു മണ്ടി. ഒരൊറ്റ വഴിയേയുള്ളു ജീവൻ രക്ഷിക്കാൻ. ശിവനെ ശരണം പ്രാപിക്കുകയാണ് ആ വഴി. വല്ലവിധവും കുബേരൻ ശിവന്റെ മുമ്പിൽ എത്തിച്ചേർന്നു. ശിവന്റെ പാദങ്ങളിൽ വീഴുകയും ചെയ്തു.

'ഭഗവാനെ, അടിയനെ രക്ഷിക്കണേ! ഗണപതി അടിയനെ പിടിച്ചുവിഴുങ്ങാൻ വരികയാണ്.' കുബേരൻ കിതച്ചുകൊണ്ടു പറഞ്ഞു.

ഉടനെ ഗണപതിയും പുറകെ വന്നെത്തി.

എല്ലാം മനസ്സിലാക്കുന്നുണ്ട് ശിവൻ. ഗണപതി കുബേരന്റെ ഗർവം ശമിപ്പിച്ചിരിക്കുന്നു. അതുതന്നെയാണു വാസ്തവത്തിൽ വേണ്ടിയിരുന്നതും. ശിക്ഷ അനുഭവിച്ചുകഴിഞ്ഞല്ലോ. അതുമതി.

ശിവൻ ഗണപതിയെ അരികിലേക്കു വിളിച്ചു.

'മകനേ, ഒരാൾ അതിഥിയായി ക്ഷണിക്കപ്പെട്ടാലോ? ഗൃഹനാഥൻ നല്കുന്നതുകൊണ്ടു തൃപ്തിപ്പെടണം. അതാണു മുറ. ആട്ടെ, നീ എടുത്തതെല്ലാം തിരിച്ചുകൊടുക്കൂ.' ശിവൻ കല്പിച്ചു.

ഗണപതി വയറ്റിലാക്കിയിരുന്നില്ലേ നിരവധി സാധനങ്ങൾ? അവയെല്ലാം വയറ്റിൽനിന്നു വായിലൂടെ പുറത്തു ചാടി—ചോറും കറികളും വിഭവങ്ങളുമൊഴിച്ച്—അവ മാത്രം വയറ്റിനുള്ളിൽ കിടന്നു ദഹിച്ചു പോയിരുന്നു!

(ഗണപതിപ്രാതൽ ശീതങ്കൻതുള്ളൽ)

ബാണാസുരനും പ്രലംബാസുരനും

ക്രൗഞ്ചം സുബ്രഹ്മണ്യനെ ചെന്നുകണ്ടു.

ഒരു പർവതമാണ് ക്രൗഞ്ചം.

'ഭഗവാനേ, ബാണാസുരൻ എന്നൊരു ദുഷ്ടനുണ്ട്. അവൻ എന്നെ അത്യധികം പീഡിപ്പിക്കുന്നു. ഞാനിതാ അവിടുത്തെ ശരണംപ്രാപിക്കുന്നു. അവിടുന്ന് അവനിൽനിന്ന് എന്നെ രക്ഷിക്കണം,' ക്രൗഞ്ചം കേണിരന്നു.

സുബ്രഹ്മണ്യന് ബാണാസുരനെ അറിയാം. അവൻ മുമ്പൊരിക്കൽ യുദ്ധത്തിനു ചെന്നിരുന്നു. സുബ്രഹ്മണ്യൻ അവനെ തോല്പിച്ചോടിക്കയാണുണ്ടായത്.

ക്രൗഞ്ചത്തെ രക്ഷിക്കാൻതന്നെ സുബ്രഹ്മണ്യൻ സന്നദ്ധനായി. ഭഗവാൻ തന്റെ ദിവ്യായുധമായ വേൽ കൈയിലെടുത്തു. എന്നിട്ട് ബാണാസുരന്റെ മുമ്പിലെത്തി. അവനെ ലക്ഷ്യമാക്കി വേൽ പ്രയോഗിച്ചു. അപ്പോഴുണ്ടായ ശബ്ദം! ഇടിവെട്ടിന്റെ പലയിരട്ടി ശബ്ദം! മാത്രമല്ല, പത്തു ദിക്കിലും കണ്ണു മഞ്ഞിക്കുന്ന പ്രഭ! നിമിഷങ്ങളേ കഴിഞ്ഞുള്ളു. അതിനുള്ളിൽ വേൽ ബാണാസുരനെ ചുട്ടു ചാമ്പലാക്കി. മാത്രമല്ല, അവന്റെ അനുചരന്മാരെയും, അതിനുശേഷം ആ ദിവ്യായുധം സുബ്രഹ്മണ്യന്റെ പക്കൽ മടങ്ങിയെത്തി.

ക്രൗഞ്ചത്തിന് അതിരറ്റ കൃതജ്ഞതയുണ്ടായി. ആ പർവതം രക്ഷകനെ സർവാത്മനാ വാഴ്ത്തി സ്തുതിച്ചു. എന്നിട്ടു സ്വസ്ഥാനത്തേക്കു പോവുകയും ചെയ്തു.

സുബ്രഹ്മണ്യൻ മൂന്നു ശിവലിംഗങ്ങൾ പ്രതിഷ്ഠിച്ചു. പ്രതിജ്ഞേശ്വരം, കപാലേശ്വരം, കുമാരേശ്വരം—അവയായിരുന്നു പ്രതിഷ്ഠകളുടെ സ്ഥാനങ്ങൾ. സർവപാപങ്ങളെയുമില്ലാതാക്കും. അതാണ് അവയുടെ മഹത്ത്വം.

ബ്രഹ്മാവ്, മഹാവിഷ്ണു, മറ്റു ദേവന്മാർ എല്ലാവരും വന്നെത്തി.

അവർ ശിവലിംഗത്തെ ഭക്തിപൂർവം പൂജിച്ചു.

മറ്റൊരു സന്ദർശകനുണ്ടായി സുബ്രഹ്മണ്യന്.

ആദിശേഷനുണ്ടല്ലോ, മഹാവിഷ്ണുവിന്റെ മെത്തയായ മഹാസർപ്പം. കുമുദൻ എന്നൊരു പുത്രനുണ്ട് ആദിശേഷന്. സുബ്രഹ്മണ്യനെ സന്ദർശി

ച്ചത് കുമുദനായിരുന്നു. പ്രത്യേകമായ ഒരു കാരണമുണ്ട് കുമുദന്റെ വരവിന്.

പ്രലംബൻ എന്നൊരു പ്രതാപശാലിയായ അസുരനുണ്ട്. താരകാസുരന്റെ അനുചരനായിരുന്നു പ്രലംബൻ. മുമ്പൊരിക്കൽ അവൻ സുബ്രഹ്മണ്യനെ എതിർക്കുകയുണ്ടായി. പക്ഷേ, അവന് ഓടിപ്പോകേണ്ടതായി വന്നുകൂടിയിരുന്നു. അതിനുശേഷം പാതാളമായി അവന്റെ പാർപ്പിടം.

കുമുദൻ താമസിക്കുന്നതും പാതാളത്തിൽത്തന്നെ.

'ഭഗവാനേ, എന്നെ പ്രലംബൻ കണക്കിലധികം ഉപദ്രവിക്കുന്നു. അവിടുന്ന് അവനെ നിഗ്രഹിച്ച് എന്നെ സംരക്ഷിക്കണം,' കുമുദൻ അഭ്യർത്ഥിച്ചു.

സുബ്രഹ്മണ്യൻ അപ്പോഴും വേലെടുത്തു, ബാണാസുരനെ നേരിട്ടപ്പോൾ എന്നപോലെ. ആ ദിവ്യായുധം പ്രലംബനെ വെണ്ണീറാക്കി. അതേസമയം അവന്റെ അനുചരന്മാരെയും.

(ശിവപുരാണം)

ഗണപതിയും സുബ്രഹ്മണ്യനും

ശിവന്റെയും പാർവതിയുടെയും പുത്രന്മാരാണ് ഗണപതിയും സുബ്രഹ്മണ്യനും.

ചെറിയ കുട്ടികളാണ് ഇരുവരും. എത്ര മനോഹരമാണ് അവരുടെ ബാലലീലകൾ! അവ കാണുമ്പോഴൊക്കെ അച്ഛനമ്മമാരുടെ കണ്ണുകൾ കുളിർക്കും.

അളവില്ലാത്ത പിതൃഭക്തിയും മാതൃഭക്തിയുമുണ്ട് ബാലന്മാർക്ക്.

ഒടുവിൽ ആ കാലവും വന്നെത്തി—അതായത്, അവരുടെ വിവാഹകാലം.

ശിവനും പാർവതിയും അതിനെക്കുറിച്ചു പലപ്പോഴും ചർച്ച ചെയ്യാറുണ്ട്. അക്കാര്യം പുത്രന്മാർ മനസ്സിലാക്കാതിരുന്നുമില്ല. എന്താണ് ഗണപതിയുടെ ആഗ്രഹം? തന്റെ വിവാഹം വേണം ആദ്യമായി നടക്കേണ്ടതെന്ന്. സുബ്രഹ്മണ്യനോ? ആദ്യം താൻ വിവാഹിതനാവണം എന്നും.

അതൊരുതരം മത്സരമായി കലാശിച്ചു.

ആ മത്സരം അറിവായി ശിവനും പാർവതിക്കും. അവർ ആലോചിച്ചപ്പോൾ ഒന്നു തോന്നി. ഇരുവരുടെയും വിവാഹങ്ങൾ ഒന്നിച്ചു നടത്തണം. എല്ലാംകൊണ്ടും അതായിരിക്കും നന്ന്.

അവർക്കൊരു യുക്തി തോന്നി.

പുത്രന്മാരെ അവർ അരികിലേക്കു വിളിച്ചു.

'മക്കളേ, നിങ്ങളുടെ നന്മ കാംക്ഷിക്കുന്നവരാണു ഞങ്ങൾ രണ്ടുപേരും. ഞങ്ങൾ ഒരേർപ്പാടു ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. നിങ്ങൾ രണ്ടുപേരും ലോകമൊന്നു ചുറ്റി സഞ്ചരിക്കണം. ആരാണ് ആദ്യം ഇവിടെ തിരിച്ചെത്തുന്നത്, അവന്റെ വിവാഹം ആദ്യം നടത്തും. അതാണു ഞങ്ങളുടെ നിശ്ചയം.'

ഗണപതിക്കും സുബ്രഹ്മണ്യനും സമ്മതമായി.

മഹാബലനാണ് സുബ്രഹ്മണ്യൻ. അതിവേഗത്തിൽ സഞ്ചരിക്കാനും കഴിയും. ലോകപ്രദക്ഷിണത്തിനായി സുബ്രഹ്മണ്യൻ ഇറങ്ങിത്തിരിച്ചു.

ഗണപതിയോ? സഹോദരനെപ്പോലെ യാത്രയ്ക്കിറങ്ങിയില്ല. അവിടെത്തന്നെയിരുന്നതേയുള്ളു. ചില ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കണം. ലോകം ചുറ്റാതെതന്നെ വിജയം എങ്ങനെ വരിക്കാം? ചോദ്യങ്ങളിൽ ഒന്നതാണ്. ഗണപതി ഗാഢമായി, ദീർഘമായി ആലോചിച്ചു. അപ്പോൾ ഉത്തരങ്ങൾ കണ്ടെത്തി. ഒരു ഉപായവും പ്രയോഗിക്കണം.

ഗണപതി സ്നാനംചെയ്തു ദേഹശുദ്ധി വരുത്തി. എന്നിട്ടു പിതാവിനെയും മാതാവിനെയും ചെന്നുകണ്ടു. അവരെ ഏറ്റവും ഭക്തിയോടെ വന്ദിച്ചു.

'അച്ഛാ, അമ്മാ, എനിക്ക് ഒരാഗ്രഹമുണ്ട്. ആ ആഗ്രഹം നിങ്ങൾ സാധിപ്പിച്ചുതരണം. ആദ്യമായി രണ്ടു പേരും സിംഹാസനത്തിലിരിക്കണം. അതിനുശേഷം ഞാൻ രണ്ടുപേരെയും അർച്ചിക്കും.'

മകന്റെ ആഗ്രഹമല്ലേ? അതു സാധിപ്പിക്കുന്നതു തങ്ങൾക്കും സന്തോഷമാണ്. ശിവനും പാർവതിയും സിംഹാസനത്തിലിരുന്നരുളി. ഗണപതി ഭക്തിപൂർവം ഇരുവരെയും അർച്ചിച്ചു. തുടർന്ന് അവരെ ഏറ്റവും ഭക്തിയോടെ നമസ്കരിച്ചു. അതിനുശേഷം ഏഴു പ്രാവശ്യം പ്രദക്ഷിണം ചെയ്തു. ഒടുവിൽ പറഞ്ഞു:

'അച്ഛാ, അമ്മാ, ഇനി എന്റെ വിവാഹം നടത്തിത്തരണം.'

ശിവനും പാർവതിക്കും കാര്യം മനസ്സിലായില്ല. അവർക്കു മകന്റെ നിലപാടു സ്വീകാര്യമായുമില്ല. അവൻ ലോകസഞ്ചാരത്തിന് ഇറങ്ങിയതുപോലുമില്ലല്ലോ.

അവർ പറഞ്ഞു:

'ഗണപതീ, ആദ്യത്തെ കരാർ നീ മറന്നുകളഞ്ഞോ? സുബ്രഹ്മണ്യൻ ലോകം ചുറ്റാൻ പോയിരിക്കുന്നു. നീയും അതുപോലെ ചെയ്യൂ. നിന്റെ വിവാഹം ആദ്യം നടത്തിത്തരാം—നീയാണ് ആദ്യം തിരിച്ചുവരുന്നതെങ്കിൽ.'

ഗണപതി വിട്ടില്ല:

'എനിക്ക് ഒന്നു പറയാനുണ്ട്. അതു ക്ഷമയോടുകൂടി കേൾക്കണം. ഞാൻ ഭൂമിയെ പ്രദക്ഷിണം ചെയ്തുകഴിഞ്ഞിരിക്കുന്നു—ഒരു പ്രാവശ്യമല്ല, ഏഴു പ്രാവശ്യം! എന്നിട്ടും ഞാൻ വീണ്ടും പ്രദക്ഷിണത്തിനു പോകണമത്രെ. അതിന്റെ ആവശ്യമൊന്നുമില്ല.'

ശിവനും പാർവതിക്കും വാസ്തവത്തിൽ കാരണം പിടികിട്ടി. പക്ഷേ, ഇല്ലെന്നാണ് അവരുടെ ഭാവം. ലോകഗതിയനുസരിച്ച് അപ്രകാരംചെയ്തു എന്നുമാത്രം.

'മകനേ, നീ എപ്പോഴാണു ഭൂമിയെ പ്രദക്ഷിണം ചെയ്തത്? ഭൂമിയിൽ ഏഴു സമുദ്രങ്ങളുണ്ട്, ഏഴു ദ്വീപുകളുണ്ട്, നിരവധി പർവതങ്ങളുണ്ട്. അവയൊന്നും നീ തരണം ചെയ്തില്ലല്ലോ? അവർ ചൂണ്ടക്കാട്ടി.

ഗണപതി പറഞ്ഞു:

'ഞാൻ എന്റെ ബുദ്ധി ഉപയോഗിച്ചു ഭൂമിയെ പ്രദക്ഷിണം ചെയ്തു. രണ്ടുപേരെയും ഞാൻ അർച്ചിച്ചില്ലേ? അതിനുശേഷം ഏഴു തവണ വലത്തുവെച്ചില്ലേ? ശാസ്ത്രങ്ങളിൽ ഒന്നു തെളിച്ചു പറഞ്ഞിട്ടുണ്ട്. ആര് മാതാപിതാക്കന്മാരെ അർച്ചിച്ചിട്ടു പ്രദക്ഷിണം ചെയ്യുന്നുവോ, ആ ആൾക്ക് ഒരു ഫലം സിദ്ധിക്കും-ഭൂമിയാകെ പ്രദക്ഷിണം ചെയ്താലുള്ളഅള ഫലം. മാതാപിതാക്കന്മാരെ സേവിക്കുക ഏറ്റവും വലിയ പുണ്യമാണ്. നിങ്ങൾ ഈ തത്ത്വം അംഗീകരിക്കുകതന്നെവേണം. അല്ലാത്തപക്ഷം ശാസ്ത്രം തെറ്റെന്നു

വന്നുകൂടും. അതൊരിക്കലും ഉണ്ടായിക്കൂടാ. മത്സരത്തിൽ ഞാൻ ജയിച്ചിരിക്കുന്നു. അതുകൊണ്ട് എന്റെ വിവാഹം ആദ്യമായി നടത്തിത്തരണം.'

ശിവനും പാർവതിക്കും വിസ്മയമുണ്ടായി. അതോടുകൂടി സന്തോഷവും. കണ്ടില്ലേ ഗണപതിയുടെ ബുദ്ധിയും പാണ്ഡിത്യവും!

അവർ പറഞ്ഞു:

'ഗണപതീ, നീ പറഞ്ഞതു വളരെ ശരിയാണ്. മഹാത്മാക്കൾക്കു മാത്രമുള്ളതാണ് നിന്റെ ബുദ്ധി. അതിലാർക്കും ഒരു സംശയത്തിനും അവകാശമില്ല. വേദങ്ങൾ, ശാസ്ത്രങ്ങൾ,പുരാണങ്ങൾ—അവയിലെല്ലാം പുത്രധർമങ്ങൾ ധാരാളമായി പ്രതിപാദിച്ചിട്ടുണ്ട്. നീ അവയെല്ലാം അവയുടെ പൂർണരൂപത്തിൽ ഗ്രഹിച്ചിരിക്കുന്നു. നിനക്കു തെറ്റുപറ്റി എന്നു പറയാൻ ആർക്കും തന്നെ അധികാരമില്ല. ഞങ്ങൾ നിന്നോടു പൂർണമായും യോജിക്കുന്നു.'

ഗണപതിയുടെ വിവാഹം ആദ്യം നടത്തണം—അതായി അച്ഛനമ്മമാരുടെ നിശ്ചയം.

(ശിവപുരാണം)

ദേവസേന

ഒരിക്കൽ ദേവന്മാരും അസുരന്മാരും തമ്മിൽ പോരുണ്ടായി. ആ പോരിൽ ദേവസൈന്യത്തിനു തോൽവി പറ്റി. ഫലമായി ആ സൈന്യം ഛിന്നഭിന്നമായി.

ദേവേന്ദ്രൻ മാനസശൈലത്തിൽ ചെന്നിരുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ സന്താപം നിറഞ്ഞു. ഏറ്റവും ദയനീയമാണു തനിക്കു പറ്റിയിരിക്കുന്ന തോൽവി. ഇനി അസുരന്മാരെ ജയിക്കണമെങ്കിലോ? സുശക്തമായ സൈന്യം വേണം. സൈന്യത്തെ സുശക്തമാക്കുംമുമ്പോ? പ്രാപ്തനും കരുത്തനുമായ ഒരു സേനാപതി വേണം. അപ്രകാരമൊരു സേനാപതി എവിടെയുണ്ട്? ആലോചിച്ചിട്ട് ഒരുത്തരവും കിട്ടിയില്ല.

ഒരു സ്ത്രീയുടെ വിലാപം!

ആരാണാസ്ത്രീ? എന്തിനാണവൾ വിലപിക്കുന്നത്? അറിയാൻ ദേവേന്ദ്രനു തിടുക്കമായി.

'അടുത്തെങ്ങാനും ഒരു പുരുഷനുണ്ടോ? ഉണ്ടെങ്കിൽ ഓടിവന്ന് എന്നെ രക്ഷിക്കണേ!' ആ സ്ത്രീ വിളിച്ചുപറഞ്ഞു.

ദേവേന്ദ്രൻ സ്ത്രീസ്വരം കേട്ട ദിക്കിലേക്ക് ഉഴറിച്ചെന്നു.

സുന്ദരിയായ ഒരു യുവതിയാണു വിലപിക്കുന്നത്. അവളെ ഒരു അസുരൻ പിടിച്ചുവെച്ചിരിക്കുന്നു. ഭയങ്കരനാണ് ആ അസുരൻ. കേശി എന്നാണ് അവന്റെ പേര്. അവന്റെ പക്കൽ ആയുധങ്ങളുമുണ്ട്.

ദേവേന്ദ്രൻ ധൈര്യത്തോടെ കേശിയെ നേരിട്ടു.

'എടാ അസുരാധമാ, നീ ഈ യുവതിയെ അപഹരിച്ചുവെച്ചിരിക്കയാണ്, അല്ലേ? മര്യാദയ്ക്ക് അവളെ വിടണം. അല്ലാത്തപക്ഷം, നീ ഫലം അനുഭവിക്കും. ഞാൻ മറ്റാരുമല്ല, ദേവേന്ദ്രനാണ്. അക്കാര്യം മനസ്സിലാക്കിക്കൊള്ളൂ!'

കേശിക്ക് ഒരു കൂസലുമുണ്ടായില്ല.

'ദേവേന്ദ്രാ, ഞാൻ ഇവളെ വിവാഹം കഴിക്കാൻ പോവുകയാണ്. നീ നിന്റെ പാട്ടിനു പോ. അതാണു നിനക്കു നല്ലത്!'

ദേവേന്ദ്രൻ പോവുകയുമില്ല, കേശി യുവതിയെ വിടുകയുമില്ല. അവർ തമ്മിൽ ഇടയുകയായി. ഏറ്റവും ഘോരമായിരുന്നു അവരുടെ ദ്വന്ദ്വയുദ്ധം. അതിനിടയ്ക്ക് കേശി ഗദയെടുത്ത് ദേവേന്ദ്രനെ ആഞ്ഞടിച്ചു. ദേവേന്ദ്രൻ വജ്രായുധം പ്രയോഗിച്ചു ഗദയെ രണ്ടായി ഖണ്ഡിച്ചു. കേശി ഒരു പർവതത്തിന്റെ കൊടുമുടി അടർത്തിയെടുത്തു. അതുമായി ദേവേന്ദ്രനെ കൊല്ലാനടുത്തു. ദേവേന്ദ്രൻ കൊടുമുടിയെ തവിടുപൊടിയാക്കി, കേശിയെ മുറിവേല്പിക്കയുംചെയ്തു. അസുരൻ യുവതിയെ ഉപേക്ഷിച്ച് ജീവനുംകൊണ്ടോടിപ്പോയി.

ദേവേന്ദ്രൻ യുവതിയോടു സംസാരിച്ചു:

'നീ ആരാണ്? ഇവിടെ എന്തുണ്ടായി?'

'പ്രഭോ, ഞാൻ പ്രജാപതിയുടെ പുത്രി. ദേവസേന എന്നാണു പേര്. എനിക്കൊരു ജ്യേഷ്ഠത്തിയുണ്ട്. കേശി ജ്യേഷ്ഠത്തിയെ കൊണ്ടുപോയി.'

'അങ്ങനെയോ? എന്താണു നിന്റെ ജ്യേഷ്ഠത്തിയുടെ പേര്?'

'ദൈത്യസേന എന്ന്. ജ്യേഷ്ഠത്തിയും ഞാനും പതിവായി മാനസസരസ്സിൽ കുളിക്കാൻ വരും. ഞങ്ങളുടെ കൂടെ തോഴിമാരുമുണ്ടാവും.'

'ദേവസേനേ, ഇവിടെ വരാൻ നിന്റെ അച്ഛൻ അനുവാദം തന്നിട്ടുണ്ടോ?'

'ഉണ്ട്. പലപ്പോഴും കേശിയും ഇവിടെ വരും.'

'എന്തിന്?'

'അവനു ഞങ്ങളെ ഭാര്യമാരാക്കണം. ആ ആഗ്രഹം അവൻ അറിയിക്കയുണ്ടായി. ഞങ്ങൾ അവന്റെ ആഗ്രഹം സാധിപ്പിക്കണം. അതാണ് അവൻ ദിവസവും ചെയ്യാറുള്ള അപേക്ഷ.'

'ഞങ്ങളെന്നാലോ?'

'ഞാനും ജ്യേഷ്ഠത്തിയും.'

'ദൈത്യസേന എന്തുചെയ്തു?'

'ജ്യേഷ്ഠത്തി കേശിയുടെ ഭാര്യയാവാൻ സമ്മതിച്ചു.'

'നീയോ?'

'ഞാൻ സമ്മതിച്ചില്ല. കേശി ജ്യേഷ്ഠത്തിയെ കൊണ്ടുപോയി. അങ്ങയുടെ സഹായത്താൽ ഞാൻ രക്ഷപ്പെട്ടിരിക്കുന്നു. അങ്ങ് എനിക്കൊരു ഭർത്താവിനെ കണ്ടുപിടിച്ചുതരണം. ആരാലും ജയിക്കപ്പെടാത്ത പുരുഷനായിരിക്കണം എന്റെ ഭർത്താവ്. തീർച്ചയായും അങ്ങനെ സംഭവിക്കയും ചെയ്യും.'

'ദേവസേനേ, വരുംകാര്യം നിനക്ക് എങ്ങനെ അറിയാം?'

'എന്റെ അച്ഛൻ എനിക്കു വരം തന്നിട്ടുണ്ട്. ദേവേന്ദ്രാ, എന്റെ ഭർത്താവ് അങ്ങയുടെ പക്ഷത്തുനില്ക്കും. എന്നിട്ട് സകല ശത്രുക്കളേയും കീഴടക്കും!'

ആരാണ് ദേവസേന സൂചിപ്പിക്കുന്ന പുരുഷൻ? ദേവേന്ദ്രന് ഒരെത്തും പിടിയും കിട്ടിയില്ല. അദ്ദേഹം ദേവസേനയേയുംകൊണ്ടു ബ്രഹ്മലോകത്തു ചെന്നു. ബ്രഹ്മാവിന്റെ സഹായം അപേക്ഷിച്ചു:

'ഭഗവാനേ, ഇവൾക്കു തക്കതായ ഭർത്താവിനെ നിർദ്ദേശിക്കണം.'

ബ്രഹ്മാവിന്റെ മുഖം സന്തോഷത്താൽ വികസിച്ചു.

'ദേവേന്ദ്രാ, ദേവസേനയ്ക്ക് അവളുടെ ആഗ്രഹപ്രകാരമുള്ള ഭർത്താവുണ്ടാകും. അദ്ദേഹം നിന്റെ സൈന്യത്തിന് അധിപനുമാകും!' ബ്രഹ്മാവ് ദീർഘദർശനം ചെയ്തു.

കുറേക്കാലം കഴിഞ്ഞ് സുബ്രഹ്മണ്യന്റെ അവതാരമുണ്ടായി.

താരകാസുരനെ വധിക്കുകയാണ് ആ അവതാരത്തിനു മുഖ്യകാരണം.

സുബ്രഹ്മണ്യൻ ദേവന്മാരുടെ സൈന്യത്തിന്റെ നായകനായി.

ദേവേന്ദ്രന്റെ ചിന്ത ദേവസേനയിൽ പറ്റിക്കൂടി. ബ്രഹ്മാവ് സൂചിപ്പിച്ചില്ലേ ദേവസേനയുടെ ഭർത്താവിനെക്കുറിച്ച്? ആ പുരുഷൻ സുബ്രഹ്മണ്യൻതന്നെയാണ്. ദേവേന്ദ്രൻ ദേവസേനയെ കൊണ്ടുവന്നു. എന്നിട്ട് സുബ്രഹ്മണ്യനോടു പറഞ്ഞു:

'ഭഗവാനേ, ബ്രഹ്മദേവൻ അവിടുത്തേക്കു പത്നിയെ നിശ്ചയിച്ചിട്ടുണ്ട്. ഈ നില്ക്കുന്ന ദേവസേനയാണ് ആ പത്നി. അവിടുന്ന് അവളെ വിധിപ്രകാരം വിവാഹം കഴിക്കണം.'

അങ്ങനെ സുബ്രഹ്മണ്യനും ദേവസേനയും വിവാഹിതരായി.

(മഹാഭാരതം)

മത്സ്യാവതാരം

തപസ്വിയായ രാജർഷിയാണ് സത്യവ്രതൻ. സദ്ഗുണങ്ങൾ തികഞ്ഞയാളാണ് അദ്ദേഹം. ദ്രാവിഡദേശത്തിന്റെ അധിപനും.

കൃതമാല എന്നൊരു നദിയുണ്ട്. ഒരു നാൾ സത്യവ്രതൻ കൃതമാലയിൽ ഇറങ്ങിനിന്നു. എന്നിട്ടു തർപ്പണം ആരംഭിച്ചു. കൈക്കുമ്പിളിൽ ജലം കോരിയപ്പോഴോ? അതിൽ ഒരു ചെറുമത്സ്യം.

വിശേഷപ്പെട്ട ഒരുതരം മത്സ്യമായിരുന്നു അത്.

സത്യവ്രതൻ മത്സ്യത്തെ തിരിയെ വെള്ളത്തിൽ വിടാൻ ഭാവിച്ചു.

മത്സ്യം സംസാരിച്ചു:

'രാജൻ, ഈ നദിയിൽ ഭയങ്കരങ്ങളായ ജലജന്തുക്കളുണ്ട്. അവയിൽ ഏതെങ്കിലുമൊന്ന് എന്നെ പിടിച്ചു തിന്നും. ദയവുചെയ്ത് അങ്ങെന്നെ ഉപേക്ഷിക്കരുതേ!'

ദീനവത്സലനാണ് സത്യവ്രതൻ. അദ്ദേഹത്തിന് അതിയായ കൃപയുണ്ടായി. മത്സ്യത്തെ നദിയിൽ ഇട്ടുകളയുന്നതു കഷ്ടമല്ലേ? അദ്ദേഹം ജലപാത്രം കൊണ്ടുവന്നിട്ടുണ്ട്. ചെറുമത്സ്യത്തെ ജലപാത്രത്തിലാക്കി. അതിനെയുംകൊണ്ട് നദിയിൽനിന്നു കരയ്ക്കുകയറി. എന്നിട്ട് ആശ്രമത്തിലേക്കു പോയി.

ഒരേയൊരു ദിവസമേ കഴിഞ്ഞുള്ളു. അതിനുള്ളിൽ ചെറുമത്സ്യം വളരെ വളർന്നുകഴിഞ്ഞു. അതിനു ജലപാത്രത്തിൽ ഒട്ടും സ്ഥലം പോരാ. അത്രയധികമായിരുന്നു അതിന്റെ പെട്ടെന്നുള്ള വളർച്ച!

'രാജൻ, ഇവിടെ കഴിയുന്നത്, എനിക്കു വലിയ ബുദ്ധിമുട്ടാണ്, വിസ്താരമുള്ള ഒരിടം എനിക്കു തരണം.' മത്സ്യം അഭ്യർത്ഥിച്ചു.

ദയാലുവായ രാജർഷി ആ അഭ്യർത്ഥന സ്വീകരിക്കുകതന്നെയുണ്ടായി. അദ്ദേഹം മത്സ്യത്തെ ജലപാത്രത്തിൽനിന്നു പുറത്തെടുത്തു. എന്നിട്ട് അതിനെ വെള്ളം നിറച്ച വലിയൊരു കുട്ടകത്തിലിട്ടു.

മത്സ്യം അതിവേഗം വളർന്നു കുട്ടകം നിറഞ്ഞു.

'രാജൻ, ഇവിടെ എനിക്കു സ്ഥലം പോരാ. എനിക്കു കുറേക്കൂടി വലിയ

സ്ഥലം തരണം. ഞാൻ അങ്ങയെ ശരണം പ്രാപിച്ചതാണല്ലോ.' മത്സ്യം പറഞ്ഞു.

സത്യവ്രതൻ മത്സ്യത്തെ കൂട്ടകത്തിൽനിന്നെടുത്തു. അതിനെ ഒരു തടാകത്തിലാക്കി. മത്സ്യം വേഗം വളർന്ന് തടാകം നിറഞ്ഞു.

'രാജൻ, എനിക്ക് ഈ തടാകം മതിയാകുന്നില്ല. കുറേക്കൂടി വലിയൊരു തടാകം വേണം.' മത്സ്യം പറഞ്ഞു.

സത്യവ്രതൻ മത്സ്യത്തെ ഒന്നിനൊന്നു വലുതായ ഓരോ തടാകത്തിലാക്കി. അതനുസരിച്ചു മത്സ്യം ഒന്നിനൊന്നു വളർന്നുകൊണ്ടിരുന്നു. ഏറ്റവും വലിയ തടാകവും അതിനു മതിയാകാതെയായി. ഇനി എന്താണു ചെയ്യുക? സമുദ്രംമാത്രമേ ബാക്കിയുള്ളു. സത്യവ്രതൻ അതിനെ സമുദ്രത്തിലാക്കി.

അപ്പോഴേക്കും അദ്ദേഹത്തിന് ഒരു ബോധമുണ്ടായി. ഇതു സാധാരണ മത്സ്യമൊന്നുമല്ല. ഏതോ ദേവൻ മത്സ്യരൂപത്തിൽ വന്നതല്ലേ? ചില സംശയങ്ങളുമുണ്ടായി.

'ഇത്ര മാഹാത്മ്യമുള്ള ഒരു മത്സ്യത്തെക്കുറിച്ചു ഞാൻ കേട്ടിട്ടില്ല. അങ്ങനെ ഒന്നു കണ്ടിട്ടുമില്ല. ഈ രൂപത്തിൽ എന്നെ മോഹിപ്പിക്കുന്ന അങ്ങ് ആരാണ്? സാക്ഷാൽ മഹാവിഷ്ണുതന്നെയല്ലേ? അതേയെന്ന് എനിക്കു മിക്കവാറും തീർച്ചയായിരിക്കുന്നു. എന്നെപ്പോലുള്ളവർക്ക് അവിടുന്നുമാത്രമാണ് ആശ്രയം. ഞാനിതാ അവിടുത്തെ നമസ്കരിക്കുന്നു. അവിടുത്തെ അവതാരങ്ങളെല്ലാം പ്രാണികളുടെ ക്ഷേമത്തിനുതന്നെ. അതു ഞാൻ അറിയായ്കയല്ല. എങ്കിലും അവിടുന്ന് ഈ മത്സ്യരൂപം എന്തിനു ധരിച്ചു? അതറിയാൻ ഞാൻ ആഗ്രഹിക്കുന്നു.'

മത്സ്യരൂപിയായ മഹാവിഷ്ണു മറുപടി നല്കി:

'സത്യവ്രതാ, ഇന്നുമുതൽ ഏഴാം ദിവസം പ്രളയമുണ്ടാകും. മൂന്നു ലോകങ്ങളും പ്രളയസമുദ്രത്തിൽ മുങ്ങിപ്പോകും. ആ സമയം എന്റെ നിശ്ചയത്താൽ ഒരു കപ്പൽ വന്നു ചേരും. ആ കപ്പലിൽ സപ്തർഷികളുണ്ടായിരിക്കും. നീ കാലേകൂട്ടി പലതരം ഓഷധികളും വിത്തുകളും ശേഖരിച്ചുവയ്ക്കണം. കപ്പൽ നിന്റെ അടുക്കൽ വന്നെത്തും. അപ്പോൾ നീ അവയുമായി കപ്പലിൽ കേറിക്കൊള്ളണം. കൂരിരുട്ടു പരന്നിരിക്കുന്ന സമുദ്രത്തിൽ നിനക്കൊരു വെളിച്ചമുണ്ടായിരിക്കും. കപ്പലിൽ സപ്തർഷികൾ ഇരിക്കുന്നുണ്ടാവും. അവരുടെ ബ്രഹ്മതേജസ്സിന്റെ വെളിച്ചമാണത്. അതിനാൽ നിനക്കു സഞ്ചരിക്കാൻ വിഷമമുണ്ടാവുകയില്ല. ശക്തിയേറിയ കൊടുങ്കാറ്റു വീശിക്കൊണ്ടിരിക്കും. ആ കൊടുങ്കാറ്റിൽ കപ്പൽ വല്ലാതെ ഉലയും. അടുത്തായിത്തന്നെ ഞാൻ മഹാമത്സ്യമായി സഞ്ചരിക്കുന്നതാണ്. മഹാമത്സ്യമായ എനിക്ക് ഒരു കൊമ്പുണ്ടായിരിക്കും. നീ കപ്പലിനെ എന്റെ കൊമ്പിൽ കെട്ടിക്കൊള്ളണം. അപ്പോൾ കപ്പൽ ഉലയുകയില്ല. കെട്ടാനുള്ള കയറായി വാസുകി എന്ന സർപ്പത്തെ ഉപയോഗിക്കണം. ഞാൻ കപ്പലും വലിച്ചുകൊണ്ടു സഞ്ചരിക്കും—പ്രളയം കഴിയുന്നതുവരെ!'

ഇപ്രകാരം പറഞ്ഞിട്ട് മത്സ്യരൂപം ധരിച്ച മഹാവിഷ്ണു അവിടെത്തന്നെ മറയുകയായി.

ഭഗവാന്റെ നിർദ്ദേശങ്ങൾ ഒരു പിഴയും വരാതെ നടപ്പിലാക്കി സത്യവ്രതൻ. അദ്ദേഹം ധൃതിയിൽ ഓഷധികൾ ശേഖരിച്ചു. അവയോടുകൂടി വിത്തുകളെയും. എന്നിട്ട് ഏഴാം ദിവസത്തിനായി കാത്തിരിപ്പായി. ദർഭപ്പുല്ലുവിരിച്ച്

അതിലാണ് അദ്ദേഹമിരുന്നത്. അതോ, കിഴക്കോട്ടു നോക്കിയും. മനസ്സ് മഹാവിഷ്ണുവിൽ കേന്ദ്രീകരിക്കുകയും ചെയ്തിരുന്നു.

ഒടുവിൽ ഏഴാംദിവസവും വന്നെത്തി. ആകാശം കാർമേഘങ്ങളെക്കൊണ്ടു നിറഞ്ഞു. ഏറ്റവും ഘോരമായ പേമാരി ചൊരിയാനും ആരംഭിച്ചു. സമുദ്രം ക്ഷോഭിച്ചിരമ്പിക്കയറി; സർവ ദിക്കുകളെയും അടിയിലാക്കി ഉയർന്നും തുടങ്ങി. അതാ വരുന്നു, ഒരു കപ്പൽ—മഹാവിഷ്ണു അറിയിച്ചിരുന്നതുപോലെ! അതിൽ സപ്തർഷികൾ ഇരിക്കുന്നുമുണ്ട്. കപ്പൽ സത്യവ്രതന്റെ അടുക്കലെത്തിച്ചേർന്നു. ഓഷധികളും വിത്തുമായി അദ്ദേഹം കപ്പലിൽ കയറി.

'സത്യവ്രതാ, ഭഗവാനെ ധ്യാനിച്ചുകൊള്ളൂ. ഭഗവാൻ നമ്മെ രക്ഷിക്കും.' സപ്തർഷികൾ പറഞ്ഞു.

മഹാമത്സ്യത്തിന്റെ രൂപത്തിൽ മഹാവിഷ്ണുവും വന്നുചേർന്നു. എത്രയോ ആയിരം യോജന അളവുള്ള മഹാമത്സ്യം! ഏറ്റവും വലുതായ ഒരു കൊമ്പുമുണ്ട് മഹാമത്സ്യത്തിന്. നിറമോ, സ്വർണംപോലെയും!

മഹാസർപ്പമായ വാസുകിയും വരികയായി. സത്യവ്രതൻ വാസുകിയുടെ ഒരറ്റം കപ്പലിൽ കെട്ടി. മറ്റേയറ്റം മഹാമത്സ്യത്തിന്റെ കൊമ്പിലും.

സത്യവ്രതൻ ഭഗവാനെ വാഴ്ത്തി സ്തുതിച്ചു.

ഭഗവാൻ അദ്ദേഹത്തിനു തത്ത്വോപദേശം നല്കി.

ഇതിനിടയ്ക്കു മറ്റൊരു സംഭവവും നടന്നിരുന്നു.

സൃഷ്ടികർത്താവാണല്ലോ ബ്രഹ്മാവ്. ഒരിക്കൽ ബ്രഹ്മാവ് നിദ്രയ്ക്കധീനനായി.അപ്പോൾ ഒരു തകരാറുണ്ടായി.

ഹയഗ്രീവൻ എന്നൊരു അസുരനുണ്ട്. ശക്തനും ശൂരനുമാണ് ഹയഗ്രീവൻ. വേദങ്ങളെ അപഹരിക്കണം—അതാണ് അവന്റെ പരമമായ ലക്ഷ്യം. ബ്രഹ്മാവിന്റെ മുഖങ്ങളിലാണു വേദങ്ങൾ സ്ഥിതിചെയ്യുന്നത്. ബ്രഹ്മാവ് ഉണർന്നിരിക്കുമ്പോൾ വേദങ്ങളെ അപഹരിക്കാൻ സാധിക്കയില്ല. ഭഗവാൻ ഉറങ്ങുമ്പോൾമാത്രമേ അതിനൊരു പഴുതുകിട്ടുകയുള്ളൂ. അതിനായി കാത്തിരിക്കുകയാണ് ഹയഗ്രീവൻ. ആ തക്കം അവനിതാ ലഭിക്കുകയായി. അവൻ പതുങ്ങിവന്നു വേദങ്ങളെ കൈക്കലാക്കി. എന്നിട്ട് ഒന്നും അറിയാത്തുപോലെ ഒരൊറ്റപോക്ക്!

ഏറ്റവും മഹത്തരങ്ങളാണു വേദങ്ങൾ. ലോകം നിലനില്ക്കണോ, വേദങ്ങൾ വേണം. വേദങ്ങളില്ലെങ്കിൽ ലോകത്തിന്റെ ഭദ്രത അവസാനിക്കും. അവയെ ഹയഗ്രീവൻ മോഷ്ടിച്ചുകൊണ്ടുപോയിരിക്കുന്നു. ഏതുവിധേനയും അവയെ വീണ്ടെടുത്തേ കഴിയൂ. എങ്കിലേ ലോകത്തെ നിലനിർത്താനൊക്കുകയുള്ളൂ. അതിനുള്ള ശക്തി മറ്റു ദേവന്മാരിൽ ആർക്കുംതന്നെയില്ല. മഹാവിഷ്ണുവിനുമാത്രമേ ദുഷ്കരമായ ആ കൃത്യം സാധിക്കൂ. അതിനും കൂടിയാണ് മഹാവിഷ്ണു മത്സ്യരൂപം ധരിച്ചിരിക്കുന്നത്.

സത്യവ്രതനെ പ്രളയത്തിൽനിന്നു രക്ഷിക്കുക—അതായിരുന്നു ആദ്യത്തെ കർത്തവ്യം. ഭഗവാൻ ആ കർത്തവ്യം അനുഷ്ഠിച്ചുകഴിഞ്ഞു. ഇനിയാണു രണ്ടാമത്തെ കർത്തവ്യം—അതായത്, വേദങ്ങളെ വീണ്ടെടുക്കുക.

ഭഗവാൻ ഹയഗ്രീവനെ കണ്ടുപിടിച്ചു. അവനെ കൊലചെയ്തു. വേദങ്ങൾ പിടിച്ചെടുത്തു. അവയെ ബ്രഹ്മാവിനു തിരിച്ചുനല്കുകയും ചെയ്തു.

മഹാവിഷ്ണു അനുഗ്രഹിച്ച ആളല്ലേ സത്യവ്രതൻ? അദ്ദേഹം പിൽക്കാലത്ത് ആരായെന്നോ? മഹാനായ വൈവസ്വതമനു!

(ഭാഗവതം)

പാലാഴിമഥനം

ദേവന്മാർക്കു വാർദ്ധക്യമില്ല, മരണവുമില്ല. അതായിരുന്നു ആദ്യകാലത്തെ അവസ്ഥ. പക്ഷേ, ഒരുനാൾ ആ അവസ്ഥ അപ്പാടെ മാറിപ്പോയി.

ഒരു ശാപമായിരുന്നു അതിനു കാരണം.

ദുർവാസാവ് എന്നൊരു മഹർഷിയുണ്ട്. ഏറ്റവും തപശ്ശക്തിയുള്ള മഹർഷിയാണ്. എങ്കിലും ദേഷ്യം എന്നൊരു ദുഷ്യമുണ്ട്. പെട്ടെന്നു ദേഷ്യംവരും. പലപ്പോഴും ലഘുവായ കാരണം മതിയാകും. ദേഷ്യംവന്നാൽ കേറിയങ്ങു ശപിക്കയുംചെയ്യും. ആളോ സമയമോ നോക്കുകയുമില്ല. അദ്ദേഹമാണ് ശാപമേകിയത്.

ഒരിക്കൽ ദുർവാസാവ് സ്വർഗത്തു ചെന്നു. ചില സ്വർഗ്ഗസ്ത്രീകൾക്ക് ഒരാഗ്രഹമുണ്ടായി—മഹർഷിയെ ബഹുമാനിക്കണം. അവർ ദിവ്യപുഷ്പങ്ങൾ കൊരുത്ത് ഒരു മാല കെട്ടി. ആ മാല മഹർഷിക്കു സാദരം സമ്മാനിച്ചു. മഹർഷി മാല ധരിച്ചില്ല. അദ്ദേഹത്തിന് ഒന്നു തോന്നി: യോഗ്യനായ ഒരാൾക്കു മാല നല്കണം. അതാ, വരികയാണ് ദേവേന്ദ്രൻ. ഐരാവതം എന്ന നാല്ക്കൊമ്പനാനയാണല്ലോ ദേവേന്ദ്രന്റെ വാഹനം. ദേവേന്ദ്രൻ വരുന്നത ഐരാവതത്തിന്റെ പുറത്തിരുന്നുതന്നെ. ദുർവാസാവ് ദേവേന്ദ്രന് ആ മാല സമ്മാനിച്ചു. ദേവേന്ദ്രൻ ഏറ്റവും ആദരവോടെ മാല വാങ്ങി. മാലയെ ശിരസ്സിൽ ധരിക്കുകതന്നെ—അതായി ദേവേന്ദ്രന്റെ നിശ്ചയം. അതിനു മുമ്പു തലമുടി ചിക്കി വിടുർത്തണം എന്നു തോന്നി. അദ്ദേഹം ഐരാവതത്തിന്റെ മസ്തകത്തിൽ മാല വെച്ചു. എന്നിട്ട് തലമുടി ചിക്കാൻ തുടങ്ങി.

അപ്പോഴാണ് വലിയൊരു കുഴപ്പമുണ്ടായത്. കുഴപ്പമുണ്ടാക്കിയതോ, കുറെ വണ്ടുകളും. ഏറ്റവും ഹൃദ്യമായ വാസനയുള്ള പൂക്കളാണ്; അവയുടെ വാസന നാലുദിക്കിലും പരക്കുകയാണ്. അതു വണ്ടുകളെ ആകർഷിച്ചുവരുത്തി. വണ്ടുകൾ മാലയുടെ ചുറ്റും പറന്ന് മുരണ്ടു തുടങ്ങി. മുരണ്ടുകൊണ്ടിരിക്കുന്ന വണ്ടുകൾ വലിയൊരു ശല്യമായി. ആർക്ക്? ഐരാവതത്തിന്. ചെവിയുടെ അടുത്തിരുന്നു മുരണ്ടാൽ വലി സൈരക്കേടല്ലേ? ഐരാവതം തുമ്പിക്കൈകൊണ്ടു മസ്തകത്തിൽനിന്നു മാല വലിച്ചെടുത്ത് നിലത്തിട്ടു ചവിട്ടി ഞെരിച്ചു!

അതെല്ലാം കണ്ടുകൊണ്ടുനില്ക്കുകയാണ് ദുർവാസാവ്. അദ്ദേഹത്തിന് അതൊട്ടും ഇഷ്ടമായില്ല. താൻ ദേവേന്ദ്രനു സമ്മാനിച്ചതാണ് ആ മാല. ദേവേന്ദ്രൻ അതിനെ സൂക്ഷിക്കേണ്ടതായിരുന്നു. ചെയ്തത് അങ്ങനെയല്ല. ദേവേന്ദ്രനു തന്നോട് അനാദരമുണ്ടോ? ഉണ്ട്, തീർച്ചയായുമുണ്ട്, അല്ലാത്തപക്ഷം മാലയെ ഇങ്ങനെ കളയുമായിരുന്നോ? ആങ്ഹാ, അത്രയ്ക്കായോ?

ദുർവാസാവിനു ദേഷ്യംകയറി. മഹർഷി ദേവേന്ദ്രന് ഒരു ശാപമേകി—ദേവേന്ദ്രനു മാത്രമല്ല, സകല ദേവന്മാർക്കും. എല്ലാവരും വൃദ്ധരും വിരൂപന്മാരുമാവട്ടെ!—അതായിരുന്നു ശാപം.

കാര്യം ആകെപ്പാടെ തകരാറായില്ലേ? ഇനി ഒരു വഴി മാത്രമേ അവശേഷിക്കുന്നുള്ളൂ—ദുർവാസാവിനോടു ശാപമോക്ഷം അപേക്ഷിക്കുക. അപ്രകാരം ചെയ്തു ദേവേന്ദ്രൻ; തനിക്കുവേണ്ടിയും ദേവന്മാർക്കുവേണ്ടിയും.

ദുർവാസാവ് ശാപമോക്ഷം നല്കി.

ദേവന്മാർ അമൃതം കുടിക്കട്ടെ; അപ്പോൾ അവർക്ക് യൗവനവും സൗന്ദര്യവും തിരിച്ചുകിട്ടും—അതായിരുന്നു ശാപമോക്ഷം.

അമൃതം കുടിക്കുക—എളുപ്പമുള്ള കാര്യമല്ല അത്. കാരണം, അമൃതം പാലാഴിയുടെ അടിയിൽ കിടക്കുകയാണ്. അമൃതത്തെ മുകളിലേക്കു കൊണ്ടുവരണമെങ്കിലോ? പാലാഴി കടഞ്ഞേ പറ്റുകയുള്ളൂ. തങ്ങൾക്കു സാധിക്കാത്ത ഒരു കൃത്യം! എങ്കിലും അത് നിർവഹിക്കാതെ കഴിയുകയില്ല. ബ്രഹ്മാവിന്റെ സഹായം അപേക്ഷിക്കുകതന്നെ. ദേവേന്ദ്രൻ ദേവന്മാരെയും കൂട്ടി ബ്രഹ്മാവിനെ ചെന്നു കണ്ടു. വിവരം അറിഞ്ഞപ്പോഴോ? ബ്രഹ്മാവിന് ഒന്നു തീർച്ചയായി—മഹാവിഷ്ണുവിന്റെ സഹായം അത്യാവശ്യമാണ്. ദേവേന്ദ്രൻ, ദേവന്മാർ, ശിവൻ—അവരെയെല്ലാംകൂട്ടി ബ്രഹ്മാവ് വൈകുണ്ഠത്തിലെത്തി.

എല്ലാവരും ചേർന്ന് മഹാവിഷ്ണുവിനെ സ്തുതി ചെയ്തു.

അനേകമനേകം സൂര്യന്മാർ ഒന്നിച്ചുദിച്ചാൽ എത്രമാത്രം ശോഭയുണ്ടാവും? ആ ശോഭയോടുകൂടി മഹാവിഷ്ണു അവരുടെ ദൃഷ്ടികൾക്കു ഗോചരനായി.

വന്നവർ ഭഗവാന്റെ തൃച്ചേവടികളിൽ വീണുവണങ്ങി.

അതിനുശേഷം അവർ വന്ന കാര്യം അറിയിച്ചു.

നിങ്ങൾക്കു ശ്രേയസ്സുണ്ടാകുന്ന വഴി ഞാൻ പറഞ്ഞുതരാം. ഇപ്പോൾ അസുരന്മാർക്കു നല്ലകാലമാണ്. തത്കാലം നിങ്ങൾ അവരോടും സന്ധി ചെയ്യണം. അവരുടെ സഹകരണത്തോടെ പാലാഴി കടയണം. അതിനി സ്വർണമയമായ മന്ദരപർവതത്തെ കടകോലാക്കണം. വാസുകി എന്ന സർപ്പത്തെ കടയുന്നതിനുള്ള കയറുമാക്കണം.' മഹാവിഷ്ണു ഉപദേശിച്ചു.

ഭഗവാൻ ഉടൻതന്നെ അപ്രത്യക്ഷനായി.

അക്കാലത്തെ അസുരചക്രവർത്തി മഹാബലിയാണ്.

ഒരു നാൾ മഹാബലി സിംഹാസനത്തിലിരിക്കുകയാണ്. അതാ, കയറിവരുന്നു കുറെ ദേവന്മാർ! അസുരന്മാരുടെ ജന്മശത്രുക്കളാണ് അക്കൂട്ടർ. എന്നാൽ അവർ ആയുധങ്ങൾ ധരിച്ചിട്ടില്ല. എന്താണ് ഇങ്ങനെയൊരു വരവിനു കാരണം? മഹാബലിക്കു മാത്രമല്ല, മന്ത്രിമാർക്കും മറ്റുള്ളവർക്കും മനസ്സിലായില്ല.

വെറിയന്മാരായ ചില സേനാധിപന്മാർ എന്തുചെയ്തു? ശത്രുക്കളായ ദേവന്മാരെ ആക്രമിക്കാൻ ഒരുമ്പെട്ടു. മഹാബലി അവരെ തടഞ്ഞുനിർത്തി.

ദേവേന്ദ്രൻ മഹാബലിയോടു സംസാരിച്ചു. എത്ര വിനയവും മര്യാദയു

മാണ് ദേവേന്ദ്രന്! പറഞ്ഞതോ, നല്ല വാക്കുകൾമാത്രവും. മഹാബലിയുടെ സഹായവും അഭ്യർത്ഥിച്ചു– പാലാഴി കടയുന്നതിനായിട്ട്.

മഹാബലിക്കും മറ്റ് അസുരന്മാർക്കും സന്തോഷമായി. അമൃതം കുടിക്കാൻ അവർക്കും അതിയായ മോഹമുണ്ട്. ദേവന്മാരുടെ സഹായത്തോടെ ആഗ്രഹം സാധിക്കും!

ആത്മശത്രുക്കൾ മിത്രങ്ങളായി–തത്കാലത്തേക്കു മാത്രമാണെങ്കിലും.

ദേവന്മാരും അസുരന്മാരും ഒന്നിച്ചൊരിടത്തുചെന്നു; മന്ദരപർവതത്തെ ഉയർത്തിയെടുത്തു. അതിനെ വഹിച്ചുകൊണ്ടു യാത്രയും ആരംഭിച്ചു.

പാലാഴിയുടെ തീരമായിരുന്നു അവരുടെ ലക്ഷ്യസ്ഥാനം. പക്ഷേ, വഴിക്കുവെച്ച് ഒരപകടം പിണഞ്ഞു. ദേവന്മാരും അസുരന്മാരും ബലശാലികളാണ്; അവർ അസംഖ്യമുണ്ട്—അതൊക്കെ ശരിതന്നെ. എങ്കിലും വളരെ കൂടുതലാണ് മന്ദരപർവതത്തിന്റെ ഘനം. പോരെങ്കിൽ അവർ ഭാരവും വഹിച്ചു വളരെദൂരം സഞ്ചരിക്കയും ചെയ്തിരിക്കുന്നു. ഘനവും ദൂരവുംകൂടി വഹിക്കുന്നവരെ തളർത്തി. പർവതം അവരുടെ പിടിയിൽനിന്നു വഴുതി ഒരൊറ്റ വീഴ്ച!

അതിനിടയിൽപെട്ടുപോയി ചിലരൊക്കെ. എന്തായിരുന്നു അവരുടെ സ്ഥിതി? ചതഞ്ഞരഞ്ഞു പോയി!

ബാക്കിയുള്ളവർ വിഷമിച്ചുനിന്നു. പാലാഴിയുടെ തീരത്ത് പർവതത്തെ എത്തിച്ചേ പറ്റൂ. അതിനൊരു വഴിയും കാണുന്നുമില്ല. എന്താണിനി ചെയ്യുക?

ഭാഗ്യമെന്നു പറയട്ടെ, മഹാവിഷ്ണു വന്നെത്തി!

ഗരുഡന്റെ പുറത്തിരുന്നാണ് ഭഗവാന്റെ വരവ്. ഭഗവാൻ നിലംപറ്റിയ പർവതത്തെ എടുത്തുയർത്തി. അതോ ഒറ്റക്കൈകൊണ്ടും. പർവതത്തെ ഗരുഡന്റെ ചുമലിൽ വെച്ചു. ഗരുഡൻ ഭഗവാനെയും പർവതത്തെയും വഹിച്ചു പറന്നു. ക്ഷണനേരംകൊണ്ടു പാലാഴിക്കരയിൽ എത്തിക്കയും ചെയ്തു.

കുറേക്കഴിഞ്ഞ് ദേവന്മാരും അസുരന്മാരും വന്നെത്തി. അവർ വാസുകിയെക്കണ്ട് ഒരു അപേക്ഷ സമർപ്പിച്ചു—ദയവായി കടയുന്ന കയറാവണം എന്ന്. വാസുകിക്ക് വിസമ്മതമുണ്ടായില്ല. ആ മഹാസർപ്പം മന്ദരപർവതത്തെ ചുറ്റിക്കിടപ്പായി.

ഇനി പർവതത്തെ കടകോലാക്കി പാലാഴിയിൽ ഇറക്കണം; അതിനു ശേഷം കടച്ചിൽ തുടങ്ങുകയും വേണം. അപ്പോഴതാ മറ്റൊരു ബുദ്ധിമുട്ടുണ്ടാവുന്നു.

ദേവന്മാർ വാസുകിയുടെ തലയ്ക്കൽ ചെന്നു പിടിച്ചു. അസുരന്മാർക്കു പിടിക്കാൻ കിട്ടിയതോ സർപ്പവാലും!

'അമംഗളമായ സർപ്പവാലിനെ ഞങ്ങൾ പിടിക്കുകയില്ല.' അസുരന്മാർ പറഞ്ഞിട്ട് ഒഴിഞ്ഞുമാറി നില്പായി.

അസുരന്മാർ സഹകരിച്ചില്ലെങ്കിലോ? തങ്ങളുടെ സംരംഭം നിന്നിടത്തു നിൽക്കയേയുള്ളു. ആ ദുരവസ്ഥ ഒഴിവാക്കിയല്ലേ പറ്റൂ? അതിനായി മഹാവിഷ്ണു ഒന്നു ചെയ്തു. വാലു പിടിക്കാൻ ദേവന്മാരോട് ആവശ്യപ്പെട്ടു. ദേവന്മാർ ഭഗവാനെ അനുസരിച്ചു. അതോടെ അസുരന്മാരുടെ വിസമ്മതം മാറി. കാരണം അവർക്കു പിടിക്കാൻ സർപ്പശിരസ്സ് കിട്ടിയിരുന്നു!

അങ്ങനെ മഥനം, അല്ലെങ്കിൽ കടയൽ, ആരംഭിക്കുകയായി.

പെട്ടെന്ന്, മറ്റൊരു കൂഴപ്പം!

മന്ദരപർവതമാണല്ലോ കടകോൽ, പർവതത്തിന് അടിയിൽ ആലംബമില്ല. അതിനാൽ പർവതം വെള്ളത്തിൽ താഴ്ന്നുതുടങ്ങി!

കടകോലില്ലാതെ കടയുന്നതെങ്ങനെ?

അനർഥത്തിനു കാരണം മഹാവിഷ്ണുവിനു മനസ്സിലായി.

ഏതു കാര്യം ആരംഭിക്കുമ്പോഴും വിഘ്നേശ്വരനായ ഗണപതിയെ പൂജിക്കണം. ദേവന്മാരും അസുരന്മാരും ഗണപതിപൂജ ചെയ്തിട്ടില്ല. വിഘ്നം ഉണ്ടായതിൽ ആശ്ചര്യപ്പെടാൻ എന്തുള്ളൂ?

വേണ്ടതായ പരിഹാരം ചെയ്തു മഹാവിഷ്ണു. പെട്ടെന്നാണ് ഭഗവാൻ പ്രവർത്തിച്ചത്. ഒരു ആമയായി മന്ദരപർവതത്തിന്റെ അടിയിൽ കടന്ന് അതിനെ താങ്ങി—പർവതത്തിന്റെ അടിഭാഗത്തെക്കാൾ എത്രയോ വിസ്താരമുള്ള ഒരു ആമ! മുതുകുകൊണ്ടു പർവതത്തെ താങ്ങിയിരിക്കയാണുതാനും. ഇനി പർവതം വെള്ളത്തിൽ താഴ്ന്നു പോവുകയില്ല! അക്കാര്യം കടയുന്നവർക്കു തീർച്ചയായി. അവർ പൂർവാധികം ഉത്സാഹത്തോടെ കടയാൻ തുടങ്ങി. ആമയായ ഭഗവാന്റെ പുറത്തിരിക്കുകയാണ് പർവതം. കടയുന്നതുകാരണം പർവതം അതിവേഗത്തിൽ കറങ്ങുകയുമാണ്. മുതുക് ചൊറിയുമ്പോൾ ഒരുതരം സുഖമുണ്ടാവില്ലേ? ആ സുഖം തോന്നി, ആമയായ ഭഗവാന്!

ദ്രുതഗതിയിൽ തിരിയുകയാണ് കടകോലായ പർവതം. മകരമത്സ്യങ്ങൾ, തിമിംഗലങ്ങൾ, മുതലകൾ, സർപ്പങ്ങൾ, ആമകൾ, മറ്റുമാതിരി ജലജന്തുക്കൾ—അവയെല്ലാം വിമ്മിട്ടത്തോടെ പുളഞ്ഞുതുടങ്ങി. ജലത്തിനടിയിൽ കിടന്നിരുന്ന ഒരു സാധനം മുകളിലേക്കു വരികയായി—ഏറ്റവും ഉഗ്രവിഷമായ ഹാലാഹലം!

നാലു ചുറ്റിനും ഹാലാഹലം വ്യാപിക്കുകയാണെങ്കിലോ? സകല ജീവജാലങ്ങളും വെന്തുചാവും. വ്യാപിക്കുന്ന ദിക്കുകളെല്ലാം നശിക്കുകയും ചെയ്യും!

ദേവന്മാർ ഭയംകൊണ്ടു പരവശരായി. രക്ഷിക്കാൻ കഴിവുള്ളവരാര്? ശിവൻ മാത്രം!

ഭഗവാനേ, രക്ഷിക്കണേ!' എല്ലാവരുംകൂടി വിളിച്ചുകേണു.

ശിവനു കാരുണ്യമുണ്ടായി.

ഭഗവാൻ പത്നിയുടെ നേർക്കു തിരിഞ്ഞു.

'പാർവതീ, അതാ കണ്ടില്ലേ, ഹാലാഹലത്തിന്റെ കെടുതികൾ? എത്ര കഷ്ടമാണ്, അല്ലേ? ആട്ടെ, ഞാൻ ഇവരെ രക്ഷിക്കും!' ശിവൻ തീരുമാനം അറിയിച്ചു.

സർവത്ര വ്യാപിച്ചുതുടങ്ങിയിരിക്കയാണ് ഹാലാഹലം. ശിവൻ ആ ഘോരവിഷം മുഴുവനും കരതലത്തിലാക്കി. എന്നിട്ട് അതത്രയും ഒന്നായി കൂടിക്കുകയും ചെയ്തു!

നീലനിറത്തിലുള്ള വിഷം ശിവന്റെ കണ്ഠത്തിനുള്ളിലായി. അത് അവിടെ നീലനിറം കലർത്തി. അന്നുമുതൽ ശിവന് നീലകണ്ഠൻ എന്ന പേരുമുണ്ടായി.

മറ്റൊന്നുകൂടി സംഭവിക്കാതിരിക്കില്ല. തൃക്കൈകളിലാണല്ലോ ശിവൻ ഹാലാഹലത്തെ എടുത്തത്. ആ സമയം വിഷത്തിന്റെ ചില തുള്ളികൾ താഴെ വീഴാൻ ഇടയായി. തേൾ, പാമ്പ്, ചില പ്രാണികൾ, ചില ചെടികൾ— അവയെല്ലാം വിഷത്തുള്ളികൾ കൂടിക്കുകയായി. അപ്രകാരമാണ്. അവയ്ക്കെല്ലാം വിഷമുണ്ടായത്!

വല്ലവിധവും വിഷഭയം നീങ്ങിയല്ലോ; ദേവന്മാർക്കും അസുരന്മാർക്കും അതിയായ സന്തോഷമുണ്ടായി. അവർ പൂർവ്വാധികം ഉത്സാഹത്തോടെ വീണ്ടും കടയൽ തുടങ്ങി.

ജലത്തിനടിയിൽനിന്ന് അതാ ഉയർന്നുവരുന്നു ഒരു പശു! ദിവ്യശക്തിയുള്ള പശുവാണവൾ. പേര് കാമധേനു എന്നും. കാമധേനുവിന്റെ പാൽ യാഗങ്ങൾക്കു മേന്മ ചേർക്കും. യാഗങ്ങൾ ചെയ്യുന്നതു മഹർഷിമാരാണ്. അതിനാൽ മഹർഷിമാർ കാമധേനുവിനെ കൈക്കൊണ്ടു. അതിനുശേഷം ഉച്ചൈശ്രവസ് എന്ന കുതിര പൊങ്ങിവന്നു—വെള്ളനിറവും ചിറകുമുള്ള ഒരു കുതിര! ദേവേന്ദ്രൻ ഉച്ചൈശ്രവസ്സിന്റെ ഉടമസ്ഥനായി. തുടർന്ന് ഉയർന്നുവന്നത് തൂവെള്ളനിറമുള്ള ഐരാവതം എന്ന നാല്ക്കൊമ്പനാന ഐരാവതവും ദേവേന്ദ്രന്റെ വകയായിത്തീർന്നു. പിന്നീടു വിശിഷ്ടമായ കൗസ്തുഭരത്നം വരികയായി. മഹാവിഷ്ണു കൗസ്തുഭരത്നത്തെ സ്വന്തമാക്കി. അതിനുശേഷം മറ്റുചില വസ്തുക്കളും.

ഒടുവിൽ ലക്ഷ്മീദേവിയുടെ ആവിർഭാവമായി. ശരീരകാന്തിയിലോ മഹിമയിലോ ലക്ഷ്മീദേവിക്ക് തുല്യയായി മറ്റൊരു സ്ത്രീയില്ല. ദേവിയെ അഭിഷേകം ചെയ്തു മാനിക്കണം—അതിനായി എല്ലാവരുടേയും ഒരുക്കം. ദേവേന്ദ്രൻ ഭദ്രാസനം ഒരുക്കി. നദീദേവതകൾ പൊൻകുടങ്ങളിൽ ശുദ്ധജലം നല്കി. ഋഷികൾ സൂക്തങ്ങൾ ഗാനംചെയ്തു. മേഘങ്ങൾ മന്ദമായി ശബ്ദമുയർത്തി. അതിനിടയിൽ അഭിഷേകവും നടന്നു. അഭിഷേകം നടത്തിയതോ, ദിഗ്ഗജങ്ങളും. അതിനുശേഷം ഓരോരുത്തരായി തിരുമുൽക്കാഴ്ച വെച്ചു. ബ്രഹ്മാവ്, വരുണൻ, വിശ്വകർമാവ്, സരസ്വതി—അവർ യഥാക്രമം താമരപ്പൂവ്, വൈജയന്തിമാല, ആഭരണങ്ങൾ, മുത്തുമാല എന്നിവ നല്കി. മറ്റുള്ളവരും ഓരോന്നു സമർപ്പിച്ചു. ലക്ഷ്മീദേവി ഭദ്രാസനത്തിൽനിന്ന് എഴുന്നേറ്റു. വണ്ടുകൾ ചുഴലുന്ന ഉല്പലമാല കൈയിലെടുത്തു. മന്ദഹാസം കൊണ്ടു മുഖശോഭ വർദ്ധിപ്പിച്ചു. വരനെ സ്വീകരിക്കുക എന്നതാണ് ദേവിയുടെ ഉദ്ദേശ്യം. വിശിഷ്ടന്മാരായ പുരുഷന്മാർ പലരും അവിടെയുണ്ട്. എങ്കിലും എല്ലാം തികഞ്ഞിട്ട് ഒരു പുരുഷനേയുള്ളു—മഹാവിഷ്ണു. ദേവി മഹാവിഷ്ണുവിനെ വരിച്ചു.

പാലാഴിമഥനം വീണ്ടും ആരംഭിച്ചു. ജലത്തിനടിയിൽനിന്ന് വാരുണീദേവി മുകളിലേക്കു വന്നു. മദ്യത്തിന്റെ അധിഷ്ഠാനദേവതയാണ് വാരുണീദേവി. ആ ദേവിയെ സ്വീകരിച്ചത് അസുരന്മാരായിരുന്നു. തുടർന്നു പൊങ്ങിവന്നത് ധന്വന്തരിയാണ്—അതായത് ആയുർവേദത്തിന്റെ പ്രചാരകൻ. ധന്വന്തരി ഒരു കലശം കൈയിൽ പിടിച്ചിരിക്കുന്നു. എന്താണ് ആ കലശത്തിനുള്ളിൽ? മറ്റൊന്നുമല്ല, അമൃതംതന്നെ!

വിഷമംപിടിച്ച കൃത്യമായിരുന്നു പാലാഴിമഥനം. എന്തിനാണ് ആ കൃത്യം ചെയ്തത്. അമൃതത്തിനുവേണ്ടി. അമൃതം ഇതാ ലഭിക്കയും ചെയ്തിരിക്കുന്നു! ദേവന്മാർക്ക് അതിയായ സന്തോഷമുണ്ടായി.

പക്ഷേ, അവരുടെ സന്തോഷം അല്പനേരത്തേക്കു മാത്രമായിരുന്നു. പെട്ടെന്നു സന്തോഷം സന്താപത്തിന് വഴിമാറി. എന്താണ് അതിനു കാരണം. അമൃതകലശത്തെ അസുരന്മാർ കൈക്കലാക്കി. അതുംകൊണ്ട് ഒരൊറ്റ ഓട്ടം.

ദേവന്മാർ വിഷണ്ണരായി.

ഇനി എന്താണു ചെയ്യുക? ഒന്നേ ഒന്നുമാത്രം. മഹാവിഷ്ണുവിനെ ശരണം പ്രാപിക്കുക!

മഹാവിഷ്ണു അവരെ സാന്ത്വനപ്പെടുത്തി.

'ദേവന്മാരെ, നിങ്ങൾ പേടിക്കണ്ട. ഞാൻ എന്റെ മായയെ ഉപയോഗിക്കും. നിങ്ങളുടെ കാര്യം സാധിപ്പിക്കയും ചെയ്യും.' ഭഗവാൻ വാഗ്ദാനം ചെയ്തു.

അസുരന്മാർ അമൃതവുംകൊണ്ട് അവരുടെ ആസ്ഥാനത്തിലെത്തി. അമൃതം കുടിച്ചെങ്കിൽ! എത്രയോ കാലമായുള്ള ആഗ്രഹമാണ്. ഓരോ അസുരന്റെയും ആഗ്രഹമാണത്. ആദ്യമായി തനിക്ക് അമൃതം കുടിക്കണം! പക്ഷേ, അതിന് മറ്റുള്ളവർ സമ്മതിക്കണ്ടേ? ഫലമായി വഴക്കായി, വക്കാണമായി.

എവിടുന്നെന്നറിഞ്ഞുകൂടാ, ഒരു സുന്ദരി വന്നെത്തി.

അവളിൽ ചെന്നുപറ്റി അസുരന്മാരുടെ കണ്ണുകൾ. ആ കണ്ണുകളെല്ലാം അത്ഭുതംകൊണ്ടു വിടർന്നു. ഇങ്ങനെയുണ്ടോ ഒരു സൗന്ദര്യം?

മഹാവിഷ്ണു മോഹിനിയായി വന്നതാണ്—അക്കാര്യം അവർ അറിഞ്ഞതേയില്ല.

അസുരന്മാർ മോഹിനിയുടെ ചുറ്റും കൂടി. അവർ അവൾക്ക് ഒരു അഭ്യർത്ഥന സമർപ്പിച്ചു. മോഹിനി മദ്ധ്യസ്ഥത വഹിക്കണം; അവരുടെ വഴക്കു തീർക്കണം; അമൃതം ഭാഗിച്ചു കൊടുക്കണം—അതായിരുന്നു അഭ്യർത്ഥന.

'ഹേ അസുരന്മാരേ, ഞാൻ പ്രവർത്തിക്കുന്നത് ന്യായമാകട്ടെ, അന്യായമാകട്ടെ—എന്തായാലും ശരി, നിങ്ങൾ അത് അംഗീകരിക്കണം. എന്നാലേ ഞാൻ അമൃതം വീതിച്ചുതരികയുള്ളൂ' മോഹിനി പറഞ്ഞു.

'അങ്ങനെയാവട്ടെ.' അസുരന്മാർ സമ്മതിച്ചു.

അതിനിടയ്ക്ക് ദേവന്മാർ അവിടെ വന്നെത്തി.

മോഹിനി അസുരന്മാരെ ഒരു പന്തിയായി ഇരുത്തി. ദേവന്മാരെ മറ്റൊരു പന്തിയായും. അതിനുശേഷം അമൃതകലശം കൈയിലെടുത്തു. അതുമായി ദേവന്മാരുടെ പന്തിയിലേക്കു നടന്നു. അവർക്കു വിളമ്പിയും തുടങ്ങി.

മോഹിനി തെറ്റുചെയ്താലും ശരി, അല്ലെങ്കിലും ശരി, തങ്ങൾ എതിരു പറയുകയില്ല—അസുരന്മാർ ആദ്യമേ വാഗ്ദാനം ചെയ്തതാണ്. അവളിപ്പോൾ തങ്ങളുടെ ശത്രുക്കൾക്ക് വിളമ്പുകയാണ്. പക്ഷേ, വാഗ്ദാനം പാലിക്കാതെ നിവൃത്തിയില്ലല്ലോ. അസുരന്മാർ മിണ്ടാതെ നോക്കിയിരുന്നു; മദ്ധ്യസ്ഥയുടെ പ്രവൃത്തിയിൽ അതിയായ അമർഷം തോന്നിയെങ്കിലും.

അവരിൽനിന്നു ഭിന്നമായ മനഃസ്ഥിതിയായിരുന്നു ഒരു അസുരന്. രാഹു എന്നാണ് ആ അസുരന്റെ പേര്. എന്തു വന്നാലും ശരി, തനിക്ക് അമൃതം കിട്ടണം—അത് രാഹുവിന് നിർബന്ധമായിരുന്നു. മായാവിത്തം വശമുള്ള

വനാണ് രാഹു. അവൻ ദേവവേഷം ചമഞ്ഞ് ദേവന്മാരുടെ പന്തിയിൽ ഇരിപ്പായി. ദേവന്മാർ അവന്റെ മായാവിത്തത്താൽ വഞ്ചിതരായി—രണ്ടുപേരൊഴിച്ച്. സൂര്യദേവനും ചന്ദ്രദേവനും ആയിരുന്നു ആ രണ്ടുപേർ. അവർ വേഷം മാറിവന്നിട്ടുള്ള രാഹുവിനെ തിരിച്ചറിഞ്ഞു. അപ്പോൾ അവർ മോഹിനിയായ ഭഗവാനോടു കണ്ണുകാട്ടി. ഭഗവാനു കണ്ണുകാട്ടലിന്റെ അർത്ഥം മനസ്സിലായി. ഭഗവാൻ തൃച്ചക്രമെടുത്ത് രാഹുവിന്റെ തല മുറിച്ചു. അവന്റെ ദേഹം ചൈതന്യമറ്റു നിലംപതിച്ചു. എന്നിരുന്നിട്ടും തലയ്ക്കു ജീവൻ വിട്ടില്ല. അമൃതം അവന്റെ വായിലായിക്കഴിഞ്ഞിരുന്നു. അതാണു കാരണം. ഭഗവാൻ ആ തലയെ ഗ്രഹമാക്കി.

രാഹുവായ ഗ്രഹം ഇന്നുമുണ്ട്. സൂര്യചന്ദ്രന്മാരാണല്ലോ അവനെ ഭഗവാനു കാട്ടിക്കൊടുത്തത്. രാഹുവിന് അവരോടുള്ള പക ഇന്നും തീർന്നിട്ടില്ല. ഇന്നും ഗ്രഹണസമയത്ത് അവൻ സൂര്യചന്ദ്രന്മാരെ എതിർത്തുവരുന്നു!

മഹാവിഷ്ണു ദേവന്മാർക്കുമാത്രം അമൃതം നല്കി. അസുരന്മാരെ കബളിപ്പിക്കയും ചെയ്തു. അതിനുശേഷം അവിടെനിന്ന് അപ്രത്യക്ഷനുമായി.

ദുർവാസാവിന്റെ ശാപമേറ്റിരുന്നല്ലോ ദേവന്മാർ. അവരിപ്പോൾ അമൃതം കുടിക്കയും ചെയ്തു. അതോടെ അവർക്കു ശാപമോക്ഷമുണ്ടായി. അവർ പഴപോലെ യുവാക്കന്മാരും സുന്ദരന്മാരുമായി!

അസുരന്മാരുടെ ഇച്ഛാഭംഗം കാണണം! എന്തായിരുന്നു ദേവന്മാരോടു തോന്നിയ വൈരാഗ്യം. അവർ ആയുധങ്ങൾ കൈയ്ക്കലാക്കി ശത്രുക്കളുടെമേൽ ചാടി വീണു. ദേവന്മാർ വീറോടുകൂടി എതിർത്തുനിന്നു. യുദ്ധാഗ്നി പടർന്നുകത്തി. രഥവിഭാഗങ്ങൾ രഥവിഭാഗങ്ങളോടിടഞ്ഞു. ഗജവിഭാഗങ്ങൾ ഗജവിഭാഗങ്ങളോട്; അശ്വവിഭാഗങ്ങൾ അശ്വവിഭാഗങ്ങളോട്; കാലാൾവിഭാഗങ്ങൾ കാലാൾവിഭാഗങ്ങളോടും. മറ്റുമാതിരി വിഭാഗങ്ങളും അങ്ങിങ്ങായി കാണപ്പെട്ടു. ഒട്ടകങ്ങൾ,കഴുതകൾ, ചമരിമൃഗങ്ങൾ, കരടികൾ, പുലികൾ, സിംഹങ്ങൾ—ഇവയെയൊക്കെ വാഹനങ്ങളാക്കിയിരുന്നു ചില അസുരന്മാർ. കഴുകന്മാർ, പരുന്തുകൾ, കൊറ്റികൾ മുതലായ പക്ഷികളിൽ കയറിയവരും കുറവായിരുന്നില്ല.

മഹാബലനായ മഹാബലിതന്നെയാണ് അസുരസൈന്യങ്ങളെ നയിക്കുന്നത്. ഒരിക്കൽ മഹാബലിയും ദേവേന്ദ്രനും തമ്മിൽ ഒരു ദ്വന്ദ്വയുദ്ധത്തിലേറ്റു. ആദ്യമൊക്കെ തുല്യനിലയിൽ ആയിരുന്നു ആ ദ്വന്ദ്വയുദ്ധം. മഹാബലി ഒന്നിനുപുറകെ ഒന്നായി അനേകം അസ്ത്രങ്ങൾ പ്രയോഗിച്ചു. ദേവേന്ദ്രൻ അവയെല്ലാം ഖണ്ഡിച്ചുതള്ളി. മഹാബലി ഗദയും ശൂലവും തോമരവും ധരിച്ചു പോരാടി. ദേവേന്ദ്രൻ ആ ആയുധങ്ങളെ നിഷ്പ്രയോജനമാക്കി. അപ്പോൾ മഹാബലി മായായുദ്ധം ആരംഭിച്ചു. ആ അസുരചക്രവർത്തി മറഞ്ഞുനിന്ന് പാറക്കല്ലുകൾ വർഷിച്ചു—മാത്രമല്ല, സർപ്പങ്ങളെയും തേളുകളെയും മറ്റും. അതേസമയം തീമഴയും പൊഴിച്ചു. ദേവേന്ദ്രനും സൈന്യവും തോല്ക്കുമെന്ന നിലയായി.

ആ സമയം മഹാവിഷ്ണു വന്നെത്തി.

ഭഗവാന്റെ വരവോടുകൂടി മഹാബലിയുടെ മായാവിത്തം നിഷ്ഫലമായി.

ദേവന്മാർ പൂർവാധികം ശൗര്യത്തോടെ പോരാടി. അവർ പ്രമാണിക ളായ പല എതിരാളികളെയും കൊന്നു വീഴ്ത്തി. വീണ്ടും ദേവേന്ദ്രനും മഹാ ബലിയും ദ്വന്ദ്വയുദ്ധത്തിൽ ഇടഞ്ഞു. ആ യുദ്ധത്തിൽ മഹാബലിക്കു പരിക്കും പറ്റി. ജംഭൻ എന്നൊരു മഹാശക്തനുണ്ട്, അസുരന്മാരുടെ കൂട്ടത്തിൽ. പ്രിയ പ്പെട്ട ചക്രവർത്തിക്കു പരിക്കുപറ്റുന്നത് ജംഭൻ കാണാനിടയായി. അവൻ ക്രോധത്തോടുകൂടി ദേവേന്ദ്രന്റെ അടുക്കൽ പാഞ്ഞുചെന്നു. എന്നിട്ട് ഘോര മായ ഗദയോങ്ങി ഊക്കോടെ ഒന്നടിച്ചു. അടിയേറ്റത് ദേവേന്ദ്രന്റെ വാഹന മായ ഐരാവതത്തിനായിരുന്നു. ആ കൊലകൊമ്പൻ മോഹാലസ്യപ്പെട്ടു മുട്ടുകുത്തി വീണു. ദേവേന്ദ്രനു വാഹനമില്ലാതെയായി. അപകടംപിടിച്ച നിമിഷം! അപ്പോഴാണ് മാതലി പ്രവർത്തിച്ചത്. ദേവേന്ദ്രന്റെ തേരാളിയാണ് മാതലി. ആയിരം കുതിരകളെ പൂട്ടിയ ഒരു രഥം മാതലി കൊണ്ടുവന്നു. ദേവേന്ദ്രൻ മാതലിയെ ഹാർദമായി അഭിനന്ദിച്ചു. അതിനുശേഷം പുതിയ തേരിൽ കയറി പോരാട്ടം തുടർന്നു. ഒടുവിൽ ജംഭന്റെ ശിരസ്സ് ഛേദിച്ചിടു കയും ചെയ്തു.

വലൻ, പാകൻ മുതലായ അസുരവീരന്മാർ ശേഷിച്ചിട്ടുണ്ട്. ദേവേന്ദ്രൻ അവരേയും കൊലപ്പെടുത്തി; ഏറ്റവും പണിപ്പെട്ടിട്ടാണെങ്കിലും.

ഒന്നു പ്രത്യേകമായിരുന്നു നമുചി എന്ന അസുരവീരന്റെ കാര്യം. ദേവേ ന്ദ്രൻ നമുചിയുടെമേൽ വജ്രായുധം പ്രയോഗിച്ചു. എന്തിനെയും ഖണ്ഡിക്കു ന്നതാണ് വജ്രായുധം. പക്ഷേ, നമുചിക്ക് അതൊരു തൂവൽപോലെ! ദേവേ ന്ദ്രൻ വെട്ടിയത് നമുചിയുടെ കണ്ഠത്തിലാണ്. ഒരു പോറൽപോലും നമു ചിയുടെ കണ്ഠത്തിൽ ഏറ്റിട്ടില്ല! നമുചി ജീവനോടെ ശേഷിക്കെ, ദേവന്മാ രുടെ ആപത്തു തുടരും. ദേവേന്ദ്രൻ അതിയായ വിഷാദത്തോടെ നിലകൊ ണ്ടു. ഒരു അശരീരി കേൾക്കുമാറായി:

'ഉണക്കുള്ളതോ നനവുള്ളതോ ആയ ഒന്നുകൊണ്ടും നമുചി മരിക്കു കയില്ല!'

ദേവേന്ദ്രന് ഒരു അനുമാനമുണ്ടായി—ഉണക്കില്ലാത്തതും നനവില്ലാത്ത തുമായ ഒന്നുകൊണ്ട് അവനെ കൊല്ലാം! ദേവേന്ദ്രന്റെ സ്മരണ കടൽവെ ള്ളത്തിലെ നുരയിൽ ചെന്നെത്തി. നുര ഉണക്കുള്ളതുമല്ല നനവുള്ളതുമല്ല. അതു കിട്ടാനൊട്ടു പ്രയാസവുമില്ല. സമുദ്രതീരത്താണ് യുദ്ധം നടക്കുന്നത്. ദേവേന്ദ്രൻ നുരയെടുത്ത് നമുചിയുടെ നേരെ പ്രയോഗിച്ചു. നമുചിയുടെ ശിരസ്സ് അറ്റുവീണു.

അതോടെ അസുരശക്തി ക്ഷയിച്ചുപോയി.

ദേവേന്ദ്രൻ എതിരാളികളെ നിർദയം കൊന്നൊടുക്കി.

നാരദമഹർഷി വന്നെത്തി.

'ദേവന്മാരേ, ഭഗവാന്റെ കാരുണ്യംകൊണ്ടു നിങ്ങൾക്ക് അമൃതം കിട്ടി. യുദ്ധത്തിൽ ജയവുമുണ്ടായി. ഇനി നിങ്ങൾ യുദ്ധം മതിയാക്കണം.' മഹർഷി ആവശ്യപ്പെട്ടു.

നാരദനെ ധിക്കരിക്കാൻ ദേവന്മാർ ധൈര്യപ്പെട്ടില്ല. അവർ പോരാട്ടം നിർത്തി, സ്വർഗത്തിലേക്കു മടങ്ങി; ശേഷിച്ച അസുരന്മാർ അവരുടെ ആസ്ഥാ നത്തിലേക്കും.

(ഭാഗവതം)

ഹിരണ്യാക്ഷൻ

ബ്രഹ്മപുത്രനായി സ്വായംഭുവമനു ജാതനായി.

'പിതാവേ, ഞാൻ ഏതു സ്ഥാനത്തിരിക്കണം? എന്തെല്ലാം ചെയ്യണം?' സ്വായംഭുവമനു ചോദിച്ചു.

'പുത്രാ, നിന്റെ സ്ഥാനം ഭൂമിയാണ്. നീ ഭൂമിയെ പാലിക്കണം.' ബ്രഹ്മാവ് അരുളിച്ചെയ്തു.

'ഞാൻ അപ്രകാരം ചെയ്തുകൊള്ളാം. പക്ഷേ, ഭൂമി ജലത്തിൽ മുങ്ങിക്കിടക്കുകയാണല്ലോ. ഭൂമിയെ ഉദ്ധരിക്കാൻ അവിടുന്നുതന്നെ സഹായിക്കണം.' സ്വായംഭുവമനു പറഞ്ഞു.

അതു ശരിയായിരുന്നു. ഭൂമിയുണ്ട് ആ സമയം, പക്ഷേ, ഭൂമി വെള്ളത്തിനടിയിലാണ്. അതിന്റെ പിന്നിൽ ചെറിയൊരു കഥയുണ്ട്:

മുമ്പൊരിക്കൽ മഹാവിഷ്ണു നിഷ്ക്രിയനായി ഇരുന്നു. അതായത് ഒന്നും ചെയ്യാതെ കഴിഞ്ഞു എന്നർത്ഥം. ജീവജാലങ്ങൾ ക്രമത്തിലേറെ വർദ്ധിച്ചു. അവയുടെ ഭാരം വഹിക്കാൻ ഭൂമിക്കു കഴിയാതെയായി. ഭൂമി നൂറു യോജന താഴ്ന്നുപോയി.

മഹാവിഷ്ണുവിനോടു സങ്കടം ഉണർത്തിച്ചു ഭൂമിദേവി:

'ഭഗവാനേ, വളരെക്കാലമായി ഞാൻ സുഖമായി കഴിഞ്ഞുകൂടുകയായിരുന്നു. ഇന്നിപ്പോൾ ഭാരഹേതുവാൽ ഞാൻ താഴ്ന്നുപോയിരിക്കുന്നു. എന്റെ ഭാരം അവിടുന്നു മാറ്റിത്തരണം.' ഭൂമിദേവി യാചിച്ചു.

'നിനക്ക് ഒട്ടും വ്യസനം വേണ്ട. നിനക്കുള്ള ഭാരം ഞാൻ ഇല്ലാതാക്കിക്കൊള്ളാം.' മഹാവിഷ്ണു ഉറപ്പിച്ചു പറഞ്ഞു.

അക്കഥ ബ്രഹ്മാവിന്റെ സ്മരണയിൽ വന്നെത്തി.

'മഹാവിഷ്ണുതന്നെ വഴിയുണ്ടാക്കട്ടെ.' ബ്രഹ്മാവു വിചാരിച്ചു.

തത്സമയം അപൂർവമായ ഒരു സംഭവം ഉണ്ടായി: ബ്രഹ്മാവിന്റെ മൂക്കിൽ കൂടി ഒന്ന് പുറത്തുചാടി—പെരുവിരലിനോളം വലിപ്പമുള്ള ഒരു പന്നി! നൊടിക്കിടയിൽ ആ പന്നി വളർന്നു വലുതായി. ആ മൃഗം ആകാശം മുട്ടിനിന്നു—അത്രയധികം വലിപ്പം!

മഹാവിഷ്ണുവിന്റെ വരാഹാവതാരമാണ് ഇത്—ആ ബോധം ബ്രഹ്മാവിനുണ്ടായി; മാത്രമല്ല, സ്വായംഭുവമനുവിനും മറ്റുള്ളവർക്കും.

എന്താണ് വരാഹം പിന്നീടു ചെയ്തത്? നിറഞ്ഞു കിടക്കുന്ന ജലപ്പരപ്പിൽ പ്രവേശിച്ചു. ഏറ്റവും അടിയിൽ എത്തിച്ചേർന്നു. ഭൂമിയെ തേറ്റയിൽ വഹിച്ചു വെള്ളത്തിനു മീതെയാക്കി. അതിനുശേഷം ഭൂമിയെ ഒരിടത്തു സ്ഥാപിച്ചു. ഇനിയൊരിക്കലും ഭൂമിക്ക് ഇളക്കം ഉണ്ടാവുകയില്ല!

അതിനിടയ്ക്ക് മഹാവിഷ്ണു ഒന്നുകൂടി നിർവഹിച്ചു—ഹിരണ്യാക്ഷന്റെ വധം!

അസുരനാണ് ഹിരണ്യാക്ഷൻ. അവനൊരു ജ്യേഷ്ഠനുണ്ട്—ഹിരണ്യകശിപു. അതിശക്തന്മാരാണ് സഹോദരന്മാർ ഇരുവരും. അതേസമയം അതിദുഷ്ടന്മാരും.

ഹിരണ്യാക്ഷന്റെ കരബലം ഒന്നു പ്രത്യേകമാണ്. അതുപോലെയാണു യുദ്ധം ചെയ്യുന്നതിനുള്ള ഉത്സാഹവും. എന്നാൽ, അവനോടു യുദ്ധം ചെയ്യാൻ പ്രാപ്തിയുള്ളവരില്ല. അവന് എതിരാളിയെ കിട്ടുകയും വേണം. സ്വർഗത്തു ചെന്നാൽ യുദ്ധം ചെയ്യാൻ പറ്റിയേക്കും. ആ ആശയോടെ അവൻ സ്വർഗത്തിലെത്തി. അവനെ ഒരുനോക്കു കണ്ടതേയുള്ളു—ദേവന്മാർ ഭയന്ന് ഓട്ടം തുടങ്ങി. അതു കണ്ട് ഹിരണ്യാക്ഷൻ പൊട്ടിച്ചിരിച്ചു!

പിന്നൊരിക്കൽ ഹിരണ്യാക്ഷൻ സമുദ്രത്തിൽ ചെന്നിറങ്ങി. ജലജന്തുക്കൾ അവനെക്കണ്ടു വിരണ്ട് നീന്തി പൊയ്ക്കളഞ്ഞു. അവന്റെ ശ്വാസമേറ്റ് വലിയ അലമാലകൾ ഉയർന്നു. അവൻ അലമാലകളെ ഗദകൊണ്ടടിച്ചു ക്രീഡിച്ചു. അതിനുശേഷം വരുണന്റെ രാജധാനിയിൽ കടന്നുകയറി.

'ഹേ വരുണാ, എന്നോടു യുദ്ധംചെയ്യൂ.' ആ അഹങ്കാരി വെല്ലുവിളി നടത്തി.

പണ്ടൊരു കാലത്ത് വരുണൻ അസുരന്മാരെ ജയിച്ചിരുന്നു. രാജസൂയം എന്ന യാഗം ചെയ്തിരുന്നു. ഇപ്പോഴാകട്ടെ, യുദ്ധത്തിന് ഇറങ്ങാറേയില്ല.

'ഹിരണ്യാക്ഷാ, നിനക്കു പറ്റിയ എതിരാളിയെ എനിക്കറിയാം. മറ്റാരുമല്ല, മഹാവിഷ്ണുതന്നെ. നീ മഹാവിഷ്ണുവിനെ വെല്ലുവിളിക്കണം. അതോടെ നിന്റെ ഗർവം നശിക്കും!' വരുണൻ പറഞ്ഞു.

ശരി. എന്നാലിനി മഹാവിഷ്ണുവിനെ നേരിടുകതന്നെ. അതായി ഹിരണ്യാക്ഷന്റെ നിശ്ചയം. പക്ഷേ, ഇപ്പോൾ മഹാവിഷ്ണു എവിടെയാണ്? ഒരു നിശ്ചയവുമില്ല.

ഹിരണ്യാക്ഷൻ അന്വേഷിച്ചിറങ്ങി.

വഴിയിൽവെച്ച് നാരദനെ കണ്ടുമുട്ടി.

'മഹർഷേ, മഹാവിഷ്ണു എവിടെയുണ്ടെന്ന് അറിയാമോ?' ഹിരണ്യാക്ഷൻ ആരാഞ്ഞു.

'ഭഗവാൻ ഇപ്പോൾ രസാതലത്തിലുണ്ട്.' നാരദൻ മറുപടി നല്കി.

ഹിരണ്യാക്ഷൻ കാലംകളയാതെ രസാതലത്തിലെത്തി. ശരിയാണ് നാരദൻ പറഞ്ഞത്. അതാ നില്ക്കുന്നു മഹാവിഷ്ണു. അതോ, വരാഹത്തിന്റെ രൂപത്തിലും!

ഭഗവാൻ ഭൂമിയെ തേറ്റയിൽ കയറ്റിയിട്ടേയുള്ളു—അതായിരുന്നു ആ സമയം.

'വിഷ്ണു! പന്നിവേഷം ധരിച്ച മൂഢാ! നിന്നെ കണ്ടുമുട്ടിയത് എത്ര നന്നായി! ഞാൻ ഇപ്പോൾത്തന്നെ നിന്നെ കൊല്ലും!' അസുരൻ ഗർജ്ജിച്ചു.

മഹാവിഷ്ണു ആദ്യം ഭൂമിയെ സ്ഥാപിച്ചു. അതിനുശേഷം ഹിരണ്യാക്ഷന്റെ അടുക്കലെത്തി. ഇരുവരും തമ്മിൽ ഗദായുദ്ധവും ആരംഭിച്ചു. ഇരുവരുടെ അവയവങ്ങളിലും മുറിവുകൾ പറ്റി. മുറിവുകളിൽനിന്നു ചോര ഒലിച്ചുതുടങ്ങി. ചോരയുടെ കാഴ്ചയും മണവും അവരുടെ വീര്യം ഇരട്ടിയാക്കി. ബ്രഹ്മാവും മറ്റു ദേവന്മാരും യുദ്ധം കാണാനെത്തി. ഒടുവിൽ വരാഹമൂർത്തി ഊക്കോടെ ഒന്നടിച്ചു. ഹിരണ്യാക്ഷൻ കൂടുതൽ ഊക്കോടെ അടി തടുത്തു. ഭഗവാന്റെ ഗദ പിടിവിട്ടു നിലത്തുവീണു. കണ്ടുനിന്ന ദേവന്മാർ പരിഭ്രമിച്ചു നിലവിളിച്ചു. പക്ഷേ, അതിനിടയ്ക്കു മറ്റൊന്നു കാണുമാറാകുന്നു—ഭഗവാന്റെ

തൃക്കൈയിൽ സുദർശനചക്രം! ഭഗവാൻ എതിരാളിയുടെ ഗദ തട്ടിപ്പറിച്ചു. ഹിരണ്യാക്ഷൻ ഒരു ത്രിശൂലം എടുത്തു ചാട്ടി. ഭഗവാൻ ത്രിശൂലത്തെ ചക്രം കൊണ്ടു നുറുക്കിയിട്ടു. അസുരൻ മുഷ്ടി ചുരുട്ടി ഭഗവാന്റെ മാറിടത്തിൽ കുത്തി. ഭഗവാൻ അതു കൂട്ടാക്കിയില്ല. ഒടുവിൽ ഭഗവാൻ സർവശക്തിയും ചേർത്ത് ഒന്നിടിച്ചു. ആ ഇടി ഹിരണ്യാക്ഷനെ ജീവനില്ലാതെ വീഴ്ത്തി!

മഹാവിഷ്ണു വൈകുണ്ഠത്തിലേക്കു മടങ്ങി.

(ഭാഗവതം)

ഹിരണ്യകശിപു

ഹിരണ്യാക്ഷന്റെ ജ്യേഷ്ഠനാണല്ലോ ഹിരണ്യകശിപു. അസുരന്മാരുടെ അധിപതിയുമാണ് ഹിരണ്യാക്ഷൻ. ആ വർത്തമാനം ജ്യേഷ്ഠനു കിട്ടുകയായി—അനുജനെ മഹാവിഷ്ണു വധിച്ചിരിക്കുന്നു!

അനുജനോട് അതിരുകടന്ന വാത്സല്യമുണ്ട് ഹിരണ്യകശിപുവിന്. ആ വർത്തമാനം ഹിരണ്യകശിപുവിനെ തളർത്തി. വ്യസനം അത്രമാത്രം അധികമായിരുന്നു. ക്രമേണ വ്യസനം മാറി വിദ്വേഷമായി—സഹോദരനെ വധിച്ച മഹാവിഷ്ണുവിനോടുള്ള വിദ്വേഷം! അസുരചക്രവർത്തിയുടെ കണ്ണുകൾ തീക്കട്ടകൾപോലെ ജ്വലിച്ചു. ദംഷ്ട്രകൾ പുറത്തേക്കു നീണ്ടു. പുരികങ്ങൾ ഞെളിഞ്ഞു വളഞ്ഞു.

'ഞാൻ മഹാവിഷ്ണുവിന്റെ തല മുറിക്കും. ആ ചോരയിൽ എന്റെ അനുജനു തർപ്പണം ചെയ്യും!' അസുരനാഥൻ ആക്രോശിച്ചു.

പക്ഷേ, ഉടനെതന്നെ പ്രതികാരം അനുഷ്ഠിക്കുവാൻ സാദ്ധ്യമല്ല. അതിന് ഇനിയും കുറെ ദിവസങ്ങൾ വേണ്ടിവരും. അതുവരെ എന്തൊക്കെയാണു ചെയ്യേണ്ടത്? അതെല്ലാം നിശ്ചയിച്ചുറച്ചു. അനുചരന്മാർക്കു ചില നിർദ്ദേശങ്ങളും നല്കി. അവർ, അവ അനുസരിച്ചു പ്രവർത്തനങ്ങൾ തുടങ്ങി. പലരും ഭൂലോകത്തിലിറങ്ങി നാശങ്ങൾ ചെയ്തു. നഗരങ്ങളെയും ഗ്രാമങ്ങളെയും ഇല്ലാതാക്കി. കൃഷിസ്ഥലങ്ങളെയും ആശ്രമങ്ങളെയും തീവെച്ചു. ഫലവൃക്ഷങ്ങളെയും ധാന്യങ്ങളെയും നശിപ്പിച്ചു. എന്തിനു പറയുന്നു, ലോകമാകെ അസുരന്മാരുടെ ഭീകരവാഴ്ചയായി.

വിഷ്ണുവിനോടു പകവീട്ടണം—അതാണല്ലോ ഹിരണ്യകശിപുവിന്റെ പരമലക്ഷ്യം. തനിക്കിപ്പോൾത്തന്നെ വളരെയേറെ ശക്തിയുണ്ട്. എങ്കിലും വിഷ്ണുവിനോട് അതു മതിയായെന്നുവരില്ല. ഉള്ള ശക്തിയെ കഴിയുന്നിടത്തോളം വർദ്ധിപ്പിക്കണം. അതിന് ഒറ്റ മാർഗ്ഗമേയുള്ളു. ആ മാർഗ്ഗം തപസ്സുമാണ്.

ഹിരണ്യകശിപു രാജധാനി വിട്ടിറങ്ങി. ചെന്നത് മന്ദരപർവതത്തിന്റെ താഴ്വരയിലും. അവിടെ ഒരിടം തെരഞ്ഞെടുത്തു. കൈകൾ ഉയർത്തിപ്പിടിച്ച്, കണ്ണുകളെ ആകാശത്തിലുറപ്പിച്ച്. ഒറ്റക്കാലിന്റെ പെരുവിരൽ നിലത്തുന്നിനിന്നു. ആ നിലയിൽ അത്യുഗ്രമായ തപസ്സും ആരംഭിച്ചു.

എത്രയോ വർഷങ്ങൾ ഇഴഞ്ഞുനീങ്ങി. തപസ്സ് അതേ നിലയിൽ തുടർന്നു. ഒടുവിൽ ആ തപസ്സിൽനിന്ന് ഒരുതരം ചൂടുണ്ടായി. ആ ചൂട് എല്ലാ

ദിക്കുകളിലേക്കും വ്യാപിച്ചു. നദികളും സമുദ്രങ്ങളും വറ്റിത്തുടങ്ങി. പർവതങ്ങളും ദ്വീപുകളും ഇളകുകയായി. പത്തു ദിക്കുകളും ദഹിക്കുമെന്ന സ്ഥിതിയായി. ദേവന്മാർക്ക് ഇരിക്കപ്പൊറുതിയില്ലാതായി. അവർ ബ്രഹ്മാവിന്റെ സവിധത്തിലേക്കു ഉഴറിയോടി.

'ബ്രഹ്മദേവാ, ഹിരണ്യകശിപുവിന്റെ തപസ്സു കാരണം ഞങ്ങൾക്കു വൈഷമ്യം വന്നു ചേർന്നിരിക്കുന്നു. സ്വർഗത്തിൽ കഴിഞ്ഞുകൂടാൻപോലും ഞങ്ങൾക്കു സാധിക്കാതായിട്ടുണ്ട്. ഈ നിലയ്ക്കു പോയാൽ ലോകങ്ങളെല്ലാം ദഹിച്ചുപോകും. ഞങ്ങൾ ഒന്നു കേട്ടിരിക്കുന്നു. ഹിരണ്യകശിപുവിന് ഒരു ആഗ്രഹംകൂടിയുണ്ടത്രെ. ലോകത്തിന്റെ അവസ്ഥയെ മാറ്റിമറിക്കണം എന്നതാണ് അത്. ഒരു പുതിയ വ്യവസ്ഥിതി ഉണ്ടാക്കാൻ അവന് ഉദ്ദേശ്യമുണ്ട്. അതിൽനിന്നൊക്കെ അവിടുന്നു ലോകത്തെ രക്ഷിക്കണം.' ദേവന്മാർ കൂപ്പുകൈയോടെ അഭ്യർത്ഥിച്ചു.

ആ അഭ്യർത്ഥന ബ്രഹ്മാവ് സ്വീകരിക്കതന്നെ ചെയ്തു.

ഉടനെതന്നെ മന്ദരപർവതത്തിന്റെ താഴ്വരയിലേക്കു പോയി. അവിടെയാണല്ലോ ഹിരണ്യകശിപു തപസ്സുചെയ്യുന്നത്. ആദ്യം ഹിരണ്യകശിപുവിനെ കണ്ടുകിട്ടിയില്ല. ചുറ്റിനും പുറ്റു വളർന്നു ശരീരത്തെ മിക്കവാറും മറച്ചിരിക്കയാണ്. സൂക്ഷിച്ചുനോക്കിയപ്പോൾ കണ്ടു, ശരീരത്തെ ഉറുമ്പുകൾ ഒട്ടുമുക്കാലും കാർന്നുതിന്നിരിക്കുന്നു! എത്ര ഉഗ്രമായ തപസ്സാണിത്! അത് ബ്രഹ്മാവിനെപ്പോലും ആശ്ചര്യപ്പെടുത്തി.

'ഹിരണ്യകശിപു, ഇത്ര കഠിനമായ തപസ്സ് വളരെപ്പേർ ചെയ്തു കണ്ടിട്ടില്ല. ഞാൻ നിന്നിൽ ഏറ്റവും പ്രസാദിച്ചിരിക്കുന്നു. തപസ്സു മതിയാക്കു.' ബ്രഹ്മാവു കല്പിച്ചു.

തുടർന്ന് ബ്രഹ്മാവ് കമണ്ഡലുവിൽനിന്നു ജലമെടുത്തു. ആ ജലം തപസ്വിയുടെമേൽ തളിച്ചു. ആ നിമിഷത്തിൽ ഒരത്ഭുതം സംഭവിച്ചു. ഹിരണ്യകശിപു പുറ്റിനുള്ളിൽനിന്നു പുറത്തുവന്നു. മാത്രമോ, ശരീരം ഉറുമ്പു കാർന്നു തിന്നുന്നതിന്റെ ഒരടയാളവുമില്ല. പോരെങ്കിൽ ശരീരം പുഷ്ടിപ്പെട്ടിരിക്കുന്നു. അതിയായി ശോഭിക്കുന്നു—തീയിലിട്ടു പഴുപ്പിച്ച കനകംപോലെ!

ഹിരണ്യകശിപു കണ്ണുതുറന്നു നോക്കി. തൊട്ടുമുമ്പിൽ ബ്രഹ്മാവിനെ കണ്ടു. സാഷ്ടാംഗം നമസ്കരിച്ചു.

'ആവശ്യമുള്ള വരം ചോദിച്ചുകൊള്ളൂ.' ബ്രഹ്മാവ് അനുജ്ഞ നല്കി.

'ബ്രഹ്മദേവാ, അങ്ങയുടെ സൃഷ്ടികളിൽ ഒന്നുകൊണ്ടും എനിക്കു മരണം സംഭവിച്ചുകൂടാ; ഭൂമിയിൽവെച്ചും ആകാശത്തുവെച്ചും എനിക്കു മരണം സംഭവിച്ചുകൂടാ; ഗൃഹങ്ങളുടെ അകത്തുവെച്ചും പുറത്തുവെച്ചും എനിക്കു മരണം സംഭവിച്ചുകൂടാ; യുദ്ധത്തിൽ എന്നോടു സമനായി ഒരുവനും ഇല്ലാതിരിക്കണം; എല്ലാ ചരാചരങ്ങൾക്കും ഞാൻ അധിപനായിരിക്കണം.' ഹിരണ്യകശിപു ആവശ്യപ്പെട്ടു.

'ഏറ്റവും വിഷമംപിടിച്ച വരങ്ങളാണു നീ ചോദിക്കുന്നത്. എങ്കിലും ആ വരങ്ങൾ ഞാനിതാ നിനക്കു തരുന്നു.' ബ്രഹ്മാവ് അരുളിച്ചെയ്തു.

അതിനുശേഷം ഭഗവാൻ ബ്രഹ്മലോകത്തിലേക്കു മടങ്ങിപ്പോയി.

ഹിരണ്യകശിപു സന്തോഷത്തോടെ രാജധാനിയിൽ തിരിച്ചെത്തി. എന്തായിരുന്നു ആദ്യത്തെ നടപടി? ദിഗ്വിജയംതന്നെ. ആ അസുരാധിപൻ വമ്പിച്ച ഒരു സൈന്യത്തെ സജ്ജമാക്കി. അതിനെയും നയിച്ചുകൊണ്ടു

രാജ്യം വിട്ടിറങ്ങി. മനുഷ്യർ, ദേവന്മാർ, ഗന്ധർവന്മാർ, യക്ഷന്മാർ, പിശാചന്മാർ-എന്തിനു പറയുന്നു, സർവവർഗ്ഗങ്ങളെയും കീഴടക്കി. എതിരില്ലാത്ത, തുടർച്ചയായുള്ള ഒരു ജൈത്രയാത്ര!

അങ്ങനെ സർവലോകങ്ങൾക്കും നാഥനായിത്തീർന്നു ഹിരണ്യകശിപു. ആ പ്രതാപശാലിയെ പ്രീതിപ്പെടുത്തണം. അതിന് എന്തൊരു വ്യഗ്രതയാണ് എല്ലാവർക്കും! ഏഴു ദ്വീപുകളുള്ള ഭൂമി ഉഴവുകൂടാതെ ധാന്യാദികൾ നല്കി. ഏഴു സമുദ്രങ്ങളും തിരമാലകളിലൂടെ ദിവ്യരത്നങ്ങൾ കാഴ്ചവെച്ചു. വൃക്ഷങ്ങൾ എല്ലാ ഋതുക്കളിലും ഫലങ്ങൾ വിളയിച്ചു. അവ ചില ഉദാഹരണങ്ങൾമാത്രം!

അത്യധികമായി ഹിരണ്യകശിപുവിന്റെ അഹങ്കാരം. ഫലമായി കൃത്യമേത്, അകൃത്യമേത് എന്ന വകതിരിവ് ഇല്ലാതായി. ശാസ്ത്രങ്ങളെ, മര്യാദകളെ മറയത്തെറിഞ്ഞു. അതും സാരമില്ലെന്നുവെക്കാം. താൻ തന്നെയാണ് ഈശ്വരൻ—അതായി സങ്കല്പം. യാഗങ്ങളിൽ ഈശ്വരനെയാണല്ലോ ആരാധിക്കുക. ഒരു പുതിയ നിയമം ഏർപ്പെടുത്തി—ഇനിമേൽ തന്നെ വേണം ആരാധിക്കുവാൻ!

ആ ഖലനിൽനിന്നു ലോകത്തെ സംരക്ഷിക്കുവാൻ ആർക്കു സാധിക്കും? മഹാവിഷ്ണുവിനുമാത്രം. അക്കാര്യം ദേവന്മാർക്കു തീർച്ചയായി.

അവർ വൈകുണ്ഠത്തിൽ ചെന്ന് മഹാവിഷ്ണുവിന് പരാതി സമർപ്പിച്ചു.

'ദേവന്മാരേ, ഹിരണ്യകശിപുവിന്റെ കൊള്ളരുതായ്മകൾ ഞാൻ അറിയായ്കയല്ല. അവയ്ക്കൊരു പരിഹാരം ഞാൻ കണ്ടുപിടിച്ചുകൊള്ളാം. പക്ഷേ, അതിനായി നിങ്ങൾ അല്പം കാത്തിരിക്കേണ്ടതുണ്ട്. അവന്റെ പുത്രനായ പ്രഹ്ലാദൻ എന്റെ പരമഭക്തനാണ്. പിതാവു പുത്രനെ ദ്രോഹിക്കാനൊരുങ്ങും. അപ്പോൾ ഞാൻ പിതാവിനെ ഇല്ലായ്മ ചെയ്യും. മഹാവിഷ്ണു കനിഞ്ഞരുളി.

ഹിരണ്യകശിപുവിന്റെ നാലു പുത്രന്മാരിൽ ഒരാളാണ് പ്രഹ്ലാദൻ. സകല ഗുണങ്ങളും പ്രഹ്ലാദനിൽ ഒത്തിണങ്ങിയിരിക്കുന്നു. അവയിൽ ഏറ്റവും മികച്ച ഒന്നാണ് വിഷ്ണുഭക്തി—ഇളക്കമില്ലാത്ത, സമ്പൂർണമായ, അപൂർവമായ ഒരു ഭക്തിയായിരുന്നു അത്.

മറ്റു കുട്ടികളിൽനിന്നു വ്യത്യസ്തനായിരുന്നു പ്രഹ്ലാദൻ. അവനു കളികളിലോ കളിക്കോപ്പുകളിലോ ഒരു താത്പര്യവുമില്ല. ചിലപ്പോൾ അവൻ നിശ്ചലനായി ഒരിടത്ത് ഇരിക്കുന്നതു കാണാം. അപ്പോൾ അവന്റെ മനസ്സ് മഹാവിഷ്ണുവിൽ ലയിച്ചിരിക്കും. അവൻ ചില സമയം പൊട്ടിച്ചിരിക്കും. ചില സമയം പൊട്ടിക്കരയും. മറ്റു ചിലപ്പോൾ ഭഗവാനോടു സംഭാഷണം ചെയ്യും. ഇടയ്ക്കിടയ്ക്ക് ആനന്ദത്തിന്റെ തള്ളിച്ചയിൽ നൃത്തംചെയ്യും. കണ്ണടച്ച് കൊത്തിവെച്ച പ്രതിമപോലെ ഇരിക്കുകയുമാവും.

അസുരന്മാരുടെ കുലഗുരുവാണല്ലോ ശുക്രൻ. അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരാണ് ശണ്ഡാമർക്കന്മാർ. അവരാണ് പ്രഹ്ലാദന്റെ ഗുരുക്കന്മാർ. രാജധാനിയിൽനിന്ന് ഒട്ടു ദൂരെയാണ് ശണ്ഡാമർക്കന്മാരുടെ വാസസ്ഥലം. അവിടെയാണ് പ്രഹ്ലാദൻ പഠിച്ചു പാർക്കുന്നതും. മറ്റു ചില അസുരബാലന്മാരുമുണ്ട് വിദ്യാർത്ഥികളായിട്ട്.

ഇടയ്ക്കിടയ്ക്ക് പ്രഹ്ലാദൻ കൊട്ടാരത്തിലേക്കു വരും. പിതാവും പുത്രനും തമ്മിൽ കാണും. അങ്ങനെ ഒരു സന്ദർഭത്തിലായിരുന്നു അവരുടെ ആദ്യത്തെ സംഘട്ടനം.

ഹിരണ്യകശിപു മകനെ മടിയിലിരുത്തി ലാളിച്ചു.

പിതാവ് യദൃച്ഛയാ ഒരു ചോദ്യം ചോദിക്കയായി: 'മകനേ, നീ എന്തിനെയാണ് ഏറ്റവും വിലപ്പെട്ടതായി കരുതുന്നത്?' അതായിരുന്നു ചോദ്യം.

ഏറ്റവും അപ്രതീക്ഷിതമായിരുന്നു പ്രഹ്ലാദന്റെ ഉത്തരം.

'അച്ഛാ, മറ്റൊന്നുമല്ല. മഹാവിഷ്ണുവിനെ ആശ്രയിക്കുക എന്നതു തന്നെ.'

അതൊരു തമാശയായിത്തോന്നി ഹിരണ്യകശിപുവിന്. വല്ലവരും വിപരീതാർത്ഥത്തിൽ പറഞ്ഞിട്ടുണ്ടാവും. അത് പ്രഹ്ലാദൻ കേട്ടിട്ടുമുണ്ടാകും. കുട്ടികൾക്കു വിചാരശക്തിയില്ലല്ലോ. അതിനാൽ അവൻ വിശ്വസിച്ചു. പാവം!

പ്രഹ്ലാദൻ പിതാവിനോടു പറഞ്ഞില്ലേ വാക്കുകൾ! അവ ശണ്ഡാമർക്കന്മാർക്ക് അറിവായി. അവർക്കു വല്ലാത്ത പരിഭ്രമമുണ്ടായി.

'പ്രഹ്ലാദാ, വിഷ്ണുവിനെ ആശ്രയിക്കുക എന്ന വിചാരം മറ്റു വിദ്യാർത്ഥികൾക്കില്ല. നിനക്കുമാത്രമേ അതുള്ളു. ആ വിചാരം നിനക്ക് എവിടന്നു കിട്ടി? വല്ലവരും നിന്നെ പഠിപ്പിച്ചതോ? അതോ നിനക്കു തനിയെ തോന്നിയതോ? അവർ അന്വേഷിച്ചു.

'എനിക്കു തനിയേ തോന്നിയതുതന്നെ. അത് ഭഗവാന്റെ കാരുണ്യംകൊണ്ടുമാണ്.' പ്രഹ്ലാദൻ അറിയിച്ചു.

ചക്രവർത്തിയുടെ സേവകന്മാരാണു ഗുരുക്കന്മാർ. അവർ കോപാകുലരായി. ഹിരണ്യകശിപുവിന്റെ ശത്രുവാണ് മഹാവിഷ്ണു. എന്നിട്ടാണ് ഇങ്ങനെ! കണ്ടില്ലേ പ്രഹ്ലാദന്റെ പോക്ക്! ഇക്കണക്കിന് അവൻ അസുരവംശത്തെ നശിപ്പിക്കില്ലേ? അതായി അവരുടെ ഭയം.

അതോടെ പഠിപ്പിക്കുന്ന രീതി അവരൊന്നു മാറ്റി. പ്രഹ്ലാദനെ അടിക്കയും ശകാരിക്കയും ചെയ്തുതുടങ്ങി. അവന്റെ പുതിയ വിചാരം മാറിപ്പോവും— അതായിരുന്നു അവരുടെ ആശ.

അടുത്ത പ്രാവശ്യം പ്രഹ്ലാദൻ അച്ഛനെ കാണാൻ പോയപ്പോഴോ? ഗുരുക്കന്മാരും ഒന്നിച്ചുപോയി. പ്രഹ്ലാദൻ അച്ഛനെ. സാഷ്ടാംഗം നമസ്കരിച്ചു. ഹിരണ്യകശിപു മകനെ പിടിച്ചെഴുന്നേല്പിച്ചു. മാറത്തണച്ച് ഗാഢഗാഢം പുണർന്നു. മടിയിലിരുത്തി ശിരസ്സിൽ മൂകർന്നു.

'മകനേ, നീ പഠിച്ചതിൽ ഏറ്റവും ഉത്കൃഷ്ടം എന്താണ്?' ഹിരണ്യകശിപു ചോദിച്ചു.

'ഏറ്റവും ഉത്കൃഷ്ടം വിഷ്ണുഭക്തി തന്നെ.' പ്രഹ്ലാദൻ ഒട്ടും സംശയിക്കാതെ ഉത്തരം നല്കി.

അത്രയും കേട്ടപ്പോൾ ഹിരണ്യകശിപുവിന്റെ മട്ടാകെ മാറി. അസുരചക്രവർത്തി കോപംകൊണ്ട് അടിമുടി വിറച്ചു. കോപം പുത്രനോടല്ല, പുത്രന്റെ ഗുരുക്കന്മാരോടാണ്. അവർ കാരണമല്ലേ പ്രഹ്ലാദന്റെ മനസ്സ് ഇങ്ങനെയായത്?

'ഞാൻ നിങ്ങൾക്കു പ്രതിഫലം തരുന്നു. എന്നിട്ടു നിങ്ങൾ എന്റെ മകനെ വേണ്ടാത്തതു പഠിപ്പിക്കുന്നു. നിങ്ങൾ ശത്രുപക്ഷക്കാരാണ്, അല്ലേ?' ഹിരണ്യകശിപു ഗർജിച്ചു.

ശണ്ഡാമർക്കന്മാർ ഭയംകൊണ്ടു പരവശരായി.

'തമ്പുരാനേ, പ്രഹ്ലാദനെ വേണ്ടാത്തു പഠിപ്പിച്ചതു ഞങ്ങളല്ലേ. അവൻ സ്വയമേവ പഠിച്ചതാണ്. അവിടുന്ന് ഞങ്ങളോടു കോപിക്കരുതേ! ഞങ്ങൾ ഒരു കുറ്റവും ചെയ്തിട്ടില്ല.' അവർ വല്ലവിധവും പറഞ്ഞൊപ്പിച്ചു.

ഹിരണ്യകശിപുവിന്റെ കോപം പുത്രനോടായി.

'എടാ പ്രഹ്ലാദാ, നിന്നെ ഗുരുക്കന്മാർ പഠിപ്പിച്ചതല്ലത്രെ ഈ വിഷ്ണുഭക്തി. പിന്നെങ്ങനെ നിനക്ക് ഈ ദുർബുദ്ധിയുണ്ടായി' അസുരചക്രവർത്തി ചോദിച്ചു.

'വിഷ്ണുഭക്തി അന്യരിൽനിന്നു ഉണ്ടാകുന്നില്ല. അതുസ്വയമേ ഉണ്ടാകുന്നു.' പ്രഹ്ലാദൻ ഒട്ടും കൂസൽകൂടാതെ മറുപടി നല്കി.

അപ്പോൾ ഹിരണ്യകശിപുവിന്റെ കോപം നിയന്ത്രണത്തിന് അതീതമായി. മടിയിലിരുന്ന പുത്രനെ ഊക്കോടെ പിടിച്ചൊരു തള്ള്! ഹിരണ്യാക്ഷനെ കൊന്നവനാണ് മഹാവിഷ്ണു. ആ സ്ഥിതിക്ക് അസുരവംശത്തിന്റെ പരമശത്രുവും. എന്നിട്ടും ഒരു അസുരൻ വിഷ്ണുവിനെ ആരാധിക്കുന്നു. അതോ, തന്റെ മകനും! അപ്പോൾ പ്രഹ്ലാദൻ വംശത്തിന്റെ ശത്രുവാണ്. ആ നിലയ്ക്കു തന്റെ ശത്രുവും. അവൻ വംശമാകെ നശിപ്പിച്ചെന്നു വരാം. അവനെ വെച്ചു കൊണ്ടിരുന്നുകൂടാ!

ഹിരണ്യകശിപു ഭൃത്യനെ വിളിച്ചു.

'ഹിതം ചെയ്യുന്നവൻ അന്യനായാലും ബന്ധുവാണ്. അഹിതം ചെയ്യുന്നവൻ പുത്രനായാലും ശത്രുതന്നെ. പ്രഹ്ലാദന് അഞ്ചുവയസ്സേ ആയിട്ടുള്ളു. എന്നിട്ടാണ് അവനു സ്വന്തം പിതാവിനോടു ശത്രുത! നിങ്ങൾ പ്രഹ്ലാദനെ കൊണ്ടുപോയി കൊന്നുകളയുവിൻ!'

ഭൃത്യന്മാർ പ്രഹ്ലാദനെ രാജസമക്ഷത്തുനിന്നു പിടിച്ചുവലിച്ചുകൊണ്ടുപോയി. എന്നിട്ട് ശൂലങ്ങളെടുത്ത് അവനെ തെരുതെരെ കുത്തി. അത്ഭുതമെന്നു പറയട്ടെ, ആ ആയുധങ്ങൾ അവന് ഒരു മുറിവുപോലുമേല്പിച്ചില്ല. ഭൃത്യന്മാർ മത്തഗജങ്ങളെക്കൊണ്ട് പ്രഹ്ലാദനെ ചവുട്ടിച്ചു. പ്രഹ്ലാദനു യാതൊരു തകരാറും ഉണ്ടായില്ല. പിന്നീട് എന്തൊക്കെയാണ് ആ നീചന്മാർ പ്രഹ്ലാദനോടു ചെയ്തതെന്നോ? സർപ്പങ്ങളെക്കൊണ്ടു കൊത്തിക്കുക, മലമുകളിൽനിന്നു താഴേക്കുരുട്ടുക, കുഴിയിൽ കിടത്തി മണ്ണിട്ടുമൂടുക, കത്തിയെരിയുന്ന തീയിൽ എറിയുക, വെള്ളത്തിൽ കെട്ടിത്താഴ്ത്തുക—അങ്ങനെ പലതും. എന്നാൽ, ഒന്നിനും ഒരു ഫലവുമുണ്ടായില്ല. പ്രഹ്ലാദൻ പഴയപോലെ ആരോഗ്യവാനായി കഴിഞ്ഞതേയുള്ളു.

അക്കാര്യം ഹിരണ്യകശിപു അറിഞ്ഞപ്പോഴോ? അസുരചക്രവർത്തി ചിന്താകുലനായി. പ്രഹ്ലാദനു ക്രൂരമായ എത്രയോ ശിക്ഷകൾ നല്കപ്പെട്ടു. എല്ലാ ശിക്ഷകളിൽനിന്നും അവൻ രക്ഷപ്പെട്ടിരിക്കുന്നു. മരണം അവനെ തൊടാൻപോലും ധൈര്യപ്പെടുന്നില്ല. അവനാകട്ടെ, ഒട്ടും തന്നെ ഭയമുണ്ടാകുന്നുമില്ല. ഇവനിൽനിന്നു തനിക്കു മരണം സംഭവിക്കുമോ?

ശണ്ഡാമർക്കന്മാരുടെ വരവായി.

'തമ്പുരാനേ, അവിടുന്ന് ത്രിലോകങ്ങളും ജയിച്ചവനാണ്. ആ സ്ഥിതിക്ക് അവിടുത്തേക്ക് എന്തിനാണ് ഈ ചാഞ്ചല്യം? ഞങ്ങളുടെ പിതാവ് ശുക്രാചാര്യൻ വേണ്ടതു ചെയ്തുകൊള്ളും. അതുവരെ പ്രഹ്ലാദനെ ബന്ധിച്ചിടുന്നതാണ് നന്ന്.' അവർ അഭിപ്രായം പ്രകടിപ്പിച്ചു.

തത്കാലം ഹിരണ്യകശിപുവിന് അതു സ്വീകാര്യമായില്ല.

'നിങ്ങൾ അവനെ കൊണ്ടുപോയി വീണ്ടും പഠിപ്പിക്കണം. അവനെ നല്ല മാർഗ്ഗത്തിൽ നയിക്കാമോ എന്ന് ഒന്നുകൂടി നോക്കുവിൻ.' ഹിരണ്യകശിപു കല്പിച്ചു.

അങ്ങനെ പ്രഹ്ലാദന്റെ വിദ്യാഭ്യാസം വീണ്ടും ആരംഭിക്കുകയായി.

ഒരിക്കൽ പ്രഹ്ലാദൻ സതീർത്ഥ്യരോടു സംസാരിച്ചു. എന്തായിരുന്നു സംസാരിത്തിനു വിഷയം? വിഷ്ണുഭക്തിതന്നെ. അതിനെക്കുറിച്ചു വളരെ നേരം സംസാരിക്കയും ചെയ്തു. കുട്ടികളാരും അതുവരെ അറിഞ്ഞിട്ടില്ലാത്ത കാര്യങ്ങളാണ്. അതെന്തിന്, പ്രായംചെന്ന വിജ്ഞാനികൾപോലും പഠിച്ചിരിക്കേണ്ടതായ കാര്യങ്ങൾ! കേട്ടിരുന്ന വിദ്യാർത്ഥികൾക്ക് അത്ഭുതമുണ്ടായി. പ്രഹ്ലാദൻ ഈ ചെറിയ വയസ്സിൽ ഇതൊക്കെ എങ്ങനെ ഗ്രഹിച്ചു?

അതിനുമുണ്ട് ഒരു കാരണം.

മുമ്പൊരിക്കൽ ഹിരണ്യകശിപു തപസ്സിനു പോയിരുന്നല്ലോ. അപ്പോൾ ദേവന്മാർക്ക് ഒന്നു തോന്നി. ഹിരണ്യകശിപു ഇല്ലാത്തപ്പോൾ അസുരരാജ്യത്തെ ആക്രമിക്കണം. എന്നാൽ, പലേ ലാഭങ്ങളുമുണ്ടാകും. അവർ അസുരരാജ്യത്തേക്കു പടനീക്കി. അസുരന്മാർക്കു പരാജയം അനുഭവിക്കേണ്ടിവന്നു. കാരണം, അവരെ നയിക്കാൻ ഹിരണ്യകശിപു ഇല്ല! അന്ന് അസുരരാജ്ഞിക്കു ഗർഭമുണ്ടായിരുന്നു. ഗർഭത്തിലുള്ള ശിശുവോ, പ്രഹ്ലാദനും. ദേവന്മാർ ചില കടുംകൈകൾ ചെയ്യുകയുണ്ടായി. അസുരരാജ്ഞിയെ പിടിച്ചുകൊണ്ടുപോയതായിരുന്നു അവയിലൊന്ന്. നിസ്സഹായയായ അസുരരാജ്ഞി കിടന്നു കരഞ്ഞുതുടങ്ങി. അല്ലാതെ എന്തു ചെയ്യാനൊക്കും? ഭാഗ്യമെന്നു പറയട്ടെ, നാരദമഹർഷി അവിടെ വരാനിടയായി. അദ്ദേഹം ദേവന്മാരെ മാറ്റിനിർത്തി. എന്നിട്ട് അസുരരാജ്ഞിയെ സുരക്ഷയിലാക്കി. അവർക്കു ദീർഘമായ തത്ത്വോപദേശം നല്കുകയും ചെയ്തു. അതൊക്കെ കേട്ടു, ഗർഭത്തിലുള്ള പ്രഹ്ലാദൻ. ഒരിക്കൽ കേട്ടാൽ മറക്കുകയില്ല—അത്ര ഓർമശക്തിയാണ് അന്നുതന്നെ. ജനിച്ചതിനുശേഷമോ? അതൊക്കെ മായാതെ മനസ്സിൽ തങ്ങിനിന്നു. അതാണ് ഇത്രയധികം വിജ്ഞാനം ലഭിക്കാൻ കാരണം. പോരെ?

പ്രഹ്ലാദന്റെ പ്രഭാഷണം കേട്ടിരുന്നില്ലേ സതീർത്ഥ്യന്മാർ? അവരുടെ മനസ്സും മാറുകയായി. അവരും വിഷ്ണുഭക്തന്മാരായി എന്നു ചുരുക്കം!

ആ പരമാർത്ഥം ഗുരുക്കന്മാർക്ക് അറിവായപ്പോഴോ? കാര്യമാകെ കുഴപ്പമായി എന്നു തോന്നി. ആദ്യം പ്രഹ്ലാദൻ മാത്രമേ വിഷ്ണുഭക്തൻ ആയിരുന്നുള്ളു. ഇപ്പോഴിതാ മറ്റു ബാലന്മാരെല്ലാം വിഷ്ണുഭക്തന്മാരായി. അതിനെല്ലാം കാരണക്കാരൻ പ്രഹ്ലാദനല്ലാതെ മറ്റാരുമല്ല. ഗുരുക്കന്മാർ ചക്രവർത്തിയെ വിവരം ധരിപ്പിച്ചു.

ഹിരണ്യകശിപുവിന്റെ കോപം ജ്വലിച്ചു. മുമ്പ് പ്രഹ്ലാദനെ കൊല്ലാൻ പല പണികളും നോക്കി. ഒന്നുകൊണ്ടും ഒരു പ്രയോജനവുമുണ്ടായില്ല. അതും പോട്ടെന്നു വയ്ക്കാമായിരുന്നു. ഇപ്പോഴിതാ അവൻ കാരണം മറ്റ് അസുരബാലന്മാരും വഷളന്മാരായിതീരുന്നു. പിതാവു പുത്രനെ ഗുരുകുലത്തിൽനിന്നു വരുത്തി.

'എടാ കുലദ്രോഹി! മൂന്നു ലോകങ്ങളും എന്നെ ഭയപ്പെടുന്നു. എന്നിട്ടു നീ എന്നെ ധിക്കരിക്കുന്നു, അല്ലേ? ആരാണെടാ നിനക്കു പിൻബലം?' ഹിരണ്യകശിപു ക്രുദ്ധനായി ചോദിച്ചു.

'എന്റെ പിൻബലം മഹാവിഷ്ണുവാണ്—എന്റെ മാത്രമല്ല, സകല ജീവ ജാലങ്ങളുടെയും പിൻബലവും. അച്ഛാ, അച്ഛൻ മനസ്സിനെ അടക്കിനിർ ത്തണം. സ്വന്തം മനസ്സിനെ അടക്കാൻ കഴിയാത്തവൻ അന്യരെ എങ്ങനെ അടക്കാനാണ്!' പ്രഹ്ലാദൻ പറഞ്ഞു.

'ദ്രോഹീ! നിനക്കെന്നെ കൂടാതെ മറ്റൊരു ഈശ്വരനുണ്ട്, അല്ലേടാ? എവി ടെയാണെടാ നിന്റെ ഈശ്വരൻ?' ഹിരണ്യകശിപു ചോദിച്ചു.

'ഭഗവാൻ സർവദിക്കിലുമുണ്ട്, അച്ഛാ!' പ്രഹ്ലാദൻ മറുപടി നല്കി.

'ഈ തൂണിലുമുണ്ടോ?' മുമ്പിലുള്ള വലിയ തൂണിനെ ചൂണ്ടിക്കാട്ടി ക്കൊണ്ട് ഹിരണ്യകശിപു ചോദിച്ചു.

'ഉണ്ട്. ഈ തൂണിലുമുണ്ട്.' പ്രഹ്ലാദൻ ധൈര്യത്തോടെ പറഞ്ഞു.

ഹിരണ്യകശിപു മുന്നോട്ടു ചാടി ആ തൂണിനെ ഒന്നിടിച്ചു. അപ്പോൾ... അപ്പോൾ... ഒരു ഭയങ്കരശബ്ദം ആ തൂണിൽനിന്നുയർന്നു. ആ ഭയങ്കരശബ്ദം ലോകത്തെങ്ങും മാറ്റൊലിക്കൊണ്ടു. അങ്ങനെയൊരു ശബ്ദം അന്നോളം ആരുമാരും കേട്ടിട്ടില്ല. പൊടുന്നനവെ ആ തൂണിൽനിന്ന് പുറത്തേക്കുവന്നു —ഭീകരമായ ആ സത്ത്വം. മനുഷ്യനല്ല, സിംഹവുമല്ല. എന്നാൽ, മനുഷ്യ രൂപമുണ്ട്, സിംഹരൂപമുണ്ട്. രണ്ടുരൂപങ്ങളും ഒന്നിച്ചുചേർന്ന നരസിംഹം! തീയിലിട്ടുപഴുപ്പിച്ച സ്വർണക്കട്ടകൾപോലെയുണ്ട് വട്ടമിഴികൾ. മുഖത്തിനു ചുറ്റുമുണ്ട് പിരടിരോമങ്ങൾ. ഏറ്റവും കരാളമായ ദംഷ്ട്രകൾ, ഖഡ്ഗം പോലെ ഇളകുന്ന നാവ്. ഗുഹപോലെ പിളർന്നിരിക്കുന്ന വായ്. ആകാശം മുട്ടുന്ന ശരീരം. ഒട്ടനേകം കൈകൾ. കൈകളുടെ അഗ്രങ്ങളിൽ ഭയാനക ങ്ങളായ നഖങ്ങൾ!

നരസിംഹം കുതിച്ചുചാടി ഹിരണ്യകശിപുവിന്റെ അടുക്കലെത്തി. ഹിര ണ്യകശിപു ഗദയുയർത്തി നരസിംഹത്തെ ആഞ്ഞടിച്ചു. അതിനിടയിൽ നര സിംഹം എതിരാളിയെ കേറിപ്പിടിച്ചു. അമിതശക്തനും മഹാപരാക്രമിയുമാണ് ഹിരണ്യകശിപു. ആ ശൂരൻ പിടിവിടുവിച്ചു കുതറിച്ചാടി. വാളും പരിചയും കൈയ്ക്കലാക്കി നരസിംഹത്തെ നേരിട്ടു. ആഞ്ഞാഞ്ഞു വെട്ടുകയും ചെയ്തു. പക്ഷേ, നരസിംഹത്തിനു വെട്ടൊന്നുമേല്ക്കുകയുണ്ടായില്ല. ആ സത്ത്വം മിന്നൽവേഗത്തിൽ അസുരചക്രവർത്തിയെ വീണ്ടും പിടികൂടി. ഇപ്രാവശ്യവും ഹിരണ്യകശിപു പിടിവിടുവിക്കാൻ യത്നിച്ചു. പക്ഷേ, ഇപ്രാ വശ്യം ആ യത്നം ഫലിച്ചില്ല. നരസിംഹത്തിന്റെ പിടിയിൽ അമർന്നിരുന്ന തേയുള്ളൂ.

ഹിരണ്യകശിപുവിനെ വധിക്കണം—അതാണ് നരസിംഹത്തിന്റെ ഇപ്പോ ഴത്തെ ഉദ്യമം. അവന് ബ്രഹ്മാവ് ചില വരങ്ങൾ കൊടുത്തിരുന്നുവല്ലോ. ആ വരങ്ങൾ നിഷ്ഫലമാകാതെ അവനെ കൊല്ലണം. ഭൂമിയിലും ആകാശ ത്തിലും അവൻ മരിക്കയില്ല—അതായിരുന്നല്ലോ ഒരു വരം. നരസിംഹം അവനെ തന്റെ മടിയിൽ കിടത്തി. മടിയാവുമ്പോൾ ഭൂമിയുമല്ല, ആകാശവു മല്ല. ബ്രഹ്മസൃഷ്ടികളിൽ ഒന്നിനാലും അവൻ മരിക്കയില്ല—അതു മറ്റൊരു വരമാണ്. നരസിംഹമായ മഹാവിഷ്ണു ബ്രഹ്മസൃഷ്ടിയല്ല. ഗൃഹത്തിന് അകത്തും പുറത്തുംവെച്ച് അവൻ മരിക്കയില്ല—ഇനിയുമൊരു വരമാണത്. സഭാമണ്ഡപമാണു രംഗം. അവിടം ഗൃഹത്തിന് അകത്തുമല്ല, പുറത്തുമല്ല!

നരസിംഹം ഹിരണ്യകശിപുവിനെ കുത്തിപ്പിളർന്നു. ജീവൻപോയ ശരീ രത്തെ ദൂരത്തെറിഞ്ഞു. നേരെ ചെന്നു സിംഹാസനത്തിൽ ഇരുപ്പുമായി.

ദേവന്മാരും ദേവിമാരും വന്നെത്തിയിട്ടുണ്ട്. അവരുടെ കൂട്ടത്തിൽ ലക്ഷ്മീ ദേവിയുമുണ്ട്. എല്ലാവരുംകൂടി നരസിംഹമായ ഭഗവാനെ കൂപ്പി നില്പായി. അല്പം അകലെയാണ് അവർ നിലയുറപ്പിച്ചത്. നരസിംഹത്തിന്റെ അടുക്കൽ നില്ക്കാൻ ആരും ധൈര്യപ്പെട്ടില്ല. കാരണം, നരസിംഹത്തിന്റെ ക്രോധം ശമിച്ചിട്ടില്ല!

ഭഗവാന്റെ ക്രോധം ശമിച്ചില്ലെങ്കിലോ? വലിയ തകരാറു വരുമെന്നതിനു സംശയമില്ല. ബ്രഹ്മാവിനും ശിവനും ഒരു തോന്നലുണ്ടായി. മഹാവിഷ്ണുവിന് ഏറ്റവും പ്രിയപ്പെട്ട ആരെങ്കിലും അടുത്തു ചെല്ലണം. അന്നേരം മഹാവിഷ്ണുവിന്റെ ക്രോധം തീരാതിരിക്കയില്ല. ആരോടാണ് ഭഗവാന് ഏറ്റവും പ്രിയം? ലക്ഷ്മീദേവിയോടുതന്നെയാവണം. അവർ ലക്ഷ്മീദേവിയോട് ഒന്നപേക്ഷിച്ചു—ഭഗവാന്റെ അടുത്തു ചെന്ന് സമാധാനിപ്പിക്കണം. ആ അപേക്ഷ സ്വീകരിക്കണമെന്നുണ്ട് ലക്ഷ്മീദേവിക്ക്. പക്ഷേ, ദേവി ഭർത്താവിനെ ഇത്രഭയങ്കരനായി ഇന്നോളം കണ്ടിട്ടില്ല. ദേവിക്കുപോലും ഭയമായിരിക്കുന്നു. ഭഗവാനെ സമീപിക്കാതെ ദേവി നിന്നിടത്തുനിന്നു.

അപ്പോൾ ബ്രഹ്മാവിന് ഒരു യുക്തി തോന്നി. പ്രഹ്ലാദനെ രക്ഷിക്കാനാണല്ലോ മഹാവിഷ്ണു നരസിംഹമായി അവതരിച്ചത്. പ്രഹ്ലാദന്റെ ഭക്തി ഒന്നു പ്രത്യേകവുംതന്നെ.

'പ്രഹ്ലാദാ, നീതന്നെ ഭഗവാന്റെ ക്രോധമില്ലാതാക്കണം.' ബ്രഹ്മാവ് ആവശ്യപ്പെട്ടു.

യാതൊരു അധൈര്യമോ സംശയമോ പ്രഹ്ലാദന് ഉണ്ടായില്ല. ഭക്തിയുള്ളവന് അധൈര്യമെന്തിന്, സംശയമെന്തിന്? ആ ബാലഭക്തൻ നരസിംഹത്തിന്റെ അടുക്കലേക്കു നടന്നുചെന്നു. ഭഗവാന്റെ പാദങ്ങളിൽ ഭക്തിപൂർവം പ്രണമിച്ചു.

ആ നിമിഷം നരസിംഹത്തിന്റെ ക്രോധം കെട്ടടങ്ങി. ഭഗവാൻ അവനെ പിടിച്ചെഴുന്നേല്പിച്ചു. അവന്റെ ശിരസ്സിൽ തൃക്കൈവെച്ച് അനുഗ്രഹിച്ചു. പ്രഹ്ലാദന്റെ ശരീരം മുഴുവനും രോമാഞ്ചമുണ്ടായി. അതേ സമയം കണ്മുനകളിൽ കണ്ണുനീരും. ആനന്ദം ജനിപ്പിച്ച രോമാഞ്ചവും കണ്ണുനീരും!

അവൻ ഭഗവാനെ സ്തുതിചെയ്തു.

പ്രഹ്ലാദാ, നിനക്കു മംഗളം ഭവിക്കട്ടെ. വേണ്ടുന്ന വരം ചോദിച്ചുകൊള്ളൂ.' ഭഗവാൻ കനിഞ്ഞരുളി.

'ഭഗവാൻ, ആഗ്രഹങ്ങൾ സാധിക്കാൻവേണ്ടി ചിലർ ഭക്തരാവുന്നു. അവർ കച്ചവടക്കാരാണ്. ഞാൻ അക്കൂട്ടത്തിൽ പെട്ടവനല്ല. എനിക്ക് അവിടുത്തോടുള്ള ഭക്തിമാത്രമേ വേണ്ടൂ. മറ്റൊരാഗ്രഹവും എനിക്കില്ല.' പ്രഹ്ലാദൻ അറിയിച്ചു.

'നീ അസുരചക്രവർത്തിയായി വളരെക്കാലം വാഴും. സകലസുഖങ്ങളും അനുഭവിക്കും. അതിനുശേഷം എന്നോടു ചേരുകയും ചെയ്യും.' മഹാവിഷ്ണു ആശീർവദിച്ചു.

എന്റെ അച്ഛൻ അവിടുത്തെ വൈഭവം മനസ്സിലാക്കിയില്ല. അവിടുത്തെ നിന്ദിക്കുകയും ചെയ്തു. ആ പാപത്തിൽനിന്ന് അച്ഛന്റെ ആത്മാവിനെ കരകയറ്റണം.' പ്രഹ്ലാദൻ യാചിച്ചു.

'പ്രഹ്ലാദാ, ഉത്തമനായ നീ ഹിരണ്യകശിപുവിന്റെ പുത്രനായി ജനിച്ചു. അക്കാരണത്താൽ അവൻ പരിശുദ്ധനായി; മാത്രമല്ല, അവന്റെ പൂർവിക

ന്മാരും. നീ നിന്റെ അച്ഛന്റെ സംസ്കാരം യഥാവിധി നിർവഹിക്കൂ. അവന്റെ ആത്മാവു പുണ്യം നേടിക്കൊള്ളും.' ഭഗവാൻ പറഞ്ഞു.

അതിനുശേഷം ഭഗവാൻ ബ്രഹ്മാവിന്റെ നേർക്കു തിരിഞ്ഞു:

'ബ്രഹ്മാവേ, അങ്ങ് ഹിരണ്യകശിപുവിന് ചില വരങ്ങൾ നല്കുകയുണ്ടായല്ലോ. അമ്മാതിരിയുള്ള ചില വരങ്ങൾ ഇനി ആർക്കും കൊടുക്കരുതേ!'

ഭഗവാൻ പിന്നീട് നരസിംഹത്തിന്റെ രൂപം ഉപേക്ഷിച്ച്, ഇരുന്നിടത്തു നിന്ന് അപ്രത്യക്ഷനായി. വൈകുണ്ഠത്തിൽ തിരിച്ചെത്തുകയും ചെയ്തു.

ഏറ്റവും ഉത്തമനായ വിഷ്ണുഭക്തൻ ആരാണ്? ആ ചോദ്യം ദേവന്മാരോടു ചോദിച്ചു എന്നിരിക്കട്ടെ. അവർ സംശയിക്കാതെ പറയും: 'പ്രഹ്ലാദൻതന്നെ!'

(ഭാഗവതം)

മഹാബലി

മഹാബലി അസുരചക്രവർത്തിയായി വിരാജിക്കുന്ന കാലം. ദേവന്മാരെ തോല്പിച്ചു സ്വർഗം കൈയടക്കണം; അതായി മഹാബലിയുടെ ആഗ്രഹം. ആദ്യമായി പ്രത്യേകമായി ചില ശക്തികൾ സമ്പാദിക്കേണ്ടതുണ്ട്. യാഗം ചെയ്താൽ ആ ശക്തികൾ സമ്പാദിക്കാം. ശുക്രന്റെ നിർദ്ദേശപ്രകാരം അദ്ദേഹം ഒരു യാഗം ചെയ്തു. വിശ്വജിത്ത് എന്നു പേരായ യാഗമായിരുന്നു അത്. ഹോമകുണ്ഡത്തിൽ യാഗാഗ്നി കത്തിജ്ജ്വലിച്ചു. യാഗാഗ്നിയിൽനിന്നു ചിലതെല്ലാം ഉയർന്നുവന്നു—സ്വർണവസ്ത്രത്തിൽ മൂടിയ രഥം, ദിവ്യമായ ചാപം, അമ്പൊടുങ്ങാത്ത ആവനാഴി, അലൗകികമായ കവചം. മഹാബലിയുടെ പിതാമഹനാണ് പ്രഹ്ലാദൻ. പൗത്രന് വാടാമലരുകൾ കൊരുത്ത ഒരു മാല പ്രഹ്ലാദൻ സമ്മാനിച്ചു. ശുക്രൻ അതിവിശിഷ്ടമായ ഒരു ശംഖും. എല്ലാം കൂടി ചേർന്നപ്പോഴോ?മഹാബലിയുടെ ശക്തി പണ്ടത്തേതിൽനിന്നു പലമടങ്ങു വർദ്ധിച്ചു. അദ്ദേഹം ആയുധങ്ങൾ ധരിച്ചു പടയ്ക്കൊരുങ്ങി. പരാക്രമികളായ അനുചരന്മാരെ വിളിച്ചുകൂട്ടി. അവരുടെ നേതൃത്വത്തിൽ വലിയൊരു സൈന്യത്തെയും. എന്നിട്ട് അവരോടുകൂടി സ്വർഗത്തിലേക്കു പ്രയാണവും ആരംഭിച്ചു.

എത്ര മനോഹരമാണ് സ്വർഗലോകം! ഉദ്യാനങ്ങളും ഉപവനങ്ങളും എത്ര വേണമെങ്കിലുമുണ്ട്. വൃക്ഷങ്ങൾ ഫലങ്ങളുടെ ഭാരത്താൽ കുനിഞ്ഞുനില്ക്കുന്നു. തളിരുകളും പൂക്കളും നിറഞ്ഞ വല്ലികൾ ഇളംകാറ്റിൽ ചാഞ്ചാടുന്നു. പക്ഷികൾ കളഗാനം പൊഴിച്ചുകൊണ്ടു പറക്കുന്നു. വണ്ടുകൾ തേനുണ്ടു മുരണ്ടു പായുന്നു. താമരപ്പൂക്കൾ കൂട്ടമായി തടാകങ്ങളിൽ വിരിഞ്ഞുനില്ക്കുന്നു. അവയിൽ സുന്ദരന്മാരായ ദേവന്മാരും സുന്ദരികളായ ദേവിമാരും വിഹരിക്കുന്നു. പാവനയായ ഗംഗാനദി മന്ദംമന്ദം പ്രവഹിക്കുന്നു. സ്വർണത്താൽ നിർമിക്കപ്പെട്ട മതിൽക്കെട്ടുകൾ അഗ്നിപോലെ പ്രകാശിക്കുന്നു. ആ മതിൽക്കെട്ടുകളിൽ പ്രഭ ചൊരിയുന്ന രത്നങ്ങൾ അമുഴ്ത്തിയിരിക്കുന്നു. സ്ഫടികംകൊണ്ടു കെട്ടിയുയർത്തിയ ഗോപുരങ്ങൾ; പൊൻതകിടുകൾ ചേർത്തുണ്ടാക്കിയ വാതിലകുൾ; വിസ്താരവും വൃത്തിയുമുള്ള രാജപാതകൾ; ആർഭാടംനിറഞ്ഞ സഭാമണ്ഡപങ്ങൾ; വജ്രത്താലും പവിഴത്താലും

നിർമിക്കപ്പെട്ട വിശ്രമസ്ഥാനങ്ങൾ-എന്നുവേണ്ട, കണ്ണും കരളും കവരുന്ന എത്രയെത്ര കാഴ്ചകൾ!

അങ്ങനെയുള്ള സ്വർഗത്തിനടുത്തു വന്നെത്തി മഹാബലിയും അസുര സൈന്യവും. എന്നിട്ടു നാലു ഭാഗത്തുനിന്നും വളയുകയും ചെയ്തു. അതിനുശേഷം അതിഘോരമായ ശംഖനാദവും മുഴക്കി.

ദേവേന്ദ്രൻ ചകിതനായി.

ചില്വാനക്കാരനല്ല മഹാബലി. അക്കാര്യം ദേവേന്ദ്രനു മുമ്പുതന്നെ അറിവുള്ളതാണ്. ഇനിയിപ്പോൾ താൻ എന്താണു ചെയ്യുക? ഏതിനും കുലുഗുരുവായ ബൃഹസ്പതിയുടെ ഉപദേശം ആരായുകതന്നെ.

'ഗുരോ, ഇതാ പ്രളയാഗ്നിപോലെ മഹാബലി വന്നെത്തിയിരിക്കുന്നു. ഇപ്പോൾ മഹാബലിക്കു പണ്ടത്തെക്കാൾ എത്രയോ കൂടുതൽ ശക്തി കൈവന്നിരിക്കയാണ്. എന്താണ് ആ ശക്തിക്കൂടുതലിനു കാരണം?' ദേവേന്ദ്രൻ ചോദിച്ചു.

'ഇന്ദ്രാ, ശുക്രനാണ് മഹാബലിയുടെ ശക്തിക്ക് ആധാരം. ആ സ്ഥിതിക്ക് മഹാബലിയെ ജയിക്കാൻ മഹാവിഷ്ണുവിനുമാത്രമേ സാധിക്കൂ. നിങ്ങളെല്ലാം തത്കാലത്തേക്കു സ്വർഗം ഉപേക്ഷിച്ചു വല്ലയിടത്തും പോകണം. നല്ലകാലം പ്രതീക്ഷിച്ചു കഴിയുക—അതൊരു വഴിയേ നിങ്ങൾക്കുള്ളൂ.' ബൃഹസ്പതി ചൂണ്ടിക്കാട്ടി.

ഗത്യന്തരമില്ലാതെ ദേവേന്ദ്രൻ സ്വർഗംവിട്ടുപോയി. ഒന്നിച്ചു മറ്റു ദേവന്മാരും. മഹാബലിക്ക് ഒരെതിർപ്പും ഉണ്ടായില്ല. അദ്ദേഹം സൈന്യത്തോടുകൂടി സ്വർഗത്തിൽ പ്രവേശിച്ചു. സ്വർഗനാഥനായി വാഴ്ചയും തുടങ്ങി.

അസുരവാഴ്ച ഒന്നുകൂടി ഉറപ്പിക്കണം—അതിനായി ശുക്രാചാര്യർ പ്രവർത്തിച്ചു. അദ്ദേഹം മഹാബലിയെക്കൊണ്ട് അശ്വമേധയാഗം ചെയ്യിച്ചു. ഒരു യാഗത്തെ തുടർന്ന് ഇനിയൊന്ന്; അതിനുശേഷം വേറൊന്ന്—അങ്ങനെ നൂറ് അശ്വമേധങ്ങൾ!

അതോടെ മഹാബലിയുടെ പ്രതാപം വളരെയേറെ വർദ്ധിച്ചു. പ്രതാപത്തോടൊന്നിച്ചു സദ്യശസ്സും. മഹാബലിയെ വാഴ്ത്താത്തവർ ഇല്ലെന്നായി!

ദേവന്മാരുടെ കഷ്ടസ്ഥിതി പലരെയും വ്യാകുലപ്പെടുത്തി. എറ്റവും വ്യാകുലപ്പെട്ടത് ദേവമാതാവായ അദിതിയാണ്.

ആ സമയം അദിതിയുടെ ഭർത്താവ് കശ്യപൻ അവിടെയില്ല. കഠിനമായ ഒരു തപസ്സിനു പോയിരിക്കയാണ്. അദിതി വിഷാദത്തോടെ നാളുകൾ തള്ളിനീക്കി.

ഒടുവിൽ കശ്യപൻ തപസ്സു പൂർത്തിയാക്കി തിരിച്ചെത്തി.

'അദിതീ, നിന്റെ മുഖത്തു ദുഃഖം തെളിഞ്ഞുകാണുന്നു. എന്താണ് അതിനു കാരണം? എന്തെങ്കിലും അമംഗളം ഭവിച്ചുവോ? നീ ധൈര്യം വെടിയുന്നവളല്ല. എന്നിട്ടെന്തേ ഇങ്ങനെ? മഹർഷി ആരാഞ്ഞു.

'അസുരന്മാർ സ്വർഗരാജ്യം കൈയടക്കിയിരിക്കുന്നു. നമ്മുടെ പുത്രന്മാർ ആത്മരക്ഷയ്ക്കായി ഓടിപ്പോയി. അവരുടെ സുഖവും ഐശ്വര്യവും നഷ്ടമായി. അവ വീണ്ടെടുത്തേ കഴിയൂ. അതിന് അങ്ങു സഹായിക്കണം.' അദിതി അഭ്യർത്ഥിച്ചു.

കശ്യപൻ നല്ലൊരു മാർഗം നിർദ്ദേശിച്ചു.

'അദിതീ, നീ വിഷ്ണുഭഗവാനെ സേവിച്ചുകൊള്ളൂ. എന്നിട്ടു പയോ

വ്രതം എന്ന വ്രതം അനുഷ്ഠിക്കൂ. തീർച്ചയായും സദ്ഫലം ഉളവാകും.' അദ്ദേഹം പറഞ്ഞു.

ദേവമാതാവ് പയോവ്രതം യഥാവിധി അനുഷ്ഠിച്ചു തുടങ്ങി. മനസ്സു സദാ സമയവും വിഷ്ണുഭഗവാനിൽതന്നെ. പന്ത്രണ്ടു ദിവസം ആ രീതിയിൽ കഴിഞ്ഞു. അപ്പോഴേക്കും മഹാവിഷ്ണു പ്രത്യക്ഷനായി.

അദിതി ഭഗവാനെ നമസ്കാരം ചെയ്തു വാഴ്ത്തി സ്തുതിച്ചു.

'നിന്റെ മനോരഥം എനിക്കറിവുണ്ട് അദിതീ. ഞാൻ ഒന്നു പറയട്ടെ, തത്കാലം നിന്റെ പുത്രന്മാർക്ക് അസുരന്മാരെ ജയിക്കാനാവില്ല. ഇപ്പോൾ കാലം അസുരന്മാർക്ക് അനുകൂലമാണ്. എങ്കിലും നിന്റെ വ്രതം നിഷ്ഫലമാവുകയില്ല. ഞാൻ നിന്റെ പുത്രനായി ജനിക്കും. എന്നിട്ടു ദേവന്മാരെ രക്ഷിക്കുകയും ചെയ്യും. ഇക്കാര്യം മറ്റാരെയും അറിയിക്കരുത്. ഏറ്റവും ഗോപ്യമായി വെച്ചുകൊള്ളണം.' മഹാവിഷ്ണു അരുളിച്ചെയ്തു.

അതിനുശേഷം ഭഗവാൻ അദൃശ്യനായി.

യഥാകാലം അദിതി ഒരു ആൺകുട്ടിക്കു ജന്മമേകി, നാലു കൈകൾ, നീലനിറം, ശ്രീവത്സം എന്ന മറുക്, ശംഖും ചക്രവും ഗദയും താമരയും— അവയെല്ലാം ഉണ്ടായിരുന്നു. ചുരുക്കത്തിൽ മഹാവിഷ്ണുവിന്റെ അവതാരം! ദ്വാദശിയായിരുന്നു അന്നേ ദിവസം. വിജയദ്വാദശി എന്ന് അതിനെ പറഞ്ഞു വന്നു. മഹൂർത്തമോ, ഏറ്റവും മംഗളകരമായ ഒന്നും!

ഭൂജാതനായ മഹാവിഷ്ണുവിനെ ആശ്ചര്യത്തോടെ നോക്കിനിന്നു കശ്യപനും അദിതിയും; അതേസമയം അളവില്ലാത്തതായ ഭക്തിയോടും. അതിനിടയിൽ മഹാവിഷ്ണു സ്വന്തരൂപം ഉപേക്ഷിച്ചു. എന്നിട്ടു മറ്റൊരു രൂപം ധരിച്ചു. ഉയരം നന്നേ കുറഞ്ഞ ഒരു ബ്രഹ്മചാരി. സാക്ഷാൽ വാമനൻ!

നർമദാനദിയുടെ വടക്കേ തീരം. അവിടെ ഭൃഗുകച്ഛം എന്നൊരു സ്ഥലം. ഭൃഗുകച്ഛത്തിൽ യാഗംചെയ്യുകയാണ് മഹാബലി. മേൽനോട്ടം വഹിക്കുന്നത് ശുക്രാചാര്യനും മറ്റ് ഋഷികളും.

പെട്ടെന്ന് മഹാബലിയും ഋഷികളും ഒരു കാഴ്ച കണ്ടു. തേജോരൂപനായ ഒരു ബ്രഹ്മചാരി വരികയാണ്. ഉയരം ഏറ്റവും കുറവാണ് ബ്രഹ്മചാരിക്ക്. എങ്കിലും തേജസ്സു വളരെയധികമാണ്. ആരാണത്? ചന്ദ്രനോ, സൂര്യനോ, അഗ്നിയോ? കണ്ടിരിക്കുന്നവർക്കു മനസ്സിലായില്ല.

വാമനൻ യാഗശാലയിലേക്കു കയറിച്ചെന്നു. ശുക്രനും മറ്റ് ഋഷികളും വാമനനെ സ്വാഗതംചെയ്തു. മാത്രമല്ല, എതിരേറ്റു സത്കരിക്കുകയും ചെയ്തു.

മഹാബലി ബ്രഹ്മചാരിയുടെ പാദങ്ങൾ കഴുകി.

'ഹേ ബ്രഹ്മചാരീ, അങ്ങയെ കണ്ടപ്പോൾ എനിക്ക് ഒന്നുതോന്നി—തപശ്ശക്തി മനുഷ്യരൂപം ധരിച്ചതാണ് എന്ന്. അങ്ങേക്ക് എന്താണു വേണ്ടത്? ധനമോ, ഗൃഹമോ, പശുക്കളോ, ഗ്രാമങ്ങളോ, വാഹനങ്ങളോ? എന്തായാലും ഞാൻ തന്നുകൊള്ളാം.' അസുരചക്രവർത്തി ആത്മാർത്ഥതയോടെ പറഞ്ഞു.

അങ്ങയുടെ വാക്കുകൾ ഏറ്റവും ഉചിതംതന്നെ. മഹാനായ പ്രഹ്ലാദനാണല്ലോ അങ്ങയുടെ പിതാമഹൻ. വാഗ്ദാനം പാലിക്കാത്തവൻ അങ്ങയുടെ കുലത്തിൽ ജനിച്ചിട്ടില്ല. ദാനംചെയ്യാൻ മടിക്കുന്നവൻ, ധൈര്യമില്ലാത്തവൻ —അപ്രകാരമുള്ളവരും അങ്ങയുടെ കുലത്തിൽ ജനിച്ചിട്ടില്ല. ഞാൻ ഒന്നു മാത്രം അങ്ങയോട് അഭ്യർത്ഥിക്കുന്നു—എന്റെ മൂന്നു കാലടികൊണ്ട് അളക്കാവുന്ന സ്ഥലം.' വാമനൻ വന്ന കാര്യം വ്യക്തമാക്കി.

അതു കേട്ടപ്പോൾ മഹാബലിക്ക് ആശ്ചര്യമുണ്ടായി. വിലപ്പെട്ട എന്തെങ്കിലും അർത്ഥിക്കാമായിരുന്നു. എത്ര തുച്ഛമാണ് ഇപ്പോഴത്തെ അർത്ഥന!

'സകലലോകങ്ങൾക്കും നാഥനാണ് ഈ മഹാബലി. ജംബുദ്വീപ് മുതലായ ദ്വീപുകളുണ്ട്. അവ പോലും ദാനംചെയ്യാനുള്ള കഴിവ് എനിക്കുണ്ട്. എന്നിട്ടാണോ എന്നോട് അങ്ങു കേവലം മൂന്നടി സ്ഥലം ആവശ്യപ്പെടുന്നത്? എന്നോട് ഒരുവൻ ഒരു പ്രാവശ്യം യാചിച്ചു എന്നിരിക്കട്ടെ. അയാൾ രണ്ടാമതൊരു യാചന മറ്റൊരാളോടും ചെയ്തുകൂടാ. അങ്ങനെ ചെയ്താൽ അതിന്റെ പോരായ്മ എനിക്കായിരിക്കും. അങ്ങേക്കു സുഖമായി കഴിയാൻ വേണ്ടുന്ന ഭൂമി ആവശ്യപ്പെട്ടുകൊള്ളൂ.' മഹാബലി പറഞ്ഞു, അല്പം ഗർവോടുകൂടി.

'രാജൻ, തൃപ്തിയില്ലാത്തവന് എത്ര കിട്ടിയാലും തൃപ്തി വരികയില്ല. മൂന്നടി സ്ഥലംകൊണ്ടു തൃപ്തിപ്പെടാത്തവൻ ഏഴു ദ്വീപുകൾകൊണ്ടും തൃപ്തിപ്പെടുകയില്ല. ഏഴു ദ്വീപുകളും ഭരിച്ച രാജാക്കന്മാർ ഉണ്ടായിരുന്നല്ലോ. അവർക്കും സംതൃപ്തി ഉണ്ടായില്ലെന്നു ഞാൻ കേട്ടിട്ടുണ്ട്. എനിക്കാണെങ്കിൽ മുമ്പ് ആവശ്യപ്പെട്ടതു മാത്രം മതി. അതായത്, മൂന്നടിസ്ഥലം.' വാമനൻ മറുപടി നല്കി.

കൂടുതൽ ആവശ്യപ്പെടണമെന്ന് ഒരാൾ നിർബന്ധിക്കുന്നു. എന്നിട്ടും ആവശ്യക്കാരൻ അതിനു വഴങ്ങുന്നില്ല. പിന്നെ ദാനം ചെയ്യുന്നയാൾക്ക് എന്തു ചെയ്യാനൊക്കും? മഹാബലി മനസ്സില്ലാമനസ്സോടെ തുച്ഛമായ ആ ദാനത്തിന് ഒരുക്കമായി.

ശുക്രാചാര്യൻ വന്നയാളെ തിരിച്ചറിഞ്ഞു. വന്ന കാര്യവും മനസ്സിലാക്കി. അദ്ദേഹം ശിഷ്യനെ താക്കീതു ചെയ്തു.

'മഹാബലീ, ഈ ബ്രഹ്മചാരി വാസ്തവത്തിൽ മഹാവിഷ്ണുവാണ്. നീ കാര്യമറിയാതെ ബ്രഹ്മചാരിക്കു വാക്കു കൊടുത്തു. അതൊട്ടും നന്നായില്ല എന്നെനിക്കു തോന്നുന്നു. നീ ദാനംചെയ്യാതെ കഴിക്കണം അല്ലാത്തപക്ഷം വാമനൻ നിന്റെ ഐശ്വര്യത്തെ അപഹരിക്കും. അതെല്ലാം ദേവേന്ദ്രനു കൊടുക്കും. അപ്പോൾ അസുരന്മാർക്ക് അനർത്ഥം സംഭവിക്കും.' ശുക്രാചാര്യൻ പറഞ്ഞു.

എന്നിട്ടും മഹാബലിക്ക് ഇളക്കമുണ്ടായില്ല.

'ഗുരോ പ്രഹ്ലാദന്റെ കുലത്തിൽ ജനിച്ചവനാണ് ഞാൻ. ചെയ്തുപോയ പ്രതിജ്ഞ നിരാകരിക്കുന്നതെങ്ങനെ? അസത്യത്തെക്കാൾ ഹീനമായ അധർമമില്ല. ദാരിദ്ര്യത്തെയോ ദുഃഖത്തെയോ മരണത്തെയോ നരകത്തെയോ ഞാൻ ഭയപ്പെടുന്നില്ല. എന്നാൽ, ഞാൻ അസത്യത്തെ ഭയപ്പെടുന്നു. ഞാൻ ഈ ബ്രഹ്മചാരിയുടെ അപേക്ഷ കൈക്കൊള്ളുകതന്നെ ചെയ്യും.' മഹാബലി ഉറപ്പിച്ചു പറഞ്ഞു.

തന്റെ വാക്കുകളെ ശിഷ്യൻ മാനിക്കുന്നില്ല. ശുക്രന് അത്യധികമായ ദേഷ്യമായി. ദേഷ്യം ശാപത്തിനു കാരണമായി.

'മഹാബലീ, നിന്റെ ഐശ്വര്യം ഇല്ലാതായിപ്പോകട്ടെ!' അദ്ദേഹം വിളിച്ചുപറഞ്ഞു.

ശാപമേറ്റിട്ടും മഹാബലിക്കു കുലുക്കമുണ്ടായില്ല. അദ്ദേഹം വാമനനെ പൂജിച്ചിരുത്തി. ദാനസങ്കല്പം ചെയ്തു നീരൊഴിച്ചു. സ്വർണകലശത്തിൽ വെള്ളമെടുത്തു. ആ വെള്ളംകൊണ്ട് വാമനന്റെ പാദങ്ങൾ കഴുകി. അതിനു ശേഷം ആ വെള്ളം സ്വന്തം മൂർദ്ധാവിൽ ധരിച്ചു.

അപ്പോഴേക്കും ആ അത്ഭുതം നടന്നു. വാമനൻ നിന്ന നിലയ്ക്കു വളർന്നു തുടങ്ങി. ഒരു നിമിഷനേരംകൊണ്ട് വർണിക്കവയ്യാത്ത വലിപ്പമായി. ഒരു കാല ടിവെച്ചു ഭൂമിയെ അളന്നു. ഭൂമി മുഴുവൻ ആ അളവിനുള്ളിലായി. രണ്ടാ മത്തെ കാലടിവെച്ച് അളന്നപ്പോഴോ? സ്വർഗലോകം, മഹർലോകം ജനർ ലോകം, തപോലോകം എന്നിവയെയും കടന്നു കാലടി മേല്പോട്ടുപോയി. മൂന്നാമത്തെ കാലടികൊണ്ട് അളക്കാൻ യാതൊന്നും ശേഷിക്കുന്നില്ല.

മഹാവിഷ്ണു ത്രുടുതിയിൽ വീണ്ടും വാമനനായി.

ഇതെല്ലാം കണ്ടുനില്ക്കയാണല്ലോ അസുരപ്രമാണികൾ. കണ്ടില്ലേ മഹാ വിഷ്ണുവിന്റെ വഞ്ചന? അപ്രകാരം കരുതി അവർ കോപംപൂണ്ടു. മഹാ വിഷ്ണു വാമനനായി വന്ന്, മഹാബലിയുടെ സർവസ്വവും കരസ്ഥമാക്കി. അതിനിപ്പോൾ പ്രതികാരം ചെയ്തേ കഴിയുകയുള്ളു. അവർ ആയുധങ്ങൾ കൈക്കലാക്കി വാമനന്റെ നേർക്കെടുത്തു.

മഹാബലി അസുരന്മാരെ വിലക്കി മാറ്റി.

'നിങ്ങൾ അടങ്ങുവിൻ. ഇപ്പോൾ കാലം ദേവന്മാർക്ക് അനുകൂലമായി മാറിയിരിക്കുന്നു. ഇനിയൊരിക്കൽ കാലം വീണ്ടും നമുക്ക് അനുകൂലമാകും. അപ്പോൾ നമുക്ക് അവരോടു പ്രതിക്രിയ ചെയ്യാം.' അദ്ദേഹം പറഞ്ഞു.

അസുരന്മാർക്കു പിന്മാറാതെ നിർവാഹമുണ്ടായില്ല. അവരെല്ലാം പാതാ ളത്തിലേക്കു പോയി.

മഹാബലി തനിച്ചായി.

ഗരുഡൻ വരുണപാശത്താൽ മഹാബലിയെ ബന്ധിച്ചു. വാമനൻ സംസാരിച്ചു:

'മഹാബലീ, മൂന്നടി സ്ഥലം തരാമെന്ന് അങ്ങു വാഗ്ദാനം ചെയ്തുവ ല്ലോ. രണ്ടടികൊണ്ടു ഞാൻ അങ്ങയുടെ സാമ്രാജ്യം മുഴുവനും അളന്നിരി ക്കുന്നു. മൂന്നാമത്തെ അടിവെക്കാനുള്ള സ്ഥലം തരൂ.'

മഹാബലി മഹാത്യാഗത്തിനൊരുങ്ങി.

'ഭഗവാനേ, ഞാനൊരിക്കലും വാഗ്ദാനം ലംഘിക്കുകയില്ല. അവിടുത്തെ മൂന്നാമത്തെ കാലടി എന്റെ ശിരസ്സിൽ വെച്ചുകൊള്ളുക. വഞ്ചകൻ എന്ന അപകീർത്തി എനിക്ക് ഉണ്ടായിക്കൂടാ.'

തത്സമയം പ്രഹ്ലാദൻ അവിടെ വന്നെത്തി.

പിതാമഹനെ കണ്ടാൽ മഹാബലി സാധാരണയായി എന്തുചെയ്യും? നമസ്കരിക്കും, ഉപചരിക്കും. എന്നാൽ ഇപ്രാവശ്യം നമസ്കരിച്ചില്ല, ഉപച രിച്ചില്ല. മനസ്സില്ലാഞ്ഞിട്ടല്ല, സാധിച്ചില്ല. വരുണപാശത്താൽ കെട്ടപ്പെട്ടു കിട ക്കുകയല്ലേ? അദ്ദേഹം പിതാമഹനെ തലതാഴ്ത്തി നമിക്കുകമാത്രം ചെയ്തു.

പ്രഹ്ലാദൻ വാമനനെ വീണു വണങ്ങി.

'ഭഗവൻ, അവിടന്നുതന്നെയാണു മുമ്പ് എന്റെ പൗത്രന് ഐശ്വര്യം നല്കിയത്. അവിടുന്ന് ഇപ്പോൾ അതു തിരിച്ചെടുത്തു എന്നേയുള്ളു. അതും അവന് ഒരു അനുഗ്രഹമായി.' ആ പരമഭക്തൻ പറഞ്ഞു.

ബ്രഹ്മാവും സന്നിഹിതനായിരുന്നു.

'ഭഗവൻ മഹാബലിയുടെ ഐശ്വര്യം സകലതും തീർന്നിരിക്കുന്നു. ഇനി അവിടുന്ന് അവനെ മോചിപ്പിക്കണം.' ബ്രഹ്മാവ് അപേക്ഷിച്ചു.

മഹാവിഷ്ണു അല്പം ദീർഘമായി സംസാരിച്ചു.

'ബ്രഹ്മാവേ, ഞാൻ ഒരുവനെ അനുഗ്രഹിപ്പാൻ നിശ്ചയിച്ചു എന്നിരിക്കട്ടെ, അതിനുമുമ്പു ഞാൻ അവന്റെ ഐശ്വര്യത്തെ അപഹരിക്കും. എന്തെന്നാൽ,

മദമുള്ളവൻ എന്നെ ആശ്രയിക്കാറില്ല. അങ്ങനെയുള്ളവൻ എന്നെ അവമാനിക്കുകയും ചെയ്യുന്നു. ആട്ടെ, ഈ മഹാബലി അസുരവർഗ്ഗക്കാരിൽ മുമ്പനാകുന്നു. അവൻ അസുരവംശത്തിനു സത്കീർത്തി ചേർത്തിരിക്കുന്നു. അവൻ സകലതും പരിത്യജിച്ചു. തീവ്രമായ മനോവേദന അനുഭവിച്ചു. കുലഗുരുവിന്റെ ശാപം സമ്പാദിച്ചു. എന്നിട്ടും അവൻ സത്യത്തെ ഉപേക്ഷിക്കുന്നില്ല. അതിനാൽ ഞാൻ അവനു തക്കതായ പ്രതിഫലം നല്കും. ഇനി ഒരു കാലത്തു സാവർണി എന്ന മന്വന്തരം വരും. അന്ന് അവന് ഇന്ദ്രപദം ലഭിക്കും. അതുവരെ അവൻ സുതലത്തിൽ പാർക്കട്ടെ. സുതലത്തിൽ സദാ എന്റെ ദൃഷ്ടി ഉണ്ടായിരിക്കും. അതിനാൽ അവിടെയുള്ളവർക്കു മനഃക്ലേശമില്ല, ആധികളും വ്യാധികളുമില്ല, ക്ഷീണവും ആപത്തുകളുമില്ല.'

ഭഗവാൻ മഹാബലിയുടെ നേർക്കു തിരിഞ്ഞു.

'മഹാബലീ, സുതലത്തിലേക്കു പൊയ്ക്കാള്ളൂ. അവിടെ ലോകപാലന്മാർകൂടി നിന്നെ ധിക്കരിക്കയില്ല. നിന്നെ എതിർക്കുന്നവരെ ഞാൻ ചക്രം കൊണ്ടു നിഗ്രഹിക്കും. ഞാൻ എന്നുമെന്നും നിന്നെ രക്ഷിച്ചുകൊള്ളും. നിനക്ക് എല്ലാനേരവും എന്നെ കാണാം. നിനക്ക് മംഗളം ഭവിക്കട്ടെ!'

മഹാനുഭാവനായ മഹാബലിയുടെ മിഴികൾ നിറഞ്ഞു.

'ഭഗവൻ, മറ്റാർക്കും ലഭിക്കാത്ത ഭാഗ്യം അവിടുന്നു നീചനായ എനിക്കു നല്കി.' അദ്ദേഹം ഗദ്ഗദത്തോടെ പറഞ്ഞു.

അതോടുകൂടി മഹാബലിയുടെ ബന്ധനം അവസാനിക്കുകയായി. അദ്ദേഹം കിടന്നിടത്തുനിന്ന് എഴുന്നേറ്റു. വാമനനെയും പ്രഹ്ലാദനെയും ബ്രഹ്മാവിനെയും നമസ്കരിച്ചു. അതിനുശേഷം ചില അനുചരന്മാരെ കൂട്ടി അവരോടുകൂടി സുതലത്തിലേക്കു യാത്രയായി.

ദേവന്മാർക്കു നഷ്ടപ്പെട്ടിരുന്ന സ്വർഗലോകം തിരിച്ചുകിട്ടി.

(ഭാഗവതം)

പരശുരാമൻ

'രാമാ, നീ ഹിമാലയത്തിൽച്ചെന്ന് ശിവനെ തപസ്സു ചെയ്യണം. അതുകൊണ്ടു നിനക്കു പല നന്മകളും ഉണ്ടാവും.' ഭൃഗുമഹർഷി പറഞ്ഞു.

(ഈ രാമൻ ശ്രീരാമനല്ല, മഹാവിഷ്ണുവിന്റെ അവതാരമായ പരശുരാമനാണ്. 'മാലിഭാഗവത'ത്തിൽ പരശുരാമന്റെ കഥ വിസ്തരിച്ചിട്ടുണ്ട്. അതിലില്ലാത്ത ചില സംവേങ്ങളാണ് ഇപ്പോൾ വിവരിക്കുന്നത്.)

കാലം കളയാതെ രാമൻ ഹിമാലയത്തിൽ എത്തിച്ചേർന്നു. തപസ്സിനു യോജിച്ചതായ ഒരു സ്ഥലം അന്വേഷിച്ചുനടന്നു. ഒടുവിൽ അങ്ങനെയൊന്നു കണ്ടെത്തി. മനോഹരമായ ഒരു പൊയ്കയുണ്ട്. പൊയ്കയുടെ കരയിൽ പർണശാല കെട്ടിയുണ്ടാക്കി. ദൃഢമായ തപസ്സും ആരംഭിച്ചു. ഗ്രീഷ്മകാലത്തു പഞ്ചാഗ്നിമധ്യത്തിൽ; ശിശിരകാലത്തു കഴുത്തോളം വെള്ളത്തിൽ —അതായിരുന്നു തപസ്സിന്റെ രീതി. ആഹാരമോ, മിക്കവാറും ഇല്ലെന്നുതന്നെ പറയാം.

രാമന്റെ തപസ്സിന് എത്രത്തോളം ദൃഢതയുണ്ട്? അതൊന്നു പരീക്ഷിച്ചറിയണം അതിനായി ശിവന്റെ ഒരുക്കം. ഭഗവാൻ ഒരു വേടന്റെ രൂപമെ

ടുത്തു. വളർന്നു നീണ്ട മീശയും താടിയും. ചുവന്ന വട്ടക്കണ്ണുകൾ, മലിനമായ വസ്ത്രങ്ങൾ, കരാളമായ അമ്പും വില്ലും. ഭീഷണമായ വേഷം! അങ്ങനെ രാമന്റെ മുമ്പിലെത്തി.

സമാധിയിൽനിന്ന് ഉണർന്നിരിക്കയാണ് രാമൻ. ആ സമയമാണ് ശിവൻ തിരഞ്ഞെടുത്തത്.

'ഞാനൊരു വേടനാണ്. തപസ്സുചെയ്യുന്ന അങ്ങ് ആരാണ്? തപസ്സിന് എന്താണു കാരണം?' വേടനായ ഭഗവാൻ ബഹുമാനത്തോടെ ചോദിച്ചു.

'ജമദഗ്നിയുടെ മകനാണു ഞാൻ. പേര് രാമൻ. ഭഗവാൻ ശിവനെ തപസ്സു ചെയ്കയാണ്. ആട്ടെ, നീ ഇവിടെ' നില്ക്കരുത്. കാരണം, എത്രയായാലും നീ ഒരു വേടനാണ്.' രാമൻ അല്പം നീരസത്തോടെ പറഞ്ഞു.

വേടൻ ദേഷ്യം വന്നതായി ഭാവിച്ചു:

'ഓഹോ, ഞാനിവിടുന്നുപോകണമെന്നോ? കൊള്ളാം! പോകേണ്ടതു ഞാനല്ല, അങ്ങാണ്. എന്നെ മാറ്റിനിർത്താൻ ആർക്കും അധികാരമില്ല. അതിന് ആർക്കും കഴിവുമില്ല.' വേടൻ ധൈര്യത്തോടെ പറഞ്ഞു.

രാമന്റെ കോപം ജ്വലിച്ചുയർന്നു:

'എടാ വേടാ, നീ തനിയെ പോയില്ലെങ്കിൽ ഞാൻ അടിച്ചോടിക്കും. ഭഗവാൻ ശിവനെ മുൻനിർത്തി ഞാൻ പറയുകയാണ്!' രാമൻ നിശ്ചയം അറിയിച്ചു.

വേടനും വിട്ടില്ല:

'ശിവൻപോലും! അജ്ഞാനിയായ അങ്ങെവിടെ, ഭഗവാൻ ശിവനെവിടെ? അങ്ങ് ശിവനെ പ്രത്യക്ഷപ്പെടുത്താൻ നോക്കുന്നു. അതൊന്നും നടക്കുകയില്ല, പറഞ്ഞേക്കാം' വേടൻ പറഞ്ഞു.

ഇത്രയുമായപ്പോൾ രാമന് ഒന്നു തോന്നി. തന്നോട് ഈ രീതിയിൽ ഇന്നോളം ആരും സംസാരിച്ചിട്ടില്ല. ഒരു ഭൂതോദയവുമുണ്ടായി; ഈ വേടൻ വാസ്തവത്തിൽ ഏതോ ദിവ്യനായിരിക്കണം!

അദ്ദേഹം കണ്ണുകൾ പൂട്ടി. മനസ്സിനെ ധ്യാനത്തിൽ ലയിപ്പിച്ചു. അപ്പോൾ മനക്കണ്ണുകൊണ്ട് ഒരു രൂപം തെളിഞ്ഞുകണ്ടു. ശിവന്റെ സ്വതവേയുള്ള രൂപം! മിഴികൾ തുറന്നപ്പോഴോ? വേടൻ നിന്നിരുന്ന സ്ഥലത്ത് ശിവൻ നില്ക്കുന്നു!

രാമൻ സംഭ്രമത്തോടെ ചാടിയെഴുന്നേറ്റു. എന്നിട്ട് ശിവന്റെ പാദങ്ങളിൽ നമസ്കരിച്ചു. ശിവൻ ഭക്തനെ പിടിച്ചെഴുന്നേല്പിച്ചു. രാമൻ ശിവനെ വാഴ്ത്തി സ്തുതിച്ചു.

'രാമാ, ഞാൻ നിന്നിൽ പ്രീതനായിരിക്കുന്നു. നിനക്ക് ഇപ്പോൾ അസ്ത്രബലം പോരാ. ആദ്യം നീ തീർത്ഥസ്നാനംചെയ്ത് ഭൂപ്രദക്ഷിണംചെയ്യണം. പിന്നീടു ഞാൻ നിനക്ക് അസ്ത്രങ്ങൾ ഉപദേശിച്ചുതരാം.' ശിവൻ പറഞ്ഞു. അതിനുശേഷം ഭഗവാൻ മറഞ്ഞു.

രാമൻ ശിവന്റെ നിർദ്ദേശം അനുസരിച്ചു. തീർത്ഥസ്നാനംചെയ്തു; ഭൂപ്രദക്ഷിണവും.

പിന്നീടൊരിക്കൽ ദേവാസുരയുദ്ധമുണ്ടായി.

ആ യുദ്ധത്തിൽ വിജയം അസുരന്മാർക്കായി. അവർ സ്വർഗലോകം പിടിച്ചടക്കുകയും ചെയ്തു. ദേവേന്ദ്രനും ദേവന്മാരും ശിവനെ ശരണം പ്രാപിച്ചു. ഭഗവാന്റെ സഹായവും അഭ്യർത്ഥിച്ചു.

ശിവൻ കിങ്കരനായ മഹോദരനെ വിളിച്ചു:

'മഹോദരാ, ഹിമാലയത്തിൽ രാമനുണ്ട്. നീ പോയി അവനെ കൂട്ടിക്കൊണ്ടുവരൂ.' ഭഗവാൻ കല്പിച്ചു.

ഹിമാലയത്തിൽ മഹോദരൻ ചെന്നെത്തി. രാമനെ കണ്ട് ശിവന്റെ നിർദ്ദേശം സമർപ്പിച്ചു. രാമൻ തത്ക്ഷണം പുറപ്പാടായി. മഹോദരനോടൊന്നിച്ച് കൈലാസത്തിൽ എത്തിച്ചേർന്നു. ഭഗവാനെ ഭക്തിയോടെ വണങ്ങി.

'രാമാ, ദേവന്മാർ അസുരന്മാരോടു പരാജയപ്പെട്ടിരിക്കുന്നു. നീ പോയി അസുരന്മാരെ നശിപ്പിക്കണം. അങ്ങനെ ദേവന്മാരെ രക്ഷിക്കണം.' ശിവൻ ആവശ്യപ്പെട്ടു.

രാമന് ഒരു വിഷമമുണ്ടായി:

'ഭഗവാനേ, ഞാൻ ഇന്നോളം യുദ്ധംചെയ്തിട്ടില്ല. ആയുധം പ്രയോഗിക്കാൻ അറിഞ്ഞുകൂടാ. ആയുധം യാതൊന്നുമില്ലതാനും. പിന്നെ ഞാൻ എങ്ങനെ അസുരന്മാരെ ഇല്ലായ്മചെയ്യും?' രാമൻ ചോദിച്ചു.

ശിവൻ ഒരു പരശു സമ്മാനിച്ചു.

'ഈ പരശുകൊണ്ട് ശത്രുക്കളെ വധിച്ചുകൊള്ളൂ. നിനക്ക് യുദ്ധമുറകൾ തനിയെ തോന്നിക്കൊള്ളും. മരണഭയം നിനക്ക് ഉണ്ടാവുകയുമില്ല. ശിവൻ അനുഗ്രഹമേകി.

പരശു ആയുധമായില്ലേ? അപ്പോൾമുതൽ രാമൻ പരശുരാമനായി.

പരശുരാമൻ അസുരന്മാരോടു യുദ്ധത്തിലേറ്റു. അത്ഭുതം ജനിപ്പിക്കുന്നതായിരുന്നു പരശുരാമന്റെ ശക്തിയും ശൗര്യവും. അസുരന്മാർക്ക് ഒരു വഴിയേ ഉണ്ടായിരുന്നുള്ളൂ—ജീവനുംകൊണ്ടു പടക്കളത്തിൽനിന്നു പലായനം ചെയ്യുക!

ശിവന്റെ നിർദ്ദേശം നടപ്പാക്കിയില്ലേ? അതിനുശേഷം പരശുരാമൻ പർണശാലയിൽ തിരിച്ചെത്തി. പഴയപോലെ തപസ്സും ആരംഭിച്ചു.

പിന്നൊരിക്കലും ശിവൻ പ്രത്യക്ഷനായി.

'വരം വാങ്ങിക്കൊള്ളൂ.' ഭഗവാൻ ആവശ്യപ്പെട്ടു.

'ഭഗവാനേ, ഞാൻ യുദ്ധവിദ്യയിൽ ഒന്നാമനാകണം. എല്ലാ ശത്രുക്കളെയും ജയിക്കുകയും വേണം.' പരശുരാമൻ വരം ചോദിച്ചു.

ദിവ്യരഥം, ദിവ്യകവചം, ദിവ്യമായ ആവനാഴി—അങ്ങനെ പല ദിവ്യവസ്തുക്കളും ശിവൻ സമ്മാനിച്ചു. പോരെങ്കിൽ ധനുർവേദം ഉപദേശിക്കയും ചെയ്തു. അതിനുശേഷം ഭഗവാൻ അപ്രത്യക്ഷനായി.

പരശുരാമൻ മഹോദരനോട് ഒന്ന് അപേക്ഷിച്ചു:

'അങ്ങ് എനിക്കൊരു ഉപകാരം ചെയ്യണം. ഈ ദിവ്യവസ്തുക്കളെല്ലാം അങ്ങുതന്നെ വച്ചുകൊള്ളണം. എനിക്ക് ആവശ്യമാകുമ്പോൾ അവ കൊണ്ടുവന്നു തരികയുംവേണം.'

മഹോദരൻ ആ അപേക്ഷ സ്വീകരിച്ചു.

ഒരിക്കൽ പരശുരാമൻ പർവതപ്രദേശങ്ങളിൽ ചുറ്റിസ്സഞ്ചരിക്കയായിരുന്നു. അപ്പോൾ ഒരു കാഴ്ച കാണാൻ ഇടയായി. ഒരു കടുവ ഒരു ബ്രാഹ്മണകുമാരനെ പിടിക്കാൻ വരികയാണ്. ബ്രാഹ്മണകുമാരൻ ജീവനുവേണ്ടി ഓടുകയുമാണ്. പക്ഷേ, അയാളുടെ ശ്രമം വിഫലമാവുകയാണ് ചെയ്യുന്നത്. അയാളെ കടുവ കടന്നുപിടിക്കുന്നു. അയാൾ നിലത്തു വീഴുന്നു. കടുവ അയാളെ കൊന്നുതിന്നാൻ ഭാവിക്കുന്നു.

പരശുരാമൻ നൊടിക്കിടയിൽ ഒരു വിദ്യ പ്രയോഗിച്ചു.

നിലത്തുനിന്ന് ഒരു പുൽക്കൊടി നുള്ളിയെടുത്തു. പുൽക്കൊടി ജപിച്ച യച്ചു. അതു കടുവയെ ചുട്ടുചാമ്പലാക്കി!

വാസ്തവത്തിൽ കടുവ ആരായിരുന്നുവെന്നോ? ശാപമേറ്റിരുന്ന ഒരു ഗന്ധർവ്വൻ. പരശുരാമൻ കടുവയെ കൊന്നപ്പോഴോ? ഗന്ധർവ്വനു ശാപമോ ക്ഷമുണ്ടായി. പഴയ രൂപം വീണ്ടുകിട്ടി. എന്നിട്ട് സ്വസ്ഥാനത്തേക്കു പോവു കയും ചെയ്തു.

ബ്രാഹ്മണകുമാരനു ജീവരക്ഷ ലഭിച്ചു. പരശുരാമൻ അവനെ പിടിച്ചെ ഴുന്നേല്പിച്ചു. അവന്റെ ശരീരം നിറയെ വ്രണങ്ങൾ! പരശുരാമൻ ആ ശരീ രത്തെ ഒന്നു തൊട്ടു തലോടി. തത്ക്ഷണം വ്രണങ്ങളെല്ലാം ഇല്ലാതെയായി!

അക്കാരണത്താൽ അകൃതവ്രണൻ എന്നായി ആ ബ്രാഹ്മണകുമാരന്റെ പേര്.

അകൃതവ്രണന് അച്ഛനില്ല, അമ്മയില്ല, മറ്റു ബന്ധുക്കളില്ല. അവനെ പരശുരാമൻ രക്ഷിക്കയും ചെയ്തിരിക്കുന്നു. അപ്പോൾമുതൽ അകൃത വ്രണൻ പരശുരാമന്റെ ശിഷ്യനായി. ഗുരുവിനെ ശുശ്രൂഷിക്കുക, ഗുരുവി നോടു കൂടി സഞ്ചരിക്കുക—അവയായി അകൃതവ്രണന്റെ പിന്നത്തെ പരി പാടി.

പരശുരാമൻ അച്ഛനമ്മമാരുടെ അരികത്തേക്കു മടങ്ങിയെത്തി.

വളരെക്കാലത്തിനുശേഷം പരശുരാമൻ ക്ഷത്രിയരുടെ മഹാശത്രുവായി മാറി.

(അതിനുള്ള കാരണം 'മാലിഭാഗവത'ത്തിൽ കൊടുത്തിട്ടുണ്ട്.)

അദ്ദേഹം കണ്ടുകിട്ടുന്ന ക്ഷത്രിയരെ വധിക്കുകയായി. അതിനായി ഭൂമി ചുറ്റിസ്സഞ്ചരിക്കുകയും ചെയ്തു. കുറെ കഴിയുമ്പോൾ വീണ്ടും ക്ഷത്രിയർ ജനിച്ചുവളരും. അപ്പോൾ പരശുരാമൻ അവരെ കൊന്നൊടുക്കിക്കൊണ്ടു ഭൂമി ചുറ്റും. അതങ്ങനെ തുടർന്നുപോയി – ഇരുപത്തൊന്നു പ്രാവശ്യം!

അദ്ദേഹം ഒരിക്കൽ പിതൃക്കൾക്കു പിണ്ഡംവെച്ചു.

'നീ വളരെയധികം വധങ്ങൾ ചെയ്തിരിക്കുന്നു. അവയ്ക്കു പ്രായ ശ്ചിത്തം ചെയ്തേ കഴിയൂ. ഇനി ആരെയും വധിക്കയുമരുത്.' പിതൃക്കൾ പറഞ്ഞു.

പരശുരാമൻ വീണ്ടും ഭൂപ്രദക്ഷിണം ചെയ്തു. ഇപ്രാവശ്യം ചെയ്തത് ക്ഷത്രിയവധമല്ല. പകരം തീർത്ഥങ്ങളിൽ ചെന്നുള്ള സ്നാനം. അതിനു ശേഷം മഹേന്ദ്രഗിരിയിൽ ചെന്നെത്തി.

അദ്ദേഹത്തെ കാണാൻ അനേകം മഹർഷിമാർ വന്നു ചേർന്നു.

അവരുടെ കൂട്ടത്തിൽ കശ്യപനും ഉണ്ടായിരുന്നു. പരശുരാമൻ കശ്യ പന് ഭൂമിയെല്ലാം ദാനം ചെയ്തു. അതിനാൽ ഭൂമിക്ക് കാശ്യപി എന്നൊരു പേരുംകൂടിയുണ്ടായി.

പിൽക്കാലത്ത് ഒരു ക്ഷേത്രത്തിന് ആപത്തുണ്ടായി. ഗോകർണ്ണത്തിലെ ക്ഷേത്രമായിരുന്നു അത്. സമുദ്രം ഉയർന്നു വന്നു ക്ഷേത്രത്തെ അടിയിലാ ക്കി. വലിയൊരു തകരാറല്ലേ ക്ഷേത്രം മുങ്ങുക എന്നത്? ഏതു വിധേനയും ഗോകർണ്ണക്ഷേത്രത്തെ ഉദ്ധരിച്ചേ കഴിയൂ. അതായി മുനിമാരിൽ പലരുടേയും ആഗ്രഹം. അവർ മഹേന്ദ്രഗിരിയിൽ ചെന്നു പരശുരാമനെ കണ്ടു. അദ്ദേഹത്തോടു വിവരവും പറഞ്ഞു.

പരശുരാമൻ മുനിമാരോടുകൂടി പടിഞ്ഞാറൻ സമുദ്രത്തിന്റെ തീരത്തിലെത്തി.

അദ്ദേഹം വരുണനെ വിളിച്ചു.

'ഹേ വരുണാ, അല്പമൊന്നു മാറിക്കൊടുക്കൂ. മുങ്ങിയ ഗോകർണ ക്ഷേത്രം പൊങ്ങിക്കൊള്ളട്ടെ' അദ്ദേഹം പറഞ്ഞു.

പക്ഷേ, വരുണൻ വരികയുണ്ടായില്ല. ജലദേവൻ ജലത്തിനു മുകളിൽ ഇരുന്നതേയുള്ളൂ. പരശുരാമന് അത്യധികമായ ദേഷ്യമുണ്ടായി. താൻ വിളിച്ചാൽ വരുണൻ വരികയില്ലെന്നോ? എന്നാലിനി വരുണനെ ശിക്ഷിക്കുകതന്നെ വേണം!

പരശുരാമൻ വില്ലു കുലച്ച് അമ്പു തൊടുത്തു.

താനാണ് അമ്പിനു ലക്ഷ്യം—അക്കാര്യം വരുണൻ മനസ്സിലാക്കി. ഒന്നു പ്രത്യേകമാണ് പരശുരാമന്റെ ദിവ്യശക്തി. ഇനിയും താൻ അദ്ദേഹത്തെ അനുസരിച്ചില്ലെങ്കിലോ? അദ്ദേഹത്തിന്റെ ദിവ്യശക്തി തന്നെ നശിപ്പിക്കും. അതിൽ വരുണനു യാതൊരു സംശയവും ഉണ്ടായിരുന്നില്ല.

ജലദേവൻ പരശുരാമന്റെ മുമ്പിൽ ആവിർഭവിച്ചു. മാപ്പുചോദിച്ചിട്ട് ഗോകർണ്ണക്ഷേത്രത്തെ ജലത്തിൽനിന്നു മുക്തമാക്കി. എന്നിട്ടു കുറേദൂരം സമുദ്രത്തെ പിൻവലിച്ചു പരശുരാമൻ ആ പുതിയ കരയെ ബ്രാഹ്മണർക്കു ദാനവും ചെയ്തു.

(പരശുരാമൻ മഴുവെറിഞ്ഞു; മഴു വീണ സ്ഥലംവരെ സമുദ്രം പിൻവാങ്ങി; ആ സ്ഥലമാണ് കേരളം-അപ്രകാരമാണ് കേരളത്തിൽ പ്രചാരത്തിലുള്ള ഐതിഹ്യം.)

പൃഥു

ഭൂമിക്ക് പൃഥ്വി എന്നൊരു പേരുണ്ട്. ആ പേരു കിട്ടിയതോ, പൃഥുവിൽനിന്നും.

മഹാവിഷ്ണുവിന്റെ അംശമായിരുന്നു പൃഥു.

ഒരു പ്രത്യേകരീതിയിൽ ആയിരുന്നു പൃഥുവിന്റെ ജനനം.

ദുഷ്ടനായ രാജാവായിരുന്നു വേനൻ. ആ രാജാവ് ചില മഹർഷിമാരുടെ കടുത്ത വിരോധം സമ്പാദിച്ചു. അവർ ശാപത്താൽ വേനനെ വധിച്ചു.

പക്ഷേ, ഒരു തകരാറുണ്ടായി. വേനനു സന്താനങ്ങളില്ല. ഭരിക്കാൻ രാജാവില്ല എന്നുവന്നാലോ? രാജ്യം അനാഥമാവുകയേയുള്ളൂ. ഒരു രാജാവിനായി മഹർഷിമാർ യത്നിച്ചു. വേനന്റെ മൃതശരീരം കിടപ്പുണ്ട്. അവർ മൃതശരീരത്തിന്റെ ഇരുകൈകളും കൂടഞ്ഞു. ഒരു കൈയിൽനിന്ന് ഒരു പുരുഷൻ ഉളവായി. ആ പുരുഷനാണ് പൃഥു!

മറ്റേ കൈയിൽനിന്ന് ഒരു സ്ത്രീയുണ്ടായി. അർച്ചിസ് എന്നായിരുന്നു ആ സ്ത്രീയുടെ പേർ. വാസ്തവത്തിൽ അർച്ചിസ് ലക്ഷ്മീദേവിയുടെ അംശമായിരുന്നു!

പൃഥുവും അർച്ചിസ്സും വിവാഹിതരായി.

ചക്രവർത്തിയായി പൃഥു അഭിഷേകം ചെയ്യപ്പെട്ടു. ആ സമയം കാഴ്ചദ്രവ്യങ്ങൾ വന്നു കുമിഞ്ഞു. ആരൊക്കെയാണ് കാഴ്ചദ്രവ്യങ്ങൾ സമർപ്പിച്ചത്? ദേവന്മാർ, പർവതങ്ങൾ, നദികൾ മുതലായവരെല്ലാം.

രാജാവിനെ വാഴ്ത്തിപ്പാടുക—ആ ജോലിയുള്ള ചിലരുണ്ട് കൊട്ടാരങ്ങളിൽ. അവർ പതിവുപോലെ പൃഥുവിനെയും വാഴ്ത്തിപ്പാടാൻ ആരംഭിച്ചു. സാധാരണയായി ആ സ്തുതിഗീതങ്ങൾ കേൾക്കാൻ വളരെ താത്പര്യമുണ്ട് രാജാക്കന്മാർക്ക്. പക്ഷേ, മറിച്ചായിരുന്നു പൃഥു. അദ്ദേഹം അവരെ അതിൽനിന്നു വിരമിപ്പിച്ചു. ആദ്യമേ പൃഥുവിന്റെ മാഹാത്മ്യം തെളിഞ്ഞു എന്നർത്ഥം.

ആ സമയം എന്തായിരുന്നു രാജ്യത്തിന്റെ അവസ്ഥ? ഏറ്റവും അത്യുപ്തികരം എന്നേ പറഞ്ഞുകൂടൂ. പ്രധാനമായ കാരണം ഒന്നാണ്—ആഹാരസാധനങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്. ആഹാരമില്ലെങ്കിൽ പിന്നെ എന്തു ചെയ്യും. പ്രജകൾ മിക്കവാറും പട്ടിണികിടന്നു. ഈ നില തുടർന്നു പോയാലോ? എല്ലാവരും മരിക്കയും ചെയ്യും. പ്രജകൾ രാജാവിനെ കണ്ടു സങ്കടം ഉണർത്തിച്ചു. അവരുടെ വയറുകളിൽ വിശപ്പു തീപോലെ കത്തുന്നു. അവർക്കു രാജാവല്ലാതെ മറ്റൊരു ആലംബമില്ല; ആഹാരം നല്കി അവരെ രക്ഷിക്കണം. അതായിരുന്നു അവരുടെ അഭ്യർത്ഥന.

പ്രജകളുടെ ദുരവസ്ഥ പൃഥുവിനെ വ്യാകുലപ്പെടുത്തി.

എന്താണ് ആഹാരപദാർത്ഥങ്ങൾക്ക് ഇത്രമാത്രം ദൗർലഭ്യം? പൃഥു ഗാഢമായി ആലോചിച്ചു. അപ്പോൾ കാരണം മനസ്സിലായി.

വിത്തുകൾ, ഔഷധങ്ങൾ മുതലായവ—അവയൊക്കെ പണ്ട് ബ്രഹ്മാവ് ഭൂമിയിൽ നിക്ഷേപിച്ചിരുന്നു. അവയെ ആവശ്യമനുസരിച്ചു പുറത്തേക്കു വിടണം. അതു ഭൂമിയുടെ ഒരു ചുമതലയാണ്. എന്നാൽ, ഭൂമി ഇപ്പോൾ ആ ചുമതല നിർവഹിക്കുന്നില്ല. ഭൂമി ആ പദാർത്ഥങ്ങളെ ഉള്ളിൽ അടക്കിവച്ചുകൊണ്ടിരിക്കുന്നു. അവയെ അവളെക്കൊണ്ടു പുറത്തേക്കു വിടുവിക്കണം. അതിനായി പൃഥുവിന്റെ ഒരുക്കം.

അദ്ദേഹം വില്ലു കുലച്ചു. വില്ലിൽ ശരം തൊടുത്തു. ഭൂമിയാണു ശരത്തിന്റെ ലക്ഷ്യം.

ഭൂമിക്ക് അക്കാര്യം മനസ്സിലായി. ആ ദേവി പേടിച്ചരണ്ടുപോയി. ഇവിടെ നിന്നാൽ താൻ ശരമേറ്റ് ഇല്ലാതാവും. ഇച്ഛപ്രകാരം രൂപങ്ങൾ ധരിക്കാം—ആ കഴിവു ഭൂമിദേവിക്കുണ്ട്. ദേവി പശുവിന്റെ രൂപം ധരിച്ചു. എന്നിട്ട് അതിവേഗം ഓടിപ്പോവുകയും ചെയ്തു.

പക്ഷേ, പൃഥുവുണ്ടോ വിടുന്നു? ഭൂമി ഓടുന്നതുകൊണ്ട് അദ്ദേഹം കോപിച്ചു. വില്ലും ശരവുമേന്തി ഭൂമിയുടെ പുറകെ കൂടി. ഭൂമി ഓട്ടത്തിന്റെ വേഗം വളരെ വർദ്ധിപ്പിച്ചു. പക്ഷേ, അതൊന്നും പ്രയോജനപ്പെട്ടില്ല. പശുവായ ഭൂമി എവിടെയൊക്കെ ഓടുന്നുവോ അവിടെയൊക്കെ പൃഥുവുമുണ്ട്! ഭൂമി സ്വർഗത്തിലേക്ക് ഓടി; അതിനുശേഷം മദ്ധ്യത്തിലുള്ള അന്തരീക്ഷത്തിലും. പക്ഷേ, അവിടെയൊക്കെ പൃഥുവും പിന്തുടർന്നെത്തുകയായി.

വല്ലവരും തന്നെ രക്ഷിക്കാൻ തയ്യാറാവുന്നുണ്ടോ? അതായി ഭൂമിദേവിയുടെ അന്വേഷണം. ഇല്ല, ആരും അതിനു തയ്യാറാവുന്നില്ല. ഭൂമിക്ക് ഇനി ഓടാൻ ഒരിടവും ഇല്ലതാനും. വരുന്നതുവരട്ടെ എന്നു കല്പിച്ചു ഭൂമി. എന്നിട്ട് ഓട്ടവും മതിയാക്കി.

'പ്രഭോ, ഞാനിതാ അങ്ങയെ അഭയം പ്രാപിക്കുന്നു. ആ സ്ഥിതിക്ക് അങ്ങ് എന്നെ രക്ഷിക്കണം. ധർമ്മം അറിയുന്ന ആളാണല്ലോ അങ്ങ്. സ്ത്രീയായ എന്നെ വധിക്കുന്നത് അധർമമാവും. എന്നിലാണ് ലോകം നിലനില്ക്കുന്നത്. ഞാൻ നശിച്ചാൽ ലോകവും നശിക്കും.' ഭൂമിദേവി ചൂണ്ടിക്കാട്ടി.

പൃഥു അതൊട്ടും കൂട്ടാക്കിയില്ല.

'ഭൂമി, നീ എനിക്ക് എതിരുനില്ക്കുന്നു. നീ നിന്റെ ഉള്ളിലുള്ള വസ്തുവകകൾ അടക്കിവെച്ചിരിക്കയാണ്. ആ സ്ഥിതിക്ക് നിന്നെ കൊല്ലുന്നതിൽ യാതൊരു തെറ്റുമില്ല. എന്നെ പേടിപ്പെടുത്തുകയൊന്നും വേണ്ട, കേട്ടോ? നീ ഇല്ലാതായാൽ ഞാൻ എന്തു ചെയ്യുമെന്നോ? ഞാൻ എന്റെ യോഗബലത്താൽ പ്രജകളെ രക്ഷിക്കും.' അദ്ദേഹം തീർത്തു പറഞ്ഞു.

കീഴടങ്ങാതെ നിർവ്വാഹമില്ലെന്നായി ഭൂമിദേവിക്ക്.

'രാജൻ, ഞാനൊരു വാസ്തവം അറിയിക്കട്ടെ. ബ്രഹ്മദേവൻ എനിക്ക് വിത്തുകളും ഔഷധങ്ങളും മറ്റും തന്നിരുന്നു എന്നതു ശരി തന്നെ. ആദ്യകാലത്തു പ്രജകൾ സത്തുക്കളായിരുന്നു. അന്നൊക്കെ ഞാൻ അവർക്ക് എന്റെ വസ്തുവകകൾ നിർലോഭം നല്കിയുമിരുന്നു. പക്ഷേ, പിൽക്കാലത്ത് അവർ അസത്തുക്കളായി. അതുകൊണ്ട് ഞാൻ അവയെ ഉള്ളിൽ ഒതുക്കിവെച്ചതാണ്. അവയൊക്കെ പുറത്തേക്കു കൊണ്ടുവരാൻ ഒരു വഴിയുണ്ട്— ഒരു വഴിയേ ഉള്ളുതാനും. അവയെല്ലാം കറന്നെടുക്കുക എന്നതാണ് ആ വഴി. അതിന് കറവക്കാരനും കന്നുകുട്ടിയും വേണം. അവർ രണ്ടും ഉണ്ടായാലോ? അങ്ങേക്ക് ആവശ്യമുള്ള വിഭവങ്ങൾ ഞാൻ തന്നുകൊള്ളാം.' ഭൂമിദേവി തൊഴുകൈയോടെ പറഞ്ഞു.

ശരിയാണ് എന്നു പൃഥുവിനു തോന്നി. അദ്ദേഹം അനേകം കറവക്കാരെ ഏർപ്പെടുത്തി. വേറെ ചിലരെ കന്നുകുട്ടികളുമാക്കി. വിഭവങ്ങൾ ഒന്നൊന്നായി പശുവായ ഭൂമി ചുരത്തി. ഇവയെല്ലാം പൃഥു കറന്നെടുപ്പിച്ചു. അതോടുകൂടി എന്തുണ്ടായി? ക്ഷണം സുലഭമായി. പ്രജകളുടെ ദുരിതം വിട്ടുമാറി. സമൃദ്ധിയും സുഖവും കളിയാടി; പൃഥുവിന്റെ മനോഭാവത്തിനും മാറ്റമുണ്ടായി. ആദ്യം ഭൂമിയോടു കോപിച്ചിരുന്നു. ഇപ്പോൾ പുത്രിയോട് എന്ന പോലെയുള്ള സ്നേഹം! അതെന്തിന്, അദ്ദേഹം ഭൂമിയെ പുത്രിയായിത്തന്നെ കരുതി. ഭൂമി പൃഥ്വി എന്ന നാമം ധരിക്കയും ചെയ്തു.

പിന്നീട് പൃഥു അശ്വമേധയാഗം ചെയ്യാൻ ഒരുക്കമായി. ഒന്നല്ല, നൂറ് അശ്വമേധയാഗങ്ങൾ ചെയ്യണം—അതായിരുന്നു അദ്ദേഹത്തിന്റെ ഒരുക്കം. ബ്രഹ്മാവർത്തദേശത്തിൽ സരസ്വതീനദി കിഴക്കോട്ട് ഒഴുകുന്ന ഒരിടമുണ്ട്. അവിടമാണ് യാഗത്തിനായി തെരഞ്ഞെടുത്തത്.

പൃഥുവിന്റെ സംരംഭം സകലരും സ്വാഗതംചെയ്തു—ഒരാളൊഴിച്ച്. ആ ആൾ മറ്റാരുമല്ല, ദേവേന്ദ്രൻ തന്നെ.

ആരെങ്കിലും നൂറ് അശ്വമേധയാഗങ്ങൾ അനുഷ്ഠിച്ചു എന്നിരിക്കട്ടെ, ആ ആളിന് ഇന്ദ്രപ്പട്ടം ലഭിക്കുന്നതായിരിക്കും. അങ്ങനെയാവുമ്പോൾ ദേവേന്ദ്രനു തന്റെ സ്ഥാനം നഷ്ടപ്പെടുകയും ചെയ്യും. അത് ദേവേന്ദ്രന് ഇഷ്ടവുമല്ല. ഏതെങ്കിലും വിധത്തിൽ പൃഥുവിന്റെ യാഗം വിഘ്നപ്പെടുത്തണം—അതായി ദേവേന്ദ്രന്റെ നിശ്ചയം.

ഗംഭീരമായിരുന്നു യാഗാരംഭം. ഒന്നിനും ഒരു കുറവും ഉണ്ടായില്ല. അതെല്ലാം ഭൂമിദേവിതന്നെ ശരിപ്പെടുത്തിയിരുന്നു. പാലും തൈരും നെയ്യു

മൊക്കെ ധാരാളം വേണ്ടിവന്നു. നദികൾ അവയെ വേണ്ടതിലധികം ഒഴുക്കിക്കൊണ്ടുവന്നു. പലമാതിരി ഫലങ്ങൾ ആവശ്യമായിവരികയുണ്ടായി. ഫലങ്ങൾക്ക് ഒരു കുറവുംവന്നതായി കാണപ്പെട്ടില്ല. വൃക്ഷങ്ങൾ ശാഖകൾ കനിയുംവരെ ഫലങ്ങൾ വഹിച്ചുനില്പായി. സമുദ്രങ്ങൾ സമർപ്പിച്ച സമ്മാനങ്ങളോ, അനർഘങ്ങളായ രത്നങ്ങളും.

അവിചാരിതമായി ഒരു സംഭവമുണ്ടായി.

യാഗാശ്വത്തെ കാണാനില്ല!

യാഗം കുട്ടിച്ചോറാവില്ലേ യാഗാശ്വമില്ലെങ്കിൽ? ആ മൃഗത്തെ ആരോ കട്ടുകൊണ്ടുപോയതാണ്. അതിൽ ആർക്കും സംശയമുണ്ടായില്ല. കള്ളൻ ആരാണ് എന്നു മാത്രം പിടികിട്ടിയില്ല.

വാസ്തവത്തിൽ ആരായിരുന്നു കുതിരക്കള്ളൻ? ദേവേന്ദ്രൻതന്നെ. മറഞ്ഞുനിന്നു കുതിരയെ കൊണ്ടുപോയിരുന്നു ആ അസൂയാലു. ആരും തന്റെ കൃത്യം കണ്ടില്ലെന്നും കരുതി.

പക്ഷേ, അത്രിമഹർഷി മോഷണം കാണുകയുണ്ടായി.

അദ്ദേഹം പൃഥുവിന്റെ പുത്രനെ വിളിച്ചു.

'കുമാരാ, അതാ ദേവേന്ദ്രൻ യാഗാശ്വത്തെ കൊണ്ടുപോകുന്നു!' മഹർഷി ചൂണ്ടിക്കാണിച്ചു.

രാജകുമാരൻ വീരനാണ്. ഒരൊറ്റ ഓട്ടം-ദേവേന്ദ്രനെ പിടിക്കാനായിട്ട്! അടുത്തെത്തിയപ്പോഴോ? വില്ലെടുത്ത് അമ്പു തൊടുത്തു. കള്ളനെ കൊല്ലുകതന്നെ വേണം!

അപ്പോഴാണ് രാജകുമാരൻ ഒന്നുകണ്ടത്. സന്ന്യാസിയുടെ വേഷമാണ് ദേവേന്ദ്രൻ ധരിച്ചിരിക്കുന്നത്. കള്ളവേഷമാണ്.

എങ്കിലും സന്ന്യാസിവേഷത്തിലുള്ളവരെ വധിച്ചുകൂടാ. വധിച്ചാൽ വലിയൊരു പാപമാകും. രാജകുമാരൻ യാഗാശ്വത്തെക്കൂടാതെ രാജധാനിയിൽ മടങ്ങിയെത്തി.

പക്ഷേ, അത്രിമഹർഷിക്ക് ഒരു നിർബന്ധമുണ്ട്—ദേവേന്ദ്രനെ പിടിച്ചേ മതിയാവൂ. അദ്ദേഹം വീണ്ടും രാജകുമാരനെ പറഞ്ഞയച്ചു. രാജകുമാരൻ രണ്ടാമതും ദേവേന്ദ്രനെ സമീപിച്ചു. യാഗാശ്വത്തെ കൊടുത്തില്ലെങ്കിൽ താൻ അപകടത്തിലാവും—അക്കാര്യം ദേവേന്ദ്രന് അപ്പോൾ തീർച്ചയായി. അങ്ങനെ രാജകുമാരൻ യാഗാശ്വത്തെ രാജധാനിയിലേക്കു കൊണ്ടുപോയി.

അന്നുമുതൽ രാജകുമാരനു പുതിയൊരു പേരുണ്ടായി. വിജിതാശ്വൻ എന്നായിരുന്നു ആ പേര്. അശ്വത്തെ വീണ്ടെടുത്തതാണു കാരണം.

അത്രിമഹർഷിക്കു മാത്രമല്ല, പൃഥുവിനും ദേവേന്ദ്രനോടു ദേഷ്യം തോന്നി. തക്കതായ ശിക്ഷ ദേവേന്ദ്രന് നല്കണം—അതായി അദ്ദേഹത്തിന്റെ ആഗ്രഹം. മഹർഷിമാർ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കയും ചെയ്തു. യാഗം ചെയ്ത് ദേവേന്ദ്രനെ ആവാഹിക്കണം; അദ്ദേഹത്തെ യാഗാഗ്നിയിൽ ഹോമിക്കണം!

അതറിഞ്ഞ് ബ്രഹ്മാവ് വന്നെത്തി.

'ഹേ മഹർഷിമാരേ, നിങ്ങൾ അശ്വമേധയാഗം മതിയാക്കുവിൻ. അതാണു നന്ന്. പൃഥു തൊണ്ണൂറ്റൊമ്പതു യാഗങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുന്നു. അത്രയും ധാരാളം മതിയാകും.' ബ്രഹ്മാവ് അരുളിച്ചെയ്തു.

ബ്രഹ്മാവിന്റെ നിർദ്ദേശം തിരസ്കരിക്കാനൊക്കുമോ? പൃഥുവും മഹർഷിമാരും യാഗം സമാപിപ്പിച്ചു. ദേവേന്ദ്രൻ വന്നു ക്ഷമാപണം ചെയ്തു. അതോടെ പൃഥുവിന്റെ വിരോധം നീങ്ങി.

ആ സമയം മഹാവിഷ്ണു ദർശനമേകി.

ഗരുഡന്റെ മുതുകിൽ കൈത്തലം വെച്ചിട്ടുണ്ട് ഭഗവാൻ. ആ കാഴ്ച കണ്ടപ്പോൾ പൃഥുവിന് ഭക്തിയുണ്ടായി; ഭക്തി ജനിപ്പിച്ച വികാരവുമുണ്ടായി. അദ്ദേഹത്തിന്റെ കണ്ണുകളിൽ ജലം നിറഞ്ഞു. ഭഗവാനെ വീണു വണങ്ങുക എന്നല്ലാതെ മറ്റെന്തു ചെയ്യാൻ കഴിയും?

പൃഥു വളരെക്കാലം രാജ്യഭാരം ചെയ്തു.

ക്ഷമാശീലത്തിൽ ഭൂമിദേവിയെപ്പോലെ; സ്ഥൈര്യത്തിൽ മഹാമേരുപർവതത്തെപ്പോലെ; ദണ്ഡനത്തിൽ യമനെപ്പോലെ; ധനത്തിൽ കുബേരനെപ്പോലെ—അപ്രകാരം വിരാജിച്ചു ആ മഹാൻ.

ഒടുവിൽ അദ്ദേഹത്തിനു വാർദ്ധക്യമായി. അപ്പോൾ അദ്ദേഹം രാജ്യം പുത്രന്മാർക്കു നല്കി. എന്നിട്ടു പത്നിയോടുകൂടി തപസ്സിനു പോയി.

ദീർഘവും ഉഗ്രവുമായിരുന്നു രാജദമ്പതികളുടെ തപസ്സ്.

ഒരുനാൾ തപസ്സുചെയ്യവേ പൃഥുവിന്റെ ജീവൻ പരലോകം പൂകി.

അർച്ചിസ്സാജ്ഞി പട്ടട കൂട്ടി തീകൊളുത്തി. ഭർത്താവിന്റെ മൃതശരീരം പട്ടടയിൽ വച്ചു. താനും അഗ്നിപ്രവേശം ചെയ്തു.

അങ്ങനെ, പതിവ്രതയായ പത്നി ഭർത്താവിനെ അനുഗമിച്ചു.

(ഭാഗവതം)

കർദമൻ

കൃതയുഗം എന്ന ആദ്യയുഗമാണ് കാലം. കർദമൻ എന്നൊരു മഹായോഗി ഉണ്ടായിരുന്നു. അദ്ദേഹം മഹാവിഷ്ണുവിനെ തപസ്സുചെയ്തു. ആ തപസ്സ് പതിനായിരം സംവത്സരം നീണ്ടുനിന്നു. അപ്പോഴേക്കും മഹാവിഷ്ണു പ്രസാദിച്ചു പ്രത്യക്ഷനായി.

"ഭഗവാനേ, എനിക്ക് ഉത്തമയായ പത്നിയെ കിട്ടണം." കർദമൻ ഭക്തിപൂർവ്വം അപേക്ഷിച്ചു.

"കർദമാ, സ്വായംഭുവമനു, പത്നിയായ ശതരൂപ—ഇരുവരും നിന്നെ വന്നു കാണും. ഇന്നുമുതൽ മൂന്നാംനാളിലായിരിക്കും അവർ വരുന്നത്. അവർ നിനക്ക് അവരുടെ പുത്രിയെ ദാനംചെയ്യും. അപ്പോൾ നിന്റെ ആഗ്രഹം സാധിക്കും." മഹാവിഷ്ണു അറിയിച്ചു. അതിനുശേഷം ഭഗവാൻ അപ്രത്യക്ഷനായി.

ബിന്ദുസരസ്സിന്റെ തീരത്തിലാണ് കർദമന്റെ ആശ്രമം. അദ്ദേഹം ആശ്രമത്തിൽത്തന്നെ കാത്തിരുന്നു. മഹാവിഷ്ണുവിന്റെ വചനം പാഴാവുകയില്ല. അതായിരുന്നു അദ്ദേഹത്തിന്റെ സുദൃഢമായ വിശ്വാസം.

ആ സമയം സ്വായംഭുവമനുവും ശതരൂപയും എന്തു ചെയ്യുകയാണ്? പുത്രിക്ക് അനുരൂപനായ വരനെ കണ്ടുപിടിക്കണം—അതിനായി ഊരു

ചുറ്റുകയാണ് ആ ദമ്പതികൾ. ദേവഹൂതി എന്നാണു പുത്രിയുടെ പേര്. അവളുമുണ്ട് അവരോടൊന്നിച്ച്. അവർ പലയിടത്തും യോഗ്യനായ വരനെ അന്വേഷിച്ചു. അന്വേഷണത്തിന് ഒരു ഫലവും ഉണ്ടായില്ല. അവർ ചുറ്റിക്കറങ്ങി കർദമന്റെ ആശ്രമത്തിൽ വന്നെത്തി—മഹാവിഷ്ണു കാലേകൂട്ടി സൂചിപ്പിച്ച അതേ ദിവസത്തിൽ!

ദമ്പതികൾ കർദമനെ നമസ്കരിച്ചു. കർദമൻ അവരെ ഉപചരിച്ചു.

"ഇങ്ങോട്ടു വരാൻ വിശേഷിച്ചു വല്ല കാരണവുമുണ്ടോ?" അദ്ദേഹം ചോദിച്ചു.

സ്വായംഭുവമനു കാരണം അറിയിച്ചു.

"എന്റെ പുത്രന്മാരാണ് പ്രിയവ്രതനും ഉത്താനപാദനും. അവരുടെ സഹോദരി, എന്റെ പുത്രി, ദേവഹൂതി—അവൾ ഇതാ ഞങ്ങളോടൊന്നിച്ചു വന്നിരിക്കുന്നു. അവൾക്ക് അനുരൂപനായ വരൻ അങ്ങല്ലാതെ മറ്റാരുമല്ല. അങ്ങ് അവളെ പരിഗ്രഹിക്കണം." രാജാവ് അഭ്യർത്ഥിച്ചു.

അതുല്യമായ സൗന്ദര്യമുണ്ട് ദേവഹൂതിക്ക്. അതോടുകൂടി അതിയായ ബുദ്ധിശക്തിയും സൗശീല്യവും. സ്വായംഭുവമനുവിന്റെ അഭ്യർത്ഥന സ്വീകരിക്കുക—അതിൽപ്പരം ഒരു സന്തോഷം കർദമന് ഉണ്ടാവാനില്ല!

"രാജൻ, ഞാനിതാ ദേവഹൂതിയെ പത്നിയായി സ്വീകരിക്കുന്നു. പക്ഷേ, ഒന്നുണ്ട്. ഞങ്ങൾക്ക് ഒരു സന്താനം ജനിച്ചു എന്നുവയ്ക്കുക. അതിനുശേഷം ഞാൻ തപസ്സിനു പോകും." കർദമൻ പറഞ്ഞു.

എല്ലാവർക്കും സ്വീകാര്യമായിരുന്നു ആ കരാർ.

അങ്ങനെ നടന്നു കർദമന്റെയും ദേവഹൂതിയുടെയും പരിണയം.

പുത്രിക്ക് ഉത്തമനായ ഭർത്താവിനെ കിട്ടിയതിൽ സന്തോഷം; അവളെ പിരിഞ്ഞുപോകുന്നതിൽ സന്താപം; രണ്ടും ഒന്നിച്ച് സ്വായംഭുവമനുവിന് ഉണ്ടായി. അദ്ദേഹം ദേവഹൂതിയെ വാത്സല്യത്തോടെ തഴുകി. അവളുടെ ശിരസ്സിൽ കണ്ണീർക്കണങ്ങൾ ചൊരിഞ്ഞു. അതിനുശേഷം ശതരൂപയുമായി രാജധാനിയിലേക്കു യാത്രയായി.

ബർഹിഷ്മതി എന്നായിരുന്നു രാജധാനിയുടെ പേര്. ആ മഹാനഗരത്തിൽ സ്വായംഭുവമനു വാണരുളി. മഹാപണ്ഡിതനും മഹാത്മാവും ആയിരുന്നു അദ്ദേഹം. മനുഷ്യർ അനുഷ്ഠിക്കേണ്ടതായ ധർമ്മങ്ങൾ; അവർ യഥാകാലങ്ങളിൽ ചെയ്യേണ്ടതായ കർമ്മങ്ങൾ—അവയൊക്കെ എന്തായിരിക്കണം? ആ ചോദ്യം അദ്ദേഹത്തോടു പല മുനിമാരും ചോദിക്കാറുണ്ടായിരുന്നു. ഏറ്റവും വിശദമായ ഉത്തരങ്ങൾ നല്കിയിരുന്നു അദ്ദേഹം. അവയൊക്കെ കൂടിച്ചേർന്നതാണ് ലോകപ്രസിദ്ധമായ മനുസംഹിത.

ദേവഹൂതിയുടെ ജീവിതം ഒന്നു വഴിമാറി. വിവാഹത്തിനുമുൻപ് മാതാപിതാക്കന്മാരോടൊന്നിച്ചു കഴിഞ്ഞു. ഇപ്പോൾ കഴിയുന്നത് ഭർത്താവിനോടുകൂടിയാണ്. അവൾക്ക് ഒരൊറ്റ വ്രതമേ ഉണ്ടായിരുന്നുള്ളു. ഭർത്താവിനെ പരിചരിക്കുക എന്നതായിരുന്നു ആ വ്രതം!

പത്നിയുടെ ശുശ്രൂഷ ഭർത്താവിനെ അത്യന്തം സന്തോഷപ്പെടുത്തി.

ദിവ്യശക്തിയുള്ള യോഗിവര്യനാണല്ലോ കർദമൻ. അദ്ദേഹം യോഗമായയെ ധ്യാനിച്ചു. യോഗമായ ഒരു ദിവ്യവിമാനം സമ്മാനിച്ചു. മത്നങ്ങളാൽ

അലങ്കരിക്കപ്പെട്ടതാണ് ദിവ്യവിമാനം. അതിൽ ഇരിക്കുന്നവരുടെ ഇഷ്ടമനുസരിച്ചു സഞ്ചരിക്കുന്നതും.

"ദേവഹൂതീ, വിമാനത്തിൽ കയറൂ." കർദമൻ ഭാര്യയെ ക്ഷണിച്ചു.

എന്നാൽ, ദേവഹൂതിക്കു തത്കാലം ഒരു ബുദ്ധിമുട്ടുണ്ട്. തലമുടി ജടപിടിച്ചിരിക്കയാണ്. ശരീരത്തിൽ അഴുക്കുപുരണ്ടിട്ടുണ്ട്. വസ്ത്രങ്ങൾ മലിനവുമാണ്. താപസിയുടെ ജീവിതം നയിക്കുകയല്ലേ? വേഷത്തിൽ വ്യത്തി പോര. എങ്ങനെ ദിവ്യവിമാനത്തിൽ കയറും?

"ബിന്ദുസരസ്സിൽ ഒന്ന് സ്നാം ചെയ്യൂ. അതിനു പ്രത്യേകമായ ചില വിശേഷങ്ങളുണ്ട്." കർദമൻ അറിയിച്ചു.

ദേവഹൂതി ആ സരസ്സിൽ ഇറങ്ങി മുങ്ങി. അപ്പോൾ ആശ്ചര്യകരമായ ഒരനുഭവം ഉണ്ടായി. സുന്ദരിമാരായ അനേകം ദാസിമാർ ഇരിക്കുന്നതു കണ്ടു. അവർ ദേവഹൂതിയെക്കണ്ട് എഴുന്നേറ്റു കൈകൂപ്പി. എന്നിട്ട് ദേവഹൂതിയെ കുളിപ്പിച്ചു. ആടകളും ഭൂഷകങ്ങളും അണിയിച്ചു. അവയോടൊപ്പം മറ്റു പല അലങ്കാരങ്ങളും. തുടർന്ന് വിശിഷ്ടങ്ങളായ ഭക്ഷണവും പാനീയവും നല്കി. എന്നിട്ട് ഒരു കണ്ണാടിയെടുത്തു കാണിച്ചു. ദേവഹൂതി കണ്ണാടിയിൽ നോക്കി. എന്തെന്ത് അലങ്കാരങ്ങൾ! സൗന്ദര്യം വളരെയേറെ വർദ്ധിച്ചുമിരിക്കുന്നു. അവൾ തിരിഞ്ഞുനോക്കി. കണ്ടത്, പുഞ്ചിരിതൂകി നോക്കിനില്ക്കുന്ന ഭർത്താവിനെയും!

കർദമൻ ദിവ്യവിമാനത്തിൽ കയറി ഇരിപ്പായി. ഭർത്താവിനോടുകൂടി ദേവഹൂതിയും. ദമ്പതികളെയും വഹിച്ചുകൊണ്ട് ദിവ്യവിമാനം ഉയർന്നു പറന്നുപോയി.

എവിടെയെല്ലാം അവർ സന്ദർശനം നടത്തിയെന്നോ? മഹാമേരുവിന്റെ ഗുഹകളിൽ, ദേവന്മാരുടെ ഉദ്യാനങ്ങളിൽ, മാനസസരസ്സിൽ, മറ്റു പലയിടങ്ങളിലും. വിമാനം ഒരിടത്തു പോകണം—കർദമൻ അപ്രകാരം വിചാരിച്ചാൽ മതി. വിമാനം തനിയെ അവിടേക്കു പൊയ്ക്കൊള്ളും. ഒരിടത്തും ഒരു തടസ്സവും ഉണ്ടാവുകയില്ല.

സന്തോഷപൂർണ്ണമായിരുന്നു ദമ്പതികളുടെ ജീവിതം.

വളരെക്കാലം കഴിഞ്ഞ് ഇരുവരും ആശ്രമത്തിൽ മടങ്ങിയെത്തി.

അവർക്ക് ഒൻപതു പുത്രിമാരുണ്ടായി. എല്ലാ പുത്രിമാരും പിറന്നതോ? ഒരേയൊരു ദിവസത്തിലും!

സന്താനമുണ്ടായാൽ തപസ്സിനു പോകും—അതായിരുന്നല്ലോ ആദ്യമേ കർദമൻ നിശ്ചയിച്ചിരുന്നത്. ആ നിശ്ചയം ഇതാ നടപ്പിലാകാൻ പോകുന്നു—ദേവഹൂതിക്ക് അക്കാര്യം തീർച്ചയായി. ആ പതിവ്രതയുടെ ഉള്ളം തപിച്ചു. ഭർത്താവിനെ പിരിഞ്ഞിരിക്കുക എത്രയും വിഷമമല്ലേ? എങ്കിലും ആ പതിവ്രത പരിതാപം പുറമേ കാണിച്ചില്ല. പുഞ്ചിരികൊണ്ട് അതിനെ മറയ്ക്കാനായിരുന്നു പരിശ്രമം—അതിനായി വളരെക്കൂടുതൽ ബുദ്ധിമുട്ടേണ്ടിവന്നുവെങ്കിലും.

"എനിക്ക് ഒരു പുത്രനുണ്ടാവാൻ അങ്ങ് അനുഗ്രഹിക്കണം." അത്രമാത്രം ദേവഹൂതി പറഞ്ഞൊപ്പിച്ചു.

കർദമൻ ഭാര്യയെ സാന്ത്വനപ്പെടുത്തി.

"ദേവഹൂതീ, നീ ഒട്ടും വ്യസനിക്കരുത്. മഹാവിഷ്ണുതന്നെ നിന്റെ മകനായി ജനിക്കും. നീ സദാ ഭഗവാനെ ഭജിച്ചുകൊണ്ടിരിക്കൂ. നിനക്കു മംഗളം ഭവിക്കട്ടെ." അദ്ദേഹം ആശീർവദിച്ചു.

ഭർത്താവിന്റെ ഉപദേശം അക്ഷരംപ്രതി അനുസരിച്ചു ദേവഹൂതി. ആ പതിവ്രത ഭഗവൽധ്യാനത്തിൽ മുഴുകിയിരുന്നു. യഥാകാലം ഒരു പുത്രനു ജന്മമേകുകയും ചെയ്തു. ആ അവസരത്തിൽ ദേവന്മാർ വാദ്യഘോഷം മുഴക്കി. ഗന്ധർവന്മാർ കീർത്തനങ്ങൾ പാടി. അപ്സരസ്ത്രീകൾ ആനന്ദത്തോടെ നൃത്തംവെച്ചു. എല്ലാ ദിക്കുകളും തെളിഞ്ഞു വിളങ്ങി. എല്ലാ പ്രാണികളുടെ മനസ്സിലും സന്തോഷം തിങ്ങി.

ബ്രഹ്മാവ് കർദമന്റെ തപോവനത്തിലേക്ക് എഴുന്നള്ളി!

"കർദമാ, നിന്റെ ഒൻപതു പുത്രിമാരെ ഒൻപതു ഋഷിമാർക്കു ദാനം ചെയ്യൂ. നിന്റെ യശസ്സ് ലോകമെല്ലാം വ്യാപിക്കും." ഭഗവാൻ അരുളിച്ചെയ്തു.

ദേവഹൂതിക്കും ബ്രഹ്മാവ് ആശീർവാദം നല്കി.

"നിന്റെ പുത്രൻ നിന്റെ അജ്ഞാനത്തെ നശിപ്പിക്കും. മാത്രമല്ല, ലോകത്തിന്റെ അജ്ഞാനത്തെയും. അവൻ കപിലൻ എന്ന പേരിൽ വാഴ്ത്തപ്പെടും. സകലരും കപിലനെ ആദരിച്ച് ആരാധിക്കും!"

കർദമനും ദേവഹൂതിക്കും ഒൻപതു പുത്രിമാർ ജനിച്ചിരുന്നുവല്ലോ. കല, അനസൂയ, ശ്രദ്ധ, ഹവിർഭൂ, ഗതി, ക്രിയ, ഖ്യാതി, അരുന്ധതി, ശാന്തി— ഇപ്രകാരമായിരുന്നു അവരുടെ പേരുകൾ. കർദമൻ അവരെ ഒൻപതു മഹർഷിമാർക്കായി വിവാഹംചെയ്തുകൊടുത്തു. യഥാക്രമം മരീചി, അത്രി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, ഭൃഗു, വസിഷ്ഠൻ, അഥർവാവ് എന്നിവരാണു വരന്മാർ.

വധുക്കളെയുംകൊണ്ട് വരന്മാർ താന്താങ്ങളുടെ ആശ്രമത്തിലേക്കു യാത്രയായി.

ശിശുവാണെങ്കിലും കപിലൻ അവതാരമാണല്ലോ. ശിശുത്വവും മറ്റും ലോകബോധ്യത്തിനു മാത്രമല്ലേ? കർദമൻ കപിലനോടു സംസാരിച്ചു.:

"എന്റെ പരമഭാഗ്യത്താൽ അങ്ങ് എന്റെ ഗൃഹത്തിൽ അവതരിച്ചിരിക്കുന്നു. അതോ, എന്റെ പുത്രനായിട്ടും. ഞാനിതാ അങ്ങയെ ശരണംപ്രാപിക്കുന്നു!"

കപിലൻ തന്റെ ഉദ്ദേശ്യം വ്യക്തമാക്കി.

"സാംഖ്യശാസ്ത്രം എന്നൊരു മഹാ ശാസ്ത്രമുണ്ട്. ലോകരുടെ നന്മയ്ക്കുള്ള മാർഗ്ഗമാണ് സാംഖ്യം. വളരെമുമ്പുതന്നെ സാംഖ്യം നിലവിലുണ്ടായിരുന്നു. എന്നാൽ, വളരെക്കാലം കഴിഞ്ഞതോടെ ഒരു മാറ്റമുണ്ടായി. ആ ശാസ്ത്രം ക്രമേണ നഷ്ടപ്പെട്ടുപോയി. അതിനെ വീണ്ടും പ്രചരിപ്പിക്കണം. എന്റെ അവതാരം അതിനുവേണ്ടിയാണ്."

ആയുശ്ശേഷം തപസ്സിനായി വിനിയോഗിക്കണം—അതാണ് കർദമന്റെ ആഗ്രഹം. അദ്ദേഹം കപിലന്റെ അനുജ്ഞ വാങ്ങി. ഗൃഹം വിട്ടു വനത്തിലേക്കു പോയി. അവിടെവച്ചു ഭഗവാനോടു ചേർന്നു.

കപിലൻ പിന്നീട് എന്താണു ചെയ്തത്? മാതാവായ ദേവഹൂതിക്കു ജ്ഞാനോപദേശം നല്കി—ദേവഹൂതിയിലൂടെ ലോകത്തിലെ സമസ്തജനങ്ങൾക്കും. അങ്ങനെ സാംഖ്യശാസ്ത്രം വീണ്ടും പ്രചരിക്കുകയായി.

ജ്ഞാനോപദേശം ലഭിച്ചതിനുശേഷമോ? ദേവഹൂതി കപിലന്റെ സമ്മതം വാങ്ങി. അത്യുഗ്രമായ തപസ്സുചെയ്തു. വളരെക്കാലം ആ തപസ്സ് തുടർന്നു പോയി. ഒടുവിൽ ആ മഹതിക്കു പ്രതിഫലവും ലഭിച്ചു—മോക്ഷം!

കപിലൻ വടക്കുകിഴക്കു ദിക്കിലേക്കു യാത്രയായി. ഒരിടത്തു ചെന്നു തപസ്സിലും മുഴുകി. ഇപ്പോഴും തപസ്സുചെയ്യുകയാണത്രേ!

(ഭാഗവതം)

കാലനേമി

കൃതയുഗത്തിൽ ഒരിക്കൽ ദേവാസുരയുദ്ധം ഉണ്ടായി. ദേവന്മാരുടെ അനുഭവം പരാജയമായിരുന്നു. അതും സാരമില്ലെന്നുവയ്ക്കാം. നാശവും നഷ്ടവും ഏറ്റവും ഗുരുതരമായിരുന്നു. ദുശ്ശകുനങ്ങളും ധാരാളമായി കാണുമാറായി. കാർമേഘങ്ങൾ നിരന്നുനിന്ന് ആകാശത്തെ മറച്ചു. മിന്നൽപ്പിണരുകൾ കണ്ണു പൊട്ടിക്കുമാറു വീശി. ഇടികൾ ചെവിയടയ്ക്കുമാറു മുഴങ്ങി. കൊടുങ്കാറ്റുകൾ ചണ്ഡമായി വീശി. കൂരിരുട്ടിൽ ദിക്കുകൾ തിരിച്ചറിയാൻ കഴിയാതെയായി. അപകടത്തിന്റെ മുൻസൂചനകൾ!

പെട്ടെന്നതാ മഹാവിഷ്ണു ആവിർഭവിക്കുന്നു. ഭഗവാൻ കാർമേഘങ്ങളെയും ഇരുട്ടിനെയും അകറ്റുന്നു. അതിനുശേഷം ദേവന്മാരുടെ മുൻപിലെത്തുന്നു.

ദേവന്മാർ ഭഗവാനെ കൂപ്പിസ്തുതിച്ചു.

"ഇനിമേൽ നിങ്ങൾക്കു യാതൊരു ഭയവും വേണ്ട." ഭഗവാൻ അവരെ സമാധാനപ്പെടുത്തി.

അന്നേരം പ്രകൃതിക്കാകെ ഒരു മാറ്റമുണ്ടായി. ഇടിയും മിന്നലുമൊക്കെ നിലച്ചു. കൊടുങ്കാറ്റ് അടങ്ങി. ദിക്കുകൾ ശോഭയാർന്നു വിളങ്ങി.

അസുരന്മാർക്ക് അറിവു കിട്ടി—മഹാവിഷ്ണു ദേവന്മാരെ സഹായിക്കാൻ ഒരുങ്ങുകയാണ്! എന്നാലിനി അസുരന്മാരെ തുണയ്ക്കുകതന്നെ—അതായി അസുരശില്പിയായ മയന്റെ നിശ്ചയം. അത്ഭുതസിദ്ധികൾ പലതുമുണ്ട് മയന്. ആ കൗശലക്കാരൻ അതിവിശേഷമായ ഒരു രഥം നിർമിച്ചു. അഴകേറിയതാണു രഥത്തിലെ കൊത്തുപണികൾ. രഥം നിറയെ ആയുധങ്ങളും വെച്ചിരിക്കുന്നു. അസുരന്മാർക്ക് ഉപയോഗിക്കാനുള്ള രഥവും ആയുധങ്ങളും!

വിരോചനൻ, ഹയഗ്രീവൻ, ഖരൻ, ശ്വേതൻ, കിശോരൻ, ലംബൻ—അങ്ങനെ എത്രയെത്ര ശൂരന്മാരാണ് അസുരപക്ഷത്തിൽ! കുതിര, സിംഹം, കരടി, പക്ഷികൾ—അവയെ വാഹനങ്ങളാക്കിയവരും കുറവല്ല. വാളുകൾ, മുൾഗദകൾ, പരിഘങ്ങൾ, കത്തികൾ, മറ്റ് ആയുധങ്ങൾ—അവയെല്ലാം ധരിച്ച് അവർ തയ്യാറായി.

ദേവന്മാരും സന്നദ്ധരായി നിലയുറപ്പിച്ചു. ദേവേന്ദ്രൻതന്നെയാണ് അവരുടെ നേതാവ്. ദണ്ഡേന്തിയ യമൻ, പാശം പിടിച്ച വരുണൻ, ഗദ വഹിച്ച കുബേരൻ, ആകാശരഥത്തിലിരിക്കുന്ന സൂര്യൻ, അതിവേഗമുള്ള വായു, തീക്ഷ്ണതേജസ്സായ അഗ്നി—അവരും മറ്റു പലരോടും കൂടി ദേവപക്ഷത്തിൽ അണിനിരന്നു. ഗരുഡവാഹനനായ മഹാവിഷ്ണുവോ? തെല്ലുമാറി നോക്കിനിന്നു ഭഗവാൻ.

ദേവഗുരുവായ ബൃഹസ്പതി ദേവന്മാർക്കു മംഗളം ആശംസിച്ചു. അസുരഗുരുവായ ശുക്രൻ അസുരന്മാർക്കു വിജയം നേർന്നു. അതിനുശേഷം മഹായുദ്ധവും ആരംഭിച്ചു. പർവ്വതങ്ങൾ പർവ്വതങ്ങളോടേല്ക്കുന്നു എന്നുവയ്ക്കു. സമുദ്രങ്ങൾ സമുദ്രങ്ങളോടേല്ക്കുന്നു എന്നുംവയ്ക്കു—അപ്രകാരമുള്ള യുദ്ധങ്ങൾപോലും സാരമില്ല. അത്രമാത്രം ഘോരമായിരുന്നു ദേവാസുരയുദ്ധം. പ്രളയാഗ്നി കത്തിക്കാളുംപോലെ യുദ്ധം പടർന്നുപിടിച്ചു. ഇരുസൈന്യങ്ങൾക്കും വളരെയേറെ നാശവും നഷ്ടവും ഉണ്ടായി. എങ്കിലും കൂടുതൽ നാശവും നഷ്ടവും ദേവന്മാർക്കായിരുന്നു.

തത്സമയം ദേവേന്ദ്രൻ താമസാസ്ത്രം പ്രയോഗിച്ചു. തത്ഫലമായി പടക്കളം കൂരിരുളിൽ മുങ്ങി. അസുരന്മാർക്കു യാതൊന്നും കണ്ടുകൂടാ. ദേവന്മാർക്ക് എല്ലാം കാണുകയുംചെയ്യാം—അതായിരുന്നു ആ അസ്ത്രത്തിന്റെ പ്രത്യേകത. നല്ല തരമായില്ലേ ദേവന്മാർക്ക്? അവർ അസുരന്മാരെ കൂട്ടംകൂട്ടമായി കൊന്നുതള്ളി.

പക്ഷേ, അതു തത്കാലത്തേക്കു മാത്രമായിരുന്നു. സമർത്ഥനായ മയൻ കൂരിരുട്ടിന് ഒരു പ്രതിവിധിയുണ്ടാക്കി—മായകൊണ്ടു സൃഷ്ടിച്ച അഗ്നി! ഭീകരമായ ആ അഗ്നി കത്തിജ്വലിച്ചുകൊണ്ടിരുന്നു. അതിന്റെ പ്രകാശം കൂരിരുട്ടിനെ അകറ്റിനിർത്തി.

ആ അഗ്നിയെ കെടുത്തിയേ കഴിയൂ. അല്ലാത്തപക്ഷം ദേവന്മാർക്കു വിജയസാധ്യത ഉണ്ടാവുകയില്ല. ദേവന്മാർ ഒരു ഉപായം കണ്ടുപിടിച്ചു.

അവർ ചന്ദ്രനെ സമീപിച്ചു.

"ചന്ദ്രാ, അങ്ങയുടെ പക്കൽ മഞ്ഞുണ്ടല്ലോ. അങ്ങു ധാരാളമായി മഞ്ഞ് വർഷിക്കണം. അങ്ങനെ അസുരന്മാരുടെ അഗ്നിയെ കെടുത്തണം." അവർ അപേക്ഷിച്ചു.

അങ്ങനെ, ചന്ദ്രൻ മഞ്ഞുമഴകൾ പേമാരിപോലെ ചൊരിഞ്ഞുതുടങ്ങി. അസുരാഗ്നി അണഞ്ഞുപോവുകയാണുണ്ടായത്. മാത്രവുമല്ല, പടക്കളത്തിലാകെ മഞ്ഞ് പരന്നുപൊങ്ങി. അസുരന്മാർ മഞ്ഞിൽ മരവിച്ചുപോയി. മാത്രമല്ല അതിൽ മുങ്ങുകയും പൊങ്ങുകയും ചെയ്തുകൊണ്ടിരുന്നു. അപ്പോഴാണ് വരുണൻ ഒരു കൗശലം പ്രയോഗിച്ചത്. ജലദേവൻ പല അസുരന്മാരെയും തന്റെ പാശത്താൽ പിടിച്ചുകെട്ടി.

അസുരന്മാർ തോല്ക്കുമെന്ന നിലയിലായി.

അപ്പോഴും മയൻ അവരുടെ സഹായത്തിനെത്തി. ആ മായാവി ഒരു മായാപർവ്വതത്തെ സൃഷ്ടിച്ചുവിട്ടു. മായാപർവ്വതം ആകാശത്ത് ഉയർന്നുനിന്നു. അതിൽനിന്ന് അസംഖ്യം പാറകൾ പൊട്ടിച്ചിതറി. പാറക്കഷണങ്ങൾ അനേകം ദേവന്മാർക്കു ക്ഷതമേല്പിച്ചു. അതേസമയം പർവ്വതത്തിൽനിന്നു വൃക്ഷങ്ങൾ വീണു ദേവന്മാരെ ഹനിച്ചു. ചന്ദ്രന്റെ മഞ്ഞുപ്രയോഗം കേവലം നിഷ്ഫലമായി!

സ്വജനങ്ങളുടെ രക്ഷയ്ക്കെത്തി വായുവും അഗ്നിയും. അവർ ഒന്നിച്ചാൽ എത്ര ഭയങ്കരമായിരിക്കും! അസുരന്മാർക്കുണ്ടായ നാശം ഏറ്റവും ഭീമമായി മൂന്നു.

ആ സമയത്ത് കാലനേമിയുടെ പുറപ്പാടുണ്ടായി.

ഘോരന്മാരിൽ ഘോരനായ അസുരപ്രമാണിയാണ് കാലനേമി. പർവതത്തിനൊത്ത ഉയരവും വണ്ണവുമുണ്ട്. തലമുടിക്ക് അഗ്നിജ്വാലയുടെ നിറമാണ്. വളഞ്ഞുനീണ്ട ദംഷ്ട്രകൾ ആരെയും ഭയപ്പെടുത്തും. അവൻ വന്നതോടെ യുദ്ധത്തിന്റെ നിലയാകെ മാറി. അവനെ ചെറുത്തവരെല്ലാം ജീവൻ വെടിഞ്ഞു.

ദേവേന്ദ്രനും കൂട്ടരും ഒരു കൈ നോക്കാതിരുന്നില്ല. വർദ്ധിച്ച വീറോടുകൂടി അവർ പൊരുതിത്തുടങ്ങി. പടഹങ്ങൾ, ഭേരികൾ, ശംഖുകൾ—അവയുടെ കഠോരശബ്ദം ഇരുസൈന്യങ്ങളിൽനിന്നും ഉയർന്നു. ഗദയേറ്റു തല പൊട്ടിയവർ, വാളുകൊണ്ടു ശരീരം പിളർന്നവർ, കുന്തംകൊണ്ടു പരിക്കേറ്റവർ, തേരുകയറി അരഞ്ഞവർ, ആനയുടെ കാലടിയിൽപ്പെട്ടു ചതഞ്ഞവർ—അവരുടെ സംഖ്യ വമ്പിച്ചതായിരുന്നു.

ഒന്നു വേറെയായിരുന്നു കാലനേമി പ്രദർശിപ്പിച്ച പരാക്രമം. അവൻ ശ്വാസംവിടുമ്പോൾ തീപ്പൊരി പറന്നു. ആയുധം പിടിച്ച കൈകൾ കൊത്തുന്ന സർപ്പങ്ങളെപ്പോലെ ഇളകി. അവൻ ശരപ്രയോഗംചെയ്യുമ്പോൾ കാർമേഘം പരക്കുമ്പോലെ തോന്നി. അനേകം ദേവന്മാർ അവന്റെ വീര്യാഗ്നിയിൽ ശലഭങ്ങളായി. ദേവേന്ദ്രനെ അവൻ ശരങ്ങളാൽ സ്തംഭിപ്പിച്ചു. തൽഫലമായി ദേവേന്ദ്രൻ അനങ്ങാൻ വയ്യാതെ കുറെ നേരം ഇരുന്നുപോയി. വരുണൻ, കുബേരൻ, വായു, അഗ്നി, ചന്ദ്രൻ, സൂര്യൻ—അവരെല്ലാം അവശരുമായി.

ആ സമയമത്രയും മഹാവിഷ്ണു നോക്കിനില്ക്കുകയാണ്. കാലനേമി ഭഗവാനെ കണ്ടെത്തി. ഇനി വിഷ്ണുവിനെ ഇല്ലായ്മചെയ്യണം. അതായി അവന്റെ ഉദ്ദേശ്യം. അവൻ കൂട്ടുകാരെ അരികിൽ വിളിച്ചു.

"സ്നേഹിതന്മാരേ, അതാ വിഷ്ണു നില്ക്കുന്നതു നിങ്ങൾ കാണുന്നില്ലേ? അവൻ നമ്മുടെ ജന്മശത്രുവാണ്. എന്തൊക്കെ അക്രമങ്ങളാണ് അവൻ നമ്മോടു ചെയ്തിട്ടുള്ളത്! അവൻ ദുഷ്ടനാണ്. ദുർമദനാണ്. അവനാണ് എന്നും ദേവന്മാരെ കാത്തുനില്ക്കുന്നത്. കാലനേമിയായ ഞാൻ ജീവിച്ചിരിക്കെ അതൊന്നും സമ്മതിക്കയില്ല. അവനെ ഇതാ കണ്ടുകിട്ടിയിരിക്കുന്നു. അവനെ വധിച്ചിട്ടു മേൽക്കാര്യം!"

അത്രയും പറഞ്ഞ് കാലനേമി മഹാവിഷ്ണുവിന്റെ അടുക്കൽ പാഞ്ഞെത്തി.

മഹാവിഷ്ണു പുഞ്ചിരിതൂകി.

"കാലനേമീ, നീ നീചനാണ്. നീയിതാ നശിക്കാൻ പോകുന്നു. നിന്റെ മുൻഗാമികൾ പോയ വഴിയേ നീയും പോകും. ഞാനിപ്പോൾ നിന്റെ കഥ കഴിക്കും!" ഭഗവാൻ പറഞ്ഞു.

കാലനേമിയുടെ ചുവന്ന കണ്ണ് ദേഷ്യത്താൽ കൂടുതൽ ചുവന്നു. അവൻ മഹാവിഷ്ണുവിന്റെ മാറിൽ അതിശക്തിയോടെ പ്രഹരിച്ചു. മഹാവിഷ്ണു മലപോലെ ഉറച്ചുനിന്നതേയുള്ളു. അസുരപ്രമാണി ഗദയെടുത്ത് ഗരുഡന്റെ ശിരസ്സിൽ ആഞ്ഞടിച്ചു. ആ അടിയേറ്റ് അതിശക്തനായ ഗരുഡനും നിലം

പതിച്ചു. അതിനുശേഷം മഹാവിഷ്ണു സംശയിച്ചുനിന്നതേയില്ല. ഭഗവാൻ തന്റെ ദിവ്യായുധമായ ചക്രം കൈയിലെടുത്തു. സൂര്യനെക്കാൾ പ്രഭയുള്ളതാണ് ചക്രം. സകല വൈരികളെയും ഇല്ലായ്മചെയ്യാൻ കെല്പുള്ളതും. ആ മഹായുധം കാലനേമിയുടെ ശരീരത്തെ നിർജ്ജീവമാക്കി. ആ ശരീരം പോർക്കളത്തിൽ പതിച്ചപ്പോഴോ? ഒരു ഭൂകമ്പം ഉണ്ടായതുപോലെ!

ഭഗവാൻ മറ്റനേകം അസുരന്മാരെയും കൊന്നൊടുക്കി.

"ദേവന്മാർ ഭഗവാനെ വാഴ്ത്തി സ്തുതിച്ചു.

"ദേവന്മാരെ, അസുരന്മാരിൽനിന്നുള്ള ഭയം ഉപേക്ഷിക്കുവിൻ. ഇനി എപ്പോഴെങ്കിലും അവരിൽനിന്ന് ആപത്തുണ്ടായാലോ? അപ്പോഴെല്ലാം ഞാൻ വന്നു നിങ്ങളെ രക്ഷിക്കും. നിങ്ങൾക്കു മംഗളം ഭവിക്കട്ടെ!" മഹാവിഷ്ണു അരുളിച്ചെയ്തു.

ഭഗവാൻ സ്വസ്ഥാനത്തേക്കു യാത്രയായി.

വളരെക്കാലം കഴിഞ്ഞ് കാലനേമി മനുഷ്യനായി ജന്മമെടുത്തു. മഹാവിഷ്ണു മനുഷ്യരൂപത്തിൽ അവതരിച്ച് അവനെ അപ്പോഴും കൊലപ്പെടുത്തി. കാലനേമി ജനിച്ചത് കംസനായിട്ട്; മഹാവിഷ്ണു അവതരിച്ചത് ശ്രീകൃഷ്ണനായിട്ടും!

(മഹാഭാരതം, ഹരിവംശം)

ശ്രീരാമന്റെ അശ്വമേധം

ശ്രീരാമൻ ലങ്കയിൽ ചെന്നു. രാവണനെ വധിച്ചു. സീതയെ വീണ്ടെടുത്തു. അയോദ്ധ്യയിൽ തിരിച്ചെത്തി. ഭരതനിൽനിന്നു രാജ്യഭാരം കൈയേറ്റു. പിന്നീട് സീതയെ പരിത്യജിച്ചു. ഒരിക്കൽ അശ്വമേധത്തിനും ഒരുക്കമായി.

ലക്ഷണമൊത്ത ഒരു കുതിരയെ തിരഞ്ഞെടുക്കുകയായി. ആ കുതിരയെ കെങ്കേമമായി അലങ്കരിച്ചു. അതിന്റെ നെറ്റിയിൽ ഒരു പൊന്നോല കെട്ടിവെച്ചു. പൊന്നോലയിൽ ചില വിവരങ്ങൾ എഴുതിയിരുന്നു—കുതിര ആരുടെയാണ് എന്നും മറ്റും.

അശ്വമേധത്തിനു ചില ചട്ടങ്ങളൊക്കെയുണ്ട്. യാഗംചെയ്യുന്നയാൾ അശ്വത്തെ അഴിച്ചുവിടും. അശ്വം അതിന്റെ ഇഷ്ടംപോലെ അലഞ്ഞുനടക്കും. ആരെങ്കിലും അതിനെ പിടിച്ചുകെട്ടിയാലോ? അയാൾ യാഗംചെയ്യുന്ന ആളുടെ ശത്രുവായി കരുതപ്പെടും. അശ്വത്തിന്റെ ഉടമസ്ഥൻ ആ ശത്രുവിനെ തോല്പിക്കണം. എന്നാലേ യാഗംചെയ്യാനുള്ള അർഹത ഉണ്ടാവുകയുള്ളൂ.

ശ്രീരാമന്റെ അശ്വത്തെ ഒരാൾ കാത്തുകൊണ്ട് അനുഗമിക്കണമല്ലോ. അതിനുള്ള ചുമതല ശത്രുഘ്നനായി. ശ്രീരാമന്റെ ഏറ്റവും ഇളയ സഹോദരനാണല്ലോ ശത്രുഘ്നൻ. പുതിയ ചുമതല നല്കിയതും ശ്രീരാമൻതന്നെ.

മറ്റൊരാളെക്കൂടെ അയയ്ക്കാൻ നിശ്ചയിച്ചു ശ്രീരാമൻ.

"ശത്രുഘ്നനോടുകൂടി വേറൊരാളും പോകണം. ശത്രുക്കളെ ജയിക്കാമെന്നു പൂർണ്ണവിശ്വാസമുള്ള ആളായിരിക്കണം. അങ്ങനെ ആരെങ്കിലും ഒരാളുണ്ടോ? ഉണ്ടെങ്കിൽ അയാൾ എന്റെ പക്കൽനിന്ന് ഉടവാൾ വാങ്ങട്ടെ?" ശ്രീരാമൻ കൂടിനിന്നവരോടു വിളിച്ചുപറഞ്ഞു.

ഒട്ടും കൂസൽകൂടാതെ ഒരു യുവാവു മുമ്പോട്ടു കടന്ന് ഉടവാൾ വാങ്ങി. ഭരതന്റെ പുത്രനായ പുഷ്കലനായിരുന്നു ആ ധീരയുവാവ്.

ശ്രീരാമൻ ഹനുമാനെ വിളിച്ചു.

"ഹനുമാനേ, നീയുംകൂടി ശത്രുഘ്നനോടൊന്നിച്ചു പോകണം. നീ എന്നെ കാത്തതുപോലെ അവനെയും കാക്കണം. അവൻ വല്ല തെറ്റും ചെയ്തുവെന്നു വരികിലോ? നീ അവന്റെ തെറ്റു തിരുത്തികൊടുക്കുകയും വേണം." ശ്രീരാമൻ നിർദ്ദേശിച്ചു.

സുഗ്രീവൻ, അംഗദൻ, മറ്റു ചില വാനരവീരന്മാർ അവരും ശത്രുഘ്നനോടുകൂടി പുറപ്പെടാൻ ഒരുക്കമായി. മാത്രമല്ല, വീരന്മാരായ ചില സാമന്തരാജാക്കന്മാരും നീലരത്നൻ, പ്രതാപാഗ്ര്യൻ, ലക്ഷ്മീനിധി, തിപുതാപൻ, ഉഗ്രാശ്വൻ, ശസ്ത്രവിത്ത്—അവയായിരുന്നു ആ രാജാക്കന്മാരുടെ പേരുകൾ. അയോദ്ധ്യയിലെ മന്ത്രിമാരിൽ ഒരാളായ സുമതിയുമുണ്ട് അവരുടെ കൂട്ടത്തിൽ. പലേ അപൂർവവിദ്യകളും വശമാക്കിയിരുന്നു സുമതി.

ശത്രുഘ്നൻ മാതാവായ സുമിത്രയെക്കണ്ട് യാത്ര ചോദിച്ചു.

"അമ്മേ, ശത്രുക്കളെ ജയിച്ചുവരാൻ എന്നെ അനുഗ്രഹിക്കണം." ശത്രുഘ്നൻ അപേക്ഷിച്ചു.

"മകനേ, ഞാനിതാ നിന്നെ അനുഗ്രഹിക്കുന്നു. നീ ശത്രുക്കളെ കീഴടക്കുമാറാകട്ടെ. നിന്റെ മാർഗ്ഗം മംഗളകരമാകട്ടെ. ഒന്നുകൂടി എനിക്കു പറയാനുണ്ട്. ജ്യേഷ്ഠപുത്രനായ പുഷ്കലനെ നീ വേണ്ടപോലെ നോക്കിക്കൊള്ളണം; കേട്ടോ?" സുമിത്ര പറഞ്ഞു.

"എന്നെ കാക്കുംപോലെ ഞാനവരെ കാത്തുകൊള്ളാം." ശത്രുഘ്നൻ വാഗ്ദാനംചെയ്തു.

പുഷ്കലൻ തന്റെ യുവപത്നിയായ കാന്തിമതിയെ കണ്ടു വിടപറഞ്ഞു.

"കാന്തിമതീ, നീ എന്റെ അമ്മമാരെ നല്ലതുപോലെ ശുശ്രൂഷിക്കണം." പുഷ്കലൻ ശട്ടംകെട്ടി.

അത്യധികമായ വീര്യമുള്ള രാജസ്ത്രീ ആയിരുന്നു കാന്തിമതി.

അവൾ ഭർത്താവിനെ സധൈര്യം യാത്രയയച്ചു.

"അങ്ങ് യുദ്ധത്തിൽ എപ്പോഴും ഏറ്റവും മുൻപിലായിരിക്കണം. മറ്റെല്ലാവരെയും അങ്ങു പുറകിലാക്കി പൊരുതണം. ശത്രുജയത്താൽ അങ്ങ് വംശത്തിന്റെ അലങ്കാരവുമാകണം." അവൾ പറഞ്ഞു.

ഭാര്യ ഭർത്താവിന് ഉടവാൾ സമ്മാനിച്ചു. മാത്രമല്ല, മറ്റ് ആയുധങ്ങളും. പുഷ്കലൻ അവയെ ധരിച്ചു. എന്നിട്ട് അച്ഛനമ്മമാരെക്കണ്ടു വന്ദിച്ചു. അതിനുശേഷം ശത്രുഘ്നന്റെ ശിബിരത്തിലേക്കു ചെന്നു.

ഒടുവിൽ ശത്രുഘ്നൻ യാഗാശ്വത്തിന്റെ പിന്നാലെ പുറപ്പാടായി. ഒന്നിച്ച് പുഷ്കലനുണ്ട്, ഹനുമാനുണ്ട്, ഉറ്റവരായ മറ്റു പലരുമുണ്ട്. മാത്രമല്ല, സുശക്തമായ ചതുരംഗസേനയും.

പാഞ്ചാലം, ദശാർണം, വിശാലം—അങ്ങനെ പല രാജ്യങ്ങളും പിന്നിട്ടു ആ മഹാസൈന്യം. എല്ലാ രാജ്യങ്ങളും ശ്രീരാമന്റെ കീഴിലായിരുന്നു. അവിടങ്ങളിലെ രാജാക്കന്മാരെല്ലാം ശത്രുഘ്നനെ ചെന്നു കണ്ടു. ചക്രവർത്തിയുടെ പ്രതിനിധിക്കു വിലപ്പെട്ട കാഴ്ചകളും അടിയറവെച്ചു. എല്ലാ രാജാക്കന്മാരും പറഞ്ഞത് ഒന്നുതന്നെ. "ശത്രുഘ്നാ, എന്റെ രാജ്യവും രാജ്യത്തിലെ സകലതും എന്റെ വകയല്ല. എല്ലാം ശ്രീരാമന്റെ വകയാണ്!"

അഹിച്ഛത്രം എന്ന സ്ഥലത്ത് എത്തിച്ചേർന്നു ശത്രുഘ്നനും കൂട്ടരും. അതിനടുത്ത് അതിമനോഹരമായ ഒരു ഉദ്യാനം കണ്ടു. ഉദ്യാനത്തിൽ രത്നമയമായ ഒരു ക്ഷേത്രവും. ഇത്രമാത്രം വിശേഷപ്പെട്ട ക്ഷേത്രം ശത്രുഘ്നൻ അന്നോളം കണ്ടിരുന്നില്ല.

"സുമതീ, ആരുടെ ക്ഷേത്രമാണിത്?" ശത്രുഘ്നൻ ചോദിച്ചു.

"ദേവിയാണ് ഇവിടത്തെ പ്രതിഷ്ഠ. ഇവിടത്തെ രാജാവ് സുമദനാണ്. അദ്ദേഹം അപേക്ഷിച്ചതനുസരിച്ചാണ് ദേവി ഈ ക്ഷേത്രത്തിൽ കുടികൊള്ളുന്നത്." സുമതി അറിയിച്ചു.

"വാസ്തവത്തിൽ എന്തുണ്ടായി?" അറിയാൻ ശത്രുഘ്നന് ഔത്സുക്യം തോന്നി.

എല്ലാം അറിയാവുന്ന സുമതി ആ കഥ കേൾപ്പിച്ചു.

കുറെ ശത്രുക്കൾ ഉണ്ടായിരുന്നു സുമദരാജാവിന്. അവർ ഒരിക്കൽ അദ്ദേഹത്തിന്റെ പിതാവിനെ വധിക്കുകയുണ്ടായി—മാത്രമല്ല, മാതാവിനെയും മക്കളെയും. ദുഃഖാർത്തനായ സുമദൻ നാടുവിട്ടു കാടുകയറി. ഹേമകൂടം എന്ന പർവ്വതത്തിലെത്തി. വിമലം എന്ന തീർത്ഥത്തിൽ തപസ്സും ആരംഭിച്ചു.

ആ തപസ്സ് പന്ത്രണ്ടു വർഷം തുടർന്നുപോയി. അപ്പോഴേക്കും അതിനെ മുടക്കാൻ ഒരുക്കമായി ദേവേന്ദ്രൻ. പലപ്പോഴും ചെയ്യാറുള്ള പ്രവൃത്തി ദേവേന്ദ്രൻ അപ്പോഴും ചെയ്തു. അദ്ദേഹം കാമദേവനെ നിയോഗിച്ചു. ഒന്നിച്ച് വസന്തനെയും. സ്വർഗസുന്ദരിയായ രംഭയെയും. അവരെല്ലാംകൂടി പഠിച്ച പണികളെല്ലാം പ്രയോഗിച്ചു. പക്ഷേ, സുമദന്റെ തപസ്സിന് ഭംഗം ഉണ്ടായതേയില്ല. കാമദേവനും കൂട്ടർക്കും തോൽവി പറ്റുകതന്നെചെയ്തു. ഇച്ഛാഭംഗത്തോടെ അവർ സ്വർഗ്ഗത്തേക്കു മടങ്ങി. നടന്നതെല്ലാം ദേവേന്ദ്രനെ അറിയിക്കുകയുംചെയ്തു.

സുമദന്റെ സ്ഥൈര്യത്തിൽ ദേവിക്കു സന്തോഷമായി.

ദേവി സിംഹവാഹനയായി പ്രത്യക്ഷയായി.

"സുമദാ, എന്താണ് നിനക്കു വേണ്ടത്?" ദയാമയിയായ ദേവി അന്വേഷിച്ചു.

"എനിക്ക് അക്രമികളായ ശത്രുക്കളെ ഹനിക്കണം. നഷ്ടപ്പെട്ട രാജ്യം വീണ്ടെടുക്കണം. അവിടുത്തോട് ഇളകാത്ത ഭക്തിയുണ്ടാവണം. അവസാനം മുക്തിയും ലഭിക്കണം"—അതാണ് സുമദൻ ആവശ്യപ്പെട്ട വരം.

"നിന്റെ എല്ലാ ആഗ്രഹങ്ങളും സാധിക്കും. പക്ഷേ, ഒന്നുണ്ട്. ഇനിയൊരു കാലത്ത് ശ്രീരാമന്റെ അശ്വമേധയാഗം നടക്കും. ശത്രുഘ്നൻ ഇവിടെ വന്നു ചേരും. നീ രാജ്യവും സമ്പത്തുകളും ശത്രുഘ്നനു സമർപ്പിക്കണം. എന്നിട്ട് ശത്രുഘ്നനെ അനുഗമിച്ചു സഞ്ചരിക്കണം. ഒടുവിൽ ശ്രീരാമനെ കണ്ടു നമസ്കരിക്കണം. ആ സമയം നിനക്കു മുക്തി ലഭിക്കും." ദേവി അരുളിച്ചെയ്തിട്ട് അന്തർദ്ധാനംചെയ്തു.

ദേവിയുടെ അനുഗ്രഹത്തെക്കാൾ വലിയ ശക്തിയുണ്ടോ? സുമദൻ ശത്രുക്കളെ ജയിച്ച് സ്വരാജ്യം വീണ്ടെടുത്തു. അഹിച്ഛത്രയിൽ താമസവും ഉറപ്പിച്ചു. ഇപ്പോഴും അവിടെ പ്രതാപശാലിയായി വാഴുകയാണ്.

ഇത്രയും സുമതി പറഞ്ഞ് ശത്രുഘ്നന് അറിവായി.

ആ സമയം സുമദന്റെ സ്ഥിതി എന്തായിരുന്നു?

ശത്രുഘ്നനും യാഗാശ്വവും വന്ന വിവരം അറിഞ്ഞു അദ്ദേഹം. ദേവി സൂചിപ്പിച്ചിരുന്ന സമയം വന്നെത്തിയിരിക്കുന്നു! രാജാവ് പരിവാരങ്ങളോടുകൂടി ശത്രുഘ്നന്റെ അടുക്കലേക്ക് ഉഴറിച്ചെന്നു.

"ശത്രുഘ്നാ, എന്റെ ജന്മം സഫലമായി. ഞാനിതാ എന്റെ രാജ്യവും സമ്പത്തും അങ്ങേയ്ക്കു സമർപ്പിക്കുന്നു. അവ സ്വീകരിച്ച് എന്നെ ധന്യനാക്കൂ." അദ്ദേഹം പറഞ്ഞു.

അപ്രകാരം ചെയ്തു ശത്രുഘ്നൻ. എന്തായിരുന്നു സുമദന്റെ അടുത്ത നടപടി? അദ്ദേഹം തന്റെ പുത്രനെ രാജാവായി അഭിഷേകംചെയ്തു. എന്നിട്ടു രാജ്യം ഉപേക്ഷിച്ചു യാത്രയായി—ശത്രുഘ്നനെ സേവിച്ചു കാലം കഴിക്കാനായിട്ട്!

ശത്രുഘ്നനും സൈന്യവും വീണ്ടും യാത്രയാരംഭിച്ചു. മാർഗ്ഗമദ്ധ്യേ അവർ ച്യവനമഹർഷിയുടെ ആശ്രമത്തിന്റെ അരികിലെത്തി. ആ സ്ഥിതിക്ക് മഹർഷിയെ വന്ദിക്കാതിരിക്കാമോ? അതൊരിക്കലും പാടുള്ളതല്ല. അവർ പറഞ്ഞ് ച്യവനൻ അശ്വമേധത്തെക്കുറിച്ചറിഞ്ഞു. ശ്രീരാമന്റെ അശ്വമേധയാഗം! മഹർഷിയുടെ മനസ്സ് ശ്രീരാമനിൽ പറ്റിക്കൂടി. അപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് ആനന്ദക്കണ്ണീർ ഒഴുകിയിറങ്ങി. ഏറ്റവും ഉത്കടമായ ഒരു ആഗ്രഹവും ഉണ്ടായി—ശ്രീരാമനെ ചെന്നു കാണണം!

ച്യവനൻ കാൽനടയായി ഇറങ്ങിത്തിരിച്ചു. ഒന്നിച്ച് മഹർഷിയുടെ ശിഷ്യന്മാരും.

ഏറ്റവും ദീർഘമായ യാത്രയാണത്. ദുർഘടം നിറഞ്ഞതും. ക്ലേശമോ, വളരെയധികവുമാണ്. അതു മനസ്സിലാക്കി ഹനുമാൻ.

മഹർഷിയെ സഹായിക്കാൻ ഹനുമാൻ ഒരുക്കമായി.

"ശത്രുഘ്നാ, അങ്ങ് അനുവദിച്ചാൽ ഞാനൊന്നു ചെയ്യാം. മഹർഷിയെയും ശിഷ്യരെയും ചുമലിലെടുത്ത് അയോദ്ധ്യയിൽ ആക്കിയിട്ടു വരാം." ആ വാനരശ്രേഷ്ഠൻ പറഞ്ഞു.

"അങ്ങനെയാവട്ടെ." ശത്രുഘ്നൻ അനുമതി നല്കി.

പണ്ടുകാലത്ത് ഹനുമാൻ കടൽ ചാടി ലങ്കയിലേക്കു പോയതല്ലേ! അതുമായി താരതമ്യപ്പെടുത്തിയാലോ? ഇപ്പോഴത്തെ കൃത്യം എത്രമാത്രം ലഘുവാണ്! ആ മഹാശക്തൻ ച്യവനനെയും ശിഷ്യരെയും ചുമലിലെടുത്തു യാത്രയായി. നേരം വളരെയൊന്നും കഴിഞ്ഞില്ല—അതിനിടയ്ക്ക് അയോദ്ധ്യയിൽ എത്തിച്ചേർന്നു. അവരെ അവിടെയാക്കി. എന്നിട്ടു താൻമാത്രം ശത്രുഘ്നന്റെ അടുക്കൽ മടങ്ങിയെത്തി.

ശത്രുഘ്നനും സംഘവും രത്നാതടം എന്ന രാജ്യത്തിലെത്തി.

വിമലനാണ് രത്നാതടത്തിലെ രാജാവ്. സുമദൻ അഹിച്ഛത്രത്തിൽ എന്തൊക്കെ ചെയ്തു? അതൊക്കെ വിമലൻ രത്നാതടത്തിലും ചെയ്യുകയായി. എന്തിനു പറയുന്നു, വിമലനും ശത്രുഘ്നന്റെ അനുഗാമിയായി.

മാർഗ്ഗമദ്ധ്യേ അപൂർവ്വരീതിയിലുള്ള ഒരു പർവ്വതം കാണുമാറായി. താഴ്വര മുഴുവനും പൊന്നു നിറഞ്ഞിരിക്കുന്നു! എത്ര ഹൃദ്യമായ കാഴ്ചയായിരുന്നു അത്! ശത്രുഘ്നൻ അതിനെക്കുറിച്ച് സുമതിയോടു ചോദിച്ചു.

"ശത്രുഘ്നാ, നീലപർവ്വതം എന്നാണ് ഈ പർവ്വതത്തിന്റെ പേര്. അതിൽ മഹാവിഷ്ണു സ്ഥിതിചെയ്യുന്നു. ഭഗവാനെ പൂജിച്ചു നൈവേദ്യം

ഭക്ഷിക്കണം. അത് ഏറ്റവും പ്രയോജനപ്പെടും. നീലപർവ്വതത്തെക്കുറിച്ച് ഒരു കഥയുണ്ട്." സുമതി പറഞ്ഞു.

ജ്ഞാനിയായ മന്ത്രി ആ കഥ കേൾപ്പിച്ചു.

കാഞ്ചി എന്ന നഗരത്തിൽ വാഴുകയാണ് രത്നഗ്രീവൻ എന്ന രാജാവ്. രത്നഗ്രീവന്റെ രാജ്ഞിയാണ് വിശാലാക്ഷി. രാജാവു ധർമ്മത്തോടും നന്മയോടും രാജ്യഭാരംചെയ്തു. ഒടുവിൽ വാർദ്ധക്യം വന്നുചേർന്നു. അപ്പോൾ രാജാവിന് ഒരു ആഗ്രഹമുണ്ടായി—തീർത്ഥയാത്ര ചെയ്യണം.

രാത്രിയിൽ രത്നഗ്രീവന് ഒരു സ്വപ്നമുണ്ടായി. അദ്ദേഹം സ്വപ്നത്തിൽ ഒരു യോഗിയെ കണ്ടു. രാവിലെ ഉണർന്നു കുളിയൊക്കെ കഴിഞ്ഞപ്പോഴോ? മുൻപിൽ നില്ക്കുന്നു സ്വപ്നത്തിൽ കണ്ട അതേ യോഗി!

"മഹാത്മൻ, ഏതു തീർത്ഥത്തിനാണ് ഏറ്റവും മാഹാത്മ്യം? രത്നഗ്രീവൻ ആരാഞ്ഞു.

"രാജൻ, താൻ സർവതീർത്ഥങ്ങളും സന്ദർശിച്ചിട്ടുണ്ട്. എല്ലാ തീർത്ഥങ്ങൾക്കും മഹിമയുണ്ട്. പക്ഷേ, നീലപർവ്വതത്തിനു തുല്യമായി മറ്റൊന്നില്ല." യോഗി മറുപടി നല്കി.

നീലപർവ്വതത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് അദ്ദേഹം ഒരു കഥ പറഞ്ഞു.

ഒരിക്കൽ യോഗി സഞ്ചാരത്തിനിടയിൽ നീലപർവ്വതത്തിൽ ചെന്നെത്തി. അദ്ദേഹം അവിടെ ഒരു കാഴ്ച കണ്ട് അതിയായി ആശ്ചര്യപ്പെട്ടു. നാലു കൈയുള്ള കുറെ കാട്ടാളന്മാർ! ഓരോ കാട്ടാളന്റെയും കൈകളിലോ? ശംഖം, ചക്രം, ഗദ, താമര എന്നിവയും. ശരീരത്തിന്റെ നിറമാണെങ്കിൽ നീലവും. ചുരുക്കത്തിൽ, വിഷ്ണുദൂതന്മാരുടെ രൂപങ്ങൾ! അവർക്കെങ്ങനെ ഈ ദിവ്യരൂപങ്ങൾ കിട്ടി? അവർ പറഞ്ഞ്. യോഗിക്ക് അറിവായി.

മുൻപൊരു കാലത്താണ് അതു സംഭവിച്ചത്. ഒരു കുട്ടി തനിയെ കളിച്ചുനടക്കുകയായിരുന്നു. എങ്ങനെയോ അവൻ നീലപർവ്വതത്തിന്റെ അടുക്കലെത്തി. അവൻ മല കയറി ക്ഷേത്രത്തിൽ ചെന്നു. ആ സമയം ക്ഷേത്രത്തിൽ മഹാവിഷ്ണുവിന്റെ സന്നിധാനം ഉണ്ടായിരുന്നു. ഭഗവാനെ ദേവന്മാർ പൂജിക്കുകയുമാണ്. അവർ പൂജകഴിച്ച് നൈവേദ്യംവെച്ചു യാത്രയായി. യദൃച്ഛയാ നൈവേദ്യത്തിൽനിന്ന് ഒരു പറ്റു ചോറ് നിലത്തു വീണിരുന്നു. കുട്ടി ആ പറ്റ് കാണാൻ ഇടയായി. അവൻ അതെടുത്തു തിന്നു. എന്നിട്ടു വീട്ടിലേക്കു തിരിച്ചു. വീട്ടിലെത്തിയപ്പോൾ എന്തൊരു മാറ്റമാണു വന്നുചേർന്നിരുന്നത്! അവനു വിഷ്ണുദൂതന്റെ രൂപം കൈവന്നിരിക്കുന്നു!

ആ വർത്തമാനം ചില കാട്ടാളർക്ക് അറിവായി. അവരും പർവ്വതം കയറി ക്ഷേത്രത്തിൽ ചെന്നു. നൈവേദ്യത്തിന്റെ പറ്റുകൾ വീണത് എടുത്തുതിന്നു. അവർക്കും വിഷ്ണുദൂതന്മാരുടെ രൂപങ്ങൾ ലഭിക്കുകയായി.

കാട്ടാളന്മാർ യോഗിയോടു പറഞ്ഞതാണല്ലോ ഈ അനുഭവം. തനിക്കു തീർച്ചയായും മോക്ഷം കിട്ടും—അക്കാര്യം യോഗി രത്നഗ്രീവനെ അറിയിച്ചു.

'രാജൻ, അങ്ങും നീലപർവ്വതം ദർശിച്ചുകൊള്ളൂ.' അദ്ദേഹം ഉപദേശിച്ചു.

ആ ഉപദേശം അനുസരിച്ചു രത്നഗ്രീവൻ. അദ്ദേഹം നേരെ നീലപർവ്വതത്തിലേക്കു യാത്രയായി. ബന്ധുക്കളെ കൊണ്ടുപോയി—മാത്രമല്ല, പ്രജക

ളെയും. ഒന്നിച്ചു യോഗിയും യാത്രചെയ്തു. ഒടുവിൽ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു.

രത്നഗ്രീവൻ പർവ്വതത്തെ കണ്ടില്ല.

"ഇനിയും എത്ര ദൂരമുണ്ട്?" അദ്ദേഹം ചോദിച്ചു.

"നാം പർവ്വതത്തിൽ എത്തിയിരിക്കുന്നു." യോഗി പറഞ്ഞു.

യോഗിക്ക് നീലപർവ്വതം കാണാം; തനിക്കു കണ്ടുകൂടാ. അപ്പോൾ തനിക്ക് എന്തോ ദോഷമുണ്ട്. ദോഷം നീങ്ങാനായി രാജാവ് ഉപവാസം ചെയ്തു. അതോടെ ദോഷം നീങ്ങിപ്പോയി. നീലപർവ്വതം കണ്ണിൽ പെടുകയുമായി. എല്ലാവരും മലകയറി ക്ഷേത്രത്തിലെത്തി. രാജാവ്, രാജ്ഞി, മന്ത്രി, മറ്റു രണ്ടുപേർ—അവർ നൈവേദ്യം ഭക്ഷിച്ചപ്പോഴോ? വിഷ്ണുരൂപത്തോടുകൂടി വിഷ്ണുലോകത്തേക്കു യാത്രയായി!

ഇതാണ് ആ ക്ഷേത്രത്തിന്റെ മാഹാത്മ്യം.

സുമതി പറഞ്ഞ് ശത്രുഘ്നന് അത് അറിവായി.

ക്ഷേത്രദർശനം നടത്തിയിട്ട് ശത്രുഘ്നനും സംഘവും യാത്രതുടർന്നു. യാഗാശ്വം മുൻപിലായി നടക്കുന്നു. അവർ അതിനെ അനുഗമിക്കുന്നു. അങ്ങനെ ചക്രാങ്കം എന്ന രാജ്യത്തിലെത്തി.

സുബാഹുവാണ് ചക്രാങ്കത്തിലെ രാജാവ്.

ദമനൻ എന്നൊരു പുത്രനുണ്ട് സുബാഹുവിന്. ആ രാജകുമാരൻ വേട്ടയ്ക്കായി കാട്ടിൽ പോയിരിക്കുന്നു. അതാ, നടന്നുവരുന്നു ഒരു കുതിര! ദമനൻ ആ കുതിരയെ പിടിച്ചുകെട്ടി.

ശ്രീരാമന്റെ യാഗാശ്വമാണത്.

പ്രതാപാഗ്ര്യൻ എന്ന സാമന്തരാജാവുമുണ്ടല്ലോ ശത്രുഘ്നന്റെ അനുചരന്മാരുടെ കൂട്ടത്തിൽ. അദ്ദേഹം ഒരു ദൂതനെ ദമനന്റെ അടുക്കലേക്കു പറഞ്ഞയച്ചു. ദൂതൻ ദമനനെ ചെന്നുകണ്ട് അശ്വമേധത്തെക്കുറിച്ച് അറിയിച്ചു.

"നിങ്ങൾക്ക് ശ്രീരാമനെപ്പറ്റി യാതൊരറിവും ഇല്ലായിരിക്കും!" ദൂതൻ പൊടിച്ചു പറഞ്ഞു.

"ചൂണയുണ്ടെങ്കിൽ എന്നെ ജയിച്ചു കുതിരയെ കൊണ്ടുപൊയ്ക്കൊള്ളൂ!" ദമനൻ വെല്ലുവിളി നടത്തി.

ദൂതൻ മടങ്ങിച്ചെന്ന് സ്വാമിയോടു വിവരം പറഞ്ഞു. ദമനനെ ശിക്ഷിക്കാനായി പ്രതാപാഗ്ര്യനും സേനയും വന്നടുത്തു. പക്ഷേ, എന്തായിരുന്നു പ്രതാപാഗ്ര്യനുണ്ടായ അനുഭവം! പരിപൂർണ്ണമായ പരാജയവും പരിക്കും!

പിന്നീട് പുഷ്കലൻ ദമനനെ വന്നെതിർത്തു. അതറിഞ്ഞ് സുബാഹു പുത്രന്റെ സഹായത്തിനെത്തി. ഇരുവരുടെ സേനകളും തമ്മിലിടഞ്ഞു. ഘോരമായ രണവും ഉണ്ടായി. ഒരിക്കൽ ദമനന് അല്പം ബോധക്ഷയം സംഭവിച്ചു. മകനെ രക്ഷിച്ചു നിലകൊണ്ടു സുബാഹു. മഹാബലനും മഹാശൂരനുമാണ് ആ രാജാവ്. അതേസമയം മഹാഭക്തനും മഹാധർമിഷ്ഠനും. അദ്ദേഹം ക്രൗഞ്ചവ്യൂഹം ചമച്ചു നില്പായി.

ഭേദിക്കാൻ ഏറ്റവും വിഷമമുള്ള ഒന്നാണ് ക്രൗഞ്ചവ്യൂഹം. എങ്കിലും അതിനായി ലക്ഷ്മീനിധി മുന്നിട്ടിറങ്ങി. ജനകന്റെ പുത്രനാണ് ലക്ഷ്മീനിധി—സീതയുടെ സഹോദരനും. ലക്ഷ്മീനിധിയുടെ സഹായത്തിനെത്തി

പുഷ്കലൻ; മാത്രമല്ല, രിപുതാപൻ, നീലരത്നൻ, ഉഗ്രാശ്വൻ എന്നീ സാമന്തന്മാരും. യുദ്ധം ഏറ്റവും ഭയങ്കരമായി.

സുബാഹുവിന് ഇനിയൊരു പുത്രനുണ്ട്. ചിത്രാംഗൻ. ഏറ്റവും വീറോടെ ചിത്രാംഗൻ പൊരുതിക്കൊണ്ടിരുന്നു. പക്ഷേ, ജീവഹാനിയായിരുന്നു ആ രാജകുമാരന്റെ അനുഭവം.

പുത്രശോകത്താൽ തളർന്നുപോയി സുബാഹു. പക്ഷേ, തളർച്ച അല്പനേരത്തേക്കു മാത്രമായിരുന്നു. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ വീര്യം വീണ്ടും കത്തിജ്ജ്വലിച്ചു. പൂർവ്വാധികം സമർത്ഥമായി അദ്ദേഹത്തിന്റെ ആയുധപ്രയോഗം.

ഹനുമാൻ സുബാഹുവിനെ ചെന്നെതിർത്തു. രാജാവിന്റെ രഥത്തെ വാലുകൊണ്ടു വരിഞ്ഞുചുറ്റി. എന്നിട്ടു രഥത്തെ വലിച്ചിഴച്ചുകൊണ്ടു നടന്നു പോയി. പക്ഷേ, അങ്ങനെയങ്ങു വിട്ടുകൊടുക്കുന്ന ആളല്ല സുബാഹു. അദ്ദേഹം ഹനുമാന്റെ വാലിനെ ശരങ്ങളെയ്തു മുറിപ്പെടുത്തി. ഹനുമാൻ വാൽ വലിച്ചെടുത്തിട്ടു രഥത്തെ ദംഷ്ട്രകളാൽ കടിച്ചുടച്ചു. സുബാഹു മറ്റൊരു രഥത്തിൽ കയറി രണം തുടർന്നു. ഒടുവിൽ ഹനുമാൻ എതിരാളിയുടെ നെഞ്ചത്തൊരു ചവിട്ട്! ആ ചവിട്ടേറ്റു രാജാവ് ബോധംകെട്ടു വീണു.

അങ്ങനെ വീണുകിടക്കവേ അദ്ദേഹം ഒരു സ്വപ്നം കണ്ടു—അയോദ്ധ്യയിൽ ശ്രീമാനായി വാണരുളുന്ന ശ്രീരാമനെ! ആ ക്ഷണത്തിൽ സുബാഹുവിനു പൂർവ്വസ്മരണ ഉണ്ടായി.

മുമ്പൊരിക്കൽ സുബാഹു തീർത്ഥയാത്ര ചെയ്യുകയായിരുന്നു. യാത്രയ്ക്കിടയിൽ അസിതാംഗൻ എന്ന മഹർഷിയെ കാണാനിടയായി. ആ മഹർഷി ശ്രീരാമനെ വാഴ്ത്തിയിട്ട് ഒന്നു പറഞ്ഞു—ശ്രീരാമൻ സാക്ഷാൽ ഈശ്വരനാണ് എന്ന്. പക്ഷേ, സുബാഹുവിന് ഒട്ടും വിശ്വാസം തോന്നിയില്ല. മാത്രമല്ല, അദ്ദേഹം ശ്രീരാമനെ പഴിക്കുകയുംചെയ്തു. അസിതാംഗൻ കോപിച്ചു ശാപമേകി. സുബാഹു അജ്ഞാനിയായിപ്പോകട്ടെ—അതായിരുന്നു ശാപം. പിന്നീടു ശാപമോക്ഷവും നല്കി—ഒരുകാലത്തു സുബാഹു ഹനുമാന്റെ ചവിട്ടുകൊള്ളും; അപ്പോൾ നഷ്ടമായ ജ്ഞാനം തിരിച്ചുകിട്ടും!

ആ ശാപമോക്ഷം ഇപ്പോൾ ഉണ്ടായിരിക്കുന്നു—ആ ബോധം സ്ഥലം പിടിച്ചു സുബാഹുവിന്റെ മനസ്സിൽ. അദ്ദേഹം യുദ്ധം മതിയാക്കി എന്നു മാത്രമോ, ദമനൻ പിടിച്ചുകെട്ടിയിരുന്ന യാഗാശ്വത്തെ വരുത്തി പുത്രന്മാരെയും അനുചരന്മാരെയും കൂട്ടി ശത്രുഘ്നന്റെ കാല്ക്കൽ നമസ്കരിച്ചു. യാഗാശ്വത്തെ ശത്രുഘ്നനു തിരിച്ചുനല്കി. ദമനനെ രാജാവായി അഭിഷേകം ചെയ്തു. ശത്രുഘ്നനോടുകൂടി യാത്രയുമായി.

യാഗാശ്വം ഒരു നഗരത്തിൽ എത്തിച്ചേർന്നു. കോട്ട, കൊത്തളങ്ങൾ എല്ലാമുണ്ട്. ക്ഷേത്രങ്ങളോ അനേകവും.

സുമതി പറഞ്ഞ് ശത്രുഘ്നൻ നഗരത്തിന്റെ വിവരങ്ങൾ മനസ്സിലാക്കി.

പണ്ടുകാലത്ത് അവിടെ ഋതരംഭൻ എന്ന രാജാവു വാണിരുന്നു. സകല സുഖങ്ങളും അനുഭവിച്ചിരുന്നു ഋതരംഭൻ. എങ്കിലും ഒരു ദുഃഖം ഇല്ലാതില്ല —പുത്രനില്ല എന്ന ദുഃഖം!

ഒരിക്കൽ ജാബാലി എന്ന മഹർഷി അവിടം സന്ദർശിച്ചു.

ഋതരംഭൻ ജാബാലിയെ സൽക്കരിച്ചിരുത്തി കുശലപ്രശ്നംചെയ്തു.

"മഹർഷേ, സന്താനലാഭത്തിനായി ഞാൻ എന്താണു ചെയ്യേണ്ടത്?" രാജാവു ചോദിച്ചു.

"ഗോപൂജ ചെയ്തുകൊള്ളൂ." ജാബാലി ഉപദേശിച്ചു.

എന്തെല്ലാമാണ് ഗോപൂജയ്ക്കുള്ള വിധികൾ? അവയെല്ലാം മഹർഷി വിവരിച്ചു. എന്നിട്ടു ഗോപൂജയുടെ മാഹാത്മ്യം വെളിപ്പെടുത്തിക്കൊടുത്തു. അതോ, ഒരു കഥയിലൂടെയും.

വളരെക്കാലത്തിനു മുൻപാണ്. യോഗവിദ്യകൾ വശപ്പെടുത്തിയിരുന്നു ജനകമഹാരാജാവ്. അദ്ദേഹം ഒരിക്കൽ ഒരു യോഗവിദ്യ പ്രയോഗിച്ചു—ശരീരം ഉപേക്ഷിക്കുക എന്ന അപൂർവമായ വിദ്യ! ഉടനെതന്നെ ദിവ്യമായ ഒരു വിമാനം വന്നിറങ്ങി. ജനകനുവേണ്ടി വന്നതാണ് വിമാനം. രാജാവ് വിമാനത്തിൽ കയറി. വിമാനം ഉയർന്നു പറന്നുപോയി. ചെന്നെത്തിയത് യമപുരിയായ സംയമിനിയിലും!

അവിടെ അനേകം പാപികൾ ശിക്ഷ അനുഭവിക്കുകയാണ്. അവരുടെ ഇടയിലൂടെ ജനകൻ മുൻപോട്ടുപോയി. അദ്ദേഹത്തിന്റെ ശരീരത്തെ ഒരു കാറ്റ് തലോടി. ആ കാറ്റ് ചില പാപികളുടെ മേലിലും ചെന്നുതട്ടി. അപ്പോൾ അവരുടെ നരകവേദന മാറി. എന്തൊരു ആശ്വാസമായെന്നോ അവർക്കെല്ലാം?

ജനകൻ അവിടന്നു പോകാൻ ഒരുക്കമായി.

"ദയവുചെയ്ത് അങ്ങ് ഇവിടെത്തന്നെ നില്ക്കണേ! ഞങ്ങൾ കുറേക്കൂടി ആശ്വസിച്ചുകൊള്ളട്ടെ!" അവർ കേണിരന്നു.

ജനകന്റെ ഹൃദയത്തിൽ അനുകമ്പ നിറഞ്ഞുതുളുമ്പി. അവരെ സഹായിക്കാൻതന്നെ രാജാവ് നിശ്ചയിച്ചു. അദ്ദേഹം അവിടെത്തന്നെ നില്ക്കുകയായി.

യമൻ സ്ഥലത്തു വന്നെത്തി.

"ജനകാ, ഇവിടം പാപികൾക്കുള്ള സ്ഥലമാണ്, പുണ്യശാലികൾ ഇവിടെ എത്തിനോക്കാറുപോലുമില്ല. പുണ്യശാലിയായ അങ്ങ് ഇവിടന്നു പൊയ്ക്കൊള്ളണം." യമൻ ആവശ്യപ്പെട്ടു.

"ദേവാ, അവിടുന്ന് ഇവരെ വിട്ടയയ്ക്കണം. എന്നാൽ, ഞാൻ പൊയ്ക്കൊള്ളാം." ജനകൻ പറഞ്ഞു.

"ഇവർ മഹാപാപങ്ങൾ ചെയ്തവരാണ്. ഇവരെ വിട്ടയയ്ക്കാൻ സാദ്ധ്യമല്ല." യമൻ തടസ്സം പറഞ്ഞു.

"ഞാൻ എന്തു ചെയ്താൽ ഇവരെ വിട്ടയയ്ക്കാം?" രാജാവ് അന്വേഷിച്ചു.

"അങ്ങ് നേടിയിട്ടുള്ള പുണ്യം ഇവർക്കു കൊടുക്കാമോ? എന്നാൽ, ഞാൻ ഇവരെ മോചിപ്പിക്കാം." യമൻ പറഞ്ഞു.

ഒരു മഹാത്യാഗത്തിന് ഒരുങ്ങി ജനകൻ. അന്നോളം വളരെയേറെ പുണ്യം സഞ്ചയിച്ചിരുന്നു അദ്ദേഹം. ഒരു കൂസലും കൂടാതെ ആ പുണ്യമത്രയും അദ്ദേഹം പാപികൾക്കായി നല്കി. അതോടുകൂടി അവരുടെ പാപങ്ങൾ നിശ്ശേഷം നശിക്കുകയുംചെയ്തു.

ഒന്നറിയാൻ രാജാവിനു ജിജ്ഞാസയുണ്ടായി.

"ദേവാ, പാപികളാണല്ലോ ഈ സ്ഥലത്തു വരാറുള്ളത്. ഞാൻ ഇവിടെ വന്നു. ആ സ്ഥിതിക്ക് ഞാൻ എന്തോ പാപം ചെയ്തിട്ടുണ്ടാവണം. എന്താണത്?" അദ്ദേഹം യമനോടു ചോദിച്ചു.

"അങ്ങ് ചെയ്തിട്ടുള്ള പുണ്യങ്ങൾക്ക് കൈയും കണക്കുമില്ല. എങ്കിലും ഒരു ചെറിയ പാപം ചെയ്തുപോയി. ഒരിക്കൽ ഒരു പശു പുല്ലു തിന്നുകയായിരുന്നു. അങ്ങ് പശുവിനെ പുല്ലുതിന്നാൻ സമ്മതിച്ചില്ല. അതായിരുന്നു അങ്ങു ചെയ്ത പാപം. നരകം കണ്ടതോടുകൂടി ആ പാപം തീരുകയും ചെയ്തിരിക്കുന്നു." യമൻ അറിയിച്ചു.

ജനകൻ യമരാജധാനി വിട്ടു. സ്വരാജധാനിയിൽ എത്തിച്ചേർന്നു. നിർജീവമായിരുന്ന ശരീരത്തിൽ പ്രവേശിക്കുകയും ചെയ്തു. എല്ലാം പഴയപോലെ.

ജാബാലി ഋതധ്വംഭനോട് പറഞ്ഞ കഥയാണല്ലോ ഇത്. മഹർഷി പോയതിനുശേഷം രാജാവ് യഥാവിധി ഗോപൂജചെയ്തു. ഏറ്റവും ശ്രദ്ധയോടുകൂടിയായിരുന്നു അദ്ദേഹത്തിന്റെ ഗോപൂജ. എങ്കിലും എങ്ങനെയോ ഒരു അബദ്ധം പറ്റിപ്പോയി. അദ്ദേഹം വനത്തിൽ പശുക്കളെ മേയ്ക്കുകയായിരുന്നു. വനഭംഗികൾ അദ്ദേഹത്തെ അത്യധികമായി ആകർഷിച്ചു. അവ അങ്ങനെ ആസ്വദിച്ചു നിന്നുപോയി അദ്ദേഹം. അതിനിടയ്ക്ക് ഒരു അത്യാഹിതം ഉണ്ടായി. ഒരു സിംഹം പാഞ്ഞുവന്നു പശുവിനെ കൊന്നു. രാജാവിനുണ്ടായ ദുഃഖം അതിരില്ലാത്തതായിരുന്നു. തന്റെ ശ്രദ്ധക്കുറവിനാലാണ് പശു ചത്തുപോയത്. വലിയൊരു തെറ്റാണ് താൻ ചെയ്തിരിക്കുന്നത്. അതിനു പരിഹാരം ചെയ്തേ കഴിയൂ. എന്തായിരിക്കണം പരിഹാരം? അദ്ദേഹം ജാബാലിമഹർഷിയെ ചെന്നു കണ്ട് നടന്നതെല്ലാം അറിയിച്ചു.

"മഹർഷേ, എന്റെ പാപം നീങ്ങാനായി ഞാൻ എന്തു ചെയ്യണം?" ഋതധ്വംഭൻ ചോദിച്ചു.

"രാജാവേ, അങ്ങയുടെ ശത്രുവാണല്ലോ ഋതുപർണരാജാവ്. അങ്ങു ശത്രുത മറന്ന് ആ രാജാവിനെ ചെന്നു കാണണം. അദ്ദേഹത്തോടു പരിഹാരം എന്തെന്നു ചോദിക്കണം. തീർച്ചയായും അദ്ദേഹം പരിഹാരം നിർദ്ദേശിക്കും." ജാബാലി പറഞ്ഞു.

അതെ, ഋതധ്വംഭനും ഋതുപർണനും ശത്രുക്കളായിരുന്നു. ഋതധ്വംഭൻ ഋതുപർണന്റെ രാജ്യത്തെ ആക്രമിക്കുകയുണ്ടായി. ആ ആക്രമണം ഫലപ്പെട്ടില്ല എന്നതു ശരിതന്നെ. എങ്കിലും അത് അവർ തമ്മിലുള്ള ശത്രുതയ്ക്ക് കാരണമായി. രാമഭക്തനാണ് ഋതുപർണൻ. അതേസമയം മഹാധർമജ്ഞനും.

ശത്രുത മറന്ന് ഋതധ്വംഭൻ ഋതുപർണനെ ചെന്നു കണ്ടു.

ഋതുപർണൻ മുൻപത്തെ എതിരാളിയെ ഉപചാരത്തോടെ സ്വീകരിച്ചു.

"ഋതധ്വംഭരാജാവേ, എന്താണ് അങ്ങ് ഇങ്ങോട്ടു പോന്നത്?" ഋതുപർണൻ ചോദിച്ചു.

"ഗോഹത്യയ്ക്കുള്ള പരിഹാരം എന്തെന്ന് അറിയാനായിട്ടാണ്." ഋതധ്വംഭൻ അറിയിച്ചു.

"ഞാൻ വെറുമൊരു പാമരനാണ്. എങ്കിലും ഒന്നു പറഞ്ഞുതരാം. അത് ഏറ്റവും നിഷ്കർഷയോടെ ചെയ്യണം. ശ്രീരാമനെ ഭജിക്കുക എന്നതാണ് അത്. എന്നാൽ, ഗോഹത്യാപാപം നീങ്ങിക്കൊള്ളും." ഋതുപർണൻ അറിയിച്ചു.

ഋതധ്വംഭൻ സ്വരാജ്യത്തേക്കു മടങ്ങിപ്പോയി രാമഭജനം ആരംഭിച്ചു. അതേസമയം കാമധേനുവിനുള്ള പൂജയും. ഒടുവിൽ കാമധേനു പ്രത്യക്ഷയായി വരമേകി. അതനുസരിച്ചു രാജാവിനു സന്താനലാഭം ഉണ്ടായി.

സത്യവാൻ എന്നായിരുന്നു രാജപുത്രന്റെ പേര്.

പുത്രനു പ്രായപൂർത്തി വന്നപ്പോഴോ? രാജാവ് പുത്രനു രാജ്യം നല്കി, കാട്ടിൽച്ചെന്നു തപസ്സുചെയ്തു. ഒടുവിൽ വൈകുണ്ഠം പ്രാപിക്കയും ചെയ്തു.

ഇത്രയുമാണ് ശത്രുഘ്നൻ സുമതിയിൽനിന്നു മനസ്സിലാക്കിയത്.

ഇപ്പോൾ അവിടം ഭരിക്കുന്നത് സത്യവാനാണ്. ദൂതന്മാർ പറഞ്ഞ് സത്യവാന് ഒരു വിവരം അറിവായി—ശ്രീരാമന്റെ യാഗാശ്വം വന്നിരിക്കുന്നു. ഒന്നിച്ച് ശ്രീരാമന്റെ അനുജനായ ശത്രുഘ്നനും അനുചരന്മാരും. സത്യവാന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. അദ്ദേഹം മന്ത്രിമാരെക്കൂട്ടി ശത്രുഘ്നന്റെ അടുക്കലേക്ക് ഉഴറിച്ചെന്നു. ശത്രുഘ്നനെ സ്നേഹവായ്പോടെ കെട്ടിപ്പുണർന്നു. എന്നിട്ട് ശത്രുഘ്നന്റെ അനുചരനായി യാത്രയായി.

വളരെ ദൂരം പിന്നിട്ടപ്പോഴൊ? പെട്ടെന്നു സ്ഥിതിയൊന്നു മാറുകയായി. ആകാശത്തു കാർമേഘങ്ങൾ അണിനിരന്നുനിന്നു. തുടരെത്തുടരെ ഇടിയും മിന്നലുമുണ്ടായി. താമസിയാതെ വർഷവും ആരംഭിച്ചു. ജലവർഷമല്ല. പിന്നെയോ, മാംസവർഷവും അസ്ഥിവർഷവും! ദിക്കുകളെല്ലാം കുരിരുളിൽ മുങ്ങുകയുംചെയ്തു!

ഏതോ മായാവിയുടെ മായാപ്രയോഗമാണിത്—അതിൽ യാതൊരു സംശയവും ഉണ്ടായിരുന്നില്ല.

രാക്ഷസചക്രവർത്തിയായ രാവണന്റെ അടുത്ത ബന്ധുവായ വിദ്യുന്മാപി—അതെ, അവൻതന്നെയായിരുന്നു മായാവി.

ശത്രുഘ്നനും കൂട്ടരും ഇടിയും മിന്നലുമൊക്കെ സഹിച്ചു. അല്ലാതെ എന്തു ചെയ്യാനൊക്കും?

അവ തീർന്നപ്പോഴോ? യാഗാശ്വത്തെ കാണാനില്ല!

കുറെ ദൂരെയായി ആകാശത്തു നില്ക്കുകയാണ് വിദ്യുന്മാലിയും അനുചരന്മാരും!

ശത്രുഘ്നൻ പുഷ്കലനെ അങ്ങോട്ടു പറഞ്ഞയച്ചു. മാത്രമല്ല, ലക്ഷ്മീനിധിയെയും മറ്റു ചിലരെയും. അവർ രാക്ഷസന്മാരുടെ സമീപമെത്തി.

വിദ്യുന്മാലി അവരെ നേരിട്ടു:

"നിങ്ങൾ മടങ്ങി പൊയ്ക്കൊള്ളുവിൻ. തീർച്ചയായും നിങ്ങൾക്കു യാഗാശ്വത്തെ തിരിച്ചുകിട്ടുകയില്ല. രാവണനെക്കൊന്ന രാമനില്ലേ? അവനെ ഞാൻ കൊല്ലും—അവന്റെ അനുജനെയും!" വിദ്യുന്മാലി വിളിച്ചുപറഞ്ഞു.

അതുണ്ടോ ശത്രുഘ്നനും മറ്റുള്ളവരും വകവെക്കുന്നു? അവരും സൈന്യങ്ങളും പാഞ്ഞടുത്ത് രാക്ഷസസൈന്യത്തോടു സംഘട്ടനംചെയ്തു. ഏറ്റവും ഭയാനകമായിരുന്നു അപ്പോഴത്തെ സമരം. ഹനുമാൻ പ്രദർശിപ്പിച്ച പരാക്രമം ഒന്നു വേറെയായിരുന്നു. വാല്, കൈയ്, കാല്, പല്ല്—അവയെല്ലാം പ്രയോഗിച്ചു ഹനുമാൻ പോരാടി. ഫലമായി അനേകം രാക്ഷസന്മാർ പരലോകം പുകി. അപ്പോൾ വിദ്യുന്മാലി വീണ്ടും മായാപ്രയോഗം ചെയ്തു. അവൻ കുരിരുളും ഇടിയും മിന്നലും ഉണ്ടാക്കി. അതേ സമയം ശിലകൾ വർഷിക്കുകയുമായി. ശത്രുഘ്നപക്ഷത്തിന് കടുത്ത നാശമുണ്ടായി. ഈ നിലയ്ക്കു പോയാൽ തകരാറാവും. ആ തോന്നലുണ്ടായി ശത്രുഘ്നന്. അപ്പോൾ ശത്രുഘ്നൻ, ജ്യേഷ്ഠനായ ശ്രീരാമനെ സ്മരിച്ചു. തൽക്ഷണം രാക്ഷസമായ ഇല്ലാതായി. ശത്രുഘ്നസൈന്യം വീറോടെ വീണ്ടും പോരുതുടങ്ങി.

എന്തിനു പറയുന്നു ഒടുവിൽ ശത്രുഘ്നൻ വിദ്യുന്മാലിയുടെ തല കൊയ്തു. രാക്ഷസന്മാർ യാഗാശ്വത്തെ ഉപേക്ഷിച്ചു പടക്കളം വിട്ടു പാഞ്ഞുപോയി.

ദീർഘമായ സഞ്ചാരത്തിനുശേഷം യാഗാശ്വം നർമദാനദിയുടെ തീരത്തിലെത്തി. പിറകെ ശത്രുഘ്നനും സൈന്യവും. അവിടെ ആരണ്യകന്റെ ആശ്രമം കാണുമാറായി. ശ്രീരാമഭക്തനായ മഹർഷിയാണ് ആരണ്യകൻ. ശത്രുഘ്നനും കൂട്ടരും മഹർഷിയുടെ പാദങ്ങളിൽ പ്രണമസ്കരിച്ചു. മഹർഷി അവർക്കു കായ്കനികൾ നല്കി. അന്നത്തേക്ക് അവരെ ആശ്രമത്തിൽ പാർപ്പിക്കുകയുംചെയ്തു.

പിറ്റേദിവസം ആരണ്യകൻ യാത്രയ്ക്കിറങ്ങി. വളരെ നാളായി നിശ്ചയിച്ചിട്ടുള്ള യാത്രയാണത്—അയോദ്ധ്യയിലേക്ക് , ശ്രീരാമനെ കാണാൻ!

ഒടുവിൽ അദ്ദേഹം അയോദ്ധ്യയിൽ എത്തിച്ചേർന്നു. ശ്രീരാമൻ അദ്ദേഹത്തെ സത്കരിച്ചിരുത്തി. അപ്പോൾ ഒരു അത്ഭുതസംഭവം ഉണ്ടായി. ആരണ്യകന്റെ മൂർദ്ധാവു പിളരുകയായി, അതിൽനിന്ന് ഒരു പ്രഭ ഉയർന്നു വന്നു. ആ പ്രഭ ശ്രീരാമനിൽ ലയിച്ചു!

കൂടിയിരുന്നവർക്ക് ഒന്നു തീർച്ചയായി—ആരണ്യകനു മോക്ഷം ലഭിച്ചിരിക്കുന്നു! ദേവന്മാർ ആകാശത്ത് അണിനിരന്നുനിന്നു. അവർ വാദ്യഘോഷങ്ങൾ മുഴക്കി. അതേസമയം പുഷ്പവൃഷ്ടിയും ചൊരിഞ്ഞു.

അതിനിടയ്ക്ക് നർമദാനദിയിൽ വിചിത്രമായ ഒരു സംഭവം ഉണ്ടായി. നദീതീരത്തിൽ ആയിരുന്നല്ലോ ശത്രുഘ്നനും അനുയായികളും. യാഗാശ്വം വെള്ളം കുടിക്കാനായി നദിയിലിറങ്ങി. പിന്നീടതു കരയ്ക്കു കയറിയില്ല. പകരം, വെള്ളത്തിൽ താഴ്ന്നുതാഴ്ന്നുപോയി.

കണ്ടുനിന്നവർ അന്ധാളിച്ചു. യാഗാശ്വത്തെ വീണ്ടെടുത്തില്ലെങ്കിൽ യാഗം പൂർത്തിയാവുകയില്ല. അതു വലിയ തകരാറു വരുത്തിവയ്ക്കുകയും ചെയ്യും. നദിയിൽ താഴ്ന്ന മൃഗത്തെ എങ്ങനെ തിരിച്ചുകൊണ്ടുവരാനാണ്?

"ശത്രുഘ്നാ, യാഗാശ്വം പാതാളത്ത് എത്തിയിരിക്കുന്നു. അതിനെ കൊണ്ടുവരാനായി പാതാളത്തു പോകേണ്ടതുണ്ട്—അതിനുള്ള കഴിവ് മൂന്നു പേർക്കു മാത്രമേയുള്ളൂ—അങ്ങേക്കും പുഷ്കലനും ഹനുമാനും." എല്ലാം അറിയുന്ന സുമതി പറഞ്ഞു.

ആ മൂന്നുപേരും പിന്നെ കാണിനേരം സംശയിച്ചു നിന്നില്ല. അവർ നദീജലത്തിലിറങ്ങി മുങ്ങി താഴ്ന്നു പോയി. വളരെ ദൂരം, വളരെനേരം, താഴ്ന്നുകൊണ്ടിരുന്നു. ഒടുവിൽ ഒരു പൂങ്കാവനത്തിൽ ചെന്നെത്തി. പൂങ്കാവനത്തിന്റെ മദ്ധ്യത്തിൽ ഒരു മണിമാളികയുണ്ട്. മണിമാളികയുടെ തൂണിൽ തളച്ചിട്ടിരിക്കുന്നു യാഗാശ്വത്തെ!

അതിസുന്ദരിയായ ഒരു യുവതി മണിമഞ്ചത്തിൽ വിശ്രമിക്കുന്നു. തോഴിമാർ അവളെ അടുത്തിരുന്നു പരിചരിക്കുന്നു. ശത്രുഘ്നനെയും പുഷ്കലനെയും ഹനുമാനെയും അവർ കണ്ടു.

"യജമാനത്തീ, ഇതാ വരുന്നു നല്ലപോലെ കൊഴുത്ത മൂന്നു പേർ. അവരെ അവിടുത്തേക്ക് കൊന്നുതിന്നാം. അവരുടെ ചുടുള്ള ചോരയും കുടിക്കാം." തോഴിമാർ യുവതിയോടു പറഞ്ഞു.

അപ്പോഴേക്കും പുരുഷന്മാർ മൂന്നും കയറിച്ചെന്നു.

"ആരാണ് നിങ്ങൾ?" യുവതി അന്വേഷിച്ചു.

മറുപടി പറഞ്ഞത് ഹനുമാനാണ്.

"ഒന്ന് ആദ്യമേ പറഞ്ഞേക്കാം. ശ്രീരാമന്റെ യാഗാശ്വത്തെയാണ് നിങ്ങൾ കെട്ടിയിരിക്കുന്നത്. മര്യാദയ്ക്ക് അതിനെ ഞങ്ങൾക്കു വിട്ടുതരണം. അല്ലാത്തപക്ഷം അതിനെ ഞങ്ങൾ ബലേന കൊണ്ടുപോകും."

സ്ത്രീ കൂട്ടാക്കിയില്ല.

"ഭയപ്പെടുത്തകയൊന്നും വേണ്ട കേട്ടോ. ആരു വിചാരിച്ചാലും ശരി, എന്നെ തോല്പിക്കാൻ പറ്റുകയില്ല. അക്കാര്യം പോകട്ടെ. എന്നിരുന്നാലും ഞാൻ യാഗാശ്വത്തെ വിട്ടുതരാം. കാരണം, ഞാൻ ശ്രീരാമന്റെ ഭക്തയാണ്. ശ്രീരാമന്റെ യാഗാശ്വമാണ് എന്നു ഞാൻ അറിഞ്ഞിരുന്നില്ല. മറ്റേതോ യാഗാശ്വമെന്നു കരുതി കൊണ്ടുപോന്നതാണ്. ശ്രീരാമൻ എന്നോടു ക്ഷമിക്കുമാറാകട്ടെ!" പാതാളയുവതി പറഞ്ഞു.

ശത്രുഘ്നനും പുഷ്കലനും ഹനുമാനും സമാധാനമായി.

പാതാളയുവതി വീണ്ടും സംസാരിച്ചു:

"ശത്രുഘ്നാ, വീരമണി എന്നൊരു രാജാവുണ്ട്. മഹാശക്തനാണ് വീരമണി. അയാൾ അങ്ങയുടെ യാഗാശ്വത്തെ പിടിച്ചുവയ്ക്കും. അയാളെ അങ്ങ് ജയിച്ചാലേ കുതിരയെ വീണ്ടെടുക്കാൻ പറ്റുകയുള്ളു. അങ്ങേയ്ക്ക് അതു സാധിക്കയില്ല. ഞാനിതാ ഒരു ദിവ്യാസ്ത്രം തരുന്നു. ഈ ദിവ്യാസ്ത്രം പ്രയോഗിച്ചാലോ? അങ്ങേക്ക് വീരമണിയെ ജയിക്കാം." അവൾ പറഞ്ഞിട്ടു ദിവ്യാസ്ത്രം നല്കി.

ഏറ്റവും സന്തോഷത്തോടെ ശത്രുഘ്നൻ ദിവ്യാസ്ത്രം വാങ്ങി. എന്നിട്ട് യാഗാശ്വത്തെ അഴിച്ചു യാത്രയായി; ഒന്നിച്ച് പുഷ്കലനും ഹനുമാനും.

എന്തായിരുന്നു നർമദാതീരത്തു നിന്നിരുന്നവരുടെ അവസ്ഥ? ശത്രുഘ്നനും പുഷ്കലനും ഹനുമാനും വെള്ളത്തിൽ താഴുന്നത് അവർ കണ്ടുവല്ലോ. മുന്നുപേരും ഇനി പൊങ്ങിവരുമോ? ആ ഉത്കണ്ഠയോടെ അവർ കാത്തുനില്ക്കയാണ്. എല്ലാവരുടെ കണ്ണുകളും നദീജലത്തിൽ തന്നെ.

അതാ പൊങ്ങിവരുന്നു യാഗാശ്വം. പിറകെ ശത്രുഘ്നനും പുഷ്കലനും ഹനുമാനും! ഒന്നു പ്രത്യേകമായിരുന്നു അനുചരന്മാരുടെ ആഹ്ലാദം.

വീണ്ടും ആരംഭിച്ചു യാഗാശ്വത്തിന്റെ സഞ്ചാരം—യാഗാശ്വത്തെ രക്ഷിക്കുന്നവരുടെയും. അടുത്തതായി അവർ എത്തിച്ചേർന്നത് ഒരു ഉദ്യാനത്തിലാണ്. വീരമണിരാജാവിന്റെ രാജധാനിയിലെ ഉദ്യാനമാണത്. വീരമണിക്ക് ഒരു പുത്രനുണ്ട്. രുഗ്മാംഗദൻ എന്നു പേരായിട്ട്. ഉദ്യാനത്തിൽ വിഹരിക്കയായിരുന്നു രുഗ്മാംഗദനും പത്നിമാരും. അപ്പോഴാണ് യാഗാശ്വം അവിടെ കടന്നുചെന്നത്.

രുഗ്മാംഗദൻ കുതിരയുടെ അടുക്കലേക്കു നടന്നു. അതിന്റെ നെറ്റിയിൽ പൊന്നോല കെട്ടിയിരിക്കുന്നു. പൊന്നോലയിൽ എന്തോ എഴുതിയിട്ടുണ്ട്. രുഗ്മാംഗദൻ എഴുത്തു വായിച്ചുനോക്കി. ശ്രീരാമന്റെ യാഗാശ്വമെന്നു മനസ്സിലായി. ഗർവിതനായിരുന്നു രുഗ്മാംഗദൻ. ആ രാജകുമാരൻ യാഗാശ്വത്തെ പിടിച്ച് അച്ഛന്റെ അടുക്കലേക്കു കൊണ്ടുപോയി.

പുത്രൻ ആ യാഗാശ്വത്തെ പിടിച്ചുകൊണ്ടുവന്നത് അത്ര പന്തിയായില്ല. ആ തോന്നൽ വീരമണിക്കുണ്ടായി. താനിനി എന്തു ചെയ്യണം? തക്കതായ ഉപദേശം തേടുകതന്നെ. അതായത്, ശിവന്റെ ഉപദേശം. ശിവന്റെ അനുഗ്രഹമുണ്ട് വീരമണിക്ക്. എപ്പോൾ വേണമെങ്കിലും ശിവനെ കാണാം.

"ഭഗവാനേ, എന്റെ മകൻ ശ്രീരാമന്റെ യാഗാശ്വത്തെ പിടിച്ചിരിക്കുന്നു." വീരമണി ഉണർത്തിച്ചു.

"ഞാൻ വിചാരിച്ചാൽപോലും ശ്രീരാമനെ എതിർത്തുനില്ക്കാനാവില്ല. യാഗാശ്വത്തെ തിരിച്ചുകൊടുക്കൂ. അതാണു നല്ലത്." ശിവൻ അഭിപ്രായപ്പെട്ടു.

അതത്ര സ്വീകാര്യമായില്ല വീരമണിക്ക്. ഏതിനും മകനും മകൻ കുതിരയെ പിടിച്ചുപോയി. ഇനി വിട്ടുകൊടുത്താൽ അതു ഭീരുത്വമാകും. ഭീരു എന്ന ദുഷ്പേരിനെ ഭയപ്പെട്ടിരുന്നു വീരമണി. ശത്രുഘ്നനോടു യുദ്ധം ചെയ്യാൻതന്നെ തീരുമാനിച്ചു അദ്ദേഹം. ഭക്തനെ സഹായിക്കാതെ തരമില്ല എന്നായി ശിവന്.

താമസിയാതെ വീരമണിയുടെ ചതുരംഗസൈന്യം പടയ്ക്കിറങ്ങി.

ശത്രുഘ്നന്റെ സൈന്യം അതുമായി ഇടഞ്ഞു.

മുഗ്മാംഗദൻ മഹാപരാക്രമം പ്രവർത്തിച്ചു. പക്ഷേ, അത് ശത്രുഘ്നനോടു വിലപ്പോയില്ല. പരാജയം അനുഭവിക്കേണ്ടതായി വന്നുകൂടി മുഗ്മാംഗദന്.

അപ്പോഴേക്കും വീരമണിയുടെ വരവായി.

വീരമണി പുഷ്കലനെ പോരിനു വിളിച്ചു.

ചെന്നെതിർക്കാൻ പുറപ്പെട്ടത് ഹനുമാനായിരുന്നു.

പുഷ്കലൻ ഹനുമാനെ തടഞ്ഞുനിർത്തി.

"ഞാൻ വീരമണിയോടു യുദ്ധംചെയ്തുകൊള്ളാം. അങ്ങ് യുദ്ധം നോക്കിനിന്നാൽ മതിയാവും." പുഷ്കലൻ പറഞ്ഞു.

"പുഷ്കലാ, അങ്ങേക്ക് നന്നേ ചെറുപ്പമാണ്. പോരെങ്കിൽ എതിരാളി മഹാശക്തനുമാണ്. അയാൾക്ക് ശിവന്റെ പിൻബലവുമുണ്ട്. പൊരുതുന്നത് ഞാനായിക്കൊള്ളാം." ഹനുമാൻ നിർബന്ധിച്ചു.

പക്ഷേ, പുഷ്കലൻ നിർബന്ധത്തിനു വഴങ്ങിയില്ല. ഹനുമാന് പിൻവാങ്ങാതെ നിർവാഹമില്ലെന്നായി. ആ വാനരശ്രേഷ്ഠൻ മറ്റൊരു യുദ്ധരംഗത്തിലേക്കു പോയി.

ഘോരഘോരം തുടരുകയായി പുഷ്കലനും വീരമണിയും തമ്മിലുള്ള യുദ്ധം. ഒടുവിൽ പുഷ്കലൻ എതിരാളിയെ ബോധംകെടുത്തി വീഴ്ത്തി. അപ്പോൾ ശിവൻ വീരഭദ്രനെ പറഞ്ഞയച്ചു. വീരഭദ്രൻ പുഷ്കലനോടിടഞ്ഞു. പുഷ്കലനുണ്ടോ വിട്ടുകൊടുക്കുന്നു? എങ്കിലും വീരഭദ്രന്റെ ശക്തി ഒന്നു വേറെതന്നെ. ശിവന്റെ കിങ്കരന്മാരിൽ ഒരു പ്രധാനിയുമാണല്ലോ വീരഭദ്രൻ. ആ മഹാഭൂതം പുഷ്കലനെ കൊന്നുവീഴ്ത്തി.

ശിവനാണല്ലോ വീരഭദ്രനെ പറഞ്ഞയച്ചത്. വീരഭദ്രന്റെ പ്രവൃത്തി ശത്രുഘ്നനെ മോഷാകുലനാക്കി. ശത്രുഘ്നൻ ശിവനോട് യുദ്ധം ആരംഭിച്ചു. പക്ഷേ, ഭഗവാനോട് എന്തുചെയ്യാനൊക്കും? ശത്രുഘ്നൻ മോഹാലസ്യപ്പെട്ടു നിലംപതിച്ചു. അതു കണ്ടു ഹനുമാൻ കോപിച്ചു ശിവനെ ചെന്നെതിർത്തു.

ഹനുമാന്റെ വീര്യവും ബലവും ശിവനെ സന്തോഷപ്പെടുത്തി.

"വരം ചോദിച്ചുകൊള്ളൂ." ശിവൻ ആവശ്യപ്പെട്ടു.

"ഭഗവാനേ, പുഷ്കലൻ മരിച്ചുപോയി. ശത്രുഘ്നന് ബോധക്ഷയവുമുണ്ട്. സഞ്ജീവനിയാൽ അവരെ രക്ഷിക്കാനൊക്കും. ഞാൻ സഞ്ജീവനിക്കായി ദ്രോണാചലത്തിലേക്കു പോകുന്നു. അവിടുന്ന് ഞാൻ വരുന്നതുവരെ ഇവരെ കാത്തുനില്ക്കണം." ഹനുമാൻ അപേക്ഷിച്ചു.

ആ അപേക്ഷ ശിവൻ സ്വീകരിച്ചു.

ഹനുമാൻ ആകാശമാർഗേണ ദ്രോണപർവ്വതത്തിൽ എത്തിച്ചേർന്നു. ഔഷധം പറിച്ചെടുത്തു മടങ്ങാൻ ഒരുക്കമായി. അപ്പോൾ ദേവന്മാർ വന്ന് ഹനുമാനെ തടഞ്ഞു. ഔഷധം കൊണ്ടുപോകുന്നത് അവർക്ക് ഇഷ്ടമല്ല.

ഹനുമാൻ ദേവന്മാരെ ആട്ടിയോടിച്ചു.

ദേവേന്ദ്രൻ ബൃഹസ്പതിയോടു പരാതി പറഞ്ഞു.

"ഹനുമാനെ തോല്പിക്കാൻ നിങ്ങൾക്കാർക്കും സാധിക്കുകയില്ല." ദേവഗുരു തീർത്തുപറഞ്ഞു.

ഔഷധവുംകൊണ്ട് ഹനുമാൻ യുദ്ധരംഗത്തിൽ തിരിച്ചെത്തി. അപ്പോൾ മരിച്ച പുഷ്കലൻ ജീവിച്ചെഴുന്നേറ്റു. ശത്രുഘ്നന്റെ മോഹാലസ്യവും മാറി.

പൂർവ്വാധികം വാശിയോടെ യുദ്ധം വീണ്ടും ആരംഭിച്ചു. പാതാളയുവതി സമ്മാനിച്ചിരുന്നില്ലേ ദിവ്യാസ്ത്രം? ശത്രുഘ്നൻ വീരമണിക്കെതിരെ ആ ദിവ്യാസ്ത്രം പ്രയോഗിച്ചു. വീരമണി ബോധംകെട്ടു നിലംപതിച്ചു. പക്ഷേ, അതിനപ്പുറമൊന്നും ചെയ്യാൻ ശത്രുഘ്നന് സാധ്യമായില്ല. ശിവൻ വന്ന് ശത്രുഘ്നനോട് സമരം തുടങ്ങിയിരുന്നു. ശത്രുഘ്നനു ക്ഷീണം സഹിക്കവയ്യാതെയായി.

മനസ്സ് ജ്യേഷ്ഠനായ ശ്രീരാമനിൽ പറ്റിക്കൂടി.

"ജ്യേഷ്ഠാ, എന്നെ രക്ഷിക്കണേ!" ശത്രുഘ്നൻ മനംനൊന്തു പ്രാർത്ഥിച്ചു.

അത്ഭുതം! അതാ മുൻപിൽ നില്ക്കുന്നു ശ്രീരാമൻ!

തൽക്ഷണം ശത്രുഘ്നന്റെ ക്ഷീണം വിട്ടുമാറി.

ശിവനും ശ്രീരാമനും തമ്മിൽ കണ്ടുമുട്ടി.

"രാമാ, മുമ്പ് വീരബാഹു എന്നെ തപസ്സുചെയ്തു. ഞാൻ അവന്റെ രാജ്യം കാത്തുനില്ക്കണം—അതിനായിരുന്നു തപസ്സ്. ഒരു കാര്യം ഞാൻ ഏറ്റിട്ടുമുണ്ടായിരുന്നു—രാമന്റെ യാഗാശ്വം വരുന്നതുവരെ ഞാൻ അപ്രകാരം ചെയ്യാമെന്ന്." ശിവൻ അറിയിച്ചു.

അതിനുശേഷം ശ്രീരാമൻ അന്തർദ്ധാനംചെയ്തു.

ശിവൻ വീരമണിയുടെ ആലസ്യം തീർത്തു.

വീരമണി യാഗാശ്വത്തെ ശത്രുഘ്നന് തിരിച്ചേല്പിച്ചു. ശത്രുഘ്നന് കെങ്കേമമായ സ്വീകരണവും നല്കി. അതിനുശേഷം അദ്ദേഹം ശത്രുഘ്നന്റെ പക്ഷത്തിൽ ചേർന്നു പുതിയ മിത്രത്തോടുകൂടി യാഗാശ്വത്തെ അനുഗമിക്കുകയുംചെയ്തു.

ഹേമകൂടം എന്നൊരു പർവ്വതമുണ്ട്. ആ പർവ്വതത്തിന്റെ താഴ്വരയിൽ ഒരു ഉദ്യാനവും. യാഗാശ്വം ആ ഉദ്യാനത്തിൽ കാലുകുത്തിയതേയുള്ളു—അതങ്ങനെ സ്തംഭിച്ചുനില്പായി. കൊത്തിവെച്ച കൽപ്രതിമപോലെ!

നിന്നിടത്തുനിന്നു കുതിരയെ ഇളക്കണം—അതിനായി അശ്വപാലകൻ അങ്ങേയറ്റം പരിശ്രമിച്ചു. പക്ഷേ, കുതിര അവിടന്ന് അണുവളവുപോലും ഇളകിയില്ല!

വിവരമറിഞ്ഞ് ശത്രുഘ്നൻ വന്നെത്തി. അദ്ദേഹം കുതിരയുടെ കാലുകളിൽ പിടിച്ചു. എന്നിട്ടു കഴിയുന്നത്ര ബലത്തോടെ വലിച്ചു. കുതിര പഴയതുപോലെ ഉറച്ചുനിന്നതേയുള്ളു.

ഹനുമാന്റെ മുറയായിരുന്നു അടുത്തത്. ആ വാനരശ്രേഷ്ഠൻ വാൽ കൊണ്ടു കുതിരയെ വരിഞ്ഞു. എന്നിട്ട് സർവശക്തിയും ചേർത്ത് ആഞ്ഞു വലിച്ചു. കുതിരയ്ക്ക് ഒരംഗുലംപോലും ഇളക്കമുണ്ടായില്ല.

"സുമതി, ഇനി എന്താണ് ഞാൻ ചെയ്യേണ്ടത്?"

ശത്രുഘ്നൻ ജ്ഞാനിയായ മന്ത്രിയോട് അഭിപ്രായം ചോദിച്ചു.

"ഇവിടെ അടുത്തു മഹിമയുള്ള ഒരു മഹർഷിയുണ്ട്. ആ മഹാത്മാവിനു മാത്രമേ സഹായിക്കാനൊക്കൂ." സുമതി അറിയിച്ചു.

ഭടന്മാരോടുകൂടി ശത്രുഘ്നൻ മഹർഷിയുടെ ആശ്രമത്തിലേക്കു പോയി.

ശൗനകൻ എന്ന മഹർഷിയാണ് ആ ആശ്രമത്തിൽ പാർത്തുവരുന്നത്.

സ്തംഭിച്ചുപോയ യാഗാശ്വത്തിന്റെ കാര്യം അറിയിച്ചു ശത്രുഘ്നൻ.

"എന്താണ് അതിനു കാരണം?" അദ്ദേഹം തൊഴുകൈയോടെ ശൗനകനോടു ചോദിച്ചു.

മഹർഷി തെല്ലൊന്നു ധ്യാനിച്ചിരുന്നു. അപ്പോഴേക്കും കാരണം അറിവായി. അതു പറഞ്ഞു, ഒരു കഥയുടെ രൂപത്തിൽ.

ഗൗഡദേശത്ത് സാത്വികൻ എന്നൊരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അദ്ദേഹം തീവ്രമായ തപസ്സ് ആരംഭിച്ചു. തപസ്സു തുടരവേ മരിച്ചുപോയി. ഉടനെതന്നെ ദിവ്യമായ ഒരു വിമാനം വന്നിറങ്ങി. സാത്വികൻ വിമാനത്തിൽ കയറി. ജംബുനദിയുടെ തീരത്ത് ചെന്നിറങ്ങി. അവിടെ കുറെ മഹർഷിമാരുണ്ട്. സാത്വികൻ അവരുടെ കൂട്ടത്തിൽ കഴിയുകയുംചെയ്തു.

ഒരു ഗർവുണ്ടായി അദ്ദേഹത്തിന്—താനാണ് ഏറ്റവും കേമൻ എന്ന്. ഗർവ് മറ്റു മഹർഷിമാരെ ചൊടിപ്പിച്ചു. അവർ ശാപമേകി, സാത്വികൻ രാക്ഷസനാവട്ടെ എന്ന്. പിന്നീട് ശാപമോക്ഷവും നല്കി—ഒരുനാൾ സാത്വികൻ ശ്രീരാമന്റെ യാഗാശ്വത്തെ സ്തംഭിപ്പിക്കും; ആ സമയം ശ്രീരാമചരിതം കേൾക്കാൻ ഇടവരും; അതോടുകൂടി രാക്ഷസരൂപം മാറും.

"ശത്രുഘ്നാ, അങ്ങയുടെ യാഗാശ്വം സ്വയം സ്തംഭിച്ചതല്ല. സാത്വികൻ സ്തംഭിപ്പിച്ചതാണ്. അദ്ദേഹത്തെ ശ്രീരാമചരിതം കേൾപ്പിക്കൂ." ശൗനകൻ ഉപദേശിച്ചു.

ഗൗതമനെ വന്ദിച്ചിട്ട് ശത്രുഘ്നൻ തിരിച്ചുപോയി. സ്വജനങ്ങളെ നടന്നതെല്ലാം അറിയിക്കുകയും ചെയ്തു. എല്ലാവരുമായി സ്തംഭിച്ചു നില്ക്കുന്ന യാഗാശ്വത്തിന്റെ അരികിലെത്തി. ഹനുമാൻ ശ്രീരാമചരിതം ഭംഗിയായി വർണ്ണിച്ചു. ഉടനെ താഴുകയായി ഒരു ദിവ്യവിമാനം.

ദിവ്യരൂപിയായ ഒരാൾ വിമാനത്തിൽ ഇരിപ്പുണ്ട്. ആ ആൾ സാത്വികൻതന്നെയാണ്. അദ്ദേഹം ദിവ്യലോകത്തിലേക്കു യാത്രയായി. യാഗാശ്വത്തിന്റെ സ്തംഭനം അതോടെ അവസാനിക്കുകയും ചെയ്തു.

വീണ്ടും ആരംഭിച്ചു സഞ്ചാരം.

അയോദ്ധ്യ വിട്ടിട്ട് ഏഴുമാസമായി. അപ്പോഴേക്കും യാഗാശ്വം കുണ്ഡലം എന്ന നഗരത്തിലെത്തി. സുരഥൻ എന്ന രാജാവാണ് കുണ്ഡലനഗരത്തിന്റെ അധിപൻ. എല്ലാ ഗുണങ്ങളും തിങ്ങിവിളങ്ങിയിരുന്നു സുരഥനിൽ. പോരെങ്കിൽ ശ്രീരാമഭക്തരിൽ മുൻപനും ആയിരുന്നു ആ രാജാവ്. യാഗാശ്വം വന്നെത്തിയതായി അറിവുകിട്ടിയപ്പോഴോ? സുരഥന്റെ ഹൃദയത്തിൽ ആനന്ദം നിറഞ്ഞുവഴിഞ്ഞു. ശ്രീരാമനെ നേരിട്ടു കാണാനുള്ള സന്ദർഭം ഇതാ വന്നി

രിക്കുന്നു. താൻ ശ്രീരാമന്റെ യാഗാശ്വത്തെ പിടിച്ചുകെട്ടും. ശത്രുഘ്നനും കൂട്ടരും എന്തുവേണമെങ്കിലും ചെയ്തുകൊള്ളട്ടെ. താൻ അവർക്ക് യാഗാശ്വത്തെ വിട്ടുകൊടുക്കില്ല. അപ്പോൾ ശ്രീരാമനു വരാതിരിക്കാൻ സാധിക്കയില്ല. ശ്രീരാമനെ അപ്പോൾ കാണാൻ കിട്ടും!

സുരഥന് ഒരു പൂർവ്വചരിത്രം ഉണ്ടായിരുന്നു.

സുകൃതിയായിരുന്നു സുരഥൻ. അതിന്റെ സൽഫലം രാജ്യത്ത് അങ്ങോളമിങ്ങോളം കാണപ്പെട്ടു. പാപികൾ ഒരിടത്തും ഇല്ലാതെയായി. എല്ലാവരും നന്മയുള്ളവർ. എല്ലാവരും ധർമിഷ്ഠന്മാർ. എല്ലാവരും ശ്രീരാമഭക്തന്മാർ. മരണശേഷം അവർക്കു ലഭിക്കുന്നത് മോക്ഷവും.

യമഭടന്മാർക്ക് ആ രാജ്യത്ത് പ്രവേശനം ഇല്ലെന്നായി.

സുരഥനെ പരീക്ഷിക്കാൻ യമൻ നിശ്ചയിച്ചു. ആ ദേവൻ മുനിവേഷത്തിൽ രാജാവിന്റെ മുൻപിലെത്തി. രാജാവ് മുനിക്ക് ഹാർദ്ദമായ സ്വാഗതമേകി.

"മഹാത്മൻ, അവിടുന്ന് എന്നെ രാമമാഹാത്മ്യം കേൾപ്പിച്ചാലും." അദ്ദേഹം അഭ്യർത്ഥിച്ചു.

മുനി കൈകൊട്ടി ചിരിച്ചു.

"എന്തിനാണ് അവിടുന്നു ചിരിക്കുന്നത്?" രാജാവ് മനസ്സിലാകാതെ ചോദിച്ചു.

മുനി മഹാവിഷ്ണുവിനെ അധിക്ഷേപിച്ചു സംസാരിച്ചു.

സുരഥന് അതൊട്ടും ഇഷ്ടമായില്ല.

"മഹാത്മൻ, അവിടുന്ന് എന്റെ ഈശ്വരനെ പഴിക്കാതിരിക്കണം. അവിടുന്ന് ഒരു മുനിയായിപ്പോയി. അതുകൊണ്ടുമാത്രം ഞാൻ ക്ഷമിക്കുകയാണ്. മറ്റാരും ആയിരുന്നെങ്കിലോ? തീർച്ചയായും ഞാൻ ശിക്ഷിക്കുമായിരുന്നു." രാജാവ് പറഞ്ഞു.

പരീക്ഷയിൽ സുരഥൻ ജയിച്ചിരിക്കുന്നു. അത് തീർച്ചയായപ്പോഴോ? യമൻ മുനിവേഷം വെടിഞ്ഞു സ്വരൂപം കൈക്കൊണ്ടു. എന്നിട്ട് വരം നല്കാനും സന്നദ്ധനായി.

"ദേവാ, ശ്രീരാമനെ കണ്ണുകൊണ്ടു കാണുന്നതുവരെ ഞാൻ മരിച്ചുകൂടാ. എനിക്ക് അങ്ങയിൽനിന്നു ഭയവും ഉണ്ടായിക്കൂടാ." സുരഥൻ അപേക്ഷിച്ചു.

ആ വരങ്ങൾ നല്കിയിട്ട് യമൻ അപ്രത്യക്ഷനായി.

സുരഥൻ കുതിരയെ പിടിച്ചുകെട്ടിയതിന്റെ രഹസ്യം സ്പഷ്ടമല്ലേ?

അദ്ദേഹം അതിവേഗം പടയൊരുക്കം തീർത്തു.

ശത്രുഘ്നനും യുദ്ധത്തിനു സന്നദ്ധനായി.

"ആദ്യം ഒരു ദൂതനെ സുരഥന്റെ അടുക്കലേക്കു പറഞ്ഞയയ്ക്കൂ." സുമതി ഉപദേശിച്ചു.

ബാലിയുടെ പുത്രനാണല്ലോ അംഗദൻ. ശത്രുഘ്നൻ ദൂതനായി തെരഞ്ഞെടുത്തത് അംഗദനെയാണ്. ആ വാനരപ്രമാണി സുരഥന്റെ സവിധത്തിലെത്തി.

"ഹേ വാനരാ, എന്താണ് നിങ്ങൾ ഇങ്ങോട്ടുവരാൻ കാരണം?" രാജാവു ചോദിച്ചു.

"ഞാൻ ശത്രുഘ്നന്റെ ദൂതനാണ്. അങ്ങ് യാഗാശ്വത്തെ ശത്രുഘ്നന് തിരിച്ചുനല്കണം. അതോടുകൂടി മാപ്പു ചോദിക്കുകയും വേണം. അല്ലാ

ത്തപക്ഷം മരണമായിരിക്കും അങ്ങയുടെ അനുഭവം." അംഗദൻ പറഞ്ഞു.

സുരഥൻ പുഞ്ചിരിതൂകി.

"ദൂതാ, ശത്രുഘ്നനെ പേടിച്ചിട്ടൊന്നും ഞാൻ കുതിരയെ വിട്ടുതരികയില്ല. ശ്രീരാമൻ വന്ന് എനിക്കു ദർശനം തരട്ടെ. അപ്പോൾ കുതിരയെ തരാം. ഇനി ശ്രീരാമൻ വന്നില്ലെങ്കിലോ? ഞാൻ ശത്രുഘ്നനെ പിടിച്ചുകെട്ടി തടവിലിടും." രാജാവും പറഞ്ഞു.

അംഗദന് ആ വാക്കുകൾ രുചിച്ചില്ല.

"രാജാവേ, ശത്രുഘ്നന്റെ വീര്യം അങ്ങ് അറിഞ്ഞിട്ടില്ലായിരിക്കും. ലവണാസുരനെയും വിദ്യുന്മാലിയെയും തോല്പിച്ചയാളാണ് അദ്ദേഹം. പോരെങ്കിൽ അദ്ദേഹത്തെ സഹായിക്കാൻ പുഷ്കലനുണ്ട്. ഹനുമാനുണ്ട്. മറ്റു പരാക്രമികളുണ്ട്." അംഗദൻ ഓർമിപ്പിച്ചു.

"ഞാൻ അവരെക്കുറിച്ച് അല്പമൊക്കെ കേട്ടിട്ടുണ്ട്. കഴിയുമെങ്കിൽ അവർ ബലംപ്രയോഗിച്ച് കുതിരയെ കൊണ്ടുപൊയ്ക്കൊള്ളട്ടെ." സുരഥൻ പറഞ്ഞുനിർത്തി.

ആ നിലയ്ക്ക് യുദ്ധമല്ലാതെ മറ്റു മാർഗ്ഗമുണ്ടോ?

യുദ്ധം താമസിയാതെ ആരംഭിക്കുകയുംചെയ്തു.

പടക്കളത്തിലെ പല ഭാഗങ്ങളിലും പരാക്രമങ്ങൾ പലതും നടന്നുകൊണ്ടിരുന്നു.

മഹാവീരന്മാരായ പത്തു പുത്രന്മാരുണ്ട് സുരഥന്. അവരിൽ പ്രധാനിയാണ് ചമ്പകൻ. ആ രാജപുത്രൻ പുഷ്കലനോട് ദ്വന്ദ്വയുദ്ധത്തിലേർപ്പെട്ടു. പുഷ്കലൻ സാമർത്ഥ്യത്തോടും വീറോടും പോരാടി. പക്ഷേ, അതൊന്നും ഒരു പ്രയോജനവും ഉളവാക്കിയില്ല. ചമ്പകൻ പുഷ്കലനെ തടവിൽ പിടിച്ചു.

അതുകണ്ട് ഹനുമാൻ പാഞ്ഞടുത്തു. ചമ്പകനും ഹനുമാനും തമ്മിലായി അപ്പോഴത്തെ ദ്വന്ദ്വയുദ്ധം. ഒടുവിൽ ഹനുമാൻ എതിരാളിയെ പൊക്കിയെടുത്ത് ചുഴറ്റി ഒരേറ്! ചമ്പകൻ ആകാശത്തേക്ക് ഉയർന്നു. പെട്ടെന്ന് താഴ്ന്നു ഭൂമിയിൽ വീണു. അവിടെ കിടന്നു. ഹനുമാൻ പുഷ്കലനെ രക്ഷിച്ച് കൂട്ടിക്കൊണ്ടു പോവുകയുംചെയ്തു.

സുരഥൻ ഹനുമാനെ ചെന്നെതിർത്തു. വളരെനേരം തുല്യനിലയിൽ തുടർന്നുപോയി ആ ദ്വന്ദ്വയുദ്ധം. വില്ല്, അമ്പ്, വേൽ, ഗദ—അങ്ങനെ പല ആയുധങ്ങൾകൊണ്ട് സുരഥൻ പൊരുതി. ആ ആയുധങ്ങളൊന്നും ഹനുമാനോട് ഫലിക്കുകയുണ്ടായില്ല. അവസാനം രാജാവ് രാമാസ്ത്രം പ്രയോഗിച്ചു. ആ ദിവ്യാസ്ത്രത്താൽ ഹനുമാൻ ബന്ധിതനായി.

പുഷ്കലൻ ഓടിവന്ന് സുരഥനെ എതിർത്തു. പക്ഷേ, പുഷ്കലന് ബോധക്ഷയമുണ്ടായി. പിന്നീട് ശത്രുഘ്നന്റെ മുറയായി. സുരഥന്റെ പരാക്രമം ഒന്നുവേറെയായിരുന്നു. ശത്രുഘ്നൻ പരാജയപ്പെട്ടു എന്നതോ പോകട്ടെ; അദ്ദേഹത്തിന്റെ പടയാളികൾ പടക്കളം വിട്ടു പാഞ്ഞുപോയി.

ബന്ധനസ്ഥനായ ഹനുമാന്റെ സ്മരണ ശ്രീരാമനിൽ പറ്റിക്കൂടി.

"രക്ഷിക്കണേ!" എന്ന് പലവുരു പ്രാർത്ഥിച്ചു ആ പരമഭക്തൻ.

അത്ഭുതമെന്നല്ലാതെ എന്താണു പറയുക? തൽക്ഷണം ശ്രീരാമൻ പ്രത്യക്ഷനായി. അപ്പോൾ ഹനുമാൻ മുക്തനുമായി.

ശ്രീരാമൻ വന്നണഞ്ഞുവല്ലോ. അതുതന്നെയാണ് സുരഥന് വേണ്ടിയിരുന്നത്. അദ്ദേഹം ശ്രീരാമനെ പലവുരു വീണുവണങ്ങി. ശ്രീരാമൻ സുരഥനെ എഴുന്നേല്പിച്ച് ആലിംഗനംചെയ്തു.

"അടിയൻ ചെയ്തുപോയ കുറ്റത്തിനു മാപ്പു തരണേ!" സുരഥൻ പ്രാർത്ഥിച്ചു.

"സുരഥാ, നിനക്കു യാതൊരു ചാഞ്ചല്യവും വേണ്ട. നീ ധർമ്മമല്ലാതെ മറ്റാന്നും ചെയ്തിട്ടില്ല." ശ്രീരാമൻ അരുളിച്ചെയ്തു.

അതിനുശേഷം ശ്രീരാമൻ അന്തർധാനംചെയ്തു.

മുമ്പ് ചില രാജാക്കന്മാർ ചെയ്തില്ലേ? അവരെ അനുകരിച്ചു സുരഥൻ. അദ്ദേഹം പുത്രനായ ചമ്പകന് രാജ്യം നല്കി. അതിനുശേഷം ശത്രുഘ്നന്റെ കുട്ടാളിയായി. യാഗാശ്വത്തെ കാത്തുകൊണ്ട് യാത്രയുമായി.

യാഗാശ്വം വാല്മീകിമഹർഷിയുടെ ആശ്രമത്തിൽ എത്തിച്ചേർന്നു. പിറകെ ശത്രുഘ്നനന്റെ അനുയായികളും.

ഇതിനിടെ അവിടെ നടന്നിരുന്ന സംഭവങ്ങൾ എന്തെല്ലാമാണ്? ശ്രീരാമൻ ഗർഭിണിയായ സീതയെ വനത്തിൽ ഉപേക്ഷിച്ചിരുന്നുവല്ലോ. സീതയെ വാല്മീകി തന്റെ ആശ്രമത്തിൽ പാർപ്പിച്ച് രക്ഷിച്ചു. യഥാകാലം സീതയ്ക്കു രണ്ടു പുത്രന്മാർ ജനിച്ചു—കുശനും ലവനും. വാല്മീകിയുടെ മേൽനോട്ടത്തിൽ ബാലന്മാർ വളർന്നുവന്നു. വേദാദികൾ മാത്രമല്ല, ആയുധവിദ്യയും അദ്ദേഹം അവരെ അഭ്യസിപ്പിച്ചു. ബാലന്മാർ രണ്ടും ശക്തന്മാരും വീരന്മാരും ആയിരുന്നു. അച്ഛൻ ശ്രീരാമനാണ് എന്ന് അവർ അറിഞ്ഞിട്ടില്ല.

ലവനും മുനിശിഷ്യരായ കുട്ടുകാരും ഒന്നിച്ചുണ്ട്. അതാ വരുന്നു ഒരു കുതിര! ലവൻ അതിന്റെ അടുത്തുചെന്നു. പൊന്നോലയിൽ കുറിപ്പു കണ്ടു. കുറിപ്പു വായിച്ചു മനസ്സിലാക്കി, അരിശവും തോന്നി.

"കുട്ടുകാരേ, ആരാണ് ഈ രാമനും ശത്രുഘ്നനും മറ്റും? അവർ മാത്രമേയുള്ളു ക്ഷത്രിയരായിട്ട് എന്നു തോന്നുമല്ലോ! അവർക്കൊന്നു കാണിച്ചുകൊടുക്കുകതന്നെ. ഞാൻ ഈ കുതിരയെ പിടിച്ചുകെട്ടും. ശത്രുഘ്നൻ വന്നു വീണ്ടെടുക്കട്ടെ." ലവൻ പറഞ്ഞു.

മറ്റുള്ള ബാലന്മാർ ലവനെ വിലക്കി. പക്ഷേ, ലവൻ അതൊന്നും വകവെച്ചില്ല. അവൻ കുതിരയെ പിടിച്ചുകെട്ടി.

ശത്രുഘ്നന്റെ ഭടന്മാരിൽ ചിലർ ദൂരെനിന്ന് അതു കണ്ടു. അവർ ലവന്റെ നേർക്കു പാഞ്ഞടുത്തു. അപ്പോഴാണ് അവർക്കു ബാലന്റെ യുദ്ധസാമർത്ഥ്യം അറിവായത്. അവർ മുറിവുകളേറ്റ് ഓടിപ്പോയി.

കാലജിത്ത് എന്നൊരു സേനാധിപനുണ്ട്. അയാളെ ശത്രുഘ്നൻ പറഞ്ഞയച്ചു. ഒരു സേനാവിഭാഗത്തെ നയിച്ചുകൊണ്ട് കാലജിത്ത് ലവന്റെ മുൻപിലെത്തി.

"കുട്ടീ, കുതിരയെ വിട്ടുതരൂ. അതാണ് നിനക്കു നല്ലത്. ഞാനാരെന്നു നിനക്കറിയില്ല എന്നു തോന്നുന്നു. ശത്രുഘ്നന്റെ സേനാധിപനായ കാലജിത്താണ് ഞാൻ. മനസ്സിലായോ? അയാൾ ഭയപ്പെടുത്താൻ ശ്രമിച്ചു."

വീരനായ ലവന് യാതൊരു കൂസലും ഉണ്ടായില്ല.

"ഓഹോ, കാലജിത്ത് എന്നാണ് നിങ്ങളുടെ പേര്, അല്ലേ? പേരിനൊത്ത കരുത്തുണ്ടോ വാസ്തവത്തിൽ? ഉണ്ടെങ്കിൽ അതിപ്പോൾ കാണിക്കണം. നിങ്ങൾ എന്നെ ജയിക്കൂ. കാണട്ടെ!" ലവൻ വെല്ലുവിളിച്ചു.

കാലജിത്തും ഭടന്മാരും ആ വെല്ലുവിളി സ്വീകരിച്ചു. അവർ ലവനോട് സമരം തുടങ്ങി. ഒരു ഫലവും ഉണ്ടായില്ല. പഠിച്ച പണി പതിനെട്ടും അവർ നോക്കി. അവയൊന്നും ലവനോട് വിലപ്പോയില്ല എന്നുമാത്രമോ? കാലജിത്തിനു ജീവഹാനിയും സംഭവിച്ചു!

വിവരമറിഞ്ഞ ശത്രുഘ്നൻ വല്ലാതെ വിഷമിച്ചുപോയി. കേവലമൊരു ബാലൻ കാലജിത്തിനെ വധിക്കുകയോ? വിശ്വസിക്കാൻ പ്രയാസമായിരുന്നു. എങ്കിലും അതു സംഭവിച്ചിരിക്കുന്നു. എന്നാലിനി ആ ബാലനെ ഇല്ലായ്മചെയ്യുകതന്നെ! ശത്രുഘ്നനും ഭടന്മാരും സ്ഥലത്തു പാഞ്ഞെത്തി. ശത്രുഘ്നൻ, പുഷ്കലൻ, ഹനുമാൻ, മറ്റു വീരന്മാർ—എല്ലാവരും ലവനെ തോല്പിക്കാൻ യത്നിച്ചു. പക്ഷേ, അവരിൽ ആർക്കും അതു സാധ്യമായില്ല. നിവൃത്തിയില്ലാതെ ശത്രുഘ്നൻ ആ ദിവ്യാസ്ത്രം എടുത്തു. മുമ്പ് ലവണാസുരനെ നിഹനിച്ച ദിവ്യാസ്ത്രം. അതേറ്റു ലവൻ മൂർച്ഛിച്ചു വീണുപോയി.

ദൂരെ നോക്കിനില്ക്കുകയായിരുന്നു ലവന്റെ കൂട്ടുകാരായ കുട്ടികൾ. അവർ ഓടിച്ചെന്ന് സീതയെ വിവരം ധരിപ്പിച്ചു. സീത പരിഭ്രമിച്ചുവശായി. അപ്പോഴേക്കും കുശൻ അമ്മയുടെ അടുക്കൽ വന്നെത്തി. സംഭവമറിഞ്ഞ കുശൻ ധൃതിയിൽ ആയുധങ്ങൾ ധരിച്ച് ഓടിപ്പോയി. നേരെ ലവന്റെ സമീപത്തു ചെന്നു.

അപ്പോഴേക്കും ലവന്റെ ബോധക്ഷയം തീർന്നിട്ടുണ്ടായിരുന്നു. ആ കുമാരൻ ജ്യേഷ്ഠന്റെ പാർശ്വത്തിൽ ചെന്നുനിന്നു. ഇരുവരുംകൂടി ശത്രുഘ്നന്റെ സൈന്യത്തോടു പൊരുതും തുടങ്ങി. എതിരാളികൾ വല്ലാത്ത വിഷമത്തിലായി. ഇപ്പോൾ ഒന്നിനുപകരം രണ്ടു ബാലശത്രുക്കൾ—വീര്യം ബാലരൂപങ്ങൾ ധരിച്ചപോലെ!

ശത്രുഘ്നൻ കുശനെ നേരിട്ടു.

"കൂട്ടീ, ആരാണ് നീ? നിന്റെ അച്ഛനമ്മമാർ ആരാണ്? അതറിഞ്ഞിട്ടാവാം ഇനിമേലുള്ള യുദ്ധം." ശത്രുഘ്നൻ പറഞ്ഞു.

"എന്റെ പേർ കുശൻ. എന്റെ സഹോദരൻ ലവൻ. ഞങ്ങൾ സീതയുടെ പുത്രന്മാരാണ്. നിങ്ങൾ വീരനാണെങ്കിൽ യുദ്ധത്തിനു വരൂ." കുശൻ വിളിച്ചുപറഞ്ഞു.

ശത്രുഘ്നനും മറ്റുള്ളവരും ആശ്ചര്യംകൊണ്ടു പരവശരായി. കുട്ടികൾ സീതയുടെ പുത്രന്മാരാണത്രെ! ആരാണ് സീത? തന്റെ ജ്യേഷ്ഠനായ ശ്രീരാമന്റെ സഹധർമ്മിണി. അപ്പോൾ ശ്രീരാമന്റെ മക്കളാണ് ലവനും കുശനും!

യുദ്ധം കൂടാതെ യാഗാശ്വത്തെ വീണ്ടെടുക്കണം—അതിനായി ശത്രുഘ്നൻ തീവ്രമായി പരിശ്രമിച്ചു. പക്ഷേ, കുശനും ലവനും ഒരു പ്രലോഭനത്തിനും വഴങ്ങിയില്ല. ബലപ്രയോഗം എന്ന ഒരൊറ്റമാർഗ്ഗമേ ശത്രുഘ്നന് അവശേഷിച്ചിട്ടുള്ളു. യുദ്ധം വീണ്ടും ആരംഭിച്ചു. ശത്രുഘ്നനും ഭടന്മാരും വാശിയോടെ പോരാടി. പക്ഷേ, കുശനെയും ലവനെയും കീഴ്പ്പെടുത്താൻ അവർക്കു കഴിഞ്ഞില്ല. മാത്രമല്ല, അവർ തോറ്റുപോവുകയുംചെയ്തു.

കുശൻ ഹനുമാനെയും സുഗ്രീവനെയും കണ്ടു.

"അനുജാ, അതാ രണ്ടു കുരങ്ങന്മാർ! നമുക്ക് ഇവരെ പിടിച്ച് ആശ്രമത്തിലേക്കു കൊണ്ടുപോകാം. മുനികുമാരന്മാർക്കു കളിക്കാൻ കൊള്ളാം! ഇവരെ കാണാൻ അമ്മയ്ക്കും കൗതുകമുണ്ടാവും." കുശൻ പറഞ്ഞു.

ജ്യേഷ്ഠാനുജന്മാർ ഹനുമാനെയും സുഗ്രീവനെയും ബന്ധിച്ചുകൊണ്ടു പോയി. ആശ്രമത്തിലേക്കു ചെന്നു. അമ്മയെ കണ്ടു.

സീത പുത്രന്മാരെ മാറോടണച്ചു തഴുകി.

ഹനുമാനെയും സുഗ്രീവനെയും തിരിച്ചറിയാൻ സീതയ്ക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല.

"മക്കളേ, ഇവരെ വിട്ടയയ്ക്കുവിൻ." സീത നിർദ്ദേശിച്ചു.

ബാലന്മാർ വാനരന്മാരെ മോചിപ്പിച്ചു. തുടർന്ന് യാഗാശ്വത്തെയും. ശത്രുഘ്നൻ യാഗാശ്വത്തോടുകൂടി പിന്നെയും സഞ്ചരിച്ചു. ഒടുവിൽ അയോദ്ധ്യയിൽ തിരിച്ചെത്തി.

ശ്രീരാമന്റെ അശ്വമേധയാഗം യഥാവിധി സമാപിച്ചു.

(പദ്മപുരാണം പാതാളഖണ്ഡം)

സീതയുടെ പൂർവ്വജന്മവും ശാപവും

സീതയെക്കുറിച്ച് രണ്ടു കഥകൾ പറയട്ടെ. ആദ്യത്തേത് സീതയുടെ പൂർവ്വജന്മത്തിന്റെ കഥ. രണ്ടാമത്തേത് സീതയ്ക്കേറ്റ ഒരു ശാപത്തിന്റെ കഥയും.

ഭർത്താവ് കുശധ്വജൻ. ഭാര്യ മാലാവതി. ആ ദമ്പതികൾക്ക് ഒരു പുത്രിയുണ്ടായി. ലക്ഷ്മീദേവിയുടെ അംശമായിരുന്നു പെൺകുട്ടി. ജനിച്ച സമയത്തുതന്നെ വേദങ്ങൾ സ്ഫുടമായി ഉച്ചരിക്കുന്നു! അതിനാൽ അവൾക്ക് വേദവതി എന്ന പേരായി.

വേദവതി വളർന്നു വലുതായപ്പോഴോ? തപസ്സിൽ മാത്രമായി ചിന്ത. എല്ലാവരും അവളോട് നിർബന്ധിച്ചു—ആ ചിന്ത ഉപേക്ഷിക്കണം എന്ന്. പക്ഷേ, അവൾ തന്റെ നിശ്ചയത്തിൽ ഉറച്ചുനിന്നതേയുള്ളു. അവൾ നേരെ പുഷ്കരത്തിലേക്കു പോയി. അവിടെയിരുന്ന് അത്യുഗ്രമായ തപസ്സും ആരംഭിച്ചു. സ്വതവേ അതിയായ ശരീരകാന്തി ഉണ്ടായിരുന്നു അവൾക്ക്. തപസ്സു കാരണം ആ ശരീരകാന്തി വർദ്ധിച്ചുവന്നു.

ഒരിക്കൽ ഒരു അശരീരി കേൾക്കുമാറായി:

"വേദവതീ, ഇനിയൊരു ജന്മത്തിൽ മഹാവിഷ്ണു നിന്റെ ഭർത്താവാകും."

അതിനുതന്നെയാണ് വേദവതി തപസ്സ് അനുഷ്ഠിക്കുന്നതും. അശരീരി അവളെ അത്യന്തം ആഹ്ലാദിപ്പിച്ചു. അവൾ പഴയതുപോലെ തപസ്സ് തുടർന്നുപോയി. ഇപ്രാവശ്യം ഗന്ധമാദനത്തിൽ ആയിരുന്നു എന്ന വ്യത്യാസം മാത്രം.

ആ കാലത്ത് രാവണൻ ചെറുപ്പമായിരുന്നു.

രാക്ഷസന്മാരുടെ ചക്രവർത്തിയാണല്ലോ രാവണൻ. ആ അഹങ്കാരി ഒരിക്കൽ ഗന്ധമാദനത്തിൽ വന്നെത്തി; വേദവതി തപസ്സുചെയ്യുന്ന സ്ഥലത്തും.

അവന്റെ കണ്ണുകൾ തപസ്വിനിയുടെ മുഖത്തിൽ പതിഞ്ഞു. ആ നിമിഷം അവന്റെ ഹൃദയത്തിൽ ഒരു ആഗ്രഹം കടന്നുകൂടി—ഇവളെ ഭാര്യയായി കിട്ടണം!

അതാദ്യം വേദവതി അറിഞ്ഞതേയില്ല. അതിഥിയാണല്ലോ വന്നിരിക്കുന്നത് എന്നു കരുതി—അവൾ അവനു ഫലങ്ങൾ നല്കി—കുളിർത്ത ജലവും.

അവൻ അവളുടെ കൈയിൽ കടന്നുപിടിച്ചു.

അപ്പോഴാണ് വേദവതിക്ക് രാവണന്റെ ദുരുദ്ദേശ്യം അറിവായത്. അവളുടെ കോപം ജ്വലിച്ചുപൊങ്ങി. ഈ ദുഷ്ടനെ ശിക്ഷിച്ചേ കഴിയൂ.

'ഞാൻ കാരണം നീ ബന്ധുക്കളോടും മിത്രങ്ങളോടുംകൂടി നശിച്ചുപോകട്ടെ!'—അവൾ ശാപമേകി.

മറ്റൊന്നുകൂടി അവൾ ചെയ്തു • ാഗബലംകൊണ്ടു ശരീരം ഉപേക്ഷിച്ചു. അതു കണ്ടപ്പോൾ രാവണന്റെ മനസ്സിടിഞ്ഞു. അവൻ അവിടന്ന് യാത്രയായി.

വേദവതിയുടെ രണ്ടാം ജന്മമായിരുന്നു സീത.

രാവണൻ മരിച്ചത് സീത കാരണമായിട്ടാണല്ലോ.

(ദേവീഭാഗവതം)

എന്തായിരുന്നു സീതയ്ക്കു പറ്റിയ ശാപത്തിന്റെ പശ്ചാത്തലം?

മിഥിലയിലെ രാജാവാണ് ജനകൻ. ഒരിക്കൽ ജനകൻ കലപ്പകൊണ്ടു നിലം ഉഴുതു. ഉഴവുചാലിൽ അഴകുറ്റ ഒരു പെൺകുട്ടി! എന്തു സന്തോഷമായെന്നോ ജനകന്? അദ്ദേഹം പെൺകുട്ടിയെ സ്വന്തം മകളായി വളർത്തി. അവൾക്ക് സീത എന്ന പേരുമിട്ടു.

ഒരുനാൾ സീത ഉദ്യാനത്തിൽ വിഹരിക്കുകയായിരുന്നു. സഖിമാരുമുണ്ട് സീതയോടൊന്നിച്ച്. ഒരു മരത്തിൽ രണ്ടു തത്തകൾ ഇരുന്നിരുന്നു. ഒന്ന് ആൺതത്ത. മറ്റേത് പെൺതത്ത. ഭർത്താവും ഭാര്യയുമാണ് ആ പക്ഷികൾ. ഭംഗിയായി സംസാരിക്കുന്നവയും. അവരിപ്പോൾ തമ്മിൽ സംസാരിക്കുകയുമാണ്—ശ്രീരാമൻ എന്നൊരു രാജകുമാരനുണ്ട്: സീത എന്നൊരു മാജകുമാരിയുണ്ട്; ശ്രീരാമൻ സീതയെ കല്യാണംകഴിക്കും. അങ്ങനെ പോയി തത്തകളുടെ സംഭാഷണം.

അത് സീത കേൾക്കാനിടയായി. തന്നെപ്പറ്റി സംസാരിക്കയാണ് തത്തകൾ! പക്ഷേ, ഇത്രയും പോര. അവയ്ക്കു തന്നെക്കുറിച്ച് ഇനിയും വിവരങ്ങൾ അറിയാനിടയുണ്ട്. അവയൊക്കെ വിസ്തരിച്ചു കേട്ടേ മതിയാവൂ. തത്തകളെ പിടിച്ചുവെച്ചാലേ അതു പറ്റൂ. സീത തോഴിമാർക്ക് ഒരു നിർദ്ദേശം നല്കി—രണ്ടു തത്തകളെയും പിടിച്ചുകൊണ്ടുവരണം.

തോഴിമാർ വല്ലവിധവും പക്ഷികളെ പിടിച്ചു.

പക്ഷികൾ കിടന്നു നിലവിളിച്ചു.

"തത്തകളേ, നിങ്ങൾ ഒട്ടും പേടിക്കേണ്ട. നിങ്ങളെ ഞാൻ ഉപദ്രവിക്കയില്ല. നിങ്ങൾ എവിടന്നു വന്നവരാണ്? ശ്രീരാമനെയും സീതയെയുംകുറിച്ച് എങ്ങനെ അറിവുകിട്ടി?" സീത ചോദിച്ചു.

തത്തകൾ പരമാർത്ഥം അറിയിച്ചു.

"വാല്മീകി എന്നു പേരുള്ള ഒരു മഹർഷിയുണ്ട്. അദ്ദേഹത്തിന്റെ ആശ്രമത്തിലാണ് ഞങ്ങൾ പാർക്കുന്നത്. ഇനിയൊരിക്കൽ നടക്കാൻപോകുന്ന രാമായണം നിർമിച്ച് മഹർഷി അതിനെ ശിഷ്യർക്കു പറഞ്ഞുകൊടുത്തു. അതുകേട്ടു ഞങ്ങളും പഠിച്ചു. ഇനി ഞങ്ങളെ വിട്ടയയ്ക്കൂ!"

പക്ഷേ, സീത അവയെ വിട്ടയച്ചില്ല.

"തത്തകളേ, ശ്രീരാമൻ എവിടെയാണ്? ആരുടെ പുത്രനാണ് അദ്ദേഹം? എപ്പോഴായിരിക്കും അദ്ദേഹം എന്നെ വിവാഹം കഴിക്കുന്നത്? കാണാൻ ശ്രീരാമൻ എങ്ങനെയുണ്ട്?" അങ്ങനെ പലേ ചോദ്യങ്ങൾ ചോദിച്ചു സീത.

അപ്പോൾ തത്തകൾക്ക് ഒരു ഊഹമുണ്ടായി—ഈ രാജകുമാരി സീത തന്നെയാണ്!

"ശ്രീരാമൻ എന്നെ വിവാഹം കഴിച്ചതിനുശേഷമേ ഞാൻ നിങ്ങളെ വിട്ടയയ്ക്കുകയുള്ളു. നിങ്ങളെ ഞാൻ നല്ലപോലെ വളർത്തിക്കൊള്ളാം." സീത പറഞ്ഞു.

തത്തകൾക്ക് അതൊട്ടും സമ്മതമായില്ല.

"ഞങ്ങൾ സ്വതന്ത്രമായി പറന്നുനടക്കുന്നവരാണ്. ഒരിടത്തുമാത്രം ജീവിക്കുന്നതിൽ ഞങ്ങൾക്ക് സുഖമില്ല. എനിക്കിപ്പോൾ ഗർഭമുണ്ട്. കുഞ്ഞുണ്ടായതിനുശേഷം ഞങ്ങൾ വന്നുകൊള്ളാം." പെൺതത്ത പറഞ്ഞു.

സീത ആ അപേക്ഷയും സ്വീകരിച്ചില്ല.

"ദയവുചെയ്ത് ഞങ്ങളെ വിടൂ." ആൺതത്ത വീണ്ടും വീണ്ടും യാചിച്ചു.

ഒടുവിൽ സീത ആൺതത്തയെമാത്രം സ്വതന്ത്രനാക്കി.

"ഞങ്ങൾ സംസാരിച്ചതാണ് തെറ്റ്. മൗനം ശ്രേഷ്ഠമാണ് എന്ന ചൊല്ല് എത്ര ശരിയാണ്! മിണ്ടാതെ ഇരുന്നിരുന്നെങ്കിൽ ഈ ആപത്തു വരുമായിരുന്നില്ല. സീതേ, എന്റെ ഭാര്യയെ വിട്ടുതരൂ." ആൺതത്ത അഭ്യർത്ഥിച്ചു.

സീത കൂട്ടാക്കിയില്ല.

പെൺതത്തയ്ക്കു കോപമായി.

"സീതേ, ഗർഭിണിയായ എന്നെ നീ ഭർത്താവിൽനിന്ന് ഒറ്റപ്പെടുത്തി. നീയും ഗർഭിണിയായിരിക്കുമ്പോൾ ശ്രീരാമനിൽനിന്ന് ഒറ്റപ്പെടട്ടെ!" പെൺതത്ത ശാപമേകി.

ദുഃഖം പെൺതത്തയുടെ ജീവനെ അപഹരിച്ചു!

ആൺതത്തയുടെ സങ്കടം അതിരുകടന്നു.

"ഞാൻ ശ്രീരാമന്റെ രാജധാനിയിൽ ജനിക്കുമാറാകട്ടെ! എന്റെ വാക്കു കാരണം ശ്രീരാമൻ സീതയെ ഉപേക്ഷിക്കുമാറാകട്ടെ." അവൻ വിളിച്ചു പറഞ്ഞിട്ട് ഗംഗയിൽ മുങ്ങിച്ചത്തു.

പില്ക്കാലത്ത് ആൺതത്ത ജനിച്ചതോ? ഒരു രജകനായിട്ടും. ആ രജകനാണ് സീതയെ ദുഷ്യം പറഞ്ഞത്. അതറിഞ്ഞിട്ടാണ് ശ്രീരാമൻ സീതയെ ഉപേക്ഷിച്ചതും!

(പദ്മപുരാണം: അദ്ധ്യായം 58)

വസുദേവൻ, ദേവകി: പൂർവ്വജന്മം

മാഹാത്മ്യത്തിൽ മറ്റനേകം മഹർഷിമാരുടെ മുൻപിലാണ് കശ്യപൻ. അദ്ദേഹം ഒരിക്കൽ ഒരു യാഗംചെയ്യാൻ തീരുമാനിച്ചു. ഏറ്റവും വിശിഷ്ടമായ ഒരു പശു വേണ്ടിവന്നു. അങ്ങനെയൊരു പശു കശ്യപന്റെ പക്കൽ ഉണ്ടായിരുന്നില്ല. ജലദേവനായ വരുണന് അപ്രകാരമൊരു പശുവുണ്ട്. കശ്യപൻ ഒരു സാഹസത്തിനൊരുങ്ങി. അദ്ദേഹം വരുണന്റെ പശുവിനെ പിടിച്ചുകൊണ്ടുപോയി—ഉടമസ്ഥന്റെ അറിവോ സമ്മതമോ കൂടാതെ.

പിന്നീടാണ് ആ വിവരം വരുണന് അറിവായത്. പശുവിനെ വിട്ടുകൊടുക്കാൻ വരുണനു മനസ്സുണ്ടായിരുന്നില്ല. അദ്ദേഹം നേരെ കശ്യപനെ ചെന്നുകണ്ടു. പശുവിനെ തിരിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അതു ഫലപ്പെടുന്നില്ല എന്നുകണ്ട് താഴ്മയോടെ യാചിച്ചു. കശ്യപൻ യാചനയ്ക്കു വഴങ്ങിയില്ല. വരുണനു ദേഷ്യമായി.

"കശ്യപമഹർഷേ, അങ്ങ് ഒരു മനുഷ്യനായി ജനിക്കട്ടെ! അങ്ങയുടെ പത്നി അദിതിദേവി മനുഷ്യസ്ത്രീയായും ജനിക്കട്ടെ!"

വരുണൻ ശാപമേകി.

അതുകൊണ്ടും വരുണനു തൃപ്തിയായില്ല. അദ്ദേഹം ബ്രഹ്മാവിനെക്കണ്ട് പരാതി ബോധിപ്പിച്ചു. ബ്രഹ്മാവ് കശ്യപനെ വരുത്തി. ബ്രഹ്മാവിന്റെ പൗത്രനാണ് ആ മഹർഷി.

പൗത്രൻ കുറ്റവാളിയാണ് എന്ന് ബ്രഹ്മാവിനു തീർച്ചയായി.

"കശ്യപാ, നീ അന്യന്റെ മുതൽ കവർന്നു. അത് വലിയൊരു തെറ്റാണ്. അതിന് നിനക്കൊരു ശിക്ഷ കൂടിയേ തീരൂ. നീ യദുവംശത്തിൽ ചെന്നു ജനിക്കും. അദിതി മനുഷ്യസ്ത്രീയായി ജന്മമെടുത്ത് നിന്റെ ഭാര്യയാവും."

ബ്രഹ്മാവ് വിധി കല്പിച്ചു.

കശ്യപൻ ജനിച്ചത് വസുദേവനായിട്ട്; അദിതി ജനിച്ചതോ, ദേവകിയായിട്ടും.

(ദേവീഭാഗവതം)

ഷഡ്ഗർഭന്മാർ

ഷഡ്ഗർഭന്മാർ എന്ന് അറിയപ്പെടുന്ന ആറുപേർ. മരീചിമഹർഷിയാണ് ഷഡ്ഗർഭന്മാരുടെ പിതാവ്. ഊർണ്ണ അവരുടെ മാതാവും.

ഒരിക്കൽ ഷഡ്ഗർഭന്മാർ ബ്രഹ്മാവിനെ അധിക്ഷേപിച്ചു.

ബ്രഹ്മാവിനു കോപമുണ്ടായി.

"നിങ്ങൾ അസുരന്മാരായി ജനിക്കുവിൻ." ഭഗവാൻ അവർക്കു ശാപമേകി.

അപ്രകാരം ആറുപേരും അസുരജന്മം കൈക്കൊള്ളുകയായി. കാലനേമി ആയിരുന്നു അവരുടെ അസുര പിതാവ്. ആ അസുരജീവിതം ഒടുങ്ങിയതിനുശേഷമോ, രണ്ടാമതും അസുരജന്മമുണ്ടായി. ഇപ്രാവശ്യം ആരായിരുന്നു അവരുടെ പിതാവെന്നോ? മറ്റാരുമല്ല ഹിരണ്യകശിപുതന്നെ.

ധർമ്മിഷ്ഠന്മാരായിരുന്നു ആറു സഹോദരന്മാരും.

അവർ ബ്രഹ്മാവിനെ തപസ്സുചെയ്ത് സംപ്രീതനാക്കി.

"ഷഡ്ഗർഭന്മാരെ, ഞാൻ മുമ്പ് കോപിച്ച് നിങ്ങളെ ശപിക്കുകയുണ്ടായല്ലോ. ഇപ്പോൾ എനിക്കു നിങ്ങളോടുള്ള കോപം തീർന്നിരിക്കുന്നു. എന്താണ് നിങ്ങൾക്കു വേണ്ട വരം?" ബ്രഹ്മാവ് അന്വേഷിച്ചു. "മനുഷ്യർ, ദേവന്മാർ, സിദ്ധന്മാർ, ഗന്ധർവന്മാർ, ഉരഗന്മാർ അമ്മാതിരി വർഗത്തിൽപ്പെട്ട ആരാലും ഞങ്ങൾക്കു മരണം സംഭവിച്ചുകൂടാ." അവർ പറഞ്ഞു.

"അങ്ങനെയാവട്ടെ." ബ്രഹ്മാവ് അരുളിച്ചെയ്തു.

അതേസമയം ഹിരണ്യകശിപുവിന് പുത്രന്മാരോട് കടുത്ത ദേഷ്യമുണ്ടായി. തന്നെ വകവയ്ക്കാതെ അവർ ബ്രഹ്മാവിനെ തപസ്സു ചെയ്തിരിക്കുന്നു! അസുരചക്രവർത്തി പുത്രന്മാരെ നേരിട്ടു.

"ഞാനിതാ നിങ്ങളെ ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങൾ പാതാളത്തിൽ പോയി ഉറങ്ങിക്കിടക്കുവിൻ!" ഹിരണ്യകശിപു ആജ്ഞാപിച്ചു.

ഷഡ്ഗർഭന്മാർ പാതാളത്തിൽച്ചെന്ന് ഉറങ്ങിത്തുടങ്ങി. വളരെക്കാലം അപ്രകാരം കഴിഞ്ഞു. അപ്പോഴേക്കും കാലനേമി കംസനായി ജന്മമെടുത്തു. ഷഡ്ഗർഭന്മാർ ഓരോന്നായി മനുഷ്യജന്മം കൈക്കൊണ്ടു. അതോ വസുദേവരുടെയും ദേവകിയുടെയും പുത്രന്മാരായിട്ടും.

കംസന്റെ കൈകൊണ്ട് ആറുപേരും മരണമടഞ്ഞു!

(ദേവീഭാഗവതം)

ഗോപസ്ത്രീകളുടെ രഹസ്യം

മഹാവിഷ്ണു ശ്രീകൃഷ്ണനായി അവതരിച്ചിരിക്കുന്നു—ആ വിവരം നാരദമഹർഷിക്ക് അറിവായപ്പോഴോ? ഒരു അത്യാഗ്രഹമുണ്ടായി—ശിശുവായ ശ്രീകൃഷ്ണനെ ഒന്നു കാണണം!

മഹർഷി അമ്പാടിയിൽ എത്തിച്ചേർന്നു. നന്ദഗോപന്റെ ഗൃഹത്തിൽ കയറിച്ചെന്നു. അവിടെ സ്വർണ്ണക്കട്ടിലിൽ കിടത്തിയിരിക്കുകയാണ് ശ്രീകൃഷ്ണനെ. ശിശുരൂപത്തിലുള്ള ഭഗവാനെ കണ്ട് നാരദന്റെ കണ്ണുകൾ കുളിർത്തു.

"നന്ദഗോപാ, അങ്ങയുടെ ഈ മകനെക്കുറിച്ച് സ്നേഹമുള്ളവർക്ക് എന്താണു ലഭിക്കുക? മോക്ഷം! അങ്ങ് മകനെ ലാളിച്ചു വളർത്തിക്കൊള്ളൂ." നാരദൻ പറഞ്ഞു.

മഹർഷി യാത്രപറഞ്ഞിറങ്ങി. അപ്പോൾ ഒരു ചിന്തയും ഉണ്ടായി: മഹാവിഷ്ണുവിനെ തുടർന്ന് ലക്ഷ്മീദേവിയും അവതരിച്ചിട്ടുണ്ടാവില്ലേ? അതും അമ്പാടിയിൽത്തന്നെ ആവാനാണ് സാധ്യത. ഏതിനും ഒന്ന് അന്വേഷിക്കുകതന്നെ.

അദ്ദേഹം ഓരോരോ ഗൃഹത്തിലായി കയറിയിറങ്ങി.

അങ്ങനെ ഭാനു എന്നു പേരായ ഒരു ഗോപന്റെ ഗൃഹത്തിലുമെത്തി.

ഭാനു ബഹുമാന്യനായ അതിഥിയെ പൂജിച്ചിരുത്തി. എന്നിട്ട് ഒരു ആൺകുഞ്ഞിനെ എടുത്തുകൊണ്ടുവന്ന് കാണിച്ചു. അഴകേറിയ ആൺകുഞ്ഞായിരുന്നു അത്.

"ഇവൻ ബലരാമന്റെയും ശ്രീകൃഷ്ണന്റെയും ഉറ്റ തോഴനാവും." നാരദൻ പ്രവചനംചെയ്തു.

"മഹർഷേ, ഇവന് ഒരു അനുജത്തികൂടിയുണ്ട്. അവൾക്ക് അത്യധികമായ അഴകുണ്ട്. പക്ഷേ, കണ്ണുകണ്ടുകൂടാ. ചെവി കേൾക്കാനും വയ്യാ. ഒരു ഊമയാണുതാനും. അവിടുന്ന് അവളെ ശരിപ്പെടുത്തിത്തരണം." ഭാനു അപേക്ഷിച്ചു.

നാരദൻ ഭാനുവുമൊന്നിച്ച് ഗൃഹത്തിനകത്തേക്കു കയറി. അവിടെ പെൺകുഞ്ഞിനെ കിടത്തിയിരുന്നു. അവളെ കണ്ടപ്പോൾ നാരദൻ അത്ഭുതംകൊണ്ടു സ്തബ്ധനായി. ഇത്രയധികം ചന്തമുള്ള ഒരു പെൺകുഞ്ഞുണ്ടോ? വിശ്വസിക്കാൻകൂടി പ്രയാസമായിരിക്കുന്നു!

"ഭാനു, ഞാൻ എല്ലാ ലോകങ്ങളിലും ധാരാളം സഞ്ചരിച്ചിട്ടുണ്ട്. ഒരിടത്തും ഇവളെപ്പോലെ അഴകുള്ള ഒരു കുഞ്ഞിനെ കണ്ടിട്ടില്ല. ലക്ഷ്മീദേവി, പാർവതീദേവി, സരസ്വതീദേവി, മഹാവിഷ്ണു—സ്ത്രീവേഷം ധരിച്ച മോഹിനി—അവർക്കുപോലും ഇത്ര സൗന്ദര്യമില്ല." നാരദൻ പറഞ്ഞു.

മഹർഷി കുഞ്ഞിനെ എടുത്തു മടിയിൽവെച്ചു.

"ഭാനു, അല്പമൊന്നു പുറത്തുപോയി നില്ക്കൂ." അദ്ദേഹം ആവശ്യപ്പെട്ടു.

മഹർഷിയുടെ നിർദ്ദേശമനുസരിച്ച് ഭാനു പുറത്തുപോയി നില്പായി. തനിച്ചായപ്പോൾ നാരദൻ സ്തുതിചെയ്തു—മറ്റാരേയുമല്ല, പെൺകുഞ്ഞിനെ!

യോഗമായാദേവിയാണ് പെൺകുഞ്ഞിന്റെ രൂപത്തിൽ!

"ദേവീ, അവിടുന്നു യൗവനത്തിൽ ശ്രീകൃഷ്ണനുമായി വൃന്ദാവനത്തിൽ വിഹരിക്കും. ഈ ചെറുപ്രായത്തിൽതന്നെയുണ്ട് അവർണ്യമായ സൗന്ദര്യം. അപ്പോൾ യൗവനമാകുമ്പോൾ എന്തായിരിക്കും സ്ഥിതി! അപ്പോഴത്തെ സൗന്ദര്യം കാണാൻ എനിക്ക് അടക്കവയ്യാത്ത ആഗ്രഹമുണ്ട്. എന്നിൽ കനിഞ്ഞ് അതൊന്നു കാണിച്ചുതരണം." നാരദൻ അപേക്ഷിച്ചു.

പെട്ടെന്ന് ഒരു അത്ഭുതം നടക്കുകയായി. ആരാണ് കുഞ്ഞിനു പകരം അവിടെ കാണപ്പെട്ടത്? പതിനാലു വയസ്സുള്ള ഒരു പെൺകുട്ടി. ആ സൗന്ദര്യം വർണ്ണിക്കാൻ വാക്കുകൾക്കു ശക്തിയില്ല.

ചുറ്റിനുമായി മറ്റനേകം കുമാരിമാർ നില്പുണ്ട്. അതിയായ സൗന്ദര്യമുള്ളവരാണ് അവരെല്ലാം. പട്ടുവസ്ത്രങ്ങളും ദിവ്യഭൂഷകളും ധരിച്ചിട്ടുള്ളവരും.

"മഹർഷേ, അങ്ങയുടെ ഭാഗ്യംകൊണ്ട് ഞങ്ങളുടെ ഈ രൂപങ്ങൾ കാണാനിടയായി. ഇനിമേൽ അങ്ങേക്ക് ഈ കാഴ്ച കാണാൻ സാധ്യമാവുകയില്ല. ഗോവർദ്ധനപർവ്വതത്തിന്റെ സമീപത്ത് ഒരു സരസ്സുണ്ട്. അതിന്റെ തീരത്ത് ഒരു അശോകവല്ലിയും. പാതിരായ്ക്ക് അങ്ങ് അവിടെ വരണം." അവർ ആവശ്യപ്പെട്ടു.

നാരദൻ നടുവിൽ നില്ക്കുന്ന ദേവിയെ നമസ്കരിച്ച് വലത്തുവെച്ചു.

പൊടുന്നനേ ആ ദൃശ്യം മറഞ്ഞു.

"ഭാനു, ഇനി അകത്തേക്കു വരാം." നാരദൻ വിളിച്ചുപറഞ്ഞു.

പുറത്തു നിന്നിരുന്ന ഭാനു അകത്തുചെന്നു. അവിടെ പെൺകുഞ്ഞു കിടക്കുന്നു, പഴയപോലെ.

"ഈ കുഞ്ഞിന്റെ അവസ്ഥ മാറ്റാൻ ദേവന്മാർക്കുപോലും സാധ്യമല്ല. ഏതിനും അങ്ങയോട് ഞാൻ ഒന്നു പറയട്ടെ. ഇവളുടെ പാദം പതിയുന്നിടത്ത് ദേവകൾ വസിക്കും. അങ്ങ് ഇവളെ ദേവിയായി കരുതിക്കൊള്ളണം." നാരദൻ പറഞ്ഞിട്ട് യാത്രയായി.

പാതിരാവ്. ദിവ്യസ്ത്രീകൾ സൂചിപ്പിച്ചിരുന്ന സമയം. കാലേകൂട്ടി നാരദൻ സ്ഥലത്തുചെന്നു കാത്തുനിന്നു.

ദിവ്യസ്ത്രീകൾ നാരദന്റെ മുൻപിൽ പ്രത്യക്ഷരായി. നാരദൻ അവരെ ഭക്തിപൂർവ്വം വണങ്ങി.

കങ്കേളിമാലിനി എന്നവൾ സംസാരിച്ചു.

"മഹർഷേ, ഞാൻ കൃഷ്ണഭക്തയാകുന്നു. എനിക്ക് എല്ലാ രഹസ്യങ്ങളും അറിയാം; കൂട്ടത്തിൽ ഗോപന്മാരുടെയും ഗോപികമാരുടെയും രഹസ്യങ്ങളും."

ഒരു രഹസ്യം കങ്കേളിമാലിനി നാരദനെ അറിയിച്ചു.

വിഷ്ണുഭക്തന്മാരായ ഒട്ടനേകം മഹർഷിമാർ പണ്ടുകാലത്ത് ഉണ്ടായിരുന്നു. അവർ പരമഭക്തിയോടുകൂടി വിഷ്ണുവിനെ തപസ്സുചെയ്യുകയുണ്ടായി. പിന്നീട് എല്ലാവരും ഓരോരോ ജന്മങ്ങളെടുത്തു; ഒടുവിൽ ഗോപസ്ത്രീകളായിട്ടും!

ഉഗ്രതപസ്സ് എന്ന മഹർഷി സുനന്ദ എന്ന ഗോപികയായി. സത്യതപസ്സ് എന്ന മഹർഷി ഭദ്ര എന്ന ഗോപികയായി. ഹരിധാമാവ് എന്ന മഹർഷി രംഗവേണി എന്ന ഗോപികയായി. അങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ!

ചുരുക്കത്തിൽ, മഹർഷിമാരുടെ പുണ്യംകൊണ്ട് അവർ ഗോപസ്ത്രീകളായി!

(പദ്മപുരാണം: അദ്ധ്യായം 70)

നികുംഭൻ

വളരെ ഭീകരനായ അസുരനാണ് നികുംഭൻ. അവൻ ശിവനെ തപസ്സു ചെയ്തു. തപസ്സ് നൂറായിരം സംവത്സരം നീണ്ടുനിന്നു. അപ്പോൾ ശിവൻ പ്രത്യക്ഷനായി.

"ഭഗവാനേ, എനിക്കു മൂന്നു ശരീരങ്ങൾ വേണം. ആരാലും ഞാൻ കൊല്ലപ്പെടുകയും ചെയ്തുകൂടാ." നികുംഭൻ വരം ചോദിച്ചു.

"നികുംഭാ, നിനക്കു മൂന്നു ശരീരങ്ങൾ ഉണ്ടാവും. നിനക്ക് വിഷ്ണുവിൽനിന്നല്ലാതെ മറ്റാരിൽനിന്നും മരണം സംഭവിക്കുകയില്ല." ശിവൻ അല്പം ഭേദഗതിയോടെ വരം നല്കി.

വരപ്രസാദത്താൽ നികുംഭനു മൂന്നു ശരീരങ്ങൾ ഉണ്ടായി. ഒരു ശരീരം നശിച്ചെന്നുവച്ച് അവൻ ചാവുകയില്ല. മൂന്നു ശരീരങ്ങളും നശിച്ചാലേ അവനു മരണം സംഭവിക്കൂ. അതും ഒരു പ്രത്യേകതയായിരുന്നു.

ഒരിക്കൽ ശ്രീകൃഷ്ണനും ബലരാമനും സമുദ്രസ്നാനത്തിനും സമുദ്രയാത്രയ്ക്കും പോയി. പിണ്ഡാരകം എന്ന സ്ഥലമാണ് അവയ്ക്കായി അവർ

തെരഞ്ഞെടുത്തത്. ഇരുവരുടെയും പത്നിമാർ അവരെ അനുഗമിച്ചു. മാത്രമല്ല, അനേകം യാദവപ്രമാണികളും യാദവസ്ത്രീകളും. എന്തിനു പറയുന്നു സമുദ്രതീരത്തിൽ വമ്പിച്ചൊരു ജനക്കൂട്ടം തിങ്ങിക്കൂടി.

ആ സമയം നികുംഭൻ അവിടെ ഒളിച്ചുചെന്നു. എന്നിട്ട് സുന്ദരിയായ ഒരു യാദവസ്ത്രീയെ അപഹരിച്ചുകൊണ്ട് ഓടിപ്പോയി. ഭാനുമതി എന്നായിരുന്നു ആ സുന്ദരിയുടെ പേര്.

ഭാനുമതിയുടെ അപഹരണം യാദവന്മാരുടെയിടയിൽ വലിയൊരു കോളിളക്കമുണ്ടാക്കി. ഒടുവിൽ ആ വർത്തമാനം ശ്രീകൃഷ്ണന്റെ ചെവിയിലുമെത്തി. പക്ഷേ, അതിനിടയ്ക്ക് നേരം കുറെ കഴിഞ്ഞിട്ടുണ്ടായിരുന്നു. നികുംഭൻ ഭാനുമതിയെയുംകൊണ്ട് വളരെദൂരം പോയിട്ടുണ്ടായിരുന്നു.

ആ ദുഷ്ടൻ പോയവഴി ശ്രീകൃഷ്ണൻ മനസ്സിലാക്കി. ഭഗവാൻ ആ വഴിയേ അതിശീഘ്രം യാത്രചെയ്തു. കൃഷ്ണനോടൊന്നിച്ചു പുത്രനായ പ്രദ്യുമ്നനുണ്ട്. അർജുനനുമുണ്ട്. ഒടുവിൽ അവർ നികുംഭനെ കണ്ടെത്തി. അവർ കാണാതെ ഒളിച്ചോടാൻ ഇനി സാധിക്കയില്ല—അതറിഞ്ഞ നികുംഭൻ തിരിഞ്ഞ് യുദ്ധത്തിനു തയ്യാറായി നിലകൊണ്ടു. അവനോടിടഞ്ഞു ശ്രീകൃഷ്ണനും പ്രദ്യുമ്നനും അർജുനനും.

ഇടംകൈകൊണ്ട് ഭാനുമതിയെ പിടിച്ചിരിക്കയാണ് നികുംഭൻ. പൊരുതാൻ വലംകൈ മാത്രമേയുള്ളു. എന്നിരുന്നിട്ടും ആ ശക്തന് ഒരു കൂസലും ഉണ്ടായില്ല. ഒറ്റക്കൈയിൽ മുൾഗദ പിടിച്ചിരിക്കയാണ് അവൻ. ആ ആയുധംകൊണ്ട് എതിരാളികളെ അടിക്കുന്നു. എതിരാളികളുടെ അടികൾ തടുക്കുന്നു. എന്തൊരു യുദ്ധസാമർത്ഥ്യം!

ഒരു കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടായിരുന്നു, ശ്രീകൃഷ്ണനും കൂട്ടർക്കും. തങ്ങളുടെ ഗദാപ്രയോഗം ഭാനുമതിക്ക് ഏറ്റുകൂടാ. ഒരിക്കൽ ഗദയേറ്റാൽ മതി. അവൾക്കു ജീവഹാനി സംഭവിക്കും. അവൾക്ക് അടികൊണ്ടുകൂടാ. അതേസമയം നികുംഭനെ അടിയേല്പിക്കുകയും വേണം. എത്ര ബുദ്ധിമുട്ടുള്ള കാര്യമാണത്!

അപ്പോഴാണ് അർജുനൻ അത്ഭുതകരമായ ഒരു അഭ്യാസമുറ കാണിച്ചത്—'നാഗോഷ്ഠവിധി' എന്ന വിദ്യ!

ഒരു പാമ്പ് ഒരു ഒട്ടകത്തെ ചുറ്റിപ്പിണഞ്ഞിരിക്കുന്നു എന്നുവയ്ക്കൂ. ഒട്ടകത്തിന് മുറിവുപറ്റിക്കൂടാ. പാമ്പിനെ കൊല്ലുകയും വേണം. അതാണ് നാഗോഷ്ഠവിധി. സാധാരണക്കാർക്കു സാധിക്കാത്ത അപൂർവ്വവിദ്യ! പക്ഷേ, അർജുനൻ സാധാരണക്കാരനല്ല. ആ സവ്യസാചി എന്തുചെയ്തുവെന്നോ? ശരങ്ങളെയ്തു നികുംഭനെ മുറിവേല്പിച്ചു; ഭാനുമതിക്ക് ഒരു പോറൽപോലും ഏല്പിച്ചുമില്ല!

വേറെ പോംവഴിയില്ലാതെ നികുംഭൻ മറഞ്ഞുകളഞ്ഞു.

ശ്രീകൃഷ്ണനും കൂട്ടരും എന്തു ചെയ്യാനാണ്? നികുംഭനെ കണ്ടാലേ അവനോടു പൊരുതാനൊക്കൂ. അവനെയൊട്ടു കാണുന്നുമില്ല!

അതാ ആകാശത്ത് എന്താണ് കാണപ്പെടുന്നത്. വലിയൊരു പക്ഷി ഒരു സ്ത്രീയെ റാഞ്ചിക്കൊണ്ടുപോകുന്നു! അതു കണ്ടപ്പോൾ അവർക്ക് ഒന്നു തീർച്ചയായി. പക്ഷിവേഷം ധരിച്ച നികുംഭൻ ഭാനുമതിയെ കൊണ്ടുപോവുകയാണ്! അവൻ ഒരു ദിക്കിലേക്കു പറക്കുന്നു. ആ ദിക്കിലേക്കു ഭൂമിയിലൂടെ സഞ്ചരിക്കുന്നു എതിരാളികൾ. അവരുടെ കണ്ണുകൾ സദാ മുകളിലേ

ക്കുതന്നെയാണ്. നികുംഭനെ ദൃഷ്ടിപഥത്തിൽനിന്നു മറയാൻ അനുവദിച്ചു കൂടാ!

പക്ഷിയായ നികുംഭൻ പറന്നുപറന്നു തളർന്നുപോയി. അവനു നിലത്തിറങ്ങാതിരിക്കാൻ വയ്യെന്നുമായി. ഇറങ്ങിയതോ, ഗംഗാനദിയിലെ ഒരു മണൽത്തിട്ടിലും. അവിടെ പാഞ്ഞെത്തി ശ്രീകൃഷ്ണനും പ്രദ്യുമ്നനും അർജുനനും. അവരും അസുരനും തമ്മിൽ വീണ്ടും പോരാട്ടമായി. അതിനിടയിൽ പ്രദ്യുമ്നൻ ഭാനുമതിയെ മോചിപ്പിച്ചു. അവളെ ദ്വാരകയിൽ എത്തിച്ചിട്ട് അതിശീഘ്രം മടങ്ങിവന്നു.

ആ സമയത്തിനുള്ളിൽ എന്താണ് സംഭവിച്ചിരിക്കുന്നത്? നികുംഭൻ വലിയൊരു ഗുഹയിൽ അഭയം പ്രാപിച്ചിരിക്കുന്നു. ശ്രീകൃഷ്ണനും അർജുനനും ഗുഹാദ്വാരത്തിനു പുറത്തു കാത്തുനില്ക്കുന്നു. ഇരുവരും പ്രദ്യുമ്നനോടുകൂടി ഗുഹയ്ക്കുള്ളിൽ കടന്നുകയറി. നികുംഭൻ പാഞ്ഞുവന്ന് അർജുനനെ ഗദകൊണ്ടടിച്ചു. തുടർന്നു പ്രദ്യുമ്നനെയും. രണ്ടുപേർക്കും ബോധക്ഷയമുണ്ടായി—ചുരുങ്ങിയ സമയത്തേക്കാണെങ്കിലും. ശ്രീകൃഷ്ണൻ കൗമോദകി എന്ന തന്റെ ഗദയെടുത്തു. നികുംഭനോടു ഗദായുദ്ധം ആരംഭിക്കുകയും ചെയ്തു. ആശ്ചര്യകരമായ അഭ്യാസമുറകൾ പ്രയോഗിച്ചു എതിരാളികൾ രണ്ടും. നികുംഭൻ അതിശക്തിയുള്ള ഒരു അടി അടിച്ചു. അടിയേറ്റ ശ്രീകൃഷ്ണന് അല്പം പതർച്ചയുണ്ടായി. പക്ഷേ, പതർച്ച കുറഞ്ഞൊരിട മാത്രമായിരുന്നു. ഇപ്പോൾത്തന്നെ അസുരനെ സംഹരിക്കണം—അതിനായി ശ്രീകൃഷ്ണൻ തൃച്ചക്രം കൈയിലെടുത്തു.

നിന്നിടത്തു മറഞ്ഞുകളഞ്ഞു നികുംഭൻ!

തെല്ലിട കഴിഞ്ഞ് ശ്രീകൃഷ്ണൻ ഒന്നു കണ്ടു. കുറെ ദൂരെ നില്പുണ്ട് നികുംഭന്റെ അനേകം അനുചരന്മാർ. അവരുടെ നടുവിൽ നികുംഭനും!

അവൻ ഷൾപുരത്തിൽ അഭയം പ്രാപിച്ചു.

ഷൾപുരത്തിന്റെ പിന്നിൽ ഒരു കഥയുണ്ട്.

പണ്ട് അസുരന്മാരുടെ കേന്ദ്രങ്ങളായി 'ത്രിപുര'ങ്ങൾ ഉണ്ടായിരുന്നു. ശിവൻ ത്രിപുരങ്ങളെ ദഹിപ്പിക്കുകയുണ്ടായി (ത്രിപുരദഹനത്തിന്റെ കഥ അന്യത്ര പറഞ്ഞിട്ടുണ്ട്). ആ സമയത്ത് അസംഖ്യം അസുരന്മാർ ചത്തൊടുങ്ങി. എങ്കിലും വളരെപ്പേർ ബാക്കി വന്നിരുന്നു. അവരിൽ ചിലർ ഉഗ്രമായ തപസ്സുചെയ്തു. ഒടുവിൽ വരം നല്കാനായി ബ്രഹ്മാവു വന്നെത്തി. അസുരന്മാർ വരം ചോദിച്ചതേയില്ല. അവർക്കു ശിവനോട് അത്ര കടുത്ത വൈരമുണ്ടായിരുന്നു. അക്കാര്യം ബ്രഹ്മാവിന് അറിവായി.

'അസുരന്മാരേ, നിങ്ങൾ ശിവനോട് പ്രതിക്രിയചെയ്യാൻ ഇച്ഛിക്കുന്നു. എന്നാൽ, നിങ്ങൾക്കാർക്കും അത് സാധിക്കുകയില്ല. വെറുതെ ആഗ്രഹിച്ചിട്ടു കാര്യമൊന്നുമില്ല. നിങ്ങൾ തപസ്സു മതിയാക്കുന്നതാണ് നന്ന്.'

ബ്രഹ്മാവ് ഉപദേശിച്ചു.

അസുരന്മാരിൽ ചിലർ തപസ്സ് തുടർന്നുപോയി. മറ്റുചിലർ ബ്രഹ്മാവിന്റെ ഉപദേശം അനുസരിച്ചു. രണ്ടാമത്തെ കൂട്ടർ തപസ്സിൽനിന്നു വിരമിച്ചു. അവർക്ക് ശിവന്റെ ശക്തി ബോധ്യമായി. അവർ ശിവഭക്തരായി മാറുകയും ചെയ്തു.

എങ്കിലും ശിവനോട് ശത്രുതയുള്ളവർ ധാരാളമുണ്ടായിരുന്നു. അവരുടെ തപസ്സിന്റെ ഉഗ്രത വർദ്ധിച്ചതേയുള്ളു. അവരുടെ മുൻപിൽ പ്രത്യക്ഷപ്പെടാതെ തരമില്ലെന്നായി ബ്രഹ്മാവിന്.

"നിങ്ങൾ എന്നിൽനിന്നു വരം വാങ്ങുവിൻ." ബ്രഹ്മാവ് അവരെ നിർബന്ധിച്ചു.

ചിലർ വരം വാങ്ങാൻ നിശ്ചയിച്ചു.

"ഞങ്ങൾക്ക് പ്രത്യേകമായി ഷൾപുരം കിട്ടണം. മാത്രമല്ല, ഞങ്ങൾ ആരാലും അവധ്യരുമാവണം." അവർ ബ്രഹ്മാവിനോട് ആവശ്യപ്പെട്ടു.

"മഹാവിഷ്ണുവൊഴികെ മറ്റാരാലും നിങ്ങളുടെ മരണം സംഭവിക്കുകയില്ല." ബ്രഹ്മാവ് പറഞ്ഞു.

അങ്ങനെ ഷൾപുരം അസുരന്മാരുടെ സുശക്തമായ കേന്ദ്രമായി.

ശ്രീകൃഷ്ണന്റെ അച്ഛൻ വസുദേവരുടെ മിത്രമാണ് ബ്രഹ്മദത്തൻ. ഒരിക്കൽ ബ്രഹ്മദത്തൻ ഒരു യാഗം ആരംഭിച്ചു. ഒരു വർഷക്കാലം നീണ്ടുനില്ക്കുന്ന യാഗമായിരുന്നു അത്. യാഗത്തിൽ സംബന്ധിക്കുവാനായി വസുദേവരും ദേവകിയും വന്നുചേർന്നു. മാത്രമല്ല, കുറെയേറെ മഹർഷിമാരും.

യാഗസ്ഥലത്ത് വന്നെത്തി ചില അസുരപ്രമാണികൾ.

അവരുടെ വരവിന് പ്രത്യേകിച്ചു ചില കാരണങ്ങൾ ഉണ്ടായിരുന്നു.

സാധാരണമായി ദേവന്മാർക്കാണ് യാഗഭാഗം നല്കുക. തങ്ങൾക്കും യാഗഭാഗം വേണം—അതായിരുന്നു ഈ അസുരന്മാരുടെ മോഹം. മറ്റൊന്നുംകൂടിയുണ്ട്. ബ്രഹ്മദത്തന് സുന്ദരിമാരായ അനേകം കന്യകമാരുണ്ട്. അസുരന്മാർക്ക് ആ കന്യകമാരെയും കൊണ്ടുപോണം! കണ്ടില്ലേ അവരുടെ തെമ്മാടിത്തം?

അവർ ബ്രഹ്മദത്തന്റെ മുൻപിലേക്കു ചെന്നു.

"ബ്രഹ്മദത്താ, ഞങ്ങൾക്കു യാഗഭാഗത്തെയും കന്യകമാരെയും തരണം." അവർ ആവശ്യപ്പെട്ടു.

രണ്ടിനും ബ്രഹ്മദത്തൻ ഒരുക്കമായില്ല.

"ഹേ അസുരന്മാരേ, എന്നെ ഭയപ്പെടുത്താം എന്നൊന്നും നിങ്ങൾ കരുതണ്ട, കേട്ടോ? ഞാൻ ശ്രീകൃഷ്ണന്റെ പിൻബലത്തോടെയാണ് യാഗം നടത്തുന്നത്. അക്കാര്യം ഓർമിച്ചിരിക്കുന്നതു നന്ന്!" അദ്ദേഹം താക്കീതു നല്കി.

പ്രബലരായ നേതാക്കന്മാരുണ്ട് അസുരന്മാർക്ക്. അവരിൽ നികുംഭനും ഉൾപ്പെട്ടിരുന്നു. എല്ലാവരുംകൂടി എന്താണു ചെയ്തതെന്നോ? യാഗശാല നശിപ്പിച്ചു എന്നതും പോകട്ടെ, കന്യകമാരെ പിടിച്ചുകൊണ്ടുപോവുകയും ചെയ്തു.

ബ്രഹ്മദത്തന് വലിയ ആപത്തു സംഭവിച്ചിരിക്കുന്നു; സ്നേഹിതനെ സഹായിക്കണം—അതായി വസുദേവരുടെ ആഗ്രഹം. അദ്ദേഹം പുത്രന്മാരെ സ്മരിച്ചു. അടുത്ത നിമിഷം ബലരാമനും ശ്രീകൃഷ്ണനും മുൻപിൽ നില്ക്കുന്നു!

കാര്യമെല്ലാം ശ്രീകൃഷ്ണനു മനസ്സിലായി.

ശ്രീകൃഷ്ണൻ ചില അനുയായികളെയും കൊണ്ടുവന്നിട്ടുണ്ട്. അവരുടെ കൂട്ടത്തിൽ ഒരു പുത്രനുമുണ്ട്—അതായത്, വീരനായ പ്രദ്യുമ്നൻ.

"പ്രദ്യുമ്നാ, പോയി കന്യകമാരെ വീണ്ടെടുത്തുകൊണ്ടുവരൂ." ശ്രീകൃഷ്ണൻ ആജ്ഞാപിച്ചു.

ഉടൻതന്നെ പ്രദ്യുമ്നൻ അവിടന്നു യാത്രയായി. അതിവേഗത്തിൽ അസുരന്മാരുടെ ആസ്ഥാനത്തിൽ എത്തിച്ചേർന്നു. മായാവിദ്യകൾ പലതും പ്രദ്യുമ്നനു വശമുണ്ട്. ആ വീരൻ മായാപ്രയോഗത്താൽ കുറെ കന്യകമാരെ സൃഷ്ടിച്ചു. അവരെ അസുരന്മാരുടെ ആസ്ഥാനത്തിലാക്കി. യഥാർത്ഥ കന്യകമാരെയുംകൊണ്ട് ബ്രഹ്മദത്തന്റെ അടുക്കൽ വന്നെത്തി.

യാഗത്തിന് അനേകം രാജാക്കന്മാരും അതിഥികളായി വന്നിരിക്കുന്നു. അവരുടെ കൂട്ടത്തിൽ പാണ്ഡവന്മാരുണ്ട്, കൗരവന്മാരുണ്ട്, ജരാസന്ധനും ശിശുപാലനുമുണ്ട്.

മഹർഷിമാരുടെ ഇടയിൽ ആ കലഹപ്രിയനുണ്ട്—നാരദൻ. ഒരു കലഹം ഉണ്ടാക്കണം. അതുകണ്ട് രസിക്കണം—അതിനായി നാരദന്റെ ഉദ്യമം. ആരു തമ്മിലാണ് കലഹം ഉണ്ടാക്കുക? യാദവന്മാരും മറ്റു രാജാക്കന്മാരും തമ്മിൽ!

നാരദൻ നേരെ നികുംഭനെ ചെന്നുകണ്ടു.

"നികുംഭാ, നിങ്ങളൊക്കെക്കൂടി എന്തിനാണ് ബ്രഹ്മദത്തനെ ഉപദ്രവിക്കുന്നത്? ബ്രഹ്മദത്തന് ശ്രീകൃഷ്ണന്റെ സഹായമുണ്ട്. അതു നിനക്ക് അറിയാവുന്ന വസ്തുതയുമാണ്. നിനക്ക് ശ്രീകൃഷ്ണനുമായി ഇടയേണ്ടതായി വന്നേക്കും. അപ്പോൾ നിനക്കു ശക്തരായ സഹായികൾ വേണ്ടിവരും. അനേകം രാജാക്കന്മാർ ഇവിടെ വന്നിരിക്കുന്നു. നീ അവരുടെ മൈത്രി സമ്പാദിക്കണം. അതു നിനക്കു തീർച്ചയായും പ്രയോജനപ്പെടും." മഹർഷി ചൂണ്ടിക്കാട്ടി.

എത്ര ശരിയാണത്! നികുംഭൻ രാജാക്കന്മാരെ സമീപിച്ചു. അവരോടു സഹായം അഭ്യർത്ഥിച്ചു. അവർ സഹായം വാഗ്ദാനംചെയ്തു.

ഒരുകൂട്ടർ മാത്രം ശ്രീകൃഷ്ണന്റെ പക്ഷത്ത് ഉറച്ചുനിന്നു, മറ്റാരുമല്ല, പാണ്ഡവന്മാർ. സ്വർഗ്ഗലോകത്തുനിന്ന് ഇന്ദ്രപുത്രനായ ജയന്തനും വന്നെത്തി. ശ്രീകൃഷ്ണനെ സഹായിക്കാൻ വന്നതാണ് ജയന്തൻ. ശ്രീകൃഷ്ണൻ പടയൊരുക്കി തയ്യാറുമായി.

ഏറ്റവും ഗർവ്വിതനായി നികുംഭൻ, മുമ്പുതന്നെ അനേകം അസുരന്മാരുണ്ട് അവന്റെ പക്ഷത്തിൽ. ഇപ്പോൾ ഒട്ടേറെ രാജാക്കന്മാരും മിത്രങ്ങളായിരിക്കുന്നു. എല്ലാവരുടെയും സൈന്യങ്ങൾ ഒന്നിച്ചപ്പോഴോ? ഒന്നു പ്രത്യേകമായി—നികുംഭന്റെ ശക്തി. അവൻ സൈന്യത്തെ നയിച്ച് യാദവസൈന്യവുമായി ഏറ്റുമുട്ടി. ഏറ്റവും ഭീകരമായ രണവും ആരംഭിച്ചു.

അതിനിടയ്ക്ക് നികുംഭൻ ഒരു പണി പറ്റിച്ചു. അവനൊരു മായാപ്രയോഗംചെയ്തു. ശത്രുക്കളിൽ പ്രമാണികളായ ചിലരെ ആകർഷിച്ചുകൊണ്ടുപോയി. അവരെ ഇരുളടഞ്ഞ ഒരു ഗുഹയിൽ ബന്ധിച്ചിടുകയുംചെയ്തു.

അക്കാര്യം ശ്രീകൃഷ്ണന് അറിവായപ്പോഴോ? ഭഗവാൻ പൂർവ്വാധികം വാശിയോടെ പോരുതുടങ്ങി. അനേകം അസുരന്മാർ ഭഗവാന്റെ പരാക്രമത്തിൽ ജീവൻ വെടിഞ്ഞു.

പ്രദ്യുമ്നനും വെറുതെയിരുന്നില്ല. ആ യുവവീരൻ വെറുമൊരു മായപ്രയോഗിച്ചു. ശിശുപാലനെയും മറ്റു പല ശത്രുക്കളെയും പരാജയപ്പെടുത്തി. അവരെയെല്ലാം ഒരു ഗുഹയിൽ അടച്ചിട്ടു.

അതോടെ അസുരബലത്തിനു ഗണ്യമായ കോട്ടംതട്ടുകയായി. അവരിൽ മിക്കവരും അണിമുറിച്ച് പുറംതിരിഞ്ഞ് ഓടിത്തുടങ്ങി. ഓടിപ്പോകുന്നവരെ നികുംഭൻ ചെറുത്തുനിർത്തി. അവൻ അവരുടെ വീര്യത്തെ ഉത്തേജിപ്പിച്ചു; അവരെ പടക്കളത്തിലേക്കു തിരിച്ചുവിട്ടു. യുദ്ധം വീണ്ടും കത്തിപ്പടർന്നു. നികുംഭൻ മഹാപരാക്രമം പ്രവർത്തിച്ചു. അവനും അർജുനനും തമ്മിൽ ഒരു ദ്വന്ദ്വയുദ്ധം ഉണ്ടായി. ഒടുവിൽ അവൻ അർജുനനെ വിട്ടു ശ്രീകൃഷ്ണനെ എതിരിട്ടു. പലേ മായകളും അവൻ പ്രയോഗിച്ചുനോക്കി. മായയുണ്ടോ ഭഗവാനോടു പ്രയോജനപ്പെടുന്നു? താൻ ശ്രീകൃഷ്ണനോടു തോല്ക്കുകയേയുള്ളു—അതിൽ നികുംഭന് സംശയമൊന്നും അവശേഷിച്ചില്ല. അവൻ സ്വയം മറഞ്ഞ് ഒരു ഗുഹയിൽ ചെന്നൊളിച്ചു.

അക്കാര്യം ശ്രീകൃഷ്ണനു മനസ്സിലായി. ഭഗവാൻ ആ ഗുഹയിൽ ചെന്നു കയറി. മുൻപ് നികുംഭൻ യാദവന്മാരിൽ ചിലരെ ബന്ധിച്ചുവെച്ചിരുന്നില്ലേ? ആ ഗുഹതന്നെയായിരുന്നു അത്. ശ്രീകൃഷ്ണൻ നികുംഭനെ കണ്ടെത്തി. അവനോടിടഞ്ഞു. ഇതിനിടയിൽ പ്രദ്യുമ്നൻ എന്തുചെയ്തുവെന്നോ? തടവുകാരെ മോചിപ്പിച്ച് ഗുഹയുടെ പുറത്തേക്കു കൊണ്ടുപോയി.

ശ്രീകൃഷ്ണനും നികുംഭനും തമ്മിലുണ്ടായില്ലേ യുദ്ധം? അത് മുമ്പത്തേതിനെക്കാൾ എത്രയോ ഭയാനകമായിരുന്നു. എങ്കിലും ഇപ്രാവശ്യം നികുംഭന് രക്ഷകിട്ടിയില്ല. ഭഗവാന്റെ തൃച്ചക്രം അവനെ കൊന്നുവീഴ്ത്തി.

അങ്ങനെ യാഗത്തിനുവന്ന വിഘ്നം നീങ്ങുകയായി. ബ്രഹ്മദത്തൻ യാഗം യഥാവിധി പൂർത്തിയാക്കി. ശ്രീകൃഷ്ണനും മറ്റുള്ളവരും യാത്രപറഞ്ഞു മടങ്ങിപ്പോവുകയും ചെയ്തു.

(മഹാഭാരതം വിഷ്ണുപർവ്വം)

വജ്രനാഭൻ

വജ്രനാഭൻ എന്നു മഹാബലനായ ഒരു അസുരൻ ഉണ്ടായിരുന്നു. അവൻ ബ്രഹ്മാവിനെ തപസ്സുചെയ്തു പ്രസാദിപ്പിച്ചു. എന്നിട്ടു രണ്ടു വരങ്ങളും സമ്പാദിച്ചു; ദേവന്മാരാൽ അവധ്യനായി എന്നത് ഒരു വരം, വജ്രപുരത്തിന്റെ ഉടമസ്ഥനായി എന്നതു മറ്റേ വരവും.

വജ്രപുരത്തെ സംബന്ധിച്ച ഒരു നിയമം നടപ്പിലുണ്ട്. ആർക്കെങ്കിലും അതിനുള്ളിൽ കടക്കണമോ? എങ്കിൽ വജ്രനാഭന്റെ അനുമതി വേണം. വായുവിനുപോലും ആ നിയമം ബാധകമായിരുന്നു.

ചില ശാഖാപുരങ്ങൾ ഉണ്ടായിരുന്നു വജ്രപുരത്തിന്. എല്ലാറ്റിലുംകൂടി പാർത്തിരുന്നത് എത്ര അസുരന്മാരെന്നോ? നൂറുലക്ഷം പേർ!

പലേ തോന്ന്യാസങ്ങളും ചെയ്തു വജ്രനാഭൻ.

ഒരിക്കൽ അവൻ സ്വർഗത്തിൽ കടന്നുചെന്നു ദേവേന്ദ്രനെ കണ്ടു.

"ദേവേന്ദ്രാ, ഞാൻ സ്വർഗ്ഗം അടക്കിവാഴാൻ ആഗ്രഹിക്കുന്നു. ഒന്നുകിൽ നീ സ്വയമേവ സ്വർഗത്തെ എനിക്കു തരണം. അല്ലാത്തപക്ഷം നീ എന്നോട്

യുദ്ധത്തിന് ഇറങ്ങണം. കശ്യപന്റെ സന്തതികളാണല്ലോ നീയും ഞാനും. കുടുംബസ്വത്തിന് എനിക്കും അവകാശമുണ്ട്." അവൻ പറഞ്ഞു.

ദേവേന്ദ്രൻ ഒഴികഴിവു പറഞ്ഞു.

"വജ്രനാഭാ, അച്ഛൻ ഒരു യാഗം ആരംഭിച്ചിരിക്കയാണ്. യാഗം കഴിഞ്ഞിട്ടു ഞാൻ അച്ഛനോട് ആലോചിച്ചു വേണ്ടതു ചെയ്യാം. അതുവരെ നീ വജ്രപുരത്തിൽ പാർത്തുകൊള്ളൂ. അതാണ് എല്ലാവിധത്തിലും നന്ന്."

അതു ശരിയാണെന്ന് വജ്രനാഭനു തോന്നി. അവൻ സ്വർഗ്ഗംവിട്ടു യാത്രയായി. സ്വന്തം ആസ്ഥാനത്തിൽ എത്തുകയും ചെയ്തു.

ദേവേന്ദ്രനും ഇറങ്ങിത്തിരിച്ചു. ലക്ഷ്യം ദ്വാരകയാണ്. വജ്രനാഭനെ വകവരുത്തിയേ പറ്റുകയുള്ളൂ. അതിനുള്ള ശക്തി ശ്രീകൃഷ്ണനേയുള്ളൂ. ഭഗവാന്റെ സഹായം അപേക്ഷിക്കുകതന്നെ.

ദേവേന്ദ്രൻ ശ്രീകൃഷ്ണനെക്കണ്ട് വിവരം പറഞ്ഞു.

"ദേവേന്ദ്രാ, എന്റെ അച്ഛനും ഒരു യാഗം ചെയ്യുന്നുണ്ട്. ആ യാഗം സമാപിച്ചാലുടൻ ഞാൻ വജ്രനാഭനെ വധിച്ചുകൊള്ളാം. എങ്കിലും അങ്ങ് വെറുതെയിരിക്കേണ്ടതായ ആവശ്യമില്ല. വജ്രപുരത്തിൽ കടന്നുകൂടാനുള്ള വഴി ആലോചിക്കണം. വജ്രനാഭന്റെ അനുവാദമില്ലാതെ വായുപോലും അവിടെ പ്രവേശിക്കയില്ല. അത് അങ്ങേക്ക് അറിയാമല്ലോ." ശ്രീകൃഷ്ണൻ പറഞ്ഞു.

എപ്രകാരമാണ് വജ്രപുരത്തിൽ കടന്നുകയറുക? ദേവേന്ദ്രൻ ഗാഢമായി ആലോചിച്ചു. അപ്പോൾ മനസ്സിൽ ഒരു ഉപായം ഉയർന്നുവന്നു.

ആ ഉപായം പ്രയോഗത്തിൽ വരുത്താനായി ദേവേന്ദ്രന്റെ പരിശ്രമം.

വിശേഷപ്പെട്ട കുറെ ഹംസങ്ങളുണ്ട് സ്വർഗത്തിൽ. ദേവേന്ദ്രൻ അവയെ വരുത്തി ചില നിർദ്ദേശങ്ങൾ നല്കി. ഹംസങ്ങൾക്ക് എവിടെയും നിർബാധം പ്രവേശിക്കാം. അവർ വജ്രപുരത്തിൽ ചെന്നുചേരണം. സുന്ദരികളിൽ സുന്ദരിയായ ഒരു പുത്രിയുണ്ട് വജ്രനാഭന്. പ്രഭാവതി എന്നാണ് അവളുടെ പേർ. ഇതുവരെ പ്രഭാവതിക്കു വിവാഹം ആയിട്ടില്ല. ഹംസങ്ങൾ പ്രഭാവതിയെ ചെന്നുകാണണം. അവളോടു രഹസ്യമായി പ്രദ്യുമ്നനെ വാഴ്ത്തിപ്പറയണം. മൂന്നു ലോകങ്ങളിലുമായി എത്രയോ സുന്ദരന്മാരുണ്ട്, ശരിതന്നെ. എങ്കിലും അവരിലാർക്കും പ്രദ്യുമ്നനോളം സൗന്ദര്യമില്ല. പ്രദ്യുമ്നന്റെ ഭാര്യയാവണം എന്ന മോഹം പ്രഭാവതിക്ക് ഉണ്ടാക്കണം—അത് ഹംസങ്ങളുടെ ചുമതലയാണ്. അതിനുശേഷം അവ പ്രദ്യുമ്നനെക്കണ്ടു വിവരം അറിയിക്കണം. പ്രദ്യുമ്നന്റെ സന്ദേശം പ്രഭാവതിക്കു കൊണ്ടുക്കൊടുക്കുകയും വേണം.

ഇത്രയുമാണ് ദേവേന്ദ്രൻ ഹംസങ്ങൾക്കു നല്കിയ നിർദ്ദേശം.

സ്വാമിയുടെ ആജ്ഞ ശിരസാ വഹിച്ചു ഹംസങ്ങൾ. അവ സ്വർഗ്ഗംവിട്ട് ആകാശയാത്ര ചെയ്തു. വജ്രപുരത്തിൽ എത്തിച്ചേർന്നു. അവയ്ക്ക് അവിടെ യാതൊരു തടസ്സവും ഉണ്ടായില്ല. സംസാരിക്കുന്ന ഹംസങ്ങളല്ലേ വന്നിരിക്കുന്നത്? വജ്രപുരക്കാർക്ക് അവയോട് ഏറ്റവും സന്തോഷം തോന്നി. സ്ത്രീകൾക്കു പ്രത്യേകിച്ചും. താമസിയാതെ ഹംസങ്ങൾക്ക് ഒന്നിനുള്ള സ്വാതന്ത്ര്യം ലഭിച്ചു—അന്തഃപുരത്തിൽ എവിടെയും എപ്പോഴും തടവില്ലാതെ സഞ്ചരിക്കാം!

അവയുടെയിടയിൽ ശുചിമുഖി എന്നൊരു ഹംസിയുണ്ട്. പ്രഭാവതിക്കു പ്രത്യേകമായ ഇഷ്ടം തോന്നി ശുചിമുഖിയോട്. രാജപുത്രിക്ക് ഹംസിയെ

വളരെ വിശ്വാസവുമായി. ഇരുവരും പലപ്പോഴും രഹസ്യമായി സല്ലാപം ചെയ്തിരിക്കും.

ഒരുനാൾ ശുചിമുഖി താൻ വന്ന കാര്യം എടുത്തിട്ടു.

"പ്രഭാവതീ, അവിടുത്തെക്കാൾ സൗന്ദര്യമുള്ള ഒരു യുവതി മൂന്നു ലോകങ്ങളിലുമില്ല. സൗന്ദര്യത്തിന് ഒപ്പമാണ് അവിടുത്തെ ശീലവും ഗുണവും. അവിടുത്തേക്ക് അനുരൂപനായ ഒരൊറ്റ വരനേയുള്ളു, ആരാണെന്നോ ആ പുരുഷൻ? ശ്രീകൃഷ്ണന്റെ പുത്രനായ പ്രദ്യുമ്നൻ. ഒരു ഭർത്താവിന് എന്തെല്ലാം ഗുണങ്ങൾ ഉണ്ടായിരിക്കണം? ആ ഗുണങ്ങളെല്ലാം തികഞ്ഞയാളാണ് പ്രദ്യുമ്നൻ." ഹംസി അഭിപ്രായപ്പെട്ടു.

പ്രദ്യുമ്നനെക്കുറിച്ചു പണ്ടുതന്നെ പ്രഭാവതി കേട്ടിട്ടുണ്ട്. ഒരൊറ്റ പോരായ്മയെ പ്രദ്യുമ്നനുള്ളു, അവളുടെ കാഴ്ചപ്പാടിൽ. ശ്രീകൃഷ്ണന്റെ പുത്രനാണ്- അദ്ദേഹം എന്നതാണത്. തന്റെ വംശമായ അസുരവംശത്തിന്റെ ബദ്ധശത്രുവാണ് ശ്രീകൃഷ്ണൻ. ആ നിലയ്ക്കു താൻ എങ്ങനെ പ്രദ്യുമ്നന്റെ പത്നിയാകും? ഇപ്പോഴിതാ ഹംസി പറയുന്നു, തനിക്ക് അനുരൂപനായി പ്രദ്യുമ്നനേയുള്ളു എന്ന്. പ്രഭാവതിയുടെ അഭിലാഷം മുമ്പത്തെക്കാൾ പ്രബലമായി.

"ശുചിമുഖീ, നീ പറഞ്ഞത് എനിക്കു സമ്മതംതന്നെ. പക്ഷേ, എനിക്കുള്ള വിഷമം നിനക്ക് അറിയാം. വിഷമം നീങ്ങാൻ വല്ല വഴിയുമുണ്ടോ? ഉണ്ടെങ്കിൽ നീതന്നെ അതു കണ്ടുപിടിക്കണം." അസുരസുന്ദരി പറഞ്ഞു.

ഹംസി വഴിയുണ്ടാക്കി.

"പ്രഭാവതീ, കാര്യമെല്ലാം ഞാൻ ശരിയാക്കാം. ഞാൻ അവിടുത്തെ ദൂതിയായി പ്രദ്യുമ്നനെ ചെന്നു കാണാം. അദ്ദേഹത്തെ വശപ്പെടുത്തുകയും ചെയ്യാം. അതിനുശേഷം അദ്ദേഹത്തെ ഇങ്ങോട്ടു കൊണ്ടുപോരാൻ ശ്രമിക്കയുമാവാം. പക്ഷേ, ഒന്നുണ്ട്. അവിടുന്ന് ആരോടും 'ഇതേപ്പറ്റി ഒരക്ഷരം മിണ്ടിപ്പോകരുത്." ഹംസി നിർദ്ദേശിച്ചു.

വജ്രനാഭനു നാട്യത്തിൽ വലിയ കമ്പമാണ്. ആ വസ്തുത ശുചിമുഖി മനസ്സിലാക്കിയിരുന്നു—നാട്യം കാണുമ്പോൾ അവൻ മറ്റെല്ലാം മറന്നിരിക്കും എന്നും. ആ സ്വഭാവം അവനെതിരെ ആയുധമാക്കണം—അതായിരുന്നു ശുചിമുഖിയുടെ ഉദ്ദേശ്യം. അവൾ കൂട്ടുകാരികളായ ചില ഹംസികളെയും കൊണ്ട് ദ്വാരകയിൽ പറന്നെത്തി. ശ്രീകൃഷ്ണനെ കണ്ടു സകല വിവരങ്ങളും അറിയിക്കുകയും ചെയ്തു.

വജ്രനാഭന്റെ വധത്തിന് അവസരം പാർത്തിരിക്കയാണ് ശ്രീകൃഷ്ണൻ. അതിപ്പോൾ നിർവഹിക്കണം എന്നായി ഭഗവാന്റെ നിശ്ചയം. അതേസമയം ഒരു നേരമ്പോക്കു കാണിക്കണം എന്നും. ഭഗവാൻ ദ്വാരകയിൽ ഒരു നാട്യസംഘം ഒരുക്കി. പ്രദ്യുമ്നൻതന്നെയായിരുന്നു നാട്യസംഘത്തിന്റെ നായകൻ. വാദ്യക്കാർ, പാട്ടുകാർ, ആട്ടക്കാർ, സഹായികൾ—സകലരും ഉൾപ്പെടുന്ന വലിയൊരു സംഘം!

എല്ലാവരും ദ്വാരകയിൽനിന്നും പുറപ്പാടായി. ദീർഘയാത്രയ്ക്കുശേഷം ഒരു പട്ടണത്തിൽ താവളമടിച്ചു. വജ്രപുരത്തിന്റെ സമീപമുള്ള ഒരു പട്ടണമായിരുന്നു അത്. അവിടെ അവർ ഒരു നാടകവും അവതരിപ്പിച്ചു.

രാമായണം കഥയുടെ നാടകരൂപമായിരുന്നു ആ പരിപാടി. ദശരഥൻ, ശ്രീരാമൻ, ലക്ഷ്മണൻ—അതെന്തിന് അനേകം കഥാപാത്രങ്ങൾ അര

ങ്ങത്തു വന്നു. എത്ര തന്മയത്വമുള്ളതായിരുന്നു നടന്മാരുടെ അഭിനയം! കാണികൾ തിങ്ങിനിറഞ്ഞിരുന്ന് നാടകം കണ്ടു രസിക്കുകയാണ്. അവരുടെ കൂട്ടത്തിൽ ചില വൃദ്ധന്മാരും ഉണ്ടായിരുന്നു. എത്രയോ നാടകങ്ങൾ അവർ അതിനുമുൻപ് കണ്ടിട്ടുണ്ടായിരുന്നു. ഇത്ര നല്ല ഒരു നാടകം ഇന്നോളം കണ്ടിട്ടില്ല—അതായിരുന്നു അവരിൽ പലരുടെയും അഭിപ്രായം. മറ്റുചിലർക്കു തോന്നിയത് എന്താണ്? ഇത് അഭിനയമല്ല, ശരിക്കുള്ള ജീവിതംതന്നെ എന്ന്!

ഒടുവിൽ നാടകം അവസാനിച്ചു. അപ്പോൾ സദസ്യർ മുഴക്കിയ കരഘോഷം —അത് വളരെ നേരം നീണ്ടുനിന്നു. നടന്മാർക്കു ലഭിച്ച സമ്മാനങ്ങൾക്കോ, കൈയും കണക്കുമില്ലതാനും!

നാടകത്തിന്റെ മേന്മയെക്കുറിച്ച് വജ്രനാഭന് വിവരം കിട്ടി. കാണണം എന്നായി അസുരരാജാവിന്റെ തീവ്രമായ ആഗ്രഹം. അവൻ നാടകക്കാരെ തന്റെ കൊട്ടാരത്തിൽ വരുത്തി. നാടകക്കാർ ഇപ്രാവശ്യം അവതരിപ്പിച്ചത് രാമായണമല്ല. പിന്നെയോ, സ്വർഗ്ഗസുന്ദരിയായ രംഭ പ്രധാന കഥാപാത്രമായ ഒരു നാടകം. അഭിനയം എത്ര കേമമായിരുന്നു എന്നോ? വജ്രനാഭന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. വിലപിടിച്ച രത്നങ്ങൾ, വർണപ്പകിട്ടേറിയ പട്ടുവസ്ത്രങ്ങൾ, വിചിത്രരീതികളിലുള്ള ആഭരണങ്ങൾ—അവയെല്ലാം അവൻ അവർക്ക് വാരിക്കോരി ദാനംചെയ്തു. നാട്യസംഘക്കാർ വാസ്തവത്തിൽ ശ്രീകൃഷ്ണന്റെ പുത്രനും കൂട്ടരുമാണ്; അവർക്ക് ഗൂഢമായ ചില ഉദ്ദേശ്യങ്ങളുണ്ട്—അതൊന്നും വജ്രനാഭൻ അറിഞ്ഞതേയില്ല.

ശുചിമുഖി പ്രഭാവതിയെ ചെന്നു കണ്ടു.

"രാജകുമാരീ, ഞാൻ ദ്വാരകയിൽ പോയി പ്രദ്യുമ്നനെ കണ്ടു. സകലതും ഏർപ്പാടുചെയ്തുകഴിഞ്ഞിരിക്കുന്നു. പ്രദ്യുമ്നൻ ഇന്ന് സന്ധ്യകഴിഞ്ഞ് അവിടുത്തെ കാണാൻ വന്നെത്തും." ഹംസി മുന്നറിയിപ്പു നല്കി.

ആ വിവരം ഹംസി പ്രദ്യുമ്നനെ അറിയിക്കാതിരിക്കുമോ? നിശ്ചിത സമയത്ത് പ്രഭാവതിയുടെ മുൻപിൽ എത്തിച്ചേരുകതന്നെ—അതായി പ്രദ്യുമ്നന്റെ നിശ്ചയം. പലേ വിദ്യകളും വശമുണ്ട് പ്രദ്യുമ്നന്. തന്റെ രൂപം മാറ്റി മറ്റൊരു രൂപം ധരിക്കുക—അത് വിദ്യകളിൽ ഒന്നുമാത്രമാണ്. അദ്ദേഹം രാജകുമാരിയുടെ തോഴിമാരിൽ ചിലരെ കാണാൻ ഇടയായി. തോഴിമാർ ഒരു പൂമാല കൊണ്ടുപോകുകയാണ്. സ്വാമിനിക്ക് കൊടുക്കാനുള്ളതാണ് പൂമാല. ഏറ്റവും സുഗന്ധവും വർണ്ണപ്പൊലിമയുമുള്ള പുഷ്പങ്ങൾ കോർത്ത പൂമാലയാണ്. അതിൽ ഒട്ടനേകം വണ്ടുകൾ പറ്റിക്കൂടിയിരിക്കുന്നു. പ്രദ്യുമ്നൻ ഒരു വണ്ടായി രൂപം മാറി. പൂമാലയിൽ ചെന്നുകൂടി. മറ്റു വണ്ടുകളുടെ കൂട്ടത്തിലുമായി. തോഴിമാർ പ്രഭാവതിയെ കണ്ടു പൂമാല നല്കിയിട്ടു മടങ്ങിപ്പോയി. സന്ധ്യയായപ്പോൾ വണ്ടുകൾ പൂമാല വിട്ട് പറന്നുപോയി. ഒരേ ഒരു വണ്ടു മാത്രം അവിടെത്തന്നെ ഇരുന്നു—വണ്ടിന്റെ രൂപം പൂണ്ടിരുന്ന പ്രദ്യുമ്നൻ.

പെട്ടെന്ന് പ്രദ്യുമ്നൻ വണ്ടുവേഷം ഉപേക്ഷിച്ച് സ്വന്തരൂപം കൈക്കൊണ്ടു.

പ്രഭാവതിയുടെ അത്ഭുതം കാണണം! അത്ഭുതത്തോടൊന്നിച്ച് ആഹ്ലാദവും!

അവരുടെ ഗാന്ധർവവിവാഹം നടക്കുകയായി.

രാത്രി മുഴുവനും പ്രദ്യുമ്നൻ അവിടെ കഴിച്ചു. നേരം വെളുക്കുന്നതിനുമുമ്പ് ഇറങ്ങിപ്പോയി. നാട്യക്കാരുടെ ഇടയിൽ കഴിയുകയുംചെയ്തു.

പ്രദ്യുമ്നനും പ്രഭാവതിയും വിവാഹിതരായി—ആ രഹസ്യം അറിഞ്ഞിരുന്നത് ആരെല്ലാമെന്നോ? അവരും ഹംസിയും മാത്രം!

നാട്യസംഘം വജ്രപുരത്തിൽ കുറെ ദിവസംകൂടി താമസിച്ച് അഭിനയം നടത്തി. അപ്പോഴൊക്കെ പ്രദ്യുമ്നൻ കൂട്ടുകാരോടൊന്നിച്ചുണ്ടാവും. അതിനുശേഷം സമയംകഴിക്കുന്നതോ, പ്രഭാവതിയുടെ അറയിലും. സകലതും ഹംസങ്ങൾ ദ്വാരകയിൽച്ചെന്ന് ശ്രീകൃഷ്ണനെ അറിയിക്കാറുമുണ്ട്.

വജ്രനാഭന് ഒരു ഇളയ സഹോദരനുണ്ട്. അവന്റെ പേര് സുനാഭൻ എന്നും. സുനാഭന്റെ പുത്രിമാരാണ് ചന്ദ്രവതിയും ഗുണവതിയും. അവർ ഒരിക്കൽ പ്രഭാവതിയുടെ അറയിൽ കയറിച്ചെന്നു. മുൻപില്ലാതിരുന്ന പല അടയാളങ്ങളും അവിടെ അവർ കണ്ടെത്തി—ഒരു പുരുഷൻ അവിടെ പാർത്തുവരുന്നു എന്നതിന്റെ അടയാളങ്ങൾ.

അസുരയുവതികൾ അവയെക്കുറിച്ച് പ്രഭാവതിയോടു ചോദിച്ചു.

"എനിക്ക് പ്രത്യേകതരത്തിലുള്ള ഒരു മന്ത്രം വശമുണ്ട്. ആ മന്ത്രം ജപിച്ചാൽ അനുരൂപനായ ഭർത്താവുണ്ടാകും. അങ്ങനത്തെ മന്ത്രമാണത്. അതു ജപിച്ച് ഞാൻ ഭർത്താവിനെ സമ്പാദിച്ചിരിക്കുന്നു. ഞാൻ നിങ്ങൾക്ക് ആ മന്ത്രം ഉപദേശിച്ചുതരാം. എന്നാൽ, നിങ്ങൾക്കും ഒന്നാന്തരം ഭർത്താക്കന്മാരെ കിട്ടും." പ്രഭാവതി കള്ളം പറഞ്ഞു.

എങ്കിലും കള്ളമാണത് എന്ന് ചന്ദ്രവതിക്കും ഗുണവതിക്കും തോന്നിയില്ല. അനുരൂപരായ ഭർത്താക്കന്മാർ വേണമെന്ന് അവർ മുമ്പുതന്നെ ആഗ്രഹിക്കുകയാണ്. അതിനുള്ള സന്ദർഭം ഇതാ വന്നെത്തിയിരിക്കുന്നു. ആ സന്ദർഭം പാഴാക്കുന്നത് മൗഢ്യമായിരിക്കും. പ്രഭാവതി ചിലതെല്ലാം അവർക്ക് ചൊല്ലിക്കൊടുത്തു. വാസ്തവത്തിൽ അതു മന്ത്രമായിരുന്നില്ല. അർത്ഥമില്ലാത്ത കുറെ വാക്കുകൾമാത്രം! പക്ഷേ, മന്ത്രം എന്നായിരുന്നു ചന്ദ്രവതിയുടെയും ഗുണവതിയുടെയും വിശ്വാസം. മന്ത്രലാഭത്തിലുള്ള ചാരിതാർത്ഥ്യത്തോടെ ഇരുവരും ഇറങ്ങിപ്പോയി.

അന്നു രാത്രിയും പതിവുപോലെ, പ്രദ്യുമ്നൻ പ്രഭാവതിയുടെ അറയിലെത്തി.

നടന്നതെല്ലാം പ്രഭാവതി വരനെ പറഞ്ഞുകേൾപ്പിച്ചു.

'ചന്ദ്രവതിക്കും ഗുണവതിക്കും ഓരോ വരനെ കൊണ്ടുത്തരണം.' പ്രഭാവതി അപേക്ഷിച്ചു.

"യാതൊരു വിഷമവുമില്ല. എന്റെ അടുത്ത ചാർച്ചക്കാരായി രണ്ടു പേരുണ്ട്." പ്രദ്യുമ്നൻ മറുപടി നല്കി.

അങ്ങനെ ചന്ദ്രവതിയും ഗുണവതിയും ഭർത്തൃമതികളായി. അക്കാര്യം അവരും ഗോപ്യമായി വെച്ചതേയുള്ളു. അച്ഛനും വല്യച്ഛനും അറിഞ്ഞാൽ ആപത്താവുകയില്ലേ? സാംബനും ഗദനും ആയിരുന്നു പുതിയ വരന്മാർ.

അപ്പോഴേക്കും ആ സമയം വന്നുചേർന്നു—കശ്യപൻ യാഗം പൂർത്തിയാക്കുന്ന സമയം. അതിനെക്കുറിച്ചു മുൻപ് ഒത്തുതീർപ്പിൽ എത്തിയിരുന്നല്ലോ ദേവേന്ദ്രനും വജ്രനാഭനും. തനിക്കു സ്വർഗ്ഗം കൈയടക്കണം—അതായിരുന്നുതാനും വജ്രനാഭന് ആദ്യമേ ഉണ്ടായിരുന്ന ആഗ്രഹം.

അതിപ്പോൾ പൂർവ്വാധികം പ്രബലമായി. അവൻ അച്ഛനെ കണ്ടു സകലതും പറഞ്ഞു.

കശ്യപന് പുത്രന്റെ പുറപ്പാടു ശരിയല്ലെന്നു തോന്നി.

"വജ്രനാഭാ, നീ വജ്രപുരംകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളൂ. അതാണ് നിനക്ക് ശ്രേയസ്സ്. നീ ദേവേന്ദ്രനോടു മല്ലടിക്കാനൊന്നും പോകണ്ട." മഹർഷി ഉപദേശിച്ചു.

പക്ഷേ, പിതാവിന്റെ ഉപദേശം പുത്രന് സ്വീകാര്യമായില്ല. സ്വർഗം സ്വന്തമാക്കിയേ കഴിയുകയുള്ളു. അവൻ സ്വപുരത്തിലേക്കു മടങ്ങി. സ്വസൈന്യങ്ങളെ സജ്ജമാക്കി സ്വർഗ്ഗത്തിലേക്കു പടനീക്കാൻ ഒരുക്കവുമായി.

പ്രഭാവതിക്ക് ഒരു പുത്രനുണ്ടായി. അതേസമയം ചന്ദ്രവതിക്കും ഗുണവതിക്കും ഓരോ പുത്രനും. ജനിച്ച ഉടൻതന്നെ കുട്ടികൾ വളർന്നു വലുതായി. അതോടുകൂടി രഹസ്യമെല്ലാം പുറത്തുമായി. കുട്ടികളുടെ അച്ഛന്മാർ ആരെന്നു തെളിഞ്ഞില്ലേ? അപ്പോൾ വജ്രനാഭനും സുനാഭനും കോപം കൊണ്ടു വിറച്ചു. പ്രദ്യുമ്നൻ, സാംബൻ, ഗദൻ—മൂന്നുപേരും ശത്രുവർഗക്കാരാണ്. അവരെ രഹസ്യമായി വിവാഹംചെയ്തിരിക്കുന്നു അസുരരാജകുമാരിമാർ. മാത്രമല്ല, അവർക്കു സന്താനങ്ങളും ഉണ്ടായിരിക്കുന്നു! ശത്രുവർഗക്കാരോടു പകരം ചോദിക്കണം—അതിനായി അസുരടെന്മാർ പാഞ്ഞുപോയി.

പക്ഷേ, പ്രദ്യുമ്നനും സാംബനും ഗദനുമുണ്ടോ ഭയം? അവർ ആയുധങ്ങൾ ധരിച്ചു കൂട്ടുകാരുമൊത്ത് പടയ്ക്കിറങ്ങി. പോരെങ്കിൽ പ്രദ്യുമ്നന് മായാപ്രയോഗങ്ങളും വശമുണ്ട്. അദ്ദേഹം മായയാൽ ഒരു രഥം നിർമ്മിച്ചു. ആ രഥത്തിൽ കയറിയിരുന്നു പൊരുതുതുടങ്ങി. സാംബനും ഗദനും വീറോടെ യുദ്ധംചെയ്തു. അനേകം അസുരന്മാർ അവരുടെ ആയുധങ്ങൾക്ക് ഇരയായി. എന്നിരുന്നാലും ഏറ്റവും തുച്ഛമല്ലെ അവരുടെ സംഖ്യാബലം? ആ വിഷമം ദേവേന്ദ്രൻ മനസ്സിലാക്കി. അദ്ദേഹം സഹായത്തിനായി സ്വപുത്രനായ ജയന്തനെ അയച്ചുകൊടുത്തു—മാത്രമല്ല, രഥത്തെയും തേരാളിയെയും ഐരാവതത്തെയും!

പിറ്റേദിവസം ശ്രീകൃഷ്ണൻ വന്നെത്തും—അക്കാര്യം പ്രദ്യുമ്നനു നിശ്ചയമായി. അച്ഛൻ വരുന്നതുവരെ പൊരുതിനില്ക്കുകതന്നെ—അതിനായി പ്രദ്യുമ്നന്റെ ഉദ്യമം. അദ്ദേഹം മായകൊണ്ട് അനേകം രൂപങ്ങളെ സൃഷ്ടിച്ചുവിട്ടു. ഓരോ രൂപവും പ്രദ്യുമ്നന്റെ തനിപ്പകർപ്പുകൾ!

ശത്രുക്കൾ കണ്ടത് എന്താണ്? തങ്ങളോട് അനേകം പ്രദ്യുമ്നന്മാർ പൊരുതുകയാണ്! അവരാകെ കുഴങ്ങിപ്പോയി എന്ന് പ്രത്യേകിച്ചു പറയണോ!

വല്ലവിധവും രാത്രി കഴിഞ്ഞ് നേരം പുലർന്നു. അപ്പോഴേക്കും ശ്രീകൃഷ്ണന്റെ വരവുണ്ടായി—പ്രദ്യുമ്നൻ പ്രതീക്ഷിച്ചതുപോലെ ഗരുഡന്റെ പുറത്തിരുന്നാണ് ശ്രീകൃഷ്ണൻ വന്നത്. പ്രദ്യുമ്നൻ ഗരുഡനെ വാഹനമാക്കി പോരു തുടർന്നു. അപ്രകാരം ചെയ്തത് ശ്രീകൃഷ്ണന്റെ നിർദ്ദേശപ്രകാരവും. വജ്രനാഭനെയാണ് പ്രദ്യുമ്നൻ ഇപ്പോൾ എതിരിട്ടത്. കുറെനേരം തുല്യനിലയിൽ തുടർന്നുപോയി അവരുടെ ദ്വന്ദ്വയുദ്ധം. അപ്പോഴേക്കും പ്രദ്യുമ്നൻ ഗദകൊണ്ട് ഊക്കോടെ ഒന്നടിച്ചു. ആ അടി വജ്രനാഭന്റെ വിസ്താരമേറിയ മാറിലേറ്റു. അല്പസമയത്തേക്ക് അസുരരാജാവ് അവശനായിപ്പോയി. എങ്കിലും അവൻ ക്ഷണത്തിൽ പൂർവ്വശക്തി വീണ്ടെടുത്തു. എന്നിട്ട്

മുൾഗദ വീശി എതിരാളിയെ പ്രഹരിച്ചു. ആ പ്രഹരം പ്രദ്യുമ്നന്റെ നെറ്റിയിലേക്കു രക്തം ചാടിച്ചു. പ്രദ്യുമ്നൻ അശക്തനായി അങ്ങനെ നിലകൊണ്ടു. അപ്പോഴേക്കും ഒരു ആയുധം പ്രദ്യുമ്നന്റെ കൈയിലെത്തി. മറ്റൊന്നുമല്ല. ശ്രീകൃഷ്ണന്റെ തൃച്ചക്രം! ഭഗവാന്റെ ഇച്ഛപ്രകാരമാണ് തൃച്ചക്രം പ്രദ്യുമ്നന്റെ കൈയിലെത്തിയത്. ആ ദിവ്യായുധത്തെ പ്രദ്യുമ്നൻ വജ്രനാഭന്റെ നേർക്ക് പ്രയോഗിച്ചു. അസുരരാജാവിന്റെ ശിരസ്സ് ദേഹത്തിൽനിന്ന് വേറായി നിലത്തുവീണു.

സാംബനും ഗദനുമോ? അവരും അനേകം ധീരകൃത്യങ്ങൾ ചെയ്തു. ഫലമായി അനവധി അസുരന്മാർ ചത്തൊടുങ്ങി. അസുരസൈന്യം തോറ്റോടങ്ങി.

വജ്രപുരിയിലാകെ കുഴപ്പംതന്നെ. വൃദ്ധന്മാർ, സ്ത്രീകൾ, ബാലികാബാലന്മാർ—എല്ലാവരും വല്ലാതെ ഭയന്നുനില്ക്കുകയാണ്. തങ്ങളുടെയും ജീവനാശം സംഭവിക്കുമോ? അതായിരുന്നു അവരുടെ ഭയം. പക്ഷേ, ആ ഭയം അസ്ഥാനത്തായിരുന്നു. ശ്രീകൃഷ്ണനും ദേവേന്ദ്രനും അവരെ സമാധാനപ്പെടുത്തി.

ഭഗവാൻ വജ്രപുരത്തെ നാലായി ഭാഗിച്ചു. ഒരു ഭാഗം ജയന്തപുത്രനായ ജയനു നല്കി. പ്രഭാവതി, ചന്ദ്രവതി, ഗുണവതി—അവരുടെ പുത്രന്മാർക്ക് ബാക്കിയുള്ള മൂന്നു ഭാഗങ്ങളും. ആ യുവാക്കന്മാരെ അതാതു രാജ്യത്തിലെ രാജാക്കന്മാരായി അഭിഷേകവും നടത്തി.

ദേവേന്ദ്രൻ സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയി. ശ്രീകൃഷ്ണൻ ദ്വാരകയിലേക്കും. പ്രദ്യുമ്നൻ, സാംബൻ, ഗദൻ—അവർ വജ്രപുരത്തിൽ തങ്ങി. ഭരണകാര്യങ്ങൾ ശരിപ്പെടുത്തിക്കൊടുക്കണം—അതായിരുന്നു അവരുടെ നിശ്ചയം. വളരെ ചെറുപ്പമാണല്ലോ പുതിയ രാജാക്കന്മാർ മൂന്നും. അച്ഛന്മാരുടെ സഹായം അവർക്ക് ആവശ്യമായിവന്നു. അത് സ്വാഭാവികമാണുതാനും.

പ്രദ്യുമ്നനും സാംബനും ഗദനും ആറുമാസം ജോലിചെയ്തു. അപ്പോഴേക്കും കാര്യങ്ങളെല്ലാം ശരിയുമായി. അവർ പുത്രന്മാരെ രാജ്യങ്ങളിലെ ഏകാധിപതികളാക്കി. എന്നിട്ട് ദ്വാരകയിലേക്കു മടങ്ങിപ്പോയി.

(മഹാഭാരതം വിഷ്ണുപർവ്വം)

ഹംസഡിംഭകന്മാർ

സാലരാജ്യത്തിൽ ബ്രഹ്മദത്തൻ എന്നൊരു രാജാവ് വാണിരുന്നു. രാജാവിന് ഒരു ഉറ്റ സ്നേഹിതനുണ്ട്—ബ്രാഹ്മണനായ മിത്രസഖൻ. ബ്രഹ്മദത്തനും മിത്രസഖനും സന്തതികളില്ല. ദൈവാനുഗ്രഹംകൊണ്ടേ സന്താനലാഭം ഉണ്ടാവൂ. അക്കാര്യം അവർക്കു തീർച്ചയായി. ബ്രഹ്മദത്തൻ ശിവനെ ഭജിച്ചു. മിത്രസഖൻ മഹാവിഷ്ണുവിനെയും.

ശിവന്റെ അനുഗ്രഹത്താൽ ബ്രഹ്മദത്തനു രണ്ടു പുത്രന്മാരുണ്ടായി—ഹംസൻ, ഡിംഭകൻ എന്നിവർ.

മഹാവിഷ്ണുവിന്റെ അനുഗ്രഹത്താൽ മിത്രസഖന് ഒരു മകൻ ജനിച്ചു—ജനാർദ്ദനൻ എന്നവൻ.

കുട്ടികൾ മൂന്നുപേരും ഒന്നിച്ചു വളർന്നു. അവർ പഠിക്കുന്നതും കളിക്കുന്നതുമെല്ലാം ഒരുമിച്ചുതന്നെ. എല്ലാവരും തമ്മിൽ അതിയായ സ്നേഹവും ഉണ്ടായിരുന്നു.

പില്ക്കാലത്ത് വലിയ വ്യത്യാസങ്ങൾ ഉണ്ടാവും. അക്കാര്യം അപ്പോൾ ആരുമാരും അറിഞ്ഞിരുന്നില്ല.

ഹംസനും ഡിംഭകനും വലുതായപ്പോൾ ഒന്നിച്ചു ശിവനെ തപസ്സു ചെയ്തു.

ശിവൻ അവരുടെ മുൻപിൽ പ്രത്യക്ഷനായി.

"ഭഗവാനേ, ദേവാസുരന്മാർ മുതലായവരിൽനിന്നു ഞങ്ങൾക്കു മരണം സംഭവിച്ചുകൂടാ. ശക്തിയേറിയ കവചവും വില്ലും വെണ്മഴുവും ഞങ്ങൾക്കു വേണം. അവിടുത്തെ ഭൃത്യരായ രണ്ടു ഭൂതങ്ങൾ ഞങ്ങളെ കാത്തുനില്ക്കുകയും വേണം." അതാണ് സഹോദരന്മാർ ചോദിച്ച വരം.

ശിവൻ അവർക്ക് ആ വരങ്ങൾ നല്കി.

അന്നുമുതൽ ഹംസഡിംഭകന്മാരുടെ ശക്തി വളരെയേറെ വർദ്ധിച്ചു. അതിൽ അവർക്ക് അതിയായ അഹങ്കാരമുണ്ടായി. ആർക്കും അവരെ കീഴടക്ക വയ്യ!

ഒന്നിച്ചു വളർന്നവരാണല്ലോ അവരും ജനാർദ്ദനനും. എങ്കിലും ജനാർദ്ദനൻ അവരിൽനിന്നും വ്യത്യസ്തനായിരുന്നു. ഹിംസയിൽ ആയിരുന്നില്ല അയാളുടെ ചിന്ത. മറിച്ച് മഹാവിഷ്ണുവിൽ പറ്റിക്കൂടി. ഭക്തനായും സദ്വൃത്തനായും അയാൾ കഴിഞ്ഞുകൂടി.

ഒരു ദിവസം ഹംസനും ഡിംഭകനും വേട്ടയ്ക്കായി കാട്ടിലേക്കു പോയി. അവരോടൊന്നിച്ച് അനുചരന്മാരും ഉണ്ടായിരുന്നു. സഹോദരന്മാർ അനേകം മൃഗങ്ങളെ വേട്ടയാടി. അപ്പോഴേക്കും അവർക്കു തളർച്ചയുണ്ടായി. അവർ ഒരു പൊയ്കയുടെ അരികത്തിരുന്നു വിശ്രമിച്ചു.

ജനാർദ്ദനൻ അവരെ അനുഗമിച്ചിട്ടുണ്ട്. പക്ഷേ, അയാൾ വേട്ടയാടുന്നില്ല. കാരണം, വേട്ടയിൽ ഒരു വിനോദവും അയാൾ കണ്ടില്ല.

നേരിയ ഒരു ശബ്ദം മൂന്നു പേരുടെയും ചെവികളിൽ വന്നലച്ചു. അവർ ആ ശബ്ദം ഏറ്റവും ശ്രദ്ധിച്ചുകേട്ടു. അപ്പോൾ അത് എന്തെന്നു മനസ്സിലായി. യജ്ഞത്തിനുള്ള വേദോച്ചാരണം!

മൂന്നുപേരുംകൂടി ശബ്ദം പുറപ്പെടുന്ന സ്ഥലത്തേക്കു ചെന്നു. അവിടെ കുറെയേറെ മഹർഷിമാർ കൂടിയിരിക്കുന്നു. യജ്ഞത്തിനു വന്നതാണ് മഹർഷിമാർ.

ഹംസനും ഡിംഭകനും അവരുടെ മുൻപിലെത്തി.

"ഹേ മഹർഷിമാരേ, ഞങ്ങൾ ഹംസഡിംഭകന്മാരാണ്. രാജസൂയം എന്ന മഹായജ്ഞം ചെയ്യാൻ ഞങ്ങൾക്ക് ഉദ്ദേശ്യമുണ്ട്. അതിനായി നിങ്ങളെയെല്ലാം ഇപ്പോൾ ക്ഷണിക്കുകയാണ്. രാജസൂയത്തിനുമുമ്പ് ദിഗ്വിജയം ചെയ്യണമല്ലോ. അതിനായി ഞങ്ങളിതാ യാത്രയാവുന്നു. ഒന്നുകൂടി നിങ്ങൾ അറിയുന്നത് നന്നായിരിക്കും. ഞങ്ങളെ എതിർത്തുനില്ക്കാൻ ആർക്കും സാധിക്കയില്ല." അവർ ഗർവത്തോടുകൂടി പറഞ്ഞു.

മഹർഷിമാർക്ക് അത്ര രസിച്ചില്ല.

"രാജസൂയം നടക്കുകയാണെങ്കിൽ ഞങ്ങൾ വരാം. നടന്നില്ലെങ്കിൽ വരികയുമില്ല. കേട്ടോ?" അവർ പറഞ്ഞു.

വിനാശകാലം വരുമ്പോൾ വിപരീതബുദ്ധി ഉണ്ടാകാറുണ്ടല്ലോ. അടുത്തൊരിടത്ത് ദുർവാസാവു മഹർഷിയുണ്ട്—ആ വിവരം ലഭിച്ചു ഹംസഡിംഭകന്മർക്ക്. സഹോദരന്മാർ ജനാർദ്ദനനെയുംകൊണ്ട് ദുർവാസാവിന്റെ സവിധത്തിലെത്തി. അനേകം ശിഷ്യന്മാരുടെ മദ്ധ്യത്തിൽ ഇരിക്കയാണ് ദുർവാസാവ്. അവരെയെല്ലാം ഒന്ന് അവമാനിക്കണം—അതിനു മുതിർന്നു ഹംസനും ഡിംഭകനും.

"ഹേ ദുർവാസാവേ, നിങ്ങൾ ഒരു ദേഷ്യക്കാരനാണ് അല്ലേ? നിങ്ങളുടെ ദേഷ്യം നിങ്ങളുടെ പക്കൽത്തന്നെ വെച്ചുകൊള്ളണം കേട്ടോ? ആട്ടെ, ഇനിമേൽ ഈ ആശ്രമത്തിൽ ഇരിക്കരുത്. ഉടനെ ഇവിടംവിട്ടു പൊയ്ക്കൊള്ളണം. അല്ലാത്തപക്ഷം കുഴപ്പമാകും. പറഞ്ഞേക്കാം!" അവർ അപമാനിച്ചു.

ജനാർദ്ദനൻ പരിഭ്രമിച്ചുവശായി. ലോകരാകെ ബഹുമാനിക്കുന്ന മഹർഷിയാണു ദുർവാസാവ്. എന്നിട്ട് അദ്ദേഹത്തോട് ഇത്ര ഹീനമായ രീതിയിൽ പെരുമാറുകയോ? ഇങ്ങനെ വരുമെന്ന് ജനാർദ്ദനൻ തീരെ വിചാരിച്ചിരുന്നില്ല.

"ഹംസാ, ഡിംഭകാ, എന്ത് അന്യായമാണ് നിങ്ങൾ ഇപ്പറഞ്ഞത്? ബുദ്ധിയില്ലായ്മയ്ക്കും വേണം ഒരു അതിര്! ഈ മഹാത്മാവിനെ നിങ്ങളല്ലാതെ ആരെങ്കിലും നിന്ദിക്കുമോ? നിന്ദയുടെ ഫലം നിങ്ങൾ അനുഭവിക്കും. തീർച്ച! നിങ്ങളോടുള്ള വേഴ്ച കാരണം ഞാൻ നിർഭാഗ്യവാനായി. ഞാൻ നിങ്ങളുടെ പാപം നിറഞ്ഞ വാക്കുകൾ കേട്ടുവല്ലോ!" ജനാർദ്ദനൻ പറഞ്ഞു.

സാധാരണയായി ദുർവാസാവ് എന്താണു ചെയ്യാറുള്ളത്? ദേഷ്യം വന്നാൽ ആരെയും ഏതു സമയത്തും ശപിച്ചുകളയും. എന്നാൽ, ഇപ്പോൾ ഒരു വ്യത്യാസമുണ്ടായി. പ്രത്യേകമായി ഒരു വ്രതമെടുക്കുകയാണ് മഹർഷി. ഒരു കാരണവശാലും ശപിച്ചുകൂടാത്ത വ്രതമാണത്.

"എന്നോട് ഇമ്മാതിരി ഇന്നേവരെ ആരുംതന്നെ സംസാരിച്ചിട്ടില്ല. ആട്ടെ, അതിനുള്ള ശിക്ഷ നിങ്ങൾക്ക് ശ്രീകൃഷ്ണനിൽനിന്നു കിട്ടിക്കോളും. ഇതാ, ഈ നില്ക്കുന്നില്ലേ ജനാർദ്ദനൻ? അവന് ശ്രീകൃഷ്ണന്റെ അനുഗ്രഹം സിദ്ധിക്കുകയും ചെയ്യും." അത്രമാത്രമേ ദുർവാസാവ് പറഞ്ഞുള്ളു.

പക്ഷേ, ഹംസനും ഡിംഭകനുമുണ്ടോ വീണ്ടുവിചാരം? അവമാനിച്ചതും പോരാ, എന്നായിരുന്നു അവരുടെ തോന്നൽ. അവർ മഹർഷിയുടെ ആശ്രമത്തിൽ കടന്നുകയറി. കൈയിൽക്കിട്ടിയ പാത്രങ്ങൾ അടിച്ചുടച്ചു. മറ്റു സാമഗ്രികൾ വാരിയെറിഞ്ഞു. എന്നിട്ടു തങ്ങളുടെ വഴിക്കു പോയി.

അങ്ങകലെ, ദ്വാരകയിൽ, ഇരുന്നരുളുകയാണ് ശ്രീകൃഷ്ണൻ.

ഒരിക്കൽ ഭഗവാൻ ഒന്നുകണ്ടു—കുറെപ്പേർ തന്റെ നേർക്കു നടന്നുവരുന്നു. ആരാണവർ? ഒരു മഹർഷിയും കുറെ ശിഷ്യന്മാരും. അടുത്തു വന്നപ്പോൾ മഹർഷിയെ തിരിച്ചറിഞ്ഞു. മറ്റാരുമല്ല, ദുർവാസാവുതന്നെ.

ശ്രീകൃഷ്ണൻ എഴുന്നേറ്റ് ദുർവാസാവിന് സ്വാഗതമരുളി.

"മഹർഷേ, എന്താണ് ഇപ്പോഴത്തെ വരവിനു കാരണം?" ഭഗവാൻ ആരാഞ്ഞു.

ദുർവാസാവ് ഹംസന്റെയും ഡിംഭകന്റെയും മര്യാദകേടുകൾ വിവരിച്ചു.

"കൃഷ്ണാ, അവിടുന്നുതന്നെ അവരെ ശിക്ഷിക്കണം." ദുർവാസാവ് നിർബന്ധിച്ചു.

"ഞാൻ അവരെ വധിക്കും. അക്കാര്യം തീർച്ചയാണ്. അങ്ങേക്ക് ഒട്ടും കുണ്ഠിതം വേണ്ട." ശ്രീകൃഷ്ണൻ മഹർഷിയെ സമാധാനപ്പെടുത്തി.

ഭഗവാൻ അതിഥികളെ ഊണു കഴിപ്പിച്ചു. സകല വിഭവങ്ങളും നിറഞ്ഞ ഊണായിരുന്നു. ഊണിനുശേഷം ദാനങ്ങളും ഉണ്ടായി—ശ്രീകൃഷ്ണൻ കൈയയച്ചുചെയ്ത ദാനങ്ങൾ!

ദുർവാസാവും ശിഷ്യന്മാരും സംതൃപ്തരായി വിടവാങ്ങി.

ഹംസനും ഡിംഭകനും എന്തുചെയ്തു! അവർ ദുർവാസാവിന്റെ ആശ്രമം താറുമാറാക്കിയല്ലോ. അതിനുശേഷം അവർ രാജധാനിയിലേക്കു മടങ്ങിപ്പോയി. ബ്രഹദ്രഥരാജാവിനെ ചെന്നുകാണാൻ ഒട്ടും താമസിച്ചില്ല.

"അച്ഛാ, നമുക്ക് രാജസൂയം നടത്തിയേ കഴിയൂ. അതിനുമുൻപ് ദിഗ്വിജയത്തിന് ഇറങ്ങണം. ഞങ്ങളിതാ തയ്യാറായിരിക്കുന്നു." അവർ പറഞ്ഞു.

ജനാർദ്ദനന് അതത്ര സ്വീകാര്യമായില്ല. ഹംസ ഡിംഭകന്മാരെ വരും വരാഴികകൾ പറഞ്ഞു മനസ്സിലാക്കണം. അതിനായി അയാൾ ആ സഹോദരന്മാരെ നേരിട്ടു.

"നിങ്ങൾ ചെയ്യുന്നത് സാഹസമാണ്. മഹാശക്തന്മാരും മഹാവീരന്മാരുമായ ഒട്ടേറെ മഹാരഥന്മാരുണ്ട്. ഭീഷ്മരും ജരാസന്ധനും രണ്ടു പേർ മാത്രമാണ്. സർവ്വോപരി ശ്രീകൃഷ്ണനുമുണ്ട്. അവരിൽ ആരേയും കീഴടക്കാൻ നിങ്ങൾക്കു സാധിക്കയില്ല." ജനാർദ്ദനൻ ചൂണ്ടിക്കാട്ടി.

സഹോദരന്മാർ സ്വന്തം നിലപാടിൽ ഉറച്ചുനിന്നു.

"ജനാർദ്ദനാ, ആരായാലും ശരി, ഞങ്ങൾക്കു കിടനില്ക്കുകയില്ല. നീ വെറുതെ ഭയപ്പെടുകയാണ്. ആട്ടെ, നീ ഞങ്ങൾക്കുവേണ്ടി ഒന്നു ചെയ്യണം. ഞങ്ങളുടെ ദൂതനായി ദ്വാരകയിലേക്കു പോകണം. ആ ശ്രീകൃഷ്ണനെ ഞങ്ങളുടെ സന്ദേശം അറിയിക്കുകയും വേണം. ഇതാ, ഇതാണ് സന്ദേശം. അവൻ മര്യാദയ്ക്ക് ഞങ്ങൾക്കു കപ്പം തരണം. കപ്പത്തോടുകൂടി ധാരാളം ഉപ്പും. അല്ലാത്തപക്ഷം ഞങ്ങൾ അവനെ ഒരു പാഠം പഠിപ്പിക്കും!"

ആ നിർദ്ദേശം സ്വീകരിക്കാതെ വയ്യെന്നായി ജനാർദ്ദനന്. അയാൾ കുതിരപ്പുറത്തു കയറി യാത്രയായി. ദുഷ്ടരായ സഹോദരന്മാരുടെ ദൂതനാണ് ഇപ്പോൾ. എങ്കിലെന്ത്? ശ്രീകൃഷ്ണനെ കാണാനുള്ള ഭാഗ്യമുണ്ടാവും! അപ്പോൾ താനാവും ധന്യരിൽ ധന്യൻ. തന്റെ ജന്മം സഫലമാകും. ശ്രീകൃഷ്ണനെ കാണുന്നതിൽ കൂടുതൽ ഒരു പുണ്യമുണ്ടോ? എങ്കിലും ഒന്നുണ്ട്. കപ്പം തരണമെന്ന് ഭഗവാനോട് എങ്ങനെ പറയും? ഭഗവാൻ തന്നോടു കോപിച്ചാലോ? ഇല്ല, ഭഗവാൻ കോപിക്കയില്ല. താൻ ദൗത്യം വഹിക്കുക മാത്രമല്ലേ? തനിക്കു ഭഗവാൻ തീർച്ചയായും മാപ്പുനല്കും. താൻ ഭഗവാന്റെ തൃച്ചേവടികളിൽ വീഴും. അവയിലെ പൊടി തന്റെ ശിരസ്സിൽ ധരിക്കും!

ആ വിചാരത്തോടുകൂടി ജനാർദ്ദനൻ ദ്വാരകയിൽ എത്തിച്ചേർന്നു.

ഭഗവാനെ കണ്ടപ്പോൾ ആ ഭക്തന്റെ ദേഹമാകെ പുളകം പൂശി. അയാൾ ഭഗവാനെ ദണ്ഡനമസ്കാരം ചെയ്തു. എന്നിട്ട് എഴുന്നേറ്റ് വന്ന കാര്യം അറിയിച്ചു.

"അടിയൻ ഹംസന്റെയും ഡിംഭകന്റെയും ദൂതനാണ്." അയാൾ സ്വയം പരിചയപ്പെടുത്തി.

"എന്താണ് അവരുടെ സന്ദേശം?" ശ്രീകൃഷ്ണൻ അന്വേഷിച്ചു.

ജനാർദ്ദനൻ സർവവും അറിയിച്ചു.

ശ്രീകൃഷ്ണന് കോപമുണ്ടായി.

"എന്നോട് കപ്പം ചോദിക്കുകയെന്നോ? അത് ഇന്നോളം ആരും ചിന്തിച്ചിട്ടുപോലുമില്ല. ആദ്യമായിട്ടാണ് ഞാൻ ഇങ്ങനെയൊന്നു കേൾക്കുന്നത്. ആട്ടെ, നിങ്ങൾ തിരിയെ സ്വരാജ്യത്തേക്കു പോകൂ. എന്നിട്ട് ഹംസ ഡിംഭകന്മാരെ എന്റെ മറുപടി അറിയിക്കൂ—അവർക്ക് ഞാൻ കൊടുക്കുന്ന കപ്പം മരണമായിരിക്കും എന്ന്!" ഭഗവാൻ പറഞ്ഞു.

ജനാർദ്ദനൻ യാത്രപറഞ്ഞിറങ്ങി. ഭഗവാൻ സാത്യകിയെ ദൂതനോടുകൂടി പറഞ്ഞയച്ചു. ഏറ്റവും വിശ്വസ്തനായ അന്തേവാസിയാണ് സാത്യകി. ഭഗവാൻ സാത്യകിക്ക് ചില നിർദ്ദേശങ്ങൾ നല്കിയിരുന്നു.

ഇരുവരും ഒന്നിച്ച് സാലരാജ്യത്തിൽ എത്തിച്ചേർന്നു.

ഹംസഡിംഭകന്മാർ ജനാർദ്ദനന്റെ തിരിച്ചുവരവിനായി കാത്തിരിക്കയാണ്.

"ജനാർദ്ദനാ, നിങ്ങൾ ശ്രീകൃഷ്ണനെ കണ്ടോ?" ഹംസൻ ചോദിച്ചു.

"ഹംസാ, ഞാൻ ശ്രീകൃഷ്ണനെ കണ്ടു. ആ ലോകഗുരുവിനെ കണ്ടു. ആ ജഗദീശ്വരനെ കണ്ടു. ആ കാരുണ്യമൂർത്തിയെ, ആ ഭക്തപ്രിയനെ, കണ്ണുകൊണ്ടു കണ്ടു. അതിനാൽ, ഞാൻ ധന്യരിൽ ധന്യനായി. സ്നേഹിതാ, ഞാനൊന്നു പറയട്ടെ, ശ്രീകൃഷ്ണനെ അടക്കാമെന്ന നിന്റെ ആഗ്രഹം നടപ്പില്ല. ഈ ഇത്രയൊക്കെ ചെയ്തതു മതി. ഇനിയങ്ങോട്ട് ആ വഴിക്ക് ഒന്നും ചെയ്യരുത്. ചെയ്താൽ നീയും ഡിംഭനും നശിക്കും. എന്നോടുകൂടി വന്നിരിക്കുന്ന ഈ പുരുഷൻ ആരെന്നോ? ശ്രീകൃഷ്ണന്റെ ആശ്രിതനായ സാത്യകി. ബാക്കിയുള്ളത് അദ്ദേഹം അറിയിക്കും." ജനാർദ്ദനൻ പറഞ്ഞു നിർത്തി.

അതു കേട്ടപ്പോൾ ഹംസന് അരിശംകയറി.

"ജനാർദ്ദനാ, ആ കൃഷ്ണൻ ഒരു മായാവിയാണ്. അവൻ നിന്നെയും മായയാൽ മയക്കിയിരിക്കുന്നു. നീ അവന്റെ പക്ഷത്തു ചേർന്നിരിക്കുകയാണ്. അതിനു നിന്നെ കൊല്ലുകയാണു വേണ്ടത്. പക്ഷേ, ഇപ്പോൾ ഞാനതു ചെയ്യുന്നില്ല. നീയും ഞാനും തമ്മിൽ ഇന്നോളം സ്നേഹമായിരുന്നു. ആ സ്നേഹത്തിന്റെ പേരിൽ ഞാനിപ്പോൾ ക്ഷമിക്കുന്നു. കടന്നു പോകൂ എന്റെ മുൻപിൽനിന്ന്!" ഹംസൻ അട്ടഹസിച്ചു.

അവൻ സാത്യകിയുടെ നേർക്കു തിരിഞ്ഞു.

"എടാ, നീ എന്തിനു വന്നു?" അവൻ അതിയായ ദേഷ്യത്തോടുകൂടി ചോദിച്ചു.

"ഞാൻ വന്നതോ? ഒന്നു പറയാൻ. നീ ഭഗവാനോടു കപ്പം ആവശ്യപ്പെട്ടു, ഇല്ലേ? അതിന്റെ ഫലം എന്തായിരിക്കും എന്നോ? നിന്റെ നാവ് അരിഞ്ഞുകളയും! വരബലംകൊണ്ടു ഞെളിയുകയൊന്നും വേണ്ട. കേട്ടോ?" സാത്യകി ഒട്ടും കൂസൽകൂടാതെ മറുപടി നല്കി.

"സാത്യകീ, നീ മര്യാദകെട്ടു സംസാരിക്കുന്നു. അതിനു നിന്റെ കഴുത്തറുക്കുകയാണു വേണ്ടത്. പക്ഷേ, ഞാനതു ചെയ്യുന്നില്ല. കാരണം, നീ ഒരു ദൂതനായിപ്പോയി. ദൂതവധം ധർമമല്ല. നീ പൊയ്ക്കോ. നമുക്കു പടക്കളത്തിൽവച്ചു വീണ്ടും കാണാം." ഹംസൻ ആക്രോശിച്ചു.

അതിനുശേഷം സാത്യകി അവിടെ ഒരുനിമിഷം തങ്ങിയില്ല. അദ്ദേഹം ദ്വാരകയിലേക്കു മടങ്ങി. സകല വിവരങ്ങളും ശ്രീകൃഷ്ണനെ ഗ്രഹിപ്പിച്ചു. ശ്രീകൃഷ്ണൻ കാലവിളംബം കൂടാതെ പടയൊരുക്കം പൂർത്തിയാക്കി. പുഷ്കരത്തിലാണ് പടക്കളം നിശ്ചയിക്കപ്പെട്ടിരുന്നത്. ശ്രീകൃഷ്ണൻ അവിടേക്കു പടനീക്കി. ഹംസഡിംഭകന്മാരുടെ സൈന്യവും അവിടെ എത്തിച്ചേർന്നു. ശ്രീകൃഷ്ണനോടു വിരോധമാണല്ലോ അസുരന്മാർക്ക് പൊതുവേ. അവരെല്ലാം ഹംസഡിംഭകന്മാരുടെ കീഴിൽ അണിനിരന്നു. അങ്ങനെ ശ്രീകൃഷ്ണസൈന്യവും അസുരസൈന്യവും തമ്മിൽ ഏറ്റുമുട്ടി. പൊതുവായ യുദ്ധങ്ങൾ, ദ്വന്ദ്വയുദ്ധങ്ങൾ—അവ നിരന്തരമായി നടന്നുകൊണ്ടിരുന്നു. മഹാപരാക്രമങ്ങൾ പ്രവർത്തിച്ചു ഇരുപക്ഷങ്ങളിലുമുള്ള ശൂരന്മാർ. മരണം സംഭവിച്ചവരുടെ സംഖ്യ ഏറ്റവും വലുതായിരുന്നു. അംഗരക്ഷകന്മാരായി രണ്ടു ഭൂതങ്ങളുണ്ട് ഹംസഡിംഭകന്മാർക്ക്. അവരുടെ തപസ്സിന്റെ ഫലമായി മുമ്പ് ശിവൻ അയച്ചുകൊടുത്തവരാണു ഭൂതങ്ങൾ. അവ ഒരു സന്ദർഭത്തിൽ ശ്രീകൃഷ്ണനെ ശൂലംകൊണ്ടു കുത്താൻ ഭാവിച്ചു. ശ്രീകൃഷ്ണൻ അവയെ പിടികൂടി വായുവിൽ ഉയർത്തി പല പ്രാവശ്യം ചുഴറ്റി. എന്നിട്ട് ഒരൊറ്റ ഏറ്. ഭൂതങ്ങൾ ചെന്നു വീണതോ? കൈലാസത്തിലും!

അവസാനം ഹംസൻ ശ്രീകൃഷ്ണനെ എതിരിട്ടു.

"എടോ കൃഷ്ണാ, മര്യാദയ്ക്കു കപ്പംതരണം. അല്ലാത്തപക്ഷം ഞാൻ നിന്നെ കൊല്ലും!" അവൻ അലറി.

ശ്രീകൃഷ്ണനുണ്ടോ കപ്പം കൊടുക്കുന്നു? ഭഗവാൻ ഹംസനോടേറ്റു. ഇരുവരും പലേ ദിവ്യാസ്ത്രങ്ങൾ പ്രയോഗിച്ചു. അതേസമയം എതിരാളിയുടെ അസ്ത്രങ്ങൾ ഖണ്ഡിക്കുകയുംചെയ്തു. ഒടുവിൽ ശ്രീകൃഷ്ണൻ വൈഷ്ണവാസ്ത്രം കൈയിലെടുത്തു. വൈഷ്ണവാസ്ത്രം കണ്ട നിമിഷത്തിൽ ഹംസൻ ഭീതനായി. ആ അസ്ത്രത്തിനുള്ള പ്രത്യസ്ത്രം അവന്റെ പക്കലില്ല. ഓടിപ്പോവുക എന്നൊരു വഴിയേ അവനുണ്ടായിരുന്നുള്ളു. അവൻ, കാളിന്ദീനദിയുടെ തീരത്ത് ഓടിയെത്തി. എന്നിട്ട് ആഴമുള്ള ഒരു കയത്തിൽ എടുത്തുചാടി. ആ കയം ഏതായിരുന്നുവെന്നോ? ശ്രീകൃഷ്ണൻ ബാല്യകാലത്തു കാളിയമർദ്ദനം നിർവഹിച്ച അതേ കയം. പാതാളക്കുഴിപോലെ അഗാധമായ കയമാണത്. നീലനിറം കലർന്നതും. ഹംസന്റെ പുറകെ ശ്രീകൃഷ്ണനും വെള്ളത്തിൽ ചാടി. എന്നിട്ട് അവനെ പിടികൂടി. ഊക്കോടെ ഒന്നു ചവിട്ടുകയുംചെയ്തു. പിന്നീട് അവൻ പൊങ്ങിയതേയില്ല. ചിലർ വിചാരിച്ചു ഹംസൻ മരിച്ചിട്ടു പാതാളത്തിലേക്കു പോയെന്ന്. മറ്റു ചിലർ വിശ്വസിച്ചു അവനെ ക്രൂരസർപ്പങ്ങൾ ഭക്ഷിച്ചുവെന്ന്.

ആ സമയം ഡിംഭകൻ എന്തു ചെയ്യുകയായിരുന്നു? ശ്രീകൃഷ്ണന്റെ ജ്യേഷ്ഠനായ ബലഭദ്രനോടു ദ്വന്ദ്വയുദ്ധത്തിൽ ഏർപ്പെട്ടിരുന്നു. അപ്പോൾ അവനു കർണകഠോരമായ ആ വർത്തമാനം കിട്ടി—അവന്റെ ജ്യേഷ്ഠൻ

കാളിന്ദിയിൽ താഴ്ന്നുപോയിരിക്കുന്നു. ജ്യേഷ്ഠൻ മരിച്ചിട്ടുണ്ടാവില്ല എന്നു നേരിയ ഒരു ആശയുണ്ട് അവന്. ഏതിനും ഒന്നുപോയി അന്വേഷിക്കുകതന്നെ. അവൻ ദ്വന്ദ്വയുദ്ധത്തിൽനിന്നു വിരമിച്ചു. കാളിന്ദീനദിയുടെ തീരത്തിലേക്ക് ഓടുകയുംചെയ്തു. ബലഭദ്രനുണ്ടോ എതിരാളി വഴുതിപ്പോകാൻ സമ്മതിക്കുന്നു? അദ്ദേഹം ഓടുന്ന ഡിംഭകന്റെ പുറകെ ഓടി. ഡിംഭകൻ കയത്തിൽ ചാടി. ഹംസനെ തിരഞ്ഞു. മുങ്ങിയും മുക്കിയിട്ടും നീന്തിയും അവൻ തപ്പിനോക്കി. ഹംസനെ ഒരിടത്തും കണ്ടുകിട്ടിയില്ല. "ജ്യേഷ്ഠാ, ഞാനാണിത്. പ്രിയപ്പെട്ട അനുജൻ. ജ്യേഷ്ഠൻ എവിടെപ്പോയി." അവൻ ഇടയ്ക്കിടയ്ക്കു വിളിച്ചുചോദിച്ചു. പക്ഷേ, ഹംസൻ ഒരിക്കൽപോലും വിളികേട്ടില്ല. ഒടുവിൽ ഡിംഭകന് ബോധ്യമായി, ജ്യേഷ്ഠൻ ജീവിച്ചിരിപ്പില്ല എന്ന്. ജ്യേഷ്ഠനെ കൂടാതെയുള്ള ജീവിതം വേണ്ടെന്നായി അനുജന്. അവൻ സ്വന്തം നാവ് പിഴുതെടുത്തു വെള്ളത്തിലെറിഞ്ഞു. എന്നിട്ടു മനഃപൂർവ്വം മുങ്ങിച്ചത്തു!

അങ്ങനെ ഹംസനും ഡിംഭകനും ജീവനാശം സംഭവിച്ചു. അതിൽ സത്തുക്കളെല്ലാം സന്തോഷിച്ചു. അവർ ശ്രീകൃഷ്ണന്റെ വൈഭവത്തെ വാഴ്ത്തി.

(മഹാഭാരതം ഭവിഷ്യൽപർവ്വം)

ശ്രീകൃഷ്ണനും വരുണനും

ഒരിക്കൽ ശ്രീകൃഷ്ണൻ ഒരു അത്യാവശ്യമായ കാര്യത്തിന് ഇറങ്ങിത്തിരിച്ചു. രഥത്തിലായിരുന്നു ഭഗവാന്റെ യാത്ര. വളരെ ദൂരത്തിനപ്പുറം രഥം സമുദ്രതീരത്തു ചെന്നെത്തി. ഭഗവാന്റെ വരവുകണ്ടു സമുദ്രപതിയായ വരുണൻ. അദ്ദേഹം ഭഗവാനെ കൈകൂപ്പി വന്ദിച്ചു.

"ഭഗവാനെ, ഞാൻ അവിടുത്തേക്ക് എന്താണു ചെയ്യേണ്ടത്?" വരുണൻ നമ്രതയോടെ ചോദിച്ചു.

"വരുണാ, അങ്ങ് എന്റെ രഥത്തിനു പോകാനുള്ള വഴി നല്കണം." ശ്രീകൃഷ്ണൻ ആവശ്യപ്പെട്ടു.

അത് വരുണൻ ഒട്ടും പ്രതീക്ഷിച്ചതല്ല.

"വഴിമാറിയാൽ ഞാൻ കഷ്ടത്തിലാവും. ഭാവിയിൽ മറ്റുള്ളവരും വഴിമാറാൻ ആവശ്യപ്പെട്ടെന്നുവരാം. എന്നും അതു സാധിക്കയില്ലല്ലോ." വരുണൻ ചുണ്ടിക്കാട്ടി വൈമനസ്യം വെളിപ്പെടുത്തി.

"എനിക്കുമാത്രം വഴി തന്നാൽ മതിയാവും. തരികയും വേണം." അത് ശ്രീകൃഷ്ണന് നിർബന്ധമായിരുന്നു.

ഭഗവാനെ ധിക്കരിക്കാൻ നിവൃത്തിയില്ല. ധിക്കരിച്ചാൽ വിനകൾ പലതും വന്നുചേരും. വരുണന് അത് അറിയാമായിരുന്നു.

"എന്നാൽ, ഞാൻ അവിടുത്തേക്കായുള്ള വഴിയിൽ വെള്ളം വറ്റിച്ചുതരാം." വരുണൻ പറഞ്ഞു.

"അങ്ങു വറ്റുകയില്ല എന്ന് ഞാൻ പണ്ടൊമിക്കൽ വരം തന്നിട്ടുണ്ട്. അതു മറന്നിട്ടില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. പോരെങ്കിൽ വെള്ളം വറ്റിയാൽ അങ്ങയുടെ രത്നങ്ങൾ പുറമേ കാണപ്പെടും. ഏറ്റവും അനർഘമായ രത്ന

ങ്ങളാണ് അവ. മനുഷ്യർക്ക് അവയെക്കുറിച്ച് അറിഞ്ഞുകൂടാ. അങ്ങ് എന്റെ വഴിയിലെ ജലം സ്തംഭിപ്പിച്ചാൽ മതിയാവും. സ്തംഭിച്ച ജലത്തിലൂടെ ഞാൻ രഥത്തെ ഓടിച്ചുകൊള്ളാം." ശ്രീകൃഷ്ണൻ പറഞ്ഞു.

വരുണന് അതു സമ്മതമായി. ജലദേവൻ കുറെ ജലത്തെ സ്തംഭിപ്പിച്ചു. ആ പാതയിലൂടെ ശ്രീകൃഷ്ണൻ സമുദ്രം കടന്നു.

മറ്റൊരിക്കൽ ശ്രീകൃഷ്ണനും വരുണനും തമ്മിൽ ഒന്നിടഞ്ഞു.

മഹാബലനായിരുന്നു ബാണാസുരൻ. ശ്രീകൃഷ്ണൻ ബാണാസുരനെ തോല്പിച്ചിട്ട് യാത്രചെയ്യുകയാണ്. ഗരുഡന്റെ പുറത്തുകയറിയാണ് ഭഗവാൻ പോകുന്നത്. ഗരുഡൻ സമുദ്രതീരത്തു ചെന്നെത്തി. അവിടെ കണ്ടതോ, ഒട്ടനേകം പശുക്കളെയും. പല നിറത്തിലും പലതരത്തിലുമുള്ള പശുക്കളാണ്. ഉത്തമങ്ങളായ വർഗങ്ങളിൽപ്പെട്ടവയാണ് അവ. വൈശിഷ്ട്യമേറിയ പാൽ ചുരത്തുന്നവയും. അവ ബാണാസുരന്റെ വകയായിരുന്നു.

അവയെ കണ്ടപ്പോൾ ശ്രീകൃഷ്ണൻ സത്യഭാമയുടെ വാക്കുകൾ ഓർമ്മിച്ചു. തനിക്ക് ബാണാസുരന്റെ പശുക്കളെ കിട്ടിയാൽ കൊള്ളാം; പക്ഷേ, അധർമം പ്രവർത്തിച്ചിട്ട് വേണ്ടതാനും!

ശ്രീകൃഷ്ണൻ പശുക്കളെ ശ്രദ്ധിച്ചുനോക്കി. അവ അതാ സമുദ്രത്തിൽ ഇറങ്ങിപ്പോകുന്നു—അതായത്, വരുണന്റെ ആലയത്തിലേക്ക്.

"ഗരുഡാ, നീ ചെന്ന് അവയെ കൊണ്ടുപോരൂ." ശ്രീകൃഷ്ണൻ കല്പിച്ചു.

ഗരുഡൻ വരുണാലയത്തിൽ കടന്നു കയറി. വരുണന്റെ ഭടന്മാർ പാഞ്ഞുവന്ന് ഗരുഡനെ ചെറുത്തു. ഗരുഡനും അവരും തമ്മിൽ ഘോരമായ പോരുമുണ്ടായി. അതു കണ്ട് ശ്രീകൃഷ്ണൻ വന്നുചേർന്നു. ഭഗവാനെ കണ്ട് വരുണഭടന്മാർ പേടിച്ചോടി. അപ്പോൾ ആയുധധാരിയായ വരുണന്റെ വരവായി. വരുണനോടൊന്നിച്ച് ഒട്ടേറെ ശക്തരായ ഭടന്മാരും. ശ്രീകൃഷ്ണൻ വൈഷ്ണവാസ്ത്രം പ്രയോഗിച്ചു. വൈഷ്ണവാസ്ത്രത്തിന് എതിരായി വരുണൻ വരുണാസ്ത്രമയച്ചു. വരുണാസ്ത്രം വൈഷ്ണവാസ്ത്രത്തിൽ തട്ടി നിഷ്പ്രയോജനമായി. അതോടെ വരുണന് രക്ഷയില്ലെന്നായി.

"ഇനി പശുക്കളെ തരൂ." ശ്രീകൃഷ്ണൻ കല്പിച്ചു.

"ഭഗവാനേ, ഞാൻ മുമ്പ് ബാണാസുരന് ഒരു വാക്കു കൊടുത്തിരുന്നു—പശുക്കളെ ആർക്കും വിട്ടുകൊടുക്കുകയില്ല എന്ന്. വാഗ്ദാനം ലംഘിക്കുന്നതു പാപമാണ്. ആ പാപം ഞാൻ ഒരിക്കലും ചെയ്യുകയില്ല. ഞാൻ ജീവിച്ചിരിക്കെ പശുക്കളെ തരികയില്ല. എന്നെ കൊന്നിട്ട് അങ്ങേക്ക് അവയെ കൊണ്ടുപോകാം." വരുണൻ ദൃഢതയോടെ പറഞ്ഞു.

വരുണന്റെ നിലപാട് ഒട്ടും തെറ്റല്ല—അതായിരുന്നു ശ്രീകൃഷ്ണന്റെ പ്രതികരണം. ജലദേവൻ തന്റെ കടമ നിർവഹിക്കുക മാത്രമാണ്. ആ സ്ഥിതിക്ക് അദ്ദേഹത്തെ ഒരിക്കലും ബുദ്ധിമുട്ടിച്ചുകൂടാ.

"അങ്ങ് സത്യവാനാണ്. എനിക്ക് അതിൽ സന്തോഷമുണ്ട്. ഞാൻ പശുക്കളെ കൊണ്ടുപോകുന്നില്ല. അവയെ അങ്ങുതന്നെ വെച്ചുകൊള്ളൂ." ശ്രീകൃഷ്ണൻ പറഞ്ഞു.

ഭഗവാൻ യാത്രയുമായി.

(മഹാഭാരതം ഭവിഷ്യൽപർവ്വം)

നരകാസുരൻ

ഭൂമിദേവിയുടെ പുത്രനാണ് നരകാസുരൻ. ബലവാന്മാരിൽ ബലവാനായിരുന്നു അവൻ. പരാക്രമികളിൽ പരാക്രമിയും. ദേവന്മാർക്കുപോലും അവനെ ഭയമാണ്. പ്രാഗ്ജ്യോതിഷം എന്ന രാജ്യമാണ് അവന്റെ ആസ്ഥാനം. അവൻ ചെയ്ത ദ്രോഹങ്ങൾക്കു കൈയും കണക്കുമില്ല. കണ്ട വസ്തുവകകളെല്ലാം കൈയടക്കി. പലരുടെയും സമ്പത്തുകൾ അപഹരിച്ചു. സുന്ദരിമാരെ പിടിച്ചുകൊണ്ടുപോയി. ആകെ എത്ര സുന്ദരിമാരെ എന്നോ? പതിനായിരം പേരെ; തടവിൽ പാർപ്പിച്ചിരിക്കുകയാണ് അവരെയെല്ലാം.

നരകാസുരന്റെ ധിക്കാരത്തിന് അതിരുണ്ടായിരുന്നില്ല. ദേവമാതാവായ അദിതിക്ക് അതിദിവ്യമായ കുണ്ഡലങ്ങളുണ്ട്. ആ കുണ്ഡലങ്ങൾ തനിക്കു കിട്ടണം—അതായിരുന്നു നരകാസുരന്റെ ആഗ്രഹം. അവൻ സ്വർഗ്ഗലോകത്തു ചെന്ന് കുണ്ഡലങ്ങൾ തട്ടിപ്പറിച്ചു. കണ്ടില്ലേ അവന്റെ തെമ്മാടിത്തം.

സ്വതവേ മഹാശക്തനാണ് നരകാസുരൻ. ശക്തരായ അനേകം അനുചരന്മാരും അവനുണ്ട്. അവരെല്ലാം എപ്പോഴും അവന്റെ ചൊല്പടിയിൽ നില്പുണ്ട്.

ദേവന്മാർക്ക് ഒന്നു തീർച്ചയായി. തങ്ങളുടെയും മറ്റുള്ളവരുടെയും ദുരിതം മാറണോ? എങ്കിൽ നരകാസുരനെ വധിക്കുകതന്നെ വേണം. പക്ഷേ, ഒരാൾക്ക് മാത്രമേ അതിനുള്ള കരുത്തുള്ളൂ. ആ ആൾ ശ്രീകൃഷ്ണനുമാണ്.

ഒരുനാൾ ദേവേന്ദ്രൻ ദ്വാരകയിൽ ചെന്നെത്തി.

ശ്രീകൃഷ്ണൻ ദിവ്യാതിഥിയെ സ്വാഗതംചെയ്തു.

ദേവേന്ദ്രൻ വന്ന കാര്യം അറിയിച്ചു.

"കൃഷ്ണാ, നരകാസുരന്റെ ദുഷ്കൃത്യങ്ങൾ കാരണം ലോകങ്ങൾക്കെല്ലാം പൊറുതിമുട്ടിയിരിക്കുന്നു. അങ്ങ് അവനെ വധിച്ചു ലോകങ്ങളെ സംരക്ഷിക്കണം. അത് അപേക്ഷിക്കാനാണ് ഞാൻ ഇങ്ങോട്ടു പോന്നത്."

ആ അപേക്ഷ ശ്രീകൃഷ്ണൻ സ്വീകരിക്കുകതന്നെ ചെയ്തു. ഭഗവാൻ ഗരുഡനെ സ്മരിച്ചുവരുത്തി. സത്യഭാമയോടുകൂടി ഗരുഡന്റെ പുറത്തു കയറി. ആകാശഗമനംചെയ്ത് പ്രാഗ്ജ്യോതിഷത്തിൽ എത്തിച്ചേർന്നു.

ഗോപുരത്തിനു പുറത്തുനിന്ന് ശ്രീകൃഷ്ണൻ ഞാണൊലിയിട്ടു. ഏറ്റവും ഉച്ചത്തിലായിരുന്നു ആ ശബ്ദം. അതു കേട്ട അസുരന്മാർക്ക് ഒന്നു തീർച്ചയായി—ശ്രീകൃഷ്ണൻ യുദ്ധത്തിനു തയ്യാറായി വന്നിരിക്കയാണെന്ന്.

മുരൻ എന്നൊരു ഭീകരനായ അസുരനുണ്ട് നരകാസുരന്റെ അന്തേവാസിയായിട്ട്. അവൻ പാഞ്ഞുവന്ന് ശ്രീകൃഷ്ണനോടേറ്റു. എന്നിട്ടു കരാളമായ വേലെറിഞ്ഞു. ശ്രീകൃഷ്ണൻ ഒരമ്പെയ്ത് വേലിനെ മുറിച്ചുതള്ളി. മുരാസുരൻ ഭയാനകമായ ഗദയോങ്ങി. ഭഗവാൻ ഗദയെയും തുണ്ടമാക്കി. മാത്രമല്ല, മുരാസുരന്റെ ശിരസ്സിനെയും!

നിസുംഭൻ, ഹയഗ്രീവൻ മുതലായ ഒട്ടനേകം ഭീകരന്മാരുണ്ട് നരകാസുരന്റെ പക്ഷത്തിൽ. നഗരത്തിലേക്കു കടന്നിരുന്ന ശ്രീകൃഷ്ണനെ അവരെല്ലാംകൂടി കേറിവളഞ്ഞു. നിസുംഭൻ ഭഗവാന്റെമേൽ ഒരു ശരമാരിതന്നെ ചൊരിഞ്ഞു. പർജ്ജന്യാസ്ത്രം എന്നു പേരുള്ള ദിവ്യാസ്ത്രം പ്രയോഗിച്ചു ശ്രീകൃ

ഷ്ണൻ ആ ദിവ്യാസ്ത്രം അസുരന്മാരെയെല്ലാം മുറിപ്പെടുത്തി. അവർ പുറംതിരിഞ്ഞോടിപ്പോയി. പക്ഷേ, അവരുടെ പലായനം അല്പനേരത്തേക്കു മാത്രമായിരുന്നു. വീണ്ടും അവരെല്ലാം ചേർന്ന് ശ്രീകൃഷ്ണനെ ആക്രമിച്ചു. സവിത്രം എന്ന മറ്റൊരു ദിവ്യാസ്ത്രമയച്ചു ഭഗവാൻ. അത് അസുരന്മാരുടെ വില്ലുകളെ ഖണ്ഡിച്ചുതള്ളി. മറ്റൊരമ്പ് നിസുംഭന്റെ തലയെ ഛേദിച്ചു വീഴ്ത്തി.

വീരോടുകൂടി പോരാടി ഹയഗ്രീവൻ എന്ന അസുരവീരൻ. അവൻ വലിയൊരു പാറയെടുത്ത് ശ്രീകൃഷ്ണനെ എറിഞ്ഞു. ഭഗവാൻ ഒരു അസ്ത്രത്താൽ പാറയെ ഏഴായി മുറിച്ചിട്ടു. യുദ്ധം പൂർവ്വാധികം ഘോരമായി. അസുരന്മാർ സ്വശരീരങ്ങളിൽനിന്നു പുറപ്പെടുന്ന ചോരയിൽ കുളിച്ചു. എന്തിനു പറയുന്നു. ഹയഗ്രീവൻ ഭഗവാന്റെ കൈകൊണ്ടു മരണംവരിച്ചു.

അതിനുശേഷം ശ്രീകൃഷ്ണൻ എന്താണ് ചെയ്തത്? പാഞ്ചജന്യം എന്ന ശംഖെടുത്ത് ഊതി. ഇടിവെട്ടിനേക്കാൾ ഉച്ചത്തിലായിരുന്നു ശംഖിൽനിന്നു പുറപ്പെട്ട ശബ്ദം. ആ ശബ്ദം നരകാസുരന്റെ ചെവിയിൽ ചെന്നുകയറി. അവന്റെ കണ്ണുകൾ കോപത്താൽ ചുവന്നു കലങ്ങി. അവൻ ധൃതിയിൽ ആയുധങ്ങൾ ധരിച്ചു. വമ്പിച്ച സൈന്യത്തെ സജ്ജീകരിച്ചു. അവരെ നയിച്ച് ശ്രീകൃഷ്ണന്റെ മുൻപിലെത്തി.

അസുരസൈന്യം ശ്രീകൃഷ്ണന്റെ നേർക്ക് എണ്ണമറ്റ അമ്പുകളെയ്തു. അവയെല്ലാം ഭഗവാൻ പ്രഗല്ഭമായി മുറിച്ചുതള്ളി. ഭഗവാന്റെ അമ്പുകൾ അസുരസൈന്യത്തിൽ നാശമുണ്ടാക്കി. ചിലരുടെ തലകൾ അറ്റുവീണു. മറ്റു ചിലരുടെ കൈകൾ മുറിഞ്ഞു. മറ്റുചിലരുടെ കാലുകൾ വേറായി.

ഒടുവിൽ നരകാസുരനും ശ്രീകൃഷ്ണനും തമ്മിൽ ദ്വന്ദ്വയുദ്ധം ഉണ്ടായി. ഏറ്റവും ഭീകരമായിരുന്നു ആ ദ്വന്ദ്വയുദ്ധം. ഇടിമിന്നലിനു തുല്യമായ ഒരു ശരമയച്ചു നരകാസുരൻ. അതിനെ കൂടുതൽ ശക്തമായ ശരംകൊണ്ടു നശിപ്പിച്ചു ശ്രീകൃഷ്ണൻ. മാത്രവുമല്ല, അസുരന്റെ രഥത്തെ തവിടുപൊടിയുമാക്കി. രഥംപോയ നരകാസുരൻ ഉറപോയ സർപ്പത്തെപ്പോലെയായി. എങ്കിലും അവൻ ഭയാനകമായ ഒരു ശൂലമയച്ചു. ശ്രീകൃഷ്ണൻ ഒരമ്പെയ്ത് ശൂലത്തെ രണ്ടു തുണ്ടമാക്കി. കുറെനേരംകൂടി നീണ്ടുനിന്നു ദ്വന്ദ്വയുദ്ധം. ഒടുവിൽ ശ്രീകൃഷ്ണൻ തൃച്ചക്രം പ്രയോഗിച്ചു. തൃച്ചക്രം നരകാസുരന്റെ ജീവനെ അപഹരിച്ചു. പിളർന്നമലപോലെ അവൻ നിലംപതിച്ചു.

അതു കണ്ടുനിന്നിരുന്നു നരകാസുരന്റെ മാതാവായ ഭൂമിദേവി. എത്ര ദുഃഖമുണ്ടായി ഭൂമിദേവിക്കെന്നോ? എങ്കിലും ഒന്നു തോന്നാതിരുന്നില്ല. ഏതിനും നരകാസുരന് ജീവഹാനി സംഭവിച്ചു. ബാക്കിയുള്ളവരുടെ ജീവനെയെങ്കിലും രക്ഷിക്കണം. അതിന് ഒരു വഴിയേയുള്ളു. ശ്രീകൃഷ്ണന്റെ കോപം ശമിപ്പിക്കുക എന്നതാണ് ആ വഴി. ഭൂമിദേവി അദിതിയുടെ ദിവ്യകുണ്ഡലങ്ങൾ എടുത്തു. അവയുമായി ശ്രീകൃഷ്ണന്റെ സന്നിധിയിൽ എത്തി.

"ഭഗവാനേ, നരകൻ അപഹരിച്ച കുണ്ഡലങ്ങളാണ് ഇവ. ഞാനിതാ ഇവയെ അങ്ങേക്കു തരുന്നു. അങ്ങ് അവയെ സ്വീകരിച്ച് ഇവിടുത്തെ പ്രജകളെ രക്ഷിച്ചാലും." ഭൂമിദേവി താഴ്മയായി അഭ്യർത്ഥിച്ചു.

ശ്രീകൃഷ്ണൻ ആ അഭ്യർത്ഥന കൈക്കൊള്ളാതിരുന്നുമില്ല. ഭഗവാൻ നരകാസുരന്റെ ഭണ്ഡാരം ചെന്നുകണ്ടു. കത്തുന്ന തീപോലത്തെ രത്നങ്ങൾ, കണ്ണുകവരുന്ന മുത്തുകളും പവിഴങ്ങളും—അവയൊക്കെ വലിയ കൂമ്പാരങ്ങളായി കൂട്ടിയിട്ടിരിക്കുന്നു. സ്വർണ്ണക്കട്ടികൾ, സ്വർണ്ണാഭരണങ്ങൾ, സ്വർ

ണ്ണപ്പാത്രങ്ങൾ—അവ എണ്ണി തിട്ടപ്പെടുത്താനാവില്ല. എല്ലാം നരകാസുരൻ അപഹരിച്ചതാണ്. കുറെയൊക്കെ വരുണനിൽനിന്ന് തട്ടിയെടുത്തവയും. ഇത്ര സമ്പത്തുകളുള്ള ഭണ്ഡാരം ആരും കണ്ടിട്ടുമില്ല.

കേട്ടിട്ടുമില്ല.

അസുരന്മാരുടെ പ്രതിനിധികൾ ശ്രീകൃഷ്ണനെ ചെന്നു വന്ദിച്ചു.

"ഭഗവാനേ, പൊന്നണിഞ്ഞ ഇരുപതിനായിരം കൊമ്പനാനകൾ, അമ്മാതിരിയുള്ള നാല്പതിനായിരം പിടിയാനകൾ; അവയ്ക്കെല്ലാംകൂടി വഹിക്കാവുന്ന ധനം; എട്ടു ലക്ഷം കുതിരകൾ; അതിൽക്കൂടുതൽ പശുക്കൾ—അത്രയും ഞങ്ങളിതാ അവിടുത്തേക്കു കാഴ്ചവയ്ക്കുന്നു." അവർ പറഞ്ഞു.

അവയെല്ലാം ശ്രീകൃഷ്ണൻ സ്വീകരിച്ചു.

അതിനുശേഷം ഭഗവാൻ മണിപർവ്വതത്തിലേക്കു പോയി. അതിനു പ്രത്യേകിച്ച് ഒരു ഉദ്ദേശ്യമുണ്ടായിരുന്നു. നരകാസുരൻ പതിനാറായിരം സുന്ദരികളെ കാരാഗൃഹത്തിൽ വച്ചിരുന്നല്ലോ. മണിപർവ്വതത്തിൽ ആയിരുന്നു കാരാഗൃഹം.

എല്ലാ സുന്ദരികളുടെയും ആശ ഒരേ പുരുഷനിൽ കേന്ദ്രീകരിച്ചിരുന്നു. ആ പുരുഷൻ ശ്രീകൃഷ്ണനല്ലാതെ മറ്റാരും ആയിരുന്നില്ല. സുന്ദരികൾ ചിലതെല്ലാം ആശിച്ചുമിരുന്നു—ഒരുനാൾ ശ്രീകൃഷ്ണൻ വന്നുചേരുമെന്ന്; നിഷ്ഠുരനായ നരകാസുരനെ വധിക്കുമെന്ന്; തങ്ങളെ രക്ഷിക്കുമെന്ന്, ആ ആശകൾ ഇതാ സഫലമാവുകയാണ്. അവയെക്കാൾ പ്രധാനമായ മറ്റൊന്നുകൂടിയുണ്ട്. പണ്ടൊരിക്കൽ അവിടെ വീശിയിരുന്ന വായു അവരോട് ഒരു പ്രവചനം ചെയ്തിരുന്നു. അതേ പ്രവചനംതന്നെ പിന്നീട് നാരദമഹർഷിയും ചെയ്തിട്ടുണ്ടായിരുന്നു—അതായത്, ശ്രീകൃഷ്ണൻ ആ സുന്ദരികളുടെ ഭർത്താവാകുമെന്ന്! അതിൽ കൂടുതലൊരു ഭാഗ്യം ആ സുന്ദരികൾക്കു കൈവരാനുണ്ടോ?

ശ്രീകൃഷ്ണൻ ആദ്യം അവരെ പല്ലക്കുകളിൽ കയറ്റി ദ്വാരകയിലേക്കു യാത്രയാക്കി. അതിനുശേഷം ഭഗവാൻ സത്യഭാമയെ ഗരുഡന്റെ പുറത്തിരുത്തി, താനും കയറിയിരുന്നു. ഗരുഡൻ ഇരുവരെയും വഹിച്ചുകൊണ്ട് വായുവിൽ ഉയർന്നു. മഹാമേരുപർവ്വതത്തിന്റെ മീതെ പറന്നു. സൂര്യലോകവും ചന്ദ്രലോകവും കടന്നു. അങ്ങനെ സ്വർഗ്ഗലോകത്ത് എത്തിച്ചേർന്നു. ശ്രീകൃഷ്ണൻ വരുന്നതു കണ്ട് ദേവേന്ദ്രനും ദേവന്മാരും എല്ലാവരുംകൂടി ഓടിവന്ന് ഭഗവാന്റെ പാദങ്ങൾ വണങ്ങി. ശ്രീകൃഷ്ണൻ ദേവേന്ദ്രനെയുംകൊണ്ട് അദിതിയെ ചെന്നുകണ്ടു.

മുൻപ് നരകാസുരൻ തട്ടിക്കൊണ്ടുപോയില്ലേ കുണ്ഡലങ്ങൾ? അവയെ ശ്രീകൃഷ്ണൻ അദിതിയെ തിരിച്ചേല്പിച്ചു. അദിതിയുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല.

"കൃഷ്ണാ, അങ്ങേക്ക് എന്റെ പുത്രനായ ദേവേന്ദ്രനേക്കാൾ മാഹാത്മ്യമുണ്ടാവും. അങ്ങയുടെ പത്നി സത്യഭാമ എന്നുമെന്നും യുവതിയായിരിക്കും." അദിതി അകമഴിഞ്ഞ് ആശീർവദിച്ചു.

ശ്രീകൃഷ്ണൻ ദേവമാതാവിനോടും ദേവേന്ദ്രനോടും യാത്ര പറഞ്ഞു. വീണ്ടും സത്യഭാമയോടുകൂടി ഗരുഡന്റെ പുറത്തു കയറി. യഥാകാലം ദ്വാരകയിൽ മടങ്ങിയെത്തുകയും ചെയ്തു.

(മഹാഭാരതം: വിഷ്ണുപർവ്വം)

പാരിജാതഹരണം

വിശേഷപ്പെട്ട ഒരുതരം പുഷ്പമാണ് പാരിജാതപുഷ്പം. സ്വർഗ്ഗത്തിലെ പുഷ്പമാണത് എന്നതു മാത്രമല്ല വൈശിഷ്ട്യത്തിനു കാരണം. ആ പുഷ്പം ഒരിക്കലും വാടുകയില്ല. ഏറ്റവും സുഖദമായ സുഗന്ധം അതിൽനിന്നു പ്രസരിച്ചുകൊണ്ടിരിക്കും. രാത്രിയിൽ അതു ദീപംപോലെ വെളിച്ചം വിതറുകയും ചെയ്യും. ഒരാണ്ടു കാലം ആ പുഷ്പം അതേ നിലയിൽ വർത്തിക്കും—അതു കിട്ടിയ ആളെ സംബന്ധിച്ചിടത്തോളം ഒരാണ്ടു കഴിഞ്ഞാലോ? സ്വർഗ്ഗത്തിലെ പാരിജാതവൃക്ഷത്തിലേക്കു മടങ്ങുകയും ചെയ്യും.

ആ പുഷ്പത്തെ സംബന്ധിച്ച് വലിയൊരു കുഴപ്പമുണ്ടായി.

ശ്രീകൃഷ്ണന്റെ പത്നിമാരിൽ മുൻപിലാണല്ലോ രുഗ്മിണി. നീണ്ട കാലത്തേക്കുള്ള ഒരു വ്രതം രുഗ്മിണി അനുഷ്ഠിക്കുകയാണ്. വ്രതത്തിന്റെ അവസാനത്തിൽ ഒരു അർച്ചനയുണ്ട്. ആ അർച്ചന രൈവതകത്തിൽ വെച്ചാണ് നടത്തേണ്ടത്. ശ്രീകൃഷ്ണൻ രുഗ്മിണിയുമായി അങ്ങോട്ടു പോയി. ഒന്നിച്ചു ഭഗവാന്റെ പതിനാറായിരത്തിൽപ്പരം പത്നിമാരും.

ചടങ്ങുകളെല്ലാം വിധിപോലെ നിർവ്വഹിക്കപ്പെട്ടു. അതിനുശേഷം ശ്രീകൃഷ്ണനും രുഗ്മിണിയും ഒന്നിച്ചിരുന്നു. അപ്പോഴേക്കും നാരദമഹർഷി വന്നുകയറി.

ശ്രീകൃഷ്ണനും രുഗ്മിണിയും മഹർഷിക്കു സ്വാഗതമേകി.

മഹർഷി ശ്രീകൃഷ്ണന് ഒരു പാരിജാതപുഷ്പം സമ്മാനിച്ചു. ഭഗവാൻ പുഷ്പം രുഗ്മിണിക്കു നല്കി. രുഗ്മിണി അതു തലമുടിയിൽ ചൂടി.

നാരദമഹർഷി നോക്കി രസിച്ചു.

"രുഗ്മിണീ, നിനക്കു ചേർന്ന പുഷ്പമാണിത്. നീ ചൂടിയപ്പോൾ പൂവിനു മേന്മ കൂടിയപോലെ! നീയാണ് യഥാർത്ഥത്തിൽ ഭാഗ്യശാലിനി. കാരണം, നീയാണ് ശ്രീകൃഷ്ണന് ഏറ്റവും ഇഷ്ടപ്പെട്ട പത്നി!" നാരദൻ അഭിനന്ദിച്ചു.

ആ സമയം അകത്ത് ചില തോഴിമാർ നിന്നിരുന്നു. നാരദൻ പാരിജാതപുഷ്പം കൊടുക്കുന്നത് അവർ കാണുകയുണ്ടായി. സംഭാഷണമെല്ലാം ശ്രദ്ധിച്ചു കേൾക്കുകയുംചെയ്തു. കണ്ടതും കേട്ടതും അവർ അന്തഃപുരത്തിലാകെ പറഞ്ഞുപരത്തി. അതോ പൊടിപ്പും തൊങ്ങലും ചേർത്തിട്ടും എന്തിനു പറയുന്നു, നടന്നതൊക്കെ അറിയാത്ത ഒരൊറ്റ ശ്രീകൃഷ്ണപത്നിയില്ല!

ഒരുവൾക്കു മാത്രം രുഗ്മിണിയോട് അസൂയതോന്നി. അസൂയയോടു കൂടി പകയും. സത്യഭാമ ആയിരുന്നു അവൾ.

മുൻപുതന്നെ സത്യഭാമയ്ക്ക് ഒരു വിചാരമുണ്ട്—താനാണ് പതിനാറായിരത്തിൽപ്പരം സപത്നിമാരിൽവെച്ച് ഏറ്റവും സുന്ദരിയെന്ന്. മാത്രമല്ല, തന്നോടാണ് ശ്രീകൃഷ്ണന് ഏറ്റവും ഇഷ്ടമെന്നും. ആ നിലയ്ക്ക് ശ്രീകൃഷ്ണൻ തനിക്കു പാരിജാതപുഷ്പം തരേണ്ടതായിരുന്നു. പക്ഷേ, രുഗ്മിണിക്കാണ് അതു കിട്ടിയിട്ടുള്ളത്. സത്യഭാമയ്ക്കു വല്ലാത്ത ദേഷ്യമുണ്ടായി. നേരെ ഒരു പോക്ക്, സ്വന്തമായിട്ടുള്ള പാർപ്പിടത്തിലേക്ക്. അവിടെയുണ്ടായിരുന്ന താമരപ്പൂവ് പിച്ചിച്ചീന്തി. ആഭരണങ്ങൾ വലിച്ചൂരി ദൂരെത്തെറിഞ്ഞു. തലമുടിക്കെട്ട് അഴിച്ചിട്ടു. കട്ടിലിൽ ചെന്നു കിടപ്പുമായി.

തെല്ലു കഴിഞ്ഞ് ശ്രീകൃഷ്ണൻ രുഗ്മിണിയുടെ മന്ദിരത്തിൽനിന്നിറങ്ങി. നേരെ സത്യഭാമയുടെ പാർപ്പിടത്തിലേക്കു ചെന്നു. അപ്പോൾ തോഴിമാരിൽനിന്ന് ഒന്നറിവായി—സത്യഭാമ ദേഷ്യപ്പെട്ടു കിടക്കുകയാണ്! ഒന്നു ചെന്നു നോക്കുകതന്നെ—അതായി ശ്രീകൃഷ്ണന്റെ നിശ്ചയം. ഭഗവാൻ തോഴിമാരോട് ഒരാംഗ്യം കാണിച്ചു—താൻ വന്നെന്ന് സത്യഭാമയോടു പറയരുതെന്ന്. വിശറിയും കൈക്കലാക്കി ശ്രീകൃഷ്ണൻ ശബ്ദമുണ്ടാക്കാതെ നടന്നുപോയി. സത്യഭാമയുടെ കിടപ്പറയിൽ കയറി. തലയണയിൽ മുഖമണച്ച് കമഴ്ന്നു കിടക്കുകയാണ് സത്യഭാമ; ശ്രീകൃഷ്ണൻ വിശറികൊണ്ടു വീശിയിട്ട് ഒന്നു മാറി. എന്നിട്ട് സത്യഭാമ കാണാതെ ഒരിടത്ത് ഒളിച്ചുനില്പായി.

പാരിജാതപുഷ്പത്തിന്റെ സുഗന്ധമേറ്റിരുന്നു ശ്രീകൃഷ്ണന്റെ ശരീരത്തിൽ. ആ സുഗന്ധം സത്യഭാമയുടെ മൂക്കിനുള്ളിലും കയറി. സത്യഭാമ എഴുന്നേറ്റിരുന്നു.

"ഈ സുഗന്ധം എവിടന്നു വരുന്നു?" സത്യഭാമ ഒരു തോഴിയോടു ചോദിച്ചു.

തോഴി തൊഴുകൈയോടെ നിന്നു. ഒരക്ഷരം പറഞ്ഞുമില്ല. മിണ്ടരുതെന്ന് ശ്രീകൃഷ്ണൻ വിലക്കിയിരുന്നല്ലോ.

സത്യഭാമ മറ്റൊരു വശത്തേക്കു നോക്കി. അതാ പുഞ്ചിരി തൂകിക്കൊണ്ടു നില്ക്കുകയാണ് ശ്രീകൃഷ്ണൻ! അതു കണ്ടപ്പോൾ സത്യഭാമയുടെ കോപം വർദ്ധിക്കുകയാണു ചെയ്തത്. കോപത്തോടൊന്നിച്ച് താപവുമുണ്ടായി. ആ താമരക്കണ്ണുകളിൽനിന്ന് ചുടുവെള്ളത്തുള്ളികൾ ഒലിച്ചിറങ്ങി.

ശ്രീകൃഷ്ണൻ പ്രേയസിയുടെ കണ്ണുനീർ തുടച്ചു.

"സത്യഭാമേ, എന്തിനാണു നീ കരയുന്നത്? ആഭരണങ്ങൾ വാരിയെറിയാൻ കാരണമെന്ത്? നിന്റെ ദുഃഖം കാണുമ്പോൾ എന്റെ ഉള്ളം വെന്തെരിയുന്നു. നീ എന്തേ എന്നോടു മിണ്ടാത്തത്? ഞാൻ നിനക്ക് ഒരു അപ്രിയവും ചെയ്തിട്ടില്ലല്ലോ. നീയാണ് എനിക്ക് ഏറ്റവും പ്രിയപ്പെട്ടവൾ!" ഭഗവാൻ പറഞ്ഞു.

അപ്പോൾ സത്യഭാമ സംസാരിച്ചു:

"ഞാൻ അങ്ങേക്ക് ഏറ്റവും പ്രിയപ്പെട്ടവൾ ആയിരുന്നു. ഇപ്പോൾ ആ സ്ഥാനം എനിക്കല്ല, രുഗ്മിണിക്കാണ്. അങ്ങയെ എനിക്കിപ്പോൾ നല്ലവണ്ണം മനസ്സിലായിരിക്കുന്നു. മാധുര്യം അങ്ങയുടെ വാക്കുകളിൽ മാത്രമേയുള്ളൂ. കേൾക്കേണ്ടതെല്ലാം ഞാൻ കേട്ടു. കാണേണ്ടതെല്ലാം ഞാൻ കണ്ടു. എനിക്ക് ഈ ജീവിതം മതിയായി. ഞാനിനി തപസ്സുചെയ്ത് ജീവൻ കളയും!"

സത്യഭാമ ഉറക്കെ കരഞ്ഞുതുടങ്ങി.

"എന്തുണ്ടായി? സത്യം പറയൂ." ശ്രീകൃഷ്ണൻ നിർബന്ധിച്ചു.

"ഞാൻ ഒന്നിൽ പൂർണ്ണമായി വിശ്വസിച്ചിരുന്നു—ഞാനാണ് അങ്ങയുടെ ഇഷ്ടഭാര്യ എന്ന്. അതിൽ ഞാൻ അതിയായി അഹങ്കരിക്കുകയും ചെയ്തിരുന്നു. എന്റെ വിശ്വാസം തെറ്റായിരുന്നു എന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. ഞാൻ സകലരുടെയും പരിഹാസത്തിനു പാത്രമായി. അങ്ങയുടെ ഇഷ്ടഭാര്യ വാസ്തവത്തിൽ രുഗ്മിണിയാണ്. നാരദൻ തന്ന പാരിജാതപുഷ്പം അങ്ങ് സമ്മാനിച്ചത് രുഗ്മിണിക്കല്ലേ? അദ്ദേഹം അവളെ വാനോളം പുകഴ്ത്തിപ്പറഞ്ഞു. അതു കേട്ട് അങ്ങ് അങ്ങേയറ്റം രസിച്ചു. ഇനിമേൽ ഞാൻ അങ്ങയെ സ്വപ്നത്തിൽക്കൂടി വിശ്വസിക്കുകയില്ല. അങ്ങ് പലപ്പോഴും

എന്നോടു പറഞ്ഞിട്ടുണ്ട്—എന്നോടാണ് ഏറ്റവും പ്രിയം എന്ന്. അതോർക്കുമ്പോൾ എന്റെ ഹൃദയം തകരുകയാണ്. അങ്ങ് സ്ഥിരതയില്ലാത്തവനാണ്. വഞ്ചകനാണ്. എനിക്കെല്ലാം മനസ്സിലായി!"

സത്യഭാമയുടെ വാക്കുകളിൽ അപാരമായ ഹൃദയവ്യഥ പ്രതിഫലിച്ചു.

ശ്രീകൃഷ്ണൻ പത്നിയെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു:

"സത്യഭാമേ, നാരദൻ രുഗ്മിണിക്ക് പാരിജാതപുഷ്പം നല്കി. അതു ശരിയാണ്. അതൊരു തെറ്റായിപ്പോയി എന്നുവെച്ചാൽത്തന്നെയുമോ? നീ കോപിക്കുകയാണോ വേണ്ടത്? അല്ല. ക്ഷമിച്ചുകളയുകയാണ്. ആട്ടെ, നിനക്ക് പാരിജാതപുഷ്പം വേണം. അല്ലേ? ശരി. ഞാൻ കൊണ്ടുവരാം. അതെന്തിന്, സ്വർഗ്ഗത്തിൽനിന്ന് പാരിജാതവൃക്ഷം കടപുഴക്കിത്തരാം. പോരേ? ഇനിയെങ്കിലും കോപവും ദുഃഖവും കളയൂ."

അത്രയും കേട്ടപ്പോൾ സത്യഭാമ സ്വസ്ഥയായി.

"പറഞ്ഞതുപോലെ ചെയ്യണം, കേട്ടോ?" സത്യഭാമ കൂട്ടിച്ചേർത്തു.

ശ്രീകൃഷ്ണൻ നാരദനെ സ്മരിച്ചു വരുത്തി.

ഭഗവാനും സത്യഭാമയും മഹർഷിയെ പൂജിച്ചു.

"കൃഷ്ണാ, മഹാവിഷ്ണുവിനെ ഉദ്ദേശിച്ചുള്ള ഉത്സവമുണ്ട്. സ്വർഗ്ഗത്തിൽവെച്ചാണ് ആ ഉത്സവം. അതിൽ സംബന്ധിക്കാനായി ഞാൻ അങ്ങോട്ടു പോകുന്നുണ്ട്. ഞാൻ തന്നില്ലേ പാരിജാതപുഷ്പം? അതിനെക്കുറിച്ച് നിങ്ങൾ രണ്ടുപേരും ചില വിവരങ്ങൾ അറിയേണ്ടതുണ്ട്." നാരദൻ പറഞ്ഞു.

മഹർഷി ആ വിവരങ്ങൾ അറിയിച്ചു.

കശ്യപമഹർഷി ഭാര്യയായ അദിതിക്കുവേണ്ടി നിർമ്മിച്ചതാണ് പാരിജാതവൃക്ഷം. സർവ്വവൃക്ഷങ്ങളിലും മഹത്തരം പാരിജാതംതന്നെയാണ്. അതിനു മൂന്നു ശാഖകളുണ്ട്. ആകാശഗംഗയിലാണ് അതിന്റെ ഉത്ഭവം. പണ്ടൊരിക്കൽ ശ്രീപാർവ്വതിക്ക് ആ വൃക്ഷം വേണമെന്ന് ആഗ്രഹം തോന്നി. ശ്രീപാർവ്വതിക്കുവേണ്ടി ശിവൻ ദേവേന്ദ്രനോട് ആവശ്യപ്പെട്ടു. ശിവനായിട്ടുകൂടി ദേവേന്ദ്രൻ വൃക്ഷം കൊടുത്തില്ല. അത്രയധികം മഹിമയാണ് ദേവേന്ദ്രൻ അതിനു കല്പിക്കുന്നത്.

ഈ വിവരങ്ങളാണ് നാരദൻ ശ്രീകൃഷ്ണനെയും സത്യഭാമയെയും അറിയിച്ചത്.

ശ്രീകൃഷ്ണൻ നാരദന് ഒരു ചൂണ്ടല നല്കി.

"മഹർഷേ, ഏതിനും അങ്ങ് സ്വർഗ്ഗത്തേക്കു പോവുകയാണല്ലോ. അങ്ങ് ദേവേന്ദ്രനെ കണ്ട് എന്റെ സന്ദേശം അറിയിക്കണം. ദേവേന്ദ്രൻ പാരിജാതവൃക്ഷത്തെ ദ്വാരകയിലെത്തിച്ചുതരട്ടെ, കുറേനാൾ കഴിഞ്ഞ് അതിനെ തിരിയെ കൊണ്ടുപോവുകയുമാവാം—അതാണ് എന്റെ സന്ദേശം." ശ്രീകൃഷ്ണൻ പറഞ്ഞു.

സദാ ഏഷണിക്ക് അവസരം പാർത്തിരിക്കയാണല്ലോ നാരദൻ. നല്ലൊരു സന്ദർഭം ഇപ്പോഴിതാ വന്നിരിക്കുന്നു. ശ്രീകൃഷ്ണനെയും ദേവേന്ദ്രനെയും തമ്മിൽ തല്ലിക്കണം. അതിനായി മഹർഷിയുടെ ഉദ്യമം.

"കൃഷ്ണാ, അങ്ങ് ആവശ്യപ്പെട്ടതുപോലെ ഞാൻ ചെയ്യാം. പക്ഷേ, ദേവേന്ദ്രൻ പാരിജാതവൃക്ഷം തരികയില്ല. അതെനിക്കു തീർച്ചയുണ്ട്." അദ്ദേഹം പറഞ്ഞു.

"മഹർഷേ, അങ്ങ് ദേവേന്ദ്രനോടു നല്ലവാക്കു പറഞ്ഞു കാര്യം ശരിപ്പെടുത്തണം. ഞാൻ സത്യഭാമയ്ക്കു വാഗ്ദാനം ചെയ്തുപോയി. എന്റെ വാഗ്ദാനം ഒരിക്കലും ഭോഷ്കായിക്കൂടാ. ചെയ്യുമെന്നു പറഞ്ഞതെല്ലാം ഞാൻ ചെയ്തിട്ടുണ്ട്. ഞാൻ എന്റെ വാക്ക് പാലിച്ചില്ലെങ്കിൽ ലോകരുടെ സ്ഥിതി എന്തായിരിക്കും! ആട്ടെ, ഒരുപക്ഷേ, ദേവേന്ദ്രൻ വിപരീതമായി നില്ക്കുന്നു എന്നിരിക്കട്ടെ. അങ്ങ് ഒന്നു പറഞ്ഞേക്കണം—എന്റെ ഗദ ദേവേന്ദ്രന്റെ വക്ഷസ്സിൽ പതിക്കുമെന്ന്!" ശ്രീകൃഷ്ണൻ പറഞ്ഞു.

നാരദൻ ശ്രീകൃഷ്ണന്റെ ദൗത്യവും വഹിച്ച് സ്വർഗ്ഗത്തിൽ എത്തിച്ചേർന്നു. അവിടെ ഉത്സവം തകൃതിയായി നടക്കുകയാണ്. ദേവന്മാരും മഹർഷിമാരും മറ്റും വന്നു നിറഞ്ഞിരിക്കുന്നു. ഗന്ധർവന്മാരുടെ ഗാനാലാപനങ്ങൾ എട്ടു ദിക്കുകളിലും കേൾക്കപ്പെടുന്നു. സ്വർഗ്ഗസുന്ദരികളുടെ നർത്തനങ്ങൾ കാണികളുടെ കണ്ണുകൾക്കു വിരുന്നേകുന്നു. എങ്ങും എപ്പോഴും ഉത്സാഹവും ഉന്മേഷവും!

ഒടുവിൽ ഉത്സവം അവസാനിച്ചു.

അതിഥികൾ യാത്രപറഞ്ഞിറങ്ങി.

നാരദൻ ദേവേന്ദ്രനെ ചെന്നുകണ്ടു.

അവർ തമ്മിൽ ഒരു സംഭാഷണം ഉണ്ടായി.

"ദേവേന്ദ്രാ, ശ്രീകൃഷ്ണൻ ഒരു സന്ദേശം തന്നയച്ചിരിക്കയാണ്."

"മഹർഷേ, ശ്രീകൃഷ്ണൻ എന്നെ ഓർമിച്ചിട്ടു വളരെ നാളായിരിക്കുന്നു. ആട്ടെ, എന്താണ് അങ്ങു കൊണ്ടുവന്നിരിക്കുന്ന സന്ദേശം?"

"അങ്ങ് സത്യഭാമയ്ക്കുവേണ്ടി പാരിജാതവൃക്ഷത്തെ ദ്വാരകയിൽ എത്തിച്ചുകൊടുക്കണമത്രെ."

"ഓഹോ! അതാണോ കാര്യം? ശരി. ശ്രീകൃഷ്ണനു പാരിജാതവൃക്ഷം കിട്ടണോ? എങ്കിൽ അത് എന്റെ കാലശേഷമായിരിക്കും. മനുഷ്യകാര്യത്തിനുവേണ്ടി മഹാവിഷ്ണു ഭൂമിയിൽ അവതരിച്ചതാണ്. അക്കാര്യം ഞാൻ അറിയായ്കയല്ല. മനുഷ്യജീവിതം തീർന്നതിനുശേഷം ശ്രീകൃഷ്ണനു പാരിജാതവൃക്ഷത്തെക്കുറിച്ച് ആലോചിക്കാം. ഒരു സ്ത്രീയുടെ വാക്കു കേട്ടു സ്വർഗ്ഗവൃക്ഷത്തെ ഭൂമിയിലേക്കു കൊണ്ടുപോകണമെന്നോ? മാലോകർ അറിഞ്ഞാൽ ചിരിക്കുകയേയുള്ളു. ഏതിനും ഞാൻ പാരിജാതവൃക്ഷം കൊടുക്കുകയില്ല. അക്കാര്യം അങ്ങ് ശ്രീകൃഷ്ണനോടു പറഞ്ഞേക്കണം!"

"ദേവേന്ദ്രാ, വരുംവരാഴികകളെല്ലാം ഞാൻ ശ്രീകൃഷ്ണനോടു പറയുകയുണ്ടായി. പണ്ട് ശിവൻ ചോദിച്ചിട്ടുപോലും കിട്ടിയില്ല എന്നും പറഞ്ഞു. പക്ഷേ, അതൊന്നും ശ്രീകൃഷ്ണൻ ചെവിക്കൊണ്ടില്ല. പോരെങ്കിൽ ശ്രീകൃഷ്ണനു ദേഷ്യവും വന്നു. അപ്പോൾ വേണ്ടാത്തതു പറഞ്ഞു. പാരിജാതവൃക്ഷം കൊടുത്തില്ലെങ്കിൽ അങ്ങേയ്ക്കു ശിക്ഷ കിട്ടുമത്രെ—അതായത്, ഗദകൊണ്ട് നെഞ്ചത്ത് ഒരടി! ശ്രീകൃഷ്ണൻ മഹാശക്തനാണെന്ന് അങ്ങേക്ക് അറിവുള്ളതാണല്ലോ. അതുകൊണ്ട് അദ്ദേഹത്തിന്റെ ആഗ്രഹം സാധിപ്പിക്കണം. അതാണെന്റെ ഉപദേശം?"

"ആങ്ഹാ! ശ്രീകൃഷ്ണൻ അങ്ങനെ പറഞ്ഞോ? എനിക്ക് അത്ഭുതമില്ല. പണ്ടും ശ്രീകൃഷ്ണൻ എന്നോടു തോന്ന്യാസം കാണിച്ചിട്ടുണ്ട്. ഗോവർദ്ധനപർവ്വതം ഉയർത്തിപ്പിടിച്ച് എന്റെ പേമാരി ചെറുത്തത് ഒന്ന്. അഗ്നിദേവൻ ഖാണ്ഡവവനത്തെ ദഹിപ്പിച്ചപ്പോൾ എന്നെ തടുത്തതു മറ്റൊന്ന്.

ഇപ്പോഴിതാ എന്റെ നെഞ്ചത്ത് അടിക്കുമെന്ന ഭീഷണിയും! പെണ്ണിന്റെ വാക്കു കേട്ടു ചാടിപ്പുറപ്പെടുന്ന ജളൻ! മഹർഷേ, അങ്ങ് ചെന്ന് എന്റെ മറുസന്ദേശം അറിയിക്കൂ—ശ്രീകൃഷ്ണൻ എന്നെ യുദ്ധത്തിൽ തോല്പിച്ചിട്ടു പാരിജാതവൃക്ഷം കൊണ്ടുപൊയ്ക്കൊള്ളട്ടെ!"

ആ മറുസന്ദേശവുംകൊണ്ട് നാരദമഹർഷി ദ്വാരകയിലെത്തി. ദേവേന്ദ്രൻ പറഞ്ഞതെല്ലാം ശ്രീകൃഷ്ണനെ അറിയിച്ചു—ദേവേന്ദ്രൻ പറയാത്ത ചിലതും.

ശ്രീകൃഷ്ണൻ ചൊടിച്ചു:

"മഹർഷേ, അങ്ങ് ഒന്നുകൂടി ചെയ്യണം. സ്വർഗ്ഗത്തു ചെന്ന് ദേവേന്ദ്രനെ അറിയിക്കണം—ഞാൻ ബലംപ്രയോഗിച്ച് പാരിജാതവൃക്ഷം കൊണ്ടുവരുമെന്ന്!"

നാരദൻ അതും ദേവേന്ദ്രനെ അറിയിച്ചു.

ദേവേന്ദ്രനു തെല്ലു ചാഞ്ചല്യം ഉണ്ടായി. ശ്രീകൃഷ്ണനെ എതിർക്കുന്നതു സൂക്ഷിച്ചുവേണം. ഗുരുവിന്റെ അഭിപ്രായം ആരായുകതന്നെ. അദ്ദേഹം ബൃഹസ്പതിയെ കണ്ടു വിവരം പറഞ്ഞു.

"ഗുരോ, ഞാൻ എന്താണു ചെയ്യേണ്ടത്?" അദ്ദേഹം അന്വേഷിച്ചു.

"ദേവേന്ദ്രാ, ഞാൻ ബ്രഹ്മലോകത്തു പോയിരുന്നു. അപ്പോഴാണ് ഇങ്ങനെയൊക്കെ വന്നുചേർന്നത്. എന്നോടു പറയാതെ നീ ഒന്നും ചെയ്യേണ്ടിയിരുന്നില്ല. സംഭവിക്കാനുള്ളതൊക്കെ സംഭവിക്കും. അത്ര മാത്രമേ എനിക്കിപ്പോൾ പറയാനുള്ളൂ." ബൃഹസ്പതി പറഞ്ഞു.

ദ്വാരകയിലോ? ശ്രീകൃഷ്ണൻ ഗരുഡനെ വരുത്തി. സാത്യകിയെയും പ്രദ്യുമ്നനെയും കൂട്ടി, അവരോടുകൂടി ഗരുഡന്റെ പുറത്തു കയറി സ്വർഗ്ഗത്തിൽ എത്തിച്ചേർന്നു.

ശ്രീകൃഷ്ണനും സഹചരന്മാരും നേരേ നന്ദനവനത്തിലേക്കു പോയി. അവിടെയാണ് പാരിജാതവൃക്ഷം നില്ക്കുന്നത്. ആ വൃക്ഷത്തെ പിഴുതെടുത്തുകൊണ്ടുപോകണം—അതായിരുന്നു അവരുടെ ഉദ്യമം.

ദേവഭടന്മാരിൽ ചിലർ അതു കാണാനിടയായി. അവർ ഓടിച്ചെന്ന് ദേവേന്ദ്രനെ വിവരം തെര്യപ്പെടുത്തി. ദേവേന്ദ്രൻ പുത്രനായ ജയന്തനെ വരുത്തി. രണ്ടുപേരുംകൂടി ഐരാവതത്തിന്റെ പുറത്തുകയറി, അതിവേഗം നന്ദനവനത്തിൽ ചെന്നെത്തി.

അവിടെ കണ്ടു ശ്രീകൃഷ്ണനെയും കൂട്ടരെയും.

അവർ പാരിജാതവൃക്ഷത്തെ പുഴക്കിയെടുത്ത് ഗരുഡന്റെ പുറത്തു വെച്ചുകഴിഞ്ഞിരിക്കുന്നു.

"കൃഷ്ണാ, എന്തിനാണു ഭാവം?" ദേവേന്ദ്രൻ ദേഷ്യത്തോടെ വിളിച്ചു പറഞ്ഞു.

"ഞങ്ങൾ പാരിജാതവൃക്ഷത്തെ ദ്വാരകയിലേക്കു കൊണ്ടുപോവുകയാണേ!" ശ്രീകൃഷ്ണൻ പരിഹാസത്തോടെ പറഞ്ഞു.

ഇരുകക്ഷികളും ആരംഭിച്ചതു വാക്കുകൾകൊണ്ടുള്ള പോരാട്ടമല്ല. പിന്നെയോ, ആയുധങ്ങൾകൊണ്ടുള്ള പോരാട്ടം. ആ പോരാട്ടം ഉഗ്രമായി തുടർന്നുകൊണ്ടിരുന്നു. അതിനിടയ്ക്ക് ജയന്തൻ ഒരു ശ്രമം നടത്തി. ഗരുഡന്റെ പുറത്തു വെച്ചിരിക്കുന്ന പാരിജാതവൃക്ഷം കൈക്കലാക്കണം! പ്രദ്യുമ്നൻ ജയന്തനെ ചെന്നു ചെറുത്തു. ദേവേന്ദ്രപുത്രനും ശ്രീകൃഷ്ണപുത്രനും തമ്മിൽ കലഹമായി. പ്രവരൻ എന്ന വീരദേവൻ ജയന്തനെ സഹാ

യിക്കാനെത്തി. അപ്പോൾ സാത്യകി പ്രദ്യുമ്നന്റെ തുണയ്ക്കു ചെന്നു. പ്രവരനും സാത്യകിയും തമ്മിൽ വക്കാണമായി—മാത്രമല്ല, ഐരാവതവും ഗരുഡനും തമ്മിലും.

ആ സമയം കശ്യപമഹർഷിയും അദിതിയും സ്വർഗ്ഗത്തിൽ ഉണ്ടായിരുന്നില്ല. അവർ പാലാഴിയിലേക്കു പോയിട്ടുണ്ടായിരുന്നു. സ്വർഗ്ഗത്തിലെ യുദ്ധത്തെക്കുറിച്ച് പാലാഴിയിൽ അറിവു കിട്ടി. ദേവപിതാവും ദേവമാതാവും സ്വർഗ്ഗത്തിലേക്ക് ഉഴറി. അവരോടൊന്നിച്ച് ബ്രഹ്മാവും.

വാസ്തവത്തിൽ ദേവേന്ദ്രനും ശ്രീകൃഷ്ണനും തമ്മിൽ സഹോദരബന്ധം ഉണ്ടായിരുന്നു.

പണ്ട് മഹാവിഷ്ണു വാമനനായി അവതരിച്ചിരുന്നുവല്ലോ. വാമനൻ അവതരിച്ചത് അദിതിയുടെ പുത്രനായിട്ടാണുതാനും. (ആ കഥ മറ്റൊരിടത്തു പറഞ്ഞിട്ടുണ്ട്). ദേവേന്ദ്രനും അദിതിയുടെ പുത്രനാണ്. ആ നിലയ്ക്ക് ദേവേന്ദ്രന്റെ അനുജനായി കരുതപ്പെട്ടിരുന്നു ശ്രീകൃഷ്ണൻ.

കശ്യപനും അദിതിയും കണ്ടത് എന്താണ്? ദേവേന്ദ്രനും ശ്രീകൃഷ്ണനും തമ്മിൽ യുദ്ധംചെയ്യുന്നു. അതോ, ഏറ്റവും ഉഗ്രമായ യുദ്ധവും.

അദിതി ഇരുവരുടെയും ഇടയ്ക്കുകയറി നില്പായി.

രണ്ടുപേരും ആയുധങ്ങൾവച്ച് അമ്മയെ വണങ്ങി.

അവരുടെ കൈകൾ അദിതി പിടിച്ചു.

"മക്കളേ, നിങ്ങൾ ജ്യേഷ്ഠാനുജന്മാരാണ്. അതു മറന്നിട്ട് എന്തിനു കലമ്പൽ കൂട്ടി? കലമ്പലോ, ഏറ്റവും ചെറിയൊരു കാര്യത്തിനാണുതാനും. അതൊട്ടും നന്നായില്ല, കേട്ടോ? ആട്ടെ, നിങ്ങളുടെ അമ്മയായ ഈ ഞാൻ നിങ്ങളോട് ഒന്നാവശ്യപ്പെടുന്നു—യുദ്ധം മതിയാക്കി പഴയപോലെ തമ്മിൽ സ്നേഹത്തോടെ പെരുമാറുവിൻ!" അദിതി പറഞ്ഞു.

അമ്മയുടെ വാക്കു ധിക്കരിക്കാനൊക്കുമോ? ദേവേന്ദ്രനും ശ്രീകൃഷ്ണനും യുദ്ധത്തിൽനിന്നു വിരമിച്ചു. അതിനുശേഷം മുമ്പത്തെപ്പോലെ സ്നേഹവുമായി.

അദിതി ശ്രീകൃഷ്ണന് ഒരു നിർദ്ദേശം നല്കി:

"കൃഷ്ണാ, പാരിജാതവൃക്ഷത്തെ ദ്വാരകയിലേക്കു കൊണ്ടുപൊയ്ക്കൊള്ളൂ. സത്യഭാമ പുണ്യകം എന്ന വ്രതമെടുക്കാൻ പോവുകയാണല്ലോ. വ്രതം കഴിഞ്ഞാൽ വൃക്ഷത്തെ ഇങ്ങെത്തിക്കണം, കേട്ടോ?"

ഇന്ദ്രാണി കൃഷ്ണപത്നിമാർക്കുള്ള സമ്മാനങ്ങൾ കൊണ്ടുവന്നു. ദിവ്യാഭരണങ്ങൾ, ദിവ്യവസ്ത്രങ്ങൾ മുതലായവ ആയിരുന്നു സമ്മാനങ്ങൾ. പതിനാറായിരത്തെട്ടുപേർക്കും വെവ്വേറെ! ശ്രീകൃഷ്ണൻ അവയെല്ലാം പത്നിമാർക്കുവേണ്ടി സ്വീകരിച്ചു. കശ്യപനെയും അദിതിയെയും നമസ്കരിച്ചു. അവരോടു വിടവാങ്ങി. സത്യഭാമയെയും സാത്യകിയെയും പ്രദ്യുമ്നനെയും കൂട്ടി എല്ലാവരോടുംകൂടി ഗരുഡന്റെ പുറത്തു കയറി. ദ്വാരകയുടെ പുറമേ ചെന്നിറങ്ങി.

"സാത്യകീ, പാരിജാതവൃക്ഷത്തിന് ആദരവോടുകൂടിയ സ്വീകരണം നല്കണം. നിങ്ങൾ നേരത്തെ പോയി വേണ്ടതായ ഏർപ്പാടുകൾ ചെയ്യൂ. അതുവരെ ഞങ്ങൾ ഇവിടെ കാത്തുനില്ക്കാം." ശ്രീകൃഷ്ണൻ പറഞ്ഞു.

നേരം അധികം കഴിഞ്ഞില്ല. അതിനകം സാത്യകി ഒരുക്കങ്ങൾ പൂർത്തിയാക്കി. ജനങ്ങൾ തെരുവീഥികളിൽ കൂട്ടംകൂടി നിന്നു. അവരുടെ നടുവി

ലൂടെ പാരിജാതവൃക്ഷം എഴുന്നള്ളിക്കപ്പെട്ടു. ആ ദിവ്യവൃക്ഷത്തിന്റെ മാഹാത്മ്യം അപ്പോൾത്തന്നെ പ്രകടമായി. വൃദ്ധന്മാരുടെ ജര മാറി. രോഗികൾ ആരോഗ്യവാന്മാരായി. കുരുടന്മാർക്കു കാഴ്ച വീണ്ടുകിട്ടി!

ശ്രീകൃഷ്ണൻ പാരിജാതവൃക്ഷത്തെ സത്യഭാമയുടെ ഗൃഹത്തിലെ അങ്കണത്തിൽ സ്ഥാപിച്ചു.

സത്യഭാമ പുണ്യകവ്രതം അനുഷ്ഠിച്ചു. ആ വ്രതം ഒരു വർഷം നീണ്ടു നിന്നു. അതിനുശേഷം ശ്രീകൃഷ്ണൻ പാരിജാതവൃക്ഷത്തെ സ്വർഗ്ഗത്തിൽ എത്തിച്ചു—അദിതി നിർദ്ദേശിച്ചിരുന്നതുപോലെ.

(മഹാഭാരതം വിഷ്ണുപർവ്വം)

കുചേലവൃത്തം

കുചേലൻ എന്നറിയപ്പെടുന്ന ധർമിഷ്ഠനാണ് സുദാമാവ്. മഹാജ്ഞാനിയും മഹാഭക്തനുമാണ് അദ്ദേഹം. ഉത്തമയും പതിവ്രതയുമാണ് കുചേലപത്നി. എങ്കിലും ദാരിദ്ര്യത്തിന്റെ നിത്യദുഃഖം ദമ്പതികൾ അനുഭവിക്കുന്നു. അവർക്കു കുറെ കൂടുതൽ കുട്ടികളുണ്ട്. എല്ലാവർക്കും ഉണ്ണാനും ഉടുക്കാനും വകയുമില്ല. കുചേലപത്നി വല്ലവിധവും അല്പം ഭക്ഷണമുണ്ടാക്കും. ഉള്ളത് എല്ലാവർക്കുമായി വീതിച്ചുകൊടുക്കും. വല്ലതും ശേഷിച്ചിട്ടുണ്ടെങ്കിൽ ആ സ്ത്രീ ഭക്ഷിക്കും. ഇല്ലെങ്കിൽ അവർ പട്ടിണികിടക്കും. കുടുംബക്കാർ എല്ലാവരും വല്ലാതെ ശോഷിച്ചിരിക്കുന്നു. ശരിയായ ഭക്ഷണമില്ലെങ്കിൽ ആരുതന്നെ ശോഷിക്കയില്ല! ഏറ്റവും ശോഷിച്ചിരിക്കുന്നത് വീട്ടുകാരിതന്നെ. എണീറ്റു നടക്കാൻപോലും അവർക്കു വിഷമമായിരിക്കുന്നു. ഈ നിലയ്ക്കുപോയാൽ പട്ടിണികിടന്നു മരിക്കുകയേയുള്ളു.

ഒടുവിൽ കുചേലപത്നിക്കു നിവൃത്തിയില്ലാതായി. അവരുടെ ചിന്തകൾ ശ്രീകൃഷ്ണന്റെ നേർക്കു തിരിഞ്ഞു. ദ്വാരകയിൽ പ്രൗഢിയോടുകൂടി വിരാജിക്കുകയാണ് ശ്രീകൃഷ്ണൻ. ഭഗവാൻ ഭർത്താവിന്റെ ബാല്യസുഹൃത്താണ്. ഭർത്താവ് ഭഗവാനെ ശരണംപ്രാപിക്കണം. ഭഗവാൻ സഹായിക്കാതിരിക്കയില്ല.

"അങ്ങ് ശ്രീകൃഷ്ണന്റെ പരമഭക്തനാണല്ലോ. ഭക്തന്മാരെ രക്ഷിക്കുന്നവനാണ് ശ്രീകൃഷ്ണൻ. അങ്ങ് ദ്വാരകയിൽച്ചെന്ന് ശ്രീകൃഷ്ണനെ കാണണം. ശ്രീകൃഷ്ണൻ അങ്ങേക്ക് ആവശ്യമുള്ള ധനം തരും." കുചേലപത്നി പറഞ്ഞു.

കുചേലൻ ബാല്യകാലത്തെ സ്മരണകളെ അയവിറക്കിത്തുടങ്ങി.

ബാലനായ ശ്രീകൃഷ്ണൻ, ബാലനായ സുദാമാവ്—അവർ മറ്റു കുട്ടികളുമൊന്നിച്ച് ഗുരുകുലത്തിൽ പാർക്കുന്നു, വിദ്യാഭ്യാസംചെയ്യുന്നു. സാന്ദീപനി എന്ന മഹർഷിയാണ് ഗുരു. സുദാമാവ് ബ്രാഹ്മണബാലനാണ്. ശ്രീകൃഷ്ണൻ യാദവബാലനും. ഏറ്റവും അടുത്ത ചങ്ങാതിമാരാണ് ഇരുവരും.

ശിഷ്യന്മാർ വിദ്യാഭ്യാസംമാത്രം ചെയ്താൽ പോരാ. ഗുരുവിനെ വേണ്ടതുപോലെ ശുശ്രൂഷിക്കണം. ആശ്രമത്തിലെ ജോലികളെല്ലാം ചെയ്യുകയും

വേണം. ഒരു നാൾ മഹർഷിപത്നി രണ്ടു കുട്ടികളെ വിളിച്ചു. അവർക്ക് ഒരു ജോലിയും കൊടുത്തു—വനത്തിൽച്ചെന്ന് വിറകു ശേഖരിച്ചുകൊണ്ടുവരണം.

ശ്രീകൃഷ്ണനും സുദാമാവും ആയിരുന്നു ആ രണ്ടു ബാലന്മാർ.

ചങ്ങാതിമാർ ഒന്നിച്ച് ആശ്രമം വിട്ടിറങ്ങി. നടന്നുനടന്ന് അല്പം അകലെയുള്ള വനത്തിലെത്തി. അങ്ങുമിങ്ങും ചെന്ന് വിറകു ശേഖരിച്ചു. അതെല്ലാം കെട്ടി തലയിൽവെച്ചു. എന്നിട്ട് ആശ്രമത്തിലേക്കു പോകാനും ഒരുക്കമായി.

അപ്പോഴേക്കും പ്രകൃതിയുടെ അവസ്ഥ മാറിക്കഴിഞ്ഞിരുന്നു. ആകാശത്ത് കാർമേഘങ്ങൾ വന്നുനിറഞ്ഞു. ശക്തിയായ മഴ പെയ്തുതുടങ്ങി. ഇടികൾ നിരന്തരം മുഴങ്ങി. മിന്നലുകൾ ഇടവിട്ടു മിന്നി. കാറ്റ് ആഞ്ഞുവീശി. സൂര്യൻ അസ്തമിച്ചു. കാട് ഇരുട്ടിൽ മുങ്ങി. നിലത്ത് വെള്ളം പൊങ്ങി. ഉയർച്ചയും താഴ്ചയും തിരിച്ചറിയാൻ വയ്യാതായി. കുട്ടികൾ രണ്ടും പരവശരായി. ഇരുവരും മഴ നനഞ്ഞു നില്ക്കുന്നു. കണ്ണു കാണാൻ വയ്യ. തലയിൽ വിറകുകെട്ടുണ്ട്. കൈകോർത്തുപിടിച്ചിരിക്കയാണ്. ഒരാൾ മാത്രമാണ് മറ്റെയാൾക്കു സഹായം.

സാന്ദീപനിമഹർഷി ആശ്രമത്തിലുണ്ട്. രാത്രിയായിട്ടും കാട്ടിൽ പോയ ശിഷ്യന്മാർ എന്തേ വരാത്തത്? വല്ലാത്ത മഴയും ഇരുട്ടും. മഹർഷിക്കു പരിഭ്രമം വർദ്ധിച്ചു. യാമങ്ങൾ ഇഴഞ്ഞുപോയി. കൂരിരുട്ടത്ത് എന്തു ചെയ്യാനൊക്കും? സൂര്യോദയത്തിനായി കാത്തിരുന്നു. കിഴക്കു വെള്ള കീറിയപ്പോൾ മഹർഷി ഇറങ്ങിത്തിരിച്ചു. ശ്രീകൃഷ്ണനെയും സുദാമാവിനെയും കണ്ടുപിടിക്കണം. അദ്ദേഹം വനത്തിലേക്കു ചെന്നു. എല്ലായിടങ്ങളിലും അന്വേഷിച്ചു. ഒടുവിൽ ശിഷ്യന്മാരെ കണ്ടെത്തി.

സാന്ദീപനിക്ക് ആശ്വാസമായി. സന്തോഷവുമായി.

"കൃഷ്ണാ, സുദാമാ, നിങ്ങൾ എനിക്കുവേണ്ടി വളരെ കഷ്ടപ്പാടുകൾ സഹിക്കുകയുണ്ടായി. നിങ്ങളുടെ ഗുരുഭക്തി അത്യധികംതന്നെ. അതെന്നെ ക്രമത്തിലധികം പ്രീതിപ്പെടുത്തിയിരിക്കുന്നു. ഞാനിതാ നിങ്ങളെ സർവ്വാത്മനാ അനുഗ്രഹിക്കുന്നു—എന്നിൽനിന്നു പഠിച്ചതെല്ലാം നിങ്ങൾ ഒരിക്കലും മറക്കാതിരിക്കട്ടെ!"

ഗുരു ശിഷ്യന്മാരോടുകൂടി ആശ്രമത്തിൽ മടങ്ങിയെത്തി.

കാലം കഴിഞ്ഞതോടെ ശ്രീകൃഷ്ണന്റെയും സുദാമാവിന്റെയും വിദ്യാഭ്യാസം അവസാനിച്ചു. അവർ ഗുരുകുലം വിട്ട് അവരവരുടെ വഴിക്കു പോയി. ശ്രീകൃഷ്ണനു പതിനാറായിരത്തെട്ടു പത്നിമാരുണ്ടായി. സുദാമാവ് ഒരു സാധുസ്ത്രീയുടെ ഭർത്താവായി. ശ്രീകൃഷ്ണൻ അളവറ്റ സമ്പത്തിന്റെ ഉടമയായി. സുദാമാവ് തികച്ചും നിർദ്ധനനായി. ശ്രീകൃഷ്ണൻ മഹാവിഷ്ണുവിന്റെ അവതാരമായി കീർത്തിക്കപ്പെടുന്നു. സുദാമാവ് കുചേലനായി കുടുംബത്തോടെ പട്ടിണികിടക്കുന്നു. പഴയ സുഹൃത്തുക്കൾ തമ്മിൽ ഇപ്പോൾ എന്തൊരു വ്യത്യാസം!

അതിനെക്കുറിച്ച് ഇപ്പോൾ കുചേലൻ ആലോചിച്ചു. പത്നി ആവശ്യപ്പെടുന്നു ശ്രീകൃഷ്ണനോടു ധനം ചോദിക്കാൻ. യാചന ഒട്ടുംതന്നെ ഇഷ്ടമല്ല കുചേലന്. എങ്കിലും പത്നിയുടെ അപേക്ഷ സ്വീകരിക്കുകതന്നെ. ദ്വാരകയിൽ പോയിട്ടു വരാം. ഭഗവാനെ ഒന്നുകൂടി കാണാൻ കഴിയുമല്ലോ, അതിൽ കൂടുതൽ എന്താണൊരു ഭാഗ്യം!

പക്ഷേ, വെറുംകൈയോടെ ഭഗവാനെ ചെന്നുകാണുന്നതെങ്ങനെ? എന്തെങ്കിലും കൊണ്ടുപോയി ഭഗവാന് തിരുമുൽക്കാഴ്ച വെക്കണം. അല്ലാത്തപക്ഷം അതൊരു തെറ്റാവും.

"വല്ല കാഴ്ചദ്രവ്യവും ഉണ്ടാക്കിത്തരൂ." കുചേലൻ പത്നിയോട് ആവശ്യപ്പെട്ടു.

ഭക്ഷണം കഴിക്കാൻ വകയില്ലാത്ത വീട്ടിലെവിടെ കാഴ്ചദ്രവ്യം? എവിടന്നെങ്കിലും എന്തെങ്കിലും കൊണ്ടുവരാതെ പറ്റുകയുമില്ല. സ്വന്തം വീട്ടിലില്ലാത്തത് മറ്റ് വീടുകളിൽ കണ്ടെന്നു വരാം. കുചേലപത്നി അന്യ ഗൃഹങ്ങളിൽ ചെന്നു യാചിച്ചു. അവർക്ക് ആകെ കിട്ടിയതോ, ഒരുപിടി അവലും. ആ സാധുസ്ത്രീ അവൽ ഒരു പഴന്തുണിയിൽ കെട്ടി. എന്നിട്ട് ഭർത്താവിനു നല്കി—ശ്രീകൃഷ്ണനുള്ള കാഴ്ചദ്രവ്യമായിട്ട്!

അവൽപ്പൊതിയുംകൊണ്ട് കുചേലൻ വീടുവിട്ടിറങ്ങി. വളരെ നേരം നടന്നു, വളരെ ദൂരം നടന്നു, ഒടുവിൽ ദ്വാരകയിൽ എത്തിച്ചേർന്നു. ആദ്യമായിട്ടാണ് അദ്ദേഹം അവിടെ പോകുന്നത്. പതിനാറായിരത്തിൽപരം ഭവനങ്ങളുണ്ട് പ്രത്യേകമായിട്ട്—ശ്രീകൃഷ്ണന്റെ പതിനാറായിരം പത്നിമാരുടെ വകയായ ഭവനങ്ങൾ. അവയുടെ മദ്ധ്യത്തിൽ വിളങ്ങുന്ന മണിമന്ദിരം—അതേ, അതുതന്നെയാണ് രുഗ്മിണിയുടെ വക. കുചേലൻ സംശയിച്ചു സംശയിച്ച് അതിനുള്ളിലേക്കു കടന്നു.

രുഗ്മിണിയുമൊത്തു മണിമഞ്ചത്തിൽ ഇരിക്കുകയാണ് ശ്രീകൃഷ്ണൻ. അതാ, ആരാണു കയറിവരുന്നത്? എല്ലും തൊലിയുമായ ഒരു ബ്രാഹ്മണൻ. ശ്രീകൃഷ്ണൻ ബ്രാഹ്മണനെ ശ്രദ്ധിച്ചുനോക്കി. അപ്പോൾ ആളെ പിടികിട്ടി—ബാല്യകാലത്തെ ഉറ്റസുഹൃത്തായിരുന്ന സുദാമാവ്!

ശ്രീകൃഷ്ണൻ ഞെടുതിയിൽ മണിമഞ്ചത്തിൽനിന്ന് ചാടിയിറങ്ങി. അങ്കണത്തിലേക്ക് അതിവേഗം ഓടി. കുചേലന്റെ അരികിലെത്തി. അദ്ദേഹത്തെ കെട്ടിപ്പിടിച്ചു മാറോടണച്ചു.

ശ്രീകൃഷ്ണന്റെ ആലിംഗനം ലഭിക്കുക—അതിൽപ്പരം ഒരു ഭാഗ്യമുണ്ടോ? ആ ഭാഗ്യം കുചേലനെ അടിമുടി തളർത്തി. അദ്ദേഹത്തിന്റെ ശരീരം മുഴുവനും പുളകമണിഞ്ഞു. കണ്ണുകളിൽനിന്ന് സന്തോഷക്കണ്ണുനീർ ധാരയായി പൊഴിഞ്ഞു. ഒന്നും പറയാൻ ശക്തനല്ലാതെ അദ്ദേഹം നിന്നുപോയി.

അപ്പോൾ ശ്രീകൃഷ്ണൻ എന്താണു ചെയ്തത്? കുചേലനെ അതിയായ ആദരവോടെ അകത്തേക്കു നയിച്ചു. ഭഗവാനും രുഗ്മിണിയും ഇരുന്നരുളുന്ന മണിമഞ്ചത്തിൽ പിടിച്ചിരുത്തി. കുചേലന്റെ കാലുകളിൽ വെള്ളമൊഴിച്ച് ആ വെള്ളം ശിരസ്സിൽ ധരിച്ചു. കുചേലന്റെ ദേഹത്ത് കുങ്കുമവും ചന്ദനവും പൂശി. അതേസമയം രുഗ്മിണി ചാമരമെടുത്ത് കുചേലനെ വീശി.

ദരിദ്രരിൽ ദരിദ്രനാണ് കുചേലൻ. അദ്ദേഹം അഴുക്കായ വസ്ത്രം ധരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ ധാരാളം പൊടിയുമുണ്ട്. എന്നിട്ടും ശ്രീകൃഷ്ണനും രുഗ്മിണിയും അതൊക്കെ ചെയ്തില്ലേ? എന്തൊരു ഭക്തവാത്സല്യം!

അന്തഃപുരത്തിൽ തോഴിമാരും മറ്റുമുണ്ടല്ലോ. എല്ലാം കണ്ടുനില്ക്കുകയാണ് അവർ. കണ്ടതൊന്നും അവർക്കു മനസ്സിലാകുന്നില്ല. ഇതാ കയറിവന്നിരിക്കുന്നു ഒരു ദരിദ്രൻ. കേവലം ഒരു യാചകൻ. എന്നിട്ടും ശ്രീകൃഷ്ണനും രുഗ്മിണിയും അയാളെ ഉപചരിക്കുന്നു. അതും പോട്ടെന്നുവയ്ക്കാം.

മൂന്നു ലോകങ്ങളും ശ്രീകൃഷ്ണനെ പൂജിക്കുന്നു. അങ്ങനെയുള്ള ശ്രീകൃഷ്ണൻ ഇതാ ഒരു യാചകനെ പൂജിക്കുന്നു. എന്താണ് ഇതിന്റെ അർത്ഥം? അവർക്കു മനസ്സിലായില്ല.

ശ്രീകൃഷ്ണൻ കുചേലനോടു കുശലപ്രശ്നംചെയ്തു:

"സ്നേഹിതാ, നാം തമ്മിൽ പിരിഞ്ഞതിനുശേഷം എന്തൊക്കെ നടന്നു കഴിഞ്ഞു! അങ്ങു വിവാഹംകഴിച്ചിട്ടുണ്ട്. അതെനിക്കു തീർച്ചയാണ്. എത്ര കുട്ടികളുണ്ട്? എന്തെല്ലാമാണു വിശേഷങ്ങൾ? എല്ലാം എനിക്ക് അറിയണം. നമ്മുടെ ഗുരുകുലവാസം മറന്നിട്ടില്ലല്ലോ? പ്രത്യേകിച്ച് ഒരു രാത്രിയിൽ നമുക്കുണ്ടായ അനുഭവങ്ങൾ?"

അവർ പഴയ കഥകൾ പറഞ്ഞ് സമയം കഴിച്ചു. ശ്രീകൃഷ്ണൻ ആദ്യമേ ഒന്നു മനസ്സിലാക്കിയിരുന്നു. തനിക്കായി കുചേലൻ ഒരു കാഴ്ചദ്രവ്യം കൊണ്ടുവന്നിട്ടുണ്ട്. അതു മറ്റൊന്നുമല്ല. അവലാണ്. അത് അറിയിക്കാൻ കുചേലനു ലജ്ജയുണ്ട്. കുചേലനെ ഒന്നു കളിയാക്കുകതന്നെ:

"എന്താ, സ്നേഹിതാ, അങ്ങ് എനിക്ക് എന്ത് ഉപഹാരമാണ് കൊണ്ടുവന്നിട്ടുള്ളത്? എന്തായാലും ശരി, അതിങ്ങു തരണം, കേട്ടോ? ഭക്തന്മാർ തരുന്നത് ഒട്ടും വിലയില്ലാത്ത വസ്തുവാകാം. എങ്കിലും എന്നെ സംബന്ധിച്ചിടത്തോളം അതു വിലപ്പെട്ടതായിരിക്കും. ഭക്തിയില്ലാത്തവർ എത്ര വിലപ്പെട്ടതും തന്നുകൊള്ളട്ടെ. അതെനിക്ക് ഒട്ടും സന്തോഷം ഉളവാക്കുകയില്ല." ഭഗവാൻ പറഞ്ഞു.

എന്നിട്ടും കുചേലൻ കാഴ്ചദ്രവ്യം പുറത്തെടുത്തില്ല. ഭഗവാന് എങ്ങനെയാണ് അവൽപ്പൊതി കൊടുക്കുക? കുചേലൻ ലജ്ജപൂണ്ട് തലയും താഴ്ത്തി ഇരുന്നതേയുള്ളു.

ശ്രീകൃഷ്ണൻ അറിയാത്ത എന്തെങ്കിലും കാര്യമുണ്ടോ? ഭഗവാന് കുചേലന്റെ വിചാരമെല്ലാം മനസ്സിലായി. അപ്പോൾ ഭഗവാൻ ആലോചിച്ചു: "ഇദ്ദേഹം ഐശ്വര്യത്തിനായി എന്നെ ഭജിച്ചിട്ടില്ല. പത്നി ആവശ്യപ്പെട്ടിട്ടാണു വന്നിരിക്കുന്നത്." ഇദ്ദേഹത്തിന് ഞാൻ സമ്പത്തുകൾ സമ്മാനിക്കും —ദേവന്മാർക്കുപോലും ദുർലഭമായ സമ്പത്തുകൾ!"

പക്ഷേ, ആ ആലോചനയൊന്നും ശ്രീകൃഷ്ണൻ പുറത്തറിയിച്ചില്ല. ഭഗവാന്റെ കണ്ണുകൾ ഒന്നിൽ ചെന്നുപറ്റി—കുചേലൻ വസ്ത്രത്തിനുള്ളിൽ ഒളിച്ചുവെച്ചിരിക്കുന്ന അവൽപ്പൊതിയിൽ. ഒരു മുന്നറിയിപ്പും നല്കാതെ ഭഗവാൻ അവൽപ്പൊതി പിടിച്ചെടുത്തു.

"ഇത് എന്താണ്? ഞാനൊന്നു നോക്കട്ടെ?" ഭഗവാൻ പറഞ്ഞിട്ട് പൊതിയഴിച്ചു.

"ഓഹോ, അങ്ങെനിക്ക് സമ്മാനം കൊണ്ടുവന്നു. അതൊട്ടു തന്നുമില്ല. അവലാണ്, അല്ലേ? എനിക്ക് അവൽ എന്ത് ഇഷ്ടമാണെന്നോ?" ഭഗവാൻ പറഞ്ഞു.

പറഞ്ഞതു മാത്രമല്ല, ഭഗവാൻ ഒരുപിടി അവലെടുത്തു തിന്നുകയും ചെയ്തു. എത്ര സ്വാദോടെയാണ് തിന്നുന്നത്! കണ്ടുനിന്ന രുഗ്മിണി ഭർത്താവിന്റെ കൈയിൽ കടന്നുപിടിച്ചു.

ഭഗവാൻ ഇനിയും അവൽ തിന്നുകൂടാ. അതിനുവേണ്ടിയാണ് രുഗ്മിണി ഭഗവാനെ തടഞ്ഞത്. ഇതിനിടയ്ക്കുതന്നെ കുചേലന് അമിതമായ സമ്പത്തുകൾ ലഭിച്ചിരിക്കുന്നു. അത് കുചേലന് അറിഞ്ഞുകൂടാ. പക്ഷേ, രുഗ്മിണിക്ക്

അറിയാം. ഇനിയും ഭഗവാൻ അവൽ തിന്നാലോ? രുഗ്മിണി കുചേലപത്നിയുടെ ദാസിയായിപ്പോകും!

ശ്രീകൃഷ്ണഭവനത്തിൽ രാത്രി കഴിച്ചു കൂചേലൻ. അദ്ദേഹം വിഭവങ്ങൾ നിറഞ്ഞ ഭക്ഷണം കഴിച്ചു. ഏറ്റവും സുഖമായി വിശ്രമിച്ചു. മനസ്സിൽ ആനന്ദം നിറഞ്ഞുനിന്നു. നേരം പുലർന്നപ്പോൾ അദ്ദേഹം ഭഗവാനോടു യാത്രപറഞ്ഞു. ദ്വാരകവിട്ടിറങ്ങി വന്ന വഴിയെ വീട്ടിലേക്കു പോയി.

ആലോചനയിൽ മുഴുകി നടക്കുകയാണ് കുചേലൻ. താൻ ശ്രീകൃഷ്ണന്റെ ആലിംഗനത്തിലെ സുഖം അനുഭവിച്ചു. താനല്ലേ ഭാഗ്യവാന്മാരിൽ ഭാഗ്യവാൻ? ദരിദ്രനായ താനെവിടെ, സർവശക്തനായ ഭഗവാനെവിടെ? എന്നിട്ടും തന്നെ ഭഗവാൻ പിടിച്ച് മാറോടു ചേർത്തില്ലേ? പോരെങ്കിൽ ഭഗവാനും ദേവിയും വിശ്രമിക്കുന്ന മണിമഞ്ചത്തിലിരുത്തി, ദേവിയെക്കൊണ്ട് വീശിപ്പിക്കുകയുംചെയ്തു. തനിക്ക് ഭഗവാൻ ധനമൊന്നും തന്നില്ല. അതിന് പ്രത്യേകിച്ചു കാരണമുണ്ട്. താൻ ധനികനായാൽ ഐശ്വര്യമദം ഉണ്ടാവും. അപ്പോൾ ഭഗവാനെ സ്മരിക്കുകയില്ല. ആ പാപം താൻ ചെയ്തുകൂടാ. അതിനാലാണു ഭഗവാൻ ധനം തരാത്തത്. കണ്ടില്ലേ ഭഗവാന്റെ കാരുണ്യം?

അങ്ങനെ പലതും ആലോചിച്ചുകൊണ്ട് കുചേലൻ നടന്നുപോയി. ഒടുവിൽ തന്റെ ഗൃഹത്തിനരികിലെത്തി. അവിടെ തന്റെ ഗൃഹം കാണാനില്ല. പകരം കനകമയമായ മണിമാളികകൾ കാണപ്പെടുന്നു. അവയ്ക്കു ചുറ്റും കണ്ണുകവരുന്ന ഉദ്യാനങ്ങൾ. ഉദ്യാനങ്ങളുടെ മദ്ധ്യത്തിൽ ജലാശയങ്ങൾ. ജലാശയങ്ങളിൽ വിടർന്നു വിലസുന്ന താമരപ്പൂക്കൾ. പരിസരങ്ങളിൽ കുറെ പുരുഷന്മാരെയും സ്ത്രീകളെയും കണ്ടെത്തി. അവരെല്ലാം വിലപിടിച്ച വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു. രത്നമയമായ ആഭരണങ്ങൾ അണിഞ്ഞിരിക്കുന്നു. എന്താണ് ഇങ്ങനെ വരാൻ കാരണം? കുചേലന് ഒരു പിടിയും കിട്ടിയില്ല. അദ്ദേഹം ശ്രദ്ധിച്ചുനോക്കി. അപ്പോൾ ഒരു ഭൂതോദയം ഉണ്ടായി. വാസ്തവത്തിൽ ഇതൊക്കെ തന്റെ വകയാണ്. താൻ പോയപ്പോൾ പഴയ ഒരു കൊച്ചുവീടായിരുന്നു. തിരിച്ചുവന്നപ്പോൾ അതിനു പകരം ഒട്ടേറെ മണിമാളികകൾ! ഒന്നും മനസ്സിലാകാതെ അദ്ദേഹം കുഴങ്ങിനിന്നു.

അതാ വരുന്നു കുറേപ്പേർ വാദ്യഘോഷങ്ങളോടെ. അവർ കുചേലനെ ആദരപൂർവ്വം എതിരേല്ക്കുന്നു. അപ്പോഴേക്കും കുചേലപത്നി അവിടെ വന്നെത്തുന്നു. ആ സ്ത്രീ ഇപ്പോൾ സുന്ദരിയാണ്. ശരീരം നല്ലവണ്ണം കൊഴുത്തിട്ടുണ്ട്. ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾക്കും ആഭരണങ്ങൾക്കും വിലമതിക്കാനാവില്ല. ആ പതിവ്രത ഭർത്താവിനെ കണ്ടപ്പോഴോ? അവരുടെ കണ്ണുകൾ ആനന്ദബാഷ്പം വർഷിച്ചു. എന്തൊരു മാറ്റമാണ് അവർക്ക്! കുചേലൻ വിസ്മയംകൊണ്ട് പരവശനായി.

പത്നിയാൽ അനുഗതനായി കുചേലൻ അകത്തു കയറി. അവിടെ കണ്ട കാഴ്ചകൾ മറ്റൊരുതരത്തിലാണ്. കടലിലെ നുരപോലെ വെളുത്ത മെത്തകൾ. ദന്തവും സ്വർണ്ണവുംകൊണ്ടു നിർമിച്ച മഞ്ചങ്ങൾ. സ്വർണ്ണപ്പിടികളുള്ള വെഞ്ചാമരങ്ങൾ. സുഖമേറിയ ഇരിപ്പിടങ്ങൾ. കെട്ടിത്തൂക്കിയ മുത്തുമാലകൾ. സ്ഫടികംകൊണ്ടു പടുത്തുയർത്തിയ ഭിത്തികൾ. രത്നമയങ്ങളായ ദീപങ്ങൾ. കൂചേലന്റെ കണ്ണു മങ്ങി.

ഇവയെല്ലാം എങ്ങനെ ഉണ്ടായി? ശ്രീകൃഷ്ണന്റെ കാരുണ്യംകൊണ്ടു തന്നെ. ആ ബോധം കുചേലന്റെ ഹൃദയത്തിൽ അങ്കുരിച്ചു. ഭഗവാൻ കേന്ദ

ഐശ്വര്യം നല്കുന്നു—മേഘം മഴയെ എന്നപോലെ. സമ്പത്തുകളിൽ കുചേലന് താത്പര്യമില്ല. ഇക്കണ്ടതെല്ലാം ഉപേക്ഷിക്കാനാണ് ആഗ്രഹം. പക്ഷേ, ഭഗവാൻ തന്നതു കളഞ്ഞുകൂടാ. ഭാര്യയുടെ ഇഷ്ടം നടക്കുകയും വേണം; അതുകൊണ്ട് അദ്ദേഹം അവയെ അനുഭവിച്ചു. അത്രമാത്രം!

കുചേലൻ സദാ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

"ഭഗവാനേ, അവിടത്തോടു പ്രേമം, മൈത്രി, ഭക്തി, ദാസ്യം—അതെല്ലാം എനിക്കുണ്ടായിരിക്കണമേ! ഈ ജന്മത്തിൽ മാത്രമല്ല, ഇനി ഉണ്ടായേക്കാവുന്ന ജന്മങ്ങളിലെല്ലാം!"

(ഭാഗവതം)

അക്രൂരനും ശതധന്വാവും

സത്രാജിത്ത് എന്നൊരു യാദവപ്രമാണി. അയാൾ സൂര്യദേവനെ ഭജിച്ചു. സൂര്യദേവൻ അയാൾക്കു സ്യമന്തകം എന്ന മണി നല്കി. കനകം വിളയിക്കുന്ന മണിയാണ് സ്യമന്തകം. സത്രാജിത്തിന് പ്രസേനൻ എന്നൊരു അനുജനുണ്ട്. പ്രസേനൻ സ്യമന്തകത്തെ കഴുത്തിൽ അണിഞ്ഞുകൊണ്ട് വേട്ടയ്ക്കു പോയി. ഒരു സിംഹം പ്രസേനനെ കൊന്ന് സ്യമന്തകമെടുത്തു. ജാംബവാൻ സിംഹത്തെ വധിച്ച് ആ മണി കരസ്ഥമാക്കി. ശ്രീകൃഷ്ണൻ ജാംബവാനിൽനിന്ന് അതു കൈക്കലാക്കി. എന്നിട്ട് അത് സത്രാജിത്തിനു തിരിച്ചുനല്കി.

(ഈ കഥ മാലിഭാഗവതത്തിൽ സാമാന്യം വിസ്തരിച്ചിട്ടുണ്ട്.)

അക്രൂരൻ എന്നു പേരായ മറ്റൊരു യാദവനുണ്ട്. ഭക്തനും ധർമിഷ്ഠനുമാണ് അക്രൂരൻ എങ്കിലും ഒരിക്കൽ ഒരു തെറ്റു ചെയ്യുകയുണ്ടായി.

സത്രാജിത്തിനു സുന്ദരിയായ മകളുണ്ട്. സത്യഭാമ, അക്രൂരനു പണ്ടേയുള്ള ആഗ്രഹങ്ങൾ രണ്ടാണ്—ഒന്ന്, സത്യഭാമയെ കല്യാണംകഴിക്കണം; രണ്ട്, സ്യമന്തകം സ്വന്തമാക്കണം. അക്രൂരനെ ജാമാതാവാക്കണം എന്ന് സത്രാജിത്തും കരുതിയിരുന്നു. പക്ഷേ, പിന്നീട് സത്രാജിത്ത് ചെയ്തത് എന്താണ്? പുത്രിയെ ശ്രീകൃഷ്ണനു നല്കി. ശ്രീകൃഷ്ണൻ സത്രാജിത്തിന് സ്യമന്തകം തിരിച്ചുകൊടുത്തില്ലേ? അതിനുശേഷമാണ് അതുണ്ടായത്. അങ്ങനെ അക്രൂരന്റെ ഒരു മോഹം നിഷ്ഫലമായി.

എങ്കിലും രണ്ടാമത്തെ മോഹം അവശേഷിക്കുന്നു—സ്യമന്തകം കരസ്ഥമാക്കണം എന്ന മോഹം. അക്രൂരന് ഒരു ആത്മമിത്രമുണ്ട്, ശതധന്വാവ്. അയാൾ ശതധന്വാവിനു പ്രേരണ നല്കി. ശതധന്വാവ് സ്നേഹിതനുവേണ്ടി ഒരു കടുംകൈ ചെയ്യാൻ മുതിർന്നു. അയാൾ ഒരു രാത്രിയിൽ സത്രാജിത്തിന്റെ മാളികയിൽ കടന്നുകയറി. ഉറങ്ങിക്കിടക്കുന്ന സത്രാജിത്തിനെ വെട്ടിക്കൊന്നു. സ്യമന്തകം എടുത്തുകൊണ്ടുപോയി. അത് അക്രൂരനു നല്കുകയുംചെയ്തു.

അതിയായ സന്തോഷമുണ്ടായി അക്രൂരന്. ചിരകാലമായുള്ള മോഹം സാധിച്ചിരിക്കയല്ലേ? അതേസമയം ശ്രീകൃഷ്ണനെക്കുറിച്ച് ഭയമുണ്ടുതാനും.

വധിക്കപ്പെട്ട സത്രാജിത്തിന്റെ ജാമാതാവാണല്ലോ ശ്രീകൃഷ്ണൻ. കുറ്റക്കാരനെ ഭഗവാൻ വെറുതെ വിടുമോ?

"ശതധന്വാവേ, എന്തു വന്നാലും ശരി—എനിക്കുള്ള പങ്ക് ശ്രീകൃഷ്ണനെ അറിയിക്കരുത് കേട്ടോ! അറിയിക്കില്ലെന്നു സത്യംചെയ്യൂ." അക്രൂരൻ സ്നേഹിതനെ നിർബന്ധിച്ചു.

ആ സത്യംചെയ്തു ശതധന്വാവ്.

സത്രാജിത്തിന്റെ ദുരന്തം സത്യഭാമയെ അത്യധികമായി ദുഃഖിപ്പിച്ചു. പെട്ടെന്ന് സത്യഭാമയ്ക്ക് ഒന്നു തോന്നി—ശ്രീകൃഷ്ണനെ ഉടൻതന്നെ വിവരം ധരിപ്പിക്കണം. പക്ഷേ, തത്സമയം ശ്രീകൃഷ്ണൻ ദ്വാരകയിലില്ല. ഭഗവാൻ ഹസ്തിനപുരത്തേക്കു പോയിരിക്കയാണ്. വളരെ ദൂരമുണ്ട് ഹസ്തിനപുരത്തിലേക്ക്. യാത്ര ക്ലേശകരവുമാണ്. ദൂരവും ക്ലേശവും സത്യഭാമ വകവെച്ചില്ല. ശ്രീകൃഷ്ണപത്നി ആവുന്ന വേഗത്തിൽ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. ഭർത്താവിനെ കണ്ട് വിവരങ്ങൾ ധരിപ്പിക്കയും ചെയ്തു.

അതിനുശേഷം ശ്രീകൃഷ്ണൻ ഒരുനിമിഷംപോലും ഹസ്തിനപുരത്തു തങ്ങിയില്ല. ഭഗവാൻ സത്യഭാമയെയും കൂട്ടി ദ്വാരകയിൽ തിരിച്ചെത്തി. എന്നിട്ടു നേരെ ജ്യേഷ്ഠനായ ബലരാമനെ ചെന്നു കണ്ടു.

ഭഗവാൻ സത്രാജിത്തിന്റെ വധത്തെക്കുറിച്ചുള്ള വർത്തമാനം അറിയിച്ചു.

"ജ്യേഷ്ഠാ, ഇനി സ്യമന്തകത്തിന്റെ അവകാശി ഞാനാണ്. അതെനിക്കു വീണ്ടെടുക്കണം. അതേസമയം കൊലക്കുറ്റംചെയ്ത ശതധന്വാവിനെ വധിക്കുകയും വേണം. ജ്യേഷ്ഠൻകൂടി എന്നോടൊന്നിച്ചു വരണം. ഒട്ടും കാലതാമസം പാടില്ല." ശ്രീകൃഷ്ണൻ പറഞ്ഞു.

ശതധന്വാവിന് ഒരറിവുകിട്ടി—തന്നെ കൊല്ലണമെന്ന നിശ്ചയത്തോടെ ബലരാമനും ശ്രീകൃഷ്ണനും വരുന്നുണ്ട്! തന്നെ അക്രൂരൻ സഹായിക്കാതിരിക്കില്ല—ശതധന്വാവിന് ആ ആശ അവശേഷിച്ചിരുന്നു. അയാൾ അക്രൂരനെ സമീപിച്ചപ്പോഴോ? അക്രൂരൻ അടങ്ങിയൊതുങ്ങിയിരുന്നതേയുള്ളൂ. ബലരാമന്റെ കരുത്ത് ശതധന്വാവിന് അറിയാം—അതേസമയം ശ്രീകൃഷ്ണന്റെ കരുത്തും. ജ്യേഷ്ഠാനുജന്മാർ ഒന്നിച്ചാൽ എന്തായിരിക്കും സ്ഥിതി! താൻ അവരോടു യുദ്ധത്തിനു ചെന്നുവെന്നിരിക്കട്ടെ. തനിക്ക് ഒരു രക്ഷയും കിട്ടുകയില്ല. അതറിഞ്ഞിരുന്ന ശതധന്വാവ് ഒളിച്ചോടിപ്പോവുകയാണു ചെയ്തത്. പോയതു തേരിലുമായിരുന്നു. ആ വിവരം ബലരാമനും ശ്രീകൃഷ്ണനും അറിവായി. അവർ ഒളിച്ചോടുന്നവന്റെ പുറകേ കൂടി.

കുതിരകളെല്ലാം ഓടിത്തളർന്ന് അവശരായി.

ശതധന്വാവ് തേരിൽനിന്നിറങ്ങി ഓടിത്തുടങ്ങി.

"ജ്യേഷ്ഠാ, ജ്യേഷ്ഠൻ തെല്ലിട ഇവിടെ വിശ്രമിക്കണം. ഞാൻ പോയി ശതധന്വാവിനെ പിടിച്ചുകൊള്ളാം." ശ്രീകൃഷ്ണൻ പറഞ്ഞു.

ബലരാമനു സമ്മതമായി.

ശ്രീകൃഷ്ണൻ ശതധന്വാവിന്റെ പുറകേ ഓടി. ശതധന്വാവ് ഓട്ടത്തിന്റെ വേഗം കൂട്ടി. എങ്കിലും ഭഗവാൻ അയാളെ പിടികൂടി. അവിടെവച്ചുതന്നെ വധിക്കുകയും ചെയ്തു.

സ്യമന്തകം ശതധന്വാവിന്റെ പക്കലുണ്ട്—അതായിരുന്നു ഭഗവാന്റെ വിചാരം. അയാളെ വധിച്ചപ്പോഴാണ് ഒന്ന് അറിവായത്—അയാളുടെ പക്കൽ സ്യമന്തകമില്ല!

ശ്രീകൃഷ്ണൻ ബലരാമൻ വിശ്രമിക്കുന്ന സ്ഥലത്തേക്കു മടങ്ങിച്ചെന്നു. ഭഗവാൻ ശതധന്വാവിനെ വധിച്ച വിവരം പറഞ്ഞു.

"കൃഷ്ണാ, സ്യമന്തകം എടുക്കു. ഞാനൊന്നു കാണട്ടെ." ബലരാമൻ ആവശ്യപ്പെട്ടു.

"എന്റെ പക്കൽ ആ മണി ഇല്ല. ശതധന്വാവിന്റെ കൈയിലും ഉണ്ടായിരുന്നില്ല." ശ്രീകൃഷ്ണൻ വാസ്തവം അറിയിച്ചു.

ബലരാമന് അനുജനോട് അങ്ങേയറ്റത്തെ സ്നേഹവും വാത്സല്യവുമുണ്ട്. എന്നിരുന്നാലും ഇപ്പോൾ ഒരു തെറ്റിദ്ധാരണ ഉണ്ടായി—ശ്രീകൃഷ്ണൻ എന്തോ കാപട്യം പ്രവർത്തിക്കുകയാണ് എന്ന തെറ്റിദ്ധാരണ. അദ്ദേഹത്തിനു കോപമുണ്ടായി.

"കൃഷ്ണാ, എനിക്കു നിന്നെ വിശ്വാസമില്ല. എന്റെ അനുജനല്ലേ എന്നു കരുതി ഞാൻ ക്ഷമിക്കുകയാണ്. എങ്കിലും ഒന്നുണ്ട്. നീ നിന്റെ വഴിക്കു പൊയ്ക്കൊ. ഞാൻ എന്റെ വഴിക്കു പൊയ്ക്കൊള്ളാം. എനിക്കിനി നീയും വേണ്ട. ദ്വാരകയും വേണ്ട. ഒന്നും വേണ്ട! ബലരാമൻ പറഞ്ഞിട്ട് അതിവേഗം നടന്നുപൊയ്ക്കളഞ്ഞു.

അദ്ദേഹം പോയത് മിഥിലയിൽ ആയിരുന്നു.

മിഥിലയിലെ രാജാവ് അദ്ദേഹത്തെ സ്വാഗതംചെയ്തു സത്കരിച്ചു.

ആ വർത്തമാനം കിട്ടുകയായി ദുര്യോധന്. ബലരാമൻ ശ്രീകൃഷ്ണനോടു പിണങ്ങിപ്പോയിരിക്കയാണ്. അതു തന്ത്രശാലിയായ ദുര്യോധന് ഉപകാരമായി. ദുര്യോധനനു പണ്ടേ ഒരാഗ്രഹമുണ്ട്—ബലരാമന്റെ കീഴിൽ ഗദായുദ്ധം അഭ്യസിക്കണം? ഇപ്പോഴാണ് ആ ആഗ്രഹവും സാധിക്കാനുള്ള സന്ദർഭം. ദുര്യോധനൻ മിഥിലയിൽച്ചെന്ന് ബലരാമനെ കണ്ടു. ചിരകാലമായുള്ള തന്റെ ആഗ്രഹം അറിയിച്ചു. തനിക്കു ശിഷ്യത്വം നല്കണം—അതായി ദുര്യോധനന്റെ അപേക്ഷ. ആ അപേക്ഷ തള്ളിക്കളയാൻ ബലരാമനു മനസ്സുവന്നില്ല. അങ്ങനെ ദുര്യോധനൻ അദ്ദേഹത്തിന്റെ ശിഷ്യനായി.

ശ്രീകൃഷ്ണനു ജ്യേഷ്ഠന്റെ തെറ്റിദ്ധാരണ വലിയ മനോവേദന ഉളവാക്കി. ഏതുവിധേനയും ആ തെറ്റിദ്ധാരണ മാറ്റിയേ കഴിയൂ. ഭഗവാൻ ചില സ്നേഹിതന്മാരുമായി മിഥിലയിലേക്കു പോയി. നല്ലവാക്കു പറഞ്ഞ് ജ്യേഷ്ഠനെ പ്രസാദിപ്പിക്കണം—അതിനായി ഭഗവാന്റെ തീവ്രയത്നം. ഒടുവിൽ ആ യത്നം സഫലമാവുകതന്നെചെയ്തു. ജ്യേഷ്ഠനും അനുജനും ഒന്നിച്ച് ദ്വാരകയിലേക്കു മടങ്ങി.

ആസമയം, അക്രൂരൻ എവിടെയായിരുന്നു? അദ്ദേഹം ദ്വാരകയിൽ നിന്ന് അന്യദേശത്തേക്കു താമസംമാറ്റി. സ്യമന്തകം അദ്ദേഹത്തിന്റെ കൈയിലുണ്ടുതാനും.

ഒട്ടുവളരെ സ്നേഹിതന്മാർ ഉണ്ടായിരുന്നു അക്രൂരന്. അദ്ദേഹത്തിന്റെ അഭാവം അവർക്കു സഹിക്കാൻ വിഷമമായി. അവരെല്ലാംകൂടി അക്രൂരനെ ചെന്നുകണ്ടു. ദ്വാരകയിലേക്കു മടങ്ങിയേ തീരൂ—അതായിരുന്നു അവരുടെ നിർബന്ധം. ആ നിർബന്ധത്തിനു വഴങ്ങി അക്രൂരൻ.

അപ്പോഴേക്കും ശ്രീകൃഷ്ണന് ഒന്നു തീർച്ചയായിക്കഴിഞ്ഞിരിക്കുന്നു—സ്യമന്തകം മറ്റൊരിടത്തുമല്ല, അക്രൂരന്റെ പക്കൽത്തന്നെ.

ഒരിക്കൽ യാദവസഭ കൂടിയിരിക്കുന്നു. പ്രമാണികളായ യാദവന്മാർ എല്ലാവരുമുണ്ട്. അവരുടെ കൂട്ടത്തിൽ ശ്രീകൃഷ്ണനും അക്രൂരനും.

"അക്രൂരാ, നിങ്ങളുടെ കൈയിൽ സ്യമന്തകമുണ്ട്. അതിൽ എനിക്കു യാതൊരു സംശയവുമില്ല. കഴിഞ്ഞതൊക്കെ പോകട്ടെ. സ്യമന്തകം എനിക്കു തരൂ. നമ്മുടെ വിമോധം അതോടെ അവസാനിക്കട്ടെ." ശ്രീകൃഷ്ണൻ എല്ലാവരും കേൾക്കെ സൗമ്യമായി പറഞ്ഞു.

അക്രൂരൻ പിന്നെ യാതൊരു മടിയും കാണിച്ചില്ല. അദ്ദേഹം മണിയെടുത്ത് ശ്രീകൃഷ്ണനു സമ്മാനിച്ചു. ഭഗവാൻ സന്തോഷത്തോടെ അതു വാങ്ങി. എന്നിട്ട് ചെയ്തത് എന്തായിരുന്നുവെന്നോ? അതിനെ അക്രൂരനു തന്നെ തിരിച്ചുനല്കി!

എല്ലാവരും ഭഗവാനെ വാഴ്ത്തി.

(മഹാഭാരതം ഹരിവംശം)

ഗരുഡഗർവഭംഗം

ഗരുഡനു ഗർവമുണ്ട്. ആ ഗർവമൊന്നു ശമിപ്പിക്കണം. അതായി ശ്രീകൃഷ്ണന്റെ നിശ്ചയം.

ഭഗവാൻ ഗരുഡനെ സ്മരിച്ചു.

ഗരുഡൻ ഭഗവാന്റെ മുൻപിൽ വന്നെത്തി.

"ഹനുമാൻ കദളീവനത്തിൽ തപസ്സുചെയ്തിരിക്കുന്നുണ്ട്. ഞാൻ ഹനുമാനെ കാണാൻ ആഗ്രഹിക്കുന്നു. ഗരുഡാ, നീ ചെന്ന് ഹനുമാനെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരണം." ശ്രീകൃഷ്ണൻ ആജ്ഞാപിച്ചു.

ഭഗവാനു ഗൂഢമായ ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു. ഗരുഡൻ അതെന്താണെന്ന് ഊഹിച്ചതേയില്ല. ആ പക്ഷിപ്രവരൻ ഭഗവാനോടു വിടവാങ്ങി. ചിറകുകൾ വിരുത്തി ആകാശത്തുയർന്നു. അതിവേഗം പറന്നുപോയി. നാടുകൾ, കാടുകൾ, മേടുകൾ, മലകൾ—അവയെല്ലാം തരണംചെയ്ത് കദളീവനത്തിന്റെ മുകളിലെത്തി. പതുക്കെ നിലത്തിറങ്ങി.

അതെ, ഹനുമാൻ അവിടെത്തന്നെയുണ്ട്.

ഗരുഡൻ ഹനുമാന്റെ മുൻപിൽ ചെന്നുനിന്നു.

"ഞാൻ ഗരുഡനാണ്—മഹാവിഷ്ണുവിന്റെ വാഹനം, ശ്രീകൃഷ്ണൻ ആജ്ഞാപിച്ചിട്ടു വന്നതുമാണ്. ഭഗവാൻ അങ്ങയെ കാണാൻ ആഗ്രഹിക്കുന്നു. അങ്ങ് എന്നോടുകൂടി ഉടനെ വരണം. നമുക്ക് ദ്വാരകയിലേക്കു പോകാം." ഗരുഡൻ പറഞ്ഞു.

ദിവ്യശക്തിയുണ്ടല്ലോ ഹനുമാന്. ആ വാനരശ്രേഷ്ഠൻ സകലതും മനസ്സിലായി. എങ്കിലും മറിച്ചായിരുന്നു നാട്യം.

"ഗരുഡാ, ഞാൻ ശ്രീകൃഷ്ണനെക്കുറിച്ച് കുറച്ചൊക്കെ കേട്ടിട്ടുണ്ട്. കാലികളെ മേച്ചു നടന്നവൻ. വെണ്ണയും പാലും കട്ടവൻ, അനേകം ഭാര്യമാരുള്ളവൻ. അങ്ങനെ പലതും. അമ്മാതിരി ഒരാളെ ചെന്നുകാണാൻ എനിക്ക്

ഇഷ്ടമില്ല. എന്റെ പരദൈവം ശ്രീരാമനാണ്. ഞാൻ ശ്രീരാമനെ മാത്രമേ സേവിക്കുകയുള്ളൂ." ഹനുമാൻ പറഞ്ഞു.

ആ വാക്കുകളിൽ പുച്ഛം കലർന്നിരുന്നു. അവ ഗരുഡനെ അതിയായി ദേഷ്യപ്പെടുത്തി. തന്റെ സ്വാമിയായ ശ്രീകൃഷ്ണനെ ഒരുവൻ അധിക്ഷേപിക്കയോ? അതും സ്വാമിദ്രോഹനായ തന്നോടു നേരിട്ടും? ആരായാലും ശരി അതു ക്ഷമിക്കാനൊക്കുകയില്ല.

"ഹേ, വാനരാ, ശ്രീകൃഷ്ണനെ ദൂഷിച്ചാൽ ഫലം എന്തായിരിക്കുമെന്നോ? മറ്റൊന്നുമല്ല. മരണശിക്ഷ!" ഗരുഡൻ കോപത്താൽ വിറച്ചുകൊണ്ടു പറഞ്ഞു.

ഹനുമാന് ഒരു കൂസലും ഉണ്ടായില്ല.

"എടോ, പക്ഷീ, നീ എന്തിനു വെറുതെ കയർക്കുന്നു? എന്നെ കൊല്ലാൻ ഈരേഴുപതിന്നാലു ലോകങ്ങളിലും ആരുമില്ല. എനിക്കു വേണമെങ്കിൽ നിന്നെ ഒറ്റയടിക്കു ശരിപ്പെടുത്താം. പക്ഷേ, ഞാനതു ചെയ്യുന്നില്ല. കാരണം, എത്രയായാലും നീ വിഷ്ണുഭഗവാന്റെ വാഹനമാണ്. ഞാനോ, വിഷ്ണുഭഗവാനായ ശ്രീരാമന്റെ ദാസനും. എങ്കിലും ഞാൻ നിന്നോടു യുദ്ധംചെയ്യുന്നുണ്ട്—നിന്റെ അഹങ്കാരം ശമിപ്പിക്കാനായിട്ടുമാത്രം." ഹനുമാൻ മറുപടി നല്കി.

അങ്ങനെ വാനരശ്രേഷ്ഠനും പക്ഷിപ്രവരനും തമ്മിൽ ഇടഞ്ഞു.

ഏറ്റവും ഭയങ്കരമാണു ഗരുഡന്റെ കൊക്കും നഖങ്ങളും. അവ ഏറ്റാൽ പിളരാത്ത യാതൊന്നുമില്ല. ആ ചിറകുകൾകൊണ്ട് അടിച്ചാലോ, പർവ്വതങ്ങളും പൊടിഞ്ഞുപോകും. പക്ഷേ, അവയെല്ലാം ഹനുമാനോടു നിഷ്പ്രയോജനങ്ങളായി. ഹനുമാനു ചെറിയൊരു പോറൽപോലും ഏറ്റില്ല.

പരിപൂർണ്ണമായ തോൽവി—അതായിരുന്നു ഗരുഡന്റെ അനുഭവം.

"ഗരുഡാ, തോറ്റതിൽ കുണ്ഠിതം വേണ്ട, കേട്ടോ? എന്നോടു മത്സരിച്ചവരെല്ലാം തോറ്റിട്ടേയുള്ളൂ. ശ്രീരാമന്റെ അനുഗ്രഹമുണ്ട് എനിക്ക്. അതാണ് അതിനൊക്കെ കാരണം. എന്നെ കാണണമെന്ന് ശ്രീരാമനാണ് ആഗ്രഹിച്ചതെങ്കിലോ? ആ ക്ഷണത്തിൽ ഞാൻ ഭഗവാന്റെ സന്നിധിയിലെത്തും." ഹനുമാൻ പറഞ്ഞു.

ഗരുഡൻ ലജ്ജിക്കാതെ എന്തു ചെയ്യും?

ഇനി ഇവിടെ നില്ക്കുന്നതു പന്തിയല്ല. ആ വിചാരത്തോടെ ഗരുഡൻ എഴുന്നേറ്റു പറന്നുപോയി. ദ്വാരകയിലെത്തി ശ്രീകൃഷ്ണനെ തൊഴുതു നില്പായി.

"ഹനുമാൻ എവിടെ ഗരുഡാ? പുറകെ വരുന്നുണ്ടായിരിക്കും, അല്ലേ? ഒരുപക്ഷേ, അവസരം കാത്തുനില്ക്കുകയാവുമോ? എന്നെ കാണാൻ ഹനുമാനു കാത്തുനില്ക്കണോ? നന്നായി! പോയി ഉടനെ വിളിച്ചുകൊണ്ടുവരൂ."

ശ്രീകൃഷ്ണൻ ഒന്നും അറിയാത്ത മട്ടിൽ പറഞ്ഞു.

ലജ്ജാഭാരത്താൽ ശിരസ്സു കുനിച്ചുനിന്ന് ഗരുഡൻ നടന്നതെല്ലാം അറിയിച്ചു.

"എന്ത്, ഗരുഡാ? നീ ഹനുമാനോടു യുദ്ധംചെയ്തെന്നോ? അതു വലിയ സാഹസമായിപ്പോയി കേട്ടോ? ആട്ടെ, നീ ഒന്നുകൂടി ഹനുമാനെ ചെന്നു കാണൂ. ഇപ്രാവശ്യം ശ്രീകൃഷ്ണൻ അന്വേഷിക്കുന്നു എന്നു പറയ

രുത്. ശ്രീരാമൻ ദ്വാരകയിലുണ്ടെന്നും വിളിക്കുന്നു എന്നും പറയണം." ശ്രീകൃഷ്ണൻ നിർദ്ദേശം നല്കി.

ഗരുഡൻ രണ്ടാമതും ഹനുമാന്റെ മുൻപിലെത്തി. ശ്രീകൃഷ്ണന്റെ സന്ദേശം നല്കി.

ഹനുമാന്റെ മുഖത്തു സംശയഭാവം പ്രകടമായി.

"ഗരുഡാ, ശ്രീരാമന്റെ സമീപത്ത് സീതാദേവിയുണ്ടോ?" ആ വാനരോത്തമൻ ആരാഞ്ഞു.

"ഇല്ല. സീതാദേവിയില്ല." ഗരുഡൻ ഉത്തരം നല്കി.

"എന്നാൽ, ഞാൻ ദ്വാരകയിലേക്കു വരുന്നില്ല." ഹനുമാൻ പറഞ്ഞു നിർത്തി.

ഗരുഡൻ വീണ്ടും ദ്വാരകയിലെത്തി ശ്രീകൃഷ്ണനെ വിവരം അറിയിച്ചു.

"ശരി, നീ ഒരിക്കൽക്കൂടി ഹനുമാനെ ചെന്നുകാണണം. ഇപ്രാവശ്യം ശ്രീരാമനോടുകൂടി സീതാദേവിയുണ്ടെന്നു പറയണം." ശ്രീകൃഷ്ണൻ നിർദ്ദേശിച്ചു.

ഗരുഡന്റെ ഗർവ്വം ശമിപ്പിക്കണം—അതാണല്ലോ ശ്രീകൃഷ്ണന്റെ ഉദ്ദേശ്യം. അതേസമയം രുഗ്മിണിയുടെ ഗർവവും ഇല്ലാതാക്കണമെന്ന് ഭഗവാൻ നിശ്ചയിച്ചിരിക്കുന്നു. രുഗ്മിണിക്ക് ഒരു വിചാരമുണ്ട്—താനാണ് ശ്രീകൃഷ്ണപത്നിമാരിൽ ഏറ്റവും സുന്ദരി എന്ന്; തന്നോടാണ് ശ്രീകൃഷ്ണന് ഏറ്റവും ഇഷ്ടം എന്ന്.

ശ്രീകൃഷ്ണൻ എല്ലാ പത്നിമാരെയും വിളിച്ചുകൂട്ടി. എന്നിട്ട് ഹനുമാൻ താമസിയാതെ വരുമെന്നു പറഞ്ഞു. ദ്വാരകയിൽ ശ്രീരാമനുണ്ട് എന്നു കരുതിയാണ് ഹനുമാൻ വരുന്നത്. താൻ ശ്രീരാമന്റെ വേഷം ധരിച്ചു നില്ക്കും—ആ നിശ്ചയം അറിയിച്ചു ശ്രീകൃഷ്ണൻ.

"നിങ്ങളിൽ ആരെങ്കിലും സീതാദേവി ചമഞ്ഞു നില്ക്കണം. അതിന് ആർക്കു സാധിക്കും!" ഭഗവാൻ അവരോടു ചോദിച്ചു.

സീതാദേവിയോടു താരതമ്യപ്പെടുത്തിയാലോ? താൻ എത്രയോ മോശപ്പെട്ടവളാണ്. അതായിരുന്നു ഓരോ ശ്രീകൃഷ്ണപത്നിയുടെയും തോന്നൽ. എന്തൊരു ദിവ്യസൗന്ദര്യമായിരുന്നു സീതാദേവിക്ക്! താൻ എത്ര കേമമായി അണിഞ്ഞൊരുങ്ങിയാലും ശരി, സീതാദേവിക്ക് ഒപ്പമാവുകയില്ല. ആരും ആ സാഹസത്തിന് ധൈര്യപ്പെട്ടില്ല—ഒരേയൊരു ശ്രീകൃഷ്ണപത്നിയൊഴിച്ച്; രുഗ്മിണി ആയിരുന്നു ആ ശ്രീകൃഷ്ണപത്നി.

ഉടൻതന്നെ രുഗ്മിണി അന്തഃപുരത്തിലേക്കു പോയി. ആഭരണങ്ങൾ അണിഞ്ഞു. വിലപിടിച്ച വസ്ത്രങ്ങൾ ധരിച്ചു. ചമയങ്ങളും അലങ്കാരങ്ങളും ചെയ്തു. എന്നിട്ടു ചാഞ്ഞും ചരിഞ്ഞും കണ്ണാടി നോക്കി. എത്ര നോക്കിയിട്ടും തൃപ്തിവരുന്നില്ല. പോരാ താൻ സീതാദേവിയെക്കാൾ എത്രയോ താഴേക്കിടയിലാണ്. ആ പരമാർത്ഥം രുഗ്മിണിയുടെ മനസ്സിൽ അങ്കുരിച്ചു. അവർ ശ്രീകൃഷ്ണനെക്കണ്ട് അത് ഏറ്റുപറഞ്ഞു. ഗർവം മാറിയിരിക്കുന്നു എന്നതിന്റെ തെളിവ്!

ഇനി ഗരുഡന്റെ ഭള്ള് ബാക്കിയുണ്ട്.

ഗരുഡൻ കദളീവനത്തിലെത്തി.

"ഹനുമാൻ, ദ്വാരകയിൽ ശ്രീരാമനുണ്ട്. സീതാദേവിയുമുണ്ട്. വരൂ, നമുക്കു പോകാം." ഗരുഡൻ പറഞ്ഞു.

എന്നിട്ടും ഹനുമാൻ യാത്രയായില്ല.

"ഗരുഡാ, നീ മുമ്പേ പൊയ്ക്കൊള്ളൂ. ഞാൻ പിറകെ വന്നുകൊള്ളാം. ചിറകുള്ളതിനാൽ നിനക്കു വേഗം പറന്നുപോകാനൊക്കും. എനിക്കാണെങ്കിൽ പതുക്കെ നടന്നുവരാനേ പറ്റൂ. കുറേ സമയമെടുക്കും, കേട്ടോ?" ഹനുമാൻ ഉള്ളിൽ ചിരിച്ചുകൊണ്ടു പറഞ്ഞു.

ശരിയാണ് എന്നു ഗരുഡനും തോന്നി. ഹനുമാനു ദേഹബലവും ഗതിവേഗവും ഉണ്ടായിരുന്നിരിക്കാം. അതൊക്കെ പണ്ടായിരുന്നു. ഇന്ന് അദ്ദേഹം വൃദ്ധനായിരിക്കുന്നു. തനിക്കാകട്ടെ, യാതൊരു അവശതയുമില്ല. അതിലുള്ള ഗർവ്വോടുകൂടി ഗരുഡൻ പറന്നുപോയി.

എത്ര ദിവ്യശക്തികളാണ് ഹനുമാനുള്ളത്! ആ പരമഭക്തൻ നൊടിയിടകൊണ്ട് ദ്വാരകയിലെത്തി. ശ്രീകൃഷ്ണനെ കണ്ടു. പാദങ്ങളിൽ നമസ്കരിച്ചു. ഭക്തിയോടെ സ്തുതിചെയ്തു. കുറേനേരം സംസാരിച്ചു. കദളീവനത്തിൽ തിരിച്ചെത്തി.

വളരെനേരം കഴിഞ്ഞ് ഗരുഡന്റെ വരവായി.

"ഗരുഡാ, ഹനുമാൻ എവിടെ?" ശ്രീകൃഷ്ണൻ ചോദിച്ചു.

"അദ്ദേഹം പുറകെ വരുന്നുണ്ട്." ഗരുഡൻ ഉത്തരം നല്കി.

ശ്രീകൃഷ്ണൻ ഒന്നു ചിരിച്ചു.

"എടാ, ഭോഷാ, ഹനുമാൻ വന്നുപോയിട്ടു രണ്ടര നാഴിക കഴിഞ്ഞു. ശക്തിയിൽ മാത്രമല്ല, വേഗത്തിലും ഹനുമാനു സമനില്ല. ഹനുമാന്റെ മുമ്പിൽ നീ തുച്ഛനാണ്. അത് ഇനിയെങ്കിലും നീ മനസ്സിലാക്കണം." ശ്രീകൃഷ്ണൻ പറഞ്ഞു.

ഗരുഡൻ ലജ്ജിച്ചു തലതാഴ്ത്തി.

(രാമാനുചരിതം ഓട്ടൻതുള്ളൽ)

ദേവശർമ്മ, ചന്ദ്രൻ, ഗുണവതി

സത്രാജിത്ത്, അക്രൂരൻ, സത്യഭാമ—ആ മൂന്നു പേരുടെയും പൂർവ്വജന്മങ്ങളെക്കുറിച്ചു കഥയുണ്ട്.

കൃതയുഗത്തിൽ ദേവശർമ്മ എന്നൊരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. ദേവശർമ്മയ്ക്ക് ഗുണവതി എന്നൊരു പുത്രിയുണ്ടായി. ഗുണവതി വളർന്നു വലുതായി. അവളെ ചന്ദ്രൻ എന്ന യുവാവിനു വിവാഹംചെയ്തുകൊടുത്തു ദേവശർമ്മ. ചന്ദ്രൻ ദേവശർമ്മയുടെ ശിഷ്യനായിരുന്നു. അയാൾ ഗുരുവിനെ ഭക്തിപൂർവ്വം സേവിച്ചുപോന്നു. ഇപ്പോഴിതാ ഗുരുവിന്റെ ജാമാതാവുമായി.

ഒരിക്കൽ ദേവശർമ്മയും ചന്ദ്രനും ആശ്രമം വിട്ടിറങ്ങി. പോയതു വനത്തിലേക്കാണ്. പൂജാദ്രവ്യങ്ങൾ ശേഖരിക്കാനാണു പോയത്. കഷ്ടമെന്നല്ലാതെ എന്തു പറയട്ടെ? ഇരുവരും ദുഷ്ടമൃഗങ്ങൾക്ക് ഇരയായി.

ഗുണവതിയുടെ അവസ്ഥ ഊഹിക്കാൻ പ്രയാസമില്ല. ഒരേസമയം പിതാവും ഭർത്താവും നഷ്ടപ്പെട്ടു. അവൾ തനിച്ചുമായി.

വിഷ്ണുഭക്തന്മാർ ആയിരുന്നു ദേവശർമ്മയും ചന്ദ്രനും. ഗുണവതിക്കും ഉണ്ടായിരുന്നു നിഷ്കളങ്കമായ വിഷ്ണുഭക്തി. അവൾ വിഷ്ണുജനയിലും വിഷ്ണുപൂജയിലും നാളുകൾ നീക്കി. പ്രഭാതസ്നാനം ഒഴിച്ചുകൂടാത്തതാണല്ലോ. ഒരു ദിവസം അവളെ ജ്വരം ബാധിച്ചു. ജ്വരം വകവയ്ക്കാതെ അവൾ തണുത്ത വെള്ളത്തിൽ കുളിച്ചു. അപ്പോഴേക്കും ഒരു ദിവ്യവിമാനം വന്നിറങ്ങി. വൈകുണ്ഠത്തിൽനിന്നു വന്നതാണ് വിമാനം. അവൾക്കായി അയയ്ക്കപ്പെട്ടതും. അതിൽ കയറി അവൾ വൈകുണ്ഠത്തിൽ പോയി.

മഹാവിഷ്ണു ശ്രീകൃഷ്ണനായി അവതരിച്ചില്ലേ? അപ്പോൾ ഗുണവതി സത്യഭാമയായി ജന്മമെടുത്തു. ദേവശർമ്മ സത്രാജിത്തായി ജനിച്ചിട്ടുണ്ടായിരുന്നു—ചന്ദ്രൻ അക്രൂരനായിട്ടും!

(സ്കന്ദപുരാണം വൈഷ്ണവഖണ്ഡം)

കൃഷ്ണാർജുനവിജയം

ശ്രീകൃഷ്ണനും അർജുനനും ഉറ്റ ബന്ധുക്കളാണ്. അതേസമയം പ്രാണസ്നേഹിതന്മാരും. എങ്കിലും അവർ തമ്മിൽ ഒരിക്കൽ കലഹമുണ്ടായി.

നേരം പുലരുകയാണ്. ശ്രീകൃഷ്ണൻ സൂര്യഭഗവാനെ പ്രാർത്ഥിക്കുന്നു. കൈക്കുമ്പിളുകളിൽ വെള്ളം വെച്ചിട്ടുണ്ട്. ആ വെള്ളത്തിൽ എന്തോ വന്നുവീണു. ശ്രദ്ധിച്ചുനോക്കിയപ്പോൾ എന്തെന്നു മനസ്സിലായി. ഒരു കുതിരയുടെ വായിലെ നുര! ജപിക്കുന്ന ജലം അശുദ്ധമായില്ലേ? ശ്രീകൃഷ്ണൻ ആ ജലം കളഞ്ഞു. എന്നിട്ടു മുകളിലേക്കു നോക്കി. അപ്പോൾ എല്ലാം മനസ്സിലായി.

ഗയൻ എന്നൊരു ഗന്ധർവനുണ്ട്. കുറെയൊക്കെ അഹംഭാവിയാണ് ഗയൻ. ഒരു പറക്കുംകുതിരയുടെ ഉടമസ്ഥനും. ആ മൃഗത്തിന്റെ പുറത്തു കയറി പോവുകയാണ് ഗയൻ. ആകാശത്തിലൂടെയാണു സഞ്ചാരം. വേഗം പോരെന്നു തോന്നി. കുതിരയെ ഒന്നടിച്ചു വേഗംകൂട്ടാനായിട്ട്. അശ്വം മുൻപോട്ട് ഒന്നു കുതിച്ചു. അതിനിടയിൽ വായിൽ നുരയുണ്ടായി. ആ നുര താഴത്തേക്കു വീണു. വീണത് ശ്രീകൃഷ്ണന്റെ കൈക്കുമ്പിളിലെ ജലത്തിലും!

ജലം അശുദ്ധമായപ്പോൾ പ്രാർത്ഥന മുടങ്ങി. ശ്രീകൃഷ്ണനു ദേഷ്യമായി. ഭഗവാന്റെ തിരുമിഴി ചുവന്നു. ശരീരം വിറയൽപൂണ്ടു.

"ഗയാ, നീ എന്റെ ദിനകൃത്യം മുടക്കി, അല്ലേ? ശരി, ഞാൻ നിന്നെ കൊന്നേ അടങ്ങൂ. എന്നിട്ടേയുള്ളു അടുത്ത നടപടി. അതു ഞാനിതാ ശപഥം ചെയ്യുന്നു." ശ്രീകൃഷ്ണൻ ആകാശത്തുനോക്കി ഉറക്കെ വിളിച്ചുപറഞ്ഞു.

ഗന്ധർവ്വൻ പേടിച്ചുവശായി. ശ്രീകൃഷ്ണനാണു ശപഥംചെയ്തിരിക്കുന്നത്. ആ സ്ഥിതിക്കു തനിക്ക് എന്താണു രക്ഷ? വല്ലവിധവും ജീവൻ രക്ഷിക്കണം. തന്റെ സുഹൃത്താണ് ദേവേന്ദ്രൻ. അദ്ദേഹം വല്ല വഴിയും നിർദ്ദേശിക്കുമോ? ഗയൻ അതിവേഗം ദേവേന്ദ്രനെ ചെന്നു കണ്ടു.

"സ്നേഹിതാ, എന്താണു നിങ്ങളുടെ മുഖത്തിന് ഒരു വാട്ടം? എന്തോ തകരാറു പറ്റി. ഇല്ലേ? എന്തായാലും പറയൂ, സഹായിക്കാൻ ഞാനുണ്ട്." ദേവേന്ദ്രൻ ധൈര്യപ്പെടുത്തി.

ദേവേന്ദ്രനോട് ഗയൻ നടന്നതെല്ലാം പറഞ്ഞു.

അപ്പോൾ ദേവേന്ദ്രന്റെ മട്ടൊന്നു മാറി.

"വലിയ വിഷമമായല്ലോ സ്നേഹിതാ. ശ്രീകൃഷ്ണനോടു മല്ലടിക്കാൻ ഞാൻ ആളല്ല. എനിക്കു നിങ്ങളോടു പഴയപോലെ സ്നേഹമുണ്ട്. ശരിയാണ്. പക്ഷേ, ഇതു കാര്യം വേറെ. ബ്രഹ്മദേവനോടു സഹായം അപേക്ഷിക്കൂ. അദ്ദേഹം സഹായിച്ചെന്നുവരാം. ഏതിനും ഇവിടുന്നു പൊയ്ക്കൊള്ളൂ. വേഗം വേണംതാനും. ശ്രീകൃഷ്ണൻ ഇങ്ങോട്ടു വന്നെന്നുവയ്ക്കൂ. എന്നെയും നിങ്ങളെയും ഒന്നിച്ചുകാണും. ശ്രീകൃഷ്ണൻ എന്നോടു കോപിക്കയുംചെയ്യും." ദേവേന്ദ്രൻ പറഞ്ഞൊഴിഞ്ഞു.

ഗത്യന്തരമില്ലാതെ ഗയൻ ബ്രഹ്മാവിനെ ചെന്നു കണ്ടു. ബ്രഹ്മാവ് ദേവേന്ദ്രനെപ്പോലെ കൈയൊഴിഞ്ഞു. ഗന്ധർവ്വൻ ശിവനെക്കണ്ടു സഹായം അപേക്ഷിച്ചു. ശിവൻ ബ്രഹ്മാവിനെയും ദേവേന്ദ്രനെയുംപോലെ കൈയൊഴിഞ്ഞു. ശ്രീകൃഷ്ണനോടു പിണങ്ങുകയോ? ആ സാഹസത്തിന് ഒരുമ്പെട്ടില്ല അവരിലാരും."

ഏകാന്തമായ ഒരിടത്തു ചെന്നിരിപ്പായി ഗയൻ. ആധിപൂണ്ടിരിക്കുകയാണ് ആ ഗന്ധർവ്വൻ. ജീവരക്ഷയ്ക്കു യാതൊരു വഴിയും കാണുന്നില്ല. എന്തു ചെയ്യും?

ആ വഴിക്കു വരികയായി നാരദൻ.

ഗയന്റെ മുഖം കണ്ടപ്പോൾ മഹർഷിക്കു മനസ്സിലായി—എന്തോ കുഴപ്പം ഉണ്ടായിരിക്കുന്നു!

അദ്ദേഹം സകലതും ചോദിച്ചു മനസ്സിലാക്കി. ഏഷണികൂട്ടാൻ നല്ലൊരു സന്ദർഭം വന്നുചേർന്നിരിക്കുന്നു!

ശ്രീകൃഷ്ണനും അർജുനനും തമ്മിൽ വളരെ സ്നേഹമാണല്ലോ. അവരെ തമ്മിൽ കൂട്ടിയടിപ്പിക്കാം. അതു കണ്ടു രസിക്കുകയും ചെയ്യാം. അതായി നാരദന്റെ ആഗ്രഹം.

"ഗയാ, ഞാനൊരു വഴി പറയാം. പാണ്ഡവന്മാർ വനവാസംചെയ്യുകയാണ്. അവർ ഇപ്പോൾ ദ്വൈതവനത്തിൽ പാർത്തുവരുന്നു. അങ്ങ് അവിടെച്ചെന്ന് അർജുനനെ കാണണം. ജീവൻ രക്ഷിക്കണമെന്ന് അപേക്ഷിക്കയും വേണം. രക്ഷിക്കാമെന്ന് അർജുനനെക്കൊണ്ടു ശപഥംചെയ്യിച്ചേ കഴിയൂ. അതിനുശേഷമേ ശ്രീകൃഷ്ണനെക്കുറിച്ചു പറയാവൂ." നാരദൻ നിർദ്ദേശിച്ചു.

അതനുസരിച്ച് ഗയൻ ദ്വൈതവനത്തിൽ ചെന്നെത്തി. പാണ്ഡവന്മാരെ കണ്ടു. അർജുനന്റെ കാൽക്കൽ നമസ്കരിച്ചു. ജീവരക്ഷ നല്കണേ എന്നു പലവുരു യാചിച്ചു.

ജീവരക്ഷ യാചിക്കുന്നവന് അതു നല്കിയേ തീരൂ. എന്തെന്നാൽ അതു ധർമം മാത്രമാകുന്നു. അതായിരുന്നു അർജുനന്റെ നിലപാട്—മാത്രമല്ല, യുധിഷ്ഠിരൻ, ഭീമൻ, നകുലൻ, സഹദേവൻ എന്നിവരുടെയും.

"ആരാണ് അങ്ങയുടെ ശത്രു?" അറിയാൻ അർജുനന് ആകാംക്ഷയുണ്ടായി.

"എന്നെ രക്ഷിക്കുമെന്ന് അങ്ങ് ശപഥം ചെയ്യണം. അതിനുശേഷമേ ഞാൻ ആളറിയിക്കയുള്ളു." ഗയൻ പറഞ്ഞു.

"ശരി, ശ്രീകൃഷ്ണന്റെ പാദത്താണെ, ഞാനിതാ ശപഥംചെയ്യുന്നു—ഈ അർജുനൻ അങ്ങയുടെ ജീവൻ രക്ഷിക്കും!" അർജുനൻ സത്യംചെയ്തു.

അപ്പോൾ ഗയൻ പരമാർത്ഥം അറിയിച്ചു—തന്നെ വധിക്കാൻ ഒരുങ്ങിയിരിക്കുന്നത് ശ്രീകൃഷ്ണൻ തന്നെ!

ശ്രീകൃഷ്ണനോ? പാണ്ഡവന്മാർ അഞ്ചുപേരും തളർന്നുപോയി. അവരുടെ ആയുധങ്ങൾ പിടിവിട്ടു നിലത്തു വീണു. അവർക്കു കരച്ചിലുംവന്നു. ശ്രീകൃഷ്ണനെ എതിരിടുക—അതിൽപ്പരം ഒരു പാപമുണ്ടോ?

ഗന്ധർവ്വൻ തങ്ങളെ കബളിപ്പിച്ചിരിക്കുന്നു—അതായി ഭീമന്റെ വിശ്വാസം.

"ഇവനെ പിടിച്ചുകെട്ടി ശ്രീകൃഷ്ണനെ ഏല്പിക്കാം!" ഭീമൻ സഹോദരന്മാരോടു പറഞ്ഞു.

"ഭീമാ, അർജുനൻ ശപഥംചെയ്തുപോയി. ശപഥം ലംഘിക്കുന്നതു മഹാപാപമാണ്. ശ്രീകൃഷ്ണനെ എതിർക്കുന്നതും മഹാപാപം. എന്താണിനി ചെയ്യുക?" യുധിഷ്ഠിരൻ നിസ്സഹായനായി ചോദിച്ചു.

അപ്പോഴേക്കും നാരദമഹർഷിയുടെ വരവായി.

യുധിഷ്ഠിരൻ നാരദന്റെ സഹായം ആരാഞ്ഞു.

"നിങ്ങൾ ഒട്ടും കൂട്ടാക്കണ്ട. ശ്രീകൃഷ്ണനോടു യുദ്ധമായാൽത്തന്നെ എന്ത്? പാശുപതം എന്ന ദിവ്യാസ്ത്രമാണ് അർജുനന്റെ പക്കലുള്ളത്. ആ സ്ഥിതിക്ക് അർജുനന് ഒരിക്കലും തോൽവി ഉണ്ടാവുകയില്ല." കലഹപ്രിയനായ മഹർഷി ചൂണ്ടിക്കാട്ടി.

അദ്ദേഹം അടുത്തതായി ചെന്നു കണ്ടതോ? ഹസ്തിനപുരത്തുള്ള ദുര്യോധനനെ. മഹർഷി നടന്നതെല്ലാം ദുര്യോധനനെ അറിയിച്ചു. ഒന്നു തീർച്ച പറയുകയും ചെയ്തു. ശ്രീകൃഷ്ണനും പാണ്ഡവരും തമ്മിൽ ഉടനെ യുദ്ധമുണ്ടാവും!

"ദുര്യോധനാ, കൗരവരായ നിങ്ങൾ പാണ്ഡവരോടു പിണങ്ങിയിരിക്കുകയാണ്. അതു ഞാൻ അറിയായ്കയല്ല. പക്ഷേ, ഒന്നുണ്ട്. നിങ്ങൾ തത്കാലത്തേക്കു പിണക്കം മതിയാക്കി ഇണക്കമായി എന്നുവയ്ക്ക്. ശ്രീകൃഷ്ണൻ തോറ്റാൽ അതു നിങ്ങൾക്കു പ്രയോജനപ്പെടും. ഇനി അർജുനൻ തോറ്റാലോ? അതും നിങ്ങൾക്കു കൊള്ളാം. പുറത്തു കാണിക്കരുതെന്നുമാത്രം." നാരദൻ പറഞ്ഞു.

ശരിയെന്ന് ദുര്യോധനനു തോന്നി. അയാൾ അനുജന്മാരെ വിളിച്ചുകൂട്ടി. വമ്പിച്ച സൈന്യത്തെയും ഒരുക്കി. അവരെ നയിച്ചുകൊണ്ട് ദ്വൈതവനത്തിൽ ചെന്നു. പാണ്ഡവന്മാരെ സഹായിക്കാൻ ഒരുക്കവുമായി.

പാണ്ഡവന്മാർ ദുര്യോധനനെയും കൂട്ടരെയും സ്വാഗതംചെയ്തു—അന്നേവരെ അവർ പരമശത്രുക്കൾ ആയിരുന്നെങ്കിലും.

ആ സമയം ശ്രീകൃഷ്ണൻ എന്തു ചെയ്യുകയായിരുന്നു? പറക്കുംകുതിരപ്പുറത്തു കയറിയാണ് ഗയൻ പൊയ്ക്കളഞ്ഞത്. അവനെ അന്വേഷിച്ചു കണ്ടുപിടിക്കുകതന്നെ വേണം. ഭഗവാൻ ഗരുഡനെ സ്മരിച്ചുവരുത്തി. ഗരുഡന്റെ പുറത്തു കയറാൻ ഭാവിച്ചപ്പോഴോ? അതാ വരുന്നു നാരദമഹർഷി!

"കൃഷ്ണാ, എങ്ങോട്ടാണു പോക്ക്?" നാരദൻ ഒന്നും അറിയാത്തമട്ടിൽ ചോദിച്ചു.

"ഗയനെന്ന ഗന്ധർവ്വനെ കണ്ടുപിടിക്കാൻ. അങ്ങ് അവനെ എവിടെയെങ്കിലും കണ്ടുവോ?" ശ്രീകൃഷ്ണൻ അന്വേഷിച്ചു.

"ഗയനിപ്പോൾ പാണ്ഡവന്മാരുടെ അരികത്തുണ്ട്." മഹർഷി അറിയിച്ചു.

അർജുനന്റെ ശപഥം, ദുര്യോധനന്റെ വരവ്, യുദ്ധത്തിനുള്ള സന്നാഹം —സകലതും. വിസ്തരിച്ചു മഹർഷി.

ഓഹോ, അർജുനന്റെ പുറപ്പാടു തന്നോടു യുദ്ധം ചെയ്യാനോ? നന്നായി! അർജുനന്റെ പത്നിയാണ് സുഭദ്ര. തന്റെ പ്രിയപ്പെട്ട അനുജത്തിയും. ശ്രീകൃഷ്ണൻ സുഭദ്രയെക്കണ്ട് വിവരങ്ങൾ നല്കി.

"അനുജത്തീ, അർജുനൻ എന്നെ എതിർത്താലോ? എനിക്ക് അർജുനനെ വധിക്കേണ്ടതായിവരും. ശപഥത്തിന്റെ പ്രാധാന്യം നിനക്ക് അറിയാവുന്നതാണല്ലോ. നീ വനത്തിൽച്ചെന്ന് അർജുനനെ കാണണം. ഈ സംരംഭത്തിൽനിന്ന് അവനെ പിന്തിരിപ്പിക്കുകയും വേണം." ശ്രീകൃഷ്ണൻ ആവശ്യപ്പെട്ടു.

സുഭദ്രയുടെ സ്ഥിതി കഷ്ടത്തിലായി. ജ്യേഷ്ഠനും ഭർത്താവും ഇന്നോളം പ്രാണസ്നേഹിതന്മാരായിരുന്നു. ഇന്നിപ്പോൾ അവർ തമ്മിൽ യുദ്ധംചെയ്യാൻ തയ്യാറാകുന്നു. ആ സാധ്വി വനത്തിലെത്തി ഭർത്താവിനെ വിരമിപ്പിക്കാൻ യത്നിച്ചു.

അർജുനൻ വഴങ്ങിയില്ല.

"സുഭദ്രേ, ശ്രീകൃഷ്ണന്റെ കൈയാൽ മരിക്കണമെന്നാണ് എന്റെ വിധിയെങ്കിലോ? ആ വിധി ഒരിക്കലും മാറ്റാൻ സാധിക്കയില്ല. മറ്റൊന്നുകൂടിയുണ്ട്. അറിയാതെയാണെങ്കിലും ഞാൻ ശപഥം ചെയ്തുപോയി. എന്തു വന്നാലും ശരി, ഞാൻ ശപഥം ലംഘിക്കുകയില്ല." അർജുനൻ ഉറപ്പിച്ചു പറഞ്ഞു.

ഇച്ഛാഭംഗത്തോടെ സുഭദ്ര മടങ്ങിപ്പോയി.

താമസിയാതെ ശ്രീകൃഷ്ണൻ ദ്വൈതവനത്തിൽ എത്തിച്ചേർന്നു. ഒന്നിച്ച് സുശക്തമായ യാദവസൈന്യവും. പാണ്ഡവന്മാരും യുദ്ധത്തിനു സന്നദ്ധരായിട്ടുണ്ട്. അവരെ സഹായിക്കാനായി ദുര്യോധനന്റെ സൈന്യവും അണിനിരന്നിരിക്കുന്നു.

ആദ്യം സമാധാനമായി വഴക്കു തീർക്കണം—അതായിരുന്നു ശ്രീകൃഷ്ണന്റെ ആഗ്രഹം. അർജുനനെക്കണ്ട് നേരിട്ടു സംസാരിക്കുകതന്നെ. അതിനായി ഭഗവാന്റെ ഒരുക്കം.

"അർജുനാ, ഗയനെ എനിക്കു വിട്ടുതരൂ." ശ്രീകൃഷ്ണൻ ശാന്തനായി ആവശ്യപ്പെട്ടു.

അർജുനൻ ശ്രീകൃഷ്ണനെ നമസ്കരിച്ചു.

"ഭഗവാനെ, അവിടുന്നല്ലാതെ എനിക്കു ശരണമില്ല. എന്നിരുന്നാലും എനിക്കു ശപഥം ലംഘിക്കുവാൻ നിർവാഹമില്ല. ഞാൻ ഗയനെ വിട്ടുതരികയില്ല!" അർജുനൻ പറഞ്ഞു.

"എന്നാൽ, യുദ്ധം തുടങ്ങാം." ശ്രീകൃഷ്ണൻ നിർദ്ദേശിച്ചു.

"അങ്ങനെയാവട്ടെ." അർജുനൻ സമ്മതിച്ചു. ഒരുവശത്ത് ശ്രീകൃഷ്ണൻ, ബലരാമൻ, സാത്യകി, കൃതവർമ്മാവ് മുതലായ മഹാവീരന്മാരും അവരുടെ സൈന്യവും. മറുവശത്ത് പാണ്ഡവന്മാർ, ദുര്യോധനൻ, ഭീഷ്മർ, ദ്രോണർ മുതലായ മഹാരഥന്മാരും അവരുടെ സൈന്യവും. ഏറ്റവും ഘോരമായിരുന്നു ആ രണ്ടു സൈന്യങ്ങളുടെയും സംഘട്ടനം.

ഒടുവിൽ ആ ദ്വന്ദ്വയുദ്ധവും നടന്നു—ശ്രീകൃഷ്ണനും അർജുനനും തമ്മിൽ. ഇരുവരും ദിവ്യാസ്ത്രങ്ങൾ പ്രയോഗിച്ചു തുടങ്ങി. ശ്രീകൃഷ്ണൻ പർവ്വതാസ്ത്രം എയ്തു. അർജുനൻ വജ്രാസ്ത്രംകൊണ്ടു തടുത്തു. ശ്രീകൃഷ്ണൻ നാഗാസ്ത്രം എയ്തു. അർജ്ജുനൻ ഗരുഡാസ്ത്രംകൊണ്ടു തടുത്തു. ശ്രീകൃഷ്ണൻ ആഗ്നേയാസ്ത്രം എയ്തു. അർജുനൻ വരുണാസ്ത്രംകൊണ്ടു തടുത്തു. അങ്ങനെ പല അസ്ത്രങ്ങളും. എന്നിട്ടും ഒരു ഫലവും ഉണ്ടായില്ല.

അവസാനത്തെ അടവായി ശ്രീകൃഷ്ണൻ തൃച്ചക്രം കൈയിലെടുത്തു. തൃച്ചക്രത്തിനുണ്ടോ ഏതെങ്കിലുമൊരു പ്രതിവിധി? എന്നിട്ടും അർജുനന് യാതൊരു കുലുക്കവുമുണ്ടായില്ല. ആ വില്ലാളിവീരൻ പാശുപതാസ്ത്രം എടുത്തു.

തൃച്ചക്രവും പാശുപതാസ്ത്രവും കൂട്ടിമുട്ടി. എങ്കിലോ? ലോകം മുഴുവൻ എരിഞ്ഞു ഭസ്മമായിപ്പോകും. ദേവന്മാരെല്ലാം അത്യന്തം പരിഭ്രാന്തരായി. അവരോടൊന്നിച്ചു ബ്രഹ്മാവും ശിവനും. എല്ലാവരുംകൂടി യുദ്ധരംഗത്തിലെത്തി.

"കൃഷ്ണാ, അർജുനാ, രണ്ടുപേരും ദിവ്യാസ്ത്രങ്ങൾ പിൻവലിക്കുവിൻ." അവർ ഉറക്കെ വിളിച്ചുപറഞ്ഞു.

പ്രതിദ്വന്ദികൾ അതു കേട്ടു. ലോകത്തെ നശിപ്പിക്കാൻ അവർക്ക് ഇഷ്ടമില്ല. ഇപ്പോഴിതാ എല്ലാവരും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഇരുവരും ദിവ്യാസ്ത്രങ്ങളെ പിൻവലിച്ചു.

ശ്രീകൃഷ്ണനും അർജുനനും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കണം. അതേസമയം ഇരുവരുടെയും ശപഥങ്ങൾ പാലിക്കുകയും വേണം. രണ്ടും കൂടി നിർവ്വഹിക്കാൻ ഒരു വഴി ബ്രഹ്മാവ് കണ്ടുപിടിച്ചു.

അർജുനൻ തെല്ലുനേരം കണ്ണടച്ചുനില്ക്കണം—ബ്രഹ്മാവ് അപ്രകാരം ആവശ്യപ്പെട്ടു. അർജുനൻ അത് അനുസരിച്ചു കണ്ണടച്ചുനില്പായി. അപ്പോൾ ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരം ശ്രീകൃഷ്ണൻ ഗയന്റെ തല മുറിച്ചു. ബ്രഹ്മാവ് വേറിട്ട തലയും ശരീരവും ചേർത്തുവെച്ച്, പഴയതുപോലെ ജീവനും നല്കി. അതിനുശേഷം അർജുനൻ കണ്ണു തുറക്കുകയും ചെയ്തു.

താൻ ഗയനെ കൊല്ലുമെന്നേ ശ്രീകൃഷ്ണൻ ശപഥം ചെയ്തിരുന്നുള്ളു. ഇപ്പോഴിതാ ആ ഗന്ധർവ്വനെ കൊല്ലുകയും ചെയ്തിരിക്കുന്നു. പിന്നീട് ഗയനു ജീവൻ തിരിച്ചുകിട്ടി. ശരിയാണ്. പക്ഷേ, അതുകൊണ്ട് ശപഥത്തിനു വിഘാതം ഉണ്ടായില്ല.

അർജുനന്റെ ശപഥമോ? താൻ ഗയന്റെ ജീവൻ രക്ഷിക്കും എന്നായിരുന്നു. ഗയൻ മരിച്ചതു വാസ്തവംതന്നെ. എങ്കിലും ഉടനെ ജീവിച്ചില്ലേ? ആ സ്ഥിതിക്ക് അർജുനന്റെ ശപഥവും ഫലിക്കാതിരുന്നില്ല. സകലർക്കും സന്തോഷം ഉളവായ ഒരു സന്ദർഭം—ദുര്യോധനനും കൂട്ടർക്കുമൊഴിച്ച്. ശ്രീകൃഷ്ണനും അർജുനനും പഴയപോലെ സ്നേഹമായില്ലേ? അതു കണ്ട് അക്കൂട്ടരുടെ മുഞ്ഞി കറുത്തു. അവർ നിരാശയോടെ ഹസ്തിനപുരത്തേക്കു മടങ്ങി.

പാണ്ഡവന്മാർ ശ്രീകൃഷ്ണനെ വീണു വണങ്ങി.

(കൃഷ്ണാർജുനവിജയം ഓട്ടൻതുള്ളൽ)

വൃത്രാസുരൻ

ദേവേന്ദ്രൻ സിംഹാസനത്തിൽ ഇരുന്നരുളുന്നു. ആശ്രിതന്മാർ അടുത്ത് സേവിച്ചുനില്ക്കുന്നു. ചിലർ ആലവട്ടങ്ങളും വെഞ്ചാമരങ്ങളും പിടിച്ചിട്ടുണ്ട്. നിറഞ്ഞ സദസ്സും കൂടിയിരിക്കുന്നു. എന്തൊരു പ്രൗഢിയാണ് ദേവേന്ദ്രന്!

ബൃഹസ്പതി സദസ്സിൽ വന്നുകയറി.

ദേവന്മാരുടെ കുലഗുരുവാണല്ലോ ബൃഹസ്പതി. ആ നിലയ്ക്ക് ദേവേന്ദ്രൻ എഴുന്നേറ്റുനിന്ന് ഉപചരിക്കേണ്ടതാണ്. പക്ഷേ, അദ്ദേഹം ഇരുന്നിടത്ത് ഇരുന്നതേയുള്ളൂ. ഒരുതരം അഹങ്കാരം അദ്ദേഹത്തിന്റെ ബുദ്ധിയെ ബാധിച്ചിരുന്നു. സദസ്യരാകെ എഴുന്നേറ്റുനിന്ന് ദേവഗുരുവിനെ വന്ദിച്ചു. അതു കണ്ടിട്ടും ദേവേന്ദ്രന് ഒരു കുലുക്കവുമുണ്ടായില്ല.

ഗുരു വരുമ്പോൾ ശിഷ്യൻ എഴുന്നേല്ക്കാതിരിക്കുക—ഇതെന്തു മര്യാദയണ്? ദേവേന്ദ്രന്റെ പെരുമാറ്റം ബൃഹസ്പതിയെ ചൊടിപ്പിച്ചു. ശിഷ്യൻ ശിക്ഷ അർഹിക്കുന്നു. ശിക്ഷിക്കാനുള്ള ശക്തി ദേവഗുരുവിനു ധാരാളമായുണ്ട്. ഒന്നു ശപിച്ചാൽ മാത്രം മതിയാവും. അദ്ദേഹം ശാപമേകാൻ ഒരുമ്പെട്ടില്ല. എങ്കിലും മറ്റൊന്നു ചെയ്തു. ഒന്നും മിണ്ടാതെ തിരിഞ്ഞ് ഒരൊറ്റ നടത്തം!

അല്പം കഴിഞ്ഞപ്പോൾ ദേവേന്ദ്രന്റെ വിവേകം തിരിച്ചുവന്നു. അതോടെ ഒരു ബോധവും മനസ്സിൽ വേരൂന്നി—താൻ പ്രവർത്തിച്ചതു വലിയൊരു അപരാധമായിപ്പോയി! ഗുരുനിന്ദ എന്നതു മഹാപാപമാണ്. കഷ്ടം! താനിത്ര വികാരശൂന്യനായിപ്പോയല്ലോ! ഉടൻതന്നെ ഗുരുവിനെ ചെന്നു കാണണം; അദ്ദേഹത്തിന്റെ പാദങ്ങളിൽ ദണ്ഡനമസ്കാരം ചെയ്യണം; താൻ ചെയ്ത തെറ്റിനു മാപ്പുചോദിക്കണം—അവയായി ദേവേന്ദ്രന്റെ വിചാരങ്ങൾ.

അത്യധികമായ ആത്മീയശക്തിയുണ്ട് ബൃഹസ്പതിക്ക്. ദേവേന്ദ്രന്റെ വിചാരങ്ങൾ അദ്ദേഹത്തിനു മനസ്സിലായി. ശിഷ്യനെ നല്ലൊരു പാഠം പഠിപ്പിക്കുകതന്നെ വേണം. അതിനു നിശ്ചയിച്ചു ദേവഗുരു. ദേവേന്ദ്രൻ വരുമ്പോൾ തന്നെ കാണാതിരിക്കണം. അതിനായി അദ്ദേഹം ഇരുന്നയിരുപ്പിൽ മറഞ്ഞുകളഞ്ഞു.

താമസിയാതെ ഗുരുവിനെ അന്വേഷിച്ചു വരികയായി ദേവേന്ദ്രൻ. പക്ഷേ, ഗുരുവിനെ കണ്ടുകിട്ടിയില്ല. അദ്ദേഹം എവിടെപ്പോയി? ഒരു തുമ്പും കിട്ടി

യില്ല. ദേവേന്ദ്രൻ എല്ലായിടങ്ങളിലും അന്വേഷിച്ചു നടന്നു. ഒരു ഫലവും ഉണ്ടായില്ല. അപ്പോൾ ഒന്നു തീർച്ചയായി—തന്നെ ഗുരു ഉപേക്ഷിച്ചിരിക്കുന്നു. അതിൽപ്പരം ഒരു ആപത്തുണ്ടോ?

ബൃഹസ്പതിയുടെ തിരോധാനത്തെക്കുറിച്ച് അസുരന്മാർക്ക് അറിവു കിട്ടി. അവർക്ക് എത്ര മാത്രം സന്തോഷമായെന്നോ? ബൃഹസ്പതിയാണ് ദേവന്മാരുടെ ശക്തിക്കാധാരം. അദ്ദേഹം പോയതോടെ ദേവന്മാരുടെ ശക്തി നശിച്ചിരിക്കുന്നു. ഇതാണ് അവരെ തോല്പിക്കാൻ പറ്റിയ അവസരം. അസുരന്മാർ ഒരു ആക്രമണം നടത്തി.

ദേവന്മാർക്കു നില്ക്കക്കള്ളി ഇല്ലാതെയായി.

അവർ ബ്രഹ്മാവിനെ ചെന്നുകണ്ടു. നടന്നതെല്ലാം ഭഗവാനെ അറിയിച്ചു. ഭഗവാന്റെ സഹായവും അപേക്ഷിച്ചു.

ദേവന്മാരുടെ കൂട്ടത്തിൽ ദേവേന്ദ്രനും ഉണ്ടായിരുന്നു.

"ദേവേന്ദ്രാ, നീ ചെയ്തത് അന്യായമായിപ്പോയി. അമംഗളമായിപ്പോയി. ബൃഹസ്പതിയെ ബഹുമാനിക്കാതിരിക്കുക—ഗുരുനിന്ദയല്ലേ അത്? ഗുരുനിന്ദ വലിയ പാപമാണ്. ആ പാപത്തിൽനിന്നു രക്ഷ നേടാൻ ഞാൻ ഒരു വഴി കാണിച്ചുതരാം. വിശ്വരൂപൻ എന്നൊരു മഹാതപസ്വിയുണ്ട്. ത്വഷ്ടാവിന്റെ പുത്രനാണ് വിശ്വരൂപൻ. അസുരാംശത്തോടുകൂടി ജനിച്ചവനും. ആ നിലയ്ക്കു നിങ്ങളുടെ ശത്രുവുമാണ്. എങ്കിലും നിങ്ങൾ വിശ്വരൂപനെ ഗുരുവായി വരിക്കണം. എന്നാൽ, നിങ്ങൾക്കു ഗുണമുണ്ടാവും." ബ്രഹ്മാവ് അരുളിച്ചെയ്തു.

ദേവന്മാർക്ക് അതൊട്ടും ഇഷ്ടമുള്ള കാര്യമല്ല. എങ്കിലും അതു ചെയ്യാതിരിക്കാൻ വയ്യാതായി. അവർ വിശ്വരൂപന്റെ മുമ്പിൽ ചെന്നെത്തി.

"ഞങ്ങളിതാ ഒരു യാചനയുമായി വന്നിരിക്കുന്നു. അങ്ങു ഞങ്ങളെ ശത്രുക്കളിൽനിന്നു രക്ഷിക്കണം. അവരെ ജയിക്കാനുള്ള ഉപായം പറഞ്ഞുതരികയും വേണം." അവർ തൊഴുകൈയോടെ അഭ്യർത്ഥിച്ചു.

"ദേവന്മാരേ, നിങ്ങളുടെ അഭ്യർത്ഥന തിരസ്കരിക്കുന്നതു ശരിയല്ല. അതുകൊണ്ടുമാത്രം ഞാൻ നിങ്ങളുടെ ഗുരുവാകാം. നിങ്ങളുടെ ആഗ്രഹം സാധിപ്പിക്കുകയും ചെയ്യാം." ധർമിഷ്ഠനായ വിശ്വരൂപൻ പറഞ്ഞു.

നാരായണകവചം എന്നൊരു മഹാമന്ത്രമുണ്ട്. ശത്രുക്കളെ പരാജയപ്പെടുത്താൻ ശക്തിയേകുന്ന മഹാമന്ത്രമാണത്. വിശ്വരൂപൻ അതിനെ ദേവേന്ദ്രന് ഉപദേശിച്ചു.

അതേസമയം ഒരു യജ്ഞവും കൂടി നിർവ്വഹിക്കേണ്ടതുണ്ടായിരുന്നു. വിശ്വരൂപൻ ആ യജ്ഞം ആരംഭിച്ചു. ദേവന്മാർക്കു യജ്ഞഭാഗം കല്പിക്കുക എന്നതു പതിവാണ്. ആ കൃത്യം അനുഷ്ഠിച്ചു വിശ്വരൂപൻ. അതോ, അടുത്തു നിന്നിരുന്ന ദേവന്മാർ കേൾക്കയും. എങ്കിലും അതിനെത്തുടർന്ന് അദ്ദേഹം ഒരു പണി പറ്റിച്ചു; അസുരന്മാർക്കും യജ്ഞഭാഗം കല്പിച്ചു—ദേവന്മാർ കേൾക്കാതെ, അമർന്ന സ്വരത്തിൽ!

വിശ്വരൂപനിൽ അസുരാംശമുണ്ട് എന്നു സൂചിപ്പിച്ചുവല്ലോ. അമ്മവഴിക്കായിരുന്നു അസുരാംശം. അച്ഛൻവഴിക്കുള്ളതു ദേവാംശമാണ്. ദേവന്മാരെ മാത്രം സഹായിക്കുന്നതു ശരിയല്ല. അസുരന്മാരെക്കൂടി സഹായിക്കണം. അതിനാണ് അദ്ദേഹം അസുരന്മാർക്കു യജ്ഞഭാഗം കല്പിച്ചത്.

എങ്ങനെയോ ദേവേന്ദ്രൻ ആ സൂത്രം കണ്ടുപിടിച്ചു. അദ്ദേഹത്തിന്റെ ക്രോധം ജ്വലിച്ചുയർന്നു. അപ്പോൾ എന്താണ് അദ്ദേഹം ചെയ്തതെന്നോ! വിശ്വരൂപന്റെ ശിരസ്സുകൾ വെട്ടി.

ശിരസ്സുകൾ. അതെ, വിശ്വരൂപനു മൂന്നു ശിരസ്സുകൾ ഉണ്ടായിരുന്നു!

ത്വഷ്ടാവാണല്ലോ വിശ്വരൂപന്റെ പിതാവ്. അദ്ദേഹത്തിന് ദേവേന്ദ്രനോടു വൈരാഗ്യമുണ്ടായി. പുത്രഘാതകനെ ഇല്ലായ്മചെയ്തേ കഴിയൂ. അതിനായി അദ്ദേഹം ഒരു ഹോമംചെയ്തു. ഹോമകുണ്ഡത്തിൽനിന്ന് ഒരു ഘോര സത്ത്വം ഉയർന്നുവന്നു. പർവ്വതംപോലെ വിപുലമായ ശരീരം, ചുവന്ന തലമുടിയും മുഖരോമവും. ഉച്ചസൂര്യനെപ്പോലുള്ള വട്ടക്കണ്ണുകൾ. ഗുഹപോലെയുള്ള വായ്. വളഞ്ഞു നീണ്ട ദംഷ്ട്രകൾ. കൈയിൽ ഉള്ളം നടുക്കുമാറുള്ള ത്രിശൂലം. ഭൂമിയെ ഇളക്കുന്ന നടത്തം. കണ്ടവരെല്ലാം പേടിച്ചോടി!

വൃത്രൻ എന്നാണ് ആ സത്ത്വത്തിന്റെ പേർ.

ദേവന്മാർ വൃത്രന്റെ അടുക്കൽ ഓടിയെത്തി. അവനെ ഉടനടി ഇല്ലായ്മചെയ്യണം—അതിനായി അവർ ആയുധങ്ങൾ പ്രയോഗിച്ചു. ഏറ്റവും തീക്ഷ്ണമായ ആയുധങ്ങളാണ് പ്രയോഗിച്ചത്. അതോ, ഏറ്റവും ഊക്കോടുകൂടിയും. ആശ്ചര്യം എന്നല്ലാതെ എന്താണു പറയുക? വൃത്രന്റെ ശരീരത്തിൽ ഒരു ചെറിയ മുറിവുപോലും ഉണ്ടായില്ല.

ദേവന്മാർ പരിഭ്രാന്തരായി.

ആർക്കാണ് വൃത്രനിൽനിന്നു തങ്ങളെ രക്ഷിക്കാൻ സാധിക്കുക? മഹാവിഷ്ണുവിനു മാത്രം. അവർ മഹാവിഷ്ണുവിനെ ഭക്തിയോടുകൂടി സ്തോത്രംചെയ്തു.

മഹാവിഷ്ണു അവരുടെ മുൻപിൽ ആവിർഭവിച്ചു.

"ഭഗവാനേ, ഞങ്ങളെ വൃത്രനിൽനിന്നു കാത്തുകൊള്ളേണേ!" അവർ ദീനരായി യാചിച്ചു.

"ദേവന്മാരേ, നിങ്ങൾ ദധീചിമഹർഷിയെ സമീപിക്കണം. മഹർഷിയുടെ ശരീരം നല്കണമെന്ന് അർത്ഥിക്കണം. ദധീചി ശരീരം തരാതിരിക്കയില്ല. വിശ്വകർമാവ് ആ ശരീരത്തിലെ അസ്ഥികൾ എടുക്കണം. അവകൊണ്ട് വജ്രായുധം നിർമിക്കണം. വജ്രായുധത്താൽ വൃത്രനെ വധിക്കാം." മഹാവിഷ്ണു അരുളിച്ചെയ്തു.

ഭഗവാൻ അപ്രത്യക്ഷനായി.

ദേവന്മാർ ദധീചിയെ ചെന്നുകണ്ട് ദേഹം യാചിച്ചു.

"ചാവുമ്പോൾ പ്രാണികളെല്ലാം പീഡ അനുഭവിക്കും. അക്കാര്യം നിങ്ങൾ മറന്നുവെന്നു തോന്നുന്നു. എല്ലാ പ്രാണികളും ജീവിച്ചിരിക്കാൻ ആഗ്രഹിക്കുന്നു. അവർക്ക് ഏറ്റവും പ്രിയപ്പെട്ടത് അവരുടെ ശരീരമാകുന്നു. ആരും സ്വമനസ്സാലെ ദേഹം ഉപേക്ഷിക്കയില്ല. ആ സ്ഥിതിക്ക് എന്റെ ശരീരം വേണമെന്നു നിങ്ങൾ പറയുന്നതു ശരിയല്ല." ദധീചി ചൂണ്ടിക്കാട്ടി.

"മഹർഷേ, അങ്ങു മഹാതപസ്വിയാണ്, മഹാന്മാരിൽ മഹാനാണ്. അപ്രകാരമുള്ള ഒരാൾക്ക് ദേഹം ഉപേക്ഷിക്കാൻ വൈമനസ്യം ഉണ്ടാവുകയില്ല. മറ്റൊന്നുമുണ്ട്, യാചന നിഷേധിക്കുന്നതു ശരിയല്ല."

ദേവന്മാർ പറഞ്ഞു.

ദധീചി പുഞ്ചിരി തൂകി.

"ഞാൻ വെറുതെ പറഞ്ഞുവെന്നേയുള്ളു, കേട്ടോ? ആട്ടെ, നിങ്ങൾക്ക് എന്റെ ശരീരം വേണം, അല്ലേ? ശരി, ഞാൻ തരാം. അതുകൊണ്ട് നിങ്ങൾക്കു പ്രയോജനം ഉണ്ടാവട്ടെ. പരോപകാരം ചെയ്യാത്തവന്റെ ജീവിതം നികൃഷ്ടമാകുന്നു." അദ്ദേഹം പറഞ്ഞു.

പിന്നീട് അദ്ദേഹം യോഗശക്തിയെ ആശ്രയിച്ചു. മനസ്സിനെ പരബ്രഹ്മത്തിൽ ലയിപ്പിച്ചു. ആ നിലയിൽ ശരീരത്തെ ഉപേക്ഷിച്ചു.

പിന്നീടാണ് വിശ്വകർമാവിന്റെ പ്രവർത്തനം. ദേവശില്പി ദധീചിയുടെ ദേഹത്തിലെ അസ്ഥികൾ വേറാക്കി. അവ പ്രത്യേകമെടുത്ത് വജ്രായുധം നിർമ്മിച്ചു. വജ്രായുധത്തെ ദേവേന്ദ്രനു നല്കി. ദേവേന്ദ്രൻ വജ്രായുധം ധരിച്ചു. അതോടെ ശക്തി പലയളവ് വർദ്ധിച്ചു. ഇനി വൃത്രനെ കൊല്ലണം. അതിനായി ദേവേന്ദ്രന്റെ ഉദ്യമം.

വൃത്രന്റെ പക്ഷത്ത് അസുരവീരന്മാർ അണിനിരന്നു. അവരുടെ അസംഖ്യം ഭടന്മാരും. ദേവേന്ദ്രന്റെ വശത്ത് ദേവസൈന്യം തയ്യാറായി. യുദ്ധവും ആരംഭിച്ചു. ആകാശം അസ്ത്രങ്ങളെക്കൊണ്ടു മൂടി.

കുറേക്കഴിഞ്ഞ് അസുരന്മാർക്ക് ഒരു അനുഭവമുണ്ടായി. അവർ അയയ്ക്കുന്ന അമ്പുകൾ പ്രയോജനപ്പെടുന്നില്ല. അവയെ ദേവന്മാർ ഖണ്ഡിച്ചുകളയുകയാണ്. അപ്പോൾ അസുരന്മാർ വൃക്ഷങ്ങളെ ആയുധങ്ങളാക്കി—വമ്പിച്ച പാറക്കല്ലുകളെയും. ദേവന്മാർ അവയെല്ലാം താറുമാറാക്കി.

ആ സമയം അസുരന്മാരുടെ വീര്യം പൊലിഞ്ഞു. അവർക്ക് അത്യധികമായ ഭയമുളവായി. അവർ പുറംതിരിഞ്ഞോടിത്തുടങ്ങി.

ഉറച്ചുനില്ക്കുന്ന ഒരേയൊരുത്തൻ വൃത്രനാണ്. ആ മഹാശക്തന് ഒരു ക്ഷീണവുമില്ല. ഭയമെന്നതു തീണ്ടിയിട്ടില്ലതാനും.

ഓടുന്നവരെ ചെറുത്തുനിർത്താൻ വൃത്രൻ യത്നിച്ചു.

"ഹേ, അസുരഭടന്മാരേ, ജനിച്ചിട്ടുള്ള പ്രാണികളെല്ലാം മരിക്കുമെന്നു തീർച്ചയാണ്. മരണം ഇല്ലാതാവാനുള്ള മാർഗ്ഗം ഈശ്വരൻ നിശ്ചയിച്ചിട്ടില്ല. എന്നാൽ, ഒരു കാര്യമുണ്ട്. കീർത്തിയുണ്ടാക്കുന്ന മരണമായാലോ? ആ മരണത്തെ സന്തോഷത്തോടെ സ്വാഗതംചെയ്യണം. ശത്രുക്കളോടു യുദ്ധം ചെയ്തിട്ടുള്ള മരണം—ഏറ്റവും ശ്രേഷ്ഠമായ മരണമാണത്. അതുകൊണ്ട് സ്നേഹിതന്മാരേ, തിരിഞ്ഞുനിന്നു പോരാടുവിൻ!" വൃത്രൻ അവരെ ആഹ്വാനംചെയ്തു.

പക്ഷേ, ആ ആഹ്വാനം ഉദ്ദേശിച്ച ഫലം ഉളവാക്കിയില്ല. പുറംതിരിഞ്ഞോടുന്ന അസുരന്മാർ ഓട്ടം തുടർന്നതേയുള്ളു. ഓടുന്നവരെ ദേവന്മാർ കൊന്നുതള്ളുകയുംചെയ്തു.

വൃത്രൻ ഏകനായി ശത്രുക്കളെ നേരിട്ടു.

"ഹേ, ദേവന്മാരേ, പേടിച്ചോടുന്നവരെ വധിക്കുന്നതു ധർമമല്ല. നിങ്ങൾക്കു ചുണയുണ്ടെങ്കിൽ എന്നോടു പൊരുതുവിൻ. അപ്പോൾ നിങ്ങളുടെ അഹങ്കാരം ശമിക്കും!" വൃത്രൻ വിളിച്ചുപറഞ്ഞിട്ടു ഭീഷണമായി ഒന്നു ഗർജ്ജിച്ചു.

ഏതുമാതിരിയുള്ളതായിരുന്നു ഭീഷണമായ ആ ഗർജ്ജനമെന്നോ? അതു കേട്ട് അനേകം ദേവന്മാർ മോഹാലസ്യപ്പെട്ടു വീണുപോയി. വീണവരെ വൃത്രൻ ചവിട്ടി അവശരാക്കി. ഈ നിലയ്ക്കുപോയാൽ ദേവസൈന്യം ഇല്ലാതാവും. അതറിഞ്ഞ ദേവേന്ദ്രൻ വൃത്രന്റെ അടുക്കൽ പാഞ്ഞെത്തി. ഗദയുയർത്തി ഊക്കോടെ ഒന്നടിക്കയുംചെയ്തു. അതുണ്ടോ വൃത്രൻ കൂട്ടാ

ക്കുന്നു? ആ മഹാശക്തൻ ദേവേന്ദ്രന്റെ ഗദയെ ഏറ്റവും ലാഘവത്തോടെ ഇടതുകൈകൊണ്ട് പിടിച്ചെടുത്തു. അതിനുശേഷം ദേവേന്ദ്രന്റെ വാഹനമായ ഐരാവതത്തെ ഒന്നു തല്ലി. ആ നാല്ക്കൊമ്പനാന തല്ലേറ്റു ചുറ്റിക്കറങ്ങി ചോര ഛർദ്ദിച്ചു. തുടർന്ന് ദേവേന്ദ്രനെയുംകൊണ്ട് പുറംതിരിഞ്ഞോടിപ്പോയി.

ദേവേന്ദ്രനെ വധിക്കുക എന്നത് ഏറ്റവും എളുപ്പമായിരുന്നു വൃത്രന്. എന്നിരുന്നിട്ടും വൃത്രൻ അപ്രകാരം ചെയ്തില്ല. ഓടുന്ന ശത്രുവിനെ കൊല്ലുന്നതു ശരിയല്ല—അതാണ് ധർമ്മയുദ്ധത്തിന്റെ അനുശാസനം. അധർമം ആലോചിക്കുകകൂടി ചെയ്യാത്തവനാണ് വൃത്രൻ. എങ്കിലും ദേവേന്ദ്രനെ നിന്ദിക്കാൻ ആ അവസരം ഉപയോഗപ്പെടുത്താതിരുന്നില്ല.

"ദേവേന്ദ്രാ, എന്റെ ശത്രുവായ നീ ഏറ്റവും നീചനാണ്. വിശ്വരൂപന്റെ തലകൾ വെട്ടിയവനല്ലേ നീ?" വൃത്രൻ വിളിച്ചുചോദിച്ചു.

അതേസമയത്ത് വൃത്രന് ഒന്നറിയാം. ദേവേന്ദ്രന്റെ പക്കൽ വജ്രായുധമുണ്ട്. വജ്രായുധത്തിൽ വിഷ്ണുശക്തി കുടികൊള്ളുന്നു. ആ ആയുധത്താൽ തനിക്കു മരണം സംഭവിച്ചാലോ? ആ മരണം ഏറ്റവും ധന്യമായിരിക്കും. മഹാവിഷ്ണുവിന്റെ ഉത്തമഭക്തനുംകൂടിയാണ് വൃത്രൻ.

"ദേവേന്ദ്രാ, എന്തേ വജ്രായുധം പ്രയോഗിക്കാത്തത്? അതിൽ ഭഗവാന്റെ തേജസ്സുണ്ടല്ലോ. അതുകൊണ്ട് എന്നെ കൊല്ലാനൊക്കും. ഞാൻ വിഷ്ണു തേജസ്സിൽ ലയിച്ചുകൊള്ളാം." വൃത്രൻ പറഞ്ഞു.

അതിനുശേഷം വൃത്രൻ ഭഗവാനെ പ്രാർത്ഥിച്ചു:

"ഭഗവൻ, ഞാൻ നിന്തിരുവടിയുടെ ദാസനാണ്. ഞാനിതാ നിന്തിരുവടിയുടെ ഗുണങ്ങൾ കീർത്തിക്കുന്നു. നിന്തിരുവടിയോടു ചേരാൻ മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ!"

ദേവേന്ദ്രൻ വജ്രം പ്രയോഗിക്കാതെ നില്പായി.

വൃത്രൻ ദേവേന്ദ്രന്റെ നേർക്കു പാഞ്ഞു. ഭയാനകമായ ത്രിശൂലം എടുത്ത് എറിഞ്ഞു. ത്രിശൂലം കൊള്ളിമീൻപോലെ ദേവേന്ദ്രന്റെ നേർക്കു പറന്നു. ദേവേന്ദ്രൻ വജ്രായുധത്താൽ ത്രിശൂലത്തെ മുറിച്ചിട്ടു; തുടർന്ന് ത്രിശൂലമെറിഞ്ഞ വൃത്രന്റെ കൈയേയും.

ഒരു കൈ പോയിട്ടും വൃത്രൻ കൂട്ടാക്കിയില്ല. ആ മഹാപരാക്രമി മറ്റേ കൈകൊണ്ട് ഗദ പ്രയോഗിച്ചു. ആ ഗദ ദേവേന്ദ്രന്റെ പിടിയിൽനിന്ന് വജ്രായുധത്തെ നിലംപതിപ്പിച്ചു. അതു കണ്ടുനിന്ന ദേവന്മാർ അന്ധാളിച്ചുപോയി. ദേവേന്ദ്രൻ നൊടിക്കിടയിൽ നിലത്തുവീണ വജ്രായുധം കൈക്കലാക്കി. എന്നിട്ട് എതിരാളിയുടെ ഗദയെ മുറിച്ചുതള്ളി. ആ ഗദ പിടിച്ചിരുന്ന കൈയെയും. സ്വന്തം ചോരയിൽ കുളിച്ചു വൃത്രൻ. എങ്കിലും ആ ശൗര്യശാലി വിട്ടുകൊടുത്തില്ല; മറിച്ചു ഗുഹപോലുള്ള വായ് തുറന്നുവെച്ചു; ദേവേന്ദ്രനെയും ഐരാവതത്തെയും ഒന്നിച്ചു വിഴുങ്ങി. ദേവേന്ദ്രൻ നാല്ക്കൊമ്പനോടുകൂടി വൃത്രന്റെ വയറ്റിനുള്ളിലായി. എന്നിട്ടും മരണം സംഭവിച്ചില്ല. നാരായണമന്ത്രം മരണത്തെ അകറ്റിനിർത്തി. ദേവേന്ദ്രൻ വജ്രമെടുത്ത് വൃത്രന്റെ വയറു പിളർന്നു. ആ പിളർപ്പിലൂടെ പുറത്തേക്കു ചാടി. വൃത്രന്റെ ശിരസ്സ് ഛേദിക്കുകയുംചെയ്തു.

ആ സമയം ദേവന്മാരുടെ സന്തോഷം എന്തായിരുന്നു? അവർ മംഗലവാദ്യങ്ങൾ മുഴക്കി. ദിവ്യപുഷ്പങ്ങൾ വർഷിക്കുകയുമുണ്ടായി.

വൃത്രന്റെ ആത്മാവ് മഹാവിഷ്ണുവിൽ വിലയംപൂണ്ടു.

സ്വജനങ്ങളുടെ അകമ്പടിയോടുകൂടി ദേവേന്ദ്രൻ സ്വർഗ്ഗലോകത്തു മടങ്ങിയെത്തി. വമ്പിച്ച വിജയമാണ് സമ്പാദിച്ചിരിക്കുന്നത്. അതിൽ ആഹ്ലാദിക്കേണ്ടതുമാണ്. പക്ഷേ, ദേവേന്ദ്രന്റെ മനസ്സിൽ വിഷാദം നിറഞ്ഞുനിന്നു. ബ്രാഹ്മണശക്തിയുള്ളവനാണ് വൃത്രൻ. താൻ വൃത്രനെ വധിച്ചപ്പോൾ ബ്രഹ്മഹത്യ എന്ന പാപം ചെയ്തു. ബ്രഹ്മഹത്യ പാപമാണെന്നു മാത്രമല്ല, മഹാപാപവുമാണ്. ആ പാപം എങ്ങനെ പരിഹരിക്കാനൊക്കും?

ആ ബ്രഹ്മഹത്യ ഇതാ ഒരു രൂപവും ധരിച്ചിരിക്കുന്നു. ഏറ്റവും ബീഭത്സമായ ഒരു സ്ത്രീരൂപം! ജരകൊണ്ടു ചുക്കിച്ചുളിഞ്ഞ ശരീരമുള്ളവൾ. ക്ഷയരോഗം ബാധിച്ചിരിക്കുന്നവൾ. രക്തംപുരണ്ട വസ്ത്രം ധരിച്ചിരിക്കുന്നവൾ. നരച്ച തലമുടി അഴിച്ചിട്ടിരിക്കുന്നവൾ. ദുർഗന്ധം വമിക്കുന്ന ശ്വാസംവിടുന്നവൾ. കണ്ടാൽ അറയ്ക്കുന്ന ആ സ്ത്രീരൂപം ദേവേന്ദ്രനെ സമീപിക്കുന്നു. അദ്ദേഹത്തെ പിടിക്കാനായി വരികയാണ് അവൾ!

ഭയന്നുപോയ ദേവേന്ദ്രൻ ആകാശത്തിൽ ഓടിക്കയറി. ബ്രഹ്മഹത്യ പുറകെ ആകാശത്തിൽ എത്തി. ദേവേന്ദ്രൻ ഓരോരോ ദിക്കിലേക്കോടി. ബ്രഹ്മഹത്യ എല്ലായിടത്തും പിന്തുടർന്നു ചെന്നു.

ഒടുതിയിൽ ദേവേന്ദ്രൻ ഈശാനകോണിൽ എത്തി. അവിടെയുള്ള മാനസസരസ്സിൽ മുങ്ങി. എന്നിട്ട് ഒരു താമരയുടെ തണ്ടിലെ നൂലിൽ നുഴഞ്ഞുകയറി. അതിൽ പറ്റിപ്പിടിച്ചിരിപ്പുമായി.

അവിടെ കടന്നുചെല്ലാൻ ബ്രഹ്മഹത്യയ്ക്കു കഴിവില്ല. എങ്കിലും അവൾ പുറത്തു കാത്തുനിന്നു. ദേവേന്ദ്രൻ ഇളകിയാൽ അവൾ പിടികൂടും. നിശ്ചയം. നിവൃത്തിയില്ലാതെ ദേവേന്ദ്രൻ ഇരുന്നിടത്തിരുന്നു.

ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ കടന്നുപോയി. ആയിരം വർഷങ്ങളുമായി. അപ്പോഴേക്കും ദേവേന്ദ്രന്റെ ദുർദശയ്ക്ക് അറുതിവന്നു. അതോ, മഹാവിഷ്ണുവിന്റെ കാരുണ്യം കാരണവും.

മഹാവിഷ്ണു ബ്രഹ്മഹത്യയുടെ ശക്തി ശോഷിപ്പിച്ചു. അതോടെ ദേവേന്ദ്രനു രക്ഷയും കിട്ടി. അദ്ദേഹം സ്വസ്ഥാനത്തു തിരിച്ചെത്തി.

ദേവമഹർഷിമാർ ദേവേന്ദ്രനെക്കണ്ട് അശ്വമേധയാഗം ചെയ്യിച്ചു. ആ യാഗത്തിന് ഉദ്ദേശിച്ച സൽഫലം ഉളവായി—അതായതു ശോഷിച്ചിരുന്ന ബ്രഹ്മഹത്യ നിശ്ശേഷം ഇല്ലാതായി!

ദേവേന്ദ്രൻ തന്നെ രക്ഷിച്ച മഹാവിഷ്ണുവിനെ ആരാധിച്ചു—സമ്പൂർണ്ണമായ ഭക്തിയോടുകൂടി, അകമഴിഞ്ഞ കൃതജ്ഞതയോടുകൂടി.

ദേവശത്രുക്കളായ അസുരവർഗ്ഗത്തിൽപ്പെട്ട ആളാണ് വൃത്രൻ. ദേവേന്ദ്രനെ വൃത്രൻ എതിർക്കുകയുമുണ്ടായി. എന്നിരുന്നിട്ടും വൃത്രൻ ഉത്തമനായ വിഷ്ണുഭക്തനായി വാഴ്ത്തപ്പെടുന്നു.

എന്താണ് വിചിത്രമായ ആ അവസ്ഥയ്ക്കു കാരണം?

വൃത്രന്റെ പൂർവ്വകഥ അറിയുമ്പോൾ ആ ചോദ്യത്തിന് ഉത്തരം കിട്ടും.

ശൂരസേനം എന്നൊരു രാജ്യം. ചിത്രകേതു എന്നൊരു രാജാവ് ശൂരസേനരാജ്യം ഭരിച്ചിരുന്നു. വിജ്ഞാനത്തിൽ വിഖ്യാതനാണ് ചിത്രകേതു. സകല സൗഭാഗ്യങ്ങളും അനുഭവിക്കുന്നവനും. അതേസമയം ഒരു നിർഭാഗ്യം ഇല്ലാതില്ല. കുറെ ഭാര്യമാരുണ്ട്. എങ്കിലും ഒരൊറ്റ സന്താനമില്ല.

ചിത്രകേതു സഹതാപത്തോടെ നാളുകൾ നീക്കി.

അളവില്ലാത്ത തപശ്ശക്തിയുള്ള മഹർഷിയാണ് അംഗിരസ്സ്. ഒരു നാൾ അംഗിരസ്സ് ചിത്രകേതുവിന്റെ കൊട്ടാരത്തിൽ ചെന്നു. രാജാവ് മഹർഷിയെ ആദരവോടെ സ്വീകരിച്ചു.

"രാജൻ, അങ്ങയുടെ മുഖം മങ്ങിയിരിക്കുന്നുവല്ലോ. അങ്ങ് എന്തോ ഒന്നാഗ്രഹിക്കുന്നു. അതൊട്ടു കിട്ടുന്നുമില്ല. അതുകൊണ്ടുള്ള വിഷമമാണ്, അല്ലേ? എന്താണു കാര്യം?" അംഗിരസ്സ് അന്വേഷിച്ചു.

"മഹർഷേ, എനിക്ക് ആവശ്യത്തിലധികമായ ഐശ്വര്യവും ശക്തിയുമുണ്ട്. അഷ്ടദിക്പാലകന്മാർപോലും എന്നോട് അസൂയപ്പെടുന്നു. പക്ഷേ, അവയൊന്നും എന്നെ സന്തോഷപ്പെടുത്തുന്നില്ല. ആഹാരം ലഭിക്കാതെ ഒരുവൻ വിശന്നു വലയുന്നു എന്നുവയ്ക്കണം. അവന് ഒരാൾ പൂമാലയും കുറിക്കൂട്ടും കൊടുക്കുന്നു എന്നും. അവന് എന്തെങ്കിലും സന്തോഷം ഉണ്ടാവുമോ? അതുപോലെയാണ് എന്റെ സ്ഥിതി. എനിക്കു സന്താനം ഉണ്ടായിട്ടില്ല. അക്കാരണത്താൽ എനിക്കു നരകമാണു ഗതി. അങ്ങ് എന്നെ സഹായിക്കണം." ചിത്രകേതു അഭ്യർത്ഥിച്ചു.

അംഗിരസ്സിനു രാജാവിനോട് അലിവു തോന്നി. അദ്ദേഹം സൂര്യദേവനെ ഉദ്ദേശിച്ച് ഒരു ഹോമംചെയ്തു. ഹവിസ്സിനെ കൃതദ്യുതിക്കു നല്കി.

രാജപത്നിമാരിൽ പ്രധാനപ്പെട്ടവളാണ് കൃതദ്യുതി.

"രാജൻ, അങ്ങേയ്ക്ക് കൃതദ്യുതിയിൽ ഒരു പുത്രൻ ജനിക്കും. അവൻ അങ്ങയെ സന്തോഷിപ്പിക്കുകയും വ്യസനിപ്പിക്കുകയുംചെയ്യും." മഹർഷി പ്രവചനംചെയ്തു.

താമസിയാതെ കൃതദ്യുതി ഗർഭിണിയായി. ആ രാജ്ഞി യഥാകാലം ഒരു ആൺകുട്ടിക്കു ജന്മമേകി. ചിത്രകേതു അത്യധികമായി ആഹ്ലാദിച്ചു. അദ്ദേഹം കൈ കുഴയുംവരെ ദാനങ്ങൾ ചെയ്തു—മേഘങ്ങൾ ഭൂമിയിൽ മഴചൊരിയുന്നതുപോലെ. മഹാദരിദ്രനു വമ്പിച്ചൊരു നിധി കിട്ടിയാൽ എങ്ങനെയിരിക്കും? അതുപോലെയായിരുന്നു രാജാവിന്റെ അവസ്ഥ.

എന്നാൽ, ചിലർക്ക് കൃതദ്യുതിയോട് അസൂയ തോന്നി. ചിലർ എന്നാലോ? മറ്റുള്ള രാജ്ഞിമാർതന്നെ. അവർക്കാർക്കും കുട്ടിയുണ്ടായില്ല. കൃതദ്യുതിക്കു മാത്രം പുത്രൻ ജനിച്ചിരിക്കുന്നു. അതാണ് അവരുടെ അസൂയയ്ക്കു കാരണം. ആ അസൂയ ദിനംപ്രതി വളർന്നുകൊണ്ടുമിരുന്നു. ഒടുവിൽ അത് ഒരു കടുംകൈയിൽ അവസാനിച്ചു. അവർ ഗൂഢാലോചന നടത്തി. അതിനുശേഷം രഹസ്യമായി എന്തുചെയ്തെന്നോ? ജനിച്ചിരിക്കുന്ന രാജകുമാരന്റെ അടുക്കലെത്തി. കുട്ടിയെ ഉറക്കിക്കിടത്തിയിരിക്കുന്ന തക്കത്തിനാണ് അവർ വന്നത്. അടുത്തെങ്ങും ആരും ഉണ്ടായിരുന്നില്ലതാനും. അവർ കുട്ടിക്കു വിഷംകൊടുത്തു. എന്നിട്ട് ഒന്നും അറിയാത്ത മട്ടിൽ അവിടന്നു പൊയ്ക്കളഞ്ഞു.

കുറേക്കഴിഞ്ഞ് കൃതദ്യുതി അവിടേക്കു വന്നു. കൊച്ചു മകനെ നോക്കിയപ്പോഴോ? കുട്ടിയുടെ മിഴികൾ തുറിച്ചിരിക്കുന്നു. ശ്വാസം നിന്നുപോവുകയും ചെയ്തിരിക്കുന്നു. എന്താണിത്? തന്റെ പൊന്നോമനക്കുഞ്ഞു മരിച്ചുപോയെന്നോ? രാജ്ഞി മോഹാലസ്യപ്പെട്ടു നിലത്തു വീണു. ബോധം വീണപ്പോൾ വാവിട്ടു കരഞ്ഞു.

കരച്ചിൽ കേട്ട് അന്തഃപുരത്തിലെ സ്ത്രീജനങ്ങൾ ഓടിച്ചെന്നു. പിന്നാലെ ചിത്രകേതുരാജാവും മന്ത്രിമാരും ഭൃത്യന്മാരും. രാജകുമാരന്റെ മരണം എല്ലാവരെയും ദുഃഖസമുദ്രത്തിലാഴ്ത്തി. ആകെയൊരു കൂട്ടക്കരച്ചിൽ!

കരയുന്നവരുടെ കൂട്ടത്തിൽ മറ്റു രാജ്ഞിമാരുമുണ്ട്. അത് അവരുടെ അഭിനയംമാത്രമായിരുന്നു. അവരാണല്ലോ കുട്ടിയെ വിഷം കൊടുത്തു കൊന്നത്. പക്ഷേ, അത് അവർ മാത്രമല്ലേ അറിഞ്ഞിട്ടുള്ളൂ? മറ്റുള്ളവരുടെ കണ്ണിൽ പൊടിയിടണം—അതിനുള്ള ഉപായമായിരുന്നു രാജ്ഞിമാരുടെ കരച്ചിൽ.

വീണ്ടും അംഗിരസ്സിന്റെ വരവായി. അദ്ദേഹത്തോടുകൂടി നാരദനും വന്നിട്ടുണ്ടായിരുന്നു. രണ്ടു മഹർഷിമാരുംകൂടി ചിത്രകേതുവിനെ സാന്ത്വനപ്പെടുത്താൻ യത്നിച്ചു. അവിവേകമാണ്, അജ്ഞാനമാണ് ദുഃഖത്തിനു കാരണം—ആ തത്ത്വം അവർ പലവുരു ഊന്നിപ്പറഞ്ഞു. നാരദൻ രാജാവിന് ഒരു മന്ത്രവും ഉപദേശിച്ചു. ആദിശേഷനെ ഉദ്ദേശിച്ചുള്ള മന്ത്രമായിരുന്നു അത്. മന്ത്രോപദേശത്തിനുശേഷം മഹർഷിമാർ യാത്രപറഞ്ഞിറങ്ങി. ചിത്രകേതു ഏഴു ദിവസം വ്രതമെടുത്തു. മന്ത്രവും ജപിച്ചു. അതോടുകൂടി അദ്ദേഹത്തിന്റെ അജ്ഞാനം അപ്പാടെ അസ്തമിച്ചു. മാത്രമല്ല, അദ്ദേഹം വിദ്യാധരനായി രൂപാന്തരപ്പെട്ടു. ആദിശേഷന്റെ ദർശനവുമുണ്ടായി.

രാജാവ് ആദിശേഷനെ വീണു വണങ്ങി.

ആദിശേഷൻ രാജാവിന് അനുഗ്രഹമേകി; തത്ത്വോപദേശം നല്കി. അതിനുശേഷം അന്തർധാനംചെയ്തു.

പിന്നീടു പുതിയൊരു ജീവിതമാണ് ചിത്രകേതുവിന് അനുഭവപ്പെട്ടത്. ആദ്യം മനുഷ്യനായിരുന്നയാൾ ഇപ്പോൾ വിദ്യാധരമുഖ്യനായി. അനേകം പുതിയ സിദ്ധികൾ ലഭിച്ചിരിക്കുന്നു. ഏതു ലോകത്തിലും സഞ്ചരിക്കാം. ഒരിടത്തും ഒരു തടസ്സവുമില്ല.

മറ്റൊന്നുകൂടി എടുത്തുപറയേണ്ടതായിട്ടുണ്ട്. മനുഷ്യനായിരുന്നപ്പോൾ തന്നെ വിഷ്ണുഭക്തി ഉണ്ടായിരുന്നു. വിദ്യാധരനായപ്പോൾ വിഷ്ണുഭക്തി വർദ്ധിച്ചതേയുള്ളൂ. അതിന്റെ ഫലമായി മഹാവിഷ്ണുവിന്റെ അനുഗ്രഹം നേടി. ഭഗവാനിൽനിന്ന് ഒരു ദിവ്യവിമാനവും കിട്ടി. ചിത്രകേതു ദിവ്യവിമാനത്തിലായി പിന്നീടത്തെ സഞ്ചാരം.

ഒരിക്കൽ ചിത്രകേതു ആകാശസഞ്ചാരംചെയ്കയായിരുന്നു. താഴെ ഒരിടത്തു കുറെപ്പേരെ കണ്ടു. അവരുടെ അടുക്കലായി ചെന്നിറങ്ങി കുറെ മുനിമാർ. അവരുടെ നടുവിൽ ശിവൻ. ശിവന്റെ തൊട്ടടുത്ത് ശ്രീപാർവതി. കഷ്ടകാലം എന്നല്ലാതെ എന്തു പറയാൻ? ശിവനും ശ്രീപാർവതിയും ഒന്നിച്ചിരുന്നില്ലേ? അതു കണ്ടിട്ട് ചിത്രകേതുവിനു പിടിച്ചില്ല.

അദ്ദേഹം ഉറക്കെ ഒന്നു ചിരിച്ചു.

ആ ചിരിയിൽ പരിഹാസം നിറഞ്ഞുനിന്നു.

“ശിവൻ ലോകഗുരുവാണത്രെ! മഹാതപസ്വിയാണത്രെ! എന്നിട്ടാണു ഭാര്യയോടുകൂടി കഴിയുന്നത്! ഇതൊട്ടും യോജിച്ചതല്ല. ലജ്ജയില്ലാത്ത പെരുമാറ്റം!” ചിത്രകേതു പറഞ്ഞു.

സാധാരണയായി ആരെയും ഇങ്ങനെയൊന്നും ആക്ഷേപിച്ചുകൂടാ. ശിവന്റെ കാര്യം പിന്നെ പറയണോ? കേട്ടിരുന്ന മുനിമാർ ചകിതരായി.

ശ്രീപാർവ്വതിയുടെ ദേഷ്യം പൊട്ടിപ്പുറപ്പെട്ടു.

"ചിത്രകേതൂ, നിന്റെ അഹമ്മതി അതിരു കടന്നിരിക്കുന്നു. അതിനുള്ള ശിക്ഷ നീ അനുഭവിച്ചേ കഴിയൂ. ഞാനിതാ നിന്നെ ശപിക്കുന്നു—നീ അസുരനായി ജനിക്കുമാറാകട്ടെ!" ദേവി വിളിച്ചുപറഞ്ഞു.

അപ്പോഴേക്കും ചിത്രകേതുവിന്റെ വിവേകബുദ്ധി തിരിച്ചുവന്നു. ഗർവം നിശ്ശേഷം തീർന്നു. അതിയായ പശ്ചാത്താപവും ഉണ്ടായി.

"ദേവി! അടിയനു മാപ്പുതരണം!" ചിത്രകേതു യാചിച്ചു.

അതിനുശേഷം വിദ്യാധരനായ രാജാവു വിമാനം കയറി അവിടന്നു യാത്രയായി.

ദേവിയുടെ ശാപം ഫലിക്കുമാറായി. ചിത്രകേതു അസുരനായി ജന്മമെടുത്തു. എങ്ങനെയെന്നോ? ത്വഷ്ടാവിന്റെ ഹോമാഗ്നിയിൽ, വൃത്രാസുരനായിട്ട്!

രാജാവായിരുന്നപ്പോൾ, വിദ്യാധരനായിരുന്നപ്പോൾ, നിഷ്കളങ്കമായ വിഷ്ണുഭക്തി ഉണ്ടായിരുന്നു. അസുരനായപ്പോഴും ആ വിഷ്ണുഭക്തി നിലനിന്നു—മുമ്പത്തേക്കാൾ കൂടുതലായിട്ട്. ചുരുക്കത്തിൽ, വിഷ്ണുഭക്തിയിൽ പ്രമുഖനായിരുന്നു വൃത്രാസുരൻ!

(ഭാഗവതം)

അജാമിളൻ

കന്യാകുബ്ജത്തിൽ അജാമിളൻ എന്നൊരാൾ ജീവിച്ചിരുന്നു. ബ്രാഹ്മണനായിരുന്നു അജാമിളൻ. പക്ഷേ, ജനനത്തിൽ മാത്രമായിരുന്നു ബ്രാഹ്മണത്വം. ഏറ്റവും ഹീനമായിരുന്നു നടപടികളും പെരുമാറ്റങ്ങളും. വൃദ്ധരായ മാതാപിതാക്കളുണ്ട് അജാമിളന്. അയാൾ അവരെ വിട്ടുപോയി. പതിവ്രതയായ ഭാര്യയുണ്ട് അയാൾക്ക്. എന്നിട്ട് അയാൾ ആ ഭാര്യയെ ഉപേക്ഷിച്ച് ഒരു ദാസിയെ ഭാര്യയുമാക്കി. നീചയായ സ്ത്രീയായിരുന്നു ദാസി. പുതിയ ഭാര്യയെപ്പോലെ നീചത്വമുണ്ടായി അജാമിളനും. ജപവുമില്ല, തപവുമില്ല എന്ന മട്ടാണ്. അതാണെങ്കിലും പോട്ടെന്നുവയ്ക്കാം. കക്കുക, കവരുക, വഞ്ചിക്കുക, കള്ളച്ചൂതു കളിക്കുക—അങ്ങനെ എന്തെല്ലാം ദുഷ്പ്രവൃത്തികൾ! അവയൊക്കെചെയ്ത് പണമുണ്ടാക്കും, ആ പണംകൊണ്ട് ഭാര്യയെ പുലർത്തും. ഒന്നൊന്നായി പുത്രന്മാരുമുണ്ടായി. കുടുംബം വലുതാവും തോറും അജാമിളന്റെ ദുഷ്പ്രവൃത്തികളും കൂടുതലായി. ഒടുവിൽ കുടുംബം വളരെ വലുതായി—അജാമിളനും ഭാര്യയും പത്തു പുത്രന്മാരും!

അജാമിളന് എൺപത്തെട്ടു വയസ്സായി.

ഏറ്റവും ഒടുവിലത്തെ മകനു പ്രായം വളരെ കുറവാണ്. നാരായണൻ എന്നാണ് അവന്റെ പേര്. അജാമിളന് അനേകം ദൃഷ്യങ്ങളുണ്ട്. ശരിയാണ്. എങ്കിലും നാരായണനോട് അങ്ങേയറ്റത്തെ വാത്സല്യമുണ്ട്. പൊന്നോമനമകന്റെ സംഭാഷണം കേൾക്കുക; അവനെ പലവിധത്തിൽ ലാളിക്കുക; അവനെ ആലിംഗനംചെയ്യുക—അവയിലൊക്കെ അജാമിളൻ പരമാനന്ദം പൂണ്ടു. നാരായണൻ എപ്പോഴും അരികത്തു വേണം. പ്രത്യേകിച്ച് ഭക്ഷണം

കഴിക്കുമ്പോൾ. അവനെ ഭക്ഷണം കഴിപ്പിച്ചേ അജാമിളൻ ഭക്ഷിക്കൂ. ഒരു നിമിഷം നാരായണനെ പിരിഞ്ഞിരിക്കുക—അത് അയാൾക്കു ദുസ്സഹമത്രെ!

ആ മൂഢൻ ഒന്ന് ആലോചിച്ചില്ല—തന്നെ മരണം സമീപിക്കുകയാണെന്ന്.

ഒരു നാൾ മരണം വന്നെത്തുകയുംചെയ്തു.

അക്കാര്യം അജാമിളനു മനസ്സിലായി. അയാൾക്കു ചില തെളിവുകളും കിട്ടി. തൊട്ടുമുൻപിലായി മൂന്നുപേർ നില്ക്കുന്നു. മനുഷ്യരല്ല; യമന്റെ കിങ്കരന്മാർ!

ഭയങ്കരമായിരുന്നു ആ രൂപങ്ങൾ. അവരുടെ മുഖം കണ്ടാൽ ആരും പേടിച്ചുപോകും. ദേഹങ്ങൾ കറുകറുത്തവയാണ്. അവയിൽ നിറയെ രോമവും. കൈയിൽ കയറുമുണ്ട്. അജാമിളന് ഒരു ബോധമുണ്ടായി- തന്നെ ഇവർ ഇപ്പോൾ കൊണ്ടുപോകും!

ആ അറിവ് അയാളെ തളർത്തി. അയാളുടെ സ്മരണ ഇളയപുത്രന്റെ നേർക്കു പാഞ്ഞു. നാരായണൻ ഇപ്പോൾ തന്റെ അരികത്തില്ല. അവൻ അങ്ങെവിടെയോനിന്നു കളിക്കുകയാണ്. ഉടനെതന്നെ അവനെ കാണണം.

"നാരായണാ! നാരായണാ!" അജാമിളൻ അകംനൊന്തു വിളിച്ചു.

പുത്രന്റെ പേര് നാരായണൻ എന്നായിപ്പോയി. അതുകൊണ്ടുമാത്രമാണ് അജാമിളൻ ആ പേരു വിളിച്ചത്. ശരിക്കും മഹാവിഷ്ണുവിന്റെ പേരാണത്. ആ പേര് മനുഷ്യർക്കും ഇടുന്നുവെന്നേയുള്ളു. അജാമിളൻ പുത്രനെയാണു വിളിച്ചത്; മഹാവിഷ്ണുവിനെയല്ല. എങ്കിലും ആ വിളിക്കു സൽഫലം ഉളവായി.

"നാരായണാ! നാരായണാ!" ആ വിളി ചില വിഷ്ണുദൂതന്മാർ കേൾക്കാനിടയായി.

ചാകാൻ കിടക്കുന്നവൻ ഭഗവാനെ വിളിക്കുകയാണ്—അതായി ആ വിഷ്ണുദൂതന്മാരുടെ തെറ്റിദ്ധാരണ. അവർ അജാമിളന്റെ അരികത്തു പാഞ്ഞെത്തി. അപ്പോൾ അവർ അജാമിളന്റെ മുൻപിൽ കണ്ടതോ? മൂന്നു യമകിങ്കരന്മാരെയും. ആ മനുഷ്യന്റെ ജീവൻ അപഹരിക്കുകയാണു യമകിങ്കരന്മാർ.

വിഷ്ണുദൂതന്മാർ യമകിങ്കരന്മാരെ വിലക്കിമാറ്റി.

യമകിങ്കരന്മാർക്ക് അതത്ര ഇഷ്ടപ്പെട്ടില്ല. വാസ്തവത്തിൽ വിഷ്ണുദൂതന്മാരാണ് അവരെന്ന് അറിഞ്ഞുമില്ല. ഏതോ ദിവ്യന്മാർ എന്നേ കരുതിയുള്ളു.

"ഞങ്ങൾ യമന്റെ കല്പന നടത്തുകയാണ്. ഞങ്ങളെ തടയാൻ നിങ്ങൾക്ക് അധികാരമില്ല. ആട്ടെ, ആരാണു നിങ്ങൾ? ദേവന്മാരോ? സിദ്ധന്മാരോ? എവിടന്നു വരുന്നു?" യമകിങ്കരന്മാർ അന്വേഷിച്ചു.

"ഞങ്ങൾ വിഷ്ണുദൂതന്മാരാണ്. നിങ്ങൾ എന്തിനാണ് ഈ മനുഷ്യനെ ഉപദ്രവിക്കുന്നത്?" വിഷ്ണുദൂതന്മാർ ചോദിച്ചു.

"ഇവൻ അജാമിളൻ എന്നവനാണ്. അനേകം പാപങ്ങൾ ഇവൻ ചെയ്തിട്ടുണ്ട്. ആ പാപങ്ങൾക്കുള്ള ശിക്ഷ ഇവൻ അനുഭവിച്ചേ കഴിയൂ. ഞങ്ങൾ ഇവനെ യമന്റെ അടുക്കലേക്കു കൊണ്ടുപോവുകയാണ്." യമകിങ്കരന്മാർ പറഞ്ഞു.

വിഷ്ണുദൂതന്മാർക്കു തൃപ്തിയായില്ല.

"ഹേ, യമകിങ്കരന്മാരേ, ഇവൻ പാപങ്ങൾ ചെയ്തതു ശരിയായിരിക്കാം. പക്ഷേ, ഇവൻ അവയ്ക്കു പ്രായശ്ചിത്തം ചെയ്തിരിക്കുന്നു. എന്തെന്നാൽ, ഇവൻ മരണസമയത്ത് നാരായണനെ വിളിച്ചു. മോക്ഷത്തെ നല്കുന്ന ഒന്നാണ്. 'നാരായണാ!' എന്ന വിളി. അജാമിളൻ അർഹിക്കുന്നതു ശിക്ഷയല്ല, മോക്ഷമാണ്." വിഷ്ണുദൂതന്മാർ ചൂണ്ടിക്കാട്ടി.

അവർ അജാമിളനെ യമകിങ്കരന്മാരുടെ കയറിൽനിന്നു മോചിപ്പിച്ചു.

എല്ലാം കണ്ടും കേട്ടും കിടക്കുകയാണ് അജാമിളൻ. യാതൊന്നും ഉച്ചരിക്കാനുള്ള ശക്തിയില്ലെങ്കിലും ഇപ്പോഴിതാ തനിക്കു മരണത്തിൽനിന്നും രക്ഷ കിട്ടിയിരിക്കുന്നു! അതോടുകൂടി അയാളുടെ അവശതകൾ എല്ലാം ഒഴിഞ്ഞു പോയി. അതിനൊക്കെ കാരണക്കാർ വിഷ്ണുദൂതന്മാരാണ്. അയാൾ ഉരുണ്ടുപിരണ്ട് എഴുന്നേറ്റു. വിഷ്ണുദൂതന്മാരെ ഭക്തിയോടെ പ്രണമിച്ചു.

വിഷ്ണുദൂതന്മാർ അപ്രത്യക്ഷരായി.

അജാമിളന്റെ മനസ്സാകെ മാറി. അതോ, ഒരു നിമിഷത്തിനുള്ളിലും. താൻ ചെയ്തിരുന്ന പാപങ്ങൾ—അവയുടെ സ്മരണകൾ മനസ്സിൽക്കൂടി പാഞ്ഞുപോയി. എത്ര ഘോരമായ പാപങ്ങളായിരുന്നു അവയെല്ലാം! പശ്ചാത്താപംകൊണ്ട് അയാളുടെ ഹൃദയം നീറിപ്പിടിച്ചു. പക്ഷേ, ആ വേദന മാറ്റുന്ന ഔഷധം ലഭിച്ചിരിക്കുന്നു—മറ്റൊന്നുമല്ല. വിഷ്ണുഭക്തി! ആ വിഷ്ണുഭക്തി ഹൃദയത്തിൽ അങ്ങനെ നുരഞ്ഞുപൊങ്ങി. എന്താണു ഭഗവാന്റെ കാരുണ്യം?

പിന്നീടു കാണിനേരംപോലും അജാമിളൻ അവിടെ തങ്ങിയില്ല. ഗൃഹത്തെ ഉപേക്ഷിച്ച് ഇറങ്ങിപ്പോയി—അതേസമയം ഭാര്യയെയും പുത്രന്മാരെയും. നേരെ ഹരിദ്വാരത്തിൽച്ചെന്നു. അവിടെയിരുന്നു തപസ്സും ആരംഭിച്ചു.

കാലം കഴിഞ്ഞതോടെ അവർ ദർശനമരുളി. അതായത്, അജാമിളനെ മരണത്തിൽനിന്നു രക്ഷിച്ചു വിഷ്ണുദൂതന്മാർ. അവർ തങ്ങളുടെ രൂപം അജാമിളനു നല്കി. അയാളോടുകൂടി സ്വർണ്ണവിമാനത്തിൽ കയറി. സ്വർണ്ണവിമാനം വിഷ്ണുലോകത്തേക്കു യാത്രയുമായി.

അജാമിളനെ കൊണ്ടുപോകാൻ വന്ന യമകിങ്കരന്മാരോ? വിഷ്ണുദൂതന്മാർ അവരെ പിന്തിരിക്കയുണ്ടായല്ലോ. ഉടനെതന്നെ അവർ സ്വാമിയായ യമനെ ചെന്നു കണ്ടു.

"അങ്ങേയ്ക്കാണു പാപികൾക്ക് ശിക്ഷ നല്കാനുള്ള അധികാരം. ഇക്കാലമത്രയും അതായിരുന്നു നിയമം. എന്നാൽ, ഇപ്പോഴിതാ അങ്ങയുടെ അധികാരം ഇല്ലാതായിരിക്കുന്നു. അങ്ങയുടെ കല്പനപ്രകാരം ഞങ്ങൾ അജാമിളനെ കൊണ്ടുവരാൻ പോയി. അയാൾ 'നാരായണാ! നാരായണാ!' എന്നു വിളിച്ചു. തൽക്ഷണം കുറെ വിഷ്ണുദൂതന്മാർ വന്നെത്തി. അവർ ഞങ്ങളെ മാറ്റിനിർത്തി." യമകിങ്കരന്മാർ സങ്കടം ബോധിപ്പിച്ചു.

അപ്പോൾ യമൻ ഒരു പരമാർത്ഥം അറിയിച്ചു:

"എനിക്കെന്നല്ല, സർവ്വത്തിനും അധീശ്വരനാണ് മഹാവിഷ്ണു. അജാമിളൻ ഭഗവാന്റെ നാമം ഉച്ചരിച്ചു. ആ നാമം അയാളെ പാപത്തിൽനിന്നു രക്ഷിച്ചു. അയാളെ ശിക്ഷിക്കുവാൻ ഞാൻ ആളല്ല!"

അങ്ങനെ യമകിങ്കരന്മാർക്കും മനസ്സിലായി വിഷ്ണുനാമത്തിന്റെ മാഹാത്മ്യം.

(ഭാഗവതം)

ഗജേന്ദ്രമോക്ഷം

പാൽക്കടലിൽ ഒരു ദ്വീപ്. ത്രികൂടം എന്നൊരു പർവ്വതമുണ്ട് ആ ദ്വീപിൽ. പതിനായിരം യോജന ചുറ്റളവുണ്ട് ത്രികൂടത്തിന്. പേര് സൂചിപ്പിക്കുന്നതു പോലെ മൂന്നു കൊടുമുടികളും. ഓരോ കൊടുമുടിക്കും ഓരോ തരത്തിലുള്ള ശോഭയുണ്ട്. ഒന്നിന് ഇരുമ്പിന്റെ ശോഭ. ഇനിയൊന്നിനു വെള്ളിയുടെ ശോഭ. മൂന്നാമത്തേതിനു സ്വർണ്ണത്തിന്റെ ശോഭയും.

ദ്വീപിന്റെ കരയിൽ പാൽക്കടൽത്തിരകൾ പച്ചരത്നങ്ങളെ അടിച്ചുകയറ്റുന്നു. സിദ്ധന്മാർ, ചാരണന്മാർ, വിദ്യാധരന്മാർ—അമ്മാതിരി വർഗ്ഗക്കാർ അവിടെ വിഹരിക്കുന്നു. താഴ്വരയിൽ ഋതുമത്ത് എന്നൊരു ഉദ്യാനമുണ്ട്. വരുണന്റെ വകയാണ് ആ ഉദ്യാനം. അവിടെ പലതരം ഫലവൃക്ഷങ്ങൾ തിങ്ങിനില്ക്കുന്നു. അതുപോലെ പലതരം പൂക്കളുള്ള ലതകളും. വിശാലമായ ഒരു തടാകവുമുണ്ട് അവിടെ. ആ തടാകത്തിൽ ഉണ്ടായതാണ് ഈ സംഭവം.

വമ്പനായ ഒരു കൊമ്പനാന ആ പരിസരത്തിൽ വിഹരിച്ചിരുന്നു. അവൻ പിടിയാനകളുടെ അകമ്പടിയോടെ മദംപൂണ്ട് സഞ്ചരിക്കും. വൻമരങ്ങളെ കുത്തിമറിക്കുന്നതിൽ എന്തു രസമാണ് അവന്. മറ്റു മൃഗങ്ങൾ അവനെ കണ്ടാൽ മതി. ഓടി ഒളിച്ചുകളയും. അവൻ ഒരു ആനപ്പറ്റത്തിന്റെ തലവനുമാണ്.

ഒരു ദിവസം ആ ഗജേന്ദ്രനു ദാഹമുണ്ടായി. അപ്പോൾ മന്ദമായ ഒരു കാറ്റു വീശുന്നുണ്ടായിരുന്നു. കാറ്റിലൂടെ ഒരു മണം ഗജേന്ദ്രന്റെ തുമ്പിക്കൈയിൽ കടന്നുകയറി. താമരപ്പൂമ്പൊടിയുടെ മണമായിരുന്നു അത്. തടാകത്തിലെ താമരപ്പൂക്കളിൽനിന്നാണ് മണം പുറപ്പെടുന്നത്. ഗജേന്ദ്രൻ തടാകം കണ്ടെത്തി ജലത്തിൽ ഇറങ്ങിനിന്നു. തുമ്പിക്കൈയിലൂടെ മതിയാവോളം ജലം വലിച്ചുകുടിച്ചു. പിന്നീടു പുറത്തെല്ലാം കോരിയൊഴിച്ചു. അതോടെ ദാഹവും ക്ഷീണവും തീരുകയായി.

ആനപ്പറ്റം അവന്റെ പുറകെ കുടിയിരുന്നു. നേതാവ് ചെയ്തില്ലേ വെള്ളം കുടിക്കലും മറ്റും. അതുപോലെയൊക്കെ ചെയ്തു പറ്റത്തിലെ മറ്റാനകളും.

ജലത്തിനടിയിൽ അപായം പതിയിരിക്കുന്നു—അക്കാര്യം ഗജേന്ദ്രൻ അറിഞ്ഞതേയില്ല.

അപായം ഒരു മുതലയുടെ രൂപം പൂണ്ടിരിക്കയാണ്—സാധാരണ മുതലകളേക്കാൾ എത്രയോ വലുപ്പവും ബലവുമുള്ള ഒരു മുതല!

പെട്ടെന്ന് അതു സംഭവിച്ചു. മുതല ജലത്തിനടിയിൽക്കൂടി വായും പിളർന്നു നീന്തിവന്നു. ഗജേന്ദ്രന്റെ കാലിൽ കേറി ഒരൊറ്റ കടി!

എന്തൊരു വേദനയാണ് ഗജേന്ദ്രനുണ്ടായത്! അവൻ ശക്തിയിൽ കാൽ വലിച്ചെടുക്കാൻ ശ്രമിച്ചു. പക്ഷേ, ആ ശ്രമം ഒട്ടുംതന്നെ പ്രയോജനപ്പെട്ടില്ല. മുതല അത്ര ബലമായി കടിച്ചുപിടിച്ചിരിക്കയാണ്.

പറ്റത്തിൽ കൊമ്പനാനകളുണ്ട്, പിടിയാനകളുണ്ട്. അവരിൽ ആർക്കും നേതാവിനെ സഹായിക്കാൻ സാധിച്ചില്ല. എല്ലാവരുംകൂടി ഉറക്കെ നിലവിളിതുടങ്ങി.

ഗജേന്ദ്രന്റെ കാൽ മുതലയുടെ വായ്ക്കുള്ളിലാണ്. അവൻ ബലപ്പിച്ചു കാൽ വലിക്കുന്നു. മുതല വിടാതെ കടിച്ചുപിടിച്ചു വലിക്കുന്നു. ആ വലി

അങ്ങോട്ടും ഇങ്ങോട്ടും തുടർന്നുപോകുന്നു. അതങ്ങനെ സമനിലയിൽ നില്ക്കുകയുംചെയ്യുന്നു.

എത്ര കാലം അങ്ങനെ നീണ്ടുനിന്നുവെന്നോ? ആയിരം വർഷക്കാലം! അപ്പോഴേക്കും ഗജേന്ദ്രന്റെ ബലത്തിനു ക്ഷയമുണ്ടായി—ദേഹബലത്തിനു മാത്രമല്ല, മനോബലത്തിനും. ഒരു ബോധം അവന്റെ മനസ്സിൽ അങ്കുരിച്ചു—തന്റെ മരണം അടുത്തിരിക്കുന്നു! എന്താണിനി ചെയ്യുക? അവന്റെ വിചാരം പല വഴിക്കുപോയി.

"എന്റെ പറ്റത്തിലുള്ള ആനകൾ എന്നെ രക്ഷിക്കാൻ കെല്പുള്ളവരല്ല. ഈ മുതലയുടെ പിടിത്തം കാലപാശംപോലെയാണ്. ഇനി എനിക്കു മഹാവിഷ്ണു മാത്രമേയുള്ളു ശരണം. മഹാവിഷ്ണു സകലരെയും മരണഭയത്തിൽനിന്നു രക്ഷിക്കുന്നു!"

പിന്നീട് ഗജേന്ദ്രൻ ചെയ്തത് എന്തായിരുന്നു? മനസ്സിൽനിന്ന് എല്ലാ ചിന്തകളെയും ഒഴിവാക്കി—മഹാവിഷ്ണുവിനെക്കുറിച്ചുള്ള ചിന്തയൊഴിച്ച്! മറിച്ചുപറഞ്ഞാൽ, അവരെ മനസ്സ് മഹാവിഷ്ണുവിൽ മുഴുകി—മഹാവിഷ്ണുവിൽ മാത്രം!

"ഭഗവാനേ, രക്ഷിക്കണേ!" അവൻ പ്രാർത്ഥിച്ചു.

ആ പ്രാർത്ഥന കേട്ടു മഹാവിഷ്ണു. മുതലയുടെ പിടിയിൽ അകപ്പെട്ടിരിക്കയാണ് ഈ ആന. എന്നിട്ടും കണ്ടില്ലേ അവന്റെ ഭക്തി? ഭഗവാൻ ഗജേന്ദ്രന്റെ മുമ്പിൽ പ്രത്യക്ഷനായി.

ആ ദിവ്യദർശനം ഗജേന്ദ്രനെ പരമാനന്ദത്തിൽ ആഴ്ത്തി. ഭഗവാനെ അർച്ചിക്കണമെന്നും ആഗ്രഹമുണ്ടായി. അവൻ വെള്ളത്തിലേക്കു തുമ്പിക്കൈ നീട്ടി. വിരിഞ്ഞുനിന്ന ആ താമരപ്പൂവ് പറിച്ചെടുത്തു. താമരപ്പൂവ് തുമ്പിക്കൈയിൽ ഉയർത്തിപ്പിടിച്ചു.

"ഭഗവാനേ, അടിയനിതാ നമസ്കരിക്കുന്നു!" അവൻ ഗദ്ഗദത്തോടെ പറഞ്ഞു.

ഗരുഡന്റെ പുറത്തിരുന്നാണ് മഹാവിഷ്ണു പ്രത്യക്ഷപ്പെട്ടത്. ഗരുഡൻ പക്ഷിവാഹനത്തിന്റെ പുറത്തുനിന്നു നിലത്തിറങ്ങി. ഗജേന്ദ്രന്റെ തുമ്പിക്കൈയിൽ പിടിച്ച് ഒന്നു വലിച്ചു. ഗജേന്ദ്രൻ വെള്ളത്തിൽനിന്നു കരയിലായി. അവനോടൊന്നിച്ച് അവന്റെ കാലിൽ കടിച്ചുപിടിച്ചിരിക്കുന്ന മുതലയും!

ഭഗവാൻ തൃച്ചക്രം പ്രയോഗിച്ച് മുതലയുടെ തല വേറാക്കി.

ഗജേന്ദ്രൻ സ്വതന്ത്രനായി. ആയിരം വർഷമായിട്ട് അവൻ വേദന അനുഭവിക്കയായിരുന്നു. ഇപ്പോൾ അവനു രക്ഷ കിട്ടിയിരിക്കുന്നു. ദേവന്മാർ വാദ്യങ്ങൾ മുഴക്കി. ഗന്ധർവന്മാർ ഗാനാലാപനംചെയ്തു. ഋഷിമാർ സ്തോത്രങ്ങൾ ഉരുവിട്ടു. എല്ലാവർക്കും ആഹ്ലാദം.

അതാ, ഒരു അത്ഭുതം! മുതലയുടെ ശരീരത്തിൽനിന്ന് ഒരു ഗന്ധർവൻ ഉയരുന്നു! സന്നിഹിതർ ഗന്ധർവ്വനെ നോക്കിനിന്നു.

വാസ്തവത്തിൽ മുതല ഒരു ഗന്ധർവൻ ആയിരുന്നു. അഥവാ, ഗന്ധർവൻ മുതലരൂപം ധരിച്ചിരുന്നു. ഹൂഹൂ എന്നായിരുന്നു ഗന്ധർവന്റെ പേര്. പണ്ടൊരിക്കൽ ഹൂഹൂവിന് ഒരു ശാപമേറ്റിരുന്നു.

ഒരു നാൾ ഹൂഹൂ ഒരു സരസ്സിൽ സ്നാനം ചെയ്യുകയായിരുന്നു. സുന്ദരികളായ കുറെ ഗന്ധർവസ്ത്രീകളുമുണ്ട് ഹൂഹൂവിനോടൊന്നിച്ച്. കോലാ

ഹലമായി നീന്തിക്കളിക്കുകയാണ് എല്ലാവരും ചേർന്ന്. അപ്പോഴാണ് മറ്റൊരാൾ കുളിക്കാനായി സരസ്സിൽ വന്നിറങ്ങിയത്. ദേവലൻ എന്ന മുനിയായിരുന്നു ആ ആൾ. ഹൂഹൂവിന് ഒരു തമാശ തോന്നി. ആ തമാശ തന്നെ കുഴിയിൽ ചാടിക്കും—അക്കാര്യം ഗന്ധർവൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. താൻ വെള്ളത്തിനടിയിലൂടെ മുക്കിളിയിട്ടു ചെല്ലണം; ദേവലന്റെ കാലിൽപ്പിടിച്ചൊന്നു വലിക്കണം; അപ്പോൾ ആ മുനി വെള്ളത്തിൽ തലകുത്തി വീഴും ; തനിക്കും ഗന്ധർവസ്ത്രീകൾക്കും കാണാൻ നല്ല തമാശയായിരിക്കും! ഹൂഹൂ നിശ്ചയിച്ചതുപോലെ ചെയ്യുകയുമായി. പക്ഷേ, തമാശയെന്ന് ദേവലനു തോന്നിയില്ല. പോരെങ്കിൽ കടുത്ത കോപവുമുണ്ടായി.

"നീ മുതലയായിപ്പോകട്ടെ!" മുനി ഗന്ധർവ്വനു ശാപമേകി.

കാര്യം തകരാറായെന്ന് ഹൂഹൂവിനു മനസ്സിലായി. അതിയായ പശ്ചാത്താപവും ഉണ്ടായി. പക്ഷേ, അതുകൊണ്ടു പ്രയോജനമെന്ത്? ഏറ്റിരിക്കുന്ന ശാപം ഫലിക്കാതിരിക്കയില്ല.

ഗന്ധർവ്വൻ ശാപമോക്ഷം യാചിച്ചു.

"മഹാവിഷ്ണുവിന്റെ കരസ്പർശം ഉണ്ടാവുമ്പോൾ നിനക്കു പൂർവരൂപം കിട്ടും." ദേവലൻ ശാപമോക്ഷം നല്കി.

ആ ശാപമോക്ഷമാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. പൂർവ്വരൂപം വീണ്ടുകിട്ടിയ ഹൂഹൂ മഹാവിഷ്ണുവിനെ ഭക്തിപൂർവ്വം നമസ്കരിച്ചു. സ്തോത്രങ്ങളിലൂടെ വാഴ്ത്തി സ്തുതിച്ചു. പിന്നീടു വലംവെച്ചു. അതിനു ശേഷം ഗന്ധർവ്വലോകത്തിലേക്കു യാത്രയായി.

(ഭാഗവതം)

ഇന്ദ്രദ്യുമ്നൻ II

മുതലയ്ക്കു മാത്രമേ പൂർവ്വജന്മം ഉണ്ടായിരുന്നുള്ളോ? അല്ല. ഗജേന്ദ്രനും ഉണ്ടായിരുന്നു. ഗന്ധർവ്വനല്ല, മനുഷ്യനായിരുന്നു എന്നൊരു വ്യത്യാസമുണ്ട്. വെറും മനുഷ്യൻ എന്നു പറഞ്ഞാൽ പോരാ, രാജാവായിരുന്നു. പേര് ഇന്ദ്രദ്യുമ്നൻ എന്ന്. ഭരിച്ചിരുന്നത് പാണ്ഡ്യരാജ്യവും.

(അന്യത്ര പറഞ്ഞിട്ടുള്ള ഇന്ദ്രദ്യുമ്നനല്ല ഇദ്ദേഹം.)

പരമഭക്തൻ ആയിരുന്നു രാജാവ്. ഇഷ്ടദേവത മറ്റാരുമല്ല, മഹാവിഷ്ണുതന്നെ. വിഷ്ണുപൂജ മുതലായ കർമ്മങ്ങളിൽ വലിയ നിഷ്ഠയുണ്ട് അദ്ദേഹത്തിന്. വ്രതങ്ങളിൽ ഒരു പിഴയും വരുത്തുകയുമില്ല. ഒരിക്കൽ ഇന്ദ്രദ്യുമ്നൻ തപസ്സിനായി പർവ്വതത്തിലേക്കു പോയി. മലയാചലം എന്ന പർവ്വതമായിരുന്നു അത്. അവിടെയിരുന്ന് അദ്ദേഹം തപവും ജപവും ആരംഭിച്ചു. അതേസമയം മൗനവ്രതവും അനുഷ്ഠിച്ചു.

ഒരിക്കൽ ഇന്ദ്രദ്യുമ്നൻ ആരാധന നടത്തുകയായിരുന്നു. അപ്പോൾ യദൃച്ഛയാ ഒരു മഹർഷി അവിടെ വന്നുകയറി. മഹാതപസ്വിയായ അഗസ്ത്യനാണു വന്നത്. മഹർഷിയോടൊന്നിച്ചു കുറെ ശിഷ്യന്മാരുമുണ്ട്. ഇന്ദ്രദ്യുമ്നൻ മഹർഷിയെയും ശിഷ്യന്മാരെയും സല്കരിച്ചില്ല. അതെന്തിന്, അദ്ദേഹം

ഒരക്ഷരം ഉരിയാടിയുമില്ല. ആരാധന ചെയ്കയായിരുന്നല്ലോ ആ സമയം. ഒരു വിധത്തിലും ആരാധന മുടങ്ങാൻ പാടുള്ളതല്ല.

അഗസ്ത്യമഹർഷി സ്വതവേ ശാന്തനാണ്. സാധാരണയായി അദ്ദേഹം കുപിതനാകാറില്ല. ഇന്ദ്രദ്യുമ്നന്റെ ഭാഗ്യദോഷം എന്നല്ലേ പറയേണ്ടു? അഗസ്ത്യന് ഈയവസരത്തിൽ കടുത്ത കോപമുണ്ടായി. രാജാവ് തന്നെ മനഃപൂർവ്വം സത്കരിക്കാത്തതാണ്; തന്നെ അപമാനിക്കുക എന്നതാണ് രാജാവിന്റെ ഉദ്ദേശ്യം—അതായി മഹർഷിയുടെ തെറ്റിദ്ധാരണ.

"നീ ഗജമായിത്തീർന്ന് അജ്ഞാനത്തെ പ്രാപിക്കുമാറാകട്ടെ!" മഹർഷി ശാപമേകി.

അദ്ദേഹം ഉടനെതന്നെ ഇറങ്ങി ഒരൊറ്റ പോക്ക്. പിന്നാലെ അദ്ദേഹത്തിന്റെ ശിഷ്യന്മാരും.

ശാപം യഥാകാലം ഫലിക്കുമാറായി. ഇന്ദ്രദ്യുമ്നൻ ഗജേന്ദ്രനായി ജന്മമെടുത്തു. ഒടുവിൽ മുതല പിടിക്കുകയുംചെയ്തു. അപ്പോൾ മരണത്തെ മുന്നിൽ കാണുകയായി. പൂർവ്വജന്മത്തിന്റെ സ്മരണയും ഉണ്ടായി. അതോടെ ഭഗവാനെ സ്തുതിക്കാനും ആരംഭിച്ചു.

പൂർവ്വജന്മത്തിലും ചെയ്തിരുന്നല്ലോ നിരന്തരമായ വിഷ്ണുപൂജ. അതിനുള്ള സൽഫലം ഈ സമയം കൈവരികയുംചെയ്തു. ഇന്ദ്രദ്യുമ്നനു നാലു കൈകൾ ഉണ്ടായിവന്നു. അതോടൊന്നിച്ചു മനോഹരമായ നീലനിറവും. ചുരുക്കത്തിൽ വിഷ്ണുദൂതന്റെ സ്വരൂപം!

മഹാവിഷ്ണു വൈകുണ്ഠത്തിലേക്കു മടങ്ങി. അതേസമയം ഭഗവാൻ മറ്റൊന്നും ചെയ്തു—പുതിയ വിഷ്ണുദൂതനെ കൂടെ കൊണ്ടുപോയി!

(ഭാഗവതം)

അംബരീഷൻ

ഏഴു ദ്വീപുകളും ഉൾക്കൊണ്ട ഭൂമിയുടെ ആധിപത്യം; അതിവിപുലവും അക്ഷയവുമായ സമ്പത്ത്; ഇഹലോകത്തിലെ സകല സൗഖ്യങ്ങളും—അവയെല്ലാം അംബരീഷന് സ്വാധീനമാണ്. പക്ഷേ, അവയൊന്നുമായിരുന്നില്ല അദ്ദേഹത്തിന്റെ മാഹാത്മ്യത്തിനു കാരണം. രാജാവിന്റെ വിഷ്ണുഭക്തി ആയിരുന്നു അത്. അപാരമായിരുന്നു ആ ഭക്തി. മനസ്സ് വിഷ്ണുവിനെ ധ്യാനിക്കുവാൻ; നാവ് വിഷ്ണുകീർത്തനങ്ങൾ പാടാൻ; കൈകൾ വിഷ്ണുപൂജ നിർവഹിക്കുവാൻ; കാതുകൾ വിഷ്ണുകഥകൾ കേൾക്കുവാൻ; കണ്ണുകൾ വിഷ്ണുവിഗ്രഹങ്ങളെ കാണുവാൻ; ശിരസ്സ് വിഷ്ണുവിനെ നമിക്കുവാൻ—അതായിരുന്നു അദ്ദേഹത്തിന്റെ രീതി. പോരേ?

ഒന്നൊന്നായി പല അശ്വമേധയാഗങ്ങളും അംബരീഷൻ അനുഷ്ഠിച്ചു. എവിടമായിരുന്നു യാഗങ്ങളുടെ രംഗം? സരസ്വതീനദിക്ക് എതിരെയുള്ള ഒരു മരുഭൂമി. കാർമികത്വം വഹിച്ചവർ ആരൊക്കെയാണ്? വസിഷ്ഠൻ, അസിതൻ, ഗൗതമൻ മുതലായ മഹർഷിമാർ. സദസ്യരുടെ ഇടയിൽ ദേവന്മാരും ഉണ്ടായിരുന്നു. മഹാവിഷ്ണു അംബരീഷനിൽ പ്രസാദിച്ചിരിക്കുന്നു—അക്കാര്യം പ്രത്യേകിച്ചും പറയേണ്ടതായിട്ടില്ലല്ലോ.

ഒരിക്കൽ രാജാവ് ഒരു മഹാവ്രതം അനുഷ്ഠിച്ചു—രണ്ടു വർഷംകൊണ്ട് പൂർത്തിയാവുന്ന ദ്വാദശീവ്രതം.

ഒടുവിൽ അവസാനത്തെ ദ്വാദശിയും വന്നെത്തി.

അംബരീഷൻ കാളിന്ദീനദിയിൽ സ്നാനംചെയ്തു. അതിനുശേഷം മധുവനത്തിൽ പ്രവേശിച്ചു. അവിടെയിരുന്ന് മഹാവിഷ്ണുവിനെ ആരാധിച്ചു. ഒടുവിൽ ഒരു മഹാദാനവുംചെയ്തു. പശുക്കളായിരുന്നു ദാനവസ്തുക്കൾ. അതും എങ്ങനത്തെ പശുക്കൾ? ധാരാളം പാലു ചുരത്തുന്നവയും ശാന്തസ്വഭാവമുള്ളവയും. അത്രയും പറഞ്ഞതുകൊണ്ടായില്ല. പശുക്കളുടെ കൊമ്പുകളിൽ സ്വർണ്ണവും കുളമ്പുകളിൽ വെള്ളിയും കെട്ടിയിരുന്നു. ശരീരങ്ങളിൽ വിലപിടിച്ച വസ്ത്രങ്ങൾ ധരിപ്പിച്ചുമിരുന്നു. ആ പശുക്കളുടെ എണ്ണമോ അറുപതു കോടിയും!

അവസാനത്തെ ചടങ്ങാണ് പാരണ. പക്ഷേ, പാരണയ്ക്കു മുമ്പിൽ ദുർവാസാവുമഹർഷി വന്നെത്തി. കടുകോപിയാണ് ദുർവാസാവെന്ന് എല്ലാവർക്കും അറിയാം. അംബരീഷൻ ധൃതിയിൽ എഴുന്നേറ്റ് മഹർഷിയെ നമസ്കരിച്ചു. അദ്ദേഹത്തെ സത്കരിച്ചു ഭദ്രാസനത്തിൽ ഇരുത്തി. അതിനുശേഷം ഭക്ഷണംകഴിക്കാൻ ക്ഷണിക്കയുംചെയ്തു.

ദുർവാസാവ് ആ ക്ഷണം സ്വീകരിക്കുകതന്നെയുണ്ടായി. ഭക്ഷണത്തിനുമുമ്പ് സ്നാനംചെയ്യേണ്ടതുണ്ടല്ലോ. അദ്ദേഹം സ്നാനത്തിനായി കാളിന്ദീനദിയിലേക്കു പോയി.

അംബരീഷൻ, മഹർഷി വരാനായി കാത്തിരുന്നു.

നാഴികകൾ ഒന്നൊന്നായി കടന്നുപോയി. അതോടൊന്നിച്ച് അംബരീഷന്റെ പരിഭ്രമം വർദ്ധിച്ചുകൊണ്ടിരുന്നു. പാരണയ്ക്കുള്ള സമയം അടുത്തടുത്തുവരികയാണ്. പ്രത്യേകമായുള്ള ഒരു സമയത്തുവേണം പാരണ കഴിക്കുവാൻ. ആ സമയത്തു ചെയ്തില്ലെങ്കിൽ വലിയ കുഴപ്പമാകും. വ്രതത്തിന്റെ നിയമം ഭംഗപ്പെട്ടാലോ, എന്തെന്തു വിനകൾതന്നെ വരികയില്ല! അതിഥിയായ മഹർഷി വന്നിട്ടേ പാരണ കഴിക്കാൻ പാടുള്ളു. അതിഥിയൊട്ടു വരുന്നുമില്ല. എന്താണിനി ചെയ്യുക?

വല്ലാതെ വിഷമിച്ചിരിക്കയാണ് അംബരീഷൻ. എന്തു ചെയ്താൽ തനിക്ക് അധർമം പിണയാതിരിക്കും? അതായി അദ്ദേഹത്തിന്റെ ആലോചന.

പെട്ടെന്ന് ഒരു യുക്തി തോന്നി. ജലപാനത്തെ ഭക്ഷണമായി വ്യാഖ്യാനിച്ചുകൂടെന്നില്ല. അതേസമയം അത് ഭക്ഷണമല്ല എന്നും കരുതാവുന്നതാണ്. മണ്ടാമത്തെ വ്യാഖ്യാനം ചെയ്തു അംബരീഷൻ. അദ്ദേഹം ജലപാനം കഴിച്ചു. എന്നിട്ട് ദുർവാസാവിനെ പ്രതീക്ഷിച്ച് ഇരിപ്പായി.

നേരം വളരെയധികം കഴിഞ്ഞു. അപ്പോഴാണ് മഹർഷി കാളിന്ദിയിലെ സ്നാനം അവസാനിപ്പിച്ചത്. അതിനുശേഷം നേരമെടുത്തു ജപം നടത്തി. പിന്നീട് പതുക്കെ നടന്ന് അംബരീഷന്റെ അരികിലെത്തി. മഹർഷിയുടെ മുഖത്ത് കോപത്തിന്റെ നിഴലുകൾ വ്യാപിച്ചിരുന്നു. ജ്ഞാനദൃഷ്ടികൊണ്ട് അദ്ദേഹം ഒന്ന് അറിഞ്ഞിരുന്നു—താൻ വരുന്നതിനുമുൻപ് രാജാവ് പാരണ കഴിച്ചിരിക്കുന്നു എന്ന്. മഹർഷിയുടെ കണ്ണുകൾ ചുവന്നിരിക്കുന്നു. ശരീരം വിറകൊള്ളുകയും ചെയ്യുന്നു—വിദ്വേഷത്തിന്റെ സ്പഷ്ടമായ ചിഹ്നങ്ങൾ.

അംബരീഷനു കാര്യം മനസ്സിലായി.

അദ്ദേഹം കൈകൂപ്പി നില്പായി.

ദുർവാസാവ് കൂടിനിന്നവരുടെ നേർക്കു തിരിഞ്ഞു:

"കണ്ടില്ലേ രാജാവു ചെയ്ത അന്യായം? എന്നെ ഭക്ഷണത്തിനു ക്ഷണിച്ചതാണ്. ആ സ്ഥിതിക്ക് ഞാൻ ഭക്ഷിക്കുംമുൻപ് രാജാവു ഭക്ഷിച്ചുകൂടാ. മദത്തിനും വേണം ഒരതിര്! വിഷ്ണുഭക്തി തൊട്ടുതെറിച്ചിട്ടില്ലാത്തവൻ! കർത്തവ്യബോധം എന്നൊന്ന് ഇല്ലാത്തവൻ! അധർമങ്ങൾ മടികൂടാതെ ചെയ്യുന്നവൻ! ഞാനിപ്പോൾ കാണിച്ചുകൊടുക്കാം!" ദുർവാസാവ് വിളിച്ചു പറഞ്ഞു.

അദ്ദേഹം സ്വന്തം ശിരസ്സിലെ ജടപിടിച്ചു. ആ ജടയെ ബലത്തോടെ നിലത്ത് ആഞ്ഞടിച്ചു. ആ നിമിഷം ഒരു ഭയങ്കര സത്വം അവിടെ ആവിർഭവിച്ചു. കൃത്യ എന്ന ഭയങ്കര സത്വമായിരുന്നു അത്. അഗ്നിപോലെ ജ്വലിക്കുകയാണ് കൃത്യ. കൈയിൽ ഉള്ളം നടുക്കുന്ന ഒരു വാളുമുണ്ട്. എന്തിനാണ് കൃത്യ വന്നിരിക്കുന്നത്! അംബരീഷനെ വധിക്കുവാൻ!

രാജാവിന്റെ നേർക്കടുത്തു സത്വം. പക്ഷേ, അദ്ദേഹം ഒരടി പുറകോട്ടു വെച്ചില്ല. അതേനിലയ്ക്കു നിന്നതേയുള്ളു. ഭീരുത്വം എന്നത് അദ്ദേഹത്തിന് ഇല്ലേയില്ല. യഥാർത്ഥ ഭക്തനുണ്ടോ ഭീരുത്വം?

അതാ ലഭിക്കുന്നു ഭക്തിക്കുള്ള പ്രതിഫലം!

മഹാവിഷ്ണുവിന്റെ സുദർശനചക്രം പ്രത്യക്ഷപ്പെട്ടു. ആ മഹായുധത്തെ ചെറുത്തുനിർത്തുന്ന എന്തുണ്ട് ലോകത്തിൽ? അത് കൃത്യയെ ഒറ്റയടിക്കു ദഹിപ്പിച്ചു—അഗ്നി സർപ്പത്തെ എന്നപോലെ!

ദുർവാസാവ് അന്ധാളിച്ചു. തന്റെ പ്രയത്നം നിഷ്ഫലമായെന്നോ? അതെ. സാധാരണ അപ്രകാരം സംഭവിക്കാറില്ല. ഇപ്പോൾ മറിച്ചായി. അതെങ്ങനെ? അതും പോട്ടെന്നുവയ്ക്കാം. തന്റെ നേർക്കു വരുന്നു സുദർശനചക്രം! അതിപ്പോൾ തന്നെയും വകവരുത്തും! മഹർഷി ഭയംകൊണ്ട് പരവശനായി. വല്ലവിധവും പ്രാണൻ രക്ഷിക്കണം. അദ്ദേഹം പുറംതിരിഞ്ഞ് നെട്ടോട്ടമോടി.

ദിവ്യശക്തികൾ പലതും ദുർവാസാവ് സംഭരിച്ചിട്ടുണ്ട്. അവയിൽ ഒന്നാണ് ശീഘ്രസഞ്ചാരം. മറ്റൊന്ന് സകല ദിക്കിലും പ്രവേശനവും. പക്ഷേ, അവ രണ്ടും ഇപ്പോൾ പ്രയോജനപ്പെട്ടില്ല. അദ്ദേഹം വളരെ വേഗത്തിൽ ഓടി. അനേകം സ്ഥലങ്ങളിൽ ചെന്നു. പോകുന്നിടത്തൊക്കെ സുദർശനചക്രവുമുണ്ട് പുറകെ!

ഭൂമിയിൽ, ആകാശത്തിൽ, സമുദ്രത്തിൽ, അന്യലോകങ്ങളിൽ—എല്ലായിടങ്ങളിലും പരിഭ്രാന്തനായി പാഞ്ഞുനടന്നു ദുർവാസാവ്. അവിടെയെല്ലാം പിന്തുടർന്നെത്തി സുദർശനചക്രം.

ഒരിടത്തും മഹർഷിക്കു രക്ഷ കിട്ടുന്നില്ല. ഒരാളും അദ്ദേഹത്തെ രക്ഷിക്കാൻ മുൻപോട്ടു വരുന്നില്ല. അദ്ദേഹം അന്തംവിട്ട് ബ്രഹ്മലോകത്തിൽ കടന്നുകയറി.

"ബ്രഹ്മദേവാ, എന്നെ ദഹിപ്പിക്കാനായി ഇതാ സുദർശനചക്രം വരികയാണ്. അവിടുന്ന് വല്ലവിധവും എന്നെ രക്ഷിക്കണം!" ദുർവാസാവ് കേണിരുന്നു.

പക്ഷേ, ബ്രഹ്മാവിന് ഒന്നും ചെയ്യാൻ സാധിച്ചില്ല.

"ദുർവ്വാസാവേ, മഹാവിഷ്ണുവിന്റെ മഹായുധമാണ് ഇത്. ഇതിനെതിരെ യാതൊന്നും ചെയ്യാൻ എനിക്കു ശക്തിയില്ല." ബ്രഹ്മാവ് ഖേദം പ്രകടിപ്പിച്ച് കൈയൊഴിഞ്ഞു.

മഹർഷി ബ്രഹ്മലോകം വിട്ടിറങ്ങി. അതിശീഘ്രം സഞ്ചരിച്ച് കൈലാസത്തിൽ എത്തി. ശിവനെ ശരണംപ്രാപിച്ച് സഹായം അഭ്യർത്ഥിച്ചു.

"ദുർവ്വാസാവേ, മഹാവിഷ്ണുവിനെ എതിരിടാൻ എനിക്കും ശക്തിയില്ല. ഭഗവാനോട് നേരിട്ട് സഹായം അപേക്ഷിച്ചുനോക്കൂ." ശിവൻ ഉപദേശിച്ചു.

മഹർഷി ശിവലോകത്തിൽനിന്നു പാഞ്ഞു. കഴിയുന്നത്ര വേഗത്തിൽ വൈകുണ്ഠത്തു ചെന്നു. അവിടെ എത്തിയിട്ടെങ്കിലും രക്ഷ കിട്ടിയോ? ഇല്ല. തൊട്ടുപിറകിൽ വരികയാണ് സുദർശനചക്രം. അതിന്റെ ചൂട് ശരീരത്തിൽ ഏല്ക്കുന്നുമുണ്ട്. ഓടുന്നതിന്റെ ക്ഷീണം, സുദർശനത്തിന്റെ ഉഷ്ണം—രണ്ടും കാരണം ദുർവ്വാസാവ് അത്യന്തം പരവശനായി. അദ്ദേഹം വല്ലവിധവും മഹാവിഷ്ണുവിന്റെ മുമ്പിലെത്തി. ഭഗവാനെ കാൽത്താമരകളിൽ വീണു വണങ്ങി.

"പ്രഭോ, അടിയൻ അവിടുത്തെ ഭക്തനോട് അപരാധം പ്രവർത്തിച്ചിരിക്കുന്നു. നിന്തിരുവടി അടിയനോട് ക്ഷമിച്ചരുളണം." മഹർഷി ഭിക്ഷക്കാരനെപ്പോലെ യാചിച്ചു.

മഹാവിഷ്ണുവിന് യാചന തിരസ്കരിക്കാൻ മനസ്സുണ്ടായില്ല.

"ദുർവ്വാസാവേ, ഞാൻ എന്റെ ഭക്തന്മാരുടെ അധീനതയിലാണ്. ഇക്കാര്യത്തിൽ നേരിട്ട് ഇടപെടാൻ അസമർത്ഥനുമാണ്. എങ്കിലും ഞാൻ ഒരു പായം പറഞ്ഞുതരാം. അങ്ങ് ഉപദ്രവിച്ച അംബരീഷനെത്തന്നെ അഭയംപ്രാപിക്കുക. മഹാഭാഗ്യവാനായ അവനോട് ക്ഷമായാചനംചെയ്യുക. എന്നാൽ, അങ്ങേയ്ക്ക് പ്രയോജനമുണ്ടാവും." ഭഗവാൻ കനിഞ്ഞരുളി.

അതൊരു വഴിയേ ശേഷിക്കുന്നുള്ളു—അക്കാര്യം ദുർവ്വാസാവിനു തീർച്ചയായി. അദ്ദേഹം വൈകുണ്ഠം വിട്ട് ഓടിത്തുടങ്ങി. അപ്പോഴും സുദർശനചക്രം പിറകിലുണ്ട്. ഒരു നിമിഷം ഓട്ടം നിർത്തിയാലോ? സുദർശനചക്രം തന്നെ ചുട്ടെരിക്കും. അതിൽ അദ്ദേഹത്തിനു യാതൊരു സംശയവും ഉണ്ടായിരുന്നില്ല.

ഒടുവിൽ അദ്ദേഹം അവിടെ എത്തിച്ചേർന്നു—എവിടെനിന്ന് ആദ്യം ഓട്ടം ആരംഭിച്ചുവോ, അവിടെ അതായത്, അംബരീഷന്റെ മുമ്പിൽ!

മഹർഷി രാജാവിനെ ദണ്ഡനമസ്കാരംചെയ്തു.

സാധാരണയായി രാജാക്കന്മാർ മഹർഷിമാരെ നമസ്കരിക്കുകയാണു പതിവ്. ഇപ്പോൾ പതിവിന് ഒരു വ്യത്യാസമുണ്ടായി. മഹർഷിക്ക് ജീവൻ രക്ഷിക്കാൻ അതൊരു വഴിയേ ഉണ്ടായിരുന്നുള്ളൂ.

പക്ഷേ, അംബരീഷന് അത് അത്യന്തം അരോചകമായി തോന്നി. തന്റെ പാദങ്ങളെ ദുർവാസാവു മഹർഷി പിടിക്കുകയെന്നോ? പ്രാണരക്ഷയ്ക്കായി മഹർഷി ഇപ്രകാരം ചെയ്യുകയാണ്—അദ്ദേഹത്തിന് ഏറ്റവും അപമാനകരമാണ് എങ്കിലും. രാജാവിന്റെ ഹൃദയം അനുകമ്പകൊണ്ട് ആർദ്രമായി. മഹർഷിയെ രക്ഷിക്കാൻ ഉദ്യുക്തനായി അദ്ദേഹം.

"മഹാവിഷ്ണുവിന്റെ ദിവ്യായുധമേ, ഞാനിതാ ഭക്തിയോടെ നമസ്കരിക്കുന്നു. മഹർഷിയെ വിട്ടുമാറണേ!"അദ്ദേഹം അപേക്ഷിച്ചു.

സുദർശനചക്രം പിന്മാറിയില്ല.

അംബരീഷൻ നിരാശപ്പെട്ടില്ല.

"ദാനത്തിന്റെയും യജ്ഞത്തിന്റെയും ധർമത്തിന്റെയും പുണ്യം എനിക്കുണ്ടെങ്കിൽ, വിഷ്ണുഭഗവാൻ എന്നിൽ പ്രസാദിക്കുന്നുവെങ്കിൽ, സുദർശനചക്രം അടങ്ങുമാറാകട്ടെ!" അദ്ദേഹം വിളിച്ചുപറഞ്ഞു.

അത്രയുമായപ്പോൾ വിഷ്ണുചക്രം പിൻവാങ്ങി.

ദുർവ്വാസാവിന് ആശ്വാസമായി. തന്നെ അംബരീഷൻ രക്ഷിച്ചു. രാജാവിനോട് അപാരമായ കൃതജ്ഞത തോന്നി.

"അംബരീഷാ, വിഷ്ണുഭക്തിയുടെ ദൃഷ്ടാന്തം ഞാനിതാ നേരിട്ടു കണ്ടിരിക്കുന്നു. ഞാൻ കുറ്റവും തെറ്റും ചെയ്തവനാണ്. എന്നിട്ടുകൂടി അങ്ങ് എന്നെ രക്ഷിച്ചിരിക്കുന്നു. വിഷ്ണുഭഗവാൻ ഏതൊരാൾക്കു സ്വാധീനമാണോ, ആ ആൾക്ക് എന്തുതന്നെ സാധിക്കുകയില്ല!" ദുർവ്വാസാവ് പറഞ്ഞു.

മഹർഷിയെ ഭക്ഷണത്തിനു ക്ഷണിച്ചിരുന്നല്ലോ രാജാവ്. ഭക്ഷണം കഴിച്ചിട്ടില്ല മഹർഷി. അതിനിടയ്ക്കാണ് ഇത്രയൊക്കെ സംഭവങ്ങൾ ഉണ്ടായത്. ഇനിയും ഭക്ഷണം വൈകിച്ചുകൂടാ. അദ്ദേഹം അതിഥിക്കു വിശിഷ്ടമായ ഭോജ്യങ്ങൾ നല്കി. അവ ഭുജിച്ച് മഹർഷി സംതൃപ്തനായി.

"അംബരീഷാ, അങ്ങയുടെ മാഹാത്മ്യത്തെ സ്വർഗ്ഗസ്ത്രീകൾ സ്തുതിച്ചുപാടും. അങ്ങയുടെ യശസ്സ് മനുഷ്യർ എന്നുമെന്നും വാഴ്ത്തുകയും ചെയ്യും." ദുർവ്വാസാവ് അനുഗ്രഹിച്ചു.

അതിനുശേഷം അദ്ദേഹം അവിടന്നു യാത്രയായി.

വ്രതം കഴിഞ്ഞയുടനെ അംബരീഷൻ ജലപാനം ചെയ്തിരുന്നല്ലോ. ദുർവ്വാസാവു വന്നിട്ടേ ഭക്ഷണം കഴിക്കൂ എന്നു നിശ്ചയിച്ചതുമാണ്. മഹർഷി വന്നു ഭക്ഷണം കഴിച്ചു യാത്രയായി. ഇതിനിടയ്ക്ക് ഒരു സംവത്സരം കഴിഞ്ഞിരിക്കുന്നു. ഇത്രയും കാലമായി രാജാവ് ആഹാരമില്ലാതെ കഴിയുകയാണ്. വെറും വെള്ളം കുടിക്കുകമാത്രമേ ചെയ്തിരുന്നുള്ളു. ഇപ്പോഴിതാ അദ്ദേഹം വീണ്ടും കഴിക്കുകയായി.

ആശ്ചര്യകരമായിരുന്നു അംബരീഷന്റെ സ്ഥൈര്യം.

(ഭാഗവതം)

ധ്രുവൻ

ഉത്താനപാദൻ എന്നൊരു രാജാവ്. അദ്ദേഹത്തിന് സുരുചി, സുനീതി എന്നു രണ്ടു പത്നിമാർ. സുരുചിയെയാണ് രാജാവിന് കൂടുതൽ ഇഷ്ടം. അക്കാരണത്താൽ സുരുചിയുടെ പുത്രനാണ് ഏറ്റവും പ്രിയങ്കരൻ. കൊച്ചുകുട്ടിയാണ് ആ രാജകുമാരൻ. പേര് ഉത്തമൻ എന്നും.

സുനീതിക്കും ഒരു പുത്രനുണ്ട്—ധ്രുവൻ. ഉത്തമനെക്കാൾ അല്പം ഇളപ്പമുണ്ട് ധ്രുവന്. ഒരു കാര്യം ധ്രുവനറിഞ്ഞിരുന്നില്ല. തന്നെക്കാൾ ഉത്തമനെയാണ് അച്ഛന് ഇഷ്ടമെന്ന്.

ഒരു നാൾ ധ്രുവന് ആ ദുഃഖസത്യം അറിവായി.

ഉത്താനപാദൻ ഉത്തമനെ മടിയിലിരുത്തി ലാളിക്കുന്നു. ആ സമയം ധ്രുവൻ അവിടെ വന്നുചേർന്നു. അതാ, ഉത്തമനുണ്ട് അച്ഛന്റെ മടിയിൽ ഇരിക്കുന്നു. അതു കണ്ടപ്പോൾ ധ്രുവന് ഒരാഗ്രഹമുണ്ടായി—തനിക്കും അച്ഛന്റെ മടിയിൽ ഇരിക്കണം! അവൻ നേരെ രാജാവിന്റെ അടുത്തേക്കോടി. എന്നിട്ടു മടിയിൽ കയറാൻ ശ്രമിച്ചു.

അച്ഛൻ അവനെ മാറ്റിനിർത്തി.

സുരുചി അതെല്ലാം കാണാൻ ഇടയായി. ആ രാജ്ഞിക്ക് ഒരു ഗർവ്വുണ്ട്—താനാണു ഭർത്താവിന് ഇഷ്ടപ്പെട്ടവൾ എന്ന്. അക്കാരണത്താൽ ഒരു വിശ്വാസം ഉളവായി—തന്നെക്കാൾ എത്രയോ താഴ്ന്നവളാണ് സുനീതി! ധ്രുവൻ തന്റെ ഭർത്താവിന്റെ പുത്രനാണ്. ശരിതന്നെ. എങ്കിലും അവനു ജന്മമേകിയതു താനല്ല, സുനീതിയാണ്. തന്റെ താഴേക്കിടയിൽ ഉള്ളവളാണ് സുനീതി. ആ നിലയ്ക്ക് ധ്രുവൻ ഉത്തമന്റെ സമനല്ല. സുരുചി ചൊടിച്ച് ധ്രുവനെ ശാസിച്ചു.

"ധ്രുവാ, നീ മഹാരാജാവിന്റെ മടിയിൽ കയറരുത്. അതിനു നിനക്ക് അധികാരമില്ല. കാരണം, നീ എന്റെ മകനല്ല എന്നതുതന്നെ. നിനക്ക് മഹാരാജാവിന്റെ മടിയിൽ ഇരിക്കണം, അല്ലേ? ശരി. അതിന് ഞാൻ നിനക്ക് ഒരു വഴി പറഞ്ഞുതരാം. നീ പോയി മഹാവിഷ്ണുവിനെ തപസ്സുചെയ്ത് പ്രസാദിപ്പിക്ക്. അതിനുശേഷം എന്റെ പുത്രനായി വന്ന് ജനിക്ക്!"

എത്ര ക്രൂരമായ വാക്കുകൾ! അതും വെറുമൊരു കുട്ടിയോട്! പാവപ്പെട്ട ധ്രുവൻ വല്ലാത്ത സങ്കടത്തിൽപ്പെട്ടുപോയി. തന്നെ സുരുചിയമ്മ കഠിനമായി ആക്ഷേപിച്ചു. എന്നിട്ടും തന്റെ അച്ഛൻ ഒരക്ഷരം മിണ്ടിയില്ല. എന്താണ് അച്ഛന്റെ മൗനത്തിന്റെ അർത്ഥം? സുരുചിയമ്മയോട് യോജിക്കുന്നു എന്നതുതന്നെ. ധ്രുവന് സുരുചിയോട് അതിയായ ദേഷ്യം തോന്നി. മാത്രമല്ല, ഉത്താനപാദനോടും. ദേഷ്യം തീർന്നപ്പോൾ പഴയപോലെ സങ്കടമായി. അവൻ പൊട്ടിക്കരഞ്ഞുകൊണ്ട് ഓടിപ്പോയി. അമ്മയായ സുനീതിയുടെ അരികിലേക്ക്.

അതിനുമുമ്പ് സുനീതി നടന്നതെല്ലാം അറിഞ്ഞിരുന്നു. അന്തഃപുരത്തിലെ പരിചാരികമാർ പറഞ്ഞ് അറിഞ്ഞതാണ്. അതാ, ഓമനമകൻ കരഞ്ഞുകൊണ്ട് ഓടിവരുന്നു! സുനീതി മകനെ പിടിച്ചു മാറോടണച്ചു. അവരുടെ കണ്ണുകളിൽനിന്ന് അശ്രുക്കൾ അടർന്നുവീണു. ചുണ്ടുകളിൽനിന്നു നെടുവീർപ്പു പുറപ്പെട്ടു. എന്തൊരു അനീതിയാണു ഭർത്താവ് പ്രവർത്തിച്ചത്! അതോ, തന്റെ പിഞ്ചോമനയോടും. പക്ഷേ, തനിക്ക് എന്തു ചെയ്യാനൊക്കും? അദ്ദേഹം തന്റെ ഭർത്താവായിപ്പോയി. പോരെങ്കിൽ നാടുവാഴുന്ന തമ്പുരാനും.

സുനീതി ധ്രുവനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

"മകനേ, സുരുചിയമ്മ പറഞ്ഞില്ലേ, അച്ഛന്റെ മടിയിലിരിക്കാൻ നിനക്കു യോഗ്യതയില്ലെന്ന്? ഒരുവിധത്തിൽ അവൾ പറഞ്ഞതു ശരിയാണ്. ഞാൻ ഭാര്യയാണെന്നു പറയാൻപോലും നിന്റെ അച്ഛൻ ലജ്ജിക്കുന്നു. നീ ഭാഗ്യഹീനയായ എന്റെ വയറ്റിൽ ജനിച്ചു. എന്റെ മുലപ്പാൽ കുടിച്ചു നീ വളർന്നു. അതാണു നിന്റെ ദുർഭാഗ്യം! നീ മഹാവിഷ്ണുവിനെ ഭജിക്കണമെന്ന് സുരുചിയമ്മ പറഞ്ഞു. അതും ഒന്നാലോചിക്കുമ്പോൾ ശരിയാണ്. നീ ഭഗവാനെ ആശ്രയിച്ചുകൊള്ളൂ. ഭഗവാൻ നിന്നെ കൈവെടിയുകയില്ല."

അമ്മയുടെ വാക്കുകൾ ധ്രുവനെ കൂടുതൽ ദുഃഖിപ്പിച്ചു. എങ്കിലും പിന്നീട് അവന്റെ ബാലഹൃദയം ശാന്തമായി. മഹാവിഷ്ണുവിനെ ആശ്രയിക്കുക—സുരുചിയമ്മയും പെറ്റമ്മയും അത് ആവശ്യപ്പെട്ടു. അതേ, അതൊന്നുമാത്രമേ ഇനി മാർഗ്ഗമുള്ളു. ധ്രുവൻ തീരുമാനം കൈക്കൊണ്ടു—കൊട്ടാരം വിട്ടുപോയി ഭഗവാനെ തപസ്സുചെയ്യും! അവൻ ഉടനെതന്നെ ഇറങ്ങിപ്പോയി.

വഴിയിൽവെച്ച് ധ്രുവൻ നാരദനെ കണ്ടുമുട്ടി.

ദിവ്യസിദ്ധികളുള്ള മഹർഷിയാണല്ലോ നാരദൻ. അദ്ദേഹത്തിന് ധ്രുവന്റെ വിവരങ്ങളെല്ലാം അറിവായിരുന്നു. ആശ്ചര്യംതന്നെ ആ കൊച്ചുരാജകുമാരന്റെ സ്ഥൈര്യം! മഹർഷിക്ക് ധ്രുവനോട് അതിയായ സ്നേഹം തോന്നി. അതോടൊന്നിച്ച് അനുകമ്പയും. ധ്രുവനെ കാണാൻ വന്നതാണ് അദ്ദേഹം.

"കുഞ്ഞേ, കളിയും കളിപ്പാട്ടങ്ങളുമായി കഴിയേണ്ടവനാണു നീ. അത്ര ഇളംപ്രായമാണ് നിനക്ക്. എന്നിട്ടും നീ തപസ്സിനായി ഇറങ്ങിത്തിരിച്ചിരിക്കുന്നു. തപസ്സുചെയ്യുന്നത് നല്ലതുതന്നെ. പക്ഷേ, തപസ്സ് എളുപ്പമാണ് എന്നു നീ ധരിക്കരുത്. ഏറ്റവും വിഷമംപിടിച്ചതാണ് അത്. ഈശ്വരനെ കണ്ടെത്തുക എന്നത് മഹർഷിമാർക്കുപോലും ദുസ്സാധ്യമാണ്. അപ്പോൾപ്പിന്നെ വെറും ബാലനായ നിന്റെ സ്ഥിതി പറയേണ്ടതുണ്ടോ? നീ രാജധാനിയിലേക്കു മടങ്ങിപ്പൊയ്ക്കൊള്ളൂ. അതാണ് നിനക്കു നല്ലത്. നല്ലകാലം വരാൻ സമയമായാലോ? അതു തനിയേ വന്നുകൊള്ളും." നാരദൻ പറഞ്ഞു.

പക്ഷേ, അത് ധ്രുവനു സ്വീകാര്യമായില്ല.

"മഹാത്മൻ, സുരുചിയമ്മ ക്രൂരവാക്കുകൾ പറഞ്ഞു. അവ എന്റെ ഹൃദയത്തെ മുറിപ്പെടുത്തിയിരിക്കുന്നു. ഞാൻ തപസ്സുചെയ്യാൻ ദൃഢനിശ്ചയം എടുത്തുകഴിഞ്ഞു. അതിനിനി ഇളക്കംവരികയുമില്ല. അങ്ങ് എനിക്കു വേണ്ടതായ ഉപദേശങ്ങൾ നല്കണം." ധ്രുവൻ താഴ്മയായി അപേക്ഷിച്ചു.

ധ്രുവന്റെ സ്ഥിരത നാരദനെ സന്തോഷിപ്പിച്ചു.

മഹർഷി ചില നിർദ്ദേശങ്ങൾ നല്കി. ധ്രുവൻ യമുനാതീരത്തുള്ള മധുവനത്തിൽ ചെല്ലണം; അവിടെയിരുന്നു മഹാവിഷ്ണുവിനെ തപസ്സുചെയ്യണം—അവയായിരുന്നു രണ്ടു നിർദ്ദേശങ്ങൾ. തപസ്സിനായി ഇന്നതൊക്കെ ചെയ്യണം, ഇന്നതൊക്കെ ചെയ്തുകൂടാ—അതും പറഞ്ഞുകൊടുത്തു. വേണ്ടതായ മറ്റു പല ഉപദേശങ്ങളും നല്കി.

ധ്രുവൻ നാരദനെ വന്ദിച്ചിട്ട് ഉടൻതന്നെ മധുവനത്തിലേക്കു യാത്രയായി.

നാരദൻ പോയതോ, ഉത്താനപാദന്റെ രാജധാനിയിലേക്കും.

രാജാവ് മഹർഷിയെ അതിയായ ആദരവോടെ പൂജിച്ചിരുത്തി.

"രാജൻ, എന്താണ് അങ്ങയുടെ മുഖം വാടിയിരിക്കുന്നത്? വല്ല തകരാറും ഉണ്ടായിട്ടുണ്ടോ?" മഹർഷി ചോദിച്ചു.

വാസ്തവത്തിൽ ഉത്താനപാദനു ദുഃഖിക്കാൻ കാരണമുണ്ട്. ധ്രുവനോടു താൻ അനീതി പ്രവർത്തിച്ചു—ആ ബോധം രാജാവിന് ഉണ്ടായിരുന്നു. അതിൽ കടുത്ത പശ്ചാത്താപവും.

"മഹർഷേ, ഞാൻ കാരണം എന്റെ അഞ്ചു വയസ്സുള്ള മകൻ പുറപ്പെട്ടുപോയി. സകല ഗുണങ്ങളും തികഞ്ഞവനാണ് ധ്രുവൻ. അവൻ പോകാനിടവരുത്തിയ ഞാൻ മൂഢനാണ്. ദുഷ്ടനാണ്. പാവം കുട്ടി! കാട്ടിലേക്കു

പോയ അവനെ ആരു രക്ഷിക്കും? അവനെ വന്യമൃഗങ്ങൾ കൊന്നുതിന്നാലോ? എല്ലാം എന്റെ കുറ്റംതന്നെ." ഉത്താനപാദൻ പറഞ്ഞു നെടുവീർപ്പിട്ടു.

വരുംകാര്യം അറിവുള്ള ആളാണല്ലോ നാരദൻ. ധ്രുവന്റെ ഭാവി അദ്ദേഹം ജ്ഞാനദൃഷ്ടികൊണ്ട് കണ്ടിരുന്നു. അത് ഉത്താനപാദനെ അറിയിക്കുകയും ചെയ്തു.

"രാജൻ, അങ്ങ് ഒട്ടും വ്യാകുലപ്പെടേണ്ട. ധ്രുവനെ വിഷ്ണുഭഗവാൻ കാത്തുകൊള്ളും. അവന്റെ കീർത്തി ലോകമെങ്ങും വ്യാപിക്കും. അവൻ തീർച്ചയായും മടങ്ങിവരും." നാരദൻ അറിയിച്ചു.

എന്നിട്ടും ഉത്താനപാദനു സ്വൈരമുണ്ടായില്ല. അദ്ദേഹത്തിന്റെ മനസ്സിനെ പശ്ചാത്താപം പീഡിപ്പിച്ചുകൊണ്ടിരുന്നു. ഇരിക്കുമ്പോഴും നടക്കുമ്പോഴുമൊക്കെ ആലോചിക്കുകയാണ്. പ്രിയപ്പെട്ട ധ്രുവനെക്കുറിച്ചാണ് ആലോചന. അങ്ങനെ അദ്ദേഹം നാളുകൾ കഴിച്ചു.

ധ്രുവനും നാരദനും തമ്മിൽ പിരിഞ്ഞില്ലേ? അതിനുശേഷം ധ്രുവൻ മധുവനത്തിൽ ചെന്നെത്തി. യമുനാനദിയിൽ ഇറങ്ങിക്കുളിച്ചു ദേഹശുദ്ധി വരുത്തി. അതിനുശേഷം മഹാവിഷ്ണുവിനെ ഉദ്ദേശിച്ചു തപസ്സും തുടങ്ങി.

പഴങ്ങൾ മാത്രം ഭക്ഷിച്ചുകൊണ്ട് ഒരു മാസം തപസ്സുചെയ്തു. ആറാറു ദിവസം കൂടുമ്പോൾ ഇല തിന്ന് രണ്ടാംമാസം തപസ്സുചെയ്തു. ഒമ്പതൊമ്പതു ദിവസം കൂടുമ്പോൾ പച്ചവെള്ളം കുടിച്ചുകൊണ്ട് മൂന്നാംമാസം തപസ്സുചെയ്തു. പന്ത്രണ്ടുപന്ത്രണ്ടു ദിവസം കൂടുമ്പോൾ വായു മാത്രം ഭക്ഷിച്ചുകൊണ്ട് നാലാംമാസം തപസ്സുചെയ്തു. ശ്വാസത്തെ ഉള്ളിലടക്കി ഒറ്റക്കാലിൽ നിന്നുകൊണ്ട് അഞ്ചാംമാസം തപസ്സുചെയ്തു.

അപ്പോഴേക്കും സ്വർഗ്ഗത്തിലെ ദേവന്മാർക്ക് ഒരു അനുഭവം ഉണ്ടായി—തങ്ങളുടെ ശ്വാസത്തിനു തടസ്സം നേരിടുന്നു! ചുഴിഞ്ഞു ചിന്തിച്ചപ്പോൾ കാരണം മനസ്സിലായി. ധ്രുവന്റെ പ്രാണായാമത്തിന്റെ ഫലം!

ദേവന്മാർ മഹാവിഷ്ണുവിനെക്കണ്ട് വിവരം അറിയിച്ചു.

മഹാവിഷ്ണു ഗരുഡന്റെ പുറത്തു കയറി മധുവനത്തിൽ എത്തി.

തന്റെ മുമ്പിൽ നില്ക്കുകയാണ് ഭഗവാൻ. അതു കണ്ട ധ്രുവൻ ചാടിയെഴുന്നേറ്റു. എന്നിട്ടു ഭഗവാനെ ദണ്ഡനമസ്കാരംചെയ്തു. അതിനുശേഷം കൈകൂപ്പി നില്പായി.

"ധ്രുവാ, ഞാൻ നിനക്ക് പ്രത്യേകമായ ഒരു വാസസ്ഥാനം നല്കും. നക്ഷത്രങ്ങൾക്കും ഉയരെ ആയിരിക്കും അവിടം. പ്രളയകാലത്തും ആ സ്ഥാനത്തിനു നാശം സംഭവിക്കുകയില്ല. പക്ഷേ, അതൊക്കെ കുറേക്കാലം കഴിയുമ്പോഴായിരിക്കും. ഇപ്പോൾ നീ രാജ്യത്തിലേക്കു തിരിച്ചുപോകണം." മഹാവിഷ്ണു അരുളിച്ചെയ്തു.

അതിനുശേഷം ഭഗവാൻ അപ്രത്യക്ഷനായി.

ഭഗവൽസേവയിൽ കാലം കഴിക്കണം—അതിലാണ് ധ്രുവന്റെ താത്പര്യം. നാട്ടിലേക്കു പോകുന്നത് അത്ര ഇഷ്ടമല്ല. പക്ഷേ, ഭഗവാന്റെ ആജ്ഞ ധിക്കരിച്ചുകൂടാ. അതിനാൽ ധ്രുവൻ മധുവനം വിട്ടു യാത്രയായി.

ധ്രുവൻ തിരിച്ചുവരികയാണ്—ആ വിവരം ഉത്താനപാദനു കിട്ടിയപ്പോഴോ? അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആഹ്ലാദം അലതല്ലി. അദ്ദേഹം വാർത്ത കൊണ്ടുവന്ന ദൂതനു സമ്മാനം നല്കി—ഏറ്റവും വിലകൂടിയ ഒരു വൈരമാല! ഉടൻതന്നെ പുത്രനെ സ്വീകരിക്കാനായി യാത്രയുമായി. ഒന്നിച്ച്

സുനീതിയും പുറപ്പെടാതിരുന്നില്ല. ആ രാജപത്നി ധൃതിയിൽ പല്ലക്കിൽ കയറി. അതേ പല്ലക്കിൽ മറ്റു രണ്ടു പേർകൂടി ഇരിപ്പായി. ഒന്നു മറ്റാരുമല്ല, സുരുചിതന്നെ. മുമ്പ് സുരുചിക്ക് ധ്രുവനോടു കടുത്ത സ്പർദ്ധ തോന്നിയിരുന്നു. പക്ഷേ, ആ സ്പർദ്ധ അധികകാലം നീണ്ടുനിന്നില്ല. ധ്രുവൻ പോയതിനുശേഷം സുരുചിയുടെ മനസ്സു മാറി. സ്പർദ്ധയ്ക്കു പകരം സ്നേഹവുമായി. മടങ്ങിവരുന്ന ധ്രുവനെ കാണാൻ എന്തൊരു തിടുക്കമായിരുന്നു! സുരുചിയെ ഉത്തമനും അനുഗമിച്ചു. അവർ മാത്രമല്ല, രാജാവിന്റെ പരിവാരങ്ങളും അകമ്പടി സേവിച്ചു. ശംഖ്, ദുന്ദുഭി, വേണു മുതലായ വാദ്യങ്ങൾ ഘോഷിക്കപ്പെട്ടു. അങ്ങനെ ആ ഘോഷയാത്ര മുമ്പോട്ടു നീങ്ങി.

ഒടുവിൽ എല്ലാവരും ഒന്നു കണ്ടു. അതാ, തങ്ങളുടെ നേർക്ക് ധ്രുവൻ നടന്നുവരുന്നു! ഉത്താനപാദൻ രഥത്തിൽനിന്നു ചാടിയിറങ്ങി മുമ്പോട്ടോടി. പുത്രന്റെ അരികിലെത്തി അവനെ വീണ്ടും വീണ്ടും കെട്ടിപ്പുണർന്നു. അവന്റെ ശിരസ്സിൽ പലവുരു മുകർന്നു. അവനെ സന്തോഷക്കണ്ണുനീരിൽ കുളിപ്പിച്ചു.

അടുത്തത് സുനീതിയുടെ മുറയായിരുന്നു. ഭർത്താവു ചെയ്തതൊക്കെ ഭാര്യയും ചെയ്തു. ധ്രുവൻ അച്ഛനെയും അമ്മയെയും സാഷ്ടാംഗം നമസ്കരിച്ചു. മാത്രമല്ല, സുരുചിയെയും. സുരുചി ധ്രുവനെ വാരിയെടുത്ത് മാറോടണച്ചു. ആ രാജ്ഞിയുടെ പശ്ചാത്താപം കണ്ണീരായി പുറത്തേക്കൊഴുകി. ധ്രുവനും ഉത്തമനും പരസ്പരം ആലിംഗനംചെയ്തു.

ധ്രുവനെയുംകൊണ്ട് അവർ രാജധാനിയിലേക്ക് പ്രയാണം ആരംഭിച്ചു.

നഗരമാകെ അലങ്കരിക്കപ്പെട്ടിരിക്കുന്നു. കുലവാഴകൾ, തോരണങ്ങൾ, കൊടിക്കൂറകൾ—അവയ്ക്ക് കൈയും കണക്കുമില്ല. രാജവീഥി പനിനീർ തളിച്ച് ശുദ്ധമാക്കിയിട്ടുണ്ട്. അതിൽ പ്രജകൾ തിങ്ങിക്കൂടിനില്ക്കുകയാണ്. ധ്രുവൻ കടന്നുപോയപ്പോൾ അവർ പൂക്കൾ വർഷിച്ചു. അങ്ങനെ ധ്രുവൻ കൊട്ടാരത്തിൽ എത്തിച്ചേർന്നു.

ധ്രുവന്റെ മാഹാത്മ്യം ഉത്താനപാദനു നേരിട്ടു ബോദ്ധ്യമായിട്ടുണ്ട്. കാലം കഴിഞ്ഞതോടെ അദ്ദേഹം മറ്റൊന്നും മനസ്സിലാക്കി. പ്രജകൾക്ക് ധ്രുവനോട് അതിരറ്റ സ്നേഹമുണ്ട്. വാസ്തവത്തിൽ ധ്രുവനെക്കാൾ മൂപ്പ് ഉത്തമനാണ്. ആ നിലയ്ക്ക് ഉത്തമനാണ് രാജാവാകേണ്ടത്. പക്ഷേ, മറ്റൊരു നിലയ്ക്ക് ധ്രുവനാണ് അർഹത. കാരണം, ധ്രുവനാണു കൂടുതൽ ശ്രേഷ്ഠതയും പ്രാപ്തിയും. ഉത്താനപാദൻ ഒരു തീരുമാനം എടുത്തു. അദ്ദേഹത്തിനു വാർദ്ധക്യം വന്നപ്പോഴോ? ആ തീരുമാനം നടപ്പിലാക്കി. അദ്ദേഹം ധ്രുവനെ രാജാവാക്കി. എന്നിട്ട് തപസ്സിനായി വനത്തിലേക്കു പോയി.

യഥാകാലം ധ്രുവൻ രണ്ടു പത്നിമാരെ സ്വീകരിച്ചു. ആദ്യത്തെ പത്നി, ശിശുമാരൻ എന്ന പ്രജാപതിയുടെ പുത്രി, ഭൂമി എന്നു പേരുള്ളവൾ. രണ്ടാമത്തെ പത്നി, വായുവിന്റെ പുത്രി, ഇള എന്നു പേരുള്ളവൾ. ഭൂമി രണ്ടു പുത്രന്മാർക്കു ജന്മമേകി—കല്പൻ, വത്സരൻ എന്നിവർക്ക്. ഇള ഉല്ക്കലൻ എന്ന പുത്രനും.

അപ്പോൾ ഉത്തമനോ? ആ രാജകുമാരൻ വിവാഹം ചെയ്തിരുന്നില്ല. ഒരിക്കൽ ഉത്തമൻ വേട്ടയ്ക്കായി കാട്ടിലേക്കു പോയി. ഹിമവാന്റെ പരിസരത്തിലുള്ള കാടായിരുന്നു. അവിടെവച്ച് ഒരു യക്ഷൻ ഉത്തമനെ കൊലപ്പെടുത്തി.

ആ വർത്തമാനം സുരുചിയുടെ ചെവിയിലെത്തി. രാജ്ഞിയുടെ ദുഃഖം പൊട്ടിപ്പുറപ്പെട്ടു. ആ ദുഃഖം അവരുടെ ജീവൻ കവരുകയുംചെയ്തു.

സഹോദരന്റെ വധം ധ്രുവനെ ക്ഷോഭിപ്പിച്ചു. നോക്കണേ ഒരു യക്ഷൻ ചെയ്ത കടുംകൈ! അതിന് ആ യക്ഷനോടു പകവീട്ടിയാൽ പോരാ സകല യക്ഷന്മാരെക്കൊണ്ടും ഉത്തരം പറയിക്കണം. അതിനായി ധ്രുവന്റെ ഉദ്യമം.

ധ്രുവൻ സൈന്യത്തെ സജ്ജമാക്കി. ജൈത്രം എന്ന തന്റെ രഥത്തിൽ കയറി. സൈന്യത്തെ നയിച്ചുകൊണ്ടു യാത്രയായി. യക്ഷന്മാരുടെ പുരിയിൽ ചെന്നെത്തി. ശംഖ് ഉച്ചത്തിലൂതി വെല്ലുവിളി നടത്തി. ശംഖധ്വനിയിൽ എട്ടു ദിക്കുകളും മാറ്റൊലിക്കൊണ്ടു. കുബേരനാണ് യക്ഷന്മാരുടെ അധിപൻ. അദ്ദേഹം ഭടന്മാർക്ക് നിർദ്ദേശങ്ങൾ നല്കി. അവർ ആയുധം ധരിച്ചു പുറത്തിറങ്ങി.

ഭക്തികൊപ്പമുള്ള വീര്യമുണ്ട് ധ്രുവന്. പക്ഷേ, വീര്യം പ്രകടിപ്പിക്കാൻ മുൻപ് അവസരം കിട്ടിയിരുന്നില്ല. ഇപ്പോഴിതാ അതിനുള്ള സന്ദർഭം വന്നിരിക്കുന്നു. ധ്രുവന്റെ ബാണങ്ങൾ എതിരാളികളെ നശിപ്പിച്ചുതുടങ്ങി. ബാക്കിയുള്ളവർ വീറോടെ പൊരുതി. അവർ എയ്ത അമ്പുകൾ ആകാശത്തെ മറച്ചു. പക്ഷേ, അതൊന്നും ധ്രുവനെ അടക്കിനിർത്താൻ പര്യാപ്തമായില്ല. ആ പരാക്രമി അപൂർവ്വമായ അഭ്യാസക്രമങ്ങൾ പ്രയോഗിച്ചു. ഭടന്മാർ സ്വാമിയെ അനുകരിച്ച് പ്രഗല്ഭമായി പോരാടി. അനേകം യക്ഷന്മാർക്കു ജീവഹാനി സംഭവിച്ചു. ശേഷിച്ചവർ പ്രാണഭീതിയെടുത്തു പാഞ്ഞുപോയി.

ധ്രുവൻ അവരെ പിൻതുടരാൻ ഭാവിച്ചില്ല. നിന്നിടത്ത് ഉറച്ചുനിന്നതേയുള്ളു. അതിനു പ്രത്യേകിച്ച് കാരണമുണ്ട്. ശത്രുക്കൾ മായാവിത്തം പ്രയോഗിക്കില്ലേ? അതായിരുന്നു സംശയം. അത് അസ്ഥാനത്തല്ല എന്നു താമസിയാതെ തെളിയുകയുംചെയ്തു.

പെട്ടെന്ന്, സമുദ്രം ഇരമ്പിക്കയറുന്നതുപോലെ ഒരു ഒച്ച! നാലു ദിക്കിലും പൊടിപടലം ഉയരുകയാണ്. ആകാശം മേഘങ്ങളാൽ മൂടപ്പെടുന്നു. മിന്നൽപ്പിണരുകളും ഇടിമുഴക്കങ്ങളും തുടരെത്തുടരെ ഉണ്ടാകുന്നു. തുടർന്ന് ഒരു വർഷവും. സാധാരണ വർഷമല്ല. രക്തം, മേദസ്സ് മുതലായവയുടെ വർഷം! പോരെങ്കിൽ കബന്ധങ്ങളും വന്നുവീഴുന്നു! മാത്രമല്ല, പലമാതിരി ആയുധങ്ങളും! മദയാനകൾ, സിംഹങ്ങൾ, വ്യാഘ്രങ്ങൾ പാഞ്ഞുവരികയും ചെയ്യുന്നു.

ഇതെല്ലാം വാസ്തവത്തിൽ യക്ഷന്മാരുടെ മായയായിരുന്നു—ധ്രുവൻ പ്രതീക്ഷിച്ചിരുന്നതുപോലെ. അദ്ദേഹത്തിനു പതർച്ചയോ ഭയമോ ഉണ്ടായില്ല. നാരായണമന്ത്രം ജപിച്ചിട്ട് അദ്ദേഹം അമ്പുകളയച്ചു. എന്തായിരുന്നു അതിന്റെ ഫലം? സമുദ്രം, പൊടിപടലം, രക്തവർഷം, ദുഷ്ടജന്തുക്കൾ—സകലതും മറഞ്ഞുപോയി!

ഛിന്നഭിന്നമായ യക്ഷസൈന്യം പിന്നെയും സംഘടിച്ചു. വീണ്ടും യുദ്ധം ആരംഭിച്ചു. പക്ഷേ, അതുകൊണ്ട് പ്രയോജനമൊന്നും ഉണ്ടായില്ല. അവർക്കു നാശനഷ്ടങ്ങൾ തുടർന്നു സംഭവിച്ചുകൊണ്ടിരുന്നു.

മനു ധ്രുവന്റെ മുമ്പിൽ ആവിർഭവിച്ചു.

"വത്സാ, ഉത്തമനെ ഒരു യക്ഷൻ വധിച്ചു എന്നത് ശരിതന്നെ. ഒരുവന്റെ കുറ്റത്തിന് അവനെ ശിക്ഷിക്കുകയുംചെയ്യാം. പക്ഷേ, അവന്റെ വർഗ്ഗക്കാർ എന്തു പിഴച്ചു? നീ വിഷ്ണുഭഗവാന്റെ അനുഗ്രഹം നേടിക്കഴിഞ്ഞു. ഇനി

സംഹാരക്രിയയിൽനിന്നു വിരമിക്കൂ. കുബേരൻ ശ്രീപരമേശ്വരന്റെ സേവക നാണ്. ശ്രീപരമേശ്വരൻ കോപിച്ചാലോ? എന്താവുമെന്നു നിനക്കറിയാം. കുബേരനെ പസാദിപ്പിക്കൂ. അതാണു നീയിപ്പോൾ ചെയ്യേണ്ടത്." മനു പറഞ്ഞു.

ധ്രുവൻ ആ നിർദ്ദേശം അംഗീകരിച്ചു. അദ്ദേഹം അപ്പോൾത്തന്നെ യുദ്ധം അവസാനിപ്പിച്ചു. തൽക്ഷണം കുബേരൻ ധ്രുവന്റെ മുമ്പിൽ ആവിർ ഭവിച്ചു.

"ധ്രുവാ, ഞാൻ അങ്ങയിൽ സന്തുഷ്ടനാണ്. മഹാവിഷ്ണുവിന്റെ പരമഭക്തനാണ് അങ്ങ്. ആ പരമാർത്ഥം എല്ലാ ലോകത്തുള്ളവർക്കും അറി യാം. ഇഷ്ടമുള്ള വരം ചോദിച്ചുകൊള്ളൂ. അതു തരാൻ എനിക്കു സന്തോ ഷമേയുള്ളൂ." കുബേരൻ പറഞ്ഞു.

ഏറ്റവും വിലപ്പെട്ടത്. ധ്രുവനെ സംബന്ധിച്ചിടത്തോളം എന്താണ്? മറ്റൊ ന്നുമല്ല. വിഷ്ണുഭക്തിതന്നെ.

"എന്റെ വിഷ്ണുഭക്തിക്ക് ഒരിക്കലും ഇളക്കംതട്ടാതിരിക്കണം." അതാണ് ധ്രുവൻ ചോദിച്ച വരം.

കുബേരൻ സന്തോഷത്തോടെ ആ വരം നല്കി.

അതിനുശേഷം ധ്രുവൻ രാജധാനിയിലേക്കു മടങ്ങി.

പിന്നീട് ആ മഹാൻ അനേകം യാഗങ്ങൾ ചെയ്തു. മുടങ്ങാതെ വിഷ് ണുഭഗവാനെ പൂജിച്ചു. അതേസമയം രാജ്യഭരണവും നടത്തി—ധർമ്മവും നീതിയും നിറഞ്ഞ രാജ്യഭരണം. പ്രജകൾ രാജാവിനെ പിതാവായി സങ്കല് പിച്ചു, സ്നേഹിച്ചു, ബഹുമാനിച്ചു.

ആയിരം വർഷമല്ല, പതിനായിരം വർഷമല്ല, മുപ്പത്താറായിരം വർഷം ധ്രുവൻ രാജവാഴ്ച നടത്തി. അപ്പോഴേക്കും ലൗകികമായ ജീവിതത്തിൽ വിരക്തിയുണ്ടായി. അദ്ദേഹം രാജ്യത്തെ പുത്രനായ വത്സരനു നല്കി. എന്നിട്ടു നാടുവിട്ട് ബദരികാശ്രമം പ്രാപിച്ചു. അവിടെയിരുന്നു തപസ്സും ആരം ഭിച്ചു.

ഒരു ദിവസം ധ്രുവൻ ഒന്നു കണ്ടു—മിന്നിത്തിളങ്ങുന്ന ഒരു വിമാനം ആകാശത്തിൽനിന്ന് ഇറങ്ങിവരുന്നു. വിമാനത്തിൽ രണ്ടു ദിവ്യപുരുഷന്മാർ ഇരിക്കുന്നു. അവർക്കു നാലു കൈകൾ വീതമുണ്ട്. മനോഹരമായ നീല വർണ്ണവുമുണ്ട്. മഹാവിഷ്ണുവിന്റെ ദൂതന്മാരാണ് അവർ. പേരുകൾ സുന ന്ദൻ എന്നും നന്ദനൻ എന്നും.

ധ്രുവൻ അവരെ സാഷ്ടാംഗം പ്രണമിച്ചു.

വിഷ്ണുദൂതന്മാർ സംസാരിച്ചു:

"ധ്രുവാ, അങ്ങ് അഞ്ചുവയസ്സിൽത്തന്നെ ഭഗവാനെ സേവിച്ചു പ്രസാദി പ്പിച്ചു. ഞങ്ങൾ ഇപ്പോൾ വന്നത് ഒന്നിനാണ്—അങ്ങയെ ഭഗവാന്റെ സന്നി ധിയിൽ എത്തിക്കുവാൻ. അന്യർക്കു ലഭിക്കാത്ത ഒരു സ്ഥാനം അങ്ങേയ് ക്കു നല്കപ്പെട്ടിരിക്കുന്നു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ആ സ്ഥാനത്തെ പ്രദക്ഷിണംചെയ്യുന്നു. വരൂ, ഈ വിമാനത്തിൽ കയറൂ."

ധ്രുവൻ അളകനന്ദാനദിയിൽ സ്നാനംചെയ്തു. പൂജാകർമ്മങ്ങൾ അനുഷ്ഠിച്ചു. മഹർഷിമാരെ നമസ്കരിച്ചു. വിഷ്ണുദൂതന്മാരെ വന്ദിച്ചു. ദിവ്യ വിമാനത്തെ വലംവച്ചു. എന്നിട്ട് അതിൽ കയറി. അപ്പോൾ ധ്രുവന്റെ ശരീരം

സ്വർണ്ണമയമായി. ദേവന്മാർ വാദ്യഘോഷം മുഴക്കി. അവർ ധ്രുവന്റെ ശിരസ്സിൽ സ്വർഗ്ഗപുഷ്പങ്ങൾ വർഷിച്ചു.

ആ സമയം ധ്രുവന്റെ സ്മരണ പെറ്റമ്മയിൽ പറ്റിക്കൂടി. വാത്സല്യനിധിയാണ് അമ്മ. താൻ അമ്മയെ ഉപേക്ഷിച്ച് എങ്ങനെ അന്യലോകത്തു പോകും? ആ വിചാരം സുനന്ദനും നന്ദനനും മനസ്സിലായി. അവർ മുകളിലേക്കു ചൂണ്ടിക്കാട്ടി. അവിടേക്ക് ധ്രുവൻ കണ്ണുകൾ ഉയർത്തി. അപ്പോൾ എന്താണു കണ്ടത്? അതാ, അമ്മയും സ്വർണ്ണവിമാനത്തിലിരുന്നു വരുന്നു.

പിന്നാലെ ധ്രുവനും യാത്രയായി, പുതിയ ലോകത്തിലേക്ക്, നശിക്കാത്ത യശസ്സോടുകൂടി!

(ഭാഗവതം)

സോമശർമ

ആമകണ്ടകം എന്ന തീർത്ഥത്തിന്റെ അടുത്ത് ഒരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. സോമശർമ എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹത്തിനു സന്തതിയില്ല എന്നതോ പോകട്ടെ, സമ്പത്തുമില്ല.

സന്തതി വേണം, സമ്പത്തു വേണം. എന്താണ് ഒരു വഴി? സോമശർമ ചിന്തയിൽ മുഴുകി.

സോമശർമയുടെ പത്നിയാണ് സുമന. പാണ്ഡിത്യം വളരെ അധികമുണ്ടായിരുന്നു സുമനയ്ക്ക്. അതേസമയം സുശീലയും ആയിരുന്നു ആ സ്ത്രീ. ഭാര്യ ഭർത്താവിനെ സമാധാനപ്പെടുത്താൻ പരിശ്രമിച്ചു.

"ധർമം അനുഷ്ഠിക്കണം. എന്നാൽ, പുത്രനുണ്ടാവും." അവർ ഭർത്താവിനോടു പറഞ്ഞു.

അങ്ങനെ പറയാൻ സുമനയ്ക്ക് അധികാരമുണ്ട്. കാരണം, സകല ധർമങ്ങളും അവർ പഠിച്ചിരുന്നു. അതിന്റെ പിന്നിൽ ഒരു കഥയുണ്ട്. അവരുടെ ബാല്യത്തിൽ നടന്നതാണ് കഥ.

ച്യവനമഹർഷിയുടെ പുത്രിയായിരുന്നു സുമന. പുത്രിയെ ജീവനുതുല്യം സ്നേഹിച്ചിരുന്നു ച്യവനമഹർഷി. അദ്ദേഹം പലപ്പോഴും തീർത്ഥാടനത്തിനിറങ്ങും. അപ്പോൾ സുമനയും അദ്ദേഹത്തെ അനുഗമിക്കും. ഒരിക്കൽ വേദശർമ എന്നൊരാൾ ച്യവനനെ കാണാനെത്തി. മഹർഷിയുടെ ഒരു സ്നേഹിതനാണ് വേദശർമ. പുത്രനില്ലാത്ത ദുഃഖം വേദശർമയ്ക്ക് താങ്ങാൻ സാധിച്ചില്ല. കുടുംബം അന്യംനില്ക്കാതിരിക്കണമെങ്കിൽ പുത്രനുണ്ടാവണം. ഏതു വിധത്തിൽ ഒരു പുത്രൻ ലഭിക്കും? വേദശർമ ച്യവനമഹർഷിയുടെ ഉപദേശം അഭ്യർത്ഥിച്ചു. ച്യവനൻ വേണ്ടതെല്ലാം വിസ്തരിച്ചു പറഞ്ഞുകൊടുത്തു. അതിൽ ധർമങ്ങൾ സകലതും ഉൾപ്പെട്ടിരുന്നു. അതെല്ലാം സുമന കേട്ടുനില്ക്കുന്നുണ്ടായിരുന്നു. കേട്ടതൊന്നും അവൾ പിന്നീട് ഒരിക്കലും മറന്നതുമില്ല!

ഭർത്താവ് എന്തൊക്കെ ചെയ്യണം, എന്തൊക്കെ ചെയ്യാതിരിക്കണം— അതെല്ലാം സുമന സോമശർമയെ ഗ്രഹിപ്പിച്ചു. തുടർന്ന് ഒരു നിർദ്ദേശവും നല്കി:

"അങ്ങും വസിഷ്ഠമഹർഷിയുടെ സഹായം അപേക്ഷിക്കണം." അവർ ആവശ്യപ്പെട്ടു.

സോമശർമ വസിഷ്ഠനെ ചെന്നുകണ്ട് വിവരം പറഞ്ഞു.

ദിവ്യസിദ്ധികൾ പലതും വസിഷ്ഠനുണ്ട്. ആ സിദ്ധികൾ കാരണം അദ്ദേഹത്തിന് ഒന്ന് അറിവായി. അത് സോമശർമയെ അറിയിക്കുകയും ചെയ്തു.

സോമശർമയുടെ പൂർവ്വജന്മത്തിന്റെ കഥയായിരുന്നു അത്.

പൂർവ്വജന്മത്തിൽ സോമശർമ കൃഷിക്കാരനായ ഒരു ശൂദ്രനായിരുന്നു. അയാൾക്കു സത്യമില്ല. ധർമമില്ല, ദാനമില്ല—അങ്ങനെ ഒരു മനുഷ്യൻ! യാചകന്മാർക്കുപോലും യാതൊന്നും കൊടുക്കുകയില്ല. പണത്തിൽ അത്യാഗ്രഹം ഉണ്ടായിരുന്നു. ധാരാളം പണം ഉണ്ടാക്കുകയുംചെയ്തു. പാലും തൈരും വിറ്റിട്ടാണു പണമുണ്ടാക്കുക. സമ്പാദ്യം വർദ്ധിക്കുംതോറും ലോഭവും കൂടിവന്നു. ഒടുവിൽ കണക്കറ്റ ധനത്തിന്റെ ഉടമയുമായി. അയാൾ ആരുമറിയാതെ ധനമെല്ലാം ഭൂമിയിൽ ഒരിടത്ത് കുഴിച്ചുവച്ചു. പക്ഷേ, അതൊന്നും അയാൾക്ക് അനുഭവിക്കാൻ സാധിച്ചില്ല. കാലതാമസം കൂടാതെ അയാൾ മരിച്ചുപോകയാണുണ്ടായത്. ഈ ജന്മത്തിലാണെങ്കിലോ? ദാരിദ്ര്യമാണ് അനുഭവം!

എങ്കിലും പൂർവ്വജന്മത്തിൽ ഒരു പുണ്യം ചെയ്തിട്ടുണ്ടായിരുന്നു. ഒരിക്കൽ ഒരു യോഗി വന്നെത്തുകയായി. ഗൃഹസ്ഥൻ യോഗിയെ സത്കരിച്ച് പൂജിച്ചിരുത്തി. യോഗി മനംതെളിഞ്ഞ് ഗൃഹസ്ഥന് ഒരു ഉപദേശം നല്കി. ഏകാദശിവ്രതങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള വിധികൾ—അവയായിരുന്നു ഉപദേശത്തിന്റെ ഉള്ളടക്കം. ഗൃഹസ്ഥൻ കുടുംബത്തോടുകൂടി ഏകാദശിവ്രതം നോറ്റു. അതു കാരണം കുറെ പുണ്യം നേടി. ആ പുണ്യം ഈ ജന്മത്തിലും അവശേഷിക്കുന്നു.

ആ കഥയാണ് വസിഷ്ഠൻ സോമശർമയെ കേൾപ്പിച്ചത്.

"മഹാവിഷ്ണുവിനെ ഭജിക്കൂ, ഫലമുണ്ടാവും." വസിഷ്ഠൻ ചൂണ്ടിക്കാട്ടി.

സോമശർമ സുമനയെയും കൂട്ടി ഒരു പുണ്യതീർത്ഥത്തിൽ ചെന്നു. അവിടെയിരുന്നു തീവ്രമായ തപസ്സും ആരംഭിച്ചു. തപസ്സിന് ഒന്നൊന്നായി പല വിഘ്നങ്ങളും ഉണ്ടായി. സോമശർമ വിഘ്നങ്ങളെ അവഗണിച്ച് തപസ്സു തുടർന്നു. അതിന് ഒരിക്കലും ഒരിളക്കവും ഉണ്ടായില്ല.

ഒടുവിൽ മഹാവിഷ്ണു പ്രസന്നനായി പ്രത്യക്ഷപ്പെട്ടു. വരം ചോദിക്കാൻ ഭഗവാൻ ആവശ്യപ്പെട്ടു.

"ഭഗവാനേ, എനിക്ക് അവിടുത്തോടുള്ള ഭക്തി സദാകാലവും നിലനില്ക്കണം. ഉത്തമനായ ഒരു പുത്രൻ എനിക്കുണ്ടാവണം. എന്റെ ദാരിദ്ര്യം അവസാനിക്കുകയും വേണം." സോമശർമ അഭ്യർത്ഥിച്ചു.

വരങ്ങൾ നല്കിയിട്ട് മഹാവിഷ്ണു മറഞ്ഞു. വളരെനാൾ കഴിഞ്ഞ് ഒരു സംഭവമുണ്ടായി.

തീർത്ഥസ്നാനം കഴിച്ചിട്ട് പോവുകയാണ് സോമശർമ. അപ്പോൾ അപൂർവ്വമായ ഒരു കാഴ്ച കണ്ടു. മോടിയോടുകൂടി അലങ്കരിക്കപ്പെട്ട ഒരു വെള്ളാന. വെള്ളാനയുടെ പുറത്ത് ഒരു ദിവ്യപുരുഷൻ. വെള്ളാനയും ദിവ്യപുരുഷനും സോമശർമയുടെ ഗൃഹത്തിൽ കയറുന്നു!

ഹൃദയത്തുടിപ്പോടെ സോമശർമ തന്റെ ഗൃഹത്തിൽ ഓടിക്കയറി! കഷ്ടമേ! വെള്ളാനയും ദിവ്യപുരുഷനും മറഞ്ഞുകഴിഞ്ഞു!

എങ്കിലും താമസിയാതെ ഒരു സൽഫലം ഉളവായി. സന്താനമില്ലാതിരുന്ന സുമന ഗർഭിണിയായി. യഥാകാലം തേജോമയനായ ഒരു ആൺകുട്ടിക്കു ജന്മവുമേകി.

ആകാശത്ത് മംഗലവാദ്യങ്ങൾ മുഴങ്ങി. അതോടൊന്നിച്ച് പുഷ്പവൃഷ്ടി ഉണ്ടായി. ദേവന്മാരുടെ ആഹ്ലാദത്തിന്റെ ചിഹ്നങ്ങൾ!

ബ്രഹ്മാവ് സ്ഥലത്തു വന്നെത്തി.

ഭഗവാൻതന്നെ കുട്ടിക്കു നാമകരണംചെയ്തു.

സുവ്രതൻ എന്നായിരുന്നു പേര്.

അന്നുമുതൽ ആ ഗൃഹത്തിൽ ഒരു മാറ്റമുണ്ടായി. സമ്പത്തുകൾ അങ്ങനെ വന്നുകുമിഞ്ഞു. ആ ഗൃഹം കുബേരന്റെ ഭവനത്തിനു തുല്യമായി.

ബാല്യംമുതല്ക്കേ സുവ്രതൻ വിഷ്ണുഭക്തനായിരുന്നു. അവന് ഒട്ടേറെ കൂട്ടുകാരുണ്ട്. അവൻ അവരോടൊത്തു കളിക്കാറുണ്ട്. എങ്കിലും സദാ മനസ്സുകൊണ്ട് മഹാവിഷ്ണുവിനെ പൂജിക്കും. കൂട്ടുകാരിൽ ഓരോരുത്തനും സുവ്രതൻ ഓരോ പുതിയ പേരിട്ടു. മഹാവിഷ്ണുവിന്റെ പേരായിരുന്നു അവയിൽ ഓരോന്നും. ആ പേരുകൾ പറഞ്ഞാണ് അവൻ കൂട്ടുകാരെ വളിക്കുക—അവരുടെ അച്ഛനമ്മമാരിട്ട പേരു പറഞ്ഞിട്ടല്ല. കളിക്കുമ്പോൾ, നടക്കുമ്പോൾ, ഇരിക്കുമ്പോൾ, കിടക്കുമ്പോൾ, ചിരിക്കുമ്പോൾ, പാടുമ്പോൾ, ആടുമ്പോൾ—എല്ലായ്പോഴും മനസ്സ് മഹാവിഷ്ണുവിൽത്തന്നെ. പുല്ലായാലും കല്ലായാലും ജലമായാലും സ്ഥലമായാലും പക്ഷിയായാലും മൃഗമായാലും —സർവ്വസവും അവനു മഹാവിഷ്ണുതന്നെ.

ചിലപ്പോൾ ഊണുകഴിക്കാൻ താമസിക്കും.

"മകനേ, നേരം വളരെയായി. ഇനി വന്ന് ഊണു കഴിക്കൂ." അമ്മ വിളിച്ചുപറയും.

"അമ്മേ, വിഷ്ണുധ്യാനംകൊണ്ട് എനിക്കു വയറ് വീർത്തിരിക്കുന്നു." സുവ്രതൻ ഉത്തരം നല്കും.

വർഷങ്ങൾ കഴിഞ്ഞു. സുവ്രതൻ യുവാവായി. വിവാഹത്തിനു പ്രായവുമായി. അവൻ വിവാഹംചെയ്തില്ല. പകരം മറ്റൊന്നു ചെയ്തു—തപസ്സ്!

വൈദൂര്യപർവ്വതം ആയിരുന്നു തപസ്സിന്റെ രംഗം. തുടർച്ചയുള്ളതും ഇളകാത്തതും ആയിരുന്നു തപസ്സ്. അതു നൂറ്റാണ്ടുകാലം നീണ്ടുനിന്നു. അപ്പോഴേക്കും മഹാവിഷ്ണു സുവ്രതനു ദർശനമരുളി.

"തപസ്സു മതിയാക്കി വരം ചോദിക്കൂ." ഭഗവാൻ ദയവോടെ കല്പിച്ചു.

"ഭഗവാൻ, എന്റെ അച്ഛനും അമ്മയും ഞാനും ഉടലോടെ അവിടുത്തെ ലോകത്തിലെത്തണം." അതാണ് സുവ്രതൻ ആവശ്യപ്പെട്ട വരം.

മഹാവിഷ്ണു ആ വരം നല്കുകതന്നെ ചെയ്തു.

മൂന്നുപേരും വിഷ്ണുലോകത്തിലെത്തി.

(പദ്മപുരാണം)

വിഷ്ണുക്ഷേത്രം

ശ്രേഷ്ഠനായ രാജാവായിരുന്നു ഇന്ദ്രദ്യുമ്നൻ.
(ഇന്ദ്രദ്യുമ്നൻ എന്ന രണ്ടുപേരുടെ കഥകൾ അന്യത്ര പറഞ്ഞിട്ടുണ്ട്. അവരിൽ ഒരാൾ ബ്രഹ്മലോകത്തു പോയ കഥയും. ആ ഇന്ദ്രദ്യുമ്നൻ തന്നെയാണ് ഈ കഥയിലെയും കഥാപാത്രം. ബ്രഹ്മലോകത്തു പോകുന്നതിനു മുമ്പത്തെ കഥയാണിതിൽ).

അവന്തി രാജ്യമാണ് ഇന്ദ്രദ്യുമ്നൻ ഭരിച്ചിരുന്നത്. മഹാവിഷ്ണുവിൽ അടിയുറച്ച ഭക്തിയുണ്ടായിരുന്നു അദ്ദേഹത്തിന്. ഒരിക്കൽ അനേകം യതിമാർ അദ്ദേഹത്തെ കാണാൻ ചെന്നു. അദ്ദേഹം അവരോടൊരുമിച്ച് മഹാവിഷ്ണുവിനെ പൂജിച്ചു.

"എവിടെയാണ് മഹാവിഷ്ണുവിന്റെ സാന്നിദ്ധ്യം ഏറ്റവും സ്പഷ്ടമായിട്ടുള്ളത്?" രാജാവ് അതറിയാനുള്ള ഔത്സുക്യം പ്രദർശിപ്പിച്ചു.

"അവിടം പുരുഷോത്തമക്ഷേത്രംതന്നെയാണ്. ദേവന്മാർ അവിടെച്ചെന്ന് മഹാവിഷ്ണുവിനെ ആരാധിക്കുന്നു. എനിക്ക് അതു നേരിട്ടറിയാം. ഞാൻ അവിടെ പോയിട്ടുണ്ട്." ഒരു യതി പറഞ്ഞു.

രാജാവിന് ഒരു രാജപുരോഹിതനുണ്ട്. രാജപുരോഹിതന്റെ സഹോദരനാണ് വിദ്യാപതി. ആദ്യം വിദ്യാപതി പുരുഷോത്തമക്ഷേത്രത്തിൽ ഒന്നു പോയിവരട്ടെ—അതായി ഇന്ദ്രദ്യുമ്നന്റെ നിശ്ചയം.

കാലം കളയാതെ വിദ്യാപതി യാത്രയായി. ദീർഘവും ക്ലേശകരവും ആയിരുന്നു. യാത്ര. ഒടുവിൽ അദ്ദേഹം ഉല്ക്കലത്തിൽ എത്തിച്ചേർന്നു.

അവിടെ അദ്ദേഹം കുറെ വേടന്മാരെ കണ്ടുമുട്ടി. വേടന്മാരുടെ നായകനാണ് വിശ്വാവസു. വിദ്യാപതി വന്ന കാര്യം വിശ്വാവസുവിനു മനസ്സിലായി. അയാൾ അദ്ദേഹത്തെക്കൂട്ടി ക്ഷേത്രത്തെ ലക്ഷ്യമാക്കി നടന്നു. കല്ലും മുള്ളും നിറഞ്ഞതായിരുന്നു വഴി. അതിലൂടെ അവർ നീലമലയിലെത്തി. മലകയറി ക്ഷേത്രത്തിൽച്ചെന്നു. ഭഗവാന്റെ വിഗ്രഹത്തെ വന്ദിച്ചു.

പിന്നീട് വിശ്വാവസു വിദ്യാപതിയെ തന്റെ ഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. എന്നിട്ട് അതിഥിക്കു ഭക്ഷണവും നല്കി. ഭക്ഷണത്തിന്റെ വിഭവങ്ങൾ കെങ്കേമമായിരുന്നു—രാജാക്കന്മാർക്കുകൂടി ദുർല്ലഭമായ വിഭവങ്ങൾ! വിദ്യാപതിക്ക് അത്യധികമായ ആശ്ചര്യമുണ്ടായി. വെറുമൊരു വനചരനാണ് വിശ്വാവസു. എന്നിട്ടും ഈ മാതിരി ഭക്ഷണപദാർത്ഥങ്ങൾ എങ്ങനെ ലഭിക്കുന്നു?

"മഹാത്മൻ, ഞാൻ കാട്ടിൽ കഴിയുന്നവൻ. അങ്ങോ രാജാവിന്റെ കൊട്ടാരത്തിൽ ജീവിക്കുന്നയാളും. ഇപ്പോൾ കഴിച്ച ഭക്ഷണം അങ്ങേക്ക് ഇഷ്ടപ്പെട്ടോ ആവോ?"

വിശ്വാവസു അന്വേഷിച്ചു.

"വിശ്വാവസു, സത്യം പറയട്ടെ, ഇത്ര സ്വാദുള്ള ഭക്ഷണം ഞാൻ ഇന്നോളം കഴിച്ചിട്ടില്ല. നിങ്ങൾ ഇതൊക്കെ ഇവിടെ എങ്ങനെ സംഭരിച്ചു? അറിയാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്." വിദ്യാപതി അറിയിച്ചു.

"അതറിയുമ്പോൾ അങ്ങു വിശ്വസിക്കാൻ പ്രയാസപ്പെടും. ദേവന്മാർ ദിവസവും ഈ ക്ഷേത്രത്തിൽ വരും. ഭഗവാനെ പൂജിക്കും. പല പദാർത്ഥ

ങ്ങളും നിവേദിക്കയുംചെയ്യും. നൈവേദ്യത്തിന്റെ ഉച്ഛിഷ്ടം ഭക്ഷിക്കാൻ എനിക്കു സംഗതിയായിട്ടുണ്ട്. ആ ഉച്ഛിഷ്ടംതന്നെയാണ് ഇതൊക്കെ." വിശ്വാവസു പറഞ്ഞു.

അപ്പോൾ വിദ്യാപതിയുടെ മനസ്സിൽ ചില വിചാരങ്ങൾ പൊന്തിവന്നു. ഇവനോ, ഒരു കാട്ടാളൻ. പരിഷ്കാരമില്ല, വിദ്യാഭ്യാസമില്ല. എങ്കിലെന്ത്? ദേവന്മാരുടെ നൈവേദ്യം ഭക്ഷിക്കുന്നു. അതിൽപ്പരം ഭാഗ്യം എന്തുള്ളു?

അന്നു രാത്രി വിദ്യാപതി അവിടെ കഴിച്ചു. അടുത്ത ദിവസം രാവിലെ മടക്കയാത്ര ആരംഭിച്ചു. ഒടുവിൽ അവന്തിയിൽ എത്തിച്ചേർന്നു. താൻ പലതും കാണുകയും കേൾക്കുകയും ചെയ്തിരുന്നില്ലേ? അതൊക്കെ ഇന്ദ്രദ്യുമ്നനെ അറിയിക്കുകയുംചെയ്തു.

താമസിയാതെ നാരദമഹർഷിയുടെ വരവായി.

രാജാവ് മഹർഷിയെ പൂജിച്ചിരുത്തി.

"ഇന്ദ്രദ്യുമ്നാ, അങ്ങയുടെ ഗുണഗണങ്ങളെ ദേവന്മാർ വാഴ്ത്തുന്നുണ്ട്. ബ്രഹ്മാവ് അങ്ങയിൽ പ്രസാദിച്ചിട്ടുമുണ്ട്." നാരദൻ പറഞ്ഞു.

രാജാവിന് അത്യധികമായ സന്തോഷമുണ്ടായി.

"മഹർഷേ, ഞാൻ പുരുഷോത്തമക്ഷേത്രത്തിൽ ദർശനം നടത്താൻ പോകുന്നുണ്ട്." ഇന്ദ്രദ്യുമ്നൻ അറിയിച്ചു.

"വളരെ നന്നായി. ഞാൻകൂടി വന്നു സകലതും കാണിച്ചുതരാം." നാരദൻ പറഞ്ഞു.

അങ്ങനെ അവർ രണ്ടുപേരും പുറപ്പെടുകയായി. ഒട്ടനേകം പരിജനങ്ങളും അവരെ അനുഗമിച്ചു. വഴിക്കുവെച്ച് എല്ലാവരും ഒരിടത്തു വിശ്രമിച്ചു. ആ സമയം ഉല്ക്കലത്തിലെ രാജാവ് തിരുമുൽക്കാഴ്ചയുമായി വന്നെത്തി. പിറ്റേദിവസം ഉല്ക്കലരാജാവുതന്നെ അവരെ അകമ്പടി സേവിച്ചു. ഒടുവിൽ അവരെല്ലാം ലക്ഷ്യസ്ഥനത്ത് എത്തിച്ചേർന്നു.

ഇനിയിപ്പോൾ മഹാവിഷ്ണുവിന്റെ പുണ്യദർശനമുണ്ടാകും. അതായിരുന്നു ഇന്ദ്രദ്യുമ്നന്റെ ആശ. പക്ഷേ, ഉണ്ടായത് ദുശ്ശകുനങ്ങളാണ്. അദ്ദേഹം അത്യന്തം ചഞ്ചലനായി. എന്താണു ദുശ്ശകുനങ്ങൾ സൂചിപ്പിക്കുന്നത്? ജ്ഞാനിയായ വിദ്യാപതി ഉത്തരം നല്കി. രാജാവ് വരുമെന്നറിഞ്ഞ് മഹാവിഷ്ണു മറഞ്ഞുകളഞ്ഞു!

അതു കേട്ട് ഇന്ദ്രദ്യുമ്നൻ ബോധമറ്റു നിലംപതിച്ചു. പരിജനങ്ങൾ ഉപചാരങ്ങൾ ചെയ്തു. ഒടുവിൽ രാജാവിനു ബോധം വീണു.

അദ്ദേഹത്തിനു കരച്ചിൽവന്നു.

"നാരദമഹർഷേ, ഞാൻ ഈ ജന്മത്തിൽ അറിഞ്ഞുകൊണ്ട് ഒരു പാപവും ചെയ്തിട്ടില്ല. കഴിഞ്ഞ ജന്മം എന്തോ ദുഷ്കർമം ചെയ്തിട്ടുണ്ടാവണം. അതുകൊണ്ടായിരിക്കണം ഭഗവാൻ എന്നെ ഈ വിധത്തിൽ ശിക്ഷിച്ചത്. എനിക്കിനി ജീവിച്ചിരിക്കാൻ ആഗ്രഹമില്ല." അദ്ദേഹം കരഞ്ഞുകൊണ്ടു പറഞ്ഞു.

നാരദൻ രാജാവിനെ സമാശ്വസിപ്പിച്ചു.

"അങ്ങ് അശ്വമേധയാഗം അനുഷ്ഠിക്കണം. എന്നാൽ, ഫലം ലഭിക്കാതിരിക്കയില്ല." മഹർഷി തീർത്തുപറഞ്ഞു.

"എങ്കിൽ ഞാൻ ഒന്നല്ല, ആയിരം അശ്വമേധങ്ങൾ ചെയ്യും!" രാജാവ് നിശ്ചയം അറിയിച്ചു.

ആദ്യമായി അടുത്തൊരു സ്ഥലത്ത് നരസിംഹക്ഷേത്രം പണിയിക്കണം —ആ നിർദ്ദേശം നാരദൻ ഇന്ദ്രദ്യുമ്നനു നല്കി. ഇന്ദ്രദ്യുമ്നൻ ആ പുണ്യ കൃത്യത്തിനു തയ്യാറായി. ആരാണ് ക്ഷേത്രപ്പണി ചെയ്യുന്നതിനുള്ള ചുമതല വഹിച്ചത്? വിശ്വകർമാവിന്റെ പുത്രനായ സുഘടൻതന്നെ.

നിരവധി മനുഷ്യശില്പികൾ ഒന്നിച്ചു പ്രവർത്തിച്ചു എന്നിരിക്കട്ടെ. ആ മഹാക്ഷേത്രം പണിചെയ്തുതീർക്കാൻ വളരെ നാളുകൾ വേണ്ടിവരും. പക്ഷേ, ദിവ്യശക്തികളുള്ള സുഘടൻ നാലേനാലു ദിവസംകൊണ്ട് പണി പൂർത്തിയാക്കി. എത്ര ഗംഭീരവും മനോഹരവുമായിരുന്നു പുതിയ നരസിംഹ ക്ഷേത്രം!

അടുത്തതായി ഇന്ദ്രദ്യുമ്നൻ അശ്വമേധയാഗം അനുഷ്ഠിച്ചു. അതു തീർന്നപ്പോൾ മറ്റൊരു അശ്വമേധയാഗം. അതിനുശേഷം ഇനിയൊന്ന്. അങ്ങനെ ഒന്നൊന്നായി തുടർന്നുപോയി യാഗങ്ങൾ.

ഒടുവിൽ തൊള്ളായിരത്തിത്തൊണ്ണൂറ്റിയൊൻപത് യാഗങ്ങളുമായി. ആയിരാമത്തെ യാഗത്തിന് ഒരുക്കമായി ഇന്ദ്രദ്യുമ്നൻ. ഒരു രാത്രിയിൽ അദ്ദേഹം ഉറങ്ങുകയായിരുന്നു. ആ സമയം ഒരു സ്വപ്നമുണ്ടായി. സ്വപ്നത്തിൽ കണ്ടത് വൈകുണ്ഠത്തെ; മാത്രമല്ല, വൈകുണ്ഠത്തിൽ വിരാജിക്കുന്ന വിഷ്ണുഭഗവാനെയും!

രാജാവ് സ്വപ്നത്തെക്കുറിച്ച് നാരദനോടു പറഞ്ഞു.

"ഫലപ്രാപ്തിയുടെ മുന്നോടിയാണ് ഈ സ്വപ്നം."

ദിവ്യദൃഷ്ടിയുള്ള മഹർഷി വിശദീകരിച്ചു.

കുറെ ഭൃത്യന്മാർ അവിടെ ഓടിയെത്തി.

"തമ്പുരാനെ, കടൽക്കരയിലെ സ്നാനഘട്ടത്തിൽ ഞങ്ങൾ ഒരു വൃക്ഷം കണ്ടു. ഇമ്മാതിരി ഒരു വൃക്ഷം ഇന്നോളം കണ്ടിട്ടില്ല. അതിനു നാലു ശാഖകളുണ്ട്. പോരെങ്കിൽ ശംഖ്, ചക്രം മുതലായ ചിഹ്നങ്ങളും. ആ വൃക്ഷം കടലിൽനിന്നു പൊങ്ങിവന്നതാണ്. അതിനെ തിരമാലകൾ അടിച്ചു കരയിൽ കയറ്റി." അവർ പറഞ്ഞു.

അത്ഭുതകരമായ ആ വൃക്ഷം കാണണം—അതിനായി രാജാവും പരിവാരങ്ങളും സമുദ്രതീരത്തിലേക്കു പോയി. ആ ദിവ്യവൃക്ഷത്തെ എല്ലാവരും ഭക്തിപൂർവ്വം വന്ദിച്ചു.

വൃക്ഷത്തിന്റെ തടിയിൽനിന്ന് മഹാവിഷ്ണുവിന്റെ പ്രതിമയുണ്ടാക്കണം —അതായിരുന്നു രാജാവിന്റെ നിശ്ചയം.

ആകാശത്തിൽനിന്ന് അശരീരി കേൾക്കുമാറായി:

"ആരും കാണാതെ ഈ വൃക്ഷത്തെ മറച്ചുവെച്ചുകൊള്ളണം. ഒരു ആശാരി വന്നു മരംവെട്ടി പ്രതിമ നിർമിക്കും. അതിനു പതിനഞ്ചു ദിവസം വേണ്ടിവരും. പണിചെയ്യുന്ന ഒച്ച കേൾക്കുന്ന കാതുകൾ ബധിരങ്ങളാവും. കാണുന്ന കണ്ണുകൾ അന്ധങ്ങളാവും!"

രാജഭൃത്യന്മാർ അതിവേഗത്തിൽ വൃക്ഷത്തിനു ചുറ്റും മറയുണ്ടാക്കി.

അതിനുള്ളിൽ പ്രവേശിച്ചത് ആശാരിയല്ല. പിന്നെയോ, ആശാരിവേഷം ധരിച്ച മഹാവിഷ്ണു. പണിചെയ്യുന്ന ഒച്ച ആരും കേൾക്കാൻ ഇടയാകരുത്. അതിനായി ഭഗവാൻ ഉച്ചത്തിലുള്ള വാദ്യഘോഷങ്ങൾ കേൾപ്പിച്ചുകൊണ്ടിരുന്നു.

പതിനഞ്ചു ദിവസങ്ങൾ കഴിഞ്ഞു. വാദ്യഘോഷങ്ങൾ നിലച്ചു. ഒരൊച്ചയില്ല. ഒരനക്കമില്ല. രാജാജ്ഞ അനുസരിച്ച് ഭൃത്യന്മാർ മറനീക്കി. അതിനകത്തു നാലു പ്രതിമകൾ—മഹാവിഷ്ണു, ആദിശേഷൻ, ലക്ഷ്മീദേവി, സുദർശനചക്രം!

ഇന്ദ്രദ്യുമ്നൻ ഭക്തിയുടെ തള്ളിച്ചയിൽ സർവവും മറന്നുനിന്നു. അതുപോലെതന്നെ നാരദമഹർഷിയും. മാത്രമല്ല, മറ്റെല്ലാവരും.

രാജാവ് ഗംഭീരമായ വിഷ്ണുക്ഷേത്രം നിർമിച്ചു. അതിനുശേഷം എല്ലാവരോടുമായി പറഞ്ഞു: "ഞാനിതാ എനിക്കുള്ള സകലതിനെയും മഹാവിഷ്ണുവിനു സമർപ്പിക്കുന്നു." ഭഗവാനെ ആരാധിക്കുന്നതിനായി ഞാൻ ആയുശ്ലേഷം വിനിയോഗിക്കും!

(സ്കാന്ദപുരാണം)

ഛിന്നകർണ്ണൻ

സത്യനിഷ്ഠനും തപോനിഷ്ഠനും—ദുർവ്വാസാവുമഹർഷിയുടെ ശിഷ്യന്മാരിൽ രണ്ടുപേരാണ് അവർ. ഗോദാവരി നദിയുടെ തീരത്തിലാണ് അവർ പാർത്തിരുന്നത്. ആദ്യകാലത്ത് ഇരുവരും ധർമിഷ്ഠരായിരുന്നു. പില്ക്കാലത്തും സത്യനിഷ്ഠനു വ്യത്യാസം ഉണ്ടായില്ല. എന്നാൽ, തപോനിഷ്ഠന്റെ സ്വഭാവം അപ്പാടെ മാറുകയാണുണ്ടായത്. അയാൾ ദുർബുദ്ധിയായി, ദുരഹങ്കാരിയായി, ദുർന്നടപ്പുകാരനായി.

സ്നേഹിതനോടുകൂടിയുള്ള ജീവിതം മതിയാക്കി തപോനിഷ്ഠൻ. അയാൾ ആശ്രമം വിട്ടുപോയി അന്യദിക്കുകളിൽ നാൾ കഴിച്ചു. ദുഷിച്ച ജീവിതമല്ലേ നയിക്കുന്നത്. അതിനുള്ള ദുഷ്ഫലവും അയാൾക്കു ലഭിക്കുകയായി—മറ്റൊന്നുമല്ല, കുഷ്ഠരോഗം!

ദിവസം കഴിയുംതോറും കുഷ്ഠരോഗം കൂടിവന്നു. ഒടുവിൽ രോഗം അങ്ങേയറ്റം മൂർച്ഛിച്ചു. തപോനിഷ്ഠൻ ഏറ്റവും അവശനായിത്തീർന്നു. നടക്കാൻപോലും വയ്യാതെയായി. ഒരിടത്തു കിടപ്പുമായി. ദാഹം കഠിനമായിരിക്കുന്നു. ഒരിറക്കു വെള്ളം കിട്ടിയെങ്കിൽ! അന്വേഷിച്ചുപോയാൽ വെള്ളം കണ്ടെത്തിയേക്കും. പക്ഷേ, അനങ്ങാൻ വയ്യാത്തവൻ എങ്ങനെ നടന്നു പോകും?

എന്തിനു പറയുന്നു, ആ കിടപ്പിൽത്തന്നെ തപോനിഷ്ഠന്റെ ജീവൻ പോയി.

അടുത്ത ജന്മത്തിൽ അയാൾ എന്തായി എന്നോ? ഭയങ്കരനായ ഒരു പിശാച്! മുറിഞ്ഞ ചെവികളായിരുന്നു. അതിനാൽ ഛിന്നകർണൻ എന്ന പേരുണ്ടായി. അതിനെക്കാൾ ദാരുണമായ ഒരു അവശത ഉണ്ടായിരുന്നു—കണ്ഠത്തിനുള്ളിൽ കടുത്ത വ്രണം. വെള്ളമിറക്കാൻ വളരെ വിഷമമാണ്. നാവ് ഉണങ്ങിവരളുന്നു. കണ്ണുകൾക്ക് തീരെ കാഴ്ചയില്ല. ദേഹത്തും നിറയെ വ്രണങ്ങളുണ്ട്. അയാൾ ഒരു കാട്ടിൽ കിടക്കുകയായി.

ദൈവഗത്യാ, സത്യനിഷ്ഠൻ ആ കാട്ടിൽ ചെല്ലാൻ ഇടയായി. ബീഭത്സമായ ആ പിശാചിനെ കണ്ടപ്പോഴോ? ആ സദ്വൃത്തന്റെ ഹൃദയത്തിൽ കാരുണ്യം നിറഞ്ഞുകവിഞ്ഞു.

"ആരാണു നീ?" അയാൾ ആർദ്രതയോടെ ചോദിച്ചു.

തത്സമയം പിശാചിന് ആശ്വാസമുണ്ടായി.

എന്തായിരുന്നു അതിനു കാരണം?

സത്യനിഷ്ഠന്റെ ദേഹത്ത് ഒരു കാറ്റു തട്ടി. ആ കാറ്റ് പിശാചിനെയും തലോടി. ഫലമായി പിശാചിന്റെ കണ്ണുകൾക്കു കാഴ്ച കിട്ടി. നാവിനു നനവുണ്ടായി. ദേഹത്തിനു ബലം വന്നു.

അപ്പോൾ സ്നേഹിതന്മാർ പരസ്പരം തിരിച്ചറിഞ്ഞു. പിശാച് തന്റെ ദയനീയമായ അവസ്ഥ വർണ്ണിച്ചു. സത്യനിഷ്ഠന്റെ സഹായവും അപേക്ഷിച്ചു.

സത്യനിഷ്ഠൻ ജലം കൈയിലാക്കി ധ്യാനിച്ചു. എന്നിട്ട് ആ ജലം പിശാചിന്റെമേൽ തളിച്ചു. തൽക്ഷണം പിശാചിന് ദിവ്യരൂപം ലഭിച്ചു. ആ ദിവ്യരൂപം വിഷ്ണുലോകത്തിലേക്കു പ്രയാണവുംചെയ്തു.

ഭൂമിയിലെ ജീവിതം തുടർന്നു സത്യനിഷ്ഠൻ. അദ്ദേഹം ജനങ്ങൾക്ക് വിഷ്ണുവിന്റെ മാഹാത്മ്യം വർണ്ണിച്ചുകൊടുത്തു. അങ്ങനെ വളരെക്കാലം കഴിച്ചു. അതിനുശേഷം വിഷ്ണുലോകം പൂകി.

പുരുയശസ്സ്

പാഞ്ചാലരാജ്യത്തിൽ പുരുയശസ്സ് എന്നൊരു രാജാവ് വാണിരുന്നു. അദ്ദേഹത്തിന് ഒരിക്കൽ ഒന്നൊന്നായി ദുർയോഗങ്ങൾ ഉണ്ടായി. ഗജങ്ങളും അശ്വങ്ങളും രോഗം ബാധിച്ച് ചാകാൻ തുടങ്ങി. പ്രജകളിൽ പലരും മരണമടഞ്ഞു. അതേസമയം രാജ്യത്തെങ്ങും ദുർഭിക്ഷതയും ഉണ്ടായി. എല്ലാംകൂടി രാജാവിന്റെ ശക്തിക്കു ക്ഷയം വരുത്തി. അത് ശത്രുക്കൾക്കു നല്ല തക്കമായി. അവർ ഒത്തുചേർന്ന് പാഞ്ചാലത്തെ ആക്രമിച്ചു. പുരുയശസ്സ് പരാജിതനായി. അദ്ദേഹം ഭാര്യയോടുകൂടി രാജ്യം വിട്ട് ഒളിച്ചോടി.

പോയതു കൊടുംകാട്ടിലായിരുന്നു. തന്നെ ശത്രുക്കൾ അവിടെ വന്നു പിടികൂടുകയില്ല—അതായിരുന്നു രാജാവിന്റെ വിശ്വാസം.

എന്തെല്ലാം കഷ്ടപ്പാടുകളുണ്ടായി രാജാവിനും രാജ്ഞിക്കും! ആഹാരം വളരെ കഷ്ടിയാണ്. നിദ്ര ഏറ്റവും കുറവാണ്. ദുഃഖം മനസ്സിനെ മഥിക്കുന്നു. അറിഞ്ഞുകൊണ്ട് കുറ്റമൊന്നും ചെയ്തിട്ടില്ല. ദാനങ്ങൾ ധാരാളം നിർവ്വഹിച്ചിട്ടുണ്ട്. ധർമ്മത്തിൽനിന്നു പിഴച്ചിട്ടില്ല. സത്കർമങ്ങൾ പലതും ചെയ്തിട്ടുണ്ട്. എന്നിട്ടും ദുർഭാഗ്യം ഉണ്ടായി. രാജ്യം പരാധീനമായി. രക്ഷിക്കാൻ ഒരു സഹോദരനില്ല. ഒരു പുത്രൻ ജനിച്ചിട്ടില്ല. എന്തൊരു ധർമസങ്കടം!

രാജാവിനു ചില ആചാര്യന്മാരുണ്ട്. ആത്മശക്തി സമ്പാദിച്ചവരാണ് ആചാര്യന്മാർ. അവർക്ക് രാജാവ് എവിടെയെന്നു മനസ്സിലായി. അവിടെച്ചെന്ന് അവർ അദ്ദേഹത്തെ കണ്ടു.

പുരുയശസ്സ് കണ്ണുനീർ തൂകി മിണ്ടാതെ നിന്നു.

ആചാര്യന്മാർ ശിഷ്യന്റെ കണ്ണുനീർ തുടച്ചു. എന്നിട്ട് അദ്ദേഹത്തെ സമാശ്വസിപ്പിച്ചു—അതിനായി വളരെയധികം ശ്രമിക്കേണ്ടതായിവന്നുവെങ്കിലും.

"ഞാൻ ദോഷശാന്തിക്കായി എന്താണു ചെയ്യേണ്ടത്? നിങ്ങൾ ആലോചിച്ചു വിധിക്കണം." പുരുയശസ്സ് അപേക്ഷിച്ചു.

അവർ രാജാവിനോട് അദ്ദേഹത്തിന്റെ പൂർവ്വജന്മങ്ങളുടെ കഥ പറഞ്ഞു.

പത്തു ജന്മങ്ങൾ കാട്ടാളനായി ജീവിച്ചുകഴിഞ്ഞിരിക്കയാണ് പുരുയശസ്സ്. പത്തു ജന്മങ്ങളിലും ദുഷ്ടതകളേ ചെയ്തിട്ടുള്ളു. അതേസമയം ഭഗവാനെ ഭജിച്ചിട്ടുമില്ല. പത്താം കാട്ടാളജന്മം കഴിച്ചത് സഹ്യാദ്രിയിലാണ്. ജന്തുഹിംസ മാത്രമല്ല അപ്പോൾ ചെയ്തത്. കൊള്ളയും പിടിച്ചുപറിയും നടത്തി. വഴിപോക്കരുടെ വസ്തുവകകൾ കൈക്കലാക്കി.

ഒരിക്കൽ കർഷണൻ എന്ന മുനി ആ വഴിക്കു പോകാനിടയായി. ഗൗഡദേശക്കാരനാണ് കർഷണൻ. അദ്ദേഹത്തോടൊന്നിച്ചു കുറെ വൈശ്യന്മാരുമുണ്ട്. കാട്ടാളൻ അമ്പെയ്ത് ഒരു വൈശ്യനെ വധിച്ചു. വൈശ്യന്റെ പക്കൽ ധാരാളം പണമുണ്ടായിരുന്നു. ആ പണമത്രയും കാട്ടാളൻ കൈയടക്കി. അതിനുശേഷം ഇനിയൊരു വൈശ്യനെ സമീപിച്ചു. അയാളുടെ പക്കലും വേണ്ടത്ര പണമുണ്ട്. കാട്ടാളൻ വരുന്നതു കണ്ട് അയാൾ ജീവനുവേണ്ടി ഓടിപ്പോയി. അതിനിടയ്ക്ക് കൈയിലുള്ള പണം ഒരു വള്ളിക്കുടിലിലിട്ടു. ആ വൈശ്യനെപ്പോലെ കർഷണമുനിയും ജീവരക്ഷയ്ക്കായി ഓടിത്തുടങ്ങി. ഓട്ടത്തിന്റെ അദ്ധ്വാനം, ആഹാരമില്ലായ്മ, ശരീരക്ഷീണം—എല്ലാം ഒന്നിച്ചപ്പോൾ കർഷണമുനി മോഹാലസ്യപ്പെട്ടുവീണു. വൈശ്യന്റെ പുറകെ ഓടുകയായിരുന്നു കാട്ടാളൻ. അവൻ വീണുകിടക്കുന്ന കർഷണമുനിയെ കണ്ടെത്തി. മുനിയോടു ചോദിച്ചാൽ വൈശ്യൻ എവിടെ എന്ന് അറിയാനൊക്കും. പക്ഷേ, മുനി ബോധംകെട്ടു കിടക്കുകയാണ്. കാട്ടാളൻ വെള്ളം കൊണ്ടുവന്ന് മുനിയുടെ മുഖത്തു തളിച്ചു. പിന്നീടു താമരയിലകൊണ്ടു വീശി. അപ്പോഴേക്കും മുനി ബോധംവന്ന് എണീറ്റിരുന്നു.

"അങ്ങേക്ക് ഒട്ടും ഭയം വേണ്ട. ഞാൻ അങ്ങയെ ഉപദ്രവിക്കുകയില്ല. വൈശ്യൻ പണം എറിഞ്ഞുകളഞ്ഞു എന്നു ഞാൻ ഊഹിക്കുന്നു. എവിടെയാണ് എറിഞ്ഞത്? അതു മാത്രം അങ്ങു പറഞ്ഞുതന്നാൽ മതി. പക്ഷേ, ഒരു കാര്യം. അങ്ങു സത്യം പറയണം. അല്ലാത്തപക്ഷം ഞാൻ അങ്ങയെ കൊല്ലും. തീർച്ചയാണ്." കാട്ടാളൻ പറഞ്ഞു.

കർഷണമുനി സത്യം അറിയിച്ചു:

"വൈശ്യൻ പണം ആ വള്ളിക്കുടിലിൽ ഇട്ടിട്ട് ഓടിപ്പോയി. അതു കണ്ടതുമാത്രമേ എനിക്ക് ഓർമ്മയുള്ളു. ഉടനെ എനിക്കു ബോധംകെടുകയാണുണ്ടായത്."

കാട്ടാളന് ബോധ്യമായി.

"ശരി. അങ്ങ് നിർബാധമായി പൊയ്ക്കൊള്ളണം. എനിക്ക് അങ്ങയോട് ഒരു അപേക്ഷയുണ്ട്. വൈശ്യൻ രക്ഷപ്പെട്ടിരിക്കയാണ്. അയാൾ എന്നെപ്പറ്റി രാജാവിന് അറിവുകൊടുത്തേക്കും. അങ്ങ് യാതൊന്നും രാജാവിനെ അറിയിക്കരുത്, കേട്ടോ?" കാട്ടാളൻ ആവശ്യപ്പെട്ടു.

അവൻ മറ്റൊന്നുകൂടി ചെയ്തു. മുനിക്ക് തണലുണ്ടാവണം. ക്ഷീണവും തീരണം. അതിനായി ഒരു കുടയും വിശറിയും നല്കി. എന്നിട്ടു സ്ഥലം വിട്ടു.

കർഷണമുനി കുടയും വിശറിയുമായി നടന്നുപോയി.

കാട്ടാളൻ ചെയ്തത് ഒരു പുണ്യകർമ്മമായിരുന്നു. അതിനുള്ള സദ്ഫലമാണ് പിന്നീട് ലഭിച്ചത്—അതായത് പുരുയശസ്സായിട്ടുള്ള രാജജന്മം.

ഇത്രയുമാണ് ആചാര്യന്മാർ പുരുയശസ്സിനെ അറിയിച്ചത്:

"പുരൂയശസ്സേ, ഞങ്ങൾ വൈശാഖധർമ്മങ്ങൾ ഉപദേശിച്ചുതരാം. അവയെല്ലാം അങ്ങ് യഥാവിധി നിർവ്വഹിച്ചു എന്നുവരികിലോ? അങ്ങേക്ക് സകല അഭ്യുദയങ്ങളും ഉണ്ടാവും."

അവർ രാജാവിന് വ്യക്തമായ ഉപദേശങ്ങൾ നല്കി. വിശദമായ നിർദ്ദേശങ്ങളും. അവയെല്ലാം ഒരു പിഴയും വരാതെ പുരൂയശസ്സ് അനുസരിച്ചു. അതുകൊണ്ട് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി എന്നോ? നഷ്ടപ്പെട്ട പാഞ്ചാലരാജ്യം വീണ്ടുകിട്ടി. ശത്രുക്കൾ പിൻവാങ്ങി. അഞ്ചു പുത്രന്മാരും ജാതരായി.

സുഖത്തോടും സംതൃപ്തിയോടും പുരൂയശസ്സ് നാടുവാണു. മഹാവിഷ്ണു സംപ്രീതനായി പ്രത്യക്ഷനായി അനുഗ്രഹിച്ചു. അതിനുശേഷം പുരൂയശസ്സ് പതിനായിരം സംവത്സരം രാജ്യഭാരം ചെയ്തു. ഒടുവിൽ ലഭിച്ചതോ മോക്ഷവും.

(സ്കാന്ദപുരാണം, വൈഷ്ണവഖണ്ഡം)

ഹേമകാന്തൻ

വഗത്തിൽ കുശകേതു എന്നൊരു രാജാവ്. കുശകേതുവിന്റെ പുത്രനാണ് ഹേമകാന്തൻ. നായാട്ടിൽ വലിയ കമ്പമാണ് രാജകുമാരന്. ഒരു നാൾ രാജകുമാരൻ കൂട്ടുകാരോടുകൂടി വേട്ടയ്ക്ക് കാട്ടിലേക്കു പോയി. ദുഷ്ടമൃഗങ്ങൾ പലതിനെയും കൊന്ന് അങ്ങുമിങ്ങും സഞ്ചരിക്കയാണ്. അങ്ങനെ നേരം വളരെയേറെ കഴിഞ്ഞുപോയി. അപ്പോഴേക്കും വിശപ്പും ദാഹവുമുണ്ടായി. അവ അനുനിമിഷം വർദ്ധിച്ചുകൊണ്ടിരുന്നു. ഭക്ഷണവും ജലവും എവിടെ കിട്ടും? ഹേമകാന്തൻ പലയിടങ്ങളിലും അന്വേഷിച്ചുനടന്നു. ഒരിടത്ത് ഒരു ആശ്രമം കണ്ടെത്തി.

ആശ്രമത്തിൽ കുറെ മുനിമാരുണ്ട്. അവരെല്ലാം ധ്യാനത്തിൽ ലയിച്ചിരിക്കുകയാണ്. അതൊന്നും ആലോചിക്കാൻ ഹേമകാന്തൻ മിനക്കെട്ടില്ല. രാജകുമാരൻ അവരോട് ആഹാരവും വെള്ളവും ആവശ്യപ്പെട്ടു.

മുനിമാർ യാതൊന്നും ഉരിയാടിയില്ല. അവർ രാജകുമാരനെ കണ്ടതേയില്ല. പറഞ്ഞതു കേട്ടുമില്ല. ധ്യാനത്തിൽ മുഴുകിയിരിക്കയല്ലേ?

അപ്പോൾ ഹേമകാന്തന് ഒരു തെറ്റിദ്ധാരണയുണ്ടായി. താൻ ഇവരോടു സംസാരിച്ചു. അവർ അതു കേട്ടതായിപ്പോലും ഭാവിക്കുന്നില്ല. ഇവർ തന്നെ മനഃപൂർവ്വം ധിക്കരിക്കയാണ്! ധിക്കാരത്തിന് അവർക്കു വധശിക്ഷ നല്കണം!

ഹേമകാന്തൻ വില്ലെടുത്തു കുലച്ചു.

മുനിശിഷ്യന്മാരിൽ ചിലർ ഹേമകാന്തന്റെ സംരംഭം കാണാനിടയായി. അവർ പരിഭ്രാന്തരായി.

"രാജകുമാരാ, ഞങ്ങളുടെ ഗുരുക്കന്മാർ സമാധിയിലാണ്. അവർക്ക് ബാഹ്യലോകത്തെക്കുറിച്ച് ബോധമേയില്ല. ദയവുചെയ്ത് അവരെ വധിക്കരുതേ!" അവർ കേണപേക്ഷിച്ചു.

ഹേമകാന്തൻ സംരംഭത്തിൽനിന്നു പിൻവാങ്ങി.

"ഞാൻ അവരെ കൊല്ലാതിരിക്കാം. നിങ്ങൾ എനിക്ക് ഭക്ഷണവും ജലവും തരാമെങ്കിൽ." രാജകുമാരൻ പറഞ്ഞു.

"ഞങ്ങൾ ഭിക്ഷ വാങ്ങി ജീവിക്കുന്നവരാണ്. മറ്റൊരു വിഷമംകൂടിയുണ്ട്. ഒരാൾക്കു ഭക്ഷണം നല്കണമെങ്കിലോ അതിനു ഗുരുക്കന്മാരുടെ അനുവാദം വേണം. അതില്ലാതെ ഒന്നും ഞങ്ങൾക്കു ചെയ്തുകൂടാ." മുനിശിഷ്യന്മാർ കഴിവുകേട് അറിയിച്ചു.

അതു കേട്ട് ഹേമകാന്തൻ ക്രോധംപൂണ്ടു. അപ്പോൾ ചെയ്തത് ഘോരമായ ഒരപരാധമായിരുന്നു. വീണ്ടും വില്ലു കൈയ്ക്കലാക്കി അമ്പുകൾ തൊടുത്ത് മുനിമാരുടെ നേർക്കയച്ചു. അമ്പുകളേറ്റ് ചില മുനിമാർ മൃതരായി നിലത്തു വീണു. മറ്റു ചിലർ സമാധിയിൽനിന്നുണർന്ന് എഴുന്നേറ്റോടി.

ഹേമകാന്തനും കൂട്ടരും ആശ്രമത്തിൽ കടന്നുകയറി. കിട്ടിയ ഭക്ഷണമെല്ലാം എടുത്തുതിന്നു. ഒരുവിധം വിശപ്പടക്കി. അതിനുശേഷം യാത്രയുമായി.

ആ വർത്തമാനം ലഭിച്ചു കുശകേതുവിന്. പുത്രന്റെ ദുഷ്കൃത്യം രാജാവിനെ അത്യധികമായി ദുഃഖിപ്പിച്ചു. അതേസമയം ദേഷ്യപ്പെടുത്തുകയും ചെയ്തു. അദ്ദേഹം പുത്രനെ രാജ്യത്തുനിന്നും ആട്ടിപ്പുറത്താക്കി.

ബ്രഹ്മഹത്യ എന്ന മഹാപാപം ബാധിച്ചിരുന്നു ഹേമകാന്തനെ. ഇപ്പോഴിതാ രാജ്യത്തുനിന്നും നിഷ്കാസനംചെയ്യപ്പെടുകയുമായി. കാട്ടിൽ ചെന്നു കഴിയുക എന്നൊരു വഴിയേ അവശേഷിച്ചുള്ളു. ഗതിയില്ലാതെ അലഞ്ഞു നടക്കുക... അതല്ലാതെന്തു ചെയ്യാനൊക്കും?

വേനൽക്കാലം വന്നെത്തി. ദിനംപ്രതി ചൂടു കൂടിവന്നു. ഒടുവിൽ ചൂട് മൂർദ്ധന്യത്തിലെത്തി.

ത്രിതൻ എന്ന മുനി ഒരു കാട്ടിൽക്കൂടി പോവുകയാണ്. ഒരിടത്ത് തീർത്ഥയാത്ര പോവുകയായിരുന്നു അദ്ദേഹം. ഉഷ്ണം സഹിക്കവയ്യാതെയായിത്തീർന്നിരുന്നു. ദാഹമാണെങ്കിലോ, അതികഠിനവും. അദ്ദേഹം വെള്ളം തിരഞ്ഞ് അങ്ങുമിങ്ങും നടന്നു. ഒരിടത്തും വെള്ളം കണ്ടുകിട്ടിയില്ല. അല്പനേരം കൂടി അദ്ദേഹം ഉഴന്നുനടന്നു. അപ്പോഴേക്കും ദാഹവും ക്ഷീണവും സഹിക്കവയ്യാതായി. അദ്ദേഹം മൂർച്ഛിച്ച് നിലത്തു വീണു.

ആ വഴിക്ക് ഹേമകാന്തൻ വരാനിടയായി. വീണുകിടക്കുന്ന മുനിയെ കണ്ടപ്പോഴോ? രാജകുമാരന്റെ ഹൃദയത്തിൽ അനുകമ്പ നിറഞ്ഞുതുളുമ്പി. അയാൾ ധൃതിയിൽ കുറെ താമരയിലകൾ ശേഖരിച്ചുകൊണ്ടുവന്നു. അവകൊണ്ട് കുടപോലെ ഒന്നുണ്ടാക്കി. അതു നിലത്തുനിർത്തി ത്രിതന് തണലേകി. പിന്നീടു കുളിർജലം കൊണ്ടുവന്നു. മുനിയുടെ മുഖത്തു തളിച്ചു. അദ്ദേഹത്തെ കുടിപ്പിക്കയുംചെയ്തു.

ത്രിതൻ പ്രജ്ഞ വീണ്ടെടുത്ത് എഴുന്നേറ്റിരുന്നു. കണ്ണുമിഴിച്ചു മുമ്പിലേക്കു നോക്കി. ഹേമകാന്തനെ കണ്ടു. രാജകുമാരൻ ചെയ്ത ശുശ്രൂഷകളും അറിവായി. മുനി ഉപകാരസ്മരണയോടെ ഹേമകാന്തന് ആശീർവാദങ്ങൾ നല്കി. എന്നിട്ട് താമരയിലയാൽ നിർമിച്ച കുടയെടുത്തു. ആ കുട പിടിച്ച് വെയിൽ അകറ്റിനിറുത്തി. അങ്ങനെ തന്റെ വഴിക്കു പോവുകയും ചെയ്തു.

ആ സൽക്രിയ ഹേമകാന്തനു പ്രയോജനപ്പെട്ടു. അത് അയാളുടെ പാപത്തെ തുടച്ചുനീക്കി എന്നർത്ഥം. ഹേമകാന്തന് അക്കാര്യം അറിവുമായി. അളവില്ലാത്ത അത്ഭുതമാണ് അപ്പോൾ ഉളവായത്. ശരിക്കുള്ള കാരണം അറിഞ്ഞില്ല. എന്നു മാത്രം.

ഒരു നാൾ ഹേമകാന്തൻ ഒന്നു കണ്ടു—തന്റെ മുമ്പിൽ ഭയങ്കരന്മാരായ ചില സത്വങ്ങൾ നില്ക്കുന്നു. യമന്റെ കിങ്കരന്മാരായിരുന്നു അവർ. ഹേമകാന്തനെ യമലോകത്തേക്കു കൊണ്ടുപോകാൻ വന്നതുമാണ്.

ഹേമകാന്തൻ അത്യന്തം ആർത്തനായി.

വിഷ്വക്സേനൻ എന്നൊരു പാർഷദനുണ്ട് മഹാവിഷ്ണുവിന്. ഭഗവാൻ വിഷ്വക്സേനന് ചില നിർദ്ദേശങ്ങൾ നല്കി. അവയനുസരിച്ച് വിഷ്വക്സേനൻ ഹേമകാന്തന്റെ അരികിലെത്തി. യമകിങ്കരന്മാരെ അവിടുന്നു തുരത്തി. എന്നിട്ട് ഹേമകാന്തനെ തലോടി ആശ്വസിപ്പിച്ചു.

പിന്നീട് വിഷ്വക്സേനൻ ഹേമകാന്തനെയുംകൊണ്ട് വംഗരാജ്യത്തിൽ എത്തിച്ചേർന്നു.

കുശകേതു പാർഷദനെ പൂജിച്ചിരുത്തി.

മഹാവിഷ്ണുവിന്റെ ഇച്ഛ അറിയിച്ചു. വിഷ്വക്സേനൻ. അതനുസരിച്ചു പ്രവർത്തിച്ചു കുശകേതു. അദ്ദേഹം പുത്രനെ വീണ്ടും സ്വീകരിച്ചു. മാത്രമല്ല, രാജസ്ഥാനവും നല്കി.

അതിനുശേഷം രാജാവ് രാജ്യം വിട്ടിറങ്ങി. ഒന്നിച്ചു രാജപത്നിയും. അവർ കാട്ടിൽ ചെന്നു തപസ്സുചെയ്തു.

ഹേമകാന്തൻ വംഗരാജാവായി വളരെക്കാലം വാണു. ഐശ്വര്യം, സൗഖ്യം, സമ്പത്ത്, പ്രതാപം—സകലതും ഹേമകാന്തൻ അനുഭവിച്ചു. ഒടുവിൽ ലഭിച്ചതോ, വിഷ്ണുലോകവും!

മുനിക്കു ചെയ്തിരുന്നില്ലേ ഉപകാരം? അതാണ് ഹേമകാന്തന്റെ സദ്ഗതിക്കു കാരണം—ചുരുക്കത്തിൽ, വൈശാഖമാസത്തിലെ ഛത്രദാനം!

(സ്കാന്ദപുരാണം, വൈഷ്ണവഖണ്ഡം)

കീർത്തിമാൻ

ഒരിക്കൽ കീർത്തിമാൻ എന്ന രാജാവ് നായാട്ടിനു പോയി. വനത്തിൽ വസിഷ്ഠമഹർഷിയുടെ ആശ്രമം കാണുമാറായി. അവിടെ എന്തെക്കെയോ പുതിയ ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. ആളുകൾക്കു വിശ്രമിക്കാനുള്ള തണൽസ്ഥലങ്ങൾ; വെള്ളം കൊടുക്കാനുള്ള തണ്ണീർപ്പന്തലുകൾ; അന്നദാനത്തിനുള്ള പാചകശാലകൾ—അങ്ങനെ എന്തെല്ലാം!

കീർത്തിമാൻ ചില മുനിശിഷ്യന്മാരെ കണ്ടെത്തി.

"എന്തിനാണ് ഈ ഏർപ്പാടുകൾ?" അദ്ദേഹം അവരോടു ചോദിച്ചു.

"വൈശാഖമാസത്തിലെ ധർമങ്ങളാണ് ഇവയൊക്കെ"—അതായിരുന്നു മുനിശിഷ്യന്മാരുടെ മറുപടി.

"എന്തൊക്കെയാണ് ഈ മാസത്തിൽ ചെയ്യേണ്ടതായ പുണ്യകർമങ്ങൾ?" കീർത്തിമാൻ ആരാഞ്ഞു.

"ഗുരുവിനോടുതന്നെ ചോദിക്കണം." മുനിശിഷ്യന്മാർ ഉത്തരം നല്കി.

രാജാവ് വസിഷ്ഠനെ കണ്ടു വന്ദിച്ചു. എന്നിട്ട് മുനിശിഷ്യരോടു ചോദിച്ച ചോദ്യങ്ങൾ ആവർത്തിച്ചു. വസിഷ്ഠൻ വിസ്തരിച്ചു പറഞ്ഞുകൊടുത്തു.

അതെല്ലാം കീർത്തിമാന്റെ മനസ്സിൽ മായാതെ പതിഞ്ഞു. അദ്ദേഹം യാത്ര പറഞ്ഞിറങ്ങി.

രാജ്യത്തിൽ തിരിച്ചെത്തിയപ്പോഴോ? കീർത്തിമാന്റെ ആദ്യത്തെ നടപടി ഒന്നായിരുന്നു—വസിഷ്ഠന്റെ ഉപദേശപ്രകാരം പ്രവർത്തിക്കുക. അദ്ദേഹം വൈശാഖധർമം യഥാവിധി അനുഷ്ഠിച്ചു. അതേസമയം പ്രജകളെക്കൊണ്ട് അനുഷ്ഠിപ്പിക്കുകയുംചെയ്തു. ആരും വിധികളിൽ ഒരു പിഴയും വരുത്തിയില്ല.

ഒടുവിൽ എന്തായി അതിന്റെയൊക്കെ ഫലം? കീർത്തിമാന്റെ പ്രജകൾ മരണശേഷം നരകത്തിൽ ചെല്ലാതെയായി. അപ്പോൾ യമന് ജോലി വളരെ കുറവുമായി. ഇതെല്ലാം വരുത്തിവെച്ചത് കീർത്തിമാനാണ്. അതിനാൽ കീർത്തിമാനോട് യമന് വൈരാഗ്യമുണ്ടായി. യമൻ ഭടന്മാരുമായി കീർത്തിമാന്റെ രാജ്യത്തു ചെന്നു. പക്ഷേ, കീർത്തിമാനു യാതൊരു കുലുക്കവുമുണ്ടായില്ല. അദ്ദേഹം യമസൈന്യത്തോടു ധീരമായി പോരാടി.

പെട്ടെന്ന് യുദ്ധരംഗത്തിൽ സുദർശനചക്രം ആവിർഭവിച്ചു. മഹാവിഷ്ണു കീർത്തിമാനെ സഹായിക്കാൻ അയച്ചതായിരുന്നു ആ ദിവ്യായുധം.

സുദർശനചക്രം യമന്റെ നേർക്കു പാഞ്ഞു. അല്പം ചില നിമിഷങ്ങൾ—അതിനുള്ളിൽ യമന്റെ കഥ കഴിയും.

പക്ഷേ, അതുണ്ടായില്ല.

കീർത്തിമാൻതന്നെയായിരുന്നു അതിനു കാരണക്കാരൻ. തന്നെ ഇല്ലായ്മചെയ്യാനാണ് യമൻ വന്നത്. ആ സ്ഥിതിക്ക് യമൻ ഇല്ലാതാവുന്നതിൽ സന്തോഷിക്കേണ്ടതാണ്. പക്ഷേ, അത്തരക്കാരനായിരുന്നില്ല കീർത്തിമാൻ. ശത്രുവിനെ രക്ഷിക്കാൻതന്നെ അദ്ദേഹം ഒരുക്കമായി.

അദ്ദേഹം സുദർശനചക്രത്തെ വാഴ്ത്തി സ്തുതിച്ചു.

"ദയവുചെയ്തു യമനെ നശിപ്പിക്കരുതേ!" അദ്ദേഹം ദിവ്യായുധത്തോടു യാചിച്ചു.

സുദർശനചക്രം അപ്രത്യക്ഷമായി.

എതിരാളിയുടെ മഹിമ കാരണം യമൻ രക്ഷപ്പെട്ടു. അതിൽ അതിയായ ലജ്ജയും ഉണ്ടായി. എങ്കിലും തന്റെ ജോലിക്കുറവിന് ഒരു പരിഹാരം കണ്ടെത്തണം. പരിഹാരം നല്കാൻ ബ്രഹ്മാവിനേ സാധിക്കുകയുള്ളു. യമൻ അതിവേഗം ബ്രഹ്മലോകത്തിലെത്തി.

പലരും കൂടിയിരിക്കുകയാണ് അവിടെ. എല്ലാവരും യമനെ പുച്ഛത്തോടെ നോക്കുകയാണ്. യമന്റെ തോൽവിയെക്കുറിച്ച് അവർക്ക് അറിവു കിട്ടിയിരുന്നു.

"ഭഗവൻ, കീർത്തിമാൻ കാരണം എനിക്കു പൊറുതിമുട്ടി. അനേകം മനുഷ്യർ മരണശേഷം എന്റെ സമീപത്തു വരാതിരിക്കുന്നു. എന്റെ ജോലി ശരിക്കു നിർവ്വഹിക്കാൻ എനിക്കു സാധിക്കുന്നില്ല." യമൻ ബ്രഹ്മാവിനോടു പരാതി പറഞ്ഞു.

ബ്രഹ്മാവ് യമനെയുംകൂട്ടി വൈകുണ്ഠത്തിൽ ചെന്ന് മഹാവിഷ്ണുവിനെ കണ്ടു.

മഹാവിഷ്ണു പറഞ്ഞു: "യമാ, കീർത്തിമാൻ ജീവിച്ചിരിപ്പോളം ഈ സ്ഥിതി തുടരുകയേയുള്ളു. അവന്റെ കാലശേഷം അതിദുഷ്ടനായ ഒരു രാജാവുണ്ടാകും. അപ്പോൾ അങ്ങേക്കു ധാരാളം ജോലിയുണ്ടാവും."

ഭഗവാൻ ഒരു ഏർപ്പാടുകൂടി ചെയ്യുകയുണ്ടായി. വൈശാഖധർമ്മങ്ങളിൽ ഒരു ഭാഗം യമനായി നീക്കിവെച്ചു. അന്നുമുതൽ എന്തായി? യമപൂജ വൈശാഖധർമ്മത്തിന് ഒഴിച്ചുകൂടാത്തതായി!

കീർത്തിമാൻ ദീർഘകാലം രാജ്യഭാരംചെയ്തു. അവസാനം എത്തിച്ചേർന്നതോ? വൈകുണ്ഠത്തിലും.

(സ്കാന്ദപുരാണം, വൈഷ്ണവഖണ്ഡം)

ധർമദത്തൻ

കിരവീരം എന്ന നഗരത്തിൽ ധർമദത്തൻ എന്നൊരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. നിഷ്കളങ്കമായ വിഷ്ണുഭക്തി ഉണ്ടായിരുന്നു ധർമദത്തന്. കാർത്തിക മാസത്തിലെ വിഷ്ണുവ്രതം അനുഷ്ഠിക്കുകയാണ് അദ്ദേഹം.

ഒരു രാത്രിയിൽ ഒരു സംഭവമുണ്ടായി.

ധർമദത്തൻ ഉറക്കമിളച്ച് വിഷ്ണുഭജനം നടത്തി. ഭജനം രാത്രിയുടെ നാലാം യാമംവരെ ചെയ്തു. അതിനുശേഷം അദ്ദേഹം വിഷ്ണുക്ഷേത്രത്തിലേക്കു നടന്നു.

എതിരെ വരികയായിരുന്നു ഒരു രാക്ഷസി.

ധർമദത്തൻ രാക്ഷസിയെക്കണ്ടു പേടിച്ചുപോയി. വെള്ളവും പൂജാദ്രവ്യങ്ങളും അദ്ദേഹത്തിന്റെ കൈയിൽനിന്നു വീണു. എങ്കിലും അദ്ദേഹം ക്ഷണത്തിൽ ധൈര്യം അവലംബിച്ചു. തുളസീജലമെടുത്ത് രാക്ഷസിയുടെ മേൽ തളിച്ചു. തത്സമയം രാക്ഷസിക്കു പൂർവ്വജന്മത്തിന്റെ ഓർമ്മയുണ്ടായി.

"മഹാത്മൻ, ഞാൻ കഴിഞ്ഞ ജന്മം അനേകം പാപങ്ങൾ ചെയ്യുകയുണ്ടായി. അക്കാരണത്താൽ ഞാൻ രാക്ഷസിയായിത്തീർന്നു. എനിക്കു സദ്ഗതി കിട്ടാൻ എന്താണു മാർഗ്ഗം? അങ്ങു പറഞ്ഞുതരണം." അവൾ അപേക്ഷിച്ചു.

"നീ ചെയ്ത പാപങ്ങൾ എന്തൊക്കെയായിരുന്നു?" ധർമദത്തൻ ചോദിച്ചു.

അവൾ ശരിയായ ഉത്തരം നല്കി.

സൗരാഷ്ട്രത്തിൽ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അയാളുടെ ഭാര്യയായിരുന്നു അവൾ. ഭർത്താവ് ധർമിഷ്ഠനാണ്. ഭാര്യയോ, ദുർവൃത്തയും. ഭർത്താവിന് അവൾ അപ്രിയമേ ചെയ്തിരുന്നുള്ളു. ഒരു ദിവസമെങ്കിലും അയാൾക്കു വേണ്ടതുപോലെ ഭക്ഷണം കൊടുത്തില്ല. ഭർത്താവിന്റെ ആജ്ഞകൾ ധിക്കരിക്കുന്നതും പോകട്ടെ, അവൾ അദ്ദേഹത്തെ കണക്കറ്റ് ശകാരിക്കുകയും നിന്ദിക്കുകയും ചെയ്തു.

ഒടുവിൽ ബ്രാഹ്മണനു സഹികെട്ടു. അവളെ ഉപേക്ഷിച്ച് അന്യസ്ത്രീയെ വിവാഹംകഴിച്ചാലെന്ത്? അതായി അദ്ദേഹത്തിന്റെ ആലോചന. അത് അവൾ അറിയുകയുംചെയ്തു.

ഒരു ദിവസം അവൾ വിഷം കുടിച്ചു മരിച്ചു.

യമകിങ്കരന്മാർ അവളെ കൊണ്ടുപോയി. അവൾ ചെയ്തിരുന്ന ദുഷ്ടതകൾക്കു ശിക്ഷയും നല്കി—അതായത് അവളെ അടുത്ത ജന്മം രാക്ഷസിയാക്കി!

അതാണ് രാക്ഷസി ധർമദത്തനോടു പറഞ്ഞ മുജ്ജന്മകഥ.

ധർമദത്തന്റെ ഹൃദയം ആർദ്രമായി.

അദ്ദേഹം ഒരു മഹാത്യാഗത്തിന് ഒരുക്കമായി.

"ഞാൻ ഇന്നോളം കുറെ പുണ്യങ്ങൾ ആർജിച്ചിട്ടുണ്ട്. ആ പുണ്യങ്ങളിൽ പകുതിയുടെ ഫലം ഞാനിതാ നിനക്കു തരുന്നു. അതുകൊണ്ടു നിന്റെ പാപങ്ങൾ വേരറ്റുപോകട്ടെ!" അദ്ദേഹം ആശംസിച്ചു.

അതിനുശേഷം ധർമദത്തൻ ഒരു മന്ത്രം ചൊല്ലി. വീണ്ടും തുളസീജലം തളിച്ചു. അതിന്റെ ഫലം തൽക്ഷണം കാണുമാറായി. രാക്ഷസി രൂപം മാറി ദിവ്യസ്ത്രീയായി.

രണ്ടു വിഷ്ണുദൂതന്മാർ വിമാനത്തിൽ വന്നിറങ്ങി. ഒരു വിഷ്ണുദൂതന്റെ പേര് സുശീലൻ എന്നാണ്; അപരന്റെ പേര് പുണ്യശീലൻ എന്നും.

അവർ ധർമദത്തനോട് സംസാരിച്ചു:

"ധർമദത്താ, ഞങ്ങൾ ഇവളെ വൈകുണ്ഠത്തിലേക്ക് കൊണ്ടുപോവുകയാണ്. അങ്ങേക്കും ഒരിക്കൽ വൈകുണ്ഠം ലഭിക്കുന്നതാണ്. പക്ഷേ, വളരെക്കാലത്തിനുശേഷമായിരിക്കും ആ മഹാഭാഗ്യം കൈവരിക. അങ്ങ് സൂര്യവംശത്തിൽ രാജാവായി ജന്മമെടുക്കും. ദശരഥൻ എന്നായിരിക്കും അപ്പോൾ അങ്ങയുടെ നാമധേയം. ഇവൾ അങ്ങയുടെ മൂന്നാമത്തെ പത്നിയുമായിത്തീരും!"

സുശീലനും പുണ്യശീലനും ഉണ്ടായിരുന്നു അവരുടേതായ പൂർവ്വകഥകൾ.

അവർ ആ കഥകൾ ധർമദത്തനെ കേൾപ്പിച്ചു:

പണ്ട് ചോളൻ എന്നൊരു നൃപശ്രേഷ്ഠൻ നാടുവാണിരുന്നു. ചോളം എന്നായിരുന്നു ചോളന്റെ രാജ്യത്തിനു പേര്. പരിശുദ്ധമായ വിഷ്ണുഭക്തിയുണ്ടായിരുന്നു രാജാവിന്. പുണ്യകർമ്മങ്ങൾക്കായി ധാരാളം ധനം വ്യയവും ചെയ്തു.

ഒരിക്കൽ ചോളൻ വിഷ്ണുവിഗ്രഹത്തിൽ ഒരു അർച്ചന നടത്തി. സാധാരണയായി അർച്ചനയ്ക്ക് ഉപയോഗിക്കുന്നതു പുഷ്പങ്ങളാണ്. ഇപ്രാവശ്യം പുഷ്പങ്ങൾക്കു പകരം രത്നങ്ങൾ!

അർച്ചന കഴിഞ്ഞ് അല്പനേരമായി. അപ്പോൾ വിഷ്ണുസഖൻ എന്നു പേരായ ഒരു ബ്രാഹ്മണൻ അവിടെ വന്നെത്തി. വിഷ്ണുസഖനും വിഷ്ണുവിഗ്രഹത്തെ അർപ്പിച്ചു. തുളസിയിലകൾകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ അർച്ചന. അതു കുറെ നേരം തുടർന്നുപോയി. അപ്പോഴേക്കും വിഗ്രഹത്തിന്റെ ചുവട്ടിൽ തുളസിയിലകൾ കൂമ്പാരമായിത്തീർന്നു. അത് രാജാവ് അർച്ചിച്ചിരുന്ന രത്നങ്ങളെ മറച്ചു.

അതു കണ്ടപ്പോൾ ചോളൻ ക്രുദ്ധനായി.

"ഹേ ബ്രാഹ്മണാ, അങ്ങേക്ക് ഭക്തിയെക്കുറിച്ച് യാതൊന്നും അറിയില്ല. രത്നങ്ങൾകൊണ്ടാണു ഞാൻ ഭഗവാനു അർച്ചന നടത്തിയത്. അങ്ങ് ഉപയോഗിച്ചതോ ഒട്ടും വിലയില്ലാത്ത തുളസിയിലകളും!" രാജാവു പറഞ്ഞു.

വിഷ്ണുസഖൻ വിട്ടില്ല.

"രാജാവേ, ധനമുള്ളതുകൊണ്ട് അങ്ങു ഗർവിതനാണ്. ഭക്തിയെക്കുറിച്ച് അറിവില്ലാത്തത് അങ്ങേക്കാണ്. ഭഗവാന് രത്നങ്ങളെക്കാൾ പ്രിയങ്കരമാണ് തുളസിയില." അദ്ദേഹം തീർത്തുപറഞ്ഞു.

ചോളൻ പൂർവ്വാധികം ക്രുദ്ധനായി.

"അങ്ങേക്ക് ധനത്തിന്റെ മൂല്യത്തെക്കുറിച്ച് അറിഞ്ഞുകൂടാ. അഷ്ടിക്കു വകയില്ലാത്ത ആളാണ് അങ്ങ്. ഭഗവാനു കൂടുതൽ പ്രീതി നമ്മിൽ ആരോടാണ്? അതു വഴിയേ തെളിയും. ഞാൻ രത്നങ്ങൾ തുടർന്ന് അർച്ചിക്കും. അങ്ങു തുളസിയിലകൾകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളൂ." അദ്ദേഹം പറഞ്ഞു.

ഇരുവരും തമ്മിൽ പിരിഞ്ഞു.

ചോളൻ ഗംഭീരമായ വിഷ്ണുയജ്ഞം കൊണ്ടാടി.

വിഷ്ണുസഖൻ ക്രമപ്രകാരമുള്ള വിഷ്ണുസേവ നടത്തി.

അസാധാരണമായ ഒരനുഭവം ഉണ്ടായി വിഷ്ണുസഖന്. ഒരിക്കൽ അദ്ദേഹം ഭക്ഷണം പാകംചെയ്തു വെച്ചു. അത്ഭുതം എന്നല്ലാതെ എന്തു പറയാനാണ്! ഭക്ഷണം തൽക്ഷണം അപ്രത്യക്ഷമായി.

ആരെങ്കിലും മോഷ്ടിച്ചതാണോ? ഒരിക്കലുമല്ല. അതു വിഷ്ണുസഖനു തീർച്ചയായിരുന്നു.

അന്നേ ദിവസം അദ്ദേഹം ഉപവസിച്ചു. പിറ്റേന്നു ഭക്ഷണം പാകംചെയ്തപ്പോഴോ? അപ്പോഴും ഭക്ഷണം തിരോധാനംചെയ്തു. തുടർന്നുള്ള ഏഴു ദിവസവും അപ്രകാരംതന്നെ.

"എന്തു വന്നാലും ശരി, ഞാൻ ഇവിടന്നു പോവുകയില്ല, വിഷ്ണുപൂജ നിർത്തുകയുമില്ല." വിഷ്ണുസഖൻ ദൃഢനിശ്ചയമെടുത്തു.

അതാ വരുന്നു. വിശന്നുവലഞ്ഞ ഒരു ചാണ്ഡാളൻ. വളരെ നാളായി അവന് ആഹാരമില്ല. അതു തെളിയിച്ചു, മെലിഞ്ഞ ദേഹവും കുഴിഞ്ഞ കണ്ണും. ഇവൻതന്നെയാവണം തന്റെ ഭക്ഷണം മോഷ്ടിച്ചത്—അതായി വിഷ്ണുസഖന്റെ വിശ്വാസം. എന്നിരുന്നാലും അദ്ദേഹത്തിനു കോപമുണ്ടായില്ല. അദ്ദേഹം എഴുന്നേറ്റു ചണ്ഡാളന്റെ അടുക്കലേക്കു നടന്നു. അതു കണ്ട് ചണ്ഡാളൻ പേടിച്ച് ഓടിത്തുടങ്ങി. വാസ്തവത്തിൽ ഓടാൻ വയ്യാത്ത സ്ഥിതിയിലാണ്. ആഹാരമില്ലാതെ അത്രമാത്രം ക്ഷീണിച്ചുപോയിരുന്നു. അവൻ ബോധംകെട്ടു നിലത്തു വീണു.

വിഷ്ണുസഖന് അത്യധികമായ കൃപയുണ്ടായി. അദ്ദേഹം ചണ്ഡാളന്റെ ക്ഷീണം മാറ്റാൻ ഒരുങ്ങി. അതിനായി ഉത്തരീയമെടുത്ത് അവനെ വീശിത്തുടങ്ങി.

ചണ്ഡാളൻ വിഷ്ണുവായി മാറി!

ഭഗവാൻ വിഷ്ണുസഖനെ വൈകുണ്ഠത്തിലേക്ക് കൊണ്ടുപോയി.

ആ വിവരം ചോളന് അറിവായി. അപ്പോൾ രാജാവിന് ഒന്നു ബോധ്യമായി. തന്റെ വിരോധിയായ വിഷ്ണുസഖന് വൈകുണ്ഠം ലഭിച്ചു—താനാണെങ്കിൽ പഴയപോലെ കഴിയുകയുംചെയ്യുന്നു. അപ്പോൾ എന്താണു തെളിഞ്ഞിരിക്കുന്നത്? ഭക്തിയുള്ളവനാണ് മഹാവിഷ്ണുവിനു പ്രിയങ്കരൻ, വിത്തമുള്ളവനല്ല!

രാജാവിന്റെ മനസ്സിനു വല്ലാത്ത മാറ്റം വന്നു ചേർന്നു. ജീവിച്ചിരിക്കണ്ട എന്ന് അദ്ദേഹത്തിനു തോന്നി. അദ്ദേഹം രാജ്യത്തെ ഭാഗിനേയനു നല്കി. എന്നിട്ട് അഗ്നികുണ്ഠത്തിൽ ചാടി.

അഗ്നികുണ്ഠത്തിൽനിന്ന് മഹാവിഷ്ണു ആവിർഭവിച്ചു. ഭഗവാൻ വിഷ്ണുസഖനും ചോളനും വിഷ്ണുലോകത്ത് സ്ഥാനം നല്കി. ഇരുവരെയും വിഷ്ണുദൂതന്മാരുമാക്കി.

പുണ്യശീലൻ എന്ന വിഷ്ണുദൂതനാണ് വിഷ്ണുസഖൻ. സുശീലൻ എന്ന വിഷ്ണുദൂതൻ ചോളനും.

(സ്കാന്ദപുരാണം, വൈഷ്ണവഖണ്ഡം)

ധനശർമ

മദ്ധ്യദേശക്കാരനായ ബ്രാഹ്മണനാണ് ധനശർമ. അയാൾ ഒരിക്കൽ ദർഭയ്ക്കായി കാട്ടിലേക്കു ചെന്നു. അപ്പോൾ എന്തിനെയാണ് കണ്ടുമുട്ടിയത്? മൃഗങ്ങളെയല്ല, മനുഷ്യരെയല്ല, ഭയങ്കരങ്ങളായ മൂന്നു പ്രേതങ്ങളെ! എഴുന്നേറ്റു നില്ക്കുന്ന രോമങ്ങൾ. ചുവന്നു തുടുത്ത കണ്ണുകൾ, കറുകറുത്ത പല്ലുകൾ. ഒട്ടിച്ചേർന്ന വയറുകൾ. ധനശർമ ഭയംകൊണ്ടു പരവശനായി. അയാൾ ജീവനുംകൊണ്ട് ഓടിപ്പോയി. പക്ഷേ, പ്രേതങ്ങൾ വെറുതെ നിന്നില്ല. അവ അയാളുടെ പുറകേ കൂടി.

"നിങ്ങൾ വാസ്തവത്തിൽ ആരാണ്? എങ്ങനെ പ്രേതങ്ങളായി? എനിക്കു നിങ്ങളെക്കണ്ടു പേടിയാവുന്നു. ദയവുചെയ്ത് നിങ്ങൾ എന്നെ ഉപദ്രവിക്കാതിരിക്കണം. എന്നാൽ, മഹാവിഷ്ണു നിങ്ങൾക്കു തുണയേകും!" ധനശർമ പറഞ്ഞു.

തുടർന്ന് അയാൾ വിഷ്ണുഭജനം ചെയ്തു.

ഭഗവൽഭജന കേട്ടില്ലേ? അതോടെ പ്രേതങ്ങളുടെ മനസ്സിനു മാറ്റമുണ്ടായി. അവരുടെ ഹൃദയങ്ങളിൽ പുതിയ ചില വികാരങ്ങൾ നാമ്പിട്ടു—ദയ, ദാക്ഷിണ്യം, സംതൃപ്തി മുതലായവ!

അവൈശാഖൻ എന്നവനായിരുന്നു മൂന്നു പ്രേതങ്ങളിൽ ഒരുവൻ. അവൻ ധനശർമയെ ചിലതെല്ലാം അറിയിച്ചു—അതായത്, മൂന്നു പ്രേതങ്ങളുടെയും പൂർവ്വവൃത്താന്തങ്ങൾ.

ഒന്നാമൻ ആദ്യം സുദാസൻ എന്നവനായിരുന്നു. അയാൾ പലേ കൃതഘ്നതകളും ചെയ്യുകയുണ്ടായി. അതിനാൽ അയാൾക്ക് കൃതഘ്നൻ എന്ന പേരു പതിഞ്ഞു.

രണ്ടാമൻ ഹരിവീരൻ എന്ന രാജാവായിരുന്നു. അയാൾ കോപിയായിരുന്നു, നാസ്തികനായിരുന്നു, അഹങ്കാരിയായിരുന്നു. അയാൾ അദൈവതൻ എന്ന പേരിനാൽ അറിയപ്പെട്ടു.

മൂന്നാമൻ ഗൗതമൻ എന്ന ബ്രാഹ്മണനായിരുന്നു. ദാനങ്ങൾ, പൂജകൾ, മറ്റു സത്കർമങ്ങൾ—അവയൊന്നും ഗൗതമൻ ചെയ്തില്ല. അവൈശാഖൻ എന്നാണ് അയാൾ അറിയപ്പെട്ടത്.

മരണശേഷം മൂന്നുപേരും പ്രേതങ്ങളായിത്തീർന്നു.

അത്രയുമാണ് അവൈശാഖൻ ധനശർമയെ അറിയിച്ചത്.

അപ്പോൾ ആ പ്രേതം ഒന്നറിഞ്ഞിരുന്നില്ല—തന്റെ മുൻപിൽ നില്ക്കുന്ന ധനശർമ സ്വപുത്രനാണ് എന്ന്!

"ഹേ ബ്രാഹ്മണാ, അങ്ങു ഞങ്ങളെ പാപത്തിൽനിന്ന് കരകേറ്റണമേ! എന്നെക്കുറിച്ചുള്ള വിവരം എന്റെ മകനായ ധനശർമയെ അറിയിക്കണമേ!" ഗൗതമനായിരുന്ന അവൈശാഖൻ അപേക്ഷിച്ചു.

ധനശർമയ്ക്ക് പരമാർത്ഥം അറിവായി.

"ഞാൻതന്നെയാണ് അങ്ങയുടെ പുത്രനായ ധനശർമ. കഷ്ടം, ഞാൻ എന്റെ അച്ഛനായ അങ്ങേക്കു പരഗതി നേടിത്തന്നില്ല. അങ്ങയുടെ പരഗതിക്കായി ഞാൻ എന്താണു ചെയ്യേണ്ടത്." ധനശർമ ചോദിച്ചു.

അതിനുള്ള വഴി അവൈശാഖൻ ചൂണ്ടിക്കാട്ടി. വൈശാഖവ്രതം അനുഷ്ഠിക്കുക എന്നതാണ് ആ വഴി. എന്തൊക്കെയാണ് ആ വ്രതത്തിന്റെ വിധികൾ? അതും വിസ്തരിച്ച് അറിയിച്ചു.

"മകനേ, ഈ രണ്ടു പ്രേതങ്ങളും എന്റെ ഉറ്റ ചങ്ങാതിമാരാണ്. നീ അവരുടെ പാപംകൂടി ഇല്ലാതാക്കണം." അവൈശാഖൻ കൂട്ടിച്ചേർത്തു.

ധനശർമ വിധിപോലെ വൈശാഖവ്രതം അനുഷ്ഠിച്ചു. അതിന്റെ ഫലമായി കുറെ പുണ്യം സമ്പാദിച്ചു. ആ പുണ്യത്തെ മൂന്നു പ്രേതങ്ങൾക്കുമായി വീതിച്ചു നല്കി. ഫലമായി മൂന്നുപേർക്കും സ്വർഗം ലഭിച്ചു.

വളരെക്കാലത്തിനുശേഷം ധനശർമയും സദ്ഗതി നേടി.

(സ്കാന്ദപുരാണം)

ശിവശർമ

മഹാപണ്ഡിതൻ മാത്രമല്ല, പ്രഗല്ഭനായ കലാകാരൻ കൂടിയായിരുന്നു ശിവശർമ. വേദങ്ങൾ, ശാസ്ത്രങ്ങൾ മുതലായവ അദ്ദേഹത്തിനു ഹൃദിസ്ഥമാണ്. അതേസമയം നാട്യം, ചിത്രകല എന്നിവയിൽ സാമർത്ഥ്യവുമുണ്ട്. ധാരാളം ധനവും സമ്പാദിക്കുന്നു.

വാർദ്ധക്യം വന്നപ്പോൾ ശിവശർമ എന്താണു ചെയ്തത്? സമ്പാദ്യം മുഴുവനും പുത്രന്മാർക്കായി വീതിച്ചു നല്കി. തനിക്കായി യാതൊന്നും നീക്കിവെച്ചുമില്ല.

അതിനൊരു കാരണമുണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു ദുഃഖമുണ്ട്. പാണ്ഡിത്യവും കലാവാസനയും ഉപയോഗിച്ചത് ധനം സമ്പാദിക്കാൻവേണ്ടിയാണ്. താൻ മോക്ഷത്തെക്കുറിച്ചു ചിന്തിച്ചതേയില്ല. ഈശ്വരനെ ഭജിച്ചില്ല. പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്തില്ല. യജ്ഞങ്ങൾ നിർവഹിച്ചില്ല. ക്ഷേത്രങ്ങൾ നിർമിച്ചില്ല. ആ സ്ഥിതിക്ക് ജീവിതം വ്യർത്ഥമായിപ്പോയി.

എങ്കിലും ഒന്നുണ്ട്. വ്യർത്ഥമായത് കഴിഞ്ഞ ജീവിതമാണ്. ഇനിയും കുറെ ജീവിതം ബാക്കിയുണ്ട്. അതെങ്കിലും ശരിയായി വിനിയോഗിക്കണം. അദ്ദേഹം തീർത്ഥയാത്രയ്ക്കിറങ്ങിത്തിരിച്ചു. ആദ്യം സരയൂനദിയിൽ ചെന്നു. പിന്നീട് പ്രയാഗയിൽ എത്തി. അതിനുശേഷം കാശിയിലേക്കു പോയി. ഒടുവിൽ ഹരിദ്വാരത്തിലേക്കും.

ഉപവാസത്തോടുകൂടി ഉറക്കമില്ലാതെ ഒരു ദിവസം കഴിച്ചു അദ്ദേഹം. അടുത്ത രാവിലെ ഗംഗയിൽ ചെന്നു മന്ത്രം ഉരുക്കഴിച്ചു സ്നാനംചെയ്തു. വളരെ തണുപ്പുള്ള സമയമായിരുന്നു. പെട്ടെന്ന് അദ്ദേഹത്തിനു ശീതജ്വരം ബാധിച്ചു. ദേഹത്തിനു വല്ലാത്ത വിറയൽ ഉണ്ടായി. ശക്തി മുഴുവനും ചോർന്നുപോയി. അവിടെ ആരെയും പരിചയമില്ല. അദ്ദേഹം ഒരിടത്തു ചെന്നു കിടപ്പായി. ആലോചന ഒരുവഴിക്കു പോയി. എന്താണു തനിക്ക് ഈ വിധം സംഭവിക്കാൻ കാരണം? കണ്ണെത്താത്ത ദൂരത്തിലാണ് ഭാര്യയും പുത്രന്മാരും. തനിക്കിപ്പോൾ ആരും സഹായത്തിനില്ല. ഈ ശീതജ്വരം മൂർച്ഛിച്ചുവരികയാണ്. അതു തന്റെ ജീവനെ അപഹരിക്കും. അല്ലെങ്കിൽ, കഴിഞ്ഞ കാലങ്ങളെക്കുറിച്ച് എന്തിന് ആലോചിക്കണം? ഇനി ചെയ്യാനുള്ളത് ഒന്നുമാത്രമാണ്. മഹാവിഷ്ണുവിനെ ഭജിക്കുക എന്നുള്ളതാണ് അത്. പുണ്യസ്ഥലമാണ് ഈ ഹരിദ്വാരം. ഇവിടെ കിടന്നു മരിച്ചാൽ പുണ്യം കിട്ടും!

ശിവശർമ കിടന്നുകൊണ്ടുതന്നെ മഹാവിഷ്ണുവിനെ ഭജിച്ചുതുടങ്ങി. ശീതജ്വരത്തിന്റെ കാഠിന്യം നിമിഷംതോറും വർദ്ധിച്ചുവന്നു. ഒടുവിൽ കണ്ണുകൾക്കു മുമ്പിൽ ഇരുൾ വ്യാപിച്ചു. ഓർമ തീരെ വിട്ടുപോയി. അതേ കിടപ്പിൽ ഏഴു ദിവസം കിടന്നു. അതിനുശേഷം മരിക്കുകയുംചെയ്തു.

മഹാവിഷ്ണുവിന്റെ പാർഷദന്മാർ വിമാനത്തിൽ വന്നിറങ്ങി. അവർ ശിവശർമയെ വിമാനത്തിൽ കയറ്റി, വിഷ്ണുലോകത്തേക്കു പോവുകയും ചെയ്തു.

(സ്കാന്ദപുരാണം, കാശീഖണ്ഡം)

പുണ്ഡരീകനും അംബരീഷനും

കുരുക്ഷേത്രമായിരുന്നു പുണ്ഡരീകന്റെയും അംബരീഷന്റെയും ദേശം. (അംബരീഷൻ എന്ന രാജാവിന്റെ കഥ അന്യത്ര പറഞ്ഞിട്ടുണ്ട്. അദ്ദേഹമല്ല ഈ അംബരീഷൻ).

പുണ്ഡരീകൻ ബ്രാഹ്മണനാണ്. അംബരീഷൻ ക്ഷത്രിയനും. ബാല്യം മുതല്ക്കേ അവർ മിത്രങ്ങളായിരുന്നു. ഒന്നിച്ചായിരുന്നു അവരുടെ ജീവിതം. അവർ ഒരു നിമിഷംപോലും തമ്മിൽ പിരിഞ്ഞിരിക്കയില്ല.

കളിയാണ് സദാ സമയവും. കളിയല്ലാതെ മറ്റൊന്നുമില്ല. പഠിത്തം വേണ്ടേ വേണ്ട! അവർ വളർന്നു വലുതായപ്പോഴോ? മാതാപിതാക്കളെ അനുസരിക്കാത്ത ദുർവൃത്തന്മാരായി. ചൂതുകളിയോടു ചൂതുകളിതന്നെ. അതോടൊന്നിച്ച് അതിരുകടന്ന മദ്യപാനവും. ചെയ്ത ദുഷ്കൃത്യങ്ങൾക്ക് കണക്കുമില്ല.

ഒരിക്കൽ ചങ്ങാതിമാർ ഒന്നിച്ച് ഒരു വഴിക്കു പോകുകയായിരുന്നു. മാർഗ്ഗമദ്ധ്യത്തിൽ ഒരു യാഗശാല കാണുമാറായി. വേദോച്ചാരണവും കീർത്തനങ്ങളും മുഴങ്ങുകയാണ്. എന്തൊരു പുണ്യമുള്ള അന്തരീക്ഷം! അത് അവരുടെ മനസ്സിനെ അപ്പാടെ മാറ്റി. കടുത്ത പശ്ചാത്താപം ഹൃദയത്തിൽ സ്ഥലം പിടിച്ചു. തങ്ങൾ ഇന്നോളം ചെയ്തത് പാപങ്ങളായിരുന്നു. വിദ്യാഭ്യാസവും ഭഗവൽധ്യാനവും ചെയ്തതേയില്ല. എന്താണ് അതിനൊരു പരിഹാരം?

പുണ്ഡരീകനും അംബരീഷനും യാഗം നടത്തുന്ന പുരോഹിതന്മാരെ ചെന്നു കണ്ടു. അവർ ചെയ്തിരുന്ന ദുഷ്കർമ്മങ്ങൾ എല്ലാം ഏറ്റുപറഞ്ഞു. പരിഹാരം പറഞ്ഞുകൊടുക്കണം എന്ന് അഭ്യർത്ഥിക്കുകയുംചെയ്തു.

"പുരുഷോത്തമക്ഷേത്രം എന്നൊരു ക്ഷേത്രമുണ്ട്. നിങ്ങൾ അവിടെച്ചെന്ന് മഹാവിഷ്ണുവിനെ സേവിക്കുവിൻ. അതുതന്നെയാണ് നിങ്ങൾക്കുള്ള പ്രായശ്ചിത്തം." പുരോഹിതന്മാർ പറഞ്ഞു.

സ്നേഹിതന്മാർ ആ ഉപദേശം അനുസരിച്ചു. അവർ പുരുഷോത്തമക്ഷേത്രത്തിൽ ചെന്നു. ഏറ്റവും ഭക്തിയോടെ വിഷ്ണുസേവയും നടത്തി.

മഹാവിഷ്ണു പ്രത്യക്ഷനായി.

"ഭഗവാനേ, അടിയൻ അന്ധാത്മാവായി അനവധി ദുഷ്കൃത്യങ്ങൾ ചെയ്തു. അവിടുന്ന് എന്റെ സമസ്താപരാധങ്ങളും പൊറുക്കണം. അടിയനെ കരകയറ്റണം." പുണ്ഡരീകൻ യാചിച്ചു.

"അടിയന്റെ പാപങ്ങൾക്കു കൈയും കണക്കുമില്ല. അവിടുന്ന് കനിഞ്ഞ് അടിയന്റെ ദുരിതങ്ങൾ തീർക്കണം. അവിടുത്തോടുള്ള ഭക്തിയല്ലാതെ മറ്റൊന്നും അടിയനു വേണ്ട." അംബരീഷൻ പറഞ്ഞു.

മഹാവിഷ്ണു ഒന്നും പറയാതെ അപ്രത്യക്ഷനായി.

പുണ്ഡരീകനും അംബരീഷനും അത്യധികമായ ദുഃഖമുണ്ടായി. ഭഗവാന്റെ സ്വരൂപം ഒന്നു കണ്ടതേയുള്ളു. അതിനിടയ്ക്ക് ആ ദിവ്യദർശനമില്ലാതായി. ഇനി ഒരിടത്തും പോവുകയില്ല—അതായി അവരുടെ നിശ്ചയം അവർ അവിടെത്തന്നെ താമസമുറപ്പിച്ചു.

വിഷ്ണുധ്യാനത്തിൽ മുഴുകിയിരുന്നു അവരുടെ മനസ്സുകൾ.

(സ്കാന്ദപുരാണം വൈഷ്ണവഖണ്ഡം)

വെങ്കടേശ്വരൻ

മിത്രവർമ എന്നൊരു രാജാവ്. ചന്ദ്രവംശത്തിലാണ് മിത്രവർമ പിറന്നത്. പാണ്ഡ്യരാജാവിന്റെ പുത്രിയായ മനോരമയാണ് മിത്രവർമയുടെ പത്നി. അവർക്ക് ആകാശൻ എന്നൊരു പുത്രനുണ്ടായി. ആകാശന് യൗവനം വന്നെത്തിയപ്പോഴോ? മിത്രവർമ പുത്രനു രാജ്യം നല്കി വിഷ്ണുഭജനത്തിനായി വെങ്കിടഗിരിയിലേക്കു പോയി.

അങ്ങനെ ആകാശൻ രാജാവായി ഭരണം നടത്തി.

വളരെക്കാലം കഴിഞ്ഞിട്ടും ആകാശനു സന്തതി ഉണ്ടായില്ല. അദ്ദേഹം പുത്രലാഭത്തിനുവേണ്ടി ഒരു യാഗം ചെയ്യാൻ നിശ്ചയിച്ചു. യാഗഭൂമി ഉഴുതുവെടിപ്പാക്കേണ്ടതുണ്ട്. ആ കൃത്യം ചെയ്യേണ്ടത് രാജാവാണുതാനും. ആകാശൻ സ്വർണ്ണക്കലപ്പകൊണ്ട് നിലം ഉഴുതുതുടങ്ങി. അതാ, ഉഴവുചാലിൽ എന്താണു കിടക്കുന്നത്? ദിവ്യകാന്തി ചിന്തുന്ന ഒരു പെൺകുഞ്ഞ്! അവൾ കൈകാലുകൾ കുടഞ്ഞ് കരയുന്നു.

ആകാശൻ പെൺകുഞ്ഞിനെ വാരിയെടുത്തു.

ഒരു അശരീരി:

"ആകാശാ, ഇവൾ നിന്റെ മകളായിരിക്കും!"

കുട്ടിയെ മാറോടു ചേർത്തുപിടിച്ചുകൊണ്ട് ആകാശൻ കൊട്ടാരത്തിലേക്കു പോയി. ധരണി എന്നു പേരായ പത്നിയെ അരികിൽ വിളിച്ചു. എന്നിട്ട് നടന്നതെല്ലാം അറിയിച്ചു:

"ധരണീ, ദൈവം ഈ കുഞ്ഞിനെ നമുക്ക് തന്നതാണ്. സന്തതി ഇല്ലാത്ത ദുഃഖം ഇനിമേൽ നമുക്ക് വേണ്ട. ഇവൾ നമ്മുടെ മകളാണ്."

അത്രയും പറഞ്ഞ് രാജാവ് കുഞ്ഞിനെ രാജ്ഞിയുടെ കൈയിൽ കൊടുത്തു.

ധരണിക്കുണ്ടായ സന്തോഷം പറയാനില്ല. രാജ്ഞി കുഞ്ഞിനെ മാറോടു ചേർത്തു തെരുതെരെ ചുംബിച്ചു. എത്ര ഓമനത്തമുള്ള മകൾ!

പത്മിനി എന്നു പേരിട്ടു കുട്ടിക്ക്.

കുറേക്കാലം കഴിഞ്ഞു. ധരണി ഗർഭവതിയായി.

യഥാകാലം ഒരു പുത്രനു ജന്മമേകി.

രാജ്യത്താകമാനം ആഹ്ലാദം അലതല്ലി.

രാജാവ് നല്കിയ ദാനങ്ങൾക്ക് കൈയുംകണക്കുമില്ല.

വസുദാനൻ എന്നാണ് രാജകുമാരനു നല്കപ്പെട്ട പേര്.

കുട്ടികൾ രണ്ടും വളർന്ന് യൗവനത്തിൽ കാലുകുത്തി. സൗന്ദര്യവും സൗശീല്യവും സമ്മേളിച്ചിരുന്നു, പത്മിനിയിൽ. വീര്യവും ശക്തിയും വസുദാനനിലും.

ഒരിക്കൽ പത്മിനി അടുത്തുള്ള വനത്തിലേക്കു പോയി. ഒന്നിച്ച് രാജകുമാരിയുടെ തോഴിമാരും. പൂവിറുക്കാൻ പോയതാണ് അവർ.

നാരദൻ ആ വനത്തിൽ വരാൻ ഇടയായി.

മഹർഷി പത്മിനിയെ കണ്ടു. അവളുടെ ലക്ഷണം നോക്കിയപ്പോഴോ? ഒന്നു ബോധ്യമായി. അത് അവളോടു പറഞ്ഞു:

"പത്മിനീ, മഹാവിഷ്ണു അല്ലാതെ മറ്റാരും ആയിരിക്കയില്ല നിന്റെ ഭർത്താവ്!

നാരദൻ യാത്രയായപ്പോഴോ? പത്മിനിയും തോഴിമാരും പൂക്കളിറുത്തു. കളിച്ചും ചിരിച്ചും ഉല്ലസിച്ചു. അങ്ങുമിങ്ങും സൈരസഞ്ചാരംചെയ്തു. എന്തു രസമായിരുന്നു എല്ലാവർക്കും!

അവിചാരിതമായി അപായം ഉണ്ടായി.

ഭയങ്കരനായ ഒരു കാട്ടാന അവരുടെ മുമ്പിലെത്തി.

എത്ര വലുതും ശക്തനുമാണ് കാട്ടാന! ആ മൃഗം വൻവൃക്ഷങ്ങളെ കുത്തിമറിച്ചിടുന്നു. മണ്ണു വാരി സ്വശരീരത്തിൽ എറിയുന്നു. ഘോരമായി ചിന്നംവിളിക്കുന്നു. മദജലം പൊട്ടിഒഴുകുന്നുണ്ട്. ഓടുമ്പോഴോ? ഭൂമി കുലുങ്ങുന്നു.

പത്മിനിയും തോഴിമാരും പരിഭ്രമിച്ചുവശായി. എങ്ങനെയെങ്കിലും രക്ഷപ്പെടണം. അതിന് എന്താണൊരു വഴി? ഒരു മരത്തിന്റെ പിന്നിൽ ഒളിക്കുകതന്നെ. അവർ അങ്ങനെ മറഞ്ഞുനിന്നു.

ദൂരെ എന്താണു കേൾക്കുന്നത്? കുതിരയുടെ കുളമ്പടിശബ്ദം! അത് അടുത്തടുത്തുവരുന്നു. യുവതികൾ കണ്ണെടുക്കാതെ ശബ്ദം വരുന്ന ദിക്കിലേക്കു നോക്കി. ഒരു പുരുഷൻ അതിവേഗം കുതിരയോടിച്ച് അടുക്കുകയാണ്. ചന്ദ്രനെപ്പോലെ വെളുത്തതാണ് കുതിര; പുരുഷനോ, ഇളം നീലനിറവും. എന്തൊരു കാന്തിയാണ് മുഖത്തുനിന്നു ചിന്നുന്നത്! സ്വർണ്ണവില്ലും സ്വർണ്ണ

ശരങ്ങളും ഏന്തിയിരിക്കുന്നു. ആരൊക്കെയാണ് പുരുഷനെ അകമ്പടി സേവിക്കുന്നത്? അനുചരന്മാരായ കുറെ കാട്ടാളന്മാർ!

കാട്ടാന ആ പുരുഷനെ കണ്ടു. അപ്പോൾ അതിന്റെ മട്ടാകെ മാറി. എത്ര ശാന്തനായിക്കഴിഞ്ഞു! മാത്രമാണെങ്കിലും പോട്ടെന്നുവയ്ക്കാം, തുമ്പിക്കൈ ഉയർത്തുന്നു, പുരുഷനെ ഭക്തിപൂർവം വന്ദിക്കുന്നു. തിരിഞ്ഞ് അതിവേഗം ഓടിപ്പോകുന്നു!

പുരുഷൻ മരത്തിന്റെ മറവിൽ നില്ക്കുന്ന യുവതികളെ കണ്ടു.

"ഞാൻ ഒരു വ്യാഘ്രത്തെ അന്വേഷിക്കുകയാണ്. വ്യാഘ്രം ഈ വഴി പോകുന്നതു കണ്ടോ?" അദ്ദേഹം അവരോടു ചോദിച്ചു.

തോഴിമാർ പറഞ്ഞു:

"ഇല്ല. ഞങ്ങൾ ഒരു വ്യാഘ്രത്തെയും കണ്ടില്ല. ആട്ടെ, നിങ്ങൾ ഒന്ന് ഓർമിച്ചിരിക്കുന്നത് നന്നായിരിക്കും. ആകാശരാജാവിന്റെ വകയാണ് ഈ വനം. ആർക്കും ഇവിടത്തെ മൃഗങ്ങളെ വേട്ടയാടിക്കൂടാ. തമ്പുരാനു വളരെ നിർബന്ധമാണ് അത്. നിങ്ങൾ കഴിയുന്ന വേഗം ഇവിടം വിട്ടുപൊയ്ക്കൊള്ളു. അതാണ് നിങ്ങൾക്കു നല്ലത്!"

അവരുടെ നിർദേശം പുരുഷൻ സ്വീകരിച്ചോ? ഇല്ല. മറിച്ച്, കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങി അവരുടെ അടുക്കലേക്കു നടന്നു. പത്മിനിയുടെ മുമ്പിൽ നിലകൊണ്ടു.

അവളുടെ അഴക് അദ്ദേഹത്തെ അതിയായി ആകർഷിച്ചിരുന്നു.

അദ്ദേഹം തോഴിമാരുടെ നേർക്കു തിരിഞ്ഞു:

"ഹേ യുവതികളേ, ആരാണു നിങ്ങളുടെ ഈ സ്വാമിനി? അറിയാൻ എനിക്ക് ആകാംക്ഷയുണ്ട്. നിങ്ങൾ പറഞ്ഞുതരണം. എന്നാൽ, ഞാൻ പൊയ്ക്കൊള്ളാം."

തോഴിമാരിൽ ഒരുവൾ പറഞ്ഞു:

"ഞങ്ങളുടെ സ്വാമിനി ആകാശരാജാവിന്റെ പുത്രിയാണ്. പേര് പത്മിനിയെന്നും. ആട്ടെ, നിങ്ങളാര്? എന്തിന് ഇവിടെ വന്നു? അറിയാൻ ഞങ്ങൾക്കും ആഗ്രഹമുണ്ട്."

പുരുഷൻ ഒന്നു ചിരിച്ചു.

"എന്റെ പേര്, അല്ലേ? എനിക്ക് ഒട്ടുവളരെ പേരുകളുണ്ട്. വെങ്കടാദ്രിയിലെ താമസക്കാരനാണ് ഞാൻ. കൂട്ടുകാരുമായി വേട്ടയ്ക്കിറങ്ങി. ഒരു വ്യാഘ്രത്തെ കണ്ടു. അതിന്റെ പിറകെ പോയി. അപ്പോൾ നിങ്ങളെ കണ്ടുകിട്ടി. ശരി, ഞാൻ ഒന്നു പറയട്ടെ. ഞാൻ നിങ്ങളുടെ സ്വാമിനിയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു. എന്റെ ആഗ്രഹം സാധിക്കുമോ? നിങ്ങൾ എന്തു പറയുന്നു?"

തോഴിമാർ ചൊടിച്ചു:

"വേണ്ടാത്തതൊന്നും സംസാരിക്കരുത്, കേട്ടോ? മര്യാദയ്ക്കു നേരം കളയാതെ പൊയ്ക്കൊള്ളു. തമ്പുരാൻ അറിഞ്ഞാൽ നല്ല ശിക്ഷ കിട്ടും; പറഞ്ഞേക്കാം!"

പുരുഷൻ പിന്നീട് ഒന്നും ഉരിയാടിയില്ല. കുതിരപ്പുറത്തു കയറി ഓടിച്ചുപോയി. അനുചരന്മാർ പിറകെയും.

വാസ്തവത്തിൽ ആരായിരുന്നു അദ്ദേഹം? വെങ്കിടാദ്രിപതിയായ മഹാവിഷ്ണു! അനുചരന്മാരായി വന്നതോ, കുറെ ദേവന്മാരും!

തന്റെ ആസ്ഥാനത്തിൽ എത്തിയതുമുതൽ എന്തായി വെങ്കടേശ്വരന്റെ അവസ്ഥ? വിചാരം പത്മിനിയെക്കുറിച്ചായി—പത്മിനിയെക്കുറിച്ചു മാത്രം.

ഭക്തയായ ഒരു ദാസിയുണ്ട് വെങ്കടേശ്വരന്. ബകുളമാലിക എന്നാണ് ദാസിയുടെ പേര്. മദ്ധ്യാഹ്നത്തിൽ നൈവേദ്യവുമായി അവൾ കയറിച്ചെന്നു. ഭഗവാൻ കിടക്കുകയായിരുന്നു. ബകുളമാലിക ഒന്നു കണ്ടു—ഭഗവാന്റെ മുഖം വാടിയിരിക്കുന്നു!

അവൾ പറഞ്ഞു:

"ഭഗവാനേ, അവിടുത്തേക്ക് അമൃതേത്തിനു സമയമായി. എന്നിട്ടും കിടക്കുകയാണ്, അല്ലേ? അവിടുത്തെ മുഖം മ്ലാനമായിരിക്കുന്നു. നായാട്ടിനു പോയപ്പോൾ എത്ര പ്രസന്നതയായിരുന്നു! വനത്തിൽവെച്ച് എന്തോ സംഭവിച്ചു, അല്ലേ? എന്താണത്? അവിടുത്തെ ഭക്തയാണല്ലോ ഞാൻ. എന്നോടു പറയാൻ ദയവുണ്ടാകണം."

അപ്പോൾ വെങ്കടേശ്വരൻ ഒരു സംഭവം വിവരിച്ചു. പണ്ടുപണ്ട് നടന്ന ഒരു സംഭവം.

വേദവതി എന്നൊരു യുവതി. അവൾ മഹാവിഷ്ണുവിനെ തപസ്സു ചെയ്തു. എന്തിനായിരുന്നു അവളുടെ തപസ്സ്? ഭഗവാൻ തന്റെ ഭർത്താവാകാൻവേണ്ടി. തപസ്സിൽ മുഴുകിയിരിക്കുന്ന വേദവതിയെ രാവണൻ കാണാനിടയായി. രാവണൻ അവളെ ഭാര്യയാക്കാൻ ശ്രമിച്ചു. അവളാകട്ടെ, അഗ്നിയിൽ ചാടി പ്രാണത്യാഗം ചെയ്തു.

വളരെക്കാലം കഴിഞ്ഞു. ശ്രീരാമനും ലക്ഷ്മണനും സീതയും പഞ്ചവടിയിൽ താമസിക്കുകയായിരുന്നു. രാവണൻ സീതയെ കട്ടുകൊണ്ടുപോകാൻ ഉദ്യുക്തനായി. അതിനെക്കുറിച്ച് അഗ്നിഭഗവാന് അറിവുകിട്ടി. അഗ്നിഭഗവാൻ സീതയെ രസാതലം എന്ന ലോകത്തിൽ എത്തിച്ചു. തന്റെ പത്നിയായ സ്വാഹയുടെ സംരക്ഷണയിലാക്കി. പ്രാണൻ കളഞ്ഞിരുന്ന വേദവതിക്ക് സീതയുടെ രൂപം നല്കി. അവളെ പഞ്ചവടിയിലെ ആശ്രമത്തിൽ ഇരുത്തി. അതൊന്നും രാവണൻ അറിഞ്ഞതേയില്ല. രാക്ഷസരാജാവ് വേദവതിയെ കട്ടുകൊണ്ടുപോയി—അവൾ സീതയാണ് എന്ന് ആ ദുഷ്ടൻ തെറ്റിദ്ധരിച്ചു. ലങ്കയിൽ പാർത്തത് വേദവതി ആയിരുന്നു.

ഒടുവിൽ ശ്രീരാമൻ രാവണനെ വധിച്ചു. സീതയുടെ പരിശുദ്ധി തെളിയിക്കണം എന്ന നില വന്നു. അതിനായി സീത അഗ്നിയിൽ പ്രവേശിച്ചു. അഗ്നിയിൽനിന്നു പുറത്തുവന്നതോ, സാക്ഷാൽ സീതയും.

താമസിയാതെ നാരദൻ ശ്രീരാമന്റെ മുമ്പിലെത്തി.

'ഭഗവാനേ, അവിടുന്ന് വേദവതിയെ പത്നിയായി കരുതണം.' മഹർഷി അഭിപ്രായപ്പെട്ടു.

പക്ഷേ, ശ്രീരാമന് ഒരു ബുദ്ധിമുട്ടുണ്ട്. ഭഗവാൻ ഏകപത്നീവ്രതം എടുത്തിരിക്കുന്നു. ഒരൊറ്റ പത്നിമാത്രമേ ഉണ്ടായിരിക്കൂ. ആ പത്നി സീതയാണുതാനും.

ശ്രീരാമൻ ഒരു വഴി പറഞ്ഞു:

"നാരദാ, കലിയുഗത്തിൽ ഞാൻ വേദവതിയെ വിവാഹംചെയ്തു കൊള്ളാം. അതുവരെ അവൾ ബ്രഹ്മലോകത്തു താമസിക്കട്ടെ."

അതാണ് വെങ്കടേശ്വരൻ ബകുളമാലികയെ അറിയിച്ചത്. ഇപ്പോൾ കലികാലമാണ്. വേദവതി മനുഷ്യസ്ത്രീയായി ജനിച്ചിരിക്കുന്നു. അതോ, പദ്മിനിയായിട്ടും. ഇനി അവളെ വിവാഹംകഴിക്കണം.

ബകുളമാലികയ്ക്ക് ഒന്നു തോന്നി. താൻ ചെന്ന് പദ്മിനിയെ കാണുക തന്നെ. അവളോട് വെങ്കടേശ്വരന്റെ നിശ്ചയത്തെക്കുറിച്ചു പറയാം.

"ഭഗവാനേ, ഞാനിതാ പദ്മിനിയുടെ അടുത്തേക്കു പോവുകയാണ്. ഏതു വഴിക്കാണു പോകേണ്ടത്?"

അവൾ ചോദിച്ചു.

വെങ്കുടേശ്വരൻ പറഞ്ഞു:

"ബകുളമാലികേ, നൃസിംഹം എന്നു പേരുള്ള ഒരു ഗുഹയുണ്ട്. നീ ആ ഗുഹയിൽ ഇറങ്ങിനടക്കണം. എന്നാൽ അഗസ്ത്യവനത്തിൽ എത്തിച്ചേരും. അവിടെ ശിവന്റെ പ്രതിഷ്ഠ കാണാം. കുറെ ദൂരംകൂടി പോയാൽ ശുകവന ത്തിൽ ചെന്നെത്തും. അവിടെ ശുകമഹർഷി തപസ്സുചെയ്യുന്നുണ്ട്. ശുകവന ത്തിലാണ് സ്വർണ്ണമുഖരി എന്ന സരസ്സ്. അതും കടന്നാൽ കുറെ വനങ്ങ ളുണ്ട്. വനങ്ങൾക്ക് അപ്പുറത്താണ് പദ്മിനിയുടെ കൊട്ടാരം."

ബകുളമാലികയ്ക്ക് കുതിരയോടിക്കാൻ നല്ലതുപോലെ അറിയാം. അവൾ വെങ്കടേശ്വരനെ വന്ദിച്ചിട്ട് കുതിരപ്പുറത്തു കയറി ഓടിച്ചുപോയി. ഭഗ വാൻ നിർദ്ദേശിച്ച വഴിയിലൂടെ സഞ്ചരിച്ചു. അങ്ങനെ രാജധാനിയിൽ എത്തി.

പ്രാന്തപ്രദേശത്ത് ബകുളമാലിക ചില യുവതികളെ കാണാനിടയായി. ശിവക്ഷേത്രത്തിലേക്കു പോവുകയായിരുന്നു ആ യുവതികൾ.

ബകുളമാലിക കുതിരപ്പുറത്തുനിന്നിറങ്ങി യുവതികളോടു സംസാരിച്ചു.

അവർ വാസ്തവത്തിൽ പദ്മിനിയുടെ തോഴിമാരായിരുന്നു. മുമ്പ് സ്വാമിനിയോടൊത്തു വനത്തിൽ പൂവിറുക്കാൻ പോയില്ലേ? ആ തോഴിമാർ തന്നെ.

ബകുളമാലിക അവരിൽനിന്നു ചില വിവരങ്ങൾ ശേഖരിച്ചു.

അവരും പദ്മിനിയും വനത്തിൽവച്ച് ഒരു പുരുഷനെ കാണുകയുണ്ടാ യല്ലോ. പദ്മിനി കൊട്ടാരത്തിൽ തിരിച്ചെത്തിയപ്പോഴോ? അവളുടെ മട്ടാകെ മാറിപ്പോയിരുന്നു. പ്രസരിപ്പില്ല, കളിയില്ല, ചിരിയില്ല. വല്ലാത്ത ഒരു മ്ലാനത! രാജാവും രാജ്ഞിയും ചിന്താകുലരായി. എന്താണു മകളുടെ മാറ്റത്തിനു കാരണം? ചോദിച്ചിട്ട് പദ്മിനി ഒന്നും പറയുന്നില്ല. ഇനി എന്തു ചെയ്യണം?

ആകാശരാജാവ് ദൈവജ്ഞനായ ഗണിതക്കാരനെ വരുത്തി.

ഗണിതക്കാരൻ ഗണിച്ചു ഫലം അറിയിച്ചു:

"തമ്പുരാനേ, അവിടുത്തേക്ക് ഒരു പരിഭ്രമവും വേണ്ട. രാജകുമാരി താമ സിയാതെ പഴയപോലെയാകും. നല്ല ഈശ്വരാനുഗ്രഹമുണ്ട് രാജകുമാരിക്ക്. ഒരു പുരുഷന്റെ ദർശനം ലഭിച്ചിരിക്കയാണ്. മഹാവിഷ്ണുവിനു തുല്യനാണ് ആ പുരുഷൻ. അദ്ദേഹം ഭർത്താവാകാനാണ് രാജകുമാരിയുടെ യോഗം. അദ്ദേഹത്തിന്റെ ദൂതിയായ ഒരു സ്ത്രീ എത്തിച്ചേരും. അവൾ ആവശ്യപ്പെടു ന്നതുപോലെ അവിടുന്നു പ്രവർത്തിക്കണം. എന്നാൽ, എല്ലാം മംഗളമായി കലാശിക്കും."

അത്രയും കേട്ടപ്പോൾ ആകാശരാജാവിന്റെ വല്ലായ്മ ഇല്ലാതെയായി. അദ്ദേഹം പുരോഹിതന്മാരെ വരുത്തി ശിവപൂജ ഏർപ്പാടുചെയ്തു. ഏറ്റവും വമ്പിച്ച തോതിലാണു ശിവപൂജ. അതോ, ശിവക്ഷേത്രത്തിൽവച്ചും. പൂജയ്ക്കുള്ള സാമഗ്രികളെല്ലാം ഒരുക്കണം. ആ ആജ്ഞ രാജാവ് പത്മിനിയുടെ തോഴിമാർക്കു നല്കി. ആ ജോലി ചെയ്യാൻവേണ്ടി അവർ ശിവക്ഷേത്രത്തിലേക്കു പോവുകയാണ്.

ഇത്രയും കാര്യങ്ങൾ യുവതികൾ പറഞ്ഞ് ബകുളമാലികയ്ക്ക് അറിവായി.

തോഴിമാർക്കും ഒന്ന് അറിയാനുണ്ടായിരുന്നു.

"ആരാണു നിങ്ങൾ? എന്തിന് ഇങ്ങോട്ടു വന്നു?" അവർ ബകുളമാലികയോടു ചോദിച്ചു.

"ഞാൻ വെങ്കടാദ്രിയിൽനിന്നു വരികയാണ്. എനിക്ക് ധരണീരാജ്ഞിയെ കണ്ടു സംസാരിക്കേണ്ടതുണ്ട്." ബകുളമാലിക ഉത്തരം നല്കി.

അവർ അവളെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

ഇതിനിടയ്ക്ക് മറ്റൊരുവൾ രാജ്ഞിയെ കണ്ടിട്ടുണ്ടായിരുന്നു. ആരെന്നോ? ഒരു കുറത്തി. അവളുടെ കൈയിൽ ഒരു ശംഖുണ്ട്. കഴുത്തിൽ ഒരു മഞ്ചാടിമാലയും. കൊച്ചുകുട്ടിയെ മുണ്ടിൻതലയ്ക്കൽ കെട്ടി മുതുകിൽ ഇട്ടിരിക്കുന്നു. കുറത്തി തെരുവുനീളെ നടന്ന് കുറത്തിപ്പാട്ടുകൾ പാടും. സ്ത്രീകളുടെ കൈ നോക്കി ഫലം പറയും. ധരണീരാജ്ഞി അവളെ വരുത്തിയിരുന്നു.

"കുറത്തീ, എന്റെ കൈ നോക്കി ലക്ഷണം പറയണം." രാജ്ഞി ആവശ്യപ്പെട്ടു.

"തമ്പുരാട്ടീ, എന്റെ കുഞ്ഞിനു കുറച്ചു ചോറു കൊടുക്കണം. അതിനുശേഷം ഞാൻ അവിടുത്തെ കൈനോക്കാം. എന്നിട്ടു ഫലം അറിയിക്കാം." കുറത്തി പറഞ്ഞു.

രാജ്ഞി കുറത്തിയുടെ കുഞ്ഞിനു ചോറു കൊടുത്തു—പാലു കൂട്ടിക്കുഴച്ചു സ്വാദേറിയ ചോറ്!

കുറത്തിക്ക് അതിയായ നന്ദി തോന്നി.

അവൾ ധരണിയുടെ കൈ നോക്കി ഫലം പറഞ്ഞു:

"തമ്പുരാട്ടീ, ഭഗവാൻ മഹാവിഷ്ണു വെങ്കടാദ്രിയിൽ വാഴുന്നുണ്ടല്ലോ. ഒരിക്കൽ ഭഗവാൻ കൊച്ചുതമ്പുരാട്ടിയെ കാണുകയുണ്ടായി. താമസിയാതെ ഭഗവാന്റെ ദൂതി ഇവിടെ വന്നെത്തും. പിന്നീട് ഭഗവാൻ കൊച്ചുതമ്പുരാട്ടിയെ പത്നിയായി സ്വീകരിക്കും. ഇതു സത്യം. ഇനി എനിക്ക് അല്പം ചോറു തരണം."

രാജ്ഞി കുറത്തിക്ക് അല്പമല്ല, വയറു നിറയെ ചോറു നല്കി. അതിനുശേഷം അവളെ പറഞ്ഞയച്ചു. എന്നിട്ട് പത്മിനിയുടെ കിടപ്പറയിലേക്കു ചെന്നു.

"മകളേ, നീ എന്തിനിങ്ങനെ ഒരേ കിടപ്പിൽ കിടക്കുന്നു? അതു കാണുമ്പോൾ എന്റെയും നിന്റെ അച്ഛന്റെയും മനസ്സ് ഉരുകുന്നു. എന്താണു നിനക്കു വേണ്ടതെന്നു പറയൂ. എന്തായാലും ശരി, ഞങ്ങൾ സാധിപ്പിച്ചുതരാം."

പത്മിനി പറഞ്ഞു:

"അമ്മേ, ദിവ്യമായ വിഷ്ണുരൂപം—അതു ഞാൻ സദാ ചിന്തിക്കുന്നു. അതുമാത്രം! ഞാൻ എപ്പോഴും ഭഗവാന്റെ തിരുനാമം ഉരുവിടുന്നു—അതു മാത്രം. ഭഗവാനെക്കൂടാതെ എനിക്കു ജീവിക്കാൻ കഴിയുകയില്ല. എന്തു ചെയ്താൽ എനിക്കു ഭഗവാന്റെ അനുഗ്രഹം ലഭിക്കും? അത് അമ്മയും അച്ഛനും ചെയ്യണം."

ധരണിരാജ്ഞിയുടെ മനസ്സിൽ ചില ചോദ്യങ്ങൾ ഉയർന്നു. തീർച്ചയായും ഭഗവാൻ പത്മിനിയുടെ ഭർത്താവാകുമോ? ആകുമെങ്കിൽ അത് എപ്പോഴായിരിക്കും? വിവാഹകർമം നടത്തുന്നത് എവിടെവെച്ചാണ്? ആ ചോദ്യങ്ങൾക്കു ശരിയായ ഉത്തരങ്ങൾ കിട്ടിയില്ല.

അതാ, മടങ്ങിവരികയാണ് മകളുടെ തോഴിമാർ. ശിവക്ഷേത്രത്തിലേക്കു പോയതാണ് അവർ. എന്നിട്ട് എന്തേ തിരിച്ചുവരുന്നത്? അല്ലാ, ആരാണ് അവരോടു കൂടി? ഏതോ സ്ത്രീ. എത്ര തേജസ്സാണ് സ്ത്രീയ്ക്ക്!

തോഴിമാർ സ്ത്രീയെ പരിചയപ്പെടുത്തി.

"തമ്പുരാട്ടീ, കുതിരപ്പുറത്താണ് ഇവർ വന്നത്. ഇവർക്കു തമ്പുരാട്ടിയെ കാണേണ്ടതായ ആവശ്യമുണ്ടത്രെ."

ധരണി ബകുളമാലികയുടെ നേർക്കു തിരിഞ്ഞു:

"ഭദ്രേ, നിങ്ങൾ ആരാണ്? എവിടത്തുകാരി? എന്തിനു വന്നു?"

ബകുളമാലിക പറഞ്ഞു:

"തമ്പുരാട്ടീ, ഞാൻ വെങ്കടേശ്വരന്റെ ദാസിയാണ്. ബകുളമാലിക എന്നാണ് എന്റെ പേര്. ഭഗവാൻ അയച്ചു വന്നതാണ് ഞാൻ. രാജകുമാരിയെ വിവാഹംകഴിക്കാൻ ഭഗവാൻ ആഗ്രഹിക്കുന്നു. തമ്പുരാന്റെയും തമ്പുരാട്ടിയുടെയും അഭിപ്രായം അറിഞ്ഞാൽ കൊള്ളാം."

ധരണിരാജ്ഞി അകത്തേക്കു പോയി ആകാശരാജാവിനെ വിവരം ധരിപ്പിച്ചു.

ആകാശരാജാവ് മന്ത്രിമാരെ വരുത്തി അവരുടെ അഭിപ്രായം ആരാഞ്ഞു.

മന്ത്രിമാർക്കു സമ്മതമായി എന്നു മാത്രമോ? അതിയായ ആഹ്ലാദവും ഉണ്ടായി. ഭഗവാനെ ഭർത്താവായി ലഭിക്കുക—അതിനെക്കാൾ ഒരു മഹാഭാഗ്യം രാജകുമാരിക്ക് കൈവരാനുണ്ടോ?

ഇനി മംഗളമായ മുഹൂർത്തം കുറിക്കണം. ആരാണ് ആ കൃത്യം നിർവഹിച്ചതെന്നോ? ദേവഗുരുവായ ബൃഹസ്പതി!

ആകാശരാജാവ് കുറിപ്പ് ബകുളമാലികയെ ഏല്പിച്ചു. അതേസമയം ഒരു തത്തയെയും. സംസാരിക്കുന്ന തത്തയാണ് അത്. പത്മിനിയാണു തത്തയുടെ ഉടമസ്ഥ. ദൂതനായി അയച്ചതാണ് തത്തയെ.

ബകുളമാലിക കുറിപ്പുമായി കുതിരപ്പുറത്തു കയറി. ഒന്നിച്ചു തത്തയെയും കയറ്റി. അതിവേഗത്തിൽ യാത്രചെയ്തു. വെങ്കടാദ്രിയിൽ എത്തിച്ചേർന്നു. വെങ്കടേശ്വരനെ ചെന്നു കണ്ടു.

അവൾ പറഞ്ഞു:

"ഭഗവാനേ, പത്മിനി ദൂതനായി ഈ തത്തയെ അയച്ചിരിക്കയാണ്. അവിടുന്ന് തത്തയോടു ചോദിക്കണം. എല്ലാം തത്ത പറഞ്ഞുതരും."

വെങ്കടേശ്വരൻ തത്തയോട് ആവശ്യപ്പെട്ടു:

"പറയാനുള്ളതെല്ലാം പറയൂ."

തത്ത പത്മിനിയുടെ സന്ദേശം അറിയിച്ചു:

"ഭഗവാനേ, ഞാൻ സദാ അവിടുത്തെ തിരുനാമം ജപിച്ചുകൊണ്ടിരിക്കുന്നു. അവിടുത്തെ കോമളരൂപം ധ്യാനിച്ചുകൊണ്ടുമിരിക്കുന്നു. ഭക്തയായ എന്നെ അവിടുന്നു കൈക്കൊള്ളണം. എന്റെ ജീവൻ, എന്റെ ശരീരം—അവ രണ്ടും ഞാൻ അവിടുത്തെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു!"

വെങ്കടേശ്വരൻ പറഞ്ഞു:

"പ്രിയപ്പെട്ട തത്തേ, എന്റെ മറുപടിസന്ദേശം പത്മിനിയെ അറിയിക്കൂ. ഞാൻ മുഹൂർത്തത്തിനുമുമ്പു തീർച്ചയായും എത്തിച്ചേരും. അവളെ പാണിഗ്രഹണം ചെയ്യും. ഞാനിതാ ഒരു തുളസിമാല തരുന്നു. എന്റെ വകയായി പത്മിനിക്ക് ഈ തുളസിമാല കൊടുക്കൂ."

ഭഗവാന്റെ നിർദ്ദേശപ്രകാരം തത്ത തുളസിമാല സ്വീകരിച്ചു. എന്നിട്ട് അവിടം വിട്ടു പറന്നുപോയി. കഴിയുന്നത്ര വേഗത്തിൽ കൊട്ടാരത്തിൽ തിരിച്ചെത്തി. പത്മിനിയെ കണ്ടു ഭഗവാന്റെ സന്ദേശം നല്കി—അതോടൊന്നിച്ച് തുളസിമാലയും.

ആകാശരാജാവ് അതിശീഘ്രം വിവാഹത്തിനുള്ള ഒരുക്കങ്ങൾ ചെയ്തു തീർത്തു. വരൻ സാക്ഷാൽ മഹാവിഷ്ണുവല്ലേ? ദേവന്മാർ സ്വയമേ വന്നു സഹായങ്ങൾ നല്കി. വിശ്വകർമാവ് വിവാഹമണ്ഡപം ചമച്ചു. ദേവേന്ദ്രൻ കൊട്ടാരത്തിലാകെ സ്വർഗ്ഗപുഷ്പങ്ങൾ വാരിവിതറി. ദേവസ്ത്രീകൾ ഗാനങ്ങളും നൃത്തങ്ങളും അവതരിപ്പിച്ചു. കുബേരൻ, വരുണൻ മുതലായ പ്രമുഖന്മാർ—എല്ലാവരും ഏറ്റവും വിലപ്പെട്ട വിവാഹസമ്മാനങ്ങൾ തയ്യാറാക്കി.

ഒരുക്കങ്ങളെല്ലാം പൂർത്തിയായി.

ഇനി ഒന്നു മാത്രമേ ബാക്കിയുള്ളൂ—വരൻ വന്നുചേരണം.

വരൻ വരികയുംചെയ്തു. അതോ, ഗരുഡന്റെ പുറത്തിരുന്നിട്ടും. ബ്രഹ്മാവ്, ശിവൻ മുതലായവർ വെങ്കടേശ്വരനെ എതിരേറ്റു. ഒരു ഘോഷയാത്രയായി കൊട്ടാരത്തിലേക്കു കൊണ്ടുപോയി. ദേവന്മാർ, ദേവിമാർ, മഹർഷിമാർ—അവരെല്ലാം വരന് അകമ്പടി സേവിച്ചു. ദേവസ്ത്രീകൾ നൃത്തംചെയ്തു, ഗന്ധർവന്മാർ ഗാനം ചെയ്തു. സകലരും ജയധ്വനികൾ മുഴക്കി. ആ ശബ്ദങ്ങൾ എട്ടു ദിക്കുകളിലും മാറ്റൊലിക്കൊണ്ടു.

മംഗളമായി നടന്നു കല്യാണം.

വധുവിനെയുംകൊണ്ട് വരൻ പോകാൻ തയ്യാറായി.

ഭഗവാൻ ശ്വശുരനോടു പറഞ്ഞു:

"രാജാവേ, ഞാൻ അങ്ങയുടെ ഭക്തിയിൽ സംപ്രീതനായിരിക്കുന്നു. വരം ചോദിച്ചുകൊള്ളൂ."

ആകാശരാജാവു പറഞ്ഞു:

"ഭഗവാനേ, എനിക്ക് അവിടുത്തോട് എന്നുമെന്നും ഭക്തിയുണ്ടായിരിക്കണം. അത് ഒരിക്കലും ഇളകാത്ത ഭക്തിയും ആയിരിക്കണം. എനിക്ക് അതല്ലാതെ മറ്റൊരു വരത്തിലും ആഗ്രഹമില്ല."

സന്തുഷ്ടനായ വെങ്കടേശ്വരൻ ആശീർവദിച്ചു:

"അങ്ങനെയാകട്ടെ. എന്നെ സ്മരിച്ചുകൊണ്ട് രാജ്യഭരണം നടത്തൂ. അങ്ങേക്ക് എല്ലാ മംഗളങ്ങളും ഉണ്ടാകും."

അതിനുശേഷം ഭഗവാൻ പത്മിനിയെയുംകൊണ്ട് വെങ്കടാദ്രിയിലേക്കു മടങ്ങി.

(സ്കാന്ദപുരാണം)

രംഗദാസന്റെ പുനർജന്മം

വസു എന്നു പേരായ നിഷാദൻ; ചിത്രവതി എന്നു പേരായ ഭാര്യ; വീരൻ എന്നു പേരായ മകൻ—ആ കുടുംബം ഒരിടത്തു ജീവിച്ചിരുന്നു.

തിന എന്ന ധാന്യം ധാരാളമായുള്ള ഒരു പ്രദേശമുണ്ട്. ആ പ്രദേശത്തിന്റെ അധിപനാണ് വസു. അയാൾക്ക് അളവില്ലാത്ത ഈശ്വരഭക്തിയുണ്ട്. ഭാര്യയും പുത്രനും അപ്രകാരംതന്നെ.

വസുവിനു മുടങ്ങാത്ത ഒരു പതിവുണ്ട്. അയാൾ തിന വേവിച്ച് തേനൊഴിച്ചു കുഴയ്ക്കും. ഒന്നാംതരം തേനായിരിക്കുംതാനും. ശുദ്ധനായി അതിനെ ഭഗവാനു നിവേദ്യമായി നല്കും.

അല്പം ദൂരെയുള്ള സ്ഥലത്താണ് തേനെടുക്കാൻ പോവുക. ഒരു ദിവസം വസു അവിടേക്കു പുറപ്പെട്ടു. കൂടെ ചിത്രവതിയെയും കൊണ്ടു പോയി. അവർ തേനിനായി അങ്ങുമിങ്ങും നടന്നു. ഒരിടത്തുനിന്നും തേൻ കിട്ടിയില്ല. തേനില്ലെങ്കിൽ പതിവു നിവേദ്യം മുടങ്ങുകയുംചെയ്യും. അയ്യോ, അതൊരിക്കലും പാടില്ല! തേനിനായി ഇരുവരും വീണ്ടും അന്വേഷണം തുടങ്ങി. എന്തിനു പറയുന്നു, പാർപ്പിടത്തിൽ തിരിച്ചെത്തിയപ്പോൾ നേരം വളരെ കഴിഞ്ഞിരുന്നു.

അവിടെ അവർ എന്താണു കണ്ടത്? മകനായ വീരൻ തനിയെ ഭഗവാനെ അർച്ചിച്ചിട്ടുണ്ടായിരുന്നു. മാത്രമല്ല, തിന വേവിച്ച് നൈവേദ്യമാക്കിയുമിരുന്നു. അതും പോട്ടെന്നു വയ്ക്കാം. അവൻ നൈവേദ്യം തിന്നുകയാണ്!

വസുവിന്റെ കോപം ക്രമത്തിലധികമായി.

അയാൾ വാളെടുത്ത് മകനെ വെട്ടാനോങ്ങി.

പുറകിൽനിന്ന് ആരോ കൈപിടിച്ചിരിക്കുന്നു!

വസു പിറകിലേക്കു തിരിഞ്ഞുനോക്കി. തന്റെ കൈപിടിച്ചത് ആരെന്നു കണ്ടു. സാക്ഷാൽ മഹാവിഷ്ണു!

അയാൾ വാൾ ദൂരത്തെറിഞ്ഞ് മഹാവിഷ്ണുവിനെ നമസ്കരിച്ചു.

ഭഗവാൻ സംസാരിച്ചു:

"വസു, നിന്റെ മകൻ വീരൻ എന്റെ ഭക്തന്മാരിൽ മുമ്പനാകുന്നു. എനിക്ക് അവനോടു വളരെ വാത്സല്യമുണ്ട്. അവനെന്നോട് നിനക്കുള്ളതിനെക്കാൾ ഭക്തിയുണ്ട്. നീ എന്നെ ഇവിടെ മാത്രമുള്ളതായി സങ്കല്പിച്ചു പൂജിക്കുന്നു. അവനാകട്ടെ, എന്നെ എല്ലായിടത്തും ഉള്ളവനായി സങ്കല്പിച്ചു പൂജിക്കുന്നു. അതാണു നിങ്ങൾ രണ്ടുപേരും തമ്മിലുള്ള വ്യത്യാസം."

അത്രയും അരുളിച്ചെയ്തിട്ട് ഭഗവാൻ അവിടെത്തന്നെ അപ്രത്യക്ഷനായി.

ഒരു രാജകുമാരൻ അവിടേക്കു വരികയായി.

തൊണ്ഡമാൻ എന്നായിരുന്നു ആ രാജകുമാരന്റെ പേര്.

ഒരു പൂർവജന്മം ഉണ്ടായിരുന്നു തൊണ്ഡമാന്.

ഇതാണ് ആ പൂർവജന്മത്തിന്റെ കഥ:

പാണ്ഡ്യരാജ്യത്തിൽ രംഗദാസൻ എന്നൊരു ബാലൻ ഉണ്ടായിരുന്നു. ബാല്യംമുതൽക്കേ വിഷ്ണുഭക്തി രംഗദാസന്റെ പ്രത്യേകതയായിരുന്നു. പന്ത്രണ്ടു വയസ്സുള്ളപ്പോൾ അവനെന്താണു ചെയ്തത്? വീടും നാടും വിട്ട്

തനിയെ ഇറങ്ങിത്തിരിച്ചു. വിഷ്ണുഭജനത്തിനു മാത്രമായി ജീവിതം നീക്കിവയ്ക്കണം— അതായിരുന്നു അവന്റെ ഉദ്ദേശ്യം.

അവൻ പല ദിക്കുകളിലും സഞ്ചരിച്ചു. അങ്ങനെ നാരായണപുരത്തിൽ എത്തിച്ചേർന്നു. അവിടെ വരാഹമൂർത്തിയെ ഭജിച്ചുകൊണ്ടിരുന്നു.

ഒരിക്കൽ അവൻ വഴിപോക്കരിൽനിന്നു ചിലതെല്ലാം കേട്ടറിഞ്ഞു— വെങ്കടേശ്വരന്റെ ശക്തി, പ്രഭാവം, മാഹാത്മ്യം മുതലായവ. അതോടുകൂടി അവന്റെ വിഷ്ണുഭക്തി വർദ്ധിച്ചു—അതിനു വർദ്ധിക്കാൻ സാധിക്കുമെങ്കിൽ!

രംഗദാസൻ തെക്കോട്ടു യാത്ര തുടർന്നു. സ്വർണ്ണമുഖരി എന്ന പുണ്യനദിയിൽ സ്നാനം ചെയ്തു. ആ നദിയുടെ തീരത്തുള്ള വിഗ്രഹങ്ങൾ വന്ദിച്ചു —ശ്രീകൃഷ്ണന്റെയും ബലരാമന്റെയും വിഗ്രഹങ്ങൾ! അതിനുശേഷം പുഷ്കരിണിയിലെത്തി. അതിന്റെ തീരത്തിരുന്ന് വിഷ്ണുഭജനം തുടർന്നു.

മണമേറുന്ന പൂക്കൾ നിറഞ്ഞ ഒരു ഉദ്യാനം നിർമ്മിച്ചു രംഗദാസൻ. അവൻ ദിവസേന ആ പൂക്കൾ ഇറുത്തു മാല കെട്ടും. മാല ക്ഷേത്രത്തിലെ പൂജകനെ ഏല്പിക്കും. ഭഗവാനു ചാർത്താനായിട്ടാണു മാല. പൂജകൻ അതിനെ വിഗ്രഹത്തിൽ ചാർത്തുകയുംചെയ്യും.

മറ്റൊരു പുണ്യകർമ്മംകൂടി രംഗദാസൻ ചെയ്യാതിരുന്നില്ല. അയാൾ ക്ഷേത്രത്തിനടുത്തു കുളങ്ങൾ കുഴിപ്പിച്ചു—ഭക്തന്മാർക്കു ദേഹശുദ്ധി വരുത്താനുള്ള കുളങ്ങൾ.

അയാൾ ഏഴാണ്ടുകാലം അങ്ങനെ അവിടെ ജീവിതം നയിച്ചു.

ഒരു ദിവസം അവിചാരിതമായി ഒരു സംഭവമുണ്ടായി.

രംഗദാസൻ പൂ പറിക്കാൻ ഉദ്യാനത്തിലേക്കു ചെന്നു. അപ്പോൾ അവിടെ എന്തായിരുന്നു സ്ഥിതി? ഒരു ഗന്ധർവനും കുറെ ഗന്ധർവസ്ത്രീകളും വിമാനങ്ങളിൽ വന്നിറങ്ങിയിട്ടുണ്ടായിരുന്നു. എല്ലാവരുംകൂടി സരസ്സിൽ കുളിക്കുന്നു; കളിക്കുകയും തിമർക്കുകയുംചെയ്യുന്നു!

എത്ര സൗന്ദര്യമാണു ഗന്ധർവസ്ത്രീകൾക്ക്! രംഗദാസൻ അവരെ കണ്ണെടുക്കാതെ നോക്കിനിന്നു. അയാൾ അന്നോളം ബ്രഹ്മചാരിയായി കഴിഞ്ഞതാണ്. വിവാഹം വേണ്ടെന്നുവെച്ചിരുന്നു. എന്നുമാത്രമല്ല, ആ വഴിക്കാലോചിക്കപോലും ഉണ്ടായിട്ടില്ല. എന്നാൽ, ഈ സമയം അതെല്ലാം ആകെ മാറിമറിഞ്ഞു. താനും ഗന്ധർവനെപ്പോലെ വിവാഹിതനായെങ്കിൽ!— അതായി അയാളുടെ ആഗ്രഹം.

വളരെ നേരം കഴിഞ്ഞിട്ടാണ് ഒന്ന് ഓർമിച്ചത്. താൻ വിഗ്രഹത്തിൽ ചാർത്താനുള്ള മാല കെട്ടിയിട്ടില്ല! അയാൾ ധൃതിയിൽ പൂക്കൾ പറിച്ചു വല്ല വിധവും മാല കെട്ടി. മാലയുമായി ക്ഷേത്രത്തിലേക്ക് ഉഴറി.

പൂജകന് അതിയായ നീരസം തോന്നി.

അയാൾ പറഞ്ഞു:

"രംഗദാസാ, മാല ചാർത്താനുള്ള സമയം കഴിഞ്ഞുപോയി. നിങ്ങൾ ഇത്രയും നേരം എവിടെയായിരുന്നു? എന്താണിത്? നിങ്ങളുടെ മുഖം മങ്ങിയിരിക്കുന്നല്ലോ. എന്തോ സംഭവിച്ചിട്ടുണ്ട്, ഇല്ലേ?"

ഉത്തരമൊന്നും പറയാതെ രംഗദാസൻ നിലകൊണ്ടു. അയാളുടെ മുഖം താഴ്ന്നിരിക്കുന്നു—ലജ്ജാഭാരം കൊണ്ടും അപരാധബോധംകൊണ്ടും. താൻ വലിയ തെറ്റു ചെയ്തിരിക്കുന്നു. എന്താണിനി ചെയ്യുക?

നിസ്സഹായനായ രംഗദാസന് ഒരു സഹായം വന്നെത്തി. അതോ, മഹാവിഷ്ണുവിൽനിന്നും. ഭഗവാൻ അയാൾക്കു ദർശനമരുളി:

"രംഗദാസാ, നിനക്കു മനോവിഷമം വേണ്ട. എനിക്കു നിന്നോട് അപ്രീതിയില്ല. ആട്ടെ, നീ ആ ഗന്ധർവനെപ്പോലെ വിവാഹിതനാവും. നിനക്ക് അനേകം ഭാര്യമാരുണ്ടായിരിക്കും. അതു നിന്റെ അടുത്ത ജന്മത്തിലാണ്. നീ ഒരു രാജാവായി ജനിക്കും. ആ ജന്മത്തിലും ഇപ്പോഴത്തെപ്പോലെ ഉദ്യാനങ്ങളും കുളങ്ങളും നിർമ്മിക്കണം. ഏറ്റവും ഭക്തിയോടുകൂടി എന്നെ ഭജിക്കുകയും വേണം. എന്നാൽ, ഒടുവിൽ നീ എന്നോടു ചേരും."

ഭഗവാൻ മറഞ്ഞതിനുശേഷം രംഗദാസൻ ജീവിതം തുടർന്നു—അവിടെത്തന്നെ, പഴയതുപോലെ, ഭക്തനായിട്ട്.

ആ ജീവിതം നൂറു വർഷം നീണ്ടുനിന്നു.

മരിച്ചതിനുശേഷം അയാൾ വീണ്ടും ജന്മമെടുത്തു. അതോ, ഒരു രാജകുമാരനായിട്ടും. ആരായിരുന്നു പിതാവും മാതാവും? സുവീരൻ എന്ന രാജാവും നന്ദിനി എന്ന രാജ്ഞിയും.

തൊണ്ഡമാൻ എന്നായിരുന്നു രാജകുമാരന്റെ പേര്.

ജനനംമുതല്ക്കേ വിഷ്ണുഭക്തനായിരുന്നു തൊണ്ഡമാൻ. മാത്രമല്ല, സദ്ഗുണങ്ങളുടെ വിളനിലവും.

രാജകുമാരൻ യുവാവായി. വിവാഹവും കഴിച്ചു. ആരായിരുന്നു വധു? പാണ്ഡ്യരാജാവിന്റെ പുത്രിയായ പത്മാരാജകുമാരി.

പിന്നീട് വേറെയും ചില സുന്ദരിമാരുടെ ഭർത്താവായി തൊണ്ഡമാൻ.

സുഖങ്ങൾ നിറഞ്ഞ ജീവിതം!

ഒരിക്കൽ തൊണ്ഡമാൻ നായാട്ടിനായി ഒരു വനത്തിൽ പ്രവേശിച്ചു. അങ്ങുമിങ്ങും ചുറ്റിത്തിരിയുമ്പോൾ ഒരു പഞ്ചവർണ്ണക്കിളിയെ കാണാനിടയായി. സാധാരണ പഞ്ചവർണ്ണക്കിളിയൊന്നുമല്ല—മഹാവിഷ്ണുവിന്റെ തിരുനാമങ്ങൾ ജപിക്കുന്ന പഞ്ചവർണ്ണക്കിളി!

അതിനെ കിട്ടിയേ തീരൂ എന്നായി തൊണ്ഡമാന്റെ ആഗ്രഹം. രാജകുമാരൻ അങ്ങേയറ്റം പരിശ്രമിച്ചു, പക്ഷിയെ പിടികൂടാൻ. പക്ഷേ, പരിശ്രമമെല്ലാം വിഫലമായതേയുള്ളു. പക്ഷി പറന്നുപോയി ഒരു സ്ഥലത്തു ചെന്നിരിക്കും. തൊണ്ഡമാൻ അവിടെ എത്തിച്ചേരും. അപ്പോൾ പക്ഷി മറ്റൊരിടത്തേക്കു പറന്നുപോകും. അങ്ങനെ വളരെ ദൂരം സഞ്ചരിച്ചു തൊണ്ഡമാൻ. ഒടുവിൽ എത്തിച്ചേർന്നതോ? വെങ്കിടാദ്രിയുടെ പരിസരത്തിൽ.

യദൃച്ഛയാ രാജകുമാരൻ വസുവിനെ കണ്ടെത്തി.

"ഹേ നിഷാദാ. ഞാൻ വിഷ്ണുനാമം ജപിക്കുന്ന ഒരു പഞ്ചവർണ്ണക്കിളിയെ കണ്ടു. ആ കിളിയെ പിടിക്കാനായി പാടുപെടുകയുമാണ്. അതിനെ നിങ്ങൾ കാണുകയുണ്ടായോ?" തൊണ്ഡമാൻ ചോദിച്ചു.

വസുവിന് ആ കിളിയെക്കുറിച്ച് അറിവുണ്ട്.

"കുമാരാ, ഭഗവാന്റെ ആശ്രിതനാണു കിളി. ഭഗവാന്റെ സമീപത്തു പാർക്കുന്നവനും. അതിനെ പിടിക്കാൻ ആർക്കും സാധിക്കയില്ല. അങ്ങു വെറുതെ ബുദ്ധിമുട്ടണ്ട. ഞാനിതാ വിഷ്ണുക്ഷേത്രത്തിലേക്കു പോവുകയാണ്. അങ്ങും എന്നോടൊന്നിച്ചു വരണം." വസു പറഞ്ഞു.

തൊണ്ഡമാൻ വസുവിനോടൊന്നിച്ചു വിഷ്ണുപൂജയ്ക്കു പോയി. വസു നൈവേദ്യവും എടുത്തിട്ടുണ്ട്—തിന വേവിച്ചു തേനൊഴിച്ചു പാകപ്പെടുത്തിയ

നൈവേദ്യം. അവർ പുഷ്കരിണിയുടെ തീരത്തിലേക്കു ചെന്നു. അവിടെ ഒരു വൃക്ഷച്ചുവട്ടിലാണ് വിഷ്ണുവിന്റെ വിഗ്രഹം. വസു കുളിച്ചുവന്ന് പൂക്കളിറുത്തു വിഗ്രഹത്തിൽ അർച്ചിച്ചു. അതിനുശേഷം കൂടെ കൊണ്ടുവന്നിരുന്ന നൈവേദ്യം സമർപ്പിച്ചു. തുടർന്നു നമസ്കരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അവസാനം തൊണ്ഡമാനെയുംകൂട്ടി സ്വഗൃഹത്തിൽ മടങ്ങിയെത്തി.

അവിടെ അതിഥിയായി ഒരു നാൾ താമസിച്ചു തൊണ്ഡമാൻ. അടുത്ത ദിവസം വസുവിനോടും കുടുംബത്തോടും യാത്രപറഞ്ഞിറങ്ങി. പോകുന്ന വഴിക്ക് ശുകമഹർഷിയെ കണ്ടു. പത്മസരസ്സിന്റെ തീരത്തിലാണ് ഇപ്പോൾ ശുകമഹർഷി ഇരിക്കുന്നത്. തൊണ്ഡമാൻ അദ്ദേഹത്തെ ഭക്തിപൂർവ്വം പ്രണമിച്ചു. രാജകുമാരൻ മഹർഷി പറഞ്ഞ പത്മസരസ്സിന്റെ കഥ മനസ്സിലാക്കി.

പണ്ടൊരിക്കൽ ലക്ഷ്മീദേവി ഈ സരസ്സിൽ തപസ്സുചെയ്യുകയുണ്ടായി. അക്കാലത്ത് ദേവേന്ദ്രനും മറ്റു ദേവന്മാരും അവിടെ വന്നെത്തി. അവർ ദേവിയെ ആരാധിച്ചു സ്തുതിചെയ്തു.

ദേവി പ്രസന്നയായി അരുളിച്ചെയ്തു.

"ദേവന്മാരെ, ഞാൻ ഈ സരസ്സിൽ തപസ്സുചെയ്യുകയാണല്ലോ. അക്കാരണത്താൽ ഈ സരസ്സ് പുണ്യതീർത്ഥമായിരിക്കും. ഇതിൽ പാപികൾ സ്നാനംചെയ്തു എന്നിരിക്കട്ടെ, അവരുടെ പാപങ്ങൾ നിശ്ശേഷം നശിക്കും."

പിന്നീടാണ് സരസ്സിനു പേരുണ്ടായത്. പത്മാദേവി എന്നും ലക്ഷ്മീദേവിക്കു പേരുണ്ട്. പത്മാദേവി തപസ്സുചെയ്ത സരസ്സ് പത്മസരസ്സായി!

ഇക്കഥ ശുകമഹർഷിയിൽനിന്ന് തൊണ്ഡമാൻ അറിഞ്ഞപ്പോഴോ? രാജകുമാരൻ ആ പുണ്യതീർത്ഥത്തിൽ സ്നാനംചെയ്തു. അക്കാരണത്താൽ മുമ്പില്ലാത്ത വിശുദ്ധി നേടി. അങ്ങനെ സ്വരാജ്യത്തിൽ തിരിച്ചെത്തി.

സുവീരരാജാവ് പുത്രനു രാജസ്ഥാനം നല്കി. എന്നിട്ട് സഭാര്യനായി വനം പ്രാപിച്ചു—തപസ്സുചെയ്ത് കാലശേഷം കഴിക്കാനായിട്ട്.

ഭക്തനായ തൊണ്ഡമാൻ രാജ്യഭരണം ആരംഭിച്ചു—ധർമ്മത്തിൽ അടിയുറച്ച രാജ്യഭരണം!

അപ്പോൾ വസുവും കുടുംബക്കാരുമോ? അവർ പഴയപോലെ ജീവിതം നയിക്കുകയാണ്.

ഈയിടെയായി വസുവിന്റെ നിലങ്ങളിൽ ഒരു ശല്യമുണ്ട്. ഒരു കാട്ടുപന്നി രാത്രിയിൽ വന്നെത്തും. തിന തിന്നിട്ടു പൊയ്ക്കളയും. ഇങ്ങനെ പോയാൽ വിളവാകെ ഇല്ലാതാവുകയില്ലേ? വല്ലവിധവും കാട്ടുപന്നിയെ കണ്ടുപിടിച്ചു കൊല്ലണം—അതിനായി വസുവിന്റെ പരിശ്രമം. അയാൾ കാട്ടുപന്നിയെ അന്വേഷിച്ചു നടന്നു. ഒരിടത്തും കാട്ടുപന്നിയെ കണ്ടെത്തിയില്ല.

എങ്കിലും വസു നിരാശനായില്ല. അയാൾ പരിശ്രമം തുടർന്നുകൊണ്ടിരുന്നു ഒരു രാത്രി അയാൾ വയലിൽ ഒളിച്ചിരുന്നു. ഉറക്കമൊഴിച്ച് ഏകാഗ്രതയോടെ കാത്തിരിക്കുകയാണ്. ഒന്നിച്ച് പുത്രനായ വീരനുമുണ്ട്. എന്താണു ദൂരെയായി അവ്യക്തമായ ഒരു രൂപം? തിന തിന്നുന്ന കാട്ടുപന്നി! വസു തെറ്റെന്ന് വില്ലെടുത്ത് അമ്പു തൊടുത്തയച്ചു. അമ്പ് കാട്ടുപന്നിക്ക് ഏറ്റില്ല. എന്നിട്ടും ആ മൃഗം അപകടം മനസ്സിലാക്കി ഓട്ടം തുടങ്ങി. അമ്പും വില്ലുമേന്തി വസു പന്നിയുടെ പിറകേ ഓടി. ഒന്നിച്ചു വീരനും. മൃഗവും മനുഷ്യനും

വളരെ ദൂരം ഓടിക്കഴിഞ്ഞു. അപ്പോഴേക്കും മുമ്പിലായി വലിയൊരു പുറ്റ് കാണുമാറായി. കാട്ടുപന്നി പെട്ടെന്നു പുറ്റിനകത്തു കയറി ഒളിച്ചു. വസു പാഞ്ഞുചെന്നു വില്ലെടുത്തു പുറ്റ് അടിച്ചുതകർത്തു. രക്ഷാമാർഗ്ഗം അടഞ്ഞ കാട്ടുപന്നി വസുവിന്റെമേൽ ചാടിവീണു. വസു മൂർച്ഛിച്ചു നിലത്തു പതിച്ചു.

ആ സമയം വീരന് ഒരു ബോധോദയം ഉണ്ടായി—ഇത് സാധാരണയുള്ള കാട്ടുപന്നിയല്ല. പിന്നെയോ, വിഷ്ണുഭഗവാന്റെ വരാഹരൂപം!

വീരൻ ഭഗവാനെ വാഴ്ത്തി സ്തുതിച്ചു.

ഭഗവാൻ കനിഞ്ഞരുളി:

"വീരാ, വരാഹദേവനായ ഞാൻ ഇവിടെ വസിക്കുന്നുണ്ട്. നീ തൊണ്ഡമാനെ കണ്ട് എന്റെ നിർദ്ദേശങ്ങൾ അറിയിക്കണം. അവൻ എന്നെ ഇവിടെ പ്രതിഷ്ഠിക്കട്ടെ. കറുത്ത പശുക്കളുടെ പാൽകൊണ്ട് പുറ്റു നല്ലവണ്ണം കഴുകണം. അപ്പോൾ പുല്ലിൽനിന്ന് ഒരു ശില കിട്ടും. ആ ശിലയിൽ എന്നെയും ഭൂമിദേവിയെയും പ്രതിഷ്ഠിക്കണം. നിന്റെ അച്ഛനെക്കുറിച്ചു നിനക്കു പരിഭ്രമം വേണ്ട."

വരാഹമൂർത്തി അപ്രത്യക്ഷനായി.

ഒരു അവശതയുമില്ലാതെ എഴുന്നേല്ക്കുന്നു മൂർച്ഛിച്ചു കിടന്ന വസു!

നടന്നതെല്ലാം മകൻ അച്ഛനെ പറഞ്ഞു കേൾപ്പിച്ചു.

വസു പുത്രനെ ഗാഢമായി ആലിംഗനംചെയ്തു. എന്നിട്ടു പാർപ്പിടത്തിൽ തിരിച്ചെത്തി. വീരനെയും അനുചരന്മാരെയും കൂട്ടി യാത്രയായി. തൊണ്ഡമാന്റെ കൊട്ടാരമായിരുന്നു ലക്ഷ്യം.

രാജാവിന് വസുവിനെ കാണാൻ സന്തോഷമായിരുന്നു. ഒരു ദിവസം വസുവിന്റെ അതിഥിയായി താമസിച്ചതല്ലേ? അദ്ദേഹം അതിഥികൾക്ക് ഉപചാരപൂർവം സ്വാഗതമേകി.

കുശലപ്രശ്നം കഴിഞ്ഞപ്പോഴോ? വസു രാജാവിനെ വിഷ്ണുവിന്റെ നിർദേശങ്ങൾ അറിയിച്ചു.

എത്ര സന്തോഷമായെന്നോ തൊണ്ഡമാന്! ഭഗവാന്റെ നിർദ്ദേശങ്ങൾ കഴിയുന്നത്ര വേഗം നടപ്പാക്കണം—അതിനായി തൊണ്ഡമാന്റെ ഒരുക്കം. ഭക്തോത്തമനായ രാജാവ് മന്ത്രിമാരെ വരുത്തി ആജ്ഞകൾ നല്കി. ഒരാജ്ഞ പ്രത്യേകമായിരുന്നു—ഒട്ടനേകം കറുത്ത പശുക്കളെ കൊണ്ടുപോകണം; മാത്രമല്ല, പശുക്കളുടെ കുട്ടികളെയും. ധാരാളം പാൽ വേണ്ടിവരും, വലിയ പുറ്റു കഴുകി വൃത്തിയാക്കാൻ.

അന്നു രാത്രിയിൽ തൊണ്ഡമാൻ സ്വപ്നം കണ്ടു. എന്തായിരുന്നു സ്വപ്നം? വസു പറഞ്ഞതെല്ലാംതന്നെ!

അങ്ങനെ രാജാവും പരിവാരങ്ങളും നിശ്ചിതമായ സ്ഥലത്ത് എത്തിച്ചേർന്നു—മാത്രമല്ല, നിരവധി കറുത്ത പശുക്കളും പശുക്കുട്ടികളും. ഒരിടത്തു വലിയൊരു ഗുഹ കാണപ്പെട്ടു. അവിടെ ഗോപുരം നിർമിക്കണം— ആ സൂചന വിഷ്ണുഭഗവാൻ രാജാവിനു നല്കിയിരുന്നു. തൊണ്ഡമാൻ ഗോപുരം കെട്ടിയുയർത്തി.

അനുചരന്മാർ പശുക്കളുടെ പാൽ കറന്നെടുത്തു. അതൊഴിച്ചു പുറ്റു നല്ലപോലെ കഴുകി വെടിപ്പാക്കി. അവിടെ ശില കണ്ടുകിട്ടുകതന്നെ ചെയ്തു. രാജാവു വിധിപ്രകാരം ശിലയിൽ പ്രതിഷ്ഠ നടത്തി—ഭഗവാൻ ആവശ്യപ്പെ

ട്ടിരുന്നതുപോലെ. പുരോഹിതന്മാരെക്കാണ്ട് ഒരേർപ്പാടും ചെയ്യിച്ചു— ഭഗവാനു നിത്യവും അർച്ചനയും പൂജയും നടത്തണം.

അതിനുശേഷം തൊണ്ഡമാൻ തന്റെ കൊട്ടാരത്തിൽ തിരിച്ചെത്തി. പിന്നീടു മറ്റൊന്നും ചെയ്തു. കൊട്ടാരത്തിൽനിന്നു ഭൂമിക്കടിയിലൂടെ ഒരു പാതയുണ്ടാക്കി. നേരെ വെങ്കിടാദ്രിയിൽ എത്തിച്ചേരുന്ന പാതയായിരുന്നു. അതിലൂടെ അദ്ദേഹം അവിടേക്കു പോവുകയും പതിവായി.

ഒരുനാൾ ഒരു ബ്രാഹ്മണൻ രാജസന്നിധിയിൽ പ്രവേശിച്ചു.

ബ്രാഹ്മണന്റെ പത്നിയും ഉണ്ടായിരുന്നു ഒന്നിച്ച്.

വന്ന കാര്യം പറഞ്ഞു ബ്രാഹ്മണൻ:

"രാജൻ, എന്റെ വീടു തെക്കുദിക്കിലാണ്. ഞാൻ കാശിക്കു പോവുന്നു. എന്റെ ഭാര്യയ്ക്ക് ഇപ്പോൾ ഗർഭമുണ്ട്. അവൾക്കു കാശിയാത്രയ്ക്കുള്ള കെല്പില്ല. എനിക്കാണെങ്കിൽ പോകാതിരുന്നുകൂടാ. ഞാൻ വ്രതമെടുത്തു പോയി. അവിടുന്ന് ഇവളെ ഞാൻ വരുംവരെ ഇവിടെ പാർപ്പിക്കണം. ഞാൻ താഴ്മയായി അപേക്ഷിക്കുന്നു."

രാജാവു പ്രജകൾക്കു പിതാവിനെപ്പോലെയാണ്. തൊണ്ഡമാൻ രാജ ധർമം നല്ലപോലെ അറിഞ്ഞിരുന്നു. ഒരു മടിയും കൂടാതെ അദ്ദേഹം അപേ ക്ഷ സ്വീകരിച്ചു. ബ്രാഹ്മണൻ കാശിക്കു പോവുകയുംചെയ്തു.

കുറേ നാൾ കഴിഞ്ഞ് ബ്രാഹ്മണൻ മടങ്ങിയെത്തി. കൊട്ടാരത്തിൽ ചെന്നു രാജാവിനെ കണ്ടു.

"രാജൻ, ഇനി അവിടുന്ന് എന്റെ ഭാര്യയെ മടക്കിത്തരിക. ഞാൻ അവളെയുംകൊണ്ട് എന്റെ ഗൃഹത്തിലേക്കു പോകട്ടെ."

രാജാവ് ഒന്നു നടുങ്ങി. പെട്ടെന്ന് അദ്ദേഹം ബ്രാഹ്മണപത്നിയുടെ കാര്യം ഓർമിച്ചു. അതേ. താൻ കുറെ നാൾമുമ്പ് ആ സ്ത്രീയെ തന്റെ സംരക്ഷണ യിലാക്കി. അവർക്കു പാർക്കാനായി ഒരു മാളികയും കൊടുക്കുകയുണ്ടായി. പക്ഷേ, പിന്നീട് അവരുടെ കാര്യമേ മറന്നുപോയി. ഇപ്പോൾ എന്തായിരിക്കും അവരുടെ സ്ഥിതി? അദ്ദേഹത്തിനു പരിഭ്രമം തോന്നി. നേരെ മാളികയിൽ ചെന്നു നോക്കി. അവിടെ കാണപ്പെട്ടത് എന്തെന്നോ? പാവപ്പെട്ട ബ്രാഹ്മണ പത്നിയുടെ മൃതശരീരം!

യഥാർത്ഥത്തിൽ എന്താണു സംഭവിച്ചിരുന്നതെന്നോ? രാജാവ് ബ്രാഹ്മ ണസ്ത്രീയുടെ കാര്യം മറന്നപ്പോൾ മറ്റൊന്നും മറന്നിരിക്കുന്നു—അവർക്ക് യഥാസമയം ഭക്ഷണം എത്തിച്ചുകൊടുക്കുന്ന കാര്യം. ബ്രാഹ്മണസ്ത്രീ പട്ടിണികിടന്നു മരിച്ചുപോയി.

തൊണ്ഡമാന്റെ സങ്കടം അതിരു കടന്നു. എന്തൊരു പാപമാണു താൻ ചെയ്തിരിക്കുന്നത്! അറിയാതെ ചെയ്തുപോയതാണ്, ശരിതന്നെ. എന്നുവച്ചു പാപമല്ല എന്നുവരുന്നില്ല. എന്തു പരിഹാരമാണ് താനിനി ചെയ്യേണ്ടത്? യാതൊന്നും മനസ്സിൽ തോന്നുന്നില്ല. ഇനി വെങ്കടേശ്വരൻ മാത്രമേയുള്ളു തുണ. രാജാവു ഭൂമിക്കടിയിലെ പാതയിലിറങ്ങി. അതിവേഗം അതിലൂടെ ഓടി. വെങ്കടാദ്രിയിൽ എത്തി. വിഗ്രഹത്തിന്റെ പാദങ്ങളുടെ മുമ്പിൽ കിടന്നു. "ഭഗവാനേ, രക്ഷിക്കണേ!" എന്നു മുറവിളി കൂട്ടി.

അതാ, കേൾക്കുമാറാകുന്നു ദയാമയനായ ഭഗവാന്റെ അരുളപ്പാട്:

"തൊണ്ഡമാൻ, ഇവിടെ അടുക്കൽ ഒരു തീർത്ഥമുണ്ട്. അസ്ഥിസ രസ്സ് എന്നു പേരുള്ള തീർത്ഥമാണ്. ബ്രാഹ്മണിയുടെ മൃതശരീരം അതിൽ മുക്കണം. അപ്പോൾ അവൾ ജീവിച്ചെഴുന്നേല്ക്കും!"

രാജാവ് ഉടൻതന്നെ കൊട്ടാരത്തിലേക്കുഴറിച്ചെന്നു. സ്ത്രീകളെക്കൊണ്ട് ബ്രാഹ്മണിയുടെ ശരീരം എടുപ്പിച്ചു. അതിനെ അസ്ഥിതീർത്ഥത്തിൽ എത്തിച്ചു. ആ പരിശുദ്ധജലത്തിൽ മുക്കിച്ചു. മരിച്ചവൾക്കു ജീവനുണ്ടായി— ഭഗവാൻ അരുളിയപോലെ!

തൊണ്ഡമാൻ ബ്രാഹ്മണിയെ ഭർത്താവിനു തിരിച്ചു നല്കി. ഒന്നിച്ചു വളരെയേറെ ധനവും വസ്ത്രങ്ങളും മറ്റു വകകളും.

ബ്രാഹ്മണൻ സന്തുഷ്ടനായി പത്നിയോടുകൂടി സ്വഗൃഹത്തിലേക്കു പോയി.

സ്വർണ്ണത്താമരപ്പൂക്കൾകൊണ്ട് അർച്ചിക്കുക—ദിവസവും ആ പതിവു ണ്ടായിരുന്നു തൊണ്ഡമാന്. ഒരിക്കലും ആ പതിവു മുടക്കിയുമില്ല. ഭഗവാന്റെ ഇച്ഛപ്രകാരമാണ് ആ അർച്ചന നടത്തിപ്പോന്നതും.

ഒരു ദിവസം രാജാവു പതിവിൻപ്രകാരം അർച്ചന നടത്തി. അതിനു ശേഷം വിഗ്രഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു. അപ്പോൾ മുമ്പിൽ ഒരു കാഴ്ച കണ്ടു. ഭഗവൽപാദങ്ങളുടെ മുമ്പിൽ വേറെ ചില പൂക്കൾ വിതറിക്കിടക്കുന്നു!

തുളസിപ്പൂക്കളാണ്. സാധാരണയുള്ള തുളസിപ്പൂക്കളല്ല. പിന്നെയോ, മണ്ണുകൊണ്ടു നിർമിച്ചവ! കണ്ടാൽ ശരിക്കുള്ള തുളസിപ്പൂക്കളെന്നു സംശ യിച്ചേക്കും. അത്ര കേമമായിരുന്നു നിർമിച്ചയാളുടെ കലാചാതുര്യം!

ആരാണ് ഈ മൺപൂക്കൾ കൊണ്ടുവച്ചത്? അതും താൻ നമസ്കരിച്ചു കിടക്കുമ്പോൾ? തൊണ്ഡമാൻ എഴുന്നേറ്റു ചുറ്റിനും നോക്കി. അവിടെങ്ങും ഒരാളെയും കണ്ടില്ല. എന്താണ് ഇതിന്റെ അർത്ഥം? രാജാവു വല്ലാതെ കുഴങ്ങിനിന്നു.

ഭഗവാൻതന്നെ അറിയിച്ചു:

"കുർവഗ്രാമത്തിൽ ഭീമൻ എന്നൊരു കുശവനുണ്ട്. അവൻ എന്റെ പരമ ഭക്തനാണ്. വീട്ടിൽവച്ച് അവൻ മണ്ണുകൊണ്ട് തുളസിപ്പൂക്കൾ ഉണ്ടാക്കുന്നു. വീട്ടിൽവെച്ചുതന്നെ എന്നെ അർച്ചിക്കുകയുമാണ്. ഞാൻ ആ പൂക്കൾ സ്വീകരിക്കുന്നു."

തൊണ്ഡമാന്റെ അത്ഭുതം ഒന്നു പ്രത്യേകമായിരുന്നു. കുശവൻ വീട്ടിൽ വെച്ച് അർച്ചിക്കുന്ന പൂക്കൾ ഇവിടെ വീഴുക! എന്തുകൊണ്ടാണ് അപ്രകാരം സംഭവിക്കുന്നത്? എത്ര ആലോചിച്ചിട്ടും രാജാവിനു പിടികിട്ടിയില്ല. ഭീമനെ നേരിട്ടു കാണണം; അയാളുടെ രഹസ്യം മനസ്സിലാക്കണം; അതായി അദ്ദേഹത്തിന്റെ ആഗ്രഹം.

അദ്ദേഹം ഭീമന്റെ ഗൃഹം കണ്ടുപിടിച്ച് അകത്തു കയറിച്ചെന്നു.

ഭീമൻ രാജാവിനെ ആദരവോടെ വന്ദിച്ചു.

"എന്തു വിധിപ്രകാരമാണ് നിങ്ങൾ ഭഗവാനെ അർച്ചിക്കുന്നത്? അറിയാൻ എനിക്ക് അതിയായ ആകാംക്ഷയുണ്ട്." തൊണ്ഡമാൻ പറഞ്ഞു.

ഭീമൻ പറുങ്ങി:

"തമ്പുരാനേ, അടിയനു വിധികളൊന്നും അറിഞ്ഞുകൂടാ. അടിയൻ തോന്നിയമാതിരി അർച്ചന നടത്തുന്നു. അത്രേയുള്ളു. എങ്കിലും അടിയനു

കറയറ്റ ഭക്തിയുണ്ട്. ആരാണ് അവിടുത്തേക്ക് എന്നെക്കുറിച്ച് അറിവു നല്കിയത്?" അയാൾ ചോദിച്ചു.

"മറ്റാരുമല്ല, ഭഗവാൻതന്നെയാണ്." തൊണ്ഡമാൻ സത്യം പറഞ്ഞു.

അപ്പോൾ ഭീമന്റെ കണ്ണുകളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകി—പരമമായ ആനന്ദം ജനിപ്പിച്ച കണ്ണുനീർ!

"തമ്പുരാനേ, ഭഗവാൻ മുമ്പൊരിക്കൽ എന്നെ വരുംകാര്യം അറിയിച്ചിരുന്നു. രാജാവു മുഖേന അടിയന്റെ വിഷ്ണുപൂജാക്രമം പരസ്യമാകുമെന്ന്; അപ്പോൾ അടിയനു മോക്ഷം കിട്ടുമെന്ന്. ആ സമയം ഇതാ വന്നെത്തിയിരിക്കുന്നു!" അയാൾ പറഞ്ഞു.

അതെത്ര ശരിയായിരുന്നു! ഉടൻതന്നെ ആകാശത്തുനിന്ന് ദിവ്യവിമാനം വന്നിറങ്ങി. ഭീമൻ ഭാര്യയോടുകൂടി ദിവ്യവിമാനത്തിൽ കയറി. അവരെയും കൊണ്ട് ദിവ്യവിമാനം വിഷ്ണുലോകത്തേക്കു പറന്നുപോയി.

തൊണ്ഡമാൻ ചില നിശ്ചയങ്ങളെടുത്തു. നേരെ കൊട്ടാരത്തിലേക്കു മടങ്ങി. ശ്രീനിവാസൻ എന്ന പുത്രനെ രാജാവായി വാഴിച്ചു. എന്നിട്ടു തപസ്സിനായി വനത്തിലേക്കു പോയി.

തീവ്രമായിരുന്നു രാജാവിന്റെ തപസ്സ്.

മഹാവിഷ്ണു അദ്ദേഹത്തിനു ദർശനമരുളി:

"നിന്റെ ആഗ്രഹം എന്താണെന്നു പറയൂ." ഭഗവാൻ കല്പിച്ചു.

"എനിക്കു ജരയോ മരണമോ ഉണ്ടാവരുത്. എനിക്ക് അവിടുത്തെ ലോകത്തു വരണം. എന്നും അവിടുത്തെ സന്നിധിയിൽ കഴിയണം. അല്ലാതെ മറ്റൊരു ആഗ്രഹവും എനിക്കില്ല." തൊണ്ഡമാൻ പറഞ്ഞു.

ഭഗവാൻ ആ ആഗ്രഹം സാധിപ്പിച്ചു. പ്രകാശിക്കുന്ന ഒരു വിമാനം വന്നിറങ്ങി. തൊണ്ഡമാൻ മനുഷ്യരൂപം വെടിഞ്ഞ് വൈഷ്ണവരൂപം കൈക്കൊണ്ടു. വിമാനത്തിൽ കയറി വൈകുണ്ഠത്തിലെത്തി.

(സ്കാന്ദപുരാണം)

വസു

മറ്റൊരു വസുവിന്റെ കഥയാണിത്.

ഈ വസു രാജാവാണ്. ആദ്യംമുതല്ക്കേ വിഷ്ണുഭക്തൻ ആയിരുന്നു അദ്ദേഹം. എപ്പോഴും അദ്ദേഹം വിഷ്ണുനാമം ജപിക്കും; വിഷ്ണുചരിതം കേൾക്കും. വിഷ്ണുഭക്തരോടു സംസർഗംചെയ്യും.

രാജാവ് ഭക്തനായ സ്ഥിതിക്കു പ്രജകളും ഭക്തന്മാരായി. രാജ്യത്തു ധർമ്മമല്ലാതെ യാതൊന്നുമില്ല. എല്ലായിടത്തും എല്ലായ്പോഴും ശാന്തികളിയാടി.

ദേവേന്ദ്രന്റെ സുഹൃത്തായിരുന്നു വസു. സാധാരണ സുഹൃത്തല്ല. ഉത്തമ സുഹൃത്ത്. മറ്റാർക്കും നല്കാത്ത ഒരു അംഗീകാരം ദേവേന്ദ്രൻ വസുവിനു നല്കി. തന്നോടൊത്ത് തന്റെ സിംഹാസനത്തിൽ ഇരിക്കാനുള്ള സ്വാതന്ത്ര്യം. പോരെ! അതിൽനിന്നുമാത്രം ഒന്നു മനസ്സിലാക്കാം—ദേവേന്ദ്രന് വസുവിനോട് എത്ര മൈത്രിയുണ്ടായിരുന്നു എന്ന്.

ചില സമ്മാനങ്ങളും ദേവേന്ദ്രൻ ഉറ്റ സ്നേഹിതനു നല്കി. വൈജയന്തി എന്ന വിശേഷപ്പെട്ട മാല; ആകാശസഞ്ചാരം ചെയ്യാനുള്ള സിദ്ധി. രണ്ടാമത്തെ സമ്മാനം കാരണം വസുവിനു മറ്റൊരു പേരും പതിഞ്ഞു. ഉപരിചരൻ എന്ന്.

ഒരിക്കൽ ദേവന്മാർ ഒരു യാഗംചെയ്തു. ആ യാഗത്തിന് ഒരു പ്രത്യേക ചടങ്ങുണ്ടായിരുന്നു. മൃഗങ്ങളെ ബലികഴിക്കുക എന്നതായിരുന്നു ആ ചടങ്ങ്. അനേകം മൃഗങ്ങൾ യാഗഭൂമിയിൽ കൊണ്ടുവരപ്പെട്ടു. അവ ഏറ്റവും ദയനീയമായി കരഞ്ഞു. അതൊന്നും ബലികഴിക്കുന്നവർ കൂട്ടാക്കിയില്ല. അവർ മൃഗങ്ങളെ ബലികഴിച്ചു.

ദേവന്മാരുടെ യാഗമാണല്ലോ. അതിനു കുറെ മുനിമാരും വരികയുണ്ടായി. മൃഗബലി കണ്ട് അവർ അറച്ചുപോയി. ഹിംസ നിറഞ്ഞ നികൃഷ്ടമായ യാഗം!

ജന്തുഹിംസ പാപമാണ്. അക്കാര്യം മുനിമാർ ചൂണ്ടിക്കാട്ടി. അധർമമാണ് ദേവന്മാർ ചെയ്തിരിക്കുന്നത് എന്നും.

പക്ഷേ, ദേവന്മാർ അതൊന്നും വകവച്ചില്ല. അവർ ആ യാഗം തുടരുകതന്നെ ചെയ്തു. മുനിമാരുടെ അഭിപ്രായം എന്തിനു കണക്കിലെടുക്കണം?

യദൃച്ഛയാ വസുരാജാവ് യാഗസ്ഥലത്തു വരാനിടയായി.

മുനിമാർ ദേവന്മാരോടു പറഞ്ഞു:

"ഇതാ, വസു വന്നിരിക്കുന്നു. അദ്ദേഹം എത്രയോ യാഗങ്ങൾ നിർവഹിച്ചിട്ടുള്ളയാളാണ്. ഒരു യാഗത്തിലും അദ്ദേഹം ഹിംസ ചെയ്തിട്ടുമില്ല. അദ്ദേഹം ഒരിക്കലും അസത്യം പറയുകയില്ല. നിങ്ങളുടെ യാഗം അധർമമാണോ അല്ലയോ എന്ന് അദ്ദേഹം പറയട്ടെ!"

യാഗത്തിൽ ഹോമിക്കേണ്ടത് എന്താണ്? ധാന്യമോ? അതോ മാംസമോ? ആ ചോദ്യം ഉയർന്നുവന്നു.

വസു തീർപ്പു കല്പിക്കണം എന്നായി മുനിമാരും ദേവന്മാരും.

രാജാവിന്റെ ധർമനിഷ്ഠയിൽ പൂർണ്ണമായ വിശ്വാസമുണ്ടായിരുന്നു ഇരുകൂട്ടർക്കും.

"ധാന്യമാണ് ഹോമിക്കേണ്ടത് എന്ന പക്ഷക്കാർ ആരാണ്? മാംസമാണ് ഹോമിക്കേണ്ടത് എന്ന പക്ഷക്കാർ ആരാണ്! ആദ്യം എനിക്ക് അതറിയണം. എന്നിട്ട് ഞാൻ തീർപ്പു കല്പിക്കാം." വസു പറഞ്ഞു.

ധാന്യമാണ് ഹോമിക്കേണ്ടത് എന്ന പക്ഷക്കാർ ഞങ്ങളാണ്." മുനിമാർ പറഞ്ഞു.

"മാംസം എന്ന പക്ഷക്കാർ ഞങ്ങളും." ദേവന്മാർ പറഞ്ഞു.

സ്വതവേ ധർമിഷ്ഠനായിരുന്നു വസു. പക്ഷേ, ഇപ്പോഴിതാ അദ്ദേഹത്തിന്റെ ധർമത്തിനു ഭ്രംശം ഉണ്ടാകുന്നു! അദ്ദേഹം ദേവന്മാരുടെ ഉറ്റ ചങ്ങാതിയാണ്. യാഗത്തിനു മാംസം ഹോമിച്ചുകൂടാ എന്നു താൻ തീർപ്പുകല്പിച്ചാലോ? ദേവന്മാർക്ക് തന്നോടു വിരോധമാകും. അയ്യോ, അത് സങ്കടമുള്ള കാര്യമാണ്. തീർപ്പു കല്പിക്കുന്നതു മുഖം നോക്കാതെ വേണം. തീർപ്പുകാരൻ ഒരു പക്ഷംപിടിക്കുന്നത് അധർമമാണ്. അക്കാര്യം വസു അറിയായ്കയല്ല. എന്നിരുന്നാലും അദ്ദേഹത്തിനു ദൗർബല്യമുണ്ടായി.

"യാഗത്തിനു മാംസംതന്നെയാണു ഹോമിക്കേണ്ടത്." അദ്ദേഹം വിധിച്ചു.

അധർമം ചെയ്തില്ലേ വസു? അതിന് അപ്പോൾത്തന്നെ ശിക്ഷയും കിട്ടി. സ്വർഗത്തായിരുന്നു അതുവരെയുള്ള താമസം. ഇപ്പോഴിതാ സ്വർഗത്തുനിന്ന് ഒരൊറ്റ വീഴ്ച, ഭൂമിയിലേക്ക്!

താൻ ശിക്ഷ തികച്ചും അർഹിക്കുന്നുണ്ട്—ആ ബോധമുണ്ടായി വസുവിന്. തെറ്റു ചെയ്തിട്ടാണല്ലോ ദുരനുഭവം ഉണ്ടായത്. അദ്ദേഹം വിഷ്ണുഭക്തനായി ജീവിതം നയിച്ചു. മുമ്പത്തെപ്പോലെതന്നെ. കുറേക്കാലം കഴിഞ്ഞ് വീണ്ടും സ്വർഗപ്രാപ്തിയുണ്ടായി. രണ്ടാമതും സ്വർഗസുഖങ്ങൾ അനുഭവിച്ചും തുടങ്ങി.

അപ്പോഴത്തെ പത്നി ആരായിരുന്നു? അദ്രിക എന്നു പേരുള്ള ഒരു അപ്സരസ്സ്.

വസുവിന് ഒരു ദിവ്യവിമാനമുണ്ട്. അതിൽ കയറിയാൽ ഏതു ലോകത്തും സഞ്ചരിക്കാം. ഒരിക്കൽ അദ്ദേഹം അദ്രികയോടുകൂടി വിമാനം കയറി. അങ്ങനെ ചന്ദ്രലോകത്തു ചെന്നിറങ്ങി.

ചന്ദ്രലോകത്തിൽ കുറെ പിതൃക്കൾ പാർത്തുവരുന്നു. രണ്ടു കൂട്ടരുണ്ട് പിതൃക്കളുടെ ഇടയിൽ. ഒരുകൂട്ടർ ശരീരമുള്ളവർ. മറ്റേ കൂട്ടർ ശരീരം ഇല്ലാത്തവർ. ശ്രേഷ്ഠത കൂടുതൽ ആർക്കാണ്? ശരീരം ഇല്ലാത്തവർക്ക്.

ചില പിതൃക്കൾക്ക് ഒരു മാനസപുത്രിയുണ്ട്. അച്ചോദ എന്നാണ് ആ മാനസപുത്രിയുടെ പേര്. ആ സമയം അച്ചോദയും ചന്ദ്രലോകത്തു ചെന്നിരുന്നു. അവൾ തന്റെ പിതൃക്കളെ അന്വേഷിച്ചുനടന്നു. ഒരിടത്തും അവരെ കണ്ടുകിട്ടിയില്ല. അവർ ശരീരമില്ലാത്തവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. അതാണ് അവരെ കാണാതിരിക്കാൻ കാരണം.

ഒരിക്കൽ അച്ചോദ വസുവിനെയും അദ്രികയെയും കാണാനിടയായി. വസുവും അദ്രികയും അവളെയും കണ്ടു. ഒരു തെറ്റിദ്ധാരണയുണ്ടായി അച്ചോദയ്ക്ക്—തന്റെ പിതാവാണ് വസു എന്ന്. വസുവിന് അച്ചോദയോടും സ്നേഹം തോന്നി—സ്വന്തം പുത്രിയോട് എന്നപോലെ.

ആ തോന്നൽ അരൂപികളായ പിതൃക്കൾ മനസ്സിലാക്കി. അവർക്ക് അതൊട്ടും ഇഷ്ടമായില്ല. മാത്രമല്ല, ദേഷ്യവുമുണ്ടായി.

"വസു വീണ്ടും മനുഷ്യനായി ഭൂമിയിൽ ജീവിക്കട്ടെ! അദ്രിക മത്സ്യമായിത്തീരട്ടെ! അച്ചോദ അവരുടെ പുത്രിയായി ജനിക്കട്ടെ!" അവർ ശാപവചനം ഉദ്ധരിച്ചു.

മൂന്നുപേരും ശാപമോക്ഷം യാചിച്ചു.

പിതൃക്കൾ ആശീർവദിച്ചു:

"ഞങ്ങളുടെ ശാപം നിങ്ങൾക്ക് അനുഗ്രഹമായി കലാശിക്കും!"

വസു മനുഷ്യനായി, അദ്രിക മത്സ്യമായി. അച്ചോദ അവരുടെ മകളായി. അവൾക്ക് കാളി എന്നു പേരായി. കാളിക്കു ദിവ്യനായ പുത്രനുണ്ടായി. ആ പുത്രൻ വേദവ്യാസനായി.

യഥാകാലം വസു മനുഷ്യജീവിതം അവസാനിപ്പിച്ചു. അതിനുശേഷം ദേവനായി സ്വർഗത്തു വാണു. പിന്നീടു സൂര്യലോകത്തു ചെന്നുപാർത്തു. അവിടന്നു ഗോലോകത്തിൽ എത്തി. ഒടുവിൽ മോക്ഷവും നേടി.

പന്ത്രണ്ട് ആദിത്യന്മാർ

ആദിത്യൻ തന്റെ സ്വരൂപത്തെ പന്ത്രണ്ടാക്കി കാശിയിൽ സന്നിധാനം ചെയ്തു.

പന്ത്രണ്ട് ആദിത്യന്മാരുടെയും കഥകളാണ് ഇനി.

ലോലാദിത്യൻ

കാശിയിൽ താമസിക്കണം—ആദിത്യന് അതിയായ മോഹമുണ്ടായി. അക്കാരണത്താൽ ആദിത്യന്റെ മനസ്സു ലോലമായിത്തീർന്നു. അതിനാൽ ലോലാദിത്യൻ എന്ന പേരു പതിഞ്ഞു. സംഭേദതീർത്ഥത്തിന്റെ തെക്കുവശം ലോലാദിത്യൻ സ്ഥിതിചെയ്തു.

ഉത്തരാദിത്യൻ

ലോലാദിത്യന്റെ വടക്കുഭാഗത്താണ് ഉത്തരാദിത്യന്റെ സ്ഥാനം.

പ്രിയവ്രതൻ എന്ന ഉത്തമനായ ബ്രാഹ്മണൻ, പ്രിയവ്രത എന്ന ഉത്തമയായ ബ്രാഹ്മണപത്നി, അവർക്ക് സുലക്ഷണ എന്ന ഉത്തമയായ പുത്രിയും.

ശൈശവത്തിൽത്തന്നെ അതിയായ അഴകുണ്ടായിരുന്നു സുലക്ഷണയ്ക്ക്. വളർന്നുവന്നതോടെ അവളുടെ അഴകും വർദ്ധിച്ചുവന്നു. എല്ലാ സദ്ഗുണങ്ങളും അവൾക്കുണ്ടായിരുന്നുതാനും.

പ്രിയപുത്രിയെ തക്കതായൊരു പുരുഷനു വിവാഹം കഴിച്ചുകൊടുക്കണം—അതായിരുന്നു മാതാപിതാക്കളുടെ ആഗ്രഹം. ആരാണു തക്കതായ പുരുഷൻ! പ്രിയവ്രതന് എത്ര ആലോചിച്ചിട്ടും ശരിയായ ഉത്തരം കിട്ടിയില്ല. അദ്ദേഹം പിന്നെയും ആലോചിച്ചുകൊണ്ടിരുന്നു. എന്തിനു പറയുന്നു, ഒടുവിൽ അദ്ദേഹത്തിന് ഒരുതരം ചിന്താജ്വരം പിടിപെട്ടു. ഒരു ദിവസം അദ്ദേഹം പെട്ടെന്നു മരിക്കുകയും ചെയ്തു.

പതിവ്രതയായ പ്രിയവ്രത ഉടന്തടി ചാടി.

സുലക്ഷണ ഏകാകിനിയായി.

അവളെ ഭാര്യയായി കിട്ടിയെങ്കിൽ! എല്ലാ യുവാക്കന്മാർക്കും അതാണ് ആഗ്രഹം. അനേകംപേർ അവളെക്കണ്ടു വിവാഹാഭ്യർത്ഥന ചെയ്തു. പക്ഷേ, അവൾ അതിനൊന്നും വഴിപ്പെട്ടില്ല. ലൗകികമായ ജീവിതത്തിൽ അവൾക്കു താത്പര്യമില്ല. പിന്നെന്തിനു വിവാഹം? തപസ്സുചെയ്യുകതന്നെ. അതായി അവളുടെ നിശ്ചയം.

എവിടെയാണ് സുലക്ഷണ തപസ്സിനുള്ള സ്ഥലം തെരഞ്ഞെടുത്തത്? ഉത്തരാദിത്യത്തിന്റെ സമീപം ഒരിടത്ത്.

ഏറ്റവും ഉഗ്രമായിരുന്നു അവളുടെ തപസ്സ്.

അല്പം അകലെയായി മറ്റൊരു തപസ്സും ആരംഭിച്ചു. ആ തപസ്സു ചെയ്തത് മനുഷ്യസ്ത്രീയല്ല. പിന്നെയോ, ഒരു പെണ്ണാട്!

പകൽസമയത്തു മാത്രമായിരുന്നു പെണ്ണാടിന്റെ തപസ്സ്. അവൾക്കു മനുഷ്യനായ ഒരുടമസ്ഥനുണ്ട്. അതാണു പകൽ തപസ്സിനു കാരണം. പെണ്ണാടു രാവിലെ ഉടമസ്ഥന്റെ ഗൃഹത്തിൽനിന്നു വരും. സുലക്ഷണയുടെ അല്പം അകലെ എത്തും. അവിടെനിന്നു തപസ്സുചെയ്യും. വൈകുന്നേരം

തപസ്സു നിർത്തും. കുറെ പച്ചില തിന്നു വെള്ളം കുടിക്കും. അതിനുശേഷം ഉടമസ്ഥന്റെ ഗൃഹത്തിലേക്കു മടങ്ങും.

അങ്ങനെ കഴിഞ്ഞു ആറു സംവത്സരങ്ങൾ.

ഒരിക്കൽ ശിവനും പാർവതിയും ആ സ്ഥലത്തുകൂടി പോകാനിടയായി.

ഭഗവാനും ദേവിയും തപസ്സുചെയ്യുന്ന ഒരു മനുഷ്യസ്ത്രീയെ കണ്ടു—തപസ്സുചെയ്യുന്ന പെണ്ണാടിനെയും.

പാർവതി ഭർത്താവിന് ഒരു അപേക്ഷ സമർപ്പിച്ചു.

"നാഥാ, ഈ മനുഷ്യസ്ത്രീ ഉത്തമയായ തപസ്വിനിയാണ്. അവിടുന്ന് അവൾക്കു വേണ്ടതായ വരം കൊടുക്കണം."

ശിവൻ പത്നിയുടെ ആഗ്രഹത്തിനു വഴങ്ങി. സുലക്ഷണയ്ക്കു ദർശന മരുളി. വരം ചോദിക്കാൻ ആവശ്യപ്പെട്ടു.

അപ്പോൾ എന്താണ് സുലക്ഷണ അഭ്യർത്ഥിച്ചത്?

"ഭഗവാനേ, അതാ നില്ക്കുന്ന പെണ്ണാടിന് അവിടുന്നു വരം നല്കണം. അവളുടെ ഭക്തി എന്റെ ഭക്തിയെക്കാൾ ഒട്ടും കുറവല്ല."

ശിവന് അതിയായ അഭിനന്ദനം തോന്നി. കണ്ടില്ലേ സുലക്ഷണയുടെ നിസ്വാർത്ഥത? അവൾ തനിക്കുവേണ്ടി വരം ആവശ്യപ്പെട്ടില്ല. അതേസമയം പെണ്ണാടിനു വരം കൊടുക്കണമെന്ന് അപേക്ഷിക്കയും ചെയ്യുന്നു. ഇവളെക്കാൾ ശ്രേഷ്ഠയായ സ്ത്രീ ലോകത്ത് ആരുണ്ട്?

ഭഗവാൻ പത്നിയോടു ചോദിച്ചു:

"പാർവതീ, ഞാൻ എന്തു വരമാണ് സുലക്ഷണയ്ക്കും പെണ്ണാടിനും നല്കേണ്ടത്?"

പാർവതി പറഞ്ഞു:

"സുലക്ഷണ എന്റെ സഖിയായിത്തീരട്ടെ. പെണ്ണാട് കാശീരാജാവിന്റെ പുത്രിയായി ജനിക്കട്ടെ. സകല സുഖങ്ങളും അനുഭവിച്ചിട്ടു നമ്മുടെ അരികിലേക്കു വരികയുംചെയ്യട്ടെ!"

ശിവൻ ആ വരങ്ങൾ നല്കി.

വരങ്ങൾ ഫലിച്ചെന്ന് പ്രത്യേകം പറയേണ്ടതില്ല.

സാംബാദിത്യൻ

ശ്രീകൃഷ്ണന്റെയും ജാംബവതിയുടെയും പുത്രനാണ് സാംബൻ.

സാമാന്യത്തിലധികം സൗന്ദര്യമുണ്ട് സാംബന്. സൗന്ദര്യത്തിൽ അതിരു കടന്ന ഗർവവും. അതൊരു പോരായ്മതന്നെയായിരുന്നു.

ഒരിക്കൽ നാരദൻ ദ്വാരകയിൽ ചെന്നു. ശ്രീകൃഷ്ണന്റെ മറ്റു പുത്രന്മാർ മഹർഷിയെ സാദരം വന്ദിച്ചുനിന്നു. സാംബനാകട്ടെ വന്ദിച്ചില്ല എന്നു മാത്ര മല്ല, മഹർഷിയുടെ മുഖത്തു നോക്കി പൊട്ടിച്ചിരിച്ചു. പുച്ഛമാണ് പൊട്ടിച്ചിരിയിൽ തെളിഞ്ഞുനിന്നത്—മഹർഷിയുടെ ജടയും വല്ക്കലവും മറ്റും കണ്ടപ്പോഴുണ്ടായ പുച്ഛം!

വേണമെങ്കിൽ നാരദനു ശപിക്കാം. ശാപം തീർച്ചയായും ഫലിക്കുകയും ചെയ്യും. എങ്കിലും മഹർഷി ശപിച്ചില്ല. അദ്ദേഹം ശ്രീകൃഷ്ണനെ ചെന്നു കണ്ടു. എന്നിട്ടു ഭഗവാനോട് സാംബന്റെ മര്യാദകേടിനെക്കുറിച്ചു സൂചിപ്പിച്ചു.

ശ്രീകൃഷ്ണൻ ഒന്നും പറഞ്ഞില്ല.

പിന്നൊരിക്കലും നാരദന്റെ സന്ദർശനമുണ്ടായി. അപ്പോഴും മഹർഷി സാംബനെക്കുറിച്ചുള്ള സൂചന ആവർത്തിച്ചു. ശ്രീകൃഷ്ണൻ ഇപ്രാവശ്യം മിണ്ടാതിരുന്നില്ല. സാംബന്റെ ഗർവ്വിനു നല്ലൊരു ശിക്ഷ നല്കണം. അതായി ഭഗവാന്റെ നിശ്ചയം.

"സാംബാ, നീ കുഷ്ഠരോഗിയായിത്തീരും!" ഭഗവാൻ പറഞ്ഞു.

അതിനുശേഷം ഭഗവാൻ ശിക്ഷയെ ഇളവുചെയ്തു.

"മകനേ, നീ കാശിയിൽച്ചെന്ന് ആദിത്യനെ ഭജിക്കണം. എന്നാൽ നിന്റെ കുഷ്ഠരോഗം ഇല്ലാതാകും. മാത്രമല്ല, നീ മുമ്പത്തെക്കാൾ സുന്ദരനുമാകും!"

സാംബൻ കാശിയിലെത്തി ആദിത്യനെ പ്രതിഷ്ഠിച്ചു. വിധിപോലെ പൂജയും ഭജനയും നടത്തി. അക്കാരണത്താൽ സാംബന്റെ കുഷ്ഠരോഗം ഭേദമായി പണ്ടത്തെക്കാൾ സൗന്ദര്യവും നേടി.

ആ ആദിത്യപ്രതിഷ്ഠയ്ക്ക് സാംബാദിത്യൻ എന്നു പേരായി.

ദ്രുപദാദിത്യൻ

പാണ്ഡവന്മാർ വനവാസംചെയ്യുന്ന കാലമാണ്. അവർ ഒരിക്കൽ കാശിയിൽ എത്തിച്ചേർന്നു. അവിടെവച്ച് ദ്രൗപദി ആദിത്യനെ ഭക്തിയോടെ ഭജിച്ചു. ആദിത്യൻ പ്രസന്നനായി, പ്രത്യക്ഷനായി പറഞ്ഞു:

"ദ്രൗപദീ, ഈ സ്ഥലം വിശ്വനാഥക്ഷേത്രത്തിന്റെ തെക്കുവശത്താകുന്നു. ആരെങ്കിലും ഇവിടെ വന്ന് എന്നെ ആരാധിച്ചുവെന്നിരിക്കട്ടെ. അവർക്കു പിന്നെ വിശപ്പുകൊണ്ടുള്ള ദുഃഖം അനുഭവപ്പെടുകയില്ല. ഞാൻ നിന്നെയും നിന്റെ അഞ്ചു ഭർത്താക്കന്മാരെയും അനുഗ്രഹിക്കുന്നു. നിങ്ങൾക്കു സർവ മംഗളങ്ങളും ഉണ്ടാകും."

ആദിത്യൻ ദ്രൗപദിയാൽ ആരാധിക്കപ്പെട്ടില്ലേ? അക്കാരണത്താൽ ദ്രുപദാദിത്യൻ എന്ന് അറിയപ്പെട്ടു.

മയൂഖാദിത്യൻ

ഒരിക്കൽ ആദിത്യഭഗവാൻതന്നെ രണ്ടു പ്രതിഷ്ഠകൾ ചെയ്തു. പഞ്ചനദ തീർത്ഥത്തിന്റെ തീരത്തായിരുന്നു രണ്ടു പ്രതിഷ്ഠകളും. ഒന്ന്, ഗഭസ്തീശ്വരൻ എന്നു പേരുള്ള ശിവലിംഗം. മറ്റേത് മംഗല എന്നു പേരുള്ള പാർവതീ വിഗ്രഹം.

പ്രതിഷ്ഠ കഴിഞ്ഞ് ആദിത്യൻ ശിവനെ തപസ്സുചെയ്തു—ഒന്നിച്ച് പാർവതിയെയും. പ്രകൃത്യാതന്നെ ചൂടുണ്ടല്ലോ ആദിത്യന്. അതോടുകൂടി തപസ്സിന്റെ ചൂടും ചേർന്നപ്പോഴോ? ലോകമാകെ ദഹിക്കുമെന്ന നിലയായി.

വിമാനസഞ്ചാരം ചെയ്യുകയായിരുന്നു ദിവ്യവർഗക്കാരിൽ പലരും. അവരെല്ലാം അമ്മാതിരിയുള്ള സഞ്ചാരം മതിയാക്കി. ആദിത്യന്റെ ചൂടു തട്ടിയാൽ വിമാനങ്ങൾ ചാമ്പലായിപ്പോകും. അതായിരുന്നു അവരുടെ ഭയം.

അത്യുഷ്ണം മുകളിലേക്കു മാത്രമല്ല വ്യാപിച്ചത്. നാലു വശങ്ങളിലേക്കും കീഴ്പോട്ടേക്കും വ്യാപിച്ചു. ഇനിയും ഈ സ്ഥിതി തുടരാനൊക്കുകയില്ല. അക്കാര്യം ശിവൻ മനസ്സിലാക്കി ആദിത്യനു ദർശനമരുളി.

പക്ഷേ, ആദിത്യൻ അതു കണ്ടില്ല. കണ്ണുകൾ ധ്യാനത്തിൽ അടഞ്ഞിരിക്കയാണ്. അത്രമാത്രം ഉണ്ടായിരുന്നു ഏകാഗ്രത. ശിവൻ വരം ചോദിക്കാൻ ആവശ്യപ്പെട്ടു. ആദിത്യൻ അതു കേട്ടുമില്ല. അപ്പോൾ ശിവൻ ആദിത്യനെ തൃക്കരങ്ങൾകൊണ്ടു തലോടി. അതോടെ ആദിത്യൻ ധ്യാനത്തിൽനിന്നുണർന്നു. ശിവനെ നമസ്കരിച്ചു സ്തുതിചെയ്തു.

ശിവൻ പറഞ്ഞു:

"ആദിത്യാ, നിനക്ക് മയൂഖാദിത്യൻ എന്ന പേരുണ്ടാകും. നിന്നെ ഭജിക്കുന്നവർക്ക് എല്ലാ അഭീഷ്ടങ്ങളും സിദ്ധിക്കുകയുംചെയ്യും."

അങ്ങനെ മയൂഖാദിത്യൻ എന്ന നാമമുണ്ടായി.

ഖഖോൽക്കാദിത്യൻ

കദ്രുവും വിനതയും തമ്മിലുള്ള സ്പർദ്ധ, വിനത കദ്രുവിന്റെ അടിമയാകുന്നത്, ഗരുഡൻ സ്വർഗത്തുനിന്ന് അമൃതം കൊണ്ടുവരുന്നത്—അതൊക്കെ 'മാലിഭാരത'ത്തിൽ വായിച്ചിരിക്കും. 'മാലിഭാരത'ത്തിൽ ഇല്ലാത്ത ഒരു കഥാഭാഗമാണ് ഇനി. അതും ഖഖോൽക്കാദിത്യനും തമ്മിലൊരു ബന്ധമുണ്ട്.

ഉച്ചൈശ്രവസ്സ് എന്ന ദിവ്യാശ്വത്തെച്ചൊല്ലിയായിരുന്നല്ലോ കദ്രുവിന്റെയും വിനതയുടെയും തർക്കം. ആ പറക്കുംകുതിരയെ കാണാൻ ഇരുവരും ഒന്നിച്ചു പുറപ്പെട്ടു. കദ്രു വിനതയുടെ പുറത്തിരുന്നു. വിനത കദ്രുവിനെയും വഹിച്ചുംകൊണ്ട് ആകാശത്തുയർന്നു. ഗരുഡമാതാവായ വിനതയ്ക്ക് ആകാശസഞ്ചാരം സാധിച്ചിരുന്നു. വിനത അതിവേഗം ആകാശത്ത് ഉയർന്നുകൊണ്ടിരുന്നു. ഉയരുംതോറും ചൂടുകൂടിക്കൊണ്ടുമിരുന്നു. കദ്രുവിനു ചൂടു സഹിക്കാൻ കഴിയാതെയായി.

അവൾ വിളിച്ചുപറഞ്ഞു:

"വിനതേ, ഇനി ഉയരരുത്. മാത്രമല്ല, താഴത്തേക്കു പോവുകയും വേണം. എന്റെ ദേഹം ദഹിക്കാറായി."

ആദ്യമൊന്നും വിനത അനുസരിച്ചില്ല. അല്പം കഴിഞ്ഞ് ഒന്നു കണ്ടു. കദ്രു അവശയായിരിക്കുന്നു. ഇനിയും താൻ ഉയർന്നാൽ കദ്രുവിനു ജീവഹാനി സംഭവിക്കും. വിനത താഴ്ന്നുപറന്ന് കദ്രുവിന്റെ ജീവൻ രക്ഷിച്ചു. എന്നിട്ട് ആദിത്യനെ ഖഖോൽക്കൻ എന്ന പേരു പറഞ്ഞ് ഭജിച്ചു. അപ്പോൾ മുതൽ ആദിത്യൻ ഖഖോൽക്കാദിത്യനായി.

പില്ക്കാലത്ത് മറ്റൊരു സംഭവമുണ്ടായി.

ഒരിക്കൽ വിനത ഗരുഡനോടു പറഞ്ഞു:

"മകനേ, ഞാൻ കദ്രുവിന്റെ ദാസിയാണല്ലോ. ഞാൻ എന്തോ പാപം ചെയ്തിരിക്കണം. അതാണ് ഞാൻ അടിമത്തം അനുഭവിക്കാൻ കാരണം. പാപശാന്തിക്കുവേണ്ടി ഞാൻ കാശിയിലേക്കു പോകുന്നു. അവിടെയിരുന്ന് ശിവനെ ഭജിക്കണം. അതാണ് എന്റെ നിശ്ചയം."

ഗരുഡന് ഒരു ആഗ്രഹമുണ്ടായി—തനിക്കും കാശിയിൽച്ചെന്ന് ശിവഭജനം നടത്തണം. അങ്ങനെ മാതാവും പുത്രനും കാശിയിലെത്തി. വിനത ഖഖോൽക്കാദിത്യന്റെ വിഗ്രഹമുണ്ടാക്കി—ഗരുഡൻ ശിവന്റെ വിഗ്രഹവും.

ശിവൻ ഇരുവർക്കും അനുഗ്രഹമേകി.

അരുണാദിത്യൻ

വിനതയ്ക്ക് ആദ്യം ജനിച്ച പുത്രൻ അരുണനാണ്.
അരുണന് അരയ്ക്കു കീഴ്പ്പോട്ട് ശരീരം ഉണ്ടായിരുന്നില്ല.

മുട്ടയ്ക്കകത്താണ് അരുണൻ ഇരുന്നത്. മുട്ട തനിയെ വിരിയേണ്ടതാണ്. പക്ഷേ, വിനതയ്ക്കു ക്ഷമകേടുണ്ടായി മുട്ടയെ തട്ടിപ്പൊട്ടിച്ചു. ഫലമോ, പുത്രനായ അരുണനു പകുതി ദേഹം മാത്രം!

അരുണൻ കാശിയിലേക്കു ചെന്നു. അവിടെ ഒരിടത്ത് ആദിത്യന്റെ വിഗ്രഹം സ്ഥാപിച്ചു. തുടർന്ന് ആദിത്യനെ തപസ്സുചെയ്തു.

ആദിത്യൻ പ്രത്യക്ഷനായി പറഞ്ഞു:

"അരുണാ, നീ എന്റെ തേരാളിയായിക്കൊള്ളൂ. നിന്നെയും എന്നെയും ഭജിക്കുന്നവർക്ക് സകല സൗഖ്യങ്ങളും ഉണ്ടാകും. ഇവിടെ നീ സ്ഥാപിച്ചില്ലേ എന്റെ വിഗ്രഹം? അതു മനുഷ്യർക്കു മംഗളമരുളും!"

അത്രയും പറഞ്ഞ ആദിത്യൻ അരുണനെ തന്റെ രഥത്തിൽ കയറ്റി.

അങ്ങനെ അരുണൻ ആദിത്യന്റെ തേരാളിയായി.

ആദിത്യൻ അരുണാദിത്യനുമായി.

വൃദ്ധാദിത്യൻ

വൃദ്ധനായ ബ്രാഹ്മണനാണ് ഹാരീതൻ.
അദ്ദേഹം ഒരിക്കൽ കാശിയിലേക്കു പോയി. അവിടെ ഒരിടത്ത് ആദിത്യന്റെ വിഗ്രഹം പ്രതിഷ്ഠിച്ചു. എന്നിട്ട് ആദിത്യനെ തപസ്സുചെയ്യാനും ആരംഭിച്ചു.

ആദിത്യൻ പ്രസാദിച്ച് ഹാരീതന്റെ മുമ്പിൽ ആവിർഭവിച്ചു.

ഹാരീതൻ വരം ചോദിച്ചു.

"ഭഗവാനേ, വാർദ്ധക്യം വന്നുചേർന്നവനു യാതൊരു സുഖവുമില്ല. വാസ്തവത്തിൽ മരണത്തെക്കാൾ സങ്കടകരമാണ് വാർദ്ധക്യം. എനിക്ക് അവിടുന്ന് യൗവനം തരണം."

ആ വരം ചോദിക്കാൻ എന്തായിരുന്നു കാരണം? സുഖങ്ങൾ അനുഭവിക്കാൻ വേണ്ടിയല്ല യൗവനം. പിന്നെയോ, ആരോഗ്യത്തോടുകൂടി തപസ്സു ചെയ്യുന്നതിനായിട്ട്. ആരോഗ്യം ഉണ്ടാകണമെങ്കിൽ യൗവനംതന്നെ വേണം.

ആദിത്യൻ ഹാരീതന്റെ ആഗ്രഹം നിറവേറ്റി.

വൃദ്ധൻ ആരാധിച്ചില്ലേ? അതിനാൽ ആദിത്യൻ വൃദ്ധാദിത്യനായി.

ഹാരീതൻ യുവാവായി തപസ്സിൽ മുഴുകി.

കേശവാദിത്യൻ

ഒരിക്കൽ ആദിത്യൻ പതിവുപോലെ ആകാശത്ത് സഞ്ചരിക്കയായിരുന്നു. ആ സമയത്ത് ആദികേശവനായ മഹാവിഷ്ണുവിനെ കണ്ടുമുട്ടി. ആദികേശവൻ എന്തു ചെയ്യുകയായിരുന്നു എന്നോ? ശിവാർച്ചനം നടത്തുകയായിരുന്നു.

ആദിത്യന് ആശ്ചര്യം തോന്നി.

"ഭഗവാനേ, അവിടുന്നാണല്ലോ ലോകത്തിന് ആധാരം. എന്നിട്ടും അവിടുന്ന് ശിവനെ അർച്ചിക്കുകയാണ്. അതിന്റെ പൊരുൾ എനിക്കു മനസ്സിലാകുന്നില്ല."

ആദികേശവൻ ആദിത്യനു മനസ്സിലാക്കിക്കൊടുത്തു—ശിവന്റെ മാഹാത്മ്യം, ശിവഭക്തിയുടെ ശക്തി, എല്ലാം, അതോ ഏറ്റവും വിസ്തരിച്ചിട്ടും.

ആദിത്യനു മുമ്പില്ലാതിരുന്ന ജ്ഞാനമുണ്ടായി.

കാശിയിൽ ചെന്ന് ആദിത്യൻ ശിവനെ പ്രതിഷ്ഠിച്ചു—ആദികേശവൻ നിർദ്ദേശിച്ചതുപോലെ. അക്കാരണത്താൽ കേശവാദിത്യനുമായി.

വിമലാദിത്യൻ

വിമലൻ എന്നൊരു രാജാവ്. അനേകം ദുഷ്ടകൃത്യങ്ങൾ ചെയ്തുപോന്നു വിമലൻ; അവയോടുകൂടി ആചാരങ്ങൾക്കു വിരുദ്ധമായ കർമങ്ങളും. എന്തായിരുന്നു അവയുടെ ദുഷ്ഫലം? വിമലനു കുഷ്ഠരോഗം ഉണ്ടായി. ദേഹമാകെ വ്രണങ്ങൾ നിറഞ്ഞു. വേദനയോ, അസഹ്യവും.

നിവൃത്തിയില്ലാതെ വിമലൻ രാജ്യത്തെ ഉപേക്ഷിച്ചുപോയി—മാത്രമല്ല. കുടുംബത്തെയും. നേരെ ചെന്നെത്തിയത് കാശിയിലാണ്. അവിടെ യുക്തമായ ഒരിടം തെരഞ്ഞെടുത്തു. ആദിത്യന്റെ ഒരു മനോഹര വിഗ്രഹം സ്ഥാപിച്ചു. ആദിത്യനെ തപസ്സും തുടങ്ങി. ഏറ്റവും കഠിനമായ തപസ്സായിരുന്നു. ആ തപസ്സ് ആദിത്യനെ സന്തുഷ്ടനാക്കി.

ആദിത്യൻ വിമലന്റെ മുമ്പിൽ വന്നുചേർന്നു.

വിമലൻ വരം ചോദിച്ചു:

"എനിക്ക് ചില ആഗ്രഹങ്ങളുണ്ട്. അവിടുന്ന് ആ ആഗ്രഹങ്ങൾ സാധിപ്പിച്ചുതരണം. എന്റെ വംശത്തിൽ ആർക്കും ഇനിമേൽ കുഷ്ഠരോഗം ഉണ്ടാവരുത്. ലോകത്തിൽനിന്ന് ദാരിദ്ര്യം മറയണം. എല്ലായിടത്തും പുഷ്ടി ഉണ്ടാകണം."

ആദിത്യൻ ആ വരങ്ങൾ നല്കി. മാത്രമോ? വിമലന്റെ കുഷ്ഠരോഗം തൽക്ഷണം ഇല്ലാതാക്കി. അപ്പോൾ എന്തായി? രാജാവിന്റെ ശരീരം മുമ്പത്തെക്കാൾ അഴകുള്ളതായി!

അത്രയുംകൊണ്ട് ആദിത്യൻ തൃപ്തനായില്ല. വിമലൻ സ്ഥാപിച്ചില്ലേ, മനോഹരവിഗ്രഹം? അതിൽ ആദിത്യൻ സ്ഥിരവാസം ആരംഭിച്ചു.

അതാണ് വിമലാദിത്യൻ എന്ന പേരുണ്ടാകാൻ കാരണം.

ഗംഗാദിത്യൻ

ഭഗീരഥൻ ഗംഗയെ സ്വർഗ്ഗത്തുനിന്നു ഭൂമിയിലേക്കു കൊണ്ടുവരികയുണ്ടായല്ലോ. അപ്പോൾ ആദിത്യൻ ഭഗീരഥനു സഹായമേകി. അങ്ങനെ ഗംഗാദിത്യനായി.

യമാദിത്യൻ

ഒരിക്കൽ യമൻ ആദിത്യനെ തപസ്സുചെയ്തു. കാശിയിൽവച്ചായിരുന്നു ആ തപസ്സ്.

ആദിത്യനെ യമൻ പ്രതിഷ്ഠിക്കുകകൂടി ചെയ്തു. അവിടെ യമതീർത്ഥം എന്നൊരു തീർത്ഥം നിലവിൽവന്നു. യമതീർത്ഥത്തിൽ ആദിത്യന്റെ സന്നിധാനം ഉണ്ടായി. അതിനാൽ യമാദിത്യൻ എന്ന പേരു കിട്ടി.

(ശിവപുരാണം)

പഞ്ചേന്ദ്രന്മാർ

ഒരിക്കൽ ദേവന്മാർ ഒരു യാഗം നടത്തി. നൈമിശം എന്ന സ്ഥലമായിരുന്നു യാഗത്തിന്റെ രംഗം. ഒരു മൃഗത്തെ ബലികൊടുക്കുക എന്നൊരു കർമമുണ്ട്. യമന്റെ ചുമതലയായിരുന്നു ബലികർമം. ദീക്ഷയെടുക്കണം കർമത്തിനു മുമ്പ്. യമൻ ദീക്ഷയെടുത്തപ്പോഴോ? പഴയ ജോലി മാറ്റി വയ്ക്കേണ്ടതായി വന്നുകൂടി. പ്രാണികളെ സംഹരിക്കുക എന്നതാണ് പഴയ ജോലി. തത് കാലം സംഹാരക്രിയ ചെയ്യാൻ നിവൃത്തിയില്ലാതായി. അക്കാരണത്താൽ പ്രാണികളുടെ സംഖ്യ ക്രമത്തിലധികമായി. കൂട്ടത്തിൽ മനുഷ്യർ എന്ന പ്രാണികളുടെയും.

ദേവന്മാർ ബ്രഹ്മാവിനോട് ആവലാതിപ്പെട്ടു.

"ഭഗവാനേ, ഇതിനൊരു പരിഹാരം കണ്ടുപിടിക്കണം. അല്ലാത്തപക്ഷം വലിയ തകരാറുണ്ടാവും." അവർ ചൂണ്ടിക്കാട്ടി.

ബ്രഹ്മാവിന് അതത്ര ഗൗരവമായി തോന്നിയില്ല.

"ദേവന്മാരേ, നിങ്ങൾ എന്തിനു മനുഷ്യരെ ഭയപ്പെടണം? നിങ്ങളെക്കാൾ താഴേക്കിടയിൽ ഉള്ളവരാണല്ലോ മനുഷ്യർ." ഭഗവാൻ പറഞ്ഞു.

"ഞങ്ങൾക്ക് മരണമില്ല. അതുകൊണ്ട് ഞങ്ങൾ ദേവന്മാരായി. മനുഷ്യർക്കും ഇപ്പോൾ മരണമില്ലാതായിരിക്കുന്നു. അതിനാൽ അവരും ദേവന്മാരായിത്തീരും. അതൊട്ടും ശരിയല്ല." ദേവന്മാർ അഭിപ്രായപ്പെട്ടു.

"നിങ്ങൾ ഒട്ടും വിഷമിക്കേണ്ട. ദീക്ഷ തീരുമ്പോൾ യമൻ വീണ്ടും സംഹരിച്ചുതുടങ്ങും. അപ്പോൾ മനുഷ്യർ ഒടുങ്ങിക്കൊള്ളും." ബ്രഹ്മാവ് സമാധാനപ്പെടുത്തി.

ദേവേന്ദ്രനും യാഗത്തിൽ സന്നിഹിതനായി. അടുത്തുകൂടി ഗംഗാനദി ഒഴുകുകയാണ്. ഒരിക്കൽ ദേവേന്ദ്രൻ നദീതീരത്തു നില്ക്കുകയായിരുന്നു. അതാ ദിവ്യസൗന്ദര്യമുള്ള ഒരു സ്ത്രീ നദിയിൽ ഇറങ്ങുന്നു. അവളുടെ കണ്ണിൽനിന്ന് ഒരു കണ്ണുനീർത്തുള്ളി ജലത്തിൽ പതിക്കുന്നു. തൽക്ഷണം കണ്ണുനീർത്തുള്ളി ഒരു സ്വർണ്ണത്താമരപ്പൂവാകുന്നു.

ദേവേന്ദ്രൻ സ്ത്രീയുടെ അടുക്കലേക്കു ചെന്നു.

"ഭവതി ആരാണ്? എന്തിനാണ് കരയുന്നത്?" അദ്ദേഹം ചോദിച്ചു.

"ഞാൻ മുമ്പേ നടക്കാം. അങ്ങ് എന്റെ പിന്നാലെ വരണം. അപ്പോൾ എല്ലാം മനസ്സിലാകും." സ്ത്രീ പറഞ്ഞു.

അങ്ങനെ ഇരുവരും നടന്നുപോയി. ഒടുവിൽ ഒരു പർവതത്തിന്റെ അരികിലെത്തി. അവിടെ അതിസുന്ദരനായ ഒരു യുവാവ് ഇരിപ്പുണ്ട്. അടുത്തായി അതിസുന്ദരിയായ ഒരു യുവതിയും. ചൂതു കളിക്കുകയാണ് യുവാവും യുവതിയും. അവരുടെ സകല ശ്രദ്ധയും കളിയിലാണ്. അതിനാൽ അവർ ദേവേന്ദ്രനെ കണ്ടില്ല.

ദേവേന്ദ്രന് ഒരു അഹങ്കാരമുണ്ട്—മറ്റെല്ലാവരെയുംകാൾ കേമനാണ് താനെന്ന്. തന്നെ ആരു കണ്ടാലും അവർ എഴുന്നേറ്റു വന്ദിക്കണം. അതു നിർബന്ധവുമാണ്. എന്നിരിക്കെ, ചൂതു കളിക്കുന്ന ഈ യുവാവ് അപ്രകാരം ചെയ്യുന്നില്ല. അയാൾ അതേ ഇരിപ്പിൽ ഇരിക്കുന്നതേയുള്ളു. ദേവേന്ദ്രനു ദേഷ്യമായി.

"എടോ, ഞാൻ ദേവേന്ദ്രനാണ്, കേട്ടോ? സകലത്തിന്റെയും നാഥനാണ് ഞാൻ. നീ അതൊന്നും അറിഞ്ഞില്ലെന്നുണ്ടോ?" അദ്ദേഹം വിളിച്ചുചോദിച്ചു.

ആരായിരുന്നു ചൂതുകളിക്കാർ വാസ്തവത്തിൽ? സാക്ഷാൽ ശിവനും പാർവതിയും! അവർ രൂപം മാറിയിരിക്കുന്നു എന്നേയുള്ളു.

ദേവേന്ദ്രന്റെ വീൺവാക്കു കേട്ടപ്പോഴോ? ശിവൻ ഒന്നു ചിരിച്ചു. എന്നിട്ടു തലയുയർത്തി ദേവേന്ദ്രനെ ഒന്നു നോക്കി. ആ നോട്ടം കണ്ടപ്പോൾ ദേവേന്ദ്രൻ ഭയന്നുവശായി. അദ്ദേഹം അവിടെനിന്ന് ഓടിപ്പോകാൻ ഭാവിച്ചു. അപ്പോഴേക്കും ശിവൻ ഒന്നുകൂടി നോക്കി. ആ നോട്ടം ഓടാൻ ഭാവിക്കുന്ന ദേവേന്ദ്രനെ പിടിച്ചുനിറുത്തി. അദ്ദേഹത്തിന് അനങ്ങാൻപോലും വയ്യ!

ഭഗവാനും ദേവിയും വീണ്ടും ചൂതു തുടങ്ങി. വളരെ നേരം തുടർന്നു പോയി അവരുടെ കളി. അത്രയും സമയം ദേവേന്ദ്രൻ സ്തംഭിച്ചു നില്ക്കുകയായിരുന്നു!

കളി കഴിഞ്ഞ് ഭഗവാൻ എഴുന്നേറ്റു ദിവ്യസ്ത്രീക്ക് ഒരാജ്ഞ നല്കി. ദിവ്യസ്ത്രീ ദേവേന്ദ്രനെ ഒന്നു തൊട്ടു. ദേവേന്ദ്രൻ തളർന്നു ഭൂമിയിൽ വീണുപോയി.

ശിവൻ പറഞ്ഞു:

"ദേവേന്ദ്രാ, നിനക്കു വളരെയേറെ ശക്തിയുണ്ട്, അല്ലേ? അതാ കാണുന്നില്ലേ ഗുഹയും ഗുഹയടച്ചു നില്ക്കുന്ന വാതിലും? വാതിൽ വലിച്ചു തുറന്ന് ഗുഹയുടെ ഉള്ളിലേക്കു പൊയ്ക്കോ. നിന്നെപ്പോലെയുള്ള ചില രൊക്കെ അവിടെയുണ്ട്."

ഭഗവാന്റെ ആജ്ഞ അനുസരിക്കാതെ പറ്റുമോ? ദേവേന്ദ്രൻ ഗുഹ തുറന്ന് അകത്തേക്കു നോക്കി. അവിടെ നാലു പുരുഷന്മാരുണ്ട്. അവരുടെ ഗതിതന്നെയോ തനിക്കും?

ശിവൻ ദേഷ്യത്തോടെ കല്പിച്ചു:

"നീ എന്നെ നിന്ദിച്ചു. അല്ലേ? കടക്ക് ഗുഹയിലേക്ക്!"

ദേവേന്ദ്രൻ ഭയംകൊണ്ട് ആലിലപോലെ വിറച്ചു.

അദ്ദേഹം കൈകൂപ്പി യാചിച്ചു:

"ഭഗവാനേ, എന്നിൽ കനിയണമേ!"

ശിവൻ പറഞ്ഞു:

"നിന്നെപ്പോലുള്ള ഗർവിതന്മാർക്ക് എന്റെ പ്രീതി ഉണ്ടാവുകയില്ല. ആ നാലുപേരും ഗർവത്തിനുള്ള ശിക്ഷയേല്ക്കുകയാണ്. അവരുടെ അനുഭവം തന്നെയാണ് ഇനി നിനക്കും."

ഭഗവാൻ ഗുഹകൾക്കുള്ളിൽ കിടക്കുന്നവരോടു പറഞ്ഞു:

"ഹേ ഇന്ദ്രന്മാരേ, ഞാൻ നിങ്ങളെ ശിക്ഷിച്ചു, ശരിയാണ്. എങ്കിലും ഞാൻ നിങ്ങളെ അനുഗ്രഹിക്കാതിരിക്കയില്ല. നിങ്ങൾ എല്ലാവരും മനുഷ്യരായി ഭൂമിയിൽ ജനിക്കും. പല വീരകൃത്യങ്ങളും സത്കർമങ്ങളും അനുഷ്ഠിക്കും. വീണ്ടും സ്വർഗ്ഗത്തിൽ എത്തിച്ചേരുകയുംചെയ്യും."

അങ്ങനെ അഞ്ചുപേരും മനുഷ്യരായി ജന്മമെടുത്തു.

അവരായിരുന്നു പഞ്ചപാണ്ഡവന്മാർ!

(മഹാഭാരതം)

പ്രാണൻ

ആദ്യകാലത്ത് ബ്രഹ്മാണ്ഡം ഉണ്ടായി.

ബ്രഹ്മാണ്ഡത്തിന് ഒരു നാഥൻ വേണം. ആരായിരിക്കണം ആ സ്ഥാനം വഹിക്കുക? അത് നിശ്ചയിക്കേണ്ടത് മഹാവിഷ്ണുവാണ്.

ഭഗവാൻ എല്ലാ ദേവന്മാരെയും വരുത്തി. എന്നിട്ട് തന്റെ നിശ്ചയം അവരെ അറിയിച്ചു:

"ഞാൻ ബ്രഹ്മാണ്ഡത്തിന്റെ നാഥനായി ബ്രഹ്മാവിനെ നിശ്ചയിച്ചിരിക്കുന്നു!"

ഇനി ഒരു ഉപനാഥൻ വേണം.

"ദേവന്മാരേ, ഉപനാഥൻ ആരാവണം? നിങ്ങൾതന്നെ ആലോചിച്ചു നിശ്ചയിക്കുവിൻ. നിങ്ങളുടെ നിശ്ചയം ഞാൻ നടപ്പിലാക്കാം." മഹാവിഷ്ണു പറഞ്ഞു.

എല്ലാവരും കൂടിയാലോചന തുടങ്ങി. ചിലരുടെ അഭിപ്രായം എന്താണ്? ഉപനാഥൻ സൂര്യനായിരിക്കണം എന്ന്. ദേവേന്ദ്രൻ വേണമെന്നു വേറെ ചിലർ. അഗ്നി വേണമെന്നു മറ്റു ചിലർ. തർക്കമായി, വാദപ്രതിവാദമായി. ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ അവർക്കു കഴിഞ്ഞില്ല. ഒടുവിൽ അവർ മഹാവിഷ്ണുവിനെത്തന്നെ ശരണംപ്രാപിച്ചു. തങ്ങളിൽ പ്രധാനി ആരെന്ന് ഭഗവാൻ നിശ്ചയിക്കണം; ആ നിശ്ചയം തങ്ങൾ അംഗീകരിച്ചുകൊള്ളാം—അക്കാര്യം അവർ സമ്മതിച്ചു.

എന്നാൽ, മഹാവിഷ്ണു ഒന്ന് ആലോചിച്ചുവെച്ചിരുന്നു. പ്രധാനി ആരെന്നു തനിക്കറിയാം. അതു പോരാ. എല്ലാവരുടെയും മുൻപിൽവച്ചു തെളിയിക്കണം.

ശരീരത്തിന് ഒട്ടേറെ അവയവങ്ങൾ ഉണ്ടല്ലോ. ഓരോ അവയവത്തിനും ആശ്രയമായി ഓരോ ദേവനുമുണ്ട്. അങ്ങനെയാണ് സകലരുടെയും സങ്കല്പം. ആ സങ്കല്പം ഉപയോഗിച്ച് ഒരു പണി പറ്റിക്കണം. അതിനായി മഹാവിഷ്ണുവിന്റെ ഒരുക്കം.

ഭഗവാൻ പറഞ്ഞു:

"ദേവന്മാരേ, നിങ്ങളിൽ ഒരാൾ ശരീരത്തിൽനിന്നു പുറത്തേക്കു പോകുന്നു എന്നുവെക്കുവിൻ. അപ്പോൾ ശരീരം ചേതനയറ്റു വീഴുന്നു എന്നും. വീണ്ടും ആ ദേവൻ ശരീരത്തിൽ പ്രവേശിക്കുന്നു; അപ്പോൾ ശരീരം പഴയപോലെ ചൈതന്യം ഉള്ളതായിത്തീരുന്നു. അപ്രകാരം ഒരു ദേവൻ ഉണ്ടെങ്കിലോ? ആ ദേവനാണ് മുഖ്യൻ. നമുക്ക് അത് അംഗീകരിക്കാം. ആ ദേവനെ ഉപനാഥനാക്കാം. എന്താ?"

എല്ലാവർക്കും അതു സമ്മതമായി.

ജയന്തനുണ്ട്, ദേവേന്ദ്രന്റെ പുത്രൻ. കാലിന് ആശ്രയം ജയന്തനാണ്. ഒരു ശരീരം അവിടെയുണ്ട്. ജയന്തൻ ശരീരത്തിന്റെ കാലു വിട്ടുപോയി. അപ്പോൾ എന്തായി? ശരീരത്തിനു മുടന്തുണ്ടായി. അത്രമാത്രം. അതിൽ നിന്നു ചേതന ഒഴിഞ്ഞില്ല. അതു പതിക്കയും ചെയ്തില്ല.

കൈയ്ക്ക് ആശ്രയമാണ് ദേവേന്ദ്രൻ. അദ്ദേഹം കൈയിൽനിന്നു മാറി. ശരീരം കൈയില്ലാത്തതായി, ശരിയാണ്. എങ്കിലും അതിന്റെ ചേതന അതിൽത്തന്നെ നിലനിന്നു.

കണ്ണിന് ആശ്രയമായ സൂര്യൻ കണ്ണു വിട്ടുമാറി. ശരീരത്തിനു കാഴ്ച പോയി എന്നല്ലാതെ, മറ്റു കേടൊന്നും സംഭവിച്ചില്ല.

മൂക്കിന് ആശ്രയമായ അശ്വിനീദേവന്മാർ മൂക്കിൽനിന്ന് ഒഴിഞ്ഞുമാറി. ശരീരത്തിന് മൂക്കില്ലെങ്കിലെന്ത്? കാര്യമായ അപകടമൊന്നും ഉണ്ടായില്ല.

നാവിന് ആശ്രയമായ വരുണൻ നാവ് ഉപേക്ഷിച്ചു. നാവു രുചിയില്ലാത്തതായി. അത്രേയുള്ളു. അഗ്നി വാക്കിൽനിന്നു വിട്ടുമാറി. വാക്ക് ഉച്ചരിക്കാൻ വയ്യാതായി. അത്രേയുള്ളു. അങ്ങനെ പല ദേവന്മാരും പല അവയവങ്ങൾ വിട്ടുമാറി. ശരീരത്തിന് ഓരോരോ അവശത സംഭവിച്ചു. അത്രേയുള്ളു. നാശമുണ്ടായില്ല. ഒടുവിലായിരുന്നു പ്രാണന്റെ മുറ. പ്രാണൻ ശരീരത്തിൽനിന്നും വിട്ടുമാറി. ശരീരം ചൈതന്യമറ്റു വീണു കിടപ്പായി.

ഇനി ശരീരത്തെ മുമ്പത്തെപ്പോലെ ചൈതന്യമുള്ളതാക്കണം. അതിനു കെല്പ് ഏതു ദേവനുണ്ട്? ആ ദേവനെ ഉപനാഥനാക്കാം—അതായിരുന്നു മഹാവിഷ്ണുവിന്റെ നിശ്ചയം.

ജയന്തൻ വീണ്ടും ശരീരത്തിന്റെ കാലിൽ പ്രവേശിച്ചു. ശരീരത്തിന്റെ മുടന്തു മാറി. ദേവേന്ദ്രൻ കൈയിൽ പ്രവേശിച്ചു. ശരീരത്തിനു കൈയുണ്ടായി. അശ്വനീദേവന്മാർ മൂക്കിൽ പ്രവേശിച്ചു. ശരീരത്തിനു മൂക്കുണ്ടായി. വരുണൻ നാവിൽ പ്രവേശിച്ചു. നാവിനു രുചിയുണ്ടായി. സൂര്യൻ കണ്ണിൽ പ്രവേശിച്ചു. കണ്ണിനു കാഴ്ചയുണ്ടായി. അഗ്നി വാക്കിൽ പ്രവേശിച്ചു. വാക്കിന് ഉച്ചാരണശക്തിയുണ്ടായി.

ഇതൊക്കെയായിട്ടും ശരീരത്തിനു ചൈതന്യം വീണ്ടുകിട്ടിയോ? ഇല്ല. അതങ്ങനെ അവിടെ അനങ്ങാതെ കിടന്നതേയുള്ളു.

അവസാനം പ്രാണൻ ശരീരത്തിൽ പ്രവേശിച്ചു.

ആ നിമിഷം ശരീരം ചൈതന്യത്തോടുകൂടി എഴുന്നേറ്റു!

അപ്പോൾ ഒന്നു തെളിഞ്ഞു. പ്രാണനാണ് എല്ലാവരിലും മുഖ്യൻ!

മഹാവിഷ്ണു പ്രാണനെ ഉപനാഥനായി അഭിഷേകം ചെയ്തു.

അപ്പോൾ ഒരു ചോദ്യം വരുന്നു. പ്രാണനു വളരെയേറെ ശ്രേഷ്ഠതയുണ്ട്, സമ്മതിക്കാം. എങ്കിലെന്ത്? പ്രാണനു വേണ്ടതുപോലെ പ്രസിദ്ധിയില്ല. മറ്റുള്ളവരുടെ കഥകൾ അനേകമുണ്ട്; ആ കഥകൾ പ്രചാരത്തിലുമുണ്ട്. പ്രാണന്റെ കഥകൾ നിലവിലില്ല. ആ കഥകൾ ആരും പറയാറുമില്ല. എന്താണ് അതിനു കാരണം?

പണ്ടൊരിക്കൽ പ്രാണന് ഒരബദ്ധം പറ്റി.

പ്രാണൻ ഒരു യാഗം ചെയ്യാൻ നിശ്ചയിച്ചു. ആദ്യമായി യാഗസ്ഥലം ഉഴുക എന്നൊരു കർമമുണ്ട്. പ്രാണൻ നിലം ഉഴുതുതുടങ്ങി. ഗംഗയുടെ തീരത്തിൽ ഒരു സ്ഥലത്താണ് യാഗഭൂമി. അതിന്റെ അടിയിലായി ഒരു പുറ്റ് ഉണ്ടായിരുന്നു. പുറ്റിനകത്ത് ഒരു മുനി സമാധിപൂണ്ട് ഇരിക്കുകയായിരുന്നു. ആരായിരുന്നു ആ മുനിയെന്നോ? കണ്വൻ. പ്രാണന്റെ കലപ്പ പുറ്റിൽച്ചെന്നു കൊണ്ടു. അതു പുറ്റു പിളർന്ന് കണ്വന്റെ ശരീരത്തിലുമേറ്റു. മുനിയുടെ സമാ

ധിക്കു ഭംഗമുണ്ടായി. ശരീരം വേദനിക്കുകയുംചെയ്തു. അദ്ദേഹം കോപിച്ച് ശാപമേകി:

"പ്രാണാ, നിന്റെ മഹത്ത്വം അറിയപ്പെടാതിരിക്കട്ടെ!" നിനക്കു പ്രശസ്തി ഇല്ലാതാവട്ടെ!"

അതാണ് പ്രാണന്റെ ശ്രേഷ്ഠത വേണ്ടതുപോലെ പ്രസിദ്ധമാകാത്തതിനു കാരണം.

(സ്കാന്ദപുരാണം)

മൃത്യു

ആദിയിൽ ബ്രഹ്മാവ് സൃഷ്ടികർമം നടത്തി. അനേകം ജീവികൾ തത്ഫലമായി ഉണ്ടായി. കാലം കഴിഞ്ഞതോടെ അവയുടെ അനന്തരതലമുറകൾ ഉണ്ടായി. അവയുടെ സംഖ്യ ക്രമത്തിലധികം വർദ്ധിച്ചു. ഈ നിലയ്ക്കു പോയാൽ തകരാറു വരും. സംഖ്യ കുറയേണ്ടതായിട്ടുണ്ട്. സംഹാരം എന്ന പ്രക്രിയകൂടി നടപ്പിൽവരണം. അതായി ബ്രഹ്മാവിന്റെ ആലോചന.

അതിനിടയ്ക്ക് ജീവജാലങ്ങൾ ഭൂമിദേവിക്ക് ഭാരമായി. ആ ഭാരം താങ്ങാൻ ഭൂമിദേവിക്ക് വയ്യാതെയായി. ഭൂമിദേവി ആർത്തയായി. ദേവി ബ്രഹ്മാവിനോടു പരാതി പറഞ്ഞു:

"ഭഗവാനേ, അവിടുന്ന് എന്റെ ഭാരം ഇല്ലാതാക്കണം. അതിനായി ജീവജാലങ്ങളെ സംഹരിക്കണം." ഭൂമിദേവി അഭ്യർത്ഥിച്ചു.

ഏതു വിധത്തിലായിരിക്കണം സംഹാരം? ബ്രഹ്മാവ് ഗാഢമായി ആലോചിച്ചു. വളരെ നേരം ആലോചിച്ചു. എന്നിട്ടും പരിഹാരം കണ്ടുകിട്ടിയില്ല. അപ്പോൾ ബ്രഹ്മാവിനു രോഷമുണ്ടായി. ആ രോഷം വർദ്ധിച്ച് നിയന്ത്രണത്തിന് അതീതമായി. അപ്പോൾ അതു രോഷാഗ്നിയായി. രോഷാഗ്നി സകല ദിക്കുകളിലും വ്യാപിക്കുകയായി. ജന്തുക്കൾ വെന്തെരിഞ്ഞുതുടങ്ങി. ഏറ്റവും ഭയങ്കരമായിരുന്നു രോഷാഗ്നിയുടെ ഫലം. ഈ നിലയ്ക്കു പോയാൽ സർവവും നശിക്കുകയില്ലേ? ശിവനു പരിഭ്രമം കലശലായി. ഭഗവാൻ ബ്രഹ്മാവിന്റെ അടുക്കലെത്തി.

"എന്താണ് അവിടുത്തെ വരവിനു കാരണം?" ജ്വലിക്കുന്ന ബ്രഹ്മാവ് അന്വേഷിച്ചു.

"അങ്ങ് ആദ്യം എല്ലാറ്റിനെയും സൃഷ്ടിച്ചു. അവയെത്തന്നെ അങ്ങിപ്പോൾ നശിപ്പിക്കുന്നു. അതിനി മതിയാക്കണം." ശിവൻ പറഞ്ഞു.

ബ്രഹ്മാവ് ഭൂമിദേവിയുടെ പരാതി അറിയിച്ചു.

"അതൊക്കെ ശരിതന്നെ. എങ്കിലും അങ്ങയുടെ സൃഷ്ടികൾ പൂർണ്ണമായും നശിച്ചുകൂടാ. എല്ലാ വർഗ്ഗങ്ങളും അല്പമായിട്ടെങ്കിലും നിലനിന്നേ കഴിയൂ. അങ്ങ് രോഷാഗ്നിയെ അടക്കണം." ശിവൻ ആവശ്യപ്പെട്ടു.

ശരിയാണെന്ന് ബ്രഹ്മാവിനു തോന്നി. ഭഗവാൻ രോഷാഗ്നിയെ ഉള്ളിൽ ഒതുക്കിവച്ചു. അതിനിടയ്ക്ക് ബ്രഹ്മാവിന്റെ പുത്രിയായി ഒരു കന്യക ജന്മംപൂണ്ടു.

കറുപ്പ്, ചുവപ്പ്, മഞ്ഞ—ആ നിറങ്ങളെല്ലാം കലർന്നിരുന്നു കന്യകയിൽ. നാവു നീണ്ടുകിടക്കുന്നു. അതിനു രക്തത്തിന്റെ നിറമാണ്. ആ നിറംതന്നെയാണ് കണ്ണുകൾക്കും.

മൃത്യു എന്നാണ് കന്യകയുടെ പേര്.

"നീ എന്റെ രോഷാഗ്നിയിൽനിന്നു ജനിച്ചവളാണ്. സംഹാരം എന്ന ചുമതല ഞാൻ നിന്നെ ഏല്പിക്കുന്നു." ബ്രഹ്മാവ് മൃത്യുവിനോടു പറഞ്ഞു.

അതു കേട്ടപ്പോൾ മൃത്യുവിനു സങ്കടമുണ്ടായി. അവളുടെ കണ്ണുകൾ കണ്ണുനീർ ചൊരിഞ്ഞു. അവൾ ബ്രഹ്മാവിന്റെ പാദങ്ങളിൽ വീണു.

"ഭഗവാനേ, സംഹാരം എന്ന ക്രിയ ക്രൂരമാണ്. അതെനിക്ക് ഇഷ്ടമുള്ളതല്ല. പോരെങ്കിൽ അത് അധർമവുമാണ്. ഞാൻ അധർമത്തെ ഭയപ്പെടുന്നു. ഞാൻ തപസ്സുചെയ്യാൻ ആഗ്രഹിക്കുന്നു. അതിനായി എനിക്ക് ധേനുകാശ്രമത്തിൽ പോകണം. അവിടെ പോകാൻ എനിക്ക് അനുജ്ഞ തരണം. പ്രാണികൾക്ക് ഏറ്റവും വിലപ്പെട്ടത് അവയുടെ പ്രാണനാണ്. പ്രാണനെ നശിപ്പിക്കാൻ എനിക്കു മനസ്സു വരുന്നില്ല. ആ പാപത്തിൽനിന്ന് എന്നെ രക്ഷിക്കണം." മൃത്യു കേണിരന്നു.

അവൾ അവിടന്നു യാത്രയായി.

കാലതാമസം കൂടാതെ അവൾ ധേനുകാശ്രമത്തിൽ എത്തിച്ചേർന്നു. അവിടമാണല്ലോ തപസ്സിനായി അവൾ തെരഞ്ഞെടുത്തിരുന്നത്. തപസ്സ് ആരംഭിക്കാൻ ഒട്ടും താമസിച്ചുമില്ല.

ഒറ്റക്കാലിൽ നിന്നുകൊണ്ടുള്ള തപസ്സ്; വെള്ളത്തിൽ നിന്നുകൊണ്ടുള്ള തപസ്സ്—അങ്ങനെ പലമാതിരിയിലുള്ള തപസ്സുകളാണ് മൃത്യു അനുഷ്ഠിച്ചത്. എല്ലാംതന്നെ ഏറ്റവും ഉഗ്രമായിരുന്നു. അവയോ, വളരെക്കാലം തുടർച്ചയായിട്ടും.

ബ്രഹ്മാവ് അവളുടെ മുമ്പിൽ ആവിർഭവിച്ചു.

"നീ എന്തിന് ഇത്രയധികം ക്ലേശിച്ച് തപസ്സു ചെയ്യുന്നു?" ഭഗവാൻ ചോദിച്ചു.

"ഭഗവാനേ, സ്വസ്ഥമായി ജീവിക്കുന്നവയാണ് പ്രാണികൾ. അവയെ കൊന്നൊടുക്കുന്നത് എനിക്കു വളരെ ഖേദകരമാണ്. അതു ഞാൻ മുമ്പുതന്നെ അവിടുത്തോടു പറഞ്ഞിരുന്നല്ലോ. ഞാൻ യാതൊരു കുറ്റവും ചെയ്തിട്ടുള്ളവളല്ല. അവിടുന്നു ദയവുണ്ടായി എന്നെ രക്ഷിക്കണം." മൃത്യു ഗദ്ഗദത്തോടെ അപേക്ഷിച്ചു.

പക്ഷേ, ബ്രഹ്മാവിനു നിവൃത്തി ഉണ്ടായിരുന്നില്ല. സംഹാരം എന്ന ക്രിയ നടന്നേ പറ്റുകയുള്ളു. അല്ലാത്തപക്ഷം പ്രാണികളുടെ സംഖ്യ കൂടിവരും. ഭൂമിദേവിയുടെ ഭാരം വർദ്ധിക്കുകയുംചെയ്യും. പോരെങ്കിൽ, രോഷാഗ്നിയിൽ നിന്നാണ് മൃത്യുവിന്റെ ജനനം. സംഹാരത്തിന്റെ ആദ്യത്തെ പടിയായിരുന്നു രോഷാഗ്നി.

ഭഗവാൻ മൃത്യുവിനെ ശാന്തനായി നേരിട്ടു.

"നീ സംഹാരക്രിയ ചെയ്തേ പറ്റുകയുള്ളു. അല്ലാതെ യാതൊരു നിവൃത്തിയുമില്ല. സംഹാരം അധർമമല്ല. ഞാനും ദേവന്മാരും എപ്പോഴും നിനക്കു തുണ നില്ക്കും. നിനക്ക് ഒരിക്കലും പാപം ഏല്ക്കയില്ല—ആ അനുഗ്രഹം ഞാനിതാ നിനക്കു തരുന്നു. ഞാനാണ് ഇതു പറയുന്നത്. നീ എന്നെ അനുസരിക്കണം." ബ്രഹ്മാവ് പറഞ്ഞു.

മൃത്യുവിനു ഗത്യന്തരമില്ലാതായി. ഭഗവാനെ അനുസരിക്കാൻതന്നെ അവൾ തീർച്ചയാക്കി. ആ സമയം അവളുടെ കണ്ണുകളിൽനിന്നും കണ്ണുനീർത്തുള്ളികൾ പുറപ്പെട്ടു. ചില കണ്ണുനീർത്തുള്ളികൾ ബ്രഹ്മാവിന്റെ കൈയിൽ വീണു.

"ഈ കണ്ണുനീർത്തുള്ളികൾ രോഗങ്ങളായിത്തീരും. ആ രോഗങ്ങൾ മരണം അടുത്തവരെ ബാധിക്കും." ബ്രഹ്മാവു പറഞ്ഞു.

അങ്ങനെ മൃത്യു സംഹാരം ആരംഭിച്ചു.

(മഹാഭാരതം ദ്രോണപർവ്വം)

സൂര്യന്റെ കുടുംബം

കശ്യപന്റെ പുത്രനായി സൂര്യൻ ജന്മമെടുത്തു. സൂര്യൻ സംജ്ഞയെ വിവാഹംകഴിച്ചു.

ത്വഷ്ടാവ് എന്നൊരു മഹാത്മാവുണ്ട്. പ്രജാപതി എന്ന പദവിയുമുണ്ട് ത്വഷ്ടാവിന്. അദ്ദേഹത്തിന്റെ പുത്രിയാണ് സംജ്ഞ.

സൂര്യനും സംജ്ഞയ്ക്കും മൂന്നു സന്താനങ്ങളുണ്ടായി. വൈവസ്വതമനു, യമൻ, യമുന. ഇരട്ടപെറ്റവരാണ് യമനും യമുനയും.

ക്രമേണ സംജ്ഞയ്ക്ക് വലിയൊരു വിഷമം അനുഭവപ്പെട്ടു. തന്റെ ഭർത്താവിനു തേജസ്സും ഉഷ്ണവും വളരെ കൂടുതലാണ്. എന്നുമെന്നും അവ സഹിച്ചുകൊണ്ടിരിക്കുന്നത് എങ്ങനെ? വല്ലവിധവും ഭർത്താവിൽനിന്ന് അകന്നിരിക്കണം. അതിനായി സംജ്ഞ ഒരു സൂത്രം പ്രയോഗിച്ചു. അവർ ആത്മശക്തി പ്രയോഗിച്ച് ഒരു സ്ത്രീരൂപത്തെ സൃഷ്ടിച്ചു. അതോ, തന്റെ അതേ ഛായയിലും. ഛായ എന്നുതന്നെയായിരുന്നു ആ സ്ത്രീരൂപത്തിന്റെ പേര്. ഛായാദേവി എന്നും പറയാറുണ്ട്.

"സംജ്ഞാദേവീ, എന്താണ് അവിടുത്തെ ആജ്ഞ? എന്തായാലും ഞാൻ അനുസരിച്ചുകൊള്ളാം." ഛായാദേവി പറഞ്ഞു.

"ഛായേ, ഞാൻ ഇവിടം വിട്ട് എന്റെ അച്ഛന്റെ അടുക്കലേക്കു പോവുകയാണ്. നീ എന്റെ കുട്ടികളെ സ്നേഹിച്ചു വളർത്തിക്കൊള്ളണം. പ്രത്യേകിച്ചും യമുനയെ നോക്കണം, കേട്ടോ? നീ ഞാനെന്ന നാട്യത്തിൽ കഴിയുകയും വേണം. നടന്നതൊന്നും എന്റെ ഭർത്താവിനെ അറിയിക്കയുമരുത്." സംജ്ഞ ശട്ടംകെട്ടി.

ഛായാദേവിക്കു സമ്മതമായി. അല്പമൊരു വ്യത്യാസം വേണ്ടതായിവന്നു, അത്രമാത്രം.

"സംജ്ഞാദേവീ, എന്നെങ്കിലും ഒരിക്കൽ സൂര്യദേവന് എന്നോടു ദേഷ്യമുണ്ടായാലോ? അപ്പോൾ എന്നെ അടിക്കാൻ ഭാവിച്ചെന്നുവരാം. അതിനുമുമ്പ് എന്റെ തലമുടി ചുറ്റിപ്പിടിക്കും. അപ്പോൾ എനിക്കു സത്യം പറയാതെ വയ്യെന്നാവും. അതുവരെ ഞാൻ എല്ലാം രഹസ്യമായി വെച്ചുകൊള്ളാം." ഛായാദേവി പറഞ്ഞു.

അങ്ങനെ സംജ്ഞാദേവി ത്വഷ്ടാവിന്റെ ഗൃഹത്തിലെത്തി.

വാസ്തവത്തിൽ ദേവിക്ക് അല്പം ഭയം ഇല്ലാതില്ല. താൻ ഭർത്താവിനെ വിട്ടുപോന്നത് അച്ഛനു രസിച്ചില്ലെങ്കിലോ? ഏതിനും ഒന്നും അച്ഛനെ ഒളിച്ചു വെച്ചുകൂടാ. ദേവി സകലതും ത്വഷ്ടാവിനെ അറിയിച്ചു.

ത്വഷ്ടാവിന് ഒട്ടും ഇഷ്ടമായില്ല മകളുടെ പ്രവൃത്തി.

"മകളേ, നീ ചെയ്തത് ഒട്ടും ശരിയായില്ല. നിന്റെ സ്ഥാനം ഭർത്താവിന്റെ അരികത്താണ്. ഉടൻതന്നെ നീ അങ്ങോട്ടു പോകണം." അദ്ദേഹം നീരസത്തോടെ പറഞ്ഞു.

വല്ലാത്ത വിഷമത്തിൽ പെട്ടുപോയി സംജ്ഞാദേവി. ഭർത്താവിനോടു പറയാതെ അച്ഛന്റെ ഗൃഹത്തിലേക്കു പോന്നു. അച്ഛന് അതൊട്ടും പിടിച്ചിട്ടില്ല. അപ്പോൾ എന്തായി? രണ്ടു സ്ഥലത്തും ദേവിക്ക് ജീവിക്കാൻ വയ്യാതായി. ഒന്നും പറയാതെ ദേവി ഇറങ്ങിപ്പോയി. ഒരു പെൺകുതിരയുടെ രൂപവും ധരിച്ചു. ആ രൂപത്തിൽ സഞ്ചരിച്ചു. വടക്കേ കുരുരാജ്യത്തിൽ എത്തി. ഈ പെൺകുതിര സാധാരണ ഒരു പെൺകുതിരയാണ്—അതല്ലാതെ മറ്റൊന്നും കണ്ടവരിൽ ആർക്കും തോന്നിയില്ല.

സൂര്യദേവനുണ്ടോ ഇതു വല്ലതും അറിയുന്നു? തന്നെ ഇപ്പോൾ ശുശ്രൂഷിക്കുന്ന ഭാര്യ ഛായയാണ്, സംജ്ഞയല്ല... ആ പരമാർത്ഥം അദ്ദേഹം സ്വപ്നത്തിൽക്കൂടി ഊഹിച്ചില്ല. അതു മാത്രമാണെങ്കിലും പോട്ടെന്നു വയ്ക്കാം. ഛായാദേവി രണ്ടു പുരുഷസന്താനങ്ങൾക്കു ജന്മമേകി. സാവർണ്ണൻ, ശനൈശ്ചരൻ എന്നിവരായിരുന്നു അവർ.

അന്നോളം ഛായാദേവി എന്താണ് ചെയ്തിരുന്നത്? സംജ്ഞാദേവിയുടെ മൂന്നു മക്കളെയും വളർത്തിവന്നു. അപ്രകാരം ചെയ്യാമെന്ന് ഏറ്റതുമാണ്. പക്ഷേ, സ്വന്തം മക്കളുണ്ടായില്ലേ? അതോടുകൂടി ആ ദേവിയുടെ മനസ്സിനൊരു മാറ്റമുണ്ടായി. സ്വന്തം മക്കളോടായി കൂടുതൽ പ്രതിപത്തി. അതു പല സന്ദർഭങ്ങളിലും പ്രകടവുമായി.

അതൊക്കെ കണ്ടു മനസ്സിലാക്കി മനുവും യമനും യമുനയും.

മനു ശാന്തനും സൽസ്വഭാവിയുമാണ്. ആ കുമാരൻ 'അമ്മ'യുടെ നടപടി ക്ഷമിക്കയാണുണ്ടായത്. യമുനയാണെങ്കിൽ പെണ്ണാണ്. പെണ്ണിന് എന്തു ചെയ്യാനൊക്കും? പക്ഷേ, ഒന്നു പ്രത്യേകമായിരുന്നു. യമന്റെ സ്വഭാവം. ബാല്യമാണ്. ശരിതന്നെ. എങ്കിലും യമൻ കോപിഷ്ഠനാണ്. ഛായാദേവിയുടെ പെരുമാറ്റത്തിൽ യമന് കടുത്ത കോപമുണ്ടായി. ആ കുമാരൻ എന്താണ് ചെയ്തതെന്നോ? ഛായാദേവിയെ ചവിട്ടാനായി കാലുയർത്തി.

"യമാ, നിന്റെ കാൽ കൊഴിഞ്ഞുപോകട്ടെ!" ഛായാദേവി ശാപമേകി.

പിതാവായ സൂര്യദേവനെ കണ്ട് യമൻ സങ്കടം ഉണർത്തിച്ചു.

"അച്ഛാ, അമ്മയ്ക്ക് രണ്ടു കൊച്ചനുജന്മാരോടു മാത്രമേ സ്നേഹമുള്ളു. മുത്തവരായ മൂന്നു പേരോടു കടുത്ത വിരോധമാണ്. അതു കണ്ട് എനിക്ക് അടങ്ങിയിരിക്കാൻ വയ്യാതായി. ഞാൻ അമ്മയെ ചവിട്ടാൻ കാലുയർത്തി. അത്രേയുള്ളു, ചവിട്ടിയില്ല. അമ്മ എന്നെ ശപിക്കുകയുംചെയ്തു—എന്റെ കാൽ കൊഴിഞ്ഞുപോകുമത്രെ! അച്ഛൻ വല്ല വിധവും ശാപം ഒഴിവാക്കിത്തരണം. എന്റെ കാൽ പോയാൽ അതെനിക്കു സഹിക്കാനാവുകയില്ല." യമൻ ദീനനായി പറഞ്ഞു.

"മകനേ, ശാപം മുഴുവനും ഒഴിവാക്കാൻ കഴിയുകയില്ല. പക്ഷേ, അതൊന്നു ലഘുവാക്കാൻ സാധിക്കും. കൃമികൾ നിന്റെ കാലിലെ മാംസമെടുത്ത്

നിലത്തിടും. നിന്റെ കാൽ അതിനുശേഷം സുഖപ്പെടും; നിന്റെ അമ്മയുടെ ശാപം നിഷ്ഫലമാവുകയുമില്ല." സൂര്യദേവൻ അരുളിച്ചെയ്തു.

അതിനുശേഷം സൂര്യദേവന്റെ ശ്രദ്ധ ഭാര്യയുടെ നേർക്കു തിരിഞ്ഞു. സംജ്ഞാദേവിയാണ് ഭാര്യ എന്നാണല്ലോ വിശ്വാസം. ഭാര്യയുടെ ശാപം അന്യായമായിപ്പോയി—അതായിരുന്നു അദ്ദേഹത്തിന്റെ വിചാരം. ഭാര്യയുടെ പെരുമാറ്റം വലിയ തെറ്റാണെന്നും.

"സംജ്ഞേ, നീ എന്തിനാണ് മക്കൾക്കു തമ്മിൽ പക്ഷപാതം കാണിക്കുന്നത്?" അദ്ദേഹം ചോദിച്ചു.

ആ ചോദ്യത്തിനു ഭാര്യ ഉത്തരം പറഞ്ഞില്ല. സൂര്യദേവൻ ചോദ്യം പലവുരു ആവർത്തിച്ചു. അപ്പോഴും ഭാര്യ മൗനം ഭജിച്ചതേയുള്ളു. സൂര്യദേവന് അത്യധികമായ കോപമുണ്ടായി. അദ്ദേഹം ഭാര്യയുടെ തലമുടി ചുറ്റിപ്പിടിച്ചു.

ആ സമയത്ത് സത്യം പറയും—അതായിരുന്നല്ലോ ഛായാദേവി സംജ്ഞാദേവിയെ അറിയിച്ചിരുന്നത്. നടന്നതെല്ലാം ഛായാദേവി സൂര്യദേവനെ അറിയിച്ചു.

സൂര്യദേവൻ വല്ലാതെയായി. എന്തൊരു അബദ്ധമാണ് തനിക്കു പറ്റിപ്പോയത്! മറ്റൊരുവൾ തന്റെ ഭാര്യയായി. യഥാർത്ഥ ഭാര്യ പിതൃഗൃഹത്തിലേക്കു പോവുകയുംചെയ്തു. ഛായാദേവി പറഞ്ഞാണ് സൂര്യദേവന് അക്കാര്യം അറിവായത്. അദ്ദേഹം കാലം കളയാതെ ത്വഷ്ടാവിന്റെ വീട്ടിലെത്തി. അത്യധികമായ ആകാംക്ഷയായിരുന്നു സംജ്ഞാദേവിയെ കാണാൻ.

പക്ഷേ, അവിടെ സംജ്ഞാദേവിയെ കണ്ടുകിട്ടിയില്ല.

സംഭവിച്ചത് എന്തെന്ന് ത്വഷ്ടാവ് അറിയിച്ചു.

"സൂര്യാ, എന്റെ മകൾക്കു നിന്റെ തേജസ്സും ഉഷ്ണവും സഹിക്കാൻ വയ്യാതെവന്നു. അക്കാരണത്താലാണ് അവൾ നിന്നെ വിട്ടുപോയത്. ഞാൻ ദേഷ്യപ്പെട്ടപ്പോൾ അവൾ എന്നെയും ഉപേക്ഷിച്ചുപോയി. അവൾ പെൺകുതിരയുടെ രൂപത്തിൽ കഴിയുകയാണ്. ഇപ്പോൾ അവൾ ഉത്തരകുരുരാജ്യത്തിലുണ്ട്. ആട്ടെ, ഞാൻ നിന്റെ തീക്ഷ്ണത കുറച്ചുതരാം—അത് നിനക്ക് സമ്മതമാണെങ്കിൽ." ത്വഷ്ടാവ് പറഞ്ഞു.

"എനിക്കു സമ്മതംതന്നെ." സൂര്യദേവൻ അറിയിച്ചു.

ത്വഷ്ടാവ് വിശ്വകർമാവിനെ വരുത്തി. ദിവ്യസിദ്ധിയുള്ള ദേവശില്പി കുറെ നേരം ജോലിചെയ്തു. അപ്പോഴേക്കും സൂര്യദേവന്റെ തീക്ഷ്ണത കുറവായി. അതോടുകൂടി സൂര്യദേവന്റെ സ്വരൂപം ഏറ്റവും മനോഹരമായി.

പിന്നീടു സൂര്യദേവൻ ശ്വശുരനോടു യാത്രപറഞ്ഞിറങ്ങി. പെൺകുതിരയുടെ വേഷം ധരിച്ചിരിക്കയാണല്ലോ തന്റെ പ്രിയപത്നി. താൻ ആൺകുതിരയായി മാറിയാലോ? അവളെ കണ്ടുപിടിക്കാൻ കൂടുതൽ എളുപ്പമാവും. അങ്ങനെ സൂര്യദേവൻ ആൺകുതിരയായി ഉത്തരകുരുരാജ്യത്തിൽ എത്തിച്ചേർന്നു. പലേ പെൺകുതിരകളെയും ചെന്നുകണ്ടു. അവയിൽ ഒന്ന് സംജ്ഞാദേവി ആയിരുന്നു!

ഇപ്പോൾ സൂര്യദേവനു തേജസ്സും ഉഷ്ണവും കുറവാണല്ലോ. അതു കണ്ടു സംജ്ഞാദേവി സന്തോഷിച്ചു. ഭാര്യ ഭർത്താവിനെ സ്വാഗതംചെയ്തു.

അവരൊന്നിച്ച് അശ്വരൂപത്തിൽത്തന്നെ കുറെ നാൾ ജീവിതം നയിച്ചു.

ആ ജീവിതത്തിനിടയ്ക്ക് അവർക്കു രണ്ടു പുത്രന്മാർ ജാതരായി.

അശ്വിനീദേവന്മാർ എന്ന പേരിൽ അറിയപ്പെട്ടു.

പിന്നീട് സൂര്യദേവനും സംജ്ഞാദേവിയും സ്വന്തം രൂപങ്ങൾ വീണ്ടും ധരിക്കുകയായി.

കോപിഷ്ഠനായിരുന്ന യമൻ ധർമിഷ്ഠനായി. സാവർണ്ണൻ തപസ്സിനു പോയി. ശനൈശ്ചരൻ ശനി എന്ന ഗ്രഹമായി. അശ്വിനീദേവന്മാർ ദേവവൈദ്യന്മാരായി. യമുന നദിയായി ഭൂമിയിൽ ഒഴുകുകയുംചെയ്തു.

(മഹാഭാരതം, ഹരിവംശം)

ചന്ദ്രൻ

ചന്ദ്രൻ ജനിച്ചത് അത്രിമഹർഷിയുടെ പുത്രനായിട്ടായിരുന്നു.

ബ്രഹ്മാവ് ചന്ദ്രന് ഒരു രഥം സമ്മാനിച്ചു. സാധാരണ രഥമൊന്നുമല്ല. വേദമയമായ, സത്യസ്വരൂപമായ രഥം. അതിൽ ആയിരം വെള്ളക്കുതിരകളെ പൂട്ടിയിരുന്നു. ചന്ദ്രൻ ആ രഥത്തിൽ കയറി ലോകത്തെ വലംവെച്ചു—ഒന്നല്ല, ഇരുപത്തൊന്നു പ്രാവശ്യം! അതിനിടയ്ക്ക് എന്തുണ്ടായി എന്നോ? ചന്ദ്രന്റെ തേജസ്സിലെ ചില ഭാഗങ്ങൾ കീഴ്പോട്ടു വീണു. ആ ഭാഗങ്ങൾ ചെന്നെത്തിയത് ഭൂമിയിലും. അവ പിന്നീട് ഔഷധങ്ങളായി.

ബീജം, ഔഷധം, ജലം—അവയുടെ അധിപനായി ചന്ദ്രൻ, ബ്രഹ്മാവിന്റെ അനുഗ്രഹപ്രകാരം.

ദക്ഷപ്രജാപതിക്ക് അനേകം പുത്രിമാരുണ്ട്. ഇരുപത്തേഴു പുത്രിമാരെ ഒരു ദേവനായി നല്കി. ആ ദേവൻ മറ്റാരുമല്ല, ചന്ദ്രൻതന്നെ.

ഇരുപത്തേഴു ചന്ദ്രപത്നിമാരും ഇന്നു നക്ഷത്രങ്ങളായി അറിയപ്പെടുന്നു.

ചന്ദ്രൻ രാജസൂയം എന്ന മഹായാഗംചെയ്തു. ഏറ്റവും ഗംഭീരമായിരുന്നു രാജസൂയം. പ്രധാന പുരോഹിതൻ പിതാവായ അത്രിമഹർഷിതന്നെ ആയിരുന്നു. യാഗഫലമായി ചന്ദ്രന്റെ തേജസ്സും ഐശ്വര്യവും വളരെ വർദ്ധിക്കുകയുംചെയ്തു.

ക്രമേണ ചന്ദ്രന് ഒരുതരം ഗർവമുണ്ടായി. ധർമത്തിൽ മുഴുകിയിരുന്ന മനസ്സിൽ അധർമം പ്രവേശിച്ചു. ഫലമായി ചെയ്തതോ, ഏറ്റവും ഹീനമായ ഒരു കൃത്യവും.

ദേവഗുരുവായ ബൃഹസ്പതിയുടെ പത്നിയാണ് താര. സൗന്ദര്യത്തിൽ താരയ്ക്കു തുല്യമായി ഒരു സ്ത്രീയുമില്ല. ഒരു ദിവസം ചന്ദ്രൻ താരയെ കൊണ്ടുപോയി.

ബൃഹസ്പതി ചന്ദ്രനെ കണ്ടു താഴ്മയായി ഒന്ന് അപേക്ഷിച്ചു—താരയെ വിട്ടുകൊടുക്കണം എന്ന്. മറ്റു ദേവന്മാരും ആ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പക്ഷേ, ചന്ദ്രൻ അതൊന്നും കൂട്ടാക്കിയില്ല.

ശുക്രനുണ്ടല്ലോ, ബൃഹസ്പതിയുടെ പരമശത്രു. ചന്ദ്രനും ബൃഹസ്പതിയും തമ്മിൽ വിരോധമായില്ലേ? അപ്പോൾ ശുക്രൻ ചന്ദ്രനെ സഹായിക്കാനെത്തി.

അതു കണ്ടപ്പോൾ ശിവന് ഒരാഗ്രഹമുണ്ടായി—താൻ ബൃഹസ്പതിയെ സഹായിക്കണമെന്ന്. അതിനായി ഭഗവാൻ വന്നുചേർന്നു. ദേവന്മാർ ശിവന്റെ കീഴിൽ അണിനിരക്കുകയുംചെയ്തു.

എന്തിനു പറയുന്നു, ഇരുകക്ഷികളും തമ്മിൽ യുദ്ധമായി. ആ യുദ്ധം ഏറ്റവും ഭീകരമായിത്തീർന്നു. അസംഖ്യം ദേവന്മാരും അസുരന്മാരും ജീവൻ വെടിഞ്ഞു. അപ്പോൾ ബ്രഹ്മാവ് വന്ന് ഇരുകക്ഷികളെയും വിലക്കിമാറ്റി. അതിനുശേഷം താരയെ ബൃഹസ്പതിക്കു തിരിച്ചുനല്കി.

എങ്കിലും അതിനിടയ്ക്കു മറ്റൊന്നു സംഭവിച്ചിരുന്നു. താര ചന്ദ്രനോടു കൂടി കഴിഞ്ഞിരുന്നില്ലേ? അപ്പോൾ അവൾ ഗർഭിണിയായി. പിന്നീടു തേജോമയനായ ഒരു പുത്രനു ജന്മമേകി. ആ പുത്രനാണ് ബുധൻ.

ഒരിക്കൽ ചന്ദ്രനു ക്ഷയമെന്ന മഹാരോഗമുണ്ടായി.

പ്രത്യേകമായ പരിതഃസ്ഥിതിയിലാണ് ആ രോഗം ചന്ദ്രനെ ബാധിച്ചത്.

ദക്ഷപുത്രികളായ ഇരുപത്തേഴു ഭാര്യമാരുണ്ടല്ലോ ചന്ദ്രന്. രോഹിണി എന്ന ഒരുവളുമുണ്ട് ഇരുപത്തേഴു പേരുടെയിടയിൽ. മറ്റെല്ലാവരേക്കാൾ അഴകുണ്ട് രോഹിണിക്ക്. അക്കാരണത്താൽ ചന്ദ്രന് രോഹിണിയോടായി ഏറ്റവും പ്രിയം. അദ്ദേഹം അവളെ ഒരു നിമിഷം പിരിഞ്ഞിരിക്കയില്ല. മറ്റു ഭാര്യമാരെ അദ്ദേഹം അത്ര കാര്യമാക്കിയില്ല. അതിനാൽ അവർക്ക് അദ്ദേഹത്തോടു നീരസമുണ്ടായി. അതിൽ അവരെ കുറ്റപ്പെടുത്താൻ സാധിക്കുകയില്ലതാനും.

ഇരുപത്താറു ഭാര്യമാരുംകൂടി പിതാവായ ദക്ഷപ്രജാപതിയെ ചെന്നു കണ്ടു.

"അച്ഛാ, ഞങ്ങളുടെ ഭർത്താവിന് രോഹിണി മാത്രം മതി. അദ്ദേഹത്തിനു ഞങ്ങളാരും വേണ്ടേ വേണ്ട. അതിൽ ഞങ്ങൾക്ക് അതിയായ കുണ്ഠിതമുണ്ട്." അവർ ആവലാതി പറഞ്ഞു.

ദക്ഷപ്രജാപതി ചന്ദ്രനെ ചെന്നുകണ്ടു:

"ചന്ദ്രാ, ഒരു ഭാര്യയോടും പക്ഷപാതം പാടില്ല. എല്ലാ ഭാര്യമാരെയും ഒന്നുപോലെ കരുതണം. അല്ലാത്തപക്ഷം അതൊരു അധർമമാകും." അദ്ദേഹം ഓർമപ്പെടുത്തി.

തന്റെ ഉപദേശം ചന്ദ്രൻ വിഗണിക്കുകയില്ല—അതായിരുന്നു ദക്ഷപ്രജാപതിയുടെ വിശ്വാസം. അദ്ദേഹം പരാതി പറഞ്ഞ പുത്രിമാരെ സമാധാനപ്പെടുത്തി.

"ചന്ദ്രൻ തീർച്ചയായും എന്നെ അനുസരിക്കും. നിങ്ങൾക്ക് ഒട്ടും മനഃപ്രയാസം വേണ്ട." അദ്ദേഹം അവരോടു പറഞ്ഞു.

പദവിയിലും പ്രതാപത്തിലും ശക്തിയിലും ദക്ഷപ്രജാപതിക്കു തുല്യനില്ല. അദ്ദേഹത്തെ ധിക്കരിക്കാൻ ആരുംതന്നെ ധൈര്യപ്പെടാറില്ല. എങ്കിലും ചന്ദ്രൻ പഴയപടി തുടർന്നുപോയി. അദ്ദേഹം ശ്വശുരന്റെ വാക്കുകളെ മാനിച്ചില്ല. രോഹിണിയുമൊന്നിച്ചു സുഖജീവിതം തുടരുകയുംചെയ്തു.

ഇരുപത്താറു ചന്ദ്രഭാര്യമാർ വീണ്ടും പിതാവിന്റെ അരികിലെത്തി.

"അച്ഛാ, ഭർത്താവ് അച്ഛനെയും വകവയ്ക്കുന്നില്ല. അദ്ദേഹത്തിന്റെ രീതിക്ക് ഒരു മാറ്റവും ഉണ്ടായിട്ടില്ല. ഞങ്ങൾ ഇനി അദ്ദേഹത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകുന്നില്ല. അച്ഛനോടുകൂടി ഞങ്ങൾ ഇവിടെ കഴിഞ്ഞുകൊള്ളാം." അവർ കരഞ്ഞുകൊണ്ടു പറഞ്ഞു.

ദക്ഷപ്രജാപതിയും ചന്ദ്രനും തമ്മിൽ വീണ്ടും സമാഗമം ഉണ്ടായി. കോപംകൊണ്ട് ദക്ഷപ്രജാപതിയുടെ മുഖം അല്പം തുടുത്തിരുന്നു.

"ചന്ദ്രാ, നീ എന്നിൽനിന്നു ശാപം വാങ്ങരുത്, പറഞ്ഞേക്കാം!" ദക്ഷപ്രജാപതി ഭീഷണിപ്പെടുത്തി.

ഭീഷണിയും ചന്ദ്രനോടു ഫലപ്പെട്ടില്ല. അദ്ദേഹം പിന്നെയും ഇരുപത്താറു ഭാര്യമാരെ അവഗണിച്ചു. അവർ മൂന്നാം പ്രാവശ്യവും അച്ഛനോടു സങ്കടം ഉണർത്തിച്ചു:

"അച്ഛാ, ഇനി അച്ഛൻ മാത്രമേയുള്ളു ഞങ്ങൾക്കു ശരണം." അവർ ദീനരായി വിലപിച്ചു.

മൂന്നാംപ്രാവശ്യമായ ഇപ്രാവശ്യം ദക്ഷപ്രജാപതിയുടെ മട്ടുമാറി. അദ്ദേഹം ചന്ദ്രന്റെ അടുക്കലേക്ക് യക്ഷ്മാവിനെ പറഞ്ഞയച്ചു. ഭയങ്കരമായ ഒരുതരം രോഗമാണ് യക്ഷ്മാവ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ക്ഷയരോഗം. യക്ഷ്മാവു ചെന്ന് ചന്ദ്രനെ ബാധിച്ചു. എന്തായിരുന്നു ആ രോഗബാധയുടെ ഫലം? ചന്ദ്രൻ ദിനംതോറും ക്ഷയിച്ചുതുടങ്ങി.

രോഗത്തെ ഇല്ലായ്മചെയ്യണം—അതിനായി ചന്ദ്രൻ അറിയാവുന്ന വിദ്യയെല്ലാം പ്രയോഗിച്ചു. അതുകൊണ്ടൊന്നും ഒരു ഫലവും ഉണ്ടായില്ല. മാത്രമല്ല, രോഗം വർദ്ധിച്ചുവരികകൂടിച്ചെയ്തു. ചന്ദ്രനു ക്ഷയമായപ്പോൾ ഔഷധങ്ങൾക്കു ക്ഷയമായി, ഔഷധങ്ങൾക്കു ക്ഷയമായപ്പോൾ പ്രാണികൾക്കു ക്ഷയമായി, പ്രാണികൾക്കു ക്ഷയമായപ്പോൾ ലോകത്തിനാകെ ക്ഷയമായി. ക്ഷയിച്ചു ക്ഷയിച്ച് ലോകം ഇല്ലാതാവും. ആ നില വന്നു ചേരാറായി.

ചന്ദ്രനു ക്ഷയരോഗമാണെന്ന് ദേവന്മാർക്ക് അറിവായി. രോഗകാരണം അവർക്കു പിടികിട്ടിയുമില്ല. അവർ നേരെ ചന്ദ്രനെ ചെന്നുകണ്ടു:

"ചന്ദ്രാ, അങ്ങു വല്ലാതെ വിളറിവെളുത്തിരിക്കുന്നു. എന്താണ് ഈ രോഗത്തിനു കാരണം? എല്ലാം ഞങ്ങളോടു പറയൂ." അവർ ആവശ്യപ്പെട്ടു.

തന്റെ അഭ്യുദയം കാംക്ഷിക്കുന്നവരാണ് അക്കൂട്ടർ. തന്നോട് അവർക്കെല്ലാം സഹതാപവുമുണ്ട്. ആ സ്ഥിതിക്ക് അവരോടു പറയുന്നതുകൊണ്ടു തരക്കേടില്ല. അദ്ദേഹം സകലതും വിസ്തരിച്ച് അറിയിച്ചു.

അപ്പോൾ ദക്ഷപ്രജാപതിയാണ് യക്ഷ്മാവിനെ പറഞ്ഞയച്ചത്. ദക്ഷപ്രജാപതിയെ പ്രസാദിപ്പിച്ചാൽ ചന്ദ്രന് രോഗശമനം ഉണ്ടാകും. ദേവന്മാർ ഒന്നിച്ച് ദക്ഷപ്രജാപതിയുടെ അരികിലെത്തി.

"സംഗതികൾ ആകെ കുഴപ്പത്തിലായിരിക്കുന്നു. ചന്ദ്രന്റെ രോഗം മാറിയേ കഴിയുകയുള്ളു. അല്ലാത്തപക്ഷം സകലതും നശിച്ചുപോകും. അങ്ങ് വല്ല വഴിയും ഉണ്ടാക്കണം." അവർ അപേക്ഷിച്ചു.

"ദേവന്മാരേ, എന്റെ വാക്ക് വീൺവാക്കാവുകയില്ല. എങ്കിലും ഞാൻ ചെറിയൊരു പരിഹാരമുണ്ടാക്കാം. ചന്ദ്രൻ സരസ്വതീതീർത്ഥത്തിൽ ചെന്നു മുങ്ങട്ടെ. അപ്പോൾ ക്ഷയരോഗം പകുതി മാറും. ഒരു മാസത്തിൽ പകുതി ദിവസം ചന്ദ്രൻ ക്ഷയിച്ചുകൊണ്ടിരിക്കും. പക്ഷേ, മറ്റെ പകുതി ദിവസം ചന്ദ്രനു വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും." ദക്ഷപ്രജാപതി പറഞ്ഞു.

ആ വിവരം ദേവന്മാർ ചന്ദ്രനോടു ചെന്നു പറഞ്ഞു. എന്തു ചെയ്താലും സാരമില്ല, രോഗം മാറിക്കിട്ടിയേ തീരൂ. ചന്ദ്രൻ കാലം കളയാതെ സരസ്വതീ

തീർത്ഥത്തിലെത്തി. അതിലെ പുണ്യജലത്തിൽ ഇറങ്ങി മുങ്ങി. പൊങ്ങിയപ്പോഴോ? ക്ഷയരോഗം മാറിയിരുന്നു. മാത്രമോ? മുമ്പിലത്തെക്കാൾ കാന്തിമാൻ ആയിട്ടുണ്ട്!

അന്നുമുതൽ ആ തീർത്ഥത്തിന് പ്രഭാസം എന്ന പേരുണ്ടായി.

"ചന്ദ്രാ, ഇനിമേൽ നീ എന്നെ നിന്ദിക്കരുത്. എന്റെ ഇരുപത്താറു പുത്രിമാരെ അവഗണിക്കയും ചെയ്യരുത്." ദക്ഷപ്രജാപതി താക്കീതു നല്കി.

പിന്നീട് ഒരിക്കലും ചന്ദ്രൻ ആ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തിച്ചില്ല!

(മഹാഭാരതം, കർണപർവം, ഹരിവംശപർവം)

ശ്വേതകി

ശ്വേതകി എന്നു പേരുള്ള ഒരു രാജാവ്. മഹാബലനും മഹാശൂരനുമാണ് അദ്ദേഹം. എങ്കിലും കൂടുതൽ ശ്രദ്ധ യുദ്ധത്തിലല്ല, യാഗത്തിലും ഹോമത്തിലുമൊക്കെയാണ്. അത്രയും പറഞ്ഞതുകൊണ്ടുമായില്ല. അവയെപ്പറ്റിയാണു സദാനേരവും വിചാരം. തുടരെത്തുടരെ യാഗങ്ങൾ ചെയ്യുക—അതായിരുന്നു നിയമേനയുള്ള പരിപാടി. എത്ര യാഗങ്ങൾ ചെയ്താലും ശരി, പോരാ, പോരാ എന്നേ തോന്നുകയുള്ളു. ഇനിയും ഇനിയും വേണമെന്നാണ് ആഗ്രഹം.

ഋത്വിക്കുകളുണ്ട്, യാഗകർമങ്ങൾ ചെയ്യുന്നവർ. ശ്വേതകിരാജാവു കാരണം അവർക്കു ചില ബുദ്ധിമുട്ടുകൾ ഉണ്ടായി. എന്നുമെന്നും യാഗകർമങ്ങൾ ചെയ്തുകൊണ്ടിരിക്കണം. മറ്റൊന്നിനും നേരമില്ലെന്ന സ്ഥിതിയായി. യാഗാഗ്നിയിൽനിന്നു പുക ഉയരും. ആ പുക അവരുടെ കണ്ണുകളിൽ കയറും. കണ്ണുകൾ ചുവന്നുകലങ്ങും. ഒരൊറ്റ ദിവസം ഒഴിവില്ലാതെ ഈ സ്ഥിതി തുടർന്നാലോ? കണ്ണുകൾ പൊട്ടും എന്നതായി അവരുടെ ഭയം. ഒന്നൊന്നായി അവർ രാജാവിനെ വിട്ടുപോയി.

ശ്വേതകി അവരിൽ ചിലരെ നിർബന്ധിച്ചുവരുത്തി. കുറെ ദിവസംകൂടി അവർ യാഗകർമങ്ങൾ ചെയ്തു. പിന്നീട് അവർക്കൊട്ടും നിവൃത്തിയില്ലാതായി. രാജാവ് മറ്റു ഋത്വിക്കുകളുടെ സഹായം തേടി. അവസാനം അവരും സഹകരിക്കാതെയായി.

എന്നിട്ടുമുണ്ടോ ശ്വേതകി യാഗം ഉപേക്ഷിക്കുന്നു? അദ്ദേഹം അടുത്ത യാഗത്തിന് ഒരുക്കംചെയ്തു. അതോ, നൂറു വർഷം നീണ്ടുനില്ക്കുന്ന യാഗവും! ഇത്തവണ ഒരൊറ്റ ഋത്വിക്കുപോലും വന്നുചേർന്നില്ല; ഋത്വിക്കുകളെ വരുത്താനായി രാജാവു പരമാവധി പ്രയത്നിച്ചു. അദ്ദേഹം ചിലരോടു കാല്ക്കൽ വീണ് അപേക്ഷിച്ചു. മറ്റു ചിലർക്കു വമ്പിച്ച തുകകൾ വാഗ്ദാനം ചെയ്തു. ഇനിയും ചിലരോടു നല്ല വാക്കു പറഞ്ഞു. അതുകൊണ്ടൊന്നും ഒരു പ്രയോജനവും ഉണ്ടായില്ല.

അടുത്തതായി അദ്ദേഹം ചില മഹർഷിമാരെ ചെന്നു കണ്ടു.

"ഞാൻ ഒരു തെറ്റും ചെയ്തിട്ടുള്ളവനല്ല. നിങ്ങളെ അനാദരിക്കുന്നവനല്ല. ആ സ്ഥിതിക്ക് നിങ്ങൾ എന്നെ ഉപേക്ഷിക്കരുത്. ഞാനിതാ നിങ്ങളെ

അഭയം പ്രാപിക്കുന്നു. നിങ്ങൾ എന്നിൽ കനിയണം. എന്തുവേണമെങ്കിലും നിങ്ങൾക്കു തരാം. നിങ്ങൾ വന്നു യാഗം നടത്തിത്തരണം." ശ്വേതകി അപേക്ഷിച്ചു.

മഹർഷിമാർക്ക് ഈർഷ്യയുണ്ടായി.

"രാജൻ, ഞങ്ങൾ വരുന്നില്ല. ശിവനോടു സങ്കടം പറയൂ. ഭഗവാൻ യാഗംചെയ്യാൻ വരും!" അവർ പറഞ്ഞു.

തെല്ലു നിന്ദയോടുകൂടിയാണ് അവർ അപ്രകാരം പറഞ്ഞത്. അതോ വിപരീതമായ അർത്ഥത്തിലും. ശിവൻ യാഗം ചെയ്യുക എന്നത് നടക്കാത്ത കാര്യമാണ്. വെറുതെ പറഞ്ഞതാണ് അവർ.

ശ്വേതകിക്ക് അതു കേട്ടു വാശികയറി. എന്നാലിനി ശിവനെക്കൊണ്ടു യാഗം ചെയ്യിക്കണം! അതായി അദ്ദേഹത്തിന്റെ നിശ്ചയം. അദ്ദേഹം നേരെ കൈലാസത്തിലേക്കു പോയി. അവിടെയിരുന്നു ശിവനെ തപസ്സുചെയ്തു. കണ്ണുകൾ തുറന്നുവെച്ചു കൈകാൽ പൊക്കിപ്പിടിച്ചുള്ള തപസ്സായിരുന്നു. ആറു മാസം തപസ്സു തുടർന്നുപോയി. അപ്പോഴേക്കും ശിവൻ പ്രീതനായി. ഭഗവാൻ രാജാവിന്റെ മുമ്പിൽ ആവിർഭവിച്ചു.

"ശ്വേതകീ, വരം ചോദിച്ചുകൊള്ളൂ." ശിവൻ ആവശ്യപ്പെട്ടു.

"ഭഗവാനേ, അവിടുന്നുതന്നെ എന്റെ യാഗം ചെയ്തു തരണം"— അതായിരുന്നു ശ്വേതകി ചോദിച്ച വരം.

"എനിക്കു നേരിട്ടു യാഗംചെയ്യാൻ നിർവാഹമില്ല. എങ്കിലും ഞാൻ നിന്നെ സഹായിക്കാം. ആദ്യം നീ ഒന്നു ചെയ്യണം. പന്ത്രണ്ടു കൊല്ലം തുടർച്ചയായി അഗ്നിയിൽ നെയ്യൊഴിക്കണം. അപ്പോൾ അഗ്നി നിന്നിൽ പ്രസാദിക്കും. അതു കൊണ്ടു നിനക്കു ഗുണമുണ്ടാവും." ശിവൻ അരുളിച്ചെയ്തു.

ശ്വേതകി കൈലാസത്തിൽനിന്ന് രാജധാനിയിലേക്കു മടങ്ങി. ഭഗവാന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുകയുംചെയ്തു. അദ്ദേഹം അഗ്നിയിൽ നെയ്യൊഴിപ്പിച്ചു. ഒരു നിമിഷത്തെ ഇടവേളപോലും ഉണ്ടായിരുന്നില്ല.

അങ്ങനെ കഴിഞ്ഞു പന്ത്രണ്ടു വർഷങ്ങൾ.

ശിവൻ വീണ്ടും പ്രത്യക്ഷനായി.

"ശ്വേതകീ, എനിക്കു സന്തോഷമായി. ഞാൻ ഇനി ഒന്നു പറഞ്ഞുതരാം. ദുർവാസാവ് എന്ന മഹർഷിയെക്കുറിച്ചു നീ കേട്ടിട്ടുണ്ടാവണം. എന്റെ അംശത്തിൽനിന്നു ജനിച്ച മഹർഷിയാണ് ദുർവാസാവ്. അവനെക്കൊണ്ടു നീ യാഗം ചെയ്യിക്കൂ." ഭഗവാൻ ആവശ്യപ്പെട്ടു.

രാജാവു ധൃതഗതിയിൽ യാഗത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി.

അദ്ദേഹം ആ വിവരം ശിവനെ ധരിപ്പിച്ചു.

ശിവൻ ദുർവാസാവിനെ വരുത്തി.

"ദുർവാസാവേ, നീ ശ്വേതകിയുടെ യാഗം ചെയ്യണം." ഭഗവാൻ കല്പിച്ചു.

"അടിയൻ അപ്രകാരം ചെയ്തുകൊള്ളാം." മഹർഷി പറഞ്ഞു.

അങ്ങനെ ആ മഹായാഗം ആരംഭിച്ചു. അതു നൂറു വർഷം നീണ്ടുനിന്നു. അതിനുശേഷം മംഗളമായി അവസാനിച്ചു.

പക്ഷേ, അപ്പോൾ ഒരു തകരാറുണ്ടായി. ശ്വേതകിക്കല്ല തകരാറ്. അഗ്നിദേവനാണ്. തുടർച്ചയായി പന്ത്രണ്ടു വർഷം നെയ്യ് കുടിക്കേണ്ടതായി വന്നു. ആദ്യമായിട്ടാണ് അപ്രകാരം ചെയ്യുന്നത്. അതുകൊണ്ട് എന്തുണ്ടായി

എന്നോ? മറ്റൊന്നും ഭക്ഷിക്കാൻ വയ്യാതായി. ഓരോരുത്തരായി ഓരോ യാഗങ്ങൾ ചെയ്യുന്നുണ്ട്. ഓരോരോ വസ്തുക്കൾ അഗ്നിയിൽ ഹോമിക്കുന്നുണ്ട്. അഗ്നിദേവനു ഭക്ഷണമായിട്ടാണ് അവരുടെ സങ്കല്പം. പക്ഷേ, അഗ്നിദേവന് അതൊന്നും ഭക്ഷിക്കാൻ നിവൃത്തിയില്ല. വളരെക്കാലമായി നെയ്യ് കഴിച്ചുകൊണ്ടിരുന്നതല്ലേ? ഭക്ഷണത്തിന് ഒട്ടും രുചിയില്ലാതെയായി. അക്കാരണത്താൽ ഭക്ഷണം കഴിക്കാതെയുമായി. അഗ്നിദേവന്റെ ശരീരത്തിനു കാന്തി വളരെ കുറഞ്ഞു. മാത്രമല്ല, വല്ലാത്ത ഒരു വിളർച്ചയും ഉണ്ടായി. എന്തിനു പറയുന്നു, അതൊരു രോഗമായി—അജീർണം എന്ന രോഗം. ഓജസ്സു കുറഞ്ഞു എന്നു മാത്രമല്ല, ക്ഷീണം ഏറ്റവും അധികവുമായി.

എന്തെങ്കിലും ഒരു പരിഹാരം കണ്ടുപിടിക്കണ്ടേ? അഗ്നിദേവൻ ബ്രഹ്മലോകത്തു ചെന്ന് ബ്രഹ്മാവിനെ കണ്ടു സഹായം അപേക്ഷിച്ചു.

"അഗ്നീ, നീ പന്ത്രണ്ടു വർഷം തുടർച്ചയായി നെയ്യ് കഴിച്ചു. വെറുതെയല്ല അജീർണം പിടിപെട്ടത്. ആട്ടെ, നീ വിഷാദിക്കേണ്ട. പൂർവ്വസ്ഥിതി പ്രാപിക്കാനായി ഞാനൊരു വഴി പറഞ്ഞുതരാം. ഖാണ്ഡവം എന്നൊരു മഹാവനമുണ്ട്. ആ മഹാവനത്തിൽ നിരവധി ജന്തുക്കളുണ്ട്. നീ അവയുടെ കൊഴുപ്പു ഭക്ഷിക്കണം. എന്നാൽ, നിന്റെ രോഗം മാറും. അതുകൊണ്ട് നീ ഖാണ്ഡവത്തെ ദഹിപ്പിക്കൂ." ബ്രഹ്മാവ് നിർദ്ദേശിച്ചു.

നേരമൊട്ടും കളയാതെ അഗ്നിദേവൻ ഖാണ്ഡവത്തിൽ എത്തിച്ചേർന്നു. ആ മഹാവനത്തെ ദഹിപ്പിക്കാനും ആരംഭിച്ചു. എന്നാൽ, വിചാരിച്ചിരിക്കാത്ത ഒരു പ്രതിബന്ധം അപ്പോൾ ഉണ്ടായി. എണ്ണമറ്റ ജന്തുക്കൾ അവിടെ ജീവിച്ചുപോരുന്നു. അഗ്നി കത്തിപ്പടർന്നുതുടങ്ങിയപ്പോഴോ? ആ അഗ്നി കെടുത്തിയേ കഴിയൂ—അതായി ആ ജന്തുക്കളുടെ നിശ്ചയം. അല്ലാത്തപക്ഷം അവയ്ക്കൊക്കെ ജീവഹാനി സംഭവിക്കുമല്ലോ. ആനകൾ തുമ്പിക്കൈകളിൽ വെള്ളം കോരിക്കൊണ്ടുവന്ന് അഗ്നിയിൽ ഒഴിച്ചു. അനേകം ഫണങ്ങളുള്ള സർപ്പങ്ങൾ വായിൽ വെള്ളം നിറച്ച് അഗ്നിയിൽ വിട്ടു. മറ്റു ജന്തുക്കളും അവരവർക്കു കഴിയുംപോലെ അഗ്നിശമനത്തിനായി ജോലിചെയ്തു. അസംഖ്യം ജന്തുക്കൾ ഒന്നിച്ചു പ്രവർത്തിക്കുകയല്ലേ? അഗ്നി അണയുകതന്നെ ചെയ്തു.

പിന്നൊരിക്കൽ അഗ്നിദേവൻ വനം ദഹിപ്പിച്ചുതുടങ്ങി. അപ്പോഴും ജന്തുക്കൾ പണ്ടേപ്പോലെ പ്രവർത്തിച്ചു. ദേവനു വാശിയും വീറും കയറി. അദ്ദേഹം ഏഴു പ്രാവശ്യം ഖാണ്ഡവവനം ദഹിപ്പിക്കാൻ യത്നിച്ചു. ഏഴു പ്രാവശ്യവും ജന്തുക്കൾ ആ യത്നങ്ങളെ വിഫലമാക്കി.

അഗ്നിദേവൻ നിരാശനായി. ഇനി എന്താണ് ഒരു മാർഗ്ഗം? വീണ്ടും ബ്രഹ്മാവിനെ ചെന്നു കാണുകതന്നെ.

"അഗ്നീ, നീ കൂട്ടാക്കണ്ട. നിന്റെ പരിശ്രമം ഫലവത്താകും. കുറേക്കാലം ക്ഷമിച്ചിരിക്കണം. അത്രയേ വേണ്ടൂ. ഇനിയൊരു കാലത്ത് മഹാവിഷ്ണു ശ്രീകൃഷ്ണനായി അവതരിക്കും. ശ്രീകൃഷ്ണന്റെ ആത്മസുഹൃത്തായിരിക്കും അർജുനൻ എന്ന പാണ്ഡവൻ. അവൻ ജനിച്ചതിനുശേഷം നീ എന്നെ വന്നു കാണണം. അപ്പോൾ ഞാൻ കാര്യം ശരിപ്പെടുത്തിത്തരാം." ബ്രഹ്മാവ് കനിഞ്ഞരുളി.

അനേകകാലം കാത്തിരുന്നു അഗ്നിദേവൻ. അത്രയും കാലം അജീർണം സഹിക്കുകതന്നെ. അല്ലാതെ എന്തു ചെയ്യാനൊക്കും?

ഒടുവിൽ ശ്രീകൃഷ്ണന്റെയും അർജുനന്റെയും ജീവിതകാലം വന്നെത്തി.

അഗ്നിദേവൻ വീണ്ടും ബ്രഹ്മാവിനെ കണ്ടു.

"അഗ്നീ, ഇപ്പോൾ അവർ രണ്ടുപേരും ഖാണ്ഡവത്തിലുണ്ട്. വേഗം ചെന്ന് അവരുടെ സഹായം അപേക്ഷിക്കൂ. ദേവേന്ദ്രൻ നിനക്ക് എതിരുനില്ക്കും. എങ്കിലും അവർ നിനക്കു തുണയേകും." ബ്രഹ്മാവു പറഞ്ഞു.

വാസ്തവത്തിൽ ദേവേന്ദ്രൻ ഖാണ്ഡവം രക്ഷിച്ചു നില്ക്കുകയാണ്. അതിനു പ്രത്യേകിച്ച് ഒരു കാരണമുണ്ട്. തക്ഷകൻ എന്ന ഭയങ്കര സർപ്പത്തിന്റെ ഒരു വാസകേന്ദ്രമാണ് ഖാണ്ഡവം. ദേവേന്ദ്രന്റെ ഉറ്റ ചങ്ങാതിയുമാണ് തക്ഷകൻ. ആ നിലയ്ക്ക് ഖാണ്ഡവം നശിക്കാൻ ദേവേന്ദ്രൻ സമ്മതിക്കയില്ല. ദേവേന്ദ്രനെ തോല്പിക്കാൻ ശ്രീകൃഷ്ണനും അർജുനനും മാത്രമേ സാധിക്കൂ.

അഗ്നിദേവൻ കൃഷ്ണാർജുനന്മാരെ ചെന്നുകണ്ടു. അവരോട് സകലതും വിസ്തരിച്ചു പറഞ്ഞു. കൃഷ്ണാർജുനന്മാർ അഗ്നിക്ക് സഹായമേകി. അങ്ങനെ നടന്നു ഖാണ്ഡവദാഹം.

(ഖാണ്ഡവദാഹത്തിന്റെ കഥ 'മാലിഭാരത'ത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്).

പില്ക്കാലത്ത് അഗ്നിദേവനെ സംബന്ധിക്കുന്ന ഒരു സംഭവമുണ്ടായി. ആ സംഭവം പാണ്ഡവന്മാരിൽ ഇളയവനായ സഹദേവനെയും സംബന്ധിക്കുന്ന ഒന്നായിരുന്നു.

രാജസൂയം എന്ന യാഗം ചെയ്യാൻ നിശ്ചയിച്ചു യുധിഷ്ഠിരൻ. യാഗത്തിനുമുമ്പ് ദിഗ്വിജയം നിർവഹിക്കണം എന്നാണ് നിയമം. ഭീമൻ കിഴക്കുദിക്കിൽ; അർജുനൻ വടക്കുദിക്കിൽ; നകുലൻ പടിഞ്ഞാറു ദിക്കിൽ; സഹദേവൻ തെക്കു ദിക്കിൽ—അതായിരുന്നു യാത്ര ചെയ്യുന്നതിനുള്ള നിശ്ചയം.

സഹദേവൻ പല രാജാക്കന്മാരെയും കീഴടക്കി. അങ്ങനെ തെക്കോട്ടു നീങ്ങിക്കൊണ്ടിരുന്നു. ഒടുവിൽ മാഹിഷ്മതിയിലും എത്തിച്ചേർന്നു.

നീലൻ എന്ന രാജാവാണ് മാഹിഷ്മതി ഭരിക്കുന്നത്. സഹദേവന്റെ സൈന്യത്തെ നീലന്റെ സൈന്യം ചെന്നു ചെറുത്തു. പല ശത്രുക്കളെയും ജയിച്ചുകഴിഞ്ഞിരിക്കയാണ് സഹദേവൻ. എങ്കിലും നീലനെ കീഴടക്കാൻ കഴിഞ്ഞില്ല. കാരണം, നീലന് പ്രബലനായ ഒരു ബന്ധുവുണ്ട്. ആ ബന്ധു മറ്റാരുമല്ല; അഗ്നിദേവൻതന്നെ.

അവർ എങ്ങനെ ബന്ധുക്കളായി?

നീലന് അതിസുന്ദരിയായ ഒരു പുത്രിയുണ്ട്, സുദർശന. രാജാവ് ഇടയ്ക്കിടയ്ക്ക് അഗ്നിഹോമം നടത്താറുണ്ട്. അപ്പോഴൊക്കെ രാജകുമാരിയും അരികത്തുണ്ടാവും. അവളുടെ സാമീപ്യം അഗ്നിക്ക് സന്തോഷം ഉളവാക്കിയിരുന്നു. അവൾ തന്റെ ഭാര്യയാവണം എന്നാണ് അഗ്നിദേവന്റെ ആഗ്രഹം. സുദർശന അരികത്തുള്ളപ്പോൾ അഗ്നി നല്ലവണ്ണം കത്തിജ്വലിക്കും. കാല

ക്രമേണ എന്തുണ്ടായി എന്നോ? ആരുതന്നെ കത്തിച്ചാലും അഗ്നി കത്തുകയില്ല. വിശറികൊണ്ട് എത്ര വീശിയാലും ശരി, ഒരു ഫലവുമില്ല. നേരെമറിച്ച് സുദർശന ഒന്ന് ഊതിയാൽ മതി, അഗ്നി ഏറ്റവും ശോഭയോടെ ജ്വലിച്ചു നില്ക്കും.

താമസിയാതെ മാഹീഷ്മതിയിലെങ്ങും ഒരു ശ്രുതി പരന്നു—അഗ്നിദേവൻ രാജകുമാരിയെ വിവാഹം കഴിക്കാൻ പോകുന്നുവെന്ന്. സുദർശനയ്ക്കും അതുതന്നെയാണ് വേണ്ടതെന്നും. ശ്രുതി വാസ്തവംതന്നെയായിരുന്നുതാനും. ചിലപ്പോഴൊക്കെ അഗ്നിദേവൻ ഒരു ബ്രാഹ്മണയുവാവിന്റെ വേഷം ധരിക്കും. ആ വേഷത്തിൽ സുദർശനയോടുകൂടി സമയം ചെലവഴിക്കും. സന്ദർഭവശാൽ ഒരിക്കൽ നീലൻ അതു കാണാനിടയായി. രാജാവിന് അഗ്നിയോടു കോപം തോന്നി. ആ നിമിഷം എന്താണ് ഉണ്ടായത്? അഗ്നിയും കോപിച്ച് ഭയങ്കരമായി കത്തിക്കാളി. രാജാവ് പേടിച്ച് പിൻവാങ്ങി. അഗ്നിദേവന് ദേഷ്യമുണ്ടായാൽപ്പിന്നെ തീർന്നില്ലേ കാര്യം?

ഒന്നുകൊണ്ടു മാത്രമേ അഗ്നിദേവൻ പ്രീതിപ്പെടുകയുള്ളു. സുദർശനയുടെ പാണിഗ്രഹമാണത്. രാജാവ് ആ കർമം നടത്തി.

അഗ്നിദേവൻ സന്തുഷ്ടനായി.

"നീലാ, അങ്ങേയ്ക്ക് വരം തരണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഇഷ്ടമുള്ള വരം ചോദിച്ചുകൊള്ളൂ." അഗ്നിദേവൻ ആവശ്യപ്പെട്ടു.

"അവിടുന്ന് എന്റെ സൈന്യത്തെ രക്ഷിച്ചുനില്ക്കണം." നീലൻ അപേക്ഷിച്ചു.

ആ അപേക്ഷ അഗ്നിദേവൻ സ്വീകരിച്ചു.

ചില രാജാക്കന്മാർ മാഹീഷ്മതിയെ ആക്രമിക്കുകയുണ്ടായി. അഗ്നിദേവൻ ആ ശത്രുക്കളെ എന്താണ് ചെയ്തതെന്നോ? എരിച്ച് ചാമ്പലാക്കി.

പിന്നീടാണ് സഹദേവൻ മാഹീഷ്മതിയിൽ വന്നത്. ആ വീരൻ ഘോരമായ ആക്രമണം നടത്തി. പെട്ടെന്ന് സഹദേവൻ ഒന്നു കണ്ട് അമ്പരന്നു. തന്റെ സൈന്യത്തിന്റെ മദ്ധ്യത്തിൽ തീ കത്തിയുയരുന്നു. തേരുകളും ആനകളും കുതിരകളും കാലാളുകളും ഭസ്മമാകുന്നു. അഗ്നിദേവനാണ് അതിനു കാരണം. അക്കാര്യം സഹദേവനു ബോധ്യമായി.

സഹദേവൻ ഭക്തിയോടെ അഗ്നിദേവനെ വാഴ്ത്തി സ്തുതിച്ചു.

അഗ്നിദേവൻ സംതൃപ്തനായി.

"സഹദേവാ, രാജസൂയത്തിന്റെ കാര്യം ഞാൻ അറിയായ്കയല്ല. എന്നാൽ, നീലനെ കാക്കുക എന്ന കടമ എനിക്കുണ്ട്. ഏതിനും ഞാൻ നിന്റെ ആഗ്രഹം സാധിപ്പിക്കാം." അഗ്നിദേവൻ പറഞ്ഞു.

നീലൻ സഹദേവന് കപ്പം കൊടുക്കണം. ആ ആജ്ഞ നല്കി അഗ്നിദേവൻ.

നീലൻ ആ ആജ്ഞ അനുസരിച്ചു.

വാസ്തവത്തിൽ അല്ലെങ്കിലും പേരിനു തനിക്കു വിജയം കിട്ടിയില്ലേ? അതു മതിയായിരുന്നു സഹദേവന്. അഗ്നിയോടും നീലനോടും വിടവാങ്ങി സഹദേവൻ തന്റെ വഴിക്കു പോയി.

(മഹാഭാരതം ആദിപർവ്വം, ഖാണ്ഡവദാഹം,
രാജസൂയത്തിനു മുമ്പ് സഹദേവന്റെദിഗ്വിജയം.)

ജയവിജയന്മാർ

കർദ്ദമന്റെയും ദേവഹൂതിയുടെയും പുത്രനാണ് കപിലൻ. (കപിലന്റെ കഥ മറ്റൊരിടത്ത് വിസ്തരിച്ചിട്ടുണ്ട്).

വാസ്തവത്തിൽ കപിലൻ മൂന്നാമത്തെ പുത്രനാണ്. ജയനും വിജയനും ആയിരുന്നു ഒന്നാമനും രണ്ടാമനും. അടിയുറച്ച വിഷ്ണുഭക്തി ഉണ്ടായിരുന്നു ഇരുവർക്കും. പൂജാസമയത്ത് അവർക്ക് ഭഗവാനെ നേരിട്ടു കാണാം.

ഒരിക്കൽ മരുത്തനെന്ന മഹാരാജാവ് ഒരു യാഗം ചെയ്തു.

(മരുത്തന്റെ കഥ അന്യത്ര പറഞ്ഞിട്ടുണ്ട്).

യാഗത്തിനു പലർക്കും ക്ഷണം ലഭിച്ചിരുന്നു. അവരുടെ കൂട്ടത്തിൽ പെട്ടിരുന്നു ജയനും വിജയനും. അവർ ക്ഷണം സ്വീകരിച്ച് യാഗത്തിൽ സംബന്ധിച്ചു. യാഗം തീർന്നപ്പോൾ ദാനമായി. സഹോദരന്മാർക്ക് കുറെയേറെ രത്നങ്ങൾ ദാനം കിട്ടി. അവർ രത്നങ്ങളുമായി തങ്ങളുടെ ഗൃഹത്തിൽ തിരിച്ചെത്തി. രത്നങ്ങൾ വീതിച്ചെടുക്കുകതന്നെ. അതായി സഹോദരന്മാരുടെ നിശ്ചയം. അന്നോളം അവർ തമ്മിൽ സ്നേഹമായിരുന്നു. എന്നാൽ, ഇപ്പോൾ സ്നേഹത്തിന്റെ സ്ഥാനത്ത് സ്പർദ്ധ കടന്നുകയറി. സ്പർദ്ധയോടൊന്നിച്ച് ദുരാഗ്രഹവും. തനിക്കു കൂടുതൽ രത്നങ്ങൾ കിട്ടണം. അതായി ഓരോ സഹോദരന്റെയും മോഹം. എന്തിനു പറയുന്നു, വാദമായി, വഴക്കായി, വിരോധമായി.

"വിജയാ, നീ ഒരു മുതലയായിപ്പോകട്ടെ!" ജയൻ അനുജനെ ശപിച്ചു.

"എന്നാൽ, ജ്യേഷ്ഠൻ ഒരു ആനയായിപ്പോകട്ടെ!" വിജയൻ മറുശാപമേകി.

ചെറ്റുകഴിഞ്ഞ് ഇരുവർക്കും ദുഃഖമായി. അവർ മഹാവിഷ്ണുവിനെ ദുഃഖം അറിയിച്ചു. വേണ്ട സമയത്ത് താൻ ശാപമോക്ഷം ഉണ്ടാക്കിക്കൊള്ളാം—അതായിരുന്നു ഭഗവാന്റെ വാഗ്ദാനം.

ഗണ്ഡകി എന്നൊരു നദിയുണ്ട്. വിജയൻ മുതലയായി ഗണ്ഡകിയിൽ ജീവിതം തുടങ്ങി. നദിയുടെ തീരത്ത് മദയാനയായി ജയനും ജീവിതം തുടങ്ങി. ഒരു നാൾ മദയാന നദിയിലിറങ്ങി. മുതല മദയാനയെ കേറിപ്പിടിച്ചു. മദയാന മഹാവിഷ്ണുവിനെ ഭജിച്ചു. ഭഗവാൻ ചക്രംകൊണ്ട് രണ്ടിനെയും വധിച്ചു. അങ്ങനെ അവയുടെ ശാപമോക്ഷം നിർവഹിച്ചു. അവരെ വൈകുണ്ഠത്തിലേക്കു കൊണ്ടുപോയി.

അന്നുമുതൽ ജയനും വിജയനും വൈകുണ്ഠത്തിലെ ദ്വാരപാലകന്മാരായി.

(ജയവിജയന്മാരുടെ അനന്തരജന്മങ്ങളുടെ കഥ 'മാലിഭാഗവത'ത്തിലുണ്ട്).

(സ്കാന്ദപുരാണം, വൈഷ്ണവഖണ്ഡം)

ധന്വന്തരി

പാലാഴി കടഞ്ഞപ്പോൾ പലരും പലതും ഉയർന്നുവന്നു. പലരിൽ ഒന്നായിരുന്നു ധന്വന്തരി. മഹാവിഷ്ണുവിനെ സേവിച്ച് ധന്വന്തരി അരികിൽ നില്പായി.

"പ്രഭോ, അടിയനു ഭൂമിയിൽ ഭാഗസ്ഥാനം തരണം." ധന്വന്തരി പ്രാർത്ഥിച്ചു.

"ധന്വന്തരീ, നീ ഇനിയൊരിക്കൽ ലോകത്തിൽ ജന്മമെടുക്കും. അന്നു നീ ആയുർവേദം നിർമിച്ചു പ്രചരിപ്പിക്കും. നീ സകലരാലും ബഹുമാനിക്കപ്പെടുകയുംചെയ്യും." മഹാവിഷ്ണു അരുളിച്ചെയ്തു.

കാലം വളരെയേറെ കഴിഞ്ഞുപോയി.

കാശിയിൽ ഒരു രാജാവുണ്ടായി. രാജാവിന് പുത്രനില്ലാത്ത കഠിന ദുഃഖമുണ്ട്. അദ്ദേഹം പുത്രൻ ജനിക്കുന്നതിനായി ധന്വന്തരിയെ ആരാധിച്ചു.

ധന്വന്തരി പ്രത്യക്ഷനായി.

"രാജാവേ, എന്താണ് ആഗ്രഹം?" ധന്വന്തരി ചോദിച്ചു.

"അവിടുന്ന് എന്റെ പുത്രനായി ജനിക്കണം." കാശിരാജാവ് ആഗ്രഹം പ്രകടിപ്പിച്ചു.

ധന്വന്തരി ആ ആഗ്രഹം സാധിപ്പിച്ചു. കാശിരാജാവിന്റെ പുത്രനായി ജനിക്കയുംചെയ്തു. മുമ്പ് മഹാവിഷ്ണു അരുളിച്ചെയ്തില്ലേ? അതിപ്പോൾ യാഥാർത്ഥ്യമായി. ധന്വന്തരി അഷ്ടാംഗഹൃദയം നിർമിച്ചു. അത് ശിഷ്യന്മാരെ പഠിപ്പിച്ചു. ആയുർവേദത്തിനു ജനമദ്ധ്യത്തിൽ പ്രചാരവും ഉണ്ടായി.

(മഹാഭാരതം, ഹരിവംശപർവം)

ബാലി, സുഗ്രീവൻ, ഹനുമാൻ

ലക്ഷ്മീസ്വയംവരം എന്ന സംഗീതനാടകം അഭിനയിക്കണം; അഭിനയിക്കുന്നവർ എല്ലാം സ്ത്രീകൾ ആയിരിക്കണം; കാണികളായും സ്ത്രീകൾ മാത്രമേ പാടുള്ളു—അതായിരുന്നു ദേവേന്ദ്രന്റെ നിശ്ചയം. പുരുഷനായ താൻ മാത്രം സന്നിഹിതനായിരിക്കും—അതുംകൂടി നിശ്ചയിക്കാൻ അദ്ദേഹം മറന്നില്ല.

ആ നാടകത്തിൽ ഗാനങ്ങളുണ്ട്, നൃത്തങ്ങളുണ്ട്, വാദ്യപ്രയോഗങ്ങളുണ്ട്. ആ കലകളിൽ പ്രവീണകളായ സ്വർഗ്ഗസുന്ദരികൾ അനേകമാണ്. ഉർവ്വശി, മേനക, രംഭ, തിലോത്തമ മുതലായവരും അവരിൽ ഉൾപ്പെടുന്നു.

നാടകശാലയുടെ പുറത്ത് കാവല്ക്കാർ നില്പുണ്ട്. അവർക്ക് ദേവേന്ദ്രൻ കർശനമായ ആജ്ഞ നല്കിയിരിക്കുന്നു. പെണ്ണുങ്ങളെ കടത്തിവിടണം; ആണുങ്ങളെ കയറ്റുകയുമരുത്—അതായിരുന്നു ആജ്ഞ.

അണിയറയിൽ ചമയങ്ങൾ ആരംഭിക്കയായി. അവ തീർന്നപ്പോൾ അരങ്ങത്തു ഗാനങ്ങളും നൃത്തങ്ങളും തുടങ്ങി. സദസ്സിൽ സ്ത്രീകൾ തിങ്ങിനിറഞ്ഞിരിക്കുന്നു. കൂടുതൽ സ്ത്രീകൾ വന്നുകൊണ്ടുമിരിക്കുന്നു. ആകെ ഒരു കോലാഹലം!

ആ കോലാഹലം കേട്ടു അരുണൻ.

ഗരുഡന്റെ ജ്യേഷ്ഠനാണ് അരുണൻ. സൂര്യദേവന്റെ തേരാളിയും. എല്ലാ ദിവസവും സൂര്യന്റെ തേരു തെളിക്കണം. അത് അരുണന്റെ ചുമതലയാണ്. ഒരു അവധിപോലും കിട്ടാറില്ല. ഇതാ നല്ലൊരു അവസരം വന്നിരിക്കുന്നു!

"ദേവാ, അതാ കൊട്ടും പാട്ടുമൊക്കെ കേൾക്കുന്നു. സ്വർഗ്ഗസുന്ദരി മാരുടെ നാടകം തുടങ്ങുകയാണ്. എനിക്ക് അതു കാണാൻ ആഗ്രഹമുണ്ട്. അതിന് അനുമതി തരണം." അരുണൻ സൂര്യനോട് അപേക്ഷിച്ചു.

സൂര്യന് അത്ര പന്തിയായില്ല.

"അരുണാ, അത് നല്ലതിനല്ല എന്ന് എനിക്കൊരു തോന്നൽ. പക്ഷേ, നിനക്ക് ആഗ്രഹമുണ്ടെങ്കിൽ പൊയ്ക്കോളൂ. ഏതിനും വേഗം വരണം." സൂര്യൻ പറഞ്ഞു.

എത്രയും വേഗത്തിൽ അരുണൻ നാടകശാലയുടെ വാതിലിലെത്തി. വാതിലിലൂടെ ഉള്ളിൽ കടക്കാൻ ഭാവിച്ചു. കാവൽക്കാർ അരുണനെ തടഞ്ഞുനിർത്തി:

"ഇവിടെ പുരുഷന്മാർക്ക് പ്രവേശനമില്ല." അവർ അറിയിച്ചു.

പ്രവേശനമില്ലാത്ത സ്ഥലത്ത് കടക്കുന്നത് ശരിയല്ല. ആ സ്ഥിതിക്ക് അരുണൻ അവിടം വിട്ടു പോകേണ്ടതായിരുന്നു. പക്ഷേ, ചെയ്തത് അതായിരുന്നില്ല. നാടകം കാണാനുള്ള ആഗ്രഹം അടക്കവയ്യ. സ്ത്രീരൂപം ധരിച്ചാൽ അതു സാധിക്കും. അരുണനു ചില ദിവ്യശക്തികൾ ഇല്ലാതില്ല. ആ സാരഥി ഒഴിഞ്ഞ ഒരിടത്തു ചെന്നു. പുരുഷവേഷം ത്യജിച്ച് സ്ത്രീയായി. അതും എങ്ങനത്തെ സ്ത്രീ! സ്വർഗ്ഗസുന്ദരികളെക്കാൾ സൗന്ദര്യമുള്ളവൾ! ആ രൂപത്തിൽ വീണ്ടും നാടകശാലയിൽ ചെന്നു. കാവൽക്കാർ കടത്തി വിടുകയുംചെയ്തു. അവരുണ്ടോ അറിയുന്നു, ഇത് പുരുഷൻ സ്ത്രീയായതാണെന്ന്!

ആയിരം കണ്ണുകളുണ്ടല്ലോ ദേവേന്ദ്രന്. ആ കണ്ണുകൾ ഈ സുന്ദരിയിലും ചെന്നുപറ്റി. സ്വതവേ തോന്ന്യാസക്കാരനാണ് ദേവേന്ദ്രൻ. ഇപ്പോഴിതാ പുതിയൊരു തോന്ന്യാസം. അറിയപ്പെടാത്ത ഈ സുന്ദരിയെ ഭാര്യയാക്കണം! അതോ, ഒരു ദിവസത്തേക്കു മാത്രവും.

ദേവേന്ദ്രൻ ആ ആഗ്രഹം ഒട്ടും ലജ്ജിക്കാതെ അരുണനെ അറിയിച്ചു. അതായത്, അരുണൻ ആയിരുന്ന സുന്ദരിയെ.

അരുണൻ പല ഒഴികഴിവുകളും പറഞ്ഞുനോക്കി. പക്ഷേ, അവയൊന്നും ദേവേന്ദ്രനോട് വിലപ്പോയില്ല. അരുണൻ ആയിരുന്ന സ്ത്രീ ദേവേന്ദ്രന്റെ ഭാര്യയുമായി.

നോക്കണേ ദൈവഗതി! അവർക്ക് ഒരു ആൺസന്താനമുണ്ടായി. അതോ ആ സമയത്തുതന്നെ!

ദേവേന്ദ്രനും മനസ്സിലായി യാഥാർത്ഥ്യം. അരുണൻ സ്ത്രീരൂപം ധരിച്ചതാണ് എന്ന്.

"അരുണാ, ഗൗതമൻ എന്നൊരു മഹർഷിയുണ്ട്. ഗൗതമന്റെ പത്നിയാണ് അഹല്യ. നീ ഈ കുട്ടിയെ കൊണ്ടുപോയി അഹല്യയെ ഏല്പിക്കൂ. ഇവനെ അഹല്യ വളർത്തിക്കൊള്ളും." ദേവേന്ദ്രൻ പറഞ്ഞു.

അരുണൻ കുട്ടിയെ എടുത്ത് യാത്രയായി. അഹല്യയെക്കണ്ട് കുട്ടിയെ നല്കി. അതിനുശേഷം സൂര്യദേവന്റെ അരികിലേക്കു മടങ്ങി.

സൂര്യദേവന് അല്പം നീരസം ഉണ്ടാകാതിരുന്നില്ല.

"നീ വളരെ താമസിച്ചുപോയി. ഞാൻ വല്ലാതെ ബുദ്ധിമുട്ടി." അദ്ദേഹം പറഞ്ഞു.

നടന്നതെല്ലാം അറിയിക്കാതെ അരുണനു ഗത്യന്തരമുണ്ടായില്ല.

സൂര്യന് അതിയായ കൗതുകം തോന്നി.

"നീ ധരിച്ച സ്ത്രീരൂപം എനിക്കു കാണണം." അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു.

വീണ്ടും അരുണൻ സ്ത്രീയായി.

സൂര്യനും ആഗ്രഹമുണ്ടായി, ദേവേന്ദ്രന് ഉണ്ടായതുപോലെ. അപ്പോഴും ഒരു ആൺകുട്ടി ജന്മമെടുത്തു. സൂര്യന്റെ നിർദ്ദേശപ്രകാരം അരുണൻ ആ കുട്ടിയെയും അഹല്യയെ ഏല്പിച്ചു. അതിനുശേഷം സ്വസ്ഥാനത്തേക്കു മടങ്ങി.

അഹല്യയ്ക്ക് രണ്ടു വളർത്തുപുത്രന്മാരെ കിട്ടി.

മുനിപത്നി അവരെ ലാളിച്ചുവളർത്തി.

കുട്ടികൾ കുസൃതികൾ ആയിരുന്നു. ഒരിക്കൽ അവരുടെ കുസൃതി കുറെ അധികമായി. ഗൗതമന് അതിയായ ദേഷ്യം വന്നു.

"നിങ്ങൾ കുരങ്ങന്മാരായിപ്പോകട്ടെ!" അദ്ദേഹം അവർക്കു ശാപമേകി.

ശാപം തൽക്ഷണം ഫലിക്കുമാറായി. കുട്ടികൾ രണ്ടും കുരങ്ങന്മാരായി. അതിനുശേഷം എന്തായി? മരങ്ങളിൽ ചാടിക്കയറും. തങ്ങളിൽ കെട്ടിമറിയും. ഗോഷ്ടികൾ കാട്ടും. പല്ലിളിച്ചു കാണിക്കും. അങ്ങനെ പല വികൃതികളും.

വളർത്തുകുട്ടികൾ വാനരന്മാരായില്ലേ? അതിൽ അഹല്യയ്ക്ക് അത്യധികമായ കുണ്ഠിതമുണ്ടായി. മുനിപത്നിക്ക് അത്ര വളരെ സ്നേഹമായിരുന്നു കുട്ടികളോട്.

ദേവേന്ദ്രനും വിവരം അറിവായി. അദ്ദേഹം ഒരു ഗന്ധർവ്വനെ വരുത്തി. ചിത്രരഥൻ എന്നായിരുന്നു ഗന്ധർവ്വന്റെ പേര്.

"ചിത്രരഥാ, നീ രാത്രിനേരത്ത് ഗൗതമന്റെ ആശ്രമത്തിൽ ചെല്ലണം. രണ്ടു കുട്ടികളെയും എടുത്തുകൊണ്ടു പോരണം. ആരും അറിയുകയും അരുത്." ദേവേന്ദ്രൻ പറഞ്ഞു.

ആ നിർദ്ദേശം ചിത്രരഥൻ അനുസരിച്ചു. ഗന്ധർവൻ ഗൗതമാശ്രമത്തിൽനിന്ന് കുട്ടികളെ കൊണ്ടുവന്നു. അവരെ ദേവേന്ദ്രനു നല്കുകയും ചെയ്തു.

ദേവേന്ദ്രൻ തന്റെ പുത്രന് ബാലി എന്നു പേരിട്ടു. സൂര്യപുത്രന് സുഗ്രീവൻ എന്ന പേരും. ഒരു നിലയ്ക്കു സഹോദരന്മാരാണല്ലോ ബാലിയും സുഗ്രീവനും. ദേവേന്ദ്രന്റെ മേൽനോട്ടത്തിൽ അവർ വളർന്നുവന്നു.

ബാലിക്ക് ദേവേന്ദ്രൻ ഒരു വരം നല്കി. ആരെങ്കിലും ബാലിയെ എതിർത്തു എന്നിരിക്കട്ടെ. എതിർക്കുന്നവന്റെ ബലത്തിൽ പകുതി ബാലിക്കു കിട്ടും—അതായിരുന്നു വരം.

കുറേക്കാലം കഴിഞ്ഞ് ഒരു സംഭവം ഉണ്ടായി.

വാനരന്മാർക്ക് പ്രത്യേകമായി ഒരു രാജ്യമുണ്ട്. കിഷ്കിന്ധ എന്നാണ് ആ രാജ്യത്തിന്റെ പേര്. ഋക്ഷരജസ്സ് എന്ന വാനരശ്രേഷ്ഠനാണ് രാജാവ്. വാർദ്ധക്യം ഋക്ഷരജസ്സിനെ ബാധിച്ചിരിക്കുന്നു. അദ്ദേഹത്തിനു സന്താനങ്ങൾ ഇല്ലതാനും. തന്റെ കാലശേഷം കിഷ്കിന്ധയെ ആരു ഭരിക്കും? അതായി

രുന്നു അദ്ദേഹം നേരിട്ട പ്രശ്നം. അപ്പോഴാണ് ബാലിയെയും സുഗ്രീവനെയും കുറിച്ച് അറിവു കിട്ടിയത്. ശക്തന്മാരും സമർത്ഥന്മാരുമാണ് ഇരുവരും. അവരെ ദത്തെടുക്കുകതന്നെ!

ഋക്ഷരജസ്സിന്റെ മന്ത്രിമാരിൽ പ്രധാനിയാണ് ജാംബവാൻ. വൃദ്ധനെങ്കിലും ബുദ്ധിമാനും ശക്തനുമാണ് അദ്ദേഹം. ഋക്ഷരജസ്സ് ജാംബവാനെയും കൂട്ടി സ്വർഗ്ഗലോകത്തു ചെന്നു. തന്റെ ആഗ്രഹം ദേവേന്ദ്രനെ അറിയിക്കുകയുംചെയ്തു. ദേവേന്ദ്രന് ഏറ്റവും സന്തോഷമായി. അദ്ദേഹം ബാലിയെയും സുഗ്രീവനെയും വാനരരാജാവിനു നല്കി. അവരെയുംകൊണ്ട് വാനരരാജാവും വാനരമന്ത്രിയും കിഷ്കിന്ധയിൽ തിരിച്ചെത്തി.

ബാലി യുവരാജാവായി. ഋക്ഷരജസ്സ് കാലഗതി പൂകിയപ്പോഴോ? കിഷ്കിന്ധയിലെ രാജാവുമായി.

ജന്മനാതന്നെ ബാലി മഹാബലൻ ആയിരുന്നു. പോരെങ്കിൽ പിതാവിൽ നിന്നും വരബലം കിട്ടിയിട്ടുമുണ്ട്. എതിർത്തവരുടെ പകുതി ബലം ബാലിക്കു സിദ്ധമായി. ഒടുവിൽ എന്തായി? ലോകത്തിലെ ഏറ്റവും ബലശാലി ബാലിതന്നെ!

ആയിടയ്ക്കാണു പാലാഴിമഥനം നടന്നത്. അതു കാണാനായി ബാലി സ്ഥലത്തെത്തി. മന്ദരപർവ്വതം മത്ത്; വസുകിസർപ്പം കയറ്; കടയുന്നവർ അസുരന്മാരും ദേവന്മാരും—എന്തു രസമായിരുന്നു ആ കാഴ്ച കാണാൻ!

ഒരിക്കൽ കടയുന്നവർക്കു ക്ഷീണമായി. ആ സമയം ബാലി എന്താണ് ചെയ്തത്? അവരെയെല്ലാം മാറ്റി നിറുത്തി. ഒരു കൈകൊണ്ട് വാസുകിയുടെ തല പിടിച്ചു; മറ്റേ കൈകൊണ്ട് വാസുകിയുടെ വാലും. എന്നിട്ടു കടഞ്ഞും തുടങ്ങി. മന്ദരപർവ്വതം അതിവേഗം കറങ്ങിത്തുടങ്ങി. ബാലിയുടെ ബലം കണ്ടവരെല്ലാം അത്ഭുതപ്പെട്ടുപോയി.

അനേകം ദിവ്യജീവികളും ദിവ്യവസ്തുക്കളും പാലാഴിയിൽനിന്ന് ഉയർന്നുവന്നു. അവയുടെ കൂട്ടത്തിൽ ഒന്നായിരുന്നു താര എന്ന സുന്ദരി. ബാലി താരയെ പത്നിയായി സ്വീകരിച്ചു.

ഇനിയുള്ളത് ഹനുമാന്റെ കഥയാണ്.

ഒരിക്കൽ ശിവനും പാർവതിയും ഒന്നിച്ച് ഇരിക്കുകയായിരുന്നു. ദേവന്മാർ, ഭൂതങ്ങൾ, മഹർഷിമാർ—അവരെല്ലാം ചുറ്റിനുമുണ്ട്. ആകെ വമ്പിച്ച ഒരു സമൂഹം. ശിവനും പാർവതിക്കും അവർ ശല്യമായി തോന്നി. രണ്ടു പേരും ഒന്നിച്ചു മറഞ്ഞുകളഞ്ഞു.

ഒരു കാട്ടിൽ ചെന്ന് അവർ ഒളിച്ചിരുന്നു. ശിവൻ ഒരു ആൺകുരങ്ങിന്റെ രൂപം ധരിച്ചിരിക്കുന്നു. പാർവ്വതി ഒരു പെൺകുരങ്ങിന്റെ രൂപവും. അവർ ഇരിക്കുന്നതോ ഒരു വൻമരത്തിന്റെ മുകളിലും.

ഭഗവാനും ദേവിയും എവിടെപ്പോയി? ദേവന്മാർക്കും ഭൂതങ്ങൾക്കും മഹർഷിമാർക്കും ഒരു പിടിയും കിട്ടിയില്ല. എല്ലാവരുംകൂടി അന്വേഷിച്ചിറങ്ങി. ഒരിടത്തും ഭഗവാനെയും ദേവിയെയും കണ്ടുകിട്ടിയില്ല. അപ്പോൾ അവർക്ക് ഒന്നു തോന്നി. വായു വിചാരിച്ചാൽ അവരെ കണ്ടുപിടിക്കാനൊക്കും. കാരണം, വായു പോകാത്ത സ്ഥലമില്ല. എല്ലാവരുംകൂടി വായുവിനെ കണ്ടു സഹായം അപേക്ഷിച്ചു.

വായു വീശിക്കൊണ്ടു സകല ദിക്കുകളിലും സഞ്ചരിച്ചു. ഒടുവിൽ ശിവനും ദേവിയുമുള്ള കാട്ടിലും എത്തിച്ചേർന്നു. എന്നിട്ടു ശക്തിയോടെ

വീശിത്തുടങ്ങി. വൃക്ഷങ്ങളെല്ലാം വല്ലാതെ ഉലയുകയായി. ഒരേ ഒരു വൃക്ഷം മാത്രം നിന്നനിലയ്ക്കു നില്ക്കുന്നു! വായു വർദ്ധിച്ച ഊക്കോടെ ആഞ്ഞു വീശി. എന്നിട്ടും ആ വൃക്ഷത്തെ അല്പംപോലും ഇളക്കാൻ സാധിച്ചില്ല. അപ്പോൾ വായുവിനു മനസ്സിലായി ശിവനും പാർവതിയും ആ വൃക്ഷത്തിലുണ്ട് എന്ന്. വായു എല്ലാ വൃക്ഷക്കൊമ്പുകളും ശ്രദ്ധിച്ചുനോക്കി. അതാ ഒരു ആൺകുരങ്ങും പെൺകുരങ്ങും! കണ്ടോ ഭഗവാനും ദേവിയും രൂപം മാറിയിരിക്കുന്നത്!

ശിവനും പാർവതിയും സ്വന്തം രൂപങ്ങൾ ധരിച്ചു.

പാർവതി ഗർഭിണിയാണ് ഇപ്പോൾ.

ഭഗവാൻ വായുവിന് ഒരു നിർദ്ദേശം നല്കി:

"വായൂ, കേസരി എന്നൊരു വാനരശ്രേഷ്ഠനുണ്ട്. അവന്റെ പത്നി അഞ്ജനയാണ്. നീ, ജനിക്കാൻ പോകുന്ന കുട്ടിയെ അഞ്ജനയിലാക്കണം." ഭഗവാൻ പറഞ്ഞു.

ഭഗവാന്റെ നിർദ്ദേശമനുസരിച്ചല്ലേ പറ്റൂ? വായു ദിവ്യശക്തിയാൽ കുട്ടിയെ ആകർഷിച്ചെടുത്തു. അതിനെ വഹിച്ചുകൊണ്ട് അഞ്ജനയെ കണ്ടു. കുട്ടിയെ അഞ്ജനയിലുമാക്കി.

അഞ്ജന ഒരു വാനരബാലനെ പ്രസവിച്ചു.

വാസ്തവത്തിൽ അഞ്ജന ഒരു അപ്സരസ്സ് ആയിരുന്നു. അവൾക്കു മുമ്പൊരു ശാപം ഏറ്റിട്ടുണ്ടായിരുന്നു. പുത്രജന്മത്തോടുകൂടി ശാപമോക്ഷം സംഭവിക്കുകയായി. അവൾ പുത്രനെ ഉപേക്ഷിച്ച് അപ്സരസ്സുകളുടെ ലോകത്തേക്കു പോയി.

വാനരബാലന് അമ്മയില്ലാതായി. ജനിച്ചിട്ടു സമയം അധികമായുമില്ല. വല്ലാത്ത വിശപ്പുണ്ട്. വല്ലതും കഴിക്കാതെ പറ്റുകയില്ല. അവൻ മുകളിലേക്കു നോക്കി. സമയം രാവിലെയാണ്. സൂര്യൻ ഉദിച്ചുയരുന്നുണ്ട്. അതു തുടുത്ത ഒരു പഴമെന്നു കുട്ടിക്കു തോന്നി. അപ്പോൾതന്നെ അമിതമായ ദേഹബലവും വേഗവുമുണ്ട്. അവൻ പഴത്തെ പിടിച്ചെടുത്തു തിന്നാനായി മേല്പോട്ട് ഒരു ചാട്ടം! ആ ചാട്ടം അവനെ സൂര്യന്റെ അടുക്കൽ എത്തിച്ചു.

ആ സമയം രാഹു അവിടെ എത്തിച്ചേർന്നു.

ദുഷ്ടനായ അസുരനാണ് രാഹു. മഹാവിഷ്ണു അവനെ ഗ്രഹമാക്കിയിരുന്നു. അവൻ ഇടയ്ക്കിടയ്ക്കു സൂര്യനെ ആക്രമിക്കും. അതിനുതന്നെയാണ് ഇപ്പോഴും വന്നിരിക്കുന്നത്.

വാനരബാലൻ രാഹുവിനെ കണ്ടപ്പോഴോ? സൂര്യനെ വിട്ട് രാഹുവിനെ വിഴുങ്ങാൻ ചെന്നു. രാഹു പേടിച്ചരണ്ട് ദേവേന്ദ്രനെ വിളിച്ചു കരഞ്ഞു. ദേവേന്ദ്രൻ ഓടിയെത്തി. വാനരബാലനെ വജ്രായുധംകൊണ്ടു വെട്ടി. വാനരബാലൻ വെട്ടേറ്റു മരിച്ചു ഭൂമിയിൽ പതിച്ചു.

പുത്രമരണം വായു കാണാൻ സംഗതിയായി. ഒരു വിധത്തിൽ വായുവിന്റെ പുത്രനാണല്ലോ വാനരബാലൻ. വായു അവനെ താങ്ങിയെടുത്തു മാറോടു ചേർത്തുപിടിച്ചു. എന്നിട്ട് സ്വയം മറഞ്ഞ് പാതാളത്തിൽച്ചെന്ന് ഇരിപ്പായി.

അപ്പോൾമുതൽ എന്തായി? ലോകത്ത് വായു ഇല്ലാതായി. ആ സ്ഥിതിക്കു ലോകം നശിക്കുകയേയുള്ളു. ബ്രഹ്മാവും ദേവന്മാരുംകൂടി പാതാളത്തിൽ

എത്തി. വായുവിനെ പ്രസാദിപ്പിക്കണം—അതായിരുന്നു അവരുടെ ലക്ഷ്യം. ബ്രഹ്മാവ് മരിച്ചുപോയ വാനരബാലനു ജീവൻ തിരിച്ചുനല്കി.

വായുവിന്റെ ദേഷ്യം അതോടെ മാറി.

ബ്രഹ്മാവ് വാനരബാലന് അനുഗ്രഹമേകി.

"നീ ഹനൂമാൻ എന്ന പേരിൽ പ്രസിദ്ധനാകും. മാത്രമല്ല, നീ എന്നന്നേക്കും ജീവിച്ചിരിക്കയും ചെയ്യും!" ഭഗവാൻ കനിഞ്ഞരുളി.

പിൽക്കാലത്ത് ഹനൂമാൻ സുഗ്രീവന്റെ മന്ത്രിയായി. ബാലിയെ ശ്രീരാമൻ വധിച്ചു. സുഗ്രീവനും ഹനൂമാനും ശ്രീരാമന്റെ ദാസന്മാരുമായി.

(ബാലി, സുഗ്രീവൻ, ഹനൂമാൻ എന്നിവരുടെ കഥകൾ 'മാലിരാമായണ'ത്തിൽ വിസ്തരിച്ചിട്ടുണ്ട്.)

(ബാല്യുത്ഭവം തുള്ളൽ, ഹനുമദ്യുത്ഭവം തുള്ളൽ)

രാവണന്റെ തോൽവി

മഹാപരാക്രമിയും മഹാബലനുമാണ് രാക്ഷസരാജാവായ രാവണൻ. അനേകമനേകം പേർ രാവണനോട് തോറ്റുപോയിട്ടുണ്ട്. എങ്കിലും ചില തോൽവികൾ രാവണനും പറ്റാതിരുന്നില്ല. ഒടുവിലത്തെ തോൽവി ശ്രീരാമനോടായിരുന്നു. അപ്പോൾ തോൽവിയോടൊന്നിച്ചു മരണവും സംഭവിക്കുകയുണ്ടായി. അതിനു വളരെ മുമ്പുകാലത്തും രാവണനു രണ്ടു തോൽവികളുണ്ടായി. ഒന്ന് കാർത്തവീര്യാർജ്ജുനനിൽനിന്ന്, മറ്റേത് ബാലിയിൽനിന്നും.

ഒരിക്കൽ നാരദമഹർഷി രാവണനെ ചെന്നുകണ്ടു. സ്വതവേ ഏഷണിക്കാരനാണ് നാരദൻ. ഇപ്പോൾ വന്നതിനു പ്രത്യേകമായ ഒരു ഉദ്ദേശ്യമുണ്ട്. രാവണനെ കുഴിയിൽ ചാടിക്കണം.

രാവണൻ അതിഥിയെ സ്വാഗതംചെയ്തു.

"മഹർഷേ, അങ്ങ് ലോകം ചുറ്റിസ്സഞ്ചരിക്കയാണല്ലോ. അങ്ങ് അറിയാത്ത സംഭവം ലോകത്ത് ഒരിടത്തുമില്ല. ഞാനാണെങ്കിൽ ലോകമെല്ലാം ജയിച്ചവനുമാണ്. എനിക്ക് എതിരാളികൾ എന്നൊരു കൂട്ടരേയില്ല." രാവണൻ പൊങ്ങച്ചം പറഞ്ഞു.

നാരദൻ സൂത്രത്തിൽ കാര്യം എടുത്തിട്ടു.

"രാവണാ, അങ്ങേക്കു സമനായി ഒരാളുണ്ട്." മഹർഷി പറഞ്ഞു.

അത് രാവണനെ അത്ഭുതപ്പെടുത്തി.

"ആരാണ് ആ ധിക്കാരി?" രാക്ഷസരാജാവ് ആരാഞ്ഞു.

"മറ്റാരുമല്ല, ഹേഹയരാജാവായ കാർത്തവീര്യാർജ്ജുനൻതന്നെ. അവന് ആയിരം കൈകളുണ്ട് എന്ന് അങ്ങ് കേട്ടിരിക്കും. അവൻ അങ്ങയെ പുല്ലുപോലെ കരുതുകയാണുപോലും. അതു കേട്ടിട്ട് എനിക്കു സഹിച്ചില്ല." നാരദൻ പറഞ്ഞു.

"ആങ്ഹാ, അങ്ങനെയോ? എന്നാൽ, ഞാൻ അവനെ പിടിച്ചുകെട്ടിക്കൊണ്ടുവരും." രാവണൻ വീമ്പിളക്കി.

ചിത്രയോധി എന്നൊരു മന്ത്രിയുണ്ട് രാവണന്. ആ അഹങ്കാരി ചിത്രയോധിയെ കൂട്ടി പുഷ്പകവിമാനത്തിൽ കയറി. കാർത്തവീര്യാർജ്ജുനന്റെ രാജധാനിയിലേക്കു പോകാൻ ഒരുക്കവുമായി.

"രാവണാ, അങ്ങ് ആ തെമ്മാടിയെ കെട്ടിവരിഞ്ഞുകൊണ്ടുവരണം. ആ കാഴ്ച കാണാൻ എനിക്ക് എന്തു രസമായിരിക്കുമെന്നോ? ഞാൻ അതിനായി കാത്തിരിക്കും കേട്ടോ?" നാരദൻ പറഞ്ഞിട്ട് അകമേ ചിരിച്ചു.

പുഷ്പകവിമാനത്തെ രാവണൻ വടക്കോട്ടു നയിച്ചു. വിമാനം ആകാശത്തിലൂടെ അതിശീഘ്രം പറന്നുപോയി. ഒടുവിൽ നർമദാനദിയുടെ മുകളിലെത്തി. രാവണൻ താഴോട്ടു നോക്കി. ഒന്നാംതരം ഒരു മണൽത്തിട്ട. അതു കണ്ടപ്പോൾ ഒന്നു തോന്നി. നദീജലത്തിൽ സ്നാനം ചെയ്യണം. മണൽത്തിട്ടയിലിരുന്നു ശിവപൂജ നടത്തണം.

രാവണൻ പുഷ്പകവിമാനത്തെ നിലത്തിറക്കി. എന്നിട്ട് ചിത്രയോധിയെ ഒരു നിർദ്ദേശത്തോടുകൂടി ഒരിടത്ത് അയച്ചു. അതിനുശേഷം കുളിച്ചു ശിവപൂജ തുടങ്ങി.

ചിത്രയോധി പോയത് കാർത്തവീര്യാർജ്ജുനനെ കാണാനാണ്. രാവണൻ ഒരു സന്ദേശം കൊടുത്തയച്ചിരുന്നു. എതിരാളിയെ നേരിട്ടുകണ്ട് സന്ദേശം ഏല്പിക്കണം.

അങ്ങുമിങ്ങും കാർത്തവീര്യാർജ്ജുനനെ അന്വേഷിച്ചുനടന്നു ചിത്രയോധി. അപ്പോൾ ഒരു അറിവ് കിട്ടി. ആ രാജാവ് നർമദാനദിയിൽ ഒരിടത്തു കുളിക്കുകയാണ്. ഒന്നിച്ചു രാജപത്നിമാരുമുണ്ട്.

അവിടെ ചെന്നെത്തി രാക്ഷസമന്ത്രി. കേട്ടതു ശരിയായിരുന്നു. രാജാവും രാജപത്നിമാരും സ്നാനംചെയ്യുന്നു.

നദീതീരത്തു നിലയുറപ്പിച്ചുകൊണ്ട് ചിത്രയോധി യജമാനന്റെ സന്ദേശം വിളിച്ചറിയിച്ചു:

"ഹേ കാർത്തവീര്യാർജ്ജുനാ, നീ എനിക്ക് കീഴടങ്ങി കപ്പം തരണം. അല്ലാത്തപക്ഷം ഞാൻ യുദ്ധത്തിനിറങ്ങും. നിന്നെ കൊല്ലുകയുംചെയ്യും"— അതായിരുന്നു രാവണന്റെ സന്ദേശം.

കാർത്തവീര്യാർജുനൻ ഓരോ വാക്കും ശ്രദ്ധിച്ചു കേട്ടു. പുഞ്ചിരിതൂകിയതേയുള്ളു. ഉത്തരമൊന്നും പറഞ്ഞില്ല. പത്നിമാരൊന്നിച്ചു സ്നാനം തുടർന്നു.

ചിത്രയോധി രാവണന്റെ അടുത്തെത്തി വിവരം പറഞ്ഞു. ധിക്കാരിയായ രാജാവിനെ ഒരു പാഠം പഠിപ്പിക്കണം. അതായി രാവണന്റെ നിശ്ചയം. അതിനു മുമ്പ് പൂജ തീർക്കുകതന്നെ.

ജലനിരപ്പിൽനിന്ന് പൊങ്ങിയതാണ് മണൽത്തിട്ട. താഴ്ന്നു പോകുന്നുവോ? അല്ല, ജലം പൊങ്ങിവരികയാണ്. അതോ, വളരെ വേഗത്തിലും. അതാ, പൂജാദ്രവ്യങ്ങൾ വെള്ളത്തിൽ ഒലിച്ചുപോകുന്നു! രാവണൻ ആകാശത്തേക്കു കണ്ണുകൾ ഉയർത്തി. മഴയില്ല എന്നതോ പോകട്ടെ, മഴക്കാറുകളുടെ ലാഞ്ഛനപോലുമില്ല. പിന്നെങ്ങനെ നർമദയിലെ ജലം പൊങ്ങി? ഒരു പിടിയും കിട്ടിയില്ല. ജലനിരപ്പ് നിമിഷംതോറും ഉയരുകയുമാണ്. തെല്ലു കഴിഞ്ഞപ്പോൾ എന്തായി? രാവണന്റെയും ചിത്രയോധിയുടെയും കാലുകൾ നിലംതൊടുന്നില്ല! അവർ കൈലാലുകളിട്ടടിച്ച് നീന്തിത്തുടങ്ങി. ഒടുവിൽ

കൈകാലുകൾ കുഴഞ്ഞു. വെള്ളം വായിലൂടെയും മൂക്കിലൂടെയും വയറ്റിൽ കയറി. ഇരുവരും ഒരുവിധം കരപറ്റി—അത്രയും പറഞ്ഞാൽ കഴിഞ്ഞു.

വെള്ളപ്പൊക്കത്തിന്റെ കാരണം അന്വേഷിച്ചു കണ്ടുപിടിക്കണമല്ലോ. ഇരുവരുംകൂടി അങ്ങുമിങ്ങും നടന്നുനോക്കി. അപ്പോൾ ദൂരെയായി ഒരു കാഴ്ച കണ്ടു. കാർത്തവീര്യാർജ്ജുനൻ നദീമദ്ധ്യത്തിൽ ഇറങ്ങിനില്ക്കുകയാണ്. ആയിരം കൈകളുണ്ടല്ലോ ആ മനുഷ്യരാജാവിന്. അഞ്ഞൂറു കൈകൾ ഒരു വശത്തേക്കു നീട്ടിയിരിക്കുന്നു. അഞ്ഞൂറു കൈകൾ മറുവശത്തേക്കും. അപ്പോൾ എന്തുപോലെയായി! നദിയിൽ അണകെട്ടിയപോലെ. നദീജലത്തിനു മുൻപോട്ട് ഒഴുകാൻ വയ്യാതായി. അത് ഉയർന്നു പരന്നു കൊണ്ടിരുന്നു! പല സ്ഥലങ്ങളും വെള്ളത്തിൽ മുങ്ങി. അവയുടെ കൂട്ടത്തിൽ രാവണൻ പൂജചെയ്ത സ്ഥലവും!

"എടാ മനുഷ്യപ്പുഴുവേ, നീ എന്നെ വെള്ളത്തിൽ ചാടിച്ചു, അല്ലേ? നിന്റെ ആയിരം കൈകളും ഞാൻ അരിഞ്ഞുവീഴ്ത്തും. കയറിവന്ന് എന്നോടു യുദ്ധം ചെയ്യ്. കാണട്ടെ നിന്റെ ചുണ!" രാവണൻ ആക്രോശിച്ചു.

കാർത്തവീര്യാർജ്ജുനൻ വെള്ളത്തിൽനിന്ന് കരയ്ക്കു കയറി. രാവണൻ അദ്ദേഹത്തോടു ചെന്നിടഞ്ഞു. അത്യുഗ്രമായ ദ്വന്ദ്വയുദ്ധവും ഉണ്ടായി. പക്ഷേ, ആ ദ്വന്ദ്വയുദ്ധം അധികനേരം നീണ്ടുനിന്നില്ല. കാർത്തവീര്യാർജ്ജുനൻ രാവണനെ തോല്പിച്ചു എന്നു മാത്രമോ? പിടിച്ചുകെട്ടി ചങ്ങല തളച്ചു. ഭൃത്യരെ വിളിച്ച് കെട്ടിയെടുപ്പിച്ചു. കൊട്ടാരത്തിലേക്കു കൊണ്ടുപോയി. കാരാഗൃഹത്തിൽ ഇടുകയും ചെയ്തു.

രാവണൻ തോറ്റു വശംകെട്ടു എന്നതുംപോകട്ടെ. കേവലം ഒരു മനുഷ്യന്റെ തടവിലായി. ഇതിൽപ്പരം ഒരു മാനഹാനി സംഭവിക്കാനുണ്ടോ?

അങ്ങനെ കഴിഞ്ഞു ചില ദിവസങ്ങൾ. അതിനിടയ്ക്ക് രാവണന്റെ കാര്യം കഷ്ടത്തിലായി. ഭക്ഷണം തീരെ കുറവാണ്. വസ്ത്രങ്ങൾ അഴുക്കുപുരണ്ടു, കീറിപ്പറിഞ്ഞു. അതുമൊക്കെ സഹിക്കാമെന്നുവയ്ക്കാം. ഒന്നുമാത്രം സഹിക്കാനായില്ല. രാജസ്ത്രീകൾ പരിഹസിച്ചു ചിരിക്കുന്നു!

അപ്പോൾ ചിത്രയോധി എവിടെ?

യുദ്ധത്തിനിടയിൽ രാക്ഷസമന്ത്രി കടന്നുകളഞ്ഞു. ചെന്നെത്തിയത് ലങ്കയിലല്ല. പിന്നെയോ, പുലസ്ത്യമഹർഷിയുടെ ആശ്രമത്തിൽ. രാവണന്റെ പിതാമഹനാണ് പുലസ്ത്യൻ.

ചിത്രയോധി പറഞ്ഞു കാര്യമറിഞ്ഞു മഹർഷി. അദ്ദേഹത്തിന് അതിയായ മനോവിഷമം ഉണ്ടായി. വേണ്ടാത്ത കുണ്ടാമണ്ടികൾ കാണിക്കുന്നവനാണ് രാവണൻ. എന്നിരുന്നാലും അവൻ തന്റെ പൗത്രനായിപ്പോയില്ലേ? കുടുക്കിൽപ്പെട്ടിരിക്കുന്ന അവനെ രക്ഷിക്കണം. അത് തന്റെ കടമ മാത്രമാണ്. മഹർഷി ആശ്രമം വിട്ടിറങ്ങി. ചിത്രയോധിയെയും കൂട്ടിക്കൊണ്ടുപോയി. ദീർഘയാത്ര ചെയ്ത് ഹേഹയരാജധാനിയിൽ എത്തി. നേരെ രാജാവിനെ ചെന്നു കണ്ടു.

കാർത്തവീര്യാർജ്ജുനൻ പുലസ്ത്യനെ പ്രണമിച്ചു.

"മഹർഷേ, ഇങ്ങോട്ടു വരാൻ എന്താണ് കാരണം?" അദ്ദേഹം വിനയത്തോടെ ചോദിച്ചു.

"രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, അങ്ങയെ കാണണം എന്നുള്ള ആഗ്രഹം. രണ്ട്, എന്റെ പൗത്രനായ രാവണന്റെ കാര്യം. അവൻ ചെയ്തത് തെറ്റു

തന്നെയാണ്. എങ്കിലും അങ്ങ് അവനെ മോചിപ്പിക്കണം. അതുകൊണ്ട് അങ്ങേക്ക് നല്ലതു വരും." പുലസ്ത്യൻ പറഞ്ഞു.

ഏറ്റവും മാഹാത്മ്യമുള്ള മഹർഷിയാണ് പുലസ്ത്യൻ. ലോകർക്കെല്ലാം അറിയാവുന്നതാണ് അത്. കാർത്തവീര്യാർജ്ജുനന് അദ്ദേഹത്തോടു നിസ്സീമമായ ബഹുമാനമുണ്ട്. അതോടൊന്നിച്ച് ഭയവും. മഹർഷിയുടെ ആഗ്രഹം സാധിപ്പിച്ചില്ല എന്നുവരികിലോ? അദ്ദേഹം കോപിച്ച് ശപിച്ചെന്നു വരും. അപ്പോൾ സർവവും നശിക്കുകയുംചെയ്യും. രാജാവ് ഒരു ഭൃത്യനെ കാരാഗൃഹത്തിലേക്കു പറഞ്ഞയച്ചു. ഭൃത്യൻ ചങ്ങലയൂരി രാവണനെ മോചിപ്പിച്ചു. എന്നിട്ട് രാജാവിന്റെ സമക്ഷത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

രാവണന്റെ പത്തു മുഖങ്ങളും ലജ്ജകൊണ്ടു താഴ്ന്നു.

"എന്റെ വിരോധമെല്ലാം തീർന്നിരിക്കുന്നു, കേട്ടോ രാവണാ? ഇനി സ്വരാജ്യത്തേക്കു പോകാം. ഒന്നു മാത്രം. ഇനിമേൽ അഹങ്കാരം അരുത്." കാർത്തവീര്യാർജ്ജുനൻ പറഞ്ഞു.

രാവണൻ ഇറങ്ങിപ്പോയി. ദീർഘദൂരം യാത്രചെയ്ത് ലങ്കയിൽ എത്തിച്ചേർന്നു.

ബാലിയുമായി രാവണൻ തോറ്റെന്നു പറഞ്ഞല്ലോ. അതും ഒരു ഏഷണി കാരണമായിരുന്നു. ഇപ്രാവശ്യവും നാരദൻതന്നെയായിരുന്നു ഏഷണിക്കാരൻ.

രാവണന്റെ പുത്രനാണ് മേഘനാദൻ. ശക്തന്മാരിൽ ശക്തനാണ് അവൻ. ഒരിക്കൽ അവൻ രാക്ഷസസൈന്യത്തെ സജ്ജമാക്കി. അതുമായി സ്വർഗത്തിലേക്കു ചെന്നു. ഘോരമായ ആക്രമണവും നടത്തി. ദേവന്മാരെ ജയിച്ചു എന്നതും പോകട്ടെ; ദേവേന്ദ്രനെ ബന്ധനസ്ഥനാക്കി ലങ്കയിലേക്കു കൊണ്ടുപോയി; ഒരു കൊടിമരത്തിന്റെ ചുവട്ടിൽ തളച്ചിടുകയുംചെയ്തു.

ദേവേന്ദ്രന്റെ ദയനീയമായ അവസ്ഥ ഊഹിക്കാൻ പ്രയാസമില്ല. ശത്രുക്കളുടെ തടവുകാരനായി. അതും അവരുടെ തലസ്ഥാനനഗരത്തിൽ. കണ്ട രാക്ഷസന്മാരുടെ ആക്ഷേപവാക്കുകൾ കേൾക്കണം. പലമാതിരി അപമാനങ്ങൾ സഹിക്കണം. അല്ലാതെ എന്തു ചെയ്യാനൊക്കും?

ദേവേന്ദ്രന്റെ ദുഃസ്ഥിതി ബ്രഹ്മാവ് അറിഞ്ഞു. വല്ലവിധവും അദ്ദേഹത്തെ രക്ഷപ്പെടുത്തണം. അതിനായി ഭഗവാൻ ലങ്കയിൽ എത്തിച്ചേർന്നു.

"രാവണാ, നിന്റെ പ്രവൃത്തി ഒട്ടും ശരിയായില്ല. നീ ദേവേന്ദ്രനെ മോചിപ്പിക്കണം. അത് എന്റെ ആജ്ഞയാണ്." ബ്രഹ്മാവ് പറഞ്ഞു.

പണ്ടു രാവണൻ ബ്രഹ്മാവിനെ തപസ്സുചെയ്തിരുന്നു. ബ്രഹ്മാവിൽനിന്നു വരങ്ങൾ മേടിക്കുകയും ചെയ്തിരുന്നു. ആ നിലയ്ക്ക് ഭഗവാനെ ധിക്കരിക്കാൻ ഒക്കുമോ? രാവണൻ ദേവേന്ദ്രനെ മോചിപ്പിച്ചു.

ദേവേന്ദ്രൻ സ്വർഗത്തിലേക്കു മടങ്ങിപ്പോയി.

മഹാശക്തനായ ബാലി ദേവേന്ദ്രന്റെ പുത്രനാണ്. ബാലിയിൽനിന്ന് രാവണനു തോൽവിയുണ്ടാകാൻ പോകുന്നു—അതു രാവണൻ കാലേകൂട്ടി അറിഞ്ഞിരുന്നില്ല.

ഒരിക്കൽ നാരദൻ ലങ്കയിൽ ചെന്നു.

"മഹർഷേ, എന്നെ ധിക്കരിക്കുന്ന വല്ലവരുമുണ്ടോ? ഉണ്ടെങ്കിൽ പറയണം." രാവണൻ ആവശ്യപ്പെട്ടു.

"ഉണ്ട്. ഒരുവൻ അങ്ങയെ ധിക്കരിക്കുന്നുണ്ട്. ആരെന്നോ? ബാലി എന്ന വാനരൻ; എന്താണ് അവൻ പറഞ്ഞുനടക്കുന്നത്? അവന് അങ്ങും പുല്ലും ഒപ്പമാണ് എന്ന്." നാരദൻ തട്ടിവിട്ടു.

രാവണൻ ക്രോധംകൊണ്ടിളകി.

"രാക്ഷസസൈന്യം ഉടൻതന്നെ തയ്യാറാവട്ടെ!" അതായിരുന്നു ലങ്കാധിപന്റെ ആജ്ഞ.

നാരദൻ ഇടയ്ക്കു കയറി.

"രാവണാ, എന്തിനാണ് സൈന്യം? ബാലിയോ വെറുമൊരു കുരങ്ങൻ. സൈന്യത്തെ കണ്ടാൽ അവൻ പേടിച്ചോടിപ്പോയ്ക്കളയും. പിന്നെ അവനെ കിട്ടുകയില്ല. അങ്ങു തനിച്ചു പോയാൽ മതി. ഞാനുംകൂടി ഒന്നിച്ചു വരാം." മഹർഷി പറഞ്ഞു.

ശരിയാണ് എന്ന് രാവണനു തോന്നി. ആ ഗർവിതൻ നാരദനെ തേരിൽ കയറ്റി താനും കയറി അതിവേഗത്തിൽ ഓടിച്ചുപോയി.

ബാലി ഇപ്പോൾ ദക്ഷിണസമുദ്രത്തിന്റെ തീരത്തു തർപ്പണം ചെയ്യുകയാണ്—ആ വിവരം നാരദൻ രാവണനോടു പറഞ്ഞു.

രാവണൻ തേരോടിച്ച് ആ സ്ഥലത്തെത്തി.

"അതാ കണ്ടോ ബാലി ഇരിക്കുന്നത്?" നാരദൻ ചോദിച്ചിട്ട് ഒരു ദിക്കിലേക്കു വിരൽ ചൂണ്ടി.

രാവണൻ അങ്ങോട്ടു നോക്കി.

"ഞാൻ കാണുന്നത് ബാലിയെയല്ല; പർവ്വതത്തെയാണ്." രാവണൻ പറഞ്ഞു.

"അയ്യോ അതു പർവ്വതമല്ല. ബാലിയാണ്. പർവ്വതത്തോളം വലിപ്പമുണ്ട് ബാലിക്ക്." നാരദൻ അറിയിച്ചു.

രാവണന് ഭയമുണ്ടായി.

"ഹെയ് വലിപ്പമൊന്നും വകവയ്ക്കണ്ട. അങ്ങു പുറകെ ചെന്ന് അവന്റെ വാലിൽ പിടിക്കൂ." നാരദൻ പ്രോത്സാഹിപ്പിച്ചു.

സംശയിച്ചു സംശയിച്ച് രാവണൻ ബാലിയെ സമീപിച്ചു. പുറംതിരിഞ്ഞിരിക്കയാണ് ബാലി. പിറകിൽനിന്ന് രാവണൻ ചാഞ്ഞും ചരിഞ്ഞും നോക്കി. എത്ര വലിപ്പമാണ് ബാലിയുടെ കൈകാലുകൾക്കും വാലിനും! രാവണന്റെ പേടി കൂടി.

ദൂരെ മാറിനില്ക്കയാണ് നാരദൻ. അദ്ദേഹം തെരുതെരെ ആംഗ്യങ്ങൾ കാണിക്കുന്നു. പോയി വാലിൽ പിടിക്കണം എന്നാണ് ആംഗ്യങ്ങളുടെ അർത്ഥം. രാവണൻ പതുങ്ങിപ്പതുങ്ങി ബാലിയുടെ പിന്നിലെത്തി. രണ്ടും കല്പിച്ച് വാലിൽ കേറി ഒരു പിടി! ഒരു കൈകൊണ്ടാണ് പിടിച്ചത്. ബാലിയുടെ വാൽ അതിവേഗത്തിൽ ഒന്നു ചുറ്റി കുരുക്കായി. രാവണന്റെ കൈ ആ കുരുക്കിൽ കുടുങ്ങി. ഒന്നൊന്നായി ഇരുപതു കൈകളുംകൊണ്ട് വാലിൽ പിടിച്ചു. വാൽ വളരെ വേഗം പല തവണ ചുറ്റി കുരുക്കുകളിലായി. രാവണന്റെ ഇരുപതു കൈകളും കുരുക്കുകളിലായി. കൈകൾ ഇളക്കാനായി പിന്നീടത്തെ പരിശ്രമം. പക്ഷേ, ആ പരിശ്രമം വിഫലമായി. താമസിയാതെ മറ്റൊന്നും ഉണ്ടായി. രാവണന്റെ ദേഹവും കുരുക്കിൽ അകപ്പെട്ടു. അനങ്ങാൻ വയ്യാതെ കിടപ്പായി രാവണൻ.

പെട്ടെന്ന് ബാലി എഴുന്നേറ്റു മുകളിലേക്ക് ഒരു ചാട്ടം. ആ മഹാവാനരൻ ആകാശത്തൂടെ ശീഘ്രഗമനം ചെയ്തു. വാലിൽ തൂങ്ങുന്ന രാവണനുണ്ട് അതാ പറന്നുപോകുന്നു.

ബാലിയുടെ ചാട്ടം പടിഞ്ഞാറെ സമുദ്രത്തിന്റെ തീരത്തിൽ അവസാനിച്ചു. അവിടെയായി പിന്നത്തെ തർപ്പണം. തുടർന്നു വടക്കൻ സമുദ്രത്തിന്റെ തീരത്തിലേക്കു ചാടി. അവിടന്നു കിഴക്കൻ സമുദ്രത്തിന്റെ തീരത്തിലേക്കും.

ആ സമയത്തൊക്കെ വാലിൽ തൂങ്ങിക്കിടക്കുകയാണ് രാവണൻ. ഇടയ്ക്കിടയ്ക്ക് ബാലി വാലറ്റത്തെ സമുദ്രത്തിൽ ഒന്നു മുക്കും. അപ്പോഴൊക്കെ രാവണൻ ഉപ്പുവെള്ളം കുടിക്കും!

ലങ്കയിൽ മേഘനാദൻ വിഷമിച്ചിരിക്കുന്നു. അച്ഛൻ നാരദനോടുകൂടി പോയിട്ടു നാളുകൾ ഏറെയായി. എന്നിട്ടും മടങ്ങിവന്നിട്ടില്ല. ബാലിയോടു മല്ലടിക്കാനാണു പോയത്. അച്ഛൻ ബാലിയെ കയറിട്ടു കെട്ടിക്കൊണ്ടു വരും— ആദ്യമൊക്കെ അതായിരുന്നു മേഘനാദന്റെ ആശ. പക്ഷേ, അതിനിപ്പോൾ ഇളക്കം തട്ടിയിരിക്കുന്നു. എന്തെങ്കിലും അപകടം പറ്റിയിട്ടുണ്ടോ? ഏതിനും അന്വേഷണം നടത്തണം. മേഘനാദൻ ഒരു ദൂതനെ പറഞ്ഞയച്ചു. ദൂതൻ എല്ലായിടങ്ങളിലും തിരഞ്ഞുനടന്നു. അതാ, രാവണൻ ബാലിയുടെ വാലിൽ കുടുങ്ങിക്കിടക്കുന്നു! ദൂതൻ ലങ്കയിലേക്കോടി കണ്ടത് മേഘനാദനെ അറിയിച്ചു.

മേഘനാദന് ആദ്യം വ്യസനമുണ്ടായി. പിന്നീട് അടക്കവയ്യാത്ത കോപവും. ബാലിയെ വധിച്ച് പിതാവിനെ വീണ്ടെടുക്കണം. അതിനായി സന്നാഹങ്ങൾ ആരംഭിച്ചു.

ആ സമയം മയൻ വന്നെത്തി.

മണ്ഡോദരിയുടെ പിതാവാണ് മയൻ. മേഘനാദന്റെ മാതാവാണ് മണ്ഡോദരി. മയൻ മേഘനാദനോടു ചിലതെല്ലാം തീർത്തു പറഞ്ഞു. ബാലിക്ക് എതിരാളികളുടെ പാതി ശക്തി കിട്ടും; മേഘനാദന് ബാലിയെ തോല്പിക്കാൻ സാധിക്കയില്ല; കാത്തിരിക്കുക മാത്രമേ വഴിയുള്ളു— അങ്ങനെ പലതും. അനുസരിക്കാതെ മേഘനാദനു മറ്റു വഴി ഉണ്ടായിരുന്നില്ല.

അതിനിടയ്ക്ക് ബാലി ചെയ്തത് എന്താണ്? കിഷ്കിന്ധയിൽ മടങ്ങിയെത്തി. സിംഹാസനത്തിൽ ചെന്നിരുന്നു. രാജസഭ നിറഞ്ഞിട്ടുണ്ട്. പിറകിൽ നിന്നവർ ഒന്നു കണ്ടു—തമ്പുരാന്റെ വാലിൽ എന്തോ പറ്റിക്കൂടിയിരിക്കുന്നു! തർപ്പണംചെയ്യുന്ന സമയത്ത് വല്ല ജലജന്തുവും കടിച്ചുപിടിച്ചതോ? അതോ വാലിനു വല്ല വീർപ്പുദീനം ബാധിച്ചോ? അതുമല്ലെങ്കിൽ അനേകം മുഖങ്ങളുള്ള പരു ഉണ്ടായോ? അവർ അടുത്തു വന്നു പരിശോധിച്ചു. അപ്പോൾ മനസ്സിലായി. ജലജന്തുവല്ല. വീർപ്പുദീനമല്ല. പരുവല്ല. ലങ്കേശ്വരനായ രാവണൻ!

കുട്ടിക്കുരങ്ങന്മാരും ചിലരൊക്കെ വന്നുനോക്കി. പിറകിലൂടെയാണ് അവർ വന്നത്. അവർ രാവണനെ നോക്കി പല്ലുകിറിച്ചു, ഗോഷ്ടികൾ കാട്ടി, കൊഞ്ഞനം കാണിച്ചു. ചിലർ പുല്ലെടുത്ത് രാവണന്റെ മൂക്കിൽ തിരുകി കറക്കി. മറ്റു ചിലർ വടിയെടുത്തു നല്ലവണ്ണം തല്ലി. രാവണനു യാതൊന്നും ചെയ്യാനൊത്തില്ല. വിശപ്പും ക്ഷീണവും അതികഠിനം. അതിനിടയ്ക്കു കുട്ടിക്കുരങ്ങന്മാരുടെ ശല്യവും. രാക്ഷസരാജാവു കരഞ്ഞുപോയി.

ആ കരച്ചിൽ ബാലി കേൾക്കാനിടയായി.

അദ്ദേഹം ശ്രദ്ധിച്ചു. അതെ, കരയുന്നത് രാവണൻതന്നെ. അദ്ദേഹം തിരിഞ്ഞുനോക്കി.

"ഓഹോ, ആരാണിത്, രാവണനോ? എന്റെ അച്ഛൻ ദേവേന്ദ്രനെ ജയിച്ച രാക്ഷസചക്രവർത്തിയോ? കൈലാസമെടുത്തു പന്താടിയ മഹാശക്തനോ? കൊള്ളാം കൊള്ളാം! അങ്ങ് എങ്ങനെ എന്റെ വാലിൽ അകപ്പെട്ടു? എത്ര നേരമായി ഇങ്ങനെ കഴിയുന്നു? കഷ്ടം! ഞാനിതൊന്നും അറിഞ്ഞില്ലല്ലോ!" ബാലി പറഞ്ഞു. ആക്ഷേപിക്കാൻ മാത്രം.

അദ്ദേഹം രാവണനെ അഴിച്ചുവിട്ടു.

രാവണന് ആക്ഷേപം കുറിക്കുകൊണ്ടു.

വല്ലവിധവും ഇവിടന്നു രക്ഷപ്പെടണം. ബാലിയുടെ ദയവുകൊണ്ടേ അതു സാധിക്കൂ. നല്ല വാക്കുകൊണ്ട് ബാലിയെ സംപ്രീതനാക്കാൻ സാധിച്ചേക്കും. യാചിക്കുക എന്നതു വലിയൊരു പോരായ്മയാണ്. ലങ്കാചക്രവർത്തിയുടെ പദവിക്ക്. പക്ഷേ, എന്തു ചെയ്യാനൊക്കും?

"ബാലിമഹാരാജാവേ, ഞാൻ നാരദമഹർഷിയുടെ കുസൃതിക്കു വഴങ്ങിപ്പോയി. എന്റെ ബുദ്ധിമോശം അവിടുന്നു ക്ഷമിക്കണം. ദയവായി എന്നെ പോകാൻ അനുവദിക്കുകയും വേണം." രാവണൻ തൊഴുകൈയോടെ അപേക്ഷിച്ചു.

യാചന ഉദ്ദേശിച്ച ഫലം ഉളവാക്കി.

ബാലിക്കു ദയവുതോന്നി.

"രാവണാ, ഇനിമേൽ ധിക്കാരം അല്പം കുറയ്ക്കണം. ദേവേന്ദ്രനോടു മത്സരിക്കുകയും ചെയ്യരുത്. കേട്ടോ? ആട്ടെ, ലങ്കയിലേക്കു പൊയ്ക്കൊള്ളൂ." വാനരരാജാവു പറഞ്ഞു.

അപ്പോൾ രാവണന് ഒരാഗ്രഹമുണ്ടായി. തനിക്ക് ബാലിയുടെ മൈത്രി ഉണ്ടാവണം. അതു തനിക്കു വളരെ പ്രയോജനപ്പെടും.

"അങ്ങ് എന്നും എന്റെ മിത്രമായിരിക്കണം." രാവണൻ താഴ്മയായി അപേക്ഷിച്ചു.

ബാലിക്കു സമ്മതമായി.

രാവണൻ വിടവാങ്ങി ലങ്കയിലേക്കു പോയി.

(കാർത്തവീര്യാർജ്ജുനവിജയം തുള്ളൽ, ബാലിവിജയം തുള്ളൽ)

ശിവശർമയും പുത്രന്മാരും

പ്രഹ്ലാദന് ഒരു പൂർവ്വകഥയുണ്ട്.

മുജ്ജന്മത്തിൽ ആ അസുരശ്രേഷ്ഠൻ സോമശർമ ആയിരുന്നു.

ദ്വാരകയിൽ ശിവശർമ എന്നൊരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. ശിവശർമയ്ക്ക് അഞ്ചായിരുന്നു പുത്രന്മാർ—യജ്ഞശർമ, ദേവശർമ, ധർമശർമ, വിഷ്ണുശർമ, സോമശർമ. പിതൃഭക്തന്മാരായിരുന്നു അഞ്ചുപേരും. അവരുടെ പിതൃഭക്തി ഒന്നു പരീക്ഷിക്കണം. അതിനു മുതിർന്നു ശിവശർമ.

മഹാവിഷ്ണുവിന്റെ അനുഗ്രഹം ശിവശർമയ്ക്കു ലഭിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിനു പല സിദ്ധികളും വശമായി. അദ്ദേഹം മായ പ്രയോ

ഗിച്ചു. ഫലമായി പുത്രന്മാർക്ക് ഒന്നനുഭവപ്പെട്ടു. തങ്ങളുടെ അമ്മ രോഗം പിടിച്ച് മരിച്ചുപോയി എന്ന്.

പിതാവു മൂത്ത പുത്രനെ വിളിച്ചു:

"യജ്ഞശർമേ, നീ നിന്റെ അമ്മയുടെ ശരീരം കഷണമാക്കണം. ആ കഷണങ്ങൾ ദൂരെ കൊണ്ടുപോയി ഇടുകയും വേണം." അദ്ദേഹം ആജ്ഞാപിച്ചു.

എത്ര ദാരുണമായ ഒരു അവസ്ഥ! യജ്ഞശർമയ്ക്ക് അത്യധികമായ ദുഃഖമുണ്ടായി. എന്നാലും അച്ഛനെ അനുസരിക്കാതിരുന്നുകൂടാ. അത് മഹാപാപമാവും. അയാൾ ശിവശർമയുടെ ആജ്ഞ നടപ്പിലാക്കി.

അടുത്തതായി ശിവശർമ മായയാൽ ഒരു സുന്ദരിയെ സൃഷ്ടിച്ചു.

"ദേവശർമേ, എനിക്ക് ഇവളെ വിവാഹംകഴിക്കാൻ ആഗ്രഹമുണ്ട്. നീ അവളുടെ സമ്മതം മേടിച്ചു തരൂ." അദ്ദേഹം ആവശ്യപ്പെട്ടു.

ഏതു മക്കൾക്കു രസിക്കും അച്ഛന്റെ ഇമ്മാതിരി നടപടി? എങ്കിലും ദേവശർമ സുന്ദരിയോടു കാര്യത്തെക്കുറിച്ചു സംസാരിച്ചു. സുന്ദരിക്കു സമ്മതം ഉണ്ടായില്ല. പക്ഷേ, ദേവശർമ അതൊന്നും കൂട്ടാക്കിയില്ല.

"നിങ്ങൾക്കു ഞാൻ എന്തു വേണമെങ്കിലും തരാം. വേണ്ടിവന്നാൽ സ്വർഗ്ഗംപോലും. നിങ്ങൾ അച്ഛന്റെ ആഗ്രഹം സാധിപ്പിച്ചാൽ മാത്രം മതി." അയാൾ പറഞ്ഞു.

സുന്ദരിക്ക് ദേവശർമയുടെ കഴിവിനെക്കുറിച്ച് വിശ്വാസം തോന്നിയില്ല.

"എനിക്കു സ്വർഗ്ഗം തരാമെന്ന്, അല്ലേ? അത്രയ്ക്കു ശക്തിയുണ്ടോ നിങ്ങൾക്ക്? എന്നാൽ ഇന്ദ്രനെയും മറ്റു ദേവന്മാരെയും എനിക്കു കാട്ടിത്തരൂ. കാണട്ടെ നിങ്ങളുടെ മിടുക്ക്." സുന്ദരി വെല്ലുവിളി നടത്തി.

വളരെയധികം ആത്മബലമുണ്ട് ദേവശർമയ്ക്ക്. അയാൾ ഇന്ദ്രനെയും ദേവന്മാരെയും വിളിച്ചു. അടുത്ത നിമിഷത്തിൽ, അതാ മുമ്പിൽ നില്ക്കുന്നു അവരെല്ലാം!

ദേവന്മാർ ദേവശർമയെ നേരിട്ടു.

"അങ്ങ് എന്തിനാണ് ഞങ്ങളെ വിളിച്ചുവരുത്തിയത്? അങ്ങേയ്ക്ക് എന്തു വേണമെന്നുണ്ടെങ്കിലും ഞങ്ങൾ തരാം." ദേവന്മാർ പറഞ്ഞു.

എന്റെ പിതൃഭക്തി വർദ്ധിപ്പിച്ചുതന്നാൽ മതിയാകും. മറ്റൊന്നും എനിക്ക് ആവശ്യമില്ല." ദേവശർമ പറഞ്ഞു.

ഏറ്റവും അധികമാണ് അയാളുടെ പിതൃഭക്തി. ഇനി അതെങ്ങനെ വർദ്ധിപ്പിക്കാനാണ്? എങ്കിലും ദേവന്മാർ അയാളെ അനുഗ്രഹിച്ചു സ്വർഗത്തിലേക്കു മടങ്ങിപ്പോയി.

മായാസുന്ദരി ആവശ്യപ്പെട്ടത് ദേവശർമ നല്കുകയാണുണ്ടായത്. എന്നിട്ടും അവൾക്കു തൃപ്തി കൈവന്നില്ല. ഒന്നുകൂടി അവൾക്കു വേണമായിരുന്നു.

"നിങ്ങളുടെ ശിരസ്സ് നിങ്ങൾതന്നെ മുറിച്ച് എനിക്കു തരണം." അവൾ ആവശ്യപ്പെട്ടു.

ലേശവും മടികൂടാതെ ദേവശർമ സ്വന്തം ശിരസ്സ് വെട്ടിയിട്ടു. ആ തല യുമെടുത്ത് മായാസുന്ദരി ശിവശർമയെ സമീപിച്ചു. മറ്റു സഹോദരന്മാർ മൂർച്ചിക്കുമെന്ന നിലയായി.

ശിവശർമ മൂന്നാം പുത്രനെ വിളിച്ചു:

"ധർമശർമേ, നിന്റെ ജ്യേഷ്ഠന്റെ തല എടുത്തുകൊണ്ടുവരൂ." അദ്ദേഹം കല്പിച്ചു.

അപ്രകാരം ചെയ്തു ധർമശർമ. അതിനുശേഷം മറ്റൊന്നും. അയാൾ ഏകാന്തമായ ഒരിടത്തു ചെന്നു. ആത്മശക്തി പ്രയോഗിച്ച് യമനെ വരുത്തി.

"ദേവാ, അവിടുന്ന് എന്റെ ജ്യേഷ്ഠനെ ജീവിപ്പിക്കണം." അയാൾ അപേക്ഷിച്ചു.

യമൻ ദേവശർമയെ ജീവിപ്പിച്ചു.

ധർമശർമയും ദേവശർമയും ഒന്നിച്ചു പോയി. അവർ പിതാവിനെയും സഹോദരന്മാരെയും കണ്ടു. ശിവശർമ അതിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. എങ്കിലും മറ്റൊരു ആജ്ഞ നല്കി. ആർക്കെന്നോ? വിഷ്ണുശർമയ്ക്ക്.

"എനിക്ക് അമൃതം പാനംചെയ്യാൻ ആഗ്രഹമുണ്ട്. എന്റെ ഭാര്യയാവാൻ പോവുകയാണല്ലോ ഇവൾ. അമൃതം ഇവൾക്കുകൂടി കൊടുക്കണം. നീ സ്വർഗ്ഗത്തു ചെന്ന് അമൃതം കൊണ്ടുവരൂ." അദ്ദേഹം പറഞ്ഞു.

വിഷ്ണുശർമ തെല്ലും മടിച്ചുനിന്നില്ല. ആത്മബലം ഉപയോഗിച്ചു സ്വർഗത്തിലേക്കു ഒരൊറ്റപ്പോക്ക്! ദേവേന്ദ്രൻ അയാളെ കണ്ടു; അയാളുടെ ഉദ്ദേശ്യവും മനസ്സിലാക്കി; അയാൾക്കു വിഘ്നം വരുത്താനും മുതിർന്നു. മേനക എന്ന സ്വർഗസുന്ദരിക്ക് ദേവേന്ദ്രൻ ചില നിർദ്ദേശങ്ങൾ നല്കി. മേനക നേരെ ചെന്ന് വിഷ്ണുശർമയെ കണ്ടു. ഒരു അപേക്ഷയും സമർപ്പിച്ചു— അദ്ദേഹം തന്റെ ഭർത്താവാകണമെന്ന്. പക്ഷേ, വിഷ്ണുശർമയുണ്ടോ വിവാഹിതനാവുന്നു? ദേവേന്ദ്രൻ അയാളെ പേടിപ്പിക്കാൻ ഒരുങ്ങി. ഒരു മായാപ്രയോഗത്തിനു പുറകെ മറ്റൊരു മായാപ്രയോഗം. അങ്ങനെ പലതും തുടർച്ചയായി പ്രയോഗിച്ചു ദേവേന്ദ്രൻ. അതൊന്നും വിഷ്ണുശർമയോടു വിലപ്പോയില്ല. എന്നുമാത്രമോ? ദേവേന്ദ്രനെ സ്വർഗത്തുനിന്ന് വീഴിക്കണം. അതിനായി വിഷ്ണുശർമയുടെ സംരംഭം. ദേവേന്ദ്രൻ ഭയന്ന് വിഷ്ണുശർമയെത്തന്നെ അഭയംപ്രാപിച്ചു. അതേ, ഒരു കുടം അമൃതും കാഴ്ചവച്ചു. അമൃതക്കുടവുമായി വിഷ്ണുശർമ അച്ഛന്റെ അടുക്കൽ മടങ്ങിയെത്തി.

മൂത്ത നാലു പുത്രന്മാർക്കുമാണ് കഠിനമായ ഈ പരീക്ഷകൾ നല്കപ്പെട്ടത്. ആ പരീക്ഷകളിൽ അവർ ജയിച്ചിരിക്കുന്നു. അതിൽ ശിവശർമയ്ക്ക് അത്യധികമായ സന്തോഷം ഉണ്ടായി. ഒരു കാര്യം അദ്ദേഹത്തിനു തീർച്ചയുമായി—ഇവരേക്കാൾ പിതൃഭക്തിയുള്ളവർ ലോകത്ത് ആരുമില്ല!

"മക്കളേ, ഞാൻ നിങ്ങളിൽ അതീവസന്തുഷ്ടനാണ്. വരം ചോദിച്ചു കൊള്ളുവിൻ." ശിവശർമ പറഞ്ഞു.

എല്ലാവരുംകൂടി ഒന്നിച്ച് ഒരേയൊരു വരം ചോദിച്ചു:

"അച്ഛാ, ഞങ്ങളുടെ അമ്മ ജീവിക്കണം" എന്നതായിരുന്നു അത്.

ശിവശർമ അവരുടെ ആഗ്രഹം നിറവേറ്റി.

ജീവിച്ചെണീറ്റ മാതാവ് പുത്രന്മാരോടു സംസാരിച്ചു:

"മക്കളേ, എന്റെ പുണ്യംകൊണ്ടു നിങ്ങളുടെ അച്ഛൻ എന്റെ ഭർത്താവായി, നിങ്ങൾ എന്റെ പുത്രന്മാരുമായി. സൽപുത്രന്മാരുടെ മാതാവായ ഞാൻ ധന്യയാണ്."

പുത്രന്മാരുടെ അഭിപ്രായം അതായിരുന്നില്ല.

"അമ്മേ, ഞങ്ങളുടെ പുണ്യംകൊണ്ട് അവിടുന്ന് ഞങ്ങളുടെ മാതാവായി. അതാണു ശരി." അവർ പറഞ്ഞു.

മഹാവിഷ്ണു ആ സമയം അവരുടെ മുമ്പിൽ ആവിർഭവിച്ചു.

"ശിവശർമേ, നീയും കുടുംബവും എന്നോടുകൂടി എന്റെ ലോകത്തേക്കു പോരൂ." ഭഗവാൻ ക്ഷണിച്ചു.

ഒരാഗ്രഹം ശിവശർമ്മയ്ക്ക് അവശേഷിച്ചിട്ടുണ്ട്.

"ഭഗവാനേ, ഈ നാലു പുത്രന്മാരും അവിടുത്തോടുകൂടി വന്നുകൊള്ളട്ടെ. ഞാൻ, ഭാര്യ, ഇളയമകൻ സോമശർമ—ഞങ്ങൾക്കു കുറച്ചു നാൾകൂടി ഭൂമിയിൽ കഴിയണമെന്നുണ്ട്." അദ്ദേഹം പറഞ്ഞു.

മഹാവിഷ്ണുവിന് അതു സമ്മതമായി. ശിവശർമയുടെ നാലു മൂത്ത പുത്രന്മാർ വിഷ്ണുരൂപികളായി. അവർ മഹാവിഷ്ണുവുമൊന്നിച്ച് വിഷ്ണുലോകത്തേക്കു പോയി.

സോമശർമയ്ക്കായി ഉദ്ദേശിച്ചിട്ടുള്ള പരീക്ഷ മാത്രം ബാക്കിയായി.

"മകനേ, ഞാനും നിന്റെ അമ്മയുംകൂടി തീർത്ഥയാത്രയ്ക്കു പോവുകയാണ്. ഈ അമൃതകുടം നിന്റെ പക്കൽ ഇരുന്നുകൊള്ളട്ടെ. ഞങ്ങൾ തിരിച്ചു വരുന്നതുവരെ നീ അതു സൂക്ഷിച്ചുവെച്ചുകൊള്ളണം." ശിവശർമ ആവശ്യപ്പെട്ടു.

ദമ്പതികൾ തീർത്ഥയാത്രയ്ക്കിറങ്ങി.

പത്തു വർഷം നീണ്ടുനിന്ന അവരുടെ തീർത്ഥയാത്ര. അതിനുശേഷം അവർ ഗൃഹത്തിൽ മടങ്ങിയെത്തി. ആത്മശക്തിയാൽ അവർ മറ്റൊരു വേഷം ധരിച്ചിരുന്നു—കുഷ്ഠരോഗികളുടെ വേഷം.

സോമശർമ കുഷ്ഠരോഗികളെ കണ്ടു. മാതാപിതാക്കന്മാരാണ് ഇവരെന്നു മനസ്സിലായി. അയാളുടെ കരൾ അലിഞ്ഞു:

"അച്ഛാ, അച്ഛന് അളവില്ലാത്ത തപശ്ശക്തിയുണ്ട്. അമ്മയ്ക്ക് അതിരില്ലാത്ത പാതിവ്രത്യശക്തിയുണ്ട്. എന്നിട്ടും രണ്ടുപേർക്കും ഈ ഭയങ്കരരോഗം എങ്ങനെ പിടിപെട്ടു?" സോമശർമ ഹൃദയവേദനയോടെ ചോദിച്ചു:

"മകനേ, ഞങ്ങളുടെ കർമഫലം എന്നേ പറയാനൊക്കൂ. ഏതിനും ഞങ്ങൾ മടങ്ങിയെത്തി. ഇനി നീ ഞങ്ങളെ ചികിത്സിക്കയും ശുശ്രൂഷിക്കയും ചെയ്യണം. അതാണു ഞങ്ങളുടെ ഒടുവിലത്തെ ആഗ്രഹം." ശിവശർമ പറഞ്ഞു.

വാസ്തവത്തിൽ അപ്രകാരം പറയേണ്ടതായ ആവശ്യംതന്നെ ഉണ്ടായിരുന്നില്ല. അത്രകണ്ടു പിതൃഭക്തിയും കർത്തവ്യബോധവും ഉള്ളവനാണ് സോമശർമ. അവരെ ഭക്ഷണം കഴിപ്പിക്കുക, അവരുടെ വ്രണങ്ങൾ വൃത്തിയാക്കുക, അവയിൽ മരുന്നു വെച്ചുകെട്ടുക—അതെല്ലാം അയാൾ കൃത്യനിഷ്ഠയോടെ ചെയ്തുപോന്നു. അതൊന്നും ആരും പറഞ്ഞിട്ടില്ലതാനും. ശിവശർമയുടെ സ്വഭാവമാണെങ്കിലോ, ഇപ്പോൾ ഏറ്റവും കർക്കശമായിരിക്കുന്നു. അദ്ദേഹം മകനെ ശകാരിക്കുന്നതും പോട്ടെ, അടിക്കുകയും ഇടിക്കുകയും ചെയ്യും. സോമശർമ ഒരിക്കൽപോലും പ്രതിഷേധിച്ചില്ല. സകലതും സഹിക്കുകതന്നെ ചെയ്തു. മനസ്സിൽപോലും ദേഷ്യം തോന്നിയതുമില്ല.

അനേകം സംവത്സരങ്ങൾ അങ്ങനെ കഴിഞ്ഞുപോയി.

ശിവശർമ ഇപ്രകാരം ആലോചിച്ചു: "എന്റെ മൂത്ത നാലു പുത്രന്മാർക്കും കറകളഞ്ഞ പിതൃഭക്തിയുണ്ടായിരുന്നു. എന്നാൽ, അവരിലുംമേലെയാണ് ഇളയവനായ ഈ സോമശർമ. ഇനിയും ഇവനെ കഷ്ടപ്പെടുത്തിക്കൂടാ."

എങ്കിലും അവസാനമായി ഒരു പരീക്ഷകൂടി നല്കുകയുണ്ടായി അദ്ദേഹം.

എന്തായിരുന്നു ആ പരീക്ഷയെന്നോ? മായാപ്രയോഗത്താൽ അമൃതകുടത്തിലെ അമൃതം മാറ്റിവച്ചു. എന്നിട്ട് മകനെ അരികിലേക്കു വിളിച്ചു:

"സോമശർമേ, ഞാൻ ഒരു അമൃതകുടം നിന്നെ ഏല്പിച്ചിരുന്നല്ലോ. അത് ഇങ്ങോട്ട് എടുത്തുകൊണ്ടു വരൂ." അദ്ദേഹം ആവശ്യപ്പെട്ടു.

അമൃതകുടം ഇരുന്ന മുറിയിലേക്ക് സോമശർമ കയറിച്ചെന്നു. അയാൾ നോക്കിയപ്പോൾ അമൃതകുടം ഇരുന്നിടത്തുതന്നെയുണ്ട്. കുടത്തിനുള്ളിൽ പരിശോധിച്ചപ്പോഴോ? ഒരൊറ്റത്തുള്ളി അമൃതം ശേഷിച്ചിട്ടില്ല.

ഇനി എന്തു ചെയ്യും?

സോമശർമ അല്പനേരം ആലോചിച്ചുനിന്നു.

"എനിക്കു സത്യമുണ്ടെങ്കിൽ, ശൂന്യമായ ഈ കുടത്തിൽ അമൃത് നിറയട്ടെ." അയാൾ ആരോടെന്നില്ലാതെ വിളിച്ചുപറഞ്ഞു.

അതാ, കുടത്തിൽ വീണ്ടും അമൃതം നിറഞ്ഞിരിക്കുന്നു!

സോമശർമ അമൃതകുടം എടുത്ത് അച്ഛന്റെ അരികിലേക്കു പോയി. അത് അദ്ദേഹത്തിനു നല്കി.

ശിവശർമയ്ക്കുണ്ടായ സന്തുഷ്ടി ഒന്നു പ്രത്യേകമായിരുന്നു.

"മകനേ, ഞാൻ നിന്നിൽ അതീവ സംപ്രീതനായിരിക്കുന്നു." അദ്ദേഹം പറഞ്ഞു.

തുടർന്ന് എന്തുണ്ടായി എന്നോ? അദ്ദേഹവും പത്നിയും കുഷ്ഠരോഗം വെടിഞ്ഞു. പഴയ രൂപം കൈക്കൊള്ളുകയുമായി.

അപ്പോഴാണ് സോമശർമയ്ക്ക് ഒന്ന് അറിവായത്. അച്ഛനമ്മമാരുടെ കുഷ്ഠരോഗം മായാപ്രയോഗമായിരുന്നു എന്ന്!

അയാൾ അവരെ സാഷ്ടാംഗം പ്രണമിച്ചു.

അവർ പിന്നീട് ഭൂമിയിൽ തങ്ങിയില്ല. പ്രിയപ്പെട്ട പുത്രനോടു യാത പറഞ്ഞു വിഷ്ണുലോകം പ്രാപിക്കുകയുംചെയ്തു.

സോമശർമ മാത്രം ബാക്കിയായില്ലേ? അദ്ദേഹം ഉടൻതന്നെ തപസ്സ് ആരംഭിച്ചു. തീവ്രവും ദീർഘവുമായ തപസ്സായിരുന്നു. ഒടുവിൽ മരണസമയവും വന്നെത്തി.

ആരൊക്കെയോ സംസാരിക്കുകയാണ്. അതൊക്കെ സോമശർമയുടെ ചെവികളിൽ കടന്നു. അസുരന്മാരെക്കുറിച്ചായിരുന്നു സംഭാഷണം. എല്ലാം കേട്ടുകൊണ്ട് കിടക്കുകയായിരുന്നു സോമശർമ. അദ്ദേഹത്തിന്റെ മനസ്സ് അസുരന്മാരിൽ പറ്റിക്കൂടി. ആ നിലയിൽ അദ്ദേഹത്തിനു പ്രാണനുംപോയി.

അസുരഭാവത്തോടെ മരണമടഞ്ഞില്ലേ? അതിനാൽ പിന്നീടു ജനിച്ചത് അസുരനായിട്ടാണ്. പ്രഹ്ലാദൻ എന്നായിരുന്നു അപ്പോഴത്തെ പേര്. ഒരിക്കൽ ദേവന്മാരും അസുരന്മാരും തമ്മിൽ യുദ്ധമുണ്ടായി; പ്രഹ്ലാദൻ അസുരപക്ഷത്തിൽനിന്നു പൊരുതി. ദേവന്മാരെ സഹായിക്കാനായി മഹാവിഷ്ണുവും വന്നെത്തിയിരുന്നു.

പ്രഹ്ലാദൻ മഹാവിഷ്ണുവിനോട് ചെന്നിടഞ്ഞു.

മഹാവിഷ്ണു വിശ്വരൂപം കാണിച്ചു.

അപ്പോൾ പ്രഹ്ലാദനു മുജ്ജന്മം ഓർമവന്നു. സോമശർമ ആയിരുന്നു മുജ്ജന്മം.

അതോടുകൂടി കടുത്ത വിഷാദവും ഉണ്ടായി. അന്ന് വിഷ്ണുവിനെ സേവിച്ചിരുന്നു. ഇപ്പോഴിതാ വിഷ്ണുവിനെ വിദ്വേഷിക്കുന്നു. രണ്ടു ജന്മങ്ങളും തമ്മിൽ എന്തു വ്യത്യാസം!

"കഷ്ടം! എനിക്ക് ഈ ജന്മത്തിൽ അസുരത്വം വന്നുപോയി. ഇനി എന്നാണു ഞാൻ വിഷ്ണുപദത്തിൽ ചേരുക?" പ്രഹ്ലാദൻ വിലപിച്ചു.

അതിനുശേഷം പ്രഹ്ലാദൻ മഹാവിഷ്ണുവിന്റെ കൈയിൽനിന്നും മരണംവരിച്ചു.

അടുത്ത ജനനവും പ്രഹ്ലാദൻ എന്ന പേരിൽത്തന്നെ—അതായത് നരസിംഹാവതാരത്തിലെ പ്രഹ്ലാദൻ!

(പത്മപുരാണം—ഭൂമിഖണ്ഡം, അദ്ധ്യായം ഒന്ന്)

മാതലിയുടെ ജാമാതാവ്

ദേവേന്ദ്രന്റെ തേരാളിയാണ് മാതലി. ഒരു മകൾ മാതലിക്കുണ്ട്. ഗുണകേശി എന്നാണ് അവളുടെ പേര്. സൗന്ദര്യത്തിൽ ഗുണകേശിക്ക് ഒപ്പമുള്ള യുവതികൾ കുറവാണ്.

സുധർമ എന്നാണ് മാതലിയുടെ ഭാര്യയുടെ പേർ. മാതലി സുധർമയുമായി ഒരു കാര്യം ആലോചിച്ചു. മകളുടെ വിവാഹക്കാര്യമാണ് അത്. അവൾക്ക് യോഗ്യനായ ഒരു വരനെ കണ്ടുപിടിക്കണം. അവർക്ക് അറിയാവുന്ന യുവാക്കന്മാർ ഒട്ടനേകമുണ്ട്. അവരിൽ ദേവന്മാരുണ്ട്, ഗന്ധർവന്മാരുണ്ട്, മനുഷ്യരുണ്ട്. എന്നാൽ, അവരിൽ ആരെയും മാതലിക്കും സുധർമയ്ക്കും പിടിച്ചിട്ടില്ല.

എന്നാലിനി അന്യദിക്കുകളിൽ അന്വേഷിക്കുകതന്നെ. അതായി മാതലിയുടെ നിശ്ചയം. അദ്ദേഹം സ്വർഗ്ഗം വിട്ടു യാത്രയ്ക്കിറങ്ങി.

വഴിമദ്ധ്യേ നാരദനെ കണ്ടുമുട്ടി.

മാതലീ, നിങ്ങൾ എവിടേക്കാണ് പോകുന്നത് ? മഹർഷി ചോദിച്ചു.

യാത്രോദ്ദേശ്യം അറിയിച്ചു മാതലി.

നാരദൻ സഹായിക്കാൻ ഒരുക്കമായി.

ഞാൻ വരുണനെ സന്ദർശിക്കാൻ പോവുകയാണ്. മറ്റു ദിക്കുകളിലും പോകുന്നുണ്ട്. എന്നോടുകൂടി വരൂ, മാതലി, ഞാൻ അനേകം യുവാക്കന്മാരെ കാണിച്ചുതരാം. അക്കൂട്ടത്തിൽ യോഗ്യരായ ചിലർ ഉണ്ടായെന്നുവരാം. അവരിൽ ഒരാളെ ജാമാതാവായി സ്വീകരിച്ചുകൊള്ളൂ. മഹർഷി പറഞ്ഞു.

ദിവ്യശക്തിയുള്ള മഹർഷിയല്ലേ നാരദൻ? അദ്ദേഹത്തിന്റെ സഹായം ലഭിച്ചതു ഭാഗ്യമായി. അതിൽ മാതലിക്ക് അതിയായ സന്തോഷവും ഉണ്ടായി.

നാരദൻ മാതലിയോടുകൂടി വരുണപുരിയിൽ ചെന്നെത്തി.

അതിഥികളുടെ ആഗമനം വരുണനു സന്തോഷം ഉളവാക്കി. അദ്ദേഹം അവരെ യഥോചിതം സ്വീകരിച്ചു സത്കരിച്ചു. ഇരുവരും ഒന്നിച്ചു വരുണ പുരി ചുറ്റിനടന്നു. നാരദൻ മാതലിക്ക് അവിടത്തെ കാഴ്ചകളെല്ലാം കാണിച്ചുകൊടുത്തു. പലരെയും പരിചയപ്പെടുത്തുകയും ചെയ്തു. അവരിൽ ഒന്നായിരുന്നു വരുണപുത്രനായ പുഷ്കരൻ. ഗുണകേശിയുടെ വരൻ പുഷ്കരനായാലോ? പോരാ എന്നായിരുന്നു മാതലിയുടെ തോന്നൽ.

ദേവസാരഥിയും മഹർഷിയും പാതാളത്തു ചെന്നു. അവിടമാണു നാഗങ്ങളുടെ ആസ്ഥാനം. വിശിഷ്ടരായ നാഗങ്ങൾ അവിടെ വളരെപ്പേരുണ്ട്. മാത്രമല്ല, അഞ്ചു മഹാഗജങ്ങളും. ഐരാവതൻ, വാമനൻ, കുമുദൻ, അഞ്ജനൻ, സുപ്രതീകൻ—അവയാണു മഹാഗജങ്ങളുടെ പേരുകൾ. നാരദൻ അവരെ മാതലിക്കു പരിചയപ്പെടുത്തി.

അങ്ങയുടെ പുത്രിക്ക് ഇവരിൽ ആരെങ്കിലും യോജിക്കുമോ? യോജിക്കും എന്നുണ്ടെങ്കിൽ ഞാൻ അടുത്ത നടപടി എടുക്കാം. നാരദൻ പറഞ്ഞു.

മഹർഷേ, ഇവരിലാരും വേണമെന്നില്ല. നമുക്കു വേറെ അന്വേഷണങ്ങൾ നടത്താം. മാതലി പറഞ്ഞു.

നാരദൻ മാതലിയെയുംകൊണ്ട് ഹിരണ്യപുരത്തിലേക്കു പോയി. പരാക്രമികളായ അനേകം അസുരയുവാക്കന്മാർ ഹിരണ്യപുരത്തിലുണ്ട്. അവരെയെല്ലാം നാരദൻ ചൂണ്ടിക്കാണിച്ചു.

എന്തു പറയുന്നു? ഇവരിൽ ഒരാളെയെങ്കിലും ഇഷ്ടപ്പെട്ടോ? ഇഷ്ടപ്പെട്ടുവെങ്കിൽ അയാളെ സ്വീകരിക്കാം. അല്ലാത്തപക്ഷം നമുക്ക് ഇനിയൊരിടത്തു പോകാം. നാരദൻ പറഞ്ഞു.

മഹർഷേ, എത്രയായാലും ഇവർ അസുരന്മാരാണ്. ദേവന്മാരായ ഞങ്ങളുടെ ജന്മശത്രുക്കളാണ് ഇക്കൂട്ടർ. നമുക്കു പുറപ്പെടാം. മാതലി പറഞ്ഞു.

ഇരുവരുംകൂടി ഹിരണ്യപുരം വിട്ടു ഗരുഡപുരത്തിൽ എത്തി. അവിടെ ആറു പക്ഷിരാജാക്കന്മാരുണ്ട്. ഗരുഡന്റെ പുത്രന്മാരാണ് ആറുപേരും. അവരുടെ പേരുകളോ? സുമുഖൻ, സുനാമാവ്, സുവർച്ചസ്സ്, സുനേത്രൻ, സുരുക്ക്, സുബലൻ. പക്ഷിവംശത്തിൽ ജനിച്ച മറ്റു പല പ്രമാണികളുമുണ്ടവിടെ.

എന്താ, പക്ഷിയുവാക്കന്മാരിൽ ഒരുവൻ സ്വീകാര്യമാണോ? നാരദൻ അന്വേഷിച്ചു.

അല്ല. മാതലി വിനയത്തോടെ മറുപടി നല്കി.

അടുത്തതായി അവർ ചെന്നത് രസാതലം എന്ന ലോകത്തിലാണ്. അവിടെയും മാതലി യോഗ്യനായ ഒരു വരനെ കണ്ടെത്തിയില്ല.

പിന്നീട് ഭോഗവതിപുരിയിലായി അവരുടെ സന്ദർശനം. വാസുകി സർപ്പമാണ് അവിടത്തെ രാജാവ്. പ്രജകളായ പലേ യുവസർപ്പങ്ങളെയും കണ്ടു നാരദനും മാതലിയും. അവരിൽ ഒരു യുവസർപ്പത്തെ മാതലിക്കു ബോധിച്ചു.

അദ്ദേഹം അവനെ നാരദനു ചൂണ്ടിക്കാട്ടി.

ആരാണ് ആ നില്ക്കുന്നവൻ? അവന്റെ മാതാപിതാക്കന്മാർ ആര്? എനിക്ക് അവനെ വളരെ ഇഷ്ടമായി . അവൻ ഗുണകേശിക്ക് അനുരൂപൻ തന്നെ സംശയമില്ല. മാതലി പറഞ്ഞു.

സുമുഖൻ എന്നാണ് അവന്റെ പേർ. അവന്റെ പിതാവ് ചികുരൻ. പിതാ

മഹൻ ആര്യകൻ എന്ന മഹാസർപ്പവും ഗരുഡൻ ഈയിടെ ചികുരനെ കൊന്നു തിന്നുകയുണ്ടായി. നാരദൻ അറിയിച്ചു.

'ഞാൻ എന്റെ മകളെ സുമുഖനു സന്തോഷത്തോടെ നൽകാം. അങ്ങു വേണ്ടതായ ഏർപ്പാടുകൾ ചെയ്തുതരണം.' മാതലി അപേക്ഷിച്ചു.

നാരദൻ ആര്യകനെ കണ്ട് മാതലിയെ പരിചയപ്പെടുത്തി:

' ആര്യാ, ഇദ്ദേഹം മാതലിയാണ്. ദേവേന്ദ്രന്റെ പ്രിയങ്കരനായ സാരഥിയും. സത്സ്വഭാവിയും ശക്തനുമാണ് ഇദ്ദേഹം. ആയിരം കുതിരകളെ പൂട്ടിയ ഒരു രഥമുണ്ട്, ചൈത്രം എന്നു പേരായിട്ട്. ചൈത്രമാണ് ഇദ്ദേഹം തെളിക്കുന്നത്. ഇദ്ദേഹത്തിന്റെ മകൾ ഗുണകേശി അതിസുന്ദരിയാണ്. അവൾക്ക് യോഗ്യനായ വരനെ കണ്ടുപിടിക്കണം — അതിനായി ഇദ്ദേഹം ഇറങ്ങിത്തിരിച്ചതാണ്. അങ്ങയുടെ പൗത്രൻ സുമുഖനുണ്ടല്ലോ. മാതലിക്ക് സുമുഖനെ ബോധിച്ചിരിക്കുന്നു. അങ്ങയുടെ മകനും ഗുണകേശിയും യോജിക്കും. അവരുടെ വിവാഹം നടത്തണം. അതാണെന്റെ ആഗ്രഹം.' മഹർഷി പറഞ്ഞു.

ഒരു വിഷമം ഉണ്ടായിരുന്നത് ആര്യകൻ അറിയിച്ചു:

'മഹർഷേ, എന്റെ പുത്രൻ ചികുരൻ മരിച്ചിട്ട് അധികദിവസം ആയിട്ടില്ല. അതിനിടയ്ക്ക് പുത്രന്റെ പുത്രൻ വിവാഹംകഴിക്കുന്നത് ശരിയല്ല. അവിടുത്തെ ഇച്ഛയ്ക്കു ഞാൻ എതിരു നിൽക്കുകയല്ല. ദയവുചെയ്തു എന്നെ തെറ്റിദ്ധരിക്കരുത്. ദേവേന്ദ്രന്റെ സാരഥിയുമായുള്ള ബന്ധം വലിയ കാര്യം തന്നെ. പക്ഷേ, ഞാൻ വിഷമിച്ചിരിക്കുന്ന സമയമാണിത്. ചികുരനെ കൊന്നു തിന്നിട്ട് ഗരുഡൻ ഒന്നു പറയുകയുണ്ടായി. അത് ഓർമിക്കുമ്പോൾ എന്റെ ഹൃദയം നീറിപ്പിടിക്കുന്നു. ഗരുഡൻ അടുത്തമാസം വന്നു സുമുഖനെയും കൊന്നുതിന്നുമത്രേ. പറയുന്നതുപോലെ പ്രവർത്തിക്കുന്നവനാണ് ഗരുഡൻ.' ആര്യകൻ ചുണ്ടിക്കാട്ടി.

മാതലിക്ക് ഒരു കുലുക്കവും ഉണ്ടായില്ല.

'ആര്യകാ, ഞാൻ സുമുഖനെ ജാമാതാവായി സങ്കല്പിച്ചുകഴിഞ്ഞു. എന്തു വന്നാലും ശരി, അതിന് ഇനി ഇളക്കമില്ല. ഞാൻ സുമുഖനെയും കൊണ്ട് ദേവേന്ദ്രനെ ചെന്നുകാണും. നാരദമഹർഷിയും ഞങ്ങളോടൊന്നിച്ചു വരും. ഗരുഡനെ തടയുന്ന കാര്യം ഞാനൊന്നു നോക്കട്ടെ. 'മാതലി പറഞ്ഞു.

ദേവസാരഥി മഹർഷിയോടും യുവസർപ്പത്തോടും കൂടി ഭോഗവതിയിൽനിന്നു പുറപ്പെട്ടു. സ്വർഗത്തു ചെന്ന് ദേവേന്ദ്രനെ കണ്ടുകാര്യം പറഞ്ഞു. ഭാഗ്യവശാൽ ആ സമയം മഹാവിഷ്ണു സ്വർഗത്തിൽ ചെന്നിരുന്നു. മാതലി ഭഗവാനെയും എല്ലാം വിസ്തരിച്ച് അറിയിച്ചു.

മഹാവിഷ്ണു സഹായിക്കാൻ ഒരുക്കമായി.

'ദേവേന്ദ്രാ, സുമുഖന് അമൃതവും ആയുസ്സും കൊടുക്കൂ.' ഭഗവാൻ കല്പിച്ചു.

ഭഗവാന്റെ കല്പന ദേവേന്ദ്രൻ നിറവേറ്റി.

ഗുണകേശിയുടെയും സുമുഖന്റെയും വിവാഹം നടന്നു. ഗരുഡന്റെ ചെവികളിൽ ഒരു വർത്തമാനം ചെന്നെത്തി — ദേവേന്ദ്രൻ സുമുഖന് അമൃതവും ആയുസ്സും നൽകിയിരിക്കുന്നു! അപ്പോൾ ഒന്നു തീർച്ചയാണ്. ദേവേന്ദ്രൻ തനിക്ക് എതിര് നിൽക്കുന്നു. ഗരുഡന് അടക്കവയ്യാത്ത കോപമുണ്ടായി. ആ പക്ഷിപ്രവരൻ പറന്നു സ്വർഗത്തിലെത്തി.

'ദേവേന്ദ്രാ, അങ്ങ് എന്റെ ഭക്ഷണം മുടക്കി, അല്ലേ? അതിന് അങ്ങേക്ക്

എന്ത് അധികാരം? ഇതു ഞാൻ സഹിക്കുകയില്ല. എന്നെക്കാൾ ബലവാനായി ആരുംതന്നെയില്ല. അത് അങ്ങ് അറിഞ്ഞിട്ടില്ല എന്നുണ്ടോ? അങ്ങനെ ഒരുവൻ ഉണ്ടെങ്കിൽ അവനെ എനിക്കു കാട്ടിത്തരൂ. ഞാൻ അവനെയും അങ്ങയെയും എന്റെ ശക്തി കാണിച്ചുതരാം!' ഗരുഡൻ കോപത്തോടെ പറഞ്ഞു.

കണ്ടും കേട്ടും നില്ക്കുകയാണ് മഹാവിഷ്ണു.

ഭഗവാനു നീരസം തോന്നി.

'ഗരുഡാ, ആത്മപ്രശംസ മതിയാക്കൂ. നീ വിചാരിക്കുന്നു എന്നെ നീ വഹിക്കുന്നു എന്ന്. അതു കേവലം തെറ്റാണ്. നിന്നെയും എന്നെയും വഹിക്കുന്നത് ഞാൻതന്നെ. നീ മഹാശക്തനാണ്, അല്ലേ? ശരി എന്റെ കൈയൊന്നു മാറ്റ്. കാണട്ടെ നിന്റെ ശക്തി!' മഹാവിഷ്ണു പറഞ്ഞു.

ഭഗവാൻ ഒരു കൈ ഗരുഡന്റെ മുതുകിൽ വെച്ചു.

ഗരുഡന് എത്ര ഘനമായി തോന്നിയെന്നോ ആ കൈ? ലോകങ്ങളെല്ലാം ഒന്നിച്ചു ചേർന്നാലും ഇത്ര ഘനമില്ല. താങ്ങാൻ വയ്യാതെ ഗരുഡൻ നിലംപതിച്ചു. ശ്വാസോച്ഛ്വാസം അതിവേഗത്തിലായി. അനേകം തൂവലുകൾ കൊഴിഞ്ഞുവീഴുകയുംചെയ്തു.

'ഭഗവാനേ, അടിയന്റെ അവിവേകം പൊറുക്കണേ .' ഗരുഡൻ കേണപേക്ഷിച്ചു.

മഹാവിഷ്ണു ഗരുഡന്റെ പുറത്തുനിന്നു കൈ എടുത്തു.

'ഗരുഡാ ഇനി മേൽ നീ അഹങ്കരിക്കരുത്. 'ഭഗവാൻ താക്കീതു നല്കി.

അടുത്തതായി ഭഗവാൻ എന്തു ചെയ്തെന്നോ? കാലിലെ തള്ളവിരൽ കൊണ്ടു സുമുഖനെ എടുത്തുയർത്തി. എന്നിട്ട് ആ സർപ്പത്തെ ഗരുഡന്റെ നെഞ്ചത്തുവെച്ചു. മുമ്പ് സുമുഖനെ കൊന്നുതിന്നാൻ നിശ്ചയിച്ചിരുന്നതാണ് ഗരുഡൻ. ഇപ്പോഴാകട്ടെ ഒരു പോറൽപോലും ഏല്പിച്ചില്ല. മാത്രമല്ല, ഏറ്റവും സ്നേഹത്തോടെ പെരുമാറുകയുംചെയ്തു.

സുമുഖനും ഗുണകേശിയും സുഖജീവിതം തുടങ്ങി.

(മഹാഭാരതം ഉദ്യോഗപർവം)

കർക്കടി

ഹിമാലയത്തിന്റെ ഉത്തരഭാഗത്ത് ഒരു രാക്ഷസിയുണ്ട്. കർക്കടി എന്നാണ് അവളുടെ പേര്. കരിമഷിയുടെ നിറം. തിളങ്ങുന്ന വട്ടക്കണ്ണുകൾ. മരത്തടിപോലുള്ള കാലുകൾ. മുറത്തിനൊത്ത നഖങ്ങൾ. ഏറ്റവും ഭയങ്കരമായ ഒരു രൂപം. എന്തു തിന്നാലും വിശപ്പ് അടങ്ങുകയുമില്ല.

കർക്കടിക്ക് ഒരു കൊതിയുണ്ട്. മനുഷ്യരെ ഭക്ഷിക്കണം, എത്ര മനുഷ്യരെയെന്നോ? ജംബുദ്വീപിലെ എല്ലാ മനുഷ്യരെയും. പക്ഷേ, കൊതിമാത്രം കൊണ്ടായോ? തക്കതായ ശക്തിയും സമ്പാദിക്കണം. തപസ്സു കൊണ്ടേ അത്രയധികം ശക്തി കിട്ടുകയുള്ളൂ. രാക്ഷസി തപസ്സു തുടങ്ങി. ഏറ്റവും ഉഗ്രമായിരുന്നു തപസ്സ്. അത് ആയിരം സംവത്സരം നീണ്ടുനിന്നു.

അപ്പോഴേക്കും ബ്രഹ്മാവ് പ്രസാദിച്ചു പ്രത്യക്ഷനായി. തപസ്സിനു പ്രതി

ഫലമായി വരം നല്കേണ്ടതുണ്ടല്ലൊ. എന്തു വരം വേണമെന്നു ചോദിച്ചു ബ്രഹ്മാവ്.

'ബ്രഹ്മദേവാ, എനിക്കു മതിയാവോളം മനുഷ്യരെ ഭക്ഷിക്കണം. അതിനായി ഒരു രൂപം എനിക്കുണ്ടാവണം. അതായത്, മനുഷ്യരുടെ ജീവനിൽ തുളച്ചുകയറുന്ന സൂചിയുടെ രൂപം. അതാണ് എന്റെ ആഗ്രഹം.' കർക്കടി വിചിത്രമായ തന്റെ ആഗ്രഹം പ്രകടിപ്പിച്ചു.

'ശരി, അങ്ങനെയാവട്ടെ. നീ ഒരു സൂചിയായിത്തീരും. വിഷൂചിക എന്ന പേരിൽ അറിയപ്പെടുകയും ചെയ്യും. മനുഷ്യരെ തിന്നു വിശപ്പടക്കിക്കൊള്ളൂ. പക്ഷേ, അധമന്മാരായ മനുഷ്യരെ മാത്രമേ ഭക്ഷിക്കാൻ പാടുള്ളൂ.' ബ്രഹ്മാവ് പറഞ്ഞു.

അങ്ങനെ കർക്കടി വിഷൂചികയായ സൂചിയായി. മനുഷ്യരിൽ കടന്നുകയറാൻ എത്ര എളുപ്പമായി എന്നോ? പുതിയ രൂപത്തിൽ അവൾ സുഖജീവിതം ആരംഭിച്ചു.

വളരെക്കാലം അപ്രകാരം കഴിഞ്ഞുപോയി.

അപ്പോൾ കർക്കടിക്ക് ഒരു അതൃപ്തി തോന്നി.

'ഞാൻ സൂചിയായതു ശരിയായില്ല. ഒരു സൂചിയുടെ ഉള്ളിൽ കൊള്ളുന്നതു കുറച്ചു മാത്രമാണ്. മറ്റൊരു നഷ്ടവും എനിക്കു പറ്റിയിരിക്കുന്നു. എന്റെ വലിയ തടിച്ച ദേഹം ഇല്ലാതായി. മോശം!'

സൂചിയാവുന്നതിനുമുമ്പു മാംസഭക്ഷണം കഴിച്ചിരുന്നില്ലേ ? ആ അളവിൽ ഇനിയും ഭക്ഷിക്കണം. അതായി അവളുടെ ലക്ഷ്യം. ആദ്യം പഴയ രൂപം വീണ്ടെടുക്കണം. അതും തപസ്സുകൊണ്ടേ സാധിക്കുകയുള്ളൂ. അവൾ വീണ്ടും തപസ്സാരംഭിച്ചു. ആ തപസ്സും വളരെക്കാലം നീണ്ടുനിന്നു. അപ്പോഴും ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ടു. ഭഗവാൻ അവൾക്കു പഴയ രൂപം നല്കി.

വിഷൂചിക വീണ്ടും കർക്കടിയായി.

അപ്പോൾ എന്തായി ? വിശപ്പടങ്ങണമെങ്കിൽ വളരെയധികം മനുഷ്യമാംസം വേണം. നീചരായ മനുഷ്യരെ മാത്രമേ ഭക്ഷിക്കാവൂ — ബ്രഹ്മാവ് ആദ്യമേ നിർദ്ദേശിച്ചിരുന്നതാണ്. ധാരാളം നീചന്മാർ എവിടെയുണ്ട്? കർക്കടി അന്വേഷിച്ചു കണ്ടെത്തി.

ഒരു മലയുടെ അടിവാരത്തിൽ കുറെയധികം കാട്ടാളന്മാരുണ്ട്. കാട്ടാളന്മാരുടെ വാസസ്ഥലത്ത് ഒരു വനമുണ്ട്. കർക്കടി ആ വനത്തിൽ പതുങ്ങിയിരുപ്പായി.

കാട്ടാളന്മാർക്ക് ഒരു രാജാവുണ്ട്. രാജാവിന് ഒരു മന്ത്രിയും. കാട്ടാളരാജാവും കാട്ടാളമന്ത്രിയും രാത്രിയിൽ ഇറങ്ങിത്തിരിച്ചു. ചില വേതാളങ്ങളെ കണ്ടുപിടിക്കണം — അതായിരുന്നു അവരുടെ ഉദ്ദേശ്യം.

കർക്കടി അവരെ കാണാനിടയായി.

അവൾ വിചാരിച്ചു: 'ശിഷ്ടന്മാരെ കൊന്നുതിന്നുകൂടാ. ബ്രഹ്മാവിന്റെ കല്പന അതായിരുന്നല്ലോ. ഇവരെ കണ്ടിട്ടു നീചന്മാരെന്നു തോന്നുന്നു. അതുകൊണ്ടായില്ല. നീചന്മാരെന്നു തെളിയുകതന്നെവേണം. അതിനായി ഒരു പരീക്ഷ നൽകുകതന്നെ. ഇവരോടു തത്ത്വങ്ങളെക്കുറിച്ചു ചില ചോദ്യങ്ങൾ ചോദിക്കാം. ശരിയായ ഉത്തരമാണു നൽകുന്നതെങ്കിലോ? ഉത്തമന്മാർ എന്നു തെളിയും. തെറ്റായ ഉത്തരം നൽകിയാൽ നീചന്മാർതന്നെ. അങ്ങനെയായാൽ എനിക്ക് അവരെ കൊന്നുതിന്നാം.'

അവൾ ഘോരമായി ഗർജിച്ചു :

'നിങ്ങളെ ഞാനിപ്പോൾ ഭക്ഷണമാക്കും. അതിനു മുമ്പു നിങ്ങൾ ആരെന്നു പറയുവിൻ. 'അവൾ ആവശ്യപ്പെട്ടു.

കാട്ടാളരാജാവിന് ഒട്ടും പതർച്ചയുണ്ടായില്ല.

'നീ പറയുന്നതു കേട്ടു ഞാൻ ഭയപ്പെടുകയില്ല, കേട്ടോ? ചുണയുണ്ടെങ്കിൽ നീ ഞങ്ങളുടെ മുമ്പിൽ വന്നു നിൽക്ക്!' അദ്ദേഹം പറഞ്ഞു.

കർക്കടി ഭീകരമായ തന്റെ സ്വരൂപം അവർക്ക് കാട്ടിക്കൊടുത്തു.

എന്നിട്ടും അവർക്കു കുലുക്കമുണ്ടായില്ല.

'എടീ രാക്ഷസീ, നിന്നെപ്പോലെ ആയിരം രാക്ഷസികൾ ഒന്നിച്ചു വന്നോട്ടെ. എന്നാലും ഞങ്ങൾക്ക് ഒരു ഭയവും ഉണ്ടാവുകയില്ല. അസംഖ്യം ഈച്ചകൾ ഒത്തുചേർന്നു ആക്രമിച്ചാലെന്ത്? പാറയ്ക്ക് ഒരിളക്കവും സംഭവിക്കയില്ല. ആട്ടെ, നിനക്കു ഞങ്ങളോടു വല്ല അപേക്ഷയുമുണ്ടോ? അപേക്ഷക്കാരെ ഞങ്ങൾ വെറുംകൈയോടെ പറഞ്ഞയയ്ക്കുകയില്ല. അതാണു ഞങ്ങളുടെ പതിവ്.' കാട്ടാളമന്ത്രി പറഞ്ഞു.

ഇത്രയുമൊക്കെ കേട്ടപ്പോൾ കർക്കടിക്ക് ഒന്നു തീർച്ചയായി — ഇവർ നീചന്മാരല്ല, മറിച്ചു ഗുണവാന്മാരും ബുദ്ധിമാന്മാരുമാണ്. ഇവരെ തനിക്കു കൊന്നുതിന്നുവാൻ പാടുള്ളതല്ല.

അവൾ തന്റെ കർക്കശത്വം ഉപേക്ഷിച്ചു.

'നിങ്ങൾ ആരെന്നു അറിയിച്ചാൽ കൊള്ളാം.'

അവൾ താഴ്മയോടെ ആവശ്യപ്പെട്ടു.

കാട്ടാളമന്ത്രി കാട്ടാളരാജാവിനെ ചൂണ്ടിക്കാട്ടി.

'ഇദ്ദേഹം കാട്ടാളരാജാവ്. ഞാൻ കാട്ടാളമന്ത്രി.'

അയാൾ വെളിപ്പെടുത്തി.

'അങ്ങനെയോ? ശരി, ഞാൻ മഹത്തായ ചില തത്ത്വങ്ങളെക്കുറിച്ചു ചോദിക്കും. ഏറ്റവും വിഷമം പിടിച്ച ചോദ്യങ്ങൾ ആയിരിക്കും. ശരിയായ ഉത്തരങ്ങൾ നൽകിയില്ലെങ്കിലോ? ഞാൻ നിങ്ങളെ കൊന്നു തിന്നും.' കർക്കടി പറഞ്ഞു.

അവൾ ഒന്നൊന്നായി പലേ ചോദ്യങ്ങളും ചോദിച്ചു. എല്ലാം വിഷമം പിടിച്ച ചോദ്യങ്ങൾ ആയിരുന്നു. പക്ഷേ, അവൾക്ക് ലഭിച്ചത് ശരിയായ ഉത്തരങ്ങളാണ്.

'നിങ്ങൾ രണ്ടുപേരും ഉത്തമന്മാരാണ്. നിങ്ങളെ ഭക്ഷിക്കുക എന്ന വിചാരം ഞാനിതാ ഉപേക്ഷിച്ചിരിക്കുന്നു. മാത്രമല്ല, ഞാൻ നിങ്ങൾക്ക് ഉപകാരം ചെയ്യാനും ആഗ്രഹിക്കുന്നു. നിങ്ങൾക്കുവേണ്ടി ഞാൻ എന്താണ് ചെയ്യേണ്ടത്?' അവൾ ചോദിച്ചു

'ഇനിമേൽ നീ ആരുടെയും പ്രാണൻ അപഹരിക്കരുത്.' കാട്ടാളരാജാവു പറഞ്ഞു.

കർക്കടി സ്വന്തം കഥ ചുരുക്കത്തിൽ കേൾപ്പിച്ചു.

'ശരി. ഞാനിനി യാതൊരു പ്രാണിയെയും ഹിംസിക്കുകയില്ല.' അവൾ വാഗ്ദാനം ചെയ്തു.

'കർക്കടീ, എനിക്കൊരു സംശയം. പ്രാണികളെ തിന്നാതിരുന്നാൽ നീ എങ്ങനെ ജീവിക്കും?' കാട്ടാളരാജാവ് ജിജ്ഞാസ പ്രകടിപ്പിച്ചു.

'രാജാവേ, ഞാൻ മുമ്പ് തപസ്സു ചെയ്തിട്ടുള്ളവളാണ്. തപസ്സു ചെയ്യുന്ന സമയത്ത് ആഹാരം പാടേ ഉപേക്ഷിച്ചിരുന്നു. തപസ്സു തീർന്നപ്പോഴാണ് ആഹാരത്തെക്കുറിച്ചുള്ള ചിന്ത ഉണ്ടായത്. ഞാനിനിയും തപസ്സു ചെയ്യും. അങ്ങനെ ദേഹം ത്യജിക്കും.' അവൾ നിശ്ചയം അറിയിച്ചു.

കാട്ടാളരാജാവിന് അവളോട് അനുകമ്പ തോന്നി. 'കർക്കടീ, നീ എന്നോടു കൂടി എന്റെ കൊട്ടാരത്തിലേക്കു വരൂ, എന്റെ അതിഥി ആയി അവിടെ താമസിക്കൂ.' അദ്ദേഹം ക്ഷണിച്ചു.

'ഞാൻ അങ്ങയോടുകൂടി വന്നു എന്നിരിക്കട്ടെ. ഈ രാക്ഷസിരൂപത്തിലായാൽ രാക്ഷസീ ഭക്ഷണം തരേണ്ടതായി വരും. അതു ശരിയാവുകയുമില്ല.' കർക്കടി പറഞ്ഞു.

അതിനു വഴിയുണ്ട്. നീ ഒരു സുന്ദരിയുടെ രൂപം ധരിച്ചുവരണം. എന്റെ നാട്ടിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവർ ഉണ്ടാവും. കൊല മുതലായ കുറ്റം ചെയ്തവരാണ് അക്കൂട്ടർ. അവരെ നിനക്കു ഭക്ഷിക്കാൻ തരാം. നീ വീണ്ടും രാക്ഷസരൂപം ധരിച്ച് അവരെ പിടിച്ചെടുക്കണം. ഹിമാലയത്തിലേക്കു കൊണ്ടുപോയി കൊന്നു തിന്നണം. വിശപ്പടങ്ങുമ്പോൾ വീണ്ടും തപസ്സു ചെയ്യാം. തപസ്സു തീരുമ്പോൾ വിശപ്പുണ്ടാകും. അപ്പോൾ നീ എന്നെ വന്നു കാണണം. ഞാൻ നിനക്കു പിന്നെയും കുറ്റവാളികളെ തരാം. ഇങ്ങനെയുള്ള ഹിംസ ധർമപ്രകാരമുള്ള ഹിംസയാകും. അദ്ദേഹം വിശദീകരിച്ചു.

അപ്പറഞ്ഞത് യുക്തമെന്ന് കർക്കടിക്കു തോന്നി. അവൾ സുന്ദരിയുടെ രൂപം ധരിച്ചു. കാട്ടാളരാജാവ് അവളെയുംകൊണ്ട് കൊട്ടാരത്തിലേക്ക് പോയി ഒന്നിച്ചു കാട്ടാളമന്ത്രിയും. അതിനുശേഷം; അവിടെയായി അവളുടെ താമസം.

ആറു ദിവസങ്ങൾ അങ്ങനെ കഴിഞ്ഞു. വധശിക്ഷ നൽകപ്പെട്ട കുറ്റവാളികളെ അവൾക്കു കിട്ടി. അവൾ പകൽ മുഴുവൻ സുന്ദരിയായി കഴിഞ്ഞു. രാത്രിയിൽ രാജാവിനോടു യാത്രപറഞ്ഞു. കുറ്റവാളികളെ പിടിച്ചെടുത്തു. ഹിമാലയത്തിൽ ചെന്ന് അവരെ ഭക്ഷിച്ചു വിശപ്പടക്കി.

ഭക്ഷണത്തിനു ശേഷം തപസ്സു ചെയ്യുക, തപസ്സു തീരുമ്പോൾ രാജധാനിയിലേക്കു വരുക, കുറ്റവാളികളോടു കൂടി ഹിമാലയത്തിലേക്കു പോവുക – ആ പരിപാടി അങ്ങനെ തുടർന്നുപോയി.

(വസിഷ്ഠരാമായണം—ഗദ്യവിവർത്തനം , കെ. വി. എം.)

അഗസ്ത്യൻ

കുറിയ ആളാണ് അഗസ്ത്യമഹർഷി; കാണാൻ കുറെ മോശവുമാണ്. പക്ഷേ, അതുകൊണ്ടെന്ത്? അളവറ്റ തപശ്ശക്തി നേടിയിട്ടുണ്ട്. ആ ശക്തി പ്രയോഗിച്ച് അത്ഭുതങ്ങൾ പലതും കാണിച്ചിരുന്നു.

ഒരിക്കൽ അഗസ്ത്യൻ യാത്രചെയ്യുകയായിരുന്നു.

അദ്ദേഹം ചില പിതൃക്കളെ കണ്ടുമുട്ടി.

'അഗസ്ത്യാ, നിനക്കിന്നോളം സന്താനം ഉണ്ടായിട്ടില്ല. അക്കാരണത്താൽ ഞങ്ങൾക്ക് ഗതി കിട്ടാതായിരിക്കുന്നു. നിനക്ക് സന്താനം ഉണ്ടായാലേ ഞങ്ങൾക്കു ഗതി കിട്ടുകയുള്ളൂ. നീ ഉടനെ വിവാഹംകഴിക്കണം. നിന്റെ പുത്രൻ ഞങ്ങളെ കരകയറ്റും.' പിതൃക്കൾ പറഞ്ഞു.

'ശരി. ഞാൻ നിങ്ങളുടെ ആഗ്രഹം സാധിപ്പിക്കാം.' അഗസ്ത്യൻ പറഞ്ഞിട്ടു യാത്രയായി.

കാലതാമസം കൂടാതെ വിവാഹംകഴിക്കണം — അതായി അഗസ്ത്യന്റെ നിശ്ചയം. തനിക്ക് യോഗ്യയായ ഒരു വധുവിനെ കണ്ടുപിടിക്കണ്ടേ? അതിനായി അദ്ദേഹം അങ്ങുമിങ്ങും സഞ്ചരിച്ചു. പക്ഷേ, അപ്രകാരം ഒരുവളെ ഒരിടത്തും കണ്ടെത്തിയില്ല.

ആ സമയത്ത് വിദർഭ രാജാവ് തപസ്സുചെയ്യുകയാണ്. രാജാവിനും സന്തതി പിറന്നിട്ടില്ല. സന്തതി ഉണ്ടാവാനാണ് അദ്ദേഹത്തിന്റെ തപസ്സ്.

ഒടുവിൽ രാജാവിന് ഒരു പുത്രിയുണ്ടായി. ലോപാമുദ്ര എന്നു പേരിട്ടു രാജകുമാരിക്ക്. അവൾ വളരുന്നതോടൊപ്പം അവളുടെ അഴകും വർദ്ധിച്ചുവന്നു. യൗവനത്തിൽ കാലുകുത്തിയപ്പോഴോ? ഒന്നു പ്രത്യേകമായിരുന്നു സൗന്ദര്യം. അവൾ അത്യന്തം പ്രശോഭിച്ചു— ജലത്തിൽ താമരപോലെ, അഗ്നിയിൽ ജ്വാലപോലെയും.

രാജാവ് പുത്രിക്ക് നൂറു തോഴിമാരെ നൽകി — മാത്രമല്ല, നൂറു പരിചാരികമാരെയും. ലോപാമുദ്ര അവരോടൊത്തു സുഖജീവിതം നയിച്ചു.

രാജകുമാരിക്ക് വിവാഹപ്രായമായി.

ഏതു രാജകുമാരനാണ് ലോപാമുദ്രയ്ക്ക് അനുരൂപനായ വരൻ? അതായി വിദർഭ രാജാവിന്റെ അന്വേഷണം. അപ്രകാരം ഒരാളെ കണ്ടുകിട്ടിയാലോ? ഉടൻതന്നെ അവളുടെ കല്യാണം നടത്തണം.

ലോപാമുദ്രയെക്കുറിച്ച് അറിവു കിട്ടി അഗസ്ത്യമഹർഷിക്ക്; അവളുടെ സൗന്ദര്യത്തെയും സൗശീല്യത്തെയുംകുറിച്ചും. താൻ അവളെ വിവാഹംകഴിക്കുകതന്നെ — അതായി അദ്ദേഹത്തിന്റെ നിശ്ചയം.

അദ്ദേഹം വിദർഭയിൽ ചെന്നു രാജാവിനെ കണ്ടു. 'ഞാൻ അങ്ങയുടെ പുത്രിയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു.' മഹർഷി അറിയിച്ചു.

രാജാവ് വല്ലാത്ത ഒരു കുഴപ്പത്തിൽ പെട്ടുപോയി. മഹാനായ മഹർഷിയാണ് അഗസ്ത്യൻ. അതു ശരിയാണ്, എങ്കിലും കാണാൻ നന്നല്ല. പോരെങ്കിൽ പൊക്കം വളരെക്കുറവും. രാജകുമാരിയാണെങ്കിൽ ഏറ്റവും സുന്ദരിയും. ഏത് പിതാവിന് ഇങ്ങനെയൊരു വിവാഹം ഇഷ്ടപ്പെടും.?

അദ്ദേഹം അന്തഃപുരത്തിലേക്ക് ചെന്നു. എന്നിട്ട് പത്നിയെ അഗസ്ത്യന്റെ ആഗ്രഹം അറിയിച്ചു. രാജാവിനെപ്പോലെ രാജ്ഞിക്കും ഈ ബന്ധം ഒട്ടും തന്നെ ഇഷ്ടമായില്ല. എങ്കിലും അഗസ്ത്യന്റെ ഇഷ്ടം സാധിപ്പിച്ചില്ലെങ്കിലോ? മഹർഷി ശപിക്കും. തങ്ങളെ നശിപ്പിക്കും. എന്താണിനി ചെയ്യുക? രാജദമ്പതികൾക്ക് അതിയായ ദുഃഖമുണ്ടായി.

അവരുടെ ദുഃഖകാരണം ലോപാമുദ്രയ്ക്ക് മനസ്സിലായി.

അവൾ അവരുടെ അടുക്കലേക്ക് ചെന്നു.

'അച്ഛാ, ഞാൻ കാരണം അച്ഛൻ ഒട്ടും വ്യസനിക്കരുത്. ഞാനിതാ അഗസ്ത്യമഹർഷിയെ സന്തോഷത്തോടുകൂടി വരിച്ചിരിക്കുന്നു.' അവൾ പറഞ്ഞു.

ഇനി എന്തു ചെയ്യാനൊക്കും? അച്ഛനമ്മമാർക്ക് ഒന്നേ ബാക്കിയുള്ളൂ — ഈ ബന്ധത്തിനു സമ്മതമേകുക.

അങ്ങനെ നടന്നു അഗസ്ത്യന്റെയും ലോപാമുദ്രയുടെയും വിവാഹം.

അഗസ്ത്യൻ വധുവിനോടു ഹൃദയം തുറന്നു സംസാരിച്ചു:

'ലോപാമുദ്രേ, നീ ഇപ്പോൾ ഒരു മഹർഷിയുടെ പത്നിയായിരിക്കുന്നു.

നീ ധരിച്ചിരിക്കുന്നത് രത്നാഭരണങ്ങളും പട്ടുവസ്ത്രങ്ങളുമാണ്. അതൊന്നും മഹർഷിമാരുടെ പത്നിമാർക്ക് യോജിച്ചവയല്ല. അവയെ ഉപേക്ഷിക്കൂ.' അദ്ദേഹം ആവശ്യപ്പെട്ടു.

ഭർത്താവ് ദൈവത്തെപ്പോലെയാണ് – അതാണ് ലോപാമുദ്രയുടെ വിശ്വാസം. അവൾ ആ നിമിഷം രത്നാഭരണങ്ങളും പട്ടുവസ്ത്രങ്ങളും ഉപേക്ഷിച്ചു. പകരം ധരിച്ചതോ, പരുപരുത്ത മരവുരിയും.

പത്നിയെയുംകൊണ്ട് അഗസ്ത്യൻ ഗംഗാദ്വാരത്തിലെത്തി. അവിടെവച്ച് ഒരു തപസ്സും തുടങ്ങി. ഭർത്താവിനെ ഭാര്യ അതിയായ ശ്രദ്ധയോടെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു.

ഒടുവിൽ അഗസ്ത്യന്റെ തപസ്സ് അവസാനിച്ചു.

ലോപാമുദ്രയ്ക്ക് ഒരാഗ്രഹമുണ്ടായി. കുട്ടിക്കാലംമുതൽക്കേ ആഡംബരം ശീലിച്ചിരുന്നവളാണ്. കുറെനാളായി മരവുരിയുടുത്ത് കായ്കനികൾ തിന്നു കാട്ടിൽ കഴിയുന്നു. ഒരിക്കൽക്കൂടി രത്നാഭരണങ്ങളും പട്ടുവസ്ത്രങ്ങളും ധരിക്കാൻ സാധിച്ചുവെങ്കിൽ !

അവൾ അഗസ്ത്യനെ ആഗ്രഹം അറിയിച്ചു.

'ലോപാമുദ്രേ, നിന്റെ ആഗ്രഹം സാധിപ്പിച്ചുതരണമെന്ന് എനിക്ക് വിചാരമുണ്ട്. പക്ഷേ, രത്നാഭരണങ്ങളും പട്ടുവസ്ത്രങ്ങളും വേണമെങ്കിൽ പണമുണ്ടാക്കണം. ഞാൻ വെറുമൊരു തപസ്വിയാണ്. എന്റെ പക്കൽ പണമേയില്ല. ആ സ്ഥിതിക്ക് ഞാൻ എന്തു ചെയ്യട്ടെ?' അഗസ്ത്യൻ ചോദിച്ചു.

'അങ്ങേക്ക് പണമില്ല, ശരിതന്നെ. പക്ഷേ, തപശ്ശക്തിയുണ്ട്. സകല ശക്തികൾക്കും മേലെയാണ് തപശ്ശക്തി. ആ ശക്തി ഉപയോഗിച്ചാലോ? എന്തു വേണമെങ്കിലും ഉണ്ടാക്കാൻ സാധിക്കും.' ലോപാമുദ്ര ഓർമ്മപ്പെടുത്തി.

'നീ പറഞ്ഞതു ശരിയാണ്. എങ്കിലും ഒന്നുണ്ട്. ഈ വിധത്തിൽ തപശ്ശക്തി ഉപയോഗിച്ചുകൂടാ. ഉപയോഗിച്ചാലോ, തപശ്ശക്തി നശിച്ചുപോകും. അതു വീണ്ടെടുക്കാൻ പിന്നെയും തപസ്സു ചെയ്യണം. മറ്റു വല്ല വഴിയും തോന്നുന്നുണ്ടെങ്കിൽ പറയൂ.' അഗസ്ത്യൻ ആവശ്യപ്പെട്ടു.

ലോപാമുദ്രയ്ക്ക് വഴിയൊന്നും തോന്നിയില്ല.

'അങ്ങേക്ക് എന്നെക്കാൾ എത്രയോ കൂടുതൽ അറിവുണ്ട്. അങ്ങു വേണം ഒരു മാർഗ്ഗം കണ്ടുപിടിക്കാൻ.' അവൾ പറഞ്ഞു.

അഗസ്ത്യന് ഒരു യുക്തി തോന്നി.

'ശരി, ഞാൻ നിന്റെ ആഗ്രഹം നടത്തിത്തരാം. പക്ഷേ, അതിനായി എനിക്കു യാത്ര വേണ്ടിവരും. ഞാനിപ്പോൾതന്നെ ഇറങ്ങിത്തിരിക്കുകയാണ്. ഞാൻ തിരിച്ചു വരുന്നതുവരെ കാത്തിരിക്കൂ.' അദ്ദേഹം പറഞ്ഞു.

മഹർഷിമാർക്കു ഭിക്ഷ യാചിക്കാം. അതുകൊണ്ട് ഒരു പോരായ്മയും വരുകയില്ല. ഭാര്യക്കുവേണ്ടി താൻ ഭിക്ഷ യാചിക്കുകതന്നെ. പണമാണ് ഇപ്പോഴത്തെ ഭിക്ഷ.

മഹർഷി ശ്രുതർവൻ എന്ന രാജാവിനെ ചെന്നു കണ്ടു. രാജാവ് അദ്ദേഹത്തെ ആദരവോടെ സത്കരിച്ചിരുത്തി. അതിനുശേഷം വന്ന കാരണം ആരാഞ്ഞു.

'രാജൻ, എനിക്കു കുറെ പണം ആവശ്യമുണ്ട്. അതെനിക്കു ഭിക്ഷയായി തരിക.

പക്ഷേ, ഒരു കാര്യം. എനിക്കു തരുന്നതുകൊണ്ട് അങ്ങേക്ക് ബുദ്ധിമുട്ടു വന്നുകൂടാ.' അഗസ്ത്യൻ പറഞ്ഞു.

കൊട്ടാരത്തിൽ വരവിന്റെയും ചെലവിന്റെയും കണക്കുകൾ വെക്കാറുണ്ട്. ശ്രുതർവൻ ആ കണക്കുകൾ വരുത്തി പരിശോധിച്ചു. അപ്പോൾ കണ്ടത് എന്താണ്? വരവും ചെലവും ഒപ്പമായിരുന്നു.

'അങ്ങയ്ക്ക് ആവശ്യമുള്ളത് എടുക്കാം.' ശ്രുതർവൻ പറഞ്ഞു, അതു തനിക്കു വളരെ ബുദ്ധിമുട്ട് വരുത്തുമെങ്കിലും.

പക്ഷേ, അഗസ്ത്യന് അതിനു മനസ്സു വന്നില്ല. വരവും ചെലവും ഒപ്പമായാലോ? ധനസ്ഥിതി തൃപ്തികരമല്ല എന്നർത്ഥം. ആ നിലയ്ക്ക് ശ്രുതർവനെ അസൗകര്യപ്പെടുത്തിക്കൂടാ. മഹർഷി യാത്രയായി. ശ്രുതർവനും അദ്ദേഹത്തെ അനുഗമിച്ചു.

അടുത്തതായി അഗസ്ത്യൻ ചെന്നു കണ്ടതോ? ബൃദ്ധ്നശ്വൻ എന്ന രാജാവിനെ. സംസാരിച്ചപ്പോൾ ഒന്നു തെളിഞ്ഞു— ബൃദ്ധ്നശ്വന്റെ ധനസ്ഥിതിയും ശ്രുതർവന്റേതുപോലെതന്നെ. അഗസ്ത്യൻ ത്രസദസ്യുവിനെ ചെന്നു കണ്ടു. ശ്രുതർവനും ബ്രൃദ്ധ്നശ്വനും ഒന്നിച്ചു പോയിരുന്നു. ത്രസദസ്യുവും കണക്കുകൾ കാണിച്ചു. അതും മുമ്പത്തെ രണ്ടു രാജാക്കന്മാരുടേതുപോലെ!

ആർക്കാണ് ധാരാളം ധനമുള്ളത്? മൂന്നു രാജാക്കൻമാരും അഗസ്ത്യനും കൂടി ആലോചനകൾ നടത്തി. രാജാക്കന്മാർക്ക് ഒന്നു തീർച്ചയായി. എറ്റവും ധനികൻ ഇല്വലൻതന്നെ .

അസുരപ്രമാണിയാണ് ഇല്വലൻ .

മുനിമാരോട് ഇല്വലന് രഹസ്യമായ പകയുണ്ട്. പണ്ടുകാലത്ത് തുടങ്ങിയതാണ് ആ പക. ഒരിക്കൽ അവൻ ഒരു മുനിയെക്കണ്ട് അപേക്ഷ സമർപ്പിച്ചു—തനിക്ക് ഇന്ദ്രതുല്യനായ പുത്രനുണ്ടാവാനായി യാഗം ചെയ്യണമെന്ന്. പക്ഷേ, മുനി ആ അപേക്ഷ കൈക്കൊണ്ടില്ല. അന്നുമുതൽ ഇല്വലൻ മുനിമാരുടെ വിരോധിയായിത്തീർന്നു. ഇല്വലൻ മാത്രമല്ല, അവന്റെ അനുജനായ വാതാപിയും. അവർ പകവീട്ടുന്നത് പ്രത്യേക രീതിയിലാണ്. വല്ല മുനിമാരും ആ വഴി പോയാലോ? സഹോദരന്മാർ ആ മുനിമാരെ ഭക്ഷണത്തിനു ക്ഷണിക്കും. മുനിമാർ ക്ഷണം സ്വീകരിച്ച് ഭക്ഷണം കഴിക്കാൻ വന്നിരിക്കും. ഇല്വലൻ അവർക്ക് ആടിന്റെ മാംസം പാകം ചെയ്തു വിളമ്പും. മാംസത്തിനുള്ള ആട് എവിടന്നു വരുന്നു? അവിടെയാണ് അസുരന്മാരുടെ കൗശലം പ്രകടമാകുന്നത്. മായാവികളാണ് അവർ രണ്ടുപേരും. മുനിമാർ അറിയാതെ അവർ മായ പ്രയോഗിക്കും. വാതാപി സ്വയം ആടായി രൂപം മാറും. ഇല്വലൻ ആടിനെ കൊന്നു കറിവയ്ക്കും. കറി മുനിമാർക്ക് വിളമ്പുകയും ചെയ്യും. മുനിമാർ വയറു നിറയെ മാംസം തിന്നും. അതോടുകൂടി സഹോദരന്മാർക്ക് സന്തോഷമാകും. ഇല്വലൻ ഉറക്കെ വിളിച്ചു പറയും: 'അനുജാ പുറത്തു വരൂ!' ആ നിമിഷം മുനിമാരുടെ വയറിലെ മാംസം ഒന്നിച്ചുകൂടി വാതാപിയാകും. വാതാപി പുറത്തേക്കു വരും. മുനിമാർ വയറുപൊട്ടി മരിച്ചുവീഴും. അതുകണ്ട് അസുരൻമാർ പൊട്ടിച്ചിരിക്കും.!

ആ ഇല്വലനെയാണ് അഗസ്ത്യനും രാജാക്കന്മാരും ചെന്നു കണ്ടത്.

അഗസ്ത്യൻ അവനോട് ധനം അഭ്യർത്ഥിച്ചു.

ഇല്വലൻ അഗസ്ത്യനെ ഭക്ഷണത്തിനു ക്ഷണിച്ചു—അവൻ സാധാരണ ചെയ്യാറുള്ളതുപോലെ. ഭക്ഷണം കാലമായപ്പോൾ അഗസ്ത്യൻ ഉണ്ണാനി

രുന്നു. ഇലലൻ ധാരാളം മാംസം വിളമ്പി. അവൻ വിളമ്പുമ്പോൾ പുഞ്ചിരി തൂകുന്നുണ്ടായിരുന്നു. മഹർഷി വയറു പൊട്ടി മരിക്കുന്നതു കാണാൻ എന്തു രസമായിരിക്കും!

വിളമ്പിയ മാംസമെല്ലാം അഗസ്ത്യൻ അകത്താക്കി.

'അനുജാ, പുറത്തു വരൂ!' ഇലലൻ ചിരിച്ചുകൊണ്ട് ഉറക്കെ വിളിച്ചുപറഞ്ഞു.

വാതാപി വിളി കേട്ടില്ല.

ഇലലൻ വീണ്ടും വിളിച്ചു. അപ്പോഴും വാതാപി വിളി കേട്ടില്ല. ഇലലൻ തുടരെത്തുടരെ വിളിച്ചു. ഒരു പ്രാവശ്യംപോലും വാതാപി വിളി കേട്ടില്ല.

'ഇലലാ, വാതാപിയെ വിളിക്കേണ്ടതായ ആവശ്യമില്ല. അവനിനി ഒരിക്കലും പുറത്തു വരികയില്ല. എന്റെ വയറ്റിൽ കിടന്ന് അവൻ ദഹിച്ചുപോയി.' അഗസ്ത്യൻ ശാന്തത കൈവിടാതെ അറിയിച്ചു.

അസുരന്മാരുടെ മായാവിത്തമുണ്ടല്ലോ, അത് അഗസ്ത്യനോട് വിലപ്പോയില്ല. ആദ്യമായി ഇലലന് അമളി പിണഞ്ഞു. വാതാപി മരണമടയുകയുംചെയ്തു. അതിൽ ഇലലൻ അതിയായി ദുഃഖിച്ചു. പക്ഷേ, എന്തു ചെയ്യാനൊക്കും?

അവന് അഗസ്ത്യന്റെ മാഹാത്മ്യം മനസ്സിലായി.

'ഞാൻ അങ്ങേക്കുവേണ്ടി എന്താണ് ചെയ്യേണ്ടത്?' അവൻ അതിയായ ആദരവോടെ

ചോദിച്ചു.

അഗസ്ത്യൻ പണത്തിന്റെ തുക പറഞ്ഞു. അത്രയും ധനം ഇലലൻ നൽകി — അതിൽ കൂടുതലും. അതേ സമയം ഒരു തേരും സമ്മാനിച്ചു.

രാജാക്കന്മാരോടുകൂടി അഗസ്ത്യൻ തേരിൽ കയറി യാത്രയായി.

അവരവരുടെ രാജ്യങ്ങളിൽ ഇറങ്ങി രാജാക്കന്മാർ.

അഗസ്ത്യൻ തന്റെ ആശ്രമത്തിൽ മടങ്ങിയെത്തി.

ആശ്രമത്തിൽ കാത്തിരിക്കുകയാണ് ലോപാമുദ്ര. ഭാര്യയുടെ ആഗ്രഹം സാധിപ്പിക്കാൻ പോയതാണ് അഗസ്ത്യൻ. അദ്ദേഹം ഇപ്പോഴിതാ ധാരാളം ധനവുമായി തിരിച്ചെത്തിയിരിക്കുന്നു. എത്രയെത്ര ആഭരണങ്ങളും വസ്ത്രങ്ങളുമാണ് അദ്ദേഹം സമ്മാനിച്ചത്!. ലോപാമുദ്രയുടെ ആഗ്രഹം അങ്ങനെ നിറവേറ്റി. സന്താനം ഉണ്ടാവാൻ അനുഗ്രഹിക്കണം. അവൾ അപേക്ഷിച്ചു. 'പത്തുപേർക്കു തുല്യനായ ഒരു പുത്രൻ എന്ന കണക്കിനു നൂറു പുത്രന്മാർ വേണോ? അതോ ആയിരം പേർക്കു തുല്യനായ ഒരു പുത്രനെ വേണോ?' അഗസ്ത്യൻ അന്വേഷിച്ചു.

'ആയിരം പേർക്ക് തുല്യനായ ഒരു പുത്രൻ മതി.' ലോപാമുദ്ര പറഞ്ഞു.

'ശരി. നിന്റെ ആഗ്രഹം നടക്കും.' അഗസ്ത്യൻ അനുഗ്രഹിച്ചു.

ലോപാമുദ്ര ഏഴു കൊല്ലം ഗർഭം വഹിച്ചു. അതിനുശേഷം ഒരു പുത്രനു ജന്മമേകി. ദൃഢസ്യു എന്നായിരുന്നു പുത്രന്റെ പേര്. വളർന്നു വലുതായപ്പോൾ ദൃഢസ്യു മഹാപണ്ഡിതനായി, മഹാകവിയുമായി.

ഒരിക്കൽ അഗസ്ത്യനും വിന്ധ്യനും തമ്മിൽ വിചിത്രമായ ഒരു സമ്പർക്കമുണ്ടായി.

പർവ്വതങ്ങളിൽ ശ്രേഷ്ഠനാണ് മഹാമേരു. മാത്രമല്ല, ഏറ്റവും ഉയരമുള്ളവനും. സൂര്യദേവൻ ദിവസംപ്രതി രണ്ടു പ്രാവശ്യം മഹാമേരുവിനെ വലം വയ്ക്കുന്നു.

അതായത്, പ്രഭാതത്തിലും അസ്തമനത്തിലും. വളരെക്കാലമായി തുടർന്നുപോരുകയാണ് ഈ പ്രദക്ഷിണം. വിന്ധ്യപർവ്വതം അതു കണ്ടു നില്ക്കാറുമുണ്ട്. മഹാമേരുവിനോളം പൊക്കം വിന്ധ്യനില്ല. അക്കാരണത്താൽ വിന്ധ്യനു മഹാമേരുവിനോട് അസൂയയുണ്ട്. സൂര്യദേവൻ തന്നെ പ്രദക്ഷിണം ചെയ്യാതിരിക്കുക, അതേ സമയം മഹാമേരുവിനെ പ്രദക്ഷിണം ചെയ്യുക — അതു ശരിയല്ല എന്ന് വിന്ധ്യനു തോന്നി.

ഒരു ദിവസം വിന്ധ്യൻ സൂര്യദേവനെ നേരിട്ടു.

'സൂര്യദേവാ, അങ്ങു നിത്യവും മഹാമേരുവിനെ മാത്രം പ്രദക്ഷിണം ചെയ്യുന്നു. അതുപോലെ ഇനിമേൽ എന്നെയും പ്രദക്ഷിണം ചെയ്യണം.' വിന്ധ്യൻ ആവശ്യപ്പെട്ടു.

സൂര്യദേവന് അത് സ്വീകാര്യമായില്ല.

'വിന്ധ്യാ, ഞാൻ മഹാമേരുവിനെ പ്രദക്ഷിണം ചെയ്യുന്നു, ശരിയാണ്. പക്ഷേ, അങ്ങനെ വേണമെന്ന് നിശ്ചയിച്ചത് ഞാനല്ല, ലോകസൃഷ്ടി നടത്തിയവരാണ്.' സൂര്യഭഗവാൻ അറിയിച്ചു.

അപ്പറഞ്ഞത് വിന്ധ്യന് ഒട്ടും പിടിച്ചില്ല. എന്നാലിനി സൂര്യദേവനെ മാത്രമല്ല, ലോകം സൃഷ്ടിച്ചവരെയും നിലയ്ക്കു നിർത്തണം — അതായി ആ ധിക്കാരിയുടെ നിശ്ചയം. സ്വയം വളരാനുള്ള ശക്തി അവന് സിദ്ധിച്ചിട്ടുണ്ട്. താൻ വളരെയങ്ങ് വളരും; സൂര്യന്റെ മാത്രമല്ല, ചന്ദ്രന്റെയും ഗതി തടയും! അതിനായി അവന്റെ ശ്രമം.

അവൻ ക്രമത്തിലധികം വളർന്നുതുടങ്ങി.

ഇങ്ങനെയായാൽ ലോകത്തിന്റെ ഘടന പാടേ മാറിപ്പോവുകയില്ലേ? ദേവന്മാർക്ക് പരിഭ്രമമായി. അവർ വിന്ധ്യനെ ചെന്നുകണ്ട് ഒരു അപേക്ഷ സമർപ്പിച്ചു — ഇനിമേലുള്ള വളർച്ച മതിയാക്കണമെന്ന്.

വിന്ധ്യൻ സമ്മതിക്കാൻ തയ്യാറായില്ല.

ദേവന്മാർ അഗസ്ത്യമുനിയെ സന്ദർശിച്ച് വിവരം പറഞ്ഞു.

'മഹർഷേ, വിന്ധ്യനെ നിരോധിക്കാൻ ഒരാൾക്കു മാത്രമേ കഴിവുള്ളൂ. ആ ആൾ അങ്ങാണ്. ദയവുചെയ്ത് അങ്ങ് ലോകനാശം തടയണം.' അവർ അഭ്യർത്ഥിച്ചു.

അഗസ്ത്യൻ ചിലതെല്ലാം നിശ്ചയിച്ചു. എന്നിട്ട് ആശ്രമം വിട്ട് യാത്രയായി. ലോപാമുദ്രയെയുംകൂടി കൊണ്ടുപോയി.

അദ്ദേഹം വിന്ധ്യന്റെ സമീപത്തിലെത്തി.

'വിന്ധ്യാ, ഞാനും ഭാര്യയും തെക്കു ദിക്കിലേക്ക് പോവുകയാണ്. അവിടെ പ്രത്യേകിച്ച് ഒരു കാര്യമുണ്ട്. എനിക്ക് അങ്ങയോട് ഒരു അപേക്ഷയുണ്ട്. ഞങ്ങൾ തിരിച്ചു വരുന്നതുവരെ അങ്ങ് വളരാൻ പാടില്ല. ഞങ്ങൾ മടങ്ങിയെത്തിയതിനുശേഷം ഇഷ്ടംപോലെ വളരുകയുമാവാം.' മഹർഷി പറഞ്ഞു.

വിന്ധ്യന് അഗസ്ത്യനെ അങ്ങേയറ്റം ബഹുമാനമുണ്ട്. മാത്രമല്ല, ഭയവും. വല്ല ശാപവും നല്കിക്കളഞ്ഞാലോ? അദ്ദേഹം തിരിച്ചുവരുംവരെ താൻ വളരുകയില്ല — ആ വാഗ്ദാനം ചെയ്തു വിന്ധ്യൻ.

അഗസ്ത്യൻ എന്തു ചെയ്തെന്നോ? ഭാര്യയുമൊന്നിച്ച് തെക്കൻദിക്കിലേക്ക് പോയി, അവിടെത്തന്നെ കഴിഞ്ഞുകൂടി. പിന്നീട് വടക്കോട്ട് പോയതേയില്ല!

വേണമെങ്കിൽ വിന്ധ്യനു പിന്നേയും വളരാം. പക്ഷേ, വിന്ധ്യൻ വളരാതെ നിന്നു. വാക്കിനു സ്ഥിരതയുണ്ട് അവന്. എന്തു വന്നാലും വാക്കുമാറുകയില്ല !

വിന്ധ്യൻ ഇന്നും അതേനിലയ്ക്ക് നില്ക്കുന്നു — താരതമ്യേന ചെറിയ പർവ്വതമായിട്ടു തന്നെ.

ഒരിക്കൽ അഗസ്ത്യൻ ഒരു മഹാത്ഭുതം പ്രവർത്തിച്ചു. മറ്റാർക്കും സാധിക്കാത്ത ഒരു കൃത്യമാണത്. അദ്ദേഹം സമുദ്രത്തെ കുടിച്ചു വറ്റിച്ചുകളഞ്ഞു!

കാലകേയന്മാരാണ് അതിനു കാരണക്കാർ.

ഒരു കൂട്ടം അസുരന്മാരാണ് കാലകേയന്മാർ. മഹാഭയങ്കരന്മാരും, മഹാശക്തന്മാരുമാണ് അവർ. പണ്ട് അവർ വൃത്രാസുരന്റെ അനുയായികൾ ആയിരുന്നു. വൃത്രൻ ദേവേന്ദ്രന്റെ കൈയാൽ മരണം വരിച്ചു. കാലകേയന്മാർക്ക് നില്ക്കക്കള്ളി ഇല്ലാതെയായി. അവർ പോർക്കളം വിട്ട് ഓടിയൊളിച്ചു.

(വൃതാസുരന്റെ കഥ അന്യത്ര പറഞ്ഞിട്ടുണ്ട്.)

സമുദ്രത്തിനടിയിലാണ് കാലകേയന്മാർ ഒളിച്ചിരുന്നത്. അവിടെയിരുന്നുകൊണ്ട് അവർ ആലോചിച്ചു. ദേവന്മാരെയും അവരുടെ സകലതിനെയും നശിപ്പിക്കണം — അതിനുള്ള വഴികളെക്കുറിച്ചാണ് ആലോചന. ഒടുവിൽ അവർ ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു. തപസ്സാണ് ലോകത്തെ നിലനിർത്തുന്ന മഹാശക്തി. തപസ്സിനെ എന്നെന്നേക്കുമായി ഇല്ലായ്മ ചെയ്യണം. തപസ്സു ചെയ്യുന്നത് മുനിമാരാണ്. മുനിമാരെ നശിപ്പിച്ചാലേ തപസ്സു നശിക്കൂ. അതിനാൽ എല്ലാ മുനിമാരെയും കൊന്നു കളയണം.

ആ പരിപാടി നടപ്പിലാക്കാൻ കാലകേയന്മാർ ആരംഭിച്ചു. ആശ്രമങ്ങളിലും ക്ഷേത്രങ്ങളിലും ഒട്ടനേകം മുനിമാരുണ്ട്. രാത്രിസമയത്ത് കാലകേയന്മാർ സമുദ്രത്തിനടിയിൽനിന്ന് ഉയർന്നുവരും. കരയ്ക്കു കയറി ആശ്രമങ്ങളിലും ക്ഷേത്രങ്ങളിലും ചെല്ലും. അവിടെയുള്ള മുനിമാരെ പിടിച്ചു കൊന്നു തിന്നും.

വസിഷ്ഠാശ്രമത്തിലെ നൂറ്റിത്തൊണ്ണൂറ്റിയേഴു മുനിമാർ; ച്യവനാശ്രമത്തിലെ നൂറു മുനിമാർ; ഭരദ്വാജാശ്രമത്തിലെ ഇരുപത് മുനിമാർ—അവരെല്ലാം കാലകേയന്മാരുടെ ഇരകളായി. രാത്രിയുടെ മറവിലാണ് കാലകേയന്മാർ വരിക. ഒരൊച്ചയും ഉണ്ടാക്കുകയുമില്ല. അതിനാൽ മുനിമാരുടെ ദുരന്തം രഹസ്യമായി സംഭവിക്കും. ചാകാതെ ശേഷിച്ചവർ അറിയുന്നത് നേരം വെളുക്കുമ്പോൾ മാത്രമാണ്. അപ്പോൾ അവർ കാണുന്നതോ, മരിച്ചവരുടെ അസ്ഥിയും തലമുടിയും മറ്റും!

മുനിമാരുടെയിടയിൽ അത്യധികമായ ഭീതി വ്യാപിച്ചു. അനേകം പേർ വനങ്ങളിലും ഗുഹകളിലും അഭയം പ്രാപിച്ചു. രാജാക്കന്മാർക്കാണല്ലോ മുനിമാരെ രക്ഷിക്കുന്നതിനുള്ള ചുമതല. ധൈര്യശാലികളായ ചില രാജാക്കന്മാർ കാലകേയന്മാരെ ശിക്ഷിക്കാനായി ഇറങ്ങിത്തിരിച്ചു. പക്ഷേ, അവരെ കണ്ടിട്ട് വേണമല്ലോ ശിക്ഷിക്കാൻ. അസുരന്മാർ പകൽ മുഴുവനും സമുദ്രത്തിൽ ഒളിച്ചിരിക്കുകയല്ലേ?

ലോകനാശം ആരംഭിച്ചിരിക്കുന്നു എന്നുള്ളതിന് ഇനിയും തെളിവ് വേണോ? ദേവന്മാർ പരിഭ്രാന്തരായി . അവർ മഹാവിഷ്ണുവിനോട് സങ്കടം ഉണർത്തിച്ചു:

'ദേവന്മാരേ, സമുദ്രം വറ്റിച്ചാലേ കാലകേയന്മാരെ കൊല്ലാൻ കഴിയൂ. അതിനാൽ ആദ്യം സമുദ്രം വറ്റിക്കാനുള്ള വഴി നോക്കുവിൻ. അതിനു കഴിവുള്ള ഒരൊറ്റയാൾ അഗസ്ത്യനാണ്. ഭഗവാൻ അരുളിച്ചെയ്തു.

അഗസ്ത്യന്റെ അടുക്കലേക്ക് ദേവന്മാർ ഉഴറിച്ചെന്നു. അവർ വിവരം പറഞ്ഞിട്ട് സഹായം അപേക്ഷിച്ചു.

ശരി, ലോകരക്ഷയ്ക്കായിട്ടാണല്ലൊ നിങ്ങൾ അപേക്ഷിക്കുന്നത്. ഞാൻ സമുദ്രത്തെ കുടിച്ചു വറ്റിച്ചുകൊള്ളാം. അഗസ്ത്യൻ പറഞ്ഞു.

അദ്ദേഹം സമുദ്രത്തിലേക്ക് നടന്നു.

ഇങ്ങനെയൊരു കൃത്യം അന്നോളം ആരും കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. എന്തൊരു കാഴ്ചയായിരിക്കും അത്! ഇപ്പോൾ കണ്ടില്ലെങ്കിൽ പിന്നൊരിക്കൽ അതിനു സാധിക്കയില്ല. ദേവന്മാർ, മുനിമാർ, മറ്റുള്ളവർ മഹർഷിയുടെ പിറകേ കൂടി. ഏറ്റവും വമ്പിച്ച ഒരു കൂട്ടം!

ദേവന്മാരേ, ഞാനിതാ എന്റെ കൃത്യം നിർവ്വഹിക്കാൻ പോകുന്നു. അതിനുശേഷം നിങ്ങൾക്കുവേണ്ടത് നിങ്ങൾതന്നെ ചെയ്തുകൊള്ളുവിൻ. അഗസ്ത്യൻ പറഞ്ഞു.

മഹർഷി കുനിഞ്ഞിരുന്ന് സമുദ്രജലം കുടിച്ചുതുടങ്ങി. എത്ര വേഗത്തിലാണ്, എത്ര അധികമാണ്, അദ്ദേഹം കുടിക്കുന്നത്! അതാ, സമുദ്രജലം മുഴുവനും അദ്ദേഹത്തിന്റെ വയറ്റിലേക്കു പോകുന്നു! ഒരൊറ്റ തുള്ളി ബാക്കിയില്ല!

കണ്ടു നിന്നവർ അഗസ്ത്യനെ വാഴ്ത്തി സ്തുതിച്ചു.

അപ്പോൾ കാലകേയന്മാരുടെ അവസ്ഥയോ? സമുദ്രജലം വറ്റിയപ്പോൾ അവർക്ക് ഒളിച്ചിരിക്കാൻ വയ്യാതെയായി. അവരുടേമേൽ ചാടിവീണു ആയുധധാരികളായ ദേവന്മാർ. കാലകേയന്മാർ ദേവന്മാരുടെ ആക്രമണത്തെ ചെറുത്തുനിന്നു. എങ്കിലും ജയം സിദ്ധിച്ചത് ദേവന്മാർക്കായിരുന്നു. ഒരൊറ്റ കാലകേയൻ ജീവനോടെ ശേഷിച്ചുമില്ല.

ദേവന്മാർക്ക് കാര്യലാഭം ഉണ്ടായപ്പോഴോ? അവർക്ക് ഒന്നു ചെയ്യേണ്ടതായിവന്നു. വറ്റിപ്പോയ സമുദ്രത്തിൽ പഴയപോലെ ജലം നിറയ്ക്കണം. സമുദ്രജലം മുഴുവനും അഗസ്ത്യന്റെ വയറ്റിലായിപ്പോയി. സമുദ്രമില്ലെങ്കിൽ ലോകം നിലനിൽക്കുകയുമില്ല.

മഹർഷേ, അങ്ങയുടെ വയറ്റിലുള്ള സമുദ്രജലം പുറത്തേക്കു വിടണം. അവർ അഗസ്ത്യനോട് അപേക്ഷിച്ചു.

അതിനു നിവൃത്തിയില്ല. കുടിച്ച സമുദ്രജലം അത്രയും ദഹിച്ചുപോയി, വീണ്ടും സമുദ്രം നിറയ്ക്കേണ്ടതുതന്നെ, സമ്മതിക്കാം. പക്ഷേ, അതിന് നിങ്ങൾ വേറെ വഴി നോക്കണം. അഗസ്ത്യൻ പറഞ്ഞിട്ട് ആശ്രമത്തിലേക്ക് ഒരൊറ്റ നടത്തം!

(സമുദ്രത്തിൽ വീണ്ടും ജലം നിറഞ്ഞു. അത് സഗരന്റെ കാലത്തായിമുന്നു. സഗരന്റെ കഥ മറ്റൊരിടത്ത് വായിക്കാം.)

(മഹാഭാരതം, ആരണ്യപർവ്വം)

ആരുണി, ഉപമന്യു, വേദൻ

മഹാനായ മഹർഷിയാണ് ധൗമ്യൻ. അദ്ദേഹത്തിന് മൂന്നു ശിഷ്യന്മാരുണ്ട്. ആരുണി, ഉപമന്യു, വേദൻ – അവരാണ് ശിഷ്യന്മാർ.

ഗുരു എന്തുതന്നെ ആജ്ഞാപിച്ചുകൊള്ളട്ടെ – അത് അനുസരിക്കണം. അതാണ് ശിഷ്യന്റെ ധർമ്മം.

ധൗമ്യൻ ഓരോ ശിഷ്യന് ഓരോ ജോലി നല്കി.

ആരുണിക്ക് നൽകിയ ജോലി എന്തായിരുന്നു? മഹർഷിയുടെ വയലിൽ വരമ്പു കെട്ടണം, അങ്ങനെ വെള്ളം നിർത്തണം.

ആശ്രമത്തിൽനിന്ന് ആരുണി ഇറങ്ങിപ്പോയി. നേരെ വയലിലേക്കു ചെന്നു. ഉടൻതന്നെ ജോലിയും ആരംഭിച്ചു. എത്ര ജോലി ചെയ്തിട്ടും വരമ്പ് കെട്ടാൻ സാധിച്ചില്ല. ഇനി എന്താണൊരു വഴി? ആരുണി ചികഞ്ഞ് ആലോചിച്ചു. അപ്പോൾ ഒരു യുക്തി തോന്നി. വരമ്പിന്റെ സ്ഥാനത്ത് താൻ കിടക്കണം അപ്പോൾ തന്റെ ദേഹം വരമ്പുപോലെയാകും. വെള്ളം ദേഹത്തിൽ തടഞ്ഞ് വയലിൽ കെട്ടി നിൽക്കും. ആരുണി പിന്നെ ഒട്ടും സംശയിച്ചുനിന്നില്ല. ആ യുവാവ് നിലത്തു കിടന്ന് സ്വശരീരത്തെ വരമ്പുപോലെയാക്കി. എഴുന്നേറ്റാൽ വെള്ളം വാർന്നൊഴുകുകയില്ലേ? അതിനാൽ അയാൾ അതേ കിടപ്പിൽതന്നെ കിടന്നു.

ധൗമ്യനും മറ്റു രണ്ടു ശിഷ്യന്മാരും ആശ്രമത്തിലുണ്ട്. അവർ ആരുണിവരാനായി കാത്തിരിക്കുന്നു. നേരം വളരെ കഴിഞ്ഞിട്ടും ആരുണിയെ കാണാനില്ല. ധൗമ്യനു പരിഭ്രമം കലശലായി. ഇനി സ്ഥലത്ത് ചെന്ന് അന്വേഷിക്കുകതന്നെ. അദ്ദേഹം ഉപമന്യുവിനെയും വേദനെയും കൂട്ടി. എന്നിട്ട് വയലിന്റെ അടുക്കലേക്ക് ചെന്നു.

ആരുണി കിടന്നിടത്തുനിന്ന് എഴുന്നേറ്റു.

'നീ എന്തു ചെയ്യുകയായിരുന്നു. ?' ധൗമ്യൻ ചോദിച്ചു.

'ഗുരോ, വെള്ളം ചെറുത്തുനിറുത്താനാണല്ലോ അവിടുന്ന് എന്നോട് ആജ്ഞാപിച്ചത്. ഞാൻ എന്റെ ശരീരത്തെ വരമ്പാക്കി അനങ്ങാതെ കിടക്കുകയുംചെയ്തു.' ആരുണി അറിയിച്ചു.

ധൗമ്യന്റെ ഹൃദയത്തിൽ ആഹ്ലാദം നിറഞ്ഞു. കറയറ്റ ഗുരുഭക്തിയുണ്ട് ആരുണിക്ക്. അതിന് ഇതിൽപ്പരം ഒരു തെളിവു വേണോ?

'ആരുണീ, ഞാനിതാ നിന്നെ സർവ്വാത്മനാ അനുഗ്രഹിക്കുന്നു. നിനക്ക് സർവ്വശ്രേയസ്സുകളും ഉണ്ടാവട്ടെ! വേദങ്ങളും ശാസ്ത്രങ്ങളും നിന്നിൽ വിളങ്ങുമാറാകട്ടെ!' ധൗമ്യൻ പറഞ്ഞു.

മഹർഷി ഉപമന്യുവിനു നല്കിയ ജോലിയോ? പശുക്കളെ മേയ്ക്കുക. അന്നുമുതൽ ഉപമന്യുവിന് ഒരു പതിവായി: രാവിലെ പശുക്കളെ മേയ്ക്കാൻ കൊണ്ടുപോകുക. വൈകുന്നേരം അവയുമായി ആശ്രമത്തിലേക്ക് മടങ്ങുക. അവൻ എങ്ങനെയാണ് വിശപ്പടക്കുന്നത്.?

അതിനെക്കുറിച്ച് ഗുരു ഒന്നും അന്വേഷിച്ചില്ല.

ഒരു ദിവസം ധൗമ്യൻ അതറിയാൻ ഔത്സുക്യം പ്രകടിപ്പിച്ചു.

'ഉപമന്യു, നിന്റെ ദേഹം നല്ലപോലെ കൊഴുത്തിരിക്കുന്നു. നീ ധാരാളം ഭക്ഷണം കഴിക്കുന്നുണ്ട് എന്ന് തീർച്ചയാണ്. എന്താണ് നീ ഭക്ഷിക്കാറുള്ളത്?' അദ്ദേഹം ചോദിച്ചു.

'ഗുരോ, ഞാൻ ഭിക്ഷ വാങ്ങി ഭക്ഷിക്കുകയാണ്.' ഉപമന്യു ഉത്തരം നൽകി.

ഭിക്ഷാന്നം ഭക്ഷിക്കുക മഹർഷിമാർക്ക് വിധിച്ചതാണ് – മഹർഷിമാരുടെ ശിഷ്യന്മാർക്കും. ആ സ്ഥിതിക്ക് ഉപമന്യു ചെയ്തത് തെറ്റല്ല. എങ്കിലും അതിനൊരു മറുവശമുണ്ട്. ആ മറുവശം ധൗമ്യൻ ചൂണ്ടിക്കാട്ടി :

'ഉപമന്യു, ഇനിമേൽ നീ ഒന്നു ചെയ്യണം. ഭിക്ഷാന്നത്തിന്റെ ഭാഗം ആദ്യം എനിക്കു തരണം. അതിനു ശേഷമേ നീ ഭക്ഷിക്കാൻ പാടുള്ളൂ. മഹർഷി കല്പിച്ചു.

അന്നുമുതൽ ഉപമന്യു എന്നും വൈകുന്നേരം ഭിക്ഷാന്നം കൊണ്ടുവരും. അത് ഗുരുവിന് സമർപ്പിക്കും. ഗുരു വാങ്ങിവെക്കും. അവൻ ഉച്ചയ്ക്കും മറ്റും എന്തു ഭക്ഷണം കഴിക്കുന്നു?

അതൊന്നും ഗുരു അവനോട് ചോദിച്ചുമില്ല.

ദിവസങ്ങൾ കഴിഞ്ഞിട്ടും ഉപമന്യുവിനു വാട്ടമില്ല, കോട്ടമില്ല, ദേഹത്തിനൊട്ടു ചടവുമില്ല.

ധൗമ്യൻ കാരണം ആരാഞ്ഞു.

'ഉപമന്യു, നിനക്കു കിട്ടുന്ന ഭിക്ഷാന്നം നീ എനിക്കു തരുന്നു. എന്നിട്ടും നീ മുമ്പത്തെപ്പോലെ കൊഴുത്തിരിക്കുന്നു. എന്തുകൊണ്ടാണത്?' അദ്ദേഹം ചോദിച്ചു.

'ഗുരോ, ആദ്യം കിട്ടുന്നതെല്ലാം അവിടേക്കായി നീക്കിവച്ചിട്ട് ഞാൻ വീണ്ടും ഭിക്ഷ മേടിക്കുന്നു. അതു ഭക്ഷിച്ച് ജീവൻ പുലർത്തുന്നു'. ഉപമന്യു പറഞ്ഞു.

'ഓഹോ, അങ്ങനെയോ? ശരി നീ ഇനിമേൽ അപ്രകാരം ചെയ്യരുത്.' ഗുരു വിലക്കി.

അതിനുശേഷം ഉപമന്യു ഭിക്ഷയ്ക്ക് പോയതേയില്ല.

ആ സ്ഥിതിക്ക് അവൻ പട്ടിണി കിടന്ന് മരിക്കേണ്ടതാണ്. എന്നാലും അനേകം നാൾ കഴിഞ്ഞിട്ടും അവൻ മരിച്ചില്ലെന്നതോ പോകട്ടെ ദേഹം ഒട്ടുംതന്നെ മെലിഞ്ഞതുമില്ല.

'ഉപമന്യു, നീ ഭിക്ഷയ്ക്കിറങ്ങാറില്ല. എന്നിട്ടും നിന്റെ ശരീരം പഴയപോലെയുണ്ട്. നീ എന്തോ ഭക്ഷിക്കുന്നുണ്ട്. അതിൽ എനിക്കു സംശയമില്ല. എന്താണത് ?' ധൗമ്യൻ ചോദിച്ചു.

'ഗുരോ, ഞാൻ പശുക്കളുടെ പാൽ കുടിച്ചു ജീവിക്കുന്നു.' ശിഷ്യൻ സത്യം അറിയിച്ചു.

അതിന് അവനൊരു ന്യായീകരണം ഇല്ലാതില്ല.

ഭിക്ഷയ്ക്കു പോകരുതെന്നേ ഗുരു വിലക്കിയിട്ടുള്ളൂ. താൻ പശുക്കളെ മേയ്ക്കാൻ കൊണ്ടുപോകാറുണ്ടല്ലോ. അവയുടെ പാൽ കുടിക്കരുത് എന്നു വിലക്കിയിട്ടില്ല. വിലക്കാത്തതു ചെയ്താൽ കുറ്റമാവുമോ? തീർച്ചയായുമില്ല.

എന്നിട്ടും ധൗമ്യൻ വിട്ടില്ല:

'ഇനിമേൽ നീ പശുക്കളുടെ പാൽ കുടിക്കാൻ പാടില്ല.' അദ്ദേഹം ആജ്ഞാപിച്ചു.

പിന്നെയും അനേകം ദിവസങ്ങൾ കഴിഞ്ഞു. ശിഷ്യൻ ഗുരുവിന്റെ ആജ്ഞ ലംഘിച്ചില്ല. എങ്കിലും അവന്റെ ആരോഗ്യം ഒട്ടുംതന്നെ ക്ഷയിച്ചിട്ടില്ല.

മഹർഷിക്ക് അത്ഭുതം തോന്നി.

'ഉപമന്യു, നീ ഭിക്ഷയ്ക്ക് പോകാറില്ല. പശുക്കളുടെ പാൽ കുടിക്കുന്നുമില്ല. എന്നിട്ടും നിന്റെ ശരീരം ശോഷിച്ചിട്ടില്ല. നീ മറ്റെന്തോ ഭക്ഷിക്കുന്നു എന്നെനിക്ക് ഉറപ്പുണ്ട്. എന്താണത്? സത്യം പറയണം.' അദ്ദേഹം ആവശ്യപ്പെട്ടു.

'ഗുരോ, ഞാൻ സത്യംതന്നെ പറയാം. പൈക്കിടാങ്ങൾ അവയുടെ അമ്മമാരുടെ മുല കുടിക്കും. അപ്പോൾ അവയുടെ വായിൽനിന്നും നുര വരും. ആ നുര ഞാൻ ഭക്ഷിക്കാറുണ്ട്.' ഉപമന്യു അറിയിച്ചു.

'അങ്ങനെയോ? എന്നാൽ, ഇനിമേൽ നീ നുരയും ഭക്ഷിച്ചുകൂടാ.' ധൗമ്യൻ കല്പിച്ചു.

ഉപമന്യു വല്ലാത്ത കഷ്ടത്തിലായി. എന്നാലും ഒന്നുണ്ട്. എന്തു കഷ്ടത്തിലായാലും ശരി, ഗുരുവിന്റെ ആജ്ഞ ലംഘിച്ചുകൂടാ. ദിവസം ഒന്നൊന്നായി കടന്നുപോകുന്നു. വയറു വിശന്നു പൊരിയുന്നു. ഭിക്ഷാന്നം തിന്നുകൂടാ. പശുവിൻപാൽ കുടിച്ചുകൂടാ. പൈക്കിടാങ്ങളുടെ നുര ഭക്ഷിച്ചുകൂടാ. പിന്നെ എന്തു ചെയ്യും ?

ഒരു ദിവസം അവൻ പതിവുപോലെ പശുക്കളെയുംകൊണ്ട് കാട്ടിലേക്ക് പോയി. എത്ര ശ്രമിച്ചിട്ടും വിശപ്പ് സഹിക്കാൻ സാധിക്കാതെ വന്നു. നിവൃത്തിയില്ലാതെ ഒരു ചെടി കണ്ടു. ആ ചെടിയുടെ ഇലകൾ പറിച്ചു തിന്നു. തിന്നുകൂടാത്ത ഇലകളായിരുന്നു അവ. പാവം, അവന്റെ രണ്ടു കണ്ണും പൊട്ടി! അന്ധനായിത്തീർന്ന ഉപമന്യു അങ്ങുമിങ്ങും ഉഴന്നുനടന്നു. വിശപ്പ്, വേദന, അന്ധത — എല്ലാം കൂടിയപ്പോഴോ? അവന്റെ അവസ്ഥ ഏറ്റവും ദയനീയമായി. പോകുന്ന വഴിക്ക് ഒരു പൊട്ടക്കിണറുണ്ട്. അത് കുരുടൻ എങ്ങനെയറിയാനാണ്? അവൻ കിണറ്റിന്റെ അകത്തേക്ക് ഒരു വീഴ്ച !

നേരം സന്ധ്യയായി, രാത്രിയായി. ആശ്രമത്തിൽ ധൗമ്യനുണ്ട്. ആരുണിയും വേദനുമുണ്ട്. എന്തേ ഉപമന്യു വരാത്തത്? ധൗമ്യൻ ശിഷ്യരെയും കൂട്ടി അന്വേഷിച്ചിറങ്ങി — മുമ്പൊരിക്കൽ ചെയ്തതുപോലെ. അദ്ദേഹം ഇടയ്ക്കിടയ്ക്ക് വിളിച്ചുചോദിച്ചുകൊണ്ടിരുന്നു: ഉപമന്യു, എവിടെയാണു നീ?

അവർ പൊട്ടക്കിണറ്റിന്റെ അരികിലൂടെ നടന്നുപോയി.

ധൗമ്യൻ ഉപമന്യുവിന്റെ പേർ വിളിക്കാനിടയായി.

ഉപമന്യു ആ വിളി കേട്ടു.

'ഗുരോ, ഞാനീ പൊട്ടക്കിണറ്റിൽ കിടക്കുകയാണ്.' അവൻ വിളിച്ചുപറഞ്ഞു.

'നീ എങ്ങനെ പൊട്ടക്കിണറ്റിൽ വീണു?' ധൗമ്യൻ ചോദിച്ചു.

ഉപമന്യു നടന്നതെല്ലാം ഒന്നൊഴിയാതെ വിസ്തരിച്ചു.

'നീ ഇതു സാരമാക്കേണ്ട. അശ്വനീദേവന്മാരെ സ്തുതിക്കു. അവർ നിന്നെ രക്ഷിക്കും.'

ധൗമ്യൻ പറഞ്ഞു.

ദേവവൈദ്യന്മാരായ അശ്വനീ ദേവന്മാരെ ഉപമന്യു സ്തോത്രം ചെയ്തു. അശ്വനീദേവന്മാർ ആവിർഭവിച്ച് അവന് അപ്പം കൊടുത്തു.

'ഈ അപ്പം തിന്നുകൊള്ളൂ.' അവർ പറഞ്ഞു.

'എന്റെ ഗുരു ഭക്ഷിക്കാതെ ഞാൻ തിന്നുകയില്ല.' ഉപമന്യു അറിയിച്ചു.

അശ്വനീദേവന്മാർ നിർബന്ധിച്ചു. എത്ര നിർബന്ധിച്ചിട്ടും ഉപമന്യു വഴങ്ങിയില്ല.

ഇനിയൊട്ടു വഴങ്ങുകയുമില്ല.—അക്കാര്യം ദേവവൈദ്യന്മാർക്ക് ബോധ്യമായി.

അവർ അവന് ഗുരുഭക്തിക്കുള്ള പ്രതിഫലം നല്കി—അതായത്, നഷ്ടപ്പെട്ട കാഴ്ച; മാത്രമല്ല, അനുഗ്രഹവും.

ധൗമ്യൻ സന്തോഷിച്ച് ആശീർവ്വാദമേകി :

'ഉപമന്യൂ, നിനക്ക് സർവ്വശ്രേയസ്സും ഉണ്ടാവട്ടെ. വേദശാസ്ത്രങ്ങൾ നിന്നിലൂടെ തെളിയട്ടെ!'

അദ്ദേഹം പറഞ്ഞു.

മൂന്നാമതൊരു ശിഷ്യനുണ്ടല്ലോ വേദൻ. എന്തു ചുമതലയാണ് ധൗമ്യൻ വേദന് നല്കിയത്? തന്നെ വിട്ടുപിരിയാതെ ശുശ്രൂഷിക്കുക എന്നതുതന്നെ. ഗുരു എന്തുതന്നെ ആവശ്യപ്പെട്ടാലും ശരി, വേദൻ അത് അനുസരിക്കും. തണുപ്പും ചൂടും വിശപ്പും ദാഹവുമെല്ലാം അവൻ സഹിച്ചു. അങ്ങനെ ഗുരുശുശ്രൂഷയിൽ മുഴുകി. ഒരിക്കൽപോലും അവൻ എതിരു പറഞ്ഞില്ല, മുറുമുറുത്തില്ല, അസംതൃപ്തി പ്രകടിപ്പിച്ചില്ല, വൈമനസ്യം കാണിച്ചില്ല. ഗുരുവിനെ ശുശ്രൂഷിക്കുക എന്നതാണ് പരമമായ വ്രതം. അതിലും ഉപരിയായി മറ്റൊന്നില്ല അവന്റെ ജീവിതത്തിൽ!

'വേദാ, നിനക്ക് എല്ലാ ശ്രേയസ്സും ഉണ്ടാവട്ടെ.'

'വേദങ്ങളും ശാസ്ത്രങ്ങളും നിന്നിൽ വിളങ്ങട്ടെ!'

ധൗമ്യൻ അനുഗ്രഹിച്ചു.

ആ അനുഗ്രഹം മൂന്നു ശിഷ്യന്മാർക്കും ഫലവത്തായി.

കണ്ടോ ഗുരുഭക്തിയുടെ മാഹാത്മ്യം?

(മഹാഭാരതം, ആദിപർവ്വം)

വസിഷ്ഠന്റെ ശത്രുക്കൾ

വസിഷ്ഠമഹർഷി വലിയ വഴക്കു കൂടി രണ്ടു പേരോട്. ഒരു വഴക്ക് എപ്പോഴും എതിരാളിയായ വിശ്വാമിത്രമഹർഷിയോട്. മറ്റേ വഴക്ക് നിമി എന്ന മഹാരാജാവിനോടും.

ഒരിക്കൽ വസിഷ്ഠനും വിശ്വാമിത്രനും തമ്മിൽ കണ്ടുമുട്ടി.

'വിശ്വാമിത്രാ, അങ്ങ് കൊറ്റിപ്പക്ഷിയായിപ്പോകട്ടെ!' വസിഷ്ഠൻ ശപിച്ചു.

വിശ്വാമിത്രൻ വിട്ടില്ല.

'വസിഷ്ഠാ, ഞാൻ, എത്രകാലം കൊറ്റിപ്പക്ഷിയായി കഴിയുമോ, അത്രയുംകാലം അങ്ങ് പൊൻമാൻപക്ഷിയായി കഴിയട്ടെ!' അദ്ദേഹം മറുശാപമേകി.

അങ്ങനെ വിശ്വാമിത്രൻ കൊറ്റിയായി, വസിഷ്ഠൻ പൊൻമാനുമായി. ഇരുവരും മാനസസരസ്സിന്റെ തീരത്തുചെന്നു. അടുത്തടുത്ത മരങ്ങളിൽ കൂടുകളുണ്ടാക്കി പാർത്തു. എന്നിട്ടു തമ്മിൽ പോരും ആരംഭിച്ചു. കൊക്കും നഖവും ചിറകും പ്രയോഗിച്ചാണ് പോര്. ഏറ്റവും ഉഗ്രമായ പോരാണു താനും. ഒരു ദിവസമല്ല, രണ്ടു ദിവസമല്ല — അനേകം ദിവസങ്ങൾ പോരു തുടർന്നു. ദിവസങ്ങൾ മാസങ്ങളായി, മാസങ്ങൾ വർഷങ്ങളായി. എന്നിട്ടും അവരുടെ പോരിന് അവസാനം ഉണ്ടായില്ല.

ഒടുവിൽ ബ്രഹ്മാവിന് ഇടപെടേണ്ടതായി വന്നുകൂടി. ഭഗവാൻ യുദ്ധരംഗത്തിലെത്തി. ഇരുവരേയും പിടിച്ചുമാറ്റി. എന്നിട്ട് അവർക്ക് പഴയ രൂപങ്ങൾ നൽകി. അപ്പോഴേ അവരുടെ പോരിന് വിരാമം ഉണ്ടായുള്ളു.

നിമിരാജാവ് വസിഷ്ഠന് ഒരു അപേക്ഷ സമർപ്പിച്ചു — മഹർഷി പ്രധാന പുരോഹിതനായി ഒരു യാഗം നടത്തിക്കൊടുക്കണം.

വസിഷ്ഠൻ നിമിയുടെ കുലഗുരുവാണ്, ആ നിലയ്ക്ക് നിമിയുടെ അപേക്ഷ സ്വീകരിക്കേണ്ടതുതന്നെ. പക്ഷേ, തത്കാലം അദ്ദേഹത്തിന് ഒരു ബുദ്ധിമുട്ടുണ്ടായിരുന്നു.

'നിമീ, ദേവേന്ദ്രൻ ഒരു യാഗം നടത്താൻ പോകുന്നു. ആ യാഗം നടത്തിക്കൊടുക്കാമെന്നു ഞാൻ ഏറ്റിട്ടുണ്ടായിരുന്നു. 500 വർഷം നീണ്ടുനിൽക്കുന്ന യാഗമാണത്. അതു കഴിഞ്ഞിട്ടു ഞാൻ നിന്റെ യാഗം നടത്തിത്തരാം. ഇത്രയും കാലം നീ ക്ഷമിച്ചിരിക്കണം.' വസിഷ്ഠൻ പറഞ്ഞു.

'ഗുരോ, ഞാൻ യാഗത്തിനുള്ള സംഭാരങ്ങളെല്ലാം ഒരുക്കിക്കഴിഞ്ഞു. ഉടൻതന്നെ യാഗം ആരംഭിക്കാതെ വയ്യ. അങ്ങ് അത് നടത്തിത്തരാതിരിക്കുന്നത് ശരിയല്ല.' നിമി ചൂണ്ടിക്കാട്ടി.

പക്ഷേ, വസിഷ്ഠൻ സ്വർഗ്ഗത്തേക്ക് പോവുകയാണുണ്ടായത്. നിമിക്ക് വസിഷ്ഠനോടു അരിശം തോന്നി. എന്നാൽ, മറ്റൊരു മഹർഷിയെക്കൊണ്ട് യാഗം നടത്തുകതന്നെ! ആ ഭാരം നിമി ആർക്കു നൽകിയെന്നോ? ഗൗതമമഹർഷിക്ക്.

അങ്ങനെ ആ യാഗം ആരംഭിച്ചു — അനേകം നൂറ്റാണ്ടുകൾ നീണ്ടുനിൽക്കുന്ന യാഗം!

അഞ്ചു നൂറ്റാണ്ടുകൾ കഴിഞ്ഞതോടെ ദേവേന്ദ്രന്റെ യാഗം സമാപിക്കുകയായി. വസിഷ്ഠ മഹർഷി സ്വർഗ്ഗലോകത്തുനിന്ന് ഭൂലോകത്തേക്ക് മടങ്ങി. നിമിയെ ചെന്നു കാണണം എന്നായി മഹർഷിയുടെ ആഗ്രഹം. അദ്ദേഹം രാജാവിന്റെ യാഗശാലയിലേക്ക് ചെന്നു.

ആ സമയം നിമി നിദ്ര ചെയ്യുകയായിരുന്നു. വസിഷ്ഠൻ വന്നതായി രാജഭൃത്യന്മാർക്ക് അറിവായി. അവർ രാജാവിനെ ഉണർത്തേണ്ടതായിരുന്നു. പക്ഷേ, അപ്രകാരം ചെയ്തില്ല. വസിഷ്ഠൻ വളരെ നേരം കാത്തു നിന്നു. സമയം നഷ്ടപ്പെട്ടതു മിച്ചം!

മഹർഷിക്ക് കോപമുണ്ടായി.

'നിമീ, നീ എന്നെക്കൂട്ടാക്കാതെ മറ്റൊരു പുരോഹിതനെ സ്വീകരിച്ചു, അതുമല്ല, ഇപ്പോഴിതാ എന്നെ നിന്ദിക്കുകയും ചെയ്യുന്നു. നിനക്ക് ദേഹമില്ലാതായിത്തീരട്ടെ !' അദ്ദേഹം ശാപമേകി.

രാജാവ് ഉണർന്നപ്പോൾ ഭൃത്യന്മാർ ശാപവൃത്താന്തം അറിയിച്ചു.

നിമി ക്ഷോഭിച്ച് വസിഷ്ഠന്റെ അടുക്കലേക്ക് ചെന്നു.

'ഗുരോ, ഞാൻ ഒരു ദോഷവും ചെയ്തില്ല. എന്നിട്ടും അങ്ങ് എന്നെ ശപിച്ചു. ഞാനുമിതാ അങ്ങേക്ക് മറുശാപം നൽകുന്നു. അങ്ങേക്കും ദേഹമി ല്ലാതാവട്ടെ !' രാജാവു പറഞ്ഞു.

ശാപം ഫലിക്കുമെന്ന് വസിഷ്ഠന് അറിയാം. മഹർഷി ബ്രഹ്മാവിനെ ചെന്നു കണ്ടു. ഭഗവാന്റെ സഹായവും അപേക്ഷിച്ചു.

അവിടുന്ന് എനിക്ക് ഒന്ന് ശരിപ്പെടുത്തിത്തരണം. എനിക്ക് ഇനി ഒരു ജന്മംകൂടി ഉണ്ടാവണം. ആ സമയം ഇപ്പോഴത്തെ ദേഹംതന്നെ വേണം. അദ്ദേഹം അഭ്യർത്ഥിച്ചു.

ബ്രഹ്മാവ് ചില നിർദ്ദേശങ്ങൾ നൽകി. വസിഷ്ഠന്റെ ദേഹം ഇല്ലാതായ പ്പോൾ അതനുസരിച്ച് ഒന്നു ചെയ്തു. അദ്ദേഹം മിത്രാവരുണന്റെ തേജ സ്സിൽ കടന്നുകൂടി. വളരെക്കാലത്തിനുശേഷം വീണ്ടും ജന്മമെടുത്തു. അതോ, പഴയ ശരീരത്തോടുകൂടിയും.

അന്നുമുതൽ വസിഷ്ഠന് മൈത്രാവരുണി എന്നൊരു പുതിയ പേരു ണ്ടായി.

അപ്പോൾ നിമിയുടെ അനുഭവമോ? വസിഷ്ഠശാപമേറ്റ് രാജാവ് ദേഹം വെടിഞ്ഞു. ആത്മാവ് മാത്രവുമായി. ദേഹം യാഗശാലയിൽ കിടക്കുകയാണ്. അവിടെ അനേകം മഹർഷിമാരുണ്ട്. അവർ ദേവന്മാരെ പ്രാർത്ഥിച്ചു. ദേവ ന്മാർ അവിടെ സന്നിഹിതരായി.

അവർ നിമിയുടെ ആത്മാവിനോടു സംസാരിച്ചു.

'ഒന്നുകിൽ ദേവരൂപം; അല്ലെങ്കിൽ നിന്റെ പഴയ ദേഹം. രണ്ടിലൊന്നു നിനക്കു സ്വീകരിക്കാം.' ദേവന്മാർ പറഞ്ഞു.

'ദേഹം എന്നായാലും നശിക്കും. എനിക്കു ദേഹത്തിൽ താത്പര്യമില്ല. നിങ്ങൾ എനിക്കൊരു സ്ഥാനം നൽകണം— വായുരൂപത്തിൽ ജന്തുക്കളുടെ കണ്ണുകളിൽ.' നിമി ആവശ്യപ്പെട്ടു.

ആ വരം ദേവന്മാർ നല്കുകതന്നെ ചെയ്തു.

അന്നുമുതൽ നിമി ജന്തുക്കളുടെ കണ്ണുകളിൽ സ്ഥിതി ചെയ്യുന്നു. നിമി ഉള്ളതുകൊണ്ട് ജന്തുക്കൾ കണ്ണിമയ്ക്കുന്നു. നിമി ഇല്ലാത്തതുകൊണ്ട് ദേവ ന്മാർ കണ്ണിമയ്ക്കുന്നുമില്ല.

(ദേവീഭാഗവതം)

ച്യവനൻ

ച്യവനമഹർഷി ഉദവാസവ്രതത്തിന് ഒരുക്കമായി. വെള്ളത്തിനടിയിൽ കിട ന്നുകൊണ്ടു നിർവഹിക്കുന്ന ഒന്നാണ് ഉദവാസവ്രതം. ച്യവനമഹർഷിയുടെ വ്രതം കുറെ ദിവസത്തേക്കുള്ള വ്രതമൊന്നുമല്ല. പിന്നെയോ, പന്ത്രണ്ടു വർഷ ത്തേക്കുള്ളതാണ്. എവിടമാണ് വ്രതത്തിന് തിരഞ്ഞെടുത്തത്? ഗംഗാ നദിയും യമുനാനദിയും ഒത്തുചേരുന്ന സ്ഥലം. അവിടെ ജലത്തിന് വളരെ താഴ്ച യുണ്ട്. ഒഴുക്കിന്റെ ശക്തി വളരെക്കൂടുതലാണ്. അതൊക്കെയുണ്ടോ ച്യവ നൻ തടസ്സങ്ങളായിക്കരുതുന്നു? അദ്ദേഹം ജലത്തിനടിയിൽ നിശ്ചലനായി ധ്യാനിച്ചു കിടന്നു.

ആദ്യമൊക്കെ വെറുതെ കിടന്നതേയുള്ളൂ, പൊങ്ങാത്ത ഒരു തടിപോലെ. പിന്നീട് വെള്ളത്തിൽ ചമ്രം പടിഞ്ഞ് ഇരിപ്പായി, നിലത്തിരിക്കുന്നമാതിരി. അനേകം മത്സ്യങ്ങൾ നാലുചുറ്റിനുമുണ്ട്. ചെറിയതും വലിയതുമുണ്ട് അവയുടെ ഇടയിൽ. ഇടയ്ക്കിടയ്ക്ക് അവ ധ്യാനിച്ചിരിക്കുന്ന മഹർഷിയെ സ്പർശിക്കും. അതിൽ അവയ്ക്ക് എന്തോ ഒരു സുഖം ഉള്ളതുപോലെ!

പന്ത്രണ്ടു സംവത്സരങ്ങൾ അങ്ങനെ കഴിഞ്ഞു.

അപ്പോൾ ഒരു സംഭവമുണ്ടായി.

കുറെ മീൻപിടുത്തക്കാർ വന്നെത്തി. ആ സ്ഥലത്തു വലയിട്ടു മീൻ പിടിക്കണം. അതിനു വന്നതാണ് അവർ. ബലമുള്ള പുതിയ വലയുമുണ്ട് അവർക്ക്. വലവീശി നദിയിലേക്ക് എറിഞ്ഞിട്ട് അവർ കാത്തിരുന്നു. കുറെയേറെ മത്സ്യങ്ങൾ വലയിൽ കുടുങ്ങുന്നുണ്ട്. അതു മനസ്സിലാക്കാൻ അവർക്കൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. പെട്ടെന്ന് വലിയ ഘനമുള്ള എന്തോ ഒന്ന് വലയിൽ അകപ്പെട്ടതായി അനുഭവപ്പെട്ടു. ഏതോ വമ്പിച്ച മത്സ്യമായിരിക്കണം. അതായി അവരുടെ ധാരണ. സന്തോഷത്തോടെ അവർ വല വലിച്ചുകയറ്റി. അപ്പോൾ അവർ അത്ഭുതംകൊണ്ട് ബോധംകെട്ടു വീഴുമെന്ന നിലയിലായി. വലയ്ക്കുള്ളിൽ കിടക്കുന്നു ഒരു മഹർഷി!

മഹർഷിയുടെ താടിമീശയിലും ജടയിലുമൊക്കെ പച്ചപ്പായൽ പറ്റിപ്പിടിച്ചിരിക്കുന്നു. ദേഹത്തിൽ അനേകം ചെറിയ ശംഖുകളും. വളരെക്കാലം വെള്ളത്തിൽ കിടന്നാലേ ഇങ്ങനെ വരികയുള്ളൂ. അതു മീൻപിടുത്തക്കാർക്ക് അറിയാമായിരുന്നു. ഈ മഹർഷി അനേക വർഷമായി വെള്ളത്തിനടിയിൽ കിടക്കുകയാണ്. അതിൽ അവർക്ക് യാതൊരു സംശയവും ഉണ്ടായില്ല. ദിവ്യനായ ഒരു മഹർഷിയെ തങ്ങൾ വലയിൽ കുടുക്കി. അവർ വല്ലാതെ പരിഭ്രമിച്ചുപോയി. മഹർഷിയെ നമസ്കരിക്കയെന്നതല്ലാതെ മറ്റെന്തു ചെയ്യാൻ കഴിയും?

'ഞങ്ങൾ അറിയാതെ തെറ്റു ചെയ്തുപോയി. അവിടുന്നു ഞങ്ങൾക്കു മാപ്പുതരണം. എന്താണ് അവിടുത്തെ ആഗ്രഹം? എന്തായാലും അടിയങ്ങൾ സാധിപ്പിക്കാം.' മീൻപിടുത്തക്കാർ തൊഴുകൈയോടെ ഉണർത്തിച്ചു.

ഇതിനിടയിൽ മറ്റൊന്നുകൂടി നടന്നിട്ടുണ്ടായിരുന്നു. വലയിൽ കുടുങ്ങിയിരുന്നില്ലേ മത്സ്യങ്ങൾ? അവയിൽ ചിലതൊക്കെ ചത്തു കഴിഞ്ഞിരുന്നു. മറ്റു ചിലതു കിതച്ചു കിതച്ചു ചാവാൻ തുടങ്ങി. ച്യവനൻ അവയെ നോക്കി. അദ്ദേഹത്തിന്റെ ഹൃദയം കരുണകൊണ്ട് ആർദ്രമായി.

അക്കാര്യം മീൻപിടുത്തക്കാർക്ക് മനസ്സിലായി, മഹർഷി തങ്ങളെ ശപിച്ചേക്കുമോ? അതായി അവരുടെ ഭയം.

ച്യവനൻ അവരെ നേരിട്ടു.

നിങ്ങൾ ഒന്ന് അറിയുന്നതു കൊള്ളാം. ഈ മത്സ്യങ്ങൾ എന്നോടൊത്തു ജീവിച്ചവയാണ്. ആ സ്ഥിതിക്ക് അവയ്ക്കും എനിക്കും ഒരേ അനുഭവം ഉണ്ടാവേണ്ടതാണ്. നിങ്ങൾ ഒന്നുകിൽ അവയോടുകൂടി എന്നെയും കൊല്ലണം. അല്ലെങ്കിൽ അവയോടുകൂടി എന്നെയും വില്ക്കണം. അദ്ദേഹം ആവശ്യപ്പെട്ടു, ഒട്ടും ക്ഷോഭമില്ലാതെ മീൻപിടുത്തക്കാർ വിഷണ്ണരായി. മഹർഷിയെ കൊന്നാലും പാപം, വിറ്റാലും പാപം. എന്താണ് ചെയ്യേണ്ടതെന്ന് അവർക്ക് നിശ്ചയമില്ലാതെയായി. രാജാവിന്റെ അഭിപ്രായമെന്ത് എന്ന് അന്വേഷിക്കുകതന്നെ. അവർ അതിവേഗം കൊട്ടാരത്തിലേക്ക് പോയി.

അക്കാലത്ത് ആ രാജ്യം ഭരിച്ചിരുന്നത് നഹുഷൻ എന്ന രാജാവാണ്.

മീൻപിടുത്തക്കാരിൽനിന്ന് നഹുഷന് ഒന്ന് അറിവായി –വലയിൽപ്പെട്ടിരിക്കുന്നത് ച്യവനമഹർഷിയാണ്! ച്യവനന്റെ ദിവ്യത്വം രാജാവിന് നല്ല വണ്ണം അറിയാം. അദ്ദേഹം ധൃതിയിൽ കൊട്ടാരം വിട്ടിറങ്ങി. ഒന്നിച്ചു പുരോഹിതന്മാരും മന്ത്രിമാരും. എല്ലാവരുംകൂടി ച്യവനമഹർഷിയുടെ അടുക്കലെത്തി.

നഹുഷൻ ച്യവനനെ നമസ്കരിച്ചു.

'മഹർഷേ, അങ്ങയുടെ ഇഷ്ടം എന്താണ്.? എന്തായാലും ഞാനത് സാധിപ്പിക്കാം.' അദ്ദേഹം പറഞ്ഞു.

'രാജൻ, ഈ മീൻപിടുത്തക്കാർ മത്സ്യങ്ങളെ പിടിച്ച് ഉപജീവനം ചെയ്യുന്നവരാണ്. അവർ പിടിച്ച ഈ മത്സ്യങ്ങളുടെ വില അവർക്കു കിട്ടേണ്ടതുമാണ്. മത്സ്യങ്ങളുടെ മാത്രമല്ല, എന്റെ വിലയും.' ച്യവനൻ പറഞ്ഞു.

നഹുഷൻ കൂടെവന്നവരുടെ നേർക്കു തിരിഞ്ഞു:

'മഹർഷിയുടെ വിലയായി ആയിരം നാണയം മീൻപിടുത്തക്കാർക്കു കൊടുക്കട്ടെ!'

അദ്ദേഹം ആജ്ഞാപിച്ചു.

'രാജൻ, ആയിരം നാണയം ഏറ്റവും കുറഞ്ഞ തുകയാണ്. എന്റെ ശരിയായ വില അങ്ങുതന്നെ നിശ്ചയിക്കണം.'

ച്യവനൻ ആവശ്യപ്പെട്ടു.

'ശരി, എന്നാൽ വില നൂറായിരം നാണയമാക്കാം.' നഹുഷൻ പറഞ്ഞു.

'നൂറായിരം നാണയം പോരാ.' മഹർഷി അറിയിച്ചു.

'എന്നാൽ ഒരുകോടി നാണയമാവട്ടെ.' നഹുഷൻ വില വർദ്ധിപ്പിച്ചു.

'ഒരുകോടി നാണയവും കുറവാണ്.' ച്യവനൻ ചൂണ്ടിക്കാട്ടി.

'അങ്ങനെയാണെങ്കിൽ ഞാൻ മീൻപിടുത്തക്കാർക്ക് വിലയായി പാതി രാജ്യം കൊടുക്കാം. ഇനി മുഴുവൻ രാജ്യവും കൊടുക്കണോ? അതിനും ഞാൻ സന്നദ്ധനാണ്.' നഹുഷൻ പറഞ്ഞു.

'മുഴുവൻ രാജ്യമായാലും എനിക്കു തക്ക വിലയാവുകയില്ല. എന്റെ വില എത്രയെന്നു ഇപ്പോഴും അങ്ങേക്കറിവായിട്ടില്ല. പുരോഹിതന്മാരോടും മന്ത്രിമാരോടും കൂടിച്ചേർന്ന് ആലോചിക്കൂ. അപ്പോൾ ഒരുപക്ഷേ, ഉത്തരം ലഭിച്ചേക്കും.' ച്യവനൻ പറഞ്ഞു.

നഹുഷൻ പിൻവാങ്ങിയിട്ട് അവരുമായി കൂടിയാലോചന നടത്തി. അവരിലാർക്കും മഹർഷിയുടെ വില ഖണ്ഡിതമായി നിശ്ചയിക്കാനൊത്തില്ല. രാജാവിന്റെ മനസ്സു മുട്ടി.

'പുരോഹിതന്മാരേ, നിങ്ങൾ ച്യവനമഹർഷിയെ ഒന്നുകൂടി ചെന്നു കാണുവിൻ. അദ്ദേഹത്തിന്റെ വില അദ്ദേഹത്തെക്കൊണ്ടുതന്നെ പറയിക്കണം. അദ്ദേഹം ശപിച്ചാൽ ഞാനും എന്റെ സകലതും നശിക്കും.' നഹുഷൻ പറഞ്ഞു.

അപ്പോൾ ഒരു പുരോഹിതൻ മുമ്പോട്ടു വന്നു.

'രാജൻ, മഹാന്മാരുടെ വില നാണയങ്ങളുടെ എണ്ണംകൊണ്ടു തിട്ടപ്പെടുത്തുവാൻ കഴിയുകയില്ല. അവർക്ക് വിലമതിക്കാനാവില്ല. ഇനി വിലമതിക്കാനാവാത്ത മറ്റൊന്നുണ്ട്. അത് പശുവാണ്. പശുവിനെ ച്യവനന്റെ വില

യായി കൊടുക്കുക. അതുകൊണ്ട് അദ്ദേഹം സംതൃപ്തനാവും, തീർച്ച.' ആ പുരോഹിതൻ പറഞ്ഞു.

നഹുഷൻ ച്യവനന്റെ അരികിലെത്തി.

'മഹർഷേ, ഞാൻ അവിടുത്തെ വിലയായി പശുവിനെ നിശ്ചയിച്ചിരിക്കുന്നു. അങ്ങയുടെ ഇഷ്ടവും അതാണെന്നു ഞാൻ ഊഹിക്കുന്നു.' രാജാവു വിനയത്തോടെ പറഞ്ഞു.

ച്യവനന് സന്തോഷമായി.

'രാജൻ, ശരിയാണ്. പശുതന്നെയാണ് എനിക്കുള്ള വില. പശുവിനോളം മാഹാത്മ്യം ഈ ലോകത്തു മറ്റൊന്നിനുമില്ല. പശുവിനെ കാണുക, പശുവിനെ ദാനം ചെയ്യുക—അതെല്ലാം ശുഭമായ പ്രവൃത്തികളാണ്. അവ പാപങ്ങളെ ഇല്ലായ്മ ചെയ്യും. സ്വർഗ്ഗത്തിലേക്കുള്ള കോണിപ്പടിയാണ് പശു. സ്വർഗ്ഗത്തിലും പശുക്കൾ പൂജിക്കപ്പെടുന്നു.' മഹർഷി ചൂണ്ടിക്കാട്ടി.

അദ്ദേഹം പിന്നീട് തപശ്ശക്തി പ്രയോഗിച്ചു. അപ്പോൾ മത്സ്യങ്ങൾക്ക് സ്വർഗ്ഗം കിട്ടി. മാത്രമല്ല, മീൻപിടുത്തക്കാർക്കും!

അതിനുശേഷം അദ്ദേഹം വ്രതം അവസാനിപ്പിച്ചു. രാജാവിനോടു യാത്ര പറഞ്ഞു തന്റെ ആശ്രമത്തിലേക്ക് പോയി.

ദീർഘദൃഷ്ടിയുണ്ട് ച്യവനന്. അദ്ദേഹം ദീർഘദൃഷ്ടികൊണ്ട് ഒന്നു കണ്ടു. കുശികൻ എന്നൊരു രാജാവുണ്ട്. ക്ഷത്രിയനാണ് കുശികൻ. അദ്ദേഹം ബ്രാഹ്മണ്യം ആഗ്രഹിക്കുന്നു. ഏതിനും രാജാവിനെ ഒന്നു പരീക്ഷിക്കണം. ആ ഉദ്ദേശ്യത്തോടെ അദ്ദേഹം കുശികന്റെ രാജധാനിയിൽ എത്തിച്ചേർന്നു.

രാജാവ് ച്യവനനെ ബഹുമാനത്തോടെ സ്വീകരിച്ചു സത്കരിച്ചു.

ച്യവനൻ തന്റെ വരവിന്റെ ഉദ്ദേശ്യം അറിയിച്ചു.

'രാജൻ, എനിക്ക് ഇവിടെ കുറെക്കാലം താമസിക്കണം.' മഹർഷി പറഞ്ഞു.

കുശികന് അത്യധികമായ സന്തോഷമുണ്ടായി. പൂജ്യനായ മഹർഷി അതിഥിയായി താമസിക്കുക. ഏറ്റവും വലിയ ഒരു കാര്യമല്ലേ? രാജാവ് രാജ്ഞിയുമൊത്ത് ച്യവനന്റെ കാൽ കഴുകി അദ്ദേഹത്തെ യഥാവിധി പൂജിച്ചു. അതിനുശേഷം പീഠത്തിലിരുത്തി.

'മഹർഷേ, അവിടുത്തേക്ക് എന്തൊക്കെയാണ് വേണ്ടത്? എന്തായാലും ഞാൻ തരാം. ധനമോ ധാന്യമോ പശുവോ? പറയാൻ ഒട്ടും മടിക്കേണ്ടതില്ല. രാജ്യംപോലും ഞാനിതാ അങ്ങയുടെ പാദങ്ങളിൽ സമർപ്പിക്കുന്നു.' കുശികൻ പറഞ്ഞു.

'രാജൻ, എനിക്ക് അവയിലൊന്നും ആഗ്രഹമില്ല. ആഗ്രഹമുള്ളത് ഒന്നാണ്—അങ്ങും രാജ്ഞിയും എന്നെ പരിചരിക്കണം. എന്നോട് ഒരിക്കൽ പോലും അപ്രിയം പറയരുത്, അപ്രിയം ചെയ്യരുത്. അത്രയും മതിയാവും.' ച്യവനൻ പറഞ്ഞു.

കുശികൻ മഹർഷിയുടെ ഇഷ്ടപ്രകാരം പ്രവർത്തിക്കാമെന്ന് വാഗ്ദാനം ചെയ്തു. അദ്ദേഹം അതിഥിക്ക് താമസിക്കാനായി പ്രത്യേകമായി ഒരു ഗൃഹം നല്കി. മനോഹരമായ മണിമാളിക ആയിരുന്നു അത്. അവിടെ സകല സൗകര്യങ്ങളും സൗഖ്യങ്ങളും ഉണ്ടായിരുന്നു. മഹർഷിക്ക് ഏറ്റവും ഇഷ്ടമുള്ള

ഭക്ഷണവും നല്കി. എല്ലാ വിഭവങ്ങളും ഭക്ഷണത്തിൽ ഉൾപ്പെട്ടിരുന്നു. മഹർഷി വയറുനിറയെ ഭക്ഷണം കഴിച്ചു. ഇനി ഒന്ന് ഉറങ്ങണം.

'രാജൻ, ഞാൻ ഉണരുന്നതുവരെ അങ്ങ് എന്റെ കാല് തടവിക്കൊണ്ടിരിക്കണം. ഒരുവിധത്തിലും എന്നെ ഉണർത്തരുത്. ഞാൻ തനിയെ ഉണർന്നുകൊള്ളും.' ച്യവനൻ പറഞ്ഞു.

'അങ്ങനെയാവാം.' കുശികൻ സന്തോഷത്തോടെ സമ്മതിച്ചു.

രാത്രിയിലാണ് ആ സംഭാഷണം. യാമങ്ങൾ പതുക്കെപ്പതുക്കെ കടന്നുപോയി. ച്യവനൻ മൃദുശയ്യയിൽ കിടന്നു സുഖമായി ഉറങ്ങുകയാണ്. രാജാവും രാജ്ഞിയും കട്ടിലിനരികിൽത്തന്നെയുണ്ട്. അവർ മഹർഷിയുടെ കാലു തടവിക്കൊണ്ടിരിക്കയാണ്. ആ സ്ഥിതിക്ക് അവർക്ക് ഉറങ്ങാനൊക്കുമോ? രാത്രി കഴിഞ്ഞു പ്രഭാതമായി. മഹർഷി ഉണർന്നില്ല. പകൽ വീണ്ടും രാത്രിയിൽ ചെന്നെത്തി. എന്നിട്ടും മഹർഷി ഉറങ്ങിക്കിടക്കുകയാണ്. കുശികനും പത്നിയും ഒരുപോള കണ്ണടച്ചിട്ടില്ല. ഒരുനേരം ഭക്ഷണം കഴിച്ചിട്ടില്ല. മഹർഷിയെ അരികത്തിരുന്ന് പരിചരിക്കുകയല്ലേ? ഒരു നിമിഷം അവിടുന്നു വിട്ടുമാറാനൊക്കുമോ? അത്ര ഏകാഗ്രമാണ് അവരുടെ അതിഥിപൂജ. വാഗ്ദാനം നിറവേറ്റുകയും വേണമല്ലോ.

ദിവസം രണ്ടായി, മൂന്നായി, നാലായി. എന്നിട്ടും യാതൊരു വ്യത്യാസവും ഉണ്ടായില്ല. ച്യവനൻ നിദ്രയിലാണ്ടു കിടക്കുകയാണ്. രാജാവിനും രാജ്ഞിക്കും ഭക്ഷണമോ ഉറക്കമോ ഇല്ല. അവരുടെ ക്ഷീണം നാഴികതോറും വർദ്ധിച്ചുവരുന്നു. അങ്ങനെ ഇരുപത്തൊന്നു ദിവസം കഴിഞ്ഞു. അപ്പോഴേക്കും ച്യവനൻ ഉണരുകയായി.

ആ സമയം മഹർഷി എന്താണ് ചെയ്തത് ? എഴുന്നേറ്റ് ഒരൊറ്റ പോക്ക്! അവരോട് ഒരക്ഷരം ഉരിയാടിയുമില്ല.

കുശികനും പത്നിയും ക്ഷീണത്തെ അവഗണിച്ച് മഹർഷിയെ പിന്തുടർന്നു. കുറെ ദൂരം പോയപ്പോഴോ.? മഹർഷി നിന്നനിലയ്ക്ക് മറഞ്ഞുകളഞ്ഞു!

അദ്ദേഹം എങ്ങുപോയി? രാജദമ്പതികൾക്ക് എത്തും പിടിയുമില്ല. അവർ അദ്ദേഹത്തെ അന്വേഷിച്ച് അങ്ങുമിങ്ങും അലഞ്ഞു നടന്നു. ഒടുവിൽ കൊട്ടാരത്തിൽ മടങ്ങിയെത്തി. ഓരോ മുറിയും പരിശോധിച്ചു. പരിജനങ്ങളോട് അന്വേഷിച്ചു. ഇല്ല, മഹർഷിയെ കണ്ടവരില്ല. വിവശരായി രാജദമ്പതികൾ അതിഥിമന്ദിരത്തിൽ പ്രവേശിച്ചു. അപ്പോൾ അവർ എന്താണു കണ്ടത്? ച്യവനൻ പഴയപോലെ സുഖനിദ്ര ചെയ്യുന്നു!

അവർ വീണ്ടും മഹർഷിയുടെ കാൽ തടവിക്കൊണ്ടിരുന്നു.

വളരെ നേരം അപ്രകാരം കഴിഞ്ഞു.

അപ്പോഴേക്കും മഹർഷി ഉണരുകയായി.

'എനിക്കൊന്നു കുളിക്കണം, എണ്ണ വരുത്തൂ.' അദ്ദേഹം കല്പിച്ചു.

ഏറ്റവും വിശേഷപ്പെട്ട എണ്ണ വരികയായി. ച്യവനൻ ആ എണ്ണ തേച്ചു. കുളിമുറിയിലേക്കു പോയി. കുളി കഴിഞ്ഞു മടങ്ങിവന്നു.

'ഭക്ഷണം തയ്യാറായിരിക്കുന്നു.' കുശികൻ ആദരവോടെ അറിയിച്ചു.

'കൊണ്ടുവരട്ടെ.' ച്യവനൻ പറഞ്ഞു.

വിശിഷ്ടഭോജ്യങ്ങൾ വരികയായി. രാജാവും രാജ്ഞിയും ഒന്നിച്ചു വിളമ്പി. മാംസക്കറികൾ. ഇലക്കറികൾ. പലഹാരങ്ങൾ. പഴവർഗ്ഗങ്ങൾ.

അങ്ങനെ എന്തെല്ലാം ഭക്ഷണപദാർത്ഥങ്ങൾ! ഏറ്റവും രുചികരമായിരുന്നു അവയെല്ലാം. വളരെക്കൂടുതലും. ഒരു മനുഷ്യനും ഇത്രയൊന്നും ഭക്ഷിക്കാനാവില്ല. മഹർഷി ഇഷ്ടമുള്ളതു ഭക്ഷിച്ചുകൊള്ളട്ടെ. അതായിരുന്നു കുശികന്റെ വിചാരം. ഒരുപക്ഷേ, എന്തെങ്കിലും കുറവു വന്നുവെങ്കിലോ? മഹർഷി ശപിച്ചെന്നു വരും.

നോക്കണേ മഹർഷിയുടെ പ്രവൃത്തി! അദ്ദേഹം ഒന്നുപോലും തിന്നില്ല. എല്ലാം കിടക്കയിൽ കൂട്ടിവെച്ചു. വസ്ത്രമെടുത്തു മൂടി എന്നിട്ട് തീയും കത്തിച്ചു!

സാധാരണക്കാർക്കാണെങ്കിൽ തീർച്ചയായും ദേഷ്യം വരും. പക്ഷേ, കുശികനും പത്നിയും ശാന്തരായി നോക്കിനിന്നു. അവർക്ക് യാതൊരു നീരസവും തോന്നിയില്ല. പഴയപോലെ അവർ അതിഥിശുശ്രൂഷ തുടർന്നു പോയി.

ദിവസങ്ങൾ പിന്നെയും കഴിഞ്ഞു.

'രാജൻ, എനിക്ക് തേരിലിരുന്ന് സഞ്ചരിക്കണം. അങ്ങും രാജ്ഞിയുംകൂടി തേരു വലിക്കുകയും വേണം.' ച്യവനൻ ആവശ്യപ്പെട്ടു.

കുതിരകളാണ് തേരു വലിക്കാറ്. മഹർഷിക്ക് കുതിരകൾ പോരാ. രാജാവും രാജ്ഞിയുംതന്നെ വേണം! ഇതിൽക്കൂടുതൽ അപമാനം ഉണ്ടോ? എങ്കിലും രാജദമ്പതിമാർ കൂട്ടാക്കിയില്ല. കുശികൻ മഹർഷിക്ക് സഞ്ചരിക്കാൻ തേരു വരുത്തി. അതു സ്വന്തം തേരായിരുന്നുതാനും.

'മഹർഷേ, ഞങ്ങളിതാ തേരു വലിക്കാൻ തയ്യാറായി. അങ്ങ് തേരിൽ കയറണം.'

കുശികൻ പറഞ്ഞു.

'ഒന്നു നേരത്തേ പറഞ്ഞേക്കാം. നിങ്ങൾ തേരു വലിക്കുമ്പോൾ എനിക്ക് ഉലച്ചിൽ ഉണ്ടാവാൻ പാടില്ല. രാജവീഥിയിലൂടെ വേണം തേരു വലിക്കാൻ. പിന്നൊരു കാര്യംകൂടിയുണ്ട്. ധാരാളം ജനങ്ങൾ കണ്ടുനില്ക്കുന്നുണ്ടാവുമല്ലൊ. അവർക്കെല്ലാം പൊന്നും വെള്ളിയും ഞാൻ ദാനം ചെയ്യും. വേണ്ടത്ര കരുതിവെച്ചുകൊള്ളണം. ഒരു കുറവുമുണ്ടായിക്കൂടാ.' ച്യവനൻ നിർദ്ദേശിച്ചു.

പുറകിൽ പൊന്നും വെള്ളിയും ചുമക്കുന്ന ഭൃത്യന്മാർ. മുമ്പിൽ ച്യവനൻ ഇരിക്കുന്ന തേര്. തേര് വലിക്കുന്നതോ, കുതിരകൾക്കു പകരം രാജദമ്പതികൾ. ഇമ്മാതിരി ഒരു കാഴ്ച ആദ്യമായിട്ടാണ് പൗരന്മാർ കാണുന്നത്. അവർ ഒന്നും മിണ്ടാതെ നോക്കി നിന്നു. തേരിലിരിക്കുന്ന ച്യവനൻ ചമ്മട്ടിയും പിടിച്ചിട്ടുണ്ട്. അദ്ദേഹം ഇടയ്ക്കിടയ്ക്ക് രാജദമ്പതികളെ ചമ്മട്ടികൊണ്ട് അടിക്കുകയും ചെയ്യുന്നു — തേരാളി കുതിരകളെ എന്നപോലെ! വേദനയും അപമാനവും അവർ സഹിക്കുന്നു. അവർക്കു ദേഷ്യം എന്നൊന്ന് ഇല്ലേയില്ല. ഇതെന്തൊരു സഹനശക്തി! അടികൊണ്ട അവരുടെ ദേഹങ്ങളിൽ നിന്നും ചോര ചാടുന്നു. കണ്ടുനിന്ന പൗരന്മാർ കരഞ്ഞുപോയി. പക്ഷേ, അവർ മഹർഷിയെ വിലക്കിയില്ല. വിലക്കാൻ അവർക്ക് അധികാരമില്ല. ധൈര്യവുമില്ല.

വെള്ളിയും പൊന്നും നിറച്ച പെട്ടികൾ ഭൃത്യന്മാർ വഹിക്കുന്നുണ്ടല്ലോ. ഓരോ പെട്ടിയായി അവർ തേരിൽ കൊണ്ടുവയ്ക്കുന്നു, ച്യവൻ പൊന്നും വെള്ളിയും ജനക്കൂട്ടത്തിലേക്ക് വാരി വാരി എറിയുന്നു. അതേ സമയം തേരു മുന്നോട്ടു നീങ്ങുകയും ചെയ്യുന്നു.

ഒടുവിൽ തേരു നിർത്താൻ ച്യവനൻ ആജ്ഞാപിച്ചു. രാജദമ്പതികൾ ആ ആജ്ഞ അനുസരിച്ചു. മഹർഷി തേരിൽനിന്നിറങ്ങി. ഏന്നിട്ട് അവരെ അഴിച്ചുവിട്ടു.

'ഞാൻ നിങ്ങളിൽ സന്തോഷിച്ചിരിക്കുന്നു. നിങ്ങൾക്ക് എന്തു വരമാണ് വേണ്ടത്? എന്തായാലും ഞാൻ തരാം.' അദ്ദേഹം ആർദ്രതയോടെ പറഞ്ഞു.

'മഹർഷേ, ഞങ്ങൾക്ക് അവിടുത്തെ അനുഗ്രഹം മാത്രംമതി.' കുശികൻ പറഞ്ഞു.

'രാജൻ, നിങ്ങൾ കൊട്ടാരത്തിലേക്ക് മടങ്ങിപ്പൊയ്ക്കൊള്ളുവിൻ. നാളെ ഈ സ്ഥലത്തു വന്ന് എന്നെ കാണണം. ഞാൻ ഇവിടെത്തന്നെ ഉണ്ടാവും.' ച്യവനൻ അറിയിച്ചു.

മഹർഷി ഇരുവരുടേയും ദേഹങ്ങൾ തൊട്ടുതലോടി. ചമ്മട്ടികൊണ്ടു പല മുറിവുകളും അവർക്കുണ്ടായിരുന്നു. ആ മുറിവുകളെല്ലാം തൽക്ഷണം മായുകയായി. അവരുടെ ക്ഷീണം തീരുകയും ചെയ്തു.

കുശികനും പത്നിയും കൊട്ടാരത്തിലെത്തി സുഖമായി കുളിച്ചു, ഭക്ഷണം കഴിച്ചു, നിദ്രചെയ്തു.

അടുത്ത രാവിലെ ഇരുവരുംകൂടി കൊട്ടാരത്തിൽനിന്നിറങ്ങി ച്യവനമഹർഷി നിർദ്ദേശിച്ചിരുന്ന സ്ഥലത്തെത്തി. എന്തൊരു മാറ്റമാണ് അവിടെ സംഭവിച്ചിരുന്നത്! മുമ്പ് അവിടം വനപ്രദേശം ആയിരുന്നു. ഇപ്പോഴിതാ മനോഹരമായ ഒരു മണിമന്ദിരം. സകലതും സ്വർണ്ണമയമാണ്. തൂണുകൾ, രത്നങ്ങൾ അമുഴ്ത്തിയവയും അവയിൽനിന്ന് പ്രഭ നാലുപാടും ചിതറുന്നു. ഏറ്റവും വിചിത്രമായിരുന്നു കൊത്തുപണികൾ. മണിമന്ദിരത്തിനു പുറമേ എന്തൊക്കെയാണ്? ഗോപുരങ്ങൾ, തോരണങ്ങൾ, പുൽത്തകിടികൾ, താമരപ്പൊയ്കകൾ, ഉദ്യാനങ്ങൾ, തണൽമരങ്ങൾ, പുഷ്പലതകൾ. പലതരം പക്ഷികളും വണ്ടുകളും പറന്നു നടക്കുന്നു. ഒട്ടനേകം മൃഗങ്ങൾ കേളിയാടുന്നു. ഒരിടത്തു വേദോച്ചാരണം കേൾക്കാം. മറ്റൊരിടത്തു വാദ്യഘോഷങ്ങൾ മുഴങ്ങുന്നു. ഇനിയൊരിടത്തു നൃത്തങ്ങളും ഗാനങ്ങളും നടക്കുന്നു. കുശികനും പത്നിക്കും സംശയം തോന്നി. ഇതെല്ലാം സ്വപ്നമാണോ? മതിഭ്രാന്തിയാണോ? മായയാണോ?

അവർ മണിമന്ദിരത്തിന്റെ ഉള്ളിൽ പ്രവേശിച്ചു. ഒരു മുറിയിൽ അതിവിശേഷമായ സ്വർണക്കട്ടിൽ കണ്ടു. സ്വർണക്കട്ടിലിൽ ച്യവനമഹർഷി കിടക്കുന്നു. അവർ മന്ദമായി മഹർഷിയെ സമീപിച്ചു. എന്തൊരു ആശ്ചര്യം! സ്വർണക്കട്ടിൽ, മെത്ത, മഹർഷി – സകലതും അപ്രത്യക്ഷമായിരിക്കുന്നു!

രാജാവും രാജ്ഞിയും പുറത്തിറങ്ങി. ഉദ്യാനത്തിൽ ചെന്ന് ഉഴറി നടന്നു. അതാ ഒരിടത്തു മഹർഷി ജപിച്ചുകൊണ്ടിരിക്കുന്നു.

പെട്ടെന്ന് മഹർഷി വീണ്ടും മറഞ്ഞു. മഹർഷി മാത്രമല്ല, മണിമന്ദിരവും, ഉദ്യാനവും, സകലതും! പകരം കാണപ്പെട്ടതോ, മുമ്പത്തെ വനപ്രദേശവും!

ച്യവനൻ വീണ്ടും രാജദമ്പതികളുടെ കണ്ണുകൾക്ക് വിഷയീഭവിച്ചു.

'രാജൻ, അങ്ങ് ഞാൻ നല്കിയ പരീക്ഷയിൽ ജയിച്ചിരിക്കുന്നു. അങ്ങേക്ക് ഇനി ഒരു പാപം പോലും ബാക്കിയില്ല. എനിക്ക് പോകാൻ സമയ

മായി. പോകും മുമ്പ് വരം തരാൻ ഇച്ഛിക്കുന്നു. എന്തു വരമാണ് വേണ്ടത്?' മഹർഷി കനിഞ്ഞു ചോദിച്ചു.

'മഹർഷേ, എനിക്ക് അങ്ങയുടെ അനുഗ്രഹം മതിയാവും. എന്റെ ജീവിതം ഇന്നു ധന്യമായി. എങ്കിലും എന്റെ മനസ്സിൽ ഒരു സംശയം അവ ശേഷിക്കുന്നു. അങ്ങ് ആ സംശയം തീർത്തുതരണം.' കുശികൻ അപേ ക്ഷിച്ചു.

'എന്താണ് സംശയം? 'ച്യവനൻ അന്വേഷിച്ചു.

'അങ്ങ് എന്തിന് എന്റെ അതിഥിയായി വന്നു? എന്തിന് എന്നെ പരീ ക്ഷിച്ചു? അറിയാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്.' കുശികൻ പറഞ്ഞു.

ച്യവനൻ സത്യം അറിയിച്ചു.

'രാജൻ, അങ്ങ് ബ്രാഹ്മണ്യം ആഗ്രഹിക്കുന്നു. അങ്ങേക്ക് അതിന് അർഹതയുണ്ടോ എന്നു ഞാൻ പരീക്ഷിച്ചു. അങ്ങ് എന്നോട് അപ്രിയം പറ യുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നുവെങ്കിലോ? ഞാൻ അങ്ങയെ ശപിച്ചു ഭസ്മമാക്കുമായിരുന്നു. അങ്ങ് അതിന് ഇടവരുത്തിയില്ല. അങ്ങയുടെ മാഹാത്മ്യം എനിക്ക് സ്പഷ്ടമായി. അതിന് ഞാനൊരു പ്രതിഫലവും നല്കി. അങ്ങ് തെല്ലുമുമ്പ് ഇവിടെ കണ്ടില്ലേ കാഴ്ചകൾ? അവയെല്ലാം സ്വർഗ്ഗ ത്തിലെ കാഴ്ചകൾ ആയിരുന്നു. അവ അങ്ങേക്ക് ഞാൻ കാണിച്ചുതരിക യാണ് ചെയ്തത്. അങ്ങയുടെ വംശത്തിന് ബ്രാഹ്മണ്യം സിദ്ധിക്കും — മൂന്നാം തലമുറയിൽ. വിശ്വാമിത്രൻ ജനിക്കുമ്പോൾ!'

അത്രയും പറഞ്ഞ് ച്യവനൻ തന്റെ ആശ്രമത്തിലേക്ക് പോയി. കുശി കനും പത്നിയും കൊട്ടാരത്തിലേക്കും.

(മഹാഭാരതം)

കുഞ്ജലൻ എന്ന തത്ത

ഒരിക്കൽ ച്യവനമഹർഷി ദീർഘമായ ഒരു തീർത്ഥയാത്രയ്ക്കിറങ്ങി. ഒരി ടത്തു തണലേകുന്ന ഒരു പേരാൽമരം കണ്ടു. അദ്ദേഹം തണലിരുന്നു തളർച്ച തീർത്തു. അപ്പോൾ ചില തത്തകൾ സംസാരിക്കുന്നത് കേൾക്കുമാ റായി. സകലതും ശ്രദ്ധിച്ചുകേട്ടുകൊണ്ട് ച്യവനൻ പേരാലിൻചുവട്ടിൽ ഇരുന്നു. സംസാരിക്കുന്ന തത്തകൾ ആ പേരാലിന്റെ കൊമ്പത്തുതന്നെയാണ് പാർക്കുന്നത്. അവരുടെ സംഭാഷണത്തിനിടയിൽ ച്യവനന് അനേകം കഥ കൾ കേൾക്കാൻ ഇടയായി.

മഹാജ്ഞാനിയാണ് കുഞ്ജലൻ എന്നു പേരായ വൃദ്ധനായ തത്ത. കുഞ്ജലന് നാലു പുത്രന്മാരുണ്ട് — ഉജ്ജ്വലൻ, സമുജ്വലൻ, വിജ്വലൻ, കപി ഞ്ജലൻ. പിതൃഭക്തരായിരുന്നു യുവാക്കന്മാരായ നാലു തത്തകളും. അവർ പഴങ്ങൾ ശേഖരിച്ചുകൊണ്ടുവന്ന് അച്ഛനെ ഭുജിപ്പിക്കും. വേണ്ടവിധത്തി ലെല്ലാം ശുശ്രൂഷിക്കുകയും ചെയ്യും. സാധാരണയായി അവർ രാവിലെ കൂടു വിട്ടുപോകും. സന്ധ്യയ്ക്കുമുമ്പ് മടങ്ങിവരികയും ചെയ്യും.

അന്നേദിവസം എല്ലാവരും വന്നെത്തി.

'ഉജ്ജ്വല, ഇന്നു നീ എവിടെയാണു പോയിരുന്നത്? അവിടെ വിശേഷിച്ച് എന്തെങ്കിലും കാണുകയുണ്ടായോ?' കുഞ്ജലൻ ചോദിച്ചു.

ഒരു കഥയുടെ രൂപത്തിലായിരുന്നു ഉജ്ജ്വലന്റെ മറുപടി.

ഇതാണ് ആ കഥ:

പ്ലക്ഷദ്വീപിൽ ദിവോദാസൻ എന്ന രാജാവ് വാണരുളുന്നു. ദിവോദാസന് സുന്ദരിയായ ഒരു പുത്രിയുണ്ട്, ദിവ്യാദേവി. ചിത്രസേനൻ എന്ന രാജാവിന് പുത്രിയെ കല്യാണം കഴിച്ചുകൊടുക്കണം — അതായി ദിവോദാസന്റെ നിശ്ചയം. ഹതവിധി എന്നല്ലാതെ എന്താണ് പറയുക? ചിത്രസേനൻ പൊടുന്നനെ മരിച്ചുപോയി.

കുറെക്കാലം കഴിഞ്ഞ് ദിവ്യാദേവിക്ക് രണ്ടാംവിവാഹം നിശ്ചയിച്ചു. രൂപസേനൻ എന്ന രാജാവാണ് വരൻ. രൂപസേനനും പെട്ടെന്ന് ജീവൻ വെടിഞ്ഞു.

വീണ്ടും വിവാഹനിശ്ചയം. വീണ്ടും വരന്റെ മരണം — അതങ്ങനെ തുടർന്നുപോയി. അതോ, ഇരുപത്തൊന്നു പ്രാവശ്യവും!

ദിവ്യാദേവിയുടെ ദുഃഖം ഊഹിക്കാൻപോലും പ്രയാസം. അവൾ രാജധാനിയിൽനിന്ന് ഇറങ്ങി ഓടി. പർവ്വതപ്രദേശത്തു ചെന്ന് ഒരു ഗുഹയിൽ കയറിക്കിടന്നു. ഹൃദയം പൊട്ടുമാറ് വിലപിച്ചു.

അതുകണ്ടു ഉജ്ജ്വലൻ എന്ന തത്ത.

'അച്ഛാ, എന്താണ് രാജകുമാരിക്ക് ഈ അനുഭവം ഉണ്ടാകാൻ കാരണം?' ഉജ്ജ്വലൻ ചോദിച്ചു.

ജ്ഞാനിയായ കുഞ്ജലൻ അവളുടെ പൂർവചരിത്രം അറിയിച്ചു.

വാരാണസിയിൽ സുവീരൻ എന്നൊരു വൈശ്യൻ ഉണ്ടായിരുന്നു. സുവീരന് ചിത്ര എന്നൊരു ഭാര്യ ഉണ്ട്. അവൾ അനാചാരങ്ങളിൽ ഏർപ്പെട്ടു. അതേസമയം ഭർത്താവിനെ ധിക്കരിക്കയും ചെയ്തു. തോന്ന്യാസങ്ങൾക്ക് അതിരില്ല. സജ്ജനങ്ങളെ നിന്ദിക്കുക, ദുർന്നടപടികൾ ചെയ്യുക — അതൊക്കെ കണക്കിലധികമായി. സുവീരന് സഹികെട്ടു. അയാൾ ചിത്രയെ ഉപേക്ഷിച്ചു. മറ്റൊരു യുവതിയെ വേൾക്കുകയും ചെയ്തു.

ചിത്ര നാട്ടിലെങ്ങും തെണ്ടി നടന്നു. വെറുതെ തെണ്ടി നടന്നതല്ല. അനേകം ദുഷ്ടകൃത്യങ്ങൾ ചെയ്തു. ഭാര്യമാരെയും ഭർത്താക്കന്മാരെയും തമ്മിൽ കലഹിപ്പിക്കുക — അതായിരുന്നു അവയിലൊന്ന്. അവർ അനേകം കുടുംബങ്ങളിൽ ഛിദ്രമുണ്ടാക്കി.

ഒടുവിൽ ചിത്ര മരിച്ചു. പിന്നീട് ജനിച്ചതോ, ദിവ്യാദേവിയായിട്ടും. അതിനുമുണ്ട് ഒരു കാരണം. ചിത്രയായിരുന്നപ്പോൾ അവളൊരു പുണ്യം ചെയ്യുകയുണ്ടായി.

ഒരു സിദ്ധൻ യദൃച്ഛയാ ചിത്രയുടെ വീട്ടിൽ ചെന്നു കയറി. ചിത്ര സിദ്ധനെ ആദരവോടെ ഉപചരിച്ചു. ക്ഷണവും ജലവും നല്കി എന്നുമാത്രമല്ല, ഒരു ദേവനെ എന്നപോലെ പൂജിച്ചു. അതാണ് അവൾ ചെയ്തിരുന്ന പുണ്യം.

എങ്കിലും അവളിപ്പോൾ ദിവ്യാദേവിയായി ദുരിതമനുഭവിക്കുന്നു. അവളെ സഹായിക്കണം എന്ന് ഉജ്ജ്വലന് ആഗ്രഹമുണ്ട്. ആ തത്തയ്ക്ക് അവളോട് അനുകമ്പ തോന്നിയിരിക്കുന്നു. എന്താണ് വഴിയെന്ന് അവൻ അച്ഛനോട് ചോദിച്ചു.

'ഉജ്ജ്വലാ, അവൾ വിഷ്ണുധ്യാനം ചെയ്യണം. നാമശതം എന്ന സ്തോത്രവും ഉരുവിടണം എന്നാലവൾക്ക് സൽഗതി ലഭിക്കും.' കുഞ്ജലൻ പറഞ്ഞു.

വൃദ്ധനായ തത്ത പുത്രന് ആ സ്തോത്രം ഉപദേശിച്ചു. ഉജ്ജ്വലൻ കാലം കളയാതെ പ്ലക്ഷദ്വീപിലേക്ക് പറന്നുപോയി.

ദിവ്യാദേവിയെ കണ്ട് താൻ ആരെന്ന് അറിയിച്ചു—താൻ വന്നത് എന്തിനാണ് എന്നും. അതിനു ശേഷം ധ്യാനമുറകൾ പറഞ്ഞുകൊടുത്തു. തുടർന്ന് സ്തോത്രവും. എന്നിട്ട് സ്വസ്ഥാനത്തേക്ക് മടങ്ങി.

ദിവ്യാദേവി ധ്യാനവും സ്തോത്രവും നിരന്തരമായി ചെയ്തുകൊണ്ടിരുന്നു. അപ്രകാരം നാലു വർഷം തുടർന്നുപോയി. മഹാവിഷ്ണു പ്രസാദിച്ച് പ്രത്യക്ഷനായി. അവൾക്ക് വിഷ്ണുലോകവും നല്കി.

ഇത്രയും തത്തസഹോദരന്മാരിൽ മൂത്തവനായ ഉജ്ജ്വലന്റെ അനുഭവങ്ങളായിരുന്നു.

ഇനി രണ്ടാമനായ സമുജ്ജ്വലന്റെ അനുഭവങ്ങളാണ്. അവയെല്ലാം അവൻ പിതാവായ കുഞ്ജലനെ കേൾപ്പിച്ചു. അതും ഒരു കഥയുടെ രൂപത്തിലായിരുന്നു.

സമുജ്ജ്വലൻ ഹിമാലയത്തിലേക്ക് ആണ് പോയിരുന്നത്. അവിടെയാണ് പാവനമായ മാനസസരസ്സ്. അസംഖ്യം അരയന്നങ്ങൾ അവിടേക്ക് പറന്നു ചെന്നു. കറുത്ത നിറമുള്ള ഹംസങ്ങളാണ് അവയെല്ലാം. നാലെണ്ണം പ്രത്യേക തരത്തിൽപെട്ടവയാണ്—കൊക്കും കാലും കറുപ്പും, ദേഹം വെളുപ്പും. ആ നാലു ഹംസങ്ങളുടെ ഭാര്യമാരായ ഹംസികളുമുണ്ട് ഒന്നിച്ച്. കണ്ടാൽ ഭയവും അറപ്പും തോന്നിക്കുന്നവയാണ് ഹംസികൾ. എല്ലാ ഹംസങ്ങളും മാനസസരസ്സിൽ ഇറങ്ങി കുളിച്ചു. എന്നിട്ട് വിന്ധ്യപർവ്വതത്തിലേക്ക് പറന്നുപോയി. സമുജ്ജ്വലൻ തത്തയും അവരെ അനുഗമിച്ചു. അവയെല്ലാം ഒരു വൃക്ഷത്തിന്റെ തണലിൽ വിശ്രമിച്ചു. അപ്പോൾ അവർ വിചിത്രമായ ഒരു കാഴ്ച കണ്ടു. വേട്ടയ്ക്കുശേഷം ഒരു വേടൻ പാറപ്പുറത്ത് വന്നിരുന്നു. കുറെ കഴിഞ്ഞ് വേടന്റെ ഭാര്യ അവിടെ വന്നെത്തി. അവൾ ഭർത്താവിന് ചോറും വെള്ളവും കൊണ്ടുവന്നതാണ്. ആദ്യം അവൾ ഭർത്താവിനെ തിരിച്ചറിഞ്ഞില്ല. കാരണം, കഴിഞ്ഞ തവണ കണ്ടപ്പോൾവരെ അയാൾ കറുപ്പനും വിരൂപനും ആയിരുന്നു. ഇപ്പോഴിതാ അയാൾ വെളുപ്പനും സുന്ദരനും ആയിരിക്കുന്നു! താനാണ് വേടനെന്ന് അയാൾ ഉറപ്പിച്ചു പറഞ്ഞു. അപ്പോൾ മാത്രമേ അവൾക്കു വിശ്വാസം ഉണ്ടായുള്ളൂ. രൂപം മാറാനുള്ള കാരണം വേടൻ അറിയിച്ചു. അടുത്തുള്ള നർമ്മദാനദിയിലെ കുബ്ജാസംഗമം എന്ന തീർത്ഥത്തിൽ ഇറങ്ങിക്കുളിച്ചു. അത്ര പാവനമാണ് ആ തീർത്ഥം!

തനിക്കും ആ തീർത്ഥത്തിൽ കുളിക്കണം—അതായി വേടത്തിയുടെ ആഗ്രഹം. വേടൻ വേടത്തിയെ അങ്ങോട്ടു കൊണ്ടുപോയി. പിറകേ ചെന്നു കറുത്ത ഹംസങ്ങളും സമുജ്ജ്വലൻതത്തയും. അവർ നോക്കിനില്ക്കെ വേടത്തി തീർത്ഥത്തിൽ കുളിച്ചു. അതോടെ അവൾക്കും വെളുപ്പും സൗന്ദര്യവും ലബ്ധമായി.

കറുത്ത ഹംസങ്ങൾ കുളിച്ചപ്പോൾ അവർക്കും ആ മാറ്റം ഉണ്ടായി. എന്നാൽ, വികൃതങ്ങളായ നാലു ഹംസികൾ കുളിച്ചപ്പോഴോ? അവ ചത്തുപോകുകയും ചെയ്തു.

'അച്ഛാ, ഇതിന്റെ ഒക്കെ അർത്ഥം എന്താണ്?' സമുജ്ജ്വലൻ കുഞ്ജല നോടു ചോദിച്ചു.

കുഞ്ജലൻ വിസ്തരിച്ചു, ഒരു കഥയുടെ രൂപത്തിൽ. ഒരിക്കൽ നാര ദൻ സ്വർഗ്ഗത്തിൽ ചെന്ന് ദേവേന്ദ്രനെ സന്ദർശിച്ചു.

'മഹർഷേ, ഭൂമിയിലെ തീർത്ഥങ്ങളിൽവെച്ച് പുണ്യം കൂടിയത് ഏതാണ്?' ദേവേന്ദ്രൻ ചോദിച്ചു.

'എല്ലാം ഒന്നുപോലെ എന്നാണ് എനിക്കു തോന്നുന്നത്. അങ്ങു വേണ മെങ്കിൽ നേരിട്ടു പരീക്ഷിച്ചുകൊള്ളണം.' നാരദൻ പറഞ്ഞു.

ദേവേന്ദ്രൻ ഭൂമിയിലെ എല്ലാ തീർത്ഥങ്ങളെയും വരുത്തി. ചില തീർത്ഥ ങ്ങൾ ദിവ്യപുരുഷന്മാരുടെ രൂപത്തിൽ; മറ്റു ചില തീർത്ഥങ്ങൾ ദിവ്യസ്ത്രീക ളുടെ രൂപത്തിൽ — അങ്ങനെയാണ് അവർ സ്വർഗ്ഗത്തിൽ എത്തിച്ചേർന്നത്. അവരുമായി ദേവേന്ദ്രൻ ചർച്ച ചെയ്തപ്പോൾ ഒന്നു തെളിഞ്ഞു. പ്രായേണ എല്ലാ തീർത്ഥങ്ങളും ഉപപാപങ്ങളെ നശിപ്പിക്കും. നാലു തീർത്ഥങ്ങൾ എല്ലാ മഹാപാപങ്ങളെയും ഇല്ലായ്മ ചെയ്യും. പ്രയാഗം, പുഷ്കരം, സർവ്വതീർ ത്ഥം, വാരാണസി — അവയാണ് ആ നാലു തീർത്ഥങ്ങൾ.

കുബ്ജാസംഗമതീർത്ഥത്തിന്റെ പ്രാധാന്യം വേറൊന്നാണ്.

മറ്റൊരു കഥയിൽനിന്നും അതു തെളിഞ്ഞു.

മഹാപാപങ്ങൾ ചെയ്ത നാലു പേർ ഉണ്ടായിരുന്നു. വിദുരൻ (മഹാഭാ രതത്തിലെ വിദുരനല്ല), ചന്ദ്രശർമ, വേദശർമ, പഞ്ജുളൻ. ഓരോരുത്തരും വെവ്വേറെ ഉള്ള ദൂരദിക്കുകളിൽ ഉള്ളവരാണ്. അവർ ചെയ്ത മഹാപാപ ങ്ങൾക്ക് കയ്യും കണക്കുമില്ല. സന്ദർഭവശാൽ നാലു പേരും ഒരിടത്തു ഒത്തു കൂടാൻ ഇടയായി. അവർ പരസ്പരം ചോദിച്ച് എല്ലാ വിവരങ്ങളും മനസ്സി ലാക്കി. വല്ലവിധവും പാപങ്ങൾ തീർക്കണം — അതിനാണ് അവരുടെ സഞ്ചാരം. പലേ തീർത്ഥങ്ങളും അവർ ഇതിനകം സന്ദർശിച്ചുകഴിഞ്ഞിരി ക്കുന്നു. എന്നിട്ടും അവരുടെ പാപങ്ങൾ അവശേഷിക്കുന്നു. ദുഃഖിതരായ അവർ കാലഞ്ജരം എന്ന സ്ഥലത്തേക്ക് പോയി. അവിടെവച്ച് ഒരു സിദ്ധനെ കണ്ടെത്തി. അവർ അദ്ദേഹത്തോട് സകലവിവരവും പറഞ്ഞു. അദ്ദേഹ ത്തിന്റെ സഹായം അപേക്ഷിക്കുകയും ചെയ്തു. സിദ്ധൻ അവർക്കൊരു വഴി കാണിച്ചുകൊടുത്തു. പ്രയാഗം, പുഷ്കരം, സർവ്വതീർത്ഥം, വാരാണസി —ആ നാലു തീർത്ഥങ്ങളിലും അമാവാസിയിൽ സ്നാനം ചെയ്യണം. വിദുര നും ചന്ദ്രവർമയും വേദശർമയും പഞ്ജുളനും ആ തീർത്ഥങ്ങളിൽ ചെന്നു കുളിച്ചു. അതോടെ അവരുടെ സർവ്വ പാപങ്ങളും നീങ്ങുകയും ചെയ്തു.

പക്ഷേ, അപ്പോഴേക്കും മറ്റൊരു തകരാറുണ്ടായി. അവരുടെ പാപങ്ങൾ നാലു തീർത്ഥങ്ങളിലും കലർന്നു. നാലു തീർത്ഥങ്ങൾക്കും കറുത്ത നിറ മായി. പാപങ്ങൾ ഹംസരൂപമെടുത്തു പറന്നുപോയി. കറുപ്പു പോകാനായി അവ പലേ തീർത്ഥങ്ങളിലും മുഴുകി. കറുപ്പു പോയില്ലെന്നതും പോകട്ടെ, ആ തീർത്ഥങ്ങളും കറുപ്പായി. ഹംസങ്ങളോടൊന്നിച്ചു പോയില്ലേ ഭാര്യമാ രായ നാലു ഹംസികൾ? അവ പാപങ്ങൾ ആയിരുന്നു. എല്ലാംകൂടി കുബ്ജാ സംഗമത്തിൽ കുളിച്ചപ്പോഴോ? കറുപ്പു മാറി വെള്ള നിറമായി; പാപങ്ങളായ ഹംസികൾ ചാവുകയും ചെയ്തു.

ഈ കഥയാണ് കുഞ്ജലൻ സമുജ്വലനെ കേൾപ്പിച്ചത്.

അടുത്തതായി വിജ്വലന്റെ മുറയായിരുന്നു.

വിജ്വലൻ തന്റെ അനുഭവങ്ങൾ വിവരിച്ചു. മഹാമേരുവിലേക്കാണ് വിജ്വലൻ പോയത്. അവിടെയുള്ള ആനന്ദം എന്ന വനത്തിൽ പ്രവേശിച്ചു. ഏറ്റവും മനോഹരമായ ഒരു വനമാണ് ആനന്ദം. നിത്യവും ഒരു യുവസുന്ദരൻ അവിടേക്ക് വരാറുണ്ട്. ഒന്നിച്ച് ഒരു യുവസുന്ദരിയും. ഇരുവരും ദിവ്യവിമാനത്തിൽ വന്നിറങ്ങുകയാണ്. കെങ്കേമമായി വസ്ത്രധാരണം ചെയ്തിട്ടുണ്ട്, അവർ. അനർഘങ്ങളായ ഭൂഷണങ്ങൾ അണിഞ്ഞിട്ടുമുണ്ട്. അവർ സരസ്സിൽ ഇറങ്ങി കുളിച്ചുകയറും. അപ്പോൾ എന്താണ് അവിടെ കാണപ്പെടുന്നത്? ഒരു യുവാവിന്റെയും യുവതിയുടെയും മൃതദേഹങ്ങൾ! അത്ഭുതമെന്നു പറയട്ടെ, വിമാനത്തിൽ വന്നിറങ്ങുന്നവരുടെ മൃതദേഹങ്ങളാണവ? യുവാവും യുവതിയും ബീഭത്സമായ ഒരു കൃത്യം ചെയ്തു. അവർ മൃതദേഹങ്ങളിൽനിന്ന് മാംസം അറുത്തെടുത്തു തിന്നു. പിന്നീട് സരസ്സിൽനിന്ന് വെള്ളം കുടിച്ചു. വിശ്രമിച്ചു. അതിനുശേഷം വിമാനത്തിൽ കയറി ആകാശത്തു മറയുകയും ചെയ്തു.

ഈ കാഴ്ചയുടെ അർത്ഥം വിജ്വലൻ പിതാവിനോടു ചോദിച്ചു. കുഞ്ജലൻ അതു പറഞ്ഞു കൊടുക്കുകയും ചെയ്തു. അതും ഒരു കഥയുടെ രൂപത്തിൽ തന്നെ:

പണ്ട് ചോളദേശത്ത് സുബാഹു എന്നൊരു രാജാവുണ്ടായിരുന്നു. അതിസുന്ദരനും അതേസമയം അതി ഭക്തനും ആയിരുന്നു സുബാഹു. അദ്ദേഹം പലേ യാഗങ്ങളും ചെയ്യുകയുണ്ടായി. പുരോഹിതൻ ഒരു അഭിപ്രായം പ്രകടിപ്പിച്ചു — യാഗങ്ങൾ ചെയ്തതുകൊണ്ട് മാത്രമായില്ല, ദാനങ്ങൾകൂടി ചെയ്യണം. ദാനങ്ങൾക്കുള്ള പുണ്യം മറ്റൊന്നിനും ഇല്ല. പ്രത്യേകിച്ചും ഫലമുള്ളതാണ് അന്നദാനം — അത്രയും കൂട്ടിച്ചേർത്തു പുരോഹിതൻ.

പക്ഷേ, സുബാഹു ദാനം ചെയ്യുവാൻ കൂട്ടാക്കിയില്ല. യജ്ഞത്തിനും ആരാധനയ്ക്കും ഉള്ള ഫലമുളവായി, ശരിയാണ് — അതായത് വിഷ്ണുലോകത്തിലേക്കുള്ള പ്രവേശനം. എങ്കിലും ദാനം ചെയ്കയാൽ ഏറ്റവും ആഗ്രഹമുള്ള ഒന്നും ലഭിച്ചില്ല — ഭഗവാന്റെ ദർശനം!

ഒരു അവശതകൂടി ഉണ്ടായി സുബാഹുവിന്. അസഹ്യമായ ഒരുതരം വിശപ്പ് — ഒന്നുകൊണ്ടും ശമനം വരാത്ത കഠിനമായ വിശപ്പായിരുന്നു അത്. സുബാഹുവിനോടൊന്നിച്ച് അദ്ദേഹത്തിന്റെ പത്നിയും ഉണ്ട്. രാജാവും രാജ്ഞിയും അങ്ങുമിങ്ങും ഉഴന്നു നടന്നു. അപ്പോൾ ഒരു ആശ്രമം കാണുമാറായി. വാമദേവമഹർഷിയുടെ ആശ്രമം ആയിരുന്നു അത്. അവർ അകത്തു കടന്ന് മഹർഷിയെ വണങ്ങി. അദ്ദേഹത്തോടു ചോദിച്ചു, ഭഗവാന്റെ ദർശനം ലഭിക്കാത്തതിന്റെ കാരണം — അതേ സമയം ശമിക്കാത്ത വിശപ്പിന്റെ കാരണവും. സുബാഹു ദാനം ചെയ്യാത്തതാണ് കാർണം — അക്കാര്യം മഹർഷി തറപ്പിച്ചു പറഞ്ഞു, മുമ്പ് പുരോഹിതൻ പറഞ്ഞതുപോലെ.

'മഹർഷേ, ഏതുവിധവും ഈ വിശപ്പ് അടക്കിയേ കഴിയൂ. എന്താണ് ഒരു വഴി?' സുബാഹു ചോദിച്ചു.

'അനുഭവിച്ചു തീർക്കുക. അതല്ലാതെ ഒരു വഴിയും ഞാൻ കാണുന്നില്ല. നിങ്ങളുടെ മൃതദേഹങ്ങൾ ഒരിടത്തു കിടപ്പുണ്ടല്ലോ. അവ നിങ്ങൾ നിത്യവും ചെന്ന് ഭക്ഷിക്കണം. ഒരിക്കലും അവയ്ക്ക് കേടുവരികയുമില്ല.' വാമദേവൻ പറഞ്ഞു.

'എത്രകാലം ഞങ്ങൾ അപ്രകാരം ചെയ്യണം?' രാജാവ് ആരാഞ്ഞു.

'വാസുദേവസ്തോത്രം എന്നൊരു മഹത്സ്തോത്രമുണ്ട്. ആ സ്തോത്രം ആരെങ്കിലും ചൊല്ലിക്കേൾക്കുന്നതുവരെ.' മഹർഷി പറഞ്ഞു.

ഇത്രയും കുഞ്ജലൻ പുത്രനായ വിജ്വലനെ അറിയിച്ചു. വിജ്വലന് സുബാഹുവിനോടും രാജ്ഞിയോടും അതിയായ ദയവു തോന്നി. അവരെ സഹായിക്കണം എന്ന ആഗ്രഹവും ഉണ്ടായി. കുഞ്ജലന് വാസുദേവ സ്തോത്രം വശമുണ്ട്. ആ തത്ത മകന് സ്തോത്രം ചൊല്ലിക്കൊടുത്തു. വിജ്വലൻ പറന്നുചെന്ന് ആനന്ദത്തിലെത്തി. തെല്ലുകഴിഞ്ഞ് സുബാഹുവും രാജ്ഞിയും വിമാനത്തിൽ വന്നിറങ്ങി. വിജ്വലൻ തന്നെക്കുറിച്ച് അവരോടു പറഞ്ഞു. എന്നിട്ട് വാസുദേവസ്തോത്രവും ചൊല്ലി.

സ്തോത്രം തീരാത്ത താമസം, സുബാഹുവിന്റെയും രാജ്ഞിയുടെയും വിശപ്പുമാറി!

എത്രമാത്രം ആശ്വാസം ഉണ്ടായെന്നോ രാജദമ്പതികൾക്ക്? മാത്രമോ? മഹാവിഷ്ണു അവരുടെ മുമ്പിൽ ആവിർഭവിച്ചു. ഇരുവരെയും അനുഗ്രഹിച്ചു കൂടെ കൊണ്ടുപോവുകയും ചെയ്തു.

അവസാനമായി, നാലാം യുവതത്തയായ കപിഞ്ജലന്റെ അനുഭവങ്ങൾ:

കപിഞ്ജലൻ പോയത്, കൈലാസപർവ്വതത്തിലേക്കാണ്. അവിടെ വിശാലമായ ഒരു തടാകം കണ്ടെത്തി. തടാകത്തിന്റെ തീരത്തുള്ള പാറപ്പുറത്ത് ഒരു യുവതി ഇരിക്കുന്നു. അതിസുന്ദരിയാണ് അവൾ. നിരന്തരമായി കരയുകയും ചെയ്യുന്നു. അവളുടെ കണ്ണുനീർത്തുള്ളികൾ വെള്ളത്തിൽ വീഴുന്നു. അവ താമരപ്പൂക്കളായിമാറുകയും ചെയ്യുന്നു. ആ പൂക്കൾ ഒരു മുനി എടുത്തുകൊണ്ടുപോകുകയാണ്. മുനി മെലിഞ്ഞ് എല്ലും തൊലിയുമായിട്ടുണ്ട്. മേലാകെ ഭസ്മം പൂശിയിരിക്കുന്നു. ഭക്ഷിക്കുന്നതു വാടി വീഴുന്ന ഇലകളാണ്. മുനി താമരപ്പൂക്കൾകൊണ്ട് ശിവനെ പൂജിക്കുന്നു. അതേസമയം ഉറക്കെ കരയുകയും ചെയ്യുന്നു.

ആ വിവരം കപിഞ്ജലൻ പിതാവായ കുഞ്ജലനോടു പറഞ്ഞു. യുവതിക്കും മുനിക്കുമുണ്ടായ ദുർഭാഗ്യം എന്താണ്? അതറിയാൻ ആഗ്രഹവും തോന്നി. കുഞ്ജലൻ അറിയിച്ചു.

ഒരിക്കൽ ശിവൻ ശ്രീപാർവ്വതിയോടുകൂടി നന്ദനം എന്ന ഉദ്യാനത്തിൽ ചെന്നു. അവിടെ കല്പവൃക്ഷം നില്പുണ്ടായിരുന്നു. ചോദിക്കുന്ന എന്തും കല്പവൃക്ഷം നല്കും — അക്കാര്യം ശിവൻ ശ്രീപാർവ്വതിയോടു പറഞ്ഞു. അതു ശരിയാണ് എന്നു പരീക്ഷിക്കണമല്ലോ? അതിനായി ശ്രീപാർവ്വതി കല്പവൃക്ഷത്തോട് ഒന്ന് ആവശ്യപ്പെട്ടു — തനിക്കു സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീയെ തരണം എന്ന്. ഉടനെതന്നെ അപ്രകാരം ഒരു സ്ത്രീ ഉണ്ടായിവന്നു.

ആ സ്ത്രി ശിവപാർവ്വതിമാരെ അച്ഛനമ്മമാരായി കരുതി.

'മകളേ, നീ അശോകസുന്ദരി എന്ന പേരിൽ പ്രസിദ്ധിനേടും. നീ ചന്ദ്രവംശത്തിലെ നഹുഷരാജാവിന്റെ മഹിഷിയുമാകും.' ശ്രീപാർവ്വതി അനുഗ്രഹമേകി.

ശിവനും ശ്രീപാർവ്വതിയും കൈലാസത്തിലേക്ക് മടങ്ങി. അശോകസുന്ദരി നന്ദനത്തിൽ തന്നെ കഴിഞ്ഞുകൂടി. ഒരിക്കൽ ഹുണ്ഡൻ എന്ന അസുരൻ അവളെ കാണാനിടയായി. അവളുടെ സൗന്ദര്യം ഹുണ്ഡനെ അത്യധികമായി ആകർഷിച്ചു. അവളെ ഭാര്യയാക്കണം എന്ന ആഗ്രഹം അവനുണ്ടായി.

'ഹേ സുന്ദരീ, നീ ആരാണ്?'

'ഞാൻ ശിവപാർവതിമാരുടെ പുത്രിയായ അശോകസുന്ദരിയാണ്.'

'ഹുണ്ഡൻ എന്ന അസുരവീരനാണു ഞാൻ. നിന്നെ കല്യാണം കഴിക്കാൻ എനിക്ക് ആഗ്രഹമുണ്ട്. നീ എന്റെ ആഗ്രഹം സാധിച്ചുതരണം.'

'നഹുഷന്റെ ഭാര്യയാവണം എന്നാണ് എന്റെ നിശ്ചയം. നിങ്ങൾ പൊയ്ക്കൊള്ളൂ.'

'അശോകസുന്ദരീ, നഹുഷൻ ജനിക്കാനിരിക്കുന്നതേയുള്ളൂ. അതിന് ഇനിയും ഏറെക്കാലം കഴിയുകയും വേണം. നീ അതുവരെ കാത്തിരിക്കുകയൊന്നുംവേണ്ട. ഇപ്പോൾത്തന്നെ എന്റെ ഭാര്യയാവുന്നതാണ് നന്ന്.'

'അസുരാ, മര്യാദയ്ക്ക് ഇവിടന്നു പോകുന്നതാണ് നിനക്ക് നല്ലത്. അല്ലാത്തപക്ഷം ഞാൻ നിന്നെ ശപിക്കും!'

ഹുണ്ഡൻ തത്കാലത്തേക്ക് അവിടന്നു യാത്രയായി. എങ്കിലും താമസിയാതെ മറ്റൊരു വേഷത്തിൽ തിരിച്ചെത്തി. മായകൊണ്ടു ധരിച്ച സുന്ദരിയുടെ വേഷമായിരുന്നു അത്. മായായുവതി അശോകസുന്ദരിയുടെ അടുത്തുകൂടി. ചാടുവാക്യങ്ങൾ പറഞ്ഞ് അവളുടെ സ്നേഹവും വിശ്വാസവും നേടി. എനിക്കൊരു ആശ്രമം ഉണ്ടെന്നു മായായുവതി പറഞ്ഞു. ആശ്രമത്തിലേക്ക് വരാൻ അശോകസുന്ദരിയെ ക്ഷണിക്കുകയും ചെയ്തു.

ആ ക്ഷണം അശോകസുന്ദരി സ്വീകരിച്ചു. മായായുവതി എവിടെയാണ് അവളെ കൊണ്ടുപോയത്? അസുരന്മാരുടെ ആസ്ഥാനത്തിലേക്ക്. അവിടെച്ചെന്ന് അവൾ ഹുണ്ഡനായി മാറി!

അശോകസുന്ദരി കോപംകൊണ്ടു വിറച്ചു:

'എടാ ദ്രോഹീ, നീ എന്റെ ഭർത്താവായ നഹുഷന്റെ കൈകൊണ്ട് ചാവും!' അവൾ ശപിച്ചിട്ട് ഇറങ്ങിപ്പോയി.

അവളെ തടുത്തു നിർത്താൻ ഹുണ്ഡന് ധൈര്യം ഉണ്ടായില്ല.

മറ്റൊരു സൂത്രം ഹുണ്ഡൻ ആലോചിച്ചുറച്ചു. അവന് കമ്പനൻ എന്നൊരു മന്ത്രിയുണ്ട്. കമ്പനനെയും ആ സൂത്രത്തിൽ പങ്കാളിയാക്കി. നഹുഷൻ ജനിക്കാനിരിക്കുന്നേയുള്ളൂ. ആയു എന്ന രാജാവിന്റെ പുത്രനായിട്ടാണ് ജനിക്കാൻ പോകുന്നത്. ഒന്നുകിൽ ആയുവിന്റെ ഭാര്യയെ അപഹരിച്ചുകൊണ്ടുപോരണം. അല്ലെങ്കിൽ അവൾക്ക് കുട്ടിയുണ്ടാവാതിരിക്കാൻ കരുതലെടുക്കണം. അതുമല്ലെങ്കിൽ നഹുഷൻ ജനിച്ച ഉടനെ അവനെ വധിക്കണം!

ഒടുവിലത്തെ നടപടിയാണ് തീരുമാനിക്കപ്പെട്ടത്.

ധർമ്മിഷ്ഠനായ രാജാവായിരുന്നു ആയു. ഇന്ദുമതി എന്നാണ് രാജ്ഞിയുടെ പേര്. അവർക്ക് ആദ്യം പുത്രനുണ്ടായിരുന്നില്ല. അതിൽ അതിയായ ദുഃഖവുമുണ്ടായിരുന്നു. രാജാവ് ദത്താത്രേയമഹർഷിയുടെ അനുഗ്രഹം നേടി. അതിന്റെ ഫലമായി ഒരു ആൺകുട്ടി ജനിക്കുകയും ചെയ്തു.

ജനനസമയം അറിഞ്ഞിരുന്നു ഹുണ്ഡൻ. അവൻ കാലേകൂട്ടി രാജധാനിയിലെത്തിച്ചേർന്നു. ഒരു ദാസിയുടെ വേഷം ധരിച്ച് കൊട്ടാരത്തിൽ കടന്നു. ആരും അറിയാതെ കുട്ടിയെ എടുത്തു. എന്നിട്ട് അവന്റെ ആസ്ഥാനത്തിലേക്ക് പോയി.

ഹുണ്ഡന്റെ ഭാര്യയാണ് വിപുല. ഭാര്യയെ ഹുണ്ഡൻ അരികിലേക്ക് വിളിച്ചു. എന്നിട്ട് ഒരു നിർദ്ദേശം നല്കി:

'വിപുലേ, ഈ കുട്ടി എന്റെ പരമശത്രുവാകും. നീ ഇവനെ പാചകന്റെ കൈയിൽ കൊടുക്കണം. പാചകൻ ഇവനെ കൊന്ന് മാംസം പാകം ചെയ്യട്ടെ. ആ മാംസം എനിക്ക് ഭക്ഷിക്കണം.' ഹുണ്ഡൻ പറഞ്ഞു.

വാസ്തവത്തിൽ വിപുലയ്ക്ക് കുട്ടിയെ കൊല്ലാൻ മനസ്സു വന്നില്ല. പക്ഷേ, കൊന്നില്ലെങ്കിൽ ഭർത്താവിന് അപായം ഉണ്ടാവും. എന്തുവന്നാലും അതിന് ഇടവരുത്തിക്കൂടാ. അസുരപത്നി മേകല എന്ന പരിചാരികയെ വിളിച്ച് വിവരം പറഞ്ഞു. കുട്ടിയെ അവളുടെ കൈയിൽ കൊടുക്കുകയും ചെയ്തു. മേകല കുട്ടിയെ പാചകന്റെ അടുക്കലേക്ക് കൊണ്ടുപോയി. പാചകൻ കുട്ടിയെ കൊല്ലാൻ കത്തിയെടുത്തു. കുട്ടിയുണ്ട് അവനെ നോക്കി പുഞ്ചിരി തൂകുന്നു! ഏറ്റവും നിഷ്കളങ്കമായിരുന്നു ആ പുഞ്ചിരി. അതുകണ്ട് പാചകന്റെ മനസ്സ് അലിഞ്ഞു – മാത്രമല്ല, മേകലയുടെ മനസ്സും.

'വേണ്ട, ഈ പൊടിക്കുഞ്ഞിനെ കൊല്ലേണ്ട.' മേകല പാചകനോടു പറഞ്ഞു.

'എനിക്കും അവനെ കൊല്ലാൻ തോന്നുന്നില്ല.' പാചകൻ അറിയിച്ചു.

ഇരുവരുംകൂടി കുട്ടിയെ ഒരിടത്ത് ഒളിച്ചു വെച്ചു. രാത്രിയായപ്പോൾ മേകല കുട്ടിയെ എടുത്ത് ഇറങ്ങിപ്പോയി. നേരെ വസിഷ്ഠമഹർഷിയുടെ ആശ്രമത്തിൽ ചെന്ന് കുട്ടിയെ മുറ്റത്ത് കിടത്തിയിട്ട് തിരിച്ചുപോവുകയും ചെയ്തു.

ഹുണ്ഡന്റെ പാചകൻ എന്താണ് ചെയ്തത്? ഒരു മാനിനെ കൊന്ന് മാംസം പാകപ്പെടുത്തി. എന്നിട്ട് ഭക്ഷണത്തിനിരുന്ന ഹുണ്ഡന് വിളമ്പി. കുട്ടിയുടെ മാംസമാണ് എന്നായിരുന്നു ഹുണ്ഡന്റെ വിശ്വാസം. അവൻ തൃപ്തിയോടെ ആ മാംസം തിന്നു. ഇനി നഹുഷനെ ഭയപ്പെടേണ്ടതില്ല!

അടുത്ത ദിവസം രാവിലെ വസിഷ്ഠമഹർഷി എന്താണ് കണ്ടത് ? ആശ്രമത്തിന്റെ മുറ്റത്ത് തേജസ്വിയായ ഒരു ആൺകുട്ടി കിടക്കുന്നു! അദ്ദേഹം ദിവ്യദൃഷ്ടികൊണ്ട് ഒന്ന് നോക്കി. അപ്പോൾ മനസ്സിലായി ആ കുട്ടി ആരാണെന്നും എന്തുണ്ടായി എന്നും. അദ്ദേഹം കുട്ടിയെ എടുത്തു വളർത്തി. അവന് നഹുഷൻ എന്ന പേരുമിട്ടു.

നഹുഷന്റെ ഗുരു വസിഷ്ഠൻതന്നെയായിരുന്നു. രാജകുമാരൻ വേദങ്ങളും ശാസ്ത്രങ്ങളും വശപ്പെടുത്തി. അവയോടൊന്നിച്ചു ധനുർവേദവും.

ഇന്ദുമതിയുടെ സ്ഥിതി എന്തായിരുന്നു? പെട്ടെന്നു മകനെ കാണാതായില്ലേ? രാജ്ഞിയുടെ ദുഃഖം അതിരു കടന്നു. പിന്നീട് ഒന്നു തെളിഞ്ഞു – കുട്ടിയെ ആരോ കവർന്നതാണ് എന്ന്. ആരാണ് കവർന്നത്? ഒരു രൂപവുമില്ല.

നാരദൻ ആയുവിന്റെ മുമ്പിൽ ആവിർഭവിച്ചു.

'രാജൻ, ദുഃഖിക്കരുത്. അങ്ങയുടെ പുത്രൻ സുഖമായിരിക്കുന്നു. അവനെ ഒരുവൻ മോഷ്ടിച്ചതു ശരിതന്നെ. പക്ഷേ, അവൻ മോഷ്ടാവിന്റെ മരണത്തിനു കാരണമാകും. മാത്രമല്ല, യശസ്സു നേടുകയും ചെയ്യും.' മഹർഷി സമാധാനപ്പെടുത്തി.

ഒരിക്കൽ വസിഷ്ഠൻ ബാലനായ നഹുഷന് ഒരു നിർദ്ദേശം നല്കി.

'നഹുഷാ, വനത്തിൽ പോയി ചമത കൊണ്ടുവരൂ.' അദ്ദേഹം പറഞ്ഞു.

രാജകുമാരൻ വനത്തിലേക്ക് പോയി. അവിടെവച്ച് ചിലർ സംസാരിക്കുന്നതു കേട്ടു. ചാരണന്മാർ എന്ന അമാനുഷവർഗ്ഗക്കാരാണ് അവർ. ചാരണന്മാർ സംസാരിച്ചത് ഇപ്രകാരമായിരുന്നു.

'ആയുമഹാരാജാവിന്റെ പുത്രനായ നഹുഷനാണ് ഇവൻ. ഇന്ദുമതി രാജ്ഞിയാണ് ഇവന്റെ അമ്മ. എന്നാണാവോ അമ്മ ഇനി മകനെക്കാണുക? അശോകസുന്ദരി എന്നൊരു യുവതിയുണ്ട്. ഇവൻ ഭർത്താവാകാൻവേണ്ടി അവൾ തപസ്സിരിക്കുന്നു. എപ്പോഴാണാവോ ഇവരുടെ കല്യാണം നടക്കുക?'

ചമതയുംകൊണ്ട് നഹുഷൻ ആശ്രമത്തിൽ തിരിച്ചെത്തി. ചാരന്മാരുടെ സംസാരം മഹർഷിയെ അറിയിച്ചു. അപ്പോൾ മഹർഷി അവനെ അവന്റെ പൂർവ്വചരിത്രം കേൾപ്പിച്ചു. കൂട്ടത്തിൽ ഹുണ്ഡാസുരൻ ചെയ്ത ചതികളുടെ പൂർണ്ണ വിവരങ്ങളും.

'നഹുഷാ, നീ ഇനി നിന്റെ കടമകൾ നിർവ്വഹിക്കൂ.' വസിഷ്ഠൻ നിർദ്ദേശിച്ചു.

ധൃതിയിൽ ആയുധങ്ങൾ ധരിച്ചിട്ട് നഹുഷൻ ഇറങ്ങിപ്പോയി—ഹുണ്ഡാസുരനെ കണ്ടുപിടിക്കാൻ, അവനോടു പകരം ചോദിക്കാൻ.

നഹുഷന്റെ ജനനം ഉണ്ടായില്ലെ? അപ്പോൾ മറ്റൊരു സംഭവംകൂടി നടന്നിരുന്നു. നഹുഷന്റെ മാംസം ഭക്ഷിച്ചു എന്നായിരുന്നല്ലോ ഹുണ്ഡന്റെ വിചാരം. അവൻ ഒട്ടും താമസിയാതെ അശോകസുന്ദരിയുടെ മുമ്പിലെത്തി.

അശോകസുന്ദരീ, നീ പറഞ്ഞല്ലോ നഹുഷൻ നിന്റെ ഭർത്താവാകുമെന്ന്. അതൊരിക്കലും നടക്കുകയില്ല. കാരണം, ഞാൻ അവനെ കൊന്നു തിന്നിരിക്കുന്നു. ഇനി നീ നഹുഷനുവേണ്ടി കാത്തിരുന്നിട്ടു കാര്യമില്ല. നീ എന്നെ കല്യാണം കഴിച്ചുകൊള്ളൂ. ആ ദുഷ്ടൻ പറഞ്ഞു.

അവൾക്കു വിശ്വാസം വന്നില്ല.

'എന്റെ ഭർത്താവു മരിച്ചിട്ടില്ല.' അവൾ തീർത്തു പറഞ്ഞു.

'അവൻ മരിച്ചെന്നുള്ളതിൽ നിനക്കു യാതൊരു സംശയവും വേണ്ട.' അസുരൻ പറഞ്ഞു.

അശോകസുന്ദരി കുപിതയായി.

'ജീവൻ വേണമെങ്കിൽ ഇവിടന്നു പൊയ്ക്കൊള്ളണം. അല്ലാത്തപക്ഷം ഞാൻ നിന്നെ ശപിക്കും.' അവൾ പറഞ്ഞു.

ഹുണ്ഡൻ അവളുടെ ശാപത്തെ ഭയന്നിരുന്നു, അവൻ തത്കാലത്തേക്ക് അവിടന്നു പിൻവാങ്ങി. അതിനുശേഷം അശോകസുന്ദരിക്ക് ഒരു സംശയം തോന്നി—ആ ദുഷ്ടൻ പറഞ്ഞതു സത്യമായിരിക്കുമോ? അവൾ ശോകാർത്തയായി.

കിന്നരന്മാർ എന്ന മറ്റൊരു അമാനുഷ വർഗ്ഗക്കാരുണ്ട്. വിദ്യുന്ധരൻ എന്നൊരു കിന്നരൻ ഉണ്ട്. അശോകസുന്ദരിയെ ചെന്നു കണ്ടു വിദ്യുന്ധരൻ. എന്നിട്ട് അവളെ യാഥാർത്ഥ്യമറിയിച്ചു—കൂട്ടത്തിൽ, ഹുണ്ഡന് ഉണ്ടായ തെറ്റിദ്ധാരണയും.

അശോകസുന്ദരിക്ക് ആശ്വാസമായി.

അവൾ വീണ്ടും തപസ്സാരംഭിച്ചു.

ഹുണ്ഡനെ നേരിടാൻ ഇറങ്ങിയിരുന്നല്ലോ നഹുഷൻ. രാജകുമാരന് മഹർഷിമാർ ആശിസ്സുകൾ നൽകി. ദേവന്മാർ ദിവ്യായുധങ്ങൾ സമ്മാനിച്ചു. ദേവേന്ദ്രൻ രഥം അയച്ചുകൊടുത്തു—രഥം തെളിയിക്കാൻ മാതലി എന്ന സാരഥിയെയും. അവ മാത്രമായിരുന്നില്ല നഹുഷനുണ്ടായ നേട്ടങ്ങൾ. മഹാവിഷ്ണു ഒരു ചക്രം നല്കി. ശിവൻ ഒരു ശൂലവും.

നഹുഷൻ ഹുണ്ഡന്റെ ആസ്ഥാനം കണ്ടുപിടിച്ച് അവിടേക്ക് യാത്ര ചെയ്തു.

മാർഗ്ഗമധ്യത്തിലാണ് അശോകസുന്ദരി തപസ്സുചെയ്യുന്ന സ്ഥലം. ആ സ്ഥലം വഴി നഹുഷൻ കടന്നു പോയി. ഒരു നദി കണ്ട് അതിന്റെ തീരത്തിൽ വിശ്രമിച്ചു. അപ്പോൾ കുറെ ദിവ്യപുരുഷന്മാരും ദിവ്യസ്ത്രീകളും അവിടെ വന്നെത്തി. അവർ നഹുഷനെ വാഴ്ത്തി സ്തുതിക്കാൻ ആരംഭിച്ചു. അതുകേട്ട് അശോകസുന്ദരി അവിടേക്കു ചെന്നു. അവൾ ദൂരത്തു നിന്ന് നോക്കി. ഒന്നിച്ച് അവളുടെ സഖിയായ രംഭയും. അപ്പോൾ ഒരു മഹാപുരുഷനെ കണ്ടു. അദ്ദേഹംതന്നെയാണ് നഹുഷൻ—അക്കാര്യം രംഭ പറഞ്ഞ് അശോകസുന്ദരിക്ക് അറിവായി. ഭാവി ഭർത്താവിനെ അവൾ ആദ്യമായി കാണുകയായി.

രംഭ നഹുഷനെ കണ്ട് ഒന്ന് പറഞ്ഞു—അശോകസുന്ദരി അദ്ദേഹത്തിനായി കാത്തിരിക്കുകയാണ് എന്ന്.

രംഭേ, ഞാൻ ആദ്യം ഹുണ്ഡാസുരനെ വധിക്കട്ടെ. അതിനുശേഷം ഞാൻ അവളെ വിവാഹം ചെയ്തുകൊള്ളാം. നഹുഷൻ പറഞ്ഞു.

ഹുണ്ഡന് ഒരു വിവരം കിട്ടി—വമ്പനായ ഏതോ ഒരു ശത്രു തന്നെ എതിരിടാൻ വരികയാണെന്ന്. ആരാണ് ആ ശത്രു എന്ന് അന്വേഷിക്കണ്ടേ? അതിനായി ഹുണ്ഡൻ ഒരു ദൂതനെ നിയോഗിച്ചു. ദൂതൻ വന്ന് അറിയിച്ച വിവരം അവനെ വല്ലാതെ ചഞ്ചലപ്പെടുത്തി—വരുന്ന ശത്രു മറ്റാരുമല്ല, നഹുഷൻ തന്നെ!

അപ്പോൾ ഹുണ്ഡന് ഒന്ന് അറിവായി. മേകലയും പാചകനും കൂടി തന്നെ കബളിപ്പിച്ചതാണ്!

ഏതിനും എതിരാളിയെ എതിർക്കുകതന്നെ. ഹുണ്ഡൻ നേരെ ചെന്ന് നഹുഷനോട് ഏറ്റു. അവന് ലഭിച്ചത് മരണമായിരുന്നു!

വിജയിയായ നഹുഷൻ അശോകസുന്ദരിയെ ചെന്നു കണ്ടു. അവളെയും രംഭയെയും കൂട്ടി വസിഷ്ഠന്റെ ആശ്രമത്തിലെത്തി. മഹർഷി ശിഷ്യനെ കനിഞ്ഞ് അനുഗ്രഹിച്ചു.

'നഹുഷാ, നീയിനി നിന്റെ അച്ഛനമ്മമാരെ ചെന്നു കാണൂ.' വസിഷ്ഠൻ നിർദ്ദേശിച്ചു.

അതിനിടയ്ക്ക് ആയു മഹാരാജാവിന്റെ രാജധാനിയിൽ ഒരു സന്ദർശക വരികയായി – സ്വർഗ്ഗസുന്ദരിയായ മേനക. ഇന്ദുമതിയെ കണ്ട് മേനക ഒന്നറിയിച്ചു – രാജ്ഞിയുടെ പുത്രൻ വിജയിയായി ഇങ്ങോട്ടു വരുന്നുണ്ട്!.

ആയുവും ഇന്ദുമതിയും അക്ഷമരായി കാത്തിരുന്നു. പുത്രനെ കണ്ടപ്പോൾ അവർക്കുണ്ടായ ആനന്ദത്തിന് അതിരുണ്ടായിരുന്നില്ല. ആയു നഹുഷനെ ഹസ്തിനപുരത്തിലെ രാജാവായി അഭിഷേകം ചെയ്തു. അതിനുശേഷം അദ്ദേഹം സ്വർഗ്ഗലോകത്തിലേക്കും ബ്രഹ്മലോകത്തിലേക്കും പോയി. പിന്നീട് ശിവലോകത്തിലേക്കും വിഷ്ണുലോകത്തേക്കും. ഒടുവിൽ സ്ഥിരമായി പാർത്തതോ വിഷ്ണുലോകത്തിലും.

ഹുണ്ഡന് ഒരു പുത്രനുണ്ടായിരുന്നു, വിഹുണ്ഡൻ. അവൻ ദേവന്മാരെ അമർത്തി. ദേവന്മാർ മഹാവിഷ്ണുവിനോടു സങ്കടം ഉണർത്തിച്ചു. മഹാവിഷ്ണു ദേവന്മാരെ സഹായിക്കാൻ ഒരുക്കമായി. ഭഗവാൻ ഒരു പരമസുന്ദരിയുടെ വടിവു പൂണ്ട് വിഹുണ്ഡന്റെ മുമ്പിലെത്തി.

അവളുടെ അഴക് അസുരനെ അടിമപ്പെടുത്തി.

ഹേ സുന്ദരീ, നീ എന്നെ വിവാഹം കഴിക്കണം. എന്നാൽ, ഞാൻ നിനക്ക് എന്തുവേണമെങ്കിലും തരാം. വിഹുണ്ഡൻ പറഞ്ഞു.

'വിഹുണ്ഡാ, കാമോദകം എന്നൊരു ദിവ്യവൃക്ഷമുണ്ട്. അതിൽ ദിവ്യപുഷ്പങ്ങൾ വിടർന്നു നില്ക്കുന്നു. അങ്ങ് ഏഴ് കോടി പുഷ്പങ്ങൾകൊണ്ട് ശിവനെ അർച്ചിക്കണം. ആ പുഷ്പങ്ങൾകൊണ്ട് ഒരു മാല കൊരുത്ത് എനിക്ക് തരികയും; എന്നാൽ, ഞാൻ അങ്ങയുടെ ഭാര്യയാകാം.' അവർ പറഞ്ഞു.

കാമോദകം എന്ന പുഷ്പം എവിടെയാണ്? വിഹുണ്ഡൻ എല്ലായിടങ്ങളിലും അന്വേഷിച്ചു നടന്നു. ഒരിടത്തും അങ്ങനെയൊരു വൃക്ഷത്തെ കണ്ടുകിട്ടിയില്ല.

വിഹുണ്ഡൻ അസുരഗുരുവായ ശുക്രനെ സമീപിച്ചു.

'ഗുരോ, കാമോദകം എന്ന വൃക്ഷം എവിടെയാണ്?' അവൻ ചോദിച്ചു.

'വിഹുണ്ഡാ, കാമോദകം എന്നൊരു വൃക്ഷമില്ല. എന്നാൽ, ആ പേരുള്ള ഒരു യുവതിയുണ്ട്. അവളുടെ പുഞ്ചിരിയിൽനിന്നു പുഷ്പങ്ങൾ ഉണ്ടായിവരും. അവയാണു കാമോദകപുഷ്പങ്ങൾ. അവയ്ക്ക് നല്ല മഞ്ഞനിറമുണ്ട്. ഏറ്റവും സുഖമരുളുന്ന വാസനയും. ആ പൂക്കൾ ശിവപൂജയ്ക്ക് നല്ലതാണ്. എന്നാൽ, ഒന്ന് സൂക്ഷിക്കണം. ആ യുവതി കരയുമ്പോൾ ചുവന്ന പൂക്കൾ ഉണ്ടാവും. അവയ്ക്ക് മണമില്ല. അവയെ തൊട്ടുപോകരുത്.' ശുക്രൻ പറഞ്ഞു.

'എവിടെയാണ് ആ യുവതി?' വിഹുണ്ഡൻ ആരാഞ്ഞു.

'ഗംഗാതീരത്തുള്ള കാമോദം എന്ന പട്ടണത്തിൽ. നീ അവളെ കണ്ട് ഒന്ന് ചിരിപ്പിക്കണം. അപ്പോൾ പൂജാപുഷ്പങ്ങൾ ലഭിക്കും.' അസുരഗുരു അറിയിച്ചു.

വിഹുണ്ഡൻ ഇറങ്ങിത്തിരിച്ചു.

അവന്റെ സംരംഭം വിഘ്നപ്പെടുത്തണം – അതായി മഹാവിഷ്ണുവിന്റെ നിശ്ചയം. ഭഗവാൻ നാരദനു ചില നിർദ്ദേശങ്ങൾ നല്കി. നാരദൻ വിഹുണ്ഡനെ ചെന്നു കണ്ടു – യാതൊന്നും അറിയാത്തവനെപ്പോലെ അവനോട് യാത്രോദ്ദേശ്യവും മറ്റും ചോദിച്ചു. പിന്നീടാണ് കാര്യം എടുത്തിട്ടത്.

'വിഹുണ്ഡാ, കാമോദപട്ടണത്തിൽ പോകരുത്. മഹാവിഷ്ണു അവിടെയുണ്ട്. ആ കൗശലക്കാരൻ നിന്നെ ചതിക്കും, തീർച്ചയാണ്. മറെറാരു ഉപായം ഞാൻ പറഞ്ഞുതരാം. കാമോദക പുഷ്പങ്ങൾ ഗംഗാജലത്തിലൂടെ ഒഴുകി വരാറുണ്ട്. അവ എടുത്തുകൊള്ളൂ. അതാണ് എല്ലാംകൊണ്ടും നന്ന്.' മഹർഷി പറഞ്ഞു.

നാരദൻ വിഹുണ്ഡനെ വിട്ട് കാമോദപുരിയിൽ എത്തി. എന്നിട്ട് നേരെ ചെന്ന് കാമോദയെ കണ്ടു. ആ സമയം കാമോദ മനസ്സു മുട്ടി കഴിയുകയാണ്. വിഷ്ണുഭക്തയായ അവൾ ഒരു ദുഃസ്വപ്നം കാണുകയുണ്ടായി. മഹാവിഷ്ണു ജന്മം എടുക്കുന്നു എന്നതായിരുന്നു ദുഃസ്വപ്നം. അവൾ അതിന്റെ അർത്ഥമെന്തെന്ന് നാരദനോടു ചോദിച്ചു.

നാരദൻ അർത്ഥം അറിയിച്ചു:

'കാമോദേ, ഭൃഗുമഹർഷി യാഗരക്ഷാർത്ഥം മഹാവിഷ്ണുവിന്റെ സഹായം തേടി. ഭഗവാൻ യാഗം രക്ഷിച്ചു നില്ക്കേ ദേവാസുരയുദ്ധം ഉണ്ടായി. ദേവേന്ദ്രൻ ഭഗവാന്റെ സഹായം അഭ്യർത്ഥിച്ചു. ഭഗവാൻ യുദ്ധത്തിനു പോയി. ആ തക്കം നോക്കി ചില അസുരന്മാർ വന്നെത്തി. അവർ ഭൃഗുവിന്റെ യാഗം മുടക്കി. ഭൃഗുവിന് മഹാവിഷ്ണുവിനോടു ദേഷ്യം തോന്നി. ഭഗവാൻ പോയതുകൊണ്ടല്ലേ യാഗം മുടങ്ങിയത്? 'അവിടുന്നു പത്തുജന്മം ജനിക്കുമാറാകട്ടെ!' എന്നു ഭൃഗു മഹാവിഷ്ണുവിനു ശാപമേകി. പത്തു ജന്മമെടുക്കാതെ ഭഗവാനു തരമില്ല! അതിനാലാണ് നിനക്കു ദുഃസ്വപ്നം ഉണ്ടായത്!'

അത്രയും പറഞ്ഞിട്ട് നാരദൻ ധൃതിയിൽ സ്ഥലം വിട്ടു. കാമോദയുടെ വ്യസനം അധികമായി. വ്യസനം കണ്ണുനീരിനെ ജനിപ്പിച്ചു. കണ്ണുനീർകണങ്ങൾ ഇറ്റിറ്റു ഗംഗാനദിയിൽ വീണു. അവ പൂക്കളായി ഒഴുകിപ്പോയി.

വിഹുണ്ഡൻ ആ പൂക്കൾ എടുത്ത് ശിവനെ അർച്ചിച്ചു. ആ അർച്ചന ശ്രീപാർവ്വതിക്ക് ദേഷ്യം ഉളവാക്കി. ശിവപൂജയ്ക്ക് പുഞ്ചിരിയിൽനിന്നുണ്ടായ പൂക്കൾ വേണം. ഇവനിതാ ദുഃഖത്തിൽനിന്നുണ്ടായ പൂക്കൾ ഉപയോഗിച്ചിരിക്കുന്നു! ദേവി ഒരു ബ്രാഹ്മണന്റെ വേഷത്തിൽ ശിവലിംഗത്തെ അർച്ചിച്ചു. പാരിജാതപ്പൂക്കൾകൊണ്ടായിരുന്നു ദേവിയുടെ അർച്ചന. വിഹുണ്ഡൻ എന്താണ് ചെയ്തത്? പാരിജാതപ്പൂക്കൾ തട്ടിമാറ്റി കണ്ണുനീർപൂക്കൾകൊണ്ട് അർച്ചന നടത്തി. അതേസമയം അവൻ കാമോദയെക്കുറിച്ച് ആലോചിച്ച് സങ്കടപ്പെട്ടു. സങ്കടം കാരണം കണ്ണുനീർ ഉളവായി. കണ്ണുനീർ ശിവലിംഗത്തിൽ വീണു. അതു ശരിയല്ലെന്ന് ബ്രാഹ്മണവേഷത്തിലുള്ള ദേവി ചൂണ്ടിക്കാട്ടി. വിഹുണ്ഡൻ ദേഷ്യപ്പെട്ടു വാളെടുത്ത് വെട്ടാൻ ഭാവിച്ചു. ദേവി അവനെ തത്കാലത്തേക്ക് സ്തംഭിപ്പിച്ചു വീഴ്ത്തി. പിന്നീട് അവൻ എഴുന്നേറ്റ് അർച്ചന തുടർന്നു. കാമോദ ഗംഗാതീരത്തിൽ കരഞ്ഞുകൊണ്ട് ഇരിക്കുകയും ചെയ്തു.

ഈ കഥയാണ് കപിഞ്ജലൻതത്തയ്ക്ക് പിതാവായ കുഞ്ജലൻതത്ത പറഞ്ഞുകൊടുത്തത്. കുഞ്ജലന്റെയും പുത്രന്മാരുടെയും സംഭാഷണം കേൾക്കുന്നുണ്ട് ഒരാൾ. പേരാലിന്റെ ചുവട്ടിൽ ഇരിക്കുന്ന ച്യവനമഹർഷിയാണ് ആ ആൾ. അക്കാര്യം ആദ്യമേ പറഞ്ഞുവല്ലോ.

ച്യവനമഹർഷിക്ക് ഒരു ആഗ്രഹം ഉണ്ടായി. കുഞ്ജലൻതത്തയുടെ പൂർവ്വചരിത്രം അറിയണം. മഹർഷി ജ്ഞാനിയായ പക്ഷിയോട് തന്റെ ആഗ്രഹം പ്രകടിപ്പിച്ചു.

കുഞ്ജലൻ തന്റെ പൂർവ്വകഥ ച്യവനനെ കേൾപ്പിച്ചു.

കഴിഞ്ഞ ജന്മത്തിൽ കുഞ്ജലൻ ധർമശർമ എന്ന മനുഷ്യനായിരുന്നു. മൂന്നു പുത്രന്മാരിൽ ഇളയവനാണ് ധർമശർമ. വസുശർമ, നാമശർമ എന്നിവരാണ് മറ്റു രണ്ടുപേർ. വിദ്യാധരൻ എന്ന ആളാണ് അവരുടെ പിതാവ്. വേദങ്ങളുടെ മറുകര കണ്ടവരാണ് വസുശർമയും നാമശർമയും. ധർമശർമയാകട്ടെ, പഠിത്തത്തിൽ അത്യന്തം വിമുഖനാണ്. അവൻ വല്ല ഗുരുകുലത്തിലും പോയി വിദ്യാഭ്യാസം ചെയ്യണം—പിതാവ് പലവുരു ഉപദേശിച്ചിട്ടുണ്ട്. പക്ഷേ, ഉപദേശമൊന്നും ധർമശർമ ചെവിക്കൊണ്ടില്ല. വലിയ ബുദ്ധിമുട്ടല്ലേ ഗുരുകുലവാസവും വിദ്യാഭ്യാസവും? മൂക്കുമുട്ടെ ഉണ്ണണം. സുഖമായി ഉറങ്ങണം, കൂട്ടുകാരുമായി കളിക്കണം—അത്രയേ ധർമശർമയ്ക്ക് വേണ്ടൂ.

എന്തിനു പറയുന്നു, ധർമശർമ വിദ്യാഭ്യാസമില്ലാതെ വാർദ്ധക്യത്തിലും എത്തിച്ചേർന്നു. അപ്പോഴാണ് പശ്ചാത്താപം ഉണ്ടായത്—പഠിക്കാത്തതിനുള്ള പശ്ചാത്താപം! അയാൾ ദുഃഖിച്ച് വിജനമായ ഒരു സ്ഥലത്ത് ചെന്നിരിപ്പായി. യാദൃച്ഛയാ ഒരു യോഗി അവിടെ വന്നുചേർന്നു. യോഗി ധർമശർമയ്ക്ക് ജ്ഞാനം ഉപദേശിക്കാൻ കനിഞ്ഞു.

'ഒരേ ദിക്കിലിരുന്ന് ത്രിലോകങ്ങളിൽ നടക്കുന്നതെല്ലാം നിനക്ക് അറിയാറാകട്ടെ!' യോഗി അനുഗ്രഹിച്ചിട്ട് യാത്രയായി.

അങ്ങനെ ധർമശർമ മഹാജ്ഞാനിയായി.

ഒരിക്കൽ ഒരു കാട്ടാളൻ വരികയായി. വില്പനയ്ക്കുള്ള ഒരു തത്തയുണ്ട് കാട്ടാളന്റെ പക്കൽ. അവൻ കെണിവെച്ചു പിടിച്ച തത്തയാണ്. ധർമശർമ ആ തത്തയെ വിലയ്ക്ക് ചോദിച്ചു. അതിനോട് എന്തെന്നില്ലാത്ത സ്നേഹം തോന്നി. ആ സ്നേഹം നാൾക്കുനാൾ വർദ്ധിച്ചു വന്നു. ഒടുവിൽ എന്തായി? തത്തയെ സ്വജീവനേക്കാൾ സ്നേഹമായി.

അങ്ങനെയിരിക്കെ, ധർമശർമ പൂവിനും കായ്ക്കുമായി വനത്തിലേക്ക് പോയി. തിരിച്ചെത്തിയപ്പോൾ പ്രിയപ്പെട്ട തത്തയെ കാണാനില്ല! മറ്റുള്ളവർ പറഞ്ഞ് ഒന്നറിഞ്ഞു—തത്തയെ പൂച്ച കൊണ്ടുപോയി! ധർമശർമയ്ക്കുണ്ടായ സന്താപം അത്യധികമായിരുന്നു. ദിവസങ്ങൾ സന്താപത്തെ വർദ്ധിപ്പിച്ചതേയുള്ളൂ. ആ ദുഃഖത്തിൽ ജ്ഞാനം നഷ്ടമായി. തത്തയെ വിചാരിച്ചു വിചാരിച്ച് അയാൾ മരണമടഞ്ഞു.

മരിക്കുമ്പോൾ ആലോചിക്കുന്നത് അനുസരിച്ചിരിക്കും അടുത്ത ജന്മം. ധർമശർമ പിന്നീട് എന്തായിട്ടാണ് ജനിച്ചത്? കുഞ്ജലൻ എന്ന തത്തയായിട്ട്!

എങ്കിലും പഴയ ജന്മത്തിലെ ജ്ഞാനം പുതിയ ജന്മത്തിലും തെളിഞ്ഞു വിളങ്ങി. ഒരേ സ്ഥലത്തിരിക്കുന്നു, സകലതും കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നു—ഇപ്പോൾ നടക്കുന്നവ മാത്രമല്ല, നടന്നിരുന്നവയും നടക്കാനിരിക്കുന്നവയും!

ദിവ്യശക്തിയുള്ള ച്യവനമഹർഷിപോലും വിസ്മയിച്ചുപോയി!

(പദ്മപുരാണം—ഗുരുതീർത്ഥം)

വ്യാസൻ

വസു എന്നൊരു രാജാവ്. ചേദിരാജ്യമാണ് വസു ഭരിക്കുന്നത്. നായാട്ടിൽ വലിയ കമ്പക്കാരനാണ് അദ്ദേഹം. ദേവേന്ദ്രന്റെ പ്രിയപ്പെട്ട ചങ്ങാതിയുമാണ്. വളരെക്കാലം അദ്ദേഹം രാജ്യഭാരം ചെയ്തു. അതിനുശേഷം തപസ്സിന് ഒരുക്കമായി.

അപ്പോഴേക്കും ദേവേന്ദ്രൻ വന്നെത്തി. സ്നേഹിതനെ തപസ്സിൽനിന്നും പിന്തിരിപ്പിക്കണം. അതാണ് ദേവേന്ദ്രന്റെ ഉദ്ദേശ്യം. ചേദിരാജ്യം ഭരിച്ച് ജീവിതം നയിക്കണം—ദേവേന്ദ്രൻ വസുവിനെ നിർബന്ധിച്ചു. അതേസമയം രാജാവിന് വിശിഷ്ടമായ ചില പാരിതോഷികങ്ങളും നൽകി. ഒന്ന്, ദിവ്യമായ ഒരു വിമാനം. അതിൽക്കയറി ഇഷ്ടാനുസരണം ആകാശസഞ്ചാരം ചെയ്യാം. രണ്ട്, വാടാമലരുകൾ കോർത്ത ഒരു മാല. യുദ്ധം ചെയ്യുമ്പോൾ ആ മാല ധരിച്ചിരുന്നാൽ മുറിവേൽക്കുകയില്ല. മൂന്ന്, വിചിത്രമായ ഒരു വേണുദണ്ഡം.

പാരിതോഷികങ്ങൾ ശേഖരിച്ചിട്ട് വസു തപസ്സ് വേണ്ടെന്നു വച്ചു. ആകാശസഞ്ചാരം ചെയ്യുന്നതുകൊണ്ട് ഉപരിചരൻ എന്ന പേരുമുണ്ടായി.

യഥാകാലം വസുവിന് അഞ്ച് പുത്രന്മാരുണ്ടായി. അദ്ദേഹം ഓരോ പുത്രനും ഒരു നഗരം നിർമ്മിച്ചു നല്കി. പില്ക്കാലത്ത് അവർ അഞ്ച് വംശങ്ങളുടെ സ്ഥാപകന്മാരുമായി.

പക്ഷേ, അതു വളരെക്കാലത്തിനു ശേഷമായിരുന്നു. വസുവിന്റെ കഥയാണല്ലോ ഇപ്പോൾ പറയുന്നത്. ഒരിക്കൽ കൗതുകകരമായ ഒരു സംഭവമുണ്ടായി.

ചേദിരാജ്യത്തിന്റെ അടുത്തുകൂടി ഒരു നദി ഒഴുകുന്നുണ്ട്. ആ നദിക്ക് ശുക്തിമതി എന്നാണ് പേര്. ശുക്തിമതിയെ ഭാര്യയാക്കണം എന്ന് ഒരു പർവതത്തിന് ആഗ്രഹം ഉണ്ടായി. കോലാഹലൻ എന്ന പർവതമാണ് അത്. ഒരു ദിവസം കോലാഹലൻ എന്തു ചെയ്തു? ശുക്തിമതിയെ തടഞ്ഞു നിർത്തി. നദിക്ക് മുമ്പോട്ട് ഒഴുകാൻ വയ്യാതായി. നദീജലം കെട്ടിനിന്ന് പൊങ്ങുകയായി. ആ ജലം നാട്ടിലേക്ക് ഒഴുകിക്കയറി. പല സ്ഥലങ്ങളും ജലത്തിൽ മുങ്ങിത്തുടങ്ങി. നാട്ടുകാർക്കുള്ള വൈഷമ്യങ്ങൾ ഊഹിക്കാമല്ലോ. വസുരാജാവിന് ദേഷ്യമായി. ആരോട്? കോലാഹലനോട്. രാജാവ് ഓടിച്ചെന്ന് പർവതത്തെ ഒരു ചവിട്ട്! ഏറ്റവും ബലത്തിലായിരുന്നു ആ ചവിട്ട്. പർവതത്തിൽ ഒരു വിള്ളൽ ഉണ്ടായി. വിള്ളലിൽക്കൂടി നദീജലം വീണ്ടും ഒഴുകിത്തുടങ്ങി.

എങ്കിലും അതിനിടയ്ക്ക് എന്തുണ്ടായി എന്നോ? പർവതത്തിനു നദിയിൽ രണ്ടു മക്കളുണ്ടായി. ഒരാണും ഒരു പെണ്ണും. നദിക്കു രാജാവിനോടു നന്ദി തോന്നി. അദ്ദേഹമല്ലേ അവളെ വീണ്ടും ഒഴുകാൻ സഹായിച്ചത്? പുത്രനെയും പുത്രിയെയും അവൾ രാജാവിനു സമ്മാനിച്ചു. നദീപുത്രൻ വളർന്നു വലുതായപ്പോൾ അയാളെ രാജാവ് സേനാനായകനാക്കി. നദീപുത്രിക്ക് യൗവനം വന്നപ്പോൾ രാജാവ് അവളെ വിവാഹം കഴിച്ചു. ഗിരിക എന്നായിരുന്നു ആ സുന്ദരിയുടെ പേര്.

ഒരിക്കൽ വസുവിന് പിതൃകർമം ചെയ്യേണ്ടതായി വന്നു. ആ കർമത്തിനു മൃഗമാംസം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. മൃഗങ്ങളെ വേട്ടയാടിയിട്ടു വേണം മാംസം കൊണ്ടുവരാൻ. അതിനായി വസു വനത്തിലേക്കു പോയി.

ആ സമയം മറ്റൊന്നുമുണ്ടായി. ഒരു അപ്സരസ്സ് ബ്രഹ്മശാപത്താൽ മത്സ്യമായി മാറിയിരുന്നു. അദ്രിക എന്ന അപ്സരസ്സിനാണു ശാപമേറ്റത്. അവൾ മത്സ്യമായി ഒരു നദിയിൽ ജീവിച്ചുപോന്നു. രാജാവിന്റെ തേജസ്സു കാരണം അദ്രിക ഗർഭിണിയായി. ഒരു ദിവസം മത്സ്യം മീൻപിടിത്തക്കാരുടെ പിടിയിലായി. അവർ മത്സ്യത്തിന്റെ വയറു കീറി. അപ്പോൾ അവരുടെ അത്ഭുതം കാണണം! മത്സ്യത്തിന്റെ വയറ്റിലുണ്ട് രണ്ട് മനുഷ്യക്കുട്ടികൾ! മീൻപിടിത്തക്കാർ ഓടിച്ചെന്നു രാജാവിനോടു വിവരം പറഞ്ഞു. എന്നിട്ടു കുട്ടികളെ അദ്ദേഹത്തിനു നല്കി. അവരും ഒരാണും ഒരു പെണ്ണും തന്നെ.

കുട്ടികൾ പുറത്തായാൽ അദ്രികയ്ക്ക് ശാപമോക്ഷം ലഭിക്കും. അതാണ് മുമ്പ് ബ്രഹ്മാവ് അറിയിച്ചിരുന്നത്. അവൾ മത്സ്യരൂപം ഉപേക്ഷിച്ച് സ്വതവേ ഉള്ള രൂപം ധരിച്ചു. എന്നിട്ട് അപ്സരസ്സുകളുടെ ലോകത്തേക്ക് യാത്രയായി.

പെൺകുട്ടിയെ വസു വളർത്തിയോ? ഇല്ല. പകരം മത്സ്യത്തിന്റെ വയറു കീറിയ മീൻപിടിത്തക്കാരനു നൽകി. അവൾ അയാളുടെ സംരക്ഷണയിൽ വളർന്നുവന്നു—അയാളുടെ മകൾ എന്നപോലെ. യുവതിയായപ്പോൾ അവൾ എത്ര സൗന്ദര്യവതിയായിക്കഴിഞ്ഞിരുന്നു! മത്സ്യഗന്ധിനി എന്നായിരുന്നു അവളുടെ പേര്.

മീൻപിടിത്തക്കാരനു മറ്റൊരു ജോലികൂടിയുണ്ട് — യാത്രക്കാരെ കടത്തുവഞ്ചിയിൽ കയറ്റി നദിയുടെ മറുകരയിൽ എത്തിക്കുക. ഇടയ്ക്കിടയ്ക്കു മത്സ്യഗന്ധിനിയും ആ ജോലി ചെയ്തുപോന്നു. ആ ജോലിയിൽ അതിസമർത്ഥയായിരുന്നു അവൾ.

അവിചാരിതമായി ഒരാൾ സ്ഥലത്തു ചെന്നു. പരാശരൻ എന്ന മാമുനിയായിരുന്നു ആ ആൾ. ഒരു തീർത്ഥയാത്രയ്ക്ക് ഇറങ്ങിയതാണ് അദ്ദേഹം. നദി കടക്കേണ്ടതുണ്ടായിരുന്നു മാമുനിക്ക്. അതാ കടത്തുവഞ്ചി. ആരാണ് അതിൽ? മീൻപിടിത്തക്കാരനു പകരം ഒരു യുവതി. എന്തൊരു അഴകാണ് അവൾക്ക്! മാമുനി അതു കണ്ട് ആശ്ചര്യപ്പെട്ടു നിന്നു. ആരാണ് ഇവൾ? ആരായാലും ശരി, ഇവളെ ഭാര്യയാക്കണം—ആ മോഹം മാമുനിയുടെ ഹൃദയത്തിൽ വേരൂന്നി. അദ്ദേഹം കടത്തുവഞ്ചിയിൽ കയറി. മത്സ്യഗന്ധിനി തുഴഞ്ഞു നദിയുടെ നടുവിലെത്തി. അപ്പോൾ അദ്ദേഹം അവളോട് ആഗ്രഹം തുറന്നു പറഞ്ഞു.

അവൾക്ക് അത് അത്ര സമ്മതമായില്ല. മാത്രമല്ല പരിഭ്രമവും ഉണ്ടായി. പക്ഷേ, അതൊന്നും പരാശരൻ കൂട്ടാക്കിയില്ല. അദ്ദേഹം നിർബന്ധം തുടർന്നു.

'മഹർഷേ, ഞാനോ ഒരു കന്യക. ആളുകളെല്ലാം എന്നെ ദുഷിക്കും. അങ്ങയുടെ കല്പന നിരസിക്കാനും എനിക്കു ശക്തിയില്ല.' അവൾ പറഞ്ഞു.

'നീ എന്റെ ഭാര്യയാവുന്നതുകൊണ്ട് നിനക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. നീ എന്നും കന്യകയായിത്തന്നെ കഴിയും. അതിനു ഞാൻ നിന്നെ അനുഗ്രഹിക്കുന്നു. നിനക്കു മറ്റേതെങ്കിലും ആഗ്രഹമുണ്ടോ? ഉണ്ടെങ്കിൽ ഞാനതു നിറവേറ്റാം.' പരാശരൻ വാഗ്ദാനം ചെയ്തു.

'എന്നാൽ എന്റെ മത്സ്യഗന്ധം മാറണം. എന്റെ ദേഹത്തിനു നല്ല വാസനയും ഉണ്ടാവണം.' അവൾ വരം ചോദിച്ചു.

പരാശരൻ ആ വരം അവൾക്കു നൽകി. അക്ഷണം അവളുടെ മത്സ്യഗന്ധം മാറി. അവളുടെ ദേഹത്തുനിന്നു നറുമണം പ്രസരിച്ചും തുടങ്ങി.

അവൾക്ക് ഒരു പുത്രനുണ്ടായി.

പിറന്നു വീണയുടൻ കുട്ടി എന്തു ചെയ്തു? വളർന്നു വലുതായി. അവിടന്ന് യാത്രയുമായി.

പോകുംമുമ്പ് പുത്രൻ ഒന്നു പറഞ്ഞു:

'അമ്മേ, ഞാനിതാ തപസ്സിന് പോകുകയാണ്. അമ്മയെന്നെ അനുഗ്രഹിച്ചയയ്ക്കണം. എന്നെ കാണണമെന്ന് അമ്മയ്ക്ക് തോന്നിയാലോ? ആ നിമിഷം ഞാൻ അമ്മയുടെ മുമ്പിൽ പ്രത്യക്ഷപ്പെടും!'

അത്രയും പറഞ്ഞ് പുത്രൻ യാത്രയായി.

ദ്വീപിലാണ് പരാശരന്റെയും മത്സ്യഗന്ധിനിയുടെയും പുത്രൻ ജാതനായത്. അതിനാൽ ദ്വൈപായനൻ എന്നു പേരുണ്ടായി. ദ്വൈപായനൻ ഘോരമായ തപസ്സു ചെയ്തു. എത്രമാത്രം വിജ്ഞാനമാണ് നേടിയതെന്നോ? ആ വിജ്ഞാനം ഉപയോഗിക്കുകയും ചെയ്തു—തനിക്കുവേണ്ടിയല്ല, ലോകരുടെ ഉപകാരത്തിനായിട്ട്. അദ്ദേഹം ദിവ്യദൃഷ്ടികൊണ്ട് ചിലതെല്ലാം കണ്ടിരുന്നു. യുഗംതോറും ധർമ്മം ക്ഷയിച്ചുവരും; സ്ഥിതിഗതികൾ മാറിക്കൊണ്ടിരിക്കും; മനുഷ്യരുടെ ആയുസ്സ് അനുക്രമം കുറയും. അവർക്ക് പ്രയോജനപ്പെടാനായി അദ്ദേഹം മഹത്തായ ഒരു പ്രവൃത്തി ചെയ്തു.

അന്നുവരെ വേദം ഒന്നായിക്കിടന്നിരുന്നു—അളക്കാനാവാത്ത ആഴവും പരപ്പുമുള്ള വൻകടൽപോലെ. അദ്ദേഹം വേദത്തെ നാലായി ഭാഗിച്ചു. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം—അവയായിരുന്നു നാലു ഭാഗങ്ങൾ. വേദത്തെ ഭാഗിച്ചതിനാൽ വേദവ്യാസൻ എന്ന പേരുണ്ടായി. വ്യാസൻ എന്നു സാധാരണ പറയും.

വ്യാസൻ പുരാണങ്ങളും ചമച്ചു. അതോ, പതിനെട്ടു പുരാണങ്ങളും. മാത്രമല്ല മഹാഭാരതവും. പഞ്ചമവേദം എന്നും മഹാഭാരതം അറിയപ്പെടുന്നു. അത്രമാത്രം മഹത്തരമാണ് ആ ഗ്രന്ഥം.

അപ്പോൾ വ്യാസന്റെ മാതാവോ? സത്യവതി എന്ന പേരിൽ അവർ ജീവിതം തുടർന്നു. പില്ക്കാലത്ത് സത്യവതിയെ പ്രസിദ്ധനായ ഒരു രാജാവ് വിവാഹം ചെയ്തു. ആ രാജാവാണ് ഭീഷ്മരുടെ പിതാവായ ശന്തനു. (ശന്തനുവിന്റെയും ഭീഷ്മരുടെയും കഥകൾ മാലിഭാരതത്തിൽ വിസ്തരിച്ചിട്ടുണ്ട്.)

വ്യാസൻ മഹാഭാരതം രചിച്ചതിനെക്കുറിച്ച് ഒരു കഥയുണ്ട്.

ആദ്യം മനസ്സിൽ എഴുതിവച്ചിരുന്നതാണ് മഹാഭാരതം. പക്ഷേ, അതു കൊണ്ടായില്ലല്ലോ. മറ്റുള്ളവർക്ക് വായിക്കാൻവേണ്ടി ഗ്രന്ഥത്തിൽ എഴുതിവയ്ക്കണം. എഴുതുന്നത് എളുപ്പമുള്ള കാര്യമല്ലതാനും. ഏറ്റവും വലിപ്പമുള്ള ഗ്രന്ഥമാണ് ഗ്രന്ഥകർത്താവ് ചൊല്ലിക്കൊടുക്കുക, മറ്റൊരാൾ അതു കേട്ട് എഴുതിയെടുക്കുക—അതേ സാദ്ധ്യമാവുകയുള്ളൂ. അതിന് എന്താണൊരു വഴി? വ്യാസൻ ആലോചിച്ചിട്ട് ഉത്തരം കിട്ടിയില്ല. കൂടുതൽ കൂടുതൽ ആലോചിച്ച്, കൂടുതൽ കൂടുതൽ മനോവിഷമവും ഉണ്ടായി.

അക്കാര്യം ബ്രഹ്മാവിന് അറിവായി. വ്യാസനെ സഹായിക്കണം എന്നായി ബ്രഹ്മാവിന്റെ ആഗ്രഹം. ഭഗവാൻ വ്യാസന്റെ മുന്നിൽ ആവിർഭവിച്ചു. വ്യാസൻ എഴുന്നേറ്റ് ഭഗവാനെ നമസ്കരിച്ചു, എന്നിട്ട് ഇരിക്കാനായി

പീഠം നല്കി. ബ്രഹ്മാവ് പീഠത്തിൽ ഇരുന്നു. അരികത്ത് ഇരിക്കാൻ വ്യാസനോട് ആവശ്യപ്പെടുകയും ചെയ്തു.

വ്യാസൻ മനോവിഷമം അറിയിച്ചു.

'ഭഗവൻ, ഞാൻ ഏറ്റവും വലിയൊരു കാവ്യം മനസ്സിൽ തയ്യാറാക്കിയിരിക്കുന്നു. ലോകത്തുള്ള സകലതും അതിലുണ്ട്. മറിച്ചു പറഞ്ഞാൽ, അതിൽ ഇല്ലാത്തതൊന്നും ലോകത്തിലില്ല. അതു മുഴുവൻ എഴുതിയെടുക്കാൻ ഒരാൾ വേണം. പ്രാപ്തിയുള്ള ഒരാളെ ഇന്നോളം കിട്ടിയിട്ടുമില്ല.' അദ്ദേഹം പറഞ്ഞു.

'വ്യാസാ, നീ കാവ്യമെന്നു പറഞ്ഞാൽ അതു കാവ്യംതന്നെ. മറിച്ചാവുകയില്ല. അത്ര സത്യമായിരിക്കും നിന്റെ വാക്കുകൾ. നിന്റെ കാവ്യത്തെ അതിശയിക്കുന്ന മറ്റൊന്നു രചിക്കാൻ ആർക്കും സാധ്യമല്ല. അത് എഴുതിയെടുക്കാൻ ഗണപതിഭഗവാനു മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ടു നീ ഗണപതിയെ സ്മരിക്കൂ.ബ്രഹ്മാവ് ആവശ്യപ്പെട്ടു.

അതിനുശേഷം ഭഗവാൻ അപ്രത്യക്ഷനായി.

വ്യാസൻ ഭക്തിയോടെ ഗണപതിയെ സ്മരിച്ചു. ഭക്തവത്സലനാണല്ലോ ഗണപതി. തൽക്ഷണം ഗണപതി വ്യാസന്റെ മുമ്പിൽ വന്നെത്തി.. വ്യാസൻ ഗണപതിയെ പൂജിച്ചു സൽക്കരിച്ചു.

'ഭഗവാനേ, എന്റെ മനസ്സിൽ മഹാഭാരതം ചമച്ചുവെച്ചിട്ടുണ്ട്. ഞാൻ ആദ്യം മുതൽ ചൊല്ലിത്തരാം. അവിടുന്ന് അതെല്ലാം എഴുതിയെടുക്കണം.' വ്യാസൻ കൂപ്പുകൈയോടെ അഭ്യർത്ഥിച്ചു.

ഗണപതിക്കു സമ്മതമായി — ഒരു കരാറിന്മേൽ.

'വ്യാസാ, ഞാൻ എഴുതിയെടുക്കാം. പക്ഷേ, ഒന്നുണ്ട്. ഒരു നിമിഷം പോലും എഴുത്തു നിർത്താൻ ഇടവരുത്തിക്കൂടാ. അങ്ങനെ തുടർന്നു ചൊല്ലിത്തരണം. എന്താ, സമ്മതമാണോ?' ഗണപതി ചോദിച്ചു.

ലോകത്തെ ഗ്രന്ഥങ്ങളിൽ ഏറ്റവും വലിപ്പമുള്ളതാണ് മഹാഭാരതം. അതു ചൊല്ലിക്കൊടുക്കുമ്പോൾ ഒരു നിമിഷംപോലും നിറുത്തിക്കൂടത്രേ! ഒരേ ഒരാൾക്ക് മാത്രമേ അത് സാദ്ധ്യമാവൂ. ആ ആൾ വ്യാസനായിരുന്നു. എന്തെങ്കിലും കാരണവശാൽ ഇടയ്ക്കൊന്നു നിർത്തേണ്ടിവന്നാലോ? എഴുത്തു നിർത്തി ഗണപതി പൊയ്ക്കളയും. അങ്ങനെയായാൽ ചെയ്ത ജോലി നിഷ്ഫലമാകും. അതുണ്ടാവാതിരിക്കാൻ വ്യാസൻ ഒരു വഴി കണ്ടുപിടിച്ചു.

'ഭഗവാനേ, എനിക്കു സമ്മതം തന്നെ. എങ്കിലും ഒരു കാര്യമുണ്ട്. ഞാൻ ഓരോ ശ്ലോകമായി ചൊല്ലിക്കൊണ്ടിരിക്കും. ഓരോ ശ്ലോകത്തിന്റെയും അർത്ഥം അവിടുന്ന് പൂർണ്ണമായി ഗ്രഹിക്കണം. എന്നിട്ടേ അടുത്ത ശ്ലോകം എഴുതിയെടുക്കാൻ പാടുള്ളൂ. അതായത് അർത്ഥം പൂർണ്ണമായി ഗ്രഹിക്കാതെ ഒന്നും എഴുതിക്കൂടാ.' വ്യാസൻ പറഞ്ഞു.

'അങ്ങനെതന്നെ.' ഗണപതി സമ്മതം മൂളി.

എന്തായിരുന്നു വ്യാസന്റെ പദ്ധതി? ഗൂഢമായ അർത്ഥങ്ങളുള്ള ശ്ലോകങ്ങളുണ്ട്. കഠിനമായ ശ്ലോകങ്ങളുമുണ്ട്. ഗണപതി ഭഗവാൻ സർവ്വജ്ഞനാണ്, ശരിതന്നെ. എങ്കിലും ആ ശ്ലോകങ്ങൾ ഭഗവാനെയും അല്പം വിഷമിപ്പിക്കും. ഭഗവാൻ തെല്ലൊന്ന് ആലോചിച്ചിരിക്കും. അതിനിടയ്ക്ക് താൻ അടുത്ത ശ്ലോകങ്ങൾ മനസ്സിൽ അടുക്കി തയ്യാറാക്കി വയ്ക്കും. അപ്പോൾ അല്പമൊക്കെ ഇടകിട്ടുകയും ചെയ്യും !

വ്യാസന്റെ വിചാരം ശരിയായിരുന്നുതാനും. ഇടയ്ക്കിടയ്ക്ക് ഗണപതിയുടെ എഴുത്താണി ചലിക്കാതെയായി. അർത്ഥം ആലോചിച്ചിരുന്നതാണ് കാരണം. എങ്കിലും ഭഗവാൻ ഒടുവിൽ മഹാഭാരതം എഴുതിത്തീർന്നു.

വ്യാസകൃതികൾ ഭാരതഭൂമിയുടെ അനർഘങ്ങളായ സമ്പത്തുകളായി പരിലസിക്കുന്നു.

(മഹാഭാരതം ആദിപർവം)

ശുകൻ

വ്യാസമഹർഷി ആശ്രമത്തിൽ താമസിക്കുന്നു. സരസ്വതിനദിയുടെ തീരത്തിലാണ് ആശ്രമം. ഒരു ദിവസം അദ്ദേഹം ഒരു കാഴ്ച കണ്ടു. ഒരു കൂട്ടിൽ ഒരു കൊച്ചു പക്ഷി ഇരിക്കുന്നു. ആ കൊച്ചു പക്ഷി ജനിച്ചിട്ട് അധികനാൾ ആയിട്ടില്ല. തൂവൽപോലും ശരിക്കും കിളിർത്തിട്ടില്ല. അച്ഛൻപക്ഷിയും അമ്മപ്പക്ഷിയും കൊച്ചുപക്ഷിക്ക് തീറ്റ കൊടുക്കുന്നു. കൊച്ചുപക്ഷി തിന്ന ഉടനെ അവർ വീണ്ടും പറന്നുപോകുന്നു; തീറ്റയുമായി വീണ്ടും വന്ന് കൊച്ചുപക്ഷിക്കു കൊടുക്കുന്നു; ഇടയ്ക്കിടയ്ക്ക് കൊച്ചുപക്ഷിയോടു ചേർന്നിരിക്കുന്നു. എന്തു സ്നേഹമാണ്, എന്ത് ആർദ്രതയാണ് അവർക്കു കുഞ്ഞിനോട്! ആ കാഴ്ച മഹർഷിയുടെ മനസ്സിന് ഇളക്കം വരുത്തി.

അദ്ദേഹത്തിന്റെ ചിന്ത ഒരു വഴിക്കു പോയി. കണ്ടില്ലേ, പക്ഷികൾക്കുപോലും സന്താനങ്ങളോടെത്ര വാത്സല്യം! അപ്പോൾ മനുഷ്യരുടെ സ്ഥിതി എന്തായിരിക്കും! ലോകത്തെ സൗഖ്യങ്ങളിൽ വെച്ച് ഏറ്റവും ഉത്തമം ഏതാണ്? പുത്രനെ പുണരുന്നതും ലാളിക്കുന്നതും തന്നെയായിരിക്കണം. വെറുതെയല്ല പറയുന്നത്, പരഗതി ലഭിക്കണമെങ്കിൽ മക്കൾ വേണമെന്ന്.

ഇമ്മാതിരി ചിന്തകൾ വ്യാസന്റെ മനസ്സിനെ വ്യാകുലമാക്കി. കാരണം, അദ്ദേഹത്തിന് മക്കളില്ല. ഇപ്പോൾ ഒരു ആഗ്രഹം ഉണ്ടായി. മക്കൾ ജനിച്ചിരുന്നുവെങ്കിൽ! പുത്രലാഭത്തിനായി തപസ്സുചെയ്യണം എന്നായി മഹർഷിയുടെ നിശ്ചയം. അദ്ദേഹം മേരുപർവതത്തിൽ ചെന്നു. ആരെയാണു തപസ്സു ചെയ്യുക? വിഷ്ണുവിനെയോ ശിവനെയോ ബ്രഹ്മാവിനെയോ മറ്റേതെങ്കിലും ദേവനെയോ? അതായി അദ്ദേഹത്തിന്റെ ചിന്ത.

ആ സമയം നാരദൻ വന്നെത്തി.

'എന്താണ് വ്യാസാ ഒരു വല്ലായ്മ?' നാരദൻ ചോദിച്ചു.

'പുത്രനില്ലാത്തവർക്ക് ഗതിയില്ലല്ലോ? അതോർമിച്ച് വിഷാദിക്കുകയാണ് ഞാൻ. ഏതു ദൈവത്തെ ഭജിക്കണമെന്ന് എനിക്ക് നിശ്ചയമില്ല. അങ്ങ് എനിക്ക് പറഞ്ഞുതരണം.' വ്യാസൻ അപേക്ഷിച്ചു.

'ശിവനെ ഭജിച്ചുകൊള്ളൂ.' നാരദൻ നിർദ്ദേശിച്ചു.

വ്യാസൻ തപസ്സു ചെയ്ത് ശിവനെ പ്രത്യക്ഷപ്പെടുത്തി.

'വ്യാസാ, നിനക്ക് ഏറ്റവും മഹാനായ ഒരു പുത്രൻ ജനിക്കും — തേജസ്വികളിൽ, ജ്ഞാനികളിൽ, കീർത്തിമാന്മാരിൽ മുമ്പനായ ഒരു പുത്രൻ.' ശിവൻ അരുളിച്ചെയ്തു.

തപസ്സിനു ഫലം കിട്ടിയില്ലേ? വ്യാസന് അതിയായ സന്തോഷമുണ്ടായി. അദ്ദേഹം ആശ്രമത്തിൽ തിരിച്ചെത്തി. വാസ്തവത്തിൽ വ്യാസന് വിവാഹം ഇഷ്ടമില്ല. തപസ്സിന് ഭംഗം ഉണ്ടാവുകയില്ലേ? അതേ സമയം പുത്രൻ വേണംതാനും. എന്താണു ചെയ്യുക?

ഒരിക്കൽ അദ്ദേഹം കടകോൽകൊണ്ട് അഗ്നി കടയുകയായിരുന്നു. ആ സമയം അവിടെ ഒരു അപ്സരസ്സ് വരാൻ ഇടയായി. ഘൃതാചി എന്ന സുന്ദരിയാണ് അവൾ. വ്യാസൻ ഘൃതാചിയെ ശ്രദ്ധിച്ചുനോക്കി. അപ്പോൾ അപ്സരസ്സിനു ഭയം തോന്നി. തന്നെ മഹർഷി ശപിച്ചേക്കുമോ? അതായിരുന്നു അവളുടെ ഭയം. അവൾ പെട്ടെന്ന് ശുകിയുടെ രൂപം ധരിച്ച് പറന്നു പൊയ്ക്കളഞ്ഞു.

താമസിയാതെ ഒരു അത്ഭുതം നടന്നു. വ്യാസൻ കടഞ്ഞു കത്തിച്ചില്ലേ അഗ്നി? അതിൽനിന്ന് ഒരു ആൺകുട്ടി ഉണ്ടായിവന്നു!

വർണ്ണിക്കാനാവാത്ത തേജസ്സുണ്ടായിരുന്നു കുട്ടിക്ക്. അവൻ തന്റെ പുത്രനാണ്—ആ ബോധം ഉദയം ചെയ്തു വ്യാസന്റെ മനസ്സിൽ. ദേവന്മാർ ആകാശത്തുനിന്ന് പുഷ്പവൃഷ്ടി ചെയ്തു. അപ്സരസ്സുകൾ ആടുകയും ഗന്ധർവന്മാർ പാടുകയും ചെയ്തു. മഹർഷിമാരും ദേവന്മാരും വ്യാസപുത്രനെ വാഴ്ത്തി.

ജനിച്ചയുടൻ കുട്ടി വളർന്നു വലുതായി. ഘൃതാചി ശുകിയായപ്പോൾ പിറന്നവനല്ലേ? അതിനാൽ കുട്ടിക്ക് ശുകൻ എന്നു പേരായി.

ശുകൻ ബൃഹസ്പതിയെ ഗുരുവാക്കി ഗുരുകുലവാസം ചെയ്ത് വേദങ്ങളും ശാസ്ത്രങ്ങളും പഠിച്ചു. അതിനുശേഷം പിതാവിന്റെ ആശ്രമത്തിൽ തിരിച്ചെത്തി.

'മകനേ, ഇനി നീ വിവാഹം കഴിക്കണം. അതാണ് എന്റെ ആഗ്രഹം.' വ്യാസൻ പറഞ്ഞു.

'അച്ഛാ, വിവാഹവും തപസ്സും തമ്മിൽ പൊരുത്തമില്ല. എനിക്കു വിവാഹത്തിൽ ഒട്ടും താത്പര്യമില്ല.' ശുകൻ അറിയിച്ചു.

പുത്രന്റെ വാക്കുകൾ വ്യാസനെ ചിന്തിപ്പിച്ചു. അതേസമയം ദുഃഖിപ്പിക്കുകയും ചെയ്തു. എങ്കിലും അദ്ദേഹം ശുകനെ പുരാണങ്ങൾ പഠിപ്പിക്കാതിരുന്നില്ല.

ഒന്നു പ്രത്യേകമാണ് ശുകന്റെ രീതി. ഒന്നിലും ഒരു ശ്രദ്ധയില്ലാത്തതുപോലെ. പലപ്പോഴും ഒറ്റയ്ക്ക് ഒരിടത്തു ചെന്നിരിക്കും. ആഹാരം കഴിച്ചാലും ശരി, ഇല്ലെങ്കിലും ശരി, എല്ലാം ഒന്നുപോലെയാണ്. ആലോചനതന്നെ മിക്കപ്പോഴും.

'മകനേ, എനിക്ക് ഒന്ന് തീർച്ചയാണ്. നീ ശാസ്ത്രങ്ങളും പുരാണങ്ങളും മറ്റും അഭ്യസിച്ചു, ശരിയാണ്. എന്നിട്ടും നിന്റെ മനസ്സിന് ശാന്തി ലഭിച്ചിട്ടില്ല. വിദേഹരാജ്യത്തിൽ ജനകൻ എന്നൊരു രാജാവുണ്ട്. രാജാവ് മാത്രമല്ല, രാജർഷികൂടിയാണ് അദ്ദേഹം. മഹാത്മാവും ധർമാത്മാവുമാണ് ജനകൻ. നീ അദ്ദേഹത്തെ ചെന്നുകാണൂ. അദ്ദേഹം നിന്റെ സംശയങ്ങൾ തീർത്തുതരും.' വ്യാസൻ പറഞ്ഞു.

ശുകൻ പിതാവിനെ വണങ്ങി. ആശ്രമം വിട്ടിറങ്ങി. ദീർഘമായ യാത്ര ചെയ്തു. വിദേഹരാജ്യത്തിന്റെ തലസ്ഥാനമായ മിഥിലയിൽ എത്തിച്ചേർന്നു. എന്നിട്ട് ജനകനെ ചെന്നു കണ്ടു. ജനകൻ ശുകനെ സത്കരിച്ചിരുത്തി.

'അങ്ങ് ഇങ്ങോട്ടു പോരാൻ എന്താണു കാരണം?' ജനകൻ ആദരവോടെ ചോദിച്ചു.

'രാജൻ, ഞാൻ വിവാഹം കഴിക്കണം എന്ന് എന്റെ അച്ഛൻ ആഗ്രഹിക്കുന്നു. പക്ഷേ, എനിക്കത് ഒട്ടും ഇഷ്ടമല്ല. എന്റെ മനസ്സിൽ പല സംശയങ്ങളും അവശേഷിക്കുന്നു. അങ്ങ് ആ സംശയങ്ങൾ തീർത്തു തരുമെന്ന് അച്ഛൻ പറഞ്ഞു. അതാണു ഞാൻ ഇങ്ങോട്ടു വന്നത്.' ശുകൻ അറിയിച്ചു.

ജനകൻ ദീർഘനേരം സംസാരിച്ചു. ഇടയ്ക്കിടയ്ക്ക് ശുകൻ ചോദ്യങ്ങൾ ചോദിച്ചു. രാജാവ് ചോദ്യങ്ങൾക്ക് ശരിയായ ഉത്തരങ്ങൾ നല്കി. ശുകന്റെ സംശയങ്ങൾ മിക്കവാറും നീങ്ങി. അദ്ദേഹം ജനകനോടു യാത്ര പറഞ്ഞു. അച്ഛന്റെ ആശ്രമത്തിൽ തിരിച്ചെത്തി. അവിടെ സുഖമായി താമസിച്ചു.

ഒടുവിൽ ശുകൻ എന്താണ് ചെയ്തത്? കൈലാസത്തിൽ ചെന്നു. മഹാധ്യാനത്തിൽ ലയിച്ചു. പരമസിദ്ധനായിത്തീർന്നു. വായുവിലൂടെ ഉയർന്നു മറഞ്ഞു.

പുത്രന്റെ വേർപാട് വ്യാസനെ ദുഃഖത്തിലാഴ്ത്തി. അദ്ദേഹം വാവിട്ടു കരഞ്ഞുകൊണ്ട് ഹിമാലയത്തിലേക്ക് ചെന്ന് 'പുത്രാ! പുത്രാ!' എന്നു വിളിച്ചുകൊണ്ട് എല്ലായിടത്തും അന്വേഷിച്ചു നടന്നു. വിളികൾക്കുണ്ടായ മറുപടി എന്തായിരുന്നു? അവയുടെ മാറ്റൊലികൾ മാത്രം!

കണ്ണീർ വാർത്തു നടക്കുന്ന വ്യാസനെ ശിവൻ കണ്ടു.

'വ്യാസാ, നിനക്ക് ഒട്ടും ദുഃഖം വേണ്ട. നിന്റെ പുത്രൻ ബ്രഹ്മത്വം നേടിയിരിക്കുന്നു. അവൻ കാരണം നിന്റെ യശസ്സും വർദ്ധിച്ചിരിക്കുന്നു. അതോർത്ത് സമാധാനപ്പെടണം.' ശിവൻ അരുളിച്ചെയ്തു.

'ഭഗവാനേ, എന്തൊക്കെയായിട്ടും എന്റെ ദുഃഖം വിട്ടുമാറുന്നില്ല. ഞാൻ എന്തു ചെയ്യട്ടെ? പുത്രനെ കണ്ടുകൊണ്ടിരുന്നത് എനിക്ക് മതിയായില്ല.' വ്യാസൻ കരഞ്ഞുകൊണ്ട് പറഞ്ഞു.

'ആട്ടെ, നിനക്കു ശുകന്റെ രൂപം ഒന്നുകൂടി കാണുമാറാകും.' ശിവൻ പറഞ്ഞിട്ടു മറഞ്ഞു.

വ്യാസന് ഒരിക്കൽക്കൂടി പുത്രദർശനം ഉണ്ടായി.

മഹർഷി ഹൃദയവ്യഥയോടെ ആശ്രമത്തിലേക്ക് പോയി.

(ദേവീഭാഗവതം)

ഭരതന്റെ ജന്മങ്ങൾ

ഭരതൻ എന്നൊരു ചക്രവർത്തി ഉണ്ടായിരുന്നു. അദ്ദേഹം ധർമിഷ്ഠനും മഹാനും ആയിരുന്നു. പഞ്ചജനി എന്നായിരുന്നു ഭരതന്റെ പത്നിയുടെ പേര്. രാജദമ്പതികൾക്ക് അഞ്ചു പുത്രന്മാർ ഉണ്ടായി. പുത്രന്മാർ വളർന്നു വലുതായപ്പോഴോ? ഭരതൻ അവർക്കു സാമ്രാജ്യം വീതിച്ചു നല്കി. എന്നിട്ട് രാജ്യം വിട്ടു തപസ്സിനു പോയി. ചെന്നതോ, പാവനമായ പുലഹാശ്രമത്തിലും.

ഏറ്റവും മനോഹരമായിരുന്നു അവിടത്തെ പരിസരങ്ങൾ. അടുത്തുകൂടി ഗണ്ഡകീനദി പ്രവഹിക്കുന്നു. ഭരതൻ ഏകാന്തമായി കഴിഞ്ഞുകൂടി. ഈശ്വ

മനിൽ മുഴുകിയിരുന്നു അദ്ദേഹത്തിന്റെ മനസ്സ്. ഭക്തിയിൽനിന്ന് അവർണ്യമായ ഒരുതരം ആനന്ദം ഉണ്ടായി.

ഒരുനാൾ ഭരതന്റെ ജീവിതരീതി തകിടം മറിഞ്ഞു.

അദ്ദേഹം ഗണ്ഡകീനദിയിൽ ഇറങ്ങിക്കുളിച്ചു. അതിനുശേഷം നദീതീരത്തുള്ള മണലിൽ ചെന്നിരുന്നു. ധ്യാനത്തിനായിട്ടാണ് അവിടെ ഇരുന്നത്. അപ്പോൾ ഒരു കാഴ്ച കണ്ടു. നദിയിലെ വെള്ളം കുടിക്കാനായി ഒരു മാൻപേട വന്നുചേർന്നു. ആ സാധുമൃഗം വെള്ളം കുടിച്ചു തുടങ്ങിയതേയുള്ളു—അതാ കേൾക്കുമാറാകുന്നു ഒരു സിംഹത്തിന്റെ ഘോരഗർജനം! മാൻപേട ഭയംകൊണ്ട് പരവശയായി. അടുത്തൊരിടത്ത് സിംഹമുണ്ട് എന്ന് തീർച്ച. പക്ഷേ, ഏത് ദിക്കിലാണ് എന്ന് നിശ്ചയമില്ല. എങ്ങോട്ടാണ് ഓടുക എന്നും അറിഞ്ഞുകൂടാ. ഏതിനും അവൾ നദിയിൽചാടി അക്കരയ്ക്ക് നീന്തിത്തുടങ്ങി.

വാസ്തവത്തിൽ അവൾ ഗർഭിണി ആയിരുന്നു. എന്തു ശ്രമമാണ് വീതിയുള്ള നദി നീന്തിക്കടക്കുക? പോരെങ്കിൽ സിംഹത്തെക്കുറിച്ചുള്ള ഭയവും. രണ്ടുംകൂടിച്ചേർന്നപ്പോൾ എന്തായി? അവൾ പ്രസവിക്കുകയായി.

മാൻകുട്ടി പിറന്നുവീണത് കരയിലല്ല, ജലത്തിലാണ്. നടക്കുന്നതെല്ലാം നോക്കിയിരിക്കുകയാണ് ഭരതൻ. അതാ, മാൻപേട വല്ലവിധവും മറുകരയിലെത്തുന്നു. അടുത്തുള്ള ഗുഹാദ്വാരത്തിലേക്ക് ചെല്ലുന്നു. അവിടെ ചത്തുവീഴുകയും ചെയ്യുന്നു!

മാൻകുട്ടിയോ? പാവം, നദീജലത്തിൽപെട്ട് ഒഴുകിപ്പോവുകയാണ്. അതു മുങ്ങിച്ചാവുകയേ ഉള്ളൂ. കണ്ടിരുന്ന ഭരതന്റെ ഹൃദയം കാരുണ്യത്താൽ അത്യന്തം ആർദ്രമായി. ധ്യാനം തുടരാൻ അദ്ദേഹത്തിന് നിവൃത്തിയില്ലാതെ വന്നു. അദ്ദേഹം വെള്ളത്തിൽ ചാടി നീന്തി. വളരെ ശ്രമപ്പെട്ട് ഒഴുകിപ്പോകുന്ന മാൻകുട്ടിയെ പിടിച്ചു. അതിനെ കരയ്ക്കു കയറ്റി. എന്നിട്ട് ആശ്രമത്തിലേക്ക് കൊണ്ടുപോയി.

സാമ്രാജ്യവും കുടുംബവും ഉപേക്ഷിച്ചുപോന്നതാണ് ഭരതൻ. തപസ്സിൽ മുഴുകാൻവേണ്ടി അത് ചെയ്തതുമാണ്. എന്നാൽ, ആ ജീവിതത്തിന് ഇതാ വിരാമമുണ്ടാകുന്നു. പഴയ ലൗകികമായ ജീവിതം വീണ്ടും ആരംഭിക്കുന്നു!

എന്തുകൊണ്ട് എന്ന് അറിഞ്ഞില്ല, ഭരതന് മാൻകുട്ടിയോട് അപാരമായ സ്നേഹം തോന്നി. സ്നേഹത്തോടുകൂടി അനുകമ്പയും വാത്സല്യവും. അദ്ദേഹം ഇളംപുല്ലു പറിക്കും, മാൻകുട്ടിയെ തീറ്റും . അതിനെ അതിരു കടന്നു ലാളിക്കും. സദാനേരവും ഒന്നിനെക്കുറിച്ചാണ് ചിന്ത—തള്ളയില്ലാത്ത മാൻകുട്ടിയെക്കുറിച്ച്.

എന്തായിരുന്നു അതിന്റെ ഫലം? ഭരതന്റെ ഈശ്വരപൂജയ്ക്ക് മുടക്കമുണ്ടായി—അതു സംബന്ധിച്ച മറ്റു ക്രിയകൾക്കും. ആദ്യമൊക്കെ കുറേശ്ശെയെങ്കിലും പൂജ നടത്തി, പിന്നെപ്പിന്നെ അതും ഇല്ലെന്നായി.

'കഷ്ടം,' ഈ മാൻകുട്ടിക്ക് ഞാൻ മാത്രമേയുള്ളു ശരണം. തള്ളയില്ലാത്ത കൊച്ചുകുട്ടി! ആ പാവം എന്നെ സ്നേഹിക്കുന്നു, എന്നെ പൂർണ്ണമായും വിശ്വസിക്കുന്നു, എന്നെ എല്ലാമായി കരുതുന്നു. ആ നിലയ്ക്കു ഞാൻ അതിനെ കൈവെടിഞ്ഞാലോ? മഹാപാപമാവും.' ആവഴിക്കു പോയി ഭരതന്റെ ചിന്ത.

അദ്ദേഹം മാൻകുട്ടിയെ സ്വന്തം സന്താനത്തെപ്പോലെ കരുതി. ഇരിക്കുമ്പോൾ, നടക്കുമ്പോൾ, കിടക്കുമ്പോൾ, ഭക്ഷണം കഴിക്കുമ്പോൾ, മാൻകുട്ടിയും കൂടെ അരികത്തുവേണം. എന്നാലേ മനസ്സിന് സമാധാനം ആവുകയുള്ളൂ. അദ്ദേഹത്തിനു ദിവസവും ആശ്രമം വിട്ടു പോകേണ്ടതായി വരും. പൂക്കൾ ഇറുക്കുക, കായ്കൾ ശേഖരിക്കുക, ചമത കൊണ്ടുവരിക— അങ്ങനെ പലതും ചെയ്യേണ്ടതായിട്ടുണ്ട്. അപ്പോഴെങ്കിലും മാൻകുട്ടിയെ ആശ്രമത്തിലാക്കിയിട്ടുപോകുമോ? ഇല്ലേയില്ല. താനില്ലാത്തപ്പോൾ വല്ല ചെന്നായും വന്ന് അതിനെ കൊന്നു തിന്നാലോ? അതായിരുന്നു ഭരതന്റെ ഭയം. അദ്ദേഹം പോകുന്നിടത്തൊക്കെ മാൻകുട്ടിയെയും കൊണ്ടുപോകും. ഇടയ്ക്കിടയ്ക്ക് അതിനെ തോളിലെടുത്തു നടക്കുകയും ചെയ്യും. പലപ്പോഴും അതിനെ മടിയിലിരുത്തും. മാറത്തു ചേർത്ത് ആശ്ലേഷിക്കും. അതിലൊക്കെ എന്തൊരു ആനന്ദമാണെന്നോ അദ്ദേഹത്തിന് !

പൂജയ്ക്കുള്ള സമയം വളരെ ചുരുങ്ങിയതിൽ ആശ്ചര്യപ്പെടാൻ എന്തുണ്ട്? ആ ചുരുങ്ങിയ സമയത്തിനുള്ളിൽപോലും ഭരതൻ എന്താണു ചെയ്യാറുള്ളത്? പൂജ നിറുത്തി പുറത്തേക്കു ചെന്നു നോക്കും—മാൻകുട്ടി അവിടെത്തന്നെ ഉണ്ടോ എന്ന്. ഇനി അവിടെ കണ്ടില്ലെങ്കിലോ, അന്വേഷിച്ച് കണ്ടുപിടിച്ച് കൊണ്ടുവരും; ചിലപ്പോഴൊക്കെ അദ്ദേഹം നടിക്കാറുമുണ്ട്—താൻ സമാധിയിലാണ് എന്ന്. നിശ്ചലനായി ഇരിക്കവേ മാൻകുട്ടി എന്തു ചെയ്യും? അടുത്തു വന്ന് അദ്ദേഹത്തെ കൊമ്പുകൊണ്ട് പതുക്കെ കുത്തും. അദ്ദേഹം അതിനെ വല്ലപ്പോഴും ചെറുതായി ഒന്നു ദേഷ്യപ്പെട്ടാലോ? അതു തെല്ലു ദൂരത്തു ചെന്ന് തലയുംതാഴ്ത്തി അനങ്ങാതെ നില്ക്കും. അതെല്ലാം അദ്ദേഹത്തിന്റെ വാത്സല്യം വർദ്ധിപ്പിച്ചതേയുള്ളൂ.

ഇതൊക്കെ എന്തിലാണ് ചെന്നവസാനിച്ചത് ? ആദ്യം ഭരതന്റെ മനസ്സു ഭഗവാനിൽ ഉറച്ചിരുന്നു. ഇപ്പോഴിതാ ആ മനസ്സ് മാൻകുട്ടിയിലാണ് ഉറച്ചിരിക്കുന്നത്. സ്വന്തം സന്താനങ്ങളെ ഉപേക്ഷിച്ചിട്ടാണ് കാട്ടിലേക്കു വന്നത്. ഇപ്പോഴാകട്ടെ മൃഗസന്താനത്തിൽ ചിത്തം ഊന്നിയിരിക്കുന്നു! വിചിത്രം എന്നു മാത്രമേ പറയാനുള്ളൂ.

കാലം കഴിഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ ആ സമയവും വന്നു ചേർന്നു ഭരതന്റെ മരണസമയം. അദ്ദേഹം മരിക്കാൻ കിടക്കുകയാണ്. മനസ്സു മാൻകുട്ടിയിൽ മാത്രമായി. അതിനെ കണ്ണെടുക്കാതെ നോക്കിക്കിടന്നു. ആ നിലയിൽ അദ്ദേഹത്തിന്റെ ജീവനും പോയി.

എന്തായിരുന്നു അദ്ദേഹത്തിന്റെ അടുത്ത ജന്മം? മറ്റൊന്നുമല്ല, മാനായിട്ടുതന്നെ! എങ്കിലും ഒരു പ്രത്യേകത ഇല്ലാതിരുന്നില്ല. കഴിഞ്ഞ ജന്മത്തെക്കുറിച്ചുള്ള ഓർമ്മയുണ്ട്. അതെങ്ങനെ സംഭവിച്ചു? കഴിഞ്ഞ ജന്മം കുറെക്കാലമെങ്കിലും ഭഗവാനെ ഭജിച്ചിരുന്നുവല്ലോ. അതിനു ലഭിച്ച പ്രതിഫലം!

പൂർവ്വസ്ഥിതി ചിന്തകളെ ഉണർത്തി.

'കഷ്ടം! കഴിഞ്ഞ ജന്മത്തിൽ ഞാൻ തപസ്സിന് പോയി. ആദ്യമൊക്കെ ഭഗവാനെ ഭക്തിയോടെ ആരാധിച്ചു. പിന്നീട് എന്റെ ശ്രദ്ധ ഭഗവാനിൽനിന്നും വിട്ടുമാറി. അതൊരു മാൻകുട്ടിയിൽമാത്രമായി. എന്തൊരു നിർഭാഗ്യം.'

ആ ചിന്തകൾ പശ്ചാത്താപത്തെ ജനിപ്പിച്ചു. ഇപ്പോൾ മാനായി ജനിച്ചിരിക്കുന്നത് എവിടെയാണ്? കാലഞ്ജരം എന്ന പർവതത്തിൽ: അവന്റെ അമ്മയായ മാൻപേടയുമുണ്ട്. അമ്മയെ ഉപേക്ഷിച്ചു യാത്രയായി. പോയത്

എവിടേക്കെന്നോ? പുലഹാശ്രമത്തിൽ—അതായത്, പൂർവ്വ ജന്മത്തിൽ ഭരതനായിരുന്നപ്പോൾ ജീവിച്ച സ്ഥലത്തേക്ക്! മാൻകുട്ടി അവിടെച്ചെന്ന് ഭഗവാനെ ധ്യാനിച്ചു. അങ്ങനെ ദിവസങ്ങൾ തള്ളി നീക്കി. വർഷങ്ങൾ പലതും കഴിഞ്ഞു. ഒടുവിൽ എന്തായി? ഒരു ദിവസം തോന്നി അന്ത്യകാലം വന്നിരിക്കുന്നുവെന്ന്. മാൻ എന്താണ് ചെയ്തത്? തീർത്ഥജലത്തിൽ ഇറങ്ങി നിന്നു ദേഹത്തിൽ പകുതി മുങ്ങുന്ന ആഴത്തിൽ. അങ്ങനെ നിന്നു മരണം സ്വീകരിച്ചു.

പിന്നെയും ഉണ്ടായി ഒരു ജന്മം—അതോ ഒരു ബ്രാഹ്മണന്റെ പുത്രനായിട്ടും.

ആ ബ്രാഹ്മണന് രണ്ടു ഭാര്യമാരുണ്ട്. ആദ്യഭാര്യയിൽ ഒമ്പതു പുത്രന്മാർ. രണ്ടാംഭാര്യയിൽ ഒരു പുത്രിയും ഒരു പുത്രനുമുണ്ട് . ആ പുത്രനായിട്ടാണ് ഭരതന്റെ ജനനം.

അപ്പോഴുമുണ്ട് പൂർവ്വജന്മങ്ങളെക്കുറിച്ചുള്ള സ്മരണകൾ. ഭഗവാനെ ഭജിക്കുക, ഭഗവാന്റെ ചിരി തങ്ങൾ കേൾക്കുക, ഭഗവാനെ സ്മരിക്കുക— അവ മാത്രമേ ഇപ്പോഴുള്ളൂ. മറ്റെല്ലാ ചിന്തകളേയും മനസ്സിൽനിന്ന് അകറ്റി നിർത്തി. അല്ലാത്തപക്ഷം ആത്മാവ് ദുഷിച്ചു പോകുമെന്നറിയാം. ജഡനായിട്ട് അഭിനയിച്ചു—ഭ്രാന്തനായിട്ടും .

പിതാവായ ബ്രാഹ്മണൻ ഇളയ മകനെയും വിദ്യാഭ്യാസം ചെയ്യിച്ചു. പക്ഷേ, അതുകൊണ്ടു യാതൊരു പ്രയോജനവും കൈവന്നില്ല. അവൻ ഒന്നുംതന്നെ പഠിക്കുന്നില്ല. ബ്രാഹ്മണന് അത്യധികമായ നിരാശയുണ്ടായി. പുത്രൻ പഠിച്ചില്ലെങ്കിൽ ഏതു പിതാവുതന്നെ നിരാശപ്പെടുകയില്ല!

ബ്രാഹ്മണൻ കാലപുരി പൂകിയപ്പോഴോ? രണ്ടാം ഭാര്യ ഉടന്തടി ചാടി ഭർത്താവിനെ അനുഗമിച്ചു. ആ സ്ത്രീയുടെ പുത്രനെയും പുത്രിയെയും രക്ഷിക്കുന്നതിനുള്ള ചുമതല ആർക്കായി?

ആദ്യഭാര്യയുടെ പുത്രന്മാർക്കായി. പിതാവും മറ്റുള്ളവരും തെറ്റിദ്ധരിച്ചില്ലേ ഇളയവൻ ജഡനാണെന്ന് ? ആ തെറ്റിദ്ധാരണ മൂത്തവർക്കും ഉണ്ടായിരുന്നു.

ജഡഭരതൻ എന്നവൻ അറിയപ്പെട്ടു.

വാസ്തവത്തിൽ അവൻ ജഡനൊന്നുമല്ല. ജഡനെന്നു നടിക്കുകമാത്രമാണ്. ജ്യേഷ്ഠന്മാർ അവനു പലമാതിരി ജോലികൾ കൊടുക്കും. അവൻ അതൊക്കെ ചെയ്യും. കിട്ടുന്ന ആഹാരം ഭക്ഷിച്ചു തൃപ്തിപ്പെടും. ആരോടും ഒന്നും ആവശ്യപ്പെട്ടു മേടിക്കുകയില്ല. അതേ സമയം ചിന്ത മുഴുവനും ഈശ്വരനെക്കുറിച്ചാണ്. മറ്റൊന്നിലും ഒരു താത്പര്യവുമുണ്ടായിരുന്നില്ല.

ജഡഭരതൻ വളർന്നു വലുതായപ്പോഴോ? ദേഹവലിപ്പവും ദേഹബലവും വളരെയുണ്ട്. എങ്കിലും കാഴ്ചയ്ക്കു പണ്ടത്തെപ്പോലെ ജഡൻതന്നെ. തണുപ്പും ചൂടും മഴയും എല്ലാം അയാൾക്ക് ഒന്നുപോലെയാണ്. അഴുക്കു പിടിച്ച വസ്ത്രങ്ങളാണ് ധരിക്കാറുള്ളത്. വെറും നിലത്തുകിടന്ന് ഉറങ്ങുകയും പതിവാണ്. വൃത്തികെട്ടവനെന്ന് ആളുകൾ അയാളെ പുച്ഛിച്ചു. എന്നാൽ, അയാൾക്ക് അവരോട് ദേഷ്യം തോന്നിയില്ല. അവർ തന്നെക്കുറിച്ച് എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ . അതുകൊണ്ട് തനിക്കൊന്നുമില്ല!

ഇടയ്ക്കിടയ്ക്ക് ജ്യേഷ്ഠന്മാർ ജഡഭരതനെ കൃഷിസ്ഥലത്ത് അയയ്ക്കും. അയാൾക്ക് അവിടെ പല ജോലികളും നല്കും. അവർ എന്തു കൊടുത്താലും അയാൾ ഭക്ഷിച്ചുകൊള്ളും. ചോറെന്നും പിണ്ണാക്കെന്നുമുള്ള വ്യത്യാസം അയാൾക്കില്ല. പലപ്പോഴും രാത്രികഴിക്കുന്നത് കൃഷിസ്ഥലത്തായിരിക്കും. പേടിയെന്നത് ഇല്ലേയില്ല!

അവിചാരിതമായ ഒരു സംഭവമുണ്ടായി:

ഒരിടത്ത് ഒരു ചണ്ഡാലപ്രമാണിയുണ്ട്. അയാൾക്ക് സന്താനങ്ങൾ ഉണ്ടായിട്ടില്ല. സന്താനങ്ങൾ ഉണ്ടാകണമെങ്കിൽ ഭദ്രകാളിയുടെ പ്രീതി സമ്പാദിക്കണം. മനുഷ്യബലികൊണ്ട് ഭദ്രകാളി പ്രീതിപ്പെടും .അതായിരുന്നു ചണ്ഡാലപ്രമാണിയുടെ വിശ്വാസം. ബലികഴിക്കാനുള്ള ഒരു മനുഷ്യനുവേണ്ടി അന്വേഷിക്കുകയാണ് അയാൾ. ഒടുവിൽ ഒരു മനുഷ്യനെ പിടികൂടി. ആ മനുഷ്യൻ എങ്ങനെയോ പിടിവിടുവിച്ച് ഓടിക്കളഞ്ഞു. ഇനിയൊരുത്തനെ കണ്ടുപിടിക്കണം — അതിനായി ചണ്ഡാലപ്രമാണിയുടെ ഒരുക്കം. അയാളുടെ കിങ്കരന്മാർ എല്ലായിടത്തും തിരഞ്ഞു. രാത്രിസമയത്തായിരുന്നു അവർ തിരഞ്ഞു നടന്നത്. ഒടുവിൽ കണ്ടെത്തിയത് ആരെയെന്നോ? ജഡഭരതനെ!

ചണ്ഡാലപ്രമാണിക്ക് ബലികഴിക്കുന്ന മനുഷ്യനെ നല്ലവണ്ണം ബോധിച്ചു. നല്ല വണ്ണവും പൊക്കവുമുള്ള ഒരു ചെറുപ്പക്കാരൻ! അയാളും കിങ്കരന്മാരും കൂടി ജഡഭരതനെ കയറുകൊണ്ട് കെട്ടി. എന്നിട്ടു നടത്തിക്കൊണ്ടുപോയി — ഭദ്രകാളിക്ഷേത്രത്തിലേക്ക്, നരബലിക്കായിട്ട്!

അവിടെ എത്തിയതിനുശേഷമോ? അവർ ജഡഭരതനെ കുളിപ്പിച്ചു. കോടിവസ്ത്രം ധരിപ്പിച്ചു. അലങ്കാരങ്ങൾ അണിയിച്ചു. മൃഷ്ടാന്നവും നൽകി. പിന്നീട് കാളീവിഗ്രഹത്തിന്റെ മുമ്പിൽ നിറുത്തി. വാദ്യഘോഷങ്ങൾ ഉയർന്നു. ചണ്ഡാലപുരോഹിതൻ കാളീമന്ത്രം ഉച്ചരിച്ചു. എന്നിട്ടു കരാളമായ ഖഡ്ഗം എടുത്തുപിടിച്ചു. ഇനി ബാക്കിയുള്ളത് ഒന്നു മാത്രമാണ് — ജഡഭരതന്റെ കഴുത്തുവെട്ടുക!

ഘോരഘോരമായ ഒരട്ടഹാസം! ഭദ്രകാളിയുടെ അട്ടഹാസമാണ് അത്. ദേവി വിഗ്രഹത്തിനു പുറത്തിറങ്ങി. കണ്ണുകൾ ക്രോധത്താൽ ചുവന്നിരിക്കുന്നു — ജഡഭരതനെ വധിക്കാൻ പോകുന്നതിലുള്ള ക്രോധം! ദേവി പുരോഹിതന്റെ ഖഡ്ഗം പിടിച്ചുപറിച്ചു. ആ ഖഡ്ഗത്താൽ ചണ്ഡാലന്മാരുടെ തലകൾ കൊയ്തു. എന്നിട്ടു വിഗ്രഹത്തിനുള്ളിൽ പ്രവേശിച്ചു.

അങ്ങനെ ജഡഭരതന്റെ ജീവൻ രക്ഷപ്പെട്ടു.

പിന്നൊരിക്കൽ മറ്റൊരു സംഭവമുണ്ടായി:

രഹുഗണൻ എന്നൊരു രാജാവുണ്ട്. സിന്ധുദേശം, സൗവീരദേശം എന്നിവയുടെ അധിപനാണ് അദ്ദേഹം. പ്രതാപശാലി മാത്രമല്ല, ദേഷ്യക്കാരൻകൂടിയാണ്.

ഒരിക്കൽ രഹുഗണൻ യാത്രചെയ്യുകയാണ്. കപിലമഹർഷിയെ കാണുക എന്നതാണ് യാത്രയുടെ ഉദ്ദേശ്യം. കുതിരപ്പുറത്തോ ആനപ്പുറത്തോ അല്ല രാജാവ് ഇരിക്കുന്നത്, പല്ലക്കിലാണ്. ഇക്ഷുമതി എന്നൊരു നദിയുണ്ട്. ആ നദിയുടെ തീരത്തിലൂടെ പോകേണ്ടതായിട്ടുണ്ട്. പല്ലക്കെടുപ്പുകാർ തെല്ലൊന്നു ക്ഷീണിച്ചു തുടങ്ങിയിരിക്കുന്നു. അപ്പോഴാണ് വഴിയിൽ ഒരു തടിയനെ കണ്ടുമുട്ടിയത്. അയാളെ കണ്ടിട്ട് ഒരു ജഡനാണെന്ന് രഹുഗണന് തോന്നി. എന്നാൽ, ഇയാൾകൂടി പല്ലക്ക് താങ്ങട്ടെ—അതായി രാജാ

വിന്റെ കല്പന. ആ തടിയൻ ജഡഭരതൻതന്നെയായിരുന്നു. രാജഭൃത്യന്മാർ ജഡഭരതനെ പിടികൂടി ജോലി നൽകി. ജഡഭരതൻ ഒരു എതിരും പറഞ്ഞില്ല. മാത്രമല്ല, പല്ലക്കു ചുമന്നു നടന്നുംതുടങ്ങി.

മഹാത്മാക്കളെ കണ്ടറിയാനുള്ള വിവേകം രാജഭൃത്യന്മാർക്കും രാജാവിനും ഇല്ലായിരുന്നു!

പല്ലക്കു ചുമക്കുന്നവർ അവർ പരിചയിച്ചിട്ടുള്ള വേഗത്തിൽ നടക്കുന്നു. പക്ഷേ, ജഡഭരതൻ പതുക്കെ നടക്കുന്നതേയുള്ളു. കാലടിയിൽ വല്ല ചെറുപ്രാണികളും അകപ്പെട്ടു ചത്താൽ കഷ്ടമല്ലേ? അതുകൊണ്ടു വളരെ സൂക്ഷിച്ചു നടക്കുകയായിരുന്നു ആ മഹാത്മാവ്. ആ സ്ഥിതിക്ക് വേഗം കുറഞ്ഞതിൽ അതിശയിക്കാനില്ല.

'നിങ്ങൾ എന്താണ് ഇത്ര പതുക്കെ പോകുന്നത്?' രഹൂഗണൻ പല്ലക്കു ചുമക്കുന്നവരോട് ചോദിച്ചു.

പല്ലക്കെടുപ്പുകാർ കാരണം അറിയിച്ചു:

'തിരുമേനീ, ഞങ്ങൾ കഴിയുന്നത്ര വേഗത്തിൽ നടക്കുന്നുണ്ട്. പക്ഷേ, പുതുതായി വന്ന ഈ തടിയൻ ഞങ്ങളോടൊപ്പം എത്തുന്നില്ല.' അവർ പറഞ്ഞു.

ചാമ്പൽ മൂടിയ തീക്കട്ടപോലെയാണ് ജഡഭരതൻ. പുറത്തു കാണപ്പെടുന്ന ഒന്നല്ല അദ്ദേഹത്തിന്റെ മാഹാത്മ്യം. അത് കാണാനുള്ള കണ്ണ് രഹൂഗണന് ഇല്ലാതെപോയി.

' ഓഹോ, അതാണോ കാര്യം?' രഹൂഗണൻ പുതിയ തണ്ടെടുപ്പുകാരനെ ശ്രദ്ധിച്ചുനോക്കി. എന്തൊരു ശരീരദാർഢ്യവും ബലവുമാണ് ഇവന്. തന്റെ തണ്ടെടുപ്പുകാർ ഇവനുമായി താരതമ്യപ്പെടുത്തിയാൽ എത്ര മോശം! എന്നിട്ടാണ് ഇവൻ പതുക്കെ നടക്കുന്നത്! രാജാവിന് ദേഷ്യം തോന്നി. ദേഷ്യത്തോടൊന്നിച്ച് അല്പം പരിഹാസവും:

'എടോ, നീ വല്ലാതെ ക്ഷീണിച്ചിരിക്കുന്നല്ലോ! പോരെങ്കിൽ എത്ര മെലിഞ്ഞതാണ് നിന്റെ ശരീരം! അതേ സമയം നീ പടുകിഴവനുമാണ്! മറ്റു തണ്ടെടുപ്പുകാർ പതുക്കെ നടക്കുന്നു, നീ വളരെ വേഗത്തിലും നടക്കുന്നു! കൊള്ളാം!' രാജാവ് വിപരീതാർത്ഥം ധ്വനിപ്പിച്ചുകൊണ്ടുപറഞ്ഞു.

കേൾക്കാത്ത നാട്യത്തിൽ ജഡഭരതൻ നടന്നുകൊണ്ടിരുന്നു.

രഹൂഗണന്റെ കോപം വർദ്ധിച്ചു.

'എടാ, നീ എന്നെ ധിക്കരിക്കുന്നു. അല്ലേ? ശരി. ഞാൻ നിന്നെ നല്ല വണ്ണം വേല ചെയ്യിക്കും. അതിനുള്ള ചികിത്സ എന്റെ പക്കലുണ്ട്. അത് എന്താണെന്നോ? സാധാരണയായി യമധർമൻ ചെയ്യാറുള്ള ചികിത്സ!' രാജാവ് ആക്രോശിച്ചു.

ജഡഭരതനെ താൻ മരണശിക്ഷ അനുഭവിപ്പിക്കും. അതായിരുന്നു രഹൂഗണൻ പറഞ്ഞതിനർത്ഥം.

അതുവരെ ജഡഭരതൻ ഒരക്ഷരം ഉരിയാടാതെ നടക്കുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം സംസാരിച്ചുതുടങ്ങി. സാധാരണയുള്ള സംസാരമൊന്നുമല്ല. അക്ഷരശുദ്ധിയും ഉച്ചാരണശുദ്ധിയും വർണിക്കാൻ പ്രയാസം. ഒരു തടവുമില്ലാതെ, ഒരു ഇടർച്ചയുമില്ലാതെ വരികയാണ് ആ പ്രഭാഷണം— കുതിച്ചുപായുന്ന അരുവിപോലെ. പ്രഭാഷണത്തിന്റെ ഉള്ളടക്കമോ, അതൊന്നു വേറെ. എത്ര മഹത്തായ തത്ത്വങ്ങളാണ്! മഹായോഗിമാർക്കുപോലും

അറിഞ്ഞുകൂടാത്തവയാണ്! ഇങ്ങനെയൊരു പ്രഭാഷണം രഹൂഗണൻ അന്നോളം കേട്ടിട്ടില്ല. ഏതോ മഹാത്മാവാണ് ഈ മനുഷ്യൻ. താൻ ഇദ്ദേഹത്തെ ജഡൻ എന്ന് തെറ്റിദ്ധരിച്ചു. ഹീനമായ ജോലി നൽകിയതും പോട്ടെന്നു വയ്ക്കാം. ആക്ഷേപിക്കുക മാത്രമല്ല, ശകാരിക്കുകയും ചെയ്തു. എത്ര ഹീനമായി പോയി തന്റെ പ്രവൃത്തി. രഹൂഗണന്റെ ഹൃദയത്തിൽ പശ്ചാത്താപം നിറഞ്ഞു. രാജാവ് ധൃതിയിൽ പല്ലക്കിൽനിന്നും ചാടിയിറങ്ങി. എന്നിട്ട് ജഡഭരതന്റെ പാദങ്ങളിൽ നമസ്കരിച്ചു.

'അങ്ങ് ഏതൊരു മഹാത്മാവാണ്?' രഹൂഗണൻ ചോദിച്ചു.

ജഡഭരതൻ വീണ്ടും സംസാരിച്ചു. അതോ സ്ഫുടമായിട്ടും ദീർഘമായിട്ടും. എന്തൊരു ജ്ഞാനമാണ് ആ വാക്കുകളിൽ സ്ഫുരിക്കുന്നത്! അദ്ദേഹം രഹൂഗണന് വിലപ്പെട്ട അനേകം ഉപദേശങ്ങളും നൽകി.

'മഹാത്മൻ, എന്റെ ദുർമദം കാരണം ഞാൻ അങ്ങയെ അറിഞ്ഞില്ല. പോരെങ്കിൽ അങ്ങയെ നിന്ദിക്കുകയും ശകാരിക്കുകയും ചെയ്തു. അതുകൊണ്ടുള്ള പാപം ഉണ്ടാകാതെ അങ്ങെന്നെ രക്ഷിക്കണം. അങ്ങയുമായി എനിക്കു വളരെ കുറച്ചുനേരത്തേക്ക് സംസർഗം ഉണ്ടായി.അതിനുള്ളിൽ എന്റെ അവിവേകം നശിച്ചു കഴിഞ്ഞു.' രഹൂഗണൻ ക്ഷമാപണത്തോടെ അറിയിച്ചു.

അവർ തമ്മിൽ പിരിഞ്ഞു.

ജഡഭരതൻ വളരെക്കാലം ജീവിച്ചിരുന്നു.

(ഭാഗവതം)

നരനാരായണന്മാർ

ബ്രഹ്മാവിന്റെ പുത്രന്മാരിൽ ഒരാളാണ് ധർമ്മൻ. ദക്ഷന്റെ പത്ത് പുത്രിമാരെ ധർമ്മൻ വിവാഹം ചെയ്തു. അദ്ദേഹത്തിനു നാലു പുത്രന്മാർ ഉണ്ടായി — ഹരി, കൃഷ്ണൻ, നരൻ, നാരായണൻ. ഹരിയും കൃഷ്ണനും യോഗാഭ്യാസത്തിൽ കാലം കഴിച്ചു. നരനും നാരായണനും മഹാവിഷ്ണുവിന്റെ അംശങ്ങൾ ആയിരുന്നു. ഇരുവരും ഹിമാലയത്തിലെ ബദരികാശ്രമത്തിൽ ചെന്നു.

അവിടെയിരുന്നു തപസ്സും തുടങ്ങി.

ആയിരം വർഷം തുടർന്നു അവരുടെ തപസ്സ്.

ദേവേന്ദ്രന് സൈര്യമില്ലാതായി. അദ്ദേഹത്തിന്റെ ചിന്ത ഒരുവഴിക്ക് പോയി: 'എന്റെ സ്ഥാനം കൈക്കലാക്കാനല്ലേ ഇവരുടെ തപസ്സ്? ആയിരിക്കണം. ഏതുവിധവും അതിനെ മുടക്കിയേ കഴിയൂ.' ആ നിശ്ചയത്തോടെ ദേവേന്ദ്രൻ അവരുടെ തപോവനത്തിൽ എത്തി.

അവരെ കണ്ടപ്പോൾ അദ്ദേഹം ആശ്ചര്യപ്പെട്ടുപോയി. കത്തിജ്ജ്വലിക്കുന്ന അഗ്നിയെപ്പോലെ ശോഭിക്കുന്നു ഇരുവരും.

'നരനാരായണന്മാരേ, നിങ്ങൾക്ക് എന്തു വരമാണ് വേണ്ടത്? ആ വരം ഞാൻ സന്തോഷത്തോടുകൂടി തന്നുകൊള്ളാം.' ദേവേന്ദ്രൻ പറഞ്ഞു.

ധ്യാനത്തിൽ ഉറച്ചിരിക്കുകയാണ് ഇരുവരും. അവർ ഒരക്ഷരം മിണ്ടിയില്ല. എന്നാൽ, അവരെ ഭയപ്പെടുത്തുകതന്നെ — അതിനായി ദേവേന്ദ്രന്റെ ഉദ്യമം.

അദ്ദേഹം മായ പ്രയോഗിച്ചു. സിംഹം, ചെന്നായ്, പുലി, കൊടുങ്കാറ്റ് , തീയ് — അങ്ങനെ പലതിനെയും സൃഷ്ടിച്ചുവിട്ടു. പക്ഷേ, അതുകൊണ്ടൊന്നും താപസ്സൻമാർക്കും ചാഞ്ചല്യം ഉണ്ടായില്ല. അവരുടെ ധ്യാനം ഭംഗംവരാതെ തുടർന്നുപോയി.

ദേവേന്ദ്രൻ ഭഗ്നാശനായി സ്വർഗ്ഗത്തേക്ക് മടങ്ങി.

കാമദേവൻ, വസന്തൻ— രണ്ടുപേരും ദേവേന്ദ്രന്റെ ചൊൽപ്പടിയിൽ നില്ക്കുന്നവരാണ്.അവരുടെ സഹായം ഉപയോഗിക്കുകതന്നെ. ദേവേന്ദ്രൻ ഇരുവരേയും വരുത്തി:

'സ്നേഹിതന്മാരെ, ബദരികാശ്രമത്തിൽ നരനാരായണന്മാർ തപസ്സു ചെയ്യുന്നു. നിങ്ങൾ അവിടേക്കു ചെല്ലണം. സ്വർഗത്തിലെ സുന്ദരികളെയും കൂടി കൊണ്ടുപോകുവിൻ. ഏതുവിധവും നിങ്ങൾ തപസ്സിനു ഭംഗമുണ്ടാക്കണം. ഞാൻ അവരോടു തോറ്റിരിക്കുന്നു. ആ അനുഭവം നിങ്ങൾക്ക് ഉണ്ടാകരുത്.' ദേവേന്ദ്രൻ പറഞ്ഞു.

അല്പം അഹങ്കാരമുണ്ട് കാമദേവന്.

'ദേവേന്ദ്രാ, അങ്ങ് ഒട്ടും കൂട്ടാക്കേണ്ട. ഞാൻ വിഷ്ണുവിനെയും ശിവനെയുംപോലും തോൽപ്പിക്കും. എന്നിട്ടാണോ തുച്ഛന്മാരായ ഈ നരനാരായണന്മാർ? ഞാൻ അവരെ തോൽപ്പിച്ചിട്ടു അതിവേഗം വരാം. കാമദേവൻ വീമ്പിളക്കി.

അങ്ങനെ അവർ യാത്ര പുറപ്പെട്ടു— കാമദേവൻ, വസന്തൻ, സ്വർഗസുന്ദരികൾ മുതലായവർ. എല്ലാവരുംകൂടി കാലം കളയാതെ ബദരികാശ്രമത്തിൽ ചെന്നെത്തി. കഠിനമായ തണുപ്പുണ്ടായിരുന്നു അപ്പോൾ. എങ്കിലെന്ത്? വസന്തൻ വന്നതോടെ പ്രകൃതിക്കുതന്നെ മാറ്റമുണ്ടായി. മരങ്ങളിലും വല്ലികളിലും പുഷ്പങ്ങൾ നിറഞ്ഞു. വണ്ടുകൾ മുരണ്ടുകൊണ്ടു പറന്നു. കുളിർത്തെന്നൽ മന്ദമായി വീശി. സ്വർഗസുന്ദരിമാർ ആടുകയും പാടുകയും ചെയ്തു.

ഒടുവിൽ നരനാരായണന്മാർ കണ്ണു തുറന്നു. മുമ്പിൽ കണ്ടത് ആയിരമായിരം സ്വർഗസുന്ദരികളെയും. സഹോദരന്മാർ നാലു ചുറ്റിനും കണ്ണുകൾ പായിച്ചു. തണുപ്പുകാലം മാറി വസന്തകാലം വന്നിരിക്കുന്നു. ഇത്ര പെട്ടെന്ന് ഇതെങ്ങനെ സംഭവിച്ചു? അവർ തെല്ലിട ആലോചിച്ചിരുന്നു. അപ്പോൾ ഒരു സംശയം തോന്നി. തങ്ങളുടെ തപസ്സുമുടക്കാൻ ദേവേന്ദ്രൻ ചെയ്ത പണിയല്ലേ? അവരുടെ സംശയം അനുനിമിഷം പ്രബലമായി.

ആ സമയം സ്വർഗസുന്ദരിമാർ നരനാരായണന്മാരുടെ മുമ്പിൽ ചെന്നു നില്പായി. അവരുടെ എണ്ണം എത്രയായിരുന്നുവെന്നോ? പതിനാറായിരത്തിൽപരം!

. നാരായണൻ ഒന്ന് ആലോചിച്ചു: ഈ സ്വർഗസ്ത്രീകൾക്ക് അവരുടെ സൗന്ദര്യത്തിൽ അഹങ്കാരമുണ്ട്. ഇവരെ ഒരു പാഠം പഠിപ്പിക്കുകതന്നെവേണം. ഞാൻ എന്റെ തപോബലം പ്രയോഗിക്കും. എന്നിട്ട് ഇവരേക്കാൾ സുന്ദരിയായ ഒരുവളെ സൃഷ്ടിക്കും!

ആ യോഗീശ്വരൻ എന്തു ചെയ്തുവെന്നോ? തന്റെ തുടയിൽ ഒന്നടിച്ചു. തുടയിൽനിന്ന് ഒരു സുന്ദരി ഉണ്ടായി വന്നു. അവളാണ് ഉർവ്വശി!

ഊരു എന്നാൽ തുട. ഊരുവിൽനിന്നു ജനിച്ചവൾ ഉർവശി. അവളെ സ്വർഗത്തിൽനിന്നു വന്ന സ്ത്രീകൾ കണ്ടപ്പോഴോ? ലജ്ജിച്ചു തലതാഴ്ത്തിക്കളഞ്ഞു. തങ്ങളെക്കാൾ എത്രയോ കൂടുതൽ സൗന്ദര്യമുണ്ട് ഉർവശിക്ക്!

നാരായണൻ തുടർന്നു. വേറെയും സുന്ദരികളെ സൃഷ്ടിച്ചു – സ്വർഗത്തുനിന്ന് എത്രപേർ വന്നുവോ, അത്രയും പേരെ.

കാമദേവൻ, വസന്തൻ, സ്വർഗസുന്ദരികൾ—എല്ലാവരും തോറ്റുപോയി. താപസന്മാരുടെ ആത്മശക്തി ജയിക്കുകയും ചെയ്തു. തങ്ങളെ താപസൻമാർ ശപിക്കുമോ? അതായി അവരുടെ ഭയം.

നാരായണൻ ശപിച്ചില്ല.

'ഹേ, സ്വർഗസുന്ദരികളേ, നിങ്ങൾ ഞാൻ സൃഷ്ടിച്ചവരെയുംകൂടി കൊണ്ടുപൊയ്ക്കൊള്ളുവിൻ. അവരും നിങ്ങളോടുകൂടി സ്വർഗ്ഗത്തിൽ ജീവിച്ചുകൊള്ളട്ടെ. നിങ്ങൾ ഇനിമേലിലെങ്കിലും ആർക്കും തപോവിഘ്നം ഉണ്ടാക്കാൻ ശ്രമിക്കരുത്, കേട്ടോ.' അദ്ദേഹം ശാന്തത കൈവിടാതെ പറഞ്ഞു.

സ്വർഗസുന്ദരികളുടെ കാര്യം കഷ്ടത്തിലായി. തോൽവി പറ്റിയത് ഒന്ന്. പുതുതായി ഉണ്ടായ ആഗ്രഹം മറ്റൊന്ന്—നാരായണൻ തങ്ങളുടെ ഭർത്താവാകണം! അവർ ആ ആഗ്രഹം നാരായണനെ അറിയിച്ചു . അത് നാരായണന് ഇഷ്ടമായില്ല; മാത്രമല്ല, അദ്ദേഹത്തിനു ദേഷ്യവും വന്നു.

അക്കാര്യം മനസ്സിലാക്കി നരൻ. നാരായണൻ കോപിച്ചാലോ? അത് അനർത്ഥത്തെ ഉളവാക്കും.

'സഹോദരാ, കോപം പാടില്ല. മുമ്പു നാം പ്രഹ്ളാദനോട് യുദ്ധം ചെയ്തില്ലേ? കോപമായിരുന്നു അതിനു കാരണം. മേലിലെങ്കിലും നാം ശാന്തരായി കഴിയണം.' നരൻ പറഞ്ഞു.

അതു കേട്ടപ്പോൾ നാരായണന്റെ കോപം അടങ്ങി.

'ഹേ, സുന്ദരികളേ, ഞങ്ങൾ രണ്ടുപേർക്കും ഒരു വ്രതമുണ്ട്—ഈ ജന്മത്തിൽ വിവാഹം കഴിക്കുകയില്ല എന്ന്. അതിനാൽ നിങ്ങൾ ദയവായി സ്വർഗത്തിലേക്ക് മടങ്ങിപ്പോകുവിൻ. എന്നാൽ, ഒന്നുണ്ട്. അടുത്ത ജന്മത്തിൽ നിങ്ങളുടെ ആഗ്രഹം സാധിക്കും. ദ്വാപരയുഗത്തിൽ ഞാൻ ശ്രീകൃഷ്ണനായി അവതരിക്കും. അന്നു നിങ്ങളും മനുഷ്യസ്ത്രീകളായി ഭൂമിയിൽ പിറക്കും. എന്റെ പത്നിമാരായിത്തീരുകയും ചെയ്യും.'

തത്കാലം ആഗ്രഹം സാധിക്കാത്തതിൽ സ്വർഗസുന്ദരികൾക്ക് ഇച്ഛാഭംഗം ഉണ്ടായി. അതേസമയം സന്തോഷം തോന്നാതിരുന്നില്ല. അടുത്ത ജന്മത്തിൽ തങ്ങൾ ആഗ്രഹിച്ചതുപോലെ സംഭവിക്കുമല്ലോ. അവർ സ്വർഗലോകത്തിലേക്ക് മടങ്ങിപ്പോയി. അവരോടൊന്നിച്ച് കാമദേവനും വസന്തനും.

നരനും നാരായണനും വീണ്ടും തപസ്സിൽ മുഴുകി.

ദ്വാപരയുഗം വന്നു. നരൻ അർജ്ജുനനും നാരായണൻ ശ്രീകൃഷ്ണനുമായി!

പ്രഹ്ളാദനും നരനാരായണൻമാരും തമ്മിൽ യുദ്ധമുണ്ടായി എന്നു സൂചിപ്പിച്ചല്ലോ. അവരുടെ യുദ്ധത്തിനു പിന്നിൽ ഒരു കഥയുണ്ട്. ആ കഥ ഇപ്രകാരമാണ്:

ഒരിക്കൽ ച്യവനമഹർഷി രേവാനദിയിൽ കുളിക്കാനിറങ്ങി. തെല്ലുകഴിഞ്ഞപ്പോൾ മഹർഷിക്ക് ഒരു അനുഭവം ഉണ്ടായി—താൻ വെള്ളത്തിലൂടെ

അതിവേഗം താഴ്ന്നുപോകുന്നു. എന്തായിരുന്നു അതിനു കാരണം? വമ്പനായ ഒരു ഘോരസർപ്പം അദ്ദേഹത്തെ പാതാളത്തിലേക്കു വലിച്ചുകൊണ്ടുപോകുന്നു! പെട്ടെന്ന് ച്യവനൻ മഹാവിഷ്ണുവിനെ ഭക്തിപൂർവ്വം ഭജിച്ചു. ആ സമയം സർപ്പം പിടിവിട്ട് ഓടിപ്പോയി.

അതിനിടയിൽ ച്യവനൻ പാതാളത്ത് എത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹം അങ്ങുമിങ്ങും ഉഴന്നുനടന്നു. പ്രഹ്ളാദൻ അദ്ദേഹത്തെ കാണാനിടയായി. ഒരു സംശയം പ്രഹ്ളാദന്റെ മനസ്സിൽ അങ്കുരിച്ചു. അത് പ്രഹ്ളാദൻ ച്യവനനോട് പറഞ്ഞു:

'മഹർഷേ, അസുരൻമാരായ ഞങ്ങളുടെ ശത്രുവാണ് ദേവേന്ദ്രൻ. അങ്ങ് ദേവേന്ദ്രന്റെ ചാരനാണോ? സത്യം പറയണം.' പ്രഹ്ളാദൻ ആവശ്യപ്പെട്ടു.

'ഞാൻ ആരുടെയും ചാരനല്ല, ഭൃഗുപുത്രനായ ച്യവനനാണ്. നദിയിൽ കുളിക്കാൻ ഇറങ്ങിയപ്പോൾ എന്നെ ഒരു സർപ്പം പിടികൂടി; ഞാൻ മഹാവിഷ്ണുവിനെ ഭജിച്ചപ്പോൾ സർപ്പം പിടിവിട്ടു കടന്നുകളഞ്ഞു. അതിനിടയ്ക്കു ഞാൻ പാതാളത്തിൽ എത്തിച്ചേരുകയാണുണ്ടായത്. പ്രഹ്ളാദാ, അങ്ങും ഞാനും വിഷ്ണുഭക്തന്മാരാണ്. അതിനാൽ നാം തമ്മിൽ സ്നേഹമാണു വേണ്ടത്.' ച്യവനൻ പറഞ്ഞു.

പ്രഹ്ളാദനു വിശ്വാസമായി, സന്തോഷവുമായി. ഇരുവരും വളരെനേരം സംസാരിച്ചിരുന്നു. 'മഹർഷേ, ഭൂമിയിലെ പുണ്യതീർത്ഥങ്ങളിൽ പ്രധാനം ഏതെല്ലാമാണ്?' അതിനിടയ്ക്ക് പ്രഹ്ളാദൻ ചോദിച്ചു.

'പ്രഹ്ളാദാ, ഏതു പുണ്യതീർത്ഥവും ആയിക്കൊള്ളട്ടെ — മനസ്സിന് ശുദ്ധിയില്ലാത്തവർക്ക് അതുകൊണ്ട് ഒരു ഫലവുമുണ്ടാകുകയില്ല. മനസ്സിന് ശുദ്ധിയുണ്ടാവണം അതാണ് പ്രധാനം. എങ്കിലും അങ്ങ് ചോദിച്ചതുകൊണ്ട് ഞാൻ പറയാം. ഏറ്റവും പ്രധാനപ്പെട്ട ഒരു പുണ്യതീർത്ഥമാണ് നൈമിശം.' ച്യവനൻ പറഞ്ഞു.

അതു കേട്ടപ്പോൾ പ്രഹ്ളാദന് ഒരു ആഗ്രഹമുണ്ടായി—നൈമിശം സന്ദർശിക്കണം. കാലം കളയാതെ അദ്ദേഹം അവിടെ എത്തിച്ചേർന്നു. തെളിനീർ നിറഞ്ഞ സരസ്വതിനദി ഒഴുകുന്നുണ്ട്. അദ്ദേഹം നദിയിൽ ഇറങ്ങി കുളിച്ചു. എന്നിട്ട് അങ്ങുമിങ്ങും നടന്നു കാണാൻ തുടങ്ങി. ഒരിടത്ത് ഒരാശ്രമം സ്ഥിതി ചെയ്യുന്നു. ആശ്രമത്തിനു തൊട്ടടുത്ത് ഒരു ആൽമരം നില്പുണ്ട്. ആൽമരത്തിൽ ശ്രദ്ധിച്ചുനോക്കിയപ്പോൾ ഒന്നു കണ്ടു. കണ്ട് ആശ്ചര്യപ്പെട്ടു. ധാരാളം അമ്പുകളും മറ്റ് ആയുധങ്ങളും തൂക്കിയിട്ടിരിക്കുന്നു!

ആശ്രമങ്ങൾ സാധാരണയായി മഹർഷിമാരുടെ പാർപ്പിടങ്ങളാണ്. സമാധാനവും ശാന്തിയും പുലർത്തുന്നവരാണു മഹർഷിമാർ. അവർ യുദ്ധത്തിന് ഇറങ്ങാറില്ല. അസ്ത്രങ്ങൾ അവർക്ക് ആവശ്യമില്ല. എന്നിട്ടും ഈ ആൽമരത്തിൽ അസ്ത്രങ്ങൾ വെച്ചിരിക്കുന്നു. ആശ്രമത്തിൽ പാർക്കുന്നവരാണ് അസ്ത്രങ്ങളുടെ ഉടമസ്ഥന്മാർ. അതിൽ പ്രഹ്ളാദന് യാതൊരു സന്ദേഹവും ഉണ്ടായില്ല. അദ്ദേഹം ആശ്രമത്തിന്റെ അടുക്കൽ ചെന്ന് നോക്കി. അപ്പോൾ അവരെ കണ്ടു. അവർ എന്നുവച്ചാൽ, നരനും നാരായണനും. ധ്യാനത്തിൽ ലയിച്ചിരിക്കുകയാണ് അവർ. അരികത്തു വില്ലുകളുണ്ട്. മാത്രമല്ല, അമ്പുകൾ നിറഞ്ഞ ആവനാഴികളും.

അതു കണ്ടപ്പോൾ പ്രഹ്ളാദന് അരിശമുണ്ടായി.

'തപസ്സും ആയുധങ്ങളും —അവ തമ്മിൽ യാതൊരു പൊരുത്തവുമില്ല. നിങ്ങൾ തപസ്വികൾ ആണെങ്കിൽ ആയുധങ്ങൾ ഉപയോഗിച്ചുകൂടാ . താപസവേഷം പൂണ്ട അധർമിഷ്ഠന്മാരാണ് നിങ്ങൾ.' അദ്ദേഹം വിളിച്ചു പറഞ്ഞു.

നാരായണന്മാർ ധ്യാനം മതിയാക്കി കണ്ണു തുറന്നു നോക്കി. മുമ്പിൽ നിൽക്കുന്ന പ്രഹ്ളാദനെ കണ്ടു.

നരൻ സംസാരിച്ചു.

'നിങ്ങൾക്ക് ഇത്രയൊക്കെ ദേഷ്യം വരാൻ എന്തുണ്ടായി? ഒരാൾക്ക് ഒന്നിലധികം കാര്യങ്ങളിൽ സാമർത്ഥ്യമുണ്ടായി എന്നു വരാം. ഞങ്ങൾക്കു തപസ്സും അറിയാം. ആയുധപ്രയോഗവും അറിയാം. അതിനു നിങ്ങൾക്കെന്ത്? പുലമ്പാതെ പാട്ടിനു പൊയ്ക്കൊള്ളണം. അതാണു നിങ്ങൾക്ക് നല്ലത്.' ആ താപസൻ പറഞ്ഞു.

പ്രഹ്ളാദന്റെ ദേഷ്യം വർദ്ധിച്ചതേയുള്ളു.

'ഹേ, താപസവേഷം ധരിച്ച മൂഢന്മാരേ, നിങ്ങൾ പറയുന്നു നിങ്ങൾ യുദ്ധവീരന്മാരാണ് എന്ന്. ശരി. എന്നാൽ, നമുക്ക് യുദ്ധം ചെയ്യാം . അപ്പോൾ കാണാം നിങ്ങളുടെ മിടുക്കും എന്റെ മിടുക്കും!' അസുരപ്രമാണി വിളിച്ചുപറഞ്ഞു.

'എന്നാൽ, അങ്ങനെതന്നെയാവട്ടെ.' നരൻ ഒട്ടും കുലുക്കം കൂടാതെ പറഞ്ഞു.

ഇരുവരും ദ്വന്ദ്വയുദ്ധം ആരംഭിച്ചു—അതായത്, നരനും പ്രഹ്ളാദനും തമ്മിൽ. ഓരോരുത്തരും നിരവധി ശസ്ത്രങ്ങൾ പ്രയോഗിച്ചു. അവയെല്ലാം മറ്റെയാൾ നിഷ്പ്രയോജനമാക്കി.അതങ്ങനെ നിരന്തരമായി തുടർന്നുപോയി. പ്രഹ്ളാദൻ നരന്റെ നേർക്കു മാത്രമല്ല, നാരായണന്റെ നേർക്കും ശരങ്ങൾ പ്രയോഗിച്ചു. അപ്പോൾ നാരായണനും യുദ്ധത്തിനിറങ്ങി. അതോടെ പോര് പൂർവ്വാധികം ഉഗ്രമായി.

ഒടുവിൽ നാരായണൻ പ്രഹ്ളാദന്റെ വില്ല് മുറിച്ചു. പ്രഹ്ളാദൻ മറ്റൊരു വില്ല് കൈക്കലാക്കി. നാരായണൻ ആ വില്ലും ഖണ്ഡിച്ചു. അപ്പോൾ പ്രഹ്ളാദൻ ഒരു പരിഘം പ്രയോഗിച്ചു. നാരായണൻ അമ്പെയ്തു പരിഘത്തെയും തുണ്ടമാക്കി. പ്രഹ്ളാദൻ ഇരുമ്പുഗദയെടുത്ത് ആഞ്ഞടിച്ചു. നാരായണൻ ഗദയെയും നുറുക്കിയിട്ടു. യുദ്ധം പിന്നെയും തുടർന്നുപോയി.

മഹാവിഷ്ണു അവിടെ ആവിർഭവിച്ചു.

'പ്രഹ്ളാദാ, നരനാരായണന്മാർ എന്റെ അംശങ്ങളാണ്, സിദ്ധന്മാരാണ്, ഋഷീശ്വരന്മാരാണ്. അവരെ ജയിക്കാൻ നിനക്കു സാദ്ധ്യമല്ല. നീ പാതാളത്തിലേക്കു പൊയ്ക്കൊള്ളൂ.' ഭഗവാൻ നിർദ്ദേശിച്ചു.

പ്രഹ്ളാദൻ സ്വസ്ഥാനത്തേക്കു മടങ്ങി.

നരനാരായണന്മാർ വീണ്ടും തപസ്സുതുടങ്ങി.

(ദേവീഭാഗവതം)

മരുത്തനും സംവർത്തനും

യശസ്വി മാത്രമല്ല, ധനികനുമാണ് മരുത്തൻ എന്ന മഹാരാജാവ്. ഒരിക്കൽ അദ്ദേഹം ഒരു മഹായാഗം ചെയ്യാൻ ഒരുക്കമായി. ദേവഗുരുവായ ബൃഹസ്പതിയെക്കൊണ്ട് യാഗം ചെയ്യിക്കണം—അതായിരുന്നു മരുത്തന്റെ ആഗ്രഹം.

ദേവേന്ദ്രന് അക്കാര്യത്തെക്കുറിച്ച് അറിവും കിട്ടി. മരുത്തനോട് പക തോന്നിയിട്ടുണ്ട് ദേവേന്ദ്രന്. താനാണ് മരുത്തനെക്കാൾ എത്രയോ കേമൻ. അതൊന്നു തെളിയിക്കുകതന്നെ—അതായി ദേവേന്ദ്രന്റെ നിശ്ചയം. അദ്ദേഹം ബൃഹസ്പതിയോടു സംസാരിച്ചു:

'ഗുരോ, ഞാനൊരു കാര്യം അങ്ങയോട് പറയാൻ ആഗ്രഹിക്കുന്നു. മരുത്തൻ അങ്ങയെക്കൊണ്ടു യാഗം ചെയ്യിക്കാൻ ഇച്ഛിക്കുന്നു. അങ്ങ് ഒരിക്കലും അതിനു വഴിപ്പെടരുത്. ദേവന്മാരുടെ അധിപനാണ് ഞാൻ. മരുത്തനോ, വെറുമൊരു മനുഷ്യനും. അവന്റെ യാഗം നടത്തുന്നത് അങ്ങേക്ക് ഭൂഷണമല്ല. അങ്ങ് ഒന്നുകിൽ എന്നെ സ്വീകരിക്കണം, അല്ലെങ്കിൽ മരുത്തന്റെ ഭാഗത്തു പോകണം. എന്റെ പക്ഷത്തു നിൽക്കുന്നതാണ് അങ്ങേക്ക് എല്ലാംകൊണ്ടും നന്ന്.' ദേവേന്ദ്രൻ പറഞ്ഞു.

ബൃഹസ്പതിക്ക് എതിരഭിപ്രായം ഉണ്ടായില്ല:

'ദേവേന്ദ്രാ, അങ്ങയുടെ ഗുരുവും പുരോഹിതനുമാണ് ഞാൻ. ആ നിലയ്ക്ക് എങ്ങനെ മരുത്തന്റെ പുരോഹിതനാവും? ഒരിക്കലും ഞാനതു ചെയ്യുകയില്ല. അഗ്നിക്കു ചൂടില്ലാതെയാവാം, സൂര്യൻ രശ്മികളെ കളഞ്ഞെന്നു വരാം—എന്നാലും ഞാൻ മരുത്തന്റെ യാഗം ചെയ്യുകയില്ല.' ദേവഗുരു തീർത്തു പറഞ്ഞു.

ഇങ്ങു താഴെ ഭൂമിയിൽ ജീവിക്കുന്ന ആളാണ് മരുത്തൻ. എങ്കിലും അദ്ദേഹത്തിന് ആ വിവരം അറിവു കിട്ടി. അതത്ര കാര്യമാക്കാനില്ല എന്നായി രാജാവിന്റെ തോന്നൽ. അദ്ദേഹം യാഗത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി. അതിനുശേഷം ബൃഹസ്പതിയെ ചെന്നു കണ്ടു.

'ദേവഗുരോ, എന്റെ യാഗത്തിനുള്ള സംഭാരങ്ങളെല്ലാം തീർന്നിരിക്കുന്നു. അങ്ങ് എന്റെ പുരോഹിതനായി യാഗം നടത്തിത്തരണം. പണ്ടു മുതല്ക്കേ എന്റെ ആഗ്രഹമാണ് അത്.അങ്ങ് എന്റെ ആഗ്രഹം സാധിപ്പിച്ചേ കഴിയൂ.' മരുത്തൻ തൊഴുകൈയോടെ അഭ്യർത്ഥിച്ചു.

ആ അഭ്യർത്ഥന ബൃഹസ്പതി കൈക്കൊണ്ടില്ല.

'മരുത്താ, ഞാൻ ദേവേന്ദ്രന്റെ പുരോഹിതനാണ്. നിന്റെ പൗരോഹിത്യം ഞാൻ സ്വീകരിക്കുകയില്ല. അക്കാര്യത്തെക്കുറിച്ച് ഞാൻ ദേവേന്ദ്രന് ഉറപ്പ് നൽകിയിട്ടുമുണ്ട്. ദേവഗുരു പറഞ്ഞു.

രാജാവ് പിൻമാറിയില്ല.

'ബൃഹസ്പതേ, എന്റെ മുത്തച്ഛനായിരുന്നു കരന്ധമ രാജാവ്. അങ്ങയുടെ പിതാവ് അംഗിരസ്സ് എന്റെ മുത്തച്ഛന്റെ പുരോഹിതനായി. ഞാൻ പറയാതെതന്നെ അക്കാര്യം അങ്ങേക്ക് അറിവുള്ളതാണ്. അങ്ങ് എന്റെയും കുലഗുരുവാകുന്നു. എന്റെ അപേക്ഷ അങ്ങ് കൈക്കൊണ്ടേ കഴിയൂ. മരുത്തൻ നിർബന്ധം തുടർന്നു.

'എനിക്കതു സാദ്ധ്യമല്ല. എന്നോട് ഇനി ഇക്കാര്യം പറയുകയും വേണ്ട. വേറെ വല്ലവരേയും പുരോഹിതനാക്കിക്കൊള്ളു.' ബൃഹസ്പതി പറഞ്ഞവ സാനിപ്പിച്ചു.

മരുത്തനു നാണക്കേട് തോന്നി. മനോവേദനയും ഉളവായി. പിന്നൊന്നും പറയാതെ അദ്ദേഹം ഇറങ്ങിപ്പോയി.

മനസ്സുമുട്ടി മടക്കയാത്രചെയ്യുന്ന മഹാരാജാവിനെ നാരദൻ കണ്ടുമുട്ടി.

'മരുത്താ, എന്താണ് ഒരു മ്ലാനത? വിരോധമില്ലെങ്കിൽ കാരണം എന്നോടു പറയൂ. ഞാൻ കഴിവുപോലെ സഹായിക്കാം.' നാരദൻ പറഞ്ഞു.

രാജാവ് നടന്നതെല്ലാം വിസ്തരിച്ച് അറിയിച്ചു.

സംവർത്തൻ എന്നൊരു മഹർഷിയുണ്ടല്ലോ. അത്യധികമായ തപോ ബലമുണ്ട് സംവർത്തന്. അങ്ങ് അദ്ദേഹത്തെ ചെന്നു കാണൂ. തീർച്ചയായും അദ്ദേഹം യാഗം നടത്തിത്തരും. നാരദൻ വഴികാണിച്ചു.

വാസ്തവത്തിൽ ബൃഹസ്പതിയുടെ അനുജനാണ് സംവർത്തൻ. കുട്ടി ക്കാലം മുതല്ക്കേ സഹോദരന്മാർ തമ്മിൽ മത്സരം ഉണ്ടായിരുന്നു. ഒരിക്കലും ഒരു കാര്യത്തിലും അവർക്ക് യോജിപ്പില്ല! ബൃഹസ്പതി അനുജനെ സദാ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. നിവൃത്തിയില്ലാതെ സംവർത്തൻ സ്വഗൃഹം ഉപേക്ഷിച്ചുപോയി. ബൃഹസ്പതി പിന്നീട് ദേവഗുരുവായി. സംവർത്തൻ വന ങ്ങളിൽ അലഞ്ഞു നടക്കുകയും ചെയ്തു.

മരുത്തന്റെ ആശ വീണ്ടും ജ്വലിച്ചുയർന്നു.

'മഹർഷേ, ഞാൻ മൃതനെപ്പോലെ ആയിക്കഴിഞ്ഞിരുന്നു. അങ്ങ് എനി ക്കു പുതുജീവൻ നൽകിയിരിക്കുന്നു. ആട്ടെ, സംവർത്തൻ ഇപ്പോൾ എവി ടെയാണ്? ഞാൻ എങ്ങനെ അദ്ദേഹത്തെ കണ്ടുപിടിക്കും? എന്തെല്ലാമാണ് ഞാൻ ചെയ്യേണ്ടത്?' മരുത്തൻ ചോദിച്ചു.

'പ്രത്യേകമൊരു രീതിക്കാരനാണ് സംവർത്തൻ. അദ്ദേഹത്തെ കണ്ടാൽ ഭ്രാന്തനെന്നേ തോന്നുകയുള്ളു. ഇപ്പോൾ അദ്ദേഹം കാശിയിലുണ്ട്. അങ്ങ് നേരെ കാശിയിലേക്ക് പൊയ്ക്കൊള്ളു. ആളെ എങ്ങനെ തിരിച്ചറിയും എന്നല്ലേ? ഒരു മൃതശരീരം കണ്ടാൽ ഒരാൾ തിരിഞ്ഞുനടക്കുന്നു എന്ന് വയ്ക്കു. ആ ആൾ സംവർത്തനായിരിക്കും. അതിൽ സംശയം വേണ്ട. അങ്ങ് ആ ആളെ പിൻതുടരണം. ആ ആൾ വനത്തിലേക്ക് പോകും. എന്തു വന്നാ ലും പിറകേ പോകണം. ഒടുവിൽ അദ്ദേഹം തിരിഞ്ഞു നിന്ന് ചോദിക്കും: 'എന്നെക്കുറിച്ച് എങ്ങനെ അറിഞ്ഞു?' അങ്ങു പറയണം, നാരദൻ പറഞ്ഞ റിഞ്ഞു എന്ന്.' നാരദൻ വഴി പറഞ്ഞുകൊടുത്തു.

കഴിയുന്നത്ര വേഗത്തിൽ മരുത്തൻ കാശിയിൽ എത്തിച്ചേർന്നു. അദ്ദേ ഹം സംവർത്തനെ അന്വേഷിച്ച് അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞു. ഒരി ടത്തും മഹർഷിയെ കണ്ടുകിട്ടിയില്ല. ഒടുവിൽ ഒരു മൃതദേഹം കിടക്കുന്നതു കാണപ്പെട്ടു. മരുത്തൻ അടുത്തൊരിടത്ത് കാത്തു നില്പായി. പഥികന്മാർ പലരും മൃതശരീരത്തെ ഒന്നു നോക്കിയിട്ടു കടന്നുപോകുന്നു. അതാ ഭ്രാന്ത നെന്നു തോന്നിക്കുന്ന ഒരാൾ വരുന്നു. ആ ആൾ മൃതശരീരത്തെ കണ്ടു ധൃതിയിൽ തിരിഞ്ഞു നടന്നു പോകുന്നു. സംവർത്തനാണ് ആ ആൾ—അക്കാ ര്യം മരുത്തന് തീർച്ചയായി. രാജാവ് ആ ആളെ പിൻതുടർന്നു. ഭ്രാന്തൻ അതിവേഗത്തിൽ നടന്നുതുടങ്ങി. അതേ വേഗത്തിൽ രാജാവും. നേരവും

ദൂരവും വളരെയേറെക്കഴിഞ്ഞു. അപ്പോഴേക്കും അവർ ഒരു വനത്തിൽ എത്തിച്ചേർന്നു. ഭ്രാന്തൻ ഒരു ആലിൻചുവട്ടിൽ ചെന്ന് ഇരുന്നു. മരുത്തൻ അടുത്തുചെന്ന് കൈകൂപ്പി നിന്നു. ഭ്രാന്തൻ രാജാവിന്റെ മുഖത്തു കാർക്കിച്ച് ഒരു തുപ്പ്! മരുത്തന് യാതൊരു ക്ഷോഭവും ഉണ്ടായില്ല.

'സംവർത്തമഹർഷേ, ഞാൻ മരുത്തൻ എന്ന രാജാവാണ്. അങ്ങ് എന്റെ പുരോഹിതനായി യാഗം നടത്തിത്തരണം.' മരുത്തൻ താഴ്മയായി അപേക്ഷിച്ചു.

'എന്നെ നിങ്ങൾ എങ്ങനെ തിരിച്ചറിഞ്ഞു? സത്യം പറയണം. അല്ലാത്തപക്ഷം നിങ്ങളുടെ തല നൂറായി നുറുങ്ങിപ്പോകും!' സംവർത്തൻ ചൊടിച്ചുപറഞ്ഞു.

'നാരദമഹർഷി പറഞ്ഞുതന്നതാണ്.' മരുത്തൻ സത്യം അറിയിച്ചു .

'എന്നെക്കുറിച്ച് നാരദന് മാത്രമേ അറിവുള്ളൂ. ആട്ടെ, ഞാൻ നിങ്ങൾക്ക് എന്തു ചെയ്യണം?'

മഹർഷി ആരാഞ്ഞു.

'ഞാൻ മുമ്പ് അപേക്ഷിച്ചതുതന്നെ. അതായത് യാഗം നടത്തിത്തരിക എന്നത്.' രാജാവ് പറഞ്ഞു.

'രാജാവേ, ഞാൻ വികൃതനാണ്. തോന്ന്യാസം ചെയ്യുന്നവനാണ്. മറിച്ചാണ് എന്റെ ജ്യേഷ്ഠനായ ബൃഹസ്പതി. നിങ്ങൾ അദ്ദേഹത്തോട് അപേക്ഷിക്കൂ. ജ്യേഷ്ഠൻ എന്നെ വളരെയധികം ദ്രോഹിച്ചു, ശരിയാണ്. എങ്കിലും യാഗം ചെയ്യുന്നതിന് എനിക്ക് അദ്ദേഹത്തിന്റെ അനുമതി വേണം. അതില്ലാതെ എനിക്ക് യാതൊന്നും നിവൃത്തിയില്ല.' സംവർത്തൻ അറിയിച്ചു.

ബൃഹസ്പതിയോട് അഭ്യർത്ഥിച്ച കാര്യം മരുത്തൻ വിസ്തരിച്ചു കേൾപ്പിച്ചു.

'ഓഹോ, അങ്ങനെയോ? എന്നാലിനി എനിക്കു ജ്യേഷ്ഠന്റെ സമ്മതം വേണ്ട. ഞാൻ നിങ്ങളുടെ പുരോഹിതനായി യാഗം നടത്താം. പക്ഷേ, ഒന്ന് അറിഞ്ഞിരിക്കണം. ബൃഹസ്പതിയും ദേവേന്ദ്രനും നിങ്ങളോട് കോപിക്കും. എന്തൊക്കെയായാലും നിങ്ങൾ എന്റെ പക്ഷത്ത് ഉറച്ചു നില്ക്കണം. എന്നെ ഒരുവിധത്തിലും ദേഷ്യപ്പെടുത്തുകയുമരുത്. മറിച്ചായാൽ ഞാൻ നിങ്ങളെ ഭസ്മമാക്കും.' മഹർഷി പറഞ്ഞു.

'മഹർഷേ, ഞാൻ അങ്ങയെ അക്ഷരംപ്രതി അനുസരിച്ചുകൊള്ളാം. എനിക്ക് എന്തെങ്കിലും തെറ്റുപറ്റിയാലോ? അങ്ങ് എന്നെ വേണ്ടതുപോലെ ശിക്ഷിച്ചുകൊള്ളണം. എനിക്കു സമ്മതംതന്നെ.' മരുത്തൻ പറഞ്ഞു.

ഒരു കാര്യം രാജാവ് മറന്നിട്ടില്ല. ഒട്ടും എളുപ്പമല്ല യാഗം നിർവ്വഹിക്കുക എന്നത്. അതിനു വളരെയധികം സ്വർണ്ണവും ധനവും വേണ്ടതായി വരും. അത്രയുമൊക്കെ എവിടന്നു സമ്പാദിക്കുവാനാണ്?

സംവർത്തൻ വഴി കാണിച്ചു. ഹിമാലയത്തിന്റെ ഒരു ഭാഗത്തായി മുഞ്ജവാൻ എന്നൊരു പർവ്വതമുണ്ട്. ഭഗവാൻ ശിവന് പ്രത്യേകമായിട്ടുള്ള പർവ്വതമാണത്. അവിടെ ഭൂതഗണങ്ങൾ ശിവനെ ഉപാസിക്കുന്നു. അവർ മാത്രമല്ല, കുബേരനും മറ്റു പല ദിവ്യന്മാരും. മുഞ്ജവാനിൽ തണുപ്പും ചൂടുമില്ല, വിശപ്പും ദാഹവുമില്ല, ഭയവും മരണവുമില്ല. ഏറ്റവും വമ്പിച്ചതായ നിധിയു

മുണ്ട് അവിടെ. എത്ര വമ്പിച്ചതെന്ന് വർണ്ണിക്കാൻ ആർക്കും സാധ്യമല്ല. ആ നിധി കാത്തുനിൽക്കുകയാണ് കുബേരന്റെ ഭടന്മാർ. അവിടുന്നു വല്ലതും കിട്ടണമെങ്കിൽ ശിവനെ പ്രസാദിപ്പിക്കണം. ശിവൻ പ്രസാദിച്ചാൽ വേണ്ടതു കിട്ടുകയും ചെയ്യും.

മരുത്തൻ നേരെ മുഞ്ജവാൻ പർവ്വതത്തിലേക്ക് പോയി ശിവനെ ഭക്തിയോടെ ഭജിച്ചു സംപ്രീതനാക്കി. ഫലമായി അളവറ്റ സ്വർണ്ണവും ധനവും ലഭിച്ചു. അവയുമായി യാഗസ്ഥലത്ത് എത്തിച്ചേർന്നു.

യഥാകാലം യാഗം ആരംഭിച്ചു.

സംവർത്തൻ മരുത്തന്റെ പുരോഹിതനായിരിക്കുന്നു—ആ വർത്തമാനം ലഭിച്ചു ബൃഹസ്പതിക്ക്. അനുജനാണ് സംവർത്തൻ. എങ്കിലും തന്റെ ശത്രുവല്ലേ? യാഗത്തിന്റെ ഫലം സംവർത്തനു ലഭിക്കും. അതോടുകൂടി അനുജന്റെ ശക്തിയും വർദ്ധിക്കും. ബൃഹസ്പതിക്ക് വലിയ സ്വൈര്യക്കേടായി. സ്വൈര്യക്കേട് ആരോഗ്യത്തെ ബാധിച്ചു. അദ്ദേഹം വിളറിവെളുത്തു. ഊണില്ലാതായി, ഉറക്കമില്ലാതായി. എന്തു ചെയ്യും?

ഗുരുവിന്റെ അനാരോഗ്യത്തിന് കാരണം ദേവേന്ദ്രൻ അന്വേഷിച്ചു.

'ദേവേന്ദ്രാ, നിന്റെ ശത്രുക്കൾക്ക് അഭിവൃദ്ധി ഉണ്ടാകുമ്പോഴോ, നിനക്ക് സ്വൈര്യക്കേട് ഉണ്ടാവുന്നു. അതിന് എത്രയോ ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ട്. അവയെല്ലാം എനിക്ക് അറിയുകയും ചെയ്യാം. എന്റെ അവസ്ഥയും അതുപോലെതന്നെ. സംവർത്തനും മരുത്തനും ഒത്തുചേർന്നിരിക്കുന്നു. രണ്ടുപേരെയും നശിപ്പിക്കണം. എന്നാലേ എനിക്ക് സമാധാനം വരികയുള്ളു.'

ദേവഗുരു തുറന്നു പറഞ്ഞു.

കാര്യം ഗൗരവമുള്ളതാണ്—അത് ദേവേന്ദ്രന് തീർച്ചയായി. അദ്ദേഹം ചിലതെല്ലാം ആലോചിച്ചുറച്ചു. അതിനുശേഷം അഗ്നിയെ വരുത്തി ചില നിർദ്ദേശങ്ങൾ നല്കി—അവയോടുകൂടി മരുത്തനായുള്ള ഒരു സന്ദേശവും.

അഗ്നി മരുത്തന്റെ അരുകിലെത്തി.

'രാജാവേ, ഞാൻ ദേവേന്ദ്രന്റെ ദൂതനായി വന്നതാണ്. അദ്ദേഹം അങ്ങേക്ക് ഒരു സന്ദേശം തന്നയച്ചിരിക്കുന്നു. അങ്ങേക്കു പൗരോഹിത്യം വഹിക്കാൻ ബൃഹസ്പതിയെ അയച്ചുതരാം; അങ്ങ് സംവർത്തനെ ഉപേക്ഷിക്കണം—അതാണ് ദേവേന്ദ്രന്റെ സന്ദേശം.' അഗ്നി അറിയിച്ചു.

മരുത്തൻ പരിഹാസം കലർന്ന പുഞ്ചിരി തൂകി:

'അഗ്നിദേവാ, എനിക്ക് ദേവേന്ദ്രനോട് നന്ദിയുണ്ട്. പക്ഷേ, ബൃഹസ്പതി ദേവേന്ദ്രന്റെ പുരോഹിതനല്ലേ? ആ സ്ഥിതിക്ക് ഈ എളിയ മനുഷ്യന്റെ പുരോഹിതനായിക്കൂടാ.അത് അദ്ദേഹത്തിന് പോരായ്മയാവും.' രാജാവും അർത്ഥം വെച്ചുപറഞ്ഞു.

'ഞാനൊന്നു പറയാം. ബൃഹസ്പതി അങ്ങയുടെ പുരോഹിതനായി എന്നുവയ്ക്കു. അങ്ങനെയായാൽ അങ്ങേക്ക് സ്വർഗത്തെയും ജയിക്കാൻ സാധിച്ചു എന്നു വരാം. പുണ്യലോകങ്ങൾ കിട്ടും എന്ന് തീർച്ചയുമാണ്.' അഗ്നി പ്രലോഭനം നീട്ടി.

ആ സംഭാഷണമൊക്കെ സംവർത്തൻ കേട്ടു.

അദ്ദേഹം ദേഷ്യത്തോടെ അഗ്നിയെ നേരിട്ടു.

'ഹേ അഗ്നി, ദൗത്യവുമായി ഇനിമേൽ ഇങ്ങോട്ട് വരരുത്, പറഞ്ഞേക്കാം. വന്നാൽ ഞാൻ അങ്ങയെ ചുട്ടുകളയും. പോകൂ എന്റെ മുമ്പിൽനിന്ന്!' മഹർഷി ഗർജ്ജിച്ചു.

അഗ്നി ഭയന്ന് വിറച്ചുപോയി. ഇനി നിൽക്കുന്നത് അപകടമാണ്! അവിടന്ന് അഗ്നി ഒരൊറ്റ പോക്ക്! നേരെ സ്വർഗലോകത്ത് ചെന്നു. നടന്നതെല്ലാം ദേവേന്ദ്രനെ അറിയിച്ചു.

'അങ്ങ് മരുത്തനെ ഒന്നുകൂടി കാണണം. എന്റെ നിർദ്ദേശം അവൻ അനുസരിച്ചില്ലെങ്കിലോ? ഞാൻ വജ്രായുധം പ്രയോഗിച്ച് അവനെ വധിക്കും. ആ ഭീഷണി നല്കുമ്പോൾ അവൻ വഴങ്ങിയേക്കും.' ദേവേന്ദ്രൻ പറഞ്ഞു.

'സംവർത്തന്റെ മുമ്പിൽ ചെല്ലാൻ ഇനി എനിക്ക് ധൈര്യമില്ല.' അഗ്നി പറഞ്ഞ് ഒഴിഞ്ഞുമാറി.

ദേവേന്ദ്രന് മരുത്തനോട് അത്യധികമായ ദേഷ്യം തോന്നി. സ്വർഗനാഥനായ താൻ എത്രയെത്ര മഹാസുരന്മാരെ വധിച്ചിരിക്കുന്നു? തന്റെ വീരകൃത്യങ്ങളെ ലോകം മുഴുവൻ പാടി സ്തുതിക്കുന്നു. എന്നിട്ടാണ് ഒരു മനുഷ്യപ്പുഴു തന്നെ എതിർക്കുന്നത്! അവനെ അവൻ അർഹിക്കുന്നമാതിരി ശിക്ഷിക്കണം. പക്ഷേ, അതു പിന്നീട് മതിയാകും. അതിനുമുമ്പ് ഒരു ദൂതനെക്കൂടി അയയ്ക്കുക തന്നെ. അതും ഫലപ്പെട്ടില്ലെങ്കിലോ? അപ്പോൾ കാണാം, ദേവേന്ദ്രൻ എന്താണ് ചെയ്യുന്നതെന്ന്!

ഇത്തവണ ദേവേന്ദ്രൻ ദൂതനായി തെരഞ്ഞെടുത്തത് ആരെയാണ്? ധൃതരാഷ്ട്രൻ എന്ന് പേരുള്ള ഒരു ഗന്ധർവ്വനെ. ധൃതരാഷ്ട്രഗന്ധർവ്വൻ മരുത്തനെ കണ്ട് ദേവേന്ദ്രന്റെ സന്ദേശം നല്കി. തുടർന്ന് ദേവേന്ദ്രന്റെ ശക്തിയുടെ പ്രകടനങ്ങളും ആരംഭിച്ചു. ആകാശത്ത് അതാ കാളമേഘങ്ങൾ വന്ന് അണിനിരക്കുന്നു. ഇടിയും മിന്നലും തുടരെത്തുടരെ ഉണ്ടാവുന്നു. അതു കണ്ട് മരുത്തന് ഭയം തോന്നി. ദേവേന്ദ്രൻ വജ്രായുധം പ്രയോഗിച്ചാലോ? തന്റെ കഥ കഴിയും എന്ന് മരുത്തന് തീർച്ചയായി. രാജാവ് സംവർത്തനെ തന്റെ ഭയം അറിയിച്ചു. മഹർഷിക്ക് ഒട്ടും കൂസലുണ്ടായില്ല. അദ്ദേഹം സ്തംഭിനി എന്ന വിദ്യ പ്രയോഗിച്ചു. അതോടെ ദേവേന്ദ്രന്റെ ശക്തി ചോർന്നുപോയി!

ദേവേന്ദ്രന്റെ മനസ്സിൽ വിവേകം ഉദിക്കുകയായി. താൻ സംവർത്തന്റെ ശക്തി നേരിട്ട് അനുഭവിച്ചുകഴിഞ്ഞു.മഹർഷിയെ ഇനിയും വിരോധപ്പെടുത്തിയാലോ? കാര്യം അപകടത്തിലാവും. അതിൽ ദേവേന്ദ്രന് യാതൊരു സംശയവും അവശേഷിച്ചില്ല. യാഗത്തിൽ പങ്ക് കൊള്ളുകയാണ് തനിക്ക് രക്ഷാമാർഗം. അപ്രകാരം ചെയ്തു ദേവേന്ദ്രൻ. മാത്രമല്ല, മറ്റെല്ലാ ദേവന്മാരും.

മരുത്തന്റെയും സംവർത്തന്റെയും ദേഷ്യം അവസാനിച്ചു.

ഇരുവരും ചേർന്ന് ദേവേന്ദ്രന് സ്വാഗതമരുളി.

'മരുത്താ, അങ്ങയുടെ ഗുരുവിന്റെ തപശ്ശക്തി ഇപ്പോൾ എനിക്ക് അറിവായി. ഞാൻ അങ്ങയിൽ സംപ്രീതനായിരിക്കുന്നു. എന്റെ വിരോധം ഇതോടെ തീർന്നിരിക്കുന്നു.' ദേവേന്ദ്രൻ വിനീതനായി അറിയിച്ചു.

അതുകൊണ്ടും ദേവേന്ദ്രൻ തൃപ്തിപ്പെട്ടില്ല. അദ്ദേഹം അനുയായികളായ ദേവന്മാർക്ക് ചില ആജ്ഞകൾ നല്കി. അവർ ആജ്ഞകൾ നടപ്പാക്കി. ഫലമായി എന്തെല്ലാം ഉയർന്നു വന്നു എന്നോ? മണ്ഡപങ്ങൾ, യാഗശാലകൾ, തോരണങ്ങൾ, ഗോപുരങ്ങൾ. സകലതും സ്വർണമയവും. ഭൂമിയിൽ

സ്വർഗഭോഗം സ്ഥാപിക്കപ്പെട്ടതുപോലെ! ദേവേന്ദ്രൻ മുഖ്യാതിഥിയായി. അദ്ദേഹം യഥാവിധി സോമപാനം ചെയ്തു. തുടർന്ന് മറ്റെല്ലാ ദേവന്മാരും. സംവർത്തൻ മന്ത്രങ്ങൾ ജപിച്ചു. ഒടുവിൽ യാഗം ഭംഗിയായി സമാപിച്ചു.

മരുത്തൻ ധാരാളം സ്വർണം കൊണ്ടുവന്നിരുന്നല്ലോ. ആ സ്വർണം അദ്ദേഹം വാരിക്കോരി ദാനം ചെയ്തു. എന്നിട്ടും വളരെയേറെ ബാക്കി വന്നു.

അദ്ദേഹം വളരെക്കാലം നാടു വാണു. ഗുരുവായ സംവർത്തന്റെ അനുഗ്രഹത്തോടുകൂടി, ഏറ്റവും ധർമ്മത്തോടും നന്മയോടുംകൂടി!

(മഹാഭാരതം, അശ്വമേധപർവം)

ഋശ്യശൃംഗൻ

അംഗരാജ്യത്ത് ലോമപാദൻ എന്നൊരു രാജാവ് വാണിരുന്നു. ഒരിക്കൽ ആ രാജ്യത്തു മഴ പെയ്യാതെയായി. വരൾച്ച വളരെക്കാലം നീണ്ടുനിന്നു. ജനങ്ങൾക്ക് കഷ്ടപ്പാടുകളും ദുരിതങ്ങളും ഉണ്ടായി. ഒരു പരിഹാരം കണ്ടുപിടിച്ചേ കഴിയുകയുള്ളൂ. അല്ലാത്തപക്ഷം സർവ്വനാശം സംഭവിക്കും.

ലോമപാദൻ ചില മുനിമാരുമായി ആലോചിച്ചു.

'എന്തു പ്രായശ്ചിത്തമാണ് ഞാൻ അനുഷ്ഠിക്കേണ്ടത്?' അദ്ദേഹം അവരോട് ചോദിച്ചു.

അവർ ഗാഢമായി ആലോചന നടത്തി.

അപ്പോൾ അവർക്കൊരു പരിഹാരം കണ്ടുകിട്ടി.

'രാജൻ, അവിടുന്ന് ഋശ്യശൃംഗനെ വരുത്തണം. അദ്ദേഹത്തിന് അവിടുത്തെ പുത്രി ശാന്തയെ നല്കുകയും വേണം.' അവർ പറഞ്ഞു.

വിഭണ്ഡകൻ എന്നൊരു മഹർഷിയുണ്ട്. അദ്ദേഹത്തിന്റെ പുത്രനാണ് ഋശ്യശൃംഗൻ.

ചെറുപ്പമാണ് ഋശ്യശൃംഗൻ; ബ്രഹ്മചാരിയുമാണ്. അത്യധികമായ തപശ്ശക്തി സമ്പാദിച്ചിരിക്കുന്നു. പിതാവിനോടുകൂടി ആശ്രമത്തിൽതന്നെയാണ് താമസിക്കുന്നത്. ആശ്രമത്തിൽ മറ്റാരുംതന്നെയില്ല. മനുഷ്യനായി അച്ഛനെമാത്രമേ ഋശ്യശൃംഗൻ കണ്ടിട്ടുള്ളൂ. ഒന്ന് പ്രത്യേകമാണ് ആ ബ്രഹ്മചാരിയുടെ പരിശുദ്ധി.

ലോമപാദൻ മന്ത്രിമാരോട് ഒന്ന് ആവശ്യപ്പെട്ടു—വനത്തിൽ ചെന്ന് ഋശ്യശൃംഗനെ കൂട്ടിക്കൊണ്ടു വരണം.

മന്ത്രിമാർക്ക് വല്ലാത്ത ഭയം തോന്നി. തങ്ങൾ ആശ്രമത്തിൽ വച്ച് വല്ല അവിവേകവും പ്രവർത്തിച്ചു എന്നു വന്നാലോ? വിഭണ്ഡകൻ മാത്രമല്ല, ഋശ്യശൃംഗനും ശപിച്ചെന്നു വരും. ഇരുവരുടേയും ശാപശക്തി നശിപ്പിക്കാത്തയാതൊന്നുമില്ല. അങ്ങോട്ട് പോകാതിരിക്കുന്നതാണ് നന്ന്. അതായിരുന്നു മന്ത്രിമാരുടെ നിലപാട്. അവർ രാജാവിനോട് പലേ ഒഴികഴിവുകളും പറഞ്ഞു. അവ തള്ളിക്കളയാൻ രാജാവിന് നിവൃത്തിയില്ലെന്നായി.

എന്നാലിനി സുന്ദരികളായ കുറെ യുവതികളെ അയയ്ക്കുകതന്നെ—അതായി ലോമപാദന്റെ തീരുമാനം. അദ്ദേഹം അവർക്ക് വേണ്ടതായ എല്ലാ നിർദ്ദേശങ്ങളും നല്കി.

സുന്ദരികൾ ഒന്നിച്ച് വനത്തിലേക്കു പോയി. അവർ വിഭണ്ഡകന്റെ ആശ്രമം കണ്ടുപിടിച്ചു.

അവിടെ കയറിപ്പോയോ? ഇല്ല. മഹർഷിയെ വലിയ ഭയമാണ് അവർക്ക്. അദ്ദേഹം ഇല്ലാത്ത സമയത്ത് ഋശ്യശൃംഗനെ ചെന്നു കാണണം. ചില പ്രലോഭനങ്ങൾ നല്കി ആ യുവാവിനെ വശപ്പെടുത്തണം—അതായിരുന്നു അവരുടെ പദ്ധതി.

ഒരിക്കൽ വിഭണ്ഡകൻ ആശ്രമത്തിൽനിന്ന് ഇറങ്ങിപ്പോയി. ആ തക്കം നോക്കി യുവതികൾ ഋശ്യശൃംഗനെ ചെന്നു കണ്ടു. ആ ബ്രഹ്മചാരി വന്നവരെ നോക്കി. ആദ്യമായിട്ടാണ് അന്യരെ കാണുന്നത്. പുരുഷന്മാർ മാത്രമേ ലോകത്തുള്ളൂ എന്നാണ് വിചാരം. ആ പരമശുദ്ധൻ സ്ത്രീകളെ പുരുഷന്മാരെന്ന് തെറ്റിദ്ധരിച്ചു.

'എന്റെ അച്ഛന്റെ ആശ്രമം അടുത്തുതന്നെയാണ്. നിങ്ങൾ അങ്ങോട്ട് വരുവിൻ.എനിക്ക് നിങ്ങളെ സത്കരിക്കാൻ ആഗ്രഹമുണ്ട്.' ഋശ്യശൃംഗൻ ക്ഷണിച്ചു.

യുവതികൾ മുനികുമാരനോടുകൂടി ആശ്രമത്തിലേക്ക് ചെന്നു.

മുനികുമാരൻ അതിഥികൾക്ക് കായ്കളും കനികളും നൽകി.

'ഞങ്ങളുടെ പക്കലും കായ്കനികളുണ്ട്. അങ്ങ് അവ സ്വീകരിക്കണം.' അവർ പറഞ്ഞു.

അതിനുശേഷം അവർ ചിലതെല്ലാം എടുത്തു കൊടുത്തു. വാസ്തവത്തിൽ അവ കായ്കനികൾ ആയിരുന്നില്ല. പിന്നെയോ, ഉരുണ്ട പലഹാരങ്ങൾ! ഋശ്യശൃംഗന് പലഹാരങ്ങളെക്കുറിച്ച് അറിവില്ല. അങ്ങനെയുള്ള ആഹാരപദാർത്ഥങ്ങൾ ഉണ്ടെന്ന് സ്വപ്നത്തിൽക്കൂടി കണ്ടിട്ടുമില്ല. പലഹാരങ്ങൾ കായ്കനികൾതന്നെ എന്നായി ധാരണ. താൻ കണ്ടിട്ടില്ലാത്ത പുതിയമാതിരിയുള്ള കായ്കനികൾ! മുനികുമാരൻ അവ വാങ്ങി തിന്നു. ഹാ, എന്തൊരു സ്വാദാണ് ഇവയ്ക്കെല്ലാം!

സുന്ദരികൾ ആശ്രമം വിട്ടിറങ്ങി. എന്നിട്ട് അടുത്തൊരിടത്ത് ഒളിച്ചിരുന്നു. വിഭണ്ഡകൻ വന്ന് കയറിയാൽ വലിയ കുഴപ്പമാവുകയില്ലേ? അതുകൊണ്ടാണ് അവർ അപ്രകാരം ചെയ്തത്.

ഋശ്യശൃംഗൻ മാത്രമായി ആശ്രമത്തിൽ.

മുനികുമാരന്റെ മനസ്സിനും വല്ലാത്ത ഒരുതരം അസ്വസ്ഥത! തെല്ലു മുമ്പുവരെ അതിഥികൾ ഉണ്ടായിരുന്നു. അവരുടെ സാന്നിദ്ധ്യം, അവരുമായുള്ള സംഭാഷണം—അവയൊക്കെ എത്രമാത്രം ഹൃദ്യമായിരുന്നു! അവർ പോയപ്പോൾ ഏകാന്തത അനുഭവപ്പെട്ടു—സഹിക്കാനാവാത്ത ഒരുതരം ഏകാന്തത!

ഇനിയും അവരെ കാണണം. അവരുമായി സഹവസിക്കണം—അതായി ഋശ്യശൃംഗന്റെ ആഗ്രഹം. മുനികുമാരൻ ആശ്രമത്തിൽനിന്നിറങ്ങി യുവതികൾ ഒളിച്ചിരുന്ന സ്ഥലം കണ്ടുപിടിച്ചു.

അതിനു തന്നെയാണവർ കാത്തിരിക്കുന്നത്.

'മുനികുമാരാ, ഞങ്ങൾക്കും ആശ്രമമുണ്ട്. അത് വളരെ ദൂരെയാണ്. വരൂ, നമുക്ക് അങ്ങോട്ട് പോകാം.' അവർ ഋശ്യശൃംഗനെ ക്ഷണിച്ചു.

ഒന്നുമറിയാത്ത ഋശ്യശൃംഗൻ സമ്മതിച്ചു. സുന്ദരികൾ നാട്ടിലേക്ക് നടന്നു. ഋശ്യശൃംഗൻ അവരെ അനുഗമിച്ചു.

അങ്ങനെ, ഋശ്യശൃംഗൻ ആദ്യമായി അംഗരാജ്യത്തിൽ കാലുകുത്തി. ആ സമയംവരെ ആ രാജ്യത്ത് മഴയില്ലാത്ത അവസ്ഥയായിരുന്നു. എന്നാൽ, ആ നിമിഷം മഴ ധാരധാരയായി വർഷിച്ചു തുടങ്ങി. ഋശ്യശൃംഗന്റെ മഹത്ത്വമായിരുന്നു അതിനു കാരണം.

ലോമപാദൻ ഋശ്യശൃംഗനെ അത്യാദരവോടെ സ്വീകരിച്ചു സത്കരിച്ചു. ഋശ്യശൃംഗൻ കുറെക്കാലം രാജധാനിയിൽ താമസിച്ചു. അതിനിടയ്ക്ക് ബാഹ്യലോകത്തെക്കുറിച്ചു പരിചയം സമ്പാദിച്ചു. മഹാരാജാവ് പുത്രിയായ ശാന്തയെ ഋശ്യശൃംഗന് നൽകി.

പില്ക്കാലത്ത് അയോദ്ധ്യയിലെ ദശരഥമഹാരാജാവ് പുത്രകാമേഷ്ടിയാഗം നടത്താൻ നിശ്ചയിച്ചു. പുത്രന്മാർ ഉണ്ടാവാൻവേണ്ടിയുള്ളതായിരുന്നു ആ യാഗം. ദശരഥൻ ലോമപാദന് ഒരു അപേക്ഷ അയച്ചു—യാഗം നടത്താനായി ഋശ്യശൃംഗനെ അയച്ചുകൊടുക്കണം എന്ന്. ലോമപാദൻ ആ അപേക്ഷ കൈക്കൊള്ളുകയും ചെയ്തു. അങ്ങനെ ഋശ്യശൃംഗൻ അയോദ്ധ്യയിലെത്തി ദശരഥന്റെ പുത്രകാമേഷ്ടിയാഗം നടത്തി. ഫലമായി ജനിച്ചവരാണ് ശ്രീരാമൻ, ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ എന്നിവർ.

(വാല്മീകിരാമായണം)

ശുക്രന്റെ ജന്മങ്ങൾ

ഭൃഗുമഹർഷി തപസ്സിൽ ഏർപ്പെട്ടിരിക്കുന്നു. മന്ദരപർവ്വതത്തിന്റെ താഴ്വരയിലാണു തപസ്സ്. അരികത്ത് ശുശ്രൂഷിച്ചുനില്പുണ്ട് പുത്രനായ ശുക്രൻ.

സമാധിയിൽ ലയിച്ചിരിക്കുകയാണ് ഭൃഗു. അല്പം അകലെ ശുക്രൻ ഇരിക്കുന്നു. അതിസുന്ദരിയായ ഒരു അപ്സരസ്സ് ആടിക്കുഴഞ്ഞുപോവുകയായിരുന്നു. അവളെ കണ്ടപ്പോൾ ശുക്രന്റെ മനസ്സു ചഞ്ചലമായി.

കണ്ണടച്ച് ശുക്രൻ മനോരാജ്യത്തിൽ വിഹരിച്ചുതുടങ്ങി.

മനസ്സിൽ—മനസ്സിൽ മാത്രം—ശുക്രൻ സ്വർഗലോകത്ത് എത്തിച്ചേരുന്നു. ദേവേന്ദ്രൻ പ്രൗഢിയോടുകൂടി സിംഹാസനത്തിൽ ഇരിപ്പുണ്ട്. ചുറ്റിനും അഴകേറിയ ദേവസ്ത്രീകൾ പരിചരിച്ചു നിൽക്കുന്നു. യുവാവായ ശുക്രൻ ദേവേന്ദ്രനെ വന്ദിക്കുന്നു. ദേവേന്ദ്രൻ ശുക്രനെ സ്വീകരിക്കുന്നു. അതിനുശേഷം സ്വർഗം നടന്നുകാണാൻ അയയ്ക്കുന്നു. ഒരിടത്ത് ഒട്ടേറെ സുന്ദരികൾ നില്ക്കുന്നുണ്ട്. അവരുടെയിടയിൽ പഴയ അപ്സരസ്സുണ്ട്! എന്തിനു പറയുന്നു, ശുക്രനും അപ്സരസ്സും വിവാഹിതരാകുന്നു. അവർ വളരെക്കാലം സുഖമായി ജീവിക്കുന്നു. അപ്പോഴേക്കും ഒരു തകരാറുണ്ടാകുന്നു. ശുക്രൻ നേടിയിട്ടുള്ള പുണ്യങ്ങളെല്ലാം ക്ഷയിച്ചുപോകുന്നു. അതോടെ അദ്ദേഹം ഭൂമിയിൽ പതിക്കുന്നു. ജീവൻ വേറിട്ട് പലയിടങ്ങളിലും സഞ്ചരിക്കുന്നു. ഒടുവിൽ ഒരു മുനിയായിട്ടു ജന്മമെടുക്കുന്നു. അതിനുശേഷം മദ്രരാജ്യത്തിലെ രാജാവായി ജനിക്കുന്നു. വേറെ ചില ജന്മങ്ങളുമെടുക്കുന്നു. അതിനുശേഷം ഒരു മഹർഷിയാവുന്നു. ആ മഹർഷി മരിക്കുകയും ചെയ്യുന്നു.

ഭൃഗു സമാധിയിൽനിന്ന് ഉണർന്നപ്പോഴോ? ശുക്രൻ ഇരുന്നിടത്ത് ശുക്രന്റെ ശവശരീരം! പുത്രൻ മൃതനാവാൻ കാലനാണ് കാരണക്കാരൻ.

ഭൃഗുവിന് കാലനോട് കടുത്ത കോപം തോന്നി. അദ്ദേഹം കാലനെ ശപിക്കാൻ ഒരുക്കമായി. അതറിഞ്ഞ് കാലൻ മുന്നിൽ വന്നെത്തി.

'മഹർഷേ, ഞാൻ എന്റെ കർത്തവ്യം നിറവേറ്റുകയാണ്. അങ്ങ് തപശ്ശക്തി സമ്പാദിച്ചയാളാണ്. എന്നെ ശപിച്ചാൽ അങ്ങയുടെ തപശ്ശക്തി നശിക്കും. അതു വമ്പിച്ചൊരു നഷ്ടമാവുകയും ചെയ്യും.' കാലൻ ചൂണ്ടിക്കാട്ടി.

ഭൃഗുമഹർഷി കേട്ടുകൊണ്ടിരുന്നു.

കാലൻ തുടർന്നു:

'മഹർഷേ, അങ്ങയുടെ പുത്രനായ ശുക്രൻ പലേ ജന്മങ്ങളും എടുത്തുകഴിഞ്ഞു. ഇപ്പോൾ ഒരു യുവമഹർഷിയായി ജീവിക്കുകയാണ്. സമംഗാനദിയുടെ തീരത്ത് തപസ്സു ചെയ്യുകയാണ് ആ യുവമഹർഷി. അങ്ങേക്കു ജ്ഞാനനേത്രം ഉണ്ടല്ലോ. അങ്ങ് ആ ജ്ഞാനനേത്രം തുറന്നു നോക്കണം. അപ്പോളെല്ലാം വിശദമായി കാണാം.

ഭൃഗു കാലന്റെ ഉപദേശം അംഗീകരിച്ചു. അദ്ദേഹം ജ്ഞാനനേത്രം തുറന്ന് ഒന്നു നോക്കി. നോട്ടം സമംഗാനദിയുടെ തീരത്തിലെത്തി. അവിടെ കണ്ടു യുവമഹർഷിയായി തപസ്സുചെയ്യുന്ന സ്വപുത്രനെ!

ഇനി ശരീരംകൊണ്ട് അവിടെ എത്തണം. ഭൃഗു കാലന്റെ കൈപിടിച്ചു. ഒരു ക്ഷണംകൊണ്ട് ഇരുവരും സമംഗാതീരത്ത് എത്തിച്ചേർന്നു. അവിടെ ശുക്രൻ ധ്യാനത്തിൽ മുഴുകിയിരുപ്പുണ്ട്.

'ശുക്രാ, സമാധിയിൽനിന്ന് ഉണരൂ.' കാലൻ ആവശ്യപ്പെട്ടു.

ശുക്രൻ കണ്ണുകൾ മിഴിച്ചുനോക്കി. മുമ്പിൽ നില്ക്കുന്നു അച്ഛനും കാലനും! അദ്ദേഹം എഴുന്നേറ്റ് അവരെ നമസ്കരിച്ചു.

പിന്നീട് ശുക്രൻ സ്വന്തം ശരീരത്തിൽ പ്രവേശിച്ചു—അതായത്, ഭൃഗു തപസ്സുചെയ്തിടത്തു കിടന്ന ശരീരത്തിൽ. ഭൃഗു മന്ത്രം ഉരുക്കഴിച്ച് ജലം തളിച്ചു. ശുക്രൻ ജീവിച്ചെണീറ്റു, പഴയപോലെ!

(വാസിഷ്ഠരാമായണം)

ഭൃഗുപത്നിയും ജയന്തിയും

പ്രഹ്ലാദൻ അസുരചക്രവർത്തിയായതിനു ശേഷമാണ്. അദ്ദേഹവും ദേവേന്ദ്രനും തമ്മിൽ ഒരു സമരമുണ്ടായി. ആ യുദ്ധത്തിൽ പ്രഹ്ലാദനു വിജയം ലബ്ധമായില്ല. അദ്ദേഹം തത്കാലത്തേക്ക് മഹാബലിക്ക് ചക്രവർത്തിത്വം നൽകി. എന്നിട്ട് തപസ്സിനായി ഗന്ധമാദനത്തിലേക്ക് പോയി.

മഹാബലിയും ദേവന്മാരോടു തോറ്റുപോയി.

അസുരന്മാർ ഗുരുവായ ശുക്രനെ ശരണം പ്രാപിച്ചു.

'ഗുരോ, അങ്ങല്ലാതെ ഞങ്ങൾക്ക് മറ്റാരും ആശ്രയമില്ല. അങ്ങ് ഞങ്ങളെ ജയിപ്പിക്കണം.' അവർ അപേക്ഷിച്ചു.

ശുക്രൻ അവരെ സമാധാനപ്പെടുത്തി:

'നിങ്ങൾ ഒട്ടും ഭയപ്പെടേണ്ട. ഇനിയും യുദ്ധം ഉണ്ടാകുമ്പോഴോ? ഞാൻ ശക്തിയേറിയ ചില മന്ത്രങ്ങൾ പ്രയോഗിക്കും. അവ നിങ്ങളെ തീർച്ചയായും സഹായിക്കും.' അദ്ദേഹം വാഗ്ദാനം ചെയ്തു.

വീണ്ടും ദേവാസുരയുദ്ധം ആരംഭിച്ചു. ഇപ്രാവശ്യം എന്താണ് ഉണ്ടായത്? ശുക്രന്റെ മന്ത്രശക്തി ദേവന്മാരെ തുരത്തി.

ശുക്രൻ ശിഷ്യന്മാരെ അരികിൽ വിളിച്ചു:

'ദേവന്മാരുടെ കാര്യം സാരമില്ലെന്നു വയ്ക്കാം. പക്ഷേ, അവർക്ക് മഹാവിഷ്ണുവിന്റെ തുണയുണ്ട്. എന്റെ മന്ത്രങ്ങൾക്ക് അളവറ്റ ശക്തിയുണ്ട്, ശരിതന്നെ. എങ്കിലും അവർക്ക് മഹാവിഷ്ണുവിനെ തോല്പിക്കുവാൻ സാധ്യമല്ല. ശിവനിൽനിന്നു കൂടുതൽ ശക്തിയുള്ള മന്ത്രം ലഭിക്കുകയില്ലേ? അതൊന്നു പരീക്ഷിച്ചുനോക്കണം. ഞാനിതാ ശിവനെ കാണാൻ പോവുകയാണ്.' മഹർഷി അറിയിച്ചു.

'ഗുരോ, അങ്ങ് മടങ്ങിവരുന്നതുവരെ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?' അസുരന്മാർ ആരാഞ്ഞു.

'നിങ്ങൾ പുറമേ സമാധാനം കാംക്ഷിക്കുന്നവരായി ഭാവിക്കണം. ദേവന്മാരോട് ഇടയാതെ അടങ്ങി നിൽക്കണം. ഞാൻ തിരിച്ചു വന്നിട്ട് വേണ്ടതു ചെയ്യാം.' ശുക്രൻ പറഞ്ഞു.

മഹർഷി ഉടനെതന്നെ കൈലാസത്തിലേക്ക് യാത്രയായി.

അസുരന്മാർ യുദ്ധം മതിയാക്കി കീഴടങ്ങി. അവർക്ക് അതൊട്ടും ഇഷ്ടമായിരുന്നില്ല. ഗുരുവിന്റെ ഉപദേശം അനുസരിച്ച് പ്രവർത്തിക്കുക മാത്രമാണ് ചെയ്തത്. അദ്ദേഹം ശിവന്റെ അടുക്കൽ നിന്ന് മടങ്ങിവന്നോട്ടെ. അപ്പോൾ കാണാം നേരമ്പോക്ക്!

ശുക്രൻ കൈലാസത്തിലെത്തി ശിവനെ വന്ദിച്ചു.

'എന്താ പോന്നത്?' ശിവൻ അന്വേഷിച്ചു.

'ഭഗവാനേ, അവിടുന്ന് എനിക്കൊരു മന്ത്രം തരണം—ദേവന്മാരെ ജയിക്കാനുള്ള മന്ത്രം. അതിനാണ് ഞാനിങ്ങോട്ടു വന്നത്.' ശുക്രൻ കൂപ്പുകൈയോടെ പറഞ്ഞു.

എളുപ്പമുള്ള ഒന്നല്ല മന്ത്രസിദ്ധി. അതിനു വളരെയധികം അദ്ധ്വാനിക്കേണ്ടതുണ്ട്. അത് എന്താണെന്ന് ശിവൻ അറിയിച്ചു.

'ശുക്രാ, നീ തലകീഴായി കിടക്കണം. ആ നിലയിൽ പുക കുടിക്കണം. ആയിരം സംവത്സരം തുടർച്ചയായി അതു വേണംതാനും. എന്നാൽ മന്ത്രം ലഭിക്കും.' ഭഗവാൻ പറഞ്ഞു.

സാധാരണക്കാർക്ക് സാദ്ധ്യമാകാത്ത ഒരു കർമം! പക്ഷേ, ശുക്രൻ ഭഗ്നാശനായില്ല. അദ്ദേഹം കഠിനമായ ആ വ്രതം ആരംഭിച്ചു.

എങ്ങനെയെന്നറിഞ്ഞില്ല, ആ വിവരം ദേവന്മാർക്ക് അറിവായി. ശുക്രൻ സ്ഥലത്തില്ലാത്തത് നന്നായില്ലേ? അവർ അസുരന്മാരുടെ നേർക്ക് ആക്രമണം നടത്തി. അസുരന്മാർക്ക് നില്ക്കക്കള്ളിയില്ലാതായി. അവർ ഓടിപ്പോയി ഒരാളെ ശരണം പ്രാപിച്ചു. ആരെയെന്നോ, ശുക്രന്റെ മാതാവിനെ!

'നിങ്ങൾ ഒട്ടും പേടിക്കേണ്ട. ഞാൻ വേണ്ടതൊക്കെ ചെയ്തുകൊള്ളാം.' ശുക്രമാതാവ് അവരെ ധൈര്യപ്പെടുത്തി.

ധീരയെന്നുമാത്രമല്ല, വളരെക്കൂടുതൽ തപോബലം ഉള്ളവളുമാണ് ആ സ്ത്രീ. അസുരന്മാർ ശുക്രമാതാവിന്റെ സംരക്ഷണത്തിൽ സംഘടിച്ചു നില്പായി. താമസിയാതെ ദേവന്മാർ ആയുധപാണികളായി വന്നെത്തി. അപ്പോൾ ശുക്രമാതാവ് എന്താണ് ചെയ്തത്? എതിരാളികളെ കീഴ്പ്പെടുത്താനായി നിദ്രയെ നിയോഗിച്ചു. ദേവന്മാർ നിലത്തു വീണ് ഉറങ്ങിപ്പോകു

മായിരുന്നു—മഹാവിഷ്ണു സഹായത്തിന് എത്തിയിരുന്നില്ലെങ്കിൽ. ഭഗവാന്റെ മുമ്പിൽ നിദ്രയുടെ ശക്തി നശിച്ചുപോയി.

ശുക്രമാതാവ് ഏറ്റവും ഉഗ്രമായി ഗർജിച്ചു:

'ദേവേന്ദ്രാ, ഞാനിപ്പോൾ നിന്നെ ഭക്ഷിക്കും!' അവർ പറഞ്ഞിട്ട് മുന്നോട്ടടുത്തു.

എതിർത്തു നില്ക്കാൻ ദേവേന്ദ്രനു സാധിക്കയില്ല. അക്കാര്യം മഹാവിഷ്ണുവിന് അറിയാമായിരുന്നു. ഭഗവാൻ ചക്രം പ്രയോഗിച്ചു ശുക്രമാതാവിന്റെ ശിരസ്സ് ഛേദിച്ചു.

എന്നാൽ, ആ വധത്തിന് ചില അനന്തരഫലങ്ങൾ ഉളവായി. ശുക്രന്റെ പിതാവാണല്ലോ ഭൃഗുമഹർഷി. പ്രിയ പത്നിയെ മഹാവിഷ്ണു വധിച്ചില്ലേ? ആ സമയത്ത് ഭൃഗുവിന്റെ ക്രോധം കത്തിക്കാളി.

മഹർഷി മഹാവിഷ്ണുവിനെ നേരിട്ടു:

'അങ്ങ് അരുതാത്തത് ചെയ്തിരിക്കുന്നു. ദേവേന്ദ്രനുവേണ്ടി അങ്ങ് എന്നെ വിഭാര്യനാക്കി. അതിനാൽ ഞാനിതാ അങ്ങയെ ശപിക്കുന്നു. അങ്ങ് പല പ്രാവശ്യം ഭൂമിയിൽ ജനിക്കാൻ സംഗതി വരട്ടെ!' അദ്ദേഹം പറഞ്ഞു.

മഹാവിഷ്ണു മനുഷ്യനായും മറ്റും ജന്മം എടുക്കുകയുണ്ടായല്ലോ. അതിനുള്ള കാരണങ്ങളിൽ ഒന്നായിരുന്നു ഭൃഗുശാപം. അതൊക്കെ പില്ക്കാലത്തായിരുന്നുതാനും. അക്കഥ പോകട്ടെ. ഭഗവാനെ ശപിച്ചതിനു ശേഷം ഭൃഗു എന്തു ചെയ്തു? പത്നിയുടെ ശിരസ്സും ശരീരവും ചേർത്തുവച്ചു. എന്നിട്ട് ഉറക്കെ വിളിച്ചുപറഞ്ഞു: എനിക്ക് വേദജ്ഞാനവും തപശ്ശക്തിയും ഉണ്ടെങ്കിൽ എന്റെ പത്നി ജീവിക്കട്ടെ! അതിനുശേഷം മഹർഷി മന്ത്രം ചൊല്ലി ജലം തളിച്ചു. ആ നിമിഷം ഭൃഗുപത്നി ജീവിച്ചെണീറ്റു—ഉറക്കത്തിൽനിന്ന് ഉണരുന്നതുപോലെ!

മഹാവിഷ്ണു വധിച്ച ഭൃഗുപത്നി ജീവിച്ചപ്പോഴോ? ദേവേന്ദ്രന്റെ സ്മരണ ശുക്രന്റെ നേർക്കു തിരിഞ്ഞു. മന്ത്രശക്തിക്കുവേണ്ടി അത്യുഗ്രമായ അനുഷ്ഠാനം നിർവഹിക്കുകയാണ് അസുരഗുരു. വ്രതം അവസാനിച്ചാൽ അദ്ദേഹത്തിന്റെ ശക്തി വളരെ വർദ്ധിക്കും. അപ്പോൾ അദ്ദേഹം തന്നോടു കോപിച്ചാലോ? തനിക്ക് തകരാറുവരും. അതില്ലാതെ കഴിക്കാനായി ദേവേന്ദ്രൻ ഒരു ഉപായം പ്രയോഗിച്ചു. അദ്ദേഹം പുത്രിയായ ജയന്തിയെ അരികിൽ വിളിച്ചു:

'മകളേ, ഞാൻ നിന്നെ ശുക്രപത്നിയായി സങ്കല്പിച്ചിരിക്കുന്നു. നീ അദ്ദേഹത്തെ ശ്രദ്ധയോടെ ശുശ്രൂഷിക്കണം. സർവവിധേനയും അദ്ദേഹത്തെ പ്രീതിപ്പെടുത്തുകയും വേണം.' ദേവേന്ദ്രൻ ആവശ്യപ്പെട്ടു.

പിതൃഭക്തയായ ജയന്തി ഉടൻതന്നെ സ്വർഗംവിട്ടിറങ്ങി. താമസിയാതെ ശുക്രന്റെ അടുക്കൽ എത്തുകയും ചെയ്തു. ധൂമപാനം വ്രതമായി അനുഷ്ഠിക്കുകയാണല്ലോ ശുക്രൻ. ജയന്തി വാഴയിലയെടുത്ത് അദ്ദേഹത്തെ വീശി. കുടിക്കാൻ കുളിർത്ത തെളിനീർ നൽകി. വെയിലിൽനിന്നു രക്ഷിക്കാനോ? തന്റെ ഉത്തരീയം എടുത്ത് കുടപോലെ പിടിച്ചു. എന്തിനു പറയുന്നു, എല്ലാവിധത്തിലും അവൾ അദ്ദേഹത്തെ ശുശ്രൂഷിച്ചു—ഏറ്റവും ആത്മാർത്ഥവും ഏകാഗ്രവും ആയ ശുശ്രൂഷ!

ദിവസങ്ങൾ അല്ല, മാസങ്ങൾ അല്ല, അനേകം വർഷങ്ങൾതന്നെ. ആ വിധത്തിൽ ജയന്തി ശുശ്രൂഷ തുടർന്നുപോയി. ഒടുവിൽ ആയിരം വർഷവും കഴിയുകയായി. മുമ്പ് ശിവൻ സൂചിപ്പിച്ചിരുന്ന കാലഘട്ടം. സംപ്രീതനായ

ശിവൻ പ്രത്യക്ഷനായി ശുക്രനു മന്ത്രശക്തി നൽകി. അതിനുശേഷം ഭഗവാൻ മറയുകയുംചെയ്തു.

അപ്പോൾ ശുക്രൻ ശുശ്രൂഷികയോടു സംസാരിച്ചു:

'ഹേ സുന്ദരീ, ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. എന്താണ് നിന്റെ ആഗ്രഹം? എന്തായാലും ഞാൻ സാധിപ്പിച്ചുതരാം.' അദ്ദേഹം ആർദ്രതയോടെ പറഞ്ഞു.

'മഹർഷേ, ദേവേന്ദ്രന്റെ പുത്രിയായ ജയന്തിയാണു ഞാൻ. എനിക്ക് ഒരേ ഒരു ആഗ്രഹമേയുള്ളൂ—അങ്ങ് എന്റെ ഭർത്താവാകണം.' അവൾ അറിയിച്ചു.

'ശരി. ഞാൻ നിന്റെ ഭർത്താവാകാം—പക്ഷേ, പത്തു വർഷത്തേക്ക് മാത്രം.' മഹർഷി പറഞ്ഞു.

അദ്ദേഹം മായ പ്രയോഗിച്ച് അവളെ മറച്ചു. സ്വയം മറയുകയുംചെയ്തു. അങ്ങനെ ആരും കാണാതെ അവർ ദാമ്പത്യം ആരംഭിച്ചു.

അസുരന്മാർക്ക് ഒരു വിവരം അറിവായി—ഗുരുവിന്റെ വ്രതം അവസാനിച്ചിരിക്കുന്നു എന്ന്. അവർ പല നാൾ കാത്തിരുന്നിട്ടും അദ്ദേഹത്തെ കണ്ടില്ല. എല്ലായിടങ്ങളിലും അദ്ദേഹത്തെ അന്വേഷിച്ചു. ഒരു ഫലവും ഉണ്ടായില്ല. അദ്ദേഹം മറഞ്ഞ് ഇരിക്കുകയല്ലേ?

അതേ സമയം അവരുടെ ശത്രുവായ ദേവേന്ദ്രൻ കാര്യമറിഞ്ഞു.

അദ്ദേഹം ബൃഹസ്പതിയെ ചെന്നു കണ്ടു.

'അങ്ങ് ബുദ്ധികൗശലം പ്രയോഗിക്കണം. അങ്ങനെ നമ്മുടെ കാര്യം നേടണം.' ദേവേന്ദ്രൻ പറഞ്ഞു.

ബൃഹസ്പതി ഉടൻതന്നെ ഒരുങ്ങി ഇറങ്ങി. അസുരന്മാരെ പറ്റിക്കാനാണു നിശ്ചയം. അതിനായി എന്തു സൂത്രമാണ് പ്രയോഗിച്ചതെന്നോ? മായാശക്തികൊണ്ട് ശുക്രന്റെ രൂപം ധരിച്ചു. ആരു കണ്ടാലും ശുക്രനെന്നേ വിചാരിക്കൂ. വേഷം അത്രമാത്രം ഒത്തിരുന്നു. അദ്ദേഹം അസുരന്മാരെ ചെന്നു കണ്ടു. അസുരന്മാർ വഞ്ചിതരായി. ഗുരു തന്നെ എന്നായി അവരുടെ തെറ്റിദ്ധാരണ.

'ശിഷ്യന്മാരേ, എനിക്ക് ശിവനിൽനിന്ന് മന്ത്രശക്തി ലഭിച്ചിരിക്കുന്നു. ഇനിമേൽ നിങ്ങൾക്കു യാതൊരു ഭയവും വേണ്ട.' ശുക്രനായി നടിക്കുന്ന ദേവഗുരു പറഞ്ഞു.

തുടർന്ന് അദ്ദേഹം എന്താണ് ചെയ്തത്? ധർമത്തിനു വിരുദ്ധമായ കാര്യങ്ങൾ സംസാരിച്ചു. വളരെ കൗശലത്തോടുകൂടിയാണ് കാര്യം പറ്റിച്ചത്. ധർമത്തിന് അനുകൂലമെന്നേ സാധാരണക്കാർക്ക് തോന്നൂ. വാസ്തവത്തിൽ മറിച്ചായിരുന്നുതാനും. അസുരന്മാരുടെ ഇടയിൽ പതുക്കെ അധർമം പരത്തണം— അതിനാണ് ബൃഹസ്പതി കപടവിദ്യ പ്രയോഗിച്ചത്. ആ കപടവിദ്യയ്ക്ക് കീഴടങ്ങിപ്പോയി അസുരന്മാർ.

പത്തു വർഷം നീണ്ടുനിന്നു ശുക്രന്റെ ദാമ്പത്യം.

അതിനുശേഷം അദ്ദേഹം പത്നിയെ വേർപിരിഞ്ഞു.

'ജയന്തീ, ഞാൻ ആദ്യമേ പറഞ്ഞകാലം കഴിഞ്ഞിരിക്കുന്നു. എനിക്ക് ഇപ്പോൾ ശിഷ്യന്മാരുടെ അടുക്കലേക്ക് പോകാതെ തരമില്ല.' അദ്ദേഹം പറഞ്ഞു.

അങ്ങനെ അദ്ദേഹം അസുരന്മാരുടെ ആസ്ഥാനത്തിൽ തിരിച്ചെത്തി. അപ്പോൾ അദ്ദേഹം എന്താണ് കണ്ടത്? തന്റെ വേഷത്തിൽ ഗുരു ചമഞ്ഞിരിപ്പുണ്ട് ഒരാൾ. ആരാണീ വിരുതൻ? ശ്രദ്ധിച്ചു നോക്കിയപ്പോൾ ആളെ തിരിച്ചറിഞ്ഞു—തന്റെ ബദ്ധശത്രുവായ ബൃഹസ്പതി! ഇയാളെ ഇങ്ങനെ വിട്ടുകൂടാ! അസുരന്മാരെ സത്യം അറിയിക്കണം.

'പ്രിയപ്പെട്ട ശിഷ്യന്മാരേ, അതാ ഇരിക്കുന്നില്ലേ ആൾ? അത് ദേവഗുരുവായ ബൃഹസ്പതിയാണ്. ശരിക്കുള്ള ശുക്രൻ ഞാനാണ്. അയാൾ നിങ്ങളെ ചതിക്കുകയാണ്, കേട്ടോ? എന്റെ വേഷം കെട്ടിയ കള്ളൻ! നിങ്ങൾ അയാളെ വിശ്വസിക്കരുത്. അടിച്ചു പുറത്തിറക്കുവിൻ!' അദ്ദേഹം പറഞ്ഞു.

അസുരന്മാർ ബൃഹസ്പതിയെ സൂക്ഷിച്ചുനോക്കി. ഗുരുവിന്റെ തത്സ്വരൂപം! അതുതന്നെയാണ് വാസ്തവത്തിൽ ശുക്രൻ. അതിൽ അവർക്ക് യാതൊരു സംശയവും ഉണ്ടായില്ല. അവർ ബൃഹസ്പതിയുടെ മായയിൽ കുടുങ്ങിയിരുന്നു. പത്തു വർഷമായി ഗുരു പുതിയ കാര്യങ്ങൾ പഠിപ്പിച്ചുവരുന്നു. ഇപ്പോൾ കേറി വന്നിരിക്കുന്നവൻ ഏതോ വഞ്ചകനാണ്! അവർ സാക്ഷാൽ ശുക്രനെ ഭർത്സിച്ചു. വീണ്ടും വീണ്ടും ഭർത്സിച്ചു.

തന്റെ സൂത്രം ഫലിച്ചില്ലെ? അതിൽ ബൃഹസ്പതി രഹസ്യമായി സന്തോഷിച്ചു. ആരു തന്നെ സന്തോഷിക്കുകയില്ല?

ശുക്രന് അതിയായ അമർഷമുണ്ടായി.

'ഹേ അസുരന്മാരേ, നിങ്ങൾ എന്നെ അവിശ്വസിക്കുന്നു. അതിന്റെ ഫലം നിങ്ങൾ അനുഭവിക്കും!' അസുരഗുരു വിളിച്ചുപറഞ്ഞു.

അദ്ദേഹം കോപത്തോടെ ഇറങ്ങി ഒരൊറ്റ പോക്ക്!

അധികം താമസിച്ചില്ല—ദേവഗുരു ദേവലോകത്തേക്ക് മടങ്ങിപ്പോയി.

'ദേവേന്ദ്രാ, ഞാൻ പോയ കാര്യം സാധിച്ചിരിക്കുന്നു. അസുരന്മാരെയും ശുക്രനെയും തമ്മിൽ അകറ്റിയിട്ടുണ്ട്. ശുക്രൻ അവരെ ഉപേക്ഷിച്ചു പോയിരിക്കുകയാണ്. അദ്ദേഹം ഏറ്റവും സന്തോഷത്തോടെ അറിയിച്ചു.

പിന്നീടാണ് അസുരന്മാർക്ക് പരമാർത്ഥം അറിവായത്—തങ്ങൾ ദേവഗുരുവിന്റെ കെണിയിൽ അകപ്പെട്ടുപോയി. ശരിക്കുള്ള ഗുരുവിനെ അവഹേളിച്ചതു കഷ്ടമായിപ്പോയി! അവർ ശുക്രനെ കണ്ടു കാൽക്കൽ വീണു മാപ്പിരന്നു.

ശുക്രന്റെ കണ്ണുകൾ ദേഷ്യംകൊണ്ട് ചുവന്നു.

'ഞാൻ ഉള്ളതു പറഞ്ഞപ്പോൾ നിങ്ങൾ വിശ്വസിച്ചില്ല. മാത്രമല്ല, ശത്രുപക്ഷം ചേർന്ന് എന്നെ പുറംതള്ളി. നിങ്ങൾ ബൃഹസ്പതിയുടെ അടുക്കലേക്ക് പൊയ്ക്കൊള്ളിൻ. അയാൾ നിങ്ങളെ കാത്തുകൊള്ളും!' അദ്ദേഹം പുച്ഛത്തോടെ പറഞ്ഞു.

അസുരന്മാർ വിവശരായി:

'ഞങ്ങളുടെ അറിവില്ലായ്മകൊണ്ട് ഇങ്ങനെയൊക്കെ വന്നുകൂടി. സർവജ്ഞനായ അങ്ങയുടെ ശിഷ്യരാണ് ഞങ്ങൾ. അങ്ങ് ഞങ്ങളെ കൈവെടിയരുതേ! അവർ യാചിച്ചു.

അത്രയുമായപ്പോൾ ശുക്രന്റെ കോപം തണുത്തു.

'കാലക്കേട് കാരണം നിങ്ങൾക്ക് തെറ്റു പറ്റി. അത് സാരമാക്കണ്ട. നിങ്ങൾക്ക് ഞാനെന്നും തുണനിൽക്കും. അദ്ദേഹം അവരെ സമാധാനപ്പെടുത്തി.'

വീണ്ടും ദേവാസുരയുദ്ധം ഉണ്ടായി. ഇപ്രാവശ്യം തോറ്റത് ദേവന്മാരാണ്. ദേവേന്ദ്രൻ ദേവിയെ ഭജിച്ചു സംപ്രീതയാക്കി. ദേവി അസുരന്മാരുടെ മുമ്പിൽ ആവിർഭവിച്ചു.

'നിങ്ങൾ ദേവന്മാരോടുള്ള യുദ്ധം മതിയാക്കണം. എന്നിട്ട് പാതാളത്തിലേക്ക് പോകണം.' ദേവി നിർദ്ദേശിച്ചു.

അസുരന്മാർ ദേവിയുടെ നിർദ്ദേശം അനുസരിച്ചു. അവരും ദേവന്മാരും വീണ്ടും സ്വൈര്യമായി ജീവിച്ചുതുടങ്ങി.

(ദേവീഭാഗവതം)

നാരദന് അമളി

വിഷ്ണുഭക്തനാണല്ലോ നാരദമഹർഷി. അന്യരെ അബദ്ധത്തിൽ ചാടിക്കാൻ വിരുതനും. എന്നാൽ, ഒരിക്കൽ നാരദനും അമളി പറ്റി.

അദ്ദേഹം ലോകസഞ്ചാരത്തിനിറങ്ങി. ഒന്നിച്ച് പർവതൻ എന്ന മഹർഷിയും. പുറപ്പെടും മുമ്പ് അവർ തമ്മിൽ ഒരു നിശ്ചയം ചെയ്തു. ഒരാൾക്ക് എന്തൊക്കെ അനുഭവങ്ങൾ ഉണ്ടായാലും ശരി, അവ മറ്റേ ആളോടു പറയും. ഗുരുതരമായ വിചാരംപോലും അറിയിക്കും. യാതൊന്നും മറച്ചു വെക്കുകയില്ല.

ഇരുവരും ഒന്നിച്ച് സ്വർഗലോകത്തുനിന്നും ഭൂമിയിൽ ഇറങ്ങി. പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. തീർത്ഥാടനങ്ങൾ ചെയ്തു. അങ്ങനെ ചുറ്റി നടന്നു. വേനൽക്കാലത്തിന്റെ അവസാനമായി. അപ്പോൾ ഒരു രാജ്യത്തിൽ എത്തി. സഞ്ജയൻ എന്നാണ് അവിടത്തെ രാജാവിന്റെ പേര്. അദ്ദേഹം മഹർഷിമാരെ യഥോചിതം സത്കരിച്ചു. മഹർഷിമാർ അവരുടെ ആഗ്രഹം അറിയിച്ചു—നാലു മാസം അവിടെത്തന്നെ താമസിക്കണം. കാരണം, അത്രയും കാലം മഴക്കാലമായിരിക്കും.

സഞ്ജയമഹാരാജാവിനു സന്തോഷമായി എന്നു പ്രത്യേകിച്ച് പറയണോ? അദ്ദേഹം വിശിഷ്ടമായ അതിഥികൾക്ക് ഒന്നാംതരം ഗൃഹം നൽകി. മാത്രമല്ല, മറ്റെല്ലാ സൗകര്യങ്ങളും. അവരെ ശുശ്രൂഷിക്കാൻ ഒരു യുവതിയെയും നിയോഗിച്ചു. മറ്റാരുമല്ല ആ യുവതി—രാജാവിന്റെ പ്രിയപ്പെട്ട പുത്രി! ദമയന്തി എന്നായിരുന്നു രാജകുമാരിയുടെ പേര്.

(നളചരിതത്തിലെ ദമയന്തിയല്ല.)

മഹർഷിമാരെ ശ്രദ്ധയോടെ പരിചരിച്ചു ദമയന്തി. കുളിക്കാൻ ചൂടുവെള്ളം, കഴിക്കാൻ വിഭവം നിറഞ്ഞ ഭക്ഷണം—എല്ലാം അവൾതന്നെ ഒരുക്കി. നാരദൻ ആയാലും ശരി, പർവതനായാലും ശരി, ഒരു പ്രാവശ്യംപോലും ഒന്നുംതന്നെ ആവശ്യപ്പെടേണ്ടതായിവന്നില്ല. ദമയന്തി വേണ്ടതെല്ലാം അറിഞ്ഞുചെയ്തുകൊള്ളും.

ആദ്യമൊക്കെ ദമയന്തി രണ്ടു മഹർഷിമാരെയും തുല്യനിലയിൽ പരിഗണിച്ചു. എന്നാൽ കാലക്രമേണ അവളുടെ മട്ട് ഒന്നു മാറി. അതിനു കാരണം നാരദന്റെ വീണയാണ്. അദ്ദേഹം മിക്കപ്പോഴും വീണ വായിക്കും. ദിവ്യമായ സംഗീതമാണ് വീണയിൽനിന്നും ഒഴുകി ഇറങ്ങുന്നത്. രാജകുമാരിക്ക് സംഗീ

തത്തിൽ വലിയ കമ്പവുമാണ്. നാരദന്റെ സംഗീതം അവളെ അത്യധികം ആകർഷിച്ചു. മാത്രമല്ല അവളെ അടിപ്പെടുത്തുകയുംചെയ്തു. അവളുടെ മനസ്സിൽ ഒരാഗ്രഹവും അങ്കുരിച്ചു. താൻ നാരദന്റെ ഭാര്യയായെങ്കിൽ!

അതോടെ അവളുടെ പെരുമാറ്റത്തിൽ വ്യത്യാസം വന്നുചേർന്നു. നാരദനെ കൂടുതൽ ഏകാഗ്രതയോടെ ശുശ്രൂഷിച്ചു; അതേ സമയം പർവതനെ അല്പം അവഗണിക്കുകയുംചെയ്തു. കുളിക്കാൻ പാകത്തിനുള്ള ചൂടുവെള്ളം, കുടിക്കാൻ ഒന്നാംതരം തൈര്, കിടക്കാൻ അലക്കിയ മെത്തവിരിപ്പ് –അവയെല്ലാം നാരദനു നൽകി. തണുത്ത വെള്ളവും സ്വാദില്ലാത്ത മോരും അഴുക്കായ വിരിപ്പും പർവതനു കൊടുത്തു. പർവതൻ അവൾക്ക് നിസ്സാരനായി. നാരദനു മാത്രമേ അവളുടെ ഹൃദയത്തിൽ സ്ഥാനം ഉണ്ടായുള്ളൂ.

ആ വ്യത്യാസം പർവതൻ കണ്ടു മനസ്സിലാക്കി. ഒരിക്കൽ അദ്ദേഹവും നാരദനും തനിച്ചായി. അപ്പോൾ അദ്ദേഹം കാര്യം എടുത്തിട്ടു:

'നാരദാ, ദമയന്തി അങ്ങയുടെ ഭാര്യാപദം കാംക്ഷിക്കുന്നു,അല്ലേ? അത് അങ്ങേക്ക് സമ്മതവുമാണ്. അങ്ങയുടെ നോട്ടവും ഭാവവും അക്കാര്യം വിളിച്ചറിയിക്കുന്നു. നാം തമ്മിലുള്ള കരാർ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. എന്നോടു സത്യം പറയണം.' പർവതൻ ആവശ്യപ്പെട്ടു.

അസത്യം പറയുന്നതിൽ നാരദൻ വിമുഖനായിരുന്നു.

'അതെ. അങ്ങയുടെ ഊഹം ശരിതന്നെ.' നാരദൻ പറഞ്ഞിട്ട് ലജ്ജിച്ചു തല താഴ്ത്തി.

പർവതനു കോപമുണ്ടായി:

'എന്തേ എന്നോടിതു പറയാത്തത്? അപ്പോൾ അങ്ങ് കരാർ ലംഘിക്കുകയാണ് ചെയ്തത്. ആ സ്ഥിതിക്ക് ഞാനിതാ അങ്ങയെ ശപിക്കുന്നു. അങ്ങയുടെ മുഖം കുരങ്ങന്റെ മുഖമായിപ്പോകട്ടെ!' പർവതൻ ഗർജിച്ചു.

നിന്ന നിലയ്ക്ക് നാരദന്റെ സ്വരൂപം മാറുകയായി. അതായത്, ശിരസ്സ്. ദേഹം പഴയതുപോലെ വർത്തിച്ചു. എങ്കിലെന്ത്! ഇപ്പോൾ ശിരസ്സിൽ ജടയില്ല. മുഖത്ത് താടിയും മീശയും ഇല്ല. നെറ്റിയിൽ കുറികളില്ല. കുരങ്ങുമുഖത്തിന് അതൊന്നും ഉണ്ടാവുകയില്ല!

പുറമേയുള്ള മാറ്റം മാത്രമാണ് നാരദന്റെ ശിരസ്സിന്. മസ്തിഷ്കത്തിനു മാറ്റമേ ഉണ്ടായിട്ടില്ല. ശിരസ്സ് ഒഴിച്ചാൽ വേറെ എല്ലാറ്റിനും പഴയ നാരദൻതന്നെ!

നാരദനും കോപിച്ചു:

'പർവതാ, എന്റെ കൊച്ചു തെറ്റിന് ഈ ശാപമേകി, അല്ലേ? ശരി ഞാനുമിതാ അങ്ങോട്ടു ശപിക്കുന്നു. അങ്ങേക്ക് ഈ മനുഷ്യലോകം വിടാൻ സാധിക്കാതെ വരട്ടെ!' അദ്ദേഹം പറഞ്ഞു.

എന്നിട്ടും നാരദനു സന്തോഷമുണ്ടായില്ല. പർവതനോടു പകരം വീട്ടി, ശരിയാണ്. എങ്കിലും തന്റെ മുഖം കുരങ്ങുമുഖമായിപ്പോയില്ലേ? നാരദൻ ദുഃഖിച്ച് നാളുകൾ പോക്കി.

ആ ഇടയ്ക്ക് സഞ്ജയമാജാവ് ഒന്നു നിശ്ചയിച്ചു—കഴിയുന്നത്ര വേഗത്തിൽ പുത്രിയുടെ വിവാഹം നടത്തണം. അദ്ദേഹം പ്രധാനമന്ത്രിയെ വരുത്തി കാര്യം പറഞ്ഞു:

'തിരുമേനീ, സുന്ദരന്മാരും സമർത്ഥന്മാരുമായ ഒട്ടേറെ രാജകുമാരന്മാരുണ്ട്. അവരിൽ ആരാണ് രാജകുമാരിക്ക് യോഗ്യനെന്നു തോന്നുന്നത്. ആ രാജകുമാരനെപ്പറ്റി ഞാൻ അന്വേഷിക്കാം.' പ്രധാനമന്ത്രി പറഞ്ഞു.

പിതാവും മന്ത്രിയുംകൂടി തന്റെ വിവാഹക്കാര്യം ആലോചിക്കുകയാണ്—അതു ദമയന്തിക്ക് അറിവായി. താൻ നാരദനെ മാത്രമേ വരിക്കുകയുള്ളൂ. അക്കാര്യം പിതാവ് അറിയുകയും വേണം. നേരിട്ട് അറിയിക്കുവാൻ സങ്കോചം തോന്നി. അവൾ ഒരു തോഴിയെ നിയോഗിച്ചു. തോഴി രാജാവിന് രാജകുമാരിയുടെ സന്ദേശം നൽകി:

'പ്രിയപ്പെട്ട അച്ഛാ, നാരദമഹർഷിയുടെ സംഗീതം എന്നെ അടിമപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തെ ഞാൻ മനസാ വരിച്ചുകഴിഞ്ഞു. ഞാൻ അന്യന്റെ ഭാര്യയാവുകയില്ല—' അതായിരുന്നു സന്ദേശം.

അപ്രതീക്ഷിതമായ വാർത്തയായിരുന്നു അത്. രാജാവ് അത്യന്തം വ്യാകുലനായി. അദ്ദേഹം രാജ്ഞിയോടു വിവരം പറഞ്ഞു.

'എത്ര മായിയാണു നമ്മുടെ മകൾ! കുരങ്ങിന്റെ മുഖമുള്ളവനെ ഭർത്താവാക്കുക! അവളാണെങ്കിൽ അതിസുന്ദരിയും. ഏതിനും നീ അവളെ പിന്തിരിപ്പിക്കാൻ ശ്രമിക്കണം. അതു കഴിഞ്ഞിട്ടാവാം അടുത്ത നടപടി.' രാജാവു പറഞ്ഞു.

രാജ്ഞി നേരെ ചെന്ന് ദമയന്തിയെ കണ്ടു.

'മകളേ, ആ കുരങ്ങുമുഖൻ നിനക്കു യോജിച്ച വരനല്ല. സുന്ദരനായ ഒരു രാജകുമാരനായിരിക്കും നിനക്ക് അനുരൂപൻ. വിരൂപനായ മഹർഷിയെ നീ വരിച്ചാലോ? നീ മുശ്മരത്തിൽ പററി നിൽക്കുന്ന പിച്ചകവല്ലിപോലെയാവും. അതു കണ്ടാൽ ആർക്കും നിരക്കുകയില്ല.' രാജ്ഞി ചൂണ്ടിക്കാട്ടി.

ദമയന്തിക്ക് ഒരു കൂസലും ഉണ്ടായില്ല.

'അമ്മേ, നാരദന്റെ സംഗീതമില്ലേ, ആ സംഗീതം മറ്റാർക്കുമില്ല. മനുഷ്യർക്കു സ്വർഗസുഖം നൽകുന്നതാണ് ആ സംഗീതം. അമ്മയും അച്ഛനും എന്തേ അത് ആലോചിക്കാത്തത്? പോരെങ്കിൽ മറ്റൊന്നുമുണ്ട്. അദ്ദേഹത്തിനു ശാപമേല്ക്കുന്നതിനു മുമ്പാണ് ഞാൻ അദ്ദേഹത്തെ വരിച്ചത്. ഞാൻ ഒരിക്കലും അദ്ദേഹത്തെ ഉപേക്ഷിക്കയില്ല.' ദമയന്തി ശഠിച്ചു.

എന്തുവന്നാലും ശരി, പുത്രി അവളുടെ നിശ്ചയം മാറ്റുകയില്ല. അക്കാര്യം രാജ്ഞി മനസ്സിലാക്കി. രാജ്ഞിയിൽനിന്ന് രാജാവും. അവളെ നാരദനു നൽകുക—അല്ലാതെ മറ്റൊരു മാർഗവും അവർ കണ്ടില്ല. അങ്ങനെ നാരദന്റെയും ദമയന്തിയുടെയും വിവാഹം കഴിഞ്ഞു.

ദമയന്തി ഭർത്താവിനെ ശുശ്രൂഷിച്ചു—ശ്രദ്ധയോടുകൂടി, ഭക്തിയോടുകൂടി, സ്നേഹത്തോടുകൂടി.

പർവതമഹർഷി ഒരു പര്യടനത്തിറങ്ങി.

കുറേക്കാലം കഴിഞ്ഞ് അദ്ദേഹം മടങ്ങിയെത്തി.

'നാരദമഹർഷേ, ഞാൻ കോപിച്ചു ശപിച്ചതു ക്ഷമിക്കണം. ഇപ്പോഴിതാ ഞാൻ ശാപമോക്ഷം നൽകുന്നു. അങ്ങ് മുമ്പത്തെപ്പോലെ ആയിത്തീരട്ടെ!' പർവതൻ പറഞ്ഞു.

തത്സമയം നാരദനു പൂർവരൂപം വീണ്ടുകിട്ടി.

'പർവതമഹർഷേ, ഞാനിതാ അങ്ങേക്കു ശാപമോക്ഷം തരുന്നു. അങ്ങേക്കു മനുഷ്യലോകം വിടാൻ സാധിക്കുമാറാകട്ടെ!' നാരദൻ ആശീർവദിച്ചു.

നാരദന്റെ രൂപം മാറിയ വിവരം അറിഞ്ഞു രാജാവ്. മാത്രമല്ല, രാജ്ഞിയും ദമയന്തിയും പരിജനങ്ങളും. എല്ലാവരും ധൃതിപിടിച്ച് വന്നു നോക്കി, നാരദനു കുരങ്ങുമുഖം കാണാനില്ല. ഒന്നു കാണാനുമുണ്ട്—പഴയപോലത്തെ നാരദമുഖം.

അങ്ങനെ തീർന്നു നാരദന്റെ ഒരു വിഷമം.

ഒരിക്കൽ അദ്ദേഹത്തിനു മറ്റൊരബദ്ധംപറ്റി. അദ്ദേഹം പെട്ടെന്ന് സ്ത്രീയായിപ്പോയി. വിചിത്രമായിരുന്നു ആ സംഭവം.

നാരദൻ വൈകുണ്ഠത്തിലേക്കു പോയി. മഹാവിഷ്ണുവിനെ ദർശിച്ചു വന്ദിച്ചു. ഭഗവാനോടു ദീർഘനേരം സംസാരിക്കുകയും ചെയ്തു.

'ഭഗവാനേ, മായയെ ജയിച്ചവനാണു ഞാൻ.' മഹർഷി സംഭാഷണത്തിനിടയിൽ പറയാനിടയായി.

അല്പം ഗർവത്തോടുകൂടിയാണ് നാരദൻ അങ്ങനെ പറഞ്ഞത്. സാധാരണക്കാർക്കു മായയെ ജയിക്കാനാവില്ല. താൻ സാധാരണക്കാരനല്ല—അതായിരുന്നു നാരദൻ പറഞ്ഞതിനർത്ഥം. മഹാവിഷ്ണുവിന് അത് മനസ്സിലാകാതിരിക്കുമോ? നല്ലൊരു പാഠം മഹർഷിയെ പഠിപ്പിക്കാൻ ഭഗവാൻ ഒരുക്കമായി.

'നാരദാ, അങ്ങ് മായയെ ജയിച്ചു, അല്ലേ? എനിക്ക് അതിൽ സംശയമുണ്ട്.' ഭഗവാൻ പറഞ്ഞു.

'എന്നാൽ അവിടുന്ന് എനിക്ക് മായയെ ഒന്നു കാണിച്ചുതരിക. അപ്പോൾ അറിയാമല്ലോ.' നാരദൻ പറഞ്ഞു.

'ശരി, ഞാൻ മായയെ കാണിച്ചുതരാം. പക്ഷേ, കണ്ടിട്ടു പിന്നെ ഖേദിക്കരുത്. വരൂ, നമുക്കു പോകാം.' ഭഗവാൻ അരുളിച്ചെയ്തിട്ട് ഗരുഡനെ വരുത്തി.

ഗരുഡന്റെ പുറത്ത് ഭഗവാൻ കയറി ഇരുന്നു. ഭഗവാനോടുകൂടി നാരദനും. ഇരുവരെയും വഹിച്ചുകൊണ്ട് ആ പക്ഷിവര്യൻ ഉയർന്നു പറന്നു. കുറെക്കഴിഞ്ഞ് കന്യാകുബ്ജത്തിന്റെ അടുത്തൊമിടത്ത് നിലത്തിറങ്ങി. അവിടെ അതിമനോഹരമായ ഒരു താമരപ്പൊയ്ക ഉണ്ടായിരുന്നു. അതിൽ കുളിർമയുള്ള തെളിനീർ നിറഞ്ഞുനിന്നിരുന്നു. പല വർണങ്ങളിലുള്ള താമരപ്പൂക്കൾ, വിടർന്നു വിലസിയ അരയന്നം, കുളക്കോഴി മുതലായ അനേകം പക്ഷികളും ധാരാളം ഉണ്ടായിരുന്നു.

'നാരദാ, ആ പൊയ്കയിൽ ഇറങ്ങി കുളിക്കൂ.' മഹാവിഷ്ണു ആവശ്യപ്പെട്ടു.

മഹർഷി തന്റെ വീണയെ എടുത്തു കരയ്ക്കു വെച്ചു. എന്നിട്ട് പൊയ്കയിൽ ഇറങ്ങി ഒന്ന് മുങ്ങി. പൊങ്ങുന്നതിനു മുമ്പ് ആ സംഭവം നടന്നുകഴിഞ്ഞിരുന്നു. പുരുഷനായിരുന്ന നാരദൻ സ്ത്രീയായിരിക്കുന്നു!

അതോടുകൂടി മറ്റൊന്നു നടന്നിട്ടുണ്ട്. കഴിഞ്ഞതെല്ലാം നാരദൻ മറന്നു പോയിരിക്കുകയാണ്. താൻ നാരദനാണ് എന്നുപോലും അറിഞ്ഞുകൂടാ!

മഹാവിഷ്ണു ഗരുഡന്റെ പുറത്തു കയറി പൊയ്ക്കളഞ്ഞു.

നാരദനായിരുന്ന സ്ത്രീ പൊയ്കയിൽനിന്ന് കരയ്ക്കുകയറി. അപ്പോഴേക്കും താലധ്വജൻ അവിടെ വന്നെത്തി. പ്രതാപശാലിയായ ഒരു രാജാവാണ് താലധ്വജൻ. സുന്ദരിയായ ഈ തരുണി ആരാണ്? അറിയാൻ താലധ്വജന് അതിയായ ആകാംക്ഷ ഉളവായി. അവളുടെ സൗന്ദര്യം അദ്ദേഹത്തെ അത്രകണ്ട് ആകർഷിച്ചിരുന്നു.

'ഹേ സുന്ദരീ, എവിടെയാണ് ഗൃഹം? എന്തിന് ഇവിടെ വന്നു?' രാജാവ് ചോദിച്ചു.

'രാജാവേ, ഞാൻ ആരാണ്, എന്റെ അച്ഛനമ്മമാർ എവിടത്തുകാരാണ് —യാതൊന്നും എനിക്ക് നിശ്ചയമില്ല. രക്ഷിതാവായി ഞാൻ അങ്ങയെ മാത്രമേ കാണുന്നുള്ളു.' അവൾ മറുപടി നൽകി.

താലധ്വജനോടുകൂടി പരിവാരങ്ങളും വന്നിട്ടുണ്ട്. അദ്ദേഹം അവരോട് പല്ലക്ക് കൊണ്ടു വരാൻ ആജ്ഞാപിച്ചു. ആദ്യം സുന്ദരിയെ പല്ലക്കിൽ കയറ്റി. താനും കയറി ഇരുന്നു. എന്നിട്ട് രാജധാനിയിലേക്ക് യാത്രയുമായി. അവിടെ എത്തിയതിനുശേഷം ആ കല്യാണം ഗംഭീരമായി നടന്നു — താലധ്വജന്റെയും സുന്ദരിയുടെയും കല്യാണം!

നോക്കണേ സംഭവത്തിന്റെ ഗതി! നാരദൻ തന്റെ തപസ്സ് മറന്നിരിക്കുന്നു—മാത്രമല്ല, സർവവും. താൻ രാജപത്നിയാണ് എന്ന ബോധമാണുള്ളത്. ഭർത്താവിനെ ശുശ്രൂഷിക്കുക എന്നതാണ് പ്രധാനമായ കർത്തവ്യം.

ആ നിലയിൽ വർഷങ്ങൾ പലതും കടന്നുപോയി. രാജപത്നിക്ക് പന്ത്രണ്ടു പുത്രന്മാരുണ്ടായി. പുത്രന്മാർക്ക് ഭാര്യമാരും, പുത്രന്മാരും ഉണ്ടായി. അങ്ങനെ ആ കുടുംബം വളരെയേറെ വർദ്ധിക്കുകയായി. അവരുടെ സുഖത്തിൽ അമ്മ സുഖിച്ചു. അവരുടെ ദുഃഖത്തിൽ അമ്മ ദുഃഖിച്ചു. എന്തിനു പറയുന്നു, രാജപത്നി ലൗകികമായ ജീവിതത്തിൽ മുഴുകിയിരുന്നു.

താലധ്വജനു ശക്തനായ ഒരു ശത്രുവുണ്ട്. ആ ശത്രു ഒരിക്കൽ കന്യാകുബ്ജത്തെ ആക്രമിച്ചു. രാജാവും പുത്രന്മാരും കോട്ടയ്ക്കു പുറത്തിറങ്ങി പടവെട്ടി. രാജപുത്രന്മാരും ബന്ധുക്കളും പടയിൽ പെട്ടുവീണു. നിരാധാരനായിത്തീർന്ന താലധ്വജൻ വല്ലവിധവും കോട്ടയ്ക്കുള്ളിൽ കയറി അങ്ങനെ ജീവൻ രക്ഷിച്ചു.

വിജയം പിടിച്ചെടുത്ത ശത്രുസൈന്യം മടങ്ങിപ്പോയി.

രാജപത്നിയുടെ അവസ്ഥ എന്തായിരുന്നു? പുത്രമരണം ആ സ്ത്രീയെ അഗാധമായ ദുഃഖത്തിലാഴ്ത്തി. അവൾ വാവിട്ടു കരഞ്ഞുകൊണ്ട് പടക്കളത്തിലേക്ക് ഓടി. അവിടെ ദാരുണമായ ആ കാഴ്ച കാണുമാറായി. രാജപുത്രന്മാർ എല്ലാവരും മൃതരായിക്കിടക്കുന്നു, രാജ്ഞി മാറത്തടിച്ച് പൊടിയിൽക്കിടന്നു ഉരുണ്ട് വിലപിച്ചു.

തെല്ലുകഴിഞ്ഞ് ഒരു ബ്രാഹ്മണൻ വന്നെത്തി.

വന്നയാൾ വാസ്തവത്തിൽ ബ്രാഹ്മണൻ അല്ല—ആ വേഷം ധരിച്ച മഹാവിഷ്ണു ആണ്. അക്കാര്യം രാജപത്നി അപ്പോൾ അറിഞ്ഞില്ല എന്നേയുള്ളു.

'രാജ്ഞീ, ഇങ്ങനെ കിടന്നു കരഞ്ഞതുകൊണ്ട് ഫലമൊന്നുമില്ല. ഏതിനും അടുത്തൊരു പുണ്യതീർത്ഥമുണ്ട്. അതിൽ ഇറങ്ങി കുളിക്കൂ. ഞാൻ വഴി കാണിക്കാം' ബ്രാഹ്മണൻ പറഞ്ഞു.

ബ്രാഹ്മണനെ അനുഗമിച്ച് രാജപത്നി പുണ്യതീർത്ഥത്തിലെത്തി. ഒന്നു മുങ്ങിപ്പൊങ്ങിയപ്പോഴോ? അപ്പോഴും അദ്ഭുതം നടന്നു. രാജപത്നി നാരദ

നായി! കരയിൽ നിൽക്കുന്നതാര്? ബ്രാഹ്മണനല്ല. മഹാവിഷ്ണു. നാരദന്റെ വീണയുണ്ട് അവിടെ!

സംഭവങ്ങൾ അതുകൊണ്ടും അവസാനിച്ചില്ല. താലഭ്യജന് അറിവു കിട്ടി, രാജ്ഞി പുണ്യതീർത്ഥത്തിലേക്ക് പോയിരിക്കുന്നു എന്ന്. അദ്ദേഹം സംഭ്രമിച്ച് അവിടേക്ക് ഉഴറിച്ചെന്നു. ഭാര്യയ്ക്ക് പകരം നില്ക്കുന്നു നാരദൻ!

അപ്പോൾ ഭാര്യ എവിടെ? രാജാവിനു ദുഃഖമുണ്ടായി. അദ്ദേഹം കരഞ്ഞു തുടങ്ങി.

മഹാവിഷ്ണു ദർശനമേകി രാജാവിനെ സമാധാനപ്പെടുത്തി:

'താലഭ്യരാജാ, നീ ഒട്ടും വിഷമിക്കേണ്ട. നിന്റെ ഭാര്യ എവിടന്നു വന്നോ, അവിടേക്കു പോയി. കരഞ്ഞതുകൊണ്ടൊന്നും അവളെ കിട്ടുകയില്ല. ഇതെല്ലാം മായയാണ് എന്ന് ധരിച്ചോളൂ. ആട്ടെ, നീ ഇനി രാജ്യം പൗത്രനെ ഏല്പിക്കണം. എന്നിട്ട് കാട്ടിൽച്ചെന്നു തപസ്സു ചെയ്യണം.' ഭഗവാൻ നിർദ്ദേശിച്ചു.

രാജാവ് ഉടൻതന്നെ അവിടന്നു യാത്രയായി.

മഹാവിഷ്ണു നാരദനെ നോക്കി പുഞ്ചിരിതൂകി. ആ പുഞ്ചിരിയുടെ അർത്ഥം നാരദനു മനസ്സിലായി. താൻ മുമ്പ് വീമ്പിളക്കിയില്ലേ? അതിനുള്ള ശിക്ഷ.

മഹർഷി ലജ്ജിച്ചു തല താഴ്ത്തി.

(ദേവീഭാഗവതം)

ശുനശ്ശേഫൻ

അയോദ്ധ്യയിൽ അംബരീഷൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഗംഭീരമായ ഒരു യാഗത്തിന് വട്ടം കൂട്ടി. ബലിമൃഗം തിരഞ്ഞെടുക്കപ്പെട്ടു. പക്ഷേ, ഉടനെ എന്തുണ്ടായി എന്നോ? ദേവേന്ദ്രൻ ബലിമൃഗത്തെ കട്ടുകൊണ്ടുപോയി.

'മാജന്, യാഗത്തിനു നിശ്ചയിച്ച ബലിമൃഗം പോയാൽ തക്കതായ പ്രായശ്ചിത്തം ചെയ്യണം. പകരമുള്ള നരബലിയാണ് പ്രായശ്ചിത്തം. ഒരു മനുഷ്യനെ കൊണ്ടുവന്നു ബലി കഴിക്കണം.' പുരോഹിതന്മാർ അഭിപ്രായപ്പെട്ടു.

ബലികഴിക്കാനുള്ള ഒരു മനുഷ്യനെ എവിടന്നാണു കിട്ടുക? രാജാവു തന്നെ നേരിട്ടിറങ്ങി നടന്ന് അന്വേഷണം നടത്തി. ബലികഴിക്കപ്പെടുന്നവന്റെ സമ്മതം അത്യാവശ്യവുമാണ്. ഒരിടത്തും അതിന് സമ്മതമുള്ള ഒരു മനുഷ്യനെ കിട്ടിയില്ല.

ഒടുവിൽ രാജാവ് ഋചീകനെ സമീപിച്ചു.

മൂന്നു പുത്രന്മാരുണ്ട് ഋചീകന്.

'യാഗത്തിനുള്ള ബലിമൃഗമാകാൻ ഒരു മനുഷ്യനെ കിട്ടണം. അതിനായി ഞാൻ അന്വേഷിച്ചു നടക്കുകയാണ്. അങ്ങയുടെ മൂന്നു പുത്രന്മാരിൽ ഒരുവനെ എനിക്കു വിട്ടുതരിക. എത്ര പണം വേണമെങ്കിലും ഞാൻ തരാം.' രാജാവ് പറഞ്ഞു.

'രാജൻ, എന്തൊക്കെയായാലും ഞാൻ എന്റെ മുത്ത മകനെ വില്ക്കുകയില്ല. തീർച്ചയാണ്.' ഋചീകൻ അറിയിച്ചു.

ഋചീകന്റെ പത്നി രാജാവിനെ നേരിട്ടു.

'ഇളയ മകനെ ഞാനും വിടുകയില്ല.' ആ സ്ത്രീ തീർത്തു പറഞ്ഞു.

നടുവിലത്തെ മകനായ ശുനശ്ശേഫൻ മുമ്പോട്ടു കടന്നു.

'തമ്പുരാനേ, എന്റെ ജ്യേഷ്ഠനെ അച്ഛൻ വില്ക്കുകയില്ല. എന്റെ അനുജനെ അമ്മയും വില്ക്കുകയില്ല. അതിന്റെ അർത്ഥം എന്താണെന്നോ? എന്നെ വില്ക്കാൻ അവർക്ക് മനസ്സില്ലാതെയല്ല എന്ന്. അവിടുന്ന് എന്നെ വിലകൊടുത്തു വാങ്ങിക്കൊള്ളണം.' ശുനശ്ശേഫൻ പറഞ്ഞു.

അംബരീഷൻ വലിയ വില കൊടുത്ത് ശുനശ്ശേഫനെ വാങ്ങി. അവനെയും തേരിൽ കയറ്റി രാജധാനിയിലേക്ക് മടങ്ങി. മാർഗമദ്ധ്യേ പുഷ്കരം എന്ന പുണ്യസ്ഥലമുണ്ട്. ഉച്ചയ്ക്ക് അവിടെ വിശ്രമിച്ചു.

പുഷ്കരത്തിൽ ഒരു മഹർഷി തപസ്സു ചെയ്യുന്നു.

വിശ്വാമിത്രനാണ് ആ തപസ്വി.

ശുനശ്ശേഫൻ വിശ്വാമിത്രന്റെ കാൽക്കൽ വീണു.

'മഹർഷേ, എനിക്കിപ്പോൾ അച്ഛനില്ല, അമ്മയില്ല. അനാഥനായ എനിക്ക് നാഥനായി അവിടുന്നേയുള്ളു. അവിടുന്നു രാജാവിന്റെ യാഗം പൂർത്തിയാക്കണം. എന്റെ ജീവൻ രക്ഷിക്കണം. എനിക്ക് ദീർഘായുസ്സും തരണം.' ശുനശ്ശേഫൻ അഭ്യർത്ഥിച്ചു.

വിശ്വാമിത്രന് പുത്രന്മാർ ഉണ്ട്. അവരുമുണ്ട് ആശ്രമത്തിൽ. അദ്ദേഹം അവരുടെ നേർക്കു തിരിഞ്ഞു:

'നിങ്ങളിൽ ഒരുവൻ രാജാവിന്റെ ബലിമൃഗം ആകണം. അപ്പോൾ യാഗം വിഘ്നപ്പെടുകയില്ല. ശുനശ്ശേഫന്റെ ജീവൻ രക്ഷപ്പെടുകയും ചെയ്യും.' അദ്ദേഹം പറഞ്ഞു.

പക്ഷേ, മഹർഷിയുടെ പുത്രന്മാരിൽ ആർക്കും അത് സമ്മതമായില്ല. തങ്ങളുടെ പിതാവ് സ്വന്തം പുത്രന്മാരെ തൃജിക്കുന്നു. മറ്റൊരുവനെ രക്ഷിക്കുന്നു. അതൊട്ടും ശരിയല്ലെന്ന് അവർ ചൂണ്ടിക്കാട്ടി—ചോറു കളഞ്ഞ് നായുടെ മാംസം തിന്നുംപോലെയാണ് എന്നും.

വിശ്വാമിത്രന്റെ കോപം ജ്വലിച്ചുപൊങ്ങി.

'നിങ്ങൾ നായുടെ മാംസം തിന്നുന്നവരാവട്ടെ!' അദ്ദേഹം ശാപമേകി.

അതിനു ശേഷം അദ്ദേഹം ശുനശ്ശേഫനെ നോക്കി:

'കുട്ടീ, നീ രാജാവിനോടുകൂടി പൊയ്ക്കൊള്ളൂ. ബലിക്ക് സമയമാകുമ്പോൾ നീ ഒന്നു ചെയ്യണം. അതായത്, അഗ്നിദേവനെ സ്തുതിച്ചു രണ്ടു മന്ത്രങ്ങൾ ചൊല്ലണം.' അദ്ദേഹം ആവശ്യപ്പെട്ടു.

മഹർഷി അവന് ആ രണ്ടു മന്ത്രങ്ങളും ഉപദേശിച്ചു.

ശുനശ്ശേഫനെയുംകൊണ്ട് അംബരീഷൻ അയോദ്ധ്യയിൽ മടങ്ങിയെത്തി. യാഗശാലയിൽ നരബലിക്കുള്ള ഏർപ്പാടുകൾ പൂർത്തിയായി. അതിനു നിശ്ചയിച്ചിരുന്ന മുഹൂർത്തവും വന്നെത്തി. ശുനശ്ശേഫൻ രണ്ടു മന്ത്രങ്ങളും ഉരുക്കഴിച്ചു. വളരെക്കൂടുതൽ ശക്തിയുണ്ടായിരുന്നു മന്ത്രങ്ങൾക്ക്. ദേവേന്ദ്രൻ പ്രത്യക്ഷനായി ശുനശ്ശേഫന് ദീർഘായുസ്സ് നൽകി. യാഗത്തിന് ഉദ്ദിഷ്ടമായ ഫലവും കിട്ടി—നരബലി നടന്നില്ലെങ്കിലും.

(വാല്മീകിരാമായണം)

അഷ്ടാവക്രൻ

ഉദ്ദാലകൻ എന്നൊരു ബ്രാഹ്മണൻ. അദ്ദേഹത്തിന് പ്രിയങ്കരനായ ഒരു ശിഷ്യനുണ്ട് –കഹോഡൻ. ഗുരുവിനെ അത്യന്തം ശ്രദ്ധയോടെ കഹോഡൻ സേവിച്ചുപോന്നു.

ഉദ്ദാലകന് ഒരു പുത്രിയുണ്ട്. സുജാത എന്നാണ് അവളുടെ പേര്. ഗുരു അവളെ പ്രിയ ശിഷ്യനു നൽകി.

സുജാത ഗർഭിണിയായി. അസാമാന്യനായിരുന്നു ഗർഭസ്ഥനായ ശിശു. ആ ദശയിൽപ്പോലും വേദങ്ങളൊക്കെ ഹൃദിസ്ഥമാണ്! മാഹാത്മ്യത്തിന് ഇനിയെന്തു തെളിവു വേണം?

ഒരിക്കൽ കഹോഡൻ വേദം അധ്യയനം ചെയ്യുകയായിരുന്നു.

'അങ്ങയുടെ അധ്യയനം ശരിയല്ല. ആരോ വിളിച്ചു പറഞ്ഞു.'

ആരാണത് വാസ്തവത്തിൽ? ഗർഭത്തിലുള്ള ശിശു തന്നെ. തെറ്റു ചൂണ്ടിക്കാട്ടിയതോ, സ്വന്തം പിതാവിനോടും. ശരിക്കും സന്തോഷമാണ് കഹോഡന് തോന്നേണ്ടിയിരുന്നത്: പക്ഷേ, ഉണ്ടായത് കടുത്ത വിരോധമാണ്. ശിഷ്യന്മാരുടെ മധ്യത്തിൽ വെച്ചാണ് കഹോഡൻ അധ്യയനം ചെയ്തത്? തന്നെ അവർ കേൾക്കെ അധിക്ഷേപിച്ചില്ലേ?

'നീ ദേഹത്ത് എട്ടു വളവുകളോടുകൂടി ജനിക്കട്ടെ!' കഹോഡൻ ഗർഭസ്ഥനായ പുത്രനെ ശപിച്ചു.

പ്രസവത്തിനുള്ള സമയം അടുത്തടുത്തു വരികയാണ്. ദിവസംതോറും സുജാതയുടെ ഉത്കണ്ഠ വർദ്ധിച്ചുവന്നു. ശുശ്രൂഷകൾക്കും ചികിത്സകൾക്കും പണം വേണം. ഗൃഹത്തിൽ ഒട്ടും പണവുമില്ല. ഏതു വിധവും പണം ഉണ്ടാക്കിയേ കഴിയുകയുള്ളു. അതിന് ഒരു വഴിയും തോന്നി കഹോഡന്.

ജനകമഹാരാജാവിന്റെ രാജധാനിയിൽ ഒരു പണ്ഡിതനുണ്ട്. വന്ദി എന്നാണ് പണ്ഡിതന്റെ പേര്. വാദപ്രതിവാദത്തിൽ അതിയായ വൈദഗ്ധ്യമുണ്ട് വന്ദിക്ക്. പക്ഷേ, അദ്ദേഹം വാദപ്രതിവാദം നടത്തണോ? അതിന് ഒരു കരാർ ഉണ്ടായിരുന്നേ പറവൂ. തോല്ക്കുന്ന ആളെ മുക്കിക്കൊല്ലും എന്നതാണ് കരാർ. ജയിക്കുന്ന ആൾക്ക് ധനവും സ്ഥാനമാനങ്ങളും ലഭിക്കും. എത്രയോ വാദപ്രതിവാദങ്ങൾ ആ കരാറിന്മേൽ നടന്നിട്ടുണ്ട്. എല്ലായ്പ്പോഴും വന്ദിക്ക് ആയിരുന്നു ജയം.

രണ്ടും കല്പിച്ച് കഹോഡൻ വാദപ്രതിവാദം നടത്തി. നിർഭാഗ്യമെന്നു പറയട്ടെ, കഹോഡൻ തോല്ക്കുകയാണ് ചെയ്തത്. അദ്ദേഹം വെള്ളത്തിൽ മുക്കി കൊല്ലപ്പെടുകയും ചെയ്തു.

ആ ദുഃഖവർത്തമാനം ഉദ്ദാലകന് കിട്ടി. ഉദ്ദാലകൻ അത് സുജാതയെ അറിയിക്കുകയും ചെയ്തു. അതേ സമയം അദ്ദേഹം ഒന്നു ശട്ടവും കെട്ടി– എന്തു വന്നാലും അത് ജനിക്കുന്ന കുട്ടിയെ അറിയിക്കരുതെന്ന്.

യഥാകാലം സുജാതയുടെ കുട്ടി ഭൂജാതനായി. പിതാവിന്റെ ശാപപ്രകാരം ദേഹത്ത് എട്ടു വളവുകൾ കാണപ്പെട്ടു. അതിനാൽ അഷ്ടാവക്രൻ എന്നായി കുട്ടിയുടെ പേര്.

അഷ്ടാവക്രൻ വളർന്നുവന്നു. പന്ത്രണ്ടു വയസ്സുമായി. അച്ഛൻ മരിച്ചത് അന്നോളം അറിഞ്ഞിട്ടുമില്ല. ഉദ്ദാലകൻതന്നെയാണ് അവനെ വളർത്തി

യത്. ഒരു മകനുമുണ്ട് ഉദ്ദാലകന്. ശ്വേതകേതു എന്നാണ് ആ ബാലന്റെ പേര്. അഷ്ടാവക്രനും ശ്വേതകേതുവും ഏകദേശം ഒരേ പ്രായക്കാരാണ്. എന്താണ് അഷ്ടാവക്രന്റെ ധാരണ? തന്റെ അച്ഛൻ ഉദ്ദാലകനാണെന്ന്, തന്റെ സഹോദരൻ ശ്വേതകേതു ആണെന്ന്. എന്നാൽ, ശ്വേതകേതുവിന് പര മാർത്ഥം അറിയാം. അത് അവൻ അഷ്ടാവക്രനോട് പറഞ്ഞിട്ടില്ല എന്നു മാത്രം.

ഒരു ദിവസം അഷ്ടാവക്രൻ ഉദ്ദാലകന്റെ മടിയിൽ ഇരിക്കയായിരുന്നു. ആ സമയം ശ്വേതകേതു അവിടെ വരാനിടയായി. തനിക്കും അച്ഛന്റെ മടി യിൽ ഇരിക്കണം. അതായി ശ്വേതകേതുവിന്റെ ആഗ്രഹം. അവൻ എന്താണ് ചെയ്തതെന്നോ? അഷ്ടാവക്രനെ വലിച്ചെണീപ്പിച്ചു.

അഷ്ടാവക്രൻ കരഞ്ഞുതുടങ്ങി.

'എടാ, ഇത് എന്റെ അച്ഛനാണ്, നിന്റെ അച്ഛനല്ല!' ശ്വേതകേതു പറഞ്ഞു.

ആ വാക്കുകൾ അഷ്ടാവക്രനു കർണ്ണശൂലത്തിന് തുല്യമായിരുന്നു. താൻ ഇന്നോളം ധരിച്ചിരുന്നത് തെറ്റാണ്. തന്റെ അച്ഛനല്ല ഉദ്ദാലകൻ. മറ്റൊ രാളാണ് തന്റെ അച്ഛൻ. ആരാണ് ആ ആൾ? ഒരു രൂപവുമില്ല. അഷ്ടാവ ക്രൻ കരഞ്ഞുകൊണ്ട് അമ്മയുടെ അടുക്കലേക്ക് ഓടി.

'അമ്മേ, എന്റെ അച്ഛൻ ആരാണ്?' അവൻ സുജാതയോടു ചോദിച്ചു. ഇനിയും സത്യം മറച്ചു വയ്ക്കാൻ നിവൃത്തിയില്ല. ആ തോന്നൽ സുജാത യ്ക്കുണ്ടായി. അവൾ നടന്നതെല്ലാം അഷ്ടാവക്രനെ അറിയിച്ചു.

ശ്വേതകേതുവും അഷ്ടാവക്രനും തമ്മിൽ വഴക്കുണ്ടായില്ലേ? അത് തത്കാലത്തേക്കു മാത്രമായിരുന്നു. പിണങ്ങിയവർ താമസിയാതെ ഇണ ങ്ങുകയായി.

'ശ്വേതകേതു, ജനകമഹാരാജാവ് ഒരു യാഗം നടത്തുകയാണുപോലും. അവിടെ ചൂടുപിടിച്ച വാദപ്രതിവാദങ്ങളും ഉണ്ടാകാറുണ്ട്. നമുക്കു രണ്ടു പേർക്കുംകൂടി അവിടേക്കു പോകാം. വാദപ്രതിവാദം കേട്ടു രസിക്കാം എന്നു ള്ളത് ഒന്ന്; സുഖമായ ഭക്ഷണം കിട്ടും എന്നുള്ളത് മറ്റൊന്ന്. അഷ്ടാവക്രൻ പറഞ്ഞു.

ശ്വേതകേതുവിന് സമ്മതമായി. ഇരുവരും ഒന്നിച്ച് യാത്രയുമായി. ഒടു വിൽ അവർ ജനകന്റെ രാജധാനിയിലെത്തി. നേരെ യാഗശാലയിലേക്കു ചെന്നു. ദ്വാരപാലകൻ അവരെ തടഞ്ഞു നിർത്തി.

അഷ്ടാവക്രനും ദ്വാരപാലകനും തമ്മിൽ വാഗ്വാദമുണ്ടായി.

'കൂട്ടീ, വന്ദി ഒരു ഉത്തരവു തന്നിട്ടുണ്ട്. വൃദ്ധന്മാരും വിജ്ഞാനികളുമായ ബ്രാഹ്മണരെ മാത്രമേ അകത്തു വിടാവൂ എന്ന്. നിങ്ങൾ രണ്ടുപേരും മട ങ്ങിപ്പൊയ്ക്കോളിൻ.'

'വൃദ്ധന്മാർക്ക് തുല്യമായ ജ്ഞാനം ഞങ്ങൾക്കുമുണ്ട്. ചെറുതെന്നു വച്ച് ഞങ്ങളെ അധിക്ഷേപിക്കയൊന്നും വേണ്ട. ചെറിയ തീയായാലും തൊടു ന്നവന് പൊള്ളലേൽക്കും!'

'നിങ്ങൾ പറയുന്നത് വീൺവാക്കാണ്!'

'ദ്വാരപാലകാ, വയസ്സായി എന്നതുകൊണ്ടുമാത്രം ഒരാൾ മഹാൻ ആകുന്നില്ല. ഇലവുമരത്തിന്റെ കായ് പ്രായം ചെല്ലുന്നു. അപ്പോൾ അത് പഞ്ഞിയായി കാറ്റിൽ പറന്നു പോകുന്നു. അതുപോലെ വ്യർത്ഥമായ ജീവിതം നയിക്കുന്ന വൃദ്ധന്മാരുമുണ്ട്.'

വൃദ്ധന്മാരിൽനിന്നു ബാലന്മാർ ജ്ഞാനം സമ്പാദിക്കുന്നു. ബാലന്മാരും ഒടുവിൽ വൃദ്ധന്മാരാകും. അതൊക്കെ ശരിതന്നെ. എങ്കിലും ബാലനായ നീ വൃദ്ധനെപ്പോലെ സംസാരിക്കുന്നത് നന്നല്ല.

'ഒരുവൻ ബാലനായിരിക്കാം. പക്ഷേ, അവന് ജ്ഞാനം ഉണ്ടായിക്കൂടെന്നില്ല. പ്രായത്തിലോ നരച്ച തലയിലോ അല്ല മാഹാത്മ്യം. അതുപോകട്ടെ. വന്ദിയോടു വാദിക്കാനാണ് ഞാൻ വന്നത്. ഞാൻ ജയിക്കുന്നോ തോൽക്കുന്നോ എന്ന് പണ്ഡിതസദസ്സ് നിശ്ചയിക്കട്ടെ. ഈ വിവരം മഹാരാജാവിനെ അറിയിക്കൂ.'

'കുട്ടീ, വലിയ വിദ്വാന്മാർ സംബന്ധിക്കുന്ന സദസ്സാണ്. അവിടെ നീ ചെന്നു കയറുകയോ? നന്നായി!'

'എന്നാൽ, എനിക്ക് മഹാരാജാവിനെ കാണണം!'

'ശരി, അതാ ആ വഴിയിൽക്കൂടി നേരെ പൊയ്ക്കൊള്ളൂ. അവിടെ മഹാരാജാവ് എഴുന്നള്ളി ഇരിപ്പുണ്ട്.'

അഷ്ടാവക്രൻ ശ്വേതകേതുവിനെ നയിച്ചുകൊണ്ട് ആ വഴിയിലൂടെ നടന്നു. അവിടെ ജനകമഹാരാജാവ് ആസനസ്ഥനായിരുന്നു. താൻ വന്ന കാര്യം അഷ്ടാവക്രൻ മഹാരാജാവിനെ അറിയിച്ചു. മഹാരാജാവ് ബാലന്റെ വിജ്ഞാനം പരീക്ഷിക്കാൻ നിശ്ചയിച്ചു. അദ്ദേഹം വിഷമം പിടിച്ച കുറെ ചോദ്യങ്ങൾ ചോദിച്ചു. അഷ്ടാവക്രൻ അവയ്ക്കൊക്കെ ശരിയായ ഉത്തരങ്ങൾ നൽകി. ഇവൻ കെങ്കേമനാണെന്ന് ജനകന് മനസ്സിലായി. വന്ദിയോട് വാദിക്കാൻ അദ്ദേഹം അഷ്ടാവക്രന് അനുമതി നൽകി.

പണ്ഡിതന്മാർ നിറഞ്ഞ സദസ്സിലേക്ക് അഷ്ടാവക്രൻ കയറിച്ചെന്നു. നടുവിൽ ഞെളിഞ്ഞിരിക്കുന്ന വന്ദിയെ കണ്ടു. അയാളെ ധൈര്യത്തോടുകൂടി നേരിട്ടു:

'ഹേ വന്ദി, ഞാൻ നിങ്ങളെ വാദത്തിനു വെല്ലുവിളിക്കുന്നു. നിങ്ങളെ ഞാൻ തോല്പിക്കും. അതിൽ യാതൊരു സംശയവും വേണ്ട.' അഷ്ടാവക്രൻ എല്ലാവരും കേൾക്കെ വിളിച്ചു പറഞ്ഞു.

'എടോ കുട്ടീ, നീ ഉറങ്ങിക്കിടക്കുന്ന പുലിയെ തട്ടി ഉണർത്തുകയാണ്. മിണ്ടാതെ കിടന്ന വിഷസർപ്പത്തിന്റെ തലയിൽ ചവിട്ടുകയാണ്. വെറുതെ മുങ്ങി മരിക്കണ്ട, കേട്ടോ?' വന്ദി പറഞ്ഞു.

അഷ്ടാവക്രന് യാതൊരു പതർച്ചയും ഉണ്ടായില്ല. ബാലൻ വന്ദിയെ വീണ്ടും വെല്ലുവിളിച്ചു. വന്ദിക്ക് വെല്ലുവിളി സ്വീകരിക്കാതെ നിവൃത്തിയില്ലാതയായി.

അങ്ങനെ അവർ തമ്മിൽ ഇടഞ്ഞു. ചോദ്യങ്ങൾ, ഉത്തരങ്ങൾ, എതിർചോദ്യങ്ങൾ—എല്ലാംകൂടി എത്ര രസമായിരുന്നു സദസ്യർക്ക്! കുറെ നേരം വാഗ്വാദം സമനിലയിൽ തുടർന്നുപോയി. അതിനുശേഷം വന്ദിക്ക് ഉത്തരങ്ങൾ ഇല്ലെന്നായി. അയാൾ തോറ്റു എന്നർത്ഥം. അഷ്ടാവക്രൻ ജയിച്ചെന്നും.

സദസ്യർ അഷ്ടാവക്രനെ അനുമോദിച്ചു.

'വന്ദി മുമ്പു പലരേയും ജയിച്ച് അവരെ ജലത്തിൽ മുക്കിക്കൊന്നു. ഇപ്പോഴിതാ വന്ദി തോറ്റിരിക്കുന്നു. അയാളെ മുക്കിക്കൊല്ലണം.' അഷ്ടാവക്രൻ നിർബന്ധിച്ചു.

അപ്പോൾ വന്ദി ഒരു രഹസ്യം പറഞ്ഞു:

'ഞാൻ വാസ്തവത്തിൽ വരുണദേവന്റെ പുത്രനാണ്. എന്റെ പിതാവ് പന്ത്രണ്ടു വർഷം നീണ്ടു നിൽക്കുന്ന ഒരു യാഗം നടത്തുന്നുണ്ട്. പണ്ഡിതന്മാരായ കുറെ ബ്രാഹ്മണൻ യാഗത്തിൽ സംബന്ധിക്കണം. അതിനായി ഞാൻ അവനെ മുക്കിക്കൊന്നതാണ്. അവരെല്ലാം ഇപ്പോൾ ഇങ്ങോട്ട് മടങ്ങിവരും. അവരുടെ കൂട്ടത്തിൽ കഹോഡനും.' വന്ദി അറിയിച്ചു.

വന്ദി പറഞ്ഞത് ശരിയായിരുന്നു. മുങ്ങിച്ചത്തിരുന്ന പണ്ഡിതന്മാർ ഒന്നൊന്നായി ആവിർഭവിച്ചു. സദസ്സ്യർ ആശ്ചര്യത്തോടെ നോക്കിനിന്നു.

അഷ്ടാവക്രൻ അച്ഛനെ നമസ്കരിച്ചു.

കഹോഡൻ, ശ്വേതകേതു, അഷ്ടാവക്രൻ– മൂന്നു പേരും ഗൃഹത്തിൽ തിരിച്ചെത്തി.

ഒന്നു പ്രത്യേകമായിരുന്നു സുജാതയുടെ ആഹ്ലാദം.

'മകനേ, നീ അടുത്തുള്ള മധുബില നദിയിൽ ഇറങ്ങി മുങ്ങു.' കഹോഡൻ ആവശ്യപ്പെട്ടു.

അഷ്ടാവക്രൻ ആ നദിയിൽ മുങ്ങിപ്പൊങ്ങി. ദേഹത്തിലെ എട്ടുവളവുകളും ഇല്ലാതായിരിക്കുന്നു! പോരെങ്കിൽ ബാലൻ അതീവസുന്ദരനുമായി. അതോടുകൂടി മധുബിലനദിയും പുണ്യവതിയായി. അഷ്ടാവക്രന്റെ അംഗങ്ങളെ സമമാക്കിയില്ലെ? അതിനാൽ ആ നദിക്ക് സമംഗ എന്ന പേര് കിട്ടി.

(മഹാഭാരതം, വനപർവം തീർത്ഥയാത്ര)

യവക്രീതൻ

ഭരദ്വാജൻ തപസ്വിയാണ്. രൈഭ്യൻ വിദ്വാനും. ആത്മസ്നേഹിതന്മാരാണ് അവർ. ചെറുപ്പത്തിലേ ആരംഭിച്ചതാണ് അവരുടെ സൗഹൃദം.

യവക്രീതൻ എന്നൊരു പുത്രൻ ഭരദ്വാജനുണ്ട്. അർവാവസു, പരാവസു എന്ന രണ്ടു പുത്രന്മാർ രൈഭ്യനുമുണ്ട്. ഒരു കാര്യം യവക്രീതന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. രൈഭ്യനെയും പുത്രന്മാരെയും ജനങ്ങൾ വളരെയേറെ ബഹുമാനിക്കുന്നു. ആ ബഹുമാനം തന്റെ പിതാവിനോടും തന്നോടും ഇല്ലതാനും. അപ്പോൾ ഒന്നു തെളിഞ്ഞു—ജനങ്ങളുടെ അഭിപ്രായത്തിൽ തപസ്സിനെക്കാൾ ശ്രേഷ്ഠമാണു പാണ്ഡിത്യം. തനിക്കു വേദത്തിൽ അഭിജ്ഞനാകണം–അതായി യവക്രീതന്റെ നിശ്ചയം. വളരെ ബുദ്ധിമുട്ടി പഠിക്കേണ്ടവയാണ് വേദങ്ങൾ. പക്ഷേ, ബുദ്ധിമുട്ടാനൊന്നും യവക്രീതൻ തയ്യാറായില്ല. അയാൾക്കു പഠിത്തത്തെക്കാൾ എളുപ്പമായി തോന്നിയത് തപസ്സായിരുന്നു. അക്കാരണത്താൽ അയാൾ തപസ്സാരംഭിച്ചു.

ദേവേന്ദ്രന് യവക്രീതന്റെ തപസ്സ് ഇഷ്ടമായില്ല.

അദ്ദേഹം യവക്രീതന്റെ മുമ്പിലെത്തി.

'അങ്ങ് എന്തിനാണ് ഈ തപസ്സു ചെയ്യുന്നത്?' അറിയാൻ ദേവേന്ദ്രന് ആഗ്രഹമുണ്ടായി.

'ദേവേന്ദ്രാ, വേദങ്ങൾ വശപ്പെടുത്താനാണ് എന്റെ തപസ്സ്. ഗുരുവിൽ നിന്ന് അഭ്യസിക്കുന്നതിന് വളരെക്കാലം വേണം. തപസ്സുചെയ്താൽ എല്ലാം

എളുപ്പമാകും. അതുകൊണ്ട് ഞാൻ തപസ്സ് ചെയ്യുന്നു.' യവക്രീതൻ അറിയിച്ചു.

'ഈ സംരംഭം ഒട്ടും ശരിയല്ല. ഗുരുവിൽനിന്ന് അഭ്യസിക്കുന്നതാണ് നേരായ മാർഗ്ഗം. അക്കാരണത്താൽ അങ്ങ് ഒരു ഗുരുവിനെ സ്വീകരിക്കണം.' ദേവേന്ദ്രൻ ഉപദേശിച്ചു.

'ദേവേന്ദ്രാ, ഞാൻ ഇതിന് ഇറങ്ങിപ്പോയി. ഇനി നിശ്ചയം മാറ്റുന്നത് ശരിയല്ല. ഈ തപസ്സുകൊണ്ട് കാര്യസിദ്ധി ഉണ്ടായില്ലെങ്കിലോ! കൂടുതൽ കഠിനമായ തപസ്സ് ചെയ്യും. വേണ്ടിവന്നാൽ എന്റെ ശരീരത്തിലെ മാംസം മുറിച്ചെടുക്കും, ആ മാംസം അഗ്നിയിൽ ഹോമിക്കും. അവിടുന്ന് എനിക്ക് വേദജ്ഞാനം നൽകാമോ? എന്നാൽ, ഞാൻ തപസ്സ് മതിയാക്കാം. അല്ലാത്തപക്ഷം അതങ്ങനെ തുടർന്നുപോകും.' യവക്രീതൻ പറഞ്ഞു.

പിന്നീട് ദേവേന്ദ്രൻ മറ്റൊരു സൂത്രം പ്രയോഗിച്ചു. അദ്ദേഹം വൃദ്ധനായ ഒരു ബ്രാഹ്മണന്റെ രൂപം ധരിച്ചു. യവക്രീതന്റെ മുമ്പിൽ ആവിർഭവിച്ചു. ഗംഗാനദിയുടെ തീരത്തിലാണ് യവക്രീതന്റെ തപസ്സ്. അവിടെ ധാരാളം മണൽ കിടപ്പുണ്ട്. ബ്രാഹ്മണൻ യവക്രീതന് കാണാവുന്ന ഒരു സ്ഥലത്തു ചെന്നു. എന്നിട്ടു നദിയിൽ ചിറ കെട്ടാൻ ഒരുക്കമായി. കൈകളിൽ മണൽ വാരിക്കൊണ്ടുപോകും. ആ മണൽ നദിയിൽ കൊണ്ടുചെന്ന് ഇടും. വീണ്ടും മണൽ എടുക്കാൻ പോകും. അതങ്ങനെ കുറെനേരം തുടർന്നുപോയി.

അതെല്ലാം യവക്രീതൻ കാണാൻവേണ്ടി ദേവേന്ദ്രൻ ചെയ്തതാണ്. യവക്രീതൻ കാണുകതന്നെ ചെയ്തു. മണൽകൊണ്ടു നദിയിൽ ചിറകെട്ടുക! എന്തൊരു വിഡ്ഢിയാണ് ഈ കിഴവൻ. യവക്രീതൻ ചിരിച്ചുപോയി.

'അങ്ങ് എന്താണീച്ചെയ്യുന്നത്? അയാൾ വിളിച്ചു ചോദിച്ചു.

'പല ആളുകളും നദി കടക്കാൻ സാധിക്കാതെ വിഷമിക്കുന്നു. അവർക്കു വേണ്ടി ഞാൻ നദിയിൽ ചിറ കെട്ടുകയാണ്. ഈ ചിറയിലൂടെ അവർക്ക് അക്കരെപോകാം.' ബ്രാഹ്മണൻ ചമഞ്ഞ ദേവേന്ദ്രൻ പറഞ്ഞു.

'സാധിക്കാത്ത ഒരു പ്രവൃത്തിയാണ് ഇത്. സാധിക്കുന്ന വല്ല പ്രവൃത്തിയും ചെയ്യൂ.' യവക്രീതൻ ഉപദേശിച്ചു.

'യവക്രീതാ, അങ്ങ് വേദജ്ഞാനത്തിനായി തപസ്സ് ചെയ്യുന്നില്ലേ? അതും എന്റെ പ്രവൃത്തിപോലെ വ്യർത്ഥമാണ്.' ദേവേന്ദ്രൻ പറഞ്ഞു.

അപ്പോൾ യവക്രീതന് ഒന്ന് മനസ്സിലായി—ഇത് ബ്രാഹ്മണനല്ല, ദേവേന്ദ്രനാണ് എന്ന്.

'ശരി, വേദജ്ഞാനം സിദ്ധിക്കാനുള്ള വരം അങ്ങ് എനിക്കു തരണം. എന്നാൽ ഞാൻ ഈ തപസ്സ് അവസാനിപ്പിക്കാം.' യവക്രീതൻ പറഞ്ഞു.

ദേവേന്ദ്രൻ ആ വരം നൽകി. വരബലത്തിൽ യവക്രീതൻ സന്തോഷിച്ചു. അയാൾ പിതാവിനെ ചെന്നു കണ്ടു.

'അച്ഛാ, എനിക്കു ദേവേന്ദ്രനിൽനിന്ന് വരം ലഭിച്ചു. പഠിക്കാതെതന്നെ എനിക്കു വേദജ്ഞാനം ഉണ്ടാകും.' അയാൾ പറഞ്ഞു.

ഭരദ്വാജന് അതത്ര നല്ലതായി തോന്നിയില്ല.

'മകനേ, വരലാഭം കാരണം നീ ഗർവിതനായേക്കും. അക്കാരണത്താൽ നാശമടയാനും ഇടയുണ്ട്. അതിന് ഉദാഹരണമായി ഒരു കഥയുണ്ട്.' അദ്ദേഹം പറഞ്ഞിട്ട് ആ കഥ കേൾപ്പിച്ചു.

ഇതാണു കഥ:

പണ്ട് ബാലധി എന്നൊരു മഹർഷി ഉണ്ടായിരുന്നു. അദ്ദേഹത്തിനു പുത്രൻ ജനിച്ചില്ല. പുത്രനുണ്ടാവാൻവേണ്ടി അദ്ദേഹം ഒരു തപസ്സു ചെയ്തു. മരണമില്ലാത്ത ഒരു പുത്രൻ ജാതനാവണം—അതായിരുന്നു തപസ്സിന്റെ ലക്ഷ്യം.

ദേവന്മാർ വന്ന് ഒന്നു പറഞ്ഞു: 'മരണമില്ലാത്ത മനുഷ്യൻ ഒരുകാലത്തും ഉണ്ടാവുകയില്ല. എന്നാൽ, നിമിത്തായുസ്സുള്ള പുത്രൻ ജനിക്കുന്നതിനു വിരോധമില്ല. ഏതെങ്കിലും ഒരു കാര്യം നടക്കുന്നതുവരെ ഒരാൾ ജീവിച്ചിരിക്കും; ആ കാര്യം നടക്കുമ്പോൾ അയാൾ മരിക്കുകയും ചെയ്യും. അങ്ങനെ ഒരു ഏർപ്പാട് ചിലപ്പോൾ ഉണ്ടാവാറുണ്ട്.'

'എന്നാൽ, ആ കാണുന്ന പർവതം എന്റെ മകന്റെ ആയുസ്സിനു നിമിത്തമാവണം.' ബാലധി ആവശ്യപ്പെട്ടു. ദേവന്മാർ അപ്രകാരം നിശ്ചയം ചെയ്തു.

കുറേക്കാലം കഴിഞ്ഞ് ബാലധിക്ക് ഒരു മകൻ പിറന്നു. മേധാവി എന്നായിരുന്നു കുട്ടിക്ക് പേര്. വളർന്നപ്പോൾ മേധാവി ഗർവിതനായി, ദേഷ്യക്കാരനുമായി. പിതാവിന് അത്യധികമായ തപശ്ശക്തിയുണ്ട്. അതാണു ഗർവിനു കാരണം. അവൻ പലരേയും നിന്ദിക്കുകയുണ്ടായി. കൂട്ടത്തിൽ ചില മുനിമാരെയും. മാത്രമല്ല, ധനുഷ്കാക്ഷൻ എന്ന പ്രതാപശാലിയെയും.

ധനുഷ്കാക്ഷനു മറ്റു ശക്തികളുടെ കൂട്ടത്തിൽ ശാപശക്തിയുമുണ്ട്.

'മേധാവീ, നീ ചാമ്പലായിപ്പോകട്ടെ!' അദ്ദേഹം ശാപമേകി.

പക്ഷേ, മേധാവി ചാമ്പലായില്ല. മാത്രമല്ല, അവന് ഒരു തകരാറും പറ്റിയില്ല. അതിന്റെ കാരണം ധനുഷ്കാക്ഷൻ ചുഴിഞ്ഞാലോചിച്ചു. അപ്പോൾ ശാപം ഫലിക്കാത്തത് എന്തുകൊണ്ട് എന്ന് മനസ്സിലായി. അവനു നിമിത്തമായി ഒരു പർവതമുണ്ട്. ആ പർവതം ഇല്ലാതാവുമ്പോഴേ അവന് മരണം സംഭവിക്കുകയുള്ളൂ. എന്നാലിനി ആ പർവതത്തെ ഇല്ലാതാക്കുകതന്നെ—അതായി ധനുഷ്കാക്ഷന്റെ നിശ്ചയം. അദ്ദേഹത്തിന് അസംഖ്യം പോത്തുകളുണ്ട്. ആ മൃഗങ്ങളെ വിട്ട് അദ്ദേഹം പർവതത്തെ ചവിട്ടിച്ചു. വളരെ വർഷക്കാലത്തേക്ക് പോത്തുകൾ പർവതത്തെ ബലപ്പിച്ചു ചവിട്ടിക്കൊണ്ടിരുന്നു. ഒടുവിൽ പർവതം നിലത്തിന്റെ നിരപ്പിലായി. ആ സമയം മേധാവി മരിച്ചുവീണു.

ബാലധി ഹൃദയം പൊട്ടുമാറു വിലപിച്ചു.

ചില മുനിമാർ അവിടെ വന്നെത്തി.

'വിധിയെ മാറ്റാൻ മനുഷ്യർക്ക് ഒരുകാലത്തും സാധിക്കയില്ല.' അവർ പറഞ്ഞ് അദ്ദേഹത്തെ സമാധാനപ്പെടുത്തി.

ഇക്കഥയാണ് ഭരദ്വാജൻ യവക്രീതനെ കേൾപ്പിച്ചത്.

'മകനേ, അതുകൊണ്ട് ഞാൻ നിന്നോട് ഒന്നു പറയുന്നു. നീ ഒരിക്കലും മേധാവിയെപ്പോലെ ആകരുത്. ധൈര്യവും പുത്രന്മാരും മാഹാത്മ്യമുള്ളവരാണ്. നീ അവർക്ക് എതിരായി യാതൊന്നും ചെയ്തുപോകരുത്. അവർക്കു ദേഷ്യം വന്നാൽ അപായമുണ്ടാകും. നീ സൂക്ഷിച്ചിരിക്കണം.' ഭരദ്വാജൻ പറഞ്ഞു നിർത്തി.

അച്ഛൻ ആവശ്യപ്പെട്ടതുപോലെ താൻ പ്രവർത്തിച്ചുകൊള്ളാം— അതിനു സമ്മതിച്ചു യവക്രീതൻ. പക്ഷേ, വെറുതെയാണ് അങ്ങനെ പറഞ്ഞത്. അയാൾ പഴയപോലെ പരനിന്ദ തുടർന്നുപോയി.

ഒരിക്കൽ അയാൾ രൈഭ്യന്റെ ആശ്രമത്തിൽ കയറിച്ചെന്നു. വസന്തകാലം വന്നുകഴിഞ്ഞിരിക്കുന്നു. ഏറ്റവും രമ്യമായി വിലസുകയാണ് ആ വനം. രൈഭ്യന്റെ ആശ്രമം ആ വനത്തിന്റെ മദ്ധ്യത്തിലുമാണ്. ആശ്രമത്തിൽ ഒരു യുവതി മാത്രമേ ആ സമയത്ത് ഉണ്ടായിരുന്നുള്ളൂ. രൈഭ്യന്റെ പുത്രനായ പരാവസുവിന്റെ പത്നിയായിരുന്നു അവൾ. യവക്രീതന് ഒരു ദുർമോഹമുണ്ടായി അവളെ കണ്ടപ്പോൾ—അവളെ ഭാര്യയാക്കണം എന്ന്. കണ്ടില്ലേ തോന്ന്യാസം? അയാൾ തന്റെ ആഗ്രഹം അവളെ അറിയിച്ചു. ഒരു ആജ്ഞയും നൽകി—അവൾ ഉടനെതന്നെ തന്റെകൂടെ പോരണമെന്ന്. അതിനൊട്ടും മനസ്സുണ്ടായിരുന്നില്ല യുവതിക്ക്. പക്ഷേ, മനസ്സില്ല എന്ന് അയാൾ അറിഞ്ഞാലോ? അയാൾ വല്ല തെമ്മാടിത്തവും പ്രവർത്തിച്ചെന്നുവരാം. അതായിരുന്നു അവളുടെ ഭയം. സമ്മതം നടിച്ചുകൊണ്ട് രക്ഷപ്പെടുകതന്നെ. അതിനായി ആ ബുദ്ധിമതിയുടെ ഒരുക്കം.

'അങ്ങ് അതാ അവിടെച്ചെന്ന് തെല്ലു സമയം കാത്തു നിൽക്കണം. ഞാൻ താമസം കൂടാതെ അങ്ങോട്ടു വന്നുകൊള്ളാം.' അവൾ പറഞ്ഞു.

സമയം ലാഭപ്പെടുത്താൻ മാത്രം പറഞ്ഞതാണ് അത്. പക്ഷേ, യവക്രീതന് അങ്ങനെയൊരു സംശയമേ തോന്നിയില്ല. അയാൾ ആശ്രമത്തിൽനിന്ന് ഇറങ്ങി ഒരിടത്തു കാത്തുനില്പായി.

കുറെക്കഴിഞ്ഞ്, പുറത്തുപോയിരുന്ന രൈഭ്യൻ ആശ്രമത്തിൽ തിരിച്ചെത്തി. അപ്പോൾ അദ്ദേഹം എന്താണ് കണ്ടത്? സുശീലയായ പുത്രഭാര്യ കരഞ്ഞുകൊണ്ട് നിൽക്കുന്നു. എന്തുണ്ടായി എന്ന് അദ്ദേഹം ചോദിച്ചു. നടന്നതെല്ലാം അവൾ അറിയിച്ചു.

ഓഹോ, ഇത്ര ദുർന്നടപടിക്കാരനാണ് യവക്രീതൻ, അല്ലേ. രൈഭ്യന്റെ കോപം ചിറപൊട്ടി. അദ്ദേഹം തന്റെ ജടയിൽ ഒരു ഭാഗം പറിച്ചെടുത്തു. മന്ത്രം ചൊല്ലിയിട്ട് അതിനെ അഗ്നിയിൽ ഹോമിച്ചു. തൽക്ഷണം അഗ്നിയിൽനിന്ന് ഒരു സ്ത്രീരൂപം ആവിർഭവിച്ചു. പരാവസുവിന്റെ ഭാര്യയുടെ തത്സമരൂപം! തുടർന്ന് രൈഭ്യൻ ജടയിൽനിന്ന് മറ്റൊരു ഭാഗം വേറാക്കി. മന്ത്രം ചൊല്ലി അതിനെ ഹോമിച്ചപ്പോഴോ? മണ്ടാമതൊരു രൂപം ഉയർന്നുവന്നു— ഭയങ്കരനായ ഒരു രാക്ഷസൻ.

സ്ത്രീയും രാക്ഷസനും രൈഭ്യനെ പ്രണമിച്ചു.

'എന്താണ് ഞങ്ങൾ ചെയ്യേണ്ടത്?' അവർ അദ്ദേഹത്തോടു ചോദിച്ചു.

'പോയി യവക്രീതനെ വധിക്കുവിൻ!' രൈഭ്യൻ അവർക്ക് ആജ്ഞ നൽകി.

സ്ത്രീയും രാക്ഷസനും യവക്രീതനെ അന്വേഷിച്ചിറങ്ങി. കുറെ ദൂരം പോയപ്പോൾ രാക്ഷസൻ മറഞ്ഞുനിന്നു. സ്ത്രീ യവക്രീതന്റെ മുന്നിലെത്തി. യവക്രീതനു യാതൊരു സംശയവും തോന്നിയില്ല. പരാവസുവിന്റെ ഭാര്യതന്നെയാണ് ഇവൾ—അതായിരുന്നു അയാളുടെ വിശ്വാസം. അവൾ വന്നതിൽ അയാൾക്ക് അതിയായ സന്തോഷവും തോന്നി. കൊഞ്ചിയും കുഴഞ്ഞും

അവൾ അയാളുടെ കമണ്ഡലു കൈക്കലാക്കി. അപ്പോഴേക്കും മറഞ്ഞു നിന്ന രാക്ഷസൻ ഓടിയെത്തി. ശൂലവും ഓങ്ങിക്കൊണ്ട് ഓടി വരികയാണ് അവൻ. തന്നെ കൊല്ലുകയാണ് രാക്ഷസന്റെ ഉദ്ദേശ്യം. അതു മനസ്സിലാക്കാൻ യവക്രീതന് അധികസമയമൊന്നും വേണ്ടിവന്നില്ല. അയാൾ പ്രാണഭീതിയെടുത്തു പാഞ്ഞുതുടങ്ങി. പായുന്നിടത്തെല്ലാം രാക്ഷസനുമുണ്ട് പിറകേ! യവക്രീതൻ അന്തം വിട്ടു പാഞ്ഞു. ഒടുവിൽ വിയർത്തും കിതച്ചും തളർന്നും പിതാവിന്റെ ആശ്രമത്തിൽ എത്തി. അപ്പോഴേക്കും രാക്ഷസൻ അടുത്തെത്തി ശൂലംകൊണ്ട് ഒരു കുത്ത്! കുത്തേറ്റ് യവക്രീതൻ മരിച്ചു വീണു.

ആ സമയം ഭരദ്വാജൻ ആശ്രമത്തിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം ചമത യ്ക്കായി പുറത്തുപോയിരുന്നു. കുറെ നേരം കഴിഞ്ഞ് അദ്ദേഹം ആശ്രമത്തിൽ മടങ്ങി എത്തി. ഉടനെതന്നെ ഒരു വ്യത്യാസം അദ്ദേഹം മനസ്സിലാക്കി. സാധാരണയായി അദ്ദേഹം വരുമ്പോൾ എന്താണ് സംഭവിക്കാറുള്ളത്? ഹോമകുണ്ഡത്തിലെ അഗ്നി ഒന്നു കത്തിജ്ജ്വലിക്കും. അദ്ദേഹത്തെ അഗ്നി ആഹ്ലാദത്തോടെ എതിരേൽക്കുകയാണ്. എന്നാൽ, ഇപ്പോഴിതാ അഗ്നി പഴയപടിതന്നെ ആണ്. കത്തിജ്ജ്വലിക്കുന്നില്ല. എന്തുകൊണ്ടാണിങ്ങനെ? ഭരദ്വാജന്റെ മനസ്സാകെ ചഞ്ചലമായി. ആശ്രമത്തിനു പുറത്ത് എന്തോ ഒരു അത്യാഹിതം സംഭവിച്ചിട്ടുണ്ട്. ആ ബോധോദയം അദ്ദേഹത്തിന് ഉണ്ടായി. അദ്ദേഹം പുറത്തിറങ്ങി ചുറ്റി നടന്നു. അതാ ചത്തുകിടക്കുന്നു യവക്രീതൻ!

ഭരദ്വാജൻ ശോകത്താൽ ആകുലനായി. താൻ പുത്രനെ മുമ്പ് വിലക്കിയിരുന്നതാണ് അതുകൊണ്ട് ഒരു ഫലവും ഉണ്ടായില്ല. അവൻ ദുഷ്കർമം ചെയ്യുകയുണ്ടായി. അതിന്റ ഫലം അനുഭവിക്കുകയും ചെയ്തു. എങ്കിലും അവൻ പുത്രനായിപ്പോയില്ലേ? അവൻ മരിച്ച സ്ഥിതിക്ക് താനും മരിക്കുക തന്നെ!

ദുഃഖാഗം എന്നല്ലാതെ എന്താണ് പറയുക? മഹാരാജന് രൈഭ്യനോട് ദ്വേഷം ഉണ്ടായി. കടുത്ത ദ്വേഷം ആയിരുന്നുതാനും.

'രൈഭ്യൻ പുത്രന്റെ കൈയാൽ മരിക്കുമാറാകട്ടെ!' അദ്ദേഹം ശാപമേകി.

തുടർന്ന് അദ്ദേഹം യവക്രീതന്റെ ശരീരം ചിതയിൽ ദഹിപ്പിച്ചു. അതിനു ശേഷം അദ്ദേഹം ചിതാഗ്നിയിൽ പ്രവേശിച്ചു. പിതാവിനും പുത്രനും ഒരേ ചിത.

എന്തായിരുന്നു ശാപത്തിന്റെ ഫലം?

രൈഭ്യന്റെ പുത്രന്മാരാണല്ലോ അർവാവസുവും പരാവസുവും. അവർക്ക് ഒരു ക്ഷണം വന്നു ചേർന്നു. ബൃഹദ്യുമ്നൻ എന്ന രാജാവ് അയച്ചതാണ് ക്ഷണം. ഇരുവരും രാജാവിന്റെ യാഗത്തിൽ പങ്കുകൊള്ളണം. അതായിരുന്നു രാജാവിന്റെ ആഗ്രഹം.

സഹോദരന്മാർ പിതാവിന്റെ സമ്മതം വാങ്ങി യാഗത്തിനു പോയി.

ആശ്രമത്തിൽ രൈഭ്യനും പരാവസുവിന്റെ പത്നിയും മാത്രമായി. വിചാരിച്ചിരിക്കാതെ അത്യാഹിതമുണ്ടായി. ഒരു കാര്യം പ്രമാണിച്ച് പരാവസു ആശ്രമത്തിൽ തിരിച്ചെത്തി. അപ്പോൾ രാത്രിയായിക്കഴിഞ്ഞിരുന്നു. പുറത്തു നിൽക്കുകയായിരുന്നു രൈഭ്യൻ. മാൻതോൽ ധരിച്ചിരിക്കയാണ് അദ്ദേഹം.

ഇരുട്ടിൽ പരാവസുവിന് ഒരു തെറ്റിദ്ധാരണ ഉണ്ടായി—അതാ, നിൽക്കുന്നത് ഒരു മാനാണ്! അയാൾ മാനെന്നു കരുതി അതിനെ കൊന്നു. പിന്നീടാണ് ഒന്നു മനസ്സിലായത് താൻ കൊന്നത് മാനിനെയല്ല, മാൻതോൽ ധരിച്ചിരുന്ന പിതാവിനെയാണ്! അയാളുടെ സങ്കടം എത്രത്തോളം ഉണ്ടായിരുന്നു? അത് ഊഹിക്കയാവും ഭേദം!

പിതൃകർമങ്ങൾ ചെയ്തുതീർത്തിട്ട് പരാവസു യാഗസ്ഥലത്തു തിരിച്ചെത്തി.

ആദ്യമേ അയാൾക്ക് അല്പം ദുഷ്ടതയുണ്ടായിരുന്നു. ഇപ്പോൾ ആ ദുഷ്ടത പലമടങ്ങു വർദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. അയാൾ പിതൃഹത്യയെക്കുറിച്ച് അനുജനെ അറിയിച്ചു.

'അർവാവസു, എന്റെ പിതൃഹത്യയ്ക്ക് നീ പ്രായശ്ചിത്തം ചെയ്യണം. വേറൊരിടത്തുചെന്ന് വ്രതം എടുക്കുകയും വേണം. ഇവിടെ യാഗത്തിൽ ഞാൻ മാത്രം പങ്കുകൊണ്ടാൽ മതിയാകും.' അയാൾ പറഞ്ഞു.

ഒതെതിരും അർവാവസു പറഞ്ഞില്ല. യാഗത്തിനു തനിക്കുള്ള ചുമതല അയാൾ ജ്യേഷ്ഠനെ ഏല്പിച്ചു. എന്നിട്ട് മറ്റൊരിടത്തു ചെന്ന് വ്രതം അനുഷ്ഠിച്ചു. അതിനുശേഷം യാഗസ്ഥലത്തു മടങ്ങുകയും ചെയ്തു.

പരാവസു മറ്റൊരു ദുഷ്ടത പ്രവർത്തിച്ചു. ബൃഹദ്യുമ്നനെയും അർവാവസുവിനെയും തമ്മിൽ അകറ്റണം. അതിനായി വലിയൊരു കള്ളവും പറഞ്ഞു.

'രാജൻ, എന്റെ അനുജൻ അച്ഛനെ കൊന്നവനാണ്; അങ്ങ് അവനെ യാഗശാലയിൽ കടത്തരുത്. കടത്തിയാൽ അങ്ങേക്ക് ഘോരമായ പാപം ഉണ്ടാകും.'

അർവാവസു അമ്പരന്നു പോയി. ജ്യേഷ്ഠനാണു പിതാവിന്റെ ഘാതകൻ. താൻ പിതൃഭക്തനാണ്. എന്നിട്ടാണ് ജ്യേഷ്ഠൻ ഇങ്ങനെ പറയുന്നത്!

'രാജാവേ, ജ്യേഷ്ഠൻ അസത്യമാണ് പറഞ്ഞത്. പിതാവിനെ വധിച്ചത് വാസ്തവത്തിൽ ജ്യേഷ്ഠനാണ്.' അർവാവസു പറഞ്ഞു.

പക്ഷേ, രാജാവാകട്ടെ, സദസ്യരാകട്ടെ, അർവാവസുവിനെ വിശ്വസിച്ചില്ല. അയാൾ പച്ചക്കള്ളം പറയുകയാണ് എന്നാണ് അവർക്ക് തോന്നിയത്. അവർ അയാളെ യാഗശാലയിൽനിന്ന് ആട്ടിയോടിച്ചു. അർവാവസു നേരെ വനത്തിലേക്ക് പോയി. അവിടെയിരുന്നു സൂര്യദേവനെ തപസ്സുചെയ്തു. സംപ്രീതനായ സൂര്യദേവൻ പ്രത്യക്ഷനായി. മാത്രമല്ല, അഗ്നി മൃതലായ മറ്റു ചില ദേവന്മാരും.

'എന്റെ അച്ഛൻ ജീവിക്കണം. എന്റെ ജ്യേഷ്ഠൻ ചെയ്ത പാപങ്ങൾക്ക് അറുതിവരണം. ഭരദ്വാജനും യവക്രീതനും ജീവിക്കുകയും വേണം '— അതാണ് അർവാവസു ചോദിച്ച വരം.

ആ വരം നൽകപ്പെടുകയും ചെയ്തു. മരിച്ചവരെല്ലാം ജീവനോടെ തിരിച്ചുവന്നു—ഭരദ്വാജനും ഭരദ്വാജനും യവക്രീതനും.

കണ്ടില്ലേ അർവാവസുവിന്റെ നന്മ?

(മഹാഭാരതം—വനപർവം തീർത്ഥയാത്ര)

ത്രിതൻ

ഏകതൻ, ദ്വിതൻ, ത്രിതൻ—സഹോദരന്മാരാണ് മൂന്നുപേരും. അതേ സമയം മുനിമാരും. ത്രിതനാണ് എല്ലാംകൊണ്ടും ഒന്നാമൻ. ശക്തിയിലും സാമർത്ഥ്യത്തിലും മറ്റു രണ്ടുപേരും കിടനില്ക്കയില്ല. നന്മയിലും അപ്രകാരം തന്നെ. ത്രിതന്റെ പ്രസക്തി ലോകം മുഴുവൻ വ്യാപിച്ചു. സകലരും അദ്ദേഹത്തെ അങ്ങേയറ്റം ബഹുമാനിച്ചു.

പണക്കൊതി ഉണ്ടായിരുന്നു ഏകതനും ദ്വിതനും. പല സ്ഥലങ്ങളിലും ചെന്ന് യാഗം നടത്തിക്കൊടുക്കുക — ആ പതിവ് അവർ പുലർത്താൻ ആഗ്രഹിച്ചു. പ്രതിഫലമായി അവർക്കു പശുക്കളും പണവും ലഭിക്കും. അപ്പോൾ പിന്നെ പണക്കാരനാകാൻ പ്രയാസമില്ലല്ലോ. എങ്കിലും ഏകതനും ദ്വിതനും ഒന്നറിയാം. തങ്ങളെക്കുറിച്ച് രാജാക്കന്മാർക്കും മറ്റും അത്ര വളരെ ബഹുമാനമില്ല. ആ സ്ഥിതിക്ക് അവർ തങ്ങളെ യാഗം നടത്താൻ ക്ഷണിക്കുകയില്ല. മറിച്ചാണ് ത്രിതന്റെ സ്ഥിതി. എല്ലാവർക്കും ത്രിതൻ അത്യധികം ആദരണീയനാണ്. ത്രിതനെ കൂട്ടുപിടിച്ചാലേ തങ്ങളുടെ കാര്യം നടക്കുകയുള്ളു. അത് ഏകതനും ദ്വിതനും അറിയുകയും ചെയ്യാം. അവർ ത്രിതന്റെ സഹായം അപേക്ഷിച്ചു. ത്രിതൻ സഹായം വാഗ്ദാനം ചെയ്തു. അദ്ദേഹമുണ്ടോ അറിയുന്നു സഹോദരന്മാരുടെ ദുരാഗ്രഹം? അവരോടുകൂടി അദ്ദേഹം പല സ്ഥലങ്ങളിലേക്കു പോയി. ഒന്നൊന്നായി അനേകം യാഗങ്ങൾ നടത്തി. പ്രതിഫലമായി കുറെയേറെ പശുക്കൾ കിട്ടി. മാത്രമല്ല, ധാരാളം ധനവും.

ഒരിക്കൽ അവർ മൂന്നുപേരുംകൂടി ഒരിടത്തേക്കു പോവുകയായിരുന്നു. പശുക്കളെയും തെളിച്ചുകൊണ്ടാണ് അവരുടെ പോക്ക്. ഏറ്റവും മുമ്പിലായി ത്രിതൻ നടക്കുന്നു. വളരെ പിറകിൽ ഏകതനും ദ്വിതനും. അവർ ഗൂഢമായി ഒരാലോചന നടത്തുകയാണ്. കിട്ടിയ പശുക്കളെ രണ്ടുപേർക്കുമായി വീതിച്ചെടുക്കണം. ത്രിതന് ഒരു പശുവിനെയും കൊടുക്കേണ്ടതില്ല. യാഗത്തിൽ സമർത്ഥനാണ് ത്രിതൻ. അവൻ ഇനിയും പലേ യാഗങ്ങളും നടത്തും. അവന് അനേകം പശുക്കളെയും കിട്ടും. അവയെല്ലാം അവൻ എടുത്തുകൊള്ളട്ടെ. ഇന്നോളം കിട്ടിയിട്ടുള്ളവ തങ്ങൾക്കു വേണം!

രാത്രിയായിട്ടും അവൻ നടന്നു പോവുകയായിരുന്നു. മുമ്പേ നടക്കുന്ന ത്രിതൻ ഒരു ചെന്നായെ കണ്ടു. അദ്ദേഹം ഒരു വശത്തേക്ക് ഒഴിഞ്ഞുമാറി. ആ സ്ഥലത്ത് ഒരു കിണർ ഉണ്ടായിരുന്നു. ഇരുട്ടായതിനാൽ അദ്ദേഹം കിണർ കണ്ടില്ല. അതിൽ ഒരൊറ്റ വീഴ്ച!

അതു മനസ്സിലാക്കി ഏകതനും ദ്വിതനും. അവർക്കു നല്ല തക്കം കിട്ടിയില്ലേ? പശുക്കളെയുംകൊണ്ട് അവർ കടന്നുകളഞ്ഞു.

കിണറ്റിൽ വീണിട്ടും ത്രിതന് യാതൊരു പതർച്ചയും ഉണ്ടായില്ല. ഒരു യാഗം ചെയ്യാമെന്ന് അദ്ദേഹം ഏറ്റിട്ടുണ്ടായിരുന്നു. അതിപ്പോൾ ചെയ്യുക തന്നെ എന്നായി നിശ്ചയം. യാഗത്തിന് അനേകം സാമഗ്രികൾ വേണ്ടതാണ്. സാമഗ്രികൾ കിണറ്റിൽ എവിടന്നു കിട്ടാനാണ്! എങ്കിലും ത്രിതൻ ഉഗ്രാശനായില്ല. വെള്ളം, വള്ളി, പാറ—അത്രയും കിണറ്റിൽ ഉണ്ടായിരുന്നു. അവയെ അദ്ദേഹം യാഗത്തിനുള്ള സാമഗ്രികളായി സങ്കല്പിച്ചു. എന്നിട്ടു മന്ത്രങ്ങൾ ഒന്നൊന്നായി ഉരുക്കഴിച്ചു. മന്ത്രങ്ങളുടെ ധ്വനി സ്വർഗലോകത്ത് ചെന്നലച്ചു.

ദേവന്മാർ ചെവി വട്ടം പിടിച്ചു.എന്തു ശബ്ദം എന്ന് ശരിക്കു മനസ്സിലായില്ല. അവർ ബൃഹസ്പതിയോടു അന്വേഷിച്ചു:

'ഗുരോ, ഭൂമിയിൽനിന്നു വരുന്ന ഈ ശബ്ദം എന്തായിരിക്കാം?' അവർ ചോദിച്ചു.

'ശിഷ്യരേ, ത്രിതൻ കിണറ്റിനകത്തിരുന്നു യാഗം ചെയ്യുകയാണ്. നമുക്ക് ഉടൻതന്നെ അവിടേക്ക് പോകണം.' ബൃഹസ്പതി പറഞ്ഞു.

ദേവഗുരുവും ദേവന്മാരും ധൃതിയിൽ കിണറ്റിന്റെ അരികിലെത്തി. ത്രിതൻ അവർക്ക് യാഗഭാഗം നൽകി. ദേവന്മാർ യാഗഭാഗം സ്വീകരിച്ച് സംതൃപ്തരായി.

അപ്പോഴേക്കും ഒരു സംഭവം ഉണ്ടായി. സരസ്വതിനദി കിണററിനുള്ളിലേക്ക് വെള്ളം അയച്ചു. ആ വെള്ളം മുകളിലേക്കു തള്ളി ഒഴുകി. അതിൽപ്പെട്ട് ത്രിതൻ കിണററിനു മുകളിലായി. അദ്ദേഹം തന്റെ ഗൃഹത്തിലേക്കു പോവുകയും ചെയ്തു.

മഹാജ്ഞാനിയാണല്ലോ ത്രിതൻ.സഹോദരന്മാരുടെ വഞ്ചന അദ്ദേഹം ഗ്രഹിക്കുകയായി. അദ്ദേഹം ഉടനെ അവരെച്ചെന്ന് കണ്ടു. ദുരാഗ്രഹം കാരണം അവർ അദ്ദേഹത്തെ ദ്രോഹിച്ചില്ലെ? അതിന് അദ്ദേഹം അവർക്ക് ശാപമേകി. ഫലമായി അവരുടെ സന്തതികൾ കുരങ്ങന്മാരും കരടികളുമായി.

(മഹാഭാരതം, ശല്യപർവം)

ഗാലവൻ

വിശ്വാമിത്രമഹർഷി ഒരു തപസ്സിൽ ഏർപ്പെട്ടിരിക്കുന്നു. അദ്ദേഹത്തെ ഒന്നു പരീക്ഷിക്കണം— അതിനായി യമന്റെ ഒരുക്കം. യമൻ വസിഷ്ഠന്റെ രൂപം ധരിച്ച് ആശ്രമത്തിലെത്തി.

വസിഷ്ഠൻ വിശ്വാമിത്രന്റെ വൈരിയാണ്. എങ്കിലും വസിഷ്ഠൻ വന്നത് അതിഥിയായിട്ടാണ്. അതിനാൽ വിശ്വാമിത്രൻ അദ്ദേഹത്തെ ഉപചാരത്തോടെ സ്വാഗതം ചെയ്തു. അതിഥി വസിഷ്ഠനല്ലെന്ന വാസ്തവം അദ്ദേഹം അറിഞ്ഞതേയില്ല.

വലിയ വിശപ്പുണ്ടെന്ന് അതിഥി പറഞ്ഞു. ഭക്ഷണം പാകം ചെയ്യാൻ വിശ്വാമിത്രൻ തയ്യാറുമായി. പക്ഷേ, അതിന് കുറെ താമസം വേണ്ടിവരും. അക്കാര്യം മനസ്സിലാക്കിയ യമൻ എന്തു ചെയ്തു? എഴുന്നേറ്റ് ഒരൊറ്റ നടത്തം!

വിശ്വാമിത്രൻ ഭക്ഷണം പാകം ചെയ്തിട്ട് പുറത്തേക്ക് വന്നപ്പോഴോ? അതിഥി ദേഷ്യപ്പെട്ടു പോയി എന്നു മനസ്സിലാക്കി. അദ്ദേഹം വല്ലാതെ വിഷമിച്ചുപോയി. അതിഥി ആരുതന്നെ ആയിക്കൊള്ളട്ടെ—ഭക്ഷണം കൊടുക്കാതെ പറഞ്ഞയയ്ക്കുന്നത് മഹാപാപമാണ്. എവിടെച്ചെന്നെങ്കിലും അതിഥിയെ കണ്ടുപിടിക്കണം. ഭക്ഷണം കഴിപ്പിക്കണം. വിശ്വാമിത്രൻ ചോറും കറികളും ഒരു പാത്രത്തിലാക്കി. പാത്രവും ചുമന്നുകൊണ്ട് ആശ്രമം വിട്ടി

റങ്ങി. വളരെ ദൂരം, വളരെ സമയം, തിരഞ്ഞു നടന്നു. അപ്പോഴേക്കും അതിഥിയെ കണ്ടുകിട്ടി.

'വിശ്വാമിത്രമഹർഷേ, അങ്ങ് അല്പസമയം ഇവിടെ നിൽക്കണം. ഒട്ടും താമസിയാതെ ഞാൻ മടങ്ങിവരാം.' അതിഥി പറഞ്ഞിട്ട് അതിവേഗം നടന്നുപോയി.

പാത്രവും തലയിൽവച്ച് അവിടെ നില്പായി വിശ്വാമിത്രൻ. തെല്ലുക ഴിഞ്ഞ് ഒരാൾ അവിടെ വന്നെത്തി. വിശ്വാമിത്രന്റെ ശിഷ്യന്മാരിൽ ഒരാളായ ഗാലവൻ.

വിശ്വാമിത്രൻ വളരെ നേരം കാത്തുനിന്നു. എന്നിട്ടും അതിഥിയുടെ വര വിന്റെ ലക്ഷണമൊന്നും കണ്ടില്ല. എന്നുവെച്ച് അവിടന്നു പോകാനൊക്കുമോ? ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ കടന്നുപോയി. അതേസ്ഥലത്ത് അതേ മാതിരി, നില്ക്കുകയാണ് വിശ്വാമിത്രൻ. ഗുരുവിനെ പരിചരിച്ചുകൊണ്ട് ഗാല വനും. ഗുരുവാകട്ടെ, ശിഷ്യനാകട്ടെ ഒരു വറ്റു ചോറ് ഉണ്ടിട്ടില്ല. ഒരു തുള്ളി വെള്ളം കുടിച്ചിട്ടില്ല!

അങ്ങനെ നൂറു വർഷങ്ങൾ കഴിഞ്ഞു.

അപ്പോഴേക്കും വസിഷ്ഠമുപത്തിലുള്ള യമൻ വരികയായി. അദ്ദേഹം ചോറും കറികളും വാങ്ങി സുഖമായി ഭക്ഷിച്ചു. നൂറു വർഷങ്ങൾക്കുശേഷ വും അവ ആറിത്തണുത്തിട്ടില്ല. അതാണ് അത്ഭുതം.

'വിശ്വാമിത്രമഹർഷേ, എനിക്ക് ഏറ്റവും തൃപ്തിയായി. അതിഥി പറ ഞ്ഞിട്ട് അവിടുന്ന് യാത്രയായി.'

ഗാലവന്റെ വിദ്യാഭ്യാസം അവസാനിച്ചിരുന്നു. ആ ശിഷ്യന്റെ ഗുരുശുശ്രൂ ഷയിൽ വിശ്വാമിത്രൻ സംപ്രീതനായി. ഇനി അവനെ യാത്രയാക്കുക തന്നെ—അതായി വിശ്വാമിത്രന്റെ നിശ്ചയം.

'ഗാലവാ, നീ ഇഷ്ടമുള്ളിടത്തേക്കു പൊയ്ക്കൊള്ളൂ, ഞാൻ പൂർണ്ണ സമ്മതം തന്നിരിക്കുന്നു.' അദ്ദേഹം പറഞ്ഞു.

'ഗുരോ, ഞാൻ അവിടുത്തേക്ക് ഗുരു ദക്ഷിണ തന്നിട്ടില്ല. ഗുരുദക്ഷിണ തരേണ്ടത് എന്റെ കർത്തവ്യമാണ്. എന്തു ഗുരുദക്ഷിണയാണ് അവിടുത്തേ ക്ക് വേണ്ടത്? 'ഗാലവൻ ചോദിച്ചു.

'എനിക്ക് ഒരു ദക്ഷിണയും ആവശ്യമില്ല.' വിശ്വാമിത്രൻ പറഞ്ഞു.

'തരാതെ എനിക്കു നിർവാഹമില്ല.' ഗാലവൻ അറിയിച്ചു.

വേണ്ടെന്ന് മഹർഷി പലവട്ടം പറഞ്ഞു. വേണമെന്ന് ശിഷ്യൻ പലവട്ടം ശഠിച്ചു. വിശ്വാമിത്രന് പെട്ടെന്ന് ദേഷ്യമുണ്ടായി.

'ശരി, ഗാലവാ. നീ എനിക്ക് എണ്ണൂറു കുതിരകളെ തരണം. ഓരോ കുതിരയ്ക്കും തനി വെള്ളനിറമായിരിക്കണം. ഒരു ചെവി കറുത്തുമിരി ക്കണം.'വിശ്വാമിത്രൻ പറഞ്ഞു.

ഗാലവൻ ഗുരുസന്നിധിയിൽനിന്നും വിടവാങ്ങി. പക്ഷേ, ആ യുവാവിന്റെ മനസ്സ് വാടിത്തളർന്നിരുന്നു. ഗുരു കുതിരകളുടെ പ്രത്യേകതകൾ വിവരി ക്കുകയുണ്ടായി. അങ്ങനെയുള്ള കുതിരകളെ എവിടെ കിട്ടാനാണ്? ഗാല വൻ ആശയറ്റ് അങ്ങുമിങ്ങും അലഞ്ഞു നടന്നു. ഊണില്ല, ഉറക്കമില്ല, വിശ്ര മമില്ല. ദിവസങ്ങൾ കഴിഞ്ഞതോടെ അയാൾ അത്യന്തം ദുർബലനായി. ശരീരം വളരെയധികം ശോഷിച്ചും പോയി. സഹായത്തിന് അയാൾ ആരെയും കണ്ടില്ല. ഇനി എന്തിന് ജീവിച്ചിരിക്കണം? വല്ലയിടത്തും പോയി

ആത്മഹത്യ ചെയ്യുകതന്നെ. ഗുരുദക്ഷിണ കൊടുക്കാൻ സാദ്ധ്യമല്ലെന്നു വരിക! അതിനേക്കാൾ കഷ്ടമായി മറ്റെന്താണ് ഉള്ളത്? ഇനി മഹാവിഷ്ണു മാത്രമേയുള്ളൂ അഭയം നല്കാൻ. ഗാലവൻ മഹാവിഷ്ണുവിനെ ഭക്തി പൂർവ്വം ഭജിച്ചു.

ഗരുഡൻ ഗാലവന്റെ മുമ്പിൽ ആവിർഭവിച്ചു.

'ഗാലവാ, എനിക്കു മുമ്പിനാലെ അങ്ങയോടു സൗഹൃദം തോന്നിയിട്ടുണ്ട്. അങ്ങയുടെ ദുരിതം എനിക്കു മനസ്സിലായി. ഞാൻ അതിനെക്കുറിച്ച് ഭഗവാനോടു പറഞ്ഞിട്ടുമുണ്ട്. ഭഗവാൻ തീർച്ചയായും അങ്ങയെ സഹായിക്കും. ആട്ടെ. ഇപ്പോൾ അങ്ങ് എന്നോടുകൂടി വരൂ.' ഗരുഡൻ ക്ഷണിച്ചു.

തന്റെ പുറത്തുകയറി ഇരിക്കണം—ഗരുഡൻ ഗാലവനോട് ആവശ്യപ്പെട്ടു. ഗാലവൻ അനുസരിച്ചു. അദ്ദേഹത്തെ വഹിച്ചുകൊണ്ട് ഗരുഡൻ പറന്നുപോയി. കിഴക്കുദിക്കിലേക്കാണു പോയത്. എത്ര ഊക്കുള്ളവയാണ് ഗരുഡന്റെ ചിറകടികൾ! അവ സമുദ്രത്തെ ക്ഷോഭിപ്പിച്ചു; കൊടുങ്കാറ്റുകളെ സൃഷ്ടിച്ചു. വായുവേഗത്തെക്കാൾ കൂടുതലാണ് ഗരുഡന്റെ ഗതിവേഗം. ഗാലവൻ വല്ലാതെ ഭയന്നുപോയി. ചെവികൾ ശ്രവണശക്തി വെടിഞ്ഞു. കണ്ണുകൾ കാഴ്ചയ്ക്കുള്ള ശക്തിയും.

'ഗരുഡാ, ദയവു ചെയ്ത് പതുക്കെപ്പറക്കൂ.' അദ്ദേഹം പറഞ്ഞു.

പക്ഷിശ്രേഷ്ഠൻ ഗതിവേഗം കുറച്ചു.

'സ്നേഹിതാ, ഗുരുദക്ഷിണ നൽകാനുള്ള മാർഗമൊന്നും ഞാൻ കാണുന്നില്ല. എനിക്കിനി ചെയ്യാനുള്ളത് ഒന്നു മാത്രമാണ്—വല്ലവിധത്തിലും ജീവിതം അവസാനിപ്പിക്കുക.' ഗാലവൻ നിരാശനായി പറഞ്ഞു.

ഗരുഡൻ സമാധാനപ്പെടുത്തി:

'ഗാലവാ, ആത്മഹത്യയെക്കുറിച്ച് ചിന്തിക്കരുത്. അതു വെറും മൗഢ്യമാണ്. ആട്ടെ, അതാ കടൽക്കരയിൽ കാണുന്നില്ലേ ഒരു പർവ്വതം? അതാണ് ഋഷഭപർവ്വതം. നമുക്ക് അവിടെ ഇറങ്ങി ഭക്ഷണം കഴിക്കാം, കുറെ നേരം വിശ്രമിക്കാം. എന്നിട്ട് യാത്ര തുടരുകയും ചെയ്യാം.' ഗരുഡൻ പറഞ്ഞു.

ഋഷഭ പർവ്വതത്തിന്റെ കൊടുമുടിയിൽ ചെന്നിറങ്ങി ഗരുഡൻ. അവിടെ ശാണ്ഡിലി എന്നൊരു താപസിയുണ്ട്. അത്യധികമായ തപശ്ശക്തിയുള്ള ബ്രാഹ്മണിയാണ് ശാണ്ഡിലി. അവർ ഗരുഡനും ഗാലവനും ഹാർദ്ദമായ സ്വാഗതമേകി. മാത്രമല്ല,സ്വാദിഷ്ഠമായ ഭക്ഷണവും നൽകി.

ഭക്ഷണത്തിനു ശേഷം അതിഥികൾ നിലത്തുകിടന്നു നിദ്ര ചെയ്തു.

ഉണർന്നപ്പോൾ ഗരുഡന്റെ ശരീരത്തിൽ നോക്കി. അപ്പോൾ അന്തംവിട്ടുപോയി. ചിറകുകൾ രണ്ടും അടർന്നു വീണിരിക്കുന്നു!

. ചിറകുകൾ പോയപ്പോൾപിന്നെ തീർന്നില്ലേ പക്ഷിയുടെ ശക്തി ? മഹാശക്തനായ ഗരുഡനാണ് ഈ ഹതവിധി ഉണ്ടായിരിക്കുന്നത്. അതിൽ ഗാലവനു പരിതാപമുണ്ടായി,

'ഗരുഡാ, അങ്ങു വല്ല അധർമവും ആലോചിക്കുകയുണ്ടായോ? ഉണ്ടായെന്ന് എനിക്കു മിക്കവാറും തീർച്ചയായിരിക്കുന്നു. അത്ര നിസാരമായ അധർമം അല്ലതാനും.' ഗാലവൻ പറഞ്ഞു.

വാസ്തവത്തിൽ ഗരുഡന് ശാണ്ഡിലിയോടു നിന്ദ തോന്നിയിരുന്നു. ദിവ്യശക്തിയുള്ള താപസിക്കും അക്കാര്യം അറിയാതിരുന്നില്ല.

'ഗരുഡാ, ഇനി ഒരിക്കലും അങ്ങു സ്ത്രീകളെ നിന്ദിക്കരുത്. ആട്ടെ, പൊയ്ക്കൊള്ളു, എല്ലാം ശരിയാവും.' ശാണ്ഡിലി ദീർഘദർശനം ചെയ്തു.

അടുത്ത നിമിഷത്തിൽത്തന്നെ ആ ദീർഘദർശനം നടപ്പിലായി. അടർന്നു വീണിരുന്ന ചിറകുകളില്ലേ? അവ പഴയപോലെ ഗരുഡന്റെ ദേഹത്തു ചേർന്നു. അതിൽ പിന്നെ ഗരുഡന് ഒരു വാട്ടവുമില്ല, കോട്ടവുമില്ല!

മുമ്പ് വിശ്വാമിത്രൻ വർണ്ണിച്ചില്ലേ അപൂർവ്വമായ കുതിരകൾ? അവ ഋഷഭ പർവ്വത്തിലുണ്ടോ എന്നായി അന്വേഷണം. ഗരുഡനും ഗാലവനും ഒന്നിച്ച് ഇറങ്ങിനടന്നു പരിശോധിച്ചു. കുതിരകളെ അവിടെങ്ങും കണ്ടുകിട്ടിയില്ല. അതേസമയം ഒരാളെ കണ്ടെത്തി — മറ്റാരെയുമല്ല, വിശ്വാമിത്രമഹർഷിയെത്തന്നെ.

'ഗാലവാ, എവിടെ നിന്റെ ഗുരുദക്ഷിണ! ഇനിയും എത്രനാൾ ഞാൻ കാത്തു കഴിയണം?' വിശ്വാമിത്രൻ അതിയായ നീരസത്തോടെ ചോദിച്ചു.

മഹർഷി തൽക്ഷണം അപ്രത്യക്ഷനായി.

ഗരുഡൻ സ്നേഹിതനെ സഹായിക്കാൻ ഒരുക്കമായി.

'ഗാലവാ, എന്തു കഷ്ടപ്പാടു സഹിച്ചാലും ശരി, കുതിരകളെ കണ്ടുപിടിച്ചേ കഴിയൂ. കണ്ടുപിടിച്ചാൽ ധനം കൊടുത്ത് അവയെ മേടിക്കാൻ സാധിക്കും. ആദ്യം വേണ്ടതു ധനമാണ്. രാജാക്കന്മാർക്കു ധാരാളം ധനമുണ്ട്. ഒരു രാജാവിനോടു ദാനം മേടിക്കണം. യയാതി എന്നൊരു രാജാവുണ്ട്. അദ്ദേഹം ധർമ്മിഷ്ഠനും ദാനശീലനുമാണ്. നമുക്ക് അദ്ദേഹത്തെ ചെന്നു കാണാം.' ഗരുഡൻ പറഞ്ഞു

ഇരുവരും കൂടി യയാതിയുടെ മുമ്പിലെത്തി

രാജാവ് അതിഥികളെ അതിയായ ആദരവോടെ സത്കരിച്ചിരുത്തി.

'രാജാവേ, എന്റെ സ്നേഹിതനാണ് ഈ ഗാലവൻ.' ഗരുഡൻ കൂട്ടുകാരനെ പരിചയപ്പെടുത്തി.

എന്തൊക്കെയായിരുന്നു തങ്ങളുടെ അനുഭവങ്ങൾ?

എന്താണു തങ്ങളിപ്പോൾ ചെന്നതിന്റെ ഉദ്ദേശ്യം? എല്ലാം ഗരുഡൻ വിശദമാക്കി.

യയാതി വല്ലാതെയായി:

'എനിക്കു ധാരാളം ധനമുണ്ടായിരുന്നു. ഇപ്പോൾ ഒട്ടും ശേഷിച്ചിട്ടില്ല. ഉണ്ടായിരുന്ന ധനമെല്ലാം ദാനം ചെയ്തുപോയി. ഗാലവന് എന്തെങ്കിലും നല്കാതിരിക്കുന്നതു പാപമാണ്. ധനത്തിനു പകരം ഞാൻ മറ്റൊന്നു നല്കാം. എനിക്കു ഏറ്റവും പ്രിയപ്പെട്ട ഒന്നാണത് — അതായത് എന്റെ മകൾ! അവളിൽ എല്ലാ ഗുണങ്ങളും ഒത്തിണങ്ങിയിരിക്കുന്നു. കന്യകയെ കൊടുത്തു മേടിക്കുന്ന ധനമാണല്ലോ ശുൽക്കം. എന്റെ പുത്രിക്കു ശുൽക്കമായി എന്തുകിട്ടും! അതു ഞാൻ പ്രത്യേകിച്ചു പറയേണ്ടതായിട്ടില്ല. അവളെ കിട്ടാൻ രാജ്യംപോലും നല്കാൻ തയ്യാറുണ്ട് ഒട്ടനവധി രാജാക്കന്മാർ. രാജ്യത്തേക്കാൾ എത്രയോ കൂറവായിരിക്കുമല്ലോ എണ്ണൂറു കുതിരകളുടെ വില.' രാജാവ് പറഞ്ഞു.

മാധവി എന്നാണ് രാജകുമാരിയുടെ പേര്. യയാതി പുത്രിയെ ഗാലവനു നല്കി. ഗരുഡനോടും മാധവിയോടുംകൂടി ഗാലവൻ യാത്രയായി.

ഇടയ്ക്കുവച്ചു ഗരുഡൻ മറ്റൊരു വഴിക്കു പോയി. ഗാലവനും മാധവിയും തനിച്ചായി. അവളെ ആർക്കു നല്കി ശുൽക്കം മേടിക്കണം? അതായി

ഗാലവന്റെ ആലോചന. ഇക്ഷ്വാകുവംശത്തിൽ പിറന്ന ഹര്യശ്വൻ എന്ന രാജാവു കൊള്ളാം. അതായിരുന്നു ഗാലവന്റെ തോന്നൽ. അയോദ്ധ്യയിലാണ് ഹര്യശ്വൻ വാണരുളുന്നത്. ഗാലവൻ മാധവിയെയുംകൊണ്ട് അയോദ്ധ്യയിൽ എത്തിച്ചേർന്നു. എന്നിട്ട്, ഹര്യശ്വനെ കണ്ടു.

'രാജൻ, ഈ കന്യകയെ വാങ്ങി ശുൽക്കം തരിക.' ഗാലവൻ അപേക്ഷിച്ചു.

ഹര്യശ്വൻ മാധവിയെ നന്നേ ബോധിച്ചു.

'എന്തു ശുൽക്കമാണ് വേണ്ടത് ?' അദ്ദേഹം ഗാലവനോട് ചോദിച്ചു.

'വെള്ളനിറമുള്ള, ഒരു ചെവി കറുത്ത, എണ്ണൂറു കുതിരകൾ.' ഗാലവൻ ഉത്തരം നല്കി.

ഹര്യശ്വന്റെ പക്കൽ അമ്മാതിരി കുതിരകളുണ്ട്. പക്ഷേ, ഇരുന്നൂറെണ്ണമേയുള്ളൂ. ആ വിഷമം അറിയിച്ചു രാജാവ്.

ദുർഘടം മാറാനൊരു വഴി മാധവി ചൂണ്ടിക്കാട്ടി.

'മഹർഷേ, എനിക്ക് ഒരു വരം മുമ്പുതന്നെ കിട്ടിയിട്ടുണ്ട്—പ്രസവിച്ചാൽ ഞാൻ വീണ്ടും കന്യകയാവും എന്ന വരം. ഇരുന്നൂറു കുതിരകൾ വീതമുള്ള നാലു രാജാക്കന്മാരുണ്ടാവും. എന്നെ മാറിമാറി നാലു രാജാക്കന്മാർക്കു കൊടുക്കുക.അപ്പോൾ ആകെ എണ്ണൂറു കുതിരകളെ ശുൽക്കമായി ലഭിക്കും. എനിക്കു നാലു പുത്രന്മാരും ജനിക്കും.'അവൾ പറഞ്ഞു .

അതു നല്ല വഴിയാണെന്ന് ഗാലവനു തോന്നി. അദ്ദേഹം മാധവിയെ നല്കി ഇരുന്നൂറു കുതിരകളെ വാങ്ങി. അതിനുശേഷം അവിടുന്ന് യാത്രയുമായി.

ദമ്പതികളായി ജീവിതം തുടങ്ങി ഹര്യശ്വനും മാധവിയും. യഥാകാലം അവർക്ക് വസുമനസ് എന്നൊരു പുത്രനുണ്ടായി. അതറിഞ്ഞ ഗാലവൻ വീണ്ടും വന്നെത്തി. മാധവി വീണ്ടും കന്യകയായിരിക്കുന്നു. ഹര്യശ്വൻ അവളെ ഗാലവനെ ഏല്പിച്ചു. ഗാലവൻ മാധവിയോടുകൂടി യാത്രപറഞ്ഞിറങ്ങി.

അദ്ദേഹം നേരെ ചെന്നത് കാശിരാജ്യത്തിലാണ്. ദിവോദാസൻ എന്ന രാജാവാണു കാശിരാജ്യം ഭരിക്കുന്നത്. ഗാലവൻ ദിവോദാസനോടു കാര്യം പറഞ്ഞു—മുമ്പ് ഹര്യശ്വനോടു പറഞ്ഞതുപോലെ. ദിവോദാസൻ മാധവിയെ വാങ്ങിയിട്ടു ശുൽക്കം കൊടുത്തു—മറെറാന്നുമല്ല, ഇരുന്നൂറു കുതിരകൾ! ഗാലവൻ അവയെ സ്വീകരിച്ചു പുറപ്പാടായി.

ദിവോദാസനും മാധവിയും ഭർത്താവും ഭാര്യയുമായി. യഥാകാലം അവർക്ക് പ്രതർദനൻ എന്നൊരു പുത്രൻ പിറന്നു. അപ്പോൾ ഗാലവൻ കാശിയിൽ തിരിച്ചെത്തി. വീണ്ടും കന്യകയായ മാധവിയെകൂട്ടി നേരെ ഭോജരാജ്യത്തു ചെന്നു. ഉശീനരനാണു ഭോജരാജ്യത്തിലെ രാജാവ്. ഗാലവൻ മാധവിയെ രാജാവിനു നല്കിയിട്ട് ഇരുന്നൂറു കുതിരകളെ ശുൽക്കമായി വാങ്ങി. കുറെക്കാലം കഴിഞ്ഞ് അദ്ദേഹം വീണ്ടും ഭോജരാജ്യത്തു വന്നെത്തി. എപ്പോഴെന്നോ? ഭാര്യാഭർത്താക്കന്മാരായിരുന്ന മാധവിക്കും ഉശീനരനും ശിബി എന്ന പുത്രനുണ്ടായപ്പോൾ. വീണ്ടും കന്യകയായിട്ടുണ്ടായിരുന്നു മാധവി. അവളെയുംകൊണ്ട് ഗാലവൻ യാത്രതിരിച്ചു. ..

മാർഗ്ഗമദ്ധ്യേ അവർ ഗരുഡനെ കണ്ടുമുട്ടി.

'ഗാലവാ, അങ്ങയെ കണ്ടെത്തിയതു വളരെ സന്തോഷമായി.' ഗരുഡൻ പറഞ്ഞു.

'ഗരുഡാ, എനിക്കും അങ്ങനെതന്നെ. പക്ഷേ, ഒരു വിഷമമുണ്ട്. എനിക്ക് അറുനൂറ് കുതിരകളെ മാത്രമേ കിട്ടിയിട്ടുള്ളൂ. ഇനിയും ഇരുനൂറു കുതിരകളെ കിട്ടാനുണ്ട്.' ഗാലവൻ പറഞ്ഞു.

ആ സമയം ഗരുഡൻ ചിലതെല്ലാം അറിയിച്ചു.

അപൂർവ്വമായ ആ കുതിരകളില്ലേ? അവ ആകെ ആയിരംമാത്രമേ ഉണ്ടായിട്ടുള്ളൂ. ആദ്യകാലത്ത് ആയിരം കുതിരകളും വരുണന്റെ ഉടമസ്ഥതയിൽ ആയിരുന്നു.

പിന്നീട് അവ മറെറാരാളിന്റെ വകയായി. ആ ആൾ ഋചീകൻ എന്ന മഹർഷിയായിരുന്നു. അതിനു പ്രത്യേകിച്ച് ഒരു കാരണമുണ്ട്. ഗാധിരാജാവിന്റെ പുത്രിയാണ് സത്യവതി. തനിക്ക് സത്യവതിയെ ഭാര്യയായി നല്കണം –ഋചീകൻ ഗാധിയോട് ആവശ്യപ്പെട്ടു. രാജാവു ശുൽക്കമായി ആവശ്യപ്പെട്ടത് എന്തായിരുന്നു? വിശിഷ്ടമായ ആ ആയിരം കുതിരകളെ! ഋചീകൻ വരുണനെ പ്രീതിപ്പെടുത്തി അവയെ സമ്പാദിച്ചു. അവയെ ഗാധിക്കു ശുൽക്കമായി നല്കി സത്യവതിയെ വിവാഹം കഴിച്ചു. ഗാധി ഇടയ്ക്കിടയ്ക്കു ചില കുതിരകളെ ദാനമായി നല്കി. ഒടുവിൽ എന്തായി? അറുനൂറു കുതിരകളും ദാനംചെയ്യപ്പെട്ടുകഴിഞ്ഞു. നാനൂറു കുതിരകൾ ബാക്കിയുണ്ടായിരുന്നു.

പക്ഷേ,അവ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഒരിക്കൽ ആ നാനൂറു കുതിരകളെയും ഒരു നദി കടത്തുകയായിരുന്നു. വിതസ്ത എന്ന നദിയായിരുന്നു അത്. വലിയ ഒഴുക്കുണ്ടായിരുന്നു ആ സമയം വിതസ്താനദിയിൽ. ആ നാനൂറു കുതിരകളും ഒഴുക്കിൽപ്പെട്ടു ചത്തുപോയി.

ഈ വിവരം ഗരുഡൻ ഗാലവനോടു പറഞ്ഞു. ഗാലവന് അറുനൂറു കുതിരകളെ കിട്ടിയിട്ടുണ്ട്. ഇനി ഇരുന്നൂറു കുതിരകൾകൂടി വേണം. അവ ജീവിച്ചിരിപ്പില്ലതാനും.

'ഗാലവാ, എത്ര ശ്രമിച്ചാലും എണ്ണം തികയുകയില്ല. ഞാനൊരു വഴി കാട്ടാം. എണ്ണൂറു കുതിരകളെയാണല്ലോ വിശ്വാമിത്രമഹർഷി അങ്ങയോട് ആവശ്യപ്പെട്ടത്. അങ്ങ് ഗുരുവിനു അറുനൂറു കുതിരകളെ കൊടുക്കു. ബാക്കിയുള്ള ഇരുന്നൂറിനു പകരം മാധവിയെയും.'

ഗരുഡൻ നിർദ്ദേശിച്ചു.

അതൊരു വഴിമാത്രമേ ഗാലവൻ കണ്ടുള്ളൂ. അദ്ദേഹം മാധവിയെയും അറുനൂറു കുതിരകളെയുംകൊണ്ട് യാത്രയായി. വിശ്വാമിത്രനെ കണ്ടു വിവരങ്ങളെല്ലാം അറിയിച്ചു. എന്നിട്ടു താഴ്മയായി ഒന്ന് അഭ്യർത്ഥിച്ചു: അറുനൂറു കുതിരകളെയും മാധവിയെയും സ്വീകരിച്ചു തൃപ്തിപ്പെടണം.

വിശ്വാമിത്രൻ ശിഷ്യന്റെ അഭ്യർത്ഥന സ്വീകരിച്ചു.

മാധവിയിൽ വിശ്വാമിത്രന് ഒരു പുത്രനുണ്ടായി. ആ പുത്രനാണ് പിന്നീട് അഷ്ടകൻ എന്ന പേരിൽ പ്രസിദ്ധനായത്. മാധവി വീണ്ടും കന്യകയായപ്പോഴോ? വിശ്വാമിത്രൻ അവളെ ഗാലവനെ ഏല്പിച്ചു. ഗാലവൻ അവളെ പിതാവായ യയാതിക്കും നല്കി.

ഗുരുവിനു ദക്ഷിണ നല്കിയല്ലോ.അതിൽ ഗാലവൻ ചരിതാർത്ഥനായി. അദ്ദേഹം തപസ്സിനായി വനത്തിലേക്കു പോയി.

(മഹാഭാരതം, ഉദ്യോഗപർവം, ഭഗവദ്യാനം)

മുൽഗലൻ

ത്പസ്വിയാണ് മുൽഗലൻ. അദ്ദേഹത്തിനു ഭാര്യയുണ്ട്, പുത്രന്മാരുണ്ട്. അവരെ അദ്ദേഹം എപ്രകാരമാണു പുലർത്തിയതെന്നോ? അതൊരു പ്രത്യേകതരത്തിലാണ്. കുരുക്ഷേത്രത്തിലാണ് മുൽഗലൻ പാർക്കുന്നത്. അദ്ദേഹം അങ്ങുമിങ്ങും നടന്നുപോകും. ചിലപ്പോൾ വഴിയിൽ അരിമണികൾ വീണുകിടക്കുന്നുണ്ടാവാം. വല്ലവരും കൊണ്ടുപോയതിൽനിന്ന് എങ്ങനെയോ വീണുപോയ അരിമണികളാണ്. മുൽഗലൻ ഏറ്റവും ക്ഷമയോടുകൂടി ഓരോ അരിമണിയായി പെറുക്കിയെടുക്കും. അതെല്ലാം തന്റെ ആശ്രമത്തിലേക്കു കൊണ്ടുപോയി ഒരു പാത്രത്തിലിടും. ഏകദേശം രണ്ടാഴ്ച വേണ്ടിവരും ആ പാത്രം നിറയാൻ. മുൽഗലനും ഭാര്യയ്ക്കും പുത്രന്മാർക്കും അന്നുവയറുനിറയെ ഭക്ഷണം കഴിക്കാം. പക്ഷേ, അതിവേവിച്ചു കഴിയുമ്പോഴേക്കും വല്ല അതിഥികളും വന്നെത്തും. അതിഥികളെ ഊട്ടിയില്ലെങ്കിൽ മഹാപാപമാണ്. മുൽഗലൻ വെച്ച ചോറ് അതിഥികൾക്കു വിളമ്പും. ബാക്കിയുണ്ടെങ്കിൽ താനും കുടുംബവും ഭക്ഷിക്കും. അല്ലാത്തപക്ഷം എല്ലാവരും പട്ടിണികിടക്കും. അതിൽ അവർക്ക് യാതൊരു വ്യസനവുമില്ല. ഉള്ളതുചാരിതാർത്ഥ്യമാണുതാനും. അതിഥിസത്കാരം ചെയ്യാൻ സാധിച്ചുവല്ലോ?

ദാനശീലരിൽ മുമ്പനാണ് മുൽഗലൻ. അദ്ദേഹത്തിന്റെ യശസ്സ് എല്ലായിടങ്ങളിലും പരന്നു. അതിനെക്കുറിച്ചുള്ള വർണനകൾ ദുർവാസാവുമഹർഷിയുടെ ചെവികളിലും ചെന്നെത്തി. എന്നാൽ, മുൽഗലനെ ഒന്നു പരീക്ഷിക്കുകതന്നെ—അതായി ദുർവാസാവിന്റെ നിശ്ചയം. ആ മഹർഷി മുൽഗലന്റെ ആശ്രമത്തിലെത്തി.

'എനിക്കു ഭക്ഷണം വേണം.' മഹർഷി ആവശ്യപ്പെട്ടു.

ഭാഗ്യവശാൽ അന്നേ ദിവസം കുറച്ചു ചോറുണ്ടായിരുന്നു. ഉള്ള ചോറെല്ലാം മുൽഗലൻ ദുർവാസാവിനു നല്കി. വയറുനിറഞ്ഞപ്പോൾ ദുർവാസാവ് ഇറങ്ങി ഒരൊറ്റ പോക്ക്! ഒരു നല്ലവാക്കു പറയാൻപോലും അദ്ദേഹം മിനക്കെട്ടില്ല.

മുൽഗലനും കുടുംബവും അന്നു പട്ടിണികിടന്നു. അന്നു മാത്രമല്ല അടുത്ത പതിന്നാലു ദിവസങ്ങളിലും. അപ്പോഴേക്കും ഒരു പാത്രം നിറയെ അരിമണികൾ പെറുക്കിയെടുത്തിരുന്നു. അതെല്ലാംകൂടി വേവിച്ചു ചോറാക്കിയില്ലേ? അതാ വീണ്ടും വന്നുകയറുന്നു ദുർവാസാവു മഹർഷി!

മുമ്പത്തെപ്പോലെ അപ്പോഴും ദുർവാസാവ് ചോറെല്ലാം ഉണ്ടു തീർത്തിട്ട് ഇറങ്ങിപ്പോയി. എന്നിട്ടും മുൽഗലനു ദേഷ്യമാകട്ടെ, ദുഃഖമാകട്ടെ ഉണ്ടായില്ല. വിശന്നുപൊരിയുകയാണ് അദ്ദേഹത്തിന്റെ വയറ്. എങ്കിലും അദ്ദേഹം ഏറ്റവും പ്രസന്നനായി കഴിഞ്ഞുകൂടി. യാതൊന്നും സംഭവിച്ചിട്ടില്ല എന്നുതോന്നും മുഖഭാവം കണ്ടാൽ.

രണ്ടാഴ്ച കഴിഞ്ഞു വീണ്ടും ദുർവാസാവ് വരികയായി. അദ്ദേഹം പഴയ പരിപാടി ആവർത്തിച്ചു. അങ്ങനെ തുടരെത്തുടരെ ആറു പ്രാവശ്യം. എന്നിട്ടുമില്ല മുൽഗലന് ഒരു കൂലുക്കം!

ദുർവാസാവ് പ്രസാദിച്ചു.

'മുൽഗലാ, ഞാൻ അങ്ങയെ പരീക്ഷിക്കയായിരുന്നു. അങ്ങയെപ്പോലൊരു ദാനശീലൻ ലോകത്തു വേറെയില്ല. ധർമ്മത്തെ നശിപ്പിക്കുന്ന ഒന്നാണു വിശപ്പ്. പക്ഷേ, അങ്ങയെ സംബന്ധിച്ചിടത്തോളം അതു ശരിയല്ല. അങ്ങയുടെ ധർമ്മത്തെ നശിപ്പിക്കാൻ വിശപ്പിനു സാധിച്ചില്ല. ഞാനിതാ ദിർഘദർശനം ചെയ്യുകയാണ് – അങ്ങ് അർഹിക്കുന്ന പ്രതിഫലം നേടും. ഉടലോടെ സ്വർഗത്തേക്കു പോവുകയും ചെയ്യും.' മഹർഷി പറഞ്ഞു.

തത്സമയം ഒരു വിമാനം വന്നിറങ്ങി. കമനീയമായി അലങ്കരിച്ച വിമാനമാണ് അത്. വിമാനത്തിൽനിന്ന് ഒരു ദേവദൂതൻ പുറത്തേക്കു വന്നു.

'മുൽഗലാ, അങ്ങു മാഹാത്മ്യത്താൽ സ്വർഗം നേടിയിരിക്കുന്നു. വിമാനത്തിൽ കയറിയിരിക്കൂ. നമുക്കു സ്വർഗത്തേക്കു പോകാം.' ദേവദൂതൻ ബഹുമാനപൂർവം ക്ഷണിച്ചു.

യാതൊരു ഭാവഭേദവും മുൽഗലന്റെ മുഖത്തു ദൃശ്യമായില്ല.

'ദേവദൂതാ, എന്തൊക്കെയാണു സ്വർഗത്തിലെ ഗുണങ്ങളും ദോഷങ്ങളും? അവയെല്ലാം എനിക്കു പറഞ്ഞുതരൂ. എല്ലാം കേട്ടതിനുശേഷം ഞാൻ നിശ്ചയിക്കാം—സ്വർഗത്തിലേക്കു വരണമോ വേണ്ടയോ എന്ന്.' അദ്ദേഹം പറഞ്ഞു.

ഗുണങ്ങളും ദോഷങ്ങളും ഒന്നൊന്നായി വിസ്തരിച്ചു ദേവദൂതൻ.

വളരെയേറെ ഗുണങ്ങൾ ഉണ്ടായിരുന്നു. ദോഷങ്ങൾ താരതമ്യേന കുറവുമായിരുന്നു.

അപ്പോൾ ഒന്നു തീർച്ചയായി. സ്വർഗത്തിലും ദോഷങ്ങളുണ്ട് – കൂടുതൽ ഗുണങ്ങളാണെങ്കിലും.

മുൽഗലൻ ദേവദൂതനെ സധൈര്യം നേരിട്ടു.

ദോഷങ്ങളുള്ള സ്വർഗം എനിക്കു വേണ്ട. എവിടെ ദോഷമില്ലയോ, അവിടെ പോകണം – അതാണ് എന്റെ ആഗ്രഹം. അവിടം കണ്ടുപിടിക്കാൻ ഞാൻ ശ്രമിച്ചുകൊള്ളാം.' മുൽഗലൻ പറഞ്ഞു.

തീരെ പ്രതീക്ഷിക്കാത്തതാണ് ഈ പെരുമാറ്റം. സ്വർഗത്തിൽ പോകാൻ വിസമ്മതിക്കുകയോ? ദേവദൂതൻ ആദ്യം അത്ഭുതപ്പെട്ടുനിന്നു. അതിനുശേഷം ഗത്യന്തരമില്ലാതെ സ്വർഗത്തേക്കു മടങ്ങിപ്പോയി. മുൽഗലൻ ജീവിതം തുടർന്നുപോയി—പഴയപോലെ തന്റെ സ്വന്തമായ രീതിയിൽ. ദ്വേഷമില്ല, ദുഃഖമില്ല, ഭയമില്ല. തനിക്കു ചില കർമ്മങ്ങൾ ചെയ്യാനുണ്ട്. ആ കർമ്മങ്ങൾ പിഴയ്ക്കാതെ ചെയ്യുക—അതിൽ അദ്ദേഹം സുഖം ദർശിച്ചു. ഒരാൾ സ്തുതിച്ചെന്നിരിക്കാം, മറ്റൊരാൾ ദൂഷിച്ചെന്നിരിക്കാം. രണ്ടും അദ്ദേഹത്തിനു തുല്യമാണ്. സ്വർണവും പൊട്ടക്കല്ലും തമ്മിൽ ഒരു വ്യത്യാസവും അദ്ദേഹം കണ്ടില്ല. ജ്ഞാനവും ധ്യാനവും അദ്ദേഹത്തിനു ശക്തി നല്കി.

എന്താണ് ഒടുവിൽ അദ്ദേഹത്തിനു ലബ്ധമായത്? മറ്റൊന്നുമല്ല, പരമസിദ്ധി!

(മഹാഭാരതം, വനപർവം – വ്രീഹിദ്രൗണികം)

ദേശാടനത്തിനിറങ്ങി ഗൗതമൻ എന്ന ബ്രാഹ്മണൻ. യാത്രാമദ്ധ്യേ അയാൾ ഒരു ഗ്രാമത്തിൽ എത്തിച്ചേർന്നു. ദസ്യുക്കൾ എന്നൊരു കൂട്ടരുടെ ഗ്രാമമാണത്. ഹിംസ ചെയ്യുന്നവരാണ് അവിടത്തെ ജനങ്ങൾ. അവരുടെയിടയിൽ ഒരു ധനികനുണ്ട്. ഗൗതമൻ ധനികന്റെ ഗൃഹത്തിൽ കയറിച്ചെന്നു. അവിടെ ഭിക്ഷയ്ക്കായി ചെന്നതുമാണ്. ധനികൻ അയാളെ അതിഥിയായിക്കരുതി ബഹുമാനിച്ചു. ആദരവോടെ സ്വാഗതമേകി സത്കരിക്കയുംചെയ്തു. സുഖഭക്ഷണം നല്കി എന്നതോ പോകട്ടെ — അയാൾ സ്ഥിരമായി താമസിക്കാനുള്ള സൗകര്യങ്ങളും ഏർപ്പാടുചെയ്തു. നല്ലൊരു വീട്, വേണ്ടതുപോലെ വസ്ത്രങ്ങൾ, ഒരു ഭാര്യ – അവയെല്ലാം ഗൗതമനു സിദ്ധമായി. ഏറെറവും സുഖമായിത്തീർന്നു അയാളുടെ ജീവിതം.

നാളുകൾ കഴിഞ്ഞതോടെ ഗൗതമന്റെ സ്വഭാവം മാറുകയായി. ദസ്യുക്കളുടെകൂടെയല്ലേ ഇപ്പോഴത്തെ താമസം? അയാൾ അവരുടെ ജീവിതരീതികൾ അവലംബിച്ചു. അന്നോളം അയാൾ ഒരു ജന്തുവിനെയും ഹിംസിച്ചിരുന്നില്ല. ഇപ്പോഴിതാ നേരെമറിച്ചായിത്തീർന്നു. പക്ഷികളെയും മൃഗങ്ങളെയും വധിക്കുക, അവയുടെ മാംസം ഭക്ഷിക്കുക — അതൊക്കെ ഒരു പതിവായി. ചുരുക്കിപ്പറഞ്ഞാൽ ഗൗതമൻ ഒരു ദസ്യുവായി മാറി.

വർഷങ്ങൾ പലതും കഴിഞ്ഞുപോയി. ഒരുനാൾ ഒരു ബ്രാഹ്മണൻ ആ ഗ്രാമത്തിൽ വന്നെത്തി. അയാൾ പണ്ട് ഗൗതമന്റെ ചങ്ങാതിയായിരുന്നു. ഗൗതമനെപ്പോലെ അയാളും ദേശാടനത്തിനു പുറപ്പെട്ടതാണ്. ചില ദസ്യുക്കളുമായി സംസാരിച്ചപ്പോൾ ഒന്നറിവായി – ഗൗതമൻ അവിടെ പാർക്കുകയാണെന്ന്. അയാൾ ഗൗതമന്റെ വീടു കണ്ടുപിടിച്ച് അവിടെ കയറിച്ചെന്നു. ആ സമയം ഗൗതമൻ വീട്ടിൽ ഉണ്ടായിരുന്നില്ല. സ്നേഹിതൻ കുറെനേരം അവിടെ കാത്തിരുന്നു. അപ്പോഴേക്കും ഗൗതമൻ വീട്ടിൽ കയറിവന്നു. കൊന്ന പക്ഷികളെ തോളത്തു തൂക്കിയിട്ടിരിക്കയാണ്. മേലാകെ അവയുടെ ചോരപുരണ്ടിരിക്കുന്നു. കൈകളിൽ വില്ലും ആവനാഴിയിൽ അമ്പുകളുമുണ്ട്. അതു കണ്ടു സ്നേഹിതനായ ബ്രാഹ്മണൻ അറച്ചുപോയി. പണ്ടത്തെ ഗൗതമനും ഇപ്പോഴത്തെ ഗൗതമനും തമ്മിൽ എന്തൊരു വ്യത്യാസം!

ഗൗതമൻ സ്നേഹിതനെ തിരിച്ചറിഞ്ഞു.

ബ്രാഹ്മണൻ സംസാരിച്ചു:

'ഗൗതമാ, നീ എന്തൊരു ജീവിതമാണ് നയിക്കുന്നത്? നീ ബ്രാഹ്മണനായി ജന്മമെടുത്തു. എന്നിട്ട് ഇപ്പോഴിതാ ദസ്യുവായി കഴിയുന്നു. വേദജ്ഞരും ജ്ഞാനികളും ആയിരുന്നു നിന്റെ പൂർവികന്മാർ. അവരുടെ വംശത്തിൽ ജനിച്ച നിനക്കു ലവലേശം നാണമില്ലേ? നീ ഈ ജീവിതം മതിയാക്കി നാട്ടിലേക്കു തിരിച്ചുപോകണം.'

വളരെക്കാലത്തിനുശേഷമാണല്ലോ ചങ്ങാതിമാർ തമ്മിൽ കാണുന്നത്. അവർ ഏറെ നേരം സംഭാഷണം ചെയ്തു. ഗൗതമന് ഒരു ആഗ്രഹമുണ്ടായി — അതിഥിയായി വന്നിരിക്കുന്ന സ്നേഹിതനെ ഊട്ടണം. അയാൾ സ്നേഹിതനെ ഭക്ഷണത്തിനു ക്ഷണിച്ചു. പക്ഷേ, സ്നേഹിതൻ ക്ഷണം സ്വീകരിച്ചില്ല. ഗൗതമൻ അങ്ങേയറ്റം നിർബ്ബന്ധിച്ചിട്ടും ഫലമുണ്ടായില്ല.

'അത്രേയുള്ളോ? സാരമില്ല. ഞാനെല്ലാം ശരിയാക്കാം. ഇപ്പോൾ സുഖമായി ഉറങ്ങിക്കൊള്ളണം.' രാജധർമാവു പറഞ്ഞു.

ഇരുവരും നിദ്ര ആരംഭിച്ചു.

പുലർച്ചയ്ക്ക് അവർ ഉണർന്നെഴുന്നേറ്റു.

രാജധർമാവ് ഗൗതമനു ചില നിർദ്ദേശങ്ങൾ നല്കി.

'അതാ ഒരു വഴി കാണുന്നില്ലേ? ആ വഴിയിലൂടെ അങ്ങു മുന്നു യോജനദൂരം നടന്നുപോകണം. അപ്പോൾ വലിയൊരു കൊട്ടാരത്തിലെത്തിച്ചേരും. രാക്ഷസപ്രഭുവായ വിരൂപാക്ഷന്റെ കൊട്ടാരമാണ് അത്. എന്റെ ഉറ്റ ചങ്ങാതിയാണ് വിരൂപാക്ഷൻ. ബലവാനും ധനവാനുമാണ് അദ്ദേഹം. ഞാൻ പറഞ്ഞതായി അങ്ങ് വിരൂപാക്ഷനെ അറിയിച്ചാൽ മാത്രം മതിയാകും. അദ്ദേഹം അങ്ങേക്ക് ആവശ്യമുള്ള ധനം തന്നുകൊള്ളും— ആവശ്യമുള്ളതിൽ അധികവും.' രാജധർമാവു പറഞ്ഞു.

അവിചാരിതമായി സഹായം വന്നിരിക്കയല്ലേ? ഗൗതമൻ പക്ഷിശ്രേഷ്ഠനോട് യാത്രപറഞ്ഞിറങ്ങി. മുന്നു യോജനദൂരം നടന്നുപോയപ്പോഴോ? രാക്ഷസപ്രഭുവിന്റെ കൊട്ടാരം കാണുമാറായി. ഒറ്റനോട്ടത്തിൽ സകലതും മനസ്സിലായി. എന്തു സമൃദ്ധി, എന്ത് ഐശ്വര്യം, എന്തു പണക്കൊഴുപ്പ്! സന്തോഷത്തോടെ ഗൗതമൻ കൊട്ടാരത്തിൽ കയറിച്ചെന്നു. നേരെ വിരൂപാക്ഷനെ കണ്ടു വിവരം പറഞ്ഞു – പ്രത്യേകിച്ച്, രാജധർമാവിന്റെ നിർദ്ദേശപ്രകാരം വന്നതാണ് എന്നും.

എത്ര ഉറച്ച മൈത്രിയാണ് വിരൂപാക്ഷന് രാജധർമാവിനോട്! സ്നേഹിതൻ പറഞ്ഞയച്ച ആളല്ലേ ഈ ബ്രാഹ്മണൻ? രാക്ഷസൻ ഗൗതമനോട് അങ്ങേയറ്റം സ്നേഹവും ബഹുമാനവും പ്രകടിപ്പിച്ചു.

അന്നു കാർത്തികനാൾ ആയിരുന്നു. രാക്ഷസപ്രഭുവിനു മുടങ്ങാത്ത ഒരു പതിവുണ്ട് – കാർത്തികനാൾതോറും ആയിരം ബ്രാഹ്മണർക്കു സദ്യയും ദാനവും നല്കും. ഇപ്പോഴും വന്നിരിക്കയാണ് ആയിരം അതിഥികൾ. അവർ മാത്രമല്ല, രാജധർമാവു പറഞ്ഞയച്ച ഗൗതമനും. രാക്ഷസപ്രഭു ഗൗതമനെ മുഖ്യാതിഥിയായി സങ്കല്പിച്ചു. എല്ലാവരും സുഖഭോജനം കഴിച്ചു. അതോ, സ്വർണപ്പാത്രങ്ങളിലും. അതിനുശേഷം അവർ ദാനങ്ങൾ സ്വീകരിച്ചു. എന്തായിരുന്നു അവർക്കു ലഭിച്ച ദാനങ്ങൾ? സ്വർണവും രത്നവും പവിഴവും മറ്റും!

'ആദരണീയരായ അതിഥികളേ, നിങ്ങൾ ഈ ദാനവസ്തുക്കൾ മാത്രം സ്വീകരിച്ചാൽ പോരാ. നിങ്ങൾ ഭക്ഷണം കഴിച്ചില്ലേ സ്വർണപ്പാത്രങ്ങൾ? അവയുംകൂടി നിങ്ങൾ കൊണ്ടുപൊയ്ക്കൊള്ളണം. എല്ലാവർക്കും മംഗളം ഭവിക്കട്ടെ!' രാക്ഷസപ്രഭു പറഞ്ഞു.

അതിഥികൾ കൃതജ്ഞതയോടെ യാത്രപറഞ്ഞിറങ്ങി. അവരുടെ കൂട്ടത്തിൽ ഗൗതമനും. മറ്റുള്ളവരെക്കാൾ കൂടുതൽ ദാനങ്ങൾ ഗൗതമനു കിട്ടിയിട്ടുണ്ട്. എല്ലാംകൂടി വലിയൊരു ചുമടായിരിക്കുകയാണ്. വളരെയധികം ഘനമുണ്ട് ചുമടിന്. അതും വഹിച്ചുകൊണ്ട് ഗൗതമൻ നടന്നുപോയി. അങ്ങനെ രാജധർമാവിന്റെ ഗൃഹമായ ആലിന്റെ ചുവട്ടിൽ മടങ്ങിയെത്തി.

ആ സമയം രാജധർമാവ് ഗൃഹത്തിൽത്തന്നെ ഉണ്ടായിരുന്നു. ആ പക്ഷിശ്രേഷ്ഠൻ വീണ്ടും ഗൗതമനെ സ്വീകരിച്ചു സത്കരിച്ചു. ചിറകുകൾ

സ്നേഹിതൻ ഉപവസിച്ചു രാത്രി കഴിച്ചു. പുലർച്ചയ്ക്ക് എഴുന്നേറ്റു പോവുകയുംചെയ്തു.

അതിനിടയ്ക്ക് ഗൗതമനും മാനസാന്തരം ഉണ്ടായിക്കഴിഞ്ഞിരുന്നു. ഈ ജീവിതരീതി അവസാനിപ്പിക്കുകതന്നെ. ആ നിശ്ചയത്തോടെ അയാൾ വീടുവിട്ടിറങ്ങി. ലക്ഷ്യമില്ലാതെ അയാൾ നടന്നുകൊണ്ടിരുന്നു. കുറെദൂരം പോയപ്പോൾ ഒരുകൂട്ടം ആളുകളെ കണ്ടെത്തി. കച്ചവടക്കാരായിരുന്നു അവർ. ഗൗതമൻ അവരുടെ കൂട്ടത്തിൽ ചേർന്നു നടന്നുതുടങ്ങി. എല്ലാവരും ഒരു കാട്ടിൽ ചെന്നെത്തി.

അതാ ഒരു മദയാന പാഞ്ഞുവരുന്നു. ആളുകൾ പരിഭ്രമിച്ച് അങ്ങുമിങ്ങും ഓടിത്തുടങ്ങി. അതിനിടയ്ക്ക് മദയാന കൂറെപ്പേരെ പിടികൂടി കൊലപ്പെടുത്തി. ചുരുക്കംപേർ മാത്രമേ പ്രാണനുംകൊണ്ടു രക്ഷപ്പെട്ടുള്ളൂ. അവരുടെ കൂട്ടത്തിൽ ഗൗതമനും ഉൾപ്പെട്ടിരുന്നു. ഓടുന്നതിനിടയിൽ അയാൾ ഒറ്റപ്പെട്ടുപോയി. അയാൾ തനിയെ അങ്ങുമിങ്ങും ഉഴന്നുനടന്നു. ഒടുവിൽ ഒരു വനപ്രദേശത്തിൽ ചെന്നെത്തി. മരങ്ങളും വല്ലികളും പൂത്തും തളിർത്തും നില്ക്കുകയാണ്. പല നിറം കലർന്ന പക്ഷികൾ പാടിക്കൊണ്ട് പറക്കുന്നു. ഏറ്റവും ഉയരമുള്ള ഒരു ആൽമരം നില്പുണ്ട്. പടർന്നു പന്തലിച്ചു നില്ക്കുകയാണ് ആ പടുകൂറ്റൻ മരം. ഗൗതമൻ ആലിൻചുവട്ടിൽ ചെന്നിരിപ്പായി. യാത്രാക്ഷീണം അസഹ്യമായിരുന്നു. കുളിർമ്മയുള്ള ഒരു ഇളംകാറ്റ് അയാളെ തലോടി. അയാൾക്ക് അതിയായ ആശ്വാസം തോന്നി. അയാൾ ഇരുന്നിടത്തുതന്നെ കിടന്നു. കിടന്നിടത്തുതന്നെ ഉറങ്ങി. തുടർച്ചയായി വളരെ നേരം ഉറങ്ങി. ഉണർന്നപ്പോൾ രാത്രിയായിരുന്നു. അപ്പോൾ ഒരു കാഴ്ച കണ്ടു.

പല പക്ഷികളും ആൽമരത്തിൽ വന്നു ചേക്കേറുകയാണ്. അവയുടെ കൂട്ടത്തിൽ പ്രത്യേകമായ തരത്തിലുള്ള ഒരു പക്ഷിയുണ്ട്. സാധാരണക്കാരനല്ല എന്നു സ്പഷ്ടമായിരുന്നു. ഏറ്റവും വന്ദിച്ചതായ ഒരു കൊറ്റി! ബ്രഹ്മാവിന് ഏറ്റവും പ്രിയങ്കരനായിരുന്നു ആ പക്ഷി. രാജധർമാവ് എന്ന പേരിൽ പരക്കെ അറിയപ്പെടുന്നവനും. വിദ്വാനും നിയും ധർമിഷ്ഠനുമാണ് രാജധർമാവ്.

ഗൗതമൻ കണ്ടു രാജധർമാവ് ആലിൻകൊമ്പത്തു വന്നിരിക്കുന്നത്.

രാജധർമാവു ചുവട്ടിലിരിക്കുന്ന ഗൗതമനെയും കാണാതിരുന്നില്ല.

പക്ഷി ഗൗതമനോടു സംസാരിച്ചു:

'ഹേ ബ്രാഹ്മണാ, ഈ ആൽമരം എന്റെ ഗൃഹമാണ്. അങ്ങ് എന്റെ ഗൃഹത്തിൽ വന്നത് എന്റെ ഭാഗ്യംതന്നെ. എന്റെ ബഹുമാനപ്പെട്ട അതിഥിയാണ് അങ്ങ്. ഇന്നു രാത്രി എന്റെ സത്കാരം സ്വീകരിച്ച് ഇവിടെ താമസിക്കണം. നാളെ രാവിലെ യാത്രയാവുകയുംചെയ്യാം.'

രാജധർമാവ് ഗൗതമനു പാകംചെയ്ത വൻമത്സ്യങ്ങൾ നല്കി. ഗൗതമൻ അവയെ ഭക്ഷിച്ചു സംതൃപ്തനായി. പക്ഷി ഗൗതമനു കിടക്കാനായി നിലമൊരുക്കി പുക്കൾ വിരിച്ചു. ഗൗതമൻ ആ ശയ്യയിൽ സുഖമായി കിടന്നു. പക്ഷി അയാളെ ചിറകുകൾകൊണ്ടു വീശി.

'അങ്ങ് ഇങ്ങോട്ടു വരാൻ എന്താണാവോ കാരണം?' രാജധർമാവ് ഉപചാരത്തോടെ അന്വേഷിച്ചു.

'എനിക്കു പണം സമ്പാദിക്കാൻ ആഗ്രഹമുണ്ട്. അതിനുള്ള വഴികൾ ആലോചിച്ചു സഞ്ചരിക്കയാണ്.' ഗൗതമൻ അറിയിച്ചു.

കൊണ്ടു വീശി അതിഥിയുടെ തളർച്ചമാറ്റി. വയറു നിറയെ ആഹാരവും നല്കി. രാത്രിയായതിനുശേഷമോ? തലേന്നാളത്തെപ്പോലെ പുവിമിച്ചു നിലമൊരുക്കി. ഗൗതമൻ കിടക്കാനാണ് അപ്രകാരം ചെയ്തത്. രാത്രി ഏറെയായാൽ വല്ല വന്യമൃഗവും വന്നെങ്കിലോ? ആ ഭയം രാജധർമാവിന് ഇല്ലാതില്ല. അതുകൊണ്ട് ഗൗതമന്റെ കിടക്കയ്ക്കരികിൽ തീ കൂട്ടി. വന്യമൃഗങ്ങൾക്കു തീയെ ഭയമാണല്ലോ. ഇന്നു രാത്രി ഗൗതമന്റെ അടുത്തുതന്നെ താനും കിടന്നുറങ്ങും. അതായി ആ പക്ഷിശ്രേഷ്ഠന്റെ നിശ്ചയം.

രാജധർമാവ് വളരെ വേഗത്തിൽ ഉറങ്ങുകയായി. ഗൗതമനാകട്ടെ, ഉറക്കം വന്നില്ല. ആലോചിച്ചുകൊണ്ടു കിടക്കുകയാണ് അയാൾ. ഒന്നു പ്രത്യേകമാണ് ഇപ്പോഴത്തെ ആലോചന. നാളെ രാവിലെ ഇവിടംവിട്ടു പോകണം. വളരെ ദൂരം പോകേണ്ടതുമുണ്ട്. വഴിയിൽവെച്ചു നല്ലവണ്ണം വിശക്കുമെന്നു തീർച്ചയാണ്. അവിടെ നല്ലതായ ഭക്ഷണം കിട്ടിയെന്നുവരികയില്ല. ഭക്ഷണം കൂടി കൊണ്ടുപോയാൽ ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. പണ്ടേ പ്രിയമാണ് പക്ഷിയിറച്ചി. ഗൗതമൻ രാജധർമാവിനെ നോക്കി. ആ പക്ഷി അരികിൽ കിടന്നുറങ്ങുന്നു. ഒന്നാംതരത്തിൽപ്പെട്ട ഇറച്ചിയാണ് ആ പക്ഷിക്ക്. അതു ധാരാളം ഉണ്ടുതാനും. ആ ഇറച്ചി ചുട്ടുതിന്നാൻ എത്ര സ്വാദുണ്ടായിരിക്കും! അടുത്തുതന്നെ തീ കത്തുന്നുമുണ്ട്. കണ്ടോ ഗൗതമന്റെ ദുഷ്ടവിചാരം പോയ പോക്ക്! ഇതിൽപരം ഒരു കൃതഘ്നതയുണ്ടോ? അയാളെ ആ പക്ഷി അങ്ങേയറ്റം സത്കരിച്ചിരുന്നു. ആ പക്ഷി കാരണമാണു തനിക്ക് ഇത്രയധികം സ്വർണ്ണവും രത്നങ്ങളും മറ്റും കിട്ടിയത്. അതൊക്കെയുണ്ടോ നന്ദികെട്ട ആ മനുഷ്യൻ കൂട്ടാക്കുന്നു? അയാൾ വീണ്ടും രാജധർമാവിനെ നോക്കി. വിശ്വസിച്ചുകിടന്നുറങ്ങുകയാണ് ആ പക്ഷി. ഗൗതമൻ ശബ്ദമുണ്ടാക്കാതെ എഴുന്നേറ്റു. ഉറങ്ങുന്ന പക്ഷിയെ വലിച്ചെടുക്കുക, കത്തുന്ന തീയിലിടുക – രണ്ടും ഒരു നിമിഷത്തിൽ കഴിഞ്ഞു. ഒരു പക്ഷിക്കു വെന്തു ചാകാൻ ചുരുങ്ങിയ സമയമല്ലേ വേണ്ടൂ? ഗൗതമൻ കൊക്കും ചിറകുകളും നഖങ്ങളും മാറ്റിവെച്ചു. വെന്ത മാംസം മുഴുവനും എടുത്തു മാറാപ്പുകെട്ടി. രാവിലെ ആ മാറാപ്പും വഹിച്ചു പുറപ്പാടായി.

ദിവസവും രണ്ടുപേരെ ചെന്നു കാണുക – ആ പതിവുണ്ടായിരുന്നു രാജധർമാവിന്. രാക്ഷസപ്രഭുവും ബ്രഹ്മാവും ആയിരുന്നു ആ രണ്ടു പേർ. സന്ദർശനങ്ങൾ നടത്തുന്നതു സന്ധ്യയ്ക്കുമുമ്പുമായിമിക്കും.

രാജധർമാവു കൊലചെയ്യപ്പെട്ടിട്ടു രണ്ടു ദിവസമായി.

രാക്ഷസപ്രഭു പുത്രനെ വിളിച്ചു:

"മകനേ, എന്റെ പ്രാണസ്നേഹിതനെ കണ്ടിട്ടു ദിവസം രണ്ടായി. അദ്ദേഹത്തിനു വല്ല അപായവും സംഭവിച്ചോ? എനിക്കു വല്ലാത്ത ഭയം തോന്നുന്നു. ഏതിനും നീ പോയി ഒന്ന് അന്വേഷിച്ചു വരണം. എനിക്ക് ആ ഗൗതമനെ സംശയമില്ലാതില്ല.' രാക്ഷസപ്രഭു പറഞ്ഞു.

ഉടൻതന്നെ രാക്ഷസപുത്രൻ ഇറങ്ങിപ്പോയി. കാലംകളയാതെ ആൽമരത്തിന്റെ ചുവട്ടിൽ എത്തിച്ചേർന്നു. അവിടെ എന്താണു കണ്ടത്? ചിറകുകളും നഖങ്ങളും മറ്റും വിതറിക്കിടക്കുകയാണ്. അവ സൂക്ഷ്മമായി പരിശോധിച്ചപ്പോഴോ? രാജധർമാവിന്റെയാണെന്നു തെളിഞ്ഞു. രാക്ഷസപുത്രൻ അതിശീഘ്രം മടക്കയാത്ര ചെയ്തു. കൊട്ടാരത്തിലെത്തി പിതാവിനോടു

വിവരം പറഞ്ഞു. എന്നാലിനി കൊലപാതകിയായ ഗൗതമനെ പിടികൂടണം. അതായി രാക്ഷസപ്രഭുവിന്റെ നിശ്ചയം. അദ്ദേഹം കിങ്കരന്മാർക്ക് ആജ്ഞകൾ നൽകി അവരെ പറഞ്ഞയച്ചു. ഗൗതമൻ പോയവഴി അവർ ഊഹിച്ചെടുത്തു. ആ വഴിയിലൂടെ ഓടിപ്പോയി. വളരെ ദൂരം കഴിഞ്ഞപ്പോഴോ? അതാ ഗൗതമൻ നടന്നുപോവുകയാണ്! അവർ ഓടിച്ചെന്ന് അയാളെ പിടികൂടി. മാറാപ്പുകൾ പരിശോധിച്ചപ്പോൾ ചിലതെല്ലാം കണ്ടു – സ്വർണം, രത്നങ്ങൾ, പവിഴങ്ങൾ, മാത്രമല്ല, ചൂട്ട പക്ഷിമാംസവും! അവർ അയാളെ രാക്ഷസരാജാവിന്റെ സമക്ഷത്തിൽ ഹാജരാക്കി.

ആത്മസുഹൃത്തിന്റെ മാംസം കണ്ടപ്പോഴോ, രാക്ഷസപ്രഭു പൊട്ടിക്കരഞ്ഞു. അതു കണ്ടു രാക്ഷസസ്ത്രീകളും കരയുകയായി.

ദേഷ്യം ദുഃഖത്തിനു വഴിമാറി.

'ഈ മഹാപാപിയെ വധിക്കുവിൻ!' രാക്ഷസപ്രഭു കിങ്കരന്മാർക്ക് ആജ്ഞ നൽകി.

അവർ കൂറ്റവാളിയെ കഷണങ്ങളായി നുറുക്കി.

അടുത്തൊരിടത്തു മനുഷ്യമാംസം ഭക്ഷിക്കുന്ന ഒരു കൂട്ടരുണ്ട്.

'ഇവന്റെ മാംസം അവർക്കു കൊടുക്കുവിൻ!' രാക്ഷസപ്രഭു കല്പിച്ചു.

കിങ്കരന്മാർ മാംസക്കഷണങ്ങൾ നരഭോജികൾക്കു നൽകി.

പക്ഷേ, നരഭോജികൾ ഗൗതമന്റെ മാംസം ഭക്ഷിച്ചില്ല.

എന്തായിരുന്നു അതിനു കാരണം? ഗൗതമൻ കൃതഘ്നനായിരുന്നു എന്ന് അവർ അറിഞ്ഞിരുന്നു. അവരുടെ അഭിപ്രായത്തിലും ഏറ്റവും നീചനാണ് കൃതഘ്നൻ. അവർ കൃതഘ്നനായ മനുഷ്യന്റെ മാംസം തിന്നുകയില്ല!

ഒരു കൃത്യം രാക്ഷസപ്രഭുവിനും ബാക്കിയുണ്ടായിരുന്നു. പ്രാണസ്നേഹിതന്റെ അവശിഷ്ടങ്ങൾ ദഹിപ്പിക്കുക എന്നതാണ് അത്. അദ്ദേഹം രാജധർമ്മാവിന്റെ മാംസം പ്രത്യേകം എടുത്തുവെച്ചു. അതിനുശേഷം വലിയൊരു ചിതയൊരുക്കി. വിധിപ്രകാരമുള്ള ഉദകക്രിയകൾ ചെയ്തു. മാംസക്കഷണങ്ങൾ ചിതയിൽ വെച്ചു.

തത്സമയം ഒരു അത്ഭുതം ഉണ്ടായി.

രാജധർമാവ് ജീവിച്ചെഴുന്നേറ്റു!

അതിനൊരു കാരണം ഉണ്ടായിരുന്നു. സുരഭി എന്ന ദിവ്യശക്തിയുള്ള പശു ചിതയുടെ മുകളിൽ വന്നുനിന്നു. സുരഭിയുടെ വായിൽനിന്നു പാലിൻനുര ഉണ്ടായി. പാലിൻനുര ചിതയിൽ വീണു. ആ ദിവ്യവസ്തു മരിച്ച പക്ഷിക്കു ജീവനേകി!

ദേവേന്ദ്രൻ സ്ഥലത്തു പറന്നെത്തി.

'അവിടുന്ന് ഗൗതമനെ ജീവിപ്പിക്കണേ!' രാജധർമാവ് ദേവേന്ദ്രനോടു തൊഴുകൈയോടെ യാചിച്ചു.

അമൃതം തളിച്ച് ദേവേന്ദ്രൻ ഗൗതമനെ ജീവിപ്പിച്ചു.

കണ്ടില്ലേ രാജധർമാവിന്റെ മഹാത്യാഗം? പക്ഷിശ്രേഷ്ഠൻ ഗൗതമനെ ഗാഢഗാഢം പുണർന്നു. അതിനുശേഷം സ്വഗൃഹത്തിലേക്കു മടങ്ങിപ്പോയി.

ഇത്രയൊക്കെയായിട്ടും ഗൗതമന്റെ മനസ്സിനു മാറ്റമുണ്ടായില്ല. അയാൾ ദസ്യുക്കളുടെ അടുക്കൽ വീണ്ടും ചെന്നെത്തി. പഴയപോലെ ദുർവൃത്തനായി ജീവിച്ചുതുടങ്ങി.

ദേവന്മാർക്ക് അയാളോട് അതിയായ വിദ്വേഷം തോന്നി. അവർ അയാൾക്കു ശാപമേകി. ഫലമായി അയാൾക്കു നരകവും കിട്ടി.

(മഹാഭാരതം, ശാന്തിപർവം–കൃതഘ്നോപാഖ്യാനം)

സർപ്പപത്മൻ

മഹാപദ്മപുരം എന്ന സ്ഥലത്ത് ഒരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. സത്യവാനാണ്, ധർമിഷ്ഠനാണ്, പണ്ഡിതനാണ് അദ്ദേഹം. അതേസമയം സമ്പത്തുണ്ട്, സന്തതികളുമുണ്ട്. എന്നിരുന്നിട്ടും അദ്ദേഹത്തിന്റെ മനസ്സിനു സ്വൈരമില്ല. 'എന്തായിരിക്കും എന്റെ കർമഫലം? എന്തായിരിക്കും ഇനിമേൽ എനിക്ക് ആശ്രയം?' – ഇമ്മാതിരിയുള്ള ചോദ്യങ്ങൾ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. ചോദ്യങ്ങൾ ചോദ്യങ്ങളായി അവശേഷിച്ചതേയുള്ളുതാനും.

ഒരിക്കൽ ഒരു അതിഥി വന്നെത്തി.

ബ്രാഹ്മണൻ അതിഥിയെ പൂജിച്ചിരുത്തി.

ഇരുവരും വളരെ നേരം സംസാരിച്ചിരുന്നു.

'എന്റെ മനസ്സിനു ലൗകികമായ സുഖങ്ങൾ തൃപ്തിവരുത്തുന്നില്ല. ഞാൻ എന്താണു ചെയ്യേണ്ടത്? ഒരു എത്തുംപിടിയും കിട്ടുന്നില്ല. അങ്ങു പറഞ്ഞുതരണം.' ബ്രാഹ്മണൻ അപേക്ഷിച്ചു.

'വാസ്തവത്തിൽ ഞാനും അങ്ങയെപ്പോലെയാണ്. എനിക്കും ഭാവിയെക്കുറിച്ച് അസ്വസ്ഥതയുണ്ട്. ചിലർ അഹിംസയാൽ സ്വർഗം നേടുന്നു, ചിലർ സന്ന്യാസത്താൽ സ്വർഗം നേടുന്നു. ചിലർ പിതൃശുശ്രൂഷയാൽ സ്വർഗം നേടുന്നു. സത്കർമങ്ങളിലൂടെ, യുദ്ധത്തിലൂടെ, വേദാധ്യയനത്തിലൂടെ സ്വർഗം നേടുന്നവരുമുണ്ട്. ഏതാണ് ഏറ്റവും ഉത്തമമായ മാർഗം? അതെനിക്കും നിശ്ചയമില്ല.' അതിഥി അറിയിച്ചു.

സംഭാഷണം അങ്ങനെ തുടർന്നുപോയി.

അതിഥി ഒടുവിൽ ഒന്നു നിർദ്ദേശിച്ചു:

'നൈമിഷം എന്ന സ്ഥലത്തു നാഗപുരം എന്നൊരു പുരമുണ്ട്. പുണ്യം വിളയുന്നവയാണ് അവിടത്തെ പരിസരങ്ങൾ. അവിടെ ഇപ്പോൾ സർപ്പപത്മനുണ്ട്. ശ്രേഷ്ഠനും പ്രസിദ്ധനുമായ സർപ്പമാണ് അദ്ദേഹം. അങ്ങ് സർപ്പപത്മനെ ചെന്നുകാണണം. അദ്ദേഹം ധർമം ഉപദേശിക്കും.' അതിഥി പറഞ്ഞു.

വലിയ ഭാരം ശിരസ്സിൽനിന്ന് ഇറങ്ങിയതുപോലെ; നടന്നു തളർന്നവനു മെത്ത കിട്ടിയതുപോലെ, വിശന്നു വലഞ്ഞവനു സദ്യ ലഭിച്ചതുപോലെ – അതെ, അതുപോലെ ആശ്വാസമുണ്ടായി ഗൃഹസ്ഥനായ ബ്രാഹ്മണന്. അദ്ദേഹവും അതിഥിയും പിന്നെയും വളരെ നേരം സംസാരിച്ചു. നേരം അതിക്രമിച്ചപ്പോൾ അവർ നിദ്രചെയ്തു. പുലർച്ചയ്ക്ക് അതിഥി യാത്രപറഞ്ഞിറങ്ങി. അധികം താമസിയാതെ ഗൃഹസ്ഥനും പുറപ്പാടായി. നാഗപുരം ആയിരുന്നു

ഗൃഹസ്ഥന്റെ ലക്ഷ്യം. വനങ്ങൾ, സരസ്സുകൾ, തീർത്ഥങ്ങൾ – അവയെല്ലാം പിന്നിട്ടുകൊണ്ടിരുന്നു. അദ്ദേഹത്തിനു പെട്ടെന്നു തീർച്ചയായി തനിക്കു വഴി തെറ്റിപ്പോയിരിക്കുന്നു എന്ന്. പരിഭ്രാന്തനായി അദ്ദേഹം അലഞ്ഞു തിരിഞ്ഞു. ഭാഗ്യവശാൽ ഒരു മുനിയെ കണ്ടുമുട്ടി. മുനി വഴി പറഞ്ഞുകൊടുത്തു. ആ വഴിയിലൂടെ ബ്രാഹ്മണൻ സഞ്ചരിച്ചു. ഒടുവിൽ നാഗപുരത്തിൽ എത്തിച്ചേർന്നു. സർപ്പത്തിന്റെ കൊട്ടാരത്തിലും.

പതിവ്രതയായ നാഗപത്നി പുറത്തേക്കു വന്നു.

ആ സ്ത്രീ അതിഥിക്കു സ്വാഗതമേകി.

'എന്താണ് അങ്ങയുടെ വരവിന്റെ കാരണം?' അവർ വിനയത്തോടെ അന്വേഷിച്ചു.

'ഞാൻ വളരെ ദൂരത്തുനിന്നു വരികയാണ്. വന്നത് സർപ്പപത്മനെ കാണാനുമാണ്.' ബ്രാഹ്മണൻ പറഞ്ഞു.

'എന്റെ ഭർത്താവായ സർപ്പപത്മൻ സൂര്യലോകത്തു പോയിരിക്കയാണ്. എട്ടു ദിവസത്തിനകം ഇവിടെ മടങ്ങിയെത്തും.' നാഗപത്നി അറിയിച്ചു.

'അങ്ങനെയോ? ശരി. ഞാൻ അടുത്തു മറ്റൊരിടത്തു ചെന്നിരിക്കാം. അദ്ദേഹം വന്നാലുടൻ എന്നെ അറിയിക്കണം.' ബ്രാഹ്മണൻ പറഞ്ഞു.

അദ്ദേഹം കൊട്ടാരത്തിൽനിന്നിറങ്ങി നടന്നുപോയി. കുറെ ദൂരെയായി ഗോമതീനദി ഒഴുകുന്നുണ്ട്. നദിയിൽ അനേകം മണൽത്തിട്ടകളുണ്ട്. ഒരു മണൽത്തിട്ടിൽ അദ്ദേഹം ചെന്നിരുന്നു. ആഹാരം കഴിക്കുന്നതേയില്ല. സദാസമയവും പ്രാർത്ഥനതന്നെ.

ആറു ദിവസങ്ങൾ അപ്രകാരം കഴിഞ്ഞു.

നാഗപത്നി, പുത്രന്മാർ, ബന്ധുക്കൾ – അവർക്കെല്ലാം അതിയായ മനോവിഷമം ഉണ്ടായി. അതിഥി മണൽത്തിട്ടിലിരുന്ന് ഉപവാസം അനുഷ്ഠിക്കുകയാണ്. അതിനിയും തുടരാൻ ഇടവരുത്തിക്കൂടാ.

എല്ലാവരും ഒന്നിച്ച് ബ്രാഹ്മണനെ ചെന്നു കണ്ടു:

'ആറു നാളായി അങ്ങു ഭക്ഷണം കഴിച്ചിട്ട്. ഇങ്ങനെ വിശന്നിരിക്കുന്നതു ശരിയല്ല. അങ്ങു ഭക്ഷണം കഴിക്കുകതന്നെ വേണം. അങ്ങേക്കു കിഴങ്ങുകളാണോ ഇഷ്ടം? അതോ പഴവർഗ്ഗങ്ങളോ? അതുമല്ലെങ്കിൽ അന്നമോ? എന്തു വേണമെങ്കിലും പറയണം. ഞങ്ങൾ കൊണ്ടുവരാം. അങ്ങു ഭക്ഷിച്ചേ കഴിയൂ. അല്ലാത്തപക്ഷം ഞങ്ങൾക്കു ദുഃഖമാകും.' അവർ പറഞ്ഞു.

ബ്രാഹ്മണൻ വഴങ്ങിയില്ല.

'സർപ്പപത്മൻ വരുന്നതുവരെ ഉപവസിക്കണം. അതാണ് എന്റെ നിശ്ചയം. അദ്ദേഹം വന്നാൽ ഞാൻ ആഹാരം കഴിക്കയുമാവാം. നിങ്ങൾ ദുഃഖിക്കേണ്ടതായ ആവശ്യമേയില്ല.' അദ്ദേഹം അവരെ സമാധാനപ്പെടുത്തി.

നിശ്ചയിച്ചിരുന്ന ദിവസംതന്നെ സർപ്പപത്മൻ സൂര്യലോകത്തുനിന്നു മടങ്ങിയെത്തി.

അദ്ദേഹം പത്നിയോടു വിശേഷങ്ങൾ ചോദിച്ചു.

'ഒരു ബ്രാഹ്മണൻ കുറെ ദിവസമായി ഇവിടെ വന്നു താമസിക്കുകയാണ്. അദ്ദേഹം അങ്ങയെ കാണാൻ വന്നതുമാണ്. ഗോമതീനദിയിലെ മണൽത്തിട്ടിലാണ് അദ്ദേഹം ഇരിക്കുന്നത്. പ്രാർത്ഥനയും പൂജയുമാണ് മിക്ക

ദിവസവും. ഉപവാസം അനുഷ്ഠിക്കുകയും ചെയ്യുന്നു. അങ്ങു വന്നാൽ അറിയിക്കണമെന്നും പറഞ്ഞു.' നാഗപത്നി അറിയിച്ചു.

'അദ്ദേഹം ആരാണ്? ദേവനോ മനുഷ്യനോ?' സർപ്പപത്മൻ അന്വേഷിച്ചു.

'ദേവനല്ല മനുഷ്യൻതന്നെ. മഹാനായ മനുഷ്യൻ എന്നു മാത്രം.' നാഗപത്നി പറഞ്ഞു.

സർപ്പപത്മൻ ഉടൻതന്നെ ഗോമതീനദിയിലെ മണൽത്തിട്ടിലേക്ക് ഉഴറിച്ചെന്നു.

ബ്രാഹ്മണൻ അവിടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

'അങ്ങ് ആരാണ്? ഇങ്ങോട്ടു പോന്നതിന്റെ ഉദ്ദേശ്യമെന്ത്?' സർപ്പപത്മൻ അതിയായ ആദരവോടെ ചോദിച്ചു.

'ഞാൻ അങ്ങയെ കാണാൻ കാത്തിരിക്കുകയാണ് – ചാതകം മഴയ്ക്കെന്നപോലെ.' ബ്രാഹ്മണൻ ഉത്തരം നല്കി.

അദ്ദേഹം സകലതും വിസ്തരിച്ചറിയിച്ചു.

സർപ്പപത്മൻ ദീർഘമായി സംസാരിച്ചു. അതിനിടയ്ക്ക് ആ സർപ്പശ്രേഷ്ഠൻ ഒന്നു വർണ്ണിച്ചു – താൻ നേരിൽ കണ്ട ഒരു അത്ഭുതം.

'അത്ഭുതമെന്നു പറഞ്ഞതുകൊണ്ടായില്ല. അത്ഭുതങ്ങളിൽ അത്ഭുതം എന്നുകൂടി പറയണം. വളരെ ദൂരത്തായി ഒരു ഗോളം കാണുമാറായി. കത്തിജ്വലിക്കുന്ന ഒരു ഗോളം. മറ്റൊരു സൂര്യനെപ്പോലെ. ആ ഗോളം സാക്ഷാൽ സൂര്യന്റെ നേർക്കു പാഞ്ഞുചെന്നു. എന്നിട്ടു സാക്ഷാൽ സൂര്യനിൽ ലയിച്ചു. ഗോളം ഏതാണ്, സൂര്യൻ ഏതാണ് – അതു തിരിച്ചറിയാൻ വയ്യാതെയായി. അത്ര പൂർണ്ണമായിരുന്നു ലയനം. ഞങ്ങൾ സാക്ഷാൽ സൂര്യനോട് ഒരു സംശയം ചോദിച്ചു–വന്നു ലയിച്ച ഗോളം വാസ്തവത്തിൽ എന്തായിരുന്നുവെന്ന്. സൂര്യദേവൻ പറഞ്ഞു പരമാർത്ഥം അറിവായി – ചില വ്രതങ്ങൾ നിഷ്ഠയോടെ അനുഷ്ഠിച്ചിരുന്ന ഒരു ഋഷി!'

ചിലപ്പോൾ കായും കനിയും മാത്രം ഭക്ഷിക്കുക, ചിലപ്പോൾ കൊഴിഞ്ഞുവീണ ഇലകൾ മാത്രം ഭക്ഷിക്കുക, ചിലപ്പോൾ ജലപാനം മാത്രം ചെയ്തു നാളുകൾ കഴിക്കുക, ചിലപ്പോൾ വായുഭക്ഷണം മാത്രമായി ജീവിക്കുക, അതേസമയം എല്ലായ്പോഴും ഏകാഗ്രതയോടെ ഭഗവാനെ ഭജിക്കുക – ഇതെല്ലാമായിരുന്നു ആ ഋഷിയുടെ വ്രതങ്ങൾ. അവയ്ക്കു പ്രതിഫലമായി അദ്ദേഹത്തിന് അന്യലോകം ലബ്ധമായി. അതോടൊന്നിച്ചു പരഗതിയും.

ഇത്രയും സർപ്പപത്മൻ പറഞ്ഞ് ബ്രാഹ്മണന് അറിവായി. അപ്പോൾ അദ്ദേഹം ഒരു നിശ്ചയമെടുത്തു – ഒരിക്കലും ഇളക്കമുണ്ടാകാത്ത ഒരു നിശ്ചയം.

'സർപ്പപത്മാ, ഭാവിയിൽ എന്താണു ചെയ്യേണ്ടതെന്നു ഞാൻ തലപുകഞ്ഞ് ആലോചിക്കയായിരുന്നു. അങ്ങ് ഋഷിയുടെ അനുഭവം അറിയിച്ചപ്പോൾ എനിക്ക് ഉത്തരംകിട്ടി. ഞാനും അദ്ദേഹം അനുഷ്ഠിച്ച വ്രതങ്ങൾ ചെയ്യും. ഞാനിതാ അങ്ങയോടു യാത്രപറയുന്നു.' ബ്രാഹ്മണൻ പറഞ്ഞു.

'അങ്ങേക്ക് എന്തു സേവനമാണു ഞാൻ ചെയ്യേണ്ടത്? അങ്ങയുടെ ഇഷ്ടമെന്തെന്ന് അറിയിച്ചാൽമാത്രം മതിയാകും. എന്തായാലും ഞാൻ അനുസരിച്ചുകൊള്ളാം ആജ്ഞാപിച്ചതിനുശേഷമേ അങ്ങു പോകാൻ പാടുള്ളൂ.' സർപ്പപത്മൻ നിർബന്ധിച്ചു.

'അങ്ങ് എനിക്കു നേരായ മാർഗം കാട്ടിത്തന്നു. അങ്ങ് എന്നെ അങ്ങേയറ്റം കൃതാർത്ഥനാക്കി. ഇനി അങ്ങയിൽനിന്ന് എനിക്കു മറ്റൊന്നും നേടാനില്ല.' ബ്രാഹ്മണൻ പറഞ്ഞിട്ട് യാത്രയായി.

എവിടേക്കാണ് അദ്ദേഹം പോയത്? ച്യവനമഹർഷിയുടെ ആശ്രമത്തിലേക്ക്. അദ്ദേഹം ആ മഹർഷിയുടെ ശിഷ്യത്വം സ്വീകരിച്ചു. എന്നിട്ടു വിധിപോലെ വ്രതങ്ങൾ അനുഷ്ഠിച്ചു. ഒടുവിൽ സദ്ഗതിയും സമ്പാദിച്ചു.

(മഹാഭാരതം, ശാന്തിപർവം ഊഞ്ഛവൃത്തി)

വീതഹവ്യൻ

വീതഹവ്യൻ എന്ന രാജാവിന് ബ്രാഹ്മണ്യം കിട്ടി.
അതിന്റെ പിന്നിൽ ഒരു കഥയുണ്ട്.
കുറെ പുത്രന്മാരുണ്ട് വീതഹവ്യന്. ആയുധവിദ്യയിൽ അതിസമർത്ഥന്മാരാണു രാജപുത്രന്മാർ; അതേസമയം അതിശക്തന്മാരും മഹാപരാക്രമികളും. കാശിരാജാവായ ഹര്യശ്വനോട് അവർക്കു കടുത്ത ശത്രുതയുണ്ടായിരുന്നു. ഒരിക്കൽ അവർ സൈന്യങ്ങളെ നയിച്ചുകൊണ്ട് കാശിരാജ്യത്തെ ആക്രമിച്ചു. ഹര്യശ്വൻ അക്രമത്തെ ചെറുത്തുനിന്നു എന്നതു ശരിതന്നെ. പക്ഷേ, അത് അധികനേരം നീണ്ടുനിന്നില്ല. കാശിസൈന്യം പരാജിതമായി എന്നതോ പോകട്ടെ, ഹര്യശ്വനു ജീവാപായവും ഉണ്ടായി.

ഹര്യശ്വനൊരു പുത്രനുണ്ട്, സുദേവൻ. കാശിരാജ്യസ്ഥാനം സുദേവൻ കൈയേറ്റു. അതുകൊണ്ടും ആ രാജ്യത്തിന്റെ ദുർദ്ദശ അവസാനിച്ചില്ല. വീതഹവ്യന്റെ പുത്രന്മാർ വീണ്ടും ആക്രമണം നടത്തി. സുദേവനും തോല്ക്കുകയാണുണ്ടായത്, മുമ്പു പിതാവായ ഹര്യശ്വൻ തോറ്റതുപോലെ.

സുദേവന്റെ പുത്രനാണ് ദിവോദാസൻ. എതിരാളികൾ ചിലാനക്കാരല്ല. അക്കാര്യം ദിവോദാസന് അറിവുണ്ട്. അവരെ അകറ്റി നിർത്താൻ പര്യാപ്തമായ പട്ടണം കെട്ടിയുണ്ടാക്കണം – അതിനായി ദിവോദാസന്റെ ഉദ്യമം. കോട്ടകളാൽ ചുറ്റപ്പെട്ടിരുന്നു പുതിയ പട്ടണം. അതൊക്കെയായിട്ടും ശത്രുക്കൾ അടങ്ങിയിരുന്നില്ല. അവർ വീണ്ടും പ്രബലമായ ആക്രമണം നടത്തി. ദിവോദാസൻ അവരുടെ ആക്രമണത്തെ തടഞ്ഞു. വാശിയേറിയ സമരമാണ് അപ്പോൾ പൊട്ടിപ്പുറപ്പെട്ടത്. അനേകം നാളുകൾ നീണ്ടുനിന്നു ആ സമരം. ദിവോദാസന്റെ പടയാളികൾ മിക്കതും ചത്തൊടുങ്ങി. പടക്കളത്തിൽനിന്ന് ഓടിപ്പോവുക – അതൊരു മാർഗമേ ദിവോദാസന് അവശേഷിച്ചുള്ളൂ.

ദീർഘമായ യാത്രചെയ്ത് ദിവോദാസൻ ഒരു ആശ്രമത്തിൽ ചെന്നെത്തി. ഭരദ്വാജമഹർഷിയുടെ ആശ്രമമായിരുന്നു അത്. രാജാവ് ആ മഹർഷിയെ അഭയംപ്രാപിച്ചു.

'രാജൻ, എന്തിനാണ് ഇങ്ങോട്ടു പോന്നത്? സകലതും വിസ്തരിച്ചു പറയൂ. ഞാൻ ആവുംപോലെ സഹായിക്കാം.' ഭരദ്വാജൻ കനിഞ്ഞു പറഞ്ഞു.

'മഹർഷേ, വീതഹവ്യന്റെ പുത്രന്മാർ എന്റെ രാജ്യത്തെ ആക്രമിച്ചു. അവരോടുള്ള യുദ്ധത്തിൽ ഞാൻ തോറ്റുപോയി. എനിക്ക് ഒളിച്ചോടേണ്ട

തായും വന്നുകൂടി. അവിടുന്നല്ലാതെ എനിക്കു മറ്റു ശരണമില്ല.' ദിവോദാസൻ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു.

ഭരദ്വാജന്റെ ഹൃദയത്തിൽ ദയവ് നിറഞ്ഞുതുളുമ്പി.

'ദിവോദാസാ, ഇനിമേൽ അങ്ങേക്കു യാതൊരു ഭയവും വേണ്ട. അങ്ങ് എന്റെ ആശ്രമത്തിൽ താമസിക്കണം. ഞാൻ അങ്ങേക്കുവേണ്ടി ഒരു യാഗം ചെയ്യാം. യാഗത്തിന്റെ ഫലമായി അങ്ങയുടെ പുത്രനായി ഒരാളുണ്ടാവും. വീരപുത്രനായിരിക്കും അതെന്നു ഞാനിതാ ഉറപ്പുതരുന്നു. ആ വീരപുത്രൻ അങ്ങയുടെ ശത്രുക്കളെ കീഴ്പ്പെടുത്തും.' ഭരദ്വാജൻ ദീർഘദർശനം ചെയ്തു.

താമസംവിനാ മഹർഷി യാഗം അനുഷ്ഠിച്ചു. പുത്രകാമേഷ്ടി എന്ന യാഗമായിരുന്നു അത്. യാഗഫലമായി ദിവോദാസന് ഒരു പുത്രൻ പിറന്നു. പ്രതർദ്ദനൻ എന്നായിരുന്നു രാജകുമാരന്റെ പേര്. ജനിച്ചയുടൻ പ്രതർദ്ദനന് എന്തുണ്ടായി എന്നോ? വളർന്നു വലുതായി പതിമൂന്നു വയസ്സുകാരനെപ്പോലെയായി! അസാമാന്യമായ ശക്തികൾ സിദ്ധിച്ചിരുന്നു എന്നു സ്പഷ്ടമല്ലേ?

പുത്രനെയുംകൊണ്ട് ദിവോദാസൻ സ്വരാജ്യത്തേക്കു മടങ്ങിയെത്തി. അവനെ യുവരാജാവായി വാഴിക്കുകയുംചെയ്തു. ഒന്നായി പ്രതർദ്ദനന്റെ പരമമായ ലക്ഷ്യം – അച്ഛനെ പരാജിതനാക്കിയ ശത്രുക്കളോടു പകരം ചോദിക്കുക. ആ വീരകുമാരൻ സൈന്യം സജ്ജീകരിച്ചു; പടച്ചട്ടയും ആയുധങ്ങളും ധരിച്ച് യുദ്ധയാത്രയും ആരംഭിച്ചു.

വീതഹവ്യന്റെ പുത്രന്മാർക്ക് ഒരു വർത്തമാനം കിട്ടി – ഒരു വൻപട തങ്ങളുടെ രാജ്യത്തു കടന്നുകയറിയിരിക്കുന്നു! സാധാരണക്കാരായ ശത്രുക്കളല്ല എന്നവർക്കു തീർച്ചയായി. അവർ അതിവേഗത്തിൽ പടയൊരുക്കം നടത്തി. ശത്രുസൈന്യം വന്നെത്തിയപ്പോൾ അവരോട് ഇടയുകയും ചെയ്തു. അതിനിടയ്ക്ക് അവർക്ക് ഒന്ന് അറിവായിരുന്നു – ശത്രുസൈന്യം നയിക്കുന്നത് ദിവോദാസന്റെ പുത്രൻതന്നെയാണ് എന്ന്. മുമ്പ് എല്ലായ്പോഴും തങ്ങൾക്കായിരുന്നില്ലേ വിജയം? ഹര്യശ്വൻ, സുദേവൻ, ദിവോദാസൻ – ആ മൂന്നുപേരും തങ്ങളോടു തോല്ക്കുകയുണ്ടായി. ഇപ്രാവശ്യവും ജയിക്കുന്നത് തങ്ങൾതന്നെ – അതായിരുന്നു വീതഹവ്യന്റെ പുത്രന്മാരുടെ വിശ്വാസം. പക്ഷേ, ഇപ്രാവശ്യം ആ വിശ്വാസം തെറ്റായിരുന്നു. അവർ തോറ്റതും പോകട്ടെ, അവർക്കെല്ലാം പ്രാണഹാനിയും സംഭവിച്ചു.

സൈന്യനാശവും പുത്രനാശവും വീതഹവ്യനെ ദുർബലനാക്കി. ഇനി രാജ്യത്തുനിന്നാൽ തനിക്കും അവരുടെ അനുഭവംതന്നെ വന്നുചേരും. അതിൽ വീതഹവ്യന് യാതൊരു സംശയവും ഉണ്ടായിരുന്നില്ല. ആ രാജാവു രാജ്യംവിട്ടു പലായനം ചെയ്തു. ചെന്നെത്തിയതോ, ഭൃഗുമഹർഷിയുടെ ആശ്രമത്തിലും. ഭൃഗുമഹർഷി വീതഹവ്യന് അഭയമരുളി. അവിടെ പാർപ്പുറപ്പിച്ചു വീതഹവ്യൻ.

പ്രതർദ്ദനനു വിജയംകൊണ്ടു മാത്രം തൃപ്തിവന്നില്ല. എതിരാളികളായ രാജകുമാരന്മാരെ വധിച്ചെന്നതു ശരിയാണ്. പക്ഷേ, അതുമാത്രം പോരാ. അവരുടെ പിതാവായ വീതഹവ്യൻ ജീവിച്ചിരിപ്പുണ്ട്. ആ രാജാവിനെക്കൂടി വാളിനിരയാക്കണം. അതായി പ്രതർദ്ദനന്റെ നിശ്ചയം. അന്വേഷണം നടത്തിയപ്പോൾ ഒന്ന് അറിവായി – വീതഹവ്യൻ ഭൃഗുമഹർഷിയുടെ ആശ്രമത്തിൽ അഭയംപ്രാപിച്ചിരിക്കുന്നു. കാലം കളയാതെ പ്രതർദ്ദ

നൻ അവിടെ എത്തിച്ചേർന്നു. എന്തെന്തു വിനകളാണ് വീതഹവ്യൻ കാരണം തന്റെ കുടുംബത്തിനുണ്ടായത്! ആ ശത്രുവിനോടു പ്രതികാരം അനുഷ്ഠിക്കാതെ താൻ അടങ്ങുകയില്ല – അതായിരുന്നു പ്രതർദ്ദനന്റെ നിശ്ചയം.

ഭൃഗുവിന്റെ ആശ്രമത്തെ സമീപിച്ചു പ്രതർദ്ദനൻ.

അവിടെ മഹർഷിയുടെ കുറെ ശിഷ്യന്മാർ നില്ക്കുന്നതു കണ്ടു.

പ്രതർദ്ദനൻ അവരെ നേരിട്ടു.

'ഞാൻ പ്രതർദ്ദനൻ എന്ന രാജാവാണ്. എനിക്കു നിങ്ങളുടെ ഗുരുവിനെ അത്യാവശ്യമായി കാണേണ്ടതുണ്ട്. ഞാൻ വന്നിട്ടുണ്ടെന്ന് അദ്ദേഹത്തെ അറിയിക്കുവിൻ.' പ്രതർദ്ദനൻ അവരോട് ആവശ്യപ്പെട്ടു.

ശിഷ്യന്മാർ ആശ്രമത്തിൽ ചെന്നു ഗുരുവിനോടു വിവരം പറഞ്ഞു.

ഭൃഗുമഹർഷി അകത്തുനിന്നു പുറത്തേക്കു വന്നു.

പ്രതർദ്ദനൻ മഹർഷിയെ ഭക്തിപൂർവ്വം വണങ്ങി.

'രാജൻ, എന്താണ് അങ്ങയുടെ വരവിന്റെ ഉദ്ദേശ്യം?' ഭൃഗു അന്വേഷിച്ചു.

'മഹർഷേ, വീതഹവ്യൻ ഇവിടെ ഉണ്ടെന്ന് എനിക്ക് അറിവു കിട്ടി. അയാളുടെ പുത്രന്മാർ എന്റെ കുടുംബത്തിനു വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തിവെച്ചു. ഞാൻ അയാളുടെ മക്കളെയെല്ലാം കൊന്നൊടുക്കിക്കഴിഞ്ഞു. ഇനി അയാളെക്കൂടി വധിക്കണം. എന്നാലേ എന്റെ പ്രതികാരം തീരുകയുള്ളു. അവിടുന്ന് അയാളെ എനിക്കു വിട്ടുതരണം.' പ്രതർദ്ദനൻ അപേക്ഷിച്ചു.

ഭൃഗു ആ അപേക്ഷ കൈക്കൊള്ളാൻ തയ്യാറായില്ല. മുമ്പുതന്നെ വീതഹവ്യന് അഭയം കൊടുത്തിരുന്നതാണ്. ആ നിലയ്ക്ക് അയാളെ രക്ഷിക്കാതെ കഴിയുകയില്ല. അതേസമയം അദ്ദേഹത്തിന് പ്രതർദ്ദനനോട് യാതൊരു വിരോധവുമില്ല. അദ്ദേഹം ബുദ്ധിപൂർവകമായ ഒരു ഉപായം പ്രയോഗിച്ചു.

സാധാരണനിലയിൽ ക്ഷത്രിയർ ബ്രാഹ്മണരെ വധിച്ചുകൂടാ. വീതഹവ്യൻ വാസ്തവത്തിൽ ക്ഷത്രിയനാണ്. ക്ഷത്രിയന്മാർക്കു ക്ഷത്രിയന്മാരെ വധിച്ചുകൂടാ എന്നു നിയമമില്ല. വീതഹവ്യനെ ബ്രാഹ്മണനാക്കിയാലോ? എന്നാൽപ്പിന്നെ അയാളെ പ്രതർദ്ദനനു വധിക്കാൻ പാടില്ല. ഒരു ക്ഷത്രിയനെ ബ്രാഹ്മണനാക്കുക – അതിനുള്ള അധികാരം വളരെ ചുരുക്കം പേർക്കേയുള്ളു. ചുരുക്കം പേരിൽ ഒരാളാണ് ഭൃഗുമഹർഷി.

'പ്രതർദ്ദനാ, ഈ ആശ്രമത്തിൽ ക്ഷത്രിയന്മാർ ആരുമില്ല. ഇവിടെ ഉള്ളവരെല്ലാം ബ്രാഹ്മണന്മാരാണ്.' മഹർഷി പറഞ്ഞു.

അപ്പറഞ്ഞതിന്റെ പൊരുൾ പ്രതർദ്ദനനു മനസ്സിലായി. ഭൃഗു വീതഹവ്യന് ബ്രാഹ്മണ്യം നൽകിയിരിക്കുന്നു. അയാളെ രക്ഷിക്കാൻവേണ്ടി മാത്രമാണ് അപ്രകാരം ചെയ്തത്. എന്നിരുന്നാലും അതിനെതിരായി തനിക്കു പ്രവർത്തിച്ചുകൂടാ. വീതഹവ്യനെ വധിക്കാൻവേണ്ടിയാണു താൻ ഇത്രയധികം ബുദ്ധിമുട്ടിയത്. ദീർഘമായ ഈ യാത്രചെയ്തതും അതിനുവേണ്ടിയായിരുന്നു. അതെല്ലാം തികച്ചും വ്യർത്ഥമായിപ്പോയി. അതിയായ ഇച്ഛാഭംഗമുണ്ടായി പ്രതർദ്ദനന്.

എങ്കിലും അതിനൊരു മറുവശം ഇല്ലാതില്ല. അക്കാര്യം പ്രതർദ്ദനന് അല്പം ആശ്വാസം നൽകി. താൻ വീതഹവ്യന്റെ പുത്രന്മാരെ കാലനൂർക്കയച്ചുകഴിഞ്ഞു. അവരുടെ പുറകെ അയാളെയും അയയ്ക്കുമായിരുന്നു – ഭൃഗുമഹർഷി ഇടപെട്ടിരുന്നില്ലെങ്കിൽ. ശത്രു, ജാതി മാറിയിട്ടു തന്നിൽ

നിന്നു രക്ഷപ്പെട്ടു. അതു വാസ്തവത്തിൽ ഭീരുത്വത്തിന്റെ ലക്ഷണമാണ്. അയാൾക്കു ജാതിമാറ്റം ഒരു പോരായ്മതന്നെയാണ്. തനിക്കാണെങ്കിൽ അതൊരുതരത്തിലുള്ള വിജയവുമായി.

'മഹർഷേ, വീതഹവ്യൻ ഇപ്പോൾ ക്ഷത്രിയനല്ലാതെയായി. ഞാൻ കാരണം അയാൾ ജാതി മാറ്റാൻ നിർബന്ധിതനായി. അതുകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം.' പ്രതർദ്ദനൻ പറഞ്ഞു.

ആ രാജാവ് ഭൃഗുവിനെ വന്ദിച്ചു യാത്രയായി.

(മഹാഭാരതം)

വിഭാവസുവും സുപ്രതീകനും

ജ്യേഷ്ഠനും അനുജനുമാണ് വിഭാവസുവും സുപ്രതീകനും. മുനിമാരാണ് ഇരുവരും. എങ്കിലും ദേഷ്യക്കാരാണ്. ഇരുവർക്കും കൂടി കുറെ കുടുംബസ്വത്ത് ഉണ്ടായിരുന്നു. സുപ്രതീകന് ഒരു ആഗ്രഹമുണ്ടായി – തന്റെ ഭാഗം തനിക്കു കിട്ടണം. അക്കാര്യം ജ്യേഷ്ഠനോടു പറയുകയുംചെയ്തു. പക്ഷേ, ഭാഗം കൊടുക്കാൻ വിഭാവസു തയ്യാറായില്ല. അദ്ദേഹം പല വാദങ്ങളും ഉന്നയിച്ചു. ഭാഗം വേണമെന്നു പലരും ശഠിക്കുന്നത് ശരിതന്നെ; പക്ഷേ, ഭാഗം പിരിയുന്നതുകൊണ്ടു പലേ അനർത്ഥങ്ങളും ഉണ്ടാകും. അവയെക്കുറിച്ച് അവർ ആലോചിക്കാറില്ല. പോരെങ്കിൽ സ്നേഹമുള്ളവർ തമ്മിൽ വിരോധമാകും; അപ്പോൾ അന്യർ ഇക്കാര്യത്തിൽ തലയിടും – അങ്ങനെ പലതും ചൂണ്ടിക്കാട്ടി വിഭാവസു. പക്ഷേ, അതൊന്നും സുപ്രതീകൻ കാര്യമാക്കിയില്ല. ഭാഗം വേണമെന്ന് അനുജൻ ശഠിച്ചുകൊണ്ടേയിരുന്നു.

വിഭാവസുവിനു സഹികെട്ടു.

അദ്ദേഹത്തിന്റെ കോപം പൊട്ടിപ്പുറപ്പെട്ടു.

'സുപ്രതീകാ, നീ ഒരു ആനയായിപ്പോകട്ടെ!' അദ്ദേഹം അനുജനു ശാപമേകി.

സുപ്രതീകൻ വിട്ടില്ല.

'എന്നാൽ, ജ്യേഷ്ഠൻ ഒരു ആമയായിപ്പോകട്ടെ!' അനുജൻ പകരം ശപിച്ചു.

ഇരുവരുടെയും ശാപങ്ങൾ ഫലിക്കുമാറായി. വിഭാവസു ആമയായി രൂപംമാറി. സുപ്രതീകൻ ആനയായിട്ടും. സാധാരണ കാണാറുള്ള ആമയും ആനയുമല്ല. ഭൂമിയിലുള്ള ഏത് ആമയെക്കാളും ആനയെക്കാളും വലുപ്പം. അത്രയും പറഞ്ഞതുകൊണ്ടുമായില്ല. ആറ് യോജന പൊക്കവും പന്ത്രണ്ട് യോജന നീളവുമുണ്ട് ആനയ്ക്ക്. മൂന്ന് യോജന പൊക്കവും പത്ത് യോജന വിസ്താരവുമുണ്ട് ആമയ്ക്ക്.

ഏറെവും വിസ്തീർണ്ണമുള്ള ഒരു തടാകത്തിലായി ആമയായ വിഭാവസുവിന്റെ താമസം. പലപ്പോഴും ആനയായ സുപ്രതീകൻ ആ തടാകത്തിൽ വന്നിറങ്ങും. ആനയെക്കണ്ട് ആമ വെള്ളത്തിനു മുകളിൽ ഉയർന്നുവരും. അവർ തമ്മിൽ ഉടനെ ദ്വന്ദ്വയുദ്ധവും ആരംഭിക്കും. പരസ്പരം കൊല്ലുക

എന്നതാണ് ഇരുവരുടെയും ഉദ്ദേശ്യം. എന്നാൽ, ആരും കൊല്ലുന്നുമില്ല. ആരും കൊല്ലപ്പെടുന്നുമില്ല. മിക്ക ദിവസവും യുദ്ധം ഉണ്ടാവുകയുംചെയ്യും.

അങ്ങനെ കാലം വളരെയേറെ കഴിഞ്ഞുപോയി.

ഒരുനാൾ ഗരുഡൻ വിശന്നുവലഞ്ഞ് അവിടെ പറന്നെത്തി. ഒരു കാലിലെ നഖങ്ങൾകൊണ്ട് ആനയെ പിടിച്ചെടുത്തു. തന്റെ മറ്റേക്കാലിലെ നഖങ്ങൾ കൊണ്ട് ആമയെയും. അങ്ങനെ അവയെ ദൂരെയൊരു ദിക്കിൽ കൊണ്ടുചെന്നു ഭക്ഷിച്ചു. അപ്പോഴേ സഹോദരന്മാരുടെ കലഹം അവസാനിച്ചുള്ളൂ!

(മഹാഭാരതം - ആദിപർവം)

ഉതങ്കൻ

ഗൗതമൻ എന്നൊരു മഹർഷി. അനേകം ശിഷ്യന്മാരുണ്ടായിരുന്നു ഗൗതമന്. അവരിൽ ഒന്നാണ് ഉതങ്കൻ. ഒന്നു പ്രത്യേകമാണ് ഉതങ്കന്റെ കാര്യം. അദ്ദേഹത്തോളം ഗുരുഭക്തി മറ്റാർക്കുമില്ല. ഗുരുശുശ്രൂഷയ്ക്കുള്ള സാമർത്ഥ്യവും അപ്രകാരംതന്നെ. ഓരോരോ ശിഷ്യന്മാർ ആശ്രമത്തിൽ വന്നെത്തും; കുറെക്കാലം ഗൗതമന്റെ കീഴിൽ വിദ്യകൾ അഭ്യസിക്കും; അതിനുശേഷം അവർ ഗുരുകുലം വിട്ടുപോകും. ഉതങ്കന്റെ കാര്യത്തിൽ മാത്രം വ്യത്യാസം ഉണ്ടായിരുന്നു. അദ്ദേഹം ഗുരുകുലത്തിൽ സ്ഥിരമായി പാർത്തുവന്നു.

അനേകം വർഷങ്ങൾ അങ്ങനെ കടന്നുപോയി. എന്നിട്ടും ഗൗതമൻ പ്രിയശിഷ്യനെ വിട്ടയച്ചില്ല. ഉതങ്കൻ വാർദ്ധക്യത്തിൽ കാലുകുത്തി. പക്ഷേ, അക്കാര്യം അദ്ദേഹം അറിഞ്ഞതുപോലുമില്ല. കാലത്തിന്റെ പ്രവാഹം അദ്ദേഹം കണ്ടതേയില്ല.

ഒരു ദിവസം ഉതങ്കൻ കാട്ടിലേക്കു പോയി. വിറകു ശേഖരിക്കാൻ പോയതാണ്. ഏറെ നേരം ജോലിചെയ്തു. കുറെ വിറകുവെട്ടി എല്ലാംകൂടി ഒരു കെട്ടാക്കി ശ്രമപ്പെട്ടു കെട്ടെടുത്തു തലയിൽവെച്ചു. എന്നിട്ട് ആശ്രമത്തിലേക്കു നടന്നുതുടങ്ങി. ഏറെറവും ഭാരമുള്ള വിറകുകെട്ടാണ്. അതും ചുമന്ന് അദ്ധ്വാനിച്ചു മുമ്പോട്ടു നീങ്ങി. വല്ലവിധവും ആശ്രമത്തിൽ എത്തിച്ചേർന്നു. വിറകുകെട്ട് തലയിൽനിന്ന് വഴുതി നിലംപതിച്ചു.

വീണ വിറകുകൊള്ളികൾ അടുക്കിവെക്കണ്ടേ? അതിനായി ഉതങ്കന്റെ ശ്രമം. പെട്ടെന്ന് അദ്ദേഹം ഒന്നു കണ്ടു – വിറകുകൊള്ളികളിൽ കുറെ തലമുടി പററിപ്പിടിച്ചിരിക്കുന്നു! ഇതു മറ്റാരുടെയും തലമുടിയല്ല, തന്റെ തലമുടി തന്നെയാണ് – അതു മനസ്സിലാക്കാൻ ഒരു പ്രയാസവും ഉണ്ടായില്ല. തലമുടി ശ്രദ്ധിച്ചുനോക്കിയപ്പോഴോ? അത് വെള്ളിക്കമ്പികൾപോലെ നരച്ചിരിക്കുന്നു! അപ്പോൾ അദ്ദേഹം ആദ്യമായി ഒരു പരമാർത്ഥം അറിഞ്ഞു – താൻ വൃദ്ധനായിക്കഴിഞ്ഞിരിക്കുന്നു.

ആ അറിവ് ഉതങ്കനെ ചിന്തിപ്പിച്ചു. അതേസമയം ദുഃഖിപ്പിക്കയുംചെയ്തു. കഷ്ടം! തനിക്ക് വാർദ്ധക്യം പിടിപെട്ടിരിക്കയാണ്. ആർക്കെങ്കിലും ഇഷ്ടമാണോ വാർദ്ധക്യം? പാവം ഉതങ്കൻ! അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്നു ചുടുകണ്ണീർ ഇററിററു വീണു.

അതു കണ്ടു ഗൗതമമുനി:

'ഉതങ്കാ, നീ ദുഃഖിച്ചിരിക്കുകയാണ്. എന്താണു നിന്റെ ദുഃഖത്തിനു കാരണം? ഒന്നും മറച്ചുവയ്ക്കാതെ എന്നോടു പറയൂ.' ഗുരു ആവശ്യപ്പെട്ടു.

ഉതങ്കൻ ഗൗതമനെ ദയനീയമായി നോക്കി.

'ഗുരോ, എത്രയോ ശിഷ്യന്മാർ ഇവിടെ വന്നുംപോയുമിരിക്കുന്നു. ഞാൻ മാത്രം ഇവിടെ സ്ഥിരമായി പാർക്കുകയാണ്. എന്റെ ഗുരുഭക്തി അവിടുത്തേക്ക് അറിവുള്ളതാണ്. അങ്ങയെ ഞാൻ ഏറ്റവും ശ്രദ്ധയോടെ ശുശ്രൂഷിച്ചുവരികയുമാണ്. അതിനിടയിൽ ഞാൻ ഒന്ന് അറിഞ്ഞിരുന്നില്ല – എനിക്കു വാർദ്ധക്യം ബാധിച്ചിരിക്കുന്നു എന്ന്. ജീവിതസുഖം എന്തെന്നു ഞാൻ അനുഭവിച്ച് അറിഞ്ഞിട്ടേയില്ല. എന്റെ യൗവനം ഇങ്ങിനിവരാതവണ്ണം പൊയ്പ്പോയി.' ഉതങ്കൻ ഏങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞു.

ഗൗതമന്റെ ഹൃദയം ആർദ്രമായി.

'ഉതങ്കാ, ഞാനും അക്കാര്യം ശ്രദ്ധിച്ചില്ല. ആട്ടെ, നിനക്ക് ഇപ്പോൾ എന്നെ വിട്ടുപോകാൻ ആഗ്രഹമുണ്ടോ? ഉണ്ടെങ്കിൽ എനിക്കു സമ്മതംതന്നെ. നീ നിന്റെ വീട്ടിലേക്കു പൊയ്ക്കൊള്ളൂ.' അദ്ദേഹം പറഞ്ഞു.

ഉതങ്കന് ഒരു ബുദ്ധിമുട്ടുണ്ടായിരുന്നു.

'ഗുരോ ഞാൻ പോകാം. പക്ഷേ, അതിനുമുമ്പ് എനിക്കൊന്നു ചെയ്യാനുണ്ട്. ഞാൻ അവിടുത്തേക്കു ഗുരുദക്ഷിണ തന്നിട്ടില്ല. ഗുരുദക്ഷിണ തരണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. അതെന്റെ കർത്തവ്യവുമാണ്. അവിടേക്ക് എന്തു ഗുരുദക്ഷിണയാണു വേണ്ടത്? അത് അറിയിക്കാൻ ദയവുണ്ടാകണം.' അദ്ദേഹം അപേക്ഷിച്ചു.

'ഉതങ്കാ, നീ എന്നെ വേണ്ടതുപോലെ ശുശ്രൂഷിച്ചിരിക്കുന്നു. അതിൽ ഞാൻ അതീവ തൃപ്തനാണ്. അതുതന്നെയാണ് എനിക്കുള്ള ഗുരുദക്ഷിണയും. നൂറു വർഷമായി ആ ദക്ഷിണ എനിക്കു നീ നല്കിവരുന്നു. അതിനു നിനക്കൊരു പ്രതിഫലം കിട്ടിയേ കഴിയൂ. ഞാനിതാ നിന്നെ അനുഗ്രഹിക്കുന്നു. നിന്റെ വാർദ്ധക്യം മാറി നീ യുവാവാകട്ടെ! മറ്റൊന്നുകൂടി, എന്റെ മകളെ ഞാൻ നിനക്കു തരുന്നു. അവളെ നീ വധുവായി സ്വീകരിക്കൂ.' ഗൗതമൻ പറഞ്ഞു.

ഉതങ്കൻ ഗുരുവിന്റെ അഭീഷ്ടപ്രകാരം ഗുരുപുത്രിയെ വേട്ടു. പക്ഷേ, ഇനിയുമൊരു കടം ബാക്കിയുണ്ട് – അതായിരുന്നു അദ്ദേഹത്തിന്റെ തോന്നൽ. ഗുരുദക്ഷിണ വേണ്ടെന്നു പറഞ്ഞതു ശരിയാണ്. എങ്കിലും തനിക്കു കൊടുക്കാതിരുന്നുകൂടാ. ഗുരുപത്നിയോടു ചോദിക്കുകതന്നെ. ഗുരുപത്നി ആവശ്യപ്പെടുന്ന ദക്ഷിണ നല്കാം.

അഹല്യയാണ് ഗുരുപത്നി.

ഉതങ്കൻ അഹല്യയെ ചെന്നുകണ്ടു.

'അവിടുത്തേക്കു ഗുരുദക്ഷിണ തരണമെന്നു ഞാൻ അതിയായി ആഗ്രഹിക്കുന്നു. എന്താണ് അവിടുത്തേക്കു വേണ്ടത്? ധനമാവട്ടെ, പ്രാണനാവട്ടെ – എന്തായാലും സന്തോഷത്തോടെ ഞാൻ തന്നുകൊള്ളാം. അവിടുത്തെ ഇഷ്ടം അറിയിച്ചാൽ മാത്രം മതി.' ഉതങ്കൻ പറഞ്ഞു.

'ഉതങ്കാ, എനിക്ക് യാതൊന്നുംതന്നെ വേണ്ടതായിട്ടില്ല. ഞാൻ നിന്നിൽ സന്തോഷിച്ചിരിക്കുന്നു. നിനക്കു സർവമംഗങ്ങളും ഉണ്ടാവട്ടെ!' അഹല്യ ആശീർവദിച്ചു.

'അങ്ങനെ പറഞ്ഞാൽ പറ്റില്ല. ഏതെങ്കിലും ഒന്നു വേണമെന്നു പറയാതെ ഞാൻ സമ്മതിക്കില്ല.' ഉതങ്കൻ നിർബന്ധിച്ചു.

അഹല്യയ്ക്കു ഗത്യന്തരമില്ലാതായി.

'എന്നാൽ, ശരി. സൗദാസനെക്കുറിച്ച് നീ കേട്ടിരിക്കും. അയാളുടെ പത്നിക്കു ദിവ്യമായ രണ്ടു കുണ്ഡലങ്ങളുണ്ട്. അവ കൊണ്ടുവന്ന് എനിക്കു തരൂ.' അഹല്യ ആവശ്യപ്പെട്ടു.

ആരാണ് സൗദാസൻ? ഒരു രാജാവാണ്. സൗദാസന് ഒരു മുനിയുടെ ശാപമേല്ക്കുകയുണ്ടായി. ശാപത്തിന്റെ ഫലമായി രാജാവ് എന്തായി എന്നോ? മനുഷ്യമാംസം തിന്നുന്ന രാക്ഷസനായി.

(കല്മാഷപാദൻ എന്ന പേരുമുണ്ടായി സൗദാസന്. കല്മാഷപാദന്റെ കഥ അന്യത്ര പറഞ്ഞിട്ടുണ്ട്).

ഉതങ്കൻ ഉടൻതന്നെ യാത്രയായി.

ഗൗതമൻ അതൊന്നും അറിഞ്ഞിരുന്നില്ല. നേരം വൈകിയപ്പോൾ അദ്ദേഹത്തിന് ഒന്നു തോന്നി – എന്തേ ഇത്ര സമയം കഴിഞ്ഞിട്ടും ഉതങ്കനെ കാണാത്തത്? അദ്ദേഹത്തിന് അല്പം പരിഭ്രമം ഉണ്ടായി.

പത്നിയെ വിളിച്ചു ഗൗതമൻ.

'ഉതങ്കൻ എവിടെ?' അദ്ദേഹം ചോദിച്ചു.

'ഗുരുദക്ഷിണ വാങ്ങണമെന്ന് അവൻ ശഠിച്ചു. ഒന്നും വേണ്ടെന്നു ഞാൻ പറഞ്ഞു. പക്ഷേ, അവൻ നിർബന്ധം തുടർന്നു. അപ്പോൾ ഞാൻ സൗദാസന്റെ പത്നിയുടെ കുണ്ഡലങ്ങൾ ആവശ്യപ്പെട്ടു. കുണ്ഡലങ്ങൾ കൊണ്ടുവരാൻ പോയിരിക്കുകയാണ് അവൻ.' അഹല്യ അറിയിച്ചു.

'ഓഹോ, അങ്ങനെയോ? നീ അവനെ അതിന് അയച്ചതു ശരിയായില്ല. ശാപമേറെ രാജാവ് അവനെ കൊന്നുതിന്നുകയില്ലേ? അതാണ് എന്റെ സംശയം.' ഗൗതമൻ തന്റെ ഭയം പ്രകടമാക്കി.

'അയ്യോ, അതൊന്നും ഞാനറിഞ്ഞിരുന്നില്ല. കഷ്ടമായിപ്പോയല്ലോ?' അഹല്യ ആത്മാർത്ഥമായി പരിതപിച്ചു.

ആ സമയം ഉതങ്കൻ വളരെ ദൂരം സഞ്ചരിച്ചുകഴിഞ്ഞിരുന്നു. ഒടുവിൽ അദ്ദേഹം ഒരു കാട്ടിലെത്തി. സൗദാസൻ പാർത്തുവരുന്ന കാടുതന്നെയാണ് അത്. ഉതങ്കൻ സൗദാസന്റെ പാർപ്പിടം കണ്ടുപിടിച്ച് അവിടെ കയറിച്ചെന്നു. ആ സമയം സൗദാസൻ അവിടെത്തന്നെ ഉണ്ടായിരുന്നു. യമനെപ്പോലെ ഭീകരനായി കാണപ്പെട്ടു ശാപമേറ്റിരുന്ന രാജാവ്. ദേഹത്തു മനുഷ്യരക്തം പുരണ്ടിരിക്കുന്നു. കണ്ടാൽ അറപ്പും വെറുപ്പും തോന്നും.

എന്തു സന്തോഷമായെന്നോ സൗദാസന്? സാധാരണയായി താൻ മനുഷ്യനെ തേടിപ്പോവുകയാണ്. ഇപ്പോഴിതാ ഒരു മനുഷ്യൻ തന്നെ തേടി വന്നിരിക്കുന്നു. ആ മനുഷ്യനെ ഇനി കൊന്നുതിന്നുകയേ വേണ്ടൂ. ആ നരഭോജി എഴുന്നേറ്റു നിന്നു.

'ഹേ മനുഷ്യാ, നീ വന്നതു വളരെ നന്നായി. മനുഷ്യമാംസം അന്വേഷിച്ചിറങ്ങാൻപോവുകയായിരുന്നു ഞാൻ. എനിക്കു വിശപ്പു കഠിനമായിരിക്കുന്നു.' സൗദാസൻ പറഞ്ഞു.

'ഒരു കാര്യമുണ്ട്. ഗുരുദക്ഷിണ അന്വേഷിക്കുന്നവനെ കൊന്നുകൂടാ. ഞാൻ ഗുരുദക്ഷിണ അന്വേഷിക്കുന്നവനാണ്.' ഉതങ്കൻ ശാസ്ത്രം ചൂണ്ടിക്കാട്ടി.

'ശാസ്ത്രവും പുരാണവും മറ്റും എനിക്ക് അറിയേണ്ടതില്ല. ഞാനിപ്പോൾ നിന്നെ കൊന്നുതിന്നും.' സൗദാസൻ പറഞ്ഞു.

ഉതങ്കന് യാതൊരു ചാഞ്ചല്യവും ഉണ്ടായില്ല.

'അങ്ങയുടെ പത്നിക്ക് ദിവ്യമായ കുണ്ഡലങ്ങളുണ്ട്. അവ എനിക്ക് തരണമെന്ന് അപേക്ഷിക്കുന്നു. ഗുരുദക്ഷിണയായി ഗുരുപത്നി കുണ്ഡലങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നു. ഞാൻ അവയെ കൊണ്ടുക്കൊടുക്കട്ടെ. അതിനുശേഷം വേണമെങ്കിൽ അങ്ങ് എന്നെ കൊന്നു തിന്നുകൊള്ളണം.' അദ്ദേഹം പറഞ്ഞു.

'പത്നിയുടെ കുണ്ഡലങ്ങൾ തരാൻ നിർവ്വാഹമില്ല. അവ അവൾക്ക് ഏറ്റവും പ്രിയപ്പെട്ടതാണ്.' സൗദാസൻ തടസ്സം ഉന്നയിച്ചു.

പക്ഷേ, ആ തടസ്സമൊന്നും ഉതങ്കൻ കൂട്ടാക്കിയില്ല. അദ്ദേഹം നിർബന്ധം തുടർന്നുകൊണ്ടേയിരുന്നു. ഇനി വഴങ്ങാതെ തരമില്ലാതായി സൗദാസന്.

'ശരി, നീ എന്റെ പത്നിയെ ചെന്നു കാണു. കുണ്ഡലം തരാൻ ഞാൻ ആവശ്യപ്പെട്ടെന്ന് അവളോടു പറയണം. എന്നാൽ, അവൾ അവ എടുത്തു തരും.' സൗദാസൻ പറഞ്ഞു.

'അങ്ങയുടെ പത്നി ഇപ്പോൾ എവിടെയാണ്?' ഉതങ്കൻ അന്വേഷിച്ചു.

'അവൾ കാട്ടരുവിയുടെ അരികിൽ ഇരിപ്പുണ്ട്.' സൗദാസൻ അറിയിച്ചു.

മദയന്തി എന്നാണ് സൗദാസന്റെ പത്നിയുടെ പേര്. കാട്ടരുവിയുടെ അരികിലുണ്ട് മദയന്തി എന്നാണല്ലോ സൗദാസൻ അറിയിച്ചത്. കാട്ടരുവി കണ്ടുപിടിക്കാൻ ഉതങ്കന് അധികം വിഷമിക്കേണ്ടിവന്നില്ല. അവിടെ മദയന്തി ഉണ്ടായിരുന്നുതാനും. നടന്നതെല്ലാം മദയന്തിയെ കേൾപ്പിച്ചു ഉതങ്കൻ.

മദയന്തി കുണ്ഡലങ്ങളുടെ പ്രത്യേകതകൾ വിവരിച്ചു.

ഏതു ഗൃഹത്തിൽ ആ കുണ്ഡലങ്ങൾ വെച്ചിരിപ്പുണ്ടോ ആ ഗൃഹത്തിൽ രാവും പകലും സ്വർണം വിളയും. രാത്രിയിൽ അവയ്ക്ക് നക്ഷത്രങ്ങളെക്കാൾ പ്രകാശം ഉണ്ടായിരിക്കും. അവ അണിയുന്നവർക്ക് വിശപ്പോ ദാഹമോ ഉണ്ടാവുകയില്ല. അവർക്കു വിഷത്തിൽനിന്നോ അഗ്നിയിൽനിന്നോ അപായം സംഭവിക്കുകയില്ല. അണിയുന്നവരുടെ വലിപ്പച്ചെറുപ്പം അനുസരിച്ച് അവ വലുതാവുകയോ ചെറുതാവുകയോ ചെയ്യും. മൂലോകങ്ങളിലും പുകൾ പെറ്റവയാണ് ആ ആഭരണങ്ങൾ. വെറുതെയല്ല അവയെ മോഷ്ടിക്കാൻ പലരും തക്കംനോക്കിക്കൊണ്ടിരിക്കുന്നത്. യക്ഷന്മാർ, മഹർഷിമാർ, ദേവന്മാർ–അവർക്കുപോലും അവയിൽ കണ്ണുണ്ട്. തരംകിട്ടിയാൽ അവർ അവയെ കൊണ്ടുപൊയ്ക്കളയും.

മദയന്തി കുണ്ഡലങ്ങൾ അഴിച്ചുനല്കി. ഉതങ്കൻ അവയെ സാദരം സ്വീകരിച്ചു. എന്നിട്ട് സൗദാസന്റെ അടുക്കലേക്കു പോയി. അവിടന്ന് ഗുരുവിന്റെ ആശ്രമത്തെ ലക്ഷ്യമാക്കി പ്രയാണവും ആരംഭിച്ചു.

ദിവ്യകുണ്ഡലങ്ങൾ പൊതിഞ്ഞുകെട്ടി വെച്ചിട്ടുണ്ട് അദ്ദേഹം. പൊതി കൈയിൽ പിടിച്ചിട്ടുമുണ്ട്. വളരെദൂരം, വളരെ നേരം യാത്രചെയ്തു. അപ്പോഴേക്കും വിശപ്പായി, തളർച്ചയായി. ഒരിടത്ത് ഒരു ഫലവൃക്ഷം കാണുമാറായി. അതിലെ ഫലങ്ങൾ പറിച്ചുതിന്നാനായി അദ്ദേഹത്തിന്റെ ഒരുക്കം. കുണ്ഡലങ്ങൾ വെച്ചിരുന്ന പൊതി ഒരു മരക്കൊമ്പിൽ കെട്ടിത്തൂക്കി. എന്നിട്ട് മരത്തിൽ കയറി ഫലങ്ങൾ പറിച്ചുതുടങ്ങി. യദൃച്ഛയാ ഒരു ഫലം കെട്ടിത്തൂക്കിയിരുന്ന പൊതിയിൽ വീണു. പൊതി കെട്ടുപൊട്ടി നിലംപതിച്ചു.

കുണ്ഡലങ്ങൾ ചിതറി. മരച്ചുവട്ടിൽ ഒരു മാളമുണ്ട്. മാളത്തിൽ ഒരു നാഗം പാർത്തുവരുന്നു. ചിതറിയ കുണ്ഡലങ്ങൾ നാഗത്തിന്റെ കണ്ണിൽപ്പെട്ടു. നാഗം പുറത്തിറങ്ങി കുണ്ഡലമെടുത്തു. അവയുമായി മാളത്തിലേക്കു കയറിപ്പോയി.

അതെല്ലാം മരമുകളിലിരുന്ന ഉതങ്കൻ കാണുകയായിരുന്നു. അദ്ദേഹം വല്ലാതെ പരിഭ്രമിച്ചുപോയി. വല്ലവിധവും അദ്ദേഹം മരമുകളിൽനിന്നു ചുവട്ടിലിറങ്ങി. കുണ്ഡലങ്ങൾ വീണ്ടെടുക്കണമല്ലോ. അദ്ദേഹം ഒരു കമ്പെടുത്ത് മാളത്തിലിട്ടു കുത്തിത്തുടങ്ങി. മാളം കുറെയേറെ വലുതായി എന്നു മാത്രം. നാഗത്തെ കണ്ടുമില്ല. കുണ്ഡലങ്ങൾ കിട്ടിയുമില്ല.

എന്നിരുന്നിട്ടും ഉതങ്കൻ നിരാശനായില്ല. യോഗശക്തി സമ്പാദിച്ചിട്ടുള്ള ആളാണ് അദ്ദേഹം. താൻ യോഗശക്തി ഉപയോഗിച്ച് നാഗലോകത്ത് എത്തിച്ചേരും – അതായി അദ്ദേഹത്തിന്റെ നിശ്ചയം. കുണ്ഡലം കൊണ്ടുപോയ നാഗം നാഗലോകത്തേക്കു പോയിരിക്കണം – അതായിരുന്നു അദ്ദേഹത്തിന്റെ അനുമാനം.

പൊടുന്നനെ ഒരു ബ്രാഹ്മണൻ ഉതങ്കന്റെ മുമ്പിൽ ആവിർഭവിച്ചു.

'ഉതങ്കാ, അസംഖ്യം യോജന ദൂരത്തിലാണ് നാഗലോകം സ്ഥിതിചെയ്യുന്നത്. അവിടേക്ക് പോകാൻ അങ്ങേക്ക് സാധിക്കില്ല.' ദേവേന്ദ്രനായ ബ്രാഹ്മണൻ ചൂണ്ടിക്കാട്ടി.

'സാധിച്ചില്ലെങ്കിൽ ഞാൻ മരിച്ചുകളയും.' ഉതങ്കൻ തീർത്തു പറഞ്ഞു.

ദേവേന്ദ്രൻ കമ്പുവാങ്ങി വജ്രായുധത്തോടു ചേർത്തു. എന്നിട്ട് വജ്രായുധമെടുത്ത് ഭൂമിയിൽ കുത്തി. ഭൂമിപിളർന്ന് വലുതായ ഒരു ദ്വാരമുണ്ടായി. നാഗലോകത്തേക്കു പോകാനുള്ള ദ്വാരം!

ലേശവും ഭയപ്പെടാതെ ഉതങ്കൻ ദ്വാരത്തിലിറങ്ങി അതിവേഗത്തിൽ നാഗലോകത്ത് എത്തുകയും ചെയ്തു. പലയിടങ്ങളിലും നടന്ന് കുണ്ഡലങ്ങൾ അന്വേഷിച്ചു. അവയെക്കുറിച്ച് ഒരു തുമ്പും കിട്ടിയില്ല.

അദ്ദേഹം വിഷണ്ണനായി നിലകൊണ്ടു.

മുമ്പിലായി ഒരു കുതിരയെ കാണുമാറായി. കറുത്ത ദേഹം, ചുവന്ന മോന്ത, വെളുത്ത വാൽ – അങ്ങനെ അപൂർവമായ ഒരു കുതിര!

കുതിര സംസാരിച്ചു:

'ഉതങ്കാ, എന്നെ ഒന്ന് ഊതൂ. അതിന് ഒട്ടും മടി വേണ്ട. ഊതിയാൽ കുണ്ഡലങ്ങൾ കിട്ടും.'

'അങ്ങ് ആരാണ് വാസ്തവത്തിൽ?' ഉതങ്കൻ ആരാഞ്ഞു.

'ഞാൻ നിന്റെ ഗുരുവിന്റെയും ഗുരുവാണ് – സാക്ഷാൽ അഗ്നിദേവൻ.' – അതായിരുന്നു ഉത്തരം.

ഉതങ്കൻ ഒട്ടും സംശയിക്കാതെ കുതിരയെ ഊതി. ഞെടുതിയിൽ തീയും പുകയും പുറപ്പെട്ടു. ആ തീയും പുകയും നൊടിക്കിടയിൽ വളരെ വർദ്ധിച്ചു. അവ നാഗലോകത്തിൽ കയറി വ്യാപിച്ചു. പുകയേറ്റ് നാഗങ്ങളുടെ കണ്ണുകൾ ചുവന്നു. അവർക്ക് ശ്വാസംവിടാൻ ബുദ്ധിമുട്ടായി. അവർ അത്യധികം പരിഭ്രാന്തരായി. ഉതങ്കനെ പ്രീണിപ്പിച്ചാലേ തങ്ങൾക്കു രക്ഷ കിട്ടുകയുള്ളു – അക്കാര്യം അവർക്കു ബോദ്ധ്യമായി. അവർ ഉതങ്കനെ പൂജിച്ചു; അദ്ദേഹത്തിന് മദയന്തിയുടെ കുണ്ഡലങ്ങളും നൽകി.

ആ ദിവ്യാഭരണങ്ങളുമായി ഉതങ്കൻ ഗുരുവിന്റെ ആശ്രമത്തിൽ മടങ്ങിയെത്തി. നേരെ ചെന്ന് ഗുരുപത്നിയെ കണ്ടു. അവരുടെ പാദങ്ങളിൽ പ്രണമിച്ചു. അവർക്ക് കുണ്ഡലങ്ങൾ നല്കി. അങ്ങനെ ഗുരുദക്ഷിണ പൂർത്തിയാക്കി.

പിന്നൊരിക്കൽ ഉതങ്കനും ശ്രീകൃഷ്ണനും തമ്മിൽ ഒന്നിടഞ്ഞു.

കുരുക്ഷേത്രത്തിലെ മഹായുദ്ധം അവസാനിച്ചിരിക്കയാണ്. പാണ്ഡവന്മാരെ ജയിപ്പിക്കയും കൗരവന്മാരെ തോല്പിക്കയും ചെയ്തിട്ടുണ്ട് ശ്രീകൃഷ്ണൻ. അതിനുശേഷം ഭഗവാൻ ദ്വാരകയിലേക്കു മടങ്ങുകയാണ്. വഴിക്കുവെച്ച് ഭഗവാനും ഉതങ്കനും തമ്മിൽ കണ്ടുമുട്ടി.

യുദ്ധത്തെക്കുറിച്ച് ഉതങ്കൻ അറിഞ്ഞിരുന്നില്ല.

'കൃഷ്ണാ, അങ്ങ് ഹസ്തിനപുരത്തിലേക്കു പോയെന്നു കേട്ടു. അങ്ങ് കൗരവന്മാരും പാണ്ഡവന്മാരും തമ്മിൽ സന്ധിയുണ്ടാക്കി, അല്ലേ? തീർച്ചയായും അങ്ങ് ഇരുകക്ഷികളെയും ഇണക്കിയിട്ടുണ്ടാവണം. അപ്രകാരം ചെയ്തുമെന്നു ഞാൻ മുമ്പുതന്നെ ആശിച്ചിരുന്നതാണ്. എന്റെ ആശ സഫലമായി എന്നു ഞാൻ വിശ്വസിക്കട്ടെയോ?' ഉതങ്കൻ ചോദിച്ചു.

'മഹാത്മൻ, ആദ്യം മുതല്ക്കേ അവരെ രഞ്ജിപ്പിക്കാനായിരുന്നു എന്റെ ശ്രമം. പക്ഷേ, എനിക്ക് അതു സാധിച്ചിട്ടില്ല. അവർ തമ്മിൽ ഭയങ്കരമായ യുദ്ധമുണ്ടായി. യുദ്ധത്തിൽ കൗരവന്മാർ ആസകലം നശിച്ചിരിക്കുന്നു. പാണ്ഡവന്മാർ അഞ്ചുപേരും ജീവനോടെ ശേഷിക്കുന്നു. ശരിയാണ്. എങ്കിലും അവർക്കു വേണ്ടപ്പെട്ടവരെല്ലാം ജീവൻ വെടിഞ്ഞിരിക്കുന്നു.' ശ്രീകൃഷ്ണൻ അറിയിച്ചു.

അതു കേട്ടപ്പോൾ ഉതങ്കനു കടുത്ത ദേഷ്യമുണ്ടായി.

'കൃഷ്ണാ, പാണ്ഡവന്മാർ അങ്ങയുടെ അടുത്ത ബന്ധുക്കളാണ്. സമ്മതിക്കാം. അതേസമയം കൗരവന്മാരും അങ്ങയുടെ ചാർച്ചക്കാർതന്നെ. അങ്ങ് കൗരവന്മാരെയും രക്ഷിക്കേണ്ടതായിരുന്നു. അപ്രകാരം അങ്ങു ചെയ്യാത്തതിൽ എനിക്കു കുണ്ഠിതമുണ്ട്. എന്തിന് അങ്ങ് എല്ലാവരെയും ഒന്നടങ്കം കൊല്ലിച്ചു? അതിനു ഞാൻ അങ്ങയെ ശപിക്കേണ്ടതാണ്.' അദ്ദേഹം കോപിച്ചു പറഞ്ഞു.

ശ്രീകൃഷ്ണൻ അക്ഷോഭ്യനായി നിന്നതേയുള്ളു.

'മഹാത്മൻ, അങ്ങ് ആദ്യം എനിക്കു പറയാനുള്ളതു കേൾക്കണം. അതിനുശേഷം വേണം എന്നെ ശപിക്കുന്ന കാര്യത്തെക്കുറിച്ചു ചിന്തിക്കുവാൻ. പിന്നൊന്നുകൂടി അങ്ങു മനസ്സിലാക്കേണ്ടതുണ്ട്. ശപിക്കുമെന്നു പറഞ്ഞ് എന്നെ ഭീഷണിപ്പെടുത്തുകയൊന്നും വേണ്ട, കേട്ടോ? അങ്ങു ശപിച്ചാൽ അങ്ങയുടെ തപശ്ശക്തി നശിക്കും. അത്രതന്നെ. ക്ലേശിച്ചു നേടിയതാണല്ലോ ആ ശക്തി. അത് ഓർമിക്കുന്നതു നന്ന്.' ഭഗവാൻ പറഞ്ഞു.

'ആട്ടെ കൃഷ്ണാ, ആദ്യം പറയാനുള്ളതു പറയൂ, ഞാൻ കേൾക്കട്ടെ. അതിനുശേഷം അടുത്ത നടപടി നിശ്ചയിക്കാം.' ഉതങ്കൻ തീരുമാനം അറിയിച്ചു.

ശ്രീകൃഷ്ണൻ സംസാരിച്ചു. ദീർഘമായി സംസാരിച്ചു. ആത്മാർത്ഥമായി സംസാരിച്ചു. സകലതും ഉതങ്കൻ ശ്രദ്ധിച്ചുകേട്ടു. മറ്റെല്ലാം മറന്നുകേട്ടു. കോരിത്തരിപ്പോടെ കേട്ടു. എന്തായിരുന്നു ഫലം? മുമ്പുണ്ടായിരുന്ന സംശ

യങ്ങൾ നീങ്ങി – ആ ബോധം ഏറ്റവും പ്രബലവുമായി – ശ്രീകൃഷ്ണൻ പരമാത്മാവുതന്നെ എന്ന ബോധം!

ഉതങ്കന്റെ മനസ്സു മാറി.

'ഭഗവാനേ, ഞാനിപ്പോൾ അങ്ങയുടെ തത്ത്വം അറിഞ്ഞിരിക്കുന്നു. അക്കാരണത്താൽ എന്റെ മനസ്സ് തെളിയുകയും ചെയ്തിരിക്കുന്നു. അവിടുത്തേക്കായി ഉദ്ദേശിച്ചിരുന്ന ശാപം ഞാനിതാ പിൻവലിക്കുകയാണ്. എനിക്ക് അതിയായ ഒരു ആഗ്രഹമുണ്ട് – അവിടുത്തെ വിശ്വരൂപം കാണണം! എന്റെ ആഗ്രഹം സാധിപ്പിച്ചുതരണം.' ഉതങ്കൻ തൊഴുകൈയോടെ അപേക്ഷിച്ചു.

ഭഗവാൻ ആ അപേക്ഷ നിറവേറ്റി.

വിശ്വരൂപം കണ്ട ഉതങ്കൻ ഭക്തികൊണ്ടു മതിമറന്നു.

'ഉതങ്കാ, ആവശ്യമുള്ള വരം ചോദിച്ചുകൊള്ളൂ.' ഭഗവാൻ കനിഞ്ഞരുളി.

'ഭഗവാനെ, ഞാൻ അവിടുത്തെ യഥാർത്ഥ രൂപം കണ്ടു. അതിൽ കൂടുതൽ എന്താണൊരു ഭാഗ്യം!' ഉതങ്കൻ പറഞ്ഞു.

'എങ്കിലും ഒരു വരം ചോദിച്ചുകൊള്ളൂ.' ഭഗവാൻ നിർബന്ധിച്ചു.

'അതു കൂടിയേ കഴിയൂ എന്നുണ്ടെങ്കിൽ ഞാനിതാ ഒന്ന് അഭ്യർത്ഥിക്കുന്നു. എനിക്കു വേണ്ടതായ സമയത്ത് വേണ്ടതായ സ്ഥലത്ത് ജലം ലഭിക്കുമാറാകണം – ചുട്ടുപൊള്ളുന്ന മരുഭൂമിയിലായാൽപ്പോലും.' ഉതങ്കൻ പറഞ്ഞു.

'അങ്ങനെതന്നെ സംഭവിക്കും. വെള്ളം ആവശ്യമാകുമ്പോൾ എന്നെ സ്മരിക്കണമെന്നു മാത്രം.' ശ്രീകൃഷ്ണൻ അരുളിച്ചെയ്തു.

ഭഗവാൻ ദ്വാരകയിലേക്ക് യാത്ര തുടർന്നു.

കുറെക്കാലം കഴിഞ്ഞു. ഒരിക്കൽ ഉതങ്കൻ യാത്രചെയ്യുകയാണ്. വെള്ളം കണികാണാനില്ലാത്ത മരുഭൂമിയിലൂടെയാണ് യാത്ര. ഉഷ്ണവും ദാഹവും സഹിക്കവയ്യാതെയായി. വെള്ളം കുടിക്കാതെ നിവൃത്തിയില്ല. അദ്ദേഹം ശ്രീകൃഷ്ണനെ സ്മരിച്ചു. പെട്ടെന്നു മുമ്പിൽ ഒരു മനുഷ്യൻ ആവിർഭവിച്ചു – ഭീകരനായ ഒരു ചണ്ഡാലൻ! കുറെ നായ്ക്കളുമുണ്ട് ചണ്ഡാലന്റെകൂടെ. അയാൾ അമ്പും വില്ലും ധരിച്ചിട്ടുണ്ട്. എന്താണത് അയാളുടെ കാൽച്ചുവട്ടിൽ? ഒരു നീരുറവ്!

'ഉതങ്കാ, ഈ നീരുറവയിൽനിന്ന് വെള്ളം കുടിച്ചുകൊള്ളൂ.' ചണ്ഡാലൻ ക്ഷണിച്ചു.

പക്ഷേ, ഉതങ്കൻ ആ ക്ഷണം സ്വീകരിച്ചില്ല. താൻ ബ്രാഹ്മണൻ മാത്രമല്ല, തപസ്വിയുമാണ്. ജലമാണെങ്കിൽ വെറുമൊരു ചണ്ഡാലൻ തരുന്നതുമാണ്. അതു കുടിച്ചാൽ തനിക്കൊരു പോരായ്മയാവില്ലെ? ഉതങ്കൻ വെള്ളം കുടിച്ചില്ല.

തൽക്ഷണം ചണ്ഡാലൻ മറയുകയായി – ഒന്നിച്ച് അയാളുടെ നായ്ക്കളും.

അഹാ ശ്രീകൃഷ്ണൻ പ്രത്യക്ഷപ്പെടുന്നു!

നടന്നതെല്ലാം ഉതങ്കൻ ശ്രീകൃഷ്ണനെ അറിയിച്ചു.

ഭഗവാൻ ഒരു രഹസ്യം പറഞ്ഞു:

'ഉതങ്കാ, ഞാൻ ദേവേന്ദ്രനോട് ഒന്ന് ആവശ്യപ്പെടുകയുണ്ടായി – അങ്ങേയ്ക്ക് അമൃതം തരണം എന്ന്. ദേവേന്ദ്രന് അതൊട്ടും ഇഷ്ടമായില്ല. അമൃതം

കൊടുത്താൽ മനുഷ്യൻ അമരനാവും. മനുഷ്യനെ അമരനാക്കിക്കൂടത്രെ. പക്ഷേ, ഞാൻ നിർബന്ധിക്കതന്നെചെയ്തു. അപ്പോൾ ദേവേന്ദ്രൻ ഒന്നിനു തയ്യാറായി – ചണ്ഡാലവേഷത്തിൽ വെള്ളമെന്ന വ്യാജേന അമൃതം തരാം എന്ന്. അതുതന്നെയാണ് ഇപ്പോൾ ചെയ്തത്. പക്ഷേ, അങ്ങ് അതു സ്വീകരിച്ചില്ല. പിന്നെ ഞാനെന്തു ചെയ്യും? ആട്ടെ, ഞാൻ മറ്റൊന്നു ചെയ്തുതരാം. മരുഭൂമിയിൽ വെച്ച് അങ്ങേയ്ക്ക് ദാഹമുണ്ടായാലും ശരി, ആ സമയം ആകാശത്ത് കാർമേഘങ്ങൾ പരക്കും. അവ സ്വാദേറിയ ജലം വർഷിക്കുകയും ചെയ്യും.' ശ്രീകൃഷ്ണൻ അനുഗ്രഹമേകി.

അപ്രകാരം സംഭവിക്കതന്നെ ചെയ്തു പില്ക്കാലങ്ങളിൽ. ഉതങ്കന് ദാഹമുണ്ടാകുമ്പോഴൊക്കെ മേഘങ്ങൾ വന്നെത്തി വർഷിച്ചുകൊണ്ടിരുന്നു.

ഉതങ്കമേഘങ്ങൾ എന്നായി അവയ്ക്കു പേർ.

ഇന്നും മരുഭൂമികളിൽ ചിലപ്പോഴെല്ലാം ഉതങ്കമേഘങ്ങൾ വർഷിക്കാറുണ്ടത്രെ!

(മഹാഭാരതം അശ്വമേധപർവം)

പിപ്പലൻ

കുരുക്ഷേത്രത്തിൽ കുണ്ഡലൻ എന്നൊരാൾ ജീവിച്ചിരുന്നു. കുണ്ഡലനൊന്നിച്ചു പത്നിയുണ്ട്, സുകർമ്മാവ് എന്ന പുത്രനുമുണ്ട്. ദമ്പതികൾക്ക് വാർദ്ധക്യം ബാധിച്ചു. ജരയും നരയും ദൗർബല്യവും ഉണ്ടായി. സുകർമ്മാവ് മാതാപിതാക്കന്മാരെ ശുശ്രൂഷിച്ചു. ഒന്നു പ്രത്യേകമായിരുന്നു അയാളുടെ പിതൃഭക്തി. അവരെ പരിചരിക്കുക എന്നതായിരുന്നു അയാളുടെ ജീവിതവ്രതം. അവരെ ഭക്ഷണം കഴിപ്പിക്കുക, അവരുടെ കാൽ തലോടുക, അവരെ കിടത്തി ഉറക്കുക—എല്ലാം അയാൾതന്നെ ചെയ്തുപോന്നു.

ദൂരെയൊരിടത്ത് പിപ്പലൻ എന്നു പേരുള്ള ഒരാൾ ഉണ്ടായിരുന്നു. പിപ്പലൻ ദശാരണ്യം എന്ന വനത്തിലേക്കു പോയി. അവിടെയിരുന്നു തപസ്സും ആരംഭിച്ചു. ഏറ്റവും തീവ്രമായിരുന്നു അയാളുടെ തപസ്സ്. കാറ്റും വെയിലും മഴയും തണുപ്പും അയാൾ അറിഞ്ഞതേയില്ല. ഒരേ ഇരുപ്പിലാണ് ഉഗ്രമായ ആ തപസ്സ്.

ആയിരം വർഷങ്ങൾ അങ്ങനെ കഴിഞ്ഞു.

അപ്പോഴേക്കും പിപ്പലനെ പുറ്റ്' പൊതിഞ്ഞിരുന്നു. പുറ്റിനുള്ളിൽ കൃഷ്ണസർപ്പങ്ങൾ കൂടികൊണ്ടു. കൃഷ്ണസർപ്പങ്ങൾ പിപ്പലനെ കൊത്താറുണ്ട്. ആ തപസ്വിക്കുണ്ടോ വിഷമേല്ക്കുന്നു?

മുവായിരം വർഷങ്ങളായി.

വരം കൊടുക്കാനായി ദേവന്മാർ വന്നെത്തി.

'ലോകമെല്ലാം എനിക്ക് അധീനമാകണം. ഞാൻ വിദ്യാധരൻ ആവുകയും വേണം.' പിപ്പലൻ ആവശ്യപ്പെട്ടു.

ദേവന്മാർ ആ വരം നല്കി.

അങ്ങനെ പിപ്പലൻ വിദ്യാധരനായി. ഏതു ലോകത്തും ഏതു നേരത്തും സഞ്ചരിക്കാം. എന്തു തന്നെ ആവശ്യമായിവന്നാലും അതു ലഭിക്കും.

അങ്ങനെ സുഖമായി ജീവിച്ചു വളരെക്കാലം. ക്രമേണ ഒരുതരം അഹങ്കാരം ഉണ്ടായി. താനൊരു കേമനാണ്. പോരാ, തന്നെക്കാൾ കേമനില്ല.

ഈ അഹങ്കാരം ഇല്ലായ്മ ചെയ്യണം. അതായി ബ്രഹ്മാവിന്റെ നിശ്ചയം. ഭഗവാൻ പക്ഷിരൂപം ധരിച്ച് പിപ്പലന്റെ അരികത്തു ചെന്നു.

പിപ്പലൻ പക്ഷിയെക്കണ്ടു. പക്ഷേ, പക്ഷിയുടെ പരമാർത്ഥം അറിഞ്ഞില്ല–അതായത്, ബ്രഹ്മാവ് പക്ഷിരൂപം ധരിച്ചതാണ് എന്ന്.

പക്ഷി സംസാരിച്ചു:

'പിപ്പലാ, അങ്ങേയ്ക്ക് ആവശ്യമുള്ളതൊക്കെ ലഭിക്കുന്നു, ശരിയാണ്. പക്ഷേ, അതിൽ അത്രയൊന്നും അഹങ്കരിക്കേണ്ടതില്ല. അങ്ങയെക്കാൾ എല്ലാം സ്വാധീനമുള്ള മറ്റൊരാളുണ്ട്. കുണ്ഡലന്റെ പുത്രനായ സുകർമ്മാവാണ് ആ ആൾ. തപസ്സ്, യജ്ഞം, ഹോമം — അതൊന്നും സുകർമ്മാവ് ചെയ്തിട്ടില്ല എന്നതു വാസ്തവംതന്നെ. അവയൊക്കെ ശക്തി നൽകുമെന്ന് എല്ലാവർക്കും അറിയാം. പക്ഷേ, അവയെക്കാൾ ശക്തി നല്കുന്ന ചിലതുണ്ട്. അവയിലൊന്നാണ് പിതൃഭക്തി. സുകർമ്മാവിനു കറകളഞ്ഞ പിതൃഭക്തിയുണ്ട്.'

പക്ഷി ഏതോ ഒരു ദിവ്യനാണ് — അത് ഊഹിക്കാൻ പിപ്പലനു ബുദ്ധിമുട്ടുണ്ടായില്ല.

'പക്ഷിരൂപം പൂണ്ട അങ്ങ് ആരാണ്?' അദ്ദേഹം ആരാഞ്ഞു.

'അങ്ങ് സുകർമ്മാവിനെക്കണ്ടു ചോദിക്കൂ, ഞാനാരെന്ന്. അദ്ദേഹം അറിയിക്കും. കൂട്ടത്തിൽ ജ്ഞാനവും നൽകും.' ബ്രഹ്മാവ് പറഞ്ഞിട്ടു മറഞ്ഞു.

പിപ്പലൻ ദീർഘയാത്രചെയ്ത് സുകർമ്മാവിന്റെ ഗൃഹത്തിലെത്തി. സുകർമ്മാവ് അതിഥിയെ ഒറ്റ നോട്ടത്തിൽ തിരിച്ചറിഞ്ഞു. അദ്ദേഹം പിപ്പലനെ സ്വീകരിച്ചിരുത്തി.

'പിപ്പലാ, അങ്ങ് പറയാതെതന്നെ എനിക്ക് അങ്ങയെ അറിയാം. അങ്ങയുടെ വരവിന്റെ ഉദ്ദേശ്യവും ഞാൻ അറിഞ്ഞിരിക്കുന്നു.' സുകർമ്മാവ് പറഞ്ഞു.

'സുകർമ്മാവേ, എന്നോട് അങ്ങയെക്കുറിച്ചു പറഞ്ഞ പക്ഷി വാസ്തവത്തിൽ ആരാണ്?' പിപ്പലൻ ചോദിച്ചു.

'മറ്റാരുമല്ല, ബ്രഹ്മാവുതന്നെ.' സുകർമ്മാവ് അറിയിച്ചു.

'ആട്ടെ, അങ്ങേയ്ക്കു വേണ്ടുന്നതെല്ലാം കിട്ടുമെന്നു കേട്ടു. അങ്ങയുടെ ശക്തി ഒന്നു കാണിച്ചുതരിക.' പിപ്പലൻ ആവശ്യപ്പെട്ടു.

സുകർമ്മാവ് ദേവേന്ദ്രനെ സ്മരിച്ചു — ഒന്നിച്ച് അഗ്നി മുതലായ പല ദേവന്മാരെയും.

നിമിഷത്തിനുള്ളിൽ അവരെല്ലാം അതാ വന്നു നില്ക്കുന്നു സുകർമ്മാവിന്റെ മുമ്പിൽ!

'ദേവന്മാരേ, എന്റെ അതിഥിയാണ് ഈ നില്ക്കുന്ന പിപ്പലൻ. അദ്ദേഹത്തെ എന്റെ ശക്തി ഒന്നു കാണിക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ടു വോന്മാരെ വരുത്തി. ഇനി ഭവാന്മാർക്കു പോകാം.' സുകർമ്മാവ് പറഞ്ഞു.

'ഞങ്ങൾക്കു വെറുതെയങ്ങു പോകാനൊക്കുകയില്ല. പോകുന്നതിനു മുമ്പു വരം തന്നേ കഴിയൂ.' ദേവന്മാർ അറിയിച്ചു.

'അങ്ങനെയോ? ശരി. എനിക്കു മാതാപിതാക്കന്മാരിൽ ഒരിക്കലും ഇള കാത്ത ഭക്തിയുണ്ടായിരിക്കണം. ആ ഒരു വരം മാത്രമേ എനിക്കു വേണ്ടൂ.' സുകർമ്മാവ് പറഞ്ഞു.

ആ വരം നല്കിയിട്ടു ദേവന്മാർ മറഞ്ഞു.

പിപ്പലനു പിതൃഭക്തിയുടെ മാഹാത്മ്യം മനസ്സിലാക്കിക്കൊടുത്തു സുകർമ്മാവ്. തുടർന്നു ജ്ഞാനോപദേശവും നല്കി. അതിനുശേഷം പിപ്പ ലനെ യാത്രയാക്കി.

(പദ്മപുരാണം, പിതൃതീർത്ഥം, അദ്ധ്യായം 61)

കപിലൻ, മേധാവി, സുമതി

ഗോദാവരിനദിയുടെ തീരത്തിലാണ് ഗൗതമൻ എന്ന മുനിയുടെ ആശ്രമം. മൂന്നു ശിഷ്യന്മാരുണ്ട് ഗൗതമന്–കപിലൻ, മേധാവി, സുമതി. ഗുരുശുശ്രൂഷയിൽ അതീവതത്പരന്മാരായിരുന്നു മൂന്നു ശിഷ്യന്മാരും.

ഒരു ദിവസം അതിരാവിലെ മുനി ശിഷ്യന്മാർക്ക് ഒരു ജോലി നല്കി–വനത്തിൽ ചെന്നു ദർഭയും ചമതയും പൂക്കളും കൊണ്ടുവരണം.

കപിലനും മേധാവിയും സുമതിയും ഉടൻതന്നെ ആശ്രമംവിട്ടിറങ്ങി. അവരൊന്നിച്ചു വനത്തിൽച്ചെന്നു വേണ്ടതെല്ലാം ശേഖരിച്ചു. അവയുമായി ആശ്രമത്തിൽ തിരിച്ചെത്തി.

അപ്പോഴേക്കും നേരം നട്ടുച്ച ആയിക്കഴിഞ്ഞു.

മുനിക്ക് അത്യധികമായ കോപമുണ്ടായി.

'നിങ്ങൾ പൂജാസാമഗ്രികൾ വളരെ കുറച്ചുമാത്രമേ കൊണ്ടുവന്നി ട്ടുള്ളൂ. ഇത്ര നേരം നിങ്ങൾ എന്തു ചെയ്യുകയായിരുന്നു? അപ്പോൾ നിങ്ങൾ അനുസരണക്കേട് കാണിച്ചു, അല്ലേ? ഉടൻ ചെന്നു വേണ്ടത്ര പൂജാദ്രവ്യ ങ്ങൾ കൊണ്ടുവരണം. അല്ലാത്തപക്ഷം ഞാൻ നിങ്ങളെ കൊന്നുകളയും.' അദ്ദേഹം ഗർജിച്ചു.

ശിഷ്യന്മാർ ഒന്നും മിണ്ടാതെ വീണ്ടും വനത്തിലേക്കു പോയി. ഗുരുവി ന്റെ ദേഷ്യത്തിൽ ഭയന്നുപോയിട്ടുണ്ട്. വിശപ്പ് അടക്കവയ്യാതായിരിക്കുന്നു. വെയിലിന്റെ കാഠിന്യമോ, അസഹ്യവും. അങ്ങനെ അവർ പൂജാദ്രവ്യങ്ങൾ അന്വേഷിച്ചു നടന്നു. എന്നാൽ, അവ വേണ്ടത്ര ലഭിച്ചുമില്ല. വൈകുന്നേര മായി,സന്ധ്യയായി, രാത്രിയായി. വനമാകെ ഇരുളിൽ മുങ്ങിക്കഴിഞ്ഞിരി ക്കുന്നു. ദുഷ്ടജന്തുക്കളുടെ ശബ്ദം ചെവികളിൽ പതിക്കുന്നു. വിശപ്പും ദാഹ വും ക്ഷീണവും അത്യധികമാണ്. ആശ്രമത്തിലേക്കു തിരിച്ചുപോയാലോ? വെറുംകൈയുമായി ചെല്ലുന്ന തങ്ങളോട് ഗുരു വീണ്ടും കോപിക്കും. വരു ന്നതു വരട്ടെ, പൂജാദ്രവ്യങ്ങൾ ശേഖരിക്കുകതന്നെ. ഇരുട്ടിൽ തപ്പിത്തടഞ്ഞ് അവർ അലഞ്ഞുനടന്നു. വഴിയിൽ താഴ്ചയുള്ള പൊട്ടക്കിണറുള്ളത് അവർ കണ്ടില്ല. മുന്നുപേരുംകൂടി പൊട്ടക്കിണറ്റിൽ ഒരു വീഴ്ച!

അവിടെ അവസാനിച്ചില്ല അവരുടെ ദുരിതം. പൊട്ടക്കിണറിനുള്ളിൽ ഒരു സർപ്പം പാർത്തിരുന്നു. സർപ്പം അവരെ ദംശിച്ചു. അവർ തൽക്ഷണം മൃതരായി.

അങ്ങകലെ ആശ്രമത്തിൽ കാത്തിരിക്കയാണ് ഗൗതമൻ. അദ്ദേഹത്തിന്റെ കോപം ആദ്യമേ തണുത്തുകഴിഞ്ഞിരുന്നു. രാത്രി വളരെയേറെ കഴിഞ്ഞിട്ടും എന്തേ ശിഷ്യന്മാർ വരാത്തത്? താൻ അവരെ ദേഷ്യപ്പെട്ടതു വലിയ തെറ്റായിപ്പോയി. കടുത്തതായിരുന്നു അദ്ദേഹത്തിന്റെ പശ്ചാത്താപം. മുനിയും മുനിപത്നിയും നിദ്രയില്ലാതെ രാത്രികഴിച്ചു. വല്ലവിധവും സൂര്യോദയം ഉണ്ടായി. ഇരുവരുംകൂടി ആശ്രമം വിട്ടിറങ്ങി. ശിഷ്യന്മാരെ അന്വേഷിച്ചു വനത്തിലെങ്ങും അലഞ്ഞുതിരിഞ്ഞു. എന്തിനു പറയുന്നു, ഒടുവിൽ അവർ പൊട്ടക്കിണറിന്റെ അരികിലെത്തി. കിണറിനുള്ളിലേക്കു നോക്കിയപ്പോഴോ? ദാരുണമായ ആ കാഴ്ച കണ്ടു—ശിഷ്യന്മാർ മൂന്നും മരിച്ചുകിടക്കുന്നു!

ഗൗതമൻ പൊട്ടിക്കരഞ്ഞു.

'കഷ്ടം! ഞാനാണ് ഇവരുടെ മരണത്തിനു കാരണക്കാരൻ.' അദ്ദേഹം പറഞ്ഞു വിലപിച്ചു.

സർപ്പം സംസാരിച്ചു:

'അവർ അവരുടെ പാപത്താൽ മൃതിയടഞ്ഞു. അങ്ങു ദുഃഖിച്ചിട്ടു കാര്യമില്ല. കരയുന്നത് അങ്ങേയ്ക്ക് യോജിച്ചതുമല്ല.'

'ഹേ സർപ്പം, നീയാണ് എന്റെ ശിഷ്യന്മാരെ കടിച്ചുകൊന്നത്, അല്ലേ? അവർ ഒരൊറ്റ ചീത്തവാക്കു പറഞ്ഞിട്ടുള്ളവരല്ല. ഒരൊറ്റ ചീത്തവിചാരം തീണ്ടിയിട്ടുള്ളവരുമല്ല. എന്നിട്ടും നീ അവരെ കൊന്നു. അല്ലെങ്കിൽ ഞാനെന്തിനു നിന്നെ വെറുതെ പഴിക്കുന്നു? അവരുടെ മരണം വരുത്തിവച്ചതു വാസ്തവത്തിൽ കാലനാണ്. ഞാനിതാ കാലനെ ശപിക്കാൻ പോകുന്നു!' മുനി ആക്രോശിച്ചു.

തൽക്ഷണം കാലൻ വന്നെത്തി.

'ദയവുചെയ്ത് അങ്ങ് എന്നെ ശപിക്കരുതേ!' കാലൻ ദീനനായി യാചിച്ചു. കാലാ, എന്റെ പ്രിയ ശിഷ്യരെക്കൂടാതെ ഞാൻ ജീവിച്ചിരിക്കയില്ല. ഞാൻ തപസ്സുകൊണ്ടു കൂറെ ഏറെ പുണ്യം നേടിയിട്ടുണ്ട്. ആ പുണ്യമെല്ലാം ഞാനിതാ അവർക്കു നൽകുന്നു. അങ്ങ് അവരെ ജീവിപ്പിക്കണം.' ഗൗതമൻ ആവശ്യപ്പെട്ടു.

മരിച്ചവർ ജീവിച്ചെഴുന്നേറ്റു.

മുനി അവരെ വാരിപ്പുണർന്നു ചുംബിച്ചു.

ദേവേന്ദ്രന്റെ വരവുണ്ടായി.

'ഗൗതമാ, അങ്ങയുടെ ശിഷ്യന്മാരെപ്പോലെയുള്ള ഗുരുഭക്തന്മാർ അധികമില്ല. ഞാനിതാ അവരെ സ്വർഗലോകത്തേക്കു കൊണ്ടുപോകുന്നു.' ദേവേന്ദ്രൻ പറഞ്ഞു.

അങ്ങനെ എല്ലാവരും അവിടന്ന് യാത്രയായി—കാലൻ തന്റെ ആസ്ഥാനത്തിലേക്ക്, ഗൗതമൻ ആശ്രമത്തിലേക്ക്, ശിഷ്യന്മാർ ഉടലോടെ സ്വർഗത്തേക്കും!

(സ്കാന്ദപുരാണം, വൈഷ്ണവഖണ്ഡം കാർത്തികമാസമാഹാത്മ്യം)

സത്യതപസ്സ്

കോസലത്തിൽ ദേവദത്തൻ എന്നൊരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. പുത്രനില്ല എന്ന ദുഃഖമുണ്ടായിരുന്നു ദേവദത്തന്. യാഗംചെയ്ത് പുത്രലാഭം നേടണം—അതായി അദ്ദേഹത്തിന്റെ നിശ്ചയം. അദ്ദേഹം തമസാനദിയുടെ തീരത്ത് യാഗശാല കെട്ടിയുണ്ടാക്കി. തപശ്ശക്തിയുള്ള കുറെ മഹർഷിമാരെയും ക്ഷണിച്ചുവരുത്തി.

അവരിൽ ഒരു പ്രധാനിയാണ് ഗോഭിലൻ എന്ന മഹർഷി. ഗോഭിലൻ വിധിപ്രകാരം വേദം ഓതിക്കൊണ്ടിരുന്നു. എന്തുകൊണ്ടോ, അറിയാതെ ഒരു തെറ്റു പറ്റിപ്പോയി. ആ തെറ്റു കണ്ടുപിടിച്ചു മഹാജ്ഞാനിയായ ദേവദത്തൻ.

'മഹർഷേ, പുത്രലാഭത്തിനുള്ള യാഗമാണല്ലോ ഇത്. തെറ്റുപറ്റിയത് വലിയ പോരായ്മയായിപ്പോയി.' അദ്ദേഹം ചൂണ്ടിക്കാട്ടി.

ഗോഭിലന് തീവ്രമായ കോപമുണ്ടായി.

'ദേവദത്താ, അങ്ങേയ്ക്ക് മൂഢനായ പുത്രനുണ്ടാകട്ടെ!' മഹർഷി ശാപമേകി.

ശാപം ദേവദത്തൻ പ്രതീക്ഷിച്ചതല്ല.

'മഹർഷേ, അങ്ങയെപ്പോലുള്ളവർ കോപിച്ചുകൂടാത്തവരാണ്. എന്നിരുന്നിട്ടും അങ്ങ് കോപിഷ്ഠനായി. ശാപം ഏറ്റവും കടുത്തുംപോയി. പുത്രനില്ലാതെ വ്യസനിക്കുകയായിരുന്നു ഞാൻ. ഇതാ ഇപ്പോൾ ശാപമേറ്റതിലുള്ള വ്യസനവുമായി. മൂഢനായ പുത്രനുണ്ടാവുന്നത് ആർക്കു സഹിക്കാനാവും? അങ്ങയുടെ പ്രവൃത്തി കഷ്ടമായിപ്പോയി!' അദ്ദേഹം പറഞ്ഞു പൊട്ടിക്കരഞ്ഞു.

അതിനുശേഷം അദ്ദേഹം ഗോഭിലന്റെ കാല്ക്കൽ വീണു—ശാപമോക്ഷം കൊടുക്കണേ എന്നു യാചിച്ചുകൊണ്ട്.

ദേവദത്തന്റെ ദയനീയമായ അവസ്ഥ ഗോഭിലന്റെ കോപത്തെ അകറ്റിമാറ്റി.

'അങ്ങ് ദുഃഖിക്കേണ്ട. അങ്ങയുടെ മൂഢനായ പുത്രൻ വിദ്വാനാവും.' ഗോഭിലൻ ശാപമോക്ഷം നൽകി.

യാഗം പൂർത്തിയാക്കി ദേവദത്തൻ. മോഹിനി എന്നാണ് അദ്ദേഹത്തിന്റെ പത്നിയുടെ പേര്. യഥാകാലം മോഹിനി ഒരു പുത്രനു ജന്മമേകി. അതോ മോഹിനിനാളിലും!

പിതാവ് പുത്രന് ഉതഥ്യൻ എന്നു നാമകരണംചെയ്തു.

ബാല്യത്തിൽതന്നെ വേദം അഭ്യസിക്കണമല്ലോ. ദേവദത്തൻ ഉതഥ്യനു വേദം ചൊല്ലിക്കൊടുത്തു. ഉതഥ്യൻ കേട്ടതു ചൊല്ലാതെ മിണ്ടാതിരുന്നതേയുള്ളൂ. പുത്രനെ പഠിപ്പിക്കാൻ പിതാവ് കഠിനമായ അദ്ധ്വാനം ചെയ്തു. അതെല്ലാം കേവലം വ്യർത്ഥമായതേയുള്ളൂ. ദേവദത്തനു വല്ലാത്ത കുണ്ഠിതമുണ്ടായി. പക്ഷേ, എന്തു ചെയ്യാനൊക്കും?

ഉതഥ്യൻ മൂഢനാണ് എന്ന് എല്ലാവർക്കും അറിവായി. പലർക്കും പരിഹാസം തോന്നി. അന്ധനായാലും പോട്ടെ, മുടന്തനായാലും പോട്ടെ, മൂഢ

നായ മകൻ കൊള്ളുകയില്ല — അങ്ങനെ പറഞ്ഞു നടന്നു ചിലരൊക്കെ. അതറിഞ്ഞ ഉതത്ഥ്യന്റെ സങ്കടം അതിരുകടന്നു. ഇനി ഇക്കൂട്ടരുടെയിടയിൽ നാട്ടിൽ കഴിയാൻ മനസ്സുവന്നില്ല. ബാലൻ വീടും നാടും വിട്ടിറങ്ങി. പോയതു ഗംഗാനദിയുടെ തീരത്തിലുള്ള ഒരു വനത്തിലായിരുന്നു. അവിടെ ചെറിയൊരു കുടിൽ കെട്ടിയുണ്ടാക്കി. ആ കുടിലിൽ തനിച്ച് താമസവുമാക്കി.

ചില തപസ്വികളും ശിഷ്യരും മറ്റും അടുത്ത ദിക്കുകളിൽ പാർത്തിരുന്നു. അവർക്ക് ഉതത്ഥ്യനെ വലിയ പുച്ഛമായി. അവനു ജപമില്ല, മന്ത്രമില്ല, യജ്ഞമില്ല. അതെന്തിന്, വേദം ചൊല്ലാൻപോലും അറിഞ്ഞുകൂടാ. പക്ഷേ, മറ്റൊരു കാര്യത്തിൽ അവർക്കു മതിപ്പു തോന്നി. അവന് സത്യമുണ്ട്. സത്യമേ അവൻ പറയൂ. സത്യമല്ലാതെ ഒന്നും പറയുകയില്ല. അക്കാരണത്താൽ ഉതത്ഥ്യന് പുതിയൊരു പേരു പതിഞ്ഞു—സത്യതപസ്സ് എന്ന പേര്.

എന്നിരുന്നാലും സത്യതപസ്സിന്റെ മനസ്സിൽ സന്താപം നിറഞ്ഞു നില്പുണ്ട്. തന്റെ മൂഢതയെക്കുറിച്ച് അവൻ തികച്ചും ബോധവാനാണ്. അവൻ ചിലപ്പോഴൊക്കെ ആലോചിക്കും: 'ദൈവം എന്നെ മൂഢനായി സൃഷ്ടിച്ചു. ഞാൻ കായ്ക്കാത്ത മരംപോലെയായി—കറവറ്റ പശുവിനെപ്പോലെയും. മറ്റു മുനികുമാരന്മാർ എന്നെപ്പോലെയല്ല. അവർക്കു വേദമറിയാം, ശാസ്ത്രമറിയാം, തപസ്സറിയാം. എനിക്കു യാതൊന്നും അറിഞ്ഞുകൂടാ. കഷ്ടം! ഈ ജീവിതത്തെക്കാൾ മരണമാണ് ഭേദം.'

പതിന്നാലു വർഷം കഴിഞ്ഞു.

സത്യതപസ്സ് യുവാവായിരിക്കുന്നു. എന്നിട്ടും അവന്റെ ജീവിതരീതി വ്യത്യാസപ്പെട്ടിട്ടില്ല. അവൻ മൂഢനായി തുടർന്നുവന്നു.

ആശ്ചര്യം എന്നല്ലാതെ എന്തു പറയട്ടെ? ആകസ്മികമായി ഒരു സംഭവം ഉണ്ടായി. ആ സംഭവം സത്യതപസ്സിന്റെ ജീവിതത്തെ പുതിയൊരു വഴിക്കു തിരിച്ചുവിട്ടു.

ആ വനത്തിൽ ഒരു വേടനുണ്ട്. അവൻ അമ്പും വില്ലും ധരിച്ചു സഞ്ചരിക്കും. മൃഗങ്ങളെ വേട്ടയാടുക എന്നതാണ് അവന്റെ ഉപജീവനമാർഗം. ഒരു ദിവസം വേടൻ ഒരു കാട്ടുപന്നിയെ കണ്ടെത്തി. അവൻ തൊട്ടെന്ന് ഒരു അമ്പ് തൊടുത്തയച്ചു. അമ്പ് കാട്ടുപന്നിക്കു വലിയൊരു മുറിവേല്പിച്ചു. കാട്ടുപന്നി പ്രാണവേദനയോടെ പാഞ്ഞുതുടങ്ങി. ആ മൃഗത്തിന്റെ മേലാകെ അതിന്റെ ചോര പരന്നിരിക്കുന്നു. അത് സത്യതപസ്സിന്റെ കുടിലിനരികിലൂടെ ഓടിപ്പോയി. മുറിവേറ്റ മൃഗത്തെ കണ്ടപ്പോൾ സത്യതപസ്സിന്റെ ഹൃദയത്തിൽ കാരുണ്യം വഴിഞ്ഞ് അയാൾ അറിയാതെ എന്തോ വിളിച്ചുപറഞ്ഞു.

വാസ്തവത്തിൽ അതൊരു ദേവീമന്ത്രം ആയിരുന്നു. ദേവീമന്ത്രമാണ് എന്നൊന്നും സത്യതപസ്സിന് അറിഞ്ഞുകൂടാ. ഉച്ചരിച്ചുപോയി എന്നേയുള്ളു.

ആ സമയം കാട്ടുപന്നി എന്തു ചെയ്യുകയാണ്? വേടൻ വരുന്നുണ്ടോ എന്ന് ഉഴറിനോക്കുന്നു. അതേ സമയം രക്ഷാമാർഗം ആരായുകയും ചെയ്യുന്നു. അടുത്തൊരിടത്ത് ഒരു പൊന്ത കണ്ടു. അതിനുള്ളിൽ കയറി ഒളിച്ചിരുന്നു.

നിമിഷങ്ങൾക്കുള്ളിൽ വേടൻ സത്യതപസ്സിന്റെ കുടിലിനരികിൽ വന്നെത്തി. അവൻ കാട്ടുപന്നിയെ അന്വേഷിച്ചു നടക്കുകയാണ്. പക്ഷേ, അതിനെ

കണ്ടുകിട്ടിയില്ല. സത്യതപസ്സ് കുടിലിനു പുറത്തു നില്പുണ്ട്. ആ മനുഷ്യനോട് ചോദിച്ചുകളയാം. സത്യതപസ്സ് സത്യമേ പറയൂ. അക്കാര്യം വേടൻ കേട്ടിരുന്നു.

'എന്റെ അമ്പേറ്റ കാട്ടുപന്നിയെ അങ്ങു കണ്ടോ?' വേടൻ ആദരവോടെ ചോദിച്ചു.

ആ ചോദ്യം കേട്ടപ്പോഴോ? സത്യതപസ്സിന്റെ മനസ്സിൽ ചില ചിന്തകൾ ഉയർന്നുവന്നു. 'കാട്ടുപന്നിയെ കണ്ടില്ല എന്നു പറഞ്ഞാലോ, എന്റെ സത്യവ്രതം തെറ്റിപ്പോകും. വേടൻ കാട്ടുപന്നിയെ കണ്ടാൽ തീർച്ചയായും കൊല്ലും. അതിനെ കണ്ടെന്നു പറഞ്ഞാൽ കഷ്ടമാവും. എന്താണു ഞാൻ ചെയ്യുക?'

ഇതിനിടയ്ക്ക് ഒരു സംഭവം നടന്നിരുന്നു. സത്യതപസ്സ് ഉച്ചരിച്ചില്ലേ മന്ത്രം? ആ മന്ത്രം പ്രയോജനം നൽകി. ഒന്നും അറിയാതെ മന്ത്രം പറഞ്ഞതാണ്. എങ്കിലും പറഞ്ഞതാണല്ലോ. ദേവി സംപ്രീതയായി. സത്യതപസ്സിന്റെ അജ്ഞാനം അതോടെ തീർന്നു. അയാൾ സമ്പൂർണമായ ജ്ഞാനത്താൽ അനുഗൃഹീതനായി.

'വേടാ, ഞാൻ കാണുന്നതു പറയുകയില്ല. ഇനി എന്നോട് ഒന്നും ചോദിക്കണ്ട.' സത്യതപസ്സ് ഗംഭീരമായ സ്വരത്തിൽ ഉത്തരം നൽകി.

വേടൻ അവിടന്ന് യാത്രയായി.

സത്യതപസ്സിനുണ്ടായ മാറ്റമാണ് മാറ്റം! ഇപ്പോൾ മഹാപണ്ഡിതനാണ്. പോരെങ്കിൽ കവിതാശക്തിയും സിദ്ധിച്ചിരിക്കുന്നു. ദേവിയുടെ അനുഗ്രഹമാണ് കാരണം!

അക്കഥ പിതാവായ ദേവദത്തൻ അറിഞ്ഞു. അദ്ദേഹം നാട്ടുവിട്ടു കാട്ടിലെത്തി പുത്രനെയുംകൊണ്ടു മടങ്ങിപ്പോയി.

പിൽക്കാലത്ത് സത്യതപസ്സ് യശസ്സു നേടി—മറ്റൊരു വാല്മീകി എന്ന യശസ്സ്!

(ദേവീഭാഗവതം)

രാമായണരചന

സാക്ഷാൽ വാല്മീകിയാണല്ലൊ രാമായണം രചിച്ചത്. അദ്ദേഹമാണ് ആദികവി. രാമായണം ആദികാവ്യവും.

എന്തായിരുന്നു രാമായണത്തിന്റെ രചനയുടെ പശ്ചാത്തലം?

ഒരിക്കൽ വാല്മീകിയും നാരദനും തമ്മിൽ കണ്ടുമുട്ടി.

'മഹർഷേ, എല്ലാവിധത്തിലും ശ്രേഷ്ഠനായ മനുഷ്യൻ ആരാണ്?' വാല്മീകി അന്വേഷിച്ചു.

'മറ്റാരുമല്ല, ശ്രീരാമൻതന്നെ.' നാരദൻ മറുപടി നൽകി.

തുടർന്ന് നാരദൻ ശ്രീരാമന്റെ കഥ ചുരുക്കിപ്പറഞ്ഞു.

മഹർഷി യാത്രയായതിനുശേഷമോ? വാല്മീകിയുടെ മനസ്സിൽ ശ്രീരാമകഥ നിറഞ്ഞുനിന്നു. തമസാ നദിക്ക് അടുത്തുള്ള ആശ്രമത്തിലാണ് അദ്ദേഹം പാർക്കുന്നത്. ഭരദ്വാജൻ എന്നൊരു ശിഷ്യനുമുണ്ട് അദ്ദേഹ

ത്തിന്. ഭരദ്വാജനെയും കൂട്ടി അദ്ദേഹം തമസാനദിയുടെ തീരത്തിലേക്കു പോയി. ഒരു വൃക്ഷത്തിൽ രണ്ട് ക്രൗഞ്ചപ്പക്ഷികൾ ഒന്നിച്ചിരിക്കുന്നു. പതുങ്ങിയിരുന്ന ഒരു വേടൻ പക്ഷികളെ കാണാനിടയായി. അവൻ വില്ലുയർത്തി അമ്പു തൊടുത്തയച്ചു. അമ്പ് ആൺപക്ഷിയുടെ ശരീരത്തിൽ ചെന്നു തറച്ചു. ആൺപക്ഷി ചോര തെറിപ്പിച്ച് നിലത്തുവീണു പിടഞ്ഞുചത്തു. പെൺപക്ഷി ശോകാർത്തയായി നിലവിളിച്ചു. കണ്ടുനിന്ന വാല്മീകിയുടെ ഹൃദയത്തിൽ കരുണ നിറഞ്ഞുതുളുമ്പി. അദ്ദേഹം താനറിയാതെ പറഞ്ഞുപോയി:

'മാ നിഷാദ ത്വമാൻ നേടു-
കേറെ നാൾ നിലനില്പിനെ
കൊന്നല്ലോ ക്രൗഞ്ചയുഗ്മത്തിൽ-
ക്കാമപ്പിച്ചാളുമാണിനെ!'
(പരിഭാഷ, വള്ളത്തോൾ)

അത്രയും ഉച്ചരിച്ചപ്പോൾ ഒന്നു തോന്നി. എന്താണ് താൻ ഉച്ചരിച്ചത്? അതിനു ചില മുറകളുണ്ട്. പ്രത്യേകമായ ഒരു താളവുമുണ്ട്. ശോകത്തിൽ നിന്ന് ഉദിച്ചതാണ് ആ വരികൾ. അങ്ങനെ അതൊരു ശ്ലോകമായിരിക്കുന്നു!

വാല്മീകി ആ വിവരം ഭരദ്വാജനോടു പറഞ്ഞു. പിന്നീടു നദിയിലിറങ്ങി സ്നാനം ചെയ്തു. അതിനുശേഷം ആശ്രമത്തിലേക്കു മടങ്ങിപ്പോയി. കൂടത്തിൽ വെള്ളം കോരിക്കൊണ്ട് ശിഷ്യൻ ഗുരുവിനെ അനുഗമിച്ചു.

താമസിയാതെ ബ്രഹ്മാവ് വന്നെത്തി.

വാല്മീകി ബ്രഹ്മാവിനെ ഭക്തിയോടെ വണങ്ങി.

'വാല്മീകി, ആ ശോകം നിന്റെ മനസ്സിൽ തോന്നിയില്ലേ? അത് എന്റെ ഇച്ഛപ്രകാരം ആയിരുന്നു. നാരദൻ നിന്നെ രാമകഥ കേൾപ്പിച്ചുവല്ലൊ? നീ രാമകഥ മുഴുവൻ ശ്ലോകങ്ങളിൽ ചമയ്ക്കണം. അറിയാത്ത ഭാഗങ്ങൾ നിനക്കു തനിയെ തോന്നിക്കൊള്ളും. അപ്പോൾ ഒരു കാവ്യം ഉണ്ടായിവരും. ആ കാവ്യത്തിൽ ഒരൊറ്റ പാഴ്വാക്കും കാണുകയില്ല. ഭൂമിയിൽ നദികളും പർവ്വതങ്ങളും എക്കാലത്തോളം നിലനിൽക്കുമോ? അക്കാലത്തോളം രാമായണകാവ്യവും നിലനിൽക്കും.' ബ്രഹ്മാവ് അരുളിച്ചെയ്തിട്ട് അപ്രത്യക്ഷനായി.

എന്നാലിനി രാമായണം ചമയ്ക്കുകതന്നെ. അതായി വാല്മീകിയുടെ ദൃഢമായ നിശ്ചയം. അദ്ദേഹം സ്നാനംചെയ്ത് ശുദ്ധനായി ദർഭപ്പുല്ലിൽ കിഴക്കോട്ടു തിരിഞ്ഞ് ഇരുന്നു. അതിനുശേഷം ധ്യാനത്തിൽ മുഴുകി. യോഗബലത്താൽ ശ്രീരാമകഥയിലെ സംഭവങ്ങൾ കാണുകയായി. അതാ, നാം ഉള്ളംകൈയിലെ അമ്പഴങ്ങ കാണുന്ന സ്ഫുടതയോടുകൂടിയും. സകലതും ഹൃദയത്തിൽ മായാതെ പതിഞ്ഞു. അദ്ദേഹം എഴുതുകയുംചെയ്തു.

രാമായണം പൂർത്തിയായപ്പോഴോ? ഇരുപത്തിനാലായിരം ശ്ലോകങ്ങൾ. ഓരോ ശ്ലോകവും ഒരു മുത്തുപോലെ!

(വാല്മീകിരാമായണം)

നാരദഗർവഭംഗം

ഒരിക്കൽ നാരദമഹർഷി തപസ്സുചെയ്യാൻ നിശ്ചയിച്ചു. അദ്ദേഹം ഹിമാലയത്തിലേക്കു ചെന്നു. അവിടെ ഒരിടത്തുകൂടി ഗംഗാനദി ഒഴുകുന്നുണ്ട്. നദിക്കരയിൽ ഒരു ഗുഹയും കാണാം. അവിടമാണ് നാരദൻ തപസ്സിനു തെരഞ്ഞെടുത്തത്.

ആ തപസ്സ് അങ്ങനെ തുടർന്നുപോയി. നാളുകൾ കഴിയുംതോറും തപസ്സ് കൂടുതൽ ഉഗ്രമായി. അതറിഞ്ഞപ്പോൾ ദേവേന്ദ്രന്റെ മനസ്സു ചഞ്ചലമായി.

ഒരു സംശയമായിരുന്നു അതിനു കാരണം. തന്റെ ഇന്ദ്രപ്പട്ടത്തിൽ നാരദൻ കണ്ണുവെച്ചിട്ടുണ്ടോ? അതു പിടിച്ചെടുക്കാനാണോ മഹർഷിയുടെ സംരംഭം? ഏതായാലും ശരി, ഈ തപസ്സ് മുടക്കിയേ കഴിയൂ. അല്ലാത്തപക്ഷം തനിക്കു തകരാറു വരാൻ ഇടയുണ്ട്. അയ്യോ, അതു പാടില്ല!

ഇതിനു മുമ്പു പലപ്പോഴും ദേവേന്ദ്രൻ തപസ്സുകൾ മുടക്കിയിട്ടുണ്ട്, അല്ലെങ്കിൽ മുടക്കാൻ ശ്രമിച്ചിട്ടുണ്ട്. അപ്പോഴൊക്കെ സഹായത്തിനു വിളിച്ചിട്ടുള്ളത് ആരെയാണ്? ചങ്ങാതിയായ കാമദേവനെ. ഇപ്പോഴും ദേവേന്ദ്രൻ കാമദേവനെ സമീപിച്ചു:

'സ്നേഹിതാ, മുമ്പു പലപ്പോഴും അങ്ങെന്നെ സഹായിച്ചിട്ടുണ്ട്. ഇപ്പോഴും അങ്ങെന്നെ സഹായിക്കണം. ഹിമാലയത്തിലെ ഒരു ഗുഹയിൽ നാരദൻ തപസ്സുചെയ്യുകയാണ്. ശിവനെയാണ് അദ്ദേഹം തപസ്സുചെയ്യുന്നത്. എന്റെ സ്ഥാനം കയ്ക്കലാക്കാനല്ലേ നാരദന്റെ ശ്രമം? എനിക്കു ബലമായ സംശയമുണ്ട്. അങ്ങ് തപസ്സിനു വിഘ്നം വരുത്തണം.'

കാമദേവനു സന്തോഷമേയുള്ളൂ ദേവേന്ദ്രനെ സഹായിക്കാൻ. സ്നേഹിതനായ വസന്തനെയും മുമ്പൊക്കെ കൂട്ടിക്കൊണ്ടുപോയിരുന്നു. ഇപ്പോഴും അതിനൊരു വ്യത്യാസം ഉണ്ടായില്ല. വസന്തനോടുകൂടി കാമദേവൻ ഹിമാലയത്തിലെത്തി. നാരദൻ തപസ്സുചെയ്യുന്ന ഗുഹയിലും. ഇരുവരും ചേർന്ന് അറിയാവുന്ന അടവെല്ലാം പ്രയോഗിച്ചു. പക്ഷേ, അവ നിഷ്ഫലമായി.

നാരദന്റെ ദൃഢത മാത്രമല്ല അതിനൊരു കാരണം. ശിവൻ മുമ്പെടുത്തിരുന്ന ഒരു നിശ്ചയവുമുണ്ട്. ഇതേ സ്ഥാനത്ത് ശിവൻ ഒരിക്കൽ തപസ്സു ചെയ്തിരുന്നു. അപ്പോഴാണ് കാമദഹനം നടത്തിയതും. അന്ന് ശിവൻ ദേവന്മാരോട് ഒന്നു പറയുകയുണ്ടായി: 'കാമദേവൻ ഇനിയൊരിക്കൽ ജീവിക്കും. ശരിയാണ്; പക്ഷേ, അവന്റെ ശക്തി ഈ സ്ഥലത്തു ഫലിക്കയില്ല.'

പെട്ടെന്ന് ശിവന്റെ വാക്കുകൾ കാമദേവന്റെ സ്മരണയിൽ പാഞ്ഞെത്തി. അതോടുകൂടി ഒന്നു തീർച്ചയുമായി. തനിക്ക് ഈ സ്ഥലത്തുവെച്ച് തപോവിഘ്നം ഉണ്ടാക്കാൻ കഴിയുകയില്ല. ഇനി ഇവിടെ നിന്നിട്ടു പ്രയോജനവുമില്ല. വസന്തനെയും വിളിച്ചുകൊണ്ട് കാമദേവൻ ഹിമാലയം വിട്ടു. സ്വർഗത്തിൽച്ചെന്ന് ദേവേന്ദ്രനോടു തന്റെ കഴിവുകേട് അറിയിച്ചു. അതിനുശേഷം സ്വസ്ഥാനത്തേക്കു പോവുകയുംചെയ്തു.

നാരദൻ യഥാകാലം തപസ്സു പൂർത്തിയാക്കി.

കാമദേവൻ വന്നു തപസ്സു മുടക്കാൻ ശ്രമിച്ചില്ലെ? അതു മഹർഷിക്ക് അറിവായിരുന്നു. ആ അറിവ് ഒരുതരം ഗർവിനെ ഉളവാക്കി. എത്രയോ മഹർഷിമാരുടെ തപസ്സുകൾ വിഘ്നപ്പെടുത്തിയ ആളാണ് കാമദേവൻ. എന്നിട്ടും തന്നോടു കാമദേവൻ തോറ്റുപോവുകയാണ് ചെയ്തത്. താൻ ആ മഹർഷിമാരെക്കാൾ എത്രയോ കേമനാണ്. അതുകൊണ്ടല്ലേ കാമദേവനെ നിഷ്പ്രയാസം ജയിച്ചത്.

മഹർഷി ആദ്യമായി കൈലാസത്തിലേക്കു യാത്രയായി. ശിവനെ കണ്ടു വന്ദിക്കണം എന്നത് ഒരു ഉദ്ദേശ്യം. താൻ കാമദേവനെ ജയിച്ച വിവരം ശിവനെ അറിയിക്കണം—അത് മറ്റൊരു ഉദ്ദേശ്യവും. ഗർവമാണ് രണ്ടാമത്തെ ഉദ്ദേശ്യത്തിനു കാരണം. ശിവനോടു ഗർവിതനായി പെരുമാറുക—അതില് പരം ഒരു മര്യാദകേടുണ്ടോ?

നാരദൻ കൈലാസത്തിലെത്തി ശിവനെ ഭക്തിയോടെ പ്രണാമം ചെയ്തു.

നടന്നതെല്ലാം ശിവൻ അറിഞ്ഞിട്ടുണ്ട്. കൂട്ടത്തിൽ നാരദന്റെ ഇപ്പോഴത്തെ മനോഭാവവും. എങ്കിലും അറിഞ്ഞിട്ടില്ല എന്നായിരുന്നു നാട്യം. ഭഗവാൻ നാരദനോടു കുശലപ്രശ്നം നടത്തി. നാരദൻ കാമനെ ജയിച്ച വിവരം പറയുകയുംചെയ്തു.

ശിവൻ ചിലതെല്ലാം നിശ്ചയിച്ചു. പക്ഷേ, അതൊക്കെ മനസ്സിൽ ഒതുക്കിവെച്ചതേയുള്ളു. ഈ നാരദന്റെ ഗർവം ഒന്നു ശമിപ്പിക്കണം!

ഭഗവാൻ സ്നേഹം ഭാവിച്ചു പറഞ്ഞു:

'നാരദാ, നീ എനിക്ക് ഏറ്റവും പ്രിയങ്കരനാണ്. അതുകൊണ്ട് ഞാൻ ഒന്നു പറയട്ടെ. കാമനെ ജയിച്ചത് നീ മഹസ്യമായി സൂക്ഷിക്കണം, കേട്ടോ? ആരോടും പറയരുത്. മഹാവിഷ്ണുവിനെപ്പോലും അറിയിച്ചുകൂടാ.'

ശിവനോടു യാത്രപറഞ്ഞിട്ട് നാരദൻ കൈലാസം വിട്ടിറങ്ങി. മഹർഷിക്ക് ശിവന്റെ നിർദ്ദേശം അത്ര ഹൃദ്യമായി തോന്നിയില്ല. താനെന്തിനു തന്റെ മേന്മ പുറത്തറിയിക്കാതെ കഴിച്ചുകൂട്ടണം? വേണ്ടപ്പെട്ടവരോടു പറയുകതന്നെ വേണം.

മഹർഷി സത്യലോകത്തു ചെന്ന് പിതാവായ ബ്രഹ്മാവിനെ കണ്ടു. സംഭാഷണത്തിനിടയിൽ കാമദേവനെ തോല്പിച്ച വിവരം പറഞ്ഞു. ബ്രഹ്മാവ് ശിവനെ ഒന്നു ധ്യാനിച്ചു. അപ്പോൾ ബ്രഹ്മാവിനു സകലതും അറിവായി. ശിവന്റെ നിർദ്ദേശം ലംഘിച്ചിരിക്കയാണ് നാരദൻ. അതു നല്ലതിനല്ല. പുത്രനെ ഉപദേശിക്കണം—അതായി ബ്രഹ്മാവിന്റെ നിശ്ചയം.

'നാരദാ, നീ കാമനെ ജയിച്ച കഥ ആരോടും പറയരുത്, കേട്ടോ?' അദ്ദേഹം ആവശ്യപ്പെട്ടു.

പിതാവിന്റെ ഉപദേശവും നാരദൻ കൂട്ടാക്കിയില്ല—ശിവന്റെ ഉപദേശം കൂട്ടാക്കാതിരുന്നതുപോലെ. മഹർഷി അടുത്തതായി വൈകുണ്ഠത്തിൽ ചെന്നു. മഹാവിഷ്ണുവിനെക്കണ്ടു സംസാരിച്ചു. കൂട്ടത്തിൽ കാമദേവനെ തോല്പിച്ചതും അറിയിച്ചു.

മഹാവിഷ്ണു നടന്നതെല്ലാം അറിയാതിരിക്കുമോ? ശിവന്റെ ഉദ്ദേശ്യം മഹാവിഷ്ണുവിനു സ്പഷ്ടമായിരുന്നു. അതെ, നാരദന്റെ ഗർവം ശമിപ്പിച്ചേ കഴിയൂ. അതിനു താനും സഹായിക്കുകതന്നെ.

ഭഗവാൻ അഭിനന്ദിക്കുന്ന മട്ടിൽ പറഞ്ഞു:

'നാരദാ, നീ ശ്രേഷ്ഠനാണ്, തപോനിധിയുമാണ്. ആ സ്ഥിതിക്ക് കാമദേവൻ നിന്നോടു തോല്ക്കുകയല്ലേയുള്ളൂ. നിന്റെ വിജയം വാസ്തവത്തിൽ മഹത്തായ ഒന്നാണ്.'

മഹാവിഷ്ണുവിന്റെ വാക്കുകൾ നാരദനെ അല്പം കൂടി ഗർവിതനാക്കി.

മഹർഷി ഭഗവാനോടു യാത്രപറഞ്ഞ് വൈകുണ്ഠം വിട്ടു.

ഉടൻതന്നെ ഭഗവാൻ വിഷ്ണുമായ പ്രയോഗിച്ചു. വിഷ്ണുമായ എന്താണു ചെയ്തതെന്നോ? നാരദന്റെ മാർഗത്തിൽ ഒരു നഗരം സൃഷ്ടിച്ചുവെച്ചു. എത്ര മനോഹരമായിരുന്നു നഗരം! അവിടെ ഒരു രാജാവുമുണ്ട്. ശീലനിധി എന്നാണു രാജാവിന്റെ പേര്. അദ്ദേഹം പുത്രിയുടെ സ്വയംവരം ആഘോഷിക്കുന്നു.

എത്ര ഗംഭീരമാണ് ആഘോഷങ്ങൾ! കൊട്ടും പാട്ടും കോലാഹലം തന്നെ. എത്രയെത്ര രാജാക്കന്മാരാണ് വന്നു നിറഞ്ഞിരിക്കുന്നത്! ഓരോ രാജാവിന്റെയും ആഗ്രഹം എന്താണ്? താൻ രാജകുമാരിയുടെ ഭർത്താവാകണമെന്ന്. ശ്രീമതി എന്നാണ് രാജകുമാരിയുടെ പേര്.

ഇതെല്ലാം യഥാർത്ഥമല്ല. വിഷ്ണുമായ ചമച്ചതാണ്. അക്കാര്യം നാരദൻ അറിഞ്ഞതേയില്ല. മഹർഷി കൗതുകത്തോടെ വിവാഹമണ്ഡപത്തിൽ പ്രവേശിച്ചു. ശീലനിധി അദ്ദേഹത്തെ സ്വീകരിച്ചു സ്വർണപീഠത്തിൽ ഇരുത്തി. എന്നിട്ട് പുത്രിയെ അരികത്തേക്കു വരുത്തി. ശ്രീമതിയെ കണ്ടപ്പോഴോ? നാരദന്റെ കണ്ണുകൾ അത്ഭുതംകൊണ്ടു വിടർന്നു. ഇത്ര സുന്ദരിയായ ഒരു രാജകുമാരിയെ അന്നോളം കണ്ടിരുന്നില്ല.

പുരുഷന്മാരായാലും ശരി, സ്ത്രീകളായാലും ശരി, വിവാഹത്തിൽ ആഗ്രഹം വരുത്തുന്നത് കാമദേവനാണ്. ഒരു പുരുഷൻ ശരിക്കും കാമദേവനെ ജയിച്ചെന്നിരിക്കട്ടെ—ആ പുരുഷനു വിവാഹം ഇഷ്ടമാവുകയില്ല. നാരദന് ഇപ്പോൾ അതിയായ ആഗ്രഹമുണ്ടായി—ശ്രീമതിയെ വിവാഹംകഴിക്കണം എന്ന്. ആ സ്ഥിതിക്ക് അദ്ദേഹം കാമദേവനോടു തോൽക്കുകയാണ് ചെയ്തത്. അദ്ദേഹം വിവാഹമണ്ഡപം വിട്ടു പുറത്തേക്കിറങ്ങി. ചിന്തകൾ അദ്ദേഹത്തെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. താൻ എങ്ങനെയാണ് ശ്രീമതിയുടെ ഭർത്തൃപദം നേടുക? സുന്ദരന്മാരും വീരന്മാരുമായ എത്രയോ രാജാക്കന്മാർ സ്വയംവരത്തിനു വന്നിരിക്കുന്നു. രാജകുമാരി അവരെ നിരാകരിച്ചുതന്നെ വരിക്കുകയോ? അതിനുള്ള സാദ്ധ്യതയൊന്നും നാരദൻ കണ്ടില്ല. മഹാവിഷ്ണു സഹായിച്ചാൽ തന്റെ ആഗ്രഹം നടന്നേക്കും. ഭഗവാന്റെ സഹായം അപേക്ഷിക്കുകതന്നെ. അതിനായി നാരദൻ വൈകുണ്ഠത്തിലെത്തി. മഹാവിഷ്ണുവിനെ ഭക്തിപൂർവ്വം വണങ്ങി. എന്നിട്ടു പറഞ്ഞു:

'ഭഗവാനേ, ശീലനിധി രാജാവ് പുത്രിയുടെ സ്വയംവരം നടത്തുകയാണ്. എനിക്കു രാജകുമാരിയെ പത്നിയായി ലഭിക്കണമെന്ന് ആഗ്രഹമുണ്ട്. അവിടുന്ന് എനിക്ക് അവിടുത്തെ രൂപം നൽകണം. എന്നാൽ, അവൾ എന്നെ വരിക്കുമെന്നു തീർച്ചയാണ്. അവിടുന്ന് എന്നെ സഹായിക്കണം.'

മഹാവിഷ്ണു ഒന്നു ചിരിച്ചു.

'നാരദാ, നീ എന്റെ പരമഭക്തനാണ്. അതിനാൽ ഞാൻ നിന്റെ അപേക്ഷ സ്വീകരിക്കുന്നു. ഞാൻ ഇതാ നിനക്ക് എന്റെ രൂപം തന്നിരിക്കുന്നു. പുതിയ രൂപത്തിൽ സ്വയംവരത്തിനു പൊയ്ക്കൊള്ളൂ.'

ഉടൻതന്നെ നാരദന് ഒരു അനുഭവമുണ്ടായി. തന്റെ ആകാരത്തിൽ വ്യത്യാസം വന്നുചേർന്നിരിക്കുന്നു! തനിക്കിപ്പോൾ വിഷ്ണുരൂപം കൈവന്നിരിക്കുന്നു — അതായി നാരദന്റെ ധാരണ. പക്ഷേ, അതൊരു തെറ്റിദ്ധാരണ ആയിരുന്നു. അദ്ദേഹത്തിന്റെ മുഖം കുരങ്ങന്റെ മുഖമായി മാറിയിരുന്നു. അക്കാര്യം തത്കാലം അറിഞ്ഞില്ലെന്നു മാത്രം!

അദ്ദേഹം അതിശീഘ്രം സായവമണ്ഡപത്തിൽ തിരിച്ചെത്തി.

മഹാവിഷ്ണു ഒരു പൊടിക്കൈ പ്രയോഗിച്ചിട്ടുണ്ടായിരുന്നു. മനുഷ്യർക്കു നാരദന്റെ മുഖവ്യത്യാസം കണ്ടുകൂടാ. രാജാക്കന്മാർക്ക് നാരദൻ നാരദൻതന്നെയായി കാണപ്പെട്ടു. മഹർഷിയുടെ വാനരമുഖം അവരുടെ കണ്ണുകൾക്ക് ഗോചരമായില്ല.

രണ്ടുപേർ മാത്രം മഹർഷിയുടെ രൂപഭേദം കണ്ടറിഞ്ഞു. അവർ ശിവന്റെ ഭൂതങ്ങളായിരുന്നു. ബ്രാഹ്മണവേഷത്തിൽ വന്നതാണ് ആ ഭൂതങ്ങൾ.

അവർ നാരദന്റെ അടുക്കലേക്കു ചെന്നു. മഹർഷിയുടെ മുഖത്തു നോക്കി ചിരിച്ചു. എന്നിട്ട് അദ്ദേഹത്തെ കളിയാക്കി:

'കണ്ടില്ലേ ഇയാളുടെ മുഖം? ഒന്നാന്തരം ഒരു കുരങ്ങൻ! ഇയാൾക്കു രാജകുമാരിയെ കല്യാണം കഴിക്കണംപോലും.'

പക്ഷേ, ആക്ഷേപം നാരദൻ ശരിക്കു കേട്ടില്ല. ശ്രദ്ധ മുഴുവൻ രാജകുമാരിയിൽ ആയിരുന്നു. അതാ ശ്രീമതി വിവാഹമണ്ഡപത്തിൽ പ്രവേശിക്കുന്നു. അവൾ കൈയിൽ വരണമാല്യം പിടിച്ചിരിക്കുന്നു. രാജാക്കന്മാരുടെ നികേളുടെ ഇടയിലൂടെ നടന്നുതുടങ്ങുന്നു. ഓരോ രാജാവിന്റെ മുഖവും തെല്ലിട ശ്രദ്ധിച്ചു നോക്കുന്നു. തൃപ്തിയാകാതെ മറ്റൊരു രാജാവിന്റെ അടുക്കലേക്കു പോകുന്നു. അങ്ങനെ ഒന്നൊന്നായി അനേകം രാജാക്കന്മാരുടെ അടുക്കലേക്കും. അവൾക്ക് ഒരാളെയും ഇഷ്ടമായില്ല എന്നു സ്പഷ്ടം.

അങ്ങനെ മുമ്പോട്ടു നീങ്ങി ശ്രീമതി അവിടെ എത്തി. അതായത്, നാരദന്റെ മുമ്പിൽ. എന്നിട്ട് മഹർഷിയുടെ മുഖത്തേക്കു കണ്ണുകൾ ഉയർത്തി. ഇത് എന്തൊരു സത്വം? ശരീരം വിഷ്ണുവിനെപ്പോലെ. മുഖമോ, കുരങ്ങനെപ്പോലെയും! രാജകുമാരി മുഖം വെട്ടിത്തിരിച്ച് അവിടന്നു കടന്നുപോയി.

അവൾക്ക് ഒരു പുരുഷനെയും ഇഷ്ടമായില്ല.

വിഷണ്ണയായി അവൾ ഒരിടത്തു നിലകൊണ്ടു.

അപ്പോൾ ഒരു അത്ഭുതം നടന്നു. മഹാവിഷ്ണു പ്രത്യക്ഷനായി— അതോ, രാജവേഷത്തിലും. സന്നിഹിതരിൽ ആരുംതന്നെ അതു കണ്ടില്ല. അതേസമയം ശ്രീമതി കാണുകയുംചെയ്തു. അവളുടെ ഹൃദയത്തിൽ ആഹ്ലാദം അലതല്ലി. മഹാവിഷ്ണുവിന്റെ ഗളത്തിൽ അവൾ വരണമാല്യം അണിയിച്ചു. അടുത്ത നിമിഷം മഹാവിഷ്ണു അന്തർധാനം ചെയ്തു. ഒന്നിച്ച് ശ്രീമതിയും!

രാജാക്കന്മാർ എല്ലാവരും വല്ലാതെയായി; അവരുടെ കൂട്ടത്തിൽ നാരദനും. ആർക്കുംതന്നെ ശ്രീമതിയെ കിട്ടിയില്ല!

ഭൂതങ്ങൾ രണ്ടും വീണ്ടും നാരദന്റെ മുമ്പിലെത്തി:

'മഹർഷേ, അങ്ങ് ദുഃഖിച്ചിട്ടു കാര്യമൊന്നുമില്ല. അങ്ങ് സ്വന്തം മുഖം കണ്ണാടിയിൽ ഒന്നു നോക്കണം. അപ്പോൾ എന്തു കാണുമെന്നോ? കുരങ്ങന്റെ മുഖം!'

അത്രയും പറഞ്ഞ് അവർ കൂലുങ്ങിച്ചിരിച്ചു.

നാരദൻ ഓടിച്ചെന്ന് ഒരു കണ്ണാടിയിൽ നോക്കി. അതെ, ഭൂതങ്ങൾ പറഞ്ഞതു ശരിയാണ്. തന്റെ മുഖം കുരങ്ങന്റെ മുഖംതന്നെ!

പെട്ടെന്ന് മഹർഷിക്കു കോപമുണ്ടായി.

അദ്ദേഹം അവർക്ക് ശാപമേകി:

'നിങ്ങൾ എന്നെ പരിഹസിച്ചു, അല്ലേ? അതിന് ഞാനിതാ നിങ്ങൾക്ക് ശിക്ഷ തരുന്നു. നിങ്ങൾ മനുഷ്യരായി ജനിക്കട്ടെ!'

ശപിച്ചെന്നുവെച്ച് ഒന്നു തുടച്ചുമാറ്റാൻ കഴിഞ്ഞില്ല — തനിക്കു പറ്റിപ്പോയ അമളി!

(ശിവപുരാണം)

നാരദനു ശാപങ്ങൾ

ഉപബൃംഹണൻ എന്നൊരു ഗന്ധർവൻ ഉണ്ടായിരുന്നു. ഗന്ധർവന്മാർക്കെല്ലാം ബഹുമാന്യൻ ആയിരുന്നു ഉപബൃംഹണൻ. സാധാരണയിൽ കൂടുതൽ ഗാനസാമർത്ഥ്യമുണ്ട്, സൗന്ദര്യമുണ്ട്. അവയിൽ അനല്പമായ ഗർവവും ഇല്ലാതില്ല.

ഒരിക്കൽ ഒരു മഹായാഗം നടക്കുകയായി. ദക്ഷൻ, മരീചി മുതലായവർ ചേർന്നു നടത്തുന്ന മഹായാഗമാണ്. കുറെ ഗന്ധർവന്മാർ യാഗത്തിനു ക്ഷണിക്കപ്പെടുകയുണ്ടായി. അവരോടൊന്നിച്ച് ചില അപ്സരസ്സുകളും. ഹരികീർത്തനം ചെയ്യുന്നതിനാണ് അവർ ക്ഷണിക്കപ്പെട്ടത്. ഉപബൃംഹണനാകട്ടെ ക്ഷണം കിട്ടിയതുമില്ല. ക്ഷണിക്കപ്പെടാതെതന്നെ ആ ഗന്ധർവൻ യാഗശാലയിൽ കയറിച്ചെന്നു. കുറെ അപ്സരസ്സുകളുമുണ്ട് ഗന്ധർവനോടൊന്നിച്ച്. പാടിക്കൊണ്ടാണ് അവരെല്ലാം കയറിച്ചെന്നത്. ആ പെരുമാറ്റം ദക്ഷനും മരീചിക്കും മറ്റും രസിച്ചില്ല. എന്തൊരു മര്യാദകേടാണ് ഉപബൃംഹണനും അപ്സരസ്സുകളും കാണിക്കുന്നത്! ദക്ഷനും മരീചിയും ഉപബൃംഹണന് ശാപമേകി:

'നീ ശൂദ്രനായി ജനിക്കട്ടെ!'

ശാപഫലമായി ഉപബൃംഹണൻ (നാരദൻ) ശൂദ്രദാസിയുടെ പുത്രനായി ജന്മമെടുത്തു.

മറ്റൊരു ശാപവും നാരദന് ഏല്ക്കുകയുണ്ടായി.

പ്രജാപതിയായ ദക്ഷൻ. അദ്ദേഹത്തിന് അസിക്നി എന്ന പത്നി. അവർക്ക് പതിനായിരം പുത്രന്മാരുണ്ടായി. അവർ ഹര്യശ്വന്മാർ എന്ന് കൂട്ടായി അറിയപ്പെട്ടു.

തന്റെ പുത്രന്മാർ വിവാഹംകഴിക്കണം — അതായിരുന്നു ദക്ഷന്റെ ആഗ്രഹം. അദ്ദേഹം ഹര്യശ്വന്മാരെ തന്റെ ആഗ്രഹം അറിയിച്ചു. പുത്രന്മാർ സല്പുത്രന്മാർ ആയിരിക്കണം. സല്പുത്രന്മാർ ആകണമെങ്കിൽ ഈശ്വരാനുഗ്രഹം ഉണ്ടാവണം. ഈശ്വരാനുഗ്രഹം ഉണ്ടാവണമെങ്കിൽ ഈശ്വരനെ തപസ്സുചെയ്യണം. ഹര്യശ്വന്മാർ തപസ്സിനായി ഒരു സ്ഥലം തെരഞ്ഞെടുത്തു. സിന്ധു നദി സമുദ്രത്തിൽ ചേരുന്ന ഇടം; അവിടെ നാരായണസരസ് എന്ന ദിവ്യതീർത്ഥം — അതായിരുന്നു ആ സ്ഥലം. അവിടെയിരുന്ന് ഹര്യശ്വന്മാർ തപസ്സുചെയ്തു.

ഒരു നാൾ നാരദമഹർഷി അവിടെയെത്തി.

അദ്ദേഹം ഹര്യശ്വന്മാരോടു വളരെ നേരം സംസാരിച്ചു. അതിനിടയിൽ ചിലതെല്ലാം അവരെ ബോദ്ധ്യപ്പെടുത്തി. തപസ്സു നല്ലതുതന്നെ. പക്ഷേ, ഏറ്റവും ഉത്കൃഷ്ടമായ തപസ്സ് ഏതാണ്? മോക്ഷം പ്രാപിക്കുന്നതിനുള്ള തപസ്സ്. സന്താനലാഭത്തിനുള്ള തപസ്സിനു മേന്മ കുറയും. അതുകൊണ്ട് ഇപ്പോഴത്തെ തപസ്സു മാറ്റണം; മോക്ഷത്തിനുള്ള തപസ്സ് ആരംഭിക്കണം — അതായിരുന്നു മഹർഷിയുടെ ഉപദേശം.

ആ ഉപദേശം ഹര്യശ്വന്മാർ അനുസരിക്കുകതന്നെയാണുണ്ടായത്. വിവാഹത്തെപ്പറ്റിയുള്ള ചിന്ത അവർ അപ്പാടെ ഉപേക്ഷിക്കുകയുംചെയ്തു.

ദക്ഷൻ ആ വിവരം അറിഞ്ഞു. നാരദൻ പറഞ്ഞ് അറിയുകയാണു ചെയ്തത്. പക്ഷേ, ദക്ഷനു തൃപ്തിയായില്ല. മാത്രമല്ല, നീരസവുമുണ്ടായി. പുത്രന്മാർ വിവാഹചിന്ത കൈവെടിഞ്ഞതു നന്നായില്ല. നാരദൻ അവരുടെ മനസ്സു മാറ്റിക്കളഞ്ഞു. മഹർഷി ചെയ്തതും ഒട്ടും ശരിയായില്ല. പോട്ടെ, ഇനി അതിനെക്കുറിച്ച് ഒന്നും മിണ്ടണ്ട.

പിന്നീട് ദക്ഷനു പാഞ്ചജന്യ എന്നൊരു പത്നിയുമുണ്ടായി. അദ്ദേഹത്തിനു പാഞ്ചജന്യയിൽ ആയിരം പുത്രന്മാർ ജാതരായി. അവരും അറിയപ്പെട്തു കൂട്ടായിട്ടാണ് — ശബലാശ്വന്മാർ എന്ന പേരിൽ.

അവരോടും ദക്ഷൻ ആവശ്യപ്പെട്ടു, സല്പുത്രന്മാർക്കുവേണ്ടി തപസ്സു ചെയ്യാൻ — മുമ്പ് ഹര്യശ്വന്മാരോട് ആവശ്യപ്പെട്ടപോലെ. അവരും നാരായണതീർത്ഥത്തിൽ ചെന്നു തപസ്സുചെയ്തു — മുമ്പ് ഹര്യശ്വന്മാർ ചെയ്തതുപോലെ. അവരുടെ മനസ്സ് നാരദൻ പറഞ്ഞുമാറ്റി — മുമ്പ് ഹര്യശ്വന്മാരുടെ മനസ്സു പറഞ്ഞു മാറ്റിയതുപോലെ.

ആ വിവരം ദക്ഷൻ അറിഞ്ഞപ്പോഴോ? മുമ്പത്തെപ്പോലെ അടങ്ങിയിരുന്നില്ല. പിന്നീട് നാരദനെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ കോപം പൊട്ടിപ്പുറപ്പെട്ടു. അദ്ദേഹം മഹർഷിക്കു ശാപമേകി.

'ഹേ നാരദാ, അങ്ങ് എന്നുമെന്നും ചുറ്റിസ്സഞ്ചരിക്കുമാറാകട്ടെ! അങ്ങയ്ക്ക് സ്ഥിരമായ വാസം ഒരിടത്തും ഉണ്ടാവാതിരിക്കട്ടെ!'

ഇന്നും നാരദൻ ചുറ്റിനടക്കുന്നു.

ദക്ഷന്റെ ശാപമാണ് കാരണം!

(ഭാഗവതം)

സാരസ്വതൻ

ചില മഹർഷിമാർ മഹത്തായ ഒരു യാഗം സമാരംഭിച്ചു. പന്ത്രണ്ട് വർഷം നീണ്ടുനില്ക്കുന്ന മഹായാഗമായിരുന്നു അത്. യാഗത്തിൽ സംബന്ധിക്കാനായി മറ്റനേകം മഹർഷിമാരും വന്നെത്തി.

പന്ത്രണ്ടു വർഷവും കഴിയുകയായി.

തീർത്ഥസ്നാനത്തിനുള്ള സമയം വന്നെത്തി. സരസ്വതീനദിയിൽ ആയിരുന്നു തീർത്ഥസ്നാനം. മഹർഷിമാർ ആ നദിയുടെ തെക്കേ തീരത്ത് വന്നുനിരന്നു.

പല മാതിരിക്കാരും ഉണ്ടായിരുന്നു മഹർഷിമാരുടെ സമൂഹത്തിൽ. വെറും നിലത്ത് ശയിക്കുന്നവർ, ജലപാനംമാത്രം ചെയ്യുന്നവർ, വായുഭക്ഷണം മാത്രം കഴിക്കുന്നവർ – അപ്രകാരം പലതരക്കാരും. ഏറ്റവും വമ്പിച്ചതായിരുന്നു അവരുടെ സംഖ്യ. എല്ലാവർക്കും നില്ക്കാനുള്ള സ്ഥലം തെക്കേക്കരയിൽ ഇല്ലാതായി.

അപ്പോൾ സരസ്വതീദേവി എന്താണ് ചെയ്തത്? തിരിയെ ഒഴുകിത്തുടങ്ങി. എല്ലാവർക്കും സുഖമായി സ്നാനംചെയ്യാം!

ആ സമയം നദിയിൽ പുതിയൊരു തീർത്ഥവുമുണ്ടായി – സപ്തസാരസ്വതം എന്ന പുണ്യതീർത്ഥം!

ഏഴു പേരുകൾകൂടി സരസ്വതീനദിക്കു ലഭിച്ചു. സുപ്രഭ, കാഞ്ചനാക്ഷി, വിശാല, മനോരമ, ഓഘവതി, സുരേണു, വിമലോദ എന്നീ പേരുകൾ.

യഥാർത്ഥമായ ആത്മശക്തിയുള്ളവർ സരസ്വതീനദിയെ വിളിച്ചു എന്നിരിക്കട്ടെ. അപ്പോൾ ആ നദി എന്തു ചെയ്യുമെന്നോ? അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടും.

ഒരിക്കൽ അപ്രകാരം ഒരു സംഭവമുണ്ടായി.

ബ്രഹ്മാവ് ഗംഭീരമായ ഒരു യാഗം ചെയ്യുകയായിരുന്നു. ദിവ്യരായ അനേകം അതിഥികൾ യാഗത്തിൽ സംബന്ധിക്കുകയും ചെയ്തിരുന്നു. ആർഭാടങ്ങൾക്ക് യാതൊരു കുറവുമില്ലതാനും. അലൗകികമായ വാദ്യഘോഷങ്ങൾ അന്തരീക്ഷത്തിൽ മാറ്റൊലിക്കൊണ്ടു. സംഗീതകലയിൽ അതിസമർത്ഥന്മാരായ ഗന്ധർവ്വന്മാർ ഗാനങ്ങൾ ആലപിച്ചു. സുന്ദരികളായ അനേകം അപ്സരസ്സുകൾ നൃത്തംചെയ്തു. ഇതൊക്കെയായിട്ടും എല്ലാവർക്കും ഒന്ന് അനുഭവപ്പെട്ടു — യാഗത്തിനു പൂർണമായ ഫലം കൈവരുന്നില്ല!

മഹർഷിമാർ മാത്രമല്ല, ബ്രഹ്മാവും ചികഞ്ഞ് ആലോചിച്ചു. അപ്പോൾ അവർക്ക് കാരണം പിടികിട്ടി. അവിടെ സരസ്വതീനദിയുടെ സാന്നിധ്യമില്ല!

കഷ്ടില്ലെ സരസ്വതീനദിയുടെ മാഹാത്മ്യവും പാവനത്വവും!

ബ്രഹ്മാവ് സരസ്വതീനദിയെ സ്മരിച്ചു.

തൽക്ഷണം സരസ്വതീനദി യാഗസ്ഥലത്ത് വന്നെത്തി. അതോടുകൂടി യാഗത്തിനു പൂർണഫലം ഉളവായി! എത്ര ആഹ്ലാദമായെന്നോ ബ്രഹ്മാവിനും മഹർഷിമാർക്കും.

മറ്റൊരിക്കൽ സരസ്വതീദേവിക്ക് ഒരു വഴക്കിൽ ഇടപെടേണ്ടതായി വന്നുകൂടി. വേണമെന്നു വെച്ചിട്ടല്ല. അപ്രകാരം സംഭവിച്ചുപോയി. അത്രയേയുള്ളു.

വസിഷ്ഠനും വിശ്വാമിത്രനും തമ്മിലായിരുന്നു വഴക്ക്.

പണ്ടേ ശത്രുതയാണല്ലോ ആ മഹർഷിമാർ തമ്മിൽ. വസിഷ്ഠൻ സരസ്വതീനദിയുടെ തീരത്ത് ഒരിടത്ത് തപസ്സ് ചെയ്യുകയാണ്. മറ്റൊരിടത്ത് വിശ്വാമിത്രനും. ഒരാഗ്രഹം വിശ്വാമിത്രനുണ്ടായി. സരസ്വതീനദിയുടെ സഹായം സമ്പാദിക്കണം; എന്നിട്ട് ഒഴുക്കിലൂടെ വസിഷ്ഠനെ വരുത്തണം; അദ്ദേഹത്തെ വധിക്കണം! വിശ്വാമിത്രൻ സരസ്വതീദേവിയെ സ്മരിച്ചു.

ഏറ്റവും ആത്മശക്തിയുള്ള മഹർഷിയാണ് വിശ്വാമിത്രൻ. തന്നെ അദ്ദേഹം സ്മരിക്കുന്നു എന്ന് നദിക്കു ബോധോദയം ഉണ്ടായി. അദ്ദേഹത്തിന്റെ അടുക്കലേക്കു പോകാതിരിക്കാനൊക്കുമോ? എങ്കിലും നദിക്ക് മഹർഷിയുടെ ഉദ്ദേശ്യം മനസ്സിലാകാതിരുന്നില്ല. വസിഷ്ഠന്റെ വധത്തിന് താൻ

സഹായം നല്കുകയോ? അതിന് നദി ഒരുക്കമായിരുന്നില്ല. അതേസമയം വിശ്വാമിത്രന്റെ മുമ്പിൽ ആവിർഭവിക്കാതെ നിർവാഹവുമുണ്ടായില്ല.

'മഹർഷേ, ഞാൻ എന്താണ് വേണ്ടത്?' നദി ആദരവോടെ ചോദിച്ചു.

'സരസ്വതീ, ഞാൻ വസിഷ്ഠനെ വധിക്കാൻ നിശ്ചയിച്ചിരിക്കുന്നു. അവിടുന്ന് അയാളെ ഇങ്ങോട്ട് ഒഴുക്കിക്കൊണ്ടുവരണം.' വിശ്വാമിത്രൻ ആവശ്യപ്പെട്ടു.

നദി വിഷണ്ണയായി നിലകൊണ്ടു.

മഹർഷിക്കു നദിയുടെ മനോവിഷമം മനസ്സിലായി.

'വെറുതേ നില്ക്കുകയൊന്നും വേണ്ട. വസിഷ്ഠനെ കൊണ്ടുവരികതന്നെ വേണം.' അദ്ദേഹം കർശനമായി കല്പിച്ചു.

സരസ്വതി വസിഷ്ഠനെക്കണ്ട് വിവരം അറിയിച്ചു. ഏറ്റവും അസ്വസ്ഥയാണ് നദി. വസിഷ്ഠനെ ഒഴുക്കി വധിക്കാൻ കൊണ്ടുപോയാൽ വസിഷ്ഠൻ ശപിക്കും. വിശ്വാമിത്രന്റെ ആജ്ഞ ലംഘിച്ചാൽ വിശ്വാമിത്രനും ശപിക്കും. എന്തു ചെയ്യും?

ആ അസ്വസ്ഥത വസിഷ്ഠൻ മനസ്സിലാക്കി. പ്രകൃത്യാ ശാന്തനായിരുന്നു ആ മഹർഷി. അദ്ദേഹം സരസ്വതിയോടു കോപിച്ചില്ല എന്നു മാത്രമോ? നദിയെ സഹായിക്കാനും ഉദ്യുക്തനായി.

എന്തുവന്നാലും ശരി, വിശ്വാമിത്രനെ ദേഷ്യപ്പെടുത്തിക്കൂടാ. അദ്ദേഹം കോപിച്ചാൽ വലിയ ആപത്താവും. 'എന്നെ ഒഴുക്കിക്കൊണ്ടു പൊയ്ക്കൊള്ളൂ. എനിക്കു സമ്മതംതന്നെ.' അദ്ദേഹം പറഞ്ഞു.

വസിഷ്ഠനെ വധിക്കുന്നതിൽ സഹായിക്കുന്നതു പാപമാണ്. അതേസമയം വിശ്വാമിത്രന്റെ അപ്രീതി സമ്പാദിക്കുന്നത് അപകടവുമാണ്. രണ്ടും ഇല്ലാതിരിക്കാനായി സരസ്വതീനദി ഒരു ഉപായം ആലോചിച്ചുറച്ചു. എന്നിട്ട് വസിഷ്ഠാശ്രമം സ്ഥിതിചെയ്യുന്ന തീരപ്രദേശം അടിച്ചുടച്ചു. വസിഷ്ഠനെ കരയിൽനിന്നും വെള്ളത്തിൽ വീഴ്ത്തി. അദ്ദേഹത്തെ ഒഴുക്കിക്കൊണ്ട് വിശ്വാമിത്രന്റെ അരികിലെത്തി.

'മഹർഷേ, ഞാനിതാ വസിഷ്ഠമഹർഷിയെ കൊണ്ടുവന്നിരിക്കുന്നു.' നദി പറഞ്ഞു.

ഏറ്റവും സന്തോഷമുണ്ടായി വിശ്വാമിത്രന്. തന്റെ ബദ്ധശത്രുവിനെ കൈയിൽ കിട്ടിയിരിക്കുന്നു! അദ്ദേഹം വസിഷ്ഠനെ കൊല്ലാനായി ആയുധം കൈക്കലാക്കി.

അപ്പോഴാണ് സരസ്വതി നേരത്തേ ആലോചിച്ചുവച്ചിരുന്ന ഉപായം പ്രയോഗിച്ചത്.

നദി വസിഷ്ഠനെയുംകൊണ്ട് മറ്റൊരു വഴിയേ ഒഴുകിപ്പോയി.

വസിഷ്ഠനെ ഒഴുക്കിക്കൊണ്ടു വരണം എന്നാണല്ലോ വിശ്വാമിത്രൻ ആജ്ഞാപിച്ചത്. അദ്ദേഹത്തെ ഒഴുക്കിക്കൊണ്ടു പോകരുത് എന്ന് ആജ്ഞാപിച്ചില്ലല്ലോ. ആ നിലയ്ക്കു താൻ വിശ്വാമിത്രനെ ധിക്കരിച്ചില്ല. അതേസമയം വസിഷ്ഠന്റെ ജീവഹാനി വരുത്തിയുമില്ല. രണ്ടുംകൂടി ഒരേ പ്രയോഗത്തിൽ!

വിശ്വാമിത്രന് അമർഷമുണ്ടായി.

അദ്ദേഹം വിളിച്ചുപറഞ്ഞു:

'സരസ്വതീ, അവിടുന്ന് എന്നെ വഞ്ചിച്ചു, ഇല്ലേ? ശിക്ഷയായി ഞാനിതാ ഒരു ശാപമേകുന്നു. അവിടുത്തെ ജലത്തിൽ ഒരു ഭാഗത്തു രക്തം ഒഴുകുമാറാകട്ടെ!'

അപ്പോൾത്തന്നെ സരസ്വതിക്കു മാറ്റമുണ്ടായി. രക്തം ഒരു ഭാഗത്ത് ഒഴുകുകയായി. എത്ര ദയനീയമായ അവസ്ഥ!

ആ മാറ്റം ഒരുകൂട്ടർക്ക് ഏറ്റവും പ്രയോജനപ്പെട്ടു. ആർക്കെന്നോ? രക്തപാനത്തിൽ ആസക്തിയുള്ള കുറെ രാക്ഷസന്മാർക്ക്. അവർ രക്തമൊഴുകുന്ന ഭാഗത്തു താവളമടിച്ചു. ഇനി രക്തപാനത്തിനു മറ്റൊരിടത്തും പോകണ്ട!

വളരെക്കാലം അങ്ങനെ കഴിഞ്ഞു.

ഒരു നാൾ ചില മഹർഷിമാർ തീർത്ഥസ്നാനത്തിനായി വന്നുചേർന്നു. അപ്പോൾ കണ്ട കാഴ്ച അവരെ അന്ധാളിപ്പിച്ചു. നദിയുടെ ഒരു ഭാഗത്തു രക്തം ഒഴുകുന്നു; അവിടെ രാക്ഷസന്മാർ രക്തം കുടിച്ചു മദിച്ചു പുളയ്ക്കുന്നു! ഈ കാഴ്ച അവർ തീരെ പ്രതീക്ഷിച്ചിരുന്നില്ല.

അവർ വിളിച്ചുപറഞ്ഞു:

'സരസ്വതീ, എന്താണ് ഇതിനൊക്കെ കാരണം? എല്ലാം ഞങ്ങളെ അറിയിക്കൂ. സഹായിക്കാൻ ഞങ്ങൾക്കു സന്തോഷമേയുള്ളൂ.'

നടന്നതെല്ലാം സരസ്വതി വിസ്തരിച്ചു.

മഹർഷിമാർ എന്താണ് ചെയ്തത്? അവർ ശിവനെ ഭക്തിയോടെ ജ്വിച്ചു. സരസ്വതിക്ക് ഏറ്റിരുന്ന ശാപം ഇല്ലാതാക്കണം—അതായിരുന്നു അവരുടെ അഭ്യർത്ഥന. ശിവൻ ആ അഭ്യർത്ഥന സ്വീകരിച്ചു. ഫലമായി നദിയിലെ രക്തപ്രവാഹം അപ്പാടെ നിലച്ചു. സരസ്വതിയിൽ പഴയപോലെ സ്വച്ഛമായ ജലം മാത്രം!

അപ്പോൾ രാക്ഷസന്മാർ മഹർഷിമാരോട് ഒന്നു പറഞ്ഞു —തങ്ങൾ രാക്ഷസന്മാരായി ജനിച്ചവരല്ലെന്ന്, ശാപമേറ്റ് രാക്ഷസന്മാ ായതാണെന്ന്. തങ്ങളെ രക്ഷിക്കണേ എന്ന് അവർ യാചിച്ചു. മഹർഷി ക്ക് അവരോട് അതിയായ അനുകമ്പയുണ്ടായി. അവർ സരസ്വതിയോട് അപേക്ഷിച്ചു. രാക്ഷസന്മാരെ സഹായിക്കണം എന്ന്.

'രാക്ഷസന്മാരേ, നിങ്ങൾ എന്റെ ജലത്തിൽ സ്നാനംചെയ്യുവിൻ.' സരസ്വതി പറഞ്ഞു.

നദിയിലിറങ്ങി രാക്ഷസന്മാർ കുളിച്ചു. അതോടെ അവർക്കു ശാപമോക്ഷം ലഭിച്ചു. അവർ അവിടന്നു നിഷ്ക്രമിക്കയുംചെയ്തു.

സരസ്വതിക്ക് ഒരു പുത്രനുണ്ടായി. സാരസ്വതൻ എന്നായിരുന്നു പുത്രന്റെ പേര്. ബാലന്റെ പിതാവോ, ദധീചി എന്ന മഹർഷിയും.

പുത്രനെ സരസ്വതി ദധീചിയുടെ അടുക്കലേക്കു കൊണ്ടുപോയി. ദധീചി അവനെ മടിയിലിരുത്തി താലോലിച്ചു. എന്നിട്ട് അവനും സരസ്വതിക്കും അനുഗ്രഹം നല്കി.

അദ്ദേഹം പറഞ്ഞു:

'സരസ്വതീ, നിന്റെ ജലംകൊണ്ട് ഒരുവൻ തർപ്പണംചെയ്തു എന്നിരിക്കട്ടെ. അവൻ പിതൃലോകത്തിലുള്ളവരെ സംതൃപ്തരാക്കും. നമ്മുടെ പുത്രൻ ഏറ്റവും പ്രസിദ്ധനായ മുനിയും ആയിത്തീരും.'

പുത്രനെയുംകൊണ്ട് സരസ്വതി യാത്രയായി.

ഒരിക്കൽ വലിയൊരു കുഴപ്പമുണ്ടായി.

മഴ പെയ്യേണ്ടതായ കാലം കഴിഞ്ഞു. എന്നിട്ടും ഒരു തുള്ളി മഴപെയ്തില്ല. തുടർന്നു പന്ത്രണ്ടു കൊല്ലത്തേക്ക് അതുതന്നെയായിരുന്നു അവസ്ഥ. മഴയില്ലെങ്കിൽ എന്തായിരിക്കും കഷ്ടപ്പാടുകൾ! ധാന്യങ്ങളും സസ്യങ്ങളും വളരാതെയായി. മനുഷ്യർക്കും ജന്തുക്കൾക്കും ആഹാരം ലഭിക്കാതെയായി. മുനിമാർക്കുപോലും ജീവിതം ദുർഭരമായി. ആ ദേശം വിട്ടു വല്ലയിടത്തും പോവുകതന്നെ — അതിനായി അവരുടെ ഒരുക്കം.

സാരസ്വതനും അവരെ അനുഗമിക്കാൻ നിശ്ചയിച്ചു.

ആ നിശ്ചയം മാതാവായ സരസ്വതീനദിക്ക് അറിവായി. പുത്രനെ പിരിഞ്ഞിരിക്കുന്നത് നദിക്കു ദുസ്സഹമായിരുന്നു. വിദേശയാത്രയിൽനിന്നും പുത്രനെ പിൻതിരിക്കാനായി നദിയുടെ യത്നം.

'മകനേ, നീ ഒരിടത്തും പോകരുത്. എന്നോടുകൂടിത്തന്നെ താമസിക്കണം. ആഹാരമില്ല എന്നതല്ലേ നിന്റെ യാത്രയ്ക്കു കാരണം? ഞാൻ ഒന്നാംതരം മത്സ്യങ്ങളെ നിനക്കു ഭക്ഷണമായി തരാം.' മാതാവ് പുത്രനെ പ്രലോഭിപ്പിച്ചു.

സാരസ്വതൻ പ്രലോഭനത്തിനു വഴിപ്പെട്ടു. ആ മുനി വിദേശയാത്രയെക്കുറിച്ചുള്ള ചിന്ത പരിത്യജിച്ചു. അമ്മയോടൊന്നിച്ച് അവിടെത്തന്നെ ജീവിതം തുടർന്നു.

മഴ പഴയപോലെ വീഴാൻതുടങ്ങി. സസ്യങ്ങളും ധാന്യങ്ങളും ധാരാളമായി വളർന്നു. വിദേശങ്ങളിലേക്കു പോയിരുന്നവർ തിരിച്ചുവന്നു.

പക്ഷേ, അതിനിടയ്ക്ക് അക്കൂട്ടർക്ക് ഒരു തകരാറു പറ്റിയിരുന്നു.

വളരെക്കാലം ബുദ്ധിമുട്ടി ഹൃദിസ്ഥമാക്കിയവയാണ് വേദങ്ങൾ. എന്നാൽ, കുറേക്കാലമായി ഭക്ഷണം തേടി അലയുകയായിരുന്നു. അതിനിടയ്ക്കു വേദമോതാനാൻ എവിടെയാണ് അവസരം? നിരന്തരമായി ഉരുവിടാത്തതിനാൽ അവർക്കു മറവിയുണ്ടായി. അക്കാലത്ത് ആവശ്യമായിരുന്നതു വേദമല്ല, ഭക്ഷണമായിരുന്നു. ഇപ്പോൾ ഭക്ഷണം ധാരാളമായി ലഭിക്കുന്നുണ്ട്. ആ സ്ഥിതിക്കു വേദങ്ങളും വേണ്ടതായിവന്നു. പക്ഷേ, പഠിച്ചതൊന്നും അവരുടെ ഓർമയിൽ തിരിച്ചെത്തിയില്ല.

ഏതെങ്കിലും ഒരു വേദജ്ഞന്റെ കീഴിൽ വേദം വീണ്ടും അഭ്യസിക്കണം. അഭ്യസിപ്പിക്കാൻ കഴിവുള്ള വേദജ്ഞൻ ആ ദേശത്ത് സാരസ്വതൻ മാത്രമാണ്. സാരസ്വതൻ അഭ്യസിച്ചതൊന്നും മറന്നിട്ടില്ല. എല്ലാവരുംകൂടി സാരസ്വതന്റെ അടുക്കലെത്തി. അദ്ദേഹത്തിന്റെ സഹായവും അപേക്ഷിച്ചു.

'മുനിമാരേ, നിങ്ങളെല്ലാം വിധിപ്രകാരം എന്റെ ശിഷ്യന്മാരാകുവിൻ.' സാരസ്വതൻ ആവശ്യപ്പെട്ടു.

അതത്ര സമ്മതമായില്ല മുനിമാർക്ക്. തങ്ങളോ, പ്രായംചെന്നവർ. സാരസ്വതനോ, പ്രായം കുറഞ്ഞവനും. വേദജ്ഞാനത്തിൽ സാരസ്വതൻ മേലേക്കിടയിൽ ആയിരിക്കാം. എന്നാലും പ്രായത്തിൽ തങ്ങളെക്കാൾ വളരെ താഴെയാണ്. ആ സ്ഥിതിക്കു തങ്ങൾ എങ്ങനെയാണ് സാരസ്വതന്റെ ശിഷ്യന്മാരാവുക? അതിൽ അവർക്കു വൈമനസ്യം തോന്നി. വൈമനസ്യത്തോടുകൂടി സങ്കോചവും.

അവൾ പറഞ്ഞു:

'സാരസ്വതാ, അങ്ങ് വളരെ ചെറുപ്പമാണ്. ഞങ്ങളോ, ഒന്നുകിൽ മദ്ധ്യ വയസ്കന്മാർ അല്ലെങ്കിൽ വൃദ്ധന്മാർ. അങ്ങനെയിരിക്കെ അങ്ങ് ഗുരുവും ഞങ്ങൾ ശിഷ്യന്മാരുമായിക്കൂടാ! അതു ലോകഗതിക്കു നിരക്കുന്ന ഒരു ഏർപ്പാടല്ല.'

അവരുടെ നിലപാടിനോടു യോജിക്കാൻ സാരസ്വതനു സാധിച്ചില്ല.

അദ്ദേഹം പറഞ്ഞു:

'പ്രായം കൂടിയതുകൊണ്ടുമാത്രം ഒരാൾ ധർമജ്ഞനാകുന്നില്ല. ധർമം അനുഷ്ഠിച്ചാലേ ധർമജ്ഞനാവൂ. ധർമം സ്ഥിതിചെയ്യുന്നതു വേദത്തിലാണ്. വേദം അറിയാവുന്നത് എനിക്കു മാത്രവും. നിങ്ങൾക്ക് എന്റെ ശിഷ്യരാകാം. അതുകൊണ്ടു യാതൊരു തരക്കേടും വരികയില്ല.'

അതിനോടു യോജിക്കാതെ മുനിമാർക്കു നിവൃത്തിയില്ല എന്നായി.

അങ്ങനെ സാരസ്വതൻ വേദം അഭ്യസിപ്പിക്കുന്ന ഗുരുവായി. മുനിമാർ വേദം പഠിക്കുന്ന ശിഷ്യന്മാരും.

സാരസ്വതന്റെ വൃദ്ധശിഷ്യന്മാരുടെ സംഖ്യയോ? അറുപതിനായിരം!

(മഹാഭാരതം)

മുനിമാരും പക്ഷികളും

മഹാഭാരതത്തിലെയും ഭാഗവതത്തിലെയും ചില സംഭവങ്ങൾ — അവയെക്കുറിച്ച് ഒരാൾക്കു ചില സംശയങ്ങൾ ഉണ്ടായി.

ജൈമിനി ആയിരുന്നു ആ ആൾ.

മുനിയാണ് ജൈമിനി. വ്യാസന്റെ ശിഷ്യനും.

സംശയങ്ങൾ തീർക്കണം. അതായി ജൈമിനിയുടെ ആഗ്രഹം. തന്നെക്കാൾ മഹാനായ ഒരു മഹർഷിയുടെ സഹായം തേടണം. ആരെയാണ് ജൈമിനി ചെന്നു കണ്ടത്? മാർക്കണ്ഡേയമഹർഷിയെ.

'മഹാത്മൻ, എനിക്കു ചില സംശയങ്ങളുണ്ട്. അങ്ങ് ആ സംശയങ്ങൾ തീർത്തുതരണം.' ജൈമിനി തൊഴുകൈയോടെ അപേക്ഷിച്ചു.

മാർക്കണ്ഡേയന് അപ്പോൾ സൗകര്യം ഉണ്ടായിരുന്നില്ല.

അദ്ദേഹം പറഞ്ഞു:

'സംശയങ്ങൾ തീർത്തുതരാൻ ഇപ്പോൾ നിർവ്വാഹമില്ല. അതിനു കഴിവുള്ള നാലു പക്ഷികളുണ്ട്. പിംഗാക്ഷൻ, പിബോധൻ, സുപുത്രൻ, സുമുഖൻ—അവയാണ് പക്ഷികളുടെ പേരുകൾ. വിന്ധ്യയിലെ ഒരു ഗുഹയിലാണ് അവർ പാർക്കുന്നത്. സർവ്വജ്ഞന്മാരാണ് നാലു പക്ഷികളും. അങ്ങ് അവരെ ചെന്നുകാണു. അവർ വേണ്ടതെല്ലാം അങ്ങേക്കു പറഞ്ഞുതരും.'

ആ പക്ഷികൾക്ക് ഒരു പൂർവ്വകഥയുണ്ട്.

മാർക്കണ്ഡേയനിൽനിന്നും ജൈമിനി ആ പൂർവ്വകഥ മനസ്സിലാക്കി.

ഒരിക്കൽ ദേവേന്ദ്രൻ നന്ദനവനത്തിൽ വിഹരിക്കയായിരുന്നു. ഒന്നിച്ചു സുന്ദരികളായ അനേകം സ്വർഗസ്ത്രീകളുമുണ്ട്. അവിടെ നാരദമഹർഷി വന്നെത്തി.

ദേവേന്ദ്രൻ നാരദനെ ആദരവോടെ സ്വീകരിച്ചു. ഇരുവരും കുറെ നേരം സംസാരിച്ചു. സംസാരത്തിനിടയ്ക്ക് ദേവേന്ദ്രൻ പറഞ്ഞു:

'മഹർഷേ, ഈ സുന്ദരികൾ എല്ലാവരും ഒന്നാന്തരം നർത്തകികളാണ്. ഏതെങ്കിലും ഒരുവൾ അങ്ങയുടെ മുമ്പിൽ നൃത്തസാമർത്ഥ്യം പ്രദർശിപ്പിക്കട്ടെ. നർത്തകിയെ അങ്ങുതന്നെ തെരഞ്ഞെടുക്കണം.'

നാരദൻ പറഞ്ഞു:

'ഇവരിൽ ഏറ്റവും സൗന്ദര്യവും സാമർത്ഥ്യവും ആർക്കാണ്? അവൾ നൃത്തം ചെയ്യട്ടെ!'

ഓരോ സ്വർഗ്ഗസ്ത്രീക്കും ഒന്നായിരുന്നു വിശ്വാസം — തനിക്കാണ് കൂടുതൽ സൗന്ദര്യവും സാമർത്ഥ്യവും. ആ സ്ഥിതിക്കു കുഴപ്പമുണ്ടാവാതിരിക്കുമോ? അവർ തമ്മിൽ മത്സരമായി. മത്സരം അതിരുകടക്കും എന്ന നിലയുമായി.

നാരദൻ ഒരു വഴി പറഞ്ഞു:

'ദുർവാസാവുമഹർഷി ഇപ്പോൾ ഹിമാലയത്തിൽ തപസ്സുചെയ്യുന്നുണ്ട്. ഏതെങ്കിലും ഒരുവൾ അദ്ദേഹത്തിന്റെ തപസ്സു മുടക്കുന്നുവെന്നിരിക്കട്ടെ. അവൾക്കായിരിക്കും കൂടുതൽ സൗന്ദര്യവും സാമർത്ഥ്യവും.'

സ്വർഗസുന്ദരികൾ നിശ്ശബ്ദരായി.

ദുർവാസാവ് കോപിച്ചാൽ എന്തായിരിക്കും ഫലം? എല്ലാവർക്കും അറിവുള്ളതാണ്. അയ്യോ, ആ മഹർഷിയെ സമീപിച്ചുകൂടാ. സംഭവിക്കുന്നതു ജീവനാശം ആയിരുന്നേക്കും.

ഒരുവൾ മാത്രം അധൈര്യപ്പെട്ടില്ല. വപുസ എന്നായിരുന്നു അവളുടെ പേര്. അതിയായ അഹന്ത ഉണ്ടായിരുന്നു വപുസയ്ക്ക്.

അവൾ പറഞ്ഞു:

'ബ്രഹ്മാവാകട്ടെ, വിഷ്ണുവാകട്ടെ, ശിവനാകട്ടെ — എന്നോടു തോറ്റുപോകും. പിന്നെയാണ് ഈ ദുർവാസാവ്! ഞാനിതാ ഹിമാലയത്തിലേക്കു പോകുന്നു. അദ്ദേഹത്തിന്റെ തപസ്സു മുടക്കിയിട്ടു മേൽക്കാര്യം.'

അല്പം കഴിഞ്ഞ് ഹിമാലയത്തിൽ എന്തായിരുന്നു സ്ഥിതി? ദുർവാസാവിന്റെ കർണങ്ങളിൽ ഒരു ഗീതം ഒഴുകിയിറങ്ങി. ഒരു സ്ത്രീയുടെ കണ്ഠത്തിൽനിന്നാണ് ഗീതം പുറപ്പെടുന്നത്. താമസിയാതെ സ്ത്രീയുടെ രൂപം മഹർഷിക്കു കാണുമാറായി. അഴകു വഴിഞ്ഞൊഴുകുന്നു ആ സ്ത്രീരൂപത്തിൽനിന്നും.

തൽക്ഷണം ദുർവാസാവിന് കാര്യം മനസ്സിലായി. തന്റെ തപസ്സിനെ ഭംഗപ്പെടുത്തണം. അതിനാണ് ഇവൾ വന്നിരിക്കുന്നത്? അദ്ദേഹത്തിന് അതിയായ കോപമുണ്ടായി. കോപം ശാപരൂപം പൂണ്ടു:

'എടീ, ഞാൻ വളരെ ബുദ്ധിമുട്ടി തപസ്സുചെയ്യുകയാണ്. അതു മുടക്കാൻ നീ നോക്കുന്നു, അല്ലേ? ഞാനിതാ നിനക്കു ശാപമേകുന്നു. നീ ഒരു പെൺപക്ഷിയായി ജീവിക്കുമാറാകട്ടെ — അതോ, പതിനാറു വർഷവും! നിനക്കു നാലു പുത്രന്മാരുണ്ടാകും. നീ മരിക്കുന്നത് ആയുധം ഏറ്റിട്ടായിരിക്കും. മരിച്ചയുടനെ നിനക്കു പൂർവരൂപം ലഭിക്കുകയുംചെയ്യും!'

അങ്ങനെ വപുസ പക്ഷിയായി ജന്മമെടുത്തു. അതോ, താർക്ഷി എന്നു പേരുള്ള പക്ഷിയായിട്ടും.

വിചിത്രമാണ് ആ ജനനത്തിന്റെ കഥ.

സഹോദരന്മാരായ രണ്ടു വമ്പൻ പക്ഷികളുണ്ട്. ഒന്ന് കങ്കൻ, മറ്റേത് കന്ധരൻ. ഒരിക്കൽ കങ്കൻ കൈലാസത്തിലേക്കു പോയി. ഒരു താഴ്വരയിൽ ആരെയോണ് കണ്ടതെന്നോ? വിദ്യുദ്ജ്വപൻ എന്ന രാക്ഷസനെ. അവൻ മദ്യപാനം ചെയ്യുകയാണ്. അവന്റെ ഭാര്യയുമുണ്ട് അരികിൽ. മദനിക എന്നാണ് അവളുടെ പേര്.

വിദ്യുദ്ജ്വപൻ കങ്കനെ കാണാനിടയായി.

അവനു പക്ഷിയുടെ വരവ് ഇഷ്ടമായില്ല:

'എടാ, ക്ഷുദ്രനായ പക്ഷി, ഞാൻ ഇരിക്കുന്നിടത്തു വരാൻ നിനക്ക് എന്ത് അവകാശം?'

കങ്കൻ വിട്ടില്ല:

'എടാ രാക്ഷസാ, ഈ കൈലാസം നിന്റെ വകയൊന്നുമല്ല, കേട്ടോ? ഇവിടെ വരാൻ എനിക്കും സ്വാതന്ത്ര്യമുണ്ട് — നിനക്കുള്ളതുപോലെ!'

വന്നല്ലോ വിദ്യുദ്ജ്വപന് ദേഷ്യം! അവൻ ചാടിയെണീറ്റ് വാളുരി കങ്കനെ വെട്ടി. കങ്കൻ വെട്ടേറ്റു വീണുമരിച്ചു.

ആ വിവരം അറിവായി കന്ധരന്. സഹോദരന്റെ ഘാതകനോടു പകരം ചോദിക്കണം — അതിനായി കന്ധരന്റെ ഒരുക്കം. അവൻ കൈലാസത്തിൽ പറന്നെത്തി. വിദ്യുദ്ജ്വപന്റെ മുമ്പിലും.

'എടാ ദുഷ്ടാ, നീ എന്റെ സഹോദരനെ കൊല ചെയ്തു, അല്ലേ? ഞാനിപ്പോൾ നിന്നെ കാലപുരിയിലേക്കു പറഞ്ഞയയ്ക്കും.'

അങ്ങനെ പക്ഷിയും രാക്ഷസനും തമ്മിലിടഞ്ഞു. രാക്ഷസൻ പക്ഷിയെ വാളുകൊണ്ട് ആഞ്ഞുവെട്ടി. പക്ഷി മിന്നൽവേഗത്തിൽ പറന്നൊഴിഞ്ഞു. മാത്രമോ? വാളിനെ കൊക്കുകൊണ്ടു പിടിച്ചെടുത്തു. ആ ആയുധത്തെ ദൂരെയെറിഞ്ഞു. കൊക്കുകളും നഖങ്ങളും പ്രയോഗിച്ചു രാക്ഷസന്റെ ശിരസ്സു മുറിച്ചു.

ശത്രുവിനെ ഇല്ലാതാക്കിയില്ലേ? അതിൽ കന്ധരൻ അതിയായി സന്തോഷിച്ചു. അവന് ഒരു ആഗ്രഹവും ഉണ്ടായി. ശത്രുവിന്റെ ഭാര്യയെ തന്റെ പത്നിയാക്കണം. അവൻ മദനികയോടു വിവരം പറഞ്ഞു. മദനികയ്ക്ക് എതിർപ്പുണ്ടായില്ല. അവൾക്ക് ചില സിദ്ധികളുണ്ട്. അവയിൽ ഒന്നാണ് ഇച്ഛിക്കുന്ന രൂപം ധരിക്കുക. പെൺപക്ഷിയായി മദനിക രൂപം മാറി. എന്നിട്ട് കന്ധരനോടുകൂടി യാത്രയായി. അവന്റെ ഭവനത്തിൽ എത്തിച്ചേർന്നു.

അവർക്ക് ഒരു പുത്രിയുണ്ടായി.

വാസ്തവത്തിൽ ആരായിരുന്നു പുത്രി? മറ്റാരുമല്ല. ദുർവാസാവിന്റെ ശാപമേറ്റ വപുസത്തന്നെ!

താർക്ഷി എന്നാണ് ഇപ്പോഴത്തെ പേര്.

കാലക്രമേണ താർക്ഷി വിവാഹിതയായി.

ദ്രോണൻ എന്നായിരുന്നു അവളുടെ ഭർത്താവിന്റെ പേര്.

മന്ദപാലന്റെ നാലാമത്തെ പുത്രനായിരുന്നു ദ്രോണൻ.

മൂന്നു ജ്യേഷ്ഠന്മാരുണ്ട് ദ്രോണന്—ജരിതാരി, സാരിസൃക്കൻ, സ്തംബമിത്രൻ.

സഹോദരന്മാർ നാലും ധർമിഷ്ഠരായിരുന്നു—വേദം നല്ലപോലെ അഭ്യസിച്ചവരും.

വപുസയുടെ പക്ഷിജന്മത്തെ ഒരു ആയുധം അവസാനിപ്പിക്കും—അതായിരുന്നല്ലോ ദുർവാസാവിന്റെ ശാപം. ആ ശാപം ഇതാ ഫലിക്കാൻ പോവുകയാണ്.

താർക്ഷിയായ വപുസ ഗർഭിണിയായി. അവൾ കുരുക്ഷേത്രത്തിലേക്കു പറന്നുപോയി. ആ സമയം കുരുക്ഷേത്രം യുദ്ധരംഗമായി മാറിയിരിക്കയാണ്. ഏതു യുദ്ധമെന്നോ? പാണ്ഡവന്മാരും കൗരവന്മാരും തമ്മിലുള്ള യുദ്ധം! വാസ്തവത്തിൽ പക്ഷികൾക്കു യുദ്ധമാഗത്ത് കാര്യമൊന്നുമില്ല. മാത്രമല്ല, അപായമുണ്ടാകാൻ സാധ്യതയുമുണ്ട്. എന്നിരുന്നിട്ടും താർക്ഷി അവിടെ പറന്നെത്തി. നടക്കേണ്ടതു നടക്കും—അത്രയേ പറയാനൊക്കൂ. എണ്ണമറ്റ അമ്പുകൾ പല വഴിക്കും ചീറിപ്പായുന്നു. അർജുനൻ എയ്ത ഒരമ്പ് താർക്ഷിയുടെ വയറ്റിലേറ്റു. അവൾ വയർ പിളർന്ന് ചത്തുവീണു.

നാലു മുട്ടകൾ അവളുടെ വയറ്റിൽ ഉണ്ടായിരുന്നു. പിളർന്ന വയറിൽ നിന്ന് നാലു മുട്ടകളും നിലംപതിച്ചു. ആനകൾ, കുതിരകൾ, കാലാളുകൾ—അവ അസംഖ്യമാണ് പടക്കളത്തിൽ. ആ സ്ഥിതിക്ക് നാലു മുട്ടകളും അരഞ്ഞുപോകേണ്ടതാണ്. അത്ഭുതം എന്നല്ലാതെ എന്താണ് പറയുക? മുട്ടകൾ അരഞ്ഞുപോയില്ല. അതിനൊരു കാരണം ഉണ്ടായിരുന്നു. ഒരു ആനയുടെ കഴുത്തിലെ മണി അറ്റു താഴത്തു വീണു. മണി വീണത് കമഴ്ന്നാണ്. അതോ മുട്ടകൾ കിടന്ന അതേ സ്ഥലത്തും. മുട്ടകൾ നടുവിൽ, മണിയുടെ അരിക് നാലു ചുറ്റിനും! ഒരു ആനമണി കിടക്കുന്നു എന്നേ കാണുന്നവർക്കു തോന്നൂ. അതിനുള്ളിൽ നാലു പക്ഷിമുട്ടകളുണ്ട്—അക്കാര്യം എങ്ങനെ അറിയാനാണ്?

ഒടുവിൽ കുരുക്ഷേത്രത്തിലെ യുദ്ധം അവസാനിച്ചു. കുറെ ദിവസങ്ങളും കടന്നുപോയി. ശമീകൻ എന്ന മുനി പടക്കളത്തിലൂടെ പോകാനിടയായി. അദ്ദേഹം ആനമണിയുടെ അടുത്തുകൂടി നടന്നു. 'കീ! കീ!' എന്ന് അമർന്ന ശബ്ദങ്ങൾ! മഹർഷി ചെവി വട്ടംപിടിച്ചു. എന്താണിത്? ആനമണിയുടെ അകത്തുനിന്നാണ് ശബ്ദങ്ങൾ പുറപ്പെടുന്നത്! ശമീകൻ മണി കൈയിലെടുത്തു മറിച്ചുനോക്കി. അതിനകത്ത് 'കീ! കീ!' എന്നു കരയുന്ന നാലു പക്ഷിക്കുഞ്ഞുങ്ങൾ!

മുനിപോലും ആശ്ചര്യംകൊണ്ടു സ്തബ്ധനായിപ്പോയി. ആലോചിച്ചപ്പോൾ ഒന്നു തീർച്ചയായി. മുട്ടകൾ വീണയുടൻതന്നെ ആനമണിയും വീണിരുന്നു. അതാണ് മുട്ടകൾ അരഞ്ഞുപോകാതിരിക്കാൻ കാരണം. മണിക്കകത്തു കിടന്ന മുട്ടകൾ തനിയെ വിരിഞ്ഞു. അവയിൽനിന്നു പക്ഷിക്കുഞ്ഞുങ്ങൾ പുറത്തുവന്നു. അതോ, ചുറ്റിനും ഏറ്റവും ഘോരമായ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോഴും! ദൈവാനുഗ്രഹമുള്ളവയാണ് പക്ഷികൾ നാലും. അല്ലാത്തപക്ഷം അവ ജീവിക്കുമായിരുന്നോ?

ശമീകനൊടൊത്തു ചില ശിഷ്യന്മാരുമുണ്ട്.

മുനി ശിഷ്യന്മാർക്ക് ഒരു നിർദ്ദേശം നൽകി:

'നിങ്ങൾ ഈ പക്ഷിക്കുഞ്ഞുങ്ങളെ എടുത്തുകൊള്ളുവിൻ. അവയെ എന്റെ ആശ്രമത്തിൽ വളർത്തണം. പരുന്തോ, പൂച്ചയോ മറ്റോ പിടിക്കാതെ സൂക്ഷിക്കണം, കേട്ടോ?'

ആശ്രമത്തിൽ എത്തിയതിനുശേഷമോ? ശിഷ്യന്മാർ ഗുരുവിന്റെ നിർദ്ദേശം അക്ഷരംപ്രതി അനുസരിച്ചു. അവരുടെ ലാളനയിൽ പക്ഷിക്കുഞ്ഞുങ്ങൾ വളർന്നുവന്നു. ശമീകന് അവയോട് എത്ര വാത്സല്യമായിരുന്നു! അവയുടെ കൊഞ്ചലുകൾ, പറക്കാനുള്ള പരിശ്രമങ്ങൾ, തീറ്റകൾ അകത്താക്കുന്ന രീതികൾ– അവയെല്ലാം അദ്ദേഹത്തിന് അതിയായ ആനന്ദം ഉളവാക്കി.

പക്ഷികൾ വളർന്നു വലുതായി.

ഒരു നാൾ അവ വളരെ ദൂരം പറന്നു. വളരെ ഉയരത്തിലും. അതിനുശേഷം ആശ്രമത്തിൽ തിരിച്ചെത്തി. ശമീകന്റെ മുമ്പിൽച്ചെന്നു നിന്നു. സംസാരിച്ചു:

'മഹാത്മൻ, അവിടുന്നു ഞങ്ങളെ മരണത്തിൽനിന്നു രക്ഷിച്ചു. ഏറ്റവും വാത്സല്യത്തോടും സ്നേഹത്തോടുംകൂടി വളർത്തി. ഞങ്ങളുടെ അച്ഛനും ഗുരുവും അവിടുന്നാണ്. ഇപ്പോൾ ഞങ്ങൾക്കു പ്രായമായിരിക്കുന്നു. എന്താണ്. ഞങ്ങൾ ഇനി ചെയ്യേണ്ടത്? ആജ്ഞാപിച്ചാലും.'

ആദ്യമായിട്ടാണ് പക്ഷികൾ സംസാരിച്ചത്. അതോ, ജ്ഞാനികളായ മനുഷ്യരെപ്പോലെയും. അവർക്ക് ഏതോ ശാപമോക്ഷം സംഭവിച്ചിരിക്കയാണ്—അക്കാര്യം മനസ്സിലാക്കാൻ ശമീകനു പ്രയാസമുണ്ടായില്ല.

അദ്ദേഹം ചോദിച്ചു:

'ഏതു ശാപത്താൽ നിങ്ങൾ പക്ഷികളായി?'

അവർ തങ്ങളുടെ പൂർവവൃത്താന്തം അറിയിച്ചു:

സുകൃഷ്ണൻ എന്നൊരു മഹർഷി. അദ്ദേഹത്തിനു നാലു പുത്രന്മാരും. പിതാവും ഗുരുവും ആയിരുന്നു സുകൃഷ്ണൻ. എല്ലാവരും ഒന്നിച്ചു വനത്തിൽ പാർത്തുവന്നു. വമ്പനെങ്കിലും വയസ്സനായ ഒരു പക്ഷി വന്നെത്തി. പക്ഷിയുടെ ശരീരത്തെ ദൗർബല്യം ബാധിച്ചിരിക്കുന്നു. ചിറകുകൾ വേണ്ടതുപോലെ പ്രവർത്തിക്കുന്നുമില്ല. എന്നിരുന്നാലും ഭക്ഷണത്തിൽ വലിയ താത്പര്യമുണ്ട്.

പക്ഷി സുകൃഷ്ണനോടു വന്ന കാര്യം പറഞ്ഞു:

'മഹർഷേ, എനിക്കു വിശപ്പു സഹിക്കുന്നില്ല. വയറു നിറയെ ഭക്ഷണം തരണം. ഞാൻ വിന്ധ്യപർവതത്തിന്റെ കൊടുമുടിയിൽ ഇരിക്കയായിരുന്നു. അപ്പോൾ ഒരു അപകടം സംഭവിച്ചു. കുറെയേറെ പക്ഷികൾ ഒന്നിച്ചു പറന്നുപോയി. അവയുടെ ചിറകടികൾ കാരണം ഊക്കേറിയ ഒരു കാറ്റുണ്ടായി. ആ കാറ്റു തട്ടി ഞാൻ കൊടുമുടിയിൽനിന്നു വീണുപോയി. ഏഴു ദിവസം ബോധമില്ലാതെ കിടന്നു. ബോധം വന്നതുമുതൽ ഇര തേടി സഞ്ചരിച്ചു. ഇതുവരെ ഇരയൊന്നും കിട്ടിയിട്ടില്ല.'

സുകൃഷ്ണനു ദയവു തോന്നി.

അദ്ദേഹം ചോദിച്ചു:

'ഹേ പക്ഷീ, ഞാൻ നിനക്ക് ഇഷ്ടമുള്ള ഭക്ഷണം തരാം. എന്തു ഭക്ഷണമാണ് വേണ്ടത്?'

പക്ഷി ഉത്തരം നൽകി:

'എനിക്കു മനുഷ്യമാംസം വേണം.'

സുകൃഷ്ണൻ ആലോചിച്ചുനിന്നു. ഇവനു മനുഷ്യമാംസം വേണമത്രേ! വാർദ്ധക്യത്തിലും സ്വാദേറിയ ഭക്ഷണം കൂടിയേ തീരൂ. ഒരു ദുഷ്ടനാണ്

ഇവൻ എന്നു തോന്നുന്നു. എന്തോ ആയിക്കൊള്ളട്ടെ. ഭക്ഷണം കൊടുക്കാമെന്നു താൻ വാഗ്ദാനം ചെയ്തുപോയി. മനുഷ്യമാംസം നല്കാതെ നിവൃത്തിയില്ല.

അദ്ദേഹം പുത്രന്മാരെ വിളിച്ചു:

'മക്കളേ, ഞാൻ ഈ പക്ഷിക്ക് ഇഷ്ടമുള്ള ഭക്ഷണം വാഗ്ദാനംചെയ്തിരിക്കുന്നു. അവനു മനുഷ്യമാംസമേ വേണ്ടുതാനും. നിങ്ങൾ ഇവനു നിങ്ങളുടെ മാംസം കൊടുക്കണം. അതു തിന്ന് അവൻ വിശപ്പടക്കട്ടെ. നിങ്ങളുടെ രക്തം കുടിച്ച് അവൻ ദാഹവും തീർക്കട്ടെ.'

മുനികുമാരന്മാർ അമ്പരന്നുപോയി. എന്താണ് അച്ഛൻ ഇപ്പറയുന്നത്? ഒരു കിഴവൻപക്ഷിയുടെ ആഹാരമാകാനായി തങ്ങൾ മരിക്കണംപോലും! പുത്രന്മാർക്കു പിതാവിനോടു വലിയ സ്നേഹമാണ്. അവർ പിതാവിന്റെ ആജ്ഞകൾ അനുസരിക്കുക പതിവുമാണ്. പക്ഷേ, പക്ഷിക്കുവേണ്ടി ജീവൻ ത്യജിക്കുക—അത് അവർക്കു സമ്മതമായില്ല.

സുകൃഷനു ദേഷ്യമായി.

അദ്ദേഹം ശാപമേകി:

'നിങ്ങൾ പക്ഷികളായി ജനിക്കുമാറാകട്ടെ!'

തുടർന്ന് അദ്ദേഹം പക്ഷിയോടു പറഞ്ഞു:

'എന്നെ കൊന്നുതിന്നുകൊള്ളൂ.'

പക്ഷി അതിനു തയ്യാറായില്ല.

'മഹർഷേ, ജീവിച്ചിരിക്കുന്ന യാതൊന്നിനെയും ഞാൻ കൊന്നുതിന്നാറില്ല. ഞാൻ ഒരു വഴി കാണിച്ചുതരാം. ആദ്യം അങ്ങു യോഗശക്തികൊണ്ടു ജീവൻ ത്യജിക്കണം. പിന്നീടു ഞാൻ അങ്ങയുടെ ശരീരത്തെ ഭക്ഷിച്ചുകൊള്ളാം.'

ഒട്ടെങ്കിലും കൂസൽവേണ്ടേ സുകൃഷന്? അദ്ദേഹം യോഗശക്തി പ്രയോഗിക്കാൻ ഒരുക്കമായി. അപ്പോൾ ഒരു അത്ഭുതം നടന്നു. വൃദ്ധനായ പക്ഷി അന്തർദ്ധാനം ചെയ്തു. പകരം അവിടെ നിന്നതോ, ദേവേന്ദ്രനും!

ദേവേന്ദ്രൻ പറഞ്ഞു:

'മഹർഷേ, ഞാൻ അങ്ങയെ പരീക്ഷിക്കയാണു ചെയ്തത്. അങ്ങയുടെ മാഹാത്മ്യം എനിക്കിപ്പോൾ മനസ്സിലായി. ഞാനിതാ അങ്ങയെ സർവാത്മനാ അനുഗ്രഹിക്കുന്നു. അങ്ങേയ്ക്കു പരമമായ ജ്ഞാനം ഉണ്ടാകുമാറാകട്ടെ! യാതൊരു വിഘ്നവും അങ്ങേയ്ക്കു സംഭവിക്കാതിരിക്കട്ടെ!'

അത്രയും പറഞ്ഞ് ദേവേന്ദ്രൻ മറഞ്ഞു.

കണ്ടും കേട്ടും നിൽക്കുകയായിരുന്നു മുനികുമാരന്മാർ. അവർക്ക് ഇപ്പോൾ അച്ഛന്റെ ശ്രേഷ്ഠത പൂർണമുപത്തിൽ അറിവായി—അതേസമയം തങ്ങളുടെ കൊള്ളരുതായ്മയും. അവർ സുകൃഷനെ നമസ്കരിച്ചു മാപ്പു ചോദിച്ചു. തുടർന്നു ശാപമോക്ഷവും യാചിച്ചു.

സുകൃഷൻ പറഞ്ഞു:

'മക്കളേ, എന്റെ വാക്കു വീൺവാക്കാവുകയില്ല. ശാപം ഫലിക്കുകതന്നെചെയ്യും. എങ്കിലും ഒന്നുണ്ട്. നിങ്ങൾ പക്ഷികളായാലും ശമി, പരമജ്ഞാനം ഉണ്ടാകും. ഒടുവിൽ നിങ്ങൾക്കു സൽഗതി സിദ്ധിക്കുകയും ചെയ്യും.'

ഇത്രയുമാണു നാലു പക്ഷികളുടെയും പൂർവജന്മങ്ങളുടെ കഥ.

അക്കഥ അവർ പറഞ്ഞ് ശമീകന് അറിവായി.

മഹർഷി അവർക്കു വിട നൽകി. അവർ ആശ്രമം വിട്ടു പറന്നുപോയി– വിന്ധ്യപർവ്വതത്തിലേക്ക്, ജ്ഞാനികളായി ജീവിതം തുടരാനായിട്ട്.

ഈ സംഭവങ്ങളെല്ലാം ജൈമിനി മനസ്സിലാക്കിയതോ? മാർക്കണ്ഡേയ നിൽനിന്നും.

മാർക്കണ്ഡേയൻ പറഞ്ഞു:

'ജൈമിനീ, അങ്ങു വിന്ധ്യപർവ്വതത്തിൽ ചെന്ന് ആ നാലു പക്ഷികളെയും കാണണം. മഹാഭാരതത്തിലെയും ഭാഗവതത്തിലെയും ചില സംഭവങ്ങൾ—അവയെക്കുറിച്ച് അങ്ങേയ്ക്ക് ചില സംശയങ്ങളുണ്ടല്ലോ. ആ പക്ഷികളോടു സഹായം അപേക്ഷിക്കണം. അവർ സംശയങ്ങൾ തീർത്തുതരും.'

ജൈമിനി കാലം കളയാതെ വിന്ധ്യപർവ്വതത്തിൽ എത്തിച്ചേർന്നു. ഒരിടത്തു ചിലതൊന്നിച്ചു വേദം ചൊല്ലുന്നതു കേൾക്കായി. എത്ര സ്ഫുടമായും തെറ്റില്ലാതെയുമാണ് ഈ വേദോച്ചാരണം! ജൈമിനി അവിടേക്കു ചെന്നു. കണ്ടതു നാലു പക്ഷികളെയും.

അദ്ദേഹം വന്ന കാരണം പറഞ്ഞു. സംശയങ്ങൾ ഒന്നൊന്നായി ചോദിച്ചു. പക്ഷികൾ എല്ലാ സംശയങ്ങളെയും നിവാരണംചെയ്തു.

(മാർക്കണ്ഡേയപുരാണം)

ദേവീപുരാണരചന

വ്യാസമഹർഷിയാണ് ദേവീപുരാണം രചിച്ചത്. അദ്ദേഹം ആ പുരാണം എന്തിന് എഴുതി? എങ്ങനെ എഴുതി? എപ്പോൾ എഴുതി? അതിനെക്കുറിച്ച് ഒരു കഥയുണ്ട്.

പല പുരാണങ്ങളും വ്യാസമഹർഷി ചമച്ചിരുന്നു. എന്നാൽ, ദേവിയുടെ കഥകൾ എഴുതിയിരുന്നില്ല. അവ എഴുതിയേ തീരൂ. അതായി അദ്ദേഹത്തിന്റെ ആഗ്രഹം.

പക്ഷേ, അതത്ര എളുപ്പത്തിൽ സാദ്ധ്യമാകുമോ? ആദ്യമായി ദേവിയെക്കുറിച്ച് പൂർണമായ ജ്ഞാനം സമ്പാദിക്കണം. പൂർണമായ ജ്ഞാനം തപസ്സുകൊണ്ടേ സിദ്ധമാവുകയുള്ളൂ. വ്യാസൻ ഹിമാലയത്തിൽച്ചെന്ന് ദേവിയെ തപസ്സുതുടങ്ങി.

ദേവി പ്രസന്നയായി, ശരിയാണ്. എന്നുവെച്ചു ദർശനം അരുളിയോ? ഇല്ല. പകരം അശരീരിയായി സംസാരിച്ചു:

'വ്യാസാ, എന്നെക്കുറിച്ചു നല്ലതുപോലെ അറിവുണ്ടാകുക, എന്നെ നേരിട്ടുകാണുക – അതൊന്നും അത്ര എളുപ്പമല്ല. നീ സത്യലോകത്തേക്കു ചെല്ല. അവിടെവെച്ചു വേദങ്ങളെ കാണു. അവർ എന്നെക്കുറിച്ചു വേണ്ടതുപോലെ പറഞ്ഞുതരും. അതിനുശേഷം നിനക്ക് എന്നെ കാണാൻ സാധിച്ചെന്നുവരാം.'

കാലവിളംബം കൂടാതെ വ്യാസൻ സത്യലോകത്തിലെത്തി.
നാലു വേദങ്ങളും മഹർഷിയുടെ കണ്ണുകൾക്കു ഗോചരമായി.
മഹർഷി നാലു വേദങ്ങളെയും ഭക്തിപൂർവം വന്ദിച്ചു.
'സാക്ഷാൽ പരബ്രഹ്മം എന്താണ്? അതെനിക്കു പറഞ്ഞുതരണം.' അദ്ദേഹം തൊഴുകൈയോടെ അഭ്യർത്ഥിച്ചു.
ഋഗ്വേദം പറഞ്ഞു:
'മറ്റൊന്നുമല്ല, ദേവിതന്നെയാണ്.'
യജുർവേദം, സാമവേദം, അഥർവവേദം—അവ മൂന്നും ഋഗ്വേദത്തെ പിൻതാങ്ങി.
വ്യാസനു മിക്കവാറും വിശ്വാസമായി. എങ്കിലും പൂർണമായും വിശ്വാസമായില്ല. അക്കാര്യം വേദങ്ങൾ മനസ്സിലാക്കി. അദ്ദേഹത്തിനു പൂർണമായ വിശ്വാസം ഉണ്ടാകണമെങ്കിലോ? സ്വന്തമായി അനുഭവവും അനുഭൂതിയും ഉണ്ടാകണം. ദേവിയുടെ വൈഭവം അദ്ദേഹത്തിന് ഒന്നു കാണിച്ചുകൊടുക്കുകതന്നെ. അതിനായി അവർ ദേവിയെ സ്തുതിച്ചെയ്തു.
സ്തുതിക്കുശേഷം അവർ പറഞ്ഞു:
'ദേവീ, നിന്തിരുവടി വ്യാസനു ദർശനമരുളാൻ കനിയുമാറാകണം. അതു ലോകത്തിനാകെ ഉപകാരമാകും.'
ആ അഭ്യർത്ഥന ദേവി കൈക്കൊള്ളുകതന്നെ ചെയ്തു. ഒന്നൊന്നായി പല രൂപങ്ങളിലും ദേവി അവിടെ ആവിർഭവിച്ചു. ആദ്യം കോടി സൂര്യന്മാർക്കു തുല്യമായ തീക്ഷ്ണപ്രഭയായിട്ട്. രണ്ടാമതു കോടി ചന്ദ്രന്മാർക്കു തുല്യമായ ശാന്തപ്രകാശമായിട്ട്. പിന്നീട്, ആയിരം കൈകളോടെ സിംഹത്തിന്റെ പുറത്തിരിക്കുന്ന രൂപമായിട്ട്. ലക്ഷ്മീദേവിയോടുകൂടിയ മഹാവിഷ്ണു; രാധയോടുകൂടിയ ശ്രീകൃഷ്ണൻ; സരസ്വതീദേവിയോടുകൂടിയ ബ്രഹ്മാവ്; ഗൗരീദേവിയോടുകൂടിയ ശിവൻ—അതെന്തിന്, എല്ലാ ലോകങ്ങളിലെയും എല്ലാമായിട്ടും!
വ്യാസൻ അത്ഭുതംകൊണ്ടു പരവശനായി. മാത്രമല്ല, ഭക്തികൊണ്ടും.
എന്നാലും അല്പം വല്ലായ്മ ഇല്ലായ്കയല്ല. ദേവീപുരാണം ചമയ്ക്കണം എന്നതാണല്ലോ ലക്ഷ്യം. ദേവിയുടെ മാഹാത്മ്യം മനസ്സിലാക്കി, ശരിതന്നെ. എങ്കിലും പുരാണം എഴുതാനുള്ള വക കിട്ടിയിട്ടില്ല. അതാലോചിച്ചപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ വിഷാദം നിറഞ്ഞു.
ആ വിഷാദം മാറ്റാൻ ദേവി നിശ്ചയിച്ചു. അതിനായി എന്താണു ചെയ്തതെന്നോ? ദേവീപാദങ്ങൾ സ്ഥിതിചെയ്യുന്ന താമരയെ കാണിച്ചുകൊടുത്തു. ആയിരം ദളങ്ങളുള്ള താമരയാണത്. വ്യാസൻ ദളങ്ങളിൽ ശ്രദ്ധിച്ചുനോക്കി. അവയിലായി കാണപ്പെട്ടു ദേവീപുരാണം മുഴുവനും.
വ്യാസൻ ദേവിയെ നമസ്കരിച്ചു സ്തോത്രം ചെയ്തു. ദേവി മറഞ്ഞപ്പോൾ ആശ്രമത്തിലേക്കു മടങ്ങിപ്പോയി. കണ്ട ദേവീപുരാണം ഓർമയിൽ തങ്ങിനിന്നു. അദ്ദേഹം അതെല്ലാം ഗ്രന്ഥത്തിൽ പകർത്തി.
അങ്ങനെ ദേവീപുരാണം വിരചിതമായി.

(ദേവീപുരാണം)

ശ്രുവാവതി

ബ്രഹ്മചാരിണിയാണ് ശ്രുവാവതി. ഭരദ്വാജമഹർഷിയുടെ പുത്രിയും. അവൾ ഉഗ്രമായ തപസ്സ് ആരംഭിച്ചു. ദേവേന്ദ്രൻ ഭർത്താവാകണം—അതിനായിരുന്നു തപസ്സ്.

ഏറ്റവും കഠിനമായിരുന്നു തപശ്ചര്യകൾ. സാധാരണ സ്ത്രീകൾക്കു സാധിക്കാത്തവയും. എങ്കിലും ശ്രുവാവതി അവയെല്ലാം യഥാവിധി അനുഷ്ഠിച്ചു.

തപസ്സ് അനേക വർഷങ്ങൾ നീണ്ടുനിന്നു.

ഒടുവിൽ ദേവേന്ദ്രൻ ശ്രുവാവതിയിൽ സംപ്രീതനായി. എങ്കിലും ഒന്നു നിശ്ചയിച്ചു. അവളെ ഒന്നു പരീക്ഷിക്കണം. അതിനായി ദേവേന്ദ്രൻ എന്താണു ചെയ്തത്? അദ്ദേഹം വസിഷ്ഠമഹർഷിയുടെ വടിവു ചമഞ്ഞു. അങ്ങനെ ശ്രുവാവതിയുടെ മുമ്പിലെത്തി.

ശ്രുവാവതി വന്നയാൾ വസിഷ്ഠനെന്നു തെറ്റിദ്ധരിച്ചു.

അവൾ അദ്ദേഹത്തെ ഭക്തിയോടെ സത്കരിച്ചിരുത്തി. എന്നിട്ടു ചോദിച്ചു:

'മഹർഷേ, എന്താണ് അങ്ങയുടെ അഭിമതം?'

ദേവേന്ദ്രൻ വസിഷ്ഠനായി നടിച്ചുകൊണ്ടു പറഞ്ഞു:

'ശ്രുവാവതീ, നിന്റെ തപസ്സ് ഏറ്റവും ഉഗ്രമായ ഒന്നാണ്. അതു ഞാൻ അറിഞ്ഞിരിക്കുന്നു. നിനക്കു തക്കതായ പ്രതിഫലം ലഭിക്കുകയും ചെയ്യും. ആട്ടെ, ഞാനിതാ നിനക്ക് അഞ്ചു ലന്തക്കായ് തരുന്നു. നീ അവ വേവിച്ച് എനിക്കു തരണം.'

തുടർന്ന് അദ്ദേഹം അഞ്ച് ലന്തക്കായ്കൾ കൊടുത്തു. എന്നിട്ട് അവിടന്നു നടന്നുപോയി—സ്നാനം ചെയ്യാൻ എന്ന നാട്യത്തിൽ.

ശ്രുവാവതി തീകൂട്ടി ലന്തക്കായ്കൾ വേവിക്കാൻ തുടങ്ങി. പക്ഷേ, നേരം കഴിഞ്ഞിട്ടും ലന്തക്കായ്കൾ വേകുന്നില്ല. അവ പഴയപോലെ കിടക്കുകയാണ്. ദേവേന്ദ്രൻ മനഃപൂർവ്വം വേവാതെ ആക്കിയതാണ്—അക്കാര്യം അവൾ അറിഞ്ഞതേയില്ല.

വളരെ സമയം കഴിഞ്ഞു. വൈകുന്നേരമായി. സന്ധ്യയായി. എന്നിട്ടും ലന്തക്കായ്കൾ വേവുന്നില്ല. ഉള്ള വിറകെല്ലാം തീരുകയുംചെയ്തു. എന്നുവെച്ച് അവൾ വെറുതെയിരുന്നോ? ഇല്ല. അതിഥിയുടെ ആഗ്രഹം നിറവേറ്റാതിരിക്കുകയോ? ഒരു കാലത്തും അതു ചെയ്തുകൂടാ. മഹാപാപമാകും.

ഒരു മഹാസാഹസം പ്രവർത്തിച്ചു ശ്രുവാവതി. അവൾ കാലു രണ്ടും തീയിലേക്കു നീട്ടിവച്ചു. തന്റെ കാലുകൾ വിറകിന്റെ ജോലിചെയ്യട്ടെ. അങ്ങനെയെങ്കിലും ലന്തക്കായ്കൾ വെന്താൽ മതി. കാലുകൾ പൊള്ളി എരിഞ്ഞുതുടങ്ങി. എങ്കിലെന്ത്? ആ വേദന അവളുടെ മുഖത്തു പ്രതിഫലിച്ചില്ല. മാത്രമല്ല, പുഞ്ചിരിയോടുകൂടി അവൾ വേദന സഹിച്ചു.

അത്രയും ആയപ്പോൾ ദേവേന്ദ്രൻ അവൾക്കു പ്രത്യക്ഷനായി.

അദ്ദേഹം പറഞ്ഞു:

"ശ്രുവാവതീ, വാസ്തവത്തിൽ വന്നത് വസിഷ്ഠനല്ല; ആ വേഷമെടുത്ത ഞാനാണ്. ഞാൻ നിന്നിൽ അതീവ സന്തുഷ്ടനായിരിക്കുന്നു. ഇവിടം ബദരപാചനം എന്ന തീർത്ഥമായിത്തീരും. ആ തീർത്ഥം ലോകം

മൂഴുവൻ പ്രസിദ്ധമാവും. നീ മനുഷ്യരൂപം വെടിഞ്ഞ് സ്വർഗത്തേക്കു വരും. എന്നിട്ട് എന്റെ ഭാര്യാപദം അലങ്കരിക്കും.'

മുമ്പൊരിക്കൽ മറ്റൊരു സ്ത്രീയും ലന്തക്കായ്കൾ പചിക്കുകയുണ്ടായി.

അക്കഥ ദേവേന്ദ്രൻ ശ്രുവാവതിയെ കേൾപ്പിച്ചു.

സപ്തർഷികൾ ഹിമവാനിൽ തപസ്സിനു പോയി. അവരിൽ ഒരാളാണ് വസിഷ്ഠൻ. അടുത്തൊരിടത്ത് അരുന്ധതിയും തപശ്ചര്യയോടെ കഴിഞ്ഞു. വസിഷ്ഠന്റെ പതിവ്രതയായ പത്നിയാണ് അരുന്ധതി.

പന്ത്രണ്ടു വർഷക്കാലം മഴ പെയ്തതേയില്ല. മഹർഷിമാർക്കു ഭക്ഷണം മിക്കവാറും ഇല്ലെന്നായി. മഴ പെയ്യാതെ ഫലമൂലങ്ങൾ ഉണ്ടാവുകയില്ലല്ലോ. മഹർഷിമാർ വല്ലവിധവും ജീവൻ പുലർത്തി—അത്രയും പറഞ്ഞാൽ കഴിഞ്ഞു. അവരെപ്പോലെ അരുന്ധതിയും.

ശിവൻ ബ്രാഹ്മണവേഷം കൈക്കൊണ്ട് അരുന്ധതിയുടെ മുമ്പിലെത്തി. എന്നിട്ടു പറഞ്ഞു:

'തപസ്വിനീ, എനിക്കു ഭക്ഷണം തരണം.'

അരുന്ധതി വിഷമിച്ചുപോയി. ഭക്ഷണം യാതൊന്നുമില്ല, എന്തു ചെയ്യും? എങ്കിലും അതിഥിയെ വെറും വയറോടെ മടക്കി അയച്ചുകൂടാ. അതു വലിയൊരു പാപമാകും.

ആ പതിവ്രത പറഞ്ഞു:

'ഹേ ബ്രാഹ്മണാ, ഇവിടെ ലന്തക്കായ്കളേയുള്ളു. അവ തിന്നു തൃപ്തിപ്പെടണം.'

അതിഥി ആവശ്യപ്പെട്ടു:

'ലന്തക്കായ്കൾ വേവിച്ചുതരണം.'

അരുന്ധതി ലന്തക്കായ്കൾ വേവിക്കാൻ ഒരുങ്ങി. എന്തൊക്കെ ചെയ്തിട്ടും അവ വേവുന്നില്ല. പന്ത്രണ്ടു വർഷങ്ങൾ തുടർച്ചയായി പരിശ്രമിച്ചു. അപ്പോഴേ ലന്തക്കായ്കൾ വെന്തുള്ളു.

അതിഥി പറഞ്ഞു:

'അരുന്ധതീ, ഞാൻ വാസ്തവത്തിൽ ബ്രാഹ്മണനല്ല; ശിവനാണ്.'

ഭഗവാൻ തെളിവിനായിട്ടു സ്വരൂപം കാട്ടി.

സപ്തർഷികളുടെ വരവായി.

ശിവൻ അവരോടു പറഞ്ഞു:

'നിങ്ങളുടെ തപസ്സിനെക്കാൾ ഉത്കൃഷ്ടമാണ് അരുന്ധതിയുടെ തപസ്സ്.'

ഭഗവാൻ അരുന്ധതിയോടു വരംചോദിക്കാൻ ആവശ്യപ്പെട്ടു.

അരുന്ധതി പറഞ്ഞു:

'ഭഗവാനേ, ഇവിടം ഒരു കാലത്ത് ബദരപാചനം എന്ന തീർത്ഥമാകണം. ഇവിടെ ഒരുവൻ മൂന്നു നാൾ ഉപവസിച്ചു എന്നിരിക്കട്ടെ. അതിനു പന്ത്രണ്ടു നാളത്തെ ഉപവാസത്തിന്റെ ഫലമുണ്ടാകണം.

സമ്മതിച്ചിട്ട് ശിവൻ അപ്രത്യക്ഷനായി.

ഇക്കഥയാണ് ദേവേന്ദ്രൻ ശ്രുവാവതിയെ കേൾപ്പിച്ചത്.

അതിനുശേഷം അദ്ദേഹം അവളെയുംകൊണ്ടു സ്വർഗത്തിലേക്കു പോയി.

(മഹാഭാരതം)

ശംഖനും ലിഖിതനും

സഹോദരന്മാരാണ് ശംഖനും ലിഖിതനും. തപസ്വികളാണ് ഇരുവരും. അവർക്കു പ്രത്യേകമായ ഓരോ ആശ്രമവുമുണ്ട്.

ശംഖന്റെ ആശ്രമത്തിൽ ഒരു ഫലവൃക്ഷമുണ്ട്. അതിൽ കായ്ക്കുന്ന ഫലങ്ങൾ അതിവിശിഷ്ടങ്ങളാണ്. മറ്റൊരിടത്തും കിട്ടുന്നവയല്ല അമ്മാതിരി ഫലങ്ങൾ.

ലിഖിതന് ആ ഫലങ്ങൾ തിന്നാൻ കൊതിയുണ്ട്. പക്ഷേ, കൊതിയടക്കാതെ കഴിയുകയില്ല. സഹോദരൻ സമ്മതിക്കയില്ല എന്നറിയാം.

ഒരു നാൾ ശംഖൻ തന്റെ ആശ്രമത്തിൽനിന്ന് ഇറങ്ങിപ്പോയി. കാത്തു കഴിയുന്ന ലിഖിതനു തക്കതായ സന്ദർഭവും കിട്ടി. അദ്ദേഹം സഹോദരന്റെ ആശ്രമത്തിൽ കടന്നുചെന്നു. പഴങ്ങൾ ധാരാളം പറിച്ചുതിന്നു. സഹോദരൻ വരാൻ താമസിക്കും—അതായിരുന്നു ലിഖിതന്റെ വിചാരം.

അവിചാരിതമായി ശംഖൻ ആശ്രമത്തിൽ തിരിച്ചെത്തി.

അപ്പോൾ എന്താണ് അദ്ദേഹം കണ്ടത്? തന്റെ ആശ്രമത്തിലെ പഴങ്ങൾ ലിഖിതൻ സ്വാദോടെ തിന്നുന്ന കാഴ്ച!

അദ്ദേഹം പറഞ്ഞു:

"ലിഖിതാ, നീ ചെയ്യുന്നതു മോഷണമാണ്. ഞാനില്ലാത്തപ്പോൾ നീ പഴം പറിച്ചുതിന്നുന്നു. നീ ചെന്നു രാജാവിനെ കാണണം. മോഷണക്കുറ്റം ഏറ്റുപറയണം. അങ്ങനെ ധർമം പാലിക്കുകയാണു വേണ്ടത്. മാത്രമല്ല, കുറ്റത്തിനുള്ള ശിക്ഷ ചോദിച്ചു വാങ്ങണം; ആ ശിക്ഷ അനുഭവിക്കയും വേണം.'

അതു തികച്ചും ശരിയാണ് എന്ന് ലിഖിതനു തോന്നി.

അദ്ദേഹം നേരെ കൊട്ടാരത്തിൽ ചെന്നു രാജാവിനെ കണ്ടു.

സുദ്യുമ്നൻ എന്നാണ് രാജാവിന്റെ പേര്.

അദ്ദേഹം സാദരം ചോദിച്ചു:

'ഹേ, താപസാ, അവിടുന്നു വരാൻ എന്താണു കാരണം?'

ലിഖിതൻ പറഞ്ഞു:

'ഞാൻ ജ്യേഷ്ഠനില്ലാത്തപ്പോൾ ജ്യേഷ്ഠന്റെ ആശ്രമത്തിൽ കയറി പഴങ്ങൾ ധാരാളം പറിച്ചുതിന്നു. ഞാൻ മോഷണക്കുറ്റം ചെയ്തിരിക്കുന്നു. അവിടുന്ന് എനിക്ക് ആ കുറ്റത്തിനുള്ള ശിക്ഷ തരണം.'

സുദ്യുമ്നനു വിസ്മയം തോന്നി. ഒരാൾ വന്നു കുറ്റം ഏറ്റുപറയുക, ശിക്ഷ ചോദിച്ചു മേടിക്കുക—അപൂർവമായ ഒരു സംഭവം!

അദ്ദേഹം പറഞ്ഞു:

'ഹേ താപസാ, ഞാൻ അങ്ങയുടെ മാഹാത്മ്യം മനസ്സിലാക്കിയിരിക്കുന്നു. രാജാവിനു ശിക്ഷിക്കാൻ അധികാരമുണ്ട്. ശരിയാണ്. അതേസമയം കുറ്റവാളിക്കു മാപ്പു നൽകാനുള്ള അവകാശവുമുണ്ട്. ഞാൻ അങ്ങയുടെ കുറ്റം ക്ഷമിച്ചിരിക്കുന്നു. അക്കാരണത്താൽ ഇനി മേൽ അങ്ങു കുറ്റവാളിയല്ല. അങ്ങേയ്ക്ക് ഇനി എന്തെങ്കിലും ആഗ്രഹമുണ്ടോ? ഉണ്ടെങ്കിൽ ഞാൻ സാധിപ്പിക്കാം.'

ലിഖിതൻ പറഞ്ഞു:

'രാജൻ, ഞാൻ ആവശ്യപ്പെട്ടതു ശിക്ഷയാണ്. എനിക്കു ശിക്ഷയ ല്ലാതെ മറ്റൊന്നും ആവശ്യമില്ല.'

സുദ്യുമ്നൻ ലിഖിതന്റെ മനസ്സുമാറ്റാൻ ശ്രമം നടത്തി. പക്ഷേ, ആ ശ്രമം വിഫലമാവുകയാണുണ്ടായത്. ഒടുവിൽ അദ്ദേഹത്തിനു ശിക്ഷ നല്കാതെ ഗത്യന്തമില്ലാതെയായി—അതിനൊട്ടും ഇഷ്ടമുണ്ടായിരുന്നില്ല എങ്കിലും. ആ രാജ്യത്ത് അക്കാലത്തെന്തായിരുന്നു മോഷണത്തിനുള്ള ശിക്ഷ? രണ്ടു കൈകളും ഛേദിക്കുക. ലിഖിതൻ ആ ശിക്ഷ ഏൽക്കുകതന്നെയുണ്ടായി. രണ്ടു കൈകളുമില്ലാതെ ശംഖന്റെ ആശ്രമത്തിൽ എത്തിച്ചേർന്നു.

അദ്ദേഹം ശംഖനോടു പറഞ്ഞു:

'ജ്യേഷ്ഠാ, ഞാനിതാ മോഷണത്തിനുള്ള ശിക്ഷ ഏറ്റിരിക്കുന്നു. ഇനി ജ്യേഷ്ഠൻ എന്നോടു ക്ഷമിക്കണം.'

ശംഖൻ പറഞ്ഞു:

'ലിഖിതാ, എനിക്കു നിന്നോട് ഒട്ടും കോപമില്ല. നിനക്കു ധർമം പിഴച്ചു പോയിരുന്നു. അതിനിപ്പോൾ നീ പ്രായശ്ചിത്തംകഴിച്ചിരിക്കുന്നു. ഇപ്പോൾ നിനക്കു യാതൊരു ദോഷവും അവശേഷിക്കുന്നില്ല. നീ പോയി ബാഹുദ എന്ന നദിയിൽ തർപ്പണംചെയ്യൂ. ദേവർഷിമാർക്കും പിതൃക്കൾക്കും ആയി രിക്കണം തർപ്പണം—അതിന്റെ ഉദ്ദേശ്യമോ, മേലിൽ അധർമചിന്ത ഉണ്ടാ വാതിരിക്കാനും.'

ജ്യേഷ്ഠന്റെ ഉപദേശമനുസരിച്ച് ലിഖിതൻ ബാഹുദനദിയിൽ ചെന്നെ ത്തി. അദ്ദേഹം ജലത്തിൽ ഇറങ്ങി മുങ്ങി. തർപ്പണം ചെയ്യാൻ കൈയില്ല. ആ സ്ഥിതിക്കു മുങ്ങുകമാത്രമല്ലേ ചെയ്യാനൊക്കൂ?

അത്ഭുതം എന്നല്ലാതെ എന്താണു പറയുക? ലിഖിതനു നഷ്ടപ്പെട്ടി രുന്ന രണ്ടു കൈകളും വീണ്ടും ഉണ്ടായി. പഴയപോലെതന്നെ!

ലിഖിതൻ ജലത്തിൽനിന്നു കരയിൽ കയറി. അതിവേഗം സഞ്ചരിച്ച് ജ്യേഷ്ഠന്റെ ആശ്രമത്തിലെത്തി. പുതുതായി ലഭിച്ചിരിക്കുന്ന കൈകൾ കാണിച്ചു.

ശംഖൻ പുഞ്ചിരിതൂകി.

അദ്ദേഹം പറഞ്ഞു:

'അനുജാ, ഇനി ഞാൻ സത്യം പറയാം. ഞാൻ എന്റെ തപശ്ശക്തി പ്രയോ ഗിച്ചു. അതിനാൽ നിനക്കു വീണ്ടും കൈകളുണ്ടായി. നീയിപ്പോൾ പരിശു ദ്ധനാവുകയും ചെയ്തിരിക്കുന്നു.'

ലിഖിതൻ ഒരു സംശയം ചോദിച്ചു:

'ജ്യേഷ്ഠാ, എനിക്കിപ്പോൾ ജ്യേഷ്ഠന്റെ തപശ്ശക്തി അറിവായി. എന്നാൽ, ഞാൻ ശിക്ഷയേല്ക്കുംമുമ്പ് എന്തുകൊണ്ട് എന്നെ പരിശുദ്ധനാക്കി യില്ല?'

ശംഖൻ വിശദമാക്കി:

'കുറ്റത്തിനു ശിക്ഷ ഏല്ക്കുകതന്നെ വേണം. അതു നിന്റെ ധർമമാണ്. ശിക്ഷിക്കുക എന്നത് എന്റെ ധർമമല്ല, രാജാവിന്റെ ധർമമാണ്. പരിശുദ്ധനാ ക്കുക എന്നത് രാജാവിന്റെ ധർമമല്ല, എന്റെ ധർമമാണ്. രാജാവ്, ഞാൻ, നീ —മൂന്നുപേരും അവരവരുടെ ധർമം അനുഷ്ഠിച്ചു. മനസ്സിലായോ?'

(മഹാഭാരതം)

കണ്ഡുവിന്റെ പുത്രി

ഒരു മഹർഷിയാണ് കണ്ഡു. അദ്ദേഹം പർണശാല കെട്ടി തപസ്സുചെയ്തു. ഗോമതീനദിയുടെ തീരത്തിലാണു പർണശാല. ഏറ്റവും ഉഗ്രമായിരുന്നു തപസ്സ്.

അപ്പോഴും ദേവേന്ദ്രൻ വ്യാകുലനായി—മറ്റു പലപ്പോഴും എന്നപോലെ. എല്ലായ്പോഴും കാരണം ഒന്നുതന്നെയാണ്—തപസി തന്റെ സ്ഥാനം കൈയ്ക്കലാക്കുമോ എന്ന ഭയം. കണ്ഡുവിന്റെ തപസ്സും മുടക്കാനൊരുങ്ങി ദേവേന്ദ്രൻ. അതിനായി അദ്ദേഹം ഒരു അപ്സരസ്സിനെ നിയോഗിച്ചു.

പ്രമ്ലോച എന്നാണ് അപ്സരസ്സിന്റെ പേര്.

സുന്ദരികളുടെ മുൻപന്തിയിലാണ് പ്രമ്ലോച.

അവൾ കണ്ഡുവിന്റെ മുമ്പിലെത്തി തന്റെ സൗന്ദര്യം പ്രദർശിപ്പിച്ചു. ആ സൗന്ദര്യം മഹർഷിയെ അടിപ്പെടുത്തുകതന്നെ ചെയ്തു. എന്തിനു പറയുന്നു, അദ്ദേഹത്തിന്റെ തപസ്സിനു ഭംഗം വന്നുചേർന്നു. പ്രമ്ലോചയെ ഭാര്യയാക്കണം എന്നായി അദ്ദേഹത്തിന്റെ ആഗ്രഹം. അവൾ അതിനു വഴങ്ങാതിരിക്കുമോ? തപസ്സു മുടക്കുകയാണല്ലോ അവളുടെ ഉദ്ദേശ്യംതന്നെ.

കണ്ഡുവും പ്രമ്ലോചയും ദാമ്പത്യജീവിതം തുടങ്ങി.

നൂറു വർഷങ്ങൾ കഴിഞ്ഞുപോയി.

അപ്പോഴേക്കും പ്രമ്ലോച സ്വർഗത്തിലേക്കു മടങ്ങിപ്പോകാൻ നിശ്ചയിച്ചു.

അവൾ പറഞ്ഞു:

'മഹർഷേ, അങ്ങയെ വിട്ടുപോകാൻ എനിക്ക് അനുവാദം തരണം.'

മഹർഷി അനുവാദം നല്കിയില്ല. അനുവാദം കൂടാതെ പോയാലോ? തന്നെ അദ്ദേഹം ശപിക്കും. അക്കാര്യം പ്രമ്ലോചയ്ക്ക് അറിയാം. ശാപം ഫലിക്കുകയുംചെയ്യും. അതിനാൽ അവൾ അവിടെത്തന്നെ ജീവിതം തുടർന്നു.

നൂറു സംവത്സരങ്ങൾകൂടി കഴിഞ്ഞു. അപ്പോഴും പ്രമ്ലോച പോകാൻ അനുവാദം ചോദിച്ചു. അപ്പോഴും കണ്ഡു അനുവാദം നല്കിയില്ല.

അങ്ങനെ പല പ്രാവശ്യവും സംഭവിച്ചു.

അതിനിടയ്ക്ക് ഒട്ടേറെ നൂറാണ്ടുകൾ കഴിഞ്ഞിരുന്നു. പക്ഷേ, കണ്ഡു അതൊന്നും അറിഞ്ഞില്ല. മഹർഷിയുടെ തപശ്ശക്തി ക്ഷയിച്ചുപോയിരുന്നു. സുഖജീവിതത്തിൽ മുഴുകിക്കഴിഞ്ഞു അദ്ദേഹം.

ഒരു ദിവസം സംഗതികൾ മാറിമറിഞ്ഞു.

നേരം സന്ധ്യയാകാറായി. കണ്ഡു പർണ്ണശാലയിൽനിന്ന് ഇറങ്ങി. നടന്നുപോകാനും തുടങ്ങി.

പ്രമ്ലോച സംസാരിച്ചു:

'മഹർഷേ, അങ്ങ് എവിടേക്കു പോകുന്നു?'

'എന്ത്? സന്ധ്യയാവുന്നു എന്നു നിനക്കു കണ്ടുകൂടെ? എനിക്കു സന്ധ്യാവന്ദനം ചെയ്യണം. അതിനാണ് ഞാൻ പോകുന്നത്. സന്ധ്യാവന്ദനം ചെയ്തില്ലെങ്കിൽ വലിയ തെറ്റായിരിക്കും.'

'എനിക്കു ചിരിവരുന്നു.'

'എന്തിന്?'

'നിരവധി സന്ധ്യകൾ ഇതിനിടയ്ക്കു വന്നു, പോയി. അപ്പോഴൊന്നും അങ്ങു സന്ധ്യാവന്ദനത്തിനു പോയില്ല.'

'പ്രമ്ലോചേ, എനിക്കു നീ പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല!'

'ശരി. ഞാനൊന്നു ചോദിക്കട്ടെ. ഞാൻ എപ്പോഴാണ് അങ്ങയെ ആദ്യമായി കണ്ടത്?'

'ഇന്നു രാവിലെ. ഇപ്പോഴിതാ സന്ധ്യയുമായി. അത്രതന്നെ.'

'കേമമായി!'

'എന്തു കേമം?'

'മഹർഷേ, എത്രയോ നൂറായിരുകളാണു കഴിഞ്ഞിരിക്കുന്നത്!'

'അതു നിനക്കുള്ള തോന്നലല്ലേ?'

'അല്ല. അങ്ങയുടെ മനസ്സിനുണ്ടായ ഭ്രാന്തി!'

'തീർച്ചയാണോ?'

'അതെ, ഞാൻ പറയട്ടെ, അങ്ങ് എത്ര കാലം എന്നോടുകൂടി കഴിച്ചെന്ന്. ഒമ്പതു നൂറായിരുകൾ, ഏഴു വർഷങ്ങൾ, ആറു മാസങ്ങൾ, മൂന്നു ദിവസങ്ങൾ!'

'കഷ്ടം! ഞാനൊരു വിഡ്ഢിയായിപ്പോയല്ലൊ. സുഖത്തിൽ ഭ്രമിച്ചു കാലം പോയതറിഞ്ഞില്ല. പോരെങ്കിൽ എന്റെ തപശ്ശക്തിയും നഷ്ടപ്പെടുത്തി!'

'ഇപ്പോഴെങ്കിലും മനസ്സിലാക്കിയതു നന്നായി!'

'എടീ ദുഷ്ടേ! നീ എന്റെ തപസ്സ് മുടക്കാൻ വന്നവളാണ്, അല്ലേ? നിന്റെ ആഗ്രഹം സാധിച്ചല്ലോ. ഇനി പൊയ്ക്കൊള്ളൂ. എനിക്കു വേണമെങ്കിൽ നിന്നെ ശാപാഗ്നിയിൽ ഭസ്മമാക്കാം. പക്ഷേ, ഞാനതു ചെയ്യുന്നില്ല. നിന്റെ കുറ്റത്തെക്കാൾ വലുതാണ് എന്റെ കുറ്റം. പൊയ്ക്കൊള്ളൂ!'

പ്രമ്ലോച പോകാൻ തയ്യാറായി. എങ്കിലും അവൾക്ക് ഒരു വിഷമമുണ്ട്. ഗർഭിണിയാണ് അവൾ. നിലത്തുനിന്ന് അവൾ ഉയർന്നു. ഇടതൂർന്നു നില്ക്കുകയാണു വൻവൃക്ഷങ്ങൾ. തിങ്ങിക്കൂടിയ ഇലകൾ മെത്തപോലെയുണ്ട്. അതിൽ അവൾ പ്രസവിച്ചു. അവിടെത്തന്നെ കുഞ്ഞിനെ ഉപേക്ഷിച്ചു. സ്വർഗ്ഗത്തിലേക്കു പോവുകയുംചെയ്തു.

കുഞ്ഞ് പെൺകുഞ്ഞായിരുന്നു. അവളെ ചന്ദ്രഭഗവാൻ പോറ്റിവളർത്തി. ഒന്നിച്ചു വായുഭഗവാനും.

കണ്ഡുമഹർഷി തപസ്സിനായിട്ട് അവിടം വിട്ടു മറ്റൊരിടത്തു പോയി.

കുട്ടിക്ക് മാരിഷ എന്നു പേരായി.

ഒരു പൂർവ്വജന്മം ഉണ്ടായിരുന്നു മാരിഷയ്ക്ക്.

പൂർവ്വജന്മത്തിൽ അവളൊരു രാജപത്നി ആയിരുന്നു. അവൾക്കും ഭർത്താവായ രാജാവിനും സന്താനഭാഗ്യം ലഭിച്ചിരുന്നില്ല. അങ്ങനെയിരിക്കെ രാജാവ് കാലഗതി പൂകി.

രാജ്ഞി മഹാവിഷ്ണുവിനെ ഭജിച്ചു.

മഹാവിഷ്ണു പ്രത്യക്ഷനായി.

'ഭഗവാനേ, എന്റെ ഭർത്താവു മരിച്ചുപോയി. എനിക്കു മക്കളും ഉണ്ടായിട്ടില്ല. എന്റെ ജന്മം വിഫലമായി' — അവൾ പറഞ്ഞു കേണുതുടങ്ങി.

മഹാവിഷ്ണു അരുളിച്ചെയ്തു:

'നീ ഖേദിക്കേണ്ട. അടുത്ത ജന്മം നിനക്കു പത്തു ഭർത്താക്കന്മാരുണ്ടാവും. നിന്റെ അമ്മ മനുഷ്യസ്ത്രീ ആയിരിക്കയുമില്ല.'

അതിനുശേഷം ഭഗവാൻ അപ്രത്യക്ഷനായി.

അവൾ ജനിച്ചതോ മാരിഷയായിട്ടും!

പ്രചേതസ്സുകൾ എന്ന പത്തുപേർ മാരിഷയുടെ ഭർത്താക്കന്മാരുമായി.*

(വിഷ്ണുപുരാണം)

ശരദ്വാന്റെ മക്കൾ

ഗൗതമമഹർഷിക്ക് ഒരു പുത്രനുണ്ടായി, കുട്ടി ജനിച്ചതോ ശരത്തോടുകൂടിയും. അതിനാൽ കുട്ടിക്ക് ശരദ്വാൻ എന്നു പേരായി.

മുനികുമാരന്മാർ ആദ്യമായി വേദവും മറ്റുമാണല്ലോ അഭ്യസിക്കാറ്. എന്നാൽ ശരദ്വാന് അതിലൊന്നും യാതൊരു താത്പര്യവുമില്ല. അതേസമയം ഒന്നിൽ അതിരുകടന്ന അഭിനിവേശമുണ്ട് — അതായത്, ധനുർവിദ്യയിൽ.

ശരദ്വാനും തപസ്സുചെയ്തു. ശസ്ത്രലാഭത്തിനുവേണ്ടിയായിരുന്നു തപസ്സ്. അനേകം ദിവ്യശസ്ത്രങ്ങൾ നേടുകയുംചെയ്തു.

അദ്ദേഹത്തിന് ഇരട്ടക്കുട്ടികൾ ഉണ്ടായി. ഒരു ആണും ഒരു പെണ്ണും.

ശന്തനു മഹാരാജാവ് രാജ്യഭരണം നടത്തുന്ന കാലമാണ്. ഒരിക്കൽ അദ്ദേഹം നായാട്ടിനായി കാട്ടിലേക്കു പോയി. ഒന്നിച്ചു കുറെ ഭടന്മാരുമുണ്ട്. ഒരു ഭടൻ കാട്ടിൽ അങ്ങുമിങ്ങും നടക്കുകയായിരുന്നു. അയാൾ രണ്ടു കുട്ടികളെ കണ്ടെത്തി. അവരെ രാജാവിനു കാണിച്ചുകൊടുത്തു. ശന്തനു അവരെ തിരിച്ചറിഞ്ഞു—ശരദ്വാന്റെ സന്താനങ്ങളായ ഇരട്ടക്കുട്ടികൾ! ഇനിമേൽ ഇവർ തന്റെ സന്താനങ്ങൾക്കു തുല്യരായിരിക്കും. അദ്ദേഹം ഭടനോടു പറഞ്ഞു. എന്നിട്ടു കുട്ടികളെ രാജധാനിയിലേക്കു കൊണ്ടുപോയി. ഏറ്റവും കൃപയോടെ അദ്ദേഹം അവരെ വളർത്തി. അതിനാൽ ആൺകുട്ടിക്ക് കൃപൻ എന്നു പേരായി. പെൺകുട്ടിക്ക് കൃപി എന്നും.

ദിവസങ്ങൾ ചിലതു കഴിഞ്ഞു. ഗൗതമമഹർഷി തപശ്ശക്തികൊണ്ട് ഒന്നറിഞ്ഞു—തന്റെ പൗത്രനും പൗത്രിയും ഇപ്പോൾ ശന്തനുവിന്റെ കൊട്ടാരത്തിലുണ്ട് എന്ന്. അദ്ദേഹം അവിടെച്ചെന്ന് രാജാവിനെ കണ്ടു. എന്നിട്ട് കൃപനെ വിദ്യാഭ്യാസം ചെയ്യിച്ചു. ധനുർവേദം വിദ്യാഭ്യാസത്തിലെ പ്രധാന ഭാഗം ആയിരുന്നു. ചുരുങ്ങിയ കാലമേ കഴിഞ്ഞുള്ളൂ—അതിനുള്ളിൽ കൃപൻ പഠിക്കേണ്ടതെല്ലാം പഠിച്ചിരുന്നു.

കാലം കഴിഞ്ഞു. കൃപർ കൗരവന്മാരുടെ ആചാര്യനായി—അതേസമയം പാണ്ഡവന്മാരുടെയും.

അപ്പോൾ ദ്രോണരോ?

ദ്രോണം എന്നാൽ തോണി. ദ്രോണത്തിലാണു കുട്ടി ജനിച്ചത്. അതിനാൽ ദ്രോണർ എന്നു പേരായി.

ഭരദ്വാജമഹർഷിയുടെ പുത്രനാണ് ദ്രോണർ.

പാഞ്ചാലരാജ്യത്തിൽ പൃഷതൻ എന്നൊരു രാജാവുണ്ട്. ഭരദ്വാജന്റെ സ്നേഹിതനാണ് പൃഷതൻ. ദ്രുപദൻ എന്നൊരു പുത്രൻ പൃഷതനുണ്ട്. ദ്രോണരും ദ്രുപദനും ഒന്നിച്ചു വളർന്നുവന്നു.

ദ്രോണർ തപസ്സുചെയ്തു. മാത്രമല്ല, വേദവും വേദയാഗവുമെല്ലാം ഹൃദിസ്ഥമാക്കി. പിതാവിന്റെ ഉപദേശം അനുസരിച്ചു വിവാഹംകഴിച്ചു. ആരായിരുന്നു വധു എന്നോ? കൃപരുടെ സഹോദരിയായ കൃപിതന്നെ.

ഭക്തയും ധർമ്മിഷ്ഠയും ആയിരുന്നു കൃപി. അവർ ദ്രോണർക്ക് ഒരു പുത്രനെ സമ്മാനിച്ചു. ജനിച്ചയുടനെ കൂട്ടി ഉറക്കെക്കരയുന്നു. ശബ്ദം ഏതുപോലെ എന്നോ? ദേവേന്ദ്രന്റെ അശ്വമായ ഉച്ചൈശ്രവസ്സിന്റെ ശബ്ദംപോലെ! അതിനാൽ അശ്വത്ഥാമാവ് എന്നു പേരായി.

കൃപർക്കുശേഷം ദ്രോണരായി കൗരവന്മാരുടെയും പാണ്ഡവന്മാരുടെയും ഗുരു.*

(മഹാഭാരതം)

സുകല

വാരാണസിയിൽ കൃകലൻ എന്നൊരു വൈശ്യൻ ജീവിച്ചിരുന്നു. ഒരിക്കൽ ചിലർ കൃകലനോട് തീർത്ഥയാത്രയുടെ പുണ്യം വർണിച്ചു. അപ്പോൾമുതൽ കൃകലനു തീർത്ഥയാത്ര ചെയ്യണമെന്ന് ആഗ്രഹമായി. പോകാൻതന്നെ നിശ്ചയിച്ചു അയാൾ.

കൃകലന്റെ ഭാര്യയാണ് സുകല. പതിവ്രതയാണ് ആ സ്ത്രീ. ഭർത്താവിന്റെ നിശ്ചയം അറിഞ്ഞപ്പോഴോ? തനിക്കും അദ്ദേഹത്തെ അനുഗമിക്കണം എന്ന ആശയമുണ്ടായി.

'എന്നെയും കൂടി തീർത്ഥയാത്രയ്ക്കു കൊണ്ടുപോകണം.' സുകല കൃകലനോടു നിർബന്ധംപിടിച്ചു.

കൊണ്ടുപോകാം എന്നു പറഞ്ഞു കൃകലൻ. പക്ഷേ, വെറുതെ പറഞ്ഞതാണ്. തനിച്ചുപോകണം എന്നതായിരുന്നു നിശ്ചയം. ഭാര്യയെ സ്നേഹമില്ലാഞ്ഞിട്ടല്ല. അവൾക്കു യാത്രാക്ലേശം ഉണ്ടാവരുത് എന്നു കരുതിയിട്ടുമാത്രം. അവൾ അറിയാതെ കൃകലൻ യാത്രയായി.

പിന്നീടാണ് സുകലയ്ക്ക് അറിവായത് ഭർത്താവു പോയെന്ന്. അവൾക്ക് അടക്കാനാവാത്ത വ്യസനമുണ്ടായി. കിടന്നു കരയുകയല്ലാതെ മറ്റെന്തു ചെയ്യാനൊക്കും?

തോഴിമാർ സുകലയെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. ആദ്യമൊന്നും അവൾക്ക് സമാധാനമുണ്ടായില്ല. ഒടുവിൽ അവൾ സ്വയം സമാധാനപ്പെടുകതന്നെ ചെയ്തു. ഭർത്താവ് അരികത്തില്ലെങ്കിൽ ഭാര്യയ്ക്കു സ്വൈരമുണ്ടാവില്ല. പതിവ്രതകളെ സംബന്ധിച്ച് അതൊരു പരമാർത്ഥം മാത്രമാണ്. ആ തത്ത്വം ഉദാഹരിക്കാൻ അവൾ തോഴിമാരോട് ഒരു കഥ പറഞ്ഞു.

പണ്ട് അയോദ്ധ്യയിൽ ഇക്ഷ്വാകു എന്നൊരു രാജാവ് വാണിരുന്നു. ഇക്ഷ്വാകുവിന് സുദേവ എന്നൊരു പത്നിയുണ്ട്. ഒരിക്കൽ ഇക്ഷ്വാകു

സുദേവയെയുംകൂട്ടി വേട്ടയ്ക്കായി കാട്ടിലേക്കു പോയി. അദ്ദേഹം അനേകം കാട്ടുമൃഗങ്ങളെ കൊന്നൊടുക്കി.

ഒരു സുകരം അഥവാ പന്നി, രാജാവിനെ കാണാനിടയായി. വളരെ ദൂരെ നില്ക്കുകയാണ് രാജാവ്. എങ്കിലും സുകരം വല്ലാതെ ചഞ്ചലപ്പെട്ടു.

സുകരം ഭാര്യയായ സുകരിയെ അരികിൽ വിളിച്ചു.

'നോക്ക്, അതാ നിൽക്കുന്നു ഇക്ഷ്വാകു മഹാരാജാവ്. ഞാനിതാ അദ്ദേഹത്തോടു പൊരുതാൻ പോകുന്നു.' ആ മൃഗം പറഞ്ഞു.

സുകരിക്ക് ആശ്ചര്യം തോന്നി.

'അങ്ങ് ഇതിനു മുമ്പ് പലപ്പോഴും കാട്ടിൽവെച്ച് വേട്ടക്കാരെ കണ്ടിട്ടുണ്ട്. അപ്പോഴൊക്കെ അങ്ങ് അവരെ എതിരിടാതെ ഒഴിഞ്ഞുപോയിരുന്നു. എന്നാൽ, ഇപ്പോൾ മഹാരാജാവിനെ നേരിടാനാണു നിശ്ചയം. എന്താണ് അതിനു കാരണം?' അവൾ ഭർത്താവിനോടു ചോദിച്ചു.

സുകരം സത്യം പറഞ്ഞു.

'വേടന്മാർ പാപം ചെയ്യുന്നവരാണ്. അവരുടെ കൈകൊണ്ടു മരിച്ചാൽ ഞാൻ നരകത്തു പോകും. അതുകൊണ്ടാണ് ഞാൻ ഒഴിഞ്ഞുമാറി പൊയ്ക്കളഞ്ഞിരുന്നത്. എന്നാൽ, ഇക്ഷ്വാകു മഹാരാജാവ് പുണ്യശാലിയാണ്. അദ്ദേഹത്തിന്റെ കൈകൊണ്ടു മരിച്ചാൽ എനിക്കു പുണ്യം കിട്ടും. ഞാൻ സുകരമായത് എന്തോ പാപത്തിന്റെ ഫലമാണ്. എന്തു പാപമാണ് അതെന്ന് അറിഞ്ഞുകൂടെന്നു മാത്രം. ആട്ടെ, നീ നമ്മുടെ മക്കളോടു കൂടി ഇവിടം വിട്ടു പൊയ്ക്കൊള്ളണം.'

പക്ഷേ, സുകരിക്ക് അതു സ്വീകാര്യമായില്ല.

'ഇല്ല, ഞാൻ പോവുകയില്ല. അങ്ങാണ് നമ്മുടെ കുടുംബത്തിന്റെ നാഥൻ. എനിക്ക് അങ്ങയെ പിരിഞ്ഞിരിക്കാൻ സാധ്യമല്ല. ഭർത്താവില്ലാത്ത ഭാര്യ ഏതുപോലെ എന്നോ? ചന്ദ്രനില്ലാത്ത രാത്രിപോലെ; സന്താനമില്ലാത്ത കുടുംബംപോലെ; വിളക്കില്ലാത്ത വീടുപോലെ. അങ്ങയെക്കൂടാതെ ഞാൻ ജീവിച്ചിരിക്കില്ല. പാപമായാലും ശരി, പുണ്യമായാലും ശരി—അത് ഞാൻ അങ്ങയോടുകൂടി അനുഭവിക്കും. നമുക്ക് എവിടെയെങ്കിലും ചെന്ന് ഒളിച്ചിരിക്കാം. അതിന് ഇനിയും സമയമുണ്ട്.' അവൾ പറഞ്ഞു.

'യുദ്ധം ചെയ്തു മരിക്കുന്നതു വീരധർമ്മമാണ്. ഞാൻ ആ വീരധർമ്മം പ്രാപിക്കും!' സുകരം ഉറപ്പിച്ചു പറഞ്ഞു.

ഭർത്താവ് ആ നിശ്ചയത്തിൽനിന്ന് വ്യതിചലിക്കയില്ല—അക്കാര്യം സുകരിക്കു തീർച്ചയായി.

അവൾ മക്കളുടെ അരികിലേക്കു ചെന്നു.

'മക്കളേ, നിങ്ങളുടെ അച്ഛൻ മഹാരാജാവിനോടു യുദ്ധം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. ഞാനും കൂടി അദ്ദേഹത്തോടൊന്നിച്ചു പോകുന്നുണ്ട്. നിങ്ങൾ ദൂരെയുള്ള ഗുഹയിൽ പോയി ഒളിച്ചിരിക്കുവിൻ.' അവർ ആവശ്യപ്പെട്ടു.

പക്ഷേ, സുകരക്കുട്ടികൾ അതിനു തയ്യാറായില്ല. 'പാപമാണ്. ഞങ്ങൾ തീർച്ചയായും ആ പാപം ചെയ്യുകയില്ല. യുദ്ധത്തിനു ഞങ്ങളും വരുന്നുണ്ട്.' അവർ തീരുമാനം അറിയിച്ചു.

എന്തു ചെയ്താലും മക്കൾ പിന്മാറുകയില്ല—അക്കാര്യം സുകരിക്കു തീർച്ചയായി. സുകരി പറഞ്ഞതു ഭർത്താവായ സുകരത്തിനും. അങ്ങനെ ആ സുകരകുടുംബം യുദ്ധത്തിനു തയ്യാറായി നിലകൊണ്ടു.

അവരെ കണ്ടു ചില വേടന്മാർ. അവർ ഓടിച്ചെന്ന് ഇക്ഷ്വാകുവിനെ അറിയിച്ചു. മഹാരാജാവ് അനുചരന്മാരോടുകൂടി അവിടേക്കു ചെന്നു. അതേ, സുകരകുടുംബം പോരിനു തയ്യാറായി നില്ക്കുന്നു. മഹാരാജാവു കുറെ വേടന്മാരെയും വേട്ടപ്പട്ടികളെയും വിട്ടു. വേടന്മാരും വേട്ടപ്പട്ടികളും സുകരകുടുംബത്തിന്റെമേൽ ചാടിവീണു. പക്ഷേ, ഒന്നു പ്രത്യേകമായിരുന്നു കുടുംബനാഥനായ സുകരത്തിന്റെ ശൗര്യം. അവൻ എതിരാളികളെ കുത്തിക്കൊന്നുതുടങ്ങി. വല്ല അസുരനും സുകരവേഷം ധരിച്ചതാണോ? ആ സംശയം പോലുമുണ്ടായി ഇക്ഷ്വാകുവിന്, സുകരത്തിന്റെ പരാക്രമം കണ്ടപ്പോൾ. അദ്ദേഹം നോക്കിനിൽക്കെ കുറെ വേടന്മാരും വേട്ടപ്പട്ടികളും ചത്തുവീണു. അതിനിടയ്ക്കു മറ്റൊന്നുമുണ്ടായി. ചില സുകരക്കുട്ടികളും വേടന്മാരാൽ ഹതരായി.

സുകരി ഭർത്താവിന്റെ അരികിലെത്തി.

'ദയവുചെയ്ത് അങ്ങ് പോരിൽനിന്നു പിൻതിരിയണം. ശേഷിച്ച കുട്ടികളോടുകൂടി നമുക്കു ജീവിക്കാം.' അവർ ഹൃദയവേദനയോടെ പറഞ്ഞു.

സുകരം വഴങ്ങിയില്ല.

'നോക്ക്, ഒരു സിംഹം രണ്ടു പന്നികളുടെ നടുവിൽനിന്നു വെള്ളം കുടിക്കുകയില്ല. പക്ഷേ, ഒരു പന്നി രണ്ടു സിംഹങ്ങളുടെ നടുവിൽനിന്നു വെള്ളം കുടിക്കും. അതിൽനിന്നു മാത്രമറിയാം പന്നിയുടെ വീര്യം. ഞാനൊരിക്കലും തോറ്റോടുകയില്ല. മറിച്ച്, ഞാൻ പൊരുതിമരിക്കും. നീ കുട്ടികളെയും കൊണ്ട് ഇവിടന്നു പൊയ്ക്കൊള്ളൂ.' ആ വീരമൃഗം ആവശ്യപ്പെട്ടു.

'അങ്ങേക്ക് അത്ര നിർബന്ധമാണു മരിക്കാൻ, അല്ലേ? എന്നാൽ, അങ്ങയോടുകൂടി മരിക്കും എന്ന് എനിക്കും നിർബന്ധമാണ്.' സുകരി അറിയിച്ചു.

സുകരം വീണ്ടും പോരാട്ടം ആരംഭിച്ചു. അവന്റെ ബലവും വീര്യവും ഇക്ഷ്വാകുവിനെ ആശ്ചര്യപ്പെടുത്തി. അദ്ദേഹം നേരിട്ട് അവനോട് ഇടയുകയായി. അദ്ദേഹം സുകരത്തെ ലക്ഷ്യമാക്കി ഒരു ശരമയച്ചു. സുകരം അദ്ദേഹത്തിന്റെ കുതിരയെ കുത്തിത്തള്ളി. നിലത്തു വീണ രാജാവ് തേരിൽ കയറി ഗദയെടുത്ത് സർവ്വശക്തികളും ചേർത്ത് ഒന്നടിച്ചു. ആ അടിയേറ്റ് സുകരം ചത്തുവീണു.

അല്പം ദൂരെ നില്ക്കുകയാണ് സുകരിയും ശേഷിച്ച നാലു സുകരക്കുട്ടികളും. ഭർത്താവ് വീരസ്വർഗം പ്രാപിച്ചിരിക്കുന്നു. അദ്ദേഹത്തെ അനുഗമിക്കാൻ അവൾ തീർച്ചയാക്കി.

'മക്കളേ, ഞാനിതാ അച്ഛന്റെ പുറകേ പോവുകയാണ്. നിങ്ങൾ ഓടി രക്ഷപ്പെട്ടുകൊള്ളുവിൻ.' അവൾ ആവശ്യപ്പെട്ടു.

മൂത്ത മകനു സമ്മതമായില്ല.

'അമ്മേ, അച്ഛനെ കൊന്നതിന് ഞാൻ പകരംവീട്ടിക്കൊള്ളാം. അമ്മ എന്റെ അനുജന്മാരോടുകൂടി രക്ഷപ്പെടണം.' അവൻ പറഞ്ഞു.

'എന്തു വന്നാലും ഞാൻ പോവുകയില്ല. അത്ര നിർബന്ധമാണെങ്കിൽ നീ എന്നോടൊന്നിച്ച് നിന്നുകൊള്ളൂ. മറ്റുള്ള മൂന്നുപേരും ഓടിപ്പോട്ടെ.' സുകരി നിർദ്ദേശിച്ചു.

അതനുസരിച്ച് ഇളയ മൂന്നു സുകരക്കുട്ടികളും സ്ഥലംവിട്ടു. സുകരിയും മൂത്ത മകനും സമരത്തിന് സന്നദ്ധരായി നിലയുറപ്പിച്ചു. രാജാവിന്റെ

അനുചരന്മാർ അവരുടെ നേർക്ക് പാഞ്ഞടുത്തു. പുത്രൻ മാതാവിനെ പിന്നിൽ നിറുത്തി പോരാടി. അവൻ പല മനുഷ്യരെയും കൊന്നുവീഴ്ത്തി. അതു കണ്ട് ഇക്ഷ്വാകു തീക്ഷ്ണമായ ഒരു ശരമയച്ചു. ആ ശരം പുത്രനായ സുകരത്തെ നിർജീവനാക്കി.

സുകരി മാത്രം ജീവനോടെ ശേഷിച്ചു.

പുത്രദുഃഖം അവളെ ഒരു നിമിഷനേരത്തേക്ക് തളർത്തുകയുണ്ടായി. പക്ഷേ, അപ്പോഴേക്കും രോഷം ദുഃഖത്തെ അമർത്തി. അവൾ ശൗര്യത്തോടെ എതിരാളികളുടെ മദ്ധ്യത്തിലേക്കു ചാടി. പലരെയും തേറ്റകൊണ്ട് ഹനിച്ചും തുടങ്ങി.

അതും കണ്ടുകൊണ്ട് ഇക്ഷ്വാകു മിണ്ടാതെ നിന്നു.

'അങ്ങെന്താണ് അമ്പയയ്ക്കാത്തത്?' സുദേവരാജ്ഞി ഭർത്താവിനോടു ചോദിച്ചു.

'സുകരി എത്രയായാലും സ്ത്രീവർഗത്തിൽപ്പെട്ടവളാണ്. സ്ത്രീവധം വലിയ പാപമാണ്. ആ പാപം ഞാൻ ചെയ്യുകയില്ല.' മഹാരാജാവ് മറുപടി നല്കി.

പക്ഷേ, മഹാരാജാവിന്റെ മനഃസ്ഥിതിയല്ല അദ്ദേഹത്തിന്റെ അധീനതയിലുള്ള വേടന്മാർക്ക്. അവരിൽ ഒരുവൻ മൂർച്ചയേറിയ ഒരു അമ്പയച്ചു. ആ അമ്പ് സുകരിയുടെ ദേഹത്തു ചെന്നുതറച്ചു. അവൾ ചോരയൊഴുക്കിക്കൊണ്ട് അമ്പെയ്ത വേടനെ കുത്തിപ്പിളർന്നു. അതിനിടയിൽ മറ്റൊരു വേടൻ വാളെടുത്ത് അവളെ ആഞ്ഞുവെട്ടി. ദാരുണമായ പരുക്കേറ്റ് അവൾ നിലംപതിച്ചു.

കണ്ടുനിന്ന സുദേവയ്ക്ക് കനിവുതോന്നി. രാജ്ഞി പരുക്കേറ്റ സുകരിയുടെ അടുത്തു ചെന്നു. അവളുടെ മുഖത്ത് കുളിർമയുള്ള ജലം തളിച്ചു. ആശ്വാസമരുളാൻ ചെയ്തതാണ് ആ കൃത്യം.

'രാജ്ഞീ, അവിടുത്തേക്ക് മംഗളം ഭവിക്കട്ടെ!' സുകരി കിതച്ചുകൊണ്ടു പറഞ്ഞു.

സുദേവ ഭർത്താവിനെ വിളിച്ചു.

'കേട്ടോ, ഈ സുകരി മനുഷ്യരെപ്പോലെ സംസാരിക്കുന്നു. അത്ഭുതം തന്നെ!' രാജ്ഞി പറഞ്ഞു.

ഇക്ഷ്വാകുവിനും അതിയായ ആശ്ചര്യംതോന്നി.

സുദേവ സുകരിയുടെ നേർക്കു തിരിഞ്ഞു:

'നീ ശരിക്കും ഒരു സുകരിയല്ല. മറ്റാരോ ആണ്. നിന്റെ വിവരങ്ങൾ അറിയാൻ എനിക്ക് ആഗ്രഹമുണ്ട്.' രാജ്ഞി പറഞ്ഞു.

സുകരി തന്റെയും ഭർത്താവിന്റെയും പൂർവകഥ കേൾപ്പിച്ചു.

രംഗവിദ്യാധരൻ എന്നൊരു ഗന്ധർവൻ ഉണ്ടായിരുന്നു. സംഗീതത്തിൽ അസാമാന്യമായ പ്രാവീണ്യം ഉണ്ടായിരുന്നു രംഗവിദ്യാധരന്. അതിൽ അനല്പമായ അഹങ്കാരവും ഇല്ലാതില്ല. ഒരിക്കൽ അയാൾ ഒരിടത്ത് ചെന്നിരുന്നു പാടിത്തുടങ്ങി. പുലസ്ത്യമഹർഷിയുടെ ആശ്രമത്തിന്റെ പരിസരമാണ് അവിടം. ഏറ്റവും ഉച്ചത്തിലായിരുന്നു രംഗവിദ്യാധരന്റെ പാട്ട്. ആ ശബ്ദം മഹർഷിയുടെ ധ്യാനത്തിനു വിഘ്നം വരുത്തി.

'ഹേ വിദ്യാധരാ, അങ്ങ് മറ്റൊരിടത്തു ചെന്നിരുന്നു പാടൂ.' മഹർഷി അഭ്യർത്ഥിച്ചു.

ഗന്ധർവൻ ചൊടിച്ചു:

'എനിക്ക് ഇഷ്ടമുള്ളിടത്തിരുന്ന് ഞാൻ പാടും. ഏറ്റവും ദിവ്യമാണ് എന്റെ സംഗീതം. അതിവിശിഷ്ടമാണ് സംഗീതം എന്ന കല. അങ്ങ് ആ കലയെ വെറുതെ പഴിക്കുകയാണ്. അതു വിവരമുള്ളവർ ചെയ്യുന്ന ഒന്നല്ല.' രംഗവിദ്യാധരൻ ചൂണ്ടിക്കാട്ടി.

പുലസ്ത്യമഹർഷിക്ക് ഒട്ടും ക്ഷോഭം ഉണ്ടായില്ല.

'സംഗീതം വിശിഷ്ടമായ കലതന്നെ. അക്കാര്യം ഞാൻ സമ്മതിക്കുന്നു. പക്ഷേ, ഞാനീ കാട്ടിൽ വന്നത് എന്തിനാണ്? സംഗീതം ആസ്വദിക്കാനല്ല. പിന്നെയോ, തപസ്സുചെയ്യാൻ. അങ്ങ് ഇനിയും എന്നെ ശല്യപ്പെടുത്തരുത്. ഒന്നുകിൽ അങ്ങു മറ്റൊരിടത്തു ചെന്നിരുന്നു പാടണം. അല്ലാത്ത പക്ഷം ഞാൻ ഇവിടന്നു പൊയ്ക്കൊള്ളാം.' മഹർഷി ശാന്തനായി പറഞ്ഞു.

'അങ്ങു പോയാലും കൊള്ളാം, പോയില്ലെങ്കിലും കൊള്ളാം. ഞാൻ ഇവിടെത്തന്നെ ഇരുന്നു പാടും.' രംഗവിദ്യാധരൻ പൂർവ്വാധികം നിന്ദയോടെ പറഞ്ഞു.

അപ്പോഴും പുലസ്ത്യമഹർഷിക്കു ദേഷ്യം തോന്നിയില്ല. അദ്ദേഹം എഴുന്നേറ്റു കുറെ ദൂരെ ഒരിടത്തേക്കു പോയി. അവിടെയിരുന്നു പഴയപോലെ ധ്യാനവും ആരംഭിച്ചു. അതിനും അനുവദിച്ചില്ല വാശിക്കാരനായ രംഗവിദ്യാധരൻ. മഹർഷിയോട് അത്യധികമായ വെറുപ്പ് തോന്നിയിരുന്നു. ഗന്ധർവൻ മഹർഷിയുള്ള സ്ഥലം കണ്ടുപിടിച്ചു. എന്നിട്ട് അദ്ദേഹത്തെ ശല്യപ്പെടുത്താൻ തുടങ്ങി. ഒരു കാട്ടുപന്നിയുടെ വേഷം ധരിച്ചു മഹർഷിയുടെ മുമ്പിലേക്ക് ഓടിച്ചെന്നു. നിലത്തു കിടന്നുരുളുക, ചാടുകയും ഓടുകയും ചെയ്യുക, മോന്തകൊണ്ട് ഇടിക്കുക—അങ്ങനെ എന്തെല്ലാം വിക്രിയകളാണു കാണിച്ചതെന്നോ? ആദ്യമൊന്നും മഹർഷിക്കു ഗന്ധർവന്റെ വേഷപ്പകർച്ച മനസ്സിലായില്ല. സാധാരണ ഒരു കാട്ടുപന്നിയാണ് എന്നായിരുന്നു വിചാരം. മൃഗമല്ലേ എന്നു കരുതി അദ്ദേഹം ക്ഷമിച്ചുകളയുകയാണു ചെയ്തത്. പക്ഷേ, പന്നിയുടെ ഉപദ്രവം കൂടിവരികയാണുണ്ടായത്. ഒടുവിൽ ഇനിയും അടങ്ങിയിരിക്കാൻ വയ്യെന്ന നിലയുമായി—ഒന്നു ചൂഴിഞ്ഞാലോചിച്ചപ്പോൾ ബോദ്ധ്യമായി—ഇതു സാധാരണ പന്നിയല്ല. പിന്നെയോ, സംഗീതക്കാരനായ ഗന്ധർവൻ വേഷം മാറിയതാണ്!

പുലസ്ത്യനു കോപമുണ്ടായി.

'ഹേ, രംഗവിദ്യാധരാ, നീ ഒരു കാട്ടുപന്നിയായി ജനിക്കുമാറാകട്ടെ!' മഹർഷി ശാപമേകി.

ഗന്ധർവൻ ദേവേന്ദ്രനെക്കണ്ട് സങ്കടം പറഞ്ഞു.

ദേവേന്ദ്രൻ ഗന്ധർവനോടുകൂടി പുലസ്ത്യമഹർഷിയുടെ മുമ്പിലെത്തി.

'മഹർഷേ, ഇവൻ ചെയ്ത തെറ്റു പൊറുത്ത് ശാപമോക്ഷം നല്കണം.' ദേവേന്ദ്രൻ അഭ്യർത്ഥിച്ചു.

'ദേവേന്ദ്രാ, അങ്ങ് ആവശ്യപ്പെട്ടതു കാരണം ഞാൻ ഇവന്റെ തെറ്റു ക്ഷമിച്ചിരിക്കുന്നു. ഞാനിതാ ഇവനു ശാപമോക്ഷം കൊടുക്കുകയാണ്. ഇനി

യൊരു കാലത്ത് ഇക്ഷ്വാകു എന്നൊരു രാജാവുണ്ടാകും. പന്നിയാകുന്ന ഇവന് ഇക്ഷ്വാകുവിൽനിന്നു മരണമുണ്ടാകും. അപ്പോൾ ഇവനു ശാപം തീരും.' പുലസ്ത്യൻ അറിയിച്ചു.

ഇക്കഥയാണു മുറിവേറ്റ സുകരി സുദേവരാജ്ഞിയെ കേൾപ്പിച്ചത്.

'രാജ്ഞീ, ഞാൻ എന്റെയും പൂർവജന്മം മറന്നിട്ടുണ്ടായിരുന്നു. അവിടുന്ന് എന്റെമേൽ കുളിർത്ത ജലം തളിച്ചില്ലേ? അതോടുകൂടി എനിക്കു പൂർവസ്മരണ ലഭിച്ചിരിക്കുന്നു. അവിടുന്ന് എന്റെ കഥ കേൾക്കണം.' സുകരി പറഞ്ഞു.

ഇതായിരുന്നു അവളുടെ പൂർവകഥ:

കലിംഗരാജ്യത്തിൽ ശ്രീപുരം എന്നൊരു നഗരമുണ്ട്. വസുദത്തൻ എന്നൊരാൾ ശ്രീപുരത്തിൽ ജീവിച്ചിരുന്നു. ഗുണവാനും ധർമിഷ്ഠനും ആയിരുന്നു വസുദത്തൻ. അദ്ദേഹത്തിന് വസുദത്ത എന്നൊരു പുത്രിയുണ്ട്. സുന്ദരിയായിരുന്നു അവൾ. അച്ഛൻ മകളെ കണക്കിലധികം ലാളിച്ചുവളർത്തി. അവൾക്കു യൗവനം വന്നപ്പോൾ പല വിവാഹാപേക്ഷകളും ഉണ്ടായി. പക്ഷേ, വസുദത്തൻ എല്ലാ അപേക്ഷകളും തിരസ്കരിക്കുകയാണു ചെയ്തത്. അതിനു പ്രത്യേകിച്ച് ഒരു കാരണം ഉണ്ടായിരുന്നു. വിവാഹം കഴിഞ്ഞാൽ വസുദത്തയ്ക്ക് ഭർത്തൃഗൃഹത്തിൽ പോകേണ്ടിവരും. പിന്നീട് അവിടെയായിരിക്കും അവൾ പാർക്കുക. വസുദത്തനു മകളെ പിരിഞ്ഞിരിക്കേണ്ടിവരും. അതു വലിയ ദുഃഖമായിരുന്നു അദ്ദേഹത്തിന്. ജാമാതാവ് തന്റെ ഗൃഹത്തിൽ സ്ഥിരമായി പാർക്കുകയാണെങ്കിലോ? തനിക്കു മകളെ പിരിഞ്ഞിരിക്കേണ്ടിവരികയില്ല. അതിനൊരു പുരുഷൻ തയ്യാറാവണം എന്നൊരു ബുദ്ധിമുട്ടുണ്ട്. തയ്യാറുള്ള ഒരുവനെ കണ്ടുപിടിക്കണം—അതിനായിരുന്നു വസുദത്തന്റെ ശ്രമം.

ഒടുവിൽ ശിവവർമ എന്നൊരു യുവാവ് വരികയുണ്ടായി. വസുദത്തയെ വിവാഹംകഴിച്ച് അവിടെ താമസിച്ചുകൊള്ളാം—അതിന് സമ്മതമായിരുന്നു ശിവവർമയ്ക്ക്. പോമെങ്കിൽ അയാൾ പണ്ഡിതനും യോഗ്യനും ആയിരുന്നു.

ശിവവർമയുടെയും വസുദത്തയുടെയും വിവാഹം നടന്നു.

അതിനുശേഷമാണ് വസുദത്തയുടെ തനിനിറം പുറത്തായത്. തന്റെ സൗന്ദര്യത്തിൽ അപാരമായ ഗർവുണ്ടായിരുന്നു അവൾക്ക്. അതേസമയം അച്ഛനു തന്നോടുള്ള വാത്സല്യത്തിലും. അവൾ ഭർത്താവിനെ ശുശ്രൂഷിക്കാൻ മിനക്കെട്ടില്ല. അദ്ദേഹത്തോട് വേണ്ടാത്തതു സംസാരിക്കും. ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളിടത്തേക്ക് ഇറങ്ങിപ്പോകും. പലേ തോന്ന്യാസങ്ങളും കാണിക്കുകയുംചെയ്യും. ക്ഷമാശീലനായിരുന്നു ശിവവർമ. അയാൾ ഭാര്യയുടെ ദുർനടപടികൾ ക്ഷമിച്ചുകളയുകയാണു ചെയ്തത്. പക്ഷേ, ഒരു മനുഷ്യന് എത്രയെന്നുവച്ചു ക്ഷമിക്കാൻ കഴിയും? ഒരു ദിവസം അയാൾ ആരോടും ഒന്നും പറയാതെ വീടുവിട്ട് ഇറങ്ങിപ്പോയി.

വസുദത്തനു വലുതായ കുണ്ഠിതമുണ്ടായി. മകളുടെ ദുഷ്യങ്ങൾ പൂർണരൂപത്തിൽ തെളിഞ്ഞുവന്നു. എത്ര ലാളിച്ചാണു താൻ അവളെ

വളർത്തിയത്! ഇത്തരക്കാരിയാണ് അവളെന്ന് അപ്പോൾ അറിഞ്ഞിരുന്നില്ല. അദ്ദേഹം പത്നിയോടു തന്റെ അടക്കാനാവാത്ത ദുഃഖം അറിയിച്ചു.

പണ്ഡിതയും ജ്ഞാനിയും ആയിരുന്നു വസുദത്തന്റെ പത്നി. ആ സ്ത്രീയ്ക്ക് ഇതുപോലൊരു കഥ അറിയാമായിരുന്നു. അവർ അക്കഥ ഭർത്താവിനെ കേൾപ്പിച്ചു.

പണ്ടുപണ്ട് മഥുരയിൽ ഉഗ്രസേനൻ എന്നൊരു രാജാവു വാണിരുന്നു. വിദർഭരാജ്യത്തിലെ സത്യകേതു രാജാവിന്റെ പുത്രിയെ വിവാഹംകഴിച്ചു ഉഗ്രസേനൻ. പദ്മാവതി എന്നായിരുന്നു ആ രാജപുത്രിയുടെ പേര്. ഉഗ്രസേനനു വധുവിനെ ജീവനെക്കാൾ സ്നേഹമായിരുന്നു. ഒരു നിമിഷം പോലും അദ്ദേഹം അവളെ പിരിഞ്ഞിരുന്നില്ല.

കുറെ വർഷങ്ങൾ കടന്നുപോയി. സത്യകേതുവിന് ഒരാഗ്രഹമുണ്ടായി. തനിക്കു തന്റെ പ്രിയപുത്രിയെ കാണണം! അവളെ വിദർഭയിലേക്കു വരുത്തുന്നതാണ് എല്ലാംകൊണ്ടും നന്ന്. അദ്ദേഹം ഒരു സന്ദേശത്തോടുകൂടി ഒരു ദൂതനെ മഥുരയിലേക്കു പറഞ്ഞയച്ചു. ദൂതൻ ഉഗ്രസേനനു സന്ദേശം നല്കി. കുറെ നാളത്തേക്കു പദ്മാവതിയെ വിദർഭയിലേക്ക് അയയ്ക്കണം —അതായിരുന്നു സന്ദേശത്തിന്റെ ഉള്ളടക്കം.

മനസ്സില്ലാമനസ്സോടെ ഉഗ്രസേനൻ പദ്മാവതിയെ യാത്രയാക്കി. കാലം കളയാതെ അവൾ വിദർഭയിൽ എത്തിച്ചേർന്നു. പുത്രിയെ കണ്ടപ്പോൾ പിതാവിനുണ്ടായ സന്തോഷം ഒന്നു പ്രത്യേകമായിരുന്നു. അവൾ അച്ഛനോടുകൂടി സുഖമായി പാർപ്പുതുടങ്ങി.

ഒരിക്കൽ പദ്മാവതി ഉദ്യാനത്തിൽ വിഹരിക്കയായിരുന്നു. ഗോഭിലൻ എന്നൊരു അസുരൻ അവിടെ വരാനിടയായി. അവളെ കണ്ടപ്പോൾ എന്തുണ്ടായി എന്നോ? ഗോഭിലൻ അവളുടെ സൗന്ദര്യത്തിൽ അടിമപ്പെട്ടുപോയി. അവളെ ഭാര്യയാക്കണം എന്നായി ആ അധമന്റെ നിശ്ചയം. ചതികൊണ്ടു മാത്രമേ അതു സാധിക്കൂ എന്ന് അവന് അറിയാമായിരുന്നു. അവൻ മായകൊണ്ട് ഉഗ്രസേനന്റെ രൂപം ധരിച്ച് അവളുടെ മുന്നിലെത്തി. ആരെയും വഞ്ചിക്കാൻ പര്യാപ്തമായിരുന്നു വേഷംമാറൽ. ഉഗ്രസേനന്റെ തനിപ്പകർപ്പ്: പദ്മാവതിപോലും വഞ്ചിതയായിപ്പോയി. തന്റെ ഭർത്താവു വന്നിരിക്കുന്നു എന്നായി അവളുടെ വിശ്വാസം. എത്രകണ്ട് ആഹ്ലാദമായെന്നോ അവൾക്ക്! കുറെ നാളായി ഭർത്താവിനെ പിരിഞ്ഞിരിക്കയല്ലേ? എന്തിനു പറയുന്നു. അവർ ഭാര്യാഭർത്താക്കന്മാരായി കഴിയുകതന്നെ ചെയ്തു.

പക്ഷേ, താമസിയാതെ പദ്മാവതിക്കു പരമാർത്ഥം മനസ്സിലായി. ഈ പുരുഷൻ തന്റെ ഭർത്താവല്ല. ഭർത്താവിന്റെ വേഷം ധരിച്ചുവന്നതാണ്!

'മഹാപാപീ, ഞാൻ നിന്നെ ശപിക്കും. അതിനു മുമ്പു നീ ആരെന്നു പറയണം.' അവൾ കോപാവേശത്തോടുകൂടി ആവശ്യപ്പെട്ടു.

'ശപിക്കുകയൊന്നും വേണ്ട, കേട്ടോ പദ്മാവതീ. ഞാൻ ഗോഭിലൻ എന്ന അസുരനാണ്. അസുരന്മാർ ഇതും ഇതിലപ്പുറവും ചെയ്യും.' അവൻ ധൃഷ്ടതയോടെ പറഞ്ഞു.

'പരമദുഷ്ടാ! വൻചതിയാ!' അവൾ ആക്രോശിച്ചു.

ഗോഭിലൻ പുഞ്ചിരിതൂകിയതേയുള്ളു.

'പത്മാവതീ, നീ കോപിച്ചാൽ ഞാൻ പേടിക്കയൊന്നുമില്ല, കേട്ടോ? നിനക്കു നല്ലതു ഞാൻ പറഞ്ഞുതരാം. നീ എന്റെ ഭാര്യയായിക്കഴിഞ്ഞു. ഇനി എന്റെ ഗൃഹത്തിലേക്കു വരൂ. എന്റെ ഭാര്യയായിത്തന്നെ തുടരൂ.' അവൻ പറഞ്ഞു.

കോപാധികൃത്താൽ പത്മാവതിക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല. അവൾ ധൃതിയിൽ കൊട്ടാരത്തിലേക്കോടി. ഗോഭിലൻ അവന്റെ ആസ്ഥാനത്തിലേക്കു പോയി.

പിന്നീട് പത്മാവതി ഒരു കുട്ടിയെ പ്രസവിച്ചു. കുട്ടിയുടെ അച്ഛൻ ഗോഭിലനാണ്—അക്കാര്യം മറ്റാരും അറിഞ്ഞുമില്ല.

ഇക്കഥ ആര് ആരോടു പറഞ്ഞു? വസുദത്തന്റെ ഭാര്യ വസുദത്തനോട്. പുത്രിയായ വസുദത്തയുടെ തോന്ന്യാസങ്ങൾ വസുദത്തനെയും ചൊടിപ്പിച്ചു. അദ്ദേഹം അവളെ ഉപേക്ഷിച്ചു—അദ്ദേഹം മാത്രമല്ല, ഭാര്യയും ബന്ധുക്കളും.

വസുദത്ത ശരണമില്ലാതെ അലഞ്ഞുനടന്നു. കണ്ടവരെല്ലാം അവളെ പഴിച്ചതേയുള്ളൂ. അവളെ സഹായിക്കാൻ ആരുംതന്നെ ഒരുമ്പെട്ടില്ല. പിച്ചതെണ്ടുക എന്നൊരു വഴിയേ അവൾക്ക് ഉണ്ടായിരുന്നുള്ളൂ. ഓരോരോ പട്ടണത്തിലായി അവൾ പിച്ചതെണ്ടി. ഒടുവിൽ ഒരു പട്ടണത്തിലെത്തി. ചില ഗൃഹങ്ങളിൽ കയറിയിറങ്ങി. അതിനുശേഷം ഒരു ഗൃഹത്തിൽ കയറി. ദൈവഗതി എന്നല്ലാതെ എന്താണു പറയുക? അത് ശിവവർമ്മയുടെ ഗൃഹമായിരുന്നു.

വസുദത്തയുടെ ദുർന്നടപടി കാരണം ശിവവർമ്മ വിട്ടുപോയിരുന്നല്ലോ. അയാൾ ഈ പട്ടണത്തിൽ വന്നു താമസം ഉറപ്പിച്ചിരുന്നു. മറ്റൊരു സ്ത്രീയെ വിവാഹംകഴിക്കയുംചെയ്തിരുന്നു. മംഗല എന്നായിരുന്നു രണ്ടാം ഭാര്യയുടെ പേര്. പതിവ്രതയും സാധ്വിയുമായിരുന്നു മംഗല.

'ഭിക്ഷതരണേ!' വസുദത്ത വീടിനു പുറത്തുനിന്നു യാചിച്ചു.

ഗൃഹനാഥനും ഗൃഹനായികയും പുറത്തേക്കു ചെന്നു നോക്കി. ശിവവർമ ഭിക്ഷക്കാരിയെ തിരിച്ചറിഞ്ഞു. ഭിക്ഷക്കാരി ശിവവർമയെയും. ഇരുവരും അത്ഭുതപ്പെട്ടുപോയി.

ശിവവർമ മംഗലയെ കഴിഞ്ഞ കഥ കേൾപ്പിച്ചു. അതിനുശേഷം ഭാര്യയ്ക്ക് ഒരു നിർദ്ദേശം നൽകി — വസുദത്തയെ വേണ്ടതുപോലെ ഉപചരിക്കണം എന്ന്. മംഗല ഭിക്ഷക്കാരിയെ അകത്തു വിളിച്ചിരുത്തി ഭക്ഷണവും വസ്ത്രവും നൽകി അവിടെ താമസിപ്പിക്കയുംചെയ്തു. എത്ര ദയവാണ് ആ സ്ത്രീ പ്രദർശിപ്പിച്ചത്.

വസുദത്ത അന്നു രാത്രി ആ ഗൃഹത്തിൽ കഴിച്ചുകൂട്ടി. ഒരു മുറിയിൽ തനിച്ചു കിടക്കുകയാണ് അവൾ. യാമങ്ങൾ കഴിഞ്ഞിട്ടും അവൾക്കു നിദ്രയുണ്ടായില്ല. ചിന്തകൾ മനസ്സിൽ നിറഞ്ഞുനിൽക്കുകയായിരുന്നു. വാസ്തവത്തിൽ എത്ര മഹാനാണു ഭർത്താവ്! എന്നിട്ടാണു താൻ അദ്ദേഹത്തോടു നിഷ്കരുണം പെരുമാറിയത്! ഏററവും ക്രൂരമായിരുന്നു തന്റെ പെരുമാറ്റം. അവൾക്ക് അതിയായ പശ്ചാത്താപം ഉളവായി. പശ്ചാത്താപം ശോകത്തെ ജനിപ്പിച്ചു. ശോകം വർദ്ധിച്ചു വർദ്ധിച്ചു മൂർച്ഛിച്ചു. എന്തിനു പറയുന്നു, ശോകാധികൃത്താൽ അവളുടെ ജീവൻ പോയി.

എന്തായിരുന്നു പിന്നീടത്തെ അനുഭവം? നരകത്തിലെ ശിക്ഷകൾ. ചെയ്ത പാപങ്ങൾക്ക് ശിക്ഷ അനുഭവിക്കാതെ പറ്റുമോ? അവൾ ഒന്നൊന്നായി കുറെ ജന്മങ്ങളെടുത്തു. തിര്യക്കുകളായിരുന്നു ആ ജന്മങ്ങളിൽ. അവസാനത്തെ ഈ ജന്മത്തിലോ, പെൺപന്നിയായിട്ടും!

ഇതാണ് സുകരി സുദേവരാജ്ഞിയെ കേൾപ്പിച്ച ആത്മകഥ.

'രാജ്ഞീ, അവിടുന്ന് എനിക്കു സദ്ഗതി നൽകണം. സുകൃതിയാണു വാസ്തവത്തിൽ അവിടുന്ന്.' സുകരി പറഞ്ഞു.

'എന്തു സുകൃതമാണു ഞാൻ നേടിയിട്ടുള്ളത്?' സുദേവ അന്വേഷിച്ചു.

'അവിടുന്നു പതിവ്രതയാണ്. ഭർത്തൃശുശ്രൂഷകൾ ചെയ്തു ധാരാളം പുണ്യം നേടി. ഒരു ദിവസത്തെ പുണ്യം എനിക്കു തരിക.' സുകരി ദീനയായി അപേക്ഷിച്ചു.

ദയാമയിയായ സുദേവ നൽകിയത് എന്തായിരുന്നു? ഒരു ദിവസത്തെ പുണ്യമല്ല, ഒരു വർഷത്തെ പുണ്യം.

അതോടുകൂടി സുകരിയുടെ മട്ടാകെ മാറി. അവൾക്കു ദിവ്യരൂപം ലഭ്ധമായി. അവൾ രാജ്ഞിയോടു വിടവാങ്ങി ആകാശത്തുയർന്നു. സ്വർഗത്തിൽ എത്തിച്ചേരുകയുംചെയ്തു.

സുകരിയുടെ കഥ സുകല തോഴിമാരോടു പറഞ്ഞതാണ്. ആ കാര്യം ആദ്യമേ സൂചിപ്പിച്ചുവല്ലോ. ഭർത്താവായ കൃകലൻ തനിയെ തീർത്ഥാടനത്തിനു പോവുകയുണ്ടായി. അതാണു കഥ പറഞ്ഞ സന്ദർഭവും.

പതിവ്രതയാണ് സുകല എന്നു പരക്കെ അറിവുള്ളതാണ്. എങ്കിലും അവളുടെ പാതിവ്രത്യം പരീക്ഷിച്ചറിയണം—അതിനു മുതിർന്നു ദേവേന്ദ്രൻ. അദ്ദേഹം ഒരു പദ്ധതി ആലോചിച്ചുറച്ചു. അതിനുശേഷം തന്റെ ചങ്ങാതിയായ കാമദേവനെ കൂട്ടിനു വിളിച്ചു. എന്നിട്ടു പരമസുന്ദരനായ ഒരു പുരുഷന്റെ വടിവു ചമഞ്ഞു. ആ രൂപത്തിൽ സുകലയുടെ മുമ്പിൽ ആവിർഭവിച്ചു.

പക്ഷേ, സുകല ആ സുന്ദരപുരുഷനെ ഒന്നു നോക്കിയതുപോലുമില്ല. അത്ര പരിപൂർണമായിരുന്നു അവളുടെ അവഗണന. പുരുഷൻ തന്റെ സംരംഭം ഉപേക്ഷിച്ചില്ല. എവിടെയൊക്കെ സുകല പോകുന്നുവോ, അവിടെയൊക്കെ പുരുഷൻ പിന്തുടർന്നു. അതുകൊണ്ടൊന്നും ഒരു ഫലവും ഉണ്ടായില്ല.

തത്കാലത്തേക്ക് ദേവേന്ദ്രൻ പിൻവാങ്ങി. എങ്കിലും അതേസമയം ഒരു ദൂതിയെ പറഞ്ഞയച്ചു. ദൂതി സുകലയുടെ അടുത്തുകൂടി അവളുടെ മൈത്രി നേടി. കൃകലനെ പഴിക്കുക, സുന്ദരപുരുഷനെ വാഴ്ത്തുക—അതായിരുന്നു ദൂതിയുടെ പണി. ഇടയ്ക്കിടയ്ക്ക് അവൾ ഒന്ന് ആവർത്തിച്ചു പറയുകയും ചെയ്തു—സുന്ദരപുരുഷന്റെ ഭാര്യയാവുന്നതാണ് സുകലയ്ക്ക് എല്ലാം കൊണ്ടും നല്ലതെന്ന്. അതും ഒരു പ്രയോജനവും ഉളവാക്കിയില്ല. ദൂതി ഭഗ്നാശയായി ദേവേന്ദ്രനെക്കണ്ട് തോൽവി സമ്മതിച്ചു.

എന്തെല്ലാം സൂത്രങ്ങളാണ് പിന്നീട് ദേവേന്ദ്രൻ പ്രയോഗിച്ചത്. പക്ഷേ, അതൊന്നും സുകലയോടു പ്രയോജനപ്പെട്ടില്ല. അവൾ പാതിവ്രത്യത്തിൽ നിന്ന് അണുപോലും വ്യതിചലിച്ചില്ല. ഭർത്താവിനെ ധ്യാനിച്ച് അവൾ ദിവസങ്ങൾ കഴിച്ചു.

ആ സമയമൊക്കെ കൃകലൻ തീർത്ഥാടനം നടത്തുകയാണ്. ഓരോ തീർത്ഥങ്ങൾ സന്ദർശിക്കുകയാണ് അദ്ദേഹം. ഒടുവിൽ നിശ്ചയിച്ചിരുന്ന തീർത്ഥങ്ങളെല്ലാം സന്ദർശിച്ചുതീർത്തു. അതിനുശേഷം അദ്ദേഹം മടക്കയാത്ര ആരംഭിച്ചു.

സന്തോഷത്തോടുകൂടിയായിരുന്നു ആ മടക്കയാത്ര. തന്റെ ഉദ്ദേശ്യം സഫലമായിരിക്കുന്നു. തനിക്കു പുണ്യവും ലഭിച്ചിരിക്കുന്നു. തന്റെ പൂർവികന്മാർക്കു സദ്ഗതിയും ലഭിച്ചിട്ടുണ്ടാവണം. സംതൃപ്തിക്കു വക നല്കുന്നതല്ലേ അതൊക്കെ?

യാത്രാമദ്ധ്യേ അപൂർവമായ ഒരു സംഭവമുണ്ടായി.

കൃകലൻ ദിവ്യനെന്നു തോന്നിക്കുന്ന ഒരു പുരുഷനെ കണ്ടെത്തി. ദിവ്യപുരുഷൻ ഒരു മനുഷ്യനെ ബന്ധനത്തിൽ വെച്ചിരിക്കുന്നു. കൃകലൻ ബന്ധനസ്ഥനായ മനുഷ്യനെ ശ്രദ്ധിച്ചുനോക്കി. അപ്പോൾ ആളെ തിരിച്ചറിഞ്ഞു— തന്റെ പൂർവികന്മാരിൽ ഒരാൾ!

ധർമമാണ് ദിവ്യപുരുഷന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടത്.

'കൃകലാ, നിന്റെ തീർത്ഥയാത്ര നിഷ്ഫലമായി. കാരണം, നിന്റെ പൂർവികനു മുക്തി കിട്ടിയിട്ടില്ല.' ധർമം പറഞ്ഞു.

അത്യധികമായ ദുഃഖമുണ്ടായി കൃകലന്.

'മഹാത്മൻ, ഞാനെന്തു ദോഷം ചെയ്തു?' കൃകലൻ പരവശനായി ചോദിച്ചു.

'പുണ്യവതിയും പതിവ്രതയുമാണ് നിന്റെ പത്നി. നീ പത്നിയെക്കൂടാതെ തീർത്ഥാടനം ചെയ്തു. പത്നിയെ കൂടാതെ പുരുഷനു ധർമസിദ്ധിയില്ല.' ധർമം അറിയിച്ചു.

'എന്റെ പൂർവികനു മുക്തി കിട്ടാൻ ഞാൻ എന്തു ചെയ്യണം?' അറിയാത്ത കൃകലൻ ചോദിച്ചു.

'നീ സ്വഗൃഹത്തിലേക്കു പോകണം. പത്നിയോടൊന്നിച്ച് ശ്രാദ്ധം കഴിക്കണം. പുണ്യതീർത്ഥങ്ങളെ സ്മരിച്ചുകൊണ്ട് ദേവന്മാരെ പൂജിക്കണം.' ധർമം നിർദ്ദേശിച്ചിട്ടു മറഞ്ഞു.

കഴിയുന്നത്ര വേഗത്തിൽ കൃകലൻ വീട്ടിൽ മടങ്ങിയെത്തി. ഭർത്താവിനായി കാത്തുകഴിയുന്ന സുകലയുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. ഇരുവരുമൊന്നിച്ച് ധർമ്മം നിർദ്ദേശിച്ച കർമ്മങ്ങൾ ചെയ്തു.

ദേവന്മാർ, മഹർഷിമാർ, മറ്റു ദിവ്യന്മാർ വന്നെത്തി. കൂട്ടത്തിൽ ദേവേന്ദ്രനും.

'കൃകലാ, വരം ചോദിച്ചുകൊള്ളൂ.' ദേവേന്ദ്രൻ ആവശ്യപ്പെട്ടു.

'എന്തു പുണ്യത്തിന്റെ ഫലമായിട്ടാണ് വരം തരുന്നത്?' അറിയാൻ കൃകലനു ജിജ്ഞാസയുണ്ടായി.

'നിന്റെ പത്നിയായ സുകലതന്നെയാണ് നിന്റെ പുണ്യത്തിന് കാരണക്കാരി.' ദേവേന്ദ്രൻ അറിയിച്ചു.

തനിക്കും സുകലയ്ക്കും വിഷ്ണുലോകം ലഭിക്കുമാറാകണം — അതാണ് കൃകലൻ ആവശ്യപ്പെട്ട വരം.

ദേവേന്ദ്രൻ ആ വരം നല്കുകയുംചെയ്തു.

(പത്മപുരാണം, അദ്ധ്യായം 41)

സാവിത്രി

മദ്രരാജാവായ അശ്വപതിക്ക് സന്താനമില്ല. അക്കാരണത്താൽ അദ്ദേഹം അതീവദുഃഖിതനാണ്. കാലം കഴിയുംതോറും അദ്ദേഹത്തിന് സന്താനത്തിലുള്ള ആഗ്രഹം വർദ്ധിച്ചുവന്നു. വ്രതത്തോടുകൂടി പതിനെട്ടു വർഷം ഭജന നടത്തി. ഭജിച്ചതോ, സാവിത്രീദേവിയെയും.

സാവിത്രീദേവി പ്രസന്നയായി പ്രത്യക്ഷയായി.

'ദേവീ, എനിക്ക് സന്താനങ്ങളുണ്ടാകുവാൻ അനുഗ്രഹിക്കണം.' രാജാവ് അഭ്യർത്ഥിച്ചു.

'അശ്വപതീ, നിന്റെ ആഗ്രഹം ഞാൻ മുമ്പുതന്നെ അറിഞ്ഞിരിക്കുന്നു. ആ ആഗ്രഹം സാധിപ്പിക്കാൻ ഞാൻ ബ്രഹ്മാവിനോട് അപേക്ഷിക്കുകയും ചെയ്തിരുന്നു. ഒരു കാര്യം നിന്നെ അറിയിക്കാൻ ബ്രഹ്മാവ് ആവശ്യപ്പെട്ടിരിക്കയാണ്. നിനക്കു താമസിയാതെ ഒരു പുത്രിയുണ്ടാവും എന്നതാണ് അത്.' ദേവി പറഞ്ഞിട്ട് അപ്രത്യക്ഷയായി.

രാജാവിന്റെ അഭിലാഷം ഒടുവിൽ സഫലമായി. അദ്ദേഹത്തിന് ഒരു പുത്രി ജാതയായി. സാവിത്രീദേവി അനുഗ്രഹിച്ചിരുന്നുവല്ലോ. അതിനാൽ കുട്ടിക്ക് സാവിത്രി എന്ന പേരു നല്കി.

സാവിത്രി വളർന്ന് യുവതിയായി. അവളുടെ സൗന്ദര്യം ആളുകളെ അത്ഭുതപ്പെടുത്തി. സൗശീല്യം അവരെ ആകർഷിക്കുകയുംചെയ്തു. എന്നിരുന്നിട്ടും ഒരു രാജകുമാരനും വിവാഹാഭ്യർത്ഥന ചെയ്തില്ല. സാവിത്രിയെക്കാൾ എത്രയോ മോശക്കാരനാണ് താൻ, അവളുടെ ഭർത്താവാകാനുള്ള യോഗ്യത തനിക്കില്ല — അതായിരുന്നു ഓരോ രാജകുമാരന്റെയും വിശ്വാസം.

അശ്വപതി വല്ലാതെ വിഷമിച്ചുപോയി.

'മകളേ, നിനക്ക് അനുരൂപനായ വരനെ നീതന്നെ തെരഞ്ഞെടുത്തുകൊള്ളൂ. അതിനുശേഷം എന്നോടു പറയണം. ഞാൻ നല്ലപോലെ ആലോചിക്കാം. വേണ്ടത് ചെയ്യുകയുമാവാം.' രാജാവ് പറഞ്ഞു.

ഒന്നാംതരമൊരു രഥം നൽകി സ്നേഹസമ്പന്നനായ പിതാവ്. അകമ്പടി സേവിക്കാൻ പരിജനങ്ങളെയും. സാവിത്രി രാജധാനിയിൽനിന്ന് യാത്ര ആരംഭിച്ചു. അനേകം രാജ്യങ്ങളിൽ അവൾ സഞ്ചാരം നടത്തി. യോഗ്യനായ വരൻ എവിടെയുണ്ട്? അതായിരുന്നു അവളുടെ അന്വേഷണം.

ഒരിടത്തും യോഗ്യനായ വരനെ കണ്ടെത്തിയില്ല.

സാവിത്രി സഞ്ചാരം തുടർന്നു. ഒരിക്കൽ ഒരു വനത്തിൽ എത്തിച്ചേർന്നു. അവിടെ ഒരു പർണശാല കാണുമാറായി. ഒരു യുവാവ് പർണശാലയുടെ പുറത്തു നിൽക്കുകയാണ്. ആ യുവാവിനെ കണ്ട നിമിഷത്തിൽ അവൾക്കൊരു തോന്നലുണ്ടായി—അയാൾതന്നെയാണ് തന്റെ ഭർത്താവ്.

അവൾ ആ യുവാവിനെ വരിച്ചു.

വാസ്തവത്തിൽ ഒരു രാജകുമാരനാണ് ആ യുവാവ്. എന്നിട്ടെന്തേ വനത്തിലെ പർണശാലയിൽ പാർക്കുന്നത്? അതിനൊരു കാരണം ഉണ്ടായിരുന്നു.

ദ്യുമത്സേനൻ എന്നൊരു രാജാവ്. സാലരാജ്യമാണ് ദ്യുമത്സേനൻ ഭരിച്ചിരുന്നത്. അദ്ദേഹത്തിനു പത്നിയുണ്ട്. ബാലനായ ഒരു പുത്രനുമുണ്ട്. നിർ

ഭാഗ്യവശാൽ അദ്ദേഹം അന്ധനായിപ്പോയി. ഒരു ശത്രുരാജാവ് സാലരാജ്യത്തെ ആക്രമിക്കുകയുംചെയ്തു. ദ്യുമത്സേനൻ പത്നിയോടും പുത്രനോടും കൂടി രാജ്യം ഉപേക്ഷിച്ചു. ആ രാജകുടുംബം വനത്തിൽ ചെന്ന് പർണശാല കെട്ടി പാർത്തുതുടങ്ങി.

സത്യത്തിൽ നിഷ്ഠയുണ്ടായിരുന്നു രാജാവിനും രാജ്ഞിക്കും. സത്യവാൻ എന്നായിരുന്നു അവരുടെ പുത്രന്റെ പേര്. ബാല്യംമുതൽ യൗവനംവരെ കാട്ടിലാണ് സത്യവാൻ വളർന്നത്. കൃതിരകളിൽ വലിയ കമ്പമാണ് രാജകുമാരന്. ഭംഗിയേറിയ അശ്വരൂപങ്ങൾ കളിമണ്ണുകൊണ്ടു ചമയ്ക്കും. മനോഹരമായ അശ്വചിത്രങ്ങൾ വരയ്ക്കുകയുംചെയ്യും. ചിത്രാശ്വൻ എന്ന പേരും കൂടി ഉണ്ടായി രാജകുമാരന്. എങ്കിലും സത്യവാൻ എന്ന പേരിനാണ് കൂടുതൽ പ്രസിദ്ധി. ഒന്നു വേറെയാണ് സത്യവാന്റെ സൗന്ദര്യം. സദ്ഗുണങ്ങളുടെ വിളനിലവുമായിരുന്നു സത്യവാൻ.

സാവിത്രി സഞ്ചാരം മതിയാക്കി സ്വരാജ്യത്തിൽ മടങ്ങിയെത്തി. അവൾ നേരെ അച്ഛനിരിക്കുന്നിടത്തേക്കു ചെന്നു. ആ സമയം നാരദമഹർഷി അവിടെ വന്നിട്ടുണ്ടായിരുന്നു. അശ്വപതിയും നാരദനും തമ്മിൽ സംഭാഷണം നടത്തുകയാണ്. സാവിത്രി ഇരുവരെയും സാദരം നമസ്കരിച്ചു.

'രാജൻ, സാവിത്രി എവിടെയോ പോയിട്ട് വരികയാണ്, അല്ലേ? ആട്ടെ, എന്തുകൊണ്ടാണ് അങ്ങ് അവളുടെ വിവാഹം നടത്താത്തത്?' നാരദൻ ചോദിച്ചു.

'മഹർഷേ, വിവാഹക്കാര്യത്തിനുതന്നെയാണ് അവൾ പോയത്.' അശ്വപതി അറിയിച്ചു.

അദ്ദേഹം സാവിത്രിയുടെ നേർക്കു തിരിഞ്ഞു.

'മകളേ, നടന്നതെല്ലാം വിസ്തരിച്ച് അറിയിക്കൂ.' അദ്ദേഹം വാത്സല്യത്തോടെ പറഞ്ഞു.

'അച്ഛാ, ഞാൻ സത്യവാനെ വരിച്ചിരിക്കുന്നു.' സാവിത്രി അറിയിച്ചു.

തുടർന്ന് സത്യവാനെക്കുറിച്ചുള്ള വിവരങ്ങളും നൽകി.

നാരദന്റെ മുഖം വിവർണമായി.

'രാജൻ, സാവിത്രി സത്യവാനെ വരിച്ചത് വലിയ കഷ്ടമായിപ്പോയി.' മഹർഷി പറഞ്ഞു.

അശ്വപതിക്ക് അത്ഭുതം തോന്നി.

'മഹർഷേ, എന്തുകൊണ്ടാണ് അങ്ങ് അതു പറഞ്ഞത്? സത്യവാനു സൗന്ദര്യമില്ലേ? സൗശീല്യമില്ലേ?' അദ്ദേഹം ചോദിച്ചു.

'ആ ഗുണങ്ങൾ മാത്രമല്ല, മറ്റനേകം ഗുണങ്ങളും സത്യവാനുണ്ട്.' നാരദൻ ഉത്തരം നൽകി.

'ശരി, സത്യവാന് എന്തെങ്കിലും ദോഷമുണ്ടോ?' അശ്വപതി അന്വേഷിച്ചു.

'ഉണ്ട്, ഒരേ ഒരു ദോഷം. അതു മറ്റെല്ലാ ഗുണങ്ങളെയും ഇല്ലായ്മ ചെയ്യുന്നു. കുറ്റം സത്യവാന്റേതല്ലതാനും. ഇന്നു മുതൽ ഒരു വർഷം തികയുന്ന ദിവസം — ആ ദിവസം സത്യവാൻ മരിച്ചുപോകും.' നാരദൻ ഭാവിഫലം അറിയിച്ചു.

അശ്വപതി അന്ധാളിച്ചു.

'മകളേ, മറ്റൊരു യുവാവിനെ കണ്ടുപിടിക്കൂ.' അദ്ദേഹം ആവശ്യപ്പെട്ടു.

സാവിത്രി സധൈര്യം പിതാവിനെ നേരിട്ടു.

'അച്ഛാ, ഞാൻ ജീവിതത്തിൽ ഒരിക്കൽ മാത്രമേ വിവാഹംകഴിക്കൂ. ഞാൻ എന്റെ വരനെ തെരഞ്ഞെടുത്തിരിക്കുന്നു. അതിനിനി ഇളക്കം ഉണ്ടാവുകയില്ല.' അവൾ അറിയിച്ചു.

നാരദനു സന്തോഷമായി.

'സാവിത്രീ, നീ ധർമ്മമുള്ളവളാണ്. നിനക്കു സർവമംഗളങ്ങളും ഉണ്ടാവട്ടെ.' മഹർഷി ആശീർവദിച്ചിട്ട് യാത്രയായി.

എന്തു വന്നാലും സാവിത്രിയുടെ തീരുമാനം മാറുകയില്ല. അക്കാര്യം അശ്വപതിക്ക് അറിയാമായിരുന്നു.

അദ്ദേഹം പുരോഹിതന്മാരെയും മന്ത്രിമാരെയും സേനാധിപന്മാരെയും വിളിച്ചുവരുത്തി. അവരോടും സാവിത്രിയോടുംകൂടി രാജധാനി വിട്ടിറങ്ങി ദ്യുമത്സേനന്റെ പർണശാലയിലെത്തി. താനാരെന്ന് അന്ധനായ രാജാവിനെ അറിയിക്കയുംചെയ്തു.

ദ്യുമത്സേനൻ അതിഥിക്ക് സ്വാഗതമരുളി.

'എന്താണാവോ അങ്ങയുടെ വരവിനു കാരണം?' അദ്ദേഹം അശ്വപതിയോടു ചോദിച്ചു.

'ഞാൻ എന്റെ മകളായ സാവിത്രിയെക്കൂടി കൊണ്ടുവന്നിട്ടുണ്ട്. അങ്ങ് അവളെ പുത്രഭാര്യയായി സ്വീകരിക്കണം.' അശ്വപതി വിനീതനായി അപേക്ഷിച്ചു.

'അശ്വപതിരാജാവേ, ഞാനും ഭാര്യയും പുത്രനും രാജ്യം വിട്ട് ഒളിച്ചോടി വന്നതാണ്. കാട്ടിലൊരു കുടിലിലാണ് ഞങ്ങൾ പാർക്കുന്നത്. സുഖത്തിന്റെ മദ്ധ്യത്തിൽ കഴിയുന്നവളാണ് അങ്ങയുടെ മകൾ. ഈ പർണ്ണശാലയിൽ ജീവിക്കാൻ അവൾക്കു കഴിയുമോ?' ദ്യുമത്സേനൻ സംശയം ചോദിച്ചു.

'സുഖവും ദുഃഖവും സ്ഥിരമല്ല. എനിക്കും സാവിത്രിക്കും അതു നല്ലപോലെ അറിയാം. അവൾ ഭർത്താവിന്റെ സുഖത്തിലും ദുഃഖത്തിലും പങ്കുകൊള്ളും.' അശ്വപതി പറഞ്ഞു.

'എന്നാൽ, അങ്ങനെയാവട്ടെ. ഞാൻ മുമ്പുതന്നെ അങ്ങയെക്കുറിച്ചു കേട്ടിട്ടുണ്ട്. ഈ ബന്ധം ഞാൻ മുമ്പുതന്നെ ആഗ്രഹിച്ചതുമാണ്. എന്റെ കഷ്ടസ്ഥിതി കാരണം ഞാൻ ഇങ്ങനെ പറഞ്ഞെന്നേയുള്ളൂ.' ദ്യുമത്സേനൻ അറിയിച്ചു.

പർണശാലയിൽവെച്ചു നടന്നു സത്യവാനും സാവിത്രിയും തമ്മിലുള്ള വിവാഹം.

അശ്വപതിരാജാവ് യാത്രയായപ്പോഴോ? സാവിത്രി ആഭരണങ്ങളും പട്ടുവസ്ത്രങ്ങളും എടുത്തുമാറ്റി വല്ക്കലവും കാഷായവസ്ത്രവും ധരിച്ചു. തുടർന്നുള്ള ദിവസങ്ങളിലോ? ഭർത്താവ്, ഭർത്താവിന്റെ മാതാപിതാക്കന്മാർ — മൂന്നു പേരെയും ശുശ്രൂഷിക്കുക എന്നതായിരുന്നു അവളുടെ വ്രതം.

ഏറെറവും പ്രസന്നയായി കാണപ്പെട്ടു അവൾ. പക്ഷേ, പ്രസന്നത പുറമേ മാത്രമായിരുന്നു. ഒരു വിചാരം മനസ്സിനെ തേൾക്കുത്തുപോലെ നൊമ്പരപ്പെടുത്തി. നാരദൻ മുമ്പു പറഞ്ഞ ഭാവിഫലം! ഒരു വർഷം തികയുന്ന ദിവസം സത്യവാൻ മരിക്കും! നാരദൻ പറഞ്ഞിട്ട് ദിവസങ്ങൾ പലതായി. ഓരോ ദിവസം കഴിയുംതോറും സത്യവാന്റെ മരണം അടുത്തുവരുന്നു. അവളെങ്ങനെ ദുഃഖിക്കാതിരിക്കും? പക്ഷേ, ആ ദുഃഖം അവൾ പുറമേ കാണിച്ചില്ല!

മാസങ്ങൾ ഒന്നൊന്നായി കടന്നുപോയി.

സത്യവാന്റെ മരണത്തിന് ഇനി നാലു ദിവസമേ ഉള്ളൂ!

സാവിത്രി തീവ്രമായ ഒരു വ്രതം തുടങ്ങി—മൂന്നു രാവുകളും മൂന്നു പകലുകളും നീണ്ടുനിൽക്കുന്ന വ്രതം. നിരാഹാരം വ്രതത്തിന്റെ ഭാഗമാണുതാനും.

വ്രതത്തെക്കുറിച്ച് ദ്യുമത്സേനന് അറിവായി.

'സാവിത്രീ, വിഷമംപിടിച്ച വ്രതമാണിത്. മൂന്നു ദിവസം ഭക്ഷണം കഴിക്കാതിരുന്നാൽ വലിയ ക്ഷീണമുണ്ടാകും. വ്രതം വേണ്ടെന്നു വെക്കുന്നതാണു നല്ലത്.' അദ്ദേഹം പറഞ്ഞു.

'അവിടുന്ന് ഒട്ടും വിഷമിക്കരുത്. ഞാൻ ഏറ്റവും ഉത്സാഹത്തോടെ അനുഷ്ഠിക്കുന്ന വ്രതമാണ്. എനിക്ക് ഒരു കുഴപ്പവും വരികയില്ല.' സാവിത്രി തീർത്തുപറഞ്ഞു.

'നിന്റെ വ്രതം മുടക്കണം എന്നല്ല എന്റെ ഉദ്ദേശ്യം. നീ ബുദ്ധിമുട്ടരുതെന്നു കരുതി പറഞ്ഞതാണ്.' രാജാവു പറഞ്ഞു.

സാവിത്രി മൂന്നു ദിവസം വ്രതമെടുത്തു.

നാലാം ദിവസം നേരം പുലർന്നു — സത്യവാന്റെ മരണദിവസം. ഭാഗ്യവശാൽ അക്കാര്യം സത്യവാൻ അറിഞ്ഞിട്ടില്ല. സത്യവാന്റെ മാതാപിതാക്കന്മാരും അറിഞ്ഞിട്ടില്ല. സത്യവാന്റെ പത്നി മാത്രമേ അറിഞ്ഞിട്ടുള്ളൂ. അവളുടെ ഹൃദയം നീറുകയായിരുന്നു. അവൾ ആ നീറ്റൽ ഉള്ളിൽ ഒതുക്കി നിർത്തി.

'സാവിത്രീ, ഇനി നീ ഭക്ഷണം കഴിക്കൂ.' ദ്യുമത്സേനൻ ആവശ്യപ്പെട്ടു.

'ഞാൻ മനസാ ഒരു ശപഥം ചെയ്തിട്ടുണ്ട് — ഇന്ന് സൂര്യൻ അസ്തമിച്ചിട്ടേ ഭക്ഷണം കഴിക്കൂ എന്ന്.' അവൾ പറഞ്ഞു.

സാധാരണയായി സത്യവാന് ഒരു പതിവുണ്ട്. വിറകുവെട്ടാനായി രാവിലെ കാട്ടിലേക്കു പോകും. അന്നും സത്യവാൻ മഴുവെടുത്തു പുറപ്പെടാൻ ഭാവിച്ചു — താനറിയാതെ തന്റെ മരണത്തിലേക്ക്!

സാവിത്രി ഭർത്താവിനോടുകൂടി പർണശാലയിൽനിന്നിറങ്ങി.

'ഇന്നു ഞാനും കൂടി വരുന്നുണ്ട്.' അവൾ നിശ്ചയം അറിയിച്ചു.

സത്യവാന് ആശ്ചര്യം തോന്നി.

'സാവിത്രീ, നീ ഇതിനു മുമ്പ് വിറകുവെട്ടാൻ എന്നോടുകൂടി വന്നിട്ടില്ല. ഇന്നാദ്യമായിട്ടാണ് ഇങ്ങനെ. കാട്ടിലൂടെ നടക്കുക വളരെ വിഷമമാണ്. പോരെങ്കിൽ മൂന്നു ദിവസമായി നീ ആഹാരം കഴിച്ചിട്ടില്ല. നിനക്കു വളരെ ക്ഷീണമുണ്ട്. നീ ഇവിടെ ഇരുന്നാൽ മതി.' സത്യവാൻ ആവശ്യപ്പെട്ടു.

'എനിക്കു യാതൊരു ക്ഷീണവുമില്ല. ഞാൻ അങ്ങയുടെ കൂടെ വരും. എനിക്ക് അതത്ര നിർബന്ധമാണ്. എന്നെ വിലക്കരുത്.' സാവിത്രി അഭ്യർത്ഥിച്ചു.

'ശരി, ഞാൻ നിന്നെ കൊണ്ടുപോകാം. പക്ഷേ, നീ അച്ഛന്റെ അനുവാദം വാങ്ങണം.' സത്യവാൻ പറഞ്ഞു.

സാവിത്രി ദ്യുമത്സേനനെ ചെന്നു കണ്ടു.

'വിറകുവെട്ടിന് എനിക്കും പോകാൻ ആഗ്രഹമുണ്ട്. എനിക്ക് അനുവാദം തരണം.' അവൾ അപേക്ഷിച്ചു.

'സാവിത്രീ, നീ എന്റെ പുത്രഭാര്യയായിട്ട് ഒരു വർഷമായി. അതിനിടയ്ക്ക് നീ ഒരപേക്ഷപോലും എന്നോടു ചെയ്തിട്ടില്ല. ഇന്ന് ആദ്യമായിട്ടാണ് നീ ആഗ്രഹം അറിയിക്കുന്നത്. ശരി, സത്യവാന്റെ കൂടെ പൊയ്ക്കൊള്ളൂ.' ദ്യുമത്സേനൻ സമ്മതമേകി.

അങ്ങനെ സാവിത്രി സത്യവാനെ അനുഗമിച്ചു. അവൾ സംസാരിക്കുകയും ചിരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഏറെറവും ഉല്ലാസവതിയായി കാണപ്പെടുകയുംചെയ്തു. വാസ്തവത്തിൽ ആ സമയമെല്ലാം അവളുടെ ഹൃദയം നീറിപ്പിടിക്കയായിരുന്നു. അക്കാര്യമുണ്ടോ സത്യവാൻ അറിയുന്നു? കാട്ടിലെ കാഴ്ചകൾ ഭർത്താവു ഭാര്യയ്ക്കു കാണിച്ചുകൊടുത്തു. ചിറകുകൾ വിരുത്തി പറക്കുന്ന പക്ഷികൾ. തുള്ളിക്കളിച്ച് പായുന്ന അരുവികൾ. പുത്തും തളിർത്തും നിൽക്കുന്ന വൃക്ഷങ്ങൾ. അങ്ങനെ എന്തെല്ലാം! സാവിത്രി സത്യവാന്റെ ഓരോ ഭാവവും ചേഷ്ടയും സൂക്ഷിക്കുന്നു. പക്ഷേ, അത് സത്യവാൻ കാണാതിരിക്കാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചു. ഭർത്താവിന് മരണം സംഭവിക്കും എന്ന് അവൾക്കറിയാം. ഏതു നിമിഷത്തിൽ, ഏതു വിധത്തിൽ എന്നുമാത്രം അവൾക്ക് അറിഞ്ഞുകൂടാ!

സത്യവാൻ ഒരിടത്തു ചെന്നു നില്പായി. ഒന്നിച്ച് സാവിത്രിയും. കായ്കൾ വഹിക്കുന്ന ഒരു മരം നിന്നിരുന്നു. സത്യവാൻ കുറെ കായ്കൾ അടർത്തിയെടുത്തു പാത്രത്തിലാക്കി. അതിനുശേഷം വിറകുവെട്ടാൻ ആരംഭിച്ചു.

തെല്ലുനേരം കഴിഞ്ഞു. സത്യവാൻ വിയർത്തുതുടങ്ങി. ചെറിയൊരു തലവേദന അനുഭവപ്പെട്ടു. തുടർന്ന് ഒരുതരം തളർച്ചയും.

തലവേദനയും തളർച്ചയും പെട്ടെന്നു വർദ്ധിച്ചു.

'സാവിത്രീ, എനിക്കു വല്ലാത്ത തലവേദനയുണ്ട്. ക്ഷീണം സഹിക്കാനും കഴിയുന്നില്ല. എനിക്കൊന്നു കിടക്കണം.' സത്യവാൻ ഏറെക്കുറെ പരവശനായി പറഞ്ഞു.

ഇതാ വന്നിരിക്കുന്നു ഭർത്താവിന്റെ മരണസമയം — അക്കാര്യം സാവിത്രിക്കു മനസ്സിലായി. അവളുടെ ഹൃദയം പിടച്ചുതുടങ്ങി. എങ്കിലും അവൾ ധൈര്യം കൈവെടിഞ്ഞില്ല. സത്യവാൻ നിലത്തു മലർന്നു കിടപ്പായി. അവൾ തലയ്ക്കലിരുന്നു ഭർത്താവിന്റെ തല തന്റെ മടിയിലെടുത്തുവെച്ചു. എന്നിട്ടു ഭർത്താവിന്റെ മരണത്തിനായി കാത്തിരുന്നു.

എന്താണ് അതാ മുമ്പിലായി കാണുന്നത്. കറുകറുത്ത ഒരു സ്വരൂപം. രക്തവർണത്തിലുള്ള ദൃഷ്ടികൾ. കൈയിൽ ഒരു കയറും. ആ സ്വരൂപം സത്യവാനെ ശ്രദ്ധിച്ചു നോക്കി. ആരാണെന്ന് സാവിത്രിക്കു മനസ്സിലായി. സാക്ഷാൽ യമൻ!

സാവിത്രി ഭർത്താവിന്റെ ശിരസ്സ് പതുക്കെ മടിയിൽനിന്നെടുത്തു നിലത്തു വെച്ചു. എന്നിട്ട് എഴുന്നേറ്റുനിന്നു സ്വരൂപത്തെ ഭക്തിപൂർവ്വം തൊഴുതു.

'ദേവാ, എന്തിനാണ് ഒരുക്കം?' അവൾ ഏറ്റവും ബഹുമാനത്തോടെ ചോദിച്ചു.

'സത്യവാന്റെ ആയുസ്സ് അറ്റുപോയിരിക്കുന്നു. ഞാൻ അതു കൊണ്ടു പോകാൻ വന്നതാണ്.' യമൻ അറിയിച്ചു.

'ദേവാ, അങ്ങയുടെ കിങ്കരന്മാരാണല്ലോ സാധാരണ ഈ ജോലി ചെയ്യുന്നത്. എന്നാൽ, ഇപ്പോൾ അങ്ങു നേരിട്ട് അതു ചെയ്യുന്നു. എന്താണ് അതിനു കാരണം?' സാവിത്രി ചോദിച്ചു.

'സാവിത്രീ, സത്യവാൻ അത്യന്തം ധർമിഷ്ഠനാണ്. കിങ്കരന്മാർ അവനെ സമീപിക്കുന്നതു യുക്തമല്ല. അതുകൊണ്ടു ഞാൻതന്നെ വന്നതാണ്.' യമൻ വ്യക്തമാക്കി.

തുടർന്ന് എന്താണു സംഭവിച്ചതെന്നോ? യമൻ സത്യവാന്റെ ജീവനെ ആകർഷിച്ചെടുത്തു. അതോടുകൂടി സത്യവാന്റെ ശരീരത്തിനു ചലനം നിലച്ചു. ശ്വാസോച്ഛ്വാസം ഇല്ലാതെയായി. നിറത്തിനു വൈവർണ്യം കലർന്നു. സത്യവാൻ മരിച്ചു എന്നർത്ഥം.

ആ ജീവനെയുംകൊണ്ട് യമൻ തെക്കൻദിക്കു നോക്കി നടന്നുപോയി.

സാവിത്രി യമന്റെ പിറകെ നടന്നുതുടങ്ങി.

അവൾ പിന്തുടരുന്നുണ്ടെന്ന് യമനു മനസ്സിലായി.

യമൻ തിരിഞ്ഞുനിന്നു.

'സാവിത്രീ, നീ മടങ്ങിപ്പോകൂ. സത്യവാനുവേണ്ടിയുള്ള ശേഷക്രിയകൾ യഥാവിധി ചെയ്തുകൊള്ളൂ. നിന്റെ ധർമങ്ങളെല്ലാം നീ അനുഷ്ഠിച്ചുകഴിഞ്ഞിരിക്കുന്നു. നിനക്കു വരാവുന്ന ദുരം കഴിഞ്ഞിരിക്കയാണ്, പൊയ്ക്കൊള്ളൂ.

'ദേവാ, അങ്ങ് എന്റെ ഭർത്താവിനെ എവിടേക്കു കൊണ്ടുപോകുന്നുവോ അവിടേക്കു ഞാനും വരും, തീർച്ചയാണ്. ഈശ്വരഭക്തിയും വ്രതശക്തിയും പാതിവ്രത്യവും ഉള്ളവളാണ് ഞാൻ. അതുകൊണ്ട് എനിക്കു വഴിയിൽ ഒരു തടസ്സവും ഉണ്ടാവുകയില്ല. ഞാൻ ധർമത്തിൽ അടിയുറച്ചു നില്ക്കുന്നവളുമാണ്. ഞാൻ എന്റെ ഭർത്താവിനെ പിന്തുടരുകതന്നെ ചെയ്യും.' സാവിത്രി ഏറ്റവും ദൃഢതയോടെ പറഞ്ഞു.

യമൻ വീണ്ടും നടത്തം ആരംഭിച്ചു. പുറകെ സാവിത്രിയും.

കുറേക്കഴിഞ്ഞ് യമൻ തിരിഞ്ഞുനിന്നു.

'സാവിത്രീ, ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. നീ വരം ചോദിച്ചുകൊള്ളൂ. എന്തു വരവും ഞാൻ തരാം — സത്യവാന്റെ ജീവനൊഴിച്ചു മറ്റെന്തും.' യമൻ പറഞ്ഞു.

'എന്റെ അന്ധനായ ശ്വശുരന് കാഴ്ചയുണ്ടാവണം.' അവൾ വരം ചോദിച്ചു.

ആ വരം നല്കിയിട്ട് യമൻ യാത്ര തുടർന്നു. പക്ഷേ, അപ്പോഴും സാവിത്രി പിന്തുടരുകയാണു ചെയ്തത്. യമന് തോന്നേണ്ടതു ദേഷ്യമാണ്. തോന്നിയത് അഭിനന്ദനമായിരുന്നു.

'സാവിത്രീ, നീ വളരെ ദൂരം പോന്നിരിക്കുന്നു. ഒരു വരംകൂടി മേടിച്ചിട്ടു മടങ്ങിപ്പോകൂ.' യമൻ ആവശ്യപ്പെട്ടു.

'എന്റെ ശ്വശുരനു നഷ്ടപ്പെട്ട രാജ്യം വീണ്ടുകിട്ടണം.' സാവിത്രി പറഞ്ഞു.

ആ വരവും നല്കിയിട്ട് യമൻ മുമ്പത്തെപ്പോലെ നടന്നുതുടങ്ങി.

ബഹുദൂരം പോയിട്ടും സാവിത്രി നിഴൽപോലെ അനുഗമിക്കുകയായി രുന്നു.

'മൂന്നാമതൊരു വരം മേടിച്ചിട്ടു പൊയ്ക്കൊള്ളു.' യമൻ പറഞ്ഞു.

'ദേവാ, എന്റെ അച്ഛന് ആൺമക്കളില്ല. അച്ഛന് നൂറ് ആൺമക്കൾ ഉണ്ടാ വണം.' സാവിത്രി ആവശ്യപ്പെട്ടു.

മൂന്നാം വരവും കൊടുത്തിട്ട് യമൻ നടകൊണ്ടു. കുറെ ദൂരം പോയിട്ടും സാവിത്രിയുമുണ്ട് പുറകെ. എന്തു ചെയ്തിട്ടും അവൾ വിടുന്നില്ല!

'സാവിത്രീ, നീ വളരെയിങ്ങു പോന്നുകഴിഞ്ഞു. ശരി, ഞാൻ നാലാ മത്തെ വരം തരാം. അതു വാങ്ങിയിട്ടു പൊയ്ക്കൊള്ളണം.' യമൻ കർശന മായി പറഞ്ഞു.

ഭർത്താവിനെ പിന്തുടരുമ്പോൾ എനിക്കു ദൂരം ദൂരമല്ല. ക്ഷീണം ക്ഷീണ വുമല്ല. നാലാമത്തെ വരം ഞാനിതാ ചോദിക്കുന്നു. എനിക്ക് എന്റെ ഭർത്താ വിൽനിന്നു നൂറ് പുത്രന്മാർ ഉണ്ടാവണം.' അവൾ ആവശ്യപ്പെട്ടു.

നാലാം വരവും നല്കിയതിനുശേഷം യമൻ നടത്തം തുടർന്നു. എന്നി ട്ടും പുറകെ സാവിത്രിയുണ്ട്. എന്തൊക്കെ ചെയ്തിട്ടും അവൾ പിൻതിരിയു ന്നില്ല. അവസാനത്തെ പ്രാവശ്യം യമൻ തിരിഞ്ഞുനിന്നു.

'സാവിത്രീ, ഇനിയും നീ വരരുത്. ആരും വന്നിട്ടില്ലാത്തിടത്ത് നീ ഇപ്പോൾതന്നെ വന്നുകഴിഞ്ഞിരിക്കുന്നു. ഞാൻ നിനക്ക് ഒരു വരംകൂടി തരാം.' യമൻ പറഞ്ഞു.

'ദേവാ, ഭർത്താവിൽനിന്ന് എനിക്ക് നൂറു പുത്രന്മാർ ഉണ്ടാകണമെ ങ്കിലോ? ഭർത്താവ് ജീവിച്ചേ പറ്റുകയുള്ളു. പിന്നെന്തിനാണ് അദ്ദേഹത്തി ന്റെ ജീവൻ കൊണ്ടുപോകുന്നത്. അങ്ങ് അദ്ദേഹത്തെ ജീവിപ്പിക്കണം. അതാണ് എനിക്കു വേണ്ടുന്ന അഞ്ചാമത്തെ വരം.' സാവിത്രി പറഞ്ഞു.

ശരിയല്ലേ അത്? യമന് യാതൊരു സംശയവും അവശേഷിച്ചില്ല. വരം നല്കിയിട്ട് യമൻ യാത്രയായി.

സാവിത്രി തിരിഞ്ഞ് അതിവേഗം ഓടിത്തുടങ്ങി. ഭർത്താവിന്റെ മൃതശ രീരം കിടന്ന സ്ഥലത്തെത്തി. അതേ നിലയിൽത്തന്നെ കിടക്കുകയാണ് മൃതശരീരം. ഉദ്ദേശത്തോടെ അവൾ നിലത്തിരുന്നു. ഭർത്താവിന്റെ ശിരസ്സ് മുമ്പത്തെപ്പോലെ മടിയിലെടുത്തുവച്ചു. അത്ഭുതം എന്നല്ലാതെ എന്താണു പറയുക? അതാ സത്യവാന്റെ മുഖത്തെ വൈവർണ്യം മാറുന്നു. ശരീര ത്തിൽ ഇളംചൂട് വ്യാപിക്കുന്നു. ശ്വാസോച്ഛ്വാസം വീണ്ടും പ്രവർത്തിക്കുന്നു. സത്യവാൻ കൈകാലിളക്കുന്നു. മുരിനിവരുന്നു. എഴുന്നേറ്റിരിക്കുന്നു. സാവിത്രിയെ ഉറ്റുനോക്കുന്നു!

സാവിത്രീ, എനിക്ക് തലവേദനയും തളർച്ചയും ഉണ്ടായി. ഞാൻ പരവശ നായി നിലത്തു കിടന്നു. നീ എന്റെ തല മടിയിലെടുത്തുവെച്ചു. അതെല്ലാം എനിക്ക് ഓർമയുണ്ട്. പക്ഷേ, അതിനുശേഷം എന്റെ മനസ്സ് കുരിരുട്ടിൽ മുങ്ങി. തേജസ്വിയായ ഒരു മഹാപുരുഷൻ വന്നെത്തി. അദ്ദേഹം ആരായി രുന്നു? നിനക്ക് അറിയാമെങ്കിൽ പറയൂ. അതോ, ഞാൻ സ്വപ്നം കണ്ടതായി രുന്നോ?' സത്യവാൻ ചോദിച്ചു.

'ഞാൻ എല്ലാം നാളെ പറഞ്ഞുതരാം. ഇപ്പോഴിതാ നേരം വളരെ വൈകിയിരിക്കുന്നു. സൂര്യൻ അസ്തമിച്ചിട്ട് സമയം കുറെയായി. വന്യമൃഗങ്ങളുടെ ശബ്ദം കേട്ടുതുടങ്ങി. നമുക്ക് മടങ്ങിപ്പോവാം.' സാവിത്രി പറഞ്ഞു.

'ഇത് വൻകാടാണ്. ഈ ഇരുട്ടിൽ നീ എങ്ങനെ നടക്കും? എനിക്ക് നിന്നെക്കുറിച്ചു ഭയമുണ്ട്.' സത്യവാൻ പറഞ്ഞു.

'എന്നാൽ ഞാനൊരു കാര്യം ചെയ്യാം. അങ്ങ് വെട്ടിയ വിറകെടുത്ത് തീ കൂട്ടാം. അങ്ങേക്ക് ഇപ്പോഴും അല്പം ക്ഷീണം തോന്നുന്നുണ്ടാവും. നമുക്ക് ഇവിടെ രാത്രി കഴിക്കാം. രാവിലെ പോവുകയും ചെയ്യാം.' സാവിത്രി വഴി കാട്ടി.

'അതു വേണ്ട. ഇന്നോളം ഞാൻ പർണശാലയിൽ വൈകി ചെന്നിട്ടില്ല. വൈകിയാൽ കാഴ്ചയില്ലെങ്കിലും അച്ഛൻ എന്നെ അന്വേഷിച്ചിറങ്ങും. അച്ഛനും അമ്മയും പലപ്പോഴും ഒന്നു പറയാറുണ്ട്. എന്നെ പിരിഞ്ഞാൽ അവർ ജീവിച്ചിരിക്കില്ലെന്ന്. അവർക്ക് ഒരൊറ്റ താങ്ങുള്ളത് ഞാനാണ്. അവർക്കുവേണ്ടിയാണ് എന്റെ ജീവിതംതന്നെ!' അതു പറഞ്ഞപ്പോൾ സത്യവാന്റെ കണ്ഠം ഇടറി.

സാവിത്രി എഴുന്നേറ്റുനിന്നു. അഴിഞ്ഞുലഞ്ഞ തലമുടി പഴയതുപോലെ കെട്ടിവെച്ചു. ഭർത്താവിനെ താങ്ങി എഴുന്നേല്പിച്ചു. ഒരു കൈയിൽ മഴുവെടുത്തു. മറ്റേ കൈകൊണ്ട് ഭർത്താവിനെ പിടിച്ചു. അങ്ങനെ അവർ നടന്നുപോയി. ആദ്യമൊക്കെ സത്യവാന് അല്പം തളർച്ച തോന്നി. ക്രമേണ പൂർവശക്തി വീണ്ടുകിട്ടി.

ആ സമയം പർണ്ണശാലയിൽ എന്തൊക്കെയാണ് സംഭവിച്ചിരുന്നത്?

പൊടുന്നനെ അന്ധനായ ദ്യുമത്സേനന് കാഴ്ച തിരിച്ചുകിട്ടി. എന്തൊരു സന്തോഷമാണ് ഉണ്ടായതെന്നോ! അത് സ്വാഭാവികമാണുതാനും. എങ്കിലും ഒരു പരിഭ്രമം ഇല്ലാതില്ല. പ്രിയപുത്രനും പുത്രഭാര്യയും മടങ്ങിയെത്തിയിട്ടില്ല. രാത്രി ഏറെയായിരിക്കുന്നുതാനും. പുത്രവത്സലനായ രാജാവ് പുത്രനെ അന്വേഷിച്ചിറങ്ങി. ഒന്നിച്ചു രാജ്ഞിയും. കല്ലുകൾ കൊണ്ട് പാദങ്ങളിൽ മുറിവുകൾപറ്റി. ചെടികളിലെ മുള്ളുകൾകൊണ്ട് ശരീരങ്ങളിലും. അടുത്തു ചില ആശ്രമങ്ങളുണ്ട്. അവിടങ്ങളിൽ ചില മുനിമാരും ശിഷ്യന്മാരും പാർത്തുവരുന്നു. അവരിൽ ചിലർ രാജദമ്പതികളെ ആശ്രമത്തിൽ തിരിച്ചെത്തിച്ചു. ദ്യുമത്സേനനെ സാന്ത്വനപ്പെടുത്താനായിരുന്നു അവരുടെ ശ്രമം. പക്ഷേ, അദ്ദേഹം കിടന്നു കരഞ്ഞുതുടങ്ങി.

'രാജൻ, സത്യവാനോടുകൂടി പതിവ്രതയായ സാവിത്രിയുമുണ്ട്. ആ സ്ഥിതിക്ക് യാതൊരു വിപത്തും സംഭവിക്കയില്ല.' സുവർച്ചസ്സ് എന്ന മുനി പറഞ്ഞു.

'സത്യവാന് ഒരു കുഴപ്പവും ഉണ്ടായിട്ടില്ല. എന്റെ തപശ്ശക്തികൊണ്ട് എനിക്ക് അതറിവായിരിക്കുന്നു.' ഗൗതമൻ എന്ന മുനി പറഞ്ഞു.

'സാവിത്രിയിൽ സകല ഗുണങ്ങളും തികഞ്ഞുനില്ക്കുന്നു. അവൾക്കോ സത്യവാനോ യാതൊരു അപായവും വന്നുചേരുകയില്ല.' ഭരദ്വാജൻ എന്ന മുനി പറഞ്ഞു.

'ഞാൻ സത്യവാനിൽ ദീർഘായുസ്സിന്റെ ലക്ഷണങ്ങൾ കണ്ടിട്ടുണ്ട്.' ധൗമ്യൻ എന്ന മുനി പറഞ്ഞു.

'അങ്ങേയ്ക്കു കാഴ്ച കിട്ടിയത് സാവിത്രി കാരണമാണ്.' ദാൽഭ്യൻ എന്ന മുനി പറഞ്ഞു.

'മൃഗങ്ങളുടെയും പക്ഷികളുടെയും ശബ്ദങ്ങൾ സൂചിപ്പിക്കുന്നത് എനിക്കറിയാം. തീർച്ചയായും സത്യവാൻ ജീവിച്ചിരിപ്പുണ്ട് എന്നതാണ് അവ.' ആപസ്തംബൻ എന്ന മുനി പറഞ്ഞു.

മാഹാത്മ്യമുള്ള മുനിമാരാണ് എല്ലാവരും. അവരുടെ വാക്കുകൾ വീൺവാക്കാകുകയില്ല. ദ്യുമത്സേനന് തെല്ലൊരു ആശ്വാസമായി.

അതാ കയറിവരുന്നു സത്യവാനും സാവിത്രിയും!

രാജദമ്പതികളുടെ ആഹ്ലാദം കാണണം!

'സാവിത്രീ, ദ്യുമത്സേനന്റെ അന്ധത എങ്ങനെ മാറി? അതു നിനക്കറിയാം. എല്ലാം പറഞ്ഞുകൊടുക്കൂ.' സർവജ്ഞനായ ഗൗതമമുനി ആവശ്യപ്പെട്ടു.

അതനുസരിച്ച് സാവിത്രി സംസാരിച്ചു:

'ഞാൻ സത്യം പറയാം. ഭർത്താവിന്റെ മരണത്തെക്കുറിച്ച് നാരദമുനി മുമ്പുതന്നെ അറിയിച്ചിരുന്നു. മരണദിവസം വാസ്തവത്തിൽ ഇന്നായിരുന്നു. അക്കാരണംകൊണ്ടു മാത്രമാണ് ഞാൻ ഇന്ന് ഭർത്താവിനെ വിട്ടുപിരിയാത്തത്. അദ്ദേഹത്തിന്റെ ജീവനെ യമൻ കൊണ്ടുപോയി. ഞാൻ യമനെ പ്രസാദിപ്പിച്ച് അതു തിരിയെ മേടിച്ചു. കൂടാതെ നാലു വരങ്ങളും സമ്പാദിച്ചു. അവയിൽ ഒന്നാണ് ശ്വശുരനു കാഴ്ച നൽകിയത്.'

മറ്റു വരങ്ങളും ലഭിച്ചിരുന്നല്ലോ സാവിത്രിക്ക്.

ഒന്നൊന്നായി ആ വരങ്ങൾ സത്ഫലങ്ങളെ പ്രദാനംചെയ്തു.

രാവിലെ വമ്പിച്ചൊരു ഘോഷയാത്ര പർണശാലയിൽ വന്ന് അവസാനിച്ചു. മന്ത്രിമാർ, സേനാധിപന്മാർ, ഭടന്മാർ—അങ്ങനെ അനേകം പേരുണ്ട്. സാലരാജ്യത്തിൽനിന്നു വന്നവരാണ് അവർ.

മന്ത്രിമാർ മുന്നോട്ടു ചെന്ന് ദ്യുമത്സേനനെ വണങ്ങി.

'തമ്പുരാനേ, ഞങ്ങൾ ശത്രുരാജാവിനെ വധിച്ചിരിക്കുന്നു. ശത്രുഭടന്മാർ നമ്മുടെ രാജ്യം വിട്ട് ഓടിപ്പോയി. അവിടുന്നു തിരിച്ചുവന്നു രാജ്യഭാരം ഏറ്റെടുക്കണം. അത് അപേക്ഷിക്കാൻ വന്നതാണു ഞങ്ങൾ.' അവർ അറിയിച്ചു.

ദ്യുമത്സേനൻ, രാജ്ഞി, സത്യവാൻ, സാവിത്രി—നാലുപേരും പല്ലക്കുകളിൽ കയറി. യഥാസമയം അവർ സാലരാജ്യത്തിൽ എത്തിച്ചേർന്നു. പ്രജകൾ അവരെ അത്യാദരവോടെ എതിരേറ്റു. ദ്യുമത്സേനൻ പണ്ടേപ്പോലെ രാജാവായി. സത്യവാൻ യുവരാജാവുമായി.

സത്യവാനും സാവിത്രിക്കും നൂറു പുത്രന്മാരുണ്ടായി—യമൻ വരം നൽകിയതുപോലെ.

അശ്വപതിരാജാവിനും ജനിച്ചു നൂറു പുത്രന്മാർ.

എല്ലാറ്റിനും കാരണം ഒന്നായിരുന്നു – സാവിത്രിയുടെ പാതിവ്രത്യം!

(മഹാഭാരതം, വനപർവം—പാതിവ്രത്യമാഹാത്മ്യം)

ശീലാവതി

ഉഗ്രതപസ്സ് എന്നൊരു മുനി. ആ മുനിയുടെ പത്നിയാണ് ശീലാവതി. ഭർത്താവും ഭാര്യയും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്. ഭർത്താവ് കടുകോപിയാണ്. കുറ്റം പറയുകയാണ് സദാസമയവും. ഒട്ടും ദയവില്ലാത്ത പെരുമാറ്റവും. ശീലാവതി ഗുണവതിയാണ്. സുശീലയാണ്. ഭർത്താവിനോടു ദേഷ്യമേ വരികയില്ല. ഏതു ക്രൂരതയും സഹിക്കും. ശരിക്കുമുള്ള പതിവ്രത!

ക്രമേണ ഉഗ്രതപസ്സിന് രോഗം ബാധിച്ചു. ശരീരം വീർത്തുവന്നു. കൂളിയും ജപവും ഇല്ലാതായി. നടക്കാനും ശക്തിയില്ല. എല്ലായ്പോഴും കിടപ്പുതന്നെ. രോഗം വർദ്ധിച്ചതോടെ ദേഷ്യവും കൂടിവന്നു.

ശീലാവതിക്ക് ഒരേ ഒരു വ്രതമേയുള്ളൂ — ഭർത്താവിനെ ശുശ്രൂഷിക്കുക എന്ന വ്രതം. രോഗിക്ക് മരുന്നുകൊടുക്കുക, ദേഹം വൃത്തിയായി വെക്കുക, പരിചരിച്ച് അടുത്തിരിക്കുക — അങ്ങനെ പലതും. തൻകാര്യം എന്നതേ ആ സാധിക്കില്ല.

അമ്മാതിരിയുള്ള ശുശ്രൂഷയിൽ ഉഗ്രതപസ്സിനു തെല്ല് ആശ്വാസം കിട്ടി. ഭക്ഷണത്തിൽ അമിതമായ ആസക്തിയും ഉണ്ടായി. ചിലരെല്ലാം ഉഗ്രതപസ്സിനെ ഊണിനു ക്ഷണിക്കും. വാസ്തവത്തിൽ നടന്നുപോകാനൊന്നും വയ്യ. എങ്കിലും പോയി ഉണ്ണണമെന്നു നിർബന്ധമാണ്. ശീലാവതിതന്നെ ഭർത്താവിനെ ചുമന്നുകൊണ്ടുപോകും. ആഹാരം കഴിച്ചു തിരിയെ കൊണ്ടുവരും. അതായിരുന്നു പതിവ്. എത്രമാത്രം ദേഹാദ്ധ്വാനമാണ് ശീലാവതിക്ക്! എങ്കിലും അവൾ അതൊട്ടും വകവെച്ചില്ല.

ഒരു ദിവസം അവൾ ഭർത്താവിനെ ചുമന്നു നടക്കുകയായിരുന്നു. അന്ന് പതിവില്ലാത്ത ഒരു തെരുവിലൂടെ പോകേണ്ടിവന്നു. കുറെ ദൂരെ ഒരു മണിമാളിക നിന്നിരുന്നു. ഒരു ദുഷിച്ച സ്ത്രീയുടെ വകയായിരുന്നു മണിമാളിക. ശീലാവതി മറ്റൊരു വഴിയിലൂടെ ഭർത്താവിനെ കൊണ്ടുപോയി. അത് ഉഗ്രതപസ്സ് മനസ്സിലാക്കുകയുംചെയ്തു. കാരണം അറിയണമെന്ന് അയാൾക്ക് ആഗ്രഹം തോന്നി. വീട്ടിൽ ചെന്നയുടൻ ശീലാവതിയോടു ചോദിക്കയുംചെയ്തു.

'ആ മാളികയിൽ ഒരു ദുഷിച്ച സ്ത്രീയുണ്ട്. ആ വഴിക്കു നടക്കാൻപോലും കൊള്ളുകയില്ല. അത്ര ചീത്തയാണ് ആ സ്ത്രീ.' ശീലാവതി പറഞ്ഞു.

ഉഗ്രതപസ്സ് ആലോചന തുടങ്ങി. ആലോചന രാത്രിയിലും തുടർന്നുപോയി. അയാൾക്ക് ഉറക്കമേ വന്നില്ല.

'എന്തോ ചിന്ത അങ്ങയുടെ മനസ്സിനെ അലട്ടുകയാണ്. എന്താണത്? സത്യം പറയണം.' ഭാര്യ ആവശ്യപ്പെട്ടു.

'എനിക്ക് ആ സ്ത്രീയുടെ ഭർത്താവായി കഴിയണം.' ഉഗ്രതപസ്സ് ലജ്ജയില്ലാതെ മറുപടി നല്കി.

കണ്ടില്ലേ വൃദ്ധന്റെ തെമ്മാടിത്തം? തനിക്കു പതിവ്രതയായ ഒരു ഭാര്യയുണ്ട്. എന്നിട്ട് ഒരു ദുഷിച്ച സ്ത്രീയെ ഭാര്യയാക്കണമത്രെ! അക്കാര്യം ഭാര്യയോടു തുറന്നുപറയാനും മടിയില്ല!

ഭർത്താവിന്റെ പോക്കു വഴിപിഴച്ചതാണ്. അതിൽനിന്നും അദ്ദേഹത്തെ പിൻതിരിപ്പിക്കണം. അതിനായി ശീലാവതിയുടെ പ്രയത്നം. അവൾ ധർമങ്ങളെ ഓർമപ്പെടുത്തി.

'നീ എന്നെ പഠിപ്പിക്കാൻ നോക്കുന്നു, അല്ലേ? ധർമം അറിയാത്ത ആളൊന്നുമല്ല ഞാൻ, കേട്ടോ? ഈ നിമിഷം നീ എന്നെ ആ സ്ത്രീയുടെ മാളികയിലാക്കണം.' ഉഗ്രതപസ്സ് ശഠിച്ചു.

അപ്പോഴേക്കും രാത്രി ഏറെ കഴിഞ്ഞിരിക്കയാണ്. കൂരിരുട്ടുള്ള രാത്രിയുമാണ്. അതൊന്നും ശീലാവതി കൂട്ടാക്കിയില്ല. അവൾ ഭർത്താവിനെ വഹിച്ചു നടന്നുപോയി.

വഴിയിൽ ആപത്തു പതിയിരിക്കയാണ് — അക്കാര്യം ഉഗ്രതപസ്സോ ശീലാവതിയോ അറിഞ്ഞിരുന്നില്ല.

മാണ്ഡവ്യൻ എന്നൊരു മുനിയുണ്ട്. അദ്ദേഹം മോഷ്ടിച്ചെന്ന് രാജാവ് തെറ്റിദ്ധരിച്ചു. രാജാവ് മുനിയെ കഴുവിലിട്ടു. മുനി വേദന സഹിച്ചു കഴുവിൽ കിടന്നു. ആ വഴിക്കാണ് ശീലാവതിയുടെ വരവുണ്ടായത്. കൂരിരുട്ടു കാരണം അവൾ കഴുവിനെയും മുനിയെയും കണ്ടില്ല. ഉഗ്രതപസ്സിന്റെ തല മാണ്ഡവ്യന്റെ കാലിൽ ചെന്നു മുട്ടി. മാണ്ഡവ്യന് അസഹ്യമായ വേദനയുണ്ടായി.

'സൂര്യൻ ഉദിക്കുമ്പോൾ നീ മരിച്ചു വീഴട്ടെ!' മാണ്ഡവ്യൻ ഉഗ്രതപസ്സിനു ശാപമേകി.

ഉഗ്രതപസ്സ് പരിഭ്രമിച്ചു വശായി.

'ശീലാവതീ, ഞാൻ നിന്റെ ഉപദേശം അനുസരിച്ചില്ല. അതെനിക്കു വിനയായി. എന്റെ മരണം അടുത്തിരിക്കുന്നു. നീ എന്നെ വേഗം വീട്ടിൽ എത്തിക്കൂ.' അയാൾ പാമരവ്യത്തോടെ പറഞ്ഞു.

ശീലാവതിയുടെ പാതിവ്രത്യം പ്രകടമായി.

'അങ്ങു യാതൊന്നുകൊണ്ടും ഭയപ്പെടേണ്ട. ഞാൻ അങ്ങയുടെ ജീവൻ രക്ഷിക്കും!' അവൾ ധൈര്യപ്പെടുത്തി.

അവൾ സൂര്യഭഗവാനെ പ്രാർത്ഥിച്ചു.

'സൂര്യദേവാ, അങ്ങ് എനിക്കു വൈധവ്യം വരുത്തരുത്. അങ്ങ് ഉദിക്കാതിരിക്കണം.' അവൾ ആവശ്യപ്പെട്ടു.

ഭർത്താവിനെയുംകൊണ്ട് ഭാര്യ വീട്ടിലെത്തി.

യാമങ്ങൾ ഇഴഞ്ഞുനീങ്ങി. ഉദിക്കാനുള്ള സമയമായി. എന്നിട്ടും സൂര്യൻ ഉദിച്ചില്ല. ശീലാവതിയുടെ പാതിവ്രത്യത്തിന്റെ ശക്തി അപാരമാണ്. അതു സൂര്യഭഗവാന് അറിയുകയുംചെയ്താം. ശീലാവതിയുടെ ശാപത്തെ അത്രയധികം ഭയമാണ്.

നേരം വളരെക്കഴിഞ്ഞു. സൂര്യൻ ഉദിക്കാതിരിക്കുകയും ചെയ്യുന്നു. ഈ നിലയ്ക്കു പോയാൽ ലോകം നശിച്ചുപോവുകയില്ലേ? ദേവേന്ദ്രൻ പരിഭ്രമിച്ചു ബ്രഹ്മാവിനെ ചെന്നുകണ്ടു. ദേവേന്ദ്രനും ബ്രഹ്മാവും ശിവനെ ചെന്നുകണ്ടു. ദേവേന്ദ്രനും ബ്രഹ്മാവും ശിവനും മഹാവിഷ്ണുവിനെ ചെന്നുകണ്ടു.

'അനസൂയയ്ക്കു മാത്രമേ ഇക്കാര്യത്തിൽ വല്ലതും ചെയ്യാനൊക്കൂ. നമുക്ക് അനസൂയയെ കാണാൻ പോകാം." മഹാവിഷ്ണു പറഞ്ഞു.

അത്രിമഹർഷിയുടെ പത്നിയാണ് അനസൂയ — പതിവ്രതകളിൽ പതിവ്രതയും.

എല്ലാവരുംകൂടി അനസൂയയുടെ അടുക്കലെത്തി. നടന്നതെല്ലാം അറിയിക്കുകയുംചെയ്തു. സഹായിക്കണമെന്ന് അനസൂയയ്ക്കു മോഹമുണ്ട്. പക്ഷേ, അതിനുമുമ്പ് ഒന്നു വേണ്ടതുണ്ടായിരുന്നു.

'ഭഗവാന്മാരേ, നിങ്ങൾ എന്റെ ഭർത്താവിന്റെ അനുമതി വാങ്ങണം.' അനസൂയ ആവശ്യപ്പെട്ടു.

അവർ അത്രിമഹർഷിയോടു വിവരം പറഞ്ഞു:

'അനസൂയേ, ഇവരുടെ അഭീഷ്ടം സാധിച്ചുകൊടുക്കൂ.' അത്രിമഹർഷി പത്നിയോടാവശ്യപ്പെട്ടു.

അനസൂയ ശീലാവതിയുടെ അരികിലെത്തി.

ശീലാവതി അനസൂയയെ പുണ്യിച്ചിരുത്തി.

'എന്താണ് ഇപ്പോൾ ഇങ്ങോട്ടു പോന്നത്?' ശീലാവതി ആദരവോടെ ചോദിച്ചു.

'ഉദിക്കരുതെന്നു നീ സൂര്യനോട് ആവശ്യപ്പെട്ടിരിക്കയാണ്, അല്ലേ! സൂര്യൻ ഉദിച്ചില്ലെങ്കിൽ പ്രപഞ്ചമാകെ നശിച്ചുപോകും. ഞാൻ പറയാതെതന്നെ നിനക്ക് അതറിയാം. നീ ആവശ്യപ്പെട്ടാലേ ഇനി സൂര്യൻ ഉദിക്കുകയുള്ളൂ. നീ ലോകത്തെ രക്ഷിക്കണം.' അനസൂയ അപേക്ഷിച്ചു.

'ശരി, എനിക്കു വൈധവ്യം സംഭവിക്കാതെ സൂര്യൻ ഉദിച്ചുകൊള്ളട്ടെ.' ശീലാവതി പറഞ്ഞു.

ഇതിനിടയിൽ മൂന്നു ദിവസം കഴിഞ്ഞിരിക്കുന്നു.

അത്രയും കാലമായി ലോകം ഇരുളിൽ ആണ്ടുകിടക്കുകയാണ്. ശീലാവതി അനുവാദം നല്കിയില്ലേ? ആ നിമിഷം സൂര്യൻ ഉദിച്ചുയർന്നു. ലോകം വെളിച്ചത്തിൽ കുളിച്ചു. അതേസമയം ഉഗ്രതപസ്സ് മരിച്ചുവീണു. പക്ഷേ, ഒരേ ഒരു ക്ഷണനേരത്തേക്കുമാത്രം. ത്രിമൂർത്തികൾ ഉഗ്രതപസ്സിനെ ജീവിപ്പിച്ചു. അവർ മുനിക്കു ദീർഘായുസ്സു നല്കിയതോ പോകട്ടെ; അയാളെ യുവാവും സുന്ദരനുമാക്കി; സൽസ്വഭാവിയുമാക്കി!

ദേവന്മാർക്ക് അനസൂയയോടു കൃതജ്ഞത തോന്നി.

'അനസൂയേ, വരം വാങ്ങിക്കൊള്ളൂ.' ത്രിമൂർത്തികൾ പ്രസന്നരായി പറഞ്ഞു.

'ഭഗവാന്മാരേ, നിങ്ങൾ മൂന്നുപേരും എന്റെയും ഭർത്താവിന്റെയും പുത്രന്മാരാവണം.' അനസൂയ ആഗ്രഹം പ്രകടിപ്പിച്ചു.

ത്രിമൂർത്തികൾ സന്തോഷത്തോടെ ആ വരം നല്കി. പിൽക്കാലത്ത് അവർ അത്രിയുടെയും അനസൂയയുടെയും പുത്രന്മാരായി ജന്മമെടുത്തു. ബ്രഹ്മാവ് ചന്ദ്രനായിട്ട്; മഹാവിഷ്ണു ദത്താത്രേയനായിട്ട്, ശിവൻ ദുർവാസാവായിട്ടും.

അവർണനീയമായ ശോഭയുണ്ടായിരുന്നു ചന്ദ്രന്. ആ ദേവൻ നാലു പാടും അമൃതം തൂകി. നക്ഷത്രങ്ങളുടെയും ഔഷധങ്ങളുടെയും നാഥനുമായി.

ദത്താത്രേയൻ യോഗീന്ദ്രനായി. ആയിരം ശിഷ്യന്മാരുടെ ഗുരുനാഥനുമായി. അദ്ദേഹം അവർക്കു ജ്ഞാനോപദേശം നല്കി. അവർ ഗുരുവിനെ സേവിച്ചു ജീവിച്ചു. ദത്താത്രേയന്റെ ധ്യാനത്തിനു വിഘ്നം നേരിട്ടു. അവരെ അകറ്റാനായി അദ്ദേഹം ഒരു സുന്ദരമൈടുത്തു. അദ്ദേഹം മദ്യപാനിയായി

നടിച്ചു. അപ്പോൾ അവരെല്ലാം ഒഴിഞ്ഞുമാറി. ദത്താത്രേയന് സ്വസ്ഥതയും കിട്ടി.

ശിവൻ ഒരിക്കൽ അസുരന്മാർ പലരെയും കൊന്നൊടുക്കി. എന്നിട്ടും കോപം കത്തിജ്വലിച്ചുകൊണ്ടിരുന്നു. കോപം അടക്കണമെന്ന് ശ്രീപാർവതി നിർബന്ധിച്ചു. ആദ്യമൊന്നും ശിവന് അതു സാധ്യമായില്ല. എങ്കിലും ഒടുവിൽ പണിപ്പെട്ടു ശാന്തനായി. ഭഗവാന്റെ കോപം രൂപംധരിച്ചു — അതോ, ദുർവാസാവുമഹർഷിയായിട്ടും!

ബ്രാഹ്മണസ്ത്രീ; ധർമവ്യാധൻ

വേദം നല്ലതുപോലെ അഭ്യസിച്ച ആളാണ് കൗശികൻ എന്ന ബ്രാഹ്മണൻ. അളവറ്റ യോഗശക്തി നേടുകയും ചെയ്തിരുന്നു. ഒരിക്കൽ അദ്ദേഹം വേദം ചൊല്ലിക്കൊണ്ട് ഇരിക്കയായിരുന്നു. ഒരു മരത്തിന്റെ ചുവട്ടിലാണ് ഇരുന്നത്. തലയ്ക്കുനേരെ മുകളിലുള്ള മരക്കൊമ്പിൽ ഒരു പക്ഷി ഇരിപ്പുണ്ട് — അത് അദ്ദേഹം ശ്രദ്ധിച്ചില്ല. പെട്ടെന്ന് അദ്ദേഹത്തിന്റെ തലയിൽ എന്തോ വന്നു വീണു. എടുത്തുനോക്കിയപ്പോഴോ? പക്ഷിയുടെ കാഷ്ഠം! കൗശികന്റെ ദേഷ്യം ചിറപൊട്ടി. അദ്ദേഹം ആ ദേഷ്യത്തോടെ പക്ഷിയെ ഒന്നു നോക്കി. പക്ഷി തൽക്ഷണം ചത്തുവീണു.

കൗശികന്റെ യോഗശക്തിയാണു കാരണം.

പെട്ടെന്നാണ് അദ്ദേഹത്തിന്റെ ദേഷ്യം ഉജ്ജ്വലിച്ചത്. പെട്ടെന്നുതന്നെ കെട്ടടങ്ങുകയുംചെയ്തു. അപ്പോൾ അദ്ദേഹത്തിനു പശ്ചാത്താപം ഉണ്ടായി. പക്ഷിയെ കൊന്നതു കഷ്ടമായിപ്പോയി.

അദ്ദേഹം ഭിക്ഷയ്ക്കായി ഒരു ബ്രാഹ്മണന്റെ ഗൃഹത്തിൽ ചെന്നുകയറി. വീട്ടുകാരിയായ ബ്രാഹ്മണസ്ത്രീ പാത്രം തേച്ചുകഴുകുകയായിരുന്നു.

'അല്പമൊന്നു നില്ക്കണം. എന്റെ ജോലി കഴിഞ്ഞോട്ടെ. അതിനു ശേഷം ഞാൻ ഭിക്ഷ തരാം.' വീട്ടുകാരി ബ്രാഹ്മണനോടു പറഞ്ഞു.

അപ്പോഴേക്കും വീട്ടുകാരനായ ബ്രാഹ്മണൻ വരികയായി. വിശന്നുവരികയാണ് അദ്ദേഹം. പതിവ്രതയായിരുന്നു വീട്ടുകാരി. ഭർത്താവിനെ കണ്ടപ്പോൾ ആ സ്ത്രീ വീട്ടുജോലി മതിയാക്കി. ഭർത്തൃശുശ്രൂഷയാണു തന്റെ പരമമായ ധർമം — അതായിരുന്നു അവരുടെ വിശ്വാസം. ഭർത്താവിനു വിളമ്പിക്കൊടുക്കുക. അദ്ദേഹത്തെ നല്ലവണ്ണം ഭക്ഷണം കഴിപ്പിക്കുക — അതിലായി ഭാര്യയുടെ ശ്രദ്ധ മുഴുവനും. ഭർത്താവിന്റെ ഭക്ഷണം കഴിഞ്ഞപ്പോഴോ? ഭിക്ഷയ്ക്കായി കാത്തുനില്ക്കുന്നയാളുടെ കാര്യം ഓർമിച്ചു. ആ സ്ത്രീ ഭിക്ഷയുമെടുത്തു പുറത്തേക്കു ചെന്നു.

കൗശികന് ദേഷ്യമായി.

'ഉടനെ ഭിക്ഷ തരാമെന്നു പറഞ്ഞു. എന്നിട്ട് എന്തിനിത്ര താമസിച്ചു?' അദ്ദേഹം ചോദിച്ചു.

'എന്റെ ഭർത്താവിനെ ശുശ്രൂഷിക്കയായിരുന്നു ഞാൻ. അതിനാൽ താമസം നേരിട്ടുപോയി. അങ്ങ് എന്നോടു ക്ഷമിക്കണം.' വീട്ടുകാരി അപേക്ഷിച്ചു.

കൗശികന്റെ കോപം വർദ്ധിച്ചതേയുള്ളൂ.

'അപ്പോൾ നിങ്ങൾക്കു ഭർത്താവു മതി. ഭിക്ഷയ്ക്കു വന്നയാൾ സാമമില്ല. അല്ലേ?' അദ്ദേഹം ചോദിച്ചു.

ബ്രാഹ്മണസ്ത്രീ ചൂട്ട മറുപടി നല്കി:

'എനിക്കു ഭർത്താവാണ് ദൈവം. ഭർത്തൃശുശ്രൂഷയാണ് എന്റെ പ്രധാനമായ കർത്തവ്യം. അങ്ങ് എന്നോടു കോപിച്ചതുകൊണ്ടു ഫലമൊന്നുമില്ല. അതൊന്നും എന്നെ ഭയപ്പെടുത്തുകയില്ല. ഞാൻ വെറും പക്ഷിയൊന്നുമല്ല. കേട്ടോ? അങ്ങു വേദത്തിൽ പാണ്ഡിത്യം നേടിയിട്ടുണ്ട്, സമ്മതിക്കാം. പക്ഷേ, അങ്ങേക്കു ധർമം അറിഞ്ഞുകൂടാ. ധർമം പഠിക്കാൻ ഒരു വഴി ഞാൻ പറഞ്ഞുതരാം. മിഥിലാപുരിയിൽ ധർമവ്യാധൻ എന്നൊരു ആളുണ്ട്. ജാതിയിൽ അദ്ദേഹം വേടനാണ്. അദ്ദേഹത്തിൽനിന്നു ധർമം പഠിക്കൂ!'

കൗശികന് അത്ഭുതം തോന്നി. തനിക്കു കോപമുണ്ടായതും പക്ഷി ചത്തതും ഈ സ്ത്രീ എങ്ങനെ അറിഞ്ഞു? മറ്റൊന്നുകൂടിയുണ്ട്. താൻ കോപിച്ചതുകൊണ്ട് ഇവൾക്ക് ഒരു കുഴപ്പവും ഉണ്ടായില്ല. അവൾ പറഞ്ഞതിൽ എന്തോ കാര്യമുണ്ടാവണം. ധർമത്തെക്കുറിച്ചു തനിക്കുള്ള അറിവു പോരാ. ധർമവ്യാധനെ ചെന്നുകാണുകതന്നെ. കൗശികൻ മിഥിലാപുരിയിലേക്കു യാത്രയായി.

അവിടെ അദ്ദേഹം ധർമവ്യാധന്റെ പാർപ്പിടം കണ്ടുപിടിച്ചു. മാംസം വില്ക്കുന്ന ഒരു തെരുവിലായിരുന്നു ആ വീട്. ധർമവ്യാധൻ ആദ്യമായിട്ടാണ് കൗശികനെ കാണുന്നത്. എങ്കിലും അയാൾ അദ്ദേഹത്തെ തിരിച്ചറിഞ്ഞു.

'അങ്ങ് അന്വേഷിക്കുന്ന വേടൻ ഞാൻതന്നെ. ബ്രാഹ്മണസ്ത്രീ പറഞ്ഞതെല്ലാം എനിക്കറിയാം, അങ്ങ് ഇവിടെ വരാനുള്ള കാരണവും.' അയാൾ പറഞ്ഞു.

അപ്പോഴും കൗശികന് ആശ്ചര്യം തോന്നി. ഇയാൾ സകലതും സ്വയമേവ അറിഞ്ഞിരിക്കുന്നു. ഇയാൾക്ക് ദിവ്യശക്തികൾ ഉണ്ടെന്നു സ്പഷ്ടം.

വേദങ്ങൾ, പുരാണങ്ങൾ, ശാസ്ത്രങ്ങൾ, തത്ത്വങ്ങൾ, ധർമ്മങ്ങൾ — അവയെക്കുറിച്ചെല്ലാം ധർമവ്യാധൻ സംസാരിച്ചു. വെറും മാംസവില്പനക്കാരനാണ് ഈ വേടൻ. എന്നിരുന്നിട്ടും ബ്രാഹ്മണൻ അയാളിൽനിന്നു പലതും പഠിച്ചു.

'എന്തുകൊണ്ടാണ് നിങ്ങൾക്ക് ഇത്ര വിദ്യയും ധർമ്മവും ഉണ്ടായത്?' കൗശികൻ ചോദിച്ചു.

ധർമ്മവ്യാധൻ അദ്ദേഹത്തെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ അയാളുടെ വൃദ്ധരായ മാതാപിതാക്കൾ ഉണ്ടായിരുന്നു. അയാൾ അവരെ ചൂണ്ടിക്കാട്ടി.

'ഹേ ബ്രാഹ്മണാ, ഇവരാണ് എന്റെ ദൈവങ്ങൾ. ഇവർക്കുവേണ്ടിയാണ് ഞാൻ പ്രാണൻ ധരിക്കുന്നത്. ഞാൻ ഇവരെ നേരിട്ടു ശുശ്രൂഷിക്കുന്നു. എനിക്കു സിദ്ധികൾ നല്കിയത് മാതൃഭക്തിയും പിതൃഭക്തിയുമാണ്. ബ്രാഹ്മണസ്ത്രീക്കു സിദ്ധികൾ നൽകിയതോ, പാതിവ്രത്യവും.' ധർമ്മവ്യാധൻ അറിയിച്ചു.

കൗശികന്റെ ഒരു രഹസ്യവും ധർമ്മവ്യാധൻ എടുത്തുകാണിച്ചു.

'അങ്ങ് അച്ഛനമ്മമാരുടെ വാക്കുകൾ കേട്ടില്ല. വേദം പഠിക്കാനായി അവരുടെ സമ്മതമില്ലാതെ അങ്ങ് ഇറങ്ങിത്തിരിച്ചു. അവർ അങ്ങയെച്ചൊല്ലി

വ്യസനിച്ചുകഴിയുന്നു. അങ്ങ് മടങ്ങിപ്പോയി അവരെ ശുശ്രൂഷിക്കുക. അല്ലാത്തപക്ഷം ഇപ്പോഴുള്ള ഗുണങ്ങൾപോലും നഷ്ടപ്പെട്ടുപോകും.'

കൗശികന്റെ മനസ്സ് അപ്പാടെ മാറി.

'ധർമ്മവ്യാധാ, എന്റെ ഭാഗ്യംകൊണ്ട് അങ്ങയെ കണ്ടുകിട്ടി. ഞാനിതാ അച്ഛനമ്മമാരുടെ അടുക്കലേക്കു പോകുന്നു. അതിനു മുമ്പ് ഒന്ന് അറിഞ്ഞാൽകൊള്ളാമെന്നുണ്ട്. ഇത്ര മഹത്ത്വമുള്ള അങ്ങ് വേടനായത് എങ്ങനെ?' അദ്ദേഹം ചോദിച്ചു.

ധർമ്മവ്യാധൻ തന്റെ പൂർവകഥ കേൾപ്പിച്ചു.

കഴിഞ്ഞ ജന്മത്തിൽ അയാൾ ബ്രാഹ്മണനായിരുന്നു. ചെറുപ്പത്തിൽത്തന്നെ വേദവും മറ്റും നല്ലപോലെ അഭ്യസിച്ചിരുന്നു. അയാളുടെ സ്നേഹിതനായി ഒരു രാജാവുണ്ട്. രാജാവ് അസ്ത്രവിദ്യയിൽ സമർത്ഥനുമാണ്. സംസർഗ്ഗംകൊണ്ട് ബ്രാഹ്മണനും അസ്ത്രവിദ്യയിൽ താത്പര്യമുണ്ടായി. ഒരിക്കൽ രാജാവ് ബ്രാഹ്മണനോടുകൂടി വേട്ടയ്ക്കു പോയി. അവർ പരിവാരങ്ങളോടൊന്നിച്ച് ഒരു മഹർഷിയുടെ ആശ്രമത്തിന്റെ അരികിലെത്തി. രാജാവ് പലേ മൃഗങ്ങളെയും കൊന്നുവീഴ്ത്തി. ബ്രാഹ്മണൻ ഒരു മൃഗത്തെ ലക്ഷ്യമാക്കി അമ്പയച്ചു. അമ്പ് ലക്ഷ്യം പിഴച്ച് മഹർഷിയുടെ ദേഹത്തു ചെന്നു തറച്ചു.

'നീ ഒരു വേടനായി ജനിക്കുമാറാകട്ടെ!' മഹർഷി ശാപമേകി.

ബ്രാഹ്മണൻ ശാപമോക്ഷം യാചിച്ചു.

'നീ വേടനായാലും ധർമ്മജ്ഞനായിരിക്കും. നിന്റെ മാതൃഭക്തിയും പിതൃഭക്തിയും നിനക്കു സിദ്ധികൾ നല്കും. ഒടുവിൽ നീ സ്വർഗത്തു പോവുകയുംചെയ്യും.' മഹർഷി കനിഞ്ഞരുളി.

ഇതായിരുന്നു ധർമവ്യാധന്റെ പൂർവ്വകഥ.

കൗശികൻ ധർമവ്യാധനെ തൊഴുതുകൊണ്ടു വലംവെച്ചു. യാത്ര പറഞ്ഞ് അച്ഛനമ്മമാരുടെ അടുക്കലേക്കു പോയി അവരെ ശുശ്രൂഷിച്ച് കാലം കഴിക്കയുംചെയ്തു.

അതിനെല്ലാം കാരണക്കാരിയോ? പതിവ്രതയായ ബ്രാഹ്മണസ്ത്രീയും.

(മഹാഭാരതം, വനപർവ്വം — മാർക്കണ്ഡേയസമസ്യ)

ദമയന്തി

ഭീമൻ എന്നു പേരുള്ള മഹാനാണ് വിദർഭയിലെ മഹാരാജാവ്. ആദ്യകാലത്ത് അദ്ദേഹത്തിനു മക്കൾ ഉണ്ടായിരുന്നില്ല. ഒരിക്കൽ ദമനൻ എന്നൊരു മുനി വിദർഭയിൽ ചെന്നു. രാജാവും രാജ്ഞിയും ദമനനെ ആദരവോടെ സത്കരിച്ചു പൂജിച്ചു. ദമനന് അതിയായ സന്തോഷം തോന്നി. മുനിയുടെ അനുഗ്രഹത്താൽ രാജദമ്പതികൾക്ക് നാലു സന്താനങ്ങൾ ഉണ്ടായി — ദമൻ, ദാന്തൻ, ദമനൻ എന്ന മൂന്നു പുത്രന്മാരും ദമയന്തി എന്ന ഒരു പുത്രിയും.

ദമയന്തി വളർന്നു യുവതിയായി. ദേവവർഗം, മനുഷ്യവർഗം, യക്ഷവർഗം — അവയിലൊന്നിലും അവളോടൊപ്പം അഴകുള്ള യുവതിയില്ല.

മഹാവീരനും സുന്ദരനുമായിരുന്നു നളൻ. നിഷധരാജ്യത്തിലെ രാജാവും. നളനെക്കുറിച്ചുള്ള പ്രശംസകൾ ദമയന്തി കേട്ടിരുന്നു. ദമയന്തിയെക്കുറിച്ചുള്ള പ്രശംസകൾ നളനും. തനിക്ക് അനുരൂപനായ വരൻ നളനാണ് — അതായി ദമയന്തിയുടെ വിശ്വാസം. തനിക്ക് അനുരൂപയായ വധു ദമയന്തിയാണ് — അതായി നളന്റെ വിശ്വാസം.

ഒരു ദിവസം നളൻ ഉദ്യാനത്തിലേക്കു ചെന്നു. അപ്പോൾ സ്വർണവർണത്തിലുള്ള ഒരു ഹംസത്തെ കണ്ടു. നളൻ ഒളിച്ചുചെന്നു ഹംസത്തെ പിടികൂടി.

'രാജൻ, എന്നെ കൊല്ലാതിരുന്നാൽ ഞാനൊരു ഉപകാരം ചെയ്യാം. ഞാൻ ദമയന്തിയെക്കണ്ട് അങ്ങയെ വാഴ്ത്തിപ്പറയാം. എന്നാൽ, അവൾ അങ്ങയെ വരിക്കും.' ഹംസം പറഞ്ഞു.

നളൻ സന്തോഷത്തോടെ ഹംസത്തെ വിട്ടു. ഹംസം ക്ഷണത്തിൽ പറന്നുയർന്ന് ആകാശത്തിൽ മറഞ്ഞു — നേരെ ചെന്നിറങ്ങിയതോ, വിദർഭയിലെ കൊട്ടാരത്തിലുള്ള ഉദ്യാനത്തിലും.

ദമയന്തി തോഴിമാരോടുകൂടി ഉദ്യാനത്തിൽ വിഹരിക്കുകയായിരുന്നു. പറന്നിറങ്ങിയ സ്വർണഹംസത്തെ കണ്ടപ്പോഴോ? അതിയായ കൗതുകം തോന്നി.

ഹംസം അവളോടു പലതും സംസാരിച്ചു. പ്രധാനമായും നളനെക്കുറിച്ചായിരുന്നു സംസാരം. കൂട്ടത്തിൽ ചിലതൊക്കെ പറഞ്ഞു — നളനൊപ്പം ഗുണങ്ങളൊത്ത പുരുഷനില്ല എന്ന്; നളന്റെ ഭാര്യയായാൽ ദമയന്തി ഭാഗ്യവതിയാകുമെന്ന്.

താമസിയാതെ വിദർഭരാജാവ് ദമയന്തിയുടെ സ്വയംവരത്തിനുള്ള ഏർപ്പാടുകൾ ചെയ്തു. നാനാരാജ്യങ്ങളിലെയും രാജാക്കന്മാർ സ്വയംവരത്തിന് എത്തിച്ചേർന്നു. ആൾത്തിരക്കും കോലാഹലവുമായി വിദർഭയിൽ.

ദേവേന്ദ്രൻ, അഗ്നി, വരുണൻ, യമൻ — അവർക്കും അറിവു കിട്ടി ദമയന്തിയുടെ സ്വയംവരത്തെക്കുറിച്ച്. പടങ്ങിൽ സംബന്ധിക്കാൻ താത്പര്യമുണ്ടായി നാലുപേർക്കും. അവരൊന്നിച്ചു ഭൂമിയിലെത്തി. വിദർഭയിലേക്കു യാത്രയായി.

വഴിയിൽവെച്ച് നളനെ കണ്ടുമുട്ടി.

നളനും സ്വയംവരത്തിനു പോവുകയായിരുന്നു.

'നളാ, നീ ഞങ്ങളുടെ ദൂതനായി ദമയന്തിയെ ചെന്നു കാണണം. ഞങ്ങളിൽ ഒരാളെ വരിക്കണമെന്ന് ആവശ്യപ്പെടുകയും വേണം.' അവർ നിർദ്ദേശിച്ചു.

'ദേവന്മാരേ, ഞാനും ദമയന്തിയെ വിവാഹംകഴിക്കാൻ ആഗ്രഹിക്കുന്നു.' നളൻ അറിയിച്ചു.

പക്ഷേ, അതൊന്നും നാലു ദേവന്മാരും കൂട്ടാക്കിയില്ല. അവരുടെ ആജ്ഞയെ ധിക്കരിക്കാൻ നളനു ധൈര്യമുണ്ടായില്ല. രാജഭടന്മാർ കാണാതെ നളന് ദമയന്തിയുടെ അടുക്കലെത്താം — അതെല്ലാം ദേവന്മാർ ശരിപ്പെടുത്തി. നളൻ നിർബാധമായി ദമയന്തിയെ കണ്ടു. ദേവന്മാരുടെ സന്ദേശവും നല്കി.

ദമയന്തിയുടെ കണ്ണുകളിൽ ചുടുജലം നിറഞ്ഞു.

'നളമഹാരാജാവേ, ഞാൻ അങ്ങയെ മാത്രമേ വരിക്കുകയുള്ളൂ.' അവൾ ദൃഢമായി പറഞ്ഞു.

അതിന് എന്താണൊരു വഴി? നളനു മനസ്സു മുട്ടി. പക്ഷേ, ദമയന്തിക്ക് ഒരു യുക്തി തോന്നി.

'അങ്ങും ദേവന്മാരും ഒന്നിച്ച് ഒരിടത്ത് ഇരിക്കണം. ഞാൻ അങ്ങയെ വരിച്ചുകൊള്ളാം.' അവൾ പറഞ്ഞു.

ഒടുവിൽ സ്വയംവരത്തിനുള്ള സമയമായി. അനേകം രാജാക്കന്മാർ യഥാസ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചിരിക്കുന്നു. തന്നെ ദമയന്തി വരിക്കും എന്നാണ് ഓരോ രാജാവിന്റെയും പ്രതീക്ഷ. വരണമാലയുമായി ദമയന്തി പന്തലിൽ പ്രവേശിച്ചു. എന്നിട്ടു നാലു ചുറ്റിനും കണ്ണോടിച്ചു. അതാ, ഒരിടത്ത് അഞ്ചു പേർ ഒന്നിച്ചിരിക്കുന്നു. അഞ്ചുപേരും നളനെപ്പോലെ! ദേവന്മാർ നളന്റെ വേഷം ധരിച്ചിട്ടുണ്ട്. സാക്ഷാൽ നളനും കൂടിയായപ്പോഴോ? അഞ്ചു നളന്മാർ! പക്ഷേ, സാക്ഷാൽ നളനെ എങ്ങനെ തിരിച്ചറിയും? ദമയന്തി അല്പനേരം വിഷമിച്ചുനിന്നു.

പെട്ടെന്ന് അവളുടെ ബുദ്ധി പ്രവർത്തിച്ചു. ദേവന്മാരുടെ ചില പ്രത്യേകതകൾ അവളുടെ ഓർമയിൽ വന്നെത്തി. വാടാമലരുകൾ കൊരുത്ത മാലയാണ് ദേവന്മാർ ധരിക്കുക. അവരുടെ ശരീരം ഭൂമിയെ സ്പർശിക്കുകയില്ല. പൊടി അവരുടെമേൽ പുരളുകയുമില്ല. അവൾ അഞ്ചു പേരിൽ ഓരോരുത്തരെയായി ശ്രദ്ധിച്ചു നോക്കി. ഒരാളുടെ കഴുത്തിലെ മാലയിലുള്ള പൂക്കൾ അല്പം വാടിയിട്ടുണ്ട്. ആ ആളുടെമേൽ കുറച്ചു പൊടി പുരണ്ടിരിക്കുന്നു. അപ്പോൾ അവൾക്കു തീർച്ചയായി ആ ആൾ നളനാണ് എന്ന്. ഒട്ടും സംശയിക്കാതെ ആ ആളുടെ കഴുത്തിൽ അവൾ വരണമാലയിട്ടു.

ദേവന്മാർ നാലും അപ്രത്യക്ഷരായി.

ദമയന്തി നളനോടുകൂടി നിഷധത്തിലേക്കു പോയി. അവർ അവിടെ സുഖജീവിതം ആരംഭിച്ചു. യഥാകാലം അവർക്കു രണ്ടു മക്കളുണ്ടായി — ഇന്ദ്രസേനൻ എന്ന ആൺകുട്ടിയും ഇന്ദ്രസേന എന്ന പെൺകുട്ടിയും.

അമാനുഷമാണ് കലിയും ദ്വാപരനും. അവർക്ക് നളനോടു വിരോധം തോന്നിയിരുന്നു. നളനെ നശിപ്പിക്കാനായി അവരുടെ പരിശ്രമം. കലി നളന്റെ ശരീരത്തെ ബാധിച്ചു. അതോടുകൂടി നളന്റെ സൽസ്വഭാവത്തിനു മാറ്റവുമുണ്ടായി. നളനൊരു അനുജനുണ്ട്. പുഷ്കരൻ. കലിയുടെ പ്രേരണകാരണം പുഷ്കരൻ എന്തു ചെയ്തു എന്നോ? ജ്യേഷ്ഠനെ ചൂതുകളിക്കായി വെല്ലുവിളിച്ചു. കലി ബാധിച്ച നളൻ ചൂതുകളി തുടങ്ങി. പക്ഷേ, നളനു തോൽവിയാണുണ്ടായത്. നളന്റെ രാജ്യവും ധനവും പുഷ്കരന്റെ വകയായി.

അപ്പോഴാണ് ദമയന്തിയുടെ മാഹാത്മ്യം പ്രകടമായത്. എന്തു വന്നാലും ശരി, താൻ ഭർത്താവിനോടുകൂടി ജീവിക്കും — അതായിരുന്നു ആ പതിവ്രതയുടെ നിശ്ചയം. രാജ്ഞി മക്കളെ പിതാവിന്റെ അടുക്കലേക്ക് അയച്ചു. എന്നിട്ട് നളന്റെ പിറകെ നിഷധം വിട്ടിറങ്ങി. സകലതും നഷ്ടപ്പെട്ടിരുന്നു ആ രാജദമ്പതികൾക്ക്. അവർക്കു യാതൊരു ലക്ഷ്യവും ഉണ്ടായിരുന്നില്ല. ദാഹിക്കുമ്പോൾ പച്ചവെള്ളം കുടിക്കുക; വിശക്കുമ്പോൾ കായോ, കനിയോ തിന്നുക; ഉദ്ദേശ്യമില്ലാതെ നടക്കുക — അങ്ങനെ അവർ സഞ്ചരിച്ചുകൊണ്ടിരുന്നു.

'ദമയന്തീ, നീ എന്നെ വിട്ടിട്ട് അച്ഛന്റെ രാജ്യത്തിലേക്കു പൊയ്ക്കൊള്ളൂ.' നളൻ ഉപദേശിച്ചു.

'അങ്ങയെ വിട്ടു ഞാൻ ഒരിടത്തും പോവുകയില്ല.' അവൾ തീർത്തു പറഞ്ഞു.

അവർ അവശരായി വീണ്ടും അലഞ്ഞുനടന്നു. ഒരു രാത്രിയിൽ വഴിയമ്പലത്തിൽ തങ്ങി. ദമയന്തി ക്ഷീണംകൊണ്ടു കിടന്നയുടനെ ഉറങ്ങിപ്പോയി. നളൻ ഉറങ്ങാതെ കിടക്കുകയായിരുന്നു. ചിന്തകൾ അദ്ദേഹത്തിന്റെ മനസ്സിനെ അലട്ടി. തന്നെച്ചൊല്ലിയാണ് ദമയന്തിക്ക് ഈ കഷ്ടപ്പാട്. താനില്ലെങ്കിൽ അവൾ വിദർഭയിലേക്ക് പൊയ്ക്കൊള്ളും. പത്നിയെ ഉപേക്ഷിക്കാൻതന്നെ നളൻ തീരുമാനിച്ചു. കലി ബാധിച്ചിരുന്ന മനസ്സല്ലേ? നളൻ ഒച്ചയുണ്ടാക്കാതെ എഴുന്നേറ്റു പൊയ്ക്കളഞ്ഞു.

രാവിലെ ദമയന്തി ഉണർന്നപ്പോഴോ? നളനെ അവിടെയെങ്ങും കാണാനില്ല. പരിഭ്രമത്തോടെ ഭർത്താവിനെ അന്വേഷിച്ചു നടന്നു. ഏകാകിനിയാണ് ദമയന്തി ഇപ്പോൾ; സങ്കല്പിക്കുന്നതു പെരുകാട്ടിലും. കരഞ്ഞുകരഞ്ഞു തളർന്നിരിക്കുന്നു. യാത്രാക്ഷീണമോ, സഹിക്കാനും വയ്യ.

വലുതായ ഒരു ആപത്തുണ്ടായി. വമ്പനായൊരു പെരുമ്പാമ്പ് ദമയന്തിയെ കേറിപ്പിടിച്ചു. പെരുമ്പാമ്പ് ദമയന്തിയെ വിഴുങ്ങുമായിരുന്നു—ഒരു കാട്ടാളൻ ഓടിവന്നു പെരുമ്പാമ്പിനെ കൊന്നിരുന്നില്ലെങ്കിൽ!

ദമയന്തിക്കു രക്ഷ കിട്ടി. പക്ഷേ, മരണത്തിൽനിന്നു മാത്രം. മരണത്തെക്കാൾ വലിയൊരു ആപത്താണിപ്പോൾ. താൻ രക്ഷിച്ച സ്ത്രീയുടെ സൗന്ദര്യം കാട്ടാളനെ ഭ്രമിപ്പെടുത്തി. ആ സ്ത്രീയെ തന്റെ ഭാര്യയാക്കണം എന്നായി അവന്റെ നിശ്ചയം. ദമയന്തിയുണ്ടോ അതിനു വഴിപ്പെടുന്നു? ആ പതിവ്രത പലതും പറഞ്ഞുനോക്കി. അതൊന്നും ആ ദുഷ്ടൻ കൂട്ടാക്കിയില്ല. അപ്പോൾ ദമയന്തി കാട്ടാളനു ശാപമേകി. കാട്ടാളൻ ചാമ്പലായി!

ഏകാകിനിയായി വീണ്ടും രാജ്ഞി യാത്രചെയ്തു. കുന്നുകൾ, താഴ്വരകൾ, നദീതീരങ്ങൾ, പടർപ്പുകൾ, ഗുഹകൾ — അവയിലെല്ലാം നളനുണ്ടോ എന്നു പരീക്ഷിച്ചു. ഇല്ല, നളൻ ഒരിടത്തുമില്ല.

കുറെ കച്ചവടക്കാർ പോകുന്നതു കണ്ടു. ദമയന്തി അവരുടെ കൂട്ടത്തിൽ യാത്രചെയ്തു. രാത്രിയിൽ കച്ചവടക്കാർ ഒരിടത്തു താവളമടിച്ചു. അവർ കിടന്നുറങ്ങുവെ കുറെ കാട്ടാനകൾ വന്നെത്തി അവരെ ചവിട്ടിമെതിച്ചു. ചിലരൊക്കെ അഞ്ഞൂചതഞ്ഞു മരിച്ചു. ബാക്കിയുള്ളവർ ജീവനും കൊണ്ടു പാഞ്ഞുപോയി. അവരുടെ കൂട്ടത്തിലുണ്ടായിരുന്നു ദമയന്തിയും. ആ സ്ത്രീയെ തങ്ങളുടെ കൂട്ടത്തിൽ ചേർത്തില്ല? അതാണു തങ്ങൾക്ക് ഈ വിനയൊക്കെ വന്നുചേരാൻ കാരണം. അപ്രകാരമായി അവരുടെ തെറ്റിദ്ധാരണ. പക്ഷേ, ചുരുക്കം ചിലർക്ക് ദമയന്തി നിരപരാധിയാണെന്നു തീർച്ചയായി. അവർ ആ നിസ്സാഹയയെ ചേദിരാജ്യത്തിൽ എത്തിച്ചു.

അവിടത്തെ രാജ്ഞി ദമയന്തിക്ക് അഭയമേകി. സുനന്ദ എന്നൊരു പുത്രിയുണ്ട് രാജ്ഞിക്ക്. ദമയന്തിയെ രാജ്ഞി സുനന്ദയുടെ തോഴിയാക്കി.

അങ്ങനെ ദമയന്തി ചേദിരാജ്യത്തിൽ പാർപ്പു തുടങ്ങി.

ആ സമയം നളൻ എവിടെയായിരുന്നു?

ദമയന്തിയെ ഉപേക്ഷിച്ചിട്ടു പോവുകയായിരുന്നു നളൻ. ഒരു കാട്ടിലൂടെയായിരുന്നു യാത്ര. ഒരിടത്തു കാട്ടുതീ ഉയർന്നു കത്തുന്നതു കാണുമാറായി.

'നളാ, എന്നെ രക്ഷിക്കൂ!' കാട്ടുതീയ്ക്കുള്ളിൽനിന്ന് ഒരു സ്വരം!

ആരാണു കാട്ടുതീയ്ക്കുള്ളിൽ അകപ്പെട്ടിരിക്കുന്നത്? ആ ആൾ തന്നെ എങ്ങനെ തിരിച്ചറിഞ്ഞു? നളനു യാതൊന്നും മനസ്സിലായില്ല. ആരായിരുന്നാലും രക്ഷിക്കുകതന്നെ വേണം. അദ്ദേഹം അങ്ങോട്ടേക്ക് ഓടിച്ചെന്നു. അവിടെ ചുരുണ്ടുകിടക്കുന്നു വലിയൊരു സർപ്പം!

കാർക്കോടകനാണു താനെന്ന് സർപ്പം വെളിപ്പെടുത്തി; എന്താണ് കാട്ടുതീയിൽ അകപ്പെടാൻ കാരണമെന്നും. മുമ്പൊരിക്കൽ കാർക്കോടകൻ നാരദമഹർഷിയെ ദേഷ്യപ്പെടുത്തി. കാർക്കോടകൻ അനങ്ങാൻ വയ്യാതെ ഒരിടത്തു കിടക്കട്ടെ എന്ന് മഹർഷി ശാപമേകി. നളൻ വന്നു രക്ഷിക്കും എന്നു ശാപമോക്ഷവും.

'നളാ, ഞാൻ എന്റെ ദേഹം ചെറുതാക്കാം. അതിനുശേഷം അങ്ങ് എന്നെ എടുത്തുകൊണ്ട് പോകൂ.' കാർക്കോടകൻ പറഞ്ഞു.

ദിവ്യശക്തികളുണ്ട് കാർക്കോടകന്. ആ സർപ്പപ്രവരൻ ദേഹമൊന്നു ചുരുക്കി. നളൻ കാർക്കോടകനെ വഹിച്ചു കാട്ടുതീയുടെ പുറത്താക്കി.

'നളാ, തിരിഞ്ഞുനോക്കാതെ പത്തടി നടക്കൂ.' കാർക്കോടകൻ ആവശ്യപ്പെട്ടു.

അടി എണ്ണിക്കൊണ്ട് നളൻ നടന്നുതുടങ്ങി. പത്താമത്തെ അടിയായപ്പോഴോ? കാർക്കോടകൻ പിറകിലൂടെ ചെന്ന് ഒരു കൊത്ത്.

ഇതാണോ ജീവൻ രക്ഷിച്ചതിനുള്ള പ്രതിഫലം? അപ്രകാരം സംശയിച്ചേക്കാം. പക്ഷേ, എന്തായിരുന്നു വാസ്തവം? നളന്റെ വെളുപ്പുനിറം അപ്പാടെ കറുപ്പായി. മറ്റൊരു കുഴപ്പവും ഉണ്ടായില്ലതാനും!

'നളാ, അങ്ങ് അന്യഥാ വിചാരിക്കരുത്. അങ്ങയുടെ വേഷം മാറാറുകമാത്രമാണു ഞാൻ ചെയ്തത്. പ്രച്ഛന്നനായി അങ്ങേക്കു കഴിയേണ്ടിവരും. പഴയ രൂപം കിട്ടാൻ ഞാനൊരു വസ്ത്രം തരാം. ആ വസ്ത്രം ധരിച്ചാൽ മാത്രം മതിയാവും. അങ്ങ് ബാഹുകൻ എന്നു പേരുള്ള സൂതനെന്നു നടിക്കണം. ഋതുപർണരാജാവിനെ ചെന്നു കാണുകയും വേണം.' കാർക്കോടകൻ ഉപദേശിച്ചു.

സർപ്പശ്രേഷ്ഠൻ നളനു ദിവ്യവസ്ത്രം സമ്മാനിച്ചു. ആശീർവാദവും ആശംസയും നൽകി. അതിനുശേഷം മറയുകയുംചെയ്തു.

പത്തു ദിവസം കഴിഞ്ഞ് നളൻ ഋതുപർണ്ണന്റെ രാജധാനിയിൽ എത്തി. രാജാവിനെക്കണ്ട് അദ്ദേഹം ചിലതെല്ലാം പറഞ്ഞു — താൻ സൂതനായ ബാഹുകനാണ് എന്ന്; കുതിരയോട്ടത്തിൽ സമർത്ഥനാണ് എന്ന്; ഒന്നാംകിടയിലുള്ള പാചകനാണ് എന്നും. അപ്രകാരമൊരു ആളിന്റെ ആവശ്യം ഉണ്ടായിരുന്നു ഋതുപർണന്. രാജാവ് നളനു കൊട്ടാരത്തിൽ ജോലി നൽകി.

അപ്രകാരം നളൻ അജ്ഞാതനായി കഴിഞ്ഞുപോന്നു.

ഇതിനിടയിൽ വിദർഭയിൽ എന്തൊക്കെയുണ്ടായി? ദമയന്തിയെയും നളനെയും കണ്ടുപിടിക്കണം — അതിനായി ഭീമരാജാവ് ബ്രാഹ്മണരെ പറഞ്ഞയച്ചിരുന്നു. പലേ രാജ്യങ്ങളിലും അവർ അന്വേഷിച്ചെങ്കിലും അവരെ കണ്ടെത്തിയില്ല. ബ്രാഹ്മണരിൽ ഒരാളാണ് സുദേവൻ. യദൃച്ഛയാ സുദേവൻ ചേദിരാജ്യത്തിൽ ചെന്നെത്തി. സുനന്ദയുടെ പുതിയ തോഴിയെ കണ്ടപ്പോഴോ? ദമയന്തിയെന്നു മനസ്സിലായി.

സുദേവൻ രാജ്ഞിയോട് വിവരം പറഞ്ഞു. അതിയായ സന്തോഷമുണ്ടായി രാജ്ഞിക്ക്. അതിനു പ്രത്യേകിച്ച് ഒരു കാരണവുമുണ്ട്. ദശാർണരാജാവായ സുദാവിന്റെ പുത്രി മാത്രമല്ല രാജ്ഞി. പിന്നെയോ, ദമയന്തിയുടെ മാതാവിന്റെ സഹോദരിയും! ദമയന്തി ശിശുവായിരുന്നപ്പോൾ കണ്ടതാണ്. പിന്നീടു കണ്ടതു വളരെ വർഷങ്ങൾക്കുശേഷം ഇപ്പോഴും. കണ്ടപ്പോൾ തിരിച്ചറിയാത്തതിൽ കുറ്റപ്പെടുത്താനൊക്കുമോ? അവർ ദമയന്തിയെ അകമ്പടിക്കാരുമായി വിദർഭയിലേക്കയച്ചു. അവിടെ എത്തിയപ്പോൾ അളവറ്റതായിരുന്നു എല്ലാവരുടെയും ആഹ്ലാദം!

ഇനി നളനെ കണ്ടുപിടിച്ചുകൊണ്ടുവരണം — അതിനായി ഭീമരാജാവു വേറെ ബ്രാഹ്മണദൂതന്മാരെ നിയോഗിച്ചു. അവരിൽ ഒരാളായിരുന്നു പർണ്ണാദൻ. പല രാജ്യങ്ങളിലും അന്വേഷണം നടത്തിയതിനുശേഷം പർണാദൻ അയോദ്ധ്യയിലെത്തി. രാജസദസ്സിൽവെച്ച് അദ്ദേഹം സന്ദർശനത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കി – അതായത് നളനെ കണ്ടുപിടിക്കുകയാണെന്ന്. രാജാവോ മറ്റുള്ളവരോ പ്രത്യേകിച്ചൊന്നും പറഞ്ഞില്ല. സന്നിഹിതരിൽ ഒരാളുടെ ഭാവംമാത്രം മാറുകയായി. സാരഥിയും പാചകനുമായ ബാഹുകനായിരുന്നു ആ ആൾ. ബാഹുകന്റെ കണ്ണുകളിൽനിന്നു കണ്ണുനീർ അടർന്നുവീണു തുടങ്ങി. അതു കണ്ടപ്പോൾ പർണാദന്റെ മനസ്സിൽ ചില സംശയങ്ങൾ കിളർന്നു. വാസ്തവത്തിൽ ബാഹുകൻ നളനായിരിക്കുമോ? ഇവന്റെ ആകാരവും മുഖച്ഛായയും നളനെപ്പോലെതന്നെ. പക്ഷേ, ഇവന്റെ നിറം തനിക്കറുപ്പാണ്. നളനാണെങ്കിൽ നല്ല വെളുത്തുമാണ്.

പർണ്ണാദൻ വിദർഭയിൽ തിരിച്ചെത്തി ദമയന്തിയോടു വിവരം പറഞ്ഞു. ദമയന്തിക്ക് ഒന്നു മിക്കവാറും തീർച്ചയായി — നളൻതന്നെയാണ് ബാഹുകൻ എന്ന്. കറുപ്പുനിറം എങ്ങനെ വന്നെന്നുമാത്രം പിടികിട്ടിയില്ല. അദ്ദേഹത്തെ എങ്ങനെ ഇങ്ങോട്ടു കൊണ്ടുവരും? ദമയന്തിയുടെ മനസ്സിൽ ഒരു യുക്തി ഉദയംചെയ്തു. ഉടൻതന്നെ ദമയന്തിയുടെ രണ്ടാം സ്വയംവരം നടക്കും — അങ്ങനെയൊരു വ്യാജവാർത്ത അയോദ്ധ്യയിൽ എത്തിക്കണം. ഋതുപർണൻ വ്യാജവാർത്ത വിശ്വസിച്ചേക്കും. രാജാവു മാത്രമല്ല, നളനും. നളൻ വരാതിരിക്കില്ല എന്നായിരുന്നു ദമയന്തിയുടെ അനുമാനം.

വർത്തമാനം ലഭിച്ചു ഋതുപർണന്.

"ബാഹുകാ, നമുക്കു സ്വയംവരത്തിനു പോകണം. സമയത്തിനു മുമ്പ് വിദർഭയിൽ എത്തിയേ കഴിയൂ. എത്തിക്കാനുള്ള കഴിവ് നിനക്കു മാത്രമേയുള്ളൂ.' രാജാവു പറഞ്ഞു.

നളന്റെ മനസ്സൊന്നു പിടഞ്ഞു. ദമയന്തിക്ക് രണ്ടാം സ്വയംവരമെന്നോ? അവൾ തന്നെ ഉപേക്ഷിച്ച് മറ്റൊരു ഭർത്താവിനെ സ്വീകരിക്കുക — അത് ആലോചിക്കകൂടി വയ്യ. ഏതിനും നേരിട്ടു ചെന്ന് വാസ്തവം അറിയണം.

'തമ്പുരാനേ, ഞാൻ അവിടുത്തെ സമയത്തിനുമുമ്പ് വിദർഭയിൽ എത്തിച്ചുകൊള്ളാം.' നളനായ ബാഹുകൻ പറഞ്ഞു.

നളൻ നല്ലതായ നാലു കുതിരകളെ രഥത്തിൽ പൂട്ടി. ഋതുപർണനെ രഥത്തിലിരുത്തി താനും കയറി ഓടിച്ചുപോയി. നളനു തുല്യനായ തേരാളി ഭൂലോകത്തിലില്ല. അശ്വങ്ങൾ ഓടുകയല്ല, പറക്കുകയാണ് എന്നു കണ്ടവർക്കു തോന്നി.

മാർഗമദ്ധ്യേ വലിയൊരു മരം കണ്ടു.

'ബാഹുകാ, ആ മരത്തിൽ ആകെ അഞ്ചുകോടി ഇലകളുണ്ട്. രണ്ടായി രത്തി തൊണ്ണൂറ്റഞ്ചു കായ്കളുമുണ്ട്.' ഋതുപർണൻ പറഞ്ഞു.

അത്ര കൃത്യമായി പറഞ്ഞതെങ്ങനെ എന്നായി നളന്റെ അന്വേഷണം.

'അക്ഷഹൃദയം എന്നൊരു അപൂർവവിദ്യയുണ്ട്. ആ വിദ്യ പ്രയോഗിച്ചാൽ അതു സാധിക്കും. ഞാനത് വശപ്പെടുത്തിയിട്ടുണ്ട്.' രാജാവ് അറിയിച്ചു.

അശ്വഹൃദയം എന്ന അപൂർവ്വവിദ്യ ബാഹുകനും അഭ്യസിച്ചിട്ടുണ്ട്. രാജാവ് ബാഹുകന് അക്ഷഹൃദയം നൽകി. ബാഹുകൻ രാജാവിന് അശ്വഹൃദയവും.

ആ സമയം നല്ലൊരു കാര്യം നടന്നു. നളന്റെ ഉള്ളിൽ കുടികൊണ്ടിരുന്നില്ലേ കലി? ആ ദുഷ്ടാത്മാവ് നളനെ വിട്ടുപോയി.

രാജാവും സാരഥിയും വിദർഭയിൽ എത്തിച്ചേർന്നു. ദമയന്തിയുടെ രണ്ടാം സ്വയംവരം എന്നാണല്ലോ കേട്ടിരുന്നത്. സാധാരണയായി സ്വയംവരത്തിന് ആൾത്തിരക്കും ഘോഷവും കാണും. ഇവിടെയാകട്ടെ, ഒച്ചയുമില്ല അനക്കവുമില്ല. ഇതെങ്ങനെ സംഭവിച്ചു?

വിദർഭരാജാവ് ഋതുപർണനെ സ്വീകരിച്ചു സത്കരിച്ചു.

നളൻ രഥശാലയിൽ ചെന്നിരുപ്പായി.

ദമയന്തി തോഴിയായ കേശിനിക്ക് ഒരു ജോലി നൽകി.

'കേശിനീ, ഋതുപർണന്റെ തേരാളി നളനല്ലേ? എനിക്കു ബലമായ സംശയമുണ്ട്, നീ പോയി സംശയം തീർത്തുവരൂ.' ദമയന്തി നിർദേശിച്ചു.

"കേശിനി രഥശാലയിൽ ചെന്ന് തേരാളിയെക്കണ്ടു. താൻ നളനാണെന്ന് തേരാളിയെക്കൊണ്ടു പറയിക്കണം. അതിനായിരുന്നു അവളുടെ പരിശ്രമം. പക്ഷേ, ആ പരിശ്രമം ഫലിച്ചില്ല. അവൾ മടങ്ങിച്ചെന്ന് ദമയന്തിയോട് വിവരം പറഞ്ഞു. ദമയന്തി കേശിനിയെ ഒന്നുകൂടി നിയോഗിച്ചു. ഇപ്രാവശ്യം മക്കളായ ഇന്ദ്രസേനനെയും ഇന്ദ്രസേനയെയും ഒപ്പം അയച്ചു. കുട്ടികളെ കണ്ട നിമിഷത്തിൽ എന്തായിരുന്നു ബാഹുകന്റെ അവസ്ഥ? കണ്ണുനീർ പൊഴിക്കുന്നു. അവരെ ഗാഢഗാഢം ആശ്ലേഷിക്കുന്നു. പലവുരു ചുംബിക്കുന്നു. അതും കേശിനി മടങ്ങിച്ചെന്ന് സ്വാമിനിയെ അറിയിച്ചു. അപ്പോൾ ദമയന്തി സ്വയം രഥശാലയിലേക്കു ചെന്നു. പരസ്പരം കണ്ടപ്പോൾ ഇരുവരും കണ്ണുനീരിൽ കുളിച്ചു. നളൻ നടന്നതെല്ലാം അറിയിക്കുകയും ചെയ്തു. അദ്ദേഹം കാർക്കോടകൻ സമ്മാനിച്ചിരുന്ന ദിവ്യവസ്ത്രം ധരിച്ചു. ആ നിമിഷം കറുപ്പുനിറം അപ്പാടെ മാറി. നളൻ പഴയ നളനായി.

വർത്തമാനം രാജ്യത്തിലാകമാനം പരന്നു.

ഋതുപർണന്റെ വരവായി.

'നളാ, അങ്ങ് എന്റെ രാജധാനിയിൽ അജ്ഞാതവാസം അനുഷ്ഠിക്കുകയുണ്ടായി. അതിനിടയിൽ ഞാൻ അറിഞ്ഞോ അറിയാതെയോ വല്ല തെറ്റും ചെയ്തിട്ടുണ്ടെങ്കിലോ? അങ്ങ് സദയം ക്ഷമിച്ചരുളണം.' അദ്ദേഹം അപേക്ഷിച്ചു.

'തെറ്റുകാരൻ ഞാനാണ്.' നളൻ വിനയത്തോടെ പറഞ്ഞു.

ഋതുപർണനെ യാത്രയാക്കിയിട്ട് നളൻ വിദർഭയിൽ താമസിച്ചു. കുറെ ദിവസം കഴിഞ്ഞ് നിഷധത്തിലേക്കു പോയി. പുഷ്കരനെ ചൂതിനു വിളിക്കുക എന്നതായിരുന്നു ആദ്യത്തെ കൃത്യം. ഇപ്രാവശ്യം ജയം നളനുതന്നെ ആയിരുന്നു. അങ്ങനെ രാജ്യം വീണ്ടും നളന്റെ അധീനതയിലായി.

ദുഷ്ടനായ അനുജന് നളൻ മാപ്പുനല്കി.

അദ്ദേഹം പിന്നീട് ദമയന്തിയെയും മക്കളെയും വരുത്തി. പണ്ടത്തെ ദുരിതങ്ങൾ പഴംകഥകളായി. ഇനിയിപ്പോൾ സുഖം മാത്രം!

(മഹാഭാരതം, ആരണ്യപർവം)

സുകന്യ

മനുവംശത്തിൽ പിറന്ന മഹാരാജാവാണ് ശര്യാതി. അതിസുന്ദരിയായ ഒരു പുത്രിയുണ്ട് ശര്യാതിക്ക്. സുകന്യ എന്നാണ് രാജകുമാരിയുടെ പേര്. ഒരിക്കൽ ശര്യാതി ഒരു വനത്തിലേക്കു പോയി. ഒന്നിച്ച് പരിവാരങ്ങൾ ഉണ്ടായിരുന്നു. മാത്രമല്ല, സുകന്യയും.

തോഴിമാരോടുകൂടി സ്വൈരമായി വിഹരിക്കുകയാണ് സുകന്യ. അവൾ ഒരിടത്ത് വലിയൊരു പുറ്റു കണ്ടു. പുറ്റിന്റെ അരികിൽ ചെന്ന് അവൾ പരിശോധന നടത്തി. അപ്പോൾ അതിൽ രണ്ടു ചെറിയ ദ്വാരങ്ങൾ കാണായി. ദ്വാരങ്ങളിൽകൂടി ഉള്ളിലേക്കു നോക്കിയപ്പോഴോ? എന്തോ മിനുമിനാ മിനുങ്ങുന്നു! എന്താണെന്ന് അറിയാൻ സുകന്യയ്ക്ക് ഔത്സുക്യം തോന്നി. അവൾ ഘനം കുറഞ്ഞ കമ്പെടുത്ത് ദ്വാരങ്ങളിൽ ഇറക്കിക്കുത്തി.

ആ നിമിഷത്തിൽ എല്ലാവർക്കും അസഹ്യമായ വയറുവേദന ഉണ്ടായി — ശര്യാതിക്കു മാത്രമല്ല, കൂടെ വന്നിട്ടുള്ള ഓരോ പുരുഷനും ഓരോ സ്ത്രീക്കും!

'നമ്മളിൽ ആരെങ്കിലും ഏതോ ഒരുപദ്രവം ചെയ്തിട്ടുണ്ടാവണം. അല്ലാതെ ഇങ്ങനെ വരികയില്ല, തീർച്ചയാണ്.' രാജാവ് ഉറപ്പിച്ചു പറഞ്ഞു.

അപ്പോൾ സുകന്യയ്ക്ക് ഒന്നു തോന്നി. താൻ പുറ്റിനുള്ളിൽ കമ്പിട്ടു കുത്തുകയുണ്ടായല്ലോ? ഒരുപക്ഷേ, അതാവുമോ ഈ ദുർഘടത്തിനു കാരണം? അവൾ നടന്നതെല്ലാം അച്ഛനോടു പറഞ്ഞു.

ശര്യാതി പുറ്റിന്റെ അരികിലേക്ക് ഉഴറിച്ചെന്നു. അദ്ദേഹം പുറ്റിനെ സൂക്ഷ്മമായി പരിശോധിച്ചു. എന്തിനധികം? താമസിയാതെ സകലതും മനസ്സിലായി. പുറ്റിനകത്ത് ച്യവനമഹർഷിയുണ്ട്. സുകന്യയുടെ കുത്തു കൊള്ളേറ്റത് മഹർഷിയുടെ കണ്ണുകളിലാണ്. ഏറ്റവും വലിയ തകരാറല്ലേ പറ്റിയിരിക്കുന്നത്? രാജാവ് മഹർഷിയോടു മാപ്പു ചോദിച്ചു.

ച്യവനമഹർഷി സമാധിയിൽനിന്ന് ഉണർന്നുകഴിഞ്ഞിട്ടുണ്ട്. ഭാഗ്യവശാൽ അദ്ദേഹത്തിന്റെ കണ്ണുകൾ പൊട്ടിയിരുന്നില്ല. വേണമെങ്കിൽ അദ്ദേഹത്തിന് ശര്യാതിയെയും സുകന്യയെയും ശപിക്കാം. പക്ഷേ, അതു ചെയ്തില്ല. ചെയ്തത് മറ്റൊന്നാണ്, ഒരു ആവശ്യം ഉന്നയിച്ചു — സുകന്യ തന്റെ പത്നിയാവണം!

രാജാവിന് സമ്മതിക്കാതെ പറ്റുമോ? സമ്മതിച്ച നിമിഷത്തിൽ സകലതു ടെയും വയസുവേദനയ്ക്കു ശമനമുണ്ടായി. അദ്ദേഹം പുത്രിയെ ച്യവനമഹർഷിക്കു നല്കി. എന്നിട്ടു പരിവാരങ്ങളുമായി കൊട്ടാരത്തിലേക്കു മടങ്ങിപ്പോയി.

സുകന്യ ഭർത്താവിനോടൊന്നിച്ചു വനത്തിൽ കഴിഞ്ഞു. മഹർഷിയെ ഭക്തിയോടുകൂടി ശുശ്രൂഷിക്കയും ചെയ്തു. അദ്ദേഹത്തിന്റെ യൗവനകാലം കഴിഞ്ഞിട്ടുണ്ടായിരുന്നു. പോരെങ്കിൽ ഇപ്പോൾ കോപിഷ്ഠനുമാണ്. കോപിച്ചാൽ ഫലം ഭയങ്കരമായിരിക്കും. അതു മനസ്സിലാക്കിയിരുന്നു സുകന്യ. ആ പതിവ്രതയുടെ ഭർത്തൃഭക്തി ഒന്നു പ്രത്യേകമായിരുന്നു. മഹർഷി കോപിക്കാൻ അവൾ ഇടകൊടുത്തതേയില്ല. അവളുടെ ശുശ്രൂഷയിൽ സന്തുഷ്ടനായിക്കഴിഞ്ഞു മഹർഷി.

ഒരു നാൾ ച്യവനാശ്രമത്തിൽ വന്നെത്തി അശ്വിനീദേവന്മാർ. സ്വർഗലോകത്തെ വൈദ്യശ്രേഷ്ഠന്മാരാണ് അവർ. അതേസമയം അതിരറ്റ ശരീരകാന്തിയുള്ളവരും. അവർ ഒരിക്കലും തമ്മിൽ പിരിഞ്ഞിരിക്കാറില്ല.

'അശ്വിനീദേവന്മാരേ, നിങ്ങൾക്കു സാധിക്കാത്ത ചികിത്സയില്ല. എന്നെ നിങ്ങൾ യുവാവാക്കണം. എന്നാൽ, ഞാൻ നിങ്ങൾക്കും ഒരു പ്രത്യുപകാരം ചെയ്യാം. ഇപ്പോൾ നിങ്ങൾക്കു സോമപാനത്തിനുള്ള അധികാരമില്ലല്ലോ. ഞാൻ നിങ്ങൾക്ക് ആ അധികാരം ഉണ്ടാക്കിത്തരാം. അപ്പോൾ നിങ്ങൾക്ക് ഇന്നുള്ള മഹിമ വളരെ വർദ്ധിക്കും.' ച്യവനൻ പറഞ്ഞു.

ദേവവൈദ്യന്മാർക്ക് ആ കരാർ സമ്മതമായി. അവർ ച്യവനമഹർഷിയെ ഒരു തടാകത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. സിദ്ധന്മാർ നിർമിച്ചിരുന്ന തടാകമാണത്. അതിനു ചില വിശേഷങ്ങളൊക്കെയുണ്ട്. അവർ മഹർഷിയുടെ കൈപിടിച്ചു. അങ്ങനെ മൂന്നുപേരും ഒന്നിച്ചു തടാകത്തിൽ ഇറങ്ങി മുങ്ങി. പൊങ്ങിയപ്പോഴോ? ച്യവനൻ തേജസ്വിയായ യുവാവായിരിക്കുന്നു!

സുകന്യ മൂന്നുപേരെയും നോക്കി. മൂന്നുപേരും ഒന്നുപോലെ. ഒരാളെ മറ്റൊരാളിൽനിന്നു തിരിച്ചറിഞ്ഞുകൂടാ. അത്രമാത്രം സാമ്യമായിരുന്നു അവർ തമ്മിൽ. മഹർഷിപത്നി വല്ലാതെ വിഷമിച്ചുപോയി.

'അശ്വിനീദേവന്മാരേ, നിങ്ങൾ രണ്ടുപേരും അല്പമൊന്നു മാറിനില്ക്കണേ!' അവൾ അപേക്ഷിച്ചു.

പതിവ്രതയാണ് സുകന്യയെന്ന് അവർക്കറിയാം. അവർ അല്പമൊന്നു മാറിനിന്നുകൊടുത്തു. ഒറ്റയ്ക്കു നില്ക്കുന്നയാളാണു തന്റെ ഭർത്താവ് — അക്കാര്യം അവൾക്കു തീർച്ചയായി.

ദേവവൈദ്യന്മാർ അവളെ അനുഗ്രഹിച്ചിട്ടു സ്വർഗലോകത്തേക്കു മടങ്ങിപ്പോയി.

നാളുകൾ വളരെയേറെ കഴിഞ്ഞുപോയി. ഒരിക്കൽ ശര്യാതി ച്യവനാശ്രമത്തിലേക്കു വന്നു. പുത്രിയെയും ജാമാതാവിനെയും സന്ദർശിക്കണം — അതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം.

രാജാവ് ഒരു കാഴ്ച കണ്ടു. ആദ്യം അത്ഭുതപ്പെട്ടു, പിന്നെ ദേഷ്യപ്പെട്ടു. തന്റെ പുത്രിയുടെ അരികത്തുണ്ട് കോമളനായ ഒരു യുവാവ്. മഹാരാജാവിന് ഒരു തെറ്റിദ്ധാരണ ഉണ്ടായി — സുകന്യ ച്യവനനെ ഉപേക്ഷിച്ചിരിക്കുന്നു എന്ന്; മറ്റൊരു പുരുഷനെ ഭർത്താവാക്കിയിരിക്കുന്നു എന്ന്. അദ്ദേഹത്തിന് അതിയായ കോപമുണ്ടായി.

'സുകന്യേ, സകലരാലും വന്ദിക്കപ്പെടുന്ന മഹർഷിയാണ് ച്യവനൻ. നീ അദ്ദേഹത്തെ കൈവെടിഞ്ഞു, അല്ലേ? മഹാകഷ്ടംതന്നെ. നീ നിന്റെ കുലത്തെ മലിനമാക്കി!' ശര്യാതി കോപാധിക്യത്തോടെ ഗർജിച്ചു.

അപ്പോൾ സുകന്യ നടന്നതെല്ലാം അറിയിച്ചു. ദേവവൈദ്യന്മാരുടെ സഹായത്തോടെ ച്യവനൻ യുവാവായതാണ് — അക്കാര്യം ശര്യാതിക്കു മനസ്സിലായി. അദ്ദേഹത്തിന്റെ തെറ്റിദ്ധാരണ അപ്പാടെ നീങ്ങി. പിതാവു പുത്രിയെ സർവാത്മനാ അനുഗ്രഹിച്ചു.

മഹാരാജാവിനെക്കൊണ്ട് ഒരു യാഗം നടത്തിച്ചു ച്യവനൻ. സോമയാഗം എന്ന യാഗമായിരുന്നു അത്. അശ്വിനീദേവന്മാരോട് ഒരു കരാർ ചെയ്തിരുന്നുവല്ലോ. ആ കരാർ പാലിക്കുക എന്നതായിരുന്നു യാഗത്തിന്റെ ഉദ്ദേശ്യം.

അശ്വിനീദേവന്മാരുടെ മഹിമ വർദ്ധിപ്പിക്കുകയോ? അതു ദേവേന്ദ്രന് ഒട്ടും ഇഷ്ടമായില്ല. ദേവേന്ദ്രൻ ക്രുദ്ധനായി യാഗസ്ഥലത്തു വന്നെത്തി. ച്യവനനെ വധിക്കാൻ കരാളമായ വജ്രായുധം ഉയർത്തുകയും ചെയ്തു. ദേവേന്ദ്രന്റെ ഉയർന്ന കൈ അനക്കാൻ വയ്യാതെ അങ്ങനെ നിന്നു. ആകെ സ്തംഭിച്ചുപോയി എന്നതാണു വാസ്തവം. ച്യവനൻ ആത്മശക്തി പ്രയോഗിച്ച് സ്തംഭിപ്പിച്ചതാണു കാരണം.

ച്യവനൻ അശ്വിനീദേവന്മാർക്ക് പുതിയ അവകാശം നല്കി.

പതിവ്രതയായ സുകന്യ ഭർത്താവിനോടൊന്നിച്ച് സുഖജീവിതം തുടർന്നുപോയി.

(ഭാഗവതം)

വിദുള

ഒരു രാജാവ്. അദ്ദേഹം ശത്രുരാജാവിനോടു യുദ്ധത്തിൽ തോറ്റുപോയി. ഭീരുത്വം എന്നൊരു ദോഷം രാജാവിനുണ്ട്. അദ്ദേഹം സ്വരാജ്യത്തിൽ ഓടിച്ചെന്നു. കോട്ട അടച്ച് ഉള്ളിൽ ഇരുപ്പുമായി.

രാജാവിന്റെ മാതാവാണ് വിദുള. വീര്യം ഉടലെടുത്ത രാജസ്ത്രീയാണ് അവർ. പുത്രന്റെ ഭീരുത്വം അമ്മയെ അത്യധികം ചൊടിപ്പിച്ചു:

'മകനേ, നീ എന്താണു ചെയ്യുന്നത്? ശത്രുവിനോട് തോറ്റിട്ട് അടച്ചിരിക്കുന്നു, അല്ലേ? ക്ഷത്രിയവംശത്തിന് നീ അപമാനം വരുത്തിവെക്കുന്നോ? കഷ്ടം! നീയും എന്റെ പുത്രനായി ജനിച്ചല്ലോ! നിന്നെപ്പോലുള്ള ഒരു ഭീരുവിനെ ഒരു സ്ത്രീയും ഒരിക്കലും പ്രസവിക്കരുതേ — അതാണ് ഈശ്വരനോട് ഞാൻ ചെയ്യുന്ന പ്രാർത്ഥന! എഴുന്നേല്ക്ക്, മകനേ! പോ പടക്കളത്തിലേക്ക്! ശത്രുക്കളെ കൊന്നൊടുക്ക്! നീ മരിച്ചാൽ സാരമില്ല. അതൊരു വീരമരണം ആയിരിക്കും. പോ!' ആ വീരസ്ത്രീ ഗർജിച്ചു.

'അമ്മേ, ഞാൻ മരിച്ചാൽ പിന്നെ അമ്മയ്ക്ക് ആരും ഉണ്ടാവുകയില്ല.' ഭീരുവായ പുത്രൻ മൂന്നേൻ ന്യായം പറഞ്ഞു.

'ആണുംപെണ്ണുംകെട്ടതുപോലെയാണ് നീ. എന്തിനിങ്ങനെ പേടിച്ചു ജീവിക്കുന്നു? ക്ഷത്രിയരായാൽ ശത്രുക്കളെ തോല്പിക്കണം. അല്ലാത്ത

പക്ഷം യുദ്ധക്കളത്തിൽ വീണു മരിക്കണം. ആ മരണം ധന്യമായിരിക്കും!' വിദുള പറഞ്ഞു.

രാജാവ് പല ന്യായങ്ങളും പറഞ്ഞുനോക്കി. പക്ഷേ, അതൊന്നും വിദുള ചെവിക്കൊണ്ടില്ല. അമ്മയുടെ വാക്കുകൾ ഒടുവിൽ ഉദ്ദിഷ്ടമായ ഫലം ഉള വാക്കി. അവ പുത്രന്റെ ഞരമ്പുകളിലൂടെ പുതിയൊരു വീര്യം പായിച്ചു. രാജാവ് പടക്കളത്തിൽച്ചെന്നു യുദ്ധംചെയ്തു. ഇപ്രാവശ്യം ജയമായിരുന്നു അനുഭവം.

ശ്ലാഘനീയമായിരുന്നു വിദുളയുടെ വീര്യം.

(മഹാഭാരതം)

ഹരിണി

കുംഭകൻ എന്നു പേരുള്ള ഒരു മഹർഷിയുണ്ടായിരുന്നു. പ്രത്യേക രീതി യിലുള്ള ഒരു വ്രതമുണ്ട് കുംഭകേന്. അദ്ദേഹം നിരന്തരമായി സഞ്ചരിച്ചുകൊ ണ്ടിരിക്കും. ഒരിടത്തു ചെന്നെത്തുന്നതു സന്ധ്യാസമയത്താണ് എന്നിരിക്കട്ടെ. മഹർഷി ആ സ്ഥലത്ത് ഒരു പർണശാല കെട്ടും. അതിൽ ആയിരം സംവ ത്സരം താമസിക്കും. അതിനുശേഷം അവിടംവിട്ടു പോകും. പിന്നെയും മുമ്പത്തെ പരിപാടിതന്നെ.

ഒരിക്കൽ അദ്ദേഹം സന്ധ്യയ്ക്ക് വാരാണസിയുടെ തെല്ലു ദൂരത്തി ലെത്തി. അവിടെ പർണശാല കെട്ടി പാർപ്പും തുടങ്ങി. ഏറെറവും അധികമാ യിരുന്നു അദ്ദേഹത്തിന്റെ തപശ്ശക്തി. ആ തപശ്ശക്തിയുടെ പ്രഭാവം പരി സരങ്ങളിൽ കാണുമാറായി. ദുഷ്ടജന്തുക്കൾ ആശ്രമത്തിന്റെ അടുത്തെങ്ങും വരികയില്ല. ചൂടോ തണുപ്പോ പേമാരിയോ ഉണ്ടാവുകയില്ല. വൃക്ഷങ്ങൾ സദാ മധുഫലങ്ങൾ വഹിച്ചുനില്ക്കും. ധാന്യങ്ങളും സസ്യങ്ങളും ജലവും എപ്പോഴും ധാരാളം ഉണ്ടായിരിക്കും.

കാശിരാജ്യത്തിൽ ഗ്രഹപീഡയുണ്ടായി. ഫലമായി വെയിലിന്റെ ചൂട് അസഹ്യമായി. ജനങ്ങൾക്ക് അത്യധികമായ കഷ്ടപ്പാടുകൾ ഉണ്ടായി. ഇടയന്മാരും ഉൾപ്പെട്ടിരുന്നു അവരുടെ കൂട്ടത്തിൽ. നഗരത്തിൽ ധാരാളം പശു ക്കളുണ്ട്. ഇടയന്മാർ അവയെ തീറ്റാനായി പുറമേ കൊണ്ടുപോകും. അവി ടെ പലേ മേച്ചിൽസ്ഥലങ്ങളുമുണ്ട്. പക്ഷേ, ഇപ്പോൾ അവിടങ്ങളും തരിശാ യിരിക്കുന്നു. പശുക്കൾക്കു വെള്ളവും പുല്ലും ഒരിടത്തും കിട്ടാതെയായി. ഒരിക്കൽ അവർ വിവശരായി അലയുകയായിരുന്നു. പെട്ടെന്നൊരു സ്ഥലം കണ്ട്, ആശ്ചര്യപ്പെട്ടു. വൃക്ഷങ്ങളും സസ്യങ്ങളും പുല്ലും ധാരാളമുള്ള ഒരു വനം. കുംഭകമഹർഷിയുടെ ആശ്രമം സ്ഥിതിചെയ്യുന്ന വനമാണത്. ഇടയ ന്മാർ പശുക്കളെ വേണ്ടത്ര പുല്ലു തീറ്റിച്ചു. ധാരാളം വെള്ളവും കൊടുത്തു. എത്ര സന്തോഷമായെന്നോ മേച്ചിൽസ്ഥലം കിട്ടിയപ്പോൾ. അടുത്ത ദിവ സവും അവർ പശുക്കളെ കൊണ്ടുവന്നു. അതിനടുത്ത ദിവസവും. തുടർ ന്നുള്ള ദിവസങ്ങളിലും.

അതിലൊന്നും വിശേഷിച്ച് ദുഷ്യമൊന്നും ഉണ്ടായിരുന്നില്ല. ദുഷ്യമുണ്ടാ യതു തെറ്റായ പ്രവൃത്തിയിലായിരുന്നു. ഇടയന്മാർ അവരുടെ പശുക്കളെ

നഗരത്തിലേക്കു കൊണ്ടുപോയി. അവയോടൊന്നിച്ച് കുംഭകമഹർഷിയുടെ ഒരു പശുവിനെയും.

മഹർഷി ഏറെറവും വാത്സല്യത്തോടെ വളർത്തുന്ന പശുവാണത്. അവളെ കാണാതായപ്പോൾ മഹർഷി വ്യാകുലനായി. ദീർഘദൃഷ്ടി ഉപയോഗിച്ചപ്പോഴോ? ഇടയന്മാർ കൊണ്ടുപോയെന്നു മനസ്സിലായി.

'ഇവരുടെ നഗരം ആയിരം വർഷത്തേക്കു ശൂന്യമായിപ്പോകട്ടെ!' അദ്ദേഹം കോപത്തോടെ ശാപമേകി. കാശിയിലെ അപ്പോഴത്തെ രാജാവാണ് ദിവോദാസൻ. പലേ ദുശ്ശകുനങ്ങളും രാജാവും മറെറുള്ളവരും കണ്ടു. നാശത്തിന്റെ മുന്നോടികളാണു ദുശ്ശകുനങ്ങൾ — അക്കാര്യം എല്ലാവർക്കും സ്പഷ്ടമായി. ദിവോദാസൻ പ്രജകളോടുകൂടി രാജ്യം വിട്ടിറങ്ങി. എല്ലാ വിധത്തിലും യുക്തമായ ഒരിടം തെരഞ്ഞെടുത്തു. അവിടം രാജധാനിയാക്കണം എന്നായി ദിവോദാസന്റെ നിശ്ചയം. അതിനുള്ള ജോലികൾ ആരംഭിക്കുകയുംചെയ്തു.

ആ സ്ഥലത്തു പണ്ടൊരു രാജധാനിയുണ്ടായിരുന്നു. ഹേഹയരാജാവായ മഹിഷ്മാന്റെ വകയായിരുന്നു അവിടം. മഹിഷ്മാൻ അവിടം ഉപേക്ഷിച്ചുപോയി. നർമദാനദിയുടെ തീരത്തു പുതിയൊരു നഗരം നിർമിച്ച് അങ്ങോട്ടു മാറി. മാഹിഷ്മതി എന്നായിരുന്നു ആ നഗരത്തിന്റെ പേര്.

ഇപ്പോൾ ഭദ്രശ്രേണ്യനാണ് ഹേഹയരാജാവ്. ഭദ്രശ്രേണ്യന് അറിവു കിട്ടി — കാശിരാജാവ് പുതിയ നഗരം നിർമിക്കുകയാണ് എന്ന്. അദ്ദേഹം പുത്രന്മാരെ അരികിൽ വിളിച്ചു:

'മക്കളേ, ദിവോദാസൻ നഗരമുണ്ടാക്കുന്നു. നമുക്ക് അവകാശപ്പെട്ട സ്ഥലമാണത്. നിങ്ങൾ ചെന്ന് ആ രാജാവിനെ തുരത്തുവിൻ.' ഭദ്രശ്രേണ്യൻ നിർദ്ദേശിച്ചു.

വീരന്മാരായിരുന്നു ഭദ്രശ്രേണ്യന്റെ പുത്രന്മാർ. അവർ സൈന്യത്തോടുകൂടി ആക്രമണം നടത്തി. പക്ഷേ, അവരിൽ മിക്കവരും ജീവൻ വെടിയുകയാണുണ്ടായത്. അതറിഞ്ഞ് ഭദ്രശ്രേണ്യൻതന്നെ പടക്കളത്തിലേക്കു ഴറി. ഇപ്രാവശ്യവും ദിവോദാസനുതന്നെയായിരുന്നു വിജയം. ഭദ്രശ്രേണ്യൻ നിരാശനായി സ്വരാജ്യത്തേക്കു മടങ്ങിപ്പോയി.

ഇനി കഥയുടെ രംഗവും ഗതിയും മാറുകയാണ്.

വിദേഹരാജ്യം ഭരിക്കുന്നത് വേഗവാനാണ്. ആ രാജാവിന് ഒരു പുത്രി ജാതയായി. കുട്ടിക്ക് ഹരിണി എന്നു പേരിട്ടു. ഹരിണി വളർന്നു യുവതിയായപ്പോഴോ? അവളുടെ സൗന്ദര്യം കാണികളെ അത്യധികം ആകർഷിച്ചു.

ഒരു ദിവസം ഹരിണി ഉദ്യാനത്തിൽ വിഹരിക്കയായിരുന്നു. പെട്ടെന്നൊരു രാക്ഷസൻ ഉദ്യാനത്തിൽ ആവിർഭവിച്ചു. പിംഗാക്ഷൻ എന്ന ദുഷ്ടരാക്ഷസനാണ് അവൻ. ഹരിണിയെ അവൻ പിടിച്ചെടുത്ത് ആകാശത്തിലൂടെ യാത്രയായി. രാജകുമാരി ഉറക്കെ മുറവിളികൂട്ടിത്തുടങ്ങി. പക്ഷേ, രാക്ഷസനുണ്ടോ അതൊക്കെ വകവയ്ക്കുന്നു? അവൻ അവളെയും വഹിച്ച് ആകാശസഞ്ചാരം തുടർന്നു. വളരെ ദൂരം കഴിഞ്ഞപ്പോൾ നിലത്തിറങ്ങുകയുംചെയ്തു.

യദൃച്ഛയാ ഒരു മനുഷ്യൻ ആ സ്ഥലത്തിനടുത്തു ചെല്ലാനിടയായി. അയോധ്യയിലെ രാജാവായ വസുമനസ്സാണ് ആ മനുഷ്യൻ. ജീമൂതം

എന്നൊരു കുതിരയുടെ പുറത്തു കയറിയാണു സഞ്ചാരം. വരുണൻ വസുമനസ്സിനു സമ്മാനിച്ചിരുന്ന കുതിരയാണ് ജീമൂതം.

പെട്ടെന്നൊരു ശബ്ദം വസുമനസ്സിന്റെ ചെവികളിൽ വന്നലച്ചു. ചെവി കൂർപ്പിച്ചപ്പോൾ ശബ്ദം തിരിച്ചറിഞ്ഞു. ഒരു യുവതിയുടെ കരച്ചിൽ! രാജാവു കരച്ചിൽ പുറപ്പെടുന്ന ദിക്കിലേക്കു കുതിരയോടിച്ചു. അപ്പോൾ കണ്ടു നിസ്സഹായയായ ഒരു യുവതിയെയും ഘോരനായ രാക്ഷസനെയും. രാജാവ് ആയുധം കൈക്കലാക്കി പിംഗാക്ഷന്റെ നേർക്കു ചാടി. പിംഗാക്ഷൻ വീറോടുകൂടി പൊരുതി. എങ്കിലും അവനു ലഭിച്ചതു മരണമായിരുന്നു.

'ഹേ യുവതീ, ഇനി കരച്ചിൽ മതിയാക്കൂ! ആരാണു നീ? എന്തുണ്ടായി?' വസുമനസ്സ് അനുകമ്പയോടെ ആരാഞ്ഞു.

ഹരിണി കരച്ചിൽ നിർത്തി നടന്നതെല്ലാം അറിയിച്ചു:

'രാജൻ, എന്റെ അച്ഛൻ, അമ്മ, ബന്ധുക്കൾ — എല്ലാവരും എന്നെ കാണാഞ്ഞു ദുഃഖിച്ചിരിക്കയാണ്. അങ്ങ് എന്നെ രക്ഷിച്ചിരിക്കുന്നു. ഞാൻ അങ്ങയുടെ ഇഷ്ടം പ്രവർത്തിച്ചുകൊള്ളാം.' അവൾ പറഞ്ഞു.

'ഹരിണീ, ദിവ്യശക്തിയുള്ള കുതിരയാണ് ഈ ജീമൂതം. ഞാൻ നിന്നെ കുതിരപ്പുറത്തിരുത്തി നിന്റെ രാജധാനിയിൽ എത്തിക്കാം. അതു കഴിഞ്ഞു ഞാൻ എന്റെ രാജ്യത്തിലേക്കു പോവുകയുംചെയ്യാം. പിന്നൊന്നുകൂടി: എന്നെങ്കിലും നിന്റെ സ്വയംവരം നടക്കുമല്ലോ. ഞാൻ സ്വയംവരത്തിനു വരും. നിന്നെ വിവാഹംകഴിക്കും.' രാജാവു പറഞ്ഞു.

അങ്ങനെ ഹരിണിയും വസുമനസ്സും അവരവരുടെ രാജ്യങ്ങളിൽ എത്തിച്ചേർന്നു.

കാണാതെപോയ പുത്രി തിരിച്ചെത്തിയില്ലേ? വേഗവാൻ രാജാവിനും രാജ്ഞിക്കും അതിയായ ആഹ്ലാദമുണ്ടായി. മാത്രമല്ല, എല്ലാ രാജ്യനിവാസികൾക്കും.

ഒടുവിൽ ഹരിണിയുടെ സ്വയംവരമായി. അനേകം രാജാക്കന്മാർ സ്വയംവരത്തിനു വന്നുചേർന്നു. അവരുടെ കൂട്ടത്തിൽ വസുമനസ്സും. മാത്രമല്ല, ഹേഹയനായ ഭദ്രശ്രേണ്യനും. വരണമാലയുമായി ഹരിണി രംഗത്തു പ്രവേശിച്ചു. ആ സമയം ഭദ്രശ്രേണ്യൻ എന്താണു ചെയ്തതെന്നോ? ഹരിണിയെ പിടിച്ചു തേരിൽ കയറ്റി ഓടിച്ചുപോയി. ആദ്യം കണ്ടുനിന്ന രാജാക്കന്മാർ പകച്ചുനിന്നു. തെല്ലു കഴിഞ്ഞ് അവരിൽ ചിലർ ഭദ്രശ്രേണ്യനെ ചെന്നു തടഞ്ഞു. ഭദ്രശ്രേണ്യൻ അവരെ തോല്പിച്ചിട്ടു തേരോടിച്ചുപോയി.

വസുമനസ്സുകൂട്ടെ അടങ്ങിയിരുന്നില്ല. അദ്ദേഹം ഹരിണിയെ അപഹരിച്ചവന്റെ പിറകെ പാഞ്ഞു. ഇരുവരും തമ്മിൽ ഘോരമായ ദ്വന്ദയുദ്ധമുണ്ടായി. വസുമനസ്സ് മുർച്ഛിച്ചുവീണു. അതിനിടയ്ക്ക് ഭദ്രശ്രേണ്യൻ സ്ഥലം വിട്ടു.

സ്വരാജധാനിയിൽ എത്തിയതിനുശേഷമോ? ഭദ്രശ്രേണ്യൻ ഹരിണിയെ പാണിഗ്രഹണംചെയ്തു. വസുമനസ്സിന്റെ വധുവാകണം എന്നായിരുന്നു അവളുടെ ആഗ്രഹം. പക്ഷേ, വിപരീതമായ ഫലമാണ് ഉണ്ടായത്. അതായത്, മറ്റൊരു പുരുഷന്റെ ഭാര്യയായി!

ഭദ്രശ്രേണ്യനും ഹരിണിക്കും ഒരു പുത്രനുണ്ടായി.

ദുർമ്മദൻ എന്നായിരുന്നു കുട്ടിയുടെ പേര്. അവൻ വളർന്നു വലുതായപ്പോഴോ? വീരനെന്ന പ്രശസ്തി നേടി.

കാലം കുറെ കഴിഞ്ഞു. എന്നിട്ടും ഭദ്രശ്രേണ്യന്റെ മനസ്സിനു സ്വൈര മില്ല. പണ്ടേയുള്ള ഒരാഗ്രഹം പ്രബലമായിരിക്കുന്നു. ദിവോദാസനോടു പക വീട്ടണം! അദ്ദേഹം കാശിരാജ്യത്തെ ആക്രമിച്ചു. സഹായിക്കാൻ പുത്ര നായ ദുർമദനുമുണ്ട്. ഇരുവരും മഹാസാഹസങ്ങൾ പ്രവർത്തിച്ചു. എങ്കി ലും തോൽവിയായിരുന്നു അനുഭവം.

മറ്റൊരു കുഴപ്പവും ഉണ്ടായി. വസുമനസ്സിന് ഭദ്രശ്രേണ്യനോടു വിദ്വേഷം തോന്നിയിരുന്നില്ലേ? അത് ഇന്നോളം വിട്ടുമാറിയിട്ടില്ല–അനേകം വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു എങ്കിലും. അദ്ദേഹം മാഹിഷ്മതിയിൽ കടന്നു കയറി. പക്ഷേ, ഇപ്രാവശ്യവും വിജയം വസുമനസ്സിനെ അനുഗ്രഹിച്ചില്ല. എങ്കിലും ഒരു ആശ അവശേഷിക്കാതിരുന്നില്ല. ദിവോദാസൻ ഭദ്രശ്രേണ്യന്റെ ശത്രു വാണ്. ആ നിലയ്ക്ക് ദിവോദാസൻ തന്റെ മിത്രമാവും. വസുമനസ്സ് കാശി രാജാവിന് ഒരു സന്ദേശമയച്ചു.

'ദിവോദാസ മഹാരാജാവേ, ഞാൻ ഒന്നുകൂടി ഭദ്രശ്രേണ്യനോടു യുദ്ധ ത്തിനിറങ്ങാൻ പോകുന്നു. ഒന്നുകിൽ അവൻ മരിക്കണം. അല്ലെങ്കിൽ, ഞാൻ മരിക്കണം. അങ്ങു സൈന്യങ്ങളുമായി വന്ന് എന്നെ സഹായിക്കുക. എന്നാൽ, ഞാൻ അങ്ങയോടു കൃതജ്ഞനായിരിക്കും.' അതായിരുന്നു സന്ദേശത്തി ന്റെ സാരം.

വസുമനസ്സിന്റെ അപേക്ഷ ദിവോദാസൻ സ്വീകരിച്ചു. അദ്ദേഹം തന്റെ പുത്രനായ പ്രതർദനനെ സഹായത്തിനയച്ചു. പ്രദർദനന്റെ കീഴിൽ സുശക്തമായ ഒരു സൈന്യത്തെയും. അയോദ്ധ്യയിലെ സൈന്യം — കാശിയിലെ സൈന്യം — രണ്ടും ചേർന്ന് ഹേഹയത്തെ ഉപരോധിച്ചു. മുമ്പത്തെ യുദ്ധ ങ്ങൾ വെറും കുട്ടിക്കളിയായി തോന്നി. അത്രമാത്രം ഭയങ്കരമായിരുന്നു ഇപ്പോ ഴത്തെ യുദ്ധം. ഭദ്രശ്രേണ്യനു പുതിയൊരു സഹായം എത്തിച്ചേർന്നിരുന്നു. രാക്ഷസന്മാരിൽനിന്നായിരുന്നു ആ സഹായം. മുമ്പൊരിക്കൽ പിംഗാക്ഷൻ എന്ന രാക്ഷസൻ ഹരിണിയെ പിടികൂടുകയുണ്ടായല്ലോ. അപ്പോൾ വസു മനസ്സ് പിംഗാക്ഷനെ വധിക്കുകയുംചെയ്തിരുന്നു. അന്നുമുതൽക്ക് രാക്ഷ സന്മാർ വസുമനസ്സിന്റെ വിരോധികളായി. അതാണ് അവർ ഭദ്രശ്രേണ്യന്റെ വശത്തു ചേരാൻ കാരണം.

ഏറ്റവും ഘോരമായിരുന്നു പോര്. അതിനിടയ്ക്ക് പ്രതർദനനും ഭദ്രശ്രേ ണ്യനും തമ്മിൽ ദ്വന്ദയുദ്ധത്തിൽ ഏറ്റുമുട്ടി. ദ്വന്ദയുദ്ധം കുറെനേരം തുല്യ നിലയിൽ തുടർന്നുപോയി. ഒടുവിൽ പ്രതർദനൻ സർവശക്തിയും ചേർത്ത് ഒരു വേൽ ചാട്ടി. ആ ആയുധം തടുക്കാൻ ഭദ്രശ്രേണ്യന് സാധിച്ചില്ല. വേലു തറച്ച് ഭദ്രശ്രേണ്യൻ മരിച്ചുവീണു.

പിതാവിന്റെ മരണം ദുർമദനെ രോഷാകുലനാക്കി. അവൻ ജീവനിൽ കൊതിവിട്ട് പൊരുതിത്തുടങ്ങി. അവസാനം അവനും മാരകമായ മുറിവേറ്റു വീണു. വിജയം കാശിരാജാവിന്റെയും അയോദ്ധ്യരാജാവിന്റെയും പക്ഷത്തി ലായി. ഇരുവരും ആഹ്ലാദത്തോടെ താന്താങ്ങളുടെ രാജ്യങ്ങളിലേക്കു മടങ്ങിപ്പോയി.

എന്തായിരുന്നു ഹരിണിയുടെ അവസ്ഥ?

അതറിയുംമുമ്പ് അവളുടെ പൂർവകഥ അറിയണം.

മുജ്ജന്മത്തിൽ അവൾ മനുഷ്യസ്ത്രീയായിരുന്നില്ല. മറിച്ച്, വിദ്യാ ധരസ്ത്രീ ആയിരുന്നു. പേര് ഉന്മദ എന്നും. ഒരിക്കൽ ഉന്മദ ഉർവശിയുടെ

വിരോധം സമ്പാദിച്ചു—അവളോടൊന്നിച്ചു ചങ്ങാതിയായ ഒരു ഗന്ധർവ്വനും. ഉർവശി ഇരുവർക്കും ശാപമേകി—ഉന്മദ മനുഷ്യസ്ത്രീയാവട്ടെ എന്ന്; ഗന്ധർവ്വൻ രാക്ഷസനാവട്ടെ എന്നും. ഉന്മദയ്ക്കു മറ്റൊരു ശാപവുംകൂടി ഉർവശി നൽകി. അവൾ ഒരു പുരുഷന്റെ ഭാര്യയാവാൻ ആഗ്രഹിക്കും, മറ്റൊരു പുരുഷന്റെ ഭാര്യയാവുകയുംചെയ്യും. അങ്ങനെയൊരു ശാപം!

ശാപമേറ്റവർ ശാപമോക്ഷം യാചിച്ചു.

ഗന്ധർവന്റെ രാക്ഷസജീവിതം അവസാനിക്കുമ്പോഴോ? അവൻ മനുഷ്യസ്ത്രീയായ ഉന്മദയുടെ പുത്രനായി ജനിക്കും; അവളുടെ ഭർത്താവും പുത്രനും മരിക്കുകയുംചെയ്യും — അത്രയുമാണ് ഉർവശി അവരെ അറിയിച്ചത്.

അതുതന്നെയാണല്ലോ ഇപ്പോൾ സംഭവിച്ചിരിക്കുന്നത്.

ഹരിണി ചിതകൂട്ടി തീയുണ്ടാക്കി. ആ തീയിൽ ചാടി മനുഷ്യശരീരം ത്യജിച്ചു. വീണ്ടും വിദ്യാധരിയായി സ്വസ്ഥാനത്ത് എത്തിച്ചേരുകയും ചെയ്തു.

(ബ്രഹ്മാണ്ഡപുരാണം)

അംബ

വിചിത്രവീര്യൻ ഹസ്തിനപുരത്തിലെ രാജാവായി വാഴുന്ന കാലമാണ്. ജ്യേഷ്ഠനായ ചിത്രാംഗദൻ ഒരു ഗന്ധർവ്വനുമായുള്ള യുദ്ധത്തിൽ മൃതിയടഞ്ഞിരുന്നു. അതിനു ശേഷമാണ് അനുജനായ വിചിത്രവീര്യൻ രാജാവായത്. ഭീഷ്മരുടെ നിർദ്ദേശമനുസരിച്ചേ വിചിത്രവീര്യൻ പ്രവർത്തിക്കൂ.

(ആ ഘട്ടത്തിന്റെ പശ്ചാത്തലം 'മാലിഭാരത'ത്തിൽ വിവരിച്ചിട്ടുണ്ട്).

രാജാവായ വിചിത്രവീര്യനു വിവാഹപ്രായമായി.

ഭീഷ്മരുടെ ചെവിയിൽ ഒരു വർത്തമാനം വന്നെത്തി. കാശിരാജ്യത്തിൽ മൂന്നു രാജകുമാരിമാരുണ്ട്. മൂന്നു പേരുടെയും സ്വയംവരം നിശ്ചയിച്ചിരിക്കുന്നു.

അംബയെന്നും അംബികയെന്നും അംബാലികയെന്നുമാണ് രാജകുമാരിമാരുടെ പേരുകൾ. അത്യധികമായ സൗന്ദര്യമുണ്ടായിരുന്നു മൂന്നുപേർക്കും. വിചിത്രവീര്യനെക്കൊണ്ട് അവരെ വിവാഹംകഴിപ്പിക്കണം—അതായി ഭീഷ്മരുടെ നിശ്ചയം. അദ്ദേഹം കാലം കളയാതെ കാശിരാജ്യത്തിൽ എത്തിച്ചേർന്നു. അനേകം രാജാക്കന്മാർ സ്വയംവരത്തിനു വന്നെത്തിയിട്ടുണ്ടായിരുന്നു. വീരന്മാരിൽ വീരനായ ഭീഷ്മർ എന്താണു ചെയ്തത്? മൂന്നു രാജകുമാരിമാരെയും പിടിച്ചു തന്റെ തേരിൽ കയറ്റി.

'ഹേ, രാജാക്കന്മാരെ, ഞാനിതാ രാജകുമാരിമാരെ പിടിച്ചുകൊണ്ടുപോവുകയാണ്. തടയാനാണു ഭാവമെങ്കിൽ തടഞ്ഞുകൊള്ളുവിൻ!' അദ്ദേഹം സധൈര്യം വിളിച്ചുപറഞ്ഞു.

അക്കാലത്ത് വീരന്മാർ കന്യാഹരണം ചെയ്താലോ? അതൊരു തെറ്റായി കരുതപ്പെട്ടിരുന്നില്ല.

ഭീഷ്മരുടെ വെല്ലുവിളി സന്നിഹിതരായ രാജാക്കന്മാർക്ക് രസിച്ചില്ല. അവർ ധൃതിയിൽ ആയുധങ്ങൾ കൈക്കലാക്കി ഭീഷ്മരോടിടഞ്ഞു. പക്ഷേ, അതുകൊണ്ടൊന്നും ഒരു ഫലവും ഉണ്ടായില്ല. ലോകത്തിലെ ഏറ്റവും ശക്തിമാനായ യോദ്ധാവായിരുന്നു ഭീഷ്മർ. അദ്ദേഹം എതിരാളികളെ തോല്പിച്ചിട്ട് അതിവേഗത്തിൽ തേരോടിച്ചുപോയി.

സാലരാജാവും ഉണ്ടായിരുന്നു തോറ്റവരുടെ കൂട്ടത്തിൽ. അയാൾ തേരോടിച്ചു ചെന്ന് ഭീഷ്മരോടു വീണ്ടും ഇടഞ്ഞു. അപ്പോഴും തോൽവിയായിരുന്നു അയാളുടെ അനുഭവം.

മൂന്നു രാജകുമാരിമാരെയുംകൊണ്ട് ഭീഷ്മർ ഹസ്തിനപുരത്തിൽ എത്തിച്ചേർന്നു. അദ്ദേഹം സത്യവതി രാജ്ഞിയെ ചെന്നു കണ്ടു. ഭീഷ്മരുടെ പിതാവായ ശന്തനുവിന്റെ രണ്ടാംഭാര്യയായിരുന്നു സത്യവതി.

'അമ്മേ, ഞാൻ രാജാക്കന്മാരെ തോല്പിച്ച് കാശിയിലെ രാജകുമാരിമാരെ കൊണ്ടുവന്നിരിക്കുന്നു. അവരെ വിചിത്രവീര്യൻ കല്യാണംകഴിക്കണം എന്നാണ് എന്റെ ആഗ്രഹം.' ഭീഷ്മർ പറഞ്ഞു.

'നീ ജയിച്ചു വന്നതു ഞങ്ങളുടെയെല്ലാം ഭാഗ്യമാണ്.' സത്യവതി സന്തോഷം രേഖപ്പെടുത്തി.

അടുത്ത ദിവസം വിവാഹങ്ങൾ നടത്തണം—അതായിരുന്നു ഭീഷ്മരുടെ നിശ്ചയം.

രാജകുമാരിമാരിൽ മുത്തവളായ അംബ അദ്ദേഹത്തെ ചെന്നുകണ്ടു.

'ഭീഷ്മരേ, അങ്ങു ധർമ്മജ്ഞനാണ്, ശാസ്ത്രങ്ങളെല്ലാം അഭ്യസിച്ചവനാണ്. എനിക്ക് അങ്ങയോട് ഒന്നു പറയാനുണ്ട്. അതു കേട്ടതിനുശേഷം അങ്ങു ധർമ്മം പ്രവർത്തിക്കണം. ഞാൻ മുമ്പേതന്നെ സാലനെ ഭർത്താവായി സങ്കല്പിച്ചിരിക്കുന്നു. സാലൻ എന്നെയും മനസാ വരിച്ചിരിക്കയാണ്. എന്റെ അച്ഛൻ അക്കാര്യം അറിഞ്ഞിട്ടില്ല എന്നേയുള്ളു. സാലൻ എനിക്കുവേണ്ടി കാത്തിരിക്കുകയാണ്. അദ്ദേഹത്തിന്റെ അടുക്കലേക്കു പോകാൻ അങ്ങ് എന്നെ അനുവദിക്കണം.' അംബ അഭ്യർത്ഥിച്ചു.

ദയാലുവും ധർമ്മിഷ്ഠനുമാണ് ഭീഷ്മർ. അദ്ദേഹം അംബയുടെ അവസ്ഥ മനസ്സിലാക്കി. പോകാൻ അവൾക്ക് അനുവാദവും നല്കി.

അംബ ഹസ്തിനപുരം വിട്ടിറങ്ങി. വളരെയേറെ വഴി പിന്നിട്ടു. സാലന്റെ രാജധാനിയിൽ എത്തി. നേരെ അയാളുടെ മുമ്പിലെത്തി.

'ഇതാ ഞാൻ അങ്ങയുടെ അടുക്കലേക്കു വന്നിരിക്കുന്നു!' അവൾ സന്തോഷത്തോടെ പറഞ്ഞു.

സാലൻ അവളെ ഒന്നു നോക്കി. ആ നോട്ടത്തിൽ എന്താണു കലർന്നിരുന്നത്? അതിയായ പുച്ഛം!

'അംബേ, നിന്നെ ഭീഷ്മർ അപഹരിച്ചുകൊണ്ടു പോയി. ആ സ്ഥിതിക്കു ഞാനിനി നിന്നെ സ്വീകരിക്കയില്ല. ഭീഷ്മർ അപഹരിച്ചതിൽ നിനക്കു സന്തോഷം ഉണ്ടായിക്കാണും. എന്നെപ്പോലുള്ള ഒരു രാജാവ് നിന്നെപ്പോലുള്ള ഒരുവളെ ത്യജിക്കുകയേയുള്ളു. നീ ഭീഷ്മരുടെ അടുക്കലേക്കു പൊയ്ക്കൊള്ളു. ഒരൊറ്റ നിമിഷം ഇവിടെ താമസിക്കരുത്!' സാലൻ പറഞ്ഞു.

അവൾ തീരെ പ്രതീക്ഷിച്ചതല്ല ഈ പെരുമാറ്റം.

'അങ്ങു വെറുതെ തെറ്റിദ്ധരിക്കുകയാണ്. എനിക്ക് ഭീഷ്മരോട് ഒട്ടുംതന്നെ സ്നേഹമില്ല. അദ്ദേഹം എന്നെ അപഹരിച്ചതിൽ സന്തോഷവുമില്ല.

ഇങ്ങോട്ടു പോകാൻ അദ്ദേഹം എന്നെ സമ്മതിക്കയൊണുണ്ടായത്. അങ്ങയ ല്ലാതെ മറ്റൊരു പുരുഷനെക്കുറിച്ചു ഞാൻ ചിന്തിച്ചിട്ടില്ല. ഇതു സത്യം! അങ്ങ് എന്നെ കൈവെടിയരുതേ!' അവൾ കണ്ണീരോടുകൂടി യാചിച്ചു.

സാലൻ തന്റെ നിലപാടിൽ ഉറച്ചുതന്നെ നിന്നു. അംബ പലവുരു യാചന ആവർത്തിച്ചു. അതിനൊന്നും യാതൊരു ഫലവും ഉളവായില്ല.

'അങ്ങ് എന്നെ ഉപേക്ഷിച്ചാൽ ഞാൻ എവിടെ പോകും?' അവൾ നിസ്സഹായയായി വിലപിച്ചു.

'ഭീഷ്മരുടെ അടുക്കലേക്കു പൊയ്ക്കൊള്ളൂ.' സാലൻ നിഷ്ഠുരനായി ഗർജ്ജിച്ചു.

വാവിട്ടു കരഞ്ഞുകൊണ്ട് അംബ ഇറങ്ങിപ്പോയി. അവളുടെ ചിന്തകൾ പല വഴിക്കും പാഞ്ഞു. 'എന്നെക്കാൾ ഭാഗ്യഹീനയായ ഒരു സ്ത്രീ ലോകത്തില്ല! എനിക്ക് ഇനിമേൽ ആരുംതന്നെയില്ല, ബന്ധുക്കളായിട്ട്. ഞാൻ വരിച്ചിരുന്ന, ഞാൻ വിശ്വസിച്ചിരുന്ന സാലൻ എന്നെ കൈവെടിഞ്ഞിരിക്കുന്നു. ആരെയാണു ഞാൻ പഴിക്കേണ്ടത്? എന്നെയോ? സ്വയംവരം നിശ്ചയിച്ച പിതാവിനെയോ? എന്നെ അപഹരിച്ച ഭീഷ്മരെയോ? ദാക്ഷിണ്യമില്ലാത്ത സാലനെയോ? ഞാൻ, പിതാവ്, ഭീഷ്മർ, സാലൻ—എല്ലാവരും നിന്ദ്യരാണ്. എങ്കിലും ഏറ്റവും കുറ്റക്കാരൻ ആരാണ്? ഭീഷ്മർതന്നെ. അദ്ദേഹമാണ് എനിക്ക് ഈ മഹാദുഃഖം വരുത്തിവെച്ചത്. അതിന് ഭീഷ്മരോടു പ്രതികാരംചെയ്യണം!'

ആ നിശ്ചയത്തോടെ അവൾ യാത്ര തുടർന്നു. ചെന്നെത്തിയത് ഒരു ആശ്രമത്തിലാണ്. അവിടെ ചില മഹർഷിമാരുണ്ട്. അവൾ ആശ്രമത്തിൽ തങ്ങി. മഹർഷിമാരോട് എല്ലാം തുറന്നു പറയുകയുംചെയ്തു.

ശൈഖാപത്യൻ എന്നു പേരുള്ള ഒരു മഹർഷിയുണ്ട് അവരുടെ കൂട്ടത്തിൽ.

'അംബേ, ഞങ്ങൾ കാട്ടിൽ കഴിയുന്നവരാണ്. ഞങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും?' ശൈഖാപത്യൻ ചോദിച്ചു.

'സന്ന്യസിക്കണം എന്നാണ് എന്റെ മോഹം. ഞാൻ മുജ്ജന്മങ്ങളിൽ മഹാപാപം ചെയ്തുകാണും. അതിന്റെ ഫലമാണ് ഇപ്പോഴത്തെ ഈ ദുരിതം. ബന്ധുക്കളുടെ അടുക്കലേക്കു പോകാൻ ഞാൻ ലജ്ജിക്കുന്നു. എനിക്കു നിങ്ങളേയുള്ളൂ ശരണം!' അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു.

കാരുണ്യശീലരായ മഹർഷിമാർ തമ്മിൽ ചർച്ച തുടങ്ങി.

'ഇവൾ ഇവളുടെ പിതാവിന്റെ അരികിലേക്കു പൊയ്ക്കൊള്ളട്ടെ.' ഒരു മഹർഷി അഭിപ്രായപ്പെട്ടു.

'നമുക്ക് ഇവളെ സാലന്റെ അടുക്കൽ കൂട്ടിക്കൊണ്ടുപോയാലെന്താ?' മറ്റൊരു മഹർഷി ചോദിച്ചു.

'ഉപേക്ഷിച്ചവനെ സമീപിക്കുന്നത് ഒട്ടും ശരിയല്ല." മൂന്നാമതൊരു മഹർഷി പറഞ്ഞു.

വേറൊരു മഹർഷി അംബയെ നോക്കിട്ടു:

'അംബേ, നീ പിതാവിന്റെ കൊട്ടാരത്തിലേക്കു പൊയ്ക്കൊള്ളൂ. അതാണ് എല്ലാംകൊണ്ടും നിനക്കു നല്ലത്. നിന്റെ പിതാവ് നിന്നെ സന്തോഷത്തോടെ സ്വീകരിക്കും. ഈ ആശ്രമത്തിലാണു നീ താമസിക്കുന്നതെ

കിലോ? നിനക്ക് ഒട്ടേറെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടതായിവരും. നിന്റെ അച്ഛന്റെ കൊട്ടാരത്തിൽ നിനക്കു സർവസുഖങ്ങളും ഉണ്ടാവും.' അദ്ദേഹം ചൂണ്ടിക്കാട്ടി.

അംബയ്ക്ക് അതൊട്ടും സ്വീകാര്യമായില്ല.

'അയ്യോ, അങ്ങ് അതു പറയരുതേ! ഞാൻ കാശിയിൽ ചെന്നാൽ ബന്ധുക്കൾ എന്നെ പരിഹസിക്കും. മാത്രമല്ല, അവമാനിക്കുകയുംചെയ്യും. അതെനിക്ക് ആലോചിക്കാൻ കൂടി വയ്യ. ഇല്ല, ഞാൻ അച്ഛന്റെ അടുക്കലേക്കു പോവുകയില്ല! ഞാൻ ഇവിടെയിരുന്നു തപസ്സുചെയ്യും.' അവൾ ശാഠ്യംപിടിച്ചു.

എന്താണ് ഇനി ചെയ്യുക? മഹർഷിമാർ വീണ്ടും കൂടിയാലോചിച്ചു. ഒരു വഴിയും കണ്ടുകിട്ടിയില്ല. അവർ മനസ്സുമുട്ടി ഇരിപ്പായി.

ഒരാൾ വന്നുകയറി.

ഹോത്രവാഹനൻ എന്നു പേരായ രാജർഷിയാണ് വന്നത്. അദ്ദേഹത്തെ ആശ്രമവാസികൾ സഹർഷം സ്വാഗതംചെയ്തു. അതിനുശേഷം അവർ അംബയെ അദ്ദേഹത്തിനു പരിചയപ്പെടുത്തി.

കാശിരാജാവിന്റെ പുത്രിയാണിവൾ—അക്കാര്യം ഹോത്രവാഹനൻ അറിഞ്ഞപ്പോഴോ? അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. അതിനൊരു കാരണം ഇല്ലാതില്ല. അംബയുടെ മാതാവിന്റെ പിതാവാണ് അദ്ദേഹം. കുറേക്കാലം മുമ്പ് അദ്ദേഹം രാജ്യം ഉപേക്ഷിച്ചുപോയിരുന്നു. അതിനുശേഷം തപസ്വിയായി കഴിയുകയാണ്.

ഹോത്രവാഹനൻ താനാരെന്ന് അംബയെ അറിയിച്ചു:

'കുഞ്ഞേ, നീ നിന്റെ അച്ഛന്റെ അടുത്തേക്കു പോകണമെന്നില്ല. ഞാൻ നിനക്കൊരു വഴി പറഞ്ഞുതരാം. നീ പരശുരാമനെക്കണ്ടു സഹായം അപേക്ഷിക്കണം. പരശുരാമൻ നിന്നെ തീർച്ചയായും സഹായിക്കും. ദുഃഖകാരണം നിന്റെ ദേഹം മെലിഞ്ഞിരിക്കുന്നു. ദുഃഖം മതിയാക്കൂ.' അദ്ദേഹം ആർദ്രതയോടെ പറഞ്ഞു.

'മുത്തച്ഛാ, ഞാനിതാ അങ്ങയുടെ പാദങ്ങളിൽ പ്രണാമംചെയ്യുന്നു. ഞാൻ ഇപ്പോൾത്തന്നെ പരശുരാമനെ അന്വേഷിച്ചു പുറപ്പെടുകയാണ്. അദ്ദേഹം ഇപ്പോൾ എവിടെയായിരിക്കും?' അംബ ആരാഞ്ഞു.

'ഇവിടുന്നു വളരെ ദൂരത്തിലല്ലാത്ത മഹേന്ദ്രപർവതത്തിൽ പരശുരാമനുണ്ട്. അദ്ദേഹത്തിന് എന്നോടു വളരെ സ്നേഹമുണ്ട്. ഞാൻ ആവശ്യപ്പെട്ടിട്ട് വന്നതാണ് എന്നു നീ അദ്ദേഹത്തോടു പറയണം. അങ്ങനെയായാൽ അദ്ദേഹം നിന്നെ കൈവെടിയുകയില്ല.' ഹോത്രവാഹനൻ പറഞ്ഞു.

അധികം താമസിച്ചില്ല, ഒരാൾ വന്നുകയറി. അകൃതവ്രണൻ എന്ന മുനിയാണ്. പരശുരാമന്റെ പ്രിയപ്പെട്ട ശിഷ്യനും.

'എന്റെ ഗുരു നാളെ ഇങ്ങോട്ടു വരും.' അകൃതവ്രണൻ ആശ്രമവാസികളെ അറിയിച്ചു.

എല്ലാവർക്കും സന്തോഷമുണ്ടായി.

അവർ അംബയുടെ വൃത്താന്തം അകൃതവ്രണനെ അറിയിച്ചു.

'അംബേ, സാലനും ഭീഷ്മരും നിന്നോട് അപരാധം പ്രവർത്തിച്ചു. അവരിൽ ഭീഷ്മരോടാണ് നീ ശരിക്കും പകവീട്ടേണ്ടത്.' അകൃതവ്രണൻ അഭിപ്രായപ്പെട്ടു.

രാവിലെ ആ അവതാരപുരുഷന്റെ, മഹാപരാക്രമിയുടെ, പരശുരാമന്റെ വരവുണ്ടായി. ആശ്രമവാസികൾ ആ ദിവ്യാതിഥിയെ ഭക്തിപൂർവ്വം വന്ദിച്ചു. അതിനുശേഷം അദ്ദേഹത്തെ സല്ക്കരിച്ചിരുത്തി.

പിന്നീടു സംഭാഷണമായി.

'ഭഗവൻ, ഇതാ നില്ക്കുന്നില്ലേ യുവതി? ഇവൾ എന്റെ മകളുടെ മക ളാണ്. അംബ എന്നാണ് ഇവളുടെ പേര്. അവിടുന്ന് ഇവളുടെ കഥ ശ്രദ്ധി ച്ചുകേൾക്കണം.' ഹോത്രവാഹനൻ അപേക്ഷിച്ചു.

'അംബേ, പറയാനുള്ളതൊക്കെ പറഞ്ഞുകൊള്ളൂ.' പരശുരാമൻ കനിഞ്ഞ് ആവശ്യപ്പെട്ടു.

അവൾ സകലതും വിസ്തരിച്ചുകേൾപ്പിച്ചു.

'ഭഗവാനേ, എന്റെ സകല ദുഃഖത്തിനും കാരണക്കാരൻ ഭീഷ്മരാണ്. അവിടുന്ന് ഭീഷ്മരെ വധിക്കണം.' അംബ കണ്ണുനീർ തൂകിക്കൊണ്ട് ആത്മകഥ അവസാനിപ്പിച്ചു.

അംബയെ സഹായിക്കണം എന്നുതന്നെ നിശ്ചയിച്ചു പരശുരാമൻ. അദ്ദേഹത്തിന് ഭീഷ്മരെക്കുറിച്ചു നല്ലവണ്ണം അറിയാം. കഴിയുന്നതും ഭീഷ് മരോടു യുദ്ധംചെയ്യാതെ കഴിക്കണം. അതായിരുന്നു പരശുരാമന്റെ ഉദ്ദേശ്യം. ഭീഷ്മരെ നേരിട്ടു കാണുകയാണ് ആദ്യമായി ചെയ്യേണ്ടത്. ഭീഷ്മർ അംബയെ വിവാഹംചെയ്യണമെന്ന് ആവശ്യപ്പെടാം. ഭീഷ്മർ തന്നെ അനു സരിച്ചില്ല എന്നു വരികിലോ? അപ്പോൾ യുദ്ധമാകാം. അപ്പോൾ മാത്രം!

പരശുരാമൻ അംബയെയുംകൊണ്ട് അവിടുന്നു യാത്രയായി. യഥാ സമയം കുരുക്ഷേത്രത്തിൽ എത്തിച്ചേർന്നു. അവിടെനിന്ന് ഒരു ദൂതനെ ഭീഷ്മരുടെ അടുക്കലേക്ക് അയച്ചു— താൻ വന്നിട്ടുണ്ട് എന്ന സന്ദേശവും.

ഭീഷ്മർക്ക് പരശുരാമനെക്കുറിച്ച് അതിയായ ബഹുമാനമുണ്ട്, മതി പ്പുണ്ട്. അദ്ദേഹം ഒരു നിമിഷം കളയാതെ പരശുരാമനെ ചെന്നുകണ്ടു. ഏറ്റവും ആദരവോടെ വന്ദിക്കുകയുംചെയ്തു.

പരശുരാമൻ താൻ വന്ന കാര്യം അറിയിച്ചു.

'ഭീഷ്മാ, ഞാനൊന്നു പറയട്ടെ, നീ കാരണം ഈ അംബ വിഷമത്തിൽ പ്പെട്ടിരിക്കുന്നു. നീ അപഹരിച്ചതുകൊണ്ട് ഇവളെ സാലൻ സ്വീകരിക്കു ന്നില്ല. ആത്മാഭിമാനമുള്ള മറ്റു പുരുഷന്മാരും ഇവളെ കൈക്കൊള്ളുക യില്ല. അതിനാൽ നീതന്നെ ഇവളെ വിവാഹംകഴിക്കണം.' പരശുരാമൻ നിർദ്ദേശിച്ചു.

പക്ഷേ, ഭീഷ്മർ വഴങ്ങിയില്ല. താൻ വിവാഹംകഴിക്കയില്ല എന്നു പണ്ടേ ശപഥം ചെയ്തിട്ടുണ്ട്. ആ ശപഥം ഇന്നോളം ലംഘിച്ചിട്ടില്ല. ഇനിയൊട്ടു ലംഘിക്കുകയുമില്ല—പരശുരാമനാണ് ആവശ്യപ്പെടുന്നതെങ്കിൽപ്പോലും! സാദ്ധ്യമല്ലെന്ന് അദ്ദേഹം മര്യാദയോടെ പരശുരാമനെ അറിയിച്ചു.

പരശുരാമൻ എന്തുതന്നെ ആവശ്യപ്പെട്ടാലും ശരി, ആരും അനുസ രിക്കും. അദ്ദേഹത്തെ അത്രകണ്ടു ഭയമാണു ലോകത്തിലെ എല്ലാവർക്കും. ആദ്യമായിട്ടാണ് ഒരാൾ അദ്ദേഹത്തെ അനുസരിക്കാതിരിക്കുന്നത്. അദ്ദേഹത്തിനു കോപം വരാതിരിക്കുമോ? കോപം ഭീഷ്മനികളെ സൃഷ്ടിച്ചു. പക്ഷേ, ഭീഷ്മനികളെ ഭീഷ്മർ തെല്ലുപോലും വകവെച്ചില്ല.

'ഭീഷ്മാ, എന്നെ അനുസരിച്ചില്ലെങ്കിൽ ഞാൻ നിന്നെ കൊല്ലും!' പരശുരാമൻ ക്രോധത്തോടെ ആക്രോശിച്ചു.

അതുവരെയും ഭീഷ്മർ ശാന്തനായി നില്ക്കുകയായിരുന്നു. ഇപ്പോൾ കേട്ടത് ആ ശാന്തതയെ ഭഞ്ജിച്ചു. വെറുതെ കേട്ടുനില്ക്കുന്നതു പൗരുഷത്വത്തിനു യോജിച്ചതല്ലല്ലോ.

'ഭഗവാൻ, അങ്ങു പലപ്പോഴും വീമ്പിളക്കാറുണ്ട്. ക്ഷത്രിയരെ കൊന്നുകൊണ്ട് ഇരുപത്തൊന്നുവട്ടം ഭൂമി ചുറ്റിയെന്ന്. പക്ഷേ, അങ്ങ് ഒന്ന് ഓർമിക്കുന്നതു നന്നായിരിക്കും. അതായത്, അന്നൊന്നും ഈ ഭീഷ്മർ ജനിച്ചിട്ടുണ്ടായിരുന്നില്ല എന്ന്! വീമ്പിളക്കലൊന്നും എന്നോടു വിലപ്പോവുകയില്ല, പറഞ്ഞേക്കാം! പരശുരാമന്റെ അഹങ്കാരം അവസാനിപ്പിക്കാനായി ഒരു ക്ഷത്രിയൻ ജീവിച്ചിരിക്കുന്നു. ആ ക്ഷത്രിയൻ മറ്റാരുമല്ല, ഈ ഞാൻതന്നെ!' ഭീഷ്മർ ക്രുദ്ധനായി പറഞ്ഞു.

പരശുരാമന്റെ ക്രോധം പൂർവ്വാധികം പ്രബലമായി.

'ശരി, നമുക്ക് ഈ കുരുക്ഷേത്രത്തിൽവച്ചുതന്നെ ദ്വന്ദ്വയുദ്ധംചെയ്യാം. നിന്റെ അമ്മയുണ്ടല്ലോ, ഗംഗാദേവി. താമസിയാതെ ഗംഗാദേവി ഒരു കാഴ്ച കാണും— ഓമനമകന്റെ ശരീരം കഴുകന്മാർ കൊത്തിവലിക്കുന്നത്!' പരശുരാമൻ പറഞ്ഞു.

യുദ്ധരംഗം നിശ്ചയിക്കപ്പെട്ടു—യുദ്ധസമയവും.

ആദ്യം എത്തിയത് ഭീഷ്മരായിരുന്നു.

ഒരു സ്ത്രീരൂപം ഭീഷ്മരെ സമീപിക്കുന്നു. അടുത്തു വന്നപ്പോൾ ഭീഷ്മർക്കു മനസ്സിലായി. മറ്റാരുമല്ല, തന്റെ പ്രിയപ്പെട്ട മാതാവ്, സാക്ഷാൽ ഗംഗാദേവി!

'മകനേ, നീ പരശുരാമനോടു യുദ്ധം ചെയ്യാൻ പോകുന്നു, അല്ലേ? എന്തു സാഹസമാണ് നീ കാണിക്കുന്നത്? പരശുരാമന്റെ പരാക്രമവും ദിവ്യത്വവും അറിയാത്തവരില്ല. നിനക്ക് അതൊന്നും അറിഞ്ഞുകൂടെന്നുണ്ടോ?' ഗംഗാദേവി പരിഭ്രമത്തോടെ ചോദിച്ചു.

ദേവി പുത്രനോട് അപേക്ഷിച്ചു, യുദ്ധംചെയ്യരുതെന്ന്. ഭീഷ്മർ അമ്മയുടെ വാക്കുകൾക്കും വഴങ്ങിയില്ല. മകന്റെ ജീവൻ ഏതുവിധേനയും രക്ഷിച്ചേ കഴിയൂ. പുത്രവത്സലയായ ആ മാതാവ് പരശുരാമന്റെ അടുക്കലേക്ക് ഉഴറി. ഭീഷ്മരോട് യുദ്ധംചെയ്യരുത്—ആ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പരശുരാമൻ ആ അപേക്ഷ സ്വീകരിച്ചില്ല. ഗംഗാദേവി വീണ്ടും മകനെ ചെന്നുകണ്ടു. അപ്പോഴും ഭീഷ്മർ തന്റെ നിശ്ചയത്തിൽനിന്നും ഇളകിയില്ല. അതിനിടയ്ക്ക് പരശുരാമൻ യുദ്ധസന്നദ്ധനായി വന്നെത്തിക്കഴിഞ്ഞു.

പരശുരാമന്റെ യുദ്ധസാമർത്ഥ്യം ഒന്നു വേറെ. അതുപോലെതന്നെയാണ് ഭീഷ്മരുടെ യുദ്ധസാമർത്ഥ്യവും. വാശിയും വീറും ഏറിയതായിരുന്നു അവരുടെ ദ്വന്ദ്വയുദ്ധം. അറിയാവുന്ന അടവുകളെല്ലാം അവർ പ്രയോഗിച്ചു. സൂര്യാസ്തമനംവരെ ആ ദ്വന്ദ്വയുദ്ധം നീണ്ടുനിന്നു. എന്നിട്ടും ആർക്കും വിജയമോ പരാജയമോ ഉണ്ടായില്ല. ദിവസങ്ങൾ ഒന്നൊന്നായി കഴിഞ്ഞുകൊണ്ടിരുന്നു. പല ദിവസങ്ങളായിട്ടും പോരാട്ടം തുല്യനിലയിൽ തുടർന്നുപോയി.

ഒടുവിൽ പരശുരാമൻ യുദ്ധം മതിയാക്കി.

അദ്ദേഹം അംബയെ അരികിൽ വിളിച്ചു:

'അംബേ, ഞാൻ ഭീഷ്മരെ കീഴ്പ്പെടുത്താൻ അങ്ങേയറ്റം പരിശ്രമിച്ചു. പക്ഷേ, എന്റെ പരിശ്രമം വിഫലമായി. ഇനി എനിക്കു നിന്നോട് ഒന്നേ പറയാനുള്ളു. നീ ഭീഷ്മരെ ശരണം പ്രാപിക്കൂ.' അദ്ദേഹം ഉപദേശിച്ചു.

അവൾ വഴങ്ങിയില്ല.

'ഭഗവാനേ, അവിടുത്തേക്ക് ഭീഷ്മരെ അമർത്താൻ സാധിച്ചില്ലെന്നു ഞാൻ നേരിട്ടുകണ്ടതാണ്. എന്തുവന്നാലും ശരി, ഇനിമേൽ ഞാൻ ഭീഷ്മരോട് യാതൊരു യാചനയും ചെയ്യുകയില്ല. മറിച്ച് ഭീഷ്മരെ നശിപ്പിക്കാൻ കഴിവുള്ളതെല്ലാം ചെയ്യും. ആരെ ആശ്രയിച്ചാൽ എനിക്കതു സാധിക്കുമോ, ആ ആളെ ഞാൻ കണ്ടെത്തും.' അവൾ ഒടുങ്ങാത്ത പകയോടെ പറഞ്ഞു.

തപസ്സുചെയ്യണം എന്നായിരുന്നു അംബയുടെ ആദ്യത്തെ നിശ്ചയം. അവൾ നേരെ യമുനാനദിയുടെ തീരത്തിലേക്കു പോയി. അവിടെ ഒരിടത്തിരുന്ന് ഉടൻതന്നെ തപസ്സും തുടങ്ങി. കുറേക്കാലം നെടുംതൂണുപോലെ നിന്നുകൊണ്ടു തപസ്സു ചെയ്തു. കുറേക്കാലം പെരുവിരൽ ഊന്നിനിന്നുകൊണ്ടു തപസ്സുചെയ്തു. കുറേക്കാലം നദിയിൽ ഇറങ്ങിനിന്നു തപസ്സുചെയ്തു. അങ്ങനെ പന്ത്രണ്ടു വർഷം തുടർച്ചയായി തപസ്സുചെയ്തു. അതിനുശേഷം തീർത്ഥയാത്രയ്ക്കിറങ്ങി. പുണ്യാശ്രമങ്ങൾ സന്ദർശിച്ചു. വീണ്ടും തപസ്സിനൊരുങ്ങി.

ചില മഹർഷിമാർ അതു കണ്ടു.

'എന്തിനാണ് നീ തപസ്സുചെയ്യുന്നത്?' അവർ അന്വേഷിച്ചു.

'ഭീഷ്മർ എന്നെ നശിപ്പിച്ചു. അയാളെ കൊല്ലാനായി ഞാൻ തപസ്സു ചെയ്യുന്നു. അല്ലാതെ സ്വർഗം നേടാനും മറ്റുമല്ല. എനിക്കു മനശ്ശാന്തി ലഭിക്കണമെങ്കിൽ ഭീഷ്മർ മരിക്കണം. അയാൾ കാരണമാണ് എന്റെ സകല ദുഃഖവും. ഞാൻ അടുത്ത ജന്മം പുരുഷനാകാൻ ആഗ്രഹിക്കുന്നു. പുരുഷനായി ജനിച്ചിട്ടുവേണം ഭീഷ്മരോട് പക വീട്ടാൻ!' അവൾ പറഞ്ഞു.

അവൾ ശിവനെ തപസ്സുചെയ്തു.

ശിവൻ പ്രത്യക്ഷനായി.

'ഭഗവാനേ, എനിക്ക് ഭീഷ്മരെ വധിക്കാൻ സാധിക്കണം.' അവൾ വരം ചോദിച്ചു.

'നിനക്കതു സാധിക്കും.' ശിവൻ അരുളിച്ചെയ്തു.

'ഭഗവാനേ, സ്ത്രീയായ എനിക്ക് എങ്ങനെ അതിനുള്ള കഴിവുണ്ടാകും?' അവൾ സംശയം ചോദിച്ചു.

'അംബേ, നീ അടുത്ത ജന്മം ആരംഭത്തിൽ സ്ത്രീയായിരിക്കും. പക്ഷേ, പിന്നീട് പുരുഷനായിത്തീരും. അതിനുശേഷം നീ ഭീഷ്മരുടെ മരണത്തിനു കാരണമാകും.' ഭഗവാൻ അറിയിച്ചിട്ട് അപ്രത്യക്ഷനായി.

അപ്പോൾ അംബയുടെ മനസ്സിനു സ്വസ്ഥതയുണ്ടായി. ഇനി ഈ ജീവിതം അവസാനിപ്പിക്കണം. എന്നാലേ അടുത്ത ജന്മം എടുക്കാനൊക്കൂ. അവൾ വിറകു ശേഖരിച്ച് ഒരിടത്തു കൂട്ടി. അഗ്നികാരം വലിയൊരു ചിതയുണ്ടാക്കി.

ചിതയിൽ തീകൊളുത്തി. ചിത കത്തിയുയർന്നു. 'ഞാൻ കാരണം ഭീഷ്മർ മരിക്കട്ടെ!' അവൾ ഉഗ്രമായി അലറി. എന്നിട്ടു ചിതയിൽ ചാടി. കത്തുന്ന തീ അവളുടെ ദേഹത്തെ ചാമ്പലാക്കി!

അടുത്ത ജന്മം അവൾ ജനിച്ചതോ, ശിഖണ്ഡിനിയായിട്ടും!

(ശിഖണ്ഡിനി ശിഖണ്ഡിയായതും ഭീഷ്മർ മരിച്ചതുമെല്ലാം 'മാലിഭാരത'ത്തിൽ വിസ്തരിച്ചിട്ടുണ്ട്.

(മഹാഭാരതം ഉദ്യോഗപർവം അംബോപാഖ്യാനം)

സ്വാരോചിഷമനു

അരുണാസ്പദം എന്നൊരു നഗരം. വരുണാനദിയുടെ തീരത്തിലാണ് അരുണാസ്പദം. അവിടെ സുന്ദരനും സുശീലനുമായ ഒരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. എല്ലാ സദ്ഗുണങ്ങളും സമ്മേളിച്ചിരുന്നു അദ്ദേഹത്തിൽ. ഒന്നു പ്രത്യേകമായിരുന്നു അതിഥിപൂജയിൽ അദ്ദേഹത്തിനുള്ള താത്പര്യം.

ഒരിക്കൽ ഒരു അതിഥി വന്നെത്തി. ബ്രാഹ്മണൻ അതിഥിയെ പൂജിച്ചു സത്കരിച്ചു. അവർ കുറെ നേരം സംസാരിച്ചു. അതിനിടയിൽ അതിഥി തന്റെ യാത്രകൾ വർണിച്ചു. പർവ്വതങ്ങൾ, നദികൾ, തീർത്ഥങ്ങൾ, ക്ഷേത്രങ്ങൾ —അവയൊക്കെ എത്രയെത്രയാണ് അദ്ദേഹം സന്ദർശിച്ചിരുന്നത്! അതോ, വളരെ ചുരുങ്ങിയ കാലത്തിനുള്ളിലും.

വീട്ടുകാരന് അത്ഭുതം തോന്നി.

അദ്ദേഹം ചോദിച്ചു:

'ഇതൊക്കെ ഇത്ര എളുപ്പം അങ്ങേയ്ക്ക് എങ്ങനെയാണു സാധിച്ചത്?'

അതിഥി പറഞ്ഞു:

'എനിക്കു മന്ത്രം വശമുണ്ട്. മാത്രമല്ല, പാദങ്ങളിൽ തേക്കാനുള്ള ഒരു മരുന്നും കൈയിലുണ്ട്. മന്ത്രംചൊല്ലി മരുന്നു പുരട്ടണം. എന്നാൽ ഒരു പകൽ കൊണ്ടു രണ്ടായിരം യോജന സഞ്ചരിക്കാം.'

അതു കേട്ടപ്പോൾ ബ്രാഹ്മണനും ഒരാഗ്രഹമുണ്ടായി—തനിക്കും അതുപോലെ സഞ്ചരിക്കണം!

അദ്ദേഹം അതിഥിയോടു പറഞ്ഞു:

'എനിക്കു ഭൂമി മുഴുവൻ സഞ്ചരിക്കണമെന്നുണ്ട്. അങ്ങ് എന്നെ സഹായിക്കണം.'

അതിഥി ആതിഥേയന്റെ ആഗ്രഹം നിറവേറ്റി. അദ്ദേഹം ബ്രാഹ്മണനു മന്ത്രം ചൊല്ലിക്കൊടുത്തു. തുടർന്നു പുരട്ടുമരുന്നും നല്കി.

ബ്രാഹ്മണൻ അതിയായി സന്തോഷിച്ചു. ആദ്യമായി ഹിമാലയം കണ്ടിട്ടുവരണം — അതായി അദ്ദേഹത്തിന്റെ നിശ്ചയം. ആയിരം യോജന ദൂരെയാണു ഹിമാലയം. ഒരു പകൽകൊണ്ടു തനിക്കു രണ്ടായിരം യോജന സഞ്ചരിക്കാം. ആ സ്ഥിതിക്കു പകുതിപ്പകൽ മതി ഹിമാലയത്തിൽ എത്താൻ. തിരിച്ചു വീട്ടിലെത്താൻ പകുതി പകലും. രാവിലെ പോയാൽ സന്ധ്യയ്ക്കു മുമ്പു തിരിച്ചുവരാം.

അങ്ങനെ അദ്ദേഹം ഹിമാലയത്തിൽ ചെന്നു.

ഹാ! എത്ര രമണീയമാണു ഹിമാലയം! ഭംഗികൾ ആസ്വദിച്ച് അദ്ദേഹം അങ്ങുമിങ്ങും നടന്നു. അതിനിടയിൽ അറിയാതെ ഒരു അബദ്ധം പറ്റിപ്പോയി. ഹിമാലയത്തിൽ നിറയെ മഞ്ഞാണല്ലോ. കാലിലെ പുരട്ടുമരുന്നു മഞ്ഞിൽ കഴുകിപ്പോയി. അപ്പോൾ എന്തായി? ഗതിവേഗം സാധാരണ രീതിയിലായി. തിരിയെ വീട്ടിലെത്താൻ നിവൃത്തിയില്ല! അദ്ദേഹം ഹിമാലയത്തിൽ അകപ്പെട്ടുപോയി.

പരിഭ്രമത്തോടെ അദ്ദേഹം അങ്ങുമിങ്ങും ഉഴന്നുനടന്നു.

യദൃച്ഛയാ അദ്ദേഹം ഒരു അപ്സരസ്സിനെ കണ്ടുമുട്ടി.

വരൂഥിനി എന്നാണ് അപ്സരസ്സിന്റെ പേര്.

അവൾ എത്രയോ ദേവന്മാരെ കണ്ടിട്ടുണ്ട്. ഗന്ധർവ്വന്മാരെ കണ്ടിട്ടുണ്ട്. മറ്റു ദിവ്യവർഗക്കാരെ കണ്ടിട്ടുണ്ട്. അവരൊക്കെ ഈ മനുഷ്യന്റെ മുമ്പിൽ വിരൂപന്മാർ! ഈ മനുഷ്യൻ തന്റെ ഭർത്താവാകണം. അതായി അവളുടെ ഉത്കടമായ ആഗ്രഹം.

'ഹേ ബ്രാഹ്മണാ, ഞാൻ വരൂഥിനി എന്ന അപ്സരസ്സാണ്. അങ്ങ് ഇവിടെ വരാനെന്താണു കാരണം?'

'കാലിൽ അത്ഭുതമരുന്നു തേച്ചിട്ടാണു ഞാൻ ഇവിടെയെത്തിയത്. മഞ്ഞേറ്റു മരുന്നാകെ പൊയ്പോയി. വീട്ടിലെത്താൻ വയ്യാതെ ഞാൻ കുഴങ്ങുകയാണ്.'

'ഞാൻ അങ്ങയുടെ ദാസിയാണ്. എന്താണു ഞാൻ അങ്ങേയ്ക്കുവേണ്ടി ചെയ്യേണ്ടത്?'

'വരൂഥിനീ, നിത്യകർമ്മങ്ങളിൽ അത്യന്തം ശ്രദ്ധയുള്ളവനാണു ഞാൻ. ഗൃഹത്തിൽ എത്തിയാലേ സന്ധ്യാകർമങ്ങൾ ചെയ്യാനൊക്കൂ. നീ എന്നെ ഗൃഹത്തിൽ എത്തിക്കണം.'

'ബ്രാഹ്മണാ, അങ്ങു വീട്ടിലേക്കു പോകണ്ട. അങ്ങ് എന്റെ ഭർത്താവായി ഇവിടെ താമസിക്കണം. സ്വർഗത്തെക്കാൾ മനോഹരമാണ് ഈ ഹിമാലയം. അങ്ങേയ്ക്ക് എന്തൊക്കെ ആവശ്യമുണ്ടോ, അതെല്ലാം ഞാൻ തന്നുകൊള്ളാം—നിത്യയൗവനമുൾപ്പെടെ.'

'എടീ അപ്സരസ്സേ, എന്തു പറഞ്ഞു? ഞാൻ നിന്നെ വിവാഹംകഴിക്കണമെന്നോ? ഇല്ല. ഒരിക്കലും ഞാനതു ചെയ്യുകയില്ല!'

'ഞാൻ ആദ്യമേ പറഞ്ഞു, അങ്ങയുടെ ദാസിയാണു ഞാനെന്ന്. അങ്ങയുടെ ഗൃഹത്തിലെ സുഖങ്ങളില്ലേ? അവയുടെ നൂറിരട്ടി സുഖങ്ങൾ ഇവിടെയുണ്ടാവും. അങ്ങ് എന്നോടു ദയവുകാണിക്കണം. വീട്ടിലേക്കു മടങ്ങിപ്പോകരുത്.'

'നീ ദാസിയാണെങ്കിൽ എന്നെ അനുസരിക്കേണ്ടതാണ്. എന്നെ എന്റെ ഗൃഹത്തിൽ എത്തിക്കൂ!'

'ഗൃഹത്തിലേക്കു മടങ്ങുന്ന കാര്യമേ ആലോചിക്കരുത്. അങ്ങ് എന്റെ ഭർത്താവാകണം. എന്നോടൊന്നിച്ച് ഇവിടെ ജീവിതം നയിക്കണം.'

'വരൂഥിനീ, എനിക്കു ഹോമത്തിലും പൂജയിലും മറ്റുമേ താത്പര്യമുള്ളൂ. വിവാഹം വേണ്ടെന്നുവെച്ചിരിക്കുകയാണ്. എന്തു വന്നാലും ശരി, ഞാൻ നിന്നെ വിവാഹംകഴിക്കയില്ല!'

ബ്രാഹ്മണന് ഒന്നു തോന്നി. തന്നെ ഈ അപ്സരസ്സു സഹായിക്കയില്ല. എങ്കിലും മറ്റാരെങ്കിലും സഹായിച്ചേ കഴിയൂ. അതിന് ആരുണ്ട്? അഗ്നിദേവനെ സമീപിക്കുകതന്നെ.

അദ്ദേഹം അഗ്നിദേവനെ ഭജിച്ചിട്ടു വിളിച്ചുപറഞ്ഞു:

'അഗ്നിദേവാ, ഞാൻ ഹോമങ്ങളും പൂജകളും ശരിയായി നിർവഹിച്ചിട്ടുണ്ടെങ്കിൽ, എന്റെ മനസ്സിനെ ദുഷ്വവിചാരങ്ങൾ തീണ്ടിയിട്ടില്ലെങ്കിൽ, എനിക്കു വീട്ടിൽ മടങ്ങിയെത്താൻ സാധിക്കുമാറാകട്ടെ!'

അതിനു തൽക്ഷണം പ്രയോജനമുണ്ടായി. അഗ്നിദേവൻ ബ്രാഹ്മണനിൽ പ്രസാദിച്ചു. ബ്രാഹ്മണൻ അതിവേഗം ഗൃഹത്തിൽ തിരിച്ചെത്തി.

വരൂഥിനി വല്ലാതെ സങ്കടപ്പെട്ടു. അവൾ ഏങ്ങിഏങ്ങിക്കരഞ്ഞു. ബ്രാഹ്മണന്റെ സ്മരണ വിട്ടുമാറുന്നില്ല. അദ്ദേഹത്തെ ഇനി കാണുമോ? അവൾ ആർത്തയായി അങ്ങുമിങ്ങും ഉഴന്നുനടന്നു.

ഒരു ഗന്ധർവൻ അവളെ കാണാനിടയായി.

കലി എന്നു പേരുള്ള ഗന്ധർവനാണ്. മുമ്പൊരിക്കൽ കലി എന്താണു ചെയ്തിരുന്നത് എന്നോ? വരൂഥിനിയോടു താഴ്മയായി ഒന്നപേക്ഷിച്ചു—അവൾ തന്റെ പത്നിയാവണം എന്ന്. പക്ഷേ, വരൂഥിനി കലിയുടെ അപേക്ഷ തിരസ്കരിക്കുകയാണു ചെയ്തത്. അതിൽ ഗന്ധർവന് അമർഷം തോന്നിയിരുന്നു. ഇപ്പോഴിതാ വീണ്ടും അവളെ കണ്ടുമുട്ടിയിരിക്കുന്നു. അവൾ തന്നെ കണ്ടിട്ടുമില്ല. ഇപ്രാവശ്യം അവളെ വെറുതെ വിട്ടുകൂടാ. തന്റെ പത്നിയാക്കുകതന്നെ വേണം. വഞ്ചനകൊണ്ടേ അതു സാധിക്കുതാനും.

മറഞ്ഞുനിന്നു കലി വരൂഥിനിയെ ശ്രദ്ധിച്ചുനോക്കി. അവളുടെ കണ്ണുകൾ കരഞ്ഞുകലങ്ങിയിരിക്കുന്നു. എന്തായിരിക്കും അവളുടെ ദുഃഖത്തിനു കാരണം? കണ്ടുപിടിക്കാൻ നിശ്ചയിച്ചു കലി. ചില ദിവ്യശക്തികളുണ്ട് കലിക്ക്. ആ ദിവ്യശക്തികൾ പ്രയോഗിച്ചപ്പോഴോ? കാരണം പിടികിട്ടി. അവളെ ഒരു മനുഷ്യൻ പതിത്യജിച്ചിരിക്കുന്നു!

തനിക്കു പറ്റിയ അവസരമാണിത്. അക്കാര്യം ഗന്ധർവനു ബോദ്ധ്യമായി. എന്തുവന്നാലും ശരി, ഈ അവസരം പാഴാക്കിക്കൂടാ. ചിലതെല്ലാം ചെയ്യുകതന്നെ. താൻ ബ്രാഹ്മണന്റെ രൂപം ധരിക്കണം. ബ്രാഹ്മണൻതന്നെ എന്ന് വരൂഥിനി തെറ്റിദ്ധരിക്കും. തന്നെ അവൾ വിവാഹം കഴിക്കുകയും ചെയ്യും. വാസ്തവത്തിൽ താൻ കലിയാണെന്ന് അവൾ അറിഞ്ഞാലോ? തീർച്ചയായും അവൾ തിരസ്കരിക്കും, മുമ്പു ചെയ്തതുപോലെ.

തെല്ലു കഴിഞ്ഞ് വരൂഥിനി എന്താണു കണ്ടത്? ഏതോ ഒരു പുരുഷൻ തന്റെ നേർക്കു വരുന്നു. അല്ല, ആരാണിത്? ആ ബ്രാഹ്മണൻതന്നെ. തന്നിൽ അദ്ദേഹം സംപ്രീതനായിരിക്കുന്നു. അതായി അപ്സരസ്സിന്റെ ധാരണ. അവളുടെ സന്തോഷം പറയാനില്ല. വന്നയാളെ അവൾ ഭർത്താവായി വരിക്കുകതന്നെചെയ്തു.

ഇരുവരും ഒന്നിച്ചു കുറേക്കാലം ജീവിച്ചു.

വരൂഥിനി തേജസ്വിയായ ഒരു കുമാരനു ജന്മമേകി.

താമസിയാതെ ഗന്ധർവൻ അവളെ വിട്ടുപോയി.

സ്വരോചിസ് എന്നായിരുന്നു ബാലന്റെ പേര്. അവൻ സർവ വിദ്യകളും അതിശീഘ്രം അഭ്യസിച്ചു. ക്രമേണ യൗവനദശയെ പ്രാപിക്കയുംചെയ്തു.

ഒരിക്കൽ സ്വരോചിസ് മന്ദരപർവതത്തിൽ സഞ്ചരിക്കയാണ്. ഒരു കന്യക അദ്ദേഹത്തിന്റെ അടുക്കലേക്ക് ഓടിച്ചെന്നു. എന്നിട്ടു വിളിച്ചു കേണു:

'ദയവുചെയ്ത് എന്നെ രക്ഷിക്കണേ.'

സ്വരോചിസ് കന്യകയെ സമാധാനപ്പെടുത്തി:

'നീ ഒന്നുകൊണ്ടും പേടിക്കേണ്ട. ഞാൻ നിന്നെ സഹായിക്കാം. നീ ആരാണ്? എന്തുണ്ടായി?'

അവൾ തന്റെ കഥ കേൾപ്പിച്ചു.

ഇതായിരുന്നു കഥ:

മനോരമ എന്നാണ് അവളുടെ പേര്. ഇന്ദീവരൻ എന്ന വിദ്യാധരന്റെ മകളാണ് മനോരമ. രണ്ടു തോഴിമാരുണ്ട് അവൾക്ക് — വിഭാവരിയും കലാവതിയും. മന്ദാരൻ എന്ന വിദ്യാധരന്റെ മകളാണ് വിഭാവരി. പാരമഹർഷിയുടെ മകൾ കലാവതിയും. മൂന്നുപേരും ഒന്നിച്ച് ഒരിക്കൽ കൈലാസത്തിന്റെ താഴ്വരയിലേക്കു പോയി. അവിടെ ഒരു മഹർഷി തപസ്സുചെയ്യുന്നതു കാണപ്പെട്ടു. ഭക്ഷണം മിക്കവാറും ഇല്ലെന്നു പറയാം. അതിനാൽ മഹർഷിയുടെ ശരീരം എല്ലും തൊലിയുമായിട്ടുണ്ട്. അതു കണ്ടപ്പോൾ മനോരമയ്ക്കു പരിഹാസം തോന്നി. അവൾ ഉറക്കെ ചിരിച്ചു.

ഇവൾ തന്നെ പരിഹസിച്ചു ചിരിച്ചതാണ്—അക്കാര്യം മഹർഷിക്കു മനസ്സിലായി.

അദ്ദേഹം കോപിച്ചു ശാപമേകി:

'ഛ്ഹാ, എന്നെ ആക്ഷേപിക്കുന്നു, ഇല്ലേ? ശരി ഇതാ നിനക്കുള്ള ശിക്ഷ. നിന്നെ ഒരു രാക്ഷസൻ പീഡിപ്പിക്കും!'

മഹർഷി മനോരമയെ ശപിച്ചില്ലേ? വിഭാവരിയും കലാവതിയും അദ്ദേഹത്തോടു കയർത്തു. അദ്ദേഹം അവർക്കും ശാപം നൽകി:

'ഒരുവൾ കുഷ്ഠരോഗിണിയാകട്ടെ! മറ്റവൾ ക്ഷയരോഗിണിയാകട്ടെ!'

ശാപങ്ങളെല്ലാം തത്ക്ഷണം ഫലിക്കുമാറായി. വിഭാവരിയും കലാവതിയും നിന്ന നിലയ്ക്ക് രോഗിണികളായി. മനോരമയെ ഒരു രാക്ഷസൻ പീഡിപ്പിക്കാനും തുടങ്ങി. രാക്ഷസൻ അവളുടെ പിന്നാലെ കൂടിയിരിക്കുന്നു. അവളെ പിടിച്ചു തിന്നുകയാണ് ആ ദുഷ്ടന്റെ ഉദ്ദേശ്യം.

അക്കഥ കന്യക പറഞ്ഞ് സ്വരോചിസ്സിന് അറിവായപ്പോഴോ? അദ്ദേഹം അവളെ സഹായിക്കാൻ ഒരുക്കമായി.

അവൾ പറഞ്ഞു:

'മഹാത്മൻ, എനിക്കു ചില ദിവ്യാസ്ത്രങ്ങളുടെ മന്ത്രങ്ങൾ വശമുണ്ട്. ആ മന്ത്രങ്ങൾ ആദ്യം എന്റെ അച്ഛനു കിട്ടിയിരുന്നു. അച്ഛനിൽനിന്ന് എനിക്കും. ഞാൻ അങ്ങേയ്ക്ക് ആ മന്ത്രങ്ങൾ നൽകാം. അവ ഉപയോഗിച്ച് അങ്ങു രാക്ഷസനെ വധിക്കണം.'

സ്വരോചിസ്സിനു സമ്മതമായി. അദ്ദേഹം മനോരമയിൽനിന്നു മന്ത്രങ്ങൾ നേടി. അത്രയും ആയപ്പോഴോ? അവളെ പിടിക്കാൻ അതാ വരുന്നു രാക്ഷസൻ! സ്വരോചിസ് മന്ത്രം ജപിച്ച് അസ്ത്രം തൊടുത്തു.

തത്സമയം രാക്ഷസന്റെ ഭാവത്തിന് ഒരു മാറ്റം സംഭവിച്ചു.

അവൻ പറഞ്ഞു:

'മഹാത്മൻ, രാക്ഷസൻ അസ്ത്രം ഉപസംഹരിക്കാൻ ദയവുണ്ടാകണം. അങ്ങ് എന്നെ ഒരു ശാപത്തിൽനിന്നു മോചിപ്പിച്ചിരിക്കയാണ്.'

സ്വരോചിസ് അന്വേഷിച്ചു:

'ആരാണു ശപിച്ചത്? എന്താണു ശാപം?'

രാക്ഷസൻ സ്വാനുഭവങ്ങൾ വർണിച്ചു.

വാസ്തവത്തിൽ രാക്ഷസനല്ല. ആ രൂപം ധരിച്ച വിദ്യാധരനാണ്. എന്നു മാത്രമോ? മനോരമയുടെ പിതാവായ ഇന്ദീവരൻ! വിചിത്രംതന്നെ, അല്ലേ?

ആയുർവേദത്തിൽ അതിപ്രഗല്ഭനായ ഒരു മഹർഷിയുണ്ട്. ബ്രഹ്മമിത്രൻ എന്നാണ് ആ മഹർഷിയുടെ പേര്. ഇന്ദീവരൻ ബ്രഹ്മമിത്രനെ കണ്ട് ഒന്ന് അപേക്ഷിച്ചു—തനിക്ക് ആയുർവേദം ഉപദേശിച്ചു തരണം എന്ന്. ബ്രഹ്മമിത്രൻ അപേക്ഷയ്ക്കു വഴങ്ങിയില്ല. ഇന്ദീവരൻ പല പ്രാവശ്യവും അപേക്ഷ ആവർത്തിച്ചു. അതുകൊണ്ടൊന്നും ഒരു ഫലവും ഉണ്ടായില്ല. അപ്പോൾ ഇന്ദീവരൻ ഒരു പണിപറ്റിച്ചു. മഹർഷി ശിഷ്യന്മാരെ ഏകാന്തതയിൽ ആയുർവേദം പഠിപ്പിക്കാറുണ്ട്. വിദ്യാധരൻ ഒളിച്ചുനിന്ന് അതെല്ലാം കേട്ടു പഠിച്ചു.

ഒരിക്കൽ ഇന്ദീവരന് അബദ്ധം പറ്റി. തന്റെ സൂത്രം ആർക്കും മനസ്സിലായിട്ടില്ല. താൻ എല്ലാവരെയും പറ്റിച്ചിരിക്കുന്നു! അതോർത്തപ്പോൾ അവൻ ചിരിച്ചുപോയി. ചിരി അല്പം ഉച്ചത്തിലും ആയിപ്പോയി. അതു മഹർഷി കേൾക്കാനിടയായി. അതോടെ അദ്ദേഹത്തിന് എല്ലാം മനസ്സിലായി. തന്നെ ഇന്ദീവരൻ വഞ്ചിച്ചു, അല്ലേ? അതിന് അവനെ ശിക്ഷിക്കുകതന്നെ വേണം!

ബ്രഹ്മമിത്രൻ ശാപമേകി:

'ഇന്ദ്രീവരാ, ഏഴു ദിവസത്തിനകം നീ രാക്ഷസനാകും!'

തുടർന്ന് അദ്ദേഹം ശാപമോക്ഷം നൽകി:

'നീ നിന്റെ സ്വന്തം മകളെ പിടിച്ചു തിന്നാൻ ശ്രമിക്കും. ഒരിക്കൽ ഒരു പുരുഷൻ നിന്നെ കൊല്ലാനായി അസ്ത്രമെടുക്കും. ആ സമയം നിന്റെ രാക്ഷസരൂപം മാറും. നിനക്ക് പൂർവരൂപം സിദ്ധിക്കുകയും ചെയ്യും.'

അതാണ് ഇപ്പോൾ ഇന്ദീവരൻ സ്വരോചിസ്സിനെ അറിയിച്ചത്.

സ്വരോചിസ്സിനു രണ്ടു പ്രതിഫലങ്ങൾ നൽകണം. അതിനായി ഇന്ദീവരന്റെ ഒരുക്കം.

'മഹാത്മൻ, ഈ മനോരമ എന്റെ മകളെന്നു പറഞ്ഞല്ലോ. ഞാൻ അവളെ അങ്ങേയ്ക്കു തരുന്നു. അതേസമയം ബ്രഹ്മമിത്രനിൽനിന്ന് ഒളിച്ചു പഠിച്ച ആയുർവേദവും!'

അതിനിടയ്ക്ക് വിദ്യാധരനു പഴയരൂപം കൈവന്നിട്ടുണ്ടായിരുന്നു. അയാൾ ആദ്യം സ്വരോചിസ്സിന് വിദ്യാദാനംചെയ്തു. അതിനുശേഷം കന്യാദാനം ചെയ്യാൻ തയ്യാറായി.

മനോരമ പറഞ്ഞു:

'അച്ഛാ, എനിക്ക് ഇദ്ദേഹത്തിന്റെ ഭാര്യയാകാൻ വിരോധമില്ല. പക്ഷേ, അതിനിപ്പോൾ എനിക്കു നിവൃത്തിയില്ല. ഞാൻ അതിയായി ദുഃഖിച്ചിരിക്കയാണ്. എന്റെ തോഴിമാർ രണ്ടും രോഗിണികളാണ്. അവർ വല്ലാതെ കഷ്ടപ്പെടുന്നു. ആ സ്ഥിതിക്കു ഞാൻ മാത്രം സുഖിക്കുന്നതു ശരിയല്ല.'

സ്വരോചിസ് സമാധാനപ്പെടുത്തി:

'മനോരമേ, അതിൽ നിനക്ക് ഒട്ടും മനോവിഷമം വേണ്ട. ഞാൻ നിന്റെ അച്ഛനിൽനിന്ന് ആയുർവേദം അഭ്യസിച്ചുവല്ലൊ. നിന്റെ തോഴിമാരെ ഞാൻ ചികിത്സിച്ചു ഭേദമാക്കാം.'

അതോടുകൂടി മനോരമയുടെ ബുദ്ധിമുട്ടു നീങ്ങി. ഇന്ദീവരൻ വിധിപോലെ കന്യാദാനം നടത്തി. എന്നിട്ട് ആകാശമാർഗത്തിലൂടെ സ്വസ്ഥാനം പ്രാപിച്ചു. സ്വരോചിസ് വധുവിനോടുകൂടി രോഗിണികളെ ചെന്നു കണ്ടു.

അദ്ദേഹം ഔഷധം പ്രയോഗിച്ച് അവരെ ആരോഗ്യവതികളാക്കി— മുമ്പത്തെപ്പോലെ സൗന്ദര്യവതികളും.

വിഭാവരി പറഞ്ഞു:

'മഹാത്മൻ, ഞാനും അങ്ങയെ ഭർത്താവായി വരിക്കുന്നു. എനിക്ക് ഒരു അപൂർവ വിദ്യ വശമുണ്ട്. എല്ലാ ജന്തുക്കളുടെയും ഭാഷ മനസ്സിലാക്കാൻ അതു സഹായിക്കും. ഞാൻ ആ വിദ്യ അങ്ങേയ്ക്കു പ്രദാനംചെയ്യുന്നു.'

സ്വരോചിസ് വിഭാവരിയെയും പത്നിയായി സ്വീകരിച്ചു. അവർ സമ്മാനിച്ച വിദ്യയും വാങ്ങി.

കലാവതി പറഞ്ഞു:

'എന്റെ അമ്മ പുഞ്ജികസ്ഥല എന്ന അപ്സരസ്സാണ്. ഞാൻ ജനിച്ചയുടൻ അമ്മ എന്നെ ഉപേക്ഷിച്ചുപോയി. പിന്നീട് അച്ഛനായ പാരമഹർഷിയാണ് എന്നെ വളർത്തിയത്. ഒരു അസുരൻ എന്നെ വിവാഹംകഴിക്കാൻ ആഗ്രഹിച്ചു. അച്ഛന് അതു സമ്മതമായിരുന്നില്ല. അച്ഛൻ ഉറങ്ങുമ്പോൾ അസുരൻ അച്ഛനെ കൊലപ്പെടുത്തി. സങ്കടം സഹിക്കവയ്യാതെ ഞാൻ ആത്മഹത്യയ്ക്കു മുതിർന്നു. സതീദേവി എന്നെ അതിൽനിന്നു പിൻതിരിപ്പിച്ചു. ദേവി എനിക്ക് പദ്മിനി എന്ന വിദ്യയും നല്കി. നിധികളുടെ ആധിപത്യം കൈവരുത്തുന്ന വിദ്യയാണ് പദ്മിനി. ആ വിദ്യ അറിയാവുന്ന ആൾക്കു നിധികൾ ധനം നല്കും. ദേവി ഒന്നുകൂടി അരുളിച്ചെയ്യുകയുണ്ടായി—സ്വരോചിസ് എന്റെയും ഭർത്താവാകും എന്ന്; അദ്ദേഹത്തിന്റെ പുത്രൻ മനുവാകും എന്ന്. ഞാനിതാ അങ്ങയെ ഭർത്താവായി അംഗീകരിക്കുന്നു. പദ്മിനി എന്ന വിദ്യ അങ്ങേയ്ക്ക് തരികയും ചെയ്യുന്നു.'

സ്വരോചിസ് കലാവതിയെ സ്വീകരിച്ചു. പദ്മിനി വിദ്യയെയും.

അങ്ങനെ അദ്ദേഹത്തിന് മൂന്നു പത്നിമാരായി. അവരോടുകൂടി അദ്ദേഹം ദാമ്പത്യജീവിതം നയിച്ചു. സുഖം നിറഞ്ഞതായിരുന്നു ആ ജീവിതം— ഐശ്വര്യം നിറഞ്ഞതും. സമ്പത്തുകൾക്കു കൈയും കണക്കുമില്ല. സ്വർണ്ണക്കട്ടികൾ, രത്നങ്ങൾ അവയൊക്കെ എത്ര വേണമെങ്കിലുമുണ്ട്. മാത്രമല്ല, അവയാൽ നിർമിതമായ സാമഗ്രികളും. പദ്മിനിവിദ്യയുണ്ടല്ലോ അധീനതയിൽ. പിന്നെന്തു ബുദ്ധിമുട്ട്?

ഒരിക്കൽ അവരെ കാണാനിടയായി. രണ്ടു പക്ഷികൾ— ഒരു ഹംസിയും ഒരു ചക്രവാകിയും. അവ സ്വരോചിസ്സിന്റെയും പത്നിമാരുടെയും പെരുമാറ്റം നല്ലപോലെ സൂക്ഷിച്ചു. അതിനുശേഷം അതിനെപ്പറ്റി തമ്മിൽ സംസാരിച്ചു.

ഹംസി പറഞ്ഞു:

'ചക്രവാകീ, സ്വരോചിസ് ഭാഗ്യവാൻതന്നെയാണ്. ഭാര്യമാർ ഭാഗ്യവതികളും. ഭർത്താവിന് ഭാര്യമാരെ അതിയായ സ്നേഹം. ഭാര്യമാർക്കു ഭർത്താവിനെയും അങ്ങനെതന്നെ. കണ്ടിട്ട് അസൂയ തോന്നുന്നു.'

പക്ഷേ, ചക്രവാകിക്ക് അതത്ര സ്വീകാര്യമായില്ല.

അവൾ പറഞ്ഞു:

'ഹംസീ, സ്വരോചിസ്സിനു മൂന്നു ഭാര്യമാരോടും തുല്യമായ സ്നേഹം ഉണ്ടായിരിക്കയില്ല. കാരണം, അതു സാദ്ധ്യമല്ല. എന്റെയും എന്റെ ഭർത്താവിന്റെയും കാര്യം നോക്കൂ. എനിക്ക് അദ്ദേഹമേയുള്ളൂ. അദ്ദേഹത്തിനു ഞാനുമേയുള്ളൂ. ഞങ്ങളാണ് ശരിക്കും ഭാഗ്യശാലികൾ!'

പക്ഷിഭാഷയിലാണ് ഹംസിയും ചക്രവാകിയും സംസാരിച്ചത്. എന്നാൽ, സ്വരോചിസ് അതു കേട്ടു മനസ്സിലാക്കി. അദ്ദേഹത്തിനു ജന്തുഭാഷ വശമായിരുന്നുവല്ലോ. പക്ഷികളുടെ സംഭാഷണം അദ്ദേഹത്തിന് അല്പം ലജ്ജ ഉളവാക്കി.

ഒരു നൂറാണ്ടു കടന്നുപോയി.

സ്വരോചിസ്സും പത്നിമാരും ഒരുവനത്തിൽ വിഹരിക്കുകയാണ്. അപ്പോൾ ഒരു മാനിനെയും കൂറെ മാൻപേടകളെയും കണ്ടു. മാൻപേടകൾ ഒരു അപേക്ഷയുമായി മാനിനെ സമീപിച്ചിരിക്കയാണ്. തങ്ങളെ ഭാര്യമാരായി സ്വീകരിക്കണം എന്നതാണ് അപേക്ഷ.

മാൻ അവരോടു പറഞ്ഞു:

'ഞാൻ സ്വരോചിസ്സിനെപ്പോലെ അല്ല, കേട്ടോ? എനിക്ക് ഒന്നിലധികം ഭാര്യമാരാവശ്യമില്ല. നിങ്ങൾ വന്ന വഴിക്കു പൊയ്ക്കൊള്ളുവിൻ!'

അതും സ്വരോചിസ് കേട്ടു.

അപ്പോഴും അദ്ദേഹത്തിനു ലജ്ജയുണ്ടായി.

മൂന്നു പത്നിമാരും കൂടി മൂന്നു പുത്രന്മാരെ സ്വരോചിസ്സിനു സമ്മാനിച്ചു. മനോരമയുടെ പുത്രൻ, വിജയൻ. വിഭാവരിയുടെ പുത്രൻ, മേരുനന്ദൻ. കലാവതിയുടെ പുത്രൻ പ്രഭാവൻ.

പിതാവ് ഓരോ പുത്രനും ഓരോ പുരം നിർമ്മിച്ചു നല്കി. മനോഹരങ്ങളും വമ്പിച്ചവയും ആയിരുന്നു മൂന്നു പുരങ്ങളും. പത്മിനിവിദ്യയല്ലേ സ്വായത്തമായിരിക്കുന്നത്? വിജയന്റെ പുരം, വിജയം. മേരുനന്ദന്റെ പുരം നന്ദപതി. പ്രഭാവന്റെ പുരം താലം.

പുത്രന്മാർ തങ്ങളുടെ നഗരങ്ങളിലേക്കു പോയി.

സ്വരോചിസ്സും പത്നിമാരും ഒന്നിച്ചു ജീവിതം തുടർന്നു.

ഇടയ്ക്കിടയ്ക്ക് സ്വരോചിസ് വേട്ടയ്ക്ക് പോകാറുണ്ട്. ഒരിക്കൽ അദ്ദേഹം ഒരു കാട്ടുപന്നിയെ കണ്ടു. ഡടുതിയിൽ വില്ലു കുലച്ച് അമ്പു തൊടുത്തു. ആ സമയം ഒരു മാൻപേട അദ്ദേഹത്തിന്റെ മുമ്പിൽ കടന്നുചെന്നു:

'ശ്രീമൻ, അങ്ങ് എന്നെ എയ്തുകൊള്ളൂ.' മാൻപേട ആവശ്യപ്പെട്ടു.

'എന്തിനാണ് നീ മരിക്കാൻ ഇച്ഛിക്കുന്നത്?' സ്വരോചിസ് ചോദിച്ചു.

'ഞാൻ അങ്ങയെ ഭർത്താവായിക്കിട്ടാൻ മോഹിക്കുന്നു.' മാൻപേട ഉത്തരം നല്കി.

'എന്താണിത്? ഞാനൊരു മനുഷ്യൻ. നീയോ ഒരു മാൻപേട. പിന്നെങ്ങനെ ഞാൻ നിന്റെ ഭർത്താവാകും?' അറിയാൻ സ്വരോചിസ്സിന് ആകാംക്ഷയുണ്ടായി.

അദ്ദേഹം മാൻപേടയെ ഒന്നു തലോടി.

അത്ഭുതം! മാൻപേട ഒരു ദിവ്യസ്ത്രീയുടെ രൂപം ധരിച്ചിരിക്കുന്നു!

ദിവ്യസ്ത്രീ പറഞ്ഞു:

'ഞാൻ ഈ സ്ഥലത്തെ വനദേവതയാണ്. അവിടുത്തേക്ക് എന്നിൽ ഒരു പുത്രൻ ജനിക്കും. ആ പുത്രൻ മനു ആയിത്തീരും. അക്കാര്യം ദേവന്മാർ എന്നോടു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്.'

അങ്ങനെ സ്വരോചിസ് വനദേവതയുടെയും ഭർത്താവായി. അവർക്കൊരു സന്താനവും ഉണ്ടായി—തേജസ്സിയും പുണ്യശാലിയുമായ ഒരു പുത്രൻ. പിതാവ് പുത്രന് ദ്യുതിമാൻ എന്ന പേരു നല്കി.

പിന്നൊരിക്കൽ സ്വരോചിസ് ഹംസദമ്പതികളെ കണ്ടെത്തി.

ഹംസം ഹംസിയോടു പറയുകയാണ്:

'നമുക്കു വാർദ്ധക്യം വരാറായി. ഇനി നാം ലൗകികമായ ജീവിതം മതിയാക്കണം. സന്ന്യാസം സ്വീകരിക്കുകയും വേണം.'

ഹംസി പ്രതിവചിച്ചു:

'സന്ന്യാസമൊന്നും വേണമെന്നില്ല. ലൗകികമായ സുഖങ്ങൾ അനുഭവിക്കതന്നെ വേണം. അതോ, കഴിയുന്നിടത്തോളം കാലവും.'

അതു കേട്ട് ഹംസം ശക്തിയായി പറഞ്ഞു:

'നീ ഒരു പൊട്ടിയാണ്. സ്വരോചിസ്സിനെപ്പോലെ. അദ്ദേഹം ലൗകികസുഖത്തിൽ മുഴുകിക്കഴിയുന്നു. സന്ന്യസിക്കുന്ന ലക്ഷണമേയില്ല. ഞാൻ അദ്ദേഹത്തെപ്പോലെയല്ല. എനിക്കു സന്ന്യാസത്തിന്റെ മഹിമ അറിയാം. ഞാൻ ഉടനെ സന്ന്യസിക്കുകയുംചെയ്യും.' .

മുമ്പും ഓരോ ജന്തുക്കൾ ഓരോന്നു പറഞ്ഞിരുന്നുവല്ലോ. അതൊക്കെ സ്വരോചിസ്സിന്റെ മനസ്സിൽ പതിയുകയും ചെയ്തിരുന്നു. ഹംസത്തിന്റെ വാക്കുകൾ അദ്ദേഹത്തിന്റെ മനസ്സാകെ മാറ്റി. അദ്ദേഹം ഭാര്യയോടൊന്നിച്ചു വനംപ്രാപിച്ചു. അവിടെയിരുന്നു തപസ്സിൽ മുഴുകി. പുണ്യലോകങ്ങൾ നേടുകയും ചെയ്തു.

പില്ക്കാലത്ത് ദ്യുതിമാൻ മനുവായി—സ്വരോചിസ്സിന്റെ പുത്രനായതുകൊണ്ട് സ്വരോചിഷൻ എന്ന പേരിൽ.

അദ്ദേഹത്തിന്റെ മന്വന്തരമാണ് സ്വരോചിഷമന്വന്തരം.

(മാർക്കണ്ഡേയപുരാണം)

ഔത്തമമനു

ഉത്തമൻ എന്നൊരു രാജാവ്. ബഹുല എന്നാണ് രാജ്ഞിയുടെ പേര്. രാജാവിന് ബഹുലയോട് അത്യധികമായ സ്നേഹമുണ്ട്. പക്ഷേ, ബഹുലയ്ക്ക് രാജാവിനോടു സ്നേഹമില്ല. ദമ്പതികളുടെ പൊരുത്തക്കേട് പലപ്പോഴും പ്രകടമായി. രാജാവ് വിലപിടിച്ച ആഭരണങ്ങൾ സമ്മാനിക്കും. രാജ്ഞി അവ സ്വീകരിക്കുകയില്ല. രാജാവ് പത്നിയോടു മൃദുവായി സംസാരിക്കും. രാജ്ഞി ഭർത്താവിനോടു കർക്കശമായി മറുപടി നല്കും. ഒന്നിലും ഭർത്താവിനെ അനുസരിക്കുകയുമില്ല.

ഒരിക്കൽ പലരും കണ്ടുനില്ക്കെ രാജ്ഞി ഭർത്താവിനെ ധിക്കരിച്ചു.

അപ്പോൾ... അപ്പോൾമാത്രം... ഉത്തമന്റെ ക്ഷമകെട്ടു.

അദ്ദേഹത്തിന് അതിയായ കോപമുണ്ടായി.

ഒരു ഭടനെ വരുത്തി അദ്ദേഹം ആജ്ഞാപിച്ചു:

'എടോ, രാജ്ഞിയെ കാട്ടിൽ കൊണ്ടു കളഞ്ഞിട്ടു വരൂ!'

ഭടൻ രാജ്ഞിയെ തേരിൽ കയറ്റി കൊട്ടാരത്തിൽനിന്നു യാത്രയായി. വിജനവും ഭയാനകവുമായ ഒരു കാട്ടിലെത്തി. രാജ്ഞിയെ തേരിൽനിന്നിറക്കിവിട്ടിട്ട് മടങ്ങി.

ഉത്തമനു ദേഷ്യംവന്നിട്ടാണ് ബഹുലയെ പരിത്യജിച്ചത്. ദേഷ്യം മാറിയപ്പോൾ അതു വേണ്ടിയിരുന്നില്ല എന്നു തോന്നി. അദ്ദേഹത്തിന്റെ ചിന്തകൾ പത്നിയെ ചുറ്റിപ്പറ്റിനിന്നു. മറ്റൊരു പത്നിയെ സ്വീകരിക്കാൻ അദ്ദേഹത്തിനു മനസ്സുവന്നില്ല. അദ്ദേഹം ദുഃഖിതനായി നാളുകൾ നീക്കി.

ഒരു ദിവസം സുശർമ എന്നൊരു ബ്രാഹ്മണൻ ഉത്തമനെ ചെന്നു കണ്ടു. സുശർമയുടെ കണ്ണുകൾ കലങ്ങിയിരിക്കുന്നു. അതിയായ ദുഃഖമുണ്ട് എന്നു സ്പഷ്ടമാണ്.

'തമ്പുരാനേ, ഞാൻ രാത്രിസമയത്ത് ഉറങ്ങുകയായിരുന്നു. എന്റെ ഭാര്യയെ ആരോ അപഹരിച്ചുകൊണ്ടുപോയി.'

'ആരാണ് അപഹരിച്ചത് എന്ന് അറിയാമോ?'

'ആരെന്ന് ഒരു നിശ്ചയവുമില്ല. ഭാര്യയെ എവിടേക്കു കൊണ്ടുപോയെന്നും അറിഞ്ഞുകൂടാ. അങ്ങയുടെ പ്രജകൾക്കാർക്കും രാത്രി കിടന്നുറങ്ങാൻ ഭയമുണ്ടായിരുന്നില്ല. ഇപ്പോൾ അതുമായി!'

'ഹേ ബ്രാഹ്മണാ, ഞാൻ അങ്ങയുടെ ഭാര്യയെ കണ്ടിട്ടില്ല. ആ സ്ത്രീ കാണാൻ എങ്ങനെയുണ്ട്? എന്താണു ശരിക്കുള്ള സ്വഭാവം?'

'തമ്പുരാനേ, അവൾ വലിയ വിരൂപിണിയാണ്. കർക്കശമായിട്ടേ സംസാരിക്കുകയുള്ളു. സ്വഭാവം ഒട്ടും നന്നല്ല. എങ്കിലും ഞാൻ അവളെ ദേഷ്യപ്പെടാറില്ല.'

'അങ്ങനെയോ? എന്നാൽ, അവൾ പോയതു നന്നായല്ലോ. അങ്ങ് ഉപേക്ഷിക്കാതെതന്നെ മറ്റൊരുവൻ അവളെ അപഹരിച്ചു. അങ്ങനെ അങ്ങേയ്ക്ക് എല്ലാം എളുപ്പമായി. അങ്ങിനി നല്ലൊരു സ്ത്രീയെ വിവാഹംകഴിക്കണം.'

'ഛെ അവിടുന്നു പറഞ്ഞതു ശരിയായില്ല. ഞാൻ അവളെ വിധിപ്രകാരം വേട്ടതാണ്. ആ സ്ഥിതിക്ക് അവളെ കൈയൊഴിയുന്നതു ധർമമല്ല. ഭാര്യയുമൊന്നിച്ചുവേണം സത്കർമങ്ങൾ ചെയ്യാൻ. തനിയെ ചെയ്താൽ ധർമലോപം വന്നുചേരും. അവിടുന്ന് അവളെ കണ്ടുപിടിച്ചുതരണം.'

പരാതിക്കാരന്റെ സങ്കടനിവർത്തി ഉണ്ടാക്കുക എന്നതു രാജാവിന്റെ കടമയാണ്. അക്കാര്യം ഉത്തമനു നല്ലതുപോലെ അറിവുള്ളതാണ്. അദ്ദേഹം ഉടൻതന്നെ രഥത്തിൽ കയറി അന്വേഷണം ആരംഭിച്ചു. ബ്രാഹ്മണപത്നിയെ കണ്ടെത്തിയേ കഴിയൂ. മാർഗമദ്ധ്യേ രാജാവ് ഒരു വനത്തിലെത്തി. ആ വനത്തിൽ ഒരു മഹർഷിയുടെ ആശ്രമം സ്ഥിതിചെയ്യുന്നു. രാജാവ് രഥത്തിൽ നിന്നിറങ്ങി ആശ്രമത്തിൽ പ്രവേശിച്ചു. മഹർഷിക്ക് ആദരാഞ്ജലികൾ അർപ്പിക്കണം. അതായിരുന്നു രാജാവിന്റെ ഉദ്ദേശ്യം.

രാജാവിനെക്കണ്ട് മഹർഷി ധൃതിയിൽ എഴുന്നേറ്റു. ബഹുമാന്യനായ അതിഥിയെ യഥാവിധി സത്കരിക്കണം. മഹർഷി ഒരു ശിഷ്യനെ വിളിച്ചു പറഞ്ഞു:

'വേഗം അതിഥിപൂജയ്ക്കുള്ള സാമഗ്രികൾ കൊണ്ടുവരൂ.'

ശിഷ്യൻ രാജാവു കേൾക്കാതെ അമർന്ന സ്വരത്തിൽ ചോദിച്ചു:

'ഗുരോ, ഈ രാജാവിനു വിധിപ്രകാരമുള്ള അതിഥിപൂജചെയ്യാൻ പാടുള്ളതാണോ? ദയവുചെയ്ത് ആലോചിച്ചുനോക്കണം.'

മഹർഷി ആലോചിച്ചപ്പോൾ സംഗതി മനസ്സിലായി. എങ്കിലും അദ്ദേഹം പുറമേ കാട്ടിയില്ല. അതേ സമയം അതിഥിപൂജ ചെയ്തുമില്ല. ബുദ്ധിമാനായ ഉത്തമന് ഒന്നു തീർച്ചയായി—ഇതിലെന്തോ രഹസ്യമുണ്ട് എന്ന്.

മഹർഷിയും രാജാവും സംഭാഷണം തുടങ്ങി:

'രാജൻ, എന്താണ് അങ്ങയുടെ ആഗമനത്തിനു കാരണം?'

'മഹർഷേ, ഒരു ബ്രാഹ്മണന്റെ പത്നിയെ ആരോ അപഹരിച്ചുകൊണ്ടു പോയിരിക്കുന്നു. ആ സ്ത്രീയെ അന്വേഷിച്ചു സഞ്ചരിക്കയാണു ഞാൻ. ആട്ടെ, ഞാൻ അങ്ങയോട് ഒന്നു ചോദിക്കട്ടെയോ?'

'ചോദിച്ചുകൊള്ളൂ. യാതൊരു ശങ്കയും വേണ്ട. അറിയാവുന്നതാണെങ്കിൽ ഞാൻ പറയാം.'

'ആദ്യം അങ്ങ് എനിക്ക് അതിഥിപൂജ നിശ്ചയിച്ചു. പിന്നീട് അതു വേണ്ടെന്നുവെച്ചു. എന്താണ് അതിനു കാരണം?'

'രാജൻ, ശരിയാണ്. ആദ്യം ഞാൻ അതിഥിപൂജ നിശ്ചയിച്ചു. ഞാൻ ത്രികാലജ്ഞനാണ്. എങ്കിലും അപ്പോൾ ഒന്ന് ഓർമിച്ചില്ല. എന്റെ ശിഷ്യനും എന്നെപ്പോലെ ത്രികാലജ്ഞൻതന്നെ. അവൻ ഒരു കാര്യം ഓർമിച്ചു. അതെന്നെ ഓർമിപ്പിക്കുകയുംചെയ്തു. അങ്ങയുടെ വംശം പ്രശസ്തമാണ്. സമ്മതിക്കുന്നു. പക്ഷേ, വാസ്തവത്തിൽ അങ്ങ് അതിഥിപൂജയ്ക്ക് അർഹനല്ല.'

'അർഹനല്ലാതാവാൻ ഞാൻ എന്തു ദുഷ്കർമമാണു ചെയ്തിട്ടുള്ളത്.'

'അങ്ങ് സ്വന്തം പത്നിയെ കാട്ടിൽ കൊണ്ടുപോയി കളഞ്ഞു. അതൊരു ധർമലോപംതന്നെയാണ്. ഭാര്യയ്ക്കു ദുശ്ശീലം ഉണ്ടായിരിക്കാം. എങ്കിലും അങ്ങ് ആ സ്ത്രീയെ യഥാവിധി വിവാഹംചെയ്തതാണ്. ആ സ്ഥിതിക്ക് അവളെ ഉപേക്ഷിക്കാൻ പാടില്ലാത്തതാകുന്നു. നേരെ മറിച്ച് ആ ബ്രാഹ്മണനെ നോക്കൂ. അയാളുടെ ഭാര്യ അയാൾക്ക് ഒട്ടും ചേർന്നവളല്ല. എന്നിട്ടും അയാൾ അവളെ തിരിച്ചുകിട്ടാൻ പാടുപെടുന്നു. രാജാവ് സ്വധർമത്തിൽ നിന്ന് അല്പം ചലിച്ചാലോ? പ്രജകൾ വളരെ കൂടുതൽ ചലിക്കും.

മഹർഷേ, അങ്ങു പറയുന്നതു ശരിയാണ്. ഞാൻ അതു പൂർണമായും സമ്മതിക്കുന്നു. പോട്ടെ, അങ്ങു ത്രികാലജ്ഞനാണല്ലോ. ബ്രാഹ്മണപത്നിയെ ആരു കൊണ്ടുപോയി? അവൾ ഇപ്പോൾ എവിടെയാണ്?'

'വലാകൻ എന്ന രാക്ഷസനാണ് അവളെ അപഹരിച്ചത്. ഉൽപ്പലാവതകം എന്ന വനത്തിലുണ്ട് അവൾ. അങ്ങ് ഇപ്പോൾത്തന്നെ അവിടേക്കു പോകണം. അവളെ വീണ്ടെടുത്ത് സുശർമയ്ക്കു കൊടുക്കണം.'

രാജാവ് മഹർഷിയോടു യാത്ര പറഞ്ഞു വീണ്ടും രഥത്തിൽ കയറി. ആവുന്നത്ര വേഗത്തിൽ ഉൽപ്പലാവതകത്തിൽ ചെന്നെത്തി. അവിടെ വിരൂപിണിയായ ഒരു സ്ത്രീയെ കണ്ടെത്തി. അദ്ദേഹത്തിന് ഒറ്റനോട്ടത്തിൽ അവളെ മനസ്സിലായി. മറ്റാരുമല്ല, സുശർമയുടെ ഭാര്യ!

അദ്ദേഹം അവളോടു ചോദിച്ചു വിവരങ്ങൾ അറിഞ്ഞു.

വലാകൻ അവളെ അപഹരിച്ചതു ശരിതന്നെ. രാക്ഷസൻ ആ വനത്തിൽ ഉണ്ടുതാനും. അവൻ അവളെ ഭാര്യയാക്കിയിട്ടില്ല; ഒരുവിധത്തിലും ഉപദ്രവിച്ചിട്ടുമില്ല. പിന്നെ എന്തിനാണ് അവന്റെ ഒരുക്കം? അറിയാൻ ഉത്തമന് അതിയായ ജിജ്ഞാസ ഉണ്ടായി. അദ്ദേഹം ബ്രാഹ്മണപത്നി കാട്ടിയ വഴിയേ പോയി. കുറെ ദൂരം നടന്നപ്പോൾ വലാകനെ കണ്ടുമുട്ടി.

രാജാവിനെ കണ്ടപ്പോഴോ? രാക്ഷസൻ എഴുന്നേറ്റു വന്ദിച്ചു. എത്ര ബഹുമാനമാണ്, എത്ര ഭക്തിയാണ് അവൻ പ്രദർശിപ്പിച്ചത്!

'തിരുമേനീ, അവിടുന്ന് എന്നെ കാണാൻ വന്നതു വലിയ കാര്യമായി. അവിടുത്തെ ആജ്ഞ പാലിക്കുന്നവനാണു ഞാൻ. എന്താണ് അവിടുത്തേക്കു വേണ്ടത്? അറിയിക്കാൻ ദയവുണ്ടാകണം.'

'വലാകാ, നീ ബ്രാഹ്മണപത്നിയെ അപഹരിച്ചു കൊണ്ടുവന്നു. എങ്കിലും അവളെ ഭാര്യയാക്കുന്നില്ല, കൊന്നുതിന്നുന്നുമില്ല. ആ സ്ത്രീ വിരൂപിണിയുമാണ്. എന്താണു വാസ്തവത്തിൽ നിന്റെ ഉദ്ദേശ്യം?'

'രാക്ഷസന്മാരിലുമുണ്ട് മനുഷ്യരെ തിന്നാത്ത ചുരുക്കം ചിലർ. അക്കൂട്ടത്തിൽപ്പെട്ടവനാണു ഞാൻ. എന്നെപ്പോലുള്ളവർക്ക് എന്താണ് ആഹാരമെന്നോ? മനുഷ്യരുടെ മാംസമല്ല, സ്വഭാവം. ഒരു ഉദാഹരണം പറയാം: ഞാൻ ഒരു മനുഷ്യന്റെ ക്ഷമയെ ഭക്ഷിച്ചു എന്നിരിക്കട്ടെ. അവൻ അന്നുമുതൽ ക്രോധശീലനാകും. ഞാൻ ഒരുവളുടെ ദുഃസ്വഭാവത്തെ ഭക്ഷിച്ചാൽ അവൾ സൽസ്വഭാവിയാകും. ഇനി സൗന്ദര്യത്തിന്റെ കാര്യം എടുക്കാം. രാക്ഷസസ്ത്രീകളിൽ ചിലർക്ക് അളവറ്റ സൗന്ദര്യമുണ്ട്. അപ്സരസ്സുകളുടെ സൗന്ദര്യത്തെക്കാൾ എത്രയോ കൂടുതൽ. ആ സ്ഥിതിക്കു ഞങ്ങൾക്കു മനുഷ്യസ്ത്രീകളിൽ താത്പര്യം തോന്നുകയില്ല. പ്രത്യേകിച്ച്, ഈ ബ്രാഹ്മണപത്നിയെപ്പോലുള്ള വിരൂപിണികളിൽ.

'വലാകാ, എന്നിട്ടും നീ എന്തിന് ഇവളെ അപഹരിച്ചു?'

'തിരുമേനീ, സുശർമ ധാരാളം യജ്ഞങ്ങൾ ചെയ്യാറുണ്ട്. യജ്ഞത്തിന്റെ ഫലമായി ഞങ്ങൾക്ക് ഒരു അവശത വന്നു ചേരുന്നു. യജ്ഞം നടത്തിക്കുന്നവരുടെ സ്വഭാവങ്ങൾ ഭക്ഷിക്കാൻ കഴിയാതാവുന്നു. ഞങ്ങൾക്കു വിശപ്പു സഹിക്കാൻ വയ്യാതെയും ആയിരിക്കുന്നു. യജ്ഞം ഫലിക്കണമെങ്കിലോ? യജ്ഞം ചെയ്യുന്ന ആളുടെ ഭാര്യ അരികത്തു വേണം. സുശർമയുടെ ഭാര്യയെ അപഹരിച്ചാലോ? അദ്ദേഹത്തിന്റെ യജ്ഞത്തിനു ഫലമുണ്ടാവുകയില്ല. ഇപ്പോൾ മനസ്സിലായോ?'

'ഓഹോ, അതാണ് കാര്യം!'

'തിരുമേനീ, അവിടുന്ന് ഒന്നു പറഞ്ഞില്ല— ഞാൻ അവിടുത്തേക്കു വേണ്ടി എന്തു ചെയ്യണം എന്ന്.'

'വലാകാ, നീ സ്വഭാവം ഭക്ഷിക്കുന്നവനാണ്, അല്ലേ?'

'അതെ.'

'ഞാൻ ഒന്നു പറയുന്നു എന്നിരിക്കട്ടെ—അതായത്, നീ ഒരാളുടെ സ്വഭാവം ഭക്ഷിക്കണം എന്ന്. നീ അപ്രകാരം ചെയ്യുമോ?'

'ചെയ്യാം.'

'എന്നാൽ, ഈ ബ്രാഹ്മണപത്നിയുടെ ദുശ്ശീലം ഭക്ഷിച്ചുകൊള്ളൂ. അതോടെ ഇവൾ സുശീലയാകും. നീ ഇവളെ സുശർമയുടെ അരികിൽ എത്തിക്കയും വേണം. അതാണു നീ എനിക്കു ചെയ്യേണ്ടതായ ഉപകാരം. ഞാൻ നിന്നെ സ്മരിച്ചാലുടൻ നീ വന്നെത്തുകയും വേണം. എന്താ സമ്മതിച്ചോ?'

'സമ്മതിച്ചു, തിരുമേനീ.'

വലാകൻ ഉടൻതന്നെ ജോലിചെയ്തു. അവൻ മായാശക്തിയാൽ ബ്രാഹ്മണിയുടെ മനസ്സിൽ പ്രവേശിച്ചു. അവളുടെ ദുഃസ്വഭാവം ഭക്ഷിച്ചു. എന്നിട്ടു പുറത്തിറങ്ങി.

അതോടുകൂടി ബ്രാഹ്മണി സുശീലയായി. വലാകൻ അവളെ സുശർമയുടെ ഗൃഹത്തിൽ എത്തിച്ചു. സുശർമ്മ അതിയായി സന്തോഷിച്ചു എന്നു പ്രത്യേകിച്ചു പറയണോ?

കണ്ടുനില്ക്കുകയായിരുന്നല്ലോ ഉത്തമൻ. രാജാവ് കൊട്ടാരത്തിൽ മടങ്ങിയെത്തി. അദ്ദേഹം ചിന്തയിൽ മുഴുകി. പത്നിയുള്ള പുരുഷന്റെ ധർമങ്ങൾ—അവ ആദ്യം മഹർഷി ഊന്നിപ്പറയുകയുണ്ടായി. മഹർഷിയെത്തുടർന്ന് രാക്ഷസനും. അവയൊക്കെ തനിക്കാണു കൂടുതൽ ബാധകം. താൻ പത്നിയെ പരിത്യജിക്കുകയുണ്ടായി. ആ നിലയ്ക്കു തനിക്കു ധർമലോപം വന്നിരിക്കുന്നു. അദ്ദേഹം വീണ്ടും മഹർഷിയുടെ മുമ്പിലെത്തി.

എന്താണു രാജാവ് വന്നതിന്റെ ഉദ്ദേശ്യം? അത് അദ്ദേഹത്തിനു പറയേണ്ടിവന്നതേയില്ല. മഹർഷി ദിവ്യദൃഷ്ടിയാൽ സകലതും മനസ്സിലാക്കിയിരുന്നു.

'മഹർഷേ, എന്റെ പത്നി ഇപ്പോൾ എവിടെയാണ്?' ഉത്തമൻ ചോദിച്ചു.

യഥാർത്ഥസ്ഥിതികൾ മഹർഷി കേൾപ്പിച്ചു:

രാജപത്നി ഇപ്പോൾ പാതാളത്തിലാണ്. കപോതകൻ എന്ന നാഗരാജാവ് അപഹരിച്ചുകൊണ്ടുപോയതാണ്. രാജ്ഞി ഭർത്താവിനാൽ വനത്തിൽ ഉപേക്ഷിക്കപ്പെട്ടിരുന്നുവല്ലോ. അപ്പോഴാണ് ആ അപഹരണം നടന്നത്.

കപോതകന് ഒരു പുത്രിയുണ്ട്, നന്ദ. രാജ്ഞിയെ വിവാഹംകഴിക്കാനാണ് പിതാവിന്റെ ഒരുക്കം—അക്കാര്യം നന്ദയ്ക്കു മനസ്സിലായി. ആ നടപടി അവൾക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. അവൾ രാജ്ഞിയെ തന്റെ അന്തഃപുരത്തിൽ ഒളിപ്പിച്ചിരുത്തി.

രാജ്ഞി എവിടെയെന്ന് കപോതകൻ നന്ദയോടു ചോദിച്ചു. നന്ദ ഉത്തരം പറഞ്ഞില്ല. പിതാവു പല പ്രാവശ്യം ചോദ്യം ആവർത്തിച്ചു. പുത്രി ഒരക്ഷരം ഉരിയാടിയില്ല. പിതാവു കോപിഷ്ടനായി പുത്രിക്കു ശാപമേകി: 'നീ ഊമയായിപ്പോകട്ടെ.' അപ്പോൾമുതൽക്ക് നന്ദയ്ക്കു നാവിളക്കാൻ കഴിയാതെയായി.

ഉത്തമൻ പത്നിയെ അതിയായി സ്നേഹിക്കുന്നു; രാജ്ഞി ഭർത്താവിനെ അങ്ങേയറ്റം വെറുക്കുകയും ചെയ്യുന്നു. അതിന്റെ കാരണം മഹർഷി പറഞ്ഞുകൊടുത്തു. വിവാഹമുഹൂർത്തത്തിൽ കടന്നുകൂടിയിരുന്ന ഒരു ദോഷം!

ഉത്തമൻ സുശർമയെ ചെന്നുകണ്ടു.

സുശർമയ്ക്കു വളരെ സന്തോഷമായി. അളവറ്റ നന്ദിയും തോന്നി. തന്റെ ഭാര്യയെ തിരിച്ചുകിട്ടിയതു രാജാവു കാരണമാണല്ലോ. പോരെങ്കിൽ അവളുടെ ദുശ്ശീലമാകെ മാറുകയുംചെയ്തിരിക്കുന്നു.

രാജപത്നിയുടെ ദുശ്ശീലം ഇല്ലാതാക്കണം—അതായി ഉത്തമന്റെ അപേക്ഷ.

സുശർമ മിത്രവിന്ദ എന്നൊരു യജ്ഞംചെയ്തു. എന്തായിരുന്നു അതിന്റെ ഫലം? പാതാളത്തിൽ വസിക്കുന്ന രാജ്ഞിയുടെ മനസ്സു മാറി. ഭർത്താവിനോട് അതിയായ സ്നേഹവും ബഹുമാനവും ഉണ്ടായി. ഉത്തമൻ വലാ

കനെ സ്മരിച്ചു വരുത്തി ഒരു നിർദ്ദേശം നല്കി. അതനുസരിച്ച് വലാകൻ പാതാളത്തിലേക്കു പോയി രാജ്ഞിയെ കൊണ്ടുവന്നു. രാജാവിന് അടക്കവയ്യാത്ത സന്തോഷം തോന്നി—രാജ്ഞിയും ഭർത്താവിനെ കണ്ടതിൽ സന്തോഷിച്ചു—ജീവിതത്തിൽ ആദ്യമായിട്ടാണ് എങ്കിലും.

രാജ്ഞി രാജാവിന് ഒരപേക്ഷ സമർപ്പിച്ചു: മിത്രവിന്ദയുടെ മുകത മാറ്റിക്കൊടുക്കണം. അവൾ തന്നെ സഹായിച്ചവളാണ്. സഹായിച്ച കാരണം ഊമയും ആയിപ്പോയി.

ഉത്തമൻ വീണ്ടും സുശർമയുടെ സഹായം അഭ്യർത്ഥിച്ചു. സുശർമ സാരസ്വതം എന്ന യജ്ഞംചെയ്തു. തത്ഫലമായി നന്ദയ്ക്കു സംഭോഷണശക്തി വീണ്ടുകിട്ടി. അവൾ പാതാളത്തിൽനിന്നു ഭൂമിയിലെത്തി. രാജ്ഞിയുടെ മുമ്പിലെത്തി പലവുരു ആശ്ലേഷിച്ചു. രാജാവിനോട് അപാരമായ നന്ദിയും പ്രകടിപ്പിച്ചു.

നാഗകന്യക പറഞ്ഞു:

'രാജൻ, ഞാനിതാ അങ്ങയെ അനുഗ്രഹിക്കുന്നു. അങ്ങേയ്ക്കു മഹാനായ ഒരു പുത്രനുണ്ടാവട്ടെ! ആ പുത്രൻ മനുവായി തീരുകയുംചെയ്യട്ടെ!'

അതിനുശേഷം അവൾ പാതാളത്തിലേക്കു മടങ്ങിപ്പോയി.

നന്ദയുടെ അനുഗ്രഹം സഫലമായി. ഉത്തമനും പത്നിക്കും ഒരു സൽപുത്രൻ ജാതനായി. ജനനസമയത്ത് സ്വർഗ്ഗലോകത്തുനിന്നു പൂമഴ ചൊരിഞ്ഞു.

രാജകുമാരൻ ജനിച്ചത് ഉത്തമമായ രാജവംശത്തിൽ; ഉത്തമന്റെ പുത്രനായിട്ട്; ഉത്തമമായ മുഹൂർത്തത്തിൽ; ഉത്തമമായ ആകൃതിയോടുകൂടിയും. എല്ലാം കൂടിച്ചേർന്നപ്പോഴോ? അന്വർത്ഥമായ പേരുണ്ടായി— ഔത്തമൻ.

പിൽക്കാലത്ത് ഔത്തമൻ മനുവായി. അദ്ദേഹത്തിന്റെ കാലമോ, ഔത്തമമന്വന്തരവും!

(മാർക്കണ്ഡേയപുരാണം)

താമസമനു

സുരാശ്രുൻ എന്നൊരു രാജാവുണ്ടായിരുന്നു. പണ്ഡിതനായിരുന്നു, വീരനായിരുന്നു. പ്രശസ്തനായിരുന്നു സ്വരാശ്രുൻ. അദ്ദേഹം അനേകം യാഗങ്ങൾ ചെയ്തു. സൂര്യദേവൻ അദ്ദേഹത്തിൽ സംപ്രീതനായി. എങ്ങനെയാണ് സൂര്യദേവൻ തന്റെ പ്രീതി പ്രകടമാക്കിയതെന്നോ? സ്വരാശ്രുന് അതിദീർഘമായ ആയുസ്സ് നല്കിക്കൊണ്ട്!

നല്ലൊരു നേട്ടമാണ് ദീർഘായുസ്സ്. പക്ഷേ, സ്വരാശ്രുന് അത് അനർത്ഥം വരുത്തിവെച്ചു. പത്നിമാർ, മന്ത്രിമാർ, ഭൃത്യന്മാർ—അവർക്കെല്ലാം വാർദ്ധക്യം വന്നുചേർന്നു. ഒന്നൊന്നായി അവർ ഇഹലോകവാസം വെടിയുകയുംചെയ്തു. ഒടുവിൽ സ്വരാശ്രുൻ മിക്കവാറും ഏകനായി. സ്നേഹിച്ചിരുന്നവർ എല്ലാം പൊയ്പോയി. പുതിയ തലമുറയിൽ പെട്ടവർക്കു സ്നേഹവുമില്ല. അവർ സ്വരാശ്രുനെ അവഗണിച്ചു. രാജാവിന്റെ മനസ്സ് സന്തപ്തമായി.

അക്കാരണത്താൽ അദ്ദേഹത്തിന്റെ ബലം കുറഞ്ഞു. ബലത്തോടുകൂടി സ്ഥൈര്യവും.

ആ തക്കം നോക്കി ഒരു ശത്രുരാജാവ് സ്വരാഷ്ട്രന്റെ രാജ്യത്തെ ആക്രമിച്ചു. അദ്ദേഹത്തെ പരാജിതനാക്കി, സ്ഥാനഭ്രഷ്ടനുമാക്കി. സ്വരാജ്യത്തുനിന്ന് അദ്ദേഹം ഒളിച്ചോടി. വിതസ്താനദിയുടെ തീരത്തിലെത്തി. അവിടെയിരുന്നു തപസ്സും തുടങ്ങി.

ഏറ്റവും കഠിനമായിരുന്നു സ്വരാഷ്ട്രന്റെ തപസ്സ്. വെയിലും മഞ്ഞുമൊന്നും അദ്ദേഹം കൂട്ടാക്കിയില്ല. അതങ്ങനെ ഏകാഗ്രമായി തുടർന്നുപോയി.

മഴക്കാലം വരികയായി. ദിവസങ്ങൾ കഴിയുന്നതോടെ മഴയുടെ ശക്തി വർദ്ധിച്ചു. അതങ്ങനെ ധാരമുറിയാതെ പെയ്തുകൊണ്ടിരുന്നു. പകലുകളും രാത്രികളും അതേനിലയിൽ കഴിഞ്ഞുപോയി. ദിക്കുകൾ തിരിച്ചറിയാൻ വയ്യാത്ത നിലയായി. എന്തിനു പറയുന്നു, വലിയ വെള്ളപ്പൊക്കമായി. സ്വരാഷ്ട്രൻ വെള്ളപ്പൊക്കത്തിൽ പെട്ട് ഒഴുകിപ്പോയി.

അദ്ദേഹം കരകയറാൻ കഴിയുന്നത്ര പരിശ്രമിച്ചു. മുങ്ങിയും പൊങ്ങിയും കൈകാലുകൾ ഇട്ടടിച്ചു. ഈ നിലയ്ക്കു പോയാൽ മുങ്ങിച്ചാവുകയേയുള്ളൂ—അക്കാര്യം അദ്ദേഹത്തിനു തീർച്ചയായി. പെട്ടെന്ന് എന്തോ ഒന്നിൽ പിടികിട്ടി. നോക്കിയപ്പോൾ എന്തായിരുന്നു? തന്നോടൊപ്പം ഒലിച്ചുപോകുന്ന ഒരു മാൻപേടയുടെ വാൽ! അദ്ദേഹം അതിൽ പിടിച്ചുതൂങ്ങി. വല്ലവിധവും മാൻപേട കരയ്ക്കടുത്തു. ഒന്നിച്ചു രാജാവും.

ചെളിക്കെട്ടുള്ള പ്രദേശമാണ് അവിടം. വളരെ പ്രയാസപ്പെട്ടു മാൻപേട ചെളിയിലൂടെ മുമ്പോട്ടു നീങ്ങി. പുറകെ വാലിൽ പിടിച്ചിട്ടുള്ള രാജാവും. ഒടുവിൽ അവർ ഉറച്ച മണ്ണിൽ കാലുകുത്തി. മനോഹരമായ ഒരു വനം.

മാൻപേട സംസാരിച്ചു:

'രാജൻ, ഞാൻ കഴിഞ്ഞ ജന്മത്തിൽ ആരായിരുന്നു എന്നോ? അങ്ങയുടെ പട്ടമഹിഷി, ഉല്പലാവതി!'

സ്വരാഷ്ട്രന് അതിയായ അദ്ഭുതം തോന്നി.

അദ്ദേഹം ചോദിച്ചു:

'ഉല്പലാവതീ, നീ എങ്ങനെ മാൻപേടയായി ജനിച്ചു?'

ചോദ്യത്തിന് ഉത്തരമായി ഉല്പലാവതി പൂർവകഥ കേൾപ്പിച്ചു.

കഥ ഇപ്രകാരം ആയിരുന്നു:

ദൃഢധനാവിന്റെ പുത്രിയായിരുന്നു ഉല്പലാവതി. അവളുടെ വിവാഹത്തിനു മുമ്പാണ് സംഭവം. തോഴിമാരോടുകൂടി അവൾ വനക്രീഡയ്ക്കു പോയി. അവിടെ ഒരു മാനിനെയും മാൻപേടയെയും കാണാനിടയായി. ഉല്പലാവതി ഒരു തോന്ന്യാസം കാണിച്ചു. അവൾ മാൻപേടയെ ഒന്നടിച്ചു. മാൻപേട വേദനയെടുത്ത് ഓടിപ്പോയി.

കൂടെയുള്ള മാനിനു ദേഷ്യമായി. വാസ്തവത്തിൽ മാനല്ല. പിന്നെയോ, ആ രൂപത്തിൽ മാൻപേടയോടുകൂടി സഞ്ചരിച്ചിരുന്ന ഒരു മുനി. സുതപസ്സ് എന്നാണ് ആ മുനിയുടെ പേര്.

'ഉല്പലാവതീ, ഞാനിതാ നിന്നെ ശപിക്കാൻ പോകുന്നു!'

'അയ്യോ, ശപിക്കരുതേ.'

'നീ ഒന്നു ചെയ്യാമെങ്കിൽ ശപിക്കാതിരിക്കാം.'

'മുനേ, എന്താണു ഞാൻ ചെയ്യേണ്ടത്?'

'നീ എന്റെ ഭാര്യയാകണം.'

'അങ്ങ് മാനിന്റെ രൂപത്തിലാണ്. ആ സ്ഥിതിക്കു മാൻപേടയെ വേണം വിവാഹംകഴിക്കാൻ. എന്നെ അല്ലല്ലോ.'

'അതൊന്നും സാരമില്ല.'

'അങ്ങ് ഈ ആഗ്രഹം ഉപേക്ഷിക്കണം.'

'ഉപേക്ഷിക്കയില്ല. ഞാൻ നിന്നെ ശപിക്കും.'

'മൂനേ, ഞാൻ ചെറുപ്പമാണ്. അറിവില്ലാതെ പറഞ്ഞുപോയി. അങ്ങു ക്ഷമിക്കണം. എനിക്ക് അച്ഛനുണ്ട്. അച്ഛന്റെ സമ്മതംകൂടാതെ വിവാഹം പാടില്ല. ഞാനിതാ അങ്ങയുടെ പാദം പിടിച്ചു യാചിക്കുന്നു. ദയവുചെയ്ത് എന്നെ പോകാൻ അനുവദിക്കണം.'

'ഞാൻ ശപിക്കും. ശാപം ഫലിക്കയും ചെയ്യും. എങ്കിലും നിനക്കു ചില നല്ല കാര്യങ്ങൾ സംഭവിക്കും.'

'എന്തൊക്കെയെന്ന് അറിയിക്കാൻ ദയവുണ്ടാകണം.'

'ഉല്പലാവതീ, നിന്റെ അടുത്ത ജന്മം നീ മാൻപേടയാകും. സിദ്ധവീര്യൻ എന്നൊരു മഹർഷിയുണ്ട്. അദ്ദേഹത്തിന് ലോലൻ എന്നൊരു പുത്രനും. ലോലൻ നിന്റെ ഗർഭസ്ഥനാകും. അപ്പോൾ നിനക്കു പൂർവസ്മരണ ഉണ്ടാകും. അവനെ പ്രസവിച്ചാൽ നിന്റെ മാൻപേടയുടെ രൂപം വിട്ടുമാറും. തുടർന്നു നീ പുണ്യലോകം പ്രാപിക്കും. ലോലൻ ഭൂമിയെല്ലാം സ്വാധീനമാക്കും, മാത്രമല്ല മനുവുമാകും!'

ഇത്രയും മാൻപേട പറഞ്ഞ് സ്വരാഷ്ട്രന് അറിവായി.

അദ്ദേഹം വനത്തിൽ പാർപ്പുതുടങ്ങി—അടുത്തുതന്നെ മാൻപേടയും.

വാസ്തവത്തിൽ മാൻപേട ഗർഭിണിയായിരുന്നു. ലോലൻതന്നെയായിരുന്നു അവളുടെ ഗർഭത്തിൽ. കുറച്ചു ദിവസം കഴിഞ്ഞ് അവൾ പ്രസവിക്കുകയുംചെയ്തു—സുതപസ്സ് ദീർഘദർശനം ചെയ്തതുപോലെ. താമസിയാതെ അവൾ പുണ്യലോകത്തേക്കു പോയി.

ലോകം തമസ്സിനാൽ മൂടപ്പെട്ടിരുന്നു. ആ സമയത്തായിരുന്നു ലോലന്റെ ജനനം. അതിനാൽ ലോലന് താമസൻ എന്ന പേരുണ്ടായി.

സ്വരാഷ്ട്രന് ലോലനോട് അതിയായ സ്നേഹം തോന്നി. പുത്രന്റെ സ്ഥാനമാണല്ലോ ബാലന്. മാജാവ് അവനെ ലാളിച്ചുവളർത്തി. അതോ, വനത്തിൽ വച്ചും.

ഒരിക്കൽ ലോലൻ സംശയം ചോദിച്ചു:

'അച്ഛാ, എന്റെ അമ്മ ആരായിരുന്നു? അച്ഛൻ എന്തിനു വനത്തിൽ ജീവിക്കുന്നു. എല്ലാം ശരിക്കു പറഞ്ഞുതരണം.'

സ്വരാഷ്ട്രൻ നടന്നതെല്ലാം നടന്നതുപോലെ അറിയിച്ചു.

ലോലൻ സൂര്യദേവനെ തപസ്സുചെയ്തു. സൂര്യദേവനിൽനിന്നു ദിവ്യാസ്ത്രങ്ങൾ നേടി. അച്ഛന്റെ ശത്രുവിനെയും കൂട്ടരെയും തോല്പിച്ചു. മാത്രമല്ല, അവരെ ബന്ധിച്ച് അച്ഛനു കാഴ്ചവെച്ചു.

'മകനേ, അവരെ വിട്ടയയ്ക്കൂ.' സ്വരാഷ്ട്രൻ ആവശ്യപ്പെട്ടു.

താമസനായ ലോലൻ അനുസരിച്ചു.

കുറേക്കാലം കഴിഞ്ഞ് സ്വരാഷ്ട്രൻ പരഗതി നേടി.

താമസൻ മനുവായി. താമസമന്വന്തരത്തിന്റെ അധിപനുമായി!

(മാർക്കണ്ഡേയപുരാണം)

ഋതവാക്ക് മഹർഷിക്കു തപോബലമുണ്ട്, ശരിയാണ്. എങ്കിലും പുത്ര നില്ല.

വളരെക്കാലം കഴിഞ്ഞ് അദ്ദേഹത്തിന് ഒരു പുത്രനുണ്ടായി.

പക്ഷേ, പുത്രലബ്ധികൊണ്ടുമാത്രം എന്തു പ്രയോജനം? പുത്രൻ സൽ പുത്രനായിരിക്കണമല്ലോ. ആ ഭാഗ്യം ഋതവാക്കിനു ലബ്ധമായില്ല. അദ്ദേഹ ത്തിന്റെ പുത്രൻ ദുർമാർഗി ആയിരുന്നു. എത്ര അധർമങ്ങളാണ് അവൻ ചെയ്തത്! മഹർഷിയുടെ സങ്കടം ഊഹിക്കാൻ പ്രയാസമുണ്ടോ?

ആ സങ്കടം അദ്ദേഹത്തിന്റെ ഹൃദയത്തെ കാർന്നുതിന്നു. അതേസമയം ഒരു കഠിനരോഗം അദ്ദേഹത്തിന്റെ ശരീരത്തെയും.

മുനിപത്നിക്കു ഉണ്ടായി ആ കഠിനരോഗം.

ഋതവാക്ക് ഗർഗമഹർഷിയുടെ അഭിപ്രായം ആരാഞ്ഞു.

'മഹാത്മൻ, ഞാൻ യാതൊരു കുറ്റവും ചെയ്തിട്ടില്ല. അനുഷ്ഠാനങ്ങളിൽ, പൂജകളിൽ, ആചാരങ്ങളിൽ യാതൊരു പിഴയും വരുത്തിയിട്ടില്ല. എന്നിട്ടും എനിക്ക് എന്തുകൊണ്ട് ഈയൊരു ദുർഭാഗ്യം ഉണ്ടായി?'

ദിവ്യദൃഷ്ടിയുള്ള ഗർഗമഹർഷി പറഞ്ഞു:

'സ്നേഹിതാ, രേവതി എന്ന നക്ഷത്രമുണ്ടല്ലോ. അതിന്റെ അവസാ നത്തിലാണ് അങ്ങയുടെ പുത്രൻ പിറന്നത്. അതാണു കാരണം.'

അതു കേട്ടപ്പോൾ ഋതവാക്കിനു കഠിനമായ കോപമുണ്ടായി. ഗർഗമഹർ ഷിയോടല്ല, മറ്റു മനുഷ്യരോടല്ല. പിന്നെയോ രേവതിനക്ഷത്രത്തോട്! ആ നക്ഷത്രമല്ലേ തനിക്ക് ഈ വിനയൊക്കെ വരുത്തിവച്ചത്?

അദ്ദേഹം ശപിച്ചു:

'രേവതീ, നീ ഉടനെ ആകാശത്തുനിന്നു പതിക്കുമാറാകട്ടെ!'

തപോബലത്തിന്റെ പ്രഭാവം; അങ്ങനെയല്ലേ പറയാനൊക്കൂ? തത് ക്ഷണം രേവതിനക്ഷത്രത്തിനു സ്ഥാനഭ്രംശം ഉണ്ടായി. ആ നക്ഷത്രം ഭൂമി യിൽ വന്നുവീണു. വീണതോ കുമുദം എന്ന പർവതത്തിലും.

നല്ല പ്രഭയുള്ള നക്ഷത്രമാണ് രേവതി. ഭൂമിയിൽ വീണപ്പോൾ അതി ന്റെ പ്രഭ മങ്ങിപ്പോയോ? ഇല്ലേയില്ല. അതു മുമ്പത്തെപ്പോലെ നാലുപാടും പ്രസരിച്ചുകൊണ്ടിരുന്നു. മലകൾ, വനങ്ങൾ, ചോലകൾ— അവയെല്ലാം ആ പ്രഭയേറ്റു ഹൃദയഹാരികളായി വിളങ്ങി.

അന്നുമുതൽ കുമുദപർവതത്തിനു മറ്റൊരു പേരുണ്ടായി—രൈവ തകം!

ഒരു അദ്ഭുതവും ആ സമയം സംഭവിക്കാതിരുന്നില്ല. രേവതിയുടെ പ്രഭ ഒന്നിച്ചുകൂടി. അതിൽനിന്ന് ഒരു താമരപ്പൊയ്ക ഉണ്ടായി. താമരപ്പൊയ്ക യിൽനിന്ന് ഉയർന്നുവന്നതോ? അഴകേറിയ ഒരു പെൺകുട്ടിയും!

അടുത്തൊരിടത്ത് ഒരു മഹർഷിയുടെ ആശ്രമം സ്ഥിതിചെയ്യുന്നു. പ്രമു ചൻ എന്ന മഹർഷിയുടെ ആശ്രമമാണത്. മഹർഷി പെൺകുട്ടിയെ കാണാ നിടയായി. അദ്ദേഹത്തിന് അവളോട് അതിയായ വാത്സല്യം തോന്നി. അവളെ എടുത്ത് ആശ്രമത്തിലേക്കു കൊണ്ടുപോയി. മകളായി കരുതി പോറ്റിവളർ ത്തുകയുംചെയ്തു.

രേവതി എന്നാണ് മഹർഷി അവൾക്കു പേരിട്ടത്. അവൾക്ക് യൗവനം വന്നുദിച്ചപ്പോഴോ? വിവാഹംകഴിച്ചുകൊടുക്കാൻ ആഗ്രഹമുണ്ടായി. ഏതു പുരുഷനായിരിക്കണം രേവതിയുടെ വരൻ? അതായി പ്രമുചമഹർഷിയുടെ ആലോചന. അദ്ദേഹം പലയിടങ്ങളിലും അന്വേഷണം നടത്തി. അതുകൊണ്ടൊന്നും ഫലമുണ്ടായില്ല.

അദ്ദേഹം അഗ്നിഭഗവാനോടു ചോദിച്ചു:

'ആരായിരിക്കും രേവതിക്ക് അനുരൂപനായ പുരുഷൻ?'

അഗ്നിദേവൻ ഉത്തരം നല്കി:

'ധർമിഷ്ഠനും വീരനുമായ ഒരു രാജാവുണ്ട്; ദുർഗമൻ. ഇവളുടെ ഭർത്താവ് ദുർഗമൻതന്നെ ആയിരിക്കും.'

താമസിയാതെ ദുർഗമൻ സ്വയം അവിടെ വന്നെത്തി.

പ്രമുചമഹർഷിയെ കണ്ടു വന്ദിക്കണം-അതായിരുന്നു ദുർഗമന്റെ വരവിനു കാരണം.

ആശ്രമത്തിനു പുറത്തു നില്ക്കുകയായിരുന്നു രേവതി.

രാജാവ് അവളോടു ചോദിച്ചു:

'പ്രിയേ, മഹർഷി എവിടെ?'

പത്നിയെയാണു സാധാരണയായി അങ്ങനെ വിളിക്കാറ്. ആ വാക്കു തന്നെ രാജാവ് ഉപയോഗിച്ചു. വേണമെന്നുവച്ചിട്ടല്ല; അങ്ങനെ ആയിപ്പോയി. അത്രേയുള്ളൂ. വിധിവിലാസം എന്നല്ലാതെ എന്തു പറയാനൊക്കും?

അതു കേൾക്കാനിടയായി അകത്തിരുന്ന പ്രമുചൻ. അദ്ദേഹം ധൃതിയിൽ പുറത്തേക്കു ചെന്നു. അവിടെ കണ്ടതോ? ദുർഗമരാജാവിനെയും.

മഹർഷി ഒരു ശിഷ്യനെ വിളിച്ചു.

'ഇദ്ദേഹം എന്റെ ജാമാതാവാണ്. അതിഥിപൂജയ്ക്കുള്ള സാമഗ്രികൾ കൊണ്ടുവരൂ.'

ദുർഗമന് അത്ഭുതം തോന്നി. താൻ മഹർഷിയുടെ ജാമാതാവാണു പോലും! അതു പറയുന്നത് മഹർഷിയുമാണ്. രാജാവ് വല്ലാതെ കുഴങ്ങിപ്പോയി. അദ്ദേഹം ഒന്നും മിണ്ടാതെ അതിഥിപൂജ സ്വീകരിച്ചു.

അവർ സംസാരിച്ചു:

'രാജൻ, അങ്ങേക്കു കുശലമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ പത്നി ഇവിടെത്തന്നെയുണ്ട്.'

'മഹർഷേ, എനിക്കു മനസ്സിലാകുന്നില്ല. എനിക്ക് പത്നിയേ ഇല്ലല്ലോ.'

'ഓഹോ, അങ്ങ് അങ്ങയുടെ പത്നിയെ അറിയില്ല, അല്ലേ? എന്നാൽ ഞാൻ പറഞ്ഞുതരാം. ലോകൈകസുന്ദരിയാണ് അവൾ. എന്റെ വളർത്തുമകളും. പേര് രേവതി.'

'അവൾ എന്റെ പത്നിയോ?'

'രാജൻ, അങ്ങ് അവളെ പ്രിയേ എന്നു വിളിച്ചു. അത് ഇത്ര വേഗം മറന്നുപോയോ?'

'ഞാൻ വിളിച്ചതു ശരിതന്നെ. പക്ഷേ, പത്നിയെന്ന നിലയിൽ വിളിച്ചതല്ല. അങ്ങ് തെറ്റിദ്ധരിക്കരുത്; കോപിക്കയും അരുത്.'

'എന്തായാലും ശരി, രേവതി അങ്ങയുടെ പത്നിതന്നെ.'

'അതെങ്ങനെ?'

'ഞാൻ അഗ്നിദേവനോടു ചോദിച്ചു: ആരാണ് ഇവളുടെ ഭർത്താവ് എന്ന്.'

'അഗ്നിദേവൻ എന്തു പറഞ്ഞു?'

'ദുർഗമരാജാവ് എന്ന്.'

'എന്നാൽപ്പിന്നെ എനിക്കു വേറെ പോംവഴിയില്ല.'

'രാജൻ, ഞാനിതാ എന്റെ മകളെ അങ്ങേയ്ക്കു തരുന്നു.'

'ഞാൻ അവളെ സ്വീകരിക്കുന്നു.'

രേവതിക്കും അതു സമ്മതമായി. എങ്കിലും അവൾക്കൊരു നിർബന്ധം ഉണ്ടായിരുന്നു. രേവതിനാളിൽത്തന്നെ വിവാഹകർമം നടത്തണം. പക്ഷേ, പ്രമുചന് അതത്ര സമ്മതമല്ല. കാരണം, രേവതിനക്ഷത്രത്തിന് ഭ്രമവാക്കിന്റെ ശാപം ഏറ്റിരുന്നു. ആ നക്ഷത്രം ഭൂമിയിൽ പതിച്ചിരിക്കയുമാണ്. എങ്കിലും അതൊന്നും മുനിപുത്രി കൂട്ടാക്കിയില്ല. അവളുടെ നിർബന്ധത്തിന് ഒട്ടും അയവുവന്നുമില്ല. പ്രമുചനു മറ്റു നിവൃത്തി ഇല്ലാതെയായി. അദ്ദേഹം തന്റെ തപഃശക്തി ഉപയോഗിച്ച് രേവതിനക്ഷത്രത്തെ വീണ്ടും ആകാശത്തു സ്ഥാപിച്ചു. എന്നിട്ട് ആ നാളിൽത്തന്നെ പുത്രിയുടെ വിവാഹം നടത്തി.

മഹർഷി ദുർഗമനോടു ചോദിച്ചു: 'രാജൻ, അങ്ങേയ്ക്കു സ്ത്രീധനം തരണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. എന്തു സ്ത്രീധനമാണ് അങ്ങേക്ക് വേണ്ടത്?'

ദുർഗമൻ പറഞ്ഞു:

'മഹർഷേ, എനിക്ക് മനുവാകുന്ന ഒരു പുത്രനുണ്ടാവണം. ആ അനുഗ്രഹം നല്കിയാൽ മതിയാകും.'

പ്രമുചൻ ജാമാതാവിന് ആ അനുഗ്രഹമേകി.

ദുർഗമനും രേവതിക്കും രൈവതൻ എന്നൊരു പുത്രൻ ജനിച്ചു. പില്ക്കാലത്ത് രൈവതൻ മനുവുമായി—രൈവതമന്വന്തരത്തിന്റെ അധിപനും!

(മാർക്കണ്ഡേയപുരാണം)

ചാക്ഷുഷമനു

ഒരു രാജാവ്, അനമിത്രൻ എന്ന പേരുകാരൻ. ഒരു രാജ്ഞി, ഭദ്ര എന്ന പേരുകാരി. രാജദമ്പതികൾക്ക് ഒരു പുത്രൻ ജാതനായി.

ജനിച്ചപ്പോൾതന്നെ കൂട്ടി മഹാജ്ഞാനിയായിരുന്നു. ആ പരമാർത്ഥം ആദ്യകാലത്തു മാതാപിതാക്കന്മാർ അറിഞ്ഞില്ലെന്നുമാത്രം!

കൈക്കുഞ്ഞിനെ മടിയിൽ കിടത്തി കളിപ്പിക്കുകയാണ് മാതാവ്. പെട്ടെന്ന് കൈക്കുഞ്ഞു പൊട്ടിച്ചിരിക്കുന്നു! അതോ, അമ്മയുടെ മുഖത്തു നോക്കിക്കൊണ്ടും!

ഭദ്രയ്ക്കു ഭയമുണ്ടായി. ഭയത്തോടുകൂടി ദേഷ്യവും. കൊച്ചുകുഞ്ഞ് ഉറക്കെ ചിരിക്കുക!

അമ്മ ചോദിച്ചു:

'മകനേ, എന്തിനാണ് നീ ചിരിച്ചത്? നീ വാസ്തവത്തിൽ ഒരു ജ്ഞാനിയാണോ?'

കുഞ്ഞു സംസാരിച്ചു—അതോ വളരെ സ്ഫുടമായിട്ടും.

'അമ്മേ, ഒരു ഭയങ്കരസത്വം ഇവിടെ മറഞ്ഞുനില്ക്കുന്നു. എനിക്കു നല്ലവണ്ണം കാണാം. എന്നെ കൊന്നുതിന്നാനാണ് സത്വത്തിന്റെ ആഗ്രഹം.

അയ് സത്വത്തിന്റെ സ്വാർത്ഥമത്രെ. അമ്മയോ? എന്നെ അമ്മ സ്നേഹിക്കുന്നു, ലാളിക്കുന്നു. എങ്കിലും അതിനു കാരണം അമ്മയുടെ സ്വാർത്ഥബുദ്ധിതന്നെയാണ്. എന്നിൽനിന്ന് അമ്മയ്ക്കു ഗുണമുണ്ടാകണം—അതാണ് അമ്മയുടെ ഗൂഢമായ ആഗ്രഹം.'

ഭദ്രയ്ക്ക് അത്രത്ര ഇഷ്ടമായില്ല.

രാജ്ഞി പൊടിച്ചു:

'മകനേ, ഞാൻ നിന്നെ സ്നേഹിക്കുന്നത് സ്വാർത്ഥബുദ്ധികൊണ്ടല്ല. നിന്നിൽനിന്ന് എനിക്കു യാതൊരു ഉപകാരവും ആവശ്യമില്ല.'

രാജ്ഞി മകനെ മടിയിൽനിന്ന് എടുത്തു നിലത്തു കിടത്തി. എന്നിട്ട് എഴുന്നേറ്റ് ഒരൊറ്റ നടത്തം! വേണ്ടാ, ഇനി തനിക്ക് ഈ മകനെ വേണ്ട!

മറഞ്ഞുനിന്ന സത്വത്തിനു നല്ല തക്കം കിട്ടി. ജാതഹാരിണി എന്നാണ് സത്വത്തിന്റെ പേര്. അവൾ ശിശുവിനെ എടുത്തുകൊണ്ട് ഓടിപ്പോയി. ചെന്നത് എവിടേക്കെന്നോ? വിക്രാന്തൻ എന്നൊരു രാജാവിന്റെ കൊട്ടാരത്തിൽ, രാജ്ഞിയുടെ കിടപ്പറയിൽ. ആ രാജ്ഞി ഒരു കുഞ്ഞിനെ പ്രസവിച്ചിട്ടു നാലഞ്ചു നാളേ ആയിട്ടുള്ളൂ. അതിനെ അവിടെ കിടത്തിയിരിക്കയുമാണ്. സത്വം അനമിത്രന്റെ പുത്രനെ ആ സ്ഥാനത്തു കിടത്തി. വിക്രാന്തന്റെ പുത്രനെ എടുത്തുകൊണ്ട് ഓടി. ആ മാറ്റം ആരുമാരും അറിഞ്ഞില്ല.

ജാതഹാരിണിക്ക് ഒരു പതിവുണ്ട്. ആദ്യം ഒരു കുട്ടിയെ അപഹരിച്ചുകൊണ്ടുപോകും. അതിനെ വേറൊരു കുട്ടിയുടെ സ്ഥാനത്തു കൊണ്ടുവയ്ക്കും. രണ്ടാംകുട്ടിയെ കൊണ്ടുപോയി മൂന്നാം കുട്ടിയുടെ സ്ഥാനത്താക്കും. മൂന്നാംകുട്ടിയെ കൊന്നു തിന്നുകയുംചെയ്യും.

പതിവിൻപടി പ്രവർത്തിച്ചു ജാതഹാരിണി. അവൾ വിക്രാന്തന്റെ കുട്ടിയെ മറ്റൊരു ഗൃഹത്തിലേക്കു കൊണ്ടുപോയി. അവിടെയും ഒരു സ്ത്രീ ഒരു കുട്ടിക്കു ജന്മമേകിയിരുന്നു. ജാതഹാരിണി വിക്രാന്തന്റെ കുട്ടിയെ കിടത്തി. അവിടത്തെ കുട്ടിയെ കൊണ്ടുപോയി സുഖമായി ഭക്ഷിക്കുകയുംചെയ്തു.

ഹൈമിനി എന്നാണ് വിക്രാന്തന്റെ രാജ്ഞിയുടെ പേര്. അരികത്തു കിടക്കുന്നതു തന്റെ കുട്ടിയാണ്—അതായിരുന്നു ഹൈമിനിയുടെ തെറ്റിദ്ധാരണ. മാത്രമല്ല, വിക്രാന്തന്റെയും. രാജാവ് കുട്ടിക്ക് ആനന്ദൻ എന്നു പേരിട്ടു.

കുറെ വർഷങ്ങൾ കഴിഞ്ഞു. ആനന്ദന്റെ ഉപനയനം നടന്നു. കർമത്തിനുശേഷം ഗുരു ഒരു നിർദ്ദേശം നല്കി.

'ആനന്ദാ, ഇനി നീ പോയി നിന്റെ അമ്മയെ വന്ദിക്കൂ.'

'ഗുരോ, ഞാൻ ഏത് അമ്മയെയാണു വന്ദിക്കേണ്ടത്? വളർത്തമ്മയെയോ പെറ്റമ്മയെയോ?'

'നിന്റെ ചോദ്യം എനിക്കു മനസ്സിലാകുന്നില്ല. നിനക്കു രണ്ട് അമ്മമാരുണ്ട് എന്നാണോ സൂചന?'

'അതെ. എനിക്കു വളർത്തമ്മയുമുണ്ട്, പെറ്റമ്മയുമുണ്ട്.'

'ഹൈമിനിരാജ്ഞി നിന്റെ പെറ്റമ്മയല്ലേ?'

'അല്ല, രാജ്ഞി പ്രസവിച്ചതു മറ്റൊരു കുട്ടിയെയാണ്. ആ കുട്ടി ഇപ്പോൾ ഇവിടെയില്ല.'

'ആനന്ദാ, എവിടെയാണ് രാജ്ഞിയുടെ പുത്രൻ?'

'ഗുരോ, ആ കുട്ടി ഇപ്പോൾ വിശാല എന്ന ഗ്രാമത്തിലാണ്. ഒരു ബ്രാഹ്മണന്റെ പുത്രനായി കഴിയുന്നു.'

'ബ്രാഹ്മണന്റെ പേര്?'

'ബോധൻ എന്ന്. കുട്ടിയുടെ പേര് ചൈത്രൻ എന്നും.'

'ആനന്ദാ, എന്തൊക്കെയാണു നീ പറയുന്നത്? എനിക്കൊന്നും മനസ്സിലാകുന്നില്ല.'

'ഗുരോ, വാസ്തവത്തിൽ ഞാൻ അനമിത്രൻ എന്ന രാജാവിന്റെ പുത്രനാണ്. എന്നെ ജാതഹാരിണി ഇവിടെ കൊണ്ടുവന്നതാണ്. അവൾ ഹൈമിനിരാജ്ഞിയുടെ കുട്ടിയെ കൊണ്ടുപോയി. കുട്ടിയെ ബോധന്റെ ഗൃഹത്തിലാക്കി. ബോധന്റെ കുട്ടിയെ കൊന്നു തിന്നു.'

തുടർന്ന് ആനന്ദൻ ദീർഘമായി സംസാരിച്ചു. എന്തെന്തു തത്ത്വങ്ങൾ, എന്തെന്തു ധർമങ്ങൾ! ദിവ്യനാണ് ആനന്ദൻ—അക്കാര്യം ഗുരുവിനു തീർച്ചയായി.

തപസ്സുചെയ്യാനാണു തന്റെ നിശ്ചയം—അക്കാര്യം ആനന്ദൻ ഗുരുവിനെ അറിയിച്ചു. ഗുരു വിക്രാന്തനെയും. രാജാവ് അനുവാദവും നല്കി. ബാലന്റെ മാഹാത്മ്യം അദ്ദേഹത്തെ അടിപ്പെടുത്തിയിരുന്നു. രാജാവ് ബോധന് അനേകം സമ്മാനങ്ങൾ നല്കി. എന്നിട്ടു തന്റെ പുത്രനായ ചൈത്രനെ കൊണ്ടുവന്നു.

ആനന്ദൻ നേരെ വനത്തിലേക്കു പോയി. കഠിനമായ തപസ്സിൽ മുഴുകി. മോക്ഷമായിരുന്നു ലക്ഷ്യം.

ബ്രഹ്മാവു പ്രത്യക്ഷപ്പെട്ടു:

'തപസ്സു മതിയാക്കു. നീ ആറാമത്തെ മനുവായി വാഴണം. അതുമൂലം നിനക്കു മോക്ഷം കിട്ടും.'

ഭഗവാൻ ആനന്ദന് ചാക്ഷുഷൻ എന്ന പേരു നല്കി.

ചാക്ഷുഷൻ ഉഗ്രനെന്ന രാജാവിന്റെ പുത്രിയെ കല്യാണംകഴിച്ചു. വിദർഭ എന്നായിരുന്നു രാജപുത്രിയുടെ നാമധേയം. അവർക്കു യശസ്വികളായ പുത്രന്മാരുമുണ്ടായി.

ചാക്ഷുഷൻ ചാക്ഷുഷമനുവായി വാണു.

(മാർക്കണ്ഡേയപുരാണം)

വൈവസ്വതമനു

സൂര്യദേവൻ സംജ്ഞയെ വിവാഹംകഴിച്ചു.

ദമ്പതികൾക്കു സന്താനങ്ങൾ ഉണ്ടായി.

വൈവസ്വതമനു, യമൻ, കാളിന്ദി—അവരായിരുന്നു സന്താനങ്ങൾ.

വിവസ്വാൻ എന്നൊരു പര്യായമുണ്ട് സൂര്യദേവന്. വിവസ്വാന്റെ പുത്രൻ വൈവസ്വതൻ എന്നായി. മഹാജ്ഞാനിയായിരുന്നു വൈവസ്വതൻ.

വൈവസ്വതമനു സൂര്യവംശത്തിന്റെ സ്ഥാപകനായി.

മഹാന്മാരായ മഹാരാജാക്കന്മാർ സൂര്യവംശത്തെ അലങ്കരിച്ചു. അവരിൽ ഏറ്റവും മാഹാത്മ്യമുള്ളതോ? ശ്രീരാമനും.

രൗച്യമനു

യോഗിമാരിൽ മുമ്പനാണ് രുചി. അദ്ദേഹത്തിനു പ്രത്യേകിച്ചൊരു വ്രത മുണ്ട്. നിത്യവും സന്ധ്യയ്ക്കുകൊണ്ടിരിക്കണം എന്നതാണു വ്രതം. ഏതു സ്ഥലത്ത് എത്തുമ്പോൾ രാത്രിയാകുമോ ആ സ്ഥലത്ത് അദ്ദേഹം കിടന്നു റങ്ങും. അതല്ലാതെ സ്വന്തമായി ഗൃഹമില്ല. ക്ഷേണമോ ദിവസത്തിൽ ഒരു നേരം മാത്രവും. ആ സ്ഥിതിക്ക് അവിവാഹിതനാണ് എന്നു പ്രത്യേകിച്ചു പറയണോ? അതെന്തിന്? അദ്ദേഹം വിവാഹത്തെക്കുറിച്ച് ആലോചിച്ചിട്ടു തന്നെയില്ല!

അങ്ങനെയിരിക്കെ രുചിയുടെ പിതൃക്കൾ അദ്ദേഹത്തെ ചെന്നുകണ്ടു.

രുചിക്ക് ഭാര്യയും പുത്രന്മാരും ഉണ്ടാകണം; സന്താനമില്ലെങ്കിൽ വംശ ത്തിന് അറുതിവന്നുപോകും. അങ്ങനെയായാൽ പിതൃക്കൾക്കു പരഗതി ലഭി ക്കുകയില്ല—അക്കാര്യം അവർ പറഞ്ഞു.

അപ്പോൾ രുചി ഒരു വൈഷമ്യം ചൂണ്ടിക്കാട്ടി:

'എനിക്ക് ഇപ്പോൾ പ്രായമായി. പോരെങ്കിൽ ഞാൻ ദരിദ്രനുമാണ്. എനിക്ക് ഒരിടത്തുനിന്നും ഭാര്യയെ കിട്ടുകയില്ല.'

പിതൃക്കൾ പറഞ്ഞു:

'രുചീ, എന്തായാലും ശരി, നീ വിവാഹംകഴിച്ചേ പറ്റൂ. സന്താനങ്ങൾ ജനിക്കുകയും വേണം. അല്ലാത്തപക്ഷം ഞങ്ങൾക്ക് അധോഗതിയായി രിക്കും അനുഭവം. ഞങ്ങൾക്കു മാത്രമല്ല, നിനക്കും.'

അത്രയും പറഞ്ഞിട്ട് അവർ മറഞ്ഞു.

വിവാഹംകഴിക്കുന്നത് രുചിക്ക് ഒട്ടും ഇഷ്ടമല്ല. എങ്കിലും പിതൃക്കളെ തൃപ്തിപ്പെടുത്തേണ്ടതുണ്ട്. അതു തന്റെ ചുമതലയാണ്, ധർമമാണ്. പക്ഷേ, വധുവിനെ എവിടന്നു കിട്ടാനാണ്? ആലോചിച്ചിട്ട് ഒരു വഴിയും കണ്ടില്ല. തപസ്സിന്റെ മാർഗം അവലംബിക്കുകതന്നെ—അതായി അവസാനത്തെ നിശ്ചയം.

അങ്ങനെ അദ്ദേഹം തപസ്സിൽ മുഴുകി.

വളരെക്കാലം കഴിഞ്ഞ് ബ്രഹ്മാവ് അദ്ദേഹത്തിനു ദർശനമരുളി.

ഭഗവാൻ പറഞ്ഞു:

'രുചീ, നീ നിന്റെ പിതൃക്കളെ പൂജിക്കണം. അവർ നിന്നെ സഹാ യിക്കും.'

ആ നിർദ്ദേശപ്രകാരം രുചി പിതൃപൂജ നടത്തി—അതോ, ഒരു നദിയുടെ മണൽത്തിട്ടിലും.

തീക്ഷ്ണമായ ഒരു തേജസ്സ് കാണുമാറായി. തേജസ്സിൽനിന്നും പുറ പ്പെട്ടതോ? രുചിയുടെ പിതൃക്കൾ!

അദ്ദേഹം അവരെ വീണ്ടും വീണ്ടും പ്രണമിച്ചു.

പിതൃക്കൾ പറഞ്ഞു:

'രുചീ, നിനക്ക് ഉടൻതന്നെ സുന്ദരിയായ ഒരു പത്നിയെ ലഭിക്കും. അവൾ നിനക്ക് ഉത്തമനായ ഒരു പുത്രനെ സമ്മാനിക്കും. ആ പുത്രൻ മനു വുമാകും.'

അനുഗ്രഹമേകിയിട്ട് അവർ അപ്രത്യക്ഷമായി.

അവരുടെ അനുഗ്രഹം സഫലമായി.

എന്താണ് നദിയുടെ നടുവിൽനിന്ന് ഉയർന്നുവരുന്നത്? ഒരു അപ്സരസ്സ്! എന്തൊരു ലാവണ്യമാണ് അവൾക്ക്! രുചി അത്ഭുതത്തോടെ അവളെ നോക്കി നിന്നു.

അപ്സരസ്സ് നദിയിൽനിന്നു കയറിലിറങ്ങി. എന്നിട്ടു നടന്നുചെന്നു—രുചിയുടെ മുമ്പിലേക്ക്.

രുചിയെ വന്ദിച്ചിട്ട് അവൾ പറഞ്ഞു:

'മഹാത്മൻ, വരുണദേവന് പുഷ്കരൻ എന്നൊരു പുത്രനുണ്ട്. എനിക്കും പുഷ്കരനും ഒരു പുത്രിയുണ്ട്. മാലിനി എന്നാണ് അവളുടെ പേര്. ഞാൻ അവളെ അങ്ങേയ്ക്കു തരുന്നു. സ്വീകരിക്കാൻ ദയവുണ്ടാകണം.'

അതാ, നദിയിൽനിന്ന് ആവിർഭവിക്കുന്നു മാലിനി!

രുചി അവളെ വിവാഹംകഴിച്ചു. അവർക്കൊരു പുത്രനുണ്ടായി—രൗച്യൻ. അതായത്, രുചിയുടെ പുത്രൻ.

രൗച്യൻ രൗച്യമന്വന്തരത്തിന്റെ അധിപനായി.

(മാർക്കണ്ഡേയപുരാണം)

ഭൗത്യമനു

കോപിഷ്ഠനാണ് ഭൃതി എന്ന മുനി. ആരെങ്കിലും ചെറിയൊരു തെറ്റു ചെയ്തു എന്നിരിക്കട്ടെ. ഒന്നും ആലോചിക്കാതെ ഭൃതി അയാളെ ശപിച്ചുകളയും. ശാപം ഘോരമായിരിക്കുംതാനും. സകലർക്കും അദ്ദേഹത്തെ ഭയമായിരുന്നു.

സകലർക്കും എന്നുവച്ചാൽ മനുഷ്യർക്കു മാത്രമല്ല, ദേവന്മാർക്കുപോലും. ഭൃതിയുടെ ആശ്രമത്തിൽ വായു വീശാറുണ്ട്. ശരിതന്നെ. പക്ഷേ, വേഗത്തിലോ ഊറ്റത്തോടുകൂടിയോ വീശുകയില്ല. ഭൃതിക്കു ദേഷ്യം വന്നാൽ ശപിക്കുകയില്ലേ? അതായിരുന്നു വായുവിന്റെ ഭയം. സൂര്യൻ ചുടുകൂടിയ രശ്മികൾ പൊഴിച്ചില്ല. ചന്ദ്രൻ തണുപ്പുകൂടിയ രശ്മികളും പൊഴിച്ചില്ല. വൃക്ഷങ്ങളും ലതകളും എന്തു ചെയ്തു എന്നോ? എല്ലാ ഋതുക്കളിലും പുഷ്പങ്ങൾ വഹിച്ചുനിന്നു. അടുത്തുകൂടി ഒഴുകുന്ന നദിക്കുമുണ്ട് പേടി. എന്തായിരുന്നു അരിന്റെ ഫലം? മുനിക്കു പാത്രവുമായി നദിയിലേക്കു പോകേണ്ടതില്ല. നദിയിലെ ജലം മുനിയുടെ പാത്രത്തിലേക്ക് ഒഴുകിക്കൊള്ളും!

സുവർചസ് എന്നൊരു അനുജനുണ്ട് ഭൃതിക്ക്. ഒരു യാഗംചെയ്യാൻ സുവർചസ് ഒരുങ്ങി. അകലെ ഒരിടമാണ് യാഗത്തിന്റെ രംഗം. ജ്യേഷ്ഠൻ യാഗത്തിനു വരണം. അത് സുവർച്ചസ്സിനു നിർബന്ധമായിരുന്നു. ഭൃതിക്കു പോകാതെ നിവൃത്തിയില്ല എന്നായി.

അദ്ദേഹം ശാന്തി എന്ന ശിഷ്യന് ഒരു നിർദ്ദേശം നൽകി:

'ശാന്തീ, ഞാനിതാ സുവർചസ്സിന്റെ യാഗത്തിനു പോവുകയാണ്. ആശ്രമത്തിലെ അഗ്നിയെ നീ സദാ സൂക്ഷിച്ചുകൊള്ളണം. ഒരിക്കൽപോലും ആ അഗ്നി അണഞ്ഞുപോകാൻ പാടില്ല. അതെന്റെ ആജ്ഞയാണ്.'

അത്രയും പറഞ്ഞ് ഭൂതി ആശ്രമത്തിൽനിന്നു യാത്രയായി.

ഗുരുക്ഷേത്രത്തിൽ മുമ്പനാണ് ശാന്തി. അയാൾ ഏറ്റവും നിഷ്കർഷയോടെ അഗ്നിയെ ശുശ്രൂഷിച്ചു. ഗുരുവിന്റെ ആജ്ഞ സദാ ഓർമയിലുണ്ടായിരുന്നു.

ഒരു ദിവസം അബദ്ധം പിണഞ്ഞു.

ചമതയും പുക്കളും കായ്കനികളുംകൊണ്ടു വരണം. അതിനായി ശാന്തി അടുത്തുള്ള വനത്തിലേക്കു പോയി. മടങ്ങിവന്നപ്പോൾ ഒന്നു കണ്ടു; കണ്ട് അന്ധാളിച്ചു; അഗ്നി അണഞ്ഞുപോയിരിക്കുന്നു!

ശാന്തി പരിഭ്രമിച്ചുവശായി. ഗുരുവിന്റെ ആജ്ഞ പാലിക്കുന്നതിൽ താൻ അശ്രദ്ധ കാണിച്ചിരിക്കുന്നു. എന്തായിരിക്കും ഭവിഷ്യത്തുകൾ! ഇപ്പോഴെങ്ങാനും ഗുരു മടങ്ങിവന്നാൽ തീർന്നില്ലേ കാര്യം? വല്ല വഴിയും കണ്ടുപിടിച്ചേ കഴിയൂ. ശാന്തി തല പുകഞ്ഞ് ആലോചിച്ചു. അപ്പോൾ ഒരു യുക്തി തോന്നി; അഗ്നിയെ ശമനംപ്രാപിക്കുകതന്നെ.

അയാൾ അഗ്നിദേവനെ ഭക്തിപൂർവം സ്തുതിചെയ്തു.

അഗ്നിദേവൻ പ്രസന്നനായി, പ്രത്യക്ഷനായി.

'ശാന്തീ, ഞാൻ നിനക്കുവേണ്ടി എന്താണ് ചെയ്യേണ്ടത്?'

അപ്പോൾ ശാന്തി പറഞ്ഞു:

'ദേവാ, അവിടുന്നു മുമ്പത്തെപ്പോലെ ഇവിടെ തെളിഞ്ഞു വിളങ്ങണം. ഒരു അപേക്ഷകൂടിയുണ്ട്. എന്റെ ഗുരുവിന് ഉത്തമനായ പുത്രൻ ജനിക്കുമാറാകണം! ഗുരുവിന് എല്ലാ ജീവികളോടും കരുണയും ഉണ്ടാകുമാറാകണം!'

അഗ്നിദേവൻ അഭിനന്ദിച്ചു:

'ശാന്തീ, നീ നിനക്കുവേണ്ടി വരം ചോദിച്ചില്ല. ഗുരുവിനുവേണ്ടി ചോദിക്കയുംചെയ്തു. നിന്റെ നിസ്വാർത്ഥതയിൽ ഞാൻ അതീവ സന്തോഷിക്കുന്നു. എല്ലാം നിന്റെ ആഗ്രഹപ്രകാരം സംഭവിക്കും!'

അത്രയും പറഞ്ഞ് അഗ്നിദേവൻ അന്തർദ്ധാനം ചെയ്തു.

തുടർന്ന് എന്തുണ്ടായി എന്നോ? അണഞ്ഞുപോയിരുന്ന അഗ്നി വീണ്ടും ജ്വലിച്ചു—അതോ, പൂർവാധികം ശോഭയോടുകൂടിയും!

താമസിയാതെ ഭൂതിമുനി ആശ്രമത്തിൽ തിരിച്ചെത്തി. ആദ്യം പരിശോധിച്ചത് അഗ്നിയെയാണ്. അതങ്ങനെ പഴയപോലെ കത്തിക്കൊണ്ടിരിക്കുന്നു. വിശേഷവിധിയായി യാതൊന്നും കണ്ടുമില്ല. എങ്കിലും ഒന്ന് അനുഭവപ്പെട്ടു. തന്റെ മനസ്സിനാകെ ഒരു മാറ്റം ഉണ്ടായിരിക്കുന്നു. മുമ്പൊക്കെ മനസ്സിൽ കോപം നിറഞ്ഞുതുളുമ്പിയിരുന്നു. ഇപ്പോഴാകട്ടെ, കോപം ഒട്ടും തന്നെയില്ല. മറിച്ച് സകല ജീവജാലങ്ങളോടും സ്നേഹം.

അക്കാര്യം ഭൂതിമുനി ശിഷ്യനെ അറിയിച്ചു. ഇതെന്തൊരു മറിമായം! എന്താണ് ഇതിനു കാരണം?

അപ്പോൾ ശാന്തി നടന്നതെല്ലാം ഗുരുവിനെ അറിയിച്ചു. ഗുരു ശിഷ്യനെ മാറോടണച്ചു.

അദ്ദേഹത്തിന് എന്തു സന്തോഷമായെന്നോ, ശാന്തിയോട്. അവനാണു തന്റെ മനസ്സുമാറ്റത്തിനു കാരണഭൂതൻ. ഭൂതി ശിഷ്യനു വേദങ്ങളെല്ലാം ഉപദേശിച്ചുകൊടുത്തു.

കാലക്രമേണ ശാന്തിയുടെ മറ്റേ പ്രാർത്ഥനയും ഫലവത്തായി. ജൂതിക്ക് ഉത്തമനായ പുത്രൻ ജാതനായി. ആ പുത്രൻ അനന്തകാലത്തു പ്രസിദ്ധനായി—ഔത്യൻ എന്ന മനുവായിട്ട്. ഔത്യമന്വന്തരം എന്ന മന്വന്തരത്തിന്റെ ഉദ്ഘാടകനായിട്ടും!

(മാർക്കണ്ഡേയപുരാണം)

ലവണൻ

ഉത്തരപാണ്ഡവം എന്നു പേരുള്ള ഒരു രാജ്യം. അവിടെ ലവണൻ എന്നു പേരുള്ള ഒരു രാജാവ്. കപടം എന്തെന്ന് ലവണൻ അറിഞ്ഞിട്ടില്ല. ദുരാശ അദ്ദേഹത്തെ തീണ്ടിയിട്ടില്ല. ആ ധർമിഷ്ഠന്റെ കീർത്തി എല്ലാ ദിക്കിലും പരന്നു.

ഒരിക്കൽ രാജസദസ്സു കൂടിയിരിക്കയാണ്. ലവണൻ സിംഹാസനത്തിൽ സ്ഥിതിചെയ്യുന്നു. സദസ്സിൽ മന്ത്രിമാരുണ്ട്, സേനാധിപന്മാരുണ്ട്. പ്രജാമുഖ്യന്മാരുണ്ട്. എല്ലാവരും ചേർന്നു കാര്യാലോചനകൾ നടത്തുകയുമാണ്.

ഒരു ഐന്ദ്രജാലികൻ വന്നുകയറി.

അയാൾ ഒഴിഞ്ഞുകിടന്ന ഒരു പീഠത്തെ ചൂണ്ടിക്കാട്ടി. സദസ്യർ കേൾക്കെ അയാൾ പറഞ്ഞു:

'രാജൻ, ഞാൻ ആ പീഠത്തിൽ ഒരു തളിക വരുത്തിവെച്ചു തരാം.'

എല്ലാവരും ഉറ്റുനോക്കി.

ഐന്ദ്രജാലികന്റെ പക്കൽ മയിൽപ്പീലികൊണ്ടുള്ള ഒരു പിഞ്ഛിക യുണ്ട്. അയാൾ ആ പിഞ്ഛികയെ പലവട്ടം ചുഴറ്റി. അതാ പീഠത്തിന്റെ പുറത്തുണ്ട് മനോഹരമായ ഒരു തളിക!

കണ്ടിരുന്നവർക്ക് ആശ്ചര്യം തോന്നി.

തത്ക്ഷണം മറ്റൊരാളുടെ വരവുണ്ടായി.

സിന്ധുദേശത്തെ രാജാവിന്റെ പ്രതിപുരുഷനാണു വന്നത്. അയാൾ വെറും കൈയോടെയല്ല വന്നിരിക്കുന്നത്. ഒരു കുതിരയെയും കൊണ്ടുവന്നിട്ടുണ്ട്.

അയാൾ ലവണനെ ഉപചാരപൂർവം വന്ദിച്ചിട്ടു പറഞ്ഞു:

'രാജൻ, ഈ കുതിര അങ്ങേക്കായുള്ള സമ്മാനമാണ്. എന്റെ തമ്പുരാന് അങ്ങയോടുള്ള ബഹുമാനത്തിന്റെ ചിഹ്നമാണു സമ്മാനം.'

ഐന്ദ്രജാലികൻ വീണ്ടും ലവണനെ നോക്കിട്ടു:

'രാജൻ, അങ്ങു കുതിരപ്പുറത്തു കയറുക. ചുറ്റിസഞ്ചരിച്ചു ലോകം മുഴുവൻ കാണുക.'

ഒരാൾ ആജ്ഞാപിക്കുക. ലവണൻ അനുസരിക്കുക—അത് ഇന്നോളം സംഭവിച്ചിട്ടില്ല. ഇപ്പോഴിതാ ആ പതിവിന് ഒരു വ്യത്യാസം ഉണ്ടാകുന്നു. ഇരിക്കുകയായിരുന്ന ലവണൻ എഴുന്നേറ്റുനിന്നു. എന്നിട്ടു കുതിരയെ കണ്ണെടുക്കാതെ നോക്കി. അദ്ദേഹത്തിന്റെ മട്ടാകെ മാറിയിരിക്കുന്നു. യാതൊരു അനക്കവുമില്ല, ഇളക്കവുമില്ല. ശിലയിൽ കൊത്തിവെച്ച പ്രതിമപോലെ!

ശ്വാസംവിടുന്നുണ്ട് എന്നതു ശരിതന്നെ. അതു മാത്രമേയുള്ളു ജീവനുണ്ടെന്നു തെളിയിക്കുന്നതായിട്ട്. എങ്കിലും പൂർണ്ണമായും പ്രജ്ഞയറ്റുപോയിരിക്കുന്നു.

മന്ത്രിമാർക്കും മറ്റു സദസ്യർക്കും പരിഭ്രമമായി. തമ്പുരാനു തകരാറെന്തോ പറ്റിയിരിക്കുന്നു. എന്തു തകരാറെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല. അവർ വല്ലാതെ വിഷമിച്ചുപോയി.

കുറെ നേരം അങ്ങനെ കഴിഞ്ഞു. അപ്പോഴേക്കും ലവണനു ബോധം വീണു. അദ്ദേഹം വീണ്ടും സിംഹാസനത്തിൽ ഇരിപ്പായി. എങ്കിലും ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. പരിചാരകന്മാർ അദ്ദേഹത്തെ ശുശ്രൂഷിച്ചു. ക്രമേണ അദ്ദേഹം സ്വസ്ഥനായി.

തനിക്ക് എന്തെല്ലാം അനുഭവങ്ങൾ ഉണ്ടായി? വിസ്തരിച്ച് അറിയാൻ വെമ്പൽകൊള്ളുകയാണ് സദസ്യർ. അത് ഊഹിക്കാൻ ലവണന് ഒരു വിഷമവും ഉണ്ടായില്ല.

അദ്ദേഹം അവരോടു സ്വാനുഭവങ്ങൾ വർണ്ണിച്ചു.

അവ ഇപ്രകാരം ആയിരുന്നു:

ഐന്ദ്രജാലികൻ പിഞ്ഛിക പൂഴ്ത്തിയില്ലേ? അതു കണ്ടപ്പോൾ മാജാവിന് ഒരുതരം വിഭ്രമം ഉണ്ടാകാൻ തുടങ്ങി. വർണ്ണിക്കാൻ വയ്യാത്ത ഒരുതരം വിഭ്രമം ആയിരുന്നു അത്. പിന്നീടു ചില തോന്നലുകളും ഉണ്ടായി. അദ്ദേഹം കുതിപ്പുറത്തു കയറുന്നു, അതിവേഗത്തിൽ ഓടിച്ചുപോകുന്നു, കാട്ടിലെത്തി വേട്ടയാടുന്നു. എല്ലാം തോന്നലുകൾ മാത്രമാണ്. എങ്കിലും യാഥാർത്ഥ്യം പോലെ വിശദമാണ്. താമസിയാതെ തോന്നലും യാഥാർത്ഥ്യവും തമ്മിലുള്ള വ്യത്യാസം ഇല്ലാതായി. കുതിര ലവണനെ വളരെ ദൂരം വഹിച്ചുകൊണ്ടുപോയി. വലിയൊരു വനത്തിൽ എത്തിച്ചു. പക്ഷികൾ, വൃക്ഷങ്ങൾ, മൃഗങ്ങൾ—അവയൊന്നും ആ വനത്തിൽ ഉണ്ടായിരുന്നില്ല. രാജാവ് ഇങ്ങനെ ഒരിടം ഇതിനു മുമ്പു കണ്ടിരുന്നില്ല. അദ്ദേഹത്തിന് അവ്യക്തമായ ഒരു ഭയം തോന്നി. വൻകാട്ടിൽ ലക്ഷ്യമില്ലാതെ ചുറ്റിത്തിരിഞ്ഞു. ഒടുവിൽ പച്ചപിടിച്ച ഒരു പ്രദേശം കണ്ടെത്തി. അവിടെ പക്ഷികളുണ്ട്, വൃക്ഷങ്ങളുണ്ട്, മൃഗങ്ങളുണ്ട്. ആ പ്രദേശത്തിലൂടെ കുതിര രാജാവിനെ നയിച്ചു. അങ്ങനെ നാമരൂപങ്ങൾ നിറഞ്ഞ ഒരു തോപ്പിലെത്തി. വള്ളികൾ മരങ്ങളെ ചുറ്റിപ്പിണഞ്ഞു കിടക്കുന്നു. ലവണൻ ഒരു വള്ളിയിൽ കേറിപ്പിടിച്ചു. തത്സമയം കുതിര അദ്ദേഹത്തെ വിട്ട് ഓടിപ്പോയി.

അപ്പോഴേക്കു സൂര്യൻ അസ്തമിക്കുകയായി. രാത്രി കുറെ കഴിഞ്ഞപ്പോൾ തണുപ്പ് അതികഠിനവുമായി. വിശപ്പും ദാഹവും ഏറ്റവും അധികവും. വല്ലവിധവും നേരം പുലർന്നു. ലവണൻ വീണ്ടും അലഞ്ഞുനടന്നു. ഒരൊറ്റ മനുഷ്യനെയും അവിടെങ്ങും കണ്ടില്ല.

കുറെ നേരംകൂടി കഴിഞ്ഞപ്പോഴോ? അതാ ദൂരെയായി ഒരു യുവതി! നല്ല കറുപ്പുനിറമാണ് യുവതിക്ക്. അവൾ ധരിച്ചിരിക്കുന്നതു തനിവെള്ള വസ്ത്രവും. ഒരു പാത്രം കൈയിൽവെച്ചിരിക്കുന്നു. പാത്രത്തിൽ ചോറുണ്ട്. അവൾ ആർക്കോ ചോറു കൊണ്ടുപോവുകയാണ്. അക്കാര്യം ലവണനു തീർച്ചയായി.

അദ്ദേഹം അപേക്ഷിച്ചു:

'ഹേ യുവതീ, ഞാൻ വിശന്നുവലയുകയാണ്. ഭക്ഷണം കഴിച്ചില്ലെങ്കിൽ വീണുമരിക്കും. ആ ചോറ് എനിക്കു തരൂ!'

യുവതി കേൾക്കാത്തമട്ടിൽ നടന്നുപോയി.

ലവണൻ അവളെ പിൻതുടർന്നു. രാജാവ് ഭിക്ഷക്കാരനെപ്പോലെ ഭക്ഷണം യാചിച്ചു. പെട്ടെന്ന് അവൾ തിരിഞ്ഞുനിന്നു പറഞ്ഞു:

'രാജാവേ, ഞാനൊരു ചണ്ഡാലിയാണ്. ഞാൻ എന്റെ അച്ഛനു ചോറു കൊണ്ടുപോകുന്നു. അങ്ങ് എന്നെ കല്യാണംകഴിക്കാമോ? ആകാമെങ്കിൽ ചോറു തരാം.'

ലവണന്റെ വയറ് എരിപൊരികൊള്ളുകയാണ്. ഇനിയും വിശപ്പു സഹിക്കാൻ ശക്തിയില്ല. ആ സ്ഥിതിക്ക് ജാതിധർമ്മം എന്തിനു പാലിക്കണം?

അദ്ദേഹം പറഞ്ഞു:

'ഞാൻ നിന്നെ കല്യാണംകഴിക്കാം. എനിക്കു ചോറു തരൂ.'

ചണ്ഡാലി ചോറിൽ പകുതി ലവണനു നൽകി. അദ്ദേഹം അത് ആർത്തിയോടുകൂടി വാരിത്തിന്നു. അങ്ങനെ വിശപ്പിന്റെ പീഡയിൽനിന്നു രക്ഷനേടി. അതിനുശേഷം അവളോടുകൂടി നടന്നുപോയി. ചെന്നെത്തിയത് അവളുടെ അച്ഛന്റെ മുമ്പിലും.

മാതംഗൻ എന്നാണ് ആ ചണ്ഡാലന്റെ പേര്. ഭീകരനാണ് അയാൾ. വൃത്തിയില്ലാത്തവനും. ആരു കണ്ടാലും പേടിക്കുകയും അറയ്ക്കുകയും ചെയ്യും.

യുവതി മാതംഗനോടു പറഞ്ഞു:

'അച്ഛാ, ഇദ്ദേഹം എന്റെ ഭർത്താവാകാമെന്നു സമ്മതിച്ചിരിക്കുന്നു. അച്ഛൻ അതിന് അനുവാദം തരണം.'

മകളുടെ ഇഷ്ടത്തിനു വഴങ്ങുന്ന അച്ഛനാണ് മാതംഗൻ. അയാൾ മകളെ അവളുടെ അമ്മയുടെ അടുക്കലേക്ക് അയച്ചു. അവളോടൊന്നിച്ച് അവളുടെ വരനെയും.

ചണ്ഡാളന്റെ ഗൃഹത്തിലെത്തി ലവണനും യുവതിയും. അവിടെ ചണ്ഡാളന്റെ ഭാര്യയുണ്ട്. ഏറ്റവും വൃത്തിഹീനമാണ് വീടിന്റെ പരിസരങ്ങൾ. മൂറ്റത്തു ജന്തുക്കളുടെ മാംസങ്ങൾ നുറുക്കിക്കൂട്ടിയിരിക്കുന്നു. അവ വെയിലത്ത് ഉണക്കാൻവെച്ചിരിക്കയാണ്. കുറെ കുട്ടികളും അവിടെയുണ്ട്. അവരുടെ കൈകളിൽ മാംസക്ഷണങ്ങൾ കാണാം. ഇടയ്ക്കിടയ്ക്ക് അവർ കഷണങ്ങൾ കടിച്ചുതിന്നുന്നുമുണ്ട്. ഈച്ചയുടെ ശല്യമാണെങ്കിൽ അതൊന്നു വേറെ. അതിന്റെയൊക്കെ നടുവിലൂടെ യുവതി ഗൃഹത്തിനുള്ളിൽ കയറി. പുറകെ ലവണനും.

അവൾ രാജാവിനെ അമ്മയ്ക്കു പരിചയപ്പെടുത്തി.

'അമ്മേ, ഇദ്ദേഹം എന്റെ ഭർത്താവാകാൻ പോകുന്ന ആളാണ്.'

എന്തിനു പറയുന്നു, ലവണന്റെയും ചണ്ഡാളയുവതിയുടെയും വിവാഹം നടന്നു. കർമം നടക്കുമ്പോൾ എന്തായിരുന്നു സ്ഥിതി? ചുറ്റിനും അനേകം ചണ്ഡാളന്മാർ കൂടിനില്ക്കുന്നു. അവർ മദ്യം കുടിക്കുന്നു. മാംസം തിന്നുന്നു. ആർപ്പുവിളിക്കുന്നു. പെരുമ്പറകൊട്ടുന്നു, പാട്ടുപാടുന്നു, നൃത്തംചെയ്യുന്നു. ആകെയൊരു ബഹളം!

ലവണനും ചണ്ഡാളയുവതിക്കും മുന്നു സന്താനങ്ങൾ ഉണ്ടായി. ആദ്യത്തേത് പുത്രി. മറ്റു രണ്ടും പുത്രന്മാർ. രാജാവ് ഭാര്യാപുത്രാദികളോടുകൂടി ജീവിച്ചു. തണുപ്പ്, കാറ്റ്, മഴ, വെയിൽ എല്ലാം അദ്ദേഹത്തിനു സഹിക്കേണ്ടതായി വന്നുകൂടി. കുടുംബഭാരം താങ്ങാതെ കഴിയുമോ?

ഒരിക്കൽ ആ ദേശത്തു മഴപെയ്യാതെയായി. എല്ലായിടത്തും ചൂടും വരൾച്ചയും ഉണ്ടായി. ഇടയ്ക്കിടയ്ക്ക് കാട്ടുതീ പടർന്നുപിടിച്ചു. കാട്ടുതീ വനത്തിലെ ഓരോരോ ഭാഗങ്ങളെ ഭസ്മമാക്കി. ഭക്ഷണസാധനങ്ങൾ കിട്ടാതെയായി. വെള്ളം ദുർല്ലഭമായി. ചില കാട്ടാളന്മാർ പട്ടിണികിടന്നു മരിച്ചു. മറ്റു ചിലർ തീയിൽ ചാടി ആത്മഹത്യചെയ്തു. ശേഷിച്ചവർ അന്യദിക്കുകളിലേക്കും പോയി.

ലവണനും കുടുംബവും യാത്രയ്ക്ക് ഒരുക്കമായി. രാജാവ് കൊച്ചുകുട്ടികളെ എടുത്തിരിക്കുന്നു. ചണ്ഡാലി ചില്ലറ സാമാനങ്ങളും. അവർ കാടിന്റെ അതിർത്തിയിൽ എത്തി. അവിടെ ഒരു തണൽമരം കണ്ടു. രാജാവ് കുട്ടികളെ ആ മരത്തിന്റെ ചുവട്ടിൽ ഇറക്കി. എന്നിട്ട് ഭാര്യയോടുകൂടി അല്പം വിശ്രമിച്ചു.

ഒരു കുട്ടി കരഞ്ഞു പറഞ്ഞു:

'അച്ഛാ, എനിക്കു വിശപ്പു സഹിക്കുന്നില്ല. തിന്നാൻ കുറെ മാംസം തരണം.'

അത്രയും ആയപ്പോൾ രാജാവിനു സഹികെട്ടു. അദ്ദേഹം മരിക്കാൻതന്നെ നിശ്ചയിച്ചു. ഉണങ്ങിയ കമ്പുകൾ ഒരിടത്തു വാരിക്കൂട്ടി. അതിൽ തീകൊളുത്തി. തീ പടർന്നുകത്തിയപ്പോൾ അതിൽ എടുത്തൊരു ചാട്ടം!

ആ നിമിഷം അത്ഭുതം സംഭവിച്ചു.

ലവണന്റെ മനസ്സിൽ മാത്രമായിരുന്നു ഈ സംഭവങ്ങളെല്ലാം. ചിതയിൽ ചാടിയപ്പോഴോ? മനസ്സ് വർത്തമാനകാലത്തിൽ തിരിച്ചെത്തി!

ഇന്ദ്രയും രാജാവ് സദസ്യരെ കേൾപ്പിച്ചു.

സദസ്യർ ആശ്ചര്യപ്പെട്ടുപോയി. അവരും രാജാവും ഐന്ദ്രജാലികനെ നോക്കി. ഐന്ദ്രജാലികൻ മറഞ്ഞുകഴിഞ്ഞിരുന്നു.

ആരാണു വാസ്തവത്തിൽ ഐന്ദ്രജാലികൻ? ദേവേന്ദ്രൻ നിയോഗിച്ച ഒരു ദേവദൂതൻ. കഴിഞ്ഞ ഒരു സംഭവവുമായി ദേവേന്ദ്രന് ബന്ധമുണ്ടായിരുന്നു.

മാനസയജ്ഞം എന്നൊന്നുണ്ട്—അതായതു മനസ്സുകൊണ്ട് യജ്ഞം ചെയ്യുക. മുമ്പൊരിക്കൽ ലവണൻ വിചാരിക്കുകയുണ്ടായി. 'എന്റെ മുത്തച്ഛൻ രാജസൂയ യജ്ഞം അനുഷ്ഠിച്ചിരുന്നു. ആ യജ്ഞം ചെയ്യാൻ എനിക്കും ആഗ്രഹമുണ്ട്. ഞാൻ മനസ്സുകൊണ്ട് അതു നിർവഹിക്കും.'

അദ്ദേഹം സാമഗ്രികൾ സംഭരിച്ചു. ഭിക്ഷ ആരംഭിച്ചു. ഋത്വിക്കുകളെ അർച്ചിച്ചു. മഹർഷിമാരെ പൂജിച്ചു. ദേവന്മാരെ ആവാഹിച്ചു. അഗ്നിയെ ജ്വലിപ്പിച്ചു. ദാനങ്ങൾ ചെയ്തു— എല്ലാം മനസ്സുകൊണ്ടുമാത്രം! സങ്കല്പശക്തി ധാരാളം ഉണ്ടായിരുന്നു ലവണന്റെ മനസ്സിന്. ആയതിനാൽ, അദ്ദേഹത്തിനു യാഗഫലം ലഭിക്കുകയുംചെയ്തു.

എങ്കിലും മനസ്സിൽ മാത്രമായിരുന്നല്ലോ യജ്ഞം. മനസ്സിൽ അല്പം ദുഃഖവും അനുഭവിക്കണം—അതായിരുന്നു ദേവേന്ദ്രന്റെ നിശ്ചയം. അതിനായി ദേവേന്ദ്രൻ ഒരു ദേവദൂതനെ അയച്ചു. ദേവദൂതൻ ഐന്ദ്രജാലികന്റെ വേഷത്തിൽ വന്നു തന്റെ ചുമതല നിറവേറ്റി!

(വാസിഷ്ഠരാമായണം)

ബ്രഹ്മദത്തൻ

കാമ്പില്യത്തിലെ രാജാവാണ് ബ്രഹ്മദത്തൻ. അദ്ദേഹത്തിനു പ്രിയപ്പെട്ട ഒരു ശകുന്തപ്പക്ഷിയുണ്ട്. പൂജനി എന്നാണ് ആ പക്ഷിയുടെ പേര്. അവൾ ബ്രഹ്മദത്തന്റെ കൊട്ടാരത്തിൽ ഒരു കൂടു കെട്ടി. ആ കൂട്ടിൽ പാർത്തുവന്നു.

ദിവസവും രാവിലെ പൂജനി കൂടുവിട്ടു പറന്നുപോകും. സമുദ്രതീരം, ജലാശയങ്ങൾ, പൊയ്കകൾ, നദികൾ, പർവതങ്ങൾ, വനങ്ങൾ—അവിടങ്ങൾ സന്ദർശിച്ചു സൈരമായി പറന്നുല്ലസിക്കും. വൈകുന്നേരം കൊട്ടാരത്തിലെ കൂട്ടിൽ മടങ്ങിയെത്തും.

സംസാരിക്കുന്ന പക്ഷിയാണ് പൂജനി—എന്നു പറഞ്ഞാലും പോര, ധാരാളം സംസാരിക്കും. സരസമായി സംസാരിക്കും. അന്നന്ന് എന്തൊക്കെ വിശേഷങ്ങൾ കണ്ടു? അവയെല്ലാം അവൾ ബ്രഹ്മദത്തനു വർണിച്ചു കൊടുക്കും. അതിനു ശേഷമേ ഇരുവരും ഉറങ്ങാൻ പോവുകയുള്ളു.

ബ്രഹ്മദത്തന് ഒരു ഉണ്ണി പിറന്നു.

അന്നുതന്നെ പൂജനിക്കും ഒരു പക്ഷിക്കുഞ്ഞുണ്ടായി.

സർവസേനൻ എന്നു പേരിട്ടു രാജകുമാരന്. പൂജനി സർവസേനനെ സ്വന്തം പക്ഷിക്കുഞ്ഞിനെപ്പോലെ സ്നേഹിച്ചു. ഇരുവരും തമ്മിൽ അവളുടെ മനസ്സിൽ വ്യത്യാസമേ ഉണ്ടായിരുന്നില്ല. അവൾ വൈകുന്നേരംതോറും വിശിഷ്ടമായ രണ്ടു പഴങ്ങൾ കൊണ്ടുവരും. ഒരു പഴം രാജകുമാരനു കൊടുക്കും. മറ്റേ പഴം തന്റെ പക്ഷിക്കുഞ്ഞിനും.

കുറേക്കാലം അങ്ങനെ കഴിഞ്ഞു.

ഒരിക്കൽ ഒരു അത്യാഹിതം ഉണ്ടായി.

അന്നും പതിവുപോലെ പൂജനി പറന്നുപോയിരുന്നു. രാജകുമാരൻ പക്ഷിക്കൂട്ടിൽനിന്നു പക്ഷിക്കുഞ്ഞിനെ പുറത്തെടുത്തു. കഴുത്തിൽ പിടിച്ചു വലിച്ചാണ് എടുത്തത്. അതിനിടയ്ക്കു പക്ഷിക്കുഞ്ഞ് കഴുത്തു ഞെരിഞ്ഞു ചത്തുപോയി!

വാസ്തവത്തിൽ രാജകുമാരൻ കൊച്ചാണ്. ആ സമയം തനിച്ചായിരുന്നില്ലതാനും. പരിചരിക്കുന്ന ധാത്രിയും അരികത്തുണ്ട്. എന്നിരുന്നിട്ടും ആ ദുഃഖസംഭവം ഉണ്ടായി.

പക്ഷിക്കുഞ്ഞ് ചത്ത വിവരം അറിവായി ബ്രഹ്മദത്തന്. രാജാവ് ശോകംകൊണ്ടു പരവശനായി. അദ്ദേഹം ധാത്രിയെ കണക്കറ്റു ശകാരിച്ചു. അവൾ ശരിക്കു നോക്കേണ്ടതല്ലേ? എന്നിരുന്നിട്ടും ആപത്തുണ്ടായി.

വൈകുന്നേരം പൂജനി മടങ്ങിയെത്തി. അപ്പോൾ അവൾ കണ്ട കാഴ്ച—അത് അവളുടെ ഹൃദയത്തെ ഭേദിച്ചു. തന്റെ ഓമനക്കുഞ്ഞ് ഇതാ കൊക്കുകൾ പിളർത്തി ചത്തുകിടക്കുന്നു! അവൾ ബോധംകെട്ടു വീണുപോയി.

വീണ്ടും ബോധം വന്നപ്പോഴോ? അവൾ വാവിട്ടു കരഞ്ഞു. അല്ലാതെന്തു ചെയ്യാനൊക്കും?

ശാപം കോപമായി രൂപംമാറി.

അവൾ ബ്രഹ്മദത്തനോടു പറഞ്ഞു:

'രാജൻ, എന്റെ കുഞ്ഞിനെ പാലിക്കുകയെന്നത് അങ്ങയുടെ ചുമതലയായിരുന്നു. ധാത്രിയുടെ അശ്രദ്ധ ഉണ്ടായിരുന്നു എന്നതു ശരിയാണ്. എങ്കിലും

അത് അങ്ങേക്കു കുറ്റം ഇല്ലാതാക്കുന്നില്ല. അങ്ങ് എന്റെ കുഞ്ഞിന്റെ മരണത്തിന് ഉത്തരവാദിയാണ്!'

അതിനുശേഷം പൂജനി എന്താണു ചെയ്തത്? പറന്നു രാജകുമാരന്റെ അടുത്തെത്തി. ആ കുട്ടിയുടെ കണ്ണുകൾ രണ്ടും കൊത്തിപ്പൊട്ടിച്ചു. കൊട്ടാരം വിട്ടു പറന്നുപോകാനും ഒരുക്കമായി.

ആ അവസരത്തിൽ ബ്രഹ്മദത്തന്റെ മാഹാത്മ്യം തെളിഞ്ഞു.

അദ്ദേഹം പറഞ്ഞു:

'പൂജനീ, നീ എന്റെ മകനെ ശിക്ഷിച്ചു. അതിനു ഞാൻ നിന്നെ കുറ്റം പറയുന്നില്ല. നിന്റെ ദുഃഖം എനിക്കു മനസ്സിലാക്കാൻ സാധിക്കും. നീ ഇനിയും ഇവിടെ താമസിക്കണം. മറ്റൊരിടത്തും പൊയ്ക്കൂടാ.'

പൂജനിയുടെ മാഹാത്മ്യം ഒട്ടുംതന്നെ കുറവായിരുന്നില്ല.

അവൾ പറഞ്ഞു:

'രാജൻ, ഞാൻ അങ്ങയുടെ പുത്രന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചു. അതൊരു വലിയ കുറ്റമാണ്. ആ കുറ്റം ചെയ്തത് അങ്ങയുടെ മുമ്പിൽവച്ചുമാണ്. അങ്ങ് ഇനിയൊരിക്കലും എന്നെ വിശ്വസിക്കുമോ?'

അവൾ പറന്നുപോയി.

പിന്നീട് അവൾ തിരിച്ചുവന്നില്ല.

ബ്രഹ്മദത്തന് ഏഴു ജന്മങ്ങളുടെ പൂർവചരിത്രമുണ്ട്.

സഹോദരന്മാരായ ഏഴു ബ്രാഹ്മണകുമാരന്മാർ. അവരുടെ പിതാവ് കാലപുരി പൂകി. അതിനുശേഷം അവർ ഗുരുകുലവാസം അനുഷ്ഠിച്ചു.

ഗുരുവിന് ഒരു കറവപ്പശുവുണ്ട്. സർവ ലക്ഷണങ്ങളും തികഞ്ഞ കപിലപ്പശുവാണ്. അതിനെ കാട്ടിൽ മേയ്ക്കാൻ കൊണ്ടുപോകുന്നതോ? ഏഴു ശിഷ്യന്മാർ ഒന്നിച്ചും.

ഒരിക്കൽ അവർക്ക് ഒരു ദുർമോഹം ഉണ്ടായി. പശുവിനെ കൊന്നു മാംസം പാകംചെയ്തു തിന്നണം! കണ്ടില്ലേ മനഃസ്ഥിതിയുടെ മാറ്റം?

വലിയൊരു ദുഷ്കൃത്യമാണത്. ആ ദുഷ്കൃത്യം ഒരിക്കലും ചെയ്തുകൂടാ—ആ അഭിപ്രായം രണ്ടു ശിഷ്യന്മാർ പ്രകടിപ്പിച്ചു. പക്ഷേ, മറ്റ് അഞ്ചുപേരും അതു മാനിച്ചില്ല. പശുവധം തെറ്റാണെന്ന് അവർക്കറിയാം. എങ്കിലും തെറ്റിന്റെ കാഠിന്യം ഒന്നു കുറയ്ക്കാം. പിതൃക്കൾക്കായി സങ്കല്പിച്ചിട്ടു ബലി നടത്താം. അപ്പോൾ തങ്ങൾക്കു പാപം ഉണ്ടാവില്ല. പശുവിനു മോക്ഷവും കിട്ടും! അതു നല്ല വിദ്യ! അവർ പരിപാടി നടപ്പിലാക്കി. എത്ര സ്വാദോടെയാണ് അവർ പശുമാംസം ഭക്ഷിച്ചത്!

കാട്ടിൽവെച്ചായിരുന്നു ആ ദുഷ്കൃത്യം. അവർ ആശ്രമത്തിലേക്കു മടങ്ങി. പശുവിന് ഒരു കുട്ടിയുണ്ട്. പശുക്കുട്ടിയെയും കൂടി അവർ കൊണ്ടുപോയി.

ഗുരു ചോദിച്ചു:

'എന്താണു പശുക്കുട്ടി മാത്രം? പശു എവിടെപ്പോയി?'

ശിഷ്യന്മാർ കള്ളം പറഞ്ഞു:

'പശുവിനെ ഒരു പുലി കൊന്നുതിന്നു.'

അതു സത്യമെന്നു ഗുരു കരുതി.

ഒടുവിൽ ആ കാലം വന്നുചേർന്നു—ഏഴു സഹോദരന്മാരുടെയും മരണകാലം. എന്തായിരുന്നു അവരുടെ അടുത്ത ജന്മങ്ങൾ? ഒരു വേടന്റെ

പുത്രന്മാരായിട്ട്. അതൊരു ശിക്ഷയായിരുന്നു—മുമ്പു ചെയ്ത പാപത്തിനുള്ള ശിക്ഷ. അതേസമയം അവർ പിതൃപൂജ ചെയ്തിരുന്നു. പിതൃപൂജ ഒരു പുണ്യവുമാണ്. അതിനാൽ അവർക്കു പൂർവസ്മരണയുണ്ടായി—ധർമബോധവും.

ഏഴുപേരും അച്ഛനമ്മമാരെ ഭക്തിയോടെ സേവിച്ചു. അച്ഛനമ്മമാരെ പ്രീതിപ്പെടുത്തുക—അതായിരുന്നു പുത്രന്മാരുടെ ജീവിതവ്രതം. അടുത്ത ജന്മത്തിൽ അവർ മാനുകളായി. എങ്കിലും ആ പുണ്യത്താൽ പൂർവസ്മരണയുണ്ടായിരുന്നു. തുടർന്നു കുറെ ജന്മങ്ങളുണ്ടായി. ഓരോരോ പക്ഷികളായിരുന്നു ആ ജന്മങ്ങളിൽ. എല്ലാ ജന്മങ്ങളിലും അവർ തപശ്ചര്യ അവലംബിച്ചു. ആറാം ജന്മത്തിൽ ഏഴാമന് സ്വതന്ത്രൻ എന്നായിരുന്നു പേര്.

എല്ലാവരും ഒന്നിച്ച് ഒരു വനത്തിൽ പാർത്തുവന്നു. ഒരിക്കൽ വിഭ്രാജൻ എന്ന രാജാവ് ആ വനത്തിൽ വന്നെത്തി. പ്രശസ്തനായ രാജാവാണ് വിഭ്രാജൻ. ഒന്നിച്ചു രാജ്ഞിമാരുണ്ട്, മന്ത്രിമാരുണ്ട്, സേനാപതികളുണ്ട്. എന്ത് ആർഭാടവും ധാടിയും! അദ്ദേഹത്തെ കണ്ടപ്പോൾ സ്വതന്ത്രന് ഒരു മോഹമുണ്ടായി—അടുത്ത ജന്മം താനും ഒരു രാജാവായെങ്കിൽ!

രണ്ടു പക്ഷിമാർ പറഞ്ഞു:

'ഞങ്ങൾ മന്ത്രിമാരായും ജനിക്കാൻ ആഗ്രഹിക്കുന്നു.'

വളരെക്കാലത്തിനുശേഷം വിഭ്രാജന് അണുഹൻ എന്നൊരു പുത്രൻ ജാതനായി. അണുഹനു പ്രായമായപ്പോൾ വിഭ്രാജൻ രാജ്യം വിട്ടു തപസ്സിനു കാടുകയറി. അണുഹന്റെ മകനായി ജനിച്ചതോ, ബ്രഹ്മദത്തനും.

സ്വതന്ത്രൻ എന്ന പക്ഷിയുടെ അടുത്ത ജന്മം ആയിരുന്നു ബ്രഹ്മദത്തൻ. ആ പക്ഷി മുമ്പ് ആഗ്രഹിച്ചിരുന്നതുപോലെ!

മറ്റു രണ്ടു പക്ഷികൾ മന്ത്രികളായും ജന്മമെടുത്തു.

ബ്രഹ്മദത്തന് സർവസേനനെക്കൂടാതെ മറ്റൊരു പുത്രനുമുണ്ട്. വിഷ്വക്സേനൻ എന്നാണ് ആ രാജകുമാരന്റെ പേര്. പിതാവിന്റെ ലാളനയിൽ വിഷ്വക്സേനൻ വളർന്നുവന്നു.

ഒരിക്കൽ ബ്രഹ്മദത്തൻ രാജ്ഞിയോടൊന്നിച്ചു സ്വൈരസഞ്ചാരത്തിനിറങ്ങി. ഒരു വനത്തിലേക്കാണ് രാജദമ്പതികൾ ചെന്നത്. ബ്രഹ്മദത്തന് ഉറുമ്പുകളുടെ ഭാഷ വശമുണ്ട്. രണ്ട് ഉറുമ്പുകൾ തമ്മിൽ സംസാരിക്കുന്നതു കേട്ടു രാജാവ്. ഒന്ന് ആണുറുമ്പായിരുന്നു. മറ്റേതു പെണ്ണുറുമ്പും. ഭർത്താവും ഭാര്യയുമാണ് അവർ. ഭാര്യ ഭർത്താവിനെ വായ്തോരാതെ ശകാരിക്കുകയാണ്. അതു കേട്ട് ബ്രഹ്മദത്തൻ രാജ്ഞിയെ നോക്കി പൊട്ടിച്ചിരിച്ചു.

തന്നെ പരിഹസിച്ചു ചിരിച്ചതാണു ഭർത്താവ്. അതായി രാജ്ഞിയുടെ ധാരണ. ആദ്യമൊന്നും അവർ അതിനെക്കുറിച്ച് ഒന്നും മിണ്ടിയില്ല. കുറെ നാൾ കഴിഞ്ഞു ഭർത്താവിനോടൊന്നു ചോദിച്ചു, കാട്ടിൽവെച്ച് എന്തിനാണു തന്നെ നോക്കി ചിരിച്ചതെന്ന്. ബ്രഹ്മദത്തൻ പരമാർത്ഥം പറയുകയും ചെയ്തു. പക്ഷേ, രാജ്ഞിക്കു വിശ്വാസമാകുന്നില്ല. അതായിരുന്നു രാജാവിന്റെ തോന്നൽ.

രാജ്ഞി പറഞ്ഞു:

'ഉറുമ്പിന്റെ ഭാഷ അറിയാമത്രെ! അതിനുള്ള കഴിവ് സാധാരണ മനുഷ്യർക്കില്ല. ഒന്നുകിൽ ഈശ്വരകാരുണ്യം അല്ലെങ്കിൽ പൂർവസ്മരണ—രണ്ടി

ലൊന്ന് ഉള്ളവർക്കേ അതുണ്ടാകൂ. അങ്ങേയ്ക്ക് രണ്ടിലൊന്ന് ഉണ്ടെങ്കിൽ എനിക്ക് അനുഭവപ്പെടുത്തിത്തരണം. അല്ലാത്തപക്ഷം ഞാൻ ജീവൻ കളയും.'

എന്താണിനി നിവൃത്തി? വിഷ്ണുപ്രസാദംകൊണ്ടേ കാര്യം നടക്കുകയുള്ളൂ. ബ്രഹ്മദത്തൻ മഹാവിഷ്ണുവിനെ ഭജിച്ചു. അതോ ഉപവസിച്ചുകൊണ്ടും. പല ദിവസങ്ങളും അങ്ങനെ കഴിഞ്ഞു. ഒടുവിൽ മഹാവിഷ്ണു പ്രത്യക്ഷനായി.

ഭഗവാൻ അരുളിച്ചെയ്തു:

'ബ്രഹ്മദത്താ, നിനക്കു നാളെ ഒരു നല്ല കാര്യം നടക്കും.'

അടുത്ത പ്രഭാതത്തിൽ ഒരു ബ്രാഹ്മണന്റെ വരവുണ്ടായി. അദ്ദേഹം ഒരു ശ്ലോകം ചൊല്ലി. പൂർവജന്മങ്ങൾ ഓർമിപ്പിക്കുന്ന ശ്ലോകമായിരുന്നു. ഇനി ഈ ജീവിതം ഉപേക്ഷിക്കണം. ആ ഉദ്ബോധനവും അടങ്ങിയിരുന്നു ശ്ലോകത്തിൽ.

ബ്രഹ്മദത്തൻ പിന്നെ താമസിച്ചില്ല. അദ്ദേഹം വിഷ്വക്സേനയെ രാജാവാക്കി. എന്നിട്ടു വനത്തിലേക്കു പോയി. തപസ്സുചെയ്തു മോക്ഷം നേടാൻ.

രാജ്ഞി ഭർത്താവിനോടൊന്നിച്ചു യാത്രയായി.

അപ്പോൾ രാജ്ഞി പറഞ്ഞു:

'നാഥാ, എനിക്ക് അങ്ങയുടെ പൂർവചരിത്രം അറിയാമായിരുന്നു. ഇല്ലാത്തതു ഭാവിക്കണം. അങ്ങേയ്ക്കു ശരിയായ പ്രേരണ നൽകണം—അതായിരുന്നു എന്റെ ഗൂഢമായ ഉദ്ദേശ്യം.'

ദിവ്യശക്തികൾ ഉണ്ടായിരുന്നു രാജ്ഞിക്ക്!

ബ്രഹ്മദത്തൻ യഥാകാലം നിർവൃതി നേടി. മാത്രമല്ല, രാജ്ഞിയും രണ്ടു സഹോദരന്മാരും!

(മഹാഭാരതം)

രാജ്യവർദ്ധനൻ

ധർമിഷ്ഠരിൽ ധർമിഷ്ഠനായ രാജാവാണ് രാജ്യവർദ്ധനൻ. രാജാവിന്റെ മഹത്ത്വം രാജ്യത്തു നന്മകൾ വിളയിച്ചു. അതിവൃഷ്ടിയും അനാവൃഷ്ടിയുമില്ല. കള്ളന്മാരും കൊള്ളക്കാരുമില്ല. ഭയങ്ങളും രോഗങ്ങളുമില്ല. എങ്ങും എപ്പോഴും സമൃദ്ധി. സംതൃപ്തി. ഐശ്വര്യം.

മാനിനി എന്നാണ് രാജ്യവർദ്ധനന്റെ രാജ്ഞിയുടെ പേര്.

ഭർത്തൃശുശ്രൂഷയിൽ മുഴുകിയിരുന്നു മാനിനി.

രാജ്യവർദ്ധനന്റെ രാജ്യഭാരം ഏഴായിരം സംവത്സരത്തിൽ പ്രവേശിച്ചു.

അപ്പോൾ ഒരു സംഭവമുണ്ടായി.

രാജ്ഞി ഭർത്താവിന്റെ തലയിൽ എണ്ണതേക്കുന്നു. അതിനിടയ്ക്ക് രാജാവിന് ഒരു അനുഭവമുണ്ടായി. തന്റെ ദേഹത്തു ചൂടുള്ള വെള്ളത്തുള്ളികൾ വീഴുന്നു. അദ്ദേഹം തലയുയർത്തി രാജ്ഞിയുടെ മുഖത്തു നോക്കി. രാജ്ഞിയുടെ കണ്ണുകളിൽനിന്നു കണ്ണുനീർത്തുള്ളികൾ അടർന്നുവീഴുന്നു!

'മാനിനീ, എന്തിനാണു നീ കരയുന്നത്?' അദ്ദേഹം ചോദിച്ചു.

'ഒന്നുമില്ല.' മാജ്ഞി കണ്ണിതൊഴുക്കിക്കൊണ്ടുതന്നെ ഉത്തരം പറഞ്ഞു.

പക്ഷേ, രാജാവിനു സമാധാനം വന്നില്ല. അദ്ദേഹം വീണ്ടും വീണ്ടും കാരണം ആരാഞ്ഞു. ആദ്യമൊന്നും മാജ്ഞി പറഞ്ഞില്ല. ഒടുവിൽ പറയാതെ കഴിയില്ല എന്നായി.

'അവിടുത്തെ ഒരു തലനാരിഴ നരച്ചിരിക്കുന്നു. അതു കണ്ടപ്പോൾ എനിക്കു സങ്കടംവന്നു.'

എന്തിനെയാണു നര സൂചിപ്പിക്കുന്നത്? വർദ്ധക്യത്തെത്തന്നെ. തന്റെ ഭർത്താവിനെ വാർദ്ധക്യം ബാധിച്ചിരിക്കുന്നു. അദ്ദേഹം മരണത്തെ സമീപിക്കുന്നു എന്നർത്ഥം. ഭർത്താവിന്റെ മരണം—അതിനെക്കുറിച്ചു ചിന്തിക്കാൻ പോലും മാനിനി ധൈര്യപ്പെട്ടിരുന്നില്ല. കണ്ടോ ഭർത്തൃസ്നേഹം?

പക്ഷേ, തികച്ചും വ്യത്യസ്തമായിരുന്നു, രാജ്യവർദ്ധനന്റെ മനോഗതി. അദ്ദേഹം പറഞ്ഞു:

'മാനിനീ, നീ കരയരുത്. ജനനവും മരണവും സകല ജീവജാലങ്ങൾക്കുമുണ്ട്. ഞാനാണെങ്കിൽ ഒട്ടനവധി യാഗങ്ങളും ദാനങ്ങളും ചെയ്തു. സകല സൗഭാഗ്യങ്ങളും അനുഭവിച്ചു. ഞാൻ ആഗ്രഹിച്ചതെല്ലാം എനിക്കു കിട്ടി. നീ ആഗ്രഹിച്ചതെല്ലാം നിനക്കും. എന്റെ തലമുടി നരച്ചാലെന്ത്? ദുഃഖിക്കാനല്ല, സന്തോഷിപ്പിക്കാനുള്ള കാരണമാണത്. വാർദ്ധക്യത്തിന്റെ കാലമാണു വനവാസകാലം. മാത്രമല്ല, തപസ്സുകാലവും. പണ്ടുപണ്ടേ അംഗീകരിച്ചിട്ടുള്ള വസ്തുതയാണ് അത്. എന്റെ പൂർവ്വികന്മാർ എല്ലാം ആ ധർമം അനുഷ്ഠിച്ചു. ഞാനും അത് അനുഷ്ഠിക്കും. നീ നര കണ്ടതു വളരെ പ്രയോജനമായി.'

എങ്കിലും മാനിനിക്കു സമാധാനം വന്നില്ല. മന്ത്രിമാർ, മഹർഷിമാർ, പൗരന്മാർ—അവരും വ്യാകുലരായി. എല്ലാവരുംകൂടി തമ്പുരാനെ കണ്ട് ഒരു നിവേദനം സമർപ്പിച്ചു—എന്തുവന്നാലും അദ്ദേഹം കാട്ടിലേക്കു പൊയ്ക്കൂടാ. അദ്ദേഹത്തെ പിരിഞ്ഞിരിക്കാൻ അവർക്കു ശക്തിയുണ്ടായില്ല. അവർക്ക് അത്രയധികം രാജഭക്തിയും കൂറുമുണ്ട്. തപസ്സിനെക്കാൾ മേന്മയുള്ളതാണ് ധർമത്തോടുകൂടിയ രാജ്യഭരണം. അതായിരുന്നു അവരുടെ ഉറച്ച അഭിപ്രായം.

രാജ്യവർദ്ധനൻ അവരെ സമാധാനപ്പെടുത്താൻ യത്നിച്ചു:

'പ്രിയപ്പെട്ടവരേ, ഞാൻ ഏഴായിരം സംവത്സരം രാജ്യഭരണം നടത്തിക്കഴിഞ്ഞിരിക്കുന്നു. വളരെയധികം നീണ്ട കാലയളവാണ് ഏഴായിരം സംവത്സരം. തലമുടിയിലെ നര യമന്റെ ദൂതനാണ്. അക്കാര്യം നിങ്ങൾ മനസ്സിലാക്കണം. മൃത്യു എത്തുന്നതിനുമുമ്പ് എനിക്കു ചിലതൊക്കെ ചെയ്യാനുണ്ട്. എന്റെ പുത്രനെ രാജാവായി വാഴിക്കണം. സുഖഭോഗങ്ങളെല്ലാം മതിയാക്കണം. അതിനുശേഷം വനത്തിൽ ചെന്നു തപസ്സുചെയ്യണം. അതിനുള്ള കാലം വന്നിരിക്കുന്നു. ഞാൻ തീർച്ചയായും വനത്തിലേക്കു പോകും.'

പുത്രന്റെ അഭിഷേകം നല്ല മുഹൂർത്തത്തിൽ വേണം. രാജാവ് രാജ്യത്തെ പ്രധാന ജ്യോത്സ്യന്മാരെ വരുത്തി. നല്ല മുഹൂർത്തം ഗണിച്ചു പറയണം — അതാണ് അദ്ദേഹം അവർക്കു നല്കിയ നിർദ്ദേശം. ജ്യോത്സ്യന്മാർ തങ്ങ

ളുടെ ജോലി തുടങ്ങി. പക്ഷേ, ജോലി മുമ്പോട്ടു പോകുന്നില്ല. ഏകാഗ്രത ഉണ്ടെങ്കിലല്ലേ അതു പറ്റുകയുള്ളു? അവർക്ക് ഒട്ടുംതന്നെ ഏകാഗ്രത ഉണ്ടാകുന്നില്ല. എന്താണ് അതിനു കാരണം. ദുഃഖംതന്നെ—രാജാവിനെ പിരിയേണ്ടിവരുന്നതിലുള്ള ദുഃഖം!

രാജാവ് മറ്റു ചില ജ്യോത്സ്യന്മാരെ വരുത്തി; കുറെ ദൈവജ്ഞന്മാരെയും. അതുകൊണ്ടും ഫലമുണ്ടായില്ല. അവരും മറ്റുള്ളവരെപ്പോലെ നിർബന്ധം പിടിച്ചു—തങ്ങളെ തമ്പുരാൻ വിട്ടുപോകരുതെന്ന്. മുമ്പത്തെപ്പോലെ തങ്ങളെ രക്ഷിക്കണമെന്ന്.

രാജ്യവർദ്ധനൻ തന്റെ നിലപാടിൽ ഉറച്ചുനിന്നു.

അദ്ദേഹത്തിന്റെ ന്യായീകരണം ഇതായിരുന്നു:

'യമൻ ക്ഷമിച്ചിരിക്കയില്ല.'

മന്ത്രിമാരും മഹർഷിമാരും പ്രജകളും മറ്റൊരു പദ്ധതി ആലോചിച്ചുറച്ചു. എല്ലാവരുംകൂടി സൂര്യദേവനെ പ്രസാദിപ്പിക്കണം. രാജാവിന് ഇനിയും ദീർഘായുസ്സ് നല്കാൻ അപേക്ഷിക്കണം.

അവർ ആ പദ്ധതി നടപ്പിലാക്കി. പലരും പലയിടങ്ങളിലിരുന്നു സൂര്യപൂജ നടത്തി. അതോ, പലമാതിരികളിലും.

ഒരു ഗന്ധർവൻ അവരുടെ മുമ്പിലെത്തി. സുദാമാവ് എന്നാണ് ഗന്ധർവന്റെ പേര്. അവർക്ക് സുദാമാവ് ഒരു സൂചന നല്കി:

'ഗുരുവിശാലം എന്നൊരു വനമുണ്ട്. കാമരൂപം എന്ന പർവതത്തിലാണ് ആ വനം. നിങ്ങൾ അവിടെച്ചെന്ന് സൂര്യദേവനെ ആരാധിക്കുവിൻ. തീർച്ചയായും ഫലം ഉളവാകും.'

എല്ലാവരും ഗുരുവിശാലത്തിൽ എത്തിച്ചേർന്നു. അവിടെ പുണ്യം വിളയുന്ന ഒരു സൂര്യക്ഷേത്രമുണ്ട്. അവർ ആ ക്ഷേത്രത്തിലിരുന്ന് സൂര്യാരാധനയിൽ മുഴുകി.

സൂര്യദേവൻ പ്രസാദിച്ചു ഭക്തന്മാർക്ക് ദർശനമേകി.

ഭക്തന്മാർ സൂര്യദേവനെ വാഴ്ത്തി സ്തുതിചെയ്തു:

'ഭഗവാനേ, അവിടുന്നു ഞങ്ങളുടെ തമ്പുരാനു പന്ത്രീരായിരം സംവത്സരം ആയുസ്സു നല്കണം. അതോടൊന്നിച്ചു സമ്പത്തും ആരോഗ്യവും നിത്യയൗവനവും.'

സൂര്യദേവൻ അരുളിച്ചെയ്തു:

'നിങ്ങളുടെ ആഗ്രഹങ്ങൾ തീർച്ചയായും നടക്കും.'

അവർക്കുണ്ടായ സന്തോഷത്തിന് അതിരില്ല. ആർപ്പുവിളികളോടെ അവർ രാജധാനിയിൽ തിരിച്ചെത്തി. ഒന്നു പ്രത്യേകമായിരുന്നു മാനിനിയുടെ ആഹ്ലാദം!

രാജ്ഞി ഭർത്താവിനോടു പറഞ്ഞു:

'ഭാഗ്യം! മഹാഭാഗ്യം!'

ഭർത്താവിനു തനിക്കുള്ളപോലെ ആഹ്ലാദമുണ്ടായിരിക്കും—അതായിരുന്നു മാനിനിയുടെ പ്രതീക്ഷ. സന്തോഷംകൊണ്ട് അദ്ദേഹത്തിന്റെ മുഖം വികസിച്ചിരിക്കും. ആ മുഖം കാണാൻ ഉത്കണ്ഠയായി രാജ്ഞിക്ക്. അവർ ഭർത്തൃമുഖത്തിലേക്കു നോക്കി. ആ മുഖം ഭ്ലാനമായിരിക്കുന്നു!

രാജ്ഞി പറഞ്ഞു:

'നാഥാ, അങ്ങ് ഇനിയും അനേകായിരം സംവത്സരം ജീവിച്ചിരിക്കും. വെറുതെ ജീവിച്ചിരിക്കയല്ല പിന്നെയോ, സമ്പത്തോടും ആരോഗ്യത്തോടും നിത്യയൗവനത്തോടുംകൂടി. എന്നിട്ടും എന്താണ് അവിടുത്തെ മുഖം വാടിയിരിക്കുന്നത്?'

രാജ്യവർദ്ധനൻ സത്യം അറിയിച്ചു:

'മാനിനീ, ഞാൻ സൗഖ്യം അനുഭവിക്കുമെന്നു നീ കരുതുന്നു. വാസ്തവത്തിൽ ദുഃഖമാണ് അനുഭവിക്കാൻ പോകുന്നത്. ഞാൻ ഇനിയും അനേകായിരം വർഷം ജീവിച്ചിരിക്കും, ശരിയാണ്. അത്ര ദീർഘായുസ്സ് നിനക്കില്ല, മറ്റാർക്കുമില്ല. നീയും മരിക്കും. അവരും മരിക്കും. തുടർന്നു മറ്റനേകം തലമുറകളും. അതെല്ലാം കണ്ടുകൊണ്ടു ഞാൻമാത്രം ജീവിക്കും. എത്ര അസഹ്യമായ ദുഃഖമാണത്! എന്റെ സൗഖ്യം കാംക്ഷിക്കുന്നവരാണു നീയും അവരും. നിങ്ങൾ മരിക്കയും ഞാൻ ജീവിച്ചിരിക്കയും ചെയ്യുക. എനിക്ക് അതിൽ കൂടുതലൊരു അനർത്ഥം സംഭവിക്കാനുണ്ടോ? എന്താണു നീ അത് ആലോചിക്കാത്തത്?'

ഭർത്താവ് പറയുന്നതു ശരിയാണ്. അതിപ്പോൾ മാനിനിക്കു ബോദ്ധ്യമായി. താനും മറ്റുള്ളവരും അക്കാര്യം ഓർമിച്ചില്ല. സൂര്യഭഗവാന്റെ വരം നിഷ്ഫലമാവുകയുമില്ല. ഇനി എന്താണു ചെയ്യുക?

രാജ്യവർദ്ധനൻ ഒരു വഴി കണ്ടെത്തി:

'മാനിനീ, എനിക്കുവേണ്ടി എല്ലാവരും സൂര്യദേവനെ ആരാധിച്ചു. അവർക്കുവേണ്ടി ഞാനും സൂര്യദേവനെ ആരാധിക്കും. നിങ്ങൾ എനിക്കൊരു ഉപകാരം ചെയ്തു. ഞാൻ നിങ്ങൾക്കു പ്രത്യുപകാരംചെയ്യും. ഞാനിതാ സൂര്യദേവനെ ആരാധിക്കാൻ പോകുന്നു. ഭഗവാൻ എനിക്കു തന്നില്ലെ ദീർഘായുസ്സും സമ്പത്തും ആരോഗ്യവും നിത്യയൗവനവും? അവയൊക്കെ നിങ്ങൾക്കും തരണം. അല്ലാത്തപക്ഷം ഞാൻ നിരാഹാരവ്രതം അനുഷ്ഠിക്കും.'

ഭർത്താവിനെ തനിച്ചു പറഞ്ഞയയ്ക്കുന്നവളല്ല മാനിനി. രാജാവിനോടൊത്ത് രാജ്ഞിയും ഗുരുവിശാലത്തിലെത്തി. അവിടെയിരുന്നു സൂര്യാരാധനയും ആരംഭിച്ചു. കാറ്റാകട്ടെ, മഞ്ഞാകട്ടെ, മഴയാകട്ടെ, വെയിലാകട്ടെ—യാതൊന്നുംതന്നെ അവരുടെ ആരാധനയ്ക്കു വിഘാതമായില്ല. അതങ്ങനെ കുറേക്കാലം തുടർന്നുപോയി.

രാജദമ്പതികളുടെ ആരാധന സൂര്യഭഗവാനെ സംപ്രീതനാക്കി.

ഭഗവാൻ അവരുടെ മുമ്പിൽ പ്രത്യക്ഷനായി.

രാജ്യവർദ്ധനൻ തന്റെ അഭിലാഷങ്ങൾ ഭഗവാനെ അറിയിച്ചു.

സൂര്യദേവൻ ആ അഭിലാഷങ്ങളെല്ലാം സാധിപ്പിക്കതന്നെ ചെയ്തു.

രാജാവും രാജ്ഞിയും രാജധാനിയിൽ തിരിച്ചെത്തി.

അവരും പ്രജകളും സുഖമായി ജീവിച്ചിരുന്നു—പതിനായിരം സംവത്സരം!

(മാർക്കണ്ഡേയപുരാണം)

പൃഷദ്ധ്രൻ

വൈവസ്വതമനുവിന്റെ പുത്രന്മാരിൽ ഒന്നാണ് പൃഷദ്ധ്രൻ. ഒരിക്കൽ പൃഷദ്ധ്രൻ നായാട്ടിനായി കാട്ടിലേക്കു പോയി. ബഹുദൂരം സഞ്ചരിച്ചിട്ടും ഒരു മൃഗത്തെയും കണ്ടെത്തിയില്ല. നേരം വളരെയേറെ കഴിയുകയും ചെയ്തിട്ടുണ്ട്. സഞ്ചാരം, വെയിൽ, വിശപ്പ്, ദാഹം—എല്ലാംകൂടി പൃഷദ്ധ്രനെ വല്ലാതെ തളർത്തി. രാജകുമാരൻ വനത്തിൽ ഉഴന്നു നടന്നു. ചെടികളുടെയിടയിൽ ഒരു മൃഗം മറഞ്ഞുനില്ക്കുന്നു. മാനായിരിക്കണം എന്നു തോന്നി പൃഷദ്ധ്രൻ വില്ലെടുത്ത് അമ്പുതൊടുത്ത് എയ്തു. അമ്പേറ്റു മൃഗം ചത്തു മലച്ചു. പൃഷദ്ധ്രൻ ഓടിയടുക്കലെത്തി. മാനല്ല. പശു!

മഹാപാപമാണു പശുവിനെ കൊല്ലുക. താൻ മഹാപാപം ചെയ്തിരിക്കുന്നു. അതറിഞ്ഞ് പൃഷദ്ധ്രൻ അന്ധാളിച്ചു. ഇനി എന്തു ചെയ്യും?

ആ കാട്ടിൽ ഒരു മുനി പർണശാല കെട്ടി ജീവിച്ചുപോരുന്നു. ബ്രഹ്മചാരിയായ ഒരു മകനുണ്ട് മുനിക്ക്. ബാഭ്രവ്യൻ എന്നാണ് മുനികുമാരന്റെ പേര്. ഒരു ഹോമപ്പശുവിനെ മുനി വളർത്തുന്നുണ്ട്. പശുവിനെ മേയ്ക്കുന്ന ജോലി ബാഭ്രവ്യനു നല്കപ്പെട്ടിരുന്നു.

പശു അമ്പേറ്റു ചത്തുവീഴുന്നത് മുനികുമാരൻ കാണുകയുണ്ടായി. ഓടിയടുത്തു ചെന്നപ്പോഴോ? വില്ലും അമ്പും ഏന്തിനില്ക്കുന്ന പൃഷദ്ധ്രനെ കണ്ടു. അപ്പോൾ തങ്ങളുടെ പ്രിയപ്പെട്ട ഹോമപ്പശുവിനെ കൊന്നത് പൃഷദ്ധ്രനാണ്!

പൃഷദ്ധ്രൻ ബാഭ്രവ്യനെയും കണ്ടു. അപ്പോൾ എല്ലാം മനസ്സിലായി. താൻ അറിഞ്ഞുകൊണ്ട് ഒരിക്കലും പശുവിനെ കൊല്ലുകയില്ല. അബദ്ധം പറ്റിപ്പോയതാണ്. ദുർഭാഗ്യം എന്നല്ലാതെ എന്തു പറയാനാണ്!

പൃഷദ്ധ്രൻ തൊഴുകൈയോടെ മാപ്പപേക്ഷിച്ചു.

ബാഭ്രവ്യൻ നല്കിയതു മാപ്പല്ല, ശാപമായിരുന്നു.

'അങ്ങ് ഗുരുമുഖത്തുനിന്നു വേദങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. അവയൊന്നും ഫലിക്കാതെ പോകട്ടെ! പോര, ക്ഷത്രിയനായ അങ്ങ് ശൂദ്രനുമാകട്ടെ!'

ശാപത്തിന്റെ കാഠിന്യം വളരെ കൂടിപ്പോയി—ആ തോന്നലുണ്ടായി പൃഷദ്ധ്രന്. അതോടുകൂടി കോപവും. അങ്ങോട്ടും ശപിക്കുകതന്നെ. അതിനായി രാജകുമാരന്റെ ഒരുക്കം. അതു കണ്ടപ്പോൾ ബാഭ്രവ്യന്റെ കോപം ഇരട്ടിയായി. ഏറ്റവും കഠിനമായ മറ്റൊരു ശാപം നല്കണം. അതിനു നിശ്ചയിച്ചു മുനികുമാരൻ.

അപ്പോഴേക്കും മുനി അവിടെ വന്നെത്തി. അദ്ദേഹം ഒറ്റനോട്ടത്തിൽ കാര്യമെല്ലാം മനസ്സിലാക്കി. എന്നിട്ട് ബാഭ്രവ്യനോടു പറഞ്ഞു:

'മകനേ, കോപം പാടില്ല. തപശ്ശക്തിയെ കോപം ഇല്ലായ്മചെയ്യുന്നു. അത് ആയുസ്സിനെ കുറയ്ക്കുന്നു. ജ്ഞാനത്തെ നശിപ്പിക്കുന്നു. രാജകുമാരൻ പശുവിനെ കൊന്നതു മനഃപൂർവമല്ല. ഇനി മനഃപൂർവമാണ് എന്നു തന്നെയിരിക്കട്ടെ. എന്നിരുന്നാൽതന്നെയും നീ ശപിക്കുകയല്ല വേണ്ടത്, ക്ഷമിക്കുകയാണ്. ആ സ്ഥിതിക്ക് അറിയാതെ ചെയ്തതിനെക്കുറിച്ചു പ്രത്യേ

കിച്ചു പറയണോ? ക്ഷമിക്കുക എന്നതു വിദ്വാന്മാരുടെ കടമയാകുന്നു. ഈ പശു അമ്പേറ്റു ചത്തത് അതിന്റെ കർമഫലമാണ്. അതിന് രാജകുമാരൻ ഉത്തരവാദിയല്ല.

പൃഷദ്ധ്രന് മുനിയോട് അതിയായ നന്ദി തോന്നി. കണ്ടില്ലേ അദ്ദേഹത്തിന്റെ മാഹാത്മ്യം? മകന്റേതിൽനിന്ന് എത്ര വ്യത്യസ്തമാണ് അച്ഛന്റെ സ്വഭാവം!

രാജകുമാരൻ മുനിയോടു പറഞ്ഞു:

'മഹാത്മൻ, അവിടുന്നു പറഞ്ഞതു ശരിയാണ്. ഞാൻ പശുവിനെ മാനെന്നു തെറ്റിദ്ധരിച്ചു. അതാണ് അമ്പെയ്യാൻ കാരണം. അവിടുത്തെ കാരുണ്യത്തിന് ഞാൻ അവിടുത്തോടു കടപ്പെട്ടിരിക്കുന്നു.'

പിതാവിന്റെ ഉപദേശം പുത്രന്റെ മനസ്സിൽ ഉദ്ദിഷ്ടമായ ഫലം ഉളവാക്കി.

ബ്രാഹ്മണൻ പൃഷദ്ധ്രനോടു പറഞ്ഞു:

'രാജകുമാരാ, എന്റെ ശാപം വെറും വീൺവാക്കാവുകയില്ല. നല്കിപ്പോയ ശാപം തിരിച്ചെടുക്കാൻ നിവൃത്തിയില്ല. എങ്കിലും ഒന്നുണ്ട്. രണ്ടാമതും ശപിക്കാൻ ഞാൻ നിശ്ചയിച്ചതാണല്ലോ. ഞാനിതാ ആ ശാപം ഉച്ചരിക്കാതെ പിൻവലിക്കുന്നു.'

അങ്ങനെ അവർ തമ്മിൽ പിരിഞ്ഞു—മുനിയും മുനികുമാരനും ആശ്രമത്തിലേക്ക്; പൃഷദ്ധ്രൻ രാജധാനിയിലേക്കും.

ക്ഷത്രിയനായ പൃഷദ്ധ്രൻ ശൂദ്രനായി

(മാർക്കണ്ഡേയപുരാണം)

ഭേന്ദനൻ

രാജകുമാരനായ നാഭാഗൻ യുവാവും സുന്ദരനുമാണ്. ഒരിക്കൽ നാഭാഗൻ ഒരു യുവതിയെ കണ്ടെത്തി. അതിയായ ലാവണ്യം ഉണ്ടായിരുന്നു യുവതിക്ക്. എങ്കിലും ക്ഷത്രിയകുലത്തിലല്ല അവൾ ജനിച്ചത്. പിന്നെയോ, ഒരു വൈശ്യകുലത്തിൽ.

സാധാരണയായി ക്ഷത്രിയന്മാർ വൈശ്യസ്ത്രീകളെ വിവാഹംകഴിക്കാറില്ല. ആ പതിവു മാറ്റാൻ നിശ്ചയിച്ചു നാഭാഗൻ. രാജകുമാരൻ യുവതിയുടെ പിതാവിനെ കണ്ട് ഒരപേക്ഷ സമർപ്പിച്ചു—തനിക്ക് അവളെ കല്യാണം കഴിച്ചുതരണം എന്ന്.

വൈശ്യൻ വല്ലാത്ത വിഷമത്തിലായി. വയ്യെന്നു പറഞ്ഞാൽ രാജകുമാരൻ കോപിക്കും. ആകാമെന്നു പറഞ്ഞാൽ രാജാവും കോപിക്കും. രണ്ടായാലും തകരാറുതന്നെ. തകരാറ് ഒഴിവാക്കുകതന്നെ വേണം. അതിനായി അയാൾ ഒരു വഴിപറഞ്ഞു. ആദ്യം നാഭാഗൻ രാജാവിന്റെ അനുവാദം വാങ്ങണം എന്ന്.

പക്ഷേ, നാഭാഗന് അതത്ര സ്വീകാര്യമായി തോന്നിയില്ല. ഇക്കാര്യം താൻ നേരിട്ട് അച്ഛനോട് എങ്ങനെ പറയും? അതു ശരിയല്ലെന്നു രാജകുമാരനു തോന്നി. വൈശ്യൻ രാജാവിനെ കണ്ടുപറയുന്നതാണ് നന്ന്. അതായി മുന്നു നാഭാഗന്റെ നിലപാട്.

ഗത്യന്തരമില്ലാതെ വൈശ്യൻ രാജാവിനെക്കണ്ടു വിവരം അറിയിച്ചു.

രാജാവ് മഹർഷിമാരുടെയും പുരോഹിതന്മാരുടെയും അഭിപ്രായം ആരാഞ്ഞു.

നാഭാഗൻ വൈശ്യകന്യകയെ വിവാഹംകഴിച്ചുകൂടെന്നില്ല; പക്ഷേ, അതിനു മുമ്പ് ഒരു ക്ഷത്രിയകന്യകയെ വിവാഹംകഴിച്ചിരിക്കണം. അതായിരുന്നു അവരുടെ അഭിപ്രായം.

അത്രയൊന്നും കാത്തിരിക്കാൻ നാഭാഗനു ക്ഷമയുണ്ടായിരുന്നില്ല. ഉടൻതന്നെ വൈശ്യകന്യക തന്റെ ഭാര്യയാകണം—അതായിരുന്നു ആഗ്രഹം. മഹർഷിമാരുടെയും പുരോഹിതന്മാരുടെയും അഭിപ്രായം അനാദരിക്കുക—അതിന് അവളുടെ പിതാവ് ധൈര്യപ്പെട്ടുമില്ല. തന്റെ പുത്രിയുടെ വിവാഹം നടത്താൻ അയാൾ ഒരുമ്പെട്ടില്ല. എന്നാൽ, ഇനി വൈശ്യകുമാരിയെ അപഹരിച്ചുകൊണ്ടുപോവുകതന്നെ—അതായി സാഹസികനായ നാഭാഗന്റെ നിശ്ചയം.

വൈശ്യൻ രാജാവിന്റെ സഹായം അപേക്ഷിച്ചു.

മകന്റെ നടപടി കുറ്റകരമാണെന്നു രാജാവിനു തോന്നി. കുറ്റവാളി മകനായാലും ശിക്ഷിക്കപ്പെടേണ്ടതുമാണ്. വൈശ്യനെ സഹായിക്കാൻതന്നെ രാജാവ് ഒരുക്കമായി. അദ്ദേഹം അയാളുടെ സഹായത്തിനായി കുറെ ഭടന്മാരെ അയച്ചുകൊടുത്തു. ആ നടപടിയും നാഭാഗനെ തന്റെ നിശ്ചയത്തിൽ നിന്നു പിൻതിരിപ്പിച്ചില്ല. രാജകുമാരൻ വൈശ്യനെയും രാജഭടന്മാരെയും കീഴ്പ്പെടുത്തി.

അപ്പോൾ രാജാവുതന്നെ ഒരു സേനയുമായി വന്നെത്തി.

പിതാവും പുത്രനും തമ്മിലായി യുദ്ധം.

ആരും തോല്ക്കുന്നില്ല, ആരും ജയിക്കുന്നില്ല—ആ നിലയിൽ യുദ്ധം അങ്ങനെ തുടർന്നുപോയി.

ദിവ്യശക്തിയുള്ള ഒരു മഹർഷി ആകാശത്തിൽനിന്നിറങ്ങി വന്നു.

അദ്ദേഹം വിളിച്ചുപറഞ്ഞു:

'ഇനിമേൽ നാഭാഗൻ ക്ഷത്രിയനല്ല, വൈശ്യനാണ്. യുദ്ധം മതിയാക്കുവിൻ!'

അങ്ങനെ യുദ്ധത്തിനു വിരാമമുണ്ടായി.

വൈശ്യനായിത്തീർന്ന നാഭാഗൻ വൈശ്യകന്യകയെ പാണിഗ്രഹണം ചെയ്തു.

കൃഷി, കച്ചവടം, ഗോരക്ഷ—അവയൊക്കെയാണ് ഇനി നാഭാഗന്റെ കർത്തവ്യങ്ങൾ—അതായിരുന്നു മഹർഷിയുടെയും പുരാഹിതന്മാരുടെയും പുതിയ തീരുമാനം.

നാഭാഗൻ അതിനു വഴങ്ങി.

യഥാകാലം നാഭാഗന് ഒരു പുത്രൻ ജനിച്ചു.

ലേന്ദനൻ എന്നായിരുന്നു കുട്ടിയുടെ പേര്. കുട്ടി വളർന്നു യുവാവായി.

പിതാവ് പുത്രനെ ഗോരക്ഷയ്ക്കായി നിയോഗിച്ചു.

ലേന്ദനനു പ്രത്യേകമായ ചില ഉദ്ദേശ്യങ്ങളുണ്ട്. കുമാരൻ ഗോരക്ഷയ്ക്ക് എന്ന നാട്യത്തിൽ ഗൃഹം വിട്ടിറങ്ങി. ചെന്നെത്തിയതു ഹിമാലയത്തിലും. നീപൻ എന്ന മഹർഷിയുണ്ട് അവിടെ. അദ്ദേഹത്തെ കാണാനാണ് ചെന്നത്:

'മഹർഷേ, ഞാൻ അങ്ങയെ ആശ്രയിക്കുന്നു. ഗോരക്ഷയ്ക്കായിട്ടാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, ഭൂരക്ഷചെയ്യുക എന്നതാണ് എന്റെ ആഗ്രഹം. എനിക്കുംകൂടി അവകാശപ്പെട്ട ഒരു രാജ്യമുണ്ട്. ആ രാജ്യം ഇപ്പോൾ ചില ചാർച്ചക്കാർ കൈയടക്കിവെച്ചിരിക്കുന്നു. എനിക്ക് ആ രാജ്യം കിട്ടിയേ തീരൂ. അതിന് അങ്ങ് എന്നെ സഹായിക്കണം.'

ഭലന്ദനന്റെ ആഗ്രഹം സാധിപ്പിക്കുകതന്നെ. അതായി മഹർഷിയുടെ നിശ്ചയം. അദ്ദേഹം കുമാരന് അസ്ത്രവിദ്യ ഉപദേശിച്ചുകൊടുത്തു. എന്തായിരുന്നു അതിന്റെ ഫലം? കുമാരൻ സമർത്ഥനായ ഒരു പോരാളിയായി. നേരെ ചെന്നതോ, സ്വരാജ്യത്തിലേക്കും.

'എനിക്കു രാജ്യത്തിൽ പകുതി തരണം.' കുമാരൻ ചാർച്ചക്കാരോട് ആവശ്യപ്പെട്ടു.

അവർ പരിഹസിച്ചു, നിന്ദിച്ചു:

'വൈശ്യപുത്രന് രാജ്യാവകാശം വേണംപോലും!'

വെറുംകൈയോടെ മടങ്ങിപ്പോകുന്നവനല്ല ഭലന്ദനൻ. ഇക്കൂട്ടരെ ഒരു പാഠം പഠിപ്പിക്കണം! കുമാരൻ അവരോടു യുദ്ധത്തിനിറങ്ങി. വിജയം പിടിച്ചെടുത്തു; രാജ്യത്തെയും!

എന്താണ് അടുത്ത നടപടി? അഭിഷേകം നടത്തണം. പക്ഷേ, ഭലന്ദനൻ തന്റെ അഭിഷേകം നടത്തിയില്ല. പിതൃഭക്തന്മാരിൽ മുമ്പനായിരുന്നു കുമാരൻ. നേരെ ചെന്ന് നാഭാഗനെ കണ്ടു. രാജ്യത്തെ പിതാവിനു നല്കി.

നാഭാഗൻ രാജ്യം സ്വീകരിച്ചില്ല.

അദ്ദേഹം പറഞ്ഞു:

'എനിക്കു വേണമായിരുന്നെങ്കിൽ ഞാൻതന്നെ രാജ്യം പിടിച്ചെടുക്കുമായിരുന്നു. ഞാൻ അതിന് ഒരുമ്പെട്ടില്ല. മഹർഷിമാരുടെയും പുരോഹിതന്മാരുടെയും വിധി മാനിക്കുകയാണു ചെയ്തത്. പിന്നെ വേറൊരു കാരണവുമുണ്ട്. നീ സമ്പാദിച്ച രാജ്യം ഞാൻ അനുഭവിക്കുന്നതു യുക്തമല്ല. അത് അനുഭവിക്കേണ്ടവൻ നീയാണ്.

നാഭാഗന്റെ ഭാര്യയായ സുപ്രഭ ഭർത്താവിനോടു പറഞ്ഞു:

'അങ്ങ് ജനിച്ചതു വൈശ്യനായിട്ടല്ല, ക്ഷത്രിയനായിട്ടാണ്. ഇനി ഒരു വാസ്തവം പറയട്ടെ. ഞാൻ വൈശ്യസ്ത്രീയല്ല, ക്ഷത്രിയസ്ത്രീയാണ്!'

അതെങ്ങനെ? സുപ്രഭ വിശദമാക്കി—ആത്മകഥയുടെ രൂപത്തിൽ.

സുദേവൻ എന്നൊരു രാജാവുണ്ടായിരുന്നു. ഒരു ഉറ്റസുഹൃത്തുണ്ട് സുദേവന്—നളൻ* എന്ന മറ്റൊരു രാജാവ്. സുഹൃത്തുക്കൾ ഒന്നിച്ച് ഉല്ലാസയാത്രയ്ക്കു പോയി. എവിടേക്ക്? ആശ്രവണം എന്ന വനത്തിലേക്ക്. അനുചരന്മാരുമുണ്ട് അവരോടുകൂടി. കുറെ സ്ത്രീകളും. വനം വസന്തഭംഗികൊണ്ടു വിലസുന്നു. അവർ ഒരു താമരപ്പൊയ്ക കണ്ടെത്തി. അതിന്റെ കരയിൽ ആരാണ് ഇരിക്കുന്നത്? അതിസുന്ദരിയായ ഒരു യുവതി.

അവൾക്കു ഭർത്താവുണ്ട്—പ്രമതി എന്ന മുനി. ച്യവനമഹർഷിയുടെ പുത്രനാണ് പ്രമതി. അദ്ദേഹം അല്പം അകലെ ഇരിക്കുന്നുമുണ്ട്. യുവതിയുടെ സൗന്ദര്യം നളനെ അത്യധികം ആകർഷിച്ചു. വീണ്ടുവിചാരം ഇല്ലാത്ത ആ രാജാവ് എന്തു ചെയ്തെന്നോ? യുവതിയെ പിടിച്ചുകൊണ്ടുപോകാൻ ഒരുക്കമായി.

* നേരത്തിയുടെ ഭർത്താവായ നളനല്ല.

യുവതി മുറവിളികൂട്ടി.

അതു കേട്ട് പ്രമതി ഓടിയെത്തി.

അദ്ദേഹം സുദേവനെ നേരിട്ടു:

'രാജൻ, നീതിന്യായം നടത്തുക അങ്ങയുടെ ചുമതലയാണ്. നളൻ അതിക്രമംചെയ്യുന്നു. അങ്ങ് അയാളെ ശിക്ഷിക്കണം!'

സുദേവൻ സുഹൃത്തിനെ തടഞ്ഞില്ല.

പ്രമതി ആ രാജാവിനു ശാപമേകി:

'അങ്ങു വൈശ്യനാകട്ടെ!'

അതിനുശേഷം പ്രമതി നളനെയും ശപിച്ചു:

'എടാ കൾമലാ, നീ ഭസ്മമായിപ്പോകട്ടെ!'

നിന്നനിലയ്ക്ക് നളൻ ഭസ്മമായി.

അപ്പോഴേക്കും സുദേവന്റെ സ്വബുദ്ധി തിരിച്ചുവന്നു. അദ്ദേഹം പ്രമതിയോടു ശാപമോക്ഷം അപേക്ഷിച്ചു. പ്രമതി ആ അപേക്ഷ സ്വീകരിച്ചു. അദ്ദേഹം പറഞ്ഞു:

'രാജൻ, ഒരുകാലത്തു ക്ഷത്രിയനായി ജനിച്ച ഒരു യുവാവു വന്നുചേരും. അപ്പോൾമുതൽ അങ്ങ് ക്ഷത്രിയനായി അംഗീകരിക്കപ്പെടും.'

ഇതാ മറ്റൊരു ശാപവും ശാപമോക്ഷവും.

സുരതൻ എന്നൊരു രാജർഷി. ഗന്ധമാദനത്തിൽ തപസ്സുചെയ്യുകയാണ് സുരതൻ. ഒരിക്കൽ ഒരു പരുന്ത് ഒരു പെൺതത്തയെ റാഞ്ചിക്കൊണ്ടുപോയി. എങ്ങനെ എന്നറിഞ്ഞില്ല—പെൺതത്ത പരുന്തിന്റെ കൊക്കിൽനിന്നു നിലത്തു വീണു. വീണത് സുരതന്റെ അടുക്കലായിരുന്നു. സുരതൻ പരവശയായ പെൺതത്തയെ ശ്രദ്ധിച്ചുനോക്കി. അപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ കൃപ നുരഞ്ഞുപൊങ്ങി. ആ വികാരത്തിൽ ബോധക്ഷയംപോലും ഉണ്ടായി. ബോധം വീണപ്പോഴോ? രാജാവിന്റെ ശരീരത്തിൽനിന്ന് ഒരു പെൺകുട്ടി ഉണ്ടായിവന്നു. സുരതൻ അവൾക്ക് കൃപാവതി എന്നു പേരിട്ടു. അദ്ദേഹം അവളെ ലാളിച്ചു വളർത്തി.

ഒരു നാൾ കൃപാവതി കൂട്ടുകാരികളുമൊത്ത് ഉല്ലാസയാത്രയ്ക്കിറങ്ങി. വഴിക്കുവച്ച് അവർ ഒരു മഹർഷിയെ വല്ലാതെ കളിയാക്കി. മഹർഷി കോപിച്ച് കൃപാവതിക്കു ശാപമേകി—അവളൊരു വൈശ്യസ്ത്രീയാകട്ടെ എന്ന്. അതു കഴിഞ്ഞ് ശാപമോക്ഷവും നല്കി—ഒരിക്കൽ അവൾ പുത്രന്റെ രാജ്യഭരണത്തെക്കുറിച്ചു സംസാരിക്കും എന്ന്; അപ്പോൾ അവൾ വീണ്ടും ക്ഷത്രിയസ്ത്രീയായി കരുതപ്പെടും എന്ന്.

കൃപാവതിയാണു വാസ്തവത്തിൽ സുപ്രഭ!

ഇക്കഥ സുപ്രഭതന്നെ ഭർത്താവിനോടു പറഞ്ഞു.

എന്നിരുന്നിട്ടും നാഭാഗൻ തന്റെ നിശ്ചയത്തിൽനിന്ന് ഇളകിയില്ല. ആ സ്ഥിതിക്ക് ളന്ദനന് ഒരു മാർഗമേ ശേഷിച്ചുള്ളൂ—രാജസ്ഥാനം സ്വീകരിക്കുക എന്ന മാർഗം.

നന്മ നിറഞ്ഞതായിരുന്നു ളന്ദനന്റെ രാജ്യഭരണം—ഐശ്വര്യവും സൗഖ്യവും നിറഞ്ഞതും. അദ്ദേഹം ഒട്ടനേകം യാഗങ്ങൾ ചെയ്തു. നിരവധി രാജാക്കന്മാരെ കീഴടക്കി. ഭൂമി മുഴുവനും അടക്കിവാണു, ചക്രവർത്തിയായിട്ട്.

(മാർക്കണ്ഡേയപുരാണം)

വത്സപ്രീതി

ഭീമന്റെ പുത്രനാണ് വത്സപ്രീതി.
ഒന്നു പ്രത്യേകമായിരുന്നു വത്സപ്രീതിയുടെ വിവാഹത്തിന്റെ രീതി.

വിദൂരഥൻ എന്നൊരു രാജാവുണ്ട്. അദ്ദേഹത്തിന് സുനീതി, സുമതി എന്ന രണ്ടു പുത്രന്മാരും. ഒരിക്കൽ വിദൂരഥൻ വേട്ടയ്ക്കായി കാട്ടിലേക്കു പോയി. ഒരിടത്ത് വിസ്താരമുള്ളതും അഗാധവുമായ ഒരു കുഴി കണ്ടു. ഇത്ര വലിയൊരു കുഴി രാജാവ് ആദ്യമായിട്ടാണ് കാണുന്നത്. ഈ കുഴിക്ക് അത്ര വളരെ പഴക്കമില്ലതാനും. ഇത് എപ്പോൾ എങ്ങനെ ഉണ്ടായി? അറിയാൻ രാജാവിനു ജിജ്ഞാസ തോന്നി.

ഒരു താപസൻ അവിടെ വന്നെത്തി.

വിദൂരഥൻ താപസനോടു കുഴിയെക്കുറിച്ചു ചോദിച്ചു:

താപസൻ വിശദമായ വിവരങ്ങൾ നൽകി:

'പാതാളത്തിൽ ദുഷ്ടനായ ഒരു അസുരൻ പാർത്തുവരുന്നു. കുജൃംഭൻ എന്നാണ് ആ അസുരന്റെ പേര്. അവന്റെ പക്കൽ ശക്തിയേറിയ ഒരു ഉലക്കയുണ്ട്. സുനന്ദം എന്നാണ് ഉലക്കയുടെ പേര്. സൗനന്ദം എന്നും പറയാം. വിശ്വകർമാവാണ് അതു നിർമ്മിച്ചത്. കുജൃംഭൻ വിശ്വകർമാവിന്റെ പക്കൽ നിന്ന് അതു കട്ടെടുത്തു. അവൻ ഭൂമിയിൽനിന്നും സ്വർഗത്തിൽനിന്നും ഇഷ്ടമുള്ള വസ്തുക്കൾ അപഹരിക്കുന്നു. ഉലക്കകൊണ്ട് ഭൂമിയിൽ വലിയ കുഴികളും ഉണ്ടാക്കിയിട്ടുണ്ട്. അനുചരന്മാരായ അസുരന്മാർക്ക് ഒളിച്ചിരിക്കാനാണു കുഴികൾ. അവയിൽ ഒന്നാണ് ഈ കുഴി. കുജൃംഭനെ കൊല്ലാൻ ഒരു വഴിയുണ്ട്. ഒരു വഴിയേ ഉള്ളുതാനും. സുനന്ദത്തിന് ഒരു ദൗർബല്യമുണ്ട്. അത് അസുരൻ അറിഞ്ഞുകൂടാതാനും. ഒരു സ്ത്രീ അതിനെ സ്പർശിച്ചു എന്നിരിക്കട്ടെ. ആ ദിവസത്തേക്ക് അതിന്റെ ശക്തി നശിച്ചുപോകും. എങ്കിലും ഒന്നുണ്ട്. നശിച്ച ശക്തി അടുത്തദിവസം ഉലക്കയ്ക്കു വീണ്ടുകിട്ടും. ഈ കുഴി വിദൂരഥന്റെ രാജധാനിയുടെ അടുക്കൽ എത്തിയിട്ടുണ്ട്. ഭൂമിയുടെ അടിയിലൂടെ അത്രത്തോളം നീങ്ങിയിട്ടുണ്ട് എന്നർത്ഥം.

കുജൃംഭനെ കൊന്നേ കഴിയൂ എന്നു താപസൻ പറഞ്ഞു. വിദൂരഥനും അതു വേണമെന്നു തോന്നി. രാജാവ് കഴിയുന്നത്ര വേഗത്തിൽ രാജധാനിയിൽ തിരിച്ചെത്തി. മന്ത്രിമാരെ സമക്ഷത്തിലേക്കു വിളിച്ചുവരുത്തി. കണ്ടതും കേട്ടതുമെല്ലാം അവരെ അറിയിച്ചു. ഏതു വിധത്തിലാണ് അസുരനെ വധിക്കുക? അവർ അതിനെക്കുറിച്ചു ദീർഘമായി ചർച്ചചെയ്തു.

അതെല്ലാം രാജപുത്രി കേൾക്കുകയുണ്ടായി. മുദാവതി എന്നാണ് രാജപുത്രിയുടെ പേര്. അടുപ്പിച്ച് ഒരു ദിവസം മുദാവതി ഉദ്യാനത്തിലേക്കു പോയി. ഒന്നിച്ച് തോഴിമാരും ഉണ്ടായിരുന്നു. ഉല്ലാസമായി വിഹരിക്കാൻ പോയതാണ്.

ഉദ്യാനത്തിൽ ഒളിച്ചിരിക്കയാണ് കുജൃംഭൻ. അവൻ ഓടിവന്ന് മുദാവതിയെ പിടികൂടി. എന്നിട്ട് എടുത്തുകൊണ്ടുപോയി.

വിദൂരഥൻ അത്യന്തം വ്യാകുലനായി. പ്രിയപ്പെട്ട പുത്രിയെ അസുരൻ അപഹരിച്ചിരിക്കുന്നു. രാജാവിന് രണ്ടു പുത്രന്മാരുണ്ട്. അദ്ദേഹം അവർക്കൊരു നിർദ്ദേശം നൽകി. അവർ കാട്ടിലെ വൻകുഴിയിലൂടെ പാതാളത്തി

ലേക്കു പെല്ലണം. കുജ്യംഭനെ കണ്ടുപിടിച്ചു വധിക്കണം; മുദാവതിയെ കൊണ്ടുപോരണം.

രാജകുമാരന്മാർ പിതാവിന്റെ നിർദ്ദേശമനുസരിച്ചു യാത്രയായി. അവൾ കുറെ അനുചരന്മാരെയും കൊണ്ടുപോയി. കുഴിയിലൂടെ ഇറങ്ങി. പാതാളത്തിൽ എത്തി. കുജ്യംഭനെ കണ്ടുപിടിച്ചു. അവരും അസുരന്മാരും തമ്മിൽ പോരുണ്ടായി. ഘോരമായിരുന്നു പോര്. കുജ്യംഭൻ മായായുദ്ധംചെയ്തു. അവൻ രാജകുമാരന്മാരുടെ അനുചരന്മാരെ കാലനൂഴക്കയച്ചു. രാജകുമാരന്മാരെ പിടിച്ചു തടവിൽവച്ചു.

വിവരമറിഞ്ഞ വിദൂരഥൻ കൂടുതൽ വ്യാകുലനായി. എങ്കിലും ധൈര്യം കൈവിട്ടില്ല. അദ്ദേഹം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി:

'കുജ്യംഭനെ കൊന്ന് എന്റെ പുത്രിയെ കൊണ്ടുവരാൻ ത്രാണിയുള്ള പുരുഷനുണ്ടോ? ഉണ്ടെങ്കിൽ ഞാൻ ആ പുരുഷന് എന്റെ പുത്രിയെ വിവാഹംചെയ്തുകൊടുക്കും.'

ഏറ്റവും അപായകരമായ സംരംഭമാണിത്. ഒരൊറ്റ യുവാവു മാത്രമേ അതിനു തുനിഞ്ഞിറങ്ങിയുള്ളു. മറ്റാരുമല്ല, ഭലന്ദനന്റെ മകൻ, വത്സപ്രീതി!

വിദൂരഥൻ ഭലന്ദനന്റെ ഉത്തമസുഹൃത്തുകൂടിയാണ്.

വത്സപ്രീതി വിദൂരഥനെ ചെന്നുകണ്ടു പറഞ്ഞു:

'ഞാൻ അങ്ങയുടെ പുത്രിയെ രക്ഷിക്കാൻ ഇറങ്ങുകയാണ്. അങ്ങ് അതിന് എനിക്ക് അനുവാദം തരണം—അതോടൊന്നിച്ച് അനുഗ്രഹവും!'

വിദൂരഥൻ സന്തോഷത്തോടെ അനുവാദവും അനുഗ്രഹവും നൽകി.

വത്സപ്രീതി ആയുധങ്ങൾ ധരിച്ചു യാത്രയായി. വനത്തിലെത്തി വൻ കുഴിയിലൂടെ ഇറങ്ങി. പാതാളത്തിൽ ചെന്നു ഞാണൊലിയിട്ടു. കുജ്യംഭൻ ഞാണൊലി കേട്ടു കോപിഷ്ഠനായി ഓടിയെത്തി. ഇരുവരും തമ്മിൽ യുദ്ധമായി.

മൂന്നു ദിവസം തുല്യനിലയിൽ തുടർന്നുപോയി അവരുടെ യുദ്ധം.

നാലാംദിവസം രാവിലെ ഒരു സംഭവമുണ്ടായി.

അസുരന്റെ അന്തഃപുരത്തിലാണ് സുനന്ദത്തെ വെച്ചിരിക്കുന്നത്. ആ ഉലക്കയ്ക്ക് നിത്യപൂജ നടത്താറുണ്ടുതാനും. പൂജയ്ക്കുശേഷം എല്ലാവരും ആ മഹായുധത്തെ വന്ദിക്കും.

അതിരാവിലെ മുദാവതി സുനന്ദത്തിന്റെ അരികിലേക്കു ചെന്നു. വന്ദിക്കാൻ എന്ന നാട്യത്തിലാണു ചെന്നത്. അവൾ ആരും കാണാതെ അതിനെ ഒന്നു സ്പർശിച്ചു. അങ്ങനെ അന്നേ ദിവസത്തേക്ക് ഉലക്കയുടെ ശക്തി ചോർന്നുപോയി. അതായിരുന്നു അവളുടെ ഉദ്ദേശ്യവും.

അതുണ്ടോ കുജ്യംഭൻ മനസ്സിലാക്കുന്നു? ഇനി യുദ്ധം നീണ്ടുപോകാൻ സമ്മതിച്ചുകൂടാ—അതായി അസുരന്റെ നിശ്ചയം. ഉലക്കയെടുത്തുകൊണ്ട് എതിരാളിയെ എതിർക്കുകതന്നെ. എതിരാളി ആരായാലും ശരി, സുനന്ദത്തിനെ നേരിടാൻ ശക്തനാവുകയില്ല!

കുജ്യംഭൻ ഓടിച്ചെന്ന് ഉലക്കയെടുത്തു. അതും പിടിച്ച് വീണ്ടും പോർക്കളത്തിലെത്തി. അല്പംകഴിഞ്ഞപ്പോൾ അവന് ഒന്ന് അനുഭവപ്പെട്ടു. താൻ ഉലക്കകൊണ്ട് അടിക്കുന്ന അടിയൊന്നും വത്സപ്രീതിക്ക് ഏല്ക്കുന്നില്ല. ഏറ്റാൽതന്നെയും ഒരു ചതവോ, മുറിവോ ഉണ്ടാകുന്നുമില്ല. ഇന്നോളം

ഇങ്ങനെ സംഭവിച്ചിട്ടില്ല. എന്താണ് ഇതിനു കാരണം? ആലോചിച്ചിട്ടും അസുരനു പിടികിട്ടിയില്ല. എന്നുവെച്ചു യുദ്ധം വേണ്ടെന്നുവെക്കാനൊക്കുമോ? അവൻ ഉലക്ക ഉപേക്ഷിച്ച് മറ്റ് ആയുധങ്ങൾ കൈക്കലാക്കി. അവയുമായി വീണ്ടും വത്സപ്രീതിയോട് ഇടഞ്ഞു. എന്നാൽ, അതുകൊണ്ടും ഒരു ഫലവും ഉളവായില്ല. വത്സപ്രീതിയാണു കൂടുതൽ സമർത്ഥനായ പടയാളി. രാജകുമാരൻ അസുരനെ നിർജീവനാക്കി വീഴ്ത്തി.

മുദാവതിയുടെ രണ്ടു സഹോദരന്മാരെ കുജൃംഭൻ തടവിലിട്ടിരുന്നല്ലോ. വത്സപ്രീതി ഇരുവരെയും മോചിപ്പിച്ചു. എന്നിട്ട് അവരോടും മുദാവതിയോടുംകൂടി പാതാളം വിട്ടു. താമസിയാതെ ഭൂമിയിൽ എത്തിച്ചേർന്നു—രാജധാനിയിലെ കൊട്ടാരത്തിലും.

എന്തായി സുനന്ദം എന്ന ഉലക്കയുടെ ഉടമസ്ഥത? ആദിശേഷനുണ്ടല്ലോ, മഹാവിഷ്ണുവിന്റെ മെത്തയായി വർത്തിക്കുന്ന സർപ്പശ്രേഷ്ഠൻ. അദ്ദേഹം ഉലക്കയെ സ്വീകരിച്ചു. മുദാവതിയിൽ സംപ്രീതനായി. അവൾക്ക് സുനന്ദ എന്നൊരു പുതിയ പേരും നല്കി.

വിദൂരഥൻ കമാർ നിറവേറ്റി.

അങ്ങനെ വത്സപ്രീതിയും മുദാവതിയും ദമ്പതികളായി.

അവർ വളരെക്കാലം സുഖമായി ജീവിച്ചു.

(മാർക്കണ്ഡേയപുരാണം)

ഖനിത്രൻ

വിത്സപ്രീതിയുടെ പുത്രൻ, പ്രാംശു. പ്രാംശുവിന്റെ പുത്രൻ, പ്രജാതി. പ്രജാതിയുടെ പുത്രൻ ഖനിത്രനും.

നാല് അനുജന്മാരുണ്ട് ഖനിത്രന്.

സർവ്വ ഗുണങ്ങളും ഖനിത്രനിൽ തിങ്ങിവിളങ്ങിയിരുന്നു. ഒന്നു പ്രത്യേകമാണ് സർവ്വപ്രാണികളോടുമുള്ള സ്നേഹം. അദ്ദേഹം എല്ലാവരോടും ഒന്നു പറയാറുണ്ടായിരുന്നു: സകല പ്രാണികൾക്കും നന്മയുണ്ടാവണം—അതായിരിക്കട്ടെ സർവ്വരുടെയും പ്രാർത്ഥന എന്ന്.

തന്നെ ദ്രോഹിക്കുന്നവർക്കും സൗഖ്യമുണ്ടാവണം—അതായിരുന്നു ആ മഹാന്റെ ആഗ്രഹം. അദ്ദേഹം നാല് അനുജന്മാർക്കുമായി നാടുകൾ നല്കി. അവർ ആ നാടുകളിൽ വാണു—അവരുടെ മന്ത്രിമാരോടും പരിവാരങ്ങളോടുംകൂടി.

ശൗരി എന്നയാൾ അനുജന്മാരിൽ ഒരുവനാണ്. കിഴക്കൻനാടാണ് ശൗരിയുടെ ആസ്ഥാനം. വിശ്വവേദി എന്നൊരു മന്ത്രിയുണ്ട് ശൗരിക്ക്. വാസ്തവത്തിൽ വിശ്വവേദി ദൂർമന്ത്രിയായിരുന്നു. ഖനിത്രനോട് ശൗരിക്കു വിരോധം ഉണ്ടാക്കണം; ഖനിത്രനു പകരം ശൗരിയെ രാജാവാക്കണം. അതായിരുന്നു വിശ്വവേദിയുടെ ഗൂഢമായ ഉദ്ദേശ്യം. അയാൾ ശൗരിയെ ഒരു ദുഷ്കൃത്യം ചെയ്യാൻ പ്രേരിപ്പിച്ചു. ജ്യേഷ്ഠന്റെ പക്കൽനിന്ന് രാജസ്ഥാനം തട്ടിയെടുത്തു—അതായിരുന്നു ആ ദുഷ്കൃത്യം. ആദ്യമൊന്നും ശൗരി ആ

പ്രേരണയ്ക്കു വഴങ്ങിയില്ല. രാജത്വം ജ്യേഷ്ഠന് അവകാശപ്പെട്ടതാണ്; താനും മറ്റുള്ളവരും ജ്യേഷ്ഠന്റെ ചൊല്പടിയിൽ നില്ക്കണം. അതാണു തങ്ങളുടെ കടമയും ധർമ്മവും—അപ്രകാരമായിരുന്നു ശൗരിയുടെ വാദം. പക്ഷേ, വിശ്വവേദിയുടെ കൗടില്യം ഒടുവിൽ വിജയിക്കുകയാണു ചെയ്തത്. അയാൾ വല്ലവിധവും ശൗരിയെ പറഞ്ഞുവശപ്പെടുത്തി—മാത്രമല്ല, ശൗരിയുടെ മൂന്ന് സഹോദരന്മാരെയും അവരുടെ മന്ത്രിമാരെയും.

എന്തെല്ലാം തോന്ന്യാസങ്ങളാണ് ആ ദുർമന്ത്രി കാട്ടിക്കൂട്ടിയത്! അയാൾ ഖനിത്രന്റെ പ്രജകളെ ഛിദ്രിപ്പിച്ചു. അതും പോരാഞ്ഞിട്ട് ആഭിചാരംചെയ്യാൻ മുതിർന്നു. ചില പുരോഹിതന്മാരുണ്ട് അയാളുടെ അന്തേവാസികളായിട്ട്. ആ പുരോഹിതന്മാർ ദുർമന്ത്രവാദികളുമാണ്. അവർ ആഭിചാരംചെയ്തത് എന്തിനെന്നോ? ഖനിത്രനെ ഇല്ലായ്മചെയ്യാൻ!

ആഭിചാരത്തിന്റെ ഫലമായി നാലു മരണദേവതകൾ ആവിർഭവിച്ചു. ഭയങ്കരികളായിരുന്നു നാലും. അവർ ശൂലവുമേന്തി ഖനിത്രന്റെ നേർക്കടുത്തു. രാജാവിനെ കുത്തിക്കൊല്ലുക എന്നതാണ് അവരുടെ ഉദ്ദേശ്യം. പക്ഷേ, അവർക്ക് അദ്ദേഹത്തെ സമീപിക്കാൻ കഴിയുന്നില്ല. അദൃശ്യമായ ഒരു ശക്തി അവരെ അടുപ്പിക്കാതെ നിർത്തി—രാജാവ് നേടിയിരുന്ന പുണ്യത്തിന്റെ അജയ്യമായ ശക്തി!

സംഹാരത്തിനായിട്ടാണ് മരണദേവതകൾ ആവിർഭവിച്ചത്. അവർക്ക് ഖനിത്രനെ സംഹരിക്കാൻ സാധിച്ചില്ല. ഏതെങ്കിലും സംഹാരക്രിയ ചെയ്യാതിരിക്കാനും നിവൃത്തിയില്ല. അവർ സംഹരിച്ചത് ആരെയെന്നോ? വിശ്വവേദിയെയും ദുർമന്ത്രവാദികളായ പുരോഹിതന്മാരെയും!

എപ്രകാരമാണ് മരണദേവതകൾ സംഹാരകൃത്യം അനുഷ്ഠിച്ചത്? ആ ദുഷ്ടന്മാരെ വെട്ടിക്കൊന്നിട്ടല്ല. പിന്നെയോ? തീയിലിട്ടു ചുട്ടെരിച്ചിട്ട്!

മറ്റുള്ള ജനങ്ങളാരും മരണദേവതകളെ കണ്ടില്ല. വിശ്വവേദിയും പുരോഹിതന്മാരും ചാമ്പലാകുന്നതു മാത്രം കണ്ടു. എന്താണ് അതിനു കാരണം? ആർക്കുമാർക്കും പിടികിട്ടിയില്ല.

അപ്പോൾ വസിഷ്ഠമഹർഷിയുടെ വരവുണ്ടായി. ദിവ്യശക്തികളുള്ള മഹർഷിയാണല്ലോ അദ്ദേഹം. ഖനിത്രനെ അദ്ദേഹം നടന്നതെല്ലാം അറിയിച്ചു.

ഖനിത്രന് അത്യധികമായ സന്താപമുണ്ടായി.

അദ്ദേഹം വിലപിച്ചു:

'ഞാൻ കാരണമാണ് അവരെല്ലാം മരിച്ചത്. പാപിയും ദുഷ്ടനും നിർഭാഗ്യവാനുമാണ് ഞാൻ. എങ്ങനെയാണ് ഈ പാപത്തിനു പരിഹാരം കാണുക? ഞാൻ എന്തു ചെയ്യണം? എവിടേക്കു പോകണം? ഒന്നും നിശ്ചയമില്ല. കഷ്ടം!'

ഒടുവിൽ ഖനിത്രൻ പരിഹാരം കണ്ടെത്തി. അദ്ദേഹം പുത്രനായ ക്ഷുപനെ രാജാവാക്കി. എന്നിട്ടു വനത്തിലേക്കു പോയി. തപസ്സുചെയ്തു മോക്ഷം നേടി.

(മാർക്കണ്ഡേയപുരാണം)

ഖനീനേത്രൻ

ക്ഷിപന്റെ പൗത്രനാണ് ഖനീനേത്രൻ. രാജത്വത്തോടുകൂടി തപശ്ശക്തിയും ഉണ്ടായിരുന്നു അദ്ദേഹത്തിന്. എത്രയെത്ര ദാനങ്ങളാണ് രാജാവ് ചെയ്തത്! അതുകൊണ്ടും തൃപ്തിയാകാത്തപ്പോഴോ? ഭൂമിയാകെ ദാനംചെയ്തു. എന്നിട്ടും അദ്ദേഹത്തിന്റെ പക്കൽ അളവില്ലാത്ത ദ്രവ്യം ഉണ്ടായിരുന്നു. എന്തായിരുന്നു അതിനു കാരണം? തപശ്ശക്തിതന്നെ. അത്രയും ദ്രവ്യം മറ്റൊരു രാജാവിനും ഇല്ലതാനും. ഖനീനേത്രൻ തന്റെ ദാനം മുടങ്ങാതെ തുടർന്നുപോന്നു. പ്രജകൾ അദ്ദേഹത്തെ അങ്ങേയറ്റം ബഹുമാനിക്കുകയും സ്നേഹിക്കുകയുംചെയ്തു.

എങ്കിലും മഹാരാജാവിനു മനഃക്ലേശമുണ്ട്. ഒരു സന്താനം ജനിച്ചിട്ടില്ല. സന്താനലാഭത്തിനായി യാഗം ചെയ്യുകതന്നെ. അതായി അദ്ദേഹത്തിന്റെ തീരുമാനം. യാഗത്തിന് ഒരു മൃഗത്തിന്റെ മാംസം വേണം. അതിനായി അദ്ദേഹം അശ്വാരൂഢനായി വനത്തിലേക്കു പോയി.

ഒരു മൃഗം ഖനീനേത്രന്റെ മുമ്പിലെത്തി. അദ്ദേഹത്തോടു പറഞ്ഞു:

'രാജാവേ, എന്നെ കൊന്നു മാംസം എടുത്തുകൊള്ളൂ.'

ഖനീനേത്രന് അത്ഭുതം തോന്നി.

'ഹേ മൃഗമേ, മറ്റെല്ലാ മൃഗങ്ങളും വേട്ടക്കാരെ കണ്ടാൽ ഓടിപ്പൊയ്ക്കളയും. നീ ഓടിപ്പോകുന്നില്ല എന്നു മാത്രമല്ല, നിന്നെ കൊല്ലണമെന്നു വേട്ടക്കാരനെ നിർബന്ധിക്കുകയും ചെയ്യുന്നു. അതെനിക്കു മനസ്സിലാകുന്നില്ല!'

മൃഗം പറഞ്ഞു:

'എനിക്കു സന്താനമില്ല. അതിനാൽ എന്റെ ജീവിതം നിഷ്ഫലമായി. ഞാൻ മരിക്കുന്നതാണു നന്ന്.'

അപ്പോഴേക്കും മറ്റൊരു മൃഗം വരികയായി.

രണ്ടാംമൃഗം ഖനീനേത്രനോടു പറഞ്ഞു:

'രാജാവേ, എന്നെ കൊന്നുകൊള്ളൂ. എന്നാൽ അങ്ങേക്കു കാര്യസാദ്ധ്യമുണ്ടാകും. എനിക്ക് ഉപകാരവുമാകും. ഈ നില്ക്കുന്ന മൃഗത്തിനു സന്താനമില്ല. അവനെ കൊന്നാൽ യാഗത്തിനു വേണ്ടത്ര ഫലമുണ്ടാവില്ല. എനിക്കു സന്താനങ്ങളുണ്ട്. അതിനാൽ, എനിക്കാണു കൊല്ലപ്പെടാൻ കൂടുതൽ അർഹത.'

ഖനീനേത്രനു മനസ്സിലായില്ല. വിശദമാക്കാൻ അദ്ദേഹം രണ്ടാം മൃഗത്തോട് ആവശ്യപ്പെട്ടു. രണ്ടാംമൃഗം പറഞ്ഞു:

'എനിക്ക് ഒട്ടുവളരെ പുത്രന്മാരുണ്ട്, പുത്രിമാരുമുണ്ട്. അവരെക്കുറിച്ചുള്ള ചിന്ത തീപോലെയാണ്. ഞാൻ ആ തീയിൽ നീറിനീറിക്കഴിയുന്നു. മനുഷ്യൻ, സിംഹം, വ്യാഘ്രം—അവയെല്ലാം എന്റെ കുട്ടികളെ പിടിച്ചു തിന്നുമോ? അതാണ് എനിക്ക് എപ്പോഴുമുള്ള ഭയം. അതെന്തിന്, എനിക്കു കുറുനരിയെപ്പോലും ഭയമാണ്. മറ്റൊരു ചിന്ത എന്തെന്നല്ലേ? കന്നുകാലികളും കുതിരകളും ധാരാളം പുല്ലു തിന്നുന്നു. ആ സ്ഥിതിക്ക് എന്റെ കുട്ടികൾക്ക് പുല്ലു കുറഞ്ഞുപോവുകയില്ലേ? ഞാൻ ഒന്ന് ആശിക്കാറുണ്ട്—പുല്ലു തിന്നുന്ന മറ്റു മൃഗങ്ങൾ ചത്തെങ്കിൽ എത്ര നന്നായിരുന്നു! എന്റെ

കുട്ടികൾ പുല്ലുമേയാൻ പോയാലോ? അവർ തിരിച്ചെത്തുന്നതുവരെ എനിക്കു മനസ്സിനു സമാധാനമില്ല. ആകെക്കൂടി നോക്കിയാൽ എനിക്കു സദാ ദുഃഖം തന്നെ. ദുഃഖം പലമാതിരിയാണുതാനും. ആത്മഹത്യ ശരിയല്ലല്ലോ. അതു കൊണ്ടുമാത്രം ഞാൻ ജീവനോടെ കഴിയുന്നു. അങ്ങയുടെ കൈയിൽ നിന്നു മരണം വരിക്കണം. അതാണ് എന്റെ ആഗ്രഹം. യാഗമൃഗത്തിനു മോക്ഷം കിട്ടുമല്ലോ.

അപ്പോൾ ഒന്നാംമൃഗം പറഞ്ഞു:

'രാജാവേ, രണ്ടാംമൃഗത്തിനെ വധിക്കരുത്. അവൻ സുകൃതിയാണ്, ധന്യനാണ്. സന്താനമില്ലാത്ത എന്നെ വേണം വധിക്കാൻ.'

രണ്ടാംമൃഗം എതിർത്തു:

'ഇവന് ഇവന്റെ ദുഃഖം മാത്രമേയുള്ളൂ—എനിക്ക് അങ്ങനെയല്ല. എന്റെ ഭാര്യ, സന്താനങ്ങൾ—അവരുടെയെല്ലാം ദുഃഖങ്ങൾ എന്റെ ദുഃഖങ്ങളാണ്. അക്കാരണത്താൽ മതിക്കേണ്ടതായ ആവശ്യം കൂടുതലുള്ളത് എനിക്കാണ്.'

ഖനീനേത്രൻ ആലോചനയിൽ മുഴുകി. സന്താനങ്ങൾ ഇല്ലാത്തവർക്ക് അതുകൊണ്ടു ദുഃഖം. സന്താനങ്ങൾ ഉള്ളവർക്ക് അതുകൊണ്ടും ദുഃഖം. വിചിത്രംതന്നെ! എങ്കിലും ഒന്നുണ്ട്. വംശം നിലനിർത്തിയേ കഴിയൂ. അതിനായി ഒരു സന്തതിയെങ്കിലും വേണം. ആട്ടെ, താൻ എന്തുവന്നാലും പ്രാണിഹിംസ ചെയ്യുകയില്ല. തപസ്സുകൊണ്ടു സന്തതി നേടും.

രാജാവ് ഗോമതീനദിയുടെ തീരത്തിലേക്കു ചെന്നു. അവിടെയിരുന്ന് ദേവേന്ദ്രനെ തപസ്സുചെയ്തു. ദേവേന്ദ്രൻ മനം തെളിഞ്ഞ് മുമ്പിലെത്തി. എന്താണ് ഖനീനേത്രൻ ചോദിച്ച വരം? വീര്യം, ധർമം, സുകൃതം, ഐശ്വര്യം അവയെല്ലാം തികഞ്ഞ ഒരു പുത്രൻ തനിക്കുണ്ടാകണം.

ദേവേന്ദ്രൻ ആ വരം നല്കി.

യഥാകാലം ഖനീനേത്രന് ഒരു ഉണ്ണി പിറന്നു.

രാജാവ് ഉണ്ണിക്ക് ബലാശ്വൻ എന്ന പേരു നല്കി.

(മാർക്കണ്ഡേയപുരാണം)

കരന്ധമനും അവിക്ഷിത്തും

ഖനീനേത്രന്റെ കാലശേഷം ബലാശ്വൻ രാജാവായി. അദ്ദേഹം അനേകം ശത്രുരാജാക്കന്മാരെ കീഴടക്കി. അവരിൽനിന്നു കപ്പം മേടിച്ചു. സമ്രാട്ടായി ഭൂമിവാണു.

പക്ഷേ, ശത്രുക്കൾ തക്കം പാർത്തിരുന്നു. ഏതു വിധേനയും ബലാശ്വനെ ഇല്ലായ്മ ചെയ്യണം. അതിനാണ് അവരുടെ ആലോചന. ഒടുവിൽ അവർ കാത്തിരുന്ന സന്ദർഭം വന്നെത്തി. ഒരിക്കൽ ബലാശ്വന്റെ സൈന്യവും ധനവും കുറവായി. അപ്പോൾ ശത്രുക്കൾ ഒത്തുചേർന്ന് ആക്രമണം നടത്തി. ബലാശ്വന് അവരെ ചെറുത്തുനിൽക്കാൻ പ്രയാസമായി. അപ്പോൾ അദ്ദേഹം ഉള്ളംകൈകൊണ്ടു വായ് പൊത്തിപ്പിടിച്ചു. എന്നിട്ടു ദീർഘമായി ഒന്നു നിശ്വസിച്ചു. മഹാദ്ഭുതം എന്നല്ലാതെ എന്താണു പറയുക? ശ്വാസവാ

യുവിൽനിന്നു പുറപ്പെട്ടു—തേരുകൾ, പടയാനകൾ, പടക്കുതിരകൾ, പടയാളികൾ! അവയോ, എണ്ണിയാൽ ഒടുങ്ങുകയില്ലതാനും.

ഇനിയെന്തു ബുദ്ധിമുട്ട്? ബലാശ്വൻ എതിരാളികളെ തോല്പിച്ചു. മുമ്പത്തെപ്പോലെ അവരിൽനിന്നു കപ്പം പിരിച്ചു. വീണ്ടും സമ്രാട്ടായി വാഴ്ച ആരംഭിച്ചു—മുമ്പത്തെക്കാൾ പത്തിരട്ടി പ്രതാപത്തോടും പ്രൗഢിയോടുംകൂടി!

കൈപ്പടത്തിലും ശ്വാസത്തിലും നിന്നു സൈന്യം പുറപ്പെട്ടില്ലേ? അതിനാൽ ബലാശ്വൻ കരന്ധമൻ എന്ന പുതിയ പേരിൽ അറിയപ്പെട്ടു. കൂടുതൽ പ്രചാരം കരന്ധമൻ എന്ന പേരിനായി.

കരന്ധമൻ വീര എന്ന സുന്ദരിയെ വേട്ടു.

അവർക്ക് അവിക്ഷിത്ത് എന്നൊരു പുത്രനുണ്ടായി.

സൗന്ദര്യത്തിൽ, പരാക്രമത്തിൽ, മറ്റു ഗുണങ്ങളിൽ മുമ്പനായിരുന്നു അവിക്ഷിത്ത്.

ചില രാജകുമാരിമാർ സ്വയംവരത്തിൽ അവിക്ഷിത്തിനെ വരിച്ചു. എന്നാൽ മറ്റു ചില രാജകുമാരിമാർ അപ്രകാരം ചെയ്തില്ല. അവരുടെ പ്രവൃത്തി അവിക്ഷിത്തിനെ ചൊടിപ്പിച്ചു. അദ്ദേഹം അവരെ ബലാൽക്കാരേണ അപഹരിച്ചുകൊണ്ടുപോയി.

ഒരിക്കൽ കന്യാപഹരണം ചെയ്യുന്നതിനിടയ്ക്ക് ഒരു തകരാറുണ്ടായി.

വിശാലരാജാവിന്റെ പുത്രിയുടെ സ്വയംവരമായി. വൈശാലിനി എന്നാണ് ആ രാജപുത്രിയുടെ പേര്. സന്നിഹിതരായ രാജാക്കന്മാരിൽ അവിക്ഷിത്തും ഉൾപ്പെട്ടിരുന്നു. വൈശാലിനി അവിക്ഷിത്തിന്റെ കഴുത്തിൽ വരണമാല്യം അർപ്പിക്കാൻ കൂട്ടാക്കിയില്ല. അവിക്ഷിത്ത് അവളെ അപഹരിക്കാൻ മുതിർന്നു. ആ പ്രവൃത്തി മറ്റു രാജാക്കന്മാരെ ക്ഷോഭിപ്പിച്ചു. മുമ്പ് അവിക്ഷിത്തിനോടു തോറ്റിട്ടുള്ളവരാണു പലരും. അക്കൂട്ടർ സംഘടിച്ച് അവിക്ഷിത്തിനെ തടഞ്ഞു. അവിക്ഷിത്ത് ധീരധീരം പോരാടി. എതിരാളികളിൽ പലരെയും കൊന്നുവീഴ്ത്തി. എങ്കിലും അവസാനം ശേഷിച്ചവരോടും തോറ്റുപോയി. അവർ അവിക്ഷിത്തിനെ പിടിച്ചു തടവിലുമിട്ടു.

വീണ്ടും പുത്രിയുടെ സ്വയംവരം നടത്താൻ നിശ്ചയിച്ചു വിശാലരാജാവ്. അപ്പോഴും ഒട്ടേറെ രാജാക്കന്മാർ വന്നെത്തി. ഇഷ്ടമുള്ള രാജാവിനെ വരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട് വൈശാലിനിക്ക്. എങ്കിലും അവൾ ആരെയും വരിച്ചില്ല.

എന്നാൽ, അടുപ്പിച്ചൊരു ദിവസം മുന്നാമതും സ്വയംവരം നടത്തുകതന്നെ—അതായി വിശാലരാജാവിന്റെ നിശ്ചയം.

എങ്കിലും അവിക്ഷിത്തിന്റെ അവസ്ഥയിൽ വ്യത്യാസമുണ്ടായില്ല. തടവിൽ കിടക്കുകയാണല്ലോ അദ്ദേഹം. ആ വിവരം കരന്ധമന്റെ ചെവിയിലെത്തി.

അദ്ദേഹം സാമന്തന്മാരെയും മന്ത്രിമാരെയും വിളിച്ചുവരുത്തി. അടുത്ത നടപടി എന്തായിരിക്കണം? അക്കാര്യം ആലോചിക്കാനാണ് അവരെ വരുത്തിയത്.

ശത്രുരാജാക്കന്മാരെ യുദ്ധംചെയ്തു തോല്പിക്കണം; അതിനുശേഷം അവിക്ഷിത്തിനെ മോചിപ്പിക്കണം—അതായിരുന്നു ചിലരുടെ അഭിപ്രായം.

എന്നാൽ, ചിലരുടെ അഭിപ്രായം മറ്റൊന്നാണ്. വാസ്തവത്തിൽ തെറ്റു ചെയ്തത് അവിക്ഷിത്താണ്. രാജകന്യക അവിക്ഷിത്തിനെ വരിച്ചില്ല, ശരിയാണ്. പക്ഷേ, അവൾക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. ആ സ്ഥിതിക്ക് അവിക്ഷിത്ത് അവളെ അപഹരിക്കാൻ മുതിർന്നതു ശരിയായില്ല. അതായിരുന്നു അവരുടെ വാദം.

കരന്ധമന്റെ പത്നി, അവിക്ഷിത്തിന്റെ മാതാവ് വീരാരാജ്ഞി ഇടപെട്ടു. അവർ തന്റെ അഭിപ്രായം ധീരമായി പറഞ്ഞു. അടങ്ങിയിരിക്കുന്നതു ഭീരുത്വമല്ലെങ്കിൽ മറ്റെന്താണ്? ഉടൻതന്നെ പടനീക്കണം—അതായിരുന്നു രാജ്ഞിയുടെ ഉദ്ബോധനം. അത് അവഗണിക്കാൻ ആർക്കുംതന്നെ ധൈര്യമുണ്ടായില്ല.

അങ്ങനെ കരന്ധമൻ പടനീക്കി. ശത്രുരാജാക്കന്മാർ എതിർക്കാതിരിക്കുമോ? വിശാലരാജാവും കൂട്ടരും ധീരമായി പോരാടി. മൂന്നു ദിവസം നീണ്ടുനിന്നു പോരാട്ടം. അപ്പോഴേക്കും വിശാലനും കൂട്ടരും തോറ്റുപോവുകയാണുണ്ടായത്. അവർ കരന്ധമനു കീഴടങ്ങിയതായി പ്രഖ്യാപിച്ചു.

വിശാലരാജാവ് വൈശാലിനിയെ വിളിച്ചുവരുത്തി. അവളെ അവിക്ഷിത്തിനു നല്കണം—അതിനായിരുന്നു രാജാവിന്റെ ഒരുക്കം.

തീരെ വിചാരിച്ചിരിക്കാതെ ഒരു വൈഷമ്യം വന്നു ചേർന്നു. അതോ, മറ്റാരിലുംനിന്നല്ല, അവിക്ഷിത്തിൽനിന്നുതന്നെ. എല്ലാവരും കേൾക്കെ അവിക്ഷിത്ത് വിശാലനോടു സംസാരിച്ചു:

'രാജൻ, ഞാൻ മുമ്പത്തെ യുദ്ധത്തിൽ തോറ്റുപോയല്ലോ. ഈ വൈശാലിനി ഞാൻ തോല്ക്കുന്നതു കണ്ടുനിന്നിരുന്നു. എന്റെ സാമർത്ഥ്യമില്ലായ്മയാണു തോൽവിക്കു കാരണം. എനിക്ക് അവളുടെ മുഖത്തുനോക്കാൻ പോലും ലജ്ജയാകുന്നു. എന്നെക്കാൾ സമർത്ഥനായ ഒരു പുരുഷൻ ഇവളെ വിവാഹംചെയ്തുകൊള്ളട്ടെ.'

അതു കേട്ട് എല്ലാവരും ആശ്ചര്യപ്പെട്ടുപോയി.

വിശാലൻ വൈശാലിനിയോടു പറഞ്ഞു:

'മകളേ, അവിക്ഷിത്ത് മഹാമനസ്കനാണ്. അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. ശരി, നീ ഇഷ്ടമുള്ള പുരുഷനെ വരിച്ചുകൊള്ളൂ.'

വൈശാലിനിയുടെ മാഹാത്മ്യവും അപ്പോൾ പ്രകടമായി.

രാജകുമാരി പറഞ്ഞു:

'അച്ഛാ, അവിക്ഷിത്ത് ഏകനായിരുന്നു. ശത്രുക്കൾ അനേകവും. സംഖ്യാബലംകൊണ്ടു മാത്രമാണ് അവർ ജയിച്ചത്. അവിക്ഷിത്തിന്റെ യുദ്ധസാമർത്ഥ്യവും വീര്യവും ഞാൻ നേരിട്ടു കണ്ടതാണ്. ഞാൻ അദ്ദേഹത്തെ ഭർത്താവായി സങ്കല്പിക്കുന്നു. എനിക്കു മറ്റൊരു ഭർത്താവ് ഉണ്ടാവുകയില്ല!'

വിശാലനു സമ്മതമായി.

അദ്ദേഹം അവിക്ഷിത്തിന്റെ നേർക്കു തിരിഞ്ഞു:

'കുമാരാ, വൈശാലിനിയെ സ്വീകരിക്കൂ.'

പക്ഷേ, അവിക്ഷിത്ത് അതിനു തയ്യാറായില്ല.

'രാജൻ, ഞാൻ സ്ത്രീയെപ്പോലെ ദുർബലനായിപ്പോയി. എല്ലാവരുടെയും മുമ്പിൽവച്ച് എനിക്കു പൗരുഷം ഇല്ലാതായി. ഞാൻ ഇനിമേൽ വിവാഹംകഴിക്കുകയില്ല!'

കരന്ധമൻ പുത്രനെ ആ നിശ്ചയത്തിൽനിന്നു പിൻതിരിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, അവിക്ഷിത്ത് അതിൽനിന്ന് ഇളകിയില്ല. പിന്നെ എന്തു ചെയ്യും?

വൈശാലിനിയോ? അവൾ രാജധാനി വിട്ടു കാട്ടിലേക്കു പോയി. അവിടെയിരുന്നു കഠിനമായ തപസ്സിൽ മുഴുകി. വൈരാഗ്യബുദ്ധി, നിരാഹാരം, തുടരെയുള്ള തപസ്സ്—എല്ലാംകൂടി അവളെ അവശയാക്കി. എന്നിട്ടുമുണ്ടോ അവളുടെ സ്ഥൈര്യത്തിന് ഇളക്കം തട്ടുന്നു? എന്തിനു പറയുന്നു, അവൾ പ്രാണത്യാഗത്തിന് ഒരുക്കമായി.

ഒരു ദേവദൂതൻ അവളുടെ മുമ്പിൽ ആവിർഭവിച്ചു:

'വൈശാലിനീ, നീ പ്രാണത്യാഗം ചെയ്യരുത്. നിനക്കു മഹാനായ ഒരു പുത്രനുണ്ടാകും. അവൻ വളരെക്കാലം ചക്രവർത്തിയായി വാഴും. ധർമം പാലിക്കയും അധർമം നശിപ്പിക്കയും ചെയ്യും. നിരവധി യാഗങ്ങൾ അനുഷ്ഠിക്കും. നശിക്കാത്ത യശസ്സു നേടും.'

അവൾ തന്റെ നിലപാടു വ്യക്തമാക്കി:

'ദേവാ, അവിക്ഷിത്തല്ലാതെ മറ്റൊരു പുരുഷനെ ഞാൻ ഭർത്താവായി സ്വീകരിക്കുകയില്ല. അക്കാര്യം ഞാൻ പ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്. എന്നാൽ അവിക്ഷിത്ത് കൂട്ടാക്കുന്നില്ല. എന്റെ അച്ഛനും കരന്ധമരാജാവും അദ്ദേഹത്തെ ഉപദേശിച്ചു. അവിക്ഷിത്ത് ആ ഉപദേശം അനുസരിച്ചില്ല. ആ സ്ഥിതിക്കു പ്രാണത്യാഗം മാത്രമേ എനിക്കു ചെയ്യേണ്ടതായിട്ടുള്ളൂ.'

ദേവദൂതൻ പറഞ്ഞു:

'അതൊന്നും നീ ഇപ്പോൾ ചിന്തിക്കണ്ട. നീ ആത്മഹത്യചെയ്യുന്നതു പാപമായിരിക്കും. ഞാൻ പറയുന്നതു പൂർണമായും വിശ്വസിക്കു. ഇനി ഈ തപസ്സു മതിയാക്കു.'

വൈശാലിനിക്ക് ഒന്നറിയാം. ദേവദൂതന്മാർ വീൺവാക്കു പറയുകയില്ല. ഈ ദേവദൂതൻ പറഞ്ഞ ഭാവിഫലങ്ങൾ ഉണ്ടാകുകതന്നെ ചെയ്യും. അവൾ തപസ്സിനു വിരാമമിട്ടു കൊട്ടാരത്തിൽ തിരിച്ചെത്തി.

അവിക്ഷിത്തിന്റെ മാതാവ് വീരാമാജ്ഞി 'കിമിച്ഛികം' എന്ന വ്രതമെടുക്കാൻ തയ്യാറായി.

രാജ്ഞി പറഞ്ഞു:

'മകനേ, നിന്റെ അച്ഛൻ, ഞാൻ, നീ—നാം മൂന്നുപേരും ഒന്നിച്ചു നടത്തേണ്ടതാണ് ഈ വ്രതം. അതിന് ആവശ്യമുള്ള ധനം നിന്റെ അച്ഛൻ തരും. ഞാൻ വിധിപ്രകാരം അനുഷ്ഠാനങ്ങൾ നടത്തും. നിനക്കുള്ള ചുമതല ഞാൻ പറഞ്ഞുതരാം. നിന്റെ അദ്ധ്വാനംകൊണ്ട് സാധിക്കേണ്ടതായി വല്ലതും ഉണ്ടോയെന്നുവരും. ചിലപ്പോൾ അതു സുസാധ്യമായിരിക്കും. ചിലപ്പോൾ അസാധ്യവും. എന്നാലും നീ ഒരുങ്ങിയിറങ്ങണം. എന്താ, നീ അതിനു തയ്യാറുണ്ടോ? ഉണ്ടെങ്കിൽമാത്രമേ ഞാൻ ഈ വ്രതം നോല്ക്കുന്നുള്ളൂ.'

അവിക്ഷിത്ത് ഉറപ്പു നല്കി:

'അമ്മേ, തീർച്ചയായും ഞാൻ എന്റെ പങ്കു നിർവഹിച്ചുകൊള്ളാം. അമ്മയ്ക്കു യാതൊരു സംശയവും വേണ്ട.'

അങ്ങനെ വീരാമാജ്ഞി കിമിച്ഛികവ്രതം ആരംഭിച്ചു.

കരന്ധമരാജാവിന്റെ മന്ത്രിമാർ കൂടിയാലോചന നടത്തി. ഫലമായി ഒരു അത്യാവശ്യകാര്യം രാജാവിനോടു പറയണമെന്നു നിശ്ചയിച്ചു. അപ്ര

കാരം ചെയ്യുന്നതു തങ്ങളുടെ കടമയായി അവർ കരുതി. എല്ലാവരും കൂടി കൊട്ടാരത്തിൽ ചെന്ന് കരന്ധമനെ കണ്ടു:

'തിരുമേനീ, ഞങ്ങൾ പറയുന്നതു ക്ഷമിച്ചരുളണം. അവിടുത്തേക്കു പ്രായംചെന്നിരിക്കുന്നു. അവിക്ഷിത്ത് അവിടുത്തെ ഏക പുത്രനാണ്. രാജകുമാരന് ഇന്നോളം സന്താനം ഉണ്ടായിട്ടില്ല. ഈ നില തുടർന്നുപോയാൽ രാജവംശം അന്യംനില്ക്കും. അതൊരു തീരാനഷ്ടവും ആയിരിക്കും. രാജകുമാരൻ ഒരു വിവാഹംകൂടി കഴിച്ചേ തീരൂ.'

ആ സമയം കൊട്ടാരത്തിനു പുറമെ എന്താണു നടന്നത്? കുറെ യാചകന്മാർ ഭിക്ഷാപാത്രങ്ങളുമായി വന്നെത്തിയിട്ടുണ്ട്. പുരോഹിതന്മാർ യാചകന്മാരോടു കയർക്കുന്നു:

'രാജ്ഞി വ്രതംനോക്കുകയാണ്. ഇപ്പോൾ ഒന്നും തരാൻ സാധിക്കില്ല. നിങ്ങൾ പൊയ്ക്കൊള്ളിൻ!'

അവിക്ഷിത്ത് അതു കേൾക്കാനിടയായി. രാജകുമാരൻ പുറത്തേക്കു ചെന്നു. അദ്ദേഹം യാചകന്മാരോടു പറഞ്ഞു:

'നിങ്ങൾക്ക് എന്താണു വേണ്ടത്? എന്റെ അമ്മ വ്രതംനോക്കുമ്പോൾ ഞാൻ ദാനം ചെയ്യും. ആരുതന്നെ എന്തുതന്നെ ചോദിച്ചാലും ഞാൻ കൊടുക്കും.'

പുറത്തേക്കു വന്ന കരന്ധമൻ അതു കേൾക്കാനിടയായി:

'മകനേ, ഞാൻ നിന്നോട് ഒന്ന് അർത്ഥിക്കുന്നു. നീ അത് എനിക്കു തരണം.'

'എന്താണത്?'

'ആരെന്തു ചോദിച്ചാലും നീ കൊടുക്കും എന്നു പറഞ്ഞു, അല്ലേ?'

'അതെ.'

'എന്നാൽ നീ എനിക്ക് ഒരു പൗത്രനെ തരണം.'

'അച്ഛാ, എനിക്കു പുത്രനില്ല. ഇനി ഞാൻ വിവാഹംകഴിക്കയുമില്ല. അത് അച്ഛന് അറിയാമല്ലൊ. പിന്നെങ്ങനെ ഞാൻ അച്ഛന് പൗത്രനെ തരും?'

'നീ ചെയ്യുന്നതു തെറ്റാണ്. ഇനിയും ആ തെറ്റു വച്ചുപുലർത്തരുത്.'

'ഇതൊഴിച്ചു മറ്റെന്തെങ്കിലും ആവശ്യപ്പെടാൻ ദയവുണ്ടാകണം.'

'നീ മർക്കടമുഷ്ടി ഉപേക്ഷിക്കണം.'

'അച്ഛാ, ദയവുചെയ്ത് അങ്ങനെ പറയരുത്.'

'എന്റെ ആഗ്രഹമാണിത്. ആർക്ക് എന്തു വേണെങ്കിലും കൊടുക്കുമെന്നു നീ ഇപ്പോൾ പറഞ്ഞതേയുള്ളൂ.'

'ആ പ്രതിജ്ഞ എന്നെ അബദ്ധത്തിൽ ചാടിക്കുമെന്നു ഞാൻ കരുതിയില്ല.'

'മകനേ, അത് അബദ്ധമൊന്നുമല്ല.'

'ഒരു സ്ത്രീ നോക്കിനില്ക്കെ യുദ്ധത്തിൽ തോറ്റവനാണു ഞാൻ. എന്നിട്ടു ഞാൻ വീണ്ടുമൊരു സ്ത്രീയുടെ ഭർത്താവാകുകയോ? ലജ്ജാകരം!'

'തോറ്റതു നിന്റെ കഴിവുകേടു കാരണമല്ല. അതു പോട്ടെ. ഞാൻ ചോദിച്ചതു നീ തരണം. തന്നേ കഴിയൂ.'

'അച്ഛാ, അതെനിക്ക് ഒട്ടും ഇഷ്ടമല്ല. എങ്കിലും സത്യഭംഗം ഉണ്ടായിക്കൂടാ. അതൊരു മഹാപാപമാണ്. ശരി. ഞാൻ അച്ഛന്റെ അപേക്ഷയ്ക്കു വഴങ്ങിയിരിക്കുന്നു!'

അങ്ങനെ അവിക്ഷിത്ത് തീരുമാനം ഒന്നു മാറ്റി—അതു തീരെ ഇഷ്ട മല്ലെങ്കിലും.

ഒരു നാൾ അവിക്ഷിത്ത് വേട്ടയ്ക്കായി കാട്ടിലേക്കു ചെന്നു.

'രക്ഷിക്കണേ! രക്ഷിക്കണേ!' ഒരു സ്ത്രീസ്വരം രാജകുമാരന്റെ ചെവികളിൽ ചെന്നലച്ചു.

എന്താണിത്? കൊടുങ്കാട്ടിൽ സ്ത്രീയോ? അവളെ ആരോ ഉപദ്രവിക്കുന്നോ? അവിക്ഷിത്ത് മുറവിളി പുറപ്പെട്ട ദിക്കിലേക്ക് ഓടിച്ചെന്നു. ഒരു ഘോര രാക്ഷസൻ ഒരു യുവതിയെ പിടികൂടുന്നു!

ദൃഢകേശൻ എന്ന രാക്ഷസനാണ് അക്രമി.

യുവതി വീണ്ടും മുറവിളികൂട്ടുന്നു:

'ഓടിവരണേ! രാക്ഷസൻ എന്നെ പിടിക്കുന്നേ! ഞാൻ അവിക്ഷിത്തിന്റെ ഭാര്യയാണേ!'

അതു കേട്ടപ്പോൾ അവിക്ഷിത്ത് അത്ഭുതപ്പെട്ടുപോയി. ഇവൾ തന്റെ ഭാര്യയാണുപോലും! ഇതെങ്ങനെ സംഭവിച്ചു? സകലതും അറിയണം. പക്ഷേ, അതു പിന്നെ. ആദ്യം ഇവളെ രക്ഷിക്കുകതന്നെ. അദ്ദേഹം ദൃഢകേശന്റെ നേർക്കു ചാടി. ഇരുവരും തമ്മിലിടഞ്ഞു. ദ്വന്ദയുദ്ധം കുറെനേരം തുടർന്നുപോയി. അപ്പോഴേക്കും അവിക്ഷിത്ത് രാക്ഷസന്റെ തല മുറിച്ചു.

'നന്നായി! രാക്ഷസന് അങ്ങനെതന്നെ വേണം!' പലരീകൂടി വിളിച്ചു പറഞ്ഞു.

ആരായിരുന്നു അവർ? ആകാശത്തു യുദ്ധം കണ്ടുനിന്നിരുന്ന ദേവന്മാർ!

ഒരു ദേവൻ തനിക്കും മറ്റു ദേവന്മാർക്കുംവേണ്ടി സംസാരിച്ചു:

'അവിക്ഷിത്തേ, ഞങ്ങൾ നിന്നിൽ സന്തോഷിച്ചിരിക്കുന്നു. നിനക്കു വേണ്ടി ഞങ്ങൾ എന്താണു ചെയ്യേണ്ടത്?'

'ദേവാ, എന്റെ അച്ഛന്റെ ആഗ്രഹം സാധിപ്പിക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. എനിക്ക് ഉത്തമനായ പുത്രനെ കിട്ടണം. അതിനു നിങ്ങൾ എന്നെ അനുഗ്രഹിക്കണം.'

'ഈ നിൽക്കുന്ന യുവതി നിനക്ക് ഉത്തമപുത്രനെ സമ്മാനിക്കും.'

'എനിക്കു മനസ്സിലാകുന്നില്ല. ഞാൻ മുമ്പൊരിക്കൽ വൈശാലിനിയെ പരിഗ്രഹിച്ചില്ല. ആ സ്ഥിതിക്കു മറ്റൊരു യുവതിയെ പരിഗ്രഹിക്കുന്നതു യുക്തമല്ല.'

'ഇവൾ വൈശാലിനിതന്നെയാണ്.'

അത്രയും പറഞ്ഞ് ദേവനും കൂട്ടരും മറഞ്ഞു.

അവിക്ഷിത്ത് യുവതിയുടെ നേർക്കു തിരിഞ്ഞു:

'നിനക്ക് അറിയാവുന്നതു പറഞ്ഞുതരൂ.'

വൈശാലിനി സംഭവങ്ങളുടെ കണ്ണികൾ ഒന്നൊന്നായി അഴിച്ചു.

അവളെ അവിക്ഷിത്ത് ഉപേക്ഷിച്ചുവല്ലൊ. നിരാശയായി അവൾ കാട്ടിലെത്തി തപസ്സുചെയ്തു. ഒരു ദേവദൂതൻ ആവശ്യപ്പെട്ടു തപസ്സു മതിയാക്കാൻ. അവൾ ദേവദൂതനെ അനുസരിച്ചു. ഒരിക്കൽ സ്നാനത്തിനായി ഗംഗയിൽ ചെന്നിറങ്ങി. അപ്പോൾ ഒരു അത്യാഹിതം സംഭവിച്ചു. ഒരു മഹാനാഗം അവളെ വെള്ളത്തിനടിയിൽ വലിച്ചുതാഴ്ത്തി. കൊണ്ടുപോയതോ, പാതാളത്തിലും. നാഗപുരുഷന്മാർ, നാഗസ്ത്രീകൾ, നാഗക്കുട്ടികൾ—അവർ അനേകം അവിടെ കാത്തുനിന്നിരുന്നു. എത്ര ആദരവും സ്നേഹവുമാണ്

അവർ പ്രകടിപ്പിച്ചത്! ഒരു ഭാവിഫലവും അവർ അറിയിച്ചു. ഇനിയൊരു കാലത്ത് അവൾക്കൊരു പുത്രൻ ജനിക്കും; ആ പുത്രൻ നാഗങ്ങളെ വധിക്കാനും ഒരുമ്പെടും. അപ്പോൾ വൈശാലിനി പുത്രനെ നാഗവധത്തിൽ നിന്നു പിൻതിരിപ്പിക്കണം—ആ അപേക്ഷയും സമർപ്പിച്ചു നാഗങ്ങൾ.

വൈശാലിനി അവരുടെ അപേക്ഷ സ്വീകരിക്കതന്നെചെയ്തു. അവർക്ക് അതിയായ സന്തോഷമുണ്ടായി. ദിവ്യപുഷ്പങ്ങൾ അവർ അവിടെ നല്കി—മാത്രമല്ല, ദിവ്യവസ്ത്രങ്ങളും. അവളുടെ പഴയ കാന്തി തിരിച്ചു വന്നു. പോരാ, ആ കാന്തി ഇരട്ടിച്ചു.

മഹാനാഗം അവളെ പഴയപോലെ ഗംഗയുടെ മുകൾപ്പരപ്പിൽ കൊണ്ടു ചെന്നാക്കി. അപ്പോഴാണ് ദൃഢകേശരാക്ഷസൻ അവളെ കാണാനിടയായത് —അവളെ പിടികൂടാൻ ഒരുമ്പെട്ടതും.

ഇത്രയും വൈശാലിനി അവിക്ഷിത്തിനോടു പറഞ്ഞു. അവിക്ഷിത്തിന് ഒന്നു തീർച്ചയായി. ഇവൾ വാസ്തവത്തിൽ വൈശാലിനിതന്നെയാണ്!

അവൾ പറഞ്ഞു:

'അങ്ങയുടെ പരാക്രമം എന്നെ രക്ഷിച്ചു. ഇനി അങ്ങ് എന്നെ കൈക്കൊള്ളണം.'

അവിക്ഷിത്ത് പറഞ്ഞു:

'വൈശാലിനീ, ഞാൻ ആദ്യം നിന്റെ കൺമുമ്പിൽവെച്ച് ഒരു ശത്രുവിനോടു തോറ്റു. അതിൽ എനിക്കു കഠിനമായ ലജ്ജ തോന്നി. ഇപ്പോഴിതാ നിന്റെ കൺമുമ്പിൽവെച്ചുതന്നെ ഒരു ഭയങ്കരശത്രുവിനെ കൊന്നിരിക്കുന്നു. നിന്നെ വീണ്ടെടുക്കുകയുംചെയ്തിരിക്കുന്നു. അതോടെ ലജ്ജ മാറി. ഞാൻ നിന്നെ വിവാഹംകഴിക്കാം.'

തത്സമയം ഒരു ഗന്ധർവന്റെ വരവുണ്ടായി.

ഗന്ധർവൻ പറഞ്ഞു:

'അവിക്ഷിത്തേ, വൈശാലിനി വാസ്തവത്തിൽ എന്റെ മകളുംകൂടിയാണ്. ഭാമിനി എന്നായിരുന്നു അവളുടെ യഥാർത്ഥമായ പേര്. ബാല്യത്തിൽ അവൾക്ക് ഒരു ശാപമേൽക്കുകയുണ്ടായി. അവൾ അഗസ്ത്യനെ ദ്വേഷ്യപ്പെടുത്തി. മഹർഷി കോപിച്ചു ശാപമേകി—അവൾ മനുഷ്യസ്ത്രീയാവട്ടെ എന്ന്. അങ്ങനെയാണ് അവൾ വിശാലമാജാവിന്റെ പുത്രിയായി ജനിച്ചത്. അങ്ങേയ്ക്കും അവൾക്കും പിറക്കുന്ന മകൻ ചക്രവർത്തിയാകും.'

ദേവന്മാർ, ഗന്ധർവന്മാർ, അപ്സരസ്സുകൾ—അവരെല്ലാം അവിടെ വന്നുകൂടി. നൃത്തങ്ങൾ, ഗാനങ്ങൾ, വാദ്യമേളങ്ങൾ—ആകെപ്പാടെ കോലാഹലമായി. തുംബുരുമഹർഷി വിധിപ്രകാരം ഹോമം നടത്തി. അതിനിടയിൽ അവിക്ഷിത്തിന്റെയും വൈശാലിനിയുടെയും വിവാഹം മംഗളമായി നടന്നു.

ഗന്ധർവൻ പുത്രിയെയും ജാമാതാവിനെയുംകൂട്ടി ഗന്ധർവലോകത്തിലേക്കു പോയി. അവിക്ഷിത്തും പത്നിയും ഉല്ലാസമായി ദിവസങ്ങൾ കഴിച്ചു. അവർ പർവ്വതങ്ങളിലും താഴ്വരകളിലും സൈരസഞ്ചാരം ചെയ്തു—മാത്രമല്ല, പുളിനങ്ങളിലും പൂങ്കാവുകളിലും.

ദമ്പതികൾക്ക് ഒരു ആൺകുട്ടി ജനിച്ചു.

ശിശു സാമാന്യനല്ല—അക്കാര്യം ദിവ്യന്മാർക്ക് അറിയാമായിരുന്നു. ജാതകർമത്തിന് ഒട്ടുവളരെ ദിവ്യന്മാർ വന്നെത്തി. എല്ലാവരും ശിശുവിനു മംഗളം നേർന്നു.

ഒരു അശരീരി കേൾക്കുമാറായി:

'ഈ കുട്ടിക്ക് മരുത്തൻ എന്ന പേരായിരിക്കും. ഇവൻ മറ്റെല്ലാ രാജാക്കന്മാരെയും കീഴടക്കും. അതിനുശേഷം ലോകചക്രവർത്തിയായി വിരാജിക്കും. യാഗം ചെയ്യുന്ന രാജാക്കന്മാരിൽ ഒന്നാമനാകും. അനശ്വരമായ യശസ്സും സമ്പാദിക്കും.'

ഭാര്യയെയും പുത്രനെയുംകൊണ്ട് അവിക്ഷിത്ത് ഗന്ധർവലോകത്തിൽനിന്നു യാത്രതിരിച്ചു. പിതാവിന്റെ രാജധാനിയിൽ എത്തിച്ചേർന്നു. ആ സമയം കരന്ധമരാജാവ് എവിടെ ആയിരുന്നു? സഭാമണ്ഡപത്തിൽ, സാമന്തന്മാരുടെയും മന്ത്രിമാരുടെയും മദ്ധ്യത്തിൽ.

അവിക്ഷിത്ത് പിതാവിന്റെ മുമ്പിലെത്തി.

അദ്ദേഹം പറഞ്ഞു:

'അച്ഛാ, പൗത്രനെ കിട്ടണം. അതായിരുന്നല്ലോ അച്ഛന്റെ ആഗ്രഹം. ഇതാ പൗത്രൻ.'

കരന്ധമൻ പുത്രന്റെ കൈയിൽനിന്നു പൗത്രനെ വാങ്ങി. കുട്ടിയെ മടിയിലിരുത്തി തെരുതെരെ ചുംബിച്ചു. അദ്ദേഹം ആനന്ദത്താൽ മതിമറന്നു.

(മാർക്കണ്ഡേയപുരാണം)

മരുത്തന്റെ പ്രതികാരം

കരന്ധമരാജാവിനു വാർദ്ധക്യമായി.

അദ്ദേഹം തപസ്സിനു പോകാൻ തയ്യാറായി.

പുത്രനെ വിളിച്ച് അദ്ദേഹം പറഞ്ഞു:

'അവിക്ഷിത്തേ, നീ എന്നിൽനിന്നു രാജ്യം സ്വീകരിക്കൂ.'

പക്ഷേ, അവിക്ഷിത്തിന് അതു സമ്മതമായില്ല.

അദ്ദേഹം പറഞ്ഞു:

'അച്ഛാ, ഞാൻ എന്റെ മറ്റൊരു കഴിവുകേടിൽ ലജ്ജിതനാണ്. ഞാൻ മുമ്പു ശത്രുക്കളുടെ ബന്ധനത്തിലായല്ലോ. ബന്ധനത്തിൽനിന്നു മോചിതനായത് എന്റെ സാമർത്ഥ്യംകൊണ്ടല്ല, അച്ഛന്റെ ശക്തികൊണ്ടാണ്. ആ സ്ഥിതിക്ക് എനിക്കു രാജാവാകാൻ അർഹതയില്ല.'

അതൊന്നും സാരമില്ലെന്ന് കരന്ധമൻ പറഞ്ഞു. മകന്റെ മനസ്സുമാറ്റാൻ അദ്ദേഹം തീവ്രയത്നംചെയ്തു. പക്ഷേ, അവിക്ഷിത്ത് തന്റെ നിശ്ചയത്തിൽ ഉറച്ചുനിൽക്കുകയാണുണ്ടായത്. അതിനാൽ കരന്ധമന് ഒരു വഴിയേ അവശേഷിച്ചുള്ളൂ. പൗത്രന് രാജ്യാവകാശം നൽകുക എന്നതാണ് അത്. അദ്ദേഹം മരുത്തനെ രാജാവായി അഭിഷേകം ചെയ്തു. എന്നിട്ട് വീരാരാജ്ഞിയോടൊന്നിച്ചു വനത്തിലേക്കു പോയി.

ആയിരം സംവത്സരം തുടർന്നുപോയി കരന്ധമന്റെ തപസ്സ്. അപ്പോഴേക്കും അദ്ദേഹം പരഗതി നേടി. വീരാരാജ്ഞി നൂറു സംവത്സരംകൂടി തപസ്സു ചെയ്തു.

മരുത്തൻ ധർമ്മത്തോടെ രാജ്യഭരണം നടത്തി. അദ്ദേഹം പ്രജകളെ സ്വന്തം സന്താനങ്ങളെപ്പോലെ സ്നേഹിച്ചു. മറ്റെല്ലാ രാജാക്കന്മാരെയും കീഴടക്കി ചക്രവർത്തിയായി. ഒരിടത്തും ഒരു എതിർപ്പും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. അദ്ദേഹം ചെയ്ത ദാനങ്ങൾക്കു കണക്കില്ല. യാഗങ്ങൾക്കും അപ്രകാരംതന്നെ.

സംവർത്തൻ എന്ന മഹർഷിയായിരുന്നു മരുത്തന്റെ പുരോഹിതൻ.

മരുത്തനുള്ളത്ര സമ്പത്തു മറ്റൊരു രാജാവിനും ഉണ്ടായിട്ടില്ല.

എങ്ങനെയാണ് അത്ര വിപുലമായ സമ്പത്ത് അദ്ദേഹത്തിനു കൈവന്നത്?

ദേവന്മാർക്കു പാർക്കാനായി പ്രത്യേകം ഒരു പർവതമുണ്ട്. ആ പർവതം മുഴുവൻ സ്വർണമാണ്. മുഞ്ജവാൻ എന്നാണ് അതിന്റെ പേര്. സംവർത്തൻ എന്താണു ചെയ്തതെന്നോ? തപച്ചക്തി പ്രയോഗിച്ചു. മുഞ്ജവാന്റെ ഒരു കൊടുമുടി നിലംപതിപ്പിച്ചു. അതോ മരുത്തനു വേണ്ടി മാത്രവും. പിന്നെ അദ്ദേഹത്തിന് എന്തു ബുദ്ധിമുട്ട്?

ഒരു മുനി മരുത്തനെ ചെന്നുകണ്ട് ഒരു സന്ദേശം നല്കി:

അച്ഛന്റെ അമ്മ വീരാമാജ്ഞി തപസ്സുചെയ്യുകയാണല്ലോ. ഔർവാശ്രമത്തിലാണ് മാജ്ഞിയുടെ തപസ്സ്. ഇതായിരുന്നു അവരുടെ സന്ദേശം.

'മരുത്താ, വിഷവാഹികളായ കുറെ സർപ്പങ്ങളുണ്ട്. അവർ പല ദുഷ്കൃത്യങ്ങളും ചെയ്തിരിക്കുന്നു. ഏഴു മുനികുമാരന്മാരെ ദംശിച്ചു. ജലാശയങ്ങൾ ദൂഷിപ്പിച്ചു. ഹവിസ്സ് അശുദ്ധമാക്കി. മഹർഷിമാർക്കു സർപ്പങ്ങളെ ശപിക്കാം. പക്ഷേ, തത്കാലം അത് അവർ ചെയ്യുന്നില്ല. രാജാവായ നീ വേണം സർപ്പങ്ങളെ നശിപ്പിക്കാൻ. നീ ഇവിടെ നടക്കുന്നതൊന്നും അറിയുന്നില്ല. രാജാക്കന്മാർ ചാരന്മാർ മുഖേന എല്ലാം അറിയേണ്ടതാണ്. നിനക്ക് അതൊരു ന്യൂനതയാണ്. നിന്റെ പൂർവികന്മാർക്ക് ആ ന്യൂനത ഇല്ലായിരുന്നു.

കാലമൊട്ടും കളയാതെ മരുത്തൻ ഔർവ്വാശ്രമത്തിൽ എത്തിച്ചേർന്നു. സർപ്പങ്ങളോടു പകവീട്ടാൻ ഉദ്യുക്തനുമായി. അദ്ദേഹം എല്ലാ മഹർഷിമാരും കേൾക്കുമാറു വിളിച്ചുപറഞ്ഞു:

'ഈ ദുഷ്ടസർപ്പങ്ങൾ രാജാവായ എന്റെ ശക്തി മനസ്സിലാക്കിയില്ല. അവർ ധർമ്മിഷ്ഠന്മാരായ മുനികുമാരന്മാരെ കൊത്തുകയുണ്ടായി. അതിനു ഞാൻ സർപ്പങ്ങളെക്കൊണ്ട് ഉത്തമം പറയിക്കും! ലോകമെല്ലാം എന്റെ കൃത്യം കാണട്ടെ!'

മരുത്തൻ ദിവ്യമായ വില്ല് എടുത്തു. ദിവ്യമായ അസ്ത്രവും. വില്ലിൽ അസ്ത്രം തൊടുത്തയച്ചു.

അതിന്റെ ഫലം തത്ക്ഷണം കാണുമാറായി. അനേകം സ്ഥലങ്ങളിൽ അസ്ത്രശക്തി ചെന്നെത്തി. നിരവധി സർപ്പങ്ങൾ അതിൽ എരിഞ്ഞുതുടങ്ങി. ബാക്കിയുള്ള സർപ്പങ്ങൾ മുറവിളി കൂട്ടിക്കൊണ്ട് ഇഴഞ്ഞുപോയി. മരുത്തന്റെ മാതാവായ ഭാമിനിയുടെ സവിധത്തിലെത്തി. അവരുടെ സഹായവും അപേക്ഷിച്ചു.

അപ്പോൾ ഭാമിനിയുടെ സ്മരണയിൽ ഒരു സംഭവം പാഞ്ഞെത്തി. മുമ്പൊരിക്കൽ നാഗങ്ങൾ ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. ഒരുകാലത്ത്

തങ്ങളെ മരുത്തൻ ഹനിക്കുമ്പാൾ രക്ഷിക്കണമെന്ന്. ഇപ്പോഴിതാ സർപ്പങ്ങൾ വന്നെത്തിയിരിക്കുന്നു. അവ രക്ഷിക്കണമെന്ന് കേണു യാചിക്കുകയും ചെയ്യുന്നു.

ഭാമിനി, ഭർത്താവിനോടു പറഞ്ഞു:

'അവിടുന്നു ചെന്ന് മരുത്തനെ വിലക്കണം.'

അവിക്ഷിത്ത് പറഞ്ഞു:

ഭാമിനീ, മരുത്തൻ വല്ലാതെ കോപിച്ചിരിക്കുകയാണ്. അവന്റെ കോപത്തിനു തക്കതായ കാരണം കാണും. ഏതിനും ഞാനൊന്നു ശ്രമിച്ചുനോക്കാം. ശരണാഗതന്മാരെ പരിത്യജിക്കുന്നതു ധർമ്മമല്ല. അവരെ കൊല്ലരുതെന്നു ഞാൻ മരുത്തനോട് അപേക്ഷിക്കും. അവൻ അനുസരിക്കുന്നില്ല എന്നിരിക്കട്ടെ. ഞാൻ എന്റെ അസ്ത്രശക്തി പ്രയോഗിച്ച് അവന്റെ അസ്ത്രശക്തി നശിപ്പിക്കും.'

കഴിയുന്നത്ര വേഗത്തിൽ അവിക്ഷിത്ത് ഔർവ്വാശ്രമത്തിൽ എത്തിച്ചേർന്നു. ഭർത്താവിനോടൊന്നിച്ച് ഭാമിനിയും. അവർ അവിടെ മരുത്തനെ കണ്ടെത്തി. ദേഷ്യം കാരണം ജ്വലിച്ചുകൊണ്ടുനില്ക്കുകയാണ് മരുത്തൻ.

അവിക്ഷിത്ത് മരുത്തന്റെ മുമ്പിലെത്തി.

'മകനേ, നീ കോപം മതിയാക്കു. അസ്ത്രം പിൻവലിക്കു.'

'അച്ഛാ, ഞാൻ രാജാവാണെന്ന വസ്തുത സർപ്പങ്ങൾ കണക്കിലെടുത്തില്ല. അവർ എന്നെ അവഗണിച്ചു മുനികുമാരന്മാരെ ദംശിച്ചു. ജലാശയങ്ങളെ ദൂഷിപ്പിക്കുകയും ഹവിസ്സ് അശുദ്ധമാക്കുകയുംചെയ്തു. അതു ഞാൻ ക്ഷമിക്കുകയില്ല. ദയവുചെയ്ത് അച്ഛൻ എന്നെ വിലക്കരുത്.'

'സർപ്പങ്ങൾ പാപം ചെയ്തിരിക്കാം. അവർ പാപഫലം അനുഭവിച്ചുകൊള്ളും. നീ ഇപ്പോൾ എന്റെ നിർദ്ദേശം സ്വീകരിക്കണം.'

'അച്ഛാ, സർപ്പങ്ങൾ കുറ്റംചെയ്തു. കുറ്റവാളികളെ ശിക്ഷിച്ചേ കഴിയു. അല്ലാത്തപക്ഷം അത് അധർമ്മമാകും. ഒരിക്കലും അധർമം ഉണ്ടായിക്കൂടാ. ഞാൻ വീണ്ടും അപേക്ഷിക്കുന്നു. അച്ഛൻ എന്നെ തടസപ്പെടുത്തരുത്.'

'സർപ്പങ്ങൾ നിന്റെ അമ്മയെ അഭയംപ്രാപിച്ചിരിക്കുന്നു. അവയെ രക്ഷിക്കാനുള്ള ചുമതല എനിക്കുണ്ട്. അയോർത്തികളെ വെറുംകൈയോടെ തിരിച്ചയച്ചുകൂടാ. അതും അധർമ്മമാണ്.

'ദുഷ്ടന്മാരെ ശിക്ഷിക്കുന്നതു ധർമ്മവുമാണ്.

മകനേ, എന്തായാലും ശരി, നീ ഈ സംരംഭത്തിൽനിന്നും പിൻവാങ്ങണം.'

'എനിക്ക് അതിനു നിവൃത്തിയില്ല. ഞാൻ അതിൽ ഖേദിക്കുന്നു.'

'എന്നാൽ ഒന്നു മനസ്സിലാക്കിക്കൊള്ളു. നീ മാത്രമല്ല യുദ്ധസമർത്ഥൻ. ഞാനും കുറെയൊക്കെ അസ്ത്രാഭ്യാസം ചെയ്തിട്ടുണ്ട്. ഞാൻ നിന്നെ എതിർക്കും!'

അങ്ങനെ അവർ തമ്മിൽ യുദ്ധമാകും എന്ന നിലയായി. പ്രിയപ്പെട്ട പിതാവും പ്രിയപ്പെട്ട പുത്രനും തമ്മിൽ യുദ്ധം!

തത്സമയം ചില മഹർഷിമാർ വന്നെത്തി. അവരോടുകൂടി വീരാമാജ്ഞിയും. മഹർഷിമാരുടെ ആജ്ഞ സർപ്പങ്ങൾ അനുസരിച്ചു. അവ ദിവ്യങ്ങളായ ഔഷധങ്ങൾ പ്രയോഗിച്ചു. ഒന്നിച്ചു വിഷസംഹരണം എന്ന വിദ്യയും. ഫലമായി മരിച്ചിരുന്ന ഏഴ് മുനികുമാരന്മാരും ജീവിച്ചെഴുന്നേറ്റു. അപ്പോൾ മരുത്തനു തോൽവിയില്ല എന്നുമായി!

മരുത്തൻ അച്ഛനമ്മമാരുടെ പാദങ്ങളിൽ നമസ്കരിച്ചു.

അവർ മകനെ സർവാത്മനാ അനുഗ്രഹിച്ചു.

അവിക്ഷിത്ത്, ഭാമിനി, മരുത്തൻ—മൂന്നുപേരും രാജധാനിയിലേക്കു പോയി. വീരാമാജ്ഞിയാകട്ടെ, തപസ്സുതുടർന്നു. കുറേക്കാലം കഴിഞ്ഞ് പരഗതിയും നേടി.

മരുത്തൻ എൺപത്തയ്യായിരം സംവത്സരം രാജ്യഭാരം ചെയ്തു. അതിനുശേഷം രാജ്യം വിട്ടു കാട്ടിലേക്കു പോയി. തപസ്സുചെയ്ത് സ്വർഗം പ്രാപിച്ചു.

പതിനെട്ടു പുത്രന്മാർ ഉണ്ടായിരുന്നു മരുത്തന്.

അവരിൽ ജ്യേഷ്ഠൻ നരിഷ്യന്തൻ ആയിരുന്നു. ജ്യേഷ്ഠൻ മാത്രമല്ല, ശ്രേഷ്ഠനും.

(മാർക്കണ്ഡേയപുരാണം)

നരിഷ്യന്തൻ

ഒന്നായിരുന്നു നരിഷ്യന്തന്റെ നിശ്ചയം. തനിക്ക് മഹായജ്ഞങ്ങൾ നടത്തണം. തന്റെ പൂർവികന്മാർ പലരും ചെയ്തിരുന്നപോലെ. അദ്ദേഹം തന്റെ നിശ്ചയം നടപ്പിലാക്കി.

പ്രത്യേകമായിരുന്നു ഒരു യാഗം. അദ്ദേഹം അതിനായി ധനം വാരിക്കോരി ചെലവഴിച്ചു. അത്രയധികം ധനം അന്നോളം ഒരു യാഗത്തിനും ചെലവാക്കപ്പെട്ടിരുന്നില്ല. നരിഷ്യന്തൻ നൽകിയ ദാനങ്ങൾക്കു കൈയും കണക്കുമില്ല. പശുക്കൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ, ധാന്യങ്ങൾ, ഭവനങ്ങൾ—അവയുടെ ഏറ്റവും നീണ്ട ഒരു പട്ടിക!

നരിഷ്യന്തന്റെ ദാനശീലം തെളിയിച്ച ഒരു സംഭവം. പിന്നെയും ഒരിക്കൽ മാജാവ് ഒരു യാഗം നിശ്ചയിച്ചു. പക്ഷേ, അദ്ദേഹത്തിനു പുരോഹിതന്മാരെ കിട്ടിയില്ല. കാരണം എന്തായിരുന്നു എന്നോ? അവർ സ്വന്തം നിലയിൽ യാഗങ്ങൾ ചെയ്യുകയാണ്. ആ യാഗങ്ങൾക്ക് വളരെ കൂടുതൽ ചെലവുണ്ട്. ചെലവിനുള്ള പണം പുരോഹിതന്മാർക്ക് ഉണ്ടുതാനും. നരിഷ്യന്തൻ മുമ്പ് ദാനം ചെയ്തിരുന്നില്ലേ? അത്ര വമ്പിച്ച തോതിലായിരുന്നു ആ ദാനം!

എന്നിട്ടും ദാനം മതിയായില്ലെന്ന് നരിഷ്യന്തനു തോന്നി. അദ്ദേഹം ദാനം ചെയ്യുന്നു എന്ന് വിളംബരപ്പെടുത്തി. പക്ഷേ, സ്വീകരിക്കാൻ ആരുംതന്നെ വന്നെത്തിയില്ല. സകലർക്കും ആവശ്യത്തിലധികം പണമുണ്ട്. അതോ, മുമ്പ് നരിഷ്യന്തൻ ദാനം ചെയ്തതും!

(മാർക്കണ്ഡേയപുരാണം)

നരിഷ്യന്തന്റെ പുത്രനാണ് ദമൻ.
ജനനത്തിൽത്തന്നെ ദമൻ ഒന്നു തെളിയിക്കുകയുണ്ടായി. താൻ സാമാന്യ നല്ല എന്ന്. പത്തു മാസമല്ല, ഒമ്പതു വർഷമാണ് ശിശു ഗർഭസ്ഥനായിരുന്നത്.

ഇന്ദ്രസേന എന്ന രാജ്ഞിയായിരുന്നു ദമന്റെ മാതാവ്.

ധനുർവേദം അഭ്യസിച്ചത് അസുരരാജാവായ വൃഷപർവാവിന്റെ കീഴിൽ. വേദവും വേദാംഗങ്ങളും അഭ്യസിച്ചത് ശക്തിമുനിയുടെ കീഴിൽ. യോഗം അഭ്യസിച്ചത് അർഷിഷേണരാജർഷിയുടെ കീഴിലും. എല്ലാ വിദ്യകളിലും ദമൻ അതുല്യനായി. അതിൽ അതിശയിക്കാനുമില്ല.

ദശാർണരാജാവായ ചാരുവർമയുടെ രാജധാനിയിൽ സ്വയംവരം നടക്കുകയായി. ചാരുവർമയുടെ പുത്രി സുമതയുടെ സ്വയംവരമാണ്. ഒട്ടനേകം രാജാക്കന്മാർ വന്നുകൂടിയിട്ടുണ്ട്. അവരിൽ ഒരാൾ ദമനായിരുന്നു. സുമത വരണമാല്യം അർപ്പിച്ചതോ, ദമന്റെ കഴുത്തിലും.

മറ്റു രാജാക്കന്മാർ നിരാശരായി. അവരിൽ പ്രമുഖന്മാർ മൂന്നു പേരാണ് —മഹാനന്ദൻ, വപുഷ്മാൻ, മഹാധനുസ്സ് എന്നിവർ. അവർക്ക് ദമനോടു കോപമുണ്ടായി. അസൂയയുമുണ്ടായി. ദമനെ യുദ്ധത്തിൽ തോല്പിക്കണം. സുമതയെ അപഹരിച്ചുകൊണ്ടുപോകണം—അതിനൊരുങ്ങി മൂന്നു സാഹസികന്മാരും. പരാക്രമിയായ ദമനുണ്ടോ വഴങ്ങിക്കൊടുക്കുന്നു? സമരം ഘോരമായിത്തീർന്നു. മഹാനന്ദനു മരണമുണ്ടായി. അതോ, ദമനിൽനിന്നും. മറ്റു രണ്ടു രാജാക്കന്മാർക്കും പരിക്കുകളുമേറ്റു. വിജയിയായ ദമൻ വധുവിനോടുകൂടി രാജധാനിയിലേക്കു പോയി.

വർഷങ്ങൾ പലതും കഴിഞ്ഞു.

നരിഷ്യന്തനു വാർദ്ധക്യമായി.

അദ്ദേഹം ദമനെ രാജാവായി വാഴിച്ചു. എന്നിട്ട് ഇന്ദ്രസേനാരാജ്ഞിയോടുകൂടി വനംപുകി. അവിടെയിരുന്നു തപസ്സുംതുടങ്ങി.

സന്ദർഭവശാൽ ആ വനത്തിൽ വപുഷ്മാനും വരാനിടയായി. ആ രാജാവ് നായാട്ടിനു ചെന്നതാണ്. ഒരിടത്തു വൃദ്ധദമ്പതികളെ കണ്ടു.

വപുഷ്മാൻ ചോദിച്ചു:

'നിങ്ങൾ ആരാണ്?'

അന്നേദിവസം നരിഷ്യന്തൻ മൗനവ്രതം എടുത്തിരിക്കുകയാണ്. അതിനാൽ അദ്ദേഹം ഒന്നും മിണ്ടിയില്ല. ഉത്തരം നല്കിയത് ഇന്ദ്രസേനയാണ്:

'ഇദ്ദേഹം നരിഷ്യന്തമഹാരാജാവാണ്. ഞാൻ പത്നിയായ ഇന്ദ്രസേനയും.'

അത്രയും കേട്ടപ്പോൾ വപുഷ്മാന്റെ മുഖം കോപംകൊണ്ടു തുടുത്തു. ദമന്റെ മാതാപിതാക്കന്മാരാണ് ഇവർ! തന്നെ ദമൻ തോല്പിക്കയും പരിക്കേല്പിക്കയും ചെയ്തിരുന്നു. അതിന് അന്ന് ദമനോടു പകരംചോദിക്കാൻ സാധിച്ചില്ല. ഇന്നിപ്പോൾ പകവീട്ടുകതന്നെ—അതോ, ദമന്റെ പിതാവിനെ വധിച്ചിട്ടും!

ആ ദൂഷ്യൻ വിളിച്ചുപറഞ്ഞു:

'നരിഷ്യന്താ, നിന്നെ ഞാനിതാ കൊല്ലാൻപോകുന്നു. നിന്റെ മകൻ ദമൻ നിന്നെ രക്ഷിക്കുന്നതു കാണട്ടെ!'

തുടർന്ന് അയാൾ വാളുമായി നരിഷ്യന്തന്റെ ഗളച്ഛേദംചെയ്തു.

ഇന്ദ്രസേന സങ്കടം സഹിക്കവയ്യാതെ മാറത്തടിച്ചു കരഞ്ഞു.

കുറെ നാൾ കഴിഞ്ഞ് ഒരു മുനികുമാരൻ ദമനെ ചെന്നു കണ്ടു. ഒരു ശൂദ്രമുനിയുടെ മകനാണ് കുമാരൻ. വനത്തിൽനിന്നു വരുന്നവനും. കുമാരൻ ദമനോടു ചില വിവരങ്ങൾ പറഞ്ഞു—വപുഷ്മാൻ നരിഷ്യന്തമഹാരാജാവിനെ വധിക്കുകയുണ്ടായി; ഇന്ദ്രസേനാരാജ്ഞി അഗ്നിപ്രവേശംചെയ്തു.

മുനികുമാരനെ ഇന്ദ്രസേനയ്ക്കു പരിചയമുണ്ടായിരുന്നു. രാജ്ഞി മരിക്കുംമുമ്പ് ഒരു സന്ദേശം നല്കുകയുണ്ടായി. ദമനായി ഉദ്ദേശിച്ചിട്ടുള്ള സന്ദേശമായിരുന്നു. നരിഷ്യന്തന്റെ മരണവൃത്താന്തം ആയിരുന്നു ആദ്യഭാഗം. അവസാനഭാഗം ഇപ്രകാരമായിരുന്നു:

'മകനേ, ഒരു യഥാർത്ഥ ക്ഷത്രിയൻ മറ്റൊന്നു ക്ഷമിച്ചാലും ഒന്നു ക്ഷമിക്കുകയില്ല—തന്റെ വംശക്കാരോടു ചെയ്യുന്ന അപരാധം! പിന്നെയാണോ പിതാവിന്റെ നിധനം? വപുഷ്മാൻ നിന്റെ പ്രിയപ്പെട്ട അച്ഛനെ കൊന്നു. അക്കാരണത്താൽ ഒരു വിധത്തിൽ നിന്നെയും. നീ വപുഷ്മാനോടു പകരം ചോദിക്കണം!'

സന്ദേശം വായിച്ചപ്പോഴോ? ദമന്റെ ക്രോധം അഗ്നിപർവ്വതംപോലെ പൊട്ടിത്തെറിച്ചു. അദ്ദേഹം വിളിച്ചുപറഞ്ഞു:

'ഞാൻ വപുഷ്മാന്റെ ജീവരക്തംകൊണ്ട് അച്ഛന്റെ ആത്മാവിനെ തൃപ്തിപ്പെടുത്തും! സാധിക്കാത്തപക്ഷം ഞാൻ തീയിൽ ചാടി മരിക്കും! വരുണനും ഇന്ദ്രനും കാലനും വപുഷ്മാനെ സഹായിക്കുന്നു എന്നിരിക്കട്ടെ. ഞാൻ അവരെയും നശിപ്പിക്കും!'

കാലം കളയാതെ ദമൻ സൈന്യം സജ്ജീകരിച്ചു. അതിനെ വപുഷ്മാന്റെ രാജ്യമായ വിദർഭയിലേക്കു നയിച്ചു. അവിടെ എത്തിയപ്പോൾ വപുഷ്മാന്റെ സന്ദേശം ലഭിച്ചു:

'എടാ ദമാ, നിന്റെ അച്ഛനും അമ്മയും നിനക്കായി പരലോകത്തു കാത്തിരിക്കുന്നു. ഞാനിപ്പോൾ നിന്നെ അവരുടെ അടുക്കലേക്കു പറഞ്ഞയയ്ക്കും!'

താമസിയാതെ ദമന്റെ സൈന്യവും വപുഷ്മാന്റെ സൈന്യവും തമ്മിൽ ഏറ്റുമുട്ടി. ഏറ്റവും ഉഗ്രമായിരുന്നു ആ ഏറ്റുമുട്ടൽ. ഒടുവിൽ ദമനും വപുഷ്മാനും ദ്വന്ദയുദ്ധത്തിൽ തമ്മിലിടഞ്ഞു. ആദ്യം വില്ലും അമ്പും ആയിരുന്നു അവരുടെ ആയുധങ്ങൾ. അവകൊണ്ട് ഉദ്ദിഷ്ടമായ ഫലം ഉളവായില്ല. അടുത്തതായി അവർ ഖഡ്ഗങ്ങൾകൊണ്ടു യുദ്ധംചെയ്തു. ഏറ്റവും വാശിയുള്ള ദ്വന്ദയുദ്ധമായിരുന്നു അത്. കുറെനേരം കഴിഞ്ഞ് ദമൻ വപുഷ്മാനെ നിലത്തു വീഴ്ത്തി. അയാളുടെ നെഞ്ചിൽ കാലുവെച്ച് അമർത്തി. എന്നിട്ടു വാൾ ഉയർത്തിപ്പിടിച്ച് ആകാശത്തേക്കു നോക്കിപ്പറഞ്ഞു:

'ഞാൻ ഇവനെ വധിക്കുന്നത് ദേവന്മാർ കാണട്ടെ—മറ്റുള്ളവരും!'

തുടർന്ന് ദമൻ എതിരാളിയുടെ നെഞ്ചു വെട്ടിപ്പിളർന്നു. രക്തം നുരഞ്ഞു പൊങ്ങി പരന്നു. ദമൻ ആ രക്തം കുടിക്കാൻ വെമ്പൽകൊണ്ടു. അത് ദേവന്മാർ തടഞ്ഞു.

എങ്കിലും ദമൻ ശത്രുവിന്റെ ജീവരക്തംകൊണ്ടു പിതാവിന് ഉദക ക്രിയചെയ്തു. അയാളുടെ മാംസംകൊണ്ടു പിണ്ഡവുംവച്ചു. ഏറ്റവും ഘോരമായ പ്രതികാരം!

(മാർക്കണ്ഡേയപുരാണം)

ദിലീപൻ

സൂര്യവംശത്തിൽ ജനിച്ച രാജാവാണ് ദിലീപൻ. അദ്ദേഹത്തിന്റെ പത്നി സുദക്ഷിണയും. മഗധരാജാവിന്റെ മകളാണ് ആ രാജ്ഞി.

ധർമത്തിൽ അടിയുറച്ച ഒന്നായിരുന്നു ദിലീപന്റെ രാജ്യഭരണം. സകല സൗഭാഗ്യവും അദ്ദേഹത്തിനുണ്ട്. ഒന്നു മാത്രമില്ല

-സന്താനസൗഭ്യം!

ദിലീപന്റെ ആലോചന ഒരു വഴിക്കു പോയി. ദേവപ്രീതിക്കായി താൻ അനേകം യാഗങ്ങൾ ചെയ്തിട്ടുണ്ട്. ജനങ്ങൾക്കായി കുളങ്ങളും കിണറുകളും ധാരാളം കുഴിപ്പിച്ചിട്ടുണ്ട്. വേണ്ടതുപോലെ അന്നദാനവും മറ്റു ദാനങ്ങളും ചെയ്തിട്ടുണ്ട്. രാജ്യത്തിന്റെ നന്മയ്ക്കായി വലുതായ ഭണ്ഡാരം ഒരുക്കിയിട്ടുണ്ട്. അധർമികളെ ദണ്ഡിപ്പിക്കയും ധർമിഷ്ഠരെ പുലർത്തുകയും ഉണ്ടായിട്ടുണ്ട്. അങ്ങനെ എത്രയെത്ര സത്കർമങ്ങൾ, പുണ്യകർമങ്ങൾ! എന്നിട്ടും എന്തേ തനിക്കൊരു സന്താനം ജനിക്കാത്തത്? ഏതിനും വസിഷ്ഠ മഹർഷിയോടു കാരണം ആരായുകതന്നെ. വസിഷ്ഠമഹർഷിയാണല്ലോ സൂര്യവംശത്തിന്റെ കുലഗുരു. അദ്ദേഹം ഇപ്പോൾ ആശ്രമത്തിൽ പാർത്തുവരികയാണ്. രാജാവ് പത്നിയോടുകൂടി ആശ്രമത്തിലെത്തി.

വൈകുന്നേരമാണ്. എത്ര പ്രശാന്തമാണ് ആശ്രമത്തിലെ അന്തരീക്ഷം! ഹോമാഗ്നിയിൽനിന്നു പുക ഉയരുന്നു. മാനുകൾ കറുകപ്പുല്ലു തിന്നിട്ടു തിരിച്ചെത്തുന്നു. പക്ഷികൾ ഒന്നൊന്നായി വൃക്ഷങ്ങളിൽ ചേക്കേറുന്നു. വസിഷ്ഠൻ ആശ്രമത്തിൽ വിശ്രമിക്കുന്നു. ഒന്നിച്ച് പതിവ്രതയായ പത്നി അരുന്ധതിയും.

രാജദമ്പതികൾ ഗുരുവിന്റെയും ഗുരുപത്നിയുടെയും പാദങ്ങളിൽ നമസ്കരിച്ചു. വസിഷ്ഠൻ ഇരുവരെയും സർവാത്മനാ ആശീർവദിച്ചു. അരുന്ധതി അവർക്കു ഭക്ഷണം നല്കി.

അതിനുശേഷം മഹർഷി പറഞ്ഞു:

'ദിലീപാ, എന്തിനാണു നിങ്ങൾ ഇപ്പോൾ വനത്തിലേക്കു വന്നത്? തപസ്സുചെയ്യാൻ നിശ്ചയിച്ചിരിക്കയാണോ? പുത്രനില്ലാത്ത നിങ്ങൾക്കു തപസ്സു പാടില്ല.'

രാജാവ് വന്ന കാര്യം അറിയിച്ചു:

'ഗുരോ, ഞാൻ വന്നതു തപസ്സിനല്ല. അവിടുത്തെ ഉപദേശത്തിനാണ്. എന്തു ദോഷത്താലാണ് എനിക്കു സന്താനം ഉണ്ടാകാത്തത്? സർവ

ജ്ഞനായ അവിടുത്തേക്ക് അറിയാമായിരിക്കും. അത് എനിക്കു പറഞ്ഞു തരണം.'

വസിഷ്ഠൻ അല്പനേരം സമാധിയിൽ മുഴുകി. ഉണർന്നപ്പോൾ കാരണം അറിവായി. അദ്ദേഹം അത് രാജാവിനെ കേൾപ്പിച്ചു:

'ദിലീപാ, നീ ഒരിക്കൽ ദേവേന്ദ്രനെ ചെന്നു കണ്ടിരുന്നു. അതിനുശേഷം ധൃതിയിൽ സുദക്ഷിണയെ കാണാൻ പോയി. തേരിലേറി കല്പവൃക്ഷത്തിന്റെ അരികിലൂടെയാണു പോയത്. അതിന്റെ ചുവട്ടിൽ ദിവ്യപശുവായ കാമധേനു കിടന്നിരുന്നു. നീ കാമധേനുവിനെ വന്ദിക്കാതെ കടന്നുപോയി. അവൾ കോപിച്ചു നിനക്കു ശാപമേകി—അവളുടെ മകളെ സേവിക്കുന്നതുവരെ നിനക്കു സന്തതി ഉണ്ടാവില്ല എന്ന്. നിന്റെ മനസ്സു പത്നിയിൽമാത്രം പറ്റിക്കൂടിയിരുന്നു. തേരുമുട്ടൊച്ച ഉച്ചത്തിലും ആയിരുന്നു. അതിനാൽ നീ കാമധേനുവിന്റെ ശാപം കേട്ടില്ല എന്നേയുള്ളു. കാമധേനുവിന്റെ മകളുടെ മകളാണ് നന്ദിനി. അവൾ ഇപ്പോൾ വത്സനോടുകൂടി എന്റെ ആശ്രമത്തിലുണ്ട്. നീ അവളെ സേവിക്കുകയും ആരാധിക്കുകയും ചെയ്യൂ. അതുകൊണ്ട് നിനക്കു ഗുണമുണ്ടാകും.'

അപ്പോഴേക്കും മേയാൻ പോയിരുന്ന നന്ദിനി മടങ്ങിയെത്തി.

വസിഷ്ഠൻ പറഞ്ഞു:

'ദിലീപാ, നന്ദിനിയുടെ കാര്യം പറഞ്ഞതേയുള്ളൂ. ഉടനെ അവൾ വന്നു കഴിഞ്ഞു. അതു ശുഭമായി വ്യാഖ്യാനിക്കണം. നീയും സുദക്ഷിണയും ഇന്നു മുതൽതന്നെ അവളെ സേവിക്കൂ. അവൾ വനത്തിലേക്കു പോകുമ്പോൾ നീ പുറകെ പോകണം. ഭയങ്കരങ്ങളായ വന്യമൃഗങ്ങൾ വന്നെന്നു വരാം. അവയിൽനിന്ന് നന്ദിനിക്ക് ഉപദ്രവം വരരുത്. അക്കാര്യം നീ പ്രത്യേകം ശ്രദ്ധിക്കണം.'

അടുത്ത മാവിലെ നന്ദിനി വനത്തിലേക്കു പോകാറായി. സുദക്ഷിണ ആ ദിവ്യപശുവിനെ പുഷ്പങ്ങൾകൊണ്ടു പൂജിച്ചു. പശു വനത്തിലേക്കു നടന്നപ്പോഴോ? ആയുധം ധരിച്ച ദിലീപൻ തൊട്ടുപിന്നിൽ പിന്തുടർന്നു. നന്ദിനി പുല്ലുതിന്നുമ്പോൾ രാജാവ് കായ്കൾ പറിച്ചുതിന്നും. നന്ദിനി അരുവിയിൽനിന്നു വെള്ളം കുടിക്കുമ്പോൾ രാജാവും കുടിക്കും. നന്ദിനി മരച്ചുവട്ടിൽ കിടക്കുമ്പോൾ രാജാവ് അല്പമൊന്നു വിശ്രമിക്കും. നന്ദിനിയുടെ പുറത്ത് ഈച്ചകൾ വന്നിരുന്നാൽ രാജാവ് അവയെ ആട്ടിക്കളയും. നന്ദിനിക്കു ദേഹത്തു ചൊറിച്ചിലുണ്ടായാൽ രാജാവു ചൊറിഞ്ഞുകൊടുക്കും. എത്ര ശുഷ്കാന്തിയോടുകൂടിയ ശുശ്രൂഷ!

വൈകുന്നേരം നന്ദിനി ആശ്രമത്തിൽ തിരിച്ചെത്തി. തൊട്ടുപിറകിലായി ദിലീപനും. വരവുകാത്ത് തയ്യാറായിനിന്നിരുന്നു സുദക്ഷിണ. രാജ്ഞി പശുവിനെ പൂജിച്ചു. പശു പൂജ സ്വീകരിച്ചിട്ടു വത്സന്റെ അടുക്കലേക്കു പോയി.

അതായിരുന്നു ആദ്യ ദിവസത്തെ പരിപാടി.

ഇരുപത്തൊന്നു ദിവസം ആ പരിപാടി അതുപോലെ തുടർന്നുപോയി.

അടുത്ത ദിവസം ഒരു ആപത്തുണ്ടായി.

രാവിലെ പശുവും രാജാവും ഒന്നിച്ച് ആശ്രമത്തിൽനിന്നിറങ്ങി. വളരെ ദൂരം നടന്നു മലഞ്ചെരിവിലെത്തി. ഹിമവാന്റെ പരിസരമാണ് അവിടം. ഒരു ഗുഹയിൽനിന്ന് എന്താണ് പുറത്തേക്കു വരുന്നത്? ഏറ്റവും ഭയങ്കരനായ ഒരു സിംഹം! നൊടിക്കിടയിൽ സിംഹം നന്ദിനിയെ പിടികൂടി. നന്ദിനി ഉറക്കെ

മുറവിളികൂട്ടി. ഝടുതിയിൽ ദിലീപൻ വില്ലെടുത്തു ശരം തൊടുത്തു. കഷ്ടം എന്നല്ലേ പറയാനൊക്കൂ? രാജാവിന് അമ്പ് എയ്യാൻ സാധിച്ചില്ല. കൈ സ്തംഭിച്ചുപോയി!

എന്താണ് ഇങ്ങനെ സംഭവിക്കാൻ കാരണം? ദിലീപനു മനസ്സിലായില്ല. അദ്ദേഹം വിഷണ്ണനായി നിലകൊണ്ടു.

സിംഹം സംസാരിച്ചു:

'ദിലീപാ, എനിക്ക് അങ്ങയെ മനസ്സിലായി. ഞാൻ ആരെന്ന് അങ്ങയെ മനസ്സിലാക്കുകയും ചെയ്യാം. ശിവന്റെ ഭൃത്യനായ കുംഭോദരനാണ് ഞാൻ. ഇവിടെ പാർവതീദേവിക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു ദേവതാരുവൃക്ഷമുണ്ട്. ഒരിക്കൽ ഒരു കാട്ടാന ആ മരത്തിൽ കവിൾ ഉരസി. മരത്തിന്റെ തോൽ കുറെ ഉരിഞ്ഞുപോയി. അപ്പോൾ ദേവി എന്നെ ഒരു സിംഹമാക്കി. എന്നിട്ട് ഒരു കല്പനയും തന്നു—ഞാൻ ഈ മരത്തെ കാത്തുനില്ക്കണം എന്ന്. ഇവിടെ വരുന്ന ജീവികളെയെല്ലാം എനിക്കു ഭക്ഷിക്കാം. അതായിരുന്നു ദേവിയുടെ അരുളപ്പാട്. ഇവിടെ വന്ന ഈ പശു എനിക്കുള്ള ഭക്ഷണമാണ്. അങ്ങയുടെ കൈ സ്തംഭിച്ചതിൽ അത്ഭുതം വേണ്ട.'

അപ്പോൾ ദിലീപൻ കുംഭോദരനെ അറിയിച്ചു—താൻ എന്തിനാണ് നന്ദിനിയെ സേവിക്കുന്നതെന്ന്.

അദ്ദേഹം തുടർന്നു:

'ശിവഭൃത്യനായ അങ്ങയെ തോല്പിക്കാൻ എനിക്കു ശക്തിയില്ല. ഈ പശുവിനെക്കൂടാതെ ഞാൻ ആശ്രമത്തിൽ തിരിച്ചുപോവുകയുമില്ല. അങ്ങ് ഇവളെ വെറുതെ വിടണം. പകരമായി എന്നെ കൊന്നുതിന്നണം. ഞാനിതാ എന്റെ ശരീരത്തെ അങ്ങേക്ക് സമർപ്പിക്കുന്നു!'

അത്രയും പറഞ്ഞ് ദിലീപൻ സിംഹത്തിന്റെ മുമ്പിൽ കിടപ്പായി. അതോ സിംഹത്തിനു ഭക്ഷിക്കാൻ വേണ്ടിയും. അടുത്ത നിമിഷം സിംഹത്തിന്റെ നഖങ്ങൾ തന്റെ ശരീരത്തെ പിളർക്കും. അതായിരുന്നു ദിലീപന്റെ വിചാരം. പക്ഷേ, ശരീരത്തിൽ പതിച്ചതു സിംഹത്തിന്റെ നഖങ്ങളല്ല; സ്വർഗത്തിൽ നിന്നു ദിവ്യപുഷ്പങ്ങൾ!

'ദിലീപാ, എഴുന്നേല്ക്കൂ!'

അപ്പറഞ്ഞത് ഒരു സ്ത്രീസ്വരമാണ്.

രാജാവ് എഴുന്നേറ്റു. സിംഹമില്ല. നന്ദിനി ഉണ്ടുതാനും. പറഞ്ഞത് നന്ദിനിയാണ്:

'ദിലീപാ, ഞാൻ മായ പ്രയോഗിച്ചതാണ്. അതോ നിന്നെ പരീക്ഷിക്കാനും. നീ എന്നെ രക്ഷിക്കാൻവേണ്ടി സ്വശരീരം ദാനംചെയ്തു. ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. വരം ചോദിച്ചുകൊള്ളൂ!'

ദിലീപൻ താഴ്മയായി അപേക്ഷിച്ചു:

'ഭദ്രേ, എനിക്ക് ഒരു പുത്രനുണ്ടാവാൻ അനുഗ്രഹിക്കണം.'

നന്ദിനി രാജാവിനോട് ഒന്ന് ആവശ്യപ്പെട്ടു—ദിലീപൻ പാൽകറന്ന് ഇലക്കുമ്പിളിലാക്കി കുടിക്കണം എന്ന്. അദ്ദേഹം അപ്രകാരംചെയ്തു. അതിനുശേഷം അവർ രണ്ടും ആശ്രമത്തിൽ തിരിച്ചുചെന്നു.

പശുപൂജയ്ക്കായി കാത്തുനിന്ന സുദക്ഷിണ ഒന്നു കണ്ടു—ഋത്വിക്കുകളുടെ മുഖത്ത് അതിയായ സന്തോഷം തെളിഞ്ഞിരിക്കുന്നു! കാര്യസാധ്യം ഉണ്ടായിരിക്കുന്നു എന്നായി രാജ്ഞിയുടെ അനുമാനം.

വസിഷ്ഠൻ പറഞ്ഞു:

'ദിലീപാ, ഞാൻ സകലതും ദിവ്യദൃഷ്ടികൊണ്ടു കാണുകയുണ്ടായി. ഇന്നു രാത്രി മൂഴുവൻ നീയും സുദക്ഷിണയും നന്ദിനിയെ പൂജിക്കണം. നാളെ രാവിലെ നിങ്ങൾക്കു രാജധാനിയിലേക്കു പോവുകയും ചെയ്യാം.'

കുലഗുരുവിന്റെ നിർദ്ദേശം ദമ്പതികൾ അനുസരിച്ചു.

യഥാകാലം അവർക്കൊരു സൽപ്പുത്രൻ ജാതനായി. രഘു എന്നായി മൂന്നു പുത്രന്റെ പേര്. വളർന്നു വലുതായപ്പോൾ രഘു മഹാന്മാരിൽ മുമ്പനായി. അക്കാരണത്താൽ സൂര്യവംശത്തിന് രഘുവംശം എന്നും പേരുണ്ടായി.

(പദ്മപുരാണം)

ഭഗീരഥൻ

(ദിലീപന്റെ പിതൃക്കളെ കപിലമഹർഷി ചുട്ടെരിച്ചു ചാമ്പലാക്കി—അക്കാര്യം ഭഗീരഥന് അറിവായപ്പോഴോ? പിതൃക്കൾക്കു പരഗതി നേടിക്കൊടുക്കണം—അതായി രാജാവിന്റെ ആഗ്രഹം. ഗംഗാനദി ചാമ്പൽക്കൂമ്പാരത്തിലൂടെ ഒഴുകണം. എന്നാൽ, തീർച്ചയായും കാര്യം നടക്കും.

ഭഗീരഥൻ അതിനുള്ള ശ്രമം ആരംഭിച്ചു.

ഗംഗാദേവി വിഷ്ണുപാദത്തിലാണ്. ഭഗീരഥൻ ആദ്യം മഹാവിഷ്ണുവിനെ തപസ്സുചെയ്തു. മഹാവിഷ്ണു പ്രത്യക്ഷമായപ്പോൾ വരംചോദിച്ചു:

'ഭഗവാനേ, എനിക്കു ഗംഗയെ ജലരൂപത്തിൽ ഭൂമിയിലേക്കു കൊണ്ടുപോകണം. അതിന് അവിടുന്ന് അനുവദിക്കണം.'

മഹാവിഷ്ണു അരുളിച്ചെയ്തു:

'ഭഗീരഥാ, എനിക്കു സമ്മതംതന്നെ. പക്ഷേ, ഞാൻ മാത്രം വിചാരിച്ചാൽ പോരാ. ശിവനും ഗംഗയും കൂടി വിചാരിക്കണം. നീ അവരെ പ്രീതിപ്പെടുത്തൂ.'

ഗംഗാദേവിയെ തപസ്സുതുടങ്ങി ഭഗീരഥൻ.

ആ തപസ്സ് അനേകം വർഷം തുടർന്നുപോയി.

ഒടുവിൽ ഗംഗാദേവി ദർശനമരുളി:

'ഭഗീരഥാ, ഞാൻ നിന്നെ സഹായിക്കാം. എന്നാൽ, എനിക്കൊരു വൈഷമ്യമുണ്ട്. ഞാൻ ശിവന്റെ പത്നിയാണ് എന്നു നിനക്ക് അറിയാമല്ലോ. ശിവൻ അനുവദിച്ചാലേ എനിക്കു ഭൂമിയിലേക്കു വരാൻ സാധ്യമാവൂ. അതുകൊണ്ടു നീ ശിവനെ പ്രസാദിപ്പിക്കണം.'

ഭഗീരഥൻ ശിവനെ തപസ്സുതുടങ്ങി. നൂറു വർഷം നീണ്ടുപോയി ആ തപസ്സ്. അപ്പോഴേക്കും ശിവൻ കനിഞ്ഞു പ്രത്യക്ഷനായി.

ഭഗീരഥൻ അപേക്ഷിച്ചു:

'ഭഗവാനേ, ഭൂമിയിലേക്കു വരാൻ ഗംഗാദേവിക്ക് അവിടുന്ന് അനുവാദം നല്കണം.'

ശിവൻ പറഞ്ഞു:

'ഞാൻ ആ അനുവാദം നല്കിയിരിക്കുന്നു.'

എന്താണ് ഭഗീരഥന്റെ അടുത്ത നടപടി? ഗംഗാദേവിയെ ഭൂമിയിൽ സ്വീകരിക്കണം. അതിനായി രാജാവ് ഏതു സ്ഥലമാണ് തെരഞ്ഞെടുത്തത് എന്നോ? മഹാമേരുപർവതത്തിന്റെ ഏറ്റവും ഉയർന്ന കൊടുമുടി.

ആ വിവരം ഭൂമീദേവിക്ക് അറിവായി.

ഭൂമീദേവി ഭഗീരഥനെ കണ്ടു പറഞ്ഞു:

'ഭഗീരഥാ, അങ്ങയുടെ സംരംഭം എനിക്കു മനസ്സിലായിട്ടുണ്ട്. അങ്ങയുടെ പൂർവികന്മാർക്കു സദ്ഗതി ലഭിക്കണം. അതിനായി ഗംഗാദേവിയെ ഇങ്ങോട്ടു കൊണ്ടുവരണം. അത്രയും നല്ലതുതന്നെ. പക്ഷേ, അതിനുമാത്രമായി ഗംഗാദേവിയെ വരുത്തിക്കുടാ. അത് സ്വാർത്ഥമായി കരുതപ്പെടും. അങ്ങയെപ്പോലുള്ള ഉത്തമന്മാർ സ്വാർത്ഥികളായിക്കുടാ. ഉത്തമന്മാരുടെ പ്രവൃത്തികൾ കാരണം അന്യർക്ക് ഉപകാരം ഉണ്ടാവണം. ഗംഗാദേവി ഭൂമീദേവിയായ എന്നെ പരിശുദ്ധയാക്കേണ്ടതുണ്ട്. അതിനായി ഗംഗാദേവി നാലു കൈവഴികളായി പിരിഞ്ഞ് ഒഴുകണം. അങ്ങ് ദേവിയെ പറഞ്ഞു സമ്മതിപ്പിക്കണം.'

ഭഗീരഥന് അതിനു വിരോധമൊന്നും ഉണ്ടായില്ല. എങ്കിലും ചെറിയൊരു ബുദ്ധിമുട്ട് ഇല്ലായ്കയില്ല. ബുദ്ധിമുട്ട് എന്താണെന്ന് അദ്ദേഹം അറിയിച്ചു:

'ഭൂമീദേവീ, ഗംഗാദേവി മഹാവിഷ്ണുവിന്റെ പാദത്തിൽനിന്നു പതിക്കും. വീഴുന്നതു മഹാമേരുവിന്റെ കൊടുമുടിയിൽ ആയിരിക്കും. അപ്പോൾ അവിടുന്നുകൂടി ഉണ്ടായിരിക്കണം. അവിടുന്നു നേരിട്ട് ഗംഗാദേവിയോട് അഭ്യർത്ഥിക്കണം. ഞാനും സഹായിക്കാം.'

അത് ഭൂമീദേവിക്കു സമ്മതമായി.

ഭഗീരഥൻ ശംഖെടുത്ത് ഉച്ചത്തിൽ ഊതി. താൻ തയ്യാറായി നിൽക്കുന്നു —ആ വിവരം ഗംഗാദേവിയെ അറിയിക്കുന്നതിനാണ് ശംഖനാദം. ആ ശംഖനാദം വൈകുണ്ഠത്തിൽ ചെന്നലച്ചു. തൽക്ഷണം ഗംഗാദേവി വിഷ്ണുപാദത്തിൽനിന്ന് മേരുശിഖരത്തിൽ പതിച്ചു. ഭഗീരഥൻ ഭക്തിയോടും കൃതജ്ഞതയോടും ഗംഗാദേവിയെ വന്ദിച്ചു.*

ഗംഗാദേവി അല്പനേരം അവിടെ തങ്ങി.

അത് ഭൂമീദേവിക്ക് നല്ല അവസരമായി. ആ ദേവി പറഞ്ഞു:

'ഗംഗാദേവീ, ഭഗീരഥന്റെ ആവശ്യപ്രകാരം അവിടുന്നു വന്നിരിക്കയാണല്ലൊ. എനിക്കും അവിടുത്തോട് ഒരു അപേക്ഷയുണ്ട്. അവിടുന്നു സമുദ്രത്തിൽ ചേരും മുമ്പു നാലായി പിരിഞ്ഞ് ഒഴുകണം. അപ്പോൾ ഭൂമിയായ ഞാനും പരിശുദ്ധയാകും.'

അപ്പോൾ ഗംഗാദേവി ഒന്നു ചുണ്ടിക്കാട്ടി. ഭഗീരഥനുവേണ്ടിയാണ് താനിപ്പോൾ വന്നിട്ടുള്ളത്. ആ സ്ഥിതിക്ക് ഭഗീരഥന്റെ ഇഷ്ടപ്രകാരം വേണമല്ലൊ താൻ പ്രവർത്തിക്കുക. ഭഗീരഥനാകട്ടെ, അതിനൊട്ടും വിസമ്മതം ഉണ്ടായിരുന്നില്ല. ഉടനെ ഗംഗാദേവി നാലു കൈവഴികളായി പിരിഞ്ഞു. ഒന്നു കിഴക്കോട്ടും ഒന്നു വടക്കോട്ടും ഒന്നു പടിഞ്ഞാറോട്ടും ഒഴുകി. നാലാമത്തെ കൈവഴി ഭഗീരഥനുവേണ്ടി കാത്തുനിന്നു. ഭഗീരഥൻ തേരിൽക്കയറി

തെക്കോട്ടു തേരോടിച്ചുപോയി. രഥത്തെ അനുഗമിച്ചുകൊണ്ട് ആ കൈവഴി പ്രവഹിച്ചു.

സ്വർഗനാഥനായ ദേവേന്ദ്രൻ ഓടിയെത്തി.

ദേവേന്ദ്രൻ പറഞ്ഞു:

'ഭഗീരഥാ, ഈ കൈവഴി മുഴുവനും ഭൂമിയിലേക്കു കൊണ്ടുപോകുന്നതു ശരിയല്ല. ഒരു ഭാഗം സ്വർഗത്തിനു കൂടിയേ കഴിയൂ. സ്വർഗത്തിനും പരിശുദ്ധിചേർക്കുന്നവളാണ് ഗംഗ.'

അതും ഭഗീരഥനു സമ്മതമായി. അക്കാരണത്താൽ ഗംഗാദേവിക്കും. ഒരു ധാരയെ ഗംഗാദേവി സ്വർഗത്തിൽ വിട്ടു. എന്നിട്ടു ശേഷിച്ച ജലത്തോടുകൂടി ഭഗീരഥന്റെ പുറകേ പോയി—പശുവിനെ അനുഗമിക്കുന്ന പശുക്കുട്ടിയെപ്പോലെ!

അങ്ങനെ മാജാവും നദിയും മഹാമേരുവിന്റെ തെക്കേ അറ്റത്ത് എത്തിച്ചേർന്നു.

അവിടെയുണ്ട് ഏറ്റവും ഉയരത്തിലുള്ള ഒരു കൊടുമുടി.

ഭഗീരഥൻ വിഷണ്ണനായി.

അദ്ദേഹം പറഞ്ഞു:

'ഗംഗാദേവീ, ഈ കൊടുമുടിക്ക് ഉയരം വളരെ അധികമാണ്. അവിടുന്ന് എങ്ങനെ അതിന്റെ അപ്പുറം കടക്കും?'

അതിന് ഗംഗാദേവി സമാധാനം നൽകി:

'എന്നെച്ചൊല്ലി അങ്ങു വ്യാകുലപ്പെടേണ്ട. അങ്ങു തേരിൽക്കയറി അപ്പുറത്തു ചെന്നുകൊള്ളൂ. ഞാൻ ഇവിടെ ഇരിക്കുകയും ചെയ്യാം. അങ്ങ് അപ്പുറത്തെത്തുമ്പോൾ ശംഖ് ഊതണം. അപ്പോൾ ഞാൻ അങ്ങയുടെ അടുക്കൽ വന്നുകൊള്ളാം.'

ഏറ്റവും പ്രയാസപ്പെട്ട് ഭഗീരഥൻ അപ്പുറത്തു ചെന്നെത്തി. അവിടെനിന്നു ശംഖെടുത്ത് ഉറക്കെ ഊതി. ഒട്ടും താമസിയാതെ ഗംഗയും വന്നെത്തി. എങ്ങനെയെന്നോ? കൊടുമുടി പിളർന്ന് വഴിയുണ്ടാക്കിക്കൊണ്ട്!

നോക്കിനിന്നിരുന്നു പല ദിവ്യവർഗക്കാരും. കണ്ടില്ലേ ഗംഗാദേവിയുടെ ശക്തിയും ദിവ്യത്വവും? അവരെല്ലാം ദേവിയെ വാഴ്ത്തിസ്തുതിച്ചു.

ആദ്യമൊക്കെ അല്പം മന്ദമായിരുന്നു ഗംഗയുടെ ഗതി. പിന്നെപ്പിന്നെ അതിന്റെ വേഗം വർദ്ധിച്ചു. മലകളും കാടുകളും നാടുകളും കടന്നപ്പോഴോ? വേഗം വളരെക്കൂടി. അലയും നുരയും പതയും!

അങ്ങനെ ഹിമവാന്റെ പാർശ്വത്തിൽ ചെന്നെത്തി.

അവിടെവച്ച് ഒരു അത്ഭുതമുണ്ടായി. കാത്തുനില്ക്കുകയായിരുന്നു ശിവൻ. ഗംഗ വന്നപ്പോൾ ശിവൻ എന്തു ചെയ്തുവെന്നോ? ശിരസ്സിലെ ജടവീതിച്ച് അതിനുള്ളിൽ ഗംഗയെ ധരിച്ചു. ഗംഗ ജടയ്ക്കുള്ളിൽ കുടുങ്ങിപ്പോയി!

അതൊന്നും മുമ്പേ പോകുന്ന ഭഗീരഥൻ അറിഞ്ഞില്ല. ഗംഗ പിറകിലൂടെ വരുന്നുണ്ട് എന്നായിരുന്നു വിചാരം. കുറെക്കഴിഞ്ഞ് അദ്ദേഹം ഒന്നു തിരിഞ്ഞുനോക്കി. ഗംഗയെ കാണാനില്ല! ആരോ ആനന്ദനൃത്തം ചെയ്യുന്നു. മറ്റാരുമല്ല, ശിവൻ! ഭഗവാന്റെ ജടയിൽ ഒരു ശബ്ദം കേൾക്കപ്പെടുന്നു. അതിനുള്ളിൽ ഗംഗാജലം തുളുമ്പുന്നതിന്റെ ശബ്ദം!

ഭഗീരഥനു കാര്യം മനസ്സിലായി. അദ്ദേഹം വീണ്ടും ശംഖൂതി. ഗംഗയെ ജടക്കെട്ടിൽനിന്നും പുറത്തു വരുത്തണം. അതിനായിരുന്നു ശംഖനാദം. അതു

കേട്ടപ്പോൾ ഗംഗ പുറത്തു ചാടാൻ ഉദ്യമിച്ചു. അങ്ങോട്ടൊഴുകി, ഇങ്ങോട്ടൊഴുകി പല ദിക്കിലേക്കും ഒഴുകി. എന്നിട്ടും ഒരു വഴിയും കണ്ടെത്തിയില്ല. അത്ര ഇടതൂർന്നു കിടക്കുകയാണ് ശിവന്റെ ജട. അതിനുള്ളിൽ ഗംഗാദേവി ബന്ധനസ്ഥയായിരിക്കുന്നു!

ശിവന്റെ ആനന്ദനൃത്തം അങ്ങനെ തുടരുകയാണ്. ഒരു വർഷം കാത്തിരുന്നു ഭഗീരഥനും ഗംഗയും. എന്നിട്ടും ഭഗവാന്റെ നൃത്തം അവസാനിക്കുന്ന മട്ടില്ല. അപ്പോൾ ഭഗീരഥൻ ഭഗവാന്റെ മുമ്പിൽച്ചെന്നു നമസ്കരിച്ചു. എന്നിട്ടു പറഞ്ഞു:

'ഭഗവാനേ, ഞാൻ ഗംഗയെ എന്തിനു കൊണ്ടുവരുന്നു? അക്കാര്യം മുമ്പേ ഭഗവാനോടു പറഞ്ഞിട്ടുണ്ട്. എന്നിട്ട് അവിടുന്നുതന്നെ തടഞ്ഞുനിർത്തിയാൽ എനിക്ക് എന്തു ഗതി? ദയവുണ്ടായി ഗംഗയെ വിട്ടുതരണേ!'

ശിവൻ അരുളിച്ചെയ്തു:

'ഭഗീരഥാ, നീ അല്പദിവസം ക്ഷമിച്ചിരിക്കണം. ജ്യേഷ്ഠമാനം, ശുക്ല പക്ഷം, ദശമിതിഥി, അത്തം നക്ഷത്രം, കുജവാരം—അവയെല്ലാം ചേരുന്ന ദിവസംവരും. അന്നു ഞാൻ ഗംഗയെ വിട്ടുതരാം.'

രാജാവ് കുറെ ദിവസം കാത്തുനിന്നു. അപ്പോൾ ശിവൻ സൂചിപ്പിച്ച ദിവസമായി. ഭഗീരഥൻ ഒന്നും കൂടി ശംഖൊലി മുഴക്കി. ഗംഗാദേവി വീണ്ടും ജടയുടെ പുറത്തു ചാടാൻ ഉദ്യമിച്ചു. പക്ഷേ, അനുവേം പഴയപോലെതന്നെ. യാതൊരു പഴുതും കണ്ടുകിട്ടിയില്ല.

ദേവി പരിഭവിച്ചു:

'ഭഗവാനേ, ഞാൻ ഭഗീരഥനെ സഹായിക്കാനാണു വന്നത്. ആദ്യമെ അവിടുത്തെ അനുവാദം ചോദിച്ചിരുന്നു; അവിടുന്ന് അനുവാദം തരികയുമുണ്ടായി. എന്നിട്ടിപ്പോൾ അവിടുന്ന് എന്തിന് എന്നെ പിടിച്ചിട്ടിരിക്കുന്നു. അവിടുത്തേക്ക് ഇഷ്ടമാണെങ്കിൽ ഞാൻ പോകാം. ഇഷ്ടമില്ലെങ്കിൽ പോകുന്നുമില്ല. എന്നെ എന്തിന് ഇങ്ങനെ കഷ്ടപ്പെടുത്തുന്നു?'

അപ്പോൾ ശിവൻ എന്തു ചെയ്തു? കൈ വിതറിക്കൊണ്ടു ജടയുടെ ഒരു ഭാഗം അല്പം വിടർത്തി. ആ വിടവിലൂടെ ഗംഗ പുറത്തേക്ക് ഒഴുകി. നിലത്തിറങ്ങി ഭഗീരഥന്റെ പുറകെ പോയി; മുമ്പത്തെപ്പോലെ.

അത്രയും ഹിമവാന്റെ പാർശ്വത്തിലാണല്ലൊ നടന്നത്. വിവരം അറിഞ്ഞ് ഹിമവാനും മേനയും വന്നെത്തി. പ്രിയപ്പെട്ട പുത്രിയെ വീണ്ടും കാണണം. അതിൽപ്പരം ഒരു സന്തോഷം എന്തുള്ളൂ?

മാതാപിതാക്കന്മാരെ വന്ദിച്ചിട്ട് ഗംഗ തന്റെ ഗതി തുടരുകയായി.

അങ്ങനെ അവർ ഹരിദ്വാരത്തിൽ എത്തിച്ചേർന്നു—ഭഗീരഥൻ മുന്നിലും ഗംഗ പിന്നിലും.

ഹരിദ്വാരത്തിൽ പലയിടങ്ങളിലായി തപസ്സുചെയ്യുകയാണ് സപ്തർഷികൾ. ഗംഗാദേവി വന്നിരിക്കുന്ന വിവരം സപ്തർഷികൾക്ക് അറിവായി. ശംഖധ്വനി കേട്ടാൽ ഗംഗാദേവി പ്രസാദിക്കും എന്ന് അവർക്കറിയാം. അവർ അതാതു സ്ഥാനങ്ങളിലിരുന്നു ശംഖധ്വനി മുഴക്കി. അത് ഗംഗ കേട്ടപ്പോൾ എന്തുണ്ടായി? ഏഴു ധാരകളായി പിരിഞ്ഞു. ഏഴ് ഋഷികളുടെയും മുമ്പിലെത്തി; എല്ലാവരുടെയും പൂജകൾ സ്വീകരിച്ചു. പിന്നീട് ഏഴു ധാരകളും ഒന്നായി. ആ രൂപത്തിൽ പ്രയാഗയിൽ ചെന്നു. അവിടെവച്ച് കാളിന്ദിയോടു സമ്മേളിച്ചു—മാത്രമല്ല, സരസ്വതിയോടും. അതിനുശേഷം കിഴക്കു ദിക്കി

ലേക്കു യാത്രയായി. കാശിയിൽചെന്ന് കാശി വിശ്വനാഥനെ വന്ദിക്കാനായിട്ട്!

തള്ളിച്ചയോടുകൂടി തുള്ളിക്കൊണ്ടാണ് ഗംഗ കാശിയിൽ പ്രവേശിച്ചത്.

ഭൈരവന് അതു കണ്ടിട്ട് അത്ര പിടിച്ചില്ല. കാശിക്ഷേത്രം പാലിക്കുന്നത് ഭൈരവനാണ്. ആ ഭയങ്കരസത്വം ആയുധങ്ങൾ കൈക്കലാക്കി. എന്നിട്ട് ഗംഗയുടെ വഴി ചെറുത്തു.

'ജലരൂപത്തിൽ വരുന്ന നീ ആരാണ്? എവിടന്ന് എന്തിനു വരുന്നു? കണ്ടിട്ട് അഹങ്കാരം കൂറച്ചൊന്നുമല്ല എന്നു തോന്നുന്നല്ലൊ! ഇത് ശ്രീപരമേശ്വരന്റെ കാശീക്ഷേത്രമാണ് എന്നു നീ അറിഞ്ഞില്ലെന്നുണ്ടോ? ക്ഷേത്രപാലകനായ ഭൈരവനാണ് ഞാൻ, പറഞ്ഞേക്കാം!'

ഗംഗാദേവി പുഞ്ചിരിതൂകി:

'ഭൈരവാ, നീ ഒരു ധിക്കാരിയാണ്. നീ നിന്നെ എനിക്കു മനസ്സിലാക്കിത്തന്നു, ഇല്ലേ? എന്നാൽ, ഞാൻ എന്നെ നിനക്കു മനസ്സിലാക്കിത്തരാം. ഭഗവാൻ ശിവന്റെ പത്നിയായ ഗംഗയാണു ഞാൻ. വന്നത് ഭഗവാനെ വന്ദിക്കാനും. നീ എന്നെ തടയും, അല്ലേ? ശരി, തടഞ്ഞോ!'

ഒരേ ഒരു നിമിഷം—അതിനുള്ളിൽ കാര്യം നടന്നു. ഭൈരവൻ ആകെ സ്തംഭിച്ചുപോയി. ഒരു ചെറുവിൽപോലും ഇളക്കാൻ വയ്യ!

ഗംഗാദേവി ഭഗവാനെ ദർശിച്ചു. എന്നിട്ട് കാമഹീതത്തിലേക്കു യാത്രയായി. ഒന്നിച്ച് ഭഗീരഥനും.

ഒരിടത്ത് ജഹ്നു എന്ന മഹർഷിയുടെ ആശ്രമമുണ്ട്. ഗംഗ ആ വഴിക്കു വരുന്നുണ്ട്—ആ വിവരം ദിവ്യശക്തിയുള്ള ജഹ്നുവിന് അറിവായി. അദ്ദേഹം ശംഖമെടുത്ത് ഒന്ന് ഊതി. അതു കേട്ട് ഗംഗ മഹർഷിയുടെ ആശ്രമത്തിലേക്കു തിരിഞ്ഞു. ഭഗീരഥന് അതത്ര ഇഷ്ടമായില്ല. ശംഖൊലി പുറപ്പെടുന്ന ദിക്കുകളിലേക്കെല്ലാം ഗംഗാദേവി ചെന്നാലോ? തന്റെ കാര്യമാകെ കുഴപ്പത്തിലായി എന്നുവരാം. കഴിയുന്നത്ര വേഗം ഗംഗയെക്കൊണ്ടു ചെന്ന് അവിടെ എത്തിക്കണം—അതായത്, പിതൃക്കളുടെ ശരീരങ്ങൾ ഭസ്മമായി കിടക്കുന്ന സ്ഥലത്ത്. ആ നിശ്ചയത്തോടെ ഭഗീരഥൻ തന്റെ ശംഖ് ഊതി. അപ്പോൾ ഗംഗ ആ ദിക്കിലേക്കു തിരിഞ്ഞു. ജഹ്നുവുണ്ടോ വിട്ടുകൊടുക്കുന്നു? മഹർഷി വീണ്ടും ശംഖുതി. അതോ, തുടർച്ചയായി പല പ്രാവശ്യവും. ഗംഗയ്ക്ക് അതൊരു ശല്യമായി തോന്നി. ജഹ്നുവിനോട് അമർഷവും ഉണ്ടായി. മഹർഷിയുടെ ആശ്രമത്തെ വെള്ളത്തിൽ മുക്കുകതന്നെ—അതായി ഗംഗയുടെ നിശ്ചയം. ദേവി ആർത്തിരമ്പിക്കൊണ്ട് ആശ്രമത്തിന്റെ നേർക്ക് ഒഴുകി. പക്ഷേ, ദേവിക്ക് ജഹ്നുവിന്റെ ദിവ്യത്വം മനസ്സിലായിരുന്നില്ല. അദ്ദേഹം ഒരു അദ്ഭുതവിദ്യ പ്രയോഗിച്ചു. അതായത്, ഗംഗാജലം മുഴുവനും തന്റെ ഉള്ളം കൈയിൽ ഒതുക്കി അതിനെ കുടിക്കുകയുംചെയ്തു. ഗംഗയുടെ ഒരു ഒറ്റത്തുള്ളിവെള്ളം പുറമേ കാണാനില്ല. എല്ലാം മഹർഷിയുടെ അകത്തായിപ്പോയി!

'ഹാ! ഹാ!' എന്ന നിലവിളികൾ! ആകാശത്തു കണ്ടുനിന്ന ദിവ്യവർഗക്കാരാണു നിലവിളിച്ചത്. ഭൂമീദേവിയുടെ മുഖം മ്ലാനമായി. ദിക്കുകൾ പത്തും ഇരുണ്ടുകൂടി. സൂര്യന്റെ പ്രഭയ്ക്കുപോലും മങ്ങലുണ്ടായി.

ഭഗീരഥൻ കരഞ്ഞുതുടങ്ങി. എത്രമാത്രം കഷ്ടപ്പെട്ടിട്ടാണ് ഗംഗയെ കൊണ്ടുവന്നത്! എന്നിട്ടിപ്പോൾ ഗംഗ ഒരു മഹർഷിയുടെ ഉള്ളിലായി. താൻ ഇനി എന്തു ചെയ്യും?

ഗംഗാദേവി ജഹ്നുവിന്റെ അകത്തിരുന്ന് കരച്ചിൽ കേട്ടു.

ദേവി പറഞ്ഞു:

'ഭഗീരഥാ, മായന്മാരെപ്പോലെ കരയുകയാണ്, അല്ലേ? എന്നെ കൂടിക്കാൻ ആർക്കെങ്കിലും സാധിക്കുമോ? അങ്ങ് മുമ്പത്തെപ്പോലെ ശംഖുതു. അപ്പോൾ എന്തു നടക്കുമെന്നു കാണാം!'

ഉടൻതന്നെ ഭഗീരഥൻ ശംഖധ്വനി മുഴക്കി. ഗംഗാദേവി ജഹ്നുവിന്റെ കാൽമുട്ടു ഭേദിച്ചു. അതിലൂടെ പുറത്തുചാടി. അപ്പോൾ മഹർഷിക്ക് ഗംഗയുടെ മാഹാത്മ്യം മനസ്സിലായി. ഭഗവാൻ ശിവന്റെ പ്രിയപത്നിയല്ലേ? മഹർഷി ഗംഗയെ ഭക്തിപൂർവ്വം പൂജിച്ചു.

ഗംഗാദേവി പ്രസാദിച്ചു പറഞ്ഞു:

'മഹർഷേ, അവിടുത്തെ ശരീരത്തിൽനിന്ന് ഞാൻ ഇപ്പോൾ ഉത്ഭവിച്ചുവല്ലോ. അവിടുത്തേക്ക് ഇനി എന്റെ പിതാവിന്റെ സ്ഥാനമുണ്ടായിരിക്കും. ജഹ്നുവിന്റെ പുത്രിയായിരിക്കുന്ന ഞാൻ ജാഹ്നവി എന്നും അറിയപ്പെടും!'

ദേവി ഭഗീരഥന്റെ നേർക്കു തിരിഞ്ഞു:

'ഞാൻ കാമപീഠത്തിലേക്കു പോകാതെന്നു കരുതി. അപ്പോഴാണ് ഈ അനർത്ഥങ്ങളൊക്കെ സംഭവിച്ചത്. ഇനി ഞാൻ അങ്ങോട്ടു പോകുന്നില്ല. അങ്ങയുടെകൂടെ വരുന്നതേയുള്ളു.'

വീണ്ടും അവർ യാത്രയായി.

അധികദൂരം കഴിഞ്ഞില്ല. അപ്പോഴേക്കും ഭഗീരഥന് അതിയായ ക്ഷീണമുണ്ടായി—മാത്രമല്ല, തേരാളിക്കും കുതിരകൾക്കും. കുറേനേരം വിശ്രമിക്കുകതന്നെ. അതായി രാജാവിന്റെ നിശ്ചയം.

അതാ കേൾക്കുമാറാകുന്നു മറ്റൊരു ശംഖസ്വനം!

പത്മ എന്നൊരു പുത്രിയുണ്ട് ജഹ്നുവിന്. ജാഹ്നവി ആയിട്ടുള്ള ഗംഗയെ ഒന്നു കാണണം. ആ ആഗ്രഹമുണ്ടായി പത്മയ്ക്ക്. തന്റെ സഹോദരിയാണല്ലോ ഗംഗ ഇപ്പോൾ. പത്മ ശംഖൊലിത്ത് ഊതുകയുംചെയ്തു.

ശംഖസ്വനം പുറപ്പെട്ട ദിക്കു നോക്കി ഗംഗ ഒഴുകിത്തുടങ്ങി. അതു കണ്ടപ്പോൾ ഭഗീരഥൻ വീണ്ടും വ്യാകുലനായി. അദ്ദേഹം തന്റെയും തേരാളിയുടെയും കുതിരകളുടെയും ക്ഷീണം അവഗണിച്ചു. എന്നിട്ട് വീണ്ടും ശംഖൊലിത്ത് ഊതി. അതു കേട്ടപ്പോൾ ഗംഗ എന്തു ചെയ്തു? പത്മയുടെ നേർക്കുള്ള ഒഴുക്കു മതിയാക്കി ഭഗീരഥന്റെ അടുക്കലെത്തി.

പത്മ ചൊടിച്ച് തന്നോടായി പറഞ്ഞു:

'കണ്ടില്ലേ ഗംഗയുടെ പെരുമാറ്റം? ആട്ടെ, ഞാനും നദിയായി ഒഴുകും!'

അങ്ങനെ പത്മ സ്വയം നദിയായി. ആ നദി കിഴക്കോട്ട് ഒഴുകി സമുദ്രത്തിൽ ചെന്നുചേർന്നു.

ഗംഗയാകട്ടെ, തെക്കോട്ടുള്ള ഗതി തുടർന്നു. അവസാനം സമുദ്രതീരത്തിലെത്തി. പിന്നെ സമുദ്രത്തിൽ പ്രവേശിച്ചു. അവിടന്ന് പാതാളത്തിലേക്കിറങ്ങി.

ആ വിവരം കപിലമഹർഷിക്ക് അറിവായി.

മഹർഷി വന്ന് ഗംഗയെ വന്ദിച്ചു.

ഗംഗ ചോദിച്ചു:

'മഹർഷേ, എവിടെയാണ് സഗരപുത്രന്മാർ ചാമ്പലായി കിടക്കുന്നത്?'

കപിലൻ ഗംഗയെയും ഭഗീരഥനെയും അവിടേക്കു കൂട്ടിക്കൊണ്ടുപോയി. ഗംഗയുടെ പാവനമായ ജലം ചാമ്പൽക്കൂമ്പാരത്തെ സ്പർശിച്ചു. അതോടെ സഗരപുത്രന്മാർ പരഗതി നേടി.

ഭഗീരഥൻ സ്വരാജ്യത്തേക്കു മടങ്ങിപ്പോയി.

(ദേവീപുരാണം)

രുഗ്മാംഗദൻ

അയോധ്യയിലെ രാജാവാണ് രുഗ്മാംഗദൻ. അദ്ദേഹം വിഷ്ണുഭക്തന്മാരിൽ മുമ്പനാണ്. അക്കാര്യം എല്ലാവർക്കും അറിയാം.

പുണ്യദിവസമാണല്ലോ ഏകാദശി. ചില വിധികൾ ഏകാദശിക്കുണ്ട്. അവയിൽ ഒന്നാണ് ഉപവാസം. രുഗ്മാംഗദൻ വിധിപോലെ ഏകാദശി അനുഷ്ഠിച്ചുപോന്നു.

സന്ധ്യാവലിയാണ് രുഗ്മാംഗദന്റെ പട്ടമഹിഷി. അവർക്കൊരു പുത്രനുണ്ട്, ധർമാംഗദൻ. എല്ലാ വിധത്തിലും പിതാവിനു യോജിച്ച പുത്രൻ.

താൻ മാത്രം ഏകാദശി നോറ്റാൽ പോര, എല്ലാ പ്രജകളും അപ്രകാരം ചെയ്യണം—അതായിരുന്നു രുഗ്മാംഗദന്റെ നിശ്ചയം. അതനുസരിച്ചു പ്രജകളെല്ലാം.

ഇടയ്ക്കിടയ്ക്ക് അവരിൽ ചിലരൊക്കെ മരിക്കാറുണ്ട്. എവിടേക്കാണ് അവർ മരണശേഷം പോകുന്നത്? വിഷ്ണുലോകത്തിലേക്ക്. ഏകാദശിവ്രതം നോറ്റവരാണല്ലോ അവർ. അക്കാരണത്താൽ അവർക്കു പുണ്യം ലഭിച്ചിരുന്നു. പുണ്യത്തിന്റെ ഫലമാണ് വിഷ്ണുലോകത്തിലുള്ള വാസം.

സാധാരണയായി അധികം മനുഷ്യരും പാപംചെയ്യുന്നവരാണ്. അവർ മരിച്ചാൽ ചെന്നെത്തുന്നത് യമലോകത്തിലും. യമന് ഒരു സഹായിയുണ്ട്, ചിത്രഗുപ്തൻ. ആളുകളുടെ പാപങ്ങളും പുണ്യങ്ങളും ചിത്രഗുപ്തൻ എഴുതിവയ്ക്കും. കണക്കുകൾ യമനെ ബോദ്ധ്യപ്പെടുത്തും. യമൻ ഓരോരോ ശിക്ഷകൾ നിശ്ചയിക്കും. ഫലമായി പാപികൾ ഓരോരോ നരകത്തിലേക്കു പോകും.

എന്നാൽ, ഇപ്പോൾ അസാധാരണമായ സ്ഥിതിയായിരിക്കുന്നു. മരിച്ചവരാരും യമലോകത്തിലേക്കു പോകുന്നില്ല. എല്ലാവരും പോകുന്നത് വിഷ്ണുലോകത്തിലേക്കാണ്. അപ്പോൾ ചിത്രഗുപ്തന്റെ കാര്യം എന്തായി? അദ്ദേഹത്തിന് കണക്കെഴുത്തുജോലി ഇല്ലെന്നായി. യമന് ശിക്ഷ നിശ്ചയിക്കുന്ന ജോലിയും ഇല്ലെന്നായി!

യമലോകത്തിലെ അവസ്ഥതന്നെയായി സ്വർഗലോകത്തിലും. അന്നുവരെ ചില മനുഷ്യർ മരിച്ചതിൽപിന്നെ സ്വർഗലോകത്തു ചെന്നിരുന്നു. യജ്ഞങ്ങൾ, പൂജകൾ, സത്കർമങ്ങൾ—അവയൊക്കെ ചെയ്തതിന്റെ സത് ഫലമാണ് സ്വർഗവാസം. ഇപ്പോൾ മനുഷ്യരാരും യജ്ഞങ്ങളും പൂജകളും ചെയ്യാറില്ല. അതേസമയം എല്ലാവരും ഏകാദശിവ്രതം നോല്ക്കുകയാണ്.

ഏകാദശിവ്രതത്തിന്റെ ഫലമായി പോകുന്നത് വിഷ്ണുലോകത്തിലും. സ്വർഗലോകത്തെക്കാൾ എത്ര പുണ്യലോകമാണ് വിഷ്ണുലോകം!

യമനും ചിത്രഗുപ്തനും ജോലിയില്ലാതെ മുഷിഞ്ഞു.

ഈ നില തുടർന്നുപോയാലോ? തങ്ങൾക്ക് ഇനി ഒരിക്കലും ജോലിയുണ്ടാവില്ല. അക്കാര്യം ഇരുവർക്കും തീർച്ചയായി.

ഒരിക്കൽ നാരദൻ യമലോകത്തു ചെന്നു. എല്ലായിടവും ചുറ്റിനടന്നു പരിശോധിച്ചു. അതിനുശേഷം യമനെ ചെന്നു കണ്ടു.

മഹർഷി പറഞ്ഞു:

'യമദേവാ, ഇവിടെ വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു. നരകവേദന അനുഭവിക്കുന്നവരുടെ മുറവിളികൾ കേൾക്കാനില്ല. അക്കൂട്ടത്തിൽപ്പെട്ട ഒരുവനെപ്പോലും കാണാനുമില്ല. ശിക്ഷിക്കുന്ന യമകിങ്കരന്മാരുടെ പൊടിപോലുമില്ല. ഒരിടത്തും അനക്കവുമില്ല, ഒച്ചയുമില്ല. എന്താണ് ഇങ്ങനെ വരാൻ കാരണം?'

യമൻ വാസ്തവം അറിയിച്ചു:

'മഹർഷേ, ഭൂലോകത്തെ അയോദ്ധ്യയിൽ മൃഗാംഗദൻ എന്ന രാജാവുണ്ട്. അവനാണ് ഇതിനൊക്കെ കാരണക്കാരൻ. അവനും പ്രജകളും നിയമേന ഏകാദശിവ്രതം അനുഷ്ഠിക്കുന്നു. മരിക്കുന്നവർ നേരെ വിഷ്ണുലോകത്തേക്കു പോകുന്നു. എന്റെ ലോകത്ത് ആരും എത്തിനോക്കുന്നുപോലുമില്ല. എനിക്കും ചിത്രഗുപ്തനും കിങ്കരന്മാർക്കും ജോലിയില്ല. എല്ലാവരും വെറുതെയിരുന്നു മുഷിയുന്നു. ബ്രഹ്മദേവനെ കണ്ടു പരാതി പറയണമെന്നുണ്ട്. അങ്ങ് ബ്രഹ്മദേവന്റെ പുത്രനാണല്ലോ. എന്നോടുകൂടി അങ്ങും വരണം.'

നാരദന് സമ്മതമായി. യമനും ചിത്രഗുപ്തനും മഹർഷിയോടൊന്നിച്ചു പുറപ്പാടായി. ബ്രഹ്മലോകത്തിൽ എത്തിയപ്പോഴോ? ബ്രഹ്മസഭ നിറഞ്ഞിരിക്കുന്നു. യമനും നാരദനും ചിത്രഗുപ്തനും വരുന്നത് സഹോവാസികൾ കണ്ടു. എന്താണ് യമന്റെയും ചിത്രഗുപ്തന്റെയും മുഖങ്ങളിൽ ഒരു ക്ലാനത? അതവർക്ക് മനസ്സിലായില്ല.

യമൻ ബ്രഹ്മാവിനെ വന്ദിച്ചു. വന്ന കാര്യം വിസ്തരിച്ചു. ഒരു അഭിപ്രായവും ഉന്നയിച്ചു:

'ബ്രഹ്മദേവാ, എന്റെ സ്ഥിതി പരിതാപകരമാണ്. അതിനു വ്യത്യാസം വരണമെങ്കിൽ ഒരു ഉപായമേയുള്ളൂ. മൃഗാംഗദനെക്കൊണ്ട് ഏകാദശിവ്രതം മുടക്കിക്കണം. അവൻ ആ വ്രതത്തിൽ ഉപവാസം അനുഷ്ഠിച്ചുവരുന്നു. അല്പമെങ്കിലും ഭക്ഷണം അവൻ കഴിച്ചാലോ? വ്രതം മുടങ്ങും. അപ്പോൾ പ്രജകളുടെ വ്രതവും മുടങ്ങും. അവർക്കു പിന്നെ വിഷ്ണുലോകത്തിൽ പ്രവേശനം ഉണ്ടാവുകയില്ല. എല്ലാവരും എന്റെ ലോകത്തിലേക്കു വരും. എല്ലാം മുമ്പത്തെപ്പോലെ ആവുകയുംചെയ്യും.'

ആ അഭിപ്രായത്തോട് ബ്രഹ്മാവ് ആദ്യം യോജിച്ചില്ല.

'യമാ, മൃഗാംഗദൻ ധന്യനാണ്, പുണ്യശാലിയാണ്. അവൻ അങ്ങയെ വിരോധിച്ചില്ല. അങ്ങയുടെ ഭൃത്യന്മാരെ അടിച്ചോടിച്ചില്ല. അങ്ങയുടെ പുരത്തെ ആക്രമിച്ചില്ല. അങ്ങയുടെ വസ്തുവകകൾ അപഹരിച്ചില്ല. അവൻ വിഷ്ണുഭക്തിയോടുകൂടി ഏകാദശിവ്രതം അനുഷ്ഠിക്കുന്നു. അവന്റെ പ്രജകൾ അവനെ അനുകരിക്കുന്നു. അവർ അങ്ങനെ ചെയ്തോട്ടെ.'

യമൻ വിയോജിച്ചു:

'ബ്രഹ്മദേവാ, ഇനിയുള്ള കാലമെല്ലാം ഈ സ്ഥിതി തുടർന്നാൽ എന്താകും? എല്ലായ്പോഴും എല്ലാവരും വിഷ്ണുലോകത്തേക്കു പോകും. അവർക്കു പിന്നെ ജനനമേ ഉണ്ടാവുകയില്ല. അങ്ങനെയായാൽ അവിടുത്തെ സൃഷ്ടികൊണ്ടെന്തു ഫലം? സൃഷ്ടിയാണല്ലോ അവിടുത്തെ ചുമതല. എനിക്ക് ഇപ്പോൾ സംഹരിക്കാൻ സാധിക്കുന്നില്ല. താമസിയാതെ അവിടുത്തേക്ക് സൃഷ്ടിക്കാനും സാധിക്കുകയില്ല. അപ്പോൾ എനിക്കെന്നപോലെ അവിടുത്തേക്കും ജോലി ഇല്ലാതെ വരും.'

നാരദൻ ഇടയ്ക്കു കയറി പറഞ്ഞു:

'അച്ഛാ, യമൻ പറയുന്നതിൽ കാര്യമുണ്ട്. വല്ലവിധവും മുഗ്മാംഗദനെക്കൊണ്ട് ഏകാദശിദിവസം ഭക്ഷിപ്പിക്കണം. അങ്ങനെ അവന്റെ വ്രതം വിഫലിപ്പെടുത്തണം. അതിനുള്ള വഴി ആലോചിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം വലിയ തകരാറാവും.'

അത്രയും ആയപ്പോൾ ബ്രഹ്മാവിന്റെ നിശ്ചയത്തിന് ഇളക്കമുണ്ടായി. ഭഗവാൻ ചിലതെല്ലാം ആലോചിച്ചുറച്ചു. ആദ്യത്തെ പടിയായി മനസ്സുകൊണ്ട് ഒരു സൃഷ്ടി നടത്തി. എന്തിനെയെന്നോ? ഒരു സുന്ദരിയെ!

ഇന്ദ്രനീലത്തെക്കാൾ നീലനിറം കലർന്ന തലമുടിച്ചുരുളുകൾ. ചന്ദ്രബിംബത്തെക്കാൾ മനോഹരമായ മുഖം. പൂനിലാവിനെക്കാൾ ഹൃദ്യമായ മന്ദഹാസം. വർണശോഭ നിറഞ്ഞ ദിവ്യവസ്ത്രങ്ങൾ. പ്രകാശം ചൊരിയുന്ന ദിവ്യാഭരണങ്ങൾ. എന്തിനു പറയുന്നു—അവളുടെ കാന്തിയാകുന്ന സമുദ്രത്തിൽ സദസ്യരാകെ മുങ്ങിപ്പോയി!

അവൾ ബ്രഹ്മാവിന്റെ മാനസപുത്രി ആയിരുന്നു.

പിതാവിനോട് അവൾ ചോദിച്ചു:

ഞാൻ അവിടുത്തേക്കുവേണ്ടി എന്താണ് ചെയ്യേണ്ടത്?'

ബ്രഹ്മാവ് മുഗ്മാംഗദന്റെ സമ്പൂർണ വിവരങ്ങൾ അറിയിച്ചിട്ടു പറഞ്ഞു:

'നീ മുഗ്മാംഗദന്റെ ഏകാദശിവ്രതം മുടക്കണം. അതിനൊരു വഴി ഞാൻ പറഞ്ഞുതരാം. നീ മന്ദരപർവ്വതത്തിലേക്കു ചെല്ലണം. അവിടെയിരുന്ന് വീണ വായിക്കുകയും പാടുകയുംചെയ്യണം. അത് അവിടെ വരുന്ന മുഗ്മാംഗദൻ കേൾക്കാനിടയാകും. അവൻ നിന്നെ വന്നു കാണും. നിന്റെ അഴകിന് അടിപ്പെടുകയും ചെയ്യും. നീ ഭാര്യയാകണം എന്ന് അവൻ അപേക്ഷിക്കും. നിനക്കു വരങ്ങൾ തരാം എന്ന കരാറിന്മേൽ നീ സമ്മതിക്കണം. അവൻ ആ കരാർ സ്വീകരിക്കാതിരിക്കില്ല. തക്കസമയം വരുമ്പോൾ നീ രണ്ടു വരങ്ങൾ ചോദിക്കണം. ഒന്ന്, അവൻ ഏകാദശിനാളിൽ ഭക്ഷണം കഴിക്കണം. അതിനു നിവൃത്തിയില്ല എന്ന് അവൻ പറഞ്ഞാലോ? നീ രണ്ടാമത്തെ വരം ചോദിക്കണം—അതായത്, അവൻ ധർമ്മാംഗദന്റെ കഴുത്തു വെട്ടണം എന്ന്. അത് മുഗ്മാംഗദൻ ചെയ്യാനിടയില്ല. അതിനെക്കാൾ ഭേദമാണല്ലോ ഏകാദശിനാളിൽ ഭക്ഷണം കഴിക്കുക. അങ്ങനെയായാൽ അവന് വ്രതഭംഗം നേരിടും. അതാണ് നമുക്കു വേണ്ടതും. അതോടെ യമന്റെ കാര്യം സാധിക്കും.'

സുന്ദരി ഒന്ന് ഓർമ്മപ്പെടുത്തി:

'അച്ഛാ, ഞാൻ അതെല്ലാം ചെയ്തുകൊള്ളാം. പക്ഷേ, എനിക്കു പേരില്ലല്ലോ.'

ബ്രഹ്മാവു പറഞ്ഞു:

'മകളേ, ഞാൻ നിനക്ക് മോഹിനി എന്ന പേരുനല്കുന്നു. ഇനി ഭൂലോകത്തേക്കു പൊയ്ക്കൊള്ളൂ.'

കാലതാമസം കൂടാതെ മോഹിനി മന്ദരപർവതത്തിൽ ചെന്നിറങ്ങി. അവിടെ ഏറ്റവും മനോഹരമായ ഒരു സ്ഥലം കണ്ടെത്തി. മുദ്ഗാംഗദനെ പ്രതീക്ഷിച്ചുകൊണ്ട് ആ സ്ഥലത്ത് ഇരിപ്പുമായി.

മുദ്ഗാംഗദൻ എന്തു ചെയ്യുകയായിരുന്നു?

രാജാവിന് ഒരു ആഗ്രഹമുണ്ടായി. വേട്ടയ്ക്കായി കാട്ടിലേക്കു പോകണം. ചില തീർത്ഥങ്ങളിൽ സ്നാനം ചെയ്യണം. കൂറെ മുനിമാരെ സന്ദർശിക്കണം. കൂട്ടത്തിൽ മന്ദരപർവതവും ചെന്നുകാണണം.

അദ്ദേഹം ധർമ്മാംഗദന് ഒരു നിർദ്ദേശം നല്കി. താൻ വരുവോളം രാജ്യം ഭരിച്ചുകൊള്ളണം എന്ന്. അതിനു ശേഷം അദ്ദേഹം കുതിരപ്പുറത്തു കയറി രാജധാനിയിൽനിന്നു യാത്രയായി.

വളരെ ദൂരം സഞ്ചരിച്ചശേഷം അദ്ദേഹം ഒരു വനത്തിലെത്തി. ആ വനത്തിൽ ദിവ്യനായ ഒരു മഹർഷിയുടെ ആശ്രമം കണ്ടു. വാമദേവൻ എന്നാണ് ആ മഹർഷിയുടെ പേര്. മുദ്ഗാംഗദൻ കുതിരയെ ഒരിടത്തു നിറുത്തി. എന്നിട്ട് ആശ്രമത്തിൽ ചെന്നു. മഹർഷിയെ ഭക്തിയോടെ പ്രണമിച്ചു.

വാമദേവൻ രാജാവിനെ സ്വീകരിച്ചിരുത്തി:

'രാജൻ, അങ്ങ് വിഷ്ണുഭക്തരിൽ മുമ്പനാണ്. അക്കാര്യം എനിക്കറിയാം. അങ്ങയെ കാണാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഞാൻ അങ്ങേക്ക് സർവമംഗളങ്ങളും നേരുന്നു. എന്താണ് ഞാൻ അങ്ങേക്കു തരേണ്ടത്?'

ത്രികാലജ്ഞനാണ് വാമദേവൻ. മുദ്ഗാംഗദന് അതറിയാം. മഹർഷിയിൽനിന്ന് ഒരു വിവരം അറിയണം. അതായിരുന്നു രാജാവിന്റെ ആഗ്രഹം. അദ്ദേഹം വാമദേവനെ ആഗ്രഹം അറിയിച്ചു:

'മഹർഷേ, എനിക്ക് എല്ലാ സൗഭാഗ്യങ്ങളുമുണ്ട്. വിശാലമായ ഒരു സാമ്രാജ്യം എന്റെ അധീനതയിലാണ്. എനിക്കു പതിവ്രതയായ പത്നിയും ഉത്തമനായ പുത്രനുമുണ്ട്. എന്റെ ഭണ്ഡാരത്തിൽ അളവില്ലാത്ത സമ്പത്തുകൾ നിറഞ്ഞിരിക്കുന്നു. എനിക്ക് ആധിയില്ല, വ്യാധിയില്ല. എല്ലാറ്റിനും ഉപരിയായി ഞാൻ വിഷ്ണുഭക്തനുമാണ്. ഇതെല്ലാം എന്റെ പരമഭാഗ്യമായി ഞാൻ കരുതുന്നു. കഴിഞ്ഞ ജന്മത്തിൽ ഞാൻ എന്തോ സുകൃതംചെയ്തിരിക്കണം. എന്തായിരുന്നു ആ സുകൃതം? ദൈവജ്ഞനായ അവിടുന്ന് പറഞ്ഞുതരണം.'

മഹർഷി വിസ്തരിച്ച് അറിയിച്ചു:

'കഴിഞ്ഞ ജന്മത്തിൽ മുദ്ഗാംഗദൻ ഒരു ശൂദ്രനായിരുന്നു. അയാൾ ഒരു ദുഷ്സ്ത്രീയുടെ ഭർത്താവായി. കൈയിലുള്ള പണമെല്ലാം അവൾക്കുവേണ്ടി ചെലവാക്കി. ഒരൊറ്റ കാൾബാക്കിയില്ല എന്ന സ്ഥിതി വന്നു ചേർന്നു. അയാൾ സർവവും ഉപേക്ഷിച്ച് ഇറങ്ങിനടന്നു. വഴിക്കുവെച്ച് തീർത്ഥാടകരായ കൂറെ ബ്രാഹ്മണരെ കണ്ടുമുട്ടി. അയാൾ അവരുടെ കൂട്ടത്തിൽച്ചേർന്ന് യാത്ര ചെയ്തു. അവരോടുകൂടി മന്ദരപർവതത്തിൽ എത്തി. അവിടെ ഒരു ശിവക്ഷേത്രമുണ്ട്. തീർത്ഥാടകർ ശിവക്ഷേത്രത്തിൽ കൂറെ നാൾ തങ്ങി. പുരാ

ണങ്ങൾ വായിക്കുക, ഭഗവാനെ ഭജിക്കുക, പൂജകൾചെയ്യുക—അവയൊക്കെ നിർവഹിച്ചുകൊണ്ടിരുന്നു പ്രഭാതംമുതൽ രാത്രിവരെ.

'ഒരു വ്രതം ശുദ്രനെ പ്രത്യേകം ആകർഷിച്ചു. വിഷ്ണുവിനെ ഉദ്ദേശിച്ചുള്ള വ്രതമാണത്. നാലു മാസം തുടർന്നുപോകുന്നതും. അയാൾ അവരിൽനിന്ന് വ്രതത്തിന്റെ വിധികൾ ഗ്രഹിച്ചു. അവരോടു യാത്രപറഞ്ഞ് സ്വഗൃഹത്തിൽ തിരിച്ചെത്തി. അവിടെവെച്ച് ആ വ്രതം വിധിപ്രകാരം അനുഷ്ഠിച്ചു. ഏറ്റവും നിഷ്ഠയോടുകൂടിയാണ് അയാൾ എല്ലാം ചെയ്തത്. ഫലമായി പുണ്യം സമ്പാദിച്ചു. അടുത്ത ജന്മത്തിൽ പുണ്യത്തിന് പ്രതിഫലം കിട്ടി. അതായത്, മൃഗാംഗദനായുള്ള ജന്മം!'

അത്രയും അറിയിച്ചിട്ട് വാമദേവൻ പറഞ്ഞു നിർത്തി:

'രാജൻ, ഇനി ഈ ജന്മത്തിന്റെ ഫലം അറിയിക്കാം. അങ്ങ് ഏകാദശിവ്രതം അനുഷ്ഠിച്ചുപോരുകയാണല്ലോ. തീർച്ചയായും അങ്ങേക്ക് വിഷ്ണുലോകം ലഭിക്കും!'

മഹർഷിയെ പ്രണമിച്ചിട്ട് മൃഗാംഗദൻ ആശ്രമത്തിനു പുറത്തിറങ്ങി. ബന്ധിച്ചിരുന്ന കുതിരയെ കെട്ടഴിച്ചു. കുതിരയുടെ പുറത്തുകയറി ഓടിച്ചുപോയി. വടക്കുദിക്കിലേക്ക്, മന്ദരപർവതത്തിലേക്ക്!

ദീർഘമായ സഞ്ചാരത്തിനുശേഷം അദ്ദേഹം ആ പർവതത്തിൽ എത്തിച്ചേർന്നു.

ഒരിടത്ത് അദ്ദേഹം അപൂർവമായ ഒരു കാഴ്ച കണ്ടു. കുരങ്ങന്മാർ, പക്ഷികൾ, പാമ്പുകൾ അവയെല്ലാം നിശ്ചലമായി നിലകൊള്ളുന്നു. കല്ലിൽ കൊത്തിവെച്ച രൂപങ്ങളോ എന്നു സംശയിച്ചേക്കും. മൃഗാംഗദൻ ശ്രദ്ധിച്ചുനോക്കിയപ്പോൾ ഒന്നു മനസ്സിലായി—ആ ജന്തുക്കൾ എന്തോ ഏകാഗ്രതയോടെ കേൾക്കുകയാണ്. എന്താണത്? അറിയാൻ മൃഗാംഗദനു കൗതുകം തോന്നി. അദ്ദേഹവും ചെവികൂർപ്പിച്ചു നിലകൊണ്ടു. അപ്പോൾ ചെവികളിൽ വന്നലച്ചു ഒരു സംഗീതം. ഒരു സ്ത്രീസ്വരമാണ് സംഗീതം ആലപിക്കുന്നത്. എന്തൊരു മാധുര്യമാണ് സ്ത്രീസ്വരത്തിനും സംഗീതത്തിനും! വെറുതെയല്ല ജന്തുക്കൾപ്പോലും ലയിച്ചുനില്ക്കുന്നത്! ഗായികയെ കണ്ടേ തീരൂ എന്ന് മൃഗാംഗദന് അഗ്രഹമുണ്ടായി. അദ്ദേഹം ഗാനം പുറപ്പെടുന്ന ദിക്കിൽ ചെന്നു നോക്കി. അപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ മഞ്ഞിപ്പോയി. ഇങ്ങനെയുമുണ്ടോ സ്ത്രീസൗന്ദര്യം!

അദ്ദേഹം അവളുടെ അടുക്കലേക്കു ചെന്നു.

ഇരുവരും തമ്മിൽ സംഭാഷണംചെയ്തു.

'അങ്ങ് ആരാണ്?'

'ഞാൻ മൃഗാംഗദൻ എന്ന രാജാവ്.'

'രാജൻ, അങ്ങ് എന്റെ അടുക്കലേക്കു വരാൻ എന്താണു കാരണം?'

'നിന്നെപ്പോലെ ഒരു സുന്ദരിയെ ഞാൻ ഇന്നോളം കണ്ടിട്ടില്ല. അതുതന്നെ.'

'അതെയോ?'

'ഹേ സുന്ദരി, എനിക്കു നിന്നോട് ഒരപേക്ഷയുണ്ട്.'

'എന്താണത്?'

'നീ എന്റെ പത്നിയാകണം.'

'ആയാൽ?'

'ഞാൻ നിനക്കു നാടുകളും നഗരങ്ങളും നല്കാം. അളവറ്റ ധനവും ആഭരണങ്ങളും നല്കാം. അതെന്തിന്, എന്റെ സാമ്രാജ്യം മുഴുവൻ നിനക്ക് അടിയറവയ്ക്കാം!'

'അയ്യോ, എനിക്ക് അവയൊന്നും വേണ്ട. വിന വരുത്തുന്നവയാണ് അവ യെല്ലാം.'

'പിന്നെ എന്താണു നിനക്ക് വേണ്ടത്? എന്തായാലും ഞാൻ തരാം.'

'രാജൻ, അങ്ങയുടെ ഭാര്യാപദം ഞാൻ സ്വീകരിക്കാം. പക്ഷേ, ഒരു കരാ റിന്മേൽ.'

'എന്താണു കരാർ?'

'ഒരു കാലത്തു ഞാൻ ഒന്ന് ആവശ്യപ്പെടും. അപ്പോൾ അങ്ങ് എനിക്ക് അതു തരണം.'

'തരാം.'

'വാക്കു മാത്രം പോര. എന്റെ കൈയിലടിച്ചു സത്യം ചെയ്യണം.'

'ഹേ സുന്ദരീ, ഞാനിതാ നിന്റെ കൈയിലടിച്ചു സത്യം ചെയ്യുന്നു.'

'രാജൻ, ഞാൻ രണ്ടു വരങ്ങൾ ചോദിക്കും. അവയിൽ ഒന്ന് അങ്ങു തരണം. അത് അങ്ങേക്ക് ഇഷ്ടമുള്ളതല്ല എന്നു വന്നേക്കാം. എന്നാലും സത്യം മറക്കരുത്.'

'സത്യമുള്ളവർക്കു മരണത്തെക്കാൾ ഭയമുള്ളതാണല്ലൊ സത്യഭംഗം. ആട്ടെ നീ ആരാണ്?'

'ഞാൻ ബ്രഹ്മാവിന്റെ പുത്രി. പേര് മോഹിനി. അങ്ങയെക്കുറിച്ചു ഞാൻ ധാരാളം കേട്ടിട്ടുണ്ട്. അങ്ങയുടെ ഭാര്യാപദം ഞാൻ കാംക്ഷിച്ചീരുന്നു.'

മൃഗാംഗദൻ സന്തോഷംകൊണ്ടു മതിമറന്നു. അദ്ദേഹം മോഹിനിയെ ഭാര്യയായി സ്വീകരിച്ചു. വരൻ വധുവിനോടുകൂടി കുതിരയുടെ അടുക്കലേക്കു ചെന്നു.

അപ്പോൾ അദ്ദേഹം ഒരു കാഴ്ച കണ്ടു. കുതിരയുടെ കുളമ്പേറ്റുണ്ടായ ചെറിയൊരു കുഴി. ഒരു ഗൗളി ആ കുഴിയിൽ കിടന്നു പുളയുന്നു. ഗൗളിക്ക് സാരമായ പരിക്കേറ്റിട്ടുണ്ട്. കുതിരയുടെ കുളമ്പു കൊണ്ട പരിക്കാണുതാനും.

മൃഗാംഗദന്റെ ഹൃദയത്തിൽ ജീവകാരുണ്യം നിറഞ്ഞുതുളുമ്പി.

അദ്ദേഹം വധുവിനോടു പറഞ്ഞു:

'മോഹിനീ, അല്പം ജലം കൊണ്ടുവരൂ.'

അടുത്തൊരിടത്തുനിന്ന് മോഹിനി ജലം കൊണ്ടുവന്നു. മൃഗാംഗദൻ ഗൗളിയെ കൈയിലെടുത്തു. അതിനു ജലം കൊടുത്തു. അതിന്റെ പരു ക്കിൽ ജലം തളിച്ചു. ദേഹം കഴുകിത്തുടച്ചു വ്യത്തിയാക്കി. അതോടെ ഗൗളിക്ക് അല്പം ആശ്വാസമായി.

ഗൗളി സംസാരിച്ചു:

'രാജൻ, ഞാൻ എന്റെ അനുഭവങ്ങൾ അറിയിക്കാം.'

തുടർന്ന് അവൾ തന്റെ ആത്മകഥ കേൾപ്പിച്ചു.

കഴിഞ്ഞ ജന്മം ഗൗളി ആരായിരുന്നു എന്നോ? ഒരു ബ്രാഹ്മണന്റെ പത്നി. ശാഖലം എന്ന നഗരത്തിലായിരുന്നു ദമ്പതികളുടെ താമസം. ഭാര്യ ഭർത്താവിനെ ശ്രദ്ധയോടെ ശുശ്രൂഷിച്ചു. പക്ഷേ, ഭർത്താവ് ഒരു ശുണ്ഠി ക്കാരനാണ്; മാത്രമല്ല, ദുഃസ്വഭാവിയും. അയാൾ ഭാര്യയോട് ഒരു ദയവും കാണിക്കാറില്ല. ചീത്ത വാക്കുകൾ ധാരാളം പറയുകയുംചെയ്യും. ആ

വാക്കുകൾ കേൾക്കുമ്പോഴോ? ഭാര്യയ്ക്കു തോന്നും മരിക്കുകയാണു നന്ന് എന്ന്. ഇടയ്ക്കിടയ്ക്കു ഭർത്താവ് ഭാര്യയ്ക്കു നല്ല തല്ലും കൊടുക്കും. ഭാര്യയ്ക്കാണെങ്കിൽ പുറത്തു പോകാനും വയ്യ, അകത്തു കഴിയാനും വയ്യ. അവൾ വല്ലാത്ത കഷ്ടത്തിലായി. എങ്കിലും അവൾ അതൊക്കെ സഹിച്ചു. എത്രയായാലും തന്റെ ഭർത്താവല്ലേ? അതായിരുന്നു അവളുടെ സമാധാനം.

അയലത്തു ചില പെണ്ണുങ്ങളുണ്ട്. ഒരു ദിവസം അവൾ അവരോടു രഹസ്യമായി പറഞ്ഞു:

'ഭർത്താവിനെ വശീകരിക്കാൻ വല്ല വിദ്യയുമുണ്ടോ? നിങ്ങൾക്ക് അറിയാമെങ്കിൽ എനിക്കു പറഞ്ഞുതരണം. എന്നാൽ ഞാനതു പ്രയോഗിച്ചുനോക്കാം. അപ്പോൾ എന്റെ ഭർത്താവിന്റെ ദുശ്ശീലങ്ങൾ മാറും. എന്റെ കഷ്ടപ്പാടുകൾ തീരുകയുംചെയ്യും.'

പെണ്ണുങ്ങൾ പറഞ്ഞു:

'ഞങ്ങൾക്ക് ഒരു യോഗിനിയെ പരിചയമുണ്ട്. മൂന്നു കാതം ദൂരത്തിനപ്പുറമാണു യോഗിനി പാർക്കുന്നത്. അവിടെച്ചെന്നു നീ അവരുടെ സഹായം അപേക്ഷിക്കണം. ആ ദിവ്യസ്ത്രീ തീർച്ചയായും നിന്നെ സഹായിക്കും.'

ബ്രാഹ്മണപത്നി ഭർത്താവ് അറിയാതെ യോഗിനിയുടെ വാസസ്ഥലത്തു ചെന്നു. ആ സമയം യോഗിനി ഒരു പീഠത്തിൽ ഇരിപ്പുണ്ട്. പീഠത്തിൽ പുലിത്തോൽ വിരിച്ചിരിക്കുന്നു. അവർ കാഷായവസ്ത്രം ധരിച്ചിട്ടുണ്ട്. തല മൂടി ജടപിടിപ്പിച്ചിട്ടുണ്ട്. കഴുത്തിൽ രുദ്രാക്ഷമാല അണിഞ്ഞിട്ടുണ്ട്. കുറെ ദാസികൾ സേവിച്ചു നില്ക്കുന്നു. കാണാൻ വന്നവരും ധാരാളമുണ്ട്.

സൗകര്യം കിട്ടിയപ്പോൾ ബ്രാഹ്മണപത്നി മുമ്പോട്ടു കടന്നു. യോഗിനിയുടെ മുമ്പിൽ ഒരു മോതിരം കാഴ്ചവെച്ചു. എന്നിട്ടു ഭക്തിയോടെ തൊഴുതുനിന്നു.

യോഗിനി അവളോട് പറഞ്ഞു:

'എനിക്കു കാര്യമെല്ലാം മനസ്സിലായി. നീ യാതൊന്നും പറയേണ്ടതായ ആവശ്യമില്ല. ഞാൻ നിനക്കു കുറെ ചൂർണ്ണവും ഭസ്മവും തരാം. ഭർത്താവ് അറിയാതെ പ്രവർത്തിക്കണം. ചൂർണ്ണം പാലിൽ കലക്കിക്കൊടുക്കണം. ഭസ്മം നെറ്റിയിൽ ധരിപ്പിക്കണം. നാലോനാലു ദിവസം—നിന്റെ ഭർത്താവ് നിന്നെ അനുസരിക്കും.'

ബ്രാഹ്മണപത്നി ചൂർണവും ഭസ്മവും വാങ്ങി. യോഗിനിയെ താഴ്ന്നു തൊഴുതു. തിരിയെ തന്റെ ഗൃഹത്തിലെത്തി. അന്നു രാത്രി കാര്യം പറ്റി. ബ്രാഹ്മണൻ സാധാരണയായി രാത്രി ഭസ്മം ധരിക്കാറുണ്ട്. ഇപ്രാവശ്യം ധരിച്ചതോ, യോഗിനി കൊടുത്ത ഭസ്മവും. അയാൾ സാധാരണയായി രാത്രിഭക്ഷണം കഴിഞ്ഞാൽ പാൽ കുടിക്കാറുണ്ട്. ഇപ്രാവശ്യം കുടിച്ചതോ, യോഗിനി കൊടുത്ത പാലും. സാധാരണ ചൂർണമല്ല, സാധാരണ ഭസ്മമല്ല—അക്കാര്യം അയാൾ അറിഞ്ഞതേയില്ല.

പിറ്റേദിവസംതന്നെ ഫലമുണ്ടായി. ബ്രാഹ്മണനു ദീനമായി. മൂന്നു ദിവസം കഴിഞ്ഞപ്പോഴോ? ദീനം ഏറ്റവും അധികമായി. ക്ഷീണമാണെങ്കിൽ സഹിക്കാനും വയ്യ. അയാൾ പരവശനായി ഭാര്യയോടു പറഞ്ഞു:

'ഞാൻ നിന്നോടു പല തെറ്റുകളും ചെയ്തു. അതിനു ഞാൻ പശ്ചാത്തപിക്കുന്നു. ഞാൻ ഇനിയൊരിക്കലും തെറ്റുകൾ ആവർത്തിക്കുകയില്ല. നീ മാത്രമേയുള്ളൂ എനിക്കു തുണയായിട്ട്.'

അത്രയും പറഞ്ഞ് അയാൾ ഏങ്ങിക്കരഞ്ഞു.

പിറ്റേദിവസം അയാളുടെ ദീനം ഭേദമായി. അന്നുമുതൽ ഭാര്യയുടെ കഷ്ടകാലവും അവസാനിച്ചു. ഭർത്താവ് ആകപ്പാടെ മാറിയിരിക്കുന്നു. ഇപ്പോൾ അവളോട് എത്ര സ്നേഹവും ദയവുമാണ്!

ഒടുവിൽ ദമ്പതികളുടെ ജീവിതം അവസാനിച്ചു.

ഭാര്യ ഒരുവിധത്തിൽ ഭർത്താവിനെ വഞ്ചിക്കുകയാണല്ലോ ചെയ്തത്. അതിന് അവൾക്കു ശിക്ഷയും കിട്ടി. അവൾ കുറേക്കാലം നരകത്തിൽ കിടന്നു. പിന്നീടു ജന്മമെടുത്തതോ, ഗൗളിയായിട്ടും.

അത്രയും അറിയിച്ചിട്ട് ഗൗളി രുഗ്മാംഗദനോടു പറഞ്ഞു:

'രാജൻ, അങ്ങ് ഏകാദശിവ്രതം മുടങ്ങാതെ നോല്ക്കുന്നുണ്ട്. അക്കാരണത്താൽ അങ്ങു വളരെ പുണ്യം ആർജിച്ചിട്ടുമുണ്ട്. ആ പുണ്യത്തിന്റെ നൂറിൽ ഒരംശം എനിക്കു തരണം. എന്നാൽ, എനിക്കു സദ്ഗതി ലഭിക്കും.'

കേട്ടുനിന്ന മോഹിനി എതിർപ്പു പ്രകടിപ്പിച്ചു:

'നാഥാ, അവനവന്റെ പാപം അവനവൻതന്നെ അനുഭവിക്കണം. പാപികളെ സഹായിക്കുന്നവനും പാപിയാകും. ഇപ്പോൾത്തന്നെ നേരം വളരെയായി. നമുക്കു പോകാം.'

രുഗ്മാംഗദന് അതത്ര രുചിച്ചില്ല.

'മോഹിനീ, നീ ബ്രഹ്മാവിന്റെ പുത്രിയാണ്. എന്നിട്ടാണോ നീ ധർമ്മം മറന്നു സംസാരിക്കുന്നത്? പരോപകാരത്തെക്കാൾ വലിയ ധർമമുണ്ടോ? ഹരിശ്ചന്ദ്രൻ, ദധീചി, ശിബി, ജീമൂതവാഹനൻ—അവരുടെയൊക്കെ കഥകൾ നിനക്കറിയാം. പാവപ്പെട്ട ഈ ഗൗളിക്കു പുണ്യം കൊടുത്തുകൂടാ എന്നു പറയരുത്.'

തുടർന്ന് രുഗ്മാംഗദൻ തന്റെ പുണ്യത്തിൽ നൂറിലൊരംശം ഗൗളിക്കു നൽകി.

തത്ക്ഷണം ഗൗളി ഇല്ലാതായി. പകരം ഒരു ദിവ്യസ്ത്രീ പ്രത്യക്ഷയായി. ഗൗളിക്കു ദിവ്യരൂപം സിദ്ധിച്ചിരുന്നു. അവൾ വിഷ്ണുലോകത്തേക്കു പ്രയാണം ചെയ്തു.

രുഗ്മാംഗദൻ മോഹിനിയെ എടുത്തു കുതിരപ്പുറത്തിരുത്തി. താനും കയറി. കുതിരയെ അതിവേഗം ഓടിച്ചുപോയി. അയോദ്ധ്യയിൽ തിരിച്ചെത്തിയപ്പോഴോ? ജനങ്ങൾ ഹർഷാരവത്തോടെ രാജാവിനെ സ്വാഗതംചെയ്തു. രാജാവിന്റെ പുതിയ വധുവിനെയും. അവരുടെ മുൻപന്തിയിൽ ആരായിരുന്നു? മറ്റാരുമല്ല, ധർമാംഗദൻ.

രാജകുമാരൻ മോഹിനിയെ രണ്ടാംഅമ്മയായി കരുതി. മോഹിനിയെ സാഷ്ടാംഗം നമസ്കരിച്ചു. അവളുടെ സൗകര്യം നോക്കുന്ന ചുമതല സ്വയം ഏറ്റെടുത്തു. അവൾക്കായി ഒന്നാംതരം ഒരു ഹർമ്യം നല്കി പരിചരിക്കാൻ ദാസിമാരെ ഏർപ്പാടുചെയ്തു.

മോഹിനിക്കു യാതൊന്നിനും ഒരു കുറവുണ്ടായില്ല. എന്നല്ല എല്ലാം ആവശ്യമുള്ളതിലും എത്രയോ കൂടുതൽ! സകലതും ധർമാംഗദൻ സമ്മാനിച്ചവയും.

ദിവ്യാഭരണങ്ങളുമുണ്ടായിരുന്നു അവയുടെ കൂട്ടത്തിൽ. അവയിലൊന്ന് ഒരു രത്നമാലയായിരുന്നു. ഓരോ രത്നത്തിനും വലിയ നെല്ലിക്കയുടെ വലിപ്പം. അങ്ങനെ നൂറ്റിയെട്ടു രത്നങ്ങൾ അമൂല്യത്തിയ മാല!

പണ്ട് പാലാഴി കടഞ്ഞ അവസരം. അനേകം ദിവ്യവസ്തുക്കൾ ഉയർന്നുവന്നിരുന്നല്ലൊ. അവയിൽ അനർഘങ്ങളായ രണ്ടു കുണ്ഡലങ്ങളും ഉൾ

പ്പെട്ടിരുന്നു. ആ കുണ്ഡലങ്ങളെ ചില അസുരന്മാർ മോഷ്ടിച്ചുവെച്ചിരുന്നു. അക്കാര്യം ധർമാംഗദന് അറിവുകിട്ടി ആ യുവവീരൻ അസുരന്മാരെ തോല്പിച്ചു കുണ്ഡലങ്ങൾ കൈക്കലാക്കി അവയും രണ്ടാം അമ്മയ്ക്കു സമ്മാനിച്ചു.

ഇനിയൊന്ന് ഒരു കടിസൂത്രമാണ്.

ഒന്നു പ്രത്യേകമാണ് കടിസൂത്രത്തിന്റെ കഥ.

പണ്ട് ശതമായൻ എന്നൊരു അസുരൻ ജീവിച്ചിരുന്നു. അവൻ ശ്രീപാർവതിയുടെ ഒരു കടിസൂത്രം മോഷ്ടിച്ചെടുത്തു. എന്നിട്ട് അതിനെ അവന്റെ ഭാര്യയ്ക്കു നൽകി. രുഗ്മാംഗദൻ ചെറുപ്പത്തിൽതന്നെ അക്കഥ കേട്ടിരുന്നു. അതങ്ങനെ രാജാവിന്റെ മനസ്സിൽ കിടക്കുകയുംചെയ്തു. ഒരിക്കൽ അദ്ദേഹം അക്കാര്യം ധർമാംഗദനോടു പറഞ്ഞു. അദ്ദേഹം ഒരാഗ്രഹവും പ്രകടിപ്പിച്ചു. ധർമാംഗദൻ ശതമായനെ കൊന്നു കടിസൂത്രം വീണ്ടെടുക്കണം; അതിനെ വീണ്ടും ശ്രീപാർവതിക്കു സമർപ്പിക്കണം. ധർമാംഗദൻ ഉടൻതന്നെ രാജധാനിവിട്ടിറങ്ങി. ശതമായനെ കണ്ടുപിടിച്ചു കൊലപ്പെടുത്തി; കടിസൂത്രം തിരിച്ചെടുത്ത് പാർവതീദേവിയെ ഭജിച്ചു. ആ സമയം അശരീരി കേൾക്കായി. ഒരു കാലത്ത് രുഗ്മാംഗദൻ മോഹിനിയെ വിവാഹംചെയ്യും; അപ്പോൾ ധർമ്മാംഗദൻ മോഹിനിക്കു കടിസൂത്രം നല്കണം. അതായിരുന്നു അശരീരി നൽകിയ നിർദേശം. ആ നിർദ്ദേശം ധർമ്മാംഗദൻ നടപ്പിലാക്കി.

സന്ധ്യാവലിയോ? ആ രാജ്ഞിയും മോഹിനിയെ വേണ്ടതുപോലെ പരിചരിച്ചു. വേണ്ടതിൽ അധികവും. സപത്നിയോ? ഈർഷ്യ തോന്നിയില്ല; എന്നു മാത്രമല്ല, സ്നേഹം തോന്നുകയും ചെയ്തു. ഭർത്താവിന്റെ ഹിതമെന്തോ, അതുതന്നെ തന്റെയും ഹിതം. അതായിരുന്നു സന്ധ്യാവലിയുടെ നിലപാട്.

മോഹിനിയെ മനസ്സാക്ഷി അല്പം ശല്യപ്പെടുത്തി. രുഗ്മാംഗദൻ ഏകാദശിവ്രതം മുടക്കിയില്ലെങ്കിലോ? ധർമാംഗദനെ വധിപ്പിക്കേണ്ടിവരും. എത്ര മാഹാത്മ്യമുള്ളവനാണ് ധർമ്മാംഗദൻ? ആ രാജകുമാരനെ വധിപ്പിക്കുക എന്നതു മഹാകഷ്ടമല്ലേ? അതുപോലെയാണ് സന്ധ്യാവലിയെ ദുഃഖിപ്പിക്കുന്നതും. എങ്കിലും തന്നെ ബ്രഹ്മാവ് സൃഷ്ടിച്ചത് ഒരു കൃത്യം ചെയ്യാനായിട്ടാണ്. ആ കൃത്യം ചെയ്യാതെ നിവൃത്തിയില്ല; എന്തു സംഭവിച്ചാലും ശരി!

മോഹിനി സുഖജീവിതം നയിച്ചു.

കാലം കഴിഞ്ഞുകൊണ്ടിരുന്നു.

രുഗ്മാംഗദനെക്കൊണ്ട് ഏകാദശീവ്രതം മുടക്കിക്കണം. അതിനു തർക്കം പാർത്തിരിക്കയാണ് അവൾ. അതു മറ്റാരും സ്വപ്നത്തിൽക്കൂടി അറിഞ്ഞിരുന്നില്ലതാനും.

ഒരിക്കൽ ധർമാംഗദന് ഒരു വിവരം ലഭിച്ചു. മലയഗിരിയിൽ അഞ്ചു ഗന്ധർവന്മാരുണ്ട്. ഓരോ ഗന്ധർവനും ഓരോ ദിവ്യരത്നത്തിന്റെ ഉടമസ്ഥനാണ്. ഒന്നാം രത്നത്തിൽനിന്നു സ്വർണം ഉണ്ടായിവരും. രണ്ടാംരത്നത്തിൽനിന്നു വിശിഷ്ടവസ്ത്രങ്ങൾ; മൂന്നാം രത്നത്തിൽനിന്നു നിത്യയൗവനം; നാലാം രത്നത്തിൽനിന്നു മണിമാളികകൾ; അഞ്ചാം രത്നത്തിൽനിന്ന് ആകാശസഞ്ചാരവിദ്യ—അതാണ് ഓരോന്നിന്റെയും പ്രത്യേകത.

അഞ്ചു ദിവ്യരത്നങ്ങളും കരസ്ഥമാക്കണം—അതായി ധർമാംഗദന്റെ നിശ്ചയം.

ആ യുവവീരൻ മലയഗിരിയിൽ ചെന്നു. ഗന്ധർവന്മാരെ പോരിനു വിളിച്ചു. ഗന്ധർവന്മാർ ധർമാംഗദനോട് ഇടഞ്ഞു. വാശിയേറിയ സമരമു

ണ്ടായി. തോൽവി പറ്റിയത് ഗന്ധർവന്മാർക്കാണ്. അവർ ഓടിപ്പോയി ഒരു ഗുഹയിൽ ഒളിച്ചിരുന്നു. ധർമാംഗദൻ അവരെ കണ്ടെത്തി. പഞ്ചരത്നങ്ങൾ കൈക്കലാക്കി. അവയെ പിതൃപാദങ്ങളിൽ സമർപ്പിച്ചു.

അതിനുശേഷം രാജകുമാരൻ പാതാളത്തു പോയി. സർപ്പങ്ങളെ ജയിച്ച് അവരിൽനിന്നും അനർഘരത്നങ്ങൾ വാങ്ങി. അസുരന്മാരെ ജയിച്ച് അവരിൽനിന്നും കപ്പം വാങ്ങി. വരുണനെ ജയിച്ചു ദിവ്യാശ്വങ്ങൾ വാങ്ങി— ഒന്നിച്ച് വരുണപുത്രിയെയും. സമ്പത്തുകളെല്ലാം രുഗ്മാംഗദന് അടിയറ വെച്ചു. പിതാവിന്റെ ആജ്ഞപ്രകാരം വരുണപുത്രിയെ വിവാഹംകഴിച്ചു.

കാർത്തികമാസം പിറന്നു.

ഏകാദശിയുടെ തലേന്നാളായി.

അപ്പോഴാണ് മോഹിനി തന്റെ പദ്ധതി പ്രയോഗത്തിൽ വരുത്തിയത്.

അവൾ ഭർത്താവിനെ നേരിട്ടു.

'മന്ദരപർവതത്തിൽവെച്ച് അങ്ങ് ഒന്നു പറഞ്ഞല്ലോ—അതായത് എനിക്കു വരം തരാമെന്ന്. ഓർമയുണ്ടല്ലോ.'

'ഓർമയുണ്ട്. നിനക്ക് എന്താണ് വേണ്ടത്?'

'നാളെ ഏകാദശിയാണല്ലോ. അങ്ങ് നാളെ ഭക്ഷണം കഴിക്കണം. അങ്ങനെ ഏകാദശിവ്രതം മുടക്കണം.'

'മോഹിനീ, നീ എന്താണ് പറഞ്ഞത്? ഞാൻ ഏകാദശിവ്രതം മുടക്കണം എന്നോ? അയ്യോ, അത് സാധിക്കയില്ല. ഞാൻ നിനക്ക് മറ്റ് ഏതു വേണമെങ്കിലും തരാം. കുട്ടിക്കാലംമുതല്ക്കേ ഞാൻ വ്രതം അനുഷ്ഠിച്ചു വരുന്നു. ഏകാദശിക്കു ഭക്ഷണം കഴിച്ചുകൂടാ.'

'നാഥാ, അങ്ങ് സത്യം ലംഘിക്കുന്നോ?'

'നീ അങ്ങനെ പറയരുത്. ഞാൻ നിനക്ക് വേണ്ടുന്നത്ര സ്വർണ്ണം തരാം. രത്നങ്ങൾ തരാം. വസ്ത്രാലങ്കാരങ്ങളും മണിമേടകളും തരാം. ഇതുമാത്രം നീ ആവശ്യപ്പെടരുത്.'

'സത്യലംഘനം കാരണം അങ്ങ് നശിക്കും.'

'ഞാൻ വ്രതം മുടക്കുകയില്ല.'

'ഹേ രാജാവേ, അങ്ങ് എന്നെ വഞ്ചിക്കുകയായിരുന്നു, അല്ലേ? കരാർ ചെയ്തിട്ടാണ് ഞാൻ വിവാഹത്തിനു സമ്മതിച്ചത്. ആ കരാർ വെള്ളത്തിലെ എഴുത്തുപോലെയായി. അങ്ങാണോ ക്ഷത്രിയൻ? അങ്ങാണോ സത്യവാൻ? ഇനി ഞാൻ അങ്ങയോടുകൂടി ഒരു ദിവസംപോലും ജീവിക്കയില്ല. ഞാൻ ബ്രഹ്മാവിന്റെ പുത്രിയാണെന്നു മറക്കരുത്!'

മോഹിനിയുടെ മുഖം കോപത്താൽ തുടുത്തു. അവൾ ആഭരണങ്ങൾ പൊട്ടിച്ചെറിഞ്ഞു. എന്നിട്ട് രാജസമക്ഷത്തുനിന്ന് അതിവേഗം നടന്നുപോയി.

അപ്പോഴാണ് ധർമാംഗദൻ മോഹിനിയെ കാണാൻ ചെന്നത്. രാജകുമാരൻ ചിലതെല്ലാം കണ്ടു. രണ്ടാംഅമ്മയുടെ മുഖം കലുഷമായിരിക്കുന്നു അവർ ആഭരണമൊന്നും ധരിച്ചിട്ടുമില്ല. ഇന്നോളം അവരെ ഈവിധത്തിൽ ധർമാംഗദൻ കണ്ടിരുന്നില്ല. എന്താണ് ഈ വ്യത്യാസത്തിനു കാരണം?

ധർമാംഗദൻ ചോദിച്ചു:

'അമ്മേ, എന്താണ് വല്ലായ്മ?'

മോഹിനി പറഞ്ഞു:

'നിന്റെ അച്ഛൻ എനിക്കൊരു വരം തന്നിട്ടുണ്ടായിരുന്നു. ഇപ്പോൾ അതിനു വിസമ്മതവും പ്രകടിപ്പിക്കുന്നു. എന്തെന്ന് നീ പോയി അച്ഛനോടു ചോദിക്കൂ. അച്ഛൻ പറഞ്ഞുതരും.'

ധർമാംഗദൻ രുഗ്മാംഗദന്റെ അടുക്കലേക്ക് ഉഴറിച്ചെന്നു. എന്നിട്ട് എന്തുണ്ടായി എന്നു ചോദിച്ചു. രുഗ്മാംഗദൻ പരമാർത്ഥമെല്ലാം അറിയിച്ചു. അതിനുശേഷം പറഞ്ഞു:

'മകനേ, എന്തുവന്നാലും ശരി, ഞാൻ ഏകാദശിവ്രതം മുടക്കുകയില്ല. സത്യലംഘനം ഉണ്ടാകും, ശരിയാണ്. പക്ഷേ, ഗൗരവമേറിയതാണ് വ്രതലംഘനം.'

ആ സമയത്ത് ധർമാംഗദന്റെ മനസ്സിൽ വിഷാദം നിറഞ്ഞു. പിതാവ് രണ്ടാംഅമ്മയ്ക്ക് വരംകൊടുത്തിരുന്നു. ആ വരം നിഷേധിച്ചാലോ? പിതാവിന് വാക്കുപാലിക്കാത്തവൻ എന്ന ദുഷ്കീർത്തിയുണ്ടാകും. അതേസമയം ഏകാദശിവ്രതം മുടക്കിയാലോ? ഇത്ര കാലം നേടിയ പുണ്യമെല്ലാം ഇല്ലാതെയാകും. എന്താണൊരു വഴി? അതായി ആലോചന.

രാത്രി ഉറങ്ങാതെ കഴിച്ചു ധർമാംഗദൻ. വല്ലവിധവും നേരം പുലർന്നു. അപ്പോൾ നേരെ മാതാവിനെ ചെന്നു കണ്ടു വിവരം പറഞ്ഞു.

സന്ധ്യാവലിക്കാകട്ടെ, യാതൊരു കുലുക്കവും ഉണ്ടായില്ല.

രാജ്ഞി മോഹിനിയുടെ അന്തഃപുരത്തിലെത്തി:

'മോഹിനീ, നീ ഒരുവിധത്തിലും ഭർത്താവിനോടു കോപിക്കരുത്. അദ്ദേഹം നിനക്കു വരം തന്നു എന്നത് ശരിയാണ്. പക്ഷേ, അപ്പോൾ നീ വ്രതം മുടക്കുമെന്ന് കരുതിയില്ല. ഭക്ഷണംകഴിക്കുക എന്നതൊഴിച്ച് മറ്റെന്തെങ്കിലും ആവശ്യപ്പെടു.'

നല്ല തക്കം കിട്ടി മോഹിനിക്ക്:

'ജ്യേഷ്ഠത്തീ, ശരി. അദ്ദേഹം എനിക്കു മറ്റൊന്നു തരട്ടെ. പക്ഷേ, ഒന്നുണ്ട്. അത് കുടുതൽ കഠിനമായിരിക്കും. തത്കാലം അതിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല.'

സന്ധ്യാവലി പറഞ്ഞു:

'മോഹിനീ, ഭാര്യ ഭർത്താവിന് അപ്രിയംചെയ്തുകൂടാ. അതിനെക്കുറിച്ച് ഒരു കഥയുണ്ട്. കാഷ്ഠീല എന്നോടു പറഞ്ഞ കഥയാണ്.'

സന്ധ്യാവലി ആ കഥ കേൾപ്പിച്ചു.

കഥ നടന്നപ്പോൾ സന്ധ്യാവലിക്ക് ഇളംപ്രായമായിരുന്നു. ഒരിക്കൽ സഖിമാരോടുകൂടി പൂങ്കാവനത്തിൽ കളിയാടുകയാണ്. അവിടെ ഉണങ്ങിയ ഒരു മരം നിന്നിരുന്നു. വിറക് അന്വേഷിച്ചുവന്ന ഒരു ഭൃത്യൻ ആ മരം വെട്ടി. അപ്പോൾ മരത്തിനുള്ളിൽനിന്ന് ഒരു പുഴു തെറിച്ചുവീണു. സന്ധ്യാവലി പുഴുവിന്റെ അടുക്കൽ ചെന്നു നോക്കി. ഒരു വിരലിനോളം നീളമുണ്ട് പുഴുവിന്. അതങ്ങനെ നിലത്തുകിടന്നു പുളയുകയാണ്. പെട്ടെന്ന് ഒരു കാക്ക പറന്നിറങ്ങി. പുഴുവിനെ കാക്ക കൊത്തിയെടുക്കുമായിരുന്നു—സന്ധ്യാവലി കല്ലെറിഞ്ഞ് കാക്കയെ തുരത്തിയിരുന്നില്ലെങ്കിൽ.

പുഴു ഒരു പെൺപുഴു ആയിരുന്നു.

അവൾ സന്ധ്യാവലിയോട് സംസാരിച്ചു. വെറുതെയുള്ള സംഭാഷണമല്ല. പിന്നെയോ, സ്വന്തം കഥ.

ആ കഥ ഇപ്രകാരം ആയിരുന്നു:

കാഷ്ഠീല എന്നാണ് പെൺപുഴുവിന്റെ പേര്. കഴിഞ്ഞ ജന്മത്തിൽ അവൾ ഒരു ബ്രാഹ്മണസ്ത്രീയായിരുന്നു. അവൾ ജീവിച്ചതോ, കന്യാകുബ്ജ

ത്തിലും. ഒരു യുവബ്രാഹ്മണൻ കാഷ്ഠിലയെ കല്യാണംകഴിച്ചു. വിദ്യയും വിത്തവും വേണ്ടുവോളമുള്ള യുവാവാണ്.

ഒരിക്കൽ അയാൾ രാജാവിനെ കാണാനായി രാജധാനിയിലേക്കു പോയി. മോതിരം, കടകം, മാല, കടുക്കൻ—ആ ആഭരണങ്ങൾ അണിഞ്ഞിരുന്നു താനും. രാജധാനിയിൽവെച്ച് ഒരു അബദ്ധം പിണഞ്ഞു.

ദുർവൃത്തയായ ഒരു ദാസിയുണ്ട് അവിടെ. ദാസി ആഭിചാരംചെയ്ത് ബ്രാഹ്മണനെ വശീകരിച്ചു. ഫലമായി ബ്രാഹ്മണൻ ദാസിയുടെ ദാസനെപ്പോലെ ആയിത്തീർന്നു. ക്രമേണ അയാളുടെ പൂജകളും വ്രതങ്ങളും മുടങ്ങി. പണമെല്ലാം തീരുകയുംചെയ്തു. ദാസിയെ പുലർത്താൻ പണം വേണ്ടേ? അയാൾ തന്റെ ആഭരണങ്ങളെല്ലാം വിറ്റു. ഇനി ഒരുപൊടി സ്വർണം തന്റെ പക്കലില്ല. അതോടുകൂടി ദാസിക്ക് അയാളോട് അവജ്ഞയുണ്ടായി—മാത്രമല്ല, കടുത്ത ദേഷ്യവും. പണമുണ്ടാക്കാനായി അയാൾ അന്യദേശത്തേക്കു പോയി.

കാഷ്ഠില തനിച്ചു താമസിക്കയായിരുന്നു.

രണ്ടു വർഷം കഴിഞ്ഞപ്പോൾ ഭർത്താവ് തിരിച്ചു സ്വഗൃഹത്തിലേക്കു വന്നു. കാഷ്ഠില അയാളെ ശ്രദ്ധിച്ചു നോക്കി. അയാൾ കുളിച്ചിട്ടില്ല. കുറിയിട്ടിട്ടില്ല. വസ്ത്രം നിറയെ പൊടിയും അഴുക്കുമാണ്. ശരീരം വല്ലാതെ ശോഷിച്ചിരിക്കുന്നു. കഷ്ടസ്ഥിതിയാണ് എന്ന് സ്പഷ്ടം.

കാഷ്ഠില ഭർത്താവിനെ ആദരവോടെ സ്വാഗതം ചെയ്തു. അവൾ അയാളോട് കുളിക്കാൻ ആവശ്യപ്പെട്ടു. കുളികഴിഞ്ഞപ്പോൾ അയാൾക്കു പുതിയ വസ്ത്രങ്ങൾ നൽകി. തുടർന്ന് വിഭവങ്ങൾ നിറഞ്ഞ ഭക്ഷണവും.

ഇനി ഭർത്താവ് തന്നെ വിട്ടുപോവുകയില്ല—അതായിരുന്നു കാഷ്ഠിലയുടെ വിചാരം. പക്ഷേ, ആ വിചാരം തെറ്റായിരുന്നു.

അയാൾ പറയുകയാണ്:

'കാഷ്ഠിലേ, രാജധാനിയിലെ ഒരു ദാസി ഇപ്പോൾ എന്റെ ഭാര്യയാണ്. അവൾക്കു കുറെ പണം ആവശ്യമുണ്ട്. പണം കൊടുത്തില്ലെങ്കിൽ അവൾ എന്നോടു കോപിക്കും. ഇവിടെ കുറെ പണം ബാക്കിവച്ചിരുന്നല്ലോ. അത് എനിക്കു തരൂ. എനിക്ക് ഉടനെ പോകണം.'

കണ്ടില്ലെ ഭർത്താവിന്റെ തോന്ന്യാസം? കാഷ്ഠിലയ്ക്ക് അതൊട്ടും രസിച്ചില്ല. മാത്രമല്ല, അതിയായ ദേഷ്യവും ഉണ്ടായി. അവൾ പറഞ്ഞു:

'പണം വേണംപോലും! ഉള്ളതൊക്കെ ഏതോ ദുഷ്ടയ്ക്കു കൊടുത്തു. അതും മതിയായില്ല. എന്റെ കൈയിൽ ഒരു ചുക്കുമില്ല. നിങ്ങൾക്കു നിങ്ങളുടെ വഴിക്കു പോകാം!'

തുടർന്ന് കാഷ്ഠില ഭർത്താവിനെ ആട്ടിപ്പുറത്താക്കി. എന്നിട്ടു ശേഷിച്ച പണവും പാത്രങ്ങളും മറ്റു വസ്തുക്കളും എടുപ്പിച്ചു. അവയുമായി തന്റെ പിതൃഗൃഹത്തിലേക്കു പോയി.

ബ്രാഹ്മണനോ? അയാൾ വീടുവിറ്റു. പശുക്കളെ വിറ്റു. കൈയിൽ ഉള്ളതെല്ലാം വിറ്റു. കിട്ടിയ പണവുംകൊണ്ട് രാജധാനിയിലേക്കു മടങ്ങി. അത്രയും ദാസിക്കു നല്കി.

പണം കിട്ടിയപ്പോൾ ദാസി അയാളെ കൂടെ പാർപ്പിച്ചു. ആ പണമൊക്കെ തീർന്നപ്പോഴോ? അയാളെ വീടിനു പുറത്താക്കി.

അയാളുടെ സ്ഥിതി പഴയപോലെയായി. ഇനിയിപ്പോൾ കാഷ്ഠീല യോടു പണം ചോദിക്കാൻ പറ്റുകയില്ല. അവൾ പിതൃഗൃഹത്തിലേക്കു പൊയ് ക്കഴിഞ്ഞുവല്ലോ. അയാൾക്ക് ഉണ്ണാൻ ചോറില്ല. ധരിക്കാൻ വസ്ത്രം വേറെ യില്ല. കിടക്കാൻ കിടപ്പാടമില്ല. അയാൾ എല്ലും തൊലിയുമായി അലഞ്ഞു നടന്നു.

കുറെ നാൾ അങ്ങനെ കഴിഞ്ഞു. അപ്പോഴേക്കും ബൗദ്ധന്മാരായ ചില കച്ചവടക്കാരെ കണ്ടുമുട്ടി. അവരോടു പണം യാചിച്ചു.

'നിങ്ങൾ എന്തിനിങ്ങനെ തെണ്ടിനടക്കുന്നു?' ബൗദ്ധന്മാർ ചോദിച്ചു.

അയാൾ തന്റെ അനുഭവങ്ങൾ വിവരിച്ചു.

അവർ പറഞ്ഞു:

'നിങ്ങൾ ഞങ്ങളോടൊന്നിച്ചു ഞങ്ങളുടെ കപ്പലിലേക്കു വരൂ. നിങ്ങൾ ക്കും ഞങ്ങളെപ്പോലെ കച്ചവടം ചെയ്തു പണമുണ്ടാക്കാം.'

അയാൾ തന്റെ ബുദ്ധിമുട്ട് അറിയിച്ചു.

'ഞാൻ നിങ്ങളോടുകൂടി വന്നെന്നിരിക്കട്ടെ. എന്റെ നിത്യകർമ്മങ്ങൾ മുടങ്ങും. എന്റെ കൂട്ടർ എനിക്കു ഭ്രഷ്ടും കല്പിക്കും.'

ബൗദ്ധന്മാർ ചൂണ്ടിക്കാട്ടി:

'നിങ്ങൾ പണംകൊടുത്താൽ മതി—ഭ്രഷ്ട് കല്പിക്കുന്നവർതന്നെ ശുദ്ധീ കരണവും കല്പിക്കും. പണത്തിനുവേണ്ടി മനുഷ്യർ എന്തുതന്നെ ചെയ്യു കയില്ല!'

ശരിയാണെന്ന് ബ്രാഹ്മണനു തോന്നി. അയാൾ ബൗദ്ധന്മാരോടുകൂടി കപ്പലിൽ കയറി. കപ്പൽ കടലിലൂടെ വളരെ ദൂരം യാത്രചെയ്തു. അപ്പോ ഴേക്കും കൊടുങ്കാറ്റിൽപെട്ടു കപ്പൽ തകർന്നു. ബൗദ്ധന്മാരെല്ലാം മുങ്ങി മരിച്ചു. ബ്രാഹ്മണൻ മാത്രം ഒരു പലകയിൽ പിടിച്ചുകിടന്നു. വല്ല വിധവും കരയ്ക്കടുത്തു. ഒരു മലയുടെ അടിവാരമാണ് അവിടം. അയാൾ കല്ലിലും പുല്ലിലും പിടിച്ചു കരയ്ക്കു കയറി. മരത്തിൽനിന്നു പഴങ്ങൾ പറിച്ചു തിന്നു. ചോലയിൽനിന്നു വെള്ളം കുടിച്ചു. ഒരു പനയുടെ ചുവട്ടിൽ കിടന്നു. ഉടനെ ഉറക്കവുമായി.

അന്നുതന്നെ മറ്റൊരു സംഭവം ഉണ്ടായി—അതോ, ദൂരെയുള്ള കാശി രാജ്യത്തിലും.

കാശിരാജാവിനു സുന്ദരിയായ ഒരു മകളുണ്ട്. രത്നാവലി എന്നാണു രാജകുമാരിയുടെ പേര്. ഒരു രാത്രി അവൾ ഉറങ്ങാൻ കിടന്നു. രക്താക്ഷൻ എന്നൊരു ദുഷ്ടരാക്ഷസനുണ്ട്. അർദ്ധരാത്രിയിൽ ആ ദുഷ്ടൻ എന്താണു ചെയ്തതെന്നോ? അവളെ മായകൊണ്ടു മയക്കി എടുത്തുകൊണ്ടുപോയി.

ബ്രാഹ്മണൻ പനയുടെ ചുവട്ടിൽ കിടന്നില്ലേ? അതു വഴിക്കു പോകാനി ടയായി രക്താക്ഷൻ. ആകാശത്തുനിന്നു നോക്കിയപ്പോൾ അയാളെ കണ്ടു. അപ്പോൾ രാക്ഷസന് ഒരു ആഗ്രഹമുണ്ടായി. ഈ മനുഷ്യനെ കൊന്നുതി ന്നണം! ആട്ടെ, ആദ്യം രാജകുമാരിയെ ആ ഗുഹയിലാക്കാം. അതിനുശേഷം ഇങ്ങോട്ടു വന്ന് ബ്രാഹ്മണനെ തിന്നാം. ഈ ഉദ്ദേശ്യത്തോടെ അവൻ രത്നാ വലിയെ ഗുഹയിലേക്കു കൊണ്ടുപോയി.

രക്താക്ഷന് രാക്ഷസിയായ ഒരു ഭാര്യയുണ്ട്. ഗുണ്ഡിക എന്നാണ് രാക്ഷ സിയുടെ പേര്. രക്താക്ഷൻ ഒരു കരുതൽ എടുത്തിരുന്നു. താൻ രാജകുമാ രിയെ അപഹരിച്ചത് ഗുണ്ഡിക അറിഞ്ഞുകൂടാ. പക്ഷേ, ഗുണ്ഡികയെ

അങ്ങനെയൊന്നും പറ്റിക്കാൻ ഒക്കുകയില്ല. ഭാര്യ ഭർത്താവിന്റെ കള്ളത്തരം കണ്ടുപിടിക്കുന്നതെന്നെപ്പെയ്തു.

അവൾ ഭർത്താവിനോടു ചോദിച്ചു:

'ഈ സുന്ദരി ആരാണ്? നിങ്ങൾ അവളെ എങ്ങോട്ടു കൊണ്ടുപോകുന്നു?'

രക്താക്ഷൻ അടവുമാറ്റി:

'ഗുണ്ഡികേ, ഞാൻ ഇവളെ ഒരിടത്തേക്കും കൊണ്ടുപോവുകയല്ല. നിനക്കു കൊന്നുതിന്നാൻ വേണ്ടി പിടിച്ചുകൊണ്ടു വന്നതാണ്. ആട്ടെ, എനിക്കു തിന്നാനായി ഞാൻ ഒരു ബ്രാഹ്മണനെ കണ്ടുവച്ചിട്ടുണ്ട്. അയാൾ ഒരു പനയുടെ ചുവട്ടിൽ കിടന്നുറങ്ങുകയാണ്. നീ പോയി അയാളെ പിടിച്ചുകൊണ്ടു വരൂ.'

അതിനിടയിൽ രത്നാവലി എന്തു ചെയ്തു? സൂത്രത്തിൽ ഗുണ്ഡികയെ കാര്യം അറിയിക്കാൻ ഒരുക്കമായി. രക്താക്ഷൻ അറിയാതെ അവൾ മന്ത്രിച്ചു:

'ഗുണ്ഡികേ, നിങ്ങളുടെ ഭർത്താവ് പറയുന്നതു പച്ചക്കള്ളമാണ്. നിങ്ങൾക്കു തിന്നാനൊന്നുമല്ല എന്നെ അപഹരിച്ചത്. അയാളുടെ ഭാര്യയാക്കാനാണ്.'

മാക്ഷസിക്കു കാര്യം മനസ്സിലായി. ഓഹോ, ഇതിനാണോ ഭർത്താവിന്റെ പുറപ്പാട്? നന്നായി! ആട്ടെ, ആദ്യം ബ്രാഹ്മണനെ കൊണ്ടുവരികതന്നെ. പിന്നീടു വേണ്ടതു ചെയ്യാം.

ഗുണ്ഡിക ഒരു സുന്ദരിയുടെ രൂപം ധരിച്ചു. അങ്ങനെ പനയുടെ ചുവട്ടിലെത്തി. കിടന്നുറങ്ങുന്ന ബ്രാഹ്മണനെ കണ്ടപ്പോഴോ? അവളുടെ മനഃസ്ഥിതി മാറിപ്പോയി. എത്ര സുന്ദരനാണ് ഈ മനുഷ്യൻ! തനിക്ക് ഇയാളുടെ ഭാര്യയാകണം—അതായി മാക്ഷസിയുടെ ആഗ്രഹം.

അവൾ അയാളെ വിളിച്ച് ഉണർത്തി ആഗ്രഹം അറിയിച്ചു. ബ്രാഹ്മണനു സമ്മതവുമായി. പക്ഷേ, ഒന്നുണ്ട്. ആദ്യം രക്താക്ഷനെ വധിക്കേണ്ടതുണ്ട്. അതിനുള്ള വഴി ഗുണ്ഡിക ബ്രാഹ്മണനെ കേൾപ്പിച്ചു.

രക്താക്ഷൻ സ്വർഗത്തുനിന്ന് ഒരു വേൽ മോഷ്ടിച്ചെടുത്തിട്ടുണ്ട്. ദിവ്യശക്തിയുള്ള വേലാണത്. ഏതൊരു എതിരാളിയെയും വേലിനു വധിക്കാനൊക്കും. വധിച്ചുകഴിഞ്ഞാലോ ആ ആയുധം തിരിയെ സ്വർഗത്തേക്കു പൊയ്ക്കളയും. രക്താക്ഷൻ ഇന്നോളം ആ ആയുധം പ്രയോഗിച്ചിട്ടില്ല. ഗുണ്ഡിക പറഞ്ഞു, അവൾ ബ്രാഹ്മണനു വേലെടുത്തു കൊടുക്കാമെന്ന്. എന്നാൽ ബ്രാഹ്മണന് രക്താക്ഷനെ വധിക്കാരല്ലോ.

ബ്രാഹ്മണനു വിശ്വാസം വരുത്താനായി ഗുണ്ഡിക ഉറപ്പു നല്കി:

'ഞാൻ അങ്ങയെ ചതിക്കുകയില്ല. ഞാൻ ഇതാ സത്യം ചെയ്യുകയാണ്. അങ്ങയെ ചതിച്ചാൽ ഞാൻ സകല പാപങ്ങളും അനുവേക്കുമാറാകട്ടെ!'

അതോടുകൂടി ബ്രാഹ്മണനു വിശ്വാസമായി. അയാൾ തന്റെ പൂർവചരിത്രം വിവരിച്ചു. അവളുടെ ഭർത്ര്യപദം സ്വീകരിക്കാൻ സന്നദ്ധനുമായി. അവൾ ആരും കാണാതെ പോയി വേൽ എടുത്തുകൊണ്ടുവന്നു. ബ്രാഹ്മണൻ വേൽ വാങ്ങി അരികത്തുവച്ചു. എന്നിട്ട് രക്താക്ഷന്റെ വരവിനായി കാത്തിരുന്നു.

ആ സമയം രക്താക്ഷൻ എന്തു ചെയ്യുന്നു? രത്നാവലിയെ അലട്ടുകയാണ് തന്റെ ഭാര്യയാവണം എന്ന്. പൊറുതിമുട്ടിയപ്പോൾ രത്നാവലി ഒരു സൂത്രമെടുത്തു. അവൾ പറഞ്ഞു:

'രക്താക്ഷാ, ഞാനിതാ സമ്മതിക്കുന്നു. നമ്മുടെ വിവാഹകർമം ഉടനെ നടത്തുകയും ചെയ്യാം. പക്ഷേ, അതിന് ബ്രാഹ്മണനായ ഒരു പുരോഹിതൻ വേണം. ഒരു ബ്രാഹ്മണൻ പനയുടെ ചുവട്ടിൽ കിടന്നുറങ്ങുന്നുണ്ടല്ലോ. അങ്ങു പോയി അയാളെ കൂട്ടിക്കൊണ്ടുവരൂ. ഒട്ടും താമസിക്കാൻ പാടില്ല. ഗുണ്ഡിക അങ്ങോട്ടു പോയിരിക്കയാണല്ലോ. ഒരുപക്ഷേ, അവൾ അയാളെ കൊന്നുതിന്നെന്നുവരാം. അതിനു മുമ്പ് അങ്ങു സ്ഥലത്തെത്തണം. അല്ലാത്തപക്ഷം എല്ലാം വെറുതെയാകും.'

രാജകുമാരി പറഞ്ഞതെല്ലാം രാക്ഷസൻ അപ്പടി വിശ്വസിച്ചു. അവൻ കാണിനേരം കളയാതെ പനമരത്തിന്റെ അടുക്കലെത്തി. അവിടെ ബ്രാഹ്മണനെയും കണ്ടു, ഗുണ്ഡികയെയും കണ്ടു. ഓഹോ, അവർ അടുത്തിരുന്നു സംസാരിക്കയാണ്, അല്ലേ? എന്നാൽ, അവരുടെ സംഭാഷണം കേൾക്കണം. അതിനായി രക്താക്ഷൻ ഒളിച്ചുനിന്നു. കൊള്ളാം! ബ്രാഹ്മണനും ഗുണ്ഡികയും സംസാരിക്കുന്നത് ഏതു രീതിയിൽ? ദമ്പതികൾ സംസാരിക്കുന്നതുപോലെ! രക്താക്ഷനു വന്ന ദേഷ്യം! അവൻ മുഷ്ടിചുരുട്ടി ബ്രാഹ്മണന്റെ നേർക്കടുത്തു. തയ്യാറായി ഇരിക്കയാണല്ലോ ബ്രാഹ്മണൻ. അയാൾ ചാടി എണീറ്റ് ദിവ്യമായ വേലെടുത്തു പ്രയോഗിച്ചു. വേൽ തൽക്ഷണം രാക്ഷസനെ കുത്തിക്കൊന്നു. എന്നിട്ട് ഉയർന്ന് ഒരൊറ്റ പോക്ക്, സ്വർഗത്തിലേക്ക്!

ഗുണ്ഡികയ്ക്ക് സന്തോഷമായി എന്നു പറയാനുണ്ടോ? അവൾ ബ്രാഹ്മണനെ ഗുഹയിലേക്കു നയിച്ചു. അവിടെ രത്നാവലി കാത്തിരിക്കുകയാണ്. രാജകുമാരിയെ കണ്ട് ബ്രാഹ്മണൻ ആശ്ചര്യപ്പെട്ടു. ഈ സുന്ദരി ഇവിടെ എങ്ങനെ വന്നു?

സകലതും ഗുണ്ഡിക വിസ്തരിച്ച് അറിയിച്ചു.

അതിനുശേഷം അവൾ ബ്രാഹ്മണനോടു പറഞ്ഞു:

'നമുക്ക് രത്നാവലിയെ അവളുടെ കൊട്ടാരത്തിൽ കൊണ്ടുചെന്നാക്കാം. എന്നിട്ട് നമുക്ക് കാശിയിൽ സ്ഥിരമായി താമസിക്കാം. ഇവിടെയുള്ള സമ്പത്തുകളെല്ലാം അങ്ങോട്ടു കൊണ്ടുപോവുകയുംചെയ്യാം.'

ബ്രാഹ്മണന് ഒരു സംശയം അവശേഷിച്ചു:

'ഗുണ്ഡികേ, നീ നിന്റെ ഭർത്താവിനെ കൊല്ലിച്ചവളാണ്. നീ എന്നെയും കൊല്ലിച്ചെന്നുവരും, ഇല്ലേ?'

അവൾ തീർത്തു പറഞ്ഞു:

'മുമ്പേ ഞാൻ ശപഥംചെയ്തതാണ്. ഒരിക്കലും ഞാൻ അങ്ങയെ വഞ്ചിക്കുകയില്ല.'

ഇച്ഛാനുസരണം രൂപം ധരിക്കാനുള്ള സിദ്ധിയുണ്ട് ഗുണ്ഡികയ്ക്ക്. ഇപ്പോൾ അവൾ ഒരു പിടിയാനയായി മാറി. ബ്രാഹ്മണനും രത്നാവലിയും കൂടി സമ്പത്തുക്കളെടുത്തു പിടിയാനയുടെ പുറത്തുവെച്ചു. എന്നിട്ട് അവരും കയറിയിരുന്നു. അവരെയും വഹിച്ചുകൊണ്ട് പിടിയാന കാശിയിലെത്തി.

അപ്പോൾ രാക്ഷസി പിടിയാനയുടെ വേഷം പരിത്യജിച്ചു. വീണ്ടും സുന്ദരിയുടെ രൂപം ധരിച്ചു. എല്ലാവരുംകൂടി കൊട്ടാരവാതുക്കൽ എത്തിയപ്പോഴോ? ഒരു ഭടൻ രത്നാവലിയെ തിരിച്ചറിഞ്ഞു. അവൻ ഓടിച്ചെന്ന് കാശിരാജാവിനെ വിവരം ധരിപ്പിച്ചു. കാശിരാജാവ്, കാശിരാജ്ഞി, ബന്ധുക്കൾ, പരിചാരകന്മാർ—എല്ലാവരും ധൃതിയിൽ വന്നെത്തി. രാജാവും രാജ്ഞിയും സന്തോഷക്കണ്ണുനീർ ചൊരിഞ്ഞു. കാണാതായ ഓമനപ്പുത്രിയെ തിരിച്ചു കിട്ടിയില്ലേ?

രത്നാവലി ബ്രാഹ്മണനെ പരിചയപ്പെടുത്തി—മാത്രമല്ല, ഗുണ്ഡികയെയും. എന്നിട്ടു സംഭവങ്ങൾ വിവരിച്ചു—അവ നടന്നതുപോലെ.

രാജാവ് ഗുണ്ഡികയോടു പറഞ്ഞു:

'നിങ്ങൾ ചെയ്ത ഉപകാരം ഞാൻ മറക്കുകയില്ല. പൊയ്പോയ മകളെ നിങ്ങൾ തിരിച്ച് എത്തിച്ചുവല്ലൊ. എനിക്കുള്ള എല്ലാം ഇനി നിങ്ങളുടെയും വകയായിരിക്കും!'

താമസിയാതെ രണ്ടു വിവാഹങ്ങൾ നടന്നു—ആദ്യം ബ്രാഹ്മണനും ഗുണ്ഡികയും തമ്മിൽ, പിന്നെ ബ്രാഹ്മണനും രത്നാവലിയും തമ്മിൽ.

വധൂക്കളെയുംകൊണ്ട് വരൻ സ്വദേശത്തു തിരിച്ചെത്തി. അദ്ദേഹം ഇപ്പോൾ കാശിരാജാവിന്റെ ജാമാതാവായില്ലേ? പിന്നെയുണ്ടോ ധനത്തിനു വിഷമം? അദ്ദേഹം മുമ്പു വിറ്റിരുന്ന വീടു വീണ്ടും വിലയ്ക്കു വാങ്ങി. എത്ര പണമാണ്, പ്രതാപമാണ്, ഐശ്വര്യമാണ് അദ്ദേഹത്തിന്!

ആ വസ്തുത കാഷ്ഠിലയുടെ ചെവിയിലുമെത്തി. ശോകം, ലജ്ജ, പശ്ചാത്താപം—അവളുടെ ഹൃദയത്തിൽ സ്ഥലംപിടിച്ചു. കഷ്ടം! താൻ ഭർത്താവിനെ അപഹസിച്ചു, അവഹേളിച്ചു, ആട്ടിയോടിച്ചു. ഭർത്താവ് നശിച്ചില്ല എന്നു മാത്രമല്ല, അങ്ങേയറ്റം അഭിവൃദ്ധിപ്പെട്ടു. താൻ ഇനി എന്തു ചെയ്യും?

ദുഃഖിച്ചിരിക്കുന്ന കാഷ്ഠില ശബ്ദം കേട്ട് അങ്ങോട്ടു നോക്കി. അതാ തന്റെ നേർക്കു വരുന്നു കുറേപ്പേർ. അവർ അടുത്തു വന്നപ്പോൾ മനസ്സിലായി അതെന്ന്—ഭർത്താവിന്റെ ഭൃത്യന്മാർ. അവർ വളരെയേറെ വസ്ത്രങ്ങളും ആഭരണങ്ങളും കൊണ്ടുവന്നിരിക്കുന്നു. എല്ലാം ഭർത്താവ് കാഷ്ഠിലയ്ക്കായി കൊടുത്തയച്ചവയും. അവർ യജമാനന്റെ ഒരു സന്ദേശവും കാഷ്ഠിലയ്ക്കു നൽകി—അവൾ ഉടൻതന്നെ ഭർത്താവിന്റെ അടുക്കൽ എത്തിച്ചേരണം!

ഹൃദയത്തുടിപ്പോടുകൂടി അവൾ ഭർത്താവിനെ ചെന്നു കണ്ടു.

അവൾ കുറേക്കാലം ഭർത്താവിനോടുകൂടി, സപത്നിമാരോടുകൂടി സുഖജീവിതം നയിച്ചു.

ഒരു ദിവസം അവളുടെ സുഖജീവിതം അവസാനിച്ചു—അതെന്തിന്, ജീവിതംതന്നെയും.

മരണശേഷം അവൾ പോയത് സ്വർഗത്തിലേക്കാണോ? അല്ല, നരകത്തിലേക്ക്. ഭർത്താവിനോടു നികൃഷ്ടമായി പെരുമാറിയിരുന്നില്ലേ? അതിനുള്ള ശിക്ഷയാണ് നരകവാസം.

പിന്നീടാണ് കാഷ്ഠില പെൺപുഴുവായി ജനിച്ചത്. പുരാവനത്തിലെ വൃക്ഷത്തിൽ വസിച്ചതും.

ഇത്രയുമാണ് കാഷ്ഠിലയുടെ കഥ. പെൺപുഴുവായ അവൾ സന്ധ്യാവലിയോടു പറഞ്ഞതുമാണ്. അവൾ പറഞ്ഞവസാനിപ്പിച്ചു:

'സന്ധ്യാവലിമാത്തശ്ശീ, അവിടുന്ന് ഏകാദശിവ്രതം നോറ്റ് പുണ്യം സമ്പാദിച്ചിട്ടുണ്ടല്ലോ. ആ പുണ്യത്തിൽ ഒരംശം എനിക്കും തരണേ. എന്നാൽ, എനിക്കു സദ്ഗതി ലഭിക്കും.'

സ്ത്രീരത്നമായ സന്ധ്യാവലി ആ അപേക്ഷ സ്വീകരിച്ചു. മാത്തശ്ശി തന്റെ പുണ്യത്തിന്റെ ഒരംശം കാഷ്ഠിലയ്ക്കു നൽകി. തൽക്ഷണം കാഷ്ഠിലപുഴുവിന്റെ രൂപം വെടിഞ്ഞ് ദിവ്യരൂപം ധരിച്ചു. ദിവ്യവിമാനത്തിൽ കയറി സ്വർഗലോകത്തേക്കു യാത്രയാവുകയുംചെയ്തു.

ഈ അനുവേങ്ങളാണ് സന്ധ്യാവലി മോഹിനിയെ കേൾപ്പിച്ചത്.

രാജ്ഞി അപേക്ഷിച്ചു:

'മോഹിനീ, പതിവ്രതയായ സ്ത്രീ ഭർത്താവിനോട് അപ്രിയം പറയരുത്. അപ്രിയം പ്രവർത്തിക്കരുത്. അത് ഉദാഹരിക്കുന്ന ഒന്നാണ് ഈ അനുഭവകഥ. അതിനാൽ നീ ഭർത്താവിന്റെ ഏകാദശിവ്രതം മുടക്കരുത്.'

പക്ഷേ, മോഹിനി ആ ഉപദേശം ചെവിക്കൊണ്ടില്ല.

'ജ്യേഷ്ഠത്തീ, ഭർത്താവിന് ഇഷ്ടമില്ലെങ്കിൽ ഏകാദശിക്ക് ഭക്ഷണം കഴിക്കണ്ട. അതിനു പകരം അദ്ദേഹം മറ്റൊന്നു ചെയ്താൽ മതിയാകും. സ്വന്തം കൈകൊണ്ട് ധർമാംഗദന്റെ കഴുത്തുവെട്ടണം. രാജാവ് എനിക്കു രണ്ടാം വരവും തന്നിട്ടുണ്ട്. അദ്ദേഹം ഒന്നുകിൽ ഏകാദശിവ്രതം മുടക്കട്ടെ. അല്ലെങ്കിൽ പുത്രന്റെ ശിരച്ഛേദം ചെയ്യട്ടെ. ഏതാണ് വേണ്ടതെന്ന് നിങ്ങളൊക്കെക്കൂടി നിശ്ചയിച്ചുകൊള്ളുവിൻ. എനിക്കിനി ഒന്നും പറയാനില്ല.'

സന്ധ്യാവലി അസാമാന്യമായ ധൈര്യം പ്രദർശിപ്പിച്ചു:

'മോഹിനീ, ധനത്തെയും മാനത്തെയും ത്യജിക്കാം. ബന്ധുക്കളെയും മിത്രങ്ങളെയും ത്യജിക്കാം. എന്നാലും ഏകാദശിവ്രതം മുടക്കാൻ പാടില്ല.'

സന്ധ്യാവലി രുഗ്മാംഗദന്റെ മുമ്പിലെത്തി:

'നാഥാ, എന്തു ചെയ്തിട്ടും മോഹിനി വഴങ്ങുന്നില്ല. ഒന്നുകിൽ അങ്ങ് ഇന്നു ഭക്ഷണം കഴിക്കണം; അല്ലാത്തപക്ഷം അങ്ങ് ധർമാംഗദനെ വധിക്കണം—അതാണ് അവളുടെ പിടിവാശി. എന്റെ അഭിപ്രായം ഒന്നാണ്—പുത്രവധം ചെയ്തെങ്കിലും ഏകാദശിവ്രതം പാലിക്കണം.'

രുഗ്മാംഗദന്റെ സങ്കടം പൊട്ടിപ്പുറപ്പെട്ടു.

അദ്ദേഹം വിലപിച്ചു:

'ദൈവമേ, ഞാൻ എന്തിനു ദുർബുദ്ധിയായ മോഹിനിക്കു വരം കൊടുത്തു? എന്തിന് അവളെ വിവാഹംകഴിച്ചു? എല്ലാം എന്റെ പൊന്നുണ്ണിയെ കുരുതി കഴിക്കാൻ മാത്രം! ഞാനെങ്ങനെ ധർമാംഗദന്റെ കഴുത്തു വെട്ടും? എങ്ങനെ ഏകാദശിവ്രതം മുടക്കും?'

കുറേക്കഴിഞ്ഞ് അദ്ദേഹത്തിന് ഒന്നു തോന്നി. ഒരിക്കൽകൂടി മോഹിനിയോട് അപേക്ഷിക്കാം. അവളുടെ മനസ്സ് അലിയാൻ സാദ്ധ്യതയില്ല. എങ്കിലും അവസാനമായി പരീക്ഷിക്കുകതന്നെ. ഫലിക്കുന്നെങ്കിൽ ഫലിക്കട്ടെ.

അദ്ദേഹം സന്ധ്യാവലിയോടുകൂടി മോഹിനിയെ ചെന്നുകണ്ടു.

'മോഹിനീ, നീ എന്നിൽ പ്രസാദിക്കണം. ഞാൻ മരിക്കണം എന്ന് നീ ആവശ്യപ്പെട്ടാലോ? ആ നിമിഷം ഞാൻ മരിച്ചുകൊള്ളാം. ഞാൻ സന്ന്യസിക്കണോ? സന്ന്യസിക്കാം. വേറെ എന്തെങ്കിലും ചെയ്യണോ, ചെയ്യാം. പക്ഷേ, ഏകാദശി മുടക്കുക, ധർമാംഗദനെ വധിക്കുക—അവ രണ്ടും എന്നെക്കൊണ്ടാവില്ല. ഞാനിതാ നിന്റെ പാദം പിടിച്ചു യാചിക്കുന്നു. ദയവുചെയ്ത് ഇങ്ങനെ പറയരുതേ!'

മോഹിനി തന്റെ നിശ്ചയത്തിൽനിന്ന് എള്ളളവ് വ്യതിചലിച്ചില്ല.

ആ സംഭാഷണം കേട്ടുനിന്നിരുന്നു ധർമാംഗദൻ.

രാജകുമാരൻ മുമ്പോട്ടു കടന്നു:

'അച്ഛാ, എന്തുവന്നാലും ശരി, അച്ഛൻ സത്യം രക്ഷിക്കണം, ഏകാദശിവ്രതം ലംഘിക്കയുമരുത്. രണ്ടും സാധിക്കാനായി ഒരൊറ്റ വഴിയേയുള്ളൂ. അച്ഛൻ എന്റെ കഴുത്തുവെട്ടണം.'

മൃഗാംഗദന്റെ വിചാരം എന്തായിരുന്നു? ഇങ്ങനെയുമുണ്ടോ ഒരു പുത്രൻ ഈ ഭൂതലത്തിൽ? പിതാവിന്റെ സത്യപാലനത്തിനായി പുത്രൻ സ്വജീവനെ ബലികൊടുക്കുക! ധന്യരിൽ ധന്യനാണു താൻ. ഇത്ര മാഹാത്മ്യമുള്ള പുത്രന്റെ പിതാവായില്ലേ? എങ്കിലും അവനെ കൊല്ലുക... അതാലോചിച്ചപ്പോൾ ആ പിതൃഹൃദയം പിളർന്നുപോയി. അദ്ദേഹം മോഹിനിയുടെ മുഖത്തു നോക്കി. അവിടെ നിഷ്ഠൂരത നടമാടുകയാണ്. അദ്ദേഹത്തിന്റെ കണ്ണുകൾ സന്ധ്യാവലിയുടെ മുഖത്തേക്ക് ഉഴറി. അവിടെയാകട്ടെ, ശോകത്തിന്റെ ലാഞ്ഛനപോലും കാണപ്പെടുന്നില്ല. എത്ര ആദർശധീരത! മൃഗാംഗദന്റെ ഹൃദയത്തിൽ രണ്ടു വികാരങ്ങൾ തമ്മിൽ പോരാടി—പുത്രസ്നേഹവും സത്യലംഘനഭയവും തമ്മിൽ.

ഒടുവിൽ അദ്ദേഹം ഒരു നിശ്ചയമെടുത്തു—സത്യം പാലിക്കാനായി പുത്രവധം നടത്തുകതന്നെ!

തുടിക്കുന്ന ഹൃദയത്തോടെ, നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ, മൃഗാംഗദൻ ഉറയിൽനിന്നു വാളൂരി.

മോഹിനി പറഞ്ഞു:

'സാഹസം പ്രവർത്തിക്കരുത്. ഏകാദശി മുടക്കു. പുത്രന്റെ ജീവൻ രക്ഷിക്കു. ഒരു നേരം ഭക്ഷണം കഴിക്കു.'

മൃഗാംഗദൻ അവളുടെ വാക്കുകൾ കേട്ടതായി ഭാവിച്ചില്ല. അദ്ദേഹം വാൾപ്പിടിയിൽ തന്റെ കൈവിരലുകൾ മുറുക്കി. ധർമാംഗദൻ തലയുംതാഴ്ത്തി നിന്നുകൊടുത്തു. തന്റെ കഴുത്തുവെട്ടി അച്ഛൻ പുണ്യംനേടട്ടെ!

പുത്രന്റെ ഓമനമുഖത്ത് മൃഗാംഗദൻ ഒന്നു നോക്കി. ഒരു നിലവിളി രാജാവിന്റെ കണ്ഠത്തിൽനിന്നുയർന്നു. തുടർന്ന് അദ്ദേഹം മോഹാലസ്യപ്പെട്ട് നിലത്തൊരു വീഴ്ച!

വീണ്ടും ബോധം വന്നപ്പോഴോ? അദ്ദേഹം വാൾ കൈയിലെടുത്തു. മകന്റെ കഴുത്തിനു നേരെ വാളോങ്ങി. ഒരു നിമിഷത്തിനകം ധർമാംഗദന്റെ തലയറ്റു നിലത്തു വീഴും!

പക്ഷേ, നിലത്തു വീണതു തലയല്ല. വാളായിരുന്നു. മൃഗാംഗദന്റെ ധൈര്യമെല്ലാം ചോർന്നുപോയിരുന്നു. വാൾ അദ്ദേഹത്തിന്റെ പിടിവിട്ടു തനിയെ വീണതാണ്!

ധർമാംഗദൻ ധൈര്യം പകർന്നു:

'അച്ഛാ, എന്തിനാണ് ഈ ദൗർബല്യം? എന്റെ ജീവിതം അച്ഛനുവേണ്ടി സമർപ്പിച്ചിട്ടുള്ളതാണ്. അച്ഛന്റെ സത്യവും വ്രതവും പാലിക്കുക എന്റെ കടമയുമാണ്. ഇതിനെക്കാൾ നല്ല മരണം എനിക്കു കൈവരാനില്ല. എടുക്കണം ആ വാൾ! വെട്ടണം എന്റെ കഴുത്ത്!'

മകന്റെ വാക്കുകൾക്ക് ഉദ്ദിഷ്ടഫലം ഉളവായി. മൃഗാംഗദന്റെ കണ്ണുകളിൽ കണ്ണുനീർ വറ്റി. ശരീരത്തിന്റെ വിറയൽ ഇല്ലാതെയുമായി. അദ്ദേഹം നിലത്തു കിടന്ന വാളെടുക്കുന്നു. വാൾ വായുവിൽ അർദ്ധചന്ദ്രന്റെ വടിവിൽ വീശുന്നു. ഇപ്പോൾ... ഇപ്പോൾ... ധർമാംഗദന്റെ ജീവിതം അവസാനിക്കും.

ഇല്ല! വാൾ വായുവിൽ വെച്ചുതന്നെ സ്തംഭിക്കുന്നു. മൃഗാംഗദന്റെ വലതുകൈ പിടിച്ചിരിക്കുന്നു... പ്രത്യക്ഷനായ മഹാവിഷ്ണു!

രാജാവ് ഭക്തികൊണ്ടു പരവശനായി. അദ്ദേഹം ഇടറുന്ന വാക്കുകളാൽ ഭഗവാനെ വാഴ്ത്തി. വിറയ്ക്കുന്ന കൈപ്പടങ്ങളാൽ അഞ്ജലികൂപ്പി. അതുപോലെ ചെയ്തു സന്ധ്യാവലിയും ധർമാംഗദനും.

മഹാവിഷ്ണു അരുളിച്ചെയ്തു:

രുഗ്മാംഗദാ, നിങ്ങൾ മൂന്നുപേരുടെയും ഭക്തി അത്ഭുതകരംതന്നെ. ഇനി മേൽ ഞാനും നിങ്ങളും തമ്മിൽ ഭേദമില്ല. വരുവിൻ നമുക്കു വൈകുണ്ഠത്തിലേക്കു പോകാം.'

അങ്ങനെ അവർക്ക് ആ പുണ്യലോകം കിട്ടി. അവർക്കു മാത്രമല്ല, പ്രജകൾക്കും. ഏകാദശിവ്രതത്തിന്റെ ഫലം!

രുഗ്മാംഗദന്റെ ഗുരുവും പുരോഹിതനുമായ ഒരു മഹർഷിയുണ്ട്. ജലജാതൻ എന്നാണ് മഹർഷിയുടെ പേര്. അദ്ദേഹം ആ സമയത്ത് അയോദ്ധ്യയിൽ ഉണ്ടായിരുന്നില്ല. ജലത്തിനടിയിൽ തപസ്സുചെയ്യുകയായിരുന്നു.

ഒടുവിൽ തപസ്സു പൂർത്തിയാക്കി അദ്ദേഹം കരയ്ക്കു കയറി. എന്താണിത്? അയോദ്ധ്യയാകെ വിജനമായിരിക്കുന്നു. ഒരൊറ്റ മനുഷ്യപ്രാണിയെ അവിടെങ്ങും കാണാനില്ല. അതെങ്ങനെ സംഭവിച്ചു? ജലജാതൻ ദിവ്യദൃഷ്ടി കൊണ്ടു നോക്കി. അപ്പോൾ നടന്നതൊക്കെ മനസ്സിലായി.

ഇതെല്ലാം മോഹിനിയുടെ പണിയാണ്. പക്ഷേ, മോഹിനിയെ മാത്രം കുറ്റപ്പെടുത്തിക്കൂടാ. ദേവന്മാരും ബ്രഹ്മാവുംകൂടി ഉത്തരവാദികളാണ്. അവരുടെ കാര്യമാണല്ലോ മോഹിനി നിർവഹിച്ചത്. ആ സ്ഥിതിക്ക് അവരും ഉത്തരം പറയണം!

മഹർഷി ഗർജിച്ചു:

'ഞാനിപ്പോൾ അവരെ ശപിച്ചു ഭസ്മമാക്കും!'

ഭയന്നുപോയ ബ്രഹ്മാവും ദേവന്മാരും ഓടിയെത്തി. അവർ ജലജാതനെ വന്ദിച്ചു സ്തുതിചെയ്തു. അതോടെ അദ്ദേഹത്തിന് അവരോടുള്ള കോപം മാറി. ആ കോപം മോഹിനിയുടെ നേർക്കു തിരിഞ്ഞു. അദ്ദേഹം മന്ത്രം ജപിച്ച് അവളുടെമേൽ ജലം തളിച്ചു. വെള്ളത്തുള്ളികൾ ഓരോന്നും തീക്കണങ്ങളായി. തീക്കണങ്ങൾ മോഹിനിയുടെ നേർക്കു പാഞ്ഞു. അവളുടെ ശരീരത്തെ ഭസ്മവുമാക്കി!

അതേസമയം അവളുടെ ജീവൻ സ്വർഗലോകത്തു ചെന്നു. സ്വർഗത്തിന്റെ കവാടത്തിൽ കാവൽക്കാർ നില്പുണ്ട്. അവർ അവളെ അകത്തേക്കു കടത്തിവിട്ടില്ല.

അടുത്തതായി മോഹിനി നരകത്തിലേക്കു ചെന്നു. അവിടെയും അവൾക്കു പ്രവേശനം ലഭിച്ചില്ല. പിന്നീട് അവൾ പാതാളത്തു പോയി. പാതാളത്തിലും മുമ്പത്തെ അനുഭവങ്ങൾതന്നെ. എന്നാലിനി ഗംഗാസ്നാനം ചെയ്യാം എന്നായി ആലോചന. അവൾ ഗംഗയിൽ മുങ്ങാൻ ഭാവിച്ചു. ഗംഗ വിലക്കി, തന്നെ അവൾ സ്പർശിക്കരുതെന്ന്. അവൾ വീണ്ടും സ്വർഗത്തിലെത്തി എന്നിട്ടു വിളിച്ചുപറഞ്ഞു:

'ഹേ ദേവന്മാരേ, നിങ്ങൾക്കുവേണ്ടിയാണ് ബ്രഹ്മാവ് എന്നെ സൃഷ്ടിച്ചത്. ബ്രഹ്മാവിന്റെ നിർദ്ദേശം അനുസരിച്ചാണു ഞാൻ പ്രവർത്തിച്ചതും. എന്റെ ശരീരം ദഹിച്ചതാണു മിച്ചം. ഒരു ലോകത്തും എനിക്കു പ്രവേശനം ഇല്ലാതെയായി. നിങ്ങൾതന്നെ ഇനി എന്നെ രക്ഷിക്കണം. എനിക്കൊരു വാസസ്ഥാനം നിങ്ങൾ കല്പിക്കണം.'

ജലജാതനാണല്ലോ മോഹിനിയുടെ ശരീരം ഭസ്മമാക്കിയത്. ആ മഹർഷിയുടെ അഭിപ്രായം അറിയാതെ തങ്ങൾക്ക് ഒന്നും ചെയ്തുകൂടാ. അക്കാര്യം ദേവന്മാർക്ക് അറിയാവുന്നതാണ്. അവർ ജലജാതന്റെ അഭിപ്രായം ആരാ

ഞ്ഞു. മഹർഷി അവർക്കൊരു നിർദ്ദേശം നല്കി. അവർ ആ നിർദ്ദേശം എങ്ങനെ നടപ്പിലാക്കി എന്നോ? മോഹിനിക്ക് ദശമിയുടെ അന്ത്യത്തിൽ സ്ഥാനം നല്കി. ഇപ്പോഴും മോഹിനി അവിടെ വസിക്കുന്നു എന്നാണു വിശ്വാസം.

(ഏകാദശീമാഹാത്മ്യം)

മിത്രസഹൻ

സൂര്യവംശത്തിലാണ് മിത്രസഹൻ എന്ന രാജാവ് ജനിച്ചത്. അനേകം ഗുണങ്ങൾ മിത്രസഹനിൽ ഒത്തിണങ്ങിയിരുന്നു. അദ്ദേഹം അധർമത്തെ നശിപ്പിച്ചു, ധർമത്തെ പുലർത്തി.

പക്ഷേ, ദുർഭാഗ്യം അദ്ദേഹത്തെ പിൻതുടർന്നുകൊണ്ടിരുന്നു.

ഒരിക്കൽ മിത്രസഹൻ മൃഗങ്ങളെ വേട്ടയാടാൻ വനത്തിൽ ചെന്നു. വേട്ടയ്ക്കിടയ്ക്ക് അദ്ദേഹം ഒരു രാക്ഷസനെ കണ്ടെത്തി. അദ്ദേഹം മൃഗങ്ങളെ എന്നപോലെ രാക്ഷസനെയും വധിച്ചു.

അതോടുകൂടി അദ്ദേഹത്തിന്റെ നിർഭാഗ്യവും ആരംഭിച്ചു.

കൊല്ലപ്പെട്ട രാക്ഷസന് ഒരു സഹോദരനുണ്ട്. മിത്രസഹൻ തന്റെ സഹോദരനെ വധിച്ചില്ലേ? അതിന് രാജാവിനോടു പകവീട്ടണം—അതായി ആ രാക്ഷസന്റെ നിശ്ചയം. നേരിട്ടു യുദ്ധം ചെയ്താൽ തനിക്കു രക്ഷയില്ല. അക്കാര്യം രാക്ഷസന് അറിയാമായിരുന്നു. എന്നുവെച്ച് വെറുതെ അടങ്ങിയിരിക്കുകയോ? അതിന് രാക്ഷസൻ തയ്യാറായില്ല. ചതി പ്രയോഗിച്ച് രാജാവിനെ നശിപ്പിക്കണം!

വിചിത്രമായിരുന്നു രാക്ഷസന്റെ ചതിപ്രയോഗം. അവൻ മനുഷ്യനായ ഒരു പാചകന്റെ രൂപം പൂണ്ടു. എന്നിട്ട് മിത്രസഹനെ ചെന്നു കണ്ടു വന്ദിച്ചു. തനിക്കു ജോലി തരണമെന്ന് അപേക്ഷിച്ചു. രാജാവുണ്ടോ അറിയുന്നു, ഇവൻ വാസ്തവത്തിൽ ചതിയനായ രാക്ഷസനാണ് എന്ന്? അദ്ദേഹം അവനെ അരമനയിലെ പാചകനാക്കി. ഒന്നാംതരം ആയിരുന്നു അവന്റെ പാചകം. രാജാവിന് അവനോടു പ്രീതി ഉണ്ടായി.

രാക്ഷസൻ കാത്തിരുന്ന തക്കം അവനു ലഭിച്ചു.

മിത്രസഹൻ വസിഷ്ഠനെ ഭക്ഷണത്തിനു ക്ഷണിച്ചു. സൂര്യവംശത്തിന്റെ പരമഗുരുവാണല്ലോ വസിഷ്ഠൻ. രാജാവ് മഹർഷിയെ സ്വീകരിച്ചിരുത്തി. പുതിയ പാചകൻ വന്നു വിളമ്പിയും തുടങ്ങി. പലതിന്റെയും കൂട്ടത്തിൽ അവൻ മറ്റൊന്നും വിളമ്പുകയുണ്ടായി. മനുഷ്യമാംസം ചേർത്തുണ്ടാക്കിയ ഒരു കൂട്ടാൻ. വസിഷ്ഠൻ മനുഷ്യമാംസത്തെ തിരിച്ചറിഞ്ഞു. അദ്ദേഹത്തിന് മിത്രസഹനോട് അതിയായ കോപമുണ്ടായി.

മഹർഷി ശാപമേകി:

'മിത്രസഹാ, നീ എന്നെ മനുഷ്യമാംസം തീറ്റാൻ ശ്രമിച്ചു, അല്ലേ? അതിനൊരു ശിക്ഷ കൂടിയേ കഴിയൂ. നീ മനുഷ്യമാംസം തിന്നുന്ന രാക്ഷസനാകട്ടെ!'

രാജാവ് വല്ലാതെയായി. താൻ വാസ്തവത്തിൽ കുറ്റമൊന്നും ചെയ്തിട്ടില്ല. മനുഷ്യമാംസം എന്നു താൻ അറിഞ്ഞിട്ടുപോലുമില്ല. ആ സ്ഥിതിക്ക് വസിഷ്ഠൻ ശപിച്ചത് അന്യായമായിപ്പോയി. മഹർഷിക്കു മാത്രമല്ല ശാപശക്തി, തനിക്കുമുണ്ട്. രാജാവ് മറുശാപം നൽകാൻ ഒരുക്കമായി. അതിനായി ജലം കൈയിലെടുത്തു.

ഭർത്താവിന്റെ ഒരുക്കം കണ്ടു രാജപത്നിയായ മദയന്തി. കുലഗുരുവിനെ ശപിക്കുന്നതു മഹാപാപമല്ലേ? ആ പാപം ചെയ്യുന്നതിൽനിന്നു ഭർത്താവിനെ വിരമിപ്പിക്കണം. അതിനായി മദയന്തിയുടെ പരിശ്രമം. രാജ്ഞി പറഞ്ഞു:

'നാഥാ, ദയവുചെയ്ത് അങ്ങ് മഹർഷിയെ ശപിക്കരുത്!'

അതോടെ മിത്രസഹന്റെ കോപം തണുത്തു. അദ്ദേഹം ശാപചിന്ത ഉപേക്ഷിച്ചു. കൈയിലെടുത്ത ജലം സ്വന്തം പാദങ്ങളിൽ ഒഴിച്ചു. കല്മഷം (പാപം) കലർന്ന ജലം പാദത്തിലായില്ലേ? അതിനാൽ അന്നുമുതൽ മിത്രസഹന് പുതിയൊരു പേരു പതിഞ്ഞു—കല്മാഷപാദൻ!

മാത്രവുമല്ല, മഹർഷിയുടെ ശാപം അനുസരിച്ച് അദ്ദേഹം രാക്ഷസനുമായി. ഏറ്റവും ഭീകരമായിരുന്നു അദ്ദേഹത്തിന്റെ രാക്ഷസരൂപം. ഘോരമായി അട്ടഹസിച്ചുകൊണ്ട് അദ്ദേഹം കാടുകയറി. മൃഗങ്ങളുടെ മാംസം മാത്രമല്ല, പിന്നത്തെ ഭക്ഷണം—കാട്ടിൽ കടന്നുചെല്ലുന്ന മനുഷ്യരുടെ മാംസവും!

ഒരിക്കൽ കല്മാഷപാദൻ രണ്ടു മനുഷ്യരെ കണ്ടെത്തി—യുവാവായ ഒരു മുനിയും യുവതിയായ മുനിപത്നിയും. അവരുടെ വിവാഹം കഴിഞ്ഞിട്ട് അധികകാലം ആയിട്ടില്ല. കല്മാഷപാദൻ ഓടിച്ചെന്ന് മുനിയെ പിടികൂടി. കൊന്നുതിന്നാൻ ഒരുക്കവുമായി.

മുനിപത്നി വാവിട്ടുകരഞ്ഞുകൊണ്ടു യാചിച്ചു:

'ഹേ രാക്ഷസാ, ദയവുചെയ്ത് എന്റെ ഭർത്താവിനെ കൊല്ലരുത്. എനിക്കു വാസ്തവത്തിൽ നീ ആരെന്ന് അറിയാം. രാക്ഷസരൂപം പൂണ്ട മിത്രസഹരാജാവ്. ശരണാഗതരെ രക്ഷിക്കുക രാജാക്കന്മാരുടെ കർത്തവ്യമാണല്ലോ. എന്റെ അപേക്ഷ തള്ളിക്കളയരുതേ!"

പക്ഷേ, അതൊന്നും കല്മാഷപാദൻ കൂട്ടാക്കിയില്ല. രാക്ഷസനായ രാജാവ് മുനിയെ കൊന്നു എന്നു മാത്രമല്ല, തിന്നുകയുംചെയ്തു. അതും മുനിപത്നിയുടെ കൺമുമ്പിൽവെച്ച്!

മുനിപത്നിക്കു സങ്കടം സഹിക്കാൻ സാധിച്ചില്ല. അവൾ ഭർത്താവിന്റെ അവശിഷ്ടങ്ങൾ ചിതയിൽ വച്ചു. എന്നിട്ടു ചിതയിൽ തീ കൊളുത്തി. അതിൽ ചാടി പ്രാണൻ കളഞ്ഞു.

മുനിയെ കൊന്നതോടെ കല്മാഷപാദന് ബ്രഹ്മഹത്യ എന്ന മഹാപാപം ബാധിച്ചു.

ഒടുവിൽ വസിഷ്ഠന്റെ ദിവ്യശക്തി രാക്ഷസനെ വീണ്ടും രാജാവാക്കി.

(സ്കാന്ദപുരാണം)

ദിവോദാസൻ

ഒരിക്കൽ ഒരിടത്തും മഴ ഇല്ലാതെയായി. ആ ദുഃസ്ഥിതി അറുപതു വർഷം തുടർന്നുപോയി. ഏറ്റവും ഭയങ്കരമായിരുന്നു ഫലം. ഭൂമി ഉണങ്ങിവരണ്ടു. നദികൾ മുഴുവനും വറ്റി. കുടിക്കാൻ വെള്ളം ഇല്ലെന്നായി. ചിലർ സമുദ്രത്തിൽ ചെന്നുചാടി. പക്ഷേ, സമുദ്രജലം കുടിക്കാനൊക്കുമോ? ആർക്കും രക്ഷയില്ല എന്ന അവസ്ഥയായി.

ബ്രഹ്മാവ് അതീവ വ്യാകുലനായി. സൃഷ്ടിക്കുന്നതെല്ലാം ഇല്ലാതാവുകയാണ്. എന്താണു മഴയില്ലാത്തതിനു കാരണം? ഭഗവാൻ ചുഴിഞ്ഞാലോചിച്ചു. അപ്പോൾ ഒരാളുടെ കാര്യം ഓർമ്മവന്നു. ആരാണ് ആ ആൾ? രിപുംജയൻ എന്ന രാജാവ്.

മനുവംശത്തിലാണ് രിപുംജയൻ ജനിച്ചത്. ഒരു ദോഷംപോലും രിപുംജയനില്ല. അദ്ദേഹത്തിന് ഇല്ലാത്ത ഗുണം ഒന്നുപോലുമില്ല. ധർമം മനുഷ്യന്റെ ഉടലെടുത്തതുപോലെ!

രിപുംജയൻ ലൗകികജീവിതം ഉപേക്ഷിച്ചിട്ടു വളരെക്കാലമായി. അദ്ദേഹം ഇപ്പോൾ കാശിയിൽ തപസ്സുചെയ്യുകയാണ്. ഉടൻതന്നെ അദ്ദേഹത്തെ ഭൂമിയുടെ നായകനാക്കണം. എന്നാൽ, മനുഷ്യരുടെ എല്ലാ ബുദ്ധിമുട്ടുകളും അവസാനിക്കും.

ബ്രഹ്മാവ് കാശിയിലെത്തി— ധ്യാനത്തിൽ ലയിച്ചിരിക്കുന്ന രിപുംജയന്റെ മുമ്പിലും.

ഭഗവാൻ അദ്ദേഹത്തെ ധ്യാനത്തിൽനിന്ന് ഉണർത്തിയിട്ടു പറഞ്ഞു:

'രിപുംജയാ, ഇന്നുമുതൽ നീ ഭൂമി ഭരിക്കണം. നീയല്ലാതെ ഭൂമിയെ രക്ഷിക്കാൻ ആരുമില്ല. നീ ബ്രഹ്മചര്യം ഉപേക്ഷിച്ച് കല്യാണംകഴിക്കണം. സർപ്പശ്രേഷ്ഠനായ വാസുകിക്ക് ഒരു പുത്രിയുണ്ട്. സുന്ദരിയാണ് ആ സർപ്പകന്യക. അവളെ നിനക്കു നൽകാൻ വാസുകി ഇച്ഛിക്കുന്നു. എന്റെ അനുഗ്രഹം എപ്പോഴും നിനക്കുണ്ടായിരിക്കും. അക്കാരണത്താൽ നിനക്കു ദിവ്യശക്തികൾ കൈവരും. നീ ദിവോദാസൻ എന്ന പേരിൽ അറിയപ്പെടുകയും ചെയ്യും.'

രിപുംജയൻ ബ്രഹ്മാവിനെ സാദരം വന്ദിച്ചു.

'ഭഗവാനേ, ലോകത്ത് എത്രയോ രാജാക്കന്മാരുണ്ട്. പിന്നെ എന്തിനാണ് അവിടുന്ന് എന്നോട് ഇപ്രകാരം കല്പിക്കുന്നത്?'

'രിപുംജയാ, ദുഷ്ടരാജാക്കന്മാർക്കു ദോഷങ്ങളുണ്ട്. ആ ദോഷങ്ങൾ കാരണം മഴ പെയ്യാതെയായി. നീ പരിശുദ്ധനാണ്. ആ സ്ഥിതിക്കു നീ ഭൂമി ഭരിച്ചാൽ മഴപെയ്യും.'

'അങ്ങനെയാണെങ്കിൽ ഞാൻ അവിടുത്തെ നിർദ്ദേശം അനുസരിക്കാം. പക്ഷേ...'

'എന്താണു പക്ഷേ എന്നു പറഞ്ഞത്?'

'എനിക്കൊരു കരാറുണ്ട്.'

'എന്താണു കരാർ?'

'ഭഗവാനേ, എന്റെ ഇഷ്ടം സാധിച്ചാൽ മാത്രമേ ഞാൻ ഭൂമി ഭരിക്കുകയുള്ളൂ.'

'നിന്റെ ഇഷ്ടം എന്താണ്?'

'ഞാൻ ഭൂമി ഭരിക്കുമ്പോൾ ദേവന്മാരിലാരും ഭൂമിയിൽ വന്നുകൂടാ. അവർ സ്വർഗ്ഗലോകത്തിലും മറ്റും കഴിഞ്ഞുകൊള്ളട്ടെ. ഒന്നുകൂടി—'

'അതെന്ത്?'

'ദേവന്മാർ സ്വർഗത്തെയും ഞാൻ ഭൂമിയെയും ഭരിക്കും.'

'നിന്റെ ഇഷ്ടം നടക്കട്ടെ!'

ബ്രഹ്മാവ് അപ്രത്യക്ഷനായി. ദിവോദാസനായ രിപുംജയൻ തപസ്സ് അവസാനിപ്പിച്ചു. അദ്ദേഹത്തിന്റെ ആദ്യകൃത്യം എന്തായിരുന്നു? ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ഇപ്രകാരം ആയിരുന്നു വിളംബരം:

'ഇന്നുമുതൽ ഞാനാണു ഭൂമിയുടെ നാഥൻ. ദേവന്മാരാരും ഭൂമിയിൽ വരാൻ പാടില്ല. അവർ സ്വർഗലോകത്തുതന്നെ കഴിഞ്ഞാൽ മതി. ഭൂമി മനുഷ്യർക്കുമാത്രമായിരിക്കും.'

ദേവന്മാർക്കു വിളംബരത്തിന്റെ വിവരങ്ങൾ അറിവായി; മാത്രമല്ല ഭൂമിയിലെ എല്ലാ മനുഷ്യർക്കും.

അതിനിടയ്ക്ക് മറ്റൊരു സംഭവമുണ്ടായി.

മന്ദരപർവതം കാശിയിലാണ് ഈയിടെയായിട്ട്. കുശദ്വീപിൽനിന്നു വന്നിട്ടു കുറെക്കാലമായി. ഇപ്പോൾ കാശിയിൽ ശിവനെ തപസ്സുചെയ്യുകയാണ്. ക്ഷേതനായ പർവതത്തിനു വരം നൽകണം— അതിന് ശിവൻ തയ്യാറാവുന്നു. അപ്പോഴാണ് ബ്രഹ്മാവ് ശിവന്റെ സമക്ഷത്തിൽ എത്തിയത്.

ബ്രഹ്മാവ് ശിവനെ അനുഗമിച്ചു. ഒന്നിച്ച് പാർവതീദേവിയും ഭൂതഗണങ്ങളും. എല്ലാവരും മന്ദരപർവതത്തിന്റെ അടുക്കൽ ചെന്നെത്തി.

ശിവൻ മന്ദരത്തിനോടു പറഞ്ഞു:

'വത്സാ, തപസ്സ് മതിയാക്കൂ. എഴുന്നേൽക്കൂ. വരം ചോദിക്കൂ.'

മന്ദരത്തിന്റെ ശരീരത്തിൽ രോമാഞ്ചം നിറഞ്ഞു. ഹൃദയത്തിൽ ആനന്ദവും. പർവതം ശിവനെ സാഷ്ടാംഗം നമസ്കരിച്ചു. എന്നിട്ട് ഉണർത്തിച്ചു:

'ഭഗവാനേ, ആര് എന്തു ചിന്തിച്ചാലും അവിടുന്ന് അപ്പോൾതന്നെ അതറിയും. ആ സ്ഥിതിക്കു ഞാൻ എന്റെ ആഗ്രഹം അറിക്കേണ്ടതുണ്ടോ? എങ്കിലും അവിടുന്ന് ആജ്ഞാപിക്കുകയുണ്ടായി. അതുകൊണ്ടു ഞാൻ പറയട്ടെ. അവിടുന്നു കാശിയിലെ പാർപ്പ് മതിയാക്കണം. എന്റെകൂടെ കുശദ്വീപിലേക്കു വരണം. പാർവതീദേവിയും ഭൂതഗണങ്ങളും കൂടി വേണം. അവരോടൊന്നിച്ച് അവിടുന്ന് എന്റെ കൊടുമുടിയിൽ വാഴണം. അതാണു ഞാൻ ചോദിക്കുന്ന വരം.'

ബ്രഹ്മാവിനു നല്ല തക്കമായി. ശിവൻ ഭൂമിയിൽനിന്നു പോകേണ്ടിയിരിക്കുന്നു—തത്കാലത്തേക്കാണ് എങ്കിൽപ്പോലും. ദേവന്മാർക്കു ഭൂമിയിൽ കഴിയാൻ പാടില്ലല്ലോ.

ശിവനോട് ബ്രഹ്മാവ് പറഞ്ഞു:

'ഭഗവാനേ, ലോകം മഴയില്ലാതെ നശിക്കാറായി. അത കണ്ടു ഞാൻ രിപുംജയനെ ഭൂലോകനാഥനാക്കി. ദേവന്മാർ ഭൂമിയിൽ വന്നുകൂടെന്ന് അവൻ ആവശ്യപ്പെട്ടു. ഞാൻ അതു സമ്മതിക്കയും ചെയ്യുകയുണ്ടായി. അവിടുന്നു മന്ദരത്തിന്റെ ആഗ്രഹം നിറവേറ്റണം. എന്നാൽ, മൂന്നു കാര്യങ്ങൾ ഒന്നിച്ചു നടക്കും— രിപുംജയന്റെ നിർദ്ദേശം, എന്റെ തീരുമാനം, മന്ദരത്തിന്റെ ആഗ്രഹം.'

ശിവൻ ബ്രഹ്മാവിന്റെ അഭിപ്രായം അനുസരിച്ചു. ഭഗവാൻ ശ്രീപാർവതിയോടും ഭൃതഗണങ്ങളോടുംകൂടി കാശിവിട്ടു. മന്ദരത്തോടൊന്നിച്ചു കുശദ്വീപിലെത്തി. അവിടെയായി പിന്നത്തെ വാസം.

എങ്കിലും ഭഗവാൻ മറ്റൊരു രൂപത്തിൽ കാശിയിൽ സന്നിധാനം ചെയ്തു. അതായത്, ലിംഗരൂപത്തിൽ.

ദിവോദാസൻ എന്നാണല്ലോ രിപുംജയൻ ഇപ്പോൾ അറിയപ്പെടുന്നത്. ദേവന്മാർ കാശിവിട്ട വിവരം ദിവോദാസന് അറിവായി. അദ്ദേഹം ഭൂലോകചക്രവർത്തിയായി വാഴ്ച ആരംഭിച്ചു. കാശിതന്നെയായിരുന്നു ചക്രവർത്തിയുടെ രാജധാനി. ശത്രുക്കൾക്കു കടക്കാൻ വയ്യാത്ത നഗരമാണ് കാശി. ദിവോദാസനു ശത്രുബാധ ഉണ്ടായതുമില്ല. അദ്ദേഹം ധർമനിഷ്ഠയോടെ ഭരണം നടത്തി. തപസ്സ് മുഖേന പല സിദ്ധികളും നേടിയിരുന്നു അദ്ദേഹം. ആ സിദ്ധികൾ ഇപ്പോൾ അദ്ദേഹം ശരിക്കും ഉപയോഗിച്ചു. ദേവന്മാരുടെ സഹായം ഒന്നിനും വേണ്ടിവന്നുമില്ല. അദ്ദേഹംതന്നെ ഭൂമിയിൽ ധാരാളം മഴ പെയ്യിച്ചു. അഗ്നി, വായു, യമൻ, ഇന്ദ്രൻ, കുബേരൻ—അവരുടെയെല്ലാം ചുമതലകൾ ചക്രവർത്തിതന്നെ നിർവഹിക്കുകയായി.

എന്തായിരുന്നു അതിന്റെയൊക്കെ ആകെത്തുക? ദിവോദാസൻ ദേവന്മാരെക്കാൾ ശ്രേഷ്ഠനായി. അക്കാരണത്താൽ ലോകത്തിന് എന്തെങ്കിലും കോട്ടമുണ്ടായോ? ഇല്ലേയില്ല. മറിച്ച്, ലോകം മുമ്പത്തെക്കാൾ പതിന്മടങ്ങ് അഭിവൃദ്ധി പ്രാപിച്ചു.

ഒരിക്കൽ കുറെ അസുരന്മാർ ദിവോദാസനെ കാണാൻ ചെന്നു.

അവർ പറഞ്ഞു:

'ചക്രവർത്തീ, അവിടുത്തെ സാമ്രാജ്യത്തിൽ ദേവന്മാർ ഇല്ലാതായി. ആ സ്ഥിതിക്ക് അസുരന്മാരായ ഞങ്ങൾ ഇവിടെ താമസിക്കാം. ദേവന്മാരുടെ ജന്മശത്രുക്കളാണല്ലോ ഞങ്ങൾ. അവിടുത്തേക്ക് എന്തു സഹായങ്ങളും ഞങ്ങൾ നൽകാം.'

പക്ഷേ, ദിവോദാസന് അതു സ്വീകാര്യമായില്ല. ദേവന്മാർ വേണ്ടാത്ത സ്ഥിതിക്ക് അസുരന്മാർ എന്തിന്? താൻ പരസഹായംകൂടാതെ ഭൂമി ഭരിക്കും. അതിനുള്ള ശക്തി തനിക്കുണ്ട്!

ദിവോദാസന് ഒരു രാജസദസ്സുണ്ട്. എല്ലാ സദസ്യരും വിദ്വാന്മാരാണ്; ധർമിഷ്ഠന്മാരാണ്. അതിനാൽ, ഭരണകാര്യങ്ങളിൽ ചക്രവർത്തിക്കു യാതൊരു ക്ലേശവും ഉണ്ടായില്ല. ഭടന്മാരെല്ലാം യുദ്ധവീരന്മാരായിരുന്നു. ചോരന്മാർ എന്നൊരു കൂട്ടരേ ഭൂമിയിൽ ഇല്ലാതായി. മറ്റു കുറ്റവാളികളുടെ കാര്യവും അങ്ങനെതന്നെ. സമ്പത്തിന്റെ സ്ഥിതി പറയാനുമില്ല. രാജഭണ്ഡാരം സദാ നിറഞ്ഞുകവിഞ്ഞിരുന്നു. ഓരോ പൗരന്റെ ഗൃഹത്തിലും ആവശ്യത്തിലധികം ധനമുണ്ട്. ദേവസ്ത്രീകളെക്കാൾ സൗന്ദര്യമുണ്ട് മനുഷ്യസ്ത്രീകൾക്ക്. ക്ഷുദ്രജന്തുക്കളുടെ ശല്യമേ കേൾക്കാനില്ല. അതിവൃഷ്ടിയോ അനാവൃഷ്ടിയോ ഉണ്ടാകുന്നില്ല.

സംവത്സരങ്ങൾ, ശതാബ്ദങ്ങൾ, സഹസ്രാബ്ദങ്ങൾ അങ്ങനെ കഴിഞ്ഞുപോയി.

എൺപതിനായിരം വർഷങ്ങളുമായി.

ദേവന്മാർക്ക് അടക്കവയ്യാത്ത അസൂയ തോന്നി. മുമ്പൊക്കെ അവർ ഭൂമിയിൽ ഇടപെട്ടിരുന്നു. വല്ലപ്പോഴുമായി ഭൂമിയിൽ പ്രവേശിക്കാൻപോലും

സാധിച്ചിട്ടില്ല. മനുഷ്യർ പരമസൗഖ്യത്തോടെ ജീവിക്കുകയും ചെയ്യുന്നു. എല്ലാം ദിവോദാസന്റെ മാഹാത്മ്യം കാരണം!

ദിവോദാസനാകട്ടെ ധർമ്മത്തിൽനിന്ന് അണുവോളം വ്യതിചലിക്കുന്നില്ല. അദ്ദേഹം പ്രജകളെ സ്വന്തം പുത്രന്മാരെപ്പോലെ സ്നേഹിച്ചു. ഓരോ പൗരനും രാജാവിനെയും സ്നേഹിച്ചു; സ്വന്തം പിതാവിനെപ്പോലെ. ബുദ്ധി, ബലം, തേജസ്സ്— അവയെല്ലാം വേണ്ടതിലധികം ദിവോദാസനു സ്വായത്തമാണ്. എവിടെയെങ്കിലും എപ്പോഴെങ്കിലും ദിവോദാസൻ ഒരു അധർമം പ്രവർത്തിക്കുന്നുണ്ടോ? അതായിരുന്നു ദേവന്മാരുടെ പരിശോധന. അതു കേവലം നിഷ്ഫലമായി എന്നേ പറയേണ്ടതുള്ളു. പ്രജകളും രാജാവിനോടൊപ്പം ധർമിഷ്ഠരാണ്. സദാചാരത്തിന്, സന്മാർഗ്ഗത്തിന് ഒരിടത്തും ഒരിളക്കവും തട്ടിയില്ല.

ദേവന്മാർക്ക് ഒരു ആഗ്രഹമുണ്ടായി. ഏതു വിധേനയും ദിവോദാസന് ഉപദ്രവം ഉണ്ടാക്കണം. എന്താണ് അതിനൊരു മാർഗം? ആലോചിച്ചിട്ട് പിടികിട്ടിയില്ല. അവർ ഗുരുവായ ബൃഹസ്പതിയെ സമീപിച്ചു.

ബൃഹസ്പതി പറഞ്ഞു:

'ഒന്നുകിൽ ദിവോദാസന്, അല്ലെങ്കിൽ അവന്റെ പ്രജകൾക്ക്, ധർമ ഭ്രംശം ഉണ്ടാക്കണം. അതിനുവേണ്ടി നിങ്ങൾ പരമാവധി പരിശ്രമിക്കണം. ഒട്ടും കാലതാമസം പാടില്ല. താമസിക്കുംതോറും നിങ്ങളുദ്ദ വിജയസാദ്ധ്യത കുറഞ്ഞുവരും.'

ദേവന്മാർ അഗ്നിയുടെ സഹായം അപേക്ഷിച്ചു.

ദേവേന്ദ്രൻ പറഞ്ഞു:

'അഗ്നിദേവാ, ദിവോദാസൻ അങ്ങയുടെ മൂർത്തി ഭൂമിയിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. അതോ, തപപ്പക്തികൊണ്ടും. അങ്ങ് ആ മൂർത്തിയെ അപഹരിച്ചുകൊണ്ടുപോരണം. എന്നാൽ, ഭൂമിയിൽ അഗ്നി ഇല്ലെന്നുവരും. അതോടുകൂടി ഭക്ഷണം പാകംചെയ്യാൻ വയ്യാതാകും. യാഗത്തിന്റെ കാര്യം ആലോചിക്കുകയും വേണ്ട. ദിവോദാസനു വലിയ ഹാനി സംഭവിക്കും. പ്രജകൾക്കു രാജാവിനോടു വിരോധം തോന്നും. ഫലമായി ദിവോദാസൻ നശിക്കും.'

അഗ്നി ദേവേന്ദ്രന്റെ നിർദ്ദേശം അനുസരിച്ചു. അദ്ദേഹം യോഗമായയുടെ സഹായത്തോടെ എന്തു ചെയ്തു? അഗ്നിയുടെ മൂർത്തിയെ ഭൂമിയിൽ നിന്ന് ആകർഷിച്ചെടുത്തു. എന്നിട്ട് അതിനെ സ്വർഗലോകത്തേക്കു കൊണ്ടുപോയി.

ദിവോദാസൻ ഉച്ചഭക്ഷണത്തിന് ഇരിപ്പായി.

പാചകന്മാർ വന്നു കൈകൂപ്പി നിന്നു. അവരുടെ മുഖങ്ങളിൽ ഭയത്തിന്റെ നിഴലാട്ടം കാണപ്പെട്ടു. ശരീരം വിറയ്ക്കുന്നുമുണ്ട്.

അവർ പറഞ്ഞു:

'പൊന്നുതമ്പുരാനേ, ആരോ ഒരുവൻ അടുക്കളയിൽനിന്നു തീ കട്ടുകൊണ്ടുപോയി. മറ്റൊരിടത്തുനിന്നും തീ കിട്ടുന്നുമില്ല. തീയില്ലാതെ ഭക്ഷണം പാകം ചെയ്യാൻ സാധിക്കുന്നില്ല. എങ്കിലും ചിലതൊക്കെ വെയിലത്തുവെച്ചു വേവിച്ചിട്ടുണ്ട്. അതു കൊണ്ടുവരട്ടെയോ? തിരുവുള്ളം അറിയിക്കാൻ ദയവുണ്ടാകണം.'

ദിവോദാസൻ ആലോചനയിൽ മുഴുകി. ദേവന്മാരിലാരോ തീ അപഹരിച്ചതാണ്. സംശയമില്ല. അവർക്കു സ്വർഗത്തിൽ തീയുണ്ട്. ഇവിടെന്നു

മോഷ്ടിക്കേണ്ടതായ ആവശ്യമില്ല. എങ്കിലും അവരതു ചെയ്തിരിക്കുന്നു. തോന്ന്യാസം! ആട്ടെ, ഇതുകൊണ്ടൊന്നും താൻ അവരോടു തോൽക്കുകയില്ല!

അപ്പോഴേക്കും പ്രജകളുടെ പ്രതിനിധികൾ എത്തിച്ചേർന്നു. അവരുടെ വരവിന്റെ കാരണം ദിവോദാസനു മനസ്സിലായി. അദ്ദേഹം അവരോടു പറഞ്ഞു:

'ദേവന്മാർ തീ കട്ടുകൊണ്ടുപോയിരിക്കുന്നു. അവർക്ക് എന്നോടു മുമ്പുതന്നെ അസൂയയുണ്ട്. ഇതുപോലെ എന്തെങ്കിലും ചെയ്യുമെന്ന് എനിക്ക് അറിയാമായിരുന്നു. എനിക്ക് അല്പം നോട്ടക്കുറവ് ഉണ്ടായിപ്പോയി. അതുകൊണ്ടാണ് ഈ ആപത്തു സംഭവിച്ചത്. നിങ്ങൾ ഭയപ്പെടുകയോ വ്യസനിക്കുകയോ ചെയ്യരുത്. ഞാൻതന്നെ തപച്ചക്തിയാൽ അഗ്നിയാകും!'

ദിവോദാസന്റെ സിദ്ധികളിൽ പ്രജകൾക്ക് ഉറച്ച വിശ്വാസമുണ്ട്. അവർ സമാധാനപ്പെട്ടു സ്വഗൃഹങ്ങളിലേക്കു പോയി. അവിടെ എത്തിയപ്പോൾ അഗ്നി ഉണ്ടെന്നു കണ്ടു. തമ്പുരാൻ തന്റെ വാഗ്ദാനം പാലിച്ചിരിക്കുന്നു!

അവരുടെ വിഷമങ്ങളെല്ലാം നീങ്ങി.

അപ്പോൾ ശിവൻ എന്തു ചെയ്യുകയായിരുന്നു?

ഭഗവാനും ശ്രീപാർവതിയും ഭൂതഗണങ്ങളും മന്ദരപർവതത്തിലാണല്ലോ. എന്നാൽ, ഒന്നുണ്ട്. ഇവിടെയോ കാശിയിലോ താമസിക്കുന്നതു കൂടുതൽ ഇഷ്ടം? കാശിയിൽതന്നെ. ശിവൻ സദാ കാശിയെ ഓർമിച്ചു കാലം കഴിച്ചു. ഓർമിക്കുമ്പോഴൊക്കെ മനോവിഷമവും ഉണ്ടായി. കാശിയുമായുണ്ടായ വേർപാട്—അതാണു മനോവിഷമത്തിനു കാരണം. പക്ഷേ, ശിവൻ അതിനെക്കുറിച്ച് ആരോടും പറഞ്ഞില്ല. മനസ്സിൽ തൊക്കിവെച്ചതേയുള്ളു.

പണ്ടൊരിക്കൽ ശിവനു തീവ്രമായ വിരഹദുഃഖം ഉണ്ടായി. എപ്പോഴെന്നോ? സതീദേവി യാഗാഗ്നിയിൽ സ്വശരീരം ദഹിപ്പിച്ചപ്പോൾ. എങ്കിലും ആ ദുഃഖത്തിന് അറുതിയുണ്ടായി, വളരെക്കാലം കഴിഞ്ഞിട്ടാണെങ്കിലും. സതീദേവി പാർവതീദേവിയായി ജനിച്ചു വീണ്ടും ശിവന്റെ അരികിലെത്തി. എന്നാൽ, കാശിയുമായുള്ള ഈ വിരഹത്തിനു വിരാമം ഉണ്ടാകുമോ? ഉണ്ടാകുമെങ്കിൽ എപ്പോഴായിരിക്കും? എപ്പോഴായാലും ശരി, ദുഃഖം അവസാനിക്കുന്നത് ഒരു രീതിയിൽ മാത്രം—കാശിയിലേക്കു തിരിച്ചുപോകുമ്പോൾ!

ശ്രീപാർവതിക്കു മനസ്സിലായി ഭർത്താവിന്റെ മനോവിഷമം. പക്ഷേ, അതിന്റെ കാരണം പിടികിട്ടിയില്ല. ഒരിക്കൽ ദേവി നിർബ്ബന്ധംപിടിച്ചു കാരണം അറിയിക്കണം എന്ന്. പത്നിയുടെ നിർബന്ധത്തിനു വഴങ്ങാതെ വയ്യെന്നായി ശിവന്.

ഭഗവാൻ എല്ലാം തുറന്നു പറഞ്ഞു.

വാസ്തവത്തിൽ കാശിയുമായി പിരിഞ്ഞതുകൊണ്ട് ശ്രീപാർവതിക്കു മുണ്ട് ദുഃഖം. ദേവി ആ ദുഃഖത്തെ ഉള്ളിൽ ഒളിച്ചുവെച്ചിരുന്നു എന്നേയുള്ളു. ഇനിയിപ്പോൾ ഒളിച്ചുവെക്കേണ്ടതായ ആവശ്യമില്ല. ദേവി പറഞ്ഞു:

'നാഥാ, ഞാൻ ബാല്യത്തിൽ പിതാവായ ഹിമവന്റെ ഗൃഹത്തിലായിരുന്നല്ലോ. അപ്പോൾ എനിക്കു വളരെ സുഖമായിരുന്നു. എന്നാൽ, അതിനേക്കാൾ സുഖമായിരുന്നു കാശിയിൽ കഴിഞ്ഞിരുന്നപ്പോൾ. പവിത്രമായ കാശിയിലേക്കു മടങ്ങിപ്പോകാൻ എന്നാണ് സാധിക്കുക? കാശിയെപ്പോലെ ശ്രേഷ്ഠമായ മറ്റൊരു സ്ഥലമില്ല. സ്വർഗ്ഗവും കാശിക്കു തുല്യമല്ല. അങ്ങേക്കുള്ള ദുഃഖം എനിക്കുമുണ്ട്.'

ശിവൻ പറഞ്ഞു:

'പാർവതീ, എങ്ങനെയെങ്കിലും കാശിയിലേക്കു തിരിച്ചുചെന്നേ കഴിയൂ. പക്ഷേ, എനിക്കൊരു നിർബന്ധമുണ്ട്. മറ്റൊരാൾ അനുഭവിക്കുന്ന ഒന്നിനെ ഞാൻ അനുഭവിക്കുകയില്ല. ദിവോദാസനാണ് ഇപ്പോൾ കാശിയുടെ അധിപൻ. അവൻ കാശിയിൽ ഉള്ളപ്പോൾ ഞാൻ പോവുകയില്ല. അവനെ അവിടുന്ന് അകറ്റിയാലേ എനിക്കു പോകാനൊക്കൂ.'

ശിവൻ വഴി കാണാതെ വിഷമിച്ചു.

പെട്ടെന്ന് യോഗിനികൾ ശിവന്റെ സമക്ഷത്തിൽ ആവിർഭവിച്ചു.

ശിവന്റെ ആജ്ഞാകാരിണികളാണ് യോഗിനികൾ. അറുപത്തിനാലാണ് അവരുടെ സംഖ്യ. അവർക്കു യോഗബലമുണ്ട്, പല സിദ്ധികളുമുണ്ട്. ഇഷ്ടമുള്ള രൂപങ്ങൾ ധരിക്കാം — അതു സിദ്ധികളിൽ ഒന്നു മാത്രമാണ്.

അവരോട് ശിവൻ പറഞ്ഞു:

'യോഗിനികളേ, നിങ്ങൾ കാശിയിലേക്ക് ഒന്നു പോയിട്ടു വരണം. അവിടെ ദിവോദാസൻ വാണരുളുന്നു. നിങ്ങൾ അവനെക്കൊണ്ട് ഒരു അധർമം പ്രവർത്തിപ്പിക്കണം. അപ്പോൾ അവനു കാശിവിട്ട് പോകേണ്ടതായിവരും. അവൻ കാശി വിട്ടാലേ എനിക്ക് അവിടെ പ്രവേശിക്കാനാവൂ. നിങ്ങൾ മായയെ ഉപയോഗിച്ചു വേണ്ടതു ചെയ്യുവിൻ.'

ഭഗവാന്റെ ആജ്ഞ ശിരസാ വഹിച്ച് യോഗിനികൾ യാത്രയായി. അവർ അതിവേഗം ആകാശസഞ്ചാരം ആരംഭിച്ചു. അറുപത്തിനാലുപേരും സന്തുഷ്ടകളാണ്. ഒന്നാമത്, ശിവന്റെ ആജ്ഞ പാലിക്കുക. രണ്ടാമത്, പുണ്യസ്ഥലമായ കാശിയിലേക്കു പോവുക. ഭഗവാന്റെ കാര്യത്തിനായി കാശി സന്ദർശനം!

കാശി അവരുടെ കണ്ണുകൾക്കു വിഷയീഭവിച്ചപ്പോഴോ? കണ്ണുകൾ ധന്യങ്ങളായി എന്നൊരു തോന്നൽ! എത്ര മനോഹരവും പവിത്രവുമായ നഗരം!

യോഗിനികൾ ഓരോരുത്തരും ഓരോ വേഷം ധരിച്ചു. ഒരുവൾ കുറിക്കൂട്ട് വിൽക്കുന്നവളായി. മറ്റൊരുവൾ പൂമാല കെട്ടുന്നവളായി. വേറൊരുവൾ പാട്ടുകാരിയായി. ഇനിയൊരുവൾ നർത്തകിയായി. ആകെ അറുപത്തിനാലു വേഷങ്ങൾ!

അങ്ങനെ അവർ കാശിയിൽ ചെന്നെത്തി. ഓരോരോ വീടുകളിൽ കയറിയിറങ്ങി. എല്ലാവരുടെയും ഉദ്ദേശ്യം ഒന്നാണ്—ദിവോദാസനെക്കൊണ്ട് അധർമം പ്രവർത്തിപ്പിക്കണം. അവർ അതിനായി തീവ്രമായി പരിശ്രമിച്ചു. പക്ഷേ, അവരുടെ പരിശ്രമങ്ങൾ വിഫലങ്ങളായി—കാലം കുറെയേറെ കഴിഞ്ഞിട്ടും.

യോഗിനികൾ നിരാശരായി. സ്വാമികാര്യം സാധിച്ചില്ല. പിന്നെങ്ങനെ സ്വാമിയുടെ മുഖത്തുനോക്കും? വേണ്ട, മന്ദരപർവ്വതത്തിലേക്കു മടങ്ങുകയേ വേണ്ട. കാശിയിൽ സ്ഥിരമായി താമസിക്കുകതന്നെ അതായി അവരുടെ നിശ്ചയം.

ഒരാൾ ഒരിക്കൽ കാശിയിലേക്കു ചെന്നു എന്നിരിക്കട്ടെ. ആ ആൾക്ക് അവിടം വിട്ടു പോകാൻ മനസ്സുവരികയില്ല. അതാണു പാവനമായ കാശിയുടെ ഒരു വിശേഷം. ഒരുപക്ഷേ, ശിവൻ തങ്ങളോടു കോപിച്ചെന്നുവരും. എങ്കിലും തങ്ങൾ കാശിയിലാണു താമസിക്കുന്നത്. ഇവിടെ താമസിക്കുന്നതു പുണ്യവുമാണ്. ആ സ്ഥിതിക്ക് ശിവൻ തങ്ങൾക്കു മാപ്പുതരും!

ശിവനാണെങ്കിലോ, യോഗിനികളുടെ തിരിച്ചുവരവിനായി കാത്തിരുന്നു. അവർ വരുന്നതിന്റെ യാതൊരു ലക്ഷണവും കണ്ടുമില്ല. അവർക്കു വല്ല അബദ്ധവും പിണഞ്ഞോ? അത് അറിഞ്ഞേ കഴിയൂ. ശിവൻ സൂര്യദേവനെ വരുത്തി. സകലതും വിസ്തരിച്ചുകേൾപ്പിച്ചു. അതിനുശേഷം ഒരു നിർദ്ദേശം നൽകി:

'സൂര്യാ, നീയും ഒന്നു കാശിയിൽ പോയിവരണം. യോഗിനികൾ എവിടെയെന്ന് അന്വേഷിക്കണം. കൂട്ടത്തിൽ ദിവോദാസനു ധർമ്മഭ്രംശം വരുത്താൻ ശ്രമിക്കണം. ദിവോദാസന് ഒരു ദോഷവുമില്ല. ദോഷമില്ലാത്തിടത്തോളം അവൻ കാശിയിൽത്തന്നെ കഴിഞ്ഞുകൂടും. അതിനാൽ, അവനു നീ ദോഷമുണ്ടാക്കണം.'

ഉടൻതന്നെ സൂര്യദേവൻ മന്ദരപർവതത്തിൽനിന്നു കാശിയിലെത്തി. പല വേഷങ്ങൾ ധരിച്ചു. പല പണികളും ചെയ്തു. ഒന്നുകൊണ്ടും ദിവോദാസനു ധർമ്മലോപം ഉണ്ടായില്ല.

അതിനിടയിൽ കാലം വളരെ കഴിഞ്ഞു.

എന്നാലിനി ഏതെങ്കിലും പ്രജകളെക്കൊണ്ട് അധർമ്മം പ്രവർത്തിപ്പിക്കണം. അതിനായി സൂര്യദേവന്റെ സംരംഭം. ഒരിക്കൽ സൂര്യദേവൻ ബ്രാഹ്മണവേഷംപൂണ്ട് ഒരു ഗൃഹത്തിൽ അതിഥിയായി ചെന്നു കയറി. അപൂർവ്വമായ ഒരു വസ്തു ആവശ്യപ്പെട്ടു. പക്ഷേ, കാശിയിൽ കിട്ടാത്ത വസ്തുയാതൊന്നുമില്ല! അതിഥി ചോദിച്ച വസ്തു നൽകി വീട്ടുകാരൻ. സൂര്യദേവന്റെ യത്നം നിഷ്ഫലമായി.

യാചകൻ, ജ്യോത്സ്യൻ, സന്ന്യാസി, വൈദ്യൻ, ഐന്ദ്രജാലികൻ— അങ്ങനെ എത്തെല്ലാം രൂപങ്ങൾ സൂര്യദേവൻ ധരിച്ചെന്നോ? പ്രയോഗിച്ച കൗശലങ്ങൾക്കും എണ്ണമില്ല. എന്നിട്ടും ആരും ഒരു അധർമവും പ്രവർത്തിച്ചില്ല!

സൂര്യദേവൻ ആലോചിച്ചു:

'ഭഗവാൻ ശിവന്റെ നിർദ്ദേശം നടപ്പിലാക്കാൻ എനിക്കു കഴിഞ്ഞില്ല. ആ സ്ഥിതിക്കു ഞാൻ മന്ദരപർവതത്തിലേക്കു തിരിച്ചുചെന്നാലോ? ഭഗവാൻ എന്നോടു കോപിച്ചെന്നുവരും. കോപിച്ചാൽ തെറ്റല്ലതാനും. എന്നെ ശകാരിച്ചാൽ എനിക്കു മാനഹാനിയും ഉണ്ടാകും. അതും ഞാൻ സഹിച്ചെന്നിരിക്കട്ടെ. ഭഗവാൻ മൂന്നാം തൃക്കണ്ണു തുറക്കാൻ ഇടയുണ്ട്. എന്നാൽ, ഞാൻ ദഹിച്ചുപോകും. വേണ്ട, മടങ്ങിപ്പോകാതിരിക്കയാണു നന്ന്. ഞാൻ ഇവിടെ ഈ കാശിയിൽ, കഴിയുന്നതാണ് ഉത്തമം!'

അങ്ങനെ സൂര്യഭഗവാനും കാശിയിൽ പാർപ്പുതുടങ്ങി.

ശിവന്റെ അക്ഷമ ഊഹിക്കാൻ പ്രയാസമില്ല. ആദ്യം യോഗിനികളെ പറഞ്ഞയച്ചു. യോഗിനികൾ മടങ്ങിവന്നില്ല. പിന്നിടു സൂര്യനെ പറഞ്ഞയച്ചു. സൂര്യനും മടങ്ങിവന്നില്ല. പോയവർ ആരുംതന്നെ മടങ്ങിവരുന്നില്ല. അതിശയംതന്നെ! ഒന്നാലോചിച്ചാൽ അതിശയം അല്ലതാനും. കാശിയിൽ ചെന്നാൽ അവിടം വിടാൻ ആർക്കാണു തോന്നുക? എന്തായാലും ശരി, ഇനി ഒമ്പതെക്കുടി പറഞ്ഞയയ്ക്കണം.

ബ്രഹ്മാവിനോടാണ് ഇപ്രാവശ്യം ശിവൻ അപേക്ഷിച്ചത്. സഹായിക്കാൻതന്നെ ബ്രഹ്മാവ് ഒരുക്കമായി. ഹംസത്തിൽ കയറി കാശിയിലേക്കു

പോയി. വൃദ്ധനായ ഒരു ബ്രാഹ്മണന്റെ രൂപമെടുത്തു. ദിവോദാസനെ ചെന്നു കണ്ടു.

ദിവോദാസൻ അതിഥിയെ യഥോചിതം സ്വീകരിച്ചു സത്കരിച്ചു.

അദ്ദേഹം ചോദിച്ചു:

'എന്താണു ഞാൻ അങ്ങേക്കായി ചെയ്യേണ്ടത്?'

അതിഥി പറഞ്ഞു:

'മാന്യൻ, ഞാൻ എത്രയോ രാജാക്കന്മാരുമായി ഇടപഴകിയിട്ടുണ്ട്. അവരിൽ ആരും അങ്ങയുടെ സമനല്ല. ഞാൻ അങ്ങയുടെ രാജ്യത്ത് ഒരു യാഗം ചെയ്യാൻ ആഗ്രഹിക്കുന്നു. യാഗത്തിനു വേണ്ടുന്ന സഹായങ്ങളെല്ലാം അങ്ങു ചെയ്തുതരണം.'

ദിവോദാസൻ പറഞ്ഞു:

'ഹേ ബ്രാഹ്മണശ്രേഷ്ഠാ, ഞാൻ എന്റെ രാജ്യം, എന്റെ ഭണ്ഡാരം—സകലതും അങ്ങയുടെ അധീനതയിലാണ്. എത്ര യാഗങ്ങൾ വേണമെങ്കിലും ചെയ്തുകൊള്ളൂ. ഞാൻ എന്തു സഹായവും നൽകാം.'

ബ്രാഹ്മണവേഷധാരിയായ ബ്രഹ്മാവ് യാഗങ്ങൾ ചെയ്തു—ഒന്നൊന്നായി പത്ത് അശ്വമേധയാഗങ്ങൾ. ഒരു അശ്വമേധയാഗംപോലും വളരെ ബുദ്ധിമുട്ടുള്ളതാണ്. അപ്പോൾ തുടർച്ചയായി പത്തായാലോ? എന്നിട്ടും ഒരൊറ്റ പോരായ്മ ഒരിക്കൽപ്പോലും കാണപ്പെട്ടില്ല. അത്ര ശ്രദ്ധയോടെയാണ് ദിവോദാസൻ ഏർപ്പാടുകൾ ചെയ്തിരുന്നത്. ഒരു ന്യൂനതയെങ്കിലും കണ്ടുപിടിക്കണം—അതിനായി ബ്രഹ്മാവ് അങ്ങേയറ്റം പരിശ്രമിച്ചു. പക്ഷേ, ആ പരിശ്രമം വിഫലമായതേയുള്ളൂ.

ബ്രഹ്മാവ്വല്ലാതെ വിഷമിച്ചുപോയി. വന്ന കാര്യം വെറുതെയായി. ചെയ്ത ശ്രമമെല്ലാം പ്രയോജനമില്ലാത്തതായി. കാര്യം സാധിക്കാതെ എങ്ങനെ മടങ്ങിച്ചെല്ലും? അതിനുള്ള മനക്കരുത്ത് ബ്രഹ്മാവിനു ഉണ്ടായില്ല. ബ്രഹ്മാവും കാശിയിൽ പാർപ്പുതുടങ്ങി.

അടുത്തതായി ശിവൻ കുറെ ഭൂതങ്ങളെ കാശിയിലേക്ക് അയച്ചു. മൂന്ന് അയച്ചവർക്കു ചില നിർദ്ദേശങ്ങൾ നൽകിയിരുന്നല്ലോ. ആ നിർദ്ദേശങ്ങൾതന്നെ ഭൂതങ്ങൾക്കും നൽകി. ഭൂതങ്ങളും കാശിയിലെത്തി. ദിവോദാസന്റെ രാജ്യത്ത് അധർമം ഉണ്ടാക്കണം. അതിനായി അവർ എന്തെല്ലാം പഴുതുകളാണു നോക്കിയത്. എന്നാൽ,അവർക്ക് ഒരു പഴുതുപോലും കിട്ടിയില്ല. അവരും മടങ്ങാൻ മനസ്സില്ലാതെ കാശിയിൽ കഴിഞ്ഞുകൂടി.

ഒടുവിലായി ശിവൻ ആരെ പറഞ്ഞയച്ചു? പ്രിയ പുത്രനായ ഗണപതിയെ. ഒരു വൃദ്ധബ്രാഹ്മണന്റെ വേഷമെടുത്തു ഗണപതി. ജ്യോത്സ്യനാണു വൃദ്ധബ്രാഹ്മണൻ. അങ്ങനെ ഗണപതി വീടുകളിൽ കയറിയിറങ്ങി. ദുസ്സ്വപ്നങ്ങൾ വ്യാഖ്യാനിക്കുന്നതിൽ തനിക്കും പ്രത്യേകം കഴിവുണ്ട്—അതായിരുന്നു നാട്യം.

ഗണപതി ഒരു ഗൃഹസ്ഥന്റെ സ്വപ്നത്തെക്കുറിച്ച് അന്വേഷിച്ചു.

ഇതായിരുന്നു ഗൃഹസ്ഥന്റെ സ്വപ്നം:

രാത്രിയുടെ നാലാം യാമത്തിലാണു സ്വപ്നം കണ്ടത്. അയാൾ നിലയില്ലാത്ത തടാകത്തിൽ വീണുപോയി. മുങ്ങിയും പൊങ്ങിയും വല്ലാതെ വിഷമിട്ടപ്പെട്ടു. വല്ലവിധവും കരപറ്റി എന്നു പറഞ്ഞാൽ കഴിഞ്ഞു.

ഗണപതി ഫലം പറഞ്ഞു:

'നിങ്ങൾക്ക് അശുഭമുണ്ടാകും.'

ഒരുവൻ മഴവില്ലിനെ രണ്ടായി സ്വപ്നം കണ്ടു. വേറൊരുത്തൻ രാത്രിയിൽ സൂര്യൻ ജ്വലിക്കുന്നതായി കണ്ടു. മറ്റൊരുത്തൻ താൻ കുരങ്ങന്റെ പുറത്തു കയറി തെക്കോട്ടു പോകുന്നതായി കണ്ടു. ഇനിയുമൊരുത്തൻ ക്ഷേത്രത്തിന്റെ കൊടിമരം വീണതായി കണ്ടു.

എല്ലാം അപകടത്തിന്റെ മുന്നോടികളാണ്— അതായിരുന്നു പുതിയ ജ്യോത്സ്യന്റെ വ്യാഖ്യാനം.

ജാതകം പരിശോധിച്ചു ഫലം പറയുക— അതും ജ്യോത്സ്യൻ ഇടയ്ക്കിടയ്ക്കു ചെയ്യാതിരുന്നില്ല. എല്ലാ ഫലങ്ങളും ദുഷ്ഫലങ്ങൾ.

സകലർക്കും ഭയമായി. ഭയത്തോടുകൂടി ജ്യോത്സ്യനെ വിശ്വാസവുമായി—സാധാരണക്കാർക്കു മാത്രമല്ല കൊട്ടാരത്തിലെ രാജസ്ത്രീകൾക്കും.

ജ്യോത്സ്യനു രാജസ്ത്രീകൾ വിലപിടിച്ച ഒട്ടേറെ സമ്മാനങ്ങൾ നൽകി. അതേസമയം അദ്ദേഹത്തെ സത്കരിക്കയുംചെയ്തു. ജ്യോത്സ്യൻ മഹായോഗ്യൻ; സിദ്ധികൾ ഉള്ളയാൾ; മഹാപണ്ഡിതൻ—അതായി അവരുടെ വിശ്വാസം. മാത്രമല്ല, സർവസദ്ഗുണങ്ങളുടെയും വിളനിലമാണ് എന്നും.

ലീലാവതി എന്നാണ് ദിവോദാസന്റെ പട്ടമഹിഷിയുടെ പേര്. ഒരിക്കൽ രാജദമ്പതികൾ സംസാരിച്ചിരിക്കുകയാണ്. അതിനിടയ്ക്ക് ലീലാവതി ജ്യോത്സ്യന്റെ ഗുണഗണങ്ങൾ വർണ്ണിച്ചു.

രാജ്ഞി പറഞ്ഞു:

'അദ്ദേഹം പുണ്യാത്മാവാണ്. അവിടുന്ന് അദ്ദേഹത്തെ നേരിട്ടു കാണണം. എന്നാൽ, അവിടുന്ന് അദ്ദേഹത്തെ പൂജിക്കും. ഞങ്ങൾ പൂജിക്കുന്നതുപോലെ.'

അതു കേട്ട് ദിവോദാസൻ പറഞ്ഞു:

'ലീലാവതീ, എന്നാൽ ജ്യോത്സ്യനെ വരുത്തൂ.'

ഒരു തോഴിയെ ലീലാവതി പറഞ്ഞയച്ചു. തോഴി വൃദ്ധബ്രാഹ്മണനെ വിളിച്ചുകൊണ്ടുവന്നു. രാജാവ് അതിഥിയെ ആദരപൂർവം ഉപചരിച്ചു. ഇരുവരും കുശലപ്രശ്നം നടത്തി. തുടർന്നു സംഭാഷണവും. ദിവോദാസൻ ഒന്നൊന്നായി അനേകം ചോദ്യങ്ങൾ ചോദിച്ചു. വൃദ്ധബ്രാഹ്മണൻ എല്ലാ ചോദ്യങ്ങൾക്കും തൃപ്തികരമായ ഉത്തരങ്ങൾ നൽകി. രാജാവ് അദ്ദേഹത്തെ പാരിതോഷികങ്ങൾ നൽകി യാത്രയാക്കി.

അതിനുശേഷം അദ്ദേഹം പത്നിയോടു പറഞ്ഞു:

'ലീലാവതീ, ഈ ജ്യോത്സ്യൻ നീ പറഞ്ഞതുപോലെതന്നെ മഹാകേമൻ. മഹാദിവ്യൻ. ഫലം പറഞ്ഞതൊക്കെ എത്ര ശരി! പ്രത്യേകിച്ചു കഴിഞ്ഞകാലത്തെ സംഭവങ്ങൾ. ഞാൻ ചില ഭാവിഫലങ്ങൾ ചോദിച്ചു. നാളെയാകാം എന്ന് അദ്ദേഹം പറഞ്ഞു. ഇന്നേദിവസം അദ്ദേഹത്തെ കാണാൻ സാധിച്ചല്ലോ. അതിനാൽ ഇന്നേദിവസം ഒരു സുദിനമാണ്!'

അടുത്ത ദിവസവും വൃദ്ധബ്രാഹ്മണൻ വന്നെത്തി.

ദിവോദാസൻ അദ്ദേഹത്തോടുകൂടി ഹൃസ്യമായി സംഭാഷണം നടത്തി.

അതിനിടയിൽ ദിവോദാസൻ പറഞ്ഞു:

'മഹാത്മൻ, ഞാൻ വളരെക്കാലമായി രാജാവായി വാഴുകയാണ്. എനിക്ക് ഇപ്പോൾ ലോകസുഖങ്ങളിൽ മടുപ്പുവന്നിരിക്കുന്നു. അതോടൊ

ന്നിച്ചു വെറുപ്പും. ഇനി ഞാൻ എന്തു ചെയ്യണം? അവിടുന്ന് മാർഗനിർദ്ദേശം തരണം.'

വൃദ്ധബ്രാഹ്മണൻ പറഞ്ഞു:

'രാജൻ, അങ്ങേക്കു തുല്യരായി ആരുംതന്നെ ഇല്ല. അഷ്ടദിക്പാലകന്മാരുടെ കൃത്യങ്ങൾപോലും അങ്ങ് നിർവഹിക്കുന്നുവല്ലോ. എല്ലാവിധത്തിലും സംപൂജ്യനാണ് അങ്ങ്. ആട്ടെ, അങ്ങേക്ക് ഒരു നല്ല കാര്യം നടക്കാൻ പോകുന്നു. ഇന്നേയ്ക്കു പതിനെട്ടാം ദിവസം ഒരു മഹാത്മാവ് ഇവിടെ വരും. വടക്കുനിന്നായിരിക്കും അദ്ദേഹം വരിക. അങ്ങ് എന്തു ചെയ്യണമെന്ന് അദ്ദേഹം നിർദ്ദേശിക്കും.'

അതിനുശേഷം വൃദ്ധബ്രാഹ്മണൻ വിടവാങ്ങി.

ധർമത്തിൽ അടിയുറച്ച ആളാണല്ലോ ദിവോദാസൻ. ധർമിഷ്ഠന്മാർക്കു മനസ്സിനു ചാഞ്ചല്യം ഉണ്ടായിക്കൂടാ. ദിവോദാസനു ചാഞ്ചല്യം ഉണ്ടാവുകയും ചെയ്തിരിക്കുന്നു. അതിനാൽ, അദ്ദേഹത്തിന് ഒരുതരത്തിൽ ധർമഭ്രംശം ഉണ്ടായി.

ഗണപതിയുടെ കാശിയിലെ പ്രവർത്തനങ്ങൾ— അവയ്ക്കു കുറെ കാലതാമസം ഉണ്ടായി. ആ സമയം മന്ദരപർവതത്തിൽ എന്തൊക്കെ നടന്നു?

ശിവൻ അക്ഷമനായി കഴിയുകയാണ്. ഗണപതി പോയിട്ടും വിവരമൊന്നും അറിഞ്ഞിട്ടില്ല. ഗണപതിയൊട്ടു മടങ്ങിവന്നിട്ടുമില്ല. പോകുന്നവർ പോകുന്നവർ തിരിച്ചുവരുന്നില്ല. എന്തു ചെയ്യും?

മഹാവിഷ്ണുവിനോടുകൂടി കാശിയിലേക്കു പോകാൻ അഭ്യർത്ഥിക്കുകതന്നെ—അതായി ശിവന്റെ നിശ്ചയം. മഹാവിഷ്ണു അഭ്യർത്ഥന സ്വീകരിക്കുകയുംചെയ്തു.

ലക്ഷ്മീദേവിയോടും ഗരുഡനോടുംകൂടി മഹാവിഷ്ണു കാശിയിലെത്തി. ഗംഗാനദിയും വരണനദിയും ചേരുന്നിടത്തു സ്നാനംചെയ്തു. (പിൽക്കാലത്ത് അതിന് പാദോദകതീർത്ഥം എന്നു പേരുണ്ടായി) കാശിയിൽനിന്നു കുറെ വടക്ക് ധർമക്ഷേത്രത്തിൽ സ്ഥാനം കല്പിച്ചു. എന്നിട്ട്, അംശത്താൽ ഒരു ബുദ്ധസന്ന്യാസി ആയി.

പുണ്യകീർത്തി എന്ന പേർ സ്വീകരിച്ചു ബുദ്ധസന്ന്യാസി.

പ്രത്യേകം ചില ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു, ആ വേഷം സ്വീകരിക്കുവാൻ.

മഹാവിഷ്ണു ലക്ഷ്മീദേവിക്കും ഗരുഡനും ചില നിർദ്ദേശങ്ങൾ നൽകി.

ലക്ഷ്മീദേവി ഒരു ബുദ്ധവിദ്യാർത്ഥിനിയുടെ രൂപം ധരിച്ചു— വിജ്ഞാനകൗമുദി എന്ന പേരിൽ. ഗരുഡൻ ബുദ്ധവിദ്യാർത്ഥിയായി, വിനയകീർത്തി എന്ന പേരിലും.

ബുദ്ധസന്ന്യാസിയെയും ശിഷ്യരെയും കാണാൻ ധാരാളം ആളുകൾ വന്നുചേർന്നു. അവർ കേൾക്കെ ഗുരു ശിഷ്യർക്കു തത്ത്വോപദേശം നൽകി. ശിഷ്യർ തത്ത്വോപദേശം ശ്രദ്ധിച്ചുകേട്ടു പഠിച്ചു. ഗുരു ജനങ്ങളുടെ ആദരം സമാർജിച്ചു; അതേസമയം അവരെ വശീകരിക്കുകയുംചെയ്തു.

വിജ്ഞാനകൗമുദി സ്വന്തം നിലയിലും പ്രവർത്തിക്കാതിരുന്നില്ല. അവൾ സ്ത്രീകളുമായി സമ്പർക്കം പുലർത്തിപ്പോന്നു. അവളുടെ വാഗ്വൈഭവം അവരെ അടിപ്പെടുത്തി. അധർമങ്ങൾ പലതും അവൾ ധർമങ്ങളായി വ്യാഖ്യാനിച്ചു. അങ്ങനെ സ്ത്രീകളെ തെറ്റിധരിപ്പിച്ചു. ചില പൊടിക്കൈകൾ പ്രയോ

ഗിക്കാനും വിജ്ഞാനകൗമുദി മറന്നില്ല. അവൾ കുട്ടികളില്ലാത്ത സ്ത്രീകൾക്ക് കുട്ടികളുണ്ടാകാൻ അനുഗ്രഹിച്ചു. വിരൂപിണികളായ സ്ത്രീകളെ സൗന്ദര്യവതികളാക്കി. ദരിദ്രകളായ സ്ത്രീകളെ സമ്പന്നകളാക്കി. എല്ലാവരും അവളോടു കൃതജ്ഞത ഉള്ളവരായി. അതിൽ അത്ഭുതപ്പെടാനുണ്ടോ?

എന്തിനു പറയുന്നു, പെണ്ണുങ്ങളും ആണുങ്ങളും ഓരോരോ അധർമങ്ങൾ പ്രവർത്തിച്ചുതുടങ്ങി.

ദിവോദാസന്റെ രാജ്യത്തിൽ ധർമം നശിച്ചും തുടങ്ങി എന്നർത്ഥം.

രാജാവിന്റെ മനസ്സ് ഏറ്റവും ചഞ്ചലമായി. അദ്ദേഹത്തിനു വിരക്തിയും ഉണ്ടായി. വൃദ്ധബ്രാഹ്മണൻ പ്രവചനം ചെയ്തിരുന്നല്ലോ. പതിനെട്ടാം ദിവസത്തെക്കുറിച്ച്—അന്നേദിവസം വടക്കുനിന്ന് ഒരു മഹാത്മാവ് വരുമെന്നും. ദിവോദാസന്റെ ചിന്തകൾ ആ മഹാത്മാവിൽ പറ്റിക്കൂടി. ആരാണ് ആ ദിവ്യൻ? വടക്ക് എവിടന്നാണു വരുന്നത്? എന്തെല്ലാമാണ് അദ്ദേഹം ഉപദേശിക്കുക? ഒന്നും അറിഞ്ഞുകൂടാ. അദ്ദേഹം അക്ഷമനായി പതിനെട്ടാം ദിവസത്തിനായി കാത്തിരുന്നു.

ഒടുവിൽ ആ ദിവസം വരികയും ചെയ്തു. ഉച്ചയായപ്പോഴേക്കും ഒരു ബ്രാഹ്മണന്റെ ആഗമനം ഉണ്ടായി. ധർമക്ഷേത്രത്തിൽനിന്നായിരുന്നു ബ്രാഹ്മണന്റെ വരവ്. ഇദ്ദേഹംതന്നെയാണു തന്റെ ഗുരു— ആ ബോധമുണ്ടായി ദിവോദാസന്. ബ്രഹ്മതേജസ്സുകൊണ്ട് അഗ്നിയെപ്പോലെ ജ്വലിച്ചുകൊണ്ടിരുന്നു ആഗതൻ. രാജാവ് അദ്ദേഹത്തെ കേതിപൂർവം നമസ്കരിച്ചു. എന്നിട്ടു യഥാർഹമായ സ്ഥാനത്തു പൂജിച്ചിരുത്തി.

ഇരുവരും തമ്മിൽ വളരെനേരം സംഭാഷണം ചെയ്തു.

ദിവോദാസൻ എല്ലാം തുറന്നു പറഞ്ഞു— തന്റെ മുമ്പത്തെ ധർമപ്രവൃത്തികൾ, ഇപ്പോഴത്തെ വിരക്തി, എല്ലാം.

'ഗുരോ, ഇനി ഞാൻ എന്തു ചെയ്യണം? അവിടുന്നു കല്പിക്കണം. എന്തായാലും ഞാൻ ചെയ്യാം.'

ബ്രാഹ്മണൻ പറഞ്ഞു:

'രാജൻ, ധർമ്മിഷ്ഠരിൽ ധർമിഷ്ഠനാണ് അങ്ങ്. അങ്ങയെപ്പോലെ മറ്റൊരു രാജാവ് ഭൂമിയിൽ ഉണ്ടായിട്ടില്ല. ഇനിയൊട്ട് ഉണ്ടാവുകയുമില്ല. എന്നാൽ അങ്ങേയ്ക്ക് ഒരേയൊരു ദോഷം ഇല്ലാതില്ല. അങ്ങു ശിവഭഗവാനെ കാശിയിൽനിന്നു മാറ്റി. ആ ദോഷം കാരണം പാപമുണ്ടായി. എങ്കിലും ആ പാപത്തിനു പരിഹാരമുണ്ട്. അങ്ങ് ഇവിടെ ഒരു ശിവലിംഗം പ്രതിഷ്ഠിക്കണം.'

ബ്രാഹ്മണൻ അല്പനേരം കണ്ണടച്ചു ധ്യാനിച്ചു. അതിനുശേഷം തുടർന്നു:

'അങ്ങേയ്ക്ക് മുക്തി ലഭിക്കുന്ന സമയം വന്നിരിക്കുന്നു. ഇന്നുതന്നെ ശിവലിംഗപ്രതിഷ്ഠചെയ്യണം. ഏഴാംദിവസം ശിവകിങ്കരന്മാർ വിമാനത്തിൽ വന്നിറങ്ങും. അവർ അങ്ങയെ ശിവലോകത്തിലേക്കു കൂട്ടിക്കൊണ്ടുപോകും.'

ദിവോദാസൻ ആനന്ദസമുദ്രത്തിൽ മുങ്ങി.

ബ്രാഹ്മണൻ—അതായത്, ബ്രാഹ്മണവേഷം ധരിച്ച മഹാവിഷ്ണു— വിടവാങ്ങി. ഭഗവാൻ പഞ്ചനദം എന്ന തീർത്ഥത്തിൽ സ്നാനം ചെയ്തു. അവിടെ ഒരു വാസകേന്ദ്രം നിശ്ചയിച്ചു. അതിനുശേഷം ഗരുഡനെ മന്ദര

പർവതത്തിലേക്ക് അയച്ചു. നടന്നതെല്ലാം ശിവനെ അറിയിക്കണം. അതായിരുന്നു നിർദ്ദേശം.

ദിവോദാസൻ രാജസഭ വിളിച്ചുകൂട്ടി.

സാമന്തന്മാർ, മന്ത്രിമാർ, സേനാധിപന്മാർ, പുരോഹിതന്മാർ, പുത്രന്മാർ—എല്ലാവരും വന്നുചേർന്നു.

രാജാവ് അവരോടു സംസാരിച്ചു. അദ്ദേഹം നടന്നതെല്ലാം അവരെ അറിയിച്ചു—ഏഴാം ദിവസം നടക്കാനിരിക്കുന്നതും.

കേട്ടവരെല്ലാം ആശ്ചര്യപ്പെട്ടു. തുടർന്ന് അതീവ ദുഃഖിതരുമായി. പ്രിയപ്പെട്ട രാജാവുമായി എങ്ങനെ വേർപിരിയും?

ദിവോദാസൻ പുത്രനായ സമരംജയനെ രാജാവായി അഭിഷേകം ചെയ്തു. ഗംഗാതീരത്തുള്ള ശിവക്ഷേത്രത്തിൽ ഒരു മണിമാളിക പണിയിച്ചു. അവിടെ വിശേഷപ്പെട്ട ഒരു ശിവലിംഗത്തെ പ്രതിഷ്ഠിച്ചു. ദിവോദാസേശ്വരൻ എന്നായിരുന്നു ശിവലിംഗത്തിന്റെ പേര്.

ശിവലിംഗത്തെ ആരാധിക്കുക—അതുമാത്രമായി ദിവോദാസന്റെ പ്രവൃത്തി.

ഏഴാം ദിവസമായി. ഒരു ദിവ്യവിമാനം ആകാശത്തുനിന്നു ഭൂമിതൊട്ടു. അതിൽനിന്നു ചില ദിവ്യന്മാർ നിലത്തിറങ്ങി. എല്ലാവർക്കും ശിവരൂപങ്ങളാണ്. ത്രിശൂലം, ത്രിനേത്രം, ജടാഭാരം, സർപ്പാഭരണങ്ങൾ—എല്ലാം ശിവപാർഷദന്മാരാണ് അവർ. എന്താണ് അവർ ചെയ്തതെന്നോ? ദിവോദാസനെ ദിവ്യവസ്ത്രങ്ങൾ ധരിപ്പിച്ചു. ദിവ്യാഭരണങ്ങൾ അണിയിച്ചു. ദിവ്യമായ സുഗന്ധദ്രവ്യങ്ങൾ പുരട്ടി. അതോടെ ദിവോദാസനും ശിവരൂപം ലഭിച്ചു. ശിവപാർഷദന്മാർ അദ്ദേഹത്തെ വിമാനത്തിൽ കയറ്റി ശിവലോകത്തിലേക്കു കൊണ്ടുപോയി.

ശിവനാകട്ടെ, മന്ദരപർവ്വതം വിട്ടു കാശിയിൽ തിരിച്ചെത്തി. ഒന്നിച്ച് ശ്രീപാർവതിയും മറ്റുള്ളവരും.

(സ്കാന്ദപുരാണം)

കാർത്തവീര്യാർജുനൻ

ഹൈഹയരാജ്യത്തിലെ കൃതവീര്യ മഹാരാജാവ് നിര്യാതനായി. ഇനി കൃതവീര്യന്റെ പുത്രനെ രാജാവായി അഭിഷേകം ചെയ്യണം. കാർത്തവീര്യാർജുനൻ എന്നാണ് രാജകുമാരൻ അറിയപ്പെടുന്നത്. മന്ത്രിമാരും പുരോഹിതന്മാരും അഭിഷേകത്തിന് ഒരുക്കങ്ങൾ തുടങ്ങി.

പക്ഷേ, കാർത്തവീര്യാർജുനൻ അവരുടെ ഇച്ഛയ്ക്കു വഴങ്ങിയില്ല. അതിനു പ്രത്യേകിച്ച് ഒരു കാരണമുണ്ട്. രാജകുമാരന്റെ വിചാരം എന്താണ്? തനിക്കു രാജാവായിരിക്കാൻ അർഹത പോര. ന്യൂനതകളും പോരായ്മകളും തനിക്കുണ്ട്. ആദ്യം അവയൊക്കെ പരിഹരിക്കണം. പിന്നീട് രാജാവാകുന്നതിൽ വിരോധമില്ല.

ഗർഗൻ എന്ന മഹർഷി പറഞ്ഞു:

'രാജകുമാരാ, ദത്താത്രേയൻ ഇപ്പോൾ സഹ്യപർവതത്തിലുണ്ട്. അങ്ങ് ആ മഹാത്മാവിനെ കണ്ടു സഹായം അപേക്ഷിക്കണം. മഹാവിഷ്ണുവിന്റെ അംശമാണ് ദത്താത്രേയൻ. അക്കാര്യം അങ്ങ് അറിഞ്ഞിരിക്കും. മുമ്പൊരിക്കൽ ദത്താത്രേയൻ ദേവേന്ദ്രന് സഹായമേകി.'

അക്കഥ കേൾക്കാൻ കാർത്തവീര്യാർജുനന് ആഗ്രഹമുണ്ടായി. ഗർഗമഹർഷി കേൾപ്പിച്ചു.

ഒരിക്കൽ ദേവന്മാരും അസുരന്മാരും തമ്മിൽ യുദ്ധത്തിനിറങ്ങി. ദേവന്മാർക്കാണ് ആ യുദ്ധത്തിൽ പരാജയം സംഭവിച്ചത്. ദേവേന്ദ്രനും ദേവന്മാർക്കും പകവീട്ടാൻ ആഗ്രഹമുണ്ടായി. അവർ ഗുരുവായ ബൃഹസ്പതിയുടെ ഉപദേശം ആരാഞ്ഞു.

ബൃഹസ്പതി പറഞ്ഞു:

'നിങ്ങൾ ദത്താത്രേയനെ ആശ്രയിക്കുവിൻ, അദ്ദേഹം നിങ്ങളെ സഹായിക്കും.'

ദേവന്മാർ ദത്താത്രേയന്റെ ആശ്രമത്തിലെത്തി. അവർ അദ്ദേഹത്തെ ആദരവോടെ വന്ദിച്ചു. വന്ന കാര്യം അറിയിച്ചിട്ടു സഹായവും അപേക്ഷിച്ചു.

ദത്താത്രേയൻ പറഞ്ഞു:

'നിങ്ങൾ വീണ്ടും അസുരന്മാരോടു യുദ്ധംചെയ്യണം. സൂത്രത്തിൽ അവരെ ഈ വഴിക്കു കൊണ്ടുവരണം. ബാക്കിയെല്ലാം ഞാൻ നോക്കിക്കൊള്ളാം.'

ദേവന്മാർ രണ്ടാമതും അസുരന്മാരെ പോരിനു വെല്ലുവിളിച്ചു. അസുരന്മാർ വെല്ലുവിളി സ്വീകരിക്കാതിരിക്കുമോ? വീണ്ടും ഭീകരമായ സമരം ആരംഭിച്ചു. ഇപ്രാവശ്യവും ദേവന്മാർക്കായിരുന്നു തോൽവി. അവർ ദത്താത്രേയന്റെ ആശ്രമത്തിലേക്ക് ഓടിപ്പോയി. അസുരന്മാർ ആർത്തുവിളിച്ചു പുറകെ ഓടിയെത്തി.

ആശ്രമത്തിൽ ദത്താത്രേയനുണ്ട്. അസുരന്മാർ അദ്ദേഹത്തെ അത്ര കാര്യമാക്കിയില്ല. എന്നാൽ, അതായിരുന്നില്ല സ്ഥിതി, ഒരു സ്ത്രീയെ കണ്ടപ്പോൾ. ദത്താത്രേയന്റെ പത്നിയായ ലക്ഷ്മിയാണ് ആ സ്ത്രീ. എന്തൊരു സൗന്ദര്യമാണ് ലക്ഷ്മിക്ക്! അങ്ങനെയല്ലാതെ വരുമോ? സാക്ഷാൽ ലക്ഷ്മീദേവിയുടെ അംശമാണ് ഈ ലക്ഷ്മി. അതൊക്കെയുണ്ടോ ദുർമദന്മാരായ അസുരന്മാർ ആലോചിക്കുന്നു? അവർക്ക് ഒരു ദുരാഗ്രഹം ഉണ്ടായി—ഇവളെ പിടിച്ചുകൊണ്ടുപോകണം; തങ്ങളുടെ രാജധാനിയിൽ പാർപ്പിക്കണം! അവർ എന്താണു ചെയ്തതെന്നോ? ലക്ഷ്മിയെ പിടിച്ചു പല്ലക്കിലാക്കി. പല്ലക്കെടുത്തു തലയിൽ വച്ചു, അവിടന്നു നടന്നു തുടങ്ങി.

ദത്താത്രേയൻ ഒന്നു ചിരിച്ചു.

അദ്ദേഹം ദേവന്മാരോടു പറഞ്ഞു:

'ലക്ഷ്മി ആരുടെ തലയിൽ കയറുന്നുവോ, ആ ആൾ നശിക്കും. അവളിപ്പോൾ അസുരന്മാരുടെ തലയിൽ കയറിയിരിക്കയാണല്ലോ. അതോടുകൂടി അവരുടെ ശക്തിയാകെ ഇല്ലാതായിരിക്കുന്നു. നിങ്ങൾ അവരോടു യുദ്ധം ചെയ്യുവിൻ.'

ദേവന്മാർക്ക് എത്ര ഉജ്ജ്വലമായൊരന്നോ? അവർ ആയുധങ്ങളുമായി അസുരന്മാരുടെമേൽ ചാടിവീണു. അസുരന്മാർ ദുർബ്ബലരായിപ്പോയല്ലോ. അവർ ധൃതിയിൽ ലക്ഷ്മിയെ നിലത്തിറക്കി. എന്നിട്ട് ജീവനുംകൊണ്ട് ഓടിപ്പോയി.

ദത്താത്രേയനെ ദേവന്മാർ ഭക്തിപൂർവം വണങ്ങി. അവരുടെ കൃതജ്ഞത അപാരമായിരുന്നു. അദ്ദേഹം തങ്ങളെ രക്ഷിച്ചുവല്ലോ.

ഇതാണ് ഗർഗമഹർഷി കാർത്തവീര്യാർജുനനെ കേൾപ്പിച്ച കഥ.

ദത്താത്രേയനെ ചെന്നുകാണണം—അതായി കാർത്തവീര്യാർജുനന്റെ ഉത്കടമായ ആഗ്രഹം. രാജകുമാരൻ കാലം കളയാതെ അദ്ദേഹത്തിന്റെ ആശ്രമത്തിലെത്തി. അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു. തുടർന്ന് ആഹാരം തയ്യാറാക്കിക്കൊടുത്തു. അവിടെ ചില നാൾ താമസിച്ചു. എന്തായിരുന്നു രാജകുമാരന്റെ അപ്പോഴത്തെ പ്രവൃത്തി? പൂജാദ്രവ്യങ്ങൾ ഒരുക്കിവെക്കും. പൂക്കളും വെള്ളവും കൊണ്ടുകൊടുക്കും. പലതരം ശുശ്രൂഷകൾ ചെയ്യും. അതോ, ഏറ്റവും നിഷ്കർഷയോടും ഭക്തിയോടുംകൂടിയും.

ദത്താത്രേയന്റെ മനം തെളിഞ്ഞു.

അദ്ദേഹം കാർത്തവീര്യാർജുനനോട് വരം ചോദിക്കാൻ ആവശ്യപ്പെട്ടു.

കാർത്തവീര്യാർജുനൻ കൈകൂപ്പി അപേക്ഷിച്ചു:

'ഗുരോ, അവിടുന്ന് എനിക്ക് ഐശ്വര്യം തരണം. അധർമം നേരിടാതിരിക്കാൻ അനുഗ്രഹിക്കണം. യുദ്ധത്തിൽ എന്നെ ആരും തോല്പിച്ചുകൂടാ. എനിക്ക് ആയിരം കൈകൾ ഉണ്ടാവണം. അവിടുത്തോട് ഒരിക്കലും നശിക്കാത്ത ഭക്തിയും ഉണ്ടായിരിക്കണം.'

ദത്താത്രേയൻ ആ വരങ്ങൾ നൽകി.

ഇച്ഛിച്ചതെല്ലാം നേടിക്കൊണ്ട് കാർത്തവീര്യാർജുനൻ ഹേഹയത്തിൽ തിരിച്ചെത്തി.

ഏറ്റവും ഗംഭീരമായിരുന്നു രാജാവായിട്ടുള്ള അഭിഷേകം.

ദിവ്യവർഗക്കാരായ അനേകം അതിഥികൾ വന്നെത്തി. മാത്രമല്ല, മനുഷ്യരായ അതിഥികളും. അഭിഷേകകർമം നടത്തിയതോ? ദത്താത്രേയനും.

കാർത്തവീര്യാർജുനൻ ഒരു വിളംബരം ചെയ്തു. മറ്റാരും ചെയ്യാത്ത, പ്രത്യേക രീതിയിലുള്ള വിളംബരം:

'എന്റെ രാജ്യത്ത് ഞാനല്ലാതെ മറ്റൊരാളും ആയുധം എടുക്കാൻ പാടില്ല. എന്റെ ആജ്ഞ ധിക്കരിക്കുന്നവൻ വധശിക്ഷയ്ക്കു വിധേയനാകും!'

എന്തായിരുന്നു കാർത്തവീര്യാർജുനന്റെ ഗൂഢാർത്ഥം? രാജാവ് നേരിട്ടുതന്നെ രാജകൃത്യങ്ങൾ ചെയ്യും. ഏക രക്ഷിതാവ് രാജാവ് ആയിരിക്കണം. മറ്റാരു രക്ഷിതാവ് പ്രജകളെ ഉപദ്രവിച്ചെന്നുവരും. കാർത്തവീര്യാർജുനന് അത്രയധികം വാത്സല്യമുണ്ടായിരുന്നു പ്രജകളോട്!

ഹേഹയത്തിൽ ഐശ്വര്യവും സമൃദ്ധിയും വിളയാടി.

എന്താണ് അതിന്റെയൊക്കെ കാരണം? ദത്താത്രേയന്റെ അനുഗ്രഹം!

(മാർക്കണ്ഡേയപുരാണം)

ഋതുധ്വജനും അളർക്കനും

ശത്രുജിത്ത് എന്ന രാജാവിന്റെ പുത്രനാണ് ഋതുധ്വജൻ. സൗന്ദര്യത്തിലും വീര്യത്തിലും ഗുണങ്ങളിലും ഋതുധ്വജനു സമനുണ്ടോ? ഇല്ല എന്നതാണ് ഉത്തരം.

നിരവധി ചങ്ങാതിമാരുണ്ട് ഋതുധ്വജന്. മിക്കവാറും സമപ്രായക്കാരാണ് അവരെല്ലാം. വിദ്യാഭ്യാസം, ആയുധാഭ്യാസം, വിനോദം—അവയൊക്കെ ഒന്നിച്ചാണ്—എന്തൊരു രസമായിരുന്നു എല്ലാവർക്കും!

രണ്ടു ബ്രാഹ്മണകുമാരനും ഉൾപ്പെട്ടിരുന്നു അവരുടെയിടയിൽ.

വാസ്തവത്തിൽ അവർ നാഗലോകത്തുനിന്ന് വന്നവരാണ്. നാഗരാജാവായ അശ്വതന്റെ പുത്രന്മാരും. ബ്രാഹ്മണവേഷം ധരിച്ചതുകൊണ്ടു മറ്റുള്ളവർ അറിഞ്ഞില്ല എന്നു മാത്രം.

നാഗകുമാരന്മാർ ദിവസവും രാവിലെ വരും. വൈകുന്നേരം മടങ്ങിപ്പോകും. അവർക്ക് എന്ത് ഇഷ്ടമായിരുന്നു ഋതുധ്വജനോട്! രാജകുമാരന് അവരോടും അപ്രകാരംതന്നെ. പരിശുദ്ധമായിരുന്നു, അഗാധമായിരുന്നു അവരുടെ സ്നേഹം.

നാഗകുമാരന്മാർ പോകുന്നതും വരുന്നതുമെല്ലാം നാഗരാജാവിന് അറിയാം. പക്ഷേ, അവർ എവിടേക്കാണു പോകുന്നത് എന്നു നിശ്ചയം പോര. തിരിച്ചുവരുമ്പോൾ പുത്രന്മാർക്ക് ഒരു ഉന്മേഷമില്ലായ്മയുണ്ട്. പുറപ്പെടുമ്പോൾ അതിയായ ഉത്സാഹവും.

ഒരു ദിവസം അശ്വതൻ പറഞ്ഞു:

'മക്കളേ, എനിക്ക് ഒരു തോന്നലുണ്ട്—നിങ്ങൾ പകൽ മുഴുവൻ മനുഷ്യലോകത്താണ് എന്ന്. എന്താണു മനുഷ്യലോകത്തു നിങ്ങൾക്കിത്ര താത്പര്യം?'

അവർ പറഞ്ഞു:

'അച്ഛാ, അവിടെ ഋതുധ്വജൻ എന്നൊരു രാജകുമാരനുണ്ട്. എത്ര നന്മയുള്ളവനാണ് ഋതുധ്വജൻ! ഞങ്ങൾക്ക് അദ്ദേഹം പ്രാണനു തുല്യനാണ്. അദ്ദേഹത്തെ കാണിനേരം പിരിഞ്ഞിരിക്കുക— അതുപോലും ഞങ്ങൾക്കു സങ്കടമാണ്!

അശ്വതന് സന്തോഷം തോന്നി. പുത്രന്മാർക്ക് ഉത്തമനായ സ്നേഹിതനെ കിട്ടിയല്ലോ. അതു വലിയൊരു കാര്യമല്ലേ?

അദ്ദേഹം പറഞ്ഞു:

'മക്കളേ, നിങ്ങൾ സ്നേഹിതനു വല്ല ഉപകാരവും ചെയ്തുവോ? ഉപകാരംചെയ്യുക നിങ്ങളുടെ കടമയാണ്. ഋതുധ്വജന് എന്താണ് ഇഷ്ടം? അതറിഞ്ഞ് നിങ്ങൾ പ്രവർത്തിക്കണം. ഉദാഹരണത്തിന്, എന്റെ പക്കൽ എത്രയോ ദിവ്യരത്നങ്ങളുണ്ടല്ലോ. കുറെ രത്നങ്ങൾ ഋതുധ്വജന് കൊടുക്കരുതോ?'

നാഗകുമാരന്മാർ പറഞ്ഞു: 'രത്നങ്ങൾ കൊടുക്കേണ്ടതില്ല എന്ന്. കാരണം, ഋതുധ്വജന്റെ പിതാവിന് വളരെയേറെ രത്നങ്ങളുണ്ട്. എന്നാൽ, മറ്റൊന്നു സമ്മാനിക്കുകയും ചെയ്യാം. പക്ഷേ, അതിനുമുമ്പ് അശ്വതൻ ഒരു കഥ കേൾക്കേണ്ടതുണ്ട്. മുപ്പൊരിക്കൽ ഋതുധ്വജൻതന്നെ അവരോടു പറഞ്ഞ കഥയാണ്—അതായത് ഋതുധ്വജന് ഉണ്ടായ അനുഭവങ്ങളുടെ കഥ.

ഗാലവൻ എന്ന മാമുനിക്ക് ഒരു ശല്യമുണ്ടായി. ഒരു അസുരൻ അദ്ദേഹത്തെ ഉപദ്രവിച്ചു. മിക്കപ്പോഴും മാമുനി ധ്യാനത്തിലും പൂജയിലും മുഴുകിയിരിക്കും. അസുരൻ ഓരോരോ ദുഷ്ടജന്തുക്കളുടെ രൂപം ധരിച്ചുവരും; മാമുനിയുടെ ധ്യാനവും പൂജയും വിഘ്നപ്പെടുത്തും. മാമുനിക്ക് അത്യധികമായ തപോബലമുണ്ട്– അതിന്റെ ഫലമായി ശാപം എന്ന ആയുധവും. പക്ഷേ, ശപിക്കാൻ ഒരു മടിയുണ്ട്. ശപിച്ചാൽ നേടിയിട്ടുള്ള തപശ്ശക്തി ഇല്ലാതെയാകും. പിന്നെയും വളരെക്കാലം തപസ്സുചെയ്യണം. എന്നാലേ, നഷ്ടപ്പെട്ട തപശ്ശക്തി വീണ്ടെടുക്കാനൊക്കൂ.

ഒരു നാൾ അസുരന്റെ ശല്യംകൊണ്ട് ഗാലവനു പൊറുതിമുട്ടി. അദ്ദേഹം ആകാശത്തു കണ്ണയച്ച് ദീർഘമായി ഒന്നു നിശ്വസിച്ചു. അപ്പോൾ ഒരു അത്ഭുതസംഭവം ഉണ്ടായി. ലക്ഷണമൊത്ത ഒരു ദിവ്യാശ്വം മുമ്പിൽ വന്നു വീണു. വീണതോ, ആകാശത്തുനിന്നും. സൂര്യൻ അയച്ച അശ്വമാണത്. ഒരു അശരീരിയും കേൾക്കായി. അശരീരി അശ്വത്തിന്റെ വർണന നൽകി. അതിനു ഭൂമിയിലും ആകാശത്തിലും ജലത്തിലും സഞ്ചരിക്കാം. കുവലയം എന്നാണ് അതിന്റെ പേര്. കുവലയത്തിന് ഒരിക്കലും ക്ഷീണം ഉണ്ടാവുകയില്ല. അതിനെ ഋതുധ്വജന് കൊടുക്കണം. എന്നാൽ, പ്രയോജനം ഉണ്ടാവും.

അതനുസരിച്ച് ഗാലവൻ ദിവ്യാശ്വത്തെയുംകൊണ്ട് ശത്രുജിത്തിന്റെ അടുക്കലെത്തി. നടന്നതെല്ലാം അതുപോലെ രാജാവിനെ അറിയിച്ചു. എന്നിട്ടു പറഞ്ഞു:

'രാജൻ, ഈ ദിവ്യാശ്വത്തെ സ്വീകരിക്കുക. എന്നിട്ട് ഋതുധ്വജനെ എന്നോടൊന്നിച്ച് അയച്ചുതരിക.'

ശത്രുജിത്ത് മാമുനിയുടെ അപേക്ഷ കൈക്കൊണ്ടു. ദിവ്യാശ്വത്തെ വാങ്ങി ഋതുധ്വജനെ ഏല്പിച്ചു. മാമുനിയോടുകൂടി പോകാനും നിർദ്ദേശിച്ചു.

ഗാലവൻ, ഋതുധ്വജൻ, കുവലയം, ആശ്രമത്തിൽ എത്തി.

അവർ അസുരന്റെ വരവിനായി കാത്തിരുന്നു.

നടന്നതൊന്നും അസുരൻ അറിഞ്ഞിരുന്നില്ല. ഗാലവൻ സന്ധ്യാവന്ദനം ചെയ്യുന്ന സമയം—അപ്പോഴാണ് ആ ദുഷ്ടൻ വന്നെത്തിയത്. അതോ, കൂറ്റനായ ഒരു കാട്ടുപന്നിയുടെ വടിവിലും. ഋതുധ്വജൻ കുവലയത്തിന്റെ പുറത്തിരുന്ന് ഒരു ശരം അയച്ചു. ശരം കാട്ടുപന്നിയുടെ ദേഹത്തു ചെന്നു തറച്ചു. കാട്ടുപന്നി വേദനയോടെ ഓടിപ്പോയി. ഋതുധ്വജൻ ദിവ്യാശ്വത്തെ പുറകെ പായിച്ചു. കാട്ടുപന്നി എത്ര വേഗത്തിലാണു കാടുംമേടും കടന്നത്! എങ്കിലും ഒന്നിച്ചു പാഞ്ഞുചെല്ലുന്നുണ്ട് ഋതുധ്വജനെ വഹിക്കുന്ന കുവലയം. എന്താണു കുറെ മുമ്പിലായി കാണപ്പെടുന്നത്? വളരെ വിസ്താരവും ആഴവുമുള്ള ഒരു കുഴി. കാട്ടുപന്നി കുഴിയിൽ എടുത്തൊരു ചാട്ടം! പുറകെ കുവലയവും ഋതുധ്വജനും. എവിടെയാണു ചെന്നെത്തിയത്? പാതാളത്തിൽ!

ഋതുധ്വജൻ കാട്ടുപന്നിയെ നോക്കി. കാട്ടുപന്നിയെ കാണാനില്ല. കണ്ടതോ, ഉഴറിയോടുന്ന ഒരു സ്ത്രീയെയും. മറ്റാരും അവിടെങ്ങും ഉണ്ടായിരുന്നില്ലതാനും.

രാജകുമാരൻ സ്ത്രീയോടു വിളിച്ചുചോദിച്ചു:

'നീ ആരാണ്? എങ്ങോട്ടു പോകുന്നു?'

ഒരക്ഷരം ഉരിയാടാതെ അവൾ ഒരു മാളികയിൽ കയറിപ്പോയി.

എന്നാൽ, അവളെ അങ്ങനെ വിട്ടുകൂടാ. ഋതുധ്വജൻ കുവലയത്തെ ഒരു മരത്തിൽ കെട്ടി. എന്നിട്ട് മാളികയിൽ പ്രവേശിച്ചു. അവിടെ എന്താണു കണ്ടത്? ഒരു കുമാരി പൊൻകട്ടിലിൽ ഇരിക്കുന്നു. അവളുടെ അഴക് രാജകുമാരനെ അത്ഭുതപ്പെടുത്തി. പെട്ടെന്ന് അവൾ പൊൻകട്ടിലിൽനിന്ന് എഴുന്നേറ്റു. ഋതുധ്വജന്റെ മുഖത്തു ശ്രദ്ധിച്ചുനോക്കി. അപ്പോൾ അവൾക്കു ബോധക്ഷയം ഉണ്ടായി. ഋതുധ്വജൻ മുമ്പു കണ്ടില്ലെ സ്ത്രീ? അവൾ കുമാരിയുടെ പരിചാരികയാണ്. സ്വാമിനിയെ പരിചാരിക വിശറിയെടുത്തു വീശി. മുഖത്തു കുളിർജലം തളിച്ചു. അതോടുകൂടി കുമാരിയുടെ ബോധം തിരിച്ചുവന്നു.

ഋതുധ്വജൻ ചോദിച്ചു:

'എന്തൊക്കെയാണ് ഇതിന്റെ അർത്ഥം?'

മറുപടി പറഞ്ഞതു പരിചാരികയാണ്. അതോ, ഒരു കഥയുടെ മുപത്തിലും.

വിശാവസു എന്നൊരു ഗന്ധർവ്വരാജാവുണ്ട്. ഈ കുമാരി വിശാവസുവിന്റെ പുത്രിയാണ്. പേര് മദാലസ എന്നും.

പാതാളത്തിൽ പാതാളകേതു പാർത്തുവരുന്നു. നിഷ്ഠുരനായ അസുരനാണ് പാതാളകേതു. ഒരിക്കൽ മദാലസ ഉദ്യാനത്തിൽ ക്രീഡിക്കുകയായിരുന്നു. പാതാളകേതു മായാപ്രയോഗത്താൽ അവളെ അപഹരിച്ചുകൊണ്ടുപോയി. അടുത്ത ത്രയോദശിനാളിൽ അവൻ അവളെ വിവാഹംകഴിക്കും. അവൾക്കാണെങ്കിലോ, അവനോട് അങ്ങേയറ്റം അറപ്പും വെറുപ്പുമാണ്. ആത്മഹത്യയാണ് അവന്റെ ഭാര്യയാവുന്നതിനേക്കാൾ ഭേദം. മദാലസ ആത്മഹത്യയ്ക്ക് ഒരുക്കമായി.

ദിവ്യമായ പശു, കാമധേനു, മദാലസയുടെ മുമ്പിൽ ആവിർഭവിച്ചു.

കാമധേനു വരുംകാര്യം അറിയിച്ചു:

'മദാലസേ, ഒരു പുരുഷൻ പാതാളകേതുവിനെ വധിക്കും. അയാൾ നിന്നെ വിവാഹംകഴിക്കും.'

ഇത്രയും പരിചാരിക ഋതുധ്വജനെ കേൾപ്പിച്ചു. അതിനുശേഷം അവൾ തന്നെക്കുറിച്ചു പറഞ്ഞു. അവളുടെ പേര് കുണ്ഡലയെന്നാണ്. കുണ്ഡലയുടെ ഭർത്താവിനെ ഒരു അസുരൻ കൊലപ്പെടുത്തി. സുലഭൻ എന്നാണ് ആ അസുരന്റെ പേര്. ഭർത്താവിന്റെ മരണത്തിനുശേഷം കുണ്ഡല തീർത്ഥാടനം ചെയ്തു. തീർത്ഥാടനത്തിനിടയ്ക്ക് അവൾ മദാലസയെ കണ്ടുമുട്ടി. ആ കുമാരിയോട് അനുകമ്പയും സ്നേഹവും തോന്നി. അവളെ പരിചരിച്ചു കഴിയുകയുമാണ്.

കുണ്ഡല ഋതുധ്വജനോടു പറഞ്ഞു:

'കുമാരാ, പാതാളകേതു ഒരു കാട്ടുപന്നിയുടെ മുഖത്തിൽ ഗാലവനെ സമീപിച്ചു. ആരോ ആ അസുരനെ എയ്തു മുറിവേല്പിച്ചിരിക്കുന്നു. അതിനെക്കുറിച്ച് ഇപ്പോൾ എനിക്ക് അറിവു കിട്ടുകയുണ്ടായി. ആ പുരുഷൻ മദാലസയുടെ ഭർത്താവാകും. കാമധേനു സൂചിപ്പിച്ച പുരുഷനാണ് അയാൾ. എന്നാൽ, അങ്ങയെ കണ്ടപ്പോൾ ഇവൾക്ക് അതിയായ ഒരു ആഗ്രഹമുണ്ടായി — അങ്ങ് അവളുടെ ഭർത്താവാകണം എന്ന്. ആഗ്രഹത്തിന്റെ തള്ളിച്ചയിൽ അവൾക്കു ബോധക്ഷയമുണ്ടായി. ആരാണ് അങ്ങ്? വാസ്തവം പറയാൻ ദയവുണ്ടാകണം.'

ഋതുധ്വജൻ നടന്നതെല്ലാം വിവരിച്ചു. ഒന്നും കൂട്ടിപ്പറഞ്ഞില്ല. ഒന്നും കുറച്ചു പറഞ്ഞുമില്ല. അപ്പോൾ കുണ്ഡലയ്ക്ക് ഒന്നു തീർച്ചയായി—ഈ പുരുഷൻതന്നെയാണ് മദാലസയുടെ വരൻ!

കുണ്ഡല പറഞ്ഞു:

'രാജകുമാരാ, അങ്ങും എന്റെ സ്വാമിനിയും ദമ്പതികളാവണം. വിധിയുടെ നിശ്ചയമാണ് അത്. ഇനി വിവാഹകർമ്മം നടത്തണം.'

കുണ്ഡലയുടെ കുലഗുരുവാണ് തുംബുരുമഹർഷി. അവൾ സ്മരിച്ചാൽ മതി, അദ്ദേഹം വന്നെത്തും. ഇപ്പോഴും ആ പതിവിനു വ്യത്യാസം ഉണ്ടായില്ല. മഹർഷി അഗ്നിയെ ഹോമം നടത്തി—തുടർന്നു വിധിപ്രകാരമുള്ള വിവാഹകർമവും. അതിനുശേഷം അദ്ദേഹം യാത്രയായി.

കുണ്ഡല മദാലസയോടു പറഞ്ഞു:

'സ്വാമിനീ, വിവാഹം കഴിഞ്ഞുവല്ലോ. എനിക്ക് അതിൽ അതിയായ സന്തോഷമുണ്ട്. ഇനി ഞാൻ എന്റെ തീർത്ഥാടനം തുടരട്ടെ.'

അവൾ നവദമ്പതികളോടു വിടവാങ്ങി. എന്നിട്ട് അവിടന്നു പുറപ്പെട്ടു. അതോ, ആകാശമാർഗത്തിലൂടെയും.

ഋതുധ്വജൻ മദാലസയെ എടുത്തു ദിവ്യാശ്വത്തിന്റെ പുറത്തിരുത്തി, താനും കയറി അതിവേഗത്തിൽ ഓടിച്ചുപോയി. അതു കാണാനിടയായി പാതാളകേതുവിന്റെ ചില കിങ്കരന്മാർ. അവർ ചെന്ന് യജമാനനെ വിവരമറിയിച്ചു. പാതാളകേതു അവരോടുകൂടി ഋതുധ്വജന്റെമേൽ ചാടിവീണു. ഋതുധ്വജൻ പാതാളകേതു ഉൾപ്പെടെ പലരേയും കൊന്നുവീഴ്ത്തി. എന്നിട്ടു വധുവിനെയുംകൊണ്ടു പാതാളത്തിൽനിന്നു ഭൂമിയിലെത്തി. തുടർന്നു സ്വന്തം രാജധാനിയിലും.

ശത്രുജിത്തിന്റെ സന്തോഷം പറയാനില്ല. ആ രാജാവ് പുത്രനെ ആശീർവദിച്ചു. മാത്രമല്ല, പുത്രവധുവിനെയും.

ഋതുധ്വജനും മദാലസയും സുഖജീവിതം നയിച്ചു തുടങ്ങി.

ഒരു ദിവസം ശത്രുജിത്ത് പുത്രനെ അരികിൽ വിളിച്ചു.

അദ്ദേഹം പറഞ്ഞു:

'മകനേ, പാപാത്മാക്കളായ ചില അസുരന്മാർ ഇറങ്ങിയിട്ടുണ്ട്. അവർ മുനിമാരെ ഉപദ്രവിക്കുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. നീ ദിവസവും മാവിലെ കുവലയത്തിന്റെ പുറത്തുകയറി നാടു ചുറ്റണം. എല്ലാം ഭദ്രമാണോ എന്നു നേരിട്ട് അറിയുകയും വേണം.'

പിതാവിന്റെ നിർദ്ദേശം അക്ഷരംപ്രതി അനുസരിച്ചു ഋതുധ്വജൻ. മനോവേഗമുള്ള അശ്വമാണ് കുവലയം. രാജകുമാരൻ മാവിലെ അതിന്റെ പുറത്തു കയറി രാജ്യം ചുറ്റും. എല്ലാം അന്വേഷിച്ച് അറിഞ്ഞിട്ടു കൊട്ടാരത്തിൽ മടങ്ങിയെത്തും. അതായി നാൾതോറുമുള്ള പതിവ്.

ഒരിക്കൽ ഋതുധ്വജൻ കാളിന്ദിനദിയുടെ തീരത്തായിരുന്നു. അവിടെ ഒരു ആശ്രമം സ്ഥിതിചെയ്യുന്നതു കണ്ടു. ഏതോ മഹർഷിയുടെ ആശ്രമം ആയിരിക്കണം. ആ മഹർഷിയെ കണ്ടു വന്ദിക്കണം എന്ന് ആഗ്രഹമുണ്ടായി. നേരെ ആശ്രമത്തിൽ കയറിച്ചെന്നു.

വാസ്തവത്തിൽ ആശ്രമത്തിലുള്ള ആൾ മഹർഷിയല്ല. പിന്നെയോ, മഹർഷിയുടെ രൂപം ധരിച്ച ഒരു അസുരൻ. താലകേതു എന്നാണ് അസുരന്റെ പേര്. അവൻ പാതാളകേതുവിന്റെ അനുജനുമാണ്. ഋതുധ്വജനെ

അപകടത്തിൽപ്പെടുത്തണം. അതിനാണ് കശ്മലനായ താലകേതുവിന്റെ ഉദ്യമം. അതുണ്ടോ ഋതുധ്വജൻ അറിയുന്നു!

മഹർഷി ചമയുന്ന അസുരൻ പറഞ്ഞു:

'രാജകുമാരാ, ഞാൻ ചില യാഗങ്ങൾ ചെയ്യാൻ നിശ്ചയിച്ചിരിക്കുകയാണ്. യാഗങ്ങൾക്കു വളരെയധികം ചെലവുണ്ട്. എന്റെ പക്കൽ പണം ഒട്ടും ഇല്ലതാനും. അങ്ങയുടെ കഴുത്തിൽ കിടക്കുന്നില്ലേ രത്നമാല? അതെനിക്കു തരണമെന്നു ഞാൻ അപേക്ഷിക്കുന്നു. അതു വിറ്റ് ഞാൻ യാഗത്തിനുള്ള പണം ഉണ്ടാക്കിക്കൊള്ളാം. ഞാൻ വെള്ളത്തിൽ മുങ്ങിക്കിടന്നു വരുണമന്ത്രം ജപിക്കാറുണ്ട്. ഇപ്പോൾ അതിനുള്ള സമയമായി. ജപം കഴിഞ്ഞ് ഞാൻ താമസിയാതെ വന്നുകൊള്ളാം.'

യാതൊരു സംശയവും ഉണ്ടായില്ല ഋതുധ്വജന്. രാജകുമാരൻ കഴുത്തിൽ നിന്നു രത്നമാല അഴിച്ചെടുത്തു. അത് ആദരപൂർവം അർത്ഥിക്കു നൽകി. എന്നിട്ടു പറഞ്ഞു:

'മഹർഷേ, അവിടുന്നു വരുന്നതുവരെ ഞാൻ ഇവിടെ നിന്നുകൊള്ളാം. ആരെയും ഇതിനകത്തു കടത്തിവിടുകയുമില്ല. ജപം കഴിഞ്ഞ് സാവധാനത്തിൽ വന്നാൽ മതിയാകും.'

താലകേതു അല്പം ദൂരെയായി നദിയിൽ ഇറങ്ങിമുങ്ങി. പൊങ്ങിയത് എവിടെയെന്നോ? ശത്രുജിത്തിന്റെ രാജധാനിയിൽ!

ആ ദുഷ്ടൻ, കൊട്ടാരത്തിൽ ചെന്നു രാജാവിനെ കണ്ടു. വലിയൊരു കള്ളം പറഞ്ഞു:

'രാജൻ, അങ്ങയുടെ പുത്രൻ ഒരു മുനിയുടെ യാഗരക്ഷ ചെയ്യുകയായിരുന്നു. അതിനിടയ്ക്ക് ഒരു അസുരനോടു യുദ്ധം ചെയ്യേണ്ടതായിവന്നു. യുദ്ധത്തിൽ രാജകുമാരൻ മൃതിയടഞ്ഞു. ഈ ദുഃഖവർത്തമാനം അറിയിക്കാനാണു ഞാൻ വന്നത്—രാജകുമാരന്റെ ഈ രത്നമാല അങ്ങയെ ഏല്പിക്കാനും.'

ശത്രുജിത്തിന്റെ സന്താപം ഊഹിക്കാൻ പ്രയാസമില്ല—കൊട്ടാരത്തിലുള്ള മറ്റുള്ളവരുടെ സന്താപവും. എല്ലായിടങ്ങളിലുംനിന്നും മുറവിളികൾ ഉയരുകയായി. മദാലസയ്ക്കോ, ദുഃഖം സഹിക്കാൻ സാധിച്ചുമില്ല. ഭർത്താവില്ലാത്ത ജീവിതം തനിക്കു വേണ്ട—അതായി അപ്പോഴത്തെ നിശ്ചയം. ആ സാധ്വി ജീവൻ കളഞ്ഞു!

ഏറ്റവും ശ്രമപ്പെട്ടിട്ടാണെങ്കിലും ശത്രുജിത്ത് ദുഃഖം നിയന്ത്രിച്ചു. ആദ്യം സ്വയം സമാധാനപ്പെടണം. എന്നാലേ മറ്റുള്ളവരെ സമാധാനപ്പെടുത്താൻ സാധിക്കൂ. അദ്ദേഹം അവരോടു പലതും പറഞ്ഞു. യാഗരക്ഷയ്ക്കായിട്ടാണല്ലോ ഋതുധ്വജൻ മരിച്ചത്. വാസ്തവത്തിൽ അപ്രകാരമുള്ള മരണം ധന്യമാണ്. അതിൽ ദുഃഖിക്കുകയല്ല, സന്തോഷിക്കുകയാണു വേണ്ടത്. മദാലസയുടെ മരണവും അനുയുക്തമായി. അവൾ പതിവ്രതയായിരുന്നു. ഭർത്താവിനെ അവൾ പരലോകത്തേക്ക് അനുഗമിച്ചു. അതിലും വ്യസനിക്കേണ്ടതായി യാതൊന്നുമില്ല. അതൊക്കെ ആയിരുന്നു ശത്രുജിത്തിന്റെ വാദങ്ങൾ.

രാജ്ഞി ഭർത്താവിനെ പിന്താങ്ങി.

താലകേതു കാളിന്ദിയുടെ അടിയിൽ തിരിച്ചെത്തി. ജലത്തിൽനിന്നു പൊങ്ങി കരയ്ക്കിറങ്ങി. ആശ്രമത്തിൽചെന്ന് ഋതുധ്വജനോടു പറഞ്ഞു:

'രാജകുമാരാ, ഞാൻ വെള്ളത്തിൽ മുങ്ങിക്കിടന്നു വരുണമന്ത്രം ജപിച്ചുകഴിഞ്ഞു. ഇനി അങ്ങയ്ക്ക് ഇവിടെനിന്നു പോകാം.'

ഋതുധ്വജൻ കുവലയത്തിന്റെ പുറത്തു കയറി അതിവേഗത്തിൽ മാഢധാനിയിൽ തിരിച്ചെത്തി. അപ്പോൾ അദ്ദേഹം ഒരു കാഴ്ച കണ്ടു. ജനങ്ങൾ തന്നെ പകച്ചു നോക്കിനിൽക്കുന്നു. ചിലരൊക്കെ 'ഭാഗ്യം! ഭാഗ്യം!' എന്നു പറയുകയും ചെയ്യുന്നു. എന്തിനെന്നു രാജകുമാരനു മനസ്സിലായില്ല.

കുമാരൻ കൊട്ടാരത്തിൽ ചെന്ന് അച്ഛനമ്മമാരെ കണ്ടു. അവരുടെ മുഖത്തുണ്ട് അതിയായ അത്ഭുതം!

ഒന്നായി എല്ലാവരുടെയും അനുമാനം. ഒരു മഹർഷി വന്നു പറഞ്ഞതു തെറ്റായിരുന്നു. ഋതുധ്വജൻ മരിച്ചില്ലെന്നു മാത്രമല്ല, സുഖമായി തിരിച്ചെത്തി. സന്താപം സന്തോഷത്തിനു വഴിമാറി.

ശത്രുജിത്ത് പുത്രനെ നടന്നതെല്ലാം അറിയിച്ചു. കൂട്ടത്തിൽ മദാലസയുടെ ജീവത്യാഗവും.

ആ ദുഃഖവർത്തമാനം ഋതുധ്വജനെ ആകെ തളർത്തി. താനും ആത്മഹത്യചെയ്തു പ്രിയതമയെ അനുഗമിച്ചാലെന്ത്? അതായി അപ്പോഴത്തെ ആലോചന. പക്ഷേ, തുടർന്നു മറ്റൊരു ആലോചന ഉണ്ടായി. തനിക്കു മാതാപിതാക്കന്മാരെ ശുശ്രൂഷിക്കുക എന്ന കടമയുണ്ട്. താൻ ആത്മഹത്യചെയ്താൽ അത് അവരോടുള്ള അപരാധം ആയിരിക്കും. അയ്യോ, ആ അപരാധം ഒരിക്കലും പ്രവർത്തിച്ചുകൂടാ. അതേസമയം രാജകുമാരൻ ഒരു പ്രതിജ്ഞയും ചെയ്തു:

'മദാലസയുടെ ഒർത്താവായ ഞാൻ അന്യസ്ത്രീയെ വിവാഹംകഴിക്കയില്ല!'

അന്നുമുതൽ ഋതുധ്വജന്റെ ജീവിതരീതി ഒന്നു മാറി.

ഭാര്യയോടുള്ള സഹവാസത്തിനു പകരം സ്നേഹിതന്മാരോടുള്ള സഹവാസമായി. അവരുമായി ഉല്ലസിക്കുമ്പോൾ ഭാര്യാദുഃഖം കുറെയൊക്കെ മറക്കും.

സ്നേഹിതന്മാരിൽ പ്രധാനികളാണ് നാഗകുമാരന്മാർ.

ഇന്ദ്രയുമാണ് നാഗകുമാരന്മാർ പിതാവായ നാഗരാജാവിനെ അറിയിച്ചത്.

ഋതുധ്വജന് എന്തെങ്കിലും ഉപകാരം ചെയ്യണം—അതായിരുന്നല്ലോ അശ്വരതന്റെ അഭിപ്രായം.

നാഗകുമാരന്മാർ പറഞ്ഞു:

'അച്ഛാ, ഒരു ഉപകാരം മാത്രമേ ഋതുധ്വജനു ചെയ്യേണ്ടതായിട്ടുള്ളു—അതായത് മരിച്ച മദാലസയെ ജീവിപ്പിച്ച് അദ്ദേഹത്തെ ഏല്പിക്കുക. അതിന് ആരെക്കൊണ്ടും സാധിക്കയുമില്ല. ആ സ്ഥിതിക്കു നാം എന്തു ചെയ്യും?'

അശ്വരതന് അതത്ര തൃപ്തിയായില്ല.

അദ്ദേഹം പറഞ്ഞു:

'മക്കളേ, സാധിക്കില്ല എന്നു വിചാരിച്ചു പ്രവർത്തിക്കാതിരുന്നുകൂടാ. അതു വലിയൊരു പോരായ്മയാകും. പൗരുഷമുള്ളവരെ ദൈവവും സഹായിക്കും. ആട്ടെ, ഞാനൊന്നു നോക്കട്ടെ.'

മരിച്ചവരെ ജീവിപ്പിക്കാനുള്ള ശക്തി തപസ്സുകൊണ്ടേ സിദ്ധിക്കുകയുള്ളു. മക്കൾക്കുവേണ്ടി താൻ തപസ്സുചെയ്യുകതന്നെ—അതായി അശ്വരതന്റെ നിശ്ചയം.

അദ്ദേഹം തപസ്സും തുടങ്ങി. എവിടെയെന്നോ? പുഷ്കരാവതരണം എന്ന തീർത്ഥത്തിൽ. തപസ്സുചെയ്തതോ, സരസ്വതീദേവിയേയും.

ദേവി പ്രസന്നയായി, പ്രത്യക്ഷയായി.

അശ്വരതൻ വരം ചോദിച്ചു:

'എനിക്ക് കംബളൻ എന്നൊരു ജ്യേഷ്ഠൻ ഉണ്ട്. ദേവി കനിഞ്ഞ് ഞങ്ങൾക്കു രണ്ടു സിദ്ധികൾ തരണം—അതായതു സംഗീതജ്ഞാനവും സ്വരമാധുര്യവും.'

സരസ്വതീദേവി രണ്ടും നൽകി.

അശ്വരതൻ കംബളനെയും കൂട്ടി ശിവനെ തപസ്സുതുടങ്ങി.

ശിവൻ പ്രത്യക്ഷനായപ്പോൾ അശ്വരതൻ അഭ്യർത്ഥിച്ചു:

'ഭഗവാനേ, മരിച്ചുപോയ മദാലസ എന്റെ മകളായി ആവിർഭവിക്കണം. അവൾക്കു മുജ്ജന്മത്തെക്കുറിച്ച് ഓർമയും ഉണ്ടായിരിക്കണം.'

ശിവൻ ആ അഭ്യർത്ഥന കൈക്കൊണ്ടു. എന്നിട്ട് അശ്വരതനു വിശദമായ ഒരു നിർദ്ദേശം നൽകി. നാഗരാജാവ് ആ നിർദ്ദേശപ്രകാരം എന്തു ചെയ്തെന്നോ? ശ്രാദ്ധംകഴിച്ച് നടുവിലത്തെ പിണ്ഡം ഭക്ഷിച്ചു. അതാ, തന്റെ നടുവിലത്തെ ഫണത്തിൽനിന്നു പുറത്തുവരുന്നു മദാലസ!

എന്തു സന്തോഷമായെന്നോ അശ്വരതന്? അദ്ദേഹം മദാലസയെ അന്തഃപുരത്തിൽ ഗൂഢമായി പാർപ്പിച്ചു. തത്കാലം മറ്റാരും അറിഞ്ഞുകൂടാ.

ദിവസങ്ങൾ പലതു കഴിഞ്ഞു നാഗകുമാരന്മാർ തങ്ങളുടെ പതിവു തുടർന്നുപോന്നു. അവർ രാവിലെ ഋതുധ്വജന്റെ അടുക്കലേക്കു പോകും, വൈകുന്നേരം നാഗലോകത്തു തിരിച്ചെത്തും.

ഒരു ദിവസം അശ്വരതൻ പുത്രന്മാരോടു പറഞ്ഞു:

'നിങ്ങൾ എന്നും ഋതുധ്വജന്റെ ആതിഥ്യം സ്വീകരിക്കുന്നുണ്ടല്ലോ. ഒരു ദിവസത്തേക്കെങ്കിലും നിങ്ങൾ അദ്ദേഹത്തെ അതിഥിയായി ക്ഷണിക്കണം. ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരികയും വേണം.'

നാഗകുമാരന്മാർ അടുത്ത ദിവസംതന്നെ ഋതുധ്വജനു ക്ഷണമേകി.

ഋതുധ്വജൻ പറഞ്ഞു:

'സ്നേഹിതന്മാരേ, എന്റെ ഗൃഹം നിങ്ങളുടെയും ഗൃഹമാണ്. ആ സ്ഥിതിക്ക് ഈ ഉപചാരം എന്തിനാണ്? എന്റെ വകയെല്ലാം നിങ്ങളുടെയും വകതന്നെ. ഞാനും നിങ്ങളും രണ്ടെന്നു വിചാരിക്കരുത്.'

അപ്പോൾ അവർ തങ്ങളുടെ പിതാവിന്റെ നിർദ്ദേശം അറിയിച്ചു—ഋതുധ്വജനെ കാണാൻ പിതാവിന് ആഗ്രഹമുണ്ടെന്നും.

ഋതുധ്വജനു സമ്മതമായി.

'ഓഹോ, അങ്ങനെയോ? നിങ്ങളുടെ അച്ഛൻ എനിക്ക് എന്റെ അച്ഛനു തുല്യനാണ്? ഞാൻ തീർച്ചയായും നിങ്ങളോടൊന്നിച്ചു വരാം.'

വാസ്തവത്തിൽ സ്നേഹിതന്മാർ ബ്രാഹ്മണകുമാരന്മാരാണ്—അതായിരുന്നു ഋതുധ്വജന്റെ ധാരണ. രാജകുമാരൻ അവരോടൊന്നിച്ചു യാത്രചെയ്തു. ഗൗതമീനദിയുടെ തീരത്തിൽ എത്തിച്ചേർന്നപ്പോഴോ? അക്കരെയായിരിക്കും അവരുടെ ഗൃഹം എന്നു കരുതി. താമസിയാതെ അല്ലെന്ന് അദ്ദേഹ

ത്തിനു തീർച്ചയായി. കാരണം, സ്നേഹിതന്മാർ തന്നെയുംകൊണ്ടു നദീജലത്തിൽ താഴുകയാണ്. താഴ്ന്നുതാഴ്ന്ന് എത്തിയതോ നാഗപുരത്തിലും!

അപ്പോഴേക്കും സ്നേഹിതന്മാർ ബ്രാഹ്മണരൂപം വെടിഞ്ഞു, സ്വന്തം രൂപം ധരിച്ചു— നാഗകുമാരന്മാരുടെ രൂപം!

ഋതുധ്വജനു വാസ്തവം മനസ്സിലായി. സ്നേഹിതന്മാർ നാഗകുമാരന്മാരാണ്. അതും നന്നായി.

അവർ ഋതുധ്വജനെ കൊട്ടാരത്തിലേക്കു കൊണ്ടുപോയി. അശ്വരഥനെ പരിചയപ്പെടുത്തി. ഋതുധ്വജൻ നാഗരാജാവിനെ ബഹുമാനപൂർവം പ്രണമിച്ചു. നാഗരാജാവ് രാജകുമാരനെ എഴുന്നേല്പിച്ചു ഗാഢമായി ആലിംഗനം ചെയ്തു. മൂർദ്ധാവിൽ മുകർന്ന് അനുഗ്രഹമേകി.

ഋതുധ്വജൻ സ്നേഹിതന്മാരോടൊന്നിച്ചു സ്നാനം ചെയ്തു. വിഭവം നിറഞ്ഞ, സ്വാദേറിയ ഭക്ഷണം കഴിച്ചു. ഉല്ലാസമായി സമയം കഴിച്ചു.

അശ്വരഥൻ രാജകുമാരനോടു സംസാരിച്ചു:

'ഋതുധ്വജാ, അങ്ങയെ കണ്ടത് എനിക്കു വളരെ സന്തോഷമായി. എന്റെ സന്തോഷത്തിന്റെ ചിഹ്നമായി സമ്മാനം നൽകണമെന്നുണ്ട്. എന്താണ് അങ്ങേയ്ക്കു വേണ്ടത്? സ്വർണമോ? രത്നങ്ങളോ? പട്ടുവസ്ത്രങ്ങളോ? സ്വന്തം അച്ഛനോടെന്നപോലെ ആവശ്യപ്പെട്ടുകൊള്ളൂ.'

'ശ്രീമൻ, അവയൊക്കെ എന്റെ പിതാവിനു ധാരാളമുണ്ട് എന്നു പറഞ്ഞാലും പോരാ, വേണ്ടതിൽ എത്രയോ അധികവുമാണ്. ആവശ്യമുള്ളവർക്ക് അച്ഛൻ ലോഭംകൂടാതെ ദാനംചെയ്യുക പതിവുമാണ്. എനിക്ക് അവയൊന്നും ആവശ്യമില്ല.'

'ആട്ടെ, അവ വേണ്ടെങ്കിൽ വേണ്ട. വേറെ എന്തു വേണം?'

'ഞാൻ അങ്ങയെ വന്നു കണ്ടു വന്ദിച്ചു. അങ്ങ് എന്നെ ആലിംഗനം ചെയ്തു. അതുകൊണ്ടുതന്നെ എനിക്കു ലഭിക്കേണ്ടതെല്ലാം ലഭിച്ചുകഴിഞ്ഞു.'

'ഋതുധ്വജാ, അങ്ങ് ധർമിഷ്ഠനെന്നു തെളിഞ്ഞിരിക്കുന്നു. എങ്കിലും ആദ്യമായിട്ടാണല്ലോ അങ്ങ് ഇവിടെ വന്നിരിക്കുന്നത്. ആ സ്ഥിതിക്ക് ഇവിടന്ന് എന്തെങ്കിലും സ്വീകരിക്കണം. അല്ലാതെ വെറുംകൈയോടെ മടങ്ങിപ്പോകാൻ പാടില്ല.'

നാഗകുമാരന്മാർ ഇടയ്ക്കു കയറിപ്പറഞ്ഞു:

'അച്ഛാ, ഇദ്ദേഹത്തിന്റെ മരിച്ച പത്നിയെ ജീവിപ്പിക്കണം. അതാണ് ഏറ്റവും മികച്ച സമ്മാനം.'

നാഗരാജാവ് അത്ഭുതം നടിച്ചു.

'മക്കളേ, മരിച്ചവരെ ജീവിപ്പിക്കുക എന്നതു സാദ്ധ്യമാണോ? സ്വപ്നത്തിലും മായയിലും മറ്റുമേ അങ്ങനെ സംഭവിക്കുകയുള്ളൂ.'

ഋതുധ്വജൻ അഭ്യർത്ഥിച്ചു:

'ശ്രീമൻ, മായകൊണ്ടായാലും ശരി, മദാലസയെ എനിക്കൊന്നു കാണിച്ചുതരണം.'

നാഗമേ ചിരിച്ചുകൊണ്ട് അശ്വരഥൻ അന്തഃപുരത്തിലേക്കു പോയി. അല്പം കഴിഞ്ഞ് മദാലസയോടു കൂടി തിരിച്ചുവന്നു. പത്നിയെ കണ്ടപ്പോൾ ഋതുധ്വജൻ സന്തോഷത്താൽ ഭ്രാന്തനായി. രാജകുമാരൻ അവളുടെ അടുക്കലേക്കോടി.

നാഗരാജാവ് അദ്ദേഹത്തെ തടുത്തുനിർത്തി.

'ഋതുധ്വജാ, അവളുടെ അടുത്തു ചെല്ലരുത്. ഇതു വെറും മായയാണ്!'

കളിയായിട്ടാണ് അദ്ദേഹം അതു പറഞ്ഞത്. പക്ഷേ, ഋതുധ്വജൻ കാര്യമായെടുത്തു. അദ്ദേഹം ബോധമറ്റു നിലത്തു വീണു.

ബോധം തിരിച്ചുവന്നപ്പോൾ ഋതുധ്വജൻ ഒന്നു കണ്ടു—തന്റെ അരികത്തുണ്ട് മദാലസ. അപ്പോൾ ബോദ്ധ്യമായി മായയല്ല, യാഥാർത്ഥ്യമെന്ന്. അദ്ദേഹം വീണ്ടും പരമാനന്ദം അനുഭവിച്ചു. നാഗരാജാവ് യുവദമ്പതികളെ യാത്രയയച്ചു. ഋതുധ്വജനും മദാലസയും രാജധാനിയിൽ തിരിച്ചെത്തി. മരിച്ചവൾ ജീവിച്ചുവന്നിരിക്കയല്ലേ? രാജ്യത്തിലാകെ ആഹ്ലാദം അലതല്ലി. പൗരന്മാർ ഉത്സവം കൊണ്ടാടി.

സൗഖ്യവും സംതൃപ്തിയും നിറഞ്ഞ കാലം ഇഴഞ്ഞു നീങ്ങി.

ശത്രുജിത്ത് പരലോകത്തു പോയി.

ഋതുധ്വജൻ രാജാവായി.

മദാലസ ഒരു ആൺകുട്ടിക്കു ജന്മമേകി. ഋതുധ്വജൻ പുത്രന് വിക്രാന്തൻ എന്നു പേരിട്ടു. അതു കേട്ട് മദാലസ ഒന്നു ചിരിച്ചു. ആ ചിരിയുടെ അർത്ഥം ഋതുധ്വജൻ മനസ്സിലാക്കിയില്ല.

ഒന്നു പ്രത്യേകമായിരുന്നു മദാലസയുടെ മീതി. രാജ്ഞി പുത്രനെ കളിപ്പിക്കുകയോ ലാളിക്കുകയോ ചെയ്യുകയില്ല. പിന്നെയോ, ജ്ഞാനമാർഗങ്ങളെക്കുറിച്ചു സംസാരിക്കും. സദാ അതുതന്നെയാണു സംസാരം. കൊച്ചുകുട്ടിക്ക് അതൊന്നും മനസ്സിലാവുകയില്ല. എങ്കിലും കുട്ടി വലുതാകുന്തോറും ഒരു വ്യത്യാസമുണ്ടായി. അമ്മ പറയുന്നതു കുറേശ്ശെ മനസ്സിലായി. കുറെക്കുടി പ്രായമായപ്പോഴോ? രാജകുമാരന് ആത്മജ്ഞാനം ലഭിച്ചു. നാൾതോറും ആത്മജ്ഞാനം വർദ്ധിച്ചുവന്നു. ഒടുവിൽ എന്തായി? വിക്രാന്തന്റെ താത്പര്യം തപസ്സിൽ മാത്രം!

രാജദമ്പതികൾക്കു പിന്നീട് രണ്ടു പുത്രന്മാരുണ്ടായി. ഋതുധ്വജൻ അവർക്ക് സുബാഹു എന്നും ശത്രുമർദ്ദനൻ എന്നും പേരിട്ടു. മദാലസയാകട്ടെ രണ്ടു പുത്രന്മാരോടും പെരുമാറിയതോ? സീമന്തപുത്രനായ വിക്രാന്തനോടു പെരുമാറിയപോലെതന്നെ. പേരിടുന്ന അവസരങ്ങളിൽ രാജ്ഞി ചിരിച്ചു, മുമ്പത്തെപ്പോലെ.

നാലാമതും ഒരു ആൺകുട്ടി പിറന്നു. ഋതുധ്വജൻ ആ കുട്ടിക്കും പേരിടാൻ ഭാവിച്ചു. അപ്പോഴും മദാലസയ്ക്കു ചിരിവന്നു.

ഋതുധ്വജൻ പറഞ്ഞു:

'മദാലസേ, ഞാൻ പേരിടുമ്പോൾ നീ എന്തിനാണു ചിരിക്കാറുള്ളത്? എന്താ, ഞാനിടുന്ന പേരുകൾ നിനക്ക് ഇഷ്ടമാകുന്നില്ല, അല്ലേ? ശരി, നീ ഇവന് നിനക്കു ബോധിച്ച പേരിട്ടുകൊള്ളൂ!'

മദാലസ കുട്ടിക്ക് അളർക്കൻ എന്നു പേരിട്ടു.

അളർക്കനും ജ്ഞാനോപദേശം ചെയ്യാൻ മദാലസ മുതിരുകയായി.

ഇപ്രാവശ്യം ഋതുധ്വജൻ വിലക്കി.

'മദാലസേ, നീ മൂന്നു പുത്രന്മാരെ ജ്ഞാനികളാക്കി. ഇവനുംകൂടി ജ്ഞാനിയായാലോ? രാജ്യം ഭരിക്കാൻ രാജാവുണ്ടാവുകയില്ല. ഇവനെയെങ്കിലും നീ ലൗകികജീവിതത്തിനു തയ്യാറാക്കണം. രാജധർമം വേണം നീ ഇവന് ഉപദേശിക്കാൻ. അതാണ് എന്റെ ആഗ്രഹം.'

ഭർത്താവിന്റെ ആഗ്രഹം നിറവേറ്റുകതന്നെ. അതായി മദാലസയുടെ നിശ്ചയം. അങ്ങനെ അളർക്കൻ അമ്മയിൽനിന്നും രാജധർമം അഭ്യസിച്ചു. ജ്യേഷ്ഠന്മാരുടെ രീതിയിൽനിന്നു വ്യത്യസ്തമായിരുന്നു അളർക്കന്റെ ജീവിതം.

വർഷങ്ങൾ കഴിഞ്ഞുകൊണ്ടിരുന്നു. ഋതുധ്വജനും മദാലസയും വാർദ്ധക്യത്തിൽ പ്രവേശിച്ചു. രാജാവ് അളർക്കന്റെ അഭിഷേകം നടത്തി. എന്നിട്ടു തപസ്സിനായി പത്നിയോടുകൂടി വനംപുകി.

കൊട്ടാരംവിടുന്നതിനുമുമ്പ് മദാലസ അളർക്കനോടു പറഞ്ഞു:

'മകനേ, ഞാനിതാ നിനക്ക് ഒരു മോതിരം തരുന്നു. ഭാവിയിൽ നിനക്കു മഹാദുഃഖം ഉണ്ടാകുന്നു എന്നിരിക്കട്ടെ. അപ്പോൾ നീ ഈ മോതിരത്തിന്റെ തകിട് എടുക്കണം. അതിൽ ചെറിയ അക്ഷരത്തിൽ ചിലതെല്ലാം എഴുതിയിട്ടുണ്ട്. നീ അതു വായിക്കണം.'

അളർക്കൻ രാജ്യഭരണം ആരംഭിച്ചു. അദ്ദേഹം അനേകം ധർമപ്രവൃത്തികൾ ചെയ്തു. ശരിയാണ്. എങ്കിലും അതേസമയം പലമാതിരി സുഖങ്ങളിൽ മുഴുകി. ആത്മജ്ഞാനം കുറവായതാണ് അതിനു കാരണം.

അക്കാര്യം ജ്യേഷ്ഠന്മാരിൽ മൂത്തവനായ സുബാഹു മനസ്സിലാക്കി.

യോഗിയായി വനത്തിൽ കഴിയുകയാണ് സുബാഹു.

അനുജന് ആത്മജ്ഞാനം നേടിക്കൊടുക്കണം— അതിനായി സുബാഹു ഒരു സൂത്രപ്പണിചെയ്തു. അദ്ദേഹം കാശിരാജാവിന്റെ അന്തേവാസിയായി ചെന്നുകൂടി. തനിക്ക് അവകാശപ്പെട്ട കാശിരാജ്യം നേടാൻ തന്നെ സഹായിക്കണം—അതായിരുന്നു സുബാഹുവിന്റെ അപേക്ഷ. കാശിരാജാവ് കർശനമായ ഒരു സന്ദേശം അളർക്കന് അയച്ചു—മര്യാദയ്ക്കു രാജ്യം സുബാഹുവിനു വിട്ടുകൊടുക്കണം എന്ന്.

അതിന് അളർക്കൻ തയ്യാറായില്ല—ധർമിഷ്ഠനാണ് എങ്കിലും. അദ്ദേഹം ഒരു മറുപടിസന്ദേശം അയച്ചു:

'കാശിരാജാവേ ജ്യേഷ്ഠൻ നേരിട്ട് എന്നോടു രാജ്യം അപേക്ഷിക്കട്ടെ. എന്നാൽ, ഞാൻ കൊടുക്കാം. നിങ്ങൾ ഭയപ്പെടുത്തിയാലൊന്നും ഫലമില്ല. പറഞ്ഞേക്കാം!'

എന്നാലിനി അളർക്കനെ ഒരു പാഠം പഠിപ്പിക്കണം— അതിനായി കാശിരാജാവിന്റെ സംരംഭം. അദ്ദേഹം പല പണികളും ചെയ്തു. അളർക്കന്റെ അയൽരാജാക്കന്മാരുടെ മൈത്രി നേടി. സാമന്തന്മാരിൽ ചിലരെ സൂത്രത്തിൽ വശപ്പെടുത്തി. അതേസമയം അളർക്കന്റെ രാജ്യത്തേക്കു പടനീക്കുകയും ചെയ്തു.

അളർക്കന്റെ അവസ്ഥ ആകപ്പാടെ കഷ്ടത്തിലായി. ധനമില്ല എന്നുമാത്രമല്ല. ബലവും കുറവായിരുന്നു. ഭണ്ഡാരം എന്നതു പേരിനുമാത്രം. മനസ്സു വല്ലാതെ വിഷമിച്ചുപോയി.

പെട്ടെന്നു മുമ്പ് അമ്മ പറഞ്ഞിരുന്നത് ഓർമയിൽ പാഞ്ഞെത്തി— അതായത്, മോതിരത്തിൽ എഴുതിയിട്ടുള്ളതിനെക്കുറിച്ച്. അളർക്കൻ മോതിരത്തിലെ തകിട് എടുത്തു. എഴുതിയിട്ടുള്ളതു വായിച്ചു:

'സംഗം ഉപേക്ഷിക്കണം. സാധിച്ചില്ലെങ്കിൽ സൽസംഗം ഉണ്ടാവണം. കാമം ത്യജിക്കണം. സാധിച്ചില്ലെങ്കിൽ മോക്ഷത്തിനുള്ള കാമം ഉണ്ടാവണം.'

സൽസംഗംകൊണ്ടു പ്രയോജനമുണ്ടാവും— അതായി അളർക്കന്റെ തോന്നൽ. ആരോടാണു സൽസംഗം ഉണ്ടാവേണ്ടത്? ദത്താത്രേയനോടുതന്നെ. അളർക്കൻ ദത്താത്രേയനെ കണ്ടു സഹായം അപേക്ഷിച്ചു. ദത്താത്രേയൻ അളർക്കനു ജ്ഞാനോപദേശംചെയ്തു. ദീർഘവും മഹത്തുമായിരുന്നു ജ്ഞാനോപദേശം. അതിന്റെ പൊരുൾ അളർക്കന്റെ മനസ്സിൽ ആഞ്ഞിറങ്ങി. അതോടെ അദ്ദേഹത്തിന്റെ മനസ്സിനു മാറ്റമുണ്ടായി. അദ്ദേഹം ദത്താത്രേയനെ നമസ്കരിച്ചു യാത്രപറഞ്ഞിറങ്ങി. നേരെ ചെന്നത് എവിടേക്കെന്നോ? കാശിരാജാവിന്റെ സമക്ഷത്തിലേക്ക്!

ആ സമയം സുബാഹുവും ഉണ്ടായിരുന്നു കാശിരാജാവിനോടുകൂടി.

അളർക്കൻ പറഞ്ഞു:

'രാജൻ, ഞാനിതാ എന്റെ രാജ്യം അങ്ങേയ്ക്കു തരുന്നു. ഒന്നുകിൽ അങ്ങ് എന്റെ രാജ്യത്തിന്റെ രാജാവായി വാഴണം. അല്ലാത്തപക്ഷം എന്റെ ജ്യേഷ്ഠനായ സുബാഹുവിനു രാജ്യം നൽകണം.

അളർക്കൻ ഇറങ്ങി ഒരൊറ്റ നടത്തം!

സുബാഹു കാശിരാജാവിനോടു പറഞ്ഞു:

'രാജൻ, ഞാൻ ഏതു കാര്യത്തിനു വന്നുവോ, ആ കാര്യം സാധിച്ചിരിക്കുന്നു. ഇനി ഞാൻ പോകട്ടെ.'

കാശിരാജാവ് അത്ഭുതപ്പെട്ടു.

അദ്ദേഹം ചോദിച്ചു:

'എന്തു കാര്യത്തിനാണ് അങ്ങു വന്നത്?'

സുബാഹു ഉത്തരം നൽകി:

'രാജൻ, എന്റെ അനുജനായ അളർക്കന് ഒരു തെറ്റുപറ്റി. അവൻ ലൗകികസുഖങ്ങളിൽ മയങ്ങിപ്പോയി. എനിക്കും രണ്ട് അനുജന്മാർക്കും ശൈശവത്തിൽതന്നെ അമ്മയുടെ ജ്ഞാനോപദേശം കിട്ടി. അളർക്കന് ആ അവസരം കൈവന്നില്ല. അവൻ ദുഃഖിച്ചാലേ അവന് ആത്മജ്ഞാനം ഉണ്ടാവുകയുള്ളൂ. അതിനാണു ഞാൻ വന്നത്.'

അത്രയും പറഞ്ഞ് സുബാഹുവും യാത്രയായി.

അളർക്കൻ വനംപുകി തപസ്സുചെയ്തു. മോക്ഷവും നേടി.

(മാർക്കണ്ഡേയപുരാണം)

വിപശ്ചിത്ത്

ധർമിഷ്ഠമിൽ ധർമിഷ്ഠനായ രാജാവാണ് വിപശ്ചിത്ത്. അദ്ദേഹം നിരവധി യാഗങ്ങൾ ചെയ്തു. മറ്റനേകം പുണ്യകർമങ്ങളും. എങ്കിലും അറിയാതെ ഏതോ ഒരു തെറ്റുചെയ്തുപോയി. അതിനൊരു ശിക്ഷയും കിട്ടി—നരകദർശനം!

ഒരു യമഭടൻ വിപശ്ചിത്തിനു നരകത്തിലെ കാഴ്ചകൾ കാണിക്കുന്നു. ഒട്ടനേകംപേർ യാതനകൾ അനുഭവിച്ച് അങ്ങിങ്ങു കിടക്കുന്നു. അവരെ കണ്ടപ്പോൾ വിപശ്ചിത്തിന്റെ മനസ്സിൽ കാരുണ്യം നിറഞ്ഞു. അദ്ദേഹത്തിന് ഒന്നു മനസ്സിലായി. തന്റെ സാമീപ്യം അവർക്ക് അല്പം ആശ്വാസം അരുളുന്നുണ്ട്. അദ്ദേഹം അവിടെ നിലയുറപ്പിച്ചു. പാപികൾ ആശ്വസിക്കട്ടെ!

ആ സമയം യമഭടൻ വിപശ്ചിത്തിനു വിശദമാക്കിക്കൊടുത്തു—ഏതേതു കുറ്റങ്ങൾക്ക് ഏതേതു ശിക്ഷകളാണ്, എങ്ങനെയാണ് ആ ശിക്ഷകൾ ഏല്പിക്കപ്പെടുന്നത് എന്നൊക്കെ. ഭയങ്കരങ്ങളായ ശിക്ഷകളും ഭയങ്കരങ്ങളായ വിവരണങ്ങളും!

അതിനുശേഷം യമഭടൻ പറഞ്ഞു:

'രാജൻ, ഇനി നമുക്കു മറ്റൊരിടത്തേക്കു പോകാം. എന്നോടൊന്നിച്ചു വരൂ.

യമദൂതനെ അനുഗമിക്കാൻ ഭാവിച്ചു രാജാവ്. അപ്പോഴതാ നരകവേദന അനുഭവിക്കുന്നവർ യാചിക്കുകയാണ്:

'ദയവുചെയ്ത് അങ്ങ് അല്പനേരംകൂടി ഇവിടെ നിൽക്കണേ! ഞങ്ങൾ കുറച്ചുകൂടി ആശ്വസിച്ചുകൊള്ളട്ടെ.'

വിപശ്ചിത്തിന്റെ ഹൃദയത്തിൽ അനുകമ്പ വഴിഞ്ഞൊഴുകി.

അദ്ദേഹം യമഭടനോടു ചോദിച്ചു:

'എന്തിനാണ് ഇവർ എന്റെ സാന്നിദ്ധ്യം ഇത്രയധികം കാംക്ഷിക്കുന്നത്?'

യമഭടൻ ഉത്തരം നൽകി:

'രാജൻ, അങ്ങു പുണ്യംചെയ്തിട്ടുള്ള ആളാണ്. അങ്ങയുടെ പുണ്യം കാരണം ഇവർക്ക് ആശ്വാസം ലഭിക്കുന്നു.'

വിപശ്ചിത്ത് പറഞ്ഞു:

'ദുഃഖിക്കുന്നവരെ സാന്ത്വനപ്പെടുത്തുക—അതിലുള്ള സുഖം ഒന്നുവേറെയാണ്. ആ സുഖം സ്വർഗലോകത്തു കിട്ടുകയില്ല, ബ്രഹ്മലോകത്തു കിട്ടുകയില്ല. ഞാൻ നിങ്ങളോടുകൂടി വരുന്നില്ല. ഇവിടെത്തന്നെ ഞാൻ നിൽക്കും!'

യമഭടൻ രാജാവിന്റെ നിശ്ചയം മാറ്റാൻ ശ്രമിച്ചു.

'ഇവർ പാപം ചെയ്തവരാണ്. പാപഫലം ഇവർ അനുഭവിച്ചേ കഴിയൂ. വരൂ, നമുക്കു സ്വർഗത്തു പോകാം. സ്വർഗമാണ് അങ്ങേയ്ക്കുള്ള സ്ഥാനം.'

എന്നിട്ടും വിപശ്ചിത്ത് നിന്നിടത്തു നിന്നതേയുള്ളൂ. ആശ്രയിക്കുന്നവരെ കൈവെടിഞ്ഞുകൂടാ, അവർ ശത്രുക്കളായാൽപോലും.

അപ്പോൾ ദേവേന്ദ്രനും യമധർമനും വന്നെത്തി. അവരും വിപശ്ചിത്തിനെ സ്വർഗത്തിലേക്കു ക്ഷണിച്ചു. യമഭടൻ ക്ഷണിച്ചതുപോലെ. സ്വർഗയാത്രയ്ക്കുള്ള വിമാനംപോലും അവർ കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ, വിപശ്ചിത്തിന്റെ നിശ്ചയം ഇളകിയില്ല.

അദ്ദേഹം ചോദിച്ചു:

'എന്റെ പുണ്യം എത്രയുണ്ട്? പറഞ്ഞുതരാൻ ഞാൻ അപേക്ഷിക്കുന്നു.'

അവർ പറഞ്ഞു:

'രാജൻ, അങ്ങയുടെ പുണ്യകർമങ്ങൾ എണ്ണിയാൽ ഒടുങ്ങുകയില്ല. അങ്ങ് ഇപ്പോൾ പാപികളോടു ദയവുകാണിച്ചു. അതിനാൽ, അങ്ങയുടെ പുണ്യം വർദ്ധിച്ചിരിക്കുന്നു. അതിന്റെ സൽഫലങ്ങൾ അനുഭവിക്കാൻ ഞങ്ങളോടുകൂടി വരൂ.'

വിപശ്ചിത്ത് ആവശ്യപ്പെട്ടു:

'എന്റെ പുണ്യത്തിനു ഫലം ഉണ്ടെങ്കിൽ നിങ്ങൾ ഒന്നു ചെയ്യണം—ഈ പാപികളെ നരകത്തിൽനിന്നു മോചിപ്പിക്കണം.'

എന്തൊരു മഹാമനസ്കത! ദേവേന്ദ്രനും യമധർമനും അതിനു വഴങ്ങി. അങ്ങനെ ആ പാപികൾ മുക്തരായി.

(മാർക്കണ്ഡേയപുരാണം)

ദംഭോത്ഭവൻ

ഭൂമിയാകെ അടക്കിവാണ ചക്രവർത്തി ആയിരുന്നു ദംഭോത്ഭവൻ. സ്വശക്തിയിൽ അതിരറ്റ അഹംഭാവം ഉണ്ടായിരുന്നു ദംഭോത്ഭവന്. കാണുന്നവരോടെല്ലാം അദ്ദേഹം ചോദിക്കും: 'എനിക്കു സമനായിട്ട്, അല്ലെങ്കിൽ എനിക്കു മേലെയായിട്ട്, ലോകത്ത് ഏതെങ്കിലും യോദ്ധാവുണ്ടോ?' ക്രമേണ ആ പെരുമാറ്റം ആർക്കും പിടിക്കാതെയായി. ഭയംകൊണ്ട് അവർ ദംഭോത്ഭവനോട് പറഞ്ഞില്ല എന്നുമാത്രം.

ഒടുവിൽ ഒരു തപസ്വിക്കു സഹികെട്ടു.

അദ്ദേഹം നേരിട്ടു പറഞ്ഞു:

'രാജൻ, വടക്കുദിക്കിൽ രണ്ടു പുരുഷന്മാരുണ്ട്. അങ്ങയെക്കാൾ എത്രയോ കൂടുതൽ യുദ്ധസാമർത്ഥ്യം അവർക്കുണ്ട്.'

അവർ ആരാണ്? അറിയാൻ ദംഭോത്ഭവനു ജിജ്ഞാസയുണ്ടായി. തപസ്വി അറിയിക്കുകയുംചെയ്തു:

'നരൻ, നാരായണൻ എന്നിവരാണ് അവർ. അങ്ങ് അവരെ പൊരുതി തോല്പിക്കൂ. കാണട്ടെ അങ്ങയുടെ സാമർത്ഥ്യം!'

ദംഭോത്ഭവൻ ദീർഘയാത്ര ചെയ്ത് നരനാരായണന്മാരുടെ അടുക്കലെത്തി.

അദ്ദേഹം അവരെ വന്ദിച്ചു.

അവർ അന്വേഷിച്ചു:

'രാജൻ, ഞങ്ങൾ അങ്ങേയ്ക്കുവേണ്ടി എന്താണ് ചെയ്യേണ്ടത്?'

ദംഭോത്ഭവൻ വന്ന കാര്യം അറിയിച്ചു:

'ഞാൻ എന്റെ കൈയുക്കുകൊണ്ടു ഭൂമി മുഴുവൻ പിടിച്ചടക്കി. എനിക്കിപ്പോൾ യുദ്ധംചെയ്യുന്നതിന് എതിരാളി ഇല്ലാതായിരിക്കുന്നു. ഞാൻ ഒന്ന് യുദ്ധംചെയ്തിട്ട് വളരെക്കാലമായി. എനിക്കു രണ്ടുപേരോടും ഒന്ന് യുദ്ധം ചെയ്താൽകൊള്ളാമെന്നുണ്ട്. അതിനാണ് ഞാനിപ്പോൾ വന്നിരിക്കുന്നത്.'

നരനാരായണന്മാർ ദംഭോത്ഭവനെ പിന്തിരിപ്പിക്കാൻ യത്നിച്ചു.

അവർ പറഞ്ഞു:—'രാജൻ, വേറെ എത്രയോ യുദ്ധവീരന്മാരുണ്ട്. അങ്ങു പോയി അവരോടു യുദ്ധംചെയ്യൂ. അതാണ് നല്ലത്.'

പക്ഷേ, ദംഭോത്ഭവന് നരനാരായണന്മാരോടുതന്നെ യുദ്ധംചെയ്യണം. തപസ്വികൾ യുദ്ധം ഒഴിവാക്കാൻ കഴിയുന്നത്ര ശ്രമിച്ചു. എന്തു ചെയ്തിട്ടും രാജാവ് പിൻമാറുന്നില്ല. അപ്പോൾ നരനാരായണന്മാർക്കു മറ്റു നിവൃത്തിയില്ലാതെയായി. നരൻ പറഞ്ഞു:

'ശരി, എന്നാൽ വരൂ. നമുക്കു യുദ്ധം തുടങ്ങാം. ഇനിമേൽ അങ്ങ് യുദ്ധത്തിന് ഇറങ്ങുകയില്ല. അക്കാര്യം ഞാൻ ശരിപ്പെടുത്തിത്തരാം!'

അങ്ങനെ അവർ തമ്മിൽ ദ്വന്ദ്വയുദ്ധം ആരംഭിച്ചു. രാജാവ് അനേകം അസ്ത്രങ്ങൾ നരന്റെമേൽ ചൊരിഞ്ഞു. എത്ര എളുപ്പത്തിലാണ് നരൻ അവയെ നിഷ്പ്രയോജനമാക്കിയത്! ഒടുവിൽ ദംഭോദ്ഭവന് ഒന്നു തീർച്ചയായി—ഈ യുദ്ധം തുടർന്നുപോയാൽ തനിക്കു ജീവഹാനി ഉണ്ടാകും!

അദ്ദേഹം നരന്റെ കാൽക്കൽ നമസ്കരിച്ചു.

നരൻ ഉപദേശിച്ചു:

'രാജൻ, അങ്ങു ചെയ്ത പ്രവൃത്തി രാജാക്കന്മാർ ചെയ്യരുതാത്തതാണ്. ഗർവ്വുകൊണ്ട് ആരെയും നിന്ദിക്കുവാൻ പാടില്ല. ബലാബലം അറിയാതെ ആരെയും ധിക്കരിക്കയുമരുത്. ശരി, പൊയ്ക്കൊള്ളൂ.'

ദംഭോദ്ഭവൻ വന്നത് അഹങ്കാരത്തോടുകൂടിയായിരുന്നു. മടങ്ങിപ്പോയതോ, അഹങ്കാരം ഇല്ലാതെയും!

(മഹാഭാരതം)

സ്വർണഷ്ഠീവി

ഒരിക്കൽ നാരദമഹർഷിയും പർവതമഹർഷിയും ഒന്നിച്ച് അതിഥികളായി താമസിച്ചു. ആരുടെ അതിഥികൾ ആയിരുന്നു അവർ? സൃഞ്ജയൻ എന്ന രാജാവിന്റെ അതിഥികൾ. അവർ ഒരു വർഷക്കാലം സൃഞ്ജയന്റെ കൊട്ടാരത്തിൽ കഴിഞ്ഞുകൂടി. കുറ്റമറ്റതായിരുന്നു രാജാവിന്റെ അതിഥിപൂജ. മഹർഷിമാരെ സന്തോഷിപ്പിക്കാൻ അദ്ദേഹം ആവതുപോലെ യത്നിച്ചു. അവർ സന്തോഷിക്കുകയുംചെയ്തു.

നാരദന്റെ ഭാഗിനേയനാണ് പർവതൻ.

ഒടുവിൽ അവർക്കു യാത്രയാകാനുള്ള സമയമായി. പർവതന് ഒരു ആഗ്രഹമുണ്ടായി. സൃഞ്ജയന് എന്തെങ്കിലും ഉപകാരംചെയ്യണം. അദ്ദേഹം മാതുലന്റെ അഭിപ്രായം ആരാഞ്ഞു. പർവതൻ രാജാവിനു നല്ലൊരു വരം കൊടുക്കണം—അതായിരുന്നു നാരദന്റെ അഭിപ്രായം.

പർവതൻ സൃഞ്ജയനെ ചെന്നുകണ്ടു.

'രാജൻ, അങ്ങയുടെ അതിഥിസത്കാരം ഏറ്റവും നന്നായി. അതിൽ അമ്മാവനും ഞാനും സംപ്രീതരാണ്. അങ്ങേക്ക് ഒരു വരം തരാൻ ഞാൻ ആഗ്രഹിക്കുന്നു. എന്താണ് അങ്ങയുടെ ആഗ്രഹം?'

'മഹർഷേ, നിങ്ങൾ രണ്ടുപേരുടെയും പ്രീതി മാത്രമേ എനിക്കു വേണ്ടൂ.'

'അതു പോര, തീർച്ചയായും അങ്ങേയ്ക്ക് വേറെ എന്തെങ്കിലും ആഗ്രഹം കാണും. അത് എന്താണെന്ന് പറഞ്ഞേ കഴിയൂ.'

'എന്നാൽ പറയാം. ആയുഷ്മാനും വീരനുമായ ഒരു പുത്രൻ എനിക്കുണ്ടാകണം.'

'രാജൻ, അങ്ങേക്ക് പുത്രനുണ്ടാവും. അവൻ വീരനായിരിക്കും. എന്നാൽ, ആയുഷ്മാൻ ആയിരിക്കയില്ല.'

'അതു പോര. അവനു ദീർഘായുസ്സും വേണം.',

'അങ്ങ് പുത്രനെ ദേവേന്ദ്രനിൽനിന്നു രക്ഷിച്ചുകൊള്ളണം.'

'ചെയ്യാം.'

'ശരി. പുത്രന് അപകടം പിണയുമ്പോൾ എന്നെ സ്മരിക്കു. അവൻ മരിച്ചാൽ ഞാൻ ജീവിപ്പിക്കാം. സമാധാനമായിരിക്കു.'

അതിനുശേഷം പർവതമഹർഷി യാത്രപറഞ്ഞിറങ്ങി. ഒന്നിച്ച് നാരദ മഹർഷിയും.

താമസിയാതെ സൃഞ്ജയന് ഒരു ഉണ്ണി പിറന്നു. തേജസ്വിയായിരുന്നു കുട്ടി. മാത്രമല്ല, ഒരു പ്രത്യേകതയുണ്ട്. തൂപ്പുന്നതൊക്കെ സ്വർണം!

സ്വർണഷ്ഠീവി എന്നായി രാജകുമാരന്റെ പേര്—അവൻ വളർന്നുവന്നു.

പർവതൻ സൃഞ്ജയനു വരം നൽകിയില്ലേ? അതിനെക്കുറിച്ച് ദേവേന്ദ്രന് അറിവുകിട്ടി. അദ്ദേഹം കോപം കലർന്ന് ഒരു ദിവ്യാസ്ത്രം ജപിച്ചയച്ചു. ഒരു നിർദ്ദേശം നൽകിയിരുന്നു ദിവ്യാസ്ത്രത്തിന്. അതു വ്യാഘ്രത്തിന്റെ വടിവു പൂണ്ടു കാത്തിരിക്കണം. തക്കംനോക്കി രാജപുത്രനെ വധിക്കണം!

ദിവ്യാസ്ത്രം മനസ്സെ സൃഞ്ജയന്റെ രാജ്യത്തിലെത്തി. ഒരു വ്യാഘ്രത്തിന്റെ രൂപം ധരിച്ചു. എന്നിട്ടു തക്കം പാർത്തിരിപ്പായി—ദേവേന്ദ്രന്റെ ആജ്ഞ നടപ്പിലാക്കുവാൻവേണ്ടി!

മാതാപിതാക്കന്മാരുടെ കണ്ണിലുണ്ണിയായിരുന്നു സ്വർണഷ്ഠീവി.

ഒരു ദിവസം അവൻ കളിക്കാൻ പോയി. എവിടെയെന്നോ? ഗംഗാനദിയുടെ തീരത്തിൽ. പോയതു തനിച്ചൊന്നുമല്ല. ധാത്രിയുമുണ്ട് ഒന്നിച്ച്. അതി നടുത്ത് ഒരു വനമുണ്ട്. വനത്തിൽ വ്യാഘ്രം ഒളിച്ചിരിക്കുന്നു—വ്യാഘ്രരൂപം ധരിച്ച ദിവ്യാസ്ത്രം!

എല്ലാം നൊടിക്കിടയിൽ കഴിഞ്ഞു. വ്യാഘ്രം സ്വർണഷ്ഠീവിയുടെ മേൽ ചാടിവീണു. കുട്ടിയെ കടിച്ചുകൊന്നു. ഓടിമറയുകയുംചെയ്തു.

ധാത്രി മാറത്തടിച്ചു കരഞ്ഞുതുടങ്ങി.

അവരുടെ നിലവിളി ചിലർ കേൾക്കാനിടയായി. അവർ ഓടിച്ചെന്ന് സൃഞ്ജയനോട് വിവരം പറഞ്ഞു. രാജാവ് അതിവേഗം ഗംഗാതീരത്തിലെത്തി. അവിടെ സ്വർണഷ്ഠീവിയുടെ മൃതശരീരം കിടപ്പുണ്ട്. അതു കണ്ട് രാജാവ് വാവിട്ടു നിലവിളികൂട്ടി.

പെട്ടെന്ന് സൃഞ്ജയന് ഒന്ന് ഓർമ്മവന്നു- മുമ്പു പർവതമഹർഷി നൽകിയിരുന്ന വാഗ്ദാനം.

രാജാവ് പർവതനെ സ്മരിച്ചു. പർവതൻ ഉടൻതന്നെ ആവിർഭവിച്ചു. തപശ്ശക്തി പ്രയോഗിച്ചു മരിച്ചവനെ ജീവിപ്പിച്ചു.

സൃഞ്ജയന്റെ സന്തോഷമാണു സന്തോഷം!

സ്വർണഷ്ഠീവി വളർന്നു വലുതായി. പിതാവിന്റെ കാലശേഷം രാജസ്ഥാനം കൈയേറ്റു. നിരവധി ദാനങ്ങൾ ചെയ്തു. മറ്റു പുണ്യകർമ്മങ്ങളും.

അദ്ദേഹം വളരെക്കാലം ജീവിച്ചിരുന്നു.

(മഹാഭാരതം)

തപതിയും സംവരണനും

അംഗാരവർണൻ എന്ന ഗന്ധർവനും അർജുനനും തമ്മിൽ സമാഗമം ഉണ്ടായി.

അവർ തമ്മിൽ വളരെ നേരം സംഭാഷണം ചെയ്തു. ഇടയ്ക്കിടയ്ക്കു ഗന്ധർവൻ അർജുനനെ 'ഹേ താപത്യാ!' എന്നു വിളിക്കുകയുണ്ടായി.

അർജുനൻ പറഞ്ഞു:

'അങ്ങ് എന്തിനാണ് എന്നെ താപത്യാ എന്നു വിളിക്കുന്നത്? എനിക്കു മനസ്സിലാകുന്നില്ല.'

അംഗാരവർണൻ മറുപടിയായി ഒരു കഥ പറഞ്ഞു:

'സൂര്യദേവന് സാവിത്രി എന്നൊരു പുത്രിയുണ്ട്. അവളുടെ അനുജത്തിയായി തപതിയെന്നൊരു പുത്രിയും. ദേവിയായാലും കൊള്ളാം, അപ്സരസ്സായാലും കൊള്ളാം—അവരിലാർക്കും തപതിയോളം സൗന്ദര്യമില്ല. രൂപത്തിനൊത്ത ശീലഗുണവും ഉണ്ടായിരുന്നു തപതിക്ക്. അവൾക്കു യോജിച്ച ഭർത്താവ് ത്രിലോകങ്ങളിലുമില്ല. അതായിരുന്നു സൂര്യദേവന്റെ വിശ്വാസം. അദ്ദേഹം പലേടത്തും അന്വേഷണം നടത്തി. ഒരു ഫലവുമുണ്ടായില്ല. മകൾക്കു തക്കതായ വരനെ കിട്ടിയില്ലെങ്കിലോ? ഏതു പിതാവുതന്നെ ദുഃഖിക്കുകയില്ല!

അക്കാലത്ത് ഒരു മനുഷ്യരാജാവ് തപസ്സാരംഭിച്ചു. ഋക്ഷന്റെ പുത്രനായ സംവരണൻ. സൂര്യദേവനെ ഉദ്ദേശിച്ചായിരുന്നു സംവരണന്റെ തപസ്സ്.

അക്കാര്യം സൂര്യദേവൻ അറിയാതിരിക്കുമോ? അദ്ദേഹം സംവരണനെക്കുറിച്ച് അന്വേഷണങ്ങൾ നടത്തി. അന്വേഷണങ്ങളുടെ ഫലമായി പല വിവരങ്ങളും ലഭിച്ചു. വിവരങ്ങൾവെച്ച് ആലോചിച്ചപ്പോഴോ? ഒന്നു ബോദ്ധ്യമായി—തന്റെ പുത്രിക്ക് യോജിച്ച വരനാണ് സംവരണൻ. ശരി, സംവരണനു തപതിയെ കൊടുക്കുകതന്നെ. അതായി സൂര്യദേവന്റെ നിശ്ചയം.

സംവരണന്റെ തപസ്സ് അവസാനിച്ചു.

ഒരിക്കൽ രാജാവ് നായാട്ടിനു പോയി. ഒരു പർവതത്തിന്റെ താഴ്വരയാണു നായാട്ടിനു തെരഞ്ഞെടുത്തത്. പോയതു കുതിരപ്പുറത്തു കയറിയിട്ടും. കുതിര വളരെ ദൂരം രാജാവിനെ വഹിച്ചുകൊണ്ട് ഓടി. നിർഭാഗ്യം എന്നു പറയട്ടെ, ആ മൃഗം തളർന്നു നിലത്തു വീണു. ഉടനെ ചത്തു. സംവരണൻ കാൽനടയായി കാട്ടിൽ അലഞ്ഞുതിരിഞ്ഞു.

ഒരിടത്ത് അദ്ദേഹം ഒരു കന്യകയെ കണ്ടെത്തി. ആ നിമിഷംമുതൽ കണ്ണുകൾ അവളുടെ മുഖത്തുനിന്നു മാറിയില്ല. ഇത്ര അഴകുള്ള ഒരു യുവതിയെ സംവരണൻ അന്നോളം കണ്ടിരുന്നില്ല. ആരാണ് ഇവൾ? സാക്ഷാൽ ലക്ഷ്മീദേവിയോ? സൂര്യന്റെ പ്രഭയോ? അഗ്നിയുടെ ജ്വാലയോ? എന്താണിത്? അവളുടെ ചുറ്റിനുമുള്ള വൃക്ഷങ്ങൾ സ്വർണമോ? അല്ല, അവളുടെ ശരീരകാന്തി പതിച്ച് അവ പൊന്തയമായപോലെ!

രാജാവ് യുവതിയോടു സംസാരിച്ചു:

'ഹേ കന്യകേ, നീ ആരാണ്? എന്തിനാണ് ഇവിടെ നിൽക്കുന്നത്? വിജനമായ ഈ കാട്ടിൽ തനിച്ചുവരാൻ എന്താണു കാരണം? മറ്റു സുന്ദരികൾ

നിന്റെ മുമ്പിൽ വിരൂപകളാണ്. നീ ദേവസ്ത്രീയോ അസുരസ്ത്രീയോ ഗന്ധർവസ്ത്രീയോ നാഗസ്ത്രീയോ അല്ല. യക്ഷസ്ത്രീയോ മനുഷ്യസ്ത്രീയോ അല്ല. അത്രയും തീർച്ചയാണ്. നീ പിന്നെ മറ്റാരാണ് എന്ന് എനിക്കു നിശ്ചയവുമില്ല. ഏതായാലും ശരി, ഞാൻ നിന്നെ വിവാഹംകഴിക്കാൻ ആഗ്രഹിക്കുന്നു.'

സംവരണൻ അത്രയും പറഞ്ഞു തീർന്നതേയുള്ളൂ, രാജകന്യക അപ്രത്യക്ഷയായി—മിന്നൽക്കൊടി മേഘത്തിനുള്ളിൽ മറയുന്നതുപോലെ!

അവൾ എവിടെപ്പോയി? അടുത്ത് എവിടെയെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ കണ്ടേ കഴിയൂ. സംവരണൻ അങ്ങുമിങ്ങും ഉഴറിനടന്നു. പക്ഷേ, അവളുടെ പൊടിപോലും കണ്ടില്ല. നിരാശ, അദ്ധ്വാനം, ക്ഷീണം—എല്ലാം ഒന്നുചേർന്നപ്പോഴോ? അദ്ദേഹം നിലത്തു വീണുപോയി.

'രാജൻ!' മൃദുവായ ഒരു സ്ത്രീസ്വരം!

സംവരണൻ തലയുയർത്തി സ്വരം പുറപ്പെട്ട ദിക്കിലേക്കു നോക്കി. അതാ ആ യുവതി അവിടെ നിൽക്കുന്നു—പുഞ്ചിരിയാകുന്ന പുനിലാവ് പൊഴിച്ചുകൊണ്ട്!

'രാജൻ, ഭൂലോകത്തിൽ പ്രസിദ്ധനാണ് അങ്ങ്. ആ സ്ഥിതിക്ക് ഇങ്ങനെ അവശനാകരുത്!'

അമൃതംപോലെ മധുരമായിരുന്നു അവളുടെ സ്വരം.

സംവരണൻ എഴുന്നേറ്റു.

അദ്ദേഹം പലവുരു വിവാഹാഭ്യർത്ഥന ആവർത്തിച്ചു. അവൾ പറഞ്ഞു:

'ഞാനൊരു കന്യകയാണ്. എനിക്ക് അച്ഛനുണ്ട്. ഇഷ്ടംപോലെ ചെയ്യാനുള്ള സ്വാതന്ത്ര്യമില്ല. അങ്ങ് എന്റെ അച്ഛനോട് സംസാരിക്കൂ. അങ്ങയെപ്പോലെ ഒരു പുരുഷൻ ഭർത്താവാകണം—ആ ആഗ്രഹമില്ലാത്ത ഏതു സ്ത്രീയുണ്ട്? എന്റെ പേര് തപതി എന്നാണ്. സൂര്യദേവനാണ് എന്റെ അച്ഛൻ. സാവിത്രി എന്റെ ജ്യേഷ്ഠത്തിയും. അച്ഛൻ സമ്മതിച്ചാൽ ഞാൻ അങ്ങയുടെ പത്നിയാകാം.'

അടുത്ത നിമിഷം തപതി ഭൂമിയിൽനിന്ന് ഉയർന്നു. ആകാശത്തിൽ അതിവേഗം ഉയർന്നു. രാജാവിന്റെ കണ്ണിൽനിന്നു മറഞ്ഞു.

ദുഃഖിതനായിത്തീർന്ന സംവരണൻ വെറും നിലത്തു കിടപ്പായി.

രാജാവിനോടുകൂടി മന്ത്രിമാരും ഭടന്മാരും വനത്തിൽ വന്നിരുന്നു. അവർക്ക് അതിയായ അസ്വാസ്ഥ്യം ഉണ്ടായി. വളരെ നേരമായിട്ടും തമ്പുരാനെ കാണാനില്ല. അദ്ദേഹത്തിനു വല്ല അപകടവും സംഭവിച്ചോ? എല്ലാവരും പരിഭ്രാന്തരായി. അവർ എല്ലായിടത്തും അന്വേഷിച്ചുനടന്നു. ഒടുവിൽ നിലത്തു കിടക്കുന്ന തമ്പുരാനെ കണ്ടെത്തി.

മന്ത്രിമാരും ഭടന്മാരും അദ്ദേഹത്തിന്റെ അടുക്കലേക്കു ചെന്നു. അദ്ദേഹത്തെ മെല്ലെ പിടിച്ച് എഴുന്നേൽപ്പിച്ചു. എന്തായിരുന്നു എല്ലാവരുടെയും ധാരണ? ദാഹവും ക്ഷീണവും കാരണം തമ്പുരാൻ കിടക്കുകയാണ് എന്ന്. അവരുണ്ടോ യാഥാർത്ഥ്യം അറിയുന്നു?

പിന്നീട് സംവരണൻ തന്റെ നിശ്ചയം അവരെ അറിയിച്ചു. താൻ തനിയെ ഇവിടെ തപസ്സുചെയ്യാൻ പോകുന്നു. അവർ രാജ്യത്തേക്കു മടങ്ങിപ്പോകണം—ആ ആജ്ഞയും അദ്ദേഹം നൽകി.

മന്ത്രിമാരും ഭടന്മാരും വനത്തിൽനിന്നു യാത്രയായി.

സംവരണൻ അനങ്ങാതെ നിലകൊള്ളുകയായി. കൈകൾ ഉയർന്നു സൂര്യദേവനെ കൂപ്പിനില്ക്കുന്നു. മനസ്സാകട്ടെ ഗുരുവായ വസിഷ്ഠനിൽ പറ്റിക്കൂടുന്നു. രാവും പകലും അപ്രകാരംതന്നെ—ഒന്നോ രണ്ടോ അല്ല, പന്ത്രണ്ട് ദിവസങ്ങളോളം.

വസിഷ്ഠൻ ദിവ്യശക്തികൊണ്ട് എല്ലാം മനസ്സിലാക്കി. അദ്ദേഹം സംവരണന്റെ മുമ്പിൽ ആവിർഭവിച്ചു. ആദ്യം രാജാവിനെ സാന്ത്വനപ്പെടുത്തി. എന്നിട്ടു യോഗശക്തിയാൽ ഭൂമി വിട്ടുയർന്നു. എത്തിയതോ? സൂര്യദേവന്റെ സവിധത്തിലും.

മഹർഷി സൂര്യദേവനെ ഭക്തിപൂർവം വന്ദിച്ചു.

സൂര്യദേവൻ പറഞ്ഞു:

'വസിഷ്ഠാ അങ്ങേയ്ക്കു സ്വാഗതം! എന്താണ് അങ്ങയുടെ മനോരഥം? ഞാൻ അതു സാധിപ്പിക്കാം. എത്ര ദുഷ്കരമായാലും.'

മഹർഷി വന്ന കാര്യം അറിയിച്ചു:

'ദേവാ, ഞാൻ സംവരണനായി അങ്ങയുടെ പുത്രി തപതിയെ അഭ്യർത്ഥിക്കുന്നു. ആ രാജാവ് ധർമാത്മാവും മഹാശയനുമാണ്. അദ്ദേഹം അവിടുത്തെ പുത്രിക്കു സർവഥാ അനുയോജ്യനുമാണ്.'

സൂര്യദേവനു തികച്ചും സമ്മതമായി. അദ്ദേഹം തപതിയെ വിളിച്ച് വസിഷ്ഠനെ ഭരമേല്പിച്ചു. മഹർഷി സംവരണനുവേണ്ടി അവളെ സ്വീകരിച്ചു. എന്നിട്ട് അവളോടുകൂടി ഭൂമിയിൽ മടങ്ങിയെത്തി.

വനത്തിൽ അത്യാകാംക്ഷയോടെ കാത്തിരിക്കുകയാണ് സംവരണൻ. അതാ ആകാശത്ത് എന്താണു കാണപ്പെടുന്നത്. പ്രഭ ചൊരിയുന്ന മിന്നൽ ഇറങ്ങിവരികയോ? അല്ല, മിന്നലല്ല, തപതി. ഒന്നിച്ചു വസിഷ്ഠനും.

സംവരണൻ ആനന്ദക്കടലിൽ മുങ്ങി.

അദ്ദേഹം തപതിയെ പാണിഗ്രഹണം ചെയ്തു.

വസിഷ്ഠൻ വന്നിടത്തേക്കു തിരികെപ്പോയി.

സംവരണനും തപതിയും ആ പർവതത്തിൽതന്നെ തുടർന്നു നാളുകൾ നയിച്ചു.

മാസങ്ങൾ വർഷങ്ങൾ കടന്നുപോയി. എന്നിട്ടും സംവരണൻ നാട്ടിലേക്കു പോയില്ല. അതിനിടയ്ക്ക് അദ്ദേഹത്തിന്റെ രാജ്യത്തിലെ സ്ഥിതിയോ? പന്ത്രണ്ടു വർഷമായിട്ടു മഴപെയ്യാറില്ല. നാട്ടിലാകെ ക്ഷാമമായി. ഭൂമി വരണ്ട് ഉണങ്ങിയിരിക്കയല്ലേ? സസ്യങ്ങളും ധാന്യങ്ങളും മുളയ്ക്കുന്നതേയില്ല. പ്രജകളുടെ ദുരിതം ഊഹിക്കാൻപോലും പ്രയാസമായിരുന്നു. പലരും നാടുവിട്ട് അന്യദിക്കുകളെ അഭയംപ്രാപിച്ചു. ചിലേടത്തു മനുഷ്യർ ഭക്ഷണം കിട്ടാതെ മറ്റു മനുഷ്യരെ കൊന്നുതിന്നു. സംവരണന്റെ രാജ്യം പ്രേതരാജ്യംപോലെയായി.

അപ്പോൾ വസിഷ്ഠൻ യോഗശക്തി പ്രയോഗിച്ചു മഴപെയ്യിച്ചു. എന്നിട്ട് സംവരണനു സന്ദേശമയച്ചു. ഉടനെ വരാനായിട്ട്, മഹർഷിയുടെ നിർദ്ദേശം അംഗീകരിക്കാതെ നിവൃത്തിയുണ്ടോ? സംവരണൻ തപതിയോടുകൂടി സ്വരാജ്യത്തു തിരിച്ചെത്തി. പ്രജകൾക്കു സന്തോഷവുമായി.

തുടർന്നുള്ള സംവത്സരങ്ങളിൽ മഴ താനേ പെയ്തു-അതോ, ധാരാളമായിട്ടും.

രാജാവ് തപതിയോടൊന്നിച്ചു പന്ത്രണ്ടു സംവത്സരം തുടർച്ചയായി യാഗം ദീക്ഷിച്ചു.

ഇക്കഥ കേൾപ്പിച്ചിട്ട് ഗന്ധർവനായ അംഗാരവർണൻ പറഞ്ഞുനിർത്തി: 'അർജുനാ, സംവരണൻ ഒരു രാജാവായിരുന്നു. അദ്ദേഹത്തിന്റെ പത്നി തപതി അങ്ങയുടെ പൂർവികയാണ്. അതിനാൽ, അങ്ങ് താപത്യനായി. ഇപ്പോൾ മനസ്സിലായില്ലേ?'

(മഹാഭാരതം)

സുദ്യുമ്നൻ

മത്സ്യാവതാരത്തിന്റെ കഥയിൽ സത്യവ്രതനെ പരിചയപ്പെട്ടുവല്ലോ. സത്യവ്രതൻ സൂര്യപുത്രനായ മനുവായി ജന്മമെടുത്തു. മനുവായിരുന്നു സൂര്യവംശത്തിന്റെ സ്ഥാപകൻ.

ആദ്യകാലത്ത് മനുവിനു പുത്രന്മാർ ജനിക്കുകയുണ്ടായില്ല. പുത്രലാഭത്തിനുവേണ്ടി അദ്ദേഹം ഒരു യാഗം നടത്തി. മനുപത്നിയാണ് ശ്രദ്ധാദേവി. പാൽമാത്രം കഴിച്ചുകൊണ്ട് ശ്രദ്ധാദേവി വ്രതമെടുക്കുന്നു.

പുത്രനുണ്ടാവണം എന്നാണ് മനുവിന്റെ ആഗ്രഹം. പക്ഷേ, ശ്രദ്ധാദേവിക്ക് പുത്രി വേണം എന്നായിരുന്നു. ആ മോഹം ഭർത്താവിനെ അറിയിച്ചില്ലെന്നേയുള്ളു. എന്നിരുന്നാലും പുരോഹിതനോടു പറയാതെ പറ്റുകയില്ലല്ലോ. മകളുണ്ടാവാൻ ഹോമംചെയ്യണം—ശ്രദ്ധാദേവി പുരോഹിതനോട് രഹസ്യമായി അപേക്ഷിച്ചു. പുരോഹിതൻ ആ അപേക്ഷ സ്വീകരിക്കുകതന്നെ ചെയ്തു. അദ്ദേഹം പ്രത്യേകമൊരു മന്ത്രം ജപിച്ചു ഹോമം നടത്തി.

ഒടുവിൽ ശ്രദ്ധാദേവി ഒരു കുട്ടിക്കു ജന്മമേകി. കുട്ടി പെണ്ണായിരുന്നു. തന്റെ ആഗ്രഹം സാധിച്ചില്ലേ? അതിൽ അമ്മയ്ക്ക് അതിയായ സന്തോഷം തോന്നി. കുട്ടിയുടെ അച്ഛനാണെങ്കിൽ അല്പം നിരാശ ഇല്ലാതില്ല. യഥാർത്ഥത്തിൽ സംഭവിച്ചതൊന്നും മനു അറിഞ്ഞിരുന്നില്ല. ആൺകുട്ടിക്കുവേണ്ടിയാണ് അദ്ദേഹം യാഗം നടത്തിയത്. എന്നിട്ടെന്തേ ഇങ്ങനെ സംഭവിച്ചിരിക്കുന്നത്?

മനു ഗുരുവായ വസിഷ്ഠമഹർഷിയെ കണ്ടു.

'ഗുരോ സങ്കല്പിച്ചതിനു വിപരീതമായ ഫലമാണു യാഗത്തിനുണ്ടായിരിക്കുന്നത്. അതു വളരെ കഷ്ടമായിപ്പോയി. എന്താണ് ഇങ്ങനെ സംഭവിക്കാൻ കാരണം?' അദ്ദേഹം ചോദിച്ചു.

വസിഷ്ഠൻ ജ്ഞാനദൃഷ്ടികൊണ്ടു നോക്കി. അപ്പോൾ പരമാർത്ഥം അറിവായി. പുരോഹിതൻ ഹോമംചെയ്തപ്പോൾ സങ്കല്പിച്ചത് എന്താണ്? യാഗഫലമായി പെൺകുട്ടി ജനിക്കണം എന്ന്.

മഹർഷി മനുവിനെ വിവരം ധരിപ്പിച്ചു.

'മനു, മനസ്താപം വേണ്ട. ഞാൻ എന്റെ തപശ്ശക്തി ഉപയോഗിക്കും. അങ്ങനെ പെണ്ണിനെ ആണാക്കും.' അദ്ദേഹം ശിഷ്യനെ സാന്ത്വനപ്പെടുത്തി.

വസിഷ്ഠൻ മഹാവിഷ്ണുവിനെ ഭക്തിപൂർവം ഭജിച്ചു. മഹാവിഷ്ണു വസിഷ്ഠന്റെ ആഗ്രഹം നിറവേറ്റി. എന്തായിരുന്നു അതിന്റെ ഫലം?

ഇള എന്നു പേരായ പെൺകുട്ടി ആൺകുട്ടിയായി—സുദ്യുമ്നൻ എന്ന പേരിൽ!

സുദ്യുമ്നൻ വളർന്നു വലുതായി.

ഒരിക്കൽ ആ രാജകുമാരൻ കുതിരപ്പുറത്തു കയറി നായാട്ടിനു പോയി. സിന്ധുദേശത്തിൽ ജനിച്ച ലക്ഷണമൊത്ത ആൺകുതിര ആയിരുന്നു അത്. സുദ്യുമ്നനെ ചില അനുചരന്മാരും അനുഗമിച്ചു. ആ നായാട്ടുസംഘം വടക്കു ദിക്കിലുള്ള ഒരു കാട്ടിൽ ചെന്നുകയറി. തൽക്ഷണം ഒരു അദ്ഭുതം നടക്കുകയായി. സുദ്യുമ്നനും അനുചരന്മാരും സ്ത്രീകളായി. ആൺകുതിര പെൺകുതിരയുമായി!

ശിവനും പാർവതിക്കും പ്രത്യേകമായിട്ടുള്ള വനമായിരുന്നു അത്. തങ്ങളെ ആരും അവിടെ വന്നു ശല്യപ്പെടുത്തിക്കൂടാ—അതായിരുന്നു ശിവന്റെ ആഗ്രഹം. അതിനായി ഭഗവാൻ ഒരു ഏർപ്പാടുചെയ്തുവെച്ചിരുന്നു, അവിടെ കാലുകുത്തുന്ന പുരുഷന്മാരെല്ലാം സ്ത്രീകളായിപ്പോകും!

സുദ്യുമ്നനും കൂട്ടരും അക്കാര്യം അറിഞ്ഞിരുന്നില്ല. അബദ്ധം പറ്റുകയാണുണ്ടായത്. എങ്കിലും അതുണ്ടായിപ്പോയി. സ്ത്രീരൂപത്തിൽ എങ്ങനെ നാട്ടിൽ മടങ്ങിപ്പോകും? ജനങ്ങൾ പരിഹസിക്കും എന്നു തീർച്ചയാണ്. അതു നേരിടാൻ അവർക്കു മനക്കരുത്ത് ഉണ്ടായിരുന്നില്ല. അവർ വനത്തിൽ അലഞ്ഞുനടന്നു.

അതിസുന്ദരിയായ യുവതിയാണ് സുദ്യുമ്നൻ ഇപ്പോൾ. അവളെ കാണാനിടയായി ചന്ദ്രപുത്രനായ ബുധൻ. അവർക്കൊരു പുത്രനുണ്ടായി. ആ കുട്ടിയുടെ പേരോ, പുരൂരവസ്സ് എന്നും.

പിന്നീട് ആ യുവതിക്കു പ്രബലമായ ഒരു ആഗ്രഹമുണ്ടായി – വീണ്ടും സുദ്യുമ്നനാവണം എന്ന്. കുലഗുരുവാണല്ലോ വസിഷ്ഠൻ. അവൻ വസിഷ്ഠനെ സ്മരിച്ചു. മഹർഷി വന്നു, കണ്ടു, മനസ്സിലാക്കി. അദ്ദേഹം ശിവനെ പ്രസാദിപ്പിച്ചു.

ഭഗവാൻ സ്ത്രീയെ പുരുഷനാക്കണം—അതായിരുന്നു വസിഷ്ഠന്റെ അഭ്യർത്ഥന.

താൻ ചെയ്തിരുന്ന ഏർപ്പാടു വിഫലമായിക്കൂടാ—അത് ശിവനു നിർബന്ധമായിരുന്നു. അതേസമയം ഭഗവാന് ഒരു ആഗ്രഹവുമുണ്ട്—വസിഷ്ഠനെ സഹായിക്കണം എന്ന്.

'വസിഷ്ഠാ, സുദ്യുമ്നൻ ഒരു മാസം പുരുഷനായിരിക്കും. അടുത്ത മാസം സ്ത്രീയായിരിക്കും. പുരുഷനായും സ്ത്രീയായും തുടർന്നുപൊയ്ക്കൊണ്ടിരിക്കും.' ഭഗവാൻ അരുളിച്ചെയ്തു.

അങ്ങനെ സുദ്യുമ്നൻ രാജധാനിയിൽ തിരിച്ചെത്തി. രാജകുമാരൻ പുരുഷനായും സ്ത്രീയായും മാറിമാറി ജീവിതം നയിച്ചു. പുരുഷനായി ജീവിച്ചപ്പോൾ കുറെ പുത്രന്മാരുമുണ്ടായി. ഒടുവിൽ രാജാവുമായി.

പ്രജകൾക്ക് സുദ്യുമ്നനോട് മതിപ്പ് തോന്നിയില്ല. അതിൽ സുദ്യുമ്നന്റെ മനസ്സു മടുത്തുപോയി. അദ്ദേഹം പുരൂരവസ്സിനു രാജ്യം നൽകി. എന്നിട്ട് തപസ്സിനായി കാടുപുകി.

(ഭാഗവതം – നവമസ്കന്ധം)

ഇക്ഷ്വാകു, ശശാദൻ, കകുൽസ്ഥൻ

ഇക്ഷ്വാകുമഹാരാജാവിനു നൂറു പുത്രന്മാരുണ്ട്. അവരിൽ മുത്തവനാണ് വികുക്ഷി. ഒരിക്കൽ ഇക്ഷ്വാകു ഒരു ശ്രാദ്ധത്തിനുള്ള ഏർപ്പാടുകൾ ചെയ്തു. മാംസം ഉപയോഗിക്കുന്ന ഒരുമാതിരി കർമ്മമായിരുന്നു അത്. കാട്ടിൽ ചെന്നു കൊല്ലുന്ന മൃഗത്തിന്റെ മാംസം വേണംതാനും. അതിനായി ഇക്ഷ്വാകു വികുക്ഷിയെ നിയോഗിച്ചു. വികുക്ഷി കുറെ മൃഗങ്ങളെ കൊന്നു കൊണ്ടുവരികയുംചെയ്തു. കർമ്മത്തിന് ഉപയോഗിക്കാനായി പലമാതിരി മാംസങ്ങളുണ്ട്. വികുക്ഷി മുയലിന്റെ മാംസം ഭക്ഷിക്കാനിടയായി. അതിനാൽ, വികുക്ഷിക്ക് ശശാദൻ എന്നൊരു പേരുമുണ്ടായി.

വാസ്തവത്തിൽ കർമ്മത്തിനുള്ള മാംസം ഭക്ഷിച്ചു കൂടാത്തതാണ്. എങ്കിലും ശശാദൻ അതു ഭക്ഷിച്ചു. തെറ്റായ പ്രവൃത്തിയായിരുന്നു അത്. ഇക്ഷ്വാകുമഹാരാജാവ് പുത്രന്റെ തെറ്റ് മനസ്സിലാക്കി. ശിക്ഷയായി അദ്ദേഹം പുത്രനെ നാടുകടത്തി.

ഇക്ഷ്വാകുവിന്റെ കാലശേഷം ശശാദൻ രാജാവായി. വസിഷ്ഠന്റെ ഇച്ഛയായിരുന്നു ആ സ്ഥാനലബ്ധിക്കു കാരണം. ശശാദന് കകുൽസ്ഥൻ എന്നൊരു പുത്രനുണ്ടായി.

ദേവന്മാരും അസുരന്മാരും തമ്മിൽ ഒരു യുദ്ധം ഉണ്ടായി. ദേവേന്ദ്രൻ കകുൽസ്ഥന്റെ സഹായം അപേക്ഷിച്ചു. കാരണം, മഹാശക്തനും മഹാവീരനും ആയിരുന്നു കകുൽസ്ഥൻ. അദ്ദേഹം ഭൂമിയിൽനിന്നു സ്വർഗത്തിലെത്തിപൊരുതുന്നതിനായി കകുൽസ്ഥനു നല്ലൊരു വാഹനം വേണ്ടതായിവന്നു. ദേവേന്ദ്രൻതന്നെ കൂറ്റനായ കാളയുടെ രൂപം ധരിച്ചു വാഹനമായി. കകുൽസ്ഥൻ ആ കാളയുടെ പുറത്തിരുന്നു യുദ്ധംചെയ്തു. അസുരന്മാർ പരാജിതരായി പലായനം ചെയ്തു. അത്ര മഹാവീരനായിരുന്നു കകുൽസ്ഥൻ!

(ഭാഗവതം നവമസ്കന്ധം)

ത്രിശങ്കു

ത്രിരുണരാജാവിന് സത്യവ്രതൻ എന്നൊരു പുത്രനുണ്ട്. രാജകുമാരൻ ഒരു താന്തോന്നിയാണ്. ഒരിക്കൽ ഒരു തോന്ന്യാസം പ്രവർത്തിക്കുകയുണ്ടായി.

ഒരു ബ്രാഹ്മണവിവാഹം നടക്കാറായി. ഒരുക്കങ്ങളെല്ലാം പൂർത്തിയാവുകയാണ്. അപ്പോഴേക്കും സത്യവ്രതൻ അവിടെ വന്നെത്തി. വധുവിനെ പിടിച്ചുകൊണ്ടുപോവുകയുംചെയ്തു.

കൂടിയിരുന്ന ബ്രാഹ്മണർ അന്ധാളിച്ചു. എത്ര ഹീനമായ പ്രവൃത്തിയാണ് സത്യവ്രതൻ ചെയ്തത്! ബ്രാഹ്മണർ ഓടിച്ചെന്ന് അരുണരാജാവിനോട് സങ്കടം ഉണർത്തിച്ചു.

അവർ പറഞ്ഞതു സത്യമാണെന്ന് രാജാവിനു ബോധ്യമായി.

അദ്ദേഹം പുത്രനെ വരുത്തി.

'സത്യവ്രതാ, നീ സൽപ്പേരു നശിപ്പിച്ചിരിക്കുന്നു. അതിനു നിനക്കു ശിക്ഷ കൂടിയേ കഴിയുകയുള്ളു. ചണ്ഡാലന്മാർക്കു യോജിച്ചതായിരുന്നു

നിന്റെ ദുഷ്കൃത്യം. നീ ഉടൻതന്നെ ഇവിടംവിട്ടു പൊയ്ക്കൊള്ളണം. അതിനുശേഷം ചണ്ഡാലന്മാരോടുകൂടി ജീവിതം നയിക്കുകയും വേണം.' രാജാവു കല്പിച്ചു.

അങ്ങനെ സത്യവ്രതൻ നാട്ടിൽനിന്നു കാട്ടിലേക്കു താമസംമാറ്റി. കാട്ടിൽ കുറെ ചണ്ഡാലന്മാർ ഉണ്ടായിരുന്നു. അവരോടൊന്നിച്ചായി പിന്നത്തെ ജീവിതം.

കുറേക്കാലം കഴിഞ്ഞ് വിചിത്രമായ ഒരു സംഭവമുണ്ടായി.

ആ കാട്ടിലായിരുന്നു വിശ്വാമിത്രമഹർഷിയുടെ ആശ്രമം. തത്സമയം മഹർഷി ആശ്രമത്തിൽ ഉണ്ടായിരുന്നില്ല. കൗശികിനദിയുടെ തീരത്തിലിരുന്നു തപസ്സുചെയ്കയായിരുന്നു. മഹർഷിയുടെ പത്നിയും സന്താനങ്ങളും പഴയ ആശ്രമത്തിൽ കഴിഞ്ഞുപോരുന്നു. കൊച്ചുകുഞ്ഞുങ്ങളാണു സന്താനങ്ങൾ.

മഹർഷിപത്നി വല്ലാത്ത വിഷമത്തിൽ പെട്ടിരിക്കുന്നു. കുഞ്ഞുങ്ങൾക്കു വേണ്ടതുപോലെ ആഹാരംകൊടുക്കാൻ സാധിക്കുന്നില്ല. പലപ്പോഴും അവർ വിശന്നു കരയാറുണ്ട്. അതു കാണാനുള്ള മനക്കരുത്തു മാതാവിനില്ല. ഭർത്താവാണെങ്കിൽ മറ്റൊരു ദിക്കിലേക്കു പോയിരിക്കയാണ്. താൻ തനിയെ മക്കളെ എങ്ങനെ തീറ്റിപ്പോറ്റും?

ആലോചിച്ചിട്ട് അവസാനമില്ല.

ഒടുവിൽ മഹർഷിപത്നിക്ക് ഒരു യുക്തി തോന്നി. ഒരു കുട്ടിയെ വിലയ്ക്കു വിറ്റുകളയാം. കിട്ടുന്ന തുകകൊണ്ടു ചെറുകുട്ടികളെ പുലർത്താം. കഷ്ടമാണ് ഈ വില്പന നടത്തുന്നത്. പക്ഷേ, അപ്രകാരം ചെയ്തില്ലെങ്കിൽ എല്ലാവരും പട്ടിണികിടന്നു മരിക്കും. ഏതു തരത്തിലും അതിനേക്കാൾ നല്ലതാണല്ലോ ഒരു കുട്ടിയെ വില്ക്കുക. ആ സ്ത്രീ ഒരു കുട്ടിയെയും കൊണ്ടു പുറത്തിറങ്ങി. എന്നിട്ട് പലയിടങ്ങളിലേക്കും നടന്നുപോയി. കുട്ടിയെ വാങ്ങാൻ വല്ലവരുമുണ്ടോ? അതായി അന്വേഷണം.

ആ വഴിക്കു വരികയായിരുന്നു സത്യവ്രതൻ.

'എന്തിനാണ് ഈ കുട്ടിയെ കൊണ്ടുപോകുന്നത്?' സത്യവ്രതൻ മഹർഷിപത്നിയോടു ചോദിച്ചു.

മഹർഷിപത്നി സകലതും വിസ്തരിച്ച് അറിയിച്ചു.

ചണ്ഡാളന്മാരൊന്നിച്ചു ജീവിക്കുകയാണ് സത്യവ്രതൻ. ഹൃദയത്തിനു കാഠിന്യമുണ്ടെങ്കിൽ അതു സ്വാഭാവികവുമാണ്. പക്ഷേ, ഇപ്പോൾ സത്യവ്രതൻ ആർദ്രനായി.

'വേണ്ട, കുട്ടിയെ വിൽക്കണ്ട. മഹർഷി വരുന്നതുവരെ ഞാൻ നിങ്ങളെ എല്ലാവരെയും രക്ഷിച്ചുകൊള്ളാം. നിങ്ങളുടെ ആശ്രമത്തിന്റെ തൊട്ടടുത്ത് ഒരു വൃക്ഷമുണ്ടല്ലോ. എനിക്കു നിത്യവും കിട്ടുന്ന ഭക്ഷണം വൃക്ഷത്തിൽ കെട്ടിത്തൂക്കാം. നിങ്ങൾ അതെടുത്തു ഭക്ഷിച്ചുകൊള്ളുവിൻ. അതിൽ മാത്തൊരു സങ്കോചവും വേണ്ട.' അയാൾ സമാധാനപ്പെടുത്തി.

മഹർഷിപത്നിക്ക് ആ നടപടി സ്വീകാര്യമായി. ആ സ്ത്രീ അന്വേഷണയാത്ര അവസാനിപ്പിച്ചു. കുട്ടിയെയുംകൊണ്ട് ആശ്രമത്തിലേക്കു മടങ്ങിപ്പോവുകയുംചെയ്തു.

സത്യവ്രതൻ വാഗ്ദാനം പാലിക്കുകതന്നെയുണ്ടായി. മാൻ, പോത്ത്, പന്നി മുതലായ പല മൃഗങ്ങളുണ്ട് കാട്ടിൽ. അയാൾ അവയെ വേട്ടയാടി

സഞ്ചരിക്കും. ചിലപ്പോൾ മൃഗങ്ങളെ കിട്ടിയെന്നുവരാം. ചിലപ്പോൾ കിട്ടിയില്ലെന്നുംവരാം. കിട്ടുന്ന മാംസത്തെ അയാൾ ആശ്രമത്തിലുള്ള വൃക്ഷത്തിൽ കെട്ടിത്തൂക്കും. മഹർഷിപത്നി അതൊക്കെ പാകംചെയ്തു കുട്ടികൾക്കു കൊടുക്കും. അതായി ദിവസേനയുള്ള പതിവ്. ആ കുടുംബം പുലരുന്നതിനു കാരണക്കാരൻ സത്യവ്രതനായി.

എങ്കിലും തനിക്കു മുമ്പുണ്ടായ അനുഭവങ്ങൾ സത്യവ്രതൻ മറന്നിട്ടില്ല. അയാൾക്ക് ഒരാളോട് പ്രത്യേകിച്ചു വിരോധമുണ്ട്. കുലഗുരുവായ വസിഷ്ഠമഹർഷിയാണ് ആ ആൾ. തന്നെ അച്ഛൻ നാട്ടിൽനിന്നു ബഹിഷ്കരിച്ചു. ശരിതന്നെ. അച്ഛനെ വസിഷ്ഠൻ വിലക്കേണ്ടതായിരുന്നു. മഹർഷി അപ്രകാരം ചെയ്തില്ല. അതങ്ങനെ മനസ്സിൽ കിടക്കുകയാണ്. ആട്ടെ, സമയംവരുമ്പോൾ ഒരു കൈ നോക്കാം!

ആ സമയം ഇതാ വന്നെത്തുന്നു!

മൃഗങ്ങളെ വേട്ടയാടുകയാണല്ലോ സത്യവ്രതന്റെ പതിവ്. ഒരു നാൾ കഴിയുന്നത്ര ശ്രമിച്ചിട്ടും ഒരൊറ്റ മൃഗത്തെ കിട്ടിയില്ല. വിശപ്പ് സഹിക്കാൻ വയ്യാതെയായി. നഗരത്തിന്റെ പ്രാന്തത്തിൽ വനമുണ്ട്. അവിടെ ഒരു പശുവിനെ കണ്ടെത്തി. വസിഷ്ഠന്റെ പശുവായിരുന്നു അത്. സത്യവ്രതൻ ആ പശുവിനെ കൊന്നു മാംസം ഭക്ഷിച്ചു. കുറെ മാംസം ആശ്രമത്തിലെ വൃക്ഷത്തിൽ കെട്ടിത്തൂക്കി. വിശ്വാമിത്രമഹർഷിയുടെ പത്നി അതു പശുവിന്റെ മാംസമാണെന്ന് അറിഞ്ഞില്ല. അവർ അതെടുത്തു പാകംചെയ്തു മക്കൾക്കു തിന്നാൻ കൊടുത്തു; അതിനുശേഷം താനും തിന്നു.

വസിഷ്ഠന് അക്കാര്യം മനസ്സിലായി—തന്റെ പശുവിനെ സത്യവ്രതൻ കൊന്നുതിന്നിരിക്കുന്നു!

മഹർഷിക്ക് അത്യധികമായ ദേഷ്യമുണ്ടായി.

'സത്യവ്രതാ, നീ ആദ്യം അന്യന്റെ വധുവിനെ അപഹരിച്ചു. ഇപ്പോഴിതാ ഗോഹത്യയും ചെയ്തിരിക്കുന്നു. ആ ദുഷ്കൃത്യങ്ങൾക്കു നിനക്കു ശിക്ഷ ലഭിക്കാതെ കഴിയുകയില്ല. നിന്റെ തലയിൽ മൂന്നു ശങ്കുക്കൾ ഉണ്ടാവട്ടെ! നിനക്കു പിശാചുരൂപവും വന്നുചേരട്ടെ!'

അദ്ദേഹം ശാപമേകി.

ശാപം ഫലിക്കുമാറായി. സത്യവ്രതന്റെ തലയിൽ മൂന്നു ശങ്കുക്കളുണ്ടായി — അതായത് പാപചിഹ്നങ്ങളായ ഒരുതരം വളർച്ചകൾ. അന്നുമുതൽ അയാൾ ത്രിശങ്കു എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങി.

ഇനി എന്താണു നിവൃത്തി? ഒരു യാഗം ചെയ്യുകതന്നെ. അതായി ത്രിശങ്കുവിന്റെ ഉദ്ദേശ്യം.

അയാൾ ചില പുരോഹിതന്മാരെ ചെന്നുകണ്ടു.

'ദയവുചെയ്തു നിങ്ങൾ എനിക്കുവേണ്ടി യാഗം നടത്തിത്തരണം.' ത്രിശങ്കു താഴ്മയോടെ അപേക്ഷിച്ചു.

'ത്രിശങ്കു, നിങ്ങൾ ഗുരുശാപം ഏറ്റിട്ടുള്ളവനാണ്. അതിനാൽ നിങ്ങൾക്കു യാഗം ചെയ്യാനുള്ള അധികാരമില്ല.' പുരോഹിതന്മാർ പറഞ്ഞു കൈയൊഴിഞ്ഞു.

ദൂരോഗങ്ങൾ ഒന്നൊന്നായി വന്നുകൊണ്ടിരിക്കയാണ്. അതിൽ ത്രിശങ്കുവിന്റെ മനം നൊന്തു. ആദ്യം തന്നെ അച്ഛൻ ഉപേക്ഷിച്ചു. താൻ ചണ്ഡാ

ഉണെപ്പോലെയായി. ഇപ്പോഴിതാ വസിഷ്ഠൻ ശപിക്കുകയുംചെയ്തിരിക്കുന്നു. ത്രിശങ്കു ആയതും പോട്ടെന്നുവയ്ക്കാം. താനൊരു പിശാചിന്റെ രൂപം ധരിച്ചിരിക്കുന്നു. ഇനി എന്തിനു ജീവിച്ചിരിക്കണം?

അയാൾ അഗ്നികുണ്ഡം ഒരുക്കി. അഗ്നികുണ്ഡത്തിൽ ചാടാനും തയ്യാറായി. അപ്പോഴേക്കും ദേവി പ്രത്യക്ഷയായി. അയാളെ വിലക്കിമാറ്റി.

ആ വിവരം നാരദന് അറിവായി. നാരദൻ അരുണരാജാവിനെ കണ്ടു വസ്തുതകൾ ധരിപ്പിച്ചു. അരുണരാജാവിനു കടുത്ത പശ്ചാത്താപം ഉണ്ടായി.

അദ്ദേഹം മന്ത്രിമാരെ വരുത്തി:

'നിങ്ങൾ കാട്ടിൽച്ചെന്ന് എന്റെ മകനെ കൂട്ടിക്കൊണ്ടുവരണം. ഞാൻ അവനെ രാജാവായി വാഴിക്കാൻ നിശ്ചയിച്ചിരിക്കുന്നു. അതിനുശേഷം ഞാൻ തപസ്സിനായി കാട്ടിലേക്കു പോകും.' രാജാവ് പറഞ്ഞു.

മന്ത്രിമാർ ഉടൻതന്നെ കാട്ടിലേക്കു പോയി. അവർ ത്രിശങ്കുവിനെ കണ്ടുപിടിച്ചു. നാട്ടിലേക്കു കൊണ്ടുപോരികയുംചെയ്തു.

രാജാവ് പുത്രനെ കെട്ടിപ്പുണർന്നു.

അദ്ദേഹം ത്രിശങ്കുവിനു രാജസ്ഥാനം നൽകിയിട്ട് വനത്തിലേക്കു യാത്രയായി.

ത്രിശങ്കുവിന്റെ ദേവീഭക്തി ഒന്നു പ്രത്യേകമായിരുന്നു. അതിന്റെ ഫലമായി പിശാചുരൂപം പോയി മറഞ്ഞു. പകരം പഴയ രൂപം ലബ്ധവുമായി.

കാലം കഴിഞ്ഞതോടെ ത്രിശങ്കുവിന് ഒരാഗ്രഹം ഉണ്ടായി — തനിക്കു സ്വർഗത്തിലേക്കു പോകണം. പലർക്കുമുള്ള ആഗ്രഹമാണു സ്വർഗത്തിലേക്കു പോകാൻ. പക്ഷേ, ത്രിശങ്കുവിന്റെ ആഗ്രഹത്തിൽ സ്വല്പം വ്യത്യാസമുണ്ട്. സ്വർഗത്തു പോകുന്നത് ഉടലോടെ വേണം!

ഇപ്പോൾ വസിഷ്ഠന്റെ വിരോധം തീർന്നിരിക്കയാണ്. ഗുരുവിന്റെ സഹായമുണ്ടെങ്കിൽ തന്റെ ആഗ്രഹം സാധിക്കും—അതായിരുന്നു ത്രിശങ്കുവിന്റെ ആശ.

'ഗുരോ, ഈ ദേഹത്തോടുകൂടി സ്വർഗത്തു പോകാൻ ഞാൻ ഇച്ഛിക്കുന്നു. അപ്രകാരംതന്നെ സ്വർഗസുഖങ്ങൾ അനുഭവിക്കാനും. അതത്ര എളുപ്പമല്ലെന്ന് എനിക്കറിയാം. പക്ഷേ, ഒരു യാഗംചെയ്താൽ അത് സാധ്യമാവും. അങ്ങ് യാഗത്തിന്റെ ചുമതല വഹിക്കണം.' ത്രിശങ്കു അപേക്ഷിച്ചു.

വസിഷ്ഠൻ മറുവശം ചൂണ്ടിക്കാട്ടി:

'ത്രിശങ്കു, പുണ്യകർമ്മങ്ങൾ ചെയ്തിട്ട് മരിച്ചവർക്കേ സ്വർഗത്തു പോകാനൊക്കൂ. ശരീരത്തോടുകൂടി ഒരു മനുഷ്യനും അവിടെ എത്തിയിട്ടില്ല. നിന്റെ ആഗ്രഹം ഉപേക്ഷിക്കൂ.' മഹർഷി ഉപദേശിച്ചു.

ത്രിശങ്കു ചൊടിച്ചു:

'അങ്ങേയ്ക്ക് യാഗം ചെയ്യാൻ വയ്യെങ്കിൽ വേണ്ട. ഞാൻ പ്രാപ്തനായ മറ്റൊരു മഹർഷിയെ കണ്ടുപിടിച്ചുകൊള്ളാം.' രാജാവ് പറഞ്ഞു.

വസിഷ്ഠനും വിട്ടില്ല:

'നീ അത്രയ്ക്കായോ ത്രിശങ്കൂ? ശരി. നീ ചണ്ഡാലനായിപ്പോകട്ടെ!' മഹർഷി പിന്നെയും ശപിച്ചു.

നിന്ന നിലയ്ക്കു ത്രിശങ്കു ചണ്ഡാലനായി. സ്വന്തം ശരീരത്തിലേക്കു നോക്കിയപ്പോഴോ? അറപ്പും വെറുപ്പും തോന്നി. ഈ രൂപത്തിൽ നാട്ടിൽ

കഴിയുന്നതെങ്ങനെ? ത്രിശങ്കു രാജ്യം ഉപേക്ഷിച്ച് വീണ്ടും വനത്തിലേക്കു പോയി. വല്ലവരും വനത്തിൽവെച്ചു തന്നെ കണ്ടെങ്കിലോ? മാറിപ്പൊയ്ക്കളയും—സ്വന്തം കുടുംബക്കാരായാൽപോലും. പ്രജകളുടെ കാര്യം പിന്നെ പറയണോ? വല്ല വിധവും മരിച്ചുകളയണം. എല്ലാംകൊണ്ടും അതാണു നന്ന്. അതെങ്ങനെ? വിഷം കഴിക്കട്ടെയോ? കുരുക്കിൽ കഴുത്തിട്ടു തൂങ്ങട്ടെയോ? ആഴമുള്ള വെള്ളത്തിൽ ചാടട്ടെയോ? കത്തിജ്വലിക്കുന്ന അഗ്നിയിൽ പതിക്കട്ടെയോ? വേണ്ട, ആത്മഹത്യ ചെയ്യണ്ട. കർമ്മഫലം അനുഭവിച്ചേ കഴിയൂ!

ത്രിശങ്കു ഗംഗാതീരത്ത് ദുഃഖംനിറഞ്ഞ നാളുകൾ പോക്കി.

ഹരിശ്ചന്ദ്രൻ എന്ന പുത്രനുണ്ട് ത്രിശങ്കുവിന്.

മന്ത്രിമാർക്ക് ഹരിശ്ചന്ദ്രൻ ചില നിർദ്ദേശങ്ങൾ നൽകി:

'നിങ്ങൾ എന്റെ അച്ഛന്റെ അടുക്കലേക്കു പോകണം. അച്ഛനെ വേണ്ടതുപോലെ സമാധാനപ്പെടുത്തണം. ഇങ്ങോട്ടു കൂട്ടിക്കൊണ്ട് പോരികയും വേണം.' യുവരാജാവ് കല്പിച്ചു.

മന്ത്രിമാർ കാട്ടിൽ ചെന്ന് ത്രിശങ്കുവിനെക്കണ്ടു.

അവർ വന്ന കാര്യം അറിയിച്ചു:

'ഹരിശ്ചന്ദ്രൻ രാജാവായി വാഴണം എന്നാണ് എന്റെ ആഗ്രഹം. ഞാൻ ചണ്ഡാലരൂപത്തിൽ രാജ്യത്തിലേക്കു മടങ്ങുന്നില്ല. ഈ വിവരം അവനോട് പറയുവിൻ.' ത്രിശങ്കു അവരോട് ആവശ്യപ്പെട്ടു.

കാര്യസാധ്യം കൂടാതെ മന്ത്രിമാർ മടങ്ങിപ്പോയി.

വിശ്വാമിത്രൻ കുടുംബത്തെ വിട്ടു തപസ്സിനു പോയിരുന്നല്ലോ. ഇതിനിടയ്ക്ക് മഹർഷിക്ക് ചില അനുഭവങ്ങൾ ഉണ്ടായിരുന്നു. കുടുംബക്കാർ അതൊന്നും അറിഞ്ഞില്ലെന്നു മാത്രം.

ഒരിക്കൽ അദ്ദേഹത്തിനു വിശപ്പു സഹിക്കാൻ ശക്തിയില്ലാതെയായി. എന്തെങ്കിലും ഭക്ഷണം കഴിക്കാതെ യാതൊരു നിവൃത്തിയുമില്ല. കുറെ ദൂരെയായി ചണ്ഡാലന്മാരുടെ കുടിലുകളുണ്ട്. അദ്ദേഹം രാത്രി നേരത്ത് എന്താണ് ചെയ്തത്? ഒച്ചയുണ്ടാക്കാതെ ഒരു കുടിലിൽ കയറിച്ചെന്നു. കള്ളനെപ്പോലെയാണ് ചെന്നത്. അടുക്കളയിൽനിന്ന് ആഹാരം മോഷ്ടിച്ചുതിന്നണം. ആരുമറിയാതെ അദ്ദേഹം അടുക്കളയിൽ കടന്നു. പതുക്കെ ഒരു കലത്തിന്റെ മൂടിയെടുത്തു. അതല്പം ശബ്ദമുണ്ടാക്കി. കുടിലിന്റെ ഉടമസ്ഥൻ ഓടി വന്നു. അതാ നില്ക്കുന്നു കള്ളൻ!

'ഈ പാതിരാവിൽ കക്കാൻ വന്ന നീ ആരാണ്?' ചണ്ഡാലൻ ക്രുദ്ധനായി ചോദിച്ചു.

'ഞാൻ ഒരു മഹർഷിയാണ്. വിശപ്പു സഹിക്കാൻ വയ്യാതെ കയറിയതുമാണ്. ഞാനല്പം വിശപ്പടക്കിക്കൊള്ളട്ടെയോ?' വിശ്വാമിത്രൻ യാചിച്ചു.

ചണ്ഡാലൻ വല്ലാതെയായി. കള്ളനു പകരം മഹർഷി. ഭക്ഷണം നൽകാൻ അവനു സന്തോഷമേ തോന്നിയുള്ളൂ.

ഒടുവിൽ വിശ്വാമിത്രന്റെ തപസ്സു പൂർത്തിയായി. അദ്ദേഹം ആശ്രമത്തിലേക്കു തിരിച്ചു പോയി. ഭാര്യയ്ക്കും കുട്ടികൾക്കും എത്ര ആഹ്ലാദമായെന്നോ?

ത്രിശങ്കു ആ കുടുംബത്തിനു സഹായം നല്കിയിരുന്നില്ലേ? അതെല്ലാം ഭാര്യ പറഞ്ഞറിഞ്ഞു വിശ്വാമിത്രൻ. മഹർഷിക്ക് അളവറ്റ കൃതജ്ഞത തോന്നി.

ഭാര്യ ഭർത്താവിന് ഒരപേക്ഷ സമർപ്പിച്ചു:

'നമുക്ക് വളരെയേറെ ഉപകരിച്ചവനാണ് ത്രിശങ്കു. അയാൾ ഇപ്പോൾ അത്യധികമായി ദുഃഖിക്കുന്നു. അങ്ങ് അയാളെ സഹായിക്കണം.' മുനിപത്നി പറഞ്ഞു.

'നിനക്ക് ഒട്ടും വല്ലായ്മ വേണ്ട. ഞാൻ തീർച്ചയായും ത്രിശങ്കുവിന് പ്രത്യുപകാരം ചെയ്യും.' വിശ്വാമിത്രൻ തീർത്തു പറഞ്ഞു.

മഹർഷി ത്രിശങ്കുവിനെ ചെന്നുകണ്ടു.

ത്രിശങ്കു അദ്ദേഹത്തെ സാഷ്ടാംഗം നമസ്കരിച്ചു.

മഹർഷി അദ്ദേഹത്തെ കൈപിടിച്ച് എഴുന്നേല്പിച്ചു.

'ത്രിശങ്കു, ഞാൻ അങ്ങയെ സഹായിക്കും.' അദ്ദേഹം അറിയിച്ചു.

വിശ്വാമിത്രൻ ഒരു യാഗത്തിന് ഒരുക്കമായി. ഏറ്റവും ഗംഭീരമായ യാഗമാണ്. ത്രിശങ്കുവിനെ ഉടലോടെ സ്വർഗ്ഗത്തയയ്ക്കണം—അതാണു യാഗത്തിന്റെ ഉദ്ദേശ്യം.

പല മുനിമാർക്കും ക്ഷണമയച്ചു വിശ്വാമിത്രൻ. പക്ഷേ, അവരാരും ക്ഷണം സ്വീകരിച്ചില്ല. വസിഷ്ഠൻ അവരെ തടഞ്ഞതാണു കാരണം. എന്നാൽ, അവരെയൊന്നു കാണിച്ചുകൊടുക്കണം! അതായി വിശ്വാമിത്രന്റെ നിശ്ചയം. മഹർഷി താൻ ആർജിച്ചിരുന്ന തപശ്ശക്തിയെല്ലാം സംഭരിച്ചു. അതിനുശേഷം ഉള്ളംകൈയിൽ വെള്ളമെടുത്തു മന്ത്രം ജപിച്ചു. എന്നിട്ട് ഉഗ്രമായി വിളിച്ചുപറഞ്ഞു: 'ത്രിശങ്കു, സ്വർഗ്ഗത്തിലേക്ക് ഉയർന്നുപോകൂ!'

പറഞ്ഞു നാക്കെടുത്തില്ല—ത്രിശങ്കു മേലോട്ട് ഒരൊറ്റ പോക്ക്, പക്ഷിയെക്കാൾ വേഗത്തിൽ!

ഉയർന്നുയർന്നു രാജാവ് സ്വർഗ്ഗത്തിന്റെ അടുക്കലെത്തി.

ദേവേന്ദ്രനും ദേവന്മാരും ഒന്നുകണ്ടു—ഒരു ചണ്ഡാലൻ അതാ അതിവേഗം വരികയാണ്. സൂക്ഷിച്ചുനോക്കിയപ്പോൾ വരുന്നയാളെ മനസ്സിലായി—ചണ്ഡാലവേഷത്തിലുള്ള ത്രിശങ്കു!

'നിനക്കു സ്വർഗ്ഗത്തിൽ എന്തു കാര്യം? ഇവിടെ കാലുകുത്താൻ ഞാൻ സമ്മതിക്കില്ല. ഭൂമിയിലേക്കു തിരിച്ചുപോ!' ദേവേന്ദ്രൻ ആക്രോശിച്ചു.

ത്രിശങ്കുവിനെ ദേവേന്ദ്രൻ താഴോട്ടു തള്ളി.

മേലോട്ടു പൊയ്ക്കൊണ്ടിരുന്ന ത്രിശങ്കു കീഴോട്ടു വീഴാൻ തുടങ്ങി.

ത്രിശങ്കു വിശ്വാമിത്രനെ വിളിച്ചുകേണു:

'വീഴരുത്, അവിടെ നിൽക്കൂ!' വിശ്വാമിത്രൻ ഉറക്കെ ആജ്ഞാപിച്ചു.

മഹർഷിയുടെ തപശ്ശക്തി ത്രിശങ്കുവിനെ വായുവിൽ നിർത്തി.

ത്രിശങ്കുവിനായി പുതുതായി ഒരു സ്വർഗ്ഗം നിർമ്മിച്ചു നൽകി വിശ്വാമിത്രൻ.

അവിടെ കഴിഞ്ഞു ത്രിശങ്കു—അതായത്, ത്രിശങ്കു സ്വർഗ്ഗത്തിൽ!

(ദേവീഭാഗവതം)

ഹരിശ്ചന്ദ്രനും വരുണനും

ഹരിശ്ചന്ദ്രരാജാവിനു സമ്പത്തും പ്രതാപവുമൊക്കെയുണ്ട്. അതേസമയം ഒരു ദുഃഖവും—പുത്രനില്ലെന്ന ദുഃഖം! വളരെക്കാലം കാത്തിരുന്നിട്ടും പുത്രലാഭത്തിനുള്ള ലക്ഷണങ്ങൾ കണ്ടില്ല. അദ്ദേഹം വസിഷ്ഠനോട് സങ്കടം ഉണർത്തിച്ചു:

'ഗുരോ, ഞാൻ ഭാഗ്യഹീനനാണ്. എനിക്കു സന്താനമില്ല. അക്കാരണത്താൽ ഞാൻ രാപകൽ ദുഃഖിക്കുന്നു. അങ്ങ് ദൈവജ്ഞനാണല്ലോ. ഒരു വഴിയുണ്ടാക്കണം.' ഹരിശ്ചന്ദ്രൻ താഴ്മയോടെ അഭ്യർത്ഥിച്ചു.

വസിഷ്ഠൻ തെല്ലുനേരം ആലോചിച്ചു.

'ഹരിശ്ചന്ദ്രാ, ഏറ്റവും കടുത്ത ദുഃഖമാണ് സന്താനദുഃഖം. നിന്റെ അവസ്ഥ എനിക്കു മനസ്സിലാക്കാം, ആട്ടെ, നീ വരുണദേവനെ പ്രസാദിപ്പിക്കൂ. എന്നാൽ, ഫലമുണ്ടാകും.' വസിഷ്ഠൻ പറഞ്ഞു.

അതനുസരിച്ച് ഹരിശ്ചന്ദ്രൻ ഗംഗാതീരത്തിലേക്കു ചെന്നു. അവിടെയിരുന്ന് വരുണനെ തപസ്സുചെയ്തു. ഏറ്റവും ഉഗ്രമായിരുന്നു ആ തപസ്സ്. വരുണൻ പ്രസന്നനായി പ്രത്യക്ഷനായി.

'ദേവാ, എനിക്കൊരു പുത്രനെ തരിക.' ഹരിശ്ചന്ദ്രൻ വരം ചോദിച്ചു.

'ഒരു പുത്രൻ ജനിച്ചു എന്നിരിക്കട്ടെ. അവനെ യാഗമൃഗമാക്കി ബലികഴിക്കണം. അതു സ്വീകാര്യമാണെങ്കിൽ ഞാൻ പുത്രനെ തരാം.' വരുണൻ പറഞ്ഞു.

ഹരിശ്ചന്ദ്രൻ ധർമ്മസങ്കടത്തിൽ പെട്ടു. പുത്രനെ ബലികഴിക്കണമത്രെ! അതിനെക്കാൾ കഷ്ടമായി എന്തുണ്ട്? പക്ഷേ, സമ്മതിച്ചില്ലെങ്കിൽ പുത്രനെ കിട്ടുകയില്ല. അതും മഹാദുഃഖംതന്നെ.

'ആ കരാർ എനിക്കു സമ്മതംതന്നെ.' രാജാവ് രണ്ടും കല്പിച്ചു പറഞ്ഞു.

വരുണൻ വരം നൽകിയിട്ട് മറഞ്ഞു.

ഹരിശ്ചന്ദ്രൻ കൊട്ടാരത്തിൽ മടങ്ങിയെത്തി. നടന്നതെല്ലാം രാജ്ഞിയോടു പറയുകയുംചെയ്തു. രാജ്ഞി യഥാകാലം ഒരു ആൺകുട്ടിക്ക് ജന്മം നൽകി.

ഒരു ബ്രാഹ്മണൻ വന്നു കേറി.

'രാജാവേ, ഞാൻ വരുണനാണ്. ബ്രാഹ്മണവേഷത്തിൽ വന്നുവെന്നേയുള്ളൂ. എന്റെ അനുഗ്രഹത്താൽ അങ്ങേയ്ക്ക് ഒരു പുത്രൻ ജനിച്ചിരിക്കുന്നു. അങ്ങ് എന്നോടു ചെയ്ത കരാർ ഓർമ്മയുണ്ടായിരിക്കുമല്ലോ. അതിൻ പ്രകാരം അങ്ങ് പുത്രനെ ബലികഴിക്കണം.' വരുണൻ ആവശ്യപ്പെട്ടു.

ഹരിശ്ചന്ദ്രന്റെ മുഖം വിളറി വെളുത്തു. മനസ്സ് വേദനകൊണ്ട് പിടഞ്ഞു. പൊന്നോമനപ്പുത്രൻ ജനിച്ചിട്ടേയുള്ളൂ. അവന്റെ കോമളമുഖം കണ്ടിട്ടു മതിയായില്ല. അവനെ കൊല്ലണമെന്ന് വരുണൻ ഇതാ ആവശ്യപ്പെടുന്നു. എന്തൊരു കഷ്ടമാണിത്! വരുണന്റെ പ്രസാദത്താലാണു മകൻ പിറന്നത്. അതില്ലായിരുന്നെങ്കിലോ? മകൻ ഉണ്ടാവുമായിരുന്നില്ല. വരുണനെ അനുസരിച്ചില്ലെന്നു വരികിലോ? ഏറ്റവും വലിയൊരു തെറ്റാവും. എന്താണു ചെയ്യുക? അതു പിന്നീട് ആലോചിച്ചു തീരുമാനിക്കാം. തത്കാലം ബലിക്കുള്ള തീയതി നീട്ടിക്കിട്ടണം. അതിനൊന്നു ശ്രമിച്ചുനോക്കുകതന്നെ.

വാങ്ങി. അവനെ യാഗശാലയിലേക്കു കൊണ്ടുപോയി. എന്നിട്ട് ഒരു തൂണിൽ കെട്ടിയിട്ടു. ഒരു ഭടനാണ് വെട്ടാൻ ചുമതലപ്പെട്ടവൻ. ഭടൻ വാൾ കൈയിലെടുത്തു. ബ്രാഹ്മണബാലൻ പേടിച്ചു വിറച്ച് കരഞ്ഞു തുടങ്ങി. കണ്ടു നിന്നവരുടെ കരളലിഞ്ഞു. കൂട്ടത്തിൽ വാളേന്തിയ ഭടന്റെയും. കൂട്ടിയെ വെട്ടിക്കൊല്ലാൻ അയാൾക്കു മനസ്സു വന്നില്ല. എന്തു ചെയ്യാം?

'ഞാൻ വെട്ടാം !' ആരോ വിളിച്ചു പറഞ്ഞു.

പറഞ്ഞ ആളെ എല്ലാവരും നോക്കി. അപ്പോൾ അവരുടെ അത്ഭുതം കാണണം! കുട്ടിയുടെ അച്ഛനായ അജീഗർത്തനാണ് ആ ആൾ!

'രാജാവേ ഇരട്ടി കൂലി കിട്ടിയാൽ ഞാൻ വെട്ടാം.' അയാൾ പറഞ്ഞു.

എല്ലാവരും അജീഗർത്തനെ പഴിച്ചു. എന്തൊരു മഹാപാപിയാണ് ഇയാൾ! സ്വന്തം പുത്രനെ കൊല്ലാൻ മടിക്കാത്ത ചണ്ഡാലൻ! ബ്രാഹ്മണ വേഷം ധരിച്ച പിശാച്!

ഒരു മഹർഷി വന്നു കയറി.

വിശ്വാമിത്രൻ ആയിരുന്നു ആ മഹർഷി.

'ഹരിശ്ചന്ദ്രാ, ഈ പാവപ്പെട്ട കുട്ടിയെ അഴിച്ചുവിടു. ഞാൻ അങ്ങയുടെ അച്ഛനായ ത്രിശങ്കുവിന് പ്രത്യേകമായ സ്വർഗ്ഗം നൽകി. അത് ഓർമ്മിച്ചെങ്കിലും അങ്ങ് എന്നെ അനുസരിക്കണം.' വിശ്വാമിത്രൻ ആവശ്യപ്പെട്ടു.

'മഹർഷേ, ഇതൊഴിച്ച് മറ്റെന്തു വേണമെങ്കിലും ഞാൻ ചെയ്യാം.' ഹരിശ്ചന്ദ്രൻ പറഞ്ഞു.

വിശ്വാമിത്രൻ ബ്രാഹ്മണക്കുട്ടിയുടെ അടുത്തേക്കു ചെന്നു. എന്നിട്ട് ശക്തിയുള്ള വരുണമന്ത്രം അവനു ചൊല്ലിക്കൊടുത്തു. ബ്രാഹ്മണക്കുട്ടി വരുണമന്ത്രം ഭക്തിപൂർവ്വം ജപിച്ചു. തത്സമയം വരുണൻ പ്രസാദിച്ചു പ്രത്യക്ഷനായി.

ഒരു ക്ഷണത്തിനുള്ളിൽ വരുണൻ ഹരിശ്ചന്ദ്രന്റെ വ്യാധി മാറ്റി.

അങ്ങനെ രണ്ടുപേർ രക്ഷപ്പെട്ടു—രാജാവും ബ്രാഹ്മണക്കുട്ടിയും.

ബ്രാഹ്മണക്കുട്ടി സദസ്സിനെ നേരിട്ടു.

'ഇനിമേൽ ആരാണ് എന്റെ അച്ഛൻ? നിങ്ങൾ തന്നെ തീർപ്പു കല്പിക്കുവിൻ!' അവൻ വിളിച്ചുപറഞ്ഞു.

അത് അവൻ പറയാൻ ഒരു കാരണമുണ്ട്. സ്വന്തം പിതാവ് അവനെ വിറ്റുകളഞ്ഞു. അപ്പോൾ മുതൽ അവനെ വിലയ്ക്കു വാങ്ങിയ ആൾക്കായി അവന്റെ മേലുള്ള അധികാരം—അതായത്, രാജാവിന്. എന്നാൽ അവന്റെ ജീവൻ രക്ഷിച്ചത് വിശ്വാമിത്രമഹർഷിയാണ്. അവരിൽ ആരെ പിതാവായി കരുതണം?

ചിലർക്കു തോന്നി അജീഗർത്തൻതന്നെ അവന്റെ പിതാവായി തുടരണം എന്ന്. അയാൾ പുത്രനെ വെട്ടിക്കൊല്ലാൻ തയ്യാറായി എന്നതു ശരിയാണ്.' എങ്കിലും അയാളുടെ പുത്രനായിട്ടാണല്ലോ കുട്ടി ജനിച്ചത്.

വേറെ ചിലർക്കു തോന്നിയത് മറ്റൊന്നാണ്. രാജാവാണ് അവനെ വിലയ്ക്കു മേടിച്ചത്. ആ സ്ഥിതിക്ക് രാജാവുതന്നെയായിരിക്കണം അവന്റെ അച്ഛൻ.

ഇനിയും ചിലരുടെ തോന്നലോ? ബ്രാഹ്മണക്കുട്ടിയെ കൊല്ലാൻ നിശ്ചയിച്ചവരാണ് അജീഗർത്തനും ഹരിശ്ചന്ദ്രനും. അവനെ രക്ഷിച്ചത് വരുണനായിരുന്നു. അതിനാൽ അവന്റെ അച്ഛൻ വരുണനായിരിക്കണം.

അങ്ങനെ അഭിപ്രായങ്ങൾ വ്യത്യാസപ്പെട്ടിരുന്നു.

ആർക്കാണ് തീരുമാനിക്കാനുള്ള അവകാശവും അധികാരവും നൽകപ്പെട്ടത്? മറ്റാർക്കുമല്ല, മഹർഷിമാരിൽ മുമ്പനായ വസിഷ്ഠനുതന്നെ.

വസിഷ്ഠൻ തീർപ്പു കല്പിച്ചു.

'അജീഗർത്തൻ കുട്ടിയെ വിറ്റപ്പോൾ അയാൾ അച്ഛനല്ലാതെയായി. വിലയ്ക്കു വാങ്ങിയ ഹരിശ്ചന്ദ്രൻ അച്ഛനായി. അവനെ ബലികഴിക്കാൻ നിശ്ചയിച്ചപ്പോൾ ഹരിശ്ചന്ദ്രൻ അച്ഛനല്ലാതെയായി. അതിനുശേഷം അവനു ജീവരക്ഷ നൽകിയ വരുണൻ അച്ഛനായി. എന്നാൽ, മന്ത്രത്തിന്റെ ഫലമായിട്ടാണ് വരുണൻ ജീവരക്ഷ നൽകിയത്. ബ്രാഹ്മണക്കുട്ടിക്കു മന്ത്രം ചൊല്ലിക്കൊടുത്തത് വിശ്വാമിത്രമഹർഷിയാണ്. അതിനാൽ അവന്റെ അച്ഛൻ വിശ്വാമിത്രമഹർഷിതന്നെ ആയിരിക്കണം.'

വസിഷ്ഠന്റെ തീരുമാനം സകലർക്കും സമ്മതമായി.

വിശ്വാമിത്രൻ ബ്രാഹ്മണക്കുട്ടിയുടെ കൈ പിടിച്ചു.

'മകനേ, എന്റെ ആശ്രമത്തിലേക്കു പോരൂ.' അദ്ദേഹം സ്നേഹത്തോടെ പറഞ്ഞു.

ബ്രാഹ്മണക്കുട്ടി പുതിയ പിതാവിനോടുകൂടി യാഗശാലയിൽനിന്നു യാത്രയായി. കാട്ടിൽ കഴിയുന്ന രോഹിതൻ വിവരമറിഞ്ഞു.

രാജകുമാരൻ രാജധാനിയിൽ മടങ്ങിയെത്തി.

ഹരിശ്ചന്ദ്രനും രാജ്ഞിക്കും അതിയായ സന്തോഷമുണ്ടായി—മാത്രമല്ല, മറ്റെല്ലാവർക്കും.

(ദേവീഭാഗവതം)

ഹരിശ്ചന്ദ്രന്റെ സത്യം

വിശ്വാമിത്രന് ഹരിശ്ചന്ദ്രനോടു പകയുണ്ടായി. മഹർഷി രാജാവിനെ നശിപ്പിക്കാൻ ഒരുങ്ങിയിറങ്ങി. അദ്ദേഹം തപശ്ശക്തി പ്രയോഗിച്ച് ഭീകരനായ ഒരു കാട്ടുപന്നിയെ സൃഷ്ടിച്ചു. കാട്ടുപന്നി രാജധാനിയിൽ കടന്നുചെന്നു. അത്ര കൂറ്റനും ഭയങ്കരനുമായ കാട്ടുപന്നിയെ അന്നോളം ആരും കണ്ടിരുന്നില്ല. ആളുകൾ ആ ഘോരമൃഗത്തെ കണ്ട് പരക്കം പാഞ്ഞു. ഭടന്മാർക്ക് അതിനെ തടഞ്ഞു നിർത്തുവാൻ കഴിവുണ്ടായില്ല. അതറിഞ്ഞു ഹരിശ്ചന്ദ്രൻതന്നെ കുതിരപ്പുറത്തു കയറി കാട്ടുപന്നിയുടെ മുമ്പിലെത്തി. അദ്ദേഹം തീക്ഷ്ണമായ ഒരു ശരം തൊടുത്തയച്ചു. കാട്ടുപന്നി ശരത്തിൽനിന്നൊഴിഞ്ഞുമാറി കാട്ടിലേക്കു പാഞ്ഞു. ഹരിശ്ചന്ദ്രൻ അതിനെ പിന്തുടർന്നു കുതിരയോടിച്ചു കാട്ടിലെത്തി. വളരെ നേരം അന്വേഷിച്ചിട്ടും കാട്ടുപന്നിയെ കണ്ടുകിട്ടിയില്ല. നേരവും ദൂരവും ഹരിശ്ചന്ദ്രനെ ക്ഷീണിതനാക്കി. അദ്ദേഹത്തിനു ദാഹം കലശലായി. അതേസമയം വഴി തെറ്റുകയുംചെയ്തു. ഒടുവിൽ ഒരിടത്ത് ഒരു പൊയ്ക കണ്ടെത്തി. പൊയ്കയിൽനിന്നു വെള്ളം കുടിച്ചു ദാഹം തീർത്തു. ക്ഷീണം മാറ്റാൻ അവിടെത്തന്നെ ഇരിപ്പുമായി.

വൃദ്ധനായ ഒരു ബ്രാഹ്മണൻ വന്നെത്തി.

വിശ്വാമിത്രൻ വേഷം മാറി വന്നതാണെന്ന് ഹരിശ്ചന്ദ്രൻ അറിഞ്ഞില്ല.

'അങ്ങേയ്ക്ക് എന്താണു വേണ്ടത്? എന്തായാലും ഞാൻ തരാം. ആരെന്നു ചോദിച്ചാലും ഞാൻ ദാനം ചെയ്യും. അങ്ങനെ എനിക്കൊരു വ്രതമുണ്ട്.' ഹരിശ്ചന്ദ്രൻ പറഞ്ഞു.

'എന്നാൽ, എനിക്ക് എന്റെ മകന്റെ വേളി നടത്തണം. അതിന്റെ ചെലവിനുള്ള പണം തരണം.' ബ്രാഹ്മണൻ ആവശ്യപ്പെട്ടു.

കൊടുക്കാമെന്നു സമ്മതിച്ചിട്ട് ഹരിശ്ചന്ദ്രൻ രാജധാനിയിലേക്കു മടങ്ങിപ്പോയി.

പിന്നീട് ബ്രാഹ്മണൻ വന്നുചേർന്നു.

'രാജൻ, എന്തു വേണമെങ്കിലും തരാം എന്നാണല്ലൊ അങ്ങ് പറഞ്ഞത്. എനിക്കു രാജ്യം തരിക.' ബ്രാഹ്മണൻ പറഞ്ഞു.

വാഗ്ദാനം ചെയ്തിരുന്നതാണല്ലോ എന്നു ചോദിച്ചാലും കൊടുക്കാമെന്ന്. രാജ്യം പോകുന്നത് ഏറ്റവും വമ്പിച്ച നഷ്ടമാണെന്ന് ഹരിശ്ചന്ദ്രനറിയാം. എങ്കിലും അദ്ദേഹത്തിനു കുസലുണ്ടായില്ല.

'ഞാനിതാ അങ്ങേക്ക് എന്റെ രാജ്യം തന്നിരിക്കുന്നു.' ഹരിശ്ചന്ദ്രൻ പറഞ്ഞു.

എന്നിട്ടും വൃദ്ധബ്രാഹ്മണനു തൃപ്തിയായില്ല.

'രാജൻ, ദക്ഷിണയില്ലാത്ത ദാനത്തിനു ഫലമില്ല. രാജ്യത്തോടുകൂടി അങ്ങ് എനിക്ക് ദക്ഷിണ തരണം.' അയാൾ ആവശ്യപ്പെട്ടു.

'എന്തു ദക്ഷിണയാണ് അവിടുത്തേക്ക് വേണ്ടത്?' ഹരിശ്ചന്ദ്രൻ അന്വേഷിച്ചു.

വളരെ വലിയൊരു തുക സ്വർണ്ണം ആവശ്യപ്പെട്ടു ബ്രാഹ്മണൻ.

അപ്പോൾ ഹരിശ്ചന്ദ്രന് ഒന്നു തീർച്ചയായി. തന്നെ നശിപ്പിച്ചേ ഇയാൾ അടങ്ങുകയുള്ളു. രാജ്യം കൊടുത്തുകഴിഞ്ഞു. ഇനി സ്വർണം കൊടുക്കാനുണ്ട്. ഏറ്റവും വമ്പിച്ചൊരു തുകയാണത്. രാജ്യം പോയതിനുശേഷം സ്വർണം കൊടുക്കുന്നതെങ്ങനെ? ഒരു വഴിയും കണ്ടുകിട്ടിയില്ല. കൊടുത്തില്ലെങ്കിൽ വാഗ്ദാനം ലംഘിക്കപ്പെടും, അതു മഹാപാപവുമാണ്. എന്താണ് ഇനി ചെയ്യുക?

വൃദ്ധബ്രാഹ്മണൻ കുറെ നേരം കാത്തുനിന്നു.

'എവിടെ സ്വർണ്ണം?' അയാൾ ദേഷ്യം കലർന്ന സ്വരത്തിൽ ചോദിച്ചു.

'ഹേ ബ്രാഹ്മണാ, ഞാൻ എന്റെ രാജ്യം അങ്ങേക്കു തന്നുകഴിഞ്ഞു. ഞാനിതാ രാജ്യം വിട്ടു പോവുകയുമാണ്. ഇപ്പോൾ എന്റെ പക്കൽ സ്വർണ്ണമില്ല. പക്ഷേ, തീർച്ചയായും ഞാനതു തരും.' ഹരിശ്ചന്ദ്രൻ പറഞ്ഞു. രാജാവ് രാജ്ഞിയെയും പുത്രനെയും വിവരം അറിയിച്ചു. അദ്ദേഹം എവിടെയോ അവിടെയായിരിക്കും അവർ. അക്കാര്യം മണ്ടുപേരും ഉറപ്പിച്ചു പറഞ്ഞു. ഹരിശ്ചന്ദ്രൻ രാജ്യം വിട്ടിറങ്ങി. ഒന്നിച്ച് രാജ്ഞിയും രാജകുമാരനും. അവരോട് അതിയായ ഭക്തിയും സ്നേഹവും ഉണ്ടായിരുന്നു പ്രജകൾക്ക്. അവരുടെ വേർപാടിൽ പ്രജകൾ കരഞ്ഞുപോയി.

വൃദ്ധബ്രാഹ്മണൻ വീണ്ടും ഹരിശ്ചന്ദ്രന്റെ മുമ്പിലെത്തി.

'രാജാവേ, ഇനിമേൽ അങ്ങേക്കു സ്വർണ്ണം അല്ലെങ്കിൽ പണം കിട്ടാൻ ഒരു വഴിയുമില്ല. അങ്ങയുടെ ഐശ്വര്യം എന്നെന്നേക്കുമായി അവസാനിച്ചിരി

ക്കയാണ്. അങ്ങ് ഒന്നു മാത്രം പറഞ്ഞാൽ മതി—ആ വാഗ്ദാനം പാലിക്കുകയില്ല എന്ന്. ഞാൻ പിന്നീട് യാതൊന്നും അങ്ങയോട് ആവശ്യപ്പെടുകയില്ല.' ബ്രാഹ്മണൻ പറഞ്ഞു.

പക്ഷേ, ഹരിശ്ചന്ദ്രൻ തന്റെ നിലപാടിൽനിന്ന് അണുമാത്രം വ്യതിചലിച്ചില്ല.

'ഹേ ബ്രാഹ്മണാ, എനിക്കു പണം കിട്ടാൻ വളരെ വിഷമംതന്നെ. അതെനിക്കു നല്ലപോലെ അറിയാം. എങ്കിലും ഒന്നുണ്ട്. വേണ്ടിവന്നാൽ ഞാൻ എന്റെ ഭാര്യയെയും പുത്രനെയും വിലയ്ക്കു വിൽക്കും. ആ പണം തന്ന് അങ്ങയുടെ കടം വീട്ടും.' അദ്ദേഹം പറഞ്ഞു.

രാജാവും രാജ്ഞിയും രാജകുമാരനും അവരുടെ സഞ്ചാരം തുടർന്നു.

ഒടുവിൽ അവർ കാശിയിൽ എത്തിച്ചേർന്നു.

അവിടെയും വന്നെത്തി വൃദ്ധബ്രാഹ്മണൻ.

'മാജാവേ, എന്നെ പറഞ്ഞു കളിപ്പിക്കരുത്. കേട്ടോ'— ആ താക്കീതു നൽകിയിട്ട് അയാൾ തത്കാലത്തേക്കു യാത്രയായി.

ഹരിശ്ചന്ദ്രന്റെ മനഃസ്ഥിതി രാജ്ഞി നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ട്. വാഗ്ദാനം പാലിക്കാൻ സാധിക്കാത്തതിൽ അദ്ദേഹം വളരെയധികം ദുഃഖിക്കുകയാണ്. പതിവ്രതയായ രാജ്ഞിക്ക് ഒന്നു തോന്നി. ഞാൻ എന്തു ത്യാഗം ചെയ്താലും ശരി—ഭർത്താവിന്റെ വാക്കു നിഷ്ഫലമാകാതെ നോക്കണം. അതു തന്റെ കടമയാണ്.

'അങ്ങ് എന്നെ വിലയ്ക്കു വിറ്റ് പണമുണ്ടാക്കണം. ആ പണം ബ്രാഹ്മണനു കൊടുക്കണം.' രാജ്ഞി ഭർത്താവിനോടാവശ്യപ്പെട്ടു.

കണ്ടില്ലേ പതിവ്രതയായ പത്നിയുടെ ത്യാഗബുദ്ധി.

ഹരിശ്ചന്ദ്രന്റെ സങ്കടം ഇരട്ടിക്കയാണ് ചെയ്തത്. ഏറ്റവും പ്രിയപ്പെട്ടവളാണ് രാജ്ഞി. അവളെ വിൽക്കുന്നത് എത്ര കഷ്ടമാണ്!

അപ്പോഴേക്കും മറ്റൊരു ദുഃഖമുണ്ടായി. ഓമനമകൻ കരയുകയാണ്. വിശന്നിട്ട് കരയുകയാണ് രാജകുമാരൻ. മുമ്പൊരിക്കലും അവനു വിശപ്പ് സഹിക്കേണ്ടിവന്നിട്ടില്ല. ഇന്നു മറിച്ചായിരിക്കുന്നു സ്ഥിതി. തന്നോടൊന്നിച്ച് അലഞ്ഞുനടക്കുകയല്ലേ അവൻ?

മകന്റെ വിശപ്പുമാറ്റാൻ രാജ്ഞിക്ക് ഒരു വഴി തോന്നി.

'വല്ലവരോടും പണം യാചിച്ചു വാങ്ങാം. ആ പണംകൊണ്ട് മകന് ആഹാരം മേടിക്കാം.' അവർ ഭർത്താവിനോടു പറഞ്ഞു.

ഹരിശ്ചന്ദ്രന് ആ നടപടി സ്വീകാര്യമായില്ല.

'ഞാൻ ഇന്നോളം യാചകർക്കു കൊടുത്തിട്ടേയുള്ളൂ. ആരിൽനിന്നും ഒന്നും വാങ്ങിയിട്ടില്ല. യാചിക്കുവാൻ എന്റെ നാവു വഴങ്ങുകയില്ല. നാവു മുറിച്ചു കളയുകയാണു യാചനയെക്കാൾ ഭേദം!' അദ്ദേഹം പറഞ്ഞു.

'എന്നെ വിൽക്കാൻ ഞാൻ മുമ്പുതന്നെ ആവശ്യപ്പെട്ടല്ലോ.' പതിവ്രതയായ രാജ്ഞി ഓർമ്മപ്പെടുത്തി.

'അതിന് എനിക്കു മനസ്സു വരുന്നില്ല.' ഹരിശ്ചന്ദ്രൻ പറഞ്ഞു കരഞ്ഞു.

'അങ്ങ് ഒന്ന് ആലോചിച്ചുനോക്കണം. എന്തിനാണ് എന്നെ വിൽക്കുന്നത്? ആ പണംകൊണ്ടു ചൂതുകളിക്കാനല്ല. മദ്യപാനം ചെയ്യാനല്ല. മറ്റൊരു ഹീന കൃത്യത്തിനുമല്ല. സത്യത്തെ രക്ഷിക്കാൻ മാത്രമാണ്.' രാജ്ഞി ചൂണ്ടിക്കാട്ടി.

ഭാര്യയുടെ നന്മ ഹരിശ്ചന്ദ്രനെ തളർത്തി. അദ്ദേഹത്തിന്റെ മനസ്സ് കലങ്ങിമറിഞ്ഞു. സമയം കുറെ കഴിഞ്ഞപ്പോൾ അതു തെളിഞ്ഞു. ഒന്നു തീർച്ചയായിരിക്കുന്നു. ഭാര്യ പറയുന്നതാണു ശരി. അവളെ വിറ്റ് പണംമേടിക്കുകതന്നെ. അല്ലാതെ യാതൊരു പോംവഴിയുമില്ല.

ഹരിശ്ചന്ദ്രൻ ഭാര്യയോടും മകനോടും കൂടി പെരുവഴിയിൽ ചെന്നു നിന്നു. പഥികന്മാർ പലരും കടന്നു പോവുകയാണ്. അവരോടൊക്കെ അദ്ദേഹം വിളിച്ചുപറഞ്ഞു — ഈ സ്ത്രീയെ വിൽക്കാനുണ്ട് എന്ന്. അവരിലാർക്കും ദാസിയുടെ ആവശ്യം ഉണ്ടായിരുന്നില്ല. ഒടുവിൽ ക്രൂരനായ ഒരു ബ്രാഹ്മണൻ ആ വഴിക്കു വരികയായി. അയാൾക്ക് ഒരു അടിമസ്ത്രീ വേണ്ടി വന്നിരുന്നു. രാജ്ഞിയെ അയാൾ വിലയ്ക്കു വാങ്ങി.

ഭർത്താവിനെ വിട്ടുപിരിയുകയാണ് രാജ്ഞി. അതേ സമയം ഓമനപ്പുത്രനെയും. അവരുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

രാജകുമാരൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു.

'അമ്മേ, പോകരുതേ!' അവൻ ദയനീയമായി യാചിച്ചു.

അടിമസ്ത്രീയുടെ ഉടമസ്ഥൻ രാജകുമാരനെ തള്ളി മാറ്റി.

'എന്റെ കുഞ്ഞിനെക്കൂടി അങ്ങ് വിലയ്ക്കു വാങ്ങണേ!' രാജ്ഞി ഉടമസ്ഥനോടു കണ്ണീരോടെ അപേക്ഷിച്ചു.

അയാൾ രാജകുമാരനെയും വിലകൊടുത്തു വാങ്ങി. ഇരുവരെയും കൊണ്ടുപോകാൻ ഒരുക്കവുമായി. രാജ്ഞി പൊട്ടിക്കരഞ്ഞുകൊണ്ട് ഭർത്താവിന്റെ പാദങ്ങളിൽ വീണു. എന്നിട്ട് എഴുന്നേറ്റു യാത്രചോദിച്ചു.

ഹരിശ്ചന്ദ്രനു ദുഃഖം താങ്ങാനായില്ല.

'ഞാനിനി എന്തു ചെയ്യും? ദുഃഖസമുദ്രത്തിൽ താഴ്ന്ന എന്നെ ആരു കരകയറ്റും?' അദ്ദേഹം കരഞ്ഞുകൊണ്ട് തന്നോടെന്നപോലെ ചോദിച്ചു.

നിറകണ്ണുകളോടെ അദ്ദേഹം നോക്കിനിന്നു. ബ്രാഹ്മണൻ അവിടന്നു നടന്നുപോയി. അയാളുടെ പുറകെ രാജ്ഞിയും രാജകുമാരനും.

ഹരിശ്ചന്ദ്രൻ തനിച്ചായി.

താമസിയാതെ വിശ്വാമിത്രൻ വന്നെത്തി.

ഭാര്യയെയും പുത്രനെയും വിറ്റുകിട്ടിയില്ലേ പണം? ഹരിശ്ചന്ദ്രൻ അത്രയും വിശ്വാമിത്രനു നൽകി. പക്ഷേ, മഹർഷിക്ക് അതുകൊണ്ടു തൃപ്തിയായില്ല. അദ്ദേഹം യാത്രയായതു തൽക്കാലത്തേക്കുമാത്രമാണ്— അതു മനസ്സിലാക്കാൻ ഹരിശ്ചന്ദ്രനു പ്രയാസം ഉണ്ടായില്ല. മഹർഷി ഇനിയും വരുമെന്നു തീർച്ചയാണ്. അദ്ദേഹത്തിനു കൊടുക്കാൻ ഇനിയും പണം വേണം. അതിന് ഒരൊറ്റ വഴിയേ ശേഷിച്ചിട്ടുള്ളു—തന്നെയും ഒരു വൻ അടിമയായി വിൽക്കുക!

അദ്ദേഹം വീണ്ടും പെരുവഴിയിൽ ചെന്നുനിന്നു. തന്നെ അടിമയായി വാങ്ങാൻ ആരെങ്കിലും തയ്യാറുണ്ടോ? അതായിരുന്നു അദ്ദേഹത്തിന്റെ അന്വേഷണം.

ഒരു ചണ്ഡാലൻ അദ്ദേഹത്തിന്റെ അടുക്കലേക്കു ചെന്നു.

'എനിക്ക് ഒരു അടിമയെ വേണം. ഞാൻ നിന്നെ വിലയ്ക്കു മേടിച്ചുകൊള്ളാം.' ചണ്ഡാലൻ പറഞ്ഞു.

ശ്മശാനത്തിൽ പണിയെടുക്കുന്ന ചണ്ഡാലനാണത്.

ഹരിശ്ചന്ദ്രൻ ഗാഢമായി ആലോചിച്ചു. രാജാവായിരുന്ന ആളാണ് താൻ. എന്നിട്ടാണ് ഒരു അടിമയാവുക! അതും പോട്ടെന്നുവയ്ക്കാം. ഒരു ചണ്ഡാലന്റെ അടിമയാവുന്നതിൽപരം നിർഭാഗ്യമുണ്ടോ? എങ്കിലും ഒന്നുണ്ട്. സത്യം പാലിക്കണമെങ്കിൽ അതും അതിലപ്പുറവും വേണ്ടിവരും. അദ്ദേഹം സ്വയം വില്പന നടത്തി.

തത്സമയം വിശ്വാമിത്രൻ ആവിർഭവിച്ചു.

തന്നെ വിറ്റ് ഹരിശ്ചന്ദ്രൻ പണമുണ്ടാക്കിയില്ലേ? ആ പണം ഒരു സങ്കോചവും കൂടാതെ മഹർഷി മേടിച്ചു. അതുകൊണ്ട് ഉടൻതന്നെ അവിടന്നു നിഷ്ക്രമിക്കയും ചെയ്തു.

എന്നിട്ടും കടം മുഴുവനും വീട്ടിയില്ല. മുഴുവനും വീട്ടാൻ എന്നു സാധിക്കുമെന്നു നിശ്ചയമില്ല. എന്നെങ്കിലും അതു സാധിച്ചേ പറ്റുകയുള്ളു. അല്ലാത്ത പക്ഷം വാഗ്ദാനം ലംഘിക്കുകയായിരിക്കും.

വീണ്ടും വിശ്വാമിത്രന്റെ വരവുണ്ടായി.

പെട്ടെന്ന് അശരീരി കേൾക്കുമാറായി.

'വിശ്വാമിത്രാ, ഹരിശ്ചന്ദ്രന്റെ കടം വീടിക്കഴിഞ്ഞു.' അശരീരി വിളിച്ചു പറഞ്ഞു.

അപ്പോൾ വിശ്വാമിത്രൻ സ്ഥലം വിട്ടു.

എന്നിട്ടും ഹരിശ്ചന്ദ്രന്റെ സ്ഥിതി മെച്ചപ്പെട്ടിട്ടില്ല. അദ്ദേഹം ഇപ്പോൾ ചണ്ഡാലന്റെ അടിമയാണ്. ചണ്ഡാലൻ ആജ്ഞാപിക്കുന്നത് എന്നായാലും അനുസരിക്കണം. അവന്റെ ശകാരം കേൾക്കണം. അവന്റെ അടിയും തൊഴിയും ഏൽക്കണം. എന്തെന്ന് അങ്ങോട്ടു ചോദിച്ചുകൂടാ. അടിമയ്ക്ക് ആ ചോദ്യം ചോദിക്കാൻ അധികാരമില്ല. ഹരിശ്ചന്ദ്രന്റെ മനസ്സാണെങ്കിലോ? ഭാര്യയെയും മകനെയും ചുറ്റിപ്പറ്റി നിൽക്കുന്നു. അവർ ഇപ്പോൾ എവിടെയാണ്? എന്തെല്ലാം ദുരിതങ്ങളാണ് അവർ അനുഭവിക്കുന്നത്? ഈ ജീവിതത്തിൽ ഇനി അവരെ കാണുമോ? കാണുമെങ്കിൽ എപ്പോഴായിരിക്കും, എവിടെയായിരിക്കും? ഉത്തരമില്ലാത്ത ചോദ്യങ്ങൾ!

ചണ്ഡാലൻ അടിമയ്ക്ക് ചില ജോലികൾ നൽകി. ശ്മശാനം കാത്തു നിൽക്കണം, ശവക്കുഴി പിരിക്കണം. എത്ര ഹീനമായ ജോലികളാണ്! ഭീകരമായ അന്തരീക്ഷമാണു ശ്മശാനത്തിൽ. മിക്കപ്പോഴും ശവശരീരങ്ങൾ ദഹിക്കുകയായിരിക്കും. അവിടമാകെ പുക നിറഞ്ഞിട്ടുണ്ടാവും. നാറ്റമാണെങ്കിൽ അസഹ്യമാണുതാനും. കഴുകന്മാരും കുറുക്കന്മാരും നായ്ക്കളും ധാരാളമുണ്ട്. എന്നിരുന്നിട്ടും ഹരിശ്ചന്ദ്രൻ പതറിയില്ല, മുറുമുറുത്തില്ല. അദ്ദേഹം തന്റെ ജോലി നിർവ്വിഘ്നം നിർവഹിച്ചുപോന്നു.

പന്ത്രണ്ടു മാസങ്ങൾ ഇഴഞ്ഞിഴഞ്ഞു പോയി.

അപ്പോഴേക്കും ദാരുണമായ ഒരു സംഭവമുണ്ടായി.

രോഹിതനുണ്ടല്ലോ, ഹരിശ്ചന്ദ്രന്റെ കൊച്ചുമകൻ. അവനിപ്പോൾ അമ്മയുടെ കൂടെയാണ്. അമ്മയാണെങ്കിൽ ദുഷ്ടബ്രാഹ്മണന്റെ അടിമയും. യജമാനൻ രോഹിതന് ഒരു ജോലി നൽകി. ഗംഗാനദിയുടെ തീരത്തു പോകണം. ദർഭയും ചമതയും വിറകും ശേഖരിക്കണം. കാലതാമസം കൂടാതെ അവ ഇങ്ങു കൊണ്ടുവരികയും വേണം—അതായിരുന്നു ജോലി. അവൻ ജോലിക്കു പോയി. ഒന്നിച്ചു ചില കുട്ടികളുമുണ്ട്. രോഹിതൻ വേണ്ടതെല്ലാം ശേഖ

റിച്ചു കെട്ടാക്കി കെട്ടു തലയിൽ ചുമന്നു നടന്നുപോയി. ഘനമുള്ള ചുമടായിരുന്നു. ക്ഷീണവും ദാഹം ഉണ്ടായി. വഴിക്കൊരു പുറ്റു കണ്ടു. ചുമട് പുറ്റിന്റെ പുറത്തിറക്കിവെച്ചു. ദാഹവും തീർത്തു വിശ്രമിച്ചു. ചുമട് പുറ്റിന്റെ പുറത്തുനിന്നെടുത്തു. പുറ്റിനകത്ത് ഒരു കൃഷ്ണസർപ്പം ഉണ്ടായിരുന്നു. കൃഷ്ണസർപ്പം രോഹിതനെ കൊത്തി. രോഹിതൻ മരിച്ചുവീണു, കഷ്ടം!

മറ്റു കൂട്ടികൾ അന്തംവിട്ടോടി.

അവർ ദാസിയായ രാജ്ഞിയെ ചെന്നുകണ്ടു.

'നിങ്ങളുടെ മകൻ സർപ്പം കടിച്ചു മരിച്ചു.' അവർ അറിയിച്ചു.

രാജ്ഞി ബോധമറ്റ് നിലംപതിച്ചു.

തെല്ലു കഴിഞ്ഞു ബോധംവീണു. അവർ ഹൃദയം പൊട്ടുമാറ് വിലപിച്ചു. ഓമനമകൻ പ്രാണനറ്റില്ലേ?

ദുഷ്ടബ്രാഹ്മണനായ യജമാനൻ ആ വിലാപം കേട്ടു.

'സന്ധ്യാസമയത്തു കിടന്നു കരയുന്നോ? മൂധേവി!' അയാൾ കയർത്തു.

രാജ്ഞി സങ്കടം സഹിക്കാനാവാതെ മണ്ണിൽ കിടന്നുരുണ്ടു.

'എടീ, മര്യാദയ്ക്ക് എണീറ്റ് നിന്റെ ജോലി നോക്ക്.' യജമാനൻ ഗർജിച്ചു.

'യജമാനനേ, രോഹിതൻ സർപ്പം കടിച്ചു മരിച്ചുപോയി. ഞാനൊന്നു പോയി കണ്ടിട്ടുവരട്ടെ. ദയവായി എനിക്ക് അനുവാദം തരണം.' രാജ്ഞി അത്യന്തം ദയനീയമായി യാചിച്ചു.

'എടീ നിന്റെ മകൻ മരിച്ചെന്നുവെച്ച് എനിക്കെന്ത്? നീ നിന്റെ ജോലികൾ ചെയ്തുതീർക്ക്. അല്ലാഞ്ഞാൽ ഞാൻ നിന്നെ ചാട്ടകൊണ്ട് അടിക്കും!' അയാൾ ഭീഷണിപ്പെടുത്തി.

എന്തു ചെയ്യാനൊക്കും? രാജ്ഞിയുടെ മനസ്സ് മകന്റെ അടുക്കൽ. ദേഹം മാത്രം ഇവിടെയും. സമയം ഇഴഞ്ഞുനീങ്ങി. നേരം അർദ്ധരാത്രിയായി. അപ്പോഴേ ജോലികൾ തീർന്നുള്ളു. രാജ്ഞി എഴുന്നേറ്റ് ഓടിത്തുടങ്ങി. അങ്ങനെ ആ സവപ്പെത്തി—രോഹിതൻ മരിച്ചു കിടക്കുന്ന സ്ഥലത്ത്. അപ്പോഴുണ്ടായ സന്താപം ഊഹിക്കുന്നതാണു നന്ന്.

രാജ്ഞി മാറത്തടിച്ചു നിലവിളിച്ചു. നിലത്തുകിടന്നുരുണ്ടു. പുത്രശരീരത്തെ വീണ്ടും വീണ്ടും തഴുകി.

കുറെ രാജഭടന്മാർ ആ വഴിക്കു വരാനിടയായി. അവർ എന്താണു കണ്ടതെന്നോ? ഒരു ആൺകുട്ടി മരിച്ചു കിടക്കുന്നു. അവന്റെ ശരീരത്തെ ഒരു സ്ത്രീ കെട്ടിപ്പിടിച്ചുകൊണ്ടിരിക്കുന്നു. ഈ അസമയത്ത് എന്താണിങ്ങനെ?

'ആരാണ് നീ?' രാജഭടന്മാർ രാജ്ഞിയോട് ചോദിച്ചു.

രാജ്ഞി ചോദ്യം കേട്ടതുതന്നെയില്ല. പുത്രശോകത്തിൽ മുങ്ങി മയങ്ങിയിരിക്കയല്ലേ? ഭടന്മാർ ചോദ്യം ആവർത്തിച്ചു. അതിനൊന്നും രാജ്ഞി മറുപടി പറഞ്ഞില്ല. അപ്പോൾ അവർക്കൊരു സംശയമുണ്ടായി. ഇവൾ മനുഷ്യമാംസം തിന്നുന്നവളായിരിക്കണം. ഈ കുട്ടിയെ ഇവൾ കൊന്നതായിരിക്കണം! കുട്ടിയുടെ മാംസം ഭക്ഷിക്കാൻ ഇവൾ ഭാവിക്കയായിരിക്കണം! അവർ രാജ്ഞിയെ പിടിച്ചു വലിച്ചുകൊണ്ടുപോയി. എവിടേക്ക്? ചണ്ഡാലന്റെ കൂടിലിലേക്ക്.

എടോ, ഇവൾ കുട്ടികളെ കൊന്നുതിന്നുന്ന ഭയങ്കരിയാണ്. ഞങ്ങൾ ഇവളെ പിടിച്ചുകൊണ്ടുവരികയാണ്; നീ ഇവളെ കൊന്നുകളയണം.' ഭടന്മാർ ചണ്ഡാലനോട് ആവശ്യപ്പെട്ടു.

അതിനുശേഷം അവർ അവിടന്നു യാത്രയായി.

രാജഭടന്മാരുടെ ആജ്ഞയല്ലേ? അനുസരിക്കാതെ ചണ്ഡാലനു നിർവ്വാഹമില്ല. തന്റെ ജോലിപോകുന്ന കാര്യമാണ്. അവൻ രാജ്ഞിയെ കയറിട്ടു കെട്ടി. എന്നിട്ട് ഹരിശ്ചന്ദ്രനെ വിളിച്ചു.

'എടാ, ഇവളെ പുറത്തുകൊണ്ടുപോയി വെട്ടിക്കൊല്ല്!' ചണ്ഡാലൻ ആജ്ഞാപിച്ചു.

ഹരിശ്ചന്ദ്രൻ സ്ത്രീയെ നോക്കി. ഇരുട്ടാകയാൽ നല്ലപോലെ കണ്ടുകൂടാ. പോരെങ്കിൽ രാജ്ഞി ആകെ മാറിയിട്ടുമുണ്ട്. ഏതോ ഒരുവളെന്നേ ഹരിശ്ചന്ദ്രൻ കരുതിയുള്ളു.'

'യജമാനനെ, ഞാൻ സ്ത്രീകളെ കൊല്ലുകയില്ല. എനിക്കതിനു കരുത്തില്ല.' അദ്ദേഹം പറഞ്ഞു.

ചണ്ഡാലൻ ക്രുദ്ധനായി:

'എടുക്കെടാ വാൾ! കൊണ്ടുപോകെടാ ഇവളെ! വെട്ടിക്കൊല്ലെടാ!' അവൻ അട്ടഹസിച്ചു.

സ്വാമിയുടെ ആജ്ഞ ധിക്കരിക്കാനൊക്കുമോ? ഹരിശ്ചന്ദ്രൻ തടവുകാരിയെ വെളിയിലേക്കു കൊണ്ടുപോയി. ഒരിടത്തു കൊണ്ടുചെന്നു നിർത്തി. വെട്ടാനായി വാളെടുത്തു.

രാജ്ഞി സംസാരിച്ചു:

'എന്റെ മകൻ സർപ്പം കടിച്ചു മരിച്ചുകിടക്കുന്നു. അവന്റെ ശരീരം ദഹിപ്പിക്കേണ്ടതുണ്ട്. ആ കർമ്മം ചെയ്യാൻ ഞാൻ മാത്രമേയുള്ളു. അതിന് എനിക്ക് അല്പം സമയം തരണം. ദഹനകർമത്തിനുശേഷം എന്നെ കൊന്നുകൊള്ളണം.' അവൾ അപേക്ഷിച്ചു.

അതു കേട്ടപ്പോൾ ഹരിശ്ചന്ദ്രന്റെ മനസ്സ് അലിഞ്ഞു.

'ശരി. നടക്കു.' അദ്ദേഹം പറഞ്ഞു.

അങ്ങനെ അവർ നടന്നു തുടങ്ങി. രാജ്ഞിയും ഭർത്താവിനെ തിരിച്ചറിഞ്ഞില്ല. അദ്ദേഹവും അത്രകണ്ടു മാറിപ്പോയിരുന്നു.

ഇരുവരും ഗംഗാതീരത്തിലെത്തി—രോഹിതൻ മരിച്ചുകിടക്കുന്ന സ്ഥലത്തും. അവിടെ അല്പം വെളിച്ചം ഉണ്ടായിരുന്നു. ഹരിശ്ചന്ദ്രൻ മൃതനായ ബാലനെ ശ്രദ്ധിച്ചുനോക്കി. അതിനുശേഷം ബാലന്റെ മാതാവിനെയും. ക്രമേണ ഒരു ബോധം അദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിച്ചു—അവർ തന്റെ പുത്രനും പത്നിയുംതന്നെ!

ഹരിശ്ചന്ദ്രൻ മോഹാലസ്യപ്പെട്ടു നിലത്തു വീണു. ബോധം വീണപ്പോൾ പൊട്ടിക്കരഞ്ഞു. അപ്പോഴേക്കും രാജ്ഞിയും ഭർത്താവിനെ തിരിച്ചറിഞ്ഞു. ഭർത്താവിനോടൊന്നിച്ചു ഭാര്യയും കരഞ്ഞുതുടങ്ങി.

'നാം തമ്മിൽ പിരിഞ്ഞതിനുശേഷം അങ്ങ് എവിടെയായിരുന്നു? ഇത്രയും നാൾ അങ്ങ് എങ്ങനെയാണു ജീവിച്ചത്?' കണ്ണീർ പൊഴിച്ചുകൊണ്ടുതന്നെ രാജ്ഞി ചോദിച്ചു.

ഹരിശ്ചന്ദ്രൻ നടന്നതെല്ലാം ചുരുക്കത്തിൽ പത്നിയെ അറിയിച്ചു.

അതിനുശേഷം ഭാര്യയും ഭർത്താവും ഒന്നിച്ച് ആലോചിച്ചു—ഇനിയിപ്പോൾ തങ്ങൾ എന്താണു ചെയ്യേണ്ടത്? അവർ എത്തിച്ചേർന്ന തീരുമാനം ഇതായിരുന്നു: പുത്രന്റെ ചിതയിൽ തങ്ങളും ചാടി മരിക്കും!

ഇരുവരും ചിതകൂട്ടി തീ കൊളുത്തി. തീ ഉയർന്നു കത്തിയപ്പോൾ ചാടാൻ ഒരുങ്ങവുമായി.

'ആത്മാഹുതി ചെയ്യരുത്!' ഒരു സ്വരം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

മുന്നിൽ നിൽക്കുന്നു ദേവേന്ദ്രൻ. ഒന്നിച്ച് യമനും മറ്റു ദേവന്മാരും. മാത്രമല്ല. വിശ്വാമിത്രനും!

'ഹരിശ്ചന്ദ്രാ, വിശ്വാമിത്രന്റെ പക മാറിയിരിക്കുന്നു. ഇനി ആത്മത്യാഗം ചെയ്യേണ്ടതില്ല. നിന്നിൽ അതീവ സംതൃപ്തരാണു ഞങ്ങളെല്ലാം.' ദേവേന്ദ്രൻ അറിയിച്ചു.

അതാ ജീവിച്ചെഴുന്നേൽക്കുന്നു മരിച്ച രോഹിതൻ!

അച്ഛനും അമ്മയും മകനെ വാരിവാമി പുണർന്നു.

അവരുടെ സന്താപം അവസാനിച്ചു. മൂന്നുപേരുംകൂടി സ്വരാജ്യത്തിലേക്കു മടങ്ങി. സുഖവും സന്തോഷവും മാത്രമായി അവരുടെ ജീവിതത്തിൽ.

(ദേവീഭാഗവതം)

കുവലാശ്വൻ

ഉത്തങ്കൻ എന്ന മുനി വളരെക്കാലം മഹാവിഷ്ണുവിനെ തപസ്സുചെയ്തു. മഹാവിഷ്ണു പ്രത്യക്ഷനായി.

'വരം ചോദിച്ചുകൊള്ളൂ.' ഭഗവാൻ ആവശ്യപ്പെട്ടു.

'ഭഗവാനേ, എനിക്ക് അവിടുത്തെ ദർശനം ലഭിച്ചിരിക്കുന്നു. അത് എന്റെ മഹാഭാഗ്യമാണ്. അതിൽക്കവിഞ്ഞ് എനിക്കു മറ്റൊന്നും ലഭിക്കുവാനില്ല.' ഉത്തങ്കൻ പറഞ്ഞു.

'ഉത്തങ്കാ, നിന്റെ പേരിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഒരു വരം മേടിച്ചുകൊള്ളൂ.' മഹാവിഷ്ണു കാരുണ്യത്തോടെ നിർബന്ധിച്ചു.

നിവൃത്തിയില്ലാതെ ഉത്തങ്കൻ വരം ചോദിച്ചു.

'എനിക്കു സത്യവും ധർമവും ഉണ്ടായിരിക്കണം. അവിടുത്തോട് ഇളകാത്ത ഭക്തിയും.' അതാണ് മുനി അപ്പോൾ പറഞ്ഞത്.

'അവയെല്ലാം നിനക്കുണ്ടാവാൻ ഞാൻ അനുഗ്രഹിക്കുന്നു. മറ്റൊന്നുകൂടി ഞാൻ നിന്നെ അറിയിക്കട്ടെ. ധുന്ധു എന്നു പേരുള്ള ഭീകരനായൊരു അസുരൻ തപസ്സു ചെയ്തുവരുന്നു. കുവലാശ്വൻ എന്നൊരു രാജാവ് ധുന്ധുവിനെ ചെന്നെതിർക്കും. നിന്റെ സഹായത്തോടെ കുവലാശ്വൻ ധുന്ധുവിനെ വധിക്കുകയും ചെയ്യും.' മഹാവിഷ്ണു അറിയിച്ചു.

അതിനുശേഷം ഭഗവാൻ അന്തർദ്ധാനം ചെയ്തു.

ഒറ്റക്കാലിൽനിന്ന് തപസ്സു ചെയ്കയായിരുന്നു ധുന്ധു. അവന്റെ തപസ്സ് ഏറ്റവും ഉഗ്രമായിരുന്നു. ഒടുവിൽ ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ട് അവൻ ആവശ്യപ്പെട്ട വരം നൽകി—അമാനുഷരായ വർഗക്കാരിൽനിന്ന് അവനു മരണം സംഭവിക്കയില്ല എന്ന്. അതിനുശേഷം അവൻ ഉജ്ജാലകം എന്ന മണലാരണ്യത്തിൽ ചെന്നു. അവിടെ മണലിനടിയിൽ കിടന്ന് ഉറക്കവുമായി. വലിയ ഉറക്കക്കാരൻ ആയിരുന്നു ആ അസുരവീരൻ. ഒരു വർഷം കഴിയുന്ന

ദിവസത്തിൽ അവൻ ഒരു നെടുവീർപ്പ് വിടും. നെടുവീർപ്പിന്റെ ശക്തി എത്രയായിരുന്നു എന്നോ? അതുണ്ടാവുമ്പോൾ പർവതങ്ങൾപോലും കുലുങ്ങിപ്പോകും. മാത്രമല്ല, അവന്റെ ശ്വാസം പൊടിയെ ഉയർത്തിവിടും. ആ പൊടികൊണ്ട് ആകാശം മറഞ്ഞുപോകും. അത്ര അധികമായിരിക്കും പൊടി. ഭൂമികുലുക്കവും പൊടിപറക്കലും ഒരാഴ്ചത്തേക്കു തുടർന്നുപോവുകയും ചെയ്യും. കണ്ടോ ഒരേ ഒരു നെടുവീർപ്പ് ഉണ്ടാക്കി വിടുന്ന കെടുതികൾ? ലോകത്തിന് ഒരൊറ്റ ആശ്വാസമേ ഉണ്ടായിരുന്നുള്ളു. ധുന്ധു എന്നും നെടുവീർപ്പിട്ടുകൊണ്ടിരുന്നു എങ്കിലോ? ലോകത്തിന്റെ ദുരവസ്ഥ എന്തായിരിക്കും എന്ന് ഊഹിക്കുന്നതാണ് ഭേദം.

ഉജ്ജാലകം എന്ന മണലാരണ്യത്തിലാണല്ലോ ധുന്ധു നിദ്ര ചെയ്യുന്നത്. വളരെയധികം ദൂരത്തിലല്ലാത്ത സ്ഥലത്തിലാണ് ഉത്തങ്കന്റെ ആശ്രമം. ആ മുനിക്കുണ്ടായ ബുദ്ധിമുട്ടുകൾ എന്തായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതായിട്ടില്ല.

തലമുറകൾ ചിലതൊക്കെ കഴിഞ്ഞുപോയി.

ഇക്ഷ്വാകുവംശത്തിൽ ബൃഹദശ്വൻ എന്നൊരു രാജാവുണ്ടായി. വിശിഷ്ടഗുണങ്ങൾ പലതും ബൃഹദശ്വനിൽ കളിയാടിയിരുന്നു. അദ്ദേഹത്തിനു ജനിച്ച പുത്രൻ അതിലും കേമനായിരുന്നു. ആ പുത്രനാണ് ധുന്ധുവുമായി ഇടയാൻ പോകുന്നത്. കുവലാശ്വൻ എന്നായിരുന്നു രാജകുമാരന്റെ പേര്.

കുവലാശ്വൻ വളർന്നു യുവാവായി.

അദ്ദേഹം വിവാഹംചെയ്തു. ആകെ എത്ര പുത്രന്മാർ ഉണ്ടായെന്നോ? ഇരുപത്തേഴായിരം പേർ!

ബൃഹദശ്വനു വാർദ്ധക്യം വന്നുചേർന്നു. അദ്ദേഹം കുവലാശ്വനു രാജസ്ഥാനം നൽകി. എന്നിട്ട് തപസ്സിനായി രാജ്യംവിട്ട് വനത്തിലേക്കു പോകാൻ തയ്യാറായി.

ആ വർത്തമാനം ഉത്തങ്കനു കിട്ടി. മുനിക്ക് ഒരു ആവലാതി ബോധിപ്പിക്കാനുണ്ട്. അദ്ദേഹം ഉടനെതന്നെ ബൃഹദശ്വനെ ചെന്നുകണ്ടു.

'രാജൻ, അങ്ങിപ്പോൾ തപസ്സിനു പോകുന്നത് യുക്തമല്ലെന്ന് എനിക്ക് അഭിപ്രായമുണ്ട്. ഒരു പ്രധാന കൃത്യം അങ്ങേക്കു ചെയ്യേണ്ടതായി ബാക്കി കിടക്കുന്നു. ധുന്ധു എന്ന മഹാസുരനെ വധിക്കുക എന്നതാണ് ആ കൃത്യം. അവൻ ഉജ്ജാലകം എന്ന മണലാരണ്യത്തിൽ ഉണ്ട്. മണലിനടിയിൽ കിടക്കുകയാണ് ആ കശ്മലൻ. ലോകം നശിപ്പിക്കുക എന്നതാണ് അവന്റെ ഉദ്ദേശ്യം. അവനെ കൊന്നാലേ ലോകം രക്ഷപ്പെടുകയുള്ളു.' ഉത്തങ്കൻ ചൂണ്ടിക്കാട്ടി.

ബൃഹദശ്വന് അതിനു നിവൃത്തിയുണ്ടായിരുന്നില്ല.

'മഹാത്മൻ, ഞാൻ ആയുധങ്ങൾ ഉപേക്ഷിച്ചു കഴിഞ്ഞിരിക്കയാണ്. എനിക്കിനി യുദ്ധം എന്നത് ഇല്ലേയില്ല. തപസ്സുമാത്രമാണ് എനിക്ക് അവശേഷിക്കുന്നത്. അക്കാരണത്താൽ ധുന്ധുവിനെ നേരിട്ടു വധിക്കാൻ എനിക്കു നിർവാഹമില്ല. എങ്കിലും ഞാനൊരു മാർഗം നിർദ്ദേശിക്കാം. എന്റെ പുത്രനായ കുവലാശ്വൻ മഹാശൂരനാണ്. പോരെങ്കിൽ അവനു ശക്തന്മാരായ ഇരുപത്തേഴായിരം പുത്രന്മാരുമുണ്ട്. അവിടുന്ന് കുവലാശ്വനെ സമീപിക്കുക. അവൻ തീർച്ചയായും അങ്ങയെ സഹായിക്കും.' രാജാവു പറഞ്ഞു.

അതിനുശേഷം അദ്ദേഹം വനത്തിലേക്കു യാത്രയായി.

ഉത്തങ്കൻ കുവലാശ്വനെ കണ്ടു വിവരം പറഞ്ഞു.

മുനിയുടെ ഇംഗിതം സാധിപ്പിക്കാൻതന്നെ കുവലാശ്വൻ തീർച്ചയാക്കി. അദ്ദേഹം ഉടനെതന്നെ ഇറങ്ങിത്തിരിച്ചു. ഉത്തങ്കനെയും ഒന്നിച്ചു കൊണ്ടു പോയി—മാത്രമല്ല, ഇരുപത്തേഴായിരം പുത്രന്മാരെയും.

എല്ലാവരുംകൂടി ഉജ്ജാലകത്തിൽ എത്തിച്ചേർന്നു. അതിനിടയ്ക്കു മറ്റൊന്നും സംഭവിക്കുകയായി. മഹാവിഷ്ണുവിന്റെ ശക്തിയുടെ ഒരു അംശം കുവലാശ്വനിൽ പ്രവേശിച്ചു. ആ സമയം കുവലാശ്വന്റെ ബലം എത്ര കണ്ടു വർദ്ധിച്ചുവെന്നോ? മാത്രവുമല്ല, ദേവന്മാർ അദ്ദേഹത്തിന്റെ സഹായത്തിനെത്തി. അവർ ആകാശത്ത് അണിനിരന്ന് അദ്ദേഹത്തിന്റെ ശിരസ്സിൽ ദിവ്യ പുഷ്പങ്ങൾ വർഷിച്ചു. ദുന്ദുഭി മുതലായ വാദ്യവിശേഷങ്ങൾ പ്രയോഗിച്ചു. വായുഭഗവാൻ കുളിർമയേകിക്കൊണ്ടു മന്ദമായി വീശി. ദേവേന്ദ്രൻ ചെറിയൊരു മഴയും പെയ്യിച്ചു—പൊടി ഇളകാതിരിക്കാൻവേണ്ടി!

ആദ്യമായി കുവലാശ്വൻ പുത്രന്മാർക്ക് ഒരാജ്ഞ നൽകി. മണലാരണ്യത്തിലെ മണലെല്ലാം കുഴിച്ചെടുക്കണം എന്ന്. ഇരുപത്തേഴായിരം രാജകുമാരന്മാരുംകൂടി മൺവെട്ടികളെടുത്തു കുഴിച്ചുതുടങ്ങി. ഏഴു ദിവസം തുടർച്ചയായി നീണ്ടുനിന്നു അവരുടെ ജോലി. അപ്പോഴേക്കും അവനെ കണ്ടുകിട്ടി—അതായത്, അടിയിൽ ഉറങ്ങിക്കിടക്കുന്ന ധുന്ധുവിനെ. ഒന്നും അറിയാതെ നിദ്രയിൽ ലയിച്ചുകിടക്കുകയാണ് ആ അസുരൻ.

എല്ലാവരും കൂടി അസുരനെ ആക്രമിച്ചു. വടി, ഗദ, വാൾ അവയെല്ലാമുണ്ട് അവരുടെ കൈയിൽ. അത്രയുമായപ്പോൾ ധുന്ധുവിന്റെ നിദ്രയ്ക്കു ഭംഗമുണ്ടായി. അവൻ എഴുന്നേറ്റിരുന്നു നോക്കിയപ്പോഴോ? തന്നെ വമ്പിച്ചൊരു കൂട്ടം മനുഷ്യർ കടന്നാക്രമിക്കുന്നു! എന്നിട്ടും അവനൊരു കൂസലും ഉണ്ടായില്ല. അവൻ ആയുധങ്ങളെല്ലാം പിടിച്ചെടുത്തു വായിലിട്ടു വിഴുങ്ങി! അതിനുശേഷം വായിൽനിന്നു തീക്ഷ്ണമായ ഒരു അഗ്നിയെ ഇറക്കിവിട്ടു. ആ അഗ്നിയിൽ ഇരുപത്താറായിരത്തിത്തൊള്ളായിരത്തിത്തൊണ്ണൂറ്റേഴ് രാജകുമാരന്മാരും വെന്തു ചാമ്പലായി! മുന്നേമൂന്നു രാജകുമാരന്മാർമാത്രം രക്ഷപ്പെട്ടു എന്നർത്ഥം.

ധുന്ധു വീണ്ടും കിടന്നുറങ്ങാൻ ഒരുക്കമായി. പണ്ടേപ്പോലെ, പക്ഷേ, അവനെ ഉറങ്ങാൻ ഒരാൾ സമ്മതിച്ചില്ല. ആ ആൾ കുവലാശ്വൻതന്നെയായിരുന്നു. അദ്ദേഹം ആയുധപാണിയായി അസുരന്റെമേൽ ചാടിവീണു. എതിരാളി സാമാന്യനല്ല എന്ന് ധുന്ധുവിനു മനസ്സിലായി. അവൻ വീണ്ടും ഒരു അഗ്നിയെ സൃഷ്ടിച്ചുവിട്ടു. മുമ്പത്തെപ്പോലെ അതു പ്രയോജനപ്പെടും എന്നായിരുന്നു അവന്റെ വിചാരം. പക്ഷേ, അതു തെറ്റാണെന്ന് ഉടനെ അനുഭവപ്പെട്ടു. കുവലാശ്വൻ ദിവ്യാസ്ത്രം പ്രയോഗിച്ച് അഗ്നിയെ കെടുത്തിക്കളഞ്ഞു. ശത്രുവിനെ വെന്തെരിക്കാൻ സാധ്യമല്ലെങ്കിൽ വെള്ളത്തിൽ മുക്കിക്കൊല്ലുകതന്നെ—ആ ഉദ്ദേശ്യത്തോടെ അസുരൻ ഒരു ജലപ്രവാഹത്തെ ഉണ്ടാക്കിയയച്ചു. കുവലാശ്വൻ മറ്റൊരു ദിവ്യാസ്ത്രത്താൽ ജലത്തെയും നശിപ്പിച്ചു.

എന്തിനു പറയുന്നു, രാജാവ് ബ്രഹ്മാസ്ത്രമയച്ച് ധുന്ധുവിനെ കൊലപ്പെടുത്തി.

അന്നുമുതൽ കുവലാശ്വനു മറ്റൊരു പേരുണ്ടായി. ധുന്ധുമാരൻ എന്നായിരുന്നു പുതിയ പേര്. ധുന്ധുവിനെ വധിച്ചതാണു കാരണം.

ദേവന്മാർ വിജയിയുടെ മുമ്പിലേക്കു ചെന്നു. വരം ചോദിച്ചുകൊള്ളാൻ അവർ കുവലാശ്വനോട് ആവശ്യപ്പെട്ടു.

താൻ ശത്രുക്കളെ ജയിക്കണം; തനിക്കു ധർമ്മത്തിൽ നിഷ്ഠയുണ്ടാവണം; വിഷ്ണുഭക്തി ഇളകാതിരിക്കണം; അവസാനദശയിൽ സ്വർഗലോകം ലഭിക്കണം—അത്രയുമാണ് കുവലാശ്വൻ ദേവന്മാരോട് അഭ്യർത്ഥിച്ചത്.

ദേവന്മാർ ആ വരങ്ങൾ നൽകി.

ഉത്തങ്കൻ രാജാവിനെ അനുഗ്രഹിച്ചു.

മൂന്നു രാജപുത്രന്മാർ രക്ഷപ്പെട്ടുവെന്നു പറഞ്ഞല്ലോ. ദൃഢാശ്വൻ, കപിലാശ്വൻ, ചന്ദ്രാശ്വൻ എന്നിവരാണ് അവർ. ആ മൂന്നുപേരിലൂടെയും രാജവംശം പിന്നീട് തുടർന്നുവന്നു.

(മഹാഭാരതം വനപർവം: മാർക്കണ്ഡേയസമസ്യ)

യുവനാശ്വൻ, മാന്ധാതാവ്

യുവനാശ്വൻ എന്നൊരു രാജാവ്. നൂറ് ഭാര്യമാർ ഉണ്ടായിരുന്നു യുവനാശ്വന്. എങ്കിലും ഒരൊറ്റ സന്തതി ജനിച്ചിട്ടുണ്ടായിരുന്നില്ല.

അത്യധികമായ ദുഃഖമുണ്ടായി രാജാവിന്. അദ്ദേഹം ഒരു വനത്തിലേക്ക് പോയി. ആ വനത്തിൽ കുറെ മഹർഷിമാർ ഉണ്ടായിരുന്നു. അവരെ കാണാനാണ് യുവനാശ്വൻ പോയത്. അതോ, അവരോട് സങ്കടം ഉണർത്തിക്കാനും.

മഹർഷിമാർക്ക് യുവനാശ്വനോട് അനുകമ്പ തോന്നി. അവർ രാജാവിനെക്കൊണ്ട് ഒരു യാഗം നടത്തിച്ചു. സന്താനങ്ങൾ ഉണ്ടാകാനുള്ള യാഗമായിരുന്നു അത്. ദേവേന്ദ്രനെ പ്രീതിപ്പെടുത്തുന്നതിനും.

ഒരു രാത്രിയിൽ അവിചാരിതമായ ഒരു സംഭവം ഉണ്ടായി.

യുവനാശ്വനു ദാഹം തോന്നി. ദാഹം അനുനിമിഷം വർദ്ധിച്ചുകൊണ്ടിരുന്നു. ഒടുവിൽ അത് അസഹ്യവുമായി. വെള്ളം കുടിച്ചേ കഴിയൂ. അരികത്തെങ്ങും വെള്ളം ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന് ഒന്നു തോന്നി—യാഗശാലയിൽ തീർച്ചയായും വെള്ളം കാണും. അവിടെ ചെന്നു കുടിക്കുകതന്നെ.

അദ്ദേഹം നേരെ യാഗശാലയിൽ ചെന്നുകയറി. കിടന്നുറങ്ങുകയാണ് അവിടെയുള്ള എല്ലാവരും. ഒരിടത്ത് ഒരു പാത്രത്തിൽ ജലം കണ്ടു. ഒട്ടും സംശയിക്കാതെ യുവനാശ്വൻ ആ പാത്രത്തിൽനിന്നു ജലം കുടിച്ചു. ഹാവു. സമാധാനമായി!

പക്ഷേ, ആ സമാധാനം തത്കാലത്തേക്കു മാത്രമായിരുന്നു. വലിയ വിനയുണ്ടാവും എന്ന് അദ്ദേഹം അപ്പോൾ അറിഞ്ഞില്ല. വാസ്തവത്തിൽ എന്തായിരുന്നു ആ ജലം? മഹർഷിമാർ മന്ത്രം ജപിച്ചുവെച്ചിരുന്നതാണ് ആ ജലം. ഒരു രാജപത്നി കുടിക്കണം. കുടിച്ചാൽ രാജപത്നിക്കു പുത്രൻ ജനിക്കും!

രാവിലെ മഹർഷിമാർ ജലപാത്രം എടുക്കാൻ ചെന്നു. അതിന്റെ ഉള്ളിലേക്കു നോക്കിയപ്പോൾ ഒന്നു തീർച്ചയായി—ആരോ പാത്രത്തിൽനിന്നു

വെള്ളം കുടിച്ചിരിക്കുന്നു! രാജപത്നിയല്ലാതെ മറ്റാരും കുടിച്ചുകൂടാത്ത വെള്ളമാണത്. ആരാണ് ഈ അന്യായം പ്രവർത്തിച്ചത്? അന്വേഷിച്ചപ്പോൾ അറിവായി. മറ്റാരുമല്ല, യുവനാശൻതന്നെ!

ദൈവവേച്ഛയല്ലാതെ മറ്റെന്താണിത്? യുവനാശന്റെ വയർ പൊട്ടുകയായി. ആ സമയം സാധാരണ ഗതിയിൽ രാജാവ് മരിക്കേണ്ടതാണ്. പക്ഷേ, മരിച്ചില്ല. ദേവന്മാരുടെയും മഹർഷിമാരുടെയും അനുഗ്രഹം—അതാണ് അദ്ദേഹത്തിനു ജീവരക്ഷ ലഭിക്കാൻ കാരണം.

പൊട്ടിയ വയറിൽനിന്ന് ഒരു ആൺകുട്ടി പുറത്തു വന്നു!

പിറന്ന കുട്ടിക്ക് പാലു കൊടുക്കണ്ടേ? പക്ഷേ, അതിനു നിവൃത്തിയില്ല. അമ്മയുണ്ടെങ്കിൽ മുലപ്പാൽ കൊടുക്കും. ഇവൻ പിറന്നത് അമ്മയിൽനിന്നല്ലതാനും. കുട്ടി വിശന്നു കരയുന്നുമുണ്ട്.

മഹർഷിമാർ പരസ്പരം നോക്കി.

പ്രതീക്ഷിക്കാത്ത ഒരു സഹായം വന്നുചേർന്നു.

യാഗത്തിൽ ദേവേന്ദ്രനെ ആരാധിക്കയുണ്ടായി. ദേവേന്ദ്രൻ പ്രസാദിക്കയും ചെയ്തിരുന്നു. അദ്ദേഹം സഹായാർത്ഥം അവരുടെ മുമ്പിൽ ആവിർഭവിച്ചു.

ദേവേന്ദ്രൻ തന്റെ ചൂണ്ടാണിവിരൽ കുട്ടിയുടെ വായിൽ വച്ചുകൊടുത്തു. കുട്ടി കുടിക്കുകയും ജീവിക്കുകയും ചെയ്തു. മാന്ധാതാവ് എന്നായി കുട്ടിയുടെ പേർ.

യുവനാശൻ പിന്നീടു കാട്ടിൽതന്നെ കഴിഞ്ഞു. ജീവിതം തപസ്സിനായി നീക്കിവച്ചു. അങ്ങനെ പരഗതി നേടി.

പിൽക്കാലത്ത് മാന്ധാതാവ് ചക്രവർത്തിയായി. മഹാനായിരുന്നു മാന്ധാതാവ്. ലോകം മുഴുവനും അദ്ദേഹത്തിന്റെ കീഴിലായി. അദ്ദേഹം അനശ്വരമായ യശസ്സും സമ്പാദിച്ചു.

(ഭാഗവതം: നവമസ്കന്ധം)

സൗഭരി

തപസ്വിയായിരുന്നു സൗഭരി. അദ്ദേഹം വെള്ളത്തിനടിയിൽ കിടന്നു തപസ്സു ചെയ്തു. വളരെക്കാലം കഴിഞ്ഞ് ആ തപസ്സ് മതിയാക്കി.

വിവാഹംകഴിക്കണം എന്നായി സൗഭരിയുടെ നിശ്ചയം. അപ്പോഴേക്കും വാർദ്ധക്യം വന്നിട്ടുണ്ടെന്നുള്ളതു ശരിയാണ്. അത് അദ്ദേഹം വകവെച്ചില്ല. ഒരു വർത്തമാനം അദ്ദേഹത്തിന്റെ ചെവിയിലെത്തി. മാന്ധാതാവിന് അമ്പതു പുത്രിമാരുണ്ട്. അവരിൽ ഒരുവളെ വിവാഹംകഴിക്കുകതന്നെ. സൗഭരി മാന്ധാതാവിനെ ചെന്നു കണ്ടു.

'രാജൻ, ഞാൻ ഒരു രാജപുത്രിയെ കല്യാണംകഴിക്കാൻ ആഗ്രഹിക്കുന്നു.' അദ്ദേഹം പറഞ്ഞു.

മാന്ധാതാവിനു വിരോധമുണ്ടായില്ല.

'അങ്ങ് അന്തഃപുരത്തിലേക്കു ചെല്ലൂ. എന്റെ പുത്രിമാരിൽ ഒരുവൾ അങ്ങയെ വരിക്കാൻ തയ്യാറായാലോ? തീർച്ചയായും അങ്ങേക്ക് അവളെ സ്വീകരിക്കാം.' ചക്രവർത്തി അനുവാദം നൽകി.

അപ്പോൾ സൗഭരിയുടെ മനസ്സിൽ ഒരു സംശയമുണ്ടായി. രാജാവ് ഇങ്ങനെ പറഞ്ഞതിന് എന്തോ കാരണം കാണും. താനാണെങ്കിൽ വാർദ്ധക്യം ബാധിച്ചവനാണ്. യുവതികളാരുംതന്നെ വരിക്കാൻ തയ്യാറാവുകയില്ല. തന്നെ ഇപ്രകാരംഗംഭപ്പെടുത്തണം എന്നാവണം മാന്ധാതാവിന്റെ ഉദ്ദേശ്യം. എന്നാലിനി താൻ വെറുതെയിരുന്നുകൂടാ. സൗഭരി യോഗശക്തി പ്രയോഗിച്ചു. ഫലമായി അദ്ദേഹം യുവാവായി, സുന്ദരനായി. അങ്ങനെ അന്തഃപുരത്തിൽ കയറിച്ചെന്നു.

ആ രൂപത്തിൽ അദ്ദേഹത്തെ കണ്ടപ്പോഴോ? ഓരോ രാജകുമാരിക്കും ഉത്കടമായ ആഗ്രഹമുണ്ടായി—താൻ ആ പുരുഷന്റെ ഭാര്യയാവണം എന്ന്. എന്തിനു പറയുന്നു, അമ്പതു പേരും ആ ആഗ്രഹത്താൽ വലയുകയായി.

അമ്പതുപേരും സൗഭരിയുടെ പത്നിമാരായി.

അദ്ദേഹം വീണ്ടും യോഗശക്തി പ്രയോഗിച്ച് ചിലതെല്ലാം സൃഷ്ടിച്ചു. മണിമാളികകൾ, പൂങ്കാവനങ്ങൾ, പട്ടുവസ്ത്രങ്ങൾ, ദിവ്യാഭരണങ്ങൾ തുടങ്ങിയ എന്തെല്ലാം!

ഭർത്താവും ഭാര്യമാരും സുഖജീവിതം തുടങ്ങി.

കാലം കുറെയേറെ കഴിഞ്ഞുപോയി.

അപ്പോൾ സൗഭരി ഒന്ന് ഓർമിക്കുകയായി—സുഖങ്ങൾ തന്റെ യോഗശക്തിയെ നശിപ്പിച്ചിരിക്കുന്നു. ഈശ്വരവിചാരം വളരെ കുറഞ്ഞുപോയിരിക്കയാണ്. ഏറ്റവും വലിയ തെറ്റല്ലേ താൻ കാണിച്ചിരിക്കുന്നത്? ഈ ജീവിതം പരിത്യജിച്ചു വീണ്ടും തപസ്സുചെയ്യണം—അതായി അദ്ദേഹത്തിന്റെ നിശ്ചയം. അദ്ദേഹം നാടുവിട്ടു കാട്ടിലേക്കു പോയി.

പതിവ്രതകൾ ആയിരുന്നു അമ്പതു പത്നിമാരും. അവരും ഭർത്താവിനെ അനുഗമിച്ചു. സൗഭരിയും പത്നിമാരും തപസ്സിൽ മുഴുകി. ഒടുവിൽ എല്ലാവരും സദ്ഗതി നേടി.

(ഭാഗവതം: നവമസ്കന്ധം)

സഗരനും പിൻഗാമികളും

അയോദ്ധ്യയിലെ രാജാവാണ് സുബാഹു. ഒരു രാജപത്നിയുടെ പേര് യാദവി എന്നാണ്. യഥാകാലം യാദവിക്കു ഗർഭമായി. ഇനിയൊരു പത്നിയുമുണ്ട് സുബാഹുവിന്. ആ സപത്നിക്കു യാദവിയോട് വിരോധമാണ്. അവൾ ആരുമറിയാതെ യാദവിക്കു വിഷം കൊടുത്തു. ഭാഗ്യവശാൽ യാദവിക്കു ജീവഹാനി സംഭവിച്ചില്ല. എന്നിരുന്നാലും വിഷം കുട്ടിയിലേക്കു സംക്രമിച്ചു. കുട്ടിയും മരിച്ചില്ലെന്നതു ശരിയാണ്. എങ്കിലും അവന്റെ ശരീരത്തിൽ വിഷം തങ്ങിനിന്നു—അവൻ ഗർഭസ്ഥനാണെങ്കിലും.

താലജംഘൻ എന്നൊരു ഹേഹയരാജാവുണ്ട്. സുബാഹുവിനോടു വൈരമുണ്ട് താലജംഘന്. ആ രാജാവ് അയോദ്ധ്യയെ ആക്രമിച്ചു. കാംബോജന്മാർ, യവനന്മാർ, ശകന്മാർ, അംബഷ്ഠന്മാർ—അങ്ങനെ പലേ വർഗ്ഗക്കാരുമുണ്ട് താലജംഘന്റെ പക്ഷത്തിൽ. അവരെ ചെറുത്തുനിൽക്കാൻ സുബാഹുവിനു സാധിച്ചില്ല. അദ്ദേഹം പരാജയപ്പെട്ടു നാട്ടിൽനിന്നു പിൻവാങ്ങി.

ചെന്നതു കാട്ടിലേക്കാണ്. ഒന്നിച്ചു ഗർഭിണിയായ യാദവിയെയും കൊണ്ടു പോയി.

ഔർവൻ എന്നൊരു മഹർഷിയുണ്ട്, ആ കാട്ടിൽ. വളരെയധികം തപശ്ശക്തിയുണ്ട് ഔർവന്. ഒരു ആശ്രമത്തിൽ പാർക്കുകയാണ് അദ്ദേഹം.

സുബാഹുവും യാദവിയും ഔർവനെ ശരണംപ്രാപിച്ചു. മഹർഷിക്ക് അവരോട് അനുകമ്പ തോന്നി. അദ്ദേഹം അവരെ ആശ്രമത്തിൽ പാർപ്പിച്ചു.

ഒരു ദിവസം സുബാഹു ചരമംപ്രാപിച്ചു.

പതിവ്രതയായിരുന്നു രാജ്ഞി. അവർ ഭർത്താവിന്റെ ശരീരം ദഹിപ്പിച്ചു. ആ ചിതയിൽ ചാടി ജീവൻത്യജിക്കാൻ ഒരുക്കവുമായി.

ഔർവ്വൻ ആ സംരംഭം തടഞ്ഞു.

'യാദവീ, നീ ആത്മഹത്യചെയ്യരുത്. നിന്റെ ഗർഭത്തിലുള്ള പുത്രൻ ലോകചക്രവർത്തിയാകും. നിന്നെ ഞാൻ രക്ഷിച്ചുകൊള്ളാം.' മഹർഷി പറഞ്ഞു.

അങ്ങനെ യാദവി ഔർവന്റെ സംരക്ഷണത്തിൽ ജീവിതം തുടർന്നു.

യഥാകാലം രാജ്ഞിയുടെ പുത്രൻ ഭൂജാതനായി.

ഗരം എന്നാൽ വിഷം. ഗരത്തോടുകൂടി ജനിച്ചവൻ സഗരൻ. ആ പേരുണ്ടായി രാജകുമാരന്.

ഔർവൻ സഗരനെ ലാളിച്ചുവളർത്തി. ബാല്യത്തിൽ കാലുകുത്തിയ ശേഷമോ? സഗരന് ഒരു വിശ്വാസം ഉണ്ടായിരുന്നു—ഔർവനാണു തന്റെ പിതാവ് എന്ന്.

ഒരിക്കൽ ബാലൻ പതിവുപോലെ മഹർഷിയെ 'അച്ഛാ!' എന്നു വിളിച്ചു.

അത് യാദവി കേട്ടു. രാജ്ഞിക്ക് അത്യധികമായ മനോവേദന ഉണ്ടായി. അവർ കരഞ്ഞുതുടങ്ങി.

മാതാവ് കരയുന്നത് കണ്ടപ്പോൾ സഗരനും സങ്കടമുണ്ടായി.

'അമ്മേ, എന്തിനാണ് കരയുന്നത്?' ഒന്നുമറിയാത്ത ബാലൻ ചോദിച്ചു.

'നിന്റെ അച്ഛൻ ഔർവമഹർഷിയല്ല, സുബാഹുരാജാവായിരുന്നു. മാതാവ് പുത്രനെ അറിയിച്ചു.

അപ്പോഴാണ്, അപ്പോൾ മാത്രമാണ്, സഗരൻ പരമാർത്ഥം അറിഞ്ഞത്. എങ്കിലും അവനു മഹർഷിയോടുള്ള സ്നേഹത്തിന് ഒരു കുറവുമുണ്ടായില്ല. ഔർവ്വൻ അവനെ പല വിദ്യകളും അഭ്യസിപ്പിച്ചു. വേദങ്ങൾ, ശാസ്ത്രങ്ങൾ, ധനുർവേദം—അവയെല്ലാം ആ വിദ്യകളിൽ ഉൾപ്പെട്ടിരുന്നു.

ബുദ്ധിമാനായിരുന്നു സഗരൻ. ചുരുങ്ങിയ കാലമേ കഴിഞ്ഞുള്ളൂ. അതിനുള്ളിൽ അവൻ പഠിക്കേണ്ടതെല്ലാം പഠിച്ചുകഴിഞ്ഞു.

സഗരൻ യുവാവായി.

ഒരു നാൾ പക്ഷീന്ദ്രനായ ഗരുഡൻ ഔർവ്വനെ കാണാനായി വന്നെത്തി.

'എന്താ ഗരുഡാ വിശേഷം?' മഹർഷി ഉപചാരപൂർവ്വം അന്വേഷിച്ചു.

ഗരുഡൻ വന്ന കാര്യം അറിയിച്ചു. അതൊരു കഥയുടെ മുപത്തിലായിരുന്നു. കഥ ഇപ്രകാരമാണ്:

ഒരു ജ്യേഷ്ഠത്തിയുണ്ട് ഗരുഡന്. സുമതി എന്നാണ് അവളുടെ പേര്. ഇരുവരുടെയും പിതാവ് കശ്യപമഹർഷി; മാതാവ് വിനതയും. മുമ്പൊരിക്കൽ ഉപമന്യു എന്നു പേരുള്ള ഒരു മുനി കശ്യപനെ കാണാൻ ചെന്നിരുന്നു.

ഒരു അഭ്യർത്ഥനയുംകൊണ്ടാണ് ഉപമന്യു ചെന്നത്—തനിക്ക് സുമതിയെ വിവാഹംകഴിച്ചുകൊടുക്കണം.

കശ്യപന് അതത്ര സമ്മതമായില്ല.

വിനതയ്ക്കും ഗരുഡനും കശ്യപന്റെ അഭിപ്രായംതന്നെയായിരുന്നു.

ഉപമന്യുവിനു ദേഷ്യമായി.

'ഞാനിതാ നിങ്ങൾക്കു ശാപം നൽകുകയാണ്. സുമതിയെ എനിക്കല്ലാതെ മറ്റൊരു ബ്രാഹ്മണനു കൊടുത്താലോ? ആ നിമിഷം നിങ്ങളുടെ തലകൾ നൂറായി നൂറുങ്ങും!' മുനി പറഞ്ഞിട്ടിറങ്ങിപ്പോയി.

കുറേക്കാലം കഴിഞ്ഞ് കശ്യപൻ പുതിയൊരു തപസ്സു ചെയ്യാൻ നിശ്ചയിച്ചു. ഭാര്യാപുത്രാദികളോടുകൂടി ജീവിച്ചാൽ തപസ്സു മുടങ്ങിപ്പോകും. അദ്ദേഹം അവരെ വിട്ടുപോകാൻ ഒരുക്കമായി.

വിനത പുത്രിയെക്കുറിച്ച് ആലോചിച്ചു ദുഃഖിച്ചു.

'സുമതിക്കു വിവാഹമായിട്ടില്ല. അങ്ങ് തപസിനു പോവുകയും ചെയ്യുന്നു. ഞാൻ എന്താണ് ചെയ്യേണ്ടത്?' മഹർഷിപത്നി കരഞ്ഞുകൊണ്ട് ചോദിച്ചു.

കശ്യപന്റെ ചിത്തത്തിൽ ഒരു യുക്തി ഉദയം ചെയ്തു.

'വിനതേ, സുമതിയെ മറ്റൊരു ബ്രാഹ്മണനു കൊടുത്തുകൂടാ എന്നേ ഉപമന്യു പറഞ്ഞുള്ളൂ. ക്ഷത്രിയനായ നല്ലൊരു രാജാവിനു കൊടുക്കുന്നതിൽ വിരോധമില്ല. അങ്ങനെ ഒരാൾക്കു കൊടുത്താൽ തകരാറൊന്നും വരാനില്ല.' മഹർഷി പറഞ്ഞു.

അതിനുശേഷം അദ്ദേഹം തപസ്സിനു പോയി.

വിനത, സുമതി, ഗരുഡൻ—മൂന്നുപേരും ഒന്നിച്ചു ജീവിതം നയിച്ചു.

ഒരു തപസ്വിനിയുണ്ട്, വിനതയോടു സ്നേഹമുള്ളവളായിട്ട്. ആ തപസ്വിനി ഒന്നു നിർദ്ദേശിച്ചു: ഗരുഡൻ ഔർവനെ ചെന്നു കാണണം. സുമതിയുടെ വിവാഹക്കാര്യം പറയണം; ഔർവൻ നിർദ്ദേശിക്കുന്ന പുരുഷന് അവളെ കൊടുക്കണം.

ഇതാണു തന്റെ യാത്രോദ്ദേശ്യമെന്ന് ഗരുഡൻ ഔർവനെ അറിയിച്ചു.

'ഗരുഡാ', എന്റെ ശിഷ്യനായ സഗരനാണ് സുമതിക്ക് ഏറ്റവും യോജിച്ച വരൻ. നീ പോയി നിന്റെ ജ്യേഷ്ഠത്തിയെ ഇങ്ങോട്ടു കൊണ്ടുവരൂ.' മഹർഷി ആവശ്യപ്പെട്ടു.

കഴിയുന്നത്ര വേഗത്തിൽ ഗരുഡൻ പോയി സുമതിയെ കൊണ്ടുവന്നു. സഗരന്റെയും സുമതിയുടെയും വിവാഹം നടന്നു. നടത്തിച്ചത് ഔർവനും.

താമസിയാതെ കുറെ ആളുകൾ മഹർഷിയുടെ ആശ്രമത്തിൽ വന്നെത്തി. അയോദ്ധ്യയിലെ മന്ത്രിമാരും പൗരമുഖ്യന്മാരും ആയിരുന്നു അവർ. സുബാഹുരാജാവിനോടു കൂറുള്ളവരാണ് എല്ലാവരും. ആ രാജാവ് പരാജിതനായി വനത്തിലേക്കു പോയില്ലേ? അന്നുമുതൽ അവർ പകവീട്ടാൻ തക്കം പാർത്തിരിക്കയാണ്. അവർക്ക് സഗരനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ലഭിക്കുകയുണ്ടായി. ശത്രുക്കളെ ആട്ടിപ്പായിച്ചു രാജ്യം വീണ്ടെടുക്കണം. അതിന് സഗരന്റെ നേതൃത്വം ലഭിക്കണം. അവർ അതിനാണു വന്നിരിക്കുന്നത്.

ഔർവന്റെ അനുജ്ഞപ്രകാരം സഗരൻ യാത്രയായി. ഒന്നിച്ച് യാദവിയും മഹർഷിയും പോയി. അകമ്പടി സേവിച്ചുകൊണ്ടു നാട്ടിൽനിന്നു

വന്നവരും. അയോദ്ധ്യയിൽ എത്തിയപ്പോഴോ? വിജയം പിടിച്ചെടുക്കാൻ യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. പ്രജകൾ പുതിയ രാജാവിനെ സഹർഷം സ്വാഗതം ചെയ്തു. സഗരന്റെ അഭിഷേകവും യഥാവിധി നടക്കുകയായി.

അതിനുശേഷം ഔർവ്വൻ വനത്തിലേക്കു മടങ്ങിപ്പോകാൻ ഒരുക്കമായി.

സഗരൻ നിറഞ്ഞ കണ്ണുകളോടെ മഹർഷിയെ നമസ്കരിച്ചു. തന്റെ സകല ഉത്കർഷങ്ങൾക്കും നിദാനമാണല്ലോ മഹർഷി. സഗരന്റെ കൃത ജ്ഞതയ്ക്ക് അളവുണ്ടായിരുന്നില്ല.

'ഗുരോ, അങ്ങയെക്കൂടാതെ എനിക്കു മറ്റൊരു ആശ്രയമില്ല. ഞാൻ ജനിച്ച നാൾ മുതൽ അങ്ങാണ് എന്നെ രക്ഷിച്ചത്. എന്റെ അച്ഛനും അമ്മയും ഗുരു വുമെല്ലാം അങ്ങാണ്.' സഗരൻ ഗദ്ഗദത്തോടെ പറഞ്ഞു.

ഔർവ്വൻ പ്രിയശിഷ്യനെ ഗാഢഗാഢം പുണർന്നു. വികാരംകൊണ്ടു മഹർഷി പരവശനായി. അദ്ദേഹം ഒരുവിധത്തിൽ യാത്രപറഞ്ഞ് ഇറങ്ങിപ്പോയി.

പിന്നീട് സഗരൻ എല്ലാ ശത്രുക്കളെയും തോല്പിച്ചു. ഹേഹയന്മാർ, കാംബോജന്മാർ, ശകന്മാർ, യവനന്മാർ, അംബഷ്ഠന്മാർ—ആ വർഗക്കാരെല്ലാം സഗരന്റെ അടിമകളായി. അദ്ദേഹം ചക്രവർത്തിയായി ജൈത്രയാത്ര നടത്തി.

സഗരൻ വസിഷ്ഠമഹർഷിയെ ഗുരുവാക്കി.

അദ്ദേഹം കേശിനി എന്ന രാജസ്ത്രീയെയും പത്നിയാക്കി.

വളരെക്കാലം കഴിഞ്ഞിട്ടും സഗരനു സന്തതിയുണ്ടായില്ല. അദ്ദേഹം ഔർവന്റെ അടുക്കലേക്കു ചെന്നു സങ്കടമുണർത്തിച്ചു. ഭാവിഫലം ദിവ്യദൃഷ്ടി കൊണ്ട് ഔർവൻ കാണുകയുണ്ടായി.

'സഗരാ, നിനക്ക് ഒരു ഭാര്യയിൽനിന്ന് ഒരു പുത്രനുണ്ടാവും, ആ പുത്രൻ ധർമിഷ്ഠനായിരിക്കും. അവനും ധർമിഷ്ഠനായൊരു മകൻ ജനിക്കും. നിനക്ക് മറ്റേ ഭാര്യയിൽനിന്ന് അറുപതിനായിരം പുത്രന്മാരുണ്ടാവും. ഗർവിതന്മാരായ അവരെല്ലാം നശിക്കുകയുംചെയ്യും. മഹർഷി അറിയിച്ചു.

കാലം കഴിഞ്ഞു. രാജ്ഞിമാരിലൊരുത്തി തേജസ്വിയായ ഒരു ആൺകുട്ടിക്കു ജന്മമേകി. മറ്റേ രാജ്ഞി പ്രസവിച്ചതോ ഒരു ചുരയ്ക്കയും!

ചുരയ്ക്കയെ വെച്ചുകൊണ്ടിരിക്കുന്നതെന്തിന്? അതിനെ ദൂരെ കൊണ്ടുപോയി കളയട്ടെ—അതായിരുന്നു സഗരന്റെ കല്പന.

ആ സമയം അശരീരി കേൾക്കായി.

'തെറ്റുചെയ്യരുത്. ചുരയ്ക്ക കീറി കുരുക്കൾ എടുക്കണം. കുരുക്കൾ ഒരോന്നായി പെറുക്കിവെക്കണം. ഓരോ കുരുവും നെയ് നിറച്ച ഓരോ പാത്രത്തിൽ ഇട്ടുസൂക്ഷിക്കണം.' അശരീരി പറഞ്ഞു.

അറുപതിനായിരം നെയ്ക്കുടങ്ങൾ തയ്യാറാക്കിവെപ്പിച്ചു സഗരൻ. ഓരോ കുടത്തിലും ഓരോ കുരുവീതം അടച്ചുവച്ചു. കാലം കുറെ കഴിഞ്ഞപ്പോൾ എന്തായി? ഓരോ നെയ്ക്കുടത്തിൽനിന്നും ഓരോ ആൺകുട്ടി പുറത്തുവന്നു. ആകെ അറുപതിനായിരം ആൺകുട്ടികൾ!

വളർന്നപ്പോൾ അവർ ശക്തന്മാരും ശൂരന്മാരുമായി. അഹങ്കാരത്തിനോ, കുറവില്ലതാനും. സംഖ്യാബലമുണ്ടല്ലോ വളരെക്കൂടുതൽ. അറുപതിനായിരം പേർ ഒന്നിച്ചാൽ ആർക്കു തടുത്തുനിർത്താനൊക്കും? അവർ

ലോകത്തെ മുഴുവൻ വെല്ലുവിളിച്ചു. അനേകം പേരെ പീഡിപ്പിച്ചു. ചിലരെ യൊക്കെ വധിക്കാനും മടിച്ചില്ല.

ആ നിലയ്ക്കു പോയാൽ കുഴപ്പമാവുകയില്ലേ? ദേവന്മാർക്കു പരിഭ്രമം കലശലായി. ലോകത്തെ നിലനിർത്തുന്നതിനുള്ള ചുമതലയുണ്ട് ദേവന്മാർക്ക്. അവർ ബ്രഹ്മാവിനെ ചെന്നുകണ്ടു ഉപദേശം ആരാഞ്ഞു.

'ദേവന്മാരേ, സഗരപുത്രന്മാർ നശിക്കട്ടെന്നെ ചെയ്യും. അതിനുള്ള സമയം അടുത്തിരിക്കുന്നു.' ബ്രഹ്മാവ് അരുളിച്ചെയ്തു.

സഗരൻ അശ്വമേധയാഗം ചെയ്യാൻ ഒരുക്കങ്ങൾ പൂർത്തിയാക്കി. അതിനുശേഷം അദ്ദേഹം യാഗാശ്വത്തെ അഴിച്ചുവിട്ടു. യാഗാശ്വത്തെ കാത്തുകൊള്ളാൻ നിയോഗിച്ചതോ, അറുപതിനായിരത്തെയും. യാഗാശ്വം അതിന്റെ ഇച്ഛാനുസരണം അങ്ങുമിങ്ങും അലഞ്ഞുനടന്നു. അതിന്റെ പിറകിലായി രാജകുമാരന്മാരും സഞ്ചരിച്ചു.

പെട്ടെന്നു യാഗാശ്വത്തെ കാണാതായി!

രാജകുമാരന്മാർ അന്ധാളിച്ചുപോയി. യാഗാശ്വമില്ലാതെ അശ്വമേധം കഴിച്ചുകൂടാ. ആ മൃഗം എവിടെപ്പോയെന്ന് നിശ്ചയവുമില്ല. എന്തു ചെയ്യും?

വാസ്തവത്തിൽ എന്താണ് സംഭവിച്ചിരുന്നത്? ദേവേന്ദ്രൻ യാഗാശ്വത്തെ കട്ടുകൊണ്ടു പോയിരുന്നു. ഭൂമിക്കടിയിൽ കപിലമഹർഷി തപസ്സുചെയ്യുകയാണ്. മഹാവിഷ്ണുവിന്റെ അംശമാണല്ലോ കപിലൻ. ദിവ്യസിദ്ധികൾ അനേകം അദ്ദേഹത്തിനുണ്ട്. ആ മഹർഷിയുടെ അരികിൽ യാഗാശ്വത്തെ കൊണ്ടുചെന്നു നിർത്തി ദേവേന്ദ്രൻ.

അതൊക്കെയുണ്ടോ രാജകുമാരന്മാർ അറിയുന്നു? അവർ രാജധാനിയിലേക്കു മടങ്ങി. കുതിരയെ കാണാനില്ലെന്ന് പിതാവിനോട് പറഞ്ഞു.

'നിങ്ങൾ ഉടൻതന്നെ വീണ്ടും യാത്രയാവണം. സകല ദിക്കിലും കുതിരയെ തിരയുകയും വേണം.' സഗരൻ പുത്രന്മാർക്ക് ആജ്ഞ നൽകി.

അവർ പിന്നെയും സഞ്ചാരം തുടങ്ങി. മുമ്പ് പോയിരുന്നത് യാഗാശ്വത്തെ അനുഗമിച്ചിട്ടാണ്. ഇപ്പോൾ യാഗാശ്വം ഇല്ലതാനും. വളരെ നാൾ, വളരെ ദൂരം അവർ സഞ്ചരിച്ചു. എന്നിട്ടും കുതിരയുടെ ഒരു പൊടിപോലും കണ്ടുകിട്ടിയില്ല.

അവർ രണ്ടാമതും അച്ഛനെ കണ്ടു വിവരം പറഞ്ഞു.

'അച്ഛാ, ഞങ്ങൾ എല്ലായിടങ്ങളിലും യാഗാശ്വത്തെ അന്വേഷിച്ചു. ഒരിടത്തും അതിനെ കണ്ടില്ല. വനങ്ങൾ, നദികൾ, പർവ്വതങ്ങൾ, ദ്വീപുകൾ—അതെന്തിന്, ഭൂലോകത്തിൽ ഒരിടവും ബാക്കിയില്ല.' അവർ അറിയിച്ചു.

സഗരന്റെ കോപം ജ്വലിച്ചുപൊങ്ങി.

'വകയ്ക്കു കൊള്ളാത്തവർ! നിങ്ങൾക്കു ലജ്ജയില്ലേ? എന്തൊരു അപമാനമായിപ്പോയി! പോകുവിൻ ഇവിടന്ന്! കുതിരയെ കൂടാതെ തിരിച്ചു വരരുത്!' അദ്ദേഹം ഗർജിച്ചു.

അറുപതിനായിരം പിന്നെയും അന്വേഷണം ആരംഭിച്ചു. ഒരിടത്തു ഭൂമിയിൽ ഒരു വിള്ളൽ കണ്ടു. അവർ വിള്ളലിൽ ഇറങ്ങി കുഴിച്ചുതുടങ്ങി. രാക്ഷസന്മാർ, സർപ്പങ്ങൾ, മറ്റു ജന്തുക്കൾ—അവയൊക്കെ ഭൂമിക്കടിയിൽ പാർത്തുവരുന്നു. അറുപതിനായിരം അവരെയെല്ലാം കൊല്ലാൻ മുതിർന്നു. അവർ നിരന്തരമായി കുഴിച്ചുകൊണ്ടുമിരുന്നു. ഒടുവിൽ കുഴികൾ ഏറ്റവും വലുതായി. അവിടെയുമില്ല യാഗാശ്വം. എന്നിട്ടും അവർ കഴിക്കുന്നതു മതി

യാക്കിയില്ല. അങ്ങനെ പാതാളത്തോളം എത്തി അതാ നിൽക്കുന്നു യാഗാശ്വം.

അടുത്തായി ഒരു മുനി കണ്ണടച്ച് ഇളകാതെ ഇരിക്കയാണ്. അറുപതി നായിരത്തിന് ഒരു തെറ്റിദ്ധാരണ ഉണ്ടായി. ഇയാൾ വാസ്തവത്തിൽ മുനി യല്ല. മുനിവേഷം ചമഞ്ഞിരിക്കുകയാണ്. കുതിരയെ കട്ടത് ഈ കള്ളൻ തന്നെ. കള്ളനെ ശിക്ഷിച്ചേ കഴിയൂ. അവർ ആയുധങ്ങളുമായി അടുത്തെത്തി. കപിലമുനി കണ്ണുതുറന്ന് ഒന്നു നോക്കി. ആ നോട്ടത്തിൽ അറുപതി നായിരവും ദഹിച്ചുപോയി. അവർ നിന്നിടത്തു കാണപ്പെട്ടതു വലിയൊരു ചാമ്പൽക്കൂമ്പാരം!

പുത്രന്മാരുടെ ദുരന്തം നാരദനിൽനിന്ന് സഗരൻ അറിവായി.

ദുഃഖിക്കുകയല്ലാതെ മറ്റെന്തു ചെയ്യാനൊക്കും?

ഒരു സഗരപത്നിയുടെ പുത്രന്മാരാണല്ലോ, അറുപതിനായിരം. മറ്റേ സഗരപത്നിക്ക് ഒരു പുത്രനേയുള്ളൂ. അസമഞ്ജസ്. അംശുമാൻ എന്നൊരു സൽപുത്രനുണ്ട് അസമഞ്ജസ്സിന്. സജ്ജനസ്വഭാവിയും വിവേകിയുമാണ് അംശുമാൻ. സഗരന്റെ ശ്രദ്ധ അംശുമാന്റെ നേർക്കു തിരിഞ്ഞു. അദ്ദേഹം പൗത്രനെ വരുത്തി.

'ഉണ്ണീ, യാഗാശ്വത്തെ ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. അറുപതിനായിരം നശിക്കയും ചെയ്തിരിക്കുന്നു. യാഗം മുടങ്ങിയാൽ അതൊരു മഹാപാപമായിരിക്കും. നീ യാഗാശ്വത്തെ കണ്ടുപിടിച്ചു കൊണ്ടുവരണം. യാഗം നടത്തി എന്നെ രക്ഷിക്കണം.' പിതാമഹൻ പൗത്രനോട് ആവശ്യപ്പെട്ടു.

അംശുമാൻ ഉടനെതന്നെ രാജധാനി വിട്ടിറങ്ങി. അനേകദിവസം തുടരെ യാത്രചെയ്തു. ഒടുവിൽ അറുപതിനായിരം ചാമ്പലായ സ്ഥലത്തെത്തി.

അവിടെ യാഗാശ്വമുണ്ട്. കപിലമഹർഷിയുമുണ്ട്.

അറുപതിനായിരം മഹർഷിയെ ദേഷ്യപ്പെടുത്തി. അതിനാൽ അവർ കൂട്ടത്തോടെ ഇല്ലാതായി. മറിച്ചായിരുന്നു അംശുമാന്റെ സമീപനം. അയാൾ കപിലനെ സാഷ്ടാംഗം നമസ്കരിച്ചു.

അയാളുടെ ഭക്തി കണ്ട് കപിലൻ സംപ്രീതനായി.

അംശുമാൻ വന്ന കാര്യം അറിയിച്ചു:

'കൃമാത്മാ, ഞാൻ നിന്നിൽ സന്തോഷിച്ചിരിക്കുന്നു. നിനക്ക് എന്നിൽ നിന്നും എന്താണ് വേണ്ടത്?' കപിലൻ കനിവോടെ അന്വേഷിച്ചു.

'അവിടുന്നു യാഗാശ്വത്തെ എനിക്കു വിട്ടുതരണം. മരിച്ച പിതൃസഹോദരന്മാർക്ക് ആത്മശാന്തിയും അരുളണം.' അംശുമാൻ വിനീതനായി അപേക്ഷിച്ചു.

'നിന്റെ ആഗ്രഹം സാധിക്കുമാറാകട്ടെ. യാഗാശ്വത്തെ കൊണ്ടുപൊയ്ക്കൊള്ളൂ. നീ കാരണം നിന്റെ പിതൃക്കൾക്ക് സദ്ഗതി ലഭിക്കും. നിന്റെ പൗത്രൻ ആകാശഗംഗയെ ഭൂമിയിലേക്ക് വരുത്തുകയും ചെയ്യും.' മഹർഷി പറഞ്ഞു.

അംശുമാൻ യാഗാശ്വത്തോടുകൂടി അവിടന്ന് യാത്രയായി. സ്വരാജ്യത്ത് എത്തിച്ചേർന്നു. പിതാമഹന്റെ കാൽക്കൽ വീണു നമസ്കരിച്ചു. സഗരൻ പൗത്രനെ മാറോടണച്ചു നിറുകയിൽ മുകർന്നു.

അശ്വമേധയാഗം പൂർത്തിയാക്കി സഗരൻ. അദ്ദേഹം വളരെക്കാലം

പ്രതാപത്തോടും ഐശ്വര്യത്തോടും നാടുവാണു. പിന്നീട് രാജ്യത്തെ അംശുമാന് നല്കി. അതിനുശേഷം പരഗതിയും നേടി.

ആകാശഗംഗയെ ഭൂമിയിലേക്ക് കൊണ്ടുവരണം. അതിനായി അംശുമാൻ തീവ്രമായി പ്രയത്നം ചെയ്തു. കാരണം, ആ ദിവ്യനദി വന്നാലേ അറുപതിനായിരത്തിന്റെ ആത്മാക്കൾക്ക് ഗതി കിട്ടുകയുള്ളു. പിതൃക്കളുടെ ആത്മശാന്തിക്കുവേണ്ടി പിന്നെ വരുന്ന തലമുറകൾ ശ്രമിക്കേണ്ടതാണ്. പക്ഷേ, തന്റെ ശ്രമത്തിൽ അംശുമാനു വിജയലബ്ധി കൈവന്നില്ല.

അംശുമാന്റെ പുത്രനായിരുന്നു ദിലീപൻ. പിതാവിനെപ്പോലെ ദിലീപനും പരമാവധി ശ്രമം നടത്തി. എങ്കിലും ആ ശ്രമം പ്രയോജനപ്പെട്ടില്ല.

ദിലീപന്റെ പുത്രനായിരുന്നു ഭഗീരഥൻ. അനേകം ഗുണങ്ങൾ ഒത്തിണങ്ങിയിരുന്നു ഭഗീരഥനിൽ. ഒന്നായിരുന്നു ഭഗീരഥന്റെ ഏറ്റവും ഉത്കടമായ ആഗ്രഹം—സദ്ഗതി നേടാൻ പിതൃക്കളുടെ ആത്മാക്കളെ സഹായിക്കണം! തപസ്സുകൊണ്ടേ ഗംഗാദേവിയെ പ്രസാദിപ്പിക്കാനാവൂ. ആ മഹാനുഭാവൻ ഹിമാലയത്തിലേക്കു പോയി. അവിടെയിരുന്ന് ആ ദിവ്യനദിയെ തപസ്സും തുടങ്ങി.

കായും കനിയും തിന്നുക, പച്ചവെള്ളം കുടിക്കുക—അത്രമാത്രം ചെയ്തു ഭഗീരഥൻ പ്രാണൻ പുലർത്തി.

എത്ര തീവ്രമായിരുന്നു ആ തപസ്സെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

ആയിരം വർഷം നീണ്ടുനിന്നു തപസ്സ്.

അപ്പോഴേക്കും ഗംഗാദേവി പ്രത്യക്ഷയായി.

'ഭഗീരഥാ, നിന്റെ അഭീഷ്ടം ഞാൻ സാധിപ്പിക്കാം.' ഗംഗാദേവി കനിഞ്ഞരുളി.

'ദേവീ, എന്റെ പിതാമഹന്മാർ ചാമ്പലായി കിടക്കുകയാണ്. ദേവി ആ ചാമ്പലിൽ ജലം പകരണം. എന്നാൽ മാത്രമേ അവരുടെ ആത്മാക്കൾക്കു ശാന്തി ലഭിക്കുകയുള്ളു. അവിടുന്ന് എനിക്കുവേണ്ടി അതു ചെയ്തുതരണം.' ഭഗീരഥൻ ഏറ്റവും താഴ്മയോടുകൂടി അപേക്ഷിച്ചു.

'ശരി, ഞാൻ നിന്നെ സഹായിക്കാം. പക്ഷേ, അതിനായി എനിക്ക് ആകാശത്തുനിന്നു ഭൂമിയിൽ പതിക്കേണ്ടതായിട്ടുണ്ട്. എന്റെ വേഗവും ശക്തിയും എല്ലാവർക്കും അറിവുള്ളതാണ്. വെള്ളച്ചാട്ടം താങ്ങാൻ ഒരൊറ്റ ദേവനുമാത്രമേ കഴിവുള്ളു. ആ ദേവൻ ഭഗവാൻ ശിവനുമാണ്. നീ ശിവനെ പ്രീതിപ്പെടുത്തണം. എന്നാൽ, ഞാൻ വീഴുമ്പോൾ എന്നെ ശിവൻ ശിരസ്സിൽ താങ്ങിക്കൊള്ളും.' ഗംഗാദേവി പറഞ്ഞു.

ശിവനെ പ്രീതിപ്പെടുത്തണമെങ്കിലും തപസ്സു ചെയ്യണം. ഭഗീരഥൻ ഒരു തപസ്സ് ഇപ്പോൾ ചെയ്തു തീർത്തതേയുള്ളു. ആ തപസ്സുതന്നെ വിഷമമേറിയതായിരുന്നു. ഇനി ഉടൻതന്നെ വേറൊരു തപസ്സുചെയ്യേണ്ടിയിരിക്കുന്നു. അതിനും ബുദ്ധിമുട്ട് ഒട്ടും കുറവായിരിക്കയില്ല. എങ്കിലും സ്ഥിരോത്സാഹിയായ ഭഗീരഥൻ മടിച്ചുനിന്നില്ല. അദ്ദേഹം കൈലാസത്തിൽ ചെന്ന് ശിവനെ തപസ്സു തുടങ്ങി. ഉഗ്രവും ദീർഘവുമായ തപസ്സായിരുന്നു അതും. ഒടുവിൽ ശിവൻ പ്രസാദിച്ചു പ്രത്യക്ഷനായി. ഭഗവാൻ ഭഗീരഥനെയും കൊണ്ടു ഹിമവാനിലെത്തി.

'ഭഗീരഥാ, സ്വർഗ്ഗത്തുനിന്നു പതിച്ചുകൊള്ളാൻ ഗംഗയോടു പ്രാർ

തടിക്കു. ഞാൻ അവളെ ശിരസ്സുകൊണ്ടു താങ്ങിക്കൊള്ളാം.' ശിവൻ അരുളിച്ചെയ്തു.

ഏറ്റവും ഏകാഗ്രതയോടെ ഭഗീരഥൻ പ്രാർത്ഥന നടത്തി. ഗംഗാനദി സ്വർഗ്ഗത്തിൽനിന്നും ശീഘ്രഗതിയിൽ ഒരു പതനം! ശിവൻ തയ്യാറായി നില്ക്കുകയായിരുന്നു. ഭഗവാൻ വീഴുന്ന ഗംഗയെ ശിരസ്സിലേറ്റു. വളരെക്കാലം തുടർച്ചയായി സ്വർഗനദി വീണുകൊണ്ടിരുന്നു. ആ ജലമെല്ലാം ശിവന്റെ ജടയിൽ ഒതുങ്ങിയതേയുള്ളൂ. അങ്ങനെയായാൽ കുഴപ്പമാവുകയില്ലേ? ഭഗീരഥൻ വീണ്ടും ഭക്തിപൂർവ്വം ശിവനെ ഭജിച്ചു. ശിവൻ കുറെ ജലത്തെ കീഴ്പ്പോട്ടു വിട്ടു. ആ ജലം ഭൂമിയിൽക്കൂടി ഒഴുകിത്തുടങ്ങി.

'ഭഗീരഥാ, ഞാൻ നിനക്കുവേണ്ടിയാണ് ഭൂമിയിലേക്കു വന്നത്. ഏതു മാർഗ്ഗത്തിലൂടെയാണ് ഞാൻ മുമ്പോട്ടു പോകേണ്ടത്? അതു നീതന്നെ കാണിച്ചുതരണം.' ഗംഗാദേവി ആവശ്യപ്പെട്ടു.

ഭഗീരഥൻ വഴികാട്ടി മുമ്പിൽ സഞ്ചരിച്ചു. ഗംഗ ഭഗീരഥന്റെ പിറകെ ഒഴുകിത്തുടങ്ങി. ഒരിക്കൽ ഒഴുകിയതോ? ജഹ്നുമുനിയുടെ പർണശാലയിലൂടെയും. തപശ്ശക്തിയേറിയ ജഹ്നുമുനി കോപിച്ചു ഗംഗയെ കുടിച്ചുകളഞ്ഞു!

ജഹ്നുവിനെ സേവിച്ചു തൃപ്തിപ്പെടുത്തി ഭഗീരഥൻ. മുനി ഉള്ളിലായ ഗംഗയെ ചെവിയിലൂടെ പുറത്തുവിട്ടു. അന്നുമുതൽ ഗംഗയ്ക്ക് ജാഹ്നവി എന്ന ഒരു പേരുണ്ടായി.

ഗംഗയും ഭഗീരഥനും യാത്ര തുടർന്നു. ഒടുവിൽ അവർ ആ സ്ഥലത്തെത്തി—അറുപതിനായിരം ചാമ്പലായിക്കിടന്ന സ്ഥലത്ത്. ദിവ്യമായ ഗംഗാജലം ചാമ്പലിനെ സ്പർശിച്ചപ്പോഴോ? അറുപതിനായിരത്തിനു സദ്ഗതി ലബ്ധമായി.

മുമ്പൊരിക്കൽ അഗസ്ത്യമഹർഷി സമുദ്രത്തെ കുടിച്ചു വറ്റിച്ചിട്ടുണ്ടായിരുന്നു.

(ആ കഥ അന്യത്ര പറഞ്ഞിട്ടുണ്ട്)

ഗംഗ വറ്റിക്കിടന്ന സമുദ്രത്തിൽ ഒഴുകിയിറങ്ങി. അപ്പോൾ സമുദ്രം ജലപൂർണ്ണമായി, പണ്ടേപ്പോലെ.

ഏറ്റവും കഠിനമായ പ്രയത്നത്തെ വർണിക്കുന്ന ഒരു വാക്കുമുണ്ടായി—ഭഗീരഥപ്രയത്നം!

(ബ്രഹ്മാണ്ഡപുരാണം)

കവി

നഭഗൻ എന്ന രാജാവിനു കുറെ പുത്രന്മാരുണ്ട്. അവരിൽ ഒടുവിലത്തെ ആളാണ് കവി. ബ്രഹ്മചാരിയായി കവി ഒരു ആശ്രമത്തിൽ ചെന്നു ജീവിച്ചു. കവിയുടെ ജ്യേഷ്ഠന്മാർക്ക് തീർച്ചയായി, അവൻ ഇനി മടങ്ങിവരികയില്ലെന്ന്. സ്വത്തുക്കളെല്ലാം ഭാഗം ചെയ്യാൻ ഒരുക്കമായി അക്കൂട്ടർ. കവിയുടെ ഭാഗം കൂടി തങ്ങൾക്കു സ്വന്തമാക്കാമല്ലോ. ഉള്ളതെല്ലാം അവർ തമ്മിൽ വീതിച്ചെടുത്തു.

കവിയുടെ ബ്രഹ്മചര്യത്തിന് ഒരു കാലാവധിയുണ്ടായിരുന്നു. കാലാവധി കഴിഞ്ഞ് കവി നാട്ടിൽ തിരിച്ചെത്തി. അപ്പോൾ മനസ്സിലായി ഭാഗം നടന്നിരിക്കുന്നു എന്ന്.

'എനിക്കായി എന്താണ് നീക്കിവെച്ചിരിക്കുന്നത്?' കവി ജ്യേഷ്ഠന്മാരോടു ചോദിച്ചു.

ജ്യേഷ്ഠന്മാർ ആദ്യമൊന്നു കുഴങ്ങി. പിന്നീട് അവരൊരു ശ്രമം നടത്തി —അനുജനെ തെറ്റിദ്ധരിപ്പിക്കണം. അങ്ങനെ അവനു ഭാഗം നല്കാതിരിക്കണം.

'കവീ, നീ തിരിച്ചു വരില്ലെന്നു കരുതി ഉള്ള വസ്തുക്കളെ ഞങ്ങൾ ഭാഗിച്ചെടുത്തു. ഭാഗംവയ്ക്കാത്തതായി ഒന്നുള്ളത് നമ്മുടെ അച്ഛനെയാണ്. നീ നിന്റെ ഭാഗമായി അച്ഛനെ എടുത്തുകൊള്ളൂ. അവർ പറഞ്ഞു.

കവി പിതാവിനെ കണ്ട് ജ്യേഷ്ഠന്മാർ പറഞ്ഞത് എന്തെന്ന് അറിയിച്ചു.

നഗ്നന് അത്ഭുതം തോന്നി.

'മകനേ, അവർ പറഞ്ഞത് നീ കാര്യമാക്കേണ്ട. നേരമ്പോക്കിനുവേണ്ടി അവർ പറഞ്ഞതാവണം. ഭാഗിക്കാവുന്ന ഒന്നല്ല മനുഷ്യനായ ഞാൻ.' അദ്ദേഹം ചൂണ്ടിക്കാട്ടി.

കവി വിഷണ്ണനായി നിന്നു.

പിതാവ് ഇളയപുത്രനെ സഹായിക്കാനൊരുങ്ങി.

'നീ വ്യസനിക്കേണ്ട. ഞാൻ ഒരു വഴി പറയാം. നിന്റെ ജ്യേഷ്ഠന്മാർ എന്നെ ഒരു ഭോഗവസ്തുവായി സങ്കല്പിക്കുകയുണ്ടായി. അതിനാൽ ഞാൻ നിനക്കൊരു ഉപദേശം തരാം. അടുത്തൊരു ദിക്കിൽ കുറെ ബ്രാഹ്മണർ ഒരു യാഗം നടത്തുകയാണ്. ദ്വാദശാഹം എന്നു പേരുള്ള യാഗമാണത്. ആറാറു ദിവസം കൂടുമ്പോൾ പ്രത്യേകമായ ഒരു കർമ്മമുണ്ട്. ആ കർമം യാഗത്തിനു കൂടിയേ കഴിയൂ. എന്നാൽ, എന്താണത് എന്ന് അവർക്ക് നിശ്ചയമില്ല. നിനക്കാണെങ്കിൽ അതു നല്ലതുപോലെ അറിയുകയുംചെയ്യാം. നീ അതു അവർക്ക് പറഞ്ഞുകൊടുക്കണം. അപ്പോൾ അവർക്ക് നിന്നോടു സന്തോഷം തോന്നും. യാഗം കഴിഞ്ഞ് ശേഷിക്കുന്ന ധനം നിനക്കു തരികയും ചെയ്യും.' അദ്ദേഹം തീർച്ച പറഞ്ഞു.

കവി നേരെ യാഗസ്ഥലത്തേക്കു ചെന്നു. അയാൾ പിതാവിന്റെ നിർദ്ദേശം അനുസരിച്ച് പ്രവർത്തിച്ചു. നഗ്നൻ സൂചിപ്പിച്ചതുപോലെ സംഭവങ്ങൾ നടന്നു. ബ്രാഹ്മണർക്കു കവിയോടു കൃതജ്ഞതയുണ്ടായി. ധാരാളം ധനം ശേഷിച്ചു. യാഗം കഴിഞ്ഞപ്പോൾ അവർ ആ ധനമത്രയും കവിക്കു സമ്മാനിച്ചു. എന്നിട്ട് അവർ തങ്ങളുടെ വഴിക്കു പോയി.

കവി തനിച്ചായി.

കറുത്ത നിറമുള്ള ഒരു പുരുഷൻ കവിയുടെ മുമ്പിൽ ആവിർഭവിച്ചു.

'ഹേ കവീ, നിങ്ങൾക്ക് ധനം കിട്ടിയിരിക്കുകയാണല്ലോ. യഥാർത്ഥത്തിൽ ആ ധനമത്രയും എനിക്ക് അവകാശപ്പെട്ടതാണ്.' കറുത്ത പുരുഷൻ പറഞ്ഞു.

കവിക്ക് ആ അവകാശവാദം ഒട്ടുംതന്നെ സ്വീകാര്യമായില്ല. 'ധനം എന്റെ വകയാണ്. യാഗം നടത്തിയവർ എനിക്കു തന്നതാണ്.' അയാൾ ചൂണ്ടിക്കാട്ടി.

കറുത്ത പുരുഷൻ വിട്ടില്ല: 'നിങ്ങൾ നിങ്ങളുടെ അച്ഛനെക്കണ്ട് ഒന്നു ചോദിക്കൂ—നമ്മിൽ ആർക്കാണ് ഈ ധനത്തിനുള്ള അർഹതയെന്ന്. അദ്ദേഹം നൽകുന്ന ഉത്തരം മടങ്ങിവന്ന് എന്നോടു പറയൂ. അതുവരെ ഞാൻ ഇവിടെത്തന്നെ കാത്തുനില്ക്കാം.' ആ പുരുഷൻ പറഞ്ഞു.

കവി നേരെ നഭഗന്റെ അടുക്കലേക്കു ചെന്നു. കറുത്ത പുരുഷൻ വന്നത്, ആ പുരുഷൻ പറഞ്ഞത്—അതെല്ലാം അച്ഛനെ അറിയിക്കുകയുംചെയ്തു.

നഭഗൻ പുതിയ അറിവു നല്കി.

മകനേ, വാസ്തവത്തിൽ രുദ്രനാണു കറുത്ത പുരുഷൻ. ഒരു പഴയ നിയമം ഒന്നു ശാസിക്കുന്നുണ്ട്—യാഗത്തിൽ ശേഷിക്കുന്ന ധനത്തിന് അവകാശി രുദ്രനാണ് എന്ന്. ആ സ്ഥിതിക്ക് നിനക്കു കിട്ടിയ ധനത്തിന് നിനക്ക് അവകാശമില്ല.' പിതാവു പറഞ്ഞു.

തെറ്റു പറയുന്ന ആളല്ല അച്ഛൻ. അക്കാര്യം കവിക്കു തീർച്ചയുണ്ട്. അയാൾ കറുത്ത പുരുഷന്റെ അടുക്കൽ മടങ്ങിയെത്തി. ഭക്തിപൂർവ്വം രുദ്രനെ നമസ്കരിക്കുകയുംചെയ്തു.

'ഭഗവൻ, ഈ ധനത്തിന് അവകാശി അവിടുന്നുതന്നെ. അത് അച്ഛനിൽനിന്ന് എനിക്ക് അറിവായി. ആ ധനം എന്നിൽനിന്ന് അങ്ങ് സ്വീകരിക്കണം. ഞാൻ അറിയാതെ തെറ്റു ചെയ്തുപോയി. അവിടുന്ന് എനിക്കു മാപ്പരുളണം.' കവി അഭ്യർത്ഥിച്ചു.

രുദ്രൻ പ്രസന്നനായി.

കവിയെ അനുഗ്രഹിക്കാൻ തന്നെ ഭഗവാൻ സന്നദ്ധനായി.

'കവീ, നിന്റെ അച്ഛൻ നിനക്കു ധർമം ചൂണ്ടിക്കാട്ടി. നീ ധർമം പ്രവർത്തിക്കുകയും ചെയ്തിരിക്കുന്നു. ഞാനിതാ ഈ ധനമത്രയും നിനക്കു സമ്മാനിക്കുന്നു. നീ മഹാജ്ഞാനിയാവുകയുംചെയ്യും!' രുദ്രൻ അനുഗ്രഹമേകി.

അതിനുശേഷം ഭഗവാൻ അപ്രത്യക്ഷനായി.

അങ്ങനെ കവി ധനികനായി, ജ്ഞാനിയുമായി.

(ഭാഗവതം നവമസ്കന്ധം)

നഹുഷൻ

ദേവേന്ദ്രൻ ബ്രാഹ്മണനായ വൃത്രാസുരനെ കൊലപ്പെടുത്തി. അക്കാരണത്താൽ ദേവേന്ദ്രനെ ബ്രഹ്മഹത്യാപാപം ബാധിച്ചു. ദേവേന്ദ്രൻ മാനസസരസ്സിലെ താമരനൂലിൽ ഒളിച്ചിരുന്നു.

(അക്കഥ മറ്റൊരിടത്ത് വിവരിച്ചിട്ടുണ്ട്)

എന്തൊരു ദുഃസ്ഥിതിയാണ് ദേവേന്ദ്രനു വന്നിരിക്കുന്നത്! ലോകമാകെ കൊടിയ കെടുതികൾ ഉണ്ടായി. വനങ്ങളിലെ വൃക്ഷങ്ങൾ ഉണങ്ങിക്കരിഞ്ഞു. പൂഴകളും പൊയ്കകളും കായലുകളും വറ്റി. മഴപെയ്യാത്തതു കാരണം ക്ഷാമം പടർന്നു പിടിച്ചു. ദേവകൾക്കും മഹർഷിമാർക്കും പരിഭ്രമമായി.

മാത്രവുമല്ല, സ്വർഗത്തിൽ രാജാവില്ല. ഭരിക്കാൻ രാജാവില്ലെന്നു വന്നപ്പോഴോ? സ്വർഗവാസികളുടെ സ്ഥിതി കഷ്ടത്തിലായി. ദേവേന്ദ്രനു പകരം മറ്റൊരു രാജാവു കൂടിയേ തീരൂ. അല്ലാത്തപക്ഷം സ്വർഗം അരാജകമാകും. അനർത്ഥമായിരിക്കും അരാജകത്വത്തിന്റെ ഫലം.

എല്ലാവരുംകൂടി ആലോചന നടത്തി. സ്വർഗത്തിലെ പുതിയ രാജാവ് ആരായിരിക്കണം? അതായിരുന്നു അവരെ നേരിട്ട പ്രശ്നം. ഒടുവിൽ അവർ എല്ലാവിധത്തിലും യോഗ്യമായ ഒരാളെ കണ്ടെത്തി. നഹുഷൻ എന്നു പേരുള്ള ഒരു മനുഷ്യനായിരുന്നു ആ ആൾ.

മനുഷ്യനായ നഹുഷൻ ഒരു രാജാവുകൂടിയാണ്. അദ്ദേഹം ഭരിക്കുന്നതു ഭൂമിയിലെ രാജ്യമാണ് എന്നു മാത്രം. ശക്തനും യശസ്വിയുമാണ് അദ്ദേഹം.

ദേവന്മാരും മഹർഷിമാരും ഒന്നിച്ചു നഹുഷന്റെ അടുക്കലെത്തി.

'മാന്യൻ, അവിടുന്നു സ്വർഗലോകത്തേക്കു പോരണം. സ്വർഗരാജാവായി വാഴുകയും വേണം. അക്കാര്യം അപേക്ഷിക്കാനാണ് ഞങ്ങൾ വന്നിരിക്കുന്നത്.' അവർ അറിയിച്ചു.

നഹുഷന് അത്ഭുതം തോന്നി. താനോ വെറുമൊരു മനുഷ്യൻ. ദേവന്മാർ മനുഷ്യരെക്കാൾ എത്രയോ മാഹാത്മ്യമുള്ളവരാണ്. മനുഷ്യനായ താൻ ദേവന്മാരുടെ രാജാവാകണംപോലും!

'ദേവേന്ദ്രൻ ഭരിച്ച ലോകമാണ് സ്വർഗം. എനിക്കു സ്വർഗരാജാവാകാനുള്ള പ്രാപ്തിയില്ല. ദുർബലനായ ഒരു മനുഷ്യൻമാത്രമാണ് ഞാൻ.' നഹുഷൻ അതിയായ വിനയത്തോടുകൂടി അവരോടു പറഞ്ഞു.

'നഹുഷാ, അതൊന്നും സാരമില്ല. ഞങ്ങൾ അങ്ങേക്ക് ദിവ്യമായ ശക്തികൾ നൽകാം. ആ ശക്തികൾ ലഭിക്കുമ്പോൾ അങ്ങു സ്വർഗം ഭരിക്കാൻ പ്രാപ്തനാകും. അങ്ങ് ഞങ്ങളുടെ അപേക്ഷ സ്വീകരിച്ചേ കഴിയൂ.' അവർ നിർബന്ധംപിടിച്ചു.

ഗത്യന്തരമില്ലാതെ നഹുഷൻ സമ്മതമേകി.

അവർ നഹുഷനെ ഭൂമിയിൽനിന്നു സ്വർഗത്തിലേക്കു കൊണ്ടുപോയി. എന്നിട്ട് സ്വർഗരാജാവായി അഭിഷേകം ചെയ്തു. മറ്റൊരു മനുഷ്യനും ലഭിക്കാത്ത പദവി ലഭിച്ചു നഹുഷന്.

അദ്ദേഹം ധർമത്തോടെ സ്വർഗഭരണം ആരംഭിച്ചു.

പക്ഷേ, ധർമം ഭരണത്തിന്റെ ആദ്യദശയിൽ മാത്രമായിരുന്നു. കാലം കഴിഞ്ഞതോടെ നഹുഷന്റെ സ്വഭാവത്തിന് ഒരു പരിവർത്തനം ഉണ്ടായി. ഭൂലോകത്തിലെ സുഖങ്ങളെവിടെ, സ്വർഗത്തിലെ സുഖങ്ങളെവിടെ? അതേസമയം താൻ സ്വർഗത്തിലെ രാജാവുകൂടിയാണ്. തനിക്ക് അധീനമല്ലാത്തയാതൊന്നും സ്വർഗത്തിലില്ല. വിശിഷ്ടമായ ഭോജ്യങ്ങൾ, കർണ്ണമധുരമായ ഗാനങ്ങൾ, കണ്ണിനു വിരുന്നായ നൃത്തങ്ങൾ, രസമേറിയ വിനോദയാത്രകൾ —അവയിൽ മുഴുകുകയായി. പുതിയ സ്വർഗരാജാവ്.

അത്രമാത്രമാണു ചെയ്തതെങ്കിലും തരക്കേടില്ല. അദ്ദേഹം അഹങ്കാരിയായിക്കഴിഞ്ഞിരുന്നു. അഹങ്കാരം ഒരു ഹീനകൃത്യത്തിനു കാരണവുമായി.

ദേവേന്ദ്രൻ സ്വർഗത്തിലില്ല എന്നതു ശരിയാണ്. എങ്കിലും ദേവേന്ദ്രനു വേണ്ടപ്പെട്ടവർ സ്വർഗത്തിൽ തന്നെയുണ്ട്. അവരിൽ ഏറ്റവും പ്രാധാന്യമുള്ളത് ദേവേന്ദ്രപത്നിയായ ശചീദേവിക്കുതന്നെയാണ്. ഇന്ദ്രാണി എന്നാണ് ശചീദേവിക്കുള്ള ആദരണീയമായ സ്ഥാനപ്പേര്. പതിവ്രതയും ധർമ്മിഷ്ഠ

യുമാണ് ഇന്ദ്രാണി. അതേസമയം കണ്ണഞ്ചിക്കുന്ന സൗന്ദര്യമുള്ളവളും. ഇന്ദ്രാണിയെ പത്നിയാക്കണം—അതായി നഹുഷന്റെ മോഹം. അല്ല, ദുർമോഹം!

ആദ്യമൊക്കെ ആ ദുർമോഹം മനസ്സിൽ കിടന്നതേയുള്ളു. പിന്നീടൊരിക്കൽ അതു പ്രകടമായി— അതായത് ദേവസഭ സമ്മേളിച്ചിരുന്നപ്പോൾ.

' ഞാനിപ്പോൾ സ്വർഗരാജാവാണല്ലോ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇപ്പോഴത്തെ ദേവേന്ദ്രൻ. ഇന്ദ്രാണി ഏകാകിനിയായി കഴിയുകയും ചെയ്യുന്നു. എന്തുകൊണ്ട് ഇന്ദ്രാണി എന്റെ പത്നിയായിക്കൂടാ?' പലതും പറഞ്ഞ കൂട്ടത്തിൽ നഹുഷൻ സന്നിഹിതരോടു ചോദിച്ചു.

നഹുഷന്റെ ദുരാഗ്രഹം ഇന്ദ്രാണി അറിയാതിരിക്കുമോ? ആ സമയം മുതൽ അതിയായ ദുഃഖമുണ്ടായി ഇന്ദ്രാണിക്ക്. ഒരൊറ്റ ഭർത്താവേ തനിക്കു ജീവിതത്തിലുള്ളു. ആ ഭർത്താവ് എങ്ങോ പോയിരിക്കയാണ്. മറ്റൊരു പുരുഷന്റെ ഭാര്യയാവുക—അക്കാര്യം സ്വപ്നത്തിൽക്കൂടി വിചാരിക്കാൻ വയ്യ. എന്നാലും സ്വർഗരാജാവെന്ന നിലയിൽ നഹുഷനു പ്രത്യേകമായ ശക്തികളുണ്ട്. രാജാവിനെ എതിർത്തുനിൽക്കാൻ തനിക്കു കഴിവില്ല. ഇന്ദ്രാണി ദേവഗുരുവായ ബൃഹസ്പതിയെ ചെന്നു കണ്ടു.

'ഗുരോ, അവിടുന്ന് എന്നെ നഹുഷനിൽനിന്നും രക്ഷിക്കണം. എനിക്ക് അവിടുന്നല്ലാതെ മറ്റൊരു ശരണമില്ല.' ഇന്ദ്രാണി തൊഴുകൈയോടെ പറഞ്ഞു.

ബൃഹസ്പതിക്ക് അതിയായ അനുകമ്പയുണ്ടായി.

'ഇന്ദ്രാണീ, നീ ഒന്നുകൊണ്ടും ഭയപ്പെടേണ്ട. നിന്നെ സഹായിക്കാൻ ഞാനുണ്ട്.' അദ്ദേഹം അറിയിച്ചു.

ദേവഗുരു ഇന്ദ്രാണിയെ തന്റെ ഗൃഹത്തിൽ പാർപ്പിച്ചു. അവിടെ വന്ന് നഹുഷൻ അവളെ ഉപദ്രവിക്കയില്ല. അതായിരുന്നു അദ്ദേഹത്തിന്റെ പ്രതീക്ഷ.

ബൃഹസ്പതിയുടെ പ്രവൃത്തി നഹുഷന്റെ ചെവിയിലെത്തി. അദ്ദേഹത്തിനു ക്രമത്തിലധികം കോപമുണ്ടായി. അപ്പോൾ ദേവഗുരു തന്നിക്കെതിരാണ്, അല്ലേ? നന്നായി!

നഹുഷന്റെ ദുരുദ്ദേശ്യം നല്ലതിനല്ല—അതായിരുന്നു ദേവന്മാരിൽ പലരുടെയും അഭിപ്രായം. അവരിൽ ചിലർ അദ്ദേഹത്തെ ചെന്നു കണ്ടു.

'തമ്പുരാനേ, ഞങ്ങൾ ഒന്നു പറയാൻ ആഗ്രഹിക്കുന്നു. ദയവുചെയ്ത് അവിടുന്നു കോപിക്കരുതേ! ഇന്ദ്രാണി അന്യപുരുഷന്റെ പത്നിയാണ്. ആ സ്ഥിതിക്ക് ഇന്ദ്രാണിയെ പരിഗ്രഹിക്കുന്നതു ധർമമല്ല. അങ്ങ് ആ വിചാരം പരിത്യജിക്കണം. എന്നാൽ അങ്ങേക്കു ശ്രേയസ്സുണ്ടാവും.' അവർ ചൂണ്ടിക്കാട്ടി.

നഹുഷന് അതൊട്ടും ഇഷ്ടമായില്ല. 'ശരി, ഞാൻ ഒന്നു ചോദിക്കട്ടെ. മുമ്പൊരിക്കൽ ദേവേന്ദ്രൻ അഹല്യയെ സ്വീകരിച്ചു. ആ സമയം അഹല്യയ്ക്ക് ഒരു ഭർത്താവുണ്ടായിരുന്നു. ഗൗതമമഹർഷി. ദേവേന്ദ്രന്റെ പ്രവൃത്തി വലിയൊരു തെറ്റായിരുന്നു. ആ സമയത്തു നിങ്ങൾ എന്തുകൊണ്ട് ദേവേ

ന്ദ്രനെ വിലക്കിയില്ല? മറ്റനേകം അധർമങ്ങളും ദേവേന്ദ്രൻ ചെയ്തിട്ടുണ്ട്. ആ അവസരങ്ങളിൽ നിങ്ങളൊക്കെ എവിടെയായിരുന്നു? എന്നോടു മാത്രമാണു നിങ്ങളുടെ ധർമോപദേശം, അല്ലേ? ആട്ടെ, ഞാനിതാ ഒരു കാര്യം ഉറപ്പിച്ചു പറയുന്നു: 'ഞാൻ ഇന്ദ്രാണിയെ ഭാര്യയാക്കും!' നഹുഷൻ ഗർജിച്ചു.

ഉപദേശിക്കാൻ വന്നവർക്കു ജാള്യതയുണ്ടായി. നഹുഷൻ ഇത്രയധികം ക്രുദ്ധനാവുമെന്നു കരുതിയിരുന്നില്ല. അദ്ദേഹത്തെ പ്രീതിപ്പെടുത്തുകതന്നെ വേണം. അല്ലാത്ത പക്ഷം തങ്ങൾക്കു തകരാറുണ്ടാവും.

അവർ തങ്ങളുടെ നിലപാട് പെട്ടെന്നു മാറ്റി.

'തമ്പുരാനേ, അവിടുത്തെ ഇഷ്ടം നടക്കുകതന്നെ വേണം. ഞങ്ങൾ തന്നെ ഇന്ദ്രാണിയോടു അങ്ങയുടെ ആഗ്രഹം അറിയിക്കാം. അവിടുന്ന് ഞങ്ങളോടു കോപിക്കരുത്.' അവർ പ്രാർത്ഥിച്ചു.

അതിനുശേഷം അവർ നേരെ പോയത് ബൃഹസ്പതിയുടെ ഭവനത്തിലേക്കാണ്.

'ഗുരോ, അങ്ങ് ഇന്ദ്രാണിയെ ഇവിടെ പാർപ്പിച്ചിരിക്കയാണല്ലോ. അവളെ അങ്ങ് നഹുഷനു വിട്ടുകൊടുക്കണം. അവർ ഭാര്യാഭർത്താക്കന്മാരായി കഴിഞ്ഞുകൊള്ളട്ടെ.' വന്നവർ പറഞ്ഞു. അകത്തിരുന്ന് ആ സംഭാഷണം കേൾക്കുകയായിരുന്നു ഇന്ദ്രാണി. ആ പതിവ്രത ധൃതിയിൽ ബൃഹസ്പതിയുടെ മുമ്പിലെത്തി.

'ഗുരോ, ഇവർ പറയുന്നത് കേൾക്കരുത്. ഞാൻ അങ്ങയെ അഭയം പ്രാപിച്ചവളാണ്. അങ്ങ് എന്നെ ഉപേക്ഷിക്കരുത്.' ഇന്ദ്രാണി യാചിച്ചു. ആ സ്ഥാധി പൊട്ടിക്കരഞ്ഞു. ബൃഹസ്പതിയുടെ ഹൃദയം ആർദ്രമായി.

'ഇന്ദ്രാണീ, അഭയം പ്രാപിച്ചവരെ കൈവെടിയുന്നവനല്ല ഞാൻ. നീ സമാധാനമായിരിക്കൂ.' അദ്ദേഹം പറഞ്ഞു.

ദേവഗുരു വന്നവരുടെ നേർക്കു തിരിഞ്ഞു.

'ഞാൻ ഇന്ദ്രാണിയെ നഹുഷനു വിട്ടുകൊടുക്കയില്ല. ഇന്ദ്രാണിയുടെ ഇഷ്ടം തന്നെയാണ് എന്റെയും ഇഷ്ടം. എന്റെ ഈ വാക്കിന് ഇളക്കമില്ല. നിങ്ങൾ അതു മനസ്സിലാക്കുന്നതു നന്ന്. ഇനി നിങ്ങൾക്ക് ഇവിടന്നു പോകാം.' അദ്ദേഹം പറഞ്ഞു.

വന്നവർക്ക് ഒന്നു തീർച്ചയായി—ബൃഹസ്പതി വാക്കുമാറുകയില്ലെന്ന്. കാര്യമാകെ കുഴഞ്ഞിരിക്കുകയാണ്. എന്തെങ്കിലും ഒരു പരിഹാരം കണ്ടുപിടിച്ചേ കഴിയൂ.

'ഗുരോ തകരാറു വരാതിരിക്കാൻ എന്താണു മാർഗ്ഗം? അങ്ങു ഞങ്ങളെ ഉപദേശിക്കണം.' അവർ അപേക്ഷിച്ചു.

'ഞാൻ ഒരു ഉപായം പറഞ്ഞുതരാം. ഇന്ദ്രാണി നഹുഷനോട് ഒരു കാലാവധി ചോദിക്കണം. കാലാവധി തീരുന്നതിനുമുമ്പ് വല്ലതുമൊക്കെ നടന്നേക്കും. കാലത്തിന്റെ ഗതി കാലത്തിനുമാത്രമേ നിശ്ചയമുള്ളൂ. തല്ക്കാലത്തേക്ക് ഒരു രക്ഷാമാർഗ്ഗം കിട്ടട്ടെ. പിന്നീട് സാവകാശം ആലോചിക്കാം.' ബൃഹസ്പതി പറഞ്ഞു.

അദ്ദേഹം ഇന്ദ്രാണിക്കു ചില തന്ത്രങ്ങൾ പറഞ്ഞുകൊടുത്തു. മാത്രമല്ല, മറ്റു ചില ദേവന്മാർക്കും, അഗ്നിദേവനും. ആരും പുറത്തുപറയരുത് എന്നു ശട്ടവും കെട്ടി.

അഗ്നിദേവൻ ഇന്ദ്രാണിയോട് ഒന്നു പറഞ്ഞു:

'അവിടുന്ന് പാതിവ്രത്യമുള്ളവളാണ്. ധർമ്മമുള്ളവളാണ്. അവിടുന്ന് നഹുഷനോട് ഒന്നു പറയണം—നഹുഷന്റെ ഭാര്യയാകുന്നത് അവിടുത്തേക്കു സമ്മതമാണെന്ന്. കാലാവധി മേടിക്കാൻ മാത്രമാണ് അപ്രകാരം പറയേണ്ടിവരുന്നത്. കാലാവധി പിന്നീടും പ്രയോജനപ്പെടും. അവസാനം നഹുഷൻ നശിക്കുമെന്ന് ഞാൻ ഉറപ്പുതരുന്നു!'

ആശയം ഉള്ളിൽ തൊക്കിവച്ചുകൊണ്ട് ഇന്ദ്രാണി നഹുഷന്റെ മുമ്പിലെത്തി.

അവൾ സ്വയമേവ വരുമെന്ന് നഹുഷൻ കരുതിയിരുന്നില്ല. അദ്ദേഹത്തിന് അതിയായ ആശ്ചര്യമുണ്ടായി. തുടർന്ന് അളവറ്റ ആഹ്ലാദവും.

'ഇന്ദ്രാണീ, നീ വന്നതുതന്നെ ഒന്നിന്റെ തെളിവാണ്—എന്റെ പത്നിയാവാൻ നിനക്ക് ഇഷ്ടമാണ് എന്നതിന്റെ തെളിവ്. ഞാൻ സ്വർഗ്ഗലോകത്തിന്റെ അധിപനാണല്ലോ. നിന്റെ ഏതാഗ്രഹവും ഞാൻ സാധിപ്പിക്കാം.' നഹുഷൻ പറഞ്ഞു.

ലജ്ജാവതിയായി ഇന്ദ്രാണി അടിനയിച്ചു.

'രാജൻ അങ്ങ് എനിക്ക് ചെറിയൊരു കാലാവധി തരണം. അതിനു പ്രത്യേകിച്ച് ഒരു കാരണമുണ്ട്.

എന്റെ ഭർത്താവായ ദേവേന്ദ്രൻ ജീവിച്ചിരിപ്പുണ്ടോ എന്നൊന്നന്വേഷിക്കണം. അറിവൊന്നും കിട്ടിയില്ലെങ്കിൽ എല്ലാം എളുപ്പമാകും. ഞാൻ അങ്ങയുടെ ഭാര്യയാവുകയും ചെയ്തുകൊള്ളാം.' ഇന്ദ്രാണി പറഞ്ഞു.

അവൾ പറയുന്നത് ശരിതന്നെയാണ്. അതായിരുന്നു നഹുഷന്റെ തോന്നൽ. അദ്ദേഹം ഇന്ദ്രാണിക്കുകാലാവധി നല്കി. ഇന്ദ്രാണിക്കു തല്ക്കാലം ആശ്വാസം കിട്ടി.

ദേവേന്ദ്രൻ വാസ്തവത്തിൽ എവിടെയാണ്? ദേവഗുരുവിനോ ദേവന്മാർക്കോ ഒരു തുമ്പും കിട്ടിയില്ലത്രെ. അവർ മഹാവിഷ്ണുവിനെ ചെന്നു കാണാൻ നിശ്ചയിച്ചു. ഭഗവാന് അറിഞ്ഞുകൂടാത്ത യാതൊന്നുമില്ലല്ലോ.

മഹാവിഷ്ണു ദേവേന്ദ്രനുള്ള സ്ഥലമേതെന്ന് അവരെ അറിയിച്ചു. അതോടൊന്നിച്ച് ദേവേന്ദ്രന്റെ ഇപ്പോഴത്തെ അവസ്ഥയും.

'ദേവേന്ദ്രൻ അശ്വമേധയാഗം അനുഷ്ഠിക്കട്ടെ. എന്നാൽ, സകല ദുരിതങ്ങളും അവസാനിക്കും. വീണ്ടും ദേവേന്ദ്രത്വം നേടുകയുംചെയ്യും.' ഭഗവാൻ കൂട്ടിച്ചേർത്തു.

പലരും ചേർന്ന് മഹാവിഷ്ണു സൂചിപ്പിച്ച സ്ഥലത്ത് എത്തിച്ചേർന്നു. അതെ, ദേവേന്ദ്രൻ അവിടെത്തന്നെയുണ്ട്. അവരോടുകൂടി ദേവേന്ദ്രൻ സ്വർഗ്ഗത്തേക്കു മടങ്ങി. അദ്ദേഹം സ്വയം പ്രകാശിപ്പിക്കാതെ നഹുഷനെ കണ്ടു. നഹുഷൻ ദേവേന്ദ്രനെ കണ്ടില്ല. എങ്കിലും ദേവേന്ദ്രനു ഭയം തോന്നി. അദ്ദേഹം വന്ന വഴിയെ തിരിയെ പൊയ്ക്കളഞ്ഞു.

ഇന്ദ്രാണിയുടെ കാര്യം കഷ്ടത്തിലായി. ആദ്യം ഭർത്താവ് പോയപ്പോൾ ഭാര്യ ദുഃഖിച്ചു. ഭർത്താവ് മടങ്ങി വന്നപ്പോൾ അവർക്ക് അത്യധികമായ സന്തോഷമായി. പക്ഷേ, ആ സന്തോഷം ക്ഷണികമായിരുന്നു. ഭർത്താവ് വീണ്ടും പൊയ്ക്കളഞ്ഞില്ലേ? ഭാര്യയുടെ ദുഃഖം പത്തിരട്ടിയായി.

ഉപശ്രുതി എന്നൊരു ദേവിയുണ്ട്. ഭാവിഫലം കാണിക്കുന്ന ദേവിയാണ്. ഉപശ്രുതിയെ ഉപാസിച്ചു ഇന്ദ്രാണി.

'ദേവീ, എനിക്കു പാതിവ്രത്യമുണ്ടെങ്കിൽ, എനിക്കു സത്യമുണ്ടെങ്കിൽ, അവിടുന്ന് എന്റെ ഭർത്താവിനെ എനിക്കു കാണിച്ചുതരണേ!' ഇന്ദ്രാണി യാചിച്ചു.

ഉപശ്രുതി പ്രത്യക്ഷമായി.

'ഇന്ദ്രാണീ, നിന്റെ പാതിവ്രത്യത്തിന്റെ ശക്തിയാണ് എന്നെ പ്രത്യക്ഷയാക്കിയത്. ഞാൻ നിന്റെ ഭർത്താവിനെ കാണിച്ചുതരാം. എന്നോടു കൂടി വരൂ.' ദേവി ആവശ്യപ്പെട്ടു.

ദേവിയോടൊന്നിച്ച് ഇന്ദ്രാണി യാത്രയായി. എത്ര വേഗത്തിലാണ്, എത്ര ദൂരമാണ്, യാത്ര ചെയ്തതെന്നോ? അവർ സരസ്സിന്റെ തീരത്തിലെത്തി. സരസ്സിൽ അനേകം താമരപ്പൂക്കൾ വിടർന്നുനില്പുണ്ട്. ഒരു താമരപ്പൂവിന്റെ നൂലിൽ ഒളിച്ചിരിക്കയാണ് ദേവേന്ദ്രൻ.

ഇന്ദ്രാണി ദേവേന്ദ്രനെ സകലതും വിസ്തരിച്ചു കേൾപ്പിച്ചു. തന്റെ ദുരിതങ്ങൾ വർണ്ണിക്കുകയുംചെയ്തു. അതിനു ശേഷം ഒരപേക്ഷയും സമർപ്പിച്ചു.

'അവിടുന്ന് സ്വർഗ്ഗലോകത്തേക്കു തിരിച്ചുവരണം. നഹുഷനെ വധിക്കണം. വീണ്ടും സ്വർഗ്ഗരാജാവായി വാഴണം.' ഭാര്യ ഭർത്താവിനോടു പറഞ്ഞു.

തത്കാലം അവിടുന്ന് പുറപ്പെടാൻ ദേവേന്ദ്രൻ തയ്യാറായില്ല. അദ്ദേഹത്തിന്റെ മനസ്സിൽ ഒരു പദ്ധതി രൂപംകൊണ്ടു. ആ പദ്ധതി നടപ്പിലാക്കാൻ ഭാര്യയുടെ സഹായം വേണ്ടിവന്നു.

'ഇപ്പോൾ എനിക്ക് നേരിട്ട് നഹുഷനെ തോല്പിക്കാൻ സാധിക്കയില്ല. ഞാനൊരു സൂത്രം പറഞ്ഞു തരാം. അത് ഏറ്റവും ഗോപ്യമായി വെച്ചുകൊള്ളണം. നീ നഹുഷനോട് ചിലതെല്ലാം ആവശ്യപ്പെടണം—അദ്ദേഹം നിന്നെ കല്യാണംകഴിക്കാൻ നിന്റെ ഭവനത്തിലേക്കു വരണമെന്ന്. മഹർഷിമാരെക്കൊണ്ടു പല്ലക്കു ചുമപ്പിച്ചിട്ടുവരുന്നത് പ്രൗഢിക്കു യോജിക്കുമെന്ന്. അങ്ങനെ എഴുന്നള്ളിവന്നാൽ നീ അദ്ദേഹത്തെ സന്തോഷത്തോടെ വരിച്ചുകൊള്ളാമെന്ന്. ഫലം വഴിയെ കാണാറാകും.' ദേവേന്ദ്രൻ പറഞ്ഞു.

ആ യുക്തി ഇന്ദ്രാണിക്കു സ്വീകാര്യമായി. അവർ ഉപശ്രുതിയുടെ സഹായത്തോടെ സ്വർഗ്ഗത്തിൽ തിരിച്ചെത്തി. നഹുഷനെ ചെന്നുകാണുകയായിരുന്നു ആദ്യത്തെ പ്രവൃത്തി.

ഇന്ദ്രാണിയെക്കണ്ടപ്പോൾ നഹുഷന്റെ മുഖം സന്തോഷംകൊണ്ടു വിടർന്നു.

'എന്തായി ഭർത്താവിനെക്കുറിച്ചുള്ള അന്വേഷണം?' അദ്ദേഹം ജിജ്ഞാസയോടെ ചോദിച്ചു.

'ഞാൻ അങ്ങയോട് കാലാവധി ആവശ്യപ്പെട്ടു. അങ്ങ് കാലാവധി അനുവദിച്ചുതരികയും ചെയ്തു. ഞാൻ അങ്ങയുടെ ഭാര്യയാകാൻ ഇനി വിസമ്മതിക്കുകയില്ല. എങ്കിലും എനിക്കൊരു ആഗ്രഹമുണ്ട്. അങ്ങ് ആ ആഗ്രഹം സാധിപ്പിച്ചുതരണം. അങ്ങ് ഏറ്റവും പ്രൗഢിയോടെ എന്റെ ഭവനത്തിലേക്ക് എഴുന്നള്ളണം. ദേവേന്ദ്രനു വാഹനമായി ഐരാവതമുണ്ടായിരുന്നു. ഉച്ചൈ

ശ്രവസുണ്ടായിരുന്നു. അവയെക്കാൾ കേമമായ വാഹനത്തിൽ വേണം അങ്ങ് എഴുന്നള്ളുവാൻ—അതായത് മഹർഷിമാരെക്കൊണ്ട് ചുമപ്പിക്കുന്ന പല്ലക്കിൽ.' ഇന്ദ്രാണി പുഞ്ചിരിയോടെ പറഞ്ഞു.

ഏറ്റവും ഇഷ്ടപ്പെട്ടു നഹുഷന് ആ പരിപാടി.

'ഷേ! ഒന്നാംതരം. മഹർഷിമാർ ഇന്നോളം ആരുടെയും പല്ലക്ക് ചുമന്നിട്ടില്ല. ആ കൃത്യം അവരെക്കൊണ്ടു ചെയ്യിക്കാൻ എനിക്കു മാത്രമേ സാധിക്കൂ. ഇന്ദ്രാണി അവർ ചുമക്കുന്ന പല്ലക്കിൽ കയറി ഞാൻ നിന്റെ ഭവനത്തിലേക്കു വരും. അങ്ങനെയായിരിക്കും എന്റെ കല്യാണഘോഷയാത്ര'. നഹുഷൻ ഗർവ്വത്തോടെ പറഞ്ഞു.

ഇന്ദ്രാണി മടങ്ങിപ്പോയി ക്ഷമകെട്ടു കാത്തിരുന്നു.

നഹുഷൻ കെങ്കേമമായി പല്ലക്കു വരുത്തി. അതു ചുമക്കാൻ മഹർഷിമാരേയും. അവരുടെ മാഹാത്മ്യത്തിനു യോജിച്ചതല്ല ഈ ജോലി. എന്നു പറഞ്ഞാലും പോര, ഏറ്റവും നികൃഷ്ടംകൂടിയാണ്. എന്നിരുന്നിട്ടും അവർ അതിന് ഒരുക്കമായി. നഹുഷൻ പല്ലക്കിൽ കയറി ഇരിപ്പായി. മഹർഷിമാർ അതെടുത്തു നടന്നും തുടങ്ങി.

പരിചയമില്ലാത്ത ജോലിയാണ് മഹർഷിമാർ ചെയ്യുന്നത്. അവർ മുമ്പോട്ടു പോയതു മന്ദഗതിയിൽ ആയിരുന്നു. നഹുഷനാണെങ്കിൽ അക്ഷമനാണുതാനും. കഴിയുന്നത്ര വേഗത്തിൽ ഇന്ദ്രാണിയുടെ ഭവനത്തിൽ എത്തിച്ചേരണം. മഹർഷിമാരുടെ മന്ദഗതി സ്വർഗരാജാവിനെ ചൊടിപ്പിച്ചു. അഗസ്ത്യനും ഉണ്ടായിരുന്നു പല്ലക്കു ചുമക്കുന്നവരുടെ കൂട്ടത്തിൽ. വേഗം വർദ്ധിപ്പിക്കാൻ ആജ്ഞാപിച്ചു, നഹുഷൻ. പക്ഷേ, വേണ്ടതുപോലെ വേഗം വർദ്ധിച്ചില്ല. അദ്ദേഹത്തിന് അതിയായ ദേഷ്യം വന്നു. ഒരൊറ്റ ചവിട്ട് അഗസ്ത്യ മഹർഷിയുടെ അഭിവന്ദ്യമായ ശിരസ്സിൽ!

ആരെയും ചവിട്ടാൻ പാടുള്ളതല്ല, പ്രത്യേകിച്ചു തലയിൽ. മഹർഷിമാരായാൽ പിന്നെ പറയണോ? അഗസ്ത്യൻ മഹർഷിമാരിൽ പ്രമുഖനുമാണ്. പോരെ?

'നഹുഷാ, നീ പെരുമ്പാമ്പായി ഭൂമിയിൽ പതിക്കട്ടെ.' അഗസ്ത്യൻ കോപിച്ചു ശാപമേകി.

പിന്നീട് മഹർഷിക്കു കനിവു തോന്നി.

'നീ ഭൂമിയിൽ വളരെക്കാലം ആ രൂപത്തിൽ കിടക്കും. അപ്പോൾ നീ ഒരു മനുഷ്യനെ കണ്ടെത്തും—ധർമ്മത്തെക്കുറിച്ചുള്ള നിന്റെ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നല്കുന്ന ഒരു മനുഷ്യൻ. ആ സമയം നീ പൂർവ സ്ഥിതി പ്രാപിക്കും.' മഹർഷി ശാപമോക്ഷം നല്കി.

ഉടനെതന്നെ നഹുഷൻ പെരുമ്പാമ്പായി രൂപം മാറി സ്വർഗത്തുനിന്നു ഭൂമിയിൽ എത്തി—സാധാരണ പെരുമ്പാമ്പിനെക്കാൾ എത്രയോ മടങ്ങു വലിപ്പമുള്ള ഒരു പെരുമ്പാമ്പ്. ഗുഹാപോലെ വലുതാണ് പെരുമ്പാമ്പിന്റെ വായ്. ഈ ഗുഹയിലാണ് പെരുമ്പാമ്പ് കിടക്കുന്നതും. കാട്ടുപോത്തോ കരടിയോ [illegible] തിന്നു; ആ മൃഗത്തിന്റെ കഥ!

[illegible]

[illegible]

'അങ്ങ് ദേവേന്ദ്രനെ കണ്ടുപിടിച്ചുകൊണ്ടുവരണം.' ദേവഗുരു ആവശ്യപ്പെട്ടു.

അഗ്നി ലോകം മുഴുവൻ അന്വേഷിച്ചു നടന്നു.

ഒരിടത്തും ദേവേന്ദ്രനെ കണ്ടുകിട്ടിയില്ല.

ഭഗ്നാശനായി അഗ്നി ദേവഗുരുവിന്റെ അടുക്കൽ തിരിച്ചെത്തി.

'ഞാൻ സകലയിടങ്ങളിലും ദേവേന്ദ്രനെ തിരഞ്ഞു. ഒരിടത്തും ദേവേന്ദ്രനെ കണ്ടെത്തിയില്ല. ഞാൻ വെള്ളത്തിൽ മാത്രം പരിശോധിച്ചില്ല. എനിക്കു വെള്ളത്തിൽ പ്രവേശിക്കാൻ സാധിക്കയില്ലല്ലോ. അഗ്നി പറഞ്ഞു.

'എന്നാൽ, ഞാൻ അങ്ങേക്ക് ഒരു മന്ത്രം ഉപദേശിക്കാം. ആ മന്ത്രത്തിന്റെ ശക്തികാരണം അങ്ങേക്കു ജലത്തിൽ പ്രവേശിക്കാൻ സാധിക്കും.' ബൃഹസ്പതി അറിയിച്ചിട്ട് ആ മന്ത്രോപദേശം നല്കി.

അഗ്നിദേവൻ ദേവേന്ദ്രനെ അന്വേഷിച്ച് ആ സരസ്സിലും എത്തി—അതായത്, ദേവേന്ദ്രൻ താമരനൂലിൽ ഒളിച്ചിരിക്കുന്ന സരസ്സിൽ. ദേവേന്ദ്രനെ കണ്ടുപിടിക്കുകയുംചെയ്തു.

അപ്പോഴേക്കും അഗ്നിയും ദേവേന്ദ്രനും മറ്റുള്ളവരും ഒന്നറിഞ്ഞു—നഹുഷൻ പെരുമ്പാമ്പായി ഭൂമിയിലേക്കു പോയെന്ന്. അറിയിച്ചത് അഗസ്ത്യമഹർഷിതന്നെയായിരുന്നു.

എന്തിനു പറയുന്നു, ദേവേന്ദ്രൻ സ്വർഗരാജ്യത്തെ വീണ്ടും സ്വീകരിച്ചു—രാജ്യത്തോടൊന്നിച്ച് പതിവ്രതയായ പത്നിയെയും.

നഹുഷനായ പെരുമ്പാമ്പ് ഭൂമിയിലെ ജീവിതം തുടർന്നുപോയി.

തലമുറകൾ ചിലതൊക്കെ കഴിഞ്ഞുപോയി. പാണ്ഡവന്മാരുടെ കാലവും വന്നുചേർന്നു. വനവാസം ആരംഭിച്ചു പാണ്ഡവന്മാർ. ഒരുനാൾ ഭീമൻ തനിയെ അവിടേക്കു ചെന്നു—നഹുഷൻ പെരുമ്പാമ്പായി കിടന്ന ഗുഹയുടെ അടുക്കലേക്ക്. പെരുമ്പാമ്പ് കേറി ഒരു പിടി! മഹാശക്തനായ ഭീമൻപോലും നിസ്സഹായനായി കിടന്നുപോയി. താമസിയാതെ യുധിഷ്ഠിരൻ അനുജനെ അന്വേഷിച്ചിറങ്ങി. ഭീമനുണ്ട് പെരുമ്പാമ്പിന്റെ ചുരുളുകൾക്കിടയിൽ അമർന്നിരിക്കുന്നു. യുധിഷ്ഠിരനെ കണ്ടപ്പോൾ നഹുഷനു മനസ്സിലായി—പണ്ട് അഗസ്ത്യമഹർഷി സൂചിപ്പിച്ചിരുന്ന ആൾ ഇതുതന്നെ! പെരുമ്പാമ്പ് യുധിഷ്ഠിരനോട് ഒന്നു പറഞ്ഞു—ശാപഗ്രസ്തനായ നഹുഷനാണ് താനെന്ന്. താൻ ധർമ്മത്തെക്കുറിച്ച് ചില ചോദ്യങ്ങൾ ചോദിക്കും. ചോദ്യങ്ങൾക്കു തൃപ്തികരമായ ഉത്തമങ്ങൾ നൽകാമോ? എന്നാൽ, ഭീമനെ മോചിപ്പിക്കാം എന്നാ യി നഹുഷൻ. തുടർന്ന് ഒന്നൊന്നായി പലേ ചോദ്യങ്ങളും ചോദിച്ചു. എല്ലാറ്റിനും ശരിയായ ഉത്തമങ്ങൾ നൽകി യുധിഷ്ഠിരൻ ധർമ്മപുത്രനാണല്ലോ ആ മഹാൻ. നഹുഷൻ ഭീമനെ മോചിപ്പിക്കുകതന്നെയുണ്ടായി.

അതോടെ ശാപമോക്ഷം സംഭവിച്ചു. പെരുമ്പാമ്പ് കിടന്നിടത്തു പെരുമ്പാമ്പില്ല. പകരം നഹുഷമഹാരാജാവിന്റെ തേജസ്സുറ്റ രൂപം.

'നിങ്ങൾക്കു മംഗളം ഭവിക്കട്ടെ!' നഹുഷൻ ആശീർവദിച്ചു.

അദ്ദേഹം ദിവ്യരൂപം ധരിച്ച് ആകാശത്തേക്ക് ഉയർന്നുയർന്നുപോയി.

(മഹാഭാരതം: ഉദ്യോഗപർവ്വം)

യയാതി

ഒരിക്കൽ നാരദമഹർഷി ഭൂലോകസഞ്ചാരം കഴിഞ്ഞു സ്വർഗലോകം സന്ദർശിച്ചു.

ദേവേന്ദ്രൻ ദിവ്യാതിഥിയെ സ്വീകരിച്ചിരുത്തി.

കുറെനേരം അവർ സംഭാഷണം നടത്തി.

'മഹർഷേ, ഭൂമിയിൽ സർവഗുണങ്ങളും തികഞ്ഞ രാജാവാരാണ്?' അക്കാര്യം അറിയാൻ ദേവേന്ദ്രന് ജിജ്ഞാസയുണ്ടായി.

'യയാതിതന്നെയാണ് ആ രാജാവ്. അദ്ദേഹം അങ്ങേക്കു തുല്യനുമാണ്. വളരെക്കാലമായി അദ്ദേഹം ധർമ്മനിഷ്ഠയോടെ രാജ്യംഭരിച്ചു വരികയാണ്.' നാരദൻ അറിയിച്ചു.

അതു കേട്ടപ്പോൾ ദേവേന്ദ്രൻ അസ്വസ്ഥനായി. അതിനു പ്രത്യേകിച്ചൊരു കാരണം ഇല്ലാതില്ല. നഹുഷന്റെ പുത്രനാണ് യയാതി. കുറേക്കാലം നഹുഷൻ സ്വർഗത്തിലെ രാജാവായിരുന്നല്ലോ. ദേവേന്ദ്രനായ തനിക്ക് അക്കാലത്ത് എന്തെല്ലാം ബുദ്ധിമുട്ടുകൾ ഉണ്ടായി! പിതാവിനെപ്പോലെ സ്വർഗം ഭരിക്കാൻ പുത്രനും ഇച്ഛിക്കുന്നുണ്ടാവുമോ? ദേവേന്ദ്രനു ഭയം തോന്നി. ഏതിനും യയാതിയെ നേരിട്ടൊന്നു കാണണം. ആ മനുഷ്യരാജാവിനെ ഇങ്ങോട്ടു വരുത്തുകതന്നെ. അതിനായി ദേവേന്ദ്രൻ തന്റെ സാരഥിയായ മാതലിയെ പറഞ്ഞയച്ചു.

മാതലി സ്വർഗത്തിൽനിന്നു പുറപ്പെട്ടു ഭൂമിയിലെത്തി.

ദേവസാരഥി യയാതിയെക്കണ്ട് ദേവേന്ദ്രന്റെ അഭിലാഷം അറിയിച്ചു.

പക്ഷേ, സ്വർഗത്തേക്കു പോകാൻ യയാതി കൂട്ടാക്കിയില്ല.

'ഹേ, മാതലീ, എനിക്ക് അങ്ങോട്ടു വരേണ്ടതായ ആവശ്യമൊന്നുമില്ല. ഭക്തികൊണ്ടും ധർമംകൊണ്ടും ഞാൻ ഈ ഭൂമിയിൽത്തന്നെ സ്വർഗം ചമയ്ക്കും. ആ വിവരം അങ്ങു മടങ്ങിപ്പോയി ദേവേന്ദ്രനെ അറിയിക്കൂ'. മാജാവ് സ്വശക്തിയിലുള്ള വിശ്വാസത്തോടുകൂടി പറഞ്ഞു.

മാതലി യയാതിയുടെ സന്ദേശവും വഹിച്ചുകൊണ്ട് സ്വർഗത്തിലേക്കു മടങ്ങിപ്പോയി.

വീൺവാക്കുകളല്ല യയാതി പറഞ്ഞത്. അദ്ദേഹം അവയെ പ്രായോഗികമാക്കാൻ പരിശ്രമം നടത്തി. നിരന്തരമായ വിഷ്ണുപൂജ നടത്തി അദ്ദേഹം. നാട്ടിൽ അങ്ങോളമിങ്ങോളം വിഷ്ണുപൂജ നടത്തിച്ചു. മാത്രമല്ല വിഷ്ണുനാമജപങ്ങളും മറ്റു പുണ്യകർമങ്ങളും. എന്തായിരുന്നു അതിന്റെയൊക്കെ ഫലം? ആധിയില്ലാതെയായി, വ്യാധിയില്ലാതെയായി, ദോഷമില്ലാതെയായി. എന്തിനു പറയുന്നു, ഒരിടത്തും മരണംപോലുമില്ലാതെയായി. ഭൂമി സ്വർഗത്തിനു സമാനമായി. എന്നു പറഞ്ഞാലും പോര, സ്വർഗത്തേക്കാൾ മേന്മയുള്ളതായി.

ആയിരമായിരം വർഷങ്ങൾ കടന്നുപോയി. എന്നിട്ടെന്ത്? രാജാവിനെ കണ്ടാൽ ഇരുപത്തഞ്ചു വയസ്സേ എന്നേ തോന്നുകയുള്ളൂ. അതേസമയം എല്ലാ പ്രജകൾക്കുമുണ്ടു നിത്യയൗവനം.

വാസ്തവത്തിൽ വിഷമിച്ചത് യമനായിരുന്നു. യയാതിയുടെ പ്രജകൾ പാപം ചെയ്യുന്നില്ല. അവർ മരിക്കുന്നുമില്ല. യമനു ജോലിയില്ലാതെയായി.

എത്രകാലമെന്നു വെച്ചു വെറുതെയിരിക്കും? യമൻ ഇരുന്നിരുന്നു മുഷിഞ്ഞു. അദ്ദേഹം ദേവേന്ദ്രനെക്കണ്ടു സഹായം അപേക്ഷിച്ചു. പക്ഷേ, ദേവേന്ദ്രന് എന്തു ചെയ്യാനൊക്കും? ആളയച്ചു ക്ഷണിച്ചിട്ടും യയാതി സ്വർഗം സന്ദർശിക്കാൻ കൂട്ടാക്കിയില്ല. ആട്ടെ, ഒരു പരിശ്രമംകൂടി നടത്തുകതന്നെ.

സൂത്രശാലിയാണല്ലോ ദേവേന്ദ്രൻ. പലരേയും മുമ്പു കെണിയിൽ പെടുത്തിയിട്ടുമുണ്ട്. ഇപ്പോഴും പ്രയോഗിച്ചു ഒരു കൗശലം. അദ്ദേഹം കാമദേവനെയും രതീദേവിയെയും വരുത്തി. മാത്രമല്ല, മകരന്ദനെയും ജരയെയും കുറെ ഗന്ധർവന്മാരെയും. എന്നിട്ട് എല്ലാവർക്കും വിശദമായ നിർദ്ദേശങ്ങൾ നല്കി. അതിന്റെ ഫലമായി എന്താണുണ്ടായത്? അവർ എല്ലാവരുംകൂടി ഒരു നാടകസംഘം ഉണ്ടാക്കി. നാടകക്കാരുടെ വേഷത്തിൽ യയാതിയുടെ രാജധാനിയിൽ എത്തുകയുംചെയ്തു.

രാജാവിന്റെ മുമ്പിൽ അവർ ഒരു നാടകം അഭിനയിച്ചു. വാമനാവതാരം ആയിരുന്നു കഥ. ഏറ്റവും ഗംഭീരമായിരുന്നു നാടകം. കൗതുകത്തോടെ യയാതി നാടകം വീക്ഷിച്ചുകൊണ്ടിരുന്നു. അതിനിടയ്ക്ക് ജര രാജാവിന്റെ ശരീരത്തിൽ കടന്നുകയറി. ജരയോടൊത്തു കാമദേവനും.

അന്നുവരെ യയാതി ജരയ്ക്ക് അടിമപ്പെട്ടിട്ടില്ല. കാമദേവനു വിധേയനും ആയിട്ടില്ല. ഇപ്പോഴിതാ അവർ രണ്ടുപേരും അദ്ദേഹത്തിൽ ആധിപത്യം സ്ഥാപിച്ചു.

അതിന്റെ ഫലം കുറെ നാളുകൾക്കുള്ളിൽ കാണുമാറായി.

ഒരുനാൾ യയാതി വേട്ടയ്ക്കായി കാട്ടിലേക്കു പോയി. അദ്ദേഹം ഒരു മാനിനെ പിന്തുടർന്നു. വളരെ ദൂരം പോയിട്ടും മാനിനെ കിട്ടിയില്ല. മാത്രവുമല്ല, മാൻ ഓടിമറയുകയുംചെയ്തു. രാജാവിനു ദാഹവും ക്ഷീണവും തോന്നി. വെള്ളം എവിടെ കിട്ടും? അന്വേഷിച്ചു നടന്നപ്പോൾ ഒരു തടാകം കണ്ടെത്തി. അതിലെ വെള്ളം കുടിച്ചു ദാഹം തീർത്തു. അതിലിറങ്ങി കുളിച്ചു ദേഹം ശുദ്ധി വരുത്തി. അതിനുശേഷം വിശ്രമിക്കാനാരംഭിച്ചു.

എന്താണു ദൂരദിക്കിൽനിന്നു വരുന്ന ശബ്ദം? യയാതി ചെവിയോർത്തു ശ്രദ്ധിച്ചു. മധുരമായ ഒരു ഗാനാലാപം. ഗാനം ചെയ്യുന്നതു പുരുഷസ്വരമല്ല, സ്ത്രീസ്വരമാണ്. രാജാവ് എഴുന്നേറ്റു ശബ്ദം പുറപ്പെടുന്ന ദിക്കിലേക്കു പോയി. അതാ നിൽക്കുന്നു, സൗന്ദര്യം വഴിഞ്ഞൊഴുകുന്ന ഒരു തരുണി!

നൊടിക്കുള്ളിൽ ആ തരുണി മറയുകയായി.

കുറേക്കഴിഞ്ഞു വീണ്ടും കേൾക്കുമാറായി അവളുടെ ഗാനാലാപം. തടാകത്തിന്റെ ഭാഗത്തുനിന്നാണ് ആ നാദം വരുന്നത്. യയാതി തടാകത്തിന്റെ തീരത്തിലേക്ക് ഉഴറിച്ചെന്നു. ജലത്തിൽ ഏറ്റവും വലിയൊരു താമരപ്പൂവ് വിരിഞ്ഞു നില്ക്കുന്നു. താമരപ്പൂവിൽ ഇരിപ്പുണ്ട് ഒരു ദിവ്യസുന്ദരി. അരികത്തു നില്ക്കുന്നു മുമ്പു കണ്ട തരുണി!

അപ്പോൾ യയാതിയുടെ ഹൃദയത്തിൽ ഒരു ആഗ്രഹം മൊട്ടിട്ടു—താമരപ്പൂവിൽ ഇരിക്കുന്ന ദിവ്യസുന്ദരി തന്റെ പത്നിയായെങ്കിൽ!

രാജാവിന്റെ ശരീരത്തിൽ കാമദേവൻ കയറിയിരുന്നല്ലോ. കാമദേവൻ വരുത്തിവെച്ചതാണ് ഈ തോന്നൽ. ദേവേന്ദ്രന്റെ നിർദ്ദേശപ്രകാരം പ്രവർത്തിച്ചതുമാണ് ആ കുസൃതിക്കാരൻ.

ജരയും കാമദേവനോടൊന്നിച്ചു യയാതിയെ ബാധിച്ചിരുന്നുവല്ലോ. അതു കാരണം രാജാവിന്റെ തൊലി ചുക്കിച്ചുളിഞ്ഞു. കഴിഞ്ഞിരിക്കുന്നു—വാർദ്ധക്യത്തിന്റെ ഒരു അടയാളം!

അദ്ദേഹം താമരപ്പൂവിലിരിക്കുന്ന ദിവ്യസുന്ദരിയെ നേരിട്ടു.

'ആരാണ് നിങ്ങൾ?' അദ്ദേഹം വിളിച്ചുചോദിച്ചു.

ദിവ്യസുന്ദരി ഒരക്ഷരം രാജാവിനോട് ഉരിയാടിയില്ല.എങ്കിലും തോഴിയായ തരുണിക്ക് ആജ്ഞനല്കി—വേണ്ടതെല്ലാം രാജാവിനെ അറിയിക്കണമെന്ന്.

വിശാല എന്നായിരുന്നു തോഴിയുടെ പേര്.

അവൾ സ്വാമിനിയെക്കുറിച്ചുള്ള വിവരങ്ങൾ യയാതിയെ അറിയിച്ചു.

പണ്ട് ശിവൻ ഒരിക്കൽ കാമദേവനെ ദഹിപ്പിക്കുകയുണ്ടായല്ലോ. നഷ്ടപ്പെട്ടുപോയ പ്രിയ ഭർത്താവിനെക്കുറിച്ചു ദുഃഖിച്ചു നാളുകൾപോക്കി രതീദേവി. ഈ തടാകത്തിൽ കുറേക്കാലം രതീദേവി ഇരുന്നിരുന്നു. ഒടുവിൽ കാമദേവൻ ജീവിച്ചപ്പോഴോ? രതീദേവി ആനന്ദാശ്രുക്കൾ പൊഴിച്ചു. ആ അശ്രുക്കളിൽ നിന്ന് ഒരു താമരപ്പൂവുണ്ടായി. താമരപ്പൂവിൽനിന്ന് വിശാലയുടെ സ്വാമിനിയുണ്ടായി. സ്വാമിനിയുടെ പേരോ, അശ്രുബിന്ദുമതി എന്നും.

'രാജൻ, ഞാൻ വരുണന്റെ പുത്രിയാണ്.' വിശാല കൂട്ടിച്ചേർത്തു.

'വിശാലേ, അശ്രുബിന്ദുമതിയെ വിവാഹംകഴിക്കണം എന്നാണ് എന്റെ ആഗ്രഹം. അവൾക്ക് എന്തുവേണമെങ്കിലും കൊടുക്കാൻ എനിക്കു സന്തോഷമായിരിക്കും.'

'ഏറ്റവും മാഹാത്മ്യമുള്ള പുരുഷനെ മാത്രമേ സ്വാമിനി വിവാഹംകഴിക്കുകയുള്ളൂ.'

'എനിക്കു മാഹാത്മ്യത്തിനു കുറവൊന്നുമില്ലല്ലോ.'

'അങ്ങേയ്ക്ക് ഒരു ന്യൂനതയുണ്ട്.'

'എന്താണത്?'

'രാജൻ അങ്ങയെ ജര ബാധിച്ചിരിക്കുന്നു. അങ്ങു വൃദ്ധനാണ് എന്നർത്ഥം'.

'അതെങ്ങനെയോ സംഭവിച്ചുപോയി. അതത്ര സാരമാക്കാനില്ല. അശ്രുബിന്ദുമതി എന്റെ പത്നിയായേ പറ്റുകയുള്ളൂ'.

'അഞ്ച് ആർക്കെങ്കിലും ജര കൊടുത്തിട്ട് യൗവനം സ്വീകരിക്കണം. എന്നാൽ, സ്വാമിനി അങ്ങയെ വിവാഹംകഴിക്കും.'

അതിനും യയാതി തയ്യാറായി. അദ്ദേഹം ചിലതെല്ലാം നിശ്ചയിച്ചു. എന്നിട്ടു വനം വിട്ടു രാജധാനിയിലേക്കു പോയി. ദേവയാനി, ശർമ്മിഷ്ഠ എന്നു രണ്ടു പത്നിമാരുണ്ട് അദ്ദേഹത്തിന്. രണ്ടുപേർക്കുമായി കുറെ പുത്രന്മാരുണ്ട്. ആ പുത്രന്മാരിൽ ആരെങ്കിലും യൗവനം കൈമാറാൻ തയ്യാറാവുമോ? അവരെ സമീപിക്കാൻതന്നെ അദ്ദേഹം നിശ്ചയിച്ചു. പുരു എന്ന പുത്രൻ മാത്രം പിതാവിനുവേണ്ടി ത്യാഗം അനുഷ്ഠിച്ചു.

(അക്കഥ 'മാലിഭാരതത്തിൽ' വിസ്തരിച്ചിട്ടുണ്ട്).

പുരു വാർദ്ധക്യം മേടിച്ചിട്ട് പിതാവിനു യൗവനം നല്കി. യുവാവായിത്തീർന്ന യയാതി പഴയ വനത്തിലെത്തി. അവിടെ വിശാലയും അശ്രുബിന്ദുമതിയും ഉണ്ടായിരുന്നു.

'വിശാലേ, ഞാനിതാ യൗവനത്തോടുകൂടി തിരിച്ചെത്തിയിരിക്കുന്നു. ഇനിയിപ്പോൾ എന്റെ ഭാര്യയാവാൻ അശ്രുബിന്ദുമതിക്കു വിരോധമുണ്ടാവില്ല.'

'രാജൻ, സ്വാമിനി വിവാഹത്തിന് ഇപ്പോഴും സമ്മതിക്കയില്ല.'

'എന്തുകൊണ്ട്?'

'അങ്ങേക്ക് ഇനിയുമൊരു ന്യൂനത അവശേഷിക്കുന്നു. അതുകൊണ്ടു തന്നെ.'

'എന്താണ് ആ ന്യൂനത?'

'അവിടുത്തേക്ക് ഇപ്പോൾതന്നെ രണ്ടു ഭാര്യമാരുണ്ട്. സ്വാമിനിക്ക് ഇഷ്ടമുള്ള കാര്യമല്ല അത്.'

'ഓഹോ, അതാണോ സംഗതി?'

'അതെ.'

'ശരി. എനിക്കിനി ദേവയാനിയും വേണ്ട, ശർമിഷ്ഠയും വേണ്ട. അശ്രുബിന്ദുമതി മാത്രം മതി.'

അപ്പോഴേക്കും അശ്രുബിന്ദുമതി സംസാരിച്ചു:

'മഹാരാജാവേ, എന്റെ കൈയിലടിച്ചു സത്യം ചെയ്യണം.' അവൾ ആവശ്യപ്പെട്ടു.

ഏതുവിധേനയും അവൾ തന്റെ പത്നിയാവണം. ഏതു ത്യാഗവും അധികമാവുകയില്ല. അതായിരുന്നു യയാതിയുടെ വിചാരം. അദ്ദേഹം അശ്രുബിന്ദുമതിയുടെ കൈയിലടിച്ചു സത്യം ചെയ്തു.

അങ്ങനെ അവൾ യയാതിയുടെ പത്നിയായി.

രാജാവിന്റെ സന്തോഷം പറയാനില്ല. കാര്യലാഭം ഉണ്ടായിരിക്കുകയല്ലേ? അദ്ദേഹം അവളെയും കൊണ്ടു യാത്രയായി. പലയിടങ്ങളിലും സൈരസഞ്ചാരം നടത്തി—ഉപവനങ്ങളിൽ, സമുദ്രതീരങ്ങളിൽ, പർവതങ്ങളിൽ, താഴ്വരകളിൽ. എത്ര സുഖം നിറഞ്ഞതായിരുന്നു അവരുടെ ദാമ്പത്യജീവിതം!

വളരെക്കാലം അങ്ങനെ കഴിഞ്ഞു.

'അശ്വമേധയാഗം കഴിക്കൂ.' അശ്രുബിന്ദുമതി യയാതിയോട് ആവശ്യപ്പെട്ടു.

ഭാര്യ എന്തു പറഞ്ഞാലും ഭർത്താവ് അനുസരിക്കും.

അദ്ദേഹം അവളോട് എതിർവാക്കു പറയുകയേയില്ല. ഗംഭീരമായി അദ്ദേഹം അശ്വമേധം കഴിച്ചു.

'എനിക്കിനി ഇന്ദ്രലോകവും വിഷ്ണുലോകവും കാണണം.' അശ്രുബിന്ദുമതി ആഗ്രഹം പ്രകടിപ്പിച്ചു.

ഇന്ദ്രലോകം എന്നത് സ്വർഗമാണല്ലോ. അവിടേക്കു പോകാൻ യയാതിക്ക് അത്ര താത്പര്യമില്ല. തന്റെ പ്രജകൾ ഇപ്പോൾ സുഖമായി ജീവിച്ചുപോരുകയാണ്. താൻ സ്വർഗത്തു പോയാൽ അവർക്കു ബുദ്ധിമുട്ടുകൾ ഉണ്ടാവാൻ ഇടയുണ്ട്. യമൻ വീണ്ടും വന്നെത്തി അവരെ ഉപദ്രവിക്കുകയുംചെയ്യും. യയാതി ഒന്നൊന്നായി പല തടസ്സങ്ങളും പറഞ്ഞു. പക്ഷേ, അവയൊന്നും അശ്രുബിന്ദുമതി കൂട്ടാക്കിയില്ല. അവളുടെ ഹിതം നിറവേറ്റാതെ നിവൃത്തിയില്ലെന്നായി അദ്ദേഹത്തിന്. അദ്ദേഹം പുത്രനായ പുരുവിനു യൗവനം തിരിച്ചു നല്കി. അവനിൽനിന്നു വാർധക്യം സ്വീകരിച്ചു. അവനെ രാജാവാക്കി

വാഴിച്ചു. അതിനുശേഷം അശ്രുബിന്ദുമതിയോടുകൂടി ഇഹലോകവാസത്തിൽനിന്നു യാത്രയായി.

ദമ്പതികൾ ആദ്യം സ്വർഗലോകത്തുചെന്ന് ദേവേന്ദ്രനെ കണ്ടു. പിന്നീട് ശിവലോകത്തു പോയി ശിവനെയും പാർവ്വതിദേവിയേയും വണങ്ങി. അതിനുശേഷം വിഷ്ണുലോകത്തെത്തി.

'യയാതീ, വരം മേടിച്ചുകൊള്ളൂ.' മഹാവിഷ്ണു പ്രസന്നനായി പറഞ്ഞു.

'ഭഗവാനേ, എനിക്ക് എന്നുമെന്നും അവിടുത്തെ ദാസ്യം മാത്രം മതി.' യയാതി ഭക്തിയോടെ പറഞ്ഞു.

യയാതിക്കും അശ്രുബിന്ദുമതിക്കും വൈകുണ്ഠവാസം അനുവദിച്ചു വിഷ്ണുഭഗവാൻ!

(പദ്മപുരാണം, അദ്ധ്യായം 64)

സോമകൻ

മഹാനുഭാവനായ മഹാരാജാവായിരുന്നു സോമകൻ. അദ്ദേഹത്തിന് നൂറു രാജ്ഞിമാരുണ്ടായിരുന്നു. എന്നിട്ടും ഒരൊറ്റ രാജ്ഞിപോലും ഒരു പുത്രനു ജന്മമേകിയില്ല.

ധർമത്തിൽനിന്ന് അണുപോലും വ്യതിചലിക്കാതെ സോമകൻ രാജ്യഭാരം തുടർന്നുപോയി.

ഭാഗ്യമെന്നേ പറയേണ്ടൂ, ഒരു രാജ്ഞിക്ക് ഒരു ആൺകുട്ടി പിറന്നു.

ജന്തു എന്നാണ് കുട്ടിയുടെ പേര്.

നൂറ് അമ്മമാർക്കുംകൂടി ഒരേയൊരു മകൻ! എല്ലാ അമ്മമാരും അവനെ അങ്ങേയറ്റം ലാളിച്ചു. അതിൽ അതിശയത്തിന് അവകാശവുമില്ല.

സാധാരണരീതിയിലുള്ള ലാളനയല്ലായിരുന്നു അത്. എല്ലാ സമയവും അവർ ജന്തുവിന്റെ അടുക്കൽത്തന്നെ ആയിരിക്കും. തങ്ങളുടെ സുഖം എന്നൊന്നിനെക്കുറിച്ച് അവർ ചിന്തിച്ചതേയില്ല. സകലരുടെയും ശ്രദ്ധ ജന്തുവിലായിരുന്നു—ജന്തുവിൽ മാത്രം!

എങ്ങനെ എന്നറിഞ്ഞില്ല. ഒരു ദിവസം ജന്തുവിനെ ഒരു കട്ടുറുമ്പു കടിച്ചു. വേദനയെടുത്ത് ജന്തു കിടന്ന് ഉറക്കെ കരഞ്ഞുതുടങ്ങി. ആദ്യമായിട്ടാണ് അവന് ആ അനുഭവമുണ്ടായത്.

കട്ടുറുമ്പു കടിച്ചാൽ വേദനിക്കും എന്നല്ലാതെ അപകടമൊന്നും ഉണ്ടാവുകയില്ല. കുട്ടികളെ കട്ടുറുമ്പു കടിക്കുക എന്നതു സാധാരണയുള്ള സംഭവവുമാണ്. എന്നിരുന്നാലും രാജപത്നിമാർക്ക് അതു കണ്ടുനില്ക്കാനുള്ള മനക്കരുത്തുണ്ടായില്ല. കുട്ടി കരയുന്നതോടൊപ്പം അവരും കരഞ്ഞുതുടങ്ങി. ആകെയൊരു കൂട്ടക്കരച്ചിൽ.

രാജാവ് കുട്ടക്കരച്ചിൽ കേൾക്കുകതന്നെ ചെയ്തു. എന്തോ അത്യാപത്തു സംഭവിച്ചിരിക്കണം എന്നായി അദ്ദേഹത്തിന്റെ ഊഹം. അദ്ദേഹം പരി

ശ്രമിച്ച് ഓടിച്ചെന്നു. അപ്പോഴാണു മനസ്സിലായത് വെറും ഉറുമ്പു കടി ആയിരുന്നുവെന്ന്!

പിതാവ് പുത്രനെ എടുത്ത് താലോലിച്ച് അവന്റെ കരച്ചിൽ മാറ്റി.

സോമകന്റെ ചിന്ത പത്യേകമൊരു വഴിക്കു തിരിയുകയായി. നൂറു പത്നിമാർക്കും കൂടി ഇപ്പോൾ ഒരു പുത്രനേയുള്ളു. ഓരോ രാജ്ഞിക്കും ഓരോ പുത്രനായാൽ നൂറു പുത്രന്മാരാകും. അപ്പോൾ എല്ലാവർക്കും സന്തോഷമാവും.

അദ്ദേഹം പുരോഹിതനെ വരുത്തി.

'നൂറു പുത്രന്മാർ ജനിക്കാൻ പ്രത്യേകിച്ചു വല്ല കർമവുമുണ്ടോ?' അദ്ദേഹം ചോദിച്ചു.

'ഒരു കർമമുണ്ട്. പക്ഷേ, അതു ചെയ്യാൻ സാധാരണയിൽ കവിഞ്ഞ ധൈര്യം വേണം. ആ ധൈര്യം പ്രദർശിപ്പിക്കാൻ അങ്ങ് തയ്യാറുണ്ടോ? ഉണ്ടെങ്കിൽ ഞാൻ കർമ്മം ചെയ്യാം.' പുരോഹിതൻ പറഞ്ഞു.

'എന്തു ബുദ്ധിമുട്ടുള്ളതായാലും ശരി, ഞാൻ തയ്യാറാണ്. ഞാൻ എന്താണ് വേണ്ടതെന്ന് അറിയിച്ചാൽ മതി.' സോമകൻ പറഞ്ഞു.

'എന്നാൽ, ഞാൻ അറിയിക്കാം. ഒരു ഹോമം നടത്തണം. ഹോമിക്കുന്നത് ജന്തുവിനെ ആയിരിക്കണം. അപ്പോൾ അഗ്നിയിൽനിന്നുയരുന്ന പുക രാജ്ഞിമാരെ മണപ്പിക്കണം. അങ്ങനെയായാൽ അവർ ഓരോരുത്തരും പ്രസവിക്കും. ജന്തുവാണെങ്കിലോ? ആ രാജകുമാരൻ പെറ്റമ്മയുടെ മകനായി വീണ്ടും ജന്മമെടുക്കും. അപ്പോൾ അവന്റെമേൽ സ്വർണനിറത്തിലുള്ള ഒരു മറുക് ഉണ്ടായിരിക്കും.' പുരോഹിതൻ ഭാവിഫലം അറിയിച്ചു.

ഹോമം ചെയ്യാൻ ഒരുക്കമായി സോമകൻ. അദ്ദേഹം വേണ്ടതായ ഏർപ്പാടുകളെല്ലാം പൂർത്തിയാക്കി. ഹോമത്തിനുള്ള മുഹൂർത്തവും വന്നെത്തി. ജന്തുവിനെയാണല്ലോ അഗ്നിയിൽ ഹോമിക്കുവാനുള്ളത്. അതിനായി പുരോഹിതൻ ജന്തുവിന്റെ ഇടതുകൈയിൽ കടന്നു പിടിച്ചു. അതു കണ്ടപ്പോൾ നൂറു രാജപത്നിമാരും സങ്കടപ്പെട്ടുപോയി. ജന്തു ഹോമിക്കപ്പെടുന്നതു കാണാൻ അവർക്കു ധൈര്യമുണ്ടായില്ല. തങ്ങൾ അതു സമ്മതിക്കയില്ലെന്നായി അമ്മമാർ. അവർ ജന്തുവിന്റെ വലതുകൈയിൽ കേറിപ്പിടിച്ചു. പുരോഹിതനും അവരും തമ്മിൽ ഒരു തരത്തിലുള്ള വടംവലിതന്നെ നടക്കുകയായി. ഒടുവിൽ പുരോഹിതൻ എങ്ങനെയോ ജന്തുവിനെ അഗ്നികുണ്ഡത്തിലിട്ടു. ഹോമാഗ്നിയിൽനിന്നും പുക ഉയരുന്നുണ്ടായിരുന്നു. ആ പുകയുടെ ഗന്ധം രാജപത്നിമാരുടെ മൂക്കുകളിൽ കടന്നുകയറി. അപ്പോൾത്തന്നെ അവരെല്ലാം ഗർഭംധരിക്കുകയുംചെയ്തു.

പത്തു മാസം കഴിഞ്ഞ് രാജപത്നിമാർ ഓരോരുത്തരും ഓരോ കുട്ടിക്കു ജന്മമേകി. മൃത്തകുട്ടി ജന്തുവിന്റെ രണ്ടാം ജന്മംതന്നെ ആയിരുന്നു.

ജന്തുവിന്റെ മുതുകിൽ സ്വർണനിറത്തിലുള്ള ഒരു മറുകു കാണപ്പെട്ടു —ആദ്യമേ പുരോഹിതൻ സൂചിപ്പിച്ചിരുന്നതുപോലെ.

എല്ലാവർക്കും ജന്തുവിനോടായിരുന്നു കൂടുതൽ സ്നേഹം. എല്ലാ കുട്ടികളിലും നല്ലവനും ജന്തുവായിരുന്നു. അതിനെക്കുറിച്ച് ആർക്കും ഒരു സംശയവും ഉണ്ടായിരുന്നില്ല.

കാലം കുറെ കഴിഞ്ഞപ്പോൾ പുരോഹിതൻ മരണമടഞ്ഞു.

പിന്നീട് സോമകനും പരലോകത്തു പോയി.

സോമകൻ ആരെയാണു പരലോകത്തു കണ്ടതെന്നോ? പുരോഹിതനെത്തന്നെ. ഏറ്റവും ദുരിതമയമായ അവസ്ഥയിലാണ് പുരോഹിതൻ. നരകത്തീയിൽ ദഹിക്കുകയായിരുന്നു അദ്ദേഹം!

അതു കണ്ടപ്പോൾ സോമകന്റെ ഹൃദയം അത്യന്തം ആർദ്രമായി.

'അങ്ങയുടെ ഈ ദുരനുഭവത്തിന് എന്താണ് കാരണം?' ഒന്നും മനസ്സിലാവാത്ത സോമകൻ ചോദിച്ചു. 'സോമകാ, അങ്ങ് എന്നെക്കൊണ്ട് ഒരു ഹോമം കഴിപ്പിക്കുകയുണ്ടായല്ലോ. ഞാൻ ഹോമം ചെയ്തതുതന്നെയാണ് എനിക്ക് ഈ വിന വരുത്തിവെച്ചത്.' പുരോഹിതൻ വാസ്തവം അറിയിച്ചു.

ദുഃഖം കലശലായി സോമകന്. പുരോഹിതൻ മാത്രമല്ല കുറ്റവാളി. ഹോമത്തിൽ തനിക്കും പ്രധാനമായ പങ്കുണ്ട്. എന്തായാലും ശരി, ഒരു പരിഹാരം കണ്ടുപിടിക്കണം. പുരോഹിതനെ രക്ഷപ്പെടുത്തുകയും വേണം– അതായിരുന്നു സോമകന്റെ നിശ്ചയം.

അദ്ദേഹം യമന്റെ മുമ്പിലെത്തി:

'ദേവാ, അവിടുന്ന് എനിക്ക് ഒരു ഉപകാരം ചെയ്യണം. എന്റെ പുരോഹിതന് അവിടുന്ന് മോചനം നല്കണം. പുരോഹിതനു പകരമായി ഞാൻ നരകത്തീയിൽ ദഹിച്ചുകൊള്ളാം. ഞാനാണ് അദ്ദേഹത്തെക്കൊണ്ട് ഹോമം കഴിപ്പിച്ചത്. അതിനാൽ എനിക്ക് എന്റേതായ ഉത്തരവാദിത്വമുണ്ട്.' സോമകൻ നിസ്സാർത്ഥതയോടുകൂടി പറഞ്ഞു.

യമൻ തനിക്കുള്ള ഒരു ബുദ്ധിമുട്ട് അറിയിച്ചു:

'സോമകാ, ഒരുവൻ ചെയ്യുന്ന കർമ്മത്തിന്റെ ഫലം മറ്റൊരുവൻ അനുഭവിച്ചുകൂടാ. പോരെങ്കിൽ നീ ചെയ്തിട്ടുള്ളത് പുണ്യകർമ്മങ്ങളാണ്. നിനക്ക് അനുഭവിക്കാനുള്ളത് പുണ്യലോകങ്ങളാണുതാനും.' യമൻ അറിയിച്ചു.

പക്ഷേ, സോമകന് അത് സ്വീകാര്യമായില്ല.

'ദേവാ, പുരോഹിതനില്ലാത്ത പുണ്യലോകങ്ങൾ എനിക്ക് ആവശ്യമില്ല. പകുതി പുണ്യവും പകുതി പാപവും ചെയ്തവരാണ് ഞങ്ങൾ രണ്ടുപേരും. അതിനാൽ പുണ്യത്തിന്റെയും പാപത്തിന്റെയും ഫലങ്ങൾ ഞങ്ങൾ തുല്യമായി അനുഭവിക്കാം.' സോമകൻ പറഞ്ഞു.

'അതെനിക്കു സമ്മതംതന്നെ. നീയും കുറെനാൾ നരകത്തീയിൽ ദഹിച്ചുകൊള്ളൂ.' യമൻ പറഞ്ഞു.

അങ്ങനെ രാജാവ് പുരോഹിതന്റെ ശിക്ഷയിൽ പങ്കാളിയായി. അവരൊന്നിച്ചു നരകത്തീയേറ്റു ദുരിതം അനുഭവിച്ചു. കുറേക്കാലം കഴിഞ്ഞതോടെ അവരുടെ പാപങ്ങൾ തീരുകയായി. അവർക്ക് പുണ്യലോകങ്ങൾ ലഭിക്കുകയുംചെയ്തു.

ശിബി

ത്യാഗശീലനാണ് ശിബി രാജാവ് എന്നായിരുന്നു ലോകരുടെ ദൃഢമായ വിശ്വാസം.

ആ വിശ്വാസം ശരിയായിരുന്നുതാനും. എങ്കിലും തനിക്ക് അത് നേരിട്ടൊന്ന് പരീക്ഷിച്ചറിയണം. അതായി ദേവേന്ദ്രന്റെ നിശ്ചയം.

അതുതന്നെയായിരുന്നു അഗ്നിദേവന്റെ നിശ്ചയവും.

ദേവേന്ദ്രൻ ഒരു പരുന്തായി. അഗ്നിദേവൻ ഒരു പ്രാവായി. പരുന്ത് പ്രാവിനെ പിടിക്കാനായി മുമ്പോട്ടു പറന്നു. പ്രാവ് പരുന്തിൽനിന്നു രക്ഷപ്പെടാനായി പറന്നുപോയി. ഇരുവരുടെയും ലക്ഷ്യസ്ഥാനം ശിബിയുടെ കൊട്ടാരമായിരുന്നു. ആദ്യം പ്രാവാണ് അവിടെ ചെന്നെത്തിയത്. ആ പക്ഷി പറന്നുചെന്ന് ശിബിയുടെ മടിയിൽ ഇരിപ്പായി. പേടിച്ചു കിടുകിടെ വിറയ്ക്കുന്നുമുണ്ടായിരുന്നു ആ പക്ഷി.

ചെറ്റു കഴിഞ്ഞ് പരുന്തും പറന്നെത്തി.

പ്രാവും പരുന്തും വാസ്തവത്തിൽ ആരാണെന്ന് ശിബി അറിഞ്ഞതേയില്ല.

പരുന്തിന് പ്രാവിനെ പിടിക്കണമെന്നുണ്ട്. പക്ഷേ, അതിനു കഴിവില്ല. കാരണം, രാജാവ് പ്രാവിന് അഭയം നല്കിയിരിക്കുകയാണ്.

രാജാവിനെ പരുന്ത് നേരിട്ടു:

'രാജൻ, ലോകം അങ്ങ് ധർമ്മിഷ്ഠനാണ് എന്ന് പറയുന്നു. അങ്ങയെ മുക്തകണ്ഠം വാഴ്ത്തുകയും ചെയ്യുന്നു. അത് തെറ്റാണ് എന്നു ഞാൻ ഇപ്പോൾ മനസ്സിലാക്കി. ഞാൻ വിശന്നു വലഞ്ഞിരിക്കയാണ്.എന്റെ ഭക്ഷണമായ പ്രാവിനെ അങ്ങ് വിട്ടുതരുന്നുമില്ല. ഇതു ധർമ്മമല്ല. അധർമ്മമാണ്.' പരുന്ത് ചൂണ്ടിക്കാട്ടി.

ശിബിക്ക് തന്റേതായ നീതീകരണമുണ്ടായിരുന്നു:

'പരുന്തേ, പ്രാവ് നിന്നെ ഭയന്ന് എന്നെ ശരണം പ്രാപിച്ചതാണ്. അതിനെ രക്ഷിക്കുന്നത് ധർമ്മമാണ്.ആത്മരക്ഷ യാചിക്കുന്നവരെ ഒരിക്കലും ഉപേക്ഷിച്ചുകൂടാ. ഉപേക്ഷിച്ചാൽ അത് ഏറ്റവും വലിയ തെറ്റായിരിക്കും.'

'രാജാവേ ഭക്ഷണമില്ലെങ്കിൽ ജന്തുക്കൾ ജീവിക്കുകയില്ല. എനിക്കു ഭക്ഷണം കിട്ടിയില്ലെങ്കിൽ ഞാൻ ചത്തുപോകും. ഞാൻ ചത്താൽ എന്റെ ഭാര്യയും പുത്രന്മാരും ചാവും. അങ്ങനെയായാൽ അനേകം പേർക്കു ജീവനാശം സംഭവിക്കും. അതിനു കാരണക്കാരൻ അങ്ങായിരിക്കും. അങ്ങ് ചെയ്യുന്നതു അധർമ്മവും ആയിരിക്കും.'

'നിനക്കു ഭക്ഷണമല്ലേ വേണ്ടു? എത്ര ഭക്ഷണം വേണമെങ്കിലും ഞാൻ നിനക്കു തരാം. പാവപ്പെട്ട ഈ പ്രാവിനെ മാത്രം വിട്ടുതരികയില്ല.'

'എനിക്കു മറ്റു ഭക്ഷണമൊന്നും ആവശ്യമില്ല. പ്രാവ് പരുന്തിന്റെ ഭക്ഷണമാണ്. ഈശ്വരൻ തീർച്ചപ്പെടുത്തിയിട്ടുള്ളതാണ് അത്. പരുന്ത് പ്രാവിനെ തിന്നുക എന്നുള്ളത് പണ്ടേ നടപ്പുള്ളതുമാണ്.'

'പരുന്തേ, ഈ പ്രാവിനെ ഞാൻ നിനക്കു തരികയില്ല. പകരമായി നിനക്ക് എന്തു വേണോ, അതു ഞാൻ തരാം — എന്റെ രാജ്യംപോലും!'

'രാജാവേ,അപ്പോൾ അങ്ങേയ്ക്ക് ഈ പ്രാവിനോട് ഇത്രയധികം കാരുണ്യമുണ്ട്, അല്ലേ? ശരി ഞാൻ പ്രാവിനെ വേണ്ടെന്നുവയ്ക്കാം. പക്ഷേ, പ്രാവിനു പകരം അങ്ങ് എനിക്കു മറ്റൊന്ന് തരണം – അതായത് പ്രാവിന്റെ തൂക്കത്തിനൊത്ത മാംസം. മറ്റ് ജന്തുക്കളുടെ മാംസമൊന്നും എനിക്ക് വേണ്ട താനും. അങ്ങയുടെ ദേഹത്തിൽനിന്നു മുറിച്ചെടുത്ത മാംസമാണ് ആവശ്യം!'

'അത്രയുള്ളോ? ഞാൻ സന്തോഷത്തോടുകൂടി സമ്മതിച്ചിരിക്കുന്നു!'

ശിബി ഉടൻതന്നെ ഒരു ത്രാസ് വരുത്തി. അദ്ദേഹം ആദ്യം പ്രാവിനെ ത്രാസിന്റെ ഒരു തട്ടിൽ വെച്ചു.പ്രാവിന്റെ തൂക്കത്തിലുള്ള മാംസം മറ്റേ തട്ടിൽ വെക്കണമല്ലോ. അദ്ദേഹം കത്തിയെടുത്ത് സ്വശരീരത്തിൽനിന്നു മാംസം മുറിച്ചെടുത്തു. രക്തം ധാരധാരയായി ഒഴുകിയിറങ്ങുന്നുണ്ട്. അതികഠിനമായ വേദനയുമുണ്ട്. അതൊന്നും ശിബി കൂട്ടാക്കിയില്ല. അദ്ദേഹം മുറിച്ചെടുത്ത മാംസത്തെ ഒഴിഞ്ഞ തട്ടിൽ വെച്ചു. പക്ഷേ, മാംസം മുറിച്ചെടുത്തതുകൊണ്ടു മാത്രമായില്ല. അതിനു പ്രാവിന്റെ തൂക്കംതന്നെ ആയിരിക്കണം. ഒട്ടും വ്യത്യാസമുണ്ടാകാൻ പാടുള്ളതല്ല. ശിബി ത്രാസിന്റെ തട്ടുകൾ പരിശോധിച്ചു. പ്രാവിരിക്കുന്ന തട്ട് അല്പം താഴ്ന്നുകിടക്കുന്നു. എന്താണ് അതിന്റെ അർത്ഥം? മുറിച്ചെടുത്ത മാംസം മതിയായില്ല എന്ന്!

രാജാവ് കുറച്ചു മാംസംകൂടി സ്വശരീരത്തിൽനിന്ന് വേറാക്കി. ആ മാംസംകൂടി തട്ടിൽവെച്ചു തൂക്കി നോക്കി. എന്നിട്ടും പ്രാവിരിക്കുന്ന തട്ടു താഴ്ന്നുകിടക്കുന്നു!

ഒന്നൊന്നായി പല തവണ ശിബി മാംസം വെട്ടിയെടുത്തു. പിന്നീട് ആ മാംസം തട്ടിലാക്കി. എന്നിട്ടും തൂക്കം ശരിയാവുന്നില്ല!

എന്തിനു പറയുന്നു, ഒടുവിൽ മുറിച്ചെടുക്കാൻ മാംസമേ രാജാവിന്റെ ശരീരത്തിൽ ഇല്ലെന്നായി!

ഇതൊക്കെയായിട്ടും ശിബിക്കു ജീവൻപോയില്ല. എല്ല് മുതലായവ ബാക്കിയുണ്ടുതാനും. അസ്ഥിമാത്രമായ രാജാവ് മാംസമുള്ള തട്ടിൽ കയറിയിരുന്നു.

ഇതെന്തൊരു ത്യാഗമാണ്! ഇങ്ങനെയൊന്ന് ആരും കണ്ടിട്ടുമില്ല. കേട്ടിട്ടുമില്ല!

ദേവേന്ദ്രന്റെ മനം തെളിഞ്ഞു.

'ശിബീ, പരുന്തിന്റെ രൂപം ധരിച്ച ഞാൻ വാസ്തവത്തിൽ ദേവേന്ദ്രനാണ്. പ്രാവിന്റെ രൂപം ധരിച്ചിരിക്കുന്നത് അഗ്നിദേവനും. അങ്ങയുടെ ത്യാഗശീലം പരീക്ഷിച്ചറിയാൻ വന്നതാണ് ഞങ്ങൾ. ഇപ്പോൾ അതു ഞങ്ങൾക്ക് നേരിട്ട് അനുഭവപ്പെട്ടിരിക്കുന്നു. ലോകമുള്ളിടത്തോളം അങ്ങയുടെ യശസ്സ് നിലനില്ക്കും!' ദേവേന്ദ്രൻ അനുഗ്രഹമേകി.

അതിനുശേഷം ദേവേന്ദ്രനും അഗ്നിദേവനും അപ്രത്യക്ഷരായി.

തത്ക്ഷണം ഒരു മഹാത്ഭുതം നടക്കുകയായി.

മാംസമെല്ലാം പോയിമറഞ്ഞല്ലോ ശിബിയുടെ ശരീരത്തിൽനിന്നും. ആ മാംസമാകെ വീണ്ടും ശരീരത്തിൽ സ്ഥലംപിടിച്ചു. മുറിവിന്റെ ഒരടയാളവും ഒരിടത്തും കാണപ്പെട്ടില്ല. ശിബി പഴയപോലെ ആരോഗ്യവാനായി!

മറ്റൊരു കഥയുണ്ട് ശിബിയുടെ മാഹാത്മ്യത്തിന്റെ തെളിവായിട്ട്.

അഷ്ടകൻ എന്നൊരു രാജർഷിയുണ്ട്, ശിബിയുടെ സുഹൃത്തായിട്ട്. വിശ്വാമിത്രമഹർഷിയുടെ പുത്രൻ കൂടിയാണ് അഷ്ടകൻ. പ്രതർദ്ദനൻ, വസുമനസ്സ് എന്നിവർ അഷ്ടകന്റെ അനുജന്മാരുമാണ്.

ഒരിക്കൽ അഷ്ടകൻ അശ്വമേധയാഗം നടത്തി. കെങ്കേമമായിരുന്നു ആ യാഗം. പലേ രാജാക്കന്മാരും യാഗത്തിൽ സന്നിഹിതരായി. കൂട്ടത്തിൽ ശിബിയും.

അഷ്ടകൻ അശ്വമേധം യഥാവിധി പൂർത്തിയാക്കി. അതിനുശേഷം ഒരു യാത്രയ്ക്കിറങ്ങി. പ്രതർദ്ദനനും വസുമനസ്സും ശിബിയും അഷ്ടകനോടൊന്നിച്ച് പോയി. നാലുപേരും യാത്രചെയ്തത് ഒരേ രഥത്തിലാണ്.

രഥം വളരെ ദൂരം പിന്നിട്ടുകഴിഞ്ഞു. അപ്പോഴേക്കും അവർ വഴിയിൽ ഒരു മഹർഷിയെ കണ്ടുമുട്ടി. നാരദനായിരുന്നു ആ മഹർഷി.

കൂടെ രഥത്തിൽ കയറാൻ നാരദനെ ക്ഷണിച്ചു നാലുപേരും. നാരദൻ ക്ഷണം സ്വീകരിച്ചു രഥത്തിൽ കയറി. അങ്ങനെ യാത്രക്കാർ നാലിനു പകരം അഞ്ചായി.

എല്ലാവരുമൊന്നിച്ച് ഉല്ലാസമായി സംഭാഷണം ചെയ്യുകയാണ്. നാരദനൊഴിച്ചുള്ള നാലുപേരും ഒരു ചർച്ചതുടങ്ങി. ഈ രഥം സ്വർഗത്തിലേക്കു പോകുന്നു എന്ന് വിചാരിക്കുക. ആകെ നാലുപേർക്കേ രഥത്തിലിരിക്കാൻ അനുവാദമുള്ളൂ എന്നു വയ്ക്കുക. ആ സ്ഥിതിക്ക് ഇപ്പോഴുള്ള അഞ്ചുപേരിൽ ഒരാൾക്ക് ഇറങ്ങേണ്ടതായിവരും. ഏറ്റവും മാഹാത്മ്യം കുറഞ്ഞയാൾ വേണമല്ലോ ഇറങ്ങാൻ. ആരാണ് ആ ആൾ? അതായിരുന്നു അവരുടെ സംശയം.

നാലുപേരും തമ്മിൽ സ്നേഹപൂർവ്വമായ തർക്കമായി.

ആരെങ്കിലും തർക്കം തീർക്കണമല്ലോ. ആർക്കാണ് അതിനുള്ള അർഹത? നാരദനുതന്നെ.

'അഷ്ടകൻ വേണം ഇറങ്ങാൻ'. നാരദൻ തീർപ്പുകല്പിച്ചു.

വെറുതെ തീർപ്പുകല്പിച്ചതുകൊണ്ടായില്ല. തീർപ്പിനുള്ള നീതീകരണം അറിയിക്കണം. അത് നാരദന്റെ ചുമതലയായി.

മഹർഷി മുമ്പു നടന്ന ഒരു സംഭവം വിവരിച്ചു.

പണ്ടൊരിക്കൽ അദ്ദേഹം അഷ്ടകന്റെ അതിഥിയായി താമസിക്കയായിരുന്നു. അപ്പോഴും അഷ്ടകൻ ഒരു രഥയാത്ര നടത്തുകയായി. ഒന്നിച്ച് നാരദനും ഉണ്ടായിരുന്നു. മഹർഷി യാത്രാമദ്ധ്യേ ഒരു കാഴ്ച കണ്ടു—ആയിരക്കണക്കിനു പശുക്കളെ നിർത്തിയിരിക്കുന്നു. ഇവ ഏതു പശുക്കളാണ് എന്നു ചോദിച്ചു നാരദൻ. താൻ ദാനം ചെയ്ത പശുക്കളാണ് എന്നായിരുന്നു അഷ്ടകന്റെ മറുപടി. വാസ്തവമാണ് അഷ്ടകൻ പറഞ്ഞത്. എന്നിരുന്നാലും അതിൽ ആത്മപ്രശംസ ധ്വനിച്ചിരുന്നു—വളരെ വമ്പിച്ച ദാനം ചെയ്തതിലുള്ള ഒരുതരം ഗർവവും. മഹത്തുക്കൾ ആത്മപ്രശംസ ചെയ്യാറില്ല. ആത്മപ്രശംസ ഒരു ദോഷമാണ്. അഷ്ടകന് ആ ദോഷമുണ്ട്. അക്കാരണത്താൽ അഷ്ടകൻ രഥത്തിൽനിന്ന് ഇറങ്ങണം!

നാരദന്റെ തീരുമാനത്തെ ആരും എതിർക്കുകയുണ്ടായില്ല. എങ്കിലും അതേസമയം മറ്റൊന്നു നിശ്ചയിക്കേണ്ടതായിവന്നു. അഷ്ടകൻ ഇറങ്ങിയാൽ

രഥത്തിൽ നാലുപേർ ബാക്കിയുണ്ടാവും. മൂന്നുപേർക്കേ സ്വർഗ്ഗത്തു പോകാനൊക്കൂ എന്നും വയ്ക്കുക. അപ്പോൾ ഇനിയൊരാൾ ഇറങ്ങേണ്ടതായി വരും. ആരായിരിക്കണം ആ ആൾ?

'ഇറങ്ങാനുള്ളത് പ്രതർദ്ദനനാണ്.' നാരദൻ അഭിപ്രായം പ്രകടിപ്പിച്ചു.

തുടർന്നു മഹർഷി അതിനുള്ള നീതീകരണം വ്യക്തമാക്കി.

അദ്ദേഹം മുമ്പൊരിക്കൽ പ്രതർദ്ദനന്റെ അതിഥിയായും പാർത്തിരുന്നു. പ്രതർദ്ദനനും അദ്ദേഹത്തെ ഉല്ലാസയാത്രയ്ക്ക് കൊണ്ടുപോയി. നാലു കുതിമകളെ പൂട്ടിയ തേരിലായിരുന്നു അവരുടെ യാത്ര. വഴിയിൽ ഒരു ബ്രാഹ്മണൻ നില്പുണ്ടായിരുന്നു. ഒരു കുതിരയെ ബ്രാഹ്മണൻ ദാനം ചോദിച്ചു. താൻ തിരിച്ചുവന്നതിനുശേഷം നൽകാം —അതായിരുന്നു പ്രതർദ്ദനന്റെ മറുപടി. പക്ഷേ, അപ്പോൾതന്നെ വേണം എന്നായി ബ്രാഹ്മണൻ. ആ സ്ഥിതിക്കു കൊടുക്കാതെ നിവൃത്തിയുണ്ടോ? പ്രതർദ്ദനൻ ഒരു കുതിരയെ അഴിച്ച് ബ്രാഹ്മണനു ദാനം ചെയ്തു.

മൂന്നു കുതിമകളെ പൂട്ടിയ തേരിൽ പ്രതർദ്ദനനും നാരദനും സഞ്ചാരം തുടർന്നു. കുറെക്കഴിഞ്ഞ് മറ്റൊരു ബ്രാഹ്മണൻ ഒരു കുതിരയെ ദാനം ചോദിച്ചു. പ്രതർദ്ദനൻ രണ്ടാം കുതിരയെ ദാനം ചെയ്തു. രണ്ടു കുതിരയെ പൂട്ടിയ തേരിലായി പിന്നത്തെ യാത്ര. ഒന്നൊന്നായി രണ്ടു ബ്രാഹ്മണരെ കണ്ടുമുട്ടി. അവർ ഓരോ കുതിരയെ ദാനം ചോദിച്ചു. പ്രതർദ്ദനൻ മൂന്നാം കുതിരയെയും നാലാം കുതിരയെയും നൽകി. തേരു വലിക്കാൻ ഇനി കുതിമകളില്ല!

പ്രതർദ്ദനൻതന്നെ കുതിരയുടെ സ്ഥാനത്തു തേരു വലിച്ചു തുടങ്ങി.

ഇഷ്ടമില്ലാതെ ചെയ്തതാണ് ആ കൃത്യം.

'ദാനം ചോദിക്കുന്നവർക്ക് അവരെപ്പറ്റി മാത്രമേ വിചാരമുള്ളൂ. വിവരമില്ലാത്തവർ!' പ്രതർദ്ദനൻ അതൃപ്തിയോടെ പിറുപിറുത്തു.

ഒരിക്കൽ ദാനം ചെയ്യുക. പിന്നീട് ചെയ്ത ദാനത്തെക്കുറിച്ച് കുണ്ഠിതപ്പെടുക—മഹാന്മാർ ചെയ്യുന്നതല്ല അതൊന്നും. മാത്രമല്ല, അതൊരു ദോഷംകൂടിയാണ്. ആ ദോഷം ചെയ്തിരുന്നു പ്രതർദ്ദനൻ. അക്കാരണത്താൽ പ്രതർദ്ദനൻ രഥത്തിൽനിന്നിറങ്ങണം. അതായിരുന്നു നാരദന്റെ വാദമുഖം.

ശരി. പ്രതർദ്ദനനും ഇറങ്ങി എന്നുവയ്ക്കുക. രഥത്തിൽ ബാക്കി മൂന്നു പേരുണ്ട്. രണ്ടുപേർക്കേ സ്വർഗത്തിൽ പ്രവേശമുള്ളൂ എന്നു വയ്ക്കുക. അപ്പോൾ ഇനിയൊരാൾ ഇറങ്ങേണ്ടിവരും. ആര് ഇറങ്ങണം അതായി അടുത്ത ചോദ്യം.

'വസുമനസ്സ് ഇറങ്ങണം.' നാരദൻ പറഞ്ഞു.

മഹർഷി അതിനുള്ള കാരണം അറിയിച്ചു.

ഒരിക്കൽ നാരദൻ വസുമനസ്സിന്റെയും അതിഥിയായിരുന്നു. വസുമനസ്സിനു വിശേഷപ്പെട്ട ഒരു പുഷ്പരഥമുണ്ട്. ആ പുഷ്പരഥം വാഴ്ത്താത്ത ആളുകൾ ഉണ്ടായിരുന്നില്ല. അവരോടൊപ്പം നാരദനും അതിനെ പുകഴ്ത്തി പറഞ്ഞു. എന്നാൽ, പുഷ്പരഥം നാരദന്റെ വകയുമാണ് എന്നായി വസുമനസ്സ്. സംഭാഷണത്തിനിടയിൽ വസുമനസ്സ് രണ്ടു പ്രാവശ്യംകൂടി അതുതന്നെ പറയുകയുണ്ടായി. വാസ്തവത്തിൽ പുഷ്പരഥം മറ്റാർക്കു കൊടുക്കാനും വസുമനസ്സിനു മനസ്സുണ്ടായിരുന്നില്ല. ഭംഗിവാക്കായി മാത്രം അദ്ദേഹം അപ്രകാരം പറഞ്ഞതാണ്. വ്യർഥവചനം എന്ന ദോഷമാണത്. ആ ദോഷം വസു

മനസ്സ് ചെയ്തിട്ടുണ്ടായിരുന്നു . അതിനാൽ, സ്വർഗത്തു പോകുന്ന രഥത്തിൽ നിന്ന് വസുമനസ്സ് ഇറങ്ങണം. അതായിരുന്നു നാരദന്റെ ദൃഢമായ അഭി പ്രായം.

പോട്ടെ, വസുമനസ്സും ഇറങ്ങി എന്നു വയ്ക്കുക. ബാക്കി രണ്ടുപേരുണ്ട് —അതായത്, നാരദനും ശിബിയും. ഒരാൾക്കേ സ്വർഗത്തു ചെല്ലാനൊക്കൂ എന്നും വയ്ക്കുക. അപ്പോൾ ഒരാൾ ഇറങ്ങേണ്ടതായി വരും. ആര് ഇറ ങ്ങണം? അതായിരുന്നു ഒടുവിലത്തെ ചോദ്യം.

'ഞാൻ വേണം ഇറങ്ങാൻ. ശിബിക്കാണു സ്വർഗത്തു പോകാൻ അർ ഹത. എന്നെക്കാൾ മാഹാത്മ്യം ശിബിക്കുണ്ട്.' നാരദൻ സംശയിക്കാതെ പറഞ്ഞു.

തുടർന്ന് മഹർഷി കാരണം അറിയിച്ചു.

'ഒരിക്കൽ ഒരു ബ്രാഹ്മണൻ ശിബിയെക്കണ്ട് ഒരു അപേക്ഷ സമർ പ്പിച്ചു. തനിക്ക് ഏറ്റവും ഇഷ്ടമുള്ള ഭക്ഷണം നല്കണം—അതായിരുന്നു ബ്രാഹ്മണന്റെ അപേക്ഷ. തീർച്ചയായും നല്കാം എന്നായിരുന്നു ശിബിയുടെ മറുപടി. ഏതൊരു രാജാവിന്റെയും കർത്തവ്യമാണല്ലോ അത്. എന്താണ് ബ്രാഹ്മണന് ഏറ്റവും ഇഷ്ടമുള്ള ഭക്ഷണം? അതറിഞ്ഞപ്പോൾ എല്ലാവരും അമ്പരന്നുപോയി.

ബൃഹദ്ഗർഭന് എന്നൊരു പുത്രനുണ്ട് ശിബിക്ക്. തനിക്ക് ബൃഹദ്ഗർഭ ന്റെ മാംസം പാകംചെയ്തു ഭക്ഷിക്കണം—അതായിരുന്നു ബ്രാഹ്മണന്റെ ആവശ്യം.

മാംസഭക്ഷണം തയ്യാറാവുമ്പോഴേക്കും താൻ തിരിച്ചെത്തിക്കൊള്ളാം— അത്രയും പറഞ്ഞിട്ട് ബ്രാഹ്മണൻ രാജസമക്ഷത്തുനിന്ന് ഇറങ്ങിപ്പോയി.

സാധാരണക്കാരൻ ചെയ്യുന്ന ഒന്നാണോ പ്രിയപുത്രനെ വധിപ്പിക്കുക എന്ന ഘോരകൃത്യം? പക്ഷേ, ശിബി സാധാരണക്കാരൻ അല്ലായിരുന്നു. വാഗ് ദാനം ചെയ്തുപോയിരുന്നു. അതു ലംഘിക്കുന്നതു മഹാപാപമാണ്. താൻ ആ മഹാപാപം ഒരിക്കലും ചെയ്യുകയില്ല. അദ്ദേഹം മകനെ വധിപ്പിച്ചു മാംസം പാകംചെയ്യിച്ചു. എന്നിട്ട് ബ്രാഹ്മണന്റെ വരവിനായി കാത്തിരിപ്പു തുടങ്ങി.

വളരെനേരം കാത്തിരുന്നിട്ടും പോയ ബ്രാഹ്മണന്റെ തിരിച്ചുവരവുണ്ടാ യില്ല. എന്നാലിനി ആ അതിഥിയെ കണ്ടുപിടിച്ചു ഭക്ഷണം കൊടുക്കുകത ന്നെ—അതായി ശിബിയുടെ നിശ്ചയം. അദ്ദേഹം മാംസപാത്രത്തെ തലയിൽ വെച്ചുകൊണ്ട് ബ്രാഹ്മണനെ അന്വേഷിച്ചിറങ്ങി. വളരെ ദൂരം താണ്ടിയപ്പോൾ അയാളെ കണ്ടെത്തുകയും ചെയ്തു. കോപാധിക്യംകൊണ്ട് ഭ്രാന്തനെ പ്പോലെ ആയിരിക്കയാണ് അയാൾ. അതു മാത്രമാണെങ്കിലും പോട്ടെന്നുവ യ്ക്കാം. അയാൾ തീക്കൊള്ളിയെടുത്തു കണ്ട വീടെല്ലാം തീയെരിക്കുന്നു! ഇതൊക്കെയായിട്ടും ശിബിക്ക് അതിഥിയോടു തെല്ലുപോലും വിരോധം തോന്നിയില്ല!'

'രാജാവേ, ഈ മാംസം അങ്ങു തിന്നണം!' ബ്രാഹ്മണൻ ആവശ്യ പ്പെട്ടു.

സ്വന്തം മകനെ അച്ഛൻ കൊല്ലിച്ചതും പോര, മകന്റെ മാംസം പാകം ചെയ്യിച്ചതും പോരാ—ആ മാംസം അച്ഛൻ തിന്നണംപോലും!

എന്നിട്ടും ശിബിക്കു ചാഞ്ചല്യം ഉണ്ടായില്ല.

'ഞാൻ ഭക്ഷിക്കാം.' അദ്ദേഹം പറഞ്ഞു.

രാജാവ് മാംസഭക്ഷണത്തിന് ഒരുക്കമായി.

അപ്രതീക്ഷിതമായി ബ്രാഹ്മണൻ അദ്ദേഹത്തെ വിലക്കി:

'രാജാവേ, അങ്ങിതു ഭക്ഷിക്കേണ്ട. അങ്ങ് അതിഥികൾക്കായി ചെയ്യാത്തത് യാതൊന്നുമില്ല.' ബ്രാഹ്മണൻ പറഞ്ഞു.

പെട്ടെന്ന് ബ്രാഹ്മണൻ അപ്രത്യക്ഷനായി.

വാസ്തവത്തിൽ അതിഥി മനുഷ്യനേ ആയിരുന്നില്ല. പിന്നെയോ, മനുഷ്യവേഷംപൂണ്ട ബ്രഹ്മാവായിരുന്നു. ശിബിയുടെ മാഹാത്മ്യം നേരിട്ടു പരീക്ഷിക്കണം—അതായിരുന്നു ബ്രഹ്മാവിന്റെ ഉദ്ദേശ്യം.

പരീക്ഷയിൽ ശിബി ജയിക്കയാണല്ലോ ചെയ്തത്. അതിന്റെ സദ്ഫലം അദ്ദേഹത്തിനു ലഭിക്കാതിരുന്നുമില്ല. പുത്രനായ ബൃഹദ്ഗർഭൻ വധിക്കപ്പെട്ടിരുന്നു. മാത്രമല്ല, മാംസം പാകപ്പെടുത്തുകയും ചെയ്തിരുന്നു. ഇപ്പോഴിതാ മരിച്ചിരുന്ന രാജകുമാരൻ ജീവിച്ചെഴുന്നേല്ക്കുന്നു. ശരീരത്തിൽ ഒരൊറ്റ പോറൽപോലും ഇല്ലതാനും!

മന്ത്രിമാർക്ക് ഒന്ന് അറിയാൻ ആഗ്രഹമുണ്ടായി.

'തമ്പുരാനേ, എന്തിനാണ് അവിടുന്ന് ഇങ്ങനെയൊരു ദാനം ചെയ്തത്?' അവർ ആദരവോടെ ചോദിച്ചു.

ശിബി സത്യം അറിയിച്ചു:

'മന്ത്രിമാരേ, എന്റെ ദാനം സമ്പത്തിനുവേണ്ടിയല്ല. സൗഖ്യത്തിനുവേണ്ടിയല്ല. യശസ്സിനുവേണ്ടിയല്ല. ദാനം പാപത്തെ ഇല്ലായ്മചെയ്യുന്നു. അതുകൊണ്ടുമാത്രം.' അദ്ദേഹം അവരോടു പറഞ്ഞു.

ഇക്കഥയാണ് നാരദൻ അവരോടു പറഞ്ഞത്. അതായത് അഷ്ടകൻ, പ്രതർദനൻ, വസുമനസ്സ് എന്നിവരോട്.

അവർക്ക് അതിനുശേഷം യാതൊരു സംശയവും അവശേഷിച്ചില്ല—തങ്ങളേക്കാൾ മഹാനാണ് ശിബി!

(മഹാഭാരതം, വനപർവം: തീർത്ഥയാത്ര)

സുശോഭനയും പുത്രന്മാരും

ഇക്ഷ്വാകുവിന്റെ വംശത്തിൽ പരീക്ഷിത്ത് എന്നൊരു രാജാവ് ജനിക്കുകയുണ്ടായി.

('മാലിഭാരത'ത്തിൽ വർണിച്ചിട്ടുള്ള പരീക്ഷിത്തല്ല ഈ രാജാവ്.)

അയോദ്ധ്യയാണ് പരീക്ഷിത്തിന്റെ രാജധാനി. ഒരു ദിവസം പരീക്ഷിത്ത് രാജധാനി വിട്ട് വനത്തിലേക്കു പോയി. കുതിരപ്പുറത്തായിരുന്നു യാത്ര. ഉദ്ദേശ്യം മൃഗങ്ങളെ വേട്ടയാടുക എന്നതും. രാജാവ് ഒരിടത്ത് ഒരു മാനിനെ കണ്ടെത്തി. മാൻ അതിവേഗത്തിൽ ഓടിത്തുടങ്ങി. രാജാവ് മാനിനെ പിന്തുടർന്നു കുതിരയോടിച്ചുപോയി. അമ്പെയ്താൽ മാനിന് ഏല്ക്കുകയില്ലെന്നു തീർച്ചയാണ്. അത്ര ദൂരത്തിലാണ് ആ മൃഗം ഓടിക്കൊണ്ടിരിക്കുന്നത്.

മുമ്പിൽ മാനും പിറകെ കുതിരപ്പുറത്ത് പരീക്ഷിത്തും വളരെ ദൂരം പിന്നിട്ടു.

അപ്പോഴേക്കും രാജാവിനു ദാഹമുണ്ടായി, ക്ഷീണവുമായി. വെള്ളം അന്വേഷിച്ചു നടന്നു അദ്ദേഹം. കുറെ ദൂരത്തായി വൃക്ഷങ്ങൾ തിങ്ങിനില്ക്കു

ന്നതു കാണായി. വൃക്ഷങ്ങൾക്കു നടുവിലായി ഒരു പൊയ്കയും. അദ്ദേഹം അവിടേക്കു ചെന്നു. പൊയ്കയിൽനിന്നു മതിയാവോളം വെള്ളം കോരിക്കുടിച്ചു. തുടർന്നു തളർന്നുപോയ കുതിരയെയും കുടിപ്പിച്ചു.അതിനുശേഷം ക്ഷീണം തീർക്കാനായി നിലത്തു കിടപ്പുമായി.

ഇമ്പമുള്ള ഒരു ഗാനം പരീക്ഷിത്തിന്റെ കർണങ്ങളിൽ വന്നലച്ചു.

ആൾസഞ്ചാരമില്ലാത്ത ഈ വനത്തിൽ ആരാണു പാടുന്നത്? അതും ഇത്ര മധുരമായിട്ട്? അതറിയാൻ പരീക്ഷിത്തിന് അതിയായ ഔത്സുക്യം ഉണ്ടായി. അദ്ദേഹം എഴുന്നേറ്റു സംഗീതം പുറപ്പെടുന്ന ദിക്കിലേക്കു കണ്ണയച്ചു. അകലേറിയ ഒരു യുവതി പാടിക്കൊണ്ടു പുവിറുക്കുന്നു!

യുവതിയുടെ സൗന്ദര്യം പരീക്ഷിത്തിനെ പൂർണമായും അടിമപ്പെടുത്തി.

അവളെ തന്റെ പത്നിയാക്കണം—ആ മോഹം രാജാവിന്റെ മനസ്സിൽ മൊട്ടിട്ടു. അദ്ദേഹം നേരേ അവളുടെ അടുക്കലേക്കു ചെന്ന് ആഗ്രഹം അറിയിച്ചു.

'രാജൻ, അതെനിക്കു സമ്മതംതന്നെ. പക്ഷേ, ഒരു കരാറിന്മേൽ മാത്രം.' അവൾ പറഞ്ഞു.

'എന്താണ് കരാർ?' പരീക്ഷിത്ത് ആകാംക്ഷയോടെ അന്വേഷിച്ചു.

'എന്തു വന്നാലും ശരി, എന്നെ ഒരിക്കലും ജലം കാണിച്ചുകൂടാ.' അവൾ ഉത്തരം നല്കി.

ജലം കാണിക്കാൻ പാടില്ലത്രെ! ഏറ്റവും വിചിത്രമായ കരാറായിരുന്നു അത്. പക്ഷേ, വിചിത്രമെന്നൊന്നും പരീക്ഷിത്തിനു തോന്നിയില്ല. അവളെ ഭാര്യയാക്കാൻ അദ്ദേഹത്തിന് അത്ര തിടുക്കമായിരുന്നു! അദ്ദേഹം അവളുടെ കരാർ അപ്പാടെ സ്വീകരിക്കുകതന്നെചെയ്തു.

അങ്ങനെ അവർ ഭർത്താവും ഭാര്യയുമായി.

അവർ ആ വനത്തിൽ സ്വൈവിഹാരം ചെയ്തു.

രാജാവിനെ കുറെ നേരമായിട്ടു കാണാതിരിക്കുകയല്ലേ? പരിജനങ്ങൾ പരിഭ്രാന്തരായി. അദ്ദേഹത്തെ അന്വേഷിച്ചു നടന്നു. ഒടുവിൽ അദ്ദേഹത്തെ കണ്ടെത്തുകയുംചെയ്തു.

രാജാവ് പുതിയ വധുവിനെ പല്ലക്കിൽ കയറ്റിച്ചു. അതിനുശേഷം താനും കയറിയിരുന്നു. പരിജനങ്ങളുടെ അകമ്പടിയോടുകൂടി യാത്രയുമായി.

രാജധാനിയിൽ എത്തിച്ചേർന്നപ്പോഴോ? രാജാവ് വധുവിനു പ്രത്യേകമായ ഒരു അന്തഃപുരം ഏർപ്പാടുചെയ്തു. അന്തഃപുരത്തിൽ മിക്കവാറും ആരുമില്ലെന്നു പറയാം. വധു വെള്ളം കാണാൻ പാടുള്ളതല്ലല്ലോ. എങ്ങനെയെങ്കിലും വെള്ളം കണ്ടുപോയാൽ കുഴപ്പമാവുകയില്ലേ? അവളോടുകൂടി രാജാവും അന്തഃപുരത്തിൽ താമസമാക്കി.

ദിവസം ഒന്നൊന്നായി കഴിഞ്ഞുപോയി. രാജാവ് ആരെയും കാണുന്നില്ല. ആരും രാജാവിനെയും കാണുന്നില്ല. വല്ലാത്തൊരു അവസ്ഥതന്നെ!

ഇതിലെന്തോ രഹസ്യമുണ്ട്. അക്കാര്യം എല്ലാവർക്കും തീർച്ചയായി. എന്തായിരിക്കും ആ രഹസ്യം. അതൊന്നു കണ്ടുപിടിക്കണം. പ്രധാനമന്ത്രി ഒരു ശ്രമം നടത്തി.

അയാൾ ഒരു ദാസിയോടു രഹസ്യത്തിൽ കാരണം അന്വേഷിച്ചു.

'തമ്പുരാനും തമ്പുരാട്ടിയും എന്തിനിങ്ങനെ ആരെയും കാണാതെ കഴിയുന്നു?' അയാൾ ചോദിച്ചു.

'എന്താണെന്ന് എനിക്ക് ശരിക്കറിഞ്ഞുകൂടാ. എന്തോ ഒരു കാരണമുണ്ട്. തിടുക്കത്തിനും ഞങ്ങൾക്ക് ഒരു ആജ്ഞ തന്നിട്ടുണ്ട്. എന്തുവന്നാലും ശരി, ഞങ്ങൾ ഉള്ളിടത്തേക്കു വെള്ളം കൊണ്ടുപോയ്ക്കൂടാ എന്ന്.' ദാസി പറഞ്ഞു.

വെള്ളം കൊണ്ടുപോയാൽ എന്തുണ്ടാവും? അതറിയാൻ അതിയായ ജിജ്ഞാസ തോന്നി പ്രധാനമന്ത്രിക്ക്. അയാൾ ഒരു ഉപായം ആലോചിച്ചുറച്ചു ഉപായത്തെ പ്രയോഗത്തിൽ വരുത്തുകയുംചെയ്തു. പുതുതായി ഒരു പുഷ്കാവനം നിർമ്മിക്കപ്പെട്ടു. പുഷ്കാവനത്തിൽ ഒരു വള്ളിക്കുടിൽ ഉണ്ടാക്കി. ഒരിടത്തു ചെറിയൊരു പൊയ്കയും കുഴിച്ചു. പൊയ്ക ആരും എളുപ്പത്തിൽ കണ്ടുപിടിക്കുകയില്ല—അതിൽ പ്രധാനമന്ത്രി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അയാൾ രാജാവിന്റെ അടുക്കലേക്കു കയറിച്ചെന്നു—രാജാവിന് അത് ഇഷ്ടമാവുകയില്ല എന്ന് അറിയാമെങ്കിലും.

'തിരുമേനീ, ഞാൻ പുതിയൊരു പുഷ്കാവനവും വള്ളിക്കുടിലും ഉണ്ടാക്കിയിരിക്കുന്നു. അവിടുത്തേക്കും തമ്പുരാട്ടിക്കുംവേണ്ടി പ്രത്യേകം ഉണ്ടാക്കിയതാണ്. രണ്ടുപേർക്കും അവിടം ഏറ്റവും സുഖമായി തോന്നും. അവിടെ, വെള്ളം ഒട്ടില്ലതാനും.' പ്രധാനമന്ത്രി പൊളി പറഞ്ഞു.

പരീക്ഷിത്തും രാജ്ഞിയും അവിടേക്കു പോയി. നല്ലവണ്ണം പരിശോധിച്ചപ്പോഴോ? ഏറ്റവും ഇഷ്ടമാവുകയുംചെയ്തു. അതിനുശേഷം ഇരുവരും അവിടെയായി മിക്ക സമയവും.

അവിചാരിതമായി പൊയ്ക അവരുടെ കണ്ണിൽ പെട്ടു.

എത്ര തെളിഞ്ഞ വെള്ളമാണു പൊയ്കയിൽ! പളുങ്കുപോലെ. നല്ല കുളിർമയും.

ആ നിമിഷത്തിൽ രാജ്ഞി എന്താണു ചെയ്തതെന്നോ? വെള്ളത്തിൽ ഒരു ചാട്ടം. മുങ്ങിത്താഴ്ന്നു. പൊങ്ങിയുമില്ല.

കുറെ നേരം രാജാവ് കാത്തു നിന്നു. എന്നിട്ടും ഭാര്യയെ കാണാനില്ല! അവൾ മുങ്ങിമരിച്ചുവോ? എന്തായാലും കാര്യം അറിയണം. അദ്ദേഹം പരിചാരകന്മാരെ വിളിച്ചുവരുത്തി.

'പൊയ്കയിലെ വെള്ളം വറ്റിക്കുവിൻ.' അദ്ദേഹം അവർക്ക് ആജ്ഞ നല്കി.

പരിചാരകന്മാർ ക്ഷണത്തിൽ വെള്ളം വറ്റിച്ചു.

അടിയിൽ ഒരു കുഴി കാണുമാറായി. കുഴിയിൽ എന്താണു കാണപ്പെട്ടത്? ഏറ്റവും വമ്പനായ ഒരു തവള!

ഈ തവള കാരണമാവണം രാജ്ഞിയെ കാണാതായത്—അതായി പരീക്ഷിത്തിന്റെ ധാരണ.

ആ നിമിഷം അദ്ദേഹത്തിനു തവളകളോടൊക്കെ ഒടുങ്ങാത്ത ശത്രുത തോന്നി

'എന്റെ രാജ്യത്തുള്ള തവളകളെയെല്ലാം കൊന്നൊടുക്കട്ടെ! എന്നെ ആർക്കെങ്കിലും കാണണമെന്നുണ്ടെങ്കിലോ? അവർ ആദ്യമായി കൊന്ന തവളകളെ കാഴ്ച വെക്കണം!' ക്രൂരമായ ആ ആജ്ഞ നല്കി രാജാവ്.

രാജാജ്ഞയെ ധിക്കരിക്കാനൊക്കുമോ? ആളുകൾ വടികളുമേന്തി ചുറ്റി നടന്നു. ഏതു തവളയെക്കണ്ടാലും ശരി, അവർ അതിനെ അടിച്ചു കൊല്ലുകയായി.

ആ രാജ്യത്ത് തവളകൾക്ക് യാതൊരു രക്ഷയുമില്ല എന്ന സ്ഥിതിയായി.

ഒരു തവളരാജാവുണ്ടായിരുന്നു. പ്രത്യേകമായി സിദ്ധികളുള്ള തവള രാജാവായിരുന്നു. ഇഷ്ടമുള്ള രൂപം ധരിക്കാം എന്നത് ഒരു സിദ്ധിയാണ്. ഒരു മഹർഷിയുടെ രൂപം ധരിച്ചു തവളരാജാവ്. എന്നിട്ട് പരീക്ഷിത്തിന്റെ മുമ്പിലെത്തി.

'രാജൻ, തവളകൾ നിരുപദ്രവികളാണ്. അവ ആർക്കും ഒരു ദ്രോഹവും ചെയ്യുന്നില്ല. അവയെ ഇങ്ങനെ കൊന്നൊടുക്കുന്നത് പാപമാണ്. തവളയെ കൊന്നാൽ കൊല്ലുന്നവന് ഒരു ലാഭവും കിട്ടുന്നില്ല. അങ്ങയുടെ ആജ്ഞ പ്രകാരമാണ് ആളുകൾ തവളകളെ കൊല്ലുന്നത്. അങ്ങ് ദയവുചെയ്ത് ആ ആജ്ഞ പിൻവലിക്കണം.' മഹർഷിവേഷത്തിലുള്ള തവളരാജാവ് അഭ്യർത്ഥിച്ചു.

പരീക്ഷിത്തിന് അത് സമ്മതമായില്ല.

'മഹർഷേ, ഇക്കാര്യം മാത്രം എന്നോടു പറയേണ്ട. ഒരു തവള എന്റെ പ്രിയപ്പെട്ട രാജ്ഞിയെക്കൊണ്ടുപോയി. എനിക്കു തവളകളോടാകെ ഒടുങ്ങാത്ത പകയുണ്ട്. സകല തവളകളേയും നശിപ്പിച്ചിട്ടേ ഞാൻ അടങ്ങുകയുള്ളൂ!' രാജാവ് നിശ്ചയം അറിയിച്ചു.

അപ്പോൾ വന്നയാൾ സ്വയം വെളിപ്പെടുത്തി.

'രാജൻ, വാസ്തവത്തിൽ ഞാൻ തവളരാജാവാണ്. മഹർഷിയുടെ രൂപം ധരിച്ചുവന്നു എന്നെയുള്ളൂ.എന്റെ പേര് ആയുസ്സ് എന്നാണ്. അങ്ങയുടെ ഭാര്യ എന്റെ പുത്രിയുമാണ്. സുശോഭന എന്നാണ് അവളുടെ പേര്. പേരുകേട്ടാൽ തോന്നും അവൾ നല്ല ശീലമുള്ളവളാണ് എന്ന്. ശരിക്കു പറഞ്ഞാൽ ദുശ്ശീലമാണ് അവൾക്കുള്ളത്. ഇതിനുമുമ്പ് പല രാജാക്കന്മാരെയും അവൾ ചതിച്ചിരിക്കുന്നു.' ആയുസ്സ് അറിയിച്ചു.

'അതൊന്നും സാരമില്ല. അങ്ങ് അവളെ എനിക്ക് തന്നേ കഴിയൂ.' പരീക്ഷിത്ത് ശഠിച്ചു.

ഗത്യന്തരമില്ലാതെ തവളരാജാവ് പുത്രിയെ രാജാവിനു തിരിച്ചേല്പിച്ചു.

സുശോനേയുടെ സ്വഭാവദൂഷ്യം ആയുസ്സിനെ അത്യധികം ദേഷ്യപ്പെടുത്തി.

'സുശോഭനേ, നീ പലേ രാജാക്കന്മാരെയും ദ്രോഹിക്കുകയുണ്ടായി. നിന്റെ ദുഃസ്വഭാവം കാരണം നിനക്ക് സന്തുക്കളല്ലാത്ത പുത്രന്മാരുണ്ടാകട്ടെ!' പിതാവ് പുത്രിക്ക് ശാപമേകി.

പരീക്ഷിത്തിനെ സംബന്ധിച്ചിടത്തോളം ആ ശാപം ഒരു പ്രശ്നമായിരുന്നില്ല. തനിക്കു രാജ്ഞിയെ തിരിച്ചുകിട്ടിയില്ലേ? അതു മതിയായിരുന്നു അദ്ദേഹത്തിന്.

ദമ്പതികൾ വളരെക്കാലം സുഖജീവിതം നയിച്ചു.

കാലക്രമേണ അവർക്ക് മൂന്നു പുത്രന്മാരുണ്ടായി—ശലനും, ദലനും, ബലനും.

പരീക്ഷിത്തിന് വാർദ്ധക്യം വന്നു ചേർന്നപ്പോഴോ? അദ്ദേഹം മുത്തപുത്രനായ ശലനു രാജ്യം നല്കി. അതിനുശേഷം തപസ്സു ചെയ്യാനായി കാട്ടിലേക്കു പോയി.

ഒരിക്കൽ ശലരാജാവ് നായാട്ടിനായി കാട്ടിൽ എത്തി. തേരിലാണ് രാജാവ് സഞ്ചരിച്ചിരുന്നത്. ഒരിടത്ത് ഒരു മാനിനെ കാണാൻ ഇടയായി. പ്രാണരക്ഷയ്ക്കായി വെപ്രാളപ്പെട്ട് ഓടിപ്പോവുകയായിരുന്നു ആ സാധുമൃഗം.

'എടോ വേഗത്തിൽ തേരോടിച്ച് ആ മാനിന്റെ അടുക്കലെത്തൂ.' ശലൻ തേരാളിയോട് ആജ്ഞാപിച്ചു.

ഇത്ര വേഗമുള്ള മാനിനെ തേരാളി അന്നോളം കണ്ടിരുന്നില്ല.

'തിരുമേനീ, എത്ര വേഗത്തിൽ തേരോടിച്ചാലും പ്രയോജനമില്ല. മഹർഷിയുടെ പക്കലുള്ള കുതിരകളെ ഈ തേരിൽ പൂട്ടിയാലും ശരി—ഫലമൊന്നും ഉണ്ടാവുകയില്ല. അത്രയധികം വേഗമുള്ള മാനാണ് ഇത്.' തേരാളി പറഞ്ഞു.

അപ്പോൾ രാജാവിന് ഒന്നു തീർച്ചയായി—മഹർഷിയുടെ പക്കലുള്ള കുതിരകൾക്കാണ് ഏറ്റവും വേഗം.എന്നാൽ, ഇനി ആ കുതിരകളെ തനിക്കു കൈക്കലാക്കണം—അതായി അദ്ദേഹത്തിന്റെ ആഗ്രഹം.

'ആരാണ് ആ മഹർഷി?' അദ്ദേഹം ചോദിച്ചു.

തേരാളി വല്ലാത്ത സങ്കടത്തിൽ പെട്ടുപോയി. ഏതു മഹർഷിയെന്ന് അയാൾക്കറിയാം. വാമദേവൻ എന്ന മഹർഷിയാണത്. അക്കാര്യം താൻ തമ്പുരാനോട് പറഞ്ഞെന്നിരിക്കട്ടെ. തമ്പുരാൻ വാമദേവനിൽനിന്ന് കുതിരകളെ പിടിച്ചെടുക്കും. അപ്പോൾ മഹർഷി കോപിച്ചു ശപിക്കും. ഇനി, തനിക്ക് അറിയാവുന്നത് തമ്പുരാനോട് പറഞ്ഞില്ലെങ്കിലോ? തമ്പുരാൻ ക്രുദ്ധനായി തന്നെ ശിക്ഷിക്കും.

അയാൾ ഉത്തരം പറഞ്ഞില്ല.

'എടോ, ഏതു മഹർഷിയാണ്? മര്യാദയ്ക്ക് പറയണം. അല്ലാത്തപക്ഷം ഞാനിപ്പോൾ നിന്റെ തലവീശും!' ശലൻ ആക്രോശിച്ചു.

രാജാവ് ഉറയിൽനിന്ന് വാൾ വലിച്ചൂരി.

തേരാളിക്കു മറ്റു വഴി ഇല്ലാതായി.

'വാമദേവമഹർഷിയാണ്, പൊന്നുടയതേ!' അയാൾ ജീവരക്ഷയ്ക്കായി സത്യം പറഞ്ഞു.

ശലന്റെ ദേഷ്യം അടങ്ങി.

'ശരി. വാമദേവന്റെ ആശ്രമത്തിലേക്കു തേർ തെളിക്കൂ!' അദ്ദേഹം ആജ്ഞാപിച്ചു.

തേരാളി രാജാവിനെ അവിടെ എത്തിച്ചു.

ശലൻ വാമദേവനെ കണ്ടു.

'മഹർഷേ, ഞാൻ ഒരു മാനിനെ വേട്ടയാടുകയായിരുന്നു. ഏറ്റവും വേഗത്തിലായിരുന്നു മാനിന്റെ ഓട്ടം. എനിക്ക് അതിനെ കൊല്ലാൻ കഴിഞ്ഞില്ല. എനിക്ക് അതിനെ കിട്ടണമെന്നുണ്ട്. അങ്ങയുടെ പക്കൽ ചില കുതിരകളുണ്ടല്ലോ എനിക്ക് അവയെ തരണം.' രാജാവ് അപേക്ഷിച്ചു.

വാമദേവൻ ആ അപേക്ഷ തിരസ്കരിച്ചില്ല.

'രാജാവേ, ഞാൻ കുതിരകളെ തരാം. പക്ഷേ,ആവശ്യം കഴിഞ്ഞാൽ അങ്ങ് അവയെ എനിക്ക് മടക്കിത്തരണം.' മഹർഷി പറഞ്ഞു.

അപ്രകാരം ചെയ്യാമെന്നേറ്റു ശലൻ. അദ്ദേഹം മഹർഷിയിൽനിന്നും കുതിരകളെ സ്വീകരിച്ചു. അവയെ തന്റെ രഥത്തിൽ പൂട്ടാൻ തേരാളിയോട് കല്പിച്ചു. തേരാളി അപ്രകാരം ചെയ്തു രഥം ഓടിച്ചു പോയി. എവിടേക്കെന്നോ? കാട്ടിലേക്ക്. മാനിനെ കണ്ടെത്താൻ. ഒടുവിൽ ആ മൃഗത്തെ കണ്ടെത്തുകയുംചെയ്തു. മാൻ പൂർവ്വാധികം വേഗത്തിൽ ഓടാൻ ആരംഭിച്ചു. പക്ഷേ, ഇപ്രാവശ്യം രക്ഷപ്പെടാൻ സാധിച്ചില്ല. മാനിനെക്കാൾ വേഗമുണ്ടായിരുന്നു ഇപ്പോൾ തേരിൽ പൂട്ടിയിട്ടുള്ള കുതിരകൾക്ക്. മാൻ രാജാവിന്റെ ശമത്തിന് ഇരയായി.

'എടോ, ഈ കുതിരകൾ മഹർഷിമാർക്ക് ആവശ്യമില്ല. ഞാൻ ഇവയെ വാമദേവനു തിരിച്ചുകൊടുക്കുന്നില്ല. എന്നെ വേഗം കൊട്ടാരത്തിൽ എത്തിക്കൂ.' രാജാവ് തേരാളിയോട് കല്പിച്ചു. വാമദേവൻ കുതിരകൾക്കായി കാത്തിരുന്നു.

ദിവസങ്ങൾ പലതും കഴിഞ്ഞു. എന്നിട്ടും രാജാവ് കുതിരകളെ തിരിച്ചെത്തിച്ചില്ല. മാസം ഒന്നുമായി.

മഹർഷി ആത്രേയൻ എന്ന ശിഷ്യനെ അരികിൽ വിളിച്ചു:

'ആത്രേയാ, നീ ഉടൻതന്നെ പുറപ്പെട്ട് ശലരാജാവിനെ കാണണം. എന്റെ കുതിരകളെ മേടിക്കണം. അവയെ ഇങ്ങോട്ടു കൊണ്ടുപോരികയും വേണം.' മഹർഷി നിർദ്ദേശിച്ചു.

കാലം കളയാതെ ആത്രേയൻ ശലന്റെ രാജധാനിയിൽ എത്തിച്ചേർന്നു.

'രാജൻ, ഗുരുവിന്റെ കുതിരകളെ തിരിച്ചു തരിക.' മുനിശിഷ്യൻ അപേക്ഷിച്ചു.

ശലൻ വാഗ്ദാനലംഘനമാണു ചെയ്തത്.

'ഹേ മുനിശിഷ്യാ, ഈ കുതിരകൾ രാജാക്കന്മാർക്കു വേണ്ടിയുള്ളവയാണ്. മഹർഷിമാർക്ക് ഇവയെക്കൊണ്ട് ഒരു കാര്യവുമില്ല. കുതിരകൾ എന്റെ പക്കൽ ഇരുന്നോട്ടെ. അങ്ങ് വന്നവഴിയെ പൊയ്ക്കൊള്ളണം. രാജാവ് ധിക്കാരത്തോടെ പറഞ്ഞു.

ആത്രേയൻ ആശ്രമത്തിലേക്കു മടങ്ങിച്ചെന്ന് ഗുരുവിനെ വിവരം അറിയിച്ചു.

വാമദേവൻ ഉടൻതന്നെ ഇറങ്ങിത്തിരിച്ചു. രാജാവിനെ ചെന്നുകണ്ടു. അവർ തമ്മിൽ ഒരു സംവാദമുണ്ടായി.

'രാജാവേ, അങ്ങ് എന്റെ കുതിരകളെ ആവശ്യാനുസരണം ഉപയോഗിച്ചുകഴിഞ്ഞു. ഇനി അവയെ എനിക്കു മടക്കിത്തരണം. അല്ലാത്തപക്ഷം അങ്ങേയ്ക്ക് ആപത്തുണ്ടാവും.'

'മഹർഷേ, അങ്ങയെപ്പോലുള്ളവർക്ക് യോജിച്ച വാഹനം ഇരട്ടക്കാളവണ്ടിയാണ്. ഞാൻ വണ്ടിയും തരാം, രണ്ടു കാളകളെയും തരാം.'

'എനിക്ക് എന്റെ കുതിരകൾ മതി.'

'കുതിര വേണം എന്നാണു നിർബന്ധം, അല്ലേ? ശരി, ഞാൻ അങ്ങേയ്ക്കു മറ്റു കുതിരകളെ തരാം. അല്ലാത്തപക്ഷം കഴുതകളെ തരാം. നാലു കഴുതകളെ തരുന്നതിനും എനിക്കു വിരോധമില്ല. അവയെ പൂട്ടിയ വണ്ടിയിൽ അങ്ങേയ്ക്ക് ആശ്രമത്തിൽ തിരിച്ചെത്താം.'

'രാജാവേ, മഹർഷിമാർക്കു തപശ്ശക്തിയുണ്ട് എന്ന വാസ്തവം മറന്നു, അല്ലേ? അങ്ങയുടെ പ്രാണൻ പോകാതെ നോക്കണം എന്നുണ്ടോ? ഉണ്ടെ

ങ്കിൽ എന്റെ കുതിരകളെ തിരിച്ചുതരണം. അല്ലാത്തപക്ഷം ഞാൻ തപശ്ശക്തികൊണ്ട് നാലു രാക്ഷസന്മാരെ സൃഷ്ടിക്കും. ആ രാക്ഷസന്മാർ ശൂലംകൊണ്ട് അങ്ങയെ കുത്തിക്കൊല്ലും!'

'മഹർഷേ, ഞാൻ ചെയ്യുന്നതു കേൾക്കേണ്ടേ? ഞാൻ ഭൃത്യരെ വിട്ട് അങ്ങയെ ശൂലംകൊണ്ട് കൊല്ലിക്കും - ഒന്നിച്ച് അങ്ങയുടെ ശിഷ്യനെയും!'

'തിരിച്ചുതരാമെന്നു വാഗ്ദാനം ചെയ്തിട്ടാണു അങ്ങ് എന്റെ കുതിരകളെ കൊണ്ടുപോയത്. വാഗ്ദാനം പാലിക്കാത്തപക്ഷം അങ്ങേയ്ക്ക് ജീവൻ കളയേണ്ടതായിവരും. ഞാനിത് അവസാനമായി പറയുകയാണ്!'

എന്നിട്ടും ശലൻ കൂട്ടാക്കിയില്ല. എന്തു വന്നാലും കുതിരകളെ കൊടുക്കുകയില്ല. അത്ര നിർബന്ധമായിരുന്നു.

വാമദേവനു കുതിരകളെ കൂടിയേ കഴിയൂ. രാജാവ് അവയെ തിരിച്ചേല്പിക്കുന്നുമില്ല. ഭീഷണി പ്രായോഗികമാക്കിയാലേ കുതിരകളെ കൊണ്ടുപോകാനൊക്കൂ. മഹർഷി തപശ്ശക്തി പ്രയോഗിച്ചു. തത്ക്ഷണം നാലു രാക്ഷസന്മാർ അവിടെ ആവിർഭവിച്ചു. അവർ ശലനെ ശൂലംകൊണ്ട് കുത്തിക്കൊന്നു.

ശലന്റെ മരണാനന്തരം ഇളയ സഹോദരനായ ദലൻ രാജാവായി.

വാമദേവൻ രാജാവിനോടു കുതിരകളെ തിരിച്ചുനൽകണമെന്ന് ആവശ്യപ്പെട്ടു.

ദലനും ശലനെപ്പോലെ ദുർമ്മദനായിരുന്നു. ആ രാജാവും അശ്വങ്ങളെ വാമദേവനു കൊടുത്തില്ല. പോരെങ്കിൽ മറ്റൊരു സാഹസത്തിന് ഉദ്യുക്തനായി.

രാജാവ് കുറെ കിങ്കരന്മാരെ വിളിച്ചു.

'ഈ മഹർഷിയെ വിഷത്തിൽ മുക്കിയ അമ്പെയ്യുവിൻ.' അതായി രാജാവിന്റെ ആജ്ഞ.

കിങ്കരന്മാർ ആ ഘോരകൃത്യത്തിനു തയ്യാറായി.

'ദലാ, ഈ അമ്പു കൊള്ളുന്നത് എനിക്കായിരിക്കയില്ല. അങ്ങയുടെ പത്തു വയസ്സായ പുത്രനിലായിരിക്കും.' വാമദേവൻ താക്കീതു നല്കി.

അതിലൊട്ടും വിശ്വാസം തോന്നിയില്ല ദലന്. ഒരാളെ ലാക്കാക്കി അയയ്ക്കുന്ന അമ്പു മറ്റൊരാൾക്ക് ഏല്ക്കുംപോലും! ഒരിക്കലും നടക്കാത്ത കാര്യം! വെറുതെ പറയുകയാണ് ഈ മഹർഷി.

കിങ്കരന്മാർ മഹർഷിയെ ലാക്കാക്കി അമ്പയച്ചു. വിചിത്രം എന്നല്ലാതെ എന്താണു പറയുക? അമ്പു പാഞ്ഞുപോയത് വാമദേവന്റെ നേർക്കല്ല. പിന്നെയോ, അന്തഃപുരത്തിൽ ഇരിക്കുന്ന രാജകുമാരന്റെ നേർക്ക്! മാത്രവുമല്ല, ആ ആയുധം ആ രാജകുമാരന്റെ ശരീരത്തിൽ ചെന്നു തറയ്ക്കുകയും ചെയ്തു. ഒന്നാമത് ഏറ്റവും ഊക്കോടെ പാഞ്ഞെത്തിയ അമ്പ്, രണ്ടാമത് വിഷത്തിൽ മുക്കിയതും. ഒരു നിമിഷത്തിനുള്ളിൽ രാജകുമാരൻ മരിച്ചു വീണതിൽ അതിശയിക്കാനുണ്ടോ?

ദലന്റെ രോഷം പെട്ടെന്നു കത്തിജ്ജ്വലിച്ചു. താൻതന്നെ വാമദേവനെ എയ്തു കൊല്ലും. രാജാവ് അമ്പും വില്ലും കൈക്കലാക്കി. പക്ഷേ, അമ്പെയ്യാൻ സാധിച്ചില്ല. കൈ അനക്കാൻ വയ്യ!

മഹർഷി ദലന്റെ കൈ സ്തംഭിപ്പിക്കുകയാണു ചെയ്തത്.

'ദലാ, അങ്ങ് അങ്ങയുടെ പത്നിയെ അമ്പെയ്യൂ!' വാമദേവൻ വിളിച്ചു പറഞ്ഞു.

അനുസരിക്കാതെ നിവൃത്തിയുണ്ടായില്ല ദലന്. കാരണം, അനിഷേധ്യം ആയിരുന്നു ആ ആജ്ഞ. തപശ്ശക്തിയുടെ പ്രഭാവം!

ദലൻ പത്നിയെ അമ്പെയ്തു. ആ അമ്പ് രാജ്ഞിക്ക് ഏല്ക്കുകയും ചെയ്തു. പക്ഷേ, ഒരപകടവും ഉണ്ടായില്ല. അതായിരുന്നു വാമദേവന്റെ ഇച്ച. രാജപത്നി നന്മയുള്ളവൾ ആയിരുന്നു. അവൾ മരണശിക്ഷ അർഹിച്ചിരുന്നില്ല.

'രാജ്ഞീ, എന്തു വേണമെങ്കിലും ആവശ്യപ്പെട്ടുകൊള്ളു. അതു ഞാൻ തരാം.' വാമദേവൻ സൗമ്യനായി പറഞ്ഞു.

'എന്റെ ഭർത്താവ് പാപങ്ങൾ ചെയ്തു. അവയിൽനിന്ന് അദ്ദേഹത്തിന് മോചനം ലഭിക്കട്ടെ.' രാജ്ഞി അപേക്ഷിച്ചു.

'അവിടുത്തെ ആഗ്രഹംപോലെ നടക്കട്ടെ.' വാമദേവൻ ആശീർവദിച്ചു.

ദലന് വാമദേവന്റെ മാഹാത്മ്യം മനസ്സിലായി. രാജാവ് മഹർഷിക്ക് കുതിരകളെ തിരിച്ചു നല്കി. മഹർഷി അവയുമായി ആശ്രമത്തിലേക്കു യാത്രയുമായി.

(മഹാഭാരതം, വനപർവം: മാർക്കണ്ഡേയസമസ്യ)

പുരൂരവസ്സ്

ബുധന്റെ പുത്രനാണ് പുരൂരവസ്സ്. അതേസമയം രാജാവും. തേജസ്വിയും യശസ്വിയുമാണ് അദ്ദേഹം.

സ്വർഗലോകത്തെ സുന്ദരികളുടെ മുൻപന്തിയിലാണ് ഉർവശി. സാധാരണയായി മനുഷ്യരായ പുരുഷന്മാരെ സ്വർഗസ്ത്രീകൾ വിവാഹംചെയ്യുകയില്ല. ദേവവർഗത്തേക്കാൾ താഴേക്കിടയിലാണല്ലോ മനുഷ്യവർഗ്ഗം. എങ്കിലും ഉർവശി പുരൂരവസ്സിന്റെ പത്നിയായി.

ദമ്പതികൾ പലയിടങ്ങളിൽ വളരെക്കാലം സുഖജീവിതം തുടർന്നു പോയി.

അവർക്ക് ഏഴു പുത്രന്മാർ ജാതരായി.

അമ്പത്തൊമ്പതു കൊല്ലം ദമ്പതികളായി ജീവിച്ചു പുരൂരവസ്സും ഉർവശിയും.

അപ്പോഴേക്കും സ്വർഗവാസികളായ ദേവന്മാർക്ക് ഒന്നു തോന്നി. ഉർവശി ഇല്ലാത്തതുകാരണം സ്വർഗലോകത്തിനാകെ ഒരു മങ്ങൽ ഉള്ളതുപോലെ! ശോഭ വീണ്ടും കിട്ടണമെങ്കിൽ ഉർവശി മടങ്ങിവന്നേ കഴിയുകയുള്ളു. അവർ തങ്ങളുടെ ആഗ്രഹം പുരൂരവസ്സിനെ അറിയിച്ചു. ഉർവശി പുരൂരവസ്സിനെ ഉപേക്ഷിച്ചു സ്വർഗത്തിൽ തിരിച്ചെത്തി—രാജാവിന് ആ വേർപാട് ഒട്ടും ഇഷ്ടമായില്ലെങ്കിലും.

(മഹാഭാരതം: ഹരിവംശപർവം)

രജി

പുരുരവസ്സിന്റെ പരമ്പരയിൽപ്പെട്ട രാജാവാണ് രജി. മഹാശക്തനും മഹാനുഭാവനുമാണ് അദ്ദേഹം. അഞ്ഞൂറു പുത്രന്മാരുണ്ട് രജിക്ക്. ശക്തന്മാരും വീരന്മാരുമാണ് അവരെല്ലാം.

ഒരിക്കൽ ദേവന്മാരും അസുരന്മാരും തമ്മിൽ യുദ്ധം നിശ്ചയിക്കപ്പെട്ടു. എന്തായിരിക്കും യുദ്ധത്തിന്റെ ഫലം? അതു കാലേകൂട്ടി അറിയാൻ ഔത്സുക്യം തോന്നി ഇരുകക്ഷികൾക്കും. അവർ പ്രത്യേകം പ്രത്യേകമായി ബ്രഹ്മാവിന്റെ അടുക്കലെത്തി. ഭാവിഫലം അറിയിക്കണമെന്ന് ഭഗവാന് ഒരേ പേക്ഷയും സമർപ്പിച്ചു.

രജി ഉള്ളടത്തു ധീരതയുണ്ട്. രജിയും ധീരതയും ഉള്ളടത്ത് ശ്രീയുണ്ട്. രജിയും ധീരതയും ശ്രീയും ഉള്ളടത്തു ധർമ്മമുണ്ട്. രജിയും ധീരതയും ശ്രീയും ധർമവും ഉള്ളിടത്തു ജയമുണ്ട്—അതായിരുന്നു ബ്രഹ്മാവിന്റെ മറുപടി.

ഏതു വിധേനയും രജിയെ തങ്ങളുടെ പക്ഷത്തു ലഭിക്കണം—ആ മോഹമുണ്ടായി ദേവന്മാർക്കും അസുരന്മാർക്കും.

രണ്ടുകക്ഷികളും വെവ്വേറെ ചെന്ന് രജിയെ കണ്ടു—രജി തങ്ങളുടെ വശത്തു നില്ക്കണം—അതായിരുന്നു അവർ പ്രത്യേകം പ്രത്യേകം ചെയ്ത അഭ്യർത്ഥന.

ദേവന്മാരുടെ അഭ്യർത്ഥനയാണ് രജി സ്വീകരിക്കാൻ തീരുമാനിച്ചത്.

എങ്കിലും അദ്ദേഹത്തിന് ഒരു കരാർ ഉണ്ടായിരുന്നു.

'ദേവന്മാരെ, ഞാൻ അസുരന്മാരെ തോല്പിക്കയും നിങ്ങളെ ജയിപ്പിക്കയും ചെയ്താലോ? പ്രതിഫലമായി നിങ്ങൾ എനിക്ക് ഇന്ദ്രപ്പട്ടം തരണം-' അതായിരുന്നു രജി ആവശ്യപ്പെട്ട കരാർ.

യുദ്ധത്തിൽ ജയം സമ്പാദിക്കുവാൻ വേണ്ടി ദേവന്മാർ ആ കരാർ അംഗീകരിച്ചു.

അങ്ങനെ ദേവാസുരയുദ്ധം ആരംഭിച്ചു. ഏറ്റവും ഘോരമായിരുന്നു യുദ്ധം. എങ്കിലും ജയം പിടിച്ചെടുത്തത് ദേവന്മാരായിരുന്നു. രജിയുടെ നേതൃത്വമായിരുന്നു അവരുടെ ജയത്തിനു കാരണം.

കരാർ അനുസരിച്ച് രജിക്ക് ഇന്ദ്രപ്പട്ടം നല്കണമല്ലോ. അതിനിടയ്ക്ക് ദേവേന്ദ്രൻ ഒരു സൂത്രം പ്രയോഗിച്ചു. അദ്ദേഹം മനസ്സിലൊന്ന്, പുറത്തൊന്ന് എന്ന രീതിയാണ് കൈക്കൊണ്ടത്.

'രജിമഹാരാജാവേ, ഇന്നുമുതൽ ഞാൻ എന്നെ അങ്ങയുടെ പുത്രനായി കരുതുന്നു.' ദേവേന്ദ്രൻ പറഞ്ഞു.

തന്നെ പിതാവായി കരുതി ബഹുമാനിക്കുകയാണ് ദേവേന്ദ്രൻ. അതായിരുന്നു രജിയുടെ ധാരണ. അദ്ദേഹത്തിനു സന്തോഷവുമായി, സമ്മതവുമായി.

ഗൂഢമായ ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു ദേവേന്ദ്രന് എന്നു പ്രത്യേകിച്ച് പറയണോ? തനിക്ക് രജിയുടെ പുത്രനെന്ന സ്ഥാനം ലഭിച്ചു എന്നിരിക്കട്ടെ. തൽക്കാലം രജിക്ക് ഇന്ദ്രപ്പട്ടം പ്രദാനം ചെയ്യപ്പെടുകയാണ്. പക്ഷേ

പില്ക്കാലത്ത് തനിക്ക് ആ പദവി തിരിച്ചു കിട്ടും—രജിയുടെ പുത്രൻ എന്ന നിലയ്ക്ക്!

രഹസ്യമായ ആ ആഗ്രഹം രജി അറിഞ്ഞില്ല. പക്ഷേ, രജിയുടെ പുത്രന്മാർ അതു മനസ്സിലാക്കി. പിതാവിന്റെ കാലശേഷം ഇന്ദ്രപ്പട്ടം തങ്ങൾക്കാണ് ലഭിക്കേണ്ടത്. തങ്ങളാണല്ലോ രജിയുടെ യഥാർത്ഥ പുത്രന്മാർ. തങ്ങൾക്ക് അവകാശപ്പെട്ടത് ദേവേന്ദ്രൻ തട്ടിയെടുത്തിരിക്കുന്നു. അതങ്ങ് സമ്മതിച്ചു കൊടുക്കാൻ രാജപുത്രന്മാർ തയ്യാറായില്ല. അഞ്ചുറുപേരുമൊന്നിച്ചു സൈന്യം ശേഖരിച്ച് സ്വർഗ്ഗത്തെ ആക്രമിച്ചു. അവരുടെ ആക്രമണത്തെ ചെറുത്തുനിർത്താൻ ദേവേന്ദ്രനു കെല്പുണ്ടായിരുന്നില്ല. സ്വർഗ്ഗലോകം രാജപുത്രന്മാരുടെ അധീനതയിലായി എന്നേ പറയേണ്ടൂ.

ദേവേന്ദ്രൻ ഗുരുവായ ബൃഹസ്പതിയെ ശരണം പ്രാപിച്ചു. ഒരുപേക്ഷയും നടത്തി—സ്വർഗ്ഗരാജ്യം വീണ്ടെടുക്കാൻതന്നെ സഹായിക്കണം.

'ഇന്ദ്രാ, എന്തുകൊണ്ട് അങ്ങ് ആദ്യമേ എന്നോടു പറഞ്ഞില്ല? ഞാൻ എല്ലാം അപ്പോൾതന്നെ ശരിപ്പെടുത്തുമായിരുന്നല്ലോ. അങ്ങയുടെ ശ്രേയസ്സിനായി ഞാൻ പലേ പ്രവൃത്തികളും മുമ്പുതന്നെ ചെയ്തിട്ടുണ്ട്. ഇനിയും അതിനു വ്യത്യാസം ഉണ്ടാവുകയില്ല. അങ്ങ് ഒന്നുകൊണ്ടും ദുഃഖിക്കേണ്ട. ഞാൻ എല്ലാം ശരിപ്പെടുത്താം, ബൃഹസ്പതി സമാധാനപ്പെടുത്തി.

രജിയുടെ പുത്രന്മാരെ വഴിപിഴപ്പിക്കണം—അതിന് ഉദ്യുക്തനായി ബൃഹസ്പതി. അവർ വഴിപിഴയ്ക്കണമെങ്കിൽ അധർമ്മം പ്രവർത്തിക്കണം. ദേവഗുരു സൂത്രത്തിൽ അവരുടെയിടയിൽ അധർമ്മം പ്രചരിപ്പിച്ചു. അവർ ചെയ്യരുതാത്ത കൃത്യങ്ങൾ ചെയ്തു. എന്തായിരുന്നു അവയുടെ ഫലം? അവരുടെ ആത്മബലം ചോർന്നുപോയി.

ദേവേന്ദ്രൻ വീണ്ടും സ്വസ്ഥാനത്ത് ഇരുന്നുമുള്ളി.

(മഹാഭാരതം: ഹരിവംശപർവം)

ഹര്യശ്വനും യദുവും

മനുവംശത്തിൽ ഹര്യശ്വൻ എന്നൊരു രാജകുമാരൻ ഉണ്ടായി. അയോദ്ധ്യയിൽ ആയിരുന്നു ഹര്യശ്വന്റെ ജനനം. രാജകുമാരനു യൗവനം വന്നെത്തി. മധുമതി എന്നൊരു സുന്ദരിയെ വിവാഹവുംചെയ്തു.

മധു എന്നു പേരുള്ള ഒരു അസുരനുണ്ട്. മധുവിന്റെ പുത്രിയാണ് മധുമതി. സുന്ദരി മാത്രമായിരുന്നില്ല അവൾ. പിന്നെയോ, പതിവ്രതയും.

ഹര്യശ്വന് ഒരു ജ്യേഷ്ഠനുണ്ട്. അയാൾക്ക് അനുജനോട് വിരോധം തോന്നി. വിരോധം മൂത്തപ്പോൾ അയാൾ എന്താണു ചെയ്തത്? അനുജനെ അയോദ്ധ്യയിൽനിന്നു നിഷ്കാസനം ചെയ്തു.

രാജധാനി വിട്ടിറങ്ങി നിരപരാധിയായ ഹര്യശ്വൻ. ഒന്നിച്ചു സ്നേഹശീലയായ മധുമതിയും. യുവദമ്പതികൾ കാട്ടിൽ താമസമാക്കി.

എന്തെല്ലാം കഷ്ടപ്പാടുകളാണ് കാട്ടിൽ അവർ നേരിട്ടത്! ഭക്ഷിക്കുന്നത് കായും കനിയും. കുടിക്കുന്നത് പച്ചവെള്ളം. കിടന്നുറങ്ങുന്നത് വെറും നിലത്തും.

വാസ്തവത്തിൽ കഷ്ടപ്പാടുകൾ സഹിക്കണമെന്നു നിർബന്ധമൊന്നും ഉണ്ടായിരുന്നില്ല. പ്രത്യേകമായ ഒരു അസുരരാജ്യമുണ്ട് മധുമതിയുടെ പിതാവിന്. മധുവിന് ഹര്യശ്വനെ വളരെ സ്നേഹവുമാണ്. ഹര്യശ്വന് ശശൂരനേയും അങ്ങനെതന്നെ. പോരെങ്കിൽ മധുമതിക്ക് ഒരു സഹോദരനുണ്ട്. ലവണൻ എന്നാണ് ആ അസുരയുവാവിന്റെ പേര്. ഹര്യശ്വനെ ലവണനു വലിയ കാര്യവുമാണ്.

മധുമതി അതെല്ലാം ഭർത്താവിനെ ഓർമ്മപ്പെടുത്തി.

'നമുക്ക് അച്ഛന്റെ രാജധാനിയിലേക്കു പോകാം. വെറുതെ ഈ കാട്ടിൽ കിടന്നു ബുദ്ധിമുട്ടേണ്ടതായ ആവശ്യമില്ല. അച്ഛനോടൊന്നിച്ചു ജീവിച്ചാൽ നമുക്കു സുഖം മാത്രമേയുണ്ടാകൂ.' അവൾ പറഞ്ഞു.

പത്നിയുടെ അഭിപ്രായം ഹര്യശ്വൻ മാനിക്കുകതന്നെചെയ്തു. ഇരുവരുംകൂടി കാടുവിട്ടു യാത്രയായി. യഥാകാലം മധുവിന്റെ രാജ്യത്തിൽ എത്തിച്ചേർന്നു. ആ അസുരകുടുംബത്തിന് എന്തു സന്തോഷമായെന്നോ അവരെ കാണാൻ!

മധുവിന്റെ സ്നേഹം ഒന്നു പ്രത്യേകമായിരുന്നു.

'ഹര്യശ്വാ, ഞാൻ നിനക്കു സ്വാഗതം അരുളുന്നു. മധുവനം ഒഴികെയുള്ള രാജ്യമില്ലേ? അതത്രയും ഞാനിതാ നിനക്കു സമ്മാനിക്കുന്നു. നിനക്ക് എന്റെ പുത്രനായ ലവണന്റെ സഹായവും ഉണ്ടായിരിക്കും. ഇവിടെ നിനക്കു യാതൊരു ബുദ്ധിമുട്ടും അസൗകര്യവും സഹിക്കേണ്ടിവരികയില്ല. എനിക്കു ലവണസമുദ്രത്തിലേക്കു പോകണമെന്നുണ്ട്. അവിടെയിരുന്നു തപസ്സുചെയ്യണം എന്നാണെന്റെ മോഹം, അസുരരാജാവ് അറിയിച്ചു.

ശശൂരന്റെ ആജ്ഞ ഹര്യശ്വൻ ശിരസാ വഹിച്ചു. രാജ്യം ഏറ്റുവാങ്ങുകയുംചെയ്തു. മധുവിനു മനസ്സമാധാനം തോന്നി. ആ അസുരശ്രേഷ്ഠൻ നാടുവിട്ടു. തപസ്സിനായി ലവണസമുദ്രത്തിലേക്കു പോവുകയുംചെയ്തു.

സമുദ്രതീരത്ത് ആനുപം എന്നൊരു ദേശമുണ്ട്. ഹര്യശ്വൻ ആനുപത്തിൽ ഒരു പുതിയ പുരം നിർമ്മിച്ചു. ഏറ്റവും മനോഹരമായിരുന്നു ആ പുരം.

ധർമ്മത്തോടും നന്മയോടുംകൂടി ഹര്യശ്വൻ രാജ്യഭരണം നടത്തി. അതിന്റെ ഫലം നാടുനീളെ കാണുമാറായി. എങ്ങും ഐശ്വര്യം കളിയാടി. മാത്രമല്ല, സമൃദ്ധിയും അഭിവൃദ്ധിയും.

ഹര്യശ്വനും മധുമതിക്കും ഒരു പുത്രൻ പിറന്നു.

യദു എന്നു പേരിട്ടു രാജകുമാരന്.

സർവലക്ഷണം തികഞ്ഞ തേജസ്വിയായിരുന്നു യദു.

പതിനായിരം സംവത്സരം ഹര്യശ്വൻ നാടുവാണു. അതിനുശേഷം അദ്ദേഹം നിര്യാതനായി. യദു പിതാവിരുന്ന സിംഹാസനത്തിൽ ആരൂഢനായി.

യഥാകാലം യദു വിവാഹിതനായി.

ഒരു നാൾ യദു ഭാര്യയുമൊന്നിച്ച് സമുദ്രസ്നാനത്തിനു പോയി. അവർ ഉത്സാഹത്തോടെ കടൽവെള്ളത്തിൽ നീന്തിത്തുടിച്ചുകൊണ്ടിരുന്നു. വെള്ളത്തിനടിയിൽ ധൃമവർണ്ണൻ എന്ന സർപ്പരാജാവ് കിടപ്പുണ്ട്. സർപ്പരാജാവ് യദുവിനെപ്പിടിച്ച് താഴോട്ട് വലിച്ചുകൊണ്ടുപോയി. എത്തിച്ചേർന്നത് അഗാധതയിലുള്ള തന്റെ രാജധാനിയിലും.

യദുവിനു ജീവനാശം ഉണ്ടായില്ലെന്നു മാത്രമല്ല, ശക്തിക്ഷയവും സംഭവിച്ചില്ല. അദ്ദേഹം രാജധാനിയെ നോക്കി അഭിമുഖപ്പെട്ടുനിന്നു. ഭിത്തികൾ സ്വർണമയമാണ്. തൂണുകൾ രത്നങ്ങളാൽ നിർമിക്കപ്പെട്ടവയും. വെണ്ണുവെളുത്ത ശംഖുകൾ സകല ദിക്കിലും കാണാം. രത്നങ്ങൾക്കും പവിഴങ്ങൾക്കും കൈയും കണക്കുമില്ല. അനേകം വൃക്ഷങ്ങൾ പൂക്കൾ വഹിച്ചു നില്ക്കുന്നു. അഴകേറിയ സർപ്പയുവതികൾ വിഹരിക്കുന്നു. അവയുടെ ഇടയിലൂടെ ധൂമ്രവർണൻ യദുവിനെ മുമ്പോട്ടു നയിച്ചു. അങ്ങനെ തന്റെ കൊട്ടാരത്തിൽ ചെന്നെത്തി.

സർപ്പരാജാവ് പങ്കജാസനം എന്ന വിശിഷ്ടാസനം നല്കി അതിഥിക്ക്. താമരയില വിരിച്ചിട്ടുള്ളതാണത്. താമരനൂലുകൊണ്ടു നെയ്ത പട്ടുകൾ വിരിച്ചിട്ടുള്ളതും.

ദുരുദ്ദേശ്യമല്ല, സദുദ്ദേശ്യമാണ് സർപ്പരാജാവിന് ഉണ്ടായിരുന്നത്.

'യദു, ഞാൻ ഭാവി നല്ലവണ്ണം കാണുന്നുണ്ട്. അങ്ങയുടെ വംശം യദുവംശം എന്ന പേരിൽ പ്രസിദ്ധിനേടും. ഏറ്റവും മാഹാത്മ്യമുള്ള വംശമായിരിക്കും യദുവംശം. ആട്ടെ, എനിക്ക് അഞ്ചു പെൺമക്കളുണ്ട്. അഞ്ചുപേരെയും ഞാനിതാ അങ്ങേയ്ക്ക് തരികയാണ്. അങ്ങ് അവരെ സ്വീകരിച്ചു വിവാഹം കഴിക്കണം.' ധൂമ്രവർണൻ അതിയായ ആദരവോടെ അപേക്ഷിച്ചു.

ആ അപേക്ഷ യദു സ്വീകരിക്കുകതന്നെചെയ്തു. അദ്ദേഹം അഞ്ചു സർപ്പയുവതികളെയും പരിഗ്രഹിച്ചു. അടുത്തതു മടക്കയാത്രയ്ക്കുള്ള ഒരുക്കമായിരുന്നു. വധൂക്കളോടുകൂടി യദു വെള്ളത്തിലൂടെ പൊങ്ങി. സമുദ്രതീരത്തിൽനിന്നു കൊട്ടാരത്തിലും എത്തിച്ചേർന്നു.

യദുവിന് അഞ്ചു സർപ്പപത്നികളിൽ അഞ്ചു പുത്രന്മാർ ജനിച്ചു.

മുചുകുന്ദൻ, പദ്മവർണൻ, മാധവൻ, സാരണൻ, ഹരിതൻ—അവയായിരുന്നു പുത്രന്മാരുടെ പേരുകൾ.

കുമാരന്മാർ യൗവനം പ്രാപിച്ചപ്പോഴോ? അസാമാന്യമായ ദേഹബലവും സമരവീര്യവും പ്രദർശിപ്പിച്ചു.

'അച്ഛാ, ഞങ്ങൾക്കു പ്രായപൂർത്തിയും പ്രാപ്തിയും കൈവന്നിരിക്കുന്നു. ഞങ്ങൾ ഇനി എന്താണു ചെയ്യേണ്ടത്?' അവർ യദുവിനോടു ചോദിച്ചു.

യദു ഓരോ പുത്രനും ഓരോ നിർദ്ദേശം നല്കി.

ഓരോ പുത്രനും അതാതു നിർദ്ദേശം നടപ്പിലാക്കി.

മുചുകുന്ദൻ മാഹിഷ്മതി എന്നും പുരികാപുരി എന്നുമുള്ള രണ്ടു പുരങ്ങൾ നിർമിച്ചു വാണു. പദ്മവർണൻ സഹ്യപർവതത്തിൽ ഒരു നദിയുടെ തീരത്തു താമസമാക്കി. സാരണൻ ക്രൗഞ്ചം എന്ന പുരമുണ്ടാക്കി പാർപ്പു തുടങ്ങി. ഹരിതൻ സർപ്പരാജാവിനു സമുദ്രത്തിലുള്ള ഒരു ദ്വീപിന്റെ അധിപനായി. മാധവൻ യുവരാജാവായി പിതാവിനോടുകൂടി ജീവിക്കയും ചെയ്തു.

യദുവംശം പല പിരിവുകളായി പലയിടങ്ങളിലും വ്യാപിക്കുകയുണ്ടായി.

(മഹാഭാരതം: ഹരിവംശപർവം)

രന്തിദേവൻ

സുകൃതി എന്ന രാജാവിന്റെ പുത്രനാണ് രന്തിദേവൻ. ആദ്യമേതന്നെ രന്തിദേവനു ധനം കുറവായിരുന്നു. കുറവായ ധനം മുഴുവനും ചെലവാകുകയുംചെയ്തു. തനിക്കും കുടുംബത്തിനും പുലരാൻ ബുദ്ധിമുട്ടായി. ദിവസം കഴിയുംതോറും കഷ്ടപ്പാടുകൾ കൂടിവന്നു. വല്ലപ്പോഴും വല്ലതും കിട്ടിയെന്നുവരാം. അതും അധികനേരം കൈയിൽ ഇരിക്കയില്ല. രന്തിദേവനെക്കാൾ ദരിദ്രന്മാരുണ്ട്. ഏതെങ്കിലും ഒരുവൻ വന്നു യാചന നടത്തും. രന്തിദേവൻ കൈയിലുള്ളതു കൊടുക്കും. കൊടുക്കയില്ലെന്നു പറയില്ലെന്നു മാത്രമോ? മനസ്സിൽ തോന്നുകപോലുമില്ല!

ആ കുടുംബം മുഴുപ്പട്ടിണിയായി.

ദിവസം ഒന്നൊന്നായി കഴിഞ്ഞുപോയി. പട്ടിണിതീരുന്ന ലക്ഷണമൊന്നും കാണാനില്ല. മാത്രമല്ല, അവശത വർദ്ധിച്ചുവരികയും ചെയ്യുന്നു.

നാല്പത്തെട്ടു ദിവസം അപ്രകാരം കഴിഞ്ഞു. അന്നേ ദിവസം അല്പം അന്നം ലഭിക്കയുംചെയ്തു. വിശന്നു തളർന്ന ആ കുടുംബക്കാർ ഭക്ഷണത്തിനിരുന്നു. അപ്പോഴതാ വന്നുകയറുകയാണു ഭക്ഷണത്തിനായി ഒരു ബ്രാഹ്മണൻ!

രന്തിദേവൻ ആ മനുഷ്യനെ ക്ഷേണം നൽകി യാത്രയാക്കി. എന്നിട്ടു ശേഷിച്ചിരുന്ന അന്നം കുടുംബക്കാർക്കായി വീതിച്ചു. അവർ രണ്ടാമതും ഭക്ഷണത്തിനിരുന്നു. അതാ വരുന്നു വിശന്നു വലയുന്ന ഒരു ശൂദ്രൻ!

ആ അതിഥിയെയും രന്തിദേവൻ ആഹാരം കഴിപ്പിച്ചു. ശേഷിച്ച അന്നം ക്ഷേപിക്കാൻ ഒരുക്കമായി അദ്ദേഹവും കുടുംബക്കാരും. അപ്പോഴേക്കും ഒരു ചണ്ഡാളൻ വന്നെത്തി. കൂടെ നായ്ക്കളോടുകൂടി വന്നിരിക്കയാണ് ചണ്ഡാളൻ. അയാൾക്കും നായ്ക്കൾക്കും അതിയായ വിശപ്പുണ്ട്— അതു മനസ്സിലാക്കാൻ രന്തിദേവനു പ്രയാസമുണ്ടായില്ല.

'എനിക്കും നായ്ക്കൾക്കും തിന്നാൻ വല്ലതും തരണേ.' ചണ്ഡാളൻ അപേക്ഷിച്ചു.

ആ അപേക്ഷ തിരസ്കരിക്കാൻ രന്തിദേവനു മനസ്സുവന്നില്ല. കുറച്ച് അന്നം ബാക്കിയുണ്ടായിരുന്നല്ലോ. അദ്ദേഹം അതെടുത്ത് ചണ്ഡാളനും നായ്ക്കൾക്കും നൽകി.

ഇനി കുറെ വെള്ളം മാത്രമേ അവശേഷിക്കുന്നുള്ളു. അതെങ്കിലും കുടിക്കാം എന്നു വിചാരിച്ചപ്പോഴോ? മറ്റൊരു ചണ്ഡാളന്റെ വരവായി.

' വെള്ളം തരണേ!' അവൻ അപേക്ഷിച്ചു.

രാജാവ് ചണ്ഡാളനു വെള്ളം കൊടുത്തു. ഫലമായി കുടുംബക്കാർക്കു ജലപാനംപോലും ഇല്ലാതെയായി. അവരോടൊന്നിച്ച് അദ്ദേഹത്തിനും.

വാസ്തവത്തിൽ ആരായിരുന്നു അതിഥികളായി വന്നവർ? ബ്രഹ്മാവും ചില ദേവന്മാരും. അവർ വേഷം മാറിയിരുന്നു എന്നേയുള്ളു. ഉദ്ദേശ്യം രന്തിദേവനെ പരീക്ഷിക്കാനും. പരീക്ഷയിൽ രന്തിദേവൻ വിജയിക്കയാണല്ലോ ചെയ്തത്. ദേവന്മാർ രന്തിദേവന് അനുഗ്രഹങ്ങൾ നൽകിയിട്ട് അപ്രത്യക്ഷരായി.

(ഭാഗവതം നവമസ്കന്ധം)

പ്രസിദ്ധമായ വംശമാണ് ഹേഹയവംശം.
ആ വംശം ഉണ്ടായതിനെക്കുറിച്ച് ഒരു കഥയുണ്ട്.

സൂര്യദേവന്റെ ഒരു പുത്രനാണ് രേവന്തൻ. ഒന്നു പ്രത്യേകമായിരുന്നു രേവന്തന്റെ സൗന്ദര്യവും തേജസ്സും. ഒരിക്കൽ കുമാരൻ വൈകുണ്ഠത്തിലേക്കു പോയി. മഹാവിഷ്ണുവിനെയും മഹാലക്ഷ്മിയെയും വന്ദിക്കണം. അതായിരുന്നു യാത്രയുടെ ഉദ്ദേശ്യം. ഉച്ചൈശ്രവസ്സ് എന്ന പറക്കുംകുതിരയുണ്ടല്ലോ ദേവേന്ദ്രന്റെ വാഹനമായിട്ട്. രേവന്തൻ ദേവേന്ദ്രന്റെ പക്കൽനിന്ന് ഉച്ചൈശ്രവസ്സിനെ കടം വാങ്ങി. അതിന്റെ പുറത്തു കയറി യാത്രചെയ്തിട്ടാണു വൈകുണ്ഠത്തിൽ ചെന്നെത്തിയത്.

ദൂരെവച്ചുതന്നെ രേവന്തന്റെ വരവ് കണ്ടു ലക്ഷ്മീദേവി. ഉച്ചൈശ്രവസ്സ് ദേവിയുടെ സർവശ്രദ്ധയെയും ആകർഷിച്ചു. മുമ്പൊരിക്കൽ ദേവന്മാരും അസുരന്മാരും ഒത്തുചേർന്നു പാലാഴി കടയുകയുണ്ടായല്ലോ. ആ സമയത്തു പാലാഴിയിൽനിന്ന് ഉത്ഭവിച്ചവരാണ് ലക്ഷ്മീദേവിയും ഉച്ചൈശ്രവസ്സും.

ദേവി ആ പറക്കുംകുതിരയെ കണ്ണിമയ്ക്കാതെ നോക്കിനിന്നു.

ആരോ കുതിരപ്പുറത്തു വരുന്നത് മഹാവിഷ്ണുവും കാണാനിടയായി.

'ആരാണത്?' ഭഗവാൻ പത്നിയോടു ചോദിച്ചു.

ആ ചോദ്യം ലക്ഷ്മീദേവി കേട്ടില്ല. കാരണം, ദേവിയുടെ മനസ്സു മുഴുവനും കുതിരയിലായിരുന്നു. ആ ഏകാഗ്രത മറ്റെല്ലാറ്റിനെയും മാറ്റിനിർത്തി.

ഉത്തരം നൽകാതെ നിൽക്കുന്ന പത്നിയോട് മഹാവിഷ്ണുവിനു ദേഷ്യമുണ്ടായി.

'ഓഹോ, ഇത്രമാത്രം ഭ്രമമാണോ ഒരു കുതിരയെക്കുറിച്ച്? എന്നാൽ, പെൺകുതിരയായി ഭൂമിയിൽ ജനിച്ചുകൊള്ളൂ.' ഭഗവാൻ ശപിച്ചു.

അപ്പോഴാണു ദേവിയുടെ ചിത്തം യാഥാർത്ഥ്യത്തിലേക്കു തിരിച്ചുവന്നത്. ഭർത്താവിനു തന്നോടു ദേഷ്യമുണ്ടായി, തന്നെ ശപിക്കയുംചെയ്തിരിക്കുന്നു. ദേവിക്ക് അതിയായ വ്യസനം ഉണ്ടായി.

'ഞാൻ തെറ്റു ചെയ്തിരിക്കാം. എങ്കിലും അത് ഏറ്റവും ചെറിയ തെറ്റാണ്. അതിന് എനിക്ക് ഈ ശാപം നൽകിയല്ലോ! ഇനി ശാപമോക്ഷം തരണം.' ദേവി പറഞ്ഞു.

മഹാവിഷ്ണു മുമ്പത്തെപ്പോലെ ശാന്തനായി.

'ഭൂമിയിൽവെച്ചു നീ എനിക്കു തുല്യനായ ഒരു പുത്രനു ജന്മമേകും. അതു കഴിഞ്ഞാലുടൻ നീ ഇങ്ങോട്ടു മടങ്ങിവരും.' ഭഗവാൻ അരുളിച്ചെയ്തു.

ഇതെല്ലാം രേവന്തനു മനസ്സിലായി. കുമാരൻ ഭഗവാനെയും ദേവിയെയും വന്ദിച്ചു. എന്നിട്ട് ആവുംവേഗത്തിൽ വിടവാങ്ങി വൈകുണ്ഠം വിട്ടു. നേരെ പിതാവായ സൂര്യദേവന്റെ അടുക്കലെത്തി. ദേവിക്കേറ്റ ശാപത്തെക്കുറിച്ച് പിതാവിനോടു പറയുകയുംചെയ്തു.

ലക്ഷ്മീദേവി വൈകുണ്ഠംവിട്ടു ഭൂമിയിലെത്തി. ഒരു പുതിയ ജീവിതം ആരംഭിച്ചു. അതോ, പെൺകുതിരയുടെ വടിവിലും. കാളിന്ദീനദിയുടെ തീരമായിരുന്നു സ്ഥലം. അവിടെയിരുന്നു ദേവി ശിവനെ ഭജിച്ചു കാലം കഴിച്ചു.

ഒടുവിൽ ശിവൻ തപസ്വിനിക്കു ദർശനം നൽകി.

ദേവി ശാപകഥ അറിയിച്ചു:

'ഭഗവാനേ, അവിടുന്നും എന്റെ ഭർത്താവും വാസ്തവത്തിൽ ഒന്നുതന്നെയാണ്. ആ സത്യം ഞാൻ അറിയുന്നുണ്ട്.' ദേവി കൂട്ടിച്ചേർത്തു.

'ലക്ഷ്മീ, അപ്പറഞ്ഞതു തികച്ചും ശരിയാണ്. എന്റെ ഭക്തരിൽ ചിലർ വിഷ്ണുവിനെ നിന്ദിക്കാറുണ്ട്. വിഷ്ണുവിന്റെ ഭക്തരിൽ ചിലർ എന്നെയും നിന്ദിക്കുന്നു. രണ്ടുകൂട്ടരും ചെയ്യുന്നതു വലിയ തെറ്റാണ്. ഞങ്ങൾ രണ്ടല്ല. ആട്ടെ ഭദ്രേ, യാതൊന്നുകൊണ്ടും ഖേദം വേണ്ട. ഭർത്താവിനു തുല്യനായ ഒരു പുത്രൻ ഭദ്രയ്ക്കുണ്ടാവും. അതിനുശേഷം വൈകുണ്ഠത്തിൽ തിരിച്ചെത്താം.' ശിവൻ പറഞ്ഞു.

ഭഗവാൻ കൈലാസത്തിൽ മടങ്ങിയെത്തി. ചിത്രരൂപൻ എന്ന ഭൂതത്തെ വിളിച്ചു ചില നിർദ്ദേശങ്ങൾ നൽകി. ചിത്രരൂപൻ നേരെ വൈകുണ്ഠത്തിലേക്കു പോയി. ഗോപുരദ്വാരത്തിൽ നില്പുണ്ടു കാവൽക്കാരായ ജയനും വിജയനും.

'ഞാൻ ശിവന്റെ ദൂതനായ ചിത്രരൂപനാണ്. ഭഗവാൻ ഒരു സന്ദേശം തന്നയച്ചിട്ടുണ്ട്. ആ സന്ദേശം വിഷ്ണുഭഗവാനു കൊടുക്കേണ്ടതുണ്ട്. അതിനാണു ഞാനിപ്പോൾ വന്നിരിക്കുന്നത്.' ഭൂതം അറിയിച്ചു.

ജയൻ അകത്തു ചെന്ന് മഹാവിഷ്ണുവിനോടു വിവരം പറഞ്ഞു. ചിത്രരൂപനെ കടത്തിവിടാൻ മഹാവിഷ്ണു ആജ്ഞാപിച്ചു. അതിൻപ്രകാരം ആ ഭൂതം ഭഗവാന്റെ മുന്നിലെത്തി വന്ദിച്ചു നിന്നു.

'എന്താണ് ശിവന്റെ സന്ദേശം?' മഹാവിഷ്ണു അന്വേഷിച്ചു. 'ഭഗവാനേ അവിടുന്ന് അറിയാത്ത കാര്യം യാതൊന്നുംതന്നെയില്ല. എന്നിരുന്നാലും ഞാൻ പറയാം. എന്റെ സ്വാമിയുടെ സന്ദേശം ഇതാണ്—ലക്ഷ്മീദേവി പെൺകൂതിരയുടെ രൂപത്തിൽ ഭൂമിയിലുണ്ടല്ലോ. ഇനി ദേവിയെ വൈകുണ്ഠത്തിലേക്കു കൂട്ടിക്കൊണ്ടുപോരണം.' ചിത്രരൂപൻ ആദരവോടെ പറഞ്ഞു.

ശിവന്റെ അഭിലാഷം സാധിപ്പിക്കാൻ തുനിയുകയായി മഹാവിഷ്ണു. ഭഗവാൻ ചിത്രരൂപനെ യാത്രയാക്കിയിട്ടു ഭൂമിയിലെത്തി—അതായത്, കാളിന്ദിയുടെ തീരത്തിൽ. സ്വതവേയുള്ള ദിവ്യരൂപത്തിലല്ല ഭഗവാൻ അവിടെ എത്തിയത്. പിന്നെയോ, ലക്ഷണമൊത്ത ആൺകൂതിരയുടെ രൂപത്തിൽ. എങ്കിലും ഭർത്താവിനെ തിരിച്ചറിയാൻ ലക്ഷ്മീദേവിക്കു വിഷമമുണ്ടായില്ല. എന്തു സന്തോഷമായെന്നോ ദേവിക്ക് ഭർത്താവ് വന്നപ്പോൾ!

ഇരുവരും അവിടെത്തന്നെ താമസിച്ചു.

ലക്ഷ്മീദേവി ഒരു പുത്രനു ജന്മമേകി.

'നമ്മുടെ മകൻ ഭൂമിയിൽ കഴിയേണ്ടവനാണ്. നമുക്കിനി വൈകുണ്ഠത്തിലേക്കു മടങ്ങിപ്പോകാം.' മഹാവിഷ്ണു പത്നിയോടു പറഞ്ഞു.

ലക്ഷ്മീദേവിക്ക് സമ്മതമായില്ല.

'ഈ കൊച്ചോമനയെ ഇവിടെ തനിച്ചുവിട്ടിട്ടു പോവുകയോ? അയ്യോ! അതെനിക്കു പരമസങ്കടമാണ്. അവനെയും കൂടെ നമുക്കു വൈകുണ്ഠത്തിലേക്കു കൊണ്ടുപോകാം.' ദേവി ആഗ്രഹം പ്രകടിപ്പിച്ചു.

അപ്പോഴാണ് മഹാവിഷ്ണു പത്നിയെ ഒരു രഹസ്യം അറിയിച്ചത്:

'നിനക്ക് ഒട്ടും വിഷമം വേണ്ട. യയാതിരാജാവിന്റെ പുത്രനുണ്ടല്ലോ, തുർവസു; നൂറു വർഷമായി തുർവസു തപസ്സുചെയ്യുകയാണ്. യോഗ്യനായ

ഒരു പുത്രൻ ലഭിക്കുന്നതിനുവേണ്ടിയാണ് അവന്റെ തപസ്സ്. അവനായി ഉദ്ദേശിച്ചിട്ടുള്ളതാണു നമ്മുടെ കുട്ടി.' ഭഗവാൻ പറഞ്ഞു.

അതോടുകൂടി ലക്ഷ്മീദേവിയുടെ ആശങ്ക തീർന്നു. ദേവി സ്വന്തം രൂപംധരിച്ചു വൈകുണ്ഠത്തിലേക്കുപോയി. ദേവിയോടൊന്നിച്ച് മഹാവിഷ്ണുവും.

ആ കുട്ടി കാളിന്ദീതീരത്തു തനിച്ചായി.

ചമ്പകൻ എന്ന വിദ്യാധരൻ അവിടെ വരാനിടയായി. ഒന്നിച്ച്, ചമ്പകന്റെ ഭാര്യയായ മദാലസ എന്ന വിദ്യാധരിയും. മദാലസ കൊച്ചുകുട്ടിയെ കണ്ടെത്തി. അവൾ ഓടിച്ചെന്ന് അവനെ വാരിയെടുത്തു. എന്നിട്ടു വാത്സല്യത്തോടെ മാറോടണച്ചു പലവുരു ചുംബിച്ചു.

'ഈ ഓമനക്കുഞ്ഞ് ആരുടെ സന്താനമാണ്? ഇവൻ തനിച്ചു കാട്ടിൽ കിടക്കാൻ എന്താണു കാരണം' മദാലസ ഭർത്താവിനോടു ചോദിച്ചു.

ശരിയായ ഉത്തരം നൽകാൻ ചമ്പകനു സാധിച്ചില്ല.

'എനിക്ക് അറിഞ്ഞുകൂടാ. ദേവേന്ദ്രനോടു ചോദിക്കാം. അദ്ദേഹം പറഞ്ഞുതരും. നമുക്ക് ഈ കുട്ടിയെ നമ്മുടെ പുത്രനായി വളർത്താം. അതിന് ദേവേന്ദ്രന്റെ സമ്മതം വേണമെന്നേയുള്ളൂ.' ചമ്പകൻ പറഞ്ഞു.

വിദ്യാധരദമ്പതികൾ കുഞ്ഞിനെയും എടുത്തുകൊണ്ടു ഭൂമിയിൽനിന്നു യാത്രയായി. സ്വർഗലോകത്തുചെന്ന് ദേവേന്ദ്രനെ കണ്ടു. നടന്നതെല്ലാം അറിയിക്കയും ചെയ്തു.

'ലക്ഷ്മീദേവിയും മഹാവിഷ്ണുവും അശരീരൂപങ്ങൾ ധരിക്കുകയുണ്ടായി. അപ്പോൾ അവർക്കു ലഭിച്ചതാണ് ഈ ശിശു. ഇവനെ യയാതിയുടെ മകനായ തുർവസുവിനു കൊടുക്കണം. അതാണു ഭഗവാന്റെ ഇച്ഛ. ചമ്പകാ, ഇവനെ കിട്ടിയ സ്ഥലത്തു കൊണ്ടുവെച്ചേക്കൂ.' ദേവേന്ദ്രൻ ആവശ്യപ്പെട്ടു.

രഹസ്യം ചമ്പകനും മദാലസയ്ക്കും അറിവായില്ലേ? അവർ ഒട്ടും താമസിക്കാതെ കാളിന്ദീതീരത്തിലേക്കു മടങ്ങി. കുട്ടിയെ അവിടെ കിടത്തിയിട്ടു തങ്ങളുടെ വഴിക്കു പോവുകയുംചെയ്തു.

തപസ്സു അനുഷ്ഠിക്കുന്ന തുർവസുവിന്റെ മുമ്പിൽ മഹാവിഷ്ണു പ്രത്യക്ഷനായി. ഭഗവാനു തുല്യനായ പുത്രനുണ്ടാവണം അതിനാണ് തുർവസുവിന്റെ തപസ്സ്. തുർവസുവിന്റെ ആഗ്രഹം സാധിപ്പിക്കാൻ മഹാവിഷ്ണു മുമ്പുതന്നെ നിശ്ചയിച്ചിട്ടുള്ളതാണ്.

'തുർവസു, എന്റെയും ലക്ഷ്മിയുടെയും പുത്രൻ ജനിച്ചിരിക്കുന്നു. അവൻ കാളിന്ദീനദിയുടെ തീരത്തു കിടപ്പുണ്ട്. പോയി അവനെ എടുത്ത് സ്വന്തം മകനായി വളർത്തിക്കൊള്ളൂ' ഭഗവാൻ കല്പിച്ചിട്ട് അവിടന്ന് തിരോധാനംചെയ്തു.

കാലം കളയാതെ തുർവസു സ്ഥലത്തെത്തി. അവിടെ കിടക്കുകയാണ് തേജസ്വിയായ ശിശു. തുർവസു അവനെ എടുത്തു മാറോടണച്ചു. അദ്ദേഹം ആനന്ദക്കടലിൽ ആറാടി. ചിരകാലമായുള്ള ആഗ്രഹം സഫലമായല്ലോ. കുട്ടിയെയുംകൊണ്ട് അദ്ദേഹം രാജധാനിയിൽ മടങ്ങിയെത്തി. നടന്നതെല്ലാം പത്നിയെ അറിയിച്ചു. എന്നിട്ട് കുട്ടിയെ പത്നിക്കു നൽകി.

രാജാവിനും രാജ്ഞിക്കും മാത്രമായിരുന്നില്ല സന്തോഷം. മന്ത്രിമാരും പ്രജകളും ഒട്ടും പിന്നിലായിരുന്നില്ല. വളരെക്കാലമായി പുത്രനുവേണ്ടി

കൊതിക്കുകയായിരുന്നല്ലോ, രാജദമ്പതികൾ. ഇപ്പോഴിതാ അവർക്കൊരു പുത്രനെ ലഭിച്ചിരിക്കുന്നു. അതും എങ്ങനത്തെ പുത്രൻ? മഹാവിഷ്ണുവിന്റെയും ലക്ഷ്മീദേവിയുടെയും സന്താനം. അതിൽപ്പരം ഒരു ഭാഗ്യമുണ്ടോ? രാജ്യത്തിലാകെ മഹോത്സവംതന്നെ കൊണ്ടാടി.

ഏകവീരൻ എന്നു പേരിട്ടു കുട്ടിക്ക്. അവൻ മാതാപിതാക്കന്മാരുടെ കണ്ണിലുണ്ണിയായി വളർന്നുവന്നു. കാലക്രമേണ ശിശു ബാലനായി. ബാലൻ യുവാവുമായി.

ഇനി വേണം ഏകവീരന്റെ പട്ടാഭിഷേകം. അതായി തൂർവസുവിന്റെ നിശ്ചയം. താമസിയാതെ രാജാവ് നിശ്ചയം നടപ്പിലാക്കി. ഏറ്റവും ഗംഭീരമായിരുന്നു അഭിഷേകകർമം.

അതിനുശേഷം തൂർവസു രാജധാനിയിൽ താമസിച്ചില്ല. അദ്ദേഹം രാജ്ഞിയെയുംകൊണ്ടു വനത്തിലേക്കു പോയി. കാലശേഷം തപസ്സിനായി വിനിയോഗിക്കണം. അതായിരുന്നു രാജദമ്പതികളുടെ നിശ്ചയം.

ഏകവീരൻ പ്രതാപത്തോടുകൂടി, ധർമത്തോടുകൂടി രാജ്യഭരണം നടത്തി.

ഒരു നാൾ അദ്ദേഹം ഗംഗാതീരത്തിലേക്കു പോയി. അവിടെ ഒരു കന്യകയെ കണ്ടെത്തി. സൗന്ദര്യത്തിന്റെ സാരസർവസ്വം ആയിരുന്നു കന്യക. അതേസമയം അവൾ കരയുകയും ചെയ്യുന്നുണ്ടായിരുന്നു.

രാജാവിന്റെ ഹൃദയത്തിൽ അനുകമ്പ നിറഞ്ഞു.

'ഹേ കന്യകേ, ആരാണ് നീ? എന്താണ് നീ തനിച്ചാകാൻ കാരണം? നീ എന്തിനാണ് ഇങ്ങനെ കരയുന്നത്? എല്ലാം എന്നോടു പറയൂ. ഞാൻ നിന്നെ സഹായിക്കാം.' അദ്ദേഹം വാഗ്ദാനംചെയ്തു.

കന്യക തന്റെ കഥ പറഞ്ഞു.

ആ കഥ ഇപ്രകാരം ആയിരുന്നു:

രൈഭ്യൻ എന്നൊരു രാജാവുണ്ട്. അദ്ദേഹത്തിന്റെ പത്നിയാണ് രുഗ്മരേഖ. അവൾക്ക് സന്താനങ്ങളില്ല. പിന്നെ ജീവിതത്തിൽ എന്തു സുഖം? വല്ല വിധവും മക്കളെ കിട്ടിയേ കഴിയൂ. യാഗം ചെയ്താൽ ആഗ്രഹം സാധിച്ചേക്കാം. രൈഭ്യൻ ഒരു യാഗം ചെയ്തു. ഹോമകുണ്ഡത്തിൽനിന്ന് ഒരു കന്യക ആവിർഭവിച്ചു. രൈഭ്യൻ ആ കന്യകയെ പുത്രിയായി അംഗീകരിച്ചു.

ഏകാവലി എന്നു പേരിട്ടു അവൾക്ക്. രാജാവിനും രാജ്ഞിക്കും അവളെ ജീവനെക്കാൾ സ്നേഹമായിരുന്നു. എത്രമാത്രം ആഗ്രഹിച്ചിട്ടാണ് അവളെ കിട്ടിയത്!

അവൾ വളർന്നു യുവതിയായി.

ഒരു പ്രിയസഖിയുണ്ട് ഏകാവലിക്ക്. യശോവതി എന്നാണ് സഖിയുടെ പേര്. മന്ത്രിയുടെ പുത്രിയും. രാജപുത്രിയും മന്ത്രിപുത്രിയും എപ്പോഴും ഒരുമിച്ചുതന്നെയാണ്. ഇടയ്ക്കിടയ്ക്ക് അവർ ഉല്ലാസയാത്രയ്ക്കു പോകും. രാജാവ് അവർക്കായി അംഗരക്ഷകരെ ഏർപ്പാടുചെയ്തിട്ടുണ്ട്. അവർ എവിടെപ്പോയാലും ശരി, അവരെ അംഗരക്ഷകന്മാർ അനുഗമിക്കും. സാധാരണയായി ഗംഗാതീരത്തിലായിരിക്കും അവരുടെ ഉല്ലാസയാത്ര.

ഒരിക്കൽ ഒരു അത്യാപത്തുണ്ടായി.

ഭയങ്കരനായ ഒരു അസുരനുണ്ട്, കാലകേതു എന്ന പേരായിട്ട്. സായുധരായ അനുചരന്മാർ അനേകമുണ്ട് കാലകേതുവിന്. ഒരിക്കൽ അവർ ഗംഗാ

തീരത്തു പോകാനിടയായി. ഏകാവലിയും യശോവതിയും അവിടെ ചെന്നിരുന്ന സമയമായിരുന്നു അത്. കാലകേതു ഏകാവലിയെ കാണാനിടയായി. അവൻ ഓടിച്ചെന്ന് രാജകുമാരിയെ പിടികൂടി. അംഗരക്ഷകന്മാർ വെറുതെ നോക്കിനിൽക്കുമോ? അവർ മുമ്പോട്ടു പാഞ്ഞ് കാലകേതുവിന്റെമേൽ ചാടിവീണു. അപ്പോൾ കാലകേതുവിന്റെ അനുചരന്മാരും പാഞ്ഞടുത്തു. രണ്ടു സംഘങ്ങൾ തമ്മിൽ യുദ്ധവുമായി. പക്ഷേ, അസുരന്മാർക്കായിരുന്നു ബലക്കൂടുതൽ. അവർ എതിരാളികളെ കൊന്നുവീഴ്ത്തി. കാലകേതു ഏകാവലിയെ പിടിച്ചു. ഒന്നിച്ച് യശോവതിയെയും. അവരെയുംകൊണ്ട് ആ ദുഷ്ടൻ തന്റെ ആസ്ഥാനത്തിലേക്കു പോയി. ഒന്നിച്ച് അവന്റെ അനുചരന്മാരും.

രണ്ടു കുമാരിമാരെയും ഒരു മാളികയിൽ തടവിലിട്ടു കാലകേതു.

പിറ്റേദിവസം അവൻ യശോവതിയെ തന്റെ അരികിലേക്കു വരുത്തി.

അവൻ അവൾക്ക് ഒരു ജോലി നൽകി.

'ഏകാവലി എന്റെ പത്നിയാവണം. എന്റെ ഉത്കടമായ ആഗ്രഹമാണ് അത്. എന്റെ വകയായിട്ടുള്ള സകലതും ഞാനവൾക്കു കൊടുക്കാം. അവൾ സമ്മതമേകിയാൽ മാത്രം മതിയാവും. ഇക്കാര്യം നീ അവളെ അറിയിക്കണം. സമ്മതിക്കാൻ അവളെ പ്രേരിപ്പിക്കയും വേണം. അവളുടെ ഇഷ്ടതോഴിയാണല്ലോ നീ: തീർച്ചയായും നീ വിചാരിച്ചാൽ കാര്യം സാധിക്കും.' കാലകേതു പറഞ്ഞു.

യശോവതിക്ക് അതു സ്വീകാര്യമായില്ല.

'ഹേ കാലകേതു, രാജകുമാരിക്ക് അത് ഇഷ്ടമാവുകയില്ല. ഞാനൊട്ടു പറയുകയുമില്ല. നിങ്ങൾക്കു വേണമെന്നുണ്ടെങ്കിൽ നിങ്ങൾ നേരിട്ടു പറഞ്ഞുകൊള്ളൂ' യശോവതി കൈയൊഴിഞ്ഞു.

നിവൃത്തിയില്ലാതെ കാലകേതു ഏകാവലിയെക്കണ്ടു തന്റെ ആഗ്രഹം അറിയിച്ചു.

ഏകാവലിക്കു സമ്മതമായില്ല എന്നു പ്രത്യേകിച്ചു പറയണോ? അതേ സമയം അവൾക്ക് ഒരു നീതീകരണവും ഉണ്ടായിരുന്നു. എന്താണത് എന്ന് അവൾ വ്യക്തമാക്കി.

'അസുരപ്രഭോ, എന്റെ അച്ഛൻ മുമ്പുതന്നെ ഒന്നു നിശ്ചയിച്ചിരുന്നു— എന്നെ ഏകവീരൻ എന്ന രാജാവിനു നൽകണമെന്ന്. ഞാൻ അദ്ദേഹത്തെ മനസാ വരിക്കയും ചെയ്തിട്ടുണ്ട്.' അവൾ അറിയിച്ചു.

പക്ഷേ, അതൊന്നും ശഠനായ കാലകേതുവിനെ പിൻതിരിപ്പിച്ചില്ല. അവൻ ഏകാവലിയെയും യശോവതിയെയും തടവിൽത്തന്നെ പാർപ്പിച്ചു. അവർ കുറച്ചുകാലം അവിടെ കിടക്കട്ടെ!

യശോവതി ദേവീഭക്തയാണ്.

ഒരു രാത്രിയിൽ അവൾ ദേവിയെ സ്വപ്നം കണ്ടു.

'യശോവതീ, ഏകവീരൻ ഗംഗാതീരത്തു വരും. നീ അവനെ കണ്ടു സകലതും പറയണം. നിനക്ക് അവിടെ പോകാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല.' ദേവി അരുളിച്ചെയ്തു.

യശോവതി തടവിൽനിന്ന് ഇറങ്ങിനടന്നു. ആരും അവളെ തടഞ്ഞുനിർത്തിയില്ല. കണ്ടെങ്കിലല്ലേ തടയുകയുള്ളൂ? എല്ലാം ദേവിയുടെ കാരുണ്യം!

അവൾ താമസംവിനാ ഗംഗാതീരത്തിലെത്തി. ഇപ്പോഴിതാ ഏകവീരനെ കണ്ടെത്തുകയുംചെയ്തു.

ഇത്രയുമാണ് യശോവതി ഏകവീരനോടു പറഞ്ഞത്.

ശ്രദ്ധിച്ചു കേട്ടുനിൽക്കുകയായിരുന്നു ഏകവീരൻ.

'യശോവതീ, എനിക്കിപ്പോൾ എല്ലാം മനസ്സിലായി. ഞാൻ കാലകേതുവിനെ കൊന്ന് ഏകാവലിയെ രക്ഷിക്കും. നീ എനിക്ക് അസുരന്റെ ആസ്ഥാനത്തേക്കു വഴി കാണിക്കൂ.' ഏകവീരൻ ആവശ്യപ്പെട്ടു.

അദ്ദേഹം ഉടൻതന്നെ സൈന്യത്തെ വരുത്തി. സൈന്യത്തെ നയിച്ചുകൊണ്ട് യശോവതിയെ അനുഗമിച്ചു. യശോവതി അവർക്കു വഴികാട്ടിക്കൊണ്ടു മുമ്പോട്ടു പോയി.

കുറെക്കഴിഞ്ഞു ചില ദൂതന്മാർ കാലകേതുവിന് അറിവു നൽകി—വലിയൊരു സൈന്യം ഇങ്ങോട്ടു വരുന്നുണ്ട്. കാലകേതു ഏകാവലിയുടെ മുമ്പിലെത്തി. വിരോധികളാണ് എന്നു തീർച്ചയുമാണ്.

'ഏകാവലീ, നിനക്ക് അറിയാമെങ്കിൽ പറയണം. സൈന്യത്തെ നയിക്കുന്നതു നിന്റെ അച്ഛനാണോ? അതെയെങ്കിൽ ഞാൻ അദ്ദേഹത്തോടു യുദ്ധം ചെയ്യുകയില്ല. മറിച്ച് അദ്ദേഹത്തെ ആദരവോടെ ക്ഷണിച്ചുകൊണ്ടു വന്നു സത്കരിക്കും. അദ്ദേഹമല്ല, മറ്റു വല്ല പുരുഷനുമാണ് നേതാവെങ്കിലോ? ഞാൻ തീർച്ചയായും അവനെ വധിക്കും. ആൾ ആരെന്നു നിനക്ക് അറിയാമോ? അവൻ ചോദിച്ചു.

'എന്റെ അച്ഛനുമല്ല, സഹോദരനുമല്ല. ഏകാവലി മറുപടി നൽകി.

സമയം അധികം കഴിഞ്ഞില്ല, ഏകവീരനും സൈന്യവും വന്നെത്തി. കാലകേതുവും സൈന്യവും അവരെ ചെന്നെതിർത്തു. ഏറ്റവും ഭയാനകമായ യുദ്ധവും ഉണ്ടായി. അതിനിടയ്ക്ക് ഏകവീരനും കാലകേതുവും തമ്മിലേറ്റു. ഏകവീരൻ ഏറ്റവും ഊക്കോടെ ഗദകൊണ്ട് ഒന്നടിച്ചു. ആ അടിയേറ്റ് കാലകേതു കാലപുരിപൂകി.

ഏകവീരൻ ഏകാവലിയെ അവളുടെ അച്ഛന്റെ അടുക്കലേക്കു കൊണ്ടുപോയി. അവളോടൊന്നിച്ച് പ്രിയസഖിയായ യശോവതിയെയും.

വിവരമറിഞ്ഞ് രൈഭ്യരാജാവ് അതിയായി സന്തോഷിച്ചു. അദ്ദേഹം ഏകാവലിയുടെയും ഏകവീരന്റെയും കല്യാണം നടത്തി. വരൻ വധുവിനെയും കൊണ്ടു തന്റെ രാജ്യത്തിലേക്കു പോയി.

അവരുടെ പുത്രൻ കൃതവീര്യൻ. കൃതവീര്യന്റെ പുത്രൻ കാർത്തവീര്യൻ. അങ്ങനെ ഹേഹയവംശം തുടർന്നുപോയി.

(ദേവീഭാഗവതം)

കുശനാഭൻ

കുശനാഭൻ എന്നൊരു രാജർഷി. അദ്ദേഹത്തിനു നൂറു പുത്രിമാരും. സുന്ദരികൾ ആയിരുന്നു എല്ലാ രാജകുമാരിമാരും.

ഒരിക്കൽ അവരെല്ലാം പുങ്കാവനത്തിൽ വിഹരിക്കുകയായിരുന്നു. പട്ടുവസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ചിട്ടുണ്ട്. ആർഭാടത്തോടെ അണിഞ്ഞൊരുങ്ങിയിട്ടുമുണ്ട്. ഓടുകയും ചാടുകയും ആടുകയും പാടുകയും ആകപ്പാടെ ഒരു കോലാഹലംതന്നെ.

എല്ലായിടത്തും സഞ്ചരിക്കുന്നയാളാണല്ലോ വായുഭഗവാൻ. സഞ്ചാരത്തിനിടയിൽ വായു ഈ പൂങ്കാവനത്തിലും എത്തി. ഉടനെതന്നെ വിഹരിക്കുന്ന രാജപുത്രികളെ കാണുകയുംചെയ്തു. അവരുടെ സൗന്ദര്യം വായുവിനെ അത്യധികം ആകർഷിച്ചു.

അവരെ തന്റെ പത്നിമാരാക്കണം—അതായി വായുവിന്റെ ആഗ്രഹം. അദ്ദേഹം അവരോടു സംസാരിച്ചു:

'ഹേ രാജകുമാരിമാരേ, നിങ്ങൾ എന്നെ കല്യാണംകഴിക്കണം. അപ്രകാരം ചെയ്താൽ ഞാൻ നിങ്ങളുടെ മനുഷ്യത്വം ഇല്ലാതാക്കാം. അങ്ങനെയായാൽ നിങ്ങൾക്കു മരണം ഉണ്ടാവുകയില്ല. നിങ്ങളുടെ സൗന്ദര്യവും യൗവനവും എന്നെന്നും നിലനിൽക്കുകയുംചെയ്യും.' വായു പ്രലോഭനം നൽകി.

രാജകുമാരിമാർക്ക് അത് സ്വീകാര്യമായില്ല. അവർക്കു വായുവിനെക്കുറിച്ച് അത്രയധികം മതിപ്പില്ല. പരിഹാസമാണ് അവർക്കപ്പോൾ തോന്നിയത്.

'വായുഭഗവൻ, അങ്ങ് സദാ അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പ്രകൃതക്കാരനാണ്. ഞങ്ങളെ വിവാഹംകഴിക്കുകയാണെങ്കിൽ അങ്ങയുടെ പ്രകൃതം മാറ്റേണ്ടതായിവരും—അതായത്, എപ്പോഴും അങ്ങേയ്ക്ക് ഞങ്ങളുടെ കൂടെ ഒരു സ്ഥലത്തുതന്നെ കഴിയേണ്ടതായിവരും. മറ്റൊരു കാര്യമുണ്ട്. അച്ഛന്റെ ഇഷ്ടം അനുസരിക്കുന്നവരാണു ഞങ്ങൾ. അച്ഛൻ ഞങ്ങളെ ആർക്കു നൽകുമോ, അവരായിരിക്കും ഞങ്ങളുടെ ഭർത്താക്കന്മാർ.' അവർ പറഞ്ഞു.

ആ നിഷേധം വായുവിനെ ദേഷ്യപ്പെടുത്തി. അദ്ദേഹം ദേഷ്യം എങ്ങനെ പ്രകടമാക്കി എന്നോ? നൂറുരാജകുമാരിമാരുടെയും ദേഹത്തിൽ വളവുകൾ വരുത്തി. ചുരുക്കത്തിൽ അവർ നൂറുപേരും നിന്നനിലയ്ക്കു കൂനികളായി!

പുത്രിമാരെ ഈ വിധത്തിൽ കണ്ടപ്പോഴോ? കുശനാഭരാജാവ് അന്തം വിട്ടുപോയി. എത്ര ആകാരഭംഗിയുള്ളവരായിരുന്നു അവർ! എന്നിട്ട് ഇത്ര പെട്ടെന്നു കൂനികളായിപ്പോയെന്നോ? മറ്റാരോ വരുത്തിവെച്ചതാണ് ഇത്. രാജാവിന് അക്കാര്യം തീർച്ചയായി.

'മക്കളേ ആരാണ് നിങ്ങളോട് ഈ അന്യായം പ്രവർത്തിച്ചത്?' അദ്ദേഹം ചോദിച്ചു.

രാജകുമാരിമാർ നടന്നതെല്ലാം അറിയിച്ചു.

കുശനാഭന്റെ സ്മരണ ബ്രഹ്മദത്തന്റെ നേർക്കു തിരിഞ്ഞു. ബ്രഹ്മദത്തൻ കനിഞ്ഞാൽ പുത്രിമാർക്കു രക്ഷയുണ്ടാവും. അത്ര കണ്ട് ധർമിഷ്ഠനാണ് ബ്രഹ്മദത്തൻ.

ചുളിയുടെയും സോമദയുടെയും പുത്രനാണ് അദ്ദേഹം.

മഹർഷിയാണ് ചുളി. സോമദ ഗന്ധർവസ്ത്രീയും. മുമ്പൊരിക്കൽ ചുളി തപസ്സുചെയ്കയായിരുന്നു. അദ്ദേഹത്തെ ഏറ്റവും ഭക്തിയോടെ സോമദ ശുശ്രൂഷിക്കയുണ്ടായി. മഹർഷി മനംതെളിഞ്ഞ് ഗന്ധർവസ്ത്രീക്കു വരമേകി. തനിക്കു ധർമിഷ്ഠനായ പുത്രനുണ്ടാവണം അതാണ് സോമദ പ്രകടമാക്കിയ ആഗ്രഹം. മഹർഷിയുടെ അനുഗ്രഹത്തോടെയാണ് ബ്രഹ്മദത്തൻ പിറന്നത്. ബാല്യംമുതൽക്കേ ധർമിഷ്ഠനെന്നു പേരു കേട്ടു ബ്രഹ്മദത്തൻ. പ്രായംചെന്നപ്പോൾ കാംപില്യത്തിലെ രാജാവുമായി.

ബ്രഹ്മദത്തനു തന്റെ അവശമായ പുത്രിമാരെ നൽകണം— അതായിരുന്നു കൃശനാശന്റെ ആഗ്രഹം.

ആ ആഗ്രഹത്തിനു വഴങ്ങി ബ്രഹ്മദത്തൻ.

വിവാഹത്തിനു പാണിഗ്രഹണം എന്നും പറയും. വരൻ വധുവിന്റെ കൈ പിടിക്കുക—അതാണു പാണിഗ്രഹണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. കുനിയായ ഓരോ രാജകുമാരിയുടെയും കൈപിടിച്ചു ബ്രഹ്മദത്തൻ. ആ സമയം ഓരോ രാജകുമാരിയുടെയും കൂനു തീരുകയായി. അവർ പണ്ടെപ്പോലെ സുന്ദരികളായി.

എന്തു സന്തോഷമായെന്നോ എല്ലാവർക്കും?

(വാല്മീകിരാമായണം)

അംഗനും വേനനും

ധ്രുവിന്റെ പിതാവായ വേനന്റെ കഥ 'മാലിഭാഗവത'ത്തിൽ വിസ്തരിച്ചിട്ടുണ്ട്. അതിൽ പ്രത്യക്ഷപ്പെടുന്ന വേനൻ പരമദുഷ്ടനാണ്. ആ രാജാവ് പരമദുഷ്ടനാവാൻ ഒരു കാരണം ഉണ്ടായിരുന്നു. അതറിയുംമുമ്പ് വേനന്റെ പിതാവിന്റെ കഥ അറിയണം; അതേ സമയം മാതാവിന്റെയും.

സുനീഥ എന്നു പേരുള്ള ഒരു പുത്രിയുണ്ട് യമന്. ദണ്ഡനം ഏല്പിക്കുകയാണല്ലോ യമന്റെ പ്രധാന പ്രവൃത്തി. അക്കാര്യത്തിൽ പുത്രി പിതാവിനെ അനുകരിക്കാറുണ്ട്. മറ്റുള്ളവരെ ഉപദ്രവിക്കുന്നതിൽ അവൾക്കൊരു രസം!

ഒരിക്കൽ സുനീഥ വനത്തിൽ വിഹരിക്കയായിരുന്നു. അവിടെ ഒരു ഗന്ധർവൻ തപസ്സുചെയ്യുകയാണ്. സുശംഖൻ എന്നാണ് ഗന്ധർവന്റെ പേര്. തപസ്സുചെയ്യുന്നതോ, സരസ്വതീദേവിയെയും. തനിക്കു സംഗീതവിദ്യ സിദ്ധിക്കണം—അതിനാണ് ഗന്ധർവന്റെ തപസ്സ്.

പ്രതിദിനം എന്നോണം സുനീഥ സുശംഖനെ ഉപദ്രവിച്ചുകൊണ്ടിരുന്നു. 'അരുതേ! അരുതേ!' എന്ന് ഗന്ധർവൻ യാചിക്കുകയാണ്. യമപുത്രിയുണ്ടോ യാചന അനുസരിക്കുന്നു? ഒരിക്കൽ സുശംഖൻ സഹികെട്ട് 'ഇവിടന്നു പോകൂ!' എന്നു വിളിച്ചുപറഞ്ഞു. സുനീഥയ്ക്ക് അതൊട്ടും ഇഷ്ടമായില്ല. അവൾ സുശംഖനെ നല്ലവണ്ണം തല്ലി.

സുശംഖനു ദേഷ്യം വന്നു. എങ്കിലും തിരിച്ചടിച്ചില്ല. പെണ്ണല്ലേ എന്നു കരുതി.

'അടിക്കുന്നതിനു പകരം അടിക്കുന്നതു ധർമ്മമല്ല. പഴിക്കുന്നതിനു പകരം പഴിക്കുന്നതും ധർമ്മമല്ല. തപസ്സു ചെയ്യുന്ന എന്നെ നീ തല്ലിയല്ലോ! അത്രമാത്രം അയാൾ പറഞ്ഞുപോയി.

സുനീഥയ്ക്ക് ഒരു കുലുക്കവും ഉണ്ടായില്ല.

'എടോ ഗന്ധർവാ, ത്രിലോകങ്ങളിലും ഉള്ളവരെ ദണ്ഡിപ്പിക്കുന്നയാളാണ് എന്റെ അച്ഛൻ. നീ എപ്പോഴും അത് ഓർമിച്ചിരിക്കുന്നതു നന്ന്!' അവൾ നിന്ദയോടുകൂടി പറഞ്ഞിട്ട് സ്ഥലം വിട്ടു.

നടന്നതെല്ലാം അവൾ യമനെ അറിയിച്ചു.

യമൻ മൗനം ഭജിച്ചതേയുള്ളു.

അടുത്ത ദിവസവും അവൾ വനത്തിലേക്കു പോയി. സുശംഖന് ഹീനമായ ഒരു പീഡ നൽകി— അതായതു ചമ്മട്ടികൊണ്ടുള്ള അടികൾ!

വേദനയെക്കാൾ അസഹ്യമായിരുന്നു അവമാനം.

'ദുഷ്ടേ, നിനക്കു പാപിയായ ഒരു പുത്രനുണ്ടാവട്ടെ!'ഗന്ധർവൻ ശാപമേകി.

അത്രിമഹർഷിയുടെ പുത്രനാണ് അംഗൻ. ഒരു നാൾ അംഗൻ ദേവേന്ദ്രനെ കാണാൻ ചെന്നു. ദേവേന്ദ്രന്റെ വമ്പും പ്രതാപവും അപ്പോൾ നേരിൽ കണ്ടു. അതോടുകൂടി ഒരു ആഗ്രഹവും തോന്നി. തനിക്ക് ദേവേന്ദ്രനു സമനായ ഒരു പുത്രനുണ്ടാവണം!

അംഗൻ പിതാവായ അത്രിയെ തന്റെ ആഗ്രഹം അറിയിച്ചു:

'മകനേ, മഹാവിഷ്ണുവിനെ ആരാധിക്കൂ.' അത്രി മഹർഷി നിർദ്ദേശിച്ചു.

തപസ്സിനായി അംഗൻ മേരുപർവ്വതത്തിൽ ചെന്നെത്തി. അവിടെയിരുന്ന് ഏകാഗ്രമായ തപസ്സും ആരംഭിച്ചു. ഒരു നൂറ്റാണ്ടു കഴിഞ്ഞപ്പോൾ മഹാവിഷ്ണു ദർശനമരുളി. ഭഗവാൻ അംഗന് ഒരു വരവും നൽകി—ശ്രേഷ്ഠനും ധർമജ്ഞനും സർവജ്ഞനുമായ ഒരു പുത്രൻ ജനിക്കുമെന്ന്.

ഇതിനിടയ്ക്ക് സുനീഥയുടെ അവസ്ഥ എന്തായിരുന്നു?

അവൾ അച്ഛനെ ശാപവൃത്താന്തം അറിയിച്ചു.

'മകളേ, നീ ചെയ്തതു പാപമായിപ്പോയി. ആ പാപം നശിക്കണമെങ്കിൽ ഒരു പുണ്യം ചെയ്യണം. നീ പോയി മഹാവിഷ്ണുവിനെ ഭജിക്കൂ.' യമൻ ഉപദേശിച്ചു.

പിതാവിന്റെ ഉപദേശം അനുസരിച്ചു സുനീഥ. അവൾ തോഴിമാർ അറിയാതെ ഒരു വനത്തിലേക്കു പോയി. അവിടെയിരുന്നു ഭക്തിയോടെ വിഷ്ണു ഭജനവും ആരംഭിച്ചു. ചില തോഴിമാർ അവളെ കണ്ടുപിടിക്കതന്നെചെയ്തു. എന്തിനാണ് ഇങ്ങനെയൊരു പരിപാടി? അതായി തോഴിമാരുടെ അന്വേഷണം. നടന്നതെല്ലാം അവൾ അവരെ അറിയിച്ചു. കൂട്ടത്തിൽ മറ്റൊരു സംഭവവും.

സുനീഥയെ കല്യാണംകഴിച്ചുകൊടുക്കണം—അതിനായി യമന്റെ പ്രയത്നം. ഒന്നുകിൽ ഒരു ദേവൻ, അല്ലെങ്കിൽ ഒരു മഹർഷി—രണ്ടിൽ ഒരാളായിരിക്കണം തന്റെ ജാമാതാവ്. അതായിരുന്നു യമന്റെ ആഗ്രഹം. അദ്ദേഹം ചില ദേവന്മാരെ സമീപിച്ചു—ചില മഹർഷിമാരെയും.

ദിവ്യശക്തിയുണ്ടല്ലോ ദേവന്മാർക്കും മഹർഷിമാർക്കും. അവർക്ക് സുനീഥയേറ്റ ശാപത്തെക്കുറിച്ച് അറിയാമായിരുന്നു. സുനീഥയ്ക്ക് ഒരു ദുഷ്ടപുത്രൻ ജനിക്കും. ആ സമയം വംശമാകെ കെട്ടുപോവുകയും ചെയ്യും. അക്കാരണത്താൽ അവരാരും അവളെ സ്വീകരിക്കാൻ തയ്യാറായില്ല. അവൾക്ക് അത്യധികമായ ദുഃഖമുണ്ടായി. അതും ഭജനയ്ക്ക് ഒരു കാരണമായിരുന്നു!

സുനീഥയുടെ തോഴിമാരിൽ രംഭയും ഉൾപ്പെട്ടിരുന്നു. സ്വർഗസുന്ദരിമാരിൽ പ്രധാനപ്പെട്ടവളാണ് രംഭ. സുനീഥയോട് രംഭയ്ക്ക് അതിയായ സ്നേഹമുണ്ട്.

'സുനീഥേ, എന്റെ പക്കൽ വിശേഷപ്പെട്ട ഒരു വിദ്യയുണ്ട് പുരുഷന്മാരെ മയക്കാനുള്ള വിദ്യ. ഞാൻ നിനക്ക് ആ വിദ്യ ഉപദേശിച്ചുതരാം.' രംഭ പറഞ്ഞു.

സുനീഥ മംഭയിൽനിന്ന് ആ വിദ്യ സ്വീകരിച്ചു. അവൾ ഭജന മതിയാക്കി ചുറ്റിസഞ്ചരിച്ചു. രംഭയും ഉണ്ടായിരുന്നു അവളോടൊന്നിച്ച്. പ്രാപ്തനായ ഒരു വരനുവേണ്ടിയാണ് അവരുടെ അന്വേഷണം.

യദൃച്ഛയാ ഇരുവരും അവിടെയെത്തി അതായത്, അംഗൻ തപസ്സുചെയ്യുന്ന സ്ഥലത്ത്.

രംഭയ്ക്ക് അംഗനെക്കുറിച്ചുള്ള സകല വിവരങ്ങളും അറിയാം. അവൾ അവയൊക്കെ സുനീഥയെ കേൾപ്പിച്ചു. അംഗൻ തന്റെ വരനായെങ്കിൽ എത്ര നന്നായിരുന്നു! അതായി സുനീഥയുടെ മോഹം.

ഇരുവരുംകൂടി തെല്ലു ദൂരെ ഒരിടത്തു ചെന്നു. രംഭ ദൂതിയായും സുനീഥ സ്വാമിനിയായും അഭിനയിച്ചു. സുനീഥ ഗാനം ചെയ്തുതുടങ്ങി. ഏറ്റവും മധുരമായിരുന്നു അവളുടെ ഗാനാലാപം. ആ നാദത്തിന്റെ അലകൾ അംഗന്റെ കർണങ്ങളിൽ പ്രവേശിച്ചു. അതോടുകൂടി അദ്ദേഹത്തിന്റെ തപസ്സിനു ഭംഗമുണ്ടായി. അദ്ദേഹം എഴുന്നേറ്റു നടന്നുപോയി. ആരുടെ ഗാനമാണെന്നു കണ്ടുപിടിക്കണം. അതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഒടുവിൽ അദ്ദേഹം രംഭയും സുനീഥയും ഉള്ളിടത്തെത്തി. അപ്പോൾ പാടുന്ന സുനീഥയെ കാണുമാറായി. മുമ്പുതന്നെ അവളുടെ ഗാനം അംഗനെ ആകർഷിച്ചിരുന്നു. ഇപ്പോൾ അവളുടെ സൗന്ദര്യം അദ്ദേഹത്തെ അടിപ്പെടുത്തി.

'ഹേ സുന്ദരീ, ആരാണു നീ? ഈ വനത്തിൽ വരാൻ എന്താണു കാരണം?'അംഗൻ സുനീഥയോടു ചോദിച്ചു.

ഉത്തരം നൽകിയത് സ്വാമിനി ചമയുന്ന സുനീഥയല്ല, ദൂതി ചമയുന്ന രംഭയായിരുന്നു.

'യമന്റെ പുത്രിയായ സുനീഥയാണ് എന്റെ സ്വാമിനി. യോഗ്യനായ ഒരു വനെ അന്വേഷിക്കയുമാണ്.' അവൾ പറഞ്ഞു.

'അങ്ങനെയോ? ശരി. ഞാൻ യോഗ്യയായ ഒരു വധുവിനെ തിരയുകയാണ്. ഞാൻ ഇവളെ വിവാഹം കഴിച്ചുകൊള്ളാം.'അംഗൻ രംഭയോടു പറഞ്ഞു.

'അതു നല്ലതുതന്നെ. പക്ഷേ, അങ്ങ് ഒരു കരാർ ചെയ്യണം എന്തൊക്കെ സംഭവിച്ചാലും ഇവളെ ഉപേക്ഷിക്കില്ലെന്ന്.' രംഭ ആവശ്യപ്പെട്ടു.

കരാർ ചെയ്യാൻ അംഗനു സന്തോഷമേ ഉണ്ടായിരുന്നുള്ളു.

അങ്ങനെ അംഗനും സുനീഥയും വിവാഹിതരായി. സുനീഥ വരനോടുകൂടി അദ്ദേഹത്തിന്റെ ഗൃഹത്തിലേക്കു പോയി. രംഭ തന്റെ ലോകമായ സ്വർഗത്തിലേക്കും.

യഥാകാലം സുനീഥ ഒരു ആൺകുട്ടിയെ പ്രസവിച്ചു. വേനൻ എന്നായിരുന്നു കുട്ടിയുടെ പേര്. സർവ ലക്ഷണങ്ങളും അവനിൽ ഒത്തിണങ്ങിയിരുന്നു. അവൻ വളർന്നു വലുതായപ്പോഴോ? വേദങ്ങൾ, ശാസ്ത്രങ്ങൾ, ധനുർവേദം—സകലതും അഭ്യസിച്ചുകഴിഞ്ഞിരുന്നു.

ധർമജ്ഞരായ ചില മുനിമാർ ചുറ്റിനടക്കുകയാണ്. നല്ലൊരു രാജാവിനെ കണ്ടുപിടിക്കാനാണ് അവരുടെ സഞ്ചാരം. അവർ ഒരിക്കൽ വേനനെ കാണാൻ സംഗതിയായി. ആ നിമിഷം അവർക്കു തീർച്ചയായി—വേനനായിരിക്കും ഉത്തമനായ രാജാവ്. അവർ വേനന് അഭിഷേകം നടത്തി.

വേനൻ വിധിപോലെ രാജ്യഭരണം ചെയ്തു.

മാതാവായ സുനീഥയ്ക്ക് ആപൽശങ്കയുണ്ട്. തനിക്കേറ്റിരുന്ന ശാപം സദാ ഓർമിക്കുന്നു. അതു മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തുകയും ചെയ്യുന്നു.

'മകനേ, ധർമരാജാവായ യമന്റെ പുത്രിയുടെ പുത്രനാണ് നീ. നിന്റെ അച്ഛനാണെങ്കിൽ ധർമിഷ്ഠന്മാരിൽ മുമ്പനുമാണ്. നീ ധർമം ചെയ്യണം. ധർമമല്ലാതെ യാതൊന്നും ചെയ്യരുത്.' സുനീഥ വേനനെ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു.

ധർമത്തിൽനിന്ന് അണുപോലും വ്യതിചലിക്കാതെ ജീവിതം നയിച്ചു വേനൻ.

പക്ഷേ, കാലം കഴിഞ്ഞതോടെ സ്ഥിതി മാറി.

ജിനന്മാർ എന്ന സമൂഹത്തിൽപ്പെട്ട ഒരാളുടെ വരവുണ്ടായി. ജിനന്മാരുടെ വേഷങ്ങൾ വേറെ, വിശ്വാസങ്ങൾ വേറെ, ആചാരങ്ങൾ വേറെ. വേദത്തിനു നേരെ വിപരീതമാണ് അവയെല്ലാം. വേനനെ സന്ദർശിച്ച ജിനൻ എന്താണു ചെയ്തത്? വേദത്തിനു നിരക്കാത്ത പലതും പറഞ്ഞുകൊടുത്തു. അവയെല്ലാം ധർമത്തിനും യജ്ഞത്തിനും വിരുദ്ധമായിരുന്നു. കുറെ കഴിഞ്ഞപ്പോൾ എന്തായി? വേനന്റെ മനസ്സ് അപ്പാടെ മാറിപ്പോയി. വേദത്തെ, ധർമത്തെ, യജ്ഞത്തെ അദ്ദേഹം വിലക്കി.

(വേനന്റെ വിക്രിയകൾ 'മാലിഭാഗവത'ത്തിൽ വിസ്തരിച്ചിട്ടുണ്ട്. ഇനിയുള്ള കഥാഭാഗം ആ പുസ്തകത്തിൽ കാണുന്നതിൽനിന്നു വ്യത്യാസമുള്ളതാണ്.)

അംഗനും സുനീഥയ്ക്കും അത്യധികമായ ദുഃഖമുണ്ടായി.

'സുനീഥേ, നമ്മുടെ പുത്രൻ പാപിയായിപ്പോയി. ഞാൻ ആലോചിച്ചിട്ടു കാരണം പിടികിട്ടുന്നില്ല. നിനക്ക് അറിയാമെങ്കിൽ പറയൂ.' അംഗൻ ഹൃദയവേദനയോടെ ആവശ്യപ്പെട്ടു.

കാരണം സുനീഥയ്ക്കു നല്ലവണ്ണം അറിയാം.

'മുമ്പൊരിക്കൽ തപസ്സുചെയ്യുന്ന സുശംഖനെന്ന ഗന്ധർവനെ ഞാൻ ചമ്മട്ടികൊണ്ടടിച്ചു. പാപിയായ പുത്രനുണ്ടാവും എന്നു ഗന്ധർവൻ ശാപമേകി. ശാപഫലമാണ് ഇതെല്ലാം.' സുനീഥ അറിയിച്ചു.

'എല്ലാം ദൈവയോഗംതന്നെ!' അംഗൻ പറഞ്ഞു ദീർഘനിശ്വാസം ചെയ്തു.

അപഥത്തിൽ സഞ്ചരിക്കുന്ന രാജാവിനെ നേരായ മാർഗത്തിൽ നയിക്കണം. അതിനായി സപ്തർഷികൾ വേനനെക്കണ്ടു വേണ്ടതുപോലെ ഉപദേശിച്ചു. പക്ഷേ, മനസ്സു ചീത്തയായ വേനനുണ്ടോ ആ ഉപദേശം അനുസരിക്കുന്നു? മാത്രവുമല്ല. രാജാവ് ഉപദേശിച്ചവരെ കണക്കറ്റ് ശകാരിക്കുക കൂടി ചെയ്തു.

ശകാരവാക്കുകൾ സപ്തർഷികളെ കുപിതരാക്കി. അതു കണ്ടപ്പോൾ വേനനും പരിഭ്രമിച്ചുപോയി. ദിവ്യശക്തിയുള്ള ആ മഹർഷിമാർ തന്നെ ശപിച്ചുകളയുമോ? അതായി വേനന്റെ ഭയം. രാജാവ് ഓടിപ്പോയി ഒരു പുറ്റിനുള്ളിൽ കടന്ന് ഒളിച്ചിരുന്നു.

പക്ഷേ, സപ്തർഷികളുടെ കണ്ണിൽ മണ്ണിടാനൊക്കുമോ? അവർ ഒളിച്ചിരിക്കുന്ന വേനനെ കണ്ടുപിടിച്ചു. എന്നു മാത്രമോ? രാജാവിനെ പിടിച്ചുവലിച്ചു പുറ്റിനു പുറത്തിട്ടു. അതിനുശേഷം അവർ വേനന്റെ ഇടത്തെകൈ

നല്ലപോലെ കടഞ്ഞു. അവിടന്നു കറുത്തിരുണ്ടു കുറിയൊരു മനുഷ്യനുണ്ടായി. ആ മനുഷ്യനാണ് ആദ്യത്തെ നിഷാദൻ!

സപ്തർഷികൾ അതിനുശേഷം വേനന്റെ വലതുകൈയും കടഞ്ഞു. അവിടന്ന് ഉണ്ടായതോ, മഹാവിഷ്ണുവിന്റെ അംശമായ പൃഥുചക്രവർത്തിയും.

ഇത്രയും ആയപ്പോഴേക്കും വേനന്റെ മനസ്സിന് ഇനിയുമൊരു മാറ്റമുണ്ടായി. രണ്ടാമത്തെ മാറ്റം ഏറ്റവും പ്രയോജനകരമായി. കാരണം, അദ്ദേഹത്തിന്റെ മനസ്സു പഴയപോലെയായി!

വേനനു സപ്തർഷിമാരുടെ സമ്പർക്കം ഉണ്ടായില്ലേ? അതാണ് ഈ പരിവർത്തനത്തിന്റെ കാരണങ്ങളിലൊന്ന്. വേനനു തന്റെ പാപകൃത്യങ്ങളെക്കുറിച്ച് പശ്ചാത്താപമുണ്ടായി. അദ്ദേഹം നർമ്മദാനദിയുടെ തീരത്തിലേക്കു പോയി. അവിടെയിരുന്നു തപസ്സും ആരംഭിച്ചു.

ഒരു നൂറ്റാണ്ടുകാലം തപസ്സു തുടർന്നുപോയി.

അപ്പോഴേക്കും വിഷ്ണുഭഗവാൻ ദർശനമരുളി.

ഗൂഢമായി നടന്നിരുന്ന സംഭവങ്ങളുടെ വിശദമായ രൂപം നൽകി ഭഗവാൻ.

സുനീഥയെ സുശംഖൻ ശപിക്കുകയുണ്ടായല്ലോ. അപ്പോൾത്തന്നെ ഭഗവാൻ അംഗന് ഒരു വരം നൽകിയിരുന്നു—ധർമിഷ്ഠനായ പുത്രനുണ്ടാവും എന്ന്. ജിനനായി വന്ന് വേനന്റെ മനസ്സു മാറ്റിയതോ? മറ്റാരുമല്ല, മഹാവിഷ്ണുതന്നെ. അല്ലാത്തപക്ഷം സുശംഖന്റെ ശാപം നിഷ്ഫലമാവും. അതു ഭഗവാൻ സമ്മതിക്കുമോ?

ഭഗവാൻ വേനനു ദീർഘമായ തത്ത്വോപദേശം നൽകി.

'വേനാ, നീ അശ്വമേധയാഗവും രാജസൂയയാഗവും അനുഷ്ഠിക്കണം. അവയോടൊന്നിച്ചു വിധിപ്രകാരമുള്ള ദാനകർമങ്ങളും. അവസാനം നീ എന്നോടു ചേരും.' ഭഗവാൻ അരുളിച്ചെയ്തിട്ട് അപ്രത്യക്ഷനായി.

പുത്രനായ പൃഥുവിന്റെ സഹായം ആരാഞ്ഞു വേനൻ. ഭഗവാന്റെ നിർദ്ദേശങ്ങൾ നടപ്പിലുമാക്കി. ഒടുവിൽ ഉടലോടെ വൈകുണ്ഠത്തിൽ എത്തുകയുംചെയ്തു.

(പദ്മപുരാണം, അദ്ധ്യായം 29)

ധൃതരാഷ്ട്രർ, പാണ്ഡു, വിവാഹം

അവർ മൂന്നുപേരും ജാതരായി— അതായത്, ധൃതരാഷ്ട്രരും പാണ്ഡുവും വിദുരനും.

ധൃതരാഷ്ട്രരോ പാണ്ഡുവോ, ആരായിരിക്കണം രാജാവ്? അതു പിന്നീട് നിശ്ചയിച്ചാൽ മതിയാകും. ഇപ്പോൾ അവർക്കുവേണ്ടി ആരെങ്കിലും രാജ്യം ഭരിക്കണം. അതിനുള്ള അർഹത ഭീഷ്മർക്കു മാത്രമേയുള്ളൂ. അങ്ങനെ ഭീഷ്മർ രാജ്യഭരണം നടത്തി— തന്റെ പേരിലല്ല. ശിശുക്കളുടെ പേരിൽ.

ധർമ്മത്തിൽ അടിയുറച്ചതായിരുന്നു ഭീഷ്മരുടെ രാജ്യഭരണം. രാജ്യത്തു സമൃദ്ധി കളിയാടി. അതോടൊന്നിച്ച് ഐശ്വര്യവും.

കുട്ടികൾ മൂന്നും ഭീഷ്മരുടെ മേൽനോട്ടത്തിൽ വളർന്നുവന്നു.

വേദം, വേദാംഗം ധനുർവേദം—അങ്ങനെ അഭ്യസിക്കേണ്ടതെല്ലാം അവർ അഭ്യസിച്ചു.

മൂത്തവനായ ധൃതരാഷ്ട്രർ അന്ധനാണ്. എങ്കിലും മറ്റാർക്കും ധൃതരാഷ്ട്രരുടെ അത്ര ദേഹശക്തിയില്ല. പാണ്ഡുവാണെങ്കിൽ പ്രസിദ്ധനായ വില്ലാളിയാണ്. പാണ്ഡിത്യത്തിലും ധർമ്മനിഷ്ഠയിലും വിദുരനു സമനുമില്ല.

ഒരിക്കൽ ഭീഷ്മർ വിദുരനെ വരുത്തി പറഞ്ഞു:

'വിദുരാ, ഏറ്റവും മഹിമയുള്ളതാണ് നമ്മുടെ വംശം. മുമ്പൊരിക്കലും വംശത്തിനു ക്ഷയമുണ്ടായിട്ടില്ല. അല്പകാലം മുമ്പ് ക്ഷയമുണ്ടായി. ദൈവാധീനത്താൽ അതു പരിഹരിക്കപ്പെട്ടു. ഇപ്പോൾ നിങ്ങൾ മൂന്നുപേർക്കും വിവാഹപ്രായം ആയിരിക്കുന്നു. ഗാന്ധാരരാജ്യത്തിലെ രാജാവാണ് സുബലൻ. അദ്ദേഹത്തിന് ഒരു മകളുണ്ട്, ഗാന്ധാരി. ധൃതരാഷ്ട്രർക്ക് ഗാന്ധാരി യോജിച്ച വധുവായിരിക്കും. അതാണ് എന്റെ തോന്നൽ. മദ്രരാജാവിന് മാദ്രി എന്നൊരു മകളുമുണ്ട്. അവളെ പാണ്ഡു വിവാഹം ചെയ്യുന്നതു കൊള്ളാം. എന്താണ് നിന്റെ അഭിപ്രായം?

വിദുരൻ നമ്രതയോടു പറഞ്ഞു:

'പിതാവ്, മാതാവ്, ഗുരു—അതെല്ലാമാണ് അവിടുന്ന് ഞങ്ങൾ മൂന്നുപേർക്കും. അവിടുത്തെ ഇഷ്ടംതന്നെയാണ് ഞങ്ങളുടെയും ഇഷ്ടം. അവിടുന്ന് എന്തു നിശ്ചയിച്ചാലും അത് ശരിയും ആയിരിക്കും.'

ആയിടയ്ക്ക് ഭീഷ്മർക്ക് ഒരു വർത്തമാനം കിട്ടി. ഗാന്ധാരി ശിവഭജനം ചെയ്ത് ശിവന്റെ പ്രീതി നേടിയിട്ടുണ്ട്. ശിവനിൽനിന്ന് ഒരു വരവും കിട്ടിയിരിക്കുന്നു. അവൾക്കു നൂറുപുത്രന്മാരുണ്ടാവും എന്നതാണ് വരം.

ഭീഷ്മർ ഒരു ദൂതനെ ഗാന്ധാരത്തിലേക്കയച്ചു. ദൂതൻ സുബലരാജാവിന് ഒരു സന്ദേശവും കൊണ്ടുപോയി. ഭീഷ്മരുടെ സന്ദേശമായിരുന്നു അത്—ധൃതരാഷ്ട്രരും ഗാന്ധാരിയും തമ്മിലുള്ള വിവാഹം നടത്തണം എന്ന്.

സുബലന് ഒന്നറിയാം ധൃതരാഷ്ട്രർ കുരുടനാണ്. തന്റെ പുത്രിയെ ഒരു കുരുടന് എങ്ങനെ വിവാഹം കഴിച്ചുകൊടുക്കും? ആദ്യം അതൊട്ടും സ്വീകാര്യമായി തോന്നിയില്ല. വീണ്ടും വീണ്ടും ആലോചിച്ചപ്പോഴോ? ആ അഭിപ്രായം മാറുകയാണുണ്ടായത്. കുലം, സ്വഭാവം മുതലായവ കണക്കിലെടുക്കേണ്ടതുണ്ട്. മാത്രമല്ല, ഭീഷ്മരുടെ ആഗ്രഹവും. സുബലൻ വിവാഹത്തിനു സമ്മതമേകി.

ഒന്നു പ്രത്യേകമായിരുന്നു ഗാന്ധാരിയുടെ മനോഭാവം. തന്റെ കാര്യത്തിൽ നിശ്ചയമെടുക്കേണ്ടത് അച്ഛനാണ്. താൻ അച്ഛന്റെ ഏതു നിശ്ചയത്തിനും വഴങ്ങുകതന്നെ ചെയ്യും. തന്നെ ധൃതരാഷ്ട്രർക്കു വിവാഹംകഴിച്ചുകൊടുക്കണം— അതാണല്ലൊ അച്ഛന്റെ അഭിലാഷം. അവൾ ധൃതരാഷ്ട്രരെ ഭർത്താവായി സങ്കല്പിച്ചു. ഭർത്താവിന് അന്ധത എന്ന അവശതയുണ്ട്. താനും ആ അവശത അനുഭവിക്കണം. ഒരു പതിവ്രതയുടെ കടമയാണ് അത്. ഗാന്ധാരി എന്താണു ചെയ്തത്? ഒരു പട്ടുകഷണം മടക്കി സ്വന്തം കണ്ണിൽ കെട്ടി. അങ്ങനെ സ്വയം കാഴ്ചയില്ലാതെയാക്കി!

ഗാന്ധാരിക്ക് ഒരു സഹോദരനുണ്ട്. ശകുനി. സുബലന്റെ നിർദ്ദേശപ്രകാരം ശകുനി പ്രവർത്തിച്ചു. അയാൾ ഗാന്ധാരിയെയുംകൊണ്ട് ഗാന്ധാരരാജ്യത്തിൽനിന്നു യാത്രതിരിച്ചു. യഥാസമയം ഹസ്തിനപുരത്തിൽ

ചെന്നെത്തി. ഗാന്ധാരിയെ ധൃതരാഷ്ട്രർക്കു നൽകി. അവരുടെ പാണിഗ്ര ഹണം നടത്തി. എന്നിട്ട് സ്വരാജ്യത്തേക്കു മടങ്ങി.

കുന്തിഭോജൻ എന്ന രാജാവിന് ഒരു മകളുണ്ട്. വാസ്തവത്തിൽ സ്വന്തം മകളല്ല. വളർത്തുമകളാണ്. കുന്തിഭോജൻ അവളെ സ്വന്തം മകളെപ്പോലെ സ്നേഹിച്ചു. അവളുടെ പേര് പൃഥ എന്നായിരുന്നു. പിന്നീട് അത് കുന്തി എന്നായി.

ശ്രീകൃഷ്ണന്റെ അച്ഛനില്ലേ, വസുദേവൻ? അദ്ദേഹത്തിന്റെ അച്ഛൻ ശൂര സേനനാണ്. പൃഥ യഥാർത്ഥത്തിൽ ശൂരസേനന്റെ മകളാണ്. അതിനാൽ വസുദേവന്റെ സഹോദരിയും. ശൂരസേനൻ അവളെ സ്നേഹിതനായ കുന്തി ഭോജനു നൽകുകയുണ്ടായി.

കുന്തിക്ക് സൂര്യദേവനിൽനിന്ന് ഒരു പുത്രൻ ജനിച്ചിരുന്നു. ആ പുത്ര നാണു പിൽക്കാലത്തു പ്രസിദ്ധനായിത്തീർന്ന കർണ്ണൻ. കുന്തി കർണ്ണൻ ജനിച്ചയുടനെ അവനെ ഒരു പേടകത്തിലാക്കി. പേടകത്തെ നദിയിൽ ഒഴു ക്കി. അക്കഥ ആരുമാരും അറിഞ്ഞിട്ടുമില്ല.

ഒന്നായിരുന്നു കുന്തിഭോജന്റെ നിശ്ചയം. പുത്രി അവൾക്ക് ഇഷ്ടമുള്ള പുരുഷനെ ഭർത്താവായി വരിച്ചുകൊള്ളട്ടെ. അതിനായി അദ്ദേഹം സ്വയം വരം നടത്തുകയുണ്ടായി. സ്വയംവരത്തിന് അനേകം രാജാക്കന്മാർ വന്നെ ത്തി. അവരുടെയിടയിൽ പാണ്ഡുവും ഉണ്ടായിരുന്നു. കുന്തി വരണമാല്യവും പിടിച്ചു സഭയിൽ പ്രവേശിച്ചു. രാജാക്കന്മാർ വരിവരിയായി ഇരിപ്പുണ്ട്. അവ രുടെ ഇടയിൽക്കൂടി കുന്തി മന്ദംമന്ദം കടന്നുപോയി. അവൾ ഓരോ രാജാ വിനെയും ശ്രദ്ധിച്ചുനോക്കി. ഒരു രാജാവിനെയും അവൾക്കു ബോധിച്ചില്ല. എന്നാൽ, പാണ്ഡുവിനെ കണ്ടപ്പോഴോ? അവളുടെ മട്ടാകെ മാറി. ഇദ്ദേഹം ആയിരിക്കണം തന്റെ ഭർത്താവ്! ഒട്ടുംതന്നെ സംശയിക്കാതെ അവൾ പാണ്ഡുവിന്റെ കഴുത്തിൽ വരണമാല്യം അർപ്പിച്ചു. കുന്തിഭോജൻ വധുവ രന്മാർക്കു വിലപിടിച്ച ഒട്ടേറെ സമ്മാനങ്ങൾ നൽകി. അവരെ ഹസ്തിനപു രത്തേക്കു യാത്രയുമാക്കി.

ഭീഷ്മർക്ക് അതിയായ സന്തോഷമുണ്ടായി. അതേസമയം ഒരു ആഗ്ര ഹവും തോന്നി. പാണ്ഡുവിനെക്കൊണ്ട് മാദ്രിയെക്കൂടി വിവാഹംകഴിപ്പി ക്കണം. വിദുരനോട് ആദ്യമേ പറഞ്ഞിട്ടുള്ളതാണല്ലൊ അക്കാര്യം. ഭീഷ്മർ മദ്രരാജ്യത്തിലേക്കു യാത്രയായി. മന്ത്രിമാരോടും പരിവാരങ്ങളോടുംകൂടി.

മദ്രരാജാവിന് ഭീഷ്മരോട് അത്യധികമായ ബഹുമാനം ഉണ്ടായിരുന്നു. ഭീഷ്മർ അതിഥിയായി ചെന്നപ്പോഴോ? രാജാവിന്റെ സന്തോഷം പറയാ നില്ല. അദ്ദേഹം ഭീഷ്മർക്കു രാജോചിതമായ സ്വാഗതമേകി. എന്നിട്ട് ഭീഷ്മരെ സ്വർണപീഠത്തിൽ ഇരുത്തി കുശലപ്രശ്നം നടത്തി. സംഭാഷണം ആരം ഭിച്ചു:

'ഭീഷ്മരേ, അങ്ങ് ഇങ്ങോട്ടു വരാൻ പ്രത്യേകിച്ചു വല്ല കാരണവുമുണ്ടോ? ഉണ്ടെങ്കിൽ പറയാൻ ദയവുണ്ടാകണം.'

'രാജൻ, ഞാൻ കന്യാർത്ഥിയായി വന്നതാണ്. അങ്ങയുടെ പുത്രി മാദ്രി യെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ട്. മാദ്രിയെ പാണ്ഡുവിനെക്കൊണ്ടു വിവാഹം കഴിപ്പിക്കണം. അതാണ് എന്റെ ആഗ്രഹം.'

'അതു വളരെ നല്ലതാണെന്നു പറയാൻ എനിക്കു മടിയില്ല. പക്ഷേ, എന്റെ വംശത്തിൽ പണ്ടുതന്നെ ഒരു പതിവുണ്ട്. അതു നല്ലതോ ചീത്തയോ എന്നു പറയാൻ എനിക്ക് അവകാശമില്ല.'

'എന്താണ് ആ പതിവ്?'

'വരൻ കന്യാധനം നൽകണം എന്നതാണ് അത്. അങ്ങയോടു തുറന്നു പറയാൻ എനിക്കു മടിയുണ്ട്. ശ്രേഷ്ഠന്മാരിൽ ശ്രേഷ്ഠനാണല്ലോ അങ്ങ്.'

'രാജൻ, അതു സാരമില്ല. ഞാൻ അങ്ങയുടെ കുലാചാരത്തെക്കുറിച്ചു മുമ്പുതന്നെ കേട്ടിട്ടുണ്ട്. അതു പാലിക്കുവാൻ ഞാൻ തയ്യാറുമാണ്.'

തുടർന്ന് ഭീഷ്മർ കന്യാധനം നൽകി. സ്വർണക്കട്ടികൾ, അനർഘ രത്നങ്ങൾ, രഥങ്ങൾ, ആനകൾ, കുതിരകൾ—അങ്ങനെ പലതും. അവയോ, വളരെ കൂടുതലും.

അവയെല്ലാം മദ്രരാജാവ് ആദരവോടെ സ്വീകരിച്ചു. എന്നിട്ട് മാദ്രിയെ അണിയിച്ചൊരുക്കി. അവളെ ഭീഷ്മർക്കു നൽകി. ഭീഷ്മർ മാദ്രിയോടുകൂടി ഹസ്തിനപുരത്തിൽ തിരിച്ചെത്തി. ശുഭമുഹൂർത്തത്തിൽ അവളുടെയും പാണ്ഡുവിന്റെയും വിവാഹം നടത്തി.

പാണ്ഡു പത്നിമാരോടുകൂടി സുഖജീവിതം നയിച്ചു.

താമസിയാതെ അദ്ദേഹം ദിഗ്വിജയത്തിനു പുറപ്പെട്ടു. വമ്പിച്ച, സുശക്തമായ സൈന്യം അദ്ദേഹത്തെ അനുഗമിച്ചു. അദ്ദേഹം പഴയ ശത്രുവായ ദശാർണന്റെ രാജ്യത്തിൽ കടന്നുകയറി. ആ രാജാവിനെ കീഴടക്കിയിട്ട് മഗധയിലേക്കു ചെന്നു. അവിടത്തെ ദീർഘൻ എന്ന രാജാവിനെ തോല്പിച്ച് വധിച്ചു. അയാളുടെ ഭണ്ഡാരം കൈക്കലാക്കി. പിന്നീട് മിഥില, കാശി, സുഹ്മം, പുണ്ഡ്രം എന്നീ രാജ്യങ്ങളിൽ ചെന്നു. അവിടെയൊക്കെ തന്റെ ആധിപത്യം സ്ഥാപിച്ചു. തുടർന്നു മറ്റു പല രാജ്യങ്ങളിലും.

പാണ്ഡുവിന്റെ പ്രശസ്തി സകല ദിക്കിലും വ്യാപിച്ചു. വീരന്മാരിൽ മുമ്പനാണ് അദ്ദേഹം എന്നു സകലരും പ്രശംസിച്ചു. അനേകം രാജാക്കന്മാർ അദ്ദേഹത്തിന്റെ സാമന്തന്മാരായി. അവർ കപ്പവും കാഴ്ചദ്രവ്യങ്ങളും സമർപ്പിച്ച് അദ്ദേഹത്തിന്റെ പ്രീതി നേടി.

ലോകസമ്രാട്ടായി പാണ്ഡു തിരിച്ചുവരികയാണ്—ആ വർത്തമാനം ഹസ്തിനപുരത്തിൽ പരന്നു. ജനങ്ങൾക്കുണ്ടായ ഉത്സാഹം ഒന്നു പ്രത്യേകമായിരുന്നു. പലരും രാജധാനി വിട്ടിറങ്ങി കുറെ ദൂരം സഞ്ചരിച്ചു. അവിടെവെച്ച് പാണ്ഡുവിനെ ഹാർദ്ദമായി എതിരേറ്റു. എന്നിട്ട് രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

എത്രയെത്ര വണ്ടികളിലാണു സ്വർണവും രത്നങ്ങളും മറ്റും വന്നത്! ആനകൾക്കും കുതിരകൾക്കും ഒട്ടകങ്ങൾക്കും മറ്റും കൈയും കണക്കുമില്ല. ജനങ്ങൾ ആശ്ചര്യപ്പെട്ട് എല്ലാം നോക്കിനിന്നു. എന്തു പ്രതാപമാണു തങ്ങളുടെ പ്രിയപ്പെട്ട തമ്പുരാന്!

ഭീഷ്മരെ കണ്ടയുടനെ പാണ്ഡു എന്തു ചെയ്തു? ധൃതിയിൽ രഥത്തിൽനിന്നിറങ്ങി ആ വന്ദ്യപാദങ്ങളിൽ നമസ്കരിച്ചു. ഭീഷ്മർ പാണ്ഡുവിനെ പിടിച്ചെഴുന്നേല്പിച്ചു ഗാഢമായി പുണർന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ സന്തോഷക്കണ്ണുനീർ നിറഞ്ഞിരുന്നു.

ബന്ധുക്കൾ, സുഹൃത്തുക്കൾ, ആശ്രിതന്മാർ അവർക്കെല്ലാം പാണ്ഡു കൈയയച്ചു സമ്മാനങ്ങൾ നൽകി.

അദ്ദേഹം ചക്രവർത്തിയായി വിരാജിച്ചു.

ദേവകൻ എന്ന രാജാവിന് ഒരു പുത്രിയുണ്ട്. അവളുടെ പേര് പാരശവി എന്നാണ്. സുന്ദരിയും സുശീലയുമാണ് പാരശവി. ഭീഷ്മർ ദേവകന്റെ രാജ്യത്തു ചെന്ന് അവളെ കൊണ്ടുവന്നു. അവളും വിദുരരുമായുള്ള വിവാഹവും നടത്തി.

(മഹാഭാരതം)

ഭീമൻ നാഗലോകത്തിൽ

അഞ്ചു പാണ്ഡവന്മാരുടെയും നൂറു കൗരവന്മാരുടെയും ബാല്യകാലം. എല്ലാവരും ഒന്നിച്ച് ഒരേ കൊട്ടാരത്തിൽ പാർക്കുകയാണ്. സഹോദരന്മാരുടെ പുത്രന്മാരല്ലേ?

എങ്കിലും അവർ രണ്ടു ചേരികളായി. പാണ്ഡവന്മാർ ഒരു ചേരി. കൗരവന്മാർ മറ്റേ ചേരി. ഇരുചേരികളും തമ്മിൽ സ്പർദ്ധയുമായി.

ആദ്യമൊന്നും സ്പർദ്ധ ആളിക്കത്തിയില്ല. എങ്കിലും അതു പ്രകടമായി—പല സന്ദർഭങ്ങളിലും പല മാതിരികളിലും.

ഏറ്റവും ദേഹശക്തി ഭീമനാണ്. അതിനെക്കുറിച്ച് ഒരു ബാലനും എതിരഭിപ്രായമില്ല. കൗരവന്മാർക്കു ഭീമനെ പേടിയാണ്. ഭീമൻ അവരെ ഉപദ്രവിച്ചെന്നുവരും. അവർക്കു ഭീമനെ ഒന്നും ചെയ്യാനൊക്കുകയില്ല.

എങ്ങനെയൊക്കെയാണു ഭീമൻ ഉപദ്രവിക്കാറുള്ളത്? അവൻ ഏതെങ്കിലും ഒരു കൗരവനെ കേറിപ്പിടിക്കും. തലയിൽ കൈകളമർത്തും. നിലത്തിട്ടു വലിച്ചിഴയ്ക്കും. എല്ലാവരുംകൂടി ചിലപ്പോൾ നദിയിൽ കുളിക്കാൻ പോകാറുണ്ട്. ഭീമൻ അഞ്ചാറു കൗരവരെ ഒന്നിച്ചുപിടിക്കും. എന്നിട്ട്, അവരെ വെള്ളത്തിൽ മുക്കും. അവരുടെ മൂക്കിലും വായിലും വെള്ളം കയറും. ശ്വാസം വിടാൻ വയ്യാതെയാകും. ഭീമന്റെ പിടിവിടാൻ അവർക്കു കഴിവില്ലതാനും. അവർ മരണവെപ്രാളം കാണിച്ചുതുടങ്ങും. അപ്പോഴേ ഭീമൻ പിടിവിടുകയുള്ളൂ!

മറ്റൊരു കുസൃതിയും ഭീമൻ ഇടയ്ക്കിടയ്ക്കു കാണിക്കാറുണ്ട്. ചില കൗരവന്മാർ കായ്കൾ പറിക്കാൻ മരത്തിൽ കയറും. ഭീമൻ ഓടിവന്ന് മരത്തെ തെരുതെരെ ചവിട്ടും. എത്ര ഊക്കാണ് ഭീമന്റെ ചവിട്ടുകൾക്ക്! അവയേറ്റ് മരങ്ങൾ കിടന്നു കുലുങ്ങുകയായി. മരക്കൊമ്പുകളിൽ അള്ളിപ്പിടിച്ചിരിക്കുന്ന കൗരവന്മാരോ? പിടിവിട്ടു നിലംപതിക്കും, കായ്കൾ വീഴുന്നപോലെ!

കൗരവന്മാർക്ക് ഭീമനോട് എത്ര ദേഷ്യമാണെന്നോ? പക്ഷേ, അവർ ദേഷ്യം ഉള്ളിൽ ഒതുക്കുകയേയുള്ളു. പുറമേ കാണിച്ചാൽ ഭീമൻ അറിയും. അബദ്ധവുമാകും!

ദുര്യോധനൻ ചിലതൊക്കെ ആലോചിക്കുന്നുണ്ട്. ഈ നിലയ്ക്കു തുടർന്നുപോകാൻ ഒക്കുകയില്ല. എപ്പോഴെങ്കിലും, എങ്ങനെയെങ്കിലും. ഭീമനെക്കൊണ്ട് ഉത്തരം പറയിക്കണം. ഭീമൻ ഇല്ലാതായാലോ, മറ്റു പാണ്ഡവന്മാരും ഇല്ലാതായതായി കണക്കാക്കാം. അതോടെ എല്ലാ സൊല്ലയും തീരുകയുംചെയ്യും!

ഒരിക്കൽ ദുര്യോധനന്റെ മനസ്സിൽ ഒരു യുക്തി ഉദയംചെയ്തു.

'ഭീമനെ ഉദ്യാനത്തിൽ ഉറക്കിക്കിടത്തണം. എന്നിട്ട് അവനെ കെട്ടി നദിയിൽ താഴ്ത്തണം. അതിനുശേഷം മറ്റു പാണ്ഡവന്മാരെ തടവിലിടണം. അങ്ങനെ എനിക്കു രാജാവായി വാഴണം!'

ആ യുക്തി മനസ്സിൽവെച്ചുകൊണ്ട് ദുര്യോധനൻ ഒരഭിപ്രായം പറഞ്ഞു: 'പാണ്ഡവന്മാരും കൗരവന്മാരും ഒന്നിച്ചു ഗംഗാതീരത്തേക്കു പോകണം. നദിയിലിറങ്ങി നീന്തുക, മുക്കിളിയിടുക, വെള്ളം തെറ്റിക്കളിക്കുക എന്തു രസമായിരിക്കും!'

എല്ലാവർക്കും ആ പരിപാടി സമ്മതമായി. മാത്രമല്ല, ഉത്സാഹവുമുണ്ടായി. പ്രമാണകോടി എന്നൊരു സ്ഥലമുണ്ട്. അവിടമാണ് ദുര്യോധനൻ തെരഞ്ഞെടുത്തിരുന്നത്. അവൻ രാജഭൃത്യന്മാർക്കു വിശദമായ ചില ആജ്ഞകൾ നൽകി. രാജഭൃത്യന്മാർ ആ ആജ്ഞകൾ നടപ്പിലാക്കി. അവർ നിറപ്പകിട്ടാർന്ന കൂടാരങ്ങൾ ചമച്ചു. കൂടാരങ്ങളുടെ മുകളിൽ വർണക്കൊടികൾ തൂക്കി. അവയുടെ അകത്ത് ഭക്ഷണവിഭവങ്ങൾ നിരത്തി—പലമാതിരി പാനീയങ്ങളും.

രാജകുമാരന്മാർ അവിടെ വിശ്രമിച്ചു. പിന്നീട് വാഹനങ്ങളിൽ കയറി ഗംഗാതീരത്തെത്തി. വാഹനങ്ങളെ അവിടെ നിർത്തി. വിശാലമായ ഉദ്യാനത്തിൽ പ്രവേശിച്ചു. കോലാഹലമായി വിഹരിച്ചു. പലഹാരം തിന്നാൻ ഒത്തുകൂടി ഇരിപ്പായി.

ദുര്യോധനൻ ഒരു പുതിയ കളി നിർദ്ദേശിച്ചു. ഓരോ രാജകുമാരനും ഓരോ പലഹാരം എടുക്കണം. അത് മറ്റൊരു രാജകുമാരന്റെ വായിൽ ഇട്ടുകൊടുക്കണം. നല്ല തമാശയായിരിക്കും!

എല്ലാവർക്കും ഉത്സാഹം കയറി. ഭീമന്റെ അടുത്ത് ഇരുന്നതാര്? മറ്റാരുമല്ല, ദുര്യോധനൻതന്നെ. ഭീമനോട് ദുര്യോധനൻ അതിയായ സ്നേഹം ഭാവിക്കുന്നു. അതിൽ ഭീമൻ വഞ്ചിതനാവുകയും ചെയ്തിട്ടുണ്ട്. ദുര്യോധനൻ ഒരു പ്രത്യേക പലഹാരം തയ്യാറാക്കിയിരിക്കുന്നു. അവൻ അതെടുത്തു വാരിവാരി ഭീമന്റെ വായിലിടുന്നു. ഭക്ഷണപ്രിയനായ ഭീമൻ വായിലായതെല്ലാം വയറ്റിലാക്കുന്നു—അതോ, ഏറ്റവും രുചിയോടുകൂടിയും.

ഉഗ്രവിഷം ചേർത്ത പലഹാരമായിരുന്നു അത്—സാവധാനത്തിൽ പ്രവർത്തനം ചെയ്യുന്ന ഒരുതരം വിഷം. അക്കാര്യം ഭീമൻ സ്വപ്നത്തിൽപോലും ഊഹിച്ചിരുന്നില്ല.

പിന്നീട് എല്ലാവരും വെള്ളത്തിൽ ചാടി. കുറെ നേരം നീണ്ടുനിന്നു അവരുടെ ജലക്രീഡ. അതിനുശേഷം അവർ നനഞ്ഞ വസ്ത്രങ്ങൾ മാറ്റി. പുതിയ വസ്ത്രങ്ങൾ ധരിച്ചു.

അപ്പോഴേക്കും സന്ധ്യയായി. അവർ കളിച്ചു ക്ഷീണിക്കയും ചെയ്തിരിക്കുന്നു. അവിടെത്തന്നെ രാത്രി കഴിക്കണം എന്നായി നിശ്ചയം.

ഭീമൻ ഒരിടത്തു ചെന്നു കിടപ്പായി. ഉടൻതന്നെ ഉറക്കവുമായി. സാധാരണ ഉറക്കമായിരുന്നില്ല. പിന്നെയോ, ഉഗ്രവിഷം ഉണ്ടാക്കിയ മയക്കം. ഭീമന്റെ പ്രജ്ഞയാകെ കെട്ടുപോയി. അവൻ തടിപോലെ അവിടെ കിടന്നു.

രാത്രിയുടെ ഇരുൾ നല്ലപോലെ പരന്നു. അപ്പോഴേക്കും രാജകുമാരന്മാർ ഗാഢനിദ്രയിൽ ലയിച്ചിരുന്നു— ഒരുവൻ ഒഴിച്ച്. ദുര്യോധനൻ ഉറങ്ങാതെ

കിടക്കുകയാണ്. അവൻ പതുക്കെ എഴുന്നേറ്റുനടന്നു. ഒരിടത്ത് നേരത്തെ ബലമുള്ള വള്ളികൾ ശേഖരിച്ചിരുന്നു. അവിടെച്ചെന്നു വള്ളികളെടുത്ത് ഭീമന്റെ അടുത്തെത്തി. ഭീമന്റെ ദേഹം വള്ളികൾകൊണ്ടു വരിഞ്ഞുകെട്ടി. അതിനുശേഷം ഭീമനെ വലിച്ചിഴച്ച് നദീജലത്തിൽ തള്ളി. അതൊന്നും ഭീമൻ അറിഞ്ഞതേയില്ല. ഓർമയറ്റ് കിടക്കുകയല്ലേ?

ഭീമൻ വെള്ളത്തിൽ താഴ്ന്നു താഴ്ന്നുപോയി. വളരെ ദൂരം കഴിഞ്ഞപ്പോഴോ? നാഗലോകത്തിന്റെ അതിർത്തിക്കുള്ളിലായി.

ചില നാഗങ്ങൾ ഒന്നു കാണുകയുണ്ടായി—ഒരു മനുഷ്യൻ തങ്ങളുടെ മദ്ധ്യത്തിലേക്കു വരുന്നു! അവർ ദേഷ്യത്തോടെ ആ മനുഷ്യനെ കൊത്തി.

ചിലപ്പോൾ വിഷം വിഷംകൊണ്ട് ഇല്ലാതാകും. അതാണ് ഇപ്പോൾ സംഭവിച്ചത്. സർപ്പങ്ങളുടെ വിഷം ഭീമന്റെ ശരീരത്തിൽ കടന്നില്ലേ? അതോടെ ദുര്യോധനൻ കൊടുത്ത വിഷത്തിന്റെ ശക്തി നീങ്ങി!

ഭീമൻ മയക്കത്തിൽനിന്നുണർന്നു നോക്കി. അപ്പോൾ എന്താണ് അനുഭവപ്പെട്ടത്? താൻ വെള്ളത്തിനടിയിൽ കിടക്കുന്നു. തന്റെ ശരീരം വള്ളികൾകൊണ്ടു കെട്ടപ്പെട്ടുമിരിക്കുന്നു! കെട്ടുപൊട്ടിച്ചുകളയാൻ ശക്തനായ ഭീമനു പ്രയാസം നേരിട്ടില്ല. ഓഹോ, തന്നെ നാഗങ്ങൾ കൊത്തുകയാണ്, അല്ലേ? ഭീമൻ പലതിനെയും ക്ഷണത്തിൽ കൊന്നുതള്ളി. ശേഷിച്ച നാഗങ്ങൾ നാഗരാജാവായ വാസുകിയുടെ സമക്ഷത്തിലേക്കുഴറി.

അവർ പരാതിപ്പെട്ടു:

'തമ്പുരാനേ, തടിയനായ ഒരു മനുഷ്യബാലൻ വെള്ളത്തിലൂടെ താഴ്ന്നു വന്നു. അവന്റെ ശരീരം കെട്ടി മുറുക്കിയിരുന്നു. ഞങ്ങൾ ഒന്നിച്ചുചെന്ന് അവനെ കൊത്തി. അവൻ ചാകുന്നതിനു പകരം കൂടുതൽ ശക്തനായിത്തീർന്നു. കെട്ടുപൊട്ടിച്ചെന്നു മാത്രമല്ല, കുറെ നാഗങ്ങളെ കൊല്ലുകയും ചെയ്തു. ആരോ അവനെ വിഷം കൊടുത്തു നദിയിൽ കെട്ടിയിറക്കിയതാവണം. അവിടുന്നു നേരിട്ടു ചെന്നു നോക്കുന്നതു നന്നായിരിക്കും.'

വാസുകി ഭീമന്റെ അടുക്കലെത്തി—ഒന്നിച്ച് ആര്യകൻ എന്ന നാഗശ്രേഷ്ഠനും.

അവർക്ക് ഭീമനോട് അതിയായ ബഹുമാനം തോന്നി.

വാസുകി പറഞ്ഞു:

'ആര്യകാ, നാം ഇവനു ധാരാളം മത്നങ്ങൾ സമ്മാനിക്കണം.'

ആര്യകന്റെ അഭിപ്രായം മറ്റൊന്നായിരുന്നു.

'തിരുമേനീ, ഇവനു മത്നങ്ങളല്ല സമ്മാനിക്കേണ്ടത്. ആനകളുടെ ബലം നൽകുന്ന പാനീയം നമുക്കുണ്ടല്ലോ. അതു കുറെ കുടങ്ങളിലാക്കിവെച്ചിട്ടുമുണ്ട്. ഇവൻ എത്ര പാനീയം കുടിക്കുന്നോ, അത്രയും നാം കൊടുക്കണം.'

വാസുകിക്ക് അതു സമ്മതമായി. അദ്ദേഹം പാനീയക്കുടങ്ങൾ വരുത്തി ഭീമനു നൽകി. ഭീമൻ എട്ടു കുടങ്ങൾ കുടിച്ചുതീർത്തു. എന്നിട്ട് ഒരിടത്തു ചെന്നു കിടപ്പായി. കിടന്നയുടനെ ഉറക്കവുമായി.

ആ സമയം പാണ്ഡവരും കൗരവരും എന്തു ചെയ്യുകയായിരുന്നു?

രാവിലെ കളിച്ചും ചിരിച്ചും അവർ പ്രമാണകോടിയിൽനിന്നു മടക്കയാത്രചെയ്തു. അവരുടെ കൂട്ടത്തിൽ ഭീമൻ ഉണ്ടായിരുന്നില്ല. ഭീമൻ തനിച്ചു

നേരത്തെ പോയി—അതായിരുന്നു യുധിഷ്ഠിരന്റെയും മറ്റും വിശ്വാസം. എന്താണു നടന്നതെന്ന് ഒരാൾക്കുമാത്രമേ അറിയാവൂ. ആ ആൾ ദുര്യോധനനല്ലാതെ മറ്റാരും അല്ലതാനും. അവന്റെ ഹൃദയത്തിൽ സന്തോഷം നിറഞ്ഞുനിന്നു. ഭീമനെ ഇനിയാരും ജീവനോടെ കാണുകയില്ല!

യുധിഷ്ഠിരൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ—നാലുപേരും കുന്തിയെ ചെന്നുകണ്ടു.

അമ്മയോട് യുധിഷ്ഠിരൻ പറഞ്ഞു:

'ഭീമൻ നേരത്തെ ഇങ്ങോട്ടു പോന്നെന്നു തോന്നുന്നു. അവനെ ഇവിടെയെങ്ങും കാണാനില്ല. അമ്മ അവനെ മറ്റു വല്ലയിടത്തും പറഞ്ഞയച്ചിരിക്കയാണോ?'

വാസ്തവത്തിൽ യുധിഷ്ഠിരൻ വ്യാകുലനായിരുന്നു.

ഇപ്പോൾ കുന്തിയും വ്യാകുലയായി.

'യുധിഷ്ഠിരാ, ഞാൻ ഭീമനെ ഒരിടത്തേക്കും അയച്ചിട്ടില്ല. അതെന്തിന്, ഞാൻ അവനെ കണ്ടുപോലുമില്ല. നീയും മറ്റുള്ളവരും പോയി അന്വേഷിച്ചുവരൂ.'

കുന്തി വിദുരരോടു പറഞ്ഞു:

'നൂറ്റഞ്ചു കുമാരന്മാരും പ്രമാണകോടിയിലേക്കു പോയിരുന്നു. എല്ലാവരും തിരിച്ചെത്തി.

ഭീമൻ മാത്രം വന്നിട്ടില്ല. എനിക്ക് ദുര്യോധനനെക്കുറിച്ചു സംശയമുണ്ട്. അവന് ഭീമനോട് കടുത്ത വിരോധമുണ്ട്. അവൻ ഭീമനെ ചതിച്ചു കൊന്നിരിക്കുമോ? അതാലോചിച്ച് എന്റെ മനസ്സ് ഉരുകുന്നു.'

വിദുരൻ സമാധാനപ്പെടുത്തി:

'ഒട്ടും മനോവിഷമം വേണ്ട. ഭീമന് ഒരു കുഴപ്പവും വരികയില്ല.'

പക്ഷേ, കുന്തിക്ക് മനശ്ശാന്തി ഉണ്ടായില്ല. മാത്രമല്ല, നാലു പാണ്ഡവന്മാർക്കും. ദിവസം ഒന്നൊന്നായി കഴിഞ്ഞുപോയി. ഭീമനെക്കുറിച്ചു യാതൊരു അറിവും കിട്ടിയില്ല.

ഭീമനാകട്ടെ എട്ടുകുടം പാനീയം കുടിച്ചിട്ട് ഉറങ്ങിയല്ലോ. എട്ടുദിവസം തുടർന്നുപോയി ഉറക്കം. അപ്പോഴേക്കും കുടിച്ചതെല്ലാം ദഹിക്കുകയായി. ഭീമൻ ഉണർന്ന് എഴുന്നേറ്റു. പതിനായിരം ആനകളുടെ ബലം കൈവന്നിരുന്നു!

നാഗങ്ങൾ ഭീമനെ കുളിപ്പിച്ചു. വിലപിടിച്ച വസ്ത്രങ്ങൾ ധരിപ്പിച്ചു. ദിവ്യമായ പായസം ഭക്ഷിപ്പിച്ചു. ആശീർവാദങ്ങൾ നൽകി.

ഭീമൻ ജലത്തിലൂടെ ഉയർന്നു ഭൂമിയിൽ കയറി.

ചില നാഗങ്ങൾ അതുവരെ ഭീമനെ അകമ്പടി സേവിച്ചിരുന്നു.

കഴിയുന്നത്ര വേഗത്തിൽ ഭീമൻ ഹസ്തിനപുരത്തിൽ എത്തിച്ചേർന്നു. അമ്മയെയും സഹോദരന്മാരെയും ചെന്നുകണ്ടു. അവർക്കെല്ലാം എന്തു സന്തോഷമായെന്നോ? മരിച്ചവൻ തിരിച്ചുവന്നാൽ എന്നപോലെ!

ദുര്യോധനന്റെ പ്രവൃത്തി ഭീമൻ വിവരിച്ചു.

എല്ലാവർക്കും വിസ്മയം തോന്നി.

യുധിഷ്ഠിരൻ പറഞ്ഞു:

'ഭീമാ, ഇക്കാര്യം ആരോടും ഒരിക്കലും പറയരുത്. ഞങ്ങളും രഹസ്യമായി സൂക്ഷിച്ചുകൊള്ളാം.'

താമസിയാതെ ദുര്യോധനനും ഭീമനെ കണ്ടു. ദുര്യോധനന് ഒന്നു മനസ്സിലായില്ല ഇവൻ എങ്ങനെ ജീവനോടെ തിരിച്ചുവന്നു? എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. പോരെങ്കിലോ? ഭീമനു മുമ്പത്തെക്കാൾ എത്രയോ കൂടുതൽ ബലം! ഇതെങ്ങനെ? അത്ഭുതംതന്നെ!

(മഹാഭാരതം)

പാത്രചരിതം

പാണ്ഡവന്മാർ ചൂതിൽ തോറ്റ് രാജ്യം വിട്ടിറങ്ങി. അവരോടൊന്നിച്ച് പത്നിയായ പാഞ്ചാലിയും. അങ്ങനെ അവരുടെ വനവാസം ആരംഭിക്കയായി.

ഭൂരിപക്ഷം പൗരന്മാർക്കും പാണ്ഡവന്മാരോടാണു കൂറ്. പാണ്ഡവന്മാരില്ലാത്ത രാജ്യത്തു ജീവിക്കുക അവർക്കു ദുസ്സഹമായിരുന്നു. വളരെപ്പേർ പാണ്ഡവരെ പിന്തുടർന്നു.

അവർ യുധിഷ്ഠിരനോടു പറഞ്ഞു:

'അങ്ങ് എവിടെ പോകുന്നുവോ, അവിടെ ഞങ്ങളും വരും. ഞങ്ങൾ ദുര്യോധനന്റെ ഭരണത്തിൻകീഴിൽ ജീവിക്കുകയില്ല. അങ്ങ് ഞങ്ങളെ കൈവെടിയരുതേ!'

യുധിഷ്ഠിരന് അതൊട്ടും സമ്മതമായില്ല.

അദ്ദേഹം പറഞ്ഞു:

'ഹസ്തിനപുരത്തിൽ ഭീഷ്മരുണ്ട്, ദ്രോണരുണ്ട്, ഞങ്ങളുടെ അമ്മയുണ്ട്, വേണ്ടപ്പെട്ട മറ്റു പലരുമുണ്ട്. നിങ്ങൾ അവരെയൊക്കെ വേണ്ടതുപോലെ നോക്കിക്കൊള്ളണം. അതാണു നിങ്ങൾ എനിക്കു ചെയ്യുന്ന ഏറ്റവും വലിയ ഉപകാരം. ദയവുചെയ്തു നിങ്ങൾ മടങ്ങിപ്പോകണം.'

ഗത്യന്തരമില്ലാതെ പൗരന്മാർ യാത്രയായി.

പിന്നീടു മറ്റനേകംപേരുടെ വരവുണ്ടായി. യുധിഷ്ഠിരനോട് അത്യധികമായ സ്നേഹമുള്ള ബ്രാഹ്മണരാണ് അവർ. ഒരു നിശ്ചയം അവർ എടുത്തിരുന്നു.

'യുധിഷ്ഠിരാ, ഞങ്ങളും അങ്ങയുടെ പുറകെ കാടുകയറുകയാണ്. ഇനിമേൽ ഞങ്ങൾ അങ്ങയോടൊന്നിച്ചു ജീവിക്കും.'

'മാലിഭാരതത്തിൽ' നാലഞ്ചു വാചകത്തിൽ ഒതുക്കിയിട്ടുള്ള കഥ ഇപ്പോൾ വിസ്തരിക്കുകയാണ്.

അവരെയും പിന്തിരിപ്പിക്കാൻ യുധിഷ്ഠിരൻ ശ്രമിച്ചു.

അദ്ദേഹം പറഞ്ഞു:

'കായും കനിയും മാത്രമേ കാട്ടിൽ കിട്ടുകയുള്ളൂ. പോരെങ്കിൽ ധാരാളം വന്യമൃഗങ്ങളുമുണ്ട്. നിങ്ങൾക്ക് അവിടെ വലിയ കഷ്ടപ്പാടുകൾ ഉണ്ടാകും.'

പക്ഷേ, അവർ കൂട്ടാക്കിയില്ല. യുധിഷ്ഠിരന്റെ ദുഃഖത്തിൽ അവരും പങ്കു കൊള്ളും. എല്ലാ കഷ്ടപ്പാടുകളും അവർ സന്തോഷത്തോടെ സഹിക്കും.

ഇനി എന്താണു നിവൃത്തി? ബ്രാഹ്മണരെ ഒന്നിച്ചു പാർപ്പിക്കുക—അതൊരു വഴിയേ യുധിഷ്ഠിരന് അവശേഷിച്ചുള്ളു.

ധ്യാനം, ജപം, വേദോച്ചാരണം, കഥാകഥനം—അവയൊക്കെ ചെയ്തു കൊണ്ട് അവർ സമയം കഴിച്ചു.

വാസ്തവത്തിൽ യുധിഷ്ഠിരന് ഒട്ടുംതന്നെ സൈരം ഉണ്ടായിരുന്നില്ല. തന്നെ സ്നേഹിക്കുന്നവരാണ്, ആശ്രയിക്കുന്നവരാണ്, ഇക്കൂട്ടർ. താൻ വേണം ഇവരുടെ സുഖസൗകര്യങ്ങൾ നോക്കാൻ. ഇവർക്കു വിശക്കുമ്പോൾ ഭക്ഷണം കൊടുക്കണം. അല്ലാത്തപക്ഷം അതൊരു വലിയ ദോഷമാകും. വൻകാട്ടിൽ ഇത്രയും ആളുകൾക്കു ഭക്ഷണമെവിടെ?

യുധിഷ്ഠിരൻ അനുജന്മാരോടും പാഞ്ചാലിയോടും ആലോചന നടത്തി. ഒരു വഴി കണ്ടുപിടിക്കാൻ അവർക്കും കഴിഞ്ഞില്ല. അവർക്കും ദുഃഖമായി. അതായിരുന്നു ഫലം.

ധൗമ്യമഹർഷിയാണ് പാണ്ഡവന്മാരുടെ ഗുരു. മഹാത്മാവാണ് ആ മഹർഷി. അദ്ദേഹം വിചാരിച്ചാൽ പോംവഴി ഉണ്ടാവുകയില്ലേ?

യുധിഷ്ഠിരൻ ധൗമ്യനെ കണ്ടു പറഞ്ഞു:

'ഗുരോ, ഇത്രയും ആളുകളെ തീറ്റിപ്പോറ്റാൻ എനിക്കു കഴിവില്ല. അതിൽ എനിക്കു വലിയ കുണ്ഠിതമുണ്ട്. അവരെ കൈവെടിയാനും വയ്യ. അവർക്കു ഭക്ഷണം നൽകാനും നിവൃത്തിയില്ല. ഞാൻ ധർമസങ്കടത്തിൽപെട്ടിരിക്കുന്നു.'

ധൗമ്യൻ ഒരു വഴി കണ്ടെത്തി.

'യുധിഷ്ഠിരാ, നീ സൂര്യദേവനെ സേവിക്കൂ.'

അദ്ദേഹം സൂര്യമന്ത്രം ഉപദേശിച്ചു. യുധിഷ്ഠിരൻ സൂര്യസേവചെയ്തു. സൂര്യൻ പ്രത്യക്ഷനായി.

'യുധിഷ്ഠിരാ ഞാനിതാ നിനക്ക് ഒരു പാത്രം തരുന്നു. എത്രപേർക്ക് ഭക്ഷണം ആവശ്യമുണ്ടോ അത്രയും ഭക്ഷണം പാത്രത്തിൽനിന്ന് ഉണ്ടായി വരും. സർവവിഭവങ്ങളും നിറഞ്ഞ ഭക്ഷണവും ആയിരിക്കും. പക്ഷേ, ഒന്നുണ്ട്. ഒടുവിൽ ഭക്ഷണം കഴിക്കുന്നത് പാഞ്ചാലിതന്നെ വേണം. അവളുടെ ഭക്ഷണം കഴിഞ്ഞാലോ? പിന്നീട് അന്നേദിവസം പാത്രത്തിൽനിന്നു ഭക്ഷണം ഉണ്ടായിവരികയില്ല.'

അക്ഷയപാത്രം എന്നാണ് ആ ദിവ്യപാത്രത്തിന്റെ പേര്. യുധിഷ്ഠിരൻ ആദരവോടെ അക്ഷയപാത്രം സ്വീകരിച്ചു. അതിനുശേഷം സൂര്യദേവൻ അപ്രത്യക്ഷനായി.

അന്നുമുതൽ എല്ലാം എത്ര എളുപ്പമായി എന്നോ? യാതൊരു സാമഗ്രികളും ശേഖരിക്കണ്ട. പാചകം എന്നൊന്ന് ആവശ്യമേയില്ല. വേണ്ടുന്നതെല്ലാം അക്ഷയപാത്രം നൽകിക്കൊള്ളും. എത്രപേർ വേണമെങ്കിലും ഭക്ഷണം കഴിച്ചോട്ടെ. എല്ലാവർക്കും മതിയാവോളം ഭക്ഷിക്കാം. എന്തെന്തുമാതിരിയിലുള്ള വിഭവങ്ങളാണ്! അവയുടെ സ്വാദും വൈവിധ്യവും ഒന്നു വേറെതന്നെ. യുധിഷ്ഠിരൻ ആദ്യം ബ്രാഹ്മണരെ ഭുജിപ്പിക്കും. അതുകഴിഞ്ഞ് അദ്ദേഹവും അനുജന്മാരും ആഹാരം കഴിക്കും. ഒടുവിലാണ് പാഞ്ചാലിയുടെ ഊഴം. അതിനുശേഷം ആ ദിവസത്തേക്ക് അക്ഷയപാത്രം ശൂന്യമായിരിക്കും!

കുറെക്കാലം കഴിഞ്ഞു. അപ്പോൾ ഒരു സംഭവം നടന്നു. അതോ, ഹസ്തിനപുരത്തിലും.

ദുര്യോധനന് പാണ്ഡവന്മാരോട് ഒടുങ്ങാത്ത പകയുണ്ട്. പാണ്ഡവന്മാരെ വനത്തിലേക്ക് അയച്ചു. ശരിയാണ്. എന്നിട്ടും ദുര്യോധനന്റെ അരിശം തീർന്നിട്ടില്ല. അവരെ ഏതുവിധവും നശിപ്പിക്കണം. അതിന് എന്താണു വഴി?

ഒരു നാൾ ദുർവാസാവു മഹർഷി ദുര്യോധനനെ ചെന്നുകണ്ടു. ഒന്നിച്ച് മഹർഷിയുടെ നിരവധി ശിഷ്യന്മാരും. കുറെ ദിവസം അതിഥികളായി താമസിക്കാൻ വന്നതാണ് അവരെല്ലാം. ദുര്യോധനൻ എല്ലാവരെയും ആദരവോടെ സ്വാഗതം ചെയ്തു. കടുകോപിയാണല്ലോ ദുർവാസാവ്. അദ്ദേഹത്തിനു കോപമുണ്ടാകാതെ സൂക്ഷിക്കണം. ദുര്യോധനൻ അദ്ദേഹത്തെ ഏറ്റവും ശ്രദ്ധയോടെ പരിചരിച്ചു. വല്ലാത്ത ബുദ്ധിമുട്ടായിരുന്നു അതിന്. മഹർഷി ചിലപ്പോൾ പറയും വിശക്കുന്നു എന്ന്—കുളിച്ചുവന്നയുടനെ ആഹാരം വേണം എന്നും. എല്ലാം തയ്യാറാവുമ്പോൾ പറയും തനിക്ക് ഇപ്പോൾ വിശപ്പില്ലെന്ന്. ആഹാരം കഴിക്കണമെന്ന് അർദ്ധരാത്രിനേരത്തു വിളിച്ചുപറയും. വിളമ്പിക്കൊടുത്താൽ മാറ്റിവയ്ക്കുകയുംചെയ്യും. ഇതൊക്കെയായിട്ടും ദുര്യോധനൻ കൂട്ടാക്കിയില്ല. മഹർഷിക്കു വളരെ സന്തോഷമായി.

അദ്ദേഹം മനം തെളിഞ്ഞു പറഞ്ഞു:

'ദുര്യോധനാ, എന്താണു നിന്റെ ഇഷ്ടം? എന്തായാലും ഞാൻ സാധിപ്പിക്കാം.'

നേരത്തെതന്നെ ദുര്യോധനൻ ഒന്ന് ആലോചിച്ചുവെച്ചിട്ടുണ്ട്. മഹർഷിയെക്കൊണ്ട് പാണ്ഡവന്മാരെ ശപിപ്പിക്കണം. സുത്രത്തിൽ വേണം കാര്യം പറ്റിക്കാൻ.

ദുര്യോധനൻ പറഞ്ഞു:

'മഹർഷേ, പാണ്ഡവന്മാർക്ക് അക്ഷയപാത്രം കിട്ടിയത് അങ്ങ് അറിഞ്ഞിരിക്കുമല്ലോ. അങ്ങും ശിഷ്യന്മാരും അവരുടെ അതിഥികളാവണം. പാഞ്ചാലിയുടെ ഭക്ഷണം കഴിഞ്ഞിട്ടു വേണം അവിടെ ചെല്ലാൻ. ആ ഉപകാരമാണ് അങ്ങ് എനിക്കു ചെയ്യേണ്ടത്.'

പാഞ്ചാലി ഊണു കഴിച്ചാൽ അന്നത്തേക്ക് അക്ഷയപാത്രം ശൂന്യമാകുമല്ലൊ. അപ്പോൾ ദുർവാസാവിനും ശിഷ്യന്മാർക്കും ചോറു കിട്ടുകയില്ല. മഹർഷി കോപിച്ചു ശപിക്കും. അതാണ് ദുര്യോധനനു വേണ്ടതും.

ആവാമെന്നു സമ്മതിച്ചിട്ട് ദുർവാസാവ് യാത്രയായി—ഒന്നിച്ച് നിരവധി ശിഷ്യന്മാരും. എല്ലാവരും കൂടി കാട്ടിലെത്തി പാണ്ഡവന്മാരെ ചെന്നു കണ്ടു. അപ്പോഴേക്കും പാഞ്ചാലി ഊണു കഴിച്ചിരുന്നു. കല്പിച്ചുകൂട്ടിയാണ് മഹർഷിയും ശിഷ്യന്മാരും ആ സമയത്തു ചെന്നത്.

യുധിഷ്ഠിരന് അതിയായ പരിഭ്രമം ഉണ്ടായി. ദുർവാസാവിനും ശിഷ്യന്മാർക്കും ആഹാരം നല്കിയേ കഴിയൂ. അല്ലെങ്കിൽ മഹർഷി ശപിക്കുമെന്നു തീർച്ചയാണ്. എങ്കിലും യുധിഷ്ഠിരൻ സംഭ്രമം പുറമേ കാണിച്ചില്ല. അദ്ദേഹം അവരെ ബഹുമാനപൂർവം സ്വീകരിച്ചു.

അദ്ദേഹം പറഞ്ഞു:

'മഹർഷേ, അങ്ങും ശിഷ്യന്മാരും പോയി കുളിച്ചുവരണം. അതിനു ശേഷം ഭക്ഷണം കഴിക്കാം.'

രണ്ടും കല്പിച്ച് അങ്ങു പറഞ്ഞെന്നേയുള്ളു. കൂളിച്ചുവന്നയുടൻ എല്ലാവരും ഊണിനിരിക്കും. വിളമ്പാൻ യാതൊന്നും ഉണ്ടാവുകയുമില്ല. ഇതിൽപ്പരം ഒരു ഗതികേടുണ്ടോ? മഹർഷിയും കൂട്ടരും ഗംഗാനദിയിലേക്കു പോയി. യുധിഷ്ഠിരന്റെ പരിഭ്രമം പല മടങ്ങുമായി. മാത്രമല്ല, അനുജന്മാരുടെയും പാഞ്ചാലിയുടെയും പരിഭ്രമവും. ഇനി എന്തുചെയ്യും?

തങ്ങൾ അത്യാപത്തിനെ അഭിമുഖീകരിക്കുകയാണ്. അക്കാര്യത്തിൽ പാഞ്ചാലിക്കു സംശയമേ ഉണ്ടായില്ല. തങ്ങളെ രക്ഷിക്കാൻ ഒരാളേയുള്ളു —മറ്റാരുമല്ല, സാക്ഷാൽ ശ്രീകൃഷ്ണൻ!

പാഞ്ചാലിക്കു ശ്രീകൃഷ്ണനോടു കറകളഞ്ഞ ഭക്തിയുണ്ട്. മുമ്പും ശ്രീകൃഷ്ണൻ പാഞ്ചാലിയെ രക്ഷിക്കുകയുണ്ടായി-ദുശ്ശാസനൻ വസ്ത്രാക്ഷേപംചെയ്തപ്പോൾ. അന്ന് ഭഗവാൻ ഇടപെട്ടിരുന്നില്ലെങ്കിലോ? ആലോചിക്കുവാൻകൂടി പാഞ്ചാലിക്കു ഭയം തോന്നും. ആ സ്വാധി ഹൃദയം തുറന്നു പ്രാർത്ഥിച്ചു:

'എന്റെ കൃഷ്ണാ, ഈ ദുഃഖത്തിൽനിന്ന് അവിടുന്ന് എന്നെ കരകയറ്റണേ!'

അത്ഭുതം എന്നല്ലാതെ എന്താണു പറയുക? ഒരു നിമിഷം കഴിഞ്ഞില്ല —അതാ ശ്രീകൃഷ്ണൻ മുമ്പിൽ നിൽക്കുന്നു!

പാഞ്ചാലി ഭഗവാനെ ഭക്തിപൂർവം വണങ്ങി. നടന്നതെല്ലാം വിസ്തരിച്ച് അറിയിച്ചു. രക്ഷിക്കണേ എന്നു വീണ്ടും അപേക്ഷിച്ചു.

ശ്രീകൃഷ്ണൻ കുസൃതിനിറഞ്ഞ പുഞ്ചിരിതൂകി.

'പാഞ്ചാലീ, എനിക്കു വല്ലാതെ വിശക്കുന്നു. ആദ്യം എനിക്കു വല്ലതും തിന്നണം. മറ്റുള്ളതെല്ലാം അതിനുശേഷമാകാം.'

എന്തായിരുന്നു പാഞ്ചാലിയുടെ ദുഃഖം! ദുർവാസാവിനും ശിഷ്യർക്കും ഭക്ഷണം കൊടുക്കാൻ വഴിയില്ല. ഇപ്പോൾ ശ്രീകൃഷ്ണനും ഭക്ഷണം വേണമത്രെ! ഭഗവാൻ ആവശ്യപ്പെട്ടിട്ടും കൊടുക്കാതിരുന്നാലോ? അതിനെക്കാൾ വലിയ പാപമില്ല!

താപത്തോടും ലജ്ജയോടും കൂടി പാഞ്ചാലി പറഞ്ഞു:

'ഭഗവാനേ, ഞാൻ ഊണു കഴിച്ചുപോയി. ഇനി ഇന്ന് അക്ഷയപാത്രത്തിൽ ഭക്ഷണം ഉണ്ടാവുകയില്ല.'

വാസ്തവത്തിൽ ഊണു കഴിഞ്ഞ് അക്ഷയപാത്രം കഴുകിവെച്ചിരിക്കയാണ്.

ശ്രീകൃഷ്ണൻ വിട്ടില്ല:

'പാഞ്ചാലീ, അതൊന്നും പറഞ്ഞാൽ പറ്റില്ല. എനിക്കു വിശപ്പു സഹിക്കാൻ വയ്യാതായിരിക്കുന്നു. ആ പാത്രം ഇങ്ങെടുത്തുകൊണ്ടു വരൂ. അതിൽ വല്ലതും ശേഷിച്ചിട്ടുണ്ടോ എന്നു ഞാൻ നോക്കട്ടെ.'

പാഞ്ചാലി പാത്രം കൊണ്ടുവന്നു. ശ്രീകൃഷ്ണൻ അതു വാങ്ങി തിരിച്ചും മറിച്ചും പരിശോധിച്ചു. അതാ ഒരു ചെറിയ ചീരയിലക്ഷണം! ശ്രീകൃഷ്ണൻ അതെടുത്തു വായിലിട്ടു.

ഭഗവാൻ സഹദേവനോടു പറഞ്ഞു:

'പോയി ദുർവാസാവിനെയും ശിഷ്യന്മാരെയും ഊണിനു വിളിക്കൂ.'

സഹദേവൻ ഗംഗാതീരത്തിലേക്കു നടന്നു.

അതിനിടയ്ക്കു വിചിത്രമായ ചില സംവേങ്ങൾ നടക്കുകയുണ്ടായി.

ദുർവാസാവും ശിഷ്യന്മാരും നദിയിൽ മുങ്ങിക്കുളിക്കുകയാണ്. ഒരിക്കൽ മുങ്ങിയിട്ടു പൊങ്ങിയപ്പോൾ ഒരു തോന്നലുണ്ടായി. വയറു വല്ലാതെ വീർത്തു പൊട്ടാറായിരിക്കുന്നു. സ്വാദേറിയ സദ്യവട്ടങ്ങൾ ആവശ്യത്തിലധികം വാരിത്തിന്നാൽ എങ്ങനെയിരിക്കും? അതുപോലെ ആയിരുന്നു എല്ലാവരുടെയും തോന്നൽ!

ശിഷ്യന്മാർ ദുർവ്വാസാവിന്റെ മുഖത്തേക്കു നോക്കി.

അവർ ചോദിച്ചു:

'ഗുരോ, ഇനിയെങ്ങനെ പാണ്ഡവന്മാർ നൽകുന്ന ഭക്ഷണം കഴിക്കും?'

ദുർവാസാവ് ജ്ഞാനദൃഷ്ടികൊണ്ടു കാര്യമെല്ലാം മനസ്സിലാക്കി.

അദ്ദേഹം പറഞ്ഞു:

'പാണ്ഡവന്മാർ മഹാത്മാക്കളും ധർമിഷ്ഠരുമാണ്. നാം അവരോടു തെറ്റുചെയ്തിരിക്കുന്നു. അവരുടെ മുഖത്തു നോക്കാൻ എനിക്കു ധൈര്യമില്ല. നാം അവരെ കാണാതെ പോകുന്നതാണു നന്ന്.'

മഹർഷി ധൃതിയിൽ ജലത്തിൽനിന്നു കരയ്ക്കു കയറി. അദ്ദേഹത്തോടൊന്നിച്ചു ശിഷ്യന്മാരും. എല്ലാവരും കൂടി അതിവേഗത്തിൽ ഒരൊറ്റ പോക്ക്!

അതിനുശേഷമാണ് സഹദേവൻ ഗംഗാതീരത്ത് എത്തിച്ചേർന്നത്.

ദുർവാസാവിന്റെയും ശിഷ്യന്മാരുടെയും പൊടിപോലും അവിടെ കാണാനുണ്ടായിരുന്നില്ല.

സഹദേവൻ പല സ്ഥലങ്ങളിലും ചുറ്റി നടന്ന് അന്വേഷിച്ചു. ഫലമില്ലെന്നു കണ്ടപ്പോൾ ശ്രീകൃഷ്ണന്റെ അടുക്കലേക്കു തിരിച്ചുപോയി.

ശ്രീകൃഷ്ണൻ പാണ്ഡവന്മാരെയും പാഞ്ചാലിയേയും നടന്നതെല്ലാം അറിയിച്ചു.

ഭഗവാൻ പറഞ്ഞു:

'പാഞ്ചാലി എന്നെ വിളിച്ചതു ഞാൻ കേട്ടു. എനിക്കു സകലതും മനസ്സിലായി. ഞാനൊരു പണി പറ്റിക്കുകയുംചെയ്തു.'

പാണ്ഡവന്മാർക്കു കൃതജ്ഞത പറഞ്ഞറിയിക്കാൻ വാക്കുകൾ കിട്ടിയില്ല.

ശ്രീകൃഷ്ണൻ അവരെ അനുഗ്രഹിച്ചിട്ടു യാത്രയായി.

(മഹാഭാരതം)

കർണൻ

കുന്തിഭോജൻ എന്നൊരു രാജാവുണ്ടായിരുന്നു. ഒരിക്കൽ ഒരാൾ രാജാവിന്റെ അതിഥിയായി വന്നുചേർന്നു. മഹർഷിമാരിൽ മുഖ്യനായ ദുർവാസാവായിരുന്നു ആ അതിഥി.

ദുർവാസാവ് പറഞ്ഞു:

'രാജൻ, ഞാൻ അങ്ങയുടെ കൊട്ടാരത്തിൽ കുറെ നാൾ താമസിക്കാൻ ആഗ്രഹിക്കുന്നു. അങ്ങാകട്ടെ, അങ്ങയുടെ ആൾക്കാരിൽ ആരുമാകട്ടെ, എനിക്ക് ഇഷ്ടമല്ലാത്ത യാതൊന്നും ചെയ്തുകൂടാ. ഞാൻ എനിക്ക് തോന്നുന്നതുപോലെയൊക്കെ പ്രവർത്തിക്കും. ആരും എനിക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാക്കരുത്. അതു സമ്മതമാണോ?'

ഏറ്റവും മഹത്തായ ധർമ്മമാണ് അതിഥിപൂജ. ദുർവാസാവ് സാധാരണ രീതിയിലുള്ള അതിഥിയല്ലതാനും. കടുകോപിയാണ് അദ്ദേഹമെന്ന് അറിയാത്തവർ മുന്നു ലോകങ്ങളിലുമില്ല. നിസ്സാരമായ വല്ല കാരണവും കിട്ടിയാൽ മതി, അദ്ദേഹം ശപിച്ചുകളയും. ശാപം ഫലിക്കുമെന്നു പ്രത്യേകിച്ചു പറയണോ? ഇതെല്ലാം കുന്തിഭോജനു നല്ലവണ്ണം അറിവുള്ളതാണ്. വളരെ സൂക്ഷിച്ചു പെരുമാറേണ്ടിവന്നിരിക്കുന്നു. അദ്ദേഹത്തെ പരിചരിക്കാൻ ഏറ്റവും പറ്റിയ ഒരാളെ നിയോഗിക്കണം. എല്ലാംകൊണ്ടും തന്റെ പുത്രിയാവുന്നതാണു നന്ന്.

കുന്തിഭോജൻ പറഞ്ഞു:

'മഹർഷേ, അങ്ങയുടെ ഇഷ്ടപ്രകാരം ഞാൻ പ്രവർത്തിച്ചുകൊള്ളാം. എന്റെ മകളായ കുന്തി അങ്ങയെ ശ്രദ്ധയോടെ ശുശ്രൂഷിക്കും. അങ്ങേക്ക് അവളോടു തൃപ്തിയും സന്തോഷവും തോന്നും. അതെനിക്കു തീർച്ചയാണ്.'

രാജാവ് പിന്നീട് കുന്തിയെ പ്രത്യേകം വിളിച്ചു.

'മകളേ, ദുർവാസാവ് നമ്മുടെ അതിഥിയായി വന്നിരിക്കുന്നു. നീതന്നെ അദ്ദേഹത്തെ പരിചരിക്കണം. അദ്ദേഹം എന്ത് ആവശ്യപ്പെട്ടാലും നീ അനുസരിച്ചുകൊള്ളണം. നീ അദ്ദേഹത്തെ പ്രീതിപ്പെടുത്തിയാലോ? അദ്ദേഹം നിന്നെ അനുഗ്രഹിക്കും. ദേഷ്യപ്പെടുത്തിയാൽ ശപിച്ചു നമ്മുടെ വംശമാകെ നശിപ്പിക്കുകയും ചെയ്യും.'

രാജകുമാരിക്കു യാതൊരു ഭയമോ ചാഞ്ചല്യമോ ഉണ്ടായില്ല.

'അച്ഛൻ ഇതിനെക്കുറിച്ച് ആലോചിച്ചു വിഷമിക്കരുത്. ഞാൻ വേണ്ടതുപോലെ മഹർഷിയെ പരിചരിച്ചുകൊള്ളാം. ഒരിക്കൽപ്പോലും അദ്ദേഹത്തെ ദേഷ്യപ്പെടുത്തുകയുമില്ല. അച്ഛൻ സമാധാനമായിരിക്കണം.'

കുന്തിഭോജന്റെ പുത്രിയാണ് കുന്തി എന്നു പറയുകയുണ്ടായല്ലോ. പ്രത്യേകതരത്തിലുള്ള പുത്രിയായിരുന്നു ആ രാജകുമാരി. വാസ്തവത്തിൽ മറ്റൊരാളുടെ മകളായിട്ടാണു ജനിച്ചത്. അതായത്, ശ്രീകൃഷ്ണന്റെ പിതാവായ വസുദേവരുടെ പിതാവിന്റെ മകളായിട്ട്. ശൂരസേനന്റെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തായിരുന്നു കുന്തിഭോജൻ. ആദ്യകാലത്ത് ഒരിക്കൽ ശൂരസേനൻ കുന്തിഭോജനോടു പറയുകയുണ്ടായി: 'എനിക്ക് ആദ്യമുണ്ടാകുന്ന മകളെ ഞാൻ നിങ്ങൾക്കു തരും.' ഇങ്ങനെ പറയണമെങ്കിൽ അവർ തമ്മിൽ എത്ര സ്നേഹമായിരിക്കണം! ആ പെൺകുട്ടി കുന്തിയായിരുന്നു. ശരിക്കും പൃഥ എന്നായിരുന്നു അവളുടെ പേര്. ശൂരസേനൻ വാഗ്ദാനം അനുസരിച്ച് പൃഥയെ കുന്തിഭോജനു നൽകി. കുന്തിഭോജൻ പൃഥയെ സ്വന്തം മകളായി കരുതി വളർത്തി. അവൾ കുന്തി എന്ന് അറിയപ്പെടുകയുംചെയ്തു.

കുന്തിഭോജൻ ദുർവാസാവിനോടു പറഞ്ഞു:

'മഹർഷേ, ഇവൾ സകല സൗഖ്യങ്ങളോടുംകൂടി വളർന്നവളാണ്. ഒരുപക്ഷേ, അവൾ എന്തെങ്കിലും തെറ്റുചെയ്തു എന്നിരിക്കട്ടെ. അങ്ങ് അതു ക്ഷമിക്കണം.'

മനോഹരമായ ഒരു പാർപ്പിടമാണ് രാജാവ് ദുർവാസാവിനായി നൽകിയത്. എല്ലാ സൗകര്യങ്ങളും ആ പാർപ്പിടത്തിൽ ഉണ്ടായിരുന്നു. മഹർഷിക്കു വേണ്ടതെല്ലാം അവിടെക്കാണും. അതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു കുന്തിഭോജൻ.

ഏകാഗ്രതയോടെ കുന്തി ദിവ്യാതിഥിയെ പരിചരിച്ചു തുടങ്ങി. അത് ഏറ്റവും ബുദ്ധിമുട്ടുള്ളതാണ്—അക്കാര്യം ഉടൻതന്നെ മനസ്സിലാക്കുകയും ചെയ്തു. രാവിലെ വരാമെന്നു പറഞ്ഞിട്ട് മഹർഷി രാത്രിയിൽ ഇറങ്ങിപ്പോകും. വരുന്നതു വൈകുന്നേരവും ആയിരിക്കും. അതുവരെ കുന്തി ക്ഷമയോടെ കാത്തിരിക്കും. അവൾതന്നെ നിലം അടിച്ചു തളിച്ചു വൃത്തിയാക്കും. ഒരു പൊടിപോലും ഒരിടത്തും കാണുകയില്ല. വേഗത്തിൽ പാചകം ചെയ്യാൻ കഴിയാത്ത ഭക്ഷണപദാർത്ഥങ്ങളുണ്ടല്ലോ. അവയിലൊന്നു വേണമെന്ന് ദുർവാസാവ് പറയും. കുന്തി വളരെ പണിപ്പെട്ട് അതു പാചകംചെയ്തു കൊടുക്കും. ചിലപ്പോൾ മഹർഷി കുറ്റം പറയും. ശകാരിക്കും. അതൊന്നും കുന്തി കൂട്ടാക്കുകയില്ല. ഏറ്റവും വിഷമംപിടിച്ച ഒരുതരം അതിഥിശുശ്രൂഷ! എങ്കിലും അവൾ ഒരു പോരായ്മയും കൂടാതെ അതു നിർവഹിച്ചുപോന്നു.

മഹർഷിക്കു തൃപ്തിയുണ്ടോ ഇല്ലയോ? അതു രാജാവ് ദിവസവും ചോദിക്കും. ഉണ്ട് എന്നായിരിക്കും കുന്തിയുടെ ഉത്തരം.

ഒരു മാസമല്ല, രണ്ടോ നാലോ മാസമല്ല, ഒരു വർഷം—അത്രയും കാലം ദുർവാസാവ് അതിഥിയായി താമസിച്ചു.

വല്ല കുറ്റമോ കുറവോ ശുശ്രൂഷയിലുണ്ടോ? അതായിരുന്നു എല്ലായ് പോഴും മഹർഷിയുടെ നോട്ടം. ഇല്ല, ഒരൊറ്റ കുറ്റമില്ല, ഒരൊറ്റ കുറവില്ല. അദ്ദേഹത്തിന് അതിയായ സന്തോഷമുണ്ടായി. അദ്ദേഹം ചോദിച്ചു:

'കുന്തീ, നിന്റെ പരിചരണം എന്നെ ഏറ്റവും പ്രീതിപ്പെടുത്തിയിരിക്കുന്നു. നിനക്കു ഞാനൊരു വരം തരാൻ നിശ്ചയിച്ചുകഴിഞ്ഞു. നിനക്ക് എന്തു വരമാണു വേണ്ടത്?'

വിനയത്തോടെ കുന്തി മറുപടി നൽകി:

'മഹർഷേ, അങ്ങ് സന്തോഷിച്ചത് എനിക്കു വരം കിട്ടിയതിനു തുല്യമാണ്. അതിനപ്പുറം യാതൊന്നും തന്നെ എനിക്ക് ആവശ്യമില്ല.'

ദുർവാസാവ് വിട്ടില്ല.

'അങ്ങനെ പറഞ്ഞാൽ പറ്റില്ല. ഞാൻ നിനക്കു ചില മന്ത്രങ്ങൾ ഉപദേശിച്ചു തരുന്നുണ്ട്. ആ മന്ത്രങ്ങളാൽ നിനക്കു ചില ദേവന്മാരെ വരുത്താം.'

തുടർന്ന് അദ്ദേഹം മന്ത്രങ്ങൾ ഉപദേശിച്ചു. എന്നിട്ട് കുന്തിഭോജനോടും കുന്തിയോടും യാത്രപറഞ്ഞു രാജധാനി വിട്ടു മറ്റൊരിടത്തേക്കു പോയി.

കുറെക്കഴിഞ്ഞ് കുന്തി തനിച്ചായി. അവൾക്ക് ഒരു സംശയമുണ്ടായി. മന്ത്രങ്ങൾ ഫലിക്കുമോ ഇല്ലയോ? ഫലിക്കുമെന്നുതന്നെയിരിക്കട്ടെ. എന്തൊക്കെ ആയിരിക്കും അനന്തരസംഭവങ്ങൾ? അറിയാനായി അവൾക്ക് അതിയായ അക്ഷമയുണ്ടായി. ഒരു മന്ത്രം പരീക്ഷിച്ചുനോക്കിയാലോ? ആകാം. ആദ്യത്തെ മന്ത്രംതന്നെയാവട്ടെ. സൂര്യദേവനെ ഉദ്ദേശിച്ചുള്ള മന്ത്രമാണ് അത്. അവൾ ആ മന്ത്രം വിധിപ്രകാരം ഉരുക്കഴിച്ചു. അടുത്ത ക്ഷണത്തിൽ എന്തുണ്ടായി എന്നോ? അവളുടെ മുമ്പിൽ നിൽക്കുന്നു സൂര്യദേവൻ!

കുന്തി പരിഭ്രമംകൊണ്ടു പരിഭ്രാന്തയായി.

സൂര്യദേവൻ സംസാരിച്ചു:

'കുന്തീ, മന്ത്രത്തിന്റെ ശക്തി എന്നെ നിന്റെ മുമ്പിലേക്കു വരുത്തിയിരിക്കുന്നു. എന്തിനാണു നീ മന്ത്രം ചൊല്ലിയത്?'

അവൾ വല്ലാത്ത പരുങ്ങലിലായി:

'ദേവാ, ഞാൻ മന്ത്രം പരീക്ഷിച്ചുനോക്കിയതാണ്. അതു ഫലിക്കുമെന്ന് എനിക്ക് ഇപ്പോൾ അറിവായി. ഇനി അവിടുന്ന് പൊയ്ക്കൊള്ളണം.'

പക്ഷേ, സൂര്യദേവൻ അവിടെത്തന്നെ നിന്നതേയുള്ളു.

'കുന്തീ, എന്റെ തേജസ്സിൽനിന്ന് നിനക്കൊരു പുത്രനുണ്ടാവും. അവൻ മഹാനും യശസ്വിയും ആയിരിക്കും.'

അവൾ ആകെ കുഴങ്ങിപ്പോയി. വിവാഹം കഴിക്കാത്ത കന്യകയാണ് അവളിപ്പോൾ. ആ സ്ഥിതിക്ക് അവൾക്കു സന്താനം ജനിച്ചാലോ? അതു ലോകനീതിക്കു നിരക്കുകയില്ല. എന്നാൽ, സൂര്യദേവനെ പറഞ്ഞയയ്ക്കാനും നിവൃത്തിയില്ല. താൻ മന്ത്രംചൊല്ലി അദ്ദേഹത്തെ വരുത്തിയതല്ലേ?

സൂര്യദേവൻ പറഞ്ഞു:

'കുന്തീ, നിനക്കൊട്ടും വല്ലായ്മ വേണ്ട. ജനിക്കുമ്പോൾതന്നെ നമ്മുടെ പുത്രനു പടച്ചട്ട ഉണ്ടായിരിക്കും. കുണ്ഡലങ്ങളും ഉണ്ടായിരിക്കും. അവയുള്ള കാലത്തോളം അവനു മരണം സംഭവിക്കുകയില്ല.'

അവൾക്ക് ഇനിയും തടസ്സം പറയാൻ നിർവാഹമില്ലാതെയായി. സൂര്യദേവനെ അവൾ ഭർത്താവായി വരിച്ചു. താമസിയാതെ സൂര്യദേവൻ യാത്ര പറഞ്ഞു പോവുകയുംചെയ്തു.

ഗർഭിണിയായി രാജകുമാരി. അവൾക്ക് അതിയായ കുണ്ഠിതമുണ്ടായി. ആളുകൾ എന്തൊക്കെ പറയും! ഇക്കാര്യം ഗോപ്യമായി വെക്കുകതന്നെ. അവൾക്ക് ഏറ്റവും വിശ്വാസമുള്ള ഒരു ധാത്രിയുണ്ട്. മഹസ്യം അവൾ ധാത്രിയോടു മാത്രം പറഞ്ഞു. മറ്റാരും നടന്നതൊന്നും അറിഞ്ഞതേയില്ല.

എന്തൊരു തേജസ്സായിരുന്നു അപ്പോൾ ജനിച്ച കുട്ടിക്ക്! ഒന്നു പ്രത്യേകമാണ് അവന്റെ മുഖശ്രീ. നിറമാണെങ്കിൽ തങ്കംപോലെ. ജനിച്ചതു കവചത്തോടും കുണ്ഡലങ്ങളോടുംകൂടിയും.

കുന്തി ലോകാപവാദത്തെ ഏറ്റവും ഭയന്നിരുന്നു. കുട്ടിയെ ഇവിടെ വെച്ചുകൊണ്ടിരുന്നാലോ? എല്ലാവരും അറിയും തന്നെ പഴിക്കും. അതു നേരിടാനുള്ള മനക്കരുത്ത് അവൾക്ക് ഉണ്ടായിരുന്നില്ല. പിറന്ന മകനെ ഉപേക്ഷിക്കുകതന്നെ—അതായി അവളുടെ നിശ്ചയം.

അവൾ ധാത്രിയുടെ സഹായം സമ്പാദിച്ചു. ധാത്രിയായപ്പോൾ ഇരുവരുംകൂടി ഒരു പെട്ടി തയ്യാറാക്കി. ഒരു ചെറിയ കുട്ടിക്ക് കിടക്കാവുന്ന വലിപ്പമേയുള്ളു പെട്ടിക്ക്. നല്ലൊരു വിരിപ്പെടുത്തു പെട്ടിക്കകത്തു വിരിച്ചു. കുട്ടിയെ എടുത്തു കിടത്തി. പെട്ടിയെടുത്തു നടന്നു. അടുത്തുള്ള അശ്വാനദിയുടെ തീരത്തു ചെന്നു. പെട്ടി നദിയിൽ ഒഴുക്കണം!

കുന്തിയുടെ ഹൃദയം വിങ്ങിപ്പൊട്ടി. ഓമനക്കുഞ്ഞിനെ ഒഴുക്കിക്കളയുകയോ? എത്ര ക്രൂരമായ കൃത്യം? അവൾ തേങ്ങിക്കരഞ്ഞു. എന്നിട്ടു സകല ദേവന്മാരെയും വിളിച്ചു പ്രാർത്ഥിച്ചു: 'എന്റെ മകനെ കാത്തുകൊള്ളണേ!, അമ്മ ഇതാ എന്നെന്നേക്കുമായി പുത്രനെ വേർപിരിയുകയാണ്. കുന്തിയുടെ ചിന്ത ഒരു വഴിക്കു പാഞ്ഞു. ഒരുകാലത്ത് അവനെ വീണ്ടും കണ്ടെത്തി എന്നിരിക്കട്ടെ. മറ്റാരും അവനെ തിരിച്ചറിഞ്ഞില്ല എന്നു വരാം. പക്ഷേ, താൻ തീർച്ചയായും തിരിച്ചറിയും. ആ കവചവും കുണ്ഡലങ്ങളും— അവയ്ക്ക് അവയുടെ കഥ പറയാനുണ്ടാവും. ഏതെങ്കിലും ഒരു സ്ത്രീ അവൻ ഒഴുകിപ്പോകുന്നതു കണ്ടെന്നുവരാം. അവൾ അവനെ എടുത്തു ലാളിച്ചു വളർത്തി എന്നു വന്നുകൂടായ്കയില്ല. ആ സ്ത്രീയാണു വാസ്തവത്തിൽ ഭാഗ്യവതി!

തന്റെ മകൻ യുവാവാകുമ്പോൾ അവന് എന്തൊരു സൗന്ദര്യമായിരിക്കും! താമരയിതൾപോലെ നീണ്ട കണ്ണുകൾ. ചെന്താമരപ്പൂവിന്റെ നിറമുള്ള പുമേനി. കറുത്തു നീണ്ട തലമുടി. അങ്ങനെ എന്തെല്ലാം! അതൊക്കെ കാണാനുള്ള ഭാഗ്യം ആർക്ക്? അവനെ പെറ്റ തനിക്കല്ല, അവനെ വളർത്തുന്ന അന്യസ്ത്രീയ്ക്ക്! കുറച്ചുനാൾ കഴിയുമ്പോൾ അവൻ കമഴ്ന്നു നിലത്തു നീന്തും. അവന്റെ കോമളശരീരം മുഴുവൻ പൊടിയണിയും. പിന്നീട് അവൻ കൊഞ്ചിക്കൊഞ്ചി സംസാരിക്കും. അതിന്റെയൊക്കെ രസം അനുഭവിക്കുന്നതു മറ്റൊരു സ്ത്രീയും. അറിയപ്പെടാത്ത ആ സ്ത്രീയുടെ ഭാഗ്യമാണ് ഭാഗ്യം! അവൻ യൗവനത്തിൽ കാലുകുത്തുമ്പോൾ എങ്ങനെയിരിക്കും എന്നോ? ഹിമാലയത്തിൽ വളർന്നുവരുന്ന സിംഹക്കുട്ടിയെപ്പോലെ! കൺകുളിർക്കുന്ന ആ കാഴ്ച താൻ കാണുകയില്ല. അതാലോചിച്ച് കുന്തി പൊട്ടിക്കരഞ്ഞു.

ഒടുവിൽ അസഹ്യമായ മനോവേദനയോടെ അവൾ ആ കൃത്യം ചെയ്തു. അതായത്, ധാത്രിയുടെ സഹായത്തോടുകൂടി കുട്ടിയെ കിടത്തിയ പെട്ടി നദിയിൽ വിട്ടു. എന്നിട്ടു കരഞ്ഞുകൊണ്ട് കൊട്ടാരത്തിലേക്കു തിരിച്ചുപോയി.

പെട്ടി കുട്ടിയോടുകൂടി അശ്വാനദിയിലൂടെ ഒഴുകിപ്പോയി. പിന്നീട് അശ്വാനദിയിൽനിന്ന് ചർമണ്വതീനദിയിലായി. ചർമണ്വതീനദിയിൽനിന്ന് യമുനാനദിയിലായി. യമുനാനദിയിൽനിന്ന് ഗംഗാനദിയിലായി. അങ്ങനെ ചമ്പാപുരിയുടെ പരിസരത്തിലുമായി.

ഒരു പുരുഷനും ഒരു സ്ത്രീയും ആ പെട്ടി കാണാനിടയായി.

അതിരഥൻ എന്ന സൂതൻ; അയാളുടെ ഭാര്യയായ രാധ—അവരാണു കണ്ടത്.

ആ ദമ്പതികൾക്കു സന്താനങ്ങൾ ജനിച്ചിരുന്നില്ല. എത്ര ആഗ്രഹമായിരുന്നു ഒരു കുട്ടിയുണ്ടാവാൻ! ഗംഗാതീരത്തു നില്ക്കുകയായിരുന്നു ഇരുവരും. അതാ ഒരു പെട്ടി ഒഴുകിവന്നു കരയ്ക്കടുക്കുന്നു. അവർ പെട്ടിയെടുത്തു കരയ്ക്കുവെച്ചു വലിച്ചുതുറന്നു. അപ്പോൾ അവർ അത്ഭുതംകൊണ്ടു സ്തബ്ധരായിപ്പോയി. പെട്ടിക്കകത്ത് ഒരു ആൺകുഞ്ഞ്! എന്താണിത്? ആൺകുഞ്ഞിനു ജീവനുണ്ട് പോരെങ്കിൽ പടച്ചട്ടയും കുണ്ഡലങ്ങളും!

അതിരഥൻ ആഹ്ലാദത്തോടെ പറഞ്ഞു:

'രാധേ, ഇങ്ങനെ ഒരു ആശ്ചര്യസംഭവം എന്റെ അറിവിൽ നടന്നിട്ടില്ല. ഈ കുട്ടി നമുക്കായി ഇവിടെ വന്നുചേർന്നതാണ്. ദേവന്മാർ അവനെ നമുക്കു തന്നതായിരിക്കണം!'

ഇരുവരുംകൂടി കുട്ടിയെ അവരുടെ ഗൃഹത്തിലേക്കു കൊണ്ടുപോയി. അവനെ അങ്ങേയറ്റം ലാളിച്ചുവളർത്തിയും തുടങ്ങി. വസുഷേണൻ എന്നാണ് അവർ അവനു നൽകിയ പേര്. എങ്കിലും കർണൻ എന്ന പേരിനാണു കൂടുതൽ പ്രചാരം.

കർണൻ സൂതപുത്രനായി ചമ്പാപുരിയിൽ ജീവിതം ആരംഭിച്ചു.

കൗമാരത്തിൽ പ്രവേശിച്ചപ്പോഴോ? കർണൻ സൗന്ദര്യംകൊണ്ട് സർവരെയും ആകർഷിച്ചു. മാത്രമല്ല, ആയുധവിദ്യയിലുള്ള സാമർത്ഥ്യംകൊണ്ടും.

അക്കാലത്തെ കൗമാരപ്രായക്കാരാണ് ഹസ്തിനപുരത്തിലെ നൂറ്റഞ്ചു പേർ അതായത്, പാണ്ഡവന്മാരും കൗരവന്മാരും. അവരെക്കുറിച്ചുള്ള വർത്ത

മാനങ്ങൾ ചമ്പാപുരിയിലും എത്താറുണ്ട്. ആളുകൾ ഏറ്റവും പ്രകീർത്തിക്കുന്നത് അർജ്ജുനനെയാണ്. കർണന് അർജ്ജുനനോടു പകതോന്നി. ആ പക നാൾക്കുനാൾ വർദ്ധിക്കയുംചെയ്തു.

ഹസ്തിനപുരത്തിൽ രാജകുമാരന്മാർ ആയുധാഭ്യാസത്തിന്റെ അരങ്ങേറ്റം നടത്തുന്നു ആ വാർത്ത കർണന്റെ ചെവിയിലുമെത്തി. കർണൻ ഉടൻതന്നെ ചമ്പാപുരിയിൽനിന്ന് ഹസ്തിനപുരത്തേക്കു പോയി. രാജകുമാരന്മാർ ഓരോരുത്തരായി അഭ്യാസപ്രകടനങ്ങൾ നടത്തി. അർജ്ജുനന്റെ മുറ കഴിഞ്ഞപ്പോൾ കർണൻ അരങ്ങത്തു കയറി. അർജ്ജുനനോടു വെല്ലുവിളിയും നടത്തി. പക്ഷേ, കൃപർ എന്ന ഗുരു കർണനെ അധിക്ഷേപിച്ചു. സൂതന്റെ മകന് രാജകുമാരനെ നേരിടാൻ അർഹതയില്ലത്രെ!

അതു കേട്ടപ്പോൾ കർണന്റെ ഹൃദയത്തിൽ സന്താപം നിറഞ്ഞു.

ആ സമയം ദുര്യോധനൻ കർണന്റെ സഹായത്തിനെത്തി.

കർണൻ അർജ്ജുനന്റെ ശത്രുവാണ്. ദുര്യോധനനും അർജ്ജുനന്റെ ശത്രുവാണ്. ആ സ്ഥിതിക്ക് കർണൻ തന്റെ മിത്രമായിരിക്കണം. അതായി മൂന്നു ദുര്യോധനന്റെ ഉദ്ദേശ്യം. ദുര്യോധനൻ കർണനു വലിയൊരു പദവി നൽകി—അതായത്, കർണനെ അംഗരാജ്യത്തിലെ രാജാവാക്കി.

അപാരമായിരുന്നു കർണന്റെ കൃതജ്ഞത. തന്റെ സകലതും, ജീവൻ പോലും കർണൻ ദുര്യോധനന് അടിയറവെച്ചു.

ദുര്യോധനൻ കർണനെ തന്നോടൊന്നിച്ചു പാർപ്പിച്ചു. അവർ തമ്മിൽ ദൃഢവും പാവനവുമായ മൈത്രി ഉണ്ടായിക്കഴിഞ്ഞു ജീവാവസാനംവരെ നിൽക്കുന്ന മൈത്രി!

സംവത്സരങ്ങൾ കടന്നുപോയി.

ഒരിക്കൽ ഭീഷ്മർ പാണ്ഡവന്മാരെ പ്രശംസിച്ചു പറഞ്ഞു. കൗരവന്മാരെ തരംതാഴ്ത്തുകയുംചെയ്തു. ദുര്യോധനന് അതൊട്ടും ഇഷ്ടമായില്ല. ആ സാഹസികൻ ഭീഷ്മരുടെ മുമ്പിൽനിന്ന് ഇറങ്ങിപ്പോയി. ശകുനിയോടും ദുശ്ശാസനനോടും കർണ്ണനോടും കൂടിയാലോചന നടത്തി. എന്തായിരിക്കണം അടുത്ത നടപടി?

കർണൻ പറഞ്ഞു:

'ദുര്യോധനാ, ഭീഷ്മർ നമ്മെ നിന്ദിക്കാറുണ്ട്. പാണ്ഡവന്മാരെ പുകഴ്ത്താറുമുണ്ട്. ഇതെനിക്കു സഹിക്കാൻ വിഷമമായിരിക്കുന്നു. അങ്ങയെ നിന്ദിക്കുന്നത് എനിക്കു കേട്ടുനിൽക്കാൻ കഴിയുന്നില്ല. എന്റെ കൈമിടുക്ക് ഇവർക്കൊന്നു കാണിച്ചുകൊടുക്കാം! ഞാൻ ദിഗ്വിജയം ചെയ്തുവരാം. മുമ്പ് പാണ്ഡവന്മാർ ദിഗ്വിജയം ചെയ്യുകയുണ്ടായല്ലോ. ആ കൃത്യം അവരെക്കാൾ ഭംഗിയായി ഞാൻ ഒറ്റയ്ക്കു ചെയ്യും. ഭീഷ്മരും മറ്റുള്ളവരും എന്റെ ശക്തി മനസ്സിലാക്കട്ടെ. തീർച്ചയായും ഞാൻ വിജയിയായി മടങ്ങിയെത്തും. ഞാനിതാ എന്റെ ആയുധംതൊട്ട് ശപഥംചെയ്യുന്നു!'

ദുര്യോധനൻ വികാരത്തിന് അധീനനായി.

'കർണ്ണാ, അങ്ങ് എന്നും എന്റെ ഇഷ്ടം അനുസരിച്ചുവരികയാണ്. അങ്ങയുടെ സ്നേഹം കാരണം എന്റെ ജന്മം ധന്യമായിരിക്കുന്നു. ആവശ്യമുള്ള സൈന്യങ്ങളെ കൊണ്ടുപോകൂ. ജയിച്ചുവരൂ!'

സന്മുഹൂർത്തം നോക്കി കർണ്ണൻ ഹസ്തിനപുരത്തുനിന്നു യാത്രയായി. ദുര്യോധനന്റെ സൈന്യങ്ങളെ നയിച്ചുകൊണ്ടാണ് യാത്ര. ആദ്യം

ചെന്നത് ദ്രുപദന്റെ രാജ്യത്തിലാണ്. കർണ്ണൻ ദ്രുപദനെ കീഴ്പ്പെടുത്തി കപ്പം വാങ്ങി. പിന്നെ വടക്കോട്ടു പോയി നേപ്പാളരാജാവിനെ തോല്പിച്ചു. തുടർന്ന് ഹിമാലയത്തിന്റെ സമീപത്തുള്ള രാജാക്കന്മാരെയും. കിഴക്ക് ദിക്കിൽ ചെന്നു കീഴടക്കിയതോ? വംഗം, കലിംഗം, മഗധം മുതലായ രാജ്യങ്ങളിലെ രാജാക്കന്മാരെ. അതിനുശേഷം തെക്കോട്ടു പടനീക്കി. പാണ്ഡ്യൻ, കേരളൻ, ശ്രീശൈലൻ എന്നീ രാജാക്കന്മാരെ അടിപണിയിച്ചു. പിന്നീട് പടിഞ്ഞാറോട്ടു ചെന്നു. യവനന്മാർ, ബർബ്ബരന്മാർ, മ്ലേച്ഛന്മാർ മുതലായ വർഗക്കാരെ തോല്പിച്ചു. എന്തിനു പറയുന്നു. കർണ്ണൻ ഭാരതഭൂമി മുഴുവനും തന്റെ അധീനതയിലാക്കി. കപ്പമായി ലഭിച്ച സമ്പത്തുകൾക്ക് കൈയും കണക്കുമില്ല. അവയുമായി കർണ്ണൻ മടക്കയാത്ര ആരംഭിച്ചു.

ആ വർത്തമാനം ഹസ്തിനപുരത്തിൽ എല്ലായിടത്തും പരന്നു.

ജനങ്ങൾ കൂട്ടംകൂട്ടമായി വന്ന് വിജയിയെ എതിരേറ്റു.

കർണൻ ദുര്യോധനന്റെ അടുക്കലേക്ക് ചെന്നു.

'ദുര്യോധനാ, ഭൂമിയിൽ ഇനി അങ്ങേക്ക് ശത്രുക്കളില്ല. ആ അവസ്ഥ ഞാൻ നടപ്പാക്കിയിരിക്കുന്നു. ഞാൻ പിടിച്ചടക്കിയ രാജ്യങ്ങളെല്ലാം ഇതാ അങ്ങയുടെ പാദങ്ങളിൽ സമർപ്പിക്കുന്നു. അങ്ങ് ദേവേന്ദ്രനെക്കാൾ പ്രതാപത്തോടെ വാഴാൻ സംഗതിവരട്ടെ!'

കൃതജ്ഞതകൊണ്ട് ദുര്യോധനനു വീർപ്പുമുട്ടി.

'കർണാ, അങ്ങാണ് എന്റെ ഏറ്റവും വലിയ ശക്തി. എന്നോട് അങ്ങേയ്ക്കുള്ള സ്നേഹം മറ്റാർക്കുമില്ല. അങ്ങുള്ളപ്പോൾ എനിക്ക് ചെയ്യാൻ കഴിയാത്തതായി യാതൊന്നുമില്ല!'

കർണൻ ധൃതരാഷ്ട്രരെയും ഗാന്ധാരിയെയും കാണാൻ പോയി. സ്വന്തം മാതാപിതാക്കളെപ്പോലെയാണ് കർണൻ അവരെ കരുതിപ്പോരുന്നത്. അവർ കർണനെ സ്നേഹിക്കുന്നതോ, ദുര്യോധനനെ സ്നേഹിക്കുന്നതുപോലെയും.

അവരുടെ പാദങ്ങളിൽ കർണൻ സാഷ്ടാംഗം നമസ്കരിച്ചു.

വൃദ്ധദമ്പതികൾ കർണനെ പിടിച്ചെഴുന്നേൽപ്പിച്ച് മാറോടണച്ചു.

നാടകീയമായ സംഭവങ്ങൾ തുടരെ ഉണ്ടായി.

ദുര്യോധനൻ ചൂതുകളിയിൽ പാണ്ഡവന്മാരെ തോല്പിച്ചു. അവരുടെ രാജ്യവും സമ്പത്തും അപഹരിച്ചു. അതിനുശേഷം അവരെ കാട്ടിലേക്കയച്ചു. പന്ത്രണ്ടു വർഷം വനവാസം; പിന്നീട് ഒരു വർഷം അജ്ഞാതവാസം — അതായിരുന്നു പാണ്ഡവന്മാർക്കായി നിശ്ചയിക്കപ്പെട്ടത്.

പതിനൊന്നു വർഷങ്ങൾ കഴിഞ്ഞു. പന്ത്രണ്ടാംവർഷവും അവസാനിക്കാറായി. അപ്പോൾ കർണന്റെ മാഹാത്മ്യം ഒന്നുകൂടി ഞെളിഞ്ഞുയർന്നു.

ദുര്യോധനനൊന്നിച്ച് ഹസ്തിനപുരത്തിൽ പാർത്തുവരികയാണ് കർണൻ.

മറ്റു പലരെയുംപോലെ ദേവേന്ദ്രനും ഒന്നു തീർച്ചയായി—പാണ്ഡവന്മാരും കൗരവന്മാരും തമ്മിൽ യുദ്ധമുണ്ടാകും. കൗരവന്മാരെ സഹായിക്കാനായി ഒരു മഹായോദ്ധാവുള്ളപ്പോൾ പാണ്ഡവന്മാർ ജയിക്കുകയില്ല. ആ മഹായോദ്ധാവ് കർണനാണ്. യുദ്ധശാസ്ത്രത്തിൽ കർണൻ അദ്വിതീയനാണ്. പരാക്രമത്തിലും അപ്രകാരംതന്നെ. പോരെങ്കിൽ കർണനു ജന്മസിദ്ധമായ കവചവും കുണ്ഡലങ്ങളുമുണ്ട്. അവയുള്ളപ്പോൾ ആർക്കും കർ

ണനെ ജയിക്കാൻ ഒക്കുകയില്ല. ജയിക്കുന്നതിനുമുമ്പ് കർണൻ അവയെ കൈവെടിയണം. ദേവേന്ദ്രന് കർണൻ തോൽക്കണം. എന്നാണ് ആഗ്രഹം. എന്നാലേ അർജ്ജുനന് രക്ഷയുള്ളൂ. ദേവേന്ദ്രന്റെ പ്രിയപുത്രനാണല്ലോ അർജ്ജുനൻ. കർണനെക്കൊണ്ട് കവചവും കുണ്ഡലങ്ങളും പരിത്യജിപ്പിക്കണം. അതിനൊരുവഴി ആലോചിച്ചുറച്ചു കൗശലക്കാരനായ ദേവേന്ദ്രൻ.

ദാനപ്രഭുവാണ് കർണൻ എന്നത് ഒരു പരമാർത്ഥമത്രെ. ആ പരമാർത്ഥം ലോകർക്കെല്ലാം അറിവുള്ളതുമാണ്. ആര് എന്ത് അർത്ഥിച്ചാലും കർണൻ അത് ദാനം ചെയ്യും. അർത്ഥിയെ വെറുംകൈയോടെ തിരിച്ചയയ്ക്കുക— അത് മഹാപാപമാണ്. കർണനെ സംബന്ധിച്ചിടത്തോളം. ദേവേന്ദ്രന്റെ ഉപായം എന്തായിരുന്നു? താൻ വേഷം മാറി കർണനെ ചെന്നുകാണും; കവചവും കുണ്ഡലങ്ങളും അർത്ഥിക്കും.

ദേവേന്ദ്രന്റെ ഉദ്ദേശ്യത്തെക്കുറിച്ച് സൂര്യദേവനു രഹസ്യമായി അറിവു കിട്ടി. സൂര്യദേവന്റെ പുത്രനാണല്ലോ വാസ്തവത്തിൽ കർണ്ണൻ. അക്കാര്യം കർണൻ അറിഞ്ഞിട്ടില്ലെന്നുമാത്രം. ആ ബന്ധം തത്കാലം കർണനെ അറിയിക്കാതിരിക്കുന്നതാണു നന്ന്. അതേ സമയം ദേവേന്ദ്രന്റെ ചതിപ്പണി കർണനെ മനസ്സിലാക്കുകയും വേണം. അല്പാത്തപക്ഷം കർണൻ കവചകുണ്ഡലങ്ങൾ ദാനം നൽകും; ഫലമായി മരണമടയുകയും ചെയ്യും. അതായിരുന്നു സൂര്യദേവന്റെ വിചാരം.

മാത്രിയുടെ അവസാനദശ ആയിരിക്കുന്നു. സുഖനിദ്രയിൽ ലയിച്ചുകിടക്കുകയാണ് കർണൻ. സൂര്യദേവൻ ബ്രാഹ്മണവേഷത്തിൽ കർണന്റെ മുമ്പിൽ പ്രത്യക്ഷനായി.

'കർണാ, ഞാൻ പ്രധാനമായ ഒരു കാര്യം പറയാൻ വന്നതാണ്. ദേവേന്ദ്രൻ നിന്നോട് കവചകുണ്ഡലങ്ങൾ അർത്ഥിക്കും. നീ അവ കൊടുക്കരുത്. മറ്റെന്തു വേണമെങ്കിലും കൊടുത്തുകൊള്ളൂ. ഇവ തരില്ലെന്നു ഖണ്ഡിതമായി പറയണം. നിന്റെ ജീവന് ആധാരമാണ് കവചകുണ്ഡലങ്ങൾ. അവ പോയാൽ നിന്റെ ജീവനും പോകും.'

'വാസ്തവത്തിൽ അങ്ങ് ബ്രാഹ്മണനാണോ? അതോ ആ വേഷം ധരിച്ചുവന്ന വല്ല ദിവ്യനുമോ?'

'ഞാൻ സൂര്യനാണ്. നിന്നോട് എനിക്കു സ്നേഹമുണ്ട്. അത് ഇപ്പോൾ നിനക്കു മനസ്സിലായിക്കാണും. നീ എന്നെ അനുസരിക്കണം. എന്നാൽ, നിനക്കു നല്ലതു വരും.'

'ദേവാ, എനിക്ക് അങ്ങയുടെ സ്നേഹം ബോധ്യമായി. എന്നാൽ, ഒന്നുണ്ട്. അർത്ഥികൾ ആവശ്യപ്പെടുന്നതു കൊടുക്കുക എന്നത് എന്റെ ജീവിതവ്രതമാണ്. സത്കീർത്തി കളഞ്ഞുകുളിച്ചിട്ട് ജീവിക്കുക-- അത് എനിക്കു യോജിച്ചതല്ല. സൽക്കീർത്തിയുള്ളവൻ സ്വർഗ്ഗത്തു പോകും. ദുഷ്കീർത്തിയുള്ളവൻ നാശമടയും. ദേവേന്ദ്രൻ യാചിച്ചാൽ എനിക്കു കൊടുത്തേ കഴിയൂ.'

'കർണാ, അതു പാടില്ല. പ്രാണത്യാഗം കൂടാതെതന്നെ സത്കീർത്തി പുലർത്തണം. ജീവിച്ചിരിക്കുന്നവനേ സൽക്കീർത്തികൊണ്ടു പ്രയോജനമുള്ളൂ. നീ ദേവേന്ദ്രനെ നല്ലവാക്കു പറഞ്ഞു മടക്കി അയയ്ക്കണം. നിന്റെ ബദ്ധശത്രുവാണ് അർജ്ജുനൻ. നിനക്കു കവചകുണ്ഡലങ്ങൾ ഉള്ളപ്പോൾ അർജ്ജുനൻ തോൽക്കുകയേയുള്ളൂ. അവ പൊയ്പോയാൽ അവൻ നിന്നെ കൊല്ലും. ഒരുകാലത്തും നീ അവയെ പരിത്യജിക്കരുത്.'

'ഞാൻ അങ്ങയുടെ ഭക്തനാണ്. എന്നിരുന്നാലും അങ്ങ് എന്നോടു ക്ഷമിക്കണം. ദേവേന്ദ്രൻ യാചിച്ചാൽ എനിക്കു കൊടുക്കാതിരിക്കാൻ വയ്യ. എനിക്കു ദുഷ്കീർത്തിയെ മരണത്തെക്കാൾ ഭയമുണ്ട്.'

'ആട്ടെ, അത്ര നിർബന്ധമാണെങ്കിൽ കവചകുണ്ഡലങ്ങൾ കൊടുത്തുകൊള്ളൂ. പക്ഷേ, അതൊരു കരാറിന്മേൽ ആയിരിക്കണം. ദേവേന്ദ്രന്റെ പക്കൽ അമോഘം എന്നൊരു വേലുണ്ട്. അമോഘം ഏൽക്കുന്ന ആൾ മരിച്ചേ കഴിയുകയുള്ളൂ. നീ ആ ആയുധത്തെ പകരമായി മേടിക്കണം.'

അത്രയും പറഞ്ഞ് സൂര്യദേവൻ മറഞ്ഞു.

കർണൻ ദേവേന്ദ്രനായി കാത്തിരുന്നു.

ദേവേന്ദ്രൻ വരികയും ചെയ്തു. ഇരുവരും തമ്മിൽ ഒരു സംഭാഷണമുണ്ടായി:

'കർണാ, എനിക്കു ദാനം തരൂ.'

'എന്താണ് അങ്ങേക്കു വേണ്ടത്? ധനമോ? പശുക്കളോ? ഗ്രാമങ്ങളോ?'

'അവയൊന്നും എനിക്ക് ആവശ്യമില്ല. കവചകുണ്ഡലങ്ങൾ മാത്രം മതി.'

'അവയൊഴിച്ച് മറ്റെന്തു വേണമെങ്കിലും തരാം— എന്തായാലും ശരി, എത്രയായാലും ശരി.'

'എനിക്കു കവചകുണ്ഡലങ്ങളിലല്ലാതെ മറ്റൊന്നിലും ആഗ്രഹമില്ല.'

'കവചകുണ്ഡലങ്ങൾ പോയാൽ എന്റെ ജീവനും പോകും. അതുകൊണ്ട് അവയ്ക്കു പകരമായി അങ്ങ് എനിക്കു മറ്റൊന്നു തരണം.'

'എന്റെ വജ്രായുധമൊഴിച്ച് വേറെ എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളൂ.'

'അങ്ങ് അമോഘം എന്ന വേൽ എനിക്കു തരണം.'

'പ്രയോഗിച്ചാൽ എതിരാളിയെ വധിച്ചിട്ട് അമോഘം തിരിയെ കൈയിലെത്തും. ആ വേൽ ഞാനിതാ നിനക്കു സമ്മാനിക്കുന്നു. പക്ഷേ, ഒരു കാര്യം പ്രത്യേകിച്ച് ഓർമിക്കണം. ഏറ്റവും ശക്തനായ ശത്രുവിനുനേരെ മാത്രമേ അതു പ്രയോഗിക്കാവൂ. നിനക്കു രക്ഷപ്പെടാൻ മറ്റു വഴിയില്ല എന്നാവുമ്പോൾ മാത്രവും.'

'എനിക്ക് ഒരു മഹാശത്രുവിനെ മാത്രമേ വേൽകൊണ്ടു വധിക്കാനുള്ളൂ. ആ മഹാശത്രു അർജ്ജുനനല്ലാതെ മറ്റാരുമല്ല.'

'നിനക്ക് അതു സാധ്യമാവുകയില്ല. കാരണം അർജ്ജുനനെ രക്ഷിക്കാൻ ശ്രീകൃഷ്ണനുണ്ട്.'

'അതു ഞാൻ നോക്കിക്കൊള്ളാം.'

കർണൻ ദേവേന്ദ്രനിൽനിന്നു വേൽ സ്വീകരിച്ചു. ഇനി പകരമായി കവചകുണ്ഡലങ്ങൾ നല്കണം. പക്ഷേ, അതത്ര എളുപ്പമല്ല. ജനിച്ചപ്പോഴേ ഉണ്ടായിരുന്നതാണ് അവ. ശരീരത്തിൽ പറ്റിപ്പിടിച്ചു കിടക്കുകയുമാണ്. കർണൻ കത്തികൊണ്ട് അവ അറുത്തെടുക്കാൻ തുടങ്ങി. അസഹ്യമായ വേദനയുണ്ടായി. രക്തം കുടുകുടെ വാർന്നൊഴുകി. എന്നിട്ടും കർണൻ കൂട്ടാക്കിയില്ല. കവചകുണ്ഡലങ്ങൾ വേറാക്കി ദേവേന്ദ്രനു നൽകി.

എന്തൊരു മാഹാത്മ്യം! അതു ദേവേന്ദ്രന്റെ ഹൃദയത്തെപ്പോലും സ്പർശിച്ചു. അദ്ദേഹം കർണന് ഒരു അനുഗ്രഹമേകി. ഫലമായി കർണ്ണന്റെ വേദനയും വ്രണവും ഇല്ലാതായി. ചെറിയൊരു പാടുപോലും ദേഹത്തു ശേഷിച്ചില്ല.

വന്നകാര്യം സാധിച്ചിട്ട് ദേവേന്ദ്രൻ യാത്രയായി.

വിവരമറിഞ്ഞ് പാണ്ഡവന്മാർ സന്തോഷിച്ചു. കൗരവന്മാർ അതിയായി ദുഃഖിച്ചു. അതങ്ങനെയല്ലേ വരികയുള്ളൂ?

പാണ്ഡവന്മാർ വനവാസവും അജ്ഞാതവാസവും അനുഷ്ഠിച്ചു. അതിനുശേഷം തിരിച്ചുവന്നു പാതിരാജ്യം ആവശ്യപ്പെട്ടു. ദുര്യോധനൻ കൊടുത്തില്ല. യുദ്ധം തീരുമാനിക്കപ്പെട്ടു. ഭയങ്കരമായ കുരുക്ഷേത്രയുദ്ധം.

കുന്തിയുടെ ഹൃദയം ഇളകിമറിയുകയാണ്. മുത്ത മകനായ കർണൻ ഒരു വശത്ത്; മറ്റു മക്കളെല്ലാം മറുവശത്തും. സഹോദരന്മാർ തമ്മിൽ സമരം ചെയ്യുകയോ? എന്തൊരു കഷ്ടം! അതുണ്ടാവാതിരിക്കാൻ ഒരു ശ്രമം നടത്തണം അതിനായി കുന്തിയുടെ ഉദ്യമം.

കർണൻ സ്നാനത്തിനും പ്രാർത്ഥനയ്ക്കുമായി ഗംഗാതീരത്തിലേക്കു പോയി. കുന്തി തനിയെ അവിടെച്ചെന്ന് കർണനെ കണ്ടു. കർണൻ കൗരവപക്ഷത്തുനിന്നു വിട്ടുപോരണം, എന്നിട്ടു പാണ്ഡവപക്ഷത്തു ചേരണം അതായിരുന്നു കുന്തിയുടെ അപേക്ഷ. ദുര്യോധനന്റെ ആത്മമിത്രമായ കർണനുണ്ടോ അതിനു വഴങ്ങുന്നു! കുന്തി കർണനെ ആ സത്യം അറിയിച്ചു. തന്റെയും സൂര്യദേവന്റെയും പുത്രനാണ് കർണൻ എന്ന സത്യം. എന്നിട്ടും കർണൻ ആദർശത്തിൽനിന്നും അണുപോലും വ്യതിചലിച്ചില്ല. തന്റെ എല്ലാമായ ദുര്യോധനനെ എന്തുവന്നാലും കൈവെടിയുകയില്ല. അക്കാര്യം കർണ്ണൻ തീർത്തുപറഞ്ഞു. കുന്തി കണ്ണീരോടെ മടങ്ങിപ്പോയി.

കൗരവന്മാരും പാണ്ഡവന്മാരും യുദ്ധത്തിനു സന്നദ്ധരായി.

ഒരിക്കൽക്കൂടി കർണന്റെ മഹിമ പ്രകടമായി.

കർണൻ സൈന്യാധിപനാകണം—ദുര്യോധനൻ ആ ആഗ്രഹം അറിയിച്ചു. ഏറ്റവും ഉയർന്ന പദവിയല്ലേ? എന്നിരുന്നിട്ടും കർണൻ നിരസിച്ചു. ഭീഷ്മരും ദ്രോണരുമുള്ളപ്പോൾ തനിക്ക് അർഹതയില്ല— അതായിരുന്നു കർണന്റെ വിശ്വാസം.

അങ്ങനെ ഭീഷ്മർ കൗരവരുടെ സൈന്യാധിപനായി. യുദ്ധത്തിനിടയ്ക്ക് ഭീഷ്മർ മുറിവേറ്റു ശരശയനത്തിൽ കിടപ്പായി. അപ്പോൾ ദ്രോണർ സൈന്യാധിപനായി. പിന്നീട് ദ്രോണർ ഹതനായി. അതിനുശേഷം കർണൻ സൈന്യാധിപത്യം കൈയേറ്റു. സമരം പൂർവാധികം ഘോരമായി തുടർന്നു.

കവചകുണ്ഡലങ്ങൾ നഷ്ടപ്പെട്ടു എന്നു മാത്രമല്ല, രണ്ടു ശാപങ്ങൾകൂടി കിട്ടിയിരുന്നു കർണന്. എല്ലാംകൂടിച്ചേർന്ന് ആ മഹദ്ജീവിതത്തിനു വിരാമമിടാൻ പോകുന്നു.

ശപിച്ചവർ പരശുരാമനും മറ്റൊരു മുനിയുമായിരുന്നു.

അനേകം വർഷങ്ങൾക്കു മുമ്പ് കർണൻ പരശുരാമന്റെ ശിഷ്യനായി കൂടിയിരുന്നു. പരശുരാമനിൽനിന്നു ബ്രഹ്മാസ്ത്രം അഭ്യസിക്കണം—അതായിരുന്നു കർണന്റെ ഉദ്ദേശ്യം. ബ്രാഹ്മണർക്കേ പരശുരാമൻ ശിഷ്യത്വം നൽകുകയുള്ളൂ— കർണൻ അപ്രകാരം ധരിച്ചുവെച്ചിരുന്നു. താനൊരു ബ്രാഹ്മണനാണ് എന്ന് കർണൻ അസത്യം പറഞ്ഞു. പക്ഷേ, പിന്നീടൊരിക്കൽ പരശുരാമനു പരമാർത്ഥം അറിവായി.

അദ്ദേഹം കോപിച്ചു ശാപമേകി. തോന്നേണ്ടുന്ന അവസരത്തിൽ തോന്നേണ്ടുന്ന അസ്ത്രം തോന്നാതെ പോട്ടെ എന്ന്.

രണ്ടാമത്തെ ശാപം ലഭിച്ചതു മറ്റൊരു മുനിയിൽനിന്നായിരുന്നല്ലൊ. തികച്ചും വ്യത്യസ്തമായിരുന്നു ആ ശാപമേറ്റരീതിയും സന്ദർഭവും. അസ്ത്രവിദ്യ പരിശീലിക്കുകയായിരുന്നു കർണൻ, ഒരു അവസരത്തിൽ. യദൃച്ഛയാ ഒരു അസ്ത്രം അല്പമൊന്നു പിഴച്ചുപോയി. ആ അസ്ത്രം എവിടെച്ചെന്നു കൊണ്ടു എന്നോ? ഒരു പൈക്കിടാവിന്റെ ശരീരത്തിൽ. പൈക്കിടാവ് തത്ക്ഷണം ചത്തുവീണു. ഒരു അബദ്ധം പറ്റിപ്പോയി, അത്രേയുള്ളു. എങ്കിലും പൈക്കിടാവിന്റെ ഉടമസ്ഥനായ മുനി കുപിതനായി. അദ്ദേഹം എന്തു ശാപമാണു നൽകിയത്? അവസാനത്തെ പോരാട്ടത്തിൽ കർണന്റെ രഥത്തിന്റെ ചക്രം കുണ്ടിൽ കുടുങ്ങിപ്പോകട്ടെ എന്ന്.

കർണൻ പാണ്ഡവസൈന്യത്തിനു കഠിനമായ ക്ഷതങ്ങൾ ഏല്പിച്ചു. ആ മഹാപരാക്രമി ജീവിച്ചിരിക്കുന്നിടത്തോളം തങ്ങൾക്കു ജയിക്കാനൊക്കുകയില്ല അക്കാര്യം പാണ്ഡവന്മാർക്കു മനസ്സിലായി. ഏതുവിധേനയും കർണനെ വധിക്കണം അതായി അവരുടെ ആഗ്രഹം. പാണ്ഡവന്മാർക്ക് ശ്രീകൃഷ്ണന്റെ സഹായമുണ്ടല്ലൊ. എന്തിനു പറയുന്നു ശാപങ്ങൾ ഫലിക്കുന്ന സമയം വന്നെത്തി. അവസാനയുദ്ധം അർജ്ജുനനോടുതന്നെയായി. കർണൻ ആത്മശത്രുവിനെതിരെ ധീരധീരം പോരാടി. എങ്കിലും വേണ്ടതായ അസ്ത്രം കർണനു തോന്നാതെപോയി. രഥം കുണ്ടിൽ ചാടി ഇളകാതെയുമായി. അർജ്ജുനന്റെ തീക്ഷ്ണമായ അസ്ത്രം കർണന്റെ ജീവൻ കവർന്നു!

(മഹാഭാരതം)

അർജ്ജുനന്റെ സ്വർഗയാത്ര

പാണ്ഡവന്മാർ വനവാസം ചെയ്യുന്ന കാലം. ഒരിക്കൽ വ്യാസമഹർഷി അവരെ കാണാൻ ചെന്നു. അദ്ദേഹം ഒരു അഭിപ്രായം പ്രകടിപ്പിച്ചു—അർജ്ജുനൻ സ്വർഗത്തു പോകണം, പിതാവായ ദേവേന്ദ്രനെ സന്ദർശിക്കണം, അതു കൊണ്ടു ഗുണമുണ്ടാകും.

വ്യാസന്റെ അഭിപ്രായം ആദരിക്കാൻ തീരുമാനിച്ചു പാണ്ഡവന്മാർ.

അർജ്ജുനനെ പിരിഞ്ഞിരിക്കുക—അതു സഹോദരന്മാർക്കു വിഷമമായിരുന്നു. മാത്രമല്ല, പത്നിയായ പാഞ്ചാലിക്കും.

പാഞ്ചാലി അർജ്ജുനനോടു പറഞ്ഞു:

'ഞങ്ങളുടെ ജീവിതം, അഭിവൃദ്ധി, രാജ്യം എല്ലാം അങ്ങയെ ആശ്രയിച്ചിരിക്കുന്നു. അങ്ങ് സ്വർഗത്തുപോയി വരണം. നല്ലതിനാണല്ലോ പോകുന്നത്?'

അർജ്ജുനൻ യുധിഷ്ഠിരനെയും ഭീഷ്മരെയും വണങ്ങി. നകുലനോടും സഹദേവനോടും പാഞ്ചാലിയോടും വിടപറഞ്ഞു. ആയുധങ്ങൾ എടുത്തു യാത്രയുമായി.

പതറാതെ, തളരാതെ സഞ്ചരിച്ചു ആ മഹാവീരൻ. കാടുകളും മേടുകളും കടന്നു. ഹിമാലയത്തിന്റെ പരിസരത്തിൽ ചെന്നു. ഒടുവിൽ ഇന്ദ്രകീലം എന്ന സ്ഥലത്തെത്തി.

'നിൽക്കൂ'—ആരോ വിളിച്ചുപറഞ്ഞു.

ശബ്ദം കേട്ട ദിക്കിലേക്ക് അർജ്ജുനൻ തിരിഞ്ഞുനോക്കി. അവിടെ ഒരു മുനിയെ കണ്ടു. മുനിയാണു നിൽക്കാൻ ആവശ്യപ്പെട്ടത്.

മുനി പറഞ്ഞു:

'ആയുധം ധരിച്ച നിങ്ങൾ ക്ഷത്രിയനാണ്. അതെനിക്കു മനസ്സിലായി. ഇവിടെ ആയുധങ്ങൾക്കു സ്ഥാനമില്ല. മുനികൾക്കുള്ള സ്ഥലമാണ് ഇവിടം. പക്ഷേ, അർജ്ജുനൻ ആയുധം ഉപേക്ഷിച്ചില്ല. അപ്രകാരം ചെയ്യുന്നത് ക്ഷത്രിയനു യോജിച്ചതല്ല. എന്തുവന്നാലും യോജിക്കാത്ത കൃത്യം ചെയ്യുകയില്ല.

തത്ക്ഷണം മുനി അപ്രത്യക്ഷനായി. പകരം അവിടെ കാണപ്പെട്ടതോ? മറ്റാരുമല്ല, ദേവേന്ദ്രൻ!

അർജ്ജുനൻ പിതാവിനെ ഭക്തിപൂർവ്വം പ്രണമിച്ചു.

'മകനേ, നിനക്കു വല്ല ആഗ്രഹവുമുണ്ടോ? ഉണ്ടെങ്കിൽ ഞാനതു സാധിപ്പിക്കാം.'

'അച്ഛാ, എനിക്കു ദിവ്യാസ്ത്രങ്ങൾ തരണം.'

'എന്തിനാണ് ദിവ്യാസ്ത്രങ്ങൾ?'

'എനിക്കു കൗരവന്മാരെ തോല്പിക്കണം.'

'ശരി, ആദ്യം നീ ഭഗവാൻ ശിവനെ ഭജിക്കൂ.'

അർജ്ജുനൻ തപസ്സിന് ഒരു സ്ഥലം തെരഞ്ഞെടുത്തു. ഒരു വനമായിരുന്നു അവിടം—പ്രകൃതിയുടെ വിലാസത്തിന്റെ രംഗം; ശാന്തമായ അന്തരീക്ഷവും. അവിടെയിരുന്നു തപസ്സും ആരംഭിച്ചു.

മുമ്മൂന്നു ദിവസം കൂടുമ്പോൾ ഒരു പഴം തിന്നു. അങ്ങനെ ഒരു മാസം തപസ്സുചെയ്തു. അടുത്ത മാസത്തിൽ തിന്നതോ. ആറു ദിവസം കൂടുമ്പോൾ ഒരു പഴം. പിന്നീട് രണ്ടാഴ്ച കൂടുമ്പോൾ ഒരു പഴമായി. ഒടുവിൽ വായുഭക്ഷണം മാത്രം!'

അർജ്ജുനന്റെ തപസ്സിനെക്കുറിച്ചു ചില മഹർഷിമാർ ശിവനോടു പറഞ്ഞു.

ശിവൻ അരുളിച്ചെയ്തു:

'അവനു ചില ഉദ്ദേശ്യങ്ങളുണ്ട്. ഞാൻ അവ സാധിപ്പിക്കും.'

ആദ്യം അർജ്ജുനനെ ഒന്നു പരീക്ഷിക്കണം. അതിനായി ഭഗവാൻ ഒരു കിരാതന്റെ രൂപം ധരിച്ചു. പാർവതി കിരാതസ്ത്രീയുടെ രൂപവും. ഇരുവരുംകൂടി അർജ്ജുനന്റെ അരികിലെത്തി.

ആ സമയം അർജ്ജുനന് അത്യാപത്തുണ്ടായി.

ദുഷ്ടനായ ഒരു അസുരനുണ്ട്, മൂകൻ എന്നു പേരായിട്ട്. അവൻ കുറ്റനായ ഒരു കാട്ടുപന്നിയുടെ വടിവു ചമഞ്ഞു. അർജ്ജുനനെ കൊല്ലാനായി പാഞ്ഞടുത്തു.

ഭാഗ്യവശാൽ അർജ്ജുനൻ കണ്ണുതുറക്കാൻ ഇടയായി. അപ്പോൾ എന്താണ് കണ്ടത്? വമ്പനായ ഒരു കാട്ടുപന്നി തന്റെ നേർക്കടുക്കുന്നു! അർജ്ജുനൻ അതിനെ കൊല്ലാനായി അമ്പും വില്ലും കൈക്കലാക്കി.

അപ്പോഴേക്കും കിരാതരൂപത്തിലുള്ള ശിവൻ അവിടെ എത്തിച്ചേർന്നു. കിരാതൻ പറഞ്ഞു:

'കാട്ടുപന്നിയെ ആദ്യം ലക്ഷ്യംവെച്ചത് ഞാനാണ്. അക്കാരണത്താൽ നിങ്ങൾ അതിനെ എയ്തുകൂടാ.'

അർജ്ജുനൻ അതു കൂട്ടാക്കാതെ അമ്പയച്ചു. അതേ നിമിഷം കിരാതനും ഒരമ്പെയ്തു. അമ്പുകൾ രണ്ടും ഒരേ സമയം കാട്ടുപന്നിയുടെ ദേഹത്തു ചെന്നുതറച്ചു.

കാട്ടുപന്നി നിലത്തു വീണു. ഉടനെ അതൊരു അസുരനായി മാറി. അസുരൻ ഊർദ്ധശ്വാസം വലിക്കയും ചെയ്തു.

അർജ്ജുനന് കിരാതനോട് കടുത്ത കോപമുണ്ടായി.

അദ്ദേഹം പറഞ്ഞു:

'ഞാനാണ് ആദ്യമായി കാട്ടുപന്നിക്കു ലക്ഷ്യം വെച്ചത്. അതിനിടയ്ക്ക് നീ എന്തിന് അമ്പെയ്തു? ഞാനിപ്പോൾ നിന്നെ കൊല്ലും!'

കിരാതൻ വിട്ടില്ല:

'ആദ്യം എയ്തതു ഞാനാണ്. കൊന്നതും ഞാൻതന്നെ. നിങ്ങൾക്ക് അഹങ്കാരം കുറെ കൂടിപ്പോയി. അതിനുള്ള ശിക്ഷ ഞാനിപ്പോൾ തരും!'

ഇരുവരും തമ്മിൽ യുദ്ധമായി. അർജ്ജുനൻ തീക്ഷ്ണമായ ശരങ്ങൾ പ്രയോഗിച്ചു. എന്തൊരു കഷ്ടമാണ്! ഒരൊറ്റ അമ്പുപോലും കിരാതനെ മുറിപ്പെടുത്തുന്നില്ല. അർജ്ജുനനു വാശിയും വീറും കയറി. തുടരെത്തുടരെ അമ്പു കളയച്ചു. ആവനാഴിയിൽ അമ്പൊടുങ്ങിയതു മിച്ചം! എന്നിട്ടും അർജ്ജുനൻ പോരു മതിയാക്കിയില്ല. അദ്ദേഹം വില്ലെടുത്ത് എതിരാളിയെ അടിക്കാൻ ഭാവിച്ചു. കിരാതൻ വില്ലു പിടിച്ചെടുത്തു. അർജ്ജുനൻ വാളുമെടുത്തു. വാൾ ഒടിഞ്ഞുവീണു. അർജ്ജുനൻ പാറക്കഷണങ്ങൾ എടുത്തെറിഞ്ഞു. അവയും ഫലപ്പെട്ടില്ല. ഒടുവിൽ മുഷ്ടി ചുരുട്ടി ഇടിതുടങ്ങി. കിരാതൻ അർജ്ജുനനെ ശ്വാസംമുട്ടിച്ച് ബോധംകെടുത്തി വീഴ്ത്തി!

തെല്ലിട കഴിഞ്ഞ് അർജ്ജുനന് ബോധംവീണു. അപ്പോൾ അതിരുകടന്ന ദുഃഖവുമുണ്ടായി. താൻ ഇന്നോളം ആരോടും തോറ്റിട്ടില്ല. തന്നെ ഇപ്പോഴിതാ ഒരാൾ ജയിച്ചിരിക്കുന്നു. അതോ, മൃഗപ്രായനായ ഒരു കിരാതനും! തന്നെ ഇനി ഭഗവാൻ ശിവൻ രക്ഷിക്കണം. മറ്റാരും തനിക്ക് ആശ്രയമില്ല. അർജ്ജുനൻ മണ്ണെടുത്ത് ശിവവിഗ്രഹം ഉണ്ടാക്കി. വിഗ്രഹത്തെ പൂജിച്ച് അതിൽ പൂക്കൾ അർച്ചിച്ചു.

എന്തൊരു ആശ്ചര്യമാണിത്! ആ പൂക്കളുണ്ട് അതാ നിൽക്കുന്ന കിരാതന്റെ ശിരസ്സിൽ! അപ്പോൾ.....അപ്പോൾ.....അർജ്ജുനന്റെ മനസ്സിൽ പരമാർത്ഥം അങ്കുരിച്ചു—കിരാതൻ ആ വേഷത്തിൽ വന്ന ശിവൻതന്നെ!

ഭഗവാൻ ശ്രീപാദങ്ങളിൽ അർജ്ജുനൻ വീണു നമസ്കരിച്ചു. ആത്മാർത്ഥമായി മാപ്പുചോദിച്ചു. സ്തോത്രങ്ങളാൽ സ്തുതിക്കുകയുംചെയ്തു.

ശിവൻ വരം കൊടുക്കാൻ സന്നദ്ധനായി.

അർജ്ജുനൻ അപേക്ഷിച്ചു.

'ഭഗവാനേ, ദിവ്യശക്തിയുള്ള പാശുപതാസ്ത്രം എനിക്കു തരണം.

ശിവൻ ആ അപേക്ഷ സ്വീകരിച്ചു. പാശുപതാസ്ത്രം എങ്ങനെ പ്രയോഗിക്കാം, അതിനെ എങ്ങനെ തിരിച്ചുവരുത്താം അതെല്ലാം ഭഗവാൻ ഉപദേശിച്ചു. അതിനുശേഷം ആ ദിവ്യാസ്ത്രം സമ്മാനിച്ചു. എന്നിട്ടു പറഞ്ഞു:

'അർജ്ജുനാ, ഇനി നീ സ്വർഗലോകത്തേക്കു പൊയ്ക്കൊള്ളൂ.'

അത്യധികമായ ആഹ്ലാദമുണ്ടായി അർജ്ജുനന്. അതോടുകൂടി അല വറ്റ ചാതിതാർത്ഥ്യവും. ശിവനെ കണ്ണുകൊണ്ടു കണ്ടില്ലേ? ഭഗവാനെ കൈ കൊണ്ടു തൊട്ടില്ലേ? മറ്റാർക്കും ലഭിക്കാത്ത മഹാഭാഗ്യങ്ങൾ!

താമസിയാതെ ചില ദേവന്മാരുടെ വരവുണ്ടായി—യമൻ, വരുണൻ, കുബേരൻ മുതലായവർ. അർജ്ജുനന് ഓരോ ദേവനും ഓരോ ദിവ്യായുധം സമ്മാനിച്ചു. തുടർന്ന് അനുഗ്രഹങ്ങളും നൽകി.

ആകാശത്തുനിന്ന് മനോഹരമായ ഒരു രഥം വന്നിറങ്ങി. ദേവേന്ദ്രന്റെ വകയായ രഥമാണത്. രഥത്തിൽ ഇരിക്കയാണ് ദേവേന്ദ്രന്റെ സാരഥിയായ മാതലി.

മാതലി പറഞ്ഞു:

'അർജ്ജുനാ, അങ്ങയുടെ പിതാവായ ദേവേന്ദ്രൻ എന്നെ അയച്ചതാണ്. അങ്ങ് സ്വർഗത്തു ചെല്ലണമെന്ന് അദ്ദേഹം കല്പിച്ചിരിക്കുന്നു. എന്നോടൊന്നിച്ച് വരൂ.'

അർജ്ജുനൻ ദിവ്യരഥത്തിൽ കയറി. ആ വാഹനം ഭൂമി വിട്ടുയർന്നു. അതിവേഗത്തിൽ വളരെ ദൂരം സഞ്ചരിച്ചു.

നക്ഷത്രങ്ങളെപ്പോലെ തിളങ്ങുന്ന ചിലതൊക്കെ കാണുമാറായി.

അർജ്ജുനൻ ചോദിച്ചു:

'മാതലീ, അവ എന്താണ്?'

മാതലി ഉത്തരം നൽകി:

'അവ നക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കുന്നു. ശരിയാണ്. പക്ഷേ, വാസ്തവത്തിൽ നക്ഷത്രങ്ങളല്ല—പ്രത്യേകമായ സ്ഥാനങ്ങൾ നേടിയിട്ടുള്ള പുണ്യാത്മാക്കൾ!

ദിവ്യരഥം ഉയർന്നുയർന്ന് സ്വർഗലോകത്തിലെത്തി.

സിംഹാസനത്തിൽ ഇരുന്നരുളുകയാണ് ദേവേന്ദ്രൻ. ദേവന്മാർ, ഋഷിമാർ മുതലായവർ ചുറ്റിനും ഇരിക്കുന്നു. വെൺകൊറ്റക്കുടകൾ, ചാമരങ്ങൾ എന്നിവ സ്വർഗാധിപന്റെ പ്രൗഢി തെളിയിക്കുന്നു.

പുത്രൻ പിതാവിനെ നമസ്കരിച്ചു. പിതാവ് പുത്രനെ പിടിച്ചെഴുന്നേല്പിച്ചു. ഗാഢമായി ആലിംഗനം ചെയ്തു. ശിരസ്സിൽ പലവുരു മുകർന്നു. കവിളുകളിൽ വാത്സല്യത്തോടെ തലോടി. അതിനുശേഷം സിംഹാസനത്തിൽ തനിക്കൊപ്പം പിടിച്ചിരുത്തി.

അദ്ദേഹം പറഞ്ഞു:

'മകനേ, പ്രത്യേകമായ രീതികളിലുള്ള നൃത്യങ്ങളും ഗീതങ്ങളും മറ്റും ഇവിടെയുണ്ട്. മനുഷ്യലോകത്ത് ഇല്ലാത്തവയും. നീ അവയൊക്കെ അഭ്യസിക്കുന്നതു പ്രയോജനപ്പെടും.'

ചിത്രസേനൻ എന്നൊരു വിദഗ്ദ്ധനുണ്ട്. ദേവേന്ദ്രൻ ചിത്രസേനനു ചില നിർദ്ദേശങ്ങൾ നൽകി. ചിത്രസേനൻ അർജ്ജുനനെ അഭ്യസിപ്പിച്ചു തുടങ്ങി.

അർജ്ജുനൻ സ്വർഗ്ഗലോകത്ത് സുഖമായി താമസിച്ചു.

തീരെ വിചാരിക്കാതെ ഒരു കുഴപ്പമുണ്ടായി.

സ്വർഗസുന്ദരികളിൽ പ്രധാനപ്പെട്ട ഒരുവളാണ് ഉർവശി. ഒരാഗ്രഹം ഉർവശിക്ക് ഉണ്ടായി—തനിക്ക് തത്കാലത്തേക്ക് അർജ്ജുനന്റെ ഭാര്യാപദം ലഭിക്കണം. അവൾ നിർല്ലജ്ജയായി ആ ആഗ്രഹം അർജ്ജുനനെ അറിയിച്ചു.

പക്ഷേ, അർജ്ജുനന് അതൊട്ടും സമ്മതമായില്ല. ഉർവശിക്ക് അത്യധികമായ കോപമുണ്ടായി. അവൾ ശാപമേകി:

'അർജ്ജുനാ, നീ ആണല്ലാത്തവൻ ആയിപ്പോകട്ടെ!'

എന്തായിരുന്നു അർജുനന്റെ സങ്കടം! വീരന്മാരിൽ വീരനായ താൻ ആണല്ലാതാവുകയോ? ഇതിൽപ്പരം ഒരു മാനഹാനി എന്തിരിക്കുന്നു?

ദേവേന്ദ്രൻ പുത്രനെ സമാധാനപ്പെടുത്തി:

'അർജുനാ, നീ ഒട്ടും ദുഃഖിക്കേണ്ട. ഉർവശീശാപം ഉപകാരമാവും. നിന ക്കു സഹോദരന്മാരോടുകൂടി അജ്ഞാതവാസം അനുഷ്ഠിക്കേണ്ടതാ യിവരും. ഒരു വർഷത്തേക്കായിരിക്കും നിങ്ങളുടെ അജ്ഞാതവാസം അപ്പോൾ നീ ആണല്ലാത്തവനായി നൃത്തം പഠിപ്പിച്ചു കഴിയു. ഒരു വർഷം കഴിഞ്ഞ് നിനക്കു പുരുഷത്വം വീണ്ടുകിട്ടും.'

പിന്നൊരിക്കൽ ദേവേന്ദ്രൻ പറഞ്ഞു:

'മകനേ, എന്റെ പരമശത്രുക്കളായ ചില അസുരന്മാരുണ്ട്. നിവാതകവ ചന്മാർ എന്നാണ് അവർ അറിയപ്പെടുന്നത്. മഹാശക്തന്മാരും മഹാഭയങ്കര ന്മാരുമാണ് അവർ. നീ അവരുടെ ആസ്ഥാനത്തു ചെല്ലണം; അവരെ വധി ക്കണം.'

യുദ്ധത്തിനു നല്ലൊരു അവസരം ലഭിച്ചില്ലേ? അർജുനന് ഉത്സാഹം കയറി. ഒരിക്കലും തകരാത്ത കവചം, പൊട്ടാത്ത ഞാൺ— അവയൊക്കെ ദേവേന്ദ്രൻ നൽകി. ദേവന്മാർ ഒരു ദിവ്യശംഖം സമ്മാനിച്ചു. മാതലി രഥമൊ രുക്കി കൊണ്ടുവന്നു. അർജ്ജുനൻ രഥത്തിൽ ആസനസ്ഥനായി. മാതലി രഥ ത്തെ ആകാശത്തൂടെ സഞ്ചരിപ്പിച്ചു. അസുരപുരിയുടെ പുറമേ കൊണ്ടു ചെന്നിറക്കി.

അർജ്ജുനൻ ദിവ്യശംഖമെടുത്ത് ഉറക്കെ ഊതി. അതൊരു പോർവിളി ആയിരുന്നു. ശംഖൊലി കേട്ട് നിവാതകവചന്മാർ പുറത്തേക്കു വന്നു. അവർ അർജുനന്റെമേൽ ശരമാരി തൂകി. അനേകം അനുചരന്മാരുണ്ട് അവർക്ക്. ആയുധധാരികളാണ് അവരെല്ലാം. യുദ്ധത്തിന് അവരും തയ്യാറായി നില കൊണ്ടു.

അർജ്ജുനനുണ്ടോ അധൈര്യവും പതർച്ചയും? ആ മഹാവീരൻ ശര ങ്ങളയച്ച് അനേകം ശത്രുക്കളെ കൊന്നൊടുക്കി. തങ്ങളുടെ യുദ്ധമുറക ളൊന്നും എതിരാളിയോടു ഫലിക്കുന്നില്ല—അക്കാര്യം നിവാതകവചന്മാർക്ക് അനുഭവപ്പെട്ടു. അപ്പോൾ അവർ മഹായുദ്ധം ചെയ്യാൻ ആരംഭിച്ചു. അർജ്ജു നന്റെ നേർക്ക് വമ്പിച്ച പാറക്കല്ലുകൾ പാഞ്ഞുവന്നു. അവയെ അർജ്ജുനൻ അസ്ത്രങ്ങളയച്ച് തരിപ്പണമാക്കി. പിന്നീട് കൊടുങ്കാറ്റും പെരുമഴയും ഇടിയും മിന്നലും ഉണ്ടായി. എല്ലാം അസുരന്മാരുടെ മായാപ്രയോഗങ്ങൾ! വിശേഷണം എന്നൊരു ദിവ്യാസ്ത്രമുണ്ട്. അർജ്ജുനന്റെ പക്കൽ. സ്വർഗത്തുനിന്നു സമ്പാ ദിച്ചതാണ് വിശേഷണം. അതയച്ച് അർജ്ജുനൻ അവയെ ഇല്ലാതാക്കി. അസു രന്മാർ പിന്നീട് അഗ്നി സൃഷ്ടിച്ചയച്ചു. അർജ്ജുനൻ സലിലാസ്ത്രത്താൽ അഗ്നിയെ ശമിപ്പിച്ചു. നിവാതകവചന്മാർ കടശ്ശിക്കൈയായി കുരിരുട്ടു പരത്തി. കാളരാത്രിക്കു തുല്യമായിരുന്നു ആ കുരിരുട്ട്. ദിവ്യരഥത്തിൽ പൂട്ടിയിരുന്ന കുതിരകൾക്ക് കണ്ണുകാണാതായി. അതെന്തിന്, മാതലിപോലും പതറി പ്പോയി.

മാതലി അർജുനനോടു പറഞ്ഞു:

'അങ്ങയുടെ പിതാവിന് അനേക യുദ്ധങ്ങളിൽ ഞാൻ തേർ തെളിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെപ്പോലെ ഒരു ദുരവസ്ഥ എനിക്ക് ഉണ്ടായിട്ടില്ല. എനിക്കു കാഴ്ചയില്ലാതായിരിക്കുന്നു.'

അർജുനൻ ധൈര്യപ്പെടുത്തി:

'മാതലീ, ഒട്ടും വിഷമം വേണ്ട. അസുരന്മാരുടെ മായയാണ് ഇതൊക്കെ. എല്ലാം ഞാനിപ്പോൾ മാറ്റിത്തരാം.'

മായയെ ജയിക്കുന്ന മായാസ്ത്രം അർജുനൻ ജപിച്ചയച്ചു. അതോടെ അസുരന്മാരുടെ മായ നിഷ്പ്രയോജനമായി. അവർക്ക് ഒരു വിധത്തിലും നിൽക്കക്കള്ളി ഇല്ലാതെയായി. കോട്ടയ്ക്കുള്ളിൽ കടന്ന് അവർ വാതിലടച്ചു. മാത്രമല്ല, ഭൂമിക്കടിയിൽ ഒളിച്ചിരിക്കയുംചെയ്തു.

വജ്രാസ്ത്രം പ്രയോഗിക്കാൻ നിർദ്ദേശിച്ചു മാതലി. അർജുനൻ ആ ദിവ്യാസ്ത്രം പ്രയോഗിച്ചപ്പോഴോ? ഭൂമി ഭേദിക്കപ്പെടുകയായി. ഒളിച്ചിരുന്ന നിവാതകവചന്മാർ നിർജീവരുമായി!

മാതലി അർജുനനെ അസുരപുരിയിലേക്കു നയിച്ചു. അവരെക്കണ്ട് അസുരസ്ത്രീകൾ നിലവിളിച്ചുകൊണ്ട് ഓടിപ്പോയി. ഗൃഹങ്ങളിൽ കയറി പതുങ്ങിയിരുന്നു.

ഇന്ദ്രപുരത്തിനുപോലും അസുരപുരത്തിന്റെ അഴക് ഉണ്ടായിരുന്നില്ല.

അർജുനൻ ചോദിച്ചു:

'മാതലീ ഇതെങ്ങനെ സംഭവിച്ചു?'

കാരണം മാതലി അറിയിച്ചു:

'പണ്ട് ഇവിടം ദേവേന്ദ്രന്റെ വകയായിരുന്നു. നിവാതകവചന്മകാർ ഇവിടം പിടിച്ചടക്കി. ദേവേന്ദ്രൻ അങ്ങേക്ക് ദിവ്യാസ്ത്രങ്ങൾ തന്നല്ലോ. ഇതിനുംകൂടിയാണ് അപ്രകാരം ചെയ്തത്.'

വിജയിയായ അർജുനൻ മാതലിയോടുകൂടി മടക്കയാത്ര ആരംഭിച്ചു.

മാർഗമദ്ധ്യേ മറ്റൊരു പുരം കാണുമാറായി— രത്നങ്ങളാൽ നിർമിതമായ മയ്യമായ പുരം. മാതലി അതിന്റെ കഥ കേൾപ്പിച്ചു:

പുലോമ എന്നു പേരുള്ള ഒരു അസുരസ്ത്രീ. അവൾ വളരെക്കാലം ബ്രഹ്മാവിനെ തപസ്സുചെയ്തു. സംപ്രീതനായ ബ്രഹ്മാവ് അവളുടെ മുമ്പിൽ പ്രത്യക്ഷനായി. അവൾ വരം ആവശ്യപ്പെട്ടു—തന്റെ പുത്രന്മാർക്കു ദുഃഖമൊന്നു മുണ്ടായിക്കൂടാ; അവർക്ക് ആകാശത്തു ചുറ്റിക്കൊണ്ടിരിക്കുന്ന ഒരു രത്നപുരം വേണം; ഒരു വർഗക്കാരാലും അവർക്കു മരണം സംഭവിക്കാനും പാടില്ല. മനുഷ്യരാൽ മരണമുണ്ടാകും എന്നു പറഞ്ഞു ബ്രഹ്മാവ്; അതേ സമയം മറ്റു രണ്ടു വരങ്ങളും നൽകുകയുംചെയ്തു. അങ്ങനെയാണ് ഈ പുരം ഉണ്ടായത്. പേരോ, ഹിരണ്യപുരം എന്നും.

ഇവിടത്തെ അസുരന്മാരെ ഇല്ലായ്മ ചെയ്യണം—അതായിരുന്നു മാതലിയുടെ അഭ്യർത്ഥന. അർജുനനു സമ്മതമായി എന്നു പറയാനുണ്ടോ? ദേവസാരഥി ഹിരണ്യപുരത്തിലേക്കു രഥം നയിച്ചു. ആയുധധാരികളായ അസുരന്മാർ പാഞ്ഞുവന്നു. അർജുനൻ ദിവ്യാസ്ത്രങ്ങളാൽ അനേകംപേരെ കൊന്നുവീഴ്ത്തി. ശേഷിച്ചവർ അകത്തേക്ക് ഓടിപ്പോയി ഒളിച്ചിരുന്നു. അതേ സമയം അവർ പുതിയൊരു അടവുമെടുത്തു. വായുവിൽക്കൂടി സഞ്ചരിക്കുന്നതാണല്ലോ ഹിരണ്യപുരം. പെട്ടെന്നു നഗരത്തെ താഴെയാക്കുക.

പിന്നീട് വളരെ ദൂരം ഉയർത്തുക, പല വശങ്ങളിലാക്കുക— ആ വിദ്യകളെല്ലാം അവർ പ്രയോഗിച്ചു. പക്ഷേ, അതൊന്നും മാതലിയോടു പ്രയോജനപ്പെട്ടില്ല. ദേവസാരഥി വിദഗ്ദ്ധരീതിയിൽ ഹിരണ്യപുരത്തെ അനുഗമിച്ചുകൊണ്ടിരുന്നു. അസുരന്മാർ സംഘടിച്ചു. വീണ്ടും പോരിനിറങ്ങി. അർജ്ജുനൻ ഭീകരമായ രൗദ്രാസ്ത്രം ജപിച്ചുവിട്ടു. ആ ദിവ്യാസ്ത്രം ഹിരണ്യപുരത്തെ ഇല്ലായ്മ ചെയ്തു.

ഇരുവരും സ്വർഗലോകത്തു തിരിച്ചെത്തി.

ദേവേന്ദ്രന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. കണ്ടില്ലേ പ്രിയ പുത്രന്റെ വീര്യവും സമരചാതുര്യവും?

അർജ്ജുനൻ കുറച്ചുകാലംകൂടി സ്വർഗലോകത്തു താമസിച്ചു.

പിന്നീട് അദ്ദേഹം ഭൂമിയിൽ മടങ്ങിയെത്തി.

പാണ്ഡവന്മാരുടെ വനവാസം തുടർന്നുപോയി.

(മഹാഭാരതം)

ഉലൂപിയും ചിത്രാംഗദയും

ഒരിക്കൽ അർജ്ജുനൻ തീർത്ഥയാത്രയ്ക്കിറങ്ങി. മാർഗമദ്ധ്യേ ഗംഗാതീരത്തിൽ ചെന്നെത്തി. സ്നാനത്തിനായി നദിയിലിറങ്ങി. സ്നാനം കഴിഞ്ഞ് കരയ്ക്കുകയറാൻ ഭാവിച്ചു. അപ്പോൾ ഒരു അനുഭവം ഉണ്ടായി. താൻ ജലത്തിലൂടെ താഴ്ന്നുപോകുന്നു. അതിവേഗത്തിൽ താഴുകയാണുതാനും!

അഗാധതയിൽ ഒരു നാഗരാജ്യമുണ്ട്. കൗരവ്യൻ എന്നാണ് നാഗരാജാവിന്റെ നാമം. ഉലൂപി എന്നൊരു പുത്രിയുണ്ട് കൗരവ്യന്. അതിസുന്ദരിയായ നാഗകന്യകയാണ് ഉലൂപി. അർജ്ജുനൻ തന്റെ ഭർത്താവാകണം— അതായിരുന്നു ആദ്യമേ ഉലൂപിയുടെ ആഗ്രഹം. അർജ്ജുനൻ ഇതാ മുകളിലായി ഗംഗയിൽ കുളിക്കുന്നു. ഏറ്റവും അപൂർവമായ സന്ദർഭമല്ലേ? ആ സന്ദർഭം പാഴാക്കാവുന്നതല്ല. ഉലൂപി സ്വശക്തികൊണ്ട് അർജ്ജുനനെ ആകർഷിച്ചു താഴ്ത്തി. അതാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്.

ഉലൂപിയും അർജ്ജുനനും തമ്മിൽ കണ്ടു. അവൾ സകലതും വിസ്തരിച്ചു കേൾപ്പിച്ചു.എന്നിട്ട് ഒരു യാചനയും ചെയ്തു—അർജ്ജുനൻ തന്റെ ഭർത്താവാകണം!

ആ യാചന തിരസ്കരിക്കാൻ അർജ്ജുനനു മനസ്സുവന്നില്ല.

അങ്ങനെ അവർ ഭാര്യാഭർത്താക്കന്മാരായി.

പിറ്റേദിവസം അർജ്ജുനൻ മടക്കയാത്രയ്ക്ക് ഒരുക്കമായി.

ഉലൂപി ഭർത്താവിന് ഒരു വരം നൽകി—'ജലജന്തുക്കൾ അങ്ങയുടെ അധീനതയിലാകട്ടെ!'

അദ്ദേഹം ഒന്നൊന്നായി പലേ തീർത്ഥങ്ങളും സന്ദർശിച്ചു.

ഒടുവിൽ അദ്ദേഹം മണിപുരത്തിൽ എത്തിച്ചേർന്നു.

മണിപുരത്തിലെ രാജാവിന് ഒരു മകളുണ്ട്. ചിത്രാംഗദ. ആരെയും ആകർഷിപ്പെടുത്തുന്നതാണ് ചിത്രാംഗദയുടെ സൗന്ദര്യം. അർജ്ജുനൻ രാജാവിനോട് ഒന്ന് അപേക്ഷിച്ചു—തനിക്കു രാജകുമാരിയെ നൽകണം എന്ന്.

അർജ്ജുനൻ തന്റെ ജാമാതാവാവുക—അതൊരു മഹാഭാഗ്യമായി രാജാവ് കരുതി.

രാജകുടുംബത്തെക്കുറിച്ചു ചില വിവരങ്ങൾ അർജ്ജുനനു ലഭിച്ചു അതോ രാജാവിൽനിന്നും.

പണ്ട് മണിപുരത്തിൽ പ്രഭഞ്ജനൻ എന്നൊരു രാജാവ് വാണിരുന്നു. അദ്ദേഹത്തിന് ആദ്യകാലത്തു പുത്രൻ ഉണ്ടായിരുന്നില്ല. പുത്രനുണ്ടാവാൻവേണ്ടി അദ്ദേഹം ശിവനെ തപസ്സുചെയ്തു. ശിവൻ പ്രഭഞ്ജനനിൽ സംപ്രീതനായി ഒരു വരം നൽകി—രാജകുടുംബത്തിൽ ഓരോ തലമുറയിലും ഓരോ സന്തതിയുണ്ടാകും. പ്രഭഞ്ജനന്റെ മുൻഗാമികളിൽ ഓരോരുത്തർക്കും ഒരു പുത്രനുണ്ടായി. ആദ്യമായി പുത്രിയുണ്ടായതു പ്രഭഞ്ജനനുതന്നെ. അവളാണ് അതിസുന്ദരിയായ ചിത്രാംഗദ. എങ്കിലും പിതാവ് അവളെ പുത്രനെപ്പോലെ വളർത്തിവരുന്നു.

അർജുനൻ ചിത്രാംഗദയെ വധുവായി സ്വീകരിച്ചു.

അദ്ദേഹം വീണ്ടും തീർത്ഥയാത്രയ്ക്കിറങ്ങി. അങ്ങനെ ദക്ഷിണസമുദ്രത്തിന്റെ തീരത്തിലെത്തി. അവിടെ കുറെ മഹർഷിമാർ ജീവിച്ചുപോരുന്നു. അടുക്കലായി ചില തീർത്ഥങ്ങളുണ്ട്. അവയിൽ അഞ്ചു തീർത്ഥങ്ങൾ അർജുനന്റെ ശ്രദ്ധയെ ആകർഷിച്ചു. ഏറ്റവും രമണീയമായിരുന്നു അവയെല്ലാം പുണ്യം വിളയുന്നവയും. എന്നിട്ടും മഹർഷിമാർ അവയിൽ സ്നാനം ചെയ്താറില്ല. ഓരോ തീർത്ഥത്തിലും ഒരു മുതലയുണ്ട്. മഹർഷിമാർക്കുപോലും ആ മുതലകളെ ഭയമാണ്. സാധാരണക്കാരുടെ കാര്യം പിന്നെ പറയാനുണ്ടോ?•

അർജുനനാകട്ടെ നിർഭയനായി ഒരു തീർത്ഥത്തിൽ ചെന്നിറങ്ങി. മഹർഷിമാർ 'അരുതേ! അരുതേ!' എന്നു വിളിച്ചുപറഞ്ഞു. ഒരു കൂലുക്കവും അർജുനന് ഉണ്ടായില്ല. പെട്ടെന്ന് ഒരു മുതല കാലിൽ പിടികൂടി. അർജുനൻ ബലപ്പിച്ച് കാൽ വലിച്ച് മുതലയെ കരയിലാക്കി. പൊടുന്നനെ മുതലയ്ക്ക് ഒരു മാറ്റമുണ്ടായി. ഭയങ്കരമായ രൂപത്തിനു പകരം ഒരു ദിവ്യസ്ത്രീയുടെ മോഹനരൂപം!

അത്ഭുതത്തോടെ നോക്കിനിന്നു അർജുനൻ.

ദിവ്യസ്ത്രീ തന്റെ പൂർവവൃത്താന്തം അറിയിച്ചു.

വാസ്തവത്തിൽ അവൾ അപ്സരസ്സാണ്. പേര് വർഗ്ഗ എന്നും. നാലു സഖികളുണ്ട് വർഗ്ഗയ്ക്ക്—സൗമനേയി, സമീചി, ബുധ്നിബുദ്ര, ലത. ഒരിക്കൽ അഞ്ചുപേരുംകൂടി സഞ്ചാരത്തിനിറങ്ങി. ലോകപാലന്മാരെ കാണുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. ഇടയ്ക്കുവെച്ച് ഒരു വനത്തിലൂടെ പോകേണ്ടതായിവന്നു. വനത്തിൽ ഒരാൾ തപസ്സുചെയ്യുകയായിരുന്നു. അവർണ്യമായ സൗന്ദര്യമുണ്ട് തപസിക്ക്—അസാധാരണമായ തേജസ്സും. അദ്ദേഹത്തിന്റെ തപസ്സ് മുടക്കണം; അദ്ദേഹത്തെ ഭർത്താവാക്കണം—അതായി അപ്സരസ്സുകളുടെ ആഗ്രഹം. പക്ഷേ, അവർ എത്രതന്നെ പണിപ്പെട്ടിട്ടും തപസ്വി വഴങ്ങിയില്ല. മാത്രവുമല്ല, അദ്ദേഹത്തിന് കോപം തോന്നി ശാപമേകി:

'നിങ്ങൾ മുതലകളായി നൂറു വർഷം ജീവിക്കുവിൻ!'

അപ്സരസ്സുകൾ അതിയായി ദുഃഖിച്ചു.

'ഞങ്ങൾ അവിവേകം പ്രവർത്തിച്ചുപോയി. അങ്ങ് ഞങ്ങളുടെ അപരാധം ക്ഷമിക്കണം. ഞങ്ങളിതാ അങ്ങയെ ശരണം പ്രാപിക്കുന്നു.'

തപസ്വിയുടെ മനസ്സ് ആർദ്രമായി.

അദ്ദേഹം പറഞ്ഞു:

'നിങ്ങൾ സമാധാനപ്പെടുവിൻ. മുതലകളായ നിങ്ങളെ ഒരു മഹാപുരുഷൻ കരകയറ്റും. അപ്പോൾ നിങ്ങൾക്കു പഴയ രൂപങ്ങൾ തിരിച്ചുകിട്ടും. അന്നു മുതൽ നിങ്ങൾ കിടക്കുന്ന തീർത്ഥങ്ങൾ 'നാരീതീർത്ഥങ്ങൾ' എന്ന പേരിൽ പ്രസിദ്ധമാകും.'

അപ്സരസ്സുകൾ തപസ്വിയെ പ്രദക്ഷിണംചെയ്തു. എന്നിട്ട് അവിടന്നു യാത്രയായി. അങ്ങുമിങ്ങും ഉഴന്നുനടന്നു. അതിനിടയ്ക്ക് നാരദമഹർഷിയെ കണ്ടെത്തി.

നാരദൻ പറഞ്ഞു:

'ദക്ഷിണസമുദ്രത്തിന്റെ തീരത്ത് അഞ്ചു തീർത്ഥങ്ങളുണ്ട്. നിങ്ങൾ മുതലകളായി ആ തീർത്ഥങ്ങളിൽ കിടക്കുവിൻ. ഒരിക്കൽ അർജ്ജുനൻ വന്നെത്തും. അവൻ നിങ്ങളെ കരയ്ക്കു കയറ്റും.'

അതാണിപ്പോൾ സംഭവിച്ചിരിക്കുന്നത്!

വർഗ അപേക്ഷിച്ചു:

'അർജ്ജുനാ, എന്റെ നാലു സഖിമാരും ഓരോ തീർത്ഥങ്ങളിൽ കിടപ്പുണ്ട്. അങ്ങ് അവർക്കുകൂടി സഹായമേകണം.'

നാലു മുതലകളെയും അർജ്ജുനൻ കരയിലാക്കി. അവയും അപ്സരസ്സുകളായി, വർഗയെപ്പോലെ. എല്ലാവരും രക്ഷിച്ചയാളെ വാഴ്ത്തി സ്തുതിച്ചു. എന്നിട്ടു തങ്ങളുടെ വഴിക്കുപോയി.

കുറേക്കാലമായല്ലോ അർജ്ജുനൻ ചിത്രാംഗദയുമായി വേർപിരിഞ്ഞിട്ട്. മണിപുരത്തിൽ ചെന്ന് അവളെ ഒന്നുകൂടി കാണണം അതായി അർജ്ജുനന്റെ ആഗ്രഹം. അദ്ദേഹം താമസംവിനാ മണിപുരത്തിൽ എത്തിച്ചേർന്നു. കണ്ടത് ഭാര്യയെ മാത്രമല്ല, തങ്ങളുടെ ഓമനപ്പുത്രനെയും!

അർജ്ജുനന്റെ അഭാവത്തിൽ ചിത്രാംഗദ ഒരു ആൺകുട്ടിക്കു ജന്മമേകിയിരുന്നു. ബഭ്രുവാഹനൻ എന്നായിരുന്നു ആ കുട്ടിയുടെ പേര്. എന്ത് ആനന്ദം ആയിരുന്നെന്നോ അർജ്ജുനനു പുത്രനെ കണ്ടപ്പോൾ!

അല്പകാലത്തേക്ക് അർജ്ജുനൻ ചിത്രാംഗദയോടും ബഭ്രുവാഹനനോടും കൂടി താമസിച്ചു. അതിനുശേഷം അദ്ദേഹം തീർത്ഥയാത്ര തുടരാൻ ഒരുക്കമായി. അദ്ദേഹം പറഞ്ഞു:

'ചിത്രാംഗദേ, ഞാൻ പോകുന്നതിൽ നീ വ്യസനിക്കരുത്. നമുക്ക് ഇനിയുമൊരിക്കൽ തമ്മിൽ കാണാൻ സംഗതിയാകും. എന്റെ ജ്യേഷ്ഠൻ ധർമപുത്രർ രാജസൂയം എന്ന മഹായജ്ഞം നടത്തും. അപ്പോൾ ലോകത്തിലെ രാജാക്കന്മാരെല്ലാം വന്നെത്തും. അവരുടെ കൂട്ടത്തിൽ നിന്റെ അച്ഛനുമുണ്ടാവും. അച്ഛനോടുകൂടി നീയും ബഭ്രുവാഹനനും വരണം. അതുവരെ നീതന്നെ ബഭ്രുവാഹനനെ വളർത്തണം. എന്റെ പ്രാണന്റെ പ്രാണനാണ് അവൻ. ഞാൻ തീർത്തു പറയുന്നു, നമ്മുടെ പുത്രൻ യശസ്വിയാകും.*

അത്രയും പറഞ്ഞ് അർജ്ജുനൻ യാത്രയായി.

(മഹാഭാരതം)

* ബഭ്രുവാഹനന്റെ കഥ 'യുധിഷ്ഠിരന്റെ അശ്വമേധം' എന്ന നിബന്ധകഥയിൽ വിസ്തരിച്ചിട്ടുണ്ട്.

പാണ്ഡവന്മാരുടെ പുത്രന്മാർ

പാഞ്ചാലി പഞ്ചപാണ്ഡവന്മാരുടെ പത്നിയാണല്ലോ. ഓരോ ഭർത്താവിനും പാഞ്ചാലി ഓരോ പുത്രനെ സമ്മാനിച്ചു. യുധിഷ്ഠിരന് പ്രതിവിന്ധ്യൻ എന്ന പുത്രൻ; ഭീമന് സുതസോമൻ എന്ന പുത്രൻ; അർജ്ജുനന് ശ്രുതകീർത്തി എന്ന പുത്രൻ; നകുലന് ശതാനികൻ എന്ന പുത്രൻ; സഹദേവന് ശ്രുതകർമാവ് എന്ന പുത്രനും.

പാണ്ഡവന്മാരിൽ ഓരോരുത്തർക്കും ഭാര്യയായി പാഞ്ചാലി മാത്രമേ ഉണ്ടായിരുന്നുള്ളോ? അല്ല.

ഒരിക്കൽ യുധിഷ്ഠിരൻ ശൈബ്യരാജ്യത്തേക്കു പോവുകയുണ്ടായി. അവിടത്തെ രാജാവിന്റെ പേര് ഗോവാസൻ എന്നാണ്. രാജപുത്രിയുടെ സ്വയംവരത്തിനു പോയതാണ് യുധിഷ്ഠിരൻ. വേദിക എന്നാണ് രാജപുത്രിയുടെ പേര്. വേദിക വരണമാല്യം അർപ്പിച്ചതോ? യുധിഷ്ഠിരന്റെ കഴുത്തിലും. അങ്ങനെ അവർ വിവാഹിതരായി. അവർക്ക് ഒരു പുത്രനുണ്ടായി. പേര് യൗധേയൻ എന്നും.

ഭീമൻ ആദ്യം വിവാഹംകഴിച്ചത് ഹിഡിംബിയെയാണ്. ഹിഡിംബി രാക്ഷസിയാണ് ഹിഡിംബൻ എന്ന രാക്ഷസന്റെ സഹോദരിയും. ഹിഡിംബി ഭീമനു സമ്മാനിച്ച വീരപുത്രൻ ആയിരുന്നു ഘടോൽക്കചൻ. അതിനുശേഷമാണ് ഭീമൻ പാഞ്ചാലിയുടെ ഭർത്താവായത്. പാഞ്ചാലിയുടെയും ഭീമന്റെയും പുത്രനാണ് സുതസോമൻ. മറ്റൊരു പത്നിയെക്കൂടി ഭീമൻ സ്വീകരിക്കയുണ്ടായി. കാശിരാജാവിന്റെ പുത്രി ബലന്ധര ആയിരുന്നു ആ പത്നി. അവർക്കു ജനിച്ചതോ, സർവ്വഗൻ എന്ന പുത്രനും.

അർജ്ജുനന് പാഞ്ചാലിയിലുള്ള പുത്രൻ ശ്രുതകീർത്തി എന്നു പറഞ്ഞല്ലോ. അദ്ദേഹം സുഭദ്രയെയും വിവാഹംകഴിച്ചു. ശ്രീകൃഷ്ണന്റെ പ്രിയപ്പെട്ട അനുജത്തിയാണ് സുഭദ്ര. അർജ്ജുനന്റെയും സുഭദ്രയുടെയും പുത്രനാണ് അഭിമന്യു. ആ മഹാവീരന്റെ ചെറുപ്പത്തിൽത്തന്നെ യുദ്ധംചെയ്തു വീരസ്വർഗം നേടി. അർജ്ജുനനു രണ്ടു പുത്രന്മാർകൂടി ജനിച്ചിരുന്നു. ഉലൂപിയിൽ ഇരാവനും ചിത്രാംഗദയിൽ ബഭ്രുവാഹനനും.

നകുലൻ കരേണുകയെ വേട്ടു. ചേദിരാജ്യത്തിലെ രാജകുമാരിയാണ് കരേണുക. അവരുടെ പുത്രൻ നിരമിത്രനും.

സഹദേവനു സ്വയംവരത്തിൽ ഒരു പത്നിയെ ലഭിച്ചു—ദ്യുതിമാൻ എന്ന രാജാവിന്റെ പുത്രി വിജയ. അവർക്ക് സുഹോത്രൻ എന്നൊരു പുത്രൻ ജാതനായി.

(മഹാഭാരതം)

ഗദയും ശംഖും

ഖാണ്ഡവദാഹം കഴിഞ്ഞു. അഗ്നിദേവൻ സംതൃപ്തനായി യാത്ര പറഞ്ഞു. ശ്രീകൃഷ്ണനും അർജ്ജുനനും നദീതീരത്തിൽ ചെന്ന് ഇരിപ്പായി. മയനും അവരോട് ഒത്തുകൂടി.

അസുരന്മാരുടെ ശില്പിയാണ് മയൻ. അർജ്ജുനൻ മയന്റെ ജീവൻ രക്ഷപ്പെടുത്തിയിരുന്നു. ഖാണ്ഡവം ദഹിപ്പിക്കുമ്പോൾ ആയിരുന്നു ആ സംഭവം. മയന് അർജ്ജുനനോട് അപാരമായ കൃതജ്ഞതയുണ്ടായി.

അസുരശില്പി ചോദിച്ചു:

'അർജ്ജുനാ, ഞാൻ അങ്ങേയ്ക്ക് എന്തു പ്രത്യുപകാരമാണു ചെയ്യേണ്ടത്?'

അർജ്ജുനൻ മറുപടി നൽകി:

'അങ്ങ് ഒരു പ്രത്യുപകാരവും ചെയ്യണ്ട. ഞങ്ങൾക്ക് അങ്ങയോടു സ്നേഹമാണ്. അങ്ങേയ്ക്ക് ഞങ്ങളോടു സ്നേഹമുണ്ടായാൽ മതിയാകും.'

മയനു തൃപ്തിവന്നില്ല.

'അർജ്ജുനാ, അങ്ങേയ്ക്കു യോജിച്ചവയാണ് അങ്ങയുടെ വാക്കുകൾ. പക്ഷേ, എനിക്ക് അതിയായ ആഗ്രഹമുണ്ട് പ്രത്യുപകാരം ചെയ്യാനായിട്ട്. തക്കതായ ഒന്നു ഞാൻ നിശ്ചയിച്ചിരിക്കുന്നു.'

അതു കേട്ട് അർജ്ജുനൻ പറഞ്ഞു:

'മയാ, അങ്ങ് കരുതുന്നു, ഞാൻ അങ്ങയുടെ പ്രാണരക്ഷ ചെയ്തെന്ന്. അങ്ങനെയായാൽത്തന്നെയുമോ? എനിക്കു പ്രതിഫലം സ്വീകരിച്ചുകൂടാ. അതേസമയം അങ്ങേയ്ക്ക് ഇച്ഛാഭംഗം ഉണ്ടാകുന്നതു ശരിയുമല്ല. അങ്ങ് ശ്രീകൃഷ്ണന് എന്തെങ്കിലും ചെയ്തുകൊടുക്കൂ. അത് എനിക്കായി ചെയ്തതായി വിചാരിച്ചുകൊള്ളാം.'

ശ്രീകൃഷ്ണനോടു മയൻ ചോദിച്ചു:

'ഭഗവാനേ, എന്താണ് അവിടുത്തെ അഭിലാഷം?'

'ശ്രീകൃഷ്ണൻ അല്പം ആലോചിച്ചിട്ടു പറഞ്ഞു:

'മയാ, നീ യുധിഷ്ഠിരന് ഒരു സഭ നിർമിച്ചുകൊടുക്കൂ. മനുഷ്യലോകത്തു മറ്റാർക്കും ഇങ്ങനെയൊരു സഭ ഉണ്ടായിക്കൂടാ. അത്ര വിശിഷ്ടമായിരിക്കണം അത്.'

അസുരശില്പിക്കു സന്തോഷമേയുള്ളൂ. ശ്രീകൃഷ്ണന്റെ ഇച്ഛ സഫലമാക്കുവാൻ ശ്രീകൃഷ്ണനും അർജ്ജുനനും മയനെയും കൂട്ടി കൊട്ടാരത്തിൽ തിരിച്ചെത്തി. മയനെ യുധിഷ്ഠിരനു പരിചയപ്പെടുത്തി. നടന്നതെല്ലാം അറിയിക്കയും ചെയ്തു.

യുധിഷ്ഠിരൻ മയനെ ആദരവോടെ സ്വീകരിച്ചു സത്കരിച്ചു.

ശ്രീകൃഷ്ണൻ ദ്വാരകയിലേക്കു മടങ്ങിപ്പോയി.

മയൻ പറഞ്ഞു:

'അർജുനാ, ഞാനിപ്പോൾ വിടവാങ്ങട്ടെ. അധികം താമസിയാതെ തിരിയെ വരാം. കൈലാസത്തിന്റെ വടക്കുഭാഗത്തു പണ്ട് ഒരു യജ്ഞം നടന്നു.

അസുരന്മാർ അനുഷ്ഠിച്ച വമ്പിച്ച യജ്ഞമായിരുന്നു അത്. അന്നു ഞാൻ വിശിഷ്ടങ്ങളായ അനേകം വസ്തുക്കൾ നിർമിച്ചു.

അവ ഇപ്പോൾ അവിടെ ഉണ്ടോ എന്നു നോക്കട്ടെ ഉണ്ടെങ്കിൽ ചില തൊക്കെ ഞാൻ കൊണ്ടുവന്ന് അങ്ങയ്ക്കു തരാം. അവയുടെ കൂട്ടത്തിൽ ഒരു ഗദയുണ്ട്. ബിന്ദുസരസ്സിൽ ആ ഗദ കിടക്കുകയാണ്. അന്ന് വൃഷപർവാവ് ആയിരുന്നു അസുരരാജാവ്. അദ്ദേഹം ശത്രുവധത്തിന് ഉപയോഗിച്ച ഗദയാണത്. ഒന്നു പ്രത്യേകമാണ് അതിന്റെ ഉറപ്പും ഘനവും. അതിൽ സ്വർണവും രത്നങ്ങളും പതിച്ചിട്ടുണ്ട്. ആ ഗദ ഭീമനു പ്രയോജനപ്പെടും. ദേവദത്തം എന്നൊരു ശംഖും അവിടെ കാണണം. ദിവ്യമായ ശംഖമാണ് ദേവദത്തം. ആ ശംഖ് അങ്ങേയ്ക്ക് ഉപയോഗിക്കാം.'

മയൻ വിടവാങ്ങി കൈലാസത്തിന്റെ വടക്കുഭാഗത്തു ചെന്നു. അവിടെയാണ് ബിന്ദുസരസ്സ്. പണ്ട് ഭഗീരഥൻ അവിടെ തപസ്സു ചെയ്തിരുന്നു. ദേവേന്ദ്രനോ, അവിടെ നൂറു യാഗം നടത്തുകയുണ്ടായി. ശിവൻ, ബ്രഹ്മാവ്, യമൻ, നമനാമായണന്മാർ അവരെല്ലാം അവിടെ യാഗം നടത്തും. അതോ, ആയിരം യുഗം കഴിയുമ്പോഴും.

മയൻ ഗദയും ശംഖും കണ്ടെത്തി—അവ കാത്തുനിന്നിരുന്ന ആയിരം അസുരഭേന്മാരെയും. ഗദയും ശംഖുമെടുത്ത് അസുരശില്പി യാത്രയായി. അസുരഭേന്മാരെയും കൊണ്ടുപോയി. അങ്ങനെ പാണ്ഡവന്മാരുടെ അടുക്കൽ തിരിച്ചെത്തി. ഗദ ഭീമനു സമ്മാനിച്ചു. ശംഖ് അർജ്ജുനനും.

അതിനുശേഷം മയൻ സഭ നിർമിച്ചു തുടങ്ങി. അസുരഭേന്മാരെക്കൊണ്ടു ജോലിചെയ്യിച്ചു. ജോലി പതിന്നാലു മാസം നീണ്ടുനിന്നു. അപ്പോഴേക്കും സഭയുടെ നിർമാണം പൂർത്തിയായി.

ആ സഭയ്ക്ക് തുല്യമായി അതു മാത്രമേയുള്ളു!

(മഹാഭാരതം)

ദുര്യോധനനു ശാപം

ദുര്യോധനൻ കള്ളച്ചൂതുകളിച്ച് പാണ്ഡവന്മാരെ വനവാസത്തിനയച്ചു. അതറിഞ്ഞ വ്യാസമഹർഷി ധൃതരാഷ്ട്രരെ ചെന്നു കണ്ടു.

മഹർഷി പറഞ്ഞു:

'ധൃതരാഷ്ട്രാ, ദുര്യോധനന്റെ പ്രവൃത്തി എനിക്കൊട്ടും ഇഷ്ടമായിട്ടില്ല. നീ അവനെ ഉപദേശിച്ച് അവന്റെ മനസ്സ് മാറ്റണം. അവനു പാണ്ഡവന്മാരോടുള്ള ശത്രുത വളരാൻ നീ അനുവദിക്കരുത്. അതു വലിയ വിനയുണ്ടാക്കും.'

അപ്പോൾ ധൃതരാഷ്ട്രർ പറഞ്ഞു:

'എനിക്കും ദുര്യോധനന്റെ പ്രവൃത്തി ഒട്ടും രുചിച്ചിട്ടില്ല. ഗാന്ധാരിക്കും അപ്രകാരംതന്നെ. എങ്കിലും എനിക്ക് ദുര്യോധനനെ ത്യജിക്കാൻ വയ്യ. അതിനു കാരണം, പുത്രസ്നേഹംതന്നെ.'

ഒരു വിധത്തിൽ ധൃതരാഷ്ട്രന്റെ നിലപാടു ശരിയാണ്. അക്കാര്യം വ്യാസൻ സമ്മതിക്കതന്നെചെയ്തു. മനുഷ്യനു പുത്രനെക്കാൾ പ്രിയമുള്ള

മറ്റൊന്നില്ല. അതിനെക്കുറിച്ച് ഒരു കഥയുണ്ട്. മഹർഷി ആ കഥകൾ കേൾപ്പിച്ചു.

ദിവ്യപശുവായ സുരഭി സ്വർഗത്തിലാണ്. ഒരിക്കൽ അവൾ നിന്നു കരയുകയായിരുന്നു. ദേവേന്ദ്രൻ അതു കാണാനിടയായി. അദ്ദേഹം ചോദിച്ചു:

'ഭദ്രേ, നീ എന്തിനാണു കരയുന്നത്?'

'ദേവേന്ദ്രാ, ഞാൻ എന്റെ മകനെക്കുറിച്ച് ആലോചിച്ചു കരയുകയാണ്. അതാ താഴെ ഭൂമിയിലേക്കു നോക്കൂ. അവൻ നുകം വലിച്ചു നടക്കുകയാണ്. ക്ഷുദ്രനായ കൃഷിക്കാരൻ അവനെ ചാട്ടകൊണ്ട് അടിക്കുന്നു. അവൻ തല്ലുകൊണ്ടു വീഴുന്നു. നുകത്തിലെ മറ്റേക്കാള എന്റെ മകനെക്കാൾ ബലവാനാണ്. അവൻ കൂടുതൽ ഭാരം വഹിക്കുകയും ചെയ്യുന്നു. മകന്റെ കഷ്ടപ്പാടു കണ്ടിട്ട് എനിക്കു സഹിക്കുന്നില്ല.'

'നിന്റെ പല പുത്രന്മാരും പീഡിപ്പിക്കപ്പെടുന്നു. ഈ പുത്രനിൽ മാത്രം നിനക്കിത്ര കനിവുണ്ടാകാൻ കാരണമെന്ത്?'

'എന്റെ എല്ലാ പുത്രന്മാരിലും എനിക്ക് ഒന്നുപോലെ സ്നേഹമുണ്ട്. പക്ഷേ, അവശനായ പുത്രനിൽ കൂടുതൽ ദയവു തോന്നുന്നു.'

ദേവേന്ദ്രൻ സുരഭിയുടെ ദുഃഖം മാറ്റാൻ നിശ്ചയിച്ചു. അദ്ദേഹം ഉടൻതന്നെ അതിവർഷം പൊഴിഞ്ഞു. അതിവർഷം കൃഷിക്കാരനെ വയലിൽനിന്ന് ഓടിച്ചു. ദുർബ്ബലനായ കാളയ്ക്ക് കുറെ ആശ്വാസം കിട്ടി അല്പനേരത്തേക്കു മാത്രമാണെങ്കിലും.

ഇക്കഥ കേൾപ്പിച്ചിട്ട് വ്യാസൻ തുടർന്നു:

'ധൃതരാഷ്ട്രാ, നിന്റെ പുത്രന്മാർ നൂറുപേരുണ്ട്. പാണ്ഡുവിന്റെ പുത്രന്മാർ അഞ്ചും. നിങ്ങളിപ്പോൾ സൗഖ്യത്തോടുകൂടി ജീവിക്കുന്നു. പാണ്ഡവന്മാർ അവശരായി കഴിയുന്നു. അതിനാൽ എനിക്ക് അവരോട് അനുകമ്പയുണ്ട്.'

ശരിയെന്ന് ധൃതരാഷ്ട്രനു തോന്നി. അദ്ദേഹം പറഞ്ഞു:

'വംശത്തിന്റെ അഭിവൃദ്ധിയാണ് അങ്ങയുടെ ലക്ഷ്യം. അതുതന്നെയാണ് ഭീഷ്മരുടെയും ദ്രോണരുടെയും വിദുരന്റെയും ലക്ഷ്യം. അങ്ങ് നേരിട്ട് ദുര്യോധനനെ ഉപദേശിക്കണം.'

അപ്പോഴേക്കും ഒരാൾ അങ്ങോട്ടേക്കു വരുന്നതു കണ്ടു—അതായത്, മൈത്രേയൻ എന്ന മഹർഷി. പരാശരമഹർഷിയുടെ ശിഷ്യനാണ് മൈത്രേയൻ. വളരെയേറെ തപശ്ശക്തിയുള്ളയാളും.

വ്യാസൻ ഒരു അഭിപ്രായം പ്രകടിപ്പിച്ചു. മൈത്രേയൻ പറയുന്നപോലെ ധൃതരാഷ്ട്രർ പ്രവർത്തിക്കണം. അതിനുശേഷം വ്യാസൻ അവിടുന്നു നിഷ്ക്രമിച്ചു.

ധൃതരാഷ്ട്രർ മൈത്രേയനെ സ്വീകരിച്ചിരുത്തി. എന്നിട്ടു പറഞ്ഞു:

'മഹാത്മൻ, അങ്ങ് പാണ്ഡവന്മാരെ കണ്ടിരിക്കും. അവർക്കു സുഖം തന്നെയാണല്ലോ?'

മൈത്രേയൻ പറഞ്ഞു:

'ധൃതരാഷ്ട്രരേ, ഞാൻ കാമ്യകവനത്തിൽവെച്ച് പാണ്ഡവന്മാരെ കണ്ടിരുന്നു. അപ്പോഴാണു ചിലതെല്ലാം അറിവായത്—അങ്ങയുടെ പുത്രന്മാരുടെ ദുഷ്കർമ്മങ്ങൾ. കള്ളച്ചൂതു കളിച്ച് പാണ്ഡവരെ കാട്ടിലയച്ചത് മുതലായവയൊക്കെ. എനിക്ക് അങ്ങയോടു വളരെ സ്നേഹമുണ്ട്. അതുകൊണ്ട് ഒന്നു

പറയട്ടെ ദുര്യോധനാദികൾക്ക് പാണ്ഡവരോടുള്ള വിരോധം ഒട്ടും ശരിയല്ല.'

തുടർന്ന് മൈത്രേയൻ ദുര്യോധനനെ ഉപദേശിച്ചു:

'നീ പാണ്ഡവരെ ദ്രോഹിക്കരുത്. അവർ മഹാ ശൂരന്മാരാണ്. നന്മയുള്ളവരുമാണ്. ഹിഡിംബൻ, ബകൻ, ജരാസന്ധൻ—ആ ശക്തന്മാരെ വധിച്ചവനാണ് ഭീമൻ. അക്കാര്യം ഒരിക്കലും മറക്കരുത്.'

പിന്നെയും പലതും സംസാരിച്ചു മഹർഷി. ആ സമയത്തൊക്കെ ദുര്യോധനന്റെ ഭാവം എന്തായിരുന്നു? തനിക്ക് ഇതിലൊന്നും താത്പര്യമില്ല എന്ന ഭാവം. അതോടുകൂടി ഒരുതരം അശ്രദ്ധയും. ഇടയ്ക്കിടയ്ക്കു തുടയിൽ കൈകൊണ്ട് തട്ടുകയുംചെയ്തിരുന്നു.

അതു കണ്ടപ്പോൾ മൈത്രേയൻ കോപിഷ്ഠനായി.

അദ്ദേഹം ശപിച്ചു:

'ദുര്യോധനാ, നീ എന്നെ അനാദരിക്കുന്നു. അതിനു നിനക്കു ശിക്ഷ കിട്ടുകയും ചെയ്യും. ഭീമൻ ഗദകൊണ്ട് നിന്റെ തുട അടിച്ചൊടിക്കും!'

ധൃതരാഷ്ട്രർ നയവാക്കുകൾകൊണ്ട് മൈത്രേയന്റെ കോപം തണുപ്പിച്ചു.

അല്പനേരംകൂടി സംസാരിച്ചിട്ട് മഹർഷി അവിടെനിന്ന് ഇറങ്ങിപ്പോയി. അതിനുമുമ്പ് ഒന്നു പറഞ്ഞു:

'ഇനി എനിക്ക് ഉപദേശിക്കാൻ യാതൊന്നുമില്ല. എന്റെ ഉപദേശം അങ്ങയുടെ മകൻ അനുസരിക്കയുമില്ല. ഇനിയുള്ള ഉപദേശമെല്ലാം വിദുരർ തരും.'

ധൃതരാഷ്ട്രർ വിദുരനെ വരുത്തി. പാണ്ഡവന്മാരുടെ വർത്തമാനങ്ങൾ അറിയേണ്ടതുണ്ട്. വിവരമെല്ലാം വിദുരർ പറഞ്ഞുകൊടുത്തു.

ചൂതിൽ തോറ്റ പാണ്ഡവന്മാർ രാജ്യം വിട്ടിറങ്ങി. മൂന്നു രാപ്പകൽകൊണ്ട് കാമ്യകവനത്തിലെത്തി. അപ്പോൾ പാതിരാ കഴിഞ്ഞിരിക്കുന്നു. രാക്ഷസന്മാർ സ്വൈരമായി സഞ്ചരിക്കുന്ന സമയമാണ്. പാണ്ഡവന്മാർക്ക് അഭിമുഖമായി വരികയായി ഘോരനായ ഒരു രാക്ഷസൻ. അവന്റെ കൈയിൽ ഒരു തീപ്പന്തമുണ്ട്. കണ്ണുകളും തീപ്പന്തങ്ങൾപോലെതന്നെ. അവൻ കൈകൾ നീട്ടിപ്പരത്തി പിടിച്ചിരിക്കുന്നു. മൂക്ഷമായ ആരവം പുറപ്പെടുവിക്കയുംചെയ്യുന്നു.

പാഞ്ചാലി രാക്ഷസനെ കണ്ടു പേടിച്ചു കണ്ണടച്ചു. മോഹാലസ്യപ്പെടും എന്നായപ്പോൾ പാണ്ഡവന്മാർ പത്നിയെ താങ്ങി. ധർമപുത്രർ രാക്ഷസനോടു ചോദിച്ചു:

'നീ ആരാണ്? എന്തിന് ഇവിടെ വന്നു?'

രാക്ഷസൻ ഉത്തരം നൽകി:

ഞാൻ ബകാസുരന്റെ അനുജൻ കിർമീരനാണ്. ഈ കാട്ടിലാണ് ഞാൻ താമസിക്കുന്നത്. ഞാൻ മനുഷ്യരെ കൊന്നു തിന്നുന്നവനാണ്. നിങ്ങളെ ഭക്ഷണമാക്കാൻവേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്. ഇനി നിങ്ങൾ ആരെന്നു പറയണം.'

യുധിഷ്ഠിരൻ അറിയിച്ചു:

'കിർമീരാ, നീ പാണ്ഡവന്മാർ എന്നു കേട്ടിരിക്കും. അവരിൽ മൂത്തവനായ യുധിഷ്ഠിരനാണു ഞാൻ. ഇവർ എന്റെ സഹോദരന്മാരും ഭാര്യയും.'

അതു കേട്ട് കിർമീരൻ സന്തോഷംകൊണ്ടു തുള്ളിച്ചാടി.

'കൊള്ളാം! എന്റെ ഭാഗ്യം എന്നല്ലാതെ എന്തു പറയാൻ? ഈ ഭീമൻ എന്റെ ജ്യേഷ്ഠനായ ബകനെ കൊല്ലുകയുണ്ടായി. അന്നുമുതൽ എന്റെ ലക്ഷ്യം ഭീമനെ കൊല്ലുക എന്നതായി. ഇപ്പോൾ അവനെ കൈയിൽ കിട്ടിയിരിക്കുന്നു. ഹിഡിംബൻ എന്റെ ചങ്ങാതിയായിരുന്നു. അവനെയും ഭീമൻ വധിച്ചു. ആ സ്ഥിതിക്ക് ഭീമനെ കൊന്നുതിന്നാൻ എനിക്ക് ഇരട്ടി സന്തോഷം ഉണ്ട്!'

അതു കേട്ടു നിന്നിരുന്ന ഭീമൻ എന്തു ചെയ്തു? ഒരു വന്മരം പിഴുതു കൈയിൽ പിടിച്ചു. അതിന്റെ ഇലകളെല്ലാം ഊരിയെടുത്തു. എന്നിട്ട്, കിർമീരന്റെ നേർക്കടുത്തു. അവന്റെ തലയ്ക്ക് ഒന്നടിച്ചു. എന്നാൽ, രാക്ഷസന് ഒരു കുസലും ഉണ്ടായില്ല. അവൻ തീക്കൊള്ളി ഓങ്ങി ഭീമനെ അതിശക്തിയോടുകൂടി പ്രഹരിച്ചു. ഭീമൻ പ്രഗല്ഭമായി ഇടതുകാൽകൊണ്ടു തീക്കൊള്ളി തട്ടിത്തെറിപ്പിച്ചു. കിർമീരൻ ഒരു മരം പിഴുതെടുത്തു. ദ്വന്ദയുദ്ധം മുമ്പത്തെക്കാൾ ഭീകരമായി. രണ്ടുപേർക്കും ഒന്ന് അനുഭവപ്പെട്ടു—വൃക്ഷങ്ങൾകൊണ്ടുള്ള പ്രഹരങ്ങൾ പ്രയോജനപ്പെടുന്നില്ല. അപ്പോൾ അവർ വൃക്ഷങ്ങളെ ദൂരത്തെറിഞ്ഞ് മുഷ്ടിയുദ്ധം ആരംഭിച്ചു. അതോടുകൂടി നഖങ്ങളും പല്ലുകളും പ്രയോഗത്തിൽ വന്നുതുടങ്ങി. ഇരുവരും തമ്മിൽ കെട്ടിപ്പിണഞ്ഞു നിലത്തു കിടന്നുരുണ്ടു. അതിനിടയ്ക്ക് അങ്ങോട്ടുമിങ്ങോട്ടും അടിക്കുകയും തൊഴിക്കുകയും ചെയ്തു. ഒടുവിൽ ഭീമൻ കിർമീരനെ കടന്നുപിടിച്ച് ഞെക്കിഞെരുക്കി. ആ പിടിയിൽനിന്നു കുതറിപ്പോകാൻ കിർമീരൻ പരമാവധി പരിശ്രമിച്ചു. പക്ഷേ, ആ പരിശ്രമം വിഫലമായതേയുള്ളൂ. ഭീമൻ പിടിമുറുക്കിക്കൊണ്ടിരുന്നു. ഒടുവിൽ അവനെ തറയിലിട്ട് ഉരുട്ടിക്കൊല്ലുകയുംചെയ്തു. എന്നിട്ട് ആക്രോശിച്ചു:

'എടാ കിർമീരാ, ഹിഡിംബനുവേണ്ടിയും ബകനുവേണ്ടിയും നീ പകവീട്ടാൻ വന്നു ഇല്ലേ? പക്ഷേ, പകരം വീട്ടുംമുമ്പ് നീ കാലനൂർക്ക് പോയി!'

അന്നുമുതൽ പാണ്ഡവർ കാമ്യകത്തിൽത്തന്നെ താമസമാക്കി.

അത്രയും വിദുരർ പറഞ്ഞ് ധൃതരാഷ്ട്രന് അറിവായി.

അദ്ദേഹം ദുര്യോധനനെക്കുറിച്ച് ആലോചിച്ചു. ദുര്യോധനന് മൈത്രേയന്റെ ശാപം കിട്ടിയിരിക്കുന്നു. അത് വലിയ കഷ്ടമായിപ്പോയി.

(മഹാഭാരതം)

ജടാസുരൻ

അർജുനൻ സ്വർഗലോകത്തു പോവുകയുണ്ടായല്ലോ. ബാക്കിയുള്ള നാലു പാണ്ഡവന്മാരും പാഞ്ചാലിയും ഒന്നിച്ചു കഴിഞ്ഞുകൂടി. ഒരിക്കൽ അവർ നരനാരായണാശ്രമം സന്ദർശിച്ചു.

കുറേക്കാലമായി അവരെ സേവിച്ചുനിൽക്കുകയാണ് ഒരു ബ്രാഹ്മണൻ. അദ്ദേഹമൊരു പരമസാധുവാണ്. അതായിരുന്നു അവരുടെ ധാരണ. വാസ്തവത്തിൽ ദ്രോഹബുദ്ധിയുള്ള അസുരനാണത്. പേര് ജടാസുരൻ എന്നാണ്.

വേഷം മാറി അടുത്തുകൂടിയിരിക്കുന്നു. തക്കസമയം വരുമ്പോൾ പാണ്ഡവന്മാരെ നശിപ്പിക്കണം.

ജടാസുരന് ഭീമനെ വലിയ പേടിയാണ്. ഭീമൻ അടുത്തുള്ളപ്പോൾ തനിക്കൊന്നും ചെയ്യാൻ സാധിക്കയില്ല. അക്കാര്യം ജടാസുരനു നല്ലപോലെ അറിയാം. ഭീമനില്ലാത്തപ്പോൾ കാര്യം പറ്റിക്കണം. അതിനു തക്കം പാർത്തു കഴിയുകയാണ് ആ ദുഷ്ടൻ.

ഒരു ദിവസം ഭീമൻ തനിയെ നായാട്ടിനായി കാട്ടിനകത്തേക്കു പോയി. ജടാസുരൻ ആ അവസരം ഉപയോഗിച്ചു. അവൻ ബ്രാഹ്മണരൂപം വെടിഞ്ഞ് സ്വന്തം രൂപം ധരിച്ചു. ആരു കണ്ടാലും ഭയപ്പെടുന്ന അസുരൻ! അവൻ മൂന്നു പാണ്ഡവന്മാരെയും പിടികൂടി, ഒന്നിച്ച് പാഞ്ചാലിയെയും. എല്ലാവരെയും വഹിച്ചുകൊണ്ട് ഓടിപ്പോവുകയുംചെയ്തു.

ഇടയ്ക്കുവെച്ച് സഹദേവൻ ജടാസുരന്റെ പിടിയിൽനിന്നു കുതറിച്ചാടി. മറ്റുള്ളവരെയുംകൊണ്ട് അസുരൻ ഓട്ടം തുടർന്നു. യുധിഷ്ഠിരനും നകുലനും ആവുംപോലെ യത്നിച്ചു. രക്ഷപ്പെടാനായിട്ട്. പക്ഷേ, അവർക്ക് അതു സാധിച്ചില്ല. എങ്കിലും ഭാരം കാരണം അസുരന്റെ ഗതിവേഗം കുറഞ്ഞു. സഹദേവൻ അവനെ പിന്തുടർന്നു. അരികത്തെത്തി വിളിച്ചുപറഞ്ഞു:

'എടാ ദുഷ്ടാ, അസ്തമിക്കുന്നതിനുമുമ്പ് നിന്നെ കൊല്ലും! സാധിച്ചില്ലെങ്കിൽ എന്റെ പേര് ഇനി സഹദേവൻ എന്നായിരിക്കയില്ല!'

സഹദേവൻ യുദ്ധത്തിനു തയ്യാറായി.

ജടാസുരന്റെ ദുർഭാഗ്യം എന്നല്ലേ പറയാനൊക്കൂ? ശബ്ദം കേട്ട് ഭീമൻ ഓടിയെത്തി. അപ്പോൾ എന്താണു കണ്ടത്? യുധിഷ്ഠിരനും നകുലനും പാഞ്ചാലിയും അസുരന്റെ ചുമലിൽ; സഹദേവൻ സമരത്തിനു തയ്യാറായി നിൽക്കുകയും ചെയ്യുന്നു.

ഭീമൻ ഗർജ്ജിച്ചു:

'എടാ അസുരാ, ഞങ്ങളെ ചതിക്കാനാണ് നീ ബ്രാഹ്മണവേഷത്തിൽ വന്നത്, അല്ലേ? അതിനുള്ള ഫലം നീ അനുഭവിക്കും!'

താൻ വഹിക്കുന്നവരെ ജടാസുരൻ നിലത്താക്കി. എന്നിട്ട് യുദ്ധത്തിന് ഒരുങ്ങി. അല്ലാതെ നിവൃത്തിയുണ്ടോ? സഹോദരന്മാർ ഭീമന്റെ സഹായത്തിനെത്തി.

ഭീമൻ അവരെ മാറ്റിനിർത്തി.

'ഈ അസുരനെ കൊല്ലാൻ ഞാൻ മാത്രം മതിയാകും. നിങ്ങൾ നോക്കി നിന്നാൽ മതി.'

ഏറ്റവും ഉഗ്രമായിരുന്നു ഭീമനും ജടാസുരനും തമ്മിലുള്ള ദ്വന്ദ്വയുദ്ധം. ഇരുവരും മരങ്ങൾ പിഴുതെടുത്ത് അന്യോന്യം അടിതുടങ്ങി. മരങ്ങൾ പൊട്ടിയപ്പോൾ പാറക്കല്ലുകൾകൊണ്ട് പോരാടി. പിന്നീട് വെറും കൈകൾകൊണ്ടും. ഒടുവിൽ ഭീമൻ എതിരാളിയെ എടുത്തുയർത്തി നിലത്തടിച്ചു. എന്നിട്ട് അവന്റെ തലയെ ദേഹത്തുനിന്നു വേർപെടുത്തി.

(മഹാഭാരതം)

മണിമാൻ

അർജ്ജുനൻ സ്വർഗത്ത് ദേവേന്ദ്രനെ കാണാൻ പോയിരിക്കുന്നു. എപ്പോൾ വരും എന്നു സമയനിശ്ചയവും ചെയ്തിട്ടുണ്ട്. അതിന് ഇനിയും കുറെ നാളുകൾ വേണ്ടിവരും. അതിനിടയ്ക്കു വടക്കുള്ള ചില പർവതങ്ങൾ ചെന്നുകാണണം അതായി ബാക്കിയുള്ള പാണ്ഡവരുടെയും പാഞ്ചാലിയുടെയും നിശ്ചയം.

അവർ വഴിക്കുവെച്ച് ഒരാശ്രമം കണ്ടു. വൃഷപർവ്വൻ എന്ന രാജർഷിയുടെ ആശ്രമമാണ് അത്. അവർ അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ച് അവിടെ പാർത്തു. പിന്നീട് വടക്കോട്ടുള്ള യാത്ര തുടർന്നു. ഗന്ധമാദനപർവതത്തിന്റെ താഴ്വരയിൽ എത്തിച്ചേർന്നു. ഏറ്റവും മനോഹരമായിരുന്നു അവിടത്തെ വനം. പരിസരം അതീവശാന്തവും.

അവിടെയാണ് ആർഷ്ടിഷേണൻ എന്ന മഹർഷിയുടെ ആശ്രമം. അത്യധികമായ തപശ്ശക്തിയുള്ള മഹർഷിയാണ് ആർഷ്ടിഷേണൻ. പാണ്ഡവന്മാർ അദ്ദേഹത്തെ കണ്ടു വന്ദിച്ചു. അദ്ദേഹം അവരെ സ്വീകരിച്ചിട്ടു പറഞ്ഞു:

'ഈ പർവതത്തിന്റെ കൊടുമുടിയിൽ പലേ വിശേഷങ്ങളുമുണ്ട്. കിമ്പുരുഷന്മാർ, ഗന്ധർവന്മാർ, വിദ്യാധരന്മാർ അങ്ങനെയുള്ള ദിവ്യവർഗക്കാർ അവിടെ താമസിക്കുന്നു. ചില ദിവസങ്ങളിൽ വാദ്യഘോഷങ്ങൾ കേൾക്കുമാറാകും. അതിനപ്പുറംപോകാൻ മനുഷ്യർക്കു സാധിക്കുകയില്ല. അർജ്ജുനൻ വരുന്നതുവരെ നിങ്ങൾ എന്റെ ആശ്രമത്തിൽ താമസിക്കുവിൻ. ഇവിടെവെച്ചു ചാപല്യമൊന്നും കാണിക്കരുത് എന്നു മാത്രം.'

ഒരിടത്തു രാക്ഷസന്മാരുടെ ശല്യമുണ്ട്. അവിടെനിന്ന് അവരെ തുരത്തണം—അതായി ദ്രൗപദിയുടെ അഭിപ്രായം. ഭീമൻ ആശ്രമത്തിൽനിന്നു പുറപ്പെട്ടു. പർവതത്തിന്റെ മുകളിൽ കയറി. അവിടെ നിന്നാൽ കുബേരപുരം കണ്ണിൽപെടും. ഭീമൻ കണ്ട് അതിശയിച്ചുപോയി. എന്തു ഭംഗിയും മോടിയും! ശംഖമെടുത്ത് ഭീമൻ ഉറക്കെ ഒന്ന് ഊതി. അതുകേട്ടു യക്ഷന്മാരും രാക്ഷസന്മാരും പാഞ്ഞെത്തി. ഭീമൻ അവരുടെയിടയ്ക്കു ചാടി വീണു. ശത്രുക്കളിൽ ചിലർ ജീവൻ വെടിഞ്ഞു. ബാക്കിയുള്ളവർ പുറംതിരിഞ്ഞോടി.

കുബേരന്റെ ആജ്ഞാകാരിയായി ഒരു രാക്ഷസനുണ്ട്. മണിമാൻ എന്നാണ് അവന്റെ പേര്. തോറ്റോടുന്ന യക്ഷന്മാരെയും രാക്ഷസന്മാരെയും മണിമാൻ കാണാനിടയായി. ഭീമനോടാണ് അവർ തോറ്റിരിക്കുന്നത് അക്കാര്യം മണിമാൻ മനസ്സിലാക്കി. അവൻ പറഞ്ഞു:

'കഷ്ടം! കുബേരസ്വാമിയുടെ കിങ്കരന്മാരെ ഒരു മനുഷ്യൻ തുരത്തിയത്രെ. ഇതിനെക്കുറിച്ച് കുബേരസ്വാമിയോട് എന്തു പറയും?'

അവൻ ഭീമന്റെ അടുക്കലേക്കു ചെന്നു. ഇരുവരും ഇടയുകയുംചെയ്തു. മണിമാൻ ഗദകൊണ്ടാണ് യുദ്ധം ആരംഭിച്ചത്. ഭീമൻ ഗദയുടെ നേർക്ക് അസ്ത്രങ്ങൾ അയച്ചു. ഗദയിൽ കൊണ്ട അസ്ത്രങ്ങളുടെ മുനകൾ ഒടിയുകയാണുചെയ്തത്. മണിമാൻ ആ ഗദ ഭീമന്റെ നേർക്ക് എറിഞ്ഞു. ഭീമൻ പാഞ്ഞുവരുന്ന ഗദയിൽനിന്ന് ഒഴിഞ്ഞുമാറി. തുടർന്ന് മണിമാൻ ഒരു വേലെടുത്തു ചാട്ടി. വേൽ ഭീമന്റെ വലംകൈയിൽ ഒരു മുറിവേല്പിച്ചു. കോപിഷ്ഠനായ ഭീമൻ സ്വന്തം ഗദയെടുത്തു മുമ്പോട്ടു ചാടി. ഗദയെ അസുരന്റെ ശിരസ്സിൽ പ്രയോഗിച്ചു. മണിമാൻ മരിച്ചുവീണു.

അതിനിടയ്ക്കു മൂന്നു സഹോദരന്മാരും ഭീമന്റെ അടുക്കൽ എത്തിച്ചേർന്നു. ഭീമൻ പോയിട്ടു കുറെ നേരമായിരുന്നു. അന്വേഷിച്ച് ഇറങ്ങിയതാണ് അവർ.

ഓടിപ്പോയ യക്ഷന്മാരും രാക്ഷസന്മാരും കുബേരന്റെ കൊട്ടാരത്തിലെത്തി. അവർ നടന്നതെല്ലാം തങ്ങളുടെ സ്വാമിയെ ധരിപ്പിച്ചു. കുബേരൻ പാണ്ഡവന്മാരുടെ അടുക്കലേക്കു പോയി.

പാണ്ഡവന്മാർ കുബേരനെ ഭക്തിപൂർവ്വം വണങ്ങി.

കുബേരൻ പറഞ്ഞു:

'ഭീമാ, എനിക്കു നിന്നോടു ലേശവും നീരസമില്ല. എന്നു മാത്രവുമല്ല. വളരെ സന്തോഷവുമുണ്ട്. നീ കാരണം ഞാൻ ഒരു പാപത്തിൽനിന്നു മുക്തനായി.'

തുടർന്ന് കുബേരൻ പാപവൃത്താന്തം കേൾപ്പിച്ചു.

ദേവന്മാർ ഒരു യാഗം ചെയ്യുകയായിരുന്നു. ക്ഷണം സ്വീകരിച്ച് കുബേരനും യാഗത്തിനു ചെന്നു. വഴിക്കുവെച്ച് അഗസ്ത്യമഹർഷിയെ കാണാനിടയായി. അഗസ്ത്യൻ സൂര്യനെ നോക്കിനിന്നു തപസ്സുചെയ്യുന്നു. കുബേരനൊടൊന്നിച്ച് മണിമാനും ഉണ്ടായിരുന്നു. മണിമാന് മഹർഷിയോടു പുച്ഛം തോന്നി. അവൻ മഹർഷിയുടെ ശിരസ്സിൽ കാർക്കിച്ചു തൂപ്പി. മഹർഷി ശാപമേകി:

'കുബേരാ, അങ്ങയുടെ ആശ്രിതൻ അങ്ങയുടെ മുമ്പിൽവെച്ച് എന്നെ നിന്ദിച്ചു. അവനും അങ്ങയുടെ അനേകം ഭടന്മാരും മതിക്കും. അതോ, ഒരു മനുഷ്യന്റെ കൈകൊണ്ടും. ആ മനുഷ്യനെ അങ്ങ് കാണുമ്പോഴോ? അങ്ങയുടെ പാപം തീരുകയുംചെയ്യും.

അതാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്.

അത്രയും അറിയിച്ചിട്ട് കുബേരൻ യുധിഷ്ഠിരനോടു പറഞ്ഞു:

'യുധിഷ്ഠിരാ, യമൻ, വായു, ഇന്ദ്രൻ, അശ്വിനീദേവന്മാർ—അവരാണല്ലോ നിങ്ങളുടെ പിതാക്കന്മാർ. എന്റെ ഉറ്റമിത്രങ്ങളാണ് അവർ അഞ്ചു പേരും. എന്റെ അനുചരന്മാർ നിങ്ങളെ എന്നും സഹായിക്കും!

(മഹാഭാരതം)

ഘോഷയാത്ര

വനവാസത്തിനിടയ്ക്ക് പാണ്ഡവന്മാർ ദ്വൈതവനത്തിലെത്തി. അവിടെ വിശാലവും മനോഹരവുമായ ഒരു സ്ഥലം കണ്ടു. അതിന്റെ അടുത്തൊരിടത്തു കുറെ നാൾ താമസിക്കുകയുംചെയ്തു.

ആ വിവരം ദുര്യോധനന് അറിവായി.

ശകുനിയും കർണ്ണനുംകൂടി ഒരു ആശയം സമർപ്പിച്ചു. ദുര്യോധനനാണല്ലോ ഇപ്പോൾ രാജാവായി വാഴുന്നത്. പാണ്ഡവന്മാർ കാട്ടിൽ കിടന്നു കഷ്ടപ്പെടുന്നു. ദുര്യോധനൻ തന്റെ വമ്പും പ്രതാപവും അവരെ ഒന്നു കാണിക്കണം. ഒരു തരത്തിലുള്ള അവമാനമാണ് അത്. പാണ്ഡവന്മാർ ലജ്ജിക്കുന്നതു കാണാൻ തങ്ങൾക്ക് ഒരു രസം!

ശരിയാണെന്ന് ദുര്യോധനനു തോന്നി.

'പക്ഷേ, ഒരു ബുദ്ധിമുട്ടുണ്ട്. അച്ഛന്റെ സമ്മതത്തോടുകൂടി മാത്രമേ നമുക്കു പോകാനൊക്കൂ. അച്ഛനൊട്ടു സമ്മതിക്കയുമില്ല. നമുക്കൊരു വഴി കണ്ടുപിടിക്കണം.'

ദ്വൈതവനത്തിൽ നിരവധി പശുക്കളെ സംരക്ഷിച്ചുപോരുന്നു. ആ ചുമതല നൽകപ്പെട്ടിരിക്കുന്നത് ദുര്യോധനനാണുതാനും. എല്ലാവരുംകൂടി ചില തെല്ലാം ആലോചിച്ചു തീർച്ചപ്പെടുത്തി. എന്നിട്ട് ധൃതരാഷ്ട്രരെ ചെന്നു കണ്ടു.

ശകുനി സൂത്രത്തിൽ കാര്യം എടുത്തിട്ടു.

'ദ്വൈതവനത്തിലെ പശുക്കളെ സംബന്ധിച്ച പരിശോധനയ്ക്കു സമയമായി. പശുക്കുട്ടികൾക്കു മുദ്രവയ്ക്കാനുമുണ്ട്. അതേസമയം നായാട്ടിനുള്ള അവസരവും കിട്ടും. അവിടുന്ന് ഞങ്ങൾക്കു പോകാൻ അനുജ്ഞ നൽകണം.'

ധൃതരാഷ്ട്രർ പറഞ്ഞു:

'പശുക്കളെ പരിശോധിക്കുക, പശുക്കുട്ടികൾക്കു മുദ്രവെക്കുക, നായാട്ടിനു പോവുക അതൊക്കെ നല്ലതുതന്നെ. പക്ഷേ, അതിനൊരു ബുദ്ധിമുട്ടുണ്ട്. ഇപ്പോൾ പാണ്ഡവന്മാർ ദ്വൈതവനത്തിൽ പാർത്തുവരുന്നു. നിങ്ങളും അവരും തമ്മിൽ കണ്ടുമുട്ടിയാൽ കുഴപ്പമാകും. അർജ്ജുനൻ ദിവ്യാസ്ത്രങ്ങളുമായി സ്വർഗത്തുനിന്നു മടങ്ങിയെത്തിയിരിക്കുന്നു. വഴക്കുണ്ടായാൽ വലിയ വിഷമം വന്നുചേരും. ദുര്യോധനാ, വേണമെങ്കിൽ മറ്റുള്ളവർ പൊയ്ക്കോട്ടെ, നീ പോകണ്ട.'

ശകുനി വിട്ടില്ല:

'ഒന്നാമത്, പാണ്ഡവന്മാർ ധർമിഷ്ഠന്മാരാണ്. പ്രത്യേകിച്ചും യുധിഷ്ഠിരൻ. അദ്ദേഹം ഞങ്ങളോടു കയർക്കുകയില്ല. രണ്ടാമത്, അവരെ കണ്ടുമുട്ടുന്ന പ്രശ്നമേയില്ല. അവരുള്ള സ്ഥലത്തു ഞങ്ങൾ എത്തിനോക്കുകപോലുമില്ല. പോരെ?'

മനസ്സില്ലാമനസ്സോടെ ധൃതരാഷ്ട്രർ സമ്മതമേകി. ഒരു ഘോഷയാത്രയായി പോകണം—അതിനായിരുന്നു ദുര്യോധനന്റെ ഒരുക്കം. തേരുകൾ, ആനകൾ, കുതിരകൾ, കാലാളുകൾ—അവ ദ്വൈതവനം ലക്ഷ്യമാക്കി യാത്രയായി. അവരുടെ മദ്ധ്യത്തിൽ ദുര്യോധനൻ, കർണൻ, ശകുനി മുതലായവരും. രാജസ്ത്രീകളും ഉൾപ്പെട്ടിരുന്നു അക്കൂട്ടത്തിൽ.

എല്ലാവരുംകൂടി ഘോഷയാത്രയായി ദ്വൈതവനത്തിൽ എത്തിച്ചേർന്നു. ഒരിടത്തു താവളവുമടിച്ചു. എവിടെ എന്നോ? പാണ്ഡവന്മാർ പാർക്കുന്നതിന്റെ അല്പം അകലെ. കൂടാരങ്ങളിലാണ് അവർ കഴിഞ്ഞുകൂടിയത്. ദുര്യോധനൻ പശുക്കുട്ടങ്ങളെ പരിശോധിച്ചു. മൂവ്വായിരം തികഞ്ഞവയ്ക്കു മുദ്രവെപ്പിച്ചു. പശുപാലകന്മാർക്ക് വേണ്ടതായ നിർദ്ദേശങ്ങൾ നൽകി. അതിനു ശേഷം എന്തൊക്കെയായിരുന്നു? നായാട്ടും സദ്യവട്ടവും, ആട്ടവും, പാട്ടും!

തനിക്കും കൂട്ടുകാർക്കും സദസ്സിൽ കൂടിക്കാനുള്ള ഏർപ്പാടുചെയ്യണം — ആ ആജ്ഞ ഭൃത്യന്മാർക്ക് നൽകി ദുര്യോധനൻ. ഭൃത്യന്മാർ നേരെ സദസ്സിലേക്കു ചെന്നു. അവിടെ എന്താണു കണ്ടത്? സദസ്സിൽ കുറെയേറെ

ഗന്ധർവന്മാർ കൂത്താടുന്നു! ഭൃത്യന്മാർ മടങ്ങിപ്പോയി സ്വാമിയെ വിവരം ധരിപ്പിച്ചു. ഗന്ധർവന്മാരെ തുരത്തിവിടണം—അതായി ദുര്യോധനൻ ഭടന്മാർക്കു നൽകിയ ആജ്ഞ. ചില സേനാനായകന്മാർ ഭടന്മാരെ സമസ്സിലേക്കു നയിച്ചു. അവർ വിളിച്ചുപറഞ്ഞു:

'ഹേ ഗന്ധർവന്മാരേ, ദുര്യോധനമഹാരാജാവ് സ്നാനത്തിനു വരുന്നുണ്ട്. നിങ്ങൾ കരയ്ക്കുകയറി മാറിയിരിക്കിൻ!'

ഗന്ധർവന്മാർക്ക് ചിരിവന്നു.

'നിങ്ങളുടെ ദുര്യോധനരാജാവ്! അവൻ വെറുമൊരു മൂഢനാണ്. ഗന്ധർവന്മാരായ ഞങ്ങളോട് അവൻ ആജ്ഞാപിക്കുന്നു! നിങ്ങൾ ഇവിടന്ന് ഓടി നിങ്ങളുടെ രാജാവിന്റെ അടുക്കലേക്ക് പൊയ്ക്കൊള്ളുവിൻ. അല്ലാത്തപക്ഷം നിങ്ങളെല്ലാം ഇപ്പോൾ ചാകും!'

സേനാനായകന്മാർ തിരികെച്ചെന്ന് ദുര്യോധനനെ വിവരം ധരിപ്പിച്ചു. എന്നാൽ, ഈ ഗന്ധർവന്മാരെ ഒരു പാഠം പഠിപ്പിക്കണം! ദുര്യോധനൻ നേരിട്ട് സൈന്യത്തെ കൊണ്ടുചെന്നു. ചിത്രസേനൻ എന്നാണ് ഗന്ധർവന്മാരുടെ നേതാവിന്റെ പേര്. ഗന്ധർവന്മാർ ചിത്രസേനന്റെ ആജ്ഞപ്രകാരം ദുര്യോധനന്റെ സൈന്യത്തോടിടഞ്ഞു. വലിയൊരു യുദ്ധവും ഉണ്ടായി. ദുര്യോധനന്റെ സൈന്യത്തിന് പിൻവാങ്ങേണ്ടതായിവന്നുകൂടി.

ഒരാൾ മാത്രം ഗന്ധർവന്മാരോടു ധീരമായി പൊരുതിനിന്നു. ആ ആൾ കർണനായിരുന്നു. കർണന്റെ ധൈര്യം പിൻവാങ്ങുന്ന ചില സേനാനികൾക്ക് ഉത്തേജനം നൽകി. അവർ തിരിച്ചുവന്ന് കർണന്റെ സഹായത്തിനെത്തി. അതോടെ യുദ്ധം പൂർവാധികം ഘോരമായി. പക്ഷേ, ഒടുവിൽ ദുര്യോധനന്റെ സൈന്യം ഛിന്നഭിന്നമായി. മിക്ക ഭടന്മാരും പടക്കളത്തിൽനിന്നു പാഞ്ഞു. ഗന്ധർവന്മാർ ദുര്യോധനനെ തടവിൽ പിടിച്ചു—മാത്രമല്ല, അനുജനായ ദുശ്ശാസനനെയും ചില മാജസ്ത്രീകളെയും.

ഓടിപ്പോകുന്ന ഭടന്മാരിൽ ചിലർ അതു കണ്ടു. എങ്കിലും അവർ ഓടിക്കൊണ്ടിരുന്നതേയുള്ളു. എവിടെയാണ് ഓട്ടം അവസാനിച്ചതെന്നോ? പാണ്ഡവന്മാരുടെ അടുക്കൽ!

അവർ ധർമപുത്രനോടു പറഞ്ഞു:

'ഞങ്ങളുടെ ദുര്യോധനസ്വാമി ഗന്ധർവന്മാരുടെ പിടിയിൽ അകപ്പെട്ടിരിക്കുന്നു. ഒന്നിച്ച് ദുശ്ശാസനനും കുറെ മാജസ്ത്രീകളും. അങ്ങ് ചെന്ന് അവരെ രക്ഷിക്കണം!'

അതു കേട്ട് ഭീമൻ സന്തോഷംകൊണ്ട് തുള്ളിച്ചാടി.

'നന്നായി! നാം ചെയ്യേണ്ടിയിരുന്നത് ഗന്ധർവന്മാർ ചെയ്തിരിക്കുന്നു. നമ്മുടെ ബുദ്ധിമുട്ടെല്ലാം ഇന്നോടെ തീർന്നു. ഹാവു, സമാധാനമായി!'

ആ വാക്കുകൾ യുധിഷ്ഠിരനു രുചിച്ചില്ല.

'ഭീമാ, നിന്റെ നിലപാടു ശരിയല്ല. ഛിദ്രവും കലഹവും ഒരു കുടുംബത്തിൽ ഉണ്ടാകാം. പക്ഷേ, അന്യൻ വന്ന് ഇടപെട്ടാലോ? അപ്പോൾ ഛിദ്രവും കലഹവും ഇല്ലാതാവണം. ദുര്യോധനനും അനുജന്മാരും നമ്മെ ദ്രോഹിച്ചു. ശരിയാണ്. എങ്കിലും അവരും നാമും ഒരു കുടുംബക്കാരാണ്. നീയും അർജുനനുംകൂടി ചെന്ന് അവരെ മോചിപ്പിക്കണം. നിങ്ങൾ ആദ്യം ഗന്ധർവന്മാ

രോട് നല്ലവാക്കു പറയണം. പ്രയോജനപ്പെട്ടില്ലെങ്കിൽ നിങ്ങൾ പരാക്രമം കൊണ്ട് വേണ്ടതു ചെയ്യണം.'

അതത്ര ഇഷ്ടമായില്ല ഭീമന്. എങ്കിലും ജ്യേഷ്ഠനെ ധിക്കരിക്കാമോ? പാടില്ല. അർജ്ജുനൻ ജ്യേഷ്ഠന്റെ ആജ്ഞ പാലിക്കാൻ സന്നദ്ധനുമാകുന്നു.

കോപത്തോടെ അർജ്ജുനൻ ശപഥം ചെയ്തു:

'ഗന്ധർവന്മാർ ദുര്യോധനനെയും കൂട്ടരെയും വിട്ടുതന്നില്ലെങ്കിലോ? ഇന്ന് ഭൂമി ഗന്ധർവന്മാരുടെ രക്തം കുടിക്കും!'

ധൃതിയിൽ ആയുധങ്ങൾ ധരിച്ച് ഭീമനും അർജ്ജുനനും സരസ്സിന്റെ തീരത്തിലെത്തി.

അർജുനൻ വിളിച്ചുപറഞ്ഞു:

'ഗന്ധർവന്മാരേ, മര്യാദയ്ക്ക് തടവിൽ പിടിച്ചവരെ വിട്ടുതരുവിൻ!'

ചിത്രസേനൻ ഒന്നു ചിരിച്ചു:

'അർജുനാ, ഞങ്ങൾ ഒരാളുടെ ആജ്ഞ മാത്രമേ അനുസരിക്കാറുള്ളു. ആ ആൾ ദേവേന്ദ്രനുമാണ്.'

പക്ഷേ, അർജുനന് ഒരു കുസലും ഉണ്ടായില്ല.

'ചിത്രസേനാ, ഞാൻ നിങ്ങളെക്കൊണ്ട് ദുര്യോധനനെയും കൂട്ടരെയും വിടുവിക്കും!'

എന്തിനു പറയുന്നു, യുദ്ധം വീണ്ടും ആരംഭിച്ചു. ആദ്യം ഗന്ധർവന്മാരും കൗരവന്മാരും തമ്മിലായിരുന്നു യുദ്ധം; ഇപ്പോഴാകട്ടെ, ഗന്ധർവന്മാരും പാണ്ഡവന്മാരും തമ്മിലും. ദുര്യോധനന്റെ സൈന്യം പാണ്ഡവരുടെ പക്ഷത്തുനിന്നു പൊരുതി. പാണ്ഡവരുടെ പരാക്രമത്തിന് ഗന്ധർവന്മാർ പ്രതിവിധി കണ്ടെത്തിയില്ല. പെട്ടെന്ന് ചിത്രസേനനും കൂട്ടരും ദുര്യോധനനെയും കൊണ്ട് ആകാശത്തുയർന്നു. പക്ഷേ, ആ അടവ് അർജുനനോട് പ്രയോജനപ്പെട്ടില്ല. അർജുനൻ നിമിഷങ്ങൾക്കുള്ളിൽ മുകളിലായി ഒരു അമ്പുവല കെട്ടിയുണ്ടാക്കി. ഗന്ധർവന്മാർക്ക് ഉയരാൻ വയ്യാതെയായി. അവർ ശസ്ത്രപ്രയോഗത്താൽ അർജുനനെ വീണ്ടും എതിർത്തു. അർജുനൻ എതിരാളികളുടെ ശസ്ത്രങ്ങളെല്ലാം ഖണ്ഡിച്ചുതള്ളി. നിവൃത്തിയില്ലാതെ ചിത്രസേനൻ നിലത്തിറങ്ങി ഗദയോങ്ങി അർജുനന്റെ നേർക്കു ചാടി. അർജുനൻ എതിരാളിയുടെ ഗദയെ അമ്പെയ്തു നുറുക്കി. ചിത്രസേനൻ യുദ്ധം മതിയാക്കി.

ഒരു കാര്യം അറിയാൻ അർജ്ജുനനു ജിജ്ഞാസ തോന്നി. അദ്ദേഹം ചിത്രസേനനോടു ചോദിച്ചു:

'അങ്ങ് എന്തിനാണ് ദുര്യോധനനെ പിടിച്ചുകെട്ടിയത്?'

ചിത്രസേനൻ പറഞ്ഞു:

'അർജ്ജുനാ, നിങ്ങളിപ്പോൾ കഷ്ടപ്പെടുകയാണ്. അതു കണ്ട് ചിരിക്കാൻ വന്നതാണ് ദുര്യോധനൻ. അക്കാര്യം മനസ്സിലാക്കിയ ദേവേന്ദ്രൻ എന്നോട് ഒന്ന് ആവശ്യപ്പെട്ടു—ഞാൻ ദുര്യോധനനെ തടവിൽ പിടിച്ച് സ്വർഗത്തു കൊണ്ടുചെല്ലണം എന്ന്. ഞാൻ അവനെ അങ്ങോട്ടു കൊണ്ടുപോകട്ടെ.'

അത് അർജ്ജുനനു സമ്മതമായില്ല. അവൾ തമ്മിൽ സ്നേഹപൂർണമായ തർക്കം തുടങ്ങി. തർക്കം അവസാനിക്കുന്നില്ല എന്നു കണ്ട് യുധിഷ്ഠി

രനെ ചെന്നുകണ്ടു. യുധിഷ്ഠിരൻ ചിത്രസേനനോട് ആവശ്യപ്പെട്ടു. ദുര്യോധനനെ യും കൂട്ടരെയും മോചിപ്പിക്കാൻ. യുധിഷ്ഠിരനെ അനുസരിക്കാതെ ചിത്രസേനന് മറ്റുവഴി ഉണ്ടായിരുന്നില്ല.

ചിത്രസേനൻ അനുയായികളെയുംകൊണ്ട് യാത്രയായി.

യുധിഷ്ഠിരൻ ദുര്യോധനനോടു പറഞ്ഞു:

'ഉണ്ണീ, ഒട്ടും വ്യസനം വേണ്ട. മേലിൽ ഇമ്മാതിരി സാഹസങ്ങൾ പ്രവർത്തിക്കരുത്. കൊട്ടാരത്തിലേക്കു മടങ്ങിപ്പൊയ്ക്കൊള്ളൂ.'

ദുര്യോധനൻ ലജ്ജിച്ച് തലയും താഴ്ത്തി നടന്നുപോയി; ഒന്നിച്ച് ശകുനിയും കർണനും മറ്റു കൗരവന്മാരും.

ദുര്യോധനന്റെ മട്ടാകെ മാറിയിരിക്കുന്നു. ലജ്ജയോടുകൂടി അതിയായ ദുഃഖവുമുണ്ട്. ഗന്ധർവന്മാരുമായുണ്ടായ യുദ്ധത്തിൽ മരിച്ചിരുന്നു എങ്കിലോ? ഇപ്പോഴത്തെ ജീവിതത്തെക്കാൾ എത്രയോ നന്നായിരുന്നു! താൻ പാണ്ഡവന്മാരെ പരമശത്രുക്കളായി കരുതിപ്പോരുകയാണ്. എന്നിട്ട് പാണ്ഡവന്മാരുടെ ദയവുകൊണ്ടു താൻ മോചിതനായി. ഇതിനെക്കാൾ ലജ്ജാവഹമായി എന്തുണ്ട്? ധൃതരാഷ്ട്രർ, ഭീഷ്മർ, ദ്രോണർ, അശ്വത്ഥാമാവ് അവരെയൊക്കെ ഇനി എങ്ങനെ മുഖത്തു നോക്കും? ദുര്യോധനൻ വഴിയിൽ ഒരിടത്തു നിലത്തിരുന്നു. ആഹാരമില്ലാതെ മരിക്കണം എന്നതായിരുന്നു ഉദ്ദേശ്യം. അയാൾ ദുശ്ശാസനനെ വിളിച്ചുപറഞ്ഞു:

'അനുജാ, ഇനിമേൽ നീയാണ് രാജാവ്. പോയി എനിക്കു പകരം രാജ്യം ഭരിക്കൂ.'

ദുശ്ശാസനനു ദുഷ്യങ്ങൾ പലതുണ്ട്. എങ്കിലും ഒന്നു പ്രത്യേകമായിരുന്നു ജ്യേഷ്ഠനോടുള്ള ഭക്തി. അയാൾ ജ്യേഷ്ഠന്റെ കാൽക്കൽ വീണു കരഞ്ഞു.

'എന്തുവന്നാലും ശരി, ജ്യേഷ്ഠനെ കൂടാതെ ഞാൻ ജീവിച്ചിരിക്കയില്ല!'

കർണൻ ദുശ്ശാസനനെ പിൻതാങ്ങി:

'ദുര്യോധനാ, അങ്ങ് എന്റെ പ്രാണസുഹൃത്താണ്. അങ്ങയെക്കൂടാത്ത ജീവിതം എനിക്കുമില്ല!'

ശകുനിയുടെ വാദം മറ്റൊന്നായിരുന്നു:

'ദുര്യോധനാ, ഞാൻ നിനക്കു വേണ്ടതെല്ലാം നേടിത്തന്നു. അതൊന്നും നീ വേണ്ടെന്നു വെക്കുകയോ? മനുഷ്യനായാൽ നല്ല കാലവും ചീത്തക്കാലവും ഉണ്ടാകും. അതു മനസ്സിലാക്കാത്തവൻ ഭീരുവാണ്. നീ പാണ്ഡവന്മാർക്കു രാജ്യം കൊടുത്തുകൊള്ളൂ നിനക്ക് അവകാശപ്പെട്ട രാജ്യം! അപ്പോൾ നിനക്കു സുഖമായിരിക്കാം!'

ഇതൊക്കെയായിട്ടും ദുര്യോധനന്റെ നിശ്ചയം ഇളകിയില്ല. അയാൾ ദർഭപ്പുല്ലു വിരിച്ച് അതിന്മേൽ ഇരിപ്പായി. ഭക്ഷണം കഴിക്കാൻ വിസമ്മതിച്ചു. മൗനം അവലംബിച്ചു. എന്തു ചെയ്യും?

ആ വിവരം ചില അസുരന്മാർക്ക് അറിവായി. ദുര്യോധനന്റെ അനുഭാവികളാണ് അക്കൂട്ടർ. അവരിപ്പോൾ പാതാളത്തിലാണു പാർക്കുന്നത്. ദുര്യോധനനെ സഹായിക്കാൻ അവർ ഒരുക്കമായി. അവർ ഒരു ഹോമം നടത്തി മന്ത്രം ചൊല്ലി. ഹോമാഗ്നിയിൽനിന്ന് ഒരു മരണദേവതയായ കൃത്യ ഉയർന്നുവന്നു. അസുരന്മാർ കൃത്യയ്ക്ക് ഒരാജ്ഞ നൽകി. ദുര്യോധനനെ പാതാളത്തിലേക്കു കൊണ്ടുവരണം.

കൃത്യ ആ ആജ്ഞ അനുസരിച്ചു.

അങ്ങനെ ദുര്യോധനൻ പാതാളത്തിലെത്തി.

അസുരന്മാർ പറഞ്ഞു:

'ദുര്യോധനാ, വീരനായ നീ എന്തിനു മരിക്കാൻ തുടങ്ങുന്നു? നിനക്ക് ദുരൃശസ്സുണ്ടാകും. എത്രയോ അസുരന്മാർ നിനക്കു തുണയായി നിൽക്കും. ദേവന്മാരാണെങ്കിൽ പാണ്ഡവപക്ഷത്തുമാണ്. എന്തുവന്നാലും ശരി, ഞങ്ങൾ നിന്നെ സഹായിക്കും. അതിലൊട്ടും സംശയം വേണ്ട. ധൈര്യമായിരിക്കൂ!'

അതോടുകൂടി ദുര്യോധനന്റെ മനോഭാവത്തിനു മാറ്റമുണ്ടായി. അയാൾ പഴയപോലെ ജീവിക്കാൻ നിശ്ചയിച്ചു. കൃത്യ അയാളെ മുമ്പത്തെ സ്ഥാനത്തിലാക്കി. എന്നിട്ടു നിന്നിടത്തു മറയുകയുംചെയ്തു. താൻ സ്വപ്നം കാണുകയായിരുന്നോ? അതായി ദുര്യോധനന്റെ സംശയം. അയാൾ രാജധാനിയിൽ തിരിച്ചെത്തി. പാണ്ഡവന്മാരെ നശിപ്പിച്ചേ അടങ്ങൂ!

രുഗ്മിയും അർജ്ജുനനും

ഭീഷ്മരാജാവിന്റെ പുത്രനാണ് രുഗ്മി-ശ്രീകൃഷ്ണപത്നിയായ രുഗ്മിണിയുടെ സഹോദരനും.

രുഗ്മി ധനുർവേദം നല്ലപോലെ അഭ്യസിച്ചിട്ടുണ്ട്. അഭ്യാസത്തിനൊത്ത വീര്യവുമുണ്ട്. പ്രസിദ്ധമാണ് അയാളുടെ വിജയം എന്ന വില്ല്.

ഭോജകടം എന്ന പുരത്തിലാണ് രുഗ്മിയുടെ സ്ഥിരതാമസം.

കുരുക്ഷേത്രയുദ്ധം ആരംഭിക്കാറായി.

രുഗ്മി സൈന്യത്തോടുകൂടി കുരുക്ഷേത്രത്തിലെത്തി യുധിഷ്ഠിരനെ കണ്ടു.

യുധിഷ്ഠിരന്റെ അനുജന്മാരും അയാളെ സ്വീകരിച്ചിരുത്തി.

അയാൾക്ക് ഔദ്ധത്യമുണ്ട്.

'അർജ്ജുനാ, നിങ്ങൾക്കു പേടിയുണ്ടെങ്കിൽ ഞാൻ സഹായിക്കാം. എനിക്കു തുല്യനായ യോദ്ധാവില്ല. ഭീഷ്മരും ദ്രോണരും കർണനും ഒന്നിച്ച് എന്നെ എതിർക്കട്ടെ. ഞാൻ അവരെയെല്ലാം ഇല്ലായ്മചെയ്തു നിങ്ങളെ ജയിപ്പിക്കാം.'

ഒന്നു ചിരിച്ചിട്ട് അർജ്ജുനൻ പറഞ്ഞു:

'രുഗ്മീ, പാണ്ഡുവിന്റെ പുത്രൻ, ദ്രോണരുടെ ശിഷ്യൻ, ശ്രീകൃഷ്ണന്റെ സ്നേഹിതൻ—അതെല്ലാമാണു ഞാൻ. എന്നിട്ടും 'എനിക്കു പേടിയുണ്ടെങ്കിൽ' എന്നു നിങ്ങൾ പറഞ്ഞു. എന്റെ കൈയിൽ ഗാണ്ഡീവമുണ്ട്. ഗന്ധർവന്മാരുമായുള്ള യുദ്ധത്തിൽ എന്നെ ആരു തുണച്ചു? ഖാണ്ഡവം ദഹിപ്പിക്കുമ്പോൾ എന്നെ ആരു തുണച്ചു? നിവാതകവചന്മാരോട് അടരാടുമ്പോൾ എന്നെ ആരു തുണച്ചു?

എനിക്കു തുണയായിട്ട് ആരും വേണ്ട—പ്രത്യേകിച്ചു നിങ്ങൾ! ഇനി നിങ്ങൾ ഇവിടെ നിൽക്കണമെന്നില്ല!

ഗർവത്തിനു നല്ലൊരു പ്രഹരം കിട്ടിയില്ലേ? രുഗ്മി സൈന്യത്തോടുകൂടി ഇറങ്ങിപ്പോയി. ചെന്നതോ, ദുര്യോധനനെ കാണാനും. ദുര്യോധനനെ സഹായിക്കാം എന്നായി അയാൾ. ദുര്യോധനനും അയാളുടെ സഹായം വേണ്ടെന്നു പറഞ്ഞു.

അങ്ങനെ രുഗ്മി കുരുക്ഷേത്രം വിട്ടുപോയി, യുദ്ധത്തിൽ പങ്കെടുക്കാതെതന്നെ!

(മഹാഭാരതം)

സഞ്ജയന്റെ ദിവ്യദൃഷ്ടി

പാണ്ഡവന്മാരും കൗരവന്മാരും കുരുക്ഷേത്രത്തിൽ എതിരിടാൻ തയ്യാറായി.

ധൃതരാഷ്ട്രർ ചിന്തയിൽ മുഴുകി. തന്റെ പുത്രന്മാർക്കു ലഭിക്കുന്നത് എന്തായിരിക്കും? വിജയമോ? പരാജയമോ? ജീവഹാനിയോ?

വ്യാസന്റെ വരവായി.

മഹർഷി പറഞ്ഞു:

'ധൃതരാഷ്ട്രാ, നീ ദുഃഖിച്ചിട്ടു ഫലമൊന്നുമില്ല. യുദ്ധസമയത്തു നിനക്കു പുത്രന്മാരെ കാണണമെന്നുണ്ടോ? ഉണ്ടെങ്കിൽ ഞാൻ നിനക്കു കാഴ്ചതരാം. എല്ലാം നല്ലതുപോലെ കണ്ടുകൊള്ളു.'

ധൃതരാഷ്ട്രർ കുരുടനാണല്ലോ. അതിനാൽ ദിവ്യദൃഷ്ടി നൽകണം. അതായിരുന്നു വ്യാസന്റെ ഉദ്ദേശ്യം.

പക്ഷേ, ധൃതരാഷ്ട്രനു കാണാനുള്ള ധൈര്യമില്ല.

'ഞാൻ യുദ്ധവർണനകൾ കേട്ടുകൊള്ളാം. അങ്ങ് അതിനു വഴിയുണ്ടാക്കണം.'

ധൃതരാഷ്ട്രന്റെ അന്തേവാസിയായ സഞ്ജയൻ അടുത്തുനില്പുണ്ടായിരുന്നു.

വ്യാസൻ പറഞ്ഞു:

'സഞ്ജയൻ യുദ്ധത്തിൽ നടക്കുന്നതെല്ലാം കാണും. മറിച്ചു പറഞ്ഞാലോ? സഞ്ജയൻ കാണാത്തതൊന്നും യുദ്ധത്തിൽ നടക്കുകയില്ല. കാണുന്നതെല്ലാം അവൻ നിന്നോടു പറയുകയുംചെയ്യും. മാത്രമല്ല, അവനു സർവജ്ഞത്വവും സിദ്ധമാകും. പകലായാലും ശരി, രാത്രിയായാലും ശരി, അവൻ വേണമെന്നു വിചാരിച്ചാൽ മതി, വേണ്ടതെല്ലാം മനസ്സിൽ തോന്നിക്കൊള്ളും. അവനെ ഒരു ആയുധവും മുറിവേല്പിക്കയില്ല, ഒരിക്കലും അവനു ക്ഷീണം ബാധിക്കയില്ല. അവൻ യുദ്ധത്തെ അതിജീവിക്കുകയുംചെയ്യും.'

വ്യാസൻ യാത്രയായി.

യുദ്ധം തുടങ്ങാറായി.

ധൃതരാഷ്ട്രർ പറഞ്ഞു:

'സഞ്ജയാ, ദിവ്യദീപങ്ങൾപോലെയുള്ള ജ്ഞാനദൃഷ്ടികൾ നിനക്കു കിട്ടി. നടക്കുന്നതെല്ലാം നിനക്കു കാണാം. കാണുന്നതെല്ലാം അപ്പപ്പോൾ എനിക്കു പറഞ്ഞുതരണം.'

അപ്രകാരം പ്രവർത്തിച്ചു സഞ്ജയൻ; യുദ്ധം അവസാനിക്കുന്നതു വരെ!

(മഹാഭാരതം)

രൈവതൻ

രൈവതൻ എന്നൊരു രാജാവ്. പുണ്യശാലിയാണ് രൈവതൻ. രേവതി എന്നൊരു മകളുണ്ട് രാജാവിന്. അസാധാരണം ആയിരുന്നു രേവതിയുടെ രൂപസൗന്ദര്യവും ശീലഗുണവും.

പുത്രിക്ക് അനുരൂപനായ വരനുണ്ടോ? അതായി രൈവതന്റെ അന്വേഷണം. കുറേക്കാലം കഴിഞ്ഞിട്ടും അങ്ങനെയൊരു യുവാവിനെ കണ്ടുകിട്ടിയില്ല. എന്നാലിനി ബ്രഹ്മാവിന്റെ അഭിപ്രായം ആരായുകതന്നെ. രൈവതൻ രേവതിയെയുംകൊണ്ടു ബ്രഹ്മലോകത്തിലേക്കു പോയി.

അവർ അവിടെ എത്തിച്ചേർന്നപ്പോഴോ? സംഗീതസദസ്സു കൂടിയിരിക്കുകയാണ്. രണ്ടു ഗന്ധർവപ്രമാണികളാണു ഗായകന്മാർ. ദിവ്യമായ സംഗീതം അവർ ആലപിക്കുന്നു. അതിൽ ലയിച്ച് സർവവും മറന്നിരുന്നുപോയി രൈവതൻ.

ഒടുവിൽ സംഗീതസദസ്സ് അവസാനിച്ചു.

സദസ്യർ ഒന്നൊന്നായി പിരിഞ്ഞുപോയി.

രൈവതൻ ബ്രഹ്മാവിന്റെ മുമ്പിൽ ചെന്നു നമസ്കരിച്ചു. എന്നിട്ടു പറഞ്ഞു:

'ഭഗവാനേ, എന്റെ വരവിന് ഒരു ഉദ്ദേശ്യമുണ്ട്—അതായത്, അവിടുത്തെ അഭിപ്രായം അറിയുകയെന്നത്. ആരായിരിക്കും എന്റെ മകൾക്കു യോജിച്ച വരൻ? അരുളിച്ചെയ്യാൻ ദയവുണ്ടാകണം.'

ബ്രഹ്മാവ് പറഞ്ഞു:

'രൈവതാ, നിനക്കു പരിചയമുള്ള രാജാക്കന്മാർ ആരൊക്കെയാണ്? ആദ്യം അതു കേൾക്കട്ടെ.'

രാജാവ് ഒന്നൊന്നായി പേരുകൾ പറഞ്ഞു.

ബ്രഹ്മാവ് പുഞ്ചിരിതൂകി:

'നീ ഒരു കാര്യം അറിയേണ്ടിയിരിക്കുന്നു. ഇപ്പോൾ പേരു പറഞ്ഞ രാജാക്കന്മാരില്ലേ? അവരുടെ സന്താനങ്ങളുടെ അനേകം തലമുറകൾ ജനിക്കയും മരിക്കയും ചെയ്തിരിക്കുന്നു. ഇവിടെ നീ കുറെ നേരം ഗന്ധർവഗാനം കേട്ടിരുന്നു; അതിനിടയ്ക്ക് എത്രയോ മനുഷ്യയുഗങ്ങൾ കഴിഞ്ഞിരിക്കുന്നു!'

അതു ശരിയായിരുന്നുതാനും. അക്കാര്യം രൈവതൻ അറിഞ്ഞില്ല എന്നുമാത്രം.

ബ്രഹ്മാവ് തുടർന്നു:

'പോട്ടെ, സാരമില്ല. നീ മകളോടുകൂടി ഭൂമിയിലേക്കു മടങ്ങിപ്പോകൂ. അവിടെ ദ്വാരക എന്നൊരു സ്ഥലമുണ്ട്. ദ്വാരകയിൽ വിഷ്ണുഭഗവാൻ ശ്രീകൃഷ്ണനായി കഴിയുന്നു. ശ്രീകൃഷ്ണന്റെ ജ്യേഷ്ഠനാണ് ബലരാമൻ. ആദിശേഷൻ ബലരാമനായി അവതരിച്ചതാണ്. നീ രേവതിയെ ബലരാമനു കൊടുക്കൂ.'

രൈവതൻ മകളോടുകൂടി ഭൂമിയിൽ തിരിച്ചെത്തി. അപ്പോഴേക്കും ഭൂമിയിൽ സ്ഥിതിയാകെ മാറിയിരിക്കുന്നു. തന്റെ കാലത്ത് മനുഷ്യർ കൂടുതൽ ബലവാന്മാരായിരുന്നു കൂടുതൽ ധർമിഷ്ഠന്മാരായിരുന്നു. ഇപ്പോഴാകട്ടെ, ദ്വാപരയുഗം അവസാനിക്കാറായി. ദുഷിച്ച കലികാലം ആരംഭിക്കാറുമായി. മനുഷ്യർക്ക് അധഃപതനം സംഭവിച്ചിരിക്കുന്നു.

ദ്വാരകയിൽ ചെന്നു രൈവതൻ ബലരാമനെ കണ്ടു. താൻ വന്ന കാര്യം അറിയിച്ചു. ബലരാമന് ഒന്നു ബോദ്ധ്യമായി തനിക്ക് അനുരൂപയാണ് രേവതിയെന്ന്. അദ്ദേഹം അവളെ വേൾക്കുകയുംചെയ്തു.

(വിഷ്ണുപുരാണം)

അശ്വത്ഥാമാവും ശ്രീകൃഷ്ണനും

ബ്രഹ്മശിരസ്സ് എന്നൊരു ദിവ്യാസ്ത്രമുണ്ട്. ദ്രോണർ ആ അസ്ത്രം അർജുനന് ഉപദേശിച്ചുകൊടുത്തിരുന്നു. അശ്വത്ഥാമാവിന് ആഗ്രഹമുണ്ടായി തനിക്കും അതു കിട്ടണമെന്ന്. പുത്രൻ പിതാവിനോടു നിർബന്ധംപിടിച്ചു.

അശ്വത്ഥാമാവ് അല്പം വെറിയനാണ്. ചപലനുമാണ്. അക്കാര്യം ദ്രോണർക്ക് അറിവുണ്ട്. എങ്കിലും പുത്രന്റെ ആഗ്രഹം നിറവേറ്റാതിരിക്കാൻ ദ്രോണർക്ക് മനസ്സുണ്ടായില്ല. പുത്രസ്നേഹം വിവേകത്തെ ജയിക്കയാണു ചെയ്തത്. എങ്കിലും അസ്ത്രോപദേശത്തോടുകൂടി അദ്ദേഹം ഒരു താക്കീതും നൽകി:

'മകനേ, നീ ചിലപ്പോഴൊക്കെ അപഥത്തിൽ കാൽവെച്ചെന്നുവരും. എന്തായാലും ശരി, ഈ ദിവ്യാസ്ത്രം യുദ്ധത്തിൽ പ്രയോഗിക്കരുത്.'

പിന്നൊരിക്കൽ അശ്വത്ഥാമാവ് ലോകസഞ്ചാരത്തിനിറങ്ങി. പാണ്ഡവന്മാർ വനവാസം ചെയ്യുന്ന കാലമായിരുന്നു. സഞ്ചാരത്തിനിടയിൽ അശ്വത്ഥാമാവ് ദ്വാരകയിൽ ചെന്നു. ശ്രീകൃഷ്ണൻ അദ്ദേഹത്തിനു സ്വാഗതമേകി.

അദ്ദേഹം ഏകാന്തതയിൽ ഭഗവാനോടു പറഞ്ഞു: 'കൃഷ്ണാ, അർജുനനെപ്പോലെ എനിക്കു ബ്രഹ്മശിരസ്സെന്ന ദിവ്യാസ്ത്രം ലഭിച്ചിട്ടുണ്ട്. അങ്ങ് എന്നിൽനിന്ന് ആ അസ്ത്രം സ്വീകരിക്കണം. പകരമായി അങ്ങയുടെ ചക്രം എനിക്കു തരണം.'

ശ്രീകൃഷ്ണൻ പറഞ്ഞു:

'അശ്വത്ഥാമാവേ, എന്റെ വില്ലോ ഗദയോ ചക്രമോ, ഏതു വേണമെങ്കിലും തരാം. എടുക്കാനും പ്രയോഗിക്കാനും അങ്ങേയ്ക്ക് കഴിയുമോ? അതൊന്നു നോക്കണം.' ചക്രത്തിലാണ് അശ്വത്ഥാമാവ് കണ്ണുവെച്ചിരിക്കുന്നത്. ആ ശക്തൻ ഇടംകൈകൊണ്ട് ചക്രം എടുക്കാനൊരുങ്ങി. ചക്രം ഇരു

ന്നിടത്തിരുന്നതേയുള്ളു. അശ്വത്ഥാമാവ് ഇടംകൈയോടുകൂടി വലംകൈയും പ്രയോഗിച്ചു. ചക്രം അണുമാത്രം ഇളകിയില്ല. അശ്വത്ഥാമാവ് സർവശക്തിയും ചേർത്തു ശ്രമിച്ചു. ഒരു ഫലവും ഉണ്ടായില്ല. അദ്ദേഹം ലജ്ജിച്ചു തന്റെ പരിശ്രമത്തിൽനിന്നു വിരമിച്ചു.

ശ്രീകൃഷ്ണൻ പറഞ്ഞു:

'അശ്വത്ഥാമാവേ, അർജ്ജുനനെക്കാൾ ഇഷ്ടൻ എനിക്ക് ഈ ഭൂമിയിലില്ല. എന്തുതന്നെ അർജ്ജുനൻ ചോദിച്ചാലും ഞാൻ കൊടുക്കും. എന്നിട്ടും അർജുനൻ ചക്രം ആവശ്യപ്പെട്ടിട്ടില്ല. മാത്രമല്ല, എന്റെ പുത്രന്മാർപോലും. ആദ്യമായി വേണമെന്നു പറഞ്ഞത് അങ്ങാണ്!'

അപ്പോൾ അശ്വത്ഥാമാവ് തന്റെ ഇംഗിതം അറിയിച്ചു:

'കൃഷ്ണാ, ഞാൻ സത്യം പറയട്ടെ. അങ്ങയുടെ ചക്രം കിട്ടിയാൽ ഞാൻ അജയ്യനാകും. അതുകൊണ്ടാണ് ഞാൻ ആവശ്യപ്പെട്ടത്. എന്റെ ആഗ്രഹം സാധിക്കുകയില്ല. അതിപ്പോൾ എനിക്കു മനസ്സിലായി.'

ശ്രീകൃഷ്ണൻ ചക്രം കൊടുത്തില്ല. ശരിയാണ്. എങ്കിലും മറ്റു പലതും സമ്മാനിച്ചു—രത്നങ്ങൾ, അശ്വങ്ങൾ, മുതലായവയെല്ലാം. അവ സ്വീകരിച്ചിട്ട് അശ്വത്ഥാമാവ് യാത്രയായി. ആഗ്രഹം സാധിക്കാതെതന്നെ.

(മഹാഭാരതം)

ശ്രീകൃഷ്ണന്റെ കൈലാസയാത്ര

ഒരിക്കൽ രുഗ്മിണി ശ്രീകൃഷ്ണനോടു പറഞ്ഞു:'എനിക്കൊരു ആഗ്രഹമുണ്ട്. ബലം, വീര്യം, സൗന്ദര്യം അവയിൽ അവിടുത്തോട് സമനായ ഒരു പുത്രനുണ്ടാവണം. അതിന് എന്നെ അനുഗ്രഹിക്കണം.'

ശ്രീകൃഷ്ണൻ പ്രസന്നനായി:

'രുഗ്മിണീ, നിനക്ക് എന്നോടുള്ള ഭക്തിയും സ്നേഹവും എനിക്കറിയാം. തീർച്ചയായും നീ ആഗ്രഹിക്കുന്നതുപോലുള്ള പുത്രനുണ്ടാവും. പക്ഷേ, അതിനു മുമ്പ് എനിക്ക് കൈലാസത്തു പോകേണ്ടതുണ്ട്. ഭഗവാൻ ശിവനെ ജേിച്ചാലേ നിന്റെ ഇഷ്ടം നടക്കുകയുള്ളു. തീർച്ചയായും ഭഗവാൻ നമ്മെ അനുഗ്രഹിക്കും.'

അടുത്ത പ്രഭാതത്തിൽ ശ്രീകൃഷ്ണൻ തയ്യാറായി. ദാനകർമങ്ങളും പൂജാകർമങ്ങളും നിർവഹിച്ചു. എന്നിട്ട് യാദവന്മാരിൽ പ്രധാനികളെ വരുത്തി. അവരോടു പറഞ്ഞു:

'ഞാൻ കൈലാസത്തു പോവുകയാണ്. തിരിയെ വരുന്നതുവരെ നിങ്ങൾ കരുതിയിരിക്കണം. എന്റെ ആത്മശത്രുവാണല്ലോ പൗണ്ഡ്രകൻ. ഞാനിവിടെ ഇല്ലെന്നു പൗണ്ഡ്രകൻ അറിഞ്ഞാലോ? അവൻ തീർച്ചയായും ആക്രമിക്കും. നമ്മുടെ ഭടന്മാർ തയ്യാറായി നിൽക്കണം. കോട്ടവാതിലുകൾ ഭദ്രമായി അടച്ചിടണം. ഒരു ഗോപുരത്തിലൂടെ മാത്രമേ ആളുകൾക്കു വരാനും പോകാനും പാടുള്ളു. മുദ്ര കാണിച്ചാലേ അവരെ കാവൽഭടന്മാർ അകത്തു കടത്താവു.'

സാത്യകിക്ക് പ്രത്യേകം ചില നിർദ്ദേശങ്ങൾ ശ്രീകൃഷ്ണൻ നൽകി:

'സ്നേഹിതാ, നിങ്ങൾ ദ്വാരക സംരക്ഷിച്ചുനിൽക്കണം. എപ്പോഴും ജാഗ്രത വേണം. രാവും പകലും അതിന് ഇളവു വരുത്തരുത്.'

സാത്യകി പറഞ്ഞു:

'ഭഗവാനേ, ഞാൻ അവിടുത്തെ ആജ്ഞ അനുസരിച്ചുകൊള്ളാം. അവിടുത്തെ അനുഗ്രഹംകൊണ്ട് എനിക്ക് എന്തുതന്നെ സാധ്യമാവുകയില്ല! ഇന്ദ്രനും യമനും വരുണനും എനിക്കു സാമമില്ല. പിന്നെയാണ് ഈ പൗണ്ഡ്രകൻ!'

ശ്രീകൃഷ്ണൻ ഉദ്ധവർക്കും ഒരു ചുമതലകൊടുത്തു:

'ഉദ്ധവരേ, അങ്ങയെപ്പോലെ ഒരു വിദ്വാനോ ഭക്തനോ വേറെയില്ല. ദ്വാരക കാക്കുന്ന ചുമതല ഞാൻ അങ്ങേക്കുകൂടി തരികയാണ്. എന്തൊക്കെ ചെയ്യണമെന്ന് അങ്ങേക്കു നല്ലപോലെ അറിയാം. അതിനാൽ ഞാനൊന്നും പറയുന്നില്ല.'

ശ്രീകൃഷ്ണഭക്തരിൽ മുമ്പനായ ഉദ്ധവർ പറഞ്ഞു:

'ഭഗവാനേ അവിടുന്ന് എന്നിൽ പ്രസാദിക്കുന്നു എന്ന് എനിക്ക് അറിയാം. അതുതന്നെയാണ് എന്റെ ഭാഗ്യവും. കഴിവുപോലെ ഞാൻ പ്രവർത്തിച്ചുകൊള്ളാം.'

ശ്രീകൃഷ്ണൻ ബലരാമനോടു പറഞ്ഞു:

'ജ്യേഷ്ഠാ, ജ്യേഷ്ഠനുള്ളപ്പോൾ ആർക്കും ഭയത്തിന് അവകാശമില്ല. എങ്കിലും ജ്യേഷ്ഠൻ ജാഗ്രതയായിരിക്കണം.'

ബലരാമൻ അപ്രകാരം ചെയ്യാമെന്നേറ്റു.

അതിനുശേഷം ശ്രീകൃഷ്ണൻ ഗരുഡനെ സ്മരിച്ചു. തത്ക്ഷണം ഗരുഡൻ വന്നെത്തി. ശ്രീകൃഷ്ണൻ ഗരുഡന്റെ പുറത്തു കയറി. ഗരുഡൻ ഭഗവാനെ വഹിച്ചുപറന്നു. നോക്കിനിന്ന യാദവരുടെ കണ്ണിൽനിന്നു മറഞ്ഞു.

ശ്രീകൃഷ്ണൻ ബദരിയിലെ ആശ്രമത്തിൽ ചെന്നിറങ്ങി.

അപ്പോൾ സമയം സന്ധ്യ ആയിരിക്കുന്നു. മഹർഷിമാർ പലരും ആശ്രമത്തിൽ സന്നിഹിതരാണ്. അവിടെ അഗ്നിഹോത്രം നടക്കുന്നുണ്ട്. മഹർഷിമാർ ശ്രീകൃഷ്ണനെ നമസ്കരിച്ചു വാഴ്ത്തി. ഭഗവാൻ അവരോടു കുശലപ്രശ്നം ചെയ്തു. അവർ ദിവ്യാതിഥിക്കു ഫലമൂലങ്ങൾ നൽകി.

പിന്നീട് ശ്രീകൃഷ്ണൻ ഗംഗാതീരത്തു ചെന്നു. ഒരിടത്തു നിലത്ത് ഇരിപ്പായി. സമാധിയിൽ ലയിച്ചു.

ദൂരെയായി ചില ശബ്ദങ്ങൾ കേട്ടുതുടങ്ങി. കാട്ടുമൃഗങ്ങൾ പായുന്നു എന്നു സ്പഷ്ടം. പുറകെ ഓടുന്ന വേട്ടപ്പട്ടികൾ കുരയ്ക്കുന്നു. ഇടയ്ക്കിടയ്ക്ക് വിഷ്ണുനാമങ്ങളും കേൾക്കാം. എല്ലാ ശബ്ദങ്ങളും കൂടിക്കലർന്ന പ്രത്യേകമായ ഒരുതരം ശബ്ദം! അതു ക്രമേണ ഉച്ചത്തിലായിക്കൊണ്ടിരിക്കുന്നു. ശ്രീകൃഷ്ണന്റെ അടുക്കലേക്കു വന്നുകൊണ്ടിരിക്കുന്നു എന്നർത്ഥം.

ആ ശബ്ദം ഭഗവാന്റെ സമാധിയെ വിഘ്നപ്പെടുത്തി.

അധികം താമസിച്ചില്ല. പായുന്ന കാട്ടുമൃഗങ്ങൾ അടുത്തെത്തി. അവയുടെ പുറകിലായി വേട്ടപ്പട്ടികളും. ശ്രീകൃഷ്ണൻ അങ്ങോട്ടു നോക്കി. കൂറെ പന്തങ്ങൾ കത്തിയെരിയുന്നു. അവയുടെ വെളിച്ചം നാലുപാടും പരക്കുന്നു. ആരാണ് പന്തങ്ങൾ പിടിച്ചിരിക്കുന്ന വേട്ടക്കാർ? ഭയങ്കരന്മാരായ പിശാചുക്കൾ! മാംസം തിന്നും ചോര കുടിച്ചും പുളയ്ക്കുകയാണ് അവർ. അതേസമയം വിഷ്ണുനാമങ്ങൾ ഉരുവിടുന്നു. എന്തൊരു പൊരുത്തമില്ലായ്മ!

ഒരു പിശാചിനെ ശ്രീകൃഷ്ണൻ പ്രത്യേകം ശ്രദ്ധിച്ചു. അവൻ പിശാചുക്കളുടെ നായകനാണ്. വളരെയധികം പൊക്കവും വണ്ണവും അവനുണ്ട്. മുഖമാണെങ്കിൽ അങ്ങേയറ്റം വികൃതവും. അവൻ ചോരപുരണ്ട നാവു നീട്ടിയിരിക്കുന്നു. കൂടൽമാലകൾ കഴുത്തിൽ ധരിച്ചിരിക്കുന്നു. ശൂലത്തിൽ മനുഷ്യത്തലകൾ കൊരുത്തുവച്ചിരിക്കുന്നു. അവനും ഉരുവിടുന്നു 'കൃഷ്ണാ! ഹരേ! മാധവാ! മധുസൂദനാ!'എന്നിങ്ങനെയുള്ള തിരുനാമങ്ങൾ!

നിലത്തിരിക്കുന്ന ശ്രീകൃഷ്ണനെ അവൻ കാണാനിടയായി. ഏതോ മനുഷ്യൻ എന്നേ അവൻ കരുതിയുള്ളൂ. പരമാർത്ഥത്തിൽ ആരെന്നു മനസ്സിലായില്ല.

ഘോരമായ സ്വരത്തിൽ അവൻ ചോദിച്ചു:

'എടോ മനുഷ്യാ, നീ ആരാണ്? ഈ കൊടുംകാട്ടിൽ ഈ അസമയത്ത് എന്തിനു വന്നു? നിനക്ക് മഹാവിഷ്ണുവിന്റെ സാദൃശ്യമുണ്ട്. സത്യം പറ!'

ശ്രീകൃഷ്ണൻ പറഞ്ഞു:

'ഞാൻ യദുവംശത്തിൽ ജനിച്ച ഒരു മനുഷ്യൻ. ഇപ്പോൾ അത്രയും അറിഞ്ഞാൽ മതിയാകും. ആട്ടെ നീ ആരെന്നു പറയണം. ഈ പുണ്യസ്ഥലത്തു വരാൻ നിനക്ക് എന്തവകാശം? അക്രമികളെ ശാസിക്കുന്നവനാണു ഞാൻ. അക്കാര്യം അറിഞ്ഞിരിക്കുന്നതു നന്ന്.'

പിശാചനായകൻ സ്വന്തം കഥ കേൾപ്പിച്ചു:

ഘണ്ടാകർണൻ എന്നാണ് അവന്റെ പേര്. കുബേരന്റെ ഭൃത്യനാണ് ഘണ്ടാകർണൻ. ശിവന്റെ ഭക്തന്മാരിൽ ഒരു പ്രമുഖനും. അവൻ പൂർവജന്മങ്ങളിൽ പാപങ്ങൾ ചെയ്തിരുന്നു. ഫലമായി ഈ ജന്മത്തിൽ പിശാചുമായി. ആദ്യകാലത്ത് മഹാവിഷ്ണുവിനോടു വിരോധമായിരുന്നു. വിഷ്ണുവിന്റെ പേരു കേൾക്കുന്നതു ചെവിക്കു ശല്യമായിരുന്നു. വിഷ്ണുനാമം ചെവിക്കുള്ളിൽ കടക്കാതിരിക്കണം. അതിനാൽ അവൻ എന്തു ചെയ്തെന്നോ? ഓരോ ചെവിയിലും ഓരോ ഘണ്ട(മണി) കെട്ടിത്തൂക്കി. അതോടുകൂടി ഘണ്ടാകർണ്ണൻ എന്ന പേരും സമ്പാദിച്ചു. എന്നാലും അവൻ ശിവഭക്തിയുള്ള പിശാചായി. കറയില്ലാത്ത ഒന്നായിരുന്നു ഘണ്ടാകർണന്റെ ശിവഭക്തി.

ഒരിക്കൽ അവൻ കൈലാസത്തു ചെന്ന് ശിവനെ വന്ദിച്ചു.

ശിവൻ അരുളിച്ചെയ്തു:

'ഘണ്ടാകർണാ, നിനക്കു വല്ല ആഗ്രഹവും ഉണ്ടെങ്കിൽ പറയാം.'

അവൻ ആവശ്യപ്പെട്ടു:

'ഭഗവാനേ, അവിടുന്ന് എനിക്കു മോക്ഷം തരണം.'

ശിവൻ നിർദ്ദേശിച്ചു:

'നീ ബദരിയിൽ ചെന്ന് മഹാവിഷ്ണുവിനെ ആരാധിക്കൂ.'

അങ്ങനെ ഘണ്ടാകർണൻ ബദരിയിൽ എത്തിച്ചേർന്നു. ഒന്നിച്ച് അവന്റെ അനുജനും അനുചരന്മാരും. ഇവിടന്നു മറ്റൊരിടത്തേക്കു പോകുന്നുണ്ട്. എവിടേക്കെന്നോ? ദ്വാരകയിലേക്ക്. മഹാവിഷ്ണു ശ്രീകൃഷ്ണനായി ദ്വാരകയിൽ അവതരിച്ചിട്ടുണ്ടത്രെ. ശ്രീകൃഷ്ണനെ കണ്ടു വന്ദിക്കണം.

അത്രയും കേൾപ്പിച്ചിട്ട് ഘണ്ടാകർണൻ പറഞ്ഞു:

'ഹേ മനുഷ്യാ, നീയും ഇവിടുന്നു പൊയ്ക്കൊള്ളൂ. അർദ്ധരാത്രി കഴിഞ്ഞിരിക്കുന്നു. എനിക്ക് ഇവിടെ ഒരു കാര്യം ചെയ്യാനുമുണ്ട്.'

ഘണ്ടാകർണൻ ധാരാളം പച്ചമാംസം കടിച്ചുതിന്നു. അങ്ങനെ വിശപ്പിന് അറുതിവരുത്തി. രക്തം കുടിച്ച് ദാഹത്തിനു ശമനമുണ്ടാക്കി. തുടർന്നു നിലത്ത് ദർഭപ്പുല്ലു വിരിച്ച് അതിലിരുന്നു. അനുചരന്മാരെയും വേട്ടപ്പട്ടികളെയും ദൂരെ നിർത്തി. എന്നിട്ട് മന്ത്രം ചൊല്ലി പ്രാർത്ഥിച്ചു:

'ഓം, നമോ നാരായണായ! മേലാൽ എനിക്കു ജന്മമില്ലാതാക്കണേ! ജീവിച്ചിരിക്കുമ്പോൾ, മരണത്തെ നേരിടുമ്പോൾ, എന്റെ മനസ്സ് അവിടുത്തിൽ ലയിച്ചിരിക്കണേ! ഞാൻ അവിടുത്തെ ദാസന്മാരിൽ ദാസനാണ്. ഈ പിശാചിങ്കൽ കരുണയുണ്ടാകണേ! എന്റെ ചിത്തം അവിടുത്തിൽ രമിക്കുമാറാകണം അവിടുത്തിൽമാത്രം!'

അതോടുകൂടി ഘണ്ടാകർണന്റെ മനസ്സ് മഹാവിഷ്ണുവിൽ ലയിച്ചു. മറ്റൊന്നും അവൻ കണ്ടില്ല. കേട്ടില്ല. അത്രമാത്രം ഏകാഗ്രമായിരുന്നു അവന്റെ ധ്യാനം.

അവനെ അനുഗ്രഹിക്കുകതന്നെ അതായി ശ്രീകൃഷ്ണന്റെ നിശ്ചയം.

താമസിയാതെ ഘണ്ടാകർണന്റെ ഉൾക്കണ്ണ് തനിയെ തുറക്കുകയായി. അവൻ ആ ഉൾക്കണ്ണുകൊണ്ട് ഒരു രൂപം കണ്ടു—ശ്രീകൃഷ്ണന്റെ രൂപം. എത്ര വിശദമായിട്ടാണ് ആ രൂപം തെളിഞ്ഞുനിൽക്കുന്നത്! അവന്റെ മനസ്സിൽ ആനന്ദം നിറഞ്ഞുകഴിഞ്ഞു.

കുറേനേരം കഴിഞ്ഞ് അവൻ പുറംകണ്ണു തുറന്നു. അതാ പുറംകണ്ണുകൊണ്ടും കാണുന്നു ശ്രീകൃഷ്ണരൂപം. അതും ഉൾക്കണ്ണുകൊണ്ടു കണ്ട രൂപംപോലെ മിഴിവോടുകൂടി.

ഘണ്ടാകർണൻ ഭക്തികൊണ്ട് ഭ്രാന്തനായി. അവൻ ചാടി എഴുന്നേറ്റു. ഏറ്റവും ഉറക്കെ പൊട്ടിച്ചിരിച്ചു. കൈകൾ കൊട്ടി നൃത്തംചെയ്തു. ഭഗവാനെ വാഴ്ത്തി സ്തുതിച്ചു.

ശ്രീകൃഷ്ണൻ ആ പിശാചിനെ തൊട്ടുതലോടി. പിശാചു നിന്നിടത്ത് അതാ മറ്റൊരു രൂപം നിൽക്കുകയാണ്. ദിവ്യാഭരണങ്ങളും ദിവ്യവസ്ത്രങ്ങളും ധരിച്ച ഒരു ദിവ്യരൂപം!

ഘണ്ടാകർണൻ ദിവ്യനായി സ്വർഗ്ഗത്തു പോയി ഒന്നിച്ച് അവന്റെ അനുജനും.

നടന്നതെല്ലാം പിന്നീട് ശ്രീകൃഷ്ണൻ മുനിമാരെ അറിയിച്ചു. മുനിമാർക്ക് അതിയായ വിസ്മയം ഉണ്ടായി. കണ്ടില്ലേ ഭക്തിയുടെ വൈഭവം!

ബദരിയിൽനിന്ന് ശ്രീകൃഷ്ണൻ കൈലാസത്തിലെത്തി. ഗരുഡന്റെ പുറത്തുനിന്നു നിലത്തിറങ്ങി. അവിടെയിരുന്നു ശിവനെ ഭജിച്ചു.

ശിവൻ പ്രത്യക്ഷനായി.

ശ്രീകൃഷ്ണന്റെ കൈപിടിച്ചുകൊണ്ട് ശിവൻ പറഞ്ഞു:

'കൃഷ്ണാ, എന്താണ് അങ്ങയുടെ ഉദ്ദേശ്യം എന്ന് എനിക്ക് അറിയാം. ഞാൻ മുമ്പുതന്നെ അങ്ങേയ്ക്ക് വേണ്ടതുപോലെ ഒരു പുത്രനെ നിശ്ചയിച്ചിട്ടുണ്ട്. മൂന്നാമതൊരിക്കൽ ഞാൻ കാമദേവനെ ചുട്ടെരിക്കുകയുണ്ടായല്ലോ. കാമദേവൻ അങ്ങയുടെ പുത്രനായി ജനിക്കും.'

ഒന്നുകൂടി ശിവൻ പറയുകയുണ്ടായി:

'അങ്ങുതന്നെയാണ് ഞാൻ. അങ്ങയെ ഭജിക്കുന്നവർ എന്നെയും ഭജിക്കുന്നു.'

ശ്രീകൃഷ്ണൻ ശിവനോട് യാത്രപറഞ്ഞു. ഗരുഡന്റെ പുറത്തുകയറി ബദരിയിലെ ആശ്രമത്തിൽ തിരിച്ചെത്തി. മുനിമാരോടൊന്നിച്ച് അവിടെ പാർത്തു.

ആയിടയ്ക്ക് നാരദൻ പൗണ്ഡ്രകനെ ചെന്നുകണ്ടു.

പൗണ്ഡ്രകൻ ശ്രീകൃഷ്ണന്റെ ബദ്ധശത്രുവാണല്ലോ. അയാൾ നാരദനെ സത്കരിച്ചിരുത്തി. പലതും സംസാരിച്ച കൂട്ടത്തിൽ ഒന്നു പറഞ്ഞു:

'മഹർഷേ, ഞാൻ ദ്വാരകയെ ആക്രമിക്കാൻ പോകുന്നു. കൃഷ്ണനെ വധിക്കുകയുംചെയ്യും. അങ്ങ് എന്റെ നിശ്ചയം എല്ലാവരെയും അറിയിക്കണം.'

നാരദന് ഇഷ്ടമായില്ല എന്നു മാത്രമല്ല, കോപവും ഉണ്ടായി.

'പൗണ്ഡ്രകാ, ഞാനതു ചെയ്യുകയില്ല. നടക്കാൻ പോകുന്നതു ഞാൻ പറഞ്ഞുതരാം. ശ്രീകൃഷ്ണൻ നിങ്ങളുടെ ഗർവം ശമിപ്പിക്കും!'

അതു കേട്ടപ്പോൾ പൗണ്ഡ്രകന്റെ ക്രോധം പൊട്ടിപ്പുറപ്പെട്ടു.

'നാരദാ, ഇനി ഇവിടെ നിൽക്കണ്ട. കടന്നുപൊയ്ക്കൊള്ളൂ!'

മഹർഷി ഉടൻതന്നെ ഇറങ്ങിപ്പോയി. ആകാശമാർഗ്ഗത്തിലൂടെ ബദരിയിലെത്തി. ശ്രീകൃഷ്ണനെ കണ്ട് നടന്നതെല്ലാം അറിയിച്ചു.

പൗണ്ഡ്രകൻ ദ്വാരകയെ ആക്രമിക്കുകതന്നെ ചെയ്തു. ആക്രമിച്ചതോ, അർദ്ധരാത്രിയിലും. ആദ്യം യാദവന്മാർ അല്പമൊന്നു ചഞ്ചലപ്പെട്ടു. എങ്കിലും വേഗം ധൈര്യം വീണ്ടെടുത്തു. എന്നിട്ട് സൈന്യം സജ്ജമാക്കി യുദ്ധത്തിനിറങ്ങി. കുരിശുട്ടത്ത് പന്തം കൊളുത്തിപ്പട!'

ബലരാമൻ, സാത്യകി, മറ്റു മഹാരഥന്മാർ എല്ലാ യാദവനേതാക്കളും മഹാപരാക്രമം പ്രദർശിപ്പിച്ചു. അതുപോലെ പൗണ്ഡ്രകനും കൂട്ടരും മറുഭാഗത്തും. സമരം ഏറ്റവും ഘോരമായി.

രാവിലെ ശ്രീകൃഷ്ണൻ ഗരുഡന്റെ പുറത്തു കയറി ബദരിയിൽനിന്നു യാത്രയായി. ദ്വാരകയുടെ കുറെ ദൂരത്തിനപ്പുറം എത്തിയപ്പോഴോ? ഭീകരമായ ഒരു ആരവം കേൾക്കുന്നു. യുദ്ധം നടക്കുകയാണ് എന്നു സ്പഷ്ടം. പൗണ്ഡ്രകന്റെ ആക്രമണം എന്നു മനസ്സിലായി. ഭഗവാൻ പാഞ്ചജന്യം എന്ന ശംഖെടുത്ത് ഉറക്കെയൊന്ന് ഊതി. ആ ശംഖധ്വനി പടക്കളത്തിൽ ചെന്നലച്ചു. എല്ലാവർക്കും അറിവായി ശ്രീകൃഷ്ണൻ വരികയാണെന്ന്. യാദവന്മാർക്ക് ഉത്സാഹംകയറി. ചിലർ പള്ളിത്തേരു കൊണ്ടുവന്നു. ശ്രീകൃഷ്ണൻ ഗരുഡനെ അയച്ചിട്ടു പള്ളിത്തേരിൽ കയറി. എന്നിട്ടു പടക്കളത്തിലേക്കു പാഞ്ഞുചെന്നു.

ശ്രീകൃഷ്ണന്റെ വരവോടുകൂടി യുദ്ധത്തിന്റെ നിലയൊന്നു മാറി.

ഒടുവിൽ ശ്രീകൃഷ്ണനും പൗണ്ഡ്രകനും ദ്വന്ദ്വയുദ്ധത്തിലേറ്റു.

ഭഗവാന്റെ ചക്രം പൗണ്ഡ്രകനെ കൊന്നുവീഴ്ത്തി.

പിന്നീട് ആ സംഭവം ഉണ്ടായി—എന്തിനുവേണ്ടി ശ്രീകൃഷ്ണൻ കൈലാസത്തു പോയോ, ആ സംഭവം. രുഗ്മിണി ഒരു പുത്രനു ജന്മമേകി—കാമദേവന്റെ മനുഷ്യരൂപം!

(മഹാഭാരതം)

ജരാസന്ധൻ പതിനേഴു തവണ ശ്രീകൃഷ്ണനെ എതിർത്തു. പതിനേഴു തവണയും തോൽവിപറ്റിയത് ജരാസന്ധനാണ്. ആ മുഷ്കരൻ പതിനെട്ടാം തവണയും ആക്രമിക്കാനൊരുങ്ങി. ഇപ്രാവശ്യം മഥുര പിടിച്ചടക്കണം. പോര, ശ്രീകൃഷ്ണനെ കൊല്ലണം. അതാണ് അയാളുടെ ദൃഢനിശ്ചയം.

യാദവന്മാരിൽ ചിലർക്കു ഭയപ്പാടായി. അതിനു പ്രത്യേകിച്ചു കാരണമുണ്ട്. പതിനേഴു തവണ ആക്രമണങ്ങൾ ചെറുക്കുകയുണ്ടായല്ലോ. അതിനിടയ്ക്കു തകരാറുകൾ പലതും പറ്റുകയുണ്ടായി. ഭക്ഷണപദാർത്ഥങ്ങൾ കുറവായി. കോട്ടകൊത്തളങ്ങൾ ദുർബലമായി. കിടങ്ങിലെ വെള്ളം കേടായി. വാതിലുകൾ ദുർബലമായി. ശസ്ത്രശാലകൾ ശൂന്യമായി. സൈന്യം പകുതിയോളം നഷ്ടമായി.

ചിലർ ശ്രീകൃഷ്ണനോടു പരാതി പറഞ്ഞു.

ശ്രീകൃഷ്ണൻ പ്രധാനപ്പെട്ട ഒരു നിശ്ചയമെടുത്തു. തത്കാലം ജ്യേഷ്ഠനോടുകൂടി മഥുര വിട്ടു പോവുകതന്നെ. ജരാസന്ധനെ ഭയന്ന് ഓടിപ്പോയതാണ്—അതായിരിക്കണം നാട്യം. പോകുന്നതു തെക്കൻദിക്കിലേക്കായിരിക്കണം. ജരാസന്ധൻ മഥുരയിൽ കയറാതെ അവരുടെ പുറകെ പോകും. അവരെ പിടികൂടാനാവും അയാളുടെ പ്രയത്നം. ഈ യാത്ര തങ്ങൾക്കു പ്രയോജനപ്പെടും; മാത്രമല്ല, മഥുരയിലെ നിവാസികൾക്കും.

ബലരാമനോടുകൂടി ശ്രീകൃഷ്ണൻ തെക്കൻദിക്കിലേക്കു യാത്രയായി.

യാത്രാമദ്ധ്യേ അവർ ഒരു നദിയുടെ തീരത്തിലെത്തി. അവിടെ വന്നിച്ചൊരു അരയാൽമരം നില്പുണ്ട്. അരയാലിനു ചുവട്ടിൽ ഒരു യോഗി ഇരിപ്പുണ്ട്. ധ്യാനത്തിൽ മുഴുകിയിരിക്കുകയാണു യോഗി. കണ്ടയുടൻ ശ്രീകൃഷ്ണനു മനസ്സിലായി. മറ്റാരുമല്ല, സാക്ഷാൽ പരശുരാമൻ!

ധ്യാനത്തിൽനിന്നുണർന്നപ്പോൾ പരശുരാമൻ ആരെയാണു കണ്ടത്? കൈകൂപ്പി നിൽക്കുന്ന ശ്രീകൃഷ്ണനെയും ബലരാമനെയും.

അവർ വന്ന കാര്യം അറിയിച്ചു.

പരശുരാമൻ ചിലതെല്ലാം പറഞ്ഞു. കരവീരം എന്ന രാജ്യമാണ് അവിടം. മുമ്പ് കരവീരം ഭരിച്ചിരുന്നതു യദുവംശത്തിൽപ്പെട്ട ചില രാജാക്കന്മാരാണ്. സൗഭാപതി എന്നൊരു രാജാവ് അവരെ ഇല്ലായ്മ ചെയ്തു. ശക്തനും ദുർമദനുമാണ് സൗഭാപതി. ശ്രീകൃഷ്ണനും ബലരാമനും ഇവിടെ തങ്ങരുത്. മറിച്ച്, ഗോമാന്തം എന്ന പർവതത്തിൽ ചെല്ലണം. അവിടെ യുദ്ധത്തിനു തയ്യാറായി നിൽക്കണം. ജരാസന്ധൻ ഗോമാന്തത്തിൽ വന്നെത്തും. അക്കാര്യം പരശുരാമനു തീർച്ചയായിരുന്നു.

ശ്രീകൃഷ്ണനും ബലരാമനും ഗോമാന്തത്തിലേക്കു പോയി. അവരോടൊന്നിച്ച് പരശുരാമനും. അവർ പർവതത്തിന്റെ കൊടുമുടിയിൽ പാർപ്പിടം കെട്ടി.

പരശുരാമൻ പറഞ്ഞു:

'കൃഷ്ണാ, എനിക്ക് ഒരിടത്തേക്കു പോകേണ്ടതുണ്ട്. ഞാൻ നിങ്ങൾക്കു ജയാശിസ്സ് അരുളുന്നു.'

പരശുരാമൻ പോയതിൽപ്പിന്നെ മൂന്നു ദേവിമാരുടെ വരവുണ്ടായി വാരുണീദേവി, കാന്തിദേവി, ലക്ഷ്മിദേവി. അവർ ചില ദിവ്യവസ്തുക്കൾ ബലരാമനും സമ്മാനിച്ചു—മണികിരീടം,വജ്രകുണ്ഡലം, പട്ടുവസ്ത്രം എന്നിവ. ശ്രീകൃഷ്ണനായി ഒരു ദിവ്യകിരീടം വന്നെത്തി. കൊണ്ടുവന്നതോ, ഗരുഡനും.

ആ കിരീടത്തിന് ഒരു പൂർവചരിത്രമുണ്ട്.

മഹാവിഷ്ണുവിന്റെ വകയായിരുന്നു കിരീടം. ഒരിക്കൽ മഹാവിഷ്ണു നിദ്രയിൽ ലയിച്ചിരുന്നു. വൈരോചനൻ എന്ന അസുരൻ കിരീടം കട്ടുകൊണ്ടുപോയി. അതിനെ സമുദ്രത്തിനടിയിൽ ഒളിച്ചുവെച്ചു. ഗരുഡൻ അതു കണ്ടുപിടിച്ചു. എടുത്തുകൊണ്ടു പോരികയുംചെയ്തു.

ശ്രീകൃഷ്ണൻ ആ കിരീടം ധരിച്ചു വിളങ്ങി.

ദൂരെ ഒരു ആരവം കേൾക്കുമാറായി. ജരാസന്ധന്റെ സൈന്യം വരികയാണ്. കൊടിക്കൂറകളും കാണുമാറായി. ആയുധങ്ങൾ സൂര്യരശ്മികളേറ്റു മിന്നി. ഭടന്മാർ മലയുടെ അടിവാരത്തിലെത്തി. അവരെ നയിച്ചുകൊണ്ട് ജരാസന്ധനും.

ബലരാമനെയും ശ്രീകൃഷ്ണനെയും തടവിൽ പിടിക്കണം. അതാണ് ജരാസന്ധന്റെ ഉദ്ദേശ്യം. പക്ഷേ, അതിനായി പർവതത്തെ ഇല്ലായ്മചെയ്യണം. ജരാസന്ധൻ സൈന്യത്തെ പല വിഭാഗങ്ങളാക്കി. ഓരോ വിഭാഗവും പർവതത്തിന്റെ ഒരു ഭാഗം പിളർക്കണം. അങ്ങനെ പർവതത്തെ നിലംപറ്റിക്കണം!

ജരാസന്ധന്റെ സ്നേഹിതനാണ് ചേദിരാജാവ്.

ആ രാജാവ് പറഞ്ഞു:

'സ്നേഹിതാ, നമ്മുടെ ഭടന്മാർക്കു മല കയറേണ്ടതില്ല. മുള്ളും കല്ലും പാറയുമൊക്കെ അധികമാണ്. പോരെങ്കിൽ ബലരാമനെയും കൃഷ്ണനെയും അവഗണിച്ചുകൂടാ. അവർ പല വീരകൃത്യങ്ങളും ചെയ്തിട്ടുള്ളവരാണ്. നമുക്കു നല്ലൊരു പണി പറ്റിക്കാം. ചുറ്റിനും വിറകും ഉണക്കപ്പുല്ലും കൂട്ടിയിടണം. അതിനു തീ കൊളുത്തുകയും വേണം. ഇരുവരും തീയിൽപ്പെട്ട് വെന്തുചത്തുപോകും. ഇനി അതുണ്ടായില്ല എങ്കിൽത്തന്നെയുമോ? അവർ ജീവരക്ഷയ്ക്കായി ഇറങ്ങിവരും. അപ്പോൾ നമുക്ക് അവരെ പിടികൂടാം.'

ആ നയം ജരാസന്ധനു സ്വീകാര്യമായി. മാത്രമല്ല, ചങ്ങാതിമാരായ മറ്റു രാജാക്കന്മാർക്കും. ഭടന്മാർ വിറകും ഉണക്കപ്പുല്ലും ശേഖരിച്ചു. അവ മലകൾക്കു ചുറ്റുമായി കൂട്ടി. അതിനു തീ കൊളുത്തി. തീയ് കാറ്റേറ്റു ചുറ്റിനും ആളിക്കത്തി. അനുക്ഷണം വ്യാപിച്ചുതുടങ്ങി. വൃക്ഷങ്ങളും ചെടികളും ക്ഷണനേരത്തിൽ കരിഞ്ഞു. മൃഗങ്ങളും പക്ഷികളും ദഹിച്ചു ചത്തു. വാനിലാകെ കനത്ത പുക പരന്നു. പാറക്ഷണങ്ങൾ നാലുപാടും പൊട്ടിത്തെറിച്ചു. ഗോമാന്തപർവതമാകെ കത്തുംപോലെ തോന്നി.

ബലഭദ്രൻ ശ്രീകൃഷ്ണനോടു പറഞ്ഞു:

'അനുജാ, ഇനി നാം അടങ്ങിയിരുന്നുകൂടാ. ഇവരെ കൊന്നൊടുക്കുകതന്നെ വേണം.'

അദ്ദേഹം തീയുടെ മുകളിലൂടെ ഉയർന്നു ചാടി. അങ്ങനെ ശത്രുക്കളുടെ മുമ്പിലെത്തി ശ്രീകൃഷ്ണൻ ജ്യേഷ്ഠനെ അനുകരിച്ചു ചാടി. അതിനിടയിൽ ഭഗവാൻ എന്തു ചെയ്തെന്നോ? കാൽകൊണ്ട് പർവതത്തെ ഒന്ന്

അമർത്തി. പർവതം ആകെയൊന്നു താഴ്ന്നു. താഴ്ന്നപ്പോൾ അടിയിലുള്ള വെള്ളം പുറത്തുചാടി. ആ വെള്ളം കത്തുന്ന തീയെ കെടുത്തി.

ഒന്നു പ്രത്യേകമായിരുന്നു ബലരാമൻ പ്രദർശിപ്പിച്ച പരാക്രമം. അദ്ദേഹം ക്രോധത്തോടെ എതിരാളികളുടെ ഇടയിലേക്കു ചാടി. കലപ്പയെടുത്തു തേരുകളെ അടിച്ചു തകർത്തു. പടയാനകളെയും പടക്കുതിരകളെയും കൊന്നൊടുക്കി. മാത്രമല്ല, കാലാൾഭടന്മാരെയും.

ആ ഭാഗത്തു ജീവനോടെ ശേഷിച്ചവർ ജരാസന്ധനെ അഭയം പ്രാപിച്ചു.

ജരാസന്ധൻ അവരെ ശകാരിച്ചു:

'മോശം! നിങ്ങൾ പേടിച്ചോടുന്നോ? കേവലം ഒരു ശത്രുവിനെ എതിർക്കാൻ നിങ്ങൾക്കു കെല്പില്ല, അല്ലേ? തിരിയെച്ചെന്ന് ആ ശത്രുവിനെ കൊല്ലുവിൻ!'

പക്ഷേ, ആ ഉത്തേജനം ഫലമൊന്നും ഉളവാക്കിയില്ല. ബലരാമനും ശ്രീകൃഷ്ണനും ചെന്നു ശത്രുക്കളെ നശിപ്പിക്കുകയാണ്. തൃച്ചക്രത്തിന്റെ ശക്തി പ്രത്യേകിച്ചു പറയേണ്ടതുണ്ടോ?

ശ്രീകൃഷ്ണൻ വിളിച്ചുചോദിച്ചു:

'എവിടെ നിങ്ങളുടെ നേതാവായ ജരാസന്ധൻ? എന്തുകൊണ്ടാണ് അവനെ കാണാത്തത്?'

അതു കേട്ട് ജരാസന്ധൻ മുമ്പോട്ടു ചെന്ന് ബലരാമനോടേറ്റു. ഇരുവരും തമ്മിൽ ഒരു ഗദായുദ്ധം ഉണ്ടായി. ഏറ്റവും പ്രസിദ്ധരായ ഗദായുദ്ധവീരന്മാരാണ് ഇരുവരും. അവരുടെ ഗദകൾ തമ്മിൽ മുട്ടുന്ന ശബ്ദമില്ലേ? അതു തുടരെത്തുടരെയുള്ള ഇടിവെട്ടുകൾപോലെ തോന്നി.

ഒരു അശരീരി കേൾക്കുമാറായി:

'ജരാസന്ധനെ വധിക്കുന്നത് ബലരാമനല്ല, മറ്റൊരാളാണ്. അക്കാര്യം നേരത്തെ നിശ്ചയിച്ചിട്ടുണ്ട്!'

നിവൃത്തിയില്ലാതെ ബലരാമൻ ദ്വന്ദയുദ്ധം മതിയാക്കി. തുടർന്ന് ജരാസന്ധനും.

ശ്രീകൃഷ്ണന്റെ ഒരു ചാർച്ചക്കാരനാണ് ചേദിരാജാവ്. അദ്ദേഹം ജരാസന്ധനെ ഉപേക്ഷിച്ചു ശ്രീകൃഷ്ണന്റെ പക്ഷത്തു ചേർന്നു.

'കൃഷ്ണാ. ഞാൻ പലവട്ടവും ജരാസന്ധനോട് ഒന്ന് അപേക്ഷിക്കയുണ്ടായി അങ്ങയോടുള്ള വിരോധം മതിയാക്കണമെന്ന്. അയാൾ എന്റെ അപേക്ഷ കൈക്കൊണ്ടില്ല. അതുകൊണ്ടു ഞാൻ അയാളുടെ പക്ഷം വിട്ടിരിക്കയാണ്. ഞാനിതാ രണ്ടു തേരുകൾ കൊണ്ടുവന്നിരിക്കുന്നു. നിങ്ങൾ രണ്ടുപേരും തേരുകളിൽ കയറണം. നമുക്കു കരവീരരാജ്യത്തിലെ സൃഗാലരാജാവിനെ കാണാം.'

ശ്രീകൃഷ്ണനും ബലരാമനും തേരുകളിൽ കയറി. ചേദിരാജാവ് അവരെ കരവീരത്തിലേക്കു നയിച്ചു. മൂന്നു ദിവസം യാത്രചെയ്ത് അവർ അവിടെ എത്തിച്ചേർന്നു.

സൃഗാലന് അവർ വന്നിരിക്കുന്ന വിവരം അറിവായി.

ആ ധൃഷ്ടൻ അവരുടെ മുമ്പിലെത്തി.

അയാൾ പറഞ്ഞു:

'കൃഷ്ണാ, നിങ്ങൾ രണ്ടുപേരും ഗോമാന്തത്തിൽ ചെയ്തതെല്ലാം ഞാനറിഞ്ഞു. എന്നാൽ, ഞാൻ ജരാസന്ധനല്ല എന്നു നിങ്ങൾ മനസ്സിലാക്കണം.

ഞാൻ നിങ്ങളുടെ എതിരെ എന്റെ സൈന്യത്തെ നയിക്കുന്നില്ല. എനിക്കും നിനക്കും ഒറ്റയ്ക്കു പൊരുതണം. ധർമയുദ്ധത്തിന്റെ നിയമം നമുക്ക് അനുസരിക്കാം. ഒരാൾ മരിക്കുംവരെ ആയിരിക്കും നമ്മുടെ ദ്വന്ദ്വയുദ്ധം.

അങ്ങനെ ആ ദ്വന്ദ്വയുദ്ധം ആരംഭിക്കയായി. കുറെ നേരം അതു തുല്യനിലയിൽ തുടർന്നുപോയി. ഒടുവിൽ ശ്രീകൃഷ്ണൻ തൃച്ചക്രം പ്രയോഗിച്ചു. ആ ദിവ്യായുധം സൃഗാലനെ കൊന്നുവീഴ്ത്തി.

രാജാവ് മരിച്ചുവീഴുന്നതു ടേന്മാർ കണ്ടപ്പോഴോ? ഭൂരിപക്ഷം പേരും പേടിച്ച് ഓടിപ്പോയി. ചുരുക്കം ചിലർ മൃതശരീരത്തിനു ചുറ്റും നില കൊണ്ടു. അവരെല്ലാം കരയുന്നുണ്ടായിരുന്നു.

നഗരത്തിനുള്ളിൽനിന്ന് സൃഗാലന്റെ മന്ത്രിമാർ വന്നുചേർന്നു. മാത്രമല്ല, രാജപത്നിമാരും രാജപുത്രന്മാരും ബന്ധുക്കളും. അവരെ പൗരന്മാരും അനുഗമിച്ചു. വലിയൊരു ആൾക്കൂട്ടം!

ശക്രദേവനാണ് സിംഹാസനത്തിന് അവകാശി. പക്ഷേ, ശക്രദേവൻ ബാലനാണ്. രാജകുമാരന്റെ മാതാവ് പദ്മാവതി എന്ന പട്ടമഹിഷിയാണ്. പദ്മാവതി പുത്രനെയുംകൊണ്ട് ശ്രീകൃഷ്ണന്റെ സവിധത്തിലെത്തി.

രാജ്ഞി പറഞ്ഞു:

'കൃഷ്ണാ, ഇവൻ ഞങ്ങളുടെ ഏകപുത്രനാണ്. അങ്ങ് അവനെ സ്വന്തം പുത്രനായി കരുതണം.'

ശ്രീകൃഷ്ണൻ പദ്മാവതിയെ സാന്ത്വനപ്പെടുത്തി.

'എന്റെ വിരോധമെല്ലാം തീർന്നിരിക്കുന്നു. ഞാൻ ശക്രദേവനു ശരണം നൽകുകയാണ്. അവനെ കരവീരത്തിലെ രാജാവാക്കുകയും ചെയ്യുന്നു.'

ഭഗവാൻതന്നെ ശക്രദേവന്റെ അഭിഷേകം നടത്തി.

അതിനുശേഷം ഭഗവാൻ ബലരാമനോടുകൂടി കരവീരം വിട്ടു. യഥാകാലം മഥുരയിൽ എത്തിച്ചേർന്നു. മഥുരയിലെ നിവാസികൾ അവർക്കു ഹാർദമായ സ്വാഗതമേകി.

(മഹാഭാരതം)

അർജ്ജുനന്റെ രഥം

ദുര്യോധനനും ഭീമനും തമ്മിൽ അവസാനത്തെ യുദ്ധമുണ്ടായി. ഭീമൻ ദുര്യോധനന്റെ തുട തല്ലിയൊടിച്ച് അയാളെ നിലത്തു വീഴ്ത്തി.

അതു കഴിഞ്ഞ് പാണ്ഡവന്മാർ തങ്ങളുടെ കൈനിലകളിലേക്കു പോയി.

ശ്രീകൃഷ്ണനും അർജുനനും ഒന്നിച്ചാണു പോയത്. അതോ, അർജുനന്റെ തേരിലും. അവർ കൈനിലയിൽ എത്താറായി. അപ്പോൾ ശ്രീകൃഷ്ണൻ പറഞ്ഞു:

'അർജുനാ, ആദ്യം ഗാണ്ഡീവവും മറ്റ് ആയുധങ്ങളും താഴത്തിറക്കിവെക്കൂ എന്നിട്ട് നീയും ഇറങ്ങിക്കൊള്ളൂ. ഞാൻ അവസാനം ഇറങ്ങാം.'

അതിന്റെ പൊരുൾ അർജുനനു മനസ്സിലായില്ല. അദ്ദേഹം ശ്രീകൃഷ്ണന്റെ നിർദ്ദേശപ്രകാരം പ്രവർത്തിച്ചു. ആയുധങ്ങൾ തേരിൽനിന്ന് ഇറക്കിയിട്ടു താനും ഇറങ്ങി.

ഒടുവിലായി ശ്രീകൃഷ്ണൻ തേരിൽനിന്നു നിലത്തിറങ്ങി.

ഉടനെ എന്താണു സംഭവിച്ചതെന്നോ? തേര് കത്തിയെരിഞ്ഞു ചാമ്പലായി. ഒന്നിച്ച് അതിലുള്ള സകല സാമഗ്രികളും കുതിരകളും!

കണ്ടുനിന്ന പാണ്ഡവന്മാർ അന്ധാളിച്ചു.

അർജ്ജുനൻ ചോദിച്ചു:

'ഭഗവാനേ എന്താണ് ഇതിനു കാരണം?'

ശ്രീകൃഷ്ണൻ ഉത്തരം നൽകി:

'അർജ്ജുനാ, ചില എതിരാളികളുടെ മഹാസ്ത്രങ്ങൾ മുമ്പുതന്നെ തേരിൽ കൊള്ളുകയുണ്ടായി. അപ്പോൾത്തന്നെ തേര് വെന്തുപോയിരുന്നു. ഞാൻ ഇരുന്നതുകൊണ്ടുമാത്രം നശിച്ചില്ല. ഇപ്പോൾ ഞാനിറങ്ങിയില്ലേ? ഉടൻ അതു ചാമ്പലായി!'

(മഹാഭാരതം)

യുധിഷ്ഠിരന്റെ അശ്വമേധം

കുരുക്ഷേത്രത്തിലെ മഹായുദ്ധം അവസാനിച്ചു. പാണ്ഡവന്മാർ വിജയികളായി. കൗരവന്മാർ ചത്തൊടുങ്ങി. യുധിഷ്ഠിരൻ രാജാവായി.

ഗംഭീരമായ ഒരു അശ്വമേധം നടത്തണം—വ്യാസൻ യുധിഷ്ഠിരനെ ഉപദേശിച്ചു.

അശ്വമേധത്തിനു ചില ചടങ്ങുകളൊക്കെയുണ്ട്. രാജാവ് ഒരു വർഷം നീണ്ടുനിൽക്കുന്ന വ്രതം ആരംഭിക്കണം. സർവലക്ഷണങ്ങളും തികഞ്ഞ ഒരു കുതിരയെ കണ്ടുപിടിക്കണം. കുതിര നിർബാധമായി സഞ്ചരിക്കണം. വല്ലവരും അതിനെ പിടിച്ചുകെട്ടിയാലോ? അവരെ യുദ്ധംചെയ്തു തോല്പിക്കണം. എല്ലാ വിവരങ്ങളും സ്വർണത്തകിടിൽ രേഖപ്പെടുത്തണം. സ്വർണത്തകിട് കുതിരയുടെ നെറ്റിയിൽ കെട്ടിത്തൂക്കണം. കുതിര തിരിച്ചെത്തുമ്പോൾ യാഗവും നടത്തണം. ചടങ്ങുകളിൽ ചിലതു മാത്രമാണ് ഇവയൊക്കെ.

സർവലക്ഷണങ്ങളുമുള്ള അശ്വം യുധിഷ്ഠിരന്റെ പക്കലില്ല. അങ്ങനെ ഒന്നിനെ എവിടന്നു സമ്പാദിക്കും? വ്യാസൻ ഒരു വഴികാട്ടി. ഭദ്രാവതി എന്നൊരു രാജ്യമുണ്ട്. യൗവനാശ്വൻ എന്ന രാജാവാണ് ഭദ്രാവതി ഭരിക്കുന്നത്. മഹാശക്തനും മഹാവീരനുമാണ് യൗവനാശ്വൻ. ആ രാജാവിനു ലക്ഷണങ്ങൾ തികഞ്ഞ അശ്വമുണ്ട്. അതിനെ കൊണ്ടുപോരണം.

ഏറ്റവും വിഷമമുള്ളതാണ് ആ കൃത്യം. ആരാണ് അതിനായി തുനിഞ്ഞിറങ്ങുക? അതായി പാണ്ഡവന്മാരുടെ ആലോചന.

ഭീമൻ ശപഥം ചെയ്തു.

'ഞാൻ കുതിരയെ കൊണ്ടുവരും. എനിക്കു സാധിച്ചില്ലെങ്കിലോ? ഞാൻ മഹാപാപങ്ങളുടെ ഫലം അനുഭവിക്കുമാറാകട്ടെ!'

വൃഷധ്വജൻ പറഞ്ഞു:

'ഞാനും കൂടി വരുന്നുണ്ട്.'

കർണന്റെ പുത്രനാണ് വൃഷധ്വജൻ. യുദ്ധത്തിൽ കർണൻ പരലോകം പ്രാപിച്ചിരുന്നു. പിന്നീടാണ് പാണ്ഡവന്മാർക്ക് ആ സത്യം അറിവായത്—തങ്ങളുടെ ജ്യേഷ്ഠനായിരുന്നു കർണൻ എന്ന്. ജ്യേഷ്ഠനെ തങ്ങൾ വധിക്കുകയാണു ചെയ്തത്. പാണ്ഡവന്മാർ അതിൽ ദുഃഖിച്ചു. അവർ കർണപുത്രനെ വാത്സല്യത്തോടെ വളർത്തി.

മേഘവർണൻ പറഞ്ഞു:

'വൃഷധ്വജനോടുകൂടി ഞാനും പോകും!'

ഭീമന്റെ പുത്രനായിരുന്നല്ലോ ഘടോൽക്കചൻ. യുദ്ധത്തിൽ ഘടോൽക്കചൻ വീരസ്വർഗം പ്രാപിച്ചിരുന്നു. ഘടോൽക്കചന്റെ പുത്രനാണ് മേഘവർണൻ. പിതാവിനെപ്പോലെ പുത്രനും രാക്ഷസനാണ്. ദേഹബലം മാത്രമല്ല, മായാബലവുമുണ്ട് ആ യുവാവിന്.

വൃഷധ്വജനും മേഘവർണനും പോകേണ്ടതില്ല—അതായിരുന്നു യുധിഷ്ഠിരന്റെ അഭിപ്രായം. പക്ഷേ, അവർ നിർബന്ധംപിടിച്ചു. യുധിഷ്ഠിരനു വഴങ്ങേണ്ടതായും വന്നു.

ശ്രീകൃഷ്ണന്റെ അഭിപ്രായം അറിയണമല്ലോ? യുധിഷ്ഠിരൻ ശ്രീകൃഷ്ണനെ ഭക്തിയോടെ പ്രാർത്ഥിച്ചു. അടുത്ത ക്ഷണത്തിൽ അതാ മുമ്പിൽ നിൽക്കുന്നു ശ്രീകൃഷ്ണൻ!

പാണ്ഡവന്മാർ ഭഗവാനെ വന്ദിച്ചു.

യുധിഷ്ഠിരൻ അശ്വമേധത്തെക്കുറിച്ച് അറിയിച്ചു.

ശ്രീകൃഷ്ണൻ പറഞ്ഞു:

'യുധിഷ്ഠിരാ എന്തു സാഹസമാണു കാണിച്ചത്! യൗവനാശ്വന്റെ കുതിരയെ കൊണ്ടുപോരണമത്രെ! അങ്ങേയ്ക്ക് അറിയാമോ യൗവനാശ്വന്റെ ശക്തി? പോരെങ്കിൽ വിഷ്ണുഭക്തന്മാരിൽ മുമ്പനുമാണ് ആ മാജാവ്. ഭീമന്റെ ശപഥം അവിവേകമായിപ്പോയി!'

പാണ്ഡവന്മാർ ചകിതരായി.

ശ്രീകൃഷ്ണൻ ചിരിച്ചുകൊണ്ടു പറഞ്ഞു:

'ഞാൻ നേരത്തോക്കു കാണിച്ചതാണ്, കേട്ടോ? നിങ്ങൾ ഒട്ടും ചഞ്ചലപ്പെടണ്ട. എല്ലാം ശരിയാകും.'

ഭീമൻ പുറപ്പാടായി.

'അർജ്ജുനാ, ഞങ്ങൾ മൂന്നുപേരും ഇതാ പോവുകയാണ്. ഞാൻ വരുംവരെ നീ ജ്യേഷ്ഠനെ നോക്കിക്കൊള്ളണം.'

വൃഷധ്വജനും മേഘവർണനും ഭീമനെ അനുഗമിച്ചു. എല്ലാവരും ആയുധങ്ങൾ ധരിച്ചിട്ടുണ്ട്. അവർക്ക് അതിയായ സമരോത്സാഹവുമുണ്ട്. ദിവസം ഒന്നു കഴിഞ്ഞു. രണ്ടു കഴിഞ്ഞു. മൂന്നു കഴിഞ്ഞു. അപ്പോഴേക്കും അവർ ഉദ്രാവതിയുടെ പരിസരത്തിൽ എത്തിച്ചേർന്നു. ഒരു കുന്നിന്റെ മുകളിലേക്കു കയറി. പച്ചിലച്ചാർത്തുകൾക്കിടയിൽ ഒളിച്ചിരുന്നു. നഗരമാകെ നല്ലവണ്ണം കാണാം. ഐശ്വര്യം കളിയാടുന്ന നഗരം!

തെല്ലകലെയായി ഒരു വലിയ കുളമുണ്ട്. നാട്ടുമൃഗങ്ങൾക്കു കുളിക്കാനും കുടിക്കാനുമുള്ള കുളമാണ് അത്. അക്കാര്യം ഭീമനു മനസ്സിലായി. അതാ കുറെയേറെ പടയാനകൾ കുളത്തിലേക്കു നടക്കുന്നു. അവയുടെ പുറത്ത് പാപ്പാന്മാർ ഇരിക്കുന്നുണ്ട്. ആനകൾ എല്ലാം കൂടി കുളത്തിലിറങ്ങി. എന്തു സൊമോണു പീന്നെ! തുമ്പിക്കൈയിൽ വെള്ളം വലിച്ചുകയറ്റുക, പരസ്പരം

പുറത്തൊഴിക്കുക, അതിനിടയിൽ ചിന്നംവിളിക്കുക, അങ്ങനെ എന്തെല്ലാം! ഒടുവിൽ ആനകൾ കൂളി കഴിഞ്ഞ് നടന്നുപോയി. തുടർന്നു പടക്കുതിരകളുടെ വരവായി. യാഗാശ്വമായി സങ്കല്പിച്ചിട്ടുള്ള കുതിര അവയ്ക്കിടയിലുണ്ടോ? അതായി ഭീമന്റെ പരിശോധന. ഇല്ല. അവനില്ല. കുതിരകൾ കയറിപ്പോയതിനുശേഷം അതുണ്ടായി. ഭടന്മാർ ഏറ്റവും മനോഹരമായ ഒരു അശ്വത്തെ കൊണ്ടുവരികയാണ്. ഒറ്റനോട്ടത്തിൽ മനസ്സിലാക്കാം അശ്വചക്രവർത്തിയാണ് അവനെന്ന്. എന്തൊരു അഴകും പ്രൗഢിയും!

വൃഷധ്വജൻ പറഞ്ഞു:

'ഇളയച്ഛാ, ഞാൻ ചെന്ന് ഭടന്മാരെ യുദ്ധംചെയ്തു തോല്പിക്കാം. യാഗാശ്വത്തെ പിടിച്ചുകൊണ്ടു വരികയുംചെയ്യാം.'

ഭീമന് അതു സമ്മതമായില്ല.

മേഘവർണൻ പറഞ്ഞു:

'മുത്തച്ഛാ, ഞാൻ മായായുദ്ധം ചെയ്ത് അശ്വത്തെ കൊണ്ടുവരാം.'

അതിന് ഭീമൻ അനുവാദമേകി. നൊടിയിടയിൽ മേഘവർണൻ അശ്വത്തിന്റെ അരികിലെത്തി. എന്നിട്ട് ഒരു മായാവിദ്യ പ്രയോഗിച്ചു. ഫലമായി പെട്ടെന്നു കൂരിരുട്ടു പരന്നു. ഇടിയും മിന്നലും മഴയും ഉണ്ടായി. അതോടുകൂടി കല്ലും പൊടിയും വീണുതുടങ്ങി. ദ്രൗപതിയിലെ ഭടന്മാർക്ക് കണ്ണു കാണാൻ വയ്യാതായി. അതിനിടയ്ക്ക് മേഘവർണൻ അശ്വത്തെ എടുത്ത് ആകാശത്തുയർന്നു. അപ്പോഴേക്കും ഇരുട്ടു മാറി സൂര്യപ്രകാശം പരന്നു. ഭടന്മാർ മുകളിൽ എന്താണു കണ്ടത്? ഒരു രാക്ഷസൻ കുതിരയെയുംകൊണ്ട് ആകാശസഞ്ചാരം ചെയ്യുന്നു!

ഭടന്മാർ ഓടിച്ചെന്ന് യൗവനാശ്വനെ വിവരം അറിയിച്ചു. രാജാവിന്റെ കീഴിൽ പ്രത്യേക രീതിയിലുള്ള ചില തേരാളികളുണ്ട്. ഭൂമിയിൽ എന്നപോലെ ആകാശത്തും അവർക്ക് തേർ നടത്താൻ കഴിയും. ആ തേരാളികൾ പോരാളികളുംകൂടിയാണ്. യൗവനാശ്വൻ അവർക്കു ചില ആജ്ഞകൾ നല്കി. അവർ ആകാശത്തുയർന്ന് മേഘവർണനെ തടഞ്ഞു. മേഘവർണൻ എല്ലാവരെയും കൊന്നുവീഴ്ത്തി. എന്നിട്ട് കുന്നിൻപുറത്തു തിരിച്ചെത്തി.

എതിരാളികളുടെ വൻപട വന്നു നിരന്നു. ഭീമന്റെ അനുവാദത്തോടെ വൃഷധ്വജൻ യുദ്ധത്തിനിറങ്ങി. എത്രയെത്ര ശത്രുക്കളെയാണ് ആ യുവവീരൻ കൊന്നൊടുക്കിയത്! എങ്കിലും അവരുടെ സംഖ്യാബലം അത്യധികം ആയിരുന്നു. ഭീമൻ അട്ടഹാസംചെയ്തുകൊണ്ട് വൃഷധ്വജന്റെ സഹായത്തിനെത്തി. ഭൂലോകത്ത് ആർക്കു കഴിയും ഭീമനെ ചെറുത്തുനിൽക്കാൻ? ദ്രൗപതിയിലെ സൈന്യം ഛിന്നഭിന്നമായി എന്നേ പറയേണ്ടതുള്ളൂ.

അതിനിടയ്ക്ക് വൃഷധ്വജനും യൗവനാശ്വനും തമ്മിലിടഞ്ഞു. ആ ദ്വന്ദ്വയുദ്ധം അതീവ ഭയങ്കരമായി. ഒടുവിൽ വൃഷധ്വജൻ തീക്ഷ്ണമായ ഒരു ശരം പ്രയോഗിച്ചു. ആ ശരം യൗവനാശ്വനെ മോഹാലസ്യപ്പെടുത്തി. വേണമെങ്കിൽ വൃഷധ്വജന് എതിരാളിയെ വധിക്കാമായിരുന്നു. അതിനു പകരം ആ യുവവീരൻ എന്താണു ചെയ്തത്? വീണുപോയ ശത്രുവിനെ ശുശ്രൂഷിച്ചു. അയാളെ രക്ഷിക്കണേ എന്ന് ശ്രീകൃഷ്ണനോടു പ്രാർത്ഥിച്ചു. എന്തൊരു മഹത്ത്വം! ഉണർന്നെഴുന്നേറ്റപ്പോൾ യൗവനാശ്വന് ആ മഹത്ത്വം മനസ്സിലായി. അദ്ദേഹം യുദ്ധം നിർത്തി സന്ധിചെയ്തു.

ഇരുവരും ഒന്നിച്ച് ഒരിടത്തേക്കു പാഞ്ഞുചെന്നു അതായത്, ഭീമൻ ശത്രുക്കളെ ഒടുക്കിക്കൊണ്ടിരുന്ന ആ യുദ്ധരംഗത്തേക്ക്. യൗവനാശ്വന്റെ പുത്രൻ സുവേഗൻ ഭീമനോട് അടരാടുകയാണ്. യൗവനാശ്വൻ ഭീമനോടും സന്ധിചെയ്തു. ഭീമൻ സുവേഗനോടുള്ള യുദ്ധം മതിയാക്കി.

യൗവനാശ്വൻ പറഞ്ഞു:

'ഭീമാ, എന്റെ സർവസ്വവും ഇതാ യുധിഷ്ഠിരന് അധീനമാക്കിയിരിക്കുന്നു. അങ്ങയോടുകൂടി ഞാനും ഹസ്തിനപുരത്തേക്കു വരുന്നുണ്ട്. അതിനുമുമ്പ് നിങ്ങൾ മുവരും എന്റെ കൊട്ടാരത്തിലേക്കു വരണം. എന്റെ ആതിഥ്യം സ്വീകരിക്കുകയും വേണം.'

വേണ്ടെന്നു പറയാനൊക്കുമോ? ഭീമനും വൃഷധ്വജനും മേഘവർണനും സമ്മതിച്ചു. അവർ യൗവനാശ്വനെ കൊട്ടാരത്തിലേക്ക് അനുഗമിച്ചു. ഏറ്റവും ഹാർദ്ദമായിരുന്നു രാജാവിന്റെ അതിഥിസത്കാരം. വിശിഷ്ടമായ ഭോജ്യങ്ങൾ, കൺകുളിർപ്പിക്കുന്ന നൃത്തങ്ങൾ, കർണമധുരമായ ഗാനങ്ങൾ— അങ്ങനെ എന്തെല്ലാം!

നാലു ദിവസം അപ്രകാരം കഴിഞ്ഞു. അപ്പോഴേക്കും അതിഥികൾ യാത്രയായി. അവരോടൊന്നിച്ച് യൗവനാശ്വനും. മാത്രമല്ല, പത്നിയായ പ്രഭാവതിയും പുത്രനായ സുവേഗനും. അവർ മന്ത്രിമാരെയും പരിവാരങ്ങളെയും കൊണ്ടുപോയി.

എല്ലാവരും യഥാസമയം ഹസ്തിനപുരത്തിൽ എത്തിച്ചേർന്നു. ഭീമൻ നടന്നതെല്ലാം സഹോദരന്മാരെ കേൾപ്പിച്ചു. പാണ്ഡവന്മാർ യൗവനാശ്വനെയും സംഘത്തെയും ആദരവോടെ സ്വാഗതംചെയ്തു. അവരോടൊന്നിച്ച് ശ്രീകൃഷ്ണനും.

ഒരു മാസം സുഖമായി കഴിഞ്ഞുപോയി.

ശ്രീകൃഷ്ണൻ പറഞ്ഞു:

'യുധിഷ്ഠിരാ, എനിക്കിപ്പോൾ ദ്വാരകയ്ക്കു പോകണം. അശ്വമേധത്തിനുള്ള ഏർപ്പാടുകൾ തുടങ്ങുമല്ലോ. എല്ലാം എന്നെ അറിയിക്കണം, കേട്ടോ?'

ഭഗവാൻ ഹസ്തിനപുരത്തിൽനിന്നു പുറപ്പാടായി.

ഏറ്റവും വമ്പിച്ച തോതിലുള്ള യാഗമാണ് അശ്വമേധം. കണക്കിലധികം ധനം വ്യയം ചെയ്യേണ്ടതായി വരും. യുധിഷ്ഠിരന്റെ പക്കൽ വേണ്ടുവോളം ധനം ഇല്ലതാനും. വ്യാസന്റെ നിർദ്ദേശപ്രകാരം യുധിഷ്ഠിരൻ ഹിമാലയത്തിലേക്കു പോയി. പണ്ടുകാലത്ത് മരുത്തൻ എന്ന രാജാവ് യാഗം ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ ധനം ബാക്കിവന്നിരുന്നു. അതുമെടുപ്പിച്ച് യുധിഷ്ഠിരൻ ഹസ്തിനപുരത്തിൽ തിരിച്ചെത്തി.

ഇനി യാഗാശ്വത്തെ അഴിച്ചുവിടണം. അതിനുള്ള ശുഭദിനം വരാറായി. ഭീമൻ ദ്വാരകയിൽ ചെന്ന് ശ്രീകൃഷ്ണനെ കൂട്ടിക്കൊണ്ടുവന്നു. ശ്രീകൃഷ്ണനാണല്ലോ പാണ്ഡവരുടെ ശ്രേയസ്സിനു നിദാനം.

അവിചാരിതമായ ആപത്തുണ്ടായി.

യാഗാശ്വത്തെ കാണാനില്ല!

സാലൻ എന്നൊരു ശത്രുവുണ്ടായിരുന്നു ശ്രീകൃഷ്ണന്. മുമ്പൊരിക്കൽ ശ്രീകൃഷ്ണൻ സാലനെ യുദ്ധത്തിൽ നിഗ്രഹിക്കയുണ്ടായി. സാലന് ഒരു അനുജനുണ്ട് അനുസാലൻ. ശ്രീകൃഷ്ണനോട് അനുസാലന് ഒടുങ്ങാത്ത പകയുണ്ടായി. അയാൾ ആരുമറിയാതെ ഭടന്മാരോടുകൂടി വന്നെത്തി. യാഗാ

ശ്വത്തെ അപഹരിച്ചുകൊണ്ടുപോവുകയുംചെയ്തു. പോയതു ദുര്യൊന്നുമല്ലതാനും. ആ സാഹസികൻ അടുത്തൊരിടത്തു താവളമടിച്ചു. ശ്രീകൃഷ്ണൻ യുദ്ധത്തിനു വരുമെന്ന് അറിയാം! ഇത്തവണ ശ്രീകൃഷ്ണനെ ഒരു പാഠം പഠിപ്പിക്കണം!

പാണ്ഡവന്മാരും ശ്രീകൃഷ്ണനും യുദ്ധത്തിനു തയ്യാറായി. ശ്രീകൃഷ്ണനോടൊന്നിച്ച് പുത്രനായ പ്രദ്യുമ്നനും വന്നിട്ടുണ്ട്. ആദ്യമായി പ്രദ്യുമ്നൻ അനുസാലനോടേറ്റു. പക്ഷേ, പരാജയം ആയിരുന്നു, പ്രദ്യുമ്നന്റെ അനുഭവം.

അടുത്തതായി യുദ്ധംചെയ്തത് ഭീമനാണ്. ഭീമന്റെ ശക്തിയും വീര്യവും ലോകപ്രസിദ്ധമാണ്. എങ്കിലും അവ അനുസാലനോടു വിഫലമായി. അസാമാന്യൻ ആയിരുന്നു ആ മഹാശത്രു. ശ്രീകൃഷ്ണനു നേരിട്ടു യുദ്ധംചെയ്യേണ്ടതായി വന്നുകൂടി. എന്തിനു പറയുന്നു, ശ്രീകൃഷ്ണനുപോലും അനുസാലനെ തോല്പിക്കാൻ സാധിച്ചില്ല. സാധിച്ചത് കർണപുത്രനായ വൃഷധ്വജനുമാത്രമായിരുന്നു. ആ യുവവീരൻ ശത്രുവിനെ പിടിച്ചുകെട്ടി ശ്രീകൃഷ്ണന്റെ കാൽക്കലിട്ടു.

ശ്രീകൃഷ്ണൻ തടവുകാരനെ മോചിപ്പിച്ചു.

അനുസാലൻ ആദ്യമാണ് ശ്രീകൃഷ്ണനെ അടുത്തുകാണുന്നത്. അയാളുടെ മനസ്സിനു വമ്പിച്ച മാറ്റമുണ്ടായി. ശ്രീകൃഷ്ണനോട് അതിയായ ആദരം തോന്നി— മാത്രമല്ല, നിസ്സീമമായ ഭക്തിയും. അയാൾ ശ്രീകൃഷ്ണന്റെ കാൽത്താരുകളിൽ വീണുവണങ്ങി. ശ്രീകൃഷ്ണൻ പുതിയ ഭക്തനെ പിടിച്ചെഴുന്നേല്പിച്ചു വാത്സല്യപൂർവ്വം തലോടി.

അതു കണ്ട് യുധിഷ്ഠിരൻ അനുസാലനെ ആലിംഗനം ചെയ്തു.

അനുസാലൻ പറഞ്ഞു:

'യുധിഷ്ഠിരാ, അങ്ങേയ്ക്കുവേണ്ടി ഞാൻ ജീവൻപോലും ബലികഴിക്കാം!'

യാഗാശ്വം വീണ്ടും യുധിഷ്ഠിരന്റെ അധീനതയിലായി. അദ്ദേഹം യഥാവിധി യാഗദീക്ഷ ആരംഭിച്ചു. മന്ത്രങ്ങളും ഹോമങ്ങളും മുറപോലെ നടന്നു. യാഗാശ്വത്തെ അനുഗമിക്കുന്നത് അർജ്ജുനന്റെ ചുമതലയാണ്. അർജ്ജുനൻ ശ്രീകൃഷ്ണനെയും യുധിഷ്ഠിരനെയും നമസ്കരിച്ചു—തുടർന്ന് കുന്തിയെയും ഗാന്ധാരിയെയും. പിന്നീടു വേണ്ടപ്പെട്ടവരോടു യാത്രപറഞ്ഞു.

വൃഷധ്വജൻ, യൗവനാശ്വൻ, പ്രദ്യുമ്നൻ, അനുസാലൻ അവർ അർജ്ജുനനെ അകമ്പടി സേവിക്കണം. അതാണു മുമ്പിനാലെയുള്ള നിശ്ചയം. ഒരു സേനാവിഭാഗം അവരെ അനുഗമിക്കയുംചെയ്യും.

ചെറുപ്പമെങ്കിലും വിവാഹിതനാണ് വൃഷധ്വജൻ.

ആ യുവവീരൻ അന്തഃപുരത്തിൽ ചെന്ന് പത്നിയോടു യാത്ര പറഞ്ഞു.

ക്ഷാത്രവീര്യം സ്ത്രീരൂപം പൂണ്ടതാണ് ആ യുവതി. അവൾ ഭർത്താവിനോടു പറഞ്ഞു:

'അങ്ങ് എന്തു വന്നാലും യുദ്ധത്തിൽനിന്നു പിൻതിരിയരുത്. അങ്ങ് പിൻതിരിഞ്ഞുവെന്നു വല്ല സ്ത്രീകളും കേട്ടാലോ? അവർ എന്നെ നോക്കി ഭീരുവിന്റെ ഭാര്യയെന്നു പറഞ്ഞു ചിരിക്കും. അപ്രകാരമൊരു ദുഷ്കീർത്തി വരുത്തിവെക്കരുത്.'

ഒരിക്കലും അതുണ്ടാവില്ലെന്ന് വൃഷധ്വജൻ തീർത്തുപറഞ്ഞു. എന്നിട്ട് അർജ്ജുനന്റെ അരികിലെത്തി. അർജ്ജുനനും മറ്റുള്ളവരും പോകാൻ തയ്യാറായി. അവർ യാഗാശ്വത്തെ അഴിച്ചുവിട്ടു. ആ മൃഗം സ്വേച്ഛപ്രകാരം നടന്നുതുടങ്ങി. പിറകിലായി അർജ്ജുനനും അനുയായികളും.

വളരെ ദൂരം പിന്നിട്ട് യാഗാശ്വം മാഹീഷ്മതിയിലെത്തി.

നീലധ്വജൻ എന്ന രാജാവാണ് മാഹീഷ്മതി ഭരിക്കുന്നത്. രാജാവും രാജ്ഞിയും തോഴിമാരും ഉദ്യാനത്തിൽ വിഹരിക്കയായിരുന്നു. ആ ഉദ്യാനത്തിലേക്കു കയറിച്ചെന്നു യാഗാശ്വം.

രാജാവ് സ്വർണ്ണത്തകിടു വായിച്ചു കാര്യം മനസ്സിലാക്കി. ഓഹോ, യുധിഷ്ഠിരനു ചക്രവർത്തിയാവണം, അല്ലേ? തന്നെപ്പോലുള്ളവർ കീഴടങ്ങണമെന്നാണ് അർത്ഥം. ഇല്ല, താൻ സ്വതന്ത്രനായിത്തന്നെ ജീവിക്കും. യാഗാശ്വത്തെ പിടിച്ചുകെട്ടുന്നവൻ ശത്രുവായി പരിഗണിക്കപ്പെടുമല്ലൊ. അതുതന്നെയാണ് നീലധ്വജനു വേണ്ടതും. രാജാവ് ആ മൃഗത്തെ ബന്ധിച്ചിട്ടു യുദ്ധത്തിനു തയ്യാറായി.

അർജുനന്റെ സൈന്യം ഘോരമായ ആക്രമണം നടത്തി. ആദ്യം ആക്രമണം ചെറുത്തത് പ്രവീരനാണ്. നീലധ്വജന്റെ പുത്രനാണ് പ്രവീരൻ.

രാജകുമാരൻ വിളിച്ചുപറഞ്ഞു:

'അർജുനാ, അങ്ങ് പ്രസിദ്ധനായ യുദ്ധവീരനാണ്, അല്ലേ? ശരി. എന്നെ ജയിച്ചിട്ടു യാഗാശ്വത്തെ കൊണ്ടുപൊയ്ക്കൊള്ളൂ.'

പ്രവീരനെ വധിക്കുക എന്നതായി അർജുനന്റെ ലക്ഷ്യം. അദ്ദേഹവും കൂട്ടുകാരും അതിനായി തീവ്രമായ യത്നം നടത്തി. പ്രവീരൻ ധീരമായി എതിർത്തുനിന്നു. എങ്കിലും കൂറെക്കഴിഞ്ഞു ക്ഷീണിതനായി. അതുകണ്ട് പിതാവായ നീലധ്വജൻ സഹായത്തിനെത്തി. അദ്ദേഹം എതിരാളികളിൽ പലരെയും തുരത്തി. എന്നിട്ട് അർജുനനോടിടഞ്ഞു. ഇരുവരുടെയും ശരങ്ങൾ ആകാശം മൂടി. ഒടുവിൽ നീലധ്വജനു പിൻവാങ്ങേണ്ടതായി വന്നുകൂടി.

രാജാവ് പ്രബലനായ ഒരു സഹായിയുടെ സഹകരണം തേടി. സഹായി അദ്ദേഹത്തിന്റെ ജാമാതാവു കൂടിയാണ്. ആരെന്നോ? സാക്ഷാൽ അഗ്നിദേവൻ!

നീലധ്വജന്റെ പത്നി ജ്വാല. ആ ദമ്പതികളുടെ പുത്രി സ്വാഹ. അഗ്നിദേവൻ സ്വാഹയുടെ ഭർത്താവും.

രാജാവ് പറഞ്ഞു:

'അഗ്നിദേവാ, അങ്ങ് ശത്രുസൈന്യത്തെ ഭസ്മമാക്കണം.'

ശ്വശുരന്റെ ആഗ്രഹം സാധിപ്പിക്കണം. അതിനായി അഗ്നിദേവൻ പടക്കളത്തിലേക്കു ചെന്നു. താമസിയാതെ എന്താണ് അവിടെ കാണപ്പെട്ടത്? എല്ലാ ദിക്കിലും അഗ്നി കത്തിപ്പടരുന്നു. രഥങ്ങളും ആയുധങ്ങളും കൊടിക്കൂറകളും വെന്തുനശിക്കുന്നു. ആനകളും കുതിരകളും കാലാളുകളും തെരുതെരെ ചത്തുവീഴുന്നു. ചാകാതെ ശേഷിച്ച ഭടന്മാർ ഓടിപ്പോയി. ഓടുന്നവരെ അഗ്നി പിറകിൽ ചെന്നു പിടികൂടി. എത്ര ദാരുണമായ സ്ഥിതി!

അതിനൊരു വിരാമമിടണം. അതിനായി അർജുനന്റെ പ്രയത്നം. അദ്ദേഹം പതറാതെ അഗ്നിയുടെ മുമ്പിലേക്കു ചെന്നു. അഗ്നിദേവനെ ഭക്തിനോടെ വാഴ്ത്തി സ്തുതിച്ചു. എന്നിട്ടു പറഞ്ഞു:

'ദേവാ, മുമ്പൊരിക്കൽ അവിടുന്ന് എന്റെ സഹായം അപേക്ഷിച്ചു. ഞാൻ സഹായം നല്കുകയുംചെയ്തു. ഖാണ്ഡവവനം ഭക്ഷിച്ചതു മറന്നില്ലല്ലോ. എന്നിട്ടും അവിടുന്ന് എന്റെ സൈന്യത്തെ നശിപ്പിക്കുന്നോ? ദയവുചെയ്ത് അവിടുന്ന് അതിൽനിന്നു വിരമിക്കണം.'

മുമ്പൊരിക്കൽ അർജുനൻ ഉപകരിച്ചതു ശരിയാണ്. ഇപ്പോൾ അർജ്ജുനന്റെ അപേക്ഷ സ്വീകരിക്കേണ്ടതുതന്നെ. പക്ഷേ, ഒരു വിഷമമുള്ളത് അഗ്നിദേവൻ അറിയിച്ചു:

'അർജ്ജുനാ, ശശുമനെ രക്ഷിക്കുന്ന കടമ എനിക്കുണ്ട്. രക്ഷിക്കാമെന്നു ഞാൻ ഏറ്റിട്ടുമുണ്ട്. ഞാൻ എന്തു ചെയ്യട്ടെ?'

നിവൃത്തിയില്ലാതെ അർജുനൻ നാരായണാസ്ത്രം കൈയിലെടുത്തു. ആ മഹാസ്ത്രത്തിനു യാതൊരു പ്രതിവിധിയുമില്ല. അക്കാര്യം അറിയാവുന്ന അഗ്നിദേവൻ പറഞ്ഞു:

'അരുത്. നാരായണാസ്ത്രം പ്രയോഗിക്കരുത്. ഞാൻ നശിപ്പിച്ചതെല്ലാം വീണ്ടും സൃഷ്ടിച്ചുതരാം. അസ്ത്രം പിൻവലിക്കൂ.'

അഗ്നിദേവൻ വാഗ്ദാനം നടപ്പിലാക്കി. ചത്തുകിടക്കുന്ന പടയാനകളും പടക്കുതിരകളും കാലാൾടേന്മാരും ജീവിച്ചു. വെന്തുപോയ രഥങ്ങളും ആയുധങ്ങളും കൊടിക്കൂറകളും വീണ്ടും ഉണ്ടായി വന്നു.

മറ്റൊന്നുകൂടി അഗ്നിദേവൻ ചെയ്യുകയുണ്ടായി. നേരെ ചെന്ന് നീലധ്വജനെ കണ്ടു. രാജാവിന് ഒരു ഉപദേശവും നൽകി:

'രാജൻ, അങ്ങ് യാഗാശ്വത്തെ അർജുനനു മടക്കിക്കൊടുക്കണം. ആ മഹാവീരനോടു സന്ധിചെയ്യുകയും വേണം. അല്ലാത്തപക്ഷം അങ്ങേക്കു ജീവനാശം സംഭവിക്കും.'

ആ ഉപദേശം നീലധ്വജൻ അനുസരിക്കാൻ ഒരുക്കമായി. രാജാവ് രത്നച്ചുമടുകളും സ്വർണച്ചുമടുകളും എടുപ്പിച്ചു. അവയെല്ലാം അർജുനനു കാഴ്ചവെക്കണം എന്നതാണ് ഉദ്ദേശ്യം.

ജ്വാലാരാജ്ഞി ഭർത്താവിനെ തടഞ്ഞുനിർത്തി:

'എന്തിനാണ് അങ്ങയുടെ പുറപ്പാട്? ക്ഷത്രിയനായിട്ടും അങ്ങ് ശത്രുവിനെ ഭയപ്പെടുന്നു! വംശത്തിനു കൂടി ദുർയശസ്സു വരുത്തിവെക്കുന്നോ? ഒന്നുകിൽ അങ്ങ് അർജുനനെ ജയിച്ചു കീർത്തി പുലർത്തണം. അല്ലാത്തപക്ഷം അർജുനനോടു യുദ്ധംചെയ്തു വീരസ്വർഗം വരിക്കണം!'

പത്നി പറഞ്ഞതു ശരിയല്ലേ? അല്ലെന്നു കരുതാൻ നീലധ്വജനു കഴിഞ്ഞില്ല. കീടങ്ങുന്നതു ദീരുത്വമായിരിക്കും. യുദ്ധം ചെയ്യുന്നതാണു യുക്തം. രാജാവ് സൈന്യത്തെ സംഘടിപ്പിച്ചു പോരു തുടങ്ങി. പക്ഷേ, അതുകൊണ്ട് പ്രയോജനം ഉണ്ടായില്ല. പോരെങ്കിൽ അദ്ദേഹത്തിനു ബോധക്ഷയം ഉണ്ടാവുകയുംചെയ്തു. തീർച്ചയായും അദ്ദേഹം മരിക്കുമായിരുന്നു—വിശ്വസ്തനായ തേരാളി തേര് തിരിച്ച് ഓടിച്ചുപോയിരുന്നില്ലെങ്കിൽ.

ബോധം വീണപ്പോഴാണ് അറിവായത്—തേരാളികാരണം ജീവരക്ഷ കിട്ടിയെന്ന്. എന്തെന്നറിഞ്ഞില്ല, രാജാവിന് രാജ്ഞിയോട് അതിയായ കോപം തോന്നി. അദ്ദേഹം അന്തഃപുരത്തിൽ കടന്നു ജ്വാലയെ ഭർത്സിച്ചു:

'ദുഷ്ടേ, നിന്റെ ദുർബുദ്ധികാരണം എനിക്ക് ആപത്തുണ്ടായി. എനിക്ക് എത്രയോ ഭടന്മാരെ നഷ്ടപ്പെട്ടു. എങ്ങനെയോ തപ്പിപ്പിഴച്ചു ഞാനിങ്ങ് എത്തി. എനിക്കിനി നിന്റെ മുഖം കാണണ്ട.'

ജാല മറുപടി നൽകി:

'ഞാൻ ദുർബുദ്ധികൊണ്ടല്ല പറഞ്ഞത്. ഇനിയും ഞാൻ അതുതന്നെ പറയും. അങ്ങ് ഒന്നുകിൽ ജയിക്കണം അല്ലെങ്കിൽ മരിക്കണം.'

നീലധ്വജൻ പിന്നെ നിന്നില്ല. രാജാവ് കാഴ്ചദ്രവ്യങ്ങളുമായി പടക്കളത്തിലെത്തി. അവയെ അർജ്ജുനന്റെ പാദങ്ങളിൽ സമർപ്പിച്ചു. എന്നിട്ടു തൊഴുകൈയോടെ പറഞ്ഞു:

'അർജുനാ, ഞാൻ എന്തു ചെയ്യണമെന്ന് അങ്ങ് കല്പിക്കണം. യാതൊരു പിഴയുമില്ലാതെ ഞാനതു ചെയ്തുകൊള്ളാം.'

ആ മാറ്റത്തിൽ സന്തുഷ്ടനായ അർജ്ജുനൻ പറഞ്ഞു:

'രാജൻ, ഞാൻ ഇനിമേൽ അങ്ങയെ സ്നേഹിതനായി കണക്കാക്കും. അങ്ങ് എന്നോടുകൂടി പോരണം. അതാണ് എന്റെ ആഗ്രഹം.'

ആ ആഗ്രഹം നിറവേറ്റാൻ നീലധ്വജൻ സന്നദ്ധനായി. അദ്ദേഹം അർജ്ജുനനെ കൊട്ടാരത്തിലേക്കു നയിച്ചു. മാത്രമല്ല, മറ്റെല്ലാവരെയും. ഗംഭീരമായ സ്വീകരണവും സത്കാരവും നൽകി. പിന്നീടു പുത്രനായ പ്രവീരനെ രാജ്യം ഏല്പിച്ചു. അതിനുശേഷം അർജ്ജുനനോടുകൂടി യാത്രയായി—മുമ്പ് യൗവനാശ്വനും അനുസാല്വനും ചെയ്തതുപോലെ.

എന്തായിരുന്നു ജാലയുടെ അവസ്ഥ? രാജ്ഞിയുടെ ഹൃദയം സന്താപത്തിൽ മഗ്നമായി. തന്നോടു ഭർത്താവ് ഏറ്റവും നികൃഷ്ടമായി പെരുമാറുകയുണ്ടായി. വാസ്തവത്തിൽ ആരാണ് അതിനു കാരണക്കാരൻ? മറ്റാരുമല്ല, അർജുനൻതന്നെ. അർജുനനോടു പക വീട്ടണം. ആ നിശ്ചയത്തോടെ രാജ്ഞി കൊട്ടാരം വിട്ടു പെരുവഴിയിൽ ഇറങ്ങി. ദീർഘമായ യാത്രചെയ്ത് കാശിരാജ്യത്തിൽ എത്തിച്ചേർന്നു.

ഉന്മുകൻ എന്ന രാജാവാണ് കാശി ഭരിക്കുന്നത്. ജാലയുടെ ജ്യേഷ്ഠനാണ് ഉന്മുകൻ. ജ്യേഷ്ഠന്റെ മുമ്പിൽനിന്നു രാജ്ഞി കരഞ്ഞുതുടങ്ങി.

കാശിരാജാവ് വല്ലാതെ ചഞ്ചലപ്പെട്ടു. അനുജത്തിക്ക് എന്തോ വിഷമം ഉണ്ടായിരിക്കുന്നു. എന്തെന്ന് അറിയാൻ ഉന്മുകന് അതിയായ ഉത്കണ്ഠ ഉണ്ടായി.

ജാല നടന്നതെല്ലാം അറിയിച്ചിട്ടു പറഞ്ഞു:

'ജ്യേഷ്ഠാ, ഭർത്താവ് എന്നെ ഉപേക്ഷിച്ചതും സാരമില്ലെന്നുവെക്കാം. അദ്ദേഹം അർജുനന്റെ ദാസനായിരിക്കുന്നു. നമ്മുടെ രാജ്യമായ മാഹിഷ്മതി പാണ്ഡവർക്കു കീഴടങ്ങി. ജ്യേഷ്ഠൻ അർജുനനെ യുദ്ധത്തിൽ വധിക്കണം. എന്നാൽമാത്രമേ, എന്റെ ദുഃഖം തീരുകയുള്ളൂ.'

ഉന്മുകന് അതത്ര സ്വീകാര്യമായില്ല. ഒന്നാമത്, തന്റെ സഹായം നീലധ്വജൻ ആവശ്യപ്പെട്ടില്ല. രണ്ടാമത്, തന്നോട് അർജുനൻ യുദ്ധത്തിനു വന്നില്ല. ആ സ്ഥിതിക്ക് അർജുനനോടു യുദ്ധംചെയ്യുന്നതു ധർമ്മമല്ല. അക്കാര്യം അദ്ദേഹം ജാലയോടു പറഞ്ഞു:

ജാല വിട്ടില്ല:

'ജ്യേഷ്ഠാ, എന്നാൽ, ഞാനിവിടെ ഒരു നിമിഷം തങ്ങുന്നില്ല. എങ്കിലും ഒന്നുണ്ട്. അർജുനനെ നശിപ്പിക്കാൻ പരിശ്രമിക്കും, ഞാൻ മരിക്കുവോളം.'

ആപത്കരമായ മാർഗത്തിൽനിന്ന് അനുജത്തിയെ പിന്തിരിപ്പിക്കണം അതിനായി ഉന്മുകൻ അങ്ങേയറ്റം യത്നിച്ചു. പക്ഷേ, അതുകൊണ്ടു പ്രയോജനം ഉണ്ടായില്ല.

അപ്പോൾ അദ്ദേഹം പറഞ്ഞു:

'ജാലേ, നീ നിന്റെ ജന്മദേശം വിട്ടിറങ്ങി. എന്നിട്ട് എന്റെ രാജ്യത്തു വന്നു കുഴപ്പമുണ്ടാക്കുന്നു. നീ ഇനി ഇവിടെ നിൽക്കരുത്!'

ജലിച്ചുപൊങ്ങുന്ന വിദ്വേഷത്തോടെ ജാല ഇറങ്ങിപ്പോയി. വളരെദൂരം സഞ്ചരിച്ചു ഗംഗാതീരത്ത് എത്തിച്ചേർന്നു. തീർത്ഥസ്നാനത്തിനു വരുന്ന വർക്കുള്ള വഴിയിൽ ചെന്നുനിന്നു. കാലുകൾ ഗംഗാജലത്തിൽ മുക്കി. എന്നിട്ടു പഥികരോടു സംസാരിച്ചു:

'ഞാൻ ഗംഗയെ സ്പർശിച്ചതോടെ ദുഃഖിതയായി. പാപിഷ്ഠയാണ് ഈ നദി. അവൾ തൊട്ടകാരണം ഞാനും പാപിഷ്ഠയായി. ഞാനെങ്ങനെ ഈ പാപം പോക്കും? പുണ്യതീർത്ഥങ്ങളിലുള്ള സ്നാനംകൊണ്ടോ? അതോ കഠിനമായ തപസ്സുകൊണ്ടോ? നിങ്ങൾ എനിക്കു പറഞ്ഞുതരുവിൻ.'

കേട്ട പഥികർ സ്തബ്ധരായി. പുണ്യവതിയാണ് ഗംഗാനദി. എന്നിട്ട് ഇവൾ പറയുന്നതു കേട്ടില്ലേ? ഗംഗ പാപിഷ്ഠയാണുപോലും! അവർ ജാല യെ ദേഷ്യത്തോടെ നോക്കിയിട്ടു കടന്നുപോയി. അനേകം പഥികരോട് ജാല ആരോപണം ആവർത്തിച്ചു. ഒടുവിൽ ചുരുക്കംപേർക്കു സംശയം തോന്നി— ഈ സ്ത്രീ പറയുന്നതു ശരിയായിക്കുടെന്നുണ്ടോ? ചിലരൊക്കെ ഗംഗാ സ്നാനം ചെയ്യാതെ പൊയ്ക്കളഞ്ഞു.

ആ വിവരം ഗംഗാദേവിക്ക് അറിവായി. എത്രമാത്രം കുണ്ഠിതം ഉണ്ടാ യെന്നോ ദേവിക്ക്? പാപങ്ങൾ കഴുകിക്കളയുന്നവളാണ് താൻ. യുഗങ്ങളായി ആ കൃത്യം അനുഷ്ഠിച്ചുവരികയും ചെയ്യുന്നു. ഇന്നിതാ ആദ്യമായിട്ട് ഒരു സ്ത്രീ പറയുകയാണ് താൻ പാപിനിയെന്ന്. ഒരുപക്ഷേ, താൻ അറിയാതെ വല്ല പാപവും ചെയ്തിട്ടുണ്ടോ? ഈ സ്ത്രീയോടു ചോദിക്കുകതന്നെ. ഗംഗാ ദേവി മനുഷ്യസ്ത്രീയുടെ രൂപം ധരിച്ചു. എന്നിട്ട് ജാലയുടെ മുമ്പിൽ ചെന്നു നിന്നു.

'ഞാൻ ഗംഗയാണ്. എന്തു പാപമാണ് ഞാൻ ചെയ്തത്? ദയവായി പറഞ്ഞുതരൂ.'

'ഓഹോ, നിങ്ങൾ ഗംഗയാണ്, അല്ലേ? എന്നോടു സംസാരിക്കരുത്. ദൂരെ മാറിനിൽക്കൂ. നിങ്ങളെ കണ്ടാൽമതി, ആളുകൾക്കു നരകം കിട്ടും!'

'അറിഞ്ഞുകൊണ്ട് ഒരു പാപവും ഞാൻ ചെയ്തിട്ടില്ല. എന്താണ് നിങ്ങ ളുടെ സൂചന? അറിയിക്കാൻ ദയവുണ്ടാകണം.'

'ഗംഗേ, മുമ്പ് നിങ്ങൾ ശന്തനുവിന്റെ ഭാര്യയായി കഴിഞ്ഞല്ലോ. അന്ന് നിങ്ങൾ ഏഴു പുത്രന്മാർക്കു ജന്മമേകി. നിങ്ങൾ ഏഴിനെയും കൊന്നുകള ഞ്ഞു. എട്ടാമനെയും കൊല്ലാൻ ഭാവിച്ചു. പക്ഷേ, ശന്തനു സമ്മതിച്ചില്ല. എട്ടാ മൻ ഭീഷ്മനെന്ന പേരിൽ പ്രസിദ്ധനായി. ഓർമയില്ലേ?'

'നല്ലതുപോലെ ഓർമയുണ്ട്.'

'അർജുനൻ ശിഖണ്ഡിയെ തേരിൽ നിർത്തി. ഭീഷ്മർ ശിഖണ്ഡിയെ കണ്ട് യുദ്ധം മതിയാക്കി. നിരായുധനായ അദ്ദേഹത്തെ അർജുനൻ ചതിച്ചു കൊന്നു. ആ സംഭവം മറന്നോ?'

'ഇല്ല, മറന്നിട്ടില്ല.'

'നിങ്ങളുടെ പുത്രനെ കൊന്നവൻ ജീവിച്ചിരിക്കുന്നു. അവനെ നിങ്ങൾക്കു സ്നേഹവുമാണ്. അതുതന്നെയാണു നിങ്ങളുടെ പാപം!'

അത്രയും കേട്ടപ്പോൾ ഗംഗാദേവിക്ക് ഒന്നു തോന്നി. ഇവൾ പറയുന്നതു ശരിയാണ്. പുത്രഘാതകനോടു പകവീട്ടുകതന്നെ വേണം.

ഗംഗാദേവി ശാപമേകി:

'ഹേ അർജ്ജുനാ. ആറു മാസം കഴിഞ്ഞ് ഒരുവൻ നിന്നെ വധിക്കും. മറ്റാരുമല്ല, നിന്റെ പുത്രന്മാരിൽ ഒരുവൻ!'

ജാലയ്ക്ക് അതിയായ സന്തോഷമുണ്ടായി. ഗംഗാദേവിയുടെ ശാപം ഫലിക്കതന്നെ ചെയ്യും. തന്റെ പ്രതികാരം നിർവഹിക്കപ്പെടും. അതിനു യാതൊരു സംശയവുമില്ല. എന്താണു തനിക്ക് ഇനി ശേഷിച്ചിരിക്കുന്നത്? മനസ്സമാധാനത്തോടുകൂടിയ മരണം മാത്രം!

രാജ്ഞി ചിതയൊരുക്കി. കുളിച്ചു വന്നു തീ കൊളുത്തി. അവസാനമായി പ്രാർത്ഥിച്ചു:

'ഞാൻ അർജ്ജുനപുത്രന്റെ അസ്ത്രമായിത്തീരണേ! ആ അസ്ത്രം അർജ്ജുനന്റെ തല കൊയ്യണേ!'

തുടർന്ന് അവർ കത്തുന്ന ചിതയിൽ ചാടി. അഗ്നി അവരുടെ ശരീരത്തെ ഭസ്മമാക്കി.

ശാപം കിട്ടിയിരിക്കുന്നു എന്ന് അർജുനനുണ്ടോ അറിയുന്നു? അദ്ദേഹം അനുയായികളുമായി യാഗാശ്വത്തെ പിന്തുടർന്നു. യാഗാശ്വം വിന്ധ്യപർവതത്തിന്റെ അരികിൽ എത്തിച്ചേർന്നു.

അവിചാരിതമായി അത്യാഹിതം സംഭവിച്ചു.

വഴിമദ്ധ്യേ വമ്പിച്ചൊരു ശില കിടന്നിരുന്നു. ആ ശിലയിൽ യാഗാശ്വം തൊട്ടു. അതോടെ ആ മൃഗം ശിലയിൽ ഒട്ടിച്ചേർന്നു. സ്വയം വിമുക്തനാകാൻ ആ ബലിഷ്ഠമൃഗം പരിശ്രമിച്ചു. പരിശ്രമം വിഫലമായതേയുള്ളൂ. അവൻ അനങ്ങാൻ വയ്യാതെ അവിടെ നില്പായി.

അതു കണ്ട് ചില ഭടന്മാർ ഓടിച്ചെന്നു. അവർ ഒന്നിച്ച് യാഗാശ്വത്തെ വിടുവിക്കാൻ യത്നിച്ചു. യാഗാശ്വം തരിമ്പുപോലും ഇളകിയില്ല. അവർ ഓടിച്ചെന്ന് അർജ്ജുനനെ വിവരം ധരിപ്പിച്ചു. അർജ്ജുനൻ അനേകം ഭടന്മാരെ നിയോഗിച്ചു. എല്ലാവരും കൂടി യാഗാശ്വത്തെ പിടിച്ച് ബലപ്പിച്ചു വലിച്ചു. ഒരു പ്രയോജനവും ഉണ്ടായില്ല.

എന്താണ് ഇതിനു കാരണം? അർജ്ജുനൻ ഗാഢമായി ആലോചിച്ചു. ഒരു ഉത്തരവും കിട്ടിയില്ല. യാഗാശ്വത്തെക്കൂടാതെ യാത്ര തുടരാൻ വയ്യ. യാഗാശ്വത്തിന് അനങ്ങാൻ സാധിക്കുന്നുമില്ല. അടുത്തെങ്ങാനും വല്ല താപസന്മാരുമുണ്ടോ? ഉണ്ടെങ്കിൽ അവർ സഹായിച്ചേക്കും. അർജ്ജുനൻ ചില ഭടന്മാരെ പറഞ്ഞയച്ചു. ഭടന്മാർ സമീപത്തുള്ള വനത്തിൽ അന്വേഷണം നടത്തി. ഒരിടത്ത് ഒരു താപസനെ കണ്ടെത്തി. അർജ്ജുനൻ താപസന്റെ ആശ്രമത്തിലേക്കു നടന്നു.

അപ്പോൾ കണ്ട കാഴ്ചകൾ അർജ്ജുനനെ അത്ഭുതപ്പെടുത്തി. ഏറ്റവും മനോഹരമോണു പരിസരങ്ങൾ എന്നതും പോകട്ടെ, ജന്മശത്രുക്കളായ ജന്തുക്കൾ സ്നേഹത്തോടെ പെരുമാറുന്നു. ആനകളും സിംഹങ്ങളും ഒന്നിച്ച് ഇരിക്കുന്നു. മാനുകൾ വ്യാഘ്രങ്ങളുടെ ശരീരത്തിൽ ഉരുമ്മുന്നു. സർപ്പങ്ങൾ മയിലുകളുടെ ചിറകുകളിൽ ഒളിച്ചുകളിക്കുന്നു. അതിൽനിന്നുമാത്രം ഊഹിക്കാം താപസന്റെ മാഹാത്മ്യം.

സൗഭരി എന്നായിരുന്നു താപസന്റെ പേര്.

അർജുനൻ സൗഭരിയെ നമസ്കരിച്ചു. യാഗാശ്വത്തിന്റെ അവസ്ഥ അറിയിച്ചു. താപസന്റെ സഹായവും അഭ്യർത്ഥിച്ചു.

സൗഭരി പറഞ്ഞു:

'ആ ശിലയ്ക്ക് ഒരു പൂർവചരിത്രമുണ്ട്. ആദ്യം ഞാൻ ആ ചരിത്രം കേൾപ്പിക്കാം.'

ഇതാണ് ആ കഥ.

ഉദ്ദാലകൻ എന്നൊരു മുനി. അദ്ദേഹം ചണ്ഡി എന്നൊരുവളെ കല്യാണംകഴിച്ചു. ചണ്ഡി ഭർത്താവിനെ അനുസരിച്ചില്ല; മാത്രമല്ല, ധിക്കരിക്കുകയുംചെയ്തു. അദ്ദേഹം എന്ത് ആവശ്യപ്പെടുന്നോ അതിനു വിപരീതമായി പ്രവർത്തിക്കും.

ഒരിക്കൽ ഉദ്ദാലകൻ പറഞ്ഞു:

'ചണ്ഡീ, നീ യഥാവിധി അഗ്നിശുശ്രൂഷ ചെയ്യണം. എന്നാൽ, സൽപുത്രന്മാർ ഉണ്ടാകും.'

അവൾ മുഖത്തടിച്ചപോലെ പറഞ്ഞു:

'ഞാൻ അഗ്നിശുശ്രൂഷ ചെയ്യില്ല. എനിക്കു സൽപുത്രന്മാരും വേണ്ട!'

പിന്നൊരിക്കൽ ഉദ്ദാലകൻ ആവശ്യപ്പെട്ടു:

'ആ കിണ്ടി ഇങ്ങോട്ടെടുക്കൂ.'

ചണ്ഡി പാത്രമെടുത്തു നിലത്ത് എറിഞ്ഞുടച്ചു.

മറ്റൊരു തവണ അദ്ദേഹം പറഞ്ഞു:

'എനിക്കു വല്ലാതെ വിശക്കുന്നു. വേഗം ഭക്ഷണം തയ്യാറാക്കൂ.'

അവൾ അടുക്കളയിൽ ചെന്നു ചട്ടികളും കലങ്ങളും പുറത്തെറിഞ്ഞു.

ഇപ്രകാരം ആയിരുന്നു ചണ്ഡിയുടെ പെരുമാറ്റം. എന്തു ബുദ്ധിമുട്ടുകളാണ് ഉദ്ദാലകന്! ശാന്തനായ അദ്ദേഹം എല്ലാം സഹിച്ചു. അതേസമയം മനോവിഷമം ഉണ്ടായിരുന്നുതാനും.

ഒരിക്കൽ കൗടിന്യൻ എന്ന മുനിയുടെ വരവുണ്ടായി. ഉദ്ദാലകൻ തന്റെ ഭാര്യയുടെ ദുഃസ്വഭാവം വിവരിച്ചു. കൗടിന്യൻ സ്നേഹിതനെ സഹായിക്കാൻ ഒരുക്കമായി. ചണ്ഡി കേൾക്കുന്നില്ല എന്ന് ഉറപ്പുവരുത്തി. എന്നിട്ട് അടക്കിയ സ്വരത്തിൽ സംസാരിച്ചു:

'ഉദ്ദാലകാ, അവൾ ഒന്നു ചെയ്യാൻ തുടങ്ങും. അപ്പോൾ ചെയ്യരുത് എന്ന് അങ്ങ് പറയണം. അവൾ ചെയ്യുമെന്നു തീർച്ചയാണ്. ചെയ്യണം എന്നു പറഞ്ഞാൽ ചെയ്യുകയുമില്ല. ഈ വിദ്യ പരീക്ഷിച്ചുനോക്കൂ.'

അന്നുതന്നെ ഉദ്ദാലകൻ പുതിയ തന്ത്രം പ്രയോഗിച്ചു.

അദ്ദേഹം ചണ്ഡിയോടു പറഞ്ഞു:

'ഇന്ന് എനിക്കു ഭക്ഷണം വേണ്ട. നീ ചോറും കറികളും വെക്കുകയും വേണ്ട.'

ചണ്ഡി സ്വാദേറിയ ഭക്ഷണപദാർത്ഥങ്ങൾ പാകംചെയ്തു. അവയൊക്കെ ധാരാളം ഉണ്ടായിരുന്നുതാനും. ഉദ്ദാലകൻ വയറുനിറയെ ഭക്ഷണംകഴിച്ചു—വളരെ നാളുകൾക്കുശേഷം!

പിന്നൊരിക്കൽ അദ്ദേഹം പറഞ്ഞു:

'ചണ്ഡീ, ഇന്നു ഞാൻ നനഞ്ഞ വസ്ത്രമേ ഉടുക്കുന്നുള്ളൂ.'

അന്ന് അദ്ദേഹം നനച്ചുണക്കി മടക്കിയ വസ്ത്രം ധരിച്ചു.

അങ്ങനെ ആവശ്യമുള്ളതെല്ലാം ഉദ്ദാലകൻ നേടിത്തുടങ്ങി. അദ്ദേഹത്തിനു യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. ദിവസങ്ങൾ സുഖമായി കഴിഞ്ഞുപോയി.

ഒരിക്കൽ അദ്ദേഹം വിപരീതത്തിൽ പറയാൻ മറന്നുപോയി.

ആ മറവി വലിയ വിന വരുത്തിവെച്ചു.

അദ്ദേഹം പിതൃക്കൾക്കായി ശ്രാദ്ധകർമ്മംചെയ്തു. അതിഥികൾക്കു ക്ഷേണവും ദാനവും നൽകി. അതിനുശേഷം ഭാര്യയോട് ആവശ്യപ്പെട്ടു:

'ചണ്ഡീ, ശ്രാദ്ധപിണ്ഡം ഗംഗാനദിയിൽ കൊണ്ടുചെന്നു സമർപ്പിക്കൂ.'

നേരെ എതിരായിട്ടാണല്ലോ ചണ്ഡി പ്രവർത്തിക്കാറ്. അവളിപ്പോൾ എന്താണു ചെയ്തതെന്നോ? ശ്രാദ്ധപിണ്ഡം കൂപ്പക്കുണ്ടിൽ എറിഞ്ഞു!

മഹാപാപമല്ലേ ആ കൃത്യം? ഉദ്ദാലകന് അതിയായ കോപമുണ്ടായി. അദ്ദേഹം ഭാര്യയ്ക്കു ശാപമേകി:

'ദുഷ്ടേ! നീ ഒരു ശിലയായിപ്പോകട്ടെ!'

തുടർന്ന് അദ്ദേഹം ശാപമോക്ഷവും നൽകി.

'ഒരിക്കൽ അർജ്ജുനൻ എന്ന മഹാവീരൻ വന്നെത്തും. അദ്ദേഹം ശിലയായ നിന്നെ സ്പർശിക്കും. അന്നേരം നീ വീണ്ടും സ്വന്തരൂപം പ്രാപിക്കും.'

ഇക്കഥയാണ് സൗഭരി അർജ്ജുനനെ കേൾപ്പിച്ചത്.

അർജ്ജുനൻ നേരെചെന്ന് ശിലയിൽ കൈവെച്ചു. അതോടെ യാഗാശ്വം ശിലയിൽനിന്നു വേറായി. ചണ്ഡിക്കു പൂർവരൂപം ലഭിക്കുകയുംചെയ്തു. അവൾ ഭർത്താവിന്റെ സവിധത്തിലേക്കു യാത്രയായി.

യാഗാശ്വം വീണ്ടും തെക്കുപടിഞ്ഞാറേക്കു തുടങ്ങി. പുറകിലായി അർജുനനും സഹചരന്മാരും ദീർഘയാത്രയ്ക്കുശേഷം അവർ ചമ്പകപുരിയിലെത്തി.

ഹംസധ്വജനാണ് ചമ്പകപുരിയിലെ രാജാവ്. ബലശാലിയും പരാക്രമിയുമാണ് ഹംസധ്വജൻ. അതേസമയം വിഷ്ണുഭക്തന്മാരിൽ മുമ്പനും.

രാജഭടന്മാർ ഓടിച്ചെന്ന് ഹംസധ്വജനെ ഒരു വിവരം ധരിപ്പിച്ചു— യുധിഷ്ഠിരന്റെ യാഗാശ്വം രാജധാനിയിൽ വന്നെത്തിയിരിക്കുന്നു; പുറകെ അർജ്ജുനനും മറ്റനേകം മഹാവീരന്മാരും.

ഹംസധ്വജന്റെ ചിന്തകൾ ഒരു വഴിക്കു പോയി. താൻ ഈ യാഗാശ്വത്തെ അർജ്ജുനനു തിരിയെ കൊടുക്കണോ? അതോ, അതിനെ പിടിച്ചുവെച്ചിട്ട് യുദ്ധം ചെയ്യണോ? തന്നെപ്പോലെ വിഷ്ണുഭക്തനാണ് അർജുനനും. ആ സ്ഥിതിക്ക് അർജ്ജുനനോട് മല്ലടിക്കാൻ പാടുള്ളതല്ല. പക്ഷേ, അതിനൊരു മറുവശമുണ്ട്. ഹംസധ്വജൻ ശ്രീകൃഷ്ണനെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ട്. ശ്രീകൃഷ്ണനെ കണ്ണുകൊണ്ട് കാണണം. അത് പണ്ടേയുള്ള ആഗ്രഹമാണ്. ഇന്നോളം ആ ആഗ്രഹം സാധിച്ചിട്ടില്ല. ഇനിയിപ്പോൾ അതു സാധിക്കാൻ ഒരു വഴിയുണ്ട്. അർജ്ജുനനെ യുദ്ധം ചെയ്തു തോല്പിക്കണം. ശ്രീകൃഷ്ണൻ അർജ്ജുനന്റെ ഉറ്റതോഴനാണ്. അർജ്ജുനൻ തോല്ക്കുമെന്ന സ്ഥിതി വന്നുചേർന്നാലോ? തീർച്ചയായും ശ്രീകൃഷ്ണൻ പാഞ്ഞെത്തും. അപ്പോൾ തനിക്ക് ശ്രീകൃഷ്ണനെ നേരിൽ കാണാം. ആ ശ്രീപാദങ്ങളിൽ നമസ്കരിക്കാം. ഭഗവാന്റെ അനുഗ്രഹം സമ്പാദിക്കാം!

രാജാവ് യാഗാശ്വത്തെ പിടിച്ചുകെട്ടി.

നീതിന്യായം കർശനമായി നടത്തുന്ന രാജാവാണ് ഹംസധ്വജൻ. ചിലപ്പോൾ അദ്ദേഹം കുറ്റവാളികൾക്കു ഘോരമായ ശിക്ഷകൾ നല്കിയിരുന്നു.

രാജപുത്രന്മാർ, മന്ത്രിമാർ, സേനാനികൾ—എല്ലാവരും കൃത്യസമയത്തു യുദ്ധഭൂമിയിൽ എത്തിച്ചേരണം. അങ്ങനെയൊരു കല്പന പുറപ്പെടുവിച്ചു ഹംസധ്വജൻ. ആരെങ്കിലും ആ കല്പന അവഗണിച്ചാലോ? അയാളെ തിളയ്ക്കുന്ന എണ്ണയിൽ മുക്കിക്കൊല്ലും.

ശംഖൻ എന്നും ലിഖിതൻ എന്നും രണ്ടു പുരോഹിതന്മാരുണ്ട് ഹംസധ്വജന്.

അദ്ദേഹം അവരോടു പറഞ്ഞു:

'ഞാനിതാ പടക്കളത്തിലേക്കു പോവുകയാണ്. എന്റെ അഭാവത്തിൽ നിങ്ങൾ രാജാജ്ഞകൾ നടപ്പിലാക്കണം. രാജാജ്ഞ ലംഘിക്കുന്നവൻ മിത്രമാവട്ടെ, ബന്ധുവാകട്ടെ, പുത്രനാകട്ടെ—ആരായാലും ശരി, ശിക്ഷ അനുഭവിച്ചേ കഴിയൂ.'

അഞ്ചു പുത്രന്മാരുണ്ട് ഹംസധ്വജന്. അവരിൽ ഇളയവനാണ് സുധന്വാവ്. അനേകം ഗുണങ്ങൾ സുധന്വാവിൽ വിളങ്ങിയിരുന്നു. ഏറ്റവും വലിയ ഗുണം വിഷ്ണുഭക്തിതന്നെ.

മറ്റുള്ളവരെപ്പോലെ സുധന്വാവും യുദ്ധത്തിനു തയ്യാറായി. ആ രാജകുമാരൻ ആദ്യം മാതാവിനെക്കണ്ട് അനുഗ്രഹം വാങ്ങി. രണ്ടാമതു ജ്യേഷ്ഠത്തിയുടെ അനുഗ്രഹവും. അതിനുശേഷം പത്നിയെ ചെന്നുകണ്ടു. പ്രഭാവതി എന്നാണ് ആ യുവതിയുടെ പേര്. സുധന്വാവും പ്രഭാവതിയും സംസാരിച്ചിരുന്നു. സമയം പോകുന്നത് അറിഞ്ഞതേയില്ല. ഒടുവിൽ സുധന്വാവ് പോകാനായി എഴുന്നേറ്റു. ഇപ്പോൾ പോകണ്ട എന്ന് പ്രഭാവതി നിർബന്ധിച്ചു. സുധന്വാവ് നിർബന്ധത്തിനു വഴങ്ങി. എന്തിനധികം? രാജകുമാരൻ പടക്കളത്തിലേക്കു പുറപ്പെട്ടപ്പോഴോ? നിശ്ചയിച്ച സമയം കഴിഞ്ഞു വളരെ നേരമായിരുന്നു.

കാരണം എന്തായാലും ശരി, രാജാജ്ഞ ലംഘിക്കപ്പെട്ടിരിക്കുന്നു. ലംഘിച്ചതു രാജപുത്രനും. എല്ലാവർക്കും വല്ലാത്ത കുണ്ഠിതമായി. രാജാവിനു മാത്രമല്ല, പ്രജകൾക്കും പ്രിയങ്കരനാണ് സുധന്വാവ്. ആ കുമാരൻ ഘോരശിക്ഷയ്ക്കു വിധേയനാവുകയോ? എന്തൊരു കഷ്ടം?

സുധന്വാവാകട്ടെ, അവരെ സമാധാനപ്പെടുത്തി:

'മനഃപൂർവമല്ല എങ്കിലും ഞാൻ രാജാജ്ഞ ലംഘിച്ചിരിക്കുന്നു. അതിനാൽ ഞാൻ ശിക്ഷ അർഹിക്കുന്നു. സന്തോഷത്തോടെ അനുഭവിക്കുകയും ചെയ്തുകൊള്ളാം.'

ഹംസധ്വജൻ ക്രുദ്ധനാണ്. അതേസമയം ദുഃഖിതനും. നീതിപാലിക്കുക എന്ന കർത്തവ്യം ഒരു വശത്ത്, മകനാണു കുറ്റവാളി എന്നതു മറുവശത്തും. കർത്തവ്യത്തിനായിരുന്നു വിജയം.

ഏതിനും പുരോഹിതന്മാരുടെ അഭിപ്രായം അറിയണം. അതിനായി ഹംസധ്വജൻ ചില മന്ത്രിമാരെ നിയോഗിച്ചു. മന്ത്രിമാർ ശംഖനെയും ലിഖിതനെയും കണ്ടു കാര്യം പറഞ്ഞു:

പുരോഹിതന്മാർ പറഞ്ഞു:

'യാതൊരുത്തൻ സത്യവാചകം നിഷ്ഫലമാക്കുന്നുവോ, അവൻ നരകത്തിൽ പതിക്കും. നിയമം ലംഘിച്ചവൻ പുത്രനായാലും ശരി, ശിക്ഷ അനുഭവിക്കാതെ നിവൃത്തിയില്ല. സുധന്വാവിനെ തിളയ്ക്കുന്ന എണ്ണയിൽ മുക്കിക്കൊല്ലുകതന്നെ വേണം. അതു ചെയ്താത്തപക്ഷം ഞങ്ങൾ നീതി നടക്കാത്ത ഈ രാജ്യം ഉപേക്ഷിച്ചുപോകും!'

ഒരിടത്തു വലിയൊരു ചെമ്പുകിടാരം അടുപ്പിൽ വെച്ചിരിക്കുന്നു. ചെമ്പുകിടാരത്തിൽ എണ്ണയും അടുപ്പിൽ തീയുമുണ്ട്. എണ്ണ കിടന്നു തിളയ്ക്കുകയുമാണ്. സുധന്വാവ് അവിടേക്ക് ആനയിക്കപ്പെട്ടു.

കണ്ടുനിന്നവർ കണ്ണുനീർ തൂകി.

സുധന്വാവിനു യാതൊരു ചാഞ്ചല്യവും ഉണ്ടായില്ല. രാജകുമാരൻ ചെമ്പുകിടാരത്തിന്റെ അടുക്കലേക്കു ചെന്നു. കണ്ണടച്ച് വിഷ്ണുവിനെ പ്രാർത്ഥിച്ചുകൊണ്ടു നിന്നു. കിങ്കരന്മാർ കുമാരനെ ചെമ്പുകിടാരത്തിൽ എടുത്തിട്ടു.

സന്നിഹിതരിൽ ചിലർ വാവിട്ടു കരഞ്ഞു. മറ്റു ചിലർ കൈകൊണ്ടു കണ്ണുപൊത്തി. വേറെ ചിലർ അവിടം വിട്ട് ഓടിപ്പോയി.

എന്തൊരു അത്ഭുതമാണ്! സുധന്വാവ് മരിച്ചില്ല. അതെന്തിന്, ദേഹത്തു ചെറിയൊരു പൊള്ളൽപോലുമില്ല!

കറകളഞ്ഞ വിഷ്ണുഭക്തി രാജകുമാരനെ രക്ഷിച്ചു.

എല്ലാവർക്കും എന്തു സന്തോഷമായി!

യുദ്ധത്തിനുള്ള സമയവും ആകാറായി. ഹംസധ്വജന്റെയും അർജ്ജുനന്റെയും സൈന്യങ്ങൾ അവ തമ്മിൽ ഏറ്റുമുട്ടി. തേരുകൾ തവിടുപൊടിയായി. പടയാനകളും പടക്കുതിരകളും ചത്തുമലച്ചു. കാലാളുകൾ അസംഖ്യമായി മരിച്ചുവീണു. പൊടികിളർന്ന് ആകാശത്തെ മറച്ചു. ചോര ഒഴുകി ഭൂമിയെയും.

യൗവനാശ്വൻ,വൃഷധ്വജൻ, അനുസാലൻ, പ്രദ്യുമ്നൻ, നീലധ്വജൻ അങ്ങനെ അനേകം മഹാരഥന്മാരുണ്ട് അർജ്ജുനപക്ഷത്തിൽ. അവരെല്ലാം വീറോടുകൂടി പൊരുതി. പക്ഷേ, ഒരു യോദ്ധാവ് അവരെ തടുത്തുനിർത്തി. ആ യോദ്ധാവ് സുധന്വാവ് ആയിരുന്നു. പൂർണ്ണരൂപത്തിൽ തെളിഞ്ഞുയർന്നു സുധന്വാവിന്റെ ശക്തിയും ശൗര്യവും.

ഒടുവിൽ അർജ്ജുനനും സുധന്വാവും തമ്മിൽ ദ്വന്ദ്വയുദ്ധത്തിലേറ്റു. അർജ്ജുനനെ എതിർത്തുനിൽക്കാൻ കഴിവുള്ള യോദ്ധാവ് ലോകത്തില്ല. അതാണ് എല്ലാവരുടെയും വിശ്വാസം. ഇപ്പോഴിതാ അർജ്ജുനൻ അങ്ങനെയൊരു ശത്രുവിനെ കണ്ടെത്തി. അദ്ദേഹം വിളിച്ചുപറഞ്ഞു:

'സുധന്വാവേ, നിങ്ങളുടെ യുദ്ധസാമർത്ഥ്യത്തിൽ ഞാൻ നിങ്ങളെ അനുമോദിക്കുന്നു!'

അല്പം പരിഹാസത്തോടെ സുധന്വാവ് പറഞ്ഞു:

'അർജ്ജുനാ, നിങ്ങളുടെ അനുമോദനം ഞാൻ വിലമതിക്കുന്നില്ല. ശ്രീകൃഷ്ണന്റെ അനുമോദനം അങ്ങേയറ്റം വിലമതിക്കുകയുംചെയ്യും!'

ദ്വന്ദ്വയുദ്ധം വളരെനേരം തുടർന്നുപോയി. അർജ്ജുനനു നിരാശയും ദുഃഖവും ഉണ്ടായി. ഈ നിലയ്ക്കു പോയാൽ താൻ പരാജയപ്പെടും. അതോടെ തന്റെ സത്കീർത്തിക്കു കളങ്കം ഉണ്ടാകും. അർജ്ജുനന്റെ മനസ്സ് ശ്രീകൃഷ്ണനിൽ പറ്റിക്കൂടി. താൻ രക്ഷപ്പെടണമെങ്കിൽ ശ്രീകൃഷ്ണൻ സഹായിക്കണം. അദ്ദേഹം പ്രാർത്ഥിച്ചു:

'കൃഷ്ണാ, ഞാനിതാ അത്യാപത്തിൽ അകപ്പെട്ടിരിക്കുന്നു. അവിടുന്ന് എന്നെ കാത്തുകൊള്ളണേ!'

അങ്ങ് ദൂരെയുള്ള ശ്രീകൃഷ്ണൻ ആ പ്രാർത്ഥന കേട്ടു.

ഭഗവാൻ അർജ്ജുനന്റെ മുമ്പിൽ ആവിർഭവിച്ചു.

അർജ്ജുനാ, യാതൊരു ഭയവും വേണ്ട. നിന്നെ രക്ഷിക്കാൻ ഞാനുണ്ട്. ഞാൻ നിന്റെ തേർ തെളിക്കാം. നീ യുദ്ധം ചെയ്താൽ മതി.'

അതോടുകൂടി അർജ്ജുനന്റെ നിരാശയും ഭയവും ഇല്ലാതായി. അദ്ദേഹം പൂർവാധികം വീറോടെ യുദ്ധം ആരംഭിച്ചു. സുധന്വാവിനു വലിയ സന്തോഷം തോന്നി. ശ്രീകൃഷ്ണനെ നേരിട്ടുകാണാൻ അവസരം ലഭിച്ചല്ലൊ. ആ യുവ വീരൻ വിളിച്ചുപറഞ്ഞു:

'അർജ്ജുനാ, ഞാനും നിങ്ങളും ഓരോ സത്യംചെയ്യാം. അതു കഴിഞ്ഞിട്ടു യുദ്ധം തുടരാം.'

അത് അർജ്ജുനനു സ്വീകാര്യമായി. അദ്ദേഹം ആദ്യമായി സത്യം ചെയ്തു:

'ഞാൻ മൂന്ന് അമ്പുകൾകൊണ്ടു നിങ്ങളുടെ തല മുറിക്കും. സാധിച്ചില്ലെങ്കിൽ നരകശിക്ഷ അനുഭവിച്ചുകൊള്ളാം!'

സുധന്വാവ് മറുപടി നൽകി:

'നിങ്ങളുടെ മൂന്ന് അമ്പുകളും ഞാൻ ഖണ്ഡിക്കും. അല്ലാത്തപക്ഷം എന്റെ പുണ്യമെല്ലാം ഇല്ലാതാകട്ടെ!'

മൂന്നു ദിവ്യാസ്ത്രങ്ങൾ പ്രയോഗിച്ച് എതിരാളിയെ വധിക്കണം. അതായിരിക്കണം അവസാനത്തെ അടവ്. ആ നിശ്ചയത്തോടെ അർജ്ജുനൻ ശ്രീകൃഷ്ണനെ നോക്കി.

ശ്രീകൃഷ്ണൻ പറഞ്ഞു:

'അർജ്ജുനാ, സത്യം ചെയ്തതു കുറെ കടന്നുപോയി. എന്നോട് ആലോചിക്കാത്തതെന്ത്? നിനക്ക് സുധന്വാവിന്റെ മാഹാത്മ്യം അറിഞ്ഞുകൂടാ.'

അല്പം ചാഞ്ചല്യമുണ്ടായി അർജ്ജുനന്. എങ്കിലും ഇനി പിൻവാങ്ങാൻ നിർവാഹമില്ല. സത്യം പാലിക്കതന്നെ വേണം.

സഹായം നൽകാൻ ശ്രീകൃഷ്ണൻ ഒരുക്കമായി.

'നിന്റെ ഒന്നാമത്തെ അസ്ത്രത്തിനു ഞാൻ ശക്തി നൽകാം. പണ്ട് ഞാൻ ഗോവർദ്ധനപർവതം ഉയർത്തി ഗോകുലത്തെ രക്ഷിച്ചു. അതിൽനിന്ന് എനിക്കു കുറെ പുണ്യം ലഭിച്ചു. ആ പുണ്യമത്രയും ഞാനിതാ ഈ അസ്ത്രത്തിനു കൊടുക്കുന്നു.'

തീർച്ചയായും ഈ അസ്ത്രം ഫലിക്കും—ആ വിശ്വാസം അർജ്ജുനന് ഉണ്ടായി. അസ്ത്രം ഉപയോഗിച്ചപ്പോൾ തെറ്റുപറ്റിയെന്നു ബോദ്ധ്യമായി. സുധന്വാവിന്റെ പ്രത്യസ്ത്രം അതിനെ മുറിച്ചുവീഴ്ത്തി.

അർജ്ജുനൻ രണ്ടാം അസ്ത്രമെടുത്തു.

ശ്രീകൃഷ്ണൻ അതിനും ശക്തി നൽകി.

'ഞാൻ പരശുരാമനായി അവതരിച്ചപ്പോൾ പുണ്യം സമ്പാദിച്ചു. അതെല്ലാം ഈ അസ്ത്രത്തിൽ ലയിപ്പിക്കുന്നു!'

അതിനും ആദ്യത്തെ അസ്ത്രത്തിന്റെ അനുഭവമുണ്ടായി.

അർജ്ജുനന്റെ മൂന്നാം അസ്ത്രത്തിനും ശ്രീകൃഷ്ണൻ ശക്തി കൊടുത്തു.

'ഞാൻ ശ്രീരാമനായി അവതരിച്ചപ്പോൾ പുണ്യങ്ങൾ നേടി. അതത്രയും ഈ അസ്ത്രത്തിൽ ചേർക്കുന്നു!'

സുധന്വാവിന്റെ പ്രത്യസ്ത്രം അതിനെയും നിർവീര്യമാക്കി.

തീർന്നു. സകലതും തീർന്നു. അർജ്ജുനൻ അത്യന്തം പരവശനായി. താൻ ചെയ്ത സത്യം നിഷ്ഫലമായി. ഇനി താൻ മരിക്കുകതന്നെ വേണം. ദീനഭാവത്തോടെ അർജ്ജുനൻ ശ്രീകൃഷ്ണന്റെ മുഖത്തു നോക്കി. ശ്രീകൃഷ്ണൻ വിരൽ ചൂണ്ടി. ആ ദിക്കിൽ നോക്കാൻ ആവശ്യപ്പെട്ടു. അർജ്ജുനൻ

നോക്കിയപ്പോൾ എന്താണു കണ്ടത്? തന്റെ അസ്ത്രം രണ്ടായി മുറിഞ്ഞില്ലേ? അതിന്റെ മുൻഭാഗം സുധന്വാവിനെ സമീപിക്കുന്നു. അയാളുടെ ശിരസ്സിനെ ഛേദിച്ചുതള്ളുന്നു!

ശ്രീകൃഷ്ണൻ സുധന്വാവിനു മോക്ഷം നൽകി.

സുധന്വാവിന്റെ ഒരു ജ്യേഷ്ഠനാണ് സുരഥൻ. അനുജനെ കൊന്നവനോടു പകവീട്ടണം—അതായി സുരഥന്റെ നിശ്ചയം. പേരെടുത്ത പോരാളിയാണ് സുരഥൻ. അത്ഭുതകരമായ അഭ്യാസമുറകൾ അയാൾക്കു വശമുണ്ട്. കുറെനേരം അയാൾ വായുവിൽനിന്നു പൊരുതി. പിന്നീട് ഒരു ദിവ്യാസ്ത്രം അർജ്ജുനന്റെ രഥത്തിൽ പ്രയോഗിച്ചു. രഥം അതിവേഗത്തിൽ പമ്പരംപോലെ കറങ്ങി. രഥത്തിലിരുന്ന അർജ്ജുനൻ, ശ്രീകൃഷ്ണൻ, തേരാളി എന്നിവരും അതിൽ പൂട്ടിയിരുന്ന കുതിരകളും! കറങ്ങുന്നതോടുകൂടി രഥം ഭൂമിയിൽ താഴ്ന്നു തുടങ്ങുകയുംചെയ്യുന്നു!

അപ്രതീക്ഷിതമായി സഹായം വന്നെത്തി.

ഹനുമാനാണ് അർജ്ജുനന്റെ കൊടിയടയാളം. അതിൽ ഹനുമാന്റെ സന്നിധാനം ഉണ്ടായിരുന്നു. ഹനുമാൻ സ്വന്തമായ രൂപത്തിൽ ആവിർഭവിച്ചു. വാലുചുറ്റി താഴുന്ന രഥത്തെ വലിച്ചുകയറ്റി. എന്നിട്ട് അപ്രത്യക്ഷനായി.

ഒടുവിൽ അർജ്ജുനന്റെ യുദ്ധസാമർത്ഥ്യം വിജയിച്ചു. അദ്ദേഹം സുരഥന്റെ കൈകൾ അമിഞ്ഞുവീഴ്ത്തി. സുരഥൻ വേദന സഹിച്ച് അർജ്ജുനന്റെ നേർക്കടുത്തു. കാലുകൾകൊണ്ടു യുദ്ധം തുടങ്ങി. അർജ്ജുനൻ ഒരമ്പുകൊണ്ട് അയാളുടെ കാലുകൾ മുറിച്ചു. മറ്റൊന്നുകൊണ്ടു ജീവനെയും കവർന്നു.

സുരഥനും വിഷ്ണുഭക്തനാണ്, സുധന്വാവ് എന്നപോലെ. ശ്രീകൃഷ്ണൻ സുരഥനും മോക്ഷമരുളി—അയാൾ എതിരാളിയായിട്ടുപോലും.

ഹംസധ്വജന്റെ അവസ്ഥ ഊഹിക്കാൻ പ്രയാസമില്ല. മഹാവീരന്മാരായ രണ്ടു പുത്രന്മാർ അടർക്കളത്തിൽ വീണു. അദ്ദേഹത്തിന്റെ ദുഃഖം അതിരുകടന്നു. എങ്കിലും ഒരു ആഗ്രഹം അവശേഷിക്കുന്നു. ശ്രീകൃഷ്ണനെ ഒന്നു കാണണം. താൻ അർജ്ജുനനോടു യുദ്ധത്തിനു ചെല്ലും. അപ്പോൾ ഭഗവാന്റെ വിഗ്രഹം തന്റെ കണ്ണിൽപെടും. അതിനുശേഷം പടവെട്ടി വീരസ്വർഗം നേടാം.

താമസിയാതെ ശ്രീകൃഷ്ണൻ ഒന്നു കണ്ടു—തനിക്കെതിരെ ഹംസധ്വജൻ വരികയാണ്. ഭഗവാൻ ധൃതിയിൽ രഥത്തിൽനിന്നു നിലത്തിറങ്ങി. ഇരുകൈകളും നീട്ടി രാജാവിന്റെ അടുക്കലെത്തി. അദ്ദേഹത്തെ ഗാഢമായി ആലിംഗനംചെയ്തു. എന്നിട്ടു പറഞ്ഞു:

'ഹംസധ്വജാ, അങ്ങ് യാഗാശ്വത്തെ വിട്ടുകൊടുക്കണം. എന്നിട്ട് അർജ്ജുനനോടൊന്നിച്ചു സഞ്ചരിക്കണം. അശ്വമേധത്തിനു സഹായവും നൽകണം. അതാണ് എന്റെ ആഗ്രഹം.'

ശ്രീകൃഷ്ണന്റെ ആഗ്രഹം നിറവേറ്റുക—അതിനപ്പുറം എന്താണൊരു പുണ്യം? പോരെങ്കിൽ താൻ ഭഗവാന്റെ ആലിംഗനസുഖവും അനുഭവിച്ചു. ധന്യരിൽ ധന്യനാണു താനെന്ന് ഹംസധ്വജനു തോന്നി. രാജാവ് തന്റെ സർവ്വസ്വവും ശ്രീകൃഷ്ണനായിട്ട് അടിയറവെച്ചു—അതേസമയം അർജുനനായിട്ടും.

അർജുനനോടും സഹചരന്മാരോടുംകൂടി ശ്രീകൃഷ്ണൻ അഞ്ചു ദിവസം കഴിച്ചുകൂട്ടി. ഹംസധ്വജന്റെ ബഹുമാന്യരായ അതിഥികളായിരുന്നു എല്ലാവരും. ഭഗവാൻ യാത്രപറഞ്ഞു മടങ്ങിപ്പോയി. അർജ്ജുനൻ വീണ്ടും യാഗാ

ശ്വത്തെ അഴിച്ചുവിട്ടു. എന്നിട്ട് അനുയായികളെയും കൂട്ടി അതിന്റെ പുറകെ സഞ്ചരിച്ചു. ഒന്നിച്ച് ഹംസധ്വജനും.

ബഹുദൂരം പിന്നിട്ട് അവർ ഗൗരീവനത്തിൽ എത്തിച്ചേർന്നു.

വിചിത്രമായ ഒരു അനുഭവം ഉണ്ടായി.

യാഗാശ്വം വെള്ളം കുടിക്കാൻ ഒരു താമരപ്പൊയ്കയിൽ ചെന്നിറങ്ങി. ആ നിമിഷം എന്തുണ്ടായി എന്നോ? ആൺകുതിര പെൺകുതിരയായി!

അതിനൊരു കാരണം ഉണ്ടായിരുന്നു. ആ കാരണം അർജുനനും കൂട്ടരും അറിഞ്ഞില്ല. അത്രമാത്രം.

പണ്ടൊരിക്കൽ ഗൗരീദേവി ഈ വനത്തിൽ തപസ്സുചെയ്തിരുന്നു. ശിവനുമായുള്ള വിവാഹത്തിനു മുമ്പായിരുന്നു ആ തപസ്സ്. ഒരു ദിവസം ഉഗ്രസേനൻ എന്ന ഘോരരാക്ഷസൻ ദേവിയെ കാണാനിടയായി. അവൻ ഒരു ആഗ്രഹം പ്രകടിപ്പിച്ചു—ദേവി അവന്റെ ഭാര്യയാകണം എന്ന്. ദേവിയുടെ കോപാഗ്നി ആ തെമ്മാടിയെ ഭസ്മമാക്കി. അതിനുശേഷം ദേവി ഒരു നിശ്ചയമെടുത്തു. പുരുഷവർഗത്തിൽപ്പെട്ട ഏതു ജീവിയും ഈ പൊയ്കയിൽ ഇറങ്ങിയാലോ? ഉടനെതന്നെ ആ ജീവി പെണ്ണായിത്തീരും!

അർജുനൻ വിഷണ്ണനായി പെൺകുതിരയെ പിൻതുടർന്നു. അശ്വമേധത്തിന് ആൺകുതിരതന്നെ വേണം. ഇനിയിപ്പോൾ എന്തു ചെയ്യും?

വഴിക്കുവെച്ച് കുതിര മറ്റൊരു പൊയ്കയിലിറങ്ങി വെള്ളം കുടിച്ചു. കഷ്ടകാലത്തിന് അതിനും കയറിയത് എങ്ങനെ ആയിരുന്നു എന്നോ? ഒരു പുലിയുടെ രൂപത്തിൽ!

അതിനും ഉണ്ടായിരുന്നു ഒരു കാരണം.

അകൃതവ്രണൻ എന്ന മുനി തീർത്ഥാടനം ചെയ്യുകയായിരുന്നു. അദ്ദേഹം ഈ പൊയ്കയിലിറങ്ങി തർപ്പണം ആരംഭിച്ചു. ഒരു മുതല മുനിയുടെ കാലിൽ കേറിപ്പിടിച്ചു. മുനിക്ക് അതിയായ വേദനയുണ്ടായി. അദ്ദേഹം വല്ലവിധവും കാൽവിടുവിച്ചു കരയ്ക്കു കയറി. എന്നിട്ട് ഒരു ശാപവുമേകി—ഇതിൽ ഇറങ്ങുന്ന ജീവി പുലിയായിപ്പോകട്ടെ!

എത്രമാത്രം വിഷമിച്ചുപോയി അർജുനനും സഹചരന്മാരും! ആദ്യം ആൺകുതിര പെൺകുതിരയായി. ഇപ്പോഴിതാ പെൺകുതിര പുലിയുമായി. പുലിയുടെ അടുത്തു ചെന്നാൽ അതു കടിച്ചുകീറും. അതിനെ അമ്പെയ്തു കൊന്നാൽ അശ്വമേധം കുട്ടിച്ചോറാവും. എന്താണൊരു വഴി?

അർജുനൻ ഹൃദയം തുറന്നു പ്രാർത്ഥിച്ചു:

'എന്റെ കൃഷ്ണാ, ഞാനിനി എന്താണു ചെയ്യേണ്ടത്? അവിടുന്നു പലപ്പോഴും ഞങ്ങളെ രക്ഷിച്ചിട്ടുണ്ട്. ഈ ദുർഘടത്തിൽനിന്നുകൂടി ഞങ്ങളെ കരകയറ്റണേ!'

പ്രാർത്ഥനയ്ക്കു ഫലമുണ്ടായി.

പെൺപുലിക്കു പകരം യാഗത്തിനുള്ള പഴയ ആൺകുതിര നിൽക്കുന്നു!

അവർ വീണ്ടും പ്രയാണം ആരംഭിച്ചു. മലയും താഴ്വരയും പുഴയും മേടും കടന്നു. ഒടുവിൽ ഒരു രാജ്യത്തിൽ ചെന്നെത്തി. അതുപോലൊരു രാജ്യം ഭൂമിയിൽ വേറെയില്ല. സ്ത്രീകൾ മാത്രമുള്ള രാജ്യം അഥവാ, സ്ത്രീരാജ്യം!

പ്രമീള എന്നാണു സ്ത്രീരാജ്യത്തിലെ രാജ്ഞിയുടെ പേര്. മന്മഥമഞ്ജരി എന്ന് മന്ത്രിണിയുടെ പേരും. പടയാളികളും പെണ്ണുങ്ങൾതന്നെ. രാജ്ഞി,

മന്ത്രിണി. പടയാളികൾ—എല്ലാവരും സുന്ദരികളാണ്. വല്ലപ്പോഴും വല്ല പുരുഷനും വന്നെന്നിരിക്കും. കുറെ സ്ത്രീകൾ അയാളെ ഭർത്താവാക്കും. അയാൾ മുപ്പതു നാളിനകം മരിക്കയുംചെയ്യും.

കുതിരപ്പടയാളികളായ സ്ത്രീകളുണ്ട്. അവർ യാഗാശ്വത്തെ കാണാനിടയായി. പരിശോധിച്ചപ്പോൾ മനസ്സിലായി ആരുടെ യാഗാശ്വമെന്ന്. അവർ കുതിര പിടിച്ച് പ്രമീളയുടെ സമക്ഷത്തിലേക്കു കൊണ്ടുപോയി.

പടനായിക പറഞ്ഞു:

'തമ്പുരാട്ടീ, ഇത് യുധിഷ്ഠിരന്റെ യാഗാശ്വമാണ്. അർജ്ജുനനും സൈന്യവും പുറകെ വരുന്നുണ്ട്. കുതിരയെ വിട്ടുകളയണോ, അതോ കെട്ടിയിടണോ? എന്താണു വേണ്ടതെന്നു കല്പിക്കാൻ തിരുവുള്ളം ഉണ്ടാകണം.'

രാജ്ഞി ആജ്ഞ നൽകി:

'കുതിരയെ കെട്ടിയിടുവിൻ. ഉടനെ യുദ്ധത്തിനു തയ്യാറാകുവിൻ.'

താമസിയാതെ സ്ത്രീസൈന്യം സജ്ജമായി. അതിനെ നയിച്ചുകൊണ്ട് പ്രമീള പടക്കളത്തിലേക്കു പോയി. അർജ്ജുനൻ വന്നെത്തിയപ്പോൾ എന്താണു കണ്ടത്? വമ്പിച്ച പെൺപട പോരിനു തയ്യാറായി നിൽക്കുന്നു!

സ്ത്രീസൈന്യത്തിൽനിന്ന് അർജ്ജുനന് ഒരു ക്ഷണം കിട്ടി—യുദ്ധത്തിനുള്ള ക്ഷണം!

അർജ്ജുനന്റെ ചിന്ത ഒരു വഴിക്കുപോയി. ഇക്കൂട്ടർക്കു കുറെയേറെ അഹങ്കാരമുണ്ട്. ആ അഹങ്കാരം ശമിപ്പിക്കേണ്ടതുതന്നെ. പക്ഷേ, സ്ത്രീകളോട് ആയുധപ്രയോഗം നടത്തുന്നതു ധർമമല്ല. ഏതിനും രാജ്ഞിയോടു സംസാരിക്കുകതന്നെ. അദ്ദേഹം പ്രമീളയുടെ മുമ്പിലെത്തി.

'രാജ്ഞീ, എന്തിനാണ് ഈ സാഹസം? ലോകം വാഴ്ത്തുന്ന യോദ്ധാവാണ് ഞാൻ. എന്നെ എതിർക്കുന്നതു മൂഢത്വമാണ്. വാസ്തവത്തിൽ നിങ്ങളോടു യുദ്ധം ചെയ്യുവാൻ എനിക്കു മടിയുണ്ട്. ഞാൻ മര്യാദയോടുകൂടി അപേക്ഷിക്കയാണ്—ദയവായി എന്റെ യാഗാശ്വത്തെ വിട്ടുതരിക.'

പ്രമീളയുടെ മനസ്സിനു പെട്ടെന്ന് ഇളക്കംതട്ടി. ഇത്ര സൗന്ദര്യവും വീര്യവുമുള്ള പുരുഷനെ കണ്ടിട്ടില്ല. ഇദ്ദേഹം തന്റെ ഭർത്താവായെങ്കിൽ! ആ ആഗ്രഹം മറച്ചുവെച്ചുകൊണ്ട് രാജ്ഞി പറഞ്ഞു:

'ഞങ്ങളെ അത്രയൊന്നും നിസ്സാരമാക്കണ്ട. യുദ്ധം തുടങ്ങുമ്പോൾ ഞങ്ങളുടെ കൈമിടുക്കു മനസ്സിലാകും!'

ഗത്യന്തരമില്ലാതെ അർജ്ജുനൻ യുദ്ധം നിശ്ചയിച്ചു. പുരുഷസൈന്യവും സ്ത്രീസൈന്യവും തമ്മിൽ ഇടഞ്ഞു. താമസിയാതെ പുരുഷടന്മാർക്ക് ഒന്നു ബോധ്യമായി. എതിരാളികളായ പെൺപോരാളികൾ സാമാന്യക്കാരികളല്ല. യൗവനാശ്വൻ, പ്രദ്യുമ്നൻ, വൃഷധ്വജൻ എല്ലാവരും അറിയാവുന്ന അടവുകൾ ഒന്നൊഴിയാതെ പ്രയോഗിച്ചു. എങ്കിലും സ്ത്രീസൈന്യം അണിമുറിയാതെ ഉറച്ചുനിന്നു.

അർജ്ജുനനും പ്രമീളയും തമ്മിൽ ദ്വന്ദ്വയുദ്ധത്തിനു തയ്യാറായി.

പ്രമീള ശത്രുവിനോടു പറഞ്ഞു:

'അങ്ങ് എന്റെ ഭർത്താവായി എന്റെ രാജ്യത്തു താമസിക്കണം. അതാണ് അങ്ങേയ്ക്ക് എല്ലാംകൊണ്ടും നന്ന്. അതല്ല, യുദ്ധത്തിനാണു ഭാവമെങ്കിലോ? മരണമായിരിക്കും അനുഭവം!'

ആ മുന്നറിയിപ്പ് അർജ്ജുനൻ വകവെച്ചില്ല. അദ്ദേഹം പ്രമീളയോടു ദാരുണയുദ്ധം ആരംഭിച്ചു. താമസിയാതെ രാജ്ഞിയുടെ സാമർത്ഥ്യം ബോദ്ധ്യമായി. എത്ര ശ്രമിച്ചിട്ടും അവളെ കീഴടക്കാൻ കഴിയുന്നില്ല!

മറുപടിയില്ലാത്ത ഒരു ദിവ്യാസ്ത്രം പ്രയോഗിക്കണം. അതിനായി അർജുനന്റെ ഒരുക്കം. അപ്പോൾ ഒരു അശരീരി കേൾക്കുമാറായി:

'അർജ്ജുനാ, നീ പതിനായിരം വർഷം പൊരുതിയാലും ശരി, ഇവളെ തോല്പിക്കാൻ സാധിക്കയില്ല. നിനക്ക് ജീവനോടെ ഇരിക്കണമെങ്കിൽ ഒരു മാർഗമേയുള്ളൂ—ഇവളെ വിവാഹംകഴിച്ച് ഹസ്തിനപുരിയിലേക്കു കൊണ്ടുപോകണം.'

അശരീരിയെ ധിക്കരിക്കാനൊക്കുമോ? അർജ്ജുനൻ യുദ്ധം മതിയാക്കി. വിവാഹാഭ്യർത്ഥനയും നടത്തി.

ആ മംഗളകർമം നടന്നു.

അർജ്ജുനൻ വധുവിനോടു പറഞ്ഞു:

'പ്രമീളേ, നീ നേരെ ഹസ്തിനപുരത്തേക്കു പൊയ്ക്കൊള്ളൂ. അശ്വമേധത്തിനു സമയമാകുമ്പോൾ ഞാൻ എത്തിക്കൊള്ളാം.'

ബന്ധിച്ചിരുന്ന യാഗാശ്വത്തെ പ്രമീള ഭർത്താവിനു തിരിച്ചു നൽകി. അദ്ദേഹത്തെയും കുട്ടരെയും യാത്രയാക്കി. മന്ത്രിണിമാർക്കു ചില നിർദ്ദേശങ്ങൾ കൊടുത്തു. തത്കാലത്തേക്കു രാജ്യഭരണം അവരെ ഏല്പിച്ചു. അതിനു ശേഷം മന്മഥമഞ്ജരിയെ കൂട്ടി ഹസ്തിനപുരത്തേക്കു യാത്രയായി.

പാണ്ഡവസൈന്യത്തിന് ഒരു വനത്തിലൂടെ പോകേണ്ടതായിവന്നു. അവിടത്തെ കാഴ്ചകൾ എല്ലാവരെയും അതിയായി ആശ്ചര്യപ്പെടുത്തി. വൃക്ഷങ്ങളിൽനിന്നു പലമാതിരി ജന്തുക്കൾ ജന്മമെടുക്കുന്നു. പ്രഭാതത്തിലാണു ജനനം നടക്കുന്നത്. മദ്ധ്യാഹ്നത്തിൽ പൂർണവളർച്ച പ്രാപിക്കുന്നു. വൈകുന്നേരം വാർദ്ധക്യം ബാധിക്കുന്നു. സന്ധ്യയ്ക്കു മരണം സംഭവിക്കുന്നു! അവയെല്ലാം കണ്ടുകൊണ്ട് അവർ മുമ്പോട്ടു പോയി. കുറെദൂരം കഴിഞ്ഞു ചില മനുഷ്യരെ കണ്ടെത്തി. ചിലരുടെ മുഖത്ത് അനേകം കണ്ണുകൾ. മറ്റു ചിലർക്കു വളരെയേറെ ചെവികൾ. ഇനിയും ചിലർക്കു മൂന്നു കാലുകൾ. മറ്റു ചിലർക്കു കൂതിരമുഖങ്ങൾ. കൊമ്പുകളുള്ള മനുഷ്യരും ഇല്ലാതില്ല. എന്തെല്ലാം വൈകൃതങ്ങൾ!

ആ വനം കടന്ന് എത്തിയത് എവിടെയാണ്? അപകടം നിറഞ്ഞ ഒരു രാജ്യത്തിൽ അതായത്, ഭീഷണൻ എന്ന രാക്ഷസരാജാവിന്റെ രാജ്യത്തിൽ!

പണ്ട് ഭീമൻ ബകൻ എന്ന രാക്ഷസനെ വധിക്കുകയുണ്ടായല്ലോ. ബകന്റെ പുത്രനാണ് ഭീഷണൻ. ദുർമദനും പാപിയുമാണ് രാക്ഷസരാജാവ്. പ്രജകൾ രാജാവിനൊത്തവർതന്നെ. പുരോഹിതനോ, ഒരു ബ്രഹ്മരാക്ഷസനും.

ഒരു കാട്ടിലൂടെ പോവുകയാണു പുരോഹിതൻ. അതാ ഒരു കുതിര എതിരേ വരുന്നു. അലങ്കരിക്കപ്പെട്ട കുതിരയാണ്. എന്താണു കുതിരയുടെ നെറ്റിയിൽ കാണുന്ന കുറിപ്പ്? ബ്രഹ്മരാക്ഷസൻ കുറിപ്പു വായിച്ചു. അപ്പോൾ സകലതും മനസ്സിലായി. നേരെ ഭീഷണനെ ചെന്നുകണ്ടു.

'തമ്പുരാനേ, അവിടുത്തെ വന്ദ്യപിതാവിനെ കൊന്നില്ലേ, ഭീമൻ? ആ ഭീമന്റെ അനുജൻ നമ്മുടെ നാട്ടിൽ കടന്നിരിക്കുന്നു. പ്രതികാരത്തിനുള്ള സമയം ഇപ്പോഴാണ്!'

ഭീഷണനും ബ്രഹ്മരാക്ഷസനും തമ്മിൽ കൂടിയാലോചന നടത്തി. അപ്പോൾ ഒരു പുതിയ ആശയം രൂപംകൊണ്ടു. അർജ്ജുനനെ ബലിമൃഗമാക്കി ഒരു നരമേധം കഴിക്കണം! വളരെക്കാലമായി രാക്ഷസന്മാർ നരമേധം നടത്തിയിട്ട്. അർജ്ജുനനു ധാരാളം അനുയായികളുണ്ട്. അവരുടെ മാംസം രാക്ഷസപ്രജകൾക്കു ഭക്ഷണമാക്കണം!'

നരമേധത്തിനുള്ള ഒരുക്കങ്ങൾ അതിവേഗം പൂർത്തിയായി. മനോഹരമായി അലങ്കരിക്കപ്പെട്ട യജ്ഞമണ്ഡപം ഉയർന്നു. പുരോഹിതന്റെ നേതൃത്വത്തിൽ കർമങ്ങൾ ആരംഭിച്ചു. രാക്ഷസപ്രജകൾ ഉത്സാഹംകൊണ്ടിളകി. വിശപ്പുമാറുംവരെ മനുഷ്യമാംസം തിന്നാം. ദാഹം തീരുംവരെ മനുഷ്യരക്തം കുടിക്കാം!'

മനുഷ്യരെ ഭക്ഷിക്കുംമുമ്പ് അവരെ പിടിക്കണമല്ലൊ. പിടിക്കുംമുമ്പു യുദ്ധവും ചെയ്യണം. രാക്ഷസഭടന്മാർ യുദ്ധത്തിനൊരുങ്ങി. അവർക്കു ചുവന്ന താടിയും മീശയുമുണ്ട്. അമ്പിളിക്കലപോലുള്ള ദംഷ്ട്രങ്ങളുണ്ട്. ചെങ്കനൽ ചിന്നുമാറുള്ള വട്ടക്കണ്ണുകളുണ്ട്. നീലപർവതംപോലുള്ള ശരീരങ്ങളുണ്ട്. ഭീകരന്മാരുടെ വമ്പിച്ചൊരു സൈന്യം!

കുന്നിനു മുകളിൽ കുറെ രാക്ഷസികൾ നോക്കിനിന്നിരുന്നു. അവരുടെ ശ്രദ്ധ ശത്രുക്കളായ മനുഷ്യസൈന്യത്തിലായി. ഒരു രാക്ഷസിയുടെ കണ്ണുകൾ ഒരു കൊടിക്കുറയിൽ ചെന്നുപറ്റി. എന്താണ് ആ കൊടിക്കുറയിലെ അടയാളം? സാക്ഷാൽ ഹനുമാൻ!

അവൾ കൂട്ടുകാരികളോടു പറഞ്ഞു:

'എനിക്കു വല്ലാത്ത ഭയം തോന്നുന്നു. പണ്ട് രാവണചക്രവർത്തി സീതയെ അശോകവനത്തിൽ പാർപ്പിച്ചില്ലേ? അപ്പോൾ ഹനുമാൻ എന്നൊരു മഹാവാനരൻ വന്നെത്തി. എത്ര രാക്ഷസന്മാരെയാണ് ആ വാനരൻ കൊന്നത്! അവൻതന്നെയാണ് ഇവരുടെ കൊടിയടയാളം. നമുക്കിനി രക്ഷയില്ല!'

ഏറ്റവും ഭീകരിയായ ഒരു രാക്ഷസിയുണ്ട്.

അവൾ പറഞ്ഞു:

'ആ ഹനുമാനെ ഞാൻ തൊണ്ടയിൽ തൊടാതെ വിഴുങ്ങും!'

മറ്റൊരുവൾ പറഞ്ഞു:

'നമുക്ക് ഇപ്പോൾത്തന്നെ മനുഷ്യമാംസം തിന്നാം.'

രാക്ഷസികൾ സംഘംചേർന്നു മനുഷ്യരുടെമേൽ ചാടിവീണു. തുടർന്നു നിരവധി രാക്ഷസന്മാരും. പാണ്ഡവസേനയ്ക്കു ഭീമമായ നാശമുണ്ടായി.

ഭീഷണൻ അർജ്ജുനന്റെ മുമ്പിലെത്തി:

'എടാ അർജ്ജുനാ, നിന്റെ ജ്യേഷ്ഠൻ എന്റെ അച്ഛനെ കൊന്നു. ഞാൻ നിന്നെ കൊന്നു നരമേധം ആചരിക്കും. നിന്റെ കൂട്ടരുടെ മാംസം എന്റെ ഭടന്മാർക്കു തിന്നാൻ കൊടുക്കും. അതിനുശേഷം ഞാൻ ചെന്നു ഭീമനെ പിടികൂടും. അവന്റെ മാറു കീറിപ്പിളർന്നു ചോര കുടിക്കും!'

അർജ്ജുനൻ ചൂട മറുപടി നൽകി:

'ഭീഷണാ, ഞാനിപ്പോൾ നിന്റെ ശരീരം വെട്ടിനുറുക്കും. കഷണങ്ങൾ പക്ഷികൾക്കായി എറിഞ്ഞുകൊടുക്കും!'

വാഗ്സമരത്തെത്തുടർന്ന് ആയുധസമരമായി — ഭീഷണനും അർജ്ജുനനും തമ്മിൽ മാത്രമല്ല, രാക്ഷസഭേടന്മാരും മനുഷ്യഭേടന്മാരും തമ്മിലും. കൂടുതൽ നഷ്ടം സംഭവിച്ചതു മനുഷ്യസൈന്യത്തിനായിരുന്നു. വീണുപോയ മനുഷ്യരെ രാക്ഷസന്മാർ എന്താണു ചെയ്തത്? ദംഷ്ട്രങ്ങളാലും നഖങ്ങളാലും മാംസം മുറിച്ചെടുത്തു ഭക്ഷിച്ചു. പതഞ്ഞുവരുന്ന ചുടുചോര കുടിക്കുകയും ചെയ്തു. അതു കണ്ട് ഹനുമാൻ കൊടിയടയാളം വിട്ടു നിലത്തിറങ്ങി. അനേകം രാക്ഷസന്മാരെ അടിച്ചുകൊന്നു. എന്നിട്ട് വീണ്ടും കൊടിയടയാളത്തിൽ പ്രവേശിച്ചു.

അർജ്ജുനനോടു യുദ്ധംചെയ്യുന്ന ഭീഷണനോ? മായാപ്രയോഗത്താൽ നിരവധി വന്യമൃഗങ്ങളെ സൃഷ്ടിച്ചുവിട്ടു. സിംഹങ്ങളും കരടികളും മദയാനകളും മറ്റും അർജ്ജുനന്റെ നേർക്കടുത്തു. അർജ്ജുനന്റെ ശരങ്ങൾ അവയെ ആട്ടിയോടിച്ചു. അവയുടെ പുറമേ അർജ്ജുനൻ പാഞ്ഞുചെന്നു. അപ്പോഴേക്കും ഒരു കാഴ്ച കണ്ടു. ഒരിടത്ത് ഒരു താപസനിരിക്കുന്നു.

താപസൻ പറഞ്ഞു:

'അർജ്ജുനാ, ദിവ്യദൃഷ്ടികൊണ്ടു ഞാൻ ഒന്നു കണ്ടിരിക്കുന്നു. അതിപ്പോൾ അങ്ങയെ അറിയിക്കാം. ഹസ്തിനപുരത്തിൽ ഒരു ആപത്തുണ്ടായി. ചില ശത്രുക്കൾ യുധിഷ്ഠിരനെയും പാഞ്ചാലിയെയും പിടിച്ചുകൊണ്ടുപോയി. എവിടേക്ക് എന്ന് ആർക്കും അറിഞ്ഞുകൂടാ.

എല്ലാവരും വല്ലാതെ ദുഃഖിച്ചിരിക്കുന്നു. അങ്ങ് ഉടൻതന്നെ ഹസ്തിനപുരത്തു ചെല്ലണം. ശ്രീകൃഷ്ണനെയും കൂട്ടിക്കൊണ്ടുപോകണം. ഒട്ടും കാലതാമസം പാടില്ല. ഞാനിതാ അങ്ങയെ അനുഗ്രഹിക്കുന്നു. യുധിഷ്ഠിരനെ കണ്ടെത്താൻ കഴിയുമാറാകട്ടെ!'

ചതിക്കുക എന്നതായിരുന്നു താപസന്റെ ഉദ്ദേശ്യം. ഭീഷണൻ താപസനായി വേഷം മാറിയതുമാണ്. അർജ്ജുനന് ആ ദുഷ്ടന്റെ ഉദ്ദേശ്യം മനസ്സിലായി. അദ്ദേഹം അവനെ വധിക്കാനായി മുമ്പോട്ടു ചാടി. അതിനുള്ളിൽ ഭീഷണൻ വീണ്ടും സ്വന്തരൂപം ധരിച്ചിരുന്നു. അർജ്ജുനൻ അവന്റെ കഴുത്തു മുറിച്ചു.

ശേഷിച്ച രാക്ഷസന്മാർ നാട് വിട്ട് ഓടിപ്പോയി. അർജ്ജുനൻ രാക്ഷസരാജ്യത്തിൽ കടന്നു സമ്പത്തുകൾ കൈക്കലാക്കി. സ്ഥർണ്ണത്തിനും രത്നങ്ങൾക്കും മറ്റും ഒരവസാനമില്ല. എല്ലാവരും അന്നേ ദിവസം അവിടെത്തന്നെ വിശ്രമിച്ചു. അടുത്ത പ്രഭാതത്തിൽ കുതിരയുടെ പിറകെ പുറപ്പാടുമായി.

ദീർഘയാത്രയ്ക്കുശേഷം അവർ മണിപുരത്തിൽ എത്തിച്ചേർന്നു.

ബഭ്രുവാഹനൻ എന്ന രാജാവാണ് മണിപുരം വാഴുന്നത്.

അർജ്ജുനന്റെ പുത്രനാണ് ബഭ്രുവാഹനൻ!

മുമ്പു തീർത്ഥയാത്രയ്ക്കിടയിൽ അർജ്ജുനൻ രണ്ടു പത്നിമാരെ സ്വീകരിച്ചിരുന്നു—ചിത്രാംഗദയെയും ഉലൂപിയെയും. ചിത്രാംഗദയുടെ പുത്രനാണ് ബഭ്രുവാഹനൻ. പിതാവിനെ ബഭ്രുവാഹനൻ കണ്ടിട്ടുപോലുമില്ല.

ഇപ്പോഴിതാ അർജ്ജുനൻ മണിപുരത്തിൽ വീണ്ടും എത്തിയിരിക്കുന്നു!

എവിടുന്ന് എന്നറിയില്ല, ഒരു കഴുകൻ അർജ്ജുനന്റെ കിരീടത്തിൽ ചെന്നിരുന്നു. മരണം സൂചിപ്പിക്കുന്ന ഒരു ദുശ്ശകുനം! അർജ്ജുനനു മരണമോ? കൂട്ടുകാർ ചഞ്ചലരായി.

ഏതോ ഒരു യാഗാശ്വം വന്നു കയറിയിരിക്കുന്നു—അക്കാര്യം ബഭ്രുവാഹനന് അറിവായി. രാജാവ് ഭടന്മാർക്ക് ഒരാജ്ഞ നൽകി—ആ യാഗാശ്വത്തെ പിടിച്ചുകൊണ്ടുവരട്ടെ!

ഭടന്മാർ കുതിരയെ കൊണ്ടുവരികയുംചെയ്തു. കുറിപ്പു വായിച്ചപ്പോൾ കാര്യം മനസ്സിലായി—ഇതു തന്റെ വലിയച്ഛനായ യുധിഷ്ഠിരന്റെ യാഗാശ്വമാണ്; അതിനെ രക്ഷിച്ചു സഞ്ചരിക്കുന്നതു തന്റെ പിതാവായ അർജ്ജുനനും! ആ യുവവീരന്റെ ഹൃദയത്തിൽ സന്തോഷവും സന്താപവും ഒന്നിച്ച് അലതല്ലി. പിതാവിന്റെ ആഗമനത്തിൽ സന്തോഷം; കുതിരയെ ബന്ധിച്ചതിൽ സന്താപം. യാഗാശ്വത്തെ പിടിച്ചുകെട്ടുന്നവൻ ശത്രുവായി പരിഗണിക്കപ്പെടും. താൻ തന്റെ പിതാവിന്റെ ശത്രുവാകുകയോ?

അതിനിടയ്ക്ക് ഹംസധ്വജൻ ചിലതെല്ലാം അർജ്ജുനനെ അറിയിക്കുകയുണ്ടായി—അർജ്ജുനപുത്രനാണ് ബഭ്രുവാഹനനെന്ന്; താനും ബഭ്രുവാഹനന്റെ സാമന്തനാണെന്ന്; ലോകൈകവീരനാണ് യുവാവായ ആ രാജാവെന്ന്. അതെല്ലാം അറിഞ്ഞപ്പോൾ അർജ്ജുനൻ ആഹ്ലാദിക്കുകയും ചെയ്തു.

പിന്നീടാണ് ആ വർത്തമാനം വന്നെത്തിയത്—ബഭ്രുവാഹനൻ യാഗാശ്വത്തെ പിടിച്ചുകെട്ടിയെന്ന്. അർജ്ജുനന്റെ ആഹ്ലാദം കോപത്തിനു വഴിമാറി.

എന്നാൽ, എന്തായിരുന്നു ബഭ്രുവാഹനന്റെ മനോഭാവം? യാഗാശ്വത്തെ പിതാവിനു തിരിച്ചുനൽകണം. പിതാവിന്റെ പാദങ്ങളിൽ പ്രണമിച്ചു മാപ്പു ചോദിക്കണം. ആ രാജാവ് പരിവാരങ്ങളോടുകൂടി അർജ്ജുനനെ ചെന്നു കണ്ടു. എന്നിട്ടു പറഞ്ഞു:

'അച്ഛാ, എന്റെ ഭടന്മാർ അറിയാതെ കുതിരയെ പിടിച്ചുകെട്ടിയതാണ്. കുറിപ്പു വായിച്ചപ്പോഴാണ് എനിക്കു കാര്യം മനസ്സിലായത്. ഞാനറിയാതെ ചെയ്ത തെറ്റ് അച്ഛൻ പൊറുക്കണം. എന്നിട്ട് എന്റെ രാജ്യവും സർവസ്വവും സ്വീകരിക്കണം!'

പുത്രൻ പിതാവിനെ ദണ്ഡനമസ്കാരം ചെയ്തു.

പിതാവ് പുത്രനെ പിടിച്ച് എഴുന്നേല്പിക്കേണ്ടതാണ്. മാറോടണച്ചു നെറുകയിൽ ചുംബിക്കേണ്ടതാണ്. അർജ്ജുനൻ അതൊന്നും ചെയ്യാതെ നിലകൊണ്ടു.

അദ്ദേഹത്തിനു വലിയൊരു തെറ്റിദ്ധാരണ ഉണ്ടായി—തന്റെ മകൻ ഭീരുവാണ് എന്ന്.

നമസ്കരിച്ചുകിടക്കുന്ന പുത്രന്റെ തലയിൽ ചവിട്ടിയിട്ട് അദ്ദേഹം പറഞ്ഞു:

'എടാ,' നീ ആദ്യം വിചാരിച്ചു കുതിര മറ്റാരുടെയോ ആണെന്ന്. എന്നേതാണെന്ന് അറിഞ്ഞപ്പോൾ നീ പേടിച്ചുപോയി. ജീവൻ രക്ഷിക്കാനാണ് ഈ നമസ്കാരവും ക്ഷമാപണവുമൊക്കെ, അല്ലേ? പേടിക്കൊടലായ നീ എന്റെ മകനാണുപോലും! ഞാൻ അതിൽ അത്യന്തം ലജ്ജിക്കുന്നു. നിന്റെ അമ്മ ആട്ടക്കാരിയായിരുന്നു. നീയും ആട്ടക്കാരനായി ജീവിക്ക്. പോ! യുദ്ധം നിന്നെപ്പോലെ ഭീരുക്കൾക്കുള്ളതല്ല!'

തുടർന്ന് അർജ്ജുനൻ ചിത്രാംഗദയെ വളരെ പുച്ഛിച്ചു സംസാരിച്ചു.

ബഭ്രുവാഹനന് അതൊട്ടും സഹിച്ചില്ല. യുവാവ് ധൃതിയിൽ എഴുന്നേറ്റി മുന്നു. അഭിമാനം ജ്വംഭിച്ചിരുന്നു.

'അച്ഛാ, ഞാൻ സത്യമാണു പറഞ്ഞത്. പക്ഷേ, അച്ഛൻ വിശ്വസിച്ചില്ല. അച്ഛൻ എന്റെ തലയിൽ ചവിട്ടി. അതും ഞാൻ സഹിച്ചു. എന്നാൽ, ഞാൻ സഹിക്കാത്ത രണ്ടു കാര്യങ്ങളുണ്ട്. ഒന്ന്, അച്ഛൻ എന്റെ അമ്മയെ ചീത്ത പറഞ്ഞു. രണ്ട്, എന്നെ ഭീരുവെന്നു വിളിച്ചു. ഞാൻ ഭീരുവോ അല്ലയോ എന്ന് ഇപ്പോൾ തെളിയിച്ചുതരാം!'

ബഭ്രുവാഹനൻ സേനാധിപന്മാർക്ക് ആജ്ഞ നൽകി:

'നിങ്ങൾ ഈ കുതിരയെ വീണ്ടും കെട്ടിയിടുവിൻ! സൈന്യത്തെ അണി നിരത്തുവിൻ!'

ഒരു വശത്ത് പിതാവിന്റെ സൈന്യം; മറുവശത്ത് പുത്രന്റെ സൈന്യം— രണ്ടും തമ്മിൽ ഘോരമായി സംഘട്ടനം ചെയ്തു. ഇരുഭാഗങ്ങളിലും അസംഖ്യം ഭടന്മാർ കാലപുരി പുകി. മഹാരഥന്മാർ പലരുമുണ്ട് അർജ്ജുനപക്ഷത്തിൽ. ഓരോരുത്തരായി ബഭ്രുവാഹനനോടു ദ്വന്ദ്വയുദ്ധത്തിലേറ്റു. അവർ അറിയാവുന്ന അടവുകളെല്ലാം പ്രയോഗിച്ചു. അസാധാരണമായ വീര്യവും പ്രദർശിപ്പിച്ചു. അതൊക്കെ നിഷ്ഫലമായി. എല്ലാവരും തോറ്റു പിൻവാങ്ങി.

പിന്നീടു സഹോദരന്മാരുടെ പുത്രന്മാർ തമ്മിലിടഞ്ഞു—കർണ്ണപുത്രനായ വൃഷധ്വജനും അർജ്ജുനപുത്രനായ ബഭ്രുവാഹനനും തമ്മിൽ.

യുദ്ധം തുടങ്ങും മുമ്പ് അർജ്ജുനൻ പറഞ്ഞു:

'വൃഷധ്വജാ, ദുശ്ശകുനങ്ങൾ മാത്രമാണ് ഞാൻ കാണുന്നത്. ഞാൻ മരിക്കുമെന്ന് എനിക്കു തോന്നുന്നു. നിന്റെ ജീവൻ വിലപ്പെട്ടതാണ്. നീ ഹസ്തിനപുരത്തേക്കു മടങ്ങിപ്പൊയ്ക്കൊള്ളു. എല്ലാ വിവരങ്ങളും എന്റെ ജ്യേഷ്ഠന്മാരെ അറിയിക്കണം. ഞാനാണെങ്കിൽ ഒരു നിശ്ചയം എടുത്തിരിക്കുന്നു. ഒന്നുകിൽ യുദ്ധത്തിൽ ജയിച്ചു തിരിച്ചെത്തും. അല്ലെങ്കിൽ പൊരുതി വീരസ്വർഗ്ഗം പ്രാപിക്കും!'

പക്ഷേ, വൃഷധ്വജൻ തിരിച്ചുപോകാൻ തുനിഞ്ഞില്ല. മറിച്ച് ബഭ്രുവാഹനനോട് ഇടയുകയാണു ചെയ്തത്. ഏറ്റവും ഭീകരമായിരുന്നു യുവാക്കന്മാർ തമ്മിലുള്ള ദ്വന്ദ്വയുദ്ധം. അതു വളരെ നേരം നീണ്ടുനിൽക്കുകയും ചെയ്തു. ഒടുവിൽ ബഭ്രുവാഹനൻ സംഹാരരുദ്രാസ്ത്രം എന്ന ദിവ്യാസ്ത്രമെടുത്തു. അതിനെ വൃഷധ്വജന്റെ കഴുത്തിനു നേരെ ജപിച്ചയച്ചു. അസ്ത്രം വൃഷധ്വജന്റെ കണ്ഠം ഛേദിച്ചുതള്ളി.

അർജ്ജുനൻ കരഞ്ഞുപോയി. പക്ഷേ, കരയാനുള്ള സമയമല്ലെന്നറിഞ്ഞു. ബഭ്രുവാഹനനോടു യുദ്ധവും തുടങ്ങി. കണ്ടവർ ശോകാകുലരായി. ചിലപ്പോൾ അർജ്ജുനൻ ജയിക്കുമെന്നു തോന്നി. ചിലപ്പോൾ ബഭ്രുവാഹനൻ ജയിക്കും എന്നും. ക്രമേണ അർജ്ജുനനു തളർച്ചയുണ്ടായി.

ആ സമയം ബഭ്രുവാഹനൻ മാരകമായ മറ്റൊരു ശരം കൈയിലെടുത്തു.

ജ്വാലരാജ്ഞി മുമ്പ് അർജ്ജുനനെ ശപിച്ചുവല്ലോ. അർജ്ജുനനെ കൊല്ലാനുള്ള ശരമാകണം എന്നു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. രാജ്ഞിയുടെ പ്രാർത്ഥന ഫലിക്കയാണു ചെയ്തത്. അവർ ശരമായി ബഭ്രുവാഹനന്റെ തൂണീരത്തിൽ കിടന്നു.

ആ ശരമാണ് ബഭ്രുവാഹനൻ കൈയിലെടുത്തു പ്രയോഗിച്ചത്.

മറുപടിയില്ലാത്ത ആ ആയുധം അർജ്ജുനന്റെ ശിരസ്സുരിഞ്ഞു!

അനുയായികൾ ഹാഹാകാരം മുഴക്കി. അർജ്ജുനൻ നിര്യാതനായിരിക്കുന്നു. ആരും പ്രതീക്ഷിക്കാത്ത സംഭവം!

യദൃച്ഛയാ ചിത്രാംഗദ മണിപുരത്തിൽ വന്നെത്തി.

ആ രാജ്ഞി കുറെനാൾ മുമ്പ് ഹസ്തിനപുരത്തേക്കു പോയിരുന്നു. അവിടെ താമസിക്കുമ്പോൾ ഒരു ദുഃഖവർത്തമാനം കിട്ടുകയുണ്ടായി. നാരദ മഹർഷിയാണ് ആ വർത്തമാനം നൽകിയത്—അതായത്, ഭർത്താവിന് ഗംഗാദേവിയിൽനിന്നുണ്ടായ ശാപം!

തന്റെ പ്രിയ ഭർത്താവിനെ പ്രിയ പുത്രൻ വധിക്കുമോ? അതാലോചിച്ചപ്പോൾ ചിത്രാംഗദയുടെ ഉള്ളം വെന്തുരുകി. ആ അത്യാഹിതം തടഞ്ഞേ കഴിയുകയുള്ളു. രാജ്ഞി ഉടൻതന്നെ ഹസ്തിനപുരത്തുനിന്ന് മടക്കയാത്ര ചെയ്തു. സപത്നിയായ ഉലൂപിയെയും കൂട്ടിയിരുന്നു. മണിപുരത്തിൽ എത്തിയപ്പോഴോ? അല്പം താമസിച്ചുപോയി. താൻ ഭയന്ന സംഭവം ഉണ്ടായിരിക്കുന്നു. ചിത്രാംഗദ മോഹാലസ്യപ്പെട്ടു വീണു. ഒപ്പം ഉലൂപികയും. ബോധം വീണപ്പോഴോ? ഇരുവരും മാറത്തടിച്ചു കരഞ്ഞു.

ബഭ്രുവാഹനൻ അവരുടെ സവിധത്തിലെത്തി.

ചിത്രാംഗദ ഭർത്സിച്ചു:

'അച്ഛനെ കൊന്ന മഹാപാപി!'

ഉലൂപി രണ്ടു ദിവസം മുമ്പ് ഒരു ദുഃസ്വപ്നം കണ്ടിരുന്നു. താൻ സ്വപ്നത്തിൽ ഉദ്യാനത്തിൽ വിഹരിച്ചു. പൂക്കളിറുത്തു. മാലകോർത്തു കഴുത്തിലിട്ടു. പെട്ടെന്ന് പൂമാല പൊട്ടിപ്പോയി! ഉലൂപി ഞെട്ടിയുണർന്നു നോക്കി. മംഗല്യസൂത്രം പൊട്ടിയിരിക്കുന്നു. വൈധവ്യത്തിന്റെ മുൻസൂചന.

മറ്റൊരു സംഭവം ഉലൂപിയുടെ ഓർമ്മയിലെത്തി.

മുമ്പ് അർജ്ജുനനുമായി വിവാഹം നടന്നില്ലേ? അതിന് അടുപ്പിച്ചൊരുനാൾ നടന്ന സംഭവമാണ്. അർജ്ജുനനും ഉലൂപിയും ഒന്നിച്ച് ഉല്ലാസയാത്രയ്ക്കിറങ്ങി. ഒരിടത്ത് അഞ്ചു താളിമാതളമരങ്ങൾ നിൽക്കുന്നതു കണ്ടു. അർജ്ജുനൻ അവയെ ചൂണ്ടിക്കാട്ടി പറഞ്ഞു: 'ഉലൂപീ, ആ അഞ്ചു മരങ്ങളും ഒന്നിച്ച് വെന്തു വീഴും. അന്നേ ദിവസം ഞാനും മരിക്കും!' അതോർമ്മിച്ച ഉലൂപി മരങ്ങളെ ചെന്നു നോക്കി. അവ അതാ വെന്തു നശിച്ചിരിക്കുന്നു!

കരഞ്ഞുകൊണ്ട് ഉലൂപി ചിത്രാംഗദയുടെ അരികിൽ തിരിച്ചെത്തി.

ബഭ്രുവാഹനൻ പറഞ്ഞു:

'അമ്മമാരേ, ഞാൻ യാതൊരു കുറ്റവും ചെയ്തില്ല. ഞാൻ അച്ഛനോടു മാപ്പുചോദിച്ചു, പാദം പിടിച്ചു. അച്ഛൻ നിഷ്കരുണമായി എന്റെ തലയിൽ ചവിട്ടി. ഭീരു എന്നു വിളിച്ചു. അമ്മയെ പഴിച്ചു. എനിക്കു യുദ്ധം ചെയ്യാതെ നിവൃത്തിയില്ലാതായി.'

അതൊന്നും രണ്ടു സ്ത്രീകളും ചെവിക്കൊണ്ടില്ല. ഭർത്താവിന്റെ മൃതശരീരമെങ്കിലും ഒന്നു കാണണം—അതിനായി അവർ പടക്കളത്തിലേക്ക് ഉഴറി. ശിരസ്സ് വേറിട്ടുകിടക്കയാണ് അർജ്ജുനനന്റെ ശരീരം. എന്തായിരുന്നു അതു കണ്ടപ്പോൾ പത്നിമാർക്കുണ്ടായ സങ്കടം!

ബഭ്രുവാഹനന്റെ ദുഃഖവും ഒട്ടും കുറവായിരുന്നില്ല. താനാണ് ഇതിനെല്ലാം കാണക്കാരൻ. തീയിൽ ചാടി താൻ മരിക്കുകതന്നെ. യുവാവ് ചിതയൊരുക്കി.

ഉലൂപി പറഞ്ഞു:

'മകനേ, നിന്റെ അച്ഛൻ മരിച്ച ദുഃഖം സഹിക്കവയ്യ. നീ മരിച്ചാൽ എന്തായിരിക്കും ഞങ്ങളുടെ സ്ഥിതി? കടുംകൈ ചെയ്യരുത്. അച്ഛനെ ജീവിപ്പിക്കാൻ വഴി ആലോചിക്കാം.'

അതു കേട്ട് ബഭ്രുവാഹനൻ ആത്മഹത്യയിൽനിന്നു വിരമിച്ചു.

ഉലൂപിക്ക് ഒരു യുക്തിയുണ്ടായി.

'സർപ്പരാജാവാണല്ലോ എന്റെ അച്ഛൻ. പാതാളത്തിലിരിക്കുന്ന അച്ഛന്റെ പക്കൽ ഒരു രത്നമുണ്ട്. മരിച്ചവരെ ജീവിപ്പിക്കാനുള്ള ശക്തി ആ രത്നത്തിനുണ്ട്. ശിവൻ നൽകിയതും. അതു കൊണ്ടുവന്നാൽ എല്ലാം ശരിയാവും.'

സാഹസികനായ ബഭ്രുവാഹനൻ പറഞ്ഞു:

'ഞാനിപ്പോൾതന്നെ പാതാളത്തിലേക്കു പോകാം. ആദ്യം രത്നം ആവശ്യപ്പെടാം. തന്നില്ലെങ്കിൽ ബലം പ്രയോഗിച്ചു കൊണ്ടുവരാം.'

ആ പരിപാടി ഉലൂപിക്ക് സമ്മതമായില്ല. അവർക്കു വേണ്ടപ്പെട്ട ഒരു സർപ്പമുണ്ട്, പുണ്ഡരീകൻ എന്ന പേരുകാരൻ. അവർ പുണ്ഡരീകനെ സ്മരിച്ചു. ആ സർപ്പം മുമ്പിൽ വന്നെത്തി.

ഉലൂപി നിർദ്ദേശിച്ചു:

'പുണ്ഡരീകാ, പാതാളത്തിലേക്ക് ഒന്നു പോകണം. എന്റെ വൈധവ്യം തീർക്കാൻ അച്ഛനോടു രത്നം ആവശ്യപ്പെടണം. എന്റെ സ്നേഹവും ബഹുമാനവും അച്ഛനെ അറിയിക്കുകയും വേണം.'

ആ സർപ്പം ഒരു ഉപായം പ്രയോഗിക്കുവാൻ ഒരുങ്ങി.

'അർജ്ജുനന്റെയും വൃഷധ്വജന്റെയും മൃതശരീരങ്ങൾ കിടക്കുകയാണല്ലോ. അവ ക്ഷണത്തിൽ കേടുവന്നു നശിച്ചുപോകും. എന്റെ വിഷം കയറ്റിയാൽ മതി, അവ വളരെക്കാലം കേടുകൂടാതെ കിടക്കും.'

പുണ്ഡരീകൻ രണ്ടു മൃതശരീരങ്ങളെയും കൊത്തി തന്റെ വിഷം അവയിൽ വ്യാപിപ്പിച്ചു. അതിനുശേഷം ഭൂമി വിട്ടു. പാതാളത്തിൽ ചെന്നു. സർപ്പരാജാവിനെ കണ്ടു. ഉലൂപിയുടെ സന്ദേശം അറിയിച്ചു.

സർപ്പരാജാവ് സർപ്പമന്ത്രിമാരെ വരുത്തി. എന്നിട്ട് അവരോടു വിവരം പറഞ്ഞു. അവരുടെ അഭിപ്രായം ആരാഞ്ഞു. എന്തുവന്നാലും രത്നം കൊടുത്തുകൂടാ — അതായിരുന്നു ഒരു മന്ത്രിയുടെ നിലപാട്. ആ മന്ത്രി ദുർമന്ത്രി ആയിരുന്നു. ദുർമന്ത്രിയെ അവഗണിക്കാൻ രാജാവിനു കഴിഞ്ഞില്ല. പുത്രിയെ സഹായിക്കണമെന്നു രാജാവിന് ആഗ്രഹമുണ്ട്. പക്ഷേ, രത്നം കൊടുക്കാൻ നിർവാഹമില്ലാതായി.

പുണ്ഡരീകൻ വെറുംകൈയോടെ ഉലൂപിയുടെ അരികിൽ തിരിച്ചെത്തി.

എന്നാലിനി രത്നം കൊണ്ടുവന്നിട്ട് മേൽക്കാര്യം! ആ നിശ്ചയത്തോടെ ബഭ്രുവാഹനൻ യാത്രയായി. പാതാളത്തിൽ എത്തിച്ചേരാൻ അധികസമയം വേണ്ടിവന്നില്ല. ആരാണു നിർഭയനായി തങ്ങളുടെ കേന്ദ്രത്തിൽ കയറിവരുന്നത്? സർപ്പഭടന്മാർ ക്ഷോഭിച്ച് ബഭ്രുവാഹനനെ തടഞ്ഞു. ബഭ്രുവാഹനൻ സർപ്പഭടന്മാരോട് യുദ്ധവും തുടങ്ങി. കൂടുതൽ സർപ്പഭടന്മാർ വന്നുചേർന്നു. ബഭ്രുവാഹനൻ മയൂരാസ്ത്രവും നകുലാസ്ത്രവും പ്രയോഗിച്ചു. മയൂരം മയിലും നകുലം കീരിയുമാണ്. രണ്ടും സർപ്പങ്ങളുടെ ജന്മശത്രുക്കളും. അസ്ത്രങ്ങളിൽനിന്ന് അസംഖ്യം മയിലുകളും കീരികളും ഉത്ഭവിച്ചു. അവ സർപ്പങ്ങളെ കണ്ടിച്ചുകൊന്നുതുടങ്ങി. ബഭ്രുവാഹനൻ രണ്ടു ദിവ്യാസ്ത്രങ്ങൾ

കൂടി പ്രയോഗിച്ചു. ആദ്യത്തേത് മധ്യസ്ത്രം ആയിരുന്നു. അതു സർപ്പങ്ങളുടെ മേൽ തേൻ വർഷിച്ചു. രണ്ടാമത്തേത് പിഹീലികാസ്ത്രം ആയിരുന്നു. പിഹീലിക എന്നാൽ ഉറുമ്പാണ്. കോടിക്കണക്കിന് ഉറുമ്പുകളുണ്ടായി. അവ സർപ്പങ്ങളെക്കേറി കടിച്ചുതുടങ്ങി. കുറെയേറെ സർപ്പങ്ങൾ ഉറുമ്പുകൾക്ക് ഭക്ഷണമായി. ശേഷിച്ചവർക്ക് തോൽവി സമ്മതിക്കാതെ തരമില്ലെന്നായി.

സർപ്പരാജാവ് സന്ധിചെയ്ത് രത്നം നൽകി.

അദ്ദേഹം പറഞ്ഞു:

'ബഭ്രുവാഹനാ, രത്നം കൊണ്ടുപോയി പിതാവിനെ ജീവിപ്പിക്കൂ. എന്റെ പുത്രി ഉലൂപിയുടെ വൈധവ്യം തീരട്ടെ. ഞാൻ നിന്നോടു കൂടി വരുന്നുണ്ട്.'

ഇരുവരും കൂടി പാതാളത്തിൽനിന്നു യാത്രയായി.

ദുർമന്ത്രിക്ക് രാജാവിന്റെ നടപടി ഒട്ടുംതന്നെ ഇഷ്ടമായില്ല. അർജുനൻ ജീവിച്ചുകൂടാ എന്ന് ദുർമന്ത്രിക്കു നിർബന്ധമാണ്. അതിനായി ഒരു ചതിപ്പണി പറ്റിക്കണം. ദുഷ്ടന്മാരായ രണ്ടു പുത്രന്മാരുണ്ട് ദുർമന്ത്രിക്ക്. പിതാവ് പുത്രന്മാരെ വരുത്തി കാര്യം പറഞ്ഞു. എന്നിട്ട് ആവശ്യപ്പെട്ടു:

'നിങ്ങൾ ഒരു വഴി കണ്ടുപിടിക്കണം.'

പുത്രന്മാർ പറഞ്ഞു:

'അച്ഛൻ വിഷമിക്കാതിരിക്കണം. ഞങ്ങൾ ഇതാ, യുദ്ധഭൂമിയിലേക്കു പോകുന്നു. ആരും കാണാതെ അർജ്ജുനന്റെ ശിരസ്സ് മോഷ്ടിച്ചുകൊണ്ടു പോകും. ദേഹം മാത്രമാകുമ്പോൾ ജീവനുണ്ടാവുകയില്ല!'

മായാവികളാണ് രണ്ടു സർപ്പയുവാക്കന്മാരും. അവർ ആരും കാണാതെ അർജ്ജുനന്റെ ശിരസ്സ് കട്ടെടുത്തു. അതുമായി ദൂരെയൊരു ദ്വീപിൽ ഒളിച്ചിരുന്നു. ഇനി അർജ്ജുനൻ ജീവിക്കുന്നതു കാണട്ടെ?'

ഉലൂപി, ചിത്രാംഗദ, മറ്റനേകം പേർ—അവരെല്ലാം മൃതദേഹത്തിനരികെ ദുഃഖിച്ചിരിക്കയാണ്. എന്താണിത്? ശിരസ്സ് കാണാനില്ല! ഇതെന്തൊരു മറിമായം? ബഭ്രുവാഹനൻ ദിവ്യരത്നം കൊണ്ടുവരും; അപ്പോൾ അർജ്ജുനൻ ജീവിക്കും—അതായിരുന്നു അവരുടെ ആശ. ഇനിയിപ്പോൾ ദിവ്യരത്നം കിട്ടിയാൽത്തന്നെ എന്തു ഫലം? അവരുടെ സങ്കടം ഇരട്ടിയായി.

ആ സമയം ഹസ്തിനപുരത്തിൽ എന്തുണ്ടായി?

രാത്രിയിൽ കുന്തീദേവി ഒരു സ്വപ്നം കണ്ടു. പ്രിയ പുത്രനായ അർജുനൻ മരിച്ചെന്നായിരുന്നു സ്വപ്നം. കുന്തീദേവിയുടെ ഭാഗിനേയനാണല്ലോ ശ്രീകൃഷ്ണൻ. ഭഗവാൻ ഇപ്പോൾ ഹസ്തിനപുരത്തിൽ വന്നിട്ടുണ്ടുതാനും. കുന്തീദേവി ശ്രീകൃഷ്ണനെ ഉണർത്തി കാര്യം പറഞ്ഞു. വിവരമറിഞ്ഞ എല്ലാവർക്കും പരിഭ്രമമായി. ഉടൻ മണിപുരത്തേക്കു പോകണം—അതായി ശ്രീകൃഷ്ണന്റെ നിശ്ചയം. ഭഗവാൻ ഗരുഡനെ സ്മരിച്ചുവരുത്തി. കുന്തീദേവിയെയും ഭീമനെയും മറ്റും ഗരുഡന്റെ പുറത്തിരുത്തി. അതിനു ശേഷം താനും കയറി. ഗരുഡൻ അവരെ വഹിച്ച് അതിശീഘ്രം പറന്നുപോയി. കാലതാമസംകൂടാതെ മണിപുരത്തിൽ ചെന്നിറങ്ങി. എല്ലാവരും കൂടി പടക്കളത്തിലേക്ക് ഉഴറി.

അവിടെ ബഭ്രുവാഹനനുണ്ട്. ഉലൂപിയും ചിത്രാംഗദയുമുണ്ട്. മറ്റനേകം പേരുണ്ട്. എല്ലാവരും വല്ലാതെ ദുഃഖിച്ചിരിക്കുന്നു. ബഭ്രുവാഹനൻ ദിവ്യരത്നം കൊണ്ടുവന്നിട്ടുണ്ട്. ശരിയാണ്. എല്ലാം വെറുതെയായി എന്ന തോന്നലുണ്ട്. പിതാവിന്റെ ശിരസ്സ് ആരോ കൊണ്ടുപോയി.

അപ്പോഴാണ് ശ്രീകൃഷ്ണനും മറ്റുള്ളവരും കടന്നുചെന്നത്.

ബഭ്രുവാഹനൻ ശ്രീകൃഷ്ണന്റെ കാൽക്കൽ വീണു കരഞ്ഞു പറഞ്ഞു:

'ഭഗവാനേ, ഞാൻ മഹാപാപിയാണ്. വധശിക്ഷ അർഹിക്കുന്നവനും. അവിടുന്ന് സുദർശനചക്രമെടുത്ത് എന്റെ കഴുത്തു മുറിക്കണം. തൃക്കൈകൊണ്ടു മരിച്ചാൽ എനിക്കു പുണ്യം കിട്ടും!'

ശ്രീകൃഷ്ണൻ ബഭ്രുവാഹനനെ എഴുന്നേല്പിച്ച് ആശ്ലേഷിച്ചു:

'നിനക്കു കുറ്റമില്ല. ശാപമാണു കാരണം. സ്വസ്ഥമായിരിക്കൂ!'

എല്ലാവരും കേൾക്കെ ശ്രീകൃഷ്ണൻ വിളിച്ചുപറഞ്ഞു:

'അർജ്ജുനന്റെ ശിരസ്സ് ഉടനെ ഇവിടെ വന്നെത്തട്ടെ! മോഷ്ടിച്ചുവച്ചിരിക്കുന്നവർ തല പിളർന്നു ചാകട്ടെ!'

രണ്ടും ഒന്നിച്ചു സംഭവിച്ചു!

എല്ലാവരുടേയും സന്തോഷം കാണണം!

ശിരസ്സ് വന്നുചേർന്നിരിക്കുകയാണ്. ശ്രീകൃഷ്ണൻ അതെടുത്ത് അർജ്ജുനന്റെ ശരീരത്തോടു ചേർത്തു. വൃഷധ്വജന്റെ ശിരസ്സ് ആ യുവാവിന്റെ ശരീരത്തോടും. എന്നിട്ടു ദിവ്യമന്ത്രം അവരുടെ മേൽവച്ചു. മരിച്ചവർ രണ്ടുപേരും ജീവിച്ചെണീറ്റു—ഗാഢനിദ്രയിൽനിന്ന് ഉണർന്നതുപോലെ!

ദേവന്മാർ ആകാശത്തുനിന്നു പൂമഴ പൊഴിച്ചു.

ആനന്ദക്കണ്ണീർ ചൊരിയാത്ത ഒരു കണ്ണും അവിടെ ഉണ്ടായിരുന്നില്ല!

എല്ലാവരും കൂടി കൊട്ടാരത്തിലേക്കു പോയി.

ബഭ്രുവാഹനൻ അവരെ സത്കരിച്ചിരുത്തി.

അഞ്ചു ദിവസം എല്ലാവരും അവിടെ താമസിച്ചു.

ശ്രീകൃഷ്ണൻ ഭീമനോടു പറഞ്ഞു:

'ഭീമാ, ഇനി ഹസ്തിനപുരത്തേക്കു പൊയ്ക്കൊള്ളൂ. കുന്തീദേവിയെയും കൊണ്ടുപോകൂ—മാത്രമല്ല, ഉലൂപിയെയും ചിത്രാംഗദയെയും.'

ഭഗവാൻ അർജ്ജുനന്റെ നേർക്കു തിരിഞ്ഞു:

'അർജ്ജുനാ, ഇനിയും ചിലർ യാഗാശ്വത്തെ പിടിച്ചുകെട്ടിയെന്നിരിക്കും. അവരുടെയിടയിൽ മഹാപരാക്രമികൾ ഉണ്ടായെന്നുവരാം. ഞാനും കൂടി നിന്നോടൊന്നിച്ചുവരുന്നുണ്ട്.'

അങ്ങനെ അവർ മണിപുരത്തിൽനിന്നു യാത്രയായി—ഭീമനും സ്ത്രീകളും ഹസ്തിനപുരത്തേക്ക്; ശേഷിച്ചവർ ദിഗ്വിജയത്തിനായിട്ടും.

ഗംഭീരമായിരുന്നു ആ ജൈത്രയാത്ര. മുമ്പിലായി യാഗാശ്വം. അതിനു പുറകെ പാണ്ഡവസൈന്യം. തേരിലും പടഹങ്ങളും പത്തു ദിക്കിലും മാറ്റൊലിക്കൊണ്ടു. രഥങ്ങളും ആനകളും കുതിരകളും കാലാളുകളും ഉയർത്തിയ പൊടി ആകാശം മറച്ചു. പല വർണ്ണമുള്ള കൊടിക്കൂറകളും മിന്നുന്ന ആയുധങ്ങളും വെയിലേറ്റു തിളങ്ങി.

അവർ മയൂരധ്വജന്റെ രാജ്യത്തിൽ എത്തിച്ചേർന്നു.

മഹാശക്തൻ മാത്രമല്ല, മഹാത്മാവുമാണ് മയൂരധ്വജൻ. അദ്ദേഹം നർമ്മദാതീരത്തു യാഗം ദീക്ഷിക്കുന്നു. അതും അശ്വമേധയാഗംതന്നെ. യാഗാശ്വത്തെ അഴിച്ചുവിട്ടിട്ട് ദിവസം ഏറെയായി. അതിനെ കാക്കുന്ന ചുമതല രാജപുത്രനായ താമ്രധ്വജനാണ്. സുപ്രസിദ്ധനായ വീരയോദ്ധാവാണ് താമ്രധ്വജൻ. രാജകുമാരനെ എതിരിട്ടവരെല്ലാം തോറ്റിട്ടേയുള്ളൂ. യാഗാശ്വത്തിന്റെ പുറകെ സഞ്ചരിക്കുകയാണ് താമ്രധ്വജനും സൈന്യവും. അതിനി

ടയ്ക്ക് അവർ ഒന്നു കണ്ടു. അതാ, മറ്റൊരു യാഗാശ്വം തങ്ങളുടെ നേർക്കു വരുന്നു. രണ്ടു യാഗാശ്വങ്ങളും തമ്മിൽ കണ്ടുമുട്ടിയപ്പോഴോ? അവ പരസ്പരം ചവിട്ടുകയും കടിക്കുകയും ചെയ്യുന്നു. തെല്ലിട കഴിഞ്ഞു വിരോധം മാറി സ്നേഹമാകുന്നു!

താമ്രധ്വജൻ സ്വർണപത്രം വായിച്ചു മനസ്സിലാക്കി. അത് യുധിഷ്ഠിരന്റെ യാഗാശ്വമാണെന്ന്, അർജ്ജുനനും സൈന്യവും പുറകെ വരുന്നുണ്ടെന്ന്. ആ യുവ വീരൻ യുധിഷ്ഠിരന്റെ യാഗാശ്വത്തെ പിടിച്ചുകെട്ടി. അർജ്ജുനനെ തോല്പിക്കണം എന്നായിരുന്നു നിശ്ചയം.

മയൂരധ്വജൻ വിഷ്ണുഭക്തനാമതിൽ അഗ്രഗണ്യനാണ്. താമ്രധ്വജൻ വളരെ പിന്നിലല്ലതാനും. രാജകുമാരനു ശ്രീകൃഷ്ണനോടു കറയറ്റ ഭക്തിയുണ്ട്. എങ്കിലും ശ്രീകൃഷ്ണനുമായി ഇടയേണ്ടിവരും. ആ യുവവീരൻ സൈന്യത്തെ ഉറപ്പിച്ചുനിർത്തി.

താമസിയാതെ പാണ്ഡവസൈന്യം വന്നെത്തി. യാഗാശ്വത്തെ ഒരുവൻ പിടിച്ചുകെട്ടിയിരിക്കുന്നു! അർജ്ജുനനും കൂട്ടരും യുദ്ധം ആരംഭിച്ചു.

താമ്രധ്വജന്റെ സൈന്യത്തിന് ഒട്ടും ഇളക്കം സംഭവിച്ചില്ല. രാജകുമാരൻ അനേകം എതിരാളികളെ കാലനൂർക്കയച്ചു. ഒരിടത്ത് ശ്രീകൃഷ്ണനെ കണ്ടപ്പോഴോ? ഭക്തിപൂർവ്വം വന്ദിച്ചിട്ട് പോരാട്ടം തുടർന്നു. അർജ്ജുനന്റെ ശരങ്ങൾ നിഷ്ഫലങ്ങളായി. താമ്രധ്വജൻ അനുക്രമമായി മുന്നേറി. ഒടുവിൽ ശ്രീകൃഷ്ണന്റെയും അർജ്ജുനന്റെയും മുമ്പിലെത്തി. ഇരുവരെയും കടന്നുപിടിച്ച് ശിരസ്സുകൾ കക്ഷത്തിലാക്കി അമർത്തി. അപ്പോഴേക്കും അർജ്ജുനൻ അത്യന്തം അവശനായി.

ശ്രീകൃഷ്ണനു ഗൂഢമായ ഒരുദ്ദേശ്യം ഉണ്ടായിരുന്നു. ഭഗവാൻ ശ്വാസമടക്കി മോഹാലസ്യപ്പെട്ടപോലെ വീണു. അതിനിടയ്ക്ക് അർജ്ജുനൻ ശരീക്കും ബോധരഹിതനായി. ഇനി ഇവരെ ഉപദ്രവിക്കേണ്ട എന്നു കരുതി താമ്രധ്വജൻ സ്ഥലം വിട്ടു. രണ്ടു യാഗാശ്വങ്ങളെയും കൂട്ടിക്കൊണ്ടുപോയി. ചെന്നത് മയൂരധ്വജന്റെ അടുക്കലേക്കും.

മയൂരധ്വജൻ ചോദിച്ചു:

'മകനേ, നീ എന്തിനു മടങ്ങിവന്നു. ഏതാണു മറ്റേ യാഗാശ്വം?'

താമ്രധ്വജന് നടന്നതെല്ലാം അറിയിച്ചു.

മയൂരധ്വജന് അത്യപ്തിയുണ്ടായി.

'താമ്രധ്വജാ, നീ ചെയ്തതു തെറ്റായിപ്പോയി. ശ്രീകൃഷ്ണനോടു യുദ്ധം ചെയ്തു, അല്ലേ? എന്തുകൊണ്ട് ഭഗവാനെ എഴുന്നള്ളിച്ചുകൊണ്ടുവന്നില്ല? വേഗം പോയി ഭഗവാനെ ഇങ്ങോട്ടു കൊണ്ടുവരൂ.'

പുത്രൻ പിതൃശാസനം നടപ്പിലാക്കുന്നതിനായി പുറപ്പെട്ടു.

എന്തായിരുന്നു ശ്രീകൃഷ്ണന്റെ ഗൂഢമായ ഉദ്ദേശ്യം? മയൂരധ്വജന്റെ മാഹാത്മ്യം അർജുനനെ ബോദ്ധ്യപ്പെടുത്തണം. താമ്രധ്വജൻ പോയ ഉടനെ ഭഗവാൻ എഴുന്നേറ്റു. താമസിയാതെ അർജ്ജുനനും ബോധക്ഷയം വിട്ടു മാറി. ഭഗവാൻ അർജുനനു വ്യക്തമായ ചില നിർദ്ദേശങ്ങൾ നൽകി. എന്നിട്ട് അർജുനനോടു കൂടി മയൂരധ്വജന്റെ പുരിയുടെ പ്രാന്തത്തിലെത്തി. ഭഗവാൻ ഒരു സന്ന്യാസിയുടെ വേഷം ധരിച്ചു. അർജ്ജുനൻ സന്ന്യാസിയുടെ ശിഷ്യന്റെ വേഷവും. അങ്ങനെ ഇരുവരും പുരിക്കുള്ളിൽ കടന്നുകൂടി.

പൗരന്മാരുടെ പെരുമാറ്റം സൂക്ഷിക്കണം. ഭഗവാൻ അർജ്ജുനനോട് ആവശ്യപ്പെട്ടു. എന്താണ് അപ്പോൾ അർജ്ജുനൻ കണ്ടത്? പൗരന്മാരുടെ വിഷ്ണുഭക്തി. ഓരോ പൗരന്റെയും ഭാവത്തിൽ വിഷ്ണു ഭക്തിപ്രകടമായിരുന്നു—മാത്രമല്ല, സംഭാഷണത്തിലും പെരുമാറ്റത്തിലും.

ശ്രീകൃഷ്ണനും അർജുനനും മയൂരധ്വജനെ ചെന്നുകണ്ടു.

രാജാവ് സന്ന്യാസിയെയും ശിഷ്യനെയും വന്ദിച്ചു സത്കരിച്ചിരുത്തി.

അദ്ദേഹം സന്ന്യാസിയോടു പറഞ്ഞു:

'മഹാത്മൻ, അങ്ങയുടെ വരവിന്റെ കാരണം അറിയിക്കാൻ ദയവുണ്ടാകണം. അങ്ങേയ്ക്ക് എന്താണ് ആവശ്യം? എന്തായാലും ഞാൻ തരാം. എന്റെ സർവ്വസമ്പത്തുകളായാലും ശരി, എന്റെ ജീവനായാലും ശരി!'

ശ്രീകൃഷ്ണൻ ഒരു സംഭവം വർണ്ണിച്ചു. നടന്ന സംഭവമല്ല, കെട്ടിച്ചമച്ചത്. അതോ, മയൂരധ്വജനെ പരീക്ഷിക്കാൻ വേണ്ടിയും.

ആ നടക്കാത്ത സംഭവം ഇതായിരുന്നു:

സന്ന്യാസിയും പുത്രനും ശിഷ്യനും ഒന്നിച്ചു യാത്രയ്ക്കിറങ്ങി. മാർഗ്ഗമദ്ധ്യേ ഒരു വനം ഉണ്ടായിരുന്നു. പൊടുന്നനെ ഒരു സിംഹം സന്ന്യാസിയുടെ പുത്രനെ കേറിപ്പിടിച്ചു. സന്ന്യാസി സിംഹത്തോടു സംസാരിച്ചു:

'സിംഹമേ, എനിക്ക് ഒരു മകനേയുള്ളു. ദയവുചെയ്ത് അവനെ കൊല്ലരുത്.'

'ഹേ സന്ന്യാസീ, അങ്ങ് ഉടൻതന്നെ ഇവിടന്ന് പൊയ്ക്കൊള്ളണം. മകനെ രക്ഷിക്കാമെന്നുള്ള വിചാരമേ വേണ്ട. ഞാൻ തീർച്ചയായും അവനെ കൊന്നുതിന്നും.'

'അവനു പകരം എന്നെ കൊന്നുതിന്നുകൊള്ളു. ഞാനിതാ തയ്യാറായിരിക്കുന്നു.'

'ആയുസ്സറ്റവരാണ് എന്നെപ്പോലുള്ള മൃഗങ്ങൾക്കു ഭക്ഷണമാകുന്നത്. അങ്ങയുടെ ആയുസ്സ് അറ്റിട്ടില്ല. അങ്ങു ശിഷ്യനോടുകൂടി പൊയ്ക്കൊള്ളൂ.'

'സിംഹമേ, എനിക്ക് അങ്ങനെയങ്ങു പോകാനൊക്കുമോ? ഞാനൊരു വഴി പറയാം. നിനക്കു വയറു നിറയെ മാംസം കിട്ടിയാൽ മതിയല്ലോ. അതു [illegible]യാൽ എന്റെ മകനെ വിടുമോ?'

'അങ്ങേയ്ക്കുവേണ്ടി ഞാനതു ചെയ്യാം. പോയി വേറെ മാംസം കൊണ്ടുവരൂ. അതുവരെ ഞാൻ ഇവനെ കൊല്ലാതിരിക്കാം. വേറെ മാംസം എന്നതിനു പ്രത്യേകിച്ച് അർത്ഥമുണ്ട്.'

'എന്താണത്?'

'ഹേ, സന്ന്യാസീ, മയൂരധ്വജൻ എന്നൊരു രാജാവുണ്ട്. ആ രാജാവിന്റെ ശരീരം രണ്ടായി പിളർക്കണം. വലതുഭാഗം എനിക്കു വേണം. അതല്ലാതെ മറ്റൊന്നും എനിക്കു വേണ്ടതാനും.'

സ്വാനുഭവം എന്ന വ്യാജേന ശ്രീകൃഷ്ണൻ ഇത്രയും മയൂരധ്വജനെ കേൾപ്പിച്ചു. എന്നിട്ട് പറഞ്ഞു:

'രാജൻ, ദയവുചെയ്ത് അങ്ങയുടെ ശരീരത്തിൽ പകുതി എനിക്കു തരണം. അങ്ങനെ എന്റെ പുത്രന്റെ ജീവൻ രക്ഷിക്കണം!'

സന്നിഹിതർ അന്ധാളിച്ചുപോയി. ഇതെന്ത്, ദുഷ്ടസന്ന്യാസി? തമ്പുരാന്റെ ശരീരഭാഗം വേണം പോലും!

മയൂരധ്വജനു യാതൊരു ചാഞ്ചല്യവും ഉണ്ടായില്ല.

അദ്ദേഹം ശ്രീകൃഷ്ണനോടു പറഞ്ഞു.

'മഹാത്മൻ, ഞാൻ ശരീരത്തിൽ പകുതി തരാം. വിഷ്ണുഭഗവാന് എന്റെ സമർപ്പണമായിരിക്കും അത്. അങ്ങയുടെ പുത്രൻ രക്ഷപ്പെടട്ടെ!'

തുടർന്നു രാജാവ് ആ മഹാത്യാഗത്തിന് ഒരുക്കമായി. ഈർച്ചവാൾ കൊണ്ടുവരട്ടെ എന്നായി അദ്ദേഹത്തിന്റെ കല്പന. ശരീരം രണ്ടായി മുറിക്കുന്നതിനാണ് ഈർച്ചവാൾ.

സന്നിഹിതർ കരഞ്ഞുതുടങ്ങി.

രാജാവ് അവരെ സമാധാനപ്പെടുത്തി.

അദ്ദേഹം ഭടന്മാരോട് ആജ്ഞാപിച്ചു:

'എന്റെ ശരീരം ഈർച്ചവാൾകൊണ്ടു രണ്ടായി പിളർക്കുവിൻ!'

രാജപത്നിയായ കുമുദതി മുമ്പോട്ടു വന്നു.

ആ പതിവ്രത ഭർത്താവിനെ വന്ദിച്ചിട്ട് ഒരപേക്ഷ സമർപ്പിച്ചു:

'അങ്ങ് ദയവായി എന്റെ ശരീരം മുറിച്ചുകൊടുക്കണം. അതിനു യാതൊരു മടിയും വേണ്ട. പുരുഷന്റെ പാതിയാണ് ഭാര്യയെന്നു ശാസ്ത്രമുണ്ടല്ലോ. ഞാൻ മരിച്ചാൽ എനിക്കു സദ്ഗതി ലഭിക്കും.'

സന്ന്യാസി സമ്മതിച്ചില്ല:

'രാജ്ഞീ, സിംഹത്തിനു രാജാവിന്റെ അർദ്ധശരീരമേ വേണ്ടൂ. മറ്റൊന്നും അവൻ ഭക്ഷിക്കുകയില്ല.'

അദ്ദേഹം മയൂരധ്വജന്റെ നേർക്കു തിരിഞ്ഞു:

'രാജാവേ, അങ്ങ് അങ്ങയുടെ ശരീരത്തിൽ പകുതി തരുന്നോ ഇല്ലയോ? ഇല്ലെങ്കിൽ ഞാൻ ഉടൻതന്നെ പൊയ്ക്കൊള്ളാം!'

താമ്രധ്വജൻ സന്ന്യാസിയോട് അപേക്ഷിച്ചു, തന്നെ സിംഹംത്തിന്റെ ഭക്ഷണമാക്കണം എന്ന്.

ആ അപേക്ഷയും സന്ന്യാസി തിരസ്കരിച്ചു.

മയൂരധ്വജൻ ഭാര്യയ്ക്കും പുത്രനും കഠോരമായ ഒരു ആജ്ഞ നൽകി —തന്റെ ശരീരം അവർതന്നെ മുറിക്കണം എന്ന്. തന്റെ പുണ്യം അവർക്കുകൂടി ലഭിക്കണം. അതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം.

അവർ മഹാവിഷ്ണുവിനെ ധ്യാനിച്ചുകൊണ്ട് ഈർച്ചവാൾ കൈയിലെടുത്തു. രാജാവിന്റെ ഇടതുകണ്ണിൽനിന്നും കണ്ണുനീർ ഇറ്റുവീണു.

അതു കണ്ട് സന്ന്യാസി രോഷാകുലനായി.

'രാജാവേ, അങ്ങ് കരയുകയാണ്. ദാനത്തിൽ അങ്ങ് വ്യസനിക്കുന്നു എന്നു സ്പഷ്ടം. വ്യസനത്തോടുകൂടിയുള്ള ദാനം ദാനമല്ല. ഞാനിതു സ്വീകരിക്കുന്നില്ല. സ്വീകരിച്ചാൽ എനിക്കുംകൂടി പാപമുണ്ടാകും. എന്റെ മകൻ സിംഹത്തിന്റെ ആഹാരമായിക്കോട്ടെ. അതാണ് ഇതിനെക്കാൾ നന്ന്!'

തുടർന്ന് സന്ന്യാസി ഇറങ്ങിപ്പോയി. പുറകെ ശിഷ്യനും. മയൂരധ്വജന് അതിയായ ദുഃഖമായി. അദ്ദേഹം മന്ത്രിമാരെ പറഞ്ഞയച്ചു. മന്ത്രിമാർ സന്ന്യാസിയുടെ ഒപ്പമെത്തി. വല്ലവിധവും അദ്ദേഹത്തെ സമാധാനപ്പെടുത്തി കൊട്ടാരത്തിലേക്കു തിരിച്ചുകൊണ്ടുവന്നു. മയൂരധ്വജൻ കണ്ണുനീരിനെക്കുറിച്ചുള്ള സത്യം അറിയിച്ചു:

'മഹാത്മൻ, എന്റെ ശരീരത്തിന്റെ വലതുഭാഗമാണല്ലോ സിംഹത്തിനു ഭക്ഷണമാകുന്നത്. ഇടതുഭാഗത്തിന് അതിയായ നിരാശയുണ്ടായി. ആ

ജാഗത്തിനു ത്യാഗം ചെയ്യാൻ അവസരം കിട്ടിയില്ല. ഇടതുഭാഗം ഇടതുകണ്ണിലൂടെ കണ്ണുനീർ തുകിപ്പോയി!'

മയൂരധ്വജന്റെ മാഹാത്മ്യം തെളിഞ്ഞുയർന്നു. അർജ്ജുനനും അതു ബോധ്യമായിട്ടുണ്ട്. അക്കാര്യം ശ്രീകൃഷ്ണനു മനസ്സിലായി. ഭഗവാൻ സന്ന്യാസിയുടെ വേഷം ഉപേക്ഷിച്ചു—അർജ്ജുനൻ ശിഷ്യന്റെ വേഷവും. ഇരുവരും ആരെന്ന് രാജാവിനു മനസ്സിലായി.

രാജാവ് ശ്രീകൃഷ്ണന്റെ ശ്രീപാദങ്ങളിൽ ഭക്തിയോടെ നമസ്കരിച്ചു.

ശ്രീകൃഷ്ണൻ അദ്ദേഹത്തെ പിടിച്ചെഴുന്നേല്പിച്ച് ആലിംഗനം ചെയ്തു.

'മയൂരധ്വജാ, അങ്ങ് സുകൃതികളിൽ മുമ്പനാണ്. അങ്ങയുടെ മഹിമ അർജ്ജുനനു കാണിച്ചുകൊടുക്കണം—അതായിരുന്നു എന്റെ ഉദ്ദേശ്യം. ഇനി അശ്വമേധയാഗം യഥാവിധി പൂർത്തിയാക്കിക്കൊള്ളൂ.'

രാജാവ് ചാരിതാർത്ഥ്യത്തോടെ പറഞ്ഞു:

'ഭഗവാനേ, എനിക്ക് അവിടുത്തെ ദർശനമുണ്ടായി. ഞാൻ അവിടുത്തെ ആലിംഗനസുഖം അനുഭവിച്ചു. അനേകം യാഗങ്ങളുടെ പുണ്യം എനിക്കു കിട്ടിക്കഴിഞ്ഞു. ഇനി ഞാൻ അശ്വമേധം തുടരുന്നില്ല.'

അർജ്ജുനൻ അഭ്യർത്ഥിച്ചു:

'രാജൻ, എന്നാൽ അങ്ങ് ഞങ്ങളുടെ അശ്വമേധത്തിൽ സഹകരിക്കണം.'

മയൂരധ്വജൻ വാഗ്ദാനം ചെയ്തു:

'അർജുനാ, ഇനിമേൽ എന്റെ സർവസ്വവും അങ്ങയുടെ അധീനതയിൽ ആയിരിക്കും.'

രാജാവ് ശ്രീകൃഷ്ണനെയും അർജുനനെയും മറ്റുള്ളവരെയും കൊട്ടാരത്തിലേക്കു നയിച്ചു. ആ ബഹുമാന്യരായ അതിഥികളെ യഥായോഗ്യം സ്വീകരിച്ചു സത്കരിച്ചു. താമ്രധ്വജൻ പിടിച്ചുകെട്ടിയ യാഗാശ്വത്തെ തിരിച്ചു നൽകി. ഒന്നിച്ചു തന്റെ സ്വന്തമായ യാഗാശ്വത്തെയും. രണ്ടു യാഗാശ്വങ്ങളോടുകൂടി കൃഷ്ണാർജ്ജുനന്മാർ പ്രയാണം ആരംഭിച്ചു. ഒന്നിച്ചു മുമ്പത്തെ അനുയായികൾ മാത്രമല്ല, മയൂരധ്വജനും താമ്രധ്വജനും.

യാഗാശ്വങ്ങളുടെ പിറകെ അവർ സാമന്തം എന്ന രാജ്യത്തു ചെന്നു ചേർന്നു.

വീരവർമകൻ എന്ന രാജാവാണ് ആ രാജ്യം ഭരിക്കുന്നത്. മഹാശക്തൻ മാത്രമല്ല, മഹാഭക്തനുമാണ് വീരവർമകൻ. ആരാണ് അദ്ദേഹത്തിന്റെ ജാമാതാവ്? സാക്ഷാൽ യമൻ!

രണ്ടു യാഗാശ്വങ്ങൾ തന്റെ രാജ്യത്തു പ്രവേശിച്ചിരിക്കുന്നു. പിന്നാലെ ശ്രീകൃഷ്ണൻ, അർജുനൻ, അവരുടെ സഹായികൾ എന്നിവരും. ആ വിവരം വീരവർമകനു കിട്ടി. അദ്ദേഹം പുത്രന്മാരെ വരുത്തി ഒരു നിർദ്ദേശം നൽകി. അവർ ചെന്നു രണ്ടു യാഗാശ്വങ്ങളെയും ബന്ധിക്കണം. അതിനുശേഷം സൈന്യത്തെ യുദ്ധത്തിന് ഒരുക്കി നിർത്തണം.

രാജകുമാരന്മാർ അഞ്ചുപേരാണ്. അവർ നേരെ ചെന്നു യാഗാശ്വങ്ങളെ പിടിച്ചുകെട്ടി. പാണ്ഡവപക്ഷത്തുള്ളവർ അതും കണ്ട് അടങ്ങിയിരിക്കുമോ? എന്തിനു പറയുന്നു. രണ്ടു സൈന്യങ്ങളും തമ്മിൽ ഏറ്റുമുട്ടി. ക്രമേണ വീരവർമകന്റെ സൈന്യത്തിലെ അണികൾ ശിഥിലമായിത്തുടങ്ങി. വിവരമറിഞ്ഞ അദ്ദേഹം വമ്പിച്ച സന്നാഹത്തോടെ വന്നെത്തി. അതോടുകൂടി

യുദ്ധത്തിന്റെ ഗതിയൊന്നു മാറി. പാണ്ഡവസൈന്യത്തിനു നാശനഷ്ടങ്ങൾ സംഭവിച്ചു തുടങ്ങി.

അർജുനനു പരിഭ്രമമായി.

അദ്ദേഹം ശ്രീകൃഷ്ണനോടു പറഞ്ഞു:

'ഭഗവാനേ, ശത്രുക്കളെ എതിർത്തുനിൽക്കാൻ നമുക്കു സാധിക്കാതെ വന്നിരിക്കുന്നു. ഇക്കണക്കിനു പോയാൽ നാം തോൽക്കുകയേയുള്ളു. മഹാ കഷ്ടമായി!'

ശ്രീകൃഷ്ണൻ പറഞ്ഞു:

"അർജുനാ, യമനാണ് വീരവർമകന്റെ ശക്തിക്കു നിദാനം. രാജാവിന്റെ ജാമാതാവാണ് യമൻ. അക്കാര്യം നാം മറന്നുകൂടാ.'

തുടർന്ന് ഭഗവാൻ അവരുടെ ബന്ധത്തിന്റെ കഥ കേൾപ്പിച്ചു.

വീരവർമകന് അതിസുന്ദരിയായ ഒരു പുത്രിയുണ്ട്. ആദ്യമേ അവൾക്ക് ഒരാഗ്രഹമുണ്ട് —തനിക്ക് യമന്റെ പത്നിയാവണം എന്ന്. രാജപുത്രി യമനെ ഭജിച്ചുകൊണ്ട് കാലം കഴിച്ചു. പിതാവ് എതിർത്തില്ല എന്നു മാത്രമല്ല, പൂർണ്ണമായ സമ്മതവും നൽകി.

കാലം കുറെയേറെ കടന്നുപോയി. എന്നിട്ടും യമൻ രാജപുത്രിയുടെ മനോരഥം സാധിപ്പിച്ചില്ല. എന്തുകൊണ്ടാണ് അതെന്ന് നാരദമഹർഷി ആലോചിച്ചു. തന്നാലാവുന്ന സഹായം നൽകണം — അതായി മഹർഷിയുടെ നിശ്ചയം. അദ്ദേഹം യമനെ കണ്ടു പറഞ്ഞു:

'ദേവാ, അങ്ങേയ്ക്ക് സകലതും അറിയാവുന്നതാണ്. ആ സ്ഥിതിക്ക് ഞാൻ യാതൊന്നും പറയേണ്ടതായിട്ടില്ല. എങ്കിലും എനിക്കൊരു സംശയമുള്ളത് അറിയിക്കട്ടെ. വീരവർമകന്റെ പുത്രി വളരെക്കാലമായി അങ്ങയെ ഭജിച്ചുവരുന്നു. അങ്ങ് അവളുടെ ഭർത്താവാകണം എന്ന് അവൾ ആഗ്രഹിക്കുന്നു. എന്തുകൊണ്ടാണ് അങ്ങ് അവളെ അനുഗ്രഹിക്കാത്തത്?'

യമൻ പറഞ്ഞു:

'മഹർഷേ, അവളെ കൈക്കൊള്ളണം എന്നുതന്നെയാണ് എന്റെ നിശ്ചയം. വൈശാഖമാസംവരെ അവൾ ക്ഷമിച്ചിരിക്കട്ടെ. അപ്പോൾ ഞാൻ അവളെ വിവാഹം കഴിക്കും. ഈ വിവരം അങ്ങ് അവളെയും അവളുടെ അച്ഛനെയും അറിയിക്കണം.'

നാരദൻ കാലം കളയാതെ രാജപുത്രിയുടെ മുമ്പിലെത്തി. രാജപുത്രി അദ്ദേഹത്തെ ആദരവോടെ സത്കരിച്ചിരുത്തി. നാരദൻ താൻ വന്ന കാര്യം അറിയിച്ചു:

'രാജകുമാരീ, ഞാൻ യമന്റെ അടുക്കൽനിന്നും വരികയാണ്. യമൻ വൈശാഖമാസത്തിൽ നിന്നെ വേളികഴിക്കും. അതറിയിക്കാൻ ദേവൻ എന്നോട് ആവശ്യപ്പെട്ടു.'

മഹർഷി രാജാവിനെയും വിവരം തെര്യപ്പെടുത്തി. രാജാവ് പുത്രിയുടെ വിവാഹത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ആഘോഷം ഗംഭീരമാക്കണം എന്നായിരുന്നു ആഗ്രഹം.

നിശ്ചയിച്ച ദിവസം വരാറായി.

യമൻ അകമ്പടിക്കാരെ വിളിച്ചുകൂട്ടി. മഹാരോഗങ്ങളാണ് അകമ്പടിക്കാർ. യക്ഷ്മാവ്, പ്രമേഹം, വിഷൂചിക, ജലോദരം, അതിസാരം, ഗ്രഹണി,

വ്രണം, ജ്വരം, കാസം, കുഷ്ഠം, വാതം—അങ്ങനെ എത്രയെത്ര ഭയങ്കര ന്മാർ!

'രോഗങ്ങളെ, നിങ്ങൾ എന്നോടുകൂടി വീരവർമകന്റെ രാജ്യത്തിലേക്കു വരുവിൻ.'

രോഗനേതാവായ യക്ഷ്മാവ് പറഞ്ഞു:

'യജമാനനേ, വീരവർമകൻ മഹാധർമ്മിഷ്ഠനാണ്. അദ്ദേഹത്തെ എതിർത്താൽ ഞങ്ങൾ തോൽക്കുകയില്ലേ? അതാണു ഞങ്ങളുടെ ഭയം.'

യമൻ പറഞ്ഞു:

'നിങ്ങൾ മനുഷ്യരൂപം ധരിക്കണം. പ്രജകളെ ഉപദ്രവിക്കരുത്. അങ്ങനെയായാൽ, നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല.'

രോഗങ്ങൾ മനുഷ്യരൂപത്തിൽ യമന് അകമ്പടിസേവിച്ചു. അവരോടുകൂടി യമൻ വീരവർമ്മന്റെ രാജ്യത്തിലെത്തി. മംഗളമുഹൂർത്തത്തിൽ രാജകുമാരിയെ കല്യാണംകഴിച്ചു. പിന്നീട് വീരവർമകനോട് പറഞ്ഞു:

'രാജൻ, ഞാൻ സന്തുഷ്ടനായിരിക്കുന്നു. വരം ചോദിച്ചുകൊള്ളൂ.'

'ദേവാ, അങ്ങ് എന്റെ ജാമാതാവായിപ്പോയി. ആ നിലയ്ക്ക് ഞാൻ അങ്ങയിൽനിന്നു വരം വാങ്ങുന്നതു യുക്തമല്ല.'

'അതിനൊരു മറുവശമുണ്ട്. അങ്ങ് എനിക്ക് കന്യകയെ ദാനം ചെയ്തു. ഞാൻ സ്വീകരിക്കുകയുംചെയ്തു. ദാനം സ്വീകരിക്കുന്നവർക്കു ദാനം ചെയ്യുന്നവരെ ആശീർവദിക്കാം. ഇതൊരു ആശീർവാദമായി കണക്കാക്കിയാൽ മതി.'

'ശരി. എപ്പോഴെങ്കിലും ശ്രീകൃഷ്ണൻ ഇവിടെ വന്ന് എനിക്കു ദർശനമരുളണം. ആ അനുഗ്രഹം തരുമാറാകണം.'

'ഞാൻ ആ അനുഗ്രഹം തന്നിരിക്കുന്നു. ശ്രീകൃഷ്ണൻ വരുന്നതുവരെ ഞാൻ ഇവിടെയുണ്ടാകും. അങ്ങയുടെ രാജ്യത്തെ ആക്രമിക്കുന്നവരെ തുരത്തുകയും ചെയ്യും.'

ഈ കഥയാണ് ശ്രീകൃഷ്ണൻ അർജുനനെ കേൾപ്പിച്ചത്.

എതിരാളിയുടെ പ്രാഭവം അർജുനനു മനസ്സിലായി. എങ്കിലും വെറുതെ കീഴടങ്ങാനൊക്കുമോ? അദ്ദേഹം സമരം വീണ്ടും ആരംഭിച്ചു. വീരവർമകനു യാതൊരു ബലക്ഷയവും ഉണ്ടായില്ല. ആ മഹാശക്തൻ പാണ്ഡവസൈന്യത്തെ ഒടുക്കിത്തുടങ്ങി. അതു കണ്ട് ഹനുമാൻ മുമ്പൊരിക്കൽ ചെയ്തപോലെ കൊടിയടയാളത്തിൽനിന്നിറങ്ങി. എന്നിട്ട് വീരവർമകനോടു യുദ്ധം ചെയ്തു. ഹനുമാന്റെ കൈക്കരുത്തും വീരവർമകനോടു ഫലിച്ചില്ല.

ശ്രീകൃഷ്ണൻ അർജുനനോടു പറഞ്ഞു:

'നാം ആയിരം വർഷം യുദ്ധം ചെയ്താലും ശരി, വീരവർമകനെ തോല്പിക്കാൻ സാധിക്കുകയില്ല!'

അപ്പോഴേക്കും വീരവർമ്മകൻ അടുത്തെത്തിക്കഴിഞ്ഞു. ശ്രീകൃഷ്ണനെ കണ്ടപ്പോൾ ആ പരമഭക്തൻ എന്താണു ചെയ്തത്? വില്ല് ദൂരത്തെറിഞ്ഞ് ശ്രീകൃഷ്ണന്റെ കാൽത്താരുകളിൽ വീണു. എന്നിട്ട് എഴുന്നേറ്റ് തൊഴുത് നിലകൊണ്ടു. എന്തൊക്കെയോ പറയാൻ ശ്രമിച്ചു. പക്ഷേ, വാക്കുകൾ പുറത്തുവന്നില്ല. ഭക്തി വാക്കുകളെ തടഞ്ഞുവച്ചു. അതേസമയം കണ്ണുകളിൽ നിന്നു ചുടുനീർ പ്രവഹിച്ചുകൊണ്ടിരുന്നു.

ഒടുവിൽ രാജാവിനു വാഗ്ശക്തി വീണ്ടുകിട്ടി:

'ഭഗവാനേ, എനിക്കുള്ള സകലതും ദേഹവും പ്രാണനും അവിടുത്തെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു!'

അതിനുശേഷം രാജാവ് അർജുനന്റെ നേർക്കു തിരിഞ്ഞു:

'അർജുനാ, ഞാൻ ഇനിമേൽ അങ്ങയുടെ ഉറ്റമിത്രമായിരിക്കും!'

വൃഷധ്വജൻ മുതലായ മഹാരഥന്മാർ മുമ്പോട്ടു ചെന്നു. അവരെ വീര വർമകൻ ആലിംഗനം ചെയ്തു. അദ്ദേഹം അവരെ മൂന്നു ദിവസം അതിഥികളായി പാർപ്പിച്ചു. അതിനുശേഷം അവരെ അനുഗമിച്ചു യാത്രയുമായി.

ബഹുദൂരം യാത്ര ചെയ്ത് അവർ ഒരു നദിയുടെ തീരത്തെത്തി. യാഗാശ്വങ്ങൾ രണ്ടും നദിയിൽ ചാടി നീന്തി അക്കരെ കയറി. എന്നിട്ട് അതിവേഗത്തിൽ ഓടിമറഞ്ഞു.

അർജുനനും കൂട്ടരും വിഷണ്ണരായി. നദി കടക്കണമെങ്കിൽ തോണികൾ വേണം. അവർ വളരെ വിഷമിച്ചു തോണികൾ കൊണ്ടുവന്നു. അവയിൽ കയറി നദികടന്നു. കുതിരകളെ അന്വേഷിച്ചുനടന്നു. ഒരിടത്തും അവയെ കണ്ടുകിട്ടിയില്ല. അവർ ഭഗ്നാശരായി നിലത്ത് ഇരിപ്പായി.

ആരാണ് ആകാശത്തുനിന്നു വന്നിറങ്ങുന്നത്? മറ്റാരുമല്ല, നാരദമഹർഷി തന്നെ. എല്ലാവരും മഹർഷിയെ ആദരവോടെ വന്ദിച്ചു.

അർജുനൻ പറഞ്ഞു:

'മഹർഷേ സർവവും അറിയാവുന്ന ദിവ്യനാണ് അങ്ങ്. യാഗാശ്വങ്ങൾ എവിടെയെന്ന് അറിയിക്കാൻ ദയവുണ്ടാകണം.'

നാരദൻ മന്ദഹസിച്ചു:

'അർജുനാ, കുതിരകൾ കുന്തളരാജ്യത്തു ചെന്നിരിക്കുന്നു. ചന്ദ്രഹാസനാണു കുന്തളത്തിലെ രാജാവ്. വിഷ്ണുഭക്തന്മാരിൽ പ്രധാനിയാണ് ചന്ദ്രഹാസൻ. സകല സദ്ഗുണങ്ങളും ഉള്ളയാളും. ചന്ദ്രഹാസന്റെ ജീവിതകഥ വിചിത്രമാണ്.

നാരദൻ ആ കഥ കേൾപ്പിച്ചു.

കേരളരാജാവിനു പുത്രനുണ്ടായിരുന്നില്ല. അദ്ദേഹം മഹാവിഷ്ണുവിനെ ഭക്തിയോടെ ഭജിച്ചു. ഭഗവാന്റെ അനുഗ്രഹത്താൽ ഒരു പുത്രൻ ജാതനായി. രാജാവ് ജ്യോത്സ്യന്മാരെ വരുത്തി. ജ്യോത്സ്യന്മാർ കുട്ടിയുടെ ജാതകം പരിശോധിച്ചു.

അവർ ഫലം അറിയിച്ചു:

'തമ്പുരാനേ, കുട്ടി മഹാഭാഗ്യവാനാണ്. മഹാഭക്തനെന്ന കീർത്തിയും നേടും. ചക്രവർത്തിയായി നീണാൾ വിരാജിക്കും. പക്ഷേ, ജനനസമയത്തിന് അല്പം ദുഷ്യമുണ്ട്. അതുകാരണം പിതാവിനും മാതാവിനും മൃത്യു സംഭവിക്കും. അതിന് അധികകാലം വേണ്ടിവരികയുമില്ല.'

രാജാവ് ചഞ്ചലനായി. വല്ലതും പരിഹാരമുണ്ടോ? അതായി അദ്ദേഹത്തിന്റെ ചോദ്യം.

ജ്യോത്സ്യന്മാർ പരിഹാരം കണ്ടെത്തി.

'കുട്ടിയെ കൊന്നുകളയണം. എന്നാൽ, അവിടുത്തേക്കും തമ്പുരാട്ടിക്കും മരണം ഒഴിവാക്കാം.'

കേരളരാജാവിന് അതൊട്ടും സ്വീകാര്യമായില്ല. പുത്രനെ കൊന്നു തന്റെ ജീവൻ രക്ഷിക്കുകയോ? എന്തു വന്നാലും ശരി, ആ ദുഷ്കർമ്മം ചെയ്യുകയില്ല. വരുന്നതു വരട്ടെ എന്ന് അദ്ദേഹം നിശ്ചയിച്ചു.

രാജദമ്പതികൾ കുട്ടിയെ ലാളിച്ചു വളർത്തി.

കുറച്ചുകാലം അങ്ങനെ കഴിഞ്ഞു. അപ്പോഴേക്കും ശത്രുക്കൾ ആക്രമണം നടത്തി. കേരളരാജാവ് ആക്രമണം ചെറുത്തു. അതിനിടയ്ക്ക് അദ്ദേഹം പടക്കളത്തിൽ വീണു മരിച്ചു. പതിവ്രതയായ രാജ്ഞി ഉടന്തടി ചാടി.

ജ്യോത്സ്യന്മാരുടെ പ്രവചനം അക്ഷരംപ്രതി ശരിയായി!

ശത്രുക്കൾ രാജധാനിയിൽ ഇരമ്പിക്കയറി. അവിടെയാകെ ബഹളമായി. അതിനിടയിൽ രാജശിശുവിന്റെ അവസ്ഥയെന്തായി? വിശ്വസ്തയായ ധാത്രി കുട്ടിയെ കൈയിലെടുത്തു. ആരും കാണാതെ നഗരത്തിനു പുറത്തിറങ്ങി, ദീർഘയാത്രചെയ്തു കുന്തളരാജ്യത്തിൽ ചെന്നു. ഒരു ബ്രാഹ്മണിയുടെ ഗൃഹത്തിൽ കയറി സഹായം അപേക്ഷിച്ചു. ദയവുള്ള ബ്രാഹ്മണി ധാത്രിയെയും കുട്ടിയെയും കൂടെ പാർപ്പിച്ചു. അങ്ങനെ രാജശിശുവിന്റെ ജീവൻ രക്ഷപ്പെട്ടു.

ധാത്രി നടന്നതൊന്നും ആരെയും അറിയിച്ചില്ല. ആ സ്ത്രീയുടെ മനസ്സുവെന്തു നീറുകയായിരുന്നു. എന്തൊരു ദുരന്തമാണു രാജകുടുംബത്തിനു വന്നുപെട്ടത്! ധാത്രി ഏറ്റവും സ്നേഹത്തോടെ രാജകുമാരനെ വളർത്തി.

മൂന്നു സംവത്സരങ്ങൾ കഴിഞ്ഞു.

നിർഭാഗ്യം എന്നേ പറയേണ്ടൂ —ധാത്രി ചരമം പ്രാപിച്ചു.

ബ്രാഹ്മിണി കുട്ടിയെ വളർത്തുന്ന ചുമതല ഏറ്റെടുത്തു. അവർക്കും പുത്രന്മാർ ഉണ്ടായിരുന്നു. അവരോടു കൂടി ആ ഗുണവതി രാജപുത്രനെ വളർത്തി.

ചെറിയൊരു വൈരൂപ്യമെന്നു പറയാം — രാജകുമാരന്റെ ഓരോ പാദത്തിലും ആറു വിരലുകൾ ഉണ്ടായിരുന്നു. പക്ഷേ, കാണുന്നവരാരും അതു സാരമാക്കിയില്ല. അത്രമാത്രം അഴകുള്ള കുട്ടിയാണ്. കാണാൻ വരുന്ന പെണ്ണുങ്ങൾക്കു കൈയും കണക്കുമില്ല. അവർ കുട്ടിയെ വളരെയേറെ ലാളിച്ചു.

ബാലന് അഞ്ചു വയസ്സായി. അപ്പോഴേക്കും അവന്റെ വിഷ്ണുഭക്തി പ്രകടമായി. അവൻ ശ്രദ്ധയോടെ ജപവും പൂജയും നടത്തി. അവന്റെ മനസ്സു വിഷ്ണുഭഗവാനിൽ പറ്റിനിൽക്കും. പലപ്പോഴും അവൻ ഏകാകിയായി ചുറ്റിനടക്കും. ക്ഷേത്രങ്ങളിൽ ചെന്നു പ്രാർത്ഥിക്കുകയും ചെയ്യും.

യദൃച്ഛയാ അവൻ ധൃഷ്ടധീ എന്നയാളുടെ ഗൃഹത്തിൽ ചെന്നു. അതോടുകൂടി അവന്റെ ജീവിതം മറ്റൊരു വഴിക്കു തിരിഞ്ഞു.

കുന്തളരാജ്യത്തിലെ മുഖ്യമന്ത്രി ആയിരുന്നു ധൃഷ്ടധീ. ദുഷ്ടനും ദുരാചാരനും ആയിരുന്നു അയാൾ. ഒരു ദിവസം അയാൾ പുരോഹിതന്മാരെ സദ്യയുട്ടുകയാണ്. അപ്പോഴാണ് രാജകുമാരൻ ചെന്നുകയറിയത്. ബാലന്റെ മുഖശ്രീയും അംഗലാവണ്യവും പുരോഹിതന്മാരെ വിസ്മയിപ്പിച്ചു.

അവർ മന്ത്രിയോടു പറഞ്ഞു:

'ഈ ബാലൻ സാമാന്യനല്ല. ഇവനിൽ ചക്രവർത്തിയുടെ ലക്ഷണങ്ങൾ കാണാം. അങ്ങ് ഇവനെ ഒന്നിച്ചു പാർപ്പിക്കണം. ശ്രദ്ധിച്ചു വളർത്തുകയും വേണം.'

ദുഷ്ടനായ ധൃഷ്ടധീയുടെ ചിന്തകൾ ഒരു വഴിക്കു പോയി. കുന്തളരാജാവിനു പുത്രനില്ല. അദ്ദേഹം ഒരു ബാലനെ പുത്രനായി കരുതുന്നു. മദനൻ

എന്നാണ് ആ ബാലന്റെ പേര്. മുഖ്യമന്ത്രിയുടെ പുത്രനാണ് മദനൻ. രാജാവിന്റെ കാലശേഷം മദനനു രാജസ്ഥാനം ലഭിക്കും. ഈ പുതിയ ബാലൻ അതിനു തടസ്സമുണ്ടാക്കും. ഇവനെ രാജാവ് കണ്ടെന്നിരിക്കട്ടെ. അദ്ദേഹത്തിനു സ്നേഹം തോന്നും. മദനനായി ഉദ്ദേശിച്ച രാജസ്ഥാനം ഇവനു നൽകും. തനിക്കായിരിക്കും നഷ്ടം. അതായി ധൃഷ്ടധീയുടെ ഭയം. ഈ ബാലനെ കൊന്നാലോ? പ്രശ്നത്തിനു പരിഹാരം ഉണ്ടാകും.

മുഖ്യമന്ത്രി രഹസ്യമായി കുറെ കൊലയാളികളെ വരുത്തി.

അയാൾ അവരോടു പറഞ്ഞു:

'നിങ്ങൾ പുതിയ ബാലനെ കാട്ടിലേക്കു കൊണ്ടുപോകണം. അവിടെ വച്ച് അവനെ വെട്ടിക്കൊല്ലണം. കൊന്നതിന്റെ തെളിവ് എന്നെ കാണിക്കണം. ഞാൻ നിങ്ങൾക്കു നല്ല സമ്മാനം തരാം. ആരുമാരും അറിയരുത്, കേട്ടോ?'

രഹസ്യമായി കാര്യം പറ്റിക്കണമല്ലോ. കൊലയാളികൾ അവസരം പാർത്തിരുന്നു. ഒരു ദിവസം രാജകുമാരൻ ഒരു നദിയിൽ കുളിക്കാൻ പോയി. തെല്ലു ദൂരെയുള്ള നദിയായിരുന്നു അത്. കുളി കഴിഞ്ഞു പൂജ നടത്തി. അതിനുശേഷം തിരിയെ നടന്നു. വഴിയിൽ വെച്ചു കൊലയാളികൾ പിടികൂടി.

അവർ അവനെ കാട്ടിലേക്കു കൊണ്ടുപോയി. എന്നിട്ട് ഉറകളിൽനിന്നു വാളുകൾ വലിച്ചൂരി. അവരുടെ ഉദ്ദേശ്യം ബാലനു മനസ്സിലായി. അവൻ മഹാവിഷ്ണുവിനെ വിളിച്ചു കേണു. സാധാരണ സംഭവിക്കാത്ത ഒന്ന് അപ്പോൾ സംഭവിച്ചു. കൊലയാളികളുടെ മനസ്സിൽ ദയ അങ്കുരിച്ചു. ഒരു ബോധവും ഉണ്ടായി—ഇവനെ കൊല്ലുന്നത് പാപമാണ് എന്ന്. എങ്കിലും ദുഷ്ടമന്ത്രിക്കു തെളിവു നൽകണമല്ലോ. അവർ ബാലന്റെ ഒരു പാദത്തിലെ ആറാം വിരൽ മുറിച്ചെടുത്തു. എന്നിട്ട് ധൃഷ്ടധീയെ ചെന്നുകാണാനായി സ്ഥലം വിട്ടു.

ബാലൻ വേദന പൊറാഞ്ഞു രോദനം ചെയ്തു. മഹാവിഷ്ണുവിന്റെ നാമം ജപിച്ചു. അതു കേട്ടു കുറെ മാൻപേടകൾ വന്നെത്തി. അവർ അവനെ സ്നേഹത്തോടെ നക്കി. പല പക്ഷികളും പറന്നിറങ്ങി. ചില പക്ഷികൾ ചിറകു വിരുത്തി തണലേകി. വേറെ ചിലതു ചിറകുകളാൽ മന്ദമായി വീശി. എത്ര സ്നേഹമയമായിരുന്നു അവയുടെ ശുശ്രൂഷകൾ!

കുന്തള രാജാവിന്റെ ഒരു സാമന്തനാണ് കുളിന്ദൻ. അദ്ദേഹം ആ വനത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. ഒരിടത്ത് എന്താണ് കാണപ്പെട്ടത്? ഒരു ബാലന്റെ പാദത്തിൽനിന്നു ചോര ഒഴുകുന്നു. പക്ഷിമൃഗാദികൾ അവനെ ശുശ്രൂഷിക്കുകയും ചെയ്യുന്നു!

കുളിന്ദൻ ബാലനോടു പറഞ്ഞു:

'നീ ആരെന്നും എന്തുണ്ടായെന്നും പറയൂ. ഒട്ടും ഭയവും സങ്കോചവും വേണ്ട.'

ബാലൻ നടന്നതെല്ലാം അറിയിച്ചു.

സാമന്തന്റെ ഹൃദയം ആർദ്രമായി.

അദ്ദേഹം പറഞ്ഞു:

'കുട്ടീ, എനിക്കു മകനില്ല. ഇനിമേൽ നീയാണ് എന്റെ മകൻ. എന്നോടൊന്നിച്ചു വരൂ.'

അദ്ദേഹം അവനെ എടുത്തു കുതിരപ്പുറത്തിരുത്തി. കുതിരയോടിച്ചു രാജധാനിയായ ചന്ദ്രനാവതിയിൽ എത്തി. രാജ്ഞിയെക്കണ്ടു വിവരം ധരിപ്പിച്ചു.

'ഭഗവാന്റെ കൃപയാൽ നമുക്കൊരു മകനെ കിട്ടി!'

രാജ്ഞിയുടെ സന്തോഷം അതിരു കടന്നു.

രാജദമ്പതിമാർ അവന് ചന്ദ്രഹാസൻ എന്നു പേരിട്ടു. അവർ അവനെ ഏറ്റവും സ്നേഹിച്ചു വളർത്തി. അവൻ അവരെ മാതാപിതാക്കന്മാരായി കരുതി. ഒന്നു പ്രത്യേകമായിരുന്നു അവന്റെ പിതൃഭക്തിയും മാതൃഭക്തിയും.

ഏഴാം വയസ്സിൽ ചന്ദ്രഹാസൻ വിദ്യാഭ്യാസം ആരംഭിച്ചു. വാസ്തവത്തിൽ അവന്റെ പ്രധാനപാഠം ഒന്നായിരുന്നു—ഹരി എന്ന വിഷ്ണുനാമം! എട്ടു വയസ്സായതോടെ വേദങ്ങളും ശാസ്ത്രങ്ങളും കാണാപ്പാഠമായി. ധനുർവേദത്തിൽ സമനില്ല എന്ന സ്ഥിതിയുമായി. പതിനഞ്ചു വയസ്സായപ്പോഴോ? ചന്ദ്രഹാസൻ സകല വിദ്യകളിലും ഒന്നാമനായി.

ഒരു ദിവസം ചന്ദ്രഹാസൻ കുളിന്ദനോടു പറഞ്ഞു:

'അച്ഛാ, ഞാൻ അച്ഛനുവേണ്ടി ദിഗ്വിജയത്തിനു പോകുകയാണ്. അച്ഛൻ എന്നെ അനുഗ്രഹിച്ചയയ്ക്കണം.'

കുളിന്ദൻ പറഞ്ഞു:

'ചന്ദ്രഹാസാ, എന്റെ സൈന്യം ചെറുതാണ്. എങ്കിലും അതു നിനക്ക് അധീനമാണ്. ഞാൻ കുന്തള രാജാവിന്റെ സാമന്തനാണല്ലോ. അതിനാൽ നീ അദ്ദേഹത്തിന്റെ ശത്രുക്കളെ മാത്രമേ എതിർക്കാവൂ.'

സൈന്യത്തെ നയിച്ചുകൊണ്ട് ചന്ദ്രഹാസൻ രാജ്യംവിട്ടിറങ്ങി. പല രാജാക്കന്മാരോടും യുദ്ധം ചെയ്തു. എല്ലാവരെയും പരാജിതരാക്കി. അവരിൽ നിന്നു കണക്കില്ലാത്ത സമ്പത്തുകൾ കൈക്കലാക്കി. അവയെല്ലാം പിതാവിനു സമർപ്പിച്ചു നമസ്കരിച്ചു.

കുളിന്ദൻ ചന്ദ്രഹാസനെ ഇളമുറയായി അഭിഷേകം ചെയ്തു.

ഇളമുറത്തമ്പുരാൻ പല രാജ്യകാര്യങ്ങളും സ്വയം ഏറ്റെടുത്തു.

ധർമ്മസ്ഥാപനങ്ങൾ നിർമ്മിക്കുക, ക്ഷേത്രങ്ങൾ കെട്ടിയുയർത്തുക, വിധിപ്രകാരമുള്ള പൂജകൾ ഏർപ്പെടുത്തുക, യജ്ഞങ്ങളും ദാനങ്ങളും നിർവ്വഹിക്കുക—അവ അങ്ങനെ നിരന്തരം നടന്നുവന്നു.

ചന്ദനാവതിപുരത്തിന്റെ വിഖ്യാതി ലോകമെങ്ങും വ്യാപിച്ചു.

വർഷങ്ങൾ ചിലതുകൂടി കടന്നുപോയി.

ഒരിക്കൽ കുളിന്ദൻ പറഞ്ഞു:

'ചന്ദ്രഹാസാ, കുന്തളരാജാവിനു കപ്പം കൊടുക്കാൻ കാലമായി. ധൃഷ്ടനീതിക്കു പ്രത്യേകമായി വലിയൊരു തുകയും നൽകേണ്ടതുണ്ട്. ആ ജോലി നീതന്നെ ചെയ്യണം.'

പതിവിൽ കൂടുതൽ ധനവും കാഴ്ചദ്രവ്യങ്ങളും ചന്ദ്രഹാസൻ അയപ്പിച്ചു.

ധൃഷ്ടനീ തനിക്കു കിട്ടിയ കാഴ്ചദ്രവ്യങ്ങൾ പരിശോധിച്ചു. മുമ്പത്തെക്കാൾ എത്രയോ കൂടുതൽ. എന്താണ് ഇതിനു കാരണം? മുഖ്യമന്ത്രി അന്വേഷണം നടത്തി. അപ്പോൾ അറിവായി കുളിന്ദന്റെ പുത്രൻ കൊടുത്തയച്ചതെന്ന്. കുളിന്ദനു പുത്രൻ ജനിച്ചിട്ടില്ല. പിന്നെങ്ങനെ കുളിന്ദന്റെ പുത്രൻ കൊടുത്തയയ്ക്കും? വീണ്ടും അന്വേഷിച്ചപ്പോൾ വിവരം അറിവായി. കുറെ വർഷം മുമ്പ് കുളിന്ദനു കാട്ടിൽനിന്ന് ഒരു കുട്ടിയെ കിട്ടി. കുളിന്ദൻ കുട്ടിയെ മകനായി വളർത്തിവന്നു. ആ കുട്ടിയാണു യുവരാജാവായ ചന്ദ്രഹാസൻ!

താൻ മുമ്പൊരു ബാലനെ കൊല്ലാൻ കല്പിച്ചില്ലേ? ആ ബാലനായിരിക്കണം ചന്ദ്രഹാസൻ. അതായി ധൃഷ്ടധീയുടെ പ്രബലമായ സംശയം. നേരിട്ടു കണ്ടു മനസ്സിലാക്കാൻ നിശ്ചയിച്ചു ആ ദുഷ്ടൻ. അയാൾ കാലം കളയാതെ ചന്ദനാവതിയിൽ ചെന്നു. കുളിന്ദൻ അയാളെ ആദരപൂർവ്വം സ്വാഗതം ചെയ്തു. തന്റെ മേൽക്കോയ്മയായ കുന്തളരാജാവിന്റെ മുഖ്യമന്ത്രിയല്ലേ?

സംഭാഷണത്തിനിടയിൽ ധൃഷ്ടധീ ചോദിച്ചു:

'രാജൻ, അങ്ങേയ്ക്ക് പുത്രനുണ്ട് എന്ന കാര്യം എന്നെ അറിയിക്കാത്തതെന്ത്?'

കുളിന്ദൻ നടന്നിരുന്ന സംഭവങ്ങളെല്ലാം വിസ്തരിച്ച് അറിയിച്ചു.

അപ്പോൾ ധൃഷ്ടധീക്ക് തീർച്ചയായി—താൻ കൊല്ലിക്കാൻ ശ്രമിച്ചിരുന്ന ബാലനാണ് ചന്ദ്രഹാസൻ. ഇവനിൽനിന്ന് ഇനിയും ആപത്തുണ്ടാവും. ഏതു വിധവും ഇവനെ ഇല്ലായ്മചെയ്തേ കഴിയൂ. ദുഷ്ടമന്ത്രി ഒരു പരിപാടി ആലോചിച്ചുറച്ചു. അകത്തൊന്ന്, പുറത്തൊന്ന് എന്ന രീതി അയാൾക്കു വശമുണ്ട്. കാപട്യത്തെ മന്ദഹാസത്താൽ മറച്ചുകൊണ്ട് അയാൾ പെരുമാറി. എന്തെല്ലാം പഞ്ചാരവാക്കുകളാണ് അയാൾ പറഞ്ഞത്! കുളിന്ദനും ചന്ദ്രഹാസനും അവയിൽ മയങ്ങിപ്പോയി.

അയാൾ അതിഥിയായി താമസം തുടങ്ങി.

ഒരിക്കൽ അയാൾ ചന്ദ്രഹാസനോടു പറഞ്ഞു:

'ഇളമുറത്തമ്പുരാനേ, എനിക്ക് ഒരു എഴുത്തയയ്ക്കാനുണ്ട്. എഴുതാനുള്ള സാമഗ്രികൾ വരുത്തിത്തന്നാൽ ഉപകാരമാവും.'

ചന്ദ്രഹാസൻ വേണ്ടുന്നതെല്ലാം നൽകി. അതിനുശേഷം തന്റെ ജോലിക്കു പോയി. ധൃഷ്ടധീ തനിച്ചായപ്പോൾ അയാൾ ഒരു എഴുത്തെഴുതി. തന്റെ പുത്രൻ മദനനുള്ള എഴുത്തായിരുന്നു അത്. അയാൾ അതു മടക്കി മുദ്രവെച്ച് പിന്നീട് ചന്ദ്രഹാസനെ ഏല്പിച്ചുകൊണ്ടു പറഞ്ഞു:

'ഇളമുറത്തമ്പുരാനേ, അങ്ങ് എനിക്കൊരു ഉപകാരം ചെയ്യണം. ഈ എഴുത്തു രഹസ്യമായ ഒരു രാജ്യകാര്യത്തെക്കുറിച്ചാണ്. മറ്റാരുടെ കൈയിലും ഇതു കൊടുത്തയച്ചുകൂടാ. അവർ തുറന്നു നോക്കാനിടയുണ്ട്. അങ്ങ് നേരിട്ടു മദനനു കൊടുക്കണം. മറ്റുള്ളവരുടെ എഴുത്തു പൊട്ടിക്കുന്നതു തെറ്റാണ്. ആ തെറ്റ് അങ്ങ് തീർച്ചയായും ചെയ്യുകയില്ല. അതെനിക്കു നല്ല വണ്ണം അറിയാം.'

ചന്ദ്രഹാസൻ സംശയിക്കാതെ എഴുത്തു വാങ്ങി യാത്രയായി.

എന്തായിരുന്നു എഴുത്തിന്റെ ഉള്ളടക്കം?

'മകനേ, ഈ എഴുത്തു കൊണ്ടുവരുന്നയാൾ ചന്ദ്രഹാസനാണ്. നീ അയാൾക്കു വിഷം കൊടുക്കണം.

എന്ന്, നിന്റെ അച്ഛൻ

ധൃഷ്ടധീ.'

യഥാകാലം ചന്ദ്രഹാസൻ കുന്തളത്തിൽ എത്തിച്ചേർന്നു. അദ്ദേഹം അപ്പോഴേക്കും അല്പം ക്ഷീണിച്ചിരുന്നു. കൊട്ടാരത്തിനു പുറമേ ഒരു പൂങ്കാവനം കണ്ടു. പൂങ്കാവനത്തിൽ കുറെ വള്ളിക്കുടിലുകളും. കുമാരൻ കുതിരയെ ഒരു മരത്തിൽ കെട്ടി. എന്നിട്ട് ഒരു വള്ളിക്കുടിലിൽ കയറിക്കിടന്നു. ഉടൻതന്നെ ഗാഢനിദ്രയിൽ ലയിക്കുകയും ചെയ്തു.

പുങ്കാവനത്തിൽ വിഹരിക്കാനായി കുറെ യുവതികൾ വന്നെത്തി—അതായത്, രാജപുത്രിയും മന്ത്രിപുത്രിയും സഖികളും. ചമ്പകമാലിനി എന്നാണ് രാജപുത്രിയുടെ പേര്. വിഷയ എന്നു മന്ത്രിപുത്രിയുടെ പേരും.

കുറെക്കഴിഞ്ഞ് വിഷയ ഒരിടത്തു തനിയെ ഉലാത്തിത്തുടങ്ങി. അതിനിടയിൽ അവൾ ഒരു വള്ളിക്കുടിൽ കണ്ട് അതിനുള്ളിൽ കയറി. അപ്പോൾ എന്താണു കണ്ടത്? ഒരു കോമളയുവാവ് ഉറങ്ങിക്കിടക്കുന്നു. ആ നിമിഷത്തിൽ മന്ത്രിപുത്രിക്ക് ഒരാഗ്രഹം ഉണ്ടായി—ഇദ്ദേഹം തന്റെ ഭർത്താവായെങ്കിൽ! ആരാണ്, എവിടത്തുകാരനാണ്, ഇദ്ദേഹം? അവൾ അരികത്തുചെന്നു ശ്രദ്ധിച്ചുനോക്കി. എന്താണു കഞ്ചുകത്തിനിടയിൽ? ഒരു എഴുത്ത്! അവൾ പതുക്കെ എഴുത്തെടുത്ത്, തുറന്നു വായിച്ചു. തന്റെ പിതാവാണ് എഴുതിയിരിക്കുന്നത്. ഈ യുവാവിനു വിഷം കൊടുക്കണംപോലും! അവൾ എഴുത്തൊന്നു തിരുത്തി. 'വിഷം' എന്നതിനു പകരം 'വിഷയയെ' എന്നാക്കി. എന്നിട്ട് എഴുത്തുമടക്കി കഞ്ചുകത്തിനടിയിൽവെച്ചു. അതിനുശേഷം ഒന്നും അറിയാത്തപോലെ ഇറങ്ങിപ്പോയി. രാജകുമാരിയോടോ സഖിമാരോടോ ഒന്നും മിണ്ടിയില്ല.

ചന്ദ്രഹാസൻ ഉറക്കമുണർന്നു മന്ത്രിഗൃഹത്തിൽ ചെന്നു. മദനനെക്കണ്ട് എഴുത്തു കൊടുത്തു. മദനൻ എഴുത്തു തുറന്നു വായിച്ചു. തന്റെ സഹോദരിയെ ചന്ദ്രഹാസനു കൊടുക്കണം—അതാണ് അച്ഛന്റെ ആഗ്രഹം. ഏറ്റവും നല്ല മുഹൂർത്തം എപ്പോഴാണ്? മദനൻ ജ്യോത്സ്യന്മാരെ വരുത്തി ചോദിച്ചു. അല്പനേരം കഴിഞ്ഞു നല്ലൊരു മുഹൂർത്തംവരും; അത്ര നല്ല മുഹൂർത്തം അടുത്ത കാലത്തൊന്നും വരികയുമില്ല—അതായിരുന്നു ജ്യോത്സ്യന്മാരുടെ ഉത്തരം. മദനൻ ചന്ദ്രഹാസനെ എല്ലാം പറഞ്ഞു കേൾപ്പിച്ചു. ഒരു അഭ്യർത്ഥനയും നടത്തി—തന്റെ സഹോദരി വിഷയയെ ചന്ദ്രഹാസൻ കല്യാണം കഴിക്കണം. ചന്ദ്രഹാസൻ സന്തോഷത്തോടെ സമ്മതിക്കുകയുംചെയ്തു. അങ്ങനെ ആ വിവാഹം നടന്നു.

ധൃഷ്ടധീ മറ്റൊരു പദ്ധതിയും ആലോചിച്ചുവെച്ചിരുന്നു. അയാൾ ആ പദ്ധതി നടപ്പിലാക്കി. യാതൊരു മുന്നറിയിപ്പും കൂടാതെ കുളിദനെ തടവിലാക്കി. ആ രാജാവിന്റെ സമ്പത്തെല്ലാം കൈക്കലാക്കി. അതിനുശേഷം കുന്തളത്തിലേക്കു മടക്കയാത്രചെയ്തു. മദനൻ നൽകിയ വിഷം കഴിച്ച് ചന്ദ്രഹാസൻ മരിച്ചിട്ടുണ്ടാവണം. അതാലോചിച്ചപ്പോൾ അയാൾക്ക് അതിയായ സന്തോഷം തോന്നി. കുന്തളത്തിൽ എത്തിയപ്പോൾ ഒന്നു കണ്ടു. ചന്ദ്രഹാസൻ മരിച്ചില്ലെന്നു മാത്രമല്ല, തന്റെ ജാമാതാവും ആയിരിക്കുന്നു!

അയാൾ കോപത്തോടെ മദനനോടു ചോദിച്ചു:

'മകനേ, നീ എന്തിനു നിന്റെ സഹോദരിയെ ഈ നീചനു നൽകി?'

മദനൻ മറുപടി നൽകി:

'അച്ഛൻ അതായിരുന്നല്ലോ എഴുത്തിൽ ആവശ്യപ്പെട്ടത്!'

ധൃഷ്ടധീ, എഴുത്ത് വാങ്ങി വായിച്ചു. വിഷത്തിനു പകരം വിഷയ! തിരക്കിനിടയിൽ തനിക്കു തെറ്റ് പറ്റിയിരിക്കണം. വലിയ കുഴപ്പമായിപ്പോയി. ഇനി എന്തു ചെയ്യും?

പോട്ടെ, ചന്ദ്രഹാസനെ വകവരുത്താൻ ഇനിയും സാധിക്കും. അവനെ വകവരുത്തുകയും വേണം. അല്ലാതെ താൻ അടങ്ങുകയില്ല. മകൾക്കു

വൈധവ്യദുഃഖം ഉണ്ടാകും. ശരിയാണ്. അതൊന്നും സാരമാക്കാനില്ല. അയാൾ വീണ്ടും പണ്ടത്തെ കൊലയാളികളെ വരുത്തി.

'നിങ്ങൾ അന്ന് എന്നെ വഞ്ചിച്ചു. എനിക്ക് എല്ലാം മനസ്സിലായിട്ടുണ്ട്. നിങ്ങൾക്കു തക്കതായ ശിക്ഷ തരേണ്ടതാണ്. തത്കാലം ഞാൻ അതൊക്കെ ക്ഷമിച്ചിരിക്കുന്നു. ഒരു കൃത്യം കൂടി ഞാൻ നിങ്ങളെ ഏല്പിക്കുകയാണ്. അതു ശരിക്കും ചെയ്തില്ലെങ്കിൽ നിങ്ങൾക്കു വധശിക്ഷ കിട്ടും!'

അയാൾ അവർക്കു വിശദമായ നിർദ്ദേശങ്ങൾ നൽകി.

അന്നേ ദിവസം രാത്രിയിൽ അവർ ഒളിച്ചു നിൽക്കണം. എവിടെയെന്നോ? രാജധാനിക്കു പുറമേ ദേവീക്ഷേത്രത്തിന്റെ അടുക്കൽ. അർദ്ധരാത്രിക്ക് ഒരു മനുഷ്യൻ ക്ഷേത്രത്തിലേക്കു വരും. അവർ ആ മനുഷ്യനെ വെട്ടിനുറുക്കണം—അവയായിരുന്നു നിർദ്ദേശങ്ങൾ.

സമ്മാനം കിട്ടിയില്ലെങ്കിലും തരക്കേടില്ല; തലപോകാതിരുന്നാൽ മതി—അതായിരുന്നു കൊലയാളികളുടെ വിചാരം. ഇപ്രാവശ്യം യാതൊരു പിഴയും വന്നുകൂടാ!

ധൃഷ്ടധീ ജാമാതാവിനെ ചെന്നുകണ്ടു:

'ചന്ദ്രഹാസാ, വേളികഴിഞ്ഞാൽ ദേവീക്ഷേത്രത്തിൽ പ്രാർത്ഥന നടത്തണം. ഇന്ന് അർദ്ധരാത്രിയാണ് ഏറ്റവും ശുഭമായ സമയം. തനിച്ചുപോയാലേ പ്രാർത്ഥനയ്ക്കു ഫലമുള്ളൂ.' അയാൾ സ്നേഹം നടിച്ചു പറഞ്ഞു.

നിഷ്കളങ്കനായ ചന്ദ്രഹാസന് ഒരു സംശയവും തോന്നിയില്ല. ശ്വശുരന്റെ ഇഷ്ടംപോലെ ചെയ്യുക തന്നെ. അദ്ദേഹം പോകാൻ തയ്യാറായി.

അതിനിടയ്ക്ക് മറ്റൊരു സംഭവം ഉണ്ടായി.

കുന്തളരാജാവ് മദനനോട് കല്പിച്ചു:

'ചന്ദ്രഹാസനെ വിളിച്ചുകൊണ്ടു വരൂ. അയാൾ എവിടെയായാലും കണ്ടുപിടിക്കണം. ഉടനെ വേണംതാനും.'

മദനൻ ചന്ദ്രഹാസനെ രാജസമക്ഷത്തിൽ ഹാജരാക്കി.

രാജാവ് സന്നിഹിതരോടു പറഞ്ഞു:

'മുമ്പു തന്നെ ഞാനൊരു നിശ്ചയം എടുത്തിട്ടുണ്ടായിരുന്നു. കാട്ടിൽ ചെന്നു തപസ്സുചെയ്യണം എന്നതാണ് ആ നിശ്ചയം. അതിപ്പോൾ നടപ്പിലാക്കാൻ പോവുകയാണ്. അതിനുമുമ്പ് ഞാനിതാ എന്റെ രാജ്യം ചന്ദ്രഹാസനു നൽകുന്നു—മാത്രമല്ല, എന്റെ പുത്രി ചമ്പകമാലിനിയെയും.

രണ്ടു മംഗളകർമ്മങ്ങൾ അപ്പോൾ തന്നെ നടന്നു—ചന്ദ്രഹാസന്റെ പട്ടാഭിഷേകവും രണ്ടാം വിവാഹവും.

അതിനിടയ്ക്ക് അർദ്ധരാത്രി കഴിഞ്ഞിരുന്നു. അർദ്ധരാത്രിക്ക് ഒരു ഘോരസംഭവം നടന്നു. മദനന് ഒരാഗ്രഹമുണ്ടായി—തനിക്കും ദേവീക്ഷേത്രത്തിൽ അർദ്ധരാത്രിക്കു പ്രാർത്ഥിക്കണം. അപായം പതിയിരിക്കുന്നു എന്ന് അയാളുണ്ടോ അറിയുന്നു? ആ പാവം ദേവീക്ഷേത്രത്തെ സമീപിച്ചു—അതേ സമയം മരണത്തെയും.

അയാൾ അനേകം ദൃശ്യകുനങ്ങൾ കണ്ടു. അവയൊന്നും വകവയ്ക്കാതെ അയാൾ ക്ഷേത്രത്തിനടുത്തെത്തി. ഒരു മനുഷ്യൻ വരുന്നതു മനസ്സിലാക്കി ഒളിച്ചിരുന്നു കൊലയാളികൾ. കൂരിരുട്ടുകാരണം കാണാൻ കഴിഞ്ഞുമില്ല. അവർ ചന്ദ്രഹാസൻ എന്നു കരുതി മദനനെ വെട്ടിക്കൊന്നു!

പിന്നീട് അവർക്ക് അറിവായി ആൾ മാറിപ്പോയെന്ന്. രണ്ടാമതും തങ്ങൾക്ക് തെറ്റുപറ്റിയിരിക്കുന്നു. ഇനി നിന്നാൽ കിട്ടുന്നത് വധശിക്ഷയായിരിക്കും. അവർ രാജ്യത്തുനിന്ന് ഒളിച്ചോടിപ്പോയി.

കൊല്ലപ്പെട്തത് ചന്ദ്രഹാസനല്ല. തന്റെ പുത്രനാണ്. അതറിഞ്ഞപ്പോൾ ധൃഷ്ടധീ പൊട്ടിക്കരഞ്ഞു. എന്നിട്ടു ദേവീക്ഷേത്രത്തിൽ ഓടിയെത്തി. ചോരയിൽ കുളിച്ചുകിടക്കുകയാണ് മദനന്റെ മൃതശരീരം. ആ കാഴ്ച സഹിക്കാൻ ധൃഷ്ടധീക്കു ശക്തിയുണ്ടായില്ല. അയാൾ തല തൂണിൽ തെരുതെരെ മുട്ടി. തല പിളർന്നു മരിച്ചുവീഴുകയും ചെയ്തു.

താനാണ് ഈ ദുരന്തങ്ങൾക്കു കാരണക്കാരൻ—അതായി ചന്ദ്രഹാസന്റെ വിശ്വാസം. പരിഹാരത്തിനായി ആ ധർമ്മിഷ്ഠൻ ഒരു ഹോമം ചെയ്തു. സ്വശരീരത്തിൽനിന്നും മാംസം അറുത്തെടുത്ത് അഗ്നിയിൽ ഹോമിച്ചു. തുടർന്ന് ശിരസ്സ് ഛേദിക്കാനായി കരവാളും കൈയിലെടുത്തു.

ദേവി പ്രത്യക്ഷയായി ആത്മഹത്യ തടഞ്ഞു:

'ചന്ദ്രഹാസാ, ഞാൻ നിനക്കു രണ്ടു വരങ്ങൾ തരാം. നിനക്ക് ആവശ്യമുള്ളതു വാങ്ങിക്കൊള്ളൂ.'

ആ ഭക്തൻ അഭ്യർത്ഥിച്ചു:

'ദേവീ, എന്റെ വിഷ്ണുഭക്തി വർദ്ധിച്ചുകൊണ്ടിരിക്കണം. മന്ത്രിയും മന്ത്രിപുത്രനും ജീവിക്കുകയും വേണം.'

രണ്ടു വരങ്ങളും നൽകിയിട്ട് ദേവി മറഞ്ഞു.

മരിച്ചുകിടന്നവർ ജീവിച്ചെഴുന്നേറ്റു.

അതോടുകൂടി ധൃഷ്ടധീയുടെ മനസ്സിനു ഒരു പരിവർത്തനം സംഭവിച്ചു. ഒരു ബോധം ഏറ്റവും പ്രബലമായി. താൻ വമ്പിച്ച തെറ്റുകൾ ചെയ്തിരിക്കുന്നു. മാത്രമല്ല, ചന്ദ്രഹാസന് ഈശ്വരാനുഗ്രഹമുണ്ട്.

മന്ത്രി പറഞ്ഞു.

'ചന്ദ്രഹാസാ, ഇപ്പോൾ എനിക്ക് അങ്ങയുടെ നന്മ മനസ്സിലായി. അങ്ങ് എന്റെ അപരാധം പൊറുക്കണം.'

അയാൾ അടുത്തതായി കുളിന്ദനെ ചെന്നുകണ്ടു. മാപ്പുചോദിച്ചു. എന്നു മാത്രമല്ല, അപഹരിച്ചതെല്ലാം തിരിയെ കൊടുത്തു—അതിൽ കൂടുതലും!

കുന്തളരാജാവാണല്ലോ ചന്ദ്രഹാസൻ ഇപ്പോൾ. അദ്ദേഹം ചന്ദനാവതിയിൽ ചെന്ന് അച്ഛനമ്മമാരെ കൂട്ടിക്കൊണ്ടുവന്നു. അവരെ തന്നോടുകൂടി പാർപ്പിച്ചു സംരക്ഷിച്ചു.

ചന്ദ്രഹാസനു രണ്ടു പുത്രന്മാരുണ്ടായി—മകരധ്വജനും പദ്മാക്ഷനും. അദ്ദേഹം ചിരകാലമായി സുഖമായി ജീവിച്ചുപോരുന്നു.

ഈ കഥയാണ് നാരദമഹർഷി അർജുനനെ കേൾപ്പിച്ചത്.

മഹർഷി പറഞ്ഞുനിർത്തി:

'അർജുനാ, എത്ര മഹാരഥന്മാർ ഒന്നിച്ചാലും ശരി, അവർ എത്രകാലം യുദ്ധം ചെയ്താലും ശരി, ചന്ദ്രഹാസനെ തോല്പിക്കാൻ സാധിക്കുകയില്ല. അദ്ദേഹത്തിനു വിഷ്ണുഭക്തിയെന്ന മഹാശക്തിയുണ്ട്.'

നാരദൻ ആകാശത്തേക്കു ഉയർന്നുപോയി.

അതിനിടയ്ക്ക് എന്താണു സംഭവിച്ചിരുന്നത്?

യുധിഷ്ഠിരന്റെ യാഗാശ്വങ്ങൾ കുന്തളത്തിൽ ചെന്നെത്തിയിരുന്നു. രാജപുത്രന്മാരായ മകരധ്വജനും പദ്മാക്ഷനും കൂടി അവയെ പിടിച്ചുകെട്ടി.

സ്വർണ്ണപത്രത്തിലെ കുറിപ്പിൽനിന്നു സകലതും മനസ്സിലാക്കി. യുദ്ധത്തിനു സന്നദ്ധരായി നിൽക്കുകയും ചെയ്തു.

അർജുനനും സൈന്യവും കുന്തളത്തിൽ പ്രവേശിച്ചു.

ചന്ദ്രഹാസൻ ശത്രുസൈന്യത്തെ ശ്രദ്ധിച്ചുനോക്കി. ആരാണ് ആ സൈന്യത്തിന്റെ മദ്ധ്യത്തിൽ നിൽക്കുന്നത്? സാക്ഷാൽ ശ്രീകൃഷ്ണൻ! ചന്ദ്രഹാസൻ ശ്രീകൃഷ്ണന്റെ അരികിൽ ഓടിയെത്തി. പാദങ്ങളിൽ വീണു നമസ്കരിച്ചു. എഴുന്നേറ്റു പ്രദക്ഷിണം ചെയ്തു.

ശ്രീകൃഷ്ണൻ ഉത്തമഭക്തനെ ആശ്ലേഷിച്ചു.

ചന്ദ്രഹാസൻ പറഞ്ഞു:

'ഭഗവാനേ, എന്റെ അച്ഛനമ്മമാരും ബന്ധുവുമെല്ലാം നിന്തിരുവടിയാണ്. കുട്ടിക്കാലം മുതൽ ഞാൻ അവിടുത്തെ ദാസനാണ്. അവിടുന്ന് എന്നെ കാത്തുകൊള്ളണം.'

അദ്ദേഹം അർജുനന്റെ നേർക്കു തിരിഞ്ഞു:

'അർജുനാ, യുദ്ധം ചെയ്യണമെങ്കിൽ ഞാൻ തയ്യാറാണ്. പക്ഷേ, നാം രണ്ടും കൃഷ്ണഭക്തന്മാരാണ്. സന്ധിചെയ്യുന്നതാണ് എല്ലാംകൊണ്ടും യുക്തം.'

ശരിയെന്ന് അർജുനനു തോന്നി. രണ്ടുപേരും സന്ധിമുഖേന സ്നേഹബന്ധം ഉറപ്പിച്ചു. മകരധ്വജനും പത്മാക്ഷനും യാഗാശ്വങ്ങളെ തിരിച്ചു നൽകി.

ചന്ദ്രഹാസൻ ശ്രീകൃഷ്ണനെയും അർജുനനെയും അതിഥികളായി സത്കരിച്ചു. മാത്രമല്ല, മറ്റെല്ലാവരെയും. നാലാം ദിവസം അവരോടുകൂടി കുന്തളത്തിൽനിന്നു യാത്രയായി.

യാഗാശ്വങ്ങൾ പല രാജ്യങ്ങളിലൂടെയും സഞ്ചരിച്ചു. അവയെ ബന്ധിക്കാൻ ഒരു രാജാവും ധൈര്യപ്പെട്ടില്ല. അങ്ങനെ അർജുനനും കൂട്ടരും ഒരു സമുദ്രത്തിന്റെ തീരത്തിലെത്തി.

അപ്പോൾ യാഗാശ്വങ്ങൾ എന്താണു ചെയ്തതെന്നോ? സമുദ്രത്തിൽ ചെന്നിറങ്ങി. പിന്നീട് അവയെ കണ്ടതേയില്ല!

അർജുനൻ അതിയായി ദുഃഖിച്ചു. യാഗാശ്വങ്ങൾ എവിടെപ്പോയി? അവയെക്കൂടാതെ അശ്വമേധം നടത്താനാവില്ല. ഇതു വല്ല ശത്രുക്കളുടെയും മായാപ്രയോഗമാണോ!

ശ്രീകൃഷ്ണൻ ഒരു വഴി കാണിച്ചുകൊടുത്തു. ജലത്തിലൂടെ കുതിരയോടിക്കുക എന്നൊരു സിദ്ധിയുണ്ട്. തന്നെക്കൂടാതെ അഞ്ചുപേർക്ക് ആ സിദ്ധിയുണ്ട്. അർജുനൻ, മയൂരധ്വജൻ, ഹംസധ്വജൻ, പ്രദ്യുമ്നൻ, ബഭ്രുവാഹനൻ—അവരാണ് ആ അഞ്ചുപേർ. താനും അവരും കുതിരകളെ സമുദ്രത്തിൽ ഇറക്കുകതന്നെ.

അവർ ശ്രീകൃഷ്ണന്റെ നിർദ്ദേശപ്രകാരം പ്രവർത്തിച്ചു. വളരെ ദൂരം പോയപ്പോൾ ഒരു ദ്വീപു കാണുമാറായി. ദ്വീപിൽ ഒരു മുനി തപസ്സുചെയ്തുകയാണ്. ഇങ്ങനെയൊരു മുനിയെ അവർ അന്നോളം കണ്ടിരുന്നില്ല. മുനിയുടെ കാൽമുട്ടിൽനിന്നു രണ്ടു പലാശമരങ്ങൾ ഉത്ഭവിച്ചിരിക്കുന്നു. അവ പൂത്തു തളിർത്തു നിൽക്കുകയുമാണ്. മരക്കൊമ്പുകളിൽ പക്ഷികൾ കൂടു

കെട്ടിപാർക്കുന്നു. മുനിയുടെ മുമ്പിലും പിമ്പിലും പുറ്റുകളുണ്ട്. സർപ്പങ്ങൾ പുറ്റുകളിൽനിന്ന് ഇഴഞ്ഞുവരുന്നു. മുനിയുടെ ശരീരം മരമാണെന്നാണു ചില മൃഗങ്ങളുടെ ധാരണ. അവ അതിലുരുമ്മി ദേഹത്തിലെ ചൊറിച്ചിൽ തീർക്കുന്നു. ഇതൊന്നും മുനി അറിയുന്നുമില്ല. മനസ്സ് വിഷ്ണുഭഗവാനിൽ ലയിച്ചിരിക്കുകയാണ്. അതേസമയം അദ്ദേഹം ഒരു ആലില പിടിച്ചിരിക്കുന്നു.

ശ്രീകൃഷ്ണനും മറ്റുള്ളവരും മുനിയെ പ്രണമിച്ചു.

മുനി സമാധിയിൽനിന്നുണർന്നു കണ്ണുകൾ തുറന്നു. കുറെപ്പേർ മുമ്പിൽ തൊഴുതുനിൽക്കുന്നതു കണ്ടു. അവർ ആരെന്ന് ഉടനെ മനസ്സിലാക്കുകയും ചെയ്തു.

ബകദാഭ്യൻ എന്നാണു മുനിയുടെ പേര്. അദ്ദേഹത്തിന്റെ പൂർവ്വകഥ അറിയാൻ അർജുനനും കൂട്ടർക്കും ആകാംക്ഷയുണ്ടായി. മുനി അവരെ അക്കഥ കേൾപ്പിച്ചു.

അദ്ദേഹത്തിനു വളരെ വയസ്സായിരിക്കുന്നു. ഇരുപതു പ്രളയങ്ങൾക്കു സാക്ഷിയാണ് അദ്ദേഹം. ഓരോ പ്രളയത്തിലും ജലം മാത്രം. ജലത്തിൽ ഒരേയൊരു ആലില. ആ ആലിലയിൽ മഹാവിഷ്ണുവിന്റെ ശിശുരൂപം. ആ കാഴ്ച കാണുമ്പോൾ ബകദാഭ്യന്റെ കണ്ണുകൾ കുളിർക്കും. ഹൃദയത്തിൽ ആനന്ദവും നിറയും.

അത്രയും അറിയിച്ചിട്ട് ബകദാഭ്യൻ ശ്രീകൃഷ്ണനോടു പറഞ്ഞു:

'ഭഗവാനേ, ആലിലയുടെ ശിശുരൂപം ഞാൻ ധാരാളം കണ്ടിട്ടുണ്ട്. അത് അവിടുത്തെ രൂപവും ഒന്നുതന്നെ. ആ പരമാർത്ഥം ഞാനറിയുന്നുണ്ട്. അവിടുത്തെ ആശ്ലേഷം ഞാൻ ഇത്രയും കാലം ആഗ്രഹിച്ചിരുന്നു. എനിക്ക് ആ സുഖമരുളാൻ കനിവുണ്ടാകണം.'

ശ്രീകൃഷ്ണൻ ആ അപേക്ഷ നിറവേറ്റി.

അതിനുശേഷം അർജുനനും മറ്റുള്ളവരും ഒന്നു കണ്ടു— അതാ നിൽക്കുന്നു സമുദ്രത്തിൽ മുഴുകിയിരുന്ന യാഗാശ്വങ്ങൾ! അവർ അവയോടുകൂടി മടക്കയാത്ര ആരംഭിച്ചു. ശ്രീകൃഷ്ണന്റെ ആജ്ഞപ്രകാരം അവർ ബകദാഭ്യനെ കരയിലുമാക്കി.

ദീർഘയാത്രയ്ക്കുശേഷം അവർ ഒരു രാജ്യത്ത് എത്തിച്ചേർന്നു. ജയദ്രഥന്റെ പുത്രനാണ് അവിടത്തെ രാജാവ്. ദുശ്ശളയുടെ ഭർത്താവ് ജയദ്രഥൻ. കൗരവന്മാരുടെ സഹോദരി ദുശ്ശളയും.

ആ ബന്ധങ്ങളെക്കുറിച്ച് 'മാലിഭാരത'ത്തിൽ വായിക്കും.

പിതാവിന്റെ ഘാതകൻ എത്തിയിരിക്കുന്നു. ആ വർത്തമാനം യുവാവായ രാജാവിനു ലഭിച്ചു. അപ്പോൾ അയാൾ ഭയംകൊണ്ടു മൂർച്ഛിച്ചുവീണു. തെല്ലുകഴിഞ്ഞു മരിക്കുകയും ചെയ്തു.

മാതാവായ ദുശ്ശളയുടെ ദുഃഖം അതിരുകടന്നു. മുമ്പുതന്നെ ഭർത്താവ് മരിച്ചിരുന്നു. ഇപ്പോൾ പുത്രനും തന്നെ വിട്ടുപിരിഞ്ഞു. ആ സ്ത്രീ കരഞ്ഞുകൊണ്ടു നിലത്തുകിടന്നുരുണ്ടു. പിന്നിട് അർജുനന്റെ അടുക്കലേക്കോടി.

ശ്രീകൃഷ്ണന്റെ ദിവ്യരൂപം കണ്ണിൽപ്പെട്ടു.

അവൾ ശ്രീകൃഷ്ണന്റെ പാദങ്ങളിൽ പതിച്ചു:

'ഭഗവാനേ, അവിടുന്ന് ഈ അനാഥയെ രക്ഷിക്കണം. അർജുനൻ ആദ്യം എന്റെ ഭർത്താവിനെ വധിച്ചു. ഇപ്പോഴിതാ എന്റെ മകനെയും. അവിടുന്നല്ലാതെ എനിക്കു ശരണമില്ല.'

അർജുനൻ വികാരത്തിനു വിധേയനായി. താൻ ജയദ്രഥനെ വധിച്ചതു ശരിയാണ്. എങ്കിലും ദുശ്ശളയോട് എന്തിനു വിരോധം പുലർത്തണം? തന്നോട് അവൾ ഒരു ദ്രോഹവും പ്രവർത്തിച്ചില്ല. ഒരു വിധത്തിൽ തന്റെയും സഹോദരിയാണ് അവൾ.

'ദുശ്ശളേ, എനിക്കു നിന്നോടോ നിന്റെ മകനോടോ വിരോധമില്ല, നിനക്കു ഞാൻ എന്തു വേണമെങ്കിലും തരാം. സമ്പത്തുകളും രാജ്യങ്ങളും ആവശ്യപ്പെട്ടുകൊള്ളൂ!'

അവൾക്ക് അർജുനനോടു പറയാൻ യാതൊന്നും ഉണ്ടായിരുന്നില്ല.

ശ്രീകൃഷ്ണനോട് അവൾ പറഞ്ഞു:

'ഭഗവാനേ, എനിക്കു വേണ്ടതു സമ്പത്തുകളല്ല, രാജ്യങ്ങളല്ല, എന്റെ മകന്റെ ജീവനാണ്. അവിടുത്തേക്ക് അതു തരാൻ സാധിക്കും!'

അത്രയും പറഞ്ഞ് അവൾ ശ്രീകൃഷ്ണന്റെ കാൽക്കൽ വീണു മുറവിളികൂട്ടി.

ശ്രീകൃഷ്ണൻ സമാധാനപ്പെടുത്തി:

'ദുശ്ശളേ, ദുഃഖം മതിയാക്കൂ. എഴുന്നേല്ക്കൂ. എന്നോടുകൂടെ കൊട്ടാരത്തിലേക്കു വരൂ.'

ഇരുവരും ഒന്നിച്ചു കൊട്ടാരത്തിലെത്തി.

അവിടെ യുവാവിന്റെ മൃതശരീരം കിടപ്പുണ്ടായിരുന്നു.

ശ്രീകൃഷ്ണൻ വിളിച്ചുപറഞ്ഞു:

'കുമാരാ, ജീവിച്ചെഴുന്നേൽക്കൂ.'

അത്ഭുതം! മരിച്ചവൻ എഴുന്നേറ്റു. ഉറക്കമുണരുന്നതുപോലെ! അപ്പോൾ അയാൾ കണ്ടതോ ശ്രീകൃഷ്ണനേയും. അയാൾ ഭഗവാനെ നമസ്കരിച്ചു.

അർജുനൻ പറഞ്ഞു:

'ദുശ്ശളേ, ഞങ്ങൾ ഹസ്തിനപുരം വിട്ടിട്ട് ഒരു വർഷത്തോളമായി. ഞങ്ങളുടെ യാഗദീക്ഷ അവസാനിക്കാറുമായി. ഇതാ ഞങ്ങൾ രാജധാനിയിലേക്കു മടങ്ങുകയാണ്. നീയും ഞങ്ങളോടൊന്നിച്ച് വരൂ; അമ്മയേയും പാഞ്ചാലിയേയും സുഭദ്രയേയും മറ്റും സന്ദർശിക്കാം. അശ്വമേധം കാണുകയും ചെയ്യാം.'

ദുശ്ശളയ്ക്ക് സമ്മതം മാത്രമല്ല, സന്തോഷവുമായി.

അവർ പുത്രനോടുകൂടി യാത്രയായി.

ശ്രീകൃഷ്ണൻ അടുത്ത പരിപാടി അറിയിച്ചു:

'അർജുനാ, ഞാൻ ഉടനെ പോവുകയാണ്. നിങ്ങളെല്ലാം പുറകെ വരുന്നതു നന്ന്.'

അങ്ങനെ എല്ലാവരെക്കാൾ മുമ്പിലായി ശ്രീകൃഷ്ണൻ ഹസ്തിനപുരത്തിൽ എത്തി. യുധിഷ്ഠിരനും അനുജന്മാരും ഭഗവാനെ ഹർഷത്തോടെ എതിരേറ്റു. നടന്നതെല്ലാം അറിയാൻ ഉത്സുകരാണ് എല്ലാവരും. ശ്രീകൃഷ്ണൻ സകലതും വിസ്തരിച്ച് അറിയിച്ചു. എന്നിട്ട് പറഞ്ഞു:

'യുധിഷ്ഠിരാ, അങ്ങയുടെ ആജ്ഞ പാലിക്കാൻ ഭീമനും അർജുനനു മുണ്ട്. അതിനാൽ അങ്ങേയ്ക്കു യാതൊരു കുറവും ഉണ്ടാവുകയില്ല. ആഗ്രഹിച്ചതെല്ലാം സിദ്ധിക്കും.'

കൃതജ്ഞതയോടെ യുധിഷ്ഠിരൻ പറഞ്ഞു:

'ഭഗവാനേ, എന്റെ യഥാർത്ഥശക്തി അതൊന്നുമല്ല. അവിടുത്തെ കാരുണ്യമാണ്.'

അർജുനനും കൂട്ടരും ഹസ്തിനപുരത്തെ സമീപിക്കുകയാണ്. അവർക്കു രാജോചിതമായ സ്വീകരണം നൽകണം. അതിനുള്ള ഒരുക്കങ്ങൾ ധൃതിയിൽ ചെയ്തു തീർത്തു. പതാകകൾ, തോരണങ്ങൾ, കമാനങ്ങൾ— അവയാൽ രാജവീഥി അലങ്കരിക്കപ്പെട്ടു. നിരത്തിൽ ചന്ദനച്ചാറു ചേർത്ത ജലം തളിച്ചു. സുന്ദരികൾ കർപ്പൂരം കത്തിച്ച തങ്കത്താലങ്ങൾ കൈയിലെടുത്തു. മഹർഷിമാർ വേദോച്ചാരണം ചെയ്തു. വിവിധങ്ങളായ വാദ്യഘോഷങ്ങൾ എല്ലായിടത്തും മുഴങ്ങി. പട്ടുവസ്ത്രം ധരിച്ച ജനങ്ങൾ ഇരുവശങ്ങളിലും നിരന്നുനിന്നു. എന്തൊരു ആകാംക്ഷയും ആവേശവും!

യഥാസമയം അർജുനനും അനുയായികളും അവിടെ വന്നെത്തി.

ആയിരമായിരം കണ്ഠങ്ങളിൽനിന്നു ജയവിളികൾ പൊങ്ങി.

കണ്ടവർ ഒന്നൊഴിയാതെ കോരിത്തരിച്ചു നിന്നുപോയി.

അർജുനൻ ആദ്യം ജ്യേഷ്ഠനെ നമസ്കരിച്ചു. പിന്നീട് ഗുരുജനങ്ങളേയും പ്രായം ചെന്ന ബന്ധുക്കളേയും. അതിനുശേഷം പുതിയ സുഹൃത്തുക്കളെ പരിചയപ്പെടുത്തി. യൗവനാശ്വൻ മുതലായ എത്രയെത്ര മഹാരഥന്മാർ!

ബഭ്രുവാഹനനു നൽകപ്പെട്ട സ്വാഗതം ഒന്നു പ്രത്യേകമായിരുന്നു.

വസിഷ്ഠൻ, ഗൗതമൻ, ഗാലവൻ മുതലായ അനേകം മഹർഷിമാർ വന്നിട്ടുണ്ട്. മാത്രമല്ല, സാമന്തന്മാരായ നിരവധി രാജാക്കന്മാരും. അവരുടെ പരിവാരങ്ങളും സൈന്യങ്ങളും അവരെ അനുഗമിച്ചിരുന്നു. യുധിഷ്ഠിരന്റെ പ്രജകളും ഒത്തുകൂടിയിട്ടുണ്ട്. യാഗഭൂമി ഒരു മനുഷ്യസമുദ്രമായി മാറി. സദ്യവട്ടങ്ങൾ, നൃത്തഗാനങ്ങൾ, ദാനങ്ങൾ— അവയൊക്കെ എത്ര അധികമായിരുന്നു.

അങ്ങനെ, യുധിഷ്ഠിരന്റെ അശ്വമേധം മംഗളമായി നടന്നു.

(ജൈമിനീയാശ്വമേധം)

ഘടോൽക്കചന്റെ വിവാഹം

പാണ്ഡവന്മാർ ഇന്ദ്രപ്രസ്ഥത്തിൽ പാർത്തുവരുന്ന കാലം. ഒരുനാൾ ശ്രീകൃഷ്ണൻ അവരെ കാണാനെത്തി. പിന്നീട് ഘടോൽക്കചന്റെ വരവുമുണ്ടായി.

ഭീമന്റെയും ഹിഡുംബിയുടെയും പുത്രനാണ് ഘടോൽക്കചൻ. രാക്ഷസിയായിരുന്നു ഹിഡുംബി. അതിനാൽ, ഘടോൽക്കചനും രാക്ഷസനായി. ഘടോൽക്കചന്റെ ശക്തിയും വീര്യവും അതുല്യമാണ്. ഹിഡുംബവനത്തിന്റെ അധിപനായി കഴിയുകയും ചെയ്യുന്നു. അവന് പിതാവിനെയും പിതൃ

സഹോദരന്മാരെയും കാണാൻ ആഗ്രഹമുണ്ടായി. അതിനായിട്ടാണ് ഈ അവസരത്തിൽ വന്നിരിക്കുന്നത്.

എത്ര സന്തോഷമായി പാണ്ഡവന്മാർക്കും ബന്ധുക്കൾക്കും!

യുധിഷ്ഠിരൻ ശ്രീകൃഷ്ണനോടു പറഞ്ഞു:

'ഭഗവാനേ, ഘടോൽക്കചൻ അവിവാഹിതനാണ്. അവന് അനുരൂപയായ ഒരു വധുവിനെ കണ്ടുപിടിക്കണം. അങ്ങനെ ഒരുവൾ എവിടെയുണ്ടെന്ന് അവിടുത്തേക്ക് അറിയാമായിരിക്കും.'

ശ്രീകൃഷ്ണൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:

'യുധിഷ്ഠിരാ, അവളെ എനിക്കറിയാം.'

തുടർന്ന് ഭഗവാൻ അവളെക്കുറിച്ചുള്ള വിവരങ്ങൾ നല്കി.

മുമ്പ് ശ്രീകൃഷ്ണൻ നരകാസുരനെ യുദ്ധത്തിൽ വധിച്ചിട്ടുണ്ടായിരുന്നു. യുദ്ധത്തിനിടയിൽ മുരു എന്നൊരു അസുരനും ഭഗവാനോടു പൊരുതുകയുണ്ടായി. മരണമായിരുന്നു മുരുവിന്റെ അനുഭവം.

ആയുധപ്രയോഗത്തിൽ അതിസമർത്ഥയായ ഒരു പുത്രിയുണ്ടായിരുന്നു മുരുവിന്. പിതാവിന്റെ മരണം അവളെ കോപാകുലയാക്കി. അവൾ യുദ്ധക്കളത്തിൽ പാഞ്ഞുചെന്ന് ശ്രീകൃഷ്ണനോടേറ്റു. ഗരുഡനെ മുറിവേല്പിക്കയുംചെയ്തു. ശ്രീകൃഷ്ണൻ അവളെ വധിക്കാനായി സുദർശനചക്രം കൈയിലെടുത്തു.

പൊടുന്നനെ കാമാക്ഷീദേവി പ്രത്യക്ഷയായി.

ദേവി അമ്മൂളിച്ചെയ്തു:

'കൃഷ്ണാ, ഞാൻ ഇവൾക്കു വരവും ദിവ്യശക്തിയുള്ള ഖഡ്ഗവും സമ്മാനിച്ചിട്ടുണ്ട്. അതിനാൽ അങ്ങേക്കുപോലും ഇവളെ കൊല്ലാനൊക്കുകയില്ല. സുദർശനചക്രം ഉപസംഹരിക്കൂ.'

തുടർന്ന് ദേവി മുരുപുത്രിക്ക് ഒരു നിർദ്ദേശം നല്കി:

'നിനക്കെന്നല്ല ആർക്കുംതന്നെ ശ്രീകൃഷ്ണനെ ജയിക്കാൻ സാധിക്കയില്ല. നീ ശ്രീകൃഷ്ണനെ നമസ്കരിക്കൂ. ഇനിയൊരുകാലത്തു ഭീമന്റെ പുത്രൻ നിന്നെ വിവാഹം കഴിക്കും. അപ്പോൾ ശ്രീകൃഷ്ണൻ നിനക്ക് പിതൃതുല്യനുമാകും.'

മുരുപുത്രി ആയുധംവെച്ചു ശ്രീകൃഷ്ണനെ പ്രണമിച്ചു.

ശ്രീകൃഷ്ണൻ അവളെ അനുഗ്രഹിച്ചിട്ടു യാത്രയായി.

അവൾ ഇന്നോളം വിവാഹം കഴിച്ചിട്ടില്ല. ഘടോൽക്കചൻ അവളെച്ചെന്നു കാണണം—അതായിരുന്നു ശ്രീകൃഷ്ണന്റെ അഭിപ്രായം.

ഭഗവാൻ മറ്റു ചില വിവരങ്ങളും അറിയിച്ചു. മുരുപുത്രി ബുദ്ധിശക്തിയിലും മറ്റാരുടെയും പിന്നിലല്ല. ആർ എന്തു ചോദ്യവും ചോദിച്ചുകൊള്ളട്ടെ—അവൾ ഉടൻതന്നെ ശരിയായ ഉത്തരം നല്കും. അവൾ ഒരു നിശ്ചയവും എടുത്തിരിക്കുന്നു. ഏതെങ്കിലും ഒരു പുരുഷന്റെ ചോദ്യത്തിന് അവൾക്ക് ഉത്തരമില്ലാതെ ആയാലോ? ആ പുരുഷനെ അവൾ വിവാഹം കഴിക്കും. അതേസമയം അവൾക്കു മറ്റൊരു നിർബന്ധവുമുണ്ട്. ഒരു പുരുഷന്റെ ചോദ്യങ്ങൾക്ക് അവൾ ശരിയായ ഉത്തരങ്ങൾ നൽകി എന്നിരിക്കട്ടെ. ആ പുരുഷനെ അവൾ വധിക്കുകയും ചെയ്യും!

അവളെ ഉത്തരം മുട്ടിക്കണം; അങ്ങനെ അവളെ ഭാര്യയാക്കണം— അതിന് അനേകം പുരുഷന്മാർ ഉദ്യുക്തരായി. അവരുടെ കൂട്ടത്തിൽ രാക്ഷസന്മാരും അസുരന്മാരും ഉൾപ്പെട്ടിരുന്നു. അവരെല്ലാം തോല്ക്കുകയാണ് ചെയ്തത്—ഫലമായി കൊല്ലപ്പെടുകയും.

ഇത്രയും അറിഞ്ഞപ്പോൾ യുധിഷ്ഠിരന് ഒരു സംശയം: ആ ഭയങ്കരിയെ വേട്ടാൽ ഘടോൽക്കചന് ആപത്താവുകയില്ലേ? ഇല്ലെന്നായിരുന്നു ഭീമന്റെയും അർജ്ജുനന്റെയും പക്ഷം. അവരുടെ പക്ഷത്തിലായിരുന്നു ശ്രീകൃഷ്ണനും.

പ്രാഗ്ജ്യോതിഷം ആയിരുന്നല്ലൊ നരകാസുരന്റെ ആസ്ഥാനം. അവിടെയാണ് മുരുപുത്രി പാർത്തു വരുന്നത്. ഘടോൽക്കചൻ കാലംകളയാതെ പ്രാഗ്ജ്യോതിഷത്തിലെത്തി. എന്നിട്ട് ധൈര്യത്തോടെ കൊട്ടാരത്തിൽ കയറിച്ചെന്നു.

ഒരു ദാസി പടികാത്തു നിൽക്കുന്നു.

ഘടോൽക്കചൻ ദാസിയോടു പറഞ്ഞു:

'എനിക്ക് ഇപ്പോൾത്തന്നെ നിന്റെ സ്വാമിനിയെ കാണണം.'

ദാസി ഘടോൽക്കചനെ പുച്ഛത്തോടെ ഒന്നു നോക്കി:

'ഹേ ചെറുപ്പക്കാരാ, നിങ്ങളെപ്പോലെ അനേകം പേരെ സ്വാമിനി വധിച്ചിരിക്കുന്നു. മര്യാദയ്ക്കു മടങ്ങിപ്പോകുന്നതാണ് നിങ്ങൾക്കു നല്ലത്!'

ഘടോൽക്കചനുണ്ടോ അതു കേട്ടു മിണ്ടാതെ പൊയ്ക്കളയുന്നു? മുരുപുത്രിയെ കാണണം എന്ന് അയാൾ ശാഠ്യംപിടിച്ചു. ദാസി ചെന്ന് സ്വാമിനിയെ വിവരം അറിയിച്ചു.

മുരുപുത്രി ഘടോൽക്കചനെ അകത്തേക്കു വരുത്തി. ആ രാക്ഷസയുവാവിന്റെ സൗന്ദര്യം അവളെ അടിപ്പെടുത്തി. അവളുടെ സൗന്ദര്യം ഘടോൽക്കചനെയും. ഇരുവരും അക്കാര്യം പരസ്പരം അറിയിച്ചില്ല എന്നു മാത്രം.

ഘടോൽക്കചൻ അവളോട് ഏറ്റവും വിഷമംപിടിച്ച ഒരു ചോദ്യംചോദിച്ചു.

ആ ചോദ്യത്തിനു മറുപടി നൽകാൻ അവൾക്കു സാധിച്ചില്ല. ജീവിതത്തിലാദ്യമായിട്ടാണ് അവൾക്ക് ഈ അനുഭവം. എന്നിട്ടും അവൾ വിട്ടുകൊടുത്തില്ല. അവൾക്ക് മായാവിദ്യകൾ അറിയാമായിരുന്നു. ഒരു വിദ്യ അവളപ്പോൾ പ്രയോഗിച്ചു. അവൾ ശൂലമെടുത്ത് നിലത്ത് ഒന്നടിച്ചു. ദുഷ്ടജന്തുക്കൾ തുരുതുരെ ഉണ്ടായിവന്നു. അവ ഘടോൽക്കചന്റെ മേൽ ചാടിവീണു. പക്ഷേ, ഘടോൽക്കചനും മായാവിദ്യകൾ വശമുണ്ട്. അയാൾ മറുവിദ്യപ്രയോഗിച്ച് പതിന്മടങ്ങു ദുഷ്ടജന്തുക്കളെ സൃഷ്ടിച്ചു. അവയുടെ മുമ്പിൽ മുരുപുത്രിയുടെ ദുഷ്ടജന്തുക്കൾക്ക് നില്ക്കക്കള്ളിയില്ലാതെയായി. അപ്പോൾ അവൾക്ക് പരാജയം ഉണ്ടായി. കടശ്ശിക്കൈയായി അവൾ വാളോങ്ങി ഘടോൽക്കചനെ വെട്ടി. വെട്ട് ഏല്ക്കുംമുമ്പ് ഘടോൽക്കചൻ അവളുടെ തലമുടിയിൽ കേറിപ്പിടിച്ചു. അവളെ വലിച്ചുനിലത്തിട്ടു. അവളുടെ മുക്കു മുറിക്കാൻ ഭാവിച്ചു.

അപ്പോൾ അവൾ കീഴടങ്ങി.

തൊഴുകൈയോടെ അവൾ പറഞ്ഞു:

'ഞാൻ, എന്റെ രാജ്യം, എന്റെ ദാസികൾ—എല്ലാം അങ്ങേക്ക് അധീനമാണ്.'

താമസിയാതെ അവളുടെയും ഘടോൽക്കചന്റെയും വിവാഹം നടന്നു. യഥാകാലം അവർക്കൊരു പുത്രൻ ജാതനായി. ജനിച്ചയുടൻതന്നെ അവന് പൂർണയൗവനം കൈവന്നു. ബർബ്ബരീകൻ എന്നായിരുന്നു അവന്റെ പേര്.

ഒരുനാൾ ഘടോൽക്കചൻ പുത്രനെയുംകൊണ്ട് ദ്വാരകയിലേക്കു പോയി.

ദ്വാരകയിലെ ഭടന്മാർ ഒരു കാഴ്ച കണ്ടു. മൂട്ടാളന്മാരായ രണ്ടു രാക്ഷസന്മാർ കയറിവരുന്നു. ഭടന്മാർ ആയുധങ്ങൾ കൈക്കലാക്കി യുദ്ധത്തിനു തയ്യാറായി.

ഘടോൽക്കചൻ അവരോടു വിളിച്ചുപറഞ്ഞു:

'ഞാൻ നിങ്ങളുടെ ശത്രുവല്ല, ഭീമന്റെ മകൻ ഘടോൽക്കചനാണ്. എന്റെ മകനാണ് ഒന്നിച്ചുള്ളത്. ഞങ്ങൾ ശ്രീകൃഷ്ണന്റെ ഭക്തന്മാരാണ്.'

ഭടന്മാർ ശ്രീകൃഷ്ണനെ വിവരം ധരിപ്പിച്ചു.

ഘടോൽക്കചനും ബർബരീകനും ശ്രീകൃഷ്ണന്റെ പാദങ്ങളിൽ വീണു.

ശ്രീകൃഷ്ണൻ അവരെ എഴുന്നേൽപ്പിച്ചു.

ഘടോൽക്കചൻ പറഞ്ഞു:

'ഭഗവാനേ, എന്റെ മകന് എന്തോ ചോദിക്കാനുണ്ട്.'

ശ്രീകൃഷ്ണൻ ബർബരീകന്റെ നേർക്കു തിരിഞ്ഞു.

ബർബരീകൻ പറഞ്ഞു:

'പ്രഭോ, എന്റെ ശ്രേയസ്സിന് ഉത്തമമാർഗം ഏതാണ്? അരുളിച്ചെയ്യാൻ കൃപയുണ്ടാകണം.'

ശ്രീകൃഷ്ണൻ പറഞ്ഞു:

'ബർബരീകാ, അതു ശക്തിയാണ്. ശക്തികൊണ്ടേ ദുഷ്ടനിഗ്രഹവും ശിഷ്ടരക്ഷണവും സാധിക്കൂ. ശക്തിയായി ദേവിയെ സേവിച്ചുകൊള്ളൂ.'

ഭഗവാനെ വണങ്ങിയിട്ട് രാക്ഷസന്മാർ വിടവാങ്ങി.

ബർബരീകൻ ശ്രീകൃഷ്ണന്റെ നിർദ്ദേശം അനുസരിച്ചു. അവൻ ദേവിയെ ഉപാസിച്ചു. ഫലമായി അളവറ്റ ശക്തി നേടി.

(സ്കന്ദപുരാണം)

ജനമേജയൻ

പരീക്ഷിത്തിനെ തക്ഷകസർപ്പം കടിച്ചുകൊന്നു. ആ രാജാവിന്റെ മന്ത്രിമാർക്കു ചില കൃത്യങ്ങൾ ചെയ്യേണ്ടതുണ്ട്. മൃതനായ സ്വാമിക്കുവേണ്ടി പരേതകർമങ്ങൾ അനുഷ്ഠിക്കണം. അവർ പുരോഹിതന്മാരെക്കൊണ്ട് ആ കർമങ്ങൾ ചെയ്യിച്ചു. അടുത്തതായി, മറ്റൊരാളെ സിംഹാസനത്തിൽ പ്രതിഷ്ഠിക്കണം. പരീക്ഷിത്തിനു നാലു പുത്രന്മാരുണ്ട്. നാലു പേർക്കും വളരെ ചെറുപ്പമാണ്. മൂത്ത രാജകുമാരനാണ് ജനമേജയൻ.

മന്ത്രിമാർ ജനമേജയനെ രാജാവായി അഭിഷേകംചെയ്തു.

ജനമേജയന് പ്രായപൂർത്തിയായി.

അദ്ദേഹം കല്യാണം കഴിച്ചു. വപുഷ്മ എന്ന സുന്ദരിയാണ് വധു. കാശിരാജാവ് സുവർണവർമയുടെ പുത്രിയാണ് വപുഷ്മ. ദമ്പതികൾ സുഖജീവിതം ആരംഭിച്ചു.

ശ്രുതസേനൻ, ഉഗ്രസേനൻ, ഭീമസേനൻ അവരാണ് ജനമേജയന്റെ അനുജന്മാർ.

രാജാവ് കുരുക്ഷേത്രത്തിൽ ദീർഘമായ ഒരു യാഗം നടത്തി. അത് ഏറ്റവും ഗംഭീരമായിരുന്നുതാനും. നിരവധി അതിഥികൾ സന്നിഹിതരായി.

വിളിക്കപ്പെടാത്ത ഒരു അതിഥി വന്നുകയറി—മനുഷ്യനല്ല, മൃഗം. ഒരു നായ്ക്കുട്ടി!

എന്താണിത്? യാഗശാലയിൽ നായോ? നികൃഷ്ടമായ മൃഗമാണത്. യാഗശാല അശുദ്ധമാവുകയില്ലെ? രാജാവിന്റെ മുന്ന് അനുജന്മാർക്കും ദേഷ്യമായി. അവർ നായ്ക്കുട്ടിയെ അടിതുടങ്ങി. നായ്ക്കുട്ടി വേദനയോടെ യാഗശാലയിൽനിന്ന് ഇറങ്ങിയോടി. നേരെ അമ്മയുടെ അടുക്കലെത്തി.

സരമ എന്നാണ് അവളുടെ പേര്.

നായ്ക്കുട്ടി അമ്മയുടെ മുമ്പിൽ നിന്നു കരഞ്ഞുതുടങ്ങി.

'മകനേ, എന്തിനാണ് നീ കരയുന്നത്?'

'എന്നെ വല്ലാതെ അടിച്ചു.'

'എന്ത്, നിന്നെ അടിച്ചോ? ആരാണ് ആ ദ്രോഹം ചെയ്തത്?'

'ജനമേജയ രാജാവിന്റെ അനുജന്മാർ.'

'നീ എന്തെങ്കിലും തെറ്റു ചെയ്തുകാണും. അതുകൊണ്ട് അവർ അടിച്ചതാവണം.'

'അമ്മേ, ഞാനൊരു തെറ്റും ചെയ്തില്ല.'

'നീ ഹവിസ്സ് കട്ടുതിന്നുവോ?'

'ഇല്ല. ഹവിസ്സ് കണ്ടുപോലുമില്ല.'

'നീ ഇപ്പറയുന്നതു സത്യമാണ്, അല്ലേ?'

'സത്യമെന്നുവച്ചാൽ സത്യം!'

'ശരി. ഞാനൊന്നു നോക്കട്ടെ!'

ആ അമ്മയുടെ ഹൃദയത്തിൽ സങ്കടവും ദേഷ്യവും ഒന്നിച്ചുണ്ടായി. മകൻ അടികൊണ്ടതിലുള്ള സങ്കടം, മകനെ അടിച്ചവരോടുള്ള ദേഷ്യം. അവൾ അതിവേഗത്തിൽ യാഗശാലയിലേക്കു ചെന്നു. മുന്നു രാജകുമാരന്മാരെയും ധൈര്യമായി നേരിട്ടു:

'എന്റെ മകൻ ഹവിസ്സു തിന്നില്ല. അതെന്തിന്, അവൻ അതു നോക്കിപോലുമില്ല. യാതൊരു കുറ്റവും അവൻ ചെയ്തിട്ടില്ല. എന്നിട്ടും നിങ്ങൾ അവനെ വല്ലാതെ അടിച്ചു.'

രാജകുമാരന്മാർ മൗനം അവലംബിച്ചു.

സരമ അവർക്കു ശാപമേകി:

'നിങ്ങൾക്ക് അവിചാരിതമായ ആപത്തുണ്ടാകട്ടെ.'

ശാപത്തിനുശേഷം അവൾ അവിടെനിന്ന് ഇറങ്ങിപ്പോയി.

ജനമേജയൻ ചഞ്ചലനായി. ശപിച്ചത് ശുനിയാണ്. ശരിതന്നെ. എങ്കിലും സമമ ദേവശുനിയാണ്. താൻ പാപം ചെയ്തെന്ന ബോധം രാജാവിനുണ്ടായി. പരിഹാരത്തിനായി ഒരു യാഗം ചെയ്യണം. അതായി അദ്ദേഹത്തിന്റെ ആഗ്രഹം. യാഗത്തിനു യോഗ്യനായ ഒരു പുരോഹിതൻ വേണം. എവിടെയുണ്ട് യോഗ്യനായ പുരോഹിതൻ? ജനമേജയൻ അന്വേഷണം ആരംഭിച്ചു.

ഒരിക്കൽ അദ്ദേഹം നായാട്ടിനു വനത്തിൽ പോയി. ഒരിടത്ത് ഒരു മുനിയുടെ ആശ്രമം കണ്ടു. ശ്രുതശ്രവസ്സ് എന്ന മുനിയുടെ ആശ്രമമാണ്. അദ്ദേഹത്തിന് സോമശ്രവസ്സ് എന്നൊരു പുത്രനുമുണ്ട്.

മഹാതപസ്വിയാണ് മുനികുമാരൻ. അക്കാര്യം ജനമേജയൻ കേട്ടിരുന്നു. രാജാവ് ആശ്രമത്തിൽ കയറി ശ്രുതശ്രവസ്സിനെ ഭക്തിപൂർവ്വം പ്രണാമംചെയ്തു. എന്നിട്ടു പറഞ്ഞു:

'മഹർഷേ, ഞാനൊരു യാഗംചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. അങ്ങയുടെ പുത്രനെ പുരോഹിതനാക്കണം. അതാണ് എന്റെ ആഗ്രഹം.'

ശ്രുതശ്രവസ്സിനു വിരോധമൊന്നും ഉണ്ടായിരുന്നില്ല.

അദ്ദേഹം പറഞ്ഞു:

'രാജൻ, സോമശ്രവസ്സിന്റെ മാതാവ് സർപ്പസ്ത്രീയാണ്. അവന് അങ്ങയുടെ പാപങ്ങളെല്ലാം നശിപ്പിക്കാനുള്ള ശക്തിയുണ്ട്. എന്നാൽ, അവൻ ഒരു വ്രതം എടുത്തിരിക്കുകയാണ്. ഏതൊരു ബ്രാഹ്മണൻ എന്ത് അർത്ഥിച്ചാലും ശരി, അവൻ അതു കൊടുക്കും. അതിന് അങ്ങേക്കു സമ്മതമുണ്ടെങ്കിൽ അവനെ പുരോഹിതനാക്കാം. എനിക്കു സമ്മതംതന്നെ.'

ജനമേജയന് ഒരു എതിരഭിപ്രായവും ഉണ്ടായില്ല.

അദ്ദേഹം സോമശ്രവസ്സിനെയുംകൂട്ടി കൊട്ടാരത്തിലേക്കു മടങ്ങിപ്പോയി.

പരീക്ഷിത്തിനെ തക്ഷകൻ കടിച്ചുകൊന്നില്ലേ? അപ്പോൾ ജനമേജയന് അതിയായ വ്യസനം ഉണ്ടായി. അന്ന് ജനമേജയനു വളരെ പ്രായക്കുറവ് ഉണ്ടായിരുന്നു. എന്താണു ശരിക്കും സംഭവിച്ചത്? രാജകുമാരൻ മഹർഷിമാരോടു ചോദിച്ചു. മഹർഷിമാർ പരീക്ഷിത്തിനെക്കുറിച്ചു വിസ്തരിച്ച് അറിയിച്ചു. അതിന്റെ ചുരുക്കം ഇതാണ്:

ആദരണീയനായ രാജാവായിരുന്നു പരീക്ഷിത്ത്. അദ്ദേഹത്തിന്റെ ധർമനിഷ്ഠയും പ്രജാവാത്സല്യവും പ്രസിദ്ധമായിരുന്നു. അദ്ദേഹത്തിനു ശത്രുക്കൾ ആരുമില്ല. സാധുക്കൾക്ക് അദ്ദേഹം ആശ്രയമാണ്. സദ്ഗുണങ്ങളിൽ അദ്ദേഹത്തിനു സമനില്ല. ധനുർവേദത്തിലും അപ്രകാരംതന്നെ. കൃപാചാര്യർ ആയിരുന്നല്ലോ പാണ്ഡവന്മാരുടെ ആദ്യത്തെ ഗുരു. പരീക്ഷിത്തിനെ ആയുധവിദ്യ അഭ്യസിപ്പിച്ചതും കൃപാചാര്യർതന്നെ.

മന്ത്രിമാർ ജനമേജയനോടു പറഞ്ഞു:

'കൊച്ചുതമ്പുരാനേ, വലിയതമ്പുരാൻ അറുപതുവർഷം ജീവിച്ചു. അവിടുന്ന് ആയിരം വർഷം ജീവിക്കണം. അതിനു ദൈവം ഇടവരുത്തുമാറാകട്ടെ!'

ജനമേജയൻ പറഞ്ഞു:

'പ്രിയപ്പെട്ട മന്ത്രിമാരേ, എന്റെ വംശത്തിൽ ജനിച്ചവരെല്ലാം മഹാന്മാരായിരുന്നു. ആ പാരമ്പര്യം എന്റെ പിതാവും പുലർത്തുകയുണ്ടായി. അതിലെനിക്ക് അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. ആട്ടെ, അച്ഛന്റെ മരണത്തെക്കുറിച്ചു പറയുവിൻ.'

മന്ത്രിമാർ ആവുംവണ്ണം ചുരുക്കിപ്പറഞ്ഞു.

ഒരു സംഗതി അവർ എടുത്തുകാണിച്ചു.

തക്ഷകന്റെ പിതാവുംകൂടിയാണ് കശ്യപൻ. മഹർഷി പുത്രനെ രാജവധത്തിൽനിന്നു പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, ഒടുവിൽ തക്ഷകൻ പിതാവിനെ പിന്തിരിപ്പിക്കയാണ് ചെയ്തത്. അതിനുമുമ്പ് എന്തുണ്ടായി. തക്ഷകൻ വിഷശക്തി കാണിക്കാൻ ഒരു ആൽമരത്തെ കൊത്തി ഭസ്മമാക്കി. കശ്യപൻ ഭസ്മമായതിനെ വീണ്ടും ആൽമരമാക്കി. പിതാവിനാണ് കൂടുതൽ ശക്തി എന്നു തെളിയുകയുംചെയ്തു. തക്ഷകൻ കശ്യപനെ പിന്തിരിപ്പിച്ചില്ല എന്നിരിക്കട്ടെ. പരീക്ഷിത്തിന്റെ ജീവൻ രക്ഷപ്പെടുമായിരുന്നു.

ജനമേജയന് ഒന്നറിയാൻ ജിജ്ഞാസയുണ്ടായി:

'പ്രിയപ്പെട്ട മന്ത്രിമാരേ, തക്ഷകനും കശ്യപനും തമ്മിൽ സമാഗമം ഉണ്ടായല്ലൊ. അതാരുകണ്ടു? നിങ്ങൾ എങ്ങനെയറിഞ്ഞു?'

മന്ത്രിമാർ വിശദമാക്കി:

സംവേത്തിന് അല്പംമുമ്പ് ഒരു മനുഷ്യൻ ആൽമരത്തിൽ കയറുകയുണ്ടായി. ഉണക്കക്കൊമ്പുകൾ ശേഖരിക്കാൻ വേണ്ടിയാണ് കയറിയത്. അയാൾ മരമുകളിലുണ്ടെന്ന് തക്ഷകനും കശ്യപനും അറിഞ്ഞില്ല. തക്ഷകൻ ആൽമരത്തെ ഭസ്മമാക്കിയപ്പോഴോ? മരത്തോടൊന്നിച്ചു മനുഷ്യനും ഭസ്മമായി. മഹർഷി ഭസ്മത്തെ വീണ്ടും മരമാക്കിയപ്പോൾ മനുഷ്യൻ മനുഷ്യനുമായി. തക്ഷകനും കശ്യപനും പിരിഞ്ഞുപോയി. അപ്പോൾ മനുഷ്യൻ താഴത്തിറങ്ങി. അയാൾ കണ്ടതും കേട്ടതും മന്ത്രിമാരെ ധരിപ്പിക്കുകയുംചെയ്തു.

ജനമേജയന്റെ മനസ്സ് അതരിച്ച പിതാവിൽ ചുറ്റിപ്പറ്റി. രാജാവിന്റെ കണ്ണുകളിൽനിന്നു ചുടുജലം കുതിച്ചുചാടി. അദ്ദേഹം പണിപ്പെട്ടു ദുഃഖമമർത്തി. അപ്പോഴുണ്ടായത് അടക്കവയ്യാത്ത കോപമായിരുന്നു:

'മന്ത്രിമാരേ, ആ ദുഷ്ടസർപ്പത്തോടു ഞാൻ പകരം ചോദിക്കും. അച്ഛനെ തക്ഷകൻ കടിച്ചുകൊന്നതു കൊടിയ ക്രൂരതയായിരുന്നു. അതുപോലെയുള്ള കൊടിയ ക്രൂരതയാണ് കശ്യപനെ പിൻതിരിപ്പിച്ചത്. മഹർഷി അച്ഛനെ ജീവിപ്പിക്കുമായിരുന്നു. ഞാനതിനു പകരം വീട്ടും!'

അദ്ദേഹം പുരോഹിതന്മാരെ വരുത്തി:

'മഹാത്മാക്കളേ, തക്ഷകനെ അഗ്നിയിൽ ഹോമിക്കണം. അതാണെന്റെ ആഗ്രഹം. അതിനെന്തുവഴി?'

പുരോഹിതന്മാർ കൂടിയാലോചന നടത്തിയിട്ടു പറഞ്ഞു:

'രാജൻ, സർപ്പയാഗം എന്നൊരു മഹായാഗമുണ്ട്. ആ യാഗം ഇന്നോളം ആരും ചെയ്തിട്ടില്ല. അങ്ങല്ലാതെ ഇനിയാരും ചെയ്യുകയുമില്ല. ഞങ്ങൾ സർപ്പയാഗം നടത്തിത്തരാം.'

നാനാ രാജ്യങ്ങളിലും ആ വാർത്ത പരന്നു—ജനമേജയൻ സർപ്പ യാഗം നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ആ വാർത്ത വ്യാസമഹർഷിയുടെ ചെവിയിലുമെത്തി. ജനമേജയന്റെ പൂർവികൻകൂടിയാണ് വ്യാസൻ. അദ്ദേഹം ശിഷ്യന്മാരോടുകൂടി യാഗസ്ഥലത്തു വന്നെത്തി.

സന്നിഹിതരെല്ലാം എഴുന്നേറ്റു വ്യാസനെ വന്ദിച്ചു. ജനമേജയൻ അദ്ദേഹത്തെ അത്യന്തം ബഹുമാനത്തോടെ സ്വീകരിച്ചു. അതിനുശേഷം ഉയർന്ന സ്വർണപീഠത്തിലിരുത്തി. എന്നിട്ടു സദസ്യരൊന്നിച്ചു വിധിപ്ര കാരം പൂജിച്ചു. ഒടുവിൽ ഒരു അഭ്യർത്ഥനയുംചെയ്തു:

'പുണ്യാത്മൻ, എന്റെ പൂർവികരാണല്ലോ പാണ്ഡവന്മാർ. അവിടുന്ന് അവരെയും കൗരവന്മാരെയും നേരിൽ കണ്ടിരുന്നു. അവരുടെ കഥകൾ എന്നെ കേൾപ്പിക്കണം.'

വ്യാസൻ വൈശമ്പായനൻ എന്ന ശിഷ്യന്റെ നേർക്കുതിരിഞ്ഞു:

'വൈശമ്പായനാ, ആ കഥകളെല്ലാം ഞാൻ നിന്നെ പഠിപ്പിച്ചിട്ടുള്ള താണ്. നീ അവ സംഗ്രഹിച്ചു പറഞ്ഞുകൊടുക്കൂ.'

ശിഷ്യൻ ഗുരുവിന്റെ ശാസനം ശിരസാവഹിച്ചു.

കഥകൾ തീർന്നപ്പോൾ ജനമേജയൻ അനേകം ആജ്ഞകൾ നൽകി. സർപ്പയാഗം നടത്തുന്നതിനെക്കുറിച്ചുള്ള ആജ്ഞകളായിരുന്നു അവ. ചുമ തലപ്പെട്ടവർ ആദ്യം യാഗശാലയ്ക്കുള്ള ഭൂമി തെരഞ്ഞെടുത്തു. അവിടം അളപ്പിച്ചു, ശരിപ്പെടുത്തി. തുടർന്നു യാഗശാല കെട്ടിയുയർത്തി. വേണ്ടുന്ന സംഭാരങ്ങൾ ഒരുക്കി. ഒന്നിനും ഒരു കുറവോ പോരായ്മയോ ഉണ്ടായിരു ന്നില്ല.

തച്ചുശാസ്ത്രം നല്ലപോലെ അഭ്യസിച്ചിരുന്ന മുത്താശാരി പറഞ്ഞു:

'തമ്പുരാനേ, അടിയൻ ചില ലക്ഷണങ്ങൾ കണ്ടിരിക്കുന്നു. ഒരു മുനി കാരണം യാഗം പൂർണമാവുകയില്ല.'

ഒരു വിധത്തിലും യാഗത്തിനു മുടക്കമുണ്ടായിക്കൂടാ. ജനമേജയന് അതു നിർബന്ധമായിരുന്നു. അദ്ദേഹം ദ്വാരപാലകന്മാർക്ക് ഒരാജ്ഞ നൽകി:

'ഞാനറിയാതെ ഒരൊറ്റ മനുഷ്യനെയും യാഗശാലയിൽ കടത്തിവിട്ടു കൂടാ.'

നിരവധി സർപ്പങ്ങൾ യാഗാഗ്നിയിൽ വെന്തുചത്തു.

എങ്കിലും ഒടുവിൽ സർപ്പയാഗം മുടങ്ങി.

ആസ്തികനാണ് അതിനു കാരണക്കാരൻ.

ചാകാതെ ശേഷിച്ച സർപ്പങ്ങൾ ആസ്തികനെ ചെന്നുകണ്ടു.

അവർ ചോദിച്ചു.

'ആസ്തികാ, ഞങ്ങൾ അങ്ങേക്കുവേണ്ടി എന്തു പ്രത്യുപകാരമാണ് ചെയ്യേണ്ടത്?'

ആസ്തികൻ പറഞ്ഞു.

'പുരുഷായിലും അന്തിയിലും ആരെങ്കിലും എന്റെ കഥ പറഞ്ഞുവെ ന്നിരിക്കട്ടെ—അവർക്കു നിങ്ങളിൽനിന്നു യാതൊരു ഉപദ്രവവും ഉണ്ടായി കൂടാ.'

അവർ ആസ്തികന് ആ വരമേകി.

(മഹാഭാരതം)

കുറുക്കന്റെ കൗശലം

പാണ്ഡവന്മാരുടെയും കൗരവന്മാരുടെയും ചെറുപ്പകാലം. ബലത്തിലും വീര്യത്തിലും ധർമത്തിലും പാണ്ഡവന്മാരാണ് മികച്ചവർ. അവരെക്കുറിച്ച് കൗരവന്മാർക്ക് അസൂയയും പകയും ഉണ്ടായി; മാത്രമല്ല, കൗരവന്മാരുടെ പിതാവും അന്ധനുമായ ധൃതരാഷ്ട്രർക്കും. പാണ്ഡവന്മാരെ എങ്ങനെ നശിപ്പിക്കാം? അതായി പുത്രന്മാരുടെയും പിതാവിന്റെയും ആലോചന. കൗശലങ്ങൾ എല്ലാം വശമുള്ള ഒരു മന്ത്രിയുണ്ട് ധൃതരാഷ്ട്രർക്ക്. ബ്രാഹ്മണനായ ആ മന്ത്രിയുടെ പേര് കണികൻ എന്നാണ്. ധൃതരാഷ്ട്രർ ഗൂഢമായി കണികന്റെ അഭിപ്രായം ആരാഞ്ഞു. കണികൻ രാജനീതിയെക്കുറിച്ചു ദീർഘമായി സംസാരിച്ചു.

ധൃതരാഷ്ട്രർ പറഞ്ഞു:

'കണികാ, സാമവും ദാനവും ഭേദവും ദണ്ഡവും മുഖേന എങ്ങനെ ശത്രുക്കളെ നശിപ്പിക്കാം? എനിക്ക് എല്ലാം പറഞ്ഞു തരൂ.'

ഒരു കഥയിലൂടെ കണികൻ തന്റെ ആശയം വ്യക്തമാക്കി:

വനത്തിൽ ഒരു കുറുക്കൻ ജീവിച്ചിരുന്നു. ബുദ്ധിശാലിയും സൂത്രശാലിയും ആയിരുന്നു ആ കുറുക്കൻ. അവനു നാലു കൂട്ടുകാരുണ്ട്—ചെന്നായ്, എലി, പുലി, കീരി എന്നിവർ. കുറുക്കൻ അവരോട് ഏറ്റവും സ്നേഹത്തോടെ പെരുമാറി. പക്ഷേ, അതു വെറുമൊരു അഭിനയം മാത്രമായിരുന്നു. അക്കാര്യം സ്നേഹിതന്മാർ അറിഞ്ഞിരുന്നില്ല.

ഒരിക്കൽ അഞ്ചുപേരുംകൂടി ഒരു മാനിനെ കണ്ടെത്തി. ആ മാനിനെ കൊന്നുതിന്നണം എന്നായി ചങ്ങാതിമാരുടെ ആഗ്രഹം. പക്ഷേ, ആഗ്രഹിച്ചതുകൊണ്ടുമാത്രം എന്തു ഫലം? അവരെക്കാൾ എത്രയോ വേഗത്തിൽ മാൻ ഓടും. തങ്ങൾക്കു മാനിനെ ഓടിച്ചിട്ടു പിടിക്കാൻ സാധിക്കില്ല. ഏതു വിധവും അതിനെ കൊന്നുതിന്നേ കഴിയൂ. അതിന് എന്താണൊരു വഴി? അഞ്ചുപേരും ചേർന്ന് ആലോചന നടത്തി.

ചെന്നായ്ക്കും എലിക്കും പുലിക്കും കീരിക്കും ബുദ്ധി താരതമ്യേന കുറവാണ്. കുറുക്കൻ അക്കാര്യം നല്ലതുപോലെ മനസ്സിലാക്കിയിട്ടുമുണ്ട്. അവന്റെ മനസ്സിൽ ഒരു യുക്തി ഉദയംചെയ്തു:

'കൂട്ടുകാരേ, എളുപ്പത്തിലൊന്നും നമുക്ക് ആ മാനിനെ കിട്ടുകയില്ല. യുവത്വം മാത്രമല്ല അവനുള്ളത്. ബലവും വേഗവുമുണ്ട്. എന്നാലും നമുക്ക് ഒരു സൂത്രം പറ്റിക്കാൻ സാധിച്ചേക്കും. ചില സമയത്തൊക്കെ മാൻ ഉറങ്ങിക്കിടക്കാറുണ്ട്. ആ സമയം എലി ചെയ്യുണ്ടാക്കാതെ മാനിന്റെ അടുത്തു ചെല്ലണം. എന്നിട്ടു പല്ലുകൊണ്ടു മാനിന്റെ ഉള്ളംകാൽ മുറിപ്പെടുത്തണം. അതോടെ മാനിന് ഓടാൻ ബുദ്ധിമുട്ടുണ്ടാവും. അവന്റെ വേഗം കുറയുകയും ചെയ്യും. അപ്പോൾ പുലിക്ക് അവനെ ഓടിച്ചിട്ടുപിടിക്കാൻ സാധിക്കും. പിടിച്ചാൽ പിന്നെ കൊല്ലാൻ ഏറ്റവും എളുപ്പമാണല്ലൊ. നമുക്കെല്ലാം അവന്റെ മാംസം തിന്നുകയുംചെയ്യാം.'

അതു നല്ല വിദ്യയെന്നു കുട്ടുകാർക്കു തോന്നി.

എല്ലാരും ചേർന്നു പദ്ധതി നടപ്പിലാക്കാൻ ഒരുക്കമായി.

അവർക്കു കാത്തിരുന്ന സന്ദർഭം ലഭിച്ചു. മാൻ ഒരിടത്തു കിടന്ന് ഉറങ്ങുകയാണ്. എലി പതുക്കെ അവന്റെ അരികിലെത്തി. എന്നിട്ട് അവന്റെ ഉള്ളം കാൽ കടിച്ചുമുറിച്ചു. മാൻ ഉരുണ്ടുപിരണ്ട് എഴുന്നേറ്റോടി. പക്ഷേ, മുറിവു കാരണം ഓട്ടം മന്ദഗതിയിലായി. മറ്റു നാലു മൃഗങ്ങളും തയ്യാറായി നില്ക്കുകയാണ്. പുലി ഓടിച്ചെന്നു മാനിനെ പിടിച്ചു കടിച്ചുകൊന്നു. താമസിയാതെ ശേഷിച്ച കൂട്ടുകാർ വന്നെത്തി.

ഇനി ചത്ത മാനിനെ തിന്നാൽമാത്രം മതിയാകും.

അപ്പോഴാണ് കുറുക്കൻ പണി പറ്റിച്ചത്.

മാനിന്റെ മാംസം മുഴുവൻ തനിക്കു തിന്നണം. ഒരു കഷണംപോലും മറ്റാരും തിന്നുകൂടാ. അതിനൊരു വഴി കുറുക്കൻ ആലോചിച്ചു വച്ചിരുന്നു. അവൻ പറഞ്ഞു:

'കൂട്ടുകാരേ, കുളി കഴിഞ്ഞുവേണം ഭക്ഷണം. ആദ്യം നിങ്ങൾ പോയി കുളിച്ചുവരുവിൻ. ഞാൻ ചത്ത മാനിനെ കാത്തുനില്ക്കാം. വേഗം വാണം കേട്ടോ?'

കുറുക്കന്റെ അഭിപ്രായം മാനിച്ചു മറ്റുള്ളവർ. അവരൊന്നിച്ചു തെല്ലകലെയുള്ള നദിയിലേക്കു പോയി. ഏറ്റവും വേഗം പുലിക്കാണല്ലൊ. ആദ്യമായി കുളിച്ചുവന്നത് പുലിയായിരുന്നു. കുറുക്കൻ അവിടെത്തന്നെ നില്പുണ്ട്. പുലി കുറുക്കന്റെ മുഖത്തു നോക്കി. അതിൽ ദുഃഖത്തിന്റെ നിഴൽ കാണപ്പെട്ടു. എന്താണു കാരണം എന്നു പുലിക്കു മനസ്സിലായില്ല. അറിയാനുള്ള ആകാംക്ഷയോടുകൂടി അവൻ പറഞ്ഞു:

'കുറുക്കാ, എന്താണു നിനക്കൊരു മനോവിഷമം? നീ വലിയ ബുദ്ധിശാലിയാണ്. എന്നിട്ടും എന്തിനാണ് ദുഃഖം? വാ, നമുക്കു വയറുനിറയെ മാനിറച്ചി തിന്നാം. അപ്പോൾ നിന്റെ മനോവിഷമം മാറും.'

കുറുക്കൻ പറഞ്ഞു:

'പുലീ, ഞാനൊരു സത്യം പറയാം. നമ്മുടെ ചങ്ങാതിയുണ്ടല്ലൊ, എലി - അവൻ വേണ്ടാത്ത ചിലതൊക്കെ പറഞ്ഞു, കേട്ടൊ? അവനാണ് മാനിന്റെ ഉള്ളകാലിൽ മുറിവുണ്ടാക്കിയത്, അതുകൊണ്ടാണ് നിനക്കു മാനിനെ ഓടിച്ചിട്ടു പിടിക്കാൻ സാധിച്ചത്, എലിയാണ് നമുക്കു ഭക്ഷണം സമ്പാദിച്ചു തന്നത്. പുലിയായ നിന്റെ സാമർത്ഥ്യം എത്ര കൂറവാണ്! അങ്ങനെ എന്തെല്ലാമാണ് എലി പറഞ്ഞത്! അവന്റെ ഒരു വമ്പുപറയൽ! അതു കേട്ടിട്ട് എനിക്കൊട്ടും പിടിച്ചില്ല. അവന്റെ ദയവുകൊണ്ടു നാമെല്ലാം ജീവിക്കുന്നു പോലും! വേണ്ട. ഞാൻ ഈ മാനിറച്ചി തിന്നുന്നില്ല!'

കുറുക്കൻ പുലിയുടെ മനസ്സിൽ ഒരു മാറ്റം പ്രതീക്ഷിച്ചിരുന്നു. ആ മാറ്റം തന്നെ ഇപ്പോൾ ഉണ്ടായി. പുലിക്ക് എലിയോട് അരിശംതോന്നി. അവൻ പറഞ്ഞു:

'ങ്ഹാ, ആ എലി അത്രയ്ക്കായോ? കൊള്ളാം! എനിക്കു ജീവിക്കാൻ അവന്റെ ദയവൊന്നും വേണ്ട! അതില്ലാതെ കഴിയുന്ന കാര്യം ഞാൻ നോക്കി

ക്കൊള്ളാം! ഞാനിനി കൂട്ടുചേർന്ന് ഇരതേടുകയില്ല. ആരുടെയും ദയവ് എനിക്കാവശ്യമില്ല!'

അഭിമാനിയായിരുന്നു പുലി. ഈ മാനിറച്ചി തിന്നുകയില്ലെന്ന് അവൻ നിശ്ചയിച്ചു. വേറെ ഇരയെ പിടിക്കാനായി സ്ഥലംവിടുകയുംചെയ്തു.

അപ്പോഴേക്കും എലിയുടെ വരവായി.

കുറുക്കൻ പുലിയെ അകറ്റിയിരുന്നല്ലൊ. ഇനി എലിയെ അകറ്റണം. അതിനുള്ള ഉപായം അവൻ പ്രയോഗിച്ചു:

'എലീ, ആരോടും പറയരുത്, കേട്ടോ? കീരി എന്നോട് ഒന്നു പറഞ്ഞു. അവനു പുലി കൊന്ന മാനിന്റെ മാംസം വേണ്ടപോലും! എലിയായ നിന്നെ കൊന്നുതിന്നുന്നതാണ് അവന് ഇഷ്ടംപോലും!'

അതുകേട്ട് എലി പരിഭ്രമിച്ചുപോയി. തന്നെ കൊന്നുതിന്നാൻ തക്കം നോക്കുകയാണ് കീരി. ഇപ്പോഴാണ് കീരിയുടെ തനിനിറം പുറത്തായത്. സ്നേഹിതനെന്ന് അവനെ കരുതിയതു തെറ്റ്! എലി കഴിയുന്നത്ര വേഗത്തിൽ ഓടിപ്പോയി. ദൂരെയൊരു മാളത്തിൽ കയറി ഒളിച്ചിരുന്നു.

ചെന്നായ് കുളി കഴിഞ്ഞു മടങ്ങിവന്നു.

കുറുക്കൻ വിളിച്ചുപറഞ്ഞു:

'ചെന്നായേ, ജീവൻ വേണമെങ്കിൽ ഓടിക്കോ.'

കാര്യമറിയാതെ ചെന്നായ് കുറുക്കന്റെ മുഖത്തുനോക്കി. കുറുക്കൻ പറഞ്ഞു:

'പുലി നിന്നോടു ദേഷ്യപ്പെട്ടിരിക്കയാണ്. നിന്നെ കടിച്ചുകൊല്ലും പോലും! അവൻ അടുത്തൊമിടത്തു പോയിരിക്കയാണ്. ഇപ്പോൾ ഇങ്ങെത്തും.'

പേടിച്ചുപോയ ചെന്നായും കൊടുത്തു ഒരു നെട്ടോട്ടം!

ഏറ്റവും ഒടുവിൽ കുളി കഴിഞ്ഞ് എത്തിയതു കീരിയായിരുന്നു.

പുതിയൊരു അടവാണ് കുറുക്കൻ കീരിയോടു പ്രയോഗിച്ചത്. തന്നെക്കാൾ ബലംകുറഞ്ഞവനാണ് കീരി. തന്നോട് അവൻ യുദ്ധംചെയ്യാൻ ധൈര്യപ്പെടുകയില്ല. അതു തീർച്ചയായിരുന്ന കുറുക്കൻ പറഞ്ഞു:

'കീരീ, നീ അറിഞ്ഞോ വർത്തമാനം? ഞാൻ പുലിയെയും എലിയെയും ചെന്നായെയും തോല്പിച്ചോടിച്ചു. നിനക്കു മാനിറച്ചി തിന്നാൻ ആഗ്രഹമുണ്ട്, അല്ലേ? ശരി. എന്നെ തോല്പിച്ചിട്ടു മാനിറച്ചി തിന്ന്. വാ, നമുക്കു യുദ്ധം ചെയ്യാം.'

ആ സൂത്രവും പറ്റി. കീരിക്ക് ഒന്നറിയാം—തന്നെക്കാൾ എത്രയോ ബലവാന്മാരാണ് പുലിയും ചെന്നായും. അവരെ തോല്പിച്ചവനാണ് കുറുക്കൻ. തനിക്കു കുറുക്കനോട് എന്തുചെയ്യാനൊക്കും? കീരിയും പ്രാണഭീതിയെടുത്തു പാഞ്ഞുപോയി.

പിന്നീടു കുറുക്കനു യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. അവൻ വേണ്ടുവോളം മാനിറച്ചി തിന്നു—വേണ്ടതിൽ അധികവും. വിഘ്നപ്പെടുത്താൻ മറ്റാരും ഇല്ലല്ലോ!

കാക്കയുടെ ഗർവം

കുരുക്ഷേത്രയുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുന്നു. കർണനാണ് കൗരവ പക്ഷത്തിന്റെ ഇപ്പോഴത്തെ സർവസൈന്യാധിപൻ. അർജ്ജുനനെ വധിക്കാനായി കർണന്റെ ഉദ്യമം. മഹാരഥനായ ശല്യർ കർണന്റെ തേരാളിയായി. കർണൻ ഒന്ന് ഉറപ്പിച്ചു പറഞ്ഞു—തന്നോട് അർജ്ജുനൻ കിടനിൽക്കുകയില്ല എന്ന്. അപ്പറഞ്ഞത് ശല്യർക്ക് ഒട്ടുംതന്നെ ഹൃദ്യമായില്ല. അദ്ദേഹം വിപരീതമായ അഭിപ്രായം പ്രകടിപ്പിച്ചു. എന്തിനു പറയുന്നു, ഇരുവരും തമ്മിൽ വാഗ്വാദമായി, വഴക്കുമായി. കർണനെക്കാൾ എത്രയോ മേലേക്കിടയിലാണ് അർജ്ജുനൻ. അക്കാര്യം സ്ഥാപിക്കാനായി ശല്യരുടെ പരിശ്രമം. അദ്ദേഹം ഒന്നു പ്രത്യേകം എടുത്തുപറഞ്ഞു, അരയന്നത്തോടു മത്സരിച്ച കാക്കയെപ്പോലെയാണ് കർണനെന്ന്. എന്നിട്ട് ആ കഥ കേൾപ്പിച്ചു:

ഒരു വൈശ്യനുണ്ടായിരുന്നു. കടൽക്കരയിൽ ആയിരുന്നു വൈശ്യന്റെ ഗൃഹം. ധനികന്മാരിൽ മുമ്പനായിരുന്നു അയാൾ. അതേസമയം ജീവകാരുണ്യം ഉള്ളവനും.

വൈശ്യഗൃഹത്തിൽ ഒരു കാക്ക ജീവിച്ചുപോരുന്നു. ചിലരൊക്കെ ദിവസേന കാക്കയ്ക്ക് എച്ചിൽ എറിഞ്ഞുകൊടുക്കും. വൈശ്യന്റെ പുത്രന്മാരാണ് അപ്രകാരം ചെയ്യുന്നത്. ആ എച്ചിലാണ് കാക്കയുടെ മുഖ്യമായ ഭക്ഷണം.

പക്ഷിസമുദായത്തിൽ കാക്കയ്ക്കു താഴ്ന്ന സ്ഥാനമേയുള്ളു. വൈശ്യപുത്രന്മാർക്കും അക്കാര്യം നല്ലപോലെ അറിവുള്ളതുമാണ്. വെറും നേരമ്പോക്കിനുവേണ്ടി അവർ ഒരിക്കൽ വിളിച്ചുപറഞ്ഞു: 'എടോ കാക്കേ, നീയാണു പക്ഷികളിൽ ഏറ്റവും ഉയർന്ന സ്ഥാനമുള്ളവൻ.'

അതു വിശ്വസിച്ചല്ലോ എച്ചിൽ തിന്നു ജീവിക്കുന്ന കാക്ക! എന്തൊരു ഗർവാണ് അപ്പോൾ അവനുണ്ടായത്! അതേ സമയം മറ്റു പക്ഷികളോട് ഒരുതരം പുച്ഛവും.

ഒരിക്കൽ ആ ദിക്കിൽ കുറെ അരയന്നങ്ങൾ വന്നെത്തി. അന്യദേശത്തുനിന്നു വന്നതാണ് അരയന്നങ്ങൾ. അതായത്, മാനസസരസ്സിന്റെ തീരപ്രദേശത്തുനിന്ന്. ആ പക്ഷികളുടെ അഴക് ഒന്നു വേറെയായിരുന്നു. ഉല്ലാസമായി ഭൂമിചുറ്റി പറക്കുകയായിരുന്നു അവ. അതിനിടയ്ക്കു സമുദ്രതീരത്തിലുള്ള ഈ സ്ഥലത്തും വന്നു, അത്രേയുള്ളു. അരയന്നങ്ങൾക്ക് എത്ര ദൂരം വേണമെങ്കിലും പറക്കാൻ സാധിക്കും.

വൈശ്യഗൃഹത്തിലെ കാക്ക അവയെ കാണാനിടയായി.

അപ്പോൾ അവന്റെ ഹൃദയത്തിൽ ഒരു മോഹം മൊട്ടിട്ടു. ഏറ്റവും കേമനായ അരയന്നത്തെ വെല്ലുവിളിക്കണം; അവനോടു മത്സരിച്ചു പറന്നു തനിക്കു ജയിക്കണം!

കണ്ടില്ലെ അഹങ്കാരം പോയ പോക്ക്!

കാക്ക അരയന്നങ്ങളുടെ അടുക്കലേക്കു ചെന്നു. അവൻ ഒരു അന്വേഷണം നടത്തി—ആരാണ് അരയന്നങ്ങളിൽ കേമൻ? അപ്പോൾ അറിവായി കേമൻ ചക്രാംഗനാണ് എന്ന്.

ചക്രാംഗന്റെ മുമ്പിലെത്തി കാക്ക.

അവൻ വെല്ലുവിളിച്ചു:

'എടോ ചക്രാംഗാ, എന്നോടൊന്നു മത്സരിച്ചു പറക്ക്. അപ്പോൾ കാണാം നിന്റെ മിടുക്ക്!'

വെല്ലുവിളി തമാശയായി തോന്നി ചക്രാംഗനും കൂട്ടർക്കും. തങ്ങൾക്കു പറക്കാനുള്ള കഴിവിനെക്കുറിച്ചു ലോകർക്കെല്ലാം അറിവുണ്ട്. തങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ എത്ര തുച്ഛമാണ് കാക്കകൾ! എന്നിട്ടും ഇതാ ഒരു കാക്ക മത്സരിക്കാൻ വന്നിരിക്കുന്നു. നോക്കണേ ഇവന്റെ വിഡ്ഢിത്തവും അഹന്തയും!

ചക്രാംഗൻ ചോദിച്ചു:

'എടോ കാക്കേ, നീ എങ്ങനെ ഞങ്ങളെപ്പോലെ പറക്കും?'

കാക്ക ഉത്തരം നല്കി:

'എനിക്കു പല മാതിരി പറക്കാനൊക്കും. ചരിഞ്ഞു പറക്കുക, ചാഞ്ഞു പറക്കുക, മലർന്നു പറക്കുക, താഴത്തു പറക്കുക, ഉയരത്തിൽ പറക്കുക— അതെന്തിന്, എനിക്കു നൂറ്റെട്ടുമാതിരി പറക്കാൻ അറിയാം. ഏതു മാതിരി പറന്നാലും ശരി, ഞാൻ നിന്നെ തോല്പിക്കും.'

സൗമ്യത കൈവിടാതെ ചക്രാംഗൻ പറഞ്ഞു:

'കാക്കേ, എനിക്കു നിന്നെപ്പോലെ നൂറ്റെട്ടു മാതിരി പറക്കാൻ അറിഞ്ഞുകൂടാ. ഒരൊറ്റ രീതിയിൽ പറക്കാനേ എനിക്കറിയൂ. എന്നാലും ഞാൻ നിന്നോട് മത്സരിച്ചുനോക്കാം.'

മറ്റ് അരയന്നങ്ങൾക്കു ചിരിവന്നു.

കാക്ക തയ്യാറായി. ചക്രാംഗനും തയ്യാറായി. ഒരേ സമയത്ത് ഇരുവരും പറക്കാനും തുടങ്ങി. ആദ്യഘട്ടത്തിൽ കാക്ക അതിവേഗം പറന്നു. അരയന്നം തന്റെ സാധാരണ വേഗത്തിലും. കുറെക്കഴിഞ്ഞ് മത്സരക്കാർ സമുദ്രത്തിന്റെ മുകളിലായി. കാക്കയ്ക്ക് അല്പം പരിഭ്രമം ഉണ്ടാകാതിരുന്നില്ല. എന്നിട്ടും അവൻ അതത്ര കൂട്ടാക്കിയില്ല. ഹംസമാകട്ടെ, ഉയരത്തിലങ്ങനെ പറന്നു കൊണ്ടിരുന്നു. അവനോടൊപ്പം പറക്കാതെ കാക്കയ്ക്കു നിർവാഹമില്ലല്ലോ. കുറേ ദൂരം കഴിഞ്ഞപ്പോൾ മട്ടാകെ മാറുകയായി. കാക്ക നിയന്ത്രണമേതുമില്ലാതെ ഭൂമിയുടെ മുകളിലൂടെയാണ് പറക്കാറ്. താഴെയൊക്കെ നിലവും മരവും മറ്റുമായിരിക്കും. ആദ്യമായിട്ടാണ് അവൻ സമുദ്രത്തിന്റെ മീതെ പറക്കുന്നത്. താഴത്തു നിലവുമില്ല, മരവുമില്ല, വെള്ളം മാത്രം! നോക്കുന്നിടത്തെല്ലാം വെള്ളം. വെള്ളമല്ലാതെ മറ്റൊന്നുമില്ല. കര കണ്ണിൽനിന്നു മറഞ്ഞിരിക്കുന്നു. ഭൂമിയുടെ മുകളിലൂടെ പറക്കുകയാണ് എന്നിരിക്കട്ടെ, തളർച്ച വരുമ്പോൾ വല്ല മരക്കൊമ്പിലും ചെന്നിരുന്നു വിശ്രമിക്കാം. തളർച്ച തീർന്നിട്ടു പിന്നെയും പറക്കാം. ഇപ്പോൾ അതിനു നിവൃത്തിയില്ല. വെള്ളത്തിൽ ചെന്നിരിക്കാൻ ഒക്കുമോ? മുങ്ങിച്ചാവുകയേയുള്ളൂ. കാക്കയ്ക്കു പരിഭ്രമം വർദ്ധിച്ചു. അവൻ ചക്രാംഗനെ നോക്കി. ആ അരയന്നം ഉയർന്നു പറക്കുകയാണ്. അവനു ക്ഷീണമില്ല, ധൃതിയില്ല, കൂസലില്ല. അതു കണ്ടാലറിയാം.

നിമിഷങ്ങൾ കഴിയുംതോറും കാക്കയുടെ ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നു. ക്ഷീണത്തോടുകൂടി ഭയവും. താൻ വല്ലാത്ത അപായത്തിൽ പെട്ടിരി

ക്കുന്നു! അറിയാതെതന്നെ അവൻ വായുവിലൂടെ താഴ്ന്നുതാഴ്ന്നു പോകുന്നു. ശ്രമപ്പെട്ടു ചിറകടിച്ച് അല്പമൊന്ന് ഉയരുന്നു. ശരിയാണ്. എങ്കിലും പൊതുവെയുള്ള ഗതി താഴോട്ടുതന്നെ. ഇങ്ങനെയായാൽ എന്തായിരിക്കും അനുഭവം. ഉപ്പുവെള്ളം കുടിച്ചു ചാവും അത്രതന്നെ!

കാക്കയുടെ അവസ്ഥ മനസ്സിലാക്കാൻ ചക്രാംഗന് ഒരു പ്രയാസവും ഉണ്ടായില്ല.

പരിഹാസത്തോടെ അവൻ പറഞ്ഞു:

'എടോ കാക്കേ, നിനക്ക് നൂറ്റെട്ടു വിധത്തിൽ പറക്കാനറിയാം, അല്ലേ? ഇപ്പോൾ നീ വെള്ളത്തിൽ തൊട്ടുതൊട്ടില്ല എന്ന മട്ടിലാണ് പറക്കുന്നത്. അതു നൂറ്റെട്ടിൽ എത്രാമത്തെ മാതിരിയാണ്?

എന്തു മറുപടിയാണ് കാക്ക നൽകുക? അവനു യാതൊന്നും തോന്നിയില്ല. തോന്നാനുള്ള സന്ദർഭവും ആയിരുന്നില്ല അത്. അവൻ ഒന്നിനൊന്നു താഴ്ന്നുപോകുകയാണ്. ഉയരാനായി വെപ്രാളപ്പെട്ടു ചിറകടിക്കുന്നു. സാധിക്കുന്നില്ല. എന്തുചെയ്യും?

എങ്ങനെയെങ്കിലും ജീവൻ രക്ഷിക്കണം. അതായി അവന്റെ ആഗ്രഹം. അരയന്നത്തിന്റെ സഹായമുണ്ടെങ്കിൽ അതു സാധിച്ചേക്കും. താൻ അരയന്നത്തെ വെല്ലുവിളിച്ചവനാണ്, പരിഹസിച്ചവനാണ്. ആ സ്ഥിതിക്ക് അവന്റെ സഹായം അഭ്യർത്ഥിക്കുന്നത് അഭിമാനത്തിനു യോജിച്ചതല്ല. എന്നാൽ, അഭിമാനം സംരക്ഷിക്കുക എന്നതല്ല ഇപ്പോഴത്തെ പ്രശ്നം. പിന്നെയോ, ജീവരക്ഷയാണ്.

അവൻ ദീനനായി ഇരന്നു:

'ചക്രാംഗാ, ഞാനിതാ നിന്നെ ശരണംപ്രാപിക്കുന്നു. ഏതു വിധേനയെങ്കിലും നീ എന്റെ ജീവൻ രക്ഷിക്കണം.'

അപ്പോഴേക്കും കാക്കയ്ക്ക് ഒരടി മുകളിലേക്കോ മുമ്പോട്ടോ നീങ്ങാൻ വയ്യാതായി.

അവൻ കടൽവെള്ളത്തിൽ വീണു മരണഗോഷ്ഠി കാണിച്ചുതുടങ്ങി.

ചക്രാംഗൻ ചോദിച്ചു:

'എടാ കാക്കേ, നിന്റെ നൂറ്റെട്ടു വിദ്യകൾ ഇപ്പോൾ എവിടെപ്പോയി? നീയല്ലേ വീമ്പിളക്കിയത്? എന്നിട്ടു നീ വെള്ളംകുടിച്ച് ചാകാറായതെങ്ങനെ?'

കാക്ക നിസ്സഹായനായി പശ്ചാത്താപത്തോടെ പറഞ്ഞു:

'ചക്രാംഗാ, ഞാൻ സത്യം അറിയിക്കാം. എച്ചിൽ തിന്നു പുലരുന്നവനാണ് ഞാൻ. എല്ലാവരെയും നിന്ദിക്കുക എന്നത് എന്റെ ദുഃസ്വഭാവം ആയിരുന്നു. അതൊക്കെ പോട്ടെ. നീ എന്നെ കരയിലാക്കണം. ഞാൻ ഇനിമേൽ യാതൊരുത്തരെയും നിന്ദിക്കുകയില്ല.'

അരയന്നം ആക്ഷേപിച്ചു. ശരിതന്നെ. എങ്കിലും അവൻ ദയാലുവായിരുന്നു. മുങ്ങിച്ചാകാറായ കാക്കയെ അവൻ എടുത്ത് തന്റെ പുറത്തുകയറ്റി. സമുദ്രത്തിന്റെ മുകളിലൂടെ പറന്നു കരയിലെത്തി. കാക്കയെ ഇറക്കിവിട്ടിട്ടു തന്റെ വഴിക്കുപോയി.

അതോടെ അവസാനിച്ചു കാക്കയുടെ ഗർവം.

മന്ത്രിയായ കുറുക്കൻ

വിലതും കേട്ടുകഴിഞ്ഞ യുധിഷ്ഠിരന് ഒരു സംശയം ഉണ്ടായി. ചില സൗമ്യർ അസൗമ്യരെപ്പോലെ കാണപ്പെടുന്നുണ്ട്. ചിലപ്പോൾ അസൗമ്യർ സൗമ്യരെപ്പോലെയും. ഇരുകൂട്ടരെയും എങ്ങനെ തിരിച്ചറിയും? ആ സംശയം യുധിഷ്ഠിരൻ ഉന്നയിച്ചു. ഭീഷ്മർ ഉത്തരം നൽകിയത് ഒരു ജന്തുകഥയിലൂടെ ആയിരുന്നു.

ഇതാണ് ആ ജന്തുകഥ:

പുരികാപുരി എന്നൊരു മനുഷ്യരാജ്യം. പൗരകൻ എന്നായിരുന്നു പുരികാപുരിയിലെ രാജാവിന്റെ പേര്. ജനങ്ങളെ ഹിംസിക്കുക എന്നത് പൗരകന്റെ പതിവായിരുന്നു. അതിനു പലപ്പോഴും കാരണം വേണമെന്നില്ല. ഹിംസിക്കുന്നതിൽ പ്രത്യേകം ഒരു രസം! ഹിംസയ്ക്ക് ഒരതിരും ഉണ്ടായിരുന്നില്ലതാനും.

ഒടുവിൽ പൗരകന്റെ ആയുസ്സിന് അറുതിവന്നു. കൊടിയ ക്രൂരതകൾ ആയിരുന്നല്ലോ പ്രവർത്തിച്ചിരുന്നത്. ആ ക്രൂരതകൾക്കുള്ള ഫലം അടുത്ത ജന്മത്തിൽ ലഭിച്ചു. ആ ജന്മം മനുഷ്യനായിട്ടല്ല. പിന്നെയോ, ഒരു കുറുക്കനായിട്ട്!

സാധാരണയായി കുറുക്കന്മാർക്ക് പൂർവ്വജന്മങ്ങളുടെ സ്മരണ ഉണ്ടായിരിക്കുകയില്ല. എന്നാൽ, ഈ കുറുക്കൻ വ്യത്യസ്തനായിരുന്നു. രാജാവായിരുന്നപ്പോൾ അസംഖ്യം ക്രൂരകൃത്യങ്ങൾ ചെയ്തില്ലേ? അവയിൽ ഓരോ ക്രൂരകൃത്യത്തിന്റെയും സ്മരണ മനസ്സിൽ സ്ഥലം പിടിച്ചിരുന്നു. അതിൽ അതിയായ പശ്ചാത്താപവും ഉളവായി. പശ്ചാത്താപം മനസ്സിനെ കുറെ ശുദ്ധമാക്കി. അതോടുകൂടി മനസ്സിൽ ജ്ഞാനം ഉദിക്കുകയായി. അവൻ ആദ്യം മാംസഭക്ഷണം ഉപേക്ഷിച്ചു. പിന്നെ കുറെനാൾ ആഹാരമില്ലാതെ ജീവിച്ചു. എന്താണു ശരിക്കും സംഭവിച്ചത്? അക്കാര്യം കൂട്ടുകാരായ കുറുക്കന്മാർക്കു മനസ്സിലായില്ല. അവർ അവനു മാംസഭക്ഷണം കൊണ്ടുക്കൊടുത്തു. പക്ഷേ, അവൻ അതു സ്വീകരിച്ചില്ല. വനത്തിൽ മരങ്ങൾ അനേകമുണ്ട്. ചില മരങ്ങളിൽ ഫലങ്ങൾ നിറഞ്ഞു നിൽക്കുന്നു. അപ്പപ്പോഴായി ഫലങ്ങൾ പഴുത്തു വീഴും. കുറുക്കൻ ആ പഴങ്ങൾ എടുത്തു തിന്നു. അതായി അവന്റെ ആഹാരരീതി.

ഒരു ചുടലക്കാട്ടിലാണ് അവൻ ജനിച്ചത്. ആ ചുടലക്കാട്ടിൽത്തന്നെ അവൻ ജീവിതം തുടർന്നു. വേറൊരിടത്തു പോകാനും അവൻ ഇഷ്ടപ്പെട്ടില്ല.

മറ്റുള്ള കുറുക്കന്മാർക്ക് അതത്ര പഥ്യമായില്ല.

അവൻ അവനെക്കണ്ടു കാര്യം പറഞ്ഞു:

'എടോ, നിന്റെ രീതി അപ്പാടെ തെറ്റാണ്. സ്വതവേ മാംസം ഭക്ഷിക്കുന്നവരാണ് കുറുക്കന്മാർ. നീയാണെങ്കിൽ സസ്യം മാത്രമേ ഭക്ഷിക്കുന്നുള്ളൂ. ഇതു നമ്മുടെ വർഗത്തിനു ചേർന്ന സമ്പ്രദായമല്ല. നിന്റെ ജപവും തപവുമൊക്കെ നീ ഉപേക്ഷിക്കണം. ഞങ്ങളോടുകൂടി ഞങ്ങളുടെ രീതിയിൽ ജീവിക്കുകയും വേണം.'

നമ്മുടെ കുറുക്കനുണ്ടോ കൂട്ടുകാരുടെ ഉപദേശം സ്വീകരിക്കുന്നു? മാത്രവുമല്ല, അവൻ അവർക്കു തത്ത്വജ്ഞാനം നൽകാൻ പരിശ്രമിച്ചു. അതിനായി ധർമോപദേശം ചെയ്യാനും ഒരുക്കമായി.

കുറുക്കന്മാർക്കെന്തിന് ധർമോപദേശം? അതൊന്നും മറ്റു കുറുക്കന്മാർ ചെവിക്കൊണ്ടില്ല. ഇവൻ എന്തൊരു കുറുക്കൻ!

സംഗതിവശാൽ ഒരു വ്യാഘ്രം അതൊക്കെ അറിയാനിടയായി. താഴ്ന്നനിലയിലുള്ള വ്യാഘ്രമല്ല–മറിച്ച്, സ്വന്തമായി ഒരു രാജ്യമുള്ള വ്യാഘ്രരാജാവ്! അദ്ദേഹത്തിന് ഒന്നു തീർച്ചയായി. ഈ കുറുക്കൻ മഹാജ്ഞാനിയാണ്. അവനെ തന്റെ മന്ത്രിയാക്കണം—അതായി വ്യാഘ്രരാജാവിന്റെ ആഗ്രഹം. ഇങ്ങനെയൊരു മഹാജ്ഞാനി മന്ത്രിയായാലോ? തന്റെ രാജ്യം വളരെയേറെ അഭിവൃദ്ധിപ്പെടും. അതിൽ വ്യാഘ്രരാജാവിനു സംശയമേ ഉണ്ടായിരുന്നില്ല.

അദ്ദേഹം കുറുക്കനെ ചെന്നുകണ്ടു പറഞ്ഞു:

'ഞാൻ അങ്ങയെക്കുറിച്ചു നല്ലപോലെ അറിഞ്ഞിരിക്കുന്നു. അങ്ങ് എന്റെ മന്ത്രിയായി എന്നോടൊന്നിച്ചു ജീവിതം നയിക്കണം. അതെന്റെ ആഗ്രഹമാണ്. അങ്ങേക്ക് എന്താണ് ഇഷ്ടം. അതു ഞാൻ സാധിപ്പിക്കാം.

വാസ്തവത്തിൽ കുറുക്കനു മന്ത്രിപദത്തിൽ താത്പര്യമില്ല. ധനമാകട്ടെ, പദവിയാകട്ടെ ആ മഹാത്മാവിനു വേണ്ടുന്നതായിരുന്നില്ല. വ്യാഘ്രരാജാവിനു വേറെയും ചില മന്ത്രിമാരുണ്ട്. അവരിൽനിന്നു തനിക്കു പല ഉപദ്രവങ്ങളും ഉണ്ടാകാൻ ഇടയുണ്ട്. തന്നെയും രാജാവിനെയും തമ്മിൽ പിണക്കണം—അതിന് അവർ നിരന്തരമായി പരിശ്രമിക്കുകയും ചെയ്യും. എന്നാലല്ലേ അവർക്കു സ്വാർത്ഥലാഭം ഉണ്ടാവുകയുള്ളൂ? ഇതൊക്കെയായിട്ടും കുറുക്കൻ മന്ത്രിപദം സ്വീകരിച്ചു—ഒരു കരാറിന്മേൽ എന്നുമാത്രം:

'രാജൻ, ഞാൻ മന്ത്രിപദം വഹിക്കണമെങ്കിൽ അങ്ങ് ഒന്നു ചെയ്തുതരണം. കൂട്ടായ ഉത്തരവാദിത്വത്തിൽനിന്ന് എന്നെ ഒഴിവാക്കണം. എനിക്കു മറ്റു മന്ത്രിമാരുമായി യാതൊരു ഇടപാടും വേണ്ട. എന്റെ ഇടപാടുകളെല്ലാം അങ്ങയോട് മാത്രമായിരുക്കും. എന്താ, സമ്മതമാണോ?'

വ്യാഘ്രരാജാവ് കരാർ അംഗീകരിച്ചു. അദ്ദേഹം കുറുക്കന് മന്ത്രിപദം നൽകി. കുറുക്കൻ ചുടലക്കാട്ടിൽനിന്നു കൊട്ടാരത്തിലേക്കു താമസം മാറ്റി.

കുറച്ചു ദിവസങ്ങൾ മാത്രമേ കഴിഞ്ഞുള്ളൂ—അതിനുള്ളിൽ മറ്റു മന്ത്രിമാർ സംഗതി മനസ്സിലാക്കി. പുതിയ കുറുക്കൻമന്ത്രി തമ്പുരാന്റെ വിശ്വാസം പിടിച്ചുപറ്റിയിരിക്കുന്നു. ആ സ്ഥിതിക്കു തങ്ങളുടെ സ്ഥാനത്തിനു കോട്ടം തട്ടിയിരിക്കുകയാണ്. ഈ നില ഇങ്ങനെ തുടർന്നുപോകാൻ അനുവദിച്ചുകൂടാ. പുതിയ കുറുക്കൻമന്ത്രിയെ രാജാവിൽനിന്ന് അകറ്റണം. അതിനായി അക്കൂട്ടരുടെ സംരംഭം. കളവും കൈക്കൂലിയും ചതിയുമൊക്കെയാണ് അവരുടെ ആയുധങ്ങൾ. അവ ഇപ്പോൾ പ്രയോഗിക്കാൻ വയ്യാതായിരിക്കുന്നു കാരണം, പുതിയ മന്ത്രിയുടെ പൊല്പടിയിൽ നിൽക്കുന്ന രാജാവ് അതിനൊന്നും അനുവദിക്കയില്ല. കുറുക്കനെ ഇല്ലായ്മചെയ്യുകതന്നെ വേണം. അതിനായി എല്ലാവരുംകൂടി ഗൂഢാലോചന നടത്തി. ഒരു തീരുമാനത്തിലും എത്തിച്ചേർന്നു.

ഒരു ദിവസം വ്യാഘ്രരാജാവിനു കൂറെ മാംസം കിട്ടി. ഏറ്റവും വിശേഷപ്പെട്ട മാംസമായിരുന്നു അത്. രാജാവിന്റെ പാചകശാലയിൽ ആ മാംസം സൂക്ഷിച്ചുവെച്ചിരിക്കുന്നു. അദ്ദേഹത്തിനുമാത്രമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് അത്. ദുർമന്ത്രിമാർ ആരും അറിയാതെ മാംസം മോഷ്ടിച്ചു. എന്നിട്ട് അതിനെ ഒരിടത്തുകൊണ്ടു വെച്ചു—അതായത്, കുറുക്കൻമന്ത്രിയുടെ വസതിയിൽ!

വ്യാഘ്രരാജാവ് മാംസത്തിനായി പാചകശാലയിൽ ചെന്നു. പാചകശാലയിൽ മാംസം കാണാനില്ല. ഭൃത്യന്മാർ എല്ലായിടത്തും അന്വേഷിച്ചു. ഒരു ഫലവും ഉണ്ടായില്ല.

എത്രമാത്രം അരിശമുണ്ടായി! വ്യാഘ്രരാജാവിന്! തനിക്കുള്ള മാംസം ആരോ കട്ടുകൊണ്ടുപോയിരിക്കുന്നു. ആരാണു കള്ളൻ എന്ന് അറിഞ്ഞുകൂടാ!

അദ്ദേഹം ആജ്ഞാപിച്ചു:

'കള്ളനെ കണ്ടുപിടിക്കട്ടെ!

രാജ്യമാകെ അന്വേഷണം ആരംഭിച്ചു.

ദുർമന്ത്രിമാർ വ്യാഘ്രരാജാവിനെ ചെന്നുകണ്ടു:

'തമ്പുരാനേ, ഞങ്ങൾ കള്ളനെ കണ്ടെത്തിയിരിക്കുന്നു. കേമത്തം നടിക്കുന്നില്ലെ അങ്ങയുടെ കുറുക്കൻമന്ത്രി? അയാൾതന്നെയാണ് അങ്ങേക്കുള്ള മാംസം കട്ടെടുത്തത്. അങ്ങ് ഭൃത്യരെ അയച്ചു പരിശോധിപ്പിക്കണം. അപ്പോൾ കാര്യം തെളിയും.'

വ്യാഘ്രരാജാവിനു വിശ്വാസം തോന്നി. അക്കാര്യം ദുർമന്ത്രിമാർക്കു മനസ്സിലായി. അതാണു വാസ്തവത്തിൽ അവർക്കു വേണ്ടതും.

അവർ പറഞ്ഞു:

'ആ കുറുക്കൻ അപകടക്കാരനാണ്, തമ്പുരാനേ, അയാൾ പുറമേ ജ്ഞാനിയായും ധർമിഷ്ഠനായും ഭാവിക്കുന്നു. വാസ്തവത്തിൽ മറിച്ചാണ്. ഞങ്ങൾ പറയുന്നതു സത്യം മാത്രമാണ്. അക്കാര്യം ഞങ്ങൾ അങ്ങയെ ബോദ്ധ്യപ്പെടുത്തിത്തരാം. അങ്ങ് ഞങ്ങളോടുകൂടി വരണം. നമുക്ക് അയാളുടെ വസതിയിലേക്കു പോകാം.'

വ്യാഘ്രരാജാവിനു സമ്മതമായി. അദ്ദേഹം അവരോടുകൂടി കൊട്ടാരം വിട്ടിറങ്ങി. നേരെ കുറുക്കന്റെ വസതിയിലേക്കു ചെന്നു. അവിടെയുള്ള പാചകശാല പരിശോധിച്ചപ്പോഴോ? ആ മാംസം അവിടെ വെച്ചിരിക്കുന്നു!

കുറുക്കന്റെ കുറ്റത്തിന് ഇനിയെന്തു തെളിവു വേണം?

വ്യാഘ്രരാജാവ് കല്പിച്ചു:

'പുതിയ മന്ത്രിക്കു വധശിക്ഷ നൽകട്ടെ!'

വ്യാഘ്രരാജാവിന്റെ മാതാവായ ഒരു വ്യാഘ്രിയുണ്ട്. കുറുക്കൻമന്ത്രിയുടെ മഹിമ അറിഞ്ഞിരുന്നു ആ വ്യാഘ്രി. മന്ത്രിക്കു വധശിക്ഷ നൽകപ്പെട്ടിരിക്കുന്നു എന്ന് വ്യാഘ്രിക്കു വർത്തമാനം കിട്ടി. തെറ്റായ പ്രവൃത്തിയിൽ നിന്ന് പുത്രനെ പിൻതിരിപ്പിക്കണം—ആ ഉദ്ദേശ്യത്തോടുകൂടി വ്യാഘ്രി വ്യാഘ്രരാജാവിന്റെ സമക്ഷത്തിലെത്തി:

'മകനേ, ഇതിൽ ചതിയുണ്ട്. അതെനിക്കു തീർച്ചയാണ്. നിനക്കുള്ള മാംസം മോഷ്ടിച്ചു എന്നതു ശരിതന്നെ. പക്ഷേ, മോഷ്ടിച്ചതു കുറുക്കനല്ല.

നിന്റെ പഴയ മന്ത്രിമാരാണ്. ശരിയായ തെളിവുകൂടാതെ അന്യായം പ്രവർത്തിക്കരുത്. പലപ്പോഴും കണ്ടതുപോലെയല്ല കാര്യങ്ങളുടെ കിടപ്പ്.

ചാരന്മാരും അന്വേഷണത്തിന് ഇറങ്ങിയിരുന്നു. അവരുടെയിടയിൽ ഏറ്റവും സമർത്ഥനായ ഒരുവൻ ഉണ്ടായിരുന്നു. ആ ചാരൻ ധൃതിയിൽ വ്യാഘ്രരാജാവിന്റെ സന്നിധിയിൽ കയറിച്ചെന്നു.

അയാൾ പറഞ്ഞു:

'തിരുമേനീ, മോഷ്ടിച്ചതു കുറുക്കൻമന്ത്രിയല്ല, മറ്റു മന്ത്രിമാരാണ്. അവർ അദ്ദേഹത്തിന്റെ ശത്രുക്കളാണ് ഇപ്പോൾ. അക്കാര്യം പൂർണ്ണമായും തെളിഞ്ഞിരിക്കുന്നു.'

ആ ചാരനെ അവിശ്വസിക്കാൻ വ്യാഘ്രരാജാവിനു നിർവാഹമുണ്ടായില്ല. തനിക്കു തെറ്റുപറ്റി എന്ന് അദ്ദേഹത്തിനു ബോധ്യമായി. അതിൽ കഠിനമായ പശ്ചാത്താപവും ഉണ്ടായി. അദ്ദേഹം കുറുക്കനെ കണ്ട് മാപ്പു ചോദിച്ചു.

കുറുക്കൻ ഇങ്ങനെ പറഞ്ഞു:

'തമ്പുരാനേ, ആദ്യം അങ്ങ് എന്നെ ബഹുമാനിച്ച് സ്വീകരിച്ചു. പിന്നെ മറ്റുള്ളവരെ വിശ്വസിച്ച് എനിക്കു വധശിക്ഷ കല്പിച്ചു. അപ്പോൾ ഒന്നു തെളിഞ്ഞിരിക്കുന്നു. അന്യരുടെ വാക്കിനെ ആശ്രയിച്ചാണ് എന്റെ സ്ഥാനം. ഇനി മേൽ ഞാൻ എങ്ങനെ അങ്ങയെ വിശ്വസിച്ചു കഴിയും? ഞാനിതാ മന്ത്രിപദം വിട്ടൊഴിയുന്നു. ഇവിടുന്നു പോവുകയും ചെയ്യുന്നു.

വ്യാഘ്രരാജാവിനു അതിയായ കുണ്ഠിതമുണ്ടായി. കുറുക്കൻമന്ത്രി പോകരുത് എന്നായിരുന്നു ആഗ്രഹം. അദ്ദേഹം കുറുക്കൻമന്ത്രിയെ പിൻതിരിപ്പിക്കാൻ തീവ്രമായ ശ്രമം നടത്തി. പക്ഷേ, കുറുക്കൻമന്ത്രി തന്റെ നിശ്ചയത്തിൽ ഉറച്ചുനിന്നതേയുള്ളൂ. ആ മഹാൻ മന്ത്രിപദം ഉപേക്ഷിച്ചു കാട്ടിലേക്കു പോയി. അവിടെയിരുന്നു പ്രായോപദേശം ചെയ്തു. ആ പുണ്യാത്മാവ് ശരീരം വിട്ടുപോയി. ചെന്നെത്തിയത് സ്വർഗ്ഗത്തിലും!

ഒട്ടകത്തിന്റെ കഴുത്ത്

ഭീഷ്മർ ധർമ്മോപദേശം തുടർന്നുപോയി. എന്തെല്ലാം കാര്യങ്ങളാണ് അദ്ദേഹം സംസാരിച്ചത്! യുധിഷ്ഠിരൻ സശ്രദ്ധം കേട്ടുനിന്നു.

രാജാക്കന്മാരുടെ ചുമതലകളെക്കുറിച്ചായി പ്രതിപാദനം.

യുധിഷ്ഠിരനു ചില സംശയങ്ങളുണ്ടായി. ആ സംശയങ്ങൾക്കു ഭീഷ്മർ വിശദീകരണം നൽകി, ഒരു കഥയിലൂടെ:

ഒരു ഒട്ടകം നാട്ടിൽനിന്നു കാട്ടിലേക്കു പോയി. തപസ്സുചെയ്യുക എന്നതായിരുന്നു ആ ഒട്ടകത്തിന്റെ ഉദ്ദേശ്യം. ബ്രഹ്മാവിനെ ഉദ്ദേശിച്ചായിരുന്നു തപസ്സ്. അതു ദീർഘകാലം നീണ്ടുനില്ക്കുകയുംചെയ്തു.

എന്തിനായിരുന്നു ഒട്ടകത്തിന്റെ തപസ്സ്?

അവന്റെ കഴുത്തിനു നീളം മതിയായിരുന്നില്ല. അക്കാരണത്താൽ അവനു ചില അവശതകളുണ്ട്. അവശതകൾ നീങ്ങിക്കിട്ടണമെങ്കിൽ കഴുത്തിനു വളരെ കൂടുതൽ നീളം വേണം. ബ്രഹ്മാവിൽനിന്നു വരം കിട്ടിയാൽ കഴുത്തു നീളും.

ഏകാഗ്രമായിരുന്നു ഒട്ടകത്തിന്റെ തപസ്സ്. ബ്രഹ്മാവ് സന്തുഷ്ടനായി. ഭഗവാൻ പ്രത്യക്ഷനായി പറഞ്ഞു:

'ഒട്ടകം, നിനക്ക് വരം വേണം, അല്ലേ? ശരി ചോദിച്ചുകൊള്ളൂ.'

'ഭഗവാനേ, എന്റെ ഇഷ്ടംപോലെ കഴുത്തു നീട്ടാൻ സാധിക്കുമാറാകണം.'

'എന്തിനാണു കഴുത്തു നീട്ടുന്നത്?'

'കഴുത്തു നീണ്ടാൽ എനിക്കു ജീവിതം വളരെ ലഘുവായിത്തീരും. തീറ്റിക്കായി തല വളരെ നീട്ടുകയോ ഉയർത്തുകയോ ചെയ്യാം. ഒരിടത്തും പോകേണ്ടതായ ആവശ്യമില്ല. നിൽക്കുന്നിടത്തു നിന്നാൽ മതിയാകും.

'ശരി, നിനക്കു ഞാൻ ആ വരം തരുന്നു.'

അങ്ങനെ ഒട്ടകത്തിനു നീണ്ട കഴുത്തു കിട്ടി.

മൂപ്പൊക്കെ എന്താണ് അവൻ ചെയ്തിരുന്നത്? തീറ്റി കണ്ടുപിടിച്ച് അതിന്റെ അടുക്കലേക്കു ചെല്ലും. കഴുത്തിനു നീളം കുറവായിരുന്നല്ലോ. പെട്ടെന്നിതാ സംഗതിയാകെ മാറിയിരിക്കുന്നു. ദൂരെ നിന്നുകൊണ്ടു തീറ്റി പിടിച്ചെടുത്തു തിന്നാം. തീറ്റി വളരെ ദൂരത്തിൽ ആയിക്കൊള്ളട്ടെ. വളരെ ഉയരത്തിൽ ആയിക്കൊള്ളട്ടെ, അവന് ഒരു വിഷമവും ഉണ്ടായില്ല. എന്തു മാത്രം സുഖമായി ജീവിതം!

തീമെ വിചാരിച്ചിരിക്കാതെ കുഴപ്പമുണ്ടായി.

ഒരു ദിവസം പെട്ടെന്ന് കൊടുങ്കാറ്റ് ആഞ്ഞുവീശി. കൊടുങ്കാറ്റിനോടൊന്നിച്ചു പേമാരി പെയ്തും തുടങ്ങി. ഇടിയും മിന്നലും തിരുതകൃതിയായി. ദേഹത്തു കാറ്റടിച്ചാലും മഴപെയ്താലും പോട്ടെന്നു വയ്ക്കാം. തലയിലായാൽ വലിയ ബുദ്ധിമുട്ടുണ്ടാവില്ലേ? കാറ്റു കൊള്ളാതെ, മഴ നനയാതെ തലയെ സൂക്ഷിച്ചുവെക്കണം. കാറ്റും മഴയും തീരുമ്പോൾ തലയെ തിരിച്ചെടുക്കുകയും ചെയ്യാം. തല സൂക്ഷിക്കാനൊരിടം എവിടെയുണ്ട്? ഒട്ടകം തിരക്കിട്ട് അന്വേഷിച്ചു. അപ്പോഴേക്കും ഒരു ഗുഹ കണ്ടെത്തി. ദേഹം കടക്കാത്ത ചെറിയ ഗുഹയാണ്. അതേസമയം തല കടക്കുകയും ചെയ്യും. അവൻ ആ ഗുഹക്കയ്ക്കകത്തു തല കയറ്റിവെച്ചു. ദേഹം ഗുഹയ്ക്കു പുറത്തുനിർത്തി. ആ നിലയിൽ അങ്ങനെ നിലകൊണ്ടു.

ഒരു വസ്തുത ഒട്ടകം അറിഞ്ഞിരുന്നില്ല. ഗുഹയ്ക്കുള്ളിൽ ഒരു കുറുക്കനും ഭാര്യയും ഇരിക്കുകയാണ്. കുറെ മുമ്പുവരെ അവർ തെല്ലു ദൂരെയായിരുന്നു. അപ്പോഴാണു കൊടുങ്കാറ്റും മഴയും ആരംഭിച്ചത്. അവ തീരുംവരെ ഒരിടത്ത് ഇരിക്കണമല്ലോ. കുറുക്കദമ്പതികൾ കണ്ടെത്തിയത് ഈ ഗുഹയായിരുന്നു.

ഇരുവർക്കും വല്ലാത്ത വിശപ്പുമുണ്ട്. ഭക്ഷണത്തിന് ഒരു വഴിയും കണ്ടുകിട്ടുന്നില്ല. സഹിക്കയെല്ലാതെ പുറത്തിറങ്ങി ഇര തെണ്ടാൻ നിവൃത്തിയുമില്ല.

എന്താണ് അതാ ഗുഹാദ്വാരത്തിലൂടെ ഉള്ളിലേക്കു കടക്കുന്നത്? ആദ്യം കുറുക്കദമ്പതികൾക്കു മനസ്സിലായില്ല. തങ്ങളെ കൊല്ലാൻ അടുക്കുന്ന വല്ല ദുഷ്ടമൃഗവുമാണോ? അല്പം കഴിഞ്ഞപ്പോൾ തിരിച്ചറിഞ്ഞു. അല്ല ദുഷ്ടമൃഗമല്ല, ഒട്ടകം. ശരിക്കു പറഞ്ഞാൽ ഒട്ടകത്തിന്റെ തലയും കഴുത്തും. കഴുത്തങ്ങനെ നീണ്ടുനീണ്ടു തങ്ങളെ സമീപിക്കുകയാണ്. ഒട്ടകത്തിന്റെ ദേഹം ഗുഹയ്ക്കു വെളിയിലുമാണ്. കുറുക്കന്മാർക്കു നല്ല തരമായില്ലേ? വിശപ്പു

കാരണം വിഷമിക്കയായിരുന്നു. ഇപ്പോഴിതാ ഭക്ഷണം സ്വയമേവ വന്നെത്തിയിരിക്കുന്നു! ഭർത്താവും ഭാര്യയുംകൂടി ഒട്ടകത്തിന്റെ കഴുത്തിലെ മാംസം കടിച്ചുതിന്നു തുടങ്ങി.

എന്താണു തന്റെ കഴുത്തിലൊരു വേദന? ആദ്യം ഒട്ടകത്തിനു മനസ്സിലായില്ല. നിമിഷംതോറും വേദന വർദ്ധിച്ചുവരികയാണ്. എന്തായിരിക്കണം കാരണം? നല്ലവണ്ണം ആലോചിച്ചു. തലയിൽ കണ്ണുണ്ടല്ലോ. കണ്ണുകൊണ്ടു കാണാനും കഴിഞ്ഞു. രണ്ടു കുറുക്കന്മാർ തന്റെ മാംസം കടിച്ചെടുത്തു തിന്നുന്നു!

അപ്പോൾ ഒട്ടകം ഒന്നു നിശ്ചയിച്ചു. എന്നാലിനി കഴുത്തു പുറത്തെടുക്കുകതന്നെ. അങ്ങനെയായാൽ കുറുക്കന്മാർക്കു തന്റെ കഴുത്തിലെ മാംസം ഭക്ഷിക്കാനൊക്കുകയില്ല! പക്ഷേ, ഒട്ടകം ആ നിശ്ചയം നടപ്പിൽ വരുത്തിയില്ല. കാരണം, അതിനു മുമ്പു കുറുക്കദമ്പതികൾ അവന്റെ കഴുത്തു കടിച്ചു മുറിച്ചിരുന്നു. അവർ അതിലുള്ള മാംസം മുഴുവനും തിന്നു തീർത്തു. അപ്പോഴേക്കും കൊടുങ്കാറ്റും മഴയും മാറി. ഭാര്യാഭർത്താക്കന്മാർ പുറത്തേക്കിറങ്ങി. ഒട്ടകത്തിന്റെ ദേഹം അവിടെ കിടക്കുന്നുണ്ടായിരുന്നു. അവർ അതിലുള്ള മാംസവും ഭക്ഷിച്ചുതുടങ്ങി.

ദൂരാഗ്രഹം ഉപേക്ഷിക്കേണ്ടതാണ്. മടി കാരണം അപകടമുണ്ടാകും. ഒട്ടകത്തിന്റെ അനുഭവം അക്കാര്യങ്ങൾക്കു തെളിവാണ്.

നന്ദികെട്ട നായ്

രാജാക്കന്മാർക്കു മന്ത്രിമാരും ഭൃത്യന്മാരും മറ്റും ഉണ്ടായിരുന്നേ കഴിയൂ. അക്കൂട്ടർ ഏതു നീതിയിലുള്ളവർ ആയിരിക്കണം? അതറിയാൻ യുധിഷ്ഠിരന് ആഗ്രഹമുണ്ടായി. ആ ആഗ്രഹം ഭീഷ്മരെ അറിയിച്ചു. ഭീഷ്മർ നല്ല ഭൃത്യന്മാരുടെ ഗുണങ്ങളും ചീത്ത ഭൃത്യന്മാരുടെ ദോഷങ്ങളും വ്യക്തമാക്കി. അതിനിടയിൽ ഒരു കഥയും പറഞ്ഞു:

മനുഷ്യർ കടന്നുവരാത്ത ഒരു കൊടുങ്കാടുണ്ട്. അവിടെ ഒരു ഭാഗത്ത് ഒരു മഹർഷിയുടെ ആശ്രമം സ്ഥിതി ചെയ്തിരുന്നു. മഹർഷിയോടൊന്നിച്ച് ഒരു നായയുമുണ്ട്. യജമാനനോടു കൂറുള്ള നായയാണ്. ആ മൃഗം ഒരിക്കലും അദ്ദേഹത്തെ വിട്ടുപിരിഞ്ഞിരുന്നില്ല.

ഒരിക്കൽ നായ്, ആശ്രമത്തിന്റെ പുറത്ത് അല്പം ദൂരെ നിന്നിരുന്നു. ഭയങ്കരനായ ഒരു പുലി ആ വഴിക്കു പോകാനിടയായി. നായയെക്കണ്ടു പുലി വായും പിളർന്നു പാഞ്ഞുചെന്നു. തന്നെ കടിച്ചുകൊല്ലാനാണു പുലിയുടെ ഒരുക്കം—അക്കാര്യം നായയ്ക്കു മനസ്സിലായി; അരക്ഷണം നിന്നാൽ തന്റെ കാര്യം തീരും എന്നും. അവൻ പ്രാണഭീതിയെടുത്തു മഹർഷിയുടെ അടുക്കലേക്കോടി:

'സ്വാമിൻ, അതാ ഒരു പുലി എന്നെ കൊല്ലാൻ വരുന്നു. അവിടുന്ന് എന്നെ രക്ഷിക്കണം!'

മഹർഷിയുടെ ഹൃദയത്തിൽ അനുകമ്പ നിറഞ്ഞുതുളുമ്പി. തന്നെ ശരണം പ്രാപിച്ചിരിക്കയാണ് നായ്. താൻ ഒരിക്കലും അതിനെ കൈവെടിയുകയില്ല.

ദിവ്യസിദ്ധികൾ നേടിയിരുന്നു മഹർഷി.

അദ്ദേഹം നായയോടു പറഞ്ഞു:

'നീ ഒരു പുലിയായിത്തീരട്ടെ!'

തത്ക്ഷണം നായ് പുലിയായി മാറി.

കൊല്ലാൻ വന്ന പുലി എന്താണു കണ്ടത്? നായയ്ക്കു പകരം തന്നെക്കാൾ ഭയങ്കരനായ ഒരു പുലി! അവൻ അവിടന്നു നെട്ടോട്ടമോടി.

പിന്നൊരിക്കൽ ഒരു വ്യാഘ്രത്തിന്റെ വരവുണ്ടായി. ആശ്രമത്തിൽ നില്ക്കുന്ന പുലിയെ കൊല്ലണം—അതിനായി വ്യാഘ്രത്തിന്റെ ഒരുക്കം. നായായിരുന്ന പുലി വീണ്ടും മഹർഷിയെ ശരണം പ്രാപിച്ചു. ഇപ്രാവശ്യം മഹർഷി അവനെ വ്യാഘ്രമാക്കി. അപ്പോൾ മറ്റേ വ്യാഘ്രം എന്തു ചെയ്തു? മുമ്പത്തെ പുലിയെപ്പോലെ ഓടി.

നായായിരുന്ന വ്യാഘ്രത്തിന്റെ മട്ടാകെ മാറിയിട്ടുണ്ട്. പണ്ടത്തെക്കാൾ എത്രയോ കൂടുതൽ വലിപ്പവും ബലവും! മാൻ മുതലായ മൃഗങ്ങളെ കൊന്നു തിന്നാൻ ഒരു പ്രയാസവുമില്ല. എന്നിരുന്നാലും അവൻ മുമ്പത്തെപ്പോലെ ആശ്രമത്തിൽതന്നെ കഴിഞ്ഞുകൂടി.

ഒരു നാൾ വമ്പിച്ചൊരു കൊമ്പനാന അവനെ കണ്ടെത്തി. എന്തുമാത്രം ദേഷ്യമുണ്ടായെന്നോ കൊമ്പനാനയ്ക്ക്! അവൻ തുമ്പിക്കൈയുയർത്തി കൊമ്പു കുലുക്കി ഓടിയടുത്തു. ആ വരവു കണ്ട് നായയായിരുന്ന വ്യാഘ്രം പേടിച്ചരണ്ടു. മുമ്പു രണ്ടുതണവ മഹർഷി അവനെ രക്ഷിച്ചിരുന്നല്ലോ. ഇപ്പോഴും അവൻ മഹർഷിയെ അഭയം പ്രാപിച്ചു. ഇത്തവണയും മഹർഷി അവനെ രക്ഷിച്ചു. അദ്ദേഹം അവനെ ഏറ്റവും വമ്പിച്ച ഒരു കൊമ്പനാനയാക്കി. മറ്റേ കൊമ്പനാന അവന്റെ വഴിക്കു പോയി.

പിന്നീട് ഒരു ദിവസം നായായിരുന്ന കൊമ്പനാന വനത്തിൽ വിഹരിക്കുകയായിരുന്നു. സ്ഥിരതാമസം പഴയപോലെ മഹർഷിയുടെ ആശ്രമത്തിൽതന്നെ. എങ്കിലും തോന്നുമ്പോഴൊക്കെ അവൻ ഇറങ്ങിപ്പോകും. ഇപ്പോൾ അവനെ ഒരു ഘോരസിംഹം കാണാനിടയായി. ആന എത്രയായാലും ആനതന്നെ; സിംഹം സിംഹവുംതന്നെ. നായായിരുന്ന കൊമ്പനാനയുടെ നേർക്കടുത്തു സിംഹം. അവന്റെ മസ്തകം കുത്തിപ്പൊളിക്കണം എന്നായിരുന്നു സിംഹത്തിന്റെ നിശ്ചയം. നായായിരുന്ന കൊമ്പനാന വിരണ്ടോടി ആശ്രമത്തിലെത്തി. അവന്റെ പ്രാണഭയം മഹർഷിയുടെ ഹൃദയത്തെ ആർദ്രമാക്കി. അദ്ദേഹം അവനെ സിംഹമാക്കി. മറ്റേ സിംഹം മിണ്ടാതെ പൊയ്ക്കളഞ്ഞു.

നായായിരുന്ന സിംഹം ആശ്രമത്തിലെ താമസം തുടർന്നുപോയി. എങ്കിലും അവൻ വനത്തിൽ കടന്നു സാധുമൃഗങ്ങളെ കൊന്നുതിന്നു. ഒരിക്കൽ അവനെ ഒരു ശരഭം കണ്ടുമുട്ടി. എട്ടുകാലുള്ള ഒരുതരം ഭീകരമൃഗമാണ് ശരഭം. സിംഹത്തെക്കാൾ എത്രയോ ബലമുള്ളതും. ഈ ശരഭം നായായിരുന്ന സിംഹത്തിന്റെ നേർക്കു ചാടി. സിംഹം ജീവരക്ഷയ്ക്കുവേണ്ടി അന്തം വിട്ടു പാഞ്ഞു. അവൻ വല്ലവിധവും ആശ്രമത്തിൽ എത്തിച്ചേർന്നു. മഹർഷി ഇപ്രാവശ്യം അവനെ ഒരു ശരഭമാക്കി. മറ്റേ ശരഭം യുദ്ധത്തിനു നില്ക്കാതെ സ്ഥലം വിട്ടു.

അന്നുമുതൽ നായയായിരുന്ന ശരഭം എന്താണു ചെയ്തത്? തോന്നുമ്പോഴൊക്കെ തോന്നിയ സ്ഥലങ്ങളിൽ സഞ്ചരിക്കും. കണ്ട മൃഗങ്ങളെ നിഷ്കരുണം കൊന്നുതിന്നും.

തന്നോടു കിടനിൽക്കാൻ കഴിവുള്ളവർ ആരുമില്ല—അതായി അവന്റെ വിചാരം.

ഒരു ദിവസം അവന് ഒരാലോചനയുണ്ടായി—മഹർഷിയെ കൊന്നു തിന്നണം!

ആ കൃതഘ്നൻ ദിവ്യശക്തിയുള്ള മഹർഷിയെ സമീപിച്ചു.

മഹർഷി ദിവ്യദൃഷ്ടികൊണ്ട് അവന്റെ ഉദ്ദേശ്യം മനസ്സിലാക്കി.

അദ്ദേഹം പറഞ്ഞു:

'എടാ നായേ, ആദ്യം ഞാൻ നിന്നെ പുലിയാക്കി. പിന്നീട് വ്യാഘ്രമാക്കി. അതിനുശേഷം ആനയാക്കി. തുടർന്ന് സിംഹമാക്കി. ഒടുവിൽ ശരഭവുമാക്കി. എനിക്കു നിന്നോടു സ്നേഹമുണ്ടായിരുന്നു. അനുകമ്പയുണ്ടായിരുന്നു. അതുകൊണ്ടാണു ഞാൻ അങ്ങനെയൊക്കെ ചെയ്തത്. എന്നിട്ട് നീ നിന്റെ രക്ഷിതാവിനെ നശിപ്പിക്കാൻ ഭാവിക്കുന്നു, ഇല്ലേ? നീ നന്ദികെട്ടവനാണ് എന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി. ഞാനിതാ നിനക്കൊരു ശിക്ഷ തരുന്നു. നീ പഴയപോലെ നായാകട്ടെ!'

ശരഭം നിന്നിടത്ത് ശരഭമില്ല. പകരം മുമ്പിലത്തെ നായ്!

പുച്ചയും എലിയും

മിത്രങ്ങളെയും ശത്രുക്കളെയും എങ്ങനെ തിരിച്ചറിയാൻ സാധിക്കും? അതും ഉൾപ്പെട്ടിരുന്നു, യുധിഷ്ഠിരന് അറിയാൻ ആഗ്രഹം തോന്നിയ കാര്യങ്ങളിൽ. മിത്രങ്ങളോടും ശത്രുക്കളോടും ഏതേതു രീതികളിൽ പെരുമാറണം? യുദ്ധത്തിനും സന്ധിക്കുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? ഭീഷ്മർ അവയ്ക്കെല്ലാം ഉത്തമമെന്ന നിലയിൽ ഒരു കഥ കേൾപ്പിച്ചു:

വനത്തിൽ ഒരു അരയാൽ നിന്നിരുന്നു. അരയാലിന് ഉയരവും വിസ്താരവും വളരെ അധികമുണ്ട്. അതങ്ങനെ പടർന്നു പന്തലിച്ചു നിൽക്കുകയാണ്. അനേകം ശാഖകളുണ്ട് ആ മഹാവൃക്ഷത്തിന്. ശാഖകളിൽ നാനാതരം പക്ഷികൾ കൂടുകെട്ടി പാർക്കുന്നു.

ലോമശൻ എന്ന പുച്ചയും അരയാലിൽ വാസം ഉറപ്പിച്ചിരിക്കുന്നു. രാത്രിയിൽ പക്ഷികളെല്ലാം ഉറങ്ങുയായിരിക്കും. ലോമശന് ആ സമയം നല്ലപോലെ കണ്ണുകാണുകയുംചെയ്യാം. അവൻ ഉറങ്ങുന്ന ഓരോ പക്ഷിയെ പിടിച്ചു കൊന്നുതിന്നും. അതായിരുന്നു അവന്റെ ഉപജീവനമാർഗ്ഗം.

ഒരു മനുഷ്യൻ മിക്കവാറും സന്ധ്യമയങ്ങിയാൽ ആൽച്ചുവട്ടിലേക്കു വരാറുണ്ട്. ഒരു വേടനാണ് ആ മനുഷ്യൻ. വലിയൊരു വലയുമായിട്ടാണ് വേടന്റെ വരവ്. അവൻ മരച്ചുവട്ടിൽ വല കെട്ടിയിട്ടു മടങ്ങിപ്പോകും. രാത്രിയിൽ ചില മൃഗങ്ങൾ ആ വഴിക്കു പോയെന്നിരിക്കും. അവ ആ വലയിൽ കുടുങ്ങിപ്പോകും. പ്രഭാതത്തിൽ വേടൻ മരച്ചുവട്ടിലേക്കു വരും; വലയിൽക്കിടക്കുന്ന മൃഗത്തെ കൊല്ലും. അതിനെ എടുത്തുകൊണ്ടുപോകും. അതായിരുന്നു പതിവ്

ഇതൊക്കെ ലോമശൻ എന്ന പുച്ച കാണുന്നുണ്ട്. അവനെ വേടൻ കാണുന്നില്ല എന്നേയുള്ളു. താൻ വലയിൽപ്പെട്ടാൽ എന്തായിരിക്കും സ്ഥിതി? അതു ലോമശനു നല്ലപോലെ അറിയാം. അക്കാര്യം ആലോചിക്കുമ്പോൾ തന്നെ അവനു ഭയമാകും. ആ പുച്ച കരുതലോടെ ജീവിച്ചുവന്നു.

നിർഭാഗ്യം എന്നല്ലാതെ എന്താണു പറയുക? ലോമശൻ എടുത്ത കരുതൽ ഫലിച്ചില്ല. അവൻ എങ്ങനെയോ വലയിൽ പെട്ടുപോയി.

ആൽമരത്തിന്റെ ചുവട്ടിൽ ഒരു മാളമുണ്ട്. ആ മാളത്തിലാണ് പലിതൻ എന്ന എലി പാർക്കുന്നത്. എലിയുടെ ജന്മശത്രുവാണല്ലോ പുച്ച. ലോമശൻ വലയിൽ അകപ്പെട്ടപ്പോഴോ? പലിതൻ അതിയായി ആഹ്ലാദിച്ചു. രാവിലെ വേടൻ വന്നെത്തും, പുച്ചയെ തല്ലിക്കൊല്ലും. ഇനിമുതൽ തനിക്കു പുച്ചയെ പേടിക്കാനില്ല!

മറ്റൊന്ന് ആലോചിച്ചപ്പോഴും പലിതനു സന്തോഷമുണ്ടായി. ഭക്ഷണക്കാര്യമായിരുന്നു അത്. സാധാരണയായി വേടൻ എന്താണു ചെയ്തിരുന്നത്? വല വെച്ചതിന്റെ അടുക്കൽ ചെറിയ മാംസക്ഷണങ്ങൾ വിതറും. മാംസഭോജികളായ മൃഗങ്ങൾ വന്നാലോ? അവ മാംസക്ഷണങ്ങൾ മണത്തറിയും. തിന്നാനായി വലയിൽ കയറും. വലയിൽ കുടുങ്ങുകയുംചെയ്യും. പലിതനും മാംസക്ഷണങ്ങളിൽ കൊതിയുണ്ട്. പക്ഷേ, തിന്നുകൊണ്ടിരിക്കുമ്പോൾ ലോമശൻ വന്നാലോ? ആ ഭയം ഉണ്ടായിരുന്നു. ഇനിയിപ്പോൾ അതു വേണ്ട! പലിതൻ യഥേഷ്ടം ഭക്ഷിക്കാൻ തുടങ്ങി.

ഒരു ശബ്ദം കേട്ട് അവൻ തിരിഞ്ഞുനോക്കി. അപ്പോൾ അവൻ ഭയന്നുപോയി. അതാ വരുന്നു മറ്റൊരു ശത്രു!

തെല്ലു ദൂരെ ഒരു മാളമുണ്ട്. ആ മാളത്തിൽ ഭയങ്കരനായ ഒരു കീരി പാർത്തുവരുന്നു. ഹരിതൻ എന്നാണ് കീരിയുടെ പേര്.

ഹരിതനിൽ നിന്നു രക്ഷപ്പെടണം. പലിതൻ മറുവശത്തേക്ക് കണ്ണയച്ചു. അവിടെയുണ്ട് വേറൊരു ശത്രു—ചന്ദ്രകൻ എന്നു പേരായ കുമൻ!

ഒരു വശത്തുനിന്നു കീരി എലിയെ സമീപിച്ചു. മറുവശത്തുനിന്നു കുമനും. നടുവിലാണ് എലി. ഇരുവരും വലയുടെ തെല്ലുദൂരെ വന്നു നില്പായി. അവർ പിന്നീടു മുമ്പോട്ടു പോയില്ല. എന്താണ് അതിനു കാരണം? പുച്ച വലയ്ക്കുള്ളിലാണ് എന്നതു ശരിതന്നെ. എങ്കിലും ഇരുവർക്കും പുച്ചയെ ഭയമുണ്ട്.

പലിതൻ എലിയെങ്കിലും ജ്ഞാനിയാണ്. അവൻ പരിതഃസ്ഥിതിയെക്കുറിച്ചു ഗാഢമായി ആലോചിച്ചു. ഒരു വശത്തേക്കു പോയാൽതന്നെ ഹരിതൻ കീരി പിടിച്ചു തിന്നും. മറുവശത്തേക്കു പോയാൽ തന്നെ ചന്ദ്രകൻ കുമൻ കൊത്തിത്തിന്നും. വല മുറിച്ചാൽ തന്നെ പുച്ച ഭക്ഷണമാക്കും. ഏതു വഴിക്കു പോയാലും തനിക്ക് അപായംതന്നെ. ഏറ്റവും പ്രയാസമാണു രക്ഷപ്പെടുക. എന്താണ് ഇനി ചെയ്യുക?

എന്തായാലും ശരി, ഭഗ്നാശനായിട്ടു കാര്യമൊന്നുമില്ല. ഏതുവിധേനയും ജീവൻ രക്ഷപ്പെടുത്താമോ എന്നു നോക്കണം. വീണ്ടും ആലോചിച്ചപ്പോൾ ഒന്നു തോന്നി. ഹരിതനും ചന്ദ്രകനും ഇപ്പോൾ സ്വതന്ത്രരാണ്. മറിച്ചാണ് ലോമശന്റെ സ്ഥിതി. അവനിപ്പോൾ വലയിൽ അകപ്പെട്ടിരിക്കയാണ്. അവൻ

ജീവനാശത്തെ നേരിടുന്നു. ആ നിലയ്ക്ക് അവന്റെ സഹായം തേടുന്നതു നന്നായിരിക്കും. .

എലി പുച്ചയോടു സംസാരിച്ചു:

'ലോമശാ, നിങ്ങളും ഞാനും വലുതായ ആപത്തിൽ പെട്ടിരിക്കുന്നു. ആ സ്ഥിതിക്കു നാം പരസ്പരം രക്ഷപ്പെടുത്തണം. ഞാൻ വല കരണ്ടുമുറിച്ചു നിങ്ങളെ പുറത്തുവിടാം. നിങ്ങൾ എന്നെ കൊല്ലുകയില്ലെന്നു വാഗ്ദാനം ചെയ്യണം. നിങ്ങളും ഞാനും മിത്രങ്ങളായി എന്നിരിക്കട്ടെ. കീരിയും കുമനും എന്റെ അടുത്തു വരികയില്ല.'

ആ കരാർ ലോമശനു സമ്മതമായി. രക്ഷയ്ക്കുള്ള മാർഗ്ഗം തുറന്നുകിട്ടിയല്ലോ. എലിയെ കൊല്ലുകയില്ലെന്ന് അവൻ വാക്കുകൊടുത്തു. അപ്പോൾ എലി എന്താണു ചെയ്തത്? പുച്ചയുടെ തൊട്ടടുത്ത് ചെന്ന് ഇരിപ്പായി. . .

കീരിയും കുമനും അതു കാണാതിരിക്കുമോ? എലിയും പുച്ചയും സ്നേഹിതന്മാരായിരിക്കുന്നു! വിശ്വസിക്കാൻ അവർക്കു പ്രയാസം തോന്നി. എങ്കിലും വിശ്വസിക്കാതിരിക്കാൻ നിവൃത്തിയുണ്ടോ? കൺമുമ്പിലാണല്ലൊ അത്ഭുതം നടന്നിരിക്കുന്നത്. കീരിക്കും കുമനും ഒന്നു തോന്നി. തങ്ങൾ ഇനി ഇവിടെ നിന്നിട്ടു പ്രയോജനമില്ല. എലിയെ പിടിക്കാൻ പോയാൽ പുച്ച ഇടയ്ക്കു ചാടും. ഇരുവരും നിരാശരായി മടങ്ങിപ്പോയി.

വല കരണ്ടുമുറിക്കാമെന്ന് പലിതൻ ഏറ്റിരുന്നല്ലോ. അതനുസരിച്ച് അവൻ ജോലി തുടങ്ങി. പക്ഷേ, അത് ഏറ്റവും സാവധാനത്തിൽ ആയിരുന്നു. അതിനു പ്രത്യേകിച്ചു ഒരു കാരണവുമുണ്ട്. അതവൻ പുച്ചയെ അറിയിച്ചില്ല എന്നുമാത്രം. എളുപ്പം വല കരണ്ടുമുറിച്ചു എന്നിരിക്കട്ടെ. പുച്ച രക്ഷപ്പെടും. രക്ഷപ്പെട്ടതിനുശേഷം ഇല്ലാതായ അപായത്തെക്കുറിച്ചുള്ള ഭയം തീരും. അപ്പോൾ പുച്ച പഴയപോലെ പെരുമാറും. തന്നെ അവൻ കൊന്നു തിന്നും എന്നു വേണം വിചാരിക്കാൻ. ഇല്ലെന്നു തീർത്തു പറയാനൊക്കുമോ? പുച്ച വാഗ്ദാനം പാലിക്കുമെന്ന് എന്താണ് ഉറപ്പ്? നേരെമറിച്ച്, വല പതുക്കെ കരണ്ടുകൊണ്ടിരിക്കുന്നു എന്നിരിക്കട്ടെ. നേരം പുലരുവരെ അതങ്ങനെ സൂത്രത്തിൽ നീട്ടിക്കൊണ്ടു പോകണം. അപ്പോഴേക്കും വേടൻ വന്നുചേരും. വേടനെ കണ്ടയുടനെ വല മുറിച്ചാലോ? പുച്ച രക്ഷപ്പെടും; തന്റെ വാഗ്ദാനവും നിറവേറും. മറ്റൊരു പ്രയോജനംകൂടി ഉണ്ടാകാതിരിക്കയില്ല. പുച്ച വേടനെക്കണ്ടു വിരണ്ട് ഓടിപ്പോകും. അപ്പോൾ തന്നെ കൊല്ലാനും തിന്നാനും മറ്റും പുച്ചയ്ക്കു സമയമുണ്ടാവുകയില്ല. കണ്ടോ പലിതന്റെ ബുദ്ധിചാതുര്യം?

എലിയുടെ വിചാരമൊന്നും ലോമശൻ അറിഞ്ഞിരുന്നില്ല. അതേസമയം ഒന്നു മനസ്സിലാക്കുകയും ചെയ്തു—എലി സാവധാനത്തിൽ വല കരളുന്നു.

അവൻ പറഞ്ഞു:

'എന്താ പലിതാ, ഇത്രയധികം സമയമെടുക്കുന്നത്? വേഗം വല മുറിച്ച് എന്നെ സ്വതന്ത്രനാക്കൂ.'

പലിതൻ സമാധാനപ്പെടുത്തി:

'ലോമശാ, നിങ്ങൾക്ക് ഒട്ടും പരിഭ്രമം വേണ്ട. ഞാൻ എല്ലാം ശരിപ്പെടുത്തിക്കൊള്ളാം. ഇനി വേടൻ വരുന്നു എന്നുതന്നെയിരിക്കട്ടെ. അവൻ ഇങ്ങെത്തും മുമ്പ് ഞാൻ തീർച്ചയായും വല മുറിക്കാം. നിങ്ങൾക്കു മര

ത്തിൽ കയറി ഒളിക്കുകയും ചെയ്യാം. പോരെ? എനിക്ക് എന്റെ മാളത്തിലേക്കും പോകാം.'

എലി പഴയപോലെ പണിതുടങ്ങി.

തെല്ലുകഴിഞ്ഞ് ലോമശൻ വീണ്ടും അക്ഷമ പ്രകടമാക്കി.

ഇനി സത്യം പറയുകതന്നെ—അതായി പലിതന്റെ നിശ്ചയം:

'ലോമശാ, പരമാർത്ഥത്തിന്റെ നേർക്കു കണ്ണടച്ചിട്ട് കാര്യമില്ല. സ്വാർത്ഥലാഭത്തിനുവേണ്ടി മാത്രമാണ് നാം തമ്മിൽ ഇണങ്ങിയത്. ഇപ്പോൾ ഞാൻ നിങ്ങളെ രക്ഷപ്പെടുത്തിയാലോ? നിങ്ങൾ എന്നെ കൊന്നുതിന്നാൻ ഇടയുണ്ട്. എനിക്ക് അതിൽ ബലമായ സംശയം ഇല്ലാതില്ല. കാര്യവശാൽ ശത്രുക്കൾ തമ്മിൽ സംഖ്യമായെന്നുവരാം. പക്ഷേ, ആ സഖ്യം താത്കാലികം മാത്രമായിരിക്കും. വേടനെ കണ്ടയുടനെ ഞാൻ നിങ്ങളെ മോചിപ്പിച്ചു എന്നിരിക്കട്ടെ. നിങ്ങൾ എന്നെ പിടിക്കുകയില്ല. കാരണം, നിങ്ങൾ വേടനിൽനിന്നു രക്ഷപ്പെടാനായി ഓടുകയായിരിക്കും. ജീവരക്ഷയ്ക്കുവേണ്ടി ഓടുന്നവർ കൊല്ലാറില്ല. എനിക്കിനി മുറിച്ചുകളയാൻ വലയുടെ ഒരു കണ്ണി മാത്രമേയുള്ളു. നേരം പുലർന്നിട്ടു തീർച്ചയായും ഞാനതു മുറിക്കാം.'

ഇരുവരും അങ്ങനെ കാത്തിരുന്നു. ഇരുട്ടു മാറിത്തുടങ്ങിയപ്പോൾ വേടൻ വരികതന്നെ ചെയ്തു. ലോമശൻ വേടനെ ശ്രദ്ധിച്ചുനോക്കി. നല്ല കറുത്ത നിറം. ചെമ്പൻ മുടിയും താടിമീശയും. വലിയ വട്ടക്കണ്ണുകൾ. ആരു കണ്ടാലും പേടിച്ചുപോകും. അത്ര ഭയങ്കരൻ! അവന്റെ പക്കൽ ആയുധങ്ങളുമുണ്ട്. അതൊക്കെ കണ്ട് പൂച്ച ഭയന്നു വിറകൊണ്ടു.

അവൻ യാചിച്ചു:

'പലിതാ, ദയവുചെയ്തു വേഗം വല മുറിക്കൂ!'

എലി പിന്നീട് ഒട്ടും താമസിച്ചില്ല. അവൻ ബാക്കിയുള്ള കണ്ണി കരണ്ടു മുറിച്ചു. പൂച്ച വലയിൽനിന്നു പുറത്തായി. അവൻ ഉരുണ്ടു പിരണ്ട് എഴുന്നേറ്റു. തിരിഞ്ഞുനോക്കാതെ നെട്ടോട്ടമോടി. നേരെ ആൽമരത്തിന്റെ മുകളിൽ കയറി. ഒരു കൊമ്പിൽ ഇലകൾക്കിടയിൽ ഒളിച്ചിരുന്നു.

അതിനിടയിൽ പലതിനും തന്റെ മാളത്തിൽ എത്തിക്കഴിഞ്ഞിരുന്നു.

വേടൻ നേരെ വലയുടെ അരികിലേക്കു ചെന്നു. വല്ല മൃഗവും അതിനുള്ളിൽ കൂടുങ്ങിക്കിടപ്പുണ്ടോ? അതായിരുന്നു അയാളുടെ പരിശോധന. പക്ഷേ, അധികനേരം പരിശോധിക്കേണ്ടിവന്നില്ല. വലയ്ക്കകത്ത് ഒരു മൃഗവുമില്ല. അയാൾ നിരാശപ്പെട്ടു വലയുമെടുത്ത് തന്റെ വഴിക്കു പോയി.

ലോമശനും പലിതനും വേടനെത്തന്നെ നോക്കി ഇരിക്കയാണ്. വേടൻ കണ്ണിൽനിന്നു മറഞ്ഞപ്പോഴോ? അവർ തമ്മിൽ സംഭാഷണം ചെയ്തു. ലോമശൻ മരക്കൊമ്പിൽത്തന്നെ ഇരിക്കയാണ്. പലിതനോ, പൂറത്തിറങ്ങാതെ മാളത്തിനുള്ളിലും.

പൂച്ച പറഞ്ഞു:

'പലിതാ, നിങ്ങൾ എന്റെ സ്നേഹിതനായി. ഇനിമേൽ നമുക്ക് ഒന്നിച്ചു ജീവിക്കാം. എനിക്കു നിങ്ങളോട് വളരെ നന്ദിയുണ്ട്. നിങ്ങൾ എന്റെ ജീവൻ രക്ഷിച്ചു. ഞാൻ അത് ഒരിക്കലും മറക്കുകയില്ല.'

എലി പറഞ്ഞു:

'ലോമശാ, എനിക്കും ചിലതു പറയാനുണ്ട്. നിങ്ങൾക്ക് ഇപ്പോൾ എന്നോടു വളരെ സ്നേഹം തോന്നുന്നു. കാരണം എനിക്ക് അറിയാം. നിങ്ങൾക്ക് എന്നെ ഭക്ഷിക്കണം എന്നതുതന്നെ. ഞാൻ നിങ്ങളെ രക്ഷിച്ചു, നിങ്ങൾ എന്നെയും രക്ഷിച്ചു. തത്കാലം നാം തമ്മിൽ വേഴ്ചയുണ്ടായി. ആ വേഴ്ച ഇനിമേൽ വേണ്ടതാനും. ഉപായംകൊണ്ട് എന്നെ വശപ്പെടുത്തണം—അതാണു നിങ്ങളുടെ ഇപ്പോഴത്തെ ലക്ഷ്യം. അതിനു ഞാൻ ഒരിക്കലും വഴങ്ങുകയില്ല, തീർച്ച!'

പൂച്ച എലിയെ വിശ്വസിപ്പിക്കാൻ കഴിയുന്നതും ശ്രമിച്ചു. പക്ഷേ, ബുദ്ധിശാലിയായ എലി തന്റെ നിശ്ചയത്തിൽ ഉറച്ചു നിന്നു. ആ നിശ്ചയത്തിൽ നിന്ന് അവൻ ഒരിക്കലും ഇളകുകയില്ല—അക്കാര്യം ഒടുവിൽ ലോമശനു തീർച്ചയായി. അവൻ ആൽമരത്തിൽനിന്നു താമസം മാറ്റി. ഇനിയും വേടന്റെ വലയിൽ കുടുങ്ങിയാലോ? അതായിരുന്നു അവന്റെ ഭയം.

പലിതനും ഒരു തോന്നലുണ്ടായി. ഇവിടെ കഴിഞ്ഞു കൂടിയാൽ ഇനിയും ആപത്തുവരും. അവൻ മറ്റൊരു മാളത്തിലേക്കു പോയി.

പ്രാവിന്റെ ത്യാഗം

ശരണം പ്രാപിച്ചവരെ കൈവെടിയുന്നതു ധർമ്മമല്ല. അക്കാര്യം മറ്റെല്ലാവർക്കും എന്നെപ്പോലെ യുധിഷ്ഠിരനും അറിവുള്ളതാണ്. എന്നാൽ, ആ ധർമ്മത്തെക്കുറിച്ച് കൂടുതൽ അറിയണം. അതായി യുധിഷ്ഠിരന്റെ ആഗ്രഹം. അദ്ദേഹം ശരശയനത്തിൽ കിടക്കുന്ന ഭീഷ്മരെ ആഗ്രഹം അറിയിച്ചു. ഭീഷ്മർക്ക് അതിനെക്കുറിച്ചു പലതും പറയാനുണ്ടായിരുന്നു. അദ്ദേഹം ഒരു കഥയിലൂടെ തന്റെ ആശയങ്ങൾ വ്യക്തമാക്കി:

ഒരു വേടൻ വനത്തിൽ ജീവിച്ചുവന്നു. പക്ഷികളെ വലവെച്ചു പിടിക്കുക—അതിൽ വിരുതനായിരുന്നു ആ വേടൻ. പലപ്പോഴും അവൻ അങ്ങനെ പക്ഷികളെ പിടിക്കും. അവയിൽ ചിലതിനെ കൊന്നുതിന്നും. ബാക്കി ഉള്ളവയെ അടുത്തുള്ള പട്ടണത്തിലേക്കു കൊണ്ടുപോകും. അങ്ങാടിയിൽ വെച്ച് ഓരോമുത്തർക്കായി വിലയ്ക്കു വിൽക്കും. അതാണ് അവന്റെ ജീവിതരീതി. ഹിംസ തെറ്റാണെന്ന് ഒരു വിചാരവുമില്ല.

ഒരിക്കൽ അവൻ പതിവുപോലെ കാട്ടിലൂടെ പോവുകയായിരുന്നു. പെട്ടെന്ന് കൊടുങ്കാറ്റു വീശിത്തുടങ്ങി. കൊടുങ്കാറ്റിന്റെ ഊറ്റം നിമിഷം തോറും കൂടിവന്നു. മരങ്ങൾ ഒന്നൊന്നായി കടപുഴകി വീണു. ആകാശത്തു കാർമേഘങ്ങൾ ഇടതൂർന്നുനിന്നു. അവ ധാര മുറിയാതെ വർഷിക്കാനും ആരംഭിച്ചും. കണ്ണുപൊട്ടിക്കുമാറുള്ള മിന്നലുകൾ വീശി. ചെവി പൊട്ടിക്കുമാറുള്ള ഇടി മുഴങ്ങി. കുഴിയും തടവും വെള്ളം നിറഞ്ഞു തിരിച്ചറിയാൻ വയ്യാതെയായി.

വേടൻ അങ്ങുമിങ്ങും ഉഴന്നുനടന്നു. അതിനിടയ്ക്ക് അവൻ ഒന്നു കണ്ടു. ഒരു പ്രാവ് നനഞ്ഞ് അവശയായി നിലത്തു കിടക്കുന്നു. അതിന് എഴുന്നേറ്റ് പറക്കാൻ വയ്യാതായിട്ടുണ്ട്. വേടനാണെങ്കിൽ അതീവ പരവശനാണ്. എന്നിരുന്നിട്ടും അവൻ ഓടിച്ചെന്നു പ്രാവിനെ എടുത്തു. തന്റെ കൈയിലുള്ള കൂട്ടിൽ അതിനെ അടച്ചു.

അതൊരു പെൺപ്രാവായിരുന്നു.

മഴയും നനഞ്ഞ് എത്ര ദൂരമെന്നുവെച്ചു നടക്കും? എവിടെയെങ്കിലും നനയാതെ നിൽക്കണം. അതിനായി അവന്റെ പരിശ്രമം. ഒടുവിൽ അവൻ ഒരു വൻമരം കണ്ടെത്തി. ആ വൻമരം ആകാശത്തു തല ഉയർത്തി നിൽക്കുന്നു. അതിന്റെ കൊമ്പുകളും ഇലകളുംകൂടി ഒരു പച്ചക്കുടപോലെ! വേടൻ ആ മരത്തിന്റെ ചുവട്ടിൽ ചെന്നു നില്പായി.

മഴ തകർത്തുപെയ്യുകയാണ്. നേരം ഇഴഞ്ഞുപോകുന്നു. സൂര്യൻ അസ്തമിക്കുന്നു. കൂരിരുട്ടു വ്യാപിക്കുന്നു. അവിടെത്തന്നെ മാത്രി കഴിച്ചേപറ്റൂ. വളരെ ദൂരെയാണ് അവന്റെ കൂടിൽ. ഇരുട്ടിലും മഴയിലും അവിടെ ചെന്നെത്താൻ പറ്റുകയില്ല. അവൻ നിലത്തു പച്ചിലകൂട്ടി പായപോലെയാക്കി. ഒരു പാറക്കല്ലു തലയണയാക്കി. അവിടെ കിടന്ന് ഉറക്കവുമായി.

ക്രമേണ മഴയുടെയും കാറ്റിന്റെയും ശക്തി കുറഞ്ഞു. ഒടുവിൽ അവ രണ്ടും തീരെ ഇല്ലാതെയുമായി. ഇടിയും മിന്നലും അവസാനിച്ചു. കാർമേഘങ്ങൾ ഒഴിഞ്ഞുമാറി. ആകാശം തെളിഞ്ഞു. നക്ഷത്രങ്ങൾ വിളങ്ങി.

വൻമരത്തിന്റെ കൊമ്പിൽ ഒരു ആൺപ്രാവ് പാർത്തുവരുന്നു. അവനോടൊന്നിച്ച് ഭാര്യയായ പെൺപ്രാവുമുണ്ട്. വളരെ നേരം മുമ്പു പെൺപ്രാവ് കൂടുവിട്ടു പോയിരുന്നു. ഭർത്താവ് അവൾക്കുവേണ്ടി കാത്തിരുന്നു. മഴയും കാറ്റും ഉണ്ടായപ്പോൾ ആൺപ്രാവിനു പരിഭ്രമം തോന്നി. ഈ സമയത്തു തന്റെ ഭാര്യ എവിടെയാണാവോ? മഴയും കാറ്റും തീർന്നിട്ടെങ്കിലും അവൾ വരുമെന്നു കരുതി. എന്നാൽ, അവൾ വന്നിട്ടില്ല. അവൾക്കു വല്ല ആപത്തും സംഭവിച്ചിരിക്കുമോ? എത്ര സ്നേഹമുള്ളവളാണു തന്റെ ഭാര്യ! അവൻ അവളെക്കുറിച്ച് ആലോചിച്ചു ദുഃഖിച്ചു. അവൻ പലതും പിറുപിറുത്തു.

വേടൻ ഒരു പെൺപ്രാവിനെ പിടിച്ചു കൂട്ടിലടച്ചിരുന്നല്ലോ. മരമുകളിൽ ഇരിക്കുന്ന ആൺപ്രാവിന്റെ ഭാര്യതന്നെയാണ് അവൾ. അവളെ അടച്ചിട്ടുള്ള കൂട് വേടന്റെ അരികത്തുമുണ്ട്.

ഭർത്താവ് പിറുപിറുക്കുന്നത് അവൾ കേട്ടു.

തന്റെ അവസ്ഥ അദ്ദേഹത്തെ അറിയിക്കാൻ അവൾ ഒരുക്കമായി:

'നാഥാ', ഞാനിതാ ഒരു കൂട്ടിൽ അകപ്പെട്ടിരിക്കയാണ്. എനിക്ക് അങ്ങയോട് ഒരു പ്രധാന കാര്യം പറയാനുണ്ട്. നമ്മൾ രണ്ടുപേരുടെയും ഗൃഹമാണല്ലോ ഈ വൻമരം. ഈ വേടൻ നമ്മുടെ ഗൃഹത്തിലേക്കു വന്നിരിക്കുന്നു. ആ നിലയ്ക്ക് അയാൾ നമ്മുടെ അതിഥിയാണ്. അങ്ങ് അയാളെ സൂക്ഷിച്ചു നോക്കൂ. പാവം, തണുത്തുവിറയ്ക്കുകയാണ്. അതേസമയം പട്ടിണിയും. അങ്ങ് അതിഥിയെ സ്വീകരിച്ച് ഉപചരിക്കണം. എന്നെക്കുറിച്ച് ആലോചിച്ചു ദുഃഖിച്ചിട്ട് ആവശ്യമില്ല. ഞാൻ ചത്താൽ അതത്ര വലിയ കാര്യമൊന്നുമല്ല. അതിഥിപൂജ ഏറ്റവും പ്രധാനമായ കർത്തവ്യമാണ്.'

ധർമ്മമാണ് ഭാര്യ വിശദീകരിച്ചത്. അതിൽ ആൺപ്രാവിനു യാതൊരു സന്ദേഹവും ഉണ്ടായില്ല. അതിഥിയെ സത്കരിച്ചില്ലെങ്കിൽ മഹാപാപമാകും. ആ പാപം താൻ ചെയ്യുകയില്ല. അപ്രകാരം നിശ്ചയിച്ച് ആൺപ്രാവ് എന്തു ചെയ്തു? വിശന്നും തളർന്നും ഉറങ്ങുന്ന വേടനെ വിളിച്ചുണർത്തി. എന്നിട്ട് അവനോടു പറഞ്ഞു:

'അതിഥിയായി വന്നെത്തിയ അങ്ങേക്ക് ഞാൻ സ്വാഗതമേകുന്നു. ഒരുവന്റെ ഗൃഹത്തിൽ ശത്രുവാണു വന്നത് എന്നിരിക്കട്ടെ. ആ ശത്രുവിനെയും

ഗൃഹനാഥൻ സത്കരിച്ചു പൂജിക്കണം. അതാണു ധർമ്മം ആവശ്യപ്പെടുന്നത്. ഞാൻ അങ്ങേക്കുവേണ്ടി എന്താണു ചെയ്യേണ്ടത്? അങ്ങ് അറിയിച്ചാൽ മാത്രം മതിയാകും. ഞാൻ അതു ചെയ്തുകൊള്ളാം.'

വേടൻ പറഞ്ഞു:

'ആൺപ്രാവേ, എനിക്കു വല്ലാത്ത തണുപ്പു തോന്നുന്നു. ഏതു വിധത്തിലെങ്കിലും തണുപ്പു മാറ്റിത്തരണം. അതാണ് ഇപ്പോൾ എനിക്കു വേണ്ടത്.'

ഉടൻതന്നെ ആൺപ്രാവ് മരക്കൊമ്പിൽനിന്നു നിലത്തു പറന്നിറങ്ങി. ഉണങ്ങിയ ഇലകൾ ശേഖരിച്ചു കൊണ്ടുവരണം. അതിനായി അവന്റെ ശ്രമം. പെരുമഴ കഴിഞ്ഞ ആ അസമയത്ത് ഉണങ്ങിയ ഇലകൾ എവിടന്നു കിട്ടാനാണ്? എങ്കിലും ആൺപ്രാവ് ഭഗ്നാശനായില്ല. അവൻ സകലയിടങ്ങളിലും പരിശോധന നടത്തി. അങ്ങുമിങ്ങുംനിന്ന് ഓരോ ഉണക്കില കണ്ടെടുത്തു. എല്ലാംകൂടി ഒരിടത്തു ശേഖരിച്ചുവച്ചു. അതിനു തീയിടണം. വേടൻ തീ കാഞ്ഞു തണുപ്പു മാറ്റട്ടെ.

പക്ഷേ, തീ അടുത്തൊരിടത്തുമില്ല. എന്നുവെച്ച് ആൺപ്രാവ് മിണ്ടാതിരുന്നോ? ഇല്ലേയില്ല. ദൂരെ ഒരിടത്ത് ഒരു കൊല്ലന്റെ ആലയുണ്ട്. അവൻ അതിവേഗം പറന്ന് ആലയിലെത്തി. അവിടന്ന് ഒരു തീക്കനൽ എടുത്തു. അതുമായി മരച്ചുവട്ടിൽ തിരിച്ചെത്തി. കൂട്ടിയിട്ട ഉണക്കയിലകളിൽ തീക്കനലിട്ടു. ഉണക്കയിലകളിൽ തീ പിടിച്ചു. തീ അതിവേഗം പടർന്നുകത്തി.

അവൻ വേടനോടു പറഞ്ഞു:

'ഇനി തീ കാഞ്ഞുകൊള്ളൂ.'

വേടൻ തീയുടെ അരികത്തു ചെന്നിരുന്നു. ക്രമേണ തണുപ്പു നിശ്ശേഷം നീങ്ങി. അവന്റെ വിറയലും അതോടുകൂടി മാറി.

അപ്പോൾ വേടൻ പറഞ്ഞു:

'ആൺപ്രാവേ, എനിക്കു വല്ലാതെ വിശക്കുന്നു. തിന്നാൻ എന്തെങ്കിലും തരണം.'

അതു കേട്ടപ്പോൾ ആൺപ്രാവിനു കുണ്ഠിതമുണ്ടായി.

അവൻ പറഞ്ഞു:

'ഞങ്ങൾ പക്ഷികൾ വിതയ്ക്കുകയോ കൊയ്യുകയോ ചെയ്യുന്നവരല്ല. അന്നന്നു തീറ്റി കണ്ടെത്തി ഭക്ഷിക്കുന്നവരാണ്. അങ്ങേക്കു കഴിക്കാവുന്ന ആഹാരമൊന്നും ഇവിടെ ഇല്ല.'

ആൺപ്രാവ് ആലോചനയിൽ മുഴുകി, ഒടുവിൽ അവൻ ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു—മഹാത്യാഗികൾ മാത്രം എടുക്കുന്ന ഒരു തീരുമാനം.

അവൻ വേടനോടു പറഞ്ഞു:

'അങ്ങ് അല്പസമയം ക്ഷമിച്ചിരിക്കണം. ഞാൻ അങ്ങേക്ക് ഭക്ഷണം തരാം.'

'തുടർന്ന് ആൺപ്രാവ് എന്തു ചെയ്തെന്നോ? പടർന്നുകത്തുന്ന അഗ്നിയെ മൂന്നു പ്രാവശ്യം വലത്തുവച്ചു. എന്നിട്ട് ആ അഗ്നിയിൽ ചാടി. തന്റെ വെന്ത ശരീരത്തെ വേടൻ തിന്നുകൊള്ളട്ടെ— അതായിരുന്നു അവന്റെ വിചാരം.

ഇതിനപ്പുറം ഒരു ത്യാഗമുണ്ടോ? കണ്ടുനിന്ന വേടന്റെ ഹൃദയം ഇളകി മറിഞ്ഞു. കണ്ടില്ലേ വെറുമൊരു പക്ഷിയുടെ അതിഥിപൂജ? താനോ ഒരു

മനുഷ്യൻ. എന്നിട്ടും എന്താണു താൻ ചെയ്യാറുള്ളത്? പാവപ്പെട്ട പക്ഷികളെ വലവെച്ചു പിടിക്കുന്നു. ചിലതിനെ കൊന്നു മാംസം പാകം ചെയ്തു ഭക്ഷിക്കുന്നു. മറ്റു ചിലതിനെ അങ്ങാടിയിൽ കൊണ്ടുപോയി വിറ്റു പണമുണ്ടാക്കുന്നു. തന്നെക്കാൾ എത്ര മഹത്ത്വമുള്ളവനാണ് ഈ ആൺപ്രാവ്! തനിക്കുവേണ്ടി അവൻ സ്വയം തീയിൽ ചാടി മരിച്ചു. വേടന്റെ മനസ്സിൽ ഒരു പരിവർത്തനം ഉണ്ടായില്ല. ഇല്ല, ഇനിമേൽ താൻ ഹിംസ പ്രവർത്തിക്കയില്ല. പകരം, സത്കർമ്മങ്ങൾ ചെയ്തു കാലം കഴിക്കും!

അപ്പോൾതന്നെ വേടൻ നിശ്ചയം നടപ്പിലാക്കി. കൂട്ടിൽ പിടിച്ചടച്ചിരുന്നില്ലേ പെൺപ്രാവ്? അവളെ അവൻ തുറന്നുവിട്ടു. കൂടിനെ ദൂരത്തെറിഞ്ഞു. മാത്രമല്ല, ആയുധങ്ങളെയും. ചിന്തയിൽ മുഴുകി അവൻ അവിടന്നു നടന്നുപോയി.

എന്തായിരുന്നു പെൺപ്രാവിന്റെ മനോഭാവം? അവൾ ഇപ്പോൾ സ്വതന്ത്രയായിരിക്കുന്നു. അതുകൊണ്ടെന്ത്? ദുഃഖം അടക്കാൻ വയ്യാതായിട്ടുണ്ട്. അവൾ ഭർത്താവിന്റെ ദേഹത്യാഗം നേരിട്ടു കണ്ടതാണ്. ഭർത്താവിനെ ചൊല്ലി അവൾ ഹൃദയം പൊട്ടുമാറു മുറവിളി കൂട്ടി. അദ്ദേഹത്തെ കൂടാതെ താൻ എന്തിനു ജീവിക്കണം? ഇപ്പോൾ ഇവിടെ ജീവിതം അവസാനിപ്പിക്കണം. അവൾ അഗ്നിയിൽ ചാടി ദേഹം ത്യജിച്ചു.

അടുത്ത നിമിഷം ഒരു അത്ഭുതം സംഭവിച്ചു.

ആൺപ്രാവിനും പെൺപ്രാവിനും ദിവ്യശരീരങ്ങൾ ലഭിച്ചിരിക്കുന്നു!

പട്ടുവസ്ത്രങ്ങൾ, രത്നാഭരണങ്ങൾ, ദിവ്യമാല്യങ്ങൾ— അവയെല്ലാം അണിഞ്ഞിട്ടുണ്ട് ഇരുവരും. സ്ഥിതിചെയ്യുന്നതു ദിവ്യവിമാനങ്ങളിലും!

ദിവ്യവിമാനങ്ങൾ വായുവിലൂടെ ഉയർന്നു. അവയെയുംകൊണ്ട് എത്തിച്ചേർന്നതോ? സ്വർഗലോകത്തിലും.

ആ മഹാത്ഭുതം തെല്ലു ദൂരെനിന്ന് ഒരു മനുഷ്യൻ കണ്ടു—മറ്റാരുമല്ല, മനസ്സു മാറിയ വേടൻ.

തനിക്കും പ്രാവുകളെപ്പോലെ സ്വർഗവാസം ലഭിക്കണം. അതായി അവന്റെ ആഗ്രഹം തപസ്സുകൊണ്ടേ ആ ആഗ്രഹം സാധിക്കൂ. അക്കാര്യം വേടന് അറിയാമായിരുന്നു. അവൻ ഉടൻതന്നെ തപസ്സ് ആരംഭിച്ചു.

ഒരിക്കൽ അവൻ നടക്കുകയാണ്. അവന് അതിയായ ദാഹമുണ്ടായി. കൂട്ടാക്കാതെ അവൻ നടന്നുപോയി. അപ്പോഴേക്കും ദാഹം കലശലായി. തെളിഞ്ഞ വെള്ളമുള്ള ഒരു താമരപ്പൊയ്ക കണ്ടു. താമരപ്പൊയ്കയിൽ അഴകാർന്ന താമരപ്പൂക്കൾ വിടർന്നു നിൽക്കുന്നു. ആ പൂക്കൾ ഇളംകാറ്റിൽ ചാഞ്ചാടുന്നു. കുളുർമയേറിയ ജലത്തിൽ അരയന്നങ്ങൾ നീന്തിക്കളിക്കുന്നു. മുമ്പായിരുന്നു എങ്കിലോ? അവൻ പൊയ്കയിലിറങ്ങി വെള്ളം കുടിക്കുമായിരുന്നു. ഇപ്പോൾ അവൻ മാറിയിരിക്കയല്ലേ? വെള്ളം കുടിക്കാതെ അവൻ കടന്നുപോയി. താൻ വിശപ്പിനും ദാഹത്തിനും വഴിപ്പെടുകയില്ല. അതാണ് അവന്റെ ഉറച്ച തീരുമാനം. മനസ്സിനെ അടക്കിനിർത്താൻ അതാണൊരു മാർഗ്ഗം!

കുറേക്കഴിഞ്ഞ് അവൻ ഒരു വൻകാട്ടിൽ എത്തിച്ചേർന്നു. മുൾപ്പടർപ്പുകൾ നിറഞ്ഞ വൻകാടായിരുന്നു അത്. ദുർഘടങ്ങൾ വകവെക്കാതെ അവൻ മുൾപ്പടർപ്പുകളിലൂടെ നടന്നുപോയി. ശരീരം മുഴുവനും മുള്ളു തറച്ചു മുറിഞ്ഞു. മുറിവുകളിൽനിന്നു ചോര ധാരാളമായി ഒഴുകിയിറങ്ങി. അവൻ

അതൊന്നും തെല്ലുപോലും കൂട്ടാക്കിയില്ല. പതറാതെ അവൻ മുമ്പോട്ടു പോയി.

രണ്ടു മരങ്ങൾ തമ്മിൽ ഉരുമ്മി തീയുണ്ടായി.

തീ അടുത്തു നിന്നിരുന്ന മരങ്ങളിൽ പിടിച്ചു. താമസിയാതെ ഭയങ്കരമായ കാട്ടുതീയായി വ്യാപിച്ചു. വേടൻ കാട്ടുതീ കണ്ടു പേടിച്ചു പുറംതിരിഞ്ഞ് ഓടിയോ? ഇല്ലേയില്ല. മറിച്ചു ധീരമായി തീയുടെ നേർക്കു നടന്നു ചെന്നു.

എന്തിനു പറയുന്നു. കാട്ടുതീ അവനെ പൊതിഞ്ഞു.

അവന്റെ ശരീരം വെന്തു വെണ്ണീറായി.

എന്തായിരുന്നു അവനു ലഭിച്ച പ്രതിഫലം? ആൺപ്രാവിനും പെൺപ്രാവിനും ലഭിച്ചതുതന്നെ. അതായത് സ്വർഗ്ഗം!

മരവും കാറ്റും

ഭീഷ്മരും യുധിഷ്ഠിരനും തമ്മിലുള്ള സംഭാഷണം തുടർന്നുപോയി. ബലവാനോടു ദുർബലൻ മത്സരിക്കുക എന്നതായി ചർച്ചയ്ക്കു വിഷയം. മത്സരിക്കുന്നവർ ഏതു തരക്കാർ ആയിരിക്കണം? അതറിയാൻ യുധിഷ്ഠിരനു ജിജ്ഞാസയുണ്ടായി. യുധിഷ്ഠിരനെ നല്ലവണ്ണം മനസ്സിലാക്കണം—അതിനായി ഭീഷ്മർ ഒരു കഥ കേൾപ്പിച്ചു. ഈ കഥയിലെ പ്രധാനപ്പെട്ട കഥാപാത്രങ്ങൾ ജന്തുക്കളല്ല—മരം, കാറ്റ്, നാരദമഹർഷി എന്നിവരാണ്.

ഹിമാലയത്തിൽ ഒരു ഇലവുമരം നിന്നിരുന്നു. ചെറുപ്പക്കാരനൊന്നുമല്ല, ആ ഇലവുമരം. മറിച്ച്, നൂറ്റാണ്ടുകളുടെ പ്രായമുണ്ട്. അതേസമയം ഇലകൾ നിറഞ്ഞ കൊമ്പുകൾ ധാരാളം വഹിക്കുന്നുമുണ്ട്. അക്കാരണത്താൽ മരച്ചുവട്ടിൽ സദാ സമയവും തണലുണ്ടായിരിക്കും. നാനൂറു കോൽ ചുറ്റളവുണ്ടായിരിക്കും തണലിന്. ആനകളും മറ്റു മൃഗങ്ങളും ആ തണലിൽ വന്നിരുന്നു വിശ്രമിക്കും.

ഇലവുമരം പൂക്കുകയും കായ്ക്കുകയും ചെയ്യുമ്പോഴോ? അതിന്റെ മുകൾഭാഗത്തു താമസക്കാരുണ്ടാവും. പല ജാതി പക്ഷികളാണ് ആ താമസക്കാർ.

ഒരിക്കൽ നാരദമഹർഷി ആ വഴിയേ പോകാൻ ഇടയായി. മഹർഷി ഇലവുമരത്തെ കാണുകയും ചെയ്തു. അദ്ദേഹത്തിന് അപ്പോൾ ഒരു തോന്നലുണ്ടായി. ആ തോന്നൽ അദ്ദേഹം വിശദമാക്കി:

'ഹേ ഇലവുമരം, നിന്റെ നിലനില്പും അഭിവൃദ്ധിയും എനിക്കു കാണാം. നിന്നെ കാറ്റു സംരക്ഷിക്കുന്നു എന്നു തീർച്ചയാണ്. എത്ര ശക്തിയുള്ള മരത്തെയും കാറ്റിന് ഉപദ്രവിക്കാൻ സാധിക്കും. എന്നാൽ, കാറ്റ് നിന്നെ ഉപദ്രവിക്കുന്നില്ല. അക്കാരണത്താൽ നീ ഉത്കർഷത്തോടുകൂടി വർത്തിക്കുന്നു.'

വാസ്തവത്തിൽ നാരദന്റെ അഭിനന്ദനമാണു വാക്കുകളിലൂടെ പ്രകടമായത്. പക്ഷേ, അഭിനന്ദനം എന്നല്ല ഇലവുമരം വ്യാഖ്യാനിച്ചത്. പിന്നെയോ. തന്നെ മഹർഷി തരംതാഴ്ത്തുകയാണ് എന്ന്. കാരണം, കുറെ ഗർവ്വമുള്ളവനാണ് ഇലവുമരം. അവനു സ്വന്തം ശക്തിയിൽ അമിതമായ വിശ്വാ

സമുണ്ട്. തനിക്കു മറ്റാരുടെയും ആനുകൂല്യം ആവശ്യമില്ല. തന്റെ സാമർത്ഥ്യമാണു തന്റെ ഉത്കർഷത്തിനു കാരണം. അല്ലാതെ കാറ്റിന്റെ കാരുണ്യമല്ല. നോക്കണേ ഇലവുമരത്തിന്റെ നെറികേട്!

അവൻ പറഞ്ഞു:

'മഹർഷേ, കാറ്റ് എന്റെ രക്ഷകനല്ല, ഇഷ്ടനുമല്ല. ഞാൻ കാറ്റിനെക്കാൾ എത്രയോ കൂടുതൽ ശക്തനാണ്. ശരിക്കു പറഞ്ഞാൽ, എന്റെ ശക്തിയുടെ പതിനെട്ടിൽ ഒരു ഭാഗം കാറ്റിനില്ല. അവൻ ആവുന്നത്ര ബലത്തിൽ എന്നെ ആഞ്ഞടിച്ചുകൊള്ളട്ടെ. ഞാൻ നിഷ്പ്രയാസം അവനെ തടുത്തുനിൽക്കും. കാറ്റിന്റെ അഹന്തയൊന്നും എന്നോട് എടുക്കേണ്ട. എനിക്ക് അവനെയൊട്ടു ഭയവുമില്ല!'

നാരദന് അമർഷം തോന്നി. എന്തൊരു തോന്ന്യാസക്കാരനാണ് ഈ ഇലവുമരം! അതൊന്ന് അവനെ മനസ്സിലാക്കുകതന്നെ വേണം.

മഹർഷി പറഞ്ഞു:

'ഇലവുമരമേ, നിനക്കു തെറ്റുപറ്റിയിരിക്കുന്നു. വായുവിനൊപ്പം ശക്തിയുള്ള മറ്റൊന്നുണ്ടോ എന്നുപോലും സംശയിക്കണം. നിന്റെ ശക്തി ഏറ്റവും തുച്ഛമാണ്. അനാവശ്യം പറയുന്ന പ്രകൃതക്കാരനാണു നീ. ചന്ദനം, കമ്പിന, ദേവതാരം മുതലായ എത്രയോ ബലവാന്മാരായ വൃക്ഷങ്ങളുണ്ട്. അവയ്ക്കൊക്കെ നിന്റേതിനെക്കാൾ കടുപ്പമുള്ള കാതലുമുണ്ട്. എന്നിട്ടും അവയൊന്നും കാറ്റിനെ ധിക്കരിക്കുന്നില്ല, ആക്ഷേപിക്കുന്നില്ല. കാറ്റിന്റെ ശക്തിയെക്കുറിച്ച് അവയ്ക്ക് നല്ലപോലെ അറിയാം—അതേസമയം താരതമ്യേന കുറവായ അവരുടെ ശക്തിയെക്കുറിച്ചും. അക്കാരണത്താൽ ആ വൃക്ഷങ്ങൾ കാറ്റിനെ തലകുനിച്ചു പ്രണമിക്കുന്നു. അതൊന്നും വിഡ്ഢിയായ നീ ആലോചിക്കാൻ മിനക്കെടുന്നില്ല.'

നാരദൻ ഉടൻതന്നെ അവിടന്നു യാത്രയായി. അദ്ദേഹത്തിന് ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു. ഈ ഇലവുമരത്തെ നല്ലൊരു പാഠം പഠിപ്പിക്കണം. അങ്ങനെ അവന്റെ ഗർവ്വം ശമിപ്പിക്കണം!

അദ്ദേഹം കാറ്റിനെ ചെന്നുകണ്ടു.

'കാറ്റേ, ഹിമാലയത്തിൽ ഒരു ഇലവുമരം നില്പുണ്ട്. അവൻ നിന്നെ വളരെയേറെ ആക്ഷേപിച്ചു സംസാരിച്ചു. നിനക്ക് അവനെ ഒരു ചുക്കും ചെയ്യാൻ സാധിക്കുകയില്ലത്രെ. നോക്കണേ അവന്റെ കൂമുത്തക്കേട്!'

കാലം കളയാതെ കാറ്റ് ഹിമാലയത്തിലെത്തി. വേഗം ഇലവുമരത്തെ കണ്ടുപിടിച്ചു. അവന്റെ മുമ്പിൽ ചെന്നു പറഞ്ഞു:

'എടോ ഇലവുമരമേ, നീ എന്നെക്കുറിച്ച് നാരദമഹർഷിയോട് ആക്ഷേപിച്ചു സംസാരിച്ചു, അല്ലേ? നീ എന്റെ ശക്തി ശരിക്കും മനസ്സിലാക്കിയിട്ടില്ല. ശരി, ഞാൻ നിനക്കതു കാണിച്ചുതരാം!'

ഇലവുമരം വിട്ടില്ല:

'കാറ്റേ, നീ എന്നോടു കോപിക്കയൊന്നും വേണ്ട, കേട്ടോ? അതൊക്കെ അങ്ങ് കൈയിലിരിക്കട്ടെ! നിനക്ക് എന്നെ ഒന്നും ചെയ്യാൻ ഒക്കുകയില്ല. നീ സമർത്ഥനെന്നു നീ വിചാരിക്കുന്നു വിചാരിച്ചോ. പക്ഷേ, അതൊന്നും എന്നോട് എടുക്കേണ്ട. എനിക്കു നിന്നെ യാതൊരു ഭയവുമില്ല!'

ഇലവുമരത്തെ ശിക്ഷിക്കതന്നെ വേണം—അതായി കാറ്റിന്റെ നിശ്ചയം.

'ശരി. ഞാൻ നാളെ ഇങ്ങോട്ടു വരുന്നുണ്ട്. അപ്പോൾ ഞാൻ എന്റെ ബലം നിനക്ക് അനുഭവപ്പെടുത്തിത്തരാം. ഞാൻ നിന്നെ നിലയ്ക്കു നിർത്തും, കേട്ടോ?'

അത്രയും പറഞ്ഞു കാറ്റു യാത്രയായി.

അല്പനേരം കഴിഞ്ഞപ്പോൾ ഇലവുമരത്തിന്റെ ദേഷ്യം അടങ്ങി. അതോടെ വിവേകബുദ്ധി തിരിച്ചുകിട്ടി. കാര്യം കുഴപ്പത്തിലായി എന്നൊരു തോന്നൽ.

'ഞാൻ ശക്തനെന്നു വീമ്പിളക്കി. വെറും ശക്തൻ എന്നല്ല, കാറ്റിനെക്കാൾ ശക്തൻ എന്ന്. വീമ്പിളക്കിയതോ, നേരിട്ടു കാറ്റിനോടും. വാസ്തവത്തിൽ എന്നെക്കാൾ എത്രയോ ശക്തനാണു കാറ്റ്, അല്ലേ? അതെ. യാതൊരു സംശയവുമില്ല. നാരദൻ ഒന്നു പ്രത്യേകം എടുത്തു പറയുകയുണ്ടായി— ഇലവുമരമായ എന്റെ കാതലിനു കടുപ്പം പോരാ. അത് അത്ര വലിയ തെറ്റായിരുന്നില്ല. പോയതൊക്കെ പോകട്ടെ. എന്റെ ശക്തി കുറവായാലും ബുദ്ധി കുറവില്ല. നാളെ കാറ്റു വീണ്ടും വരും. എന്റെ ബുദ്ധി ഉപയോഗിച്ചു ഞാൻ കാറ്റിനോടു പെരുമാറും. അപ്പോൾ കാണാം നേരമ്പോക്ക്!'

അത് ആലോചിച്ചപ്പോൾ ഇലവുമരത്തിനു ചിരിവന്നു.

എങ്ങനെയാണു ബുദ്ധി ഉപയോഗിക്കാൻ നിശ്ചയിച്ചതെന്നോ? തന്റെ മുകളറ്റത്ത് ഇലകൾ നിറഞ്ഞ കൊമ്പുകളുണ്ട്. ആ കൊമ്പുകളിൽ കാറ്റ് ആഞ്ഞടിച്ചു എന്നിരിക്കട്ടെ. കൊമ്പുകൾക്ക് ഉലച്ചിൽ തട്ടും. ആ ഉലച്ചിൽ തന്റെ ശരീരത്തെയാകെ ബാധിക്കും. അപ്പോൾ താൻ മറിഞ്ഞുവീഴാൻ ഇടയുണ്ട്. എന്നാൽ, താൻ ഇലകളും കൊമ്പുകളും കൊഴിച്ചുകളഞ്ഞു എന്നിരിക്കട്ടെ. തന്നിൽ കാറ്റു പിടിക്കുകയില്ല!

ഇലവുമരം ആ യുക്തി പ്രായോഗികമാക്കി.

അടുത്ത ദിവസം നിശ്ചയിച്ച സമയത്തിനു കാറ്റു വന്നെത്തി.

കാര്യം മനസ്സിലാക്കിയ കാറ്റു പറഞ്ഞു:

'എടോ, ഇലവുമരമേ, ഞാൻ നിന്നെ ആഞ്ഞടിച്ചുവെന്നിരിക്കട്ടെ, അപ്പോൾ ഞാൻ നിന്റെ ഇലകളും കൊമ്പുകളും അടിച്ചു കൊഴിക്കുമായിരുന്നു. പക്ഷേ, അതിൽ കൂടുതലൊന്നും ചെയ്യുമായിരുന്നില്ല. എനിക്ക് ഒന്നും തന്നെ വേണ്ടിവന്നില്ല. എല്ലാം നീതന്നെ ചെയ്തിരിക്കുന്നു!'

ഇലവുമരം നാണിച്ചുപോയി.

സുശർമ്മ

(ഗീതാമാഹാത്മ്യം: ഒന്നാം അദ്ധ്യായം)

ദുർബുദ്ധിയാണ് സുശർമ്മ എന്നയാൾ. പലേ പാപകർമ്മങ്ങളും അയാൾ ചെയ്തുപോന്നു. ജനിച്ചതു ബ്രാഹ്മണനായിട്ട്. പ്രവൃത്തികളോ, ബ്രാഹ്മണനു യോജിക്കാത്തവയും. കള്ളു കുടിക്കുക, മാംസം തിന്നുക—അങ്ങനെ നിഷിദ്ധമായ എന്തെല്ലാം! അതേസമയം ഹോമമില്ല, ധ്യാനമില്ല, ജപമില്ല. നന്നായില്ലേ?

ഒരിക്കൽ ഒരു കാളസർപ്പം സുശർമ്മയെ കടിച്ചു. അയാൾ തത്ക്ഷണം മരിച്ചുവീണു. ചെന്നതോ, നരകത്തിലും. അവിടെ അനുഭവിച്ച ദുരിതങ്ങൾക്കു

കണക്കില്ല. അതിനുശേഷം വീണ്ടും ജന്മമെടുത്തു. ആ ജന്മത്തിൽ ഒരു കാളയായിരുന്നു.

മുടന്തനായ ഒരു മനുഷ്യനാണു കാളയുടെ ഉടമസ്ഥൻ. അയാളുടെ ഭാര വണ്ടി വലിക്കുകയാണു കാളയുടെ പ്രധാന ജോലി. വളരെ കൂടുതലാണു ജോലിയുടെ കാഠിന്യം.

ഏഴെട്ടു വർഷം അങ്ങനെ കഴിഞ്ഞു.

ഒരു ദിവസം മുടന്തൻ കാളയെക്കൊണ്ടു വളരെ കൂടുതൽ ജോലിയെടു പ്പിച്ചു. അവധാനം സഹിക്കാൻ കാളയ്ക്കു കഴിവില്ലാതെയായി. ആ മൃഗം ബോധംകെട്ടു നിലം പതിച്ചു.

കുറേക്കഴിഞ്ഞ് ബോധം വീണു, ശരിയാണ്. എങ്കിലും അനങ്ങാൻ വയ്യ. അതേനിലയിൽ കിടപ്പാണ്. കണ്ണു തുറിച്ചിരിക്കുന്നു. വായിൽനിന്നു നുരയൊ ഴുകുന്നു. മരണത്തിനും ജീവിതത്തിനും മദ്ധ്യത്തിലുള്ള ദശ!

ചില മനുഷ്യർ കാളയ്ക്കുചുറ്റും വന്നുകൂടി. അവർ പുണ്യം ചെയ്തി രുന്ന മനുഷ്യരാണ്. അവർക്കു കാളയോട് അതിയായ സഹതാപം തോന്നി. അത്ര ദയനീയമായിരുന്നു കാളയുടെ കിടപ്പ്.

അവരുടെയിടയിൽ ഒരു ദാസിയുമുണ്ടായിരുന്നു.

അല്പം കഴിഞ്ഞ് കിടന്നകിടപ്പിൽത്തന്നെ കാള ചത്തുപോയി.

യമകിങ്കരന്മാർ വന്നെത്തി. അവർ കാളയെ എങ്ങോട്ടു കൊണ്ടു പോയി? യമപുരിയിലേക്ക്.

യമനാകട്ടെ, കാളയെ യമപുരിയിൽനിന്നു വിട്ടയച്ചു. ദാസി കൊടുത്തി രുന്നില്ലേ പുണ്യത്തിന്റെ ഒരംശം? അതായിരുന്നു വിട്ടയയ്ക്കാൻ കാരണം.

കാള വീണ്ടും ജന്മമെടുത്തു—ഇപ്രാവശ്യം കാളയായിട്ടല്ല, മനുഷ്യനാ യിട്ട്! അതും ഉത്തമനായ ഒരു ബ്രാഹ്മണനായിട്ട്!

ഒരു പൂർവ്വസ്മരണയുണ്ടായി ആ ബ്രാഹ്മണന്. തന്റെ കഴിഞ്ഞ ജന്മ ത്തിൽ ഒരു ദാസി പുണ്യം നൽകിയിരുന്നു. ആ ദാസി ഇവിടെത്തന്നെ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അദ്ദേഹം ആകാംക്ഷയോടെ ദാസിയെക്കണ്ടു ചോദിച്ചു:

'ഞാൻ കഴിഞ്ഞ ജന്മത്തിൽ കാളയായിരുന്നു. നിങ്ങൾ എനിക്കു കുറെ പുണ്യം തരികയുണ്ടായി. നിങ്ങൾ എങ്ങനെയാണു പുണ്യം നേടിയത്?'

ദാസി ഒരു തത്തയെ ചൂണ്ടിക്കാട്ടി.

വീട്ടിലൊരു തത്തക്കൂടുണ്ട്. അതിനുള്ളിൽ ഒരു തത്തയും.

ദാസി പറഞ്ഞു:

'ഈ തത്ത നിത്യവും എന്തൊക്കെയോ ഉരുവിടാറുണ്ട്. ഞാൻ അതു കേൾക്കാറുമുണ്ട്. അതിൽനിന്നാണ് എനിക്കു പുണ്യം കിട്ടിയത്. പക്ഷേ, തത്ത ഉരുവിടുന്നത് എന്താണ്? അതെനിക്കറിഞ്ഞുകൂടാ.

ബ്രാഹ്മണൻ തത്തയോടു ചോദിച്ചു.

തത്ത ഉത്തരം നൽകി, ആത്മകഥയുടെ രൂപത്തിൽ.

മുമ്പത്തെ ജന്മത്തിൽ തത്ത പക്ഷിയായിരുന്നില്ല, മനുഷ്യനായിരുന്നു. സാധാരണ മനുഷ്യനല്ല, മഹാവിദ്വാൻ. എങ്കിലും ഒരു ദൃഷ്യമുണ്ട്—പാണ്ഡി ത്യത്തിൽ അതിരുകടന്ന അഹങ്കാരം. അദ്ദേഹം പലേ വിദ്വാന്മാരെയും അപഹസിച്ചു. മരിച്ചിട്ടു ജനിച്ചതോ? ഒരു തത്തയായിട്ടും.

ബാല്യത്തിൽതന്നെ തത്ത അച്ഛനമ്മമാരിൽനിന്നു വേർപെട്ടുപോയി. പിന്നിടെന്തുണ്ടായി? ക്ഷീണം വർദ്ധിച്ച് എണീക്കാൻ വയ്യാതെ കിടപ്പായി. കിടന്നതു വെറും നിലത്താണ്. കൊടുംവെയിലിന്റെ ചൂടുമുണ്ട്. അവിടെ കിടന്നു ചാവുമായിരുന്നു—ദൈവഗത്യാ ചില മുനികൾ ആ വഴി വന്നിരുന്നില്ലെങ്കിൽ. അവർ അവശനായ തത്തക്കുഞ്ഞിനെയെടുത്ത് ആശ്രമത്തിലേക്കു കൊണ്ടുപോയി. ഒരു കൂടുണ്ടാക്കി അതിൽ പാർപ്പിച്ചു വളർത്തുകയും ചെയ്തു. കുറെ മുനികുമാരന്മാർ അവിടെ വിദ്യാഭ്യാസം ചെയ്തിരുന്നു. അവർ ദിവസേന ഗീത ഒന്നാം അദ്ധ്യായം ഉരുവിടുന്നുണ്ടായിരുന്നു. കേട്ടുകൊണ്ടിരുന്ന തത്ത അതിനെ ക്രമേണ മനപ്പാഠമാക്കി. ആ പക്ഷിയും അതു നിത്യവും ഉരുവിട്ടുതുടങ്ങി. ഒരിക്കൽ പക്ഷിപിടുത്തക്കാരനുംകൂടിയായ ഒരു കള്ളൻ കയറി. അവൻ മുനിമാർ കാണാതെ തത്തയെ കട്ടുകൊണ്ടുപോയി. പക്ഷിയെ ദാസിക്കു വിൽക്കുകയുംചെയ്തു.

ഗീത ഒന്നാം അദ്ധ്യായം നിയമേന ഉരുവിട്ടുകൊണ്ടിരുന്നല്ലോ. അതിനാൽ എത്രപേരുടെ പാപമാണു നീങ്ങിയതെന്നോ? തത്തയുടെയും ദാസിയുടെയും ബ്രാഹ്മണന്റെയും പാപങ്ങൾ!

ഇത്രയും ദാസി ബ്രാഹ്മണനോടു പറഞ്ഞു.

ഇരുവരും മുടങ്ങാതെ ഒന്നാമദ്ധ്യായം ഉരുവിട്ടുകൊണ്ടിരുന്നു.

ഫലമായി ഇരുവരും മുക്തി നേടി!

ദേവശർമ്മ

(ഗീതാമാഹാത്മ്യം: രണ്ടാം അദ്ധ്യായം)

പുരന്ദരം എന്നു പേരുള്ള പുരം തെക്കൻ ദിക്കിലാണ്. അവിടെ ദേവശർമ്മ എന്നൊരാൾ ജീവിച്ചിരുന്നു. അയാൾ മുടക്കംകൂടാതെ പൂജകളും ഹോമങ്ങളും മറ്റും ചെയ്തുപോന്നു. എന്നിട്ടും മനസ്സിനു സന്തോഷമോ ശാന്തിയോ ലഭിച്ചില്ല. അവ ലഭിക്കാനായി താൻ എന്താണു ചെയ്യേണ്ടത്? അയാൾ പല ദൈവജ്ഞന്മാരെയും കണ്ടു ചോദിച്ചു. പക്ഷേ, അവരാരും ശരിയായ ഉത്തരം നൽകിയില്ല. ഒടുവിൽ അയാൾ ദിവ്യശക്തിയുള്ള ഒരു തപസ്വിയെ കണ്ടെത്തി. തൊഴുകൈയോടെ അഭ്യർത്ഥിച്ചു:

'മഹാത്മൻ, ആത്മശാന്തിക്കായി ഞാൻ എന്താണു ചെയ്യേണ്ടത്? പറഞ്ഞുതന്ന് എന്നെ അനുഗ്രഹിക്കണം!'

തപസ്വി ഉത്തമം നൽകി:

'നിങ്ങൾ പുണ്യപുരത്തു പോകണം. മിത്രവാനെന്ന ആട്ടിടയനെ കാണണം. അവൻ വേണ്ടതൊക്കെ പറഞ്ഞുതരും.'

കാലം കളയാതെ ദേവശർമ്മ പുണ്യപുരത്തെത്തി. മിത്രവാനെ അന്വേഷിച്ചപ്പോൾ ഒന്നറിവായി—ആ ആട്ടിടയൻ തെക്കുഭാഗത്തുള്ള വനത്തിലുണ്ട്. ദേവശർമ്മ അവിടേക്കു ചെന്നു. മിത്രവാൻ നദീതീരത്ത് ഒരു പാറപ്പുറത്ത് ഇരിക്കുകയാണ്. അയാളുടെ കണ്ണുകൾ അടഞ്ഞിരിക്കുന്നു. ധ്യാനത്തിൽ മുഴുകിയിരിക്കയാണ് എന്നു സ്പഷ്ടം. ദേവശർമ്മ ചുറ്റിനും കണ്ണോടിച്ചു.

ജന്മശത്രുക്കളായ ജന്തുക്കൾ സ്നേഹത്തോടെ പെരുമാറുന്നു. ശീതളമായ ഇളംകാറ്റു വീശുന്നു. പ്രകൃതിയാകെ പ്രശാന്തമായിരിക്കുന്നു.

അല്പം കഴിഞ്ഞു മിത്രവാൻ ധ്യാനം പൂർത്തിയാക്കി കണ്ണു തുറന്നു.

ദേവശർമ്മ വിനീതനായി അപേക്ഷിച്ചു:

'ശ്രീമൻ, എനിക്ക് ആത്മജ്ഞാനം ഉപദേശിച്ചു തരണം.'

മിത്രവാൻ ഉപദേശിച്ചത് ഒരു കഥയുടെ രൂപത്തിലായിരുന്നു.

ആ കഥയിലെ ഒരു കഥാപാത്രം മിത്രവാൻതന്നെയാണ്.

ഇതാണ് കഥ:

പ്രതിഷ്ഠാനം എന്നൊരു നഗരം. ദുർദ്ദമൻ എന്ന ഒരാൾ അവിടെ ജീവിച്ചുവന്നു. വിദ്വാന്മാരുടെ കുലത്തിലാണ് ദുർദ്ദമന്റെ ജനനം. എങ്കിലും അതിരുകടന്ന സ്വാർത്ഥം അയാളുടെ ദൃഷ്യമായിരുന്നു. ആ ദുഷ്യം അയാളെക്കൊണ്ട് പലേ ദുഷ്കൃത്യങ്ങളും ചെയ്യിച്ചു. ഫലമായി അയാൾ മരണശേഷം നരകത്തിൽ കിടന്നു. അടുത്ത ജന്മവും ദുർവൃത്തനായ മനുഷ്യനായിട്ടായിരുന്നു. അയാളുടെ ഭാര്യയും ദുർന്നടപ്പുകാരിയാണ്. ഭർത്താവിനെ അവൾക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. അവൾ അയാളെ ഉപേക്ഷിച്ച് ഒരു കാട്ടാളനെ ഭർത്താവാക്കി. കുറേക്കാലം കഴിഞ്ഞ് അവൾ ദുഷ്കർമ്മഫലമായി പിശാചിയായി. കാട്ടാളനെ പിശാചി കൊന്നുതിന്നുകയുംചെയ്തു.

ഇരുവരും അടുത്ത ജന്മമെടുത്തു—കാട്ടാളൻ വ്യാഘ്രമായിട്ട്; അവൾ പെണ്ണാടായിട്ടും. ഏതു വീട്ടിലാണ് പെണ്ണാടു ജനിച്ചതെന്നോ? ആട്ടിടയനായ മിത്രവാന്റെ വീട്ടിൽ!

ഒരിക്കൽ മിത്രവാൻ ആടുകളെ മേയ്ക്കാനായി കാട്ടിലേക്കു പോയി. അവയുടെ കൂട്ടത്തിൽ പെണ്ണാടും ഉൾപ്പെട്ടിരുന്നു. ഒളിച്ചിരുന്ന വ്യാഘ്രം പെണ്ണാടിന്റെ നേർക്കു ചാടി. പെണ്ണാട് പ്രാണഭീതിയെടുത്തു പാഞ്ഞു. വ്യാഘ്രം അവളെ പിടിക്കാനായി പുറകെ ഓടി. അങ്ങനെ പെണ്ണാടും വ്യാഘ്രവും നദിയുടെ കരയിലെത്തി.

ആ സമയം രണ്ടു മൃഗങ്ങളുടെയും പ്രകൃതം അപ്പാടെ മാറി. പെണ്ണാടിന്റെ ഭയം പൂർണ്ണമായും വിട്ടൊഴിഞ്ഞു. വ്യാഘ്രത്തിന്റെ വധചിന്ത നിശ്ശേഷം നീങ്ങുകയുംചെയ്തു.

പെണ്ണാട് പറഞ്ഞു:

'വ്യാഘ്രമേ, നീ എന്നെ പിടിച്ചുതിന്നാൻ വന്നതാണ്. എന്നിട്ടും നീ ഇപ്പോൾ മിണ്ടാതെ നിൽക്കുന്നു. അതെന്തിന്? എന്നെ കൊന്നു തിന്നുകൊള്ളൂ!'

അതു കേട്ട് വ്യാഘ്രം പറഞ്ഞു:

'പെണ്ണാടേ, ഇവിടെ എത്തിയതോടെ എന്റെ ക്രൂരത ഇല്ലാതായി. ഞാൻ ഇനി നിന്നെ കൊല്ലുകയുമില്ല, തിന്നുകയുമില്ല.'

എന്തുകൊണ്ടാണ് പ്രകൃതം മാറിയത്? അറിയാൻ പെണ്ണാടിനും വ്യാഘ്രത്തിനും ആകാംക്ഷയുണ്ടായി. അപ്പോഴേക്കും മിത്രവാൻ അവിടെ എത്തി. പെണ്ണാടും വ്യാഘ്രവും മിത്രവാനോടു ചോദിച്ചു. പക്ഷേ, മിത്രവാന് അറിയാമായിരുന്നില്ല.

ആ വനത്തിൽ ധർമ്മജ്ഞനായ ഒരു വാനരനുണ്ട്. അവൻ വിദ്വാനുമാണ്. മാത്രമല്ല, മിത്രവാന്റെ മിത്രവും. പെണ്ണാടിനെയും വ്യാഘ്രത്തിനെയും

കൊണ്ട് മിത്രവാൻ വാനരന്റെ അടുക്കലേക്കു പോയി. മനഃസ്ഥിതിയുടെ മാറ്റത്തിനുള്ള കാരണം ആരാഞ്ഞു.

വാനരൻ ഒരു സംഭവം വിവരിച്ചു:

സുകർമ്മാവ് എന്നൊരാൾ ഉണ്ടായിരുന്നു. അയാൾ ദിവസേന വനത്തിലെ ശിവക്ഷേത്രത്തിൽ ചെല്ലും. ഭജനയും പൂജയും മുടങ്ങാതെ നടത്തും. എന്നിട്ടും അയാൾക്ക് വിശേഷിച്ച് ഒരനുഭവവും ഉണ്ടായില്ല. ഒരിക്കൽ ഒരു തപോധനൻ അവിടെ ചെല്ലാൻ ഇടയായി. അദ്ദേഹം ഗീതയുടെ രണ്ടാം അദ്ധ്യായം എഴുതിവെച്ചു. എവിടെയെന്നോ? ഒരു പാറയുടെ പുറത്ത്. എന്നിട്ടു പറഞ്ഞു:

'സുകർമ്മാവേ, നിങ്ങൾ ദിവസവും ഇതു വായിക്കണം. നിങ്ങൾക്കു സുകൃതം കിട്ടും.'

തപോധനന്റെ നിർദ്ദേശം സുകർമ്മാവ് സ്വീകരിച്ചു.

അയാൾക്കു സുകൃതം ലഭിക്കയുംചെയ്തു.

തപോധനൻ പാറപ്പുറത്ത് എഴുതിവെച്ചില്ലെ? അത് ഒട്ടും മായാതെ കിടന്നിരുന്നു. പെണ്ണാടിനെയും വ്യാഘ്രത്തെയുംകൊണ്ട് മിത്രവാൻ അവിടേക്കു പോയി, പാറപ്പുറത്ത് എഴുതിയതു വായിച്ചു. മാത്രമല്ല, അതത്രയും ഹൃദിസ്ഥമാക്കി. അക്കാരണത്താൽ മിത്രവാൻ ജ്ഞാനിയായിത്തീർന്നു.

ഇത്രയുമാണ് ആ ആട്ടിടയൻ ദേവശർമയെ കേൾപ്പിച്ച കഥ.

ദേവശർമ പുരന്ദരപുരത്തിലേക്കു മടങ്ങി. ദിവസേന ഗീത രണ്ടാമദ്ധ്യായം വായിച്ചു. അതിന്റെ ഫലമായി മുക്തിയും നേടി.

ജഡൻ

(ഗീതാമാഹാത്മ്യം: മൂന്നാം അദ്ധ്യായം)

ആ ബ്രാഹ്മണൻ കുലാചാരങ്ങൾ കൈവെടിഞ്ഞു. കള്ളുകുടിയും ചൂതാട്ടവും നായാട്ടുമായി നാൾ കഴിച്ചു. ഉള്ള സ്വത്തെല്ലാം നഷ്ടപ്പെടുത്തി. ഒടുവിൽ മോഷണവും തുടങ്ങി.

ജഡൻ എന്നായിരുന്നു അയാളുടെ പേര്.

ഒരിക്കൽ ജഡൻ എന്തൊക്കെ മോഷ്ടിച്ചെന്നോ? യാഗം ചെയ്യുന്ന ചിലരുടെ വസ്തുവകകളും ധനവും. ആ ധനം ഉപയോഗിച്ചു കച്ചവടം നടത്തണം—അതായിരുന്നു അയാളുടെ ഉദ്ദേശ്യം. അതിനായി അയാൾ വടക്കൻ ദിക്കിലേക്കു പോയി. സഞ്ചാരത്തിനിടയിൽ രാത്രിയായി. അയാൾ ഒരു മരത്തിന്റെ ചുവട്ടിൽ ചെന്നിരുന്നു. വല്ല വിധവും രാത്രി കഴിക്കണമല്ലോ. പക്ഷേ, രാത്രി കഴിക്കാൻ അയാൾ ജീവിച്ചിരുന്നില്ല. കുറെ തസ്കരന്മാർ അയാളെ കണ്ടെത്തി. അവർ അയാളുടെ കൈയിലുള്ളതെല്ലാം കയ്ക്കലാക്കി. മാത്രമോ? അയാളെ കൊന്നിട്ട് തങ്ങളുടെ വഴിക്കു പോയി.

അധർമ്മങ്ങൾ അനേകം ചെയ്തില്ലെ ജീവിച്ചിരുന്നപ്പോൾ? അതിനുള്ള ശിക്ഷ ജഡനു മരണശേഷം ലഭിച്ചു. അയാൾ ഒരു പിശാചായിത്തീർന്നു!

അതൊന്നും ജഡന്റെ പുത്രൻ അറിഞ്ഞിട്ടില്ല. ആ യുവാവ് പിതാവിന്റെ തിരിച്ചുവരവിനായി കാത്തിരുന്നു. ഒട്ടേറെ നാൾ കഴിഞ്ഞെങ്കിലും പിതാവ്

വന്നില്ല. പുത്രൻ അന്വേഷിച്ച് ഇറങ്ങിത്തിരിച്ചു. പലരോടും ചോദിച്ചു. പലയിടങ്ങളിലും തിരഞ്ഞു. ഒരു തുമ്പും കിട്ടിയില്ല.

ഒടുവിൽ യുവാവ് പിതാവിന്റെ ഒരു സുഹൃത്തിനെ കണ്ടെത്തി. അയാൾ പറഞ്ഞു ചില വിവരങ്ങൾ മനസ്സിലാക്കി. പിതാവ് കൊല്ലപ്പെട്ടെന്നു മാത്രമല്ല, പിശാചായി കഴിഞ്ഞുകൂടുന്നു. പുത്രൻ അത്യന്തം ദുഃഖിതനായി. ആരു തന്നെ ദുഃഖിതനാവുകയില്ല!

കാശിയിൽ ചെന്നു പിതൃകർമ്മങ്ങൾ നടത്തണം. അതായി പുത്രന്റെ നിശ്ചയം. അയാൾ കാശിയിലേക്കുള്ള യാത്ര ആരംഭിച്ചു. അനേക ദിവസം നീണ്ടുനിൽക്കുന്ന യാത്രയാണ്. ഒരു ദിവസം അയാൾ വഴിയരികിൽ ഒരു മരച്ചുവട്ടിൽ വിശ്രമിച്ചു. തസ്കരന്മാർ കൊന്നപ്പോൾ ജഡൻ ഇരുന്ന അതേ മരച്ചുവട്ടിൽ!

സന്ധ്യയായി.

യുവാവ് സന്ധ്യാവന്ദനം നടത്തി. അതിനു ശേഷം ഒന്നു ചൊല്ലി—ഗീതയുടെ മൂന്നാം അദ്ധ്യായം!

മുകളിൽ ആകാശത്ത് അതിഘോരമായ ഒരു ശബ്ദം. ഭയത്തോടെ യുവാവ് മുകളിലേക്ക് നോക്കി. അപ്പോൾ എന്താണു കണ്ടതെന്നോ? തന്റെ പിതാവ് ഭൂമിയിലേക്കു വീഴുന്നു!

യുവാവിനു ബോധക്ഷയമുണ്ടായി.

അല്പനേരം കഴിഞ്ഞു ബോധം തിരിച്ചുവന്നു. അതാ ഒരു ദിവ്യവിമാനം. അതിൽ ദിവ്യവസ്ത്രം ധരിച്ച ഒരാൾ. മറ്റാരുമല്ല, തന്റെ പിതാവ്!

ജഡൻ പറഞ്ഞു:

'മകനേ, നീ ഗീത മൂന്നാം അദ്ധ്യായം ചൊല്ലിയല്ലോ. ഞാൻ അടുത്തു തന്നെ ഉണ്ടായിരുന്നു. എനിക്കു മോചനം ലഭിച്ചിരിക്കയാണ്. നീ ഇനി കാശിയിലേക്കു പോകണ്ട. അതിന്റെ ഫലം സിദ്ധിച്ചുകഴിഞ്ഞു. വീട്ടിലേക്കു മടങ്ങിക്കൊള്ളൂ.'

'അച്ഛാ, ഞാൻ അച്ഛനുവേണ്ടി ഇനിയും വല്ലതും ചെയ്യേണ്ടതായിട്ടുണ്ടോ?'

'ഉണ്ട്.'

'എന്താണത്?'

'എന്നെപ്പോലെ എന്റെ സഹോദരനും ദുഷ്കൃത്യങ്ങൾ ചെയ്തിരുന്നു. സഹോദരനും നരകത്തിൽ കിടക്കുകയാണ്. മാത്രമല്ല, മറ്റു ചില ബന്ധുക്കളും.'

'അവർക്കുവേണ്ടി ഞാൻ എന്താണു ചെയ്യേണ്ടത്?'

'മകനേ, നീ അവരെ മോചിപ്പിക്കണം.'

'അതെങ്ങനെ?'

'എന്നെ നീ മോചിപ്പിച്ചില്ലേ? അതുപോലെതന്നെ.'

'അച്ഛാ, ഞാൻ ഗീതയുടെ മൂന്നാം അദ്ധ്യായം ചൊല്ലണം, അല്ലേ?'

'അതെ. നീ അപ്രകാരം ചെയ്താൽ അവർക്കു മുക്തി ലഭിക്കും.'

'തീർച്ചയാണോ?'

'തീർച്ചയാണ്.'

'എന്നാൽ, ഞാനതു ചെയ്യാം.'

'ചെയ്യൂ. ഞാൻ നിനക്കു സകല നന്മകളും നേരുന്നു!'

ജഡൻ വിഷ്ണുലോകത്തേക്കു യാത്രയായി.

യുവാവ് സഗൃഹത്തിലേക്കു മടങ്ങി. അയാൾ ഗീത മൂന്നാമദ്ധ്യായം ചൊല്ലി. നിത്യവും ഭക്തിയോടെ ചൊല്ലി. അതിൽനിന്ന് അയാൾക്കു പുണ്യം കിട്ടി. അയാൾ ആ പുണ്യം നരകത്തിൽ കിടക്കുന്നവർക്കു നൽകി.

ചില വിഷ്ണുദൂതന്മാർ യമനെ ചെന്നുകണ്ടു. ഭഗവാന്റെ സന്ദേശം കൊണ്ടുവന്നതാണ് വിഷ്ണുദൂതന്മാർ. നരകത്തിൽ കിടക്കുന്നില്ലെ ജഡന്റെ ബന്ധുക്കൾ? അവരെ വിട്ടയയ്ക്കണം എന്നതാണു സന്ദേശം.

യമൻ വിഷ്ണുഗേവാന്റെ സന്ദേശം അനുസരിച്ചു.

നരകത്തിൽ കിടന്നവർ നരകം വിട്ടു യാത്രയായി.

അപ്പോൾ ജഡന്റെ പുത്രനോ? ആ യുവാവ് തന്റെ പുണ്യത്താൽ മറ്റുള്ളവരെ ഉദ്ധരിച്ചു. അത് ഏറ്റവും വലിയ പുണ്യമാണുതാനും. അതിന്റെ സദ്ഫലം അയാൾക്കു കിട്ടി.

അയാളും വിഷ്ണുലോകം പ്രാപിച്ചു!

ഭരതയോഗി

(ഗീതാമാഹാത്മ്യം: നാലാം അദ്ധ്യായം)

കാശിയിലെ വിശ്വനാഥക്ഷേത്രം. ഒരു യോഗി ദിവസവും അവിടെ ചെന്നിരിക്കും. ഭക്തിപൂർവ്വം ഗീതയുടെ നാലാം അദ്ധ്യായം ഉരുവിടും. ഭരതൻ എന്നാണ് ആ യോഗിയുടെ പേര്. ഗീത ഉരുവിടുന്നതു കാരണം അദ്ദേഹം പരിശുദ്ധനായി.

നഗരത്തിനു പുറത്തായി ഒരു ഉദ്യാനമുണ്ട്. ഒരിക്കൽ ഭരതയോഗി ആ ഉദ്യാനത്തിലേക്കു പോയി. അവിടെ ചില ദേവതമാരുടെ പ്രതിഷ്ഠകളുണ്ട്. ഭരതയോഗി പ്രതിഷ്ഠകളെ വന്ദിച്ചശേഷം ഒരിടത്തു ചെന്നിരുന്നു. രണ്ട് മരങ്ങൾ അടുത്തടുത്തായി നില്പുണ്ട്. ബദരീവൃക്ഷങ്ങളാണ് രണ്ടും—അതായത്, ലന്തമരങ്ങൾ. അദ്ദേഹം ഒരു മരത്തിൽ ചാരി ഇരിപ്പായി. മറ്റെ മരത്തിൽ കാലുവെച്ചു. അങ്ങനെ കുറെ നേരം വിശ്രമിച്ചു. അതിനുശേഷം നഗരത്തിലേക്കു മടങ്ങി.

അഞ്ചാറു ദിവസം കഴിഞ്ഞു. ലന്തമരങ്ങളുടെ മട്ടുമാറി. അവയുടെ ഇലകളും കൊമ്പുകളും ഉണങ്ങി. മരങ്ങൾ രണ്ടും പട്ടുപോയി എന്നു പറഞ്ഞാൽ കഴിഞ്ഞു.

പിന്നീടു രണ്ടു മരങ്ങളും ജന്മമെടുത്തു. അതോ ഒരു ബ്രാഹ്മണകുടുംബത്തിൽ പെൺകുട്ടികളായിട്ടും.

അവർക്ക് ഏഴു വയസ്സായി.

ഭരതയോഗി അവരുടെ നാട്ടിൽ ചെല്ലാൻ സംഗതിയായി. മറ്റുള്ളവരുടെ കൂട്ടത്തിൽ പെൺകുട്ടികൾ അദ്ദേഹത്തെ ചെന്നുകണ്ടു. നമസ്കരിച്ചിട്ടു പറഞ്ഞു:

'മഹാത്മൻ, അവിടുന്നുകാരണം ഞങ്ങൾക്കു വൃക്ഷരൂപം വിട്ടുമാറി. സ്ത്രീരൂപം ലഭിക്കുകയും ചെയ്തു.'

ഭരതയോഗിക്ക് അത്ഭുതം തോന്നി.

'എനിക്കൊന്നും മനസ്സിലാകുന്നില്ല. എന്താണു സംഭവിച്ചത്? ശരിക്കു പറയണം.'

പെൺകുട്ടികൾക്കു പൂർവ്വജന്മങ്ങളുടെ സ്മരണ ഉണ്ടായിരുന്നു.

അവർ ആ ജന്മങ്ങളിലെ സംഭവങ്ങൾ അറിയിച്ചു.

ക്ഷിന്നപാപം എന്നൊരു തീർത്ഥമുണ്ട്. ആ തീർത്ഥത്തിന്റെ തീരത്ത് ഒരു താപസൻ താമസിച്ചിരുന്നു. സത്യതപസ്സ് എന്നാണ് താപസന്റെ പേര്. അദ്ദേഹത്തിന്റെ തപസ്സ് വിഘ്നപ്പെടുത്തണം—അതായി ദേവേന്ദ്രന്റെ ആഗ്രഹം. ദേവേന്ദ്രൻ പല പണികളും നോക്കി. ഒന്നും ഫലപ്പെട്ടില്ല. ഒടുവിൽ രണ്ട് അപ്സരസ്സുകളെ നിയോഗിച്ചു. അപ്സരസ്സുകൾ സത്യതപസ്സിന്റെ മുമ്പിലെത്തി. അവർ അറിയാവുന്ന അടവെല്ലാം പ്രയോഗിച്ചു. അവയൊന്നും വിലപ്പോയില്ല. പോരെങ്കിൽ സത്യതപസ്സ് ശാപമേകി:

'നിങ്ങൾ ലന്തമരങ്ങളായി നിൽക്കുവിൻ. ഭരതയോഗിയെ കാണുമ്പോൾ നിങ്ങൾക്കു പഴയ രൂപം കിട്ടും!'

ഇതാണ് പെൺകുട്ടികൾ ഭരതയോഗിയെ അറിയിച്ചത്.

എല്ലാം നാലാം അദ്ധ്യായത്തിന്റെ മാഹാത്മ്യം കാരണം!

പിംഗളൻ

(ഗീതാമാഹാത്മ്യം: അഞ്ചാം അദ്ധ്യായം)

മിദ്രം എന്ന രാജ്യത്തിൽ പുരുകുത്സം എന്ന പുരിയുണ്ട്. അവിടെ വേദാധികാരിയുടെ ഒരു കുടുംബവുമുണ്ട്. വിശ്രുതമായ കുടുംബമാണ്. അതിൽ ജനിച്ച ആളാണ് പിംഗളൻ. അതുകൊണ്ടെന്ത്? അയാൾക്കു വേദങ്ങളും വേണ്ട, ശാസ്ത്രങ്ങളും വേണ്ട. ആട്ടത്തിലും പാട്ടിലും മറ്റുമാണ് താത്പര്യം. പോരെങ്കിൽ സകല ദുർമാർഗ്ഗങ്ങളും ശീലിച്ചിരുന്നു. അതിരു കടന്ന ഗർവം ഒരു ദൃഷ്യം. ഏഷണി കൂട്ടുക മറ്റൊരു ദൃഷ്യം. അങ്ങനെ വളരെയേറെ ദൃഷ്യങ്ങൾ.

അരുണ എന്നാണ് പിംഗളന്റെ ഭാര്യയുടെ പേര്. ഹീന, നീച, ദുഷ്ട—ആ വർണ്ണനകളെല്ലാം അരുണയ്ക്ക് ചേരും. അവൾക്കില്ലാത്ത ദുർന്നടപടികൾ ചുരുക്കമാണ്. അവൾക്കു ഭർത്താവിനോടു കഠിനമായ വിരോധമുണ്ടായിരുന്നു. ഒരിക്കൽ അവളൊരു കടുംകൈ പ്രവർത്തിച്ചു. ഭർത്താവ് ഉറങ്ങിക്കിടക്കുമ്പോഴാണ്. അവൾ അയാളെ വെട്ടിക്കൊന്നു കുഴിച്ചുമൂടി.

അധികം നാൾ കഴിഞ്ഞില്ല. അരുണയ്ക്ക് ഒരു തീരാവ്യാധിയുണ്ടായി. ഫലമായി അവൾ മരിച്ചു.

പിംഗളനും ഭാര്യയ്ക്കും പാപഫലങ്ങൾ ലഭിക്കതന്നെ ചെയ്തു. അവൾ മരണശേഷം നരകവേദന അനുഭവിച്ചു. അതിനുശേഷം വീണ്ടും ജന്മമെടുത്തു—പിംഗളൻ ഒരു കഴുകനായിട്ട്, അരുണ ഒരു പെൺതത്തയായിട്ട്; അതോ ഒരേ കാട്ടിലും!

ഒരിക്കൽ കഴുകൻ പെൺതത്തയെ പിടിക്കാനടുത്തു. ജീവരക്ഷയ്ക്കായി പെൺതത്ത അങ്ങുമിങ്ങും പറന്നു എങ്കിലും ഒടുവിൽ കഴുകൻ അവളെ പിടികൂടി. കൊക്കും നഖവുംകൊണ്ടു കീറിപ്പിളർന്നു. അവൾ നിലം പതിച്ചു. അതോടെ ജീവനുംപോയി.

എവിടെയാണ് അവൾ വീണത്? ഒരു മനുഷ്യന്റെ തലയോടിൽ. മഴ വെള്ളം തലയോടിൽ നിറഞ്ഞുനിന്നു.

അപ്പോഴേക്കും കഴുകനും അപായമുണ്ടായി. ഒരു കാട്ടാളന്റെ അമ്പ് അവന്റെ ശരീരത്തിൽ കുത്തിക്കയറി. അവനും വീണു മരിച്ചു—അതേ തലയോടിൽ!

ഉടൻതന്നെ യമദൂതന്മാർ വന്നെത്തി. അവർ ഇരുവരെയും യമന്റെ സമക്ഷത്തിൽ ഹാജരാക്കി. യമൻ അവർക്കു ശിക്ഷകൾ നൽകിയില്ല. പകരം ഒരു അനുമതി നൽകി. ഇഷ്ടമുള്ള ലോകങ്ങളിലേക്കു പോകാം.

കഴുകനും പെൺതത്തയ്ക്കും ആശ്ചര്യം തോന്നി.

അവർ തൊഴുകൈയോടെ യമനോടു പറഞ്ഞു:

'ദേവാ, ഞങ്ങൾ തിന്മകൾ മാത്രമേ ചെയ്തിട്ടുള്ളു. ആ സ്ഥിതിക്കു ശിക്ഷിക്കാത്തതിന് എന്താണു കാരണം? പറയാൻ ദയവുണ്ടാകണം.'

ഒരു കഥയുടെ രൂപത്തിൽ ആയിരുന്നു യമന്റെ മറുപടി.

ഗംഗയുടെ തീരത്തൊരിടത്ത് ഒരു മഹാത്മാവ് പാർത്തിരുന്നു. വടു എന്നാണ് ആ മഹാത്മാവിന്റെ പേര്. തനിച്ചാണ് അദ്ദേഹം പാർത്തിരുന്നത്. അദ്ദേഹത്തിന് ഒരു പതിവുണ്ടായിരുന്നു. നിത്യവും ഗീതയുടെ അഞ്ചാം അദ്ധ്യായം ചൊല്ലുക. ഒരിക്കലും ആ പതിവിനു മുടക്കം വരുത്തിയിട്ടുമില്ല. അക്കാരണത്താൽ അദ്ദേഹം വളരെ പുണ്യം നേടിയിരുന്നു. ഒരിക്കൽ അദ്ദേഹം മൃതനായി. ആത്മാവ് മോക്ഷം നേടി. ദേഹം നിലത്തു കിടന്നു. കാലം കഴിഞ്ഞുകൊണ്ടിരുന്നു. തലയോടു മാത്രമായി. അതിൽ മഴവെള്ളം നിറഞ്ഞു. കഴുകനും പെൺതത്തയും വീണത് ആ തലയോട്ടിലാണ്. അതിനാൽ അവർക്ക് സദ്ഗതിയുണ്ടായി!

യമൻ പറഞ്ഞു നിർത്തി:

'അതുകൊണ്ടാണ് നിങ്ങളെ ഞാൻ ശിക്ഷിക്കാത്തത്. ഇഷ്ടമുള്ള ലോകത്തേക്കു പോകാൻ അനുമതി തന്നത്.

കഴുകൻ മുജ്ജന്മത്തിൽ പിംഗളനായിരുന്നല്ലോ. പെൺതത്ത അരുണയും.

വിഷ്ണുലോകം ആയിരുന്നു ഇരുവർക്കും ഇഷ്ടപ്പെട്ട ലോകം.

അവർ ആ ലോകത്തേക്കു പോയി.

ജാനശ്രുതി

(ഗീതാമാഹാത്മ്യം: ആറാം അദ്ധ്യായം)

ധർമ്മിഷ്ഠരുടെ മുന്നണിയിലാണ് ജാനശ്രുതി എന്ന രാജാവ് വർത്തിച്ചിരുന്നത്. ദേവന്മാർക്ക് അദ്ദേഹത്തോട് അതിയായ സന്തോഷം തോന്നി. അദ്ദേഹത്തിനു വരങ്ങൾ നൽകണം എന്നായി. അവരുടെ നിശ്ചയം. അതിനായി അവർ അദ്ദേഹത്തിന്റെ രാജധാനിയിലേക്കു യാത്രയായി. ഹംസങ്ങളുടെ രൂപങ്ങൾ ധരിച്ചിരുന്നു ദേവന്മാർ. പോയത് ആകാശത്തിലൂടെയും.

അവർ രാജധാനിയുടെ അടുത്തെത്തി.

രണ്ടുമൂന്നുപേർ വളരെ മുമ്പിലാണ്. ഏറ്റവും വേഗത്തിലാണ് അവർ പറക്കുന്നത്. മറ്റുള്ളവർ നന്നേ പിറകിലായിരിക്കുന്നു.

അവരിൽ ചിലർ വിളിച്ചുപറഞ്ഞു:

'നിങ്ങൾ അത്ര വേഗത്തിൽ പറക്കേണ്ട. ജാനശ്രുതിക്കു മാഹാത്മ്യം ധാരാളമുണ്ട്. ആ മാഹാത്മ്യത്തെ നാം വേണ്ടതുപോലെ ആദരിക്കണം.

മുമ്പേ പോകുന്ന ദേവന്മാർക്ക് അതത്ര സ്വീകാര്യമായില്ല.

അവർ പറഞ്ഞു:

'ഓ, ജാനശ്രുതിയുടെ മാഹാത്മ്യം രൈക്വന്റെ മാഹാത്മ്യത്തിനു മുമ്പിൽ എത്ര തുച്ഛം!'

രാജാവിനോട് അല്പം പുച്ഛം കലർന്നിരുന്നു അവരുടെ സ്വരത്തിൽ.

ആ സംഭാഷണം ജാനശ്രുതി കേൾക്കാനിടയായി. അദ്ദേഹം ഉയർന്ന മാളികയിൽ ഇരിക്കുകയായിരുന്നു. അപ്പോഴാണ് ആ വഴിയെ അരയന്നങ്ങൾ പറന്നുപോയത്.

എന്നാലിനി ഈ രൈക്വനെ ഒന്നു കാണണം—അതായി രാജാവിന്റെ ആഗ്രഹം. അദ്ദേഹം സാരഥിക്ക് ഒരാജ്ഞ നൽകി—തേരു കൊണ്ടുപോയി രൈക്വനെ കൂട്ടിക്കൊണ്ടു വരണം. സാരഥി തേരുമായി രാജധാനി വിട്ടിറങ്ങി.

അയാൾ പലേ രാജ്യങ്ങളിലും പര്യടനം നടത്തി. എല്ലായിടങ്ങളിലും രൈക്വനെ അന്വേഷിച്ചു. ഒരിടത്തും ആ മഹാത്മാവിനെ കണ്ടുകിട്ടിയില്ല. അയാൾ ഭഗ്നാശനായി സഞ്ചാരം തുടർന്നു. അങ്ങനെ കാശ്മീരത്തിൽ എത്തിച്ചേർന്നു.

ഒരിടത്ത് ഒരു ശിവക്ഷേത്രം സ്ഥിതി ചെയ്യുന്നു. അതിന്റെ നടയിൽ ഒരു വണ്ടി കിടപ്പുണ്ട്. വണ്ടിയുടെ തണലിൽ ഒരാൾ ഇരിക്കുന്നു. കണ്ടാൽ വെറും പ്രാകൃതനെന്നു തോന്നും.

ആ ആൾ രൈക്വൻ ആയിരുന്നു.

മഹാത്മാക്കളെ തിരിച്ചറിയാൻ കഴിയാത്തവരാണു പലരും. പ്രാകൃതർ എന്നു പറഞ്ഞ് അവരെ പുച്ഛിച്ചുതള്ളും. എന്നാൽ, പൂറംമോടി അല്ലല്ലോ മാഹാത്മ്യത്തിന്റെ ലക്ഷണം. സാരഥിയാകട്ടെ, രൈക്വനെ തിരിച്ചറിഞ്ഞു. അയാൾ അദ്ദേഹത്തെ വണങ്ങിയിട്ടു പറഞ്ഞു:

'മഹാത്മൻ, അവിടുന്ന് എന്തിനാണ് ഇവിടെ ഇരിക്കുന്നത്? വരിക. ഞാൻ തേരു കൊണ്ടുവന്നിട്ടുണ്ട്. നമുക്ക് പോകാം.'

പക്ഷേ, രൈക്വൻ ഇരുന്നിടത്തുനിന്ന് ഇളകിയില്ല. അദ്ദേഹം വരികയില്ലെന്ന് സാരഥിക്ക് തീർച്ചയായി. അയാൾ മടങ്ങിച്ചെന്ന് രാജാവിനെ വിവരം ധരിപ്പിച്ചു.

എന്നാൽ, താൻ പോവുകതന്നെയെന്ന് ജാനശ്രുതി നിശ്ചയിച്ചു. അദ്ദേഹം അടിയന്തിരമായി ചില കല്പനകൾ നൽകി. ഭൃത്യന്മാർ രണ്ടു കഴുതകളെ പൂട്ടിയ വണ്ടി കൊണ്ടുവന്നു. അതിൽ ആഭരണങ്ങളും പട്ടുവസ്ത്രങ്ങളും ധനവും നിറച്ചു. ആയിരം പശുക്കളെ വരുത്തി. രാജാവ് അവയെല്ലാം കാശ്മീരത്തിലേക്കു കൊണ്ടുപോയി. നേരെ രൈക്വനെ ചെന്നു കണ്ടു. അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു.

രൈക്വൻ കോപത്തോടെ പറഞ്ഞു:

'എനിക്കു യാതൊന്നും ആവശ്യമില്ല. എല്ലാം കൊണ്ടു മടങ്ങിപ്പോകൂ!'

ജാനശ്രുതി അനുസരിച്ചില്ല.

അദ്ദേഹം വിനയത്തോടെ പറഞ്ഞു:

'മഹാത്മൻ, അങ്ങേക്ക് ഇത്രയധികം മാഹാത്മ്യം എങ്ങനെയുണ്ടായി? അറിയിക്കാൻ ദയവുണ്ടാകണം!'

അതു കേട്ട് രൈക്വൻ ശാന്തനായി:

'രാജൻ ഞാൻ പതിവായി ഗീത ആറാം അദ്ധ്യായം ഉരുവിട്ടുവരുന്നു. അതാണു കാരണം.'

ജാനശ്രുതി രൈക്വനിൽനിന്ന് ആ അദ്ധ്യായം അഭ്യസിച്ചു. രാജധാനിയിൽ തിരിച്ചെത്തി. എല്ലാ ദിവസവും അഭ്യസിച്ചത് ഉരുവിട്ടു. ഫലമായി സദ്ഗതി നേടി.

ശംകുകർണൻ

(ഗീതാമാഹാത്മ്യം: ഏഴാം അദ്ധ്യായം)

പാടലീപുത്രത്തിൽ ശംകുകർണൻ എന്നൊരാൾ ജീവിച്ചിരുന്നു. ജന്മനാ ശംകുകർണ്ണൻ ബ്രാഹ്മണനാണ്. എങ്കിലും സ്വീകരിച്ചതു വൈശ്യവൃത്തിയാണ്. വേണ്ടതിലധികം ധനം സമ്പാദിച്ചു. അതേസമയം ദുർന്നടപടികളും ശീലിച്ചു.

ഒരു രാത്രി അയാൾ മറ്റൊരു ഗൃഹത്തിലേക്കു പോയി. അവിടെവെച്ച് അയാളെ ഒരു സർപ്പം കൊത്തി. മരുന്നും മന്ത്രവുമൊന്നും ഫലിച്ചില്ല. അയാൾ താമസിയാതെ ഊർദ്ധശ്വാസം വലിച്ചു.

ഒന്നിൽ മാത്രമായിരുന്നു മനസ്സ്, ഊർദ്ധശ്വാസംവലിക്കും മുമ്പ്—ആരു മറിയാതെ ഒരിടത്തു കുഴിച്ചുവെച്ചിട്ടുള്ള ധനത്തിൽ. തന്റെ ഗൃഹത്തിന്റെ പറമ്പിൽ ഒരിടത്താണ്. എവിടെയെന്നു തനിക്കു മാത്രമേ അറിഞ്ഞുകൂടു. അതിനെക്കുറിച്ചു ചിന്തിച്ചു ജീവനും പോയി.

അയാളുടെ അടുത്ത ജന്മം സർപ്പമായിട്ടായിരുന്നു. ആ സർപ്പം ജനിച്ചതും ജീവിച്ചതും മറ്റൊരിടത്തുമല്ല. പിന്നെയോ, അതേ ഗൃഹത്തിന്റെ പറമ്പിൽ!

മനുഷ്യനായിരുന്നപ്പോൾ അയാൾക്കു മൂന്നു പുത്രന്മാർ ഉണ്ടായിരുന്നു. ഒരു മാത്രിയിൽ മൂന്നുപേരും സ്വപ്നം കണ്ടു. മൂന്നും ഒരേ സ്വപ്നംതന്നെ. അച്ഛൻ സർപ്പമായി ഈ പറമ്പിൽ ജീവിച്ചുവരുന്നു; മരിക്കും മുമ്പു ധാരാളം ധനം ഒരിടത്തു കുഴിച്ചുവച്ചിരുന്നു—അതായിരുന്നു അവരുടെ സ്വപ്നം. രാവിലെ അവർ സ്വപ്നത്തെക്കുറിച്ചു തമ്മിൽ സംസാരിച്ചു. സ്വപ്നം ശരിയായിരിക്കണം!

മൂത്തമകനും ഇളയമകനും സങ്കടം തോന്നി. അച്ഛൻ സർപ്പമായി കഴിയുന്നതു കഷ്ടംതന്നെ! രണ്ടാമത്തെ മകനു തോന്നിയതു സങ്കടമല്ല, ഒരാഗ്രഹമാണ്. ധനമത്രയും കൈക്കലാക്കണം! സഹോദരന്മാരെ വഞ്ചിച്ചാലേ അതു സാധിക്കൂ. അവൻ അവരറിയാതെ സർപ്പത്തിന്റെ മാളം കണ്ടുപിടിച്ചു. എന്നിട്ടു മായ്ക്കുരാമാനം ഭാര്യയെ സഹായത്തിനു കൂട്ടി. പാരയുമെടുത്തു പറമ്പിലിറങ്ങി. മാളത്തിന്റെ അടുക്കലേക്കു ചെന്നു. സർപ്പത്തിനെ

കൊല്ലുക എന്നതായിരുന്നു അവന്റെ ഉദ്ദേശ്യം. മാളത്തിനുള്ളിൽ ധനം കാണും. അതായിരുന്നു അവന്റെ അനുമാനം.

മാളത്തിൽ ചൂരുണ്ടുകൂടി കിടക്കുകയായിരുന്നു സർപ്പം. മുകളിൽ ചില ശബ്ദങ്ങളും ഇളക്കങ്ങളും! ഏതോ മനുഷ്യർ പാരകൊണ്ടു കുഴിക്കുകയാണോ? അതെ! ആദ്യമൊക്കെ സർപ്പം ഒന്നും ചെയ്തില്ല. താമസിയാതെ ഒന്നു തീർച്ചയായി—മാളമാകെ തകർന്നുപോകും. രണ്ടും കൽപ്പിച്ചു സർപ്പം ചീറിക്കൊണ്ടു പുറത്തു ചാടി:

'ഹേ മനുഷ്യാ, നിങ്ങൾ എന്തിന് ഇവിടം കുഴിക്കുന്നു?'

'ഹേ സർപ്പം, മാളത്തിനുള്ളിൽ ധനമുണ്ട്. അതെടുക്കാൻവേണ്ടി ഞാൻ കുഴിക്കുകയാണ്.'

'ആരാണു നിങ്ങൾ?'

'അങ്ങയുടെ രണ്ടാമത്തെ മകൻ.'

'നീ എങ്ങനെ ധനത്തെക്കുറിച്ച് അറിഞ്ഞു?'

'ഞാൻ രാത്രിയിൽ സ്വപ്നം കണ്ടു.'

'ശരി. സർപ്പമായ ഞാൻ കഴിഞ്ഞ ജന്മം ചില ദുഷ്കൃത്യങ്ങൾ ചെയ്തു. അവയുടെ ഫലമായി ഈ ജന്മം സർപ്പമായി. പാപമോചനത്തിനു നീ സഹായിക്കണം.'

'എങ്ങനെ സഹായിക്കും?'

'ദാനവും തപവും യജ്ഞവും മറ്റും എനിക്കു മോചനം നേടിത്തരികയില്ല.'

'പിന്നെ ഏതു മോചനം നേടിത്തരും?'

'ഗീതയിലെ ഒരദ്ധ്യായം വായിക്കണം.'

'ഏത് അദ്ധ്യായം?'

'ഏഴാം അദ്ധ്യായം. വായിക്കാൻ ഉത്തമന്മാരായ പുരോഹിതന്മാരെ വരുത്തണം. അവർക്കു വേണ്ടതുപോലെ ഭക്ഷണവും നൽകണം.'

'അങ്ങനെയാകാം.'

രണ്ടാമത്തെ മകന്റെ മനസ്സു മാറിപ്പോയിരുന്നു. അയാൾ ഗൃഹത്തിൽ കയറി. സഹോദരന്മാരോടു വിവരം പറഞ്ഞു.

അച്ഛന്റെ ആഗ്രഹം സാധിപ്പിക്കണം. അതായി മൂന്നുപേരുടെയും നിശ്ചയം.

അവർ പുരോഹിതന്മാരെ ക്ഷണിച്ചുവരുത്തി. അവരെക്കൊണ്ട് ഏഴാമദ്ധ്യായം വിധിപ്രകാരം വായിപ്പിച്ചു. അതിനുശേഷം വിഭവങ്ങൾ നിറഞ്ഞ ഭക്ഷണം നൽകി. മാത്രമല്ല, ദാനങ്ങളും.

സർപ്പം സർപ്പരൂപം വെടിഞ്ഞു ദിവ്യശരീരം സ്വീകരിച്ചു. എന്നിട്ടു കുഴിച്ചുവെച്ചിരുന്ന ധനം പുറത്തെടുത്തു. അതത്രയും മൂന്നു പുത്രന്മാർക്കുമായി വീതിച്ചുനൽകി. അതിനുശേഷം ദിവ്യലോകത്തേക്കു യാത്രയായി.

പുത്രന്മാർ പുണ്യകൃത്യങ്ങൾ അനേകം ചെയ്തു. കുളവും കിണറും കുഴിപ്പിക്കുക, അമ്പലങ്ങൾ നിർമ്മിക്കുക, പൂജകൾ നടത്തുക—അമ്മാതിരിയുള്ള അനേകം പുണ്യകൃത്യങ്ങൾ.

അവർ നിത്യവും മുടങ്ങാതെ മറ്റൊന്നും ചെയ്തുകൊണ്ടിരുന്നു—ഗീതാ ഏഴാമദ്ധ്യായം വായിക്കുക!

ഭാവശർമ

(ഗീതാമാഹാത്മ്യം: എട്ടാം അദ്ധ്യായം)

തെക്കൻദിക്കിൽ ആമർദ്ദകം എന്നൊരു നഗരമുണ്ട്. അവിടെ ഭാവശർമ എന്നയാൾ ജീവിച്ചിരുന്നു. അയാൾ ദുഷ്ടനും ദുർമാർഗിയുമായിരുന്നു. മോഷ്ടിക്കുക, കള്ളുകുടിക്കുക, വേട്ടയാടുക—അതൊക്കെ സാധാരണയായി ചെയ്തുവന്നു. ക്രമേണ കള്ളുകുടി ക്രമത്തിലധികമായി. അക്കാരണത്താൽ അയാൾക്ക് ഒരു തീരാവ്യാധി ഉണ്ടായി. ആ തീരാവ്യാധി അയാളുടെ ജീവൻ കവർന്നെടുത്തു.

പിന്നീട് അയാൾ ജനിച്ചത് എന്തായിട്ടായിരുന്നു? പക്ഷിയായിട്ടല്ല, മൃഗമായിട്ടല്ല, ഇഴജന്തുവായിട്ടല്ല. പിന്നെയോ, ഒരു കരിമ്പനയായിട്ട്!

ഒരിക്കൽ കരിമ്പനയുടെ ചുവട്ടിൽ രണ്ടുപേർ വന്നെത്തി. ഭാര്യയും ഭർത്താവുമാണ് അവർ. മനുഷ്യരല്ല, ബ്രഹ്മരക്ഷസ്സുകൾ!

എന്തായിരുന്നു അവരുടെ പൂർവജന്മം?

ദമ്പതികൾ ആയിരുന്നു കുശീബലനും കുമതിയും. ആദ്യകാലത്ത് കുശീബലൻ ധർമ്മിഷ്ഠനായിരുന്നു. പക്ഷേ, മറിച്ചായിരുന്നു കുമതി. അവളുടെ സംസർഗം ഭർത്താവിനെയും ചീത്തയാക്കി. അയാൾ ദുർമര്യാദങ്ങൾ പ്രവർത്തിച്ചുതുടങ്ങി. ഓടിനടന്നു ദാനങ്ങൾ ചോദിച്ചു വാങ്ങും. ഒരൊറ്റ കാശ് ദാനം കൊടുക്കുകയുമില്ല. അതുപോലെ മറ്റനേകം തെറ്റുകളും അയാൾ ചെയ്തു. അയാളെക്കാൾ കൂടുതൽ തെറ്റുകൾ ചെയ്തു കുമതി.

മരണശേഷം ദമ്പതികൾ ബ്രഹ്മരക്ഷസ്സുകളായി.

അവർ ലക്ഷ്യമില്ലാതെ അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞു.

യാദൃച്ഛികമായി അവർ അവിടെ ചെന്നെത്തി. അതായത്, കഴിഞ്ഞ ജന്മം ഭാവശർമയായിരുന്ന കരിമ്പനയുടെ ചുവട്ടിൽ!

ദമ്പതികൾ സംസാരിച്ചുകൊണ്ടിരുന്നു.

അതിനിടയിൽ ഭാര്യ ഭർത്താവിനോടു ചോദിച്ചു:

'എങ്ങനെയാണ് നമ്മുടെ ദുഃഖത്തിനു പരിഹാരം ഉണ്ടാവുക? നമ്മുടെ ഇപ്പോഴത്തെ ഭയങ്കരരൂപം എന്നു മാറിക്കിട്ടും?'

ഭർത്താവ് ഉത്തരം നൽകി:

'ബ്രഹ്മം, അദ്ധ്യാത്മം, കർമം ഇവയെക്കുറിച്ച് നമുക്ക് യാതൊരു ജ്ഞാനവുമില്ല. ആ സ്ഥിതിക്കു നമുക്കു മോചനം ലഭിക്കുമോ? എനിക്ക് അറിഞ്ഞുകൂടാ.'

അപ്പോൾ ഭാര്യ ഒരു ശ്ലോകത്തിന്റെ പകുതി ഉദ്ധരിച്ചു:

'കിം തൽ ബ്രഹ്മ കിമദ്ധ്യാത്മം
കിം കർമ പുരുഷോത്തമ!'

ഭഗവദ്ഗീതയിലെ എട്ടാം അദ്ധ്യായത്തിലെ ഒരു ശ്ലോകത്തിന്റെ പകുതിയാണത്.

അത്രയും ഉച്ചരിച്ചു തീർന്നതേയുള്ളൂ—രണ്ടു മഹാത്ഭുതങ്ങൾ ഉണ്ടായി.

ഒന്ന്, ദിവ്യവിമാനങ്ങൾ വന്നു ബ്രഹ്മരക്ഷസ്സുകളെ കൊണ്ടുപോയി.

രണ്ട്, കരിമ്പനയ്ക്കു മുജ്ജന്മത്തിലെ ഭാവശർമയുടെ രൂപം കൈവന്നു.

അപ്പോൾ കേട്ടില്ലേ ശ്ലോകത്തിന്റെ പകുതി? ഭാവശർമ അത് എഴുതിയെടുത്തു. നേരെ കാശിയിലേക്കു ചെന്നു. മഹാവിഷ്ണുവിനെ തപസ്സും തുടങ്ങി. ഇടയ്ക്കിടയ്ക്കു ശ്ലോകാർദ്ധം ചൊല്ലുന്നുമുണ്ടായിരുന്നു. മഹാവിഷ്ണു പ്രസാദിച്ച് അയാൾക്കു മോക്ഷം നൽകി.

മാധവദ്വിജൻ

(ഗീതാമാഹാത്മ്യം: ഒമ്പതാം അദ്ധ്യായം)

മാഹിഷ്മതിയിൽ ആയിരുന്നു മാധവദ്വിജന്റെ ഗൃഹം. വിദ്യയും വിത്തവും അനല്പമായി ഉണ്ടായിരുന്നു അദ്ദേഹത്തിന്. ഒരിക്കൽ അദ്ദേഹം ഗംഭീരമായ ഒരു യാഗം ചെയ്യാൻ ഒരുക്കമായി. നിരവധി ജനങ്ങൾ യാഗം കാണാൻ വന്നു. ഒരു ബലിയാടിനെ തയ്യാറാക്കി നിർത്തിയിരുന്നു. അതിനെ ബലികഴിക്കാനുള്ള സമയവുമായി.

പെട്ടെന്നൊരു പൊട്ടിച്ചിരി!

ചിരിച്ചതു മനുഷ്യരിൽ ആരുമല്ല, ബലിയാടായിരുന്നു.

ബലിയാടു സംസാരിക്കുകയും ചെയ്തു:

'മാധവദ്വിജാ, എത്ര ഗംഭീര യാഗങ്ങൾ ചെയ്താലും ശരി—ഒരിക്കൽ തീർച്ചയായും യാഗഫലം നശിക്കും. യാഗം നടത്തുന്ന ആൾക്കായാലും മരണം സംഭവിക്കാതിരിക്കില്ല. എന്റെ അനുഭവം ഒരു ഉദാഹരണമായെടുക്കാം.'

കൂടിയിരുന്നവരെ ബലിയാടിന്റെ ചിരിയും സംഭാഷണവും ആശ്ചര്യപ്പെടുത്തി.

മാധവദ്വിജൻ ചോദിച്ചു:

'ബലിയാടേ, വാസ്തവത്തിൽ ആരാണ് അങ്ങ്? എന്താണ് ആടാകാൻ കാരണം?'

ഉത്തരമായി ബലിയാടു തന്റെ പൂർവകഥ കേൾപ്പിച്ചു.

ആ കഥ ഇപ്രകാരം ആയിരുന്നു:

പണ്ട് വിദ്വാനായ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അയാൾ അനേകം യാഗങ്ങൾ കഴിച്ചു. ഒരിക്കൽ അയാളുടെ മകന് ഒരു കഠിനരോഗം പിടിപെട്ടു. ബ്രാഹ്മണപത്നി ഒന്നു പറഞ്ഞു—ഒരാടിനെ ബലികഴിച്ചാൽ രോഗം മാറും. അയാൾ ഭാര്യയുടെ അഭിപ്രായം അനുസരിച്ച് ബലികർമ്മത്തിന് ഒരുക്കമായി. ആടിനെ വെട്ടിയപ്പോൾ ആടിന്റെ അമ്മ ശാപമേകി:

'ഈ ബലികർമ്മം ശാസ്ത്രപ്രകാരം ഉള്ളതല്ല. നീ എന്റെ മകനെ കൊന്നു. നീ ഒരാടായി ജനിക്കുമാറാകട്ടെ!'

ബ്രാഹ്മണൻ താമസിയാതെ മരണമടഞ്ഞു. ഒന്നൊന്നായി അനേകം ജന്മങ്ങളെടുത്തു. ആദ്യത്തെ ജനനം കുരങ്ങനായിട്ടായിരുന്നു. ഒരു കാക്കാലൻ കുരങ്ങനെ പിടിച്ചു. ഓരോരോ വീടുകളിൽ കൊണ്ടുപോയി കുരങ്ങുകളി കളിപ്പിച്ചു. ഒടുവിൽ ഒരു ഗൃഹത്തിൽ ചെന്നു കയറി—കുരങ്ങന്റെ മുജ്ജന്മത്തിലെ ഗൃഹം!

ആ ജന്മത്തിലെ ഭാര്യ അവിടെയുണ്ട്. മാത്രമല്ല, മകളും. കുരങ്ങനു കുറെ പൂർവ്വസ്മരണകളുണ്ട്. രണ്ടു സ്ത്രീകളെയും കണ്ടപ്പോൾ തിരിച്ചറിഞ്ഞു. കുരങ്ങൻ അവരെ നോക്കി നിശ്ചലനായി നിന്നു. കാക്കാലൻ ആജ്ഞാപിക്കുകയാണ് ഓരോരോ വിദ്യ കാണിക്കാൻ. അതൊന്നും കുരങ്ങൻ കേൾക്കുന്നുപോലുമില്ല. കാക്കാലൻ ദേഷ്യം വന്നു നിർദ്ദയമായി അടിതുടങ്ങി. കുരങ്ങൻ അടിയേറ്റു ചത്തുവീണു.

പിന്നീട് ജനിച്ചത് നായായിട്ടാണ്. നായ് വീടുകൾ കയറിയിറങ്ങി എച്ചിൽ തിന്നു ജീവൻ പുലർത്തി. ഒരു നാൾ എച്ചിൽ തിന്നാൻ കയറിയതോ? മനുഷ്യനായിരുന്നപ്പോൾ തനിക്കുണ്ടായിരുന്ന ഗൃഹത്തിലും. ഇപ്പോൾ അയാളുടെ അന്നത്തെ ഭാര്യ കിഴവിയായിരിക്കുന്നു. മകൾക്കു പ്രായക്കൂടുതലുമുണ്ട്. നായ് പതുക്കെ അടുക്കളയിൽ കയറി. പാത്രത്തിലിരുന്ന ചോറ് വേഗം തിന്നു തുടങ്ങി. ഭാര്യയും മകളും നായെ കാണാനിടയായി. അവർ വടിയെടുത്ത് ഓടിവന്നു നല്ലപോലെ തല്ലി. നായയുടെ നടുവ് ഒടിഞ്ഞു. വല്ലവിധവും അതു പുറത്തേക്കോടി. മുറിവുകൾ പഴുത്തു. നായ് ചാവുകയും ചെയ്തു.

അടുത്ത ജന്മത്തിൽ കുതിരയായി. ആ കുതിരയെ ഒരു പടുകിഴവി വിലയ്ക്കുവാങ്ങി—മനുഷ്യജന്മത്തിലെ ഭാര്യ! ആ സ്ത്രീയും മറ്റു ചിലരും കുതിരപ്പുറത്തു കയറി. അങ്ങനെ ദ്വാരകയിലേക്കു യാത്രയായി. വഴിയിലൊരിടത്തു ചെളി കെട്ടിക്കിടന്നു. കുതിര ചെളിയിൽ അകപ്പെട്ടുപോയി. അതിന് എഴുന്നേൽക്കാൻ വയ്യാതായി. സ്ത്രീകൾ അതിനെ എഴുന്നേൽപ്പിക്കാനായി തെരുതെരെ അടിതുടങ്ങി. കുതിര അടി കൊണ്ടു ചത്തുപോയി.

പിന്നീടുണ്ടായ ജന്മമാണ് ഇപ്പോഴത്തെ ബലിയാട്!

അത്രയും കേൾപ്പിച്ചിട്ട് ബലിയാട് പറഞ്ഞു:

'മാധവദ്വിജാ, ഞാൻ യാഗങ്ങൾ കഴിച്ചിട്ടു ഫലം കണ്ടില്ലേ? ആട്ടെ, ഞാൻ ഒരു കഥകൂടി കേൾപ്പിക്കാം.'

രണ്ടാം കഥ ഇതാണ്:

ചന്ദ്രശർമ എന്നൊരു രാജാവ്. അദ്ദേഹം ഒരു ദേവനെ മുൻനിർത്തി ദാനകർമ്മം നിശ്ചയിച്ചു. സൂര്യഗ്രഹണം നടക്കുമ്പോഴാണു സമയം. പണ്ഡിതനായ ഒരു പുരോഹിതനെ രാജാവ് ഏർപ്പാടു ചെയ്തു. ഇരുവരും ഒന്നിച്ച് പുണ്യസ്നാനത്തിനു പോയി.

ആ ദേവൻ പ്രത്യക്ഷനായി പുരോഹിതനോടു പറഞ്ഞു:

'സൂര്യഗ്രഹണസമയത്ത് ഈ ദാനകർമം പാടുള്ളതല്ല. അതൊരു പാപംകൂടിയാണ്. അങ്ങയെപ്പോലുള്ള പണ്ഡിതന് അക്കാര്യം അറിവുണ്ടായിരിക്കും. എന്നിട്ടും ഈ കർമം ഇപ്പോൾ അങ്ങെന്തിനു ചെയ്യുന്നു?'

പുരോഹിതൻ പറഞ്ഞു:

'പാപത്തെക്കുറിച്ചൊന്നും എനിക്കു പേടിയില്ല, പറഞ്ഞേക്കാം. പാപം ബാധിക്കാതിരിക്കാനുള്ള ഉപായം എന്റെ പക്കലുണ്ട്!'

തുടർന്നു പുരോഹിതനും രാജാവും പുണ്യസ്നാനം ചെയ്തു. ദാനകർമത്തിനു നിശ്ചയിച്ചിരുന്ന സ്ഥലത്തു തിരിച്ചെത്തി. രാജാവ് പുരോഹിതനു ദാനവും നടത്തി.

ആ സമയത്തു ദേവന്റെ നെഞ്ചിൽനിന്ന് എന്താണു പുറത്തുവന്നത്? ഭയങ്കരനായ ഒരു ചണ്ഡാലൻ! ഒരു ചണ്ഡാലി ചണ്ഡാലന്റെ ശരീരത്തിൽ

നിന്നും ഉണ്ടായി. ഇരുവരും ഒന്നിച്ച് പുരോഹിതന്റെ നേർക്കു ചാടി. പുരോഹിതനുണ്ടോ കൂസൽ? അദ്ദേഹം എന്തോ ഒന്ന് ഉരുവിട്ടുതുടങ്ങി. ചണ്ഡാലനും ചണ്ഡാലിക്കും നിൽക്കക്കള്ളി ഇല്ലാതെയായി. അവർ പൂറം തിരിഞ്ഞ് ഓടിപ്പോയി.

രാജാവിന്റെ കണ്ണുകൾ വിസ്മയംകൊണ്ടു വിടർന്നു.

അദ്ദേഹം പുരോഹിതനോടു ചോദിച്ചു:

'അങ്ങ് എന്താണ് ഉരുവിട്ടത്? ആരാണ് ചണ്ഡാലനും ചണ്ഡാലിയും?'

പുരോഹിതൻ ഉത്തരം നൽകി:

'ഉടൽ പൂണ്ട പാപമാണ് ചണ്ഡാലൻ. ഉടൽപൂണ്ട നിന്ദ ചണ്ഡാലിയും. ഞാൻ ഉരുവിട്ടത് ഗീതയുടെ ഒമ്പതാം അദ്ധ്യായത്തിലെ ഭാഗമാണ്. അതിന്റെ മാഹാത്മ്യമാണ് ഇപ്പോൾ കണ്ടതും.'

ചന്ദ്രശർമ ഒമ്പതാം അദ്ധ്യായം പുരോഹിതനിൽനിന്ന് അഭ്യസിച്ചു.

പിൽക്കാലത്ത് ഇരുവരും സദ്ഗതി നേടി.

ഇക്കഥ ആടാണല്ലോ മാധവദ്വിജനോടു പറഞ്ഞത്.

മാധവദ്വിജനും ഒമ്പതാം അദ്ധ്യായത്തിന്റെ മഹിമ മനസ്സിലായി.

ധീരധീ

(ഗീതാമാഹാത്മ്യം: പത്താം അദ്ധ്യായം)

യോഗിയായിരുന്നു ധീരധീ. താമസിച്ചിരുന്നതു കാശിയിലും. അദ്ദേഹം വലിയ ശിവഭക്തനായിരുന്നു. ശിവൻ ഇടയ്ക്കിടയ്ക്കു ദർശനം നൽകാറുണ്ട്. മാത്രമല്ല, ധീരധീ നടക്കുമ്പോൾ ഭഗവാൻ കൈകൊണ്ടു താങ്ങാറുമുണ്ട്. ഭഗവാന് അദ്ദേഹത്തോട് അത്രകണ്ട് ഇഷ്ടമാണ്. അദ്ദേഹം ഒരിക്കലും കാശിവിട്ടു പോകാറില്ല.

ശിവകിങ്കരന്മാർ അനേകമുണ്ട്. അവരിൽ ഒന്നാമനാണ് ഭൃംഗിരടി. ഒരിക്കൽ ഭൃംഗിരടി ശിവനോട് ഒരു സംശയം ചോദിച്ചു:

'ഭഗവാനേ, എന്താണ് ധീരധീയുടെ ദിവ്യത്വത്തിനു കാരണം.?'

ശിവൻ ഒരു സംഭവകഥ പറഞ്ഞു.

ഇതായിരുന്നു സംഭവകഥ:

ഒരിക്കൽ ശിവൻ കൈലാസത്തിലെ ഒരു ഉദ്യാനത്തിൽ ഇരിക്കയായിരുന്നു. അപ്പോൾ ആകാശത്ത് ഒരു ശബ്ദം കേൾക്കായി. വമ്പിച്ചൊരു ഹംസം ഇറങ്ങിവരികയായിരുന്നു. ഹംസം നിലം തൊട്ട് ശിവനെ വന്ദിച്ചു.

ഒരു പ്രത്യേകതയുണ്ടു ഹംസത്തിന്. ആകൃതി ഹംസത്തിന്റേതാണ്, ശരിതന്നെ. പക്ഷേ, കാക്കയെപ്പോലെ കറുത്ത നിറം!

ശിവൻ ചോദിച്ചു:

'നീ ആരാണ്? എവിടന്നു വരുന്നു. എന്തുകൊണ്ട് നിറം കറുപ്പായി?'

ഒരു കഥയുടെ രൂപത്തിലായിരുന്നു ഹംസത്തിന്റെ ഉത്തരം.

അതു ബ്രഹ്മാവിന്റെ ഒരു ഹംസമായിരുന്നു. ഒരിക്കൽ ആ പക്ഷി മാനസസരസ്സിൽനിന്നു ഭൂലോകത്തേക്കു പോയി. അപ്പോൾ ഒരു അബദ്ധംപറ്റി. അതു സൗരാഷ്ട്രത്തിലെ ഒരു പൊയ്കയിലിറങ്ങി. അതിലെ താമരപ്പൂക്ക

ളിൽനിന്ന് താമരവളയങ്ങൾ തിന്നു. സംതൃപ്തിയോടെ പറന്ന് ഉയരുകയും ചെയ്തു. പെട്ടെന്ന് അതിനു വിറയലുണ്ടായി; തുടർന്ന് മോഹാലസ്യവും. ഹംസം നിലംപതിച്ചു. കൂറേക്കഴിഞ്ഞ് മോഹാലസ്യം നീങ്ങി. അപ്പോഴേക്കും വ്യത്യാസം സംഭവിച്ചുകഴിഞ്ഞു. അതിന്റെ ശരീരം അന്നുവരെ കർപ്പൂരം പോലെ വെളുത്തിരുന്നു. ഇപ്പോൾ കരിപോലെ കറുത്തിരിക്കുന്നു! എന്താണ് ഈ നിറമാറ്റത്തിനു കാരണം? ഒരു പിടിയും കിട്ടിയില്ല.

പൊയ്കയിൽ അഞ്ചു പൂക്കളുള്ള ഒരു താമര നിന്നിരുന്നു.

താമര ഹംസത്തോടു സംസാരിച്ചു:

'നീ വീണതിനും കറുത്തതിനും കാരണമുണ്ട്. ഞാൻ അതു പറഞ്ഞു തരാം.'

അത്രയും പറഞ്ഞു തീർന്നതേയുള്ളു. അപ്പോൾ മറ്റൊരു സംഭവമുണ്ടായി. അസംഖ്യം വണ്ടുകൾ താമരപ്പൂക്കളിലെ തേൻ നുകർന്നിരുന്നു. അവയെല്ലാം വിഷ്ണുരൂപങ്ങൾ ധരിച്ച് ഉയർന്നുമറഞ്ഞു.

ആരായിരുന്നു വാസ്തവത്തിൽ ആ വണ്ടുകൾ?

കഴിഞ്ഞ ജന്മത്തിൽ അവർ മുനിപുത്രന്മാർ ആയിരുന്നു. ഈ പൊയ്കയുടെ കരയിലായിരുന്നു അവർ പാർത്തിരുന്നത്. ഒരു ദിവസം പെട്ടെന്ന് ഒരു സുന്ദരി അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. കണ്ണഞ്ചിക്കുന്ന സൗന്ദര്യം ഉണ്ടായിരുന്നു അവൾക്ക്. ഓരോ മുനികുമാരനും ഒരാഗ്രഹമുണ്ടായി—അവൾ തന്റെ ഭാര്യയാകണം! എന്തിനു പറയുന്നു, മുനിപുത്രന്മാർ തമ്മിൽ കലഹമായി. തമ്മിൽത്തല്ലി ചാവുകയും ചെയ്തു. പലേ ജന്മങ്ങളും അവർക്കുണ്ടായി. ഓരോ ജന്മത്തിൽ ഓരോരോ ജന്തുക്കളായിരുന്നു. ഒടുവിലാണ് വണ്ടുകളായി ജനിച്ചത്. ഇന്ന് അവർ ഈ താമരപ്പൂക്കളിലെ തേൻ നുകർന്നു. അക്കാരണത്താൽ അവർക്കു വിഷ്ണുപാദം ലബ്ധമായി.

താമരയ്ക്ക് ഇത്ര ദിവ്യത്വം എങ്ങനെ സിദ്ധമായി?

കഴിഞ്ഞ ജന്മത്തിൽ താമര ഒരു മനുഷ്യസ്ത്രീ ആയിരുന്നു. സരോജവദന എന്നായിരുന്നു പേർ. പതിവ്രതയായിരുന്നു സരോജവദന. അവൾക്കു പ്രിയപ്പെട്ട ഒരു പെൺതത്തയുണ്ട്. ആ പെൺതത്തയെ സംസാരിക്കാൻ പഠിപ്പിക്കുക—അതിലായിരുന്നു അവളുടെ ശ്രദ്ധ മുഴുവനും. ഭർത്താവ് ശുണ്ഠിയെടുത്തു ശാപമേകി, അവൾ പെൺതത്തയായിപ്പോകട്ടെ എന്ന്. ആ ശാപം ഫലിക്കുകതന്നെ ചെയ്തു. അവൾ പെൺതത്തയായി ഒരു മുനിയുടെ ആശ്രമത്തിൽ പാർത്തുവന്നു. മുനി പതിവായി ഗീതയുടെ പത്താം അദ്ധ്യായം ചൊല്ലാറുണ്ട്. അതു കേട്ട് പെൺതത്ത ആ അദ്ധ്യായം മുഴുവനും ഹൃദിസ്ഥമാക്കി. ആ പുണ്യം കാരണം അവൾ അടുത്ത ജന്മത്തിൽ അപ്സരസ്സായി. പദ്മാവതി എന്നായിരുന്നു ആ അപ്സരസ്സിന്റെ പേര്.

ഒരിക്കൽ പദ്മാവതി ആകാശയാത്ര ചെയ്യുകയായിരുന്നു. യദൃച്ഛയാ അവൾ ഈ പൊയ്കയുടെ മുകളിലൂടെ പോകാൻ ഇടയായി. അവൾ പൊയ്കയിൽ ഇറങ്ങി കുളിക്കാൻ തുടങ്ങി. അപ്പോഴേക്കും ദുർവാസാവ് അവിടെ വന്നെത്തി. മഹർഷിയുടെ കണ്ണിൽ പെടാതിരിക്കണം. അതിനായി അവൾ താമരയുടെ രൂപം ധരിച്ചു നില്പായി. പക്ഷേ, മഹർഷി കണ്ടുപിടിക്കതന്നെ ചെയ്തു. അദ്ദേഹം കോപിച്ചു ശപിച്ചു, അവൾ നൂറു വർഷം താമരയായി നിൽക്കട്ടെ എന്ന്. അങ്ങനെ അവൾ സംസാരിക്കുന്ന താമരയായി!

താമര വീണ്ടും സംസാരിച്ചു:

'ഹംസമേ, നീ ആകാശത്തിലൂടെ എന്നെ മറികടന്നു. അതാണു നീ നിലത്തുവീഴാൻ കാരണം. നീ എന്നെ വന്ദിച്ചുമില്ല. അതുകൊണ്ടു നിന്റെ ശരീരം കറുത്തുപോയി. ആട്ടെ, ഞാൻ ഗീതയുടെ പത്താം അദ്ധ്യായം ചൊല്ലാം. നീ ശ്രദ്ധിച്ചു കേൾക്കണം. എന്നാൽ, നിനക്കു മുക്തി ലഭിക്കും.'

തുടർന്നു താമര പത്താം അദ്ധ്യായം ചൊല്ലി. ഹംസത്തിന് ഒരു താമരപ്പൂവും നൽകി. ഹംസം താമരപ്പൂവ് ശിവനായി അർപ്പിച്ചു. അതോടെ ആ പക്ഷിയുടെ ജീവൻ പോയി.

ഹംസത്തിന് ഒരു മുജ്ജന്മം ഉണ്ടായിരുന്നു.

അപ്പോൾ അതു സുതപസ്സ് എന്ന മനുഷ്യയുവാവായിരുന്നു. ഗുരുവിന്റെ ആശ്രമത്തിൽ കഴിയുകയാണ് സുതപസ്സ്. അയാൾ ഗുരുശുശ്രൂഷയിൽ അത്യന്തം ശ്രദ്ധിച്ചിരുന്നു. എങ്കിലും ഒരിക്കൽ അബദ്ധം പറ്റിപ്പോയി. ഗുരുവിന്റെ കിടക്കയിൽ ശിഷ്യന്റെ കാലു തട്ടാനിടയായി. അപ്പോൾ അയാൾ ഉറങ്ങുകയായിരുന്നു. കാലു തട്ടിയത് അറിയാതെയാണുതാനും. എങ്കിലും അതൊരു പാപമായിരുന്നു. അതിന്റെ ഫലമായി അയാൾ ഹംസമായിത്തീർന്നു—സാധാരണ ഹംസമല്ല, ബ്രഹ്മാവിന്റെ ഹംസങ്ങളിലൊന്ന്.

താമര ഗീതയിലെ പത്താം അദ്ധ്യായം ചൊല്ലിയില്ലേ? അപ്പോൾ ഹംസത്തിനു ബ്രഹ്മജ്ഞാനം സിദ്ധിച്ചിരുന്നു. ശിവനു പൂവ് അർപ്പിച്ചിട്ടാണു ജീവൻ പോയതും. പിന്നീടാണ് ധീരധി എന്ന യോഗിയായി ജനിച്ചത്.

ആ ജന്മത്തിൽ മുജ്ജന്മത്തിലെ വാസനകൾ തുടരുകയുണ്ടായി. കുട്ടിയായിരുന്നപ്പോൾത്തന്നെ പത്താം അദ്ധ്യായം ഹൃദിസ്ഥമാക്കി. അതു നിരന്തരം ഉരുവിടുകയും ചെയ്തുപോന്നു. അതിനാൽ അദ്ദേഹത്തിന് എന്തെല്ലാം ലഭിച്ചു? പരിശുദ്ധിയും തത്ത്വജ്ഞാനവും മുക്തിയും.

സുനന്ദനൻ

(ഗീതാമാഹാത്മ്യം: പതിനൊന്നാം അദ്ധ്യായം)

പ്രണീത എന്ന നദിയുടെ തീരത്തു മേഘംകരി എന്ന പട്ടണം! അവിടെയായിരുന്നു സുനന്ദനന്റെ ഗൃഹം. അദ്ദേഹം നിയമേന ഗീതയുടെ പതിനൊന്നാം അദ്ധ്യായം പാരായണം ചെയ്തുപോന്നു. അതിനാൽ അദ്ദേഹം മഹായോഗിയായിത്തീരുകയുംചെയ്തു.

ഒരിക്കൽ സുനന്ദനൻ തീർത്ഥാടനത്തിനു പുറപ്പെട്ടു. മാർഗമദ്ധ്യേ പല പുണ്യതീർത്ഥങ്ങളും പുണ്യക്ഷേത്രങ്ങളും സന്ദർശിച്ചു. ഒടുവിൽ ഒരു ഗ്രാമത്തിൽ എത്തിച്ചേർന്നു. അപ്പോഴേക്കും രാത്രിയായി. ഗ്രാമപാലൻ ഒരു വഴിയമ്പലം കാണിച്ചുകൊടുത്തു. സുനന്ദനൻ വഴിയമ്പലത്തിൽ രാത്രി കഴിച്ചു. അവിടെ അനേകം വഴിപോക്കരും ഉണ്ടായിരുന്നു.

രാവിലെ സുനന്ദനൻ ഉണർന്നു നോക്കിയപ്പോൾ എന്തായിരുന്നു സ്ഥിതി? ഒരൊറ്റ വഴിപോക്കനെയും അവിടെ കാണാനില്ല. താനാകട്ടെ, വഴിയമ്പലത്തിനു പുറത്തുമാണ്. എന്തുണ്ടായി എന്ന് അറിയണമല്ലോ. അന്വേഷിക്കാനായി സുനന്ദനൻ ഇറങ്ങി നടന്നു. അപ്പോഴേക്കും ഗ്രാമപാലനെ കണ്ടുമുട്ടി.

ഗ്രാമപാലൻ പറഞ്ഞു:

'അങ്ങയുടെ ദിവ്യത്വം എനിക്കു മനസ്സിലായി. ജീവിച്ചിരിക്കുന്ന ഒരേ ഒരാൾ അങ്ങാണ്. ഇനിമേൽ അങ്ങ് ഈ ഗ്രാമത്തിൽ സ്ഥിരവാസം ഉറപ്പിക്കണം. വേണ്ടുന്ന സൗകര്യങ്ങളെല്ലാം ഞാൻ ചെയ്തുതരാം.'

വാസ്തവത്തിൽ എന്താണു സംഭവിച്ചത്?

ഗ്രാമപാലനിൽനിന്ന് സുനന്ദനൻ മനസ്സിലാക്കി.

അടുത്തൊരിടത്തു മനുഷ്യരെ കൊന്നുതിന്നുന്ന ഒരു രാക്ഷസനുണ്ട്. അവൻ ദിവസവും ഗ്രാമത്തിലെ കുറെപ്പേരെ ഭക്ഷണമാക്കി. ഗ്രാമവാസികളിൽ മുഖ്യരായ ചിലർ അവനെ ചെന്നു കണ്ടു.

അവർ പറഞ്ഞു:

'ഹേ, രാക്ഷസാ, അങ്ങ് ഈ ഗ്രാമക്കാരെ കൊന്നു തിന്നരുത്. ഞങ്ങൾ വേറെ മനുഷ്യമാംസം ഏർപ്പാടു ചെയ്യാം. ഇവിടെ വഴിപോക്കർ പലരും വരാറുണ്ട്. അവരെ ഗ്രാമപാലൻ വഴിയമ്പലത്തിൽ പാർപ്പിക്കും. അങ്ങ് ആ വഴിപോക്കരെ ഭക്ഷിച്ചുകൊള്ളൂ.'

രാക്ഷസന് ആ കരാർ സ്വീകാര്യമായി. അവൻ വഴിപോക്കരെ കൊന്നു തിന്നു. ഗ്രാമക്കാരെ ഉപദ്രവിച്ചുമില്ല.

ഒരു ദിവസം ഗ്രാമപാലന് അബദ്ധംപറ്റി.

അയാൾക്ക് ഒരു കൊച്ചുമകനുണ്ട്. സ്നേഹിതനായ ഒരു ബാലൻ കൊച്ചുമകനെ കാണാൻ വന്നു. മറ്റൊരു ഗ്രാമത്തിൽനിന്നാണു വന്നതും. അവനെ ഗ്രാമപാലൻ കാണാനിടയായി. ഏതോ ഒരു ചെറുക്കൻ എന്നേ കരുതിയുള്ളൂ അയാൾ അവനെ വഴിയമ്പലത്തിൽ കൊണ്ടുചെന്നാക്കി. എങ്ങനെയോ ഗ്രാമപാലന്റെ മകൻ അതറിഞ്ഞു. അവൻ സ്നേഹിതനെ വീട്ടിലേക്കു കൊണ്ടുവരാനായി ചെന്നു. രാക്ഷസൻ ഗ്രാമപാലന്റെ മകനെയും കൊന്നു തിന്നു, മറ്റു വഴിപോക്കരോടൊപ്പം.

ഗ്രാമപാലൻ പിന്നീടാണ് അറിഞ്ഞത്—ആ ബാലൻ തന്റെ മകന്റെ ചങ്ങാതിയാണെന്ന്. അയാൾ ദുഃഖാർത്തനായി രാക്ഷസനെ ചെന്നു കണ്ടു.

'ഹേ രാക്ഷസാ, അങ്ങ് എന്റെ മകനെ കൊന്നുതിന്നുകളഞ്ഞല്ലോ!'

'ഹേ, ഗ്രാമപാലാ, അവൻ നിങ്ങളുടെ മകനെന്നു ഞാനെങ്ങനെ അറിയാനാണ്?'

'ആട്ടെ, അവനെ ജീവിപ്പിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ?'

'ഒരുപായമുണ്ട്.'

'എന്താണത്?'

'പണ്ടൊരിക്കൽ ബ്രഹ്മാവ് എന്നോട് ഒന്നു പറഞ്ഞിരുന്നു. ഗീതയുടെ പതിനൊന്നാം അദ്ധ്യായം പതിവായി ഉരുവിടുന്ന ആളുണ്ടോ? ഉണ്ടെങ്കിൽ എനിക്കു മോചനം നൽകാൻ അയാൾക്കു സാധിക്കും—മരിച്ചവനെ ജീവിപ്പിക്കാനും.'

'ഹേ രാക്ഷസാ, അത്രയ്ക്കുണ്ടോ ഗീതയുടെ പതിനൊന്നാം അദ്ധ്യായത്തിന്റെ മാഹാത്മ്യം?'

'ഉണ്ട്. അത് ഉദാഹരിക്കുന്ന ഒരു സംഭവം ഉണ്ടായിട്ടുണ്ട്. അതിനെക്കുറിച്ചു കേൾക്കണോ?'

'കേൾക്കണം.'

'മുമ്പൊരിക്കൽ ഒരു മഹാജ്ഞാനിയെ തസ്കരന്മാർ കൊല്ലുകയുണ്ടായി. മഹാജ്ഞാനി പതിവായി പതിനൊന്നാമദ്ധ്യായം പാരായണം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഒരു എല്ല് കഴുകൻ കൊത്തിയെടുത്തു പറന്നു പോയി. എങ്ങനെയോ ആ എല്ല് കഴുകന്റെ കൊക്കിൽനിന്നു വഴുതിവീണു. അതോ ഒരു സരസ്സിലും. അതോടെ ആ സരസ്സ് പുണ്യതീർത്ഥമായി. അത്രയ്ക്കുണ്ടു പതിനൊന്നാമദ്ധ്യായത്തിന്റെ മഹിമ.'

'അതിപ്പോൾ എനിക്ക് എങ്ങനെ ഉപകരിക്കും?'

'ഹേ ഗ്രാമപാലാ, വഴിപോക്കരിൽ ഒരു ബ്രാഹ്മണനെ ഞാൻ കൊന്നിട്ടില്ല. അദ്ദേഹം പതിനൊന്നാം അദ്ധ്യായം നിത്യവും ചൊല്ലാറുണ്ട്. അതാണു ഞാൻ അദ്ദേഹത്തെ വെറുതെ വിടാൻ കാരണം. അദ്ദേഹം വിചാരിച്ചാൽ രണ്ടു കാര്യം ഒന്നിച്ചു നടക്കും.'

'എന്താണു രണ്ടു കാര്യം?'

'ഒന്ന്, ഞാൻ തിന്നവരെല്ലാം, നിങ്ങളുടെ മകൻ ഉൾപ്പെടെ, ജീവിക്കും. അതേസമയം എനിക്കു മോചനവും ലഭിക്കും.'

'ഹേ രാക്ഷസാ, എന്താണ് ആ ഉത്തമബ്രാഹ്മണൻ ചെയ്യേണ്ടത്?'

'അദ്ദേഹം രണ്ടു പ്രാവശ്യം പതിനൊന്നാമദ്ധ്യായം ചൊല്ലണം. എന്നിട്ടു വെള്ളം ജപിച്ച് എന്റെ മേൽ തളിക്കണം.'

'ശരി. ഞാനതു ചെയ്യിക്കാം.'

ഗ്രാമപാലൻ നേരെ ചെന്ന് സുനന്ദനനെ കണ്ടു കാര്യം പറഞ്ഞു.

സുനന്ദനൻ സഹായിക്കാൻ ഒരുക്കമായി.

അതിനുമുമ്പ് അദ്ദേഹത്തിന് ഒരു കാര്യം അറിയാൻ ആഗ്രഹമുണ്ടായി. ഏതു പാപത്തിന്റെ ഫലമായിട്ടാണു രാക്ഷസൻ രാക്ഷസനായത്?

അതു ഗ്രാമപാലനു നല്ലപോലെ അറിയാം.

അയാൾ അതു സുനന്ദനനെ കേൾപ്പിച്ചു.

ഈ ഗ്രാമത്തിൽ കൃഷിക്കാരനായി ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. ഒരിക്കൽ അയാൾ വയലിൽ കാവൽനിൽക്കുകയാണ്. വലിയൊരു കഴുകൻ ദുർബലനായ ഒരാളെ കൊത്തിക്കൊല്ലുന്നു. അതു കണ്ട ഒരു മുനി അയാളെ രക്ഷിക്കാൻ ഓടിയെത്തി. പക്ഷേ, അദ്ദേഹം അടുത്തെത്തും മുമ്പു കഴുകൻ ആളെ കൊന്നു. കുറെ മാംസം കൊത്തിയെടുത്തു. പറന്നുപോവുകയും ചെയ്തു.

മുനി കൃഷിക്കാരന്റെ അടുത്തേക്കു ചെന്നു.

അദ്ദേഹം കോപത്തോടെ പറഞ്ഞു:

'വഴിപോക്കനെ രക്ഷിക്കാൻ നിങ്ങൾക്കു കഴിയുമായിരുന്നു. എന്നിട്ടും നിങ്ങൾ അതു ചെയ്തില്ല. ത്രാണിയുള്ളവൻ രക്ഷിക്കാതിരിക്കുന്നതു പാപമാണ്. ഞാനിതാ നിങ്ങളെ ശപിക്കുന്നു. നിങ്ങൾ രാക്ഷസനായിപ്പോകട്ടെ!'

കൃഷിക്കാരൻ ദുഃഖിതനായി:

'മഹാത്മൻ, ഞാൻ വളരെ ദുരെയായിരുന്നു. ഏതിനും അവിടുന്ന് എന്നെ ശപിച്ചല്ലോ. ഇനി ശാപമോക്ഷം തരാൻ ദയവുണ്ടാകണം.'

മുനിക്കു പശ്ചാത്താപമുണ്ടായി.

'ഗീത പതിനൊന്നാം അദ്ധ്യായം പതിവായി ചൊല്ലുന്ന ഒരാൾ വരും. ആ ആൾ നിങ്ങളുടെ ശിരസ്സിൽ വെള്ളം ജപിച്ചു തളിക്കും. അതോടെ നിങ്ങളുടെ ശാപം തീരും!'

അങ്ങനെ കൃഷിക്കാരനായ ബ്രാഹ്മണൻ രാക്ഷസനായിത്തീർന്നു—കുറേക്കാലത്തേക്കു മാത്രമാണെങ്കിലും.

ഇത്രയുമാണു ഗ്രാമപാലൻ സുനന്ദനനോടു പറഞ്ഞത്.

സുനന്ദനൻ ഗ്രാമപാലനെയും കൂട്ടി രാക്ഷസന്റെ അടുക്കലെത്തി. എന്നിട്ടു പതിനൊന്നാം അദ്ധ്യായം ഏഴു തവണ ചൊല്ലി. തുടർന്നു വെള്ളം ജപിച്ചു രാക്ഷസന്റെ തലയിൽ തളിച്ചു. തത്ക്ഷണം രാക്ഷസനു ശാപമോക്ഷം ഉണ്ടായി. അവനു വിഷ്ണുരൂപം ലബ്ധമായി—രാക്ഷസനു മാത്രമല്ല, അവൻ കൊന്നുതിന്നിരുന്ന സകലർക്കും!

ഗ്രാമപാലന്റെ മകനും അവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു.

ആ ബാലൻ വിഷ്ണുലോകത്തേക്കു പോകുംമുമ്പ് ഒന്നു പറഞ്ഞു—അച്ഛൻ പതിനൊന്നാം അദ്ധ്യായം പഠിച്ചു പതിവായി ചൊല്ലണം.

ഗ്രാമപാലൻ പുത്രന്റെ നിർദ്ദേശം അനുസരിച്ചു. സുനന്ദനനിൽനിന്നു പതിനൊന്നാം അദ്ധ്യായം അഭ്യസിച്ചു. ദിവസേന അതത്രയും ഭക്തിയോടെ ഉരുവിട്ടു. യഥാകാലം വിഷ്ണുലോകം പ്രാപിക്കയും ചെയ്തു.

സിദ്ധസമാധി

(ഗീതാമാഹാത്മ്യം: പന്ത്രണ്ടാം അദ്ധ്യായം)

ഒരു രാജാവ് അശ്വമേധയാഗം ദീക്ഷിക്കുകയായിരുന്നു. യാഗം അവസാനിക്കും മുമ്പ് അദ്ദേഹം രോഗം പിടിച്ചു മരിച്ചു. രാജാവിന്റെ പുത്രൻ പിതൃശരീരം ദഹിപ്പിച്ചില്ല. പകരം തൈലത്തിലിട്ടു സൂക്ഷിച്ചു. കേടുവരാതിരിക്കണം എന്നായിരുന്നു ഉദ്ദേശ്യം.

യാഗത്തിനു മറ്റൊരു വിഘ്നവും ഉണ്ടായി. ഒരു രാത്രിയിൽ ആരോ യാഗാശ്വത്തെ കട്ടുകൊണ്ടുപോയി. രാജഭടന്മാർ സർവ ദിക്കുകളിലും തിരഞ്ഞു. ഒരിടത്തുനിന്നും യാഗാശ്വത്തെ കണ്ടുകിട്ടിയില്ല.

രാജകുമാരൻ ലക്ഷ്മീദേവിയെ ഭജിച്ചു.

ലക്ഷ്മീദേവി പ്രസാദിച്ചു പ്രത്യക്ഷയായി.

രാജകുമാരൻ അഭ്യർത്ഥിച്ചു:

'ദേവീ, എനിക്ക് എന്റെ അച്ഛനോടുള്ള കടമ നിറവേറ്റണം. യാഗത്തിനു ഫലം ലഭിക്കണമെങ്കിൽ യാഗാശ്വത്തെ വീണ്ടുകിട്ടണം. അതിനു ദേവി അനുഗ്രഹിക്കണം!'

ലക്ഷ്മീദേവി കനിഞ്ഞരുളി:

'എന്റെ ക്ഷേത്രത്തിന്റെ നടയിൽ ഒരു യോഗി ഇരിപ്പുണ്ട്. സിദ്ധസമാധി എന്നാണ് അവന്റെ പേര്. അവൻ നിന്റെ ആഗ്രഹം സാധിപ്പിക്കും.'

രാജകുമാരൻ സിദ്ധസമാധിയെ ചെന്നുകണ്ടു. പക്ഷേ, ഒന്നും പറയേണ്ടി വന്നില്ല. എല്ലാം ആ യോഗി സ്വയം അറിഞ്ഞിരുന്നു. അദ്ദേഹം മന്ത്രം ചൊല്ലി ദേവന്മാരെ ആകർഷിച്ചുവരുത്തി. അവർക്ക് ഒരു നിർദ്ദേശം നൽകി:

'ദേവന്മാരേ, ഈ രാജകുമാരന്റെ യാഗാശ്വത്തെ ദേവേന്ദ്രൻ മോഷ്ടിച്ചുകൊണ്ടുപോയി. ഞാൻ സകലതും അറിഞ്ഞിരിക്കുന്നു. നിങ്ങൾ യാഗാശ്വത്തെ കൊണ്ടുവന്നു രാജകുമാരനു കൊടുക്കണം.'

സിദ്ധസമാധിയുടെ യോഗശക്തി അത്ര അധികമായിരുന്നു. അതിനെ അവഗണിക്കാനുള്ള ധൈര്യം ദേവന്മാർക്കില്ല. അവർ യാഗാശ്വത്തെ രാജകുമാരനു നൽകി.

മറ്റാർക്കു സാധിക്കും സിദ്ധസമാധിചെയ്ത മഹാകൃത്യം? രാജകുമാരന് അദ്ദേഹത്തോട് അതിയായ മതിപ്പു തോന്നി. മാത്രമല്ല, ബഹുമാനവും ഭക്തിയും.

രാജകുമാരൻ തൊഴുകൈയോടെ അപേക്ഷിച്ചു:

'മഹാത്മൻ, എനിക്ക് ഒരാഗ്രഹംകൂടിയുണ്ട്. അവിടുന്ന് എന്റെ പിതാവിനെ ജീവിപ്പിക്കണം!'

അപ്പോഴും സിദ്ധസമാധി സഹായിക്കാൻ ഒരുക്കമായി. അദ്ദേഹം രാജകുമാരനോടുകൂടി അവിടേക്കു പോയി—അതായത്, രാജാവിന്റെ മൃതശരീരം തൈലത്തിലിട്ടു വെച്ചിരിക്കുന്ന സ്ഥലത്തേക്ക്. എന്നിട്ടു വെള്ളം ജപിച്ചു മൃതശരീരത്തിന്റെ ശിരസ്സിൽ തളിച്ചു. അതാ മരിച്ച രാജാവ് ജീവിച്ച് എഴുന്നേൽക്കുന്നു!

രാജാവിന് അപാരമായ കൃതജ്ഞത തോന്നി.

അദ്ദേഹം സിദ്ധസമാധിയോടു ചോദിച്ചു:

'മഹാത്മൻ, അവിടുത്തേക്ക് ഇത്രയധികം ശക്തി കിട്ടാൻ എന്താണു കാരണം?'

സിദ്ധസമാധി പറഞ്ഞു:

'രാജൻ, ഞാൻ ഗീത പന്ത്രണ്ടാം അദ്ധ്യായം പതിവായി ചൊല്ലാറുണ്ട്. അതിനാൽ എനിക്കു ശക്തി കിട്ടി.'

ആ യോഗിയിൽനിന്നു രാജാവ് പന്ത്രണ്ടാം അദ്ധ്യായം പഠിച്ചു. മനഃപാഠമാക്കി ദിവസവും മുടങ്ങാതെ ചൊല്ലി. പിൽക്കാലത്തു സദ്ഗതിയും നേടി.

ഹരിദീക്ഷിതന്റെ പത്നി

(ഗീതാമാഹാത്മ്യം: പതിമൂന്നാം അദ്ധ്യായം)

ഹരിഹരപുരത്തിലാണ് ഹരിദീക്ഷിതൻ എന്ന പണ്ഡിതൻ താമസിക്കുന്നത്. അദ്ദേഹം ഗുണവാനും ധർമിഷ്ഠനും ആയിരുന്നു. മറിച്ചായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. ദുർവൃത്തയും ദുരാചാരയും ആയിരുന്നു ആ സ്ത്രീ. അവൾ ഭർത്താവിനെ ഉപേക്ഷിച്ചെന്നുമാത്രമല്ല, മറ്റു പലരുടെയും സഹചാരിണിയായി. ഒടുവിൽ അവൾ പട്ടണത്തിൽനിന്നു കാട്ടിലേക്കു താമസം മാറ്റി.

ഒരു വ്യാഘ്രം അവളെ കണ്ടെത്തി. ആ ദുഷ്ടമൃഗം അവളുടെ മേൽ ചാടി. നഖംകൊണ്ട് അവളുടെ മാംസം മുറിച്ചെടുത്തു. അവൾക്കു അസ്സഹമായ വേദനയുണ്ടായി. എങ്കിലും അവൾ ചോദിച്ചു:

'ഹേ വ്യാഘ്രമേ, ആരാണു നീ? എന്നെക്കൊല്ലാൻ എങ്ങനെ വന്നെത്തി?'

വ്യാഘ്രം തന്റെ പൂർവ്വകഥ കേൾപ്പിച്ചു.

മുനിപർണം എന്നൊരു പട്ടണമുണ്ട്. അവിടെ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. സ്വാർത്ഥനും ദുർമോഹിയുമായിരുന്നു അയാൾ. തൻകാര്യം നേടു

ന്നതിനായി എന്തും ചെയ്യും. ചതി, ദ്രോഹം, യാചന—അതിനൊന്നും ഒരു മടിയുമില്ല. ഒരൊറ്റ കാശ് ഒരുവനും കൊടുക്കുകയുമില്ല.

ഒടുവിൽ അയാൾക്കു വാർദ്ധക്യമായി. തൊലിയാകെ ചുക്കിച്ചുളിഞ്ഞു. കണ്ണിനു കാഴ്ചയില്ലാതായി. പല്ലുകൾ കൊഴിഞ്ഞുവീണു. കാലുകൾക്ക് ബലം കുറഞ്ഞു. ദുരാഗ്രഹത്തിനു മാത്രം കുറവുണ്ടായില്ല. ക്രമേണ ഇതായി അയാളുടെ നില—തെണ്ടിയാലേ ജീവൻ പുലർത്താനൊക്കൂ.

ഒരിക്കൽ അയാൾ തെണ്ടാനിറങ്ങി. ഒരു നായ് അയാളുടെ കാലിൽ കടിച്ചു. അയാൾ കടിയേറ്റു നിലംപതിച്ചു. താമസിയാതെ ഊർദ്ധശ്വാസം വലിച്ചു.

അടുത്ത ജന്മത്തിൽ അയാൾ വ്യാഘ്രമായി.

ആ വ്യാഘ്രമാണ് ഇപ്പോൾ ദുഷ്ടസ്ത്രീയുടെ മുമ്പിൽ നിൽക്കുന്നത്.

ആ മൃഗം അവളെ കൊന്നു തിന്നു.

അവൾ നരകത്തിൽ കിടന്നു യാതനകൾ അനുഭവിച്ചു.

പിന്നീടു കാട്ടാളസ്ത്രീയായി ജന്മമെടുത്തു. അപ്പോഴും പഴയപോലെ ദുഷ്പ്രവൃത്തികൾ ചെയ്തു.

സംഗതിവശാൽ അവൾ ഒരു ദേവീക്ഷേത്രത്തിലേക്കു ചെന്നു. അവിടെ ഒരു യോഗിയെ കണ്ടുമുട്ടി. യോഗി പതിവായി ഗീതയുടെ പതിമൂന്നാം അദ്ധ്യായം ചൊല്ലാറുണ്ട്. അവൾ അതു കേൾക്കാനിടയായി. അതോടെ അവളുടെ പാപങ്ങൾ തീർന്നു. അവൾക്കു ദിവ്യശരീരം ലഭിച്ചു—തുടർന്നു സ്വർഗത്തു സ്ഥിരവാസവും.

വിക്രമവേതാളൻ

(ഗീതാമാഹാത്മ്യം: പതിന്നാലാം അദ്ധ്യായം)

കാശ്മീരത്തിലെ രാജാവാണ് ശൗര്യവർമ. സിംഹളത്തിലെ രാജാവ് വിക്രമവേതാളനും. അവർ ആദ്യകാലംമുതൽക്കേ മിത്രങ്ങളായിരുന്നു. വർഷങ്ങൾ കഴിയുന്തോറും അവരുടെ മൈത്രി വർദ്ധിച്ചുവന്നു. പലപ്പോഴും അവർ പരസ്പരം സമ്മാനങ്ങൾ അയച്ചുകൊടുക്കും.

ഒരിക്കൽ വിക്രമവേതാളൻ ഒന്നാംതരം ആനകളെ അയച്ചു; ശൗര്യവർമ, രണ്ടു മേൽത്തരം നായ്ക്കളേയും.

വിക്രമവേതാളൻ മുയൽനായാട്ടിനു കാട്ടിലേക്കു ചെന്നു. ശൗര്യവർമ്മ അയച്ച നായ്ക്കളെയും കൊണ്ടുപോയി. ഒന്നിച്ചു സ്നേഹിതന്മാരായ ചില രാജാക്കന്മാരുമുണ്ട്.

ഒരു മുയൽക്കൂട്ടി പാഞ്ഞുപോകുന്നതു കാണാനിടയായി. വിക്രമവേതാളൻ നായ്ക്കളെ ചങ്ങലയഴിച്ചുവിട്ടു. രണ്ടു നായ്ക്കളും കുരച്ചുകൊണ്ട് മുയൽക്കൂട്ടിയുടെ പിറകെ ഓടി. മുയൽക്കൂട്ടി വലിയൊരു കുഴിയിൽ വീണുപോയി. നായ്ക്കൾക്കു കുഴിയിലിറങ്ങാനും വയ്യ. അവ കുരച്ചുകൊണ്ട് കുഴിയുടെ വക്കത്തു നില്പായി. മുയൽക്കൂട്ടി അവയുടെ കണ്ണുവെട്ടിച്ച് കരയ്ക്കു കയറി. മുമ്പത്തെക്കാൾ വേഗത്തിൽ ഓടിപ്പോയി. അപ്പോൾ നായ്ക്കൾ കണ്ടു പുറകേ ഓട്ടം തുടങ്ങി. ഒടുവിൽ ഒരു നായ് മുയൽക്കൂട്ടിയെ കടിച്ചുവീഴ്ത്തി.

എങ്കിലും മുയൽക്കുട്ടി കടിവിടുവിച്ചു പാഞ്ഞു. അതിനു നായുടെ പല്ലു കൊണ്ടു മുറിവു പറ്റിയിരുന്നു. അത് ഒരു ഉണക്കിലക്കൂമ്പാരത്തിൽ കയറി ഒളിച്ചു. രണ്ടു നായ്ക്കളും മണപ്പിച്ച് അന്വേഷണം തുടങ്ങി. ഒരു നായ് തിരിയെ പോയി. മറ്റേ നായ് ഒന്നു കണ്ടു—അതാ മുയൽക്കുട്ടി ഓടിപ്പോകുന്നു! ആ നായ് വീണ്ടും മുയൽക്കുട്ടിയെ പിൻതുടർന്നു. രണ്ടും ഓടിയോടി ക്ഷീണിച്ചു തുടങ്ങി. അപ്പോഴേക്കും ഒരു ആശ്രമത്തിന്റെ അരികിലെത്തി. വത്സൻ എന്ന മുനി സ്ഥാപിച്ച ആശ്രമമാണ്. ഒരു ശിഷ്യനാണിപ്പോൾ അവിടെ പാർക്കുന്നത്. സ്വകന്ധരൻ എന്നാണ് ആ ശിഷ്യന്റെ പേര്. ഒരിടത്തു കുറെ വെള്ളം കെട്ടിക്കിടക്കുന്നു. മുയൽക്കുട്ടി ആ വെള്ളത്തിൽ ചെന്നു വീണു. നായ് പിറകെയും.

രണ്ടു ദിവ്യവിമാനങ്ങൾ വന്നിറങ്ങി. അതിനിടയ്ക്ക് രണ്ടു മൃഗങ്ങൾക്കും ദിവ്യരൂപങ്ങൾ ലഭിച്ചിരുന്നു. അവർ വിമാനങ്ങളിൽ കയറി സ്വർഗ്ഗത്തു പോയി.

അപ്പോഴേക്കും വിക്രമവേതാളനും വന്നെത്തി.

രാജാവ് മുയൽക്കുട്ടിയുടെയും നായുടെയും സ്വർഗയാത്ര കണ്ടു.

സ്വകന്ധരൻ ഒന്നു ചിരിച്ചു.

രാജാവ് ചോദിച്ചു:

'എന്തുകൊണ്ടാണു മുയൽക്കുട്ടിക്കും നായ്ക്കും സ്വർഗ്ഗം കിട്ടിയത്?'

സ്വകന്ധരൻ മറുപടി നൽകി:

'ഈ വനത്തിന്റെ മറ്റൊരു ഭാഗത്ത് എന്റെ ഗുരു വത്സൻ ഇരിപ്പുണ്ട്. അദ്ദേഹം ഗീത പതിന്നാലാം അദ്ധ്യായം നിത്യവും ഉരുക്കഴിക്കാറുണ്ട്. ഞാൻ അദ്ദേഹത്തിൽനിന്ന് ആ അദ്ധ്യായം അഭ്യസിച്ചു. ദിനന്തോറും അതു ചൊല്ലിവരുന്നു. അതിനാൽ എനിക്കും ചില ശക്തികളുണ്ടായി. എന്റെ കാൽ കഴുകിയ വെള്ളം കിടന്നിരുന്നു. അതിലാണു മുയൽക്കുട്ടിയും നായും വീണത്. അവയ്ക്കു സ്വർഗ്ഗം കിട്ടാൻ അതാണു കാരണം.'

അല്പം മുമ്പു സ്വകന്ധരൻ ചിരിക്കയുണ്ടായല്ലോ. വിക്രമവേതാളൻ അതിന്റെ കാരണവും ആരാഞ്ഞു. സ്വകന്ധരൻ ഒരു കഥയുടെ രൂപത്തിൽ മറുപടി കൊടുത്തു:

പ്രത്യൂദകം എന്നൊരു നഗരമുണ്ട്. അവിടെ കേശവൻ എന്നൊരാൾ ജീവിച്ചിരുന്നു. വിലോഭനയെന്നായിരുന്നു കേശവന്റെ ഭാര്യയുടെ പേര്. ചീത്ത സ്ത്രീയായിരുന്നു വിലോഭന. അവൾക്കു പല ദുഷ്യങ്ങളുമുണ്ട്. ഭർത്താവിനെ അനുസരിക്കില്ല എന്നത് ഒരു ദുഷ്യമാണ്. ഒരിക്കൽ കേശവൻ സഹികെട്ട് അവളെ കൊന്നു. അയാൾ അടുത്ത ജന്മം മുയൽക്കുട്ടിയായി. അവൾ നായയുമായി. അപ്പോഴും അവർ പൂർവ്വവൈരം കൈവെടിഞ്ഞില്ല!

അക്കഥ ഓർമ്മിച്ചപ്പോഴാണ് സ്വകന്ധരൻ ചിരിച്ചത്.

വിക്രമവേതാളനു ഗീത പതിന്നാലാം അദ്ധ്യായത്തിന്റെ മാഹാത്മ്യം മനസ്സിലായി.

രാജാവും ആ അദ്ധ്യായം അഭ്യസിച്ചു പരഗതി നേടി.

കൃപാണനരസിംഹൻ

(ഗീതാമാഹാത്മ്യം: പതിനഞ്ചാം അദ്ധ്യായം)

ഗൗഡദേശത്തിലെ രാജാവാണ് കൃപാണനരസിംഹൻ. സേനാധിപൻ സരഭഭേരുണ്ഡൻ എന്നയാളും. ഗൂഢമായ ഒരുദ്ദേശ്യമുണ്ട് സേനാധിപന്. കൃപാണനരസിംഹനെ വധിച്ചിട്ടു രാജസ്ഥാനം കൈയടക്കണം. അയാളുടെ ഉറ്റ ചങ്ങാതികൾ ചിലരൊക്കെയുണ്ട്. അവർ അതിനായി ഗൂഢാലോചന നടത്തി. പക്ഷേ, അയാളുടെ ആഗ്രഹം നടന്നില്ല. അതിനു മുമ്പ് അയാൾ വിഷൂചിക പിടിച്ചു മരിച്ചുപോയി.

എന്തായിരുന്നു അയാളുടെ അടുത്ത ജന്മം? സിന്ധു ദേശത്തിലെ ഒരു കുതിരയായിട്ട്. അത്യന്തം ഭംഗിയുള്ള, ലക്ഷണം തികഞ്ഞ കുതിര!

ഗൗഡദേശത്തിലെ ഒരു വൈദ്യൻ സിന്ധുദേശത്തു പോയി. അവിടെ ആ കുതിരയെ കാണാനിടയായി. അയാൾക്ക് അതിനെ അങ്ങേയറ്റം ബോധിച്ചു. നല്ല വിലകൊടുത്ത് അയാൾ അതിനെ വാങ്ങി. നാട്ടിൽ ചെന്നു തമ്പുരാനു കാഴ്ചവയ്ക്കണം—അതായിരുന്നു അയാളുടെ ഉദ്ദേശ്യം. കുതിരയുമായി അയാൾ ഗൗഡദേശത്തു തിരിച്ചെത്തി. അതിനെയുംകൊണ്ട് കൊട്ടാരത്തിൽ ചെന്നു രാജാവിനെ മുഖം കാണിച്ചു. കുതിരയുടെ കാര്യം പറഞ്ഞു. കുതിരയെ കണ്ടപ്പോൾ രാജാവിന്റെ കണ്ണുകൾ വിടർന്നു. മാത്രമല്ല, മറ്റെല്ലാവരുടെ കണ്ണുകളും. ഇങ്ങനെ ഒരു കുതിരയെ അവരാരും അന്നോളം കണ്ടിരുന്നില്ല.

കൃപാണനരസിംഹനായി കുതിരയുടെ ഉടമസ്ഥൻ.

ഒന്നൊന്നായി പലേ യുദ്ധങ്ങളും ഉണ്ടായി. രാജാവ് ആ കുതിരയുടെ പുറത്തിരുന്നാണു യുദ്ധം ചെയ്തത്. അപ്പോൾ മുതൽ ആ കുതിര ഏറ്റവും നല്ല പടക്കുതിരയുമായി. അതിന്റെ ശരീരത്തിൽ അനേകം മുറിവുകൾ പറ്റി. കാലക്രമേണ മുറിവുകൾ തഴമ്പുകളുമായി.

ഒരിക്കൽ കൃപാണനരസിംഹൻ വേട്ടയ്ക്കായി കാട്ടിലേക്കു പോയി. സരഭഭേരുണ്ഡൻ ആയിരുന്ന ആ കുതിരയില്ലേ? അതിന്റെ പുറത്തിരുന്നാണു യാത്ര. രാജാവ് മൃഗങ്ങളെ അന്വേഷിച്ചു കുതിരയോടിച്ചുകൊണ്ടിരുന്നു. അതിനിടയിൽ അദ്ദേഹം അനുചരന്മാരിൽനിന്ന് ഒറ്റപ്പെട്ടുപോയി. കലശലായ ദാഹവും ഉണ്ടായി. കുതിരപ്പുറത്തുനിന്നു തറയിലിറങ്ങി. കുതിരയെ ഒരു മരത്തിൽ കെട്ടി. ഒരു പാറയുടെ പുറത്തുകയറി. വെള്ളമുണ്ടോ എന്നു നാലുചുറ്റിനും നോക്കി. ഒരു ഓലക്കഷണം കാറ്റിൽ പറന്നു വന്നു വീണു. രാജാവ് ആ ഓലയെടുത്തു നോക്കി. അതിൽ ഒരു ശ്ലോകത്തിന്റെ പകുതി എഴുതിയിരിക്കുന്നു—ഗീത പതിനഞ്ചാം അദ്ധ്യായത്തിലെ ഒരു ശ്ലോകത്തിന്റെ പകുതി. കൃപാണനരസിംഹൻ അതു വായിച്ചു. കേട്ടുനിന്നിരുന്ന കുതിര നിലത്തു വീണു. രാജാവ് കുതിരയുടെ അടുത്തേക്ക് ഓടിച്ചെന്നു. അതിനെ എഴുന്നേൽപ്പിക്കാൻ ശ്രമിച്ചു. കുതിര എഴുന്നേറ്റില്ല. മാത്രമോ? ചാവുകയും ചെയ്തു.

അതിന്റെ ശരീരത്തിൽനിന്ന് സരഭഭേരുണ്ഡൻ ഉയർന്നുവന്നു!

അയാൾ തമ്പുരാനെ ഭക്തിപൂർവ്വം വണങ്ങി. അപ്പോഴേക്കും ദിവ്യവിമാനം വന്നിറങ്ങി. അതിൽ കയറി സരഭഭേരുണ്ഡൻ സ്വർഗലോകം പൂകി.

കൃപാണനരസിംഹൻ ഒരു ആശ്രമം കണ്ടെത്തി.

ആശ്രമത്തിൽ ഒരു മുനി പാർത്തിരുന്നു.

രാജാവ് മുനിയോട് ഒരു സംശയം ചോദിച്ചു:

'എന്തുകൊണ്ടാണ് സരഭേമുണ്ഡൻ സ്വർഗ്ഗത്തു പോയത്?'

മുനി പറഞ്ഞു:

'രാജൻ, അയാൾ അങ്ങയെ കൊന്നു രാജ്യം കൈയടക്കാൻ നിശ്ചയിച്ചു. അപ്പോഴാണു വിഷൂചിക ബാധിച്ചു മരിച്ചത്. പിന്നീട് അയാൾ കുതിരയായി ജനിച്ചു. അങ്ങ് ആ കുതിരയെ വാങ്ങി. അതിപ്പോൾ ചത്തുപോയി. അങ്ങ് വായിച്ചില്ലേ ഓല? അത് എന്റെ ശിഷ്യൻ എഴുതിയതാണ്.'

കൃപാണനരസിംഹൻ കൊട്ടാരത്തിൽ തിരിച്ചെത്തി. ഗീത പതിനഞ്ചാം അദ്ധ്യായം ഹൃദിസ്ഥമാക്കി. ഫലമായി ഒടുവിൽ മുക്തി നേടി.

ഖഡ്ഗബാഹു

(ഗീതാമാഹാത്മ്യം: പതിനാറാം അദ്ധ്യായം)

സൗരാഷ്ട്രത്തിൽ ഖഡ്ഗബാഹു എന്നൊരു രാജാവ് വാണിരുന്നു. അദ്ദേഹത്തിന് ഒരു കൊമ്പനാനയുണ്ട്, അരിമർദനൻ എന്നു പേരായിട്ട്. അതിന് ഇടയ്ക്കിടയ്ക്ക് മദം പൊട്ടാറുണ്ട്. ഒരിക്കൽ അങ്ങനെയൊരവസരം ഉണ്ടായി. കൊമ്പനാന ആദ്യം തളക്കൂറ്റി പൊട്ടിച്ചു. പിന്നീടു കെട്ടിയ ചങ്ങലയും. എന്നിട്ടു ലായത്തിൽനിന്നു പുറത്തിറങ്ങി. അതിനെ നിയന്ത്രിക്കാൻ പാപ്പാന്മാർ പരിശ്രമിച്ചു. ഒരു പ്രയോജനവും ഉണ്ടായില്ല. അരിമർദനൻ തെരുവിലിറങ്ങി. കണ്ടവരെല്ലാം ഓട്ടം പിടിച്ചു. വീട്ടിലിരുന്നവർ വാതിലടച്ചു. ആന വാതിലുകൾ കുത്തിത്തകർത്തു. ആളുകൾ അന്തംവിട്ടു നിലവിളിച്ചുകൊണ്ടു പാഞ്ഞു.

അരിമർദനന്റെ പെരുമാറ്റം ഖഡ്ഗബാഹുവിന് അറിവായി. രാജാവ് അല്പം അകലെനിന്നു നോക്കി. അപ്പോൾ ഒരു ബ്രാഹ്മണൻ വരുന്നതു കണ്ടു. എന്തോ ജപിച്ചുകൊണ്ടാണ് ആ ബ്രാഹ്മണന്റെ വരവ്.

'അയ്യോ, അങ്ങോട്ടു പോകരുതേ! കൊമ്പനാന മദം പൊട്ടി നിൽക്കുന്നു!' ചിലർ ദൂരെനിന്നു വിളിച്ചുപറഞ്ഞു.

അദ്ദേഹത്തിനാകട്ടെ, യാതൊരു കൂസലും ഉണ്ടായില്ല. ആളുകൾ പകച്ചു നോക്കിനിൽക്കെ അദ്ദേഹം ആനയെ സമീപിച്ചു. തൊട്ടുമുമ്പിൽ ചെന്നു നിന്നു. തുമ്പിക്കൈ പിടിച്ചു തലോടി. എന്നിട്ടു തന്റെ വഴിക്കു പോയി.

ആന അദ്ദേഹത്തെ ഉപദ്രവിച്ചതേയില്ല!

ഖഡ്ഗബാഹു കണ്ടുനിൽക്കുകയായിരുന്നല്ലോ, മറ്റു ചില ആളുകളോടൊപ്പം.

രാജാവ് ബ്രാഹ്മണനെ തന്റെ സമക്ഷത്തിലേക്കു വരുത്തി.

അദ്ദേഹം ചോദിച്ചു:

'അങ്ങ് ചെയ്തത് എന്നെ അത്ഭുതപ്പെടുത്തി. ഏതു ദേവനെയാണ് അങ്ങ് ഉപാസിക്കുന്നത്? ഏതു മന്ത്രമാണ് അങ്ങ് ജപിക്കുന്നത്? ഏതു സിദ്ധിയാണ് അങ്ങ് നേടിയിട്ടുള്ളത്?'

ബ്രാഹ്മണൻ പറഞ്ഞു:

'രാജൻ, ഞാൻ ഗീതയുടെ പതിനാറാം അദ്ധ്യായം നിയമേന ഉരുവിടാറുണ്ട്. അതുകൊണ്ട് കൈവന്ന സിദ്ധിയാണിത്.'

ഖഡ്ഗബാഹു ബ്രാഹ്മണനു ധാരാളം സ്വർണനാണയങ്ങൾ നൽകി. അദ്ദേഹത്തിൽനിന്നു മന്ത്രോപദേശം സ്വീകരിച്ചു. ഗീതയുടെ പതിനാറാം അദ്ധ്യായം മനഃപാഠമാക്കി. അതത്രയും നിത്യവും ഉരുവിട്ടു തുടങ്ങി.

പിന്നൊരിക്കലും കൊമ്പനാനയ്ക്കു മദം പൊട്ടി. അപ്പോൾ രാജാവ് അതിനെ നേരിട്ടു, മുമ്പ് ബ്രാഹ്മണൻ ചെയ്തതുപോലെ. അദ്ദേഹത്തിന് ഒരു ഹാനിയും ഉണ്ടായില്ല.

ദുശ്ശാസനൻ

(ഗീതാമാഹാത്മ്യം: പതിനേഴാം അദ്ധ്യായം)

മുമ്പത്തെ കഥയിലെ ഖഡ്ഗബാഹുവിന് ഒരു പുത്രനുണ്ട്. ദുശ്ശാസനൻ എന്നാണ് ആ രാജകുമാരന്റെ പേര്. തനിക്കും മദയാനയെ പിടിച്ചു തളയ്ക്കാനൊക്കും. അല്പം മൗഢ്യമുള്ള ദുശ്ശാസനൻ വീമ്പിളക്കി. കൊമ്പനാന മദമിളകിയപ്പോൾ രാജകുമാരൻ ഒരു തീമുമാനമെടുത്തു—ആനപ്പുറത്തു കയറിയിരുന്നു തന്റെ സാമർത്ഥ്യം പ്രദർശിപ്പിക്കണം. വേണ്ടപ്പെട്ടവരെല്ലാം ദുശ്ശാസനനെ വിലക്കി. പക്ഷേ, ദുശ്ശാസനൻ വകവെച്ചില്ല. അയാൾ ആനയുടെ മുമ്പിലേക്കു ചെന്നു. പെട്ടെന്ന് അയാൾ കാലിടറി വീണു. എണീക്കാൻ കഴിയുന്നതിനു മുമ്പ് എന്തുണ്ടായി എന്നോ? മദയാന മുമ്പോട്ടു പാഞ്ഞു. രാജകുമാരനെ ചവിട്ടിക്കൊന്നു.

അടുത്ത ജന്മത്തിൽ ദുശ്ശാസനൻ ആനയായി ജനിച്ചതു സിംഹളരാജാവായ ജയദേവന്റെ ആനപ്പന്തിയിലും. ജയദേവൻ ഖഡ്ഗബാഹുവിന്റെ സ്നേഹിതനായിരുന്നു. അദ്ദേഹത്തിന് ഒരാഗ്രഹമുണ്ടായി—ഈ ആനയെ ഖഡ്ഗബാഹുവിനു സമ്മാനിക്കണം എന്ന്. അദ്ദേഹം ആനയെ കപ്പലിൽ കയറ്റി അയച്ചു. അങ്ങനെ ആന ഖഡ്ഗബാഹുവിന്റെ കൊട്ടാരത്തിലെത്തി. അവിടെയുള്ള ആളുകളെ കണ്ടപ്പോഴോ? ആനയ്ക്ക് മുജ്ജന്മത്തിന്റെ സ്മരണ ഉണ്ടായി. അതോടുകൂടി സങ്കടവും. കഷ്ടം! തനിക്ക് ഈ ദുരവസ്ഥ വന്നുചേർന്നല്ലോ. എല്ലാവരെയും തനിക്ക് അറിയാം. ആർക്കും തന്നെ അറിഞ്ഞുകൂടാ. വെറുമൊരു ആന എന്നേ അവർ കരുതുന്നുള്ളു. വാസ്തവത്തിൽ മാജകുമാരനാണെന്ന് അറിയുന്നില്ല!

അങ്ങനെ കുറെ നാൾ കഴിഞ്ഞു. രാജാവ് പുതിയ ആനയെ ഒരു കവിശ്രേഷ്ഠനു സമ്മാനിച്ചു. ആനയ്ക്ക് എന്തോ രോഗമുള്ളതായി കവിശ്രേഷ്ഠൻ കണ്ടു. അയാൾ അതിനെ മാളവരാജാവിനു വിറ്റു. മാളവരാജാവ് ആനയെ ചികിത്സിപ്പിച്ചു. പക്ഷേ, ഫലമൊന്നും ഉണ്ടായില്ല. ആന യാതൊന്നും തിന്നുന്നില്ല. വെള്ളം കുടിക്കുന്നില്ല. ഒട്ടും തന്നെ ഉറങ്ങുന്നില്ല. ചൂമലിൽ മണ്ണു വാരി ഇടുന്നില്ല. ഒരേ നിലയ്ക്ക് നിന്ന് കണ്ണീർ വാർക്കുന്നു!

ആനയെ നേരിട്ടു കാണുകതന്നെ. മാളവരാജാവ് അതിന്റെ അടുക്കലേക്കു ചെന്നു. അത്ഭുതം! ആന സംസാരിച്ചു.

'വൈദ്യവും മന്ത്രവാദവുമൊന്നും ഫലിക്കയില്ല. ഗീതയുടെ പതിനേഴാം അദ്ധ്യായം ഉരുവിടുന്ന ആളുണ്ടോ? ഉണ്ടെങ്കിൽ ആ ആളെ വരുത്തണം. അപ്പോൾ എന്റെ രോഗം ശമിക്കും.'

അങ്ങനെ ഒരു പണ്ഡിതൻ ഉണ്ടായിരുന്നു. പണ്ഡിതൻ വന്നു പതിനേഴാം അദ്ധ്യായം ചൊല്ലി. അതോടെ ആന ദുശ്ശാസനനായി. ദുശ്ശാസനൻ ദിവ്യ രൂപം കൈക്കൊണ്ടു. തന്റെ അനുഭവങ്ങൾ വിവരിച്ചു. എന്നിട്ട് ദിവ്യലോകത്തേക്കു യാത്രയുമായി.

മാളവരാജാവും പതിനേഴാം അദ്ധ്യായം അഭ്യസിച്ചു തുടങ്ങി.

മറ്റൊരു ദേവേന്ദ്രൻ

(ഗീതാമാഹാത്മ്യം: പതിനെട്ടാം അദ്ധ്യായം)

ദേവേന്ദ്രൻ എന്നത് ഒരു സ്ഥാനം കൂടിയാണ്. ചിലർക്കൊക്കെ ആ സ്ഥാനം ലഭിച്ചിട്ടുണ്ട്. നൂറ് അശ്വമേധം ചെയ്തിരിക്കണം എന്നാണു നിയമം.

ഒരു ദേവേന്ദ്രൻ വാണരുളുന്നു.

ആരാണ് അതാ ഇങ്ങോട്ടു വരുന്നത്? ദിവ്യനെന്ന് ഒറ്റ നോട്ടത്തിൽ അറിയാം. ചുറ്റിനും വിഷ്ണുദൂതന്മാരുണ്ട്. ദേവേന്ദ്രന് ഒരനുവേം ഉണ്ടായി. താൻ സിംഹാസനത്തിൽനിന്നു തെറിച്ചുവീഴുന്നു. ദിവ്യൻ സിംഹാസനത്തിൽ ഇരിക്കുന്നു. വിഷ്ണുദൂതന്മാർ ദിവ്യനെ ദേവേന്ദ്രനായി അഭിഷേകം ചെയ്യുന്നു!

സ്ഥാനം പോയ ദേവേന്ദ്രൻ മഹാവിഷ്ണുവിനെക്കണ്ട് പരാതി പറഞ്ഞു:

'ഭഗവാനേ, ഞാൻ നൂറ് അശ്വമേധയാഗം കഴിച്ചിരുന്നു. അവിടുത്തെ പ്രീതി നേടി ദേവേന്ദ്രനുമായി. ഇപ്പോഴാകട്ടെ, എനിക്കു സ്ഥാനം നഷ്ടപ്പെട്ടിരിക്കുന്നു. എനിക്കു പകരം മറ്റൊരു ദേവേന്ദ്രൻ വന്നിട്ടുണ്ട്. ഇയാൾ നൂറ് അശ്വമേധങ്ങൾ ചെയ്തിട്ടില്ല. എനിക്ക് ഇതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.'

മഹാവിഷ്ണു അരുളിച്ചെയ്തു:

'ദാനമെന്തിന്? തപസ്സെന്തിന്? യാഗമെന്തിന്? അവയെക്കാൾ വലിയ പുണ്യം അയാൾ ചെയ്തിരിക്കുന്നു. അയാൾ നിത്യേന ഗീത പതിനെട്ടാം അദ്ധ്യായം ജപിച്ചിരുന്നു. അതിനാൽ അയാൾക്കു ദേവേന്ദ്രത്വം ലഭിച്ചു.

ഒന്നാം ദേവേന്ദ്രനു കാര്യം മനസ്സിലായി. അദ്ദേഹം ഒരു ബ്രാഹ്മണന്റെ വേഷം ധരിച്ചു. അങ്ങനെ ഗോദാവരീ നദിയുടെ തീരത്തെത്തി. അവിടെ കാളികാഗ്രാമം എന്നൊരു സ്ഥലമുണ്ട്. ആ ഗ്രാമത്തിൽ ഒരു ശിവക്ഷേത്രവും. ഒരു ഭക്തൻ ശിവക്ഷേത്രത്തിലിരുന്നു ഗീത പതിനെട്ടാം അദ്ധ്യായം ഉരുവിടുന്നു. ഒന്നാം ദേവേന്ദ്രൻ ഭക്തനിൽനിന്ന് ആ അദ്ധ്യായം ഗ്രഹിച്ചു. ഫലമായി ലഭിച്ചതോ, വൈകുണ്ഠവും—സ്വർഗ്ഗത്തെക്കാൾ എത്രയോ മാഹാത്മ്യമുള്ള പുണ്യലോകം.

വിഷ്ണുശർമ

(ഇന്ദ്രപ്രസ്ഥ തീർത്ഥമാഹാത്മ്യം)

മഹാവിഷ്ണു നരസിംഹമായി അവതരിക്കയുണ്ടായല്ലോ. നരസിംഹം ഹിരണ്യകശിപുവിനെ വധിക്കയും ചെയ്തു. ദേവേന്ദ്രന് മഹാവിഷ്ണുവിനോട് അപാരമായ കൃതജ്ഞതയുണ്ടായി. മഹാവിഷ്ണുവിനെ ഉദ്ദേശിച്ച് ഒരു മഹായാഗം ചെയ്യണം—അതായി ദേവേന്ദ്രന്റെ നിശ്ചയം. യാഗത്തിനു യോജിച്ച സ്ഥലം എവിടെയാണ്? ദേവേന്ദ്രൻ ദേവഗുരുവായ ബൃഹസ്പതിയുടെ അഭിപ്രായം ആരാഞ്ഞു. യമുനാതീരത്തിലെ ഖാണ്ഡവവനം നന്ന്—അതായിരുന്നു ബൃഹസ്പതിയുടെ ഉത്തരം. ദേവേന്ദ്രൻ ഖാണ്ഡവവനം തന്നെ നിശ്ചയിച്ചു. അവിടെവച്ചു യാഗവും അനുഷ്ഠിച്ചു. മഹാവിഷ്ണുവും ബ്രഹ്മാവും ശിവനും സന്നിഹിതരായി. അവർ പ്രസന്നരായി ചില ദിവ്യതീർത്ഥങ്ങൾ നിർമ്മിച്ചു. അങ്ങനെ അവിടം സർവതീർത്ഥമയമായി. ഇന്ദ്രപ്രസ്ഥതീർത്ഥം എന്നും പേരായി.

ഒരു മനുഷ്യന്റെ ജീവിതം ഇന്ദ്രപ്രസ്ഥതീർത്ഥത്തിൽ അവസാനിച്ചു എന്നിരിക്കട്ടെ. പിന്നെ ആ മനുഷ്യന് ഒരിക്കലും ജന്മമില്ല. അത്ര പാവനമാണ് ആ തീർത്ഥം.

മഹർഷിമാർ പറഞ്ഞു:

'ദേവേന്ദ്രാ, അങ്ങിപ്പോൾ മഹാവിഷ്ണുവിനെ ആരാധിച്ചു. ഒന്നും നേടാനായിട്ടല്ല ആരാധിച്ചതും. അതിനാൽ അങ്ങ് പുണ്യം സമ്പാദിച്ചിരിക്കുന്നു. ഇനിയൊരു കാലത്ത് അങ്ങ് മനുഷ്യരൂപമെടുക്കും. അനേകം സത്കർമ്മങ്ങൾ ചെയ്യും. ഇവിടെവച്ചു ശരീരവും ത്യജിക്കും.'

വളരെക്കാലം കഴിഞ്ഞു. ദേവേന്ദ്രൻ മനുഷ്യനായി ജനിച്ചു—ഹസ്തിനപുരത്തിൽ, വിഷ്ണുശർമ എന്ന പേരിൽ.

ശിവശർമയാണ് വിഷ്ണുശർമയുടെ പിതാവ്. ഗുണവതി മാതാവും. ദമ്പതികൾ സദ്ഗുണങ്ങളുടെ വിളനിലങ്ങൾ ആയിരുന്നു.

വിഷ്ണുശർമ യുവാവായി. വിവാഹവും കഴിച്ചു. ഒരു കുട്ടിയുടെ അച്ഛനായി.

ഒരു ദിവസം അദ്ദേഹം പറഞ്ഞു:

'അച്ഛാ, ഞാൻ സന്ന്യസിക്കാൻ നിശ്ചയിച്ചിരിക്കുന്നു. അതിന് അച്ഛൻ അനുവാദം തരണം.'

ശിവശർമയ്ക്കാണെങ്കിലോ? തനിക്കും സന്ന്യസിക്കണം എന്നാണ് ആഗ്രഹം. അദ്ദേഹം മകനെ ആഗ്രഹം അറിയിച്ചു.

ഇരുവരും ഒന്നിച്ചു നാടും വീടും വിടുകതന്നെ—അതായി പിതാവിന്റെയും പുത്രന്റെയും തീരുമാനം.

ശിവശർമ പറഞ്ഞു:

'മകനേ, നിന്റെ അമ്മ അറിഞ്ഞാലോ? അവൾ എന്റെ പിറകെ വരും. അവൾ അറിയാതെ നമുക്കു പോകണം.'

അർദ്ധരാത്രിയായി. മറ്റെല്ലാവരും ഗാഢനിദ്രചെയ്യുന്നു. ശിവശർമ ശബ്ദമു

ണ്ടാക്കാതെ എഴുന്നേറ്റു. ഒന്നിച്ച് വിഷ്ണുശർമയും. അവർ വീട്ടിനു പുറത്തിറങ്ങി. നടന്നുപോയി.

അനേകം തീർത്ഥങ്ങൾ അവർ സന്ദർശിച്ചു. ഒടുവിൽ എത്തിച്ചേർന്നതോ? ഇന്ദ്രപ്രസ്ഥതീർത്ഥത്തിലും.

ഒരിടത്ത് കുറെ കുറ്റികൾ നാട്ടിയിരിക്കുന്നതു കണ്ടു. യജ്ഞപശുക്കളെ കെട്ടാനുള്ള കുറ്റികളാണ്. അവ കണ്ടപ്പോൾ വിഷ്ണുശർമയ്ക്കു പൂർവ്വജന്മം ഓർമവന്നു. താൻ ദേവേന്ദ്രനായി യാഗം ചെയ്തിരുന്നു. അപ്പോൾ നാട്ടിയ കുറ്റികളാണവ! മറ്റെല്ലാ സംഭവങ്ങളും സ്മരണയിൽ തിങ്ങിക്കൂടി. അദ്ദേഹം അതെല്ലാം ശിവശർമയെ കേൾപ്പിച്ചു. അച്ഛനു പൂർണ്ണമായ വിശ്വാസം ഉണ്ടാകണം—ആ ഉദ്ദേശ്യത്തോടുകൂടി വിഷ്ണുശർമ പറഞ്ഞു:

'അച്ഛാ, ഇവിടെ അനേകം പുണ്യതീർത്ഥങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അവയിൽ ഒന്നാണ് 'നിഗമോൽ ബോധകതീർത്ഥം.' അച്ഛൻ ആ തീർത്ഥത്തിൽ സ്നാനം ചെയ്യണം. എന്നാൽ, അച്ഛന്റെ പൂർവ്വജന്മം ഓർമ്മ വരും—ഒന്നിച്ച് എന്റെ പൂർവ്വജന്മവും.'

ശിവശർമ ആ തീർത്ഥത്തിൽ മുങ്ങാൻ ഒരുങ്ങി. അപ്പോഴേക്കും ഒരു കാഴ്ച കണ്ടു. ഒരു കാട്ടാളൻ തങ്ങളുടെ നേർക്ക് ഓടിവരുന്നു. അവന്റെ മുഖത്തു ഭീതി തെളിഞ്ഞു കാണാം. പുറകെ വരുന്നത് എന്താണ്? ഒരു ഘോരസിംഹം!

പിതാവും പുത്രനും ഒരു മരക്കൊമ്പിൽ കേറിയിരുന്നു. എന്നിട്ടു കാട്ടാളനെയും സിംഹത്തെയും ശ്രദ്ധിച്ചു. കാട്ടാളൻ ഓടിച്ചെന്ന് ഒരു മരത്തിൽ കയറാൻ ഭാവിക്കുന്നു. അല്പം കയറിയപ്പോൾ സിംഹം അവന്റെ കാലിൽ എത്തിപ്പിടിക്കുന്നു. അവനെ വലിച്ചു നിലത്തിട്ടു കടിക്കുന്നു. കാട്ടാളൻ കുന്തമെടുത്തു സിംഹത്തിന്റെ വയറ്റിൽ കുത്തുന്നു. കാട്ടാളനും സിംഹവും ഒന്നിച്ചു ജീവൻ വെടിയുന്നു!

രണ്ടു ദിവ്യവിമാനങ്ങൾ പറന്നിറങ്ങി.

കാട്ടാളനെയും സിംഹത്തെയും വിഷ്ണുലോകത്തേക്കു കൊണ്ടുപോകണം—അതിനു വന്നതാണു വിഷ്ണുദൂതന്മാരുള്ള ആ ദിവ്യവിമാനങ്ങൾ.

അതിനിടയ്ക്കുള്ള മനുഷ്യനും മൃഗത്തിനും ദിവ്യരൂപം സിദ്ധിച്ചു. ഇരുവർക്കും ജ്ഞാനം ഉദിച്ചു. അപ്പോൾ ഒന്നു തോന്നി. ഒരൊറ്റ സുകൃതം ചെയ്തിട്ടില്ല. ചെയ്തതെല്ലാം മഹാപാപങ്ങൾ. എന്നിട്ടും എങ്ങനെ സദ്ഗതി കിട്ടി? അവർ വിഷ്ണുദൂതന്മാരോടു ചോദിച്ചു.

വിഷ്ണുദൂതന്മാർ പറഞ്ഞു:

'ഈ ദിവ്യതീർത്ഥത്തിൽവെച്ചു നിങ്ങളുടെ ജീവൻപോയി. അതാണു നിങ്ങൾക്കു സദ്ഗതി ലഭിക്കാൻ കാരണം. അത്രകണ്ടു പുണ്യമുള്ളതാണ് ഈ ഇന്ദ്രപ്രസ്ഥതീർത്ഥം!'

ഇരുവരെയും വിമാനത്തിൽ കയറ്റി വിഷ്ണുദൂതന്മാർ വിഷ്ണുലോകത്തു പോയി.

കണ്ടും കേട്ടും മരക്കൊമ്പിൽ ഇരിക്കയാണ് ശിവശർമയും വിഷ്ണുശർമയും. തീർത്ഥത്തിന്റെ മാഹാത്മ്യം അവർ നേരിട്ടു കണ്ടതാണ്. ആദ്യം ശിവശർമ അതിലിറങ്ങി സ്നാനം ചെയ്തു. വിഷ്ണുശർമ പറഞ്ഞിരുന്നതു

ശരിയായി. ശിവശർമ്മയ്ക്കു പൂർവ്വസ്മരണ ഉണ്ടായി. അദ്ദേഹം അത്രയും മകനെ കേൾപ്പിച്ചു:

ശരഭൻ എന്നൊരു വൈശ്യൻ. ധനികന്മാരിൽ പ്രമാണിയാണ് അയാൾ. എല്ലാ സൗഖ്യങ്ങളും അനുഭവിക്കുന്നു. പുത്രനില്ല എന്ന ഒരേ ഒരു ദുഃഖം മാത്രം!

ഒരിക്കൽ ദേവലൻ എന്ന മഹർഷിയുടെ വരവുണ്ടായി.

ശരഭൻ ചോദിച്ചു:

'മഹർഷേ, എനിക്കു പുത്രൻ ജനിക്കാത്തതിന് എന്താണു കാരണം?'

ദേവലൻ അല്പനേരം ധ്യാനിച്ചിരുന്നു. അപ്പോഴേക്കും മഹർഷിക്കു കാര്യം മനസ്സിലായി. അദ്ദേഹം അത് ശരഭനെ അറിയിച്ചു.

മൂന്നാമിക്കൽ ശരഭന്റെ പത്നി ഒരു നേർച്ച നടത്തുകയുണ്ടായി—താൻ ഗർഭിണിയായാൽ ഗൗരീദേവിക്കു വിശേഷാൽപൂജ ചെയ്യാം എന്ന്. വൈശ്യപത്നി ഗർഭിണിയാവുകതന്നെ ചെയ്തു. ദമ്പതികൾക്ക് അതിയായ സന്തോഷമുണ്ടായി. അവർ വിശേഷാൽപൂജയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തു. വൈശ്യപത്നി വേണ്ടതായ സാമഗ്രികളെല്ലാം വരുത്തി. തോഴിമാർ മുഖേന അവയൊക്കെ അമ്പലത്തിൽ എത്തിച്ചു. അവർതന്നെ പൂജ നടത്തണം എന്നായിരുന്നു നിർദ്ദേശം.

വൈശ്യപത്നി അമ്പലത്തിലേക്കു പോയില്ല. അവരുടെ കുടുംബത്തിൽ ഒരു പതിവുണ്ട്. ഗർഭിണികൾ അമ്പലത്തിൽ പോകാറില്ല. അതായിരുന്നു കാരണം.

തോഴിമാർ പൂജ നടത്തിയപ്പോഴോ? അവർക്കു ചില സൂചനകൾ ലഭിക്കുകയുണ്ടായി. ദേവി പ്രസാദിച്ചിട്ടില്ല എന്നായിരുന്നു സൂചനകൾ. അവർ മടങ്ങിച്ചെന്ന് വൈശ്യപത്നിയെ വിവരം ധരിപ്പിച്ചു.

വൈശ്യപത്നിക്കു വല്ലാത്ത വ്യസനമായി.

വാസ്തവത്തിൽ എന്താണു സംഭവിച്ചിരുന്നത്?

ഗൗരീദേവിയുടെ ഒരു സഖിയാണ് വിജയ. വൈശ്യപത്നിയോടു ദേവിക്ക് അപ്രീതിയുണ്ട്—അക്കാര്യം വിജയ മനസ്സിലാക്കി. ദേവിയോടു വിജയ കാരണം ചോദിച്ചു.

ദേവി പറഞ്ഞു:

'വിജയേ, വൈശ്യപത്നി വന്നില്ലെങ്കിലും പോട്ടെ, ഭർത്താവിനെ അയയ്ക്കാമായിരുന്നില്ലേ? അതുപോലും അവൾ ചെയ്തില്ല. തോഴിമാരെക്കൊണ്ടു മാത്രം പൂജ നടത്തി. അവൾ ഗർഭിണിയായതു വെറുതെയാകും. എന്നാൽ, അവൾ ഇവിടെ വന്നു പൂജിച്ചാലോ? ഒരു പുത്രനും ജനിക്കും.'

ഇത്രയും ദേവലമഹർഷി ശരഭനെ അറിയിച്ചു. മഹർഷി തുടർന്നു:

'ശരഭാ, ഇപ്പോൾ നിങ്ങൾക്കു പ്രതിവിധി മനസ്സിലായി അല്ലേ? ആ പ്രതിവിധി ചെയ്യൂ, ഫലമുണ്ടാകും.'

വൈശ്യൻ കാലം കളയാതെ ക്ഷേത്രത്തിൽ ചെന്നു പൂജനടത്തി. ദേവി പ്രസാദിച്ച് ഒന്ന് അരുളിച്ചെയ്തു—അയാൾ പത്നിയോടുകൂടി നിഗമോൽബോധകതീർത്ഥത്തിൽ സ്നാനം ചെയ്യണം. എന്നാൽ, തീർച്ചയായും ഒരു സത്പുത്രൻ ജനിക്കും.

ദമ്പതികൾ അപ്രകാരം ചെയ്തു.

അവർക്കൊരു പുത്രൻ ജാതനുമായി.

ഒരിക്കൽ ശരഭൻ ആരും അറിയാതെ വീട് വിട്ട് അതേ തീർത്ഥത്തിലേക്കുപോയി. ദിവസവും മുന്നുനേരം അതിൽ കുളിക്കുക, വിധിപോലെ പൂജകൾ നടത്തുക—ആ പരിപാടി കുറേ മാസം തുടർന്നുപോയി.

അയാൾക്ക് ഒരു ദിവസം പനിപിടിച്ചു. പനി എന്നുവെച്ചാൽ ചുട്ടുപൊള്ളുന്ന പനി. അതോടുകൂടി അയാളുടെ മനഃസ്ഥിതിക്കു മാറ്റമുണ്ടായി. ഇപ്പോൾ തനിക്കു വെള്ളമോ മരുന്നോ തരാൻ ആരുമില്ല. മകനും ഭാര്യയും അങ്ങു വളരെ ദൂരത്തിലാണ്. ആരും ശുശ്രൂഷിച്ചില്ലെങ്കിൽ താൻ മരിച്ചുപോകും. ഇപ്പോൾ മരിക്കാൻ ഇഷ്ടവുമില്ല. താൻ കുറെ സ്വർണ്ണം കൊണ്ടുപോന്നിട്ടുണ്ട്. ആ സ്വർണ്ണം അടുത്തൊരിടത്തു കുഴിച്ചിട്ടിരിക്കുന്നു. അതെടുക്കാൻ തനിക്കു ശേഷിയില്ല. ശരഭൻ വല്ലാതെ കുണ്ഠിതപ്പെട്ടു.

ഒരു ഗ്രാമീണൻ ആ വഴി പോകാൻ ഇടയായി. അയാൾ ശരഭന്റെ കുടിലിൽ കയറിച്ചെന്നു. സന്ന്യാസിയെന്നു കരുതി കയറിച്ചെന്നതാണ്. അയാൾ ശരഭനെ അത്യന്തം ആദരവോടെ വന്ദിച്ചു.

ശരഭൻ ഞരങ്ങി:

'ഞാൻ സന്ന്യാസിയല്ല. ദൂരദിക്കിൽ നിന്നു വന്ന വൈശ്യനാണ്. ഞാൻ പനിപിടിച്ചു ചാകാറായി. നിങ്ങൾ വല്ലവിധവും എന്നെ വീട്ടിൽ എത്തിക്കണം. ഞാൻ നിങ്ങൾക്ക് ആവശ്യംപോലെ പണം തരാം.'

ശരഭൻ സ്വർണം കുഴിച്ചിട്ട സ്ഥലം പറഞ്ഞുകൊടുത്തു. ഗ്രാമീണൻ മണ്ണുമാന്തി സ്വർണ്ണമെടുത്തു. പോയി മഞ്ചലും തണ്ടെടുപ്പുകാരുമായി തിരിച്ചുവന്നു. അതിനായി ശരഭൻ അയാൾക്കു കുറെ സ്വർണ്ണം കൊടുത്തിരുന്നു. അതിന്റെ മുന്നിൽ രണ്ടുഭാഗവും അയാൾ സ്വന്തമാക്കി. ദുർമോഹിയായിരുന്നു അയാൾ. എല്ലാവരും കൂടി ശരഭനെ എടുത്തു പല്ലക്കിൽ കിടത്തി. ഒരു പാത്രത്തിൽ തീർത്ഥജലം വെച്ചിരുന്നു. ആ പാത്രവും പല്ലക്കിൽ വെച്ചു. അങ്ങനെ ആ യാത്ര ആരംഭിച്ചു.

മാർഗമദ്ധ്യേ അവർക്കു ദാഹമുണ്ടായി.

അവർ പാത്രത്തിലെ തീർത്ഥജലം കുടിച്ചു.

പെട്ടെന്ന് വികടൻ എന്ന രാക്ഷസൻ പാഞ്ഞടുത്തു. അവൻ ഗ്രാമീണനേയും തണ്ടെടുപ്പുകാരെയും കൊന്നുതിന്നു. രോഗിയായ ശരഭനെ അല്പം കഴിഞ്ഞു ഭക്ഷിക്കാം—അതായിരുന്നു വികടന്റെ വിചാരം.

കുറെ മനുഷ്യരെ ഭക്ഷിച്ചതല്ലേ? രാക്ഷസനു ദാഹം തോന്നി. അവൻ പാത്രത്തിലെ ജലം കുടിച്ചു. തീർത്ഥജലം അവനു മുജ്ജന്മത്തിന്റെ സ്മരണ ഉളവാക്കി. അതോടുകൂടി ജ്ഞാനത്തെ ഉണർത്തുകയും ചെയ്തു.

അവൻ ശരഭനോടു ചോദിച്ചു:

'ഹേ, മനുഷ്യാ, നിങ്ങളും ഞാൻ ഭക്ഷിച്ചവരും ആരാണ്? ഞാൻ കുടിച്ചത് ഏതു തീർത്ഥജലമാണ്?'

വൈശ്യൻ വിസ്തരിച്ച് അറിയിച്ചു.

വികടൻ തന്റെ കഥയും കേൾപ്പിച്ചു:

കഴിഞ്ഞ ജന്മത്തിൽ രാക്ഷസൻ ബ്രാഹ്മണനായിരുന്നു—ദുർവൃത്തനും അധർമ്മിയുമായ ഒരു ബ്രാഹ്മണൻ. അയാൾ ചൂതാടി മുതലെല്ലാം കളഞ്ഞു.

അനേകം ദുഷ്പ്രവൃത്തികളും ചെയ്തു. ഒരിക്കൽ അയാൾ പാതിരായ്ക്കു പതുങ്ങിപ്പതുങ്ങി നടക്കയായിരുന്നു. രാജഭടന്മാർ അയാളെ കാണാനിടയായി. കള്ളനെന്നു കരുതി അവർ അയാളെ വെട്ടിക്കൊന്നു. അയാൾ മരണശേഷം നരകത്തിൽ കിടന്നു. പിന്നീടു രാക്ഷസനായി ജന്മമെടുത്തു.

എങ്കിലും അയാൾ ഒരു പുണ്യകൃത്യം ചെയ്തിട്ടുണ്ടായിരുന്നു.

മുജ്ജന്മത്തിലാണ് ആ പുണ്യകൃത്യം ചെയ്തത്. ഒരിക്കൽ ഒരു അതിഥി ഭക്ഷണത്തിനു വന്നെത്തി. അയാൾ അതിഥിയെ അപമാനിക്കാനും ആട്ടിയോടിക്കാനും ഒരുങ്ങി. പതിവ്രതയായ ഭാര്യ അയാളെ അതിൽനിന്നു പിൻതിരിപ്പിച്ചു. ഭാര്യയുടെ നിർബന്ധത്തിനുവഴങ്ങി അയാൾ അതിഥിക്കു ഭക്ഷണം നൽകി. വേണ്ടതുപോലെ ഉപചരിക്കുകയും ചെയ്തു.

രാക്ഷസൻ പറഞ്ഞു നിർത്തി:

'എനിക്ക് ഈ തീർത്ഥജലം കുടിക്കാൻ ഭാഗ്യമുണ്ടായില്ലേ? അത് ആ പുണ്യകൃത്യം കാരണമായിരിക്കണം.'

അപ്പോൾ രാക്ഷസൻ കൊന്നുതിന്ന ഗ്രാമീണനും തണ്ടെടുപ്പുകാരുമോ?

അവർക്കും ദിവ്യരൂപങ്ങൾ കൈവന്നു. പോയത് കുബേരന്റെ പത്തനത്തിലേക്കും. ധനത്തിന്റെ കൊതിയുള്ളവർ ആയിരുന്നല്ലോ അവർ. ധനത്തിന്റെ അധിപനുമാണ് കുബേരൻ.

വികടൻ ശരഭനെ വഹിച്ചുകൊണ്ടുപോയി. എവിടേക്കെന്നോ? മുമ്പത്തെ തീർത്ഥത്തിലേക്കുതന്നെ. ഇരുവരും അതിൽ സ്നാനം ചെയ്തു. അതിന്റെ തീരത്ത് ഒന്നിച്ചു താമസവുമാക്കി.

അപ്പോഴേക്കും വൈശ്യപുത്രന് ഒരു വിവരം കിട്ടി—അച്ഛനു ജ്വരം ബാധിച്ചുവെന്നും, ഇപ്പോൾ അച്ഛൻ തീർത്ഥത്തിന്റെ തീരത്തിലുണ്ടെന്നും. അയാൾ കാലവിളംബം കൂടാതെ അവിടെ എത്തിച്ചേർന്നു. രാക്ഷസന് പുത്രനോടും മൈത്രിയുണ്ടായി—പിതാവിനോട് എന്നപോലെ.

പത്തുദിവസം കഴിഞ്ഞു.

തീർത്ഥത്തിൽ നിൽക്കെ ശരഭൻ മരണമടഞ്ഞു.

ഫലമായി, അയാൾക്കു വിഷ്ണുലോകം ലഭിച്ചു.

പുത്രനും രാക്ഷസനും താമസം തുടർന്നു.

ഒരു പശു തീർത്ഥത്തിലെ ചെളിയിൽ അകപ്പെട്ടുപോയി. രാക്ഷസൻ അല്പം അകലെനിന്ന് അതു കാണാൻ ഇടയായി. പശുവിനെ രക്ഷിക്കാനായി അവൻ ഓടിച്ചെന്നു വെള്ളത്തിൽ ചാടി. അപ്പോൾ ഒരു മുതല നീന്തിവന്ന് അവനെ പിടികൂടി. അവനെ കൊല്ലുകയും ചെയ്തു.

ഈ പുണ്യതീർത്ഥത്തിൽ വെച്ചായിരുന്നല്ലോ വികടന്റെ മരണം. അതിനാൽ അവനു വൈകുണ്ഠം ലഭ്യമായി—മുമ്പ് ദുഷ്കൃത്യങ്ങൾ ചെയ്തിരുന്നെങ്കിലും.

വൈശ്യപുത്രൻ ഏകനായി അവിടത്തെ ജീവിതം തുടർന്നു—തീർത്ഥസ്നാനത്തിലും പ്രാർത്ഥനയിലും മാത്രം ശ്രദ്ധിച്ചുകൊണ്ടുള്ള ജീവിതം!

ഇത്രയുമാണ് ശിവശർമയുടെ മുജ്ജന്മത്തിൽ നടന്ന സംഭവങ്ങൾ.

യഥാകാലം ശിവശർമയും വിഷ്ണുശർമയും പരഗതി നേടി.

(പദ്മപുരാണം)

ദേവദാസൻ

(ബദര്യാശ്രമതീർത്ഥമാഹാത്മ്യം)

മഗധരാജ്യത്തിൽ ധർമിഷ്ഠനായ ഒരു ബ്രാഹ്മണനുണ്ട്. പേര് ദേവദാസൻ എന്നാണ്. പത്നിയുടെ പേര് ഉത്തമ എന്നും. അവർക്ക് അംഗദൻ എന്നൊരു പുത്രനുണ്ട്; വലയ എന്നൊരു പുത്രിയും.

അംഗദന്റെ വിവാഹമായി. പിന്നീട് വലയയുടെയും.

പുത്രൻ പിതാവിനെ സഹായിച്ച് സ്വഗൃഹത്തിൽ കഴിഞ്ഞു.

വലയ ഭർത്താവിനോടുകൂടി അയാളുടെ ഗൃഹത്തിലേക്കു പോയി.

കാലം കുറെയേറെ കഴിഞ്ഞു. ദേവദാസനും ഉത്തമയും തീർത്ഥയാത്ര ചെയ്യാൻ നിശ്ചയിച്ചു. അദ്ദേഹം ആ വിവരം അംഗദനോടു പറഞ്ഞു. അയാൾ അച്ഛനമ്മമാരെ രണ്ടു നാഴികദൂരം അനുയാത്രചെയ്തു. അതിനുശേഷം അവർക്കു ധനം നൽകി തിരിച്ചുപോയി.

വൃദ്ധദമ്പതികൾ യാത്ര തുടർന്നു.

അവർ ഒരു സിദ്ധനെ കണ്ടുമുട്ടി.

ദേവദാസൻ അന്വേഷിച്ചു:

'അങ്ങ് ആരാണ്? എവിടന്നു വരുന്നു?'

സിദ്ധൻ തന്നെക്കുറിച്ചുള്ള വിവരങ്ങൾ അറിയിച്ചു. അതോ, ഒരു കഥയുടെ രൂപത്തിലും.

അദ്ദേഹം കപിലമഹർഷിയുടെ ശിഷ്യനായിരുന്നു. ഗുരുവിന്റെ ആശ്രമത്തിൽ പഠിച്ചു താമസിക്കുകയായിരുന്നു അദ്ദേഹം. ഒരിക്കൽ ഇരുവരുംകൂടി ബദരീവനത്തിലേക്കു പോയി. കൂറ്റനായ ഒരു കാട്ടുപോത്ത് അവിടത്തെ ജലം കുടിക്കയായിരുന്നു. ആ മൃഗം ദാഹം തീർത്തിട്ടു കരയ്ക്കു കയറി. അപ്പോൾ അതിന് വാക്ശക്തി കിട്ടി. അതു കപിലമഹർഷിയോടു പറഞ്ഞു:

'ഈ ജലം കുടിച്ചതോടെ എനിക്കു മുജ്ജന്മസ്മരണ ഉണ്ടായിരിക്കുന്നു. ഒന്നിച്ച് അന്നുചെയ്ത പാപങ്ങളുടെ സ്മരണയും. എന്താണ് ഈ തീർത്ഥത്തിന്റെ പേരും ചരിത്രവും? പറഞ്ഞുതരാൻ ദയവുണ്ടാകണം.'

കപിലമഹർഷി പറഞ്ഞു:

'നിങ്ങൾ കഴിഞ്ഞ ജന്മം ആരായിരുന്നു. കാട്ടുപോത്തായി പിറക്കാൻ തക്ക പാപം എന്തുചെയ്തു? ആദ്യം അതു പറയണം.'

കാട്ടുപോത്ത് തന്റെ പൂർവചരിത്രം അറിയിച്ചു.

കഴിഞ്ഞ ജന്മത്തിൽ അതു കലിംഗരാജാവ് ആയിരുന്നു. രാജാവ് ചെയ്യാത്ത ദ്രോഹങ്ങളില്ല. പ്രജകൾക്ക് നാട്ടിൽ ഇരിക്കപ്പൊറുതി ഇല്ലാതായി. അവർ ഒന്നൊന്നായി അന്യരാജ്യങ്ങളിൽ അഭയംതേടി.

ഒരിക്കൽ ദുർവാസാവ് കലിംഗത്തിൽ ചെന്നു. പ്രജകൾ ഒന്നിച്ചു മഹർഷിയെ കണ്ട് പരാതി പറഞ്ഞു. അദ്ദേഹം തങ്ങളെ രക്ഷിക്കണം—ആ അപേക്ഷയും സമർപ്പിച്ചു. രാജാവിനെ ചെന്നുകാണാൻ മഹർഷി നിശ്ചയിച്ചു. അദ്ദേഹം കൊട്ടാരത്തിലേക്കു കയറിച്ചെന്നു.

കലിംഗരാജാവ് ഭടന്മാർക്ക് ആജ്ഞ നൽകി:

'അതാ, വരുന്നുണ്ട്, കാട്ടുപോത്തിനെപ്പോലെയുള്ള ദുർവാസാവ്. നിങ്ങൾ അയാളെ ആട്ടിയോടിക്കണം.'

രാജഭടന്മാർ ദുർവാസാവിന്റെ മുമ്പിലെത്തി. പക്ഷേ, അവർക്ക് രാജാജ്ഞ നടപ്പിലാക്കാൻ കഴിഞ്ഞില്ല. കാരണം, അവർക്കു മഹർഷിയുടെ അടുത്തുചെല്ലാൻ വയ്യ. ദുർവാസാവിന്റെ തപച്ചക്തി അവരെ അകറ്റിനിർത്തി. മാത്രമല്ല, അവരെ ഭസ്മവുമാക്കി.

മഹർഷി രാജാവിന്റെ മുമ്പിലെത്തി ശാപമേകി:

'നീ കാട്ടുപോത്താകട്ടെ!'

അങ്ങനെ കലിംഗരാജാവ് കാട്ടുപോത്തായി കാട്ടിൽ ജീവിതം തുടങ്ങി. മനുഷ്യജീവിതത്തിൽ ചുരുക്കം ചില പുണ്യകൃത്യങ്ങളും ചെയ്തിരുന്നു. അക്കാരണത്താൽ ഈ തീർത്ഥത്തിൽ മുഴുകാൻ ഭാഗ്യമുണ്ടായി.

കപിലമുനി പറഞ്ഞു:

'ഇവിടെ അടുത്താണു ബദര്യാശ്രമതീർത്ഥം. അതിൽ സ്നാനംചെയ്യൂ.'

കാട്ടുപോത്ത് ആ നിർദ്ദേശം അനുസരിച്ചു. തീർത്ഥസ്നാനം ചെയ്തു കയറിയപ്പോഴോ? അതിനു ദേവരൂപം സിദ്ധിച്ചിരുന്നു. ദേവേന്ദ്രൻ വന്നു സ്വർഗ്ഗത്തിലേക്കു കൊണ്ടുപോവുകയും ചെയ്തു.

അത്രയുമാണ് സിദ്ധൻ ദേവദാസനെ അറിയിച്ചത്.

ദേവദാസനും പത്നിയും ആ തീർത്ഥത്തിൽ ഇറങ്ങിക്കുളിച്ചു.

അവർക്ക് ലഭിച്ചത് വിഷ്ണുലോകം ആയിരുന്നു.

(പത്മപുരാണം)

പുണ്ഡരീകൻ

(പുഷ്കരതീർത്ഥമാഹാത്മ്യം)

വിദർഭയിൽ മാളവൻ എന്നൊരു ബ്രാഹ്മണനുണ്ട്. വിദ്വാനും ഭക്തനും ധർമിഷ്ഠനുമാണ് മാളവൻ. അദ്ദേഹം ഗോദാവരിയിൽ സ്നാനം ചെയ്യാനായി യാത്രതിരിച്ചു. അവിടെവെച്ച് ദാനവും നിശ്ചയിച്ചിരുന്നു. അതിനായി വേണ്ടത്ര സ്വർണവും കൊണ്ടുവന്നിട്ടുണ്ട്. അതിൽ പകുതി പുണ്ഡരീകനു ദാനം ചെയ്യണം. മാളവന്റെ മരുമകനാണ് പുണ്ഡരീകൻ. ആ ബന്ധംകൊണ്ടല്ല ദാനം നിശ്ചയിച്ചത്. പിന്നെയോ, പുണ്ഡരീകൻ ധർമിഷ്ഠരിൽ മുമ്പനായതുകൊണ്ട്. ബാക്കി പകുതി ഉത്തമന്മാരായ പുരോഹിതന്മാർക്കു കൊടുക്കണം. അതായിരുന്നു മാളവന്റെ ഉദ്ദേശ്യം.

അമ്മാവനും മരുമകനും ഗോദാവരിയുടെ തീരത്തു കണ്ടുമുട്ടി. മാളവൻ പകുതി സ്വർണം പുണ്ഡരീകന് ദാനം ചെയ്തു. പുണ്ഡരീകൻ അതിലൊരു ഭാഗം ഉത്തമന്മാരായ ചിലർക്കു വിതരണം ചെയ്തു.

ഇരുവരും അവരവരുടെ വഴിക്കു പോയി.

പുണ്ഡരീകൻ മാർഗമദ്ധ്യേ പുഷ്കരണിയിൽ എത്തിച്ചേർന്നു.

അതിനിടയ്ക്കു മറ്റു ചില സംഭവങ്ങൾ നടന്നിരുന്നു.

പുണ്ഡരീകന് ഭരതൻ എന്നൊരു അനുജനുണ്ട്. ഭരതന്റെ സ്വഭാവം ജ്യേഷ്ഠന്റേതിൽനിന്നു വ്യത്യസ്തമാണ്. മദ്യപാനം, ചൂതാട്ടം, മോഷണം അവയെല്ലാം അയാൾ ചെയ്തുവന്നു.

ഒരു കാര്യം ഭരതന് അറിവായി. ജ്യേഷ്ഠൻ ഗോദാവരിസ്നാനത്തിനു പോകുന്നു എന്ന്. അമ്മാവനിൽനിന്നു ജ്യേഷ്ഠന് ധാരാളം സ്വർണം ദാനം കിട്ടുമെന്നും. ആ സ്വർണമെല്ലാം കൈക്കലാക്കണം എന്നായി ഭരതന്റെ നിശ്ചയം. അതിനായി ജ്യേഷ്ഠനെ കൊല്ലുകയും വേണം. കണ്ടില്ലേ ആ മഹാദുഷ്ടന്റെ പാപചിന്ത? അയാൾ മാർഗമദ്ധ്യേ ജ്യേഷ്ഠനുവേണ്ടി കാത്തിരുന്നു.

കുറെ കച്ചവടക്കാർ ആ സ്ഥലത്തു വരാനിടയായി. അവർ രാത്രിയിൽ അവിടെ താവളമടിച്ചു. ഭരതൻ അവരുടെ കൂട്ടത്തിൽ കഴിഞ്ഞുകൂടി. എല്ലാവരും കിടന്നുറങ്ങി. അർദ്ധരാത്രിക്ക് ഒരു കള്ളൻ കയറി. അവൻ ധനം മോഷ്ടിച്ചെടുത്തുതുടങ്ങി. ചിലർ ഉണർന്നു നോക്കിയപ്പോൾ കള്ളനെ കണ്ടു. എല്ലാവരുംകൂടി ബഹളം കൂട്ടി. കള്ളൻ മോഷ്ടിച്ച ധനത്തോടുകൂടി ഓടിപ്പോയി. ചിലർ 'അതാ കള്ളൻ, പിടിക്കിൻ' എന്നു വിളിച്ചുകൊണ്ട് പിറകെ ഓടി. ഏറ്റവും മുമ്പിലായി ഓടിയത് ഭരതൻതന്നെ. കള്ളന്റെ കൈയിലുള്ള ധനം തനിക്കു കൈക്കലാക്കണം. അതായിരുന്നു ഭരതന്റെ ലക്ഷ്യം. പക്ഷേ മറ്റാളുകൾ എന്താണ് വിചാരിച്ചത്? ഇയാൾ കള്ളന്റെ കൂട്ടുകാരനാണ് എന്ന്. ഒരുവൻ ഭരതനെ ഖഡ്ഗംകൊണ്ട് വെട്ടി. അതേസമയം ഭരതൻ അയാളെയും വെട്ടി. ഇരുവരും വെട്ടേറ്റ് നിലംപതിച്ചു. ഭരതൻ മരിച്ചെന്നു കച്ചവടക്കാർ കരുതി. അവർ പുലരുംമുമ്പ് സ്ഥലംവിട്ടു.

പക്ഷേ, ഭരതൻ മരിച്ചിരുന്നില്ല. ദേഹത്തെ പരിക്കിൽനിന്നും ചോര ഒലിച്ചിറങ്ങുന്നു. അയാൾ വല്ലാതെ കിതച്ചുകൊണ്ടു കിടക്കുകയും ചെയ്യുന്നു.

അപ്പോഴാണ് പുണ്ഡരീകൻ ആ വഴി പോകാൻ ഇടയായത്.

ആരാണു പരിക്കേറ്റ് അവശനായി കിടക്കുന്നത്? പുണ്ഡരീകൻ അടുത്തുചെന്നു നോക്കി. അനുജനായ ഭരതൻ! ആ സഹോദരസ്നേഹി വാവിട്ടു കരഞ്ഞു. എന്നിട്ട് എന്തുണ്ടായി എന്നു ചോദിച്ചു. പക്ഷേ, അനുജൻ ഉത്തരം പറഞ്ഞില്ല. അയാളുടെ ജീവൻ ശരീരംവിട്ടു പോയിരുന്നു!

അങ്ങനെതന്നെ. ഭരതനും ദിവ്യശരീരം ലഭിച്ചു. വിഷ്ണുദൂതന്മാർ വരികയുംചെയ്തു—അയാളെ വിഷ്ണുലോകത്തേക്കു കൊണ്ടുപോകാനായിട്ട്!

പുണ്ഡരീകൻ ചോദിച്ചു:

'അനുജാ, നീ എന്തു പുണ്യത്താലാണ് ഈ പുഷ്കരതീർത്ഥത്തിൽ വെച്ചു മരിച്ചത്?'

ഭരതൻ പറഞ്ഞു:

'ജ്യേഷ്ഠാ, മുമ്പൊരിക്കൽ ഞാൻ ഒന്നു കണ്ടു. തെരുവിൽ ഒരു അനാഥക്കുട്ടി മരിച്ചുകിടക്കുന്നു. ഞാൻ മൃതശരീരം എടുത്തു ഗംഗാതീരത്തിലേക്കു കൊണ്ടുപോയി. അവിടെ വിധിപ്രകാരം ദഹനകർമ്മം കഴിച്ചു. അതിനുള്ള പണം എന്റെ പക്കൽ ഉണ്ടായിരുന്നു. ചൂതാട്ടത്തിൽ കിട്ടിയ പണമായിരുന്നു അത്. ആ പുണ്യകൃത്യം കാരണം എനിക്ക് ഈ ഭാഗ്യമുണ്ടായി.'

അത്രയും പറഞ്ഞ് ഭരതൻ വിഷ്ണുലോകത്തേക്കു യാത്രയായി.

പുണ്ഡരീകൻ പുഷ്കരതീർത്ഥത്തിൽ സ്നാനംചെയ്തു. അദ്ദേഹത്തിന് ഉത്കടമായ ഒരാഗ്രഹം തോന്നി. മാഘമാസം മുഴുവനും തന്റെ ഗൃഹത്തിൽ മഹാവിഷ്ണു താമസിക്കണം! ആ ആഗ്രഹത്തോടുകൂടി അദ്ദേഹം സ്വഗൃഹത്തിലേക്കു പോയി.

ആഗ്രഹം ദൃഢമായ വിശ്വാസമായി മാറി. വിഷ്ണുഭഗവാൻ മാഘമാസം ഒന്നാംതീയതി തന്റെ ഗൃഹത്തിൽ എത്തും! അദ്ദേഹം അക്ഷമനായി ദിവസങ്ങൾ തള്ളിനീക്കി. പ്രതീക്ഷിച്ച ദിവസത്തിന്റെ തലേന്നാളായി. അന്നുരാത്രി ഉത്സവംപോലെ ആയിരുന്നു. ദാനങ്ങൾ, ഭജനകൾ, പൂജകൾ—അങ്ങനെ എന്തെല്ലാം! പുണ്ഡരീകൻ ഉറക്കമിളച്ച് ഇരിക്കയാണ്. രാത്രി ഒടുങ്ങാറായി. അദ്ദേഹം വാതിലിലേക്കു നോക്കി ഇരിപ്പായി. പുലരിയുടെ ആദ്യത്തെ വെളിച്ചം വന്നപ്പോഴോ? അതാ വരുന്നു വിഷ്ണുഭഗവാൻ!

പുണ്ഡരീകൻ ആനന്ദംകൊണ്ടു ഭ്രാന്തനെപ്പോലെയായി. അദ്ദേഹം ചാടിയെണീറ്റു ഭഗവാനെ നമസ്കരിച്ചു. ഭക്തിയോടെ പൂജിച്ചു. ഭദ്രപീഠത്തിൽ ഇരുത്തി.

ഭഗവാൻ ഒരു മാസം അവിടെ താമസിച്ചു. ഓരോ നിമിഷവും പുണ്ഡരീകനു നിർവൃതി അരുളി. മാഘമാസം അവസാനിച്ചപ്പോഴോ? ഭഗവാൻ പുണ്ഡരീകനെ വീണ്ടും പുഷ്കരത്തിൽ എത്തിച്ചു. തീർത്ഥത്തിൽ സ്നാനം ചെയ്യാൻ ആവശ്യപ്പെട്ടു. പുണ്ഡരീകൻ നിർദ്ദേശം അനുസരിച്ചു. ഉടനെ അദ്ദേഹം ജീവൻ വെടിഞ്ഞു. ശരീരത്തിൽനിന്ന് ഒരു ദിവ്യതേജസ്സ് പുറപ്പെട്ടു. പുണ്ഡരീകനു വിഷ്ണുപദം ലഭിച്ചുകഴിഞ്ഞിരുന്നു!

കശ്യപന്റെ ദുർദ്ദശ

(പുഷ്കരിണീതീർത്ഥമാഹാത്മ്യം)

പരീക്ഷിത്തിനെ കൊത്തിക്കൊല്ലാൻ പോവുകയാണ് തക്ഷകസർപ്പം. രാജാവിനെ രക്ഷിക്കാൻ പോവുകയാണ് തക്ഷകന്റെ പിതാവായ കശ്യപമഹർഷി. വഴിയിൽവെച്ച് ഇരുവരും തമ്മിൽ കണ്ടുമുട്ടി. തക്ഷകൻ പിതാവിനെ പിൻതിരിപ്പിച്ചു. പരീക്ഷിത്തിനെ കൊത്തിക്കൊല്ലുകയും ചെയ്തു.*

കശ്യപന് താമസിയാതെ ദുഷ്കീർത്തി ഉണ്ടായി. ജനങ്ങൾ അദ്ദേഹത്തെ പഴിച്ചുതുടങ്ങി. അവർ തമ്മിൽ എന്തൊക്കെയാണ് പറഞ്ഞതെന്നോ? കശ്യപനു പരീക്ഷിത്തിനെ രക്ഷിക്കാൻ കഴിയുമായിരുന്നു. എന്നിട്ടും തക്ഷകനു വേണ്ടി രാജാവിനെ രക്ഷിക്കാതിരുന്നു, അതു വലിയ അധർമമായിപ്പോയി—അങ്ങനെ പലതും.

തന്നോട് ആളുകൾക്കു വെറുപ്പായിരിക്കുന്നു. അക്കാര്യം കശ്യപനു മനസ്സിലായി. ആരും കാരണം പറഞ്ഞുമില്ല. നാടുചുറ്റി വിവരം അറിയുകതന്നെ. അതിനായി മഹർഷി ഇറങ്ങിത്തിരിച്ചു. വഴിയിൽ വല്ലവരെയും കണ്ടെന്നിരിക്കട്ടെ. ഒന്നുകിൽ അവർ വിളിച്ചുപറയും: 'അങ്ങ് ഞങ്ങളുടെ അടുത്തു വരുത്!' അല്ലെങ്കിൽ അവർ ഒന്നും മിണ്ടാതെ വഴിമാറി പൊയ്ക്കളയും!

കശ്യപനു വല്ലാത്ത മനോദുഃഖം ഉണ്ടായി.

അദ്ദേഹം ശാകല്യൻ എന്ന മഹർഷിയുടെ ആശ്രമത്തിൽ ചെന്നു. എന്നിട്ട് ആ മഹർഷിയോട് ചോദിച്ചു:

'ജനങ്ങളെല്ലാം എന്നെ വെറുക്കുന്നു. ഞാൻ നികൃഷ്ടനാണെന്ന് അവർ കരുതുന്നു. സജ്ജനങ്ങൾ എന്നെ ഉപേക്ഷിച്ചിരിക്കയാണ്. ഇതിനു തക്ക പാപ

മൊന്നും ഞാൻ ചെയ്തിട്ടില്ല. എന്താണ് ഇതിന്റെ കാരണം? ദയവുചെയ്ത് അങ്ങ് പറഞ്ഞുതരണം.'

ശാകല്യൻ സത്യം അറിയിച്ചു:

'അങ്ങേയ്ക്ക് പരീക്ഷിത്തിന്റെ ജീവൻ രക്ഷിക്കാൻ സാധിക്കുമായിരുന്നു. എന്നിരുന്നിട്ടും അങ്ങ് അത് ചെയ്തില്ല. വിഷബാധയേറ്റവനെ രക്ഷിക്കാൻ ശക്തിയുണ്ടാവുക; എന്നിട്ട് ആ ശക്തി ഉപയോഗിക്കാതിരിക്കുക—അതു മഹാപാപമാണ്. മറ്റേതു പാപത്തിനും പരിഹാരമുണ്ട്. ഈ പാപത്തിനു പരിഹാരമില്ല. ഈ പാപംചെയ്ത ആളെ കണ്ടാൽ മാറിപ്പോകണം. ആ ആളോടൊന്നിച്ച് ഭക്ഷണം കഴിക്കരുത്. അയാളോട് ഒരക്ഷരം മിണ്ടരുത്. അങ്ങനെയാണ് പൊതുവേ ജനങ്ങൾ കരുതിപ്പോരുന്നത്.'

കശ്യപന് അപ്പോൾ ഒരാഗ്രഹം ഉണ്ടായി. വീണ്ടും ജനങ്ങളുടെ ബഹുമാനം നേടണം. അല്ലെങ്കിൽ എത്ര കഷ്ടമായിരിക്കും തന്റെ സ്ഥിതി! അദ്ദേഹം പറഞ്ഞു:

'ശാകല്യമഹർഷേ, അങ്ങ് എന്തെങ്കിലും പരിഹാരം കണ്ടുപിടിക്കണം. ദയവുണ്ടായി എന്നെ സഹായിക്കണം.'

ഒന്നാലോചിച്ചിട്ട് ശാകല്യൻ പറഞ്ഞു:

'കശ്യപമഹർഷേ, പുഷ്കരിണീതീർത്ഥത്തിൽ സ്നാനം ചെയ്യണം. എന്നിട്ടു വരാഹമൂർത്തിയെ ഭജിക്കണം. തീർച്ചയായും ഫലമുണ്ടാകും.'

ആ നിർദ്ദേശം കശ്യപൻ അനുസരിച്ചു. അതിന്റെ സദ്ഫലം ഉടനെ കാണുമാറായി. എല്ലാവരും അദ്ദേഹത്തെ ബഹുമാനിച്ചു, പണ്ടേപ്പോലെ!

ധർമ്മഗുപ്തൻ

(പുഷ്കരിണീതീർത്ഥമാഹാത്മ്യം)

ചന്ദ്രവംശത്തിൽ ജനിച്ച രാജാവായിരുന്നു നന്ദൻ. അദ്ദേഹം ഭൂമിയടക്കി ചക്രവർത്തിയായി വാണു. ധർമഗുപ്തൻ എന്നൊരു പുത്രൻ അദ്ദേഹത്തിനുണ്ടായി. രാജകുമാരന് യൗവനം ആയപ്പോഴോ? നന്ദൻ പുത്രനു രാജ്യം നൽകി. എന്നിട്ട് തപസ്സിനു പോയി.

ധർമഗുപ്തൻ ധർമത്തോടുകൂടി രാജ്യഭരണം നടത്തി. ദാനം, യജ്ഞം മുതലായ പുണ്യകർമങ്ങൾ അനുഷ്ഠിച്ചു. പ്രജകളെ സന്തോഷിപ്പിച്ച് രക്ഷിക്കുകയും ചെയ്തു.

ഒരു നാൾ ധർമഗുപ്തൻ കുതിരപ്പുറത്തുകയറി നായാട്ടിനുപോയി. അദ്ദേഹം കാട്ടിൽ അങ്ങുമിങ്ങും ചെന്നു വേട്ടയാടി. അങ്ങനെ പകൽ ഒടുങ്ങി. ഇരുൾ വ്യാപിച്ചുതുടങ്ങി. രാജാവിനു വഴിതെറ്റി. വന്യമൃഗങ്ങൾ ധാരാളമുണ്ട്. എവിടെയെങ്കിലും രാത്രി കഴിക്കണം. അദ്ദേഹം ഒരു മരത്തിന്റെ മുകളിൽ കയറി. അവിടെ ഇരുന്നു നേരം വെളുപ്പിക്കുകതന്നെ.

അല്പം കഴിഞ്ഞ് എന്തോ ഓടുന്ന ശബ്ദം കേട്ടു. ആ ശബ്ദം അടുത്തടുത്തു വരികയാണ്. രാജാവിന് ഒന്നു മനസ്സിലായി. ഒരു സിംഹം ഒരു കരടിയെ

ഓടിക്കുന്നു. കരടി പ്രാണഭീതിയെടുത്തു പായുകയാണ്. അതു മരം കണ്ട് അതിൽ കയറി. ഏതിലെന്നോ? ധർമഗുപ്തൻ ഇരിക്കുന്ന അതേ മരത്തിൽ!

സിംഹം മേൽപ്പോട്ടു നോക്കി ചുവട്ടിൽ നില്പായി.

കരടി രാജാവിനോടു സംസാരിച്ചു:

'ഹേ മനുഷ്യാ, നമുക്ക് ഒന്നിച്ച് ഇവിടെ രാത്രി കഴിക്കാം. താഴെ വീണാൽ രണ്ടുപേരെയും സിംഹം കൊന്നുതിന്നും. രാത്രിയിൽ ഒരു പകുതി നേരത്തേക്ക് നിങ്ങൾ ഉറങ്ങണം. മറ്റേ പകുതി നേരത്തേക്ക് ഞാനും ഉറങ്ങാം. അങ്ങനെ നമുക്കു പരസ്പരം സഹായിക്കാം. ഞാൻ ചതിക്കുകയില്ല. എന്നെ വിശ്വസിക്കണം.'

അത് ധർമഗുപ്തന് സമ്മതമായി.

അദ്ദേഹം ഉറക്കം തുടങ്ങി.

സിംഹം കരടിയെ വിളിച്ചു:

'എടോ കരടീ, നീ ആ മനുഷ്യനെ തള്ളി താഴെയിട്. ഞാൻ അവനെ കൊന്നുതിന്നു വിശപ്പടക്കട്ടെ. നിന്നെ ഞാൻ ഉപദ്രവിക്കുകയില്ല. ആ മനുഷ്യൻ ഉറങ്ങുകയാണ്. നടക്കുന്നതൊന്നും അയാൾ അറിയുകയില്ല.'

കരടിക്കു സ്വീകാര്യമായില്ല:

'എടോ സിംഹം, ഈ മനുഷ്യൻ ഒരു രാജാവാണ്. അദ്ദേഹത്തെ ചതിക്കാൻ പാടില്ല. അതിൽപ്പരം ഒരു പാപമില്ല. വിശ്വസിക്കുന്നവനെ ചതിച്ചാൽ നരകം കിട്ടും. ഞാൻ മരിച്ചാലും ശരി, ആ പാപം ചെയ്യുകയില്ല.'

രാത്രിയുടെ ഒന്നാം പകുതി കഴിഞ്ഞു. അപ്പോൾ ധർമഗുപ്തൻ ഉണർന്നു. കരടി ഉറങ്ങാൻ ആരംഭിക്കുകയും ചെയ്തു.

സിംഹം രാജാവിനെ വിളിച്ചു:

'ഹേ മനുഷ്യാ, ഉറങ്ങുന്ന കരടിയെ തള്ളി താഴെയിടൂ. ഞാൻ അവനെ കൊന്നുതിന്നാം. നിന്നെ വെറുതെ വിടുകയും ചെയ്യാം.'

കരടി അനുഷ്ഠിച്ചതു ധർമമായിരുന്നു. മനുഷ്യൻ ചെയ്തത് അധർമവും. രാജാവ് കരടിയെ പിടിച്ചുതള്ളി.

പക്ഷേ, കരടി വീണില്ല. ആ മൃഗം അത്ര ബലമായി മരക്കൊമ്പിൽ പിടിച്ചിരുന്നു. ഉറങ്ങുമ്പോഴും പിടി അയഞ്ഞിരുന്നില്ല. കരടി ഞെട്ടിയുണർന്നു. കാര്യവും മനസ്സിലാക്കി.

കരടി പറഞ്ഞു:

'രാജാവേ, വാസ്തവത്തിൽ ഞാൻ കരടിയല്ല. ഇച്ചപോലെ രൂപം ധരിക്കാവുന്ന മുനിയാണ്. ധ്യാനകാഷൻ എന്നാണ് എന്റെ പേര്. ഞാനിപ്പോൾ കരടിയായി കഴിയുന്നു എന്നേയുള്ളൂ. അങ്ങ് എന്നെ ചതിക്കാൻ നോക്കി, അല്ലേ? ഞാൻ ഇതാ അങ്ങയെ ശപിക്കുന്നു. അങ്ങ് ഭ്രാന്തനായിപ്പോകട്ടെ!'

തുടർന്നു കരടി സിംഹത്തോടു സംസാരിച്ചു:

'സിംഹമേ, വാസ്തവത്തിൽ അങ്ങ് സിംഹമല്ല. ഞാൻ ജ്ഞാനദൃഷ്ടി കൊണ്ടു സകലതും അറിഞ്ഞിരിക്കുന്നു. അങ്ങ് സുഭദ്രൻ എന്ന യക്ഷനാണ്. മുമ്പൊരിക്കൽ അങ്ങ് ഗൗതമമഹർഷിയെ അനാദരിച്ചു. ഗൗതമമഹർഷി അങ്ങയെ ശപിച്ച് സിംഹമാക്കി.'

അത്രയും കേട്ടില്ലേ? ഉടനെ സുഭദ്രന് ശാപമോക്ഷം ഉണ്ടായി. ആ യക്ഷനു സ്വന്തം രൂപം വീണ്ടുകിട്ടി.

അദ്ദേഹം പറഞ്ഞു:

'ഇപ്പോൾ എനിക്കു പൂർവസ്മരണ ഉണ്ടായിരിക്കുന്നു. ഗൗതമമഹർഷി ഒന്നു പറഞ്ഞിരുന്നു—അങ്ങയെ കാണുമ്പോൾ എനിക്കു പഴയ രൂപം ലഭിക്കുമെന്ന്. ഞാൻ ഇതാ കുബേരന്റെ അടുക്കലേക്കു പോകുന്നു. അങ്ങ് അതിന് അനുമതി തരണം.'

ധർമഗുപ്തന്റെ പിതാവുണ്ടല്ലോ, തപോവനത്തിൽ കഴിയുന്ന നന്ദൻ. അദ്ദേഹത്തിന് അറിവുകിട്ടി, പുത്രനു ഭ്രാന്തുപിടിച്ചെന്ന്. എങ്ങനെയെങ്കിലും ഭ്രാന്തു മാറ്റണം. അതിനായി നന്ദൻ ജൈമിനിമഹർഷിയെ സമീപിച്ചു. ജൈമിനി മഹർഷി അൽപ്പമൊന്ന് ആലോചിച്ചു. അപ്പോൾ അദ്ദേഹത്തിനു വഴി തുറന്നുകിട്ടി. അദ്ദേഹം പറഞ്ഞു:

'നന്ദാ, മകനെ പുഷ്കരിണീതീർത്ഥത്തിൽ കുളിപ്പിക്കണം. എന്നാൽ, അവന്റെ ഭ്രാന്തു തീരും.'

കാലം കളയാതെ നന്ദൻ ധർമഗുപ്തനെ അന്വേഷിച്ചു കണ്ടെത്തി. പുഷ്കരിണിയിലേക്കു കൊണ്ടുപോയി സ്നാനംചെയ്യിച്ചു. ആ നിമിഷം ധർമഗുപ്തന്റെ ഭ്രാന്ത് ഇല്ലാതായി. അദ്ദേഹം മുമ്പത്തെപ്പോലെ രാജ്യഭരണം തുടങ്ങി.

സുമതി

(പുഷ്കരിണീതീർത്ഥമാഹാത്മ്യം)

ഉത്തമനായ പിതാവിന് അധമനായ പുത്രൻ!

പിതാവ് യജ്ഞദേവനാണ്. പുത്രൻ സുമതിയും. യജ്ഞദേവൻ അതിയായി സങ്കടപ്പെട്ടു. ദുഷ്കർമങ്ങളേ പുത്രൻ ചെയ്യുകയുള്ളു. അവൻ വിവാഹിതനായാൽ നല്ലവനായേക്കും. അതായി യജ്ഞദേവന്റെ ആശ. പക്ഷേ, വിവാഹത്തിനുശേഷം സുമതി കൂടുതൽ വഷളനായി. അയാൾ ഭാര്യയെ ഉപേക്ഷിച്ചു. എന്നു മാത്രമല്ല, ഒരു കാട്ടാളസ്ത്രീയുടെ ഭർത്താവുമായി. കാട്ടാളസ്ത്രീക്കുവേണ്ടി ഒട്ടേറെ ദുഷ്പ്രവൃത്തികൾ ചെയ്തു.

ഒടുവിൽ അയാൾ ധർമിഷ്ഠനായ ഒരു ബ്രാഹ്മണന്റെ ഗൃഹത്തിൽ കടന്നുകയറി. ഒന്നിച്ചു കൂറെ കൂട്ടുകാരുമുണ്ട്. അയാൾ ഗൃഹനാഥനെ വെട്ടിക്കൊന്നു. മുതലുകൾ എടുത്തുകൊണ്ടുപോയി.

ഒരു തകരാറും പറ്റിയില്ല—അതായിരുന്നു സുമതിയുടെ വിചാരം. പക്ഷേ, ആ വിചാരം തെറ്റായിരുന്നു. ബ്രഹ്മഹത്യ എന്ന പാപം പിശാചിയുടെ രൂപം പൂണ്ടു. എന്നിട്ട് അലറിക്കൊണ്ട് അയാളെ പിടിക്കാനടുത്തു. പിശാചിയെക്കണ്ട് കൂട്ടുകാരെല്ലാം നെട്ടോട്ടമോടി. സുമതി ഓടിയെത്തിയതോ, കാട്ടാളസ്ത്രീയുടെ വീട്ടിലും. പിശാചി പിന്തുടർന്ന് അവിടെയെത്തി. സുമതി അവിടന്ന് ഇറങ്ങിയോടി. ഓടുന്നിടത്തൊക്കെ പിശാചിയുമുണ്ട്. ഒടുവിൽ അയാൾ യജ്ഞദേവനെ ശരണം പ്രാപിച്ചു.

അദ്ദേഹം പറഞ്ഞു:

'മകനേ, നീ ഒട്ടും പേടിക്കണ്ട. ഞാൻ നിന്നെ ഈ പിശാചിയിൽനിന്നു രക്ഷിക്കും.'

പിശാചി സംസാരിച്ചു:

'യജ്ഞദേവാ, നിങ്ങളുടെ മകന്റെ ദുഷ്കൃത്യങ്ങൾക്കു കൈയും കണക്കുമില്ല. അവനെ നിങ്ങൾ രക്ഷിക്കാൻ ശ്രമിച്ചാലോ? ഞാൻ അവനോടുകൂടി നിങ്ങളെയും കൊന്നുതിന്നും. മാത്രമല്ല, നിങ്ങളുടെ എല്ലാ കുടുംബക്കാരെയും. ഒരുത്തനെ രക്ഷിക്കാൻവേണ്ടി എല്ലാവരും നശിക്കരുത്.'

അതുകേട്ട് യജ്ഞദേവൻ പറഞ്ഞു:

'ശരിയാണ്. സുമതി അനേകം പാപകൃത്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ, എന്റെ പുത്രസ്നേഹം മാറിയിട്ടില്ല. അതാണു ഞാൻ ഇവനെ രക്ഷിക്കാൻ ശ്രമിക്കുന്നത്.'

അതുകൊണ്ട് പിശാചി തൃപ്തിപ്പെട്ടില്ല. അവൾ മുന്നോട്ടാഞ്ഞ് സുമതിയെ പ്രഹരിച്ചു. ഏറ്റവും കഠിനമായിരുന്നു ആ പ്രഹരം. സുമതി വേദന പൊറാഞ്ഞു നിലവിളികൂട്ടി. അതുകേട്ട് അവന്റെ അച്ഛനും അമ്മയും നിലവിളിച്ചു—മാത്രമല്ല, മറ്റുള്ള ബന്ധുക്കളും.

യദൃച്ഛയാ ദുർവാസാവ് വരാൻ ഇടയായി.

യജ്ഞദേവൻ അപേക്ഷിച്ചു:

'മഹർഷേ, ഞങ്ങളെ രക്ഷിക്കണേ!'

ദുർവാസാവ് പറഞ്ഞു:

'യജ്ഞദേവാ, അങ്ങയുടെ മകൻ ചെയ്ത പാപങ്ങൾ ഭയങ്കരങ്ങളാണ്. അവയ്ക്കു ശരിയായ പരിഹാരങ്ങൾ വിധിച്ചിട്ടില്ല. എങ്കിലും ഞാൻ ഒരു വഴി കാണിച്ചുതരാം. അവൻ പുഷ്കരിണിയിൽ സ്നാനം ചെയ്യട്ടെ.'

കാലംവിളംബംകൂടാതെ യജ്ഞദേവൻ സുമതിയോടുകൂടി യാത്രയായി. അവർ പുഷ്കരിണിയിൽചെന്നു കുളിച്ചു. അതോടെ സുമതിയുടെ പാപങ്ങൾ നശിച്ചു.

നദിയുടെ ഉത്ഭവം

(സുവർണമുഖരീമാഹാത്മ്യം)

ശിവനും പാർവതിയും തമ്മിലുള്ള വിവാഹം നടക്കാറായി. ആ മംഗളകർമം കാണാൻ വന്നവർക്കു കൈയും കണക്കുമില്ല. എല്ലാവരുടെയും ഭാരം ഒന്നിച്ച് ഒരിടത്തായപ്പോഴോ? ഭൂമിയുടെ ആ ഭാഗം താഴ്ന്നുതുടങ്ങി. വടക്കുഭാഗമായിരുന്നു അത്. അപ്പോൾ തെക്കുഭാഗം ഉയർന്നും തുടങ്ങി. ഈ നില തുടർന്നാലോ? കാര്യം തകരാറാവും.

ശിവൻ അഗസ്ത്യമഹർഷിയെ അരികിൽ വിളിച്ചു:

'അഗസ്ത്യാ, അതാ വടക്കുദിക്കു താഴുകയും തെക്കുദിക്കു പൊങ്ങുകയും ചെയ്യുന്നു. നീ ചെന്നു തെക്കുദിക്കു താഴ്ത്തണം. അപ്പോൾ ഭൂമി

യുടെ നിരപ്പ് പഴയപോലെയാകും. അതിനു നീയല്ലാതെ മറ്റാരും പ്രാപ്തരല്ല. എന്റെ വിവാഹം കണ്ടില്ലെന്ന കുണ്ഠിതം വേണ്ട. നീ എവിടെ ആയാലും ശരി, എന്റെ ഇപ്പോഴത്തെ രൂപം കാണും!'

ഭഗവാന്റെ ഇച്ഛയല്ലേ? അഗസ്ത്യൻ ക്ഷണത്തിൽ തെക്കുദിക്കിലെത്തി. അവിടം ഒന്നു താഴ്ത്തി. അതോടെ വടക്കുദിക്ക് ഉയർന്നു. ഭൂമി ഒരേ നിരപ്പിലുമായി.

അഗസ്ത്യൻ ഒരു പർവതം കണ്ടു. അവിടെ താമസിക്കാൻ നിശ്ചയിച്ചു. അടുത്ത് ഒരു പൊയ്കയുണ്ട്. അതിൽ താമരപ്പൂക്കൾ നിറഞ്ഞുനിൽക്കുന്നു. മഹർഷി ആ ദിക്കിൽ ശിവനെ പ്രതിഷ്ഠിച്ചു. പിൽക്കാലത്ത് അവിടം അഗസ്ത്യശൈലം എന്ന പേരിൽ പ്രസിദ്ധമായി. മഹർഷി അവിടെ ശിവാർച്ചന ചെയ്തു പാർത്തു.

ഒരു ദിവസം അദ്ദേഹം പതിവുപോലെ ശിവപ്രതിഷ്ഠയുടെ അടുത്തു ചെന്നു.

അപ്പോൾ ഒരു അശരീരി കേൾക്കുമാറായി.

'ഇവിടെ നദിയില്ല എന്നൊരു കുറവുണ്ട്. നീ ഇവിടേക്ക് ഒരു നദിയെ വരുത്തണം. ആ നദി ജനങ്ങൾക്ക് ഉപകാരമാകും!'

ആശ്രമത്തിൽ ചില മഹർഷിമാർ ഉണ്ടായിരുന്നു. അഗസ്ത്യൻ അവരോട് അശരീരിയെക്കുറിച്ച് പറഞ്ഞു. അവർക്ക് ഒരേ അഭിപ്രായമായിരുന്നു. ഇവിടെ ഒരു നദി വേണ്ടതുതന്നെ.

അഗസ്ത്യൻ കഠിനമായ തപസ്സ് ആരംഭിച്ചു. മഴയത്തും വേനലിലും മഞ്ഞത്തും അദ്ദേഹം തപസ്സുചെയ്തു. ക്രമേണ മഹർഷിയുടെ തപച്ചക്തിയിൽനിന്നു ചൂടുയർന്നു. ആ ചൂട് നാലുദിക്കിലും വ്യാപിച്ചു. അപ്പോൾ ബ്രഹ്മാവ് പ്രത്യക്ഷനായി.

മഹർഷി വരം ചോദിച്ചു: 'ഭഗവാനേ, ഇവിടെ മഹാത്മ്യമുള്ള ഒരു നദി ഉണ്ടാക്കിത്തരണം!'

ബ്രഹ്മാവ് അന്തർദ്ധാനംചെയ്ത് സ്വസ്ഥാനത്തേക്കു പോയി. എന്നിട്ടു പുണ്യനദിയായ ദേവഗംഗയെ വരുത്തി. ആ നദിയോടു പറഞ്ഞു:

'ഗംഗേ, അഗസ്ത്യൻ തപസ്സുചെയ്യുകയാണ്. നീ അവിടെ അംശംകൊണ്ട് ഒരു നദിയുണ്ടാക്കണം. അത് എന്റെ ആഗ്രഹമാണ്.'

ബ്രഹ്മാവിന്റെ നിർദ്ദേശം ദേവഗംഗ ശിരസ്സാവഹിച്ചു. ആ ദേവി അഗസ്ത്യന്റെ മുമ്പിലെത്തി. എന്നിട്ട് മഹർഷിയോടു പറഞ്ഞു:

'പുതിയ നദിക്ക് ഒഴുകാൻ ഒരു വഴി വേണം. അങ്ങ് എനിക്ക് ആ വഴി കാണിച്ചുതരണം.'

അഗസ്ത്യൻ പറഞ്ഞു:

'ദേവി, എന്റെ പിന്നാലെ വരൂ.'

മഹർഷി വഴി കാണിച്ചുകൊണ്ടു മുമ്പേ നടന്നു. ഗംഗ അംശംകൊണ്ട് അവതരിച്ചു പിറകെ ഒഴുകി. സ്വർണ്ണമുഖരി എന്നായി ആ നദിയുടെ നാമം.

വിഷ്ണുചക്രം

(ചക്രതീർത്ഥമാഹാത്മ്യം)

ഗാലവമഹർഷി മഹാവിഷ്ണുവിനെ തപസ്സു ചെയ്തു. മഹാവിഷ്ണു മഹർഷിയുടെ മുമ്പിൽ പ്രത്യക്ഷനായി.

മഹർഷി വരം ചോദിച്ചു:

'ഭഗവാനേ, അവിടുത്തെ ദർശനം എനിക്കു ലഭിച്ചു. അതിനുപരിയായ വരം ഞാൻ അറിയുന്നില്ല. എനിക്കു തൃപ്പാദത്തിൽ സ്ഥിരമായ ഭക്തി ഉണ്ടായിരിക്കണം. അത്രമാത്രമേ എനിക്ക് ഇനി വേണ്ടൂ.'

പണ്ടു ധർമം ഈ സ്ഥലത്തു തപസ്സുചെയ്തിരുന്നു.

അക്കഥ മഹാവിഷ്ണു ചുരുക്കിപ്പറഞ്ഞു.

ശിവൻ ധർമത്തിന്റെ തപസ്സിൽ സന്തുഷ്ടനായി.

ധർമം പറഞ്ഞു:

'ഭഗവാനേ, അവിടുന്ന് എന്റെ ആഗ്രഹം സാധിപ്പിച്ചുതരണം. ഞാൻ അവിടുത്തെ വാഹനം ആയിത്തീരണം. അതാണ് എന്റെ ആഗ്രഹം. ഞാൻ അവിടുത്തെ വഹിച്ചു സഞ്ചരിച്ചുകൊള്ളാം.'

ശിവനു സന്തോഷമായി:

'ധർമമേ, ഇന്നുമുതൽ നീ എന്റെ വാഹനമാണ്. നിന്നെ സേവിക്കുന്നവർ എന്റെ ഭക്തന്മാരാണ്. നിന്റെ വിരോധികൾ എന്റെ ശത്രുക്കളും. നീ ഇവിടെ സ്നാനത്തിന് ഒരു തീർത്ഥം ഉണ്ടാക്കിയല്ലോ. അത് ധർമതീർത്ഥം എന്ന പേരിൽ പ്രസിദ്ധിനേടും. ആരെങ്കിലും ഇവിടെ തപസ്സുചെയ്യുന്നു എന്നിരിക്കട്ടെ. അവന്റെ തപസ്സിനു നല്ല ഫലം കിട്ടും.'

ഉടൻതന്നെ ധർമം കാളയുടെ രൂപം ധരിച്ചു. ശിവൻ കാളയുടെ പുറത്തു കയറി അവിടുന്നു യാത്രയുമായി.

അത്രയും പറഞ്ഞിട്ട് മഹാവിഷ്ണു തുടർന്നു:

'ഗാലവാ, ഞാൻ ഒരുകാലത്തു നിനക്കു മോക്ഷം തരും. അതുവരെ നീ ഇവിടെ എന്നെ ഭജിച്ചുകൊണ്ടിരിക്കണം. നിനക്ക് എന്തെങ്കിലും ഭീതിയുണ്ടായി എന്നിരിക്കട്ടെ. ഞാൻ ചക്രംകൊണ്ട് നിന്നെ സഹായിച്ചുകൊള്ളാം.

അതിനുശേഷം ഭഗവാൻ തിരോധാനം ചെയ്തു.

ഗാലവൻ മഹാവിഷ്ണുവിനെ ഭജിച്ചുകൊണ്ട് അവിടെ പാർപ്പുതുടങ്ങി.

ഒരിക്കൽ ഭയങ്കരനായ ഒരു രാക്ഷസന്റെ വരവുണ്ടായി. മഹർഷിയെ കൊന്നുതിന്നണം. അതിനായി രാക്ഷസന്റെ ഒരുക്കം. ഗാലവൻ മഹാവിഷ്ണുവിനെ പ്രാർത്ഥിച്ചു. മഹാവിഷ്ണു അവിടെ തൽക്ഷണം ആവിർഭവിച്ചു. ചക്രംകൊണ്ട് രാക്ഷസന്റെ കഴുത്തുമുറിച്ചു. അങ്ങനെ ഭക്തനായ ഗാലവന്റെ ജീവൻ രക്ഷിച്ചു.

അന്നുമുതൽ ധർമതീർത്ഥത്തിനു ചക്രതീർത്ഥം എന്നൊരു പേരുമുണ്ടായി.

ദുർദമൻ എന്നൊരു ഗന്ധർവൻ ഉണ്ടായിരുന്നു. അഹങ്കാരി ആയിരുന്നു ദുർദമൻ. ഒരിക്കൽ ഗന്ധർവൻ ഹാലാസ്യത്തിലേക്കു പോയി. അവിടത്തെ തീർത്ഥത്തിൽ കുളിക്കാനിറങ്ങി. ഒന്നിച്ചു കുറെ ഗന്ധർവസ്ത്രീകളുമുണ്ട്.

എല്ലാവരുംകൂടി കളിച്ചു രസിച്ചു കുളിച്ചു. മറ്റൊരിടത്തു വസിഷ്ഠനും ശിഷ്യരും സ്നാനം ചെയ്യുന്നു. ദുർദമനും കൂട്ടരും മഹർഷിയെ അനാദരിച്ചു.

വസിഷ്ഠൻ കോപിച്ചു ശാപമേകി:

'ദുർദമാ, നീയൊരു രാക്ഷസനാകട്ടെ!'

ദുർദമൻ ശാപമോക്ഷം യാചിച്ചു.

മഹർഷി പറഞ്ഞു:

'നീ ഗാലവനെ കൊന്നുതിന്നാൻ ഭാവിക്കും. അപ്പോൾ നീ വിഷ്ണുചക്രമേറ്റു മരിക്കും. അതോടെ നിനക്കു പഴയ രൂപം ലഭിക്കും.'

ആ ശാപമോക്ഷമാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്.

ദുർദമൻ വീണ്ടും ഗന്ധർവനായി ഗന്ധർവലോകത്തിലേക്കു യാത്രയായി.

വിധുമൻ

(ചക്രതീർത്ഥമാഹാത്മ്യം)

ദേവന്മാരിൽ ഒന്നാണ് വിധുമൻ.

ഒരിക്കൽ ബ്രഹ്മസന്നിധിയിൽ നൃത്തഗാനങ്ങൾ നടക്കുകയായിരുന്നു. സുന്ദരികളായ ദേവനർത്തകികൾ തങ്ങളുടെ കലാപാടവം പ്രദർശിപ്പിക്കുന്നു. വമ്പിച്ചൊരു ദേവസദസ്സ് കൂടിയിരിക്കുന്നു. അവരുടെയിടയിൽ വിധുമനുമുണ്ട്.

നർത്തകികളിൽ ഒരുവളാണ് അലംബുഷ. ഏറ്റവും മെച്ചപ്പെട്ടതായിരുന്നു അലംബുഷയുടെ നർത്തനം. അവളെ ഭാര്യയായി കിട്ടിയെങ്കിൽ! അതായി വിധുമന്റെ ആഗ്രഹം. അലംബുഷയ്ക്കും അതുതന്നെയാണു വേണ്ടത്. അതാരും അറിഞ്ഞില്ല എന്നു കരുതി ഇരുവരും. എന്നാൽ, സർവജ്ഞനായ ബ്രഹ്മാവിനെ ഒളിക്കാൻ സാധിക്കുമോ? ഭഗവാൻ അവരുടെ ആഗ്രഹം അറിഞ്ഞു. അതിൽ നീരസം തോന്നുകയും ചെയ്തു.

ഭഗവാൻ ശാപമേകി:

'വിധുമാ, നീ ഭൂമിയിൽ മനുഷ്യനായി ജനിക്കട്ടെ. അലംബുഷ മനുഷ്യസ്ത്രീയായും ജനിക്കട്ടെ!'

ശാപം വിധുമനു വിഷാദം ഉളവാക്കി:

'ഭഗവാനേ, അടിയൻ അറിയാതെ തെറ്റുചെയ്തു. അവിടുന്നു ശാപമോക്ഷം തരണം!'

ബ്രഹ്മാവ് ശാപത്തെ ലഘൂകരിച്ചു.

'നീ മനുഷ്യജന്മത്തിൽ രാജാവായിരിക്കും. അലംബുഷ നിന്റെ രാജ്ഞിയുമാകും. നിങ്ങൾക്ക് ഉത്തമനായ ഒരു പുത്രനുണ്ടാകും. നീ രാജ്യഭരണം പുത്രനെ ഏല്പിക്കണം. എന്നിട്ട് ഭാര്യയോടൊന്നിച്ചു ചക്രതീർത്ഥത്തിൽ കുളിക്കണം. അപ്പോൾ നിനക്കു പഴയ രൂപം വീണ്ടുകിട്ടും.'

ശിക്ഷ അനുഭവിക്കാതെ നിവൃത്തിയില്ല. വിധുമന് അതു നല്ലപോലെ അറിയാം. മനുഷ്യനായി ജനിക്കുന്നത് ഇഷ്ടമല്ല. പക്ഷേ, മനുഷ്യനായി ജനിക്കാതെ നിർവാഹവുമില്ല. ജനിക്കുന്നതു നല്ല മാതാപിതാക്കളുടെ പുത്രനായിട്ടായിരിക്കണം. വിധുമൻ പിതാവായി തിരഞ്ഞെടുത്തത് ആരെയെന്നോ? കൗശാംബിയിലെ രാജാവായ ശതാനീകനെ. മാതാവായി തെരഞ്ഞെടുത്തത് ശതാനീകന്റെ രാജ്ഞിയായ വിഷ്ണുമതിയെയും.

വിധുമനു വിശ്വസ്തരായ മൂന്നു ഭൃത്യന്മാരുണ്ട്—പുഷ്പവാൻ, ബലോല്ക്കടൻ, മാല്യവാൻ. യജമാനൻ ശാപവൃത്താന്തം ഭൃത്യന്മാരെ അറിയിച്ചു; താൻ മനുഷ്യനായി ജനിക്കാൻ പോകുന്നു എന്നും.

ഭൃത്യന്മാർ ഒരു അപേക്ഷ സമർപ്പിച്ചു.

സ്വാമിയെ വേർപിരിയാൻ അവർക്കു ശക്തിയില്ല. അവർക്കു യജമാനനെ ശുശ്രൂഷിക്കണം. അതിനായി അവർക്കും മനുഷ്യരായി ജനിക്കണം.

വിധുമൻ വിലക്കി:

'എനിക്കു നിങ്ങളുടെ സ്വാമിഭക്തി അറിയാം. നിങ്ങൾ എന്റെ ദുരിതത്തിൽ പങ്കാളികൾ ആകരുത്. ഇപ്പോഴത്തെപ്പോലെ നിങ്ങൾ സ്വർഗത്തിൽ കഴിഞ്ഞാൽ മതി. മനുഷ്യജീവിതം ഏറ്റവും നിന്ദ്യമാണ്. ഞാൻ ശാപകാലം കഴിഞ്ഞു തിരിച്ചെത്തും.'

പക്ഷേ, ഭൃത്യന്മാർക്ക് അതു സ്വീകാര്യമായില്ല, തങ്ങൾക്കും സ്വാമിയെ ഭൂലോകത്തേക്ക് അനുഗമിക്കണം. അവർ നിർബന്ധംപിടിച്ചു. വിധുമനു വഴങ്ങാതെ തരമില്ല എന്നായി.

എവിടെയാണു ഭൃത്യന്മാർ ജനിച്ചത്? ശതാനീകന്റെ രാജധാനിയിൽത്തന്നെ. രാജാവിനു മൂന്നു വിശ്വസ്തന്മാരുണ്ട്—മന്ത്രിയായ യുഗന്ധരൻ, സേനാപതിയായ വിപ്രതീകൻ, തോഴനായ വല്ലഭൻ. ആ മൂന്നുപേർക്കും പുത്രന്മാർ ഉണ്ടായിട്ടില്ല. അവരുടെ പുത്രന്മാരായി ജനിക്കണം—അതായിരുന്നു പുഷ്പവാന്റെയും ബലോല്ക്കടന്റെയും മാല്യവാന്റെയും നിശ്ചയം.

കൗശാംബിയിലെ സ്ഥിതി എന്തായിരുന്നു?

ശതാനീകനും വിഷ്ണുമതിക്കും സന്താനമില്ല. തന്റെ കാലശേഷം രാജ്യം ഭരിക്കാൻ പുത്രനില്ലാതിരിക്കുക—അതാലോചിച്ചു രാജാവിന്റെ മനസ്സ് വേദനിച്ചു.

അദ്ദേഹം ഒരിക്കൽ അക്കാര്യം യുഗന്ധരനുമായി ചർച്ചചെയ്തു.

മന്ത്രി പറഞ്ഞു:

'തിരുമേനീ, ശാണ്ഡില്യൻ എന്നൊരു മഹർഷിയുണ്ട്. ദിവ്യശക്തിയുള്ള മഹർഷിയാണ് അദ്ദേഹം. അവിടുന്ന് അദ്ദേഹത്തെ ചെന്നുകാണണം. മഹർഷി നിവൃത്തിയുണ്ടാക്കും.'

ശതാനീകൻ ആ ഉപദേശം സ്വീകരിച്ചു. രാജാവ് യുഗന്ധരനോടുകൂടി ശാണ്ഡില്യന്റെ ആശ്രമത്തിലെത്തി. ഇരുവരും മഹർഷിയെ ആദരപൂർവം വന്ദിച്ചു.

മഹർഷി പറഞ്ഞു:

'രാജൻ, മന്ത്രിയെയുംകൊണ്ട് എന്തിനാണു വന്നത്? എന്റെ സഹായം ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ പറയുകയേ വേണ്ടൂ.'

കാര്യം പറഞ്ഞത് യുഗന്ധരനാണ്:

'മഹർഷേ, തിരുമേനിക്കു മകനില്ല. അതിനാൽ അദ്ദേഹം ദുഃഖിതനാണ്. പുത്രാർത്ഥിയായിട്ടാണ് തിരുമേനി വന്നിരിക്കുന്നത്. രാജപുത്രൻ ഉണ്ടാവാൻ അവിടുന്ന് അനുഗ്രഹിക്കണം.'

കൃപാലുവായ ശാണ്ഡില്യൻ അനുഗ്രഹം നൽകി.

രാജാവും മന്ത്രിയും രാജധാനിയിൽ തിരിച്ചെത്തി. അവർ പുത്രകാമേഷ്ടി എന്ന യാഗം നടത്തി. ഫലമായി ഒരു രാജകുമാരൻ ജാതനായി.

സഹസ്രാനികൻ എന്ന പേരാണ് രാജകുമാരനു നൽകപ്പെട്ടത്.

വിധൂമന്റെ അടുത്ത ജന്മമാണ് സഹസ്രാനീകൻ.

യുഗന്ധരന്, വിപ്രതീകന്, വല്ലഭന്, ഓരോ പുത്രന്മാരുണ്ടായി. ക്രമത്തിൽ, യൗഗന്ധരായണൻ, രുമണ്വാൻ, വസന്തൻ എന്നായിരുന്നു അവരുടെ പേരുകൾ. മാല്യവാൻ യൗഗന്ധരായണനായി ജനിച്ചു. പുഷ്പവാൻ രുമണ്വാനായി ജനിച്ചു. ബലോല്ക്കടൻ വസന്തനായും ജനിച്ചു.

നാലു കുട്ടികളും ഒന്നിച്ചു വളർന്നു. അവർ തമ്മിൽ ഗാഢമായ സ്നേഹമുണ്ടായിരുന്നു. കഴിഞ്ഞ ജന്മത്തിന്റെ തുടർച്ചയാണല്ലോ.

അപ്പോൾ അലംബുഷ ജനിച്ചതോ? കൃതവർമയുടെ പുത്രിയായ മൃഗാവതിയായിട്ട്. അയോദ്ധ്യയിലെ രാജാവായിരുന്നു കൃതവർമ.

ശതാനീകന്റെ മരണശേഷം സഹസ്രാനീകൻ രാജാവായി. യുഗന്ധരന്റെ മരണശേഷം യൗഗന്ധരായണൻ മന്ത്രിയായി. വിപ്രതീകന്റെ മരണശേഷം രുമണ്വാൻ സേനാപതിയായി. വല്ലഭന്റെ മരണശേഷം വസന്തൻ നർമസചിവനുമായി.

സഹസ്രാനീകൻ മൃഗാവതിയെ വിവാഹം കഴിച്ചു.

അവർക്ക് ഉദയനൻ എന്ന പുത്രനുണ്ടായി.

കാലം വളരെയേറെ മുമ്പോട്ടുപോയി.

സഹസ്രാനീകൻ ഉദയനനെ രാജ്യഭാരം ഏല്പിച്ചു. മൃഗാവതിയുമായി ചക്രതീർത്ഥത്തിലേക്കു തിരിച്ചു. മുന്നു ഭൃത്യന്മാരെയും കൊണ്ടുപോയി. എല്ലാവരും വിധിപ്രകാരം തീർത്ഥസ്നാനം ചെയ്തു. അപ്പോൾ അവർ മനുഷ്യരൂപം വെടിഞ്ഞ് ദേവരൂപം പൂണ്ടു. സ്വസ്ഥാനമായ ദേവലോകത്തിലേക്കു തിരിച്ചുപോയി.

ഗന്ധർവന്മാരുടെ ശാപമോക്ഷം

(വേതാളവരദതീർത്ഥമാഹാത്മ്യം)

ഒരിക്കൽ ഗാലവമഹർഷി തപസ്സുചെയ്യുകയായിരുന്നു. അദ്ദേഹത്തിന് കാന്തിമതി എന്നൊരു മകളുണ്ട്. സുന്ദരിയായ യുവതിയാണ് കാന്തിമതി. അവൾ അച്ഛനെ നിഷ്കർഷയോടെ ശുശ്രൂഷിച്ചുപോന്നു. കൂടാതെ ദിവസേന പൂക്കൾ കൊണ്ടുവരും. ഹോമത്തറ ഏറ്റവും ശുദ്ധമാക്കിവയ്ക്കും. മറ്റെല്ലാ ജോലികളും ചെയ്യും.

ഒരു ദിവസം പതിവുപോലെ കാന്തിമതി പൂവിറുക്കാൻ പോയി. ആശ്രമത്തിൽനിന്നും അല്പം അകലെയാണു പോയത്. പൂക്കളിറുത്തിട്ടു തിരിയെ നടന്നു. വഴിയിൽവെച്ച് ഒരു സംഭവം ഉണ്ടായി.

സുദർശനൻ, സുകർണൻ എന്നു രണ്ടു ഗന്ധർവൻമാരുണ്ട്. ജ്യേഷ്ഠനും അനുജനുമാണ് ഗന്ധർവന്മാർ. ഒരിക്കൽ ഇരുവരും വിമാനസഞ്ചാരം ചെയ്യുകയായിരുന്നു. അവർ കാന്തിമതിയെ കാണാൻ ഇടയായി. അവളുടെ സൗന്ദര്യം സുദർശനനെ ആകർഷിച്ചു. അവളെ പത്നിയാക്കണം എന്നായി ആ ഗന്ധർവന്റെ ആഗ്രഹം. അയാൾ വിമാനത്തെ നിലത്താക്കി. വിമാന

ത്തിൽനിന്നും പുറത്തിറങ്ങി കാന്തിമതിയുടെ അടുക്കലേക്കു ചെന്നു. എന്നിട്ടു പറഞ്ഞു:

'ഹേ സുന്ദരീ, നീ ആരെന്ന് അറിയാൻ ആഗ്രഹമുണ്ട്. ഞാൻ സുദർശനൻ എന്ന ഗന്ധർവനാണ്. നിന്നെ വിവാഹംകഴിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നീ എന്റെ ഭാര്യയായാലോ? നിനക്ക് സകല സൗഖ്യങ്ങളും അനുഭവിക്കാം.'

കാന്തിമതി പറഞ്ഞു:

'ഞാൻ ഗാലവമഹർഷിയുടെ മകളായ കാന്തിമതിയാണ്. അച്ഛനെ ശുശ്രൂഷിച്ചുകൊണ്ട് ഞാൻ ആശ്രമത്തിൽ കഴിയുകയാണ്. ഇവിടെ ഞാൻ പുവിറുക്കാൻ വന്നതാണ്. എന്റെ വിവാഹം നിശ്ചയിക്കേണ്ടത് ഞാനല്ല, എന്റെ അച്ഛനാണ്. അച്ഛന്റെ പൂജയ്ക്കു സമയമാകുന്നു. ഞാൻ പോകട്ടെ.'

അവൾ അതിവേഗം നടന്നുപോയി. പക്ഷേ, സുദർശനൻ അവളെ ഉപദ്രവിച്ചു. ആ ഗന്ധർവൻ അവളുടെ തലമുടിയിൽ കേറിപ്പിടിച്ചു. അവൾ നിലവിളിച്ചു:

'അച്ഛാ, സുദർശനൻ എന്ന ഗന്ധർവൻ എന്നെ പിടിച്ചുകൊണ്ടുപോകുന്നേ.'

ഗാലവൻ ആ നിലവിളി കേട്ടു. എങ്കിലും അതത്ര വ്യക്തമായിരുന്നില്ല. ഏതോ സ്ത്രീ അപകടത്തിൽ പെട്ടിരിക്കുന്നു—അത്രയേ മഹർഷി കരുതിയുള്ളൂ. അദ്ദേഹം മറ്റു ചില മുനിമാരുമായി ഓടിയെത്തി. അപ്പോൾ കണ്ടത് എന്താണ്? തന്റെ പ്രിയപുത്രിയെ ഒരു ഗന്ധർവൻ വലിച്ചിഴയ്ക്കുന്നു!

ഗന്ധർവൻ ആരെന്ന് ഗാലവൻ മനസ്സിലാക്കി.

മഹർഷി ശാപവും ശാപമോക്ഷവും നൽകി:

'സുദർശനാ, നീ മനുഷ്യനായി ദുഃഖങ്ങൾ അനുഭവിക്കട്ടെ! അതിനുശേഷം വേതാളമായിപ്പോകട്ടെ! സുകർണാ, നീ കണ്ടുകൊണ്ട് മിണ്ടാതെ നിന്നു. ഇല്ലേ? ശരി. നീ മനുഷ്യനാകും, വേതാളമാവുകയില്ല. നിങ്ങൾ ഒരിക്കൽ തമ്മിൽ കാണും. അപ്പോൾ ഇരുവർക്കും പൂർവരൂപം ലഭിക്കും!'

ഗന്ധർവന്മാർ ഗോവിന്ദൻ എന്ന ബ്രാഹ്മണന്റെ പുത്രന്മാരായി ജന്മമെടുത്തു. സുദർശനന് വിജയദത്തൻ എന്ന പേരായി. സുകർണന് അശോകദത്തൻ എന്ന പേരും.

ബാലന്മാർ വളർന്നുവന്നു.

അവരുടെ നാട്ടിൽ ഒരു ബുദ്ധിമുട്ടുണ്ടായി. മഴ പന്ത്രണ്ടു വർഷക്കാലം പെയ്യാതിരുന്നു. അനാവൃഷ്ടി കാരണം കടുത്ത ക്ഷാമമായി. ഗോവിന്ദൻ മറ്റൊരു ദിക്കിലേക്കു പോകാൻ നിശ്ചയിച്ചു. അദ്ദേഹം ഭാര്യയോടും പുത്രന്മാരോടുംകൂടി നാടുവിട്ടു. ചെന്നുചേർന്നതു പ്രയാഗയിലും. അവിടെ ഒരു യോഗിയെ കണ്ടുമുട്ടി.

യോഗി ദിവ്യദൃഷ്ടികൊണ്ട് ഭാവിഫലം കണ്ടു.

അദ്ദേഹം ഗോവിന്ദനോടു പറഞ്ഞു:

'നിങ്ങൾക്ക് ഉടൻതന്നെ മൂത്തമകനുമായി വേർപാടുണ്ടാകും.'

സങ്കടത്തോടെ ഗോവിന്ദൻ നടന്നുപോയി. ഒന്നിച്ച് ഭാര്യയും പുത്രന്മാരും. സന്ധ്യയ്ക്ക് ഒരു വഴിയമ്പലം കണ്ടു. അവിടെ രാത്രി കഴിക്കാൻ നിശ്ചയിച്ചു.

പിതാവ് ഒരു മുൻകരുതൽ എടുത്തു. മൂത്തമകനെ തന്റെ അടുത്തു കിടത്തി. വേർപാട് ഉണ്ടാകാതെ കഴിക്കണം!

വിചാരിച്ചിരിക്കാതെ ഒരു സംഭവമുണ്ടായി.

വിജയദത്തന് ശീതജ്വരം പിടിച്ചു. ജ്വരത്തോടുകൂടി കഠിനമായ തണുപ്പുണ്ടായി. പിതാവ് പുത്രനെ ചേർത്തുകിടത്തി. എങ്കിലും തണുപ്പു കൂടിയതേയുള്ളൂ. വിജയദത്തൻ കിടുകിടെ വിറച്ചുതുടങ്ങി.

അവൻ പറഞ്ഞു:

'അച്ഛാ, തീയ് കാഞ്ഞാൽകൊള്ളാം. അച്ഛൻ പോയി തീയ് കൊണ്ടുവരണം.'

ഗോവിന്ദൻ ഇരുട്ടത്തു വഴിയമ്പലം വിട്ടിറങ്ങി. എങ്ങോട്ടെന്നില്ലാതെ നടന്നു. ഇടയ്ക്കിടെ ചില വീടുകൾ കണ്ടു. പക്ഷേ, വീട്ടുകാരെല്ലാം ഉറങ്ങുകയാണ്. ഒരൊറ്റ വീട്ടിലെ പടി തുറന്നിട്ടില്ല. ഗോവിന്ദൻ തീ കൂടാതെ മടങ്ങിയെത്തി.

വിജയദത്തൻ പറഞ്ഞു:

'അച്ഛൻ വേണ്ടതുപോലെ അന്വേഷിച്ചില്ല. എനിക്ക് ഇപ്പോൾ തീകാഞ്ഞേ കഴിയൂ. ഇനിയും തണുപ്പു സഹിക്കാൻ സാധിക്കയില്ല. അതാ ദൂരെ തീയ് കാണുന്നല്ലോ. പോയ് കൊണ്ടുവരണം.'

വാസ്തവത്തിൽ ഗോവിന്ദൻ ആ തീയ് കണ്ടിരുന്നു. മൃതശരീരങ്ങൾ ദഹിപ്പിക്കുന്ന തീയാണത്. ആ സ്ഥിതിക്ക് അതു കൊണ്ടുവന്നില്ല എന്നേയുള്ളൂ.

അദ്ദേഹം പറഞ്ഞു:

'മകനേ, അതു ചുടലത്തീയാണ്. തണുപ്പുമാറ്റാൻ ആ തീയ് പാടില്ല. പോരെങ്കിൽ ഞാൻ തനിച്ച് പോകണം. എനിക്കു പേടിയാകുന്നു.'

വിജയദത്തൻ നിർബന്ധം തുടർന്നു:

'അച്ഛാ, തണുപ്പുമാറ്റാൻ യാഗാഗ്നിയെന്നോ ചിതാഗ്നിയെന്നോ ഇല്ല. എന്റെ ആവശ്യത്തിനു രണ്ടും ഒപ്പംതന്നെ. ഇനിയും അച്ഛൻ അമാന്തിച്ചാലോ? ഞാൻ തണുത്തു മരിച്ചുപോകും.'

ഇനിയെങ്ങനെ പോകാതിരിക്കും? ഗോവിന്ദൻ തീ എടുക്കാനായി ചുടലയിലേക്കു പോയി. വിജയദത്തനും പിന്നാലെ കൂടി. അവിടെ മൃതശരീരങ്ങൾ ദഹിക്കുന്നുണ്ട്. അതു കണ്ടപ്പോൾ വിജയദത്തന്റെ മട്ടാകെ മാറി. അവന്റെ മുഖത്ത് ആവേശം പ്രകടമായിരുന്നു. താമസിയാതെ അവൻ മനുഷ്യരൂപം വെടിഞ്ഞ് വേതാളമായി!

പുതിയ വേതാളം ഗോവിന്ദന്റെ നേർക്കു ചാടി. അദ്ദേഹത്തെ പിടിച്ചു തിന്നണം. അതായിരുന്നു ആ സത്വത്തിന്റെ ഉദ്ദേശ്യം.

ഒരു അശരീരി കേൾക്കുമാറായി:

'അച്ഛനെ ഉപദ്രവിക്കരുത്!'

ഉടനെ വേതാളം ആകാശത്ത് ഉയർന്ന് ഒരൊറ്റ പോക്ക്! ചെന്നിറങ്ങിയത് ധാരാളം വേതാളങ്ങളുള്ള ഒരു സ്ഥലത്തും. അവർ പുതിയ കൂട്ടുകാരനു സ്വാഗതമേകി. അവന് കപോലസ്ഫോടൻ എന്ന പേരുമിട്ടു. വേതാളരാജാവ് കപോലസ്ഫോടന് ഒരു ജോലി നല്കി—വേതാളഭടന്മാരുടെ നായകത്വം.

എന്തായിരുന്നു ഗോവിന്ദന്റെ അവസ്ഥ? പ്രിയപുത്രൻ വേതാളമാവുക; താൻ അതു കണ്ടുനില്ക്കുക—ഏതു പിതാവുതന്നെ ദുഃഖിക്കുകയില്ല! അദ്ദേഹം ദുഃഖാർത്തനായി വഴിയമ്പലത്തിലേക്കു മടങ്ങി. വിവരം അറിഞ്ഞ

പ്പോൾ അമ്മയുടെ സങ്കടം ഊഹിക്കാം—സഹോദരനായ അശോകദത്തന്റെ സങ്കടവും!

അടുത്ത രാവിലെ സമുദ്രദത്തന്റെ വരവായി.

സമീപദിക്കിലുള്ള വൈശ്യപ്രമാണിയാണ് സമുദ്രദത്തൻ. വിജയദത്തൻ വേതാളമായ വിവരം അയാൾ അറിഞ്ഞിരുന്നു. സഹായിക്കാൻ ചെന്നതാണ് അയാൾ. ഗോവിന്ദനെയും ഭാര്യയെയും പുത്രനെയും സ്വഗൃഹത്തിലേക്കു കൊണ്ടുപോയെന്നു മാത്രമോ? അവിടെ സുഖമായി പാർപ്പിച്ചു. തന്റെ കീഴിൽ ഗോവിന്ദനു ജോലി നല്കി. അശോകദത്തന്റെ വിദ്യാഭ്യാസത്തിനു മേൽ നോട്ടം വഹിച്ചു.

സമർത്ഥരിൽ സമർത്ഥനായിരുന്നു അശോകദത്തൻ. എത്ര വേഗത്തിലാണ് അവൻ ശാസ്ത്രങ്ങൾ അഭ്യസിച്ചത്! ധനുർവേദത്തിലുള്ള പ്രാവീണ്യം ഒന്നു പ്രത്യേകമായിരുന്നു. ദേഹശക്തിയും വീര്യവും സാധാരണയിൽ കവിഞ്ഞതും.

മുകുടൻ എന്ന രാജാവാണ് ആ ദേശം ഭരിക്കുന്നത്. മുകുടന് ഒരു വെല്ലുവിളി കിട്ടുകയായി. കാശിരാജാവാണു വെല്ലുവിളിച്ചത്. ദ്വന്ദ്വയുദ്ധത്തിനിറങ്ങണം എന്നതാണു വെല്ലുവിളി. മുകുടന് ബലം പോര, ധൈര്യം പോര. കാശിരാജാവാണെങ്കിലോ, പേരുകേട്ട മല്ലനുമാണ്. മുകുടൻ അശോകദത്തനെക്കുറിച്ചു കേട്ടിരുന്നു. രാജാവ് ആളയച്ച് അശോകദത്തനെ വരുത്തി.

അദ്ദേഹം പറഞ്ഞു:

'ദ്വന്ദ്വയുദ്ധത്തിനു നിങ്ങളെ മാത്രമേ ഞാൻ കാണുന്നുള്ളൂ. നിങ്ങൾ യുദ്ധത്തിൽ ജയിച്ചാലോ? ഞാൻ നിങ്ങൾക്ക് ഇഷ്ടമുള്ള സമ്മാനം തരാം.'

അങ്ങനെ അശോകദത്തൻ ദ്വന്ദ്വയുദ്ധത്തിനിറങ്ങി. അയാൾ കാശിരാജാവിനെ തോല്പിച്ചെന്നു മാത്രമല്ല വധിക്കയും ചെയ്തു.

മുകുടന്റെയും പ്രജകളുടെയും സന്തോഷം പറയാനില്ല. അശോകദത്തൻ രാജ്യത്തിന്റെ മാനം കാത്തില്ലേ? രാജാവ് അയാളെ അനേകം ദേശങ്ങളുടെ അധിപനാക്കി. മാത്രമല്ല, മണിമാളികയും മറ്റു സമ്മാനങ്ങളും നൽകി. പോരെങ്കിൽ രാജാവിന്റെ അംഗരക്ഷകൻ എന്ന ഉദ്യോഗവും.

അശോകദത്തൻ മുകുടനെ കാൽക്ഷണംപോലും പിരിയാതെയായി.

ഒരിക്കൽ അസ്തമനം കഴിഞ്ഞ് മുകുടൻ കുതിരസവാരിക്കിറങ്ങി. തൊട്ടടുത്ത് മറ്റൊരു കുതിരപ്പുറത്ത് അശോകദത്തനും സവാരിചെയ്യുന്നു. ഒരു ദീനസ്വരം അവരുടെ ചെവികളിൽ കടന്നുകയറി:

'കുറ്റവാളിയായ ഞാൻ കഴുവിൽ കിടക്കുന്നേ! എനിക്ക് അല്പം വെള്ളം തരണേ!'

മുകുടന് അനുകമ്പയുണ്ടായി:

'അശോകദത്താ, ഞാനിവിടെ നില്ക്കാം. നിങ്ങൾ പോയി വെള്ളം കൊടുത്തിട്ടു വരൂ.'

രാജാജ്ഞ ശിരസാവഹിച്ച് അശോകദത്തൻ കഴുമരത്തിന്റെ ചുവട്ടിലെത്തി. ഒരു കുറ്റവാളി സഹിക്കവയ്യാത്ത വേദനയോടെ കഴുമരത്തിൽ കിടക്കുന്നു. ചുവട്ടിൽ ഒരു സുന്ദരിയും നില്ക്കുന്നു.

അശോകദത്തൻ അവളോടു ചോദിച്ചു:

'ഈ അസമയത്ത് ഇവിടെ നിൽക്കുന്ന നീ ആരാണ്?'

അവൾ മറുപടി നല്കി:

'ഞാൻ ഈ കുറ്റവാളിയുടെ ഭാര്യയാണ്. ഭർത്താവിനു വെള്ളം കൊടുക്കാൻ എനിക്കു കഴിയുന്നില്ല. കുറെ ഉയരത്തിലാണ് അദ്ദേഹം കിടക്കുന്നത്. എനിക്കു കൈ എത്തുന്നില്ല.'

ഭർത്താവിനോടു സ്നേഹമുള്ളവളാണ് ഇവൾ. അതിൽ അശോകദത്തന് സംശയമേ ഉണ്ടായിരുന്നില്ല. തന്റെ ചുമലിൽ കയറിക്കൊള്ളാൻ അയാൾ ആവശ്യപ്പെട്ടു. അവൾ അപ്രകാരം ചെയ്തു. തെല്ലു കഴിഞ്ഞ് അശോകദത്തൻ ഒന്നു കണ്ടു—തന്റെ ദേഹത്തു ചോരത്തുള്ളികൾ വന്നുവീഴുന്നു! എന്തെന്നു നോക്കാനായി അയാൾ തലയുയർത്തി. അപ്പോൾ അയാൾ ഞെട്ടിപ്പോയി. അവൾ കുറ്റവാളിയുടെ മാംസം തിന്നുന്നു!

എന്നാൽ, അവളെ പിടിച്ചുവെക്കണം. അയാൾ അവളുടെ കാലിൽ പിടികൂടി. അവൾ കുതറി പിടിവിടുവിച്ചു. എന്നിട്ടു വായുവിലൂടെ ഉയർന്നുപോയി!

അവളുടെ കാൽച്ചിലമ്പുകളിൽ ഒന്ന് അശോകദത്തന്റെ കൈയിലായി.

വിലമതിക്കാനാവാത്ത രത്നങ്ങൾ പതിച്ചതാണു കാൽച്ചിലമ്പ്. അയാൾ രാജാവിനെക്കണ്ട് അതു കൊടുത്തു. നടന്നതെല്ലാം അദ്ദേഹത്തോടു പറഞ്ഞു. രാജാവിന് അതിയായ അത്ഭുതം തോന്നി. അദ്ദേഹം അശോകദത്തനെ അഭിനന്ദിച്ചു എന്നു മാത്രമോ? തന്റെ പുത്രിയായ മദനലേഖയെ അശോകദത്തനു നല്കി.

കാൽച്ചിലമ്പിന്റെ ജോഡികൂടി കിട്ടണം—അതായി മുകുടന്റെ ആഗ്രഹം. രാജാവ് അശോകദത്തനെ ആഗ്രഹം അറിയിച്ചു. അശോകദത്തൻ ചിലതെല്ലാം നിശ്ചയിച്ചു. ശ്മശാനത്തിൽ ചെന്നു വിളിച്ചു പറയണം: 'ശവംതീനികളായ സത്വങ്ങളെ, വരുവിൻ. ഞാൻ നിങ്ങൾക്കു മനുഷ്യമാംസം തരാം!' അതുകേട്ടു കുറെ സത്വങ്ങൾ വന്നെത്തും. അവരുടെയിടയിൽ മുമ്പത്തെ സുന്ദരിയും ഉണ്ടാവും—അതായിരുന്നു അശോകദത്തന്റെ ആശ.

ആ ആശ സഫലമായി.

മാംസക്കൊതിയുള്ള സത്വങ്ങൾ വന്നുചേർന്നു. അവരുടെയിടയിൽ അവളുമുണ്ട്! അശോകദത്തൻ പറഞ്ഞു:

'ഹേ, സുന്ദരീ! എനിക്കു മറ്റേ കാൽച്ചിലമ്പുകൂടി വേണം. അതിനു ഞാൻ എടുത്തതാണ് ഈ സൂത്രം.'

വിദ്യുൽകേശി എന്നാണ് അവളുടെ പേര്. അവൾക്കു തോന്നിയതു ദേഷ്യമല്ല, അഭിനന്ദനമാണ്. കാൽച്ചിലമ്പു മാത്രമല്ല അവൾ അശോകദത്തനു നൽകിയത്. പിന്നെയോ, ഒരു സ്വർണത്താമരമാലയും അവളുടെ മകളായ വിദ്യുൽപ്രഭയെയും!

മൂന്നു സമ്മാനങ്ങളും സ്വീകരിച്ചുകൊണ്ട് അശോകദത്തൻ യാത്രയായി.

മാലയിലെ സ്വർണത്താമരപ്പൂക്കൾ വാടാത്തവയായിരുന്നു.

അശോകദത്തൻ വിദ്യുൽപ്രഭയോടു ചോദിച്ചു:

'നിന്റെ അമ്മയ്ക്ക് ഈ മാല എവിടന്നു കിട്ടി?'

അവൾ പറഞ്ഞു:

'കപോലസ്ഫോടൻ എന്നൊരു വേതാളമുണ്ട്. അവന്റെ താമരക്കുളത്തിലെ പൂക്കളാണ് ഇവ. ഒരിക്കൽ അമ്മ ആ കുളത്തിൽ കുളിക്കാൻ പോയി. കുറെ പൂക്കളും ഇറുത്തുകൊണ്ടു വന്നു.'

താമരക്കുളം കാണിച്ചുകൊടുക്കണം—അശോകദത്തൻ വിദ്യുൽപ്രഭയ്ക്കു നിർദ്ദേശം നൽകി. അവൾ ഭർത്താവിനെയുംകൊണ്ടു കുളത്തിലെത്തി. ഒട്ടുവളരെ സ്വർണത്താമരപ്പൂക്കൾ വിടർന്നു നില്ക്കുന്നുണ്ടായി

രുന്നു. അശോകദത്തൻ കുളത്തിലിറങ്ങി പൂക്കൾ ഇറുത്തുതുടങ്ങി. കപോലസ്ഫോടൻ ഓടിവന്നു ചെറുത്തു. ഇരുവരും തമ്മിൽ യുദ്ധമായി. വേതാളംപോലും അശോകദത്തനു തുല്യനല്ല. അയാൾ കപോലസ്ഫോടനെ വധിക്കാനൊരുങ്ങി.

'അരുത്! കൊല്ലരുത്!'

ആരാണു വിളിച്ചുപറയുന്നത്? ആ വഴിക്ക് ആകാശയാത്ര ചെയ്തിരുന്ന ഒരു ഗന്ധർവൻ!

വിജ്ഞപ്തികുതുകൻ എന്നായിരുന്നു ആ ഗന്ധർവന്റെ പേര്.

അശോകദത്തൻ വിജ്ഞപ്തികുതുകനെ കണ്ടില്ലേ? ആ നിമിഷത്തിൽ അയാൾക്കു ശാപമോക്ഷമുണ്ടായി. അയാൾ മനുഷ്യരൂപം വെടിഞ്ഞു സുകർണനെന്ന ഗന്ധർവനായി.

വിജ്ഞപ്തികുതുകൻ പറഞ്ഞു:

'സുകർണാ, അങ്ങയുടെ ജ്യേഷ്ഠൻ സുദർശനനാണ് ഈ വേതാളം! തന്നോടൊന്നിച്ചു സ്വർഗലോകത്തേക്ക് വരണം—' വിജ്ഞപ്തികുതുകൻ സുകർണനു ക്ഷണമേകി.

സുകർണൻ പറഞ്ഞു:

'ജ്യേഷ്ഠനെ പിരിഞ്ഞിട്ട് എനിക്കു സ്വർഗം വേണ്ട. ജ്യേഷ്ഠന് എങ്ങനെ മോചനം കിട്ടും? അതാണ് എനിക്കിപ്പോൾ അറിയാനുള്ളത്.'

വിജ്ഞപ്തികുതുകൻ നിർദ്ദേശിച്ചു:

'ചക്രതീർത്ഥത്തിനു തെക്കുള്ള വരതീർത്ഥത്തിൽ സ്നാനം ചെയ്യണം.'

സുകർണൻ കപോലസ്ഫോടനെയും കൂട്ടി വരതീർത്ഥത്തിലേക്കു പോയി. അതിലെ ജലത്തെ തഴുകിയ ഒരു കുളിർക്കാറ്റ് കപോലസ്ഫോടന്റെ ദേഹത്തുതട്ടി. ഉടനെ വേതാളം മനുഷ്യരൂപം കൈക്കൊണ്ടു—അതായത്, വിജയദത്തനായി!

തീർത്ഥത്തിൽ മുഴുകിയപ്പോഴോ? വിജയദത്തൻ മനുഷ്യരൂപം വെടിഞ്ഞു. സുദർശനനെന്ന ഗന്ധർവനുമായി!

സഹോദരന്മാർ സന്തോഷത്തോടെ സ്വർഗലോകത്തു തിരിച്ചെത്തി.

വേതാളത്തിന്റെ അവശതകൾ നീക്കിയില്ലേ? അതിനാൽ, ആ തീർത്ഥത്തിനു പുതിയ പേരുണ്ടായി—വേതാളവരദതീർത്ഥം!

മനോജവൻ

(മംഗലതീർത്ഥമാഹാത്മ്യം)

ചന്ദ്രവംശത്തിലാണ് മനോജവൻ എന്ന രാജാവ് ജനിച്ചത്. ധർമിഷ്ഠനെങ്കിലും അദ്ദേഹത്തിന് ഒരു ദോഷം ഇല്ലാതിരുന്നില്ല. അഹങ്കാരം ആയിരുന്നു ആ ദോഷം. പിന്നീട് ദുർമോഹം എന്ന ദുർഗുണവും ഉണ്ടായി. ധനത്തിൽ എന്തൊരു കൊതിയായി എന്നോ? രാജാവ് പ്രജകളിൽനിന്ന് ധനം അന്യായമായി വസൂലാക്കി. മുനികളിൽനിന്നുപോലും പണം ഈടാക്കി. എന്തിനു പറയുന്നു, ധർമിഷ്ഠൻ അധർമിഷ്ഠനായി!

അതു കാരണം ഹാനിയും സംഭവിച്ചു. പ്രജകൾക്കു രാജാവിനോടു വിരോധമുണ്ടായി. രാജാവിന്റെ ധനവും ധാന്യവും ക്ഷയിച്ചുവന്നു. ഒരു

ശത്രുരാജാവിന് അതു നല്ല തക്കമായി. ഗോലഭൻ എന്നാണു ശത്രുരാജാവിന്റെ പേര്. മനോജവന്റെ രാജ്യത്തെ ഗോലഭൻ ആക്രമിച്ചു. യുദ്ധം രണ്ടു മാസത്തോളം നീണ്ടുനിന്നു. അപ്പോഴേക്കും ഗോലഭൻ എതിരാളിയെ തോല്പിച്ചു. രാജ്യം പിടിച്ചെടുത്തു. രാജാവായി വാഴാനും തുടങ്ങി.

മനോജവൻ വല്ലവിധവും സ്വരാജ്യത്തിൽനിന്നും ഒളിച്ചോടി. ഒന്നിച്ച് രാജ്ഞിയെയും പുത്രനെയും കൊണ്ടുപോയി. അവർ ഒരു കാട്ടിലെത്തി അലഞ്ഞുതിരിഞ്ഞു. ദാഹവും വിശപ്പും അതികഠിനമായി. കുട്ടിയായ രാജകുമാരൻ കരഞ്ഞുതുടങ്ങി. അതു കണ്ടപ്പോൾ മനോജവന്റെ മനമുരുകി. കേമനാണു താനെന്ന് അഹങ്കരിച്ചിരുന്നു. ഇപ്പോഴോ? മകന് ഒരു നേരത്തെ ഭക്ഷണം കൊടുക്കാനില്ല. ഇതെന്തൊരു ദുരിതമാണ്! കൊച്ചുമകനു തിന്നാൻ കൊടുക്കണം. അതിനെന്തു വഴി? തന്റെ സ്ഥിതി ഇത്ര ദയനീയമായല്ലോ! താൻ മുമ്പു പല ദുഷ്കൃത്യങ്ങളും ചെയ്തിരുന്നു. അവയുടെ ഫലമാണ് ഈ ദുരവസ്ഥ!

ഈ ആലോചനകൾ മനോജവനെ അത്യധികം സങ്കടപ്പെടുത്തി. ഒടുവിൽ അദ്ദേഹം മൂർച്ഛിച്ചുവീണു. അതുകണ്ട് രാജ്ഞി പൊട്ടിക്കരഞ്ഞു. അമ്മ കരഞ്ഞപ്പോൾ കൊച്ചുമകനും കരഞ്ഞു.

യദൃച്ഛയാ പരാശരൻ എന്ന മഹർഷി ആ വഴി പോകാനിടയായി. അദ്ദേഹം രാജ്ഞിയോടു ചോദിച്ചു വിവരങ്ങൾ അറിഞ്ഞു. ദയാലുവായ അദ്ദേഹം രാജാവിന്റെ ശരീരം ഒന്നു തലോടി. ശിവനെ ധ്യാനിച്ച് ഒരു മന്ത്രം ചൊല്ലി. രാജാവ് സ്വബോധത്തോടെ എണീറ്റിരുന്നു. പരാശരനെ തിരിച്ചറിഞ്ഞു. മഹർഷിയെ നമസ്കരിച്ചു:

'മഹാത്മൻ, എന്റെ ദുരിതം ഇല്ലാതാക്കിത്തരണേ!'

പരാശരൻ പറഞ്ഞു:

'രാജൻ, ഭാര്യയോടൊന്നിച്ച് മംഗലതീർത്ഥത്തിൽ സ്നാനം ചെയ്യണം. എല്ലാം നേരെയാകും.'

മഹർഷി മൂന്നുപേരെയും കൂട്ടി മംഗലതീർത്ഥത്തിലേക്കു ചെന്നു. ആദ്യം അദ്ദേഹം അതിൽ സ്നാനം ചെയ്തു. പിന്നീട് മറ്റു മൂന്നുപേരും.

ദിവസേന പുണ്യസ്നാനം ചെയ്യണം. അതിനായി അവർ അവിടെ താമസിച്ചു. മൂന്നുമാസം കഴിഞ്ഞപ്പോഴോ? പരാശരൻ മനോജവന് ഒരു ശ്രീരാമമന്ത്രം ഉപദേശിച്ചു. തീർത്ഥത്തിൽ കുളിക്കുക, മന്ത്രം ഉരുവിടുക. അങ്ങനെ രാജാവ് മൂന്നുമാസംകൂടി കഴിച്ചു.

അപ്പോൾ അത്ഭുതം ഉണ്ടായി.

അതാ തീർത്ഥത്തിൽനിന്ന് ഉയർന്നുവരുന്നു വില്ലും ശരങ്ങളും! ആവനാഴി, പടച്ചട്ട, വാൾ, ഗദ അവയുമുണ്ട്. മാത്രമല്ല, മണിമയമായ രഥവും നിരവധി ഭടന്മാരും.

പരാശരൻ ജലമെടുത്ത് മന്ത്രം ജപിച്ചു. ആ ജലംകൊണ്ട് മനോജവനെ അഭിഷേകം ചെയ്തു. രാജാവ് മഹർഷിയെ വന്ദിച്ച് ആയുധങ്ങൾ ധരിച്ചു. ഭാര്യയോടും പുത്രനോടും കൂടി രഥത്തിൽ കയറി. സേനയെ നയിച്ചുകൊണ്ടു സ്വരാജ്യത്തു തിരിച്ചെത്തി.

മനോജവന്റെ വരവ് കണ്ടപ്പോഴോ? ഗോലഭന് ആദ്യം അത്ഭുതമുണ്ടായി. പിന്നീട് അതിയായ കോപവുമുണ്ടായി. ആ രാജാവ് സൈന്യവുമായി പോർക്കളത്തിലെത്തി. യുദ്ധം നാലു ദിവസം തുടർന്നുപോയി. അപ്പോഴേക്കും മനോ

ജവൻ ശത്രുക്കളെ കൊന്നൊടുക്കി. ഭാര്യയോടും പുത്രനോടും കൂടി കൊട്ടാരത്തിൽ കയറി. സിംഹാസനത്തിൽ ഇരുന്നു രാജ്യഭരണം തുടങ്ങി.

പിന്നീട് അഹങ്കാരം എന്ന ദുർഗുണം അദ്ദേഹത്തെ തീണ്ടിയതേയില്ല!

വളരെക്കാലം കഴിഞ്ഞ് അദ്ദേഹം പുത്രനെ രാജാവാക്കി. പത്നിയുമായി വനത്തിലേക്കു പോയി. തപസ്സു ചെയ്തു ശിവലോകം പൂകി.

കക്ഷിവാൻ

(അഗസ്ത്യതീർത്ഥ മാഹാത്മ്യം)

ദീർഘതമസ്സ് എന്ന മഹർഷിയുടെ പുത്രനാണ് കക്ഷിവാൻ. ഉദങ്കൻ എന്ന മുനി കക്ഷിവാന്റെ ഗുരുവും. ഗുരുവിന്റെ ആശ്രമത്തിലാണ് കക്ഷിവാൻ താമസിക്കുന്നത്. ആ മുനികുമാരന്റെ വിദ്യാഭ്യാസം അങ്ങനെ തുടർന്നുപോയി. യഥാകാലം അവസാനിക്കുകയും ചെയ്തു.

കക്ഷിവാൻ പറഞ്ഞു:

'ഗുരോ, എന്റെ അച്ഛൻ എനിക്കായി കാത്തിരിക്കുന്നു. എനിക്കും അച്ഛനെ കാണാൻ ആഗ്രഹമുണ്ട്. അവിടുന്ന് എന്നെ അനുഗ്രഹിച്ച് അയയ്ക്കണം.'

ഉദങ്കൻ പറഞ്ഞു:

'നിനക്കു പോകാം. നീ ഗൃഹസ്ഥാശ്രമം സ്വീകരിക്കണം. മനോരമ എന്നൊരു രാജപുത്രിയുണ്ട്. അവളുടെ വരനാകാൻ നിനക്കാണ് അർഹത.'

മുനി മനോരമയുടെ വിവരങ്ങൾ നൽകി.

സുനയൻ എന്ന രാജാവാണ് അവളുടെ പിതാവ്. മുമ്പുതന്നെ അവൾ ഒരു പ്രതിജ്ഞ ചെയ്തിരുന്നു. ഭാവിയിലെ ഭർത്താവിനെക്കുറിച്ചായിരുന്നു പ്രതിജ്ഞ. നാലുകൊമ്പുള്ള വെള്ളാനയുടെ പുറത്തുകയറി ഒരു പുരുഷൻ വരും. അദ്ദേഹമായിരിക്കും തന്റെ ഭർത്താവ്!

മകളുടെ പ്രതിജ്ഞയെക്കുറിച്ച് സുനയന് അറിവ് കിട്ടി. അപ്പോൾ രാജാവ് വല്ലാതെയായി. നാലുകൊമ്പുള്ള വെള്ളാന ഒന്നേയുള്ളൂ, ഐരാവതം. ദേവേന്ദ്രനാണ് ഐരാവതത്തിന്റെ പുറത്തുകയറി സഞ്ചരിക്കുന്നത്. ആ സ്ഥിതിക്ക് ദേവേന്ദ്രനാകണം മനോരമയുടെ ഭർത്താവ്. എന്നാൽ, അത് ഒട്ടും എളുപ്പമല്ല. മനോരമ മനുഷ്യയുവതിയാണ്. ദേവേന്ദ്രൻ മനുഷ്യയുവതികളെ ഭാര്യയാക്കാറില്ല. എന്നിരിക്കെ, മനോരമയ്ക്കുവേണ്ടി ദേവേന്ദ്രൻ ഭൂമിയിൽ വരികയോ? അസാദ്ധ്യം എന്നല്ലാതെ മറ്റൊന്നും പറയാനില്ല. രാജാവ് വ്യഥയോടെ ദിവസങ്ങൾ കഴിച്ചു.

ആയിടയ്ക്കു നാരദന്റെ വരവുണ്ടായി.

രാജാവ് മഹർഷിയെ അതിയായ ആദരവോടെ സ്വീകരിച്ചിരുത്തി. മകളുടെ പ്രതിജ്ഞയെക്കുറിച്ചു വിവരണം നൽകി. എന്നിട്ട് നിറകണ്ണുകളോടെ പറഞ്ഞു:

'മഹർഷേ, എന്റെ മകൾ വീണ്ടുവിചാരമില്ലാതെ പ്രതിജ്ഞയെടുത്തു. അതെനിക്കു തീരാദുഃഖം ഉണ്ടാക്കിയിരിക്കുന്നു. അവൾ അവിവാഹിതയായിരുന്നാൽ എന്തു കഷ്ടമാണ്! അവിടുന്ന് എന്തെങ്കിലും പരിഹാരം ഉണ്ടാക്കിത്തരണം.'

നാരദൻ അല്പമൊന്നു ധ്യാനിച്ചു. ദിവ്യദൃഷ്ടികൊണ്ടു ഭാവിഫലം കണ്ടു. അത് സുനയനെ ധരിപ്പിച്ചു:

'രാജൻ, കക്ഷിവാൻ എന്ന മഹർഷിപുത്രൻ മനോരമയുടെ ഭർത്താവാകും. അവളുടെ പ്രതിജ്ഞ സഫലവുമാകും. അങ്ങ് ഒട്ടും കുണ്ഠിതപ്പെടണ്ട.'

രാജാവിന് അല്പം ആശ്വാസമായി.

ഇത്രയും അറിയിച്ചിട്ട് ഉദങ്കൻ പറഞ്ഞു:

'കക്ഷിവാൻ, മനോരമയെ വിവാഹം കഴിക്കാൻ നിനക്കു സാധിക്കണമല്ലോ. നീ അഗസ്ത്യതീർത്ഥത്തിൽ സ്നാനംചെയ്തു മൂന്നുവർഷം കഴിക്കണം. ഭഗവാനെ നിരന്തരം ഭജിക്കയും വേണം. പിന്നീട് നിന്റെ അച്ഛനെ ചെന്നുകണ്ടാൽ മതി. ശരി, പൊയ്ക്കൊള്ളു. നിന്നെ ഞാൻ സർവാത്മനാ അനുഗ്രഹിക്കുന്നു!'

ഗുരുപാദങ്ങളിൽ കക്ഷിവാൻ പ്രണമിച്ചു. എന്നിട്ട് എഴുന്നേറ്റു തിരിഞ്ഞു നടന്നു. നേരെ ചെന്നത് അഗസ്ത്യതീർത്ഥത്തിലാണ്. അയാൾ ഗുരുവിന്റെ നിർദ്ദേശം അക്ഷരംപ്രതി നടപ്പിലാക്കി.

മൂന്നുവർഷം തികഞ്ഞു.

യദൃച്ഛയാ സുനയൻ അവിടെ എത്തി. നായാട്ടിന് രാജാവ് ഇറങ്ങിയതാണ്. അദ്ദേഹം അടുത്തുള്ള വനത്തിലാണ് നായാട്ടു നടത്തിയത്. അനുചരന്മാർ ബഹളം കൂട്ടി. കാട്ടുജന്തുക്കൾ അങ്ങുമിങ്ങും പാഞ്ഞു. മരങ്ങൾ കുലുങ്ങി. വല്ലികൾ മുറിഞ്ഞു. ആകപ്പാടെ ബഹളമായി. ഉറങ്ങിക്കിടന്ന കക്ഷിവാൻ അതുകേട്ട് ഉണർന്നു. എങ്കിലും അതിൽ അത്രയധികം ശ്രദ്ധിച്ചില്ല. ആ യുവാവ് അഗസ്ത്യതീർത്ഥത്തിൽ ഇറങ്ങി. സ്നാനം ചെയ്തു ജപിച്ചുകൊണ്ടു തീർത്ഥക്കരയിൽ ഇരിപ്പായി.

എന്താണു തീർത്ഥത്തിൽനിന്ന് ഉയർന്നുവരുന്നത്? നാൽക്കൊമ്പനായ വെള്ളാന! കക്ഷിവാന്റെ അടുത്തു വെള്ളാന കരയ്ക്കു കയറി. യുവാവിന് ഒന്നു ബോധ്യമായി—ഗുരുവിന്റെ അനുഗ്രഹം സഫലമാകുന്നു! തനിക്കു വേണ്ടിയാണു വെള്ളാന വന്നിരിക്കുന്നത്. കക്ഷിവാൻ ആനപ്പുറത്തു കയറിയിരുന്നു. എന്നിട്ട് അതിനെ നടത്തിക്കൊണ്ടുപോയി.

നായാട്ടു കഴിഞ്ഞ് സുനയൻ വിശ്രമിക്കുകയാണ്. എന്താണ് അദ്ദേഹം കണ്ടത്? ഒരു യുവാവ് വെള്ളാനപ്പുറത്തുകയറി പോവുകയാണ്. മനോരമയുടെ പ്രതിജ്ഞ രാജാവിന്റെ ഓർമ്മയിൽ കടന്നുചെന്നു. അദ്ദേഹം ധൃതിയിൽ എഴുന്നേറ്റ് കക്ഷിവാന്റെ അടുക്കലേക്കു ചെന്നു:

'യുവാവേ, നിങ്ങൾ ആരാണ്? അറിയാൻ എനിക്ക് ആകാംക്ഷയുണ്ട്.'

കക്ഷിവാൻ പറഞ്ഞു:

'രാജൻ, ഞാൻ ദീർഘതമസ്സുമഹർഷിയുടെ മകൻ, പേര് കക്ഷിവാൻ, ഉദങ്കമഹർഷിയാണ് എന്റെ ഗുരു. മനോരമ രാജകുമാരിയെ ഞാൻ വിവാഹം കഴിക്കണം. ഗുരു ആ നിർദ്ദേശം എനിക്ക് നൽകിയിട്ടുണ്ട്. ഞാൻ രാജകുമാരിയുടെ കൊട്ടാരത്തിലേക്കു പോവുകയാണ്.'

സുനയൻ അതിയായി സന്തോഷിച്ചു:

'യുവാവേ, ഞാൻ സുനയരാജാവാണ്—അതായത്, മനോരമയുടെ അച്ഛൻ. അങ്ങ് എന്റെ മകളുടെ ഭർത്താവായാലോ? ഞാനും അവളും ധന്യരാകും!'

കക്ഷിവാൻ പറഞ്ഞു:

'രാജൻ, ഇവിടെ അടുത്താണു വേദവനം. എന്റെ അച്ഛൻ അവിടെ ആശ്രമത്തിൽ പാർക്കുന്നു. അച്ഛന്റെ ഹിതം എനിക്ക് അറിയേണ്ടതുണ്ട്. അതിനായി അങ്ങ് ഒരാളെ നിയോഗിക്കണം.'

സുനയൻ തന്റെ പുരോഹിതനെ പറഞ്ഞയച്ചു. പുരോഹിതൻ വേദവനത്തിൽ ചെന്ന് ദീർഘതമസ്സിനെ കണ്ടു. എന്നിട്ടു രാജാവിനെക്കുറിച്ചു പറഞ്ഞു. വിവാഹത്തിന് അനുവദിക്കണം എന്ന് അപേക്ഷിക്കുകയും ചെയ്തു. ദീർഘതമസ്സിനു സമ്മതമായി എന്നു മാത്രമോ? മഹർഷി പുരോഹിതനോടുകൂടി അഗസ്ത്യതീർത്ഥത്തിലേക്കു പോയി. പുത്രനെ കാണാൻ അക്ഷമനായിരുന്നു അദ്ദേഹം.

പിതാവു വരുന്നതു കണ്ട് കക്ഷിവാൻ ഓടിച്ചെന്ന് അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചു. അദ്ദേഹം പുത്രനെ പിടിച്ചെഴുന്നേല്പിച്ചു. എന്നിട്ട് ഗാഢമായി ആശ്ലേഷിച്ചു.

അപ്പോഴേക്കും സുനയന്റെ വരവായി. മാത്രമല്ല, ഉദങ്കമഹർഷിയുടെയും. എല്ലാവരുമായി ആലോചിച്ചു വിവാഹം തീർച്ചപ്പെടുത്തി.

ദീർഘതമസ്സ് സുനയനോടു പറഞ്ഞു:

'മാജൻ, നാളെ നല്ല മുഹൂർത്തമുണ്ട്. ആ മുഹൂർത്തത്തിൽ വിവാഹം നടത്തണം. ഇവിടെവച്ചു വേണംതാനും. അങ്ങ് മകളെ ഇങ്ങോട്ടു വരുത്തണം.'

അങ്ങനെ അവിടെവെച്ച് ആ മംഗളകർമ്മം നടന്നു.

എല്ലാവരും അഗസ്ത്യതീർത്ഥത്തിൽ വിധിപ്രകാരം സ്നാനം ചെയ്തു.

തീർത്ഥജലത്തിൽനിന്നു നാല്ക്കൊമ്പനായ വെള്ളാന ഉയർന്നുവന്നില്ലേ? ആ വെള്ളാന അതേ തീർത്ഥജലത്തിൽ മുഴുകി തിരോധാനം ചെയ്തു.

സുനയൻ, ദീർഘതമസ്സ്, ഉദങ്കൻ, കക്ഷിവാൻ, മനോരമ—സകലർക്കും അതിയായ സന്തോഷമുണ്ടായി; മാത്രമല്ല, കൃതാർത്ഥതയും.

രംഭയുടെ ശാപമോക്ഷം

(കപിതീർത്ഥമാഹാത്മ്യം)

വിശ്വാമിത്രൻ ആദ്യകാലത്ത് ഒരു രാജാവായിരുന്നു. വസിഷ്ഠമഹർഷിയുടെ തപോബലത്തിന്റെ മുമ്പിൽ വിശ്വാമിത്രന്റെ രാജശക്തി നിഷ്ഫലമായി. വസിഷ്ഠനെപ്പോലെ തനിക്കും തപച്ചക്തി സമ്പാദിക്കണം—അതിനായി വിശ്വാമിത്രൻ തപസ്സുതുടങ്ങി.

ആ തപസ്സിനു വിഘ്നം വരുത്തണം. അതായി ദേവന്മാരുടെ ആഗ്രഹം. അതിനായി അവർ തെരഞ്ഞെടുത്തത് ആരെയെന്നോ? സ്വർഗസുന്ദരികളിൽ പ്രമുഖയായ രംഭയെ.

രംഭ അവരോടു പറഞ്ഞു:

'നിങ്ങൾക്കുവേണ്ടി എന്തു ചെയ്യാനും എനിക്കു മടിയില്ല. എങ്കിലും എനിക്കു ഭയമുണ്ട്. വിശ്വാമിത്രൻ കോപിഷ്ഠനാണ്. അദ്ദേഹം ശപിച്ചേക്കും.'

ദേവന്മാർ തീർത്തു പറഞ്ഞു. ഒരു തകരാറും വരികയില്ലെന്ന്. അവരെ വിശ്വസിച്ച് രംഭ വിശ്വാമിത്രന്റെ മുമ്പിലെത്തി. മഹർഷി ജ്ഞാനദൃഷ്ടിയാൽ കാര്യം മനസ്സിലാക്കി. തന്റെ തപസ്സ് മുടക്കാൻ വന്നിരിക്കയാണ് ഇവൾ. അതിന് ഇവൾക്കൊരു ശിക്ഷ കൊടുത്തേ കഴിയൂ.

അദ്ദേഹം ശാപം നൽകി—ഒന്നിച്ച് ശാപമോക്ഷവും:

'രംഭേ, നീ കുറേക്കാലം കല്ലായിക്കിടക്കട്ടെ. അതിനുശേഷം നിനക്കു പൂർവരൂപം ലഭിക്കും!'

അങ്ങനെ രംഭ ഒരു വലിയ കല്ലായി.

അവൾ അനേകം വർഷങ്ങൾ അതേ കിടപ്പിൽ കിടന്നു.

അഗസ്ത്യന്റെ ശിഷ്യരിൽ ഒരുവനാണ് ശ്വേതൻ. ഒരിക്കൽ ശ്വേതൻ തപസ്സുചെയ്യാൻ ആരംഭിച്ചു. രംഭ വലിയ കല്ലായി കിടന്നിരുന്നില്ലേ? അതിന്റെ അരികിലായിരുന്നു തപസ്സ്.

ഒരു രാക്ഷസി ആ സ്ഥലത്ത് എത്തിച്ചേർന്നു. ശ്വേതനെ കണ്ടപ്പോൾ ഒന്നായി രാക്ഷസിയുടെ ആഗ്രഹം—മുനിയെ കൊന്നു മാംസം ഭക്ഷിക്കണം. അതിനായി അവൾ ശ്വേതനെ സമീപിച്ചു. ശ്വേതൻ എന്താണു ചെയ്തതെന്നോ? വായവ്യാസ്ത്രം എന്ന ദിവ്യാസ്ത്രം എടുത്തു. അതിനെ വലിയ കല്ലിനോടു ചേർത്തു. അന്നേരം വലിയ കല്ല് കിടന്നിടത്തുനിന്ന് ഉയർന്നു. രാക്ഷസിയുടെ നേർക്കു പാഞ്ഞുചെന്നു. കല്ലുവന്നു ദേഹത്തുവീണാൽ അപ്പോൾ താൻ മരിക്കും—അതു മനസ്സിലാക്കിയ രാക്ഷസി ജീവരക്ഷയ്ക്കായി പാഞ്ഞുപോയി. അവൾ ചെല്ലുന്നിടത്തൊക്കെ കല്ലുമുണ്ട്! ഒടുവിൽ അവൾ കപിതീർത്ഥത്തിൽ ചെന്നുചാടി. കല്ല് ഊക്കോടെ അവളുടെ തലയിൽ വീണു. അവൾ തൽക്ഷണം ചത്തുമലച്ചു.

മാത്രമല്ല, കല്ല് രംഭയായിത്തീർന്നു. അവൾക്കു ശാപമോക്ഷം സിദ്ധിച്ചു എന്നർത്ഥം.

രാക്ഷസിക്ക് എന്തുണ്ടായി?

ആദ്യം അവളൊരു മനുഷ്യസ്ത്രീ ആയിരുന്നു. പേര് കൃതാചി എന്നും. അവൾ മുമ്പൊരിക്കൽ അഗസ്ത്യനെ ദേഷ്യപ്പെടുത്തിയിരുന്നു. മഹർഷി കൃതാചിയെ ശപിച്ചു രാക്ഷസിയാക്കി. ഇപ്പോൾ കപിതീർത്ഥത്തിൽ വീണില്ലേ? അക്കാരണത്താൽ അവൾ സ്വർഗലോകം പ്രാപിച്ചു.

കലാവതി

(ജ്ഞാനോദതീർത്ഥ മാഹാത്മ്യം)

കാശിയിൽ ഹരിസ്വാമി എന്നൊരാൾ ജീവിച്ചിരുന്നു. ഹരിസ്വാമിക്ക് സുശീല എന്നൊരു മകളുണ്ട്. സൗശീല്യത്തിലും സൗന്ദര്യത്തിലും അവൾക്കു തുല്യയായ കന്യകയില്ല. അക്കാര്യം എല്ലാവർക്കും അറിവുള്ളതാണുതാനും.

പിതാവിന്റെ സംരക്ഷണയിൽ സുശീല വളർന്നു വന്നു. അവൾ ദിവസേന ജ്ഞാനോദതീർത്ഥത്തിൽ ചെന്നു കുളിക്കും. ശിവക്ഷേത്രത്തിൽ ചെന്നു പ്രാർത്ഥിക്കും. ആ ക്ഷേത്രം അടിച്ചുതളിച്ചു വൃത്തിയാക്കും.

സുശീലയെ വിവാഹം കഴിക്കണം—എത്രയോ യുവാക്കന്മാർക്ക് ആ ആഗ്രഹമുണ്ടായി. വിത്തവും വിദ്യയും വംശശുദ്ധിയുമുള്ള യുവാക്കന്മാരുണ്ട്.

അവർ ഹരിസ്വാമിയെക്കണ്ടു വിവാഹാഭ്യർത്ഥന നടത്തി. പക്ഷേ, അദ്ദേഹം ആരുടെയും അഭ്യർത്ഥന സ്വീകരിച്ചില്ല. കാരണം, സുശീലയ്ക്കു വിവാഹമേ വേണ്ട എന്നതുതന്നെ.

ഒരു രാത്രിയിൽ അവൾ കിടന്നുറങ്ങുകയായിരുന്നു. ഒരു വിദ്യാധരയുവാവ് അവളെ അപഹരിച്ചുകൊണ്ടു പോയി. ആ യുവാവ് അവളെ ഭാര്യയാക്കാൻ ഇച്ഛിച്ചിരുന്നു. അവളെ കൊണ്ടുപോയതോ, മലയപർവതത്തിലേക്കും.

വഴിക്കുവെച്ച് വിഘ്നമുണ്ടായി.

വിദ്യുന്മാലി എന്നൊരു രാക്ഷസനുണ്ട്. ബലവാനും പരാക്രമിയുമാണ് വിദ്യുന്മാലി. വിദ്യാധരയുവാവ് സുശീലയെ കൊണ്ടുപോകുന്നത് അവൻ കാണാനിടയായി. അവൻ ചെന്ന് വിദ്യാധരയുവാവിനെ ചെറുത്തു. ഇരുവരും തമ്മിൽ വാശിയേറിയ ദ്വന്ദ്വയുദ്ധമുണ്ടായി. എന്തിനു പറയുന്നു, ഒരേസമയത്ത് എതിരാളികൾ രണ്ടും മരിച്ചുവീണു!

സുശീലയുടെ പേര് ഉരുവിട്ടുകൊണ്ടാണ് വിദ്യാധരകുമാരൻ മരിച്ചത്.

അതിനിടയ്ക്ക് സുശീലയുടെ മനോഭാവത്തിനു മാറ്റമുണ്ടായിക്കഴിഞ്ഞിരുന്നു. ഒരു പുരുഷനെയും വിവാഹം കഴിക്കയില്ല എന്നായിരുന്നല്ലോ ആദ്യത്തെ നിശ്ചയം. വിദ്യാധരകുമാരനെ കണ്ടതോടെ അയാൾ ഭർത്താവാകണം എന്നായി ആഗ്രഹം. പക്ഷേ, വിദ്യാധരകുമാരൻ മരിച്ചുപോയിരിക്കുന്നു. അവളുടെ ദുഃഖം അതിരുകടന്നു. ആ ദുഃഖം അവളുടെ ജീവനും കവർന്നു!

ഇരുവർക്കും വീണ്ടും ജന്മമുണ്ടായി.

വിദ്യാധരകുമാരൻ ജനിച്ചതു മലയകേതുരാജാവിന്റെ പുത്രനായിട്ട്; സുശീല ജനിച്ചത് കർണാടകരാജാവിന്റെ പുത്രിയായിട്ടും. രാജകുമാരന്റെ പേര് മാല്യകേതു എന്ന്; രാജകുമാരിയുടെ പേര് കലാവതി എന്നും.

കഴിഞ്ഞ ജന്മത്തിന്റെ സ്മരണ ഇരുവർക്കും ഉണ്ടായിരുന്നില്ല. എങ്കിലും കഴിഞ്ഞ ജന്മത്തിന്റെ തുടർച്ചയായിരുന്നു ഈ ജന്മം. മാല്യകേതുവും കലാവതിയും വിവാഹിതരായി.

വരൻ വധുവിനെയുംകൊണ്ട് സ്വരാജ്യത്തേക്കു പോയി.

ദമ്പതികൾ സുഖം നിറഞ്ഞ ജീവിതം നയിച്ചു.

അവർക്കു മൂന്നു പുത്രന്മാരുണ്ടായി.

മാല്യകേതുവിനെ ഒരു ചിത്രദർശകൻ ചെന്നു കണ്ടു.

ചിത്രങ്ങൾ വരച്ചുണ്ടാക്കുക, സഞ്ചരിച്ചു ചിത്രങ്ങൾ കാണിക്കുക, അതിനു പ്രതിഫലം വാങ്ങുക—അതൊക്കെയാണ് ചിത്രദർശകന്റെ പതിവ്.

വടക്കുനിന്നു വന്ന ചിത്രദർശകനാണ് മാല്യകേതുവിനെ കണ്ടത്. അയാൾ രാജാവിനെയും രാജ്ഞിയെയും അനേകം ചിത്രങ്ങൾ കാണിച്ചു. അവയിൽ ഒരു ചിത്രം കണ്ടപ്പോഴോ? കലാവതിയുടെ ഭാവം അപ്പാടെ മാറി. രാജ്ഞിയുടെ ശരീരത്തിൽ രോമാഞ്ചം നിറഞ്ഞു. എന്താണ് അതിന്റെ കാരണമെന്നോ? രാജ്ഞിക്കു പൂർവ്വജന്മത്തിന്റെ സ്മരണയുണ്ടായി.

കാശിയെ സംബന്ധിക്കുന്ന ചിത്രമായിരുന്നു അത്. അവിടത്തെ കാഴ്ചകൾ യഥാർത്ഥത്തിൽ ഉള്ളവപോലെ തോന്നി. അത്ര കേമമായിരുന്നു ചിത്രരചന. കലാവതിയുടെ കൈയിൽനിന്നു ചിത്രപ്പലക നിലത്തുവീണു. രാജ്ഞിക്ക് ഗദ്ഗദംകൊണ്ട് ഒരക്ഷരം ഉരിയാടാൻ കഴുത്തുണ്ടായിരുന്നില്ല. പോരെങ്കിൽ അവർ മൂർച്ഛിക്കുകയും ചെയ്തു. ആനന്ദംകൊണ്ടുള്ള മൂർച്ഛയായി

രുന്നു അത്. തോഴിമാർ ഓടിച്ചെന്നു സ്വാമിനിയെ താങ്ങിയെടുത്തു. എന്നിട്ടു പട്ടുമെത്തയിൽ കൊണ്ടുപോയി കിടത്തി. മുഖത്തു ശീതളജലം തളിച്ചു. വിശറിയെടുത്തു വീശി. ഇതൊക്കെയായിട്ടും കലാവതിക്കു ബോധമുണ്ടായില്ല. തോഴിമാർ വല്ലാതെ പരിഭ്രമിച്ചു. എന്താണ് ഇനി ചെയ്യുക?

തോഴിമാരുടെയിടയിൽ ഒരു ബുദ്ധിശാലിനിയുണ്ട്.

അവൾ പറഞ്ഞു:

'എനിക്ക് ഒന്നു തോന്നുന്നു. ഈ ചിത്രമെടുത്തു വീണ്ടും സ്വാമിനിയെ കാണിക്കാം. അപ്പോൾ സ്വാമിനിക്കു ബോധക്ഷയം തീർന്നേക്കും.'

പരീക്ഷിച്ചു നോക്കുകതന്നെ എന്നായി തോഴിമാരുടെ നിശ്ചയം. ഒരുവൾ ചിത്രമെടുത്ത് കലാവതിയുടെ മുഖത്തിനു മുമ്പിലായി പിടിച്ചു. ആ മാത്രയിൽ രാജ്ഞിക്കു ബോധം തിരിച്ചുവന്നു. കിടക്കയിൽനിന്ന് എഴുന്നേറ്റിരുന്നു. ചിത്രത്തെ സൂക്ഷിച്ചുനോക്കി. അങ്ങനെ കുറേനേരം കഴിഞ്ഞു. അപ്പോഴേക്കും അവർ സ്വസ്ഥയായി.

കലാവതി തന്റെ പൂർവ്വവൃത്താന്തം തോഴിമാരെ ധരിപ്പിച്ചു.

അതുകേട്ട് തോഴിമാർക്ക് അതിയായ വിസ്മയം തോന്നി.

കലാവതി പിന്നീട് ഭർത്താവിനോട് എല്ലാം വിസ്തരിച്ചു പറഞ്ഞു.

മാല്യകേതുവിനും ആശ്ചര്യം ഉണ്ടായി.

രാജ്ഞി ഭർത്താവിനോടു പറഞ്ഞു:

'എനിക്ക് ഒരു ആഗ്രഹമുണ്ട്. കാശിയിലേക്ക് ഒന്നു പോകണം.'

മാല്യകേതു പറഞ്ഞു:

'ശരി. ഞാനും കൂടെ വരാം.'

രാജാവ് മൂത്ത പുത്രനു രാജ്യം നൽകി. എന്നിട്ട് രാജ്ഞിയുമായി കാശിയിലേക്കു പോയി. അർച്ചനകൾ, പൂജകൾ, ഭജനകൾ, തീർത്ഥസ്നാനങ്ങൾ— അവയെല്ലാം രാജദമ്പതികൾ വിധിപ്രകാരം അനുഷ്ഠിച്ചു.

ഏറ്റവും പ്രധാനമായ കൃത്യം എന്തായിരുന്നു? ജ്ഞാനോദതീർത്ഥത്തിൽ പുണ്യസ്നാനം!

ആ തീർത്ഥത്തിന്റെ തീരത്തിൽത്തന്നെയായിരുന്നു അവരുടെ താമസം.

വിമാനം വന്നിറങ്ങി അവരെ ശിവലോകത്തിലേക്കു കൊണ്ടുപോയി!

ധൂതപാപ

(പഞ്ചനദതീർത്ഥ മാഹാത്മ്യം)

വേദശിരസ്സ് എന്ന മഹാത്മാവ് തപസ്സുചെയ്യുകയായിരുന്നു.

ഒരു അപ്സരസ്സ് അവിടെ വരാനിടയായി. ശുചി എന്നായിരുന്നു അപ്സരസ്സിന്റെ പേര്. ആ സമയം വേദശിരസ്സിന്റെ തപസ്സിനു ഭംഗമുണ്ടായി.

ശുചിക്കു ഭയമുണ്ടായി.

അവൾ തൊഴുകൈയോടെ അപേക്ഷിച്ചു:

'മഹാത്മൻ, ഞാൻ അറിയാതെ വന്നതാണ്. അവിടുന്നു ക്ഷമിക്കണം.'

വാസ്തവത്തിൽ വേദശിരസ്സിന് ഉണ്ടായതു ദേഷ്യമല്ല. പിന്നെയോ, അപ്സരസ്സിനെ ഭാര്യയാക്കണം എന്ന മോഹം!

അദ്ദേഹം പറഞ്ഞു:

'ശുചീ, നീ ഒരു തെറ്റും ചെയ്തിട്ടില്ല. അതാലോചിച്ചു വിഷമിക്കണ്ട. നീ എന്റെ പത്നിയാകണം. നമുക്കു ശ്രേഷ്ഠയായ ഒരു പുത്രിയുണ്ടാകും.'

ആ മഹാത്മാവിന്റെ മോഹം നിരസിക്കാനൊക്കുമോ? അപ്സരസ്സ് അദ്ദേഹത്തിന്റെ ഭാര്യയായി. അവൾ യഥാകാലം ഒരു പെൺകുട്ടിക്കു ജന്മമേകി.

അപ്പോഴേക്കും അവൾ സ്വലോകത്തേക്കു മടങ്ങേണ്ടതായിവന്നു. അവൾ കുഞ്ഞിനെ വേദശിരസ്സിനു നൽകി. എന്നിട്ട് അവിടന്നു യാത്രയായി.

വേദശിരസ്സ് മകളെ ലാളിച്ചുവളർത്തി.

ധൃതപാപ—അതാണ് അദ്ദേഹം അവൾക്കു നൽകിയ പേര്.

പിതാവിന് എന്തു വാത്സല്യമായിരുന്നു മകളോട്! അവളെ ലാളിക്കുന്നതിന് ഒരു അതിരുമില്ല. ലാളിക്കുമ്പോൾ അദ്ദേഹത്തിന് എന്തെന്നില്ലാത്ത ആനന്ദമുണ്ടാകും.

ധൃതപാപയ്ക്കു വിവാഹപ്രായമായി. അവളെ യോഗ്യനായ ഒരു പുരുഷനു വിവാഹം കഴിച്ചുകൊടുക്കണം. അതായിരുന്നു വേദശിരസ്സിന്റെ ആഗ്രഹവും നിശ്ചയവും.

അദ്ദേഹം പറഞ്ഞു:

'മകളേ, നിനക്ക് ഏതു രീതിയിലുള്ള പുരുഷനെയാണ് വേണ്ടത്? ഒട്ടും മടിക്കാതെ എന്നോടു പറയൂ. ഞാൻ അന്വേഷിച്ചു കൂട്ടിക്കൊണ്ടുവരാം.'

ധൃതപാപ പറഞ്ഞു:

'അച്ഛാ, അച്ഛൻ ആവശ്യപ്പെട്ടതുകൊണ്ടു മാത്രം ഞാൻ പറയുകയാണ്. എന്റെ വരൻ ഏതുമാതിരിക്കാരൻ ആയിരിക്കണം, എന്നല്ലേ? ആരെ ഏറ്റവും ശ്രേഷ്ഠനായി കരുതിപ്പോരുന്നു; ആരെ എല്ലാവരും ധ്യാനിക്കുന്നു; ആര് പ്രപഞ്ചത്തിന്റെ അസ്ഥിവാരമാകുന്നു, ആര് സകലതിലും കുടികൊള്ളുന്നു—ആ പുരുഷൻ എന്റെ വരനാകണം.'

വേദശിരസ്സിന് ഒന്നു തോന്നി. മകൾക്ക് ഇങ്ങനെ തോന്നിയത് പുണ്യം കൊണ്ടുതന്നെ. പക്ഷേ, ഇപ്രകാരമുള്ള പുരുഷനെ എവിടെ കിട്ടും?

അദ്ദേഹം പറഞ്ഞു:

'മകളേ, തപസ്സുകൊണ്ടു മാത്രമേ നിന്റെ ആഗ്രഹം സാധിക്കുകയുള്ളൂ.'

ശരിയാണെന്നു ധൃതപാപയ്ക്കു തോന്നി. അവൾ അച്ഛനോടു വിടവാങ്ങി കാശിയിലേക്കു ചെന്നു. അവിടെ അടുത്തൊരു വനത്തിൽ തപസ്സും ആരംഭിച്ചു.

ഏറ്റവും ഉഗ്രമായിരുന്നു അവളുടെ തപസ്സ്. ഇരുട്ടെന്നും വെളിച്ചമെന്നുമുള്ള വ്യത്യാസം അവൾക്ക് ഉണ്ടായിരുന്നില്ല. കൊടുങ്കാറ്റും മഴയും വെയിലും അവൾക്ക് ഒപ്പംതന്നെ. ഭക്ഷണമില്ല, ജലപാനമില്ല, തപസ്സുമാത്രം. ഋതുക്കൾ ഓരോന്നായി വരുന്നു, പോകുന്നു. അതൊന്നും അവൾ അറിയുന്നതേയില്ല.

ഒടുവിൽ ബ്രഹ്മാവ് ആ പരമഭക്തയ്ക്ക് ദർശനമരുളി:

അവൾ തൊഴുകൈയോടെ വരം ചോദിച്ചു:

'ഭഗവാനേ, ലോകത്തു പരിശുദ്ധങ്ങളായ പലതുമുണ്ട്. ഞാൻ ഏറ്റവും പരിശുദ്ധിയുള്ള ഒന്നാകണം. അതിന് അവിടുന്ന് അനുഗ്രഹിക്കണം!'

ബ്രഹ്മാവ് അരുളിച്ചെയ്തു:

'ധൃതപാപേ, ഭൂലോകത്ത് അനേകം തീർത്ഥങ്ങളുണ്ട്. ആ തീർത്ഥങ്ങൾ പവിത്രങ്ങളുമാണ്. നീ അവയെക്കാൾ പവിത്രയാകും!'

അവൾ തപസ്സ് അവസാനിപ്പിച്ചു. വനംവിട്ട് പിതാവിന്റെ ആശ്രമത്തിലെത്തി. അദ്ദേഹത്തിന്റെ സംരക്ഷണത്തിൽ നാൾ കഴിച്ചു.

അതേസമയം അവൾക്ക് ഒരു ബോധാദയമുണ്ട്. ഭാവിയിൽ ഏറ്റവും നല്ലൊരു കാര്യം നടക്കും. അതു കാരണം തനിക്ക് ആനന്ദവും ഉണ്ടാകും.

ഒരു ദിവസം യാദൃച്ഛികമായി ധർമം അവിടെ ചെല്ലാനിടയായി.

ആ സമയം ധൂതപാപ ആശ്രമത്തിന്റെ മുറ്റത്ത് നില്ക്കുകയായിരുന്നു.

അവളുടെ സൗന്ദര്യവും പരിശുദ്ധിയും ധർമത്തെ അതിയായി ആകർഷിച്ചു. അവൾ തന്റെ പത്നിയായെങ്കിൽ! അതായി ധർമത്തിന്റെ ആഗ്രഹം.

ധർമം സംഭാഷണം തുടങ്ങി:

'ധൂതപാപേ, ഞാൻ എന്റെ ആഗ്രഹം തുറന്നുപറയട്ടെ. ഞാൻ നിന്നെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു.'

'നിങ്ങൾ എന്നോടല്ല, എന്റെ അച്ഛനോടാണ് അത് പറയേണ്ടത്. അച്ഛന്റെ സമ്മതവും ചോദിക്കണം.'

'അതെന്തിന്?'

'ഞാൻ കന്യകയാണ്. അച്ഛന്മാരാണ് കന്യകമാരുടെ വിവാഹം നിശ്ചയിക്കുക.'

'നിന്നോട് സംസാരിക്കുന്നതിൽ തെറ്റില്ലെന്നു തോന്നി.'

'ധർമമേ, നിങ്ങൾ ചെയ്യുന്നത് തെറ്റു മാത്രമല്ല, അധർമം കൂടിയാണ്.'

'നീ എന്റെ അഭിലാഷം നിറവേറ്റണം.'

'ഞാൻ നേരത്തെ പറഞ്ഞില്ലേ, അച്ഛനോട് ചോദിക്കാൻ?'

'അതിനു ഞാൻ ഉദ്ദേശിക്കുന്നില്ല. ഗാന്ധർവം എന്നൊരു വിവാഹരീതിയുണ്ടല്ലോ. ആ രീതിപ്രകാരം പുരുഷനും സ്ത്രീയും നിശ്ചയിച്ചാൽ മതി.'

'നിങ്ങൾ എന്നോടു സംസാരിക്കയേ വേണ്ട. വന്ന വഴിക്കു പൊയ്ക്കൊള്ളൂ!'

'ധൂതപാപേ, അങ്ങനെ ശപിക്കരുത്!'

'നിങ്ങൾ എന്നെ ദേഷ്യപ്പെടുത്തുന്നു. ഞാനിപ്പോൾ നിങ്ങളെ ശപിക്കും!'

'ഒന്നുകൂടി ആലോചിക്കൂ.'

'ധർമമേ, നിങ്ങൾ ജഡനെപ്പോലെ സംസാരിക്കുന്നു. അതിനാൽ നിങ്ങൾ ജഡമായ ജലമാകട്ടെ!'

'ധൂതപാപേ, നീ എന്നെ ശപിച്ചു അല്ലേ? ശരി. എനിക്കുമുണ്ട് ശാപശക്തി. ഞാൻ ഇതാ നിനക്കു മറുശാപം തരുന്നു. കല്ലുപോലത്തെ മനമുള്ള നീ കല്ലായിപ്പോകട്ടെ!'

ധർമം ഒരു നിമിഷം നില്ക്കാതെ സ്ഥലംവിട്ടു.

ധൂതപാപ വേദശിരസ്സിനെ ശാപവൃത്താന്തം അറിയിച്ചു.

വേദശിരസ്സ് പറഞ്ഞു:

'മകളേ, നിനക്കു തെല്ലും വല്ലായ്മ വേണ്ട. നീ കല്ലാകുമെന്നു തീർച്ചയാണ്. എന്നാൽ, എന്റെ അനുഗ്രഹംകൊണ്ട് നീ ചന്ദ്രകാന്തക്കല്ലാകും. ചന്ദ്രരശ്മി ഏറ്റ് ചന്ദ്രകാന്തക്കല്ല് അലിയും. അലിഞ്ഞു വെള്ളമാകും. വെള്ളം നദിയാകും. നദിക്കു നിന്റെ പേരുമാകും. പോട്ടെ. നിന്റെ ഭർത്താവിന് ചില ഗുണങ്ങളെല്ലാം ഉണ്ടായിരിക്കണം—അതായിരുന്നല്ലോ നിന്റെ ആഗ്രഹം. ആ ഗുണങ്ങൾ ചേർന്നത് ധർമംതന്നെ. നീ നദിയാകുമ്പോൾ ധർമം നദമാകും. ലോകത്തിനാകെ മംഗളവും ഉണ്ടാകും.'

അങ്ങനെ ധൂതപാപ നദിയായി. ധർമം നദവുമായി. നദിയും നദവും തമ്മിൽ സംഗമം ഉണ്ടായി. ആ സ്ഥലത്തു സൂര്യൻ പാർവതീദേവിയെ തപസ്സുചെയ്തു. സൂര്യകിരണങ്ങളിൽനിന്ന് ഒരു തീർത്ഥമുണ്ടായി. കിരണതീർത്ഥം എന്ന് അതിനു പേരായി. ധൂതപാപയിൽ കിരണതീർത്ഥം ചെന്നെത്തി—പിന്നീട് ഗംഗയും യമുനയും സരസ്വതിയും. അഞ്ചു നദികളും ചേർന്നു. പഞ്ചനദവും നിലവിൽ വന്നു!

ഭൈരവൻ

(കപാലതീർത്ഥമാഹാത്മ്യം)

ബ്രഹ്മാവും മഹാവിഷ്ണുവും തമ്മിൽ ഒരു മത്സരമുണ്ടായി. മഹാമേരുവിൽവെച്ചായിരുന്നു മത്സരം. ഇരുവരും അവിടെ ഒന്നിച്ചുകൂടുകയുണ്ടായി. മാത്രമല്ല, മാഹാത്മ്യമുള്ള മഹർഷിമാർ പലരും.

മഹർഷിമാർ ബ്രഹ്മാവിനോട് ഒരു സംശയം ചോദിച്ചു:

'ഭഗവാനേ, ഏറ്റവും ശ്രേഷ്ഠൻ ആരാണ്?'

ബ്രഹ്മാവ് സംശയിക്കാതെ പറഞ്ഞു:

'ഞാൻതന്നെ!'

അഹങ്കാരത്തിനു വഴങ്ങിയിരുന്നു ബ്രഹ്മാവ്. മഹാവിഷ്ണു പറഞ്ഞു:

ബ്രഹ്മാവേ, വിഷ്ണുവായ ഞാൻ അങ്ങയെക്കാൾ കേമനാണ്. അതെന്തിന്, എല്ലാവരേക്കാൾ കേമൻ!'

ഇരുവരും തമ്മിൽ തർക്കമായി.

തർക്കം തീർക്കാൻ മദ്ധ്യസ്ഥന്മാർ വേണം. ആരെയാണ് അവർ മദ്ധ്യസ്ഥരാക്കിയത്? നാലു വേദങ്ങളെ!

ഋഗ്വേദം വിധി കല്പിച്ചു:

'ശിവനാണു സർവരിലും ശ്രേഷ്ഠൻ!'

യജുർവേദം, സാമവേദം, അഥർവവേദം—അവ മൂന്നും ഋഗ്വേദത്തെ പിൻതാങ്ങി. അതോ ഏറ്റവും ശക്തിയോടുകൂടിയും.

പക്ഷേ, ബ്രഹ്മാവിനും മഹാവിഷ്ണുവിനും ആ തീരുമാനം സമ്മതമായില്ല. വേദങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു—അതായിരുന്നു അവരുടെ നിലപാട്.

ഓങ്കാരം രൂപം ധരിച്ചു വിളിച്ചുപറഞ്ഞു:

'എല്ലാരിലും ശ്രേഷ്ഠൻ ശിവനാണ്!'

എന്നിട്ടും ബ്രഹ്മാവിനും മഹാവിഷ്ണുവിനും തൃപ്തിയായില്ല.

ശിവൻ അവരുടെ മുമ്പിൽ ആവിർഭവിച്ചു. തന്നിൽനിന്നു മറ്റൊരു രൂപം സൃഷ്ടിച്ചു. ആ രൂപത്തോടു പറഞ്ഞു:

'ഞാൻ നിനക്ക് ഭൈരവൻ എന്നു പേരിടുന്നു. ഈ ബ്രഹ്മാവിന്റെ ധിക്കാരം കൂടിപ്പോയി. നീ ബ്രഹ്മാവിനു തക്ക ശിക്ഷകൊടുക്കണം. അതിനുശേഷം കാശിയിലേക്കു പോകണം. അവിടത്തെ നായകസ്ഥാനം വഹിക്കുകയും വേണം.'

ഭൈരവൻ ആജ്ഞ പാലിക്കാൻ ഒരു നിമിഷംപോലും പാഴാക്കിയില്ല. ബ്രഹ്മാവിനു ശിക്ഷ കൊടുക്കുകതന്നെ ചെയ്തു. എന്തായിരുന്നു ശിക്ഷ? ബ്രഹ്മാവിന്റെ ഒരു ശിരസ്സ് മുറിച്ചെടുത്തു.

അതുവരെ ബ്രഹ്മാവിന് അഞ്ചു ശിരസ്സുകൾ ഉണ്ടായിരുന്നു. ഭൈരവൻ ഒരു ശിരസ്സ് മുറിച്ചില്ലേ? അതോടെ ബ്രഹ്മാവ് നാന്മുഖനായി!

ശിവൻ പറഞ്ഞു:

'ഭൈരവാ, ബ്രഹ്മാവിന്റെ ശിരസ്സാണല്ലോ നീ മുറിച്ചത്. അതിനാൽ നിനക്കു ബ്രഹ്മഹത്യ എന്ന പാപം പിടിപെട്ടിരിക്കുന്നു. ആ പാപം തീരാൻ നീ കാപാലികവ്രതം എടുക്കണം. എന്നിട്ട് നീയെ സഞ്ചരിക്കണം.'

ബ്രഹ്മഹത്യയ്ക്കു ശിവൻ സ്ത്രീരൂപം നൽകി. ഏറ്റവും ബീഭത്സമായിരുന്നു ആ രൂപം. ആരു കണ്ടാലും അറച്ചുപോകും.

ശിവൻ പറഞ്ഞു:

ബ്രഹ്മഹത്യേ, ഭൈരവൻ എവിടെയൊക്കെ പോകുന്നുവോ, അവിടെയൊക്കെ നീയും പോകണം. അവൻ കാശിയിലെത്തുമ്പോൾ നീ ഇല്ലാതെയാകും.'

ഭൈരവൻ സ്വാമിയുടെ ആജ്ഞ അനുസരിച്ചു. ഭിക്ഷുവായി വ്രതമെടുത്തു. ബ്രഹ്മാവിന്റെ കപാലവുംകൊണ്ടു യാത്രയായി. ബ്രഹ്മഹത്യ പിമ്പേ നടന്നു സത്യലോകത്തിൽ ചെന്നു. ഇന്ദ്രലോകത്തിൽ ചെന്നു. മറ്റു ലോകങ്ങളിൽ ചെന്നു. അങ്ങനെ സഞ്ചാരം തുടർന്നുപോയി. ഒടുവിൽ വൈകുണ്ഠത്തിലും എത്തിച്ചേർന്നു.

ദൂരെവെച്ചുതന്നെ അവൾ വരുന്നതു മഹാവിഷ്ണു കണ്ടു.

ഭഗവാൻ ലക്ഷ്മീദേവിയോടു പറഞ്ഞു:

'അതാ, ശിവരൂപമായ ഭൈരവൻ വരുന്നുണ്ട്. എന്തിനാണു വരുന്നതെന്നോ? നമ്മോട് ഭിക്ഷ വാങ്ങാനായിട്ട്. എല്ലാം ശിവന്റെ മായാവിലാസം!'

മഹാവിഷ്ണുവും ലക്ഷ്മീദേവിയും കൂടി ഭൈരവനെ സ്വീകരിച്ചിരുത്തി.

ഭഗവാൻ ചോദിച്ചു:

'എന്തിനാണ് അവിടുന്ന് കാപാലികവ്രതം എടുക്കുന്നത്?'

ശിവരൂപമായ ഭൈരവൻ പറഞ്ഞു:

'ബ്രഹ്മാവിന്റെ ശിരസ്സറുത്ത പാപത്തിന്റെ ശമനത്തിനുവേണ്ടി.'

മഹാവിഷ്ണു ഒന്നു ചിരിച്ചു:

'കൊള്ളാം! അങ്ങേയ്ക്കു പാപമോ? അങ്ങയെ ഭജിക്കുന്നവരുടെ പാപം തീരുന്നു. എന്നിട്ട് അങ്ങയെ പാപം ബാധിച്ചത്രെ! സൂര്യന്റെ മുമ്പിൽ കൂരിരുട്ടു പരക്കുമോ? ഒരിക്കലുമില്ല. ഇതെല്ലാം അങ്ങയുടെ മായമാത്രം!'

ലക്ഷ്മീദേവി ഭിക്ഷ നൽകി. ഭൈരവൻ ഭിക്ഷ സ്വീകരിച്ചു. വൈകുണ്ഠത്തിൽനിന്നു യാത്രയായി.

മഹാവിഷ്ണു ബ്രഹ്മഹത്യയോടു പറഞ്ഞു:

'നീ ഇനി വിട്ടുപൊയ്ക്കൊള്ളൂ.'

ബ്രഹ്മഹത്യ പറഞ്ഞു:

'ഭഗവാനേ, ശിവൻ ആജ്ഞാപിച്ചതുകൊണ്ടാണ് ഞാൻ പുറകേ നടക്കുന്നത്. എനിക്ക് അതും ഒരു ഭാഗ്യമായി. ഭഗവാന്റെ സമീപത്തു കഴിഞ്ഞു

കൂടാമല്ലോ. മറ്റൊരു ഭാഗ്യവും എനിക്കു കിട്ടി. അവിടുത്തെ കാണാൻ സംഗതിയായി!'

ഭൈരവൻ ഭിക്ഷാടനം തുടർന്നുകൊണ്ടിരുന്നു. എല്ലായിടത്തും ബ്രഹ്മഹത്യയും ഉണ്ടായിരുന്നു. ഒടുവിൽ അവർ കാശിയിലെത്തിച്ചേർന്നു. ആ സമയം ബ്രഹ്മഹത്യ തിരോധാനം ചെയ്തു.

ശിവൻ ആ സ്ഥലത്ത് ബ്രഹ്മാവിന്റെ കപാലം സ്ഥാപിച്ചു.

അവിടെയാണ് കപാലതീർത്ഥം.

ഗന്ധർവകന്യകമാർ

(നർമദാമാഹാത്മ്യം)

പ്രമോഹിനി, സുശീല, സുസ്വര, ചന്ദ്രിക, സുതാര—അവയാണ് ആ അഞ്ചു ഗന്ധർവകന്യകമാരുടെ പേരുകൾ. സുദൃഢമാണ് അവരുടെ പരസ്പരസ്നേഹം. ഓരോ കന്യകയ്ക്കും ജീവനെക്കാൾ പ്രിയങ്കരികളാണ് മറ്റു കന്യകമാർ. എല്ലാവരും അതിസുന്ദരികളാണ്. അതേസമയം സംഗീതത്തിലും ചിത്രമെഴുത്തിലും മറ്റും പ്രഗല്ഭകളും.

അഞ്ചുപേരും ഒരുമിച്ചു പലപ്പോഴും ഉല്ലാസയാത്രയ്ക്കിറങ്ങും. ഒരിക്കൽ അവർ അച്ഛോദ എന്ന സരസ്സിന്റെ അരികിലെത്തി. സ്ഫടികംപോലുള്ള നിർമലജലത്തിൽ സ്നാനംചെയ്തു. ദേവിയെ ഭക്തിപൂർവ്വം ഭജിച്ച് പൂജിച്ചു. അതിനുശേഷം ആട്ടവും പാട്ടും തുടങ്ങി.

തത്സമയം ഒരു യുവാവ് അവിടെ വന്നെത്തി. മുനികുമാരനായ ബ്രഹ്മചാരിയാണ് അയാൾ. വന്നതു സരസ്സിൽ കുളിക്കാനും. സൗന്ദര്യം പുരുഷരൂപം പൂണ്ടതാണോ? ആ സംശയം തോന്നും ബ്രഹ്മചാരിയെ കണ്ടാൽ.

ഗന്ധർവകന്യകമാർക്ക് ഒരാഗ്രഹം ഉണ്ടായി—ഈ യുവാവ് തങ്ങളുടെ ഭർത്താവായെങ്കിൽ! അവർ ആട്ടവും പാട്ടും മതിയാക്കി. എന്നിട്ട് അയാളെ കണ്ണെടുക്കാതെ നോക്കിനിന്നു.

അവരുടെ ആഗ്രഹം ബ്രഹ്മചാരിക്കും മനസ്സിലായി. തന്റെ തപോചര്യയ്ക്ക് അവർ വിഘ്നമുണ്ടാക്കും. അതായി അയാളുടെ ഭയം. ഇനി ഇവിടെ നിൽക്കുന്നതു പന്തിയല്ല. അയാൾ സ്വയം മറഞ്ഞുകളഞ്ഞു.

കന്യകമാരുടെ കണ്ണുകൾ നാലു ദിക്കിലും ഉഴറി. പക്ഷേ, അവ ബ്രഹ്മചാരിയെ കണ്ടെത്തിയില്ല. അവരുടെ ഹൃദയങ്ങൾ ഏറ്റവും അസ്വസ്ഥങ്ങളായി. അയാളെ കണ്ടുപിടിക്കാനായി അവർ വനാന്തരങ്ങളിൽ ഉഴന്നുനടന്നു. അതുകൊണ്ട് ഒരുഫലവും ഉണ്ടായില്ല. അവർക്കു സ്വഗൃഹങ്ങളിലേക്കു മടങ്ങിപ്പോകാൻ മനസ്സുണ്ടായില്ല. പക്ഷേ, പോകാതിരിക്കാൻ നിർവാഹമില്ല. മാതാപിതാക്കന്മാർ കോപിക്കുകയില്ലേ?

മനസ്സില്ലാമനസ്സോടെ കന്യകമാർ ഗൃഹങ്ങളിൽ തിരിച്ചെത്തി. അപ്പോഴേക്കും പതിവിൽനിന്നു വളരെ വൈകിയിരുന്നു. അമ്മമാർ വൈകാനുള്ള കാരണം ചോദിച്ചു. അഞ്ചു കന്യകമാരും ഒരേ കള്ളം പറഞ്ഞു—കിന്നരികളോടുകൂടി കളിച്ചപ്പോൾ നേരം പോയത് അറിഞ്ഞില്ലെന്ന്!

അന്നു രാത്രിയിൽ അഞ്ചുപേരും ഒരുപോള കണ്ണടച്ചില്ല. ചിന്തകൾ അവരെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. ബ്രഹ്മചാരിയെക്കുറിച്ചായിരുന്നു ചിന്തകൾ. വല്ലവിധവും അവർ രാത്രി കഴിച്ചുകൂട്ടി. രാവിലെ ഒന്നിച്ചുകൂടി. സരസ്സിലേക്കു ചെന്നു. ബ്രഹ്മചാരിയുടെ വരവിനായി കാത്തിരുന്നു.

അല്പം കഴിഞ്ഞ് അയാൾ വരികയുംചെയ്തു. കന്യകമാർ കൈകോർത്ത് അയാളെ വളഞ്ഞുനിന്നു. ആ വലയത്തിനുള്ളിൽ നിൽക്കാതെ അയാൾക്കു തരമില്ലെന്നായി.

അവർ നിർലജ്ജമായി ഒരു അപേക്ഷ സമർപ്പിച്ചു—അയാൾ അവരുടെ ഭർത്താവാകണം എന്ന്.

ആ അപേക്ഷ അയാൾ തിരസ്കരിച്ചു:

'ഹേ ഗന്ധർവകന്യകമാരേ, ഞാൻ ബ്രഹ്മചര്യം അനുഷ്ഠിക്കുകയാണ്. ആ സ്ഥിതിക്കു വിവാഹം പാടില്ല. അതൊരു അധർമമാണ്.'

കന്യകമാരുണ്ടോ വിടുന്നു? അവർ പലേ പ്രലോഭനങ്ങളും നീട്ടി. അവയ്ക്കൊന്നും അയാൾ വഴിപ്പെട്ടില്ല. ഇനി അയാളെ ബലംപ്രയോഗിച്ച് പിടിച്ചുവയ്ക്കുകതന്നെ. അതിനായി അവർ അയാളെ സമീപിച്ചു.

ബ്രഹ്മചാരിക്കു കടുത്ത കോപമുണ്ടായി.

അയാൾ ശപിച്ചു:

'നിങ്ങൾ പിശാചികളാവട്ടെ!'

ശാപശക്തിയുള്ള കന്യകമാർ മറുശാപം നൽകി: 'എന്നാൽ, അങ്ങു പിശാചുമാകട്ടെ!'

രണ്ടു ശാപങ്ങളും ഒരേ സമയത്തു ഫലിച്ചു. ബ്രഹ്മചാരിയും ഗന്ധർവ കന്യകമാരും പിശാചുക്കളായി. അവർ കൂകിവിളിച്ചുകൊണ്ട് സരസ്സിന്റെ തീരത്തു കഴിഞ്ഞുകൂടി.

സംവത്സരങ്ങൾ അനേകം കഴിഞ്ഞു.

ഒരുനാൾ ലോമശൻ എന്ന മഹർഷി ആ സ്ഥലത്തു വരാനിടയായി. വിശന്നിരിക്കുന്ന പിശാചുക്കൾ എന്തു ചെയ്തെന്നോ? മഹർഷിയെ കൊന്നു തിന്നാനായി പാഞ്ഞടുത്തു.

അപ്പോൾ ഒരു അത്ഭുതം നടന്നു.

അവർക്ക് ഒരടിപോലും മുന്നോട്ടുവയ്ക്കാൻ കഴിയാതെയായി.

ലോമശമഹർഷിയുടെ തപച്ശക്തിയായിരുന്നു അതിനു കാരണം.

അപ്പോൾ പിശാചായ ബ്രഹ്മചാരിക്കു പൂർവസ്മരണ ഉണ്ടായി. അയാൾ മഹർഷിയുടെ പാദങ്ങളിൽ ദണ്ഡനമസ്കാരം ചെയ്തു. എന്നിട്ടു തന്റെ മുജ്ജന്മത്തിലെ സംഭവങ്ങൾ വിവരിച്ചു. തന്റെ മാത്രമല്ല, പിശാചികളായ അഞ്ചു ഗന്ധർവകന്യകമാരുടെ പൂർവവൃത്താന്തങ്ങളും.

അയാൾ അഭ്യർത്ഥിച്ചു:

'മഹർഷേ, അവിടുന്നു ഞങ്ങൾക്കു ശാപമോക്ഷം ഉണ്ടാകാൻ സഹായിക്കണേ!'

ലോമശൻ പറഞ്ഞു:

'ശാപമോക്ഷം നൽകേണ്ടതു ഞാനല്ല. നർമദാനദിയാണ്. അത്രകൊണ്ട് പുണ്യവതിയാണു നർമദാനദി. വരിൻ, നമുക്ക് ആ നദിയിലേക്കു പോകാം!'

മഹർഷിയും എല്ലാവരുംകൂടി അവിടേക്കു ചെന്നു. വെള്ളത്തിൽ ഇറങ്ങി കുളിക്കാനും ഭാവിച്ചു. പക്ഷേ, അതു വേണ്ടിവന്നില്ല. കാറ്റടിച്ച് ഒരു തുള്ളി നദീജലം അവരുടെമേൽ വീണു. ആ നിമിഷത്തിൽ ആറുപേരുടെയും പിശാചരൂപങ്ങൾ ഇല്ലാതായി. അവർക്കു പഴയ രൂപങ്ങൾ വീണ്ടുകിട്ടി എന്നർത്ഥം.

ലോമശൻ ചില നിർദ്ദേശങ്ങൾ നൽകിയിട്ടു യാത്രയായി. അവർ ആ നിർദ്ദേശങ്ങൾ നടപ്പിലാക്കി. ബ്രഹ്മചാരി ഗന്ധർവകന്യകമാരുടെ ഭർത്തൃപദം സ്വീകരിച്ചു. നർമദാനദിയിൽ സ്നാനംചെയ്യുക, നദീജലം കുടിക്കുക, മഹാവിഷ്ണുവിനെ പൂജിക്കുക—അതൊക്കെയായി അവരുടെ ദിനചര്യ. ഫലമായി അവർക്കെല്ലാം വിഷ്ണുലോകം ലഭിച്ചു.

വിഷ്ണുമായയുടെ അവതാരം

(കാവേരീമാഹാത്മ്യം)

കവേരൻ എന്ന രാജാവിൽ ഗുണങ്ങളെല്ലാം വിളങ്ങിയിരുന്നു. അദ്ദേഹം വെറും രാജാവല്ല, രാജർഷിയാണ്. ഒടുവിൽ അദ്ദേഹം ലൗകികജീവിതം മതിയാക്കി. ഹിമവാനിൽച്ചെന്ന് തപസ്സുചെയ്തു. ആ തപസ്സ് വളരെക്കാലം നീണ്ടുനിന്നു. അപ്പോഴേക്കും ബ്രഹ്മാവ് പ്രത്യക്ഷനായി.

രാജാവ് വരം ചോദിച്ചു:

'അവിടുന്ന് എനിക്കു മോക്ഷം തരണം!'

മഹാവിഷ്ണുവാണ് സാധാരണ മോക്ഷം നല്കാറുള്ളത്. വിഷ്ണുമായയ്ക്കും അതു സാധിക്കും. ബ്രഹ്മാവ് കവേരനെ സഹായിക്കാൻ നിശ്ചയിച്ചു. ഭഗവാൻ വിഷ്ണുമായയെ സ്മരിച്ചു. തത്ക്ഷണം വിഷ്ണുമായ ബ്രഹ്മാവിന്റെ മുമ്പിൽ ആവിർഭവിച്ചു.

ബ്രഹ്മാവ് പറഞ്ഞു:

'വിഷ്ണുമായേ, അവിടുന്ന് ഈ നില്ക്കുന്ന കവരേനു മോക്ഷം നൽകണം. മറ്റു ചിലതുകൂടി അവിടുന്നു ചെയ്യുന്നതു നന്നായിരിക്കും. അവിടുന്ന് കവേരന്റെ പുത്രിയായി ജന്മമെടുക്കണം. പിന്നീടു പുണ്യനദിയായി ലോകത്തെ പരിശുദ്ധമാക്കണം. ഒരംശംകൊണ്ടു ലോപാമുദ്ര എന്ന കന്യകയാവണം. ആ രൂപത്തിൽ അഗസ്ത്യമഹർഷിയുടെ പത്നിയുമാവണം.'

ആ നിർദ്ദേശപ്രകാരം വിഷ്ണുമായ കവേരന്റെ പുത്രിയായി പിറന്നു.

തന്റെ ജന്മം സഫലമായിരിക്കുന്നു—അതായി കവേരന്റെ വിശ്വാസം.

ഒരിക്കൽ രാജാവ് പറഞ്ഞു:

'മകളേ, ഞാൻ ലൗകികജീവിതം മതിയാക്കാൻ തീരുമാനിച്ചിരിക്കുന്നു. വിരക്തനായി സഞ്ചരിക്കണം എന്നാണ് എന്റെ ഉദ്ദേശ്യം. നീ പാവനയായ നദിയാവണം. കവേരനായ എന്റെ മകളാണല്ലോ. കാവേരി എന്ന പേരിൽ നീ പ്രസിദ്ധയാകും.'

കവേരൻ അപ്പോൾത്തന്നെ നിശ്ചയം നടപ്പിലാക്കി. അദ്ദേഹം സർവവും വെടിഞ്ഞു ചുറ്റിസഞ്ചരിച്ചു. കിട്ടുന്ന ഭക്ഷണം കഴിക്കും. ഉറക്കംവരുന്നിടത്തു

കിടന്നൂറങ്ങും. ഭ്രാന്തനെന്നേ മറ്റുള്ളവർക്കു തോന്നുകയുള്ളൂ. വാസ്തവത്തിൽ മനസ്സ് ഭഗവാനിൽ ലയിച്ചിരിക്കുന്നു.

അച്ഛന്റെ ഇഷ്ടപ്രകാരം നദിയാവുകതന്നെ. അതിനായി വിഷ്ണുമായയായ കാവേരിയുടെ ഒരുക്കം. അവൾ മഹാവിഷ്ണുവിനെ തപസ്സു തുടങ്ങി.

മഹാവിഷ്ണു ദർശനമരുളി.

കാവേരി അഭ്യർത്ഥിച്ചു:

'ഭഗവാനേ, ലോകശുദ്ധിക്കായി ഞാൻ നദിയാവണം. എന്റെ ജലത്തിൽ സ്നാനംചെയ്തു എന്നിരിക്കട്ടെ, പാപികളുടെ പാപങ്ങൾപോലും ഇല്ലാതാവണം. അവിടുന്ന് അതിന് അനുഗ്രഹിക്കണം!'

ഭഗവാൻ അരുളിച്ചെയ്തു:

'കാവേരീ, നിന്റെ ഇഷ്ടം നടക്കും. നീ ദക്ഷിണഗംഗ എന്നു പ്രസിദ്ധി നേടും. ഇനിയൊരു കാലത്തു ഞാൻ ദത്താത്രേയനായി ജന്മമെടുക്കും. അപ്പോൾ ഞാൻ നിന്നിൽ വസിക്കും. നീ ലോപാമുദ്രയായി അഗസ്ത്യന്റെ പത്നിയുമാകും.'

അതിനുശേഷം മഹാവിഷ്ണു അന്തർദ്ധാനം ചെയ്തു.

അക്കാലത്ത് അഗസ്ത്യമഹർഷിയും തപസ്സുചെയ്യുകയായിരുന്നു. ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ട് അഗസ്ത്യന് ഒരു നിർദ്ദേശം നൽകി—കാവേരിയുടെ അംശമായി ജനിക്കാൻപോകുന്ന ലോപാമുദ്രയെ മഹർഷി വിവാഹം കഴിക്കണം.

അഗസ്ത്യൻ കാവേരിയെ കണ്ടു പറഞ്ഞു:

'നീ ഒരംശംകൊണ്ടു നദിയും ഒരംശംകൊണ്ടു ലോപാമുദ്രയുമാകും. അതാണല്ലോ നിശ്ചയം. കുറേക്കാലം കഴിഞ്ഞേ നീ നദിയാവൂ. അതുവരെ നീ എന്റെ കമണ്ഡലുവിൽ ഇരിക്കണം.'

അങ്ങനെ കാവേരിനദിയായി കമണ്ഡലുവിൽ കഴിഞ്ഞുകൂടി. ലോപാമുദ്രയായി. അഗസ്ത്യന്റെ പത്നിയാവാൻ തയ്യാറുമായി.

ആരെല്ലാമാണു വിവാഹത്തിനു വന്നെത്തിയതെന്നോ? ബ്രഹ്മാവ്, മഹാവിഷ്ണു, ശിവൻ, ദേവർഷികൾ മുതലായവർ. സരസ്വതീദേവി, ലക്ഷ്മീദേവി, പാർവതീദേവി മുതലായ ദേവിമാരും. എല്ലാവരും ചേർന്ന് ആ വിവാഹവും മംഗളമായി നടത്തി.

അഗസ്ത്യൻ വധുവിനെയുംകൊണ്ടു യാത്രയായി. അവർ വിന്ധ്യപർവതത്തിൽ എത്തിച്ചേർന്നു. അദ്ദേഹം കമണ്ഡലുവിനെ ഒരിടത്തു വച്ചു. അതിലിരിക്കയാണ് കാവേരിയുടെ ജലം.

മഹർഷി ശിഷ്യന്മാരെ വിളിച്ചുപറഞ്ഞു:

'ഞാൻ പോയി കുളിയും പ്രാർത്ഥനയും നടത്തിയിട്ടു വരാം. അതുവരെ നിങ്ങൾ കമണ്ഡലുവിലെ കാവേരിയെ കാത്തുനിൽക്കണം.'

അദ്ദേഹം നടന്നുപോയി.

കമണ്ഡലുവിലെ കാവേരി ആലോചിച്ചു:

'മഹർഷിയുടെ സമ്മതത്തോടെ പുറത്തേക്കു പോകണം. അതാണ് എന്റെ ആഗ്രഹം. പക്ഷേ, മഹർഷി സമ്മതിക്കുന്ന ലക്ഷണമൊന്നും കാണുന്നില്ല. എനിക്കു പുറത്തേക്ക് ഒഴുകാൻ ധൃതിയായി.'

ആ സമയത്തു ബ്രഹ്മാവ് വിന്ധ്യപർവതത്തിൽ വരാനിടയായി. മനോഹരമായ ഒരിടം കണ്ട് അവിടെ നിന്നു. ഹൃദ്യമായ ഒരു സുഗന്ധം മൂക്കിൽ കയറുന്നു. ആ വശത്തേക്കു നോക്കിയപ്പോൾ ഒരു നെല്ലിമരം കണ്ടു. നെല്ലിമരത്തിൽ ഇലയും തളിരും കായും നിറഞ്ഞുനില്ക്കുന്നു. ബ്രഹ്മാവ് അതിന്റെ അടുക്കലേക്കു ചെന്നു.

പെട്ടെന്ന് നെല്ലിമരം കാണാനില്ല.

എന്താണ് അതിനു കാരണം? ബ്രഹ്മാവ് ധ്യാനിച്ച് ഒന്നു നോക്കി. അതാ നെല്ലിമരം വിഷ്ണുരൂപം ധരിച്ചു നിൽക്കുന്നു!

ഒരു അശരീരി കേൾക്കപ്പെട്ടു:

'ആ നെല്ലിമരം വാസ്തവത്തിൽ മഹാവിഷ്ണുതന്നെയാണ്. പലരും അതിനെ അർച്ചിച്ചു. പുണ്യം നേടിയിട്ടുണ്ട്.'

ബ്രഹ്മാവ് കേതിയോടെ നെല്ലിമരത്തെ അർച്ചിച്ചു പൂജിച്ചു. വിരജാനദിയിലെ ജലംകൊണ്ടു തീർത്ഥമുണ്ടാക്കി. ആ തീർത്ഥംകൊണ്ടു വിഷ്ണുപാദത്തിൽ അഭിഷേകം ചെയ്തു. അതു ശിരസ്സിൽ ധരിക്കുകയും ചെയ്തു. അതേസമയം കമണ്ഡലുവിലെ കാവേരിയും ഒരു അശരീരി കേട്ടു:

'കാവേരീ, നിന്റെ മനോരഥം സാധിക്കുന്ന സമയമായി. ബ്രഹ്മാവ് വിഷ്ണുപാദത്തിൽ അഭിഷേകം ചെയ്തില്ലെ തീർത്ഥം? നീ അതിൽച്ചേർന്ന് ഒഴുകിത്തുടങ്ങും. നിന്നിൽ തുലാമാസം സ്നാനംചെയ്യുന്നതു പുണ്യമാണ്.'

ഉടൻതന്നെ ഒരു പടിഞ്ഞാറൻ കാറ്റു വീശി. ആ കാറ്റു കമണ്ഡലുവിൽ വന്നു തട്ടി. അതേറ്റു കാവേരി കമണ്ഡലുവിൽനിന്നു പുറത്തിറങ്ങി. നദിയായി പ്രവഹിക്കാനും ആരംഭിച്ചു.

അഗസ്ത്യൻ സ്നാനവും പ്രാർത്ഥനയും കഴിഞ്ഞു തിരിച്ചെത്തി. കമണ്ഡലു നിലത്തു മറിഞ്ഞുകിടക്കുന്നു. അതിൽ കാവേരിയെ കാണാനുമില്ല. മഹർഷി ഓരോദിക്കിൽ ചെന്ന് അന്വേഷിച്ചു. 'കാവേരീ!' എന്ന് ഉച്ചത്തിൽ പലവുരു വിളിച്ചു. ഒരിടത്തും അവളെ കാണുന്നില്ല. ഒരിടത്തും അവളുടെ സ്വരം കേൾക്കുന്നില്ല. അദ്ദേഹം ഭഗ്നാശനായി പുറപ്പെട്ട ദിക്കിൽ മടങ്ങിയെത്തി.

അതാ, രണ്ടു വിളിപ്പാടകലെ, ദിവ്യമായ ഒരു സ്ത്രീരൂപം!

അതു മറ്റാരുമല്ല, കാവേരിതന്നെ—ആ ബോധം അഗസ്ത്യന്റെ ഹൃദയത്തിൽ വേരുന്നി.

മഹർഷിയുടെ സന്തോഷം അത്യധികമായിരുന്നു. അദ്ദേഹം അനുജ്ഞ നൽകി:

'കാവേരീ, നീ ലോകരക്ഷയ്ക്കായി പൊയ്ക്കൊള്ളൂ.' അഗസ്ത്യനെ കാവേരി മൂന്നുരു പ്രദക്ഷിണം ചെയ്തു. എന്നിട്ടു വീണ്ടും നദീരൂപം ധരിച്ച് ഒഴുകിത്തുടങ്ങി. നദിയിൽ ചിലേടത്തു പത, ചിലേടത്തു പായൽ, ചിലേടത്തു നിർമലജലം. ആഴമുള്ള ഇടങ്ങളുണ്ട്. അവിടത്തെ ജലം ഇളകുന്നതേയില്ല. ഒഴുക്കുള്ള ഇടങ്ങളുണ്ട്. അവിടെ ഝളഝള എന്ന ശബ്ദം കേൾക്കാം. എത്തെത്തുമാതിരികളിലാണു പ്രവാഹം! നദിക്കു ചിലപ്പോൾ വലിയ വീതിയുണ്ടായിരിക്കും. ചിലപ്പോൾ വീതി വളരെ കുറഞ്ഞിരിക്കും. കുണ്ടിൽ ചാടി ഒഴുകുന്നുണ്ട്. കുലം തകർത്ത് ഒഴുകുന്നുണ്ട്. എത്രയെത്ര രൂപങ്ങൾ, ഭാവങ്ങൾ!

ദേവന്മാർ ആകാശത്തു വന്നു നിറഞ്ഞു. കാവേരിയുടെ ഒഴുക്കു കണ്ട് അവരുടെ കണ്ണുകൾ കുളിർത്തു. അവർ അവളെ ഹൃദയം തുറന്നു വാഴ്ത്തി.

തെക്കൻ ദിക്കിനെ അനുഗ്രഹിച്ചുകൊണ്ടു കാവേരി ഒഴുകിക്കൊണ്ടിരുന്നു.

ചന്ദ്രകാന്ത
(കാവേരീമാഹാത്മ്യം)

വേദം, വേദാംഗം, വേദാന്തം—അവയിലെല്ലാം മഹാപണ്ഡിതനാണ് വേദരാശി. മധുര എന്ന നഗരത്തിലാണ് അദ്ദേഹം പാർത്തിരുന്നത്. പാണ്ഡിത്യത്തിനൊത്ത സ്വഭാവമഹിമയും ഉണ്ടായിരുന്നു അദ്ദേഹത്തിന്.

സുന്ദരിയായിരുന്നു വേദരാശിയുടെ ഭാര്യ. പേര് ചന്ദ്രകാന്ത എന്നും. ആദ്യമൊക്കെ ചന്ദ്രകാന്ത ഭർത്താവിനെ ശ്രദ്ധയോടെ ശുശ്രൂഷിച്ചുപോന്നു. പക്ഷേ, പിന്നീട് അവളുടെ പെരുമാറ്റം ആകെ മാറിപ്പോയി.

വിദ്യാവലി ആയിരുന്നു ആ മാറ്റത്തിനു കാരണക്കാരി.

ദുഷ്ടകളിൽ ദുഷ്ടയായിരുന്നു വിദ്യാവലി. തന്റെ ഭർത്താവിനെ കൊന്നവളാണ് അവൾ—അതിൽനിന്നുമാത്രം മനസ്സിലാക്കാം അവളുടെ സ്വഭാവം. അവളുടെ ദുർന്നടപ്പുകൾ മറ്റൊരു സ്ത്രീക്കും ഉണ്ടായിരുന്നില്ല. ദുർമാർഗ്ഗങ്ങളിലൂടെ മാത്രമായിരുന്നു അവളുടെ സഞ്ചാരം.

ചന്ദ്രകാന്തയെയും തന്നെപ്പോലെയാക്കണം—അതിനായി വിദ്യാവലി എന്താണു ചെയ്തതെന്നോ? പല കെട്ടുകഥകളും ചന്ദ്രകാന്തയെ പറഞ്ഞു കേൾപ്പിച്ചു. വേദരാശി വളരെ ചീത്ത മനുഷ്യനാണത്രെ. അയാൾക്കു വേറെയും ഭാര്യമാരുണ്ടത്രെ. ആദ്യമൊന്നും ചന്ദ്രകാന്തയ്ക്കു വിശ്വാസം തോന്നിയില്ല. എങ്കിലും ഒടുവിൽ വിദ്യാവലിയുടെ കുതന്ത്രം ഫലിക്കതന്നെ ചെയ്തു. അവൾ പറഞ്ഞതെല്ലാം ചന്ദ്രകാന്ത വിശ്വസിച്ചു. അതോടെ അവളുടെ മനസ്സിനു മാറ്റമുണ്ടായി. അവൾ ഭർത്താവിനെ വെറുത്തെന്നു മാത്രമോ? മറ്റു പുരുഷന്മാരുടെ ഭാര്യയുമായി.

അപ്പോൾ വേദരാശി അവളെ ഉപേക്ഷിച്ചു പോയി. അവളെ മാത്രമല്ല, വീടിനെയും ബന്ധുക്കളെയും ഉപേക്ഷിച്ചുപോയി. പിന്നീടു ജീവിച്ചത് കാവേരിയുടെ തീരത്തിൽ ഒരിടത്തും.

ചന്ദ്രകാന്തയ്ക്കു ദുർമാർഗങ്ങളിൽ തുടരാൻ കൂടുതൽ സൗകര്യമായി. അവൾ ചെയ്ത ദുഷ്പ്രവൃത്തികൾക്കു കൈയും കണക്കുമില്ല. ഒടുവിൽ അതൊക്കെ രാജാവിന്റെ ചെവിയിലുമെത്തി. അവളെ രാജ്യത്തിൽ വെച്ചുകൊണ്ടിരുന്നാലോ? വലിയ തകരാറാവും. രാജാവ് അവളെ നാടുകടത്തി.

അതോടെ അവളുടെ കഷ്ടപ്പാടും തുടങ്ങി. അവൾ താമസിയാതെ രോഗിണിയായി. രോഗം മൂർച്ഛിച്ച് അവൾ മരിക്കയും ചെയ്തു. പിന്നീടു കുറേക്കാലം നരകത്തിൽ ദുരിതങ്ങൾ അനുഭവിച്ചു. വീണ്ടു മനുഷ്യജന്മമെടുത്തു. ഇപ്രാവശ്യം അവളൊരു ദാസിയുടെ മകളായിരുന്നു. ആ ജന്മത്തിലും ഭയങ്കരമായ ഒരു രോഗം പിടിപെട്ടു. ദേഹം മുഴുവൻ പഴുത്തു വ്രണമായി ഗതി

യില്ലാതെ അവൾ അലഞ്ഞുതിരിഞ്ഞു. ഒടുവിൽ എങ്ങനെയോ കാവേരിയുടെ കരയിലെത്തി.

അപ്പോൾ തുലാമാസമാണ്. തുലാമാസത്തിൽ കാവേരിയിൽ കുളിക്കുക—അതു പുണ്യകർമമാണ്. അനേകംപേർ ആ പുണ്യകർമം ചെയ്യാനായി വന്നിരിക്കുന്നു. ഒരിടത്ത് ഒരു പണ്ഡിതൻ ഇരിക്കുന്നു. പണ്ഡിതന്റെ ചുറ്റിലും ഒട്ടേറെ ആളുകളും. അദ്ദേഹം കാവേരിയുടെ മാഹാത്മ്യം വർണിക്കുകയാണ്. മറ്റുള്ളവർ ശ്രദ്ധയോടെ കേട്ടുകൊണ്ടിരിക്കുന്നു. തുലാമാസത്തിലെ കാവേരീസ്നാനമില്ലേ? അതു പണ്ഡിതൻ വിസ്തരിച്ചു.

മോഗിണിയും അതു കേൾക്കാനിടയായി. പുണ്യം കിട്ടണമെന്ന് അവൾക്ക് ആഗ്രഹമുണ്ടായി. അവൾ അങ്ങേയറ്റത്തെ അവശതകൾ അനുഭവിക്കുകയാണ്. എന്നിട്ട് അവൾ കാവേരിയിൽ ഇറങ്ങിക്കുളിച്ചു.

താമസിയാതെ അവൾ മരിച്ചു.

യമദൂതന്മാർ വന്നെത്തി. അവളെ ദണ്ഡിപ്പിക്കാനല്ല. പിന്നെയോ? സ്വർഗത്തിലേക്കു പറഞ്ഞയയ്ക്കാൻ!

കണ്ടില്ലേ കാവേരിയുടെ മാഹാത്മ്യം!

വിദ്യാവലിയുടെ അനുഭവങ്ങൾ എന്തായിരുന്നു? അവൾ മരണശേഷം നരകത്തിൽ കിടന്നു. പിന്നീടു പട്ടിയായി ജനിച്ചു. തുടർന്നു പന്നിയായിട്ടും. അവസാനം വീണ്ടും മനുഷ്യസ്ത്രീയായി. അതോ, കാശിരാജാവിന്റെ പുത്രിയായ അംബയായിട്ടും.

വേദരാശിയാകട്ടെ നിത്യവും കാവേരീസ്നാനം ചെയ്തുകൊണ്ടിരുന്നു—പ്രത്യേകിച്ചും തുലാമാസത്തിലെ കാവേരീസ്നാനം. മരിച്ചശേഷം പുണ്യലോകങ്ങളിലേക്കു യാത്രയാവുകയും ചെയ്തു.

പോകുന്ന വഴിക്കു പുണ്യശാലികൾ വസിക്കുന്ന ഒരിടം കണ്ടു. അവർ സകല സൗഭ്യങ്ങളും അനുഭവിക്കുന്നു. മനുഷ്യജന്മത്തിൽ ധാരാളം പുണ്യകർമങ്ങൾ ചെയ്തിരുന്നു. അതിനുള്ള പ്രതിഫലം മരണശേഷം ഇപ്പോൾ അനുഭവിക്കുന്നു.

മറ്റൊരിടവും വേദരാശി കാണാനിടയായി. അവിടെ പാപികളാണു പാർക്കുന്നത്. എന്തെന്തു ദുരിതങ്ങളാണ് അവർക്ക്! മനുഷ്യരായിരുന്നപ്പോൾ ചെയ്ത പാപങ്ങളുടെ ഫലം!

വേദരാശിക്കു പാപികളോട് അനുകമ്പ തോന്നി. അദ്ദേഹം അവരോടു പറഞ്ഞു:

'എല്ലാ ലോകങ്ങളെയും സാക്ഷിയാക്കി ഞാൻ ഒന്നു പറയുകയാണ്. മൂന്നു ദിവസത്തെ കാവേരീസ്നാനംകൊണ്ടു ഞാൻ എത്ര പുണ്യം നേടി അത്രയും പുണ്യം ഇതാ നിങ്ങൾക്കായി തന്നിരിക്കുന്നു!'

അടുത്ത നിമിഷം എന്തുണ്ടായി എന്നോ? എല്ലാ പാപികളുടെയും എല്ലാ ദുരിതങ്ങളും അവസാനിച്ചു. അവർ ദിവ്യരൂപങ്ങൾ ധരിച്ചു യാത്രയായി—സുഖത്തിലേക്ക്, സ്വർഗത്തിലേക്ക്!

(വഹ്നിപുരാണം)

സുശീല

(കാവേരീമാഹാത്മ്യം)

ബാൽഹീകം എന്ന ദേശത്തിലാണ് വേദശർമയുടെ താമസം. ബ്രാഹ്മണനാണു ജനനംകൊണ്ട്. വേദവും ശാസ്ത്രവുമൊക്കെ നല്ലപോലെ അഭ്യസിച്ചിട്ടുമുണ്ട്. എങ്കിലെന്ത്? അതിലൊന്നുമല്ല, ധനത്തിലാണു താത്പര്യം. സാധനങ്ങൾ വാങ്ങിവില്ക്കുക എന്നതു തൊഴിലുമാണ്. ധാരാളം ആദായം ഉണ്ടായിരുന്നു. എങ്കിലും അയാൾ ലുബ്ധനാണ് എന്നു പറഞ്ഞാലും പോര—ലുബ്ധന്മാരിൽ ലുബ്ധൻ! എവിടംവരെ ചെന്നെത്തിയെന്നോ അയാളുടെ ലുബ്ധ്? സ്വന്തം വീട്ടിൽ ഭക്ഷണം കഴിക്കുകയില്ല. അതൊരു നിർബന്ധമാണ്. ചെലവ് ഒഴിവാക്കാനുള്ള വിദ്യ! അന്യരുടെ ഭവനങ്ങളിൽനിന്ന് ഭക്ഷണം കഴിക്കും. അപ്പോൾ വേദശർമയ്ക്കു ഭക്ഷണം ലാഭിക്കാം. ചെലവും ഇല്ലാതാക്കാം. ശ്രാദ്ധവും ഹോമവും ദാനവും എവിടെയെല്ലാം നടക്കുന്നുണ്ട്? എപ്പോഴെല്ലാം നടക്കുന്നുണ്ട്? ആ വിവരങ്ങൾ അയാൾ ശേഖരിച്ചുവയ്ക്കും. വേണ്ട സ്ഥലത്തും സമയത്തും എത്തിച്ചേരും. കിട്ടുന്നതെല്ലാം മേടിക്കയും ചെയ്യും.

അത്രയും അയാളുടെ കാര്യം. അതുകൊണ്ടായോ? അയാൾക്കു ഭാര്യയും കുട്ടികളുമുണ്ട്. അവർക്ക് സ്വന്തം വീട്ടിൽനിന്നേ ഭക്ഷണം കഴിക്കാനൊക്കൂ. അവർ വല്ലപ്പോഴും വയറുനിറയെ തിന്നെന്നിരിക്കട്ടെ. അക്കാര്യം വേദശർമ അറിയും, അവരെ കണക്കറ്റ് ശകാരിക്കയും ചെയ്യും. ചിലപ്പോൾ അടിച്ചെന്നുംവരും. അതുകൊണ്ട് അവർ സാധാരണയായി അല്പമേ ആഹാരം കഴിക്കാറുള്ളൂ. അത്രകണ്ടു ഭയമാണ് വേദശർമയെ.

സുശീല എന്നാണ് അയാളുടെ ഭാര്യയുടെ പേര്. ആ സാധുമിണ്ടാതെ സഹിച്ചുകൊണ്ടിരുന്നു. പക്ഷേ, ഒടുവിൽ ഒരു ഘട്ടം വന്നെത്തി—താനും കുട്ടികളും പട്ടിണികിടന്നു മരിക്കും എന്ന ഘട്ടം. സുശീല രണ്ടും കല്പിച്ചു ഭർത്താവിനോടു പറഞ്ഞു:

'പണ്ഡിതനായ അങ്ങ് പരാന്നം എന്തിനു ഭുജിക്കുന്നു? ഇനിമേൽ വീട്ടിൽനിന്നു ഭക്ഷണം കഴിച്ചാൽ മതി. എല്ലാംകൊണ്ടും അതാണു നല്ലത്. നമ്മുടെ കുട്ടികൾക്കു ശരിയായ വിദ്യാഭ്യാസം ലഭിക്കുന്നില്ല. ഇങ്ങനെ ധനം സ്വരൂപിച്ചുവെച്ചിട്ട് എന്തു പ്രയോജനം? മരിക്കുമ്പോൾ കൂടെ കൊണ്ടുപോകാനൊക്കുമോ? ധനം ദുഃഖത്തിനു കാരണമാണ്. ശാശ്വതമായിട്ടു ധർമം ഒന്നേയുള്ളു പരലോകത്തിൽ ലഭിക്കുന്ന ഒരു ധനമുണ്ട്, പുണ്യം. ഇപ്പൊഴേ പുണ്യം സമ്പാദിക്കാൻ പരിശ്രമിക്കണം. അങ്ങ് പുണ്യകർമങ്ങൾ ചെയ്യണം. അവയുടെ കൂട്ടത്തിൽ തുലാമാസത്തിലെ കാവേരീസ്നാനവും.'

തുടർന്ന് സുശീല ഭർത്താവിനു ചില ഉപദേശങ്ങൾ നൽകി. അതിനിടയ്ക്ക് കാവേരിയുടെ മാഹാത്മ്യം വർണിച്ചു. അതൊക്കെ കേട്ടപ്പോഴോ? വേദശർമയുടെ മനസ്സിനു മാറ്റം സംഭവിച്ചു. താൻ ചെയ്ത ദുഷ്കൃത്യങ്ങളിൽ അതിയായ പശ്ചാത്താപവും തോന്നി.

അയാൾ പറഞ്ഞു:

'സുശീലേ, നിന്റെ അഭിപ്രായം ശരിയാണ്. ഞാൻ ഇന്നോളം വെറുതെ

കാലം കളഞ്ഞു; വെറുതെയു മൃഗത്തെപ്പോലെ ജീവിതം നയിച്ചു. ഇനി ഞാൻ അപ്രകാരം ചെയ്യുകയില്ല. ഇനി ഞാൻ ശ്രമം ചെയ്യു.'

അതാണ് നടുക. മേലിലെ അതിനു വെള്ളമൊഴിക്കുക. അതിനെ വലം വച്ചു നമിക്കുക—അതും ഒരു പുണ്യകർമമാണ്. മറ്റു പുണ്യകർമങ്ങളോടുകൂടി അതും വേദശർമ ചെയ്തുകയുണ്ടായി—പിന്നൊരിക്കൽ അതുകൊണ്ടു പ്രയോജനമുണ്ടാവും എന്ന് അറിഞ്ഞിരുന്നില്ലെങ്കിലും. അയാൾ രണ്ട് അരയാലുകൾ നട്ടുവളർത്തി.

ഭർത്താവിന്റെ പരിവർത്തനത്തിൽ സുശീല അതിയായി സന്തോഷിച്ചു. കാലം ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു.

ഒടുവിൽ ആ ദിവസവും വന്നെത്തി—വേദശർമയ്ക്കു നിശ്ചയിക്കപ്പെട്ടിരുന്ന ആയുസ്സ് ഒടുങ്ങുന്ന ആ ദിവസം.

യമദൂതൻമാർ അയാളുടെ ഗൃഹത്തിലെത്തി. പക്ഷേ, അവർക്ക് ഉള്ളിൽ കടക്കാൻ സാധിക്കുന്നില്ല. എന്തായിരുന്നു കാരണം എന്നോ? സുശീലയുടെ പാതിവ്രത്യത്തിന്റെ ശക്തി!

അവർ ഉടൻതന്നെ സ്ഥലംവിട്ടു. യമരാജധാനിയിൽ മടങ്ങിയെത്തി. വിവരം യമനോടു പറഞ്ഞു.

യമൻ ചിത്രഗുപ്തനെ വിളിച്ചു:

'ചിത്രഗുപ്താ, ആ വേദശർമ അനേകം ദുഷ്കർമങ്ങൾ ചെയ്തിട്ടുള്ളവനാണ്. അവന്റെ ജീവിതം തീർന്നിരിക്കുന്നു. എങ്കിലും എന്റെ ദൂതന്മാർക്ക് അവനെ കൊണ്ടുപോരാൻ കഴിയുന്നില്ല. അങ്ങ് നേരിട്ടുപോയി അവനോടു കൂടി തിരിച്ചെത്തണം.'

സ്വാമിയുടെ ആജ്ഞപ്രകാരം ചിത്രഗുപ്തൻ വേദശർമയുടെ ഗൃഹത്തിൽ എത്തിച്ചേർന്നു. തന്റെ സ്വരൂപം മറച്ചുവച്ചാണു ചെന്നതും. അപ്പോൾ അദ്ദേഹം വേദശർമ പറയുന്നതു കേട്ടു:

'സുശീലേ, ഇന്നത്തെ കൂട്ടാൻ ബഹുകേമമായി. അത്താഴത്തിനും അതുകൂടെ വെച്ചേക്കണം.'

അതു കേട്ട് ചിത്രഗുപ്തൻ അറിയാതെ ചിരിച്ചുപോയി.

ആ ചിരി വേദശർമ കേട്ടില്ല. പക്ഷേ, സുശീല കേൾക്കുകതന്നെ ചെയ്തു; പാതിവ്രത്യത്തിന്റെ ശക്തി അത്രകണ്ട് ഉണ്ടായിരുന്നു.

സുശീല ചിരി കേട്ട ദിക്കിലേക്കു നോക്കി. ആരെയും കാണുന്നില്ല. ശരിയാണ്. എങ്കിലും ആരോ അവിടെയുണ്ട്. അത് ആ സാധിക്കു തീർച്ചയായി. ഏതോ ദിവ്യനാണ് എന്നു സ്പഷ്ടം. ആരെന്ന് അറിഞ്ഞേ കഴിയൂ.

അവൾ വിളിച്ചുപറഞ്ഞു:

'ഞാൻ ശരിക്ക് ഭഗവൽപൂജ ചെയ്തിട്ടുള്ളവളാണെങ്കിൽ, ഞാൻ പാതിവ്രത്യം ഉള്ളവളാണെങ്കിൽ, ചിരിച്ചത് ആരെന്ന് എനിക്ക് അറിയാറാകണം!'

ഇനിയും മറഞ്ഞുനില്ക്കാൻ ചിത്രഗുപ്തനു കഴിവുണ്ടായിരുന്നില്ല.

അദ്ദേഹം സുശീലയുടെ മുമ്പിൽ പ്രത്യക്ഷനായി.

സുശീല അദ്ദേഹത്തെ ഭക്തിപൂർവം വണങ്ങി.

ചിത്രഗുപ്തൻ ആശീർവദിച്ചു:

'നീ നിന്നാൾ സുമംഗലി ആയിരിക്കട്ടെ!'

സ്ത്രീകളെ ആശീർവദിക്കുന്നതിനു പലർക്കും പല വഴക്കങ്ങളുണ്ട്. വണങ്ങുന്നതു കന്യകയാണെങ്കിൽ 'നീ ഭർത്തൃമതിയാകട്ടെ!' എന്ന് ആശീർ

വയ്ക്കാം. വിധവയെ 'നീ ജ്ഞാനവതിയാവട്ടെ!' എന്നും വിവാഹിതയെ 'നീ സുമംഗലിയാവട്ടെ!' എന്നും പറയാം. അതുകൊണ്ടാണ് ചിത്രഗുപ്തൻ സുശീലയെ അപ്രകാരം ആശീർവദിച്ചത്.

സുമംഗലിയാണെങ്കിൽ ഭർത്താവു ജീവിച്ചിരിക്കണമല്ലോ. ചിത്രഗുപ്തൻ വന്നത് വേദശർമയെ യമപുരിയിലേക്കു കൊണ്ടുപോകാനുമാണ്. രണ്ടും തമ്മിൽ പരസ്പരം വിരുദ്ധമായിരുന്നു. എങ്ങനെയാണ് ഒരു പോംവഴി കണ്ടു പിടിക്കുക? ചിത്രഗുപ്തൻ നല്ലവണ്ണം ആലോചിച്ചിട്ടു പറഞ്ഞു:

'സുശീലേ, ഞാൻ വേദശർമയെ കൊണ്ടുപോയി യമനെ കാണിച്ചുകൊടുക്കാം. ഉടൻതന്നെ അവനെ ഇവിടേക്കു തിരിച്ചയയ്ക്കുകയും ചെയ്യാം. നീ കാവേരിസ്നാനം ചെയ്തു നേടിയ പുണ്യമില്ലേ? അതിലൊരു പങ്ക് വേദശർമയ്ക്കു കൊടുക്കണം. ആ പുണ്യത്താൽ അവനു ദീർഘായുസ്സുണ്ടാകും.'

സുശീലയ്ക്ക് അതിയായ സന്തോഷമുണ്ടായി.

അവൾ ചിത്രഗുപ്തനോട് ഒരു സംശയം ചോദിച്ചു:

'ദേവാ, എനിക്ക് ഒന്ന് അറിയണമെന്നുണ്ട്. കുറെ മുമ്പ് അങ്ങ് എന്തിനാണു ചിരിച്ചത്?'

ചിത്രഗുപ്തൻ കാരണം അറിയിച്ചു:

'സുശീലേ, നിന്റെ ഭർത്താവ് ഒന്നറിഞ്ഞില്ല—ആയുസ്സ് ഒടുങ്ങാൻ പോവുകയാണ് എന്ന്. അതുകൊണ്ടാണ് അവൻ പറഞ്ഞത് കൂട്ടാൻ സൂക്ഷിച്ചുവെക്കണമെന്ന്. അതു കേട്ട് ഞാൻ അറിയാതെ ചിരിച്ചുപോയതാണ്.'

അപ്പോഴേക്കും വേദശർമ മരിച്ചുവീണു.

ചിത്രഗുപ്തൻ സുശീലയ്ക്ക് ഒരു നിർദ്ദേശം നൽകി—മൃതശരീരം ഏഴു നാഴിക സൂക്ഷിക്കണമെന്ന്. അദ്ദേഹം വേദശർമയുടെ ആത്മാവുംകൊണ്ടു യാത്രയായി.

മാർഗമധ്യേ രണ്ടു തോൽവേലക്കാർ അവരെ കാണാനിടയായി.

വേദശർമയുടെ പരിചയക്കാരായിരുന്നു രണ്ടു തോൽവേലക്കാരും.

അവർ അയാളെ തിരിച്ചറിഞ്ഞു.

വഴി തടുത്തുകൊണ്ട് അവർ പറഞ്ഞു:

'ഹേ വേദശർമാ, എവിടേക്കാണ് ഇത്ര ധൃതിയിൽ പോകുന്നത്? നിങ്ങൾ ഞങ്ങളുടെ പക്കൽനിന്നു ചെരുപ്പു വാങ്ങിയല്ലോ. ഇന്നോളം അതിന്റെ വില തന്നിട്ടില്ല. ശരി, വില വേണ്ട. ചെരുപ്പ് തിരിച്ചുകിട്ടിയാൽ മതി. തന്നില്ലെങ്കിലോ? ഞങ്ങൾ നിങ്ങളെ വിടുകയില്ല, പറഞ്ഞേക്കാം!'

ചിത്രഗുപ്തനു മാദ്ധ്യസ്ഥം വഹിക്കേണ്ടിവന്നു.

അദ്ദേഹം പറഞ്ഞു:

'തോൽവേലക്കാരേ, ഞാൻ ചെരുപ്പിന്റെ വില തരാം. നിങ്ങൾ അതു മേടിച്ചിട്ടു പൊയ്ക്കൊള്ളുവിൻ. ഈ മനുഷ്യനെ ഉപദ്രവിക്കരുത്.'

അവർക്ക് അതു സമ്മതമായില്ല.

'അങ്ങയുടെ പണം ഞങ്ങൾക്കു വേണ്ട. ഇയാൾത്തന്നെ പരിഹാരം തരണം. ചെരുപ്പിന്റെ വില പല പ്രാവശ്യവും ആവശ്യപ്പെട്ടു. ഇയാൾ തരാത്തതും പോട്ടെ, കടന്നുകളയാനും മോവിക്കുന്നു. ഇനി ഇയാൾ ഇയാളുടെ തൊലി ഞങ്ങൾക്കു തരണം. അതു ചെരിപ്പിന്റെ വിലയായി ഞങ്ങൾ കണക്കാക്കിക്കൊള്ളാം!'

തോൽവേലക്കാർ പറഞ്ഞതു മാത്രമല്ല, പ്രവർത്തിക്കാനും ഒരുങ്ങി. അവർ വേദശർമയെ കടന്നുപിടിച്ചു. അയാളെ അടിക്കാനായി അവരുടെ ഉദ്യമം.

പെട്ടെന്നു രണ്ടു യോഗിമാർ അവിടെ വന്നെത്തി.

അവർ തോൽവേലക്കാരോടു പറഞ്ഞു:

'നിങ്ങൾ ഈ മനുഷ്യനെ ബുദ്ധിമുട്ടിക്കരുത്. അയാൾ നിങ്ങൾക്കു പണം തരാനുണ്ട്. ശരിയാണ്. ആ പണം ഞങ്ങൾ തന്നുകൊള്ളാം. ഇയാൾ മുമ്പ് ഞങ്ങൾക്ക് ഉപകാരം ചെയ്തിട്ടുണ്ട്. പ്രത്യുപകാരം ചെയ്യാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്.'

തോൽവേലക്കാർ ശഠിച്ചു:

'വേദശർമാ, ഞങ്ങൾക്കു നിങ്ങളുടെ പണം വേണ്ട. ദേഹത്തിലെ തൊലി മാത്രം മതി!'

അപ്പോൾ യോഗിമാർ പറഞ്ഞു:

'അയാളുടെ തൊലിക്കു പകരം ഞങ്ങളുടെ തൊലി തരാം. നിങ്ങൾ അതുകൊണ്ടു തൃപ്തിപ്പെടണം.'

അതു തോൽവേലക്കാർക്കു സമ്മതമായി.

യോഗിമാർ എന്താണു ചെയ്തതെന്നോ? തങ്ങളുടെ തുടകളിൽനിന്നു തൊലി അറുത്തെടുത്തു. തൊലിയോടുകൂടി കുറെ മാംസവും പോയി. രക്തം കുടുകുടെ ഒഴുകിയിറങ്ങി. യോഗിമാർക്ക് ഒട്ടും കൂസലുണ്ടായില്ല. അവർ തൊലിയെടുത്തു കൊടുത്തു. തോൽവേലക്കാർ അതുമായി സ്ഥലംവിട്ടു.

കണ്ടും കേട്ടും നില്ക്കുകയാണല്ലോ വേദശർമ. താൻ യോഗിമാർക്ക് ഉപകാരം ചെയ്തിരുന്നുപോലും! അയാൾക്ക് അതിനെക്കുറിച്ച് ഒരു ഓർമയുമില്ല. ആരാണ് അറിയപ്പെടാത്ത ഈ യോഗിമാർ?

അവർതന്നെ വിശദമാക്കി:

'വേദശർമാ, അങ്ങ് രണ്ട് അരയാലുകൾ നട്ടുവളർത്തിയില്ലെ? ആ അരയാലുകളാണ് ഞങ്ങൾ. അങ്ങ് ഞങ്ങൾക്കു നിത്യവും വെള്ളമൊഴിച്ചു ഭക്തിയോടെ പ്രദക്ഷിണം ചെയ്തു വന്ദിച്ചു. അതാണ് അങ്ങു ഞങ്ങൾക്കു ചെയ്തിരുന്ന ഉപകാരം. ഇപ്പോൾ ഞങ്ങൾ അങ്ങേക്കു പ്രത്യുപകാരം ചെയ്തു. അത്രമാത്രം!'

തുടർന്ന് യോഗിമാർ അന്തർദ്ധാനം ചെയ്തു.

ചിത്രഗുപ്തൻ പറഞ്ഞു:

'വേദശർമാ, കണ്ടോ അരയാലിന്റെ മാഹാത്മ്യം? ശരി. ഞാൻ ഒരു സ്തുതി ഉപദേശിച്ചുതരാം. ആ സ്തുതിയാൽ യമൻ പ്രസാദിക്കും. അങ്ങേക്ക് ദീർഘായുസ്സുണ്ടാകും.'

സ്തുതി ഉപദേശിച്ചിട്ട് ചിത്രഗുപ്തൻ വേദശർമയെ കൊണ്ടുപോയി. യമന്റെ സമക്ഷത്തിൽ ഹാജരാക്കി. നടന്നതെല്ലാം ധരിപ്പിക്കയുംചെയ്തു.

യമൻ പറഞ്ഞു:

'വേദശർമാ, നീ മടങ്ങിപ്പോയി ദീർഘായുഷ്മാനായിരിക്കൂ!'

അങ്ങനെ മരിച്ചയാൾ ജീവിച്ചു സ്വഗൃഹത്തിൽ മടങ്ങിയെത്തി.

കാത്തിരിക്കയാണു പതിവ്രതയായ സുശീല.

ഭർത്താവ് സംവേങ്ങളുടെ യഥാർത്ഥരൂപം നല്കി.

ദമ്പതികൾ സുഖജീവിതം ആരംഭിച്ചു.

വർഷങ്ങൾ പലതും കടന്നുപോയി. സുശീല ഇഹലോകം വെടിഞ്ഞു. പുണ്യലോകങ്ങളിലേക്കു ചെന്നു.

വേദശർമയ്ക്കു വല്ലാത്ത സങ്കടമായി. മാത്രവുമല്ല, ഒന്നൊന്നായി ദുരനുഭവങ്ങൾ ഉണ്ടായി. ആദ്യം വസ്തുവകകൾ കള്ളന്മാർ കട്ടുകൊണ്ടുപോയി. പിന്നെ ഗുരുതരമായ രോഗം പിടിപെട്ടു. തുടർന്നു പുത്രന്മാർ പിതാവിനെ കൈവെടിഞ്ഞു. സമ്പത്തില്ലാതെ, ശക്തിയില്ലാതെ, ശരണമില്ലാതെ വേദശർമ അലഞ്ഞുതിരിഞ്ഞു. അയാളുടെ മനസ്സ് വീണ്ടും പാപങ്ങളിൽ പറ്റിക്കൂടി.

ആദ്യകാലത്ത് അയാൾ അങ്ങനെ ആയിരുന്നല്ലോ. പതിവ്രതയായ പത്നി കാരണം പാപചിന്ത മാറിയിരുന്നു. പത്നിയില്ലാതായപ്പോൾ വീണ്ടും പഴയപോലെയായി. ദീർഘായുസ്സ് ലഭിച്ചിരുന്നു, ശരിയാണ്. എങ്കിലും ഏതു ദീർഘായുസ്സിനും ഒരിക്കൽ അന്തംവരും. വേദശർമ മരിച്ചു. നരകങ്ങളിൽ കിടന്നു. ദുഷിച്ച രണ്ടു മനുഷ്യജന്മങ്ങളെടുത്തു. പിന്നീട് ഒട്ടകമായി. ഒടുവിൽ പന്നിയുമായി—കൂറ്റനും മുഷ്കരനുമായ ഒരു പന്നിത്തടിയൻ!

പദ്മഗർഭൻ എന്നൊരു യോഗിയുണ്ട്. ഒരിക്കൽ അദ്ദേഹം കാവേരിയിൽ സ്നാനത്തിനു ചെന്നു. ഒന്നിച്ചു വേറെ കുറെപ്പേരുമുണ്ട്. വെളുപ്പാൻകാലത്തായിരുന്നു സ്നാനം. പെട്ടെന്നു കാറ്റും മഴയുമുണ്ടായി. അതിനിടയ്ക്കു പന്നിത്തടിയൻ പദ്മഗർഭനെ കാണാനിടയായി. ആ ഘോരമൃഗം യോഗിയെ കൊല്ലാനായി പാഞ്ഞടുത്തു. പദ്മഗർഭൻ അതിവേഗം നദിയുടെ അരികിലെത്തി. പുറകെ പന്നിത്തടിയനും. അപ്പോൾ ഒരു അത്ഭുതം ഉണ്ടായി.

ഒരു ദേവദാസി നദിയിൽ കുളികഴിഞ്ഞിട്ടേയുള്ളൂ. അവൾ തലമുടി കൂടഞ്ഞിട്ടു കെട്ടാൻ ഭാവിച്ചു. തലമുടിയിൽനിന്ന് ഒരു തുള്ളി വെള്ളം തെറിച്ചുവീണു. വീണതു പന്നിത്തടിയന്റെ ദേഹത്തും. ഉടനെ പന്നിത്തടിയൻ പന്നിരൂപം ഉപേക്ഷിച്ചു. മാത്രമല്ല, ദിവ്യശരീരം സ്വീകരിച്ചു. എത്തിച്ചേർന്നതു സ്വർഗത്തിലും.

കാവേരിയുടെ മാഹാത്മ്യം വർണിക്കണം—പദ്മഗർഭനോടു മറ്റുള്ളവർ അപേക്ഷിച്ചു. അദ്ദേഹം ആ അപേക്ഷ സ്വീകരിച്ചു. ആ സമയം ഒരാൾ നദിയിൽ കുളിക്കയായിരുന്നു. ഒരു കൂറ്റൻ മുതല വെള്ളത്തിനടിയിലൂടെ വരികയാണ്. കുളിക്കുന്നയാളെ പിടികൂടാൻ. പദ്മഗർഭൻ ചില ശ്ലോകങ്ങൾ ചൊല്ലുകയായിരുന്നു. ഒരു ശ്ലോകം മുതലയുടെ ചെവിയിലും കടന്നു. തുലാമാസത്തിലെ കാവേരീസ്നാനത്തിന്റെ ഫലമാണ് ശ്ലോകത്തിന്റെ ഉള്ളടക്കം. അതു കേട്ടയുടനെ മുതലയ്ക്കു ദിവ്യരൂപം ലഭ്ധമായി.

ആ ദിവ്യൻ തന്റെ പൂർവകഥ കേൾപ്പിച്ചു.

പാഞ്ചാലരാജ്യത്തിൽ ഉല്ക്കുലം എന്നൊരു ഗ്രാമം. സൂര്യബന്ധു എന്നൊരു ബ്രാഹ്മണൻ ആ ഗ്രാമത്തിൽ വസിച്ചിരുന്നു. ശഠനും നിഷ്ഠുരനും ആയിരുന്നു സൂര്യബന്ധു. അയാൾ ചെയ്ത ദുഷ്കൃത്യങ്ങൾക്ക് എണ്ണമില്ല. എടുത്തുപറയേണ്ടതായ ഒന്നാണ് ആ ദുഷ്കൃത്യങ്ങളിൽ ഒന്ന്.

കഹ്വൻ എന്നു പേരായ ഒരു ദരിദ്രനുണ്ട്. ഒരിക്കൽ അയാൾ മറ്റൊരാളോട് അല്പം ധനം യാചിച്ചു. അടുത്തു നിൽക്കുകയായിരുന്നു സൂര്യബന്ധു. അയാൾ യാചന കേൾക്കാൻ ഇടയായി. എന്താണ് അയാൾ ചെയ്തതെന്നോ? മറ്റേയാളെ പണം കൊടുക്കാൻ സമ്മതിച്ചില്ല!

ആനൊട്ടു കൊടുക്കുകയുമില്ല, മറ്റാരാളെ തടയുകയും ചെയ്യും—അതാ അവനു സൂര്യബന്ധുത്വത്തിന്റെ പതിവ്. വല്ലാത്ത പ്രകൃതംതന്നെ!

അതിന്റെ ഫലം അയാൾക്കു കിട്ടി—അതോ മരിച്ചതിൽപിന്നെയും. ഘോരം എന്ന നരകത്തിൽ കിടന്നു കുറേക്കാലം. പിന്നീടു മുതലയായി ജന്മമെടുത്ത് ഓരോരോ ജന്തുക്കളെ പിടിച്ചുതിന്നു ജീവിച്ചു. ഇപ്പോൾ ഈ ഭാഗ്യമുണ്ടായി!

ആദ്യം വേദശർമ്മ. പിന്നെ സൂര്യബന്ധു—ഇരുവർക്കും പുണ്യം ലഭിച്ചു, കാവേരിയിൽ സ്നാനംചെയ്തതിന്റെ ഫലമായിട്ട്.

സത്യജിത്തും സത്യകേതുവും

(അന്നദാനമാഹാത്മ്യം)

ഉത്തമനായ ക്ഷേനായിരുന്നു സത്യജിത്ത്. ഈശ്വരഭജനത്തോടുകൂടി അദ്ദേഹം മറ്റൊന്നും ചെയ്തുപോന്നു—ഇടവിടാതെയുള്ള തീർത്ഥാടനം. വളരെ പുണ്യമുള്ളതാണു തീർത്ഥാടനമെന്ന് അറിയാം.

ഗംഗാസ്നാനം കഴിക്കണം എന്നായി അദ്ദേഹത്തിന്റെ ആഗ്രഹം. വളരെ ദൂരത്തിലാണ് ഗംഗാനദി. അദ്ദേഹം ദൂരമോ യാത്രാക്ലേശമോ കൂട്ടാക്കിയില്ല. വിശ്രമമില്ലാതെ സഞ്ചരിച്ചു നദിയുടെ അല്പം അകലെ എത്തിച്ചേർന്നു. വിശാലം എന്ന നഗരമായിരുന്നു അവിടം. നേരം നട്ടുച്ച കഴിഞ്ഞിരിക്കുന്നു. സത്യജിത്തിനു കഠിനമായ ദാഹവും വിശപ്പുമുണ്ടായി. ഭക്ഷണത്തിനായി അദ്ദേഹം ഒരു ഗൃഹത്തിൽ കയറിച്ചെന്നു. അതിഥിയായി ചെല്ലുന്നതിന് അനുവാദം ചോദിക്കേണ്ടതില്ലല്ലോ.

സത്യകേതു എന്നൊരാളുടെ ഗൃഹമായിരുന്നു അത്.

ധർമിഷ്ഠരിൽ മുമ്പനായിരുന്നു സത്യകേതു. അതിഥിപൂജ ചെയ്യുന്നയാളാണ് അദ്ദേഹം. ഇതാ ആരോ ഒരാൾ അതിഥിയായി വന്നിരിക്കുന്നു. ആൾ ആരാണെന്ന് അറിഞ്ഞുകൂടാ. അതുകൊണ്ടെന്ത്? അതിഥിയാണല്ലോ. സത്യകേതു സത്യജിത്തിനെ ഹാർദമായി സ്വാഗതം ചെയ്തു.

'അങ്ങ് എന്റെ ഗൃഹത്തിൽ വന്നതിൽ എനിക്ക് അപാരമായ സന്തോഷമുണ്ട്. ഇവിടന്ന് അങ്ങ് ഭക്ഷണം കഴിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ഗൃഹം അങ്ങയുടെ സ്വന്തം ഗൃഹമെന്നു കരുതണം. മറ്റൊന്നും വിചാരിക്കരുത്.'

പരിചയമില്ലാത്ത ഒരാളുടെ ഗൃഹത്തിലാണ്. സത്യജിത്ത് കയറിച്ചെന്നിരിക്കുന്നത്. അദ്ദേഹത്തിന് സത്യകേതുവിന്റെ പെരുമാറ്റം വളരെ ഇഷ്ടമായി. അതിഥികളെ ബഹുമാനിക്കുന്ന ആളാണു ഗൃഹനാഥൻ—അതിനു സംശയമില്ല.

സത്യജിത്ത് പറഞ്ഞു:

'എനിക്കു നല്ല വിശപ്പുണ്ട്. ഞാൻ ഭക്ഷണം കഴിക്കാം. പക്ഷേ, അതിനുമുമ്പ് പുണ്യനദിയായ ഗംഗയിൽ ഒന്നു കുളിക്കണം. അതിനുശേഷം ഭക്ഷണം കഴിക്കുന്നതാണ് ഉചിതം. ആട്ടെ, അങ്ങ് ഇന്നു നേരത്തേ ഗംഗാസ്നാനം കഴിച്ചിട്ടുണ്ടാവും, അല്ലേ?'

വാസ്തവത്തിൽ അന്നേദിവസം സത്യകേതു ഗംഗയിൽ കുളിച്ചിരുന്നില്ല. അതിനുള്ള കാരണം അദ്ദേഹം അതിഥിയെ അറിയിച്ചു:

'ഇവിടെ പുരുഷനായിട്ട് ഞാൻ മാത്രമേയുള്ളൂ. ഭക്ഷണത്തിനായി പലരും ഇവിടെ വരാറുണ്ട്. അവരെയെല്ലാം സ്വീകരിച്ച് ഇരുത്തണം. അവർക്കെല്ലാം ഭക്ഷണം വിളമ്പണം—അതൊക്കെ ഞാൻതന്നെയാണു ചെയ്യാറുള്ളത്. ജോലി വളരെ കൂടുതലാണ് എന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് എനിക്കു ഗംഗാസ്നാനത്തിനു തരപ്പെട്ടില്ല.'

സത്യജിത്തിന് അതത്ര നല്ലതായി തോന്നിയില്ല. ഒരാൾ ഗംഗയുടെ അടുക്കൽ ജീവിക്കുന്നു. എന്നിട്ടും ആ ആൾ നിയമേന ഗംഗാസ്നാനം എന്ന പുണ്യകർമം ചെയ്യുന്നില്ല. ശരിയായ രീതിയല്ല സത്യകേതുവിന്റേത്. അക്കാര്യത്തിൽ സത്യജിത്തിനു സംശയമേ ഉണ്ടായില്ല.

അദ്ദേഹം പറഞ്ഞു:

'ഓഹോ, അതാണോ കാര്യം? ഞാൻ അങ്ങയോട് ഒന്നു പറഞ്ഞുകൊള്ളട്ടെ. ഗംഗാസ്നാനം ചെയ്യാത്ത അങ്ങയുടെ ഗൃഹമാണല്ലോ. ഇവിടന്നു ഭക്ഷണം കഴിക്കാൻ എനിക്കു തോന്നുന്നില്ല. ഭക്ഷണം കഴിച്ചാൽ അത് എന്റെ പുണ്യത്തെ ബാധിച്ചേക്കും.'

പിന്നീട് അദ്ദേഹം അവിടെ നിന്നില്ല. ഇറങ്ങിപ്പോയതു ഗംഗയുടെ തീരത്തേക്കാണ്. അവിടെ ചെന്നപ്പോൾ ഒരു കാഴ്ച കണ്ടു. സ്തബ്ധനായി നിന്നുപോയി. കുളിക്കാനുള്ള നദിയിൽ വെള്ളമില്ല. വെള്ളം വറ്റിപ്പോയിരിക്കുന്നു. ഇതെങ്ങനെ സംഭവിച്ചു? സത്യജിത്ത് വിഷണ്ണനായി നിലകൊണ്ടു.

ഒരുപക്ഷേ, താൻ വല്ല തെറ്റും ചെയ്തിട്ടുണ്ടാവുമോ? ഗംഗാദേവി തന്നോടു കോപിച്ചിരിക്കുമോ? അത് ആലോചിച്ചപ്പോൾ സത്യജിത്തിന്റെ മനസ്സിൽ വിഷാദം നിറഞ്ഞു.

അദ്ദേഹം ഗംഗയെ സ്തുതിച്ചു:

'ദേവീ, ഞാൻ അറിഞ്ഞുകൊണ്ട് യാതൊരു കുറ്റവും ചെയ്തിട്ടില്ല. എങ്കിലും അവിടുന്ന് എന്നോട് നീരസപ്പെട്ടിരിക്കുന്നു, അല്ലേ?'

ഗംഗാദേവി ദർശനമരുളിയിട്ടു പറഞ്ഞു:

'സത്യജിത്തേ, പോയി സത്യകേതുവിന്റെ ഗൃഹത്തിൽച്ചെന്നു ഭക്ഷണം കഴിച്ചു വരൂ. എന്നാൽ, അതിൽ ധാരാളം ജലമുണ്ടാകും. അല്ലാത്തപക്ഷം ഇതുപോലെ ജലമില്ലാതെ തുടരുകയും ചെയ്യും.'

അപ്പോൾ സത്യജിത്തിനു കാര്യം മനസ്സിലായി. അന്നദാനം നിയമേന അനുഷ്ഠിക്കുന്ന ഉദാരനാണ് സത്യകേതു. ഏറ്റവും വലിയ പുണ്യമാണ് അന്നദാനം. ആ സ്ഥിതിക്കു പുണ്യശാലിയാണ് സത്യകേതു എന്ന് സിദ്ധിക്കുന്നു. എന്നിട്ടും താൻ അദ്ദേഹത്തിന്റെ ഗൃഹത്തിൽനിന്നു ഭക്ഷണം കഴിച്ചില്ല. പോരെങ്കിൽ അവിടുന്നു ദേഷ്യപ്പെട്ട് ഇറങ്ങിപ്പോരികയും ചെയ്തു. ഏറ്റവും തെറ്റായിരുന്നു തന്റെ പെരുമാറ്റം.

അദ്ദേഹം ധൃതിയിൽ സത്യകേതുവിന്റെ ഗൃഹത്തിൽ മടങ്ങിയെത്തി. അവിടന്നു ഭക്ഷണം കഴിച്ചു. അതിനുശേഷം ഗംഗയിലേക്കു പോയി. അപ്പോൾ എന്താണു കണ്ടത്? നദി നിറയെ പരിശുദ്ധമായ ജലം!

വിഷ്ണുലോകമാണ് ഒടുവിൽ സത്യകേതുവിനു ലഭിച്ച പ്രതിഫലം!

ഏകാംഗി

(ഗോരക്ഷാ മാഹാത്മ്യം)

ഒരു ഇടയപ്രമാണി എണ്ണായിരം ഗോക്കളുടെ ഉടമസ്ഥനായിരുന്നു. അയാൾ അവയെ ശ്രദ്ധയോടുകൂടി പാലിച്ചുപോന്നു. ഏകാംഗി എന്നു പേരായ ഒരു മകളുണ്ട് അയാൾക്ക്. എങ്കിലും പുത്രനില്ല എന്ന ഖേദം അവശേഷിക്കുന്നു.

കുറേക്കാലം കഴിഞ്ഞ് ഇടയപ്രമാണിക്ക് ഭാഗ്യം കൈവന്നു. അയാൾക്ക് ഒരു പുത്രൻ ജാതനായി. അതോടെ അയാളുടെ ഖേദം തീർന്നു.

ദുന്ദുഭി എന്നൊരു പുരോഹിതനുണ്ട് ഇടയപ്രമാണിക്ക്. അയാൾ ദുന്ദുഭിയോട് ഒന്ന് ആവശ്യപ്പെട്ടു—പുത്രന്റെ ജാതകം പരിശോധിച്ചു ഭാവിഫലം പറയണം.

പുരോഹിതൻ പരിശോധന നടത്തിയപ്പോൾ ചിലതെല്ലാം അറിവായി. അയാൾ പറഞ്ഞു:

'ഈ ആൺകുട്ടി വംശനാശം വരുത്തിവയ്ക്കും!'

ഇടയപ്രമാണി ചഞ്ചലനായി. അയാൾ ആലോചനയിൽ മുഴുകി. ഒടുവിൽ ഒരു നിഗമനത്തിൽ എത്തിച്ചേർന്നു. പുത്രനെക്കാൾ പ്രധാനമാണ് വംശം. പുത്രനെ ത്യജിച്ചും വംശം നിലനിർത്തണം.

അയാൾ മകളെ അരികിൽ വിളിച്ചു:

'ഏകാംഗീ, നീ ഈ കുഞ്ഞിനെ കൊണ്ടുപോയി വെള്ളത്തിലിടണം. ആരുമാരും അറിയുകയുമരുത്.'

അനുജനെയും എടുത്തുകൊണ്ട് ഏകാംഗി ഗൃഹത്തിൽനിന്ന് ഇറങ്ങിപ്പോയി. അവൾ നന്മയുള്ളവൾ ആയിരുന്നു. അനുജനോടു സ്നേഹമുള്ളവളും. കുട്ടിയെ അവൾ വെള്ളത്തിൽ കളഞ്ഞില്ല. പകരം ദൂരെയൊരു മരപ്പൊത്തിൽ ഒളിച്ചുവെച്ചു. ദിവസവും അവൾ വീട്ടിൽനിന്ന് ഒളിച്ചിറങ്ങും. മരപ്പൊത്തിലേക്ക് ചെന്നു കുട്ടിയെ എടുക്കും. അവനു ഭക്ഷണം കൊടുക്കുകയും ലാളിക്കുകയുംചെയ്യും.

ഏകാംഗിക്ക് വിവാഹപ്രായം വന്നെത്തിയിരുന്നു. സുന്ദരിയുംകൂടിയാണ് അവൾ. ഒരു പുരുഷൻ അവളെ വിവാഹംകഴിക്കാൻ ആഗ്രഹിക്കുന്നു. പുരോഹിതനായ ദുന്ദുഭിയാണ് ആ പുരുഷൻ.

ഒരു ദിവസം അയാൾ തന്റെ ആഗ്രഹം ഏകാംഗിയെ അറിയിച്ചു. പക്ഷേ, അവൾ വിസമ്മതിക്കുകയാണു ചെയ്തത്. അതോടുകൂടി അയാൾ അവളുടെ ശത്രുവായി മാറി.

എങ്ങനെയെന്നറിഞ്ഞില്ല, അയാൾ ആൺകുട്ടിയുടെ രഹസ്യം കണ്ടുപിടിച്ചു.

അയാൾ ഇടയപ്രമാണിയോടു ദുർബോധന നടത്തി:

'കേട്ടോ, വിചാരിച്ചതുപോലെ അല്ല നിങ്ങളുടെ മകൾ. ഏതോ ഒരു ജാരനാവ് അവൾക്കുണ്ട്. മാത്രമല്ല, ഒരു കുട്ടിയും. അവൾ ആരുമറിയാതെ മകനെ മരപ്പൊത്തിൽവെച്ചു വളർത്തുന്നു. നിങ്ങൾ ചെന്നു നോക്കൂ. കാണേണ്ടതൊക്കെ കാണാം.'

ഇടയപ്രമാണി അന്വേഷിച്ച് എല്ലാം നേരിൽ കണ്ടു മനസ്സിലാക്കി. കണ്ടില്ലേ തന്റെ മകളുടെ താന്തോന്നിത്തം? അയാൾക്ക് അത്യധികമായ

കോപം തോന്നി. ഏറ്റവും വലിയ തെറ്റല്ലേ ഏകാംഗി പ്രവർത്തിച്ചിരിക്കുന്നത്? അവൾക്ക് നല്ലൊരു ശിക്ഷ നല്കിയേ കഴിയൂ. അയാൾ ഏകാംഗിയെ ഒരു കാളയുടെ വാലിൽ കെട്ടി—ഒന്നിച്ചു കൂട്ടിയെയും. എന്നിട്ട് ആ കാളയെ അഴിച്ചുവിട്ടു.

ഏകാംഗിയെയും അനുജനെയുംകൊണ്ട് കാള ഓരോരോ ദിക്കിലായി സഞ്ചരിച്ചു. ആ മൃഗം അങ്ങനെ ഹരിദ്വാരത്തിൽ എത്തിച്ചേർന്നപ്പോഴേക്കും ഏകാംഗിക്ക് ഒന്നു സാധിച്ചിരുന്നു. അവൾ തന്നെയും അനുജനെയും കാള വാലിൽനിന്നും മോചിപ്പിച്ചിരുന്നു. ഒരിടത്ത് അവൾ ഒരു കൊച്ചുകുടിൽ കെട്ടിയുണ്ടാക്കി. ആ കുടിലിൽ കൊച്ചനുജനോടുകൂടി പാർപ്പും തുടങ്ങി.

ഗോക്കളെ രക്ഷിക്കുക എന്നതായി അവളുടെ ജോലി. വെറും ഒരു ജോലിയായി അവൾ അതിനെ കരുതിയില്ല. ഒരു വ്രതമെന്നുതന്നെ കണക്കാക്കിപ്പോന്നു. അവൾ പറമ്പുകളിൽച്ചെന്നു പുല്ല് അരിഞ്ഞുകൂട്ടും. അതിൽ ഒരു ഭാഗം വിറ്റ് പണമുണ്ടാക്കും. ആ പണംകൊണ്ട് അനുജനെ പുലർത്തും, താനും നിത്യവൃത്തി കഴിക്കും. പുല്ലിൽ ശേഷിച്ച ഭാഗം പശുക്കൾക്ക് തിന്നാൻ കൊടുക്കും. പശുക്കളിൽനിന്ന് അവൾ യാതൊന്നും തിരിച്ചെടുത്തില്ല. ഗോരക്ഷണം പുണ്യമാണ് എന്നായിരുന്നു അവളുടെ ധാരണ.

അവളും അനുജനും ഹരിദ്വാരത്തിൽ മൂന്നു വർഷം കഴിച്ചുകൂട്ടി.

കാർത്തികമാസത്തിൽ ഹരിദ്വാരത്തിൽ സ്നാനം ചെയ്യുന്നത് പുണ്യകർമ്മമാണ്. ഒരിക്കൽ അതിനായി ഇടയപ്രമാണി ഹരിദ്വാരത്തിലേക്കു ചെന്നു. അയാളോടൊന്നിച്ച് കുടിലനായ ദുന്ദുഭിയുണ്ട്. യദൃച്ഛയാ ഇടയപ്രമാണി ഏകാംഗിയെ കാണാനിടയായി. ഉടൻതന്നെ അയാൾക്കു മനസ്സിലായി അവൾ തന്റെ മകളാണെന്ന്. ഏകാംഗിയും പിതാവിനെ തിരിച്ചറിഞ്ഞു.

മൂന്നു വർഷം കഴിഞ്ഞിരുന്നല്ലോ അവർ തമ്മിൽ പിരിഞ്ഞിട്ട്. അതിനിടയ്ക്ക് പിതാവിനു പുത്രിയോടുള്ള വിരോധം മിക്കവാറും മാറിയിരുന്നു.

അവർ തമ്മിൽ സംസാരിച്ചപ്പോഴോ? പുരോഹിതന്റെ ചതിപ്രയോഗം പകൽപോലെ തെളിഞ്ഞു. ഇടയപ്രമാണി അയാളെ ആട്ടിയോടിച്ചു. ഇനി കണ്ടാൽ കുഴപ്പമാകും—ആ താക്കീതും നല്കി.

ഇടയപ്രമാണി പുത്രിയെ അനുരൂപനായ ഒരു പുരുഷനു വിവാഹം ചെയ്തുകൊടുത്തു. പുത്രനെ സ്വഗൃഹത്തിൽ പാർപ്പിച്ചു സ്നേഹിച്ചു വളർത്തി. അവരെല്ലാം സുഖമായി ജീവിച്ചിരുന്നു—ഗോദാനത്തിന്റെ സദ്ഫലം!

ശ്രീകുണ്ഡലനും വികുണ്ഡലനും

(അതിഥിപൂജാമാഹാത്മ്യം)

കൃതയുഗത്തിൽ ഹേമകുണ്ഡലൻ എന്നൊരു വൈശ്യൻ ജീവിച്ചിരുന്നു. കച്ചവടം ആയിരുന്നു അയാളുടെ തൊഴിൽ. അയാൾ ധാരാളം ധനം സമ്പാദിച്ചു. സംവത്സരങ്ങൾ കഴിയുന്തോറും സമ്പാദ്യം വർദ്ധിച്ചുകൊണ്ടിരുന്നു. ഒടുവിൽ അയാൾ കോടീശ്വരനുമായി.

ആദ്യകാലത്തൊക്കെ ധനം സമ്പാദിക്കുന്നതിൽ മാത്രമായിരുന്നു ഹേമകുണ്ഡലന്റെ ശ്രദ്ധ. എന്നാൽ വാർദ്ധക്യം വന്നതോടെ ഒരു മാറ്റമുണ്ടായി. ശ്രദ്ധ സമ്പത്തിൽനിന്ന് ഈശ്വരനിലേക്കു തിരിഞ്ഞു. പരോപകാരം ചെയ്യു

നൽ ഒരു അത്തിലുള്ള ഈശ്വരസേവയാണ്—അക്കാര്യം ഹേമകുണ്ഡലൻ അറിഞ്ഞിരുന്നു. ക്ഷേത്രങ്ങൾ പണിയിക്കുക, പൂജകൾ നടത്തുക, കുളങ്ങൾ കുഴിപ്പിക്കുക, മരങ്ങൾ നട്ടുവളർത്തുക, വിശക്കുന്നവർക്കു ചോറുകൊടുക്കുക, തണ്ണീർപ്പന്തലുകൾ ഉണ്ടാക്കുക—അങ്ങനെ എത്തെല്ലാമാണ് അയാൾ ചെയ്ത പുണ്യകർമ്മങ്ങൾ!

ശ്രീകുണ്ഡലൻ, വികുണ്ഡലൻ—രണ്ടുപേരും ഹേമകുണ്ഡലന്റെ പുത്രന്മാരായിരുന്നു. വാർദ്ധക്യം മുഴുത്തതോടുകൂടി ഹേമകുണ്ഡലനു വിരക്തിയുണ്ടായി. അയാൾ പുത്രന്മാർക്കു കുടുംബസ്വത്തുക്കൾ നൽകി. എന്നിട്ടു വനത്തിൽ ചെന്നു തപസ്സുചെയ്തു. യഥാകാലം പരഗതിയും നേടി.

വിധിയുടെ വൈപരീത്യം എന്നല്ലേ പറയാനൊക്കൂ? പിതാവിനെപ്പോലെ ധർമ്മിഷ്ഠർ ആയിരുന്നില്ല ശ്രീകുണ്ഡലനും വികുണ്ഡലനും. മറിച്ച് ധൂർത്തന്മാരും ദുഷ്ടന്മാരും ആയിരുന്നു. ചൂതുകളി, കള്ളുകുടി മുതലായ ഒട്ടേറെ ദുഷ്യങ്ങൾ ഇരുവർക്കും ഉണ്ടായിരുന്നു. കാലം അധികമൊന്നും കഴിഞ്ഞില്ല. അതിനിടയ്ക്ക് എന്തുണ്ടായി എന്നോ? സഹോദരന്മാരുടെ മുതലെല്ലാം മുടിഞ്ഞുപോയി.

ദരിദ്രരായിത്തീർന്നപ്പോഴോ? വേണ്ടപ്പെട്ടവർ വിട്ടൊഴിഞ്ഞു. അതും സാരമില്ലെന്നുവയ്ക്കാം ജ്യേഷ്ഠാനുജന്മാർക്കു ഭക്ഷണത്തിനുപോലും വകയില്ല എന്നായി. അവർ കുറേക്കാലം തെരുവുകളിൽ തെണ്ടിനടന്നു. അതിനുശേഷം കാടുകയറി. മൃഗങ്ങളെയും പക്ഷികളെയും കൊന്നുതിന്നു വിശപ്പടക്കി. പണ്ടത്തെയിൽനിന്ന് എന്തു വ്യത്യാസം!

ഒരു ദിവസം രണ്ടുപേരുടെയും ജീവിതം അവസാനിച്ചു. ശ്രീകുണ്ഡലനെ കടുവ പിടിച്ചു. വികുണ്ഡലനെ സർപ്പം ദംശിച്ചു.

യമദേവന്മാർ അവരെ യമന്റെ സമക്ഷത്തിൽ ഹാജരാക്കി.

'സ്വാമിൻ, ഇവർക്ക് എന്തു ശിക്ഷയാണു കൊടുക്കേണ്ടതെന്നു കല്പിച്ചാലും!'

യമൻ ചിത്രഗുപ്തനുമായി ആലോചിച്ചു. ഇരുവരും കൂടി ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു. യമൻ യമദേവന്മാരെ ആ തീരുമാനം അറിയിച്ചു:

'ശ്രീകുണ്ഡലനെ നരകത്തിലേക്കു കൊണ്ടുപോകുവിൻ. വികുണ്ഡലനെ സ്വർഗത്തിലേക്കും.'

യമദേവന്മാർ ആ ആജ്ഞ നടപ്പിലാക്കി.

ദുരിതങ്ങൾ ആയിരുന്നു ശ്രീകുണ്ഡലന്റെ അനുഭവം. നരകത്തിലായിരുന്നല്ലോ അയാളുടെ വാസം. അതേസമയം വികുണ്ഡലനു സ്വർഗസുഖങ്ങളും. വികുണ്ഡലന് അതിൽ ആശ്ചര്യം തോന്നി.

അയാൾ ഒരു യമദൂതനോടു പറഞ്ഞു:

'ഞാനും ജ്യേഷ്ഠനും അനേകം ദുഷ്കൃത്യങ്ങൾ ചെയ്തവരാണ്. ഒരേ സമയം ദുർമരണം അടഞ്ഞവരുമാണ്. എന്നിരിക്കെ ജ്യേഷ്ഠനു നരകം കിട്ടി. എനിക്കു സ്വർഗവും. അതെനിക്കു മനസ്സിലാകുന്നില്ല.'

യമദൂതൻ തനിക്ക് അറിയാമായിരുന്ന ഒരു രഹസ്യം പറഞ്ഞു:

'വികുണ്ഡലാ, നിന്റെ ജ്യേഷ്ഠൻ യാതൊരു പുണ്യകർമ്മവും ചെയ്തിട്ടില്ല. നീയാകട്ടെ ഒരു പുണ്യകർമ്മം ചെയ്തിട്ടുണ്ട്.'

അതു കേട്ട് വികുണ്ഡലൻ പറഞ്ഞു:

'ഞാൻ ഒരൊറ്റ പുണ്യകർമംപോലും ചെയ്തതായിട്ട് എനിക്ക് ഓർമയില്ല.'

യമദൂതൻ ഓർമ തിരുത്തി:

'ചെയ്തിട്ടുണ്ട്. എനിക്ക് അതറിയാം. മുമ്പൊരിക്കൽ നീ ഒരു യോഗിയുമായി സഹവാസം ചെയ്തു. അതിനിടയ്ക്ക് നീ രണ്ടു മാഘമാസങ്ങളിൽ കാളിന്ദീനദിയിൽ കുളിച്ചു. അതൊരു വലിയ പുണ്യകർമമാണ്.'

അപ്പോൾ വികുണ്ഡലന് ഒരാഗ്രഹമുണ്ടായി. അയാൾ യമദൂതനെ ആഗ്രഹം അറിയിച്ചു:

'എന്റെ ജ്യേഷ്ഠനെ നരകത്തിൽനിന്നു മോചിപ്പിക്കണം. അതിന് എന്താണൊരു വഴി?'

അപ്പോൾ യമദൂതൻ മറ്റൊരു രഹസ്യം അറിയിച്ചു:

'വികുണ്ഡലാ, നീ മറ്റൊരു പുണ്യവും നേടിയിട്ടുണ്ട്. ആ നേട്ടം നിന്റെ എട്ടാം ജന്മത്തിൽ ആയിരുന്നു. നീ ആ പുണ്യം നിന്റെ ജ്യേഷ്ഠനു കൊടുക്കണം. എന്നാൽ, അവനു സ്വർഗം ലഭിക്കും.'

ആ രഹസ്യം അറിഞ്ഞപ്പോൾ വികുണ്ഡലൻ അന്വേഷിച്ചു:

'എന്റെ എട്ടാം ജന്മത്തിൽ ഞാൻ എന്തു പുണ്യം നേടി.'

യമദൂതൻ അറിയിച്ചു:

'പണ്ട് ശാകുനി എന്നൊരു മഹർഷി ഉണ്ടായിരുന്നു. ശാകുനിക്ക് ഒമ്പതു പുത്രന്മാരുണ്ടായി. അഞ്ചുപേർ വിവാഹംകഴിച്ചു ഗൃഹസ്ഥരായി ജീവിച്ചു. ബാക്കിയുള്ള നാലുപേർ യോഗിമാരായി. അവർ ഈശ്വരഭജന ചെയ്യും. സദാ ചുറ്റി നടക്കും. കഷ്ടിച്ച് നഗ്നത മറയ്ക്കും. കിട്ടുന്നതു ഭക്ഷിക്കും. ചെല്ലുന്നിടത്തു കിടന്നുറങ്ങും. അതായിരുന്നു നാലു സഹോദരന്മാരുടെയും ജീവിതരീതി.

അക്കാലത്തായിരുന്നു വികുണ്ഡലന്റെ എട്ടാം ജന്മം. അന്ന് അയാൾ ഒരു ബ്രാഹ്മണൻ ആയിരുന്നു. ഭാര്യയോടും പുത്രന്മാരോടും കൂടി ജീവിക്കയുംചെയ്തിരുന്നു. ഒരു നാൾ നാലു യോഗിമാരും അയാളുടെ ഗൃഹത്തിൽ കയറിച്ചെന്നു. അയാൾ അവരെ യഥാവിധി പൂജിച്ചിരുത്തി. സ്വാദേറിയ ഭക്ഷണവും നൽകി.

യോഗിമാർ അന്നു രാത്രി ആ ഗൃഹത്തിൽ കഴിച്ചു. രാവിലെ അവർ ഗൃഹസ്ഥനെ അനുഗ്രഹിച്ചിട്ട് യാത്രയുമായി. ഏറ്റവും വിലപ്പെട്ടതായിരുന്നു അവരുടെ അനുഗ്രഹം.

അതിഥിപൂജ കാരണം, അയാൾക്കു പുണ്യമുണ്ടായി. ആ പുണ്യം ശ്രീകുണ്ഡലനു നൽകണം—അതായിരുന്നു യമദൂതന്റെ അഭിപ്രായം.

വികുണ്ഡലൻ തന്റെ പുണ്യം ജ്യേഷ്ഠനു നല്കി.

ശ്രീകുണ്ഡലനും സ്വർഗം കിട്ടി.

സർവാന്തകൻ

(ഗംഗാസ്നാനമാഹാത്മ്യം)

മഹാശക്തനും മഹാദുഷ്ടനുമാണു കാട്ടാളനായ സർവാന്തകൻ. അവൻ ചില ജന്തുക്കളെ കൊന്നുതിന്നും. മറ്റു ജന്തുക്കളെ കൊന്നു മാംസം വിറ്റു പണമുണ്ടാക്കും. അവൻ കണ്ട മൃഗം പിന്നെ ജീവിച്ചിരിക്കയില്ല. അവൻ കണ്ട വഴിപോക്കൻ കൈയിലുള്ള വസ്തുവകയുമായി മടങ്ങിപ്പോവുകയില്ല. അവനെ ആരുമാരും എതിർക്കുകയില്ല. അത്ര ഭയമാണ് എല്ലാവർക്കും.

ഒരു ദിവസം ആ രാജ്യത്തെ രാജാവ് വേട്ടയ്ക്കു പോയി. ചിത്രസേനൻ എന്നാണ് രാജാവിന്റെ പേര്. അദ്ദേഹം ചെന്നത് ഏതു കാട്ടിലെന്നോ? സർവ്വാന്തകൻ വിഹരിക്കുന്ന അതേ കാട്ടിൽ!

ദൂരെവെച്ചുതന്നെ രാജാവ് സർവാന്തകനെ കണ്ടു. അവൻ എന്താണു ചെയ്തിരുന്നതെന്നോ? കൊന്ന മൃഗങ്ങളെ തലയിലെടുത്തു കൊണ്ടുപോകുന്നു. ആ മുഷ്കരൻ ആയുധങ്ങളും ധരിച്ചിട്ടുണ്ട്.

രാജാവ് അവനെ കണ്ടു, ശരിയാണ്. എന്നാൽ അവൻ രാജാവിനെ കണ്ടില്ല. ചുമടുമായി അവൻ കുടിലിലേക്കു നടന്നുപോയി.

പെട്ടെന്ന് ഒരു മാൻ ചിത്രസേനന്റെ കണ്ണിൽപെട്ടു. രാജാവിന്റെ ശ്രദ്ധ കാട്ടാളനെ വിട്ടു മാനിലായി. അദ്ദേഹം ഒരമ്പ് തൊടുത്തയച്ചു. അമ്പ് മാനിന്റെ ശരീരത്തിൽ ചെന്നുതറച്ചു. മാൻ പ്രാണവേദനയോടെ ഓടിപ്പോയി. കുറെ ദൂരം ഓടിയപ്പോൾ അതു ചത്തുവീണു.

എവിടെയായിരുന്നു മാൻ വീണതെന്നോ? സർവാന്തകന്റെ തൊട്ടുമുമ്പിൽ! അതു നന്നായി എന്ന് അവനുതോന്നി. വേട്ടചെയ്യാതെ നല്ലൊരു മാനിനെ കിട്ടിയില്ലേ? അവൻ അതിനെയും കെട്ടിയെടുക്കാൻ ഒരുങ്ങി.

അപ്പോഴേക്കും രാജഭടന്മാർ അവിടെ എത്തിച്ചേർന്നു. അവർ സർവ്വാന്തകനെ പിടിച്ചുകെട്ടി. അവനെ രാജാവിന്റെ അടുക്കലേക്കു കൊണ്ടുപോയി. അവനോടുകൂടി രാജാവിനെ അനുഗമിച്ചു.

സർവാന്തകൻ വിഹരിച്ച വനം, ചിത്രസേനന്റെ രാജധാനി—രണ്ടിനും മദ്ധ്യേ പവിത്രയായ ഗംഗാനദി ഒഴുകുന്നുണ്ട്. രാജാവും രാജഭടന്മാരും തോണി കയറി നദി കടന്നു—ഒന്നിച്ചു തടവുകാരനായ സർവാന്തകനും. അങ്ങനെ എല്ലാവരും രാജധാനിയിൽ എത്തിച്ചേർന്നു.

കാട്ടാളന്റെ കുറ്റങ്ങളുടെ ചുരുളുകൾ ഒന്നൊന്നായി നിവർന്നു.

രാജാവ് അവനൊരു ശിക്ഷ നല്കി—അവൻ മരണംവരെ തുറുങ്കിൽ കിടക്കണം!

സർവാന്തകൻ തുറുങ്കിലായി.

അവൻ അവിടെ കിടന്നു മരിച്ചു.

ഭീകരന്മാരായ കുറെ യമഭടന്മാർ വന്നെത്തി. അവനെ യമന്റെ അടുക്കലേക്കു കൊണ്ടുപോകണം—അതിനായിരുന്നു അവരുടെ ഒരുക്കം.

പെട്ടെന്നു കുറെ ശിവദൂതന്മാർ വന്നെത്തി. അവനെ ശിവലോകത്തിലേക്കു കൊണ്ടുപോകണം. അതിനാണ് അവർ എത്തിച്ചേർന്നത്.

യമദൂതന്മാർക്ക് ശിവദൂതന്മാരോട് എന്തു ചെയ്യാനൊക്കും? അവർ ഭഗ്നാശരായി യമപുരിയിലേക്ക് മടങ്ങി. ശിവദൂതന്മാർ സർവാന്തകനെയുംകൊണ്ട് ശിവലോകത്തേക്കും.

എന്താണ് ഇങ്ങനെ സംഭവിക്കാൻ? കണ്ടുപിടിക്കാൻ നിശ്ചയിച്ചു യമൻ. അദ്ദേഹം ചിത്രഗുപ്തന് ഒരാജ്ഞ നല്കി—സർവാന്തകന്റെ കണക്കു പരിശോധിക്കണം.

ചിത്രഗുപ്തൻ കണക്കു പരിശോധിച്ചു യമനെ ബോധ്യപ്പെടുത്തി.

യമൻ യമദൂതന്മാരോടു പറഞ്ഞു:

'ഇപ്പോൾ എല്ലാം തെളിഞ്ഞിരിക്കുന്നു. നിങ്ങൾക്ക് സർവാന്തകനെ തൊടാൻ പാടില്ല. ശിവദൂതന്മാർക്കാണ് അവനെ കൊണ്ടുപോകാൻ അർഹത. എന്താണു കാരണമെന്നു നിങ്ങൾ അറിയേണ്ടതുണ്ട്. ഒരിക്കൽ അവൻ പുണ്യനദിയായ ഗംഗയെ കണ്ടിരുന്നു. ഗംഗയെ ഒരിക്കൽ കാണുന്നതു പോലും പുണ്യമാണ്. അവൻ ഒരിക്കൽ കണ്ടതേയുള്ളു. എന്നിട്ടുപോലും അവന്റെ പാപങ്ങളെല്ലാം നശിച്ചിരിക്കുന്നു. അപ്പോൾ നിത്യവും ഗംഗാസ്നാനം ചെയ്യുന്നവരുടെ കഥ പറയാനുണ്ടോ?'

അതു കേട്ട് യമദൂതന്മാർക്ക് അതിയായ അത്ഭുതം ഉളവായി.

ഇത്രമാത്രമുണ്ടോ ഗംഗയുടെ മാഹാത്മ്യം?

ധനാധിപൻ

(ഗംഗാസ്നാനമാഹാത്മ്യം)

വൈശ്യനാണ് ധനാധിപൻ. എത്ര അധികമാണ് അയാളുടെ ധനം? അതിനു കണക്കെടുക്കാൻ ഒക്കുകയില്ല. അതുപോലെതന്നെയാണ് അയാളുടെ ദുഷ്ടതയും. ഒരുവർക്കും ഒരിക്കലും ഒരു ചില്ലിക്കാശു കൊടുക്കുകയില്ല. അന്യർക്ക് ഒരു ഉപകാരവും ചെയ്യുകയില്ലെന്നു പറയണോ? പകരം അവരെ ദ്രോഹിക്കണം എന്നതാണ് ആഗ്രഹം. എങ്ങനെ ആയാലും ശരി, തന്റെ ധനം വർദ്ധിപ്പിക്കണം. അതാണു ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം. ഹിംസ, മോഷണം, കള്ളച്ചൂതാട്ടം—എല്ലാം അയാൾ ചെയ്യും, പണം കിട്ടുമെങ്കിൽ.

അയാൾ അങ്ങനെ കുറെക്കാലം ജീവിച്ചു.

പിന്നീടാണു കുഴപ്പം ഉണ്ടായത്. അയാൾക്ക് ഒരു മഹാരോഗം പിടിപെട്ടു. ആ മഹാരോഗം അയാളെ മഹാദുരിതം അനുഭവിപ്പിച്ചു. അതിനുശേഷം അയാളുടെ ജീവനെയും കവർന്നു.

യമദൂതന്മാർ അയാളെ യമന്റെ അടുക്കലേക്കു കൊണ്ടുപോയി.

ധനാധിപൻ എന്തെങ്കിലും സത്കൃത്യങ്ങൾ ചെയ്തിട്ടുണ്ടോ? ചിത്രഗുപ്തൻ കണക്കുപുസ്തകം നല്ലപോലെ പരിശോധിച്ചു. ഇല്ല. ഒരൊറ്റ സത്കൃത്യം ചെയ്തിട്ടില്ല. ആ സ്ഥിതിക്കു ശിക്ഷ കൊടുക്കുകതന്നെ വേണം.

യമൻ കിങ്കരന്മാരോടു കല്പിച്ചു:

'ഇവനെ അസിപത്രത്തിൽ കൊണ്ടുചെന്ന് ഇടുവിൻ.'

ഏറ്റവും ഭീകരമായ ഒരു നരകമാണ് അസിപത്രം.

ധനാധിപന്റെ മൃതശരീരമോ? അത് അനാഥമായി കിടക്കുകയാണ്. ഒരു കാടാണ് അവിടം. മൃതശരീരത്തെ ഒരു കുറുക്കൻ കാണാനിടയായി. അതിൽനിന്നു മാംസം കടിച്ചെടുത്തു തിന്നാനും തുടങ്ങി. അധികം തിന്നും മുമ്പ് ഒരു കഴുകനും വന്നെത്തി. കഴുകനും മാംസം തിന്നണം. കുറുക്കനും

കഴുകനും തമ്മിൽ കലഹമായി. തോൽവി പറ്റിയതു കുറുക്കനായിരുന്നു. കഴുകന്റെ കൊക്കും നഖങ്ങളും കുറുക്കന്റെ ദേഹം കീറിപ്പിളർന്നു. വേദനയോടുകൂടി കുറുക്കന് അതിയായ ദാഹവുമുണ്ടായി. അവൻ അടുത്തുള്ള നദിയിലേക്കു പോയി.

ആ നദി ഗംഗയായിരുന്നു.

കുറുക്കൻ മതിയാവോളം വെള്ളം കുടിച്ചു. ആ വെള്ളം ചില മാംസക്ഷണങ്ങളെ സ്പർശിച്ചു. ഏതെന്നോ? ധനാധിപന്റെ മൃതദേഹത്തിലെ ചില മാംസക്ഷണങ്ങൾ. അവയിൽ ചിലതു കുറുക്കന്റെ വായിൽ അവശേഷിച്ചിരുന്നു.

ആ നിമിഷത്തിൽ അസിപത്രശ്രത്തിൽ എന്തുണ്ടായി? ധനാധിപൻ അവിടെ കിടന്നു യാതനയനുഭവിക്കുകയാണല്ലോ. അവനിതാ അവന്റെ വൃത്തികെട്ട രൂപം തൃജിക്കുന്നു. ദിവ്യവും മനോഹരവുമായ ശൈവരൂപം കൈക്കൊള്ളുന്നു. വന്നിറങ്ങുന്ന ദിവ്യവിമാനത്തിൽ കയറുന്നു. ശിവലോകത്തിലേക്കു പോവുകയുംചെയ്യുന്നു!

യമകിങ്കരന്മാർ ഓടിച്ചെന്നു യമനെ വിവരം ധരിപ്പിച്ചു:

'സ്വാമീ, അവിടുന്നു ധനാധിപന് അസിപത്രശ്രമാണു നല്കിയത്. അവൻ അവിടം വിട്ടു ശിവലോകത്തിലേക്കു പോയി. എന്താണ് അതിനു കാരണം? ഞങ്ങൾക്ക് ഒന്നും മനസ്സിലാകുന്നില്ല.'

യമൻ അല്പനേരം കണ്ണുകളടച്ചു ധ്യാനിച്ചിരുന്നു.

താമസിയാതെ ഒരു പരമാർത്ഥം അദ്ദേഹത്തിന്റെ മനസ്സിൽ ഉദിച്ചു.

അദ്ദേഹം അവരോടു പറഞ്ഞു:

'ഗംഗാജലം അവന്റെ മാംസക്ഷണങ്ങളിൽ സ്പർശിച്ചതേയുള്ളു. അതോടെ അവൻ പുണ്യവാനായി. അതാണു ഗംഗയുടെ മാഹാത്മ്യം!'

വിനതൻ

(കാർത്തിക സോമവാരമാഹാത്മ്യം)

ഗോദാവരി നദിയുടെ തീരത്താണ് വിനതന്റെ ഗൃഹം. മഹാബുദ്ധിശാലിയും മഹാവിജ്ഞാനിയുമാണ് വിനതൻ. വേദങ്ങളായാലും ശരി, ശാസ്ത്രങ്ങളായാലും ശരി, പുരാണങ്ങളായാലും ശരി—വിനതന് അറിയാത്തതായി യാതൊന്നുമില്ല. പക്ഷേ, അയാളുടെ മനസ്സ് ദുഷിച്ചതായിരുന്നു. പരദ്രവ്യം കൈക്കലാക്കണം, ആവോളം സുഖിക്കണം—അതായിരുന്നു അയാളുടെ പ്രധാനമായ ലക്ഷ്യം. അയാൾ പുറമേ ഭക്തിയും നന്മയും ഭാവിക്കാറുണ്ട്. പക്ഷേ, അതൊക്കെ തന്റെ ലക്ഷ്യം നേടുന്നതിനുമാത്രം. അതിൽ അയാൾ വിജയിക്കുകയും ചെയ്തു. ധാരാളം ധനം സമ്പാദിച്ചു എന്നർത്ഥം.

ഒരു ദിവസം വിനതൻ ഭക്ഷണത്തിനിരുന്നു. വിഭവങ്ങൾ നിറഞ്ഞ ഭക്ഷണമാണ്. വേണ്ടുവോളം ഉണ്ടുതാനും. ആ സമയത്ത് ഒരു വഴിപോക്കൻ വന്നുകയറി. ദാഹിച്ചു വിശന്നു വലഞ്ഞുവരികയാണു വഴിപോക്കൻ.

അയാൾ താഴ്മയോടെ അപേക്ഷിച്ചു:

'ദയവുചെയ്ത് എനിക്ക് ആഹാരം തരണം.'

വിനതനു ദേഷ്യംവന്നു.

അയാൾ വിളിച്ചുപറഞ്ഞു:

'വന്നിരിക്കുന്നു യാചിക്കാൻ! കടന്നു പോ!'

വഴിപോക്കൻ ക്ഷോഭിക്കാതെ പറഞ്ഞു:

അതിഥിപൂജ ഗൃഹസ്ഥന്റെ കടമയാണ്. അതു വിദ്വാനായ അങ്ങേയ്ക്കു ഞാൻ പറഞ്ഞുതരേണ്ടല്ലോ?'

വിനതന്റെ ദേഷ്യം കൂടുതലായി:

'ഓഹോ, യാചിക്കുന്നതും പോര, ഉപദേശിക്കുകയും ചെയ്യുന്നു, അല്ലേ? ശരി. ഭക്ഷണം തരുന്നില്ല. പൊയ്ക്കോ!'

വഴിപോക്കൻ പിന്നെയും പറഞ്ഞു:

'ഞാനൊരു ദരിദ്രനാണ്. എന്റെ ഭാര്യ മരിച്ചുപോയി. എനിക്കു ബന്ധുക്കൾ ആരുമില്ല. പണക്കാർക്കല്ലേ ബന്ധുക്കളും മിത്രങ്ങളുമുള്ളൂ. ആട്ടെ, വിശന്നു വന്നവനു ഭക്ഷണം കൊടുക്കണം. അല്ലെങ്കിൽ പാപമാണ്.'

വിനതന്റെ കോപം അടക്കാൻ വയ്യാതെയായി. അയാൾ വഴിപോക്കനെ ആട്ടിപ്പുറത്താക്കി. അപ്പോൾ കോപം ഒന്നു തണുത്തു. അയാൾ സുഖമായി ഭക്ഷണം കഴിച്ചു.

പിതൃക്കൾ അദൃശ്യരായി എല്ലാം കണ്ടുനിന്നിരുന്നു.

അവർ ശാപമേകി:

'ഇവൻ അധഃപതിക്കട്ടെ, നശിക്കട്ടെ!'

ശാപം അന്നു രാത്രിതന്നെ ഫലിക്കുമാറായി. കള്ളന്മാർ വിനതന്റെ ഗൃഹത്തിൽ കടന്നുകയറി. അവർ ധനമെല്ലാം കൈക്കലാക്കി പുറത്തിറങ്ങി. വിനതന്റെ ഒരു മകൻ അതു കാണാനിടയായി. അവൻ വല്ലാതെ പേടിച്ചുപോയി. കിടന്ന് ഉറക്കെ നിലവിളിച്ചു. കള്ളന്മാർ അവനെ തത്ക്ഷണം കൊലചെയ്തു. അതിനുശേഷം പുറത്തുനിന്നു വാതിലടച്ചു. എന്നിട്ടു ഗൃഹത്തിനു കൊള്ളിവെച്ചു. ഗൃഹത്തിലുള്ളവർ അഗ്നിയിൽ വെന്തു മരിച്ചു—ഒരാളൊഴിച്ച്. ആ ആൾ വിനതനായിരുന്നു.

അയാളുടെ ദുഃഖം അതിരുകടന്നു. ഭാര്യയും പുത്രന്മാരും ഇല്ലാതായി. ഗൃഹം ചാമ്പൽക്കൂമ്പാരമായി. സ്നേഹിക്കാൻ ആളില്ല. പാർക്കാൻ ഇടമില്ല. അയാൾ ലക്ഷ്യമില്ലാതെ അലഞ്ഞു നടന്നു. ഒടുവിൽ ബ്രഹ്മേശ്വരം എന്ന ശിവക്ഷേത്രത്തിലെത്തി. അവിടെ എന്താണു കണ്ടത്? വളരെപ്പേർ സോമവാരവ്രതം നോക്കുന്നു. അവർ ഉറക്കമിളച്ചിരുന്നു ശിവഭജനം ചെയ്യുന്നു. വിനതൻ അവരുടെ ഇടയിൽ കയറിയിരുന്നു. അയാളും മറ്റുള്ളവരോടുകൂടി ഭജനപാടി. എല്ലാം വെറും നാട്യമായിരുന്നു. എന്താണു മോഷ്ടിച്ചെടുക്കുക? അതായിരുന്നു അയാളുടെ ആലോചന.

ഒടുവിൽ നേരം വെളുത്തു. വ്രതക്കാർ സ്നാനത്തിനായി സ്ഥലംവിട്ടു. വിനതൻ തനിച്ചുമായി. അവിടെ ദേവിയുടെ ഒരു പ്രതിഷ്ഠയുണ്ട്. ദേവീവിഗ്രഹത്തിൽ ആഭരണങ്ങൾ ചാർത്തിയിരിക്കുന്നു. വിനതൻ ആ ആഭരണങ്ങൾ മോഷ്ടിച്ചെടുത്തു. അവ ഒളിച്ചുവെച്ചുകൊണ്ടു പുറത്തിറങ്ങി നടന്നുതുടങ്ങി.

അപ്പോഴേക്കും അർച്ചകന്റെ വരവായി. അയാൾ ദേവീവിഗ്രഹത്തിൽ നോക്കിയപ്പോഴോ? ആഭരണങ്ങൾ കാണാനില്ല. ആരോ കട്ടുകൊണ്ടുപോയതാണോ? അർച്ചകൻ പരിഭ്രമിച്ചു പുറത്തിറങ്ങി. അതു കണ്ടപ്പോൾ വിന

അൻ പേടിച്ച് ഓട്ടം തുടങ്ങി. അപ്പോൾ അർച്ചകനു തീർച്ചയായി അയാളാണു കള്ളനെന്ന്. വിനതനെ പിടികൂടാനായി അർച്ചകൻ പിറകെ ഓടി. പിടികൊടുക്കാതിരിക്കാനായി വിനതൻ കൂടുതൽ വേഗത്തിൽ ഓടി. അങ്ങനെ ഇരുവരും ശിവക്ഷേത്രത്തിനു മുന്നു പ്രാവശ്യം ചുറ്റി. അതിനിടയ്ക്ക് അർച്ചകൻ വിനതന്റെ തൊട്ടടുത്തെത്തി. അയാൾ വലിയൊരു കല്ലെടുത്ത് വിനതന്റെ നെറ്റിയിലിടിച്ചു. വിനതൻ കൈയിലിരുന്ന വടികൊണ്ട് അർച്ചകന്റെ തലയ്ക്കു തല്ലി. അർച്ചകൻ 'ശിവ ശിവ' എന്നു വിളിച്ചിട്ടു മരിച്ചുവീണു. അതേസമയം വിനതനും ജീവൻ വെടിഞ്ഞു.

യമകിങ്കരന്മാർ വന്ന് ഇരുവരെയും കൊണ്ടുപോയി.

പക്ഷേ, അവർക്ക് അധികദൂരം പോകാൻ കഴിഞ്ഞില്ല. അതിനിടയ്ക്ക് ശിവകിങ്കരന്മാർ പ്രത്യക്ഷപ്പെട്ട് അവരെ ആട്ടിയോടിച്ചു. എന്നിട്ട് വിമാനത്തിൽ കയറ്റി ഇരുവരെയും ശിവലോകത്തേക്കു കൊണ്ടുപോയി.

മടങ്ങിയെത്തിയ യമകിങ്കരന്മാരോട് യമൻ പറഞ്ഞു:

'അർച്ചകൻ ശിവനാമം ഉച്ചരിച്ചു മരിച്ചു. അതിനാൽ അവനു പുണ്യം കിട്ടി. വിനതൻ സോമവാരവ്രതം നോറ്റു, ശിവഭജന ചെയ്തു. വെറും നാട്യമായിരുന്നു എന്നതു ശരിതന്നെ. എങ്കിലും രണ്ടു പുണ്യകൃത്യങ്ങളും ചെയ്തുവല്ലോ. അതിനു സദ്ഫലം ഉളവായി.'

ഗുണവതി

(കാർത്തികമാസമാഹാത്മ്യം)

മായാവതി എന്ന നഗരത്തിൽ ദേവശർമ എന്നൊരാൾ ജീവിച്ചിരുന്നു. വേദം, വേദാംഗം മുതലായവയുടെ മറുകര കണ്ട ആളാണ് ദേവശർമ. അദ്ദേഹത്തിന് കുറെ പ്രായംചെന്നപ്പോൾ ഒരു മകളുണ്ടായി. ഗുണവതി എന്ന പേരാണ് കുട്ടിക്കിട്ടത്. അവൾക്കു യൗവനം വന്നപ്പോൾ പിതാവ് അവളെ വിവാഹം കഴിച്ചുകൊടുത്തു. അദ്ദേഹത്തിന്റെ ശിഷ്യനായ ചന്ദ്രൻ ആയിരുന്നു വരൻ.

ആദ്യമേ ദേവശർമയ്ക്ക് പ്രിയങ്കരനായിരുന്നു ചന്ദ്രൻ. ഇപ്പോൾ ആ ശിഷ്യൻ ജാമാതാവുകൂടി ആയപ്പോഴോ? അദ്ദേഹത്തിന്റെ സന്തോഷം പറയാനുമില്ല.

ഒരിക്കൽ അദ്ദേഹം ദർഭയ്ക്കും ചമതയ്ക്കുമായി കാട്ടിലേക്കു പോയി. ഒന്നിച്ച് ചന്ദ്രനെയും കൂട്ടി. കാട്ടിൽ അപായം പതിയിരിക്കുന്നവെന്ന് അവർ അറിഞ്ഞില്ല. ഒരു ഘോരരാക്ഷസൻ ചാടിവീണ് അവരെ കൊലചെയ്തു.

ഇരുവരും ഒട്ടനേകം പുണ്യകർമ്മങ്ങൾ ചെയ്തിട്ടുള്ളവരാണ്. ഫലമായി അവർക്കു മരണശേഷം വിഷ്ണുരൂപം ലഭിച്ചു. മാത്രമല്ല, വിഷ്ണുലോകത്തിൽ സ്ഥിരവാസവും.

ഭർത്താവിന്റെയും പിതാവിന്റെയും ജീവനാശം അറിഞ്ഞപ്പോഴോ? ഗുണവതി ദുഃഖപരവശയായി. എങ്കിലും കുറെ ദിവസങ്ങൾക്കുശേഷം അവർക്ക് ഒരു ശക്തി കിട്ടി. വ്യസനം ഉള്ളിൽ ഒതുക്കിവെച്ച് ജീവിതം നയിക്കാനുള്ള ശക്തി. എങ്ങനെയാണു ജീവിക്കേണ്ടത്? അത് ഗുണവതിക്ക് നല്ലവണ്ണം അറിയാം—സത്യത്തോടും ശുദ്ധിയോടും ഭക്തിയോടും കൂടിയുള്ള ജീവിതം.

അവൾ പല സത്കർമങ്ങളും ചെയ്യുകയുണ്ടായി. കൂട്ടത്തിൽ കാർത്തികവ്രതവും ഏകാദശീവ്രതവും. അവയിൽ യാതൊരു പിഴയും വരുത്തിയുമില്ല.

അങ്ങനെ ഗുണവതി വർഷങ്ങൾ ചിലതു നയിച്ചു. ഒടുവിൽ അവർക്കു ജ്വരം പിടിച്ചു. ഏറ്റവും കഠിനമായ ജ്വരമായിരുന്നു. എങ്കിലും അവൾ നിത്യകർമ്മങ്ങൾ മുടക്കിയില്ല. പ്രത്യേകിച്ച് ഗംഗാസ്നാനം. അവൾ പണിപ്പെട്ട് പതർച്ചയോടെ ഗംഗയിലേക്കു നടന്നു. നദിയിൽ ഇറങ്ങി മുങ്ങി.

ഒന്നാമത്, ചുട്ടുപൊള്ളുന്ന പനി. രണ്ടാമത്, നടന്നുവന്നതിലുള്ള ക്ഷീണം. മൂന്നാമത്, തണുത്ത വെള്ളത്തിലുള്ള കുളി. എല്ലാംകൂടി ആയപ്പോഴോ? അവളുടെ ശക്തിയാകെ ക്ഷയിച്ചുപോയി.

അപ്പോഴതാ വന്നിറങ്ങുകയാണ് ദിവ്യവിമാനം. ഗുണവതിക്കുവേണ്ടി വൈകുണ്ഠത്തിൽനിന്നു വന്ന വിമാനമാണ്. അതിൽ വൈഷ്ണവന്മാർ ഉണ്ടായിരുന്നു. അവർ അവളെയുംകൊണ്ട് വൈകുണ്ഠത്തിലേക്കു പോയി.

ദേവശർമയ്ക്കും ചന്ദ്രനും പിന്നീട് മനുഷ്യജന്മം ഉണ്ടായി. സത്രാജിത്തായിട്ടാണ് ദേവശർമ ജനിച്ചത്. ക്രൂരനായിട്ടാണ് ചന്ദ്രനും.

സത്രാജിത്തിന്റെ മകളാണല്ലോ സത്യഭാമ. ആരാണ് സത്യഭാമയായിട്ടു ജനിച്ചതെന്നോ? മറ്റാരുമല്ല, ഗുണവതിതന്നെ!

(പദ്മപുരാണം)

ശംഖൻ

(കാർത്തികമാസമാഹാത്മ്യം)

സമുദ്രത്തിന്റെ പുത്രനാണ് ശംഖൻ എന്ന അസുരൻ.
പ്രസിദ്ധമായിരുന്നു ശംഖന്റെ ബലവും വീര്യവും. അവനോട് എതിർക്കുവാൻ ആരുംതന്നെ ധൈര്യപ്പെട്ടില്ല. ദേവേന്ദ്രനെപ്പോലും അവൻ പരാജിതനാക്കി. മാത്രമല്ല, സ്വർഗം കൈയടക്കി. ദേവന്മാർ ഓടിപ്പോയി ഓരോരോ സ്ഥലങ്ങളിൽ ഒളിച്ചിരുന്നു.

എന്നിട്ടും ശംഖനു തൃപ്തിയായില്ല. ദേവന്മാരെ ജയിച്ചു. ശരിയാണ്. അതുകൊണ്ടായില്ല. ഇനിയൊരിക്കൽ അവർ ബലവാന്മാരാകാം. എന്താണ് അവർക്ക് ബലം നൽകുന്നത്? വേദങ്ങൾതന്നെ. അതുകൊണ്ട് വേദങ്ങളെ മോഷ്ടിച്ചെടുത്തു സ്വന്തമാക്കണം. അപ്പോൾ എക്കാലവും ബലം തനിക്കായിരിക്കും!

ശംഖൻ ആരുമറിയാതെ സത്യലോകത്തിൽ കടന്നുകയറി. ബ്രഹ്മാവിന്റെ പക്കൽനിന്ന് വേദങ്ങളെ മോഷ്ടിച്ചു. അവയുമായി സമുദ്രത്തിലെ സ്വസ്ഥാനത്തു തിരിച്ചെത്തി.

വേദങ്ങൾക്കാണെങ്കിലോ? ശംഖനോടുകൂടി കഴിയുന്നത് ഒട്ടും ഇഷ്ടമല്ല. അതേസമയം അവനെ ഭയമാണുതാനും. അവ എന്താണു ചെയ്തതെന്നോ? സ്വയം പല ഖണ്ഡങ്ങളായി ചിതറി. ഓരോ ഖണ്ഡവും അങ്ങിങ്ങു വെള്ളത്തിനടിയിലുമായി.

ശംഖൻ സമുദ്രം മുഴുവൻ തിരഞ്ഞു. ചില വേദഖണ്ഡങ്ങളെ വീണ്ടെടുത്തു. പക്ഷേ, അതുകൊണ്ടായില്ല. എല്ലാ ഖണ്ഡങ്ങളും കിട്ടണം. അവയെ ഒന്നിച്ച് അതാതു സ്ഥാനത്ത് ചേർക്കണം. എന്നാലേ ഫലമുള്ളു.

ദേവന്മാർ ബ്രഹ്മാവിനെക്കൂട്ടി മഹാവിഷ്ണുവിനെക്കണ്ടു സങ്കടം പറഞ്ഞു.

ആ ദിവസം കാർത്തികമാസത്തിലെ ഏകാദശി ആയിരുന്നു.

മഹാവിഷ്ണു തീർപ്പു കല്പിച്ചു:

'ഈ മാസവും ഈ ദിവസവും പുണ്യമുള്ളവ ആയിരിക്കും!'

ഭഗവാൻ ഒരു മത്സ്യത്തിന്റെ രൂപം ധരിച്ചു. എന്നിട്ട് കീഴോട്ടു പോന്നു. ഭൂമിയിൽ കശ്യപമഹർഷി തപസ്സു ചെയ്യുന്നു. അദ്ദേഹം തർപ്പണം ചെയ്യുകയാണ്. മഹർഷിയുടെ കൈക്കുമ്പിളിൽ ഒരു മത്സ്യം വന്നുവീണു.

മഹർഷി മത്സ്യത്തെ തന്റെ കമണ്ഡലുവിലാക്കി. പിന്നീടു കമണ്ഡലുവിനു സ്ഥലം പോമാഞ്ഞ് എന്താണു ചെയ്തത്? ക്രമത്തിൽ കിണറ്റിലാക്കി, പൊയ്കയിലാക്കി, തടാകത്തിലാക്കി, കടലിലാക്കി.

കടലിൽവെച്ചു മത്സ്യം വളർന്നു വളരെ വലുതായി. എന്നിട്ട് ശംഖനോടു യുദ്ധം ചെയ്ത് അവനെ വധിച്ചു. ശംഖന്റെ രൂപമായ ശംഖമെടുത്തു ബദരീവനത്തിൽ ചെന്നു.

ഭഗവാൻ മുനിമാരെ വരുത്തി പറഞ്ഞു:

'സമുദ്രത്തിൽ വേദഖണ്ഡങ്ങൾ ചിതറിക്കിടക്കുകയാണല്ലോ. നിങ്ങൾ അവയൊക്കെ ശേഖരിച്ചുകൊണ്ടുവരണം. അതുവരെ ഞാൻ പ്രയാഗയിൽ ഉണ്ടായിരിക്കും.'

മുനിമാർ ഒന്നിച്ച് സമുദ്രത്തിലേക്ക് പോയി. വളരെനേരം ജോലിചെയ്ത് എല്ലാ വേദഖണ്ഡങ്ങളും കണ്ടെടുത്തു. എന്നിട്ട് എല്ലാവരും ഒന്നിച്ചു പ്രയാഗയിലെത്തി. അവർ വേദഖണ്ഡങ്ങളെ മഹാവിഷ്ണുവിനു സമർപ്പിച്ചു. ഭഗവാൻ അവയെ ബ്രഹ്മാവിനും നൽകി.

ബ്രഹ്മാവിന്റെ സന്തോഷം പറയാനില്ല.

അപഹരിക്കപ്പെട്ട വേദങ്ങൾ തിരിച്ചുകിട്ടിയല്ലോ.

ധർമദത്തൻ

(കാർത്തിക വ്രതമാഹാത്മ്യം)

വിഷ്ണുക്ഷേത്രത്തിൽ മുമ്പനാണ് കരവീരത്തിലെ ധർമദത്തൻ എന്ന ബ്രാഹ്മണൻ.

ഒരുനാൾ പുലർച്ചയ്ക്കുമുമ്പ് ധർമദത്തൻ വിഷ്ണുക്ഷേത്രത്തിലേക്കു ചെന്നു. അവിടെ പൂജ നടത്താനാണു ചെന്നത്. പൂജാദ്രവ്യങ്ങൾ കൈയിൽ വെച്ചിട്ടുണ്ട്. വഴിയിൽവെച്ച് ഒരു രാക്ഷസിയെ കണ്ടുമുട്ടി. ഏറ്റവും ഭയങ്കരമായിരുന്നു രാക്ഷസിയുടെ രൂപം. അവളെ കണ്ടപ്പോൾ ധർമദത്തൻ അല്പമൊന്നു ഭയന്നു. എങ്കിലും കൈയിൽ ഇരുന്ന പൂജാപാത്രമെടുത്ത് അവളെ അടിച്ചു. എന്നിട്ടു തുളസീദളത്തോടുകൂടി വെള്ളം തളിച്ചു.

കമല എന്നായിരുന്നു രാക്ഷസിയുടെ പേര്.

അവൾ പറഞ്ഞു:

'ഹേ ബ്രാഹ്മണാ, ഞാൻ പൂർവജീവിതത്തിൽ പലേ പാപങ്ങളും ചെയ്തിരുന്നു. വെള്ളം വീണതോടുകൂടി പാപങ്ങളെല്ലാം തീർന്നിരിക്കുന്നു.'

ധർമദത്തൻ ചോദിച്ചു:

'എന്തായിരുന്നു പൂർവജന്മം?'

കമല തന്റെ പൂർവകഥ അറിയിച്ചു.

കലഹ എന്നു പേരുള്ള മനുഷ്യസ്ത്രീ ആയിരുന്നു അവൾ. ഭിക്ഷു എന്നു പേരുള്ള ബ്രാഹ്മണൻ ആയിരുന്നു കലഹയുടെ ഭർത്താവ്. അവളുടെ പേരിനു യോജിച്ചതായിരുന്നു സ്വഭാവം. എല്ലായ്പോഴും ഭർത്താവിനോടു കലഹംതന്നെ. അയാളെ ശുശ്രൂഷിക്കയില്ല. അയാളെ വേണ്ടതുപോലെ ഭക്ഷണം കഴിപ്പിക്കയില്ല. ഒടുവിൽ ഭിക്ഷുവിനു സഹികെട്ടു. മറ്റൊരു സ്ത്രീയെ വിവാഹംകഴിക്കണം—അതായി അയാളുടെ നിശ്ചയം. കലഹയ്ക്ക് അതൊട്ടും ഇഷ്ടമായില്ല. അവൾ വിഷം കഴിച്ച് ആത്മഹത്യചെയ്തു.

യമകിങ്കരന്മാർ അവളെ യമന്റെ അടുക്കലേക്കു കൊണ്ടുപോയി.

യമൻ ചിത്രഗുപ്തനുമായി ആലോചിച്ചു ശിക്ഷ നല്കി. അതിൻപ്രകാരം അവൾ പല ജന്മങ്ങളുമെടുത്തു. പെൺകടവാതിലായി, പെൺപൂച്ചയായി, പെൺപന്നിയായി, ഒടുവിൽ രാക്ഷസിയായി.

കുറെനാളായി അവൾക്കു ഭക്ഷണം കിട്ടിയിട്ട്. ഇപ്പോഴിതാ ധർമദത്തനെ കണ്ടുകിട്ടി. അയാളെ പിടിച്ചു തിന്നാൻ ഉദ്യമിച്ചു. അപ്പോഴാണു തുളസിയിലയും ജലവും മേലിൽ വീണത്. അതോടെ പാപങ്ങൾ തീരുകയുംചെയ്തു.

അവൾ പറഞ്ഞു:

'എനിക്ക് ഇനി മൂന്നു ജന്മങ്ങൾ കൂടിയുണ്ട്. അതാണ് യമൻ വിധിച്ചിട്ടുള്ളത്. അതൊഴിക്കാൻ ഞാൻ എന്തു ചെയ്യണമെന്നു പറഞ്ഞുതരൂ.'

ധർമദത്തന്റെ മനസ്സിൽ അനുകമ്പ നിറഞ്ഞു.

അയാൾ അവളെ സഹായിക്കാൻ ഒരുക്കമായി:

'കമലേ, ഞാൻ കാർത്തികവ്രതം നോറ്റുവരികയാണ്. അതുകൊണ്ടു കുറെ പുണ്യം സമ്പാദിച്ചിട്ടുണ്ട്. ആ പുണ്യത്തിൽ പകുതി ഞാൻ ഇതാ നിനക്കു തരുന്നു. നിനക്കു സൽഗതി ഉണ്ടാകുമാറാകട്ടെ!'

അത്രയും പറഞ്ഞ് ധർമത്തൻ തുളസിയില എടുത്ത് അതുകൊണ്ട് അവളുടെമേൽ വെള്ളം തളിച്ചു. ശക്തിയുള്ള ഒരു മന്ത്രവും പ്രയോഗിച്ചു. അതിന്റെ ഫലം തത്ക്ഷണം കാണുമാറായി. രാക്ഷസിക്കു ദിവ്യരൂപം കൈവന്നു.

അവൾ കൃതജ്ഞതകൊണ്ടു പരവശയായി:

'മഹാത്മൻ, ഞാൻ ദുരിതക്കടലിൽക്കിടക്കുകയായിരുന്നു. ഈശ്വരൻ എനിക്കൊരു തോണി തരികയുണ്ടായി. ആ തോണി അങ്ങാണ്!'

അപ്പോഴേക്കും വിമാനം വന്നിറങ്ങി.

വിമാനത്തിൽ വിഷ്ണുദൂതന്മാർ ഉണ്ടായിരുന്നു.

അവർ പറഞ്ഞു:

'ധർമദത്താ, അങ്ങ് ബാല്യംമുതൽ കാർത്തികവ്രതം ആചരിച്ചുവരുന്നു. അതുകൊണ്ട് ഉണ്ടായ പുണ്യത്തിൽ പകുതി ഇവൾക്ക് നൽകി. അതിനാൽ അങ്ങയുടെ പുണ്യം പകുതി ആവുകയല്ല, ഇരട്ടിക്കുകയാണു ചെയ്തത്.'

അവർ ധർമദത്തനെയും കലഹയെയും വൈകുണ്ഠത്തിലേക്കു കൊണ്ടുപോയി.

അവിടെ അവർ കുറേക്കാലം കഴിഞ്ഞു. അതിനുശേഷം അവർ മനുഷ്യരായി ജന്മമെടുത്തു—ധർമദത്തൻ ദശരഥനായിട്ട്, കലഹ കൈകേയിയായിട്ടും!

ശ്രുതദേവൻ

(വൈശാഖമാഹാത്മ്യം)

സൂര്യവംശത്തിൽ ഹേമാംഗദൻ എന്നൊരു രാജാവുണ്ടായിരുന്നു. പലേ ഗുണങ്ങളും ഹേമാംഗദനിൽ സമ്മേളിച്ചിരുന്നു. അവയിൽ ഏറ്റവും തെളിഞ്ഞുനിന്ന ഗുണം ദാനശീലമാണ്. രാജാവ് ധനവും ധാന്യവും ഭൂമിയുമൊക്കെ ദാനം ചെയ്തു. ആ ദാനങ്ങൾക്ക് കൈയും കണക്കും ഇല്ലതാനും. പക്ഷേ, ജലദാനം ചെയ്യാൻ വിട്ടുപോയി. അത് ഒരു തെറ്റുമായി. കാരണം, മഹത്തായ ഒന്നാണു ജലദാനം.

ആ തെറ്റുകൊണ്ട് എന്തു സംഭവിച്ചുവെന്നോ? ഹേമാംഗദൻ അടുത്ത ജന്മം ചാതകപ്പക്ഷിയായി. ജലത്തിനു കൊതിക്കുന്ന പക്ഷിയാണ് ചാതകം. അതിനടുത്ത ജന്മത്തിൽ കഴുകനായി. തുടർന്ന് പട്ടിയായി. ഒടുവിൽ ഗൗളിയുമായി.

മിഥിലയിലെ രാജാവിന്റെ കൊട്ടാരത്തിലാണ് ഗൗളിയുടെ താമസം.

ഒരിക്കൽ ശ്രുതദേവൻ എന്ന മുനി മിഥിലാരാജാവിനെ കാണാൻ ചെന്നു.

രാജാവ് മുനിയെ ആദരപൂർവം കാൽകഴുകി. ആ ജലം തന്റെ ശിരസ്സിൽ ധരിച്ചു. പലരും ചെയ്യാറുള്ളതുപോലെ.

എങ്ങനെ എന്നറിഞ്ഞില്ല. ഒരു തുള്ളി വെള്ളം ഗൗളിയുടെ മേൽ തെറിച്ചു.

തത്ക്ഷണം ഗൗളിക്കു പൂർവ്വസ്മൃതി ഉണ്ടായി.

ഗൗളി ശ്രുതദേവനെ വിളിച്ചു കരഞ്ഞു.

മുനി ചോദിച്ചു:

'ഗൗളീ എന്തിനാണു നീ കരയുന്നത്? നീ ആരാണ്? എങ്ങനെ നീ ഗൗളിയായി?'

അപ്പോൾ ഗൗളി തന്റെ പൂർവ്വചരിത്രം അറിയിച്ചു.

അതിനുശേഷം ഒരു അപേക്ഷയും സമർപ്പിച്ചു:

'മഹാത്മൻ, ഞാൻ പലേ സുകൃതങ്ങളും ചെയ്തിട്ടുണ്ട്. എന്നിട്ടും ഞാൻ ജന്തുക്കളായി ജനിക്കാൻ എങ്ങനെ ഇടവന്നു? ദയവുചെയ്തു പറഞ്ഞുതരണം.'

ശ്രുതദേവൻ ദിവ്യദൃഷ്ടിയുപയോഗിച്ചു നോക്കി. അപ്പോൾ സകലതും മനസ്സിലായി. അതെല്ലാം ഗൗളിയെ കേൾപ്പിച്ചു.

'അങ്ങു പലേ സുകൃതങ്ങളും ചെയ്തു, ശരിയാണ്. അതേസമയം വൈശാഖത്തിൽ ജലദാനം ചെയ്തില്ല. വേണ്ടതുപോലെ സാധുക്കളെ സേവിച്ചില്ല. പോരെങ്കിൽ സൽപ്പാത്രങ്ങളെപോലെ ദുഷ്പാത്രങ്ങൾക്കും ദാനം നൽകി. ആട്ടെ. ഞാൻ കുറെ പുണ്യം സമ്പാദിച്ചിട്ടുണ്ട്. ആ പുണ്യം ഞാനിതാ അങ്ങേക്കു തരുന്നു.'

തത്സമയം ഗൗളിക്കു ദിവ്യരൂപം ലഭിച്ചു. പുതിയ ദിവ്യൻ ശ്രുതദേവനെ വീണുവണങ്ങി. അതിനുശേഷം സ്വർഗത്തിലേക്കു യാത്രയായി.

കണ്ടുനിന്നിരുന്ന മിഥിലാരാജാവിന് അതിയായ വിസ്മയം ഉണ്ടായി. അദ്ദേഹം ശ്രുതദേവനോട് അപേക്ഷിച്ചു:

'എനിക്ക് വൈശാഖധർമ്മങ്ങൾ ഉപദേശിച്ചു തരാൻ കനിവുണ്ടാകണം.'

എന്തെല്ലാമാണു വിധിപ്രകാരമുള്ള കൃത്യങ്ങൾ? അവ എങ്ങനെയാണ് ചെയ്യേണ്ടത്? എല്ലാം ശ്രുതദേവൻ വിവരിച്ചു. എന്നിട്ടു പറഞ്ഞു:

'രാജൻ, എനിക്കു നേരിട്ട് അനുഭവമുള്ള ഒരു സംഭവം കേൾക്കൂ.'

ഇതാണ് ആ കഥ:

ഒരു മനുഷ്യൻ മരണശേഷം പിശാചായി. പിശാചിനു വിശപ്പും ദാഹവും സഹിക്കാൻ വയ്യാതായി. ഭക്ഷണസാധനം യാതൊന്നും കിട്ടിയുമില്ല. പിശാച് സ്വന്തം ദേഹത്തിലെ മാംസം അറുത്തെടുത്തു. ആ മാംസം കടിച്ചുചവച്ചു തിന്നു. അത്യധികമായിരുന്നു വേദന. അതോടൊന്നിച്ചു ദാഹവും. പിശാച് വെള്ളം അന്വേഷിച്ച് അലഞ്ഞുനടന്നു. ഒരിടത്തും വെള്ളം കണ്ടെത്തിയില്ല. അതിനിടയ്ക്ക് പിശാചിന്റെ കണ്ഠത്തിൽ ഒരു ദ്വാരമുണ്ടായി. ഒടുവിൽ വെള്ളം കണ്ടുപിടിച്ചു കുടിച്ചുതുടങ്ങി. വായിൽ ഒഴിക്കുന്ന വെള്ളം കണ്ഠത്തിലെ ദ്വാരത്തിലൂടെ പുറത്തുപോകുന്നു. എന്തു ചെയ്യും?

ഒരിക്കൽ പിശാചിന് ഒരു മാംസക്ഷണം കിട്ടി. അതെടുത്തു വായിൽ ഇട്ടപ്പോഴോ? കണ്ഠദ്വാരത്തിൽ അതു കുടുങ്ങിപ്പോയി. മുകളിലേക്കു പോകുന്നില്ല, കീഴ്പോട്ടുംപോകുന്നില്ല. എത്ര വിമ്മിട്ടമായെന്നോ?

പിന്നൊരിക്കൽ ശ്രുതദേവൻ ഗംഗാസ്നാനത്തിനു പോവുകയായിരുന്നു. വഴിയിൽവെച്ച് ആ മുനിയെ പിശാച് കാണാൻ ഇടയായി. അദ്ദേഹത്തെ കൊന്നുതിന്നാനായി ചാടിവീഴുകയും ചെയ്തു. പക്ഷേ, മുനിയുടെ അടുത്തുചെല്ലാൻ സാധിച്ചില്ല. അത്ര അധികമായിരുന്നു അദ്ദേഹത്തിന്റെ തേജസ്സ്!

അദ്ദേഹം പറഞ്ഞു:

'പിശാചേ, ഞാൻ നിന്നെ ഉപദ്രവിക്കുകയില്ല. നീ ആരാണെന്നു പറയണം. എന്താണു നിന്റെ വിഷമങ്ങളെന്നും.'

പിശാച് മറുപടി നൽകി:

'ആനർത്തമാണ് എന്റെ ദേശം. മൈത്രൻ എന്നാണ് പേര്. ഞാൻ വേണ്ടുവോളം ജ്ഞാനം സമ്പാദിച്ചിരുന്നു. എന്നിരുന്നിട്ടും വൈശാഖത്തിൽ അന്നദാനം ചെയ്തില്ല. അതിനാൽ, എനിക്ക് ഈ ദുർദശ ഉണ്ടായി. ആട്ടെ, എനിക്ക് ശ്രുതദേവൻ എന്നൊരു പുത്രനുണ്ട്. എനിക്കുവേണ്ടി അവൻ വൈശാഖവിധികൾ ചെയ്യണം. അതാണ് എന്റെ ആഗ്രഹം. അങ്ങ് ശ്രുതദേവനെ അക്കാര്യം അറിയിക്കണം. എന്നു ഞാൻ അപേക്ഷിക്കുന്നു.'

ശിരസ്സിൽ പ്രഹരമേറ്റതുപോലെ തോന്നി ശ്രുതദേവന്. ഈ പിശാച് മറ്റാരുമല്ല തന്റെ പിതാവാണ്! കഷ്ടം! പിതാവിന് ഈ ദുരവസ്ഥ വന്നു ചേർന്നല്ലോ. ശ്രുതദേവൻ പൊട്ടിക്കരഞ്ഞുകൊണ്ട് പിശാചിന്റെ കാല്ക്കൽ വീണു:

'അച്ഛാ, ഞാൻ തന്നെയാണ് ശ്രുതദേവൻ. അച്ഛനുവേണ്ടി ഞാൻ എന്താ ണു ചെയ്യേണ്ടത്? എന്തായാലും ശരി, ചെയ്യാൻ സന്തോഷമേയുള്ളൂ!'

പിശാച് പറഞ്ഞു:

'മകനേ, നീ എനിക്കുവേണ്ടി വൈശാഖവ്രതം നോൽക്കണം. അന്നദാനം മുതലായ എല്ലാ പുണ്യകർമങ്ങളും ചെയ്യണം. അപ്പോൾ എനിക്കു സദ്ഗതി ലഭിക്കും.'

ശ്രുതദേവൻ അപ്രകാരം ചെയ്തു. മൈത്രന്റെ പിശാചുരൂപം മാറി. അയാൾ പരഗതിയും നേടി.

(സ്കാന്ദപുരാണം)

വ്യാഘ്രമുഖൻ

(മാഘമാസമാഹാത്മ്യം)

വർണ്ടൊരിക്കൽ പന്ത്രണ്ടു വർഷത്തേക്കു മഴയുണ്ടായില്ല. എല്ലായിടങ്ങളിലും കൃഷി നശിച്ചു. മാത്രമല്ല, പല അനർത്ഥങ്ങളും ഉണ്ടായി. ധർമം എങ്ങോ പോയി മറഞ്ഞു. കൊള്ളയും കൊലയും സാധാരണയായി.

നർമദാതീരത്തിൽ ആശ്രമമുണ്ടാക്കി പാർക്കുകയാണു ഭൃഗുമഹർഷി. അദ്ദേഹം ഒരു ശിഷ്യനോടുകൂടി ആശ്രമം ഉപേക്ഷിച്ചുപോയി. ചെന്നതു ഹിമാലയത്തിലേക്കാണ്. അവിടെ മണികൂടം എന്നൊരു ഇടമുണ്ട്. ഏറ്റവും മനോഹരമാണ് മണികൂടത്തിന്റെ പരിസരം. ഭൃഗുവും ശിഷ്യനും അവിടെ താമസമുറപ്പിച്ചു.

ഒരിക്കൽ ഒരു ഗന്ധർവൻ അവിടേക്കു ചെന്നു. ഗന്ധർവനൊന്നിച്ചു പത്നിയുമുണ്ട്. മറ്റു ഗന്ധർവന്മാരിൽനിന്നു വ്യത്യസ്തനാണ് ഈ ഗന്ധർവൻ. മുഖം ആരുകണ്ടാലും പേടിച്ചുപോകും. കാരണം, ഗന്ധർവന്റെ മുഖം വ്യാഘ്രമുഖമായിരുന്നു!

ഗന്ധർവസ്ത്രീയാണെങ്കിലോ? സുന്ദരികളിൽ സുന്ദരിയുമാണ്. ഭർത്താവും ഭാര്യയും തമ്മിൽ എന്തൊരു അന്തരം!

ഭൃഗു ചോദിച്ചു:

'ഹേ, ഗന്ധർവാ, എന്താണ് ഇങ്ങോട്ടുവരാൻ കാരണം?'

ഗന്ധർവൻ പറഞ്ഞു:

'മഹർഷേ, ഏതോ ഒരു ദുഷ്കർമത്തിന്റെ ശിക്ഷയാണ് എന്റെ വ്യാഘ്രമുഖം. അത് ഏതു ദുഷ്കർമമാണ് എന്ന് എനിക്ക് അറിഞ്ഞുകൂടതാനും. എന്റെ ഭാര്യയാണെങ്കിൽ പരമസുന്ദരി. സംഗീതത്തിൽ മഹാസമർത്ഥയാണ് അവൾ. ശിവൻപോലും അവളുടെ സംഗീതത്തെ പ്രശംസിച്ചിട്ടുണ്ട്. ഈ പൊരുത്തക്കേട് എങ്ങനെയുണ്ടായി? ആ വിചാരം എന്നെ സദാ അലട്ടുകയാണ്.'

ഭൃഗു ജ്ഞാനദൃഷ്ടികൊണ്ടു നോക്കി.

അപ്പോൾ കാരണം കണ്ടെത്തി.

അദ്ദേഹം പറഞ്ഞു:

'മൂജ്ജന്മത്തിൽ നിങ്ങൾ മാഘമാസത്തിൽ ഏകാദശീവ്രതം അനുഷ്ഠിച്ചു. പക്ഷേ, വ്രതത്തിൽ ചില പാകപ്പിഴകൾ പറ്റി. അവയുടെ ദുഷ്ഫലമാണ് ഇത് ആട്ടെ, ഞാനൊരു വഴി പറഞ്ഞുതരാം. നിങ്ങൾ മണികൂടനദിയിൽ മാഘസ്നാനം കഴിക്കൂ. ഇന്നു മാഘമാസം അഞ്ചാംതീയതിയാണ്. വെളുത്ത

ഏകാദശി ശരിക്കും നോക്കണം. ദ്വാദശിയിൽ ഞാൻ ജലം ജപിച്ചു ശുദ്ധമാക്കും. ആ ജലംകൊണ്ടു നിങ്ങളെ അഭിഷേകം ചെയ്യും. അപ്പോൾ ഫലം അറിയാറാകും.'

ഗന്ധർവൻ നിയമം തെറ്റാതെ അനുഷ്ഠാനങ്ങൾ നടത്തി.

അതോടെ അയാളുടെ വ്യാഘ്രമുഖത്തിനു മാറ്റമുണ്ടായി. അത് സാധാരണ ഗന്ധർവന്മാർക്കുള്ള മുഖമായി. അയാൾക്കും പത്നിക്കും എത്രമാത്രം സന്തോഷമായെന്നോ?

ദമ്പതികൾ ഭൃഗുവിനോടു വിടവാങ്ങി സ്വസ്ഥാനത്തേക്കു പോയി.

മൃഗശൃംഗൻ

(മാഘമാസമാഹാത്മ്യം)

മുനികുമാരനാണ് വത്സൻ. പിതാവ് കുത്സൻ എന്ന മുനി. മാതാവിന്റെ പേര് സുമുഖി എന്നും.

അഞ്ചു വയസ്സുമുതൽക്കേ വത്സൻ മാഘസ്നാനം ചെയ്തുതുടങ്ങി. ആദ്യമൊക്കെ മാഘസ്നാനം കാവേരി നദിയിൽ ആയിരുന്നു. പിന്നീട് ഓരോരോ സ്ഥലങ്ങളിൽ യാത്രചെയ്തു. അവിടങ്ങളിൽ മഹാവിഷ്ണുവിനെ ഭജിച്ചു. അങ്ങനെ നാരായണഗിരി എന്ന പർവതത്തിലെത്തി. അവിടെവെച്ച് മഹാവിഷ്ണു പ്രസന്നനായി, പ്രത്യക്ഷനായി.

ഭഗവാൻ അരുളിചെയ്തു:

'മൃഗശൃംഗാ, നീ യജ്ഞങ്ങൾകൊണ്ടു ദേവന്മാരെ പ്രീതിപ്പെടുത്തണം— സന്തതികൾകൊണ്ടു പിതൃക്കളെയും. ഇനിയത്തെ ജന്മത്തിൽ നിനക്കു മുക്തി ലഭിക്കും.'

വത്സൻ അഭ്യർത്ഥിച്ചു:

'ഭഗവാനേ, ഒരു വരം കൂടി തരണം. അവിടുന്ന് ഇവിടെ സ്ഥിരമായി വാണരുളണം. ജനങ്ങൾക്കെല്ലാം സർവസമ്പത്തുക്കളും നൽകണം.'

മുനികുമാരൻ ഒരു സംശയം കൂടി ചോദിച്ചു:

'കുത്സന്റെ മകനായ എന്റെ പേര് വത്സൻ എന്നാണ്. എന്നാൽ, അവിടുന്ന് എന്നെ മൃഗശൃംഗാ എന്നു വിളിച്ചു. എന്താണു കാരണമെന്ന് അറിയിക്കാൻ ദയവുണ്ടാകണം.'

മഹാവിഷ്ണു സംശയം തീർത്തുകൊടുത്തു:

'നീ നിശ്ചലനായിരുന്ന് എന്നെ ധ്യാനിച്ചിരുന്നു. മരംപോലെ അനങ്ങാതിരുന്നു. മാനുകൾ, മൃഗങ്ങൾ— നിന്നെ മരമെന്നു കരുതി അവ ശൃംഗങ്ങൾ, കൊമ്പുകൾ കൊണ്ടു നിന്റെ ശരീരത്തിൽ ഉരുമ്മി. അതുകൊണ്ടു ഞാൻ നിന്നെ മൃഗശൃംഗൻ എന്നു വിളിച്ചു. ഇനിമേൽ നീ ആ പേരിൽത്തന്നെ അറിയപ്പെടും.'

അത്രയും പറഞ്ഞ് മഹാവിഷ്ണു അപ്രത്യക്ഷനായി.

ഭഗവാന്റെ ആജ്ഞ പാലിക്കണമല്ലോ. മൃഗശൃംഗൻ നാരായണഗിരി വിട്ടിറങ്ങി. ജന്മദേശത്തിൽ തിരിച്ചെത്തി. മാതാവിന്റെയും പിതാവിന്റെയും സന്തോഷം വർണ്ണിക്കാനാവില്ല. മകൻ വിഷ്ണുദർശനം കഴിച്ചു വന്നിരിക്കയല്ലേ?

പുത്രന് സർവ്വഥാ യോഗ്യയായ ഒരു വധുവിനെ കണ്ടുപിടിക്കണം—അതിനായി കുത്സന്റെ ശ്രമം.

ആ ശ്രമം വിജയിച്ചില്ല.

കുത്സൻ പറഞ്ഞു:

'മകനേ, വിധിപ്രകാരം മാഘസ്നാനം ചെയ്തിട്ടുള്ളവനാണ് നീ. അതിനാൽ നിനക്ക് ഒരിക്കലും ബുദ്ധിമുട്ടു വരികയില്ല.'

ബുദ്ധിമുട്ട് വന്നുമില്ല. ഉചഥ്യൻ എന്ന മുനിക്ക് സുവൃത്ത എന്നൊരു പുത്രിയുണ്ട്. സുവൃത്തയും നിയമേന കാവേരിയിൽ മാഘസ്നാനം ചെയ്തു പോന്നു. അവളെ വിവാഹം കഴിക്കണം—അതായി മൃഗശൃംഗന്റെ ആഗ്രഹം.

ഉചഥ്യനും ആ ബന്ധം സമ്മതമായി.

സുവൃത്തയ്ക്കു മുന്നു സഖിമാരുണ്ട്. ഒരുനാൾ അവർ സഖിമാരോടൊന്നിച്ച് നദീസ്നാനത്തിനുപോയി. പൊടുന്നനവെ ഒരു കാട്ടാനക്കൂട്ടം അവരുടെ നേർക്കടുത്തു. കന്യകമാർ പേടിച്ച് അന്തംവിട്ട് പാഞ്ഞുതുടങ്ങി. കഷ്ടം എന്നല്ലാതെ എന്താണു പറയുക? അവരുടെ വഴിയിൽ ഒരു പൊട്ടക്കിണർ ഉണ്ടായിരുന്നു. വളരെ താഴ്ചയുള്ള പൊട്ടക്കിണറാണ്. വെപ്രാളപ്പെട്ട് ഓടുന്ന കന്യകമാർ അതു കണ്ടില്ല. എല്ലാവരും ഒന്നിച്ച് പൊട്ടക്കിണറ്റിൽ വീണു മരിക്കുകയും ചെയ്തു.

പതിവുനേരം കഴിഞ്ഞിട്ടും എന്തേ അവർ മടങ്ങിവരാത്തത്? അവരുടെ അച്ഛനമ്മമാരും ബന്ധുക്കളും പരിഭ്രാന്തരായി. എല്ലാവരുംകൂടി അന്വേഷിച്ചിറങ്ങി. കാട്ടിൽ ചെന്നപ്പോൾ എന്താണു കണ്ടത്? വസ്ത്രങ്ങളുടെ ഖണ്ഡങ്ങളും ആഭരണങ്ങളും അങ്ങുമിങ്ങും ചിതറിക്കിടക്കുന്നു. അവ കന്യകമാരുടെ വകതന്നെയാണ്. അതു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. ഒടുവിൽ അവർ പൊട്ടക്കിണർ കണ്ട് ഉള്ളിലേക്ക് എത്തിനോക്കി. അവിടെ കിടപ്പുണ്ട് കന്യകമാരുടെ ശവശരീരങ്ങൾ!

അച്ഛനമ്മമാരും ബന്ധുക്കളും പൊട്ടിക്കരഞ്ഞു.

അപ്പോഴേക്കും മൃഗശൃംഗൻ ആ സ്ഥലത്ത് എത്തിച്ചേർന്നു.

മുനികുമാരൻ പറഞ്ഞു:

'ഞാൻ ഈ നാലുപേരെയും ജീവിപ്പിക്കാം. പക്ഷേ, അതിനു ചില ദിവസങ്ങൾ വേണ്ടിവരും. അത്രയും ദിവസം നിങ്ങൾ ഇവരുടെ ശരീരങ്ങൾ കേടുവരാതെ സൂക്ഷിച്ചുകൊള്ളണം.'

തുടർന്ന് മൃഗശൃംഗൻ കാവേരി നദിയിൽ കഴുത്തോളം വെള്ളത്തിൽ ഇറങ്ങിനിന്നു. സൂര്യനിൽ ദൃഷ്ടിയുറപ്പിച്ച് യമനെ സ്തുതിചെയ്തു.

അതു ദിവസേനയുള്ള പതിവുമായി.

ഒരിക്കൽ നദിയുടെ അടിയിൽനിന്ന് ഒരു കൊമ്പനാന ഉയർന്നുവന്നു. ആ ഘോരമൃഗം മൃഗശൃംഗനെ കൊല്ലാനെന്ന ഭാവത്തിൽ സമീപിക്കുന്നു. മൃഗശൃംഗനാകട്ടെ, തെല്ലേശം കൂടാതെ അതേ നില്പിൽ നില്ക്കുന്നു. കൊമ്പനാന മുനികുമാരനെ തുമ്പിക്കൈകൊണ്ട് എടുക്കുന്നു. ഉയർത്തി തന്റെ പുറത്ത് ഇരുത്തുന്നു!

ദിവ്യദൃഷ്ടിയുള്ള മൃഗശൃംഗന് ആന ആരെന്ന് മനസ്സിലായി. അതിനെ രക്ഷിക്കണം എന്ന ആഗ്രഹവും ഉണ്ടായി. അദ്ദേഹം അതിനോടു വിളിച്ചുപറഞ്ഞു:

'ഞാൻ എട്ടുനാളത്തെ മാഘസ്നാനംകൊണ്ട് എത്ര പുണ്യം നേടിയിട്ടുണ്ടോ. അത്രയും പുണ്യം ഇതാ നിനക്കു തരുന്നു!'

എന്നിട്ട് അദ്ദേഹം വെള്ളം ജപിച്ച് ആനയുടെ മേൽ തളിച്ചു.

ആന ദിവ്യവേഷം ധരിച്ചു നിൽക്കുന്നു!

ദിവ്യവേഷക്കാരൻ തന്റെ പൂർവ്വകഥ കേൾപ്പിച്ചു:

മുമ്പൊരു ജന്മത്തിൽ മനുഷ്യനായിരുന്നു. നിഷധത്തിലാണ് താമസം. പേര് ധർമഗുപ്തൻ എന്നും. എത്ര സത്കൃത്യങ്ങളാണ് ചെയ്തുവരുന്നത്! വൈശ്യനായതുകൊണ്ട് കച്ചവടമാണ് തൊഴിൽ. യാതൊരു കള്ളമോ ചതിവോ തൊഴിലിൽ കാണിക്കുകയുമില്ല. കച്ചവടം സമ്പാദ്യത്തിനു വഴി തെളിച്ചു. സമ്പാദ്യം ക്രമമായി വർദ്ധിച്ചുകൊണ്ടുമിരുന്നു. ഒടുവിൽ ധർമഗുപ്തൻ എന്തുചെയ്തു? സമ്പാദ്യത്തിന്റെ പകുതി ഏകപുത്രനായി നീക്കിവെച്ചു. മറ്റേ പകുതി ധർമപ്രവൃത്തികൾക്കായും. ആ പകുതികൊണ്ട് അയാൾ ദേവാലയങ്ങളും ഉദ്യാനങ്ങളും മറ്റും നിർമിച്ചു. ഗോദാനം, ഭൂമിദാനം മുതലായ ദാനങ്ങൾ ചെയ്തു. അങ്ങനെ കാലം കഴിച്ചു.

വിധിബലം എന്നല്ലാതെ എന്തു പറയാനാണ്! ധർമഗുപ്തൻ ഒരു മസവാദിയുടെ അധീനതയിലായി.

താഴ്ന്നതരം ലോഹങ്ങളെ സ്വർണമാക്കുന്ന ഒരു വിദ്യയുണ്ട്. ആ വിദ്യ അറിയാവുന്നവനാണ് മസവാദി. അയാളോടുള്ള അടുപ്പം കാരണം ധർമഗുപ്തന്റെ സ്വഭാവം മാറി. അയാൾക്കു മസവാദത്തിൽ അതിയായ താത്പര്യം ഉളവായി. കൈയിലുള്ള ധനമെല്ലാം അയാൾ അതിനായി കളഞ്ഞുകുളിച്ചു. ഒടുവിൽ ഒരൊറ്റ ചില്ലിക്കാശ് ശേഷിച്ചില്ല. ദാരിദ്ര്യത്തോടുകൂടി വാർദ്ധക്യം വന്നെത്തി—മാത്രമല്ല, കഠിനമായ രോഗവും. ഭക്ഷണം കിട്ടാൻ വഴിയും ഇല്ലാതായി. വല്ലയിടത്തും ചെന്ന് ആഹാരം യാചിക്കും. കിട്ടിയാൽ മേടിക്കും. ഇല്ലെങ്കിൽ പട്ടിണികിടക്കും.

ഒരിക്കൽ കുറെനാൾ തുടർച്ചയായി ഒന്നും തിന്നാൻ കിട്ടിയില്ല. അപ്പോഴാണ് ഒരു വീട്ടിൽനിന്നും മൃഷ്ടാന്നം ലഭിച്ചത്. ധർമഗുപ്തൻ അത്യാർത്തിയോടുകൂടി വാരിവാരി തിന്നു. അതോടെ അതിസാരം എന്ന രോഗം ബാധിച്ചു. ആ രോഗം അയാളുടെ മരണത്തിൽ കലാശിച്ചു.

എങ്കിലും അയാൾ മുമ്പ് ഒന്നു ചെയ്തിരുന്നു—വിധിപ്രകാരമുള്ള മാഘസ്നാനം. ഫലമായി പുണ്യവും നേടിയിട്ടുണ്ട്. അങ്ങനെ അയാൾ സ്വർഗത്തു പോയി.

പക്ഷേ, കുറേക്കാലം കഴിഞ്ഞ് ആ പുണ്യം ക്ഷയിക്കുകയാണുണ്ടായത്. അയാൾ ഒരു കൊമ്പനാനയായി ജന്മമെടുത്തു. ഇപ്പോഴിതാ കഷ്ടകാലം അവസാനിക്കുകയും ചെയ്തിരിക്കുന്നു.

ഇതാണ് ദിവ്യൻ മൃഗശൃംഗനെ കേൾപ്പിച്ച ആത്മകഥ.

മൃഗശൃംഗൻ യമാരാധന തുടർന്നുപോയി.

യമൻ സംതൃപ്തനായി ദർശനം നൽകി.

മൃഗശൃംഗൻ വരം ചോദിച്ചു:

'ദേവാ, പൊട്ടക്കിണറ്റിൽ നാലു കന്യകമാർ മരിച്ചുകിടക്കുന്നു. അവിടുന്ന് അവരെ ജീവിപ്പിക്കണം.'

യമൻ ആ വരം നൽകി. നാലു കന്യകമാരും ജീവിച്ചെണീറ്റു. അവരിൽ രണ്ടുപേർക്കും ഒരു തകരാറും ഉണ്ടായിരുന്നില്ല.

കന്യകമാർ വീണ്ടും മാഘസ്നാനം ചെയ്തുതുടങ്ങി.

മൃഗശൃംഗൻ തന്റെ ആശ്രമത്തിലേക്കു മടങ്ങിപ്പോയി.

അദ്ദേഹം സുവൃത്തയെ കല്യാണം കഴിച്ചു.

സുവൃത്തയ്ക്കു മൂന്നു സഖിമാരുണ്ടല്ലോ. കമല, വിമല, സുരസ—അവരായിരുന്നു പേരുകൾ. അവർ മൃഗശൃംഗന് ഒരപേക്ഷ സമർപ്പിച്ചു—അവരെയും അദ്ദേഹം പത്നിമാരാക്കണം എന്ന്.

കല്യാണത്തിന് അനേകം മുനിമാർ വന്നെത്തിയിരുന്നു. മൃഗശൃംഗൻ അവരുടെ അഭിപ്രായം അന്വേഷിച്ചു: 'ഒരു പുരുഷനു നാലു പത്നികളാകാമോ?'

മുനിമാരുടെയിടയിൽ വ്യാസനും ഉണ്ടായിരുന്നു.

അദ്ദേഹം വിധി കല്പിച്ചു:

'ചിലരൊക്കെ ഒന്നിലധികം വിവാഹങ്ങൾ കഴിച്ചിരുന്നു. ഒരു ഉദാഹരണം സൗഭരി എന്ന മഹർഷിയാണ്. അദ്ദേഹം അമ്പതു കന്യകമാരെ പരിണയിച്ചു. അങ്ങേയ്ക്കു നാലു ഭാര്യമാരാകുന്നതുകൊണ്ട് വിരോധമില്ല.'

മൃഗശൃംഗൻ ആ വിധി അംഗീകരിച്ചു. അങ്ങനെ അദ്ദേഹം സുവൃത്തയുടെ സഖികളെയും വിവാഹം കഴിച്ചു. അവരൊന്നിച്ചു ദാമ്പത്യജീവിതം നയിച്ചു.

വളരെക്കാലം കഴിഞ്ഞ് അദ്ദേഹം ആ ജീവിതം അവസാനിപ്പിച്ചു. വനത്തിൽ ചെന്നു തപസ്സുചെയ്തു. ഒടുവിൽ പരഗതിയും നേടി.

ശ്രീരാമനും ഹനുമാനും

(ശിവലിംഗപ്രതിഷ്ഠാമാഹാത്മ്യം)

ഗന്ധമാദനത്തിൽ ശിവലിംഗം പ്രതിഷ്ഠിക്കണം. അതായി ശ്രീരാമന്റെ നിശ്ചയം.

ശ്രീരാമൻ ഹനുമാനെ അരികിൽ വിളിച്ചു:

'ശിവലിംഗം കൈലാസത്തുനിന്നും കൊണ്ടുവരണം. നീ വേണം അതു ചെയ്യാൻ.'

ഹനുമാൻ സ്വാമിയുടെ ആജ്ഞ ശിരസാവഹിച്ചു യാത്രയായി. ആ വാനരശ്രേഷ്ഠൻ കാലം കളയാതെ കൈലാസത്തിൽ എത്തിച്ചേർന്നു. പലയിടങ്ങളിലും ശിവലിംഗം അന്വേഷിച്ചു. ഒരിടത്തുനിന്നും കണ്ടുകിട്ടിയില്ല. ഇനി ഒരു വഴിയേ അവശേഷിക്കുന്നുള്ളു. തപസ്സുചെയ്യുക എന്നതാണ് ആ വഴി. ഹനുമാൻ തപസ്സ് ആരംഭിച്ചു. തപസ്സുചെയ്തത് ശിവനെയും.

ശ്രീരാമൻ ഹനുമാന്റെ തിരിച്ചുവരവിനായി കാത്തിരുന്നു. അതിന്റെയാതൊരു ലക്ഷണവും കണ്ടുമില്ല. പ്രതിഷ്ഠയ്ക്കുള്ള ശുഭമുഹൂർത്തം അടുത്തുവരുന്നു. ആ മുഹൂർത്തത്തിൽ പ്രതിഷ്ഠ നടത്തിയേ കഴിയൂ.

മുനിമാർ പറഞ്ഞു:

'ശ്രീരാമചന്ദ്രാ, സമയം അതിക്രമിക്കുന്നു. ഇനി പ്രതിഷ്ഠ വൈകിക്കാൻ പാടില്ല. ഹനുമാനുവേണ്ടി കാത്തിരുന്നാൽ പറ്റുകയില്ല.'

നിവൃത്തിയില്ലാതെ ശ്രീരാമൻ മറ്റൊരു ശിവലിംഗം പ്രതിഷ്ഠിച്ചു.

ശിവൻ പ്രത്യക്ഷനായി പറഞ്ഞു:

'അങ്ങ് ഇവിടെ പ്രതിഷ്ഠ നടത്തിയല്ലോ. ഇവിടം ലോകർക്കെല്ലാം പാവനമായിത്തീരും. രാമേശ്വരം എന്നപേരിൽ ഇവിടം അറിയപ്പെടും.'

ശ്രീരാമൻ നന്ദികേശ്വരനെയും പ്രതിഷ്ഠിച്ചു. വില്ലിന്റെ അറ്റംകൊണ്ട് ഒരു തീർത്ഥം ചമച്ചു. അതിനു കോടിതീർത്ഥം എന്നു പേരായി.

അപ്പോൾ ഹനുമാന്റെ തപസ്സ് എന്തായി? ആ വാനരശ്രേഷ്ഠൻ ശിവനിൽനിന്ന് ശിവലിംഗം നേടി. അതുമായി ശ്രീരാമന്റെ സവിധത്തിൽ തിരിച്ചെത്തി.

പക്ഷേ, അപ്പോഴേക്കും പ്രതിഷ്ഠ കഴിഞ്ഞിരുന്നു.

ഹനുമാൻ അതീവ ദുഃഖിതനായി. കൈലാസത്തുപോവുക, തീവ്രമായ തപസ്സുചെയ്യുക, ഇവിടെ തിരിച്ചുവരിക—എല്ലാം എത്ര ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ്. ചെയ്ത പ്രവൃത്തികളെല്ലാം വ്യർത്ഥമായി. ഹനുമാൻ കരഞ്ഞുപോയി.

ശ്രീരാമൻ ദാസനെ സാന്ത്വനപ്പെടുത്തി:

'ഹനുമാനേ, നീ കൊണ്ടുവന്നില്ലേ ശിവലിംഗം? അത് ഇവിടെത്തന്നെ പ്രതിഷ്ഠിക്കണം. ആദ്യം ഞാൻ പ്രതിഷ്ഠിച്ചത് എടുത്തുമാറ്റൂ. അതിന്റെ സ്ഥാനത്തു പുതിയതു പ്രതിഷ്ഠിക്കൂ. പക്ഷേ, ഒന്നുണ്ട്. എന്റെ പ്രതിഷ്ഠ ഇളക്കാൻ ബുദ്ധിമുട്ട് ഉണ്ടായേക്കും.'

അല്പമൊരു ഗർവ്വമുണ്ട് ഹനുമാന്. മഹാശക്തനായ തനിക്ക് ബുദ്ധിമുട്ടോ? നന്നായി. ആ വാനരശ്രേഷ്ഠൻ ശിവലിംഗം ഒന്നു പിടിച്ചു കുലുക്കി. അതിന് ഒരു ഇളക്കവും തട്ടിയില്ല. ഹനുമാൻ കൂടുതൽ ശക്തി പ്രയോഗിച്ചു. ഫലമില്ല. സർവശക്തികളും ചേർത്തു. പ്രയോജനമില്ല. ഓഹോ, താൻ തോറ്റുപോവുകയോ? അതൊരിക്കലും സംഭവിച്ചുകൂടാ. ഹനുമാനു നല്ലൊരു വഴി തോന്നി. വാലുകൊണ്ട് പ്രതിഷ്ഠയെ വരിഞ്ഞുകെട്ടി. എന്നിട്ട് ഊക്കോടെ മുകളിലേക്ക് ഒരു ചാട്ടം! പ്രതിഷ്ഠ ഇളകിവരുമെന്നു തീർച്ചയായിരുന്നു. പക്ഷേ, അത് അണുവോളം ഇളകിയില്ല. മാത്രമല്ല, ഹനുമാൻ നിലംപതിച്ചു. ശരീരത്തിൽ നിന്ന് രക്തം ഒഴുകിയിറങ്ങി. തുടർന്നു ബോധക്ഷയം ഉണ്ടാവുകയും ചെയ്തു.

ബോധം തിരിച്ചുവന്നപ്പോഴോ? ഗർവം ഒഴിഞ്ഞുമാറിയിരുന്നു. ദാസൻ സ്വാമിയുടെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു.

ശ്രീരാമൻ പറഞ്ഞു:

'ഹനുമാനേ, ഞാൻ സ്ഥാപിച്ച ശിവലിംഗം എടുത്തുമാറ്റാൻ നീ ശ്രമിച്ചു. അത്രയ്ക്കു ശക്തി നിനക്കു മാത്രമല്ല, ത്രിലോകങ്ങളിൽ ആർക്കുമില്ല. നിന്റെ അഹങ്കാരം ശമിച്ചുവല്ലോ. അതു നന്നായി. ആട്ടെ, ഇതിനടുക്കൽ നീയും പ്രതിഷ്ഠിച്ചുകൊള്ളൂ.'

അങ്ങനെ ഹനുമാനും ശിവലിംഗം സ്ഥാപിച്ചു, അല്പം വടക്കുമാറിയിട്ട്.

ബ്രഹ്മരാക്ഷസന്മാർ

(തുളസീമാഹാത്മ്യം)

കാശ്മീരക്കാരാണ് ഹരിമേധനും സുമേധാവും. അതേസമയം ആപ്തമിത്രങ്ങളും. സദ്‌വൃത്തന്മാരും ധർമിഷ്ഠന്മാരും ആയിരുന്നു ഇരുവരും. സാധാരണയായി അവർ പിരിഞ്ഞിരിക്കാറില്ല.

ഒരിക്കൽ അവർ ഒന്നിച്ചു സഞ്ചാരത്തിനിറങ്ങി.

മാർഗമദ്ധ്യേ ഒരു വനത്തിൽക്കൂടി പോകേണ്ടതായിവന്നു. ആ വനത്തിൽ ധാരാളം ചെടികൾ നില്പുണ്ട്. അവയിലൊന്നു തുളസിയാണ്. സുമേധാവ് തുളസിച്ചെടിയുടെ അടുക്കലേക്കു നടന്നു. കൂപ്പുകൈയോടെ അതിനെ പ്രദക്ഷിണം ചെയ്തു. അതിനുശേഷം അതിനെ സാഷ്ടാംഗം പ്രണമിച്ചു.

ഹരിമേധൻ ചോദിച്ചു:

'സ്നേഹിതാ, നിങ്ങൾ ഇത്ര ഭക്തിയോടുകൂടി തുളസിയെ വന്ദിക്കുന്നത് എന്തിനാണ്?'

സുമേധാവ് പറഞ്ഞു:

'അതാ, ഒരു ആൽമരം കാണുന്നില്ലേ? നമുക്ക് അതിന്റെ ചുവട്ടിലേക്ക് പോകാം. അവിടെ നല്ല തണലുണ്ട്. നമുക്കു സുഖമായിരുന്നു സംസാരിക്കാം.'

ഇരുവരും ആലിൻചുവട്ടിൽ ചെന്നിരുന്നു.

സുമേധാവ് തുളസിയുടെ മാഹാത്മ്യം വർണിച്ചുതുടങ്ങി.

പെട്ടെന്ന് ആൽമരം പൊട്ടിവീണു. അതിൽനിന്നു രണ്ടു ദിവ്യരൂപികൾ ആവിർഭവിച്ചു. അവർ സുമേധാവിനെയും ഹരിമേധനെയും വന്ദിച്ചു.

സ്നേഹിതന്മാർക്ക് ദിവ്യരൂപികളെക്കുറിച്ച് അറിയാൻ ജിജ്ഞാസയുണ്ടായി.

ദിവ്യരൂപികൾ തങ്ങളുടെ പൂർവകഥ കേൾപ്പിച്ചു.

ഒരാൾ സ്വർഗലോകത്തു താമസിക്കുകയായിരുന്നു. മുമ്പൊരിക്കൽ അയാൾ സ്വൈരസഞ്ചാരത്തിന് ഇറങ്ങി. ഒന്നിച്ചു പത്നിമാരെയും കൊണ്ടു പോയി. അവർ ഉല്ലാസമായി വിഹരിച്ചു. ഒരു പർവതം സമീപത്ത് ഉണ്ടായിരുന്നു. ആകസ്മികമായി ആപത്തു സംഭവിച്ചു.

സ്വർഗസ്ത്രീകൾ തലമുടിയിൽ ധാരാളം പൂക്കൾ തിരുകിയിരുന്നു. ഒരുവളുടെ തലമുടിയിൽനിന്ന് ഒരു പൂവ് ഉതിർന്നുവീഴാനിടയായി. ആ പൂവ് വീണതു നിലത്തല്ല, പിന്നെയോ തപസ്സുചെയ്യുന്ന ഒരു മഹർഷിയുടെ ശിരസ്സിൽ. ലോമശൻ എന്ന മഹർഷിയാണത്. പൂവ് ശിരസ്സിൽ വീണപ്പോൾ തപസ്സിനു ഭംഗമുണ്ടായി. മഹർഷിക്കു കോപംവന്നു. കോപം ശാപത്തിനു കാരണവുമായി. ശാപമേറ്റത് ആ സ്വർഗസ്ത്രീക്കല്ല, എല്ലാവരുടെയും ഭർത്താവായ ദേവനായിരുന്നു. ആ ദേവൻ ബ്രഹ്മരാക്ഷസനാവട്ടെ! അതായിരുന്നു ശാപം.

ആ ദേവൻ ബ്രഹ്മരാക്ഷസനായി ഈ ആൽമരത്തിൽ പാർത്തുവന്നു.

രണ്ടാമത്തെ ദിവ്യരൂപിയോ? അയാൾ മുമ്പൊരിക്കൽ തന്റെ ഗുരുവിനെ നിന്ദിച്ചു. ഗുരു കോപിച്ചു ശിഷ്യനെ ശപിച്ചു ബ്രഹ്മരാക്ഷസനാക്കി. അയാളുടെ വാസവും ആൽമരത്തിൽ ആയിരുന്നു.

ഇരുവർക്കും ലഭിച്ചിരുന്ന ശാപമോക്ഷം ഒന്നുതന്നെ—ഒരു വിഷ്ണുഭക്തൻ തുളസിയുടെ മാഹാത്മ്യം വർണിക്കും, അതുകേൾക്കുമ്പോൾ അവർക്കു പൂർവരൂപങ്ങൾ വീണ്ടുകിട്ടും!

അതാണ് ഇപ്പോൾ സംഭവിച്ചത്.

മൂന്നു പിശാചുക്കൾ

(ഗായത്രീമന്ത്രമാഹാത്മ്യം)

മൂന്നു സഹോദരന്മാർ—മണി, ന്യഗ്രോധൻ, ഈശ്വരൻ. ചെറുപ്പത്തിലേ മണിയും ന്യഗ്രോധനും ലൗകികജീവിതം ഉപേക്ഷിച്ചു. ഈശ്വരനാകട്ടെ, ഗ്രഹസ്ഥാശ്രമം സ്വീകരിക്കയാണു ചെയ്തത്—അത്ര ഇഷ്ടമല്ല എങ്കിലും വംശം നിലനിർത്തണമല്ലോ. അതിനുവേണ്ടി മാത്രം.

സാരംഗി എന്നാണ് ഈശ്വരന്റെ പത്നിയുടെ പേര്. ദമ്പതികൾക്ക് അനേകം പുത്രന്മാരുണ്ടായി. അവരെ പുലർത്താനുള്ള വഴിയുമില്ല. കുട്ടികൾ പലപ്പോഴും വിശന്നു കരയാറുണ്ട്. എങ്കിൽ എന്ത്? ദാരിദ്ര്യം ഈശ്വരന്റെ ഭക്തിയെ ഇല്ലായ്മ ചെയ്തില്ല—മറിച്ച് അതിനെ വർദ്ധിപ്പിച്ചതേയുള്ളു. അദ്ദേഹം പൂജയും ജപവും മറ്റും നിഷ്കർഷയോടെ ചെയ്തുപോന്നു. ഒരിക്കലും അവയ്ക്കു മുടക്കം വരുത്തിയുമില്ല.

ഒരിക്കൽ ഈശ്വരൻ കാവേരിയിൽ സ്നാനം ചെയ്യുകയായിരുന്നു. സ്നാനത്തിനുശേഷം ഗായത്രീമന്ത്രം ജപിക്കാനും തുടങ്ങി. അപ്പോൾ അദ്ദേഹത്തെ കൊന്നുതിന്നാനായി വന്നടുത്തു മൂന്നു പിശാചുക്കൾ.

പക്ഷേ, പിശാചുക്കൾക്ക് അകലെ നിൽക്കാനേ കഴിഞ്ഞുള്ളു.

അത്ര അധികമായിരുന്നു ഈശ്വരന്റെ ആത്മബലം.

പിശാചുക്കൾക്കാണെങ്കിലോ? സഹിക്കവയ്യാത്ത ദാഹമുണ്ട്, വിശപ്പുണ്ട്. അവർക്ക് വെള്ളവും കിട്ടുന്നില്ല, ഭക്ഷണവും കിട്ടുന്നില്ല. അവർ ദൈന്യതയോടെ കരഞ്ഞുതുടങ്ങി.

ഈശ്വരനു പിശാചുക്കളോടു തോന്നിയതു വെറുപ്പോ കോപമോ അല്ല, മറിച്ച് അതിയായ കാരുണ്യം!

അദ്ദേഹം പറഞ്ഞു:

'ഹേ പിശാചുക്കളേ, നിങ്ങൾ വാസ്തവത്തിൽ ആരെന്നു പറയുവിൻ. ഞാൻ നിങ്ങളെ സഹായിക്കാം.'

പിശാചുക്കൾ അവരുടെ പൂർവകഥ കേൾപ്പിച്ചു.

ഒന്നാമൻ സൗരാഷ്ട്രക്കാരനായ വിഷ്ണുശർമ എന്ന ബ്രാഹ്മണൻ ആയിരുന്നു. പണ്ഡിതനും കുലീനനും ആയിരുന്നു വിഷ്ണുശർമ. എങ്കിലും രണ്ടു ദുഷ്യങ്ങൾ ഉണ്ടായിരുന്നു. ഒന്ന്, അതിരുകടന്ന ഗർവ്വം. രണ്ട്, ദൈവമില്ല എന്ന അഭിപ്രായം. വല്ലവരും വൈഷ്ണവകഥകൾ പറഞ്ഞെന്നിരിക്കട്ടെ. അയാൾ അവരെ ധിക്കരിക്കും എന്നു മാത്രമല്ല വിഘ്നപ്പെടുത്തുകയും ചെയ്യും. ഒടുവിൽ അയാൾ ആ ദുഷ്കൃത്യങ്ങളുടെ ഫലം അനുഭവിച്ചു. അയാളുടെ ഭാര്യയും പുത്രന്മാരും മരിച്ചു. പശുക്കളെ കള്ളന്മാർ കൊണ്ടുപോയി. ധനത്തെ രാജാവ് കണ്ടുകെട്ടി. ബന്ധുക്കൾ അയാളെ കൈവെടിഞ്ഞു. അയാൾ ശരണമില്ലാതെ അലഞ്ഞുതിരിഞ്ഞു. ഒടുവിൽ ഇടിവെട്ടേറ്റു മരിച്ചു.

കൂറേക്കാലം നരകത്തിൽ കിടന്നു. പിന്നീട് പിശാചായി; അതേസമയം ബധിരനുമായി.

രണ്ടാമൻ ദ്രാവിഡദേശക്കാരൻ ആയിരുന്നു—സുജനൻ എന്നു പേരായ ഒരു ബ്രാഹ്മണൻ. സ്വഭാവം വിഷ്ണുശർമയുടേതുപോലെതന്നെ. വിദ്യ ഉപയോഗിച്ചതു ധനം സമ്പാദിക്കാൻ മാത്രവും. അയാൾ അല്പായുസ്സായി മരിച്ചു, പിശാചുമായി.

മൂന്നാമൻ ഉജ്ജയിനിയിലെ രാജാവായിരുന്നു—സാധുക്കളെ ദ്രോഹിക്കുന്ന രാജാവ്! ഭക്തന്മാരെയും രാജാവ് വെറുതെ വിട്ടില്ല. ശിവനെ പഴിക്കുക എന്നതു പതിവുമായി. അയാൾ എല്ലാവരോടും പറഞ്ഞു നടന്നത് എന്തെന്നോ? ശിവനെ ഭജിച്ചാൽ ദുർഗതി ലഭിക്കുമെന്ന്! പോരെ? എന്തിനു പറയുന്നു. ആ രാജാവ് കുഷ്ഠരോഗിയായി. വളരെ അധികം കഷ്ടപ്പെട്ടു. ഒടുവിൽ മരിച്ചു നരകംപുകി. പിന്നീടു പിശാചുമായി.

ഇതായിരുന്നു പിശാചുക്കളുടെ പൂർവകഥകൾ.

അവർ ഈശ്വരനോടു യാചിച്ചു:

'അവിടുന്ന് ഞങ്ങളെ രക്ഷിക്കണേ!'

ഈശ്വരൻ കമണ്ഡലുവിൽ കാവേരീജലം എടുത്തു. പത്തുപ്രാവശ്യം ഗായത്രീമന്ത്രം ജപിച്ചു. പിശാചുക്കളുടെമേൽ ജലം തളിച്ചു. തത്ക്ഷണം അവർ ദിവ്യരൂപങ്ങൾ ധരിച്ചു വിളങ്ങി.

അവർ ഈശ്വരനെ നമസ്കരിച്ചിട്ടു സ്വർഗത്തിലേക്കു യാത്രയായി.

ഈശ്വരൻ വീണ്ടും ജപം തുടർന്നു.

വിഷ്ണുദൂതന്മാർ പ്രത്യക്ഷരായി പറഞ്ഞു:

'അങ്ങ് അങ്ങയുടെ പുണ്യത്തെ പിശാചുക്കൾക്ക് നൽകി. ഇനി എങ്ങനെ അങ്ങ് പുണ്യലോകത്തിലേക്കു പോകും?'

ഈശ്വരൻ മറുപടി നൽകി:

'ഹേ വിഷ്ണുദൂതന്മാരേ, പരോപകാരമാണ് ഏറ്റവും വലിയ പുണ്യം. എനിക്കു പുണ്യലോകം ലഭിച്ചില്ലെങ്കിലും തരക്കേടില്ല. പിശാചുക്കൾക്ക് സദ്ഗതി കിട്ടിയല്ലോ. അക്കാരണത്താൽ ഞാൻ അതീവ സംതൃപ്തനാണ്.'

കണ്ടില്ലേ ഈശ്വരന്റെ മഹാത്മ്യം?

വിഷ്ണുദൂതന്മാർ അദ്ദേഹത്തെ വിഷ്ണുലോകത്തിലേക്കു നയിച്ചു.

കൂറേക്കാലം ഈശ്വരൻ ആ ലോകത്തിൽ ജീവിച്ചു. അതിനുശേഷം അദ്ദേഹം വീണ്ടും മനുഷ്യജന്മം എടുത്തു. ആ ജന്മത്തിൽ ആരായിരുന്നുവെന്നോ? വിശ്വാമിത്രമഹർഷി!

ചഞ്ചുല

(ശിവപുരാണമാഹാത്മ്യം)

സമുദ്രത്തിന് അല്പം അകലെ ഒരു ഗ്രാമമുണ്ട്. ബാഷ്കലം എന്നാണ് ആ ഗ്രാമത്തിന്റെ പേര്. അവിടത്തെ ജനങ്ങൾ പ്രായേണ ദുർവൃത്തരാണ്—പുരുഷന്മാർ മാത്രമല്ല സ്ത്രീകളും.

ബിന്ദുഗൻ എന്നൊരു ആളുമുണ്ട് ബാഷ്കലയിൽ. ജനിച്ചതു ബ്രാഹ്മണനായിട്ടാണ്. ചെയ്യുന്നതോ അധർമപ്രവൃത്തികളും.

ഇരുവർക്കും ലഭിച്ചിരുന്ന ശാപമോക്ഷം ഒന്നുതന്നെ—ഒരു വിഷ്ണുഭക്തൻ തുളസിയുടെ മാഹാത്മ്യം വർണിക്കും, അതുകേൾക്കുമ്പോൾ അവർക്കു പൂർവരൂപങ്ങൾ വീണ്ടുകിട്ടും!

അതാണ് ഇപ്പോൾ സംഭവിച്ചത്.

മൂന്നു പിശാചുക്കൾ

(ഗായത്രീമന്ത്രമാഹാത്മ്യം)

മൂന്നു സഹോദരന്മാർ—മണി, ന്യഗ്രോധൻ, ഈശ്വരൻ. ചെറുപ്പത്തിലേ മണിയും ന്യഗ്രോധനും ലൗകികജീവിതം ഉപേക്ഷിച്ചു. ഈശ്വരനാകട്ടെ, ഗ്രഹസ്ഥാശ്രമം സ്വീകരിക്കയാണു ചെയ്തത്—അതത്ര ഇഷ്ടമല്ല എങ്കിലും വംശം നിലനിർത്തണമല്ലോ. അതിനുവേണ്ടി മാത്രം.

സാമഗി എന്നാണ് ഈശ്വരന്റെ പത്നിയുടെ പേര്. ദമ്പതികൾക്ക് അനേകം പുത്രന്മാരുണ്ടായി. അവരെ പുലർത്താനുള്ള വഴിയുമില്ല. കുട്ടികൾ പലപ്പോഴും വിശന്നു കരയാറുണ്ട്. എങ്കിൽ എന്ത്? ദാരിദ്ര്യം ഈശ്വരന്റെ ഭക്തിയെ ഇല്ലായ്മ ചെയ്തില്ല—മറിച്ച് അതിനെ വർദ്ധിപ്പിച്ചതേയുള്ളൂ. അദ്ദേഹം പൂജയും ജപവും മറ്റും നിഷ്കർഷയോടെ ചെയ്തുപോന്നു. ഒരിക്കലും അവയ്ക്കു മുടക്കം വരുത്തിയുമില്ല.

ഒരിക്കൽ ഈശ്വരൻ കാവേരിയിൽ സ്നാനം ചെയ്യുകയായിരുന്നു. സ്നാനത്തിനുശേഷം ഗായത്രീമന്ത്രം ജപിക്കാനും തുടങ്ങി. അപ്പോൾ അദ്ദേഹത്തെ കൊന്നുതിന്നാനായി വന്നടുത്തു മൂന്നു പിശാചുക്കൾ.

പക്ഷേ, പിശാചുക്കൾക്ക് അകലെ നിൽക്കാനേ കഴിഞ്ഞുള്ളൂ.

അത്ര അധികമായിരുന്നു ഈശ്വരന്റെ ആത്മബലം.

പിശാചുക്കൾക്കാണെങ്കിലോ? സഹിക്കവയ്യാത്ത ദാഹമുണ്ട്, വിശപ്പുണ്ട്. അവർക്ക് വെള്ളവും കിട്ടുന്നില്ല, ഭക്ഷണവും കിട്ടുന്നില്ല. അവർ ദൈന്യതയോടെ കരഞ്ഞുതുടങ്ങി.

ഈശ്വരനു പിശാചുക്കളോടു തോന്നിയതു വെറുപ്പോ കോപമോ അല്ല, മറിച്ച് അതിയായ കാരുണ്യം!

അദ്ദേഹം പറഞ്ഞു:

'ഹേ പിശാചുക്കളേ, നിങ്ങൾ വാസ്തവത്തിൽ ആരെന്നു പറയുവിൻ. ഞാൻ നിങ്ങളെ സഹായിക്കാം.'

പിശാചുക്കൾ അവരുടെ പൂർവകഥ കേൾപ്പിച്ചു.

ഒന്നാമൻ സൗരാഷ്ട്രക്കാരനായ വിഷ്ണുശർമ എന്ന ബ്രാഹ്മണൻ ആയിരുന്നു. പണ്ഡിതനും കുലീനനും ആയിരുന്നു വിഷ്ണുശർമ. എങ്കിലും രണ്ടു ദുഷ്യങ്ങൾ ഉണ്ടായിരുന്നു. ഒന്ന്, അതിരുകടന്ന ഗർവും. രണ്ട്, ദൈവമില്ല എന്ന അഭിപ്രായം. വല്ലവരും വൈഷ്ണവകഥകൾ പറഞ്ഞെന്നിരിക്കട്ടെ. അയാൾ അവരെ ധിക്കരിക്കും എന്നു മാത്രമല്ല വിഷ്ണപ്പെടുത്തുകയും ചെയ്യും. ഒടുവിൽ അയാൾ ആ ദുഷ്കൃത്യങ്ങളുടെ ഫലം അനുഭവിച്ചു. അയാളുടെ ഭാര്യയും പുത്രന്മാരും മരിച്ചു. പശുക്കളെ കള്ളന്മാർ കൊണ്ടുപോയി. ധനത്തെ രാജാവ് കണ്ടുകെട്ടി. ബന്ധുക്കൾ അയാളെ കൈവെടിഞ്ഞു. അയാൾ ശരണമില്ലാതെ അലഞ്ഞുതിരിഞ്ഞു. ഒടുവിൽ ഇരിവെട്ടേറ്റു മരിച്ചു.

കുറേക്കാലം നരകത്തിൽ കിടന്നു. പിന്നീട് പിശാചായി. അതേസമയം ബുധിമനുമായി.

രണ്ടാമൻ ദ്രാവിഡദേശക്കാരൻ ആയിരുന്നു—സുജനൻ എന്നു പേരായ ഒരു ബ്രാഹ്മണൻ. സ്വഭാവം വിഷ്ണുശർമയുടേതുപോലെതന്നെ. വിദ്യ ഉപയോഗിച്ചതു ധനം സമ്പാദിക്കാൻ മാത്രവും. അയാൾ അല്പായുസ്സായി മരിച്ചു. പിശാചുമായി.

മൂന്നാമൻ ഉജ്ജയിനിയിലെ രാജാവായിരുന്നു—സാധുക്കളെ ദ്രോഹിക്കുന്ന രാജാവ്! ഭക്തന്മാരെയും രാജാവ് വെറുതെ വിട്ടില്ല. ശിവനെ പഴിക്കുക എന്നതു പതിവുമായി. അയാൾ എല്ലാവരോടും പറഞ്ഞു നടന്നത് എന്തെന്നോ? ശിവനെ ഭജിച്ചാൽ ദുർഗതി ലഭിക്കുമെന്ന്! പോരെ? എന്നിനു പറയുന്നു. ആ രാജാവ് കുഷ്ഠരോഗിയായി. വല്ലതെ അധികം കഷ്ടപ്പെട്ടു. ഒടുവിൽ മരിച്ചു നരകംപുകി. പിന്നീടു പിശാചുമായി.

ഇതായിരുന്നു പിശാചുക്കളുടെ പൂർവകഥകൾ.

അവർ ഈശ്വരനോടു യാചിച്ചു:

'അവിടുന്ന് ഞങ്ങളെ രക്ഷിക്കണേ!'

ഈശ്വരൻ കമണ്ഡലുവിൽ കാവേരിജലം എടുത്തു. പഞ്ചുപ്രാവശ്യം ഗായത്രീമന്ത്രം ജപിച്ചു. പിശാചുക്കളുടെമേൽ ജലം തളിച്ചു. തത്ക്ഷണം അവർ ദിവ്യരൂപങ്ങൾ ധരിച്ചു വിളങ്ങി.

അവർ ഈശ്വരനെ നമസ്കരിച്ചിട്ടു സ്വർഗത്തിലേക്കു യാത്രയായി.

ഈശ്വരൻ വീണ്ടും ജപം തുടർന്നു.

വിഷ്ണുദൂതന്മാർ പ്രത്യക്ഷരായി പറഞ്ഞു:

'അങ്ങ് അങ്ങയുടെ പുണ്യത്തെ പിശാചുക്കൾക്ക് നൽകി. ഇനി എങ്ങനെ അങ്ങ് പുണ്യലോകത്തിലേക്കു പോകും?'

ഈശ്വരൻ മറുപടി നൽകി:

'ഹേ വിഷ്ണുദൂതന്മാരേ, പരോപകാരമാണ് ഏറ്റവും വലിയ പുണ്യം. എനിക്കു പുണ്യലോകം ലഭിച്ചില്ലെങ്കിലും തരക്കേടില്ല. പിശാചുക്കൾക്ക് സ്വർഗതി കിട്ടിയല്ലോ. അക്കാരണത്താൽ ഞാൻ അതിവ സംതൃപ്തനാണ്.'

കണ്ടില്ലേ ഈശ്വരന്റെ മാഹാത്മ്യം?

വിഷ്ണുദൂതന്മാർ അദ്ദേഹത്തെ വിഷ്ണുലോകത്തിലേക്കു നയിച്ചു.

കുറേക്കാലം ഈശ്വരൻ ആ ലോകത്തിൽ ജീവിച്ചു. അതിനുശേഷം അദ്ദേഹം വീണ്ടും മനുഷ്യജന്മം എടുത്തു. ആ ജന്മത്തിൽ ആരായിരുന്നു വെന്നോ? വിശ്വാമിത്രമഹർഷി!

ചഞ്ചുല

(ശിവപുരാണമാഹാത്മ്യം)

സൗരാഷ്ട്രത്തിന് അല്പം അകലെ ഒരു ഗ്രാമമുണ്ട്. ബാഷ്കലം എന്നാണ് ആ ഗ്രാമത്തിന്റെ പേര്. അവിടത്തെ ജനങ്ങൾ പ്രായേണ ദുർവൃത്തരാണ്—പുരുഷന്മാർ മാത്രമല്ല സ്ത്രീകളും.

ബിന്ദുഗൻ എന്നൊരു ആളുമുണ്ട് ബാഷ്കലയിൽ. ജനിച്ചതു ബ്രാഹ്മണനായിട്ടാണ്. പെരുമാറ്റമോ അധർമപ്രവൃത്തികളും.

ചങ്ങുല എന്നാണ് ബിന്ദുഗന്റെ ഭാര്യയുടെ പേര്. ഭർത്താവിന് അന്യരായ സ്ത്രീകളുണ്ടെന്ന് ചങ്ങുലയ്ക്ക് അറിയാം. ആദ്യമാദ്യം അവൾ മിണ്ടാതെ സഹിച്ചു. പക്ഷേ, ഒടുവിൽ അവളുടെ ക്ഷമകെട്ടു. അവൾ അന്യഭർത്താക്കന്മാരെ സ്വീകരിച്ചു.

കോപമായല്ലോ ബിന്ദുഗന്! അയാൾ ചങ്ങുലയെ അടിക്കാൻ ഭാവിച്ചു. അപ്പോൾ അവൾ ഒന്നു പറഞ്ഞു—ഭർത്താവിനു ദുർനടപടി ആകാമെങ്കിൽ ഭാര്യയ്ക്കും ആകാം. എതിരു പറയാൻ ബിന്ദുഗന് വാക്കു കിട്ടിയില്ല. അയാൾ അയാളുടെ ദുർനടപടികൾ തുടർന്നു—ചങ്ങുല അവളുടെ ദുർനടപടികളും.

കാലം കഴിഞ്ഞുപോയി. ഒരു ദിവസം ബിന്ദുഗന്റെ ജീവിതം അവസാനിച്ചു. മരണശേഷം അയാൾ നരകത്തിലേക്കു പോയി. ഘോരമായിരുന്നു അവിടത്തെ ശിക്ഷകൾ. പക്ഷേ, അനുഭവിക്കാതെ നിവൃത്തിയുണ്ടോ?

ഒടുവിൽ നരകവാസം തീർന്നു. അപ്പോൾ അയാൾ പിശാചായി—ഭയങ്കരമായ രൂപമുള്ള പിശാച്!

ചങ്ങുലയാകട്ടെ, മുമ്പത്തെപ്പോലെ ഹീനജീവിതം നയിച്ചു. വർഷങ്ങൾ കഴിഞ്ഞപ്പോൾ അവരുടെ യൗവനം തീർന്നു.

ഒരിക്കൽ അവൾ ഗോകർണത്തിലേക്കുപോയി. ഒന്നിച്ചു ചില ബന്ധുക്കളും ഉണ്ടായിരുന്നു. വിശ്രുതമായ പുണ്യസ്ഥലമാണല്ലോ ഗോകർണം. ചങ്ങുല മറ്റുള്ളവരോടുകൂടി തീർത്ഥസ്നാനം ചെയ്തു. അതിനുശേഷം ക്ഷേത്രത്തിലേക്കു ചെന്നു. അവിടെ ഒരു മഹാത്മാവ് ശിവപുരാണം വായിക്കുന്നു. ചങ്ങുലയുടെ ശ്രദ്ധ വായനയിലായി.

ആ സമയത്തു വായനക്കാരൻ വർണിക്കുന്നത് എന്താണ്? ദുർഭാഗ്യമുള്ള സ്ത്രീകൾക്കു നരകത്തിൽ ലഭിക്കുന്ന ശിക്ഷകൾ. ആ വർണന കേട്ട് ചങ്ങുല നടുങ്ങി. അവൾ ഭയന്നു വിറച്ചുതുടങ്ങി.

കുറെ കഴിഞ്ഞു വായന തീർന്നു. ശ്രോതാക്കൾ തങ്ങളുടെ വീടുകളിലേക്കു പോയി. ചങ്ങുല വായനക്കാരനെ തനിച്ചുകണ്ടു. അവളുടെ ഹൃദയത്തിൽ ഭയം നിറഞ്ഞിരുന്നു. അതോടൊന്നിച്ചു പശ്ചാത്താപവും.

അവൾ പറഞ്ഞു:

'മഹാത്മൻ, ഞാൻ നിരവധി പാപങ്ങൾ ചെയ്തവളാണ്. അല്പമായ സുഖത്തിനുവേണ്ടി ഞാൻ എണ്ണമറ്റ ദുഷ്കൃത്യങ്ങൾ ചെയ്തു. എന്നെപ്പോലെ ഒരുവളെ ആരു രക്ഷിക്കും? മരിക്കുമ്പോൾ ഞാൻ എങ്ങനെ യമദൂതന്മാരെ നേരിടും? നരകത്തിലെ ശിക്ഷകൾ എങ്ങനെ സഹിക്കും? ഇനിമുതൽ എനിക്കു രാത്രിയിൽ ഉറങ്ങാൻ സാധിക്കയില്ല. ശൂലംകൊണ്ടു ശരീരത്തിൽ കുത്തുമ്പോൾ, തലമുകളിൽനിന്നു പതിക്കുമ്പോൾ... അപ്പോഴത്തെ ശരീരവേദന വർണിക്കാനാവില്ല. അതിനേക്കാൾ എത്രയോ മടങ്ങാണ് എന്റെ മനോവേദന! അശ്വമേധങ്ങൾ, ഗംഗാസ്നാനങ്ങൾ, മറ്റു പുണ്യകൃത്യങ്ങൾ—അവ എത്രതന്നെ ചെയ്താലും ശരി, എന്റെ പാപം നശിക്കുകയില്ല. ഞാൻ എന്തുചെയ്യും? എവിടെപ്പോകും? ആരെ ശരണം പ്രാപിക്കും? മഹാത്മൻ അങ്ങാണ് ഇനിമേൽ എന്റെ ഗുരു, എന്റെ അച്ഛൻ, എന്റെ അമ്മ! അങ്ങ് എന്നെ രക്ഷിക്കണം.'

ചങ്ങുല അദ്ദേഹത്തിന്റെ കാൽക്കൽ വീണു.

അദ്ദേഹം അവളെ എഴുന്നേൽപിച്ചിട്ട് സാന്ത്വനപ്പെടുത്തി.

'ഭാഗ്യവശാൽ നീ ശിവപുരാണം കേട്ടു. അക്കാരണത്താൽ നിനക്കു ജ്ഞാനവുമുണ്ടായി. ശിവൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. ശിവപുരാണം കേട്ടതുകൊണ്ടു നിനക്കു പശ്ചാത്താപമുണ്ടായി. പശ്ചാത്താപത്താൽ നിന്റെ മനസ്സ് ശുദ്ധമായി. പാപങ്ങളുടെ പ്രായശ്ചിത്തമാണു പശ്ചാത്താപം. നിനക്കു തീർച്ചയായും മുക്തി ലഭിക്കും.'

ചഞ്ചുലയുടെ കണ്ണുകളിൽനിന്നു ചുടുജലം വാർന്നൊഴുകി—ആനന്ദം ജനിപ്പിച്ച കണ്ണുനീർ!

പണ്ഡിതൻ അവളെ സഹായിക്കാൻ ഒരുക്കമായി. അദ്ദേഹം ആ ക്ഷേത്രത്തിൽതന്നെ ഇരിപ്പായി. ശിവപുരാണം വായിച്ചുതീർത്തു—അതോ ചഞ്ചുലയ്ക്കായിട്ടും.

ചഞ്ചുലയുടെ കൃതാർത്ഥതയാണ് കൃതാർത്ഥത!

പിന്നീട് എന്തുണ്ടായി എന്നോ? ശ്രീപാർവതി ചഞ്ചുലയിൽ പ്രസാദിച്ചു. ദേവി ഇടയ്ക്കിടയ്ക്ക് അവൾക്കൊരു ദർശനവും നല്കി.

ഒരിക്കൽ പതിവുപോലെ അവൾ ദേവിയെ സ്തുതിചെയ്തു; ഭക്തി അവളുടെ നേത്രങ്ങളിൽനിന്ന് അശ്രുക്കളൊഴുക്കി. അപ്പോൾ ശ്രീപാർവതി പ്രത്യക്ഷയായി പറഞ്ഞു:

'ചഞ്ചുലേ, എന്താണു നിന്റെ ആഗ്രഹം? മടിക്കാതെ പറഞ്ഞുകൊള്ളൂ. എന്തായാലും ഞാൻ സാധിപ്പിക്കും.'

'ദേവീ, എന്റെ ഭർത്താവ് മഹാപാപങ്ങൾ ചെയ്തിരുന്നു. അദ്ദേഹം മരിച്ചിട്ട് കുറേക്കാലമായി. എന്തുഗതിയാണ് അദ്ദേഹത്തിനു ലഭിച്ചത്? എനിക്ക് അറിഞ്ഞുകൂടാ. അദ്ദേഹത്തെ എനിക്കു കാണണം.'

'ബിന്ദുഗൻ വളരെക്കാലം നരകത്തിൽ കിടന്നു. അതിനുശേഷം പിശാചായി. ഇപ്പോൾ പിശാചായിത്തന്നെ വിന്ധ്യപർവതത്തിൽ കഴിയുന്നു. അവനു വായുഭക്ഷണം മാത്രമേയുള്ളൂ—പല വിധത്തിലും അവൻ കഷ്ടപ്പെടുകയാണ്.'

'എന്റെ ഭർത്താവിന് എങ്ങനെ സദ്ഗതി ലഭിക്കും?'

'ചഞ്ചുലേ, അവൻ ശിവകഥകൾ കേൾക്കണം. അതുതന്നെയാണ് ഏറ്റവും ഉത്തമമായ മാർഗം.'

ദേവി ഗായകനും ഗന്ധർവനുമായ തുംബുരുവിനെ വരുത്തി കല്പിച്ചു:

'തുംബുരു, നീ ഇവളെയുംകൊണ്ട് വിന്ധ്യപർവതത്തിലേക്കു പോകണം. അവിടെ ഭീകരമായ രൂപമുള്ള ഒരു പിശാചുണ്ട്. ഇവളുടെ ഭർത്താവായിരുന്ന ബിന്ദുഗനാണ് ആ പിശാച്. അവൻ നിരവധി പാപങ്ങൾ ചെയ്തിട്ടുണ്ട്. നീ അവനെ ശിവപുരാണം പാടിക്കേൾപ്പിക്കണം. അപ്പോൾ അവനു പാപങ്ങളിൽനിന്നു മോചനം ലഭിക്കും. അതോടുകൂടി പിശാചുരൂപം ഇല്ലാതാവും. അതിനുശേഷം നീ അവനെ ശിവഭഗവാന്റെ അടുക്കൽ എത്തിക്കണം.'

ചഞ്ചുലയെയുംകൊണ്ട് തുംബുരു വിമാനത്തിൽ കയറി. ആകാശത്തിലൂടെ യാത്രയും ആരംഭിച്ചു. വിന്ധ്യപർവതത്തിൽ എത്തിച്ചേരാൻ അധികം സമയം വേണ്ടിവന്നില്ല. പിശാചിനെ കണ്ടെത്താൻ വിഷമം നേരിട്ടുമില്ല. തുംബുരു അവനെ എത്തിപ്പിടിച്ചു കയറുകൊണ്ട് കെട്ടിയിട്ടു. എന്നിട്ടു ശിവ

പുരാണം പാടാൻ തുടങ്ങി. ദേവന്മാരും മറ്റു ദിവ്യവർഗക്കാരും വായന കേൾക്കാൻ വന്നെത്തി.

വായന തീർന്നപ്പോൾ ബിന്ദുഗൻ പിശാചുരൂപം വെടിഞ്ഞ് ദിവ്യരൂപം ധരിച്ചു—അതായത്, ശിവന്റെ രൂപത്തിനു സദൃശമായ ദിവ്യരൂപം. അതിനു ശേഷം ശിവലോകത്തിലേക്കു യാത്രയായി.

(ശിവപുരാണം)

ദേവശർമ്മയും ധർമ്മവർമ്മയും

(ഭൂമിദാനമാഹാത്മ്യം)

ഒരിക്കൽ നാരദമഹർഷി ചുറ്റിസഞ്ചരിക്കയായിരുന്നു. ഒന്നിച്ചു കപിലമഹർഷിയുമുണ്ട്. ഇരുവരുംകൂടി ബ്രഹ്മലോകത്തുചെന്ന് ബ്രഹ്മാവിനെ വന്ദിച്ചു.

ആ സമയം കുറെ ദിവ്യന്മാരും വന്നെത്തി.

ബ്രഹ്മാവ് ചോദിച്ചു:

'എന്തെല്ലാമാണു ലോകങ്ങളിലെ വിശേഷങ്ങൾ?'

സുശ്രുവസ്സ് എന്ന ദിവ്യൻ പറഞ്ഞു:

'ഭഗവാനേ, കാർത്യായനൻ എന്ന മഹർഷി നൂറുകൊല്ലം തപസ്സു ചെയ്തു. അദ്ദേഹം ഒരിക്കൽ ഒരു അശരീരി കേട്ടു. സാരസ്വതമഹർഷി സരസ്വതീനദിയുടെ തീരത്തു തപസ്സ് അനുഷ്ഠിക്കുന്നു. അദ്ദേഹത്തെ കണ്ടാൽ ധർമമെല്ലാം അറിയാറാകും. അതാണ് അശരീരി അറിയിച്ചത്. കാർത്യായനൻ സാരസ്വതനെക്കണ്ടു ധർമജ്ഞാനം സമ്പാദിച്ചു. മാത്രമല്ല, കുറെ ഉപദേശങ്ങളും. ദാനത്തെക്കാൾ ശ്രേഷ്ഠമായ യാതൊന്നുമില്ല—അതായിരുന്നു ഏറ്റവും പ്രധാനം.'

ബ്രഹ്മാവ് പറഞ്ഞു:

'എനിക്കും അതേ അഭിപ്രായംതന്നെ. എങ്കിലും മുഖ്യം ദാനംതന്നെയാണ്.'

കുറേക്കഴിഞ്ഞ് നാരദൻ ബ്രഹ്മലോകം വിട്ടു യാത്രയായി. ഒരാഗ്രഹം മഹർഷിയുടെ മനസ്സിൽ വേരുന്നിയിട്ടുണ്ട്—ഭൂമി ദാനം ചെയ്തു പുണ്യം സമ്പാദിക്കണം. തന്റെ അധീനതയിൽ ഒട്ടും ഭൂമിയില്ല. ദാനം ചെയ്യുന്നതിനു ഭൂമി വേണം. അതെങ്ങനെ? നാരദൻ ആലോചനയിൽ മുഴുകി യാത്ര തുടർന്നു. ഭൃഗുമഹർഷിയുടെ ആശ്രമത്തിലേക്കു ചെന്നു. ആ പ്രശ്നം ഭൃഗുമഹർഷിയുടെ മുമ്പാകെ സമർപ്പിച്ചു.

ഭൃഗുമഹർഷി തന്റെ ഒരു അനുഭവം വിവരിച്ചു.

മുമ്പൊരിക്കൽ അദ്ദേഹത്തിനും ഉണ്ടായി ഭൂമി ദാനം ചെയ്യണമെന്ന ആഗ്രഹം. അദ്ദേഹം ലോകസഞ്ചാരം ആരംഭിച്ചു. സഞ്ചാരമദ്ധ്യേ മഹീനദിയുടെ തീരത്ത് എത്തിച്ചേർന്നു. അവിടെ ഒരു തപോധനൻ പാർക്കുന്നുണ്ട്. ആ തപോധനൻ ഏറ്റവും ദുഃഖിതനായി കാണപ്പെടുന്നു. അദ്ദേഹം ഇടയ്ക്കിടയ്ക്കു കരയുകയും ചെയ്യുന്നു.

ആ സമയം സുദ്രൻ എന്ന മഹർഷിയും എത്തിച്ചേർന്നു.

ഭൃഗുവും സുഭദ്രനും തപോധനന്റെ ദുഃഖത്തിനുള്ള കാരണം അന്വേഷിച്ചു.

തപോധനൻ തന്റെ കഥ അവരെ കേൾപ്പിച്ചു.

ദേവശർമ്മ എന്നാണ് അദ്ദേഹത്തിന്റെ പേര്. ഗംഗാനദി ഒരിടത്തു സമുദ്രത്തിൽ ചെന്നു ചേരുന്നുണ്ടല്ലോ. അവിടെയാണ് ദേവശർമ പാർത്തിരുന്നത്. അദ്ദേഹം വാവുതോറും പിതൃക്കൾക്കു ശ്രാദ്ധം ചെയ്തു വന്നു. ശ്രാദ്ധം കഴിഞ്ഞ് പിതൃക്കൾ ആശീർവദിക്കുകയും പതിവായിരുന്നു.

ഒരിക്കൽ പിതൃക്കൾ പറഞ്ഞു:

'ദേവശർമാ, ഞങ്ങൾ നിന്നെ കാണാൻ വരാറുണ്ട്. എന്നാൽ, നീ ഞങ്ങളുടെ ലോകത്തു വന്നിട്ടില്ല. വരൂ നമുക്ക് അങ്ങോട്ടു പോകാം.'

അവരോടുകൂടി ദേവശർമ പിതൃലോകത്തിലെത്തി അവിടെ വേറെ പല പിതൃക്കളെയും കാണാനിടയായി. ഏറ്റവും തേജസ്സുറ്റവർ ആയിരുന്നു അക്കൂട്ടർ. അവർ ആരെന്ന് അറിയാൻ ദേവശർമയ്ക്കു കൗതുകം തോന്നി.

അദ്ദേഹത്തിന്റെ പിതൃക്കൾ അറിയിച്ചു:

'സുഭദ്രമഹർഷിയുടെ പിതൃക്കളാണ് അവർ. അവരുടെ തേജസ്സിനു പ്രത്യേകിച്ച് ഒരു കാരണമുണ്ട്. മഹീനദിയിലാണ് സുഭദ്രമഹർഷി ശ്രാദ്ധം ചെയ്യാറ്. ഏറ്റവും നിർമലമായ തീർത്ഥമാണ് മഹീനദി.'

അപ്പോൾ ദേവശർമയ്ക്ക് ഒരു ആഗ്രഹം ഉണ്ടായി—തന്റെ പിതൃക്കളെയും തേജസ്വികളാക്കണം!

അദ്ദേഹം പിതൃലോകത്തിൽനിന്നു ഭൂമിയിൽ മടങ്ങിയെത്തി. രുചി എന്നു പേരായ ഭാര്യയെ തന്റെ നിശ്ചയം അറിയിച്ചു:

'രുചീ, ഞാൻ മഹാനദിയുടെ തീരത്തു താമസിക്കാൻ പോകുന്നു. നിയും എന്നോടൊന്നിച്ചു വരണം.'

അനുസരണയില്ലാത്ത ഭാര്യയായിരുന്നു രുചി.

ആ സ്ത്രീ ഭർത്താവിനോടു പറഞ്ഞു:

'ഞാൻ ഇവിടംവിട്ട് ഒരിടത്തും പോകുന്നില്ല. അങ്ങയുടെ പിതൃക്കൾക്ക് ശ്രേഷ്ഠത്വം ഉണ്ടാകണം. അതാണ് അങ്ങയുടെ ഉദ്ദേശ്യം. അതിന് എനിക്കെന്ത്? ഒന്നുമില്ല!'

നിവൃത്തിയില്ലാതെ ദേവശർമ തനിയെ മഹീനദിയിലേക്കു പോയി. കുറെ ദിവസം ആ നദിയുടെ തീരത്തു താമസിച്ചു. പക്ഷേ, മനസ്സിന് ഒരു സ്വൈരവും കിട്ടിയില്ല. ഭാര്യയെ പിരിഞ്ഞുപോന്നതല്ലേ? അവളെക്കുറിച്ചായി ചിന്ത മുഴുവനും. ആ ചിന്ത ദുഃഖത്തെ ജനിപ്പിച്ചു.

ആ ദുഃഖമാണ് ഭൃഗുവും സുഭദ്രനും ദേവശർമയിൽ ദർശിച്ചത്.

സുഭദ്രമഹർഷി ദേവശർമയെ സഹായിക്കാൻ ഒരുക്കമായി.

അദ്ദേഹം പറഞ്ഞു:

'അങ്ങ് ഭാര്യയുടെ അടുക്കലേക്ക് പൊയ്ക്കൊള്ളണം. ഞാൻ ഇവിടെയിരുന്ന് അങ്ങയുടെ പിതൃക്കൾക്ക് ശ്രാദ്ധംചെയ്യാം.'

ദേവശർമയ്ക്കു സ്വീകാര്യമായി:

'സുഭദ്രമഹർഷേ, അങ്ങയോട് എനിക്ക് അതിയായ കൃതജ്ഞതയുണ്ട്. പക്ഷേ, ഒരു കാര്യം ഞാൻ കുറെയൊക്കെ പുണ്യംനേടിയിട്ടുണ്ട്. ആ പുണ്യത്തിന്റെ നാലിൽ ഒരു ഭാഗം അങ്ങ് സ്വീകരിക്കണം.'

വഴങ്ങാതെ തരമില്ലെന്നായി സുഭദ്രമഹർഷിക്ക്. അദ്ദേഹം ദേവശർമയുടെ പുണ്യത്തിന്റെ ഒരു ഭാഗം സ്വീകരിച്ചു. എന്നിട്ട് ആ തപോധനനെ ഭാര്യയുടെ അടുക്കലേക്ക് അയച്ചു. അദ്ദേഹത്തിനുവേണ്ടി ശ്രാദ്ധകർമങ്ങളും അനുഷ്ഠിച്ചു.

ഇത്രയും ഭൃഗുമഹർഷി നാരദനെ അറിയിച്ചു.

അദ്ദേഹം പറഞ്ഞ് അവസാനിപ്പിച്ചു:

'നാരദാ, മഹീനദിയുടെ പാവനത്വത്തിന് ഉദാഹരണമാണ് ഈ സംഭവം.'

ആ മഹർഷി നാരദനെ അവിടെ കൊണ്ടുചെന്നാക്കിയിട്ട് യാത്രയുമായി.

ഭൂമിദാനത്തിന് ഏറ്റവും ഉത്തമമാണ് ഈ സ്ഥലം. പക്ഷേ, ഇവിടം ധർമവർമയുടെ അധീനതയിലാണ്. സൗരാഷ്ട്രത്തിലെ രാജാവാണ് ധർമ്മവർമ്മ. രാജാവിനോട് അർത്ഥിക്കാൻ നാരദൻ തീരുമാനിച്ചു.

അപ്പോഴേക്കും ചില താപസന്മാർ തീർത്ഥസ്നാനത്തിന് അവിടെ വന്നെത്തി.

സൗരാഷ്ട്രത്തിൽനിന്നു വന്നവരാണ് ആ താപസന്മാർ.

അവർ പറഞ്ഞു നാരദന് അറിവായി ധർമ്മവർമ്മയുടെ ഒരനുഭവം.

മുമ്പൊരിക്കൽ ആ രാജാവ് തപസ്സുചെയ്യുകയുണ്ടായി. ദാനത്തിന്റെ ശരിയായ തത്ത്വം ഗ്രഹിക്കണം— അതിനായിരുന്നു തപസ്സ്. ഒരു ദിവസം ആകാശത്തുനിന്നും ഒരു ശ്ലോകം കേൾക്കപ്പെട്ടു. ശ്ലോകത്തിന്റെ അർത്ഥം പിടികിട്ടിയില്ലതാനും. മനസ്സിലാക്കേണ്ടത് അത്യാവശ്യമെന്നു രാജാവിനു തോന്നി. അദ്ദേഹം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി:

'എന്റെ തപസ്സിനിടയ്ക്ക് ഞാൻ ആകാശത്ത് ഒരു ശ്ലോകം കേൾക്കുകയുണ്ടായി. ശ്ലോകത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കിത്തരുന്ന ആൾക്കു ഞാൻ പ്രതിഫലം നൽകാം. ഏഴു ദേശങ്ങൾ, എഴുപതിനായിരം പശുക്കൾ, ധാരാളം ധനവും ധാന്യവും—അവയായിരിക്കും പ്രതിഫലം.'

ധനലോഭമുള്ള അനേകം പണ്ഡിതന്മാർ വന്നെത്തി. പക്ഷേ, അവരിലാർക്കും ശ്ലോകം വ്യാഖ്യാനിക്കാൻ സാധിച്ചില്ല. സൗരാഷ്ട്രത്തിൽനിന്നു വന്നവരും അക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു.

അവർ പറഞ്ഞ് നാരദൻ വിവരമറിഞ്ഞു. മഹർഷിക്ക് അപ്പോൾ സന്തോഷമുണ്ടായി. എന്തായിരുന്നു കാരണമെന്നോ? ആ ശ്ലോകത്തിന്റെ ശരിയായ അർത്ഥം അദ്ദേഹത്തിന് അറിയാം!

നാരദൻ കാലം കളയാതെ സൗരാഷ്ട്രത്തിൽ ചെന്നു. ഒരു വൃദ്ധന്റെ വേഷത്തിൽ ധർമ്മവർമ്മയെ കണ്ടു ശ്ലോകം വ്യാഖ്യാനിച്ചു ശരിയായ അർത്ഥം പറഞ്ഞു.

രാജാവ് ചോദിച്ചു:

'വാസ്തവത്തിൽ അങ്ങ് ആരാണ്?'

നാരദൻ സ്വയം വെളിപ്പെടുത്തി.

വിളംബരത്തിൽ വാഗ്ദാനം ചെയ്യപ്പെട്ടിരുന്നില്ലേ പ്രതിഫലങ്ങൾ? അതെല്ലാം ധർമ്മവർമ്മ നാരദന് സമ്മാനിച്ചു. മഹർഷി സകലതും രാജാവിന് തിരിയെ ഏല്പിച്ചു:

'രാജൻ, അങ്ങ് തത്കാലം ഇതൊക്കെ വെച്ചുകൊള്ളുക. ഞാൻ സൗകര്യംപോലെ വന്ന് എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം.'

മഹർഷിക്ക് ദാനം ചെയ്യാനുള്ള ഭൂമി ലഭിച്ചിരിക്കുന്നു. അർഹത ഉള്ള വർക്കുവേണം ദാനം ചെയ്യാൻ. ആർക്കാണ് അർഹതയെന്നു ചുറ്റിനടന്ന് അന്വേഷിച്ചു. വിഷമംപിടിച്ച പന്ത്രണ്ടു ചോദ്യങ്ങൾ തന്റെ പക്കലുണ്ട്. ആ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നല്കുന്നയാൾക്കു ദാനം ചെയ്യണം. അദ്ദേഹം അനേകം ധർമ്മജ്ഞരോടു ചോദ്യങ്ങൾ ചോദിച്ചു. ഒരൊറ്റ ധർമ്മ ജ്ഞനും ഉത്തരം നൽകിയില്ല.

കലാപം എന്നൊരു ഗ്രാമമുണ്ട്. അവിടെ അനേകം മഹാവിദ്വാന്മാർ പാർത്തുവരുന്നു. നാരദൻ കലാപത്തിലെത്തി ചിലരെ കണ്ടു.

അവർ ചോദ്യങ്ങൾ അറിഞ്ഞിട്ടു പറഞ്ഞു:

'ഓ, ഇവ എത്ര നിസ്സാരമായ ചോദ്യങ്ങൾ! ഇവയ്ക്ക് ഉത്തരം നൽകാൻ ഞങ്ങൾ വേണ്ട. ഇവിടത്തെ അജ്ഞനായ ആൾ മതിയാകും.'

നാരദൻ ഏറ്റവും അജ്ഞനായ ആളെ കണ്ടെത്തി. അദ്ദേഹം അയാളോട് പന്ത്രണ്ടു ചോദ്യങ്ങളും ചോദിച്ചു. എത്ര ശരിയായിരുന്നു പന്ത്രണ്ട് ഉത്തരങ്ങളും!

അതിൽനിന്ന് നാരദന് ഒന്നു തീർച്ചയായി. കലാപഗ്രാമക്കാർക്കാണു ദാനത്തിന് അർഹത. മഹർഷി ധർമ്മവർമ്മയിൽനിന്നു പ്രതിഫലങ്ങൾ തിരികെ വാങ്ങി. അവയെല്ലാം കലാപഗ്രാമക്കാർക്കു ദാനം ചെയ്തു. അവയിൽ ഏറ്റവും പ്രധാനം ഭൂമിദാനം ആയിരുന്നു.

ആ സമയം ദേവേന്ദ്രൻ വന്നെത്തി.

ദേവേന്ദ്രൻ പറഞ്ഞു:

'നാരദൻ ദാനം ചെയ്ത ഭൂമി പുണ്യഭൂമിയാണ്. അവിടെ ആരെങ്കിലും തീർത്ഥസ്നാനം ചെയ്താലോ? അവർ പുണ്യലോകമായ ശിവലോകം പ്രാപിക്കും!'

(സ്കാന്ദപുരാണം)

ശ്യാമബാല

(ഇനിയുള്ള കഥകൾക്ക് അവലംബം പദ്മപുരാണം)

സൗരാഷ്ട്രത്തിലെ രാജാവാണ് ഭദ്രശ്രവസ്സ്; രാജ്ഞി സുരതിചന്ദ്രികയും. ആ ദമ്പതികൾക്ക് ഏഴു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. ശ്യാമബാല എന്നാണ് ഏക പുത്രിയുടെ പേര്.

ഒരിക്കൽ ശ്യാമബാല തോഴിമാരുമായി ഉദ്യാനത്തിൽ വിഹരിക്കാൻ പോയി. ആ സമയത്തു സാക്ഷാൽ ലക്ഷ്മീദേവി കൊട്ടാരത്തിൽ എത്തിച്ചേർന്നു. ഒരു വൃദ്ധസ്ത്രീയുടെ വേഷത്തിലാണ് ലക്ഷ്മീദേവി ചെന്നത്. അരമനവാതിൽക്കൽ ഒരു വാല്യക്കാരി നിന്നിരുന്നു.

ലക്ഷ്മീദേവിയായ വൃദ്ധ വാല്യക്കാരിയോടു പറഞ്ഞു:

'എനിക്ക് സുരതിചന്ദ്രികാരാജ്ഞിയെ കാണേണ്ടതായ കാര്യമുണ്ട്. ഞാൻ അകത്തേക്കു പൊയ്ക്കൊള്ളട്ടെ.'

അതുകേട്ട് വാല്യക്കാരി ചോദിച്ചു:

'നിങ്ങൾ ആരാണ്? എവിടന്നു വരുന്നു? എന്താണു കാര്യം?'

ആഗത ഉത്തരം പറഞ്ഞു:

'എന്റെ പേർ കമല എന്നാണ്. ഭർത്താവിന്റെ പേർ ഭുവനേശൻ എന്നും. തമ്പുരാട്ടിയുടെ മുജ്ജന്മത്തിൽ ചില സംഭവങ്ങൾ നടന്നിരുന്നു. അവ ഞാൻ നിന്നെ അറിയിക്കാം.'

തുടർന്ന് അവർ കഥ കേൾപ്പിച്ചു.

സുരതിചന്ദ്രിക കഴിഞ്ഞ ജന്മത്തിൽ ഒരു വൈശ്യസ്ത്രീ ആയിരുന്നു. അവൾ ഒരു ദിവസം അവളുടെ ഭർത്താവുമായി വഴക്കുകൂടി. ഭർത്താവ് ഭാര്യയെ നല്ലപോലെ പ്രഹരിക്കുകയും ചെയ്തു. ഭാര്യ കരഞ്ഞുകൊണ്ട് ഗൃഹത്തിൽനിന്ന് ഇറങ്ങിയോടി. വഴിയിൽ ഒരു വൃദ്ധയെ കണ്ടുമുട്ടി. വൃദ്ധ വൈശ്യസ്ത്രീയുടെ വിവരങ്ങൾ ചോദിച്ചറിഞ്ഞു. എന്നിട്ട് ഒരു പുണ്യവ്രതം വിവരിച്ചുകൊടുത്തു. വൈശ്യസ്ത്രീ ആ വ്രതം നിഷ്ഠയോടെ അനുഷ്ഠിച്ചു പോന്നു. ഫലമായി അവളുടെ സ്ഥിതി വളരെയേറെ മെച്ചപ്പെട്ടു. ഭർത്താവും ഭാര്യയും ഒന്നിച്ചാണു മരിച്ചതും. ഭർത്താവുമായി കലഹിക്കുക പതിവായിരുന്നല്ലോ. അവൾ ജീവിച്ചിരുന്നപ്പോൾ അതിനുള്ള ശിക്ഷ ഏല്പിക്കാൻ യമഭടന്മാരുടെ വരവായി. അവർ അവളെ കാലനൂർക്കു കൊണ്ടുപോകാനും തുനിഞ്ഞു. എന്നാൽ, അപ്പോഴേക്കും ലക്ഷ്മീദേവിയുടെ ദൂതന്മാർ അവിടെ ആവിർഭവിച്ചു. അവർ യമദൂതന്മാരെ തുരത്തി വൈശ്യസ്ത്രീയെ മോചിപ്പിച്ചു. എന്നിട്ട് വൈകുണ്ഠത്തിലേക്ക് പോയി.

ഇക്കഥ വാല്യക്കാരിയെ കേൾപ്പിച്ചിട്ട് വൃദ്ധ ഇങ്ങനെ പറഞ്ഞുനിർത്തി:

'അവൾക്കു പുണ്യവ്രതം ഉപദേശിച്ച വൃദ്ധ ഞാനായിരുന്നു. അതിന്റെ ഫലമായി അവൾ വളരെയേറെ പുണ്യം നേടുകയുണ്ടായി. അതുകാരണം അവൾക്കു നീണ്ടകാലത്തെ വൈകുണ്ഠവാസം ലഭിച്ചു. പിന്നീട് അവൾ സുരതിചന്ദ്രികാരാജ്ഞിയായി ജനിക്കുകയും ചെയ്തു. രാജ്ഞിയായതിലുള്ള ഗർവം കാരണം പഴയ വ്രതം ഉപേക്ഷിച്ചിരിക്കുകയാണ്. വീണ്ടും അത് ഉപദേശിച്ചുകൊടുക്കുവാനാണ് ഞാൻ ഇപ്പോൾ വന്നിരിക്കുന്നത്.'

അപ്പോൾ വാല്യക്കാരിക്ക് ഒരാഗ്രഹമുണ്ടായി—തനിക്കും ആ പുണ്യവ്രതത്തെക്കുറിച്ച് മനസ്സിലാക്കണം. അവൾ വൃദ്ധയോട് താഴ്മയോടെ അപേക്ഷിച്ചു, വ്രതം ഉപദേശിച്ചുകൊടുക്കണമെന്ന്. അവളുടെ അപേക്ഷ സ്വീകരിക്കുവാൻ വൃദ്ധയ്ക്ക് യാതൊരു വൈമനസ്യവും ഉണ്ടായില്ല.

'അമ്മേ, ഇവിടെത്തന്നെ നിൽക്കണം, കേട്ടോ? ഞാൻ വിവരമെല്ലാം തമ്പുരാട്ടിയോട് ഉണർത്തിച്ചിട്ടുവരാം. വാല്യക്കാരി പറഞ്ഞിട്ട് കൊട്ടാരത്തിനകത്തേക്ക് പോയി.'

അവൾ വൃദ്ധയെക്കുറിച്ചുള്ള വിവരമത്രയും സുരതിചന്ദ്രികാരാജ്ഞിയെ അറിയിച്ചു. രാജ്ഞി വൃദ്ധയെ അകത്തേക്കു കൂട്ടിക്കൊണ്ടുവരാൻ ആജ്ഞാപിച്ചില്ല. മറിച്ച് പുറത്തേക്കിറങ്ങി നടന്ന് വൃദ്ധയുടെ മുമ്പിലെത്തി.

'എന്താ കിഴവീ, പോന്നത്? എന്നെ ഉപദേശിക്കാൻ വന്നിരിക്കയാണ്, അല്ലേ? ശരി, ഉപദേശം എന്തൊക്കെയാണ്? കേൾക്കട്ടെ. രാജ്ഞി നിന്ദയോടെ പറഞ്ഞു.'

രാജ്ഞിയുടെ മട്ടും ഭാവവും സംസാരവും വൃദ്ധയ്ക്ക് ഹൃദ്യമായി തോന്നിയില്ല.

'രാജ്ഞിയാണത്രെ! എന്നിട്ടാണ് ഇത്ര മര്യാദയില്ലായ്മ! എനിക്കു തോന്നുന്നത് ഉപദേശം തരാനല്ല, കടന്നുപോകാനാണ്! ഗർവം അതിരുകട

ന്നപ്പോൾ വ്രതം അനുഷ്ഠിക്കാൻ സമയമില്ല. അതിനൊട്ടു മനസ്സുമില്ല. കൊള്ളാം!' വൃദ്ധ അമർഷം രേഖപ്പെടുത്തി.

അതു കേട്ടപ്പോൾ സുരതിചന്ദ്രികയുടെ കണ്ണുകൾ കോപംകൊണ്ടു ചുവന്നു. രാജ്ഞി മുന്നോട്ടാഞ്ഞ് വൃദ്ധയെ പ്രഹരിച്ചു. വൃദ്ധ വേദന അഭിനയിച്ച് നിലവിളികൂട്ടി. നിലവിളികേട്ട് ഉദ്യാനത്തിൽ വിഹരിക്കുന്ന ശ്യാമബാലരാജകുമാരി ഓടി വൃദ്ധയുടെ അടുക്കലെത്തി. അപ്പോഴേക്കും സുരതിചന്ദ്രിക അന്തഃപുരത്തിൽ എത്തിക്കഴിഞ്ഞിരുന്നു.

ശ്യാമബാലയ്ക്ക് വൃദ്ധയോട് എന്തെന്നില്ലാത്ത മമത തോന്നി. അവൾ ആവശ്യപ്പെട്ടതനുസരിച്ച് വൃദ്ധ സകലതും പറഞ്ഞുകേൾപ്പിച്ചു. പുണ്യവ്രതം അനുഷ്ഠിക്കണം—അതായി അവളുടെ ആഗ്രഹം. വൃദ്ധ വേണ്ടതെല്ലാം പറഞ്ഞുകൊടുത്തു. അതിനുശേഷം അവിടന്നു യാത്രയായി.

വിധിപോലെ ശ്യാമബാല വ്രതം അനുഷ്ഠിച്ചു തുടങ്ങി. അതിന്റെ ഫലം ഒരു മാസത്തിനകം അവൾക്കു സിദ്ധിച്ചു—അതോ, അനുരൂപനായ ഒരു വരന്റെ രൂപത്തിലും. ലക്ഷ്മീദേവിയുടെ കാരുണ്യമാണ് അതിനു കാരണം—അതായിരുന്നു അവളുടെ ദൃഢമായ വിശ്വാസം. സിദ്ധേശ്വരൻ എന്ന രാജാവിന്റെ പുത്രൻ മാലാധരൻ —ആ രാജകുമാരനായിരുന്നു ശ്യാമബാലയുടെ വരൻ. വിവാഹത്തിനുശേഷം അദ്ദേഹം അവളെ തന്റെ രാജധാനിയിലേക്ക് കൂട്ടിക്കൊണ്ടുപോയി.

അതോടുകൂടി സുരതിചന്ദ്രികയുടെ ദുർദശയും ആരംഭിച്ചു. മകളോടൊപ്പം സമ്പത്തും വിട്ടുപോയപോലെ! എങ്ങനെയെന്നു ഖണ്ഡിതമായി പറയാനൊക്കുകയില്ല; എങ്കിലും കാര്യം ശരിയായിരുന്നു. ഭദ്രശ്രവസ്സും സുരതിചന്ദ്രികയും നിർദ്ധനരായിത്തീർന്നു. വിശിഷ്ടഭോജ്യങ്ങൾ ഭുജിച്ചിരുന്ന ദമ്പതികൾ പലപ്പോഴും പട്ടിണി കിടന്നു. വിലമതിക്കാനാവാത്ത പട്ടുവസ്ത്രങ്ങൾ ധരിച്ചിരുന്നവർ അഴുക്കുപിടിച്ച കീറത്തുണികൾ ഉടുത്തു. കൊഴുത്തുരുണ്ടിരുന്ന അവരുടെ ശരീരങ്ങൾ മെലിഞ്ഞ് എല്ലും തൊലിയുമായി ഏറ്റവും ദാരുണമായിരുന്നു. അവരുടെ സ്ഥിതിയിൽ വന്ന മാറ്റം.

'നമ്മുടെ മകൾ ശ്യാമബാലയുടെ ഭർത്താവുണ്ടല്ലോ മാലാധരൻ. അയാളല്ലാതെ മറ്റാരും നമുക്കു തുണയായിട്ടില്ല. അങ്ങ് മാലാധരനെ ചെന്നുകണ്ട് സഹായം അപേക്ഷിക്കണം. അതൊരു വഴിയേ നമുക്ക് അവശേഷിക്കുന്നുള്ളു.' ഒരു ദിവസം സുരതിചന്ദ്രിക ഭർത്താവിനോടു പറഞ്ഞു.

ഭദ്രശ്രവസ്സ് രാജധാനിയിൽനിന്നിറങ്ങി. ദീർഘദൂരം യാത്രചെയ്ത് മാലാധരന്റെ പുരിയിലെത്തി. ഒരു പൊയ്ക കണ്ട് അതിൽനിന്നു വെള്ളം കോരിക്കുടിച്ചു. പൊയ്കയുടെ തീരത്തു വിശ്രമിക്കുകയും ചെയ്തു.

അധികം താമസിയാതെ കുറെ യുവതികൾ പൊയ്കയിൽ എത്തിച്ചേർന്നു. വെള്ളം മുക്കിക്കൊണ്ടുപോകാനാണു വന്നത്. ശ്യാമബാലയുടെ ദാസിമാരായിരുന്നു ആ യുവതികൾ. ഏതോ ഒരു പുരുഷൻ ഇരിപ്പുണ്ട് പൊയ്കയുടെ കരയിൽ. അയാൾ വല്ലാതെ മെലിഞ്ഞു ദുർബലനായിരിക്കുന്നു. ഭക്ഷണക്കുറവാണു കാരണം എന്നതു സ്പഷ്ടമാണ്. യാത്രചെയ്തെന്നും തീർച്ചയാണ്. അവർക്ക് അതിയായ സഹതാപം തോന്നി.

'നിങ്ങൾ വളരെ കഷ്ടപ്പെടുന്നുണ്ട് എന്ന് തോന്നുന്നല്ലോ. ഈ നാട്ടുകാരനല്ല എന്നു ഞങ്ങൾക്കു തീർച്ചയാണ്. എവിടത്തുകാരനാണ്? എന്താണു കഷ്ടപ്പാടിനു കാരണം?' അവർ അന്വേഷിച്ചു.

ഭദ്രശ്രവസ്സ് സത്യം അറിയിച്ചു:

'ഞാൻ സൗരാഷ്ട്രത്തിൽനിന്നു വരികയാണ്. ആ രാജ്യത്തിലെ രാജാവായ ഭദ്രശ്രവസ്സാണ് ഞാൻ— നിങ്ങളുടെ രാജകുമാരി ശ്യാമബാലയുടെ അച്ഛനും. നിങ്ങൾ ചെന്ന് എന്റെ മകളോട് വിവരം പറയുവിൻ.' അദ്ദേഹം ക്ഷീണിച്ച സ്വരത്തിൽ പറഞ്ഞു.

ദാസിമാർക്കു വിശ്വാസം തോന്നിയില്ല. ഇയാൾ വെറുതെ പറയുന്നതാണ്—അതായിരുന്നു അവരുടെ ധാരണ. അവർ അയാളെ നോക്കി ചിരിച്ചു. എന്നിട്ടു വെള്ളം കുടങ്ങളിൽ കോരിയെടുത്തു. കുടങ്ങളും വഹിച്ചു കൊട്ടാരത്തിൽ തിരിച്ചെത്തി. കണ്ടതും കേട്ടതും രാജകുമാരിയോടു പറയാതിരുന്നുകൂടല്ലോ. അതുകൊണ്ടുമാത്രം അവർ പറയുകയും ചെയ്തു.

വന്ന ആൾ സ്വപിതാവുതന്നെ. അതിൽ ശ്യാമബാലയ്ക്കു യാതൊരു സംശയവും ഉണ്ടായിരുന്നില്ല. അവൾ ഭൃത്യന്മാർക്ക് വിശദമായ ആജ്ഞകൾ നൽകി. ആജ്ഞകൾ അനുസരിച്ചു ഭൃത്യന്മാർ ഓരോരോ സാമഗ്രികൾ ഒരുക്കി. കുളിക്കാനുള്ള മേൽത്തരം എണ്ണ, അണിയാനുള്ള പലതരം കൂറിക്കൂട്ടുകൾ, ധരിക്കാനുള്ള രാജോചിതമായ വസ്ത്രങ്ങൾ—അങ്ങനെ എന്തെല്ലാം! അവയുമായി ഭൃത്യന്മാർ ഭദ്രശ്രവസ്സിന്റെ മുമ്പിലെത്തി. ഭദ്രശ്രവസ്സ് സ്നാനം ചെയ്തു, കുറിക്കൂട്ടുകൾ അണിഞ്ഞു. വസ്ത്രങ്ങൾ മാറ്റി. എന്നിട്ട് അവരുടെ അകമ്പടിയോടെ കൊട്ടാരത്തിലേക്കു പോയി.

എത്ര സ്നേഹത്തോടെയാണ്, എത്ര ബഹുമാനത്തോടെയാണ്, ശ്യാമബാല സ്വപിതാവിനെ എതിരേറ്റത്! അവൾ അദ്ദേഹത്തിന് പലമാതിരി വിശിഷ്ട ഭോജ്യങ്ങൾ നൽകി. എന്തെല്ലാം സൗകര്യങ്ങൾ അദ്ദേഹത്തിനു വേണം—അവയെല്ലാം ശുഷ്കാന്തിയോടെ ഏർപ്പാടു ചെയ്തു. എന്നിട്ട് അദ്ദേഹത്തെ കൊട്ടാരത്തിൽ പാർപ്പിച്ചു.

ദിവസങ്ങൾ നാലുകഴിഞ്ഞു. അപ്പോഴേക്കും ഭദ്രശ്രവസ്സിനു മടക്കയാത്ര ചെയ്യേണ്ടിയിരുന്നു. പോകാൻ നേരത്തു വത്സലപുത്രി എന്താണു നൽകിയതെന്നോ? വലിയൊരു പണക്കിഴിയും അതു നിറയെ സ്വർണനാണയങ്ങളും!

അവയുമായി ഭദ്രശ്രവസ്സ് സ്വരാജ്യത്തിലേക്കു പോയി. അവിടെ എത്തിയപ്പോൾ പണക്കിഴി അഴിച്ചുനോക്കാൻ താത്പര്യം തോന്നി. സ്നേഹശീലയായ പുത്രി എത്ര പണമാണു തന്നിരിക്കുന്നത്? ധാരാളമുണ്ട് എന്നതിനു സംശയമില്ല. എങ്കിലും ഉള്ളത് എത്രയാണ്? അറിയുന്നതു നന്നായിരിക്കുമല്ലോ. രാജാവ് ആകാംക്ഷയോടെ പണക്കിഴിയുടെ കെട്ടഴിച്ച് ഉള്ളിലേക്ക് നോക്കി. അതിനകത്ത് ഒരൊറ്റ സ്വർണനാണയമില്ല. മറിച്ചു മറ്റു ചിലതു ധാരാളമുണ്ടുതാനും. എന്തെന്നോ? കരിക്കട്ടകൾ!

സ്വർണനാണയങ്ങൾ കരിക്കട്ടകളായി മാറിപ്പോയതാണ്. അതിന് ഒരു കാരണവും ഇല്ലാതില്ല. ലക്ഷ്മീദേവിയുടെ നീരസം!

ഭദ്രശ്രവസ്സുണ്ടോ അക്കാര്യം അറിയുന്നു? അദ്ദേഹം വല്ലാതെ കുഴങ്ങിപൊട്ടിക്കരഞ്ഞു. സുരതിചന്ദ്രികയുടെ മനോഭാവമോ? ഊഹിക്കാവുന്നതേയുള്ളു.

എന്നാലിനി താനൊന്നു മകളുടെ അടുക്കലേക്കു പോകുകതന്നെ— അതായി ആ രാജ്ഞിയുടെ നിശ്ചയം. അവർ സ്വരാജധാനിയിൽ നിന്നു യാത്ര

ചെയ്തു യഥാകാലം മാലാധരന്റെ കൊട്ടാരത്തിന്റെ ഒട്ടടുത്തെത്തി. ഭർത്താവ് വിശ്രമിച്ച അതേ പൊയ്കയുടെ കരയിൽ ചെന്നിരിപ്പായി. അവിടെ ഇരിക്കുന്ന സ്ത്രീ തന്റെ പെറ്റമ്മയാണ്—ആ വിവരമറിഞ്ഞ ശ്യാമബാല അമ്മയെയും സ്വീകരിച്ചു സത്കരിച്ചു—മുമ്പ് അച്ഛനെ സ്വീകരിച്ചു സത്കരിച്ചപോലെ.

സുരതിചന്ദ്രിക കുറെ ദിവസം മകളുടെ ഭർത്താവിന്റെ കൊട്ടാരത്തിൽ താമസിച്ചു.

ശ്യാമബാല തുടർന്നു ലക്ഷ്മീപൂജയും നോയമ്പും മറ്റും അനുഷ്ഠിക്കുന്നുണ്ട്. അവയെല്ലാം വിധിപ്രകാരമാണു ചെയ്യുന്നത്—അതോ വളരെയേറെ ഭക്തിയോടും ശ്രദ്ധയോടുംകൂടിയും. ആദ്യമൊക്കെ അവ അമ്മയെക്കൊണ്ടു ചെയ്യിക്കുവാൻ അവൾ പരിശ്രമിച്ചു. പക്ഷേ, അവളുടെ ശ്രമം വിഫലമായതേയുള്ളു. കാരണം, സുരതിചന്ദ്രികയുടെ നിലപാടുതന്നെയായിരുന്നു. ആ രാജ്ഞിക്ക് ലക്ഷ്മീദേവിയോട് ഭക്തിയില്ല എന്നുമാത്രമല്ല, ഒരുതരം വിരോധവുമുണ്ട്. എങ്കിലും ശ്യാമബാല നിരാശപ്പെട്ടില്ല. അവൾ തന്റെ പരിശ്രമം തുടർന്നുകൊണ്ടുതന്നെയിരുന്നു. ക്രമേണ സുരതിചന്ദ്രികയുടെ മനോഭാവത്തിനു മാറ്റമുണ്ടായി. ലക്ഷ്മീദേവിയോടുള്ള ഭക്തിയില്ലായ്മയും വിരോധവും പോയിമറഞ്ഞു. അവർ അത്യധികമായ നിഷ്കർഷയോടെ പൂജയും നോയമ്പും ചെയ്തുതുടങ്ങി.

അതിനു സൽഫലം ഉണ്ടാകാതിരിക്കുമോ? തീർച്ചയായും ഇല്ല. ആ സൽഫലം രാജ്ഞി സ്വരാജധാനിയിൽ മടങ്ങിയെത്തിയപ്പോൾ പ്രകടമായിരുന്നു. താൻ ഇവിടംവിട്ടു പോകുമ്പോൾ സകല ഐശ്വര്യവും നശിച്ചുപോയിരുന്നല്ലോ. എന്നാൽ, ഇപ്പോഴിതാ ആ ഐശ്വര്യമത്രയും തിരിച്ചു വന്നിരിക്കുന്നു—അതോ മുമ്പത്തെക്കാൾ വലിയ അളവിലും!

പിന്നീടൊരിക്കൽ ശ്യാമബാല പിതൃഗൃഹം സന്ദർശിച്ചു. അപ്പോഴേക്കും ഏറ്റവും അസുഖകരമായ ഒരു മാറ്റം സംഭവിച്ചു കഴിഞ്ഞിരുന്നു. എന്തായിരുന്നു ആ മാറ്റമെന്നോ? സുരതിചന്ദ്രികയ്ക്കു വീണ്ടും ലക്ഷ്മീദേവിയോട് ഭക്തിയില്ലായ്മയും വിരോധവും!

ആ മാറ്റം മകളോടുള്ള നീരസത്തിനും വഴിതെളിച്ചു.

ഭൃത്യകൾ വന്നറിയിച്ചു. ഓമനമകളായ ശ്യാമബാല വരുന്നുണ്ടെന്ന്.

'എനിക്ക് അവളെ കാണണ്ട!' അതായിരുന്നു സുരതിചന്ദ്രികയുടെ പ്രതികരണം!

രാജ്ഞി മകളെ കാണാതെ ഒളിച്ചിരുന്നു.

ശ്യാമബാല കൊട്ടാരത്തിൽനിന്നു കുറെ ഉപ്പ് എടുത്തുകൊണ്ട് തിരിച്ചുപോയി.

'നീ എന്താണു കൊണ്ടുവന്നിരിക്കുന്നത്?' മാലാധരൻ കൗതുകപൂർവ്വം ആരാഞ്ഞു.

'ഏറ്റവും പ്രധാനപ്പെട്ട വസ്തുവാണ്, ഭക്ഷണസമയത്ത് അക്കാര്യം തെളിയിച്ചുതരാം' — അത്രമാത്രമേ ശ്യാമബാല മറുപടിയായി പറഞ്ഞുള്ളു.

ഉപ്പിന്റെ കണികപോലും ചേർക്കാത്ത ഭക്ഷണം. അതാണ് അവൾ ഉണ്ടാക്കി ഭർത്താവിനു വിളമ്പിയത്.

മാലാധരനു ഭക്ഷണം കഴിക്കാൻ വയ്യാതായി. വിഭവങ്ങൾ ധാരാളമുണ്ട്,

ശരിതന്നെ. ഓരോന്നായി അദ്ദേഹം സ്വാദുനോക്കി. ഒന്നിനും ഒട്ടും ഉപ്പില്ല. പിന്നെ എങ്ങനെ അകത്താക്കും?

'ഇതാ ഞാൻ ഏറ്റവും പ്രധാനപ്പെട്ട വസ്തു കൊണ്ടുവന്നതു വിളമ്പിത്തരാം.' ശ്യാമബാല പറഞ്ഞിട്ട് ഉപ്പു വിളമ്പി.

മാലാധരനു മാത്രമല്ല, മറ്റെല്ലാർക്കും അപ്പോഴാണു പൂർണമായും മനസ്സിലായത് ഉപ്പിന്റെ പ്രാധാന്യം!

ശ്രീരാമനും കൗസല്യയും

പതിന്നാലു സംവത്സരങ്ങൾക്കുശേഷം ഓമനമകൻ തിരിച്ചുവരികയാണ്—ആ വർത്തമാനം ശ്രീരാമനുവേണ്ടി കാത്തുകാത്തിരിക്കുന്ന കൗസല്യയ്ക്കു കിട്ടി.

ഭരതന്റെ മന്ത്രിമാരിൽ ഒരാളാണ് സുമുഖൻ. കൗസല്യ സുമുഖനിൽനിന്നാണ് ആ വർത്തമാനം അറിഞ്ഞത്. ആ രാജ്ഞി ഇങ്ങനെ തന്നോടായി മന്ത്രിച്ചു:

'ഞാൻ സ്വപ്നം കാണുകയാണോ? അതോ എന്തെങ്കിലും തെറ്റിദ്ധരിച്ചോ? ഭാഗ്യംകെട്ട ഞാൻ എന്റെ രാമനെ വീണ്ടും കാണുമെന്നോ? തപസ്സുചെയ്തിട്ടു കിട്ടിയ മകനാണ് രാമൻ. എന്റെ പാപത്താൽ അവൻ എന്നെ വേർപിരിഞ്ഞുപോയി! രാമനും സീതയ്ക്കും ലക്ഷ്മണനും കുശലം തന്നെയോ? രാമൻ ദുഃഖിച്ചുകഴിയുന്ന എന്നെ ഓർമിക്കുന്നുണ്ടോ?'

തുടർന്ന് കൗസല്യ പൊട്ടിക്കരഞ്ഞു. മാത്രമോ? രാജ്ഞിക്കു മോഹാലസ്യവും ഉണ്ടായി. അരികത്തു നിൽക്കുകയാണ് സുമുഖൻ. ആ മന്ത്രി കൗസല്യയെ വീശി. കൗസല്യയ്ക്കു ബോധം തിരിച്ചുകിട്ടി.

'രാജ്ഞി, അതെ, ശ്രീരാമൻ വരുന്നുണ്ട്. ഒന്നിച്ച് സീതയും ലക്ഷ്മണനും. അവിടുത്തേക്ക് അവരെ താമസിയാതെ കാണാം.' സുമുഖൻ പറഞ്ഞു.

അപ്പോൾ കൗസല്യയ്ക്കുണ്ടായ ആഹ്ലാദം—അതിനു പരിമിതി ഉണ്ടായിരുന്നില്ല. രാജ്ഞിയുടെ ശരീരം നിറയെ രോമാഞ്ചമുണ്ടായി. കണ്ണുകളിൽനിന്നു ചുടുജലം വാർന്നൊഴുകി. അവർ അങ്കണത്തിൽ ഇറങ്ങിനില്പായി, ദൂരത്തേക്കു കണ്ണും നട്ടുകൊണ്ട്. അടക്കാൻ കഴിയാത്ത ആകാംക്ഷയോടുകൂടി!

ആ സമയം ശ്രീരാമൻ എന്തുചെയ്യുകയാണ്? രാജവീഥിയിലൂടെ വരുന്നുണ്ട്, സീതയോടും ലക്ഷ്മണനോടും, ഒന്നിച്ച്. ഗൃഹങ്ങൾ നിശ്ശേഷം ശൂന്യങ്ങളായിരിക്കുന്നു. ജനങ്ങളെല്ലാം രാജവീഥിയിൽ ഒത്തുകൂടിയിട്ടുണ്ട്. എങ്ങനത്തെ രാജവീഥി? ശ്രീരാമനുവേണ്ടി ചന്ദനച്ചാറു തളിച്ച രാജവീഥി! ശ്രീരാമനുവേണ്ടി പൂവും തളിരും വിരിച്ച് അലങ്കരിച്ച രാജവീഥി! ഉയർന്നിരിക്കുന്ന തോരണങ്ങൾക്കും കമാനങ്ങൾക്കും കണക്കില്ല. അവയിൽ നിറപ്പകിട്ടേറിയ കൊടിക്കൂറകൾ പാറിക്കളിക്കുന്നു. വാദ്യഘോഷങ്ങൾ വായുവിനെ മുഖരിതമാക്കുന്നു. അവയ്ക്കുംമീതെ ഉയർന്നു കേൾക്കുന്നു ഒരു ജയാരവം—എണ്ണ

മറ്റ മനുഷ്യകണ്ഠങ്ങളിൽനിന്ന് ഇടവിടാതെ പൊങ്ങിക്കൊണ്ടിരിക്കുന്ന 'ശ്രീരാമൻ വിജയിപ്പൂതാക!' എന്ന ജയാരവം!

ശ്രീരാമൻ ആദ്യമായി ചെന്നതു പെറ്റമ്മയായ കൗസല്യയുടെ മണിഗൃഹത്തിലേക്കാണോ? അല്ല. പിന്നെയോ, ഇളയമ്മയായ കൈകേയിയുടെ മണിഗൃഹത്തിലേക്ക്!

കൈകേയിയാണല്ലോ ശ്രീരാമനു പതിന്നാലുവർഷത്തെ വനവാസം കല്പിച്ചത്. അതുകൊണ്ട് ശ്രീരാമന്, സീതയ്ക്ക്, ലക്ഷ്മണന് ഉണ്ടായ ദുരിതങ്ങൾക്ക് എണ്ണമില്ല. എന്നിട്ടും ശ്രീരാമൻ ആദ്യം ചെന്നത് കൈകേയിയുടെ മണിഗൃഹത്തിലേക്കാണ്.

കനത്ത ലജ്ജയോടെ, കുറ്റബോധത്തോടെ, കൈകേയി തലയും താഴ്ത്തി നിലകൊണ്ടു.

ശ്രീരാമൻ പ്രണമിച്ചിട്ടു പറഞ്ഞു:

'അമ്മേ, ഞാൻ കാട്ടിൽ പോയിട്ടു വന്നു. ചെയ്യേണ്ടതെല്ലാം പിഴകൂടാതെ ചെയ്തിരിക്കുന്നു. ഇനി അമ്മയുടെ ഏത് ആജ്ഞയാണു ഞാൻ അനുസരിക്കേണ്ടത്? ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ലല്ലോ. എന്നിട്ടും അമ്മ എന്നെ നോക്കാത്തതെന്ത്? ഇതാ ഭരതനുമുണ്ട് എന്നോടൊന്നിച്ച്. ഭരതനെയും എന്നെയും നോക്കണം, അനുഗ്രഹിക്കണം!'

എന്നിട്ടും കൈകേയി തല ഉയർത്തിയില്ല.

'രാമാ, സ്വഗൃഹത്തിലേക്കു പൊയ്ക്കൊള്ളൂ'—അത്രമാത്രമേ ആ രാജ്ഞി പറഞ്ഞുള്ളു.

അപ്പോഴെങ്കിലും ശ്രീരാമൻ പെറ്റമ്മയെ കാണാൻപോയോ? ഇല്ല. പോയത് ഏറ്റവും ഇളയ അമ്മയായ സുമിത്രയുടെ മണിഗൃഹത്തിലേക്കായിരുന്നു.

മനസ്വിനിയായ സുമിത്ര ശ്രീരാമനെ കണ്ടു—ഒന്നിച്ചു സ്വപുത്രനായ ലക്ഷ്മണനെയും.

'ചിരംജീവ! ചിരംജീവ!'—അതായിരുന്നു സുമിത്രയുടെ ആശീർവാദം.

സുമിത്രയുടെ പാദം പിടിച്ചുകൊണ്ട് ശ്രീരാമൻ പറഞ്ഞു:

'പുരുഷരത്നത്തെ പ്രസവിച്ച അമ്മേ, എന്റെ ദുഃഖം തീർത്ത ഈ ലക്ഷ്മണനെപ്പോലെ മറ്റ് അനുജന്മാർ എനിക്ക് ഉപകരിച്ചിട്ടില്ല. രാവണൻ അപഹരിച്ച സീതയെ വീണ്ടുകിട്ടിയതും മറ്റും ലക്ഷ്മണന്റെ സഹായംകൊണ്ടാണ്.'

അപ്പോഴും സുമിത്ര അനുഗ്രഹങ്ങൾ ചൊരിഞ്ഞു. അവയും സ്വീകരിച്ചിട്ട് ശ്രീരാമൻ സ്വന്തം മാതാവിന്റെ മണിഗൃഹത്തിലേക്കു പോയി. അമ്മയെ കണ്ടപ്പോൾ ശ്രീരാമൻ ധൃതിയിൽ രഥത്തിൽനിന്നിറങ്ങി. ഓടിച്ചെന്ന് അമ്മയുടെ പാദങ്ങളിൽ വീണു. മാതാവ് മകനെ എഴുന്നേല്പിച്ചു. ഗാഢഗാഢം ആലിംഗനം ചെയ്തു. സന്തോഷസമുദ്രത്തിൽ ആറാടി. അപ്പോഴും കൗസല്യ രോമാഞ്ചംപൂണ്ടു. അവർക്ക് ഗദ്ഗദം ഉണ്ടായി. അവർ കണ്ണീരൊഴുക്കി.

ശ്രീരാമൻ പെറ്റമ്മയെ ശ്രദ്ധിച്ചുനോക്കി. അവർ ആഭരണങ്ങൾ ധരിച്ചിട്ടില്ല. അവരുടെ ശരീരം വല്ലാതെ മെലിഞ്ഞിരിക്കുന്നു. തന്നെ കാണാത്ത സങ്കടമാണ് അതിനു കാരണം. അതു മനസ്സിലാക്കിയ ശ്രീരാമന്റെ ഹൃദയ

ത്തിൽ വിഷാദം അലതല്ലി. എങ്കിലും ഒരു വിചാരമുണ്ടായി. ദുഃഖിക്കാനുള്ള സമയമല്ലല്ലോ ഇപ്പോൾ.

കൗസല്യയോട് ശ്രീരാമൻ പറഞ്ഞു:

'അമ്മേ, ഞാൻ അമ്മയുടെ പാദങ്ങൾ വളരെക്കാലം സേവിക്കാതിരുന്നു. ഭാഗ്യമില്ലാത്ത എനിക്ക് അമ്മ മാപ്പുതരണം. അച്ഛന്റെ ആജ്ഞപ്രകാരം എനിക്ക് വനവാസം ചെയ്യേണ്ടിവന്നു. എങ്കിലും അമ്മയുടെ അനുഗ്രഹത്താൽ ഞാൻ ദുഃഖത്തെ മറികടന്നു. രാവണൻ സീതയെ അപഹരിച്ചു, ശരിയാണ്. എന്നാൽ, അമ്മയുടെ അനുഗ്രഹത്താൽ ഞാൻ രാവണനെ കൊന്ന് സീതയെ വീണ്ടെടുത്തു. ഇതാ എന്റെ അരികത്തു നില്ക്കുകയാണ് സീത. അവൾ അവളുടെ മനസ്സിനെ അമ്മയുടെ പാദങ്ങളിൽ അർപ്പിച്ചവളാണ്. അമ്മ അവളെ അനുഗ്രഹിക്കണം!'

അപ്പോഴേക്കും സീത കൗസല്യയുടെ കാൽക്കൽ പതിച്ചിരുന്നു. കൗസല്യ പുത്രപത്നിയെ പിടിച്ചെഴുന്നേൽപ്പിച്ച് അനുഗ്രഹിച്ചു. എന്നിട്ടു പറഞ്ഞു:

'സീതേ, നീ നിന്റെ ഭർത്താവോടൊന്നിച്ചു ചിരകാലം ജീവിക്കും. പരിശുദ്ധേ, നീ പുത്രന്മാർക്ക് ജന്മമേകി നമ്മുടെ കുലത്തെ പവിത്രമാക്കൂ. ഭർത്താക്കന്മാരുടെ സുഖദുഃഖങ്ങളിൽ പങ്കുചേരുന്ന ഭാര്യമാർ—അവർക്കു ദുഃഖമുണ്ടാകുന്നുവല്ലോ. കഷ്ടംതന്നെ! എന്താണിത്? സത്യം എന്നൊന്നു ലോകത്ത് ഇല്ലെന്നോ? പതിവ്രതമാരുടെ ഭർത്താക്കന്മാർ ശത്രുക്കളെ നശിപ്പിക്കുന്നതിൽ എന്താണാശ്ചര്യം? സീതേ, രാമന്റെ പിറകെ കാട്ടിലേക്ക് പോയ നീ വംശത്തെയാകെ ശുദ്ധമാക്കി!'

മാഹാത്മ്യം തെളിയിക്കുന്ന സംഭവങ്ങൾ. സംഭാഷണങ്ങൾ!

ധർമത്തിനു ശാപം

ചുരുക്കം പേർ മാത്രമേ ധർമത്തിന്റെ സ്വരൂപം കണ്ടിട്ടുള്ളു. ദുർവാസാവ് മഹർഷി ആ ചുരുക്കംപേരിൽ ഒരാളായിരുന്നു. പ്രത്യേകമായ സാഹചര്യത്തിലാണ് അദ്ദേഹം കണ്ടതും.

ഒരിക്കൽ മഹർഷി ഒരു തപസ്സുചെയ്തു. ഏറ്റവും ദീർഘമായിരുന്നു തപസ്സ്—അതേസമയം ഏറ്റവും ബുദ്ധിമുട്ടുള്ളതും. വേനൽക്കാലത്ത് പഞ്ചാഗ്നിമദ്ധ്യത്തിൽ; തണുപ്പുകാലത്ത് വെള്ളത്തിൽ, ഭക്ഷണത്തിന് വായുമാത്രവും—അത്ര കഠിനമായ തപസ്സായിരുന്നു. ധർമത്തെ നേരിട്ടു കാണുക തപസ്സിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. മഹർഷി കുറേക്കാലം കാത്തിട്ടും ധർമം വന്നെത്തിയില്ല. സ്വതവേ കോപിഷ്ടനാണല്ലൊ ദുർവാസാവ്. ഇപ്പോൾ മഹർഷിയുടെ കോപം പലമടങ്ങായി. അക്കാര്യം ധർമത്തിനു മനസ്സിലായി. ഉടനെതന്നെ ധർമം മഹർഷിയുടെ മുമ്പാകെ ആവിർഭവിച്ചു. ധർമത്തോടൊന്നിച്ചു മറ്റു ചിലരും ഉണ്ടായിരുന്നു.

കോപാധിക്യത്താൽ ജ്വലിച്ചുകൊണ്ടു നിൽക്കുകയാണ് ദുർവാസാവ്.

'മഹർഷേ, തപസ്സിൽ മുഴുകിയിരിക്കുന്ന അങ്ങ് കോപിക്കുന്നതു നന്നല്ല. കോപം തപസ്സിനെ ഇല്ലായ്മചെയ്യുന്നു. അതിനാൽ അങ്ങ് കോപം കൈവെടിയണം.' ധർമം ശാന്തനായി ആവശ്യപ്പെട്ടു.

ദുർവാസാവ് കേട്ട ഭാവം കാണിച്ചില്ല.

'ധർമമേ, അങ്ങയുടെകൂടെ കുറേപ്പേർ വന്നിരിക്കുകയാണല്ലോ. അവർ ആരൊക്കെയാണ് എന്നു പറഞ്ഞുതരിക.' മഹർഷി ആവശ്യപ്പെട്ടു.

അതനുസരിച്ചു ധർമം സഹചരരെ പരിചയപ്പെടുത്തി.

കൈയിൽ കമണ്ഡലവുമേന്തി പ്രസന്നനായി നിൽക്കുന്നതു ബ്രഹ്മചര്യം; ചുവന്ന ദേഹവും മഞ്ഞക്കണ്ണുമുള്ളതു സത്യം; ജടയോടുകൂടിയവൻ വാളും പിടിച്ചുനിൽക്കുന്നതു പാപത്തെ നശിപ്പിക്കുന്ന ദമം. അമ്മാതിരി ഓരോരോ തരത്തിലുള്ള പുരുഷന്മാരും സ്ത്രീകളും—ദയ, ദാനം, ശൗചം, ക്ഷമ, ശാന്തി, പ്രജ്ഞ, അഹിംസ—അങ്ങനെ കുറെയേറെപ്പേർ.

ധർമം പരിചയപ്പെടുത്തിയ അവരെ ദുർവാസാവ് കണ്ടു മനസ്സിലാക്കി.

അതിനുശേഷം മഹർഷി ധർമവുമായി സംഭാഷണത്തിൽ ഏർപ്പെട്ടു.

'ധർമമേ, ഏതായാലും അങ്ങിപ്പോൾ എന്റെ മുമ്പിൽ വന്നെത്തിയിരിക്കുന്നു. അതു നന്നായി!'

'മഹർഷേ, എന്തിനാണ് അങ്ങു കോപിക്കുന്നത്? ഞാൻ അറിയാതെ വല്ല അപ്രിയവും പ്രവർത്തിച്ചുവോ?'

'ഞാൻ വളരെക്കാലമായി കഷ്ടപ്പെട്ടു തപസ്സുചെയ്തുവരുന്നു. എന്നിട്ടും എന്റെ അവസ്ഥ പഴയപോലെതന്നെ. അങ്ങ് എന്നിൽനിന്നും അകന്നുനിൽക്കുകയും ചെയ്യുന്നു. അതുതന്നെയാണ് എന്റെ കോപത്തിനു കാരണം. ഞാൻ അങ്ങയെ ശപിക്കാൻ പോവുകയാണ്.'

'ഞാൻ ആദ്യം ദുഃഖമുണ്ടാക്കും, ശരിയാണ്. പക്ഷേ, ഒടുവിൽ സുഖം നൽകും. ഇഹലോകത്തിൽ മാത്രമല്ല, പരലോകത്തിലും. ഞാൻ നശിച്ചാൽ ലോകമാകെ നശിച്ചുപോകും. അക്കാര്യം അങ്ങ് ഓർമിച്ചിരിക്കണം.'

'അതൊക്കെ എനിക്കറിയാം.'

'മഹർഷേ, ദയവുണ്ടായി അങ്ങ് എന്നെ ശപിക്കരുത്.'

'ശപിക്കും!'

'അരുതെന്നു ഞാൻ ഒന്നുകൂടി അപേക്ഷിക്കുന്നു.'

'ഞാൻ അങ്ങേക്കു മൂന്നു ശാപം തരും.'

'ഇനി എനിക്ക് ഒരപേക്ഷയേയുള്ളു.'

'ധർമമേ, എന്താണ് ആ അപേക്ഷ?'

'രാജാവ്, ദാസീപുത്രൻ, ചണ്ഡാലൻ— ഞാൻ അതൊന്നും ആകാതിരിക്കാൻ ദയവുണ്ടാകണം.'

'ഇല്ല. ഞാൻ ആ ശാപംതന്നെ തരുന്നു. ധർമമേ, അങ്ങ് രാജാവും ദാസീപുത്രനും ചണ്ഡാലനും ആയിത്തീരട്ടെ!'

ആ ശാപം ഫലിക്കാതിരിക്കുമോ? പിൽക്കാലങ്ങളിൽ ധർമ്മം മൂന്നു മനുഷ്യരൂപങ്ങളിൽ ഭൂമുഖത്തു ജീവിച്ചു. യുധിഷ്ഠിരന്റെ രൂപത്തിൽ രാജാവായിട്ട്, വിദുരരുടെ രൂപത്തിൽ ദാസീപുത്രനായിട്ട്, ശ്മശാനജോലിചെയ്ത ഹരിശ്ചന്ദ്രന്റെ രൂപത്തിൽ ചണ്ഡാലനായിട്ടും!

പുഷ്കരം

ഏറ്റവും പ്രധാനമായ ഒരു യാഗം അനുഷ്ഠിക്കണം; അതു ഭൂലോകത്തിൽ വേണം താനും—അതായി ബ്രഹ്മാവിന്റെ നിശ്ചയം. കാശി, പ്രയാഗ, നൈമിശം, കുരുക്ഷേത്രം അങ്ങനെ ഒട്ടേറെ പുണ്യസ്ഥലങ്ങൾ ഭൂമിയിലുണ്ട്. ശരിതന്നെ. പക്ഷേ, അവയൊന്നും ഈ യാഗത്തിനു പര്യാപ്തമല്ല. അതായിരുന്നു ബ്രഹ്മാവിന്റെ തോന്നൽ. പുതിയൊരു സ്ഥലം കണ്ടെത്തണം. അതിനായി ഭഗവാൻ ഭൂമിയിൽ വന്നിറങ്ങി. സ്ഥലം അന്വേഷിച്ചു നടന്നു. ഒടുവിൽ ഒരു വനത്തിൽ എത്തിച്ചേർന്നു.

സാധാരണ വനങ്ങളിൽനിന്നു വ്യത്യാസപ്പെട്ടതായിരുന്നു ഈ വനം. സുഗന്ധംകൊണ്ടു മൂക്കിന്, ഭംഗികൊണ്ടു കണ്ണിന്, വിരുന്നേകുന്ന പഴങ്ങൾ വഹിക്കുന്ന വൃക്ഷങ്ങൾ—അവ നിറഞ്ഞതാണു വനം. ഇലയോ പഴമോ ചുള്ളിയോ ഉണങ്ങി അടർന്നുവീണു എന്നിരിക്കട്ടെ. അവയെ അപ്പോൾത്തന്നെ കാറ്റുവീശി പുറത്താക്കുന്നു. മരക്കൊമ്പുകൾ ഇടതൂർന്നു പന്തലിച്ചു നിൽക്കുകയാണ്. ആ മരക്കൊമ്പുകൾ മന്ദമാരുതനേറ്റു മന്ദംമന്ദം വീശുന്നു. വൃക്ഷരോഗങ്ങൾ ഒന്നുപോലും അവിടെ എത്തിനോക്കുന്നില്ല. അത്രമാത്രം ആരോഗ്യമുള്ള വൃക്ഷങ്ങളാണ് എമ്പാടും. മരുതുകൾ, മാവുകൾ, പനകൾ, അശോകങ്ങൾ, പ്ലാവുകൾ—അങ്ങനെ എത്രയെത്ര മാതിരിവൃക്ഷങ്ങൾ! ആ മനോഹരദൃശ്യം കണ്ണാൽ നുകരുകയായി ബ്രഹ്മാവ്.

ഭഗവാൻ തങ്ങളുടെ മുമ്പാകെ എഴുന്നള്ളിവന്നിരിക്കയല്ലേ? വൃക്ഷങ്ങൾക്കു ജന്മം സഫലമായെന്ന ഒരു തോന്നൽ! അവ ബ്രഹ്മാവിനെ ഭക്തിയോടെ അർച്ചിച്ചു. എന്തുകൊണ്ടെന്നോ? ഭഗവാന്റെ പാദപത്മങ്ങളിൽ ചൊരിഞ്ഞ പൂക്കൾകൊണ്ട്!

ബ്രഹ്മാവ് സംപ്രീതനായി.

'വൃക്ഷങ്ങളേ, വരം ചോദിച്ചുകൊള്ളുവിൻ.' ഭഗവാൻ ആവശ്യപ്പെട്ടു.

'ഭഗവാനേ, അവിടുന്ന് എന്നെന്നേക്കും ഈ വനത്തിൽ വാണരുളേണമെ! ആ വരം മാത്രമേ ഞങ്ങൾക്ക് വേണ്ടൂ. അവിടുത്തെ സന്നിധാനംകൊണ്ട് ഇവിടം പുണ്യസ്ഥലങ്ങളിൽവെച്ചു പുണ്യസ്ഥലമാകുമല്ലോ!' വൃക്ഷങ്ങൾ ബോധിപ്പിച്ചു.

'അങ്ങനെയാവട്ടെ. എന്റെ പ്രസാദത്താൽ ഇവിടം ഏറ്റവും പ്രധാനപ്പെട്ട പുണ്യഭൂമിയാകും. നിങ്ങൾ എല്ലാ ഋതുക്കളിലും പൂക്കുകയും കായ്ക്കുകയുംചെയ്യും. മാത്രമല്ല, നിങ്ങൾക്കു നിത്യയൗവനവും ഉണ്ടായിരിക്കും.' ബ്രഹ്മാവ് അനുഗ്രഹമേകി.

അതിനുശേഷം ഭഗവാൻ ആയിരം വർഷം അവിടെ താമസിച്ചു. പിന്നീടു കൈയിലിരുന്ന താമരപ്പൂവ്—അതായതു പുഷ്കരം—നിലത്തിട്ടു. ആ നിമിഷം ഏന്തൊക്കെയുണ്ടായി എന്നോ? പാതാളലോകം ആകെയൊന്നു കുലുങ്ങി. സമുദ്രങ്ങൾ കോളിളകി ഉരുണ്ടുമറിഞ്ഞു. പർവ്വതങ്ങളുടെ കൊടുമുടികൾ പൊട്ടിവീണു. സൂര്യനു പൊടുന്നനെ മങ്ങലേറ്റു. ചരങ്ങളും അചരങ്ങളും സ്തബ്ധരായി. എന്താണ് ഇതിനു കാരണം? ദേവന്മാർക്കു പിടികിട്ടിയില്ല. എന്തോ ഒരു മഹാസംഭവം നടന്നിരിക്കുന്നു. അത് എന്തിനാണ്,

എന്തുകൊണ്ടാണ്? അറിഞ്ഞേ കഴിയുകയുള്ളൂ. ബ്രഹ്മാവിന് അറിയാമായിരിക്കും. ദേവന്മാർ ബ്രഹ്മാവിനെ അന്വേഷിച്ചു. ബ്രഹ്മാവിനെ ഒരിടത്തും കണ്ടുകിട്ടിയില്ല!

ഭഗവാൻ എവിടെപ്പോയി? അറിയാഞ്ഞിട്ട് എന്തൊരു വല്ലായ്മയാണു ദേവൻമാർക്ക്! അവർക്ക് അല്പമൊരു ആശ്വാസം തോന്നി, മഹാവിഷ്ണു അവരുടെ മുമ്പിൽ ആവിർഭവിച്ചപ്പോൾ.

ദേവന്മാർ കാര്യം പറഞ്ഞു.

'നിങ്ങൾ വ്യാകുലപ്പെടേണ്ടതില്ല. എന്താണു സംഭവിച്ചതെന്നു ഞാൻ അറിയിച്ചുതരാം. ബ്രഹ്മാവ് ഭൂമിയിൽ യാഗമനുഷ്ഠിക്കാൻ പോയിരിക്കുന്നു. അദ്ദേഹം കൈയിലെ താമരപ്പൂവ് ഒരിടത്തു നിലത്തിട്ടു. അതിന്റെ ശബ്ദമാണു നിങ്ങൾ കേട്ടത്. അദ്ദേഹം ആ പുണ്യഭൂമിയിൽ സ്ഥിതിചെയ്യുന്നു. നമുക്ക് അങ്ങോട്ടുപോയി അദ്ദേഹത്തെ കാണാം.' മഹാവിഷ്ണു അരുളിച്ചെയ്തു.

ദേവന്മാർ മഹാവിഷ്ണുവിനോടൊന്നിച്ചു ഭൂമിയിൽ ഇറങ്ങി അന്വേഷണം നടത്തി. അവർ വൃക്ഷവനത്തിൽ ചെന്നു, ശരിയാണ്. എങ്കിലും ഒരിടത്തും ബ്രഹ്മാവിനെ കണ്ടെത്തിയില്ല. എല്ലാവരും ക്ഷീണിച്ചുവലഞ്ഞു.

വായുവിന്റെ വരവായി.

'ദേവന്മാരേ, നിങ്ങൾക്കു ബ്രഹ്മാവിന്റെ ദർശനം വേണമെന്നുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ ഭഗവാനെ തപസ്സുചെയ്യണം. അല്ലാതെ മറ്റൊരു മാർഗവുമില്ല,' വായു ചൂണ്ടിക്കാട്ടി.

ആ ഉപദേശം സ്വീകരിക്കാൻതന്നെ ദേവന്മാർ നിശ്ചയിച്ചു. അവർ തങ്ങളുടെ ഗുരുവായ ബൃഹസ്പതിയുടെ സഹായം അഭ്യർത്ഥിച്ചു. ബൃഹസ്പതി യഥാവിധി ഹോമവും പൂജയും മറ്റും നടത്തി. അതിനുശേഷം അവർ ബ്രഹ്മാവിനെ ധ്യാനിച്ചു. ബ്രഹ്മാവ് ദേവന്മാരുടെ ഭക്തിയിൽ സന്തോഷിച്ചു, അവർക്കു ദർശനവുമരുളി. അവർ വീണുവണങ്ങി ഭക്തിപൂർവ്വം സ്തുതിചെയ്തു.

'ദേവന്മാരേ, നിങ്ങൾക്ക് എന്താണുവേണ്ടത്?' ബ്രഹ്മാവ് അന്വേഷിച്ചു.

'ഭഗവാനേ, ഞങ്ങൾ ഇവിടെ ഭയാനകമായ ഒരു ശബ്ദം കേൾക്കുകയുണ്ടായി. ആ ശബ്ദം എല്ലാ ലോകങ്ങളെയും വിറപ്പിച്ചു. എന്താണ് അതെന്നു ഞങ്ങളെ അറിയിക്കാൻ ദയവുണ്ടാകണം.' ദേവന്മാർ അപേക്ഷിച്ചു.

അതുകേട്ട് ബ്രഹ്മാവ് ഇങ്ങനെ അരുളിച്ചെയ്തു:

'നിങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഞാൻ പ്രവർത്തിച്ചതാണ് അത്. പാതാളത്തിൽ ഒരിടത്തു വജ്രനാഭൻ എന്നൊരു ഭീകരനായ അസുരൻ ജീവിച്ചിരുന്നു. കുട്ടികളെ കൂട്ടത്തോടെ കൊല്ലുകയായിരുന്നു അവന്റെ പ്രവൃത്തി. നിങ്ങളെ വകവരുത്താൻ അവൻ ഒരുമ്പെടുകയായിരുന്നു. ഞാൻ താമരപ്പൂ വീഴ്ത്തി അവനെ വധിക്കയാണുചെയ്തത്. എന്റെ കൈയിലുള്ള താമരപ്പൂവ് വീണുവല്ലൊ. അക്കാരണത്താൽ ഇവിടം പുഷ്കരമെന്ന പുണ്യതീർത്ഥമാകും.'

ബ്രഹ്മാവിന്റെ വാക്കുകൾ ഫലിക്കതന്നെചെയ്തു.

ഇതാണു പുഷ്കരതീർത്ഥത്തിന്റെ ഉത്ഭവം.

പ്രഭഞ്ജനൻ എന്നൊരു രാജാവ്. ഒരിക്കൽ അദ്ദേഹം കാട്ടിൽ വേട്ടയാടുകയായിരുന്നു. ഒരു വള്ളിക്കുടിലിൽ ഒരു മാൻപേടയെ കണ്ടെത്തി. രാജാവ് മാൻപേടയെ ലാക്കാക്കി ഒരു അമ്പയച്ചു. ആ അമ്പു ലക്ഷ്യസ്ഥാനത്തു തറയ്ക്കുകയുംചെയ്തു.

മുറിവേറ്റ മാൻപേട വേദനയോടുകൂടി പ്രഭഞ്ജനനോടു പറഞ്ഞു:

'രാജാവേ, അങ്ങ് ഈ ചെയ്തതു വലിയ ദുഷ്കർമമാണ്. ഞാൻ എന്റെ കുട്ടിക്കു പാലുകൊടുക്കുകയായിരുന്നു. ആ സമയത്താണ് അങ്ങ് അമ്പെയ്തത്. ഉറങ്ങുന്ന മൃഗത്തെയോ, ഭക്ഷണം കഴിക്കയോ, കഴിപ്പിക്കയോ ചെയ്യുന്ന മൃഗത്തെയോ രാജാവ് കൊന്നുകൂടാ. അങ്ങനെ ഒരു നിയമമുള്ളതായി ഞാൻ കേട്ടിട്ടുണ്ട്. അങ്ങു ചെയ്ത തെറ്റിനു ഞാൻ ഇതാ ശാപമേകുന്നു. ഈ കാട്ടിൽ അങ്ങു മാംസം തിന്നുന്ന കടുവയായിത്തീരും!'

പ്രഭഞ്ജനന് അത്യധികമായ ദുഃഖമുണ്ടായി.

'ഭദ്രേ, നീ എനിക്കു ശാപമോക്ഷം തരണം. കടുവയുടെ രൂപം മാറി എനിക്കു പഴയ മനുഷ്യരൂപം വീണ്ടുകിട്ടണം. അതിനു നിനക്കു കനിവുണ്ടാകണം.' അദ്ദേഹം അതിദീനനായി യാചിച്ചു.

ആ യാചന കേട്ട് മാൻപേടയുടെ മനസ്സലിഞ്ഞു.

'രാജാവേ, നൂറു വർഷങ്ങൾക്കുശേഷം നന്ദ എന്നൊരു പശു ഈ സ്ഥലത്തു വരും. കടുവയായി കഴിയുന്ന അങ്ങ് നന്ദയുമായി സംഭാഷണം നടത്തണം. അപ്പോൾ അങ്ങേയ്ക്കു പൂർവരൂപം ലഭിക്കും.' അവൾ ശാപമോക്ഷം നൽകി.

ശാപം ഫലിക്കതന്നെ ചെയ്തു. പ്രഭഞ്ജനൻ കടുവയായി കാട്ടിൽ പാർപ്പുതുടങ്ങി. വനത്തിൽ വരുന്ന നാൽക്കാലികളായ കന്നുകാലികൾ; ഇരുകാലികളായ മനുഷ്യർ—എല്ലാറ്റിനെയും ആ കടുവ കൊന്നുതിന്നു. മാംസഭോജനത്തിൽ താത്പര്യമുണ്ടായിട്ടല്ല അപ്രകാരം ചെയ്തത്—പിന്നെയോ, മാൻപേടയുടെ ശാപത്തിന്റെ ഫലമായിട്ട്. പൂർവസ്മരണ വിട്ടുപോയിട്ടില്ല എന്നതും ഒരു പ്രത്യേകതയാണ്. ആ സ്മരണ കടുവയുടെ മനസ്സിനെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. അതു പലപ്പോഴും ഇങ്ങനെ ആലോചിക്കും.

'ഞാൻ പാവപ്പെട്ട മാൻപേടയെ അമ്പെയ്തു. ആ ദുഷ്ടകൃത്യം ഇനിയൊരിക്കലും ഞാൻ ചെയ്യുകയില്ല. ഞാൻ പ്രതാപശാലിയായ പ്രഭഞ്ജന രാജാവായിരുന്നു. എന്നിട്ടാണ് ഇപ്പോഴിതാ കടുവയായി കാട്ടിൽ കഴിയുന്നത്! എന്റെ ശാപം എപ്പോൾ അവസാനിക്കും? ഞാൻ എപ്പോൾ വീണ്ടും മനുഷ്യനായിത്തീരും?'

ദുഃഖം നിറഞ്ഞ സംവത്സരങ്ങൾ ഒന്നൊന്നായി കഴിഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ പ്രഭഞ്ജനനു ശാപമേറ്റതിന്റെ നൂറാം സംവത്സരം വന്നണഞ്ഞു. ഒരു ദിവസം ഒരു പശുവിൻകൂട്ടം ആ കാട്ടിൽ എത്തിച്ചേർന്നു. ഇടയന്മാർ തെളിച്ചുകൊണ്ടുവന്നതാണു പശുവിൻകൂട്ടത്തെ. ആ കാട്ടിൽ ധാരാളം ഒന്നാംതരം പുല്ലുണ്ട്. അവ തീറ്റാനാണ് ഇടയന്മാർ പശുക്കളെ കൊണ്ടുവന്നതും.

നന്ദ എന്നൊരു പശുവുണ്ടായിരുന്നു ആക്കൂട്ടത്തിൽ. എല്ലാവിധത്തിലും നന്ദയായിരുന്നു പശുക്കളിൽ ഏറ്റവും കേമി. അരയന്നത്തിന്റെ തൂവെള്ള നിറം; വളരെ വലുതായ അകിട്; അഴകുറ്റ അവയവങ്ങൾ; കഴുത്തിൽ കിലുകിലെ കിലുങ്ങുന്ന മണികൾ—എല്ലാം ചേർന്ന അവളുടെ ഭംഗി ഒന്നുവേറെയായിരുന്നു. ഭയം എന്നതു നന്ദയ്ക്ക് ഇല്ലേയില്ല. അവൾ തനിച്ചു കാട്ടിനകത്തേക്കു കയറിപ്പോകും. ഇഷ്ടംപോലെ ഇളംപുല്ലു തിന്നു വയറുവീർപ്പിക്കും. ദുഷ്ടമൃഗങ്ങളെക്കുറിച്ച് അവൾക്കൊരു ചിന്തയുമില്ല.

രോഹിതം എന്നൊരു മലയുണ്ട്, കാട്ടിനുള്ളിൽ. മടകളും ഗുഹകളും മറ്റും ധാരാളമുണ്ട് രോഹിതത്തിൽ. മലയുടെ വടക്കുവശത്തായി വൻകാടുണ്ട്. വൻകാട്ടിൽ വിശേഷപ്പെട്ട ഒരുതരം പുല്ല് സമൃദ്ധമായി വളരുന്നു. എന്നാൽ, അവിടം ഘോരജന്തുക്കളുടെ വാസസ്ഥലവുമാണ്. ആ ഘോരജന്തുക്കളിൽ ഒന്നായിരുന്നു പ്രഭഞ്ജനനായ കടുവ.

നന്ദ പുല്ലു മേഞ്ഞുമേഞ്ഞ് ഒടുവിൽ അവിടെ ചെന്നുപെട്ടു.

'പശുവേ, ഇന്നത്തേക്കു ദൈവം എനിക്കു കല്പിച്ച ഇരയാണു നീ. ഞാൻ അന്വേഷിക്കാതെതന്നെ നീ എന്റെ അടുക്കൽ വന്നിരിക്കുന്നു!' കടുവ അടക്കവയ്യാത്ത സന്തോഷത്തോടെ പറഞ്ഞു.

ആ സമയം നന്ദയുടെ ഓർമ പാഞ്ഞുപോയി. എങ്ങോട്ടെന്നോ? അഴകേറിയ തന്റെ കൊച്ചുമകന്റെ നേർക്ക്! താനിതാ കടുവയുടെ വായിൽ അകപ്പെടാൻ പോവുകയാണ്. കൊച്ചുമകനെ ഒരു നോക്കു കാണാൻ ഇനി സാധിക്കുകയില്ല! ഇതോർത്തു പാവപ്പെട്ട നന്ദ തേങ്ങിക്കരഞ്ഞുതുടങ്ങി.

കടുവയും നന്ദയും തമ്മിൽ ദീർഘമായ സംഭാഷണം നടന്നു:

'പശുവേ, എന്റെ ഭാഗ്യംകൊണ്ട് നീ എന്റെ ഇരയായിത്തീർന്നിരിക്കുന്നു. നീ കരഞ്ഞാലെന്ത്, ചിരിച്ചാലെന്ത്? ഇന്നാണു വിധി നിന്റെ മരണം നിശ്ചയിച്ചിരിക്കുന്നത്. വെറുതെ കരഞ്ഞതുകൊണ്ടൊന്നും യാതൊരു ഫലവുമില്ല. എങ്കിലും എന്തോ ഒന്നു നിന്നെ വല്ലാതെ അലട്ടുന്നുണ്ട്. എന്തെന്ന് അറിയാൻ എനിക്കു താത്പര്യമുണ്ട്, പറയൂ.'

'കടുവേ, ഞാൻ മരിക്കുന്നതിനെക്കുറിച്ച് എനിക്ക് അത്രയധികം വിഷമമില്ല. ജനിച്ചാൽ മരിച്ചേ കഴിയുകയുള്ളു. എന്റെ ദുഃഖത്തിനു കാരണം സ്നേഹമാണ്. ഞാനതു നിന്നോടു പറയാം. എനിക്ക് ഒരേയൊരു മകനേയുള്ളൂ. അവൻ പുല്ലു തിന്നുതുടങ്ങിയിട്ടില്ല. എന്റെ പാൽ മാത്രമാണ് അവന്റെ ഭക്ഷണം. അവന് ഇപ്പോൾ വിശക്കുന്നുണ്ടായിരിക്കും. അവനു പാൽ കൊടുക്കാഞ്ഞിട്ട് എനിക്കു സഹിക്കുന്നില്ല. കടുവേ, ഞാനൊരു കാര്യം പറയട്ടെ. നീ സമ്മതിക്കണം. ഞാൻ ചെന്നു മകനു പാൽ കൊടുക്കാം. അതിനുശേഷം അവനെ എന്റെ കൂട്ടുകാരികളെ ഏൽപ്പിക്കാം. എന്നിട്ടു ഞാൻ നിന്റെ അടുക്കലേക്കു മടങ്ങിവരാം. അപ്പോൾ നിനക്ക് എന്നെ കൊന്നു തിന്നാം.'

'എന്താണു മകനെക്കൊണ്ടു നിനക്കു കാര്യം? മരണത്തെ നേരിടുന്നവരെ മകനുണ്ടോ രക്ഷിക്കാൻ കഴിയുന്നു? പോരെങ്കിൽ നീ പോയിട്ടു തിരിച്ചുവരാമെന്നു പറയുന്നു, ഇല്ലേ? നീ മകനെയും കൂട്ടുകാരികളെയും കണ്ടാൽ ഇങ്ങോട്ടു വരികയില്ല, തീർച്ചയാണ്. വേണ്ട. ഞാൻ നിന്നെ കൊന്നു തിന്നുകൊള്ളട്ടെ. വെറും വാക്കുകൾകൊണ്ട് എന്റെ വിശപ്പു മാറുകയില്ല.'

'കടുവേ, ഞാനിതാ ശപഥം ചെയ്യുന്നു—മകനെയും കൂട്ടുകാരികളെയും കണ്ടിട്ടു ഞാൻ തിരിച്ചുവരും. വരാത്തപക്ഷം എന്നെ ഭയങ്കരമായ പാപങ്ങൾ ബാധിച്ചുകൊള്ളട്ടെ—ബ്രഹ്മഹത്യ, മാതൃഹത്യ, പിതൃഹത്യ മുതലായ മഹാപാപങ്ങൾ! എന്താ, തൃപ്തിയായോ?'

'പശുവേ, നീ രക്ഷപ്പെട്ടിട്ട് വിഡ്ഢിയായ എന്നെ കബളിപ്പിച്ചെന്നു കരുതി സന്തോഷിക്കുമോ? തൻകാര്യം നേടിക്കഴിഞ്ഞാൽ ഉപകാരിയെ മിക്കവരും സ്മരിക്കാറില്ല. അതോടുകൂടി അവരുടെ മനസ്സ് മാറുകയായി. ലോകഗതി ഇങ്ങനെയാണ് എന്നു ഞാൻ ചൂണ്ടിക്കാട്ടുകയാണ്. നിന്റെ ശപഥത്തെ ഞാൻ പൂർണമായും അവിശ്വസിക്കുന്നു എന്ന് ഇതിന് അർത്ഥമില്ല.'

'ഞാൻ പറഞ്ഞതു സത്യമാണ്. ഞാൻ തീർച്ചയായും നിന്നെ വഞ്ചിക്കുകയില്ല. മറ്റുള്ളവരെ വഞ്ചിക്കുന്നവൻ അവനവനെ വഞ്ചിക്കുന്നതിനു തുല്യമാണ്.'

'ശരി, നീ പോയി നിന്റെ മകനു പാൽകൊടുക്കൂ. നിന്റെ കൂട്ടുകാരികളെ കാണൂ. എന്നിട്ട് എന്റെ അടുക്കലേക്കു തിരിച്ചുവരൂ.'

അങ്ങനെ നന്ദ കടുവയോടു യാത്ര പറഞ്ഞു കാട്ടിൽനിന്നു നാട്ടിലേക്കു യാത്രയായി. അവളുടെ മനസ്സ് ദുഃഖംകൊണ്ടുരുകുകയാണ്. ആ ദുഃഖം കണ്ണീരിന്റെ രൂപത്തിൽ പ്രവഹിക്കുകയും ചെയ്യുന്നു. അവൾക്കുവേണ്ടി കാത്തിരിക്കുന്ന മകൻ ഒന്നു കണ്ടു—അതാ അമ്മ ഓടിവരികയാണ്! അടുത്തുവന്നപ്പോൾ മനസ്സിലായി—അമ്മ വിങ്ങിവിങ്ങി കരയുന്നു!

ബാല്യമാണെങ്കിലും കുട്ടിക്കു സ്നേഹമുണ്ട്, ബുദ്ധിയുണ്ട്, വിവേകമുണ്ട്. അവൻ അമ്മയോടു സംഭാഷണം ആരംഭിച്ചു:

'അമ്മേ, എന്തിനാണ് അമ്മ കരയുന്നത്? എന്നോടു പറയണം. പറഞ്ഞേ കഴിയൂ.'

'മകനേ, നിന്റെ ചോദ്യത്തിനു മറുപടി തരാൻ എനിക്കു കരുത്തില്ല. വേണ്ടത്ര പാൽ കുടിച്ചുകൊള്ളൂ.'

'അങ്ങനെ പറഞ്ഞാൽ പറ്റില്ല. അമ്മയുടെ ദുഃഖത്തിനു കാരണം എനിക്കറിയണം. എനിക്ക് അതത്ര നിർബന്ധമാണ്.'

'നീ അവസാനമായി എന്റെ പാൽ കുടിച്ചുകൊള്ളൂ. നാളെ നീ ഏതു പശുവിന്റെ പാലാണു കുടിക്കുക? എനിക്കു യാതൊരു രൂപവുമില്ല. നിനക്കിനി നിന്റെ അമ്മയെ കാണാൻ കിട്ടുകയില്ല!'

'എന്താണിത്? എനിക്കൊന്നും മനസ്സിലാകുന്നില്ല. തെളിച്ചുപറയണം.'

'മകനേ, ഒരു കടുവയ്ക്ക് എന്റെ ദേഹത്തിലെ മാംസം കൊടുക്കേണ്ടിയിരിക്കുന്നു. ഞാൻ അവന്റെ അടുക്കലേക്കു ചെല്ലാമെന്നു സത്യംചെയ്തിരിക്കയാണ്. ഉടൻതന്നെ എനിക്കു പോവുകയും വേണം.'

'ഓഹോ, അതാണോ കാര്യം? ശരി. അമ്മയോടുകൂടി ഞാനും കടുവയുടെ അടുക്കലേക്കു വരുന്നുണ്ട്. ഞാൻ വരാതിരിക്കണം, എങ്കിലോ? അമ്മ പോകാതിരിക്കണം. അമ്മയോടു വേർപെട്ട് ഞാൻ ജീവിച്ചിരിക്കില്ല!'

'നീ വരാൻ ഞാൻ സമ്മതിക്കയില്ല. എനിക്കു മാത്രമേ ഇന്നു മരണം നിശ്ചയിക്കപ്പെട്ടിട്ടുള്ളൂ. നീ എന്നോടുകൂടി വരരുത്. അതെന്റെ ആജ്ഞയാണ്. അമ്മയുടെ ആജ്ഞ ലംഘിച്ചുകൂടാ. അതു പാപമാണ്.'

തുടർന്ന് നന്ദ മകനെ നക്കിത്തുടച്ച് തലയിൽ മുകർന്നു. അവനു വേണ്ടത്ര പാലുകൊടുത്തു. അതിനുശേഷം കൂട്ടുകാരികളെ ചെന്നുകണ്ടു. നടന്നതെല്ലാം അവരെ അറിയിച്ചു. എന്നിട്ട് ഒരപേക്ഷയും സമർപ്പിച്ചു:

'ഞാൻ നിങ്ങളോട് എന്തെങ്കിലും തെറ്റുചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾ ക്ഷമിക്കണം. നിങ്ങൾക്ക് ഒരിക്കലും എന്റെ മകനോട് ദേഷ്യം തോന്നരുതേ! അവൻ അനാഥനും അവശനുമാണ്. നിങ്ങൾ അവനെ രക്ഷിക്കണം. നിങ്ങളുടെ സ്വന്തം മകനായി ഞാൻ അവനെ നിങ്ങൾക്ക് ഇതാ വിട്ടുതരുന്നു. നിങ്ങൾ ആരും എന്നെച്ചൊല്ലി ദുഃഖിക്കുകയുമരുത്.'

കേട്ടവർക്ക് ദുഃഖവും അതോടൊന്നിച്ച് വിസ്മയവും ഉണ്ടായി. കടുവയ്ക്കു വാക്കുകൊടുക്കുന്ന പശുവോ? അവൾ കടുവയോട് ശപഥം ചെയ്തുവത്രെ. ഇമ്മാതിരി ശപഥത്തിനു വിലയില്ല. ആത്മരക്ഷയ്ക്കുവേണ്ടി ശപഥം ലംഘിക്കാവുന്നതാണ്. ആ വിചാരങ്ങൾ അവർ നന്ദയെ അറിയിക്കയും ചെയ്തു. പക്ഷേ, നന്ദ തന്റെ നിലപാടിൽ ഉറച്ചുനിന്നതേയുള്ളൂ. ആ ധർമിഷ്ഠ പറഞ്ഞു:

'ഞാൻ അന്യരുടെ ജീവരക്ഷയ്ക്കുവേണ്ടി അസത്യം പറയാം, പക്ഷേ, എന്റെ ജീവരക്ഷയ്ക്കുവേണ്ടി ഒരിക്കലും അതു ചെയ്യുകയില്ല. സത്യത്തിലാണു ലോകം ഉറച്ചുനില്ക്കുന്നത്. ധർമം ഉറച്ചുനിൽക്കുന്നതും സത്യത്തിൽതന്നെ. സത്യമാകുന്ന പരിശുദ്ധതീർത്ഥത്തിൽ സ്നാനം ചെയ്യണം. എന്നാലേ ഒരാൾക്കു പാപങ്ങൾ പോക്കാൻ കഴിയൂ, പരഗതി നേടാൻ കഴിയൂ!'

അതിനുശേഷം നന്ദ അവരോടു യാത്ര ചോദിച്ച് ഇറങ്ങിപ്പോയി. അവളുടെ ഹൃദയം ദേവന്മാരോട് പ്രാർത്ഥിക്കുകയാണ്—തനിക്കുവേണ്ടിയല്ല, തന്റെ ഓമനമകനുവേണ്ടി!

അവൾ കടുവയുടെ അടുക്കൽ എത്താറായി.

ആരാണ് പിന്നിൽനിന്ന് ഓടിവന്നു തന്നെയും കടന്നു മുമ്പോട്ടു പായുന്നത്? നന്ദ പ്രാർത്ഥനയിൽനിന്ന് ഉണർന്നുനോക്കി. അല്ല, ആരാണിത്? തന്റെ മകൻതന്നെ!

അമ്മയ്ക്കുപകരം താൻ കടുവയുടെ ആഹാരമാകും—ആ നിശ്ചയത്തോടെ ഓടിപ്പോന്നതാണു സ്നേഹനിധിയായ ആ പുത്രൻ!

നന്ദ കടുവയുടെ മുമ്പിലെത്തി. അവിടെ മകൻ തയ്യാറായിനില്പുണ്ട്. അവൾ ഒരു അപേക്ഷ സമർപ്പിച്ചു:

'കടുവേ, എന്റെ ശപഥം അനുസരിച്ച് ഞാൻ ഇതാ തിരിച്ചെത്തിയിരിക്കുന്നു. എന്നെ കൊന്നുതിന്നു വിശപ്പ് അടക്കിക്കൊള്ളൂ. എന്റെ മകനെയും കൊല്ലണമെന്ന് നിനക്കു നിർബന്ധം ഉണ്ടെങ്കിലോ? അത് എന്നെ കൊന്നതിനുശേഷം മതി!'

എന്നാൽ, കടുവ മുമ്പത്തെ നിശ്ചയം നടപ്പാക്കിയില്ല, ആ ഘോരമൃഗത്തിന്റെ മനസ്സ് അപ്പാടെ മാറിപ്പോയിരിക്കുന്നു. വാക്കുകൾ ആ മാറ്റത്തിന്റെ സ്വഭാവം വെളിപ്പെടുത്തി.

'പശുവേ, മഹാഭാഗ്യയായ നീ എന്നെ ഒരു പാഠം പഠിപ്പിച്ചിരിക്കുന്നു—അതായത്, സത്യത്തിന്റെ മാഹാത്മ്യം! നിന്റെ പാൽ കുടിക്കുന്നവർ മഹാഭാഗ്യശാലികളാകുന്നു; അവർ ധന്യരും കൃതാർത്ഥരുമാകുന്നു സുകൃതികളും ജന്മസാഫല്യം നേടിയവരുമാകുന്നു. ഞാൻ എത്രയോ ജന്തുക്കൾക്കു ജീവ

ഹാനി വരുത്തിയിരിക്കുന്നു. ആ പാപം നീങ്ങാൻ ഞാൻ എന്തു ചെയ്യണം? ദയവായി എനിക്ക് ഉപദേശിച്ചു തരൂ.'

നന്ദ അഹിംസയുടെ മഹിമ വർണിച്ചു:

'ദാനങ്ങളിൽ മുഖ്യം അഭയം നല്കുകയാണ്. മറിച്ചു പറഞ്ഞാൽ അഭയം നൽകുന്നതിനേക്കാൾ മേന്മയുള്ള മറ്റൊരു ദാനമില്ല. എല്ലാ ധർമങ്ങളും അഹിംസയിൽ ഉൾക്കൊള്ളുന്നു. അഹിംസപോലെ ഒരു തപസ്സില്ല!'

പൂർവസ്മരണ കൈവെടിയാത്ത കടുവ തന്റെ പൂർവചരിത്രം കേൾപ്പിച്ചു. അതിനുശേഷം അവളുടെ പേരറിയാൻ ആഗ്രഹം പ്രകടിപ്പിച്ചു. തന്റെ പേര് നന്ദ എന്നാണെന്ന് അവൾ പറഞ്ഞു.

നന്ദ—ആ പേരു കേട്ടമാത്രയിൽ പ്രഭഞ്ജനനായ കടുവയുടെ ഓർമ ശാപത്തിൽ പാഞ്ഞെത്തി. നന്ദ എന്നു പേരായ പശുവിനോടു സംഭാഷണം ചെയ്യുമ്പോൾ തനിക്കു ശാപമോക്ഷം ലഭിക്കും—അതാണല്ലോ മാൻപേട പറഞ്ഞിരുന്നത്. അതിപ്പോൾ സംഭവിച്ചിരിക്കുന്നു. നിന്നനിലയ്ക്കു കടുവ മനുഷ്യരൂപം കൈക്കൊണ്ടു —മറ്റാരുമല്ല, പ്രഭഞ്ജനൻ എന്ന രാജാവ്!

ആരാണ് അപ്പോൾ അവരുടെ മുമ്പിൽ ആവിർഭവിച്ചത്? ധർമ്മം!

'നന്ദേ, നിനക്കു സർവ മംഗളങ്ങളും ഭവിക്കട്ടെ. നിന്റെ സത്യത്താൽ ആകൃഷ്ടനായി ഇപ്പോൾ ഇവിടെ വന്നതാണ് ഞാൻ. വരം ചോദിച്ചുകൊള്ളൂ' ധർമം പ്രസന്നനായി ആവശ്യപ്പെട്ടു.

ഇതാണ് നന്ദ ചോദിച്ച വരം:

'ഞാൻ എന്റെ മകനോടുകൂടി പരമപദം പ്രാപിക്കുമാറാകണം. ഈ സ്ഥലം പുണ്യതീർത്ഥമായിമാറണം. ഇവിടത്തെ സരസ്വതീനദിക്ക് എന്റെ പേർ കൂടി പതിയുകയും വേണം!'

മാഹാത്മ്യമേറിയ ആ പശുവിന്റെ ആഗ്രഹങ്ങൾ സാധിതമായി.

സരസ്വതീനദിക്ക് നന്ദ എന്ന നാമവുമുണ്ടായി!

ആകഥൻ

ഭക്തനും ഉത്തമനുമായിരുന്നു ആകഥൻ. പതിവ്രതയും സുന്ദരിയുമായിരുന്നു ആകഥന്റെ പത്നി. ദരിദ്രരായിരുന്നു ദമ്പതികൾ. അവർക്കു വല്ലപ്പോഴുമൊക്കെ മാത്രമേ ഭക്ഷണം കഴിക്കാനുള്ള വകയുണ്ടാവുകയുള്ളു. ക്രമേണ അവർക്കൊന്നു പതിവായി—ആറു ദിവസത്തിൽ ഒരിക്കൽ ഭക്ഷണം കഴിക്കുക എന്ന പതിവ്!

ഒരു ദിവസം ആ പതിവനുസരിച്ച് ആകഥനും പത്നിയും ഉണ്ണാനിരുന്നു. അപ്പോഴതാ ഒരു സന്ന്യാസി അവരുടെ വീട്ടിലേക്കു കയറിവരുന്നു!

സന്ന്യാസി അവരോടു പറഞ്ഞു:

'ഒരു മാസമായി ഞാൻ ഉപവസിക്കുകയാണ്. ഇന്നിപ്പോൾ ഭക്ഷണം കഴിക്കാതെ നിവൃത്തിയില്ല. എനിക്ക് എന്തെങ്കിലും തരണം.'

അഞ്ചുനാളായി നിരാഹാരമാണ് ആകഥനും പത്നിക്കും. വയറു വിശന്നുപൊരിയുകയാണ് ഇരുവർക്കും. എന്നിട്ട് ഉണ്ണാനിരിക്കുമ്പോൾ ഇതാ ക്ഷണിക്കപ്പെടാത്ത ഒരു അതിഥി!

സാധാരണക്കാർക്കാണെങ്കിൽ എത്രമാത്രം സങ്കടമുണ്ടാകും, എത്ര മാത്രം അരിശമുണ്ടാകും! പക്ഷേ, ആകഥനാകട്ടെ, പത്നിക്കാകട്ടെ, സങ്കട മുണ്ടായില്ല. അരിശമുണ്ടായില്ല. അവർ അതിഥിമര്യാദ അനുസരിച്ച് സന്ന്യാസിയെ കാൽകഴുകിച്ചു. ഇലയുടെ മുമ്പിൽ ഇരുത്തി. ഉള്ള ചോറും കറിയും അത്രയും വിളമ്പിക്കൊടുത്തു. സന്ന്യാസി സുഖമായി ഊണുകഴിച്ചെന്നു മാത്രമോ? ഒരൊറ്റ പറ്റ് വീട്ടുകാർക്കായി ബാക്കിവെച്ചില്ല! പോരെങ്കിൽ, കൈ കഴുകിയിട്ട് ഒരൊറ്റ നടത്തവും!

ആകഥനും പത്നിയും കപോതവൃത്തി കൈക്കൊണ്ടു. എന്നുവെച്ചാലോ? കപോതം എന്നാൽ പ്രാവ്. അന്നന്നു കിട്ടിയതുകൊണ്ട് പ്രാവു ജീവിക്കുന്നു. പിറ്റേന്നാളത്തേക്ക് ഒന്നും കരുതിവയ്ക്കുന്നില്ല. അതുപോലെ!

അടുത്ത അഞ്ചു നാളുകൾ ദമ്പതികൾ എങ്ങനെ കഴിച്ചു? പൊരിയുന്ന വയറോടെ, സദാനേരവും ജപിച്ചുകൊണ്ട്. എങ്കിലും നിരാശ അവരെ തീണ്ടിയിരുന്നതേയില്ല.

പിന്നീടൊരിക്കൽ ആമാതിരി അനുഭവം ആകഥനും ഭാര്യയ്ക്കും ഉണ്ടായി. ആറാംനാൾ ഭക്ഷണത്തിന് ഇരുന്നപ്പോൾ ഒരാൾ വന്നുകയറി. ഏറ്റവും വികൃതവും ബീഭത്സവും ആയിരുന്നു അയാളുടെ ആകൃതി. ഒരു കൈയില്ല. ഒരു കണ്ണില്ല. ഒരു കാൽ ഏപ്പുകാലും. മുട്ടിൽനിന്നു താഴോട്ടുള്ള ഭാഗം കൃത്രിമമായി ഘടിപ്പിച്ചത് എന്നർത്ഥം. അയാൾ കയറിവരാൻ ഭാവിക്കുന്നതു കണ്ടപ്പോൾ ആകഥനും ഭാര്യയും തമ്മിൽ സംസാരിച്ചു:

'നോക്ക്, ഇതാ ഒരു അതിഥി വരുന്നു. പകുതി ചോറ് ഇദ്ദേഹത്തിനു കൊടുക്കാം. ബാക്കി പകുതി നിനക്കായി നീക്കിവയ്ക്കൂ.'

'അപ്പോൾ അങ്ങേയ്ക്കോ?'ൈ

'എന്റെ കാര്യം പോട്ടെ. നീ അഞ്ചു ദിവസമായി പട്ടിണികിടക്കുന്നു. ഇനിയും അഞ്ചു ദിവസംകൂടി പട്ടിണിയായാൽ നീ താങ്ങുകയില്ല. എന്തു പറയുന്നു?'

'മരിക്കണം എന്നാണ് തലയിലെഴുത്തെങ്കിൽ മരിക്കുകതന്നെചെയ്യും. തലയിലെഴുത്തു മാറ്റാൻ ഒക്കുകയില്ലല്ലോ.'

'നോക്ക്, ഈ അതിഥിക്കു നിന്റെ പങ്കു കൊടുക്കണ്ട, കേട്ടോ?'

'പിന്നെ എന്തു കൊടുക്കും?'

'എന്റെ പങ്കുചോറ്.'

'അങ്ങു ഭക്ഷിക്കാതെ ഞാൻ ഇന്നോളം ഭക്ഷിച്ചിട്ടുണ്ടോ?'

'ഇല്ല.'

'എന്നാൽ, ഇപ്പോഴും അതിനു വ്യത്യാസമില്ല.'

അങ്ങനെ ഭാര്യയും ഊണു കഴിച്ചില്ല. ഉള്ള ചോറെല്ലാം അതിഥിക്കു നീക്കിവെച്ചു. അതിഥി ഏപ്പുകാൽ പുറത്ത് അഴിച്ചുവെച്ചു എന്നിട്ട് അകത്തേക്കുപോയി ഇലയ്ക്കുമുമ്പിൽ ഇരുന്നു. സുഖമായി ചോറ് ഉണ്ടു തീർത്തു.

അപ്പോഴേക്കും അവിചാരിതമായി ഒരു ദുസ്സംഭവം ഉണ്ടായി. എവിടന്ന് എന്നറിഞ്ഞില്ല, ഒരു ഭ്രാന്തൻ ഓടിക്കയറിവന്നു. അതിഥിയുടെ ഏപ്പുകാലെടുത്ത് ദൂരത്തെറിഞ്ഞു. ഗൃഹത്തിനു തീവെച്ചു. ആകഥനെയും ഭാര്യയെയും കഠിനമായി പ്രഹരിച്ചു. എന്നിട്ടു മുറ്റത്തിറങ്ങി നില്പായി.

വീട്ടിനകത്തു ശിവലിംഗമുണ്ട്, പൂജാദ്രവ്യങ്ങളുണ്ട്. അവയെല്ലാം തീയിൽപെട്ടുപോയാലോ? അതായി ആകഥന്റെ ഭയം. വല്ലവിധവും ശിവലിംഗത്തെ അഗ്നിയിൽനിന്നും രക്ഷിക്കണം. ആകഥൻ പൂജാമുറിയിലേക്ക് ഓടിക്കയറി. ശിവലിംഗം എടുത്തു പുറത്തേക്ക് ഉഴറി. പക്ഷേ, അതിനിടയ്ക്ക് ശിവലിംഗത്തിന്റെ ഒരു ഭാഗം കത്തിയെരിഞ്ഞുപോയിരുന്നു.

ഇനി ജീവിച്ചിരിക്കണ്ട. അഗ്നിയിൽ ചാടി മരിക്കുകതന്നെ. അതിനായി ശിവഭക്തനായ ആകഥന്റെ ഒരുക്കം.

പെട്ടെന്നു ഭ്രാന്തൻ ശിവലിംഗം കൈക്കലാക്കി. ആകഥനും ഭാര്യയും നോക്കിനിൽക്കെ എന്തുണ്ടായി? ഭ്രാന്തനും ശിവലിംഗവും അപ്രത്യക്ഷമായിരിക്കുന്നു. പകരം ആരാണു പ്രത്യക്ഷനാകുന്നത്? ശിവൻ!

'ആകഥാ, നിനക്കു യാതൊരു ദുഃഖവും വേണ്ട, വരം ചോദിച്ചുകൊള്ളൂ!' ശിവൻ ആവശ്യപ്പെട്ടു.

യഥാർത്ഥ ഭക്തനായ ആകഥനു ധനം വേണ്ട, ഭൂസ്വത്തുവേണ്ട, സ്ഥാനമാനങ്ങൾ വേണ്ട. ഒന്നുമാത്രമേ അദ്ദേഹത്തിനു വേണ്ടൂ. അദ്ദേഹം അതുമാത്രം വരം ചോദിച്ചു:

'ഭഗവാനേ, അവിടുത്തെ പാദങ്ങളിൽ ഇളകാത്ത ഭക്തി മാത്രമേ എനിക്ക് ആവശ്യമുള്ളൂ!' ■

സൂചിക

അക്രൂരൻ 343-346, 349, 350
അഗസ്ത്യമഹർഷി 368, 369, 463-470
അഗ്നിമുഖൻ 137-139, 190
അച്ചോദ 416
അജാമിളൻ 363-365
അഞ്ജനൻ 458
അത്രി മഹർഷി 87, 88, 277, 281, 432
അഥർവാവ് 281
അദിതി 74, 266, 267
അദൈവതൻ 396
അദ്രിക 416, 497
അനസൂയ 87, 88, 281
അന്തകവധം ശീതങ്കൻതുള്ളൽ 156
അന്ധകൻ 74-77
അപരാജിതൻ 48, 50
അപർണ 223
അഭിഷേകപാണ്ഡ്യൻ 99-104
അമരനാഥൻ 89
അമിത്രഘ്നൻ 46
അംഗദൻ 286
അംഗൻ 840-843
അംഗാരകം 209
അംഗിരസ്സ് 210
അംബ 641-648
അംബരീഷൻ 369-373, 398, 399, 531-532
അംശുമതി 159, 160
അരിമർദനപാണ്ഡ്യൻ 126, 127, 128-134
അരുണാദിത്യൻ 421
അർച്ചിസ് 274, 278
അർജുനൻ 311, 312, 350-355
അർവാവസു 536-541
അവിക്ഷിത്ത് 692-699, 701, 702
അവൈശാഖൻ 396, 397
അശോകസുന്ദരി 488, 489, 491, 492
അശ്വത്ഥാമാവ് 88-89
അശ്വപതി 613-615, 621
അശ്വാരൂഢ 48, 50
അശ്വനീദേവന്മാർ 101, 426, 432
അഷ്ടകൻ 548
അഷ്ടാവക്രൻ 533-536
അസിതൻ 369
അസിലോമാവ് 18
അസ്ത്രാചാര്യൻ 111, 112
അഹല്യ 564-565
അഹിർബുദ്ധ്യൻ 87
അളർക്കൻ 749-759
ആകഥൻ 1095-1097
ആകാശൻ 399, 400, 401, 403, 405, 406
ആഡി 228, 229
ആദികേശവൻ 421, 422
ആയു 489, 491, 493
ആരണ്യകൻ 295
ആരുണി 471-474
ആര്യകൻ (സർപ്പം) 459
ഇക്ഷ്വാകു മഹാരാജാവ് 604-607
ഇന്ദുമതി (ആയുവിന്റെ പത്നി) 489, 490, 491, 493
ഇന്ദ്രദ്യുമ്നൻ 139-152, 383-386
ഇന്ദ്രദ്യുമ്നൻ-2 368-369
ഇന്ദ്രശത്രു 46
ഇന്ദ്രസേനൻ 165, 167
ഇലിലൻ 466, 467
ഇള 377
ഉഗ്രകർമാവ് 46
ഉഗ്രതപസ്സ് 310
ഉഗ്രധന്വാവ് 46
ഉഗ്രൻ 94-99
ഉഗ്രാശ്വൻ 286, 291
ഉഗ്രസേനൻ 609
ഉച്ചൈശ്രവസ്സ് 75, 251
ഉജ്ജ്വലൻ 483, 484, 485
ഉതങ്കൻ 563-570

ഉതത്ഥ്യൻ 574-575, 576
ഉത്തമൻ 373, 374
ഉത്തരാദിത്യൻ 417
ഉത്താനപാദൻ 373, 374, 375
ഉദ്ദാലകൻ 533, 534
ഉപബൃംഹണൻ 582
ഉപമന്യു 471-474
ഉപരിചരൻ 492
ഉർവശി 441
ഉലൂകജിത്ത് 54
ഉല്ക്കലൻ 377
ഉശീനരൻ 547
ഉഷ 157, 158, 160
ഋക്ഷരജസ്സ് 442, 444
ഋചീകൻ 531-532, 548
ഋതരംഭൻ 291, 292-293
ഋതുധ്വജൻ 749-759
ഋതുപർണൻ 293, 631-632, 633, 634
ഋഭുക്കൾ 70
ഋശൃശൃംഗൻ 518-520
ഋഷഭയോഗി 184, 185, 187
ഏകതൻ 542
ഏകാദശരുദ്രന്മാർ 86, 87
ഏകാദശീ മാഹാത്മ്യം 733
ഐതവരൻ 458
ഐരാവതം 251, 254
ഓഘവതി 584
ഔത്തമമനു 655-660
കങ്കൻ 590
കങ്കേളിമാലിനി 310
കണ്വൻ 426, 427
കദ്രു 420
കന്ധരൻ 590
കപാലി 89
കപിഞ്ജലൻ 483, 488, 494
കപിലൻ 126, 281, 282, 572-573
കമലാക്ഷൻ 77, 78, 79, 80
കംസൻ 285
കരങ്കൻ 50, 51
കരടകൻ 51
കരന്ധമൻ 202, 513, 692-699, 700
കരാളാക്ഷൻ 51
കരുണൻ 180
കരുണ്ഡൻ 50
കർക്കടി 460-463
കർദമ പ്രജാപതി 206
കർദമൻ 278-284
കർഷണൻ 388
കല 190-191, 192, 193, 281
കല്പൻ 377
കല്മാഷപാദൻ 197, 199
കവി 798-802
കശ്യപൻ 74, 75, 86, 230, 231
കഹോഡൻ 533, 536
കാഞ്ചനകുണ്ഡല 211
കാഞ്ചനമാല 90, 91, 92, 93, 94
കാഞ്ചനാക്ഷി 584
കാന്തിമതി 95, 286
കാമദേവൻ 45, 47, 56, 287
കാമധേനു 251
കാമാക്ഷി 48
കാമേശ്വരൻ 48
കാമേശ്വരി 48
കാമോദ 493, 494
കാർക്കോടകൻ 631
കാർത്തവീര്യാർജ്ജുനൻ 446, 447, 448, 449, 746-748
കാർത്തവീര്യാർജ്ജുനവിജയം തുള്ളൽ, ബാലിവിജയം തുള്ളൽ 452
കാലകേയൻ 84
കാലജിത്ത് 302, 303
കാലനേമി 81, 282-285
കാലഭീതി 201, 202
കാശ്യപമഹർഷി 207
കാളി 20-23, 416
കിശോരൻ 282
കീർത്തിമാൻ 391-393
കീർത്തിമാലിനി 187, 188
കുചേലൻ 338-343
കുഞ്ജലൻ 483-495
കുടിലാക്ഷൻ 49, 50, 52, 54
കുണ്ഡലൻ 570
കുണ്ഡോദരൻ 92-93
കുബേരൻ 16, 20, 209
കുമാരി 199-202

കുമുദൻ 458
കുമുദിനി 46
കുമുദ്വതി 216-218
കുലോത്തീർണദേവിമാർ 48
കുലോത്തുംഗപാണ്ഡ്യൻ 108-110
കുവലാശ്വൻ 786-789
കുശകേതു 389-391
കുശധ്വജൻ 145-146, 304
കുശനാഭൻ 838-840
കുശൻ 302, 303
കുശികൻ 479-483
കുസുമാമോദിനി 228, 229
കൃകലൻ 603
കൃതഘ്നൻ 396
കൃതദ്യുതി 361, 362
കൃത്യ 371
കൃപൻ 602, 603
കൃപി 602, 603
കൃഷ്ണാർജുനവിജയം ഓട്ടൻതുള്ളൽ 355
കേദാരനാഥൻ 89
കേശവാദിത്യൻ 421, 422
കൈടഭൻ 31-34
കോലാഹലൻ 490
കൗസ്തുഭരത്നം 251
ക്രതു 281
ക്രിയ 281
ക്ഷപണകന്മാർ 103, 106
ഖഖോൽക്കാദിത്യൻ 420
ഖണ്ഡൻ 143-144
ഖനിത്രൻ 689-690
ഖനീനേത്രൻ 691-692
ഖരൻ 282
ഖ്യാതി 281
ഗണപതി 45, 54, 227, 228, 229, 236-239, 240-242, 243
ഗണപതിപ്രാതൽ ശീതങ്കൻതുള്ളൽ 239
ഗതി 281
ഗദൻ 319, 320, 321
ഗഭസ്തീശ്വരൻ 419
ഗംഗാദിത്യൻ 422
ഗംഗാദേവി 93
ഗംഗാനദി 63-67, 265
ഗയൻ 350-355
ഗരുഡൻ 50, 234, 249
ഗാഥി രാജാവ് 548
ഗാലവ മഹർഷി 142
ഗാലവൻ 543-548
ഗിരിക 492
ഗുണകേശി 457-460
ഗുണനിധി 207-209
ഗുണവതി 319, 349, 350
ഗൃഹപതി 203
ഗോപബാലൻ 213-216
ഗോഭില മഹർഷി 574
ഗോവിന്ദശർമ 173, 174
ഗൗതമൻ 551-556
ഗൗതമ മഹർഷി 93, 197, 198, 199, 369, 563-565, 572, 573
ഗൗരി 27, 28, 30, 106-107
ഗ്രസനൻ 232
ഘടപൃഷ്ടൻ 84
ഘനോദരി 195-197
ഘസ്മരൻ 81
ഘൃശ്മേശ്വരൻ 89
ഘൃതാചി 501
ചഞ്ചലൻ 84
ചണ്ഡൻ 20, 22, 87, 195-197
ചന്ദ്രൻ 16, 20, 48, 283, 284, 349, 356, 432-435
ചന്ദ്രവതി 319, 320, 321
ചന്ദ്രശർമ 486
ചന്ദ്രസേനൻ 161, 162, 213-214, 215
ചന്ദ്രാംഗദൻ 164, 165, 166-169, 186, 187
ചമ്പകൻ 301-302
ചമ്പകപാണ്ഡ്യൻ 122, 123
ചാക്ഷുഷമനു 665-667
ചികുരൻ 458, 459
ചിക്ഷുരൻ 18
ചിത്ര 484
ചിത്രകേതു 360, 361, 362, 363
ചിത്രഗുപ്തൻ 193
ചിത്രയോധി 447, 448
ചിത്രവതി 407
ചിത്രവർമാവ് 163, 164, 165

ചിത്രസേനൻ 484
ചിത്രാംഗൻ 291
ചിത്രാംഗി 46
ചോളൻ 394, 395, 396
ച്യവനൻ 288, 476-483, 494, 495, 510-511
ഛായാദേവി 429, 430, 431
ഛായാസതി 61
ഛിന്നകർണ്ണൻ 386-387
ജഡഭരതൻ 505-508
ജനക മഹാരാജാവ് 292-293, 305
ജനാർദ്ദനൻ 321, 322, 323, 324, 325
ജപാദൻ 87
ജമദഗ്നി 271
ജംഭൻ 254
ജയ 223
ജയൻ 321, 440
ജയദത്തൻ 138
ജയന്തൻ 314, 320, 336
ജയന്തി 523-524
ജരാസന്ധൻ 314, 324
ജരിതാരി 590
ജലന്ധരൻ 80-83
ജാബാലി മഹർഷി 291-292-293
ജാംബവതി 418
ജാംബവാൻ 444
ജൈമിനി മഹർഷി 588, 594
ജൈമിനീയാശ്വമേധം 945
ജ്വാലാമാലിനി 52
ഡിംഭകൻ 321-327
തക്ഷകൻ 165, 166
തടാതകം 90-94
തപതി 764-767
തപോനിഷ്ഠൻ 386, 387
താടകൻ 173-174, 175
താമസമനു 660-662
താമ്രൻ 18
താര 432, 433
താരകൻ 181, 183
താരകാക്ഷൻ 77, 78, 79, 80
താരകാസുരൻ 77
താലകേതു 205
താർക്ഷ്യൻ 589, 590, 591
താലദ്ധ്വജൻ 176, 530, 531
തിരസ്കരിണി 51
തിലോത്തമ 441
തുംബീരൻ 175
തൊണ്ഡമാൻ 407-414
ത്രസദസ്യു 466
ത്രിതൻ 390, 542-543
ത്രിപുരന്മാർ 77-80
ത്രിശങ്കു 769-774
ത്ര്യംബകൻ 89
ത്വഷ്ടാവ് 357, 363
ദക്ഷപ്രജാപതി 30, 56-59, 67-74, 432, 433, 434
ദണ്ഡിനി 52, 54
ദത്താത്രേയമഹർഷി 489
ദധീചൻ 180
ദധീചി മഹർഷി 357-358
ദമനൻ 290, 291
ദമൻ 703-705
ദമയന്തി 526-528, 529, 627-634
ദമരാജാവ് 209
ദംഭോദ്ഭവൻ 761-762
ദശരഥൻ 394
ദാരുകൻ 24-26
ദാരുമതി 24, 25
ദാഹിഷ്ണൻ 171
ദിതി 74
ദിലീപൻ 705-708
ദിവോദാസൻ 484, 547, 559, 560, 735-746
ദിവ്യാദേവി 484, 485
ദുർഗ 24
ദുർഗമൻ 23-24
ദുർജയൻ 178, 179
ദുർദ്ധരൻ 18
ദുർമദൻ 49, 50
ദുർമുഖൻ 18
ദുര്യോധനൻ 345, 352, 353, 354
ദുർവാസാവ് 87-88
ദൃഢസ്യു 467
ദേവകി 307
ദേവദത്തൻ 574, 576

ദേവരാതൻ 192, 193
ദേവലൻ 368
ദേവശർമ 349, 350, 452, 453, 454
ദേവഹൂതി 279, 280-282
ദേവി 17-19, 20-23, 24, 30, 31-35, 36, 37, 41, 42, 44, 45, 57, 58, 62, 64-67, 287
ദേവീപുരാണം 66, 595, 714
ദേവീഭാഗവതം 19, 23, 24, 30, 35, 37, 42, 45, 305, 307, 308, 476, 502, 512, 526, 531, 576, 774, 779, 786, 838
ദേവേന്ദ്രൻ 95, 96, 97, 98, 100, 101, 156
ദ്യുമത്സേനൻ 613, 614, 615-617, 620, 621
ദ്രമിളൻ 159, 160
ദ്രുപദൻ 603
ദ്രുപദാദിത്യൻ 419
ദ്രോണർ 88-89, 590
ദ്രൗപദി 419
ദ്വിതൻ 542
ദ്വൈപായനൻ 498
ധനഞ്ജയൻ 180
ധനശർമ 396-397
ധന്വന്തരി 251
ധനുഷ്കാക്ഷൻ 538
ധരണി 400, 404, 405
ധർമഗുപ്തൻ 156-161
ധർമദത്തൻ 393-396
ധർമ്മൻ 508
ധർമവ്യാധൻ 625-627
ധർമശർമ 495, 452, 454
ധൂമൻ 84
ധൂമ്രലോചനൻ 21
ധൗമ്യൻ 471-474
ധ്രുവൻ 373-
ധ്രുവയോഗി 170, 171, 172
ധ്രുവസന്ധി 37
നകുലൻ 351
നകുലി 50, 51
നന്ദ 1091-1095
നന്ദഗോപൻ 308
നന്ദനൻ 379, 380
നന്ദി 202, 210, 211, 221
നന്ദികേശ്വരൻ 68, 69, 70, 71
നന്ദിനി 409
നമുചി 254
നരകാസുരൻ 329-331
നരൻ 508, 510, 511, 512
നരസിംഹം 263-264
നരിഷ്യന്തൻ 702, 703, 704
നല്ക്കീരൻ 122, 124, 125, 126
നഹുഷൻ 800-807
നഹുഷൻ (രാജാവ്) 478-479, 488, 489, 490, 491, 492
നളൻ 628-634
നാഗേശ്വരൻ 89
നാഡീജംഘൻ 140-141, 143, 144, 145, 146, 147, 150, 151
നാമശർമ 495
നാരദമഹർഷി 26, 46, 47, 60, 62, 63, 65, 66, 150, 152, 173, 175, 203, 204, 219, 222, 223, 234, 235, 254, 256
നാരായണൻ 363, 364, 365, 508, 509, 510, 511, 512
നികുംഭൻ 310-315
നിമി 474-476
നിരൃതി 205
നിശുംഭൻ 19-23
നിസുംഭൻ 329, 330
നീലൻ 438, 439
നീലരത്നൻ 286, 291
പഞ്ചജനി 502
പഞ്ചേന്ദ്രന്മാർ 423-424
പഞ്ജുളൻ 486
പതഞ്ജലി 92
പത്മ 409, 410
പത്മനാഭൻ 170
പത്മപുരാണം 382, 708, 1008, 1010, 1061
പത്മപുരാണം അദ്ധ്യായം 4 136
പത്മപുരാണം അദ്ധ്യായം 7 151
പത്മപുരാണം അദ്ധ്യായം 29 844
പത്മപുരാണം അദ്ധ്യായം 32 197
പത്മപുരാണം അദ്ധ്യായം 64 812

പത്മപുരാണം അദ്ധ്യായം 70 310
പത്മപുരാണം-ഗൗതീർത്ഥം 495
പത്മപുരാണം പാതാളഖണ്ഡം 139, 304
പത്മപുരാണം, പിതൃതീർത്ഥം അദ്ധ്യായം 61 572
പത്മപുരാണം-ഭൂമിഖണ്ഡം, അദ്ധ്യായം ഒന്ന് 457
പത്മവർണൻ 218
പത്മാകരൻ 184, 185, 186, 187
പത്മിനി 400, 401, 402, 403, 405
പരശുരാമൻ 270-272
പരാവസു 536-541
പരാശരൻ 497-498
പർവത മഹർഷി 526-529
പാഞ്ചജന്യ 583
പാണ്ഡ്യകൻ 176-178
പാർവതീദേവി 29, 63, 67, 107, 124
പാലൻ 254
പിംഗളൻ 87
പിംഗാക്ഷൻ 205, 588
പിട്ടമം 130-131
പിപ്പലൻ 570-572
പിപ്പലാദൻ 88
പിബോധൻ 588
പുണ്ഡരീകൻ 398-399
പുണ്യശീലൻ 394
പുരുയശസ്സ് 387-389
പുരുരവസ്സ് 827-829
പുലസ്ത്യമഹർഷി 281, 448, 449
പുലഹൻ 281
പുഷ്കരൻ 458
പുഷ്കലൻ 286, 291, 294, 295, 297
പുളിന്ദി 177, 178
പുളിന്ദീമോക്ഷം പറയൻതുള്ളൽ 178
പൂർണഭദ്രൻ 211, 212
പുഷാവ് 71, 72, 73
പൃഥു 274-278
പൃഷതൻ 603
പൃഷധ്രൻ 682-683
പ്രതർദ്ദനൻ 547, 560, 561
പ്രതാപാഗ്രൻ 286, 290
പ്രദോഷമാഹാത്മ്യം ഓട്ടൻ തുള്ളൽ 161
പ്രദ്യുമ്നൻ 311, 312, 314, 315, 316, 317, 318, 319, 320, 321, 336
പ്രഭാവതി 316, 317, 318, 319
പ്രമ്ലോച 600-602
പ്രസൂതി 56, 57
പ്രസേനൻ 343
പ്രഹ്ലാദൻ 259-265, 456, 457
പ്രാകാരകർണൻ 143, 144, 145, 147
പ്രാണൻ 425-427
പ്രിയവ്രത 417
ഫാലമുഖൻ 51
ബകുളമാലിക 402, 403, 404, 405
ബർക്കലേശ്വരൻ 200
ബർബരി 199
ബലഭദ്രൻ 326, 327
ബലരാമൻ 309, 310, 334, 354
ബാണാസുരൻ 328
ബാലധി മഹർഷി 538
ബാലാദേവി 52-53
ബാലി 300, 441, 444, 449, 450, 451, 452
ബാഷ്കളൻ 18
ബാഹുകൻ 631, 632, 633
ബുധൻ 433
ബൃദ്ധ്നശ്വൻ 466
ബൃഹദ്യുമ്നൻ 540, 541
ബൃഹസ്പതി 16, 20, 36, 75, 95, 210, 266, 432, 433
ബ്രഹ്മദത്തൻ 313-314, 321, 675-678
ബ്രഹ്മാണ്ഡപുരാണം 641, 798
ഭഗൻ 71, 72, 73
ഭഗീരഥൻ 67, 422, 708-714
ഭണ്ഡാസുരൻ 45-56
ഭദ്ര 310
ഭദ്രകാളി 24, 26, 28
ഭദ്രകാളി മാഹാത്മ്യം ആട്ടക്കഥ 22
ഭദ്രൻ 112-119
ഭദ്രസേനൻ 181, 183
ഭദ്രായു 183-188
ഭരണൻ 126
ഭരത ചക്രവർത്തി 502-508

ഭദ്രാജൻ 38-39, 169, 536, 537, 538, 541
ഭദ്രാജൻ 576-577
ഭർത്തൃയജ്ഞൻ 151
ഭോന്ദനൻ 683-686
ഭവൻ 87
ഭാഗവതം 247, 254, 257, 265, 270, 278, 282, 343, 363, 365, 369, 373, 380, 508, 583, 636
ഭാഗവതം-നവമസ്കന്ധം 768, 790, 791, 800, 832
ഭാഗവതം-സ്കന്ധം 4 74
ഭാനു 308, 309
ഭാനുമതി 311
ഭാമിനി 171
ഭീമൻ 87, 351, 352, 413, 414
ഭീമരാജാവ് 627-628, 629
ഭീമശങ്കരൻ 89
ഭീഷ്മർ 324, 642-648
ഭൂമിദേവി 209, 274, 275, 276, 377
ഭൃഗു മഹർഷി 70, 71, 72, 73, 272, 520, 521, 522-526
ഭൌത്യമനു 669-671
മംഗല 419
മണിമാൻ 69, 71
മത്സ്യഗന്ധിനി 497, 498
മദനിക 590
മദൻ 69
മദയന്തി 566
മധു 31-34
മനു 378
മനോദരി 27, 28
മനോരമ 37, 38, 39, 399, 584
മന്ത്രിണി 52, 54
മന്ദപാലൻ 590
മന്ദരപർവതം 249, 250, 251, 257, 258
മന്ദാരവല്ലി 173, 175, 176
മയൻ 25, 26, 283, 451
മയൂഖാദിത്യൻ 419-420
മരീചി മഹർഷി 67, 281, 307
മരുത്തൻ 513-518, 679, 702
മലയധ്വജൻ 90, 94
മല്ലികാർജ്ജുനൻ 89
മഹാകപാലൻ 25
മഹാകാളൻ 26, 199-202
മഹാകാളേശ്വരൻ 89
മഹാനന്ദ 181-183
മഹാബലി 248-249, 253, 254, 265-270
മഹാഭാരതം 244, 424, 483, 562, 588, 597, 599, 603, 637, 678, 762, 767, 848, 852, 856, 866, 872, 874, 875, 878, 880, 881, 883, 889, 890, 892, 896, 900, 901, 952
മഹാഭാരതം - അശ്വമേധപർവം 518, 570
മഹാഭാരതം ആദിപർവം 474, 500, 563
മഹാഭാരതം ആരണ്യപർവം 470, 634
മഹാഭാരതം ഉദ്യോഗപർവം അംബോപാഖ്യാനം 648
മഹാഭാരതം-ഉദ്യോഗപർവം-ഭഗവദ്യാനം 548
മഹാഭാരതം ഉദ്യോഗപർവം 460, 806
രാമാനുചരിതം ഓട്ടൻതുള്ളൽ 349
മഹാഭാരതം-കർണപർവം 80
മഹാഭാരതം, കർണപർവം, ഹരിവംശപർവം 435
മഹാഭാരതം ദ്രോണപർവം 429
മഹാഭാരതം ഭവിഷ്യൽപർവം 327
മഹാഭാരതം, വനപർവം: തീർത്ഥയാത്ര 536, 541, 820
മഹാഭാരതം, വനപർവം-പാതിവ്രത്യമാഹാത്മ്യം 622
മഹാഭാരതം, വനപർവം-മാർക്കണ്ഡേയസമസ്യ 627, 789, 827
മഹാഭാരതം-വിഷ്ണുപർവം 77, 315, 321, 331, 338
മഹാഭാരതം-ശല്യപർവം 543
മഹാഭാരതം, ശാന്തിപർവം ഉഞ്ഛവൃത്തി 559
മഹാഭാരതം, ശാന്തിപർവം-കൃതഘ്നോപാഖ്യാനം 556
മഹാഭാരതം-ഹരിവംശം 285, 346, 432
മഹാഭാരതം, ഹരിവംശപർവം 441, 829
മഹാമേരു 95

മഹിഷാസുരൻ 15-19, 21
മഹേശ്വരൻ 208, 209
മഹോദരൻ 272
മാണിക്യവാചകൻ 133, 134
മാണ്ഡി 201
മാതലി 254, 457-460
മാധവി 546, 547, 548
മായാദേവി 46
മായാസുന്ദരി 453-454
മാർക്കണ്ഡേയപുരാണം 594, 655, 660, 662, 665, 669, 671, 681, 683, 686, 689, 690, 692, 699, 702, 705, 748, 759, 761
മാർക്കണ്ഡേയമഹർഷി 140-141, 144, 145, 146, 147, 152-156, 588, 594
മാലാവതി 304
മിത്രവർമ 399
മിത്രസഖൻ 321
മിത്രസഹൻ 733-734
മിഥി 151
മീനാക്ഷിദേവി 89, 90
മുചുകുന്ദൻ 235
മുണ്ഡൻ 20, 22
മുദ്രാദേവിമാർ 48
മുരൻ 329
മുൽഗലൻ 549-550
മൃകണ്ഡു 152-153
മേകല 490, 493
മേഘനാദൻ 449, 451
മേദിനി 35
മേധാവി 538, 572-573
മേന 60, 61, 63, 65
മേനക 441
മൈത്രാവരുണി 476
മൈത്രേയി 164
മോഹിനി 252
യജ്ഞദത്തൻ 207, 208
യജ്ഞശർമ 452-453
യമൻ 16, 136, 138, 154-156, 190, 193, 194, 225, 234, 236, 278, 429, 430, 617-619
യമാദിത്യൻ 422
യമുന 429, 430
യയാതി 546, 808-812
യവക്രീതൻ 536-541
യാജ്ഞവല്ക്യമഹർഷി 151, 164
യുധാജിത്ത് 38, 39, 40, 41
യുധിഷ്ഠിരൻ 351, 352
യുവനാശ്വൻ 789-790
രക്തബീജൻ 20, 22
രക്താക്ഷൻ 84
രണകോലാഹലൻ 48, 50
രതീദേവി 56
രത്നഗ്രീവൻ 289-290
രത്നഭദ്രൻ 211
രന്തിദേവൻ 832
രംഗദാസൻ 407, 408, 409
രംഗവിദ്യാധരൻ 606, 607
രംഭ 287, 318, 441
രഹുഗണൻ 506, 507, 508
രാജധർമാവ് 552-556
രാജരാജപാണ്ഡ്യൻ 116, 117, 118, 119
രാജവിമോഹിനി 116
രാജ്യവർധനൻ 678-681
രാധ 84
രാമേശ്വരൻ 89
രാവണൻ 285, 294, 304, 305, 446-452
രാഹു 83, 252-253
രിപുതാപൻ 286, 291
രുഗ്മാംഗദൻ 296-297, 714-733
രുഗ്മിണി 332-338, 348
രൂപസേനൻ 484
രൈഭ്യൻ 536-541
രൈവതമനു 663-665
രോമേശൻ 148-149, 151
രോഹിണി 433, 574
രൗച്യമനു 668-669
ലക്ഷ്മീദേവി 29, 30, 91, 251
ലക്ഷ്മീനിധി 286, 290, 291
ലംബൻ 282
ലവണൻ 671-674
ലവൻ 302, 303
ലളിതാദേവി 45-46

ലളിതോപാഖ്യാനം 56
ലിഖിതൻ 598-599
ലീലാവതി 37, 38, 42
ലോപാമുദ്ര 464-469
ലോമപാദൻ 518-520
ലോലാദിത്യൻ 417
ലോഹിതാംഗൻ 209
വജ്രനാഭൻ 315-321
വജ്രബാഹു 183, 185, 186, 187
വജ്രാംഗൻ 230-232
വത്സപ്രീതി 687-689
വത്സരൻ 377, 379
വന്ദി 533, 534, 535, 536
വപുസ 589, 590, 591
വംശശേഖരപാണ്ഡ്യൻ 120-122
വരഗുണപാണ്ഡ്യൻ 112-114, 116
വരാംഗി 211
വരുണൻ 16, 20, 48, 64, 95, 96, 101, 102, 106, 225, 234, 256, 274, 458
വലൻ 254
വലാസുരൻ 100-101
വലാഹകൻ 51
വസന്തൻ 287
വസിഷ്ഠ മഹർഷി 137, 138, 180, 281, 369
വസുദത്തൻ 608, 609
വസു 407, 409, 410, 411, 414-416
വസുദത്ത 608, 610
വസുദാനൻ 400
വസുദേവൻ 307
വസുദേവർ 313
വസുമതി 218
വസുരാജാവ് 496, 497
വസുശർമ 495
വഹ്നിവാസിനി 52
വാതപുരേശൻ 126-134
വാതാപി 466, 467
വാമദേവൻ 178-180
വാമദേവമഹർഷി 487-488
വാമനൻ 267-269, 458
വായു 84
വാരുണീദേവി 251
വാല്മീകി മഹർഷി 302, 305, 306, 576-577
വാല്മീകിരാമായണം 520, 532, 577, 840
വസിഷ്ഠരാമായണം 463
വസിഷ്ഠരാമായണം 521, 674
വാസുകി 249
വികടാനനൻ 51
വികർണൻ 51
വിക്രമപാണ്ഡ്യൻ 104, 105-106, 108
വിചിത്രവീര്യൻ 641
വിജയ 223
വിജയൻ 46, 440
വിജിതാശ്വൻ 277
വിജ്വലൻ 483, 487, 488
വിഡാലൻ 18
വിദല്ലൻ 38
വിദുരൻ 486
വിദൂള 636-637
വിദ്യാപതി 383, 384
വിദ്യാവതി 89, 90
വിദ്യാവസു 89
വിദ്യുദ്രൂപൻ 590
വിദ്യുന്മാലി 46, 77, 78, 79, 80, 294
വിധൃതൻ 189-190
വിനത 420, 421
വിന്ധ്യൻ 467, 468, 469
വിപശ്ചിത്ത് 759-761
വിപുല 490
വിഭണ്ഡകൻ 518-519
വിഭാവസു 562-563
വിഭീഷണൻ 46
വിമർദനൻ 216-218
വിമലൻ 288, 422
വിമലാദിത്യൻ 422
വിമലോദ 584
വിരൂപാക്ഷൻ 553-555
വിരോചനൻ 282
വിലോഹിതൻ 87
വിശാല 584
വിശുക്രൻ 49, 51, 52, 53, 54
വിശ്വനാഥൻ 89

വിശ്വരൂപൻ 356, 357, 359
വിശ്വാനരൻ 202, 203, 204, 205
വിശ്വാമിത്രൻ 192, 193
വിശ്വാവസു 383, 384
വിഷ്വംഗൻ 49, 51, 52, 54
വിഷ്വുചിക 461
വിഷ്ണുപുരാണം 602, 891
വിഷ്ണുശർമ 452, 453, 454
വിഷ്ണുസഖൻ 394-395, 396
വിഷ്വക്സേനൻ 391
വിഹുണ്ഡൻ 493-494
വീതഹവ്യൻ 559-562
വീരകൻ 227-230
വീരൻ 407, 410, 411
വീരപാണ്ഡ്യൻ 99
വീരബാഹു 298
വീരഭദ്രൻ 61, 71, 72, 134-136, 138, 190, 196, 197, 235, 297
വീരമണി രാജാവ് 296, 297-298
വീരസേനൻ 38, 39
വൃത്രൻ 357, 358, 359, 360
വൃദ്ധാദിത്യൻ 421
വൃന്ദ 81
വെങ്കടേശ്വരൻ 400, 402, 403-406
വേഗവതി 93
വേതാളി 26
വേദൻ 471-474
വേദരഥൻ 170
വേദവതി 304-305
വേദശർമ 390, 486
വേനൻ 274, 840-844
വ്യാസൻ 416, 496-500, 501, 502
വ്യാഴൻ 210
ശക്തിദേവിമാർ 48, 52, 54
ശണ്ഡാമർക്കന്മാർ 259, 261
ശതധന്വാവ് 343-346
ശതരൂപ 278, 279
ശതശൃംഗൻ 199, 200
ശതാക്ഷി 24
ശത്രുജിത്ത് 37, 38, 39, 41
ശനി 86
ശനൈശ്ചരൻ 430, 431-437
ശബലാശ്വന്മാർ 583
ശമീകൻ 591-592
ശംഖചൂഡൻ 83-86
ശംഖൻ 598-599
ശംബരൻ 223
ശംബു 87
ശരദ്വാൻ 602
ശശികല 39, 40, 41
ശസ്ത്രവിദ്യ 238
ശാംകംഭരി 24
ശാണ്ഡിലി 545, 546
ശാണ്ഡില്യൻ 138, 157, 158
ശാന്തി 281
ശാരദ 170-173
ശാരദീയൻ 172
ശാസ്താവ് 87
ശിബി 547, 815-820
ശില 230
ശിലാദൻ 230
ശിവപുരാണം 86, 89, 240, 242, 422, 582, 1077
ശിവപുരാണം കിളിപ്പാട്ട് 163, 169, 173, 176, 181, 183, 188, 190, 193, 199
ശിവവർമ 609
ശിവശർമ 397-398, 452-457
ശിശുപാലൻ 314
ശിശുമാരൻ 177
ശീലനിധി രാജാവ് 580-581
ശീലാവതി 622-625
ശുകൻ 500-502
ശുകമഹർഷി 403, 410
ശുക്തിമതി 490
ശുക്രൻ 265, 267, 268, 432, 520-521, 522, 523, 524-525
ശുക്രമഹർഷി 20, 45-46, 47, 136
ശുചിക്ഷ്മാൻ 206
ശുചിമുഖി 316-317, 318, 319
ശുചിവ്രതൻ 157-159, 160, 161
ശുചിസ്മിത 202, 203, 204, 205
ശുനശ്ശേഫൻ 531-532
ശുംഭൻ 19-23

ശോണൻ 190-193
ശൗനക മഹർഷി 299
ശ്യാമബാല 1080-1085
ശ്രദ്ധ 281
ശ്രീകരൻ 161-163
ശ്രീനിവാസൻ 414
ശ്രീമതി രാജകുമാരി 580-581
ശ്രീരാമൻ 272, 285-304, 305, 306
ശ്രുതർവൻ 465, 466
ശ്രുതിപാരഗൻ 46
ശ്രുവാവതി 596-597
ശ്വേതകി 433-439
ശ്വേതകേതു 534, 535, 536
ശ്വേതൻ 193-194, 282
ഷഡ്ഗർഭന്മാർ 307, 308
സഗരൻ 791-798
സഞ്ജയ മഹാരാജാവ് 526, 527, 528
സതി 30, 56-67, 68-70
സത്യകേതു 609
സത്യതപസ്സ് 310, 574-576
സത്യനിഷ്ഠൻ 386, 387
സത്യഭാമ 331, 332-338, 343, 344, 349, 350
സത്യവതി 498, 548
സത്യവാൻ 294, 614-621
സത്രാജിത്ത് 343, 344, 349, 350
സനകൻ 30
സനൽകുമാരൻ 69
സമ്പൽക്കരി 48, 50, 54
സമാധി 43-44, 45
സമുജ്ജ്വലൻ 483, 485, 486
സമ്മോഹിനി 46
സംഘകവികൾ 119-122
സംജ്ഞ 429-432
സംവരണൻ 764-767
സംവർത്തൻ 513-518
സംവർത്തമഹർഷി 150-151
സരസ്വതി 583-584, 585, 556-558
സർപ്പപത്മൻ 556-559
സർപ്പിണി 50
സഹദേവൻ 351, 438, 439
സാത്യകി 325, 326
സാത്വികൻ 299
സാന്ദീപനി മഹർഷി 338, 339
സാമവതി 169
സാമവാൻ 167, 168, 169
സാംബൻ 319, 320, 321
സാംബാദിത്യൻ 418-419
സാരസ്വതൻ 583-588
സാരിസൃക്കൻ 590
സാവിത്രി 613-621
സാവർണൻ 430, 432
സിദ്ധിദേവിമാർ 48
സിംഹകേതു 176, 177
സിംഹധ്വജൻ 173-176
സീത 285-304, 305, 306, 348, 349
സീമന്തിനി 163-169, 186, 187
സുകന്യ 634-636
സുകർമാവ് 570-572
സുകല 603-612
സുകൃഷ്ണൻ 592-593
സുഗ്രീവൻ 286
സുഘടൻ 385
സുദർശനൻ 37-42, 144
സുജാത 533, 534
സുദർശന 438, 439
സുദാമാവ് 338-343
സുദാസൻ 396
സുദേവൻ 559, 560
സുദ്യുമ്നൻ 588, 767-768
സുധർമ 457
സുധർമൻ 181, 183
സുനന്ദ 310
സുനന്ദനൻ 379, 380
സുനയൻ 185, 186, 187
സുനാഭൻ 319, 320
സുനാമാവ് 458
സുനേത്രൻ 458
സുനീതി 373, 374, 375
സുന്ദരനാഥൻ 123, 124
സുന്ദരി 46
സുന്ദരേശ്വരൻ 93, 94, 95, 96, 100-102, 104, 105, 106, 107, 109, 111, 112, 114, 115, 116, 117, 118, 119, 120, 122, 123, 124, 125, 131-132

സ്വപുത്രൻ 588
സുപ്രതീകൻ 458, 562, 563
സുപ്രഭ 584
സുബലൻ 458
സുബാഹു 290-291, 487-488
സുഭദ്ര 353
സുമതി 183, 184, 185, 286, 287, 288-294, 572-573
സുമദരാജാവ് 287-288
സുമന 380-382
സുമിത്ര 286
സുമുഖൻ 458, 588
സുമുഖൻ (സർപ്പം) 458-459, 460
സുമേധസ് 43
സുമേധാവ് 167, 168
സുരഥൻ 299-300, 301, 302
സുരാപൻ 189
സുരുക്ക് 458
സുരുചി 373, 374, 375
സുരേണു 584
സുവർച്ചസ്സ് 458
സുവീരൻ 484
സുവ്രത 106
സുവ്രതൻ 382
സുലക്ഷണ 417-418
സുവീരൻ 409
സുശീലൻ 394
സുശോഭനേ 820-827
സുചീമുഖൻ 51
സൂര്യൻ 16, 20, 48, 51, 64, 429-432, 468
സോമകൻ 812-814
സോമശർമ (മകൻ) 452, 455, 456, 457
സോമശർമ 380-382, 452-457
സോമശേഖരൻ 95
സൗരി 790-791
സൗമിനി 197-199
സൗദാസൻ 565, 566
സ്കാന്ദപുരാണം 211, 213, 216, 218, 238, 386, 397, 406, 414, 427, 734, 746, 948, 1966, 1080
സ്കാന്ദപുരാണം-കാശീഖണ്ഡം 209 398
സ്കാന്ദപുരാണം-കാശീഖണ്ഡം, അദ്ധ്യായം 10 205
സ്കാന്ദപുരാണം-കാശീഖണ്ഡം, അദ്ധ്യായം 13 207
സ്കാന്ദപുരാണം-കാശീഖണ്ഡം, അദ്ധ്യായം 17 210
സ്കാന്ദപുരാണം-പാതാളഖണ്ഡം 194
സ്കാന്ദപുരാണം-മഹേശ്വരഖണ്ഡം 226, 230
സ്കാന്ദപുരാണം-വൈഷ്ണവ ഖണ്ഡം 83, 350, 389, 391, 393, 396, 399, 440
സ്തംബമിത്രൻ 590
സ്വർണഷ്ഠീവി 762-763
സ്വായംഭുവമനു 255
സ്വാരോചിഷമനു 648-655
സ്വാഹ 56
ഹനുമാൻ 162, 163, 286, 288, 291, 294, 295, 296, 346, 347, 348, 349
ഹംസൻ 321-327
ഹയഗ്രീവൻ 35-37, 282
ഹരി 78, 508
ഹരികേശൻ 211-213
ഹരിണി 637-641
ഹരിവീരൻ 396
ഹരിശ്ചന്ദ്രൻ 775-779, 780, 781-786
ഹര്യശ്വൻ 547, 829-831
ഹര്യശ്വൻ (രാജാവ്) 559, 560
ഹര്യശ്വന്മാർ 582-583
ഹവിർഭു 281
ഹാരീതൻ 421
ഹാലാഹലം 250, 251
ഹാലാഹലന്മാർ 29
ഹിമവാൻ 57, 60, 63, 64-65
ഹിരണ്യകശിപു 46, 255, 257-265
ഹിരണ്യാക്ഷൻ 255-257
ഹുണ്ഡൻ 489, 490, 491, 492, 493
ഹൂ ഹൂ 367, 368
ഹേമകാന്തൻ 389-391
ഹേമനാഥൻ 112-113, 114